ശ്രീ

പത്മമഹാപുരാണം

മൂന്നാം വാള്യം

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ശ്രീ
പത്മമഹാപുരാണം
മൂന്നാം വാള്യം

ഗ്രന്ഥകർത്താവും പ്രസാധകനും
വള്ളത്തോൾ നാരായണമേനോൻ

പ്രകാശകൻ
കുളക്കുന്നത്തു ശങ്കരമേനോൻ

ബി. വി. ബുക്ക് ഡിപ്പോ,
തിരുവനന്തപുരം.

കോപ്പി ൨൫൦൦.

"കമലാലയ" അച്ചുക്കൂടം,
തിരുവനന്തപുരം.
1101

വില ൧-൪൦ തരത്തിന് ക. ൯൰ .
സാധാരണ തരത്തിന് ക. ൭൰.

[പ്രകാശകാശം ബി. വി. ബുക്ഡിപ്പോവിലേക്ക്.]

☞ പ്രകാശകന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

വിഷയാനുക്രമണിക

പുറം.

ഭീഷ്മപുലസ്ത്യസംവാദേ ഗോമാഹാത്മ്യകഥനം ൧൪൭
ബ്രഹ്മകൃതസദാചാരനിരൂപണം ൧൫൪
ഭീഷ്മപുലസ്ത്യസംവാദേ, പഞ്ചോപാഖ്യാന
പ്രകരണേ, പിതൃഭക്തിമാഹാത്മ്യകഥനം ൧൬൬
പഞ്ചോപാഖ്യാനപ്രകരണം, പതിവ്രതാചരിതം ൧൭൬
ടി സ്ത്രീ ദുസ്സ്വഭാവാദികഥനം ൧൭൭
ടി അലോഭസ്തോഷനം ൧൮൩
അഹിംസാശൗചകഥനം ൧൮൭
ലൗഹിത്യോല്പത്തികഥനം ൧൯൦
മൂകാദിമുക്തികഥനം ൧൯൪
കീർത്തിധർമ്മപ്രകരണേ, ഖ്യാതാദികീർത്തനം ൧൯൭
ടി വൃക്ഷരോപണാദിനിർണ്ണയം ൨൦൦
ടി സേതുനിർമ്മാണാദിമാഹാത്മ്യകഥനം ൨൦൨
രുദ്രാക്ഷമാഹാത്മ്യവർണ്ണനം ൨൦൫
തുളസീമാഹാത്മ്യകഥനം ൨൦൬
തുളസീസ്തവകഥനം (കിളിപ്പാട്ട്) ൨൦൮
ഗംഗാമാഹാത്മ്യവർണ്ണനം ൨൧൬
ഗണേശമാഹാത്മ്യപ്രകരണേ, ഗണപതിസ്തോത്രകഥനം ൨൧൮
ടി ഗണാഷ്ടകകഥനം ൨൧൯
ദേവാസുരയുദ്ധപ്രകരണേ, ചിത്രരഥകൃതകാലകേയവധം ൨൨൧
ടി ജയന്തകൃതകാലേയവധം (ശ്ലോകം) ൨൨൩
ടി വല നമുചിവധം ൨൨൪
ടി മൂചിവധം ൨൨൬
ടി താരേയവധം [കിളിപ്പാട്ട് കാകളി] ൨൨൬
ടി ദേവാന്തകധർമ്മശർമ്മമുഖവധം ൨൨൭
ടി ദ്വിതീയനമുചിവധം ൨൨൭
ടി മധുവധം ൨൨൭
ടി വൃത്രവധം [വഞ്ചിപ്പാട്ട്] ൨൨൮
ടി ത്രിപുരപുത്രവധം ൨൩൨
ടി ഹിരണ്യാക്ഷവധം ൨൩൪

Digitized By Kerala Sahitya Akademi

പുറം.

ബ്രഹ്മാദിദേവകൃതവിഷ്ണുസ്തുതി [ശ്ലോകം] ൧൮൯
പുണ്യാപുണ്യവ്യവസ്ഥാകഥനം ൧൯൦
സൂര്യമാഹാത്മ്യപ്രകരണേ, അക്ഷസപ്തമീവ്രതകഥനം ൧൯൧
ബ്രഹ്മകൃതസൂര്യസ്തോത്രം (ശ്ലോകം) ൧൯൩
സൂര്യമൂലമന്ത്രാഖ്യാനം ൧൯൪
ഭദ്രേശ്വരോപാഖ്യാനം ൧൯൫
ചന്ദ്രപൂജാകഥനം ൧൯൬
ഭൗമപൂജാകഥനം ൧൯൭
ചണ്ഡികാപൂജാഖ്യാനം ൧൯൭
ബുധാദിഗ്രഹാർച്ചനകഥനം ൧൯൮
ഉത്തരഖണ്ഡം ചണ്ഡികാസ്തോത്രകഥനം ൧൯൯
ശ്രീപദ്മമഹാപുരാണേ, ഉത്തരഖണ്ഡേ നാരദശിവ
സംവാദേ വിഷ്ണുവിവരണം ൧൯൯
ഭഗവദ്ധർമ്മവിവരണം ൧൯൮
ജലന്ധരോപാഖ്യാനപ്രാരംഭം ജലന്ധരോൽപത്തികഥനം ൧൯൮
ജലന്ധരോപാഖ്യാനേ, വൃന്ദാവിവാഹം ൧൯൭
ജലന്ധരദൂതപ്രേഷണം ൧൯൬
ദേവാസുരയുദ്ധപ്രാരംഭം ൧൯൫
വലാസുരസപർദ്ധാരോഹണം ൧൯൪
ജലന്ധരവിഷ്ണുസഖ്യം ൧൯൩
ജലന്ധരസൗരാജ്യവർണ്ണനം ൧൯൨
ദേവതേജോമയചക്രോല്പത്തികഥനം ൧൯൨
രാഹുഭേദ്യകഥനം ൧൯൨
പ്രമഥൈർദ്ദൈത്യയുദ്ധാരംഭം ൧൯൧
ശിവഭാനവയുദ്ധാരംഭം ൧൯൦
മായാമഹേശപാർവ്വതീസമാഗമം ൧൮൯
വിഷ്ണുകൃതവൃന്ദാകർഷണം ൧൮൮
വൃന്ദാബ്രഹ്മപദപ്രാപ്തി ൧൮൭
ജലന്ധരമായാശരീരപരിത്യാഗം ൧൮൫
കൃത്യാകൃത്യജ്ഞകനിഗ്രഹനം (വഞ്ചിപ്പാട്ട്) ൧൮൩
ജലന്ധരവധം ൧൮൨
ശ്രീശൈലമാഹാത്മ്യകഥനം ൧൮൦
ഹരിദ്വാരമാഹാത്മ്യപ്രകരണേ, സഗരോപാഖ്യാനം ൧൮൦
ഹരിദ്വാരമാഹാത്മ്യപ്രകരണേ, ഗംഗാവതരണം ൧൮൪

Digitized By Kerala Sahitya Akademi

	പുറം.
ഗംഗാദിസ്തോത്രകഥനം (പദ്യങ്ങൾ)	൧൯൯൩
തുളസീദാരുമാഹാത്മ്യകഥനം	൨൦൧
തുളസീതിരാത്രവ്രതകഥനം	൨൦൪
അന്നദാനപ്രശംസ	൨൦൬
തപോമാഹാത്മ്യം	൨൦൭
ധർമ്മാഖ്യാനശ്രവണമാഹാത്മ്യകഥനം	൨൦൯
ഗോപീചന്ദനമാഹാത്മ്യകഥനം	൨൧൨
ദീപവ്രതനിരൂപണം	൨൧൩
ജന്മാഷ്ടമീവ്രതവിധാനം	൨൧൬
ബൃഹസ്പതിധർമ്മാഖ്യാനം	൨൧൩
ശനിപീഡാപരിഹാരകഥനം	൨൧൭
ഏകാദശീമാഹാത്മ്യകഥനേ, തിസ്പൃശാവ്രതകഥനം	൨൧൯
ഏകാദശ്യുല്പത്തികഥനം	൨൨൪
ഉന്മീലിനീവ്രതാഖ്യാനം	൨൨൩
പക്ഷവർദ്ധിനീവിധികഥനം	൨൨൫
ജാഗരമഹിമവർണ്ണനം	൨൨൭
ജയാദ്യൈകാദശീകഥനം	൨൨൯
മോക്ഷൈകാദശീകഥനം	൨൩൧
സഫലൈകാദശ്യുപാഖ്യാനം	൨൩൩
പുത്രദൈകാദശീവ്രതകഥനം	൨൩൩
ഷട്തിലൈകാദശീവർണ്ണനം	൨൩൭
ജയൈകാദശീമാഹാത്മ്യവർണ്ണനം (കിളിപ്പാട്ട്)	൨൩൯
വിജയൈകാദശീനിരൂപണം	൨൪൨
ആമലക്യേകാദശീവിധികഥനം	൨൪൩
പാപമോചന്യേകാദശീപ്രഭാവവർണ്ണനം	൨൪൬
മഞ്ജുഘോഷാവർണ്ണന (ഗദ്യം)	൨൪൭
കാമദൈകാദശീകഥനം	൨൪൭
വത്സലിന്യേകാദശീവിധികഥനം	൨൪൭
മോഹിന്യേകാദശീനിരൂപണം	൨൪൭
അപരൈകാദശീനിരൂപണം	൨൪൭
നിർജ്ജലൈകാദശീനിരൂപണം	൨൪൭
യോഗിന്യേകാദശീവ്രതവർണ്ണനം	൨൪൭
ശയന്യേകാദശീവർണ്ണനം	൨൪൭
കാമികൈകാദശീകഥനം	൨൪൭

Digitized By Kerala Sahitya Akademi

	പുറം.
ശ്രാവണശുക്ലപുത്രദൈകാദശീവർണ്ണനം	൨൦൨൨
അജൈകാദശീപ്രഭാവനിരൂപണം	൨൦൯൧
പദ്മനാഭൈകാദശീകഥനം	൨൦൯൨
ഇന്ദിരൈകാദശീ വിധികഥനം	൨൦൯൩
പാപാംകുശൈകാദശീനിരൂപണം	൨൦൯൪
രമൈകാദശീവർണ്ണനം	൨൦൯൫
പ്രബോധിന്യേകാദശീവിധികഥനം	൨൧൦൧
കാമദൈകാദശീകഥനം	൨൧൦൭
ശുക്ലകാമദൈകാദശീകഥനം	൨൧൦൪
ചാതുർമ്മാസ്യവിധികഥനം	൨൧൦൫
ചാതുർമ്മാസ്യോദ്യാപനവിധി	൨൧൧൭
യമാരാധനകഥനം	൨൧൧൪
ശ്രവിഷ്ണവവർണ്ണനം	൨൧൨൦
ശ്രാവണദ്വാദശീമാഹാത്മ്യകഥനം	൨൧൨൦
നദീതിരാത്രിവ്രതകഥനം	൨൧൨൭
വിഷ്ണുസഹസ്രനാമകഥനം	൨൧൨൯
സഹസ്രനാമമഹിമവർണ്ണനം (സഹസ്രനാമം പദ്യം)	൨൧൪൪
രാമരക്ഷാസ്തോത്രകഥനം (പദ്യം)	൨൧൪൯
ദാനധർമ്മനിരൂപണം	൨൧൫൭
ഗല്ലികാതീർത്ഥവർണ്ണനം	൨൧൫൯
അഭ്യുദയികൈവർഷ്ണവദൈഹികസ്തോത്രകഥനം	൨൧൬൦
ഋഷിപഞ്ചമീവ്രതകഥനം	൨൧൭൯
അപാമാർജ്ജനസ്തോത്രകഥനം	൨൧൭൯
അപാമാർജ്ജനസ്തോത്രമഹിമവർണ്ണനം	൨൧൮൨
വിഷ്ണുമാഹാത്മ്യബോധകപുണ്ഡരീകോപാഖ്യാനം	൨൧൮൨
ഗംഗാമഹിമവർണ്ണനം	൨൧൯൨
വിഷ്ണുവിഗ്രഹപൂജാകഥനം	൨൧൯൪
ദാസവൈഷ്ണവലക്ഷണകഥനം	൨൧൯൭
ഡോലോത്സവകഥനം	൨൧൯൯
ദമനകോത്സവവർണ്ണനം	൨൨൦൨
ദേവശയനീമഹോത്സവനിരൂപണം	൨൨൦൩
പവിത്രാരോപണവർണ്ണനം	൨൨൦൨
മാസപൂഷ്പനിരൂപണം	൨൨൦൪
പാരിജാതാഹരണകഥനം (ഗദ്യം)	൨൨൦൫

Digitized By Kerala Sahitya Akademi

പുറം.

സത്യഭാമാകൃഷ്ണസംവാദേ, ഭാമാപ്രാഗ്ജന്മകഥനം ൨൯൦
കാർത്തികശ്രേഷ്ഠതാകാരണകഥനം ൨൯൩
പ്രയാഗാൽപ്പത്തികഥനം ൨൯൫
കാർത്തികവ്രതനിയമകഥനം ൨൯൯
കാർത്തികസ്നാനവിധികഥനം ൨൯൯
കാർത്തികവ്രതനിയമത്തിരുപണം ൩൦൨
കാർത്തികവ്രതോദ്യാപനവിധികഥനം ൩൦൩
ജലംധരോപാഖ്യാനപ്രാരംഭം ൩൦൪
ജലംധരവധകഥനം ൩൦൫
തുളസീപ്പത്തിമഹിമകഥനം ൩൦൬
കലഹോപാഖ്യാനം ൩൦൭
കലഹമുക്തിവർണ്ണനം ൩൧൦
കലഹോപാഖ്യാനേ, ധർമ്മദത്തവിഷ്ണുദൂതസമാഗമം ൩൧൨
വിഷ്ണുദാസചോളസാരൂപ്യപ്രാപ്തികഥനം ൩൧൪
കലഹാദൈകണ്ഠഗമനം ൩൧൫
കൃഷ്ണാവേണ്യമഹിമവർണ്ണനം ൩൧൭
പുണ്യപാപാംശപ്രാപ്തികഥനം ൩൨൦
ധനേശ്വരോപാഖ്യാനം ൩൨൨
ധനേശ്വരയക്ഷത്വപ്രാപ്തി ൩൨൪
അശ്വത്ഥവടപ്രശംസനം ൩൨൫
അലക്ഷ്മ്യുപാഖ്യാനം ൩൨൭
കാർത്തികസ്നാനകഥനം ൩൩൦
കാർത്തികമാസനിയമവർണ്ണനം ൩൩൨
മാസോപവാസവിധികഥനം ൩൩൪
സാളഗ്രാമവർണ്ണനം ൩൩൬
മാലത്യാദിപുഷ്പപൂജാഫലനിരൂപണം ൩൪൦
ദീപാവലീയമദ്വിതീയാവിധികഥനം ൩൪൨
ഭീഷ്മപഞ്ചകവിധികഥനം ൩൪൬
വിഷ്ണുഭക്തകുവിമർശനം ൩൪൭
സാളഗ്രാമപൂജനമാഹാത്മ്യകഥനം ൩൪൮
വിഷ്ണുസ്മരണവർണ്ണനം (കേക-കിളിപ്പാട്ട്) ൩൪൯
അഷ്ടോത്തരശതതീർത്ഥകീർത്തനം (ശ്ലോകങ്ങൾ) ൩൫൨
വേത്രവതീമാഹാത്മ്യവർണ്ണനം ൩൫൪
സാഭ്രമതീമാഹാത്മ്യകഥനം ൩൫൫
നന്ദിനീതീർത്ഥവർണ്ണനം ൩൬൨

Digitized By Kerala Sahitya Akademi

	പുറം.
വികീർണ്ണാദിതീർത്ഥനിരൂപണം	൨൨൩൨
അഗ്നിതീർത്ഥമഹിമകഥനം	൨൨൩൪
ഹിരണ്യസംഗമാദിതീർത്ഥവർണ്ണനം	൨൨൩൭
കംബൂതീർത്ഥാദികഥനം	൨൨൩൯
ബ്രഹ്മവല്ലീതീർത്ഥഖണ്ഡതീർത്ഥനിരൂപണം	൨൨൩൯൨
സംഗമേശ്വരതീർത്ഥവർണ്ണനം	൨൨൩൯൪
രുദ്രമഹാലയതീർത്ഥവർണ്ണനം	൨൨൩൯൭
ഖഡ്ഗതീർത്ഥവർണ്ണനം	൨൨൩൯൯
മാലാക്കതീർത്ഥവർണ്ണനം	൨൨൩൯൯
ചന്ദനേശ്വരതീർത്ഥശ്ലാഘനം	൨൨൩൯൩
ജംബൂതീർത്ഥപ്രശംസനം	,,
ധവളേശ്വരതീർത്ഥവർണ്ണനം	൨൨൩൩൩
ബാലാപതീർത്ഥനിരൂപണം	൨൨൯൯൨
ദുർജ്ജടേശ്വരതീർത്ഥപ്രശംസനം	൨൨൯൯൯
ഖഡ്ഗധാരേശ്വരതീർത്ഥവർണ്ണനം	൨൨൯൩൩
ദുശ്ശേശ്വരോല്പത്തികഥനം	൨൩൦൭൨
ചന്ദ്രേശ്വരതീർത്ഥകഥനം	൨൩൦൭൪
പിപ്പലാദതീർത്ഥനിരൂപണം	൨൩൦൭൭
നിംബാക്കതീർത്ഥനിരൂപണം	൨൩൦൭൯
കോടരാരീർത്ഥവർണ്ണനം	,,
വാമനതീർത്ഥവർണ്ണനം	൨൩൦൭൩
സോമതീർത്ഥശ്ലാഘനം	൨൩൦൭൩
കപേതതീർത്ഥാഖ്യാനം	൨൩൦൭൯
ഗൗതീർത്ഥവർണ്ണനം	൨൩൦൮൦
കാശ്യപതീർത്ഥശ്ലാഘനം	,,
ഭൃതാലയതീർത്ഥനിരൂപണം	൨൩൦൮൨
ഘണ്ടേശ്വരതീർത്ഥവർണ്ണനം	,,
വൈദ്യനാഥതീർത്ഥവർണ്ണനം	൨൩൦൮൨
ദേവതീർത്ഥവർണ്ണനം	,,
ചണ്ഡേശ്വരതീർത്ഥവർണ്ണനം	൨൩൦൮൩
ഗാണപത്യതീർത്ഥനിരൂപണം	,,
വാർത്താഘ്നീനിർവചനം	൨൩൦൮൪
വാരാഹതീർത്ഥോല്പത്തികഥനം	൨൩൦൮൭
സംഗമതീർത്ഥനിരൂപണം	൨൩൦൮൯

Digitized By Kerala Sahitya Akademi

	പുറം
ഋതിതൃതീത്ഥവർണ്ണനം	൨൯൯൯
നീലകണ്ഠതീർത്ഥനിരൂപണം	൨൯൨൦
ഗുഹ്യസംഗമവർണ്ണനം	,,
നൃസിംഹതീർത്ഥനിരൂപണം	,,
ഉമാമഹേശ്വരസംവാദാന്തർഗ്ഗതലക്ഷ്മീവിഷ്ണുസം വാദേ ഗീതാമാഹാത്മ്യപ്രകരണേ പ്രഥമാദ്ധ്യാ യപ്രഭാവകഥനം	൨൯൨൫
ടി ദ്വിതീയാദ്ധ്യായോപാഖ്യാനം	൨൯൩൦
ടി തൃതീയാദ്ധ്യായമഹിമവർണ്ണനം	൨൯൩൯
ടി ചതുർത്ഥാദ്ധ്യായമഹിമവർണ്ണനം	൨൯൪൬
ടി പഞ്ചമാദ്ധ്യായപ്രഭാവനിരൂപണം	൨൯൫൦
ടി ഷഷ്ഠാദ്ധ്യായമഹിമകഥനം	൨൯൫൭
ടി സപ്തമാദ്ധ്യായമഹിമകഥനം	൨൯൫൯
ടി അഷ്ടമാദ്ധ്യായമഹിമകഥനം	൨൯൬൨
ടി നവമാദ്ധ്യായനിരൂപണം	൨൯൬൩
ടി ദശമാദ്ധ്യായമഹിമകഥനം	൨൯൬൪
ടി ഏകാദശാദ്ധ്യായമഹിമകഥനം	൨൯൬൯
ടി ദ്വാദശാദ്ധ്യായപ്രശംസനം (ഗദ്യം)	൨൯൬൬
ടി ത്രയോദശാദ്ധ്യായപ്രശംസനം	൨൯൭൨
ടി ചതുർദ്ദശാദ്ധ്യായപ്രഭാവകഥനം	൨൯൭൪
ടി പഞ്ചദശാദ്ധ്യായപ്രഭാവകഥനം	൨൯൭൭
ടി ഷോഡശാദ്ധ്യായപ്രഭാവനിരൂപണം	൨൯൭൯
ടി സപ്തദശാദ്ധ്യായനിരൂപണം	൨൯൭൯
ടി അഷ്ടാദശാദ്ധ്യായമഹിമവർണ്ണനം	൨൯൭൯
ഭഗവതമാഹാത്മ്യപ്രകരണേ ഭക്തിനാരദസമാഗമം	൨൯൭൯
നാരദകുമാരസമാഗമം	൨൯൮൪
ഭക്തിപീഡാനിവർത്തനം	൨൯൯൦
ഗോകർണ്ണോപാഖ്യാനേ, വിഷ്ണുമോക്ഷകഥനം	൨൯൯൪
ടി ഗോകർണ്ണകൃതസപ്താഹവർണ്ണനം	൨൯൯൭
സപ്താഹവിധികഥനം ...	൨൯൯൯
ശിബിനാരദസംവാദേ, ഇന്ദ്രയാഗവിധാനം	൨൯൯൯
കിരാതസിംഹമുക്തികഥനം	൨൯൯൯
ശിവശർമ്മപൂർവ്വജന്മാഖ്യാനം	൨൯൯൬
ദ്വിജപുത്രപ്രാപ്തിസാധനകഥനം	൨൯൯൯

Digitized By Kerala Sahitya Akademi

പുറം

വരാഹാവതാരാഖ്യാനം ൨൫൨

നരസിംഹാവതാരകഥനം ൨൫൪

വാമനാവതാരകഥാരംഭം ൨൫൫

വാമനചരിതവർണ്ണനം ൨൫൭

പരശുരാമോപാഖ്യാനം ൨൫൯

രാമായണകഥാസംഗ്രഹം രാമായോദ്ധ്യാ
പ്രത്യാഗമനം ൨൬൦

ടി ശിവകൃതസ്തോത്രകഥനം ൨൬൨

രാമസപത്നീകഥനം ൨൬൪

കൃഷ്ണചരിതസംഗ്രഹം കംസവധകഥനം ൨൬൭

ടി മുചുകുന്ദമുക്തികഥനം (കിളിപ്പാട്ട്) ൨൬൯

ടി രുഗ്മിണീഹരണം ൨൭൬

ടി രുഗ്മിണീപരിണയം (കേക) ൨൭൮

ടി നരകാസുരവധകഥനം ൨൭൭

ടി ബാണയുദ്ധോപാഖ്യാനം ൨൭൯

ടി പൗണ്ഡ്രകവധോപാഖ്യാനം ൨൮൨

ടി ശ്രീകൃഷ്ണസപത്നീരോഹണകഥനം ൨൮൩

വിഷ്ണുപൂജാവിധാനാദികഥനം ൨൮൬

രാമാഷ്ടോത്തരശതനാമകഥനം ൨൮൮

ഭട്ടകൃതവിഷ്ണുപരീക്ഷണകഥനം ൨൯൨

Digitized By Kerala Sahitya Akademi

മുടന്തനും വിഷണ്ണനും ദുഃഖശോകങ്ങളാൽ വശംകെട്ടവനുമായിരിക്കും; ഇങ്ങനെ മുന്നു ജന്മം കഴിഞ്ഞേ പാപമൊടുങ്ങൂ. മുഷ്ടി, കൈത്തലം, കൂറി എന്നിവകൊണ്ടു ബ്രാഹ്മണനെ പ്രഹരിച്ചവൻ ഒരു കല്പം മുഴുവൻ ഘോരമായ താപനാതിലും രൌരവത്തിലും കിടക്കും; പിന്നെ നായയായും നീക്കോഴിയായും ഒടുവിൽ അന്ത്യജാതിയിൽ വയർനോവുകാരനായ ദരിദ്രനായും ജനിക്കും. ചവിട്ടുമെന്നു പറഞ്ഞവൻ മന്വന്തരകാലമോ റൌക്കാൽ മുടന്തനോ കണംകാൽ മെലിഞ്ഞവനോ തുണ്ടുകാലനോ ആയിത്തീരും; അവന്റെ പക്ഷവാതത്താൽ എല്ലായ്പോഴും അംഗങ്ങളും വിറച്ചുകൊണ്ടിരിക്കും. അമ്മ, അച്ഛൻ, ബ്രാഹ്മണൻ, സ്നാതകൻ, തപസ്വി, ഗുരു എന്നിവരെ ക്രോധംമൂലം ഹനിച്ചവൻ വളരെക്കാലം കുംഭീപാകത്തിൽ കിടന്നിട്ട് കീടജാതികളിൽ വന്നു ജനിക്കും. ബ്രാഹ്മണരോട് നിരുപദ്രവും പരുഷവും പറയുന്നവന്ന് ശരീരത്തിൽ വിചർച്ചിക, ഉദ്ദ്രം, മണ്ഡലം, ശുക്തി, സിദ്മകം, കൃഷ്ണം, ശുക്ലം, ഘോരമായ തരുണം എന്നീ എട്ടു കുഷ്ഠങ്ങളും ഉണ്ടായിവരും; അതിന്നു ചികിത്സതുടങ്ങിയാൽ ആ പാപംകൊണ്ട് പുണ്യം പാഞ്ഞുപോകും; പുണ്യക്ഷയത്താൽ ശരീരം ജലരേഖപോലെ മാഞ്ഞുപോകയും ചെയ്യും. കൃഷ്ണം, ശുക്ലം, തരുണം എന്നിവ അതിദാരുണങ്ങളായ മഹാരുജകളത്രേ; ഇവ മൂന്നും മാപാപികളോട് ചാർച്ചയോ ചേർച്ചയോ മൂലം അതിപാതകികളായവക്കേ സംഭവിക്കൂ. ചേർച്ചയും ചാർച്ചയുംമൂലം മനുഷ്യർക്കു രോഗം പകരും. അതിനായ് അഭിജ്ഞൻ ദൂരെ വർജ്ജിക്കണം; കണ്ടാൽ കൂളിക്കണം. പതിതൻ, കുഷ്ഠരോഗി, ചണ്ഡാലൻ, ഗോമാംസഭോജി, ശ്വാവ്, രജസ്വല, ഭില്ലൻ എന്നിവരെ കണ്ടാൽ കുളിക്കണം. ഉരിത്തിന്നാലുപമയായി കുഷ്ഠം ഇഹത്തിലും പരത്തിലും ശരീരത്തിൽ വന്നുചേരും; സംശയമില്ല. ബ്രാഹ്മണന്റെ ന്യായാർജ്ജിതമായ ഉപജീവനധനം അർ അപഹരിക്കുന്നവനോ, അവൻ പുനർജ്ജന്മമില്ലാതെ എന്നെന്നും നരകത്തിൽ കിടക്കും. ബ്രാഹ്മണരിൽ ചാഴിനോക്കി ദൂഷണംകൂട്ടുന്നവൻ യാവനൊരുത്തനോ, അവനെ തൊട്ടുകയോ കാണുകയോ ചെയ്താൽ മുണ്ടോടേ മുങ്ങിക്കുളിക്കണം! ബ്രാഹ്മണപാദം സ്നേഹംകൊണ്ടു കുളിച്ചാൽ ഏഴു തലമുറയും, ബലാൽക്കാരേണ കുളിച്ചാൽ മേലും കീഴും പത്തു തലമുറയും മോക്ഷപ്രാപ്തരാകും. വിഷമല്ല വിഷം; ബ്രാഹ്മണവിഷമത്രേ വിഷം: വിഷം ഒരാളെയേ കൊല്ലൂ; ബ്രാഹ്മണവിഷം പുരുഷപരമ്പരയ്ക്കുടി കൊല്ലും! ബ്രാഹ്മണസ്ത്രീ, അമ്മ, ഗുരുപത്നി എന്നിവരെ വ്യാമോഹംമൂലം സംഗിച്ചവൻ പുനരാവൃത്തിയെന്നിയേ

Digitized By Kerala Sahitya Akademi

ത്തും നിന്നുള്ള യുദ്ധം എന്നിവയും പയറാണ്. ദേവന്മാർ, സാധു ബ്രാഹ്മണർ, സ്ത്രീകൾ, വൃദ്ധർ, അപസ്മാരികൾ, സത്തുക്കൾ, ഗാന്ധർവന്മാർ, ഗുരുക്കന്മാർ, രാജാക്കന്മാർ എന്നിവരെ സംരക്ഷിച്ചാലത്തെ പുണ്യമുണ്ടോ, ബ്രഹ്മഹത്യയാൽ കൈവരുന്നു? അത് സർവപാപങ്ങളേയും നശിപ്പിച്ച് അക്ഷയസ്വർഗ്ഗത്തെ അനുഭവിപ്പിക്കും. ന്യായയുദ്ധത്തിൽ പിന്തിരിയാതെ കൊലപ്പെടുന്ന ബ്രാഹ്മണർ ബ്രഹ്മവാദികൾക്കും അപ്രാപ്യമായ പരമപദം പ്രാപിക്കും. ധർമ്മയുദ്ധത്തിന്റെ സ്വഭാവം ശരിക്കു കേട്ടുകൊള്ളുക: നേരെനിന്നു പൊരുതണം; ഭയം തോന്നരുത്; തോറ്റു് ആയുധം വെടിഞ്ഞു് ഓടുന്നവനെ പിന്നാലെ ചെന്നു ഹനിക്കരുത് പൊരുതാത്തവൻ, ഭയശീലൻ, പതിതൻ, നിർദ്ദോഷൻ, കെട്ടഴിഞ്ഞവൻ, സ്തുതിക്കുന്നവൻ, യുദ്ധത്തിൽ ശരണംപ്രാപിച്ചവൻ എന്നിവരെ ജയേച്ഛയാൽ ഹനിക്കുന്ന ദുർവൃത്തർ നരകമടയും. ഇതരേ സദാചാരപ്രകീർത്തിതമായ ക്ഷാത്രിയവൃത്തി; ഇതനുസരിച്ചിട്ടാണ് ക്ഷാത്രിയശ്രേഷ്ഠരെല്ലാവരും സ്വർഗ്ഗം പുകുത്. ക്ഷാത്രിയനും നേരിട്ടുള്ള ധർമ്മയുദ്ധത്തിൽ മരണം പ്രശസ്തമാകുന്നു; അവൻ ഇതിനാൽ സർവപാപനിർമ്മുക്തനായി സ്വർഗ്ഗത്തിൽ, കനകത്തുണരുകളോടും രത്നംപതിച്ച നിലത്തോടും ദിവ്യവസ്ത്രങ്ങളോടും മറ്റു വേണ്ടുന്ന പരിവാരങ്ങളോടുംകൂടിയ മണിമയപ്രാസാദത്തിൽ നിവസിക്കും: അവിടെയുണ്ടു് എന്നും നൽകുന്ന കല്പകവൃക്ഷങ്ങളും വാപീകൂപതടാകങ്ങളും ഉദ്യാനങ്ങളുമായിരിക്കും. യൌവനത്തിളപ്പോത്ത നാകനാരികമാർ അവനെ ഉപചരിക്കും; അവന്റെ മൻവശത്തു പതിവായി അപ്സരസ്ത്രീകൾ നൃത്തമാടും; ഗന്ധർവന്മാർ പാട്ടുപാടും; ദേവന്മാർ സ്തുതിപാഠകരായി നിൽക്കും. ഇങ്ങനെ ഒരു കല്പം കഴിഞ്ഞാൽ അവൻ സർവഭോഗാധികാരിയും അരോഗവാനും കാമസുന്ദരനുമായ ചക്രവർത്തിയായി ജനിക്കും; അവന്റെ പതിമാർ പരമസുന്ദരിമാരും എന്നെന്നും യൌവനശാലിനികളുമായിരിക്കും; പുത്രന്മാർ ധർമ്മശീലരും നിർമ്മലരും സുഭഗിമന്മാരും പിതൃസമ്മതരുമായിരിക്കും. ഇങ്ങനെ ഏഴുജന്മം സുഖമനുഭവിക്കും. അന്യായമായി പൊരുതുന്നവരോ, വളരെക്കാലം നരകത്തിൽക്കിടക്കും. ഈ വിധം ക്ഷാത്രിയവൃത്തി ബ്രാഹ്മണർക്കും വൈശ്യർക്കും ശൂദ്രർക്കും അന്ത്യജർക്കും ശ്ലേച്ഛർക്കുമാകാം. എന്നെന്നും ന്യായയുദ്ധം ചെയ്താൽ എല്ലാജാതികളിലേയും പടയാളികൾക്കും പരമപദം ലഭിക്കും.

ശൌര്യവും ധൈര്യവും അസ്ത്രശസ്ത്രപ്രയോഗവുമില്ലാത്ത ഒരു വൈശ്യൻ ആപത്തിൽ വൈശ്യവൃത്തിയും അംഗീകരിക്കാം. എന്നാൽ

Digitized By Kerala Sahitya Akademi

വൈശ്യവൃത്തിയായ കച്ചവടവും കൃഷിയും അന്യരെക്കൊണ്ടു നടത്തിക്കണം; ബ്രാഹ്മണകർമ്മം കൈവിടരുത്. കച്ചവടത്തിൽ ദോഷമുണ്ടാകുന്നതിൽവിലയോ പറഞ്ഞാൽ ദ്വിജൻ ഒഴിഞ്ഞുപോകും. ലാഭമുണ്ടായാൽ ബ്രാഹ്മണർക്കു ദാനംചെയ്യണം; പിതൃയജ്ഞം, ഹോമം എന്നിവയും യഥാവിധി നടത്തണം. തൂക്കത്തിൽ വ്യാജം പ്രയോഗിക്കരുത്: ധർമ്മപ്രതിഷ്ഠിതമാകുന്ന തുലാസ്സ്; അതിൽ വ്യാജം പ്രയോഗിച്ചാൽ നരകം പറയും. തൂക്കേണ്ടാത്ത സാധനത്തിലും കള്ളത്തരം പാടില്ല. കള്ളത്തരം പാപത്തെ ഉല്പാദിപ്പിക്കുന്നു. സത്യത്തിലും മീതെ ഒരു ധർമ്മമില്ല; അസത്യത്തിലും മീതെ ഒരു പാപമില്ല. അതിനാൽ ഏതു കാര്യത്തിലും സത്യമേ പാടുള്ളൂ. * ...എല്ലാ കാര്യത്തിലും അർ അസത്യംവിട്ടു സത്യമേ പറയുന്നവനോ, അവൻ ഒഴുങ്ങുകടന്ന് എന്നെന്നും സദ്ഗതിയടയും. അസത്യം തീരെ വിട്ടുവേണം ബ്രാഹ്മണൻ കച്ചവടം നടത്താൻ; ലാഭമുണ്ടായാൽ സൽകർമ്മങ്ങൾകൂടെ ചെയ്തുകൊണ്ട്, ബാക്കി താൻ അനുഭവിക്കുക. അധർമ്മിച്ചാൽ ലാഭം അയിരമിരട്ടിയാകും. *.....കച്ചവടത്തിൽ പണിപ്പെട്ടു ന്യായേന സമ്പാദിച്ച ധനം ദേവദ്വിജപിതൃകർമ്മങ്ങൾക്കു നൽകിയാൽ, അതു് അക്ഷയമായിരിക്കും. കച്ചവടത്തിൽ വലുതായ രണ്ടു ദോഷമാണുള്ളതു്: ദൂരവിടായ്ക, പൊളിപറഞ്ഞു വിൽക്കൽ, ഈ ദോഷം രണ്ടും വെടിഞ്ഞുവേണം അഭിജ്ഞൻ ധനം സമ്പാദിക്കാൻ. അതു ദാനംചെയ്താൽ എന്നെന്നും നിലനിൽക്കും; കച്ചവടക്കാരനെന്ന ദോഷം പറയുകയില്ലതാനും.

ബ്രാഹ്മണൻ കൃഷിനടത്തുക, പുണ്യകർമ്മത്തിൽ ശ്രദ്ധിച്ചുകൊണ്ടു വേണം: പകലിന്റെ പാതിസ്സമയം നാലുകാളകളെക്കൊണ്ട്, ഇല്ലെങ്കിൽ മൂന്നിനെക്കൊണ്ട് ഉഴുതുക; അവയെ ഭയപ്പെടുത്തരുതു്; ചോരയും നരികളുമില്ലാത്ത പുൽപ്പുറ്റിൽ മേയ്ക്കണം; വേണ്ടേടത്തോളം തീറ്റ കൊടുക്കണം. മുളയ്ക്കാൻ സുഖകരമായ തൊഴുത്തുണ്ടാക്കിക്കണം; അതിൽ ഒരിക്കലും ചാണകമോ മൂത്രമോ കരടോ ഉണ്ടാകരുതു്; എല്ലാ ദോഷകരം ഇല്ലാതിടമാകുന്ന തൊഴുത്തു്; അതിൽ അഴുക്കിട്ടേയ്ക്കരുതു്; തന്റെ കിടപ്പുറപോലെയാക്കിവെയ്ക്കണം; തണുപ്പും കാറ്റും പൊടിയും കടക്കരുതു് ഗോവിനെ തന്റെ പ്രാണനെപ്പോലെ കരുതണം. പതിന്റെ സുഖവും ദുഃഖവും സ്വപ്രാണന്റേതുതന്നെയായി വിചാരിക്കണം. ഇപ്രകാരം കൃഷിനടത്തുന്നവന്നു ഗോവാണ (ഗോവിനെ ദാനം ചെയ്തുകൊണ്ടുള്ള) ദോഷം പ

* ഒരു ശ്ലോകം മുൻ കഴിഞ്ഞതാകയാൽ വിട്ടു.

* നാലു ശ്ലോകങ്ങൾ മുൻ കഴിഞ്ഞതാകയാൽ വിട്ടു.

Digitized By Kerala Sahitya Akademi

റില്ല; ധനമുണ്ടാകയും ചെയ്യും. ദുർബ്ബലമോ രോഗാതുരമോ ചെറിയ കുട്ടിയോ പ്രായമേറിയ രോ ആയ മൂരിയെക്കൊണ്ട് ഉഴുതാൽ ഗോഹത്യാപാപം സംഭവിക്കും; കെട്ടിപ്പിള്ളാത്തതിനെ ബലാൽക്കാരേണ നകം ചുമപ്പിച്ചാൽ ഗോഹത്യ പറയും; തീറ്റകൊടുക്കാതെ ചുമപ്പിക്കുക, പുല്ലോ വെള്ളമോ ഭക്ഷിക്കുന്ന ഗോവിനെ അജ്ഞതയാൽ തടുക്കുക എന്നിവയും ഗോഹത്യാപാപത്തെ ഉളവാക്കും. അമാവാസി, പൌർണ്ണമാസി, സംക്രാന്തി എന്നിവയിൽ നകം ചുമപ്പിച്ചാൽ പതിനായിരം ഗോഹത്യയുടെ പാപം പറയും; ആ ദിവസങ്ങളിൽ ഗോവിനെ മഷി, പൂവ്, എണ്ണ, ധവളവിചിത്രവസ്ത്രങ്ങൾ മുതലായവകൊണ്ടു പൂജിച്ചാൽ അക്ഷയസ്വർഗ്ഗം അനുഭവിക്കാം. അന്യന്റെ ഗോവിനു നാരംതോറും ഒരു പിടി തീറ്റ ആർ കൊടുക്കുമോ, അവൻ സർവ്വപാപങ്ങളും നശിച്ച് എന്നെന്നും സ്വർഗ്ഗമനുഭവിക്കും. ആലോചിച്ചു നോക്കിയാൽ ബ്രാഹ്മണനും ഗോവും ഒരുപോലെയാണ്; ഇരുകൂട്ടരേയും പൂജിച്ചാലുള്ള ഫലവും ഒപ്പംതന്നെ. മനുഷ്യരിൽ ബ്രാഹ്മണനെന്നപോലെ, പശുക്കളിൽ ഗോവിനുതന്നെ പ്രാധാന്യം.'

നാരദൻ:—"ഭഗവൻ, ബ്രാഹ്മണൻ ബ്രഹ്മമുഖത്തിൽനിന്നു ജനിച്ചവനാണെന്നു ഭവാൻ പറകയുണ്ടായല്ലൊ; അവനും ഗോക്കളും എങ്ങിനെ തുല്യരാകും? എനിക്കാശയ്യും തോന്നുന്നു!"

ബ്രഹ്മാവ്:—"ശരിക്കു കേട്ടുകൊള്ളുക: ബ്രാഹ്മണനും ഗോവിനും ഏകപിണ്ഡാതയും ക്രിയൈക്യവും പണ്ടേ കല്പിക്കപ്പെട്ടിരിക്കുന്നു. പണ്ടു ബ്രഹ്മമുഖത്തുനിന്ന് ഒരു തേജഃപുഞ്ജം പുറപ്പെട്ടു; അതിന്റെ കാൽക്കാലംശത്തിൽനിന്നു ക്രമേ വേദങ്ങളും അഗ്നിയും ദ്വിജരും ഗോക്കളും വെവ്വേറെ ഉണ്ടായിവന്നു. അങ്ങിനെ ഒന്നാമതായി ഞാൻ നാന്മറകളെ ഒന്നിച്ചു സൃഷ്ടിച്ചു; ലോകങ്ങളുടെയെല്ലാം നിലനില്പിന്നാകുന്നു. അഗ്നി ദേവകർമ്മാക്കായി ഹവിസ്സു ഭുജിക്കണം; ബ്രാഹ്മണൻ നെ ഹോമിക്കണം; നെയ്യ് ഗോക്കളിൽനിന്നാണുണ്ടാകുന്നതു'. അതിനാൽ, ഇവർ തമ്മിൽ പുലക്കാരാകുന്നു! ഈ മഹത്തുക്കൾ നലുകൂട്ടരുമില്ലെങ്കിൽ, ചരാചരജഗത്തൊക്കയും നശിച്ചുപോകും; ഇവരേറ്റ ലോകത്തെ സ്വഭാവംകൊണ്ടു താങ്ങിനിർത്തുന്നതു; ഈ സ്വഭാവം ബ്രഹ്മത്രപമാകയാൽ ഇവർ ബ്രഹ്മാത്മകരാകുന്നു. ആകയാൽ ദ്വിജദേവാസുരന്മാർക്കുടിയും ഗോവിനെ പൂജിക്കണം. സർവ്വകാര്യങ്ങളിലും ഉത്തകുന്നതും നിത്യഗുണങ്ങൾക്കു വിളനിലവും സർവ്വദേവമയവും സർവ്വസത്വങ്ങൾക്കും അനുകമ്പനീയവുമായ ഗോവിന്റെ ശരീരം അഭിവൃദ്ധി

Digitized By Kerala Sahitya Akademi

ക്കായിട്ടാണ് ഞാൻ പണ്ടു സൃഷ്ടിച്ചതു്; അതിനാൽ തന്നെയാണു്, 'ഒരു ജന്മത്താൽ നിനക്കു മോക്ഷം സിദ്ധിക്കട്ടെ' എന്നിങ്ങനെ അതി ശോഭനമായ വരം അതിനു ഞാൻ കൊടുത്തതും. ഇവിടെ മരണമട ഞ്ഞ ഗോക്കൾ എന്റെ ഭവനത്തിൽ എത്തിച്ചേരും. പാപത്തിന്റെ ഒരു ശകലംപോലും ഗോവിന്റെ ദേഹത്തിലില്ല. ദേഹത്തിൽ ദേവ കളേയും തിമൂർത്തികളേയും വഹിക്കുന്ന ദേവിയാകുന്നു പയ്യു്; അവള ടെ പ്രസാദത്താലാണു് യജ്ഞങ്ങളും നടക്കുന്നതു് മൂത്രം, ചാണകം, പാൽ, തയിർ, നെയ്യു് എന്നീ ഗവ്യങ്ങളൊക്കെയും ലോകത്തെയെ ല്ലാം പവിത്രീകരിക്കുന്ന വിശുദ്ധദ്രവ്യങ്ങളാകുന്നു. ഇവ ഭക്ഷിച്ചവർക്കു പാപം ദേഹത്തിൽ നിൽക്കുകയില്ല; അതിനാലത്രേ, ധാർമ്മികന്മാർ പാലും, തൈരും, നെയ്യും പതിവായി ഭക്ഷിക്കുന്നതു്. എല്ലാപ്പദാർത്ഥ ങ്ങളിലുംവെച്ചു വിശിഷ്ടവും പ്രിയവും ശുഭവുമാണു് ഗവ്യം; അതു ഭുജി ക്കാത്തവന്റെ ശരീരം കെട്ടുതന്നെ. അന്നം അഞ്ചുനാളെയ്ക്കും, പാൽ ഏഴുനാളെയ്ക്കും, തയിർ ഇരുപതുനാളെയ്ക്കും, നെയ്യു് ഒരു മാസത്തെയ്ക്കും നില്ക്കും. ഒരു മാസം മുഴുവൻ ഗോരസം കൂട്ടാതെ ഭക്ഷണം കഴിച്ചാൽ, അതു പ്രേതഭക്ഷണംതന്നെ! ശുദ്ധമായ പരമാന്നം, പചിച്ചതു് എ ന്നിവ ഗോരസത്തോടുകൂടി ഭക്ഷിച്ചു ചെയ്യപ്പെട്ട പുണ്യം കോടികോ ടി മടങ്ങാവും; ശാസ്ത്രപ്രോക്തമായ മറ്റു ഹവിസ്സുകളും അനാമിഷവും ഗോരസാന്വിതമായി ഭക്ഷിച്ചു ചെയ്യപ്പെട്ട കർമ്മം ലക്ഷമിരട്ടി ഫല ത്തെ പ്രദാനംചെയ്യും. അതിനാൽ ഗോവു യുഗംതോറും സർവ്വകാലങ്ങ ളിലും പ്രശസ്തവും സർവ്വകാലങ്ങളിലും ധർമ്മാർത്ഥകാമമോക്ഷദവുമാ കുന്നു.''

നാരദൻ:—സർവ്വലോകേശ, ഗോക്കളിൽ എങ്ങിനെ പെരുമാറി യാലാണു് വലിയ പുണ്യം? ഞാൻ ശരിക്കു മനസ്സിലാക്കട്ടെ! പറഞ്ഞു തരിക.'

ബ്രഹ്മാവു്:—'ഗോവിനെ ഒരുപ്രാവശ്യം വലത്തുവച്ചു വന്ദി ച്ചാൽ, സർവ്വപാപങ്ങളും നീങ്ങും; അക്ഷയസ്വർഗ്ഗവും കിട്ടും; വ്യാഴനെ പ്പോലെയും വിഷ്ണുവിനെപ്പോലെയും വന്ദനീയമാകുന്നു ഗോവു്; ഏഴുരു വലംവെച്ചാൽ ഐശ്വര്യംകൊണ്ടു് ഇന്ദ്രനാകും. പ്രഭാതത്തിൽ എഴുന്നേറ്റു ഗോക്കളുടെ ഇടയിൽ ചെന്നു പാത്രത്തിലെ വെള്ളം കൊണ്ടു ഗോവിന്റെ കൊമ്പു കഴുകിച്ചു്, ആ വെള്ളം തലയിലേൽക്കു ക; എന്നാൽ, സിദ്ധചാരണ മുനീന്ദ്ര നിഷേവിതങ്ങളായി മൂന്നു ലോക ത്തിലുമുള്ള തീർത്ഥങ്ങളിലൊക്കെ സ്നാനംചെയ്യുകഴിഞ്ഞു! രാവിലെ എ ഴുന്നേറ്റു ഗോവു്, നെയ്യു്, തേൻ, കടുക്, തിന എന്നിവയെ സ്പ ർശിച്ചാൽ കല്മഷങ്ങളും നീങ്ങും. രണ്ടു നേരവും ആചമിച്ചു ശുചിയായി,

Digitized By Kerala Sahitya Akademi

'ഘൃതക്ഷീരപ്രദാ ഗാവോ ഘൃതയോന്യോ ഘൃതോത്തവാഃ
ഘൃതനദ്യോ ഘൃതാവർത്താസ്താ മേ സന്തു സദാഗൃഹേ!
ഘൃതം മേ സർവഗാത്രേഷു ഘൃതം മേ മനസിസ്ഥിതം
ഗാവോ മമാഗ്രതോ നിത്യം ഗാവഃ പൃഷ്ഠത ഏവ ച
ഗാവശ്ച സർവഗാത്രേഷു ഗവാം മദ്ധ്യേ വസാമ്യഹം!'

എന്നീ മന്ത്രം ജപിച്ചവൻ പാപമെല്ലാം വേർപെട്ട സ്വർഗ്ഗത്തിൽ പൂജിക്കപ്പെട്ടും. ഗോവ് ഏപ്രകാരമോ, അപ്രകാരമാണ് ബ്രാഹ്മണൻ; ബ്രാഹ്മണൻ ഏപ്രകാരമോ, അപ്രകാരമാണ് വിഷ്ണു; വിഷ്ണു ഏപ്രകാരമോ, അപ്രകാരമാണ് ഗംഗ. ഇവർ ധർമ്മസാരപരത്രേ. ഗോക്കൾ മനുഷ്യർക്കും, മനുഷ്യർ ഗോക്കൾക്കും ബന്ധുക്കളാകുന്നു; ഗോവില്ലാത്ത ഗൃഹം ബന്ധുരഹിതമായ ഗൃഹംതന്നെ. ഗോവിന്റെ മുഖത്ത് ഋഗേദങ്ങളോടും പദക്രമങ്ങളോടും കൂടിയ വേദങ്ങളും, കൊമ്പുകളിൽ ശിവകേശവന്മാരും, വയറാത്ത സ്കന്ദനും, ശിരസ്സിൽ ബ്രഹ്മാവും, നെറിമേൽ വൃഷധ്വജനും കൊമ്പിൻതലയ്ക്കൽ ഇന്ദ്രനും, കണ്ണുകളിൽ അശ്വനീദേവകളും, കണ്ണുകളിൽ സൂര്യചന്ദ്രന്മാരും, പല്ലുകളിൽ ഗരുഡനും, നാവിന്മേൽ സരസ്വതിയും, ഗുദത്തിൽ തീർത്ഥങ്ങളും, ഗുദസ്രോവരത്തിൽ ഗംഗയും, രോമകൂപങ്ങളിൽ ഋഷിമാരും, പിൻവശത്തു യമനും, വലത്തേവാരിമേൽ വരുണവൈശ്രവണന്മാരും, ഇടത്തേവാരിമേൽ തേജസ്സും ഓജസ്സും കൂടിയ യക്ഷന്മാരും, മുഖമധ്യത്തിൽ ഗന്ധർവന്മാരും, നാസികാഗ്രത്തിൽ നാഗത്താന്മാരും, കുളമ്പിൻ പിന്നിൽ അപ്സരസ്സുകളും, ചാണകത്തിൽ ലക്ഷ്മിയും, മൂത്രത്തിൽ സർവമംഗള(പാർവതി)യും, പാദാഗ്രത്തിൽ ഖേചരരും, ഉമ്പാശബ്ദത്തിൽ പ്രജാപതിയും, മുലകളിൽ നാലു സമുദ്രങ്ങളും സദാ കുടികൊള്ളുന്നു. നിത്യവും ഗോവിനെ സ്പർശിച്ചാൽ സ്നാനമായി; അതുകൊണ്ടുതന്നെ വന്ദിച്ച പാപങ്ങൾപോലും നിശ്ശേഷം നശിക്കും. ഗോവിന്റെ കുളമ്പോറുയർന്ന പൊടി ആർ തലയിലേൽക്കുന്നുവോ, അവനും തീർത്ഥസ്നാനത്താലെന്നപോലെ സർവപാപനിർമ്മുക്തനാകും.'

നാരദൻ:—'ഗുരുശ്രേഷ്ഠ, പരമേഷ്ഠിൻ, പത്തു നിറത്തിലുള്ള ഗോക്കളിൽ ഇന്നതിനെ ദാനംചെയ്താൽ ഇന്ന ഫലം കിട്ടുമെന്നുകൂടി, സമ്മതമാണെങ്കിൽ, ശരിക്കു പറഞ്ഞുതന്നാലും!'

ബ്രഹ്മാവ്:—'വെളുത്ത പയ്യിനെ വിപ്രനു നൽകിയവൻ നരേശ്വരനായി നിത്യം ഭോഗ്യങ്ങൾ ഭുജിച്ചുകൊണ്ടു സുഖമായി പ്രാസാ

Digitized By Kerala Sahitya Akademi

ത്തിൽ വസിക്കും. ധൂമ്രയായ പയ്യിനെ കൊടുത്തവൻ ഇഹത്തിൽ നിഷ്പാപനായി സ്വർഗ്ഗണയും. കപിലാദാനം അക്ഷയമത്രേ. കറുത്ത പയ്യിനെ കൊടുത്തവന്നു വാട്ടം വരിക്കയില്ല. പാണ്ഡുരയും ഗൌരിയുമായ പയ്യു ലോകത്തിൽ ദുർല്ലഭയോകുന്നു. ചുകന്ന പയ്യിനെ കൊടുത്താൽ സൌന്ദര്യവും നിലപ്പയ്യിനെ കൊടുത്താൽ സമ്പത്തുമുണ്ടാകും. ഒരു കപിലയെ ദാനംചെയ്താൽ മതി സർവ്വപാപവും നശിപ്പാൻ: ബാല്യയൌവനവാർദ്ധകങ്ങളിൽ ചെയ്ത പാപവും മനോവാക്കായങ്ങളാൽ ചെയ്ത പാപവും അഗമ്യാഗമനം, മിത്രദ്രോഹം, അളവിലും തൂക്കത്തിലും കള്ളു്, കന്യാവ്രതം, ഗുരുവ്രതം എന്നിവകൊണ്ടുള്ള പാപവും—എല്ലാം—കപിലാദാനത്താൽ ക്ഷണേന നശിക്കും. കൊമ്പുകളും സ്വർണ്ണംകൊണ്ടും കുളമ്പുകളും വെള്ളികൊണ്ടും പുറം പൊന്നുകൊണ്ടും പൊതിഞ്ഞു വസ്ത്രാഭരണഗന്ധപുഷ്പങ്ങളാൽ മണിയിച്ച കപിലയെ ഓട്ടകറവുപാത്രത്തോടുകൂടി വേദപാരഗനായ ബ്രാഹ്മണന്നു ദാനംചെയ്യുവൻ സർവ്വപാപനിർമ്മുക്തനായി വിഷ്ണുലോകത്തിൽ അച്യുതനായി വാഴും; അതിനെ കറക്കുമ്പോൾ നിലത്തു വീഴുന്ന പാൽത്തുള്ളികൾ സ്വർഗ്ഗത്തിൽ പൂവും കായും നിറഞ്ഞ തോട്ടങ്ങളായി വരും! കാംക്ഷിതം കായ്ചു തരുന്ന വൃക്ഷങ്ങളും പായസപ്പുഴകളും കനകപ്രാസാദങ്ങളുമുള്ളടത്താണ് ഗോദാതാക്കൾ ചെന്നുചേരുക! പണ്ടു പൈക്കളെ കൊടുത്താലത്തെ ഫലമുണ്ട്, ഒരു കാളയെ നൽകിയാലെന്നാണ് ബ്രാഹ്മവചനം: പത്തിനുപകരം ഒന്ന്; അതിനു പകരം നൂറ്; നാദ, ഈ മതിയിൽ ഫലം ഗണിച്ചുകൊൾക. പിതൃക്കളെ ഉദ്ദേശിച്ചു പുരുഷൻ ഭൂമിയിൽവെച്ചു വൃഷത്തെ ദാനം ചെയ്താൽ പിതൃക്കൾ വിഷ്ണുലോകങ്ങളിൽ യഥേഷ്ടം പൂജിക്കപ്പെടും. നാലു പൈക്കുട്ടികളെ ഒരു കാളയോടൊപ്പം ദാനംചെയ്യുവർ, അവയ്ക്കും അതിനും എത്ര രോമങ്ങളുണ്ടോ അത്ര ആയിരം സംവത്സരം സ്വർഗ്ഗമനുഭവിക്കും; ആ കാള വാലിട്ടടിക്കുമ്പോൾ തെറിക്കുന്ന വെള്ളം പിതൃക്കൾക്ക് ആയിരം കൊല്പത്തേയ്ക്കു് അമൃതായിത്തീരും; കുളമ്പുകൊണ്ടു മുരമാന്തുമ്പോൾ പറക്കുന്ന ഇഴുക്കുമണ്ണു പിതൃക്കൾക്ക് സപ്തയെക്കാൾ ലക്ഷംകോടിമടങ്ങു തൃപ്തി വരുത്തും! അച്ഛനിരിക്കെ അമ്മ മരിച്ചാൽ സ്വർഗ്ഗതിക്കായി പയ്യിനെ ചന്ദനം പൂശിച്ചു ദാനംചെയ്യണം; എന്നാൽ, ദാതാവു പിതൃകുടം വീടി, വിഷ്ണുപോലെ പൂജിതനായി എന്നെന്നും സ്വർഗ്ഗമനുഭവിക്കും. ചിനയുള്ള പയ്യിനെ, കുട്ടിക്കു രണ്ടുകാലും മുഖവും ഉണ്ടാകുന്നതിനു മുമ്പേയോ പെറുന്നതിനു മുമ്പേയോ ദാനം ചെയ്താൽ പൃഥിവീദാനമായി; എല്ലാ ലക്ഷണവും ചേ

Digitized By Kerala Sahitya Akademi

ന്നതും ധാരാളം പാലുള്ളതും ഒരാണ്ടിനകത്തു പെറുന്നതുമായ യുവതി പുത്രനും പൃഥിവിതന്നെ; തട്ടാനവും ബ്രാഹ്മണസമമത്രേ. അതു ചെയ്തവൻ തന്റെ തലമുറയെ ഉദ്ധരിച്ചു ശത്രുമുഖത്തോട് സദൃശനായിച്ചമയും.

പയ്യിനേയോ പയ്യിന്റെ കുട്ടിയേയോ അപഹരിച്ചാൽ പ്രളയം വരെ പുഴുക്കളും നിറഞ്ഞ കിണറ്റിൽ കിടക്കേണ്ടിവരും; ഗോഹത്യ ചെയ്തവൻ അതുപോലും പിതൃക്കളോടുകൂടി ഘോരമായ രൌരവനരകത്തിൽ പചിക്കപ്പെടും. പയ്യിന്റെ മേച്ചിൽ തടഞ്ഞവൻ, വാഹനത്തിന്റെ കയർ മുറിച്ചവൻ എന്നിവരും ജന്മജന്മങ്ങളിൽ ഘോരനരകം പുകും.

ഈ പുണ്യതമാഖ്യാനം ഒരു പ്രാവശ്യം ചൊല്ലിക്കേൾപ്പിച്ചവൻ സർവപാപനിർമ്മുക്തനായി ദേവന്മാരൊന്നിച്ചു വിളയാടും; ഇതു രണ്ടുവിച്ചവനും ഏഴു ജന്മങ്ങളിലെ പാപങ്ങളിൽനിന്ന് ഉടൻ വേർപെടും.

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം, ഗോമാഹാത്മ്യകഥനം നാല്പത്താറാമദ്ധ്യായം.

:0:

നാല്പത്താറാമദ്ധ്യായം

നാരദൻ:—'ഏതാചാരംകൊണ്ടു ബ്രാഹ്മണനു ബ്രഹ്മതേജസ്സു വർദ്ധിക്കും? ഏതാചാരംകൊണ്ടു ബ്രഹ്മതേജസ്സു നശിക്കും?'

ബ്രഹ്മാവു്:—'ദ്വിജോത്തമൻ പതിവായി പുലർകാലത്തുണർന്നെഴുന്നേറ്റു ദേവന്മാരേയും പുണ്യവാന്മാരേയും സ്മരിക്കണം: ഗോവിന്ദൻ, മാധവൻ, കൃഷ്ണൻ, ഹരി, ദാമോദരൻ, നാരായണൻ, ജഗദീശൻ, വാസുദേവൻ, അജൻ, വിഷ്ണു, സരസ്വതി, മഹാലക്ഷ്മി, വേദമാതാവായ സാവിത്രി, ബ്രഹ്മാവു്, സൂര്യൻ, ചന്ദ്രൻ, ദിക്പാലന്മാർ, ഗ്രഹങ്ങളും, ശംകരൻ, ശിവൻ, ശംഭു, ഈശ്വരൻ, മഹേശ്വരൻ, ഗണേശൻ, സ്കന്ദൻ, ഗൗരി, ഹൃദയേയ ഗംഗ എന്നിവരേയും നളനരേന്ദ്രൻ, ശ്രീരാമൻ സീത, യുധിഷ്ഠിരൻ എന്നീ പുണ്യശ്ലോകരേയും അശ്വത്ഥാമാവു്, മാബലി, വ്യാസൻ, ഹനുമാൻ, വിഭീഷണൻ, കൃപൻ, പരശുരാമൻ എന്നീ ഏഴു ചിരംജീവികളേയും പ്രതിദിനം പ്രഭാതത്തിലെഴുന്നേറ്റു സ്മരിച്ചാൽ ബ്രഹ്മഹത്യാദി പാപങ്ങളംപോലും വിട്ടൊഴി

Digitized By Kerala Sahitya Akademi

യും; ഈ പേരുകൾ ഒരിക്കലുച്ചരിച്ചാൽ എല്ലാ യജ്ഞങ്ങളുടേയും ശത സഹസ്രഗോദാനങ്ങളുടേയും ഫലം കിട്ടും; സംശയമില്ല. പിന്നെ മലമൂ ത്ര വിസർജ്ജനവും*.....ദന്തധാവനവും * ...ചെയ്യേ സരസ്വതിയെ യഥാവിധി ധ്യാനിക്കുക: പൂർവ്വാഹ്നത്തിൽ ചുകന്ന നിറത്തിലും, മദ്ധ്യാ ഹ്നത്തിൽ വെളുത്ത നിറത്തിലും, സായാഹ്നത്തിൽ കറുത്ത നിറത്തിലും വേണം ധ്യാനിക്കുക. തദനന്തരം സ്നാനം * കഴി ക്കുക. നദീനദാദികൾ സമീപത്തില്ലാത്തപക്ഷം കോരിക്കളിക്കുക: പ്രാതഃസ്നാനം സർവ്വപാപനാശനവും പരമപുണ്യവുമാകുന്നു; അതു നി ത്യം ആചരിച്ച ബ്രാഹ്മണൻ വിഷ്ണുലോകത്തു പൂജിക്കപ്പെട്ടും. പ്രാതഃസ്നാനത്തിൽ, സൂര്യൻ നാലുദണ്ഡുയരുന്നതുവരെ, ജലം പിതൃക്കൾക്ക് അമൃതാകുന്നു; രണ്ടു നാഴികയ്ക്കുമേൽ ഒരു യാമംവരെ ജലം പിതൃക്കൾ ക്കു തേൻപോലെ പ്രീതി വരുത്തും; പിന്നീട് ഒന്നരയാമംവരെ, ജലം പാലുപോലെയാണ്; പിന്നെ നാലു ദണ്ഡുയരുന്നതുവരെ ജലം പാൽ പോന്നതായിരിക്കും; അതിന്നുമേൽ മൂന്നാംയാമംവരെ ജലം വെറും വെ ള്ളംതന്നെ; പിന്നെ സൂര്യനസ്തമിക്കുന്നതുവരെ ജലം രക്തമത്രെ. ഇ തിനാൽ നാലാം യാമത്തിലോ രാത്രിയിലോ ആകരുത് കുളിയും പി തൃതർപ്പണവും: അതു വെള്ളം രക്ഷസ്സുകൾ കൈക്കലാക്കുകയാൽ പാഴാകു പ്പോകും. സൃഷ്ടിക്കായിട്ടാണ് വെള്ളം ഞാൻ ആദ്യമേ സൃഷ്ടിച്ചി ട്ടുള്ളത്; അതിനെ സംരക്ഷിക്കുന്നതു ചാപപാണികളായ യക്ഷരാണ്. അ രലോകം പ്രാപിച്ചവർക്ക്, ഭൂലോകസ്ഥരായ സപിണ്ഡന്മാരിൽനിന്നു തെ വെള്ളം കിട്ടുന്നതല്ല; അതിനാൽ ശിഷ്യരും പുത്രപൌത്രദൌഹി ത്രാദികളും മറ്റു ബന്ധുക്കളും പിതൃക്കൾക്കു ജലതർപ്പണം ചെയ്യണം.

നാരദൻ:—'ദേവേശ, ജലത്തിന്റെ ദേവതയേയും തർപ്പണവി ധിയേയും, എനിക്കു ശരിയായി പറഞ്ഞുതരുമാറാകണം!'

ബ്രഹ്മാവു്:—ജലത്തിന്റെ ദേവത വിഷ്ണുവാണെന്ന് എല്ലാ ലോകങ്ങളിലും കീർത്തിക്കപ്പെട്ടുന്നു. ജലത്താൽ ശുദ്ധിയടഞ്ഞവനു നാർദ്ദനൻ സുഖം നൽകും. വെള്ളം കവിൾക്കൊണ്ടാൽത്തന്നെ മ നുഷ്യനു ശുദ്ധി വരും; ദർഭയോടു ചേർന്നാലോ ജലം അമൃതിലുമേറിയതായി! ദേവന്മാർക്കെല്ലാം ഇരിപ്പിടമായിട്ടാണ് ദർഭ ഞാൻ പണ്ടു സൃഷ്ടിച്ചിരിക്കുന്നതു്: ദർഭയുടെ കടയ്ക്കൽ ബ്രഹ്മാവും, നടുവിൽ വിഷ്ണുവും, തലയ്ക്കൽ മഹേശ്വരനും സ്ഥിതിചെയ്യുന്നു. ദർഭ കയ്യിൽവെച്ചു വിസ്മൃതനായി ഏതുമോ മന്ത്രമോ ചൊല്ലിയാൽ തുറിരട്ടി ഫലമു

* മലമൂത്രവിസർജ്ജനാദി വിധികൾ മുൻപേ പറഞ്ഞിട്ടുള്ളതിനാൽ വിട്ടു.

Digitized By Kerala Sahitya Akademi

ണ്ടു്; തീർത്ഥത്തിൽ വെച്ചായാൽ ആയിരമിരട്ടി. കുശം, കാശം, യവം, തിലം, നെല്ലു്, ക്രുവളത്തില, ുണ്ഡരീകം എന്നിവ ആറും ദർഭയേപ്പോലെ; മുൻപു മുൻപു പറഞ്ഞതിനെ ദ്രുഢിക്രുടം. ദർഭക്രുടാതെയുള്ള സ്നാനവും മറവും നിഷ്ഫലം തന്നെ. എള്ളിനോടു ചേർന്നാലും ജലം അമൃതിനെക്കാൾ മധുരമാക്കും; അതിനാൽ അഭിജ്ഞൻ നാംതോറും പിതൃക്കളെ തിലോദകംകൊണ്ടു തൃപ്തിക്കണം. മകനേ, പത്തുമണി എള്ളുകൊണ്ടു പിതൃക്കൾക്കു മികച്ച തൃപ്തിവരും. വിസ്തരിച്ചൊന്നും വേണ്ടാ, അഗ്നിസ്ഥംഭം നീക്കാൻമാത്രം, ആർ നിത്യം കളിച്ചു പിതൃക്കൾക്കു തിലോദകതൃപ്തണംചെയ്യുന്നവോ, അവൻ ഇഹലോകത്തെയും ഉദ്ധരിച്ചു ബ്രഹ്മപദമടയും; വിശേഷിച്ചു യുഗാരംഭതിഥികളിലും അമാവാസിയിലും പിതൃക്കളെ എള്ളുകൊണ്ടു തൃപ്തിച്ചാൽ എന്നെന്നും സ്വർഗ്ഗമനുഭവിക്കാം. നീലവൃഷപ്രദാനം, അമാവാസിയിൽ തിലതർപ്പണം, വർഷാകാലത്തു വിളക്കുവെയ്ക്കുക എന്നിവകൊണ്ടു പിതൃകടം വീട്ടം. ഒരു കൊല്ലം അമാവാസിതോറും പിതൃക്കൾക്കു തിലതർപ്പണം ചെയ്യുവൻ വിനായകനായി, ദേവകളാലെല്ലാം പൂജിക്കപ്പെടും. യുഗാരംഭതിഥികളിലെ തർപ്പണം അമാവാസിയിലേതിനെക്കാൾ നൂമടങ്ങു ഫലം നൽകും. അയനം, വിഷുവം, ഇരുവാവുകൾ എന്നിവയിൽ പിതൃതർപ്പണം ചെയ്യുവൻ സ്വർഗ്ഗത്തിൽ പൂജിക്കപ്പെടും. മന്വന്തരാരംഭതിഥി, സൂര്യചന്ദ്രഗ്രഹണം എന്നിവയിലും, ഗയാദി പുണ്യതീർത്ഥങ്ങളിലും പിതൃതർപ്പണം ചെയ്താൽ വിഷ്ണുസദനം പ്രാപിക്കാം; അതിനാൽ പുണ്യദിവസങ്ങളം വന്നാൽ പിതൃക്കളെ തൃപ്തിക്കണം. മുമ്പു ദേവകളെ സന്തുഷ്ടം തൃപ്തിച്ചിട്ടുവേണം അഭിജ്ഞൻ പിതൃതർപ്പണംചെയ്യാൻ ശ്രദ്ധാലു, ഉണ്ണ് എന്നിവയിൽ ഒരു കൈകൊണ്ടും തർപ്പണത്തിൽ രണ്ടുകൈകൊണ്ടും വെള്ളംകൊടുക്കുക എന്നാണ് എന്നെന്നേയ്ക്കുമുള്ള വിധി. തെക്കോട്ടു തിരിഞ്ഞിരുന്നുവേണം പിതൃതർപ്പണം; നാമഗോത്രങ്ങളോടുകൂടി 'തൃപ്യതാം' എന്നുച്ചരിക്കുക.

അജ്ഞതയാൽ, കറുത്തതല്ലാത്ത എള്ളുകൊണ്ടോ, ഉദകം നിലത്തു തൂകിയോ, വെള്ളത്തിൽനിന്നോ പിതൃതർപ്പണം ചെയ്താൽ പാഴാകയേ ഉള്ളു; അതു പിതൃക്കളിലാക്കും കിട്ടുകയില്ല. കരയിൽനിന്നു ഉദകം വെള്ളത്തിൽ തൂകുന്നതും, അപ്രകാരം നിഷ്പ്രയോജനം തന്നെ. വസ്ത്രം പിഴിയാതെ ജലത്തിൽ ഉദകതർപ്പണം ചെയ്യുന്നവർകൾ പിതൃക്കളും ദേവകളും പ്രസാദിക്കും. രജകൻ അലക്കിയ വസ്ത്രം ശുദ്ധമാണെന്നു വിദ്വാന്മാർ പറയുന്നു; വെള്ളത്തിൽ മുക്കിയാൽ ശുദ്ധമാകും. ഈറൻമാറി ദ്രുചിയായ സ്ഥലത്തു തർപ്പണംചെയ്താൽ

Digitized By Kerala Sahitya Akademi

പിതൃക്കൾ പതിന്മടങ്ങു പ്രസാദിക്കും. കല്ല്, ഖഡ്ഗം, ചെമ്പുപാത്രം എന്നിവയിൽ തപ്പണംചെയ്താൽ ഫലം നൂറിരട്ടിയാകും; ചൂണ്ടുവിരലിന്മേൽ വെള്ളിമോതിരമിട്ട് തപ്പണംചെയ്താൽ ആയിരമിരട്ടി; അണിവിരലിൽ പൊന്മോതിരമിട്ട തപ്പണംചെയ്താൽ ലക്ഷമിരട്ടി. അണിവിരൽ രത്നംധരിച്ചു തപ്പണംചെയ്താൽ ഫലത്തിനവസാനമില്ല. സ്നാനത്തിനായി പോകുന്നവനെ ദേവകളും പിതൃക്കളും, ദാഹത്താൽ വെള്ളത്തിനുവേണ്ടി, വായുരൂപേണ അനുഗമിക്കുന്നു; അവർ നിരാശരായി മടങ്ങും, വസ്ത്രം പിഴിഞ്ഞാൽ, അതിനാൽ, തപ്പണം കഴിയുന്നതിന്മുമ്പു വസ്ത്രം പിഴിയരുത്. മനുഷ്യന്റെ ശരീരത്തിൽ മൂന്നരക്കോടി രോമമുണ്ട്; അതിൽനിന്നെല്ലാം തീർത്ഥമായൊഴുകുന്നതു്: കേശത്തിൽ നിന്നു ദേവകളും, മീശമേൽനിന്നു പിതൃക്കളും, കണ്ണുകളിൽനിന്നു ഗന്ധർവരും, കീഴവയവങ്ങളിൽനിന്നു ഭൂമിയിലെ പ്രാണികളും നീർകുടിക്കുന്നു. ദേവകൾ, പിതൃക്കൾ, ഗന്ധർവർ, പ്രാണികൾ എന്നിവരെല്ലാം സ്നാനംകൊണ്ടുതന്നെ പ്രസാദിക്കുന്നു; സ്നാനംകൊണ്ടു പാപം നശിക്കുന്നു. സ്നാനം തപ്പണംവരെയാണെന്നാകുന്നു, ദേവകളും മഹർഷിമാരും പറഞ്ഞിട്ടുള്ളതു്

തർപ്പണം കഴിഞ്ഞാൽ അഭിജ്ഞൻ ദേവന്മാരെ പൂജിക്കണം: വിഘ്നശാന്തിക്കു വിനായകനേയും, ആരോഗ്യത്തിനു സൂര്യനേയും, ധർമ്മമോക്ഷങ്ങൾക്കു ലക്ഷ്മീപതിയേയും, കാര്യസിദ്ധിക്കു കാമാരിയേയും, അഭീഷ്ടപൂർത്തിക്കു ചണ്ഡികയേയും പൂജിക്കുക. പിന്നീടു വൈശ്രദേവവും ഹോമവും ബ്രാഹ്മണതർപ്പണവും ദേവകൾക്കും എല്ലാപ്രാണികൾക്കുമായി യജ്ഞവും ചെയ്യുക. ഇങ്ങനെ മുടങ്ങാതനുഷ്ഠിച്ചാൽ യഥേഷ്ടം സുഖവും സ്വർഗ്ഗവും മോക്ഷവുമടയാം. അതിനാൽ സർവ്വപ്രയത്നത്തോടും നിത്യകർമ്മങ്ങൾ ആചരിച്ചുകൊള്ളണം.

നാരദൻ:—'അച്ഛ, എന്തുകൊണ്ടാണു് വെള്ളം ദേവകൾക്കും പിതൃക്കൾക്കും, മനുഷ്യർക്കു കിട്ടുന്നതുപോലെ കിട്ടാത്തതു്?

ബ്രഹ്മാവു്:—'സർവ്വദേവോത്തമവും അമൃതുമായ ജലം ഞാൻ ആദിയിൽ സൃഷ്ടിച്ചു; അതിനു കാവൽക്കാരായി വില്ലേന്തിയ യക്ഷരക്ഷസ്സുകളേയും നിയോഗിച്ചു. അവർ ദേവപിതൃക്കളെ ഹനിക്കും; മനുഷ്യരേ ഹനിക്കില്ല; അങ്ങിനെയാണു് എന്റെ ആജ്ഞ. ഭൂലോകത്തിലെ പക്ഷിമൃഗാദികളും, മനുഷ്യരായി ജനിച്ച ദേവന്മാർ, പിതാവായി പിതൃതർപ്പണംചെയ്തു സുരലോകം പുക്ക മനുഷ്യർ എന്നിവരേയും ഹനിക്കില്ല. സ്നാനം ചെയ്യാത്തവൻ മലവും, ജപിക്കാ

Digitized By Kerala Sahitya Akademi

ത്തവൻ ചോർചലവുമറ്റു ഭക്ഷിക്കുന്നതു്! നാംതോറും തർപ്പണം കഴിക്കാത്തവൻ പിതൃഹത്യ നേടുന്നു; ദേവപൂജ ചെയ്യാത്തവൻ ബ്രഹ്മഹത്യയെക്കാത്ത പാപത്തിൽപ്പെടുന്നു; സന്ധ്യ വന്ദിക്കാത്തവൻ സൂര്യഹത്യാപാപിയായിത്തീരുന്നു.'

നാരദൻ:—'ബ്രാഹ്മണരുടേയും മറ്റു ജാതികളുടേയും സദാചാരവും കർമ്മക്രമവും പറഞ്ഞുതരിക.'

ബ്രഹ്മാവു്:—'ആചാരം ആയുസ്സിനേയും ധനത്തേയും സ്വർഗ്ഗത്തേയും മോക്ഷത്തേയും നൽകുന്നു; അപലക്ഷണത്തെ അകറ്റുന്നു. ആചാരമില്ലാത്ത മനുഷ്യൻ ലോകത്തിൽ നിന്ദിതനും സദാ ദുഃഖിതനും രോഗിയും അല്പായുസ്സുമായിത്തീരും. അനാചരനു നരകവാസം തീർച്ചയാണു്; ആചാരംകൊണ്ടേ പുണ്യഗതി കിട്ടൂ. ആചാരം ശരിക്കു കേട്ടുകൊള്ളുക:

ഗൃഹത്തിൽ നാംതോറും ചാണകംകൊണ്ടു തേയ്ക്കണം. പീഠം, മരംകൊണ്ടുള്ള സാധനം, പാത്രം, കൽത്തളം എന്നിവ മോറണം: ഓട്ടുപാത്രം ചാരംകൊണ്ടും, ചെമ്പുപാത്രം പുളികൊണ്ടും, കല്പാത്രം എണ്ണകൊണ്ടും, പൊൻ വെള്ളി പാത്രങ്ങൾ വെറും വെള്ളംകൊണ്ടു; ഇരിമ്പുപാത്രം തീയ്യിൽക്കാച്ചി കഴുകുന്നതുകൊണ്ടും ശുദ്ധിപ്പെടും കിളയ്ക്കുക, തീയെരിക്കുക, തേയ്ക്കുക, കഴുകുക, മഴയേൽക്കുക എന്നിവകൊണ്ടു ഭൂമിയുടെ അശുദ്ധി നീങ്ങും; ധാതുദ്രവ്യങ്ങൾ, മണികൾ, കല്ലുകൾ എന്നിവയുള്ള മണ്ണുകൊണ്ടും ചാരംകൊണ്ടും ശുദ്ധിവരുമെന്നാണു്, ഞാൻ പണ്ടേ തീർമാനിച്ചിരിക്കുന്നതു്. തോൽ, കിടയ്ക്ക, കട്ടി, വസ്ത്രം, പൂണൂൽ, കമണ്ഡലു എന്നിവയുള്ളു, തന്നേതാണെങ്കിൽ അശുദ്ധിയില്ല; അന്യരുടേതാണെങ്കിൽ തൊട്ടുകൂടാ. ഒറവസ്ത്രത്തോടെ ഉണ്ണുകയും കുളിക്കുകയും പാടില്ല. അന്യന്റെ സ്നാനവസ്ത്രം ഒരിക്കലും ഉപയോഗിക്കരുതു്. കേശരോമങ്ങൾക്കു വെടുപ്പു വരുത്തുക രാവിലെത്തന്നെ വേണം. നാംതോറും ഗുരുജനങ്ങളെ വന്ദിക്കണം. കൈകാലുകൾ മുഖം എന്നീ അവയവങ്ങൾ കഴുകിയേ ഊണിനിരിക്കാവു; എന്നാൽ ആയുസ്സു തികച്ചും കിട്ടും. ദേവതകൾ, ഗുരുജനം, രാജാവു്, സ്നാതകൻ, ആചാര്യൻ, ദീക്ഷിതബ്രാഹ്മണൻ എന്നിവരുടെ നിഴൽ ചവുട്ടരുതു്. ഗോവു്, ദേവപ്രതിമ, ബ്രാഹ്മണൻ, നെയ്, തേൻ, നാൽക്കവലവഴി, പ്രശസ്തങ്ങളായ വനസ്പതികൾ എന്നിവയെ വലത്തുവെയ്ക്കണം. ഗോബ്രാഹ്മണർ, ബ്രാഹ്മണാഗ്നികൾ, ഇരുവിപ്രർ, ദമ്പതിമാർ ഇവരുടെ നടുവിലൂടെ കട

Digitized By Kerala Sahitya Akademi

ന്നുപോകരുത്; പോയാൽ സപ്തസ്ഥൻപോലും അധഃപതിക്കും. അഗ്നി, ബ്രാഹ്മണൻ, ദേവപ്രതിമ, ഗുരു എന്നിവരെയും തന്റെ തലയും പൂമരവും യജ്ഞവൃക്ഷവും എച്ചിൽക്കയ്യോടെ തൊടരുത്; എച്ചിലായിട്ട്, സൂര്യചന്ദ്രരും നക്ഷത്രങ്ങളുമാകുന്ന മൂന്നു തേജസ്സുകളേയും ഗുരുദേവദ്വിജരേയും രാജാവിനേയും സന്ന്യാസിയേയും യോഗിയേയും ദേവകർമ്മം നടത്തുന്നവനേയും ധർമ്മപ്രവക്താവിനേയും നോക്കരുത്. നദിതീരം, കടൽപ്പുറം, യജ്ഞവൃക്ഷത്തിന്റെ ചുവട്ട്, പൂങ്കാവ്, വിപ്രഗൃഹം, തൊഴുത്ത്, വെട്ടവഴി, വെള്ളം എന്നിവയിൽ മലം വിസർജ്ജിക്കരുത് തലമുടി, കൈ, കാൽ, മുഖം എന്നിവയുള്ള പൂപോരുപ്പു വരുത്തരുത് പല്ലിന്മേൽ അഴുക്കു വെച്ചേയ്ക്കരുത്. നഖം വായിൽ വെയ്ക്കരുത്. ഞാറാഴ്ചയും ചൊവ്വാഴ്ചയും തേച്ചുകുളി പാടില്ല. തന്റെ ശരീരത്തിലും ഇരിക്കുന്നതിന്മേലും കൊട്ടരുത്. ഗുരുവൊന്നിച്ച് ഒന്നിന്മേൽ ഇരിക്കരുത്. ബ്രാഹ്മണൻ, ദേവൻ, ഗുരു, രാജാവ്, തപസ്വി, കാൽനടന്തൻ, കരുടൻ, സ്ത്രീ എന്നിവരുടെ ധനം അപഹരിക്കരുത്. ബ്രാഹ്മണനും ഗോവിനും രോഗിക്കും ചുമട്ടുകാരനും ഗർഭിണിക്കും ദുർബലനും വഴി മാറിക്കൊടുക്കണം. രാജാവ്, ബ്രാഹ്മണൻ, വൈദ്യൻ എന്നിവരോടു വാദംചെയ്യരുത്. ബ്രാഹ്മണൻ, ഗുരുപത്നി എന്നിവരോടു വിശേഷിച്ചും. പതിതൻ, കുഷ്ഠരോഗി, ചണ്ഡാലൻ, ഗോമാംസഭോജി, നിരസിക്കപ്പെട്ടവൻ, ജ്ഞാനഹീനൻ എന്നിവരോട് അടുക്കുകയേ അരുത് ദുഷ്ടയോ ദുർവൃത്തയോ അപവാദം വരുത്തുന്നവളോ കുസിതത്തൊഴിൽക്കാരിയോ എപ്പോഴും കലഹിക്കുന്നവളോ പ്രമത്തയോ ശങ്കയില്ലാത്തവളോ നിർലജ്ജയോ പുറമേ തെണ്ടുന്നവളോ ഏറെച്ചെലവുചെയ്യുന്നവളോ ആചാരംകെട്ടവളോ അന്യ സ്ത്രീയെ ഒട്ടും അടുപ്പിച്ചുകൂടാ. രജസ്വലയായ ഗുരുപത്നിയെ അഭിവാദ്യം ചെയ്യുകയോ തൊടുകയോ അരുത്; തൊട്ടുപോയാൽ കുളിക്കണം. ഗുരുപത്നിയോടൊന്നിച്ച് ഒരിക്കലും നേരംപോക്കു പാടില്ല; അവർ പറയുന്നതു കേൾക്കുക; മുഖത്തു നോക്കരുത്. സ്നുഷ, ഭ്രാതൃപത്നി, യുവതിയായ മകൾ, പരതരുണി, ഗുരുപത്നി എന്നിവരെ ദർശിക്കരുത്; തൊടരുത്; അവരൊന്നിച്ചു സല്ലപിക്കരുത്; അവരുടെ ചില്ലീവിലാസം കാണരുത് കലഹം, നാണംകെട്ട വാക്ക് ഇവ ഒരിക്കലും പാടില്ല. ഉമി, കരിക്കട്ട, എല്ല്, ഭസ്മം, പരുത്തിക്കുരു, നിർമ്മാല്യം, പട്ടടമുട്ടി, പട്ടട എന്നിവയേയും ഗുരുജനത്തേയും കാൽകൊണ്ടു തൊടരുത്. ഉണങ്ങിയ മത്സ്യം, നാറുന്നത്, അശുദ്ധം, വിഘസം (അന്യന്റെ ഭക്ഷ്യത്തിൽ നിന്നു വീണ

Digitized By Kerala Sahitya Akademi

തു്), ഉച്ഛിഷ്ടം, അന്യൻ പചിച്ചതു് എന്നിവ ഭക്ഷിക്കരുതു്. ഉജ്ജനത്തോടൊന്നിച്ചു വസിക്കരുതു്, നടക്കരുതു വിളക്കിൻനിഴലിലും താന്നിച്ചുവട്ടിലും ക്ഷണനേരംപോലും നിൽക്കരുതു്. തൊട്ടുകൂടാത്തവർ, ഭ്രഷ്ടർ, രുഷ്ടർ എന്നിവരോടു ക്ഷണനേരംപോലും സംസാരിക്കരുതു്; സംസാരിച്ചാൽ രൌരവത്തിൽ പതിക്കും. ഇളയവനെ വന്ദിക്കേണ്ട; അപ്ഫൻ, അമ്മാമൻ എന്നിവർക്കു് എഴുനേറ്റു് ഇരിപ്പാൻ കൊടുത്തു മുമ്പിൽ തൊഴുതുനിൽക്കണം. എണ്ണതേച്ചവൻ, എച്ചിലായിട്ടുള്ളവൻ, ഈറൻമുണ്ടുടുത്തവൻ, രോഗി, വെള്ളത്തിലിറങ്ങിയവൻ, ഉടുപിഗ്നൻ, വാഹനത്തിൽപ്പോകുന്നവൻ, യജ്ഞശാലയിലിരിക്കുന്നവൻ, രഥസ്ഥിതൻ, സ്ത്രീകളുമായി വിനോദിക്കുന്നവൻ, കുട്ടികളുമായി കളിക്കുന്നവൻ, പൂവോ ഒർഷധമോ ശേഖരിക്കുന്നവൻ എന്നിവരെ അഭിവാദ്യം ചെയ്യേണ്ട.

തലയോ പെരിയോ വസ്ത്രംകൊണ്ടു മൂടിയും വെള്ളത്തിലിരുന്നും കട്ടമ്മയഴിച്ചിട്ടും കാൽകഴുകാതെയും തെക്കോട്ടു തിരിഞ്ഞും ആചമിച്ചുകൂടാ; പൂണൂലില്ലാതെയും, നഗ്നനായും, കച്ചകം (പാളത്താറു്) അഴിച്ചും ഒറ്റ വസ്ത്രത്തോടെയും ആചമിച്ചാൽ ശുദ്ധിവരില്ല. ആദ്യം നടുവിലെ മൂന്നു വിരലുകൾകൊണ്ടു മുഖവും, പെരുവിരൽ–ചൂണ്ടുവിരലുകൾകൊണ്ടു നാസാരന്ധ്രങ്ങളും, പെരുവിരലണിവിരലുകൾകൊണ്ടു കണ്ണുകളും, പെരുവിരൽ–പെരുവിരലുകൾകൊണ്ടു കാതുകളും, പെരുവിരൽകൊണ്ടു പൊക്കിളും, ഉള്ളംകൈകൊണ്ടു ഹൃദയവും, എല്ലാ വിരലുകൾകൊണ്ടും ക്രമേ ശിരസ്സും, കരാഗ്രംകൊണ്ടു ബാഹുക്കളും സ്പർശിച്ചാചമിച്ചാൽ ശുദ്ധിവരും; പാപങ്ങളെല്ലാം വിട്ടൊഴിയും; അക്ഷയസ്വർഗ്ഗവും അനുഭവിക്കാം. മുപ്പുടങ്ങാഴി (മൂന്നു വിരൽകൊണ്ടുള്ള സ്പർശം) കൊണ്ടു പ്രാണനും, മുള (പെരുവിരൽ–ചൂണ്ടുവിരൽ സ്പർശം) കൊണ്ടു വ്യാനാപാനന്മാരും, സർവ്വാംഗുലി സ്പർശത്താൽ സമാനനും ചൂണ്ടുവിരലൊഴിഞ്ഞു മറ്റെല്ലാംകൊണ്ടുമുള്ള സ്പർശത്താൽ ഉദാനനും, ഭൂമിയിൽ തെറിക്കുന്ന വെള്ളംകൊണ്ടു നാഗ–കൂർമ്മ–കൃകര–ദേവദത്ത–ധനഞ്ജയരും പ്രസാദിക്കും.

കാലിന്മേൽ വെള്ളത്തോടുകൂടി കിടക്കുക, കാൽ കഴുകാതെ ഉണ്ണുക, ഇരുട്ടത്തു ശയനഭോജനങ്ങൾ എന്നിവ വർജ്ജിക്കണം. പടിഞ്ഞാട്ടും തെക്കോട്ടും തിരിഞ്ഞു പല്ലു തേയ്ക്കരുതു്. വടക്കോട്ടും പടിഞ്ഞാട്ടും തലവെച്ചു കിടന്നുറങ്ങരുതു്; കിടന്നുറങ്ങിയാൽ ആയുഃക്ഷയവും ബ്രഹ്മഹത്യയും പറയും; കിഴക്കോട്ടും തെക്കോട്ടും തലവെച്ചു കിടക്കാം. കിഴക്കോട്ടു തിരിഞ്ഞിരുന്നുണ്ടാൽ ആയുസ്സും, തെക്കോട്ടാ

Digitized By Kerala Sahitya Akademi

യാൽ യശസ്സും, പടിഞ്ഞാട്ടായാൽ ശ്രീയും, വടക്കോട്ടായാൽ വിത്തവുമുണ്ടാകും; തെക്കോട്ടായാൽ പ്രേതത്വവും, പടിഞ്ഞാട്ടായാൽ രോഗവും വരുമെന്ന ദോഷം കൂടിയുണ്ട്. ഒരിക്കലുണ്ണുന്നവൻ ദേവൻ; രണ്ടുനേരം ഉണ്ണുന്നവൻ മനുഷ്യൻ; മൂന്നുനേരം ഉണ്ണുന്നവൻ പ്രേതം; നാലുണകാരൻ രാക്ഷസൻ! ആമിഷംകൂടാതെ ഹവിസ്സു ഭക്ഷിക്കുന്നവർ ദേവന്മാർ; മത്സ്യവും മാംസവും മദ്യവും ഭക്ഷിക്കുന്നവർ മനുഷ്യർ; പഴകി നാറി കെട്ടതും മറവില്ലാത്തേടത്തുവച്ചും ഭക്ഷിക്കുന്നവർ പ്രേതാദികൾ!

സ്വർഗ്ഗത്തിൽ നിന്നു മനുഷ്യലോകത്തിൽ ജനിച്ചവർക്കു നാലുകൂട്ടം സഹജമായിരിക്കും: പ്രശസ്തമായ ദാനം, മധുരമായ വചനം, ദേവാർച്ചനം, ബ്രാഹ്മണതർപ്പണം; ലുബ്ധും സ്വജനനിന്ദയും ചീത്ത വസ്ത്രം ധരിക്കലും നീചരിൽ ഭക്തിയും കടുത്ത ശുണ്ഠിയും പരുഷംപറയലുമത്രേ നരകത്തിൽ നിന്നു വന്നവന്റെ ലക്ഷണം. വെണ്ണപോലുള്ള വാക്ക്, കരുണാമൃദുലമായ മനസ്സ് എന്നിവ ധർമ്മബീജത്താൽ ജനിച്ചവരുടേയും, ഈർച്ചവാൾപോലെയുള്ള വാക്ക്, കർക്കശമായ മനസ്സ് എന്നിവ പാപബീജത്താൽ ജനിച്ചവരുടേയും അടയാളമാകുന്നു.'

ഈ സദാചാരവും മറവും ശ്രവിക്കുകയോ ശ്രവിപ്പിക്കുകയോ ചെയ്യുന്നതുകൊണ്ടു്, ആചാരാദികളുടെ ഫലം നേടി പാപം നീങ്ങി ഏതൊന്നും സ്വർഗ്ഗത്തിൽ വസിക്കാം.'

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം, ബ്രഹ്മകൃതസദാചാരനിരൂപണം നാൽപ്പത്തിരണ്ടാമദ്ധ്യായം.

———:o:———

നാൽപതേഴാമദ്ധ്യായം

ഭീഷ്മൻ:—'ബ്രഹ്മൻ, ലോകത്തിൽ ഏറെ പുണ്യം ഇന്നതാണെന്ന്— എന്നും പരക്കെ സമ്മതവും പണ്ടുപണ്ടുള്ളവർ ആചരിച്ചുപോന്നതും ഇന്നതാണെന്ന്—സദയം പറഞ്ഞുതന്നാലും.'

പുലസ്ത്യൻ:—'ഒരിക്കൽ, വ്യാസശിഷ്യരായ ബ്രാഹ്മണരെല്ലാരുംകൂടി വ്യാസനോടു് ഭവാൻ എന്നോടെന്നപോലെ, സാദരം വ

Digitized By Kerala Sahitya Akademi

ന്തിച്ചു ധർമ്മം ചോദിക്കുകയുണ്ടായി:—'ലോകത്തിൽ പുണ്യാൽ പുണ്യതരമായി സർവ്വശ്രേഷ്ഠമായിട്ടുള്ളതെന്താണ്? എന്തനുഷ്ഠിച്ചാൽ മനുഷ്യർക്ക് അക്ഷയസ്വർഗ്ഗം കിട്ടും? മർത്ത്യലോകത്തിലെ എല്ലാജ്ജാതികർക്കും, ഉയർന്നവർക്കും താണവർക്കും, കഷ്ടപ്പാടുകൂടാതെ സാധിക്കാവുന്ന വിശുദ്ധ യജ്ഞം ഇന്നതാണെന്നു പറഞ്ഞുതരിക. ബ്രഹ്മൻ, എന്തെന്തുചെയ്യാൽ മനുഷ്യൻ സ്വർഗ്ഗത്തിൽ ദേവകർക്കു പൂജനീയനായിത്തീരുമെന്ന്, മനംകനിഞ്ഞുപദേശിച്ചാലും.'

വ്യാസൻ:—'അഖിതിഹാസം ഞാൻ പറയാം; കേട്ടുകൊള്ളുവിൻ. പിതൃശുശ്രൂഷ, ഭർത്തൃപരിചരണം, സമഭോവന, മിത്രാദ്രോഹം, വിഷ്ണുഭക്തി എന്നിവ അഞ്ചും മഹായജ്ഞങ്ങളാകുന്നു; ഇവയിൽ ഏതെങ്കിലും ഒന്നു മതി, സ്വർഗ്ഗവും മോക്ഷവും യശസ്സും കിട്ടാൻ. ബ്രാഹ്മണരേ, അച്ഛനമ്മമാരെ ശുശ്രൂഷിച്ചാലുണ്ടാകുന്ന പുണ്യം നൂറായിരം യാഗംകൊണ്ടോ തീർത്ഥയാത്രാദികൾകൊണ്ടോ കൈവരികയില്ല! പിതാവു ധർമ്മമാകുന്നു; പിതാവു സ്വർഗ്ഗമാകുന്നു; പിതാവു പരമതപസ്സാകുന്നു. പിതാവിനെ പ്രസാദിപ്പിച്ചവനിൽ ദേവകളൊക്കെ പ്രസാദിക്കും. ശുശ്രൂഷകൊണ്ടും ഗുണംകൊണ്ടും ആർ അച്ഛനമ്മമാരെ പ്രീതരാക്കുന്നുവോ, അവൻ നാംതോറും ഗംഗാസ്നാനം ചെയ്യുന്നു! അമ്മ സർവതീർത്ഥമയിയും, അച്ഛൻ സർവദേവമയനുമത്രേ; അതിനാൽ അവരെ എത്ര പണിപ്പെട്ടും പരിചരിക്കണം. മാതാപിതാക്കളെ വലത്തുവെച്ചവൻ ഏഴു ദ്വീപുകളോടുകൂടിയ ഭൂമിയെ വലത്തുവെച്ചു കഴിഞ്ഞു! പിതൃവന്ദനത്തിനായി കാൽമുട്ടുകളും കൈകളും ശിരസ്സും നിലത്തൊട്ടു ചേർക്കുന്നവൻ അക്ഷയസ്വർഗ്ഗമനുഭവിക്കും. പിതാക്കളുടെ പാദപാംസു തലയിലും ഉടലിലും പുരണ്ടാലേ പുത്രനു ശുദ്ധിവരൂ. പിതാക്കളുടെ കാൽ കഴുകിച്ച വെള്ളം സേവിച്ചാൽ പുത്രന് ഏഴുകോടി ജന്മങ്ങളിലെ പാപം അറുതിപ്പെടും; അവൻ തന്നെ ലോകത്തിൽ സുകൃതി! അവൻതന്നെ സർവദോഷനിർമ്മുക്തൻ! അവൻ ഒരൊറ്റജന്മംകൊണ്ടു വിനായകത്വം പ്രാപിക്കും! അച്ഛനമ്മമാരോടു മറുത്തു പറഞ്ഞാലോ, ആ മനുഷ്യാധമൻ പ്രളയംവരെ നരകത്തിൽ കിടക്കും. അച്ഛനമ്മമാർക്കു കൊടുക്കാതെ ഊൺ കഴിക്കുന്ന നികൃഷ്ടപുത്രൻ കല്പം മുഴുവൻ കൃമികൃപനരകത്തിൽ കിടക്കും. രോഗിയോ വൃദ്ധനോ വകയില്ലാത്തവനോ അന്ധനോ ബധിരനോ ആയ പിതാവിനെ വെടിഞ്ഞവൻ രൌരവം പുക്ക്, ക്ലേശചണ്ഡാലാന്ത്യജവർഗ്ഗങ്ങളിൽ വന്നു ജനിക്കും. അച്ഛനമ്മമാരെ

Digitized By Kerala Sahitya Akademi

സംരക്ഷിക്കാഞ്ഞാൽ സർവ്വപുണ്യങ്ങൾക്കും അഗതിവരും. അച്ഛനമ്മമാരെ ശുശ്രൂഷിക്കാതെ, തീർത്ഥദേവസേവനം ചെയ്താലും അതിന്റെ ഫലം കിട്ടുകയില്ല; അവൻ ഭൂമിയിലെ പുഴുവിനെപ്പോലെ! ഒരു പഴയ കഥ ഞാൻ പറയാം; ശ്രദ്ധിച്ചു കേൾക്കുവിൻ. ഇതു കേട്ടാൽ പിന്നെ അന്ധാളിത്തം ഉണ്ടാകയില്ല:

പണ്ടു നരോത്തമൻ എന്നൊരു ബ്രാഹ്മണനുണ്ടായിരുന്നു. അയാൾ അച്ഛനമ്മമാരെ നോക്കാതെ തീർത്ഥസഞ്ചാരത്തിലേർപ്പെട്ടു. എല്ലാ തീർത്ഥത്തിലും അയാൾ പോയി. അയാളുടെ സ്നാനവസ്ത്രം വെറും ആകാശത്തുനിന്നു തോരാറുണ്ടായിരുന്നു! ഇതു് ആ ബ്രാഹ്മണനെ അഹങ്കാരിയാക്കിത്തീർത്തു.' 'എനിക്കൊപ്പം പുകളേറിയ ഒരു പുണ്യവാനില്ല'ന്നു് അയാൾ പറഞ്ഞപ്പോൾ, 'ഒരു കൊറ്റി എന്തോ ശബ്ദം പുറപ്പെടുവിച്ചു; അതിനെ ബ്രാഹ്മണൻ ക്രോധിച്ചു് ഒന്നു നോക്കിയേ ഉള്ളൂ; പക്ഷി വെണ്ണീറായി നിലത്തു പതിച്ചു! അപ്പോൾ അയാൾക്കു ഗർവ് വർദ്ധിച്ചു. അതിനാലും ഹിംസാപാപത്താലും ദുർജ്ജനത്തിന്റെ വസ്ത്രം ആകാശത്തു നിൽക്കാതായി; അതിൽ അയാൾ വിഷണ്ണനായിത്തീർന്നു. ഉടനെ ആകാശത്തുനിന്ന് ഒരു വാക്കു പുറപ്പെട്ടു:— 'ബ്രാഹ്മണ, പരമധാർമ്മികനായ മൂകനെന്ന ചണ്ഡാലന്റെ അടുക്കൽ ചെല്ലൂ; എന്നാൽ അങ്ങയ്ക്കു ധർമ്മം അറിയാറാകും. അവന്റെ വാക്കിനാൽ ഭവാനു നന്മ വരും.' ഇതുകേട്ടു നരോത്തമൻ മൂകന്റെ ഗൃഹത്തിൽ ചെന്നെത്തി. മൂകനു പിതൃശുശ്രൂഷയേ തൊഴിലുള്ളൂ: അവൻ അച്ഛനമ്മമാർക്കു രണ്ടുപുകാലത്തു മുട്ടുവെള്ളം തെയ്യാറാക്കും; എണ്ണകാച്ചി തേപ്പിക്കും; മുറുക്കാൻ ഉണ്ടാക്കിക്കൊടുക്കും; കിടക്ക വിരിക്കും; പതിവായി മൃഷ്ടാന്നവും പാലും ഭുജിപ്പിക്കും; വസന്തത്തിൽ സുഗന്ധിയായ പൂമാലയണിയിക്കും; മറ്റു ഭോഗ്യങ്ങളുംനൽകും; ചൂടുള്ളപ്പോൾ വീശിക്കൊടുക്കും; തളർച്ചയും വരംചയുംപെടാതെ നോക്കും. ഇതൊക്കെക്കഴിഞ്ഞേ താൻ ഉണ്ണുക പതിവുള്ളൂ. ഈ പുണ്യം മൂലം അയാളുടെ ഗൃഹത്തിന്നുള്ളിൽ ത്രിഭുവനേശ്വരനായ വിഷ്ണു സദാ വാണരുളിയിരുന്നു. ആ സ്വയംഭുവായ പരമപുമാൻ അവിടെ നിരാധാരമായ അന്തരിക്ഷത്തിൽ വിഹരിച്ചുപോന്നു. ഒരു ബ്രാഹ്മണന്റെ വേഷത്തിൽ ആ ഗൃഹത്തെ തേജസ്സുകൊണ്ടു മിന്നിത്തിളങ്ങിച്ചിരുന്ന മഹാസത്വനായ തന്തിരുവടിയെ കണ്ടിട്ട് വിസ്മയം പൂണ്ട നരോത്തമൻ മൂകനെ വിളിച്ചു:—'എന്റെ അടുക്കലേയ്ക്കു വരിക; ഞാൻ ശാശ്വതധർമ്മം ചോദിക്കട്ടെ. എനിക്കും ലോകങ്ങൾക്കും വേണ്ടതു ഭവാൻ പറയണം.'

Digitized By Kerala Sahitya Akademi

മൂകൻ:—'ഞാൻ അച്ഛനമ്മമാരെ ശുശ്രൂഷിക്കയാണ്; എങ്ങിനെ അങ്ങോട്ടു വരും? പിതൃശുശ്രൂഷ കഴിഞ്ഞാൽ അങ്ങയ്ക്കു പറഞ്ഞതു ചെയ്തരാം. ഭവാൻ പുറത്തു് ഇരുന്നുകൊൾക; ഭവാനു ഞാൻ ആതിഥ്യം ചെയ്യാം.'

ഇതു കേട്ടപ്പോൾ ബ്രാഹ്മണൻ ചോദിച്ചു: —'ബ്രാഹ്മണനായ എന്നെ തൃജിപ്പാൻ, ആരു വലിയ കായ്യമോ നിനക്ക്!'

മൂകൻ:—'ബ്രാഹ്മണ, എന്തിനാണ് വെറുതേ ശുണ്ഠിയെടുക്കുന്നതു്? അങ്ങയുടെ കൊറിയല്ല ഞാൻ! കൊറിയോടല്ലാതെ മറാരോടും ഭവാന്റെ കോപം നടക്കുകയില്ല! ഭവാന്റെ സ്നാനവസ്ത്രം ആകാശത്തു നിൽക്കാതായി; ഉണങ്ങാതായി; അതിനാൽ അശരീരിവാക്കു കേട്ടിട്ടാണല്ലോ, ഭവാൻ എന്റെ ഗൃഹത്തിലേയ്ക്കു പോന്നതു്. നിൽക്കു, നിൽക്കു; ഞാൻ പറഞ്ഞതുതരാം. അല്ലെങ്കിൽ, പതിവ്രതയുടെ അടുക്കൽ ചെല്ലു; അവളെ കണ്ടാൽ ഭവാനു കായ്യം സാധിക്കും.'

പിന്നീടു ദ്വിജരൂപം ധരിച്ച വിഷ്ണുഭഗവാൻ ആ ഗൃഹത്തിൽ നിന്നു പുറത്തുവന്ന ബ്രാഹ്മണനോടു്, 'ഞാനും പോരാം അവളുടെ ഗൃഹത്തിലേയ്ക്കു'ന്നു പറഞ്ഞു. നരോത്തമൻ നാരായണനോടൊന്നിച്ചു നടകൊണ്ടു. വഴിക്കുവെച്ചു് അയാൾ അത്യുത്കണ്ഠയോടേ അവിടത്തോടു ചോദിച്ചു:—'ബ്രാഹ്മണശ്രേഷ്ഠ, എന്തിനാണു ഭവാൻ ചണ്ഡാലഗൃഹത്തിൽ പെണ്ണുങ്ങളുടെ ഇടയിൽ സസന്തോഷം നിവസിക്കുന്നതു്?'

വിഷ്ണു:—'ഇപ്പോൾ ഭവാനു മനഃശുദ്ധി വന്നിട്ടില്ല; പതിവ്രതയേയും മറ്റും കണ്ടാലേ ഭവാനു് എന്നെ അറിയാറാകൂ.'

നരോത്തമൻ:—'ആരാണാ പതിവ്രത? ഞാൻ അങ്ങോട്ടു പോകത്തക്കവണ്ണം അതു വലിയ പഠിപ്പുണ്ടോ അവർക്ക്?'

വിഷ്ണു:—'നദികളിൽ ശ്രേഷ്ഠത ഗംഗയ്ക്ക്; സ്ത്രീകളിൽ പതിവ്രതയ്ക്ക്; മനുഷ്യരിൽ രാജാവിന്; ദേവകളിൽ വിഷ്ണുവിന്. സദാ ഭർത്തൃഹിതം നോക്കുന്ന പതിവ്രത ഇരുവംശങ്ങളിലേയും നൂറുനൂറു പേരെ കരയേറ്റും; പ്രളയംവരെ സ്വർഗ്ഗത്തിൽ വാഴും; ഭർത്താവു സ്വർഗ്ഗംവിട്ടാൽ ചക്രവർത്തിയായി പിറക്കും; അവർ അദ്ദേഹത്തിന്റെതന്നെ പട്ടമഹിഷിയായി സുഖമനുഭവിക്കും; വീണ്ടും അവരിരുവരും സ്വർഗ്ഗത്തിൽ വാഴും; ഇങ്ങനെ നൂറുജന്മം കഴിഞ്ഞു്, ഒടുവിൽ മോക്ഷവുമടയും!'

Digitized By Kerala Sahitya Akademi

നരോത്തമൻ:—'ദ്വിജപുംഗവ, എങ്ങിനെയുള്ളവളാണ പതിവ്രത? പതിവ്രതയുടെ ലക്ഷണം എന്താണെ? ശരിക്ക പറഞ്ഞുതരു.'

വിഷ്ണു:— 'പുരുനെക്കുറിച്ചുള്ളതിൽ നൂരുമടങ്ങ സ്നേഹത്തോടും രാജാവിനെക്കുറിച്ചുള്ളതിൽ നൂരുമടങ്ങ ഭയത്തോടും ക്രൂടിത്താവിനെ ആരാധിക്കുകയും വിഷ്ണുവായി കരുതുകയും ചെയ്യുന്നവളതേ പതിവ്രത; ജോലിയിൽ ദാസി, രതിയിൽ വേശ്യ, ഊണിൽ അമ്മ, ആപത്തിൽ മന്ത്രിണി, ഇങ്ങനെയുള്ള ഭാര്യയതേ പതിവ്രത; മനസാ കർമ്മണാ വാചാ ഭർതൃശാസനത്തെ ലംഘിക്കാത്തവളും ഭർത്താവിന്റെ ഊണിനശേഷം ഊൺകഴിക്കുന്നവളുമതേ പതിവ്രത; ഭർത്താവ് ഏതൊരു സ്ത്രീയുടെ കിടക്കമേൽ കിടക്കുന്നുവോ, അവളോട മത്സരം തോന്നാതെ, ദുഃഖമോ ഗർവോ ക്രൂടാതെ, അവിടത്തിലെല്ലാം പതിയെ പരിചരിക്കുന്നവളും മാനാവമാനങ്ങളിൽ സമചിത്തയുമായ ഭാര്യയതേ പതിവ്രത; അഴകുള്ള പുരുഷനെ കണ്ടാൽ, അച്ഛനോ സോദരനോ പുരുനോ ആണെന്ന് ആർ കരുതുന്നുവോ, ആ സാധ്വിയതേ പതിവ്രത. ആഴകും യൌവനവും ധനയും യശസ്സും ചേർന്ന ആ ദുർല്ലഭ എന്ന പതിവ്രതയുടെ അടുക്കൽച്ചെന്ന ഭവാൻ ഹിതം ചോദിച്ചുകൊള്ളുക.'

ഈവിധം അരുളിച്ചെയ്ത ഭഗവാൻ മറഞ്ഞു; അവിടുന്ന് അദൃശ്യനായതിൽ ബ്രാഹ്മണൻ അത്ഭുതപ്പെട്ട. പിന്നെ അയാൾ പതിവ്രതയുടെ ഗൃഹത്തിൽ ചെന്നെത്തി വിളിച്ചു. അതു കേട്ടതോടുക്രൂടി, ആ സതി വെമ്പലോടേ പുറത്തേയ്ക്കുവന്ന വാതിൽക്കലായി നിന്ന. ബ്രാഹ്മണൻ അവളെ കണ്ടു സന്തോഷത്തോടേ, 'എനിക്കു പ്രിയമായ ഹിതം ശാസ്ത്രത്തിനൊത്തു പറഞ്ഞുതരിക' എന്നാവശ്യപ്പെട്ട.

പതിവ്രത:—'ഇപ്പോൾ ഭർതൃശുശ്രൂഷയാണ്; ഞങ്ങൾക്കു വിടുതിയില്ല. വേണ്ടതു പിന്നെ പറഞ്ഞുതരാം; തൽക്കാലം ആതിഥ്യം സ്വീകരിക്കുക.'

നരോത്തമൻ:—'എനിക്ക വിശപ്പില്ല, ദാഹമില്ല, തളർച്ചയുമില്ല. ദേവി, വേണ്ടതു പറഞ്ഞുതരിക; ഇല്ലെങ്കിൽ ഭവതിയെ ഞാൻ ശപിച്ചുകളയും!'

ആ സൌഭാഗ്യവതിയാകട്ടേ, 'ദ്വിജോത്തമ, ഞാൻ കൊറിയല്ല! ചെന്ന ധർമ്മതുലാധാരനോടു ചോദിച്ചുകൊള്ളുക, ഭവാനു വേണ്ടതു്' എന്നും പറഞ്ഞു് അകത്തേയ്ക്കുപോയി. അവിടെയും, ചണ്ഡാലഗൃഹത്തിലെന്നപ്പോലെ ആ ബ്രാഹ്മണൻ സഹർഷനായി സ്ഥിതിചെയ്തിരുന്നു; അതു കണ്ടു സവിസ്മയനായ നരോത്തമൻ അദ്ദേഹത്തിന്റെ

Digitized By Kerala Sahitya Akademi

അടുക്കൽ ചെന്നു ചോദിച്ചു:—'മറെറാരു ദിക്കിൽവെച്ചു നടന്നതു് ഇവളും പറകയുണ്ടായി; ആ സംഭവം ചണ്ഡാലനും പതിവ്രതയും എങ്ങിനെ അറിഞ്ഞു? എനിക്കത്ഭുതം തോന്നുന്നു; ഇതിലേറെ എന്താണൊരാശ്ചര്യം!'

വിഷ്ണു:—'സദാചാരത്താലുള്ള പരമപുണ്യത്താൽ, പരോക്ഷമായിട്ടുള്ളതും അറിയുമാറാകും; ഇതത്രേ അങ്ങയെ അത്യത്ഭുതപ്പെടുത്തിയതു്. ആകട്ടെ, അവളെന്താണു് അങ്ങയ്ക്കു പറഞ്ഞുതന്നതു്?'

നരോത്തമൻ:—'ധർമ്മതുലാധാരനോടു ചോദിപ്പാനാണു്, അവളും ഉപദേശിച്ചതു്.'

വിഷ്ണു:—'മുനിപുംഗവ, പുത്ര; ഞാനും പോരാം അങ്ങോട്ടു്.'

പോകുമ്പോൾ വിപ്രൻ വിഷ്ണുവോടു്, 'തുലാധാരൻ എവിടെയാണെ'ന്നു ചോദിച്ചു.

വിഷ്ണു:—'അങ്ങാടിയിൽ ആഢംക്കുട്ടത്തിൽവെച്ചു്, പല പല പദാർത്ഥങ്ങളും വിൽക്കുകയും വാങ്ങുകയുമാണു് തുലാധാരന്റെ തൊഴിൽ. [എന്നാൽ നിർവികാരത്വം മനസാ വാചാ കർമ്മണാ വ്യാജവും ദൌഷ്ട്യവും വർജ്ജിച്ചവനും സർവ്വത്രതഥിതൈക്ഷ്യിയും സർവരിലും സമചിത്തനും പൊന്നും മൺകട്ടയും ഒന്നുപോലെ കരുതുന്നവനുമാണയാൾ.] യവം, രസം, അന്നം മുതലായതെല്ലാം അയാൾമുഖേനയാണു് ആളുകൾ കൊള്ളുന്നതും കൊടുക്കുന്നതും. പ്രാണനാശം. അടുത്താൽത്തന്നെയും അയാൾ സത്യം വിട്ടു് അസത്യം പറകയില്ല; അതിനാലത്രേ ധർമ്മതുലാധാരൻ എന്നുപേർ.'

ഇത്രയും പറഞ്ഞപ്പോഴെയ്ക്കു്, പല സാധനങ്ങളും വിറ്റുകൊണ്ടിരിക്കുന്ന തുലാധാരൻ ദൃഷ്ടിഗോചരമായി: അയാളുടെ ദേഹവും ഒന്തങ്ങളും അഴുക്കു നിറഞ്ഞവയായിരുന്നു; അയാൾ സാമാനങ്ങളെപ്പറ്റിയും വിലയെപ്പറ്റിയും പലതും സംസാരിക്കുന്നുണ്ടു്; നാലു വശത്തും വളരെജനങ്ങൾ—പുരുഷന്മാരും സ്ത്രീകളും—കൂടിയിരുന്നു. അയാൾ ബ്രാഹ്മണനോടു്, 'എന്തുവേണം, എന്തുവേണം' എന്നു മധുരസ്വരത്തിൽ ചോദിച്ചു.

നരോത്തമൻ:—'എനിക്കു ധർമ്മസ്വരൂപം പറഞ്ഞുതരിക; അതിനാണു് ഞാൻ വന്നതു്'.

തുലാധാരൻ:—'എന്റെ അടുക്കൽ ആളുകൾ കൂടിയിരിക്കുന്നതു കണ്ടില്ലേ; എനിക്കു രാത്രി ഒരു യാമം കഴിയുംവരെ സ്വസ്ഥതയില്ല.

Digitized By Kerala Sahitya Akademi

ഞാൻ ഒരു വഴി പറയാം: അങ്ങു ധർമ്മാകരന്റെ അടുക്കൽ ചെല്ലുക; കൊറ്റി ചാകയാലുള്ള ദോഷം, വസ്ത്രം ആകാശത്തുനിന്നു തോരായ്ക എന്നിതെല്ലാറ്റിനേയും പറ്റി ആ സജ്ജനാഗ്രേഹകങ്കൽ നിന്നറിയാം. അദ്ദേഹത്തിന്റെ ഉപദേശത്താൽ ഭവാനു വാഞ്ഛിതം സാധിക്കും.'

ഇത്രയും പറഞ്ഞു് അയാൾ കച്ചവടക്കായ്ത്തിൽത്തന്നെ ഏല്പിട്ടു.

നരോത്തമൻ:—'ശ്രീമൻ, സജ്ജനാഗ്രേഹകനെ ചെന്നു കാണാനാണു് തുലാധാരൻ ഉപദേശിച്ചതു്; അയാളുടെ ഗൃഹം ഞാനറിയില്ല.'

വിഷ്ണു:—'വരൂ; ഞാനും പോരാം അയാളുടെ ഭവനത്തിലേയ്ക്കു്.'

വഴിക്കുവെച്ചു വിപ്രൻ വിഷ്ണുവിനോടു ചോദിച്ചു:—'തുലാധാരനു സ്നാനമില്ല; പിതൃദേവതാപൂജനമില്ല; ദേഹവും വസ്ത്രവുമെല്ലാം ചളിപുരണ്ടു വഷളായിരിക്കുന്നു! അയാളെങ്ങിനെ അറിഞ്ഞു, മറ്റൊരു ടിക്കിൽ നടന്ന സംഭവം? എനിക്കാശ്ചര്യം തോന്നുന്നു. ഇതിന്റെ കാരണമൊക്കെ പറഞ്ഞുതന്നാലും.'

വിഷ്ണു:—'അയാൾ സത്യംകൊണ്ടും സമഭാവനകൊണ്ടും ത്രൈലോക്യം കീഴടക്കിയിരിക്കുന്നു; പിതൃക്കളേയും ദേവകളേയും മുനികളേയും തൃപ്തരാക്കിയിരിക്കുന്നു. അതിനാൽ ഭൂതവും ഭവ്യവും ഭവിഷ്യത്തും ആ ധാർമ്മികനറിയാം: സത്യത്തിൽ മീതെ ഒരു ധർമ്മമില്ല; അസത്യത്തിൽമീതെ ഒരു പാപമില്ല! വിശേഷിച്ചും, സമചിത്തത മനുഷ്യനെ നിർമ്മലനാക്കുന്നു. ശത്രുമിത്രോദാസീനരിൽ സമചിത്തത ആർക്കോ, അവൻ സർവ്വപാപനിർമ്മുക്തനായി വിഷ്ണുസായൂജ്യം പ്രാപിക്കും. സമത്വമാണു് ധർമ്മം; സമത്വമാണു് സത്യം; സമത്വമാണു് പരമതപസ്സു്; സദാ സമചിത്തത ആർക്കുണ്ടോ, അവൻ തന്നെ പുരുഷോത്തമൻ. വിശേഷിച്ചും, യോഗസിദ്ധികളിൽപ്പോലും ആഗ്രഹമില്ലാത്ത സമചിത്തൻ ഒരുകോടി തലമുറയ്ക്കു് ഉൽഗതി വരുത്തും; സത്യം, ദമം, ശമം, ധൈര്യം, സ്ഥൈര്യം, നിസ്പൃഹത, ആശ്ചര്യം തോന്നായ്ക, ആലസ്യമില്ലായ്ക എന്നിതെല്ലാം അവനിൽ ഉറച്ചുനിൽക്കും; സുരലോകത്തിലേയും നരലോകത്തിലേയും വൃത്താന്തമെല്ലാം ആ ധർമ്മജ്ഞനറിയാറാകും. വിഷ്ണു അവന്റെ ദേഹത്തിൽ സ്ഥിതിചെയ്യും;

Digitized By Kerala Sahitya Akademi

തത്തുല്യൻ ലോകത്തിലുണ്ടാകില്ല. സമതപം, സത്യം, ആർജ്ജവം എന്നിവ ആർക്കുണ്ടോ അവൻ സാക്ഷാൽ ധർമ്മം തന്നെയാണ്; അവനമ്മേ ജഗത്തിന്നു താങ്ങു'

നരോത്തമൻ:—'അങ്ങയുടെ പ്രസാദത്താൽ തുഷ്ടാധാരന്റെ അവസ്ഥ എനിക്കു മനസ്സിലായി; വിരോധമില്ലെങ്കിൽ, അദ്ദോഹകന്റെ സ്ഥിതിയും പറഞ്ഞുതരിക.'

വിഷ്ണു:—'ഈ നഗരത്തിൽ രാജകുമാരനു്, കാമദേവനു രതിയും ശക്രനു ശചിയുമെന്നപോലെ, നവയൌവനയായ ഒരു ഭാര്യയുണ്ടായിരുന്നു. സുന്ദരി എന്നാണു് ആ കുലീനയായ സുന്ദരിക്കു പേരു. അവർ തമ്മിൽ പ്രാണനായിരുന്നു. പെട്ടെന്നു് അദ്ദേഹത്തിനു രാജകാര്യത്തിന്നായി എവിടെയോ പോകേണ്ടിവന്നു. പ്രാണനിലും മീതെയായ പ്രിയതമയെ എവിടെ പാർപ്പിച്ചു സൂക്ഷിക്കേണ്ടു എന്നാലോചിച്ച ക്ഷണത്തിൽ അദ്ദേഹം അദ്ദോഹകന്റെ ഗൃഹത്തിൽ ചെന്നാവശ്യപ്പെട്ടു. അതു കേട്ടിട്ടു് അയാൾ അത്യുത്തേജിതനായി ചോദിച്ചു:—'ഞാൻ ഇവിടത്തെ അമ്മാവനല്ല; സഹോദരനല്ല; ബന്ധുവല്ല; ഭാര്യയുടെ മാതാപിതൃവംശങ്ങളോടു ചാർച്ചയുള്ളവനുമല്ല. എങ്ങിനെ, എന്റെ ഗൃഹത്തിൽ പാർപ്പിച്ചാൽ ഇവിടേയ്ക്കു സമാധാനം തോന്നും?' രാജകുമാരൻ യഥോചിതം മറുപടി പറഞ്ഞു:—'ലോകത്തിൽ താങ്കൾക്കു തുല്യനായി ഒരു ധർമ്മജ്ഞനും ജിതേന്ദ്രിയനുമില്ല.' അപ്പോൾ ആ സർവ്വജ്ഞൻ പറഞ്ഞു:—'ഇവിടുന്നു മറുത്തൊന്നും പറയരുതു്! മൂന്നുലോകത്തെയും മയക്കുന്ന ഭാര്യയെ സൂക്ഷിപ്പാൻ ഏതൊരുത്തൻ തുളാകും?'

രാജകുമാരൻ:—'ഭൂമിയിലെങ്ങും ആലോചിച്ചു നോക്കിയിട്ടാണു് ഞാൻ ഭവാന്റെ അടുക്കൽ വന്നതു്; ഇവിടം ഭവാന്റെ ഗൃഹത്തിൽ പാർക്കട്ടെ. ഞാൻ അരമനയിലേയ്ക്കു പോകുന്നു.'

അദ്ദോഹകൻ:—'വളരെ കാമുകന്മാർ നിറഞ്ഞ ഈ സുശോഭനമായ നഗരത്തിൽ സ്ത്രീയെ എങ്ങിനെ സൂക്ഷിക്കാം.'

'സൂക്ഷിക്കു; ഞാൻ പോകുന്നു' എന്നായി രാജകുമാരൻ. ഗൃഹസ്ഥൻ ധർമ്മസങ്കടത്താൽ രാജപുത്രനോടു കഥിച്ചു:—'ഇവിടുന്നാവശ്യപ്പെട്ടതു ഞാൻ ചെയ്യാതിരുന്നുകൂടാ; ഇപ്രകാരമുള്ള ഭാര്യയെ ഗൃഹത്തിൽ സൂക്ഷിക്കുക എന്നതൊ, ഞെരുക്കവുമാണു്! ആകട്ടെ, കൊച്ചുതമ്പുരാട്ടി എന്റെ ഭാര്യയോടുകൂടി എന്റെ കിടക്കമേൽ എന്നോടൊന്നിച്ചു കിടക്കുമെങ്കിൽ ഇവിടെ പാർപ്പിക്കാം; ഇല്ലെങ്കിൽ തിരിച്ചു പോകണം.' രാജപുത്രൻ ക്ഷണനേരം ആലോചിച്ചു, 'അങ്ങനെയാ

Digitized By Kerala Sahitya Akademi

കട്ടെ; ഭവാന്റെ ഇഷ്ടംപോലെ ചെയ്യാം' എന്ന സമ്മതിച്ചു; പിന്നീട് ഭാര്യയോട്, 'സുന്ദരി, ഇദ്ദേഹം പറഞ്ഞതു——നന്മയോ തിന്മയോ——നീ ചെയ്യണം; ഞാൻ സമ്മതിച്ചതിനാൽ നിനക്കു ദോഷമില്ല.' എന്നും പറഞ്ഞു രാജാവായ താതന്റെ ശാസനം നടത്താൻ് നടകൊണ്ടു.

പറഞ്ഞതുപോലെയായി, രാത്രിയിൽ പതിവ്: ധാർമ്മികനായ അദ്രോഹകൻ രണ്ടു സ്ത്രീകളുടേയും നടുവിലായി കിടക്കും; സ്വഭാര്യയിലോ പരഭാര്യയിലോ രതി തോന്നാറില്ല. രാജപുത്രഭാര്യയുടെ സ്പർശം മകളുടേതായിട്ടാണ് അയാൾ കരുതിയിരുന്നതു്. അവളുടെ സ്തനങ്ങളും പുറത്തു ക്രൂക്കളുടെ ഉരുമ്മുമ്പോൾ, കൊച്ചുപൈതലിന്ന് അമ്മയുടെ അമ്മിഞ്ഞകളെന്നപോലെയേ അയാൾക്കു തോന്നിയിരുന്നുള്ളൂ. രണ്ടു സ്ത്രീകളുടേയും അവയവങ്ങളാൽ തങ്കൽ പതിയുമ്പോൾ അയാൾ അതു് അമ്മയുടേയും അമ്മയുടേയും സ്പർശമായി ഗണിച്ചുപോന്നു. അയാൾ സ്ത്രീസക്തിയിൽ നിന്നൊഴികതന്നെ ചെയ്തു!

ആറുമാസം കഴിഞ്ഞപ്പോൾ രാജപുത്രൻ അരമനയിൽ തിരിച്ചെത്തി, ഭാര്യയുടെ നടപടി ജനങ്ങളോടന്വേഷിച്ചു. ചില യുവാക്കന്മാർ, ദോഷം കാണായ്കയാൽ അത്ഭുതപ്പെട്ടു; ചിലർ മറിച്ചു പറഞ്ഞു:—'ഇവിടത്തെ ഭാര്യയോടൊന്നിച്ചാണ് അയാൾ കിടക്കുക; സ്ത്രീപുരുഷന്മാർ ഒന്നിച്ചുചേർന്നാൽ മനസ്സു് അടങ്ങി നിൽക്കുമോ? അവളിൽ അഭിലാഷമുള്ള യുവാവാണെങ്കിലോ, പറയേണ്ടതുമില്ല!' ഈ ജനാപവാദം ഭാഗ്യവശാൽ അദ്രോഹകന്റെ ചെവിയിലെത്തി; അതു തീക്കനലാണ് അയാൾ, ഖിന്നനായി താൻതന്നെ കൊണ്ടുവന്ന് തീ ഉയരെ ജ്വലിപ്പിച്ചു. അപ്പോഴെയ്ക്കും പ്രതാപശാലിയായ രാജപുത്രൻ അദ്രോഹകന്റെ ഗൃഹത്തിലെത്തി, വിഷാദത്തിൽ മുഴുകിയ അയാളേയും ഉൽഫുല്ലവദനയായ ഭാര്യയേയും കണ്ടു്, അവരുടെ ഉള്ളുറിഞ്ഞു പറഞ്ഞു:—'എന്താണു് ഭവാൻ, വളരെനാൾ കഴിഞ്ഞു വന്നുചേർന്ന സ്നേഹിതനായ എന്നോടു സംസാരിക്കാത്തതു്?' ആ ധീമാനായ മഹാഭാഗൻ, 'ഞാൻ ഇവിടെയ്ക്കുവേണ്ടി പ്രയാസപ്പെട്ടതൊക്കെ ലോകാപവാദത്താൽ പാഴായിപ്പോയി. അതിനാൽ തീയ്യിൽ ചാടുകയാണ് ഞാൻ. ദേവകളും മനുഷ്യരും കാണട്ടേ!' എന്നുംപറഞ്ഞു് അഗ്നിയിലേയ്ക്കു ചാടി. എന്നാൽ തീ അയാൾക്കു പൂവിരിച്ചതുപോലായി: ദേഹമോ കേശവും വസ്ത്രവും പോലുമോ ദഹനനാൽ ദഹിപ്പിക്കപ്പെട്ടില്ല! ആകാശത്തു ദേവകളും ഒത്തുകൂടി സസന്തോഷം സാധുവാദം മുഴ

Digitized By Kerala Sahitya Akademi

ക്കി; അദ്രോഹകന്റെ ശിരസ്സിലൊമ്പാടും പുഷ്പവർഷം പൊഴിഞ്ഞു. അയാളേയും സ്ത്രീയേയും പാറി അപവാദം പറഞ്ഞവരുടേയും കേട്ടവരുടേയും മുഖങ്ങൾ പലതരം കുഷ്ഠങ്ങൾ പുറപ്പെട്ടുകയായി. വിസ്മിതരായ വിണ്ണവരും മഹർഷിമാരും അവിടെ വന്ന് അയാളേ തീയിൽനിന്നെടുത്തു ദിവ്യകുസുമങ്ങളേണിയിച്ചു പലതരക്കാരായ മനുഷ്യരും പരക്കെ ആ തേജസ്വിയെ അഭിനന്ദിച്ചു; അയാൾ അങ്ങോട്ടും അഭിനന്ദിച്ചു. സുരാസുരനരന്മാർ അയാൾക്കു സജ്ജനാദ്രോഹകൻ എന്ന പേരിട്ടു. അയാളുടെ പാദപാംസുക്കൾ വീണ ദിക്കെല്ലാം സസ്യപൂർണ്ണമായിത്തീരും.

ദേവകൻ രാജപുത്രനോടു പറഞ്ഞു:—'ഭോഷ്യയെ സ്വീകരിച്ചു കൊൾക. ഇതുപോലൊരാൾ ലോകത്തിലില്ല; ഉണ്ടാകയുമില്ല. ഇവളിനെ കാമലോഭങ്ങൾക്കടിപ്പെടാത്ത ഒരാൾ ഭൂമിയിലില്ലതന്നെ. ദേവകൾക്കും അസുരർക്കും മനുഷ്യർക്കും രാക്ഷസർക്കും പശുപക്ഷികീടാദികൾക്കും ജയിച്ചുകടന്നവനത്രേ കാമൻ. കാമവും ക്രോധവും ലോഭവും സർവ്വസാധാരണമാകുന്നു. സംസാരത്തിന്റെ വേർ തന്നേ കാമമാണ്. കാമരഹിതൻ ഒരേടത്തും ഉണ്ടാകയില്ല. ഇദ്ദേഹം പതിന്നാലു ലോകവും കീഴടക്കിയിരിക്കുന്നു. ഇദ്ദേഹത്തിന്റെ ഹൃദയത്തിൽ വാസുദേവൻ എപ്പോഴും സന്തോഷിച്ചു വാഴുന്നു. ഇദ്ദേഹത്തെ ദർശിക്കുകയോ സ്പർശിക്കുകയോ ചെയ്താൽത്തന്നെ മനുഷ്യർ കല്മഷമെല്ലാമൊഴിഞ്ഞു നിർമ്മലരായി എന്നെന്നും സ്വർഗ്ഗമനുഭവിക്കും'. ഈവിധം സ്തുതിച്ചു ദേവകളെല്ലാം വിമാനങ്ങളിൽ കേറി വിണ്ണിലേയ്ക്കു തിരിച്ചു; മനുഷ്യരും സന്തുഷ്ടരായി ഗമിച്ചു; രാജപുത്രൻ ഭോഷ്യയോടുകൂടി അരമനയിലേയ്ക്കും പോയി. അന്നുമുതൽ അദ്രോഹകൻ ദിവ്യചക്ഷുഷ്മാനായി; അയാൾ ദേവന്മാരെ ദർശിക്കുന്നു; മൂന്നു ലോകത്തിലേയും വർത്തമാനം നിഷ്പ്രയാസമായറിയുന്നു.'

പിന്നെ നരോത്തമൻ ആ തരുവിൽ അദ്രോഹകനെ ദർശിച്ചു സന്തുഷ്ടനായി, ഹിതമായ ധർമ്മസ്വരൂപം ചോദിച്ചു. 'ധർമ്മജ്ഞ, വിഷ്ണുഭക്തനായ പുരുഷോത്തമനെ ചെന്നു കണ്ടാൽ അങ്ങയ്ക്കു ദിനംപ്രതി കൊറ്റിയുടെ മരണം, വസ്ത്രം ഉണങ്ങായ്ക എന്നിവയും, മറ്റു വേണ്ടുന്നതൊക്കെയും, അദ്ദേഹത്തിൽ നിന്നറിയാം.' എന്നായിരുന്നു അദ്രോഹകന്റെ മറുപടി. അതിൻപ്രകാരം ബ്രാഹ്മണൻ വിഷ്ണുഭക്തനാകുന്ന വിപ്രനോടുകൂടി വൈഷ്ണവന്റെ അടുക്കലേയ്ക്കു നടകൊണ്ടു, ആ പുരുഷോത്തമനെ ദർശിച്ചു: ലക്ഷണജ്ഞനെല്ലാം

Digitized By Kerala Sahitya Akademi

തികഞ്ഞ അദ്ദേഹം തേജസ്സിനാൽ ഉജ്ജ്വലിച്ചുംകൊണ്ടിരുന്നു. ഈ മുകുന്ദധ്യാനനിരതനോട്ടെ ധർമ്മാത്മാവായ നരോത്തമൻ, 'എനിക്കു വേണ്ടതു പറഞ്ഞുതരിക; ദൂരത്തുനിന്നു വന്നവനാണ് ഞാൻ' എന്നാവശ്യപ്പെട്ടു.

വൈഷ്ണവൻ:—'സുരശ്രേഷ്ഠനായ മൈത്ര്യാരിഭഗവാൻ ഭവാങ്കൽ പ്രസാദിച്ചിരിക്കുന്നു. ഭവാനെ കണ്ടിട്ട് എനിക്കു മനം കുളിർക്കുന്നു! ബ്രാഹ്മണ, ഭവാനു നിസ്സല്യമായ മംഗളം ഭവിക്കും. മനോരഥം നിറവേറും: ഭവാന്റെ വസ്തും എന്നെന്നും ആകാശസ്ഥിതമായി തോന്നിക്കൊള്ളും. എന്റെ ഗൃഹത്തിൽ വാണരുളുന്ന വാസുദേവനെ ദർശിക്കുക.'

'എവിടെയാണ് ദേവശ്രേഷ്ഠൻ സദാ സ്ഥിതിചെയ്യുന്നത്? ദയചെയ്തു കാണിച്ചുതന്നാലും' എന്നു നരോത്തമൻ വീണ്ടും അപേക്ഷിച്ചു.

വൈഷ്ണവൻ:—'ഈ രമണീയമായ ദേവാലയത്തിൽക്കടന്ന് ആ പരമേശ്വരനെ ദർശിച്ചുകൊൾക; എന്നാൽ ഭവബന്ധം വരുത്തുന്ന ഘോരപാപത്തിൽ നിന്നു ഭവാൻ വിട്ടൊഴിയും.'

നരോത്തമൻ ആലയത്തിൽക്കടന്നു പരമതല്പത്തിൽ സ്ഥിതിചെയ്യുന്ന പരമാകാന്തനെ ദർശിച്ചു, സഹർഷം നമസ്കരിച്ചു, തൃക്കാലുകളും പിടിച്ചു. 'ദേവേശ, പ്രസാദിച്ചാലും! നിന്തിരുവടിയെ ഞാൻ മുമ്പറിഞ്ഞില്ല. സ്വാമിൻ, ഇങ്ങും അങ്ങും ഇവിടത്തെ ദാസനാണ് ഞാൻ. മധുസൂദന, ഇവിടത്തെ അനുഗ്രഹം ഞാൻ കണ്ടു; എങ്കൽ കനിവുണ്ടെങ്കിൽ, നിന്തിരുവടിയുടെ സ്വരൂപം എനിക്കു കാണുമാറാകണം!'

വിഷ്ണു:—'ബ്രഹ്മദേവ, എനിക്കു സദാ ഭവാങ്കൽ പ്രീതിയുണ്ട്; സ്നേഹത്താലാണ് പുണ്യശാലികളെ ഞാൻ കാണിച്ചുതന്നത്. പുണ്യശാലികളുടെ ദർശനം, സ്പർശനം, ധ്യാനം, കീർത്തനം, സംഭാഷണം എന്നിവ ഒരിക്കലുണ്ടായാൽ മതി, അക്ഷയസ്വർഗ്ഗം കിട്ടാൻ നിത്യസംസർഗ്ഗം നേടിയവനോ, സർവ്വപാപനിർമ്മുക്തനായി, അറ്റമില്ലാത്ത സുഖമനുഭവിച്ചു, എങ്കൽ ലയിക്കും. പുണ്യതീർത്ഥങ്ങളിൽ സ്നാനംചെയ്തവൻ, ശംഭുവിനേയും പുണ്യസ്ഥലങ്ങളേയും ദർശിച്ചവൻ എന്നിവരും എങ്കൽ ലയിക്കും. നരപുംഗവ, ജനങ്ങളുടെ വായിൽ വെച്ചു സൽക്കഥകളും കൊല്ലുന്നവനും എങ്കൽ ലയിക്കും. എന്റെ വാസരം നോറ്റ് എന്റെ കഥ ശ്രവിച്ചു രാത്രിയിൽ ഉറക്കമിളയ്ക്കു

Digitized By Kerala Sahitya Akademi

ന്നവനും എങ്കൽ ലയിക്കും. ചിജ്ജോത്തമ, ഗീതവാദ്യാദികളും ആവോ
ളം മുഴക്കി എന്റെ നാമം സ്മരിക്കുന്നവനും എങ്കൽ ലയിക്കും. ഗുരു,
തപസ്വി, രാജാവ് എന്നിവരിൽ ഒരിക്കലും ദ്രോഹബുദ്ധിയില്ലാത്തവ
നും എങ്കൽ ലയിക്കും. എന്റെ ഭക്തനും മിത്രദ്രുതനുമാണ് ഭവാൻ;
എന്നാൽ ബകനിധനംമൂലം ഭവാനു ഗവ്യതോന്നിപ്പോയി. അതു വി
ട്ടുത്തുവാനാണ്, 'പുണ്യവൽ പ്രവരനായ മൂകനെ കാണൂ' എന്നു ഞാൻ
അവിടെനിന്നു പറഞ്ഞുതന്നതു്. മൂകദർശനംമൂലം മറവു പുണ്യശാ
ലികളേയും ഭവാൻ കണ്ടുവല്ലോ; അവരെ ദർശിച്ചതിനാലും, എന്നോ
ടു സംസാരിച്ചതിനാലും, എന്റെ സന്നിക്ഷത്താലും ഭവാൻ എന്റെ
ഗൃഹത്തിലും വന്നുചേർന്നു. അനേകായിരം ജന്മങ്ങൾകൊണ്ടു പാപം
നീങ്ങിയ ധർമ്മജ്ഞനേ എന്റെ പ്രസാദത്താൽ എന്നെ ദർശിക്കുക
അനഘ, എന്റെ അനുഗ്രഹത്താൽത്തന്നെയാണ് ഉണ്ണി എന്നെ
ദർശിച്ചതു്. അതിനാൽ എന്നോടു് അഭീഷ്ടവരം വാങ്ങിക്കൊൾക.'

നരോത്തമൻ:—'നാഥ, എന്റെ മനസ്സു് എപ്പോഴും നിന്തിരു
വടിയിങ്കൽ നിൽക്കുമാറാകട്ടെ; നിന്തിരുവടിയൊഴിഞ്ഞു മറെറാന്നി
ലും സക്തി തോന്നരുതു്!'

വിഷ്ണു:—'ഭവാൻ ഈ വിധം തോന്നിയല്ലോ; അതിനാൽ
ഭവാൻ എന്റെ മന്ദിരത്തിൽ എനിക്കൊപ്പം ഭോഗങ്ങളും ഭുജിക്കും
എന്നാൽ, അച്ഛനമ്മമാരെ ശുശ്രൂഷിക്കേണ്ടവനാണല്ലൊ ഭവാൻ;
അതു ചെയ്തിട്ടു പിന്നീടു് എന്റെ ദേഹത്തോടു ചേരാം. അവരുടെ
നെടുവീർപ്പും മുഷിച്ചിലും ഭവാന്റെ തപസ്സിനെ നശിപ്പിച്ചുകളയും
അതിനാൽ അവരെ പരിചരിക്കുക. അച്ഛനമ്മമാക്കു യാതൊരു പ
രുങ്കൽ മുഷിച്ചിൽ തോന്നുന്നുവോ, അവന്റെ നരകം നീക്കാൻ ഞാ
നോ ബ്രഹ്മാവോ ശിവനോ അല്ലാതെയില്ല! അതിനാൽ ഭവാൻ ചെന്നു
മാതാപിതാക്കളെ ശുശ്രൂഷാന്തിയോടേ പരിചരിക്കുക; എന്നിട്ടു് അ
വരുടെ പ്രസാദത്താൽത്തന്നെ എന്റെ പദം പ്രാപിച്ചുകൊള്ളുക'.

നരോത്തമൻ വീണ്ടും ജഗൽഗുരുവോടണഞ്ഞിച്ചു:—'സ്വാമിൻ,
നിന്തിരുവടി പ്രസാദിച്ചു എങ്കിൽ തിരുവുടൽ എനിക്കു കാട്ടിത്ത
ന്നാലും.' ആ പുണ്യവാന്റെ പേരിൽ തിരുവുള്ളം തെളിഞ്ഞു്, ജി
തേന്ദ്രിയനായി ബ്രഹ്മണ്യനായിരിക്കുന്ന ഭഗവാൻ, തന്റെ രൂപം അ
ദ്ദേഹത്തിനു കാണിച്ചുകൊടുത്തു. ബ്രാഹ്മണൻ ശംഖചക്രഗദാപദ്മ
പാണിയും സവ്യലോകൈകകർത്താവും ജഗദ്ധ്യാപിതേജസ്സുനായ പു

Digitized By Kerala Sahitya Akademi

രുഷോത്തമനെ ദണ്ഡനമസ്കാരംചെയ്യണത്തിച്ചു:—'ഇന്ന് എന്റെ ജന്മം സഫലമായി; ഇന്ന് എന്റെ കണ്ണുകൾ പുണ്യശാലികളായി; ഇന്ന് എന്റെ കൈകൾ ശ്ലാഘ്യങ്ങളായി; ജഗദീശ്വര, ഇന്നു ഞാൻ ധന്യനായി! ഇന്ന് എന്റെ വംശക്കാർ സനാതനമായ ബ്രഹ്മലോകത്തു ചെന്നുചേരും; ജനാർദ്ദന, ഇന്ന്, നിന്തിരുവടിയുടെ പ്രസാദത്താൽ എന്റെ ചാവ്വക്കാർ ആനന്ദമടയും! ഇന്നിപ്പോൾ എന്റെ സർവ്വമനോരഥങ്ങളും നിറവേറിക്കഴിഞ്ഞു! നാഥ, എന്നാൽ, മൂകന്റേയും മറവും ജ്ഞാനത്തിൽ എനിക്കു വളരെ അത്ഭുതം തോന്നുന്നു: എനിക്ക് അന്യാദിക്കിൽ സംഭവിച്ചതു് അയാൾ എങ്ങിനെ അറിഞ്ഞു? അയാളുടെ ഗൃഹത്തിനുള്ളിൽ നിന്തിരുവടി തേജസ്സേറിയ ബ്രാഹ്മണനായി സ്ഥിതിചെയ്യുന്നു; അതുപോലെ തന്നെ, പതിവ്രതയുടെ ഗൃഹത്തിലും തുലാധാരന്റെ മേൽബ്ഭാഗത്തും അദ്രോഹകന്റെ അടുക്കലും വൈഷ്ണവന്റെ ഭവനത്തിലും. ഈ അനുഗ്രഹം എന്തുകൊണ്ടാണെന്ന് അരുളിച്ചെയ്താലും.'

വിഷ്ണു:—'ദ്വിജോത്തമ, എപ്പോഴും അച്ഛനമ്മമാരേ ഭജിക്കുന്നവനാണ് മൂകൻ; അവനും നല്ല പതിവ്രതയാണ്; സത്യവാദിയും സമചിത്തനുമാകുന്നു തുലാധാരൻ; അദ്രോഹകനു കാമമില്ല, ലോഭമില്ല; വൈഷ്ണവൻ എന്റെ ഭക്തനത്രേ; ഈ ഗുണങ്ങളാൽ പ്രീതനായിട്ടാണ് ഞാൻ അവരുടെ പാപ്പിടത്തിൽ സരസ്വതിയോടും ലക്ഷ്മിയോടുമൊരുമിച്ചു പാർത്തുപോരുന്നതു്.'

നരോത്തമൻ:—'മഹാപാപികളോടു സംസർഗ്ഗം ചെയ്യുവരും മഹാപാപികളാകുമെന്നാണല്ലോ, ശ്രുതിസ്മൃതിപുരാണശാസ്ത്രങ്ങളിലെല്ലാം പറഞ്ഞിട്ടുള്ളതു്; അപ്പോൾ, ഇവിടുന്നു ചണ്ഡാലഗൃഹത്തിൽ വസിക്കുന്നതെങ്ങനെ?'

വിഷ്ണു:—തിരുവനന്തപുരത്തിൽ വെച്ചു സകല നന്മയും ചെയ്തവനാണ് മൂകൻ. ചണ്ഡാലനായാലും സത്പുത്രനാണെങ്കിൽ ബ്രാഹ്മണൻതന്നെ എന്നു ദേവന്മാർ പറയുന്നു. പുണ്യകർമ്മത്തിൽ മൂകനു തുല്യൻ മൂന്നു ലോകത്തുമില്ല: അയാൾ മാതാപിതൃഭക്തിയാൽ ജഗത്തുമൂന്നും ജയിച്ചിരിക്കുന്നു; ആ ഭക്തിമൂലം പ്രസാദിച്ചു ഞാൻ ബ്രാഹ്മണരൂപം ധരിച്ചു്, എല്ലാദേവകളോടും കൂടി, അയാളുടെ ഗൃഹത്തിനുള്ളിൽ വസിച്ചുപോരുന്നു. അപ്രകാരംതന്നെ, പതിവ്രത, തുലാധാരൻ, അദ്രോഹകൻ, വൈഷ്ണവൻ എന്നിവരുടെ ഗൃഹത്തിലും ഞാൻ ഒരു നിമിഷംപോലും പിരിയാതെ സ്ഥിതിചെയ്യുന്നു. എന്നാൽ പാപികൾ എന്നെ കാണുകയില്ല; ഭവാൻ പുണ്യവാനാകയാലും, എ

Digitized By Kerala Sahitya Akademi

ന്റെ അനുഗ്രഹത്താലുമാണു കണ്ടതു് ചണ്ഡാലൻ മാതാപിതൃ ഭക്തിയാൽ വിശുദ്ധനായി ദേവത്വം പ്രാപിച്ചിരിക്കുന്നു; അതിനാൽ ഞാൻ അയാളോടൊന്നിച്ചു് അയാളുടെ ഗൃഹത്തിൽ വസിക്കുകയും കൂടക്കൂടെ സംഭാഷണം നടത്തുകയും ചെയ്യുന്നു. എപ്പോഴും അയാളുടെ മനസ്സിലുണ്ടു്, ഭ്രഷ്ടഭോവനനായ ഞാൻ; അതിനാലാണു്, ഭവാന്റെ ചരിതം അയാളറിഞ്ഞതു്. പതിവ്രത മുതലായവരുടെ സ്വഭാവവും മുറയ്ക്കു പറഞ്ഞുതരാം; കേട്ടുകൊള്ളുക. അതു കേട്ടാൽത്തന്നെ മനുഷ്യൻ ഭവബന്ധത്തിൽ നിന്നു വിമുക്തനാകും. അച്ഛനമ്മമാരിലും മീതേ ഒരു തീർത്ഥമില്ല, ദേവനില്ല; അവരെ ശുശ്രൂഷിച്ചവൻ ആരോ, അവൻതന്നെ പുരുഷോത്തമൻ! അച്ഛനമ്മമാരുടേയും ദേവന്റേയും ഗുരുവിന്റേയും ആജ്ഞ ഒരുപോലെയാണു്; അതിനെ ആദരിച്ചാൽ സ്വർഗ്ഗം; അനാദരിച്ചാൽ നരകം. മൂകൻ എന്റെ ഹൃദയത്തിലും, ഞാൻ അയാളുടെ ഹൃദയത്തിലും സദാ സ്ഥിതിചെയ്യുന്നു. ഞങ്ങൾ തമ്മിൽ ഒരു ഭേദവുമില്ല; അയാൾ ഇങ്ങും അങ്ങും എനിക്കു തുല്യൻ തന്നെ. അയാൾ എല്ലാ ബന്ധുക്കളോടുംകൂടി, എന്റെ രമണീയമായ പുരിയിൽ എന്റെ അടുക്കൽത്തന്നെ അവധിയില്ലാത്ത സുഖമനുഭവിക്കും; ഒടുവിൽ എന്നോടു ചേരുകയും ചെയ്യും ഇതുകൊണ്ടത്രേ, മൂകൻ മൂന്നു ലോകത്തിലേയും വൃത്താന്തമറിയുന്നതു് നരശ്രേഷ്ഠ, ഇതിലെന്താണു ഭവാനാശ്ചര്യപ്പെടുന്നു?'

നരോത്തമൻ:—'ലോകേശ്വര, അറിഞ്ഞോ അറിയാതെയോ പിതൃപൂജനം ചെയ്യാതിരുന്നാൽ, എന്താണു പ്രതിവിധി?'

വിഷ്ണു:—'ഒരു ദിവസമോ, അരപ്പക്ഷമോ, ഒരു പക്ഷമോ, ഒരു മാസമോ, ഒരു കൊല്ലമോ പിതൃപൂജനം ചെയ്യുവൻ എന്റെ ഗൃഹം പ്രാപിക്കും; ചെയ്യാതിരുന്നാവൻ തീർച്ചയായും നരകത്തിൽപ്പതിക്കും. പിതൃസേവനം ചെയ്താലും, ചെയ്യാഞ്ഞാലും, വൃഷഭദാനം കഴിച്ചാൽ പിതൃഭക്തിയുടെ ഫലം കിട്ടും. അന്നം, വസ്ത്രം, ഗവ്യം, മധു, മാംസം മുതലായ സദ്ദ്രവ്യങ്ങളും ശ്രാദ്ധത്തിൽ നൽകിയാൽ വൃഷഭദാനഫലം സിദ്ധിക്കും; വേദശാസ്ത്രജ്ഞനായി ശാന്തനായി വിരക്തനായിരിക്കുന്ന ബ്രാഹ്മണശ്രേഷ്ഠനെ ശ്രാദ്ധമൂട്ടിയാൽ വൃഷഭദാനഫലം സിദ്ധിക്കും. അന്നപാനഗവ്യങ്ങളും ആമിഷത്തോടുകൂടിയോ കൂടാതെയോ ജ്ഞാതികൾക്കു നൽകിയാൽ, അവയെല്ലാം ലക്ഷം മടങ്ങാകും. സ്വസ്ഥചിത്തനായി യാതൊരു പുത്രൻ ശ്രാദ്ധം കഴിക്കുന്നുവോ ആ ബുദ്ധിമാൻ പിതൃഭക്തി ഫലം നേടി, മുൻജന്മസ്മരണയുള്ളവനാ

Digitized By Kerala Sahitya Akademi

യിത്തീരും. ശ്രാദ്ധത്തെക്കാൾ വലുതായ ഒരു യജ്ഞം മൂന്നു ലോകത്തുമില്ല; അതിൽ നൽകപ്പെട്ടന്നതൊക്കെ അക്ഷയമായിരിക്കും. അന്യനു നൽകിയതു പതിനായിരം മടങ്ങും, ജ്ഞാതികൾക്കു നൽകിയതു ലക്ഷം മടങ്ങും, പിണ്ഡംവെച്ചതു കോടിമടങ്ങും, ബ്രാഹ്മണനുകൊടുത്തതു് അനന്തവുമായിത്തീരും. ഗംഗ, ഗയ, പ്രയാഗം, പുഷ്കരം, കാശി, സിദ്ധികണ്ഡം, ഗംഗാസമുദ്രസംഗമം എന്നിവിടങ്ങളിൽ ചോറുകൊണ്ടു പിണ്ഡംവെച്ചവനു തീർച്ചയായും മുക്തി സിദ്ധിക്കും; പിതൃക്കളും അക്ഷയസപ്തമടയും. വിശേഷിച്ചും, ഗംഗയിൽ തിലോദകം നൽകിയാൽ തന്നെ മുക്തിമാർഗ്ഗം പ്രാപിക്കാം; പിന്നെ, പിണ്ഡംവെച്ചാൽ, പറയാനുണ്ടോ? നദീതീരങ്ങളിൽ ആയിരവും നഗരങ്ങളിൽ പതിനായിരവും സാധാരണ സ്ഥലങ്ങളിൽ നൂറുമടങ്ങു ഫലമുണ്ടു് ശ്രാദ്ധത്തിനു്. അമാവാസി, യുഗാരംഭതിഥി, സൂര്യചന്ദ്രഗ്രഹണം എന്നിവയിൽ പാർവണശ്രാദ്ധം കഴിച്ചവൻ അക്ഷയമായ ലോകത്തിൽ ചെന്നുചേരും; അവനിൽ പിതൃക്കൾ പതിനായിരം കൊല്ലത്തേയ്ക്കു പ്രസാദിച്ചു്, അഭീഷ്ടമായ ആശിസ്സും അനന്തമായ ഭോഗ്യവും കല്പിച്ചുനൽകും. അതിനാൽ പുത്രന്മാർ പാർവണശ്രാദ്ധം ആദരവോടേ അനുഷ്ഠിക്കണം. ഈ പിതൃയജ്ഞത്താൽ സർവ്വ ബന്ധങ്ങളും വിട്ടൊഴിയും. നാംതോറും ചെയ്യുന്ന ശ്രാദ്ധത്തെ നിത്യശ്രാദ്ധമെന്നു പറയുന്നു; അതു സന്തുഷ്ടം ചെയ്താൽ അക്ഷയലോകം അനുഭവിക്കാം. അപ്രകാരംതന്നെ, കൃത്തപക്ഷത്തിൽ കാമ്യശ്രാദ്ധം യഥാവിധികഴിച്ചാൽ സർവകാമങ്ങളും നിറവേറും. ആഷാഢപൌർണമിമുതൽക്കു് അഞ്ചാമത്തെ പക്ഷത്തിൽ കന്നിമാസമായിട്ടില്ലെങ്കിലും, ശ്രാദ്ധം കഴിക്കണം. കന്നിമാസത്തിലെ പതിനാറു ദിവസമോ, ശ്രേഷ്ഠക്ഷിണ തികഞ്ഞ യജ്ഞങ്ങൾക്കു തുല്യമത്രേ; അന്നു കാമ്യശ്രാദ്ധം പരമപുണ്യമാണു്. സാധിച്ചില്ലെങ്കിൽ, തുലാത്തിൽ കൃഷ്ണപക്ഷാരംഭത്തിൽ കഴിക്കുക; വൃശ്ചികം പിറന്നാൽ പിതൃക്കൾ നിരാശരായി ഘോരമായ ശാപവും നൽകി സദ്ഗതിയിലേയ്ക്കു മടങ്ങും! പിതൃശാപം സന്തതിയേയും സമ്പത്തിനേയും യശസ്സിനേയും കാമ്യങ്ങളേയും ആയുസ്സിനേയും—സകലത്തേയും—നശിപ്പിച്ചുകളയുമല്ലോ; പിതൃക്കൾ അനുഗ്രഹിച്ചാലോ, ഇവയെല്ലാം മനുഷ്യനു് ഏതു ജന്മത്തിലും കൈവരും. അതിനാൽ കാമ്യശ്രാദ്ധം കൈവിടരുതു്. വിവാഹം, വ്രതം, യജ്ഞം എന്നിവയിൽ നാന്ദീമുഖം കഴിച്ചാൽ അക്ഷയമായ പുണ്യംകിട്ടും; വംശം വർദ്ധിക്കും. കഴിക്കാത്തവൻ ഇഹത്തിൽ ദുഃഖമനുഭവിച്ചു നരകം പൂകും; അവന്റെ വംശം ക്ഷയിക്കുകയുംചെയ്യും. എല്ലാ നാന്ദീമുഖങ്ങളിലും ആദിയിൽ ശി

Digitized By Kerala Sahitya Akademi

വപുത്രനായ ഗണേശ്വരനേ പൂജിക്കണം; പിന്നീട് ഷോഡശ മാതാക്കളേയും, തദനന്തരം പ്രപിതാമഹാദി പിതൃവർഗ്ഗത്തേയും. നാന്ദിമുഖത്തിൽ ബ്രാഹ്മണരെയെല്ലാം അഭിജ്ഞൻ കിഴക്കോട്ട തിരിച്ചിരുത്തണം; സ്വധായൈ നമഃ എന്നുച്ചരിക്കണം. സൂര്യചന്ദ്രഗ്രഹണത്തിൽ പിണ്ഡവും നീരും നൽകിയവന് അക്ഷയസ്വർഗ്ഗം കിട്ടും; പിതൃക്കൾക്കു തൃപ്തിവരും. ഗ്രഹണങ്ങളിൽ സ്നാനവും യഥാശക്തി ശ്രാദ്ധവും ചെയ്യാത്തവൻ ചണ്ഡാലനായിപ്പോകും. ചന്ദ്രഗ്രഹണത്തിൽ എല്ലാട്ടാനവും ഭ്രദാനത്തിനൊക്കും; എല്ലാ ബ്രാഹ്മണരും വ്യാസതുല്യരാവും; എല്ലാജലവും ഗംഗാസദൃശമായിരിക്കും. ചന്ദ്രഗ്രഹണത്തിൽ ലക്ഷംമടങ്ങ്; സൂര്യഗ്രഹണത്തിൽ പത്തുലക്ഷംമടങ്ങ്; ഗംഗയിലായാലോ, ചന്ദ്രഗ്രഹണത്തിൽ കോടിമടങ്ങും, സൂര്യഗ്രഹണത്തിൽ പത്തുകോടിമടങ്ങും! ചന്ദ്രഗ്രഹണത്തിൽ ഗംഗയിൽ സ്നാനംചെയ്താൽ, വഴിപോലെ നൂറായിരം ഗോക്കളേ ദാനംചെയ്താലത്തേ ഫലം കിട്ടും. ചന്ദ്രസൂര്യഗ്രഹണങ്ങളിൽ ഗംഗയിൽ മുഴുകിയവൻ സർവ്വതീർത്ഥങ്ങളിലും കുളിച്ചുകഴിഞ്ഞു! പിന്നെ, എന്തിനാ തീർത്ഥസഞ്ചാരം? ഞായറാഴ്ച സൂര്യഗ്രഹണവും, തിങ്കളാഴ്ച ചന്ദ്രഗ്രഹണവും വന്നാൽ ചൂഡാമണി എന്നാണ് അതിന്റെ പേർ; അന്നു ചെയ്യുന്നതിനൊക്കെ അറുതിയില്ലാത്ത ഫലമുണ്ട്: തലേന്നാൾ ഉപവസിച്ചു പുണ്യതീർത്ഥത്തിൽ പിണ്ഡംവെയ്ക്കുക, ദാനം എന്നിവ ചെയ്തവൻ എന്നെന്നും സത്യലോകത്തിൽ നിവസിക്കും.'

നരോത്തമൻ:—'പിതൃമഹായജ്ഞമാകുന്ന ശ്രാദ്ധം എന്നാണല്ലോ, നിന്തിരുവടി അരുളിച്ചെയ്തത്; എന്നാൽ, അച്ഛൻ ജീവിച്ചിരിക്കെ, മകൻ എന്തുചെയ്യണം? എന്തുചെയ്താൽ ഏതു ജന്മത്തിലും പരമശ്രേയസ്സു സിദ്ധിക്കും? അരുൾചെയ്തുതരണം!'

വിഷ്ണു:—'പൂർവ്വവയസ്സിൽ അച്ഛൻ അച്ഛനും മകൻ മകനും തന്നെ; ഉത്തരവയസ്സിലാകട്ടേ, മകൻ, പാലനലാളനങ്ങളിൽ അച്ഛനാകുന്നു. അച്ഛനേ ദേവനെ എന്നപോലെ പൂജിക്കണം; മകനെ എന്നപോലെ സ്നേഹിക്കണം. അച്ഛന്റെ വാക്ക് ഒരിക്കലും മനസ്സുകൊണ്ടും തള്ളരുത്. രോഗത്തിൽ കിടക്കുന്ന അച്ഛന് ആർ ചികിത്സ നടത്തുന്നുവോ, അവൻ എന്നെന്നും ദേവന്മാരാൽ പൂജിക്കപ്പെട്ടുംകൊണ്ടു സ്വർഗ്ഗത്തിൽ വസിക്കും. അച്ഛന്റെ മരണലക്ഷണം കണ്ടാൽ അനശനം ആചരിക്കുന്ന പുത്രൻ ദേവകർക്കു സദൃശനായി വരും. അനശനവിധികൊണ്ടുതന്നെ അച്ഛന്റെ സ്വർഗ്ഗം നൽകുന്ന ധീരപുത്രന് അനേകം അശ്വമേധരാജസൂയങ്ങളുടെ പുണ്യം കിട്ടും; തീർത്ഥത്തിലായാ

Digitized By Kerala Sahitya Akademi

ലോ, കോടിമടങ്ങ്. ആർ ഗംഗാജലത്തിൽ മൃതിയടയുന്നുവോ, ആ പുരുഷോത്തമനും വീണ്ടും അമ്മയുടെ മുലപ്പാൽ കുടിക്കേണ്ടിവരില്ല; മുക്തി സിദ്ധിക്കും. യദൃച്ഛയാ കാശിയിൽവെച്ചു പ്രാണത്യാഗം ചെയ്തവൻ അഭീഷ്ടഫലമനുഭവിച്ചു്, എന്നെ ദേഹത്തിൽ ലയിക്കും. സപ്തസാരസ്വതത്തിൽ മൃതിയടഞ്ഞവൻ യോഗികളും ഊർദ്ധ്വരേതസ്സുകളുമായ മുനിമാർക്കുള്ള ഗതി പ്രാപിക്കും; വിശേഷിച്ചും, ലോഹിതത്തിന്റെ വടക്കേതീരത്തുവെച്ചു യഥാവിധി പ്രാണൻ ത്യജിച്ചവൻ എന്നെപ്പോലെ തന്നെയാകും. ഉർവ്വശീകേശമെന്ന പുണ്യതീർത്ഥത്തിൽവെച്ചു മരിച്ചവൻ സർവ്വദോഷനിർമ്മുക്തനായി സൽഗതിയടയും. ഗൃഹത്തിനകത്തുവെച്ചു മരിച്ചവന്ന്, ഗൃഹത്തിൽ എത്ര കെട്ടുപാടുണ്ടോ, അതുയും ബന്ധം ദേഹത്തിൽപ്പെടും; ഓരോ കൊല്ലത്തിൽ ഓരോന്നുമാത്രമേ അറുകയുള്ളൂ. കണ്ടുനിന്ന പുത്രാദിബന്ധുക്കൾക്കോ, ബന്ധം അഴികയേ ഇല്ല. പർവ്വതം, വനം, ദുർഗ്ഗം, നിർജ്ജലപ്രദേശം എന്നിവിടങ്ങളിൽ മൃതിപ്പെട്ടവൻ ഉത്തമഗതിയടഞ്ഞു്, പുഴുവും മറ്റുമായി ജനിക്കും. സംസ്കാരം മരിച്ചതിനു് പിറേന്നാളിലായാൽ അവൻ അറുപതിനായിരം കൊല്പം കുംഭീപാകത്തിൽക്കിടക്കേണ്ടിവരും. തൊട്ടുകുടാത്തവരെ തൊട്ടിട്ടോ എച്ചിലിൽ വീണോ മരിച്ചവൻ വളരെക്കാലം നരകത്തിൽക്കിടന്നിട്ടു മ്ലേച്ഛകീടാദിവർഗ്ഗത്തിൽ വന്നു ജനിക്കും നല്ലതോ ചീത്തയോ മരിക്കുമ്പോഴത്തെ മനോഗതം എന്തോ, അതിനൊത്തിരിക്കും ഗതി. പുണ്യതീർത്ഥത്തിൽവെച്ചു വിഷ്ണുനാമങ്ങളും സ്മരിച്ചുംകൊണ്ടു മരിച്ചവൻ സർവ്വദോഷനിർമ്മുക്തനായി പരിശുദ്ധനായി സ്വർഗ്ഗത്തിൽ ചെന്നുചേരും. അച്ഛന്റെ ശവം കൊണ്ടുപോകുന്ന കരുത്തനായ മകന്ന് ഓരോ അടിവെപ്പിലും അശ്വമേധത്തിന്റെ ഫലം കിട്ടും; തീർച്ചയാണു്. ശവം പട്ടടയിൽവെച്ചു് ആദ്യം മുഖത്തു മന്ത്രപൂർവ്വമായി തീകൊളുത്തണം; പിന്നെ ശരീരം ദഹിപ്പിക്കുക:

'ലോഭമോഹസമായുക്തം പാപപുണ്യസമാവൃതം
ദഹേയം സർവ്വഗാത്രാണി ദിവ്യാൻ ലോകാൻ സ ഗച്ഛതു.'

എന്ന മന്ത്രം. പിന്നെ അസ്ഥി പെറുക്കണം; പത്താംദിവസം ആർദ്രവസ്ത്രം ഉപേക്ഷിക്കണം: 'ശേഷ' വസ്ത്രവും ചീന്തി തീയ്യിലോ വെള്ളത്തിലോ ഇടണം. പതിനൊന്നാംനാൾ ശ്രാദ്ധം കഴിക്കണം: പ്രേതത്തിനു പുഷ്ടിവരാൻ ഒരു ബ്രാഹ്മണനെ ഊട്ടി, പീഠപാദുകാകുടപ്രഭൃതികളും ആന, കുതിര, പണം മുതലായതും ദാനം

Digitized By Kerala Sahitya Akademi

ചെയ്യണം; കറുത്ത പയ്യിനെ കൊടുക്കുന്നതു് സർവ്വപാപഹരമാകുന്നു. നാലാംദിവസത്തിലും ത്രിപക്ഷത്തിലും ഷണ്മാസത്തിലും ആണ്ടറുതിയിലും പന്ത്രണ്ടു മാസങ്ങളിലുമായി പതിനാറു ശ്രാദ്ധം വേണം; ഇവ യഥാശക്തി ശ്രദ്ധയോടേ ആക്കു ചെയ്യപ്പെടുന്നില്ലയോ, അവനു നൂറായിരം ശ്രാദ്ധം കൊണ്ടും പ്രേതത്വം നീങ്ങുകയില്ല. ഒരാണ്ടു മുഴുവൻ ഉടകെകുംഭവും ആമിഷത്തോടുകൂടിയ അന്നവും നൽകണം; അതു സാദ്ധ്യമല്ലെങ്കിൽ ഒരുമാസം അനുഷ്ഠിക്കുക. കൊല്ലം തികഞ്ഞാൽ സപിണ്ഡീകരണശ്രാദ്ധം പാർവ്വണവിധിയനുസരിച്ചു ചെയ്തുകൊള്ളണം. അച്ഛൻ മരിച്ചാൽ ഒരു കൊല്ലവും, അമ്മ മരിച്ചാൽ ആറുമാസവും, സ്ത്രീ മരിച്ചാൽ മൂന്നുമാസവും, ഭ്രാതാവോ പുത്രനോ മരിച്ചാൽ ഒന്നരമാസവും, സപിണ്ഡർ (ജ്ഞാതികൾ) മരിച്ചാൽ ആ ഗൃഹത്തിൽ വസിക്കുന്നൊടത്തോളം ദിവസവുമത്രേ അശൌചം (പൂജാദ്യനർഹതാ); അന്നു പുത്രൻ സദാചാരിയും ബ്രഹ്മചാരിയുമായിരിക്കണം: ഒരിക്കലും സ്ത്രീഗമനം ചെയ്യരുതു്. ഏഴു യാമത്തിനു പിന്നും ഒമ്പതു യാമത്തിനു മുമ്പുമായ സമയം കുതപമെന്നറിയണം; അപ്പോൾ പിതൃക്കൾക്കു നൽകപ്പെടുന്നതു് അക്ഷയമായിരിക്കും. ശ്രാദ്ധത്തിൽ മുഖ്യം മൂന്നു കൂട്ടമാണു്: പട്ടുവിൻനെയ്യും, കുതപവും, എള്ളും; വേറെയും മൂന്നെണ്ണം മുഖ്യമാണു്: സന്ധ്യവും, അക്രോധവും, വെമ്പലില്ലായ്മയും. ശ്രാദ്ധമൂട്ടിയ നാൾ സായംസന്ധ്യ വന്നിക്കലും പരാന്നവും രണ്ടാമതുണ്ണലും മൈഥുനവും ദാനം വാങ്ങലും പാടില്ല. അഭിജ്ഞൻ നൃത്തം ചെയ്തിട്ടും ശ്രാദ്ധം കഴിച്ചാൽ, അതും പുണ്യമെന്നത്രേ ബ്രഹ്മാവു താൻതന്നെ അഭിപ്രായപ്പെട്ടിട്ടുള്ളതു്. ഇതിൽ ഒരിതിഹാസം പറയാം; കേൾക്കുക. ഗുരുവിന്റെ പയ്യിനെക്കൊന്നു ശ്രാദ്ധം കഴിച്ചവക്കു സ്വർഗ്ഗവാസം ലഭിച്ചു; അവരുടെ പേർ പറഞ്ഞാൽത്തന്നെ ശ്രാദ്ധം അക്ഷയമായിത്തീരും:

* വസിഷ്ഠമഹർഷിയുടെ ശിഷ്യരായി ഏഴു സുവ്രത ബ്രാഹ്മണരുണ്ടായിരുന്നു. ആ ഭ്രാതാക്കൾ, അച്ഛന്റെ ശ്രാദ്ധം വന്നപ്പോൾ, ഗുരുനാഥന്റെ പ്രിയപ്പെട്ട ഹോമധേനുവിനെ ചോദിച്ചു വാങ്ങി, സ്വഗൃഹത്തിൽ കൊണ്ടുപോയി സസന്തോഷം അതിനെക്കൊന്നു മാംസംകൊണ്ടു പിതൃയജ്ഞം കഴിച്ചു; ശേഷിച്ചുള്ള ബ്രാഹ്മണരെ ഊട്ടുകയും ചെയ്തു. പിതൃകർമ്മാനന്തരം ശിഷ്യർ പൈക്കുട്ടിയെ ഗുരുനാഥനു കൊണ്ടുകൊടുത്തു; 'പയ്യിനെ നരി പിടിച്ചുതിന്നു' എന്നു ഭോ

* ഇതിനിടയിൽ ഒരു കഥ ഈ ഖണ്ഡത്തിന്റെ ക0-ാം അദ്ധ്യായത്തിലുണ്ടു്.

Digitized By Kerala Sahitya Akademi

ഷ്ക്കം പറഞ്ഞു. അവർ ചെയ്തതു തപഃശക്തികൊണ്ടറിഞ്ഞ മഹർഷി, 'നിങ്ങളും ചണ്ഡാലരാകു'മെന്നു ശപിച്ചു. അപ്പോൾ അവർ വിറച്ചുംകൊണ്ടു കൈതൊഴുതപേക്ഷിച്ചു: —'ഗുരോ, പിതൃകർമ്മത്തിനാണ് ഞങ്ങൾ പശുവിന്റെ മാംസം ഉപയോഗിച്ചതു്. പിതൃകർമ്മങ്ങൾക്കുവേണ്ടി നൂറായിരം അകൃത്യങ്ങളും മഹാപാപങ്ങളും ചെയ്യുവർക്കുപോലും സ്വർഗ്ഗം കിട്ടിയതായി ഇവിടുന്നു മുമ്പു പല്പപ്പോഴും പറഞ്ഞുതന്നിട്ടുണ്ടല്ലോ. അതിനാൽ, ധർമ്മജ്ഞ, ക്ഷമിച്ചു്, ശാപമോക്ഷം കല്പിച്ചാലും.'

വസിഷ്ഠൻ: —'പാപത്തിനാണ് ശപിച്ചതു്; ധർമ്മം ആലോചിക്കാതെയല്ല. നിങ്ങൾക്കു ചണ്ഡാലാദിജന്മത്തിലും മുൻജന്മസ്മരണയുണ്ടാകും. ജ്ഞാനനാശമോ, സ്മൃതിശാസ്ത്രവിസ്മൃതിയോ വരില്ല. പാപയോനികളെ പിന്നിട്ടിട്ടു്, നിങ്ങൾ മോക്ഷമടയും.'

പിന്നീടു് ആ ബ്രാഹ്മണർ മൃതിപ്പെട്ട ഗുരുശാപത്താൽ ചണ്ഡാലരായിജ്ജനിച്ചു; എന്നാൽ അവർക്കു ജ്ഞാനമെല്ലാം ഉണ്ടായിരുന്നു. മുൻജന്മത്തെ സ്മരിക്കയാൽ അവർ മൂലപ്പാൽ കുടിച്ചില്ല. പിന്നെ അവർ മൃതിപ്പെട്ടു കാട്ടിൽ മൃഗങ്ങളായിപ്പിറന്നു; പിന്നെ ചക്രവാകങ്ങളായും, പിന്നെ മാനസതീർത്ഥത്തിൽ വെള്ളത്ത അരയന്നങ്ങളായും പിറന്നു. അന്നു്, ധർമ്മകേതു എന്ന മഹാരാജാവു പത്നിയോടും പരിവാരങ്ങളോടും കൂടി ആ സരസ്സിൽ സ്നാനത്തിനുചെന്നു. തന്നിമിത്തം ഹംസങ്ങളിൽ മൂന്നുപേർ വിമോഹത്താൽ രാജത്വത്തേയും ഭോഗൃത്തേയും സ്ത്രീകളേയും ഭക്ഷ്യങ്ങളേയും കാംക്ഷിച്ചുകൊണ്ടു മൃതിയടഞ്ഞു; മറ്റു നാലുപേർ, 'നമുക്കു വേദവേദാംഗജ്ഞാനത്താൽ മുക്തി കിട്ടണ'മെന്നാശിച്ചുകൊണ്ടും പരലോകമണഞ്ഞു. അതിൻവണ്ണം മൂന്നുപേർ രാജാക്കന്മാരായി ജനിച്ചു; നാലുപേർ കുരുക്ഷേത്രത്തിൽ ബ്രാഹ്മണശ്രേഷ്ഠരായി പിറന്നു്, തപോബലത്താൽ വേദവേദാംഗവേദികളും ഇഹപരവൃത്താന്തജ്ഞരുമായിച്ചമഞ്ഞു. രാജകുലത്തിൽ ജനിച്ച മൂന്നുപേരുകട്ടെ, രാജാക്കന്മാരായി മദമോഹിതരായിത്തീർന്നു; അവർ ജ്ഞാനനാശത്താൽ പരലോകമോ ഹിതാഹിതങ്ങളോ അറിഞ്ഞിരുന്നില്ല. അതിനാൽ ആ ബ്രാഹ്മണർ സ്വന്തം ഭൃത്യനെ, 'നീ വേഗത്തിൽ രാജാക്കന്മാരുടെ അടുക്കൽച്ചെന്നു് ഈ എഴുത്തുകൊടുക്കുക' എന്നു നിയോഗിച്ചു: —'ഒർശാണ്ഡത്തിൽ ഏഴു വ്യാധരും, കാലഞ്ജരപർവ്വതത്തിൽ മൃഗങ്ങളും, ശരദ്വീപിൽ ചക്രവാകങ്ങളും, മാനസസരസ്സിൽ ഹംസങ്ങളുമായി പിറന്നവർ യാവചിലരോ, അവരിൽ നാലുപേർ

Digitized By Kerala Sahitya Akademi

കുരുക്ഷേത്രത്തിൽ വേദപാരഗബ്രാഹ്മണരായിജ്ജനിച്ചിരിക്കുന്നു; നിങ്ങടം ദൂരയാത്രയ്ക്കു പുറപ്പെട്ട ക്ഷീണിക്കയാണോ?' എന്നി എഴുന്നു വാങ്ങി ധൃതൻ രാജാക്കന്മാരെ കാണിച്ചു. എഴുന്നു കണ്ടതോടുക്രടി, രാജാക്കന്മാർ രാജ്യം വിട്ട ബ്രാഹ്മണരുടെ അടുക്കലേയ്ക്കു പോന്ന്, അവരുടെ ഉപദേശത്താൽ തപസ്സു തുടങ്ങുകയും, ഏറെത്താമസിയാതെ അവരോടൊപ്പം മുക്തിയടയുകയും ചെയ്തു. ഈ സപ്തവ്യാധാദിചരിതം ആർ ശ്രാദ്ധത്തിൽ ശ്രവിക്കുമോ, അവൻ നൽകിയ അന്നപാനം പിതൃക്കൾക്കക്ഷയമായിരിക്കും.'

നരോത്തമൻ:—'വനത്തിൽ തപസ്സുചെയ്യുന്നവനോ, ഗൃഹസ്ഥൻതന്നെയോ ആയ നിർദ്ധനബ്രാഹ്മണൻ പിതൃകർമ്മം എങ്ങനെ കഴിക്കേണ്ടു?'

വിഷ്ണു:—'പുല്ലും വിറകും ശേഖരിച്ചു കാലു സമ്പാദിച്ചു പിതൃകർമ്മം അനുഷ്ഠിച്ചാൽ, അതു ലക്ഷം മടങ്ങായിത്തീരും. ന്യാകൃത്യം ചെയ്തു ശ്രാദ്ധം കഴിച്ചവന്നു പാപമെല്ലാം നീങ്ങുകയും സ്വർഗ്ഗം കിട്ടുകയും ചെയ്യും. ഒന്നുമില്ലെങ്കിൽ, പിതൃതിഥിയിൽ പൈക്കറുകതിററകൊടുത്താൽ പിണ്ഡം വെച്ചതിന്റെ ഫലം കിട്ടും. പണ്ടു വിരാടരാജ്യത്തു് ഒരു ദരിദ്രൻ, അച്ഛന്റെ ശ്രാദ്ധം വന്നപ്പോൾ, യാതൊന്നുമില്ലായ്കയാൽ കരഞ്ഞുനടക്കുകയായി; ഒടുവിൽ അവൻ ഒരു പണ്ഡിതബ്രാഹ്മണനോടു ചോദിച്ചു:—'ബ്രാഹ്മൻ, ഇന്നു് അച്ഛന്റെ ശ്രാദ്ധദിവസമാണു്; ഒരു ദമ്പടിപോലും എന്റെ കയ്യിലില്ല! ബ്രാഹ്മണോത്തമ, എന്തുചെയ്യാൽ നന്മവരുമെന്നും എന്റെ ധർമ്മം തെറ്റില്ലെന്നും ഉപദേശിച്ചരുളിക.'

ബ്രാഹ്മണൻ:—'വത്സ, വേഗം കാട്ടിലേയ്ക്കു പോയി, ഈ കുതപമുഹൂർത്തത്തിൽ അച്ഛനെ ഉദ്ദേശിച്ചു് ഒരു പയ്യിനെ തീറ്റ കൊടുക്കുക.'

മനംകുളിർത്ത ആ ദരിദ്രൻ പുല്ലു പറിച്ചു്, പിതൃസംതൃപ്തിക്കായി പയ്യിനെ തീറ്റുകയും, ആ പുണ്യംമൂലം വിണ്ണണയുകയും ചെയ്തു; അവിടെ വളരെക്കാലം സുഖമനുഭവിച്ചിട്ടു് അവൻ പൂർവപുണ്യത്താൽ ഒരു സമ്പന്നകുലത്തിൽ വന്നു ജനിച്ചു്, സർവസ്വർഗകാരണമായ അച്ഛന്റെ ശ്രാദ്ധം കഴിച്ചുപോന്നു. അങ്ങനെ ഒരൊറ്റ ജന്മത്തിലെ വാസനയാൽ അവൻ വൈകുണ്ഠമടഞ്ഞു്, അവിടെ അനന്തസുഖമനുഭവിച്ചു്, ഒരു ചക്രവർത്തിരാജാവായി പിറന്നു. പിതൃയജ്ഞത്തിലുമീതെ ഒരു ധർമ്മമില്ല; അതു് എങ്ങനെയെങ്കിലും യഥാശക്തി പിതൃക്കൾക്കുടാകത

Digitized By Kerala Sahitya Akademi

ചെയ്യുകതന്നെ വേണം. ഈ ധർമ്മാദ്ധ്യായം ജനങ്ങളുടെ മുമ്പിൽ വെച്ചു വായിച്ചാൽ, ലോകാന്തരവും ഗംഗാസ്നാനം സിദ്ധിക്കും! ഇതൊരിക്കൽ കേൾക്കുകയോ ചൊല്ലുകയോ ചെയ്താൽ, പല ജന്മങ്ങളിൽ ചെയ്തുവെച്ച മഹാപാപങ്ങളെല്ലാം അറുതിപ്പെടും.

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം, പതിവ്രതോപാഖ്യാനപ്രകരണം, പിതൃഭക്തിമാഹാത്മ്യകഥനം നാല്പത്തേഴാമദ്ധ്യായം.

:0:

നാൽപത്തെട്ടാമദ്ധ്യായം

നരോത്തമൻ:—സുരക്കും അസുരക്കും മറ്റുള്ളവക്കും അച്ഛനും അമ്മയും പ്രഭുവും കർത്താവും ഹർത്താവും ഭർത്താവും ഗോപ്താവുമാണ് നിന്തിരുവടി; ഞങ്ങൾക്കുവേണ്ടി, നിന്തിരുവടിയെ കണ്ണുകൊണ്ടെങ്കിലും കാണുകയുണ്ടായില്ല എന്നാൽ ഒരു കൌതുകം—മാഹാത്മ്യം വിശേഷിച്ചും—എനിക്കു തോന്നുന്നു! അതുകൊണ്ടു ചോദിക്കയാണ്: സ്വാമിൻ, പതിവ്രതയ്ക്കുണ്ടെന്നായാണ് അപരോക്ഷജ്ഞാനം സിദ്ധിച്ചതു? ഒന്നു ചെയ്തു, അവളുടെ മാഹാത്മ്യവും ഒട്ടൊഴിയാതെ അരുളിച്ചെയ്താലും.

വിഷ്ണു:—വത്സ, ഞാൻ മുമ്പു പറഞ്ഞുവല്ലോ; വീണ്ടും കേൾക്കണമെങ്കിൽ, എല്ലാം പറഞ്ഞുതരാം: എപ്പോഴും പതിയുടെ ഹിതം നോക്കുന്ന പതിപ്രാണയായ പതിവ്രത യാവളൊരുത്തിയോ, അവൾ ദേവകൾക്കും ബ്രഹ്മവാദികളായ മഹർഷിമാർക്കും കൂടി പൂജനീയയാകുന്നു. ഭർത്താവിനെ പരിചരിക്കുന്നതിൽ ഒരിക്കലും മടിതോന്നാത്ത ഏകഭർത്തൃകയായ സ്ത്രീയത്രേ ലോകത്തിൽവെച്ചു പൂജ്യതമ.

മദ്ധ്യദേശത്തു് ഒരതിശോഭനമായ നഗരത്തിൽ, ശൈബ്യ എന്നൊരു പതിവ്രതയായ ഒരു ബ്രാഹ്മണസ്ത്രീ ഉണ്ടായിരുന്നു. അവളുടെ ഭർത്താവു പൂർവ്വദുഷ്കർമ്മത്താൽ കുഷ്ഠരോഗിയായിത്തീർന്നു. പഴയതെളിഞ്ഞിരുന്ന ഭർത്താവിനെ അവൾ നിരന്തരം ശുശ്രൂഷിച്ചുപോന്നു: അയാളുടെ ഇഷ്ടം എന്തായാലും അവൾ യഥാശക്തി നിറവേറ്റിക്കൊടുക്കും. അയാളെ ഒരീശ്വരനെ എന്നപോലെ പൂജിക്കും; വെറുപ്പുതോന്നാതെ സ്നേഹിക്കും. ഒരു ദിവസം, തെരുവിലൂടെ പോകുന്ന ഒരു പരമസുന്ദരിയായ ദേവിടിശ്ശിയെ കണ്ടിട്ടു ബ്രാഹ്മ

Digitized By Kerala Sahitya Akademi

ണൻ വ്യാമോഹത്തിൽ അത്യന്തം മന്മഥവിഷ്ണനായിപ്പോയി! അ
യാളം മനസ്സിടിഞ്ഞു് ഒ വലിയ നെടുവീർപ്പിട്ടു; അതുകേട്ടു് സാധ്വി
പുറത്തേയ്ക്കു വന്നു ഭർത്താവിനോടുചോദിച്ചു:—'ഭർത്താവേ, ഇവിടെ
യെന്താണു് അസ്വാസ്ഥ്യം? നേടുവീർപ്പിടുന്നുവല്ലോ! ചെയ്യാവുന്ന
താകട്ടെ, ചെയ്യരുതാത്തതാകട്ടെ, ഇവിടുത്തെ അഭീഷ്ടം ഇന്നതാണെ
ന്നു് എന്നോടു പറയുക; അതു ഞാൻ ചെയ്തുകൊള്ളാം: ഇവിടുന്നൊരാ
ളാണു് എനിക്കു ഗുരുവും പ്രിയനും. നാഥ, വേണ്ടതു പറഞ്ഞാലും;
കഴിവുപോലെ ഞാൻ സാധിപ്പിക്കാം; ഭർത്താവു മറുപടി പറഞ്ഞു:—
'പ്രിയേ, എന്തിനു വെറുതേ ചോദിക്കുന്നു? നീ അബലയല്ല; ഞാനും അബ
ലനല്ല. അസാദ്ധ്യം പറഞ്ഞുകൂടാ; നീ ചോദിക്കുകയുമരുതു് ഒരു മൂഢൻ
നിലത്തു നിന്നു്, ഉയർന്ന വൃക്ഷത്തിന്മേലുള്ള കായു് പറിപ്പാൻ ആഗ്ര
ഹിക്കുന്നതെപ്രകാരമോ, അപ്രകാരമുള്ളതാണു് എന്റെ അഭിലാഷം;
അതു ഭാര്യാഭർത്താക്കന്മാർ തമ്മിൽ പറയേണ്ടതുമല്ലാ.'

ശൈബ്യ:—'വിഭോ, ഇവിടുത്തെ അന്തർഗ്ഗതം അറിഞ്ഞാൽ
ഞാനാളാവും സാധിപ്പിക്കാൻ. ആജ്ഞാപിച്ചാലും; എങ്ങിനെയെങ്കി
ലും നിറവേറ്റാം. ഭവാനു ദുർല്ലഭമായിട്ടുള്ളതു ഞാൻ പണിപ്പെട്ടു സാ
ധിപ്പിച്ചാൽ, എനിക്കു് ഇഹത്തിലും പരത്തിലും പരമത്തെയസ്സു
കൈവരുമല്ലോ.'

ഇതുകേട്ടു് അത്യന്തം സന്തുഷ്ടനായിട്ടു ഭർത്താവു പറയാൻ തുടങ്ങി:
പാപം ശീലിച്ചവന്നു പാപം തന്നെ തോന്നിക്കൊണ്ടിരിക്കുമല്ലോ:—
'ഈ തെരുവിലൂടേ ഒരു അഴകേറിയ തേവിടിശ്ശി കടന്നു പോകുകയു
ണ്ടായി; ആ സർവ്വാംഗസുന്ദരിയേ കാണുകയാൽ എന്റെ മനസ്സു് എ
രിപൊരിക്കൊള്ളുന്നു. നിന്റെ പ്രസാദംമൂലം നവയൗവനയായ അവ
ളെ എനിക്കു കിട്ടിയാൽ, എന്റെ ജന്മം സഫലമായി! സാധ്വി, എ
നിക്കു ഹിതംചെയ്യുന്നതരിക. കുഷ്ഠരോഗത്താൽ പഴുത്തുനാറുന്ന എന്നോ
ടു് ആ നിതംബിനി ചേരുകയില്ലാ എങ്കിൽ ഞാൻ ചാവുകയാണു് ന
ല്ലതു്! ഇതിന്നു്, 'ഞാൻ കഴിയുന്നതും ശ്രമിക്കാം; ഇവിടുന്നു സമാധാന
ത്തോടെ ഇരിക്കുക' എന്നായിരുന്ന സാധ്വിയുടെ മറുപടി. അവർ
രാത്രിയിൽ ആലോചിച്ചുറച്ചു്, പുലർകാലത്തു ചൂലും ചാണകവുമായി
വേശ്യയുടെ വീട്ടിൽ ചെന്നു മുറ്റവും തെരുവും നടവഴിയുമടിച്ചുമെഴുകി
ആളുകൾ കാണാതെ ക്ഷണത്തിൽ ഇല്ലത്തേയ്ക്കു തിരിച്ചുപോന്നു; ഇ
ങ്ങനെ മൂന്നു ദിവസം അവർ വേലചെയ്തു. അതുകണ്ടു തേവിടിശ്ശി
ദാസികളോടും ദാസന്മാരോടും ചോദിച്ചു:—'ആരാണിങ്ങനെ മുറ്റം

Digitized By Kerala Sahitya Akademi

വൃത്തിപ്പെടുത്തിയതു്? ഞാൻ പറയാതെതന്നെ, എന്റെ പ്രിയത്തിന്നായി, തെരുവും മുറ്റവും നടവഴിയും ഇത്ര വെടുപ്പിലാക്കിയതാരായിരിക്കാം? അവർ തമ്മിൽത്തമ്മിലന്വേഷിച്ചു്, 'കൊച്ചമ്മേ, ഞങ്ങളല്ല ഇങ്ങനെ അടിച്ചു മെഴുകിയതെ'ന്നറിയിച്ചു. തേവിടിശ്ശി അത്ഭുതപ്പെട്ടു പുലർകാലത്തു കാത്തിരുന്നു; അപ്പോഴം, ശൈബ്യ പതിവുപോലെ ചെന്നതു് അവൾ കണ്ടു. ആ മഹാസാദ്ധ്വിയായ ബ്രാഹ്മണസ്ത്രീയെ കണ്ടതോടുകൂടി, ഗണിക അവളുടെ കാൽപിടിച്ചു ക്ഷമിക്കണേ എന്നപേക്ഷിച്ചു:—'പതിവ്രതേ, ഭവതി എന്റെ ആയുസ്സും ശരീരവും സമ്പത്തും യശസ്സും കീർത്തിയും നശിപ്പിക്കുന്നതിനാണല്ലോ ഒരുമ്പെടുന്നതു്! സ്വർണ്ണമോ രത്നമോ വസ്ത്രമോ—ഇവിടെയ്ക്കു് എന്തെന്തു വേണമോ, അതൊക്കെയും—ഞാൻ പതിവായി തന്നുകൊള്ളാം; തീർച്ചയാണു്.' സാദ്ധ്വി പറഞ്ഞു:—'എനിക്കു ധനമൊന്നും വേണ്ടാ. ഒരു കാര്യം വേണ്ടതുണ്ടു്; നീ ചെയ്യുമെങ്കിൽ പറയാം. എന്നാൽ എനിക്കു സന്തോഷമായി—എല്ലാം ചെയ്തതന്നു!'

വേശ്യ:—'തീർച്ചയായും, തീർച്ചയായും, ഞാൻ ചെയ്യാം. പതിവ്രതേ, വേഗത്തിൽ പറഞ്ഞുകൊൾക. അമ്മേ, എന്നെ രക്ഷിച്ചാലും! വേണ്ടതു വേഗത്തിൽ പറയുക.'

സാദ്ധ്വി ലജ്ജയോടെ ഭർത്താവിന്റെ അഭീഷ്ടം അറിയിച്ചു. വേശ്യ ക്ഷണനേരം എന്തുവേണ്ടു എന്നാലോചിച്ചു്, നാറുന്ന കുഷ്ഠരോഗിയെ തൊടുന്നതിൽ ഏറ്റവും ദുഃഖംപൂണ്ടു്, 'ഒരു ദിവസമാവാം, എന്റെ ഗൃഹത്തിൽ വന്നാൽ' എന്നൊരുവിധം സമ്മതിച്ചു.

ശൈബ്യ:—'സുന്ദരി, ഇന്നു രാത്രി ഞാൻ നിന്റെ ഗൃഹത്തിൽ വരാം; ഭോഗ്യം ഭുജിച്ചു സന്തുഷ്ടനായ ഭർത്താവിനെ തിരിയേ കൊണ്ടുപോയ്ക്കൊള്ളുകയും ചെയ്യാം.'

വേശ്യ:—'മഹാഭാഗയായ പതിവ്രതേ, വേഗത്തിൽ ഇല്ലത്തേയ്ക്കു പോവുക. പതിരയ്ക്കു വേണം, ഭവതിയുടെ ഭർത്താവു്' എന്റെ ഗൃഹത്തിൽ വരാൻ. രാജാക്കന്മാരും തത്തുല്യരുമായി വളരെ വല്ലഭന്മാരുണ്ടെനിക്കു്; ഓരോ ദിവസം ഓരോരുത്തൻ എന്റെ ഗൃഹത്തിൽ അന്തിയുറങ്ങുകയാണു് പതിവു്. ഇന്നു്, ഭവതിയെച്ചൊല്ലി, എന്റെ ഗൃഹത്തിൽ ആരേയും പാർപ്പിക്കാതിരുന്നുകൊള്ളാം. അദ്ദേഹം—ഇവിടുത്തെ ഭർത്താവു്—വന്നുപോയ്ക്കൊള്ളട്ടെ.'

സാദ്ധ്വി ഇല്ലത്തേയ്ക്കു പോന്ന ഭർത്താവിനോടറിയിച്ചു:—'നാഥ, ഇവിടുത്തെ കാര്യം സാധിച്ചു: ഇന്നു രാത്രി അവളുടെ ഗൃഹത്തിൽ

Digitized By Kerala Sahitya Akademi

ചെല്ലാൻ, അവനും സമ്മതിച്ചിരിക്കുന്നു. അവനുടെ ഭൃത്യന്മാർ വളരെപ്പേരുണ്ട്; എന്നാലും, അങ്ങയുടെ ഇഷ്ടം സാധിപ്പിക്കും.'

ബ്രാഹ്മണൻ:—'ഞാനെങ്ങനെ അവളുടെ വീട്ടിൽ പോകും? എനിക്കു നടക്കാൻ വയ്യല്ലോ. പിന്നെ, എങ്ങിനെ സമാധാനിക്കും? എങ്ങിനെ കാര്യം സാധിക്കും?'

ശൈബ്യ:—'അങ്ങയെ ഞാൻ എന്റെ മുതുകിലെടുത്തുകൊണ്ടു പോവാം; കാര്യം സാധിച്ചതിന്നുശേഷം അങ്ങിനെതന്നെ ഇങ്ങോട്ടും കൊണ്ടുപോന്നുകൊള്ളാം.'

ബ്രാഹ്മണൻ:—'ഭദ്രേ, നിന്റെ പ്രവൃത്തികൊണ്ടു എന്റെ കാര്യമെല്ലാം നിറവേറും. ഇപ്പോൾ ചെയ്തുതന്നെ സ്വീകരിക്കുക സഹിച്ചുകൂടാത്തതാണ്!'

അന്ന്, ആ രമണീയമായ നഗരത്തിൽ ധനികന്മാരുടെ ഗൃഹങ്ങളിൽ കള്ളന്മാർ കടന്നു വളരെ മുതൽ കൊണ്ടുപോവുക പതിവായിരുന്നു; അതുകേട്ട് അരിശംകൊണ്ട രാജാവ് * രാത്രിചാരന്മാരെ വിളിച്ചു, 'നിങ്ങടെകൂടെ പ്രാണൻ വേണമെങ്കിൽ, കള്ളനെ ഇപ്പോൾ കൊണ്ടുവന്നു തരണം' എന്നരുളിച്ചെയ്തു. ശിപായിമാർ വെമ്പലോടേ കള്ളനെ പിടിപ്പാൻ നടകൊണ്ടു. എന്നാൽ ഉത്തരവിൻപ്രകാരം അവർ കടന്നു പിടിച്ചതു മാണ്ഡവ്യമഹർഷിയെ ആണ്: അഗ്നിയെപ്പോലെ പരമ തേജസ്വിയായ ആ യോഗിശ്രേഷ്ഠൻ നഗരത്തിന്നടുത്തുള്ള ഒരു കാട്ടിൽ മരച്ചുവട്ടിൽ, വായുവിനെ അന്തർന്നാഡിയിലടക്കി നിശ്ചലനായി സമാധിയിലിരിക്കയായിരുന്നു. ആ ബ്രഹ്മതുല്യനെ കണ്ടെത്തിയപ്പോൾ, ദുഷ്ടപാപികളായ രാജകിങ്കരന്മാർ, 'അമ്പോ, തിരുമുറിഞ്ഞ കള്ളനിതാ, കാട്ടിലിരിക്കുന്നു!' എന്നും പറഞ്ഞു് അദ്ദേഹത്തിനെ ബന്ധനത്തിലാക്കിക്കളഞ്ഞു. മഹർഷി ആ ഭയങ്കരന്മാരോടു് ഒന്നും പറഞ്ഞില്ല; നോക്കിയുമില്ല. രാജാവാജ്ഞാപിച്ചു:—'കള്ളനെ കിട്ടിയല്ലോ; ഇവന്നു് അടുത്ത പെരുവഴിയിൽ ചോരദണ്ഡം (കള്ളന്മാർക്കുള്ള ശിക്ഷ) നടത്തുക.' ഭടന്മാർ മാണ്ഡവ്യനെ ശൂലത്തിന്മേൽ കോർത്തു വഴിയിൽ തൂക്കി: ശൂലം മലദ്വാരത്തിലൂടേ കടത്തി ശിരസ്സിലെത്തിച്ചിരുന്നു. എന്നാലും, മനസ്സംയമത്താൽ അദ്ദേഹത്തിന്നു വേദന തോന്നിയില്ല; മറവുള്ളവർക്കു വേദനയുണ്ടാകുന്ന ദണ്ഡം ഭടന്മാർ യഥേഷ്ടം നിർവ്വഹിച്ചു!

* രാത്രിയിൽ നഗരരക്ഷയ്ക്കായി ചുറ്റിനടക്കുന്ന രാജപുരുഷന്മാർ.

Digitized By Kerala Sahitya Akademi

അതേദിവസം രാത്രിയിൽ ക്രൗര്യമുണ്ടായി, പതിവ്രത ഭർത്താവിനെ മുതുകിലെടുത്തു തപ്പിത്തടഞ്ഞുപോകുമ്പോൾ, ആ കുഷ്ഠരോഗിയുടെ അവയവം മാണ്ഡവ്യന്റെ ശരീരത്തിൽത്തട്ടി; കുഷ്ഠരോഗിസ്പർശത്താൽ, അദ്ദേഹത്തിന്നു സമാധിയഴിഞ്ഞുപോയി. 'എന്നെ ഇപ്പോൾ അത്യന്തം വേദനപ്പെടുത്തിയതാരോ, അവൻ സൂര്യോദയത്തോടുകൂടി ഭസ്മമായിപ്പോകട്ടെ!' എന്നുപറഞ്ഞുകൊണ്ട് അദ്ദേഹം നിലത്തേയ്ക്കു വീണു. പതിവ്രതയോ, 'എന്നാൽ തീച്ചയായും സൂര്യനുദിക്കാതാവട്ടെ' എന്നുച്ചരിച്ചു്, ഭർത്താവിനെ വേശ്യാഗൃഹത്തിൽക്കൊണ്ടുപോയി, രമണീയമായ കിടക്കമേൽ കിടത്തി. മാണ്ഡവ്യൻ ബ്രാഹ്മണനെ ശപിച്ച യത്രേഷ്ടം നടകൊണ്ടു.

ദിവസം മുന്നുകഴിഞ്ഞു; ലോകത്തിൽ സൂര്യനുദിക്കുന്നില്ല! ചരാചരങ്ങളുപ്പെട്ട മൂവുലകും മുഴുവൻ സങ്കടത്തിലായി. അതുകണ്ടു ദേവകൾ ഇന്ദ്രനെ മുൻപിലാക്കി, ബ്രഹ്മാവിന്റെ അടുക്കൽ ചെന്നു വിവരമെല്ലാം അറിയിച്ചു:—'കാരണം ഞങ്ങൾക്കറിഞ്ഞുകൂടാ; ഇവിടുന്നു തക്കതു ചെയ്താലും.' പരമസംഭവൻ പതിവ്രതയുടേയും മാണ്ഡവ്യന്റേയും ചരിതം—സൂര്യനുദിക്കാത്തതു് ഇന്നതുകൊണ്ടാണെന്നു്—വിണ്ണവർക്കു പറഞ്ഞുകൊടുത്തു. ഉടനെ സുരന്മാരെല്ലാവരുംകൂടി പിതാമഹനെ മുൻപിലാക്കി വിമാനങ്ങളിലൂടെ ഭൂമിയിലേയ്ക്കു പോന്നു പതിവ്രതയുടെ അരികിലെത്തി. അവരുടേയും മുനിമാരുടേയും വിമാനങ്ങളുടേയും തേജസ്സുകൊണ്ടു ഗൃഹാന്തർഭാഗം മാത്രം, മറ്റൊരിടവുമില്ല, നല്ല സൂര്യന്മാരുദിച്ചാലത്തെ മട്ടിൽ പരിലസിച്ചു. 'അയ്യോ, ഞാൻ ഹതയായി! സൂര്യൻ എന്റെ ഗൃഹത്തിൽ വന്നിരിക്കുന്നവല്ലോ!' എന്നിങ്ങനെ സംഭ്രമിച്ച പതിവ്രത വിരോചനാഭങ്ങളായ വിമാനങ്ങളിൽ ദേവന്മാരെ ദർശിച്ചു. അവളോടു പിതാമഹൻ ആവശ്യപ്പെട്ടു:—'അമ്മേ, സൂര്യോദയത്തെക്കുറിച്ചുള്ള ക്രോധം കൈവിട്ടാലും; ദേവന്മാക്കും ദ്വിജന്മാക്കും ഗോക്കൾ മുതലായവയ്ക്കും പരമ്പരെ നാശം വരുന്നതു ഭവതിക്കു സമ്മതമാകുമോ?'

ശൈബ്യ:—'എല്ലാ ലോകങ്ങളെക്കാളും എനിക്കു സാരമായിട്ടുള്ളതു ഭർത്താവൊരാളാണു്; അദ്ദേഹത്തിന്നു മുനിശാപംമൂലം മൃതിവരും, സൂര്യനുദിച്ചാൽ. അതുകൊണ്ടു മാത്രമാണു്, ഞാൻ ദിവാകരനെ ശപിച്ചതു്; കോപത്താലല്ല, മോഹത്താലല്ല, ലോഭത്താലല്ല, കാമത്താലല്ല, മത്സരത്താലല്ല.'

ബ്രഹ്മാവു:—'ഒരാളുടെ മരണംമൂലം ലോകം മൂന്നിനും നന്മവരുമല്ലോ; അതിനാൽ അമ്മയ്ക്കു പുണ്യം ഏറെ സിദ്ധിക്കും.'

Digitized By Kerala Sahitya Akademi

ആ സാധ്വി ദേവന്മാരുടെ മുമ്പിൽവെച്ചു വിരിഞ്ചനോടു കഥിച്ചു: —'ഭർത്താവിനെ വെടിഞ്ഞിട്ടുള്ള നന്മ എനിക്കു വേണ്ടാ, തീർച്ച തന്നെ.'

ബ്രഹ്മാവു്:—'സൌമ്യേ, സൂര്യൻദിച്ചു്, ദേവിയുടെ ഭർത്താവു ഭസ്മീഭവിച്ചു്, തിട്ടവനം സ്വസ്ഥതയിലായതിന്നുശേഷം ഞാൻ ദേവിക്കു ഹിതംചെയ്യുകൊള്ളാം: ഭസ്മത്തിൽനിന്നു ഭർത്താവു കന്ദർപ്പസുന്ദരനും സർവ്വഗുണാന്വിതനുമായ പുരുഷനായി ജനിക്കും; ദേവതി എനിക്കാനന്ദം രതിയെപ്പോലെയുമാകും. ദേവപൂജിതരായ ലക്ഷ്മീനാരായണന്മാരെപ്രകാരമോ, അപ്രകാരം ദേവതിമാരായ നിങ്ങളും സ്വർഗ്ഗത്തിൽ വസിക്കും ഞാൻ പറഞ്ഞതു ചെയ്യുക.'

ശൈബ്യ:—'ഭർത്താവു മരിച്ചുപോയാൽ, ഞാൻ ലോകനിന്ദിതയായ വിധവയായിത്തീരും; ആ ചാരം കെട്ട മലിനയായ എനിക്കു് ഏതു ലോകമാണു കിട്ടുക?'

ബ്രഹ്മാവു്:—'ഇതിൽ ദേവതിക്കു ദോഷം വരില്ല; ഭർത്താവു മരിക്കയില്ല. ഞങ്ങളുടെ വാക്കിനാൽ ഈ കുഷ്ഠരോഗി കാമദേവനു തുല്യനായി വരും.'

ഇതു കേട്ടിട്ടു് അവൾ ക്ഷണനേരം ആലോചിച്ചു്, അങ്ങിനെയാകട്ടേ എന്നനുവദിച്ചു. അതോടുകൂടി സൂര്യൻദിച്ചു; മുനിശാപപീഡിതനായ ബ്രാഹ്മണൻ ഭസ്മവുമായി. എന്നാൽ ഭസ്മത്തിൽനിന്നു് അദ്ദേഹം കാമസുന്ദരനായി പുനർജ്ജനിച്ചു. അതുകണ്ടു പുരവാസികളെല്ലാം അത്ഭുതപ്പെട്ടുപോയി. ദേവവൃന്ദങ്ങൾ സന്തുഷ്ടരായി; ലോകം സ്വാസ്ഥ്യമടഞ്ഞു. ആ സാധ്വി ഭർത്താവിനോടൊന്നിച്ചു്, സ്വർഗ്ഗത്തിൽ നിന്നു വന്നെത്തിയ സൂര്യവർണ്ണമായ വിമാനത്തിലേറി ദേവകളോടൊപ്പം വാനിലേയ്ക്കു ഗമിക്കുകയുംചെയ്തു.

ഈവിധം പാതിവ്രത്യം ആർക്കുണ്ടോ അവർ എന്നെപ്പോലെതന്നെയാകുന്നു. ഇതിനാലത്രെ ആ പതിവ്രത ഭൂതഭവൽഭവിഷ്യത്തുക്കളറിയുന്നതു്. ഈ ശ്രേഷ്ഠമായ പുണ്യോപാഖ്യാനം വായിച്ചു കേൾപ്പിക്കുന്നവനും പല ജന്മങ്ങളിലേയും പാപം അകന്നുപോകും; അവൻ ദേവകളോടുചേർന്നു് അക്ഷയസ്വർഗ്ഗമനുഭവിക്കും; ബ്രാഹ്മണനാണെങ്കിൽ, ഏതു ജന്മത്തിലും വേദജ്ഞനായിരിക്കും. ഇതൊരിക്കൽ ശ്രവിച്ചവൻ ദുഷ്കൃതങ്ങളിൽനിന്നു വിമുക്തനായി വിഷ്ണുലോകത്തു ചെന്നുചേരും; അവിടെനിന്നു പോന്നാൽ, ധനവാനായി ജനിക്കും.'

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദ പഞ്ചോപാഖ്യാനപ്രകരണം പതിവ്രതാചരിതം നാല്പത്തെട്ടാമദ്ധ്യായം.

—:0:—

Digitized By Kerala Sahitya Akademi

നാൽപതെതാൻപതാമദ്ധ്യായം

നരോത്തമൻ:—'മാധവ, മാണ്ഡവ്യമഹർഷിക്ക കഴുവേറാനിട വന്നതെന്തുകൊണ്ടാണ്? പതിവ്രതയുടെ ഭർത്താവു കുഷ്ഠരോഗിയായ തെങ്ങിനെ?'

വിഷ്ണു:—'മാണ്ഡവ്യൻ കുട്ടിക്കാലത്തു കഥയില്ലായ്മയാൽ ഒരു തുമ്പിയെപ്പിടിച്ചു് അതിന്റെ മലദ്വാരത്തിൽ ഒരാൽ കടത്തിവിടുകയുണ്ടായി; അറിവില്ലാതെ ചെയ്ത ആ പാപത്താലത്രെ, അദ്ദേഹത്തിന്നു് ഒരു രാപ്പകൽ വേദന അനുഭവിക്കേണ്ടിവന്നതു്. എന്നാൽ, യോഗാഭ്യാസത്താലുള്ള സമാധിമൂലം ആ ദുർജ്ജനി കഴുവിന്റെ വേദനതെല്ലും അറിയുണ്ടായില്ല. അജിതേന്ദ്രിയത്വംമൂലം ബ്രഹ്മഹത്യ ചെയ്തുപോയതിനാലാണു്, പതിവ്രതയുടെ ഭർത്താവിന്നു ദേഹത്തിൽ നാറുന്ന കുഷ്ഠം വന്നുകൂടിയതു് എന്നാൽ അയാൾ മുൻജന്മത്തിൽ നാലു ഗൗരി (എട്ടു വയസ്സുചെന്ന പെൺകുട്ടി)മാരേയും, മൂന്നു കന്യക (പത്തു വയസ്സുചെന്ന പെൺകുട്ടി) മാരേയും ഒരു ബ്രാഹ്മണന്നു നൽകിയതുകൊണ്ടു് പതിവ്രതയായ പത്നിയെ ലഭിച്ചു; അവർമൂലം എന്നോടു തുല്യനായും ചമഞ്ഞു. ഇതിൽ അത്ഭുതപ്പെടാനൊന്നുമില്ല; പൂർവ്വകർമ്മത്തിന്റെ ഫലമാണിതു് '

നരോത്തമൻ:—'ഭോഷ്കു ചേട്ടയല്ലെങ്കിൽത്തന്നെ പുരുഷന്നു സ്ത്രീമായി; അവളുടെ നടപടി നന്നെങ്കിലോ, പിന്നെ പറയേണ്ടതില്ലല്ലോ!'

വിഷ്ണു:—'ചില ചേട്ടപ്പെണ്ണുങ്ങളുണ്ടു്; ഉള്ള മുതലൊക്കെ കൊടുത്താലും അവർ ഒരുങ്ങിനിൽക്കുകയില്ല. അങ്ങിനെയുള്ളവ വിചാരിക്കുകുടി പാടില്ല. സ്ത്രീകൾക്കു് ഒരുത്തനും അപ്രിയനല്ല. ഒരുത്തനും പ്രിയനുമല്ല. അവർ, പൈക്കൾ കാട്ടിൽ പുല്ലിനെ എപോലെ, പുതിയവനെ പുതിയവനെ തേടുന്നു. നിർദ്ധനൻ, വിദ്വാൻ, ഗുണഹീനൻ, അകുലീനൻ, ഭൃത്യൻ എന്നിവരെപ്പോലും കാമിനി കൈക്കൊള്ളും, തീർച്ചയാണു്. ഗുണവാനും കുലീനനും സമ്പന്നനും സുന്ദരനും രതികോവിദനുമായ ഭർത്താവിനെ വെടിഞ്ഞു തരുണി താന്നവനോടിണങ്ങും. ബ്രാഹ്മണ, പാർവതിയും നാരദനും തമ്മിൽ നടന്ന സംഭാഷണം കേട്ടുകൊൾക; ഇതുകൊണ്ടറിയാം, സ്ത്രീകളുടെ ദുസ്സ്വഭാവങ്ങൾ:

Digitized By Kerala Sahitya Akademi

പ്രകൃത്യാ വിശപ്രജിജ്ഞാസുവായ നാരദമഹർഷി എന്തോ ആലോചിച്ചു്, കൈലാസമലയിൽ ചെന്നെത്തി, പാർവതിയെ നമസ്കരിച്ചുണർത്തിച്ചു:—'ദേവി, എനിക്കു സ്ത്രീകളുടെ ഉത്പത്തിഭാവം ഇവിടുന്നു പറഞ്ഞുകേൾക്കേണമെന്നുണ്ടു്; അതു പലർക്കും ഉപയോഗപ്പെട്ടും. എല്ലാ സ്ത്രീകളുടേയും ഉള്ളു് ഇവിടെയുള്ള ശരിയായറിയാമല്ലോ; അതു വിനീതനും അജ്ഞനുമായ എനിക്കു പറഞ്ഞുതന്നാലും.'

പാർവതി:—'തരുണിയുടെ മനസ്സു് എപ്പോഴും പുരുഷന്മാരിലായിരിക്കും; അവർ ചേർച്ചയുള്ളവരായാലും ശരി, ചേർച്ചയില്ലാത്തവരായാലും ശരി, അവർ 'ഇണങ്ങുകതന്നെ ചെയ്യും; നാരദ, അഴകുള്ള പുരുഷനെ—സോദരനായാലും ശരി, മകനായാലും ശരി—കണ്ടാൽ സ്ത്രീകൾക്കു യോനി നലഞ്ഞുപോകും, തീർച്ചയാണു്. സ്ഥലമില്ല, തക്കമില്ല, ആവശ്യപ്പെട്ടുന്നവനില്ല, എന്നു വന്നാലേ സ്ത്രീകൾക്കു പാതിവ്രത്യമുണ്ടാവൂ! നൈക്കടംപോലെയാണു് സ്ത്രീ; തീക്കട്ടപോലെയാണു് പുരുഷൻ; നെയ്യിനേയും തിയ്യിനേയും ഒരേ സ്ഥലത്തു വെച്ചുകൂടാ.'

മദഗജത്തെ പാപ്പാൻ തോട്ടി—കുന്തങ്ങംകൊണ്ടു കീഴിൽ നിർത്തുന്നതുപ്രകാരമോ, അപ്രകാരം സൂക്ഷിച്ചുകൊള്ളണം സ്ത്രീയെ. കൗമാരത്തിൽ അച്ഛനും, യൌവനത്തിൽ ഭർത്താവും, വാർദ്ധക്യത്തിൽ മകനും രക്ഷിക്കുക; സ്ത്രീക്കു സ്വാതന്ത്ര്യം പാടില്ല. സ്വാതന്ത്ര്യമുണ്ടായാൽ അവർ ക്രൂരൽക്രൂരാതെ പരപുരുഷപ്രാപ്തനെ കൈക്കൊണ്ടു യഥേഷ്ടം പ്രവർത്തിച്ചുകളയും. സൂക്ഷിച്ചുവെയ്ക്കാഞ്ഞാൽ ചോറു നായ്ക്കും കാക്കയ്ക്കും അധീനമാകുമല്ലോ; അതുപോലെ, സ്വാതന്ത്ര്യം കൊടുത്താൽ യുവതി ദോഷത്തിനടിപ്പെട്ടുപോകും. വീണ്ടും അവളുടെ സംസർഗ്ഗത്താൽ കുലവും ദുഷിക്കും: പരബീജത്താൽ സന്തതി പിറന്നാൽ സുവർണ്ണസങ്കരം വരും; ജാരസംകരപാപം പറ്റിയ കുലത്തിലുള്ളവർ തീച്ചൂയായും നരകത്തിൽക്കിടന്നു്, പുഴുക്കളായിജ്ജനിക്കും; പിന്നെ മ്ലേച്ഛരായിപ്പിറക്കും. ദുർജനസംസർഗ്ഗം, കുലക്ഷയം വരുന്നതാകയാൽ, ദുഷ്ടസ്ത്രീയെ വെച്ചുകൊണ്ടിരിക്കരുതു്; അറിഞ്ഞിട്ടും സ്ത്രീകളുടെ ദോഷം ക്ഷമിക്കുന്ന പുരുഷാധമൻ പിതൃക്കളോടൊന്നിച്ചും ഘോരരൗരവനരകത്തിൽ പതിക്കും. ഒരുത്തി കുലത്തെ അധഃപതിപ്പിക്കുന്നു; ഒരുത്തി മേല്പോട്ടു കേറുന്നു. അതിനാൽ എത്ര പണിപ്പെട്ടും കുലീനയെ വേണം അഭിജ്ഞൻ വേൾക്കുക. സമയായിട്ടുള്ളവരം ഇരുകുലത്തേയും സമനിലയിലാക്കുന്നു; സാധ്വി വംശങ്ങളെ കരയേറുന്നു; ദുഷ്ടസ്ത്രീ അധഃപതിപ്പിക്കുന്നു. ഭാഗ്യയുടെ കയ്യിലാണു്, സ്വർഗ്ഗവും കുലവും ദോഷവും യശസ്സും മകനും നരകവും മിത്രവുമെല്ലാമിരിക്കുന്നതു്. അതിനാൽ, സന്തതിക്കും കുടുംബത്തി

Digitized By Kerala Sahitya Akademi

ക്കുമായി, നിർദ്ദോഷയായ ഒരുത്തിയെ—അല്ലെങ്കിൽ രണ്ടുപേരെ—അഭിജ്ഞൻ വേട്ടകൊള്ളണം.

ഭർത്താവ് ഉറങ്ങുകാലത്തു ഭാര്യയെ പ്രാപിക്കാതിരുന്നാൽ, ഭ്രൂണഹത്യയും ഭ്രൂണഹത്യയും പറഞ്ഞിട്ടുണ്ടു. മോഹത്താൽ യാവനൊരുത്തൻ സാധ്വിയെ ദുർഭഗയാക്കി സന്ത്യജിക്കുമോ, ആ ദുഷ്ടൻ അവളെക്കൊന്നാലത്തെ പാപമനുഭവിച്ചു നരകത്തിൽ പതിക്കും. പരസ്ത്രീയേ ബലാൽക്കാരേണയോ ധനംകൊണ്ടു കൊതിപ്പിച്ചോ പ്രാപിച്ചവൻ കളത്രഹത്യാപാപിയായി ഇങ്ങും അങ്ങും ഘോരനരകം പൂകും. അന്യനാൽ ഭുജിക്കപ്പെട്ടവരുന്ന സ്ത്രീ അവന്റെ വിഴുസം (ഉച്ഛിഷ്ടം) ആകുന്നു; അവളെ അനുഭവിച്ചവൻ ഉച്ഛിഷ്ടഭോജിയാകും. വനിതയെ അപഹരിച്ചവൻ ചണ്ഡാലനായിത്തീരും. വിഴുസംഭുജിച്ചവൻ ശ്വപ്നായിപ്പോകും. സ്ത്രീയെ തോളത്തുവെച്ചവൻ വളരെക്കാലം യമാലയത്തിൽ പാർക്കും; അവന്റെ ശിരസ്സിൽ എപ്പോഴും മലമൂത്രങ്ങളും വീണുകൊണ്ടിരിക്കുകയും ചെയ്യും. ഇങ്ങനെ ആ ദുരാത്മാവു് അനേകായിരം കൊല്ലം ചുമടു ചുമക്കും; പിന്നെ, രോമം എത്രയുണ്ടോ അത്രയുംകൊല്ലം രൗരവത്തിൽക്കിടക്കും. അനന്തരം പല കീടജന്മങ്ങളും കഴിഞ്ഞു മനുഷ്യത്വം കിട്ടിയാൽ, പൂർവ്വദുരിതംമൂലം കലഹത്തിലും ദുഃഖത്തിലുമകപ്പെടും. ഇങ്ങനെ മൂന്നു ജന്മം കഴിയണം, പാപമുക്തിവരാൻ. ആ ധൂർത്തസ്ത്രീയോ, നരകത്തിൽ കിടന്നു്, കാകപ്പിടയായി പിറന്നു് എച്ചിലും നാറിയതും തിന്നു്, മനുഷ്യജന്മത്തിൽ വിധവയായിത്തീരും. അന്ത്യജ, ംലേച്ഛ, പുലച്ചി എന്നിവരെ പുണർന്നവൻ രണ്ടും മൂന്നും നാലുമിരട്ടി പാപമനുഭവിക്കും. അമ്മയേയും ഗുരുപത്നിയേയും ബ്രാഹ്മണിയേയും രാജപത്നിയേയും മറ്റു പ്രഭോഗ്യയേയും ഗമിച്ചവൻ എന്നെന്നും നരകത്തിൽത്തന്നെ! ഭഗിനി, ഭാഗിനേയഭാര്യ, മകൾ, പുത്രഭാര്യ, അച്ഛന്റെ ഭാര്യ, അമ്മാമന്റെ ഭാര്യ, അച്ഛൻപെങ്ങൾ, മാതൃസോദരി മുതലായവരെ പ്രാപിച്ചവനു പ്രായശ്ചിത്തമില്ല; അവൻ ബ്രഹ്മഹത്യാനന്തരം കുരുടനും മൂകനും ബധിരനുമായിത്തീരും. സ്ത്രീകളോടു് ആഭാസം പറയുന്നതും നീക്കുപോക്കില്ലാത്ത ദുരിതം തന്നെ.'

നാരോത്തമൻ:—'ഭഗവൻ, ഈ പാപം പറഞ്ഞുപോയാൽ, എങ്ങനെ വീണ്ടും വിടുതി കിട്ടും? ശങ്കിക്കുന്നുണ്ടെയ്യാലും; എനിക്കു കേൾക്കണമെന്നുണ്ടു്.'

വിഷ്ണു:—'ഈ സ്ത്രീകളെ ഗമിച്ചവൻ, ചുട്ടുപഴുപ്പിച്ച ഇരുമ്പിൻപാവയെ പുണർന്നു പ്രാണത്യാഗംചെയ്യുന്നതുകൊണ്ടു പാപം വിട്ടു പരഗ

Digitized By Kerala Sahitya Akademi

തിയണയും. അല്ലെങ്കിൽ, ഗൃഹസ്ഥാശ്രമം വെടിഞ്ഞു ചിത്തം ഏകലുറപ്പിക്കുക; സദാ ഗോവിന്ദസ്മരണം ചെയ്താൽ എല്ലാ പാപങ്ങളും നീങ്ങും. പതിനായിരം ബ്രഹ്മഹത്യയും, നൂറായിരം ഗുരുതല്പഗമനവും, സുരപാനവും, കനകാടി മോഷണവും, പാപിസംസർഗ്ഗവും, മറ്റു വമ്പിച്ച പാതകങ്ങളും തിയ്യുകൊണ്ട് ഉണക്കപ്പുല്ലെന്നപോലെ ഉടനടി നശിച്ചുപോയ്ക്കൊള്ളും. എന്റെ ഗോവിന്ദനാമം സ്മരിച്ചാൽ മനുഷ്യന്നു മുക്തിവരും. ഗൃഹസ്ഥാശ്രമത്തിൽത്തന്നെ സ്ഥിതിചെയ്യു, പതിവായി ഗോവിന്ദനാമമുച്ചരിക്കുകയും പൂജിക്കുകയും ചെയ്യുവനും പാപത്തിൽനിന്നു കരയേറും. രമണീയമായ ഗംഗാതീരത്തുവച്ചു്, സൂര്യഗ്രഹണപുണ്യകാലത്തു് ഒരു കോടി ഗോക്കളെ ദാനംചെയ്യാലുള്ള തിലും ആയിരംമടങ്ങു ഫലം ഗോവിന്ദോച്ചാരണത്താൽ കൈവരും; എന്നെന്നും എന്റെ ലോകത്തു നിവാസവും ലഭിക്കും; വേണമെങ്കിൽ, ഭൂമിയിൽ ചക്രവർത്തിതവും കിട്ടും. പുരാണത്തിൽ എന്റെ ചരിതം ശ്രവിച്ചാൽ എന്റെ സാരൂപ്യം നേടും; പുരാണം വായിച്ചവൻ വിഷ്ണുസായുജ്യം പ്രാപിക്കും. അതിനാൽ പണിപ്പെട്ടും, ധർമ്മങ്ങളുടെ ഈടുവെപ്പാകുന്ന പുരാണം പതിവായി കേൾക്കുകയും കേൾപ്പിക്കുകയും ചെയ്യണം. സ്ത്രീഗമനദോഷത്തിന്നു വേറെയും പരിഹാരം പറയാം; ദ്വിജനന്ദന, ശരിക്കു കേട്ടുകൊൾക. എല്ലാ വിത്തുകളോടുംകൂടി ജലകലശം ഒരു ബ്രാഹ്മണന്നു പുണ്യദിവസത്തിൽ ദാനംചെയ്താൽ, അതിന്റെ മഹാഫലത്താൽ തൽക്ഷണം മുക്തിവരും. യഥാകാലം എല്ലാ ധാന്യാദികളും ബ്രാഹ്മണന്നു ദാനംചെയ്താൽ, പാപമൊക്കെയും വേർപെട്ടു് എന്നെന്നും സ്വർഗ്ഗമനുഭവിക്കാം.

പതിവ്രതയുടെ ഗുണവും പറഞ്ഞുതരാം. അവളുടെ വംശത്തിൽ മുക്തിയും സദാ ലക്ഷ്മീവിലയാട്ടവുമുണ്ടാകും. പതിവ്രതയായിട്ടുള്ളവൾ ഇരുവംശത്തിന്നും ഭർത്താവിന്നും തനിക്കും സ്വർഗ്ഗസുഖമുളവാക്കുന്നു. മുമ്പു തിന്മ ചെയ്തിട്ട്, പിന്നെ പരിവ്രതമാരായിരുന്നാൽ ആ സ്ത്രീകളും എന്റെ ലോകം പൂകും. ആറു മാസമോ ഒരു കൊല്ലമോ ഒന്നരക്കൊല്ലമോ പാതിവ്രത്യമനുഷ്ഠിച്ചാൽത്തന്നെ വിമുക്തി നേടി വിണ്ണണയാം. മദ്യപനോ ബ്രഹ്മഘ്നനോ പാപങ്ങളം തികഞ്ഞവൻതന്നെയോ ആയ ഭർത്താവിനെപ്പോലും പതിവ്രതയായ സ്ത്രീ ഉദ്ധരിത്തിൽനിന്നു സ്മരിച്ചു സ്വർഗ്ഗം പൂജിക്കുന്നു! ഭർത്താവു മരിച്ചാൽ കൂടെ മരിക്കുന്ന സ്ത്രീക്കു സ്വർഗ്ഗവാസം തീർച്ചതന്നെ. മനുഷ്യശരീരത്തിൽ മൂന്നരക്കോടി രോമമുണ്ടു്; അത്രയും കാലം സ്വർഗ്ഗത്തിൽ വസിക്കാം. ഭർത്താവോടൊന്നിച്ചു മരിച്ചാൽ, അവൾ രതിയെപ്പോലെ സുന്ദരിയായി, കന്ദർപ്പതുല്യനായ ക

Digitized By Kerala Sahitya Akademi

ണവനോട്ടുകൂടി, ഇന്ദ്രലോകത്തു് അറിയാത്ത സുഖമനുഭവിക്കും. ഭർത്താവു ദൂരത്തെങ്ങാനുംവെച്ചു മരിച്ചാൽ, അയാളുടെ അടയാളം കൈക്കൊണ്ടു തീയിൽ ചാടി മൃതിയടയുന്ന പതിവ്രത ഭർത്താവിന്റെ പാപത്തിൽ നിന്നു കരയേറി സ്വർഗ്ഗം പൂകും. എന്നാൽ ബ്രാഹ്മണസ്ത്രീ മൃതനായ ഭർത്താവിനെ അനുഗമിച്ചാൽ ആത്മഹത്യാദോഷം പറ്റും; അവർക്കും ഭർത്താവിനും സ്വർഗ്ഗം കിട്ടുകയില്ല. ബ്രാഹ്മണസ്ത്രീ ഭർത്താവോടൊന്നിച്ചു മരിക്കരുതു്; സന്ന്യസം ചെയ്യണമെന്നാണു് ബ്രഹ്മശാസനം. മരിച്ചാൽ ആത്മഹത്യ പറ്റും.

നരോത്തമൻ:—'എല്ലാജാതികളിലും മീതെയാണല്ലോ ബ്രാഹ്മണർ; പുണ്യവും അവരിൽത്തന്നെ. ഇതിലെന്തുകൊണ്ടാണു് വ്യത്യാസം?'

വിഷ്ണു:—'ബ്രാഹ്മണസ്ത്രീക്കു സാഹസകർമ്മം ഒരിക്കലും പാടില്ല. അവളെക്കൊണ്ടു് അനുമരണം ചെയ്യിച്ചാൽ ബ്രഹ്മഹത്യ നേരിടും. ബ്രാഹ്മണസ്ത്രീ വ്രതം ആചരിച്ചുകൊണ്ടാൽ മതി: ഒരുകൊല്ലം, അങ്ങാടിയിൽനിന്നു വാങ്ങുന്ന ആമിഷം (മാംസം, മാംസതുല്യപദാർത്ഥം) ഭുജിക്കരുതു്; എന്നാൽ അനേകം അശ്വമേധത്തിന്റെ ഫലം കിട്ടും. ഇഷ്ടദേവതയേ പൂജിക്കുക, ശ്രേഷ്ഠമായ വിഷ്ണുവ്രതം നോൽക്കുക, ഭർത്താവിന്നു നീരും പിണ്ഡവും സ്തുതിയും നൽകുക എന്നിവ ചെയ്താൽ, ആ സ്ത്രീ ഭർത്താവോടൊന്നിച്ചു നൂറുനൂറായിരം യുഗം വിഷ്ണുലോകത്തു വാഴും. മഹാവ്രതം അനുഷ്ഠിച്ച ബ്രാഹ്മണസ്ത്രീ ഇരുവംശങ്ങളിലേയും അനേകായിരം പേരെ നരകത്തിൽനിന്നു കേറ്റും. അതിനാൽ പുത്രസോദരാദികളോ വസുക്കളോ അവർക്കു വ്രതലോപം വരുത്തരുതു്. ഹരിവാസരത്തിൽ വിധവ വ്രതംകൊള്ളാതിരുന്നാൽ, പിന്നെയും പല ജന്മങ്ങളിൽ വൈധവ്യമനുഭവിക്കും. മത്സ്യമാംസങ്ങൾ ഭുജിക്കുകയും വ്രതം ത്യജിക്കുകയും ചെയ്ത വിധവ വളരെക്കാലം നരകത്തിൽക്കിടന്നു പട്ടിയായി ജനിക്കും. മൈഥുനം ചെയ്താൽ, ആ കുലം മുടിച്ചു ദുഷ്ടവിധവ നരകങ്ങളിൽ കഷ്ടപ്പെട്ടു്, പത്തുജന്മം കഴിഞ്ഞിൻപിടയായിപ്പിറക്കും; പിന്നെ രണ്ടു ജന്മം പെൺകുറുനരിയാകും; മനുഷ്യജന്മത്തിൽ ബാല്യവൈധവ്യം വന്നു ഭാസ്യത്തിലുമകപ്പെട്ടും.'

നരോത്തമൻ:—'സ്വാമിൻ, തിരുവുള്ളമുണ്ടെങ്കിൽ, കന്യകാദാനം ഭാസീദാനം എന്നിവയുടെ ഫലവും വിധിയും എനിക്കു പറഞ്ഞുതന്നാലും.'

Digitized By Kerala Sahitya Akademi

വിഷ്ണു:—സുരൂപനും ഗുണവാനും കുലീനനും വലിയ ധനികനുമായ യുവാവിനു കന്യകയെ സർവ്വാഭരണങ്ങളുമണിയിച്ചു ദാനം ചെയ്താൽ, സപത്നീകനായ ഭൂമിമുഴുവൻ നൽകപ്പെട്ടകഴിഞ്ഞു പശുതി ആഭരണങ്ങളണിയിച്ചു ദാനം ചെയ്താൽ പശുതിഫലവും, ആഭരണമണിയിക്കാതെ ദാനം ചെയ്താൽ നാലിലൊന്നുഫലവും കിട്ടും. പണം വാങ്ങി പെണ്ണിനെ കൊടുക്കുന്നവൻ നരകംപൂകും; മകളെ വിറ്റ മൂഢൻ നരകത്തിൽനിന്നു പോരുകയില്ല. പണം മോഹിച്ചു, ചേർച്ചയില്ലാത്തവനു പെണ്ണിനെ കൊടുത്തവൻ രൌരവനരകത്തിൽക്കിടന്നു, ചണ്ഡാലനായിപ്പിറക്കും. അതിനാൽ വരനോടു ദ്രവ്യം മനസ്സുകൊണ്ടും വാങ്ങാതെ വേണം, അഭിജ്ഞൻ കന്യകയെ കൊടുക്കാൻ; എന്നാൽ ആ ദാനം അക്ഷയമായിരിക്കും. ഭൂമി, ഗോവു്, സ്വർണ്ണം, വസ്ത്രം, ധനധാന്യങ്ങളം എന്നിവ ജാമാതാവിനു് സ്ത്രീധനമായി നൽകിയാൽ, അതെല്ലാം അക്ഷയമായിരിക്കും. വിവാഹസമയത്തു സഗോത്രരും പരഗോത്രരും സ്ത്രീധനം നൽകിയാൽ, അതുമെല്ലാം അക്ഷയമായിരിക്കും. ദാതാവു ദാനത്തെ സ്മരിക്കുകയും, പ്രതിഗ്രഹീതാവു യാചിക്കുകയും ചെയ്യരുതു; ചെയ്താൽ ഇരുവരും, കയറ്റ കുടംപോലെ, നരകത്തിൽ പതിച്ചുപോകും. തീച്ചയായും, സാതപികൻ സ്ത്രീധനം നൽകുകതന്നെ വേണം; നൽകാഞ്ഞാൽ നരകത്തിൽക്കിടന്നു, ദാസിയായി. പിറക്കും. ഏറെത്തിന്നുന്നവൻ, അതിദൂരസ്ഥൻ, വലിയ പണക്കാരൻ, പരമദരിദ്രൻ, കുലഹീനൻ, മൂർഖൻ എന്നീ ആറുപേക്കു് കന്യകയെ കൊടുക്കരുതു; അതിവൃദ്ധൻ, അതിഭീനൻ, രോഗി, തട്ടേശസ്ഥൻ, അതിക്രോധി, അസംതുഷ്ടൻ എന്നീ ആറുപേക്കും കന്യകയെ കൊടുക്കരുതു; ലോഭത്താലോ മാനംകരുതിയോ മാറാമായിട്ടോ ഇക്കൂട്ടുക്കു കന്യകയെ കൊടുത്തവൻ നരകത്തിൽ വീണുപോകും. പ്രിയപ്പെട്ട സുന്ദരിയായ യുവതിയെ ആഭരണമണിയിച്ചു കിടക്കയോടുകൂടി മുനിമാക്കു നൽകിയാൽ ഫലത്തിന്നവസാനമില്ല. കന്യക, യുവതി എന്നിവരെ നൽകിയാൽ ഫലം ഒന്നുതന്നെ; കന്യകയെ വരനും, യുവതിയെ ബ്രാഹ്മണനും നൽകുക. വിലയ്ക്കു വാങ്ങിയവളെ (ദാസിയെ)അക്ലിഷ്ടകർമ്മാവായ ധീരൻ ഭേവനു നൽകണം; എന്നാൽ അവൻ ഒരു കല്പം സ്വർഗ്ഗത്തിൽ വസിച്ചു, ഭൂമിയിൽ രാജാവായോ വലിയ ധനികനായോ വന്നു ജനിക്കും; ജന്മംതോറും വരവർണ്ണിനിയായ സൽഭാര്യയെ നേടുകയും ചെയ്യും.

ഈ ശ്രേഷ്ഠമായ പുണ്യോപാഖ്യാനം പതിവായി ശ്രവിക്കുന്നവൻ സർവ്വപാപനിർമ്മുക്തനായി, സർവ്വശാസ്ത്രാർത്ഥപാരഗനായി, എന്നെ

Digitized By Kerala Sahitya Akademi

ന്നം സ്വർഗ്ഗമനുഭവിക്കും; സ്ത്രീകൾക്കു പ്രിയപ്പെട്ടവനായും തീരും; ക്ഷത്രിയൻ വിജയം നേടി ലോകനാഥനായി വാഴും. ഇതു ശ്രവിച്ചാൽ പല ജന്മങ്ങളിലേയും പാപം നീങ്ങും; സൌഭാഗ്യവും നല്ല സ്ത്രീകളും കൈവരും.'

ശ്രീപത്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം, പഞ്ചോപാഖ്യാനപ്രകരണം, സ്ത്രീധർമ്മപ്രശംസാദികഥനം നാല്പത്തൊമ്പതാമദ്ധ്യായം.

:0:

അമ്പതാമദ്ധ്യായം

നരോത്തമൻ:—'ഭഗവൻ, ബലാധാരന്റെ ചരിതം നിസ്തുല്യമായ പ്രഭാവം എന്നിവയും ഒട്ടൊഴിയാതെ, തിരുവുള്ളംതെളിഞ്ഞരുളിച്ചെയ്താലും.'

വിഷ്ണു:—'സത്യം, ലോഭമില്ലായ്മ, നിർമ്മത്സരത എന്നിവയോടുകൂടി ആർ വില്ലുനടത്തുന്നവോ, അവൻ, ശ്രേഷ്ഠദക്ഷിണമായ യജ്ഞം നാൾതോറും നിറവേറ്റുന്നു! സത്യംകൊണ്ടത്രേ, സൂര്യൻ ദിക്കുന്നതും കാറു വീശുന്നതും സമുദ്രം കര കവിയാത്തതും കഠോര ഭൂമിയെത്താങ്ങുന്നതും; സത്യംകൊണ്ടത്രേ, പൃഥിവ്യാദി ലോകങ്ങളെല്ലാം നിലനിൽക്കുന്നത്. സത്യത്തിൽനിന്നു ഭ്രംശിച്ചവൻ തീച്ചയായും അധഃപതിച്ചുപോകും. വാക്കിലും കർമ്മത്തിലും സത്യം ആർക്കുണ്ടോ, അവൻ ഉടലോടെ സ്വർഗ്ഗം പുക്കു, എന്നെന്നും അവിടെത്തന്നെ വസിക്കും. സത്യത്താലാണു്, മുനിമാരെല്ലാം എന്നെന്നേയ്ക്കുമായി എന്നിൽ ചേർന്നു വാഴുന്നതു് സത്യത്താലാണു്, യുധിഷ്ഠിരനരേന്ദ്രൻ ഉടലോടെ സ്വർഗ്ഗമടഞ്ഞതു് അദ്ദേഹം ശത്രുക്കളെയെല്ലാം ജയിച്ചു്, ലോകം ധർമ്മത്തോടെ സംരക്ഷിച്ചു; ദുസ്സാധമായ രാജസൂയയാഗം വെട്ടിപ്പിൽക്കഴിച്ചു; നാൾതോറും എണ്ണത്തെണ്ണായിരം ബ്രാഹ്മണരെ തങ്കക്കിണ്ണങ്ങളിൽ ഊട്ടി, രാജോപകരണങ്ങളും ദാനംചെയ്തു യാത്രയാക്കിപ്പോന്നു; ആവശ്യപ്പെട്ടതിനു പുറമേയും ധനം നൽകി ദാരിദ്ര്യം തീരെത്തീർത്ത ബ്രാഹ്മണവൃന്ദത്തെ പിരിച്ചയച്ചിരുന്നുള്ളു. പതിനാറായിരം സ്നാതകർ അദ്ദേഹത്തിന്റെ ഗൃഹത്തിൽ പാർത്തിരുന്നു; അവരേയും അദ്ദേഹം പതിവായി ഊട്ടിപ്പോന്നു. ഇങ്ങനെ സത്യത്താൽ പ്രാണങ്ങളെ അനുഗ്രഹിച്ചു്, അദ്ദേഹം ലോകമെല്ലാം കീഴടക്കി. സത്യംമൂലം അസുരരാജാവായ മാബലി മഹേന്ദ്രനായി വാഴും; പാതാള

Digitized By Kerala Sahitya Akademi

വാസിയായ അദ്ദേഹത്തിന്റെ ഗൃഹത്തിൽ ഞാൻ പാർക്കുന്നുണ്ട്; ആ പുണ്യചരിതന്റെ മനസ്സിലും സദാ ഞാൻ പാർക്കുന്നുണ്ട്. അദ്ദേഹത്തെ ഞാൻ പണ്ടു ബന്ധിച്ചതു്, അസുരയോനിയിൽനിന്നു വേർപെടുത്തുന്നതിനാണ്; അദ്ദേഹത്തിനു് അമരത്വം ഞാൻ കൊടുത്തിരിക്കുന്നു; ഇന്ദ്രത്വവും കൊടുക്കും. സത്യംമൂലം, ഹരിശ്ചന്ദ്രനുപോലും വാഹനങ്ങളും വിഭവങ്ങളോടും കൂടി ഉടലോടെ സത്യലോകമണഞ്ഞു നിവരുന്നു. മറ്റും വളരെ രാജാക്കന്മാരും സിദ്ധമഹർഷിമാരും ജ്ഞാനികളും യജ്ഞാക്കളെപ്പോലും സത്യത്താൽ ഉന്നതലോകങ്ങളിൽ സ്ഥിവാസം നേടിയിരിക്കുന്നു. അതിനാൽ സത്യനിഷ്ഠയാലത്രെ, മഹാത്മാവായ തുലാധാരൻ ലോകത്തിൽ സംസാരം പോക്കാൻ സമർത്ഥനായതു്. സത്യവാദിതപംമൂലം അയാചകം തുല്യൻ ലോകത്തിലില്ല. *

..സത്യം സർവ്വം രക്ഷിച്ചുകൊള്ളുന്നു. ലംഘിച്ചുകൂടാത്തതാകുന്നു സത്യം. സത്യവചനത്താലാണ്, കാമധേനു സർവ്വരേയും ഉദ്ധരിച്ചു് അക്ഷയസ്വർഗ്ഗം പ്രാപിച്ചതു്. ആ വിധം, ഒരിക്കലും നുണ പറയാത്ത സാക്ഷിയാണ് തുലാധാരൻ: വിലയേറിയതായാലും, വില കുറഞ്ഞതായാലും, ക്രയവിക്രയങ്ങളിൽ സത്യമേ ആ ധീമാൻ പറകയുള്ളൂ. വിശേഷിച്ചും സാക്ഷി സത്യം പറഞ്ഞാൽ എന്നെന്നും സ്വർഗ്ഗത്തിൽ വാഴാം. വാദി സഭയിൽ സത്യമേ പറയൂ എങ്കിൽ, അയാൾ യജ്ഞാദികർമ്മംകൊണ്ടും കിട്ടാത്ത ബ്രഹ്മമന്ദിരത്തിൽ ചെന്നു ചേരും. സഭയിൽ സത്യം പറഞ്ഞവൻ ആയിരം അശ്വമേധത്തിന്റെ ഫലം നേടും; ലോഭത്താലും ദ്വേഷത്താലും നുണ പറഞ്ഞവൻ രൌരവനരകം പൂകും. സർവ്വർക്കും സാക്ഷിയാണ് തുലാധാരൻ. ജനങ്ങളിൽ വെച്ചു സ്ഥൈര്യശാലിയായ അയാൾ, വിശേഷിച്ചും ലോഭമില്ലായ്മയാൽ, സ്വർഗ്ഗത്തിൽ നിർജ്ജരനായി വസിക്കും.

ഒരു മഹാഭോഗനായ ശൂദ്രൻ ഉണ്ടായിരുന്നു: അയാൾക്ക് ഒരിക്കലും ലോഭം തോന്നാറില്ല. ശാകമോ കൊഴിഞ്ഞുകിടക്കുന്ന ധാന്യമോ ഭക്ഷിച്ചു്, തുലോം കഷ്ടപ്പെട്ടാണ് അയാൾ ദിവസം കഴിച്ചിരുന്നതു്. അരയിലും തോളത്തും ഓരോ കീറവസ്ത്രം ധരിച്ചുപോന്നു; യാതൊന്നും കിട്ടാഞ്ഞാലും, പരസ്വം എടുക്കുകയില്ല. ഞാൻ അയാളെ പരീക്ഷിപ്പാനായി, രണ്ടു വസ്ത്രം നടുവീരത്തു് ഒരു കോണിൽ കൊണ്ടുവെച്ചു മറഞ്ഞു നിന്നു. വസ്ത്രങ്ങളും അയാൾ കണ്ടുവെങ്കിലും, എടുക്കാൻ അയാൾക്കു തോന്നിയില്ല; അന്യന്റേതായി കരുതി, എടുക്കാതെ സ്വഗൃ

* മുൻ കഴിഞ്ഞതാകയാൽ ഒരു ശ്ലോകം വിട്ടു.

Digitized By Kerala Sahitya Akademi

ഥത്തിലേയ്ക്കു പോയി. അപ്പോഥം ഞാൻ, ഇതു നിസ്സാരമാണല്ലൊ എന്നു വെച്ചു്, സ്വർണ്ണം നിറച്ച ഒരു ചെമ്പുപാത്രം അവിടെത്തന്നെ—കീകടത്തിൽ, നദീതീരത്തു്, വിജനമായ ഒരു കോണിൽ—കൊണ്ടുവെച്ചു. ശ്രുദ്ധൻ അവിടെ വന്നപ്പോഥം, ആ അത്ഭുതപദാർത്ഥം കണ്ടു. 'വേണ്ടാ; ഇതൊരു കൃത്രിമപ്പണിയാണെന്നു തോന്നുന്നു. എടുത്തുപോയാൽ എന്റെ അലോഭം നശിച്ചു! സൂക്ഷിച്ചുവെച്ചാൽ, ഇതു് അഹംകാരത്തെ ഉപ്പാദിപ്പിക്കും. ലാഭം ലോഭത്തെ ഉണ്ടാക്കിത്തീർക്കുന്നു; ലോഭം ബാധിച്ചാലോ, എന്നെന്നും നരകംതന്നെ! ആവശ്യമില്ലാതെ ധനം വീട്ടിലിരുന്നാൽ, എന്റെ ഭാര്യാപുത്രന്മാർക്കു ഗർവ്വുണ്ടായിവരും; ഗർവ്വിനാൽ തൃഷ്ണ പിടിപെട്ട മതിമറിവു വന്നുചേരും; മതിമറിഞ്ഞാൽ മോഹവും അഹങ്കാരവും ക്രോധവും ലോഭവും വന്നൊത്തും; അവ വർദ്ധിച്ചാൽ തപസ്സു ക്ഷയിക്കുകയായി; തപസ്സു ക്ഷയിച്ചാൽ, മനസ്സിനെ മയക്കുന്ന കല്മഷങ്ങളും പറ്റും; ആ ചണ്ഡാലകളുടെ കൈയ്യിൽപെട്ടവന്ന് ഉത്തർഗതിയില്ലതാനും!' എന്നിങ്ങനെ വിചാരിച്ചു് എടുക്കാതെതന്നെ അയാൾ നടകൊണ്ടു. അപ്പോൾ, ആകാശസ്ഥരായ ദേവകൾ വീണ്ടും വീണ്ടും സാധുവാദം മുഴക്കി.

ഞാൻ ഒരു ഭിക്ഷുവിന്റെ വേഷംധരിച്ചു് ശ്രുദ്ധന്റെ അയൽവീട്ടിൽ ചെന്നു്, ഭൂതഭവൽഭവിഷ്യത്തുകൾ പറയാൻതുടങ്ങി. എന്റെ ജ്യോതിഷംപറയൽ കേട്ടു് ആളുകൾ വളരെക്കൂടി. അക്കൂട്ടത്തിൽ ശ്രുദ്ധന്റെ ഭാര്യയും വന്നു ഭൂതഭാവിഭങ്ങൾ ചോദിച്ചു. ഉടനെ ഞാൻ കരുതിവെച്ചിരുന്നതു് അവളോടു പതുക്കെ പറഞ്ഞു: 'മഹാഭാഗേ, ഭർത്തിയുടെ ഭർത്താവു്, ഇന്നു ദൈവം കൊടുത്തതിനെ മൂഢനെന്നപോലെ പരിത്യജിച്ചുകളഞ്ഞു; അതിനാൽ ഭവതിക്കു മേലിൽ ധനമുണ്ടാകില്ല. തീർച്ചയായും മരിക്കുന്നതുവരെ ദാരിദ്ര്യം അനുഭവിക്കേണ്ടതാണു്! അമ്മേ, വീട്ടിൽചെന്നു് അയാളോടു ചോദിക്കൂ, എന്തേ വ്യാജം കാണിച്ചതെന്നു്.' ഈ സദ്വചനം കേട്ടു് അവൾ ഭർത്താവിന്റെ അടുക്കൽ പോയി, അയാളെ ശകാരിച്ചു. അയാൾ അത്ഭുതപ്പെട്ടു് അവളോടിക്കൂടി എന്റെ അടുക്കൽ വന്നു്, 'ക്ഷപണക, പറയൂ' എന്നു പതുക്കെ ആവശ്യപ്പെട്ടു. ഞാൻ പറഞ്ഞു:—'കണ്ടെത്തിയ വിത്തദ്രവ്യം ഭവാൻ പുല്ലുപോലെ തള്ളിക്കളഞ്ഞില്ലയോ; അതിനാൽ ഭവാനു നിർബ്ബന്ധമായ ഭോഗ്യം കൈവരികയില്ല. ഐശ്വര്യവും ശൌര്യവും ശ്രേയസ്സും ക്ഷയിക്കയേ ഉള്ളൂ. മരണംവരെ, സ്വന്തം ബന്ധുക്കൾ വല്ലാതെ കഷ്ടപ്പെട്ടു ചാവുന്നതു ഭവാൻ കാണേണ്ടിവരും! അതുകയാൽ അതു് വേഗ

Digitized By Kerala Sahitya Akademi

ത്തിൽ എടുത്തുകൊൾക; ലോകം വിസ്മയിക്കുമാറു നിർബാധമായ ഭോഗ്യവും നിസ്തുലമായ ഐശ്വര്യവും ശൗര്യവും നേടിക്കൊള്ളുക.'

ശൂദ്രൻ:—'എനിക്കു വിത്തത്തിൽ ആഗ്രഹമില്ല: സംസാരത്തിൽ കടിക്കുന്നോ വലയാണു് ധനം; അതിൽ പെട്ടുപോയാൽ മനുഷ്യനു വിടുതിയില്ല. ധനംകൊണ്ടു് ഇഹത്തിലും പരത്തിലും ദോഷമേ ഉള്ളൂ. ചോരരേയും ജ്ഞാതികളേയും രാജാക്കന്മാരേയും കവർച്ചക്കാരേയും പേടിക്കണം. മനുഷ്യരും മൃഗങ്ങളും പക്ഷികളും മത്സ്യങ്ങളുമൊക്കെ ഹിംസിക്കാൻ നോക്കുന്നു. എങ്ങിനെയാണു ധനവാന്മാക്കു വിത്തത്താൽ സുഖമുണ്ടാവുക? ധനം പ്രാണനാശം വരുത്തുന്നു; പാപം ശേഖരിക്കുന്നു. കാലാദികൾക്കു പ്രിയപ്പെട്ട പാപ്പിടവും, ഒട്ടുതിക്കു് ആദികാരണവുമത്രേ ധനം.'

ഞാൻ:—'ധനമുണ്ടെങ്കിലേ നിത്യങ്ങളുള്ളൂ; ധനമുണ്ടെങ്കിലേ, ബന്ധുക്കളും കലവും ശീലവും പാണ്ഡിത്യവും അഴകും ഭോഗ്യവും യശസ്സും സുഖവുമുള്ളൂ. ധനഹീനനെ ഭാര്യാപുത്രന്മാർക്കുടി ത്യജിക്കും. ദരിദ്രക്കു സുഹൃത്തെങ്ങിനെ? ധർമ്മമെങ്ങിനെ? യജ്ഞകർമ്മമെങ്ങിനെ? തീർത്ഥയാത്രയെങ്ങിനെ? സ്വർഗ്ഗത്തിലേയ്ക്കുള്ള സോപാനമായ ദാനവും നിർദ്ധനന്നു സാധിക്കുകയില്ല; വ്രതസംരക്ഷണം, ധർമ്മാദി ശ്രവണം, പിതൃയജ്ഞം മുതലായതും ദരിദ്രന്നു സാധിക്കുകയില്ല; രോഗശാന്തിക്കുതക്ക മരുന്നുകൾ ശേഖരിക്കുക, ശരീരം രക്ഷിക്കുക, ശത്രുക്കളെ ജയിക്കുക എന്നിവയും അങ്ങിനെതന്നെ. പണമുണ്ടെങ്കിലേ സ്ത്രീകളുടെ കഥപോലും കേൾക്കൂ! ഇന്നലെയും ഇന്നും നാളെയും പുണ്യസിദ്ധി ധനത്താൽതന്നെ. ധനം ധാരാളമുണ്ടായാൽ, യഥേഷ്ടം സുഖിക്കാം; ദാനംകൊണ്ടു സ്വർഗ്ഗവും താമസിയാതെ നേടാം.'

ശൂദ്രൻ:—'കാമമില്ലാഞ്ഞാൽ എല്ലാ വ്രതവുമായി; ക്രോധമില്ലാഞ്ഞാൽ മികച്ച തീർത്ഥസ്നാനമായി; ഭയ മന്ത്രുത്തിനൊക്കും; സന്തോഷംതന്നെ പരിശുദ്ധമായ ധനം! അഹിംസയത്രേ പരമസിദ്ധി; ഉഞ്ഛവൃത്തിയാണു് ഉത്തമം; ശാകഭക്ഷണം അമൃതിനൊക്കും; ഉപവാസം ഉൽകൃഷ്ടതപസ്സാകുന്നു! സന്തോഷമാണു് എനിക്കു വമ്പിച്ച ഭോഗ്യം; കവിടിയാണു് കനത്ത ദാനം; പരസ്ത്രീയെ അമ്മയായും പാമ്പായും, പരസ്വത്തെ മൺകട്ടയായും കരുതുക എന്നതു യാതൊന്നോ, അതുതന്നെയാണു് എനിക്കു് എല്ലാ യജ്ഞവും! അതിനാൽ, ഗുണനിധേ, തീർച്ചയായും ഞാൻ അതു കൈക്കൊൾകയില്ല: കഴിക്കുകയല്ല, വിളിപറയാതെ നോക്കുകയാണു് ഉത്തമം.'

Digitized By Kerala Sahitya Akademi

ഈവിധം പറഞ്ഞപ്പോഴെയ്ക്കും, അയാളുടെ സമീപത്തും ശിരസ്സിലും, ദേവകളാൽ ചൊരിയപ്പെട്ട പൂമഴ പൊഴിഞ്ഞു; വിണ്ണവപ്പെരുംപറ മുഴങ്ങി; അപ്സരസ്ത്രീകൾ നൃത്തംവെച്ചു; ഗന്ധർവത്തലവന്മാർ പാട്ടുപാടി; വാനിൽനിന്ന് ഒരു വിമാനവും വന്നെത്തി. ദേവവൃന്ദങ്ങൾ ശൂദ്രനോടു പറഞ്ഞു:—'ഭവാൻ ഈ വിമാനത്തിൽ കേറുക; സത്യലോകം പ്രാപിച്ചു്, ഇന്ദ്രനെപ്പോലെ ഭോഗം ഭുജിച്ചുകൊള്ളുക. ധർമ്മിഷ്ഠ, ഭവാന്റെ ഭോഗകാലത്തിന്നു സംഖ്യയില്ലതന്നെ!' അയാൾ ദേവന്മാരോടു ചോദിച്ചു:—'ഈ ഭിക്ഷുവിന്റെ അറിവും പ്രവൃത്തിയും വാക്കും എങ്ങിനെ? ഇദ്ദേഹം ബ്രഹ്മാവോ, വിഷ്ണുവോ, മഹേശ്വരനോ, ഇന്ദ്രനോ, ബൃഹസ്പതിയോ? അല്ല, എന്നെ പരീക്ഷിപ്പാൻ വന്ന സാക്ഷാൽ ധർമ്മം തന്നെയോ?' അപ്പോൾ ഭിക്ഷുവായിരുന്ന ഞാൻ പുഞ്ചിരിക്കൊണ്ടു പറഞ്ഞു:—'നിങ്ങളുടെ ധർമ്മം അറിയാൻ വേണ്ടി വന്നുചേർന്ന വിഷ്ണുവാണ് ഞാൻ. മഹാമുനേ, ഭവാൻ കുടുംബത്തോടൊന്നിച്ചു വിമാനമേറി വിണ്ണിലേയ്ക്കു പോയ്ക്കൊൾക. എന്റെ പ്രസാദത്താൽ, നിങ്ങൾക്ക് എന്നെന്നും നവയൌവനവും അനന്തഭോഗ്യങ്ങളും ലഭിക്കും.' ആ ശൂദ്രനും അയാളുടെ ബന്ധുജനങ്ങളും അപ്പോൾത്തന്നെ ദിവ്യാഭരണങ്ങളണിഞ്ഞു ദിവ്യവസ്ത്രങ്ങളും ധരിച്ചു നാകത്തിലേയ്ക്കു നടകൊണ്ടു.

ദ്വിജശ്രേഷ്ഠ, ലോഭമില്ലായ്കയാലാണ്, അവരെല്ലാം, സപ്തർഷിമണ്ഡലത്തു്. ആ വിധം സത്യധർമ്മനിഷ്ഠയുള്ളവനാകുന്ന ധീമാനായ തുലാധാരൻ; അതുകൊണ്ടാണ് അയാൾ മറുനാട്ടിൽവെച്ചു നടന്നതറിയുന്നതു്. തുലാധാരനെപ്പോലെ സുരലോകത്തിൽ എന്നെന്നും വാഴുന്നവൻ ഇല്ലതന്നെ! അതിനാൽ, ദ്രുമേ, ഭവാനും ശമം നേടി സപ്തർഷിപൂകിക്കൊൾക. ഇതു ശ്രവിക്കുന്നവൻ സർവധർമ്മങ്ങളിലും നിഷ്ഠയുള്ളവനാകും; അനേകജന്മങ്ങളിലെ പാപങ്ങളിൽനിന്നു തൽക്ഷണം വേർപെടും. ജനങ്ങളുടെ മദ്ധ്യത്തിൽവെച്ചു് ഇതൊരിക്കൽ വായിച്ചവൻ സർവയജ്ഞഫലം നേടി, ദേവകളാൽ പൂജിക്കപ്പെടും.

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യ സംവാദം, പാഞ്ചോപ്യാനപ്രകരണം, അജോദ്ധ്യാമാഹാത്മ്യം അന്പത്തഞ്ചാമദ്ധ്യായം.

——:o:——

Digitized By Kerala Sahitya Akademi

അമ്പത്തൊന്നാമദ്ധ്യായം

വിഷ്ണു:—'അദ്രോഹകന്റെ അസാധാരണമായ മാഹാത്മ്യം ഞാൻ പറഞ്ഞുവല്ലോ: ഒരേ ശയ്യയിൽ ശയിക്കുന്ന സുന്ദരിയെപ്പോലും അയാൾ ആഗ്രഹിക്കുകയുണ്ടായില്ല; അതിനാൽ സർവ്വവിജയിയായിത്തീർന്നു. ജ്ഞാനികൾക്കും മുനിമാർക്കും ബ്രഹ്മവാദികൾക്കും ദേവാസുര മനുഷ്യർക്കും പക്ഷിപക്ഷികൾക്കും സാധിക്കാവുന്നതല്ല അത്ര് സ്വതേ വിഷമമായ കാമനെ തടുപ്പാൻ അദ്രോഹകനല്ലാതെ മറേറതൊരുത്തൻ സമർത്ഥനാകും? അതിനാൽ അദ്രോഹകൻതന്നെ സംസാരത്തെ ജയിച്ചവൻ! അഹല്യയെ അപഹരിച്ചതിനാൽ ഇന്ദ്രന്ന് ആയിരം ഭഗങ്ങളുണ്ടായതും, പിന്നീട് ദേവീപ്രസാദത്താൽ അവ കണ്ണുകളായിത്തീർന്നതും, ചരാചരങ്ങളടങ്ങിപ്പെട്ട ലോകം മൂന്നിലും പ്രസിദ്ധമാണല്ലോ.'

നരോത്തമൻ:—'സ്വാമിൻ, അമരപ്രഭുവാം ഇന്ദ്രൻ അഹല്യയെ അപഹരിച്ചതെങ്ങിനെയാണ്? ആ നഗാങ്കൻ ഭഗാങ്കനായിട്ട് സഹസ്രാക്ഷനായിത്തീർന്നതെങ്ങിനെ? ദേവന്നുപറ്റിയ ഈ ദോഷം ശരിക്കു കേൾക്കണമെന്നുണ്ട്.'

വിഷ്ണു:— 'പണ്ട് ബ്രഹ്മാവിന്റെ മനസ്സിൽനിന്ന് ഒരു പെൺകിടാവുണ്ടായി. അവളെ ആ മഹാത്മാവു സസന്തോഷം ലോകപാലന്മാരുടെ മുമ്പിൽവെച്ചു ഗൌതമന്നു കൊടുത്തു. ലോകപാലന്മാർക്കെല്ലാം അവളിൽ കാമം തോന്നിയിരുന്നു; ഇന്ദ്രനാകട്ടേ, ആ മോഹം മനസ്സിൽ ഒരു ശല്യംപോലെ തറഞ്ഞുനിന്നു: 'ഈ അഴകേറിയ സ്ത്രീരത്നത്തെ ലോകപാലന്മാരിലാർക്കുമല്ലാതെ ഒരു ബ്രാഹ്മണന്നു കൊടുത്തുകളഞ്ഞുവല്ലോ; എന്തുചെയ്യും! അവർക്കു യൌവനമായപ്പോൾ, അതിസുന്ദരമായ ആ സ്വരൂപം കണ്ടിട്ട് മഘേന്ദ്രൻ മായയാൽ ഗൌതമന്റെ ശിഷ്യനായിക്കൂടി. ഒരുനാൾ ഗൌതമൻ സ്നാനത്തിന്നു പുഷ്കരത്തിലേയ്ക്കു പോയി; സാധ്വിയായ ഭാര്യയോ, ഗൃഹമടിച്ചുതളിച്ച്, ദേവപൂജ വൈശ്വദേവം ഹോമം മുതലായവയ്ക്കു വേണ്ടതെല്ലാം ഒരുക്കുകയായിരുന്നു. ആ തക്കത്തിൽ മഘവാവു മഹർഷിയുടെ രൂപം ധരിച്ചു പർണ്ണശാലയിൽ കടന്നുചെന്നു. ഭർത്താവിനെക്കണ്ടപ്പോൾ പതിവ്രത ഏറേറവും ഭക്തിയോടേ പൂജാദ്രവ്യങ്ങൾ ദേവസന്നിധിയിൽ കൊണ്ടുവെപ്പാൻതുടങ്ങി. അപ്പോൾ, മുനിവേഷം ധരിച്ച മഘേന്ദ്രൻ അവളോട് ദീനനായി അപേക്ഷിച്ചു:—'സുന്ദരി, ഞാൻ കന്ദർപ്പന്നടിപെട്ട

Digitized By Kerala Sahitya Akademi

രിക്കുന്നു; എന്നെ ചുംബിക്കുകയും മറവും ചെയ്താലും.' അവൾ ലജ്ജിച്ചുരിയാടി: —'നാഥ, ഭവാൻ ദേവകാര്യവും മറവും വെടിഞ്ഞു് ഈ വിധം പറയരുതേ. ധർമ്മജ്ഞ, പുണ്യനിശ്ചയമെല്ലാം ഇവിടെയുണ്ടറിയാം. രമിപ്പാനുള്ള അവസരമല്ലല്ലോ ഇതു്.' ആ സുവാംഗസുന്ദരിയെ കണ്ടിട്ട കാമതാപം മൂഴത്ത ദേവേന്ദ്രൻ വീണ്ടും ഉരചെയ്തു:—'ഓമനേ, അങ്ങിനെ പറയരുതു്. എനിക്കു കാമം വളരുന്നു. കായ്മോ അകായ്മോ, ഭർത്താവാശ്രപ്പെട്ടതു യാതൊരുവൾ ചെയ്യുന്നവോ, അവളത്രേ പതിവ്രത; ഭർത്തൃശാസനത്തെ, വിശേഷിച്ചും സംഭോഗത്തിൽ, ലംഘിക്കുന്നവളാകട്ടെ, പുണ്യം നശിച്ചു ദുർഗ്ഗതിയടഞ്ഞുപോകും.' അഹല്യ ചോദിച്ചു:—'മുനീന്ദ്ര, ദേവപൂജയും മറവു നിത്യകർമ്മങ്ങളും ചെയ്യാനുണ്ടല്ലോ; ഇന്നെന്താണു് മറിച്ചു്?' ഉടനേ, സഹസ്രാക്ഷൻ സാധിയേറ്റു, 'നീ എന്നെ കെട്ടിപ്പുണർന്നാലും; ഉള്ളിൽ യേംവേണ്ട: നിത്യകർമ്മം ഞാൻ കഴിച്ചുകൊള്ളാം' എന്നിങ്ങനെ കഥിച്ചു്, അവളെ കടന്നാലിംഗനംചെയ്തു് അഭീഷ്ടപൂർത്തി വരുത്തി.

അപ്പോഴെയ്ക്കും മഹർഷി ധ്യാനത്താൽ ശക്രന്റെ ചേഷ്ടിതമറിഞ്ഞ ക്ഷണത്തിൽ വാതിൽക്കൽ വന്നെത്തി. അദ്ദേഹത്തെ കണ്ട ദേവേന്ദ്രൻ ഒരു പൂച്ചയുടെ വടിവെടുത്തു പുറത്തേയ്ക്കു കടന്നു. അപ്പോഴം മുനി ചോദിച്ചു:—'മാർജ്ജാരരൂപം ധരിച്ചിരിക്കുന്ന നീ ആരാണു്?' മഘവാവു പേടിച്ചു മഹർഷിയുടെ മുമ്പിൽ തൊഴുതുനില്പായി. താപസേന്ദ്രനു കോപം വളർന്നു. 'എടാ മഹാപാപി, നീ ഭോഗത്തിനുവേണ്ടിയാണല്ലോ, ഈ കള്ളത്തരം ചെയ്തതു്; അതിനാൽ നിനക്കു ശരീരത്തിൽ ആയിരം ഭഗങ്ങളും ഉണ്ടായിവരട്ടേ! ലിംഗം വീണുപോകട്ടെ. പോ, എന്റെ മുമ്പിൽനിന്നു ദേവലോകത്തേയ്ക്കു്; ദേവകളും മഹർഷിമാരും മനുഷ്യരും സിദ്ധരും ഭൂജഗരും കാണട്ടേ!' എന്നുച്ചരിച്ചിട്ടു് അദ്ദേഹം ആ കരയുന്ന പതിവ്രതയോടു ചോദിച്ചു:—'എന്തുകൊണ്ടാണു്, ഈ ഘോരകൃത്യം നീ ചെയ്യുകളഞ്ഞതു്?' അവൾ ഭയപ്പെട്ട വിറച്ചും കൊണ്ടുണർത്തിച്ചു:—'സ്വാമിൻ, അറിയാതെ പറ്റിപ്പോയതാണു്; ഇവിടുന്നു ക്ഷമിക്കുമാറാകണം!'

മഹർഷി:—'പരസംപർക്കംമൂലം നിനക്കു് അശുദ്ധിയും പാപവും വന്നുകൂടിയിരിക്കുന്നു; അതിനാൽ നീ എല്ലും തൊലിയും മാത്രമായി, മാംസമില്ലാതെ, നഖങ്ങളുമില്ലാതെ, വളരെക്കാലം ഒറയ്ക്കു നില്ക്കുക. പുരുഷന്മാരും സ്ത്രീകളും കാണട്ടെ!'

അവൾ സങ്കടത്തോടേ, 'ശാപത്തിനു് അവധിവെച്ചാലും' എന്നപേക്ഷിച്ചു. അതിൽ കനിവു തോന്നി, കണ്ണുകരം നനഞ്ഞ ഒഗൗത

Digitized By Kerala Sahitya Akademi

മൻ കഥിച്ചു:—'വിഷ്ണുതന്നെയായ ദശരഥപുത്രൻ, ശ്രീരാമൻ, സീതാലക്ഷ്മണന്മാരൊന്നിച്ചു കാട്ടിൽ വരുന്നോരം, മാഴ്കി വരണ്ടു വഴിയിൽ നിൽക്കുന്ന നിന്നെ കണ്ടെന്നും; ഉടനെ അവിടുന്നു പുഞ്ചിരിക്കൊണ്ടു വസിഷ്ഠനോടു ചോദിക്കും:—'ബ്രഹ്മൻ, ഈ അന്ധിമയമായ ശ്രുഷ്കരൂപം ഏതാണ്? ഈ മാതിരി അസാധാരണസ്ത്രീരൂപം ഞാൻ മുമ്പു കണ്ടിട്ടില്ല.' അപ്പോൾ, വസിഷ്ഠൻ, മനുഷ്യരൂപം ധരിച്ച വിഷ്ണുവായ ശ്രീരാമനോടു നടന്നതെല്ലാം പറയും; അതു കേട്ട് ആ ധർമ്മജ്ഞൻ, 'ഇവൾ സ്ത്രീയല്ല ഇതിൽ തെറ്റുകാരി; ഇന്ദ്രനാണ് തെറ്റുകാരൻ' എന്നഭിപ്രായപ്പെടും; അതോടുകൂടി, നീ ജ്വലിപ്പിച്ചതപോരൂപം വെടിഞ്ഞു ദിവ്യരൂപം നേടി എന്റെ ഗൃഹത്തിലേയ്ക്കു പോരും.' ഗൗതമൻ അഹല്യയെ ശപിച്ചിട്ട്, തപസ്സുചെയ്യാൻ കാട്ടിലേയ്ക്കു ഗമിച്ചു. അവൾ അതിൻവണ്ണംതന്നെ വരണ്ടുണങ്ങി വഴിയിൽ നില്ക്കുകയും, രാമവചനത്താൽ വീണ്ടും ഗൗതമനോടു ചേരുകയും ചെയ്തു. ഗൗതമൻ അവളൊന്നിച്ച് ഇപ്പോഴും സ്വർഗ്ഗത്തിൽ വസിക്കുന്നു.

ഇന്ദ്രനാകട്ടെ, നാണിച്ചു വളരെക്കാലം വെള്ളത്തിന്നുള്ളിൽ സ്ഥിതിചെയ്ത് ഇന്ദ്രാക്ഷിദേവിയെ സ്തുതിച്ചു. സ്തുതിയാൽ പ്രസാദിച്ച ദേവി പ്രത്യക്ഷീഭവിച്ച്, 'വരംവാങ്ങിക്കൊൾക' എന്നരുളിച്ചെയ്തു. അപ്പോൾ, പരപുരഞ്ജയനായ പുരന്ദരൻ അപേക്ഷിച്ചു:—'ദേവിയുടെ പ്രസാദത്താൽ, ഞാൻ, മുനിശാപത്താൽ സംഭവിച്ച വൈരൂപ്യം വിട്ട്, മുമ്പത്തെപ്പോലെ ദേവരാജ്യം നേടുമാറാകണം!' ദേവി കഥിച്ചു:—'സുരേന്ദ്ര, മുനിശാപത്താൽ സംഭവിച്ച ദോഷം നീക്കാൻ ബ്രഹ്മാദികൾക്കോ എനിക്കോ ശക്തിയില്ല; പക്ഷേ അതുകൾ അറിയാതിരിപ്പാൻ ഞാനൊരു നിവൃത്തിയുണ്ടാക്കാം: ഭവാന്റെ യോനികളിലെല്ലാം കണ്ണുകൾ ഉണ്ടായിവരും; തന്മൂലം ഭവാൻ സഹസ്രാക്ഷനെന്ന വിളിപ്പെട്ടു സ്വർഗ്ഗം വാഴും. ആങ്ങയുടെ ലിംഗം, ആടിന്റെ അണ്ഡങ്ങളോടുകൂടിയതായും തീരും.' ഈ വിധം വരം കൊടുത്തു ജഗന്മാതാവു് അവിടെത്തന്നെ മറഞ്ഞു. ശക്രൻ ഇന്നും ത്രിദശരാൽ പൂജിക്കപ്പെട്ടു സ്വർഗ്ഗത്തിൽ വാഴുന്നു. ദ്വിജനന്ദന, ഈയൊരവസ്ഥയാണ് ഇന്ദ്രന്നു് കാമത്താൽ പിണഞ്ഞതു്!"

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം, പഞ്ചോപാഖ്യാനപ്രകരണം, അഹല്യാശാപകഥനം അമ്പത്തൊന്നാമധ്യായം

—— :0: ——

Digitized By Kerala Sahitya Akademi

അഷ്ടാദശതമോദ്ധ്യായം

വിഷ്ണു:—"കാമാവേശത്തെപ്പറ്റി, വേറെയൊന്നുകൂടി പറയാം:

പണ്ട് ഗംഗാതീരത്ത് ഒരു പരമഹംസബ്രാഹ്മണൻ ഉണ്ടായിരുന്നു. അയാൾ അനേകായിരം ദ്വിജന്മാർക്ക് ശാന്തിയുപദേശിച്ചും, ഏകദണ്ഡധാരിയായും, ഭൂമിയെത്താങ്ങുന്ന ആദിക്രമ്മമൊ എന്നു തോന്നുംവണ്ണം, ഏകാകിയായി ഒരു ദേവാലയത്തിൽ താമസിച്ചുപോന്നു. അന്നൊരുനാൾ വൈകുന്നേരം, ഒരു സുന്ദരിയായ തരുണി അവിടെ വന്നെത്തി; അവൾ തേരുഗൃഹത്തിൽ നിന്ന് മറെറാരു ഗൃഹത്തിലേയ്ക്കു പോകയായിരുന്നു. അവളെ കണ്ടതോടുകൂടി, ബ്രാഹ്മണൻ മദനാതുരനായിപ്പോയി! അയാൾ അവളെ ഒരു മുറിക്കുള്ളിലാക്കി വാതിലടച്ച്, രാത്രിസമയം കാത്തിരുന്നു. അവളാകട്ടേ, വാതിൽ തഴതിട്ടു പിടിച്ച്, ബ്രാഹ്മണനകത്തു കടക്കാൻ വയ്യാതാക്കി. ആ വരാരോഹയെത്തന്നെ ചിന്തിച്ചു ധ്യാനത്തിലിരുന്ന ബ്രാഹ്മണൻ, രാത്രിയായപ്പോൾ, 'എങ്ങിനെ വാതിൽ തുറക്കേണ്ടു' എന്നാലോചിക്കുകയായി. ഒടുവിൽ അവളോടപേക്ഷിപ്പാൻ തുടങ്ങി:—'ഓമനേ, വാതിൽ തുറക്കു. നിന്നാവു് നിനക്കു വശപ്പെട്ടാം; നിന്നെ സ്നേഹിക്കുകയും ചെയ്യും.' ആ കാമക്കൊതിയനായ മൊട്ടക്കിഴവനോടു സുന്ദരി മറുപടി പറഞ്ഞു:—'താത, അരുതാതതു ഭവാൻ പറയരുതേ!' അപ്പോൾ ഗേവാൻ കഥിച്ചു:—'ഭദ്രേ, എന്നെ പക്കൽ വളരെ ധനമുണ്ടു്. അതൊക്കെ നിനക്കു തരാം. വാതിൽ തുറക്കുക.' അവൾ വീണ്ടും പറഞ്ഞു:—'ധാർമ്മിക, ഇവിടുന്നു ധർമ്മത്താൽ എനിക്കുള്ളവനാണു് ഞാൻ മകളും, പരസ്ത്രീ; ഭവാനെന്നെ പ്രാപിച്ചുകൂടാ.' ഇനി എന്തുവേണ്ടു എന്നു ചിന്തിച്ചു,വൃദ്ധബ്രാഹ്മണൻ കൈകൊണ്ടു് മുവർ പിളർത്തി പഴുതുണ്ടാക്കി അകത്തേയ്ക്കു കടക്കാനൊരുമ്പെട്ടു; എന്നാൽ, പകുതി കടന്നപ്പോഴെയ്ക്കും, തല ഇടുക്കിൽപ്പെട്ടു്, അകത്തേയ്ക്കും പുറത്തേയ്ക്കും പോകാൻ വയ്യാതെ, അയാൾ ചത്തുപോയി! നേരം പുലർന്നപ്പോൾ രാജപുരുഷന്മാർ വന്നുചേർന്നു; അവർ ആ ശവം കണ്ടു് അത്ഭുതപ്പെട്ടു് അവളോടു ചോദിച്ചു:—'സുന്ദരി, എങ്ങിനെയാണിയാൾക്കു് മരണം പറ്റിയതു?' അവൾ, ഉണ്ടായതെല്ലാം പറഞ്ഞു് ഉദ്ദിഷ്ടസ്ഥലത്തേയ്ക്കു നടകൊണ്ടു.

ഇങ്ങനെ, സുരാസുരനരന്മാരിലാർക്കും തന്നെ തടുത്തുകൂടാത്തതാകുന്നു കാമപ്രഭാവം. സർവ്വജഗൽപിതാമഹനുപോലും അമോഘ എന്ന

Digitized By Kerala Sahitya Akademi

നിതംബിനിയെ കണ്ടിട്ട ശുക്രം സ്രവിച്ചുപോയി! അതിൽ നിന്നുത്ഭവിച്ച ലൌഹിത്യമുണ്ടായതു്. സവ്തീർത്ഥമയമായ ആ തീർത്ഥം സകലരേയും ശുദ്ധിപ്പെടുത്തുന്നു; അതിനെസ്സേവിച്ചാൽ മനുഷ്യന് അനാമയമായ ബ്രഹ്മലോകം പ്രാപിക്കാം.'

നരോത്തമൻ:—'എങ്ങിനെ ബ്രഹ്മാവിന്നും മനം മയങ്ങിപ്പോയി? അമോഘ എന്ന സുന്ദരി ആരാണ്? മഹാതീർത്ഥത്തിന്റെ ഉല്പത്തി ശരിക്കു കേൾക്കേണമെന്നുണ്ട്.'

വിഷ്ണു:—'പരമജ്ഞാനിയായ തേജസ്വിയായി, ദേവന്മാക്കും പൂജനീയനായി, ശന്തനു എന്നൊരു മഹർഷിയുണ്ട്; അദ്ദേഹത്തിന്റെ ഭാര്യയാണ്, രൂപയൌവന ശാലിനിയും പതിവ്രതയുമായ അമോഘ. അവളുടെ ഭർത്താവിനെ കാണ്മാൻ ഒരുനാൾ ബ്രഹ്മാവ് അവരുടെ ഗൃഹത്തിൽ ചെന്നു. അപ്പോൾ മാമുനി പൂവിനും മറവുമായി കാട്ടിൽ പോയിരിക്കയായിരുന്നു. അമോഘ ആ സുരശ്രേഷ്ഠനേ കണ്ടിട്ട്, ആ കലെ നിന്ന് അർഘ്യപാദ്യാദികം നൽകി വന്ദിച്ച്, അകത്തേയ്ക്കു തിരിച്ചു. ആ സുന്ദരാംഗിയെ മുമ്പിൽ കണ്ടതോടുകൂടി ബ്രഹ്മാവ് മന്മഥന്നടിപെട്ടുപോയി; ഉടനെ മനസ്സുറപ്പിച്ചു എങ്കിലും, ആ പരമാത്മാവിന്ന് ശുക്രം സ്ഖലിച്ചു പീഠത്തിന്മേൽ വീണു. അതിൽ ഇണങ്ങൽ പൂണ്ട തണ്ടാർമകൻ വെമ്പലോടേ നടകൊള്ളുകയും ചെയ്തു.

തിരിച്ചെത്തിയ ശന്തനു പീഠത്തിന്മേൽ ശുക്രം കണ്ടിട്ട്, ആ വരാരോഹയോടു ചോദിച്ചു:—'പുരുഷന്മാരിലാരെങ്കിലും ഇവിടെ വന്നിരുന്നുവോ?' അമോഘ പറഞ്ഞു:—'നാഥ, അങ്ങയെ അന്വേഷിച്ചു ബ്രഹ്മാവ് ഇവിടെ വന്നിരുന്നു; ഞാൻ ഇരിപ്പാൻ പീഠം കൊടുത്തു. ശുക്രത്തിന്റെ കാരണമാകട്ടേ, ഭവാൻ തപസ്സുകൊണ്ടറിയണം!' ധ്യാനത്താൽ വാസ്തവമറിഞ്ഞു ശന്തനുബ്രാഹ്മണൻ പറഞ്ഞു:—'സാധ്വി, ശ്രേഷ്ഠമായ ബ്രഹ്മവീര്യം നീ പാനംചെയ്യുക; നിനക്കു സവ്മോകൈകപാവനനായ പുത്രൻ ഉണ്ടായിവരും. നമുക്കിരുപേക്കും ശ്രേയസ്സൊക്കെയഥേഷ്ടം സിദ്ധിക്കും.' ഭർത്താവിന്റെ ആജ്ഞ കൈക്കൊണ്ട് ആ പതിവ്രത മഹാഭാഗ പരമാത്മാവിന്റെ ശുക്രം പാനംചെയ്തു. അതോടുകൂടി, അവരുടെ വയറ്റിൽ വട്ടംചുറ്റുന്ന ഗർഭം ഉണ്ടായി വന്നു; അതിനെ താങ്ങാൻ ആളാകാഞ്ഞതിനാൽ അവർ ശന്തനുവിനോടു പറഞ്ഞു:—ഭർത്താവേ, ഈ ഗർഭം വഹിപ്പാൻ എനിക്കു ശേഷിയില്ല; ധർമ്മജ്ഞ, ഞാൻ എന്തുചെയ്യേണ്ടു? എനിക്കു പ്രാണൻ

Digitized By Kerala Sahitya Akademi

കിടന്നിളകന്നു! ഗർഭം ഞാൻ എവിടെ ത്യജിക്കണമെന്നു പറഞ്ഞുതന്നാലും.'

ഇത്താവാക്കുകേട്ടപ്പിച്ചുതിൻവണ്ണം അവം ഗർഭത്തെ യുഗന്ധരത്തിൽ ഉത്സർജ്ജിച്ചു. അഗ്നി, സർവ്വമംഗളംകൊണ്ടും ഇരിപ്പിടമായി പവിത്രമായി തേജോമയമായ ജലമായിച്ചമഞ്ഞു; അതിനു നടുവിൽ, കിരീടവും നീലാംബരവും രത്നമാലയുമണിഞ്ഞ ഒരു വിഷ്ണുപുരുഷൻ തേജസ്സുകൊണ്ടു ദിഗ്നിരീക്ഷണായി ശോഭിച്ചു. അപ്പോൾ ദേവവൃന്ദങ്ങൾ വിണ്ണിൽനിന്നു പുഷ്പവർഷം ചൊരിഞ്ഞു. ആ പുരുഷൻ എല്ലാ തീർത്ഥങ്ങൾക്കും രാജാവത്രേ. പിന്നീട്, ഭൂമികലത്തിൽ രാമനായി ജനിച്ച ഞാൻ അച്ഛനെക്കൊന്ന ക്ഷത്രിയരെ സൈന്യവാഹനങ്ങളോടൊപ്പം യുദ്ധത്തിൽ സംഹരിച്ചതിനാൽ പാപകലുഷനായിത്തീർന്നു—ബ്രഹ്മഹത്യയെപ്പോലും ഘോരപാപം എന്റെ ശരീരത്തിൽ പറ്റിനിന്നു; എന്റെ വെണ്മഴുവും, കഴുകിയാൽ അഴുക്കു നീങ്ങി ശുദ്ധിപ്പെടാതായി! അപ്പോൾ ആകാശത്തുനിന്ന് ഒരു വാക്കു പുറപ്പെട്ടു:—'രാമ, യാതൊന്നിൽ ഭവാന്റെ കഠാരം നിർമ്മലമാകുമോ, ആ തീർത്ഥത്തിൽ അങ്ങയുടെ പാപങ്ങളകലും; അവിടെ, അതികൽ ഭവാൻ സർവ്വജനഹിതത്തിന്നായി നിവസിക്കുകയും വേണം. വേഗത്തിൽ എല്ലാ മഹാതീർത്ഥങ്ങളിലും പോയ്ക്കൊൾക; അവയിൽവെച്ചു യാതൊന്നിൽ പരശുധത്തിനു നൈർമ്മല്യം വരുമോ, ആ തീർത്ഥം മുക്തിമാണെന്നറിഞ്ഞുകൊള്ളുക.' ഇതുകേട്ട ജാമദഗ്ന്യൻ, ഗംഗ *...മുതലായ തീർത്ഥങ്ങളിലെല്ലാം വായുവേഗത്തിൽ ചെന്നു വെണ്മഴു മുക്കിനോക്കി; അതിന്മേലുള്ള അഴുക്കു നീങ്ങിയില്ല! അതിൽ വിഷണ്ണനായിട്ട്, പുരുജയനായ ഭാർഗ്ഗവൻ ഫാഫാ എന്നു വിലപിച്ചുകൊണ്ടു നിന്നിരിപ്പായി. ഉടനെ, ആകാശത്തുനിന്നു രണ്ടാമതും, 'വീര, കിഴക്കേക്കരയിൽ ഗുഹയുടെ ഉള്ളിലായി ഒരു തീർത്ഥമുണ്ടെന്ന് ഒരു വാക്കു കേൾക്കായിവന്നു. നരപുംഗവൻ അങ്ങോട്ടു നടകൊണ്ടു. അവിടെ, വലംപിരിയുന്ന ചുഴിപ്പോട്ടുകൂടി സപ്തച്ഛദവും പാപനാശനവുമായ ഒരു ഹ്രദം കാണപ്പെട്ടു. അതിലെജ്ജലം സ്പർശിച്ച മാത്രയിൽത്തന്നെ വെണ്മഴു നിർമ്മലമായിച്ചമഞ്ഞു. അതിനാൽ സാമോദനായ രാമൻ അതിൽ സ്നാനംകഴിക്കുകയും, പാപം നീങ്ങി പരിശുദ്ധാത്മാവാകയും ചെയ്തു. ഭൃഗുരാമൻ അവിടെ വളരെനാൾ വസിച്ച് ആ മഹാതീർത്ഥത്തെ പ്രസാദിപ്പിച്ചു, അചലം പ്രാപിച്ചു അതിനെ ജഗൽപ്രസിദ്ധമാക്കി, ലവണസമുദ്രത്തിലേയ്ക്കു നടകൊണ്ടു.

* തീർത്ഥനാമങ്ങൾ ആയിരിക്കപ്പെട്ടവയാകയാൽ ഉപേക്ഷിച്ചു.

Digitized By Kerala Sahitya Akademi

ആ പിതാമഹജാതമായ പുണ്യതീർത്ഥം പരകൈസ്സുഖദവും വിശുദ്ധവും മുക്തിമാർഗ്ഗപ്രവേശകവും. ഇങ്ങനെ കാമപ്രഭാവം ഉദ്ഭവവും ഉത്സാഹവുമാകുന്നു; ഇവിടെ, കാമജമായ പാപം പുണ്യപ്രയോഗത്താൽ പുണ്യമായിച്ചമഞ്ഞു. ആ ലൌഹിത്യതീർത്ഥം വിരിഞ്ചന്റെ ഔരസപുത്രനായി, ശന്തനുക്ഷേത്രത്തിൽ——അമോഘാഗർഭത്തിൽ ഉളവായിവന്നു; അതു്, ബ്രഹ്മാവു മന്മഥനെ ജയിച്ചതിനാലും, ശന്തനു നിർമ്മത്സരനാകയാലും, അവളുടെ പാതിവ്രത്യത്താലും തീർത്ഥങ്ങളിൽവെച്ചു മീതേയായി. ഈ പരിശുദ്ധമായ പുണ്യോപാഖ്യാനം പതിവായി സസന്തോഷം ചൊല്ലുകയോ കേൾക്കുകയോ ചെയ്യുവൻ മുക്തിമാർഗ്ഗമടയും.'

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം,
പഞ്ചോപാഖ്യാനപ്രകരണം, ലൌഹിത്യോല്പത്തികഥനം
അൻപത്തിരണ്ടാമദ്ധ്യായം.

:0:

അമ്പത്തിമൂന്നാമദ്ധ്യായം

വിഷ്ണു:—പണ്ടു പരമേശ്വരൻ സൗന്ദര്യശാലിനികളായ ഗന്ധർവ്വകിന്നരമനുഷ്യതരുണിമാരേ കണ്ടു മന്മഥാകുലിതനായിത്തീർന്നതിനാൽ, അവരെ മനസ്സംകൊണ്ടു് അഭിരമിച്ചു്, അതിമനോജ്ഞമായ ഒരു ഗൃഹം നിർമ്മിച്ചു്, തപസ്സാണെന്ന വ്യാജേന അവരുമായി ക്രീഡിപ്പാൻ തുടങ്ങി. മഹാദേവന്റെ മഹിളമാരൊന്നിച്ചുള്ള ആ വിളയാട്ടം ധ്യാനചക്ഷുസ്സിനാൽ കണ്ടു പാർവ്വതി കോപാന്ധയായിനിന്നു. അവൾ ക്ഷേമംകരിയുടെ രൂപം ധരിച്ചു് അവിടെ, ആകാശരഹസ്സിൽ, ചെന്നണഞ്ഞു. അപ്പോൾ കാമദേവനോടെയുള്ള വാമദേവൻ കാമിനിമാരുടെ നടുവിൽ സ്ഥിതിചെയ്തു്, അവരെ അതിരാഗത്തോടെ വീണ്ടും വീണ്ടും കെട്ടിപ്പുണരും മുമ്പിച്ച വിഹരിക്കുന്നതു ക്ഷേമംകരിയുടെ ദൃഷ്ടിയിൽപ്പെട്ടു. ഉടനേ അവൾ ഭദ്രഗാത്രനായ പുരുഷോത്തമന്റെ മുൻവശത്തോടിച്ചെന്നു്, ആ പെണ്ണുങ്ങളെ തലമുടിമേൽ പിടിച്ചിഴച്ചു ചവുട്ടി ഭൂമിയിലേയ്ക്കു വീഴിച്ചു. ശിവൻ ലജ്ജാമൂലം പിൻതിരിഞ്ഞിരുന്നു. സ്ത്രീകൾ വികൃതമുഖിമാരായി ഭൂമിയിൽ പതിച്ചു്, പാർവ്വതീശാപത്താൽ ദേഹം വാട്ടമറി, മേല്പോടെ അധോഗതിയിലായി. ഇന്നും ആ ചണ്ഡാലസ്ത്രീകളെല്ലാവരും തോക്കുകൊണ്ടു രോട്ടുകുടിയും കൂടാതെയും പാർവ്വതീശാപം അനുഭവിച്ചുപോരുന്നു.

Digitized By Kerala Sahitya Akademi

പിന്നീട് പാർവതി അസംഖ്യം രൂപം ധരിച്ചു ശിവനോട് ചേർന്ന് വിഹരിച്ചു. ബ്രാഹ്മണ, ഇതുമുണ്ടോ അനംഗന്റെ പ്രഭാവം! വളരെക്കാലം കഴിഞ്ഞിട്ട കാലാന്തകൻ അവളെന്നിച്ചു കൈലാസത്തിലേയ്ക്കു പോന്നു. ആ ക്ഷേമംകരിയെ യാവ ചിലർ ദർശിച്ചു വന്ദിക്കുന്നുവോ, അവർക്ക് ഇഹത്തിലും പരത്തിലും സമ്പൽസമൃദ്ധി ഉണ്ടായിവരും.

കുങ്കുമാരകതസവ്വാംഗി, കുന്ദേന്ദുധവളാനനേ,
സർവമംഗളദേ, ദേവി, ക്ഷേമംകരി, നമോസ്തുതേ!

അവളെ ദർശിച്ചു വന്ദിക്കാഞ്ഞാലോ, യുദ്ധത്തിൽ തോൽവി പറ്റും. വന്ദിച്ചാൽ, രാജഗൃഹത്തിലും, വിദ്യയിലും വിജയം ലഭിക്കും. ഇതുമുണ്ടോ, മന്മഥന്റെ മാഹാത്മ്യം: ശിവൻപോലും മയങ്ങിപ്പോയി!'

എനിക്കു പറയാനുള്ള വ്യാമോഹം നാട്ടിലെങ്ങും പാട്ടാണ്—പരസ്ത്രീഹരണത്താൽ എനിക്കു നേരിട്ട ദുർഗതി പരക്കെ അറിയാം; അതു ശരിക്കു കേട്ടുകൊള്ളുക: ഒരു ബ്രാഹ്മണപ്രിയയായ ഗോപിക, ഒരു സാധുപ്പെങ്കിടാവ്, പ്രൌഢയായ കാന്യായനി, ഒരു വൃദ്ധയായ ചാവ്വക്കാരി എന്നിവരെ അപഹരിച്ചതിനാൽ പോരിൽ തോൽമയും, ദൈന്യവും, ദുഃഖവും, പുത്രനാശവും, സാരഥ്യവും, സ്ത്രീഹത്യയും, ചണ്ഡാലനിൽ നിന്നാപത്തും, ദേഹത്തിൽ പാണ്ടും, ക്ഷയവൃദ്ധികളും ഞാൻ കല്പം തോറും അനുഭവിച്ചു പോരുന്നു.

ഈ വൈഷ്ണവനാകട്ടെ, ക്ഷമകൊണ്ട് ദേവാസുരന്മാർക്കും പ്രിയനത്രേ. ഇദ്ദേഹത്തിനു സദൃശൻ ലോകത്തിൽ ഉണ്ടായിട്ടില്ല; ഉണ്ടാകയുമില്ല. ഇദ്ദേഹം മടിയിൽക്കേറിയ മഹിളയെപ്പോലും മനസ്സുടക്കത്താൽ വെടിഞ്ഞു, സുരാസുരർക്കും സുദുഷ്പ്രാപങ്ങളായ ലോകങ്ങളും നേടിയിരിക്കുന്നു. ഈ ദേവാസുരപൂജിതൻ ഭോജ്യം എനിക്കു തന്നു ശേഷിച്ചതേ ഭക്ഷിക്കാറുള്ളു; ഇങ്ങനെ വളരെക്കാലം ചെന്നതിനു ശേഷമാണ്, ഞങ്ങളും തമ്മിൽച്ചേർന്നു. എന്നെക്കണ്ടപ്പോൾ ഇദ്ദേഹം ഭോജ്യമെല്ലാടി എനിക്കു സന്തോഷം സമർപ്പിച്ചു. മുപ്പു, പതിരണ്ടു കൊല്ലം നിഷ്കാമമായി ഭോജ്യം എനിക്കു നിവേദിച്ചതിനാലാണ്, ഇദ്ദേഹത്തിന്റെ ഗൃഹത്തിൽ ഞാൻ എന്നെന്നും കാവൽ നിൽക്കുന്നതു്. നെല്ലിക്കനീരും നിരന്തരമായി സേവിക്കാറുണ്ട്; അതുകൊണ്ടാണ്, ഇദ്ദേഹത്തെ വൈഷ്ണവരിൽവെച്ചു വൈഷ്ണവനെന്ന് ഞാൻ അഭിപ്രായപ്പെട്ടതു് മുപ്പു എങ്കൽ ഭക്തിയാൽ ദേവകളായി എന്റെ

Digitized By Kerala Sahitya Akademi

മാർഗ്ഗം പൂക്കവർ യാവ ചിലരോ, അവർക്കുടി, ചെയ്തിട്ടില്ലാത്തതു് ഇദ്ദേഹം ചെയ്തിരിക്കുന്നു. അതിനാൽ വൈഷ്ണവസവ്സപമെന്ന രമ്യമായ പേരിട്ട് ഇദ്ദേഹത്തിന്റെ ഗൃഹത്തിൽ ഞാൻ ക്ഷണനേരംപോലും വിടാതെ താമസിച്ചുപോരുന്നു. എന്റെ ഭക്തരാകയാൽ അവക്ക് സുലഭനാണു് ഞാൻ; അവക്ക് ഇപ്പോൾത്തന്നെ ഞാൻ എന്റെ സ്ഥാനം നൽകും. ബ്രാഹ്മണ, ഞങ്ങൾക്കു സൌജന്യവും ഊണും ഉറക്കവും സായുജ്യവും സഖ്യവുമൊക്കെ ഒരുപോലെതന്നെ ആകുന്നു; ഒരു വ്യത്യസവുമില്ല. കണ്ടുകൊള്ളുക.'

ഉടനേ മൂകാദി സജ്ജനങ്ങളെല്ലാവരും കുടുംബത്തോടും പരിവാരത്തോടുമൊന്നിച്ചു സപ്തർഷിലോകത്തിലേയ്ക്കു പോകാനായി ശ്രീനാരായണന്റെ സന്നിധിയിൽ വന്നെത്തി; അവരുടെ അയൽക്കാരും, ഗൃഹത്തിലെ ഗൌളികരും—പലതരം കീടങ്ങളും മുതലായവയും കൂടി, ദേവകളായി അവരോടൊന്നിച്ചുണ്ടായിരുന്നു! അപ്പോൾ ദേവന്മാരും സിദ്ധമഹർഷിമാരും സാധുവാദം മുഴക്കിക്കൊണ്ട് പുഷ്പവർഷം പൊഴിച്ചു; വിമാനങ്ങളിലും വനങ്ങളിലും ദിവ്യപ്പൊരുന്മേറകം മുഴങ്ങി. അവരെവരും സപന്തം സപന്തം വിമാനമേറി ഹരിപുരത്തിലേയ്ക്കു ഗമിക്കുകയും ചെയ്തു.

ആ അത്ഭുതം കണ്ടിട്ട നരോത്തമൻ. പുരുഷോത്തമനോടപേക്ഷിച്ചു:—'ദേവേശ, മധുസൂദനാ, എനിക്കുപദേശം തന്നാലും.'

വിഷ്ണു:—'ഉണ്ണി ചെന്നു ശോകവിവശരായ മാതാപിതാക്കളെ പണിപ്പെട്ടു ശുശ്രൂഷിക്കു; താമസിയാതെ എന്റെ ഗൃഹത്തിലേയ്ക്കു പോരാം. അച്ഛനമ്മമാക്കൊത്ത ഈശ്വരന്മാർ ദേവലോകത്തുമില്ല—യതൊന്നും അറിഞ്ഞുകൂടാത്ത കുട്ടിക്കാലത്തു് അറപ്പുതോന്നിക്കുന്ന ശരീരം യാവചിലർ സംരക്ഷിച്ചു തീറ്റിപ്പോറ്റിയോ, അവക്കു തുല്യമായി, ചരാചരങ്ങളുൾപ്പെട്ട മൂവുലകിൽ യാതൊന്നുമില്ലതന്നെ!'

ദേവഗണങ്ങളും അവരെവരോടുമൊന്നിച്ചു് സന്തുഷ്ടരായി ശ്രീപതിയെ സ്തുതിച്ചുംകൊണ്ടു ഹരിമന്ദിരത്തിലേയ്ക്കു നടകൊണ്ടു. അവരെവരും വിശ്വകർമ്മാവിനാൽ ആകാശത്തു നിർമ്മിക്കപ്പെട്ടതായി, രത്നങ്ങളാൽ വിചിത്രവർണ്ണമായി, കാമപൂർണ്ണമായി, കല്പവൃക്ഷാദികളോടും കനകമന്ദിരങ്ങളോടും വജ്രവൈഡൂര്യക്കല്പടയുള്ള മന്ദാകിനിയോടും സദ്ഗുണങ്ങളോടുകൂടിയതായി, ഗീതവാദ്യാദികം നിറഞ്ഞതായി, കോകിലാലപസുലളമായി, സിദ്ധഗന്ധർവസേവിതമായി അഴകൊത്ത

Digitized By Kerala Sahitya Akademi

സജ്ജനങ്ങളാൽ നിറഞ്ഞതായി, വാനത്തെത്തൊട്ടും വ്യാപിച്ചവണ്ണം ശോഭിക്കുന്ന രാജധാനിയിൽ സ്ഥിരവാസികളായിച്ചമഞ്ഞു! നരോത്തമരിജനംചെന്ന് അച്ഛനമ്മമാരെ ശുശ്രൂഷിച്ച്, താമസിയാതെ തന്നെ കുടുംബത്തോടൊന്നിച്ച് ഹരിപദമടഞ്ഞു.

ഞാനീപ്പറഞ്ഞുതന്ന പുണ്യമായ പദ്മോപാഖ്യാനം ചൊല്ലുകയോ കേൾക്കുകയോ ചെയ്യുവന്ന ഉത്കൃതി ഭവിക്കയില്ല; ബ്രഹ്മഹത്യാദി പാപങ്ങളും കരിക്കലും പറകയില്ല. ഒരുകോടി പൈക്കളെ ദാനം ചെയ്താലത്തെ ഫലം പദ്മോപാഖ്യാനംകൊണ്ടു സിദ്ധിക്കും. പതിവായി പുഷ്കരത്തിലോ ഗംഗയിലോ സ്നാനംചെയ്താലത്തേ ഫലം, ഒരു തവണ പദ്മോപാഖ്യാനം ശ്രവിച്ചാൽ കിട്ടും. ഇതു ഉസ്സുപ്പ്നത്തെ ഉടനടി നശിപ്പിക്കും; ലക്ഷ്മ്യാരോഗ്യങ്ങളെ പ്രദാനംചെയ്യും; അതിനാൽ തീർച്ചയായും ശ്രവിച്ചുകൊള്ളണം.'

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം,
പദ്മോപാഖ്യാനപ്രകരണം, മൂകാടിമുക്തികഥനം അന്വത്തിനാമദ്ധ്യായം.

—:o:—

അന്വത്തിനാമാദ്ധ്യായം

ബ്രാഹ്മണർ:—'മുനിപുംഗവ, കീർത്തിധർമ്മവും, ലോകത്തിൽ ശ്രേഷ്ഠങ്ങളായിട്ടുള്ളവയും, ഇവിടേയ്ക്കു ഞങ്ങളിൽ വാത്സല്യമുണ്ടെങ്കിൽ പറഞ്ഞുതന്നാലും.'

വ്യാസൻ:—'ആരുടെ ഖാത (കിണറും മറവും) ത്തിൽ ശോകരും ഒരു മാസം ദാഹം തീർക്കുന്നുവോ,അവൻ അതുയും കാലംകൊണ്ടു പരിശുദ്ധനായി ദേവകളാലെല്ലാം പൂജിക്കപ്പെടും; വിശേഷിച്ചും, പുഷ്കരിണി യജ്ഞകർമ്മംകൊണ്ടു വിശുദ്ധമാക്കി ജലദാനംചെയ്യുവൻ, ഒരു കൊല്പത്തിന്ന് ഒരു കല്പം വീതംകാലം സ്വർഗ്ഗത്തിൽ നിവസിക്കും. ഖാതത്തിൽ മേഘം വർഷിക്കുമ്പോൾ എത്ര യുള്ളികം ഉണ്ടാകുമോ, അത്ര ആയിരം കൊല്പം സ്വർഗ്ഗമനുഭവിക്കാം. അന്നപാനങ്ങൾ മനുഷ്യനെ സംതൃപ്തനാക്കുന്നു; അവ കൂടാതെ പ്രാണൻ നിലനിൽക്കില്ലല്ലോ. പിതൃതർപ്പണം, ശൌചം, ശ്രാദ്ധം, ഉത്സവനാശം, പാവിയ വിത്തു് ഇതൊക്കെയും ജലത്തെ ആശ്രയിച്ചാണു സ്ഥിതിചെയ്യുന്നതു്; വസ്ത്രം, പാത്രങ്ങൾ എന്നിവയുടെ പ്രക്ഷാളനവും വെള്ളംകൊണ്ടുതന്നെ.

Digitized By Kerala Sahitya Akademi

എതുകായ്ത്തിലും ശുദ്ധിക്ക വെള്ളം വേണം. അതിനാൽ എതുവി ധം പണിപ്പെട്ടും, എല്ലാ ശക്തിയും ധനവും ഉപയോഗിച്ചും വാപീ കൂപതടാകങ്ങളം തീർപ്പിച്ചുകൊള്ളണം.

നിർജ്ജലപ്രദേശത്തു ജലാശയം തീർപ്പിച്ചു കൊടുക്കുന്നവൻ ദിവ സമൊന്നിന്ന് ഒരു കല്പം വീതംകാലം സ്വർഗ്ഗത്തിൽ വസിക്കും; അ വിടം വിട്ടാൽ, ബ്രാഹ്മണനാണെങ്കിൽ, വേദശാസ്ത്രങ്ങളുടെ മറുകര പു ക്കവനും ലോകബന്ധുവും ധാർമ്മികനുമായി ജനിച്ചു്, തപസ്സുചെയ്തു വി ണ്ണണയും; ക്ഷത്രിയനാണെങ്കിൽ, ചക്രവർത്തിയായി വാഴും; വൈശ്യനാ ണെങ്കിൽ, ജന്മംതോറും ധനവാനായിരിക്കും; ശൂദ്രനും മറന്നുജർപോ ലും വീണ്ടും വീണ്ടും സ്വർഗ്ഗതി നേടും. നാലുകാൽ വലുപ്പത്തിൽ ഒരു കിണർ പരോപകാരത്തിന്നായി കഴിപ്പിച്ചാൽ, കൊല്ലമൊന്നി ന്ന് ഒരുകല്പം വീതം സ്വർഗ്ഗത്തിലിരിക്കാം; ഇരട്ടി വലുപ്പത്തിലാ യാൽ, ഇരട്ടിക്കാലം; നാലിരട്ടി വലുപ്പത്തിലായാൽ, നൂറു കല്പം. ഇരുപതുകോൽ വലുപ്പത്തിൽ പുഷ്കരിണിയുണ്ടാക്കി കൊടുക്കുന്നവൻ വിഷ്ണുമന്ദിരം പുക്ക ദിവ്യഭോഗം ഭുജിച്ചു്, രാജാവോ ധനികനോ വിപ്രനോ ആയി ജനിക്കും; ആയിരം കോൽ ചുറാളവിലായാൽ, സ്വ ർഗ്ഗത്തിൽ നിന്നു പോരികയേ ഇല്ല; രണ്ടായിരം കോൽ വലുപ്പത്തിലാ യാൽ, ദേവകൾക്കും പൂജനീയനായി ഭവിക്കും; അതിൽ ജന്തുക്കളെത്തു യുണ്ടോ, വെള്ളം എത്രപേർ അനുഭവിക്കുന്നുവോ, അത്രയും ആളുകൾ അവിടെ ഭൃത്യരായുണ്ടാവും. പക്ഷി, പന്നി, എരുമ, പിടിയാന, ഉ പദേഷ്ടാവു്, കർത്താവു് എന്നീ ആറുപേർക്കും സ്വർഗ്ഗം കിട്ടും: പക്ഷിക്കു നൂറു ദിവ്യവത്സരം; പന്നിക്കു് ആയിരം; എരുമയ്ക്കു പതിനായിരം; പി ടിയാനയ്ക്കു ലക്ഷം; ഉപദേഷ്ടാവിന്ന് കോടി; കർത്താവിന്ന് അസംഖ്യം.

പണ്ടു് ഒരു ധനവാന്റെ മകൻ എല്ലാ പ്രാണികൾക്കും ഉപ കാരത്തിന്നായി, പതിനായിരം ദീനാർ ചെലവിട്ടു പ്രയത്നിച്ചു് ഒരു ജലാശയം വെട്ടുപ്പിലുണ്ടാക്കിച്ചു. കുറെകാലംകൊണ്ടു് അയാളുടെ മുത ലെല്ലാം നശിച്ചുപോയി. അപ്പോൾ, ഒരു പണക്കാരൻ ആ പുഷ്കരി ണി വിലയ്ക്കുവാങ്ങാനൊരുങ്ങി. 'ഇതിന്നു ചെലവായ പതിനായിരം ദീനാരം ഞാൻ തരാം; പുണ്യം വേറെ കിട്ടിയിട്ടുണ്ടല്ലൊ; അധികം വേ ണമെന്നുള്ളതു ഒരയാണ്. ഞാൻ കഴിവുള്ള വില തന്നു വാങ്ങിക്കൊ ള്ളാം.' എന്ന് ധനികൻ വിളംബറഞ്ഞപ്പോൾ ഉടമസ്ഥന്റെ മറുപടി ഇതായിരുന്നു:—'നാളൊന്നിനു പതിനായിരം വീതം വേണം: എനി ക്കു നിത്യവും പുണ്യഫലം കിട്ടുന്നുണ്ടു്. ഇവിടെയെങ്ങും വെള്ളമില്ലാ

Digitized By Kerala Sahitya Akademi

യ്യായാണ്' ഞാനിതു കഴിപ്പിച്ചതു്; എല്ലാവരും യഥേഷ്ടം സ്നാനപാനാദികൾ ചെയ്തുപോരുന്നതുണ്ടു് അതിനാൽ, പതിനായിരം എനിക്കു നാംതന്നെയും കിട്ടണം.' ഇതുകേട്ടു ധനികനും 'മല്ലാളി'കളും ചിരിക്കുകയാണു് ചെയ്തതു്. ഉടമസ്ഥൻ അനിലജ്ജയോടെ ഉരിയാടി:—'വാസ്തവമാണു് ഞാൻ പറഞ്ഞതു്; ധർമ്മപരീക്ഷചെയ്തു നോക്കിക്കൊള്ളുക.' ധനികൻ വാശിമൂലം വാതുവെച്ചു:—'ഞാൻ ഈ പതിനായിരം ദീനാരം തരാം തന്നു്, കല്ലുവരുത്തി തോണിന്റെ കുളത്തിലിടാം; മുങ്ങിയ കല്ലു വല്ലപ്പോഴും പൊങ്ങി മീതെ നിന്നുവെങ്കിൽ, എന്റെ പണം പോയ്ക്കൊള്ളട്ടെ; ഇല്ലെങ്കിൽ കുളം എന്റെ വകയാണു്.' ഉടമസ്ഥൻ സമ്മതിച്ചു പതിനായിരം ദീനാരം വാങ്ങി സഭാഗൃഹത്തിലേയ്ക്കു ഗമിച്ചു. ധനികൻ സാക്ഷികളെ നിർത്തി, വമ്പിച്ച പുഷ്കരിണിയിൽ കല്ലുകൊണ്ടിട്ടു; അതെല്ലാം പിറെന്ന ക്രമ്പാരമായി വെള്ളത്തിന്നു മുകളിൽ ഒരു ദ്വീപുപോലെ സുരാസുരമനുഷ്യരാൽ കാണപ്പെട്ടു! ഉടനെ, ധർമ്മസാക്ഷി പതിനായിരം ദീനാരവും പുഷ്കരിണീജലവും തുലാസ്സിൽ വെച്ചു തൂക്കിനോക്കി; എന്നാൽ, ഒരു ദിവസത്തെജലദാനത്തിന്നൊപ്പം നിന്നില്ല, പതിനായിരം ദീനാരം! ധനികന്നു് പണം വെറുതെ പോയി എന്നു് അളകം അലമ്പിവിളിച്ചു. ആ അട്ടഹാസം കേട്ടു് ഉടമസ്ഥനും, വിഷണ്ണനായ ധനികനും വന്നെത്തി. കൽ ക്രമ്പാരം അങ്ങിനെതന്നെ നിന്നിരുന്നു. അതു് ആ പതിനായിരം ദീനാരംകൊണ്ടു് ഉടമസ്ഥൻ തന്നെ കുളത്തിൽ നിന്നു നീക്കിച്ചു. അതിനാൽ, നികന്ന കുളം താഴ്ത്തിച്ചാലത്തെ പുണ്യം ക്രൂടി അയാൾക്കു കൈവന്നു. അയാൾ ജന്മംതോറും വിണ്ണണഞ്ഞു സുഖിക്കുകയായി!

ചാർച്ചക്കാരെയോ മാതാക്കൾക്കോ രാജാക്കന്മാർക്കോ സുഹൃത്തുക്കൾക്കോ മിത്രങ്ങൾക്കോ ഉപകാരികൾക്കോ വേണ്ടി കുളം കഴിപ്പിച്ചാൽ ഫലത്തിന്നവസാനമില്ല; തപസ്വികൾ, അനാഥർ, വിശേഷിച്ചും ബ്രാഹ്മണർ എന്നിവർക്കായി കുളം തീർപ്പിച്ചാലോ, എന്നെന്നും സ്വർഗ്ഗമനുഭവിക്കാം. അതിനാൽ, ബ്രാഹ്മണരേ, കുളവും മറവും കഴിവുപോലെ തീർപ്പിച്ചാൽ പാപമെല്ലാമൊഴിഞ്ഞു പുണ്യവും മോക്ഷവും കിട്ടും; സംശയമില്ല.

ഈ മഹത്തായ പുണ്യാഖ്യാനം ആർ ജനങ്ങളെ കേൾപ്പിക്കുമോ, ആ ധാർമ്മികൻ എല്ലാജന്മാശയങ്ങളും ഉണ്ടാക്കിക്കൊടുത്താലത്തെ ഫലം നേടും; ശ്രവിച്ചവനോ, സൂര്യഗ്രഹണത്തിൽ ശ്രേഷ്ഠ

Digitized By Kerala Sahitya Akademi

മായ ഗംഗാതീരത്തുവച്ച് കരുകോടി ഗോക്കളെ ദാനം ചെയ്താലത്തെ ഫലം കിട്ടും; ഇരുപേക്ഷം ദാരിദ്ര്യമോ ശോകമോ രോഗമോ അവമാനമോ ദുഃഖമോ നേരിടുകയില്ല.

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, രീക്ഷ്മപുരുഷസ്ത്രീസംവാദം, കീർത്തിധർമ്മപ്രകരണം, ഖാതാദികീർത്തനം അൻപത്തഞ്ചാമദ്ധ്യായം.

:0:

അമ്പത്തഞ്ചാമദ്ധ്യായം

വ്യാസൻ:—'മഹാഭാഗന്മാരേ, എല്ലാ വൃക്ഷങ്ങളേയും നട്ടാലത്തെ ഫലം ഞാൻ ഇവയ്ക്കേറെ പറയാം; കേട്ടുകൊള്ളുവിൻ: ജലാശയത്തിന്റെ തീരത്തു മുറയും പുണ്യവൃക്ഷങ്ങളെ ആർ നട്ടുപിടിപ്പിക്കുമോ, അവനുണ്ടാകുന്ന പുണ്യഫലം പറഞ്ഞുതീർക്കാവുന്നതല്ല! മറ്റാരേടത്തു വൃക്ഷങ്ങളെ നട്ടുപിടിപ്പിച്ചതിന്റെ ലക്ഷം കോടിയിരട്ടി ഫലമുണ്ട്, ജലസമീപത്തായാൽ; പുഷ്കരിണീതീരത്തായാലോ, ഫലത്തിന്നറുതിയില്ല. അതിലും നൂറുമടങ്ങു ഫലം ക്ഷേത്രം, പുണ്യവൃക്ഷങ്ങളുമാണെങ്കിൽ: ജലാശയത്തിന്നരുകിൽ അരയാൽമരം നട്ടാലത്തെ ഫലം അനേകായിരം യജ്ഞങ്ങൾകൊണ്ടും കിട്ടുകയില്ല. അതിന്മേൽ നിന്ന പുണ്യകാലംതോറും വെള്ളത്തിൽ വീഴുന്ന ഓരോ ഇലയും പിതൃക്കൾക്ക് അക്ഷയപിണ്ഡമത്രേ! അതിന്റെ കായ്കളെ പക്ഷികൾ യഥേഷ്ടം കൊത്തിത്തിന്നുക എന്നാൽ, ബ്രാഹ്മണഭോജനത്തിന്നൊപ്പം അക്ഷയപുണ്യപ്രദമാകുന്നു! അരയാൽമരം നട്ടുമാത്രം ചെയ്താലത്തെ ഫലം നൂറു നൂറു യാഗങ്ങൾകൊണ്ടോ നൂറു നൂറു പുത്രന്മാരെക്കൊണ്ടോ ലഭിക്കുകയില്ല. വേനൽക്കാലത്തു ഗോബ്രാഹ്മണദേവന്മാർ അതിന്റെ തണലത്തുനിന്നാൽ, നട്ടവനും പിതൃക്കൾക്കും അക്ഷയസ്വർഗ്ഗം കിട്ടും; സ്വർഗ്ഗവാസത്തിന്നു ഒരിക്കലും വിഘ്നം വരികയില്ല. അതിനാൽ എങ്ങിനെ പണിപ്പെട്ടും വൃക്ഷവിഹീനമായിനെ (അരയാലിനെ)നട്ടുപിടിപ്പിക്കണം. ഏതെങ്കിലും ഒരു വൃക്ഷത്തെ നട്ടാൽത്തന്നെ എന്നും സ്വർഗ്ഗത്തിലിരിക്കാം; അതുകൊണ്ട്. ബ്രാഹ്മണോത്തമരേ, നിങ്ങൾ മഹാവൃക്ഷത്തേത്തന്നെ നട്ടുകൊള്ളുവിൻ! ജലസമീപത്തോ, രസങ്ങൾ വിൽക്കുകയും വാങ്ങുകയും ചെയ്യുന്നടത്തോ, പൊതുവഴിയിലോ, എന്നെ പ്രമാണിച്ച്, അംശപ്രധാനവൃക്ഷങ്ങളെ ആർ നട്ടുന്നുവോ, അവൻ മനോജ്ഞമായ സ്വർഗ്ഗത്തിൽ ചെന്നുചേരും. അരയാ

Digitized By Kerala Sahitya Akademi

പിന്നെ പൂജിച്ചാലത്തെ പുണ്യവും പറയാം: കളിച്ച് അശ്വത്ഥത്തെ സ്പർശിച്ചാൽ പാപമുക്തി വരും; കളിക്കാതെ തൊട്ടാൽ സ്നാനഫലം കിട്ടും. അശ്വത്ഥത്തെ ദർശിച്ചാൽ പാപം നീങ്ങും; സ്പർശിച്ചാൽ ശ്രീയുണ്ടാവും; വലത്തുവച്ചാൽ ആയുസ്സു വർദ്ധിക്കും. അശ്വത്ഥമേ, നിന്തിരുവടിക്കു സദാ നമസ്കാരം!

ചലദ്ദളായ വൃക്ഷായ സദാ വിഷ്ണ്വാസ്ഥിതായ ച
ബോധിസത്ത്വായ യോഗ്യായ സദാശ്വത്ഥ, നമോസ്തുതേ!

അരയാലിന്നു ഹവിസ്സും പായസ്സും നിവേദിക്കുകയും പുഷ്പധൂപദീപങ്ങൾ നൽകുകയും ചെയ്യുവൻ സ്വർഗ്ഗത്തിൽനിന്നു പോരികയില്ല! നല്ല പുത്രനും, അനുതിയില്ലാത്ത സമ്പൽസമൃദ്ധിയും യശസ്സും ജയവും മാനവും നന്മയും അശ്വത്ഥപൂജയാൽ കൈവരും. ജപം, ഹോമം, സ്തോത്രം, യന്ത്രം, മന്ത്രം മുതലായതൊക്കെ അരയാൽച്ചുവട്ടിൽ വച്ചായാൽ കോടിയിരട്ടി ഫലമുണ്ട്. അരയാലിന്റെ അടിയിൽ വിഷ്ണുവും, നടുവിൽ ശിവനും, തലയ്ക്കൽ ബ്രഹ്മാവും സ്ഥിതിചെയ്യുന്നു; അതിനെ ലോകത്തിൽ ആർ പൂജിക്കാതില്ല? തിങ്കളാഴ്ചയിലും അമാവാസിയിലും മൌനമുണ്ടാക്കി സ്നാനവും ഗോസഹസ്രദാനവും ചെയ്താലത്തെ ഫലം അശ്വത്ഥവന്ദനംകൊണ്ടു ലഭിക്കും. ഏഴരു വലം വച്ചാൽ പതിനായിരം പുത്രോത്പാദനത്തിന്റെ ഫലം കിട്ടും; അധികമായാൽ ലക്ഷം കോടി. അരയാലിന്നടുക്കൽവെച്ചു ഫലമോ മൂലമോ ജലമോ—വല്ലതുമൊന്ന്—ദാനംചെയ്താൽ, അതു് ഏഴു ജന്മത്തും അക്ഷയമായിരിക്കും. ഹാ, അശ്വത്ഥത്തിനൊപ്പം വൃക്ഷസ്വരൂപനായ വിഷ്ണു ഭുവനത്തിലില്ലതന്നെ. ബ്രാഹ്മണരും ഗോക്കളും ദേവകളും ഏതുപ്രകാരമോ, അപ്രകാരം പൂജനീയനത്രേ, ഈ വൃക്ഷസ്വരൂപനായ ദേവൻ. നടുക, പോറുക, തൊടുക, നിത്യം പൂജിക്കുക എന്നിവ ചെയ്യുവന്നു വിത്തത്തേയും പുത്രരേയും സ്വർഗ്ഗത്തേയും മോക്ഷത്തേയും അശ്വത്ഥം മുറയ്ക്കു നൽകും.

അരയാലിന്മേൽ തെല്ലെങ്കാനും മുറിവേല്പിച്ചവൻ ഒരു കല്പം നരകത്തിൽ കിടന്ന്, ചണ്ഡാലാദികളിൽ വന്നു ജനിക്കും; കടവെട്ടിയവനോ, എന്നെന്നും നരകത്തിൽത്തന്നെ! അവന്റെ വംശക്കാരും ഘോരദർശനമായ ഒരൌരവത്തിൽ പതിക്കും. കരശ്വത്ഥം നട്ടാലത്തെ ഫലം മുപ്പുന്ന ചമ്പകവും എരിക്കും നട്ടാൽ കിട്ടും. എട്ടു ക്രോശം, ഏഴു പേരാലു്, പത്തു വേപ്പു് എന്നിവയുടെ ഫലം

Digitized By Kerala Sahitya Akademi

തുല്യമാകുന്നു. ഓരോ വൃക്ഷവും നട്ടാലത്തെ ഫലം പറഞ്ഞുവല്ലോ; ഇതു മനസ്സിലാക്കി യാതൊരുവൻ തോട്ടമുണ്ടാക്കുമോ, ആ ധാർമ്മികൻ നൂറു ന്യായിരം കോടി കല്പം സ്വർഗ്ഗത്തിൽ വാഴും. ആയിരം മാവു നട്ടവൻ ഭോഗം ഭുജിച്ചു്, രാജാവായി ജനിച്ചു്, വീണ്ടും തോട്ടമുണ്ടാക്കും. സ്വർഗ്ഗവും, ഭോഗ്യവും, രാജ്യവും, കല്യാണവും, മംഗളവും, ശ്രുതിയും, ആരോഗ്യവും, ശൌര്യവും ആരാമനിർമ്മാണംകൊണ്ടുതന്നെ ലഭിക്കും. ഏതു പക്ഷിമൃഗാദിപതഗശലഭാദികളും കൂടികൊണ്ടു് കായ് തിന്നുവോ, ഏതു പ്രാണികളും തണലേല്ക്കുന്നുവോ, അതു ദേവപൂജിതരായ പുത്രന്മാർ ആരാമനിർമ്മാതാവിന്നുണ്ടായി വരും! മഹാസത്വങ്ങളായ വൃക്ഷങ്ങളൊക്കെ ദേവസദൃശരാകുന്നു; അവയെ പിതാക്കളെ എന്നപോലെ, ശ്രദ്ധിച്ചുകൊണ്ടും പിണ്ഡോദകങ്ങൾകൊണ്ടും പൂജിക്കണം. എന്നാൽ മനുഷ്യലോകത്തിൽ ജനിക്കുമ്പോഴൊക്കെ, അവ സുരൂപവും വിനീതരും പുണ്യകർമ്മാക്കളുമായ പുത്രരാകി വരും; മാവിനെ ആശ്രയിച്ച ജന്തുക്കൾ ഗണേശരായിത്തീരും. നെല്ലി, കട്ടക്ക മുതലായ കണ്ടകിക്കാമ്പുവൃക്ഷങ്ങളും, നട്ടുപിടിപ്പിച്ചാൽ സൽഫലപ്രങ്ങളത്രേ. സ്വർണ്ണാലംകൃതങ്ങളായ സൌവർണ്ണപ്രാസാദങ്ങളും, ആഭരണമെല്ലാമണിഞ്ഞ വായുവേഗവിമാനങ്ങളും, ഏതുതുവിലും സുഖകരങ്ങളായി ഭവിപ്പോഴും എന്നും നൽകുന്നവയായ കനകവൃക്ഷങ്ങളും, അപ്സരസ്ത്രീകൾക്കൊപ്പം ആഴകിയന്ന ഗീതനൃത്തവിശാരദന്മാരായ കന്യകമാരുമുള്ളിടത്തോളം, വൃക്ഷങ്ങൾ നട്ടു പിടിപ്പിച്ച പുണ്യവന്മാരുടെ വാസം; വിശേഷിച്ചും പുഷ്കരിണി മുതലായ ജലാശയങ്ങൾ തീർക്കുന്നവർക്ക്, കൽക്കണ്ടച്ചാറുകളോടും പായസച്ചാറിയോടും പാൽ നരകളോടും കൂടിയ ഷഡ്രസാന്നപ്പുഴകൾ വശപ്പെടും. അവർ ഭൂമിയിലും സ്വർഗ്ഗത്തിലും വീണ്ടും ഭൂമിയിലും സുഖമനുഭവിക്കും; വീണ്ടും പൂർവ്വവാസനയാൽ ജലാശയാരാമങ്ങൾ തീർത്തു പുണ്യം നേടി ക്രമേണ ഭൂസ്വർഗ്ഗങ്ങളിൽ ആധിപത്യവും നേടും!

കഴിവില്ലാത്തവൻ തണ്ണീർപ്പന്തൽ വെച്ചാൽ മതി, പുഷ്കരിണീനിർമ്മാണഫലം കിട്ടാൻ. സർവ്വോപചാരവും സർവ്വഭോഗകരവും സ്വർഗ്ഗാപവർഗ്ഗപ്രദവുമായ തണ്ണീർപ്പന്തലിന്റെ സമ്പ്രദായവും പറയാം: വെള്ളമില്ലായ്കയാൽ കഷ്ടപ്പാടുള്ള പ്രദേശത്തു വഴിക്കരികിലായി മണ്ഡപം ഉണ്ടാക്കുക; വരുന്ന വഴിപോക്കർക്കൊക്കെ, ഗ്രീഷ്മത്തിലും വർഷത്തിലും ശരത്തിലും, അകിലിന്റേയും മറ്റും സൌരഭ്യം ചേർന്ന വെള്ളവും ആസനവും വെറിലയടയ്ക്കാ കർപ്പൂരങ്ങളും നൽകിപ്പോരുകയും ചെയ്യുക. എന്നാൽ മൂന്നു കൊല്ലംകൊണ്ടു് പുഷ്കരിണീഫലം നേടി, എന്നെന്നും സ്വർഗ്ഗത്തിൽ ദേവപൂജിതനായി വാഴാം. വേ

Digitized By Kerala Sahitya Akademi

നൽക്കാലത്തു്, വെള്ളമില്ലാത്തേടത്തു്, ഒരു മാസം തണ്ണീർപ്പന്തൽ ഏ
ർപ്പെട്ടുത്തിയവൻ ഒരു കല്പം സ്വർഗ്ഗത്തിൽ വസിക്കും, അവിടെ നിന്നു
പോന്നാൽ രാജാവായി ജനിക്കുകയും ചെയ്യും. തണ്ണീർപ്പന്തൽ ഏ
ർപ്പെട്ടുത്തിയവർ കളം കഴിപ്പിച്ചവർക്കുള്ള ലോകത്തിൽത്തന്നെയാണു്
ചെന്നു ചേരുക. അല്ലെങ്കിൽ, പാപക്ഷയത്തിന്നായി പുണ്യമായ ധ
ർമ്മഘടം, 'തവപ്രസാദാൽ സഫലാ മമ സന്തു മനോരഥാഃ' എന്നു
മാനംചെയ്യുക. ബ്രഹ്മവിഷ്ണുമഹേശ്വരാത്മകമത്രേ ധർമ്മഘടം.
ഉഴുന്നിൻമണിയുടെ നാലിലൊന്നു സ്വർണ്ണത്തോടുകൂടി വേണം ധർമ്മഘ
ടം നൽകുവാൻ. ഇതു ചെയ്താൽ, മൂന്നുകൊല്ലംകൊണ്ടു തണ്ണീർപ്പന്ത
ലിന്റെ ഫലം കിട്ടും.

ഈ പുഷ്കരിണ്യാദി ഫലം ചൊല്ലുകയോ കേൾപ്പിക്കുകയോ ചെ
യ്യുവൻ തൽപ്രസാദത്താൽ പാപനിർമ്മുക്തനായി സൽഗതിയടയും.
ഈ പുണ്യാഖ്യാനം മനുഷ്യരെ വായിച്ചു കേൾപ്പിച്ചാൽത്തന്നെ, അ
യിരം കോടി കല്പം ദേവലോകത്തു വസിക്കാം.

**ശ്രീപത്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യ സംവാദം,
കീർത്തിധർമ്മപ്രകരണം, വൃക്ഷരോപണാദിനിർണ്ണയം അമ്പത്തഞ്ചാമദ്ധ്യായം.**

:o:

അമ്പത്തഞ്ചാമദ്ധ്യായം

വ്യാസൻ:—മറെറാരു വിശിഷ്ടമായ കീർത്തിധർമ്മം കൂടി പറയാം:
ചിറകെട്ടൽ വളരെ പുണ്യമാണെന്നു ബ്രഹ്മാവു് അരുളിച്ചെയ്തി
രിക്കുന്നു. കല്പം മുഴുവൻ നിറഞ്ഞു നടക്കാൻ വയ്യാത്ത ചളിസ്ഥലത്തു
ചിറയുണ്ടാക്കുന്ന മനുഷ്യൻ പരിശുദ്ധനായി ദേവതപം പ്രാപിക്കും—
ചാണൊന്നിനു നൂറു ദിവ്യവർഷം വീതം സ്വർഗ്ഗത്തിൽ വസിക്കും; വല്ല
പ്പോഴും പാപസംബന്ധത്താൽ സ്വർഗ്ഗത്തിൽനിന്നു ഭ്രഷ്ടനായാൽ, രോ
ഗശോകരഹിതനായ ശ്രീമദ്ഭോഗകനായി ജനിക്കും. ചളിസ്ഥലത്തും
മറും പാലം തീർക്കുന്നവനും സ്വർഗ്ഗത്തിൽ നിന്നും പോരികയില്ല; അ
വന്നു് എല്ലാ പാപവും നാളിൽ നാളിൽ നാശമടയും. ചിറ, പാലം
എന്നിവയുടെ ഫലം ഒപ്പംതന്നെ; അതിനാൽ, ബുദ്ധിമാന്മാർ, ഉള്ള
മുതലും കൃതിയും വിനിയോഗിച്ചു തീർപ്പിച്ചുപോരുന്നു. വൃദ്ധന്മാർ പ
റയാറുള്ള ഒരു പുരാതനകഥ കേട്ടുകൊള്ളുവിൻ:

Digitized By Kerala Sahitya Akademi

ഒരതിഭയങ്കരനായ ചോരൻ മോഷണത്തിന്നു പുറപ്പെട്ടു; അവൻ ഒരു ദുഷ്സ്ഥലം കടന്നു് ഒരു പഴുവിൻതല കൊണ്ടിട്ടാണു് അങ്ങിനെ ഒരു ഗൃഹത്തിൽ ചെന്നു മുതലപഹരിച്ചു്, അവൻ സ്വന്തം പാപ്പിടത്തിലേയ്ക്കു മടങ്ങി. പിന്നെ, ആളുകൾ ആ വഴിയെ നടക്കുകയായി; എല്ലാവരും ഒരു കാൽ ആ പഴുവിൻതലമേൽ വെച്ചാൽ ആ ചളിക്കണ്ടു നിർബാധം കടക്കാമായിരുന്നു. ഒരു ചാന്ദ്രമാസം പഴുവിൻതല ആ ദുഷ്സ്ഥലത്തു കിടന്നു. ചോരൻ മൃതിയടഞ്ഞപ്പോൾ, ചിത്രഗുപ്തൻ അഭിപ്രായപ്പെട്ടു:—'ഇവനു ധർമ്മം ഇല്ല തന്നെ: ദേവപിതൃദ്വിജപൂജനമോ തീർത്ഥസ്നാനമോ ദാനമോ ഗുരുശുശ്രൂഷയോ പരോപകാരമോ ഇവൻ മനസ്സുകൊണ്ടും ചെയ്തിട്ടില്ല; സാഹസികമായ ചൌര്യം, പരസ്ത്രീഗമനം, മിഥ്യാപവാദം, സജ്ജനനിന്ദ, ധോഹരണം എന്നിവ നൂറായിരമുരു ചെയ്തിട്ടുണ്ടുതാനും!' ഉടനെ, കാലാഗ്നിപ്രഭനായ ധർമ്മരാജാവു്, 'ശ്രുരന്മാരേ, ഇവനെ എന്നേയ്ക്കുമായി നരകത്തിൽ കൊണ്ടിടുവിൻ' എന്നാജ്ഞാപിച്ചു. അപ്പോൾ ചിത്രഗുപ്തൻ ഭയപ്പെട്ടപേക്ഷിച്ചു:—'തിരുമേനി, പഴുവിൻതലയുടെ പുണ്യം ഇവനുണ്ടു്; ഇപ്പോൾ തെല്ലൊന്നു ക്ഷമിച്ചാലും. എന്നെന്നേയ്ക്കുമായി നരകത്തിലിട്ടാൽ ഇവനു തെല്ലും നീക്കുപോക്കുണ്ടാകില്ലല്ലോ. അതിനാൽ പാപക്ഷയത്തിനു തക്കതു് ആലോചിച്ചാജ്ഞാപിക്കുമാറാകണം!' ധർമ്മരാജാവു് ധ്യാനത്താൽ അവന്റെ പുണ്യം നിരൂപിച്ചു്, 'ഇവൻ ഭൂമിയിൽ രാജാവായി പന്തിരണ്ടുകൊല്ലം പുണ്യം നേടണ'മെന്നു കണ്ടു് അവനോടരുചെയ്തു:—'ദുരാത്മാവേ, മനുഷ്യലോകത്തു ചെന്നു്, ഒരു പന്തീരാണ്ടു നിസ്സപത്നമായി രാജ്യം ഭരിച്ചുകൊള്ളുക; വഴിയിൽ പഴുവിൻതലയിട്ടതിനാലാണു് നിന്നെ വിട്ടതു്. രണ്ടാമതിവിടെ വന്നിട്ടുപോയാൽ, എന്നെന്നേയ്ക്കുമായി നരകത്തിൽ പോവുക.' ഇതു കേട്ടു ദുഃഖം മൂഴുത്ത തസ്കരൻ കൈതൊഴുതുണർത്തിച്ചു:—'സ്വാമിൻ, ധർമ്മരാജാവേ, ഈ അനാഥനായ പാപിയുടെ പേരിൽ ഇവിടെയുള്ള മനസ്സലിവുണ്ടാകണം: എനിക്കു മുൻജന്മസ്മരണ കളഞ്ഞിട്ടുപോകണം!' ധർമ്മരാജാവു് അതു സമ്മതിച്ചു:—'അങ്ങിനെ തന്നെ; പോയ്ക്കൊൾക. പരമദുഃഖിതനായ നിനക്കു് എന്റെ പ്രസാദത്താൽ പൂർവ്വസ്മരണയുണ്ടാവും.' യമകിങ്കരൻ ചോരനെ വിട്ടു.

അവൻ ഭൂമിയിൽ അതിദരിദ്രമായ ഒരു വൈശ്യഗൃഹത്തിലാണു് വന്നു ജനിച്ചതു്. പൂർവ്വദുഷ്കർമ്മത്താൽ, ജനനംമുതൽക്കേ പലതരം ദുഃഖം അനുഭവിക്കുകയായി. അത്യന്തം കഷ്ടപ്പെട്ടു്, ഇരുപത്തൊന്നു വയസ്സു ചെന്നു. അങ്ങിനെയിരിക്കേ, ആ നാട്ടിലെ രാജാവു് സപ

Digitized By Kerala Sahitya Akademi

കമ്മഞ്ഞിന്നടിപെട്ട മൂതിയടഞ്ഞു. മന്ത്രിമാർ ആലോചിച്ചുറച്ചു്, അനേകം പരിവാരങ്ങളോടു കൂടി ഭൂമിയിലെങ്ങും സഞ്ചരിച്ചു് ആ വൈശ്യന്റെ ചുറുമാണ് ഒത്തുകൂടിയതു്. അതിനാൽ അവർ അയാളെ മടിക്കുടാതെ ലോകസമക്ഷം രാജാവാക്കി അഭിഷേകം ചെയ്തു. രാജ്യം നേടിയ അയാൾ ധർമ്മരാജാനുഗ്രഹത്താൽ ജലാശയത്തിൽ കല്ലുകൊണ്ടും മണ്ണുകൊണ്ടും ചിറയും പാലവും കെട്ടിക്കുക, തോണിയേർപ്പെടുത്തുക, വാപീകൂപതടാകങ്ങളും തണ്ണീർപ്പന്തലും തോട്ടവും തീർപ്പിക്കുക, വൃക്ഷങ്ങളും നട്ടുപിടിപ്പിക്കുക, പലതരം യജ്ഞദാനങ്ങളും എന്നിവ ചെയ്യാൻ തുടങ്ങി; പൂർവകർമ്മസ്മരണമൂലം പാപശാന്തിക്കായി പല കർമ്മങ്ങളും വ്രതങ്ങളും അയാൾ അനുചരിച്ചുപോന്നു; ദേവദ്വിജഗുരുതർപ്പണവും മുറയ്ക്കു നടത്തി. അങ്ങിനെ പാപം വേർപെട്ടു് അയാൾ ധർമ്മരാജന്റെ ഗൃഹമണഞ്ഞു. അയാളെ കണ്ടിട്ടു സിംഹാസനസ്ഥനായ അന്തകൻ കോപത്താൽ കണ്ണുകൾ തുറുത്തു. രാജാവു് കൈകൂപ്പി, 'ധർമ്മരാജാവേ, ഉൽഗതി തന്നാലും' എന്നപേക്ഷിച്ചു. ചിത്രഗുപ്തൻ യമനോടഭിപ്രായപ്പെട്ടു:—'ഇപ്പോൾ കർമ്മംകൊണ്ടും മനസ്സുകൊണ്ടും വിശുദ്ധനായിരിക്കുന്നു; വിഷ്ണുലോകത്തേയ്ക്കു പോകട്ടേ' യമൻ അതിന്റെ കാരണമറിഞ്ഞപ്പോൾ പ്രസന്നനായി പുഞ്ചിരിക്കൊണ്ടു്, 'പോയ്ക്കാൾക; വൈകുണ്ഠത്തിലേയ്ക്കു പോയ്ക്കാൾക' എന്നനുവദിച്ചു. ഉടനെ ദേവലോകത്തു നിന്നു് ഒരു വിചിത്രവർണ്ണമായ വിമാനം വന്നെത്തി; രാജാവു് അതിൽ കേറി പുനരാവൃത്തിരഹിതമായ സ്വർഗ്ഗത്തിലേയ്ക്കു പോകയും ചെയ്തു.

അതിനാൽ അരക്കോൽ വലിപ്പത്തിലെങ്കിലും ചിറ തീർക്കുന്നവനു രാജത്വവും ഉൽകൃഷ്ടമായ സ്വർഗ്ഗവും കൈവരും. ഗോക്കൾക്കു മേച്ചിൽസ്ഥലം കൊടുക്കുന്നവനും സ്വർഗ്ഭ്രംശം വരികയില്ല; ഗോദാനം ചെയ്യുവനുള്ള ഗതിതന്നെയാണവനും. യാതൊരാൾ ഒരുമാറു നീളത്തിൽ മേച്ചിൽസ്ഥലം ഒഴിച്ചിടുന്നുവോ, ആ ബുദ്ധിമാൻ—എന്തിനേറെപ്പറയുന്നു?—സ്വർഗ്ഗത്തിൽ വേണ്ടതൊക്കെ ലഭിക്കും. കഴിവുപോലെ മേച്ചിൽസ്ഥലം ഒഴിച്ചിട്ടവനു്, നാംതോറും ബ്രാഹ്മണരെ ഊട്ടിയാലുള്ളതിന്റെ നൂറിരട്ടി പുണ്യം കിട്ടും. അതിനാൽ, മേച്ചിൽസ്ഥലം കൊടുത്തവൻ എന്നെന്നും സ്വർഗ്ഗത്തിൽത്തന്നെ പുണ്യവൃക്ഷം വെട്ടുക, മേച്ചിൽസ്ഥലം മുടക്കുക എന്നിവ ആർ ചെയ്യുമോ, അവന്റെ വംശത്തിലെ ഇരുപത്താറാമത്തേവർ രൌരവങ്ങളിൽ പചിക്കപ്പെടും. ധർമ്മവൃക്ഷങ്ങളും മുറിച്ചവനേയും, വിശേഷിച്ചു മേച്ചിൽസ്ഥലം

Digitized By Kerala Sahitya Akademi

മുടക്കന്നവനേയും ഗ്രാമാധ്യക്ഷൻ ശിക്ഷിച്ചുകൊള്ളണം; എന്നാലേ തനിക്ക നന്മ വരൂ.

മൂന്നുപതനമായോ അഞ്ചുപതനമായോ ഭംഗിയിൽ ക്ഷേത്രം പണിചെയ്യു നിലം തേച്ചുമിനുക്കി നല്ല താഴികക്കുടവും വെച്ച്, ഇഷ്ടദേവതയുടെ—വിശേഷിച്ചും വിഷ്ണുവിന്റെ—മൂന്മയമോ ശിലാമയമോ ആയ വിഗ്രഹം പ്രതിഷ്ഠിച്ച്, വേണ്ടതിന്നൊക്കെ ആൾക്കാരെ നിയമിച്ച്, അതിലേയ്ക്ക ധാരാളം മുതലും തിരിച്ചുവെയ്ക്കുന്നതാരോ, ആ മനുഷ്യോത്തമൻ വിഷ്ണുസായുജ്യമടയും. വിഷ്ണുവിന്റെയൊ മറ്റു ദേവന്റേയൊ വിഗ്രഹം രമണീയമായ ദേവാലയത്തിൽ പ്രതിഷ്ഠിച്ചാലത്തെ ഫലം, അനേകായിരം യജ്ഞങ്ങൾകൊണ്ടോ വ്രതദാനാദികൾ കൊണ്ടോ കൈവരികയില്ല. അവൻ ആയിരമായിരം കോടിയും നൂറുനൂറുകോടിയും കല്പം രത്നങ്ങളും ദ്രവ്യങ്ങളും നിറഞ്ഞ പ്രാസാദത്തിലും സർവ്വജഗന്മനോഹരമായ വിമാനത്തിലും വിഹരിക്കും; സ്വർഗ്ഗത്തിൽ നിന്നു പോന്നാൽ, ഗുണവാനും ജിതേന്ദ്രിയനുമായ ചക്രവർത്തിരാജാവാകയും ചെയ്യും. യഥാശക്തി ക്ഷേത്രം ഉണ്ടാക്കീട്ടു ശിവലിംഗം പ്രതിഷ്ഠിച്ചുവന്നാൽ ഫലം ഇതുതന്നെ: ആ മഹാഭോഗൻ മനസ്സുഖപ്രദമായ മഹാഭോഗം ഭുജിക്കും; സുന്ദരിമാരാൽ പരിവൃതനായി സ്വർഗ്ഗത്തിലെങ്ങും സ്വച്ഛന്ദം വിളയാടും; പിന്നീടു രാജാവോ വലിയ ധനവാനോ ആയി ജനിച്ചു ഭൂമിയിൽ അനുഭവിച്ചിട്ടില്ലാത്ത ഭോഗൃങ്ങളും നേടും. ശിവന്റെ ലിംഗമോ വിഗ്രഹമോ അമ്പലത്തിൽ പ്രതിഷ്ഠിച്ചുവൻ കോടി കല്പം സ്വർഗ്ഗത്തിൽ വസിച്ച്, രാജാവോ മഹാമാന്യനായ ധനികനോ ആയി പിറക്കും. ദേവീപ്രതിമകൾ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചുവൻ സർവ്വസുഖകരമായ ദേവീലോകത്തു ദേവതപം പ്രാപിക്കും; പലതരം രത്നങ്ങൾ പതിച്ച നിലത്തോടും അനേകായിരം സുന്ദരിമാരോടും കൂടിയതായി, അവരുടെ മണിമേട്ടളതാളങ്ങളാലും നൃത്യഗീതങ്ങളാലും രമണീയമായി, സർവ്വേന്ദ്രിയങ്ങളേയും സുഖിപ്പിക്കുന്നതായ മണിമേടയിലും, നിർമ്മലമായ ശ്വേതവിമാനത്തിലും സദാ നിർബാധമായി വിഹരിക്കും. ദേവീപ്രതിഷ്ഠയ്ക്കായി മികച്ച ക്ഷേത്രം തീർപ്പിച്ചുവൻ പത്തുലക്ഷം കോടി കല്പം സ്വർഗ്ഗത്തിൽ വസിച്ച്, ദേവീകേതനായ രാജാവായി ജനിക്കും; അവന്ന് ഓരായിരം മുൻജന്മങ്ങളുടെ ഓർമ്മയുണ്ടാകും. ഗണപതിക്കോ ദേവിക്കോ ക്ഷേത്രം ഭക്തിയോടെ നിർമ്മിച്ചുവൻ ത്രൈവിക്രമൻ ദേവപൂജിതനായിട്ട്, രാജാവായി പിറക്കും; ദേവീപുരത്തിലും ഭോഗ്യം ഭുജിക്കും; സ്വകാര്യങ്ങ

Digitized By Kerala Sahitya Akademi

ളിലും ഗണേശപ്രസാദത്താൽ അവിഘ്നം നേടും; അവൻറെ ആജ്ഞ ദേവകളിലും അസുരരിലും മനുഷ്യരിലും തടയപ്പെടുകയില്ല. സൂര്യന് അമ്പലം പണിയിച്ചവൻ ആരോഗ്യവാനും പ്രസന്നനും കാമസുന്ദരനും സൂര്യനെപ്പോലെതന്നെ സർവ്വം വരപ്രദനുമായി ഭവിക്കും. സൂര്യനെ പ്രതിഷ്ഠിപ്പാൻ കല്ലുകൊണ്ട് അമ്പലം തീർപ്പിച്ചവൻ നൂറ കോടി കല്പം സ്വർഗ്ഗമനുഭവിച്ചിട്ട്, ഭൂപതിയായിപ്പിറക്കും.

വിഷ്ണുപാദി ദേവപൂജയും മനുഷ്യർക്ക് നന്മയ്ക്കായി ഞാൻ വെവ്വേറെ പറയാം: ഒരു മാസം പകലിരവു നൈവിളക്കു വെച്ചവൻ പതിനായിരം ദിവ്യവർഷം ദ്യോവിൽ ദേവശ്രേഷ്ഠരാൽ പൂജിക്കപ്പെടും; എള്ളെണ്ണ വിളക്കു വെച്ചാൽ പകുതി ഫലം കിട്ടും. ഒരു മാസം നെയ്യഭിഷേകം കഴിച്ചാൽ, അയിരമായിരംകോടി കല്പം സ്വർഗ്ഗത്തിൽ വാഴാം. ഒരു മാസം വെള്ളംകൊണ്ടഭിഷേകം ചെയ്താൽ ഈശ്വരതത്വം കിട്ടും. ധൂപം നൽകിയാൽ ഗന്ധർവ്വപദം കൈവരും; ചന്ദനം നൽകിയാൽ ഫലം ഇരട്ടി; കസ്തൂരി–അകിൽ എന്നിവ നൽകിയാൽ വളരെ. മാലയും പൂവും നൽകിയാൽ സൂരേശ്വരത്വം സിദ്ധിക്കും; തണുപ്പുകാലത്തു പഞ്ഞിക്കിടക്ക നൽകിയാൽ സർവ്വ ദുഃഖങ്ങളും നീങ്ങും; ചൂടുകാലത്തു കളിർവസ്ത്രം നൽകിയാൽ, അത് ഏഴു ജന്മത്തേയ്ക്കുമായി. യഥാശക്തി വസ്ത്രം നൽകിയവന്ന് ഏന്നും വാട്ടം വരില്ല. നാലു വാരകൊണ്ട് അഴകൊത്ത ഏറാപ്പുവസ്ത്രവും കാലടികൾക്കുറയും നൽകിയവൻ സ്വർഗ്ഗത്തിൽ നിന്നു ഭ്രംശിക്കയില്ല. കഴിവുപോലെ കനകം നൽകിയവൻ സ്വർഗ്ഗത്തിൽ പൂജിക്കപ്പെടും; പത്തു യോജന പരപ്പുള്ള നാട്ടിന്ന് അധിപതിയുമാകും. സ്വർണ്ണം രത്നത്തോട്ടുകൂടി നൽകിയാൽ, ഫലം പത്തിരട്ടി. വജ്രം, വൈഡൂര്യം, മരകതം, മാണിക്യം മുതലായ വിലയേറിയ രത്നങ്ങളെ വിധിപ്രകാരത്തിൽ ചാർത്തുകയോ, കീർത്തിമാനായ ബ്രാഹ്മണനെക്കൊണ്ടു ചാർത്തിക്കുകയോ ചെയ്യുവൻ നൂറുയോജന പരപ്പുള്ള നാട്ടിനധീശ്വരനായി വരും. എല്ലാവരേയും രഞ്ജിപ്പിക്കുകയും ചെയ്യും. സുഗന്ധദ്രവ്യം നൽകിയാൽ സുന്ദരനും വാഗ്മിയുമാകും. പാക്കു നൽകിയാൽ, ഒച്ച തുലോം നന്നാവും. നല്ല ദാസികളെ നൽകിയവൻ ഒരു കല്പം സ്വർഗ്ഗത്തിൽ വസിച്ച്, മഹാധനികനായി ജനിക്കും. ഭൃത്യരെ നൽകിയവന്ന സ്വർഗ്ഗത്തിൽ വളരെ ഭൃത്യന്മാരുണ്ടായിവരും; ഭൂമിയിൽ ഏഴു ജന്മത്തും അറാമറാ സമൃദ്ധിയുമുണ്ടാകും. തുണികളെല്ലാം നൽകിയവൻ ഇന്ദ്രഭവനം ലോകസമ്മതനായിത്തീരും. ആട്ടവും പാട്ടും ഏർപ്പെടുത്തിയവൻ ഗന്ധർവ്വ ലോളായി, ദാസീദാസരോടൊന്നിച്ച്, മികച്ച ധനങ്ങളാലും സ്ത്രീകളാലും പൂറാ

Digitized By Kerala Sahitya Akademi

പ്പെട്ട സ്വർഗ്ഗത്തിൽ വസിക്കും. ഗോക്കളെ നൽകിയവൻ ഒരു കല്പം സ്വർഗ്ഗത്തിൽ വാഴും; പാലഭിഷേകം കഴിച്ചവനും അപ്രകാരം തന്നെ. തയിർകൊണ്ടഭിഷേകം ചെയ്യുൽ ഇരട്ടി; നെയ്യുകൊണ്ടായാൽ നൂരിരട്ടി. ആറു രസങ്ങളോടും കൂടിയ അന്നം നിവേദിച്ചവൻ പൃഥിവീശനാവും. പായസം നിവേദിച്ചാൽ മുനിശ്രേഷ്ഠനാവും. ഫവിഷ്യാന്നം പ്രീതിയോടെ നിവേദിച്ചവൻ വേദശാസ്ത്രങ്ങളുടെ മുകം പൂകും. അമിഷമല്ലാത്തതു നിവേദിച്ചാൽ ബ്രഹ്മചര്യവ്രതിയാവും. തേൻ, വെല്ലം, ഉപ്പ് എന്നിവ നിവേദിച്ചാൽ സൌഭാഗ്യം സിദ്ധിക്കും. പഞ്ചസാരയും മറവും നിവേദിച്ചാൽ ആഴകുണ്ടാകുമെന്നു പ്രത്യേകം പറയുന്നു. ശിവലിംഗവും മറവും ശരിക്കു പൂജിച്ചവൻ ക്രമേണ സ്വർഗ്ഗാദിലോകങ്ങളിൽ ആധിപത്യം നേടും. [ജലപാത്രവും മറവും നൽകിയാൽ സ്വർഗ്ഗത്തിൽനിന്നു വിച്യുതി വരില്ല. ശയ്യയും ഭോജനവും നൽകിയാൽ പാപം വിട്ടൊഴിയും. അതിനാൽ, നന്മ തേടുന്നവർ ദേവപൂജ നടത്തിപ്പോരണം:] ദേവന്മാർ ലോകഹിതത്തിന്നായി നോക്കിക്കൊണ്ടിരിക്കും. ശിവലിംഗത്തെ ഒരു പ്രദക്ഷിണം വെച്ചാൽ, ആ അഭിജ്ഞനായ ശ്രേഷ്ഠമനുഷ്യൻ ഒരു നൂറു ദിവ്യവർഷം തികച്ചും സ്വർഗ്ഗമനുഭവിക്കും; ഈ വിധം തന്നെ, നമസ്കരിച്ചവനും ലോകവന്ദ്യനായി സ്വർഗ്ഗം പൂകും. അതിനാൽ പതിവായി ആചരിച്ചുകൊള്ളണം.

ആർ ശിവക്ഷേത്രംവക സ്വത്തു് അപഹരിക്കുമോ, അവർ രൌരവമണഞ്ഞു്, പുഴജാതിയിൽ പിറക്കും. പൂജയപഹരിക്കുന്നവൻ ആയിരംകോടി തലമുറയോടൊന്നിച്ചു് എന്നെന്നും നരകത്തിൽ കിടക്കും. ജലപുഷ്പദീപാദികർമ്മങ്ങായി ധനം വാങ്ങിയിട്ടു്, ലോഭംമൂലം അവ കൊണ്ടുകൊടുക്കാത്തവൻ നരകത്തിൽ നിന്നു കേറുകയില്ല. അമ്പലത്തിലെ മാസിയെ അപഹരിച്ചവൻ എന്നെന്നും നരകത്തിൽ തന്നെ; കാമപീഡയാൽ അമ്മയെപ്പുൽകും; ശിവദാസിയെ പുൽകിക്കൂടാ! ശിവസ്വാപഹരണത്തിന്നൊപ്പം തന്നെയാണു് ശിവദാസീഗമനം. അന്നപാനങ്ങളും അനുഭവിച്ചവൻ ഉർവ്വിയടയും. അതിനാൽ, പൂജക്കാരൻ ബ്രാഹ്മണനെ നരകത്തിൽനിന്നു പോരലില്ല! ദേവന്റെ ദ്രവ്യത്തെ പൂജിച്ചാൽത്തന്നെ ലിംഗാവ്യഭിചാരഫലം കിട്ടും. വേശ്യാഗമനം ചെയ്യുവൻ പുഴുവർഗ്ഗത്തിൽ വന്നു പിറക്കും. തേവിടിശ്ശിയെ തൊട്ടപോലുൽ കുളിച്ചു ശുദ്ധിവരുത്തുക. അവൾ അനേകം പുരുഷന്മാരെപ്പുണരുകയാൽ ദുഷിച്ചു കെട്ടുപോകുന്നു. എന്നാൽ യാതൊരു വേശ്യ തപസ്സിലും ദേവാർച്ചനത്തിലും ചാരിത്രത്തിലും ശ്രദ്ധവെയ്ക്കുമോ, അവൾ പരിശുദ്ധയായി അക്ഷയസ്വർഗ്ഗമടയും. എപ്പോ

Digitized By Kerala Sahitya Akademi

ഴും സമീപസ്ഥയായ ഗന്ധികയേ അമ്മയെപ്പോലും കരുതുന്നവനാരോ, അവൻ തന്നെപോലെ സുരലോകങ്ങളിൽ എല്ലാ ഭോഗ്യവും ഭുജിക്കും; വിഷ്ണുവെന്നപോലെ ദേവാസുരമനുഷ്യർക്ക് വന്ദനീയനും സർവ്വലോകരാലും സർവ്വത്രതന്നെ പാവനനുമായിഭവിക്കും. ദേവന്റെ ഭൂമിയിൽ എപ്പോഴും പ്രതിഷ്ഠയുള്ള ദേവദാസനും ദേവലോകത്തു ലോകേശനായി പൂജിക്കപ്പെടും. ഈ ലിംഗങ്ങൾക്കു യഥാശക്തി മണ്ഡപം തീർപ്പിച്ചുവനം വിണ്ണിൽ വസിക്കും. അതിന്റെ കാലനിർണ്ണയവും കേട്ടുകൊൾകം: പുല്ലുകൊണ്ടായാൽ ഒരു കൊല്ലം; അമരക്കൊണ്ടായാൽ നൂറു കൊല്ലം; മറവു മരംകൊണ്ടായാൽ പതിനായിരം കൊല്ലം; കരിങ്ങാലികൊണ്ടായാൽ ലക്ഷം കൊല്ലം; ഉറപ്പുള്ള കല്ലുകൊണ്ടു കെട്ടിപ്പടുത്തായാൽ കോടികോടി കൊല്ലം. അതിനാൽ അർത്ഥിഞ്ഞാൻ എങ്ങിനെ പണിപ്പെട്ടും മണ്ഡപം ഉണ്ടാക്കിച്ചുകൊള്ളണം. മണ്ഡപം തീർത്തവൻ എത്രകാലം സ്വർഗ്ഗത്തിൽ വസിക്കുമോ, അത്രകാലം ഭൂമിയേടയും, അതുപഹരിച്ചവൻ. ആയുഷ്കാലത്തും കൂടുന്നേടത്തും, വില്പനസ്ഥലത്തും, വഴിപോക്കരുടെ താവളത്തിലും, നടന്മീസംഗമത്തിലും ദേവകർക്കു മണ്ഡപം തീർത്താലുള്ള ഫലം യാതൊന്നോ, അതിന്റെ ഇരട്ടി ഫലമുണ്ട്, ബ്രാഹ്മണന്നു ഗൃഹം ഉണ്ടാക്കിക്കൊടുത്താൽ. വിശേഷിച്ചും അനാഥനോ ദീനനോ ശ്രോത്രിയനോ ആയവന്നു രമണീയമായ ഗൃഹം ഉണ്ടാക്കിച്ചുവൻ സ്വർഗ്ഗത്തിൽനിന്നു പോരികയില്ല.

ഈ അത്യുത്തമമായ പുണ്യാഖ്യാനം പഠിവായി ശ്രവിച്ചാൽ തന്നെ, ക്ഷേത്രാദി നിർമ്മാണത്തിന്റെ ഫലവും അക്ഷയസ്വർഗ്ഗവും കിട്ടും. ധനവാന്മാർക്കും പ്രഭുക്കന്മാർക്കും പുണ്യവാന്മാർക്കുമായി വായിപ്പിക്കുക, വായിക്കുക എന്നിവ ചെയ്താൽ എന്നെന്നും സ്വർഗ്ഗത്തിൽ വസിക്കാം. ദേവദാസീദാസർക്കായി ദേവാലയങ്ങളിൽ വെച്ചു നാലും തോറും വായിക്കുന്ന ബ്രാഹ്മണർ മുക്തിമാർഗ്ഗമടയും. രാജാക്കന്മാർ, യജമാനന്മാർ, ധനവാന്മാർ, ഗുണവാന്മാർ എന്നിവരുടെ മുമ്പിൽവെച്ചു വായിച്ചാൽ മോക്ഷം കിട്ടും; ശ്രവിച്ചാലും ഫലം അതുതന്നെ.'

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം,
കീർത്തിധർമ്മപ്രകരണം നേരുനിർണ്ണയിച്ചു മുഹൂർത്തൈകഥനം
എൻപത്തൊമ്പതാമധ്യായം.

:0:

Digitized By Kerala Sahitya Akademi

അമ്പത്തേഴാമദ്ധ്യായം

ബ്രാഹ്മണർ:—'ദ്വിജശ്രേഷ്ഠ, ത്രിലോകജ്ഞ മുനിമാർക്കും, തപസ്വികൾക്കും, നാലു വർണ്ണാശ്രമങ്ങൾക്കും, പാപികൾക്കും സുകൃതികൾക്കും, സഗുണർക്കും നിർഗ്ഗുണർക്കും, സവർണ്ണർക്കും അവർണ്ണർക്കും എന്തൊന്നാണ് സർവോത്തമവും സുഖസാധ്യവും പൂജനീയവുമായ പുണ്യം?'

വ്യാസൻ:—'സകലർക്കും രുദ്രാക്ഷം ധരിക്കലത്രേ മുഖ്യം: അതു ദർശിച്ചാൽത്തന്നെ ലോകർക്കു പാപസഞ്ചയം അലിഞ്ഞുപോകും; സ്പർശിച്ചാൽ സ്വർഗ്ഗം കിട്ടും; ധരിച്ചാൽ മോക്ഷം സിദ്ധിക്കും. ശിരസ്സ്, ഉരസ്സ്, ഭുജം എന്നിവയിൽ രുദ്രാക്ഷം ധരിക്കുന്നവൻ ലോകത്തിൽ ശിവതുല്യനാം എല്ലാ പുണ്യങ്ങളും സാധിച്ചവനാകുന്നു; അവൻ വസിക്കുന്ന ദേശംകൂടി പുണ്യവത്തായിത്തീരും; അവനെ ദർശിക്കയോ സ്പർശിക്കയോ ചെയ്താൽത്തന്നെ മനുഷ്യന്റെ പാപശാന്തി വരും. ജപമോ തർപ്പണമോ ദാനമോ സ്നാനമോ പൂജയോ പ്രേക്ഷിണമോ——വല്ല പുണ്യവും——രുദ്രാക്ഷധാരിയായി ചെയ്താൽ, അതെല്ലാം അക്ഷയമായിരിക്കും. തീർത്ഥങ്ങളിൽ വെച്ചു വലിയ തീർത്ഥമാകുന്നു രുദ്രാക്ഷം. അതു ധരിച്ചാൽ മതി, പാപം നശിച്ചു് അപവർഗ്ഗം സിദ്ധിപ്പാൻ. * ബ്രഹ്മഗ്രന്ഥിയോടു കൂടിയ നല്ല രുദ്രാക്ഷമാല കൈക്കൊണ്ടു ജപമോ ദാനമോ സ്തോത്രമന്ത്രോച്ചാരണമോ ദേവപൂജയോ ചെയ്താൽ, അതെല്ലാം അക്ഷയമായിരിക്കും; പാപത്തിനു ക്ഷയവും വരും. മഹാബ്രാഹ്മണരേ, മാലയുടെ ലക്ഷണം കേട്ടുകൊള്ളുവിൻ: അതു് മനസ്സിലാക്കിയാൽത്തന്നെ നിങ്ങൾക്കു മോക്ഷമാർഗ്ഗമടയാം:

യോനിയില്ലാത്തതു്, പുഴു കടിച്ചതു്, ലിംഗം പൊട്ടിയതു്, തമ്മിൽപ്പുറപ്പിടിച്ചതു്, ഇങ്ങനെയുള്ള രുദ്രാക്ഷം മാലയ്ക്കുകൊള്ളരുതു്; താൻ തന്നെ കോർത്തതും, ബ്രാഹ്മികം കോർത്തതും, അയഞ്ഞതും, രുദ്രാക്ഷങ്ങൾ തമ്മിൽ തൊടാതുമായ മാല നന്നല്ല. [സുപ്രകൃതിയിലുള്ളതും ഇരുപത്തേഴു കരു കോർത്തതും §മേരു വോടുകൂടിയതും കെട്ടുമുറുകിയതുമായിരിക്കണം മാല. ഓരോ കരുവും കൈപ്പെരുവിരൽകൊണ്ടു നീക്കുക] നടുവിലെ കരു തൊട്ടു് ഓരോ കരുവും നീക്കി, രണ്ടാവ

* പൂണൂലിന്റെ പോലുള്ള കെട്ടു്.

§ മാലയുടെ മുകളിലെ കരുവിനു മേരു എന്നു പേർ.

Digitized By Kerala Sahitya Akademi

രെ ജപിക്കുക. മന്ത്രം എണ്ണി ജപിച്ചേ ഫലമുള്ളൂ. ഓരോ ദേവന്റേയും മന്ത്രത്തിനു വേറെ വേറെ മാല വിധിച്ചിട്ടുണ്ട്; അതുകൊണ്ടുവേണം ജപിക്കുക. തീർത്ഥത്തിൽ വെച്ചായാൽ കോടി കോടിയിരട്ടിയാവും ഫലം. പരിശുദ്ധമായ നിലം, വിശുദ്ധമായ വൃക്ഷത്തിന്റെ മുവട്ട്, ഗോശാല, നാലുകെട്ടുപുര എന്നിവിടങ്ങളിൽ വെച്ചു വിഷ്ണു ശിവ ഗണേശ സൂര്യമന്ത്രങ്ങളേം ജപിച്ചാൽ ഫലത്തിനവസാനമില്ല. ദേവീമന്ത്രം, ശൂന്യഗൃഹത്തിലും ശവത്തിന്റെ മുമ്പിലും ചുടലയിലും നാൽക്കൂട്ടം വഴിയിലും വെച്ചു ജപിച്ചാൽ സാധകനു സദ്യസ്സിദ്ധി വരും. വേദപുരാണാഗമപ്രോക്തങ്ങളായ മന്ത്രങ്ങളൊക്കെത്തന്നെ രുദ്രാക്ഷമാലയിൽ ജപിച്ചാൽ മുക്തികരങ്ങളത്രേ. രുദ്രാക്ഷം കഴുകിയ ശുദ്ധജലം ശിരസ്സിലേറ്റാൽ സർവ കല്മഷങ്ങളും വിട്ടൊഴിയും; അക്ഷയമായ പുണ്യവും ലഭിക്കും. കേടൊന്നുമില്ലാത്ത ഓരോ രുദ്രാക്ഷം ശരീരത്തിൽ ധരിച്ചാൽ മനുഷ്യർ ദേവശ്രേഷ്ഠരായിത്തീരും.'

ബ്രാഹ്മണർ:—'രുദ്രാക്ഷം എന്തിൽ നിന്നുണ്ടായി? എന്തുകൊണ്ട് ഒരു പരിശുദ്ധവസ്തുവായി? എങ്ങനെ ഭൂമിയിൽ വൃക്ഷമായിത്തീർന്നു? അതിനെ ആർ നടപ്പാക്കി?'

വ്യാസൻ:—'പണ്ടു കൃതയുഗത്തിൽ ത്രിപുരനെന്നൊരസുരൻ ബ്രഹ്മവരത്താൽ ദേവകളെത്തോല്പിച്ചു, ആകാശത്തു പുരം തീർപ്പിച്ചു, ലോകമെല്ലാം നശിപ്പിക്കാനൊരുമ്പെട്ട ആ ഘോരവൃത്താന്തം ദേവന്മാർ ശിവനെ അറിയിച്ചു. ശങ്കരൻ അജഗവചാപം കുലച്ച് അന്തകനൊത്ത ബാണം തൊടുത്തു, ദിവ്യചക്ഷുസ്സുകൊണ്ടു കാണപ്പെട്ട ആ ദാനവനെ എയ്തു; അവൻ ആകാശത്തു നിന്ന്, വമ്പിച്ച കൊള്ളിമീനെന്നപോലെ ഭൂമിയിൽ പതിക്കുകയും ചെയ്തു. ആ അയാസം നിമിത്തം രുദ്രന്റെ അക്ഷിയിൽ നിന്നു വീണ നീർത്തുള്ളിയിൽ നിന്നുണ്ടായതത്രേ മഹത്തായ രുദ്രാക്ഷവൃക്ഷം. എന്നാൽ അതിന്റെ ഫലം അതി ഗുഹ്യമാകയാൽ ജീവികൾ അറിഞ്ഞിരുന്നില്ല. ഒരിക്കൽ സ്കന്ദൻ കൈലാസത്തിന്റെ മുകളിൽ ദേവദേവനായ മഹേശ്വരനെ താണുവണങ്ങിച്ചോദിച്ചു:—'അച്ഛ, രുദ്രാക്ഷത്തിന്റെ ഫലം—ജപിക്കുക, ധരിക്കുക, ദർശിക്കുക, സ്പർശിക്കുക എന്നിവ ചെയ്യാലിന്നിന്നതാണെന്ന്—ശരിക്കറിയാൻ എനിക്കാഗ്രഹമുണ്ട്.'

ശ്രീ:—'ദർശിച്ചാൽ ലക്ഷം പുണ്യം; സ്പർശിച്ചാൽ കോടി; ധരിച്ചാൽ പത്തുകോടി; ജപിച്ചാൽ സഹസ്രലക്ഷകോടിയും സഹ

Digitized By Kerala Sahitya Akademi

സ്രുശതകോടിയും! ഇതിൽ സംശയം വേണ്ട. എച്ചിൽതീനിയോ വിശ്വലംഘനം ചെയ്യുന്നവനോ ഈ പാപങ്ങളും ചെന്നവൻ തന്നെയോ ആയാലും രുദ്രാക്ഷധാരണത്താൽ സദ്ഗതിയടയും. ദുഷ്ടനുഗംപോലും കഴുത്തിൽ രുദ്രാക്ഷം ധരിച്ചു ചത്താൽ ശിവസായുജ്യം നേടും; മനുഷ്യാദികളുടെ അവസ്ഥ പിന്നെ പറയാണ്ടോ! ധ്യാനം, ധാരണം എന്നിവകൂടാതെയും രുദ്രാക്ഷം ധരിച്ചവൻ പാപമെല്ലാമൊഴിഞ്ഞു പരമഗതി നേടും.'

സ്കന്ദൻ:—'ജഗദീശ്വര, ഒന്നും രണ്ടും മൂന്നും നാലും അഞ്ചും ആറും ഏഴും എട്ടും ഒമ്പതും പത്തും പതിനൊന്നും പതിനെട്ടും പതിമൂന്നും പതിന്നാലും മുഖമുള്ള രുദ്രാക്ഷങ്ങളുണ്ടല്ലോ; അവയുടെ ദേവതകൾ ആരാണ്? ഫലമോ, മോക്ഷമോ, എന്താണാ? എങ്കിൽ കനിവുണ്ടെങ്കിൽ ശിഷ്യനു പറഞ്ഞുതന്നാലും!'

ശിവൻ:—'ഏകമുഖമായിട്ടുള്ളതു് ശിവൻ; അതു ബ്രഹ്മഹത്യയേയും പോക്കുന്നതാകയാൽ, സർവ്വപാപക്ഷയത്തിനായി ദേഹത്തിൽ ധരിച്ചുകൊള്ളണം. എന്നാൽ, വമ്പിച്ച പുണ്യം നേടി, ശിവന്റെ അനുഗ്രഹത്താൽ ശിവലോകം പൂകി ശിവനോടൊപ്പം വിഹരിക്കാം. ഷണ്മുഖം, സ്കന്ദമുഖ രുദ്രാക്ഷം മനുഷ്യന്റെ മുക്തിപ്രദമാകുന്നു. രണ്ടു മുഖമുള്ളതു ദേവദേവൻ; അതു ധരിക്കുന്ന മനുഷ്യൻ ഗുഹ്യമായ ശോവധാടി പാപംപോലും നിശ്ശേഷമകന്ന് അക്ഷയസപ്തർഷണയും. മൂന്നു മുഖമുള്ളതു് അഗ്നി; അതു ധരിച്ചാൽ, ഒരു ജന്മം മുഴുവൻ ചെയ്ത പാപം, തീയിനാൽ വിറകെന്നപോലെ വെന്തടിയും—സ്ത്രീഹത്യ, ബ്രഹ്മഹത്യ, ബാലഹത്യ എന്നിവയുടെ പാപംപോലും ഉടനടി നശിക്കും. നെയ്യു ഹോമിച്ചു് അഗ്നിയെപ്പൂജിച്ചാലുള്ള ഫലവും അക്ഷയസപ്തർഷവും ലഭിക്കുകയും ചെയ്യും. ത്രിമുഖരുദ്രാക്ഷം ധരിക്കുന്നവൻ ഭൂമിയിൽ ബ്രഹ്മതുല്യനാകുന്നു; അവൻ ജന്മജന്മങ്ങളിൽ ചെയ്തുവെച്ച ദുഷ്കൃതമെല്ലാം ഒഴിച്ചുപോകും. ഉദരരോഗമുണ്ടാകില്ല; അപചയം നേരിടില്ല; ഭയമേ പറഞ്ഞിട്ടില്ല; പുഴുക്കടി പിടിക്കില്ല; ഇടിയും മഴയും ഏൽക്കില്ല; ശത്രുഭയവും വരില്ല; ഈ യുക്തരൊക്കെയുണ്ട് ത്രിമുഖം ധരിച്ചാലുള്ള ഫലം നാലുമുഖമുള്ളതു ബ്രഹ്മാവത്രേ; അതു ദേഹത്തിലുള്ളവൻ സർവ്വശാസ്ത്രജ്ഞനും വേദവിൽപ്രവരനുമായ ബ്രാഹ്മണനോ സർവ്വധർമ്മങ്ങളുമറിഞ്ഞ സ്മാർത്തനോ പൌരാണികനോ ആയിത്തീരും. നരഹത്യ, പല

Digitized By Kerala Sahitya Akademi

പ്രാണികളെക്കൊല്ലുക, ഗുരുക്കന്മാരെ ചൂഷണം ചെയ്യുക എന്നിവയാലുള്ള പാപം പോലും ക്ഷുരമുഖധാരണത്താൽ ക്ഷീണം നശിക്കും. അഞ്ചുമുഖമുള്ളതു കാലാഗ്നിയാകുന്നു; അതു ധരിക്കുന്നവൻ അഗമ്യാഗമനത്താലും അഭക്ഷ്യഭക്ഷണത്താലുമുള്ള ദോഷം നീങ്ങി, എന്നെന്നും മഹേശപദപ്രാപ്തനാകുന്നതാണ്. സദ്യോജാതൻ, ഈശാനൻ, തത്പുരുഷൻ, അഘോരൻ, വാമദേവൻ എന്നീ ദേവന്മാർ പഞ്ചമുഖരാകുന്നു; അതിനാൽ പഞ്ചമുഖരുദ്രാക്ഷത്തിനു ശ്രേഷ്ഠത കൂടും. രുദ്രന്റെ പുത്രനായ കാർത്തികേയനെ ബാലിജ്ഞൻ ധരിച്ചുകൊള്ളണം. പഞ്ചമുഖം ധരിക്കുന്നവർ മൂന്നായിരമായിരം കോടി കല്പവും നൂറായിരം കോടി കല്പവും ശിവന്റെ മുമ്പിൽ ദേവാസുരരാൽ പൂജിക്കപ്പെടും; ശിവലോകത്തു നിന്നു ദേവനാൽ സർവ്വജ്ഞരായ ചക്രവർത്തിയുമാകും. ആറുമുഖമുള്ളതു കാർത്തികേയൻ. അതു വലത്തേ കയ്യിന്മേൽ ധരിക്കുന്നവൻ, ബ്രഹ്മഹത്യാദി പാപങ്ങളുംപോലുമൊഴിഞ്ഞു്, ഭൂമിയിൽ സ്കന്ദനെപ്പോലെ ശൂരനായി, പ്രളയം വന്നാലും പരാജയപ്പെടാത്തവനായി, ഗുണങ്ങൾക്കു വിളനിലമായി ശോഭിക്കും; ഗൗരീശനന്ദനനെപ്പോലെ കുമാരത്വവും പ്രാപിക്കും. ബ്രാഹ്മണൻ രാജാവിനാൽ പൂജിക്കപ്പെടും; ക്ഷത്രിയൻ ജയം നേടും; വൈശ്യൻ ദ്രവ്യാദികളും എന്നെന്നും വൈശേഷ്യപൂർണ്ണരാകും. ഷണ്മുഖം ധരിക്കുന്നവനു വേറെയും ഗുണങ്ങൾ സിദ്ധിക്കും: അവനു വരദയായ ശ്രീപാർവ്വതി അമ്മപോലെ സുലഭയാകും; അവൻ ഭുജബലത്താൽ സർവ്വരേയും ജയിക്കും; സഭയിലും രാജധാനിയിലും സംഘത്തിലും ധീരമായി സംസാരിക്കും; ഭയപ്പെടുകയോ തോൽക്കുകയോ ചെയ്യുകയില്ല. മഹാസേന, ഏഴുമുഖമുള്ളതു് അനന്തനെന്ന നാഗരാജാവത്രേ; അതിന്റെ ഓരോ മുഖത്തു് അനന്തൻ, കക്കടൻ, പുണ്ഡരീകൻ, തക്ഷകൻ, വിഷമേറിയ കാർക്കോടൻ, ശംഖചൂഡൻ എന്നീ നാഗരാജാക്കന്മാർ സ്ഥിതിചെയ്യുന്നു. അതു ധരിക്കുന്നവനിൽ വിഷം ഏശുകയില്ല; നാഗേശ്വരങ്കലെന്നപോലെ ശിവൻ അത്യന്തം പ്രസാദിക്കുകയും ചെയ്യും; തന്മൂലം പാപങ്ങളെല്ലാം നാളിൽ നാളിൽ നാശമടയും — ബ്രഹ്മഹത്യ, സുരാപാനം, സ്തേയം, ഗുരുതല്പഗമനം മുതലായവയാലുള്ള പാപംപോലും തൽക്ഷണം അകലുതിപ്പെടും; തീർച്ചയായും ത്രിഭുവനത്തിൽ ദേവനൊത്ത ഭോഗ്യവും കൈവരും. എട്ടുമുഖമുള്ളതു സാക്ഷാൽ വിനായകദേവനാകുന്നു; അതു ധരിക്കുന്നവൻ ഒരു ജന്മത്തും മൂർഖനോ രോഗിയോ മന്ദബുദ്ധിയോ ആകയില്ല; ഒരു കാര്യത്തിലും അവനു വിഘ്നം വരില്ല; ഏഴുതിലും വന്നുചേരുന്ന കാര്യങ്ങളിലും നൈപുണ്യമുണ്ടാവും; എന്തി

Digitized By Kerala Sahitya Akademi

ലേപ്പെട്ടാലും നാളിൽ നാളിൽ നന്മയേ വരൂ. പകുതിക്കളവ്, മുഴുകളവ്, തൂക്കത്തിൽക്കളവ്, ഗുരുസ്ത്രീയെ ലിംഗംകൊണ്ടോ വയർകൊണ്ടോ കൈകൊണ്ടോ തൊടുക മുതലായവയാലുള്ള പാപമെല്ലാം വിട്ടൊഴിയും; അക്ഷയസ്വർഗ്ഗവും, ഒടുവിൽ മുക്തിയാകുന്ന പരഗതിയും ലഭിക്കും. ഒമ്പതു മുഖമുള്ളതു ഭൈരവൻ; കപിലവർണ്ണമായാൽ മുക്തിപ്രദമാണ്; അതു കയ്യിന്മേൽ ധരിച്ചാൽ ഏനിക്കൊത്ത ബലമുണ്ടാവും; സഹസ്രലക്ഷകോടി ബ്രഹ്മഹത്യകളും പോലും ചിക്കെന്നു വെന്തൊടിയും; അവൻ സുരലോകത്തു പുരന്ദരനെന്നപോലെ വിണ്ണവരാൽ പൂജിക്കപ്പെടുകയും ചെയ്യും. പത്തു മുഖമുള്ളതു വിഷ്ണുവാകുന്നു; അതു ധരിച്ചാൽ ഭ്രൂതപ്രേതാദി ഭയം നേരിടുകയില്ല. പതിനൊന്നു മുഖമുള്ളതിന്മേൽ ഏകാദശ രുദ്രർ സ്ഥിതിചെയ്യുന്നു; അതു കടമ്മമേൽ ധരിക്കുന്നവൻ നൂറായിരംകോടി അശ്വമേധാദി യാഗങ്ങളുടേയും ലക്ഷം പുണ്യതീർത്ഥത്തിന്റേയും ഫലം എളുപ്പത്തിൽ നേടും; ലോകത്തിൽ ശിവനു തുല്യനാകും; പുനർജ്ജന്മമടയുകയുമില്ല. പന്തിരണ്ടു മുഖമുള്ളതിന്മേൽ ആദിത്യൻ കുടികൊള്ളുന്നു; അതു കഴുത്തിൽ ധരിച്ചാൽ ആദിത്യൻ സദാ പ്രസാദിക്കും; ഗോമേധ നരമേധാദി ഫലം വേഗേന കൈവരും; ഇടിയും മഴയും ഏൽക്കുകയില്ല; അഗ്നിഭയം സംഭവിക്കില്ല; രോഗം പിടികൂടില്ല; ദാരിദ്ര്യം വരില്ല; ധനവും പ്രതാപവും സുഖവും സിദ്ധിക്കും; ആന, കുതിര, മനുഷ്യൻ, പൂച്ച, എലി, മുയൽ, വ്യാളം, ഉഷ്ട്രി, കുറുനരി മുതലായവയെ കൊല്ലുകയോ കൊല്ലിക്കുകയോ ചെയ്താലത്തെ പാപം തീർച്ചയായും വിട്ടൊഴിയും. പതിമ്മൂന്നു മുഖമുള്ളതു കാമനാകുന്നു; സർവ്വകാമപ്രദമായ അതു ധരിച്ചാൽ, ആ ഭാഗ്യവാന്നു സുധയും രസായനവും ധാതുവാദവും പാദുകകളുമെല്ലാം വശപ്പെടും; അമ്മ, ഇളയമ്മ, ഭ്രാതാവു്, ഗുരു എന്നിവരെ ഹനിച്ചാലത്തെ പാപം പോലും തീരെ നശിക്കും; അവൻ മഹേശ്വരനെപ്പോലെ എന്നെന്നും സ്വർഗ്ഗത്തിൽ വസിക്കുകയും ചെയ്യും. പതിന്നാലു മുഖമുള്ളതു ശ്രീകണ്ഠൻ; ശിവന്റെ ശക്തിപിണ്ഡം തന്നെയായ അതു ശിരസ്സിലോ കയ്യിന്മേലോ ധരിച്ചവൻ—എന്തിനേറെപ്പറയുന്നു?—പുണ്യഗൌരവത്താൽ ഏപ്പോഴും വിണ്ണവരാൽ പൂജിക്കപ്പെടും.'

സ്കന്ദൻ:—'ഭഗവാനേ, ഈ രുദ്രാക്ഷങ്ങളും എന്തെല്ലാ മന്ത്രത്തോടുകൂടിയാണു് ധരിക്കേണ്ടതെന്നുകൂടി പറഞ്ഞുതരുമാറാകണം.'

ശിവൻ:—'ഷണ്മുഖ, മന്ത്രംകൂടാതെ ധരിച്ചാലത്തെ ഗുണങ്ങളാണു് ഇപ്പറഞ്ഞവ; മന്ത്രപൂർവ്വമായി ധരിച്ചാലത്തെ ഗുണവും മഹത്വവുമാകട്ടേ, വർണ്ണിക്കാവുന്നതല്ല. മന്ത്രങ്ങളും പറയാം: ഏകമുഖത്തിന്നു്

Digitized By Kerala Sahitya Akademi

ഓം രുദ്രഃ; ദ്വിമുഖത്തിന്ന് ഓം ഖഃ; ത്രിമുഖത്തിന്ന് ഓം വും; ചതുർമ്മുഖത്തിന്ന് ഓം ഹ്രീഃ; പഞ്ചമുഖത്തിന്ന് ഓം ഹ്രാം; ഷണ്മുഖത്തിന്ന് ഓം ഹ്രൂം; സപ്തമുഖത്തിന്ന് ഓം ഹ്രൈഃ; അഷ്ടമുഖത്തിന്ന് ഓം കം; നവമുഖത്തിന്ന് ഓം ജ്രൂം; ദശമുഖത്തിന്ന് ഓം ക്ഷം; ഏകാദശമുഖത്തിന്ന് ഓം ശ്രീം; ദ്വാദശമുഖത്തിന്ന് ഓ ഹ്രാം; ത്രയോദശമുഖത്തിന്ന് ഓം ക്ഷ്രൈം; ചതുർദ്ദശമുഖത്തിന്ന് ഓം ഹ്രാം. ഇങ്ങനെ മന്ത്രങ്ങളം മുറയ്ക്കു ന്യസിച്ചുകൊള്ളണം.

ശിരസ്സിലും ഉരസ്സിലും മാല ധരിച്ചു നടന്നാൽ, ഓരോ അടിക്കും അശ്വമേധത്തിന്റെ ഫലം കിട്ടും. ഇപ്പറഞ്ഞ രുദ്രാക്ഷങ്ങളിൽ ഏതു ധരിച്ചവനും എന്നോട് തുല്യനാവും; അതിനാൽ മകനേ, നീ ഏതു പണിപ്പെട്ടും രുദ്രാക്ഷം ധരിച്ചുകൊൾക. ഈ മന്ത്രപുണ്യാഖ്യാനം ശ്രവിച്ചാൽത്തന്നെ, ഏതുതരം രുദ്രാക്ഷവും ധരിച്ചതിന്റെ ഫലം കൈവരും. സ്വർഗ്ഗാപവർഗ്ഗങ്ങളും ലഭിക്കും. രുദ്രാക്ഷം ധരിച്ച മൃതിയടഞ്ഞ മനുഷ്യൻ ദേവകളാലെല്ലാം പൂജിക്കപ്പെട്ട്, രമണീയമായ എന്റെ മന്ദിരത്തിൽ വന്നുചേരും.

ഉണ്ണി, പണ്ട്, കരക്കച്ചവടത്തിന്നു പോയ ഒരു വാണിജകുമാരൻ ഏതോ മരുസ്ഥലത്തു് ഒരു പ്രേതസ്ത്രീയോടേറെ മുട്ടി; അവൾ ഒരു മരത്തിന്മേൽ തൂങ്ങംവെയ്ക്കുകയായിരുന്നു. അവളെ കണ്ടിട്ട വൈശ്യൻ, വിവശയായി മലിനവസ്ത്രവും ധരിച്ചു തൂങ്ങംവെയ്ക്കുന്നു നീ ആരാണെ'ന്നു ചോദിച്ചു. അവളുടെ മറുപടി ഇതായിരുന്നു:— 'ദ്വിജ, ദേവദൂതൻ പറഞ്ഞു ഞാൻ കേൾക്കുകയുണ്ടായി: ഈ സുന്ദരപുരുഷനു തീച്ചയായും ഇപ്പോൾത്തന്നെ ഇടിയേറെ മരണം പറ്റും. ഇട്ടേഹം എന്റെ ഭർത്താവാകയും ചെയ്യും.' ഇതുയും പറഞ്ഞപ്പോഴെയ്ക്ക്, അയാളുടെ തലയിൽ ആകാശത്തുനിന്ന് ഒരിടിവാൾ വന്നുവീണു. അയാൾ മരിച്ചുവീണതു് ഒരു രുദ്രാക്ഷപ്പൊളിമേലായിരുന്നു; അതിനാൽ തൽക്ഷണം എന്റെ ഗൃഹത്തിൽ നിന്ന് ഒരു വിമാനം ഭൂമിയിലിറങ്ങി. ആ ശ്രീമാൻ അതിൽക്കേറി സ്ഥിതി ചെയ്തു. വളരെക്കാലത്തിന്നുശേഷം അയാൾ, രുദ്രാക്ഷസംസർഗ്ഗത്താൽ, ഭൂമിയിൽ ധനവാനായ പ്രഭുവായി ജനിക്കും. മകനേ, രുദ്രാക്ഷപ്പൊളിമേൽ കിടന്നു മരിച്ചവനുതന്നെ ഈ വിധം സൽഗതി കിട്ടുന്നു; അതിനാൽ, അറിഞ്ഞു ധരിച്ചാലത്തെ ഫലം വർണ്ണിപ്പാനാരുക്കു പ്രാണിയില്ല! മാലയോ ഒരൊറ്റ രുദ്രാക്ഷമോ ധരിച്ചു മൃതി

Digitized By Kerala Sahitya Akademi

യടയുന്നതാരോ, അവൻ ശൈവനോ വൈഷ്ണവനോ ശാക്തനോ ഗാണപത്യനോ സൌരനോ ആയിത്തീരും.

ഇതു ചൊല്ലുകയോ ചൊല്ലിക്കുകയോ, കേൾക്കുകയോ കേൾപ്പിക്കുകയോ ചെയ്താൽ, സർവപാപങ്ങളും വിട്ടൊഴിഞ്ഞു ക്രമേണ സുഖവും മോക്ഷവും നേടാം.'

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം, തുളസീമാഹാത്മ്യവർണ്ണനം അമ്പത്തേഴാമദ്ധ്യായം.

:0:

അമ്പത്തെട്ടാമദ്ധ്യായം

സ്കന്ദൻ:—'ജഗദീശ്വര, മറെറാരു വൃക്ഷത്തിന്റെ കായയുടെ വിശുദ്ധതകൂടി സർവലോകഹിതത്തിന്നായി പറഞ്ഞുതന്നാലും.'

ശിവൻ:—'നെല്ലിയുടെ കായ തുലോം പവിത്രമാണെന്നു പരക്കെപ്പെറഞ്ഞുവരുന്നു. നെല്ലി നട്ടാൽ, പുരുഷന്നും സ്ത്രീക്കും സംസാരബന്ധം വിട്ടൊഴിയും. ശ്രുതികരവും വിഷ്ണുവിന്നു പ്രീതിപ്രദവുമത്രേ നെല്ലിക്ക; അതു തിന്നാൽ മതി, സർവകല്മഷങ്ങളും നീങ്ങാൻ. തിന്നാൽ ആയുസ്സും, കുടിച്ചാൽ ധർമ്മവും, കുളിച്ചാൽ അലക്ഷ്മീനാശം സൌഭാഗ്യം എന്നിവയും സിദ്ധിക്കും. മഹാസേന, നെല്ലിമരം ഏതു ഗൃഹത്തിലുണ്ടോ, ആ ഗൃഹത്തിൽ പ്രേതപൈതേയ രാക്ഷസർ ഒരിക്കലും ചെല്ലുകയില്ല. ഗംഗ വേണ്ട, ഗയ വേണ്ട, കാശി വേണ്ട, പുഷ്കരം വേണ്ട, ഹരിവാസരത്തിൽ മനുഷ്യർക്കു നെല്ലിയൊന്നുമാത്രം മതി! ഇരുപക്ഷങ്ങളിലും ഏകാദശീതിഥിയിൽ അല്പം നെല്ലിക്കനീർകൊണ്ടു സ്നാനംകഴിക്കുമോ, അവൻ സർവപാപനിർമ്മുക്തനായി വിഷ്ണുലോകത്തു പൂജിക്കപ്പെട്ടും. ഹരിവാസരത്തിൽ സ്നാനത്തിനും പാരണയ്ക്കും നെല്ലിക്കതന്നെ ഉത്തമം. വെള്ളത്തോ കറുത്തതോ ആയ ഏകാദശി നോറു നെല്ലിക്ക തിന്നാൽ, ആ കൊറ നോൽമുകൊണ്ടുതന്നെ ഏഴു ജന്മങ്ങളിലെ പാപം നശിക്കും; അക്ഷയസ്വർഗ്ഗം, വിഷ്ണുസായുജ്യം എന്നിവയും ലഭിക്കും. അതിനാൽ, അമ്മേ, നീ എങ്ങിനെ പണിപ്പെട്ടും ആമലകവൃക്ഷം അന്വേഷിച്ചുകൊൾക. നെല്ലിക്കനീർ പതിവായി തലമുടിയിൽ തേച്ചാൽ, വീണ്ടും അമ്മിഞ്ഞപ്പാൽ കുടിക്കേണ്ടി വരില്ല! നെല്ലിയുടെ

Digitized By Kerala Sahitya Akademi

ദർശനം, സ്പർശനം, നാമോച്ചാരണം എന്നിവയാൽ വിഷ്ണു പ്രസാദിച്ചു വരം കല്പിച്ചതും. നെല്ലിക്ക എവിടെയുണ്ടോ, അവിടെയുണ്ടാവും വിഷ്ണുവും വിരിഞ്ചനും ലക്ഷ്മിയും! അതിനാൽ നെല്ലിമരം ഗൃഹത്തിൽ നട്ടുപിടിപ്പിക്കണം. നെല്ലിയുള്ളേടത്തു് അലക്ഷ്മി നിൽക്കുകയില്ല; ദേവകളെല്ലാം പ്രസാദിച്ചു ക്ഷണനേരംപോലും വിട്ടുപോകാതെ വസിക്കുകയും ചെയ്യും. നെല്ലിക്കകൊണ്ടു തന്നെ വേണ്ടും നൽകിയാൽ, ആ മഹാ ധനമാണു്, നൂറായിരം യാഗത്തെക്കാളും വിഷ്ണുവിന്നു പ്രീതികരം! നെല്ലിക്കനീർകൊണ്ടു സ്നാനം കഴിച്ചു പുണ്ഡരീകാക്ഷനെ പൂജിച്ചാൽ, വാഞ്ഛിച്ചതൊക്കെ സാധിക്കും; ആ വിധംതന്നെ, കൊടിയടയാളമായ ഗരുഡനെ സ്മരിച്ചു്, നെല്ലിക്കകൊണ്ടു പൂജിച്ചാൽ ഫലം നൂറായിരം മടങ്ങാവും. സ്നാന, ജ്ഞാനികൾക്കും മുനികൾക്കും യോഗികൾക്കുമുള്ള ഗതി യാതൊന്നോ ആ ഗതി കിട്ടും ആമലകസേവിയ്ക്കു്! തീർത്ഥയാത്രകളാലും വിവിധങ്ങളായ വ്രതങ്ങളാലും ലഭിക്കുന്ന ഗതി ആമലകസേവയാൽ സിദ്ധിക്കും! നെല്ലിക്കനീർകൊണ്ടു സ്നാനംചെയ്തവനു ദേവന്മാരും ദേവിമാരും നമ്മുടെ ഗണങ്ങളുമെല്ലാം പ്രസാദിച്ചു വരം നൽകും; ഉഷ്ണഗ്രഹങ്ങളും ക്രൂരരായ ദൈത്യരാക്ഷസരും അനുകൂലരായിത്തീരും. എല്ലായജ്ഞങ്ങൾക്കും, സൂര്യനൊഴിച്ചു് എല്ലാ ദേവകളേയും പൂജിക്കാനും പ്രയത്നമാകുന്ന നെല്ലിയ്ക്കു; ഉണ്ണി, അതിനാൽ ഞായറാഴ്ചയിലും ദ്വാദശീതിഥിയിലും നെല്ലിക്ക വർജ്ജിച്ചുകൊള്ളണം. ഞായറാഴ്ച നെല്ലിയ്ക്കകൊണ്ടു സ്നാനമോ ഭോജനമോ ചെയ്താൽ ആയുസ്സും വിത്തവും കളത്രവുമൊക്കെ നശിച്ചുപോകും. സംക്രമം, വെള്ളിയാഴ്ച, ഷഷ്ഠി, പ്രഥമ, നവമി, കറുത്തവാവു് എന്നിവയിലും നെല്ലിയ്ക്ക വർജ്ജിക്കണം; സംക്രാന്തിയിൽ നെല്ലിയ്ക്ക ഉപയോഗിച്ചാൽ രോഗവും, വെള്ളിയാഴ്ച അലക്ഷ്മിയും, ഷഷ്ഠിയിൽ സന്താനമില്ലായ്മയും, നവമിയിൽ ആയുഃക്ഷയവും, അമാവാസിയിൽ സർവനാശവും വന്നുകൂടും. മൂക്കു്, കാതു്, മുഖം, കേശം എന്നിവയിൽ നെല്ലിയ്ക്ക ധരിച്ചുംകൊണ്ടു് മരണമടഞ്ഞവൻ മുഷ്ണന്മന്ദിരത്തിൽ ചെന്നു ചേരും. നെല്ലിയ്ക്ക സ്പർശിക്കുമാത്രം ചെയ്തു മരിച്ചവൻ സർവപാതകങ്ങളും നീങ്ങി വിമാനത്തിലൂടെ വിഷ്ണുഗൃഹമാകുന്ന സ്വർഗ്ഗം പ്രാപിക്കും. നെല്ലിക്കനീർ തലയിൽ കളിച്ചാൽ, ആ ധാർമ്മികനു് അടിക്കടി അശ്വമേധഫലം കൈവരും; ആവർത്തനം കണ്ടാൽത്തന്നെ, പാപിഷ്ഠരും ദുഷ്ടാത്മാക്കളുമൊക്കെ രക്ഷപ്പെടുകയും!

Digitized By Kerala Sahitya Akademi

കാത്തികേയ, പണ്ടൊരു പുൽക്കസൻ (പുലയൻ) നായാട്ടിനായി കാട്ടിൽ ചെന്ന മൃഗപക്ഷികളെ കൊല്ലുകയായി; അവൻ ദാഹവും, വിശപ്പും സഹിക്കാതായപ്പോൾ, ഇരുണ്ട കായ്കളോടുകൂടിയ ഒരു നെല്ലി മരം മുൻവശത്തു കണ്ട്, അതിന്മേൽ പാഞ്ഞു കയറി, നല്ല ഒരു കായ പറിച്ചുതിന്നു. പെട്ടെന്ന് അവൻ ദൈവേച്ഛയാ മരത്തിന്മേൽനിന്നു താഴത്തു വീണ് അതിവേദനയനുഭവിച്ചു മരിച്ചുപോയി. ഉടനേ, യമന്റെ ആൾക്കാരായ പ്രേതഭൂതരാക്ഷസ്സുകളും, അവനെ കൊണ്ടുപോവാൻ വന്നെത്തി; എന്നാൽ ആ ചണ്ഡാലനെ നോക്കാൻ തന്നെ കൊള്ളാത്തരായ അവർ ശക്തരായില്ല. 'ഇവൻ ഞങ്ങൾക്ക്, ഞങ്ങൾക്ക്' എന്നിങ്ങനെ തങ്ങളിൽ ശണ്ഠകൂടുക മാത്രം ചെയ്ത് എടുക്കാനും കൊണ്ടുപോകാനും കഴിയായ്കയാൽ അക്രൂരൻ മഹർഷിമാരുടെ അടുക്കൽ ചെന്നു ചോദിച്ചു:—'ധീരരായ മഹർഷിമാരേ, എന്തുകൊണ്ടാണ് ആ പാപിയായ ചണ്ഡാലനെ നോക്കാൻപോലും ഞങ്ങളോ, യമകിങ്കരന്മാരോ ശക്തരാകാത്തത്? യുദ്ധത്തിൽ പിന്തിരിഞ്ഞു ശൂരരാൽ കൊല്ലപ്പെട്ടവർ, സാഹസങ്ങൾകൊണ്ടു നിലം പൊത്തിയവർ, ഭീരുക്കൾ, ഇടിയോ തിയ്യോ മരമോ ഏറ്റു ചത്തവർ, കരയിൽ സിംഹവ്യാഘ്രങ്ങളാലോ, വെള്ളത്തിൽ ജലജന്തുക്കളാലോ ഹനിക്കപ്പെട്ടവർ, മരത്തിന്മേൽ നിന്നോ മലമേൽനിന്നോ വീണു ചത്തവർ, പക്ഷിമൃഗങ്ങളാൽ വധിക്കപ്പെട്ടവർ, ഉറുമ്പിൽവെച്ചോ കൈവിഷംകൊണ്ടോ മരിച്ചവർ, ആത്മഹത്യ ചെയ്തവർ, സ്നാനം കഴിക്കാത്തവർ, ശ്രുതകർമ്മത്താൽ മൂർച്ചിപ്പെട്ടവർ, ചൂതുകളിക്കാർ, ബ്രഹ്മഹാവമണരാജദ്രോഹികൾ, പാഷണ്ഡർ, കള്ളാചാരക്കാർ, ക്രൂരർ, കൈവിഷം കൊടുത്തവർ, കള്ളസ്സാക്ഷികൾ, അന്യായമായ അന്നം ഭുജിച്ചവർ എന്നിവരും മറ്റും പ്രേതങ്ങൾക്കു തീറായ്ക്കൊള്ളുന്നവരത്രേ." പ്രേതരക്ഷസ്സുകളും യമകിങ്കരന്മാരുമാണ് ഞങ്ങൾ. 'ഇവൻ ഞങ്ങൾക്ക്, ഞങ്ങൾക്ക്' എന്നിങ്ങനെ പേശുകയല്ലാതെ, അവനെ കൊണ്ടുപോകാൻ ഞങ്ങൾ സമർത്ഥരാകുന്നില്ല. അവൻ എന്തൊരു പ്രഭാവത്താലാണ്, സൂര്യനെപ്പോലെ ഉന്നരീക്ഷണം ചെയ്യുന്നത്?'

മുനിമാർ:—'പ്രേതങ്ങളേ, അവൻ മൂത്ത നെല്ലിയ്ക്കാ തിന്നിരിക്കുന്നു. നെല്ലിമരത്തിന്റെ സംസർഗ്ഗത്തോടുകൂടിയാണ് അവന്നു മരണം വന്നതു്; അതിന്നു ഫലം കുറവൊന്നുമല്ല. അതുകൊണ്ടാണ്, അവൻ നിങ്ങൾക്കു നോക്കരുതാത്തവനായതു്. നെല്ലിക്ക തിന്നതുകൊണ്ടുതന്നെ പാപം നീങ്ങുകയാൽ അവൻ സ്വർഗ്ഗത്തിൽ ചെന്നു ചേരും.'

Digitized By Kerala Sahitya Akademi

പ്രേതങ്ങൾ:—'മുനീന്ദ്രരേ, അറിയാൻവേണ്ടി, ഭവാന്മാരോട് ചോദിക്കയാണം ഞങ്ങൾ; നിന്ദിക്കയല്ല. വിഷ്ണുലോകത്തുനിന്ന് വിമാനം വന്നെത്തുന്നതിന്നു മുമ്പിൽ ഞങ്ങൾക്കു വേണ്ടതു പറഞ്ഞുതന്നാലും. വേദങ്ങളോ പലതരം മന്ത്രങ്ങളോ പുരാണങ്ങളോ സ്മൃതികളോ ഉച്ചരിക്കപ്പെട്ടന്നേടത്തു് ക്ഷണനേരംപോലും ഞങ്ങൾക്കു നിന്നുകൂടാ; യജ്ഞം, ഹോമം, ജപം, ദേവപൂജ എന്നിവയുടെ മുൻപിലും ഞങ്ങൾക്കു നിന്നുകൂടാ. അതിനാൽ വേഗത്തിൽ കഴിച്ചാലും: എന്തുചെയ്താലാണു് മനുഷ്യർ പ്രേതയോനിയിൽപ്പെട്ട വികൃതഗാത്രരായിത്തീരുക? ശരിക്കു കേൾക്കാൻ ഞങ്ങൾക്കാഗ്രഹമുണ്ടു്.'

മുനിമാർ:—'തണുപ്പു്, കാറ്റു്, വെയിൽ, വിശപ്പു്, ദാഹം മുതലായ ഉപദ്രവങ്ങളാൽ മൃതിപ്പെട്ടവർ, കള്ളസ്സാക്ഷികൾ, വധത്താലോ ബന്ധനത്താലോ മരിച്ചവർ എന്നിവരെല്ലാം പ്രേതങ്ങളായി നരകം പൂകും; പഴുതുനോക്കുന്നവർ, ബ്രാഹ്മണരുടേയും ഗുരുക്കന്മാരുടേയും കമ്മം മുടക്കിയവർ, ബ്രാഹ്മണർക്കു ദാനംചെയ്യുമ്പോൾ ദാതാവിനെ വിലക്കിയവർ എന്നീ കൂട്ടർ എന്നൊന്നും പ്രേതത്വംപൂണ്ടു നരകത്തിൽക്കിടക്കും; തന്റേയോ അന്യന്റേയോ ഗോവിനെ മുമ്പിച്ചു വലയ്ക്കുകയും രക്ഷിക്കാതിരിക്കുകയും ചെയ്യുന്ന മൂഢൻ ആ ദുഷ്കർമ്മത്താൽ പ്രേതമായിപ്പോകും; പ്രതിജ്ഞ പാഴായവർ, വ്രതം തെറ്റിയവർ, താമരയിലയിൽ ഊൺകഴിച്ചവർ എന്നിവരും പ്രേതത്വമടയും; അച്ഛൻ അമ്മാവൻ മുതൽപേരുടെ സാധ്വിയായ സ്ത്രീയേയും മകളേയും വില്ക്കുന്നവനും പ്രേതമായിത്തീരും. ഈ വക കർമ്മങ്ങളാലത്രേ പ്രേതത്വം വരുന്നതു്.'

പ്രേതങ്ങൾ:—'ബ്രാഹ്മണരേ, എന്തുചെയ്താലാണു് പ്രേതത്വം പറ്റാതിരിക്കുക; സർവ്വലോകഹിതത്തിന്നായി, വേഗത്തിൽ പറഞ്ഞുതന്നാലും.'

മുനിമാർ:—'തീർത്ഥത്തിൽ സ്നാനവും വിഗ്രഹപ്രണാമവും ചെയ്ത ധീമാൻ പ്രേതമാകയില്ല; ഏകാദശി നോറ്റു ദ്വാദശിനാൾ വിശേഷിച്ചും ദാമോദരനെ പൂജിച്ചവർ പ്രേതത്വമടകയില്ല; വേദസൂക്തസ്തോത്രമന്ത്രാദികൾകൊണ്ടു ദേവപൂജ കഴിച്ചവർ പ്രേതത്വം പ്രാപിക്കയില്ല; പുരാണം ശ്രവിക്കുക, ദിവ്യമായ ധർമ്മശാസ്ത്രം പഠിക്കുക, ഉറപ്പിക്കുക എന്നിവ ചെയ്താൽ പ്രേതത്വം വരികയില്ല; പലതരം വ്രതമനുഷ്ഠിക്കുക, രുദ്രാക്ഷം ധരിക്കുക, രുദ്രാക്ഷമാലയിൽ

Digitized By Kerala Sahitya Akademi

ജപിക്കുക എന്നിവ ചെയ്താൽ പ്രേതത്വം നേരിടുകയില്ല; പതിവായി നെല്ലിക്കനീർകൊണ്ടു കുളിക്കുകയും നെല്ലിക്ക തിന്നുകയും നെല്ലിക്കകൊണ്ടു വിഷ്ണുവിനെ പൂജിക്കുകയും ചെയ്യുവൻ പ്രേതമാവുകയില്ല.'

പ്രേതങ്ങളം:—'സജ്ജനദർശനം പുണ്യകരമാണെന്നാണല്ലൊ പൌരാണികമതം; ഞങ്ങളം ഭവാന്മാരെ ദർശിച്ചു. ഇനി ഞങ്ങൾക്കു ഹിതം ചെയ്യുന്നാലും: ഞങ്ങൾക്കെല്ലാവർക്കും പ്രേതത്വം നീങ്ങാൻ വേണ്ടതു് ഉപദേശിച്ചാലും! ഭവാന്മാരേ ശരണം പ്രാപിച്ചവരാണു് ഞങ്ങൾ.'

ദയാശീലരായ ദിജോത്തമന്മാർ അവരോടു്, 'വേഗത്തിൽ നെല്ലിക്ക തിന്നുകൊൾവിൻ; എന്നാൽ മുക്തിവരും' എന്നുപദേശിച്ചു.

പ്രേതങ്ങളം: — 'നെല്ലിയുടെ മുമ്പിൽ നിൽക്കാൻ തന്നെ ഞങ്ങൾ ശക്തരല്ല; പിന്നെ എങ്ങിനെയാണു് അതിൻറെ കായ്കളം തിന്നുക?'

മുനിമാർ:—'ഞങ്ങളുടെ വാക്കിനാൽ നിങ്ങൾക്കു നെല്ലിയുടെ തിന്നാൻ സംഗതിവരും; തന്മൂലം പരഗതിയും ലഭിക്കും.'

അവരുടെ വരത്താൽ പ്രേതങ്ങൾ നെല്ലിമേൽ കേറി നെല്ലിക്ക പറിച്ചു സന്തോഷത്തോടെ ഭക്ഷിച്ചു. ഉടനെ, ദേവലോകത്തു നിന്നു് ഒരു ശോഭനമായ കാഞ്ചനവിമാനം അവിടെ വന്നെത്തി. മകനേ, ആ പിശാചരെല്ലാവരും ചണ്ഡീശനോടൊന്നിച്ചു് അതിൽ കയറി, പ്രേതയോനിയെ കൊണ്ടും സുദുർല്ലഭമായ ദിവ്യത്വത്തിലേയ്ക്കു പോകയും ചെയ്തു.'

സ്കന്ദൻ:—'നെല്ലിക്ക തിന്നുക മാത്രം ചെയ്തതിനാൽ പ്രേതങ്ങൾ സ്വർഗ്ഗമടഞ്ഞു; എന്നാൽ, അവർ മുൻപുതന്നെ ആയു തിന്നു സ്വർഗ്ഗം പൂകാഞ്ഞതെന്തുകൊണ്ടാണു്?'

ശിവൻ:—'ജ്ഞാനലോപത്താൽ അവർക്കു ഹിതാഹിതം അറിഞ്ഞുകൂടാ: എച്ചിൽ, നായ്മം തൊട്ടതു്, മലമൂത്രകഫങ്ങൾ എന്നിവയാണു് പ്രേതങ്ങൾ ശ്രേഷ്ഠമായിക്കരുതി ഭക്ഷിക്കാറുള്ളതു്; ശൌചജലം, സൂകരകുക്കുടങ്ങൾ ചവർട്ടിച്ചതു്, ചത്ത പുലയിലും ഈറവുപുലയിലും ജപം തൃജിക്കാത്തവൻറെ അന്നപാനങ്ങൾ എന്നിവയും പ്രേതങ്ങൾ പതിവായി ഭക്ഷിച്ചുപോരുന്നു. ഒളുക്കം, ശുദ്ധി, സംയമം എന്നിവയില്ലാത്തവർ ഗുരുജനങ്ങളാൽ നിരസ്തയുമായ ദുഷ്ടസ്ത്രീ

Digitized By Kerala Sahitya Akademi

ണി എവിടെയോ, അവിടെ പ്രേതങ്ങളുണ്ടായിരിക്കും. പൌരുഷവും ബലവും ഉത്സാഹവുമില്ലായ്മ, ബധിരത്വം, കൃശത്വം, ദീനത എന്നിതൊക്കെയും കമ്മപിശാചരുടെ ലക്ഷണമാകുന്നു. ക്ഷണനേരവും നന്മയില്ലായ്മ, വികൃതമായ ഗാത്രം, സർവ്വരോഗരാഹിത്യം, നഗ്നത്വം, രോഗസന്താപം, രൂക്ഷത, മാലിന്യം, വല്ലാത്ത ദാഹം, അവയവങ്ങളിൽ വ്രണം, ദുസ്സഹമായ നാറ്റം, അജ്ഞാനലോപം, ശോകവൈവശ്യം, ഒരിക്കലും സ്വാസ്ഥ്യം കിട്ടായ്ക എന്നിവയും മറ്റുമത്രേ പ്രേതലക്ഷണം. അവരവരുടെ കമ്മത്താലാണ് ഇങ്ങനെയായിത്തീരുന്നത്: മാതാപിതൃഗുരുദേവകളെ നിന്ദിക്കുന്നവരും പാഷണ്ഡരും കുളാചാരക്കാരും മറ്റു പാപികളും കമ്മത്താൽ പ്രേതത്വമടയുന്നു; കെട്ടിഞാന്നോ വെള്ളത്തിൽ മുങ്ങിയോ ആയുധംകൊണ്ടോ വിഷംകൊണ്ടോ ആത്മഹത്യ ചെയ്തവർ പ്രേതങ്ങളായിട്ട ചണ്ഡാലവംശത്തിലും മറ്റും വന്നു ജനിക്കും; അന്ത്യജർ, പതിതർ, മഹാരോഗത്താൽ മരിച്ചവർ, യുദ്ധത്തിൽ അന്ത്യജരാൽ വധിക്കപ്പെട്ടവർ എന്നിവരും തീർച്ചയായി പ്രേതത്വം പ്രാപിക്കും; മാപാപം ചെയ്തവർ, വിവാഹബഹിഷ്കൃതർ, മദ്യപായികൾ, സാഹസികർ, രാജദ്രോഹികൾ, പിതൃദ്രോഹം കരുതുന്നവർ, ധ്യാനാധ്യയനവ്രതദേവപൂജാദികളില്ലാത്തവർ, മന്ത്രവും സ്നാനവുമില്ലാത്തവർ, ഗുരുസ്ത്രീലംപടർ, അന്ത്യജസ്ത്രീകളോടും ഉർവ്വൃത്തകളോടും ചേർന്നവർ, ക്രൂരമായ ഉപവാസംകൊണ്ടു ചത്തവർ, ശ്ലേഷ്മദോഷത്തുവെച്ചു മരിച്ചവർ, ശ്ലേഷ്മഭോജനം സംസാരിക്കുന്നവർ, ശ്ലേഷ്മരെ സേവിച്ചു പുലരുന്നവർ, ശ്ലേഷ്മരെ അനുസരിക്കുന്നവർ, സ്ത്രീധനംകൊണ്ടുപജീവിക്കുന്നവർ, സ്ത്രീകളെ രക്ഷിക്കാത്തവർ എന്നിവരും പ്രേതങ്ങളായിപ്പോകുമെന്നതിൽ സംശയമില്ല; വിശന്നുപൊരിഞ്ഞു വലഞ്ഞു ഗൃഹത്തിൽ വന്നുകേറിയ പുണ്യാതിഥിയായ ബ്രാഹ്മണനെ സൽക്കരിക്കാഞ്ഞാൽ പ്രേതത്വം വന്നുകൂടും; ഗോക്കളെ ഗോമാംസഭോജികൾക്കോ ശ്ലേഷ്മക്കോ വിറ്റവർ എന്നാണും പ്രേതലോകത്തിൽത്തന്നെ; പുലയിൽ ജനിച്ചവർ ചത്താൽ ഏറെക്കാലം പ്രേതപിശാചരായിട്ട വീണ്ടും ജനിക്കും; വീണ്ടും മരിക്കും! ജാതകമ്മാടി സംസ്കാരം നടത്തപ്പെടാത്തവക്കും പ്രേതത്വം സംഭവിക്കും; എന്നാൽ അതൂ ഓരോ സംസ്കാരംകൊണ്ടു ക്രമേണ നീങ്ങും. സ്നാനം, സന്ധ്യാവന്ദനം, ദേവപൂജ, വേദപഠനം, യജ്ഞം, വ്രതം, മന്ത്രം എന്നിവ ജനനം മുതൽക്കെ ഇല്ലാത്ത പാപികൾ എന്നാണും പ്രേതങ്ങൾ തന്നെ! എച്ചിലിലയും ദേഹത്തിലെ അഴുക്കുകളും തീർത്ഥത്തിലിടുന്നവർക്കു തീർച്ചയായും പ്രേതത്വം വന്നുകൂടും. ദാനമാനാദ്യനുഷ്ഠാനംകൊണ്ടു ബ്രാഹ്മണരേയും പിതൃക്കളേയും ഗുരുക്കന്മാരേയും തൃപ്തിപ്പെ

Digitized By Kerala Sahitya Akademi

ടുത്താത്തവർ പ്രേതങ്ങളായിത്തീരും. ഭർത്താവിനെ വിട്ട് ഇതര പുരുഷന്മാരോടൊന്നിച്ചു വസിക്കുന്ന സ്ത്രീകൾ വളരെക്കാലം പ്രേതലോകത്തിൽ പാർത്തിട്ട്, അന്ത്യജാതികളിൽ ജനിക്കും. വിഷയങ്ങൾക്കും ഇന്ദ്രിയങ്ങൾക്കും അടിപെട്ട്, ഭർത്താവിനെ വഞ്ചിച്ചു മൃഷ്ടാന്നം ഭുജിക്കുന്ന സ്ത്രീകൾ, ആ പാപത്താൽ പ്രേതത്വം പ്രാപിക്കും. ബ്രഹ്മസ്വവും അക്ഷയ്യവും ഭക്ഷിക്കുന്നവർ എന്നെന്നും മലമൂത്ര ഭോജികളായ പ്രേതങ്ങളായിപ്പോകും. പരസ്വം ബലാദപഹരിക്കുന്നവരും കൊടുക്കാത്തവരും അതിഥികളെ അവമാനിക്കുന്നവരും പ്രേതങ്ങളായി നരകത്തിൽ പതിക്കും.

നെല്ലിക്ക തിന്നുക, അതിന്റെ നീർകൊണ്ടു കുളിക്കുക എന്നിവ ചെയ്താൽ, എല്ലാ പാപവും വേർപെട്ട വിഷ്ണുലോകത്തിൽ സൽകാരമേൽക്കാം. അതിനാൽ നീ എങ്ങനെ പണിപ്പെട്ടും ശ്രുഭകരമായ നെല്ലിക്കയേ സേവിച്ചുകൊള്ളുക. ഈ പുണ്യാഖ്യാനം പതിവായി ശ്രവിച്ചാൽത്തന്നെ പാപമെല്ലാമൊഴിഞ്ഞു് വിഷ്ണുലോകത്തിൽ വിഹരിക്കാം. ഇതു്, വിശേഷിച്ചും വൈഷ്ണവരെ ശ്രവിപ്പിക്കുന്നവൻ വിഷ്ണുസായുജ്യം നേടുമെന്നു് പൌരാണികർ അഭിപ്രായപ്പെട്ടിരിക്കുന്നു.'

സ്കന്ദൻ:—'രണ്ടു വൃക്ഷങ്ങളുടെ കായ്കറികൾക്കുള്ള വിശ്രുതി നിന്തിരുവടി അരുളിച്ചെയ്തുവല്ലോ; ഇനി, മോക്ഷപ്രദമായ ഇലയും പൂവും കേൾക്കേണമെന്നുണ്ടു്.'

ശിവൻ:—'എല്ലാ പത്രപുഷ്പങ്ങളിലും വച്ചു നല്ലതത്രേ തുളസി. വിഷ്ണുവിന്നു തുലോം പ്രിയപ്പെട്ടതാകയാൽ വൈഷ്ണവിയും സർവകാമപ്രദയും സർവലോകോൽകൃഷ്ടയും സർവോപരി ഭക്തിമുക്തികളെ നൽകുന്നതുമാകുന്നു തുളസി. അതിനെ സേവിച്ചിട്ടാണു് മുനിശ്രേഷ്ഠന്മാർ അക്ഷയസ്വർഗ്ഗമണഞ്ഞതു്. അതു്, പണ്ടു്, സർവലോകഹിതത്തിന്നായി വിഷ്ണുതന്നെ നട്ടുപിടിപ്പിച്ചതാകുന്നു. സർവധർമ്മങ്ങൾക്കും ഇരിപ്പിടമാണു തുളസിയുടെ ഇലയും പൂവും. ലക്ഷ്മിയും ഗൌരീദേവിയുമത്രേ വിഷ്ണുവിന്നു തുലോം പ്രിയപ്പെട്ടവർ; നാലാമതാരുമില്ല! ഒരൊറ്റ തുളസിയില നൂറു പൊൻനാണ്യങ്ങളുടെ ഫലം നൽകും. തുളസിക്കൂടാതെ മറെറാരു പുഷ്പംകൊണ്ടോ പത്രംകൊണ്ടോ ഗന്ധാനുലേപനംകൊണ്ടോ ദൈത്യാരിദേവൻ അത്ര പ്രസാദിക്കുകയില്ല. തുളസികൊണ്ടു പതിവായി പങ്കജാക്ഷനെ പരമഭക്തിയോടെ പൂജിച്ചാൽ, ദാനമായി; ഹോമമായി; ജ്ഞാനമായി; യജ്ഞവ്രതാദിയു

Digitized By Kerala Sahitya Akademi

മായി! ഏതുജന്മത്തും തേജസ്സും സുഖവും ഭോഗ്യവും യശസ്സും ശ്രീയും കുലവും ശീലവും കളത്രവും ആണ്മക്കളും പെൺമക്കളും ധനവും രാജ്യവും ആരോഗ്യവും ജ്ഞാനവും വിജ്ഞാനവും വേദവേദാംഗശാസ്ത്രപുരാണസംഹിതകളും—സകലവും—തുളസികൊണ്ടു മുകുന്ദനെ പൂജിച്ചാൽ കരസ്ഥമായിവരും. സുരലോകത്തു പരിശുദ്ധയായ ഗംഗയും നരലോകത്തു ഭാഗീരഥിയും എപ്രകാരമോ, അപ്രകാരം മുക്തിപ്രദാത്രിയാകുന്നു തുളസി. ഗംഗാജലം എന്തിന്? പുഷ്കരത്തിൽ പോകുന്നതെന്തിന്? തുളസീപത്രമിട്ട ജലം മതിയല്ലോ മോക്ഷത്തിന്! പല ജന്മങ്ങളിലും വിഷ്ണുപ്രീതി ആഗ്രഹിക്കുന്നോ, ആ ബുദ്ധിമാനോ, കേട്ടാൽ തുളസികൊണ്ടു ഹരിയെ പൂജിപ്പാൻ താല്പര്യം തോന്നും. തുളസിയുടെ പൂങ്കുല (കതിർ)കൊണ്ടും ഇലകൊണ്ടും വിഷ്ണുവിനെ ആർ പൂജിക്കുമോ, അവന്റെ പുണ്യം വർണ്ണിച്ചു തീർക്കാവുന്നതല്ല. തുളസിത്തോപ്പു് എവിടെയുണ്ടോ, അവിടെ ശ്രീനാരായണനും ലക്ഷ്മിയും ബ്രഹ്മാവും സർവ്വദേവന്മാരും സന്നിധിചെയ്യും; അതിനാൽ ഗൃഹസമീപത്തു തുളസി നട്ടുവളർത്തിക്കൊള്ളണം. എന്നാൽ സ്തോത്രം, മന്ത്രം മുതലായതൊക്കെ അക്ഷയമായിരിക്കും. പ്രേതങ്ങളും, ക്രൂരമാണ്ഡർ, പിശാചുക്കളും, ബ്രഹ്മരക്ഷസ്സുകളും, ഭൂതങ്ങളും, ദൈത്യർ മുതലായവരെല്ലാം തുളസിയുള്ളേടത്തുനിന്നു പാഞ്ഞുപോകും! അലക്ഷ്മി, നാശിനി, ഛണ്ഡി, ഡാകിനി മുതലായ മായക്കളും തുളസീപത്രം കണ്ടാൽ ചൂളിപ്പോകും! ബ്രഹ്മഹത്യ, ഭ്രൂണഹത്യ മുതലായവയാലുള്ള പാപങ്ങളും, പാപജന്യങ്ങളായ വ്യാധികളും എന്നിവയും നാശമടയും. ആർ വിഷ്ണുവിന്നായി ഭൂമിയിൽ തുളസി നട്ടുവോ, അവൻ പ്രിയദക്ഷിണമായ നൂറു യാഗം ശരിക്കു ചെയ്തുകഴിഞ്ഞു! വിഷ്ണുപ്രതിമകളിലോ സാളഗ്രാമങ്ങളിലോ തുളസീദളം അർപ്പിച്ചാൽ വിഷ്ണുസായുജ്യം സിദ്ധിക്കും. ഭൂമിയിൽ മാധവന്നായി തുളസിനട്ടുന്നതാരോ, ആ ധീരൻ വംശജരുടെ പ്രീതിക്കു പാത്രീഭവിച്ചു വൈകുണ്ഠത്തിൽ ചെന്നുചേരും. വിഷ്ണുദേവനെ പൂജിച്ചു നിർമ്മാല്യമായ തുളസീദളം തലയിൽ ചൂടിയവൻ പാപമൊഴിഞ്ഞു സപ്തർഷിസ്ഥാനം ചെന്നണയും. കലികാലത്തു്, പൂജിക്കുക, കീർത്തിക്കുക, ധ്യാനിക്കുക, നട്ടുവളർത്തുക, ധരിക്കുക എന്നിവ ചെയ്താൽ തുളസി പാപത്തെ നശിപ്പിക്കും; സപ്തർഷിപദത്തെ നൽകുകയും ചെയ്യും. തുളസിയെപ്പറ്റി ഉപദേശിക്കുകയും സ്വയം അനുഷ്ഠിക്കുകയും ആർ ചെയ്യുന്നുവോ, അവൻ വിഷ്ണുമന്ദിരമാകുന്ന പരമപദം പ്രാപിക്കും. വിഷ്ണുവിന്നു പ്രിയം യാതൊന്നോ, അതു് എനിക്കും എല്ലാ ദേവന്മാർക്കും

Digitized By Kerala Sahitya Akademi

ദേവിമാക്കും ഒരുപോലെ പ്രിയമായിരിക്കും. അതിനാൽ എങ്ങിനെ പണിപ്പെട്ടും നീ തുളസിയെ സേവിച്ചുകൊള്ളുക. തുളസിയെ സേവിച്ചാൽ ഗുരുവിപ്രദേവതീർത്ഥങ്ങളൊക്കയും സേവിച്ചുകഴിഞ്ഞു! തുളസി തലയിൽ ചൂടി മൃതിയടഞ്ഞവൻ ദുഷ്കൃതമെല്ലാമകന്നു നിരാമയമായ സ്വർഗ്ഗത്തിൽ ചെന്നുചേരും. രാജസൂയാദി യാഗങ്ങൾകൊണ്ടും പലതരം വ്രതനിയമങ്ങൾകൊണ്ടും ധീരന്മാർ പോകുന്ന ഗതി തുളസീസേവകൊണ്ടു കൈവരും. ഒരൊറ തുളസിയിലകൊണ്ടു ലക്ഷ്മീപതിയെ പൂജിച്ചാൽ മതി, വൈഷ്ണവത്വം ലഭിക്കാൻ; മറ്റു ശാസ്ത്രപുരപ്പൊക്കെ എന്തിന്? തുളസിത്തലയ്ക്കലെ മൂടുപല്ലവം, ചില്ല എന്നിവകൊണ്ടു മുകുന്ദനെ പൂജിച്ചാൽ, വീണ്ടും മുലപ്പാൽ കുടിക്കേണ്ടി വരില്ല! പതിവായി തുളസിയുടെ കോമളളങ്ങൾകൊണ്ടു ദാമോദരനെ ആർ പൂജിക്കുമോ, അവനെറ നൂറായിരം തലമുറക്കാർ ഊർദ്ധ്വഗതിയടയും. ഉണ്ണി, തുളസിയുടെ പ്രധാനഗുണങ്ങൾ മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളൂ; എല്ലാഗുണവും വർണ്ണിക്കുക വളരെക്കാലംകൊണ്ടും നമുക്കു സാദ്ധ്യമല്ല.'

ഈ പുണ്യാഖ്യാനം പതിവായി ശ്രവിച്ചാൽ, സംസാരബന്ധം നൽകുന്ന പ്രാഗ്ജന്മപാപം വിട്ടൊഴിയും; ഒരിക്കൽ ചൊല്ലിയാൽത്തന്നെ അഗ്നിഷ്ടോമഫലം കിട്ടും; നാംതോറും ചൊല്ലുന്നവന്നോ, രാജസൂയഫലം കൈവരും. മകനേ, അവന്നു വ്യാധി, മൂർഖത എന്നിവ ഒരിക്കലും ഉണ്ടാകയില്ല; എപ്പോഴും ജയമേ വരൂ; തോല്മ പറകയില്ല. ഇതു് എഴുതിവെച്ചിട്ടുള്ള ഗൃഹത്തിൽ ലക്ഷ്മി വിളയാടും; ആധികളോ പ്രേതങ്ങളോ ശോകമോ അവമാനമോ ക്ഷണനേരംപോലും നിൽക്കുകയില്ല.'

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം, തുളസീമാഹാത്മ്യകഥനം അമ്പത്തൊമ്പതാമദ്ധ്യായം.

——:o:——

അമ്പത്തൊമ്പതാമദ്ധ്യായം

ബ്രാഹ്മണർ:—'തുളസിയുടെ മംഗളമായ മാഹാത്മ്യം ഭവാൻ പറഞ്ഞുതന്നുവല്ലൊ; ഇനി അതിനെ സംബന്ധിച്ച സ്തോത്രംകൂടി കേൾക്കേണമെന്നുണ്ടു്.'

Digitized By Kerala Sahitya Akademi

വ്യാസൻ:—'ദ്വിജന്മാരേ, ഞാൻ മുമ്പു സ്കാന്ദപുരാണത്തിൽ കീർത്തിച്ചിട്ടുള്ള ഇതിഹാസം വിമുക്തിക്കായി പാഞ്ഞുതരാം:

ശതാനന്ദമഹർഷിയുടെ സംശിതവ്രതരായ ശിഷ്യരെല്ലാവരുംകൂടി ഗുരുവിനെ വന്ദിച്ചു്, പുണ്യകരമായ ഹിതം ചൊല്ലിക്കൊടുക്കാൻ അഭ്യർത്ഥിച്ചു:—'ബ്രഹ്മജ്ഞശ്രേഷ്ഠനായ ഗുരോ, പണ്ടു ബ്രഹ്മാവു ചൊല്ലിക്കേട്ട തുളസീസ്തവം ഇവിടുന്നു ഞങ്ങളെ കേൾപ്പിച്ചാൽക്കൊള്ളാം.'

ശതാനന്ദൻ:—'തുളസിയുടെ പേർ പറഞ്ഞാൽത്തന്നെ ജനാർദ്ദനൻ പ്രസാദിക്കും; പാപങ്ങൾ നശിക്കും; അക്ഷയമായ പുണ്യവും ലഭിക്കും. അങ്ങിനെയുള്ള തുളസിയെ ആളുകൾ എങ്ങിനെ വന്ദിച്ചു പൂജിക്കാതിരിക്കും? അതിനെ ദർശിച്ചാൽത്തന്നെ കോടി പാപ്പരുദ്ധാനമായി! കലികാലത്തു് ആരുടെ ഗൃഹത്തിൽ നിത്യം സാളഗ്രാമപൂജയ്ക്കായി തുളസി നട്ടുപിടിപ്പിച്ചിട്ടുണ്ടോ, അവർ തന്നെ ലോകത്തിൽ സുകൃതികൾ! തുളസീപത്രം പറിക്കുന്ന കൈകൾ എവയൊ അവ തന്നെ സുകൃതികൾ! കലിയുഗത്തിൽ വിഷ്ണുപൂജയ്ക്കായി തുളസി നട്ടവരോടു്, കോപിതനായ യമനും കിങ്കരരും എന്തെടുക്കും! തുളസീദളം കൊണ്ടു ദുഃഖഹർത്താവായ ദേവേശനെ പൂജിക്കാത്തവർക്കു തീർത്ഥയാത്രാദികൾകൊണ്ടെന്തു ഫലം? സ്നാനം, ദാനം, ധ്യാനം, അശനം, കേശവാർച്ചനം, കീർത്തനം, രോപണം [നടൽ] എന്നിവയാൽ തുളസി പാപങ്ങളെ മഹിപ്പിക്കുന്നു.

'തുളസ്യമൃതജന്മാസി സദാ ത്വം കേശവപ്രിയേ;
കേശവാർത്ഥം ചിനോമി ത്വാം വരദാ ഭവ ശോഭനേ!
ത്വദംഗസംഭവൈർന്നിത്യം പൂജയാമി യഥാ ഹരിം
തഥാ കുരു പവിത്രാംഗി കലൌ മലവിനാശിനി!'

എന്നീ മന്ത്രം ചൊല്ലി തുളസിയുടെ ഇല നുള്ളിയെടുത്തു വിഷ്ണുവിനെ പൂജിച്ചാൽ ഫലം ലക്ഷകോടി മടങ്ങാകും.

(കിളിപ്പാട്ടു്—കേക)

ദേവേശി, നിന്മാഹാത്മ്യം പാടുന്നു മുനിസിദ്ധ—
ദേവഗന്ധർവ്വന്മാരും, പാതാളേ ഫണീന്ദ്രനും!
അച്യുതനൊഴിഞ്ഞന്യദേവകളറിയാനി—
ന്നച്യുതമാഹാത്മ്യഗുണമസംഖ്യം കല്പത്താലും!

Digitized By Kerala Sahitya Akademi

പാലാഴി കടയുമ്പോൾ മുകുന്ദാനന്ദോത്ഥ നീ;
മൌലിയിലന്നേ നിന്നെച്ചൂടിനാൻ ചിൽപ്പുരുഷൻ;
അത്തിരുവുടലോടു ചേർച്ചയാലത്രേ ദേവി,
ശ്രുത്യായ് ച്ചമഞ്ഞു നീ; തുളസി, തൊഴുന്നേൻ ഞാൻ!
ഹരിയെത്തപൽപത്രത്താലർച്ചിപ്പാനവിഘ്നം മേ
തരികിങ്ങു;തുകൊണ്ടു സൽഗതി നേടാഹം ഞാൻ!
ഗോമതീതീരെ താൻ താൻ നട്ടപോറിനാൻ നിന്നെ-
ശ്ലോവിന്ദനുലകിനും ഗോപികമാക്കും വേണ്ടി;
ശ്രീവൃന്ദാവനചരൻ സേവിച്ചുകുഷ്ണൻ നിന്നെ-
ശ്ലോകുലൈശപ്യത്തിനും കംസനെക്കൊല്ലാനുമായ്.
കാകുൽസ്ഥനരക്കരെക്കൊൽവാനായ് വസിഷ്ഠോക്ത്യാ
ലോകസമ്മതേ, നിന്നെസ്സരയൂതീരെ നട്ടാൻ.
ജാനകി, വിയോഗത്തിലശോകവനിയിൽ നിൻ
ധ്യാനമേ ചെയ്തിട്ടല്ലോ രാഘവനോടു ചേർന്നു
അഷ്ടമൂർത്ത്യാപ്തിയ്ക്കായ് പ്പണ്ടർച്ചിച്ച പനിക്കന്നിൽ
നട്ട സേവിച്ചാൻ നിന്നെ;തുളസി, തൊഴുന്നേൻ ഞാൻ!
അസപത്നാംഗനമാരും കിന്നരന്മാരും നിന്നെ-
ദ്ദുസ്സപത്നശാന്തിക്കായിഷ്ടജിച്ചാർ വിൺപൂകാവിൽ.
പിതൃക്കൾ നിന്നെയമ്മാരണ്യത്തിൽഗ്രയയിലും
ഹിതമോത്തർച്ചിച്ചാർ; തുളസി, നമോസ്തു തേ!

ദണ്ഡകാവനേ നട്ടു രാഘവൻ തുളസിയെ;
ദണ്ഡിച്ചുപോറീ സീത; ലക്ഷ്മണൻ കേയ്യാ കാത്തു
ഗംഗാമുവുലകിലും വ്യാപ്തയെന്നല്ലോ ശാസ്ത്രം;-
മങ്ങിനെ ചരാചരവ്യാപിനി തുളസിയും!
ശ്യാമുകത്തിൽപ്പാക്കും സുഗ്രീവൻ തുളസിയെ-
സ്സംശ്രയിച്ചിതു, ബാലിഹതിക്കും താരാപ്തിക്കും.
വായുജൻ തുളസിയെപ്പണിഞ്ഞിട്ടത്രേ, രുഷ്ട്യാ
വാരിധി ചാടിക്കായ്യും സാധിച്ചു തിരിച്ചെത്തീ.
തുളസീഭജനത്താൽ പാതകമെല്ലാം നീങ്ങും—
ഗളിതമാകും ബ്രഹ്മഹത്യയും—മുനീന്ദ്രരേ!
തുളസീദളഗളദാരി മൌലിയിലേറ്റാൽ
സുലബ്ധം ഗംഗാസ്നാനം, ദശഗോദാനവും!
ദേവേശി, കനിഞ്ഞാലും തുളസി, ഹരികാന്തേ!
കൈവണങ്ങുന്നേൻ ദേവി, ദുശ്ശോദമന്യോത്തുതേ!'

Digitized By Kerala Sahitya Akademi

ഏകാദശി നോറു രാത്രിയിൽ ഉറക്കമിളയ്ക്കുമ്പോൾ തുളസീസ്തവം ചൊല്ലുന്നതാരോ, അവന്റെ മുപ്പത്തിരണ്ടപരാധവും മാധവൻ ക്ഷമിച്ചുകളയും. ബാല്യത്തിലും കൌമാരത്തിലും യൌവനത്തിലും വാർദ്ധക്യത്തിലും ചെയ്തുപോയ പാപം മുഴുവനും, തുളസീസ്തവം ചൊല്ലിയാൽ അറുതിപ്പെടും; ദേവേശൻ പ്രസാദിക്കും; പ്രസാദിച്ചാൽ ശ്രീ, ശത്രുനാശം, സുഖം, വിദ്യ എന്നിവയെ കല്പിച്ചു നൽകുകയും ചെയ്യും. തുളസിയുടെ പേർ ഉച്ചരിച്ചാൽത്തന്നെ ദേവന്മാർ അഭീഷ്ടം നൽകും; തുളസീസ്തവത്താൽ സന്തുഷ്ടനായ ദേവേശൻ നിന്ദ്യപ്രാണികൾക്കുകൂടി സുഖവും അഭിവൃദ്ധിയും വിമുക്തിയും കൊടുക്കും. തുളസീസ്തവം പാപങ്ങളെ കളിയായി പറപ്പിച്ചു കളയും! ഇതു ഗ്രഹത്തിൽ എഴുതിവച്ചിട്ടുള്ളവന്നു നന്മയല്ലാതെ യാതൊരു തിന്മയും വരികയില്ല. അവന്നു സകലവും മംഗളം തന്നെ; ഒരമംഗളവും ഉണ്ടാകയില്ല; എന്നെന്നും ധനധാന്യസമൃദ്ധിയാൽ സുഭിക്ഷം കൈവരും; വിഷ്ണുവിങ്കൽ ഭക്തിയുറയ്ക്കും; വൈഷ്ണവരോടു വേർപാടു വരില്ല; രോഗം പിടിപെടില്ല; അധർമ്മത്തിൽ മനസ്സു ചെല്ലില്ല. ഏകാദശി നോറു രാത്രിയിൽ ഉറക്കമിളയ്ക്കുമ്പോൾ തുളസീസ്തവം ചൊല്ലുന്നവന്നു സഹസ്രലക്ഷകോടിതീർത്ഥസ്നാനത്തിന്റെ ഫലം ലഭിക്കും.'

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യ സംവാദം, തുളസീസ്തവകഥയും അവതരണികാമദ്ധ്യായം.

—:o:—

അറുപതാമദ്ധ്യായം

ബ്രാഹ്മണർ:—'യാതൊന്നിൽ സ്നാനം ചെയ്താൽ മനുഷ്യൻ മാപാപത്തിൽനിന്നും മറു പാപത്തിൽനിന്നും വിമുക്തനായി, ശക്രനെപ്പോലെ എന്നെന്നും സ്വർഗ്ഗത്തിൽ വിഹരിക്കുമോ—ദേവതത്തിൽനിന്നു ഭ്രംശിക്കില്ലയോ—ഇഹത്തിൽ മികച്ച സർവ്വഭോഗ്യങ്ങളും, പരത്തിൽ സ്വർഗ്ഗവും യാതൊന്നിനാൽ നൽകപ്പെടുമോ, കലികല്മഷമേറാവക്കു സ്വർഗ്ഗത്തിലേയ്ക്കുള്ള സോപാനം യാതൊന്നോ, അതിനെ ഞങ്ങൾക്കുപദേശിച്ചുതന്നാലും.'

വ്യാസൻ:—'വിപ്രന്മാരേ, എല്ലാറ്റിലും ഗതി തേടുന്ന സാധാരണ സ്ത്രീപുരുഷന്മാർക്കെല്ലാം ഗംഗയെ ദർശിച്ചാൽ മതി പാപം നീങ്ങാൻ. ഗംഗയെ സ്മരിച്ചാൽത്തന്നെ പാതകം അറുതിപ്പെടും; കീ

Digitized By Kerala Sahitya Akademi

ത്തിച്ചാൽ അതിപാതകവും, ദർശിച്ചാൽ കനത്ത കല്മഷവും വിട്ടൊഴിയും. ഗംഗയിൽ സ്നാനം, പാനം, പിതൃതർപ്പണം എന്നിവകൊണ്ട് നാളിൽ നാളിൽ മാപാപങ്ങൾപോലും നശിക്കും. തീ പഞ്ഞിയേയും ഉണക്കപ്പുല്ലിനേയും ക്ഷണനേന ചുട്ടെരിക്കുന്നതെപ്രകാരമോ, അപ്രകാരം ഗംഗാജലസ്പർശം മനുഷ്യരുടെ പാപത്തെ നശിപ്പിക്കുന്നു. ഗംഗാസ്നാനം ചെയ്തവൻ അക്ഷയസ്വർഗ്ഗമടയും; യശസ്സും രാജ്യവും പുണ്യവും നേടും; ഒടുവിൽ പരഗതിയും പൂകും. ഗംഗയിൽ പിതൃക്കൾക്കായി, പേരുച്ചരിച്ചും കൊണ്ടു യഥാവിധി പിണ്ഡം വെച്ചാലത്തെ പുണ്യഫലം കേട്ടുകൊൾവിൻ: അന്നം മാത്രമായാൽ, ദേവലോകത്തു് ആയിരം സംവത്സരം പൂജിക്കപ്പെടും; എള്ളും പരിശുദ്ധമായ ഫലവും ക്രുടിച്ചേർത്താൽ, ഇരട്ടി; ഗവ്യത്തോടു ക്രുടിയായാൽ സ്വർഗ്ഗത്തിന്നു് അവസാനമില്ല; ഇങ്ങനെ പിണ്ഡം വെച്ചാൽ, നാംതോറും ഒരുനൂറായാഗമായി! നരകസ്ഥരായ പിതൃക്കൾ വിണ്ണിൽച്ചെന്നുചേരും; പാതാളവാസികളും, ഭൂമിക്കടിയിൽ പുഴുക്കളായി കിടക്കുന്നവരും, പശുപക്ഷിസ്ഥാവരങ്ങളിൽപ്പെട്ടവരും ഭൂലോകത്തു ധനികരോ ദുഃഖരോ ആയിബ്ഭവിക്കും. യാവച്ചിലർക്കു പുത്രരോ പൌത്രരോ ഗോത്രക്കാരോ ദൌഹിത്രരോ ജാമാതാക്കളോ ഭാഗിനേയരോ സുഹൃത്തുക്കളോ മിത്രങ്ങളോ പ്രിയരോ അപ്രിയരോ വേണ്ടുന്ന ഉപകരണങ്ങളോടേ ഗംഗയിലോ തീരത്തോ പിണ്ഡം വയ്ക്കുന്നവോ, അവർ അക്ഷയസ്വർഗ്ഗം പ്രാപിക്കും. പിണ്ഡാർപ്പണത്താൽ പിതൃവംശ്യരും മാതൃഗോത്രക്കാരുമായ നൂറുനൂറായിരം പേർ ഉൽഗതി നേടി സുഖമടയും. സ്വർഗ്ഗവാസികളും അധോവാസികളും മധ്യവാസികളും സദാ ഗംഗയെ വാഞ്ഛിക്കുന്നു; ദേവനദിയോടണയുന്നു. ഒരാൾ ഗംഗയിൽ പോയാൽ, അവന്റെ വംശക്കാരെല്ലാം പരിശുദ്ധരായി! ഈ ഒരു മഹാപുണ്യം തന്നെയാണു് മനുഷ്യനെ കരയേറുന്നതു്.

അന്തണരേ, ഗംഗയുടെ ഗുണം മുഴുവൻ വർണ്ണിപ്പാൻ ചതുർമ്മുഖൻപോലും ചതുരനല്ല; അതിനാൽ കുറഞ്ഞൊന്നു മാത്രം പറയാം: മുനിമാരും സിദ്ധരും ഗന്ധർവ്വരും ദേവശ്രേഷ്ഠരുമൊക്കെ, ഗംഗാതീരത്തു തപസ്സു ചെയ്തതിനാലാണു്, ദിവ്യശരീരരായി കാമഗവിമാനത്തിൽക്കേറി എന്നെന്നേയ്ക്കുമായി സ്വർഗ്ഗമണഞ്ഞു രത്നഗൃഹങ്ങളിൽ നിവസിക്കുന്നതു്. എല്ലാ ലോകങ്ങൾക്കും മീതെ, വേണ്ടതെല്ലാമുറപ്പുള്ള പൊന്മേടകളും മനോരമമാരായ മഹിളമാരും പാരിജാതത്തിന്നൊത്ത പൂങ്കുലകളോടും കല്പകവൃക്ഷത്തിന്നൊത്ത കായ്കളോടും

Digitized By Kerala Sahitya Akademi

ക്കുടിയ വൃക്ഷങ്ങളും എവിടെയുണ്ടോ, അവിടെ ആധിപത്യം കിട്ടും, ഗംഗാതീരത്ത് തപസ്സുചെയ്തവർക്ക്! വളരെ തപസ്സുകളും, യജ്ഞങ്ങളും, പലതരം വ്രതങ്ങളും, അനേകം ദാനങ്ങളും എന്നിവയാലുള്ള ഗതി ഗംഗാസേവനത്താൽ സിദ്ധിക്കും. മക്കളും അച്ഛനേയും, ഭാര്യ ഭർത്താവിനേയും, സുഹൃത്തു സ്നേഹിതനേയും ഉപേക്ഷിച്ചേയ്ക്കാം; എന്നാൽ ജാരജൻ, പതിതൻ, ദുഷ്ടൻ, അന്ത്യജൻ, ഗുരുഘാതി, എല്ലാ ദ്രോഹവും ചെയ്തവൻ, എല്ലാ പാപവും ചെയ്തവൻ എന്നിവരെപ്പോലും ഗംഗ കൈവെടിയില്ല. നേരെ മറിച്ച്, അവരെ, അമ്മ മക്കളെ എന്നപോലെ മടിയിൽ വെച്ച്, അഴുക്കു നീക്കിപ്പരിശുദ്ധിപ്പെടുത്തുന്നു. ഭക്തിയും മുക്തിയും നൽകുന്ന ഗംഗയെ യാവചിലർ ദർശിക്കുമോ, അവർ ഭോഗ്യാലംകാരങ്ങളാൽ വിശ്രുതരായിത്തീരും. ഓരായിരം യുഗം ഒറ്റക്കാലിന്മേൽ നിൽക്കുക, ഒരു മാസം ഗംഗയിൽ വസിക്കുക, ഇതു രണ്ടും ഒരുപോലെയാണ്; അല്ലെന്നംവരാം! ഗംഗയിൽ രൊറ്റ പ്രാവശ്യം ഭക്തിയോടെ മുഴുകിയാൽ, ലക്ഷം തലമുറയുള്ള സംസാരമോചനം സിദ്ധിക്കും. സ്മരിക്കുകയോ ധ്യാനിക്കുകയോ സ്തുതിക്കുകയോ അനുമോദിക്കുകയോ ചെയ്താൽ മനുഷ്യന്റെ ഇരുവംശത്തേയും ദുഃഖനിഹന്ത്രിയായ ഗംഗ സംസാരസമുദ്രത്തിൽനിന്നു കരയേറ്റും. സംക്രമം, വ്യതീപാതം, സൂര്യചന്ദ്രഗ്രഹണം എന്നീ പുണ്യകാലങ്ങളിൽ ഗംഗയിൽ സ്നാനംചെയ്താൽ ഒരുകോടി തലമുറയ്ക്ക് ഉൽഗതിവരും. ഉത്തരായണത്തിൽ വെളുത്ത പക്ഷത്തിൽ പകൽനേരത്തു വിഷ്ണുവിനെ സ്മരിച്ചുംകൊണ്ടു ഗംഗയിൽ ദേഹത്യാഗം ചെയ്യുക എന്നതു സുകൃതികൾക്കേ ലഭിക്കൂ; ഈ വിധം പുണ്യമായ ഭാഗീരഥീജലത്തിൽ പ്രാണനെ വെടിഞ്ഞവർ പുനരാവൃത്തിരഹിതമായ സ്വർഗ്ഗത്തിൽ ചെന്നു ചേരും. ഗംഗയെ ഭജിച്ചാൽ സർവ്വദേവകളേയും ഭജിക്കലായി; സർവ്വദേവസ്വരൂപനാണല്ലോ വിഷ്ണു; ആ വിഷ്ണുതന്നെയാണു ഗംഗ! ഗംഗയിൽ പിണ്ഡംവെച്ചു തിലോദകം നൽകിയാൽ, നരകസ്ഥരായ പിതൃക്കൾ നരകമടയും; നാകസ്ഥർ വിമുക്തി നേടും. പരസ്ത്രീഗമനം, പരസ്വാപഹരണം, പരദ്രോഹം എന്നിവ ചെയ്തവനും ഗംഗതന്നെ ഉറ്റഗതി! വേദശാസ്ത്രവിഹീനൻ, ഗുരുനിന്ദാനിരതൻ, വ്യവസ്ഥയും ആചാരവുമില്ലാത്തവൻ എന്നിവർക്കു ഗംഗ പോലൊരു ഗതിയില്ലതന്നെ. വളരെ പണച്ചെലവുള്ള യാഗമെന്തിന്? അതിദുഷ്കരമായ തപസ്സെന്തിന്? സുഖസൌഭാഗ്യശാലിനിയായ ഗംഗ തരുമല്ലോ, സ്വർഗ്ഗവും മോക്ഷവും! നാംതോറും മികച്ച നിയമമെന്തിന്? ചിത്തത്തെ നിരോധിക്കുന്ന യോഗമെന്തിന്? സുഖമോക്ഷോപരിസ്ഥയായ ഗംഗ ത

Digitized By Kerala Sahitya Akademi

രമല്ലോ, ഭക്തിയും മുക്തിയും! ഗംഗയിൽ ഒന്നു മുങ്ങിയാൽ മതി, മനുഷ്യന്ന് അനേക ജന്മങ്ങളിലെ പാപം പോർപെട്ട പുണ്യം കൈവരുവാൻ. സൂര്യഗ്രഹണത്തിൽ പ്രയാഗത്തിൽവെച്ച് ആയിരം പൈക്കളെ ദാനം ചെയ്താലത്തെ ഫലം, ഗംഗയിൽ സ്നാനംചെയ്താൽ നാമം തോറും കിട്ടും; ഗംഗയെ ദർശിച്ചാൽ പാപം നീങ്ങും; സ്പർശിച്ചാൽ സ്വർഗ്ഗം കിട്ടും; യാദൃച്ഛയായിട്ടെങ്കിലും സ്നാനംചെയ്താൽ മുക്തിവരും. വാസനാജന്യമായ സർവേന്ദ്രിയചാപല്യം, നിർഘൃണതാപം എന്നിവ ഗംഗയെ ദർശിക്കുന്നതോടുകൂടി നശിച്ചുപോകും. പരസ്വത്തിൽ കൊതി, പരസ്ത്രീയിൽ കാമം, പരധർമ്മത്തിൽ ആഗ്രഹം എന്നിവയും ദർശനത്താൽത്തന്നെ അവതിപ്പെട്ടും. കിട്ടിയതുകൊണ്ടു തൃപ്തി, സ്വധർമ്മനിരതതാപം, സർവരിലും സമചിത്തത എന്നിവ ഗംഗാസ്നാനത്താൽ കൈവരും. യാവനൊരുത്തൻ ഗംഗയെ ആശ്രയിച്ചു സ്വർഗ്ഗം നിവസിക്കുന്നുവോ, ആ സർവോത്തമോത്തമൻ തന്നെ ജീവന്മുക്തൻ! ഗംഗയെ ആശ്രയിച്ചു വാഴുന്നവന്നു കർത്തവ്യം യാതൊന്നുമില്ല; അവൻ കൃതൃനും ജീവന്മുക്തനുമത്രേ. യജ്ഞം, ദാനം, തപസ്സ്, ജപം, ശ്രാദ്ധം, ദേവപൂജ എന്നിവയെല്ലാം ഗംഗയിൽവെച്ചായാൽ ഫലം കോടികോടി മടങ്ങായിരിക്കും. മറേറടത്തു ചെയ്ത പാപം ഗംഗാതീരത്തു നശിക്കും; ഗംഗാതീരത്തു ചെയ്ത പാപം ഗംഗാസ്നാനംകൊണ്ടു നശിക്കും. തന്റെ ജന്മക്ഷേത്രത്തിലും, ജനന ഗംഗയെ വിട്ട നാളിലും ഗംഗയിൽ സ്നാനം ചെയ്തവൻ, അവന്റെ വംശത്തെ കരയേറും. മനുഷ്യൻ ധനികനെ ആദരവോടുകൂടി നിത്യം സ്തുതിക്കാറുണ്ടല്ലോ; അതുപോലെ ഗംഗയെ ഒരിക്കൽ സ്തുതിച്ചാൽ സ്വർഗ്ഗത്തിന്നു പാത്രമായിത്തീരും. അശ്രദ്ധനായിട്ടെങ്കിലും ആ പുണ്യനദിയുടെ നാമം ഉച്ചരിച്ചവൻ സ്വർഗ്ഗത്തിന്നു പാത്രമായിത്തീരും. *.....അറിഞ്ഞോ അറിയാതെയോ, വേണ്ടിയോ വേണ്ടാതെയോ ഗംഗയിൽ മൃതിയടഞ്ഞവന്നു സ്വർഗ്ഗവും അപവർഗ്ഗവും സിദ്ധിക്കും. സത്സ്ഥാനം ബുദ്ധിമാനുമായ യോഗിക്കുള്ള ഗതി യാതൊന്നോ, ആ ഗതി ലഭിക്കും, ഗംഗയിൽ പ്രാണത്യാഗം ചെയ്തവന്ന്. ദേഹശുദ്ധിക്കായി നൂറായിരം ചാന്ദ്രായണം ആചരിക്കുന്നതിനെക്കാൾ മീതെയാണ്, ഗംഗാജലം യഥേഷ്ടം പാനംചെയ്യുക. തീർത്ഥങ്ങൾക്കും ദേവകർമ്മങ്ങൾക്കും വേദങ്ങൾക്കും മാഹാത്മ്യം, ഗംഗയിൽ ചെല്ലുന്നതുവരെയ്ക്കു മാത്രം!

* ഈ അദ്ധ്യായത്തിലെ ഏതാനും ശ്ലോകങ്ങൾ പൂർവ്വോക്തങ്ങളാകയാൽ വിട്ടിരിക്കുന്നു.

Digitized By Kerala Sahitya Akademi

തിസ്രഃ കോട്യോർദ്ധകോടിശ്ച തീർത്ഥാനാം വായുരബ്രവീൽ
ദിവി ഭുവ്യന്തരിക്ഷേ ച താനി തേ സന്തി ജാഹ്നവി.
വിഷ്ണു പാദാബ്ജസംഭൂതേ, ഗംഗേ, ത്രിപഥഗാമിനി,
ധർമ്മദ്രവേതി വിഖ്യാതേ, പാപം മേ ഹര ജാഹ്നവി.
വിഷ്ണുപാദപ്രസൂതാസി വൈഷ്ണവീ വിഷ്ണുപൂജിതാ
ത്രാഹി മാമേനസസ്തസ്മാദ്ജന്മമരണാന്തികാൽ.
ശ്രദ്ധയാ ധർമ്മസംപൂർണ്ണേ, ശ്രീമതാ രജസാ ച തേ
അമൃതേന മഹാദേവി, ഭാഗീരഥി, പുനീഹി മാം.'

എന്നീ ശ്ലോകങ്ങളം ചൊല്ലി ജാഹ്നവിയിൽ സ്നാനം ചെയ്താൽ തീർച്ചയായും കോടിജന്മങ്ങളിലെ പാപം വിട്ടൊഴിയും. വിഷ്ണു അരുളിച്ചെയ്തതായ ഗംഗയുടെ മൂലമന്ത്രവും പറയാം; ഇതു് ഒരിക്കൽ ജപിച്ചവൻ പരിശുദ്ധനായി വിഷ്ണുലോകത്തിൽച്ചേരും: 'ഓം നമോ ഗംഗായൈ വിശ്വരൂപിണ്യൈ നാരായണ്യൈ നമോ നമഃ.' ജാഹ്നവീതീരത്തിലെ മണ്ണു ശിരസ്സിൽ ധരിക്കുന്നവനും ഗംഗാസ്നാനം ക്രമത്തെ തന്നെ സർവ്വപാപങ്ങളും നീങ്ങും. ഗംഗയിലെ തിരമാലയിൽത്തട്ടിവീശുന്ന കാറ്റേറ്റവൻ കടുത്ത കല്മഷം പോലുമകന്ന് അക്ഷയസ്വർഗ്ഗമനുഭവിക്കും. മാതാപിതാക്കന്മാരുടേയും ബന്ധുക്കളുടേയും അനാഥരുടേയും ഗുരുവിന്റേയും അസ്ഥി ഗംഗിൽ കൊണ്ടിട്ടവൻ സ്വർഗ്ഗത്തിൽ നിന്നു പോരികയില്ല! അച്ഛനമ്മമാരുടെ അസ്ഥി ഗംഗയിലേയ്ക്കു കൊണ്ടുപോകുന്നവനു്, ഓരോ കാൽവെപ്പിനും അശ്വമേധത്തിന്റെ ഫലം കിട്ടും. ഗംഗാതീരത്തുള്ള നാട്ടുകളും പശുപക്ഷികീടങ്ങളും—സ്ഥാവരജംഗമങ്ങളൊക്കെയും ——ധന്യങ്ങളത്രേ! ദേവേന്ദ്രരേ, മന്ദാകിനിയുടെ ഒരു വിളിപ്പാടിടയിൽ വെച്ചു മരിച്ചാൽ മനുഷ്യർ ദേവകളാകും; മറ്റുള്ളവർ മനുഷ്യരാകും. ഗംഗാസ്നാനത്തിനു പോകുമ്പോൾ വഴിക്കുവെച്ചു മരിച്ചവനും ഗംഗാസ്നാനത്തിന്റെ ഫലം നേടി സ്വർഗ്ഗമണയും. വഴിയിൽ ഗംഗാസ്നാനത്തിനു പോകുന്നവരുടെ കാൽച്ചുവട്ടിലെങ്ങാ കീടശലഭാദി പ്രാണികൾ ഗംഗാജലത്തിൽ ചെന്നുചേരും. ആർ ഗംഗയിലേയ്ക്കുള്ള വഴി പറഞ്ഞുകൊടുക്കുമോ അവർക്കും ഗംഗാസ്നാനത്താലുള്ള പരമപുണ്യം ലഭിക്കും. യാവചിലർ പാഷണ്ഡരാൽ ബുദ്ധി കെടുത്തപ്പെട്ട മന്ദാകിനിയെ നിന്ദിക്കുമോ, അവർ എന്നെന്നും ഘോരനരകത്തിൽത്തന്നെ! എന്തിനേറെപ്പറയുന്നു? ആയുസ്സില്ലാത്തവൻ പതിവായി ഗംഗയെ സ്മരിക്കുകയോ കീർത്തിക്കുകയോ ചെയ്താൽ മതി സ്വർഗ്ഗംപൂകാൻ; അനേകശതം യോ

Digitized By Kerala Sahitya Akademi

ജനങ്ങൾ ഭൂമിയിലിരുന്നു ഗംഗ, ഗംഗ എന്നിങ്ങനെ ഉച്ചരിച്ചാൽത്തന്നെ, സർവ്വപാപനിർമ്മുക്തനായി വിഷ്ണുലോകം പ്രാപിക്കാം! ഗംഗയിൽ പോകാത്തവരാരോ, അവർ കുരുടരോ കാതുമുടന്തരോ വെറുതേ ജനിച്ചവരോ ഗർഭമലസിച്ചാകുന്നവരോ ആയിത്തീരും; ഗംഗയെ കീർത്തിക്കാത്ത നരാധമന്മാർ ഊമകളാകും; അനുശപദേശിച്ചുകൊടുക്കാത്തവർ വാതരോഗികളോ ഉന്മത്തരോ ആയിഭവിക്കും. ഗംഗയുടെ പുണ്യഫലം പഠിക്കാത്തവർക്കു ശാസ്ത്രം വെറുതേ തന്നെ; അവർ കുസിതബുദ്ധികളും പതിതരും അധമരുമത്രേ. ശ്രദ്ധിച്ചു പഠിക്കുന്നവരും പഠിപ്പിക്കുന്നവരുമായ പണ്ഡിതന്മാരാരാ, വിണ്ണണയുന്നു; പിതൃക്കളേയും ഗുരുക്കന്മാരേയും കരയേറുകയും ചെയ്യുന്നു. പോകുന്നവർക്കു വഴിച്ചെലവിനു യഥാശക്തി പണംകൊടുത്താൽ ഗംഗാസ്നാനഫലം കിട്ടും. സ്നാനം ചെയ്യുവാനുള്ള തിന്റെ ഇരട്ടി ഫലമുണ്ട് അയച്ചവന്ന്. വേണ്ടിയോ വേണ്ടാതെയോ മറെറാരാളുടെ പ്രേരണയാലോ ആശ്രയത്താലോ പുണ്യയായ സപ്തർണ്ണദിയിൽ പോയാൽ ദേവലോകം പൂകാം; തീർച്ചതന്നെ!'

ബ്രാഹ്മണർ:—'വേദവ്യാസ, ഗംഗയുടെ സുനിർമ്മലമായ പ്രഭാവം ഭവാൻ പറഞ്ഞുതന്നു. ഗംഗ എവിടെ നിന്നുണ്ടായി? സ്വരൂപം എങ്ങിനെയാണ്? ഇതു ഭൂമികരതപം എന്തുകൊണ്ടു സിദ്ധിച്ചു'''

വ്യാസൻ:—'കേട്ടുകൊള്ളുവിൻ; ഒരു പുണ്യമായ പുരാണകഥ ഞാൻ പറയാം. അതു കേട്ടാൽ മനുഷ്യന്നു മോക്ഷമാർഗ്ഗത്തിൽ ചെന്നെത്താം.'

പണ്ടു നാരദമഹർഷി ബ്രഹ്മലോകത്തുചെന്ന് നാന്മുഖനെ നമിച്ചു ചോദിച്ചു:—'അച്ഛ, ത്രൈലോക്യപാവനവും വിഷ്ണുവിന്നും ശിവന്നും സമ്മതവുമായ എന്തൊരു പദാർത്ഥമാണ്, ഭവാൻ സർവ്വലോകഹിതത്തിന്നായി സൃഷ്ടിച്ചു ഭൂമിയിലേയ്ക്കയച്ചിട്ടുള്ളത്? ആരേ സേവിച്ചാൽ ദേവാസുരോരഗമനുഷ്യരും അണ്ഡജ സ്വേദജോദ്ഭിജ്ജങ്ങളുമെല്ലാം പരിപൂർണ്ണമായ വിഭവം നേടുമോ, അങ്ങിനെയുള്ള സർവ്വോൽകൃഷ്ടയായ ദേവിയോ ദേവതയോ ആരാണ്?'

ബ്രഹ്മാവ്:—'പണ്ടു സൃഷ്ടിക്കൊരുങ്ങിയ ഞാൻ പ്രകൃതിയേടു വശ്യപ്പെട്ടു:—'നീ ലോകങ്ങൾക്കാദിമയായിബ്ഭവിച്ചാലും; നിന്നിൽ നിന്നു ഞാൻ സംസാരം സൃഷ്ടിച്ചുകൊള്ളാം.' ഇതുപ്രകാരം പ്രകൃതി ഏഴുപേരായിച്ചമഞ്ഞു: ഗായത്രി, വാക്ക്, സർവ്വസമൃദ്ധനങ്ങളേയും

Digitized By Kerala Sahitya Akademi

നൽകുന്ന സപർല്ലക്ഷ്മി, ജ്ഞാനവിദ്യയാകുന്ന ഉമ, തപസ്വിനിയായ ശക്തി, ചണ്ഡിക, ധർമ്മദ്രവ എന്നിവരാണ് ആ ഏഴുപേർ. ഗായത്രിയിൽനിന്നു വേദങ്ങൾ ഉണ്ടായി; വേദത്താലത്രേ ലോകം നിലനില്ക്കുന്നത്. സപദ്മി, സ്വാഹ, സ്വധ, ദീക്ഷ എന്നിവരും ഗായത്രിയാൽ ജനിപ്പിക്കപ്പെട്ട. ഗായത്രിയെ എന്നെന്നും യജ്ഞത്തിൽ മാതൃകാദിക ളോടുകൂടി ഉച്ചരിച്ചുപോരുന്നു. യാഗത്തിൽ സുധ നേടിയിട്ട് ദേവകം അജരാമരരായിത്തീർന്നു. പിന്നീട് ദേവകം അമൃത് ഭൂമിയിൽ പൊഴിച്ചു; അതിനാൽ പൃഥിവി സസ്യൌഷധികളാൽ നിറയപ്പെട്ടു; പ്രജകം ഫലമൂലരസഭക്ഷ്യങ്ങൾ കൊണ്ടു ത്രിലോകം സ്വാസ്ഥ്യവും നേടി. വാക്ക് എല്ലാവരുടേയും മുഖത്തും ഹൃദയത്തിലും സ്ഥിതിചെയ്തു, സർവ്വശാസ്ത്രധർമ്മബോധവും കലഹവും ശോകവും മോഹവും അമോഹവും നന്മയും തിന്മയും ഉളവാക്കുന്നു; അവളോട് വേർപെട്ടാൽ ലോകമെല്ലാം മൂഢമായിരിക്കും ലക്ഷ്മിയിൽനിന്ന് വസ്ത്രഭൂഷണങ്ങളും മൂന്നുലോകത്തും സുഖവും രാജ്യവും ഉളവായി; തന്മൂലം അവം വിഷ്ണുവിന്ന് പ്രിയപ്പെട്ടവളായി. ഉമയാലാണ് ലോകത്തിൽ എന്നെന്നും ശിവജ്ഞാനം; ശിവന്റെ പകുതിദേഹമായ അവം ജ്ഞാനമാതാവാകുന്നു. ശക്തി തപസ്സുകളെ ജനിപ്പിച്ചു. അത്യുഗ്രയായ ചണ്ഡിക സർവ്വലോകങ്ങളേയും മോഹിപ്പിച്ചു്, സ്ഥിതിയും സംഹാരവും നടത്തുന്നു; ആ ദേവി മുമ്പു മധുകൈടഭാസുരന്മാരെ സംഹരിച്ചു; ലോകത്തിലെങ്ങും വിളിപ്പെട്ട ഘോരനായ രുരുവിനെ കൊന്നതും അവൾതന്നെ; എല്ലാദേവന്മാരേയും കാറ്റയ്ക്കു ജയിച്ച രണവിചക്ഷണനായ മഹിഷാസുരൻ, ചണ്ഡമുണ്ഡന്മാർ, രക്തബീജനെന്ന മഹാദൈത്യൻ, സുംഭനിസുംഭന്മാർ, അവരുടെ ആൾക്കാർ എന്നിവരേയും അവൾ സലീലം നിഗ്രഹിച്ചു; ഇങ്ങനെ അസുരപുംഗവന്മാരെ കൊലചെയ്ത് അവൾ ത്രിഭുവനത്തെയെല്ലാം രക്ഷിക്കുകയും സന്തോഷിക്കുകയും ചെയ്തു.

ധർമ്മദ്രവ എല്ലാ ധർമ്മങ്ങൾക്കുടേയും ഇരിപ്പിടമാകുന്നു. ഞാൻ ആ മഹതിയെ കണ്ടിട്ട കമണ്ഡലുവിലാക്കിവെച്ചു. അവളുടെ പ്രസാദജലം ദേവസമ്മതമായി പരന്നു. കമണ്ഡലുവിലാക്കപ്പെട്ട ജലമയിയായ ധർമ്മദ്രവ ഞങ്ങളും—ബ്രഹ്മവിഷ്ണുമഹേശ്വരർ—മൂവരുടേയും സമ്പർക്കം നേടി: മാബലിയുടെ യാഗത്തിൽ, പ്രവേശിഷ്ണുവായ വിഷ്ണു ബലവൽപ്രഭാവനായ ബലിയെ കപടത്താൽ ചതിച്ചു് രണ്ടടികൊണ്ടതന്നെ ഭൂവും ദ്യോവുമെല്ലാം അളന്നു; തൃക്കാൽ ബ്രഹ്മാ

Digitized By Kerala Sahitya Akademi

ണ്ഡത്തെ പിളർന്ന് എന്റെ മുമ്പിലെത്തുകയും ചെയ്തു. അപ്പോൾ അതിനെ ഞാൻ കമണ്ഡലുജലംകൊണ്ട് കഴുകിച്ചു. ആ ജലം പൂജിതമായ പാദത്തിന്മേൽ നിന്ന് ഹേമകൂടത്തിൽ നിപതിച്ചു; അതികൽ നിന്ന് ശിവന്റെ ജടയിലും ചെന്നുചേർന്നു. പിന്നെ ഭഗീരഥൻ ശിവനെ ആരാധിച്ച് അതിനെ ഭൂമിയിലേയ്ക്കു കൊണ്ടുപോയി: അയാൾ ഒരു ഗജേന്ദ്രനെ തപസ്സുകൊണ്ട് പ്രസാദിപ്പിച്ചു; ആ ഗജേന്ദ്രൻ പവിത്രത്തെ മൂന്നു കൊമ്പുകൾ കൊണ്ട് കുത്തിത്തുളച്ചു; ആ മൂന്നു തുള കളിലൂടെ പ്രവഹിച്ചതിനാൽ ധർമ്മദ്രവയ്ക്ക് ത്രിസ്രോതസ്സ് എന്ന് പേർ പുകഴ്ന്നു. ബ്രഹ്മവിഷ്ണു മഹേശ്വരന്മാരുടെ സന്നിധത്താൽ അവൾ ഭുവനപാവനിയുമായി. ആ ദേവിയോട് ചേർന്നാൽ സർവ്വധർമ്മ ഫലവും സിദ്ധിക്കും. വേദമന്ത്രപാഠംകൊണ്ടോ യജ്ഞംകൊണ്ടോ ഹോമംകൊണ്ടോ വേപൂജകൊണ്ടോ, മനുഷ്യനു ഗംഗാസേവനത്താലുള്ള ഗതി കൈവരികയില്ല. മൂന്നുലോകത്തിലേയും പുണ്യം ചേർന്നിട്ടുള്ളതിനാൽ ഗംഗയിലും മീതെ ഒരു ധർമ്മസാധനം ഇല്ലതന്നെ. അതിനാൽ, നാരദ, നീ അതിനെ സേവിച്ചുകൊള്ളുക. ഗംഗാജലം അസ്ഥികളെ സ്പർശിച്ചതിനാൽ സഗരപുത്രന്മാർ അവരുടെ മേലും കീഴുമുള്ള പിതൃക്കളോടുകൂടി സ്വർഗ്ഗം പ്രാപിച്ചു.'

ഈ വിധം ബ്രഹ്മാവു പറഞ്ഞുകേട്ടതിനാൽ നാരദമുനീന്ദ്രൻ ഗംഗാദ്വാരത്തിൽ തപസ്സുചെയ്തു ബ്രഹ്മാവിനോടു തുല്യനായിച്ചമഞ്ഞു. ഗംഗ മറെറല്ലാടത്തും സുലഭയാണ്; മൂന്നിടങ്ങളിൽ—ഗംഗാദ്വാരത്തും പ്രയാഗത്തിലും ഗംഗാസമുദ്രസംഗമത്തിലും—ദുർല്ലഭയത്രെ. അവിടങ്ങളിൽ മുന്നാറാംകൊണ്ടും, ഒരുനാൾകൊണ്ടും മനുഷ്യനു പരമഗതി കിട്ടും; അതിനാൽ എങ്ങിനെ പണിപ്പെട്ടും സദ്യോമുക്തി സമ്പാദിക്കാൻ നോക്കണം. ധർമ്മജ്ഞന്മാരേ, നിങ്ങളും പുണ്യയായ ഗംഗയിൽ പോയ്ക്കൊൾവിൻ; ഒട്ടും താമസിയാതെ സ്വർഗ്ഗവും മോക്ഷവും നേടാം. വിശേഷിച്ചും കലികാലത്തു ഗംഗയാലാണ് മനുഷ്യർക്കു മുക്തി. ഉറക്കത്തിലും കരഞ്ഞവർക്കു കഷ്ടപ്പെട്ട പുണ്യംനേടുക അസാധ്യമാണല്ലൊ.'

വ്യാസന്റെ സദ്വചനം കേട്ടിട്ടു മനംകുളിർത്ത ആ ബ്രാഹ്മണർ ഗംഗയിൽ തപസ്സുചെയ്തു മോക്ഷമാർഗ്ഗം പ്രാപിച്ചു. ഈ അത്യുത്തമമായ പുണ്യോപാഖ്യാനം ആർ ശ്രവിക്കുമോ, അവൻ ദുഃഖമെല്ലാം കടന്നു ഗംഗാസ്നാനഫലം നേടും. ഒരിക്കൽ ചൊല്ലിയാൽതന്നെ, സർവ്വതീർത്ഥങ്ങളുടേയും ഫലം സിദ്ധിക്കും. ദാനം, ജപം, ധ്യാനം, സ്നാനം, മന്ത്രം,

Digitized By Kerala Sahitya Akademi

ദേവപൂജ എന്നിവയെല്ലാം ഗംഗയിൽവെച്ചാചരിച്ചാൽ ഫലത്തിന്ന വസാനമില്ല; അതിനാൽ ജപഹോമാദികം അവിടെവെച്ചു തന്നെ അനുഷ്ഠിക്കണം. എന്നാൽ ഏഴു ജന്മത്തും അറമറാ ഫലം കിട്ടും.

ശ്രീപത്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം, ഗംഗാമാഹാത്മ്യവർണ്ണനം, അറുപതാമദ്ധ്യായം.

അറുപത്തൊന്നാമദ്ധ്യായം

പുലസ്ത്യൻ:—ഭീഷ്മ, ആ ഘട്ടത്തിൽ വ്യാസശിഷ്യനായ സഞ്ജയനെന്ന മഹർഷി ഗുരുവിനെ നമസ്കരിച്ചു ചോദിച്ചു:—'ബ്രഹ്മൻ, ദേവപൂജാക്രമം ശരിക്കുപദേശിച്ചാലും: ആദിയിൽ ആരെ പൂജിക്കണം? മദ്ധ്യത്തിൽ ആരെ പൂജിക്കണം? അവസാനത്തിൽ ആരെ പൂജിക്കണം? ആർക്ക് എന്തു പ്രഭാവമാണുള്ളത്? പൂജിച്ചാൽ മനുഷ്യന്ന് എന്തു ഫലംകിട്ടും?'

വ്യാസൻ:—'ഇഹത്തിലും പരത്തിലും അവിഘ്നത്തിന്നായി ആദിയിൽ ഗണപതിയെ പൂജിക്കണം. ആ വിനായകൻ ഗൌരീപുത്രനത്രെ: പാർവതി പരമേശ്വരകൽനിന്നു രണ്ടു പുത്രന്മാരെ ഉല്പാദിപ്പിച്ചു; ലോകമെല്ലാം നിലനിൽത്തുന്ന ശൂരന്മാരായ ആ ഗണേശനും സ്കന്ദനുമാകുന്ന ദേവന്മാരെ കണ്ടിട്ട് അമരന്മാർ പരമഭക്തിയോടേ സുധാനിർമ്മിതമായ ഒരു ദിവ്യമോദകം വേഗിക്കു കാഴ്ചവെച്ചു. അതു് ഉണ്ണികം അമ്മയോടാവശ്യപ്പെട്ടു. അപ്പോൾ ദേവി പുഞ്ചിരിക്കൊണ്ടു പറഞ്ഞു:—'ദേവകൾ സസന്തോഷം സമർപ്പിച്ച ഈ മോദകം അമ്മയുകൊണ്ടുണ്ടാക്കപ്പെട്ടതാണ്; മഹാബുദ്ധി എന്നാണ് ഇതിന്ന പേർ. ഇതിന്റെ ഗുണവും മനസ്സിരുത്തി കേട്ടുകൊള്ളുവിൻ: ഇതൊന്നു ഭുജിച്ചാൽത്തന്നെ തീർച്ചയായും അമരത്വം കിട്ടും; സർവശാസ്ത്രങ്ങളിലും സർവശസ്ത്രാസ്ത്രങ്ങളിലും സർവതന്ത്രങ്ങളിലും കൈയെഴുത്തിലും ചിത്രനിർമ്മാണത്തിലും സാമർത്ഥ്യം, ജ്ഞാനം, വിജ്ഞാനം, സർവജ്ഞത്വം എന്നിവയും സിദ്ധിക്കും. ഉണ്ണികളോ, നിങ്ങളിൽ ആർ ധർമ്മത്താൽ മീതെയായി അനേകം സിദ്ധികൾ നേടുമോ, അവനു ഞാൻ ഇതു തരാം; ഇങ്ങനെയാണ്, അച്ഛന്റെ അഭിപ്രായം.' ഇതു കേട്ടതോടുകൂടി, പരമബുദ്ധിമതനായ സ്കന്ദൻ, തന്റെ മയിൽപുറത്തേറി ക്ഷണനേരം കൊണ്ടു ലോകത്തുമുള്ള തീർത്ഥത്തിലെല്ലാം ചെന്നു സ്നാനംകഴിച്ചു;

Digitized By Kerala Sahitya Akademi

ധീമാനായ ലംബോദരനോ, അച്ഛനമ്മമാരെ വലത്തുവെച്ചു സന്തുഷ്ടനായി അച്ഛന്റെ മുമ്പിൽ നിന്നു. സ്നേഹം തിരിച്ചെത്തി, 'എനിക്കു തരൂ' എന്നപേക്ഷിച്ചപ്പോൾ, പാർവതി പുത്രന്മാരിരുവരെയും നോക്കി പുഞ്ചിരിക്കൊണ്ടരുളിച്ചെയ്തു:—'സർവതീർത്ഥങ്ങളിലും സ്നാനം, സർവദേവകളെയും വന്ദിക്കുക, എല്ലാ യജ്ഞങ്ങളും വ്രതങ്ങളും മന്ത്രങ്ങളും യോഗങ്ങളും യമങ്ങളും അനുഷ്ഠിക്കുക എന്നിവ മാതാപിതൃപൂജയുടെ പതിനാറിലൊന്നിനില്ല! അതിനാൽ നൂറു നൂറു പുത്രന്മാരെക്കാളും നൂറു നൂറു ഗണങ്ങളെക്കാളും മീതെയാണ് ഹേരംബൻ; ദേവമോദകം ഞാൻ ഇവനു കൊടുക്കും. ഇതുകാരണത്താൽ യാഗങ്ങളിലും വേദശാസ്ത്രസ്ഥാപനങ്ങളിലും നിത്യപൂജകളിലും അഗ്രപൂജ ഇവനാണ്.' മലമാതും മഹേശ്വരനും ഹേരംബനു മികച്ച വരം കല്പിച്ചുകൊടുത്തു:—'എന്നെന്നും ഗണേശന് അഗ്രപൂജ ചെയ്താൽ ദേവകളും സന്തോഷിക്കുമാറാകട്ടെ!' ദേവിമാർ, പിതൃക്കളും എന്നിവർക്കും പരമസന്തോഷം വരുമാറാകട്ടെ!' അതിനാൽ സർവയജ്ഞങ്ങളിലും ആദിയിൽ ഗണേശനെ പൂജിച്ചുകൊള്ളണം; എന്നാൽ ഫലം കോടികോടി മടങ്ങാകും. അങ്ങിനെയാണല്ലോ, പാർവതീപരമേശ്വരന്മാരുടെ അരുളപ്പാട്. അവർ ഹേരംബന് എല്ലാ പുണ്യഗുണവും നൽകി; ദേവന്മാരുടെയെല്ലാം മുമ്പിൽവെച്ച് അവനെ ഗണാധിപതിയുമാക്കി. അതിനാൽ വന്പിച്ച യജ്ഞങ്ങളിലും സ്തോത്രങ്ങളിലും നിത്യപൂജകളിലും ഗണേശനെ ആദിയിൽ പൂജിച്ചാൽ സർവസിദ്ധികളും കൈവരും. ഇതറിഞ്ഞു ദേവന്മാരും അഭീഷ്ടലബ്ധിക്കായി—സ്വർഗ്ഗത്തിനും മോക്ഷത്തിനുമായി—ഗണേശനെ പൂജിച്ചു.

ചതുർത്ഥീതിഥിയിൽ നക്തഭോജിയായി ഗണപതിയെ ലിംഗത്തിലോ പ്രതിമയിലോ ചിത്രത്തിലോ,

'ഗണാധിപ, നമസ്തുഭ്യം സർവവിഘ്നപ്രശാന്തിദ!
ഉമാനന്ദപ്രദ, പ്രാജ്ഞ, ത്രാഹിമാം ഭവസാഗരാൽ!
ഹരാനന്ദകര, ധ്യാനജ്ഞാന വിജ്ഞാനദ, പ്രഭോ,
വിഘ്നരാജ, സമസ്തുഭ്യം സർവദൈത്യൈകസൂദന!
സർവപ്രീതിപ്രദ, ശ്രീദ, സർവയജ്ഞൈകകാരക,
സർവേഷ്ടപ്രദ, പ്രീത്യാ നമാമി ത്വാം ഗണാധിപ!'

എന്നുച്ചരിച്ചു സാദരം പൂജിക്കുന്നവൻ സർവപാപനിർമ്മുക്തനായി ദേവലോകത്തു സൽക്കരിക്കപ്പെടും. 'ഓം നമോ ഗണപതയേ' എന്നതു മൂലമന്ത്രം; തന്തിരുവടിയുടെ ദ്വാദശനാമസ്തോത്രവും പറഞ്ഞു

Digitized By Kerala Sahitya Akademi

തരാം: ഗണപതി, വിഘ്നരാജൻ, ലംബതുണ്ഡൻ, ഗജാനനൻ, ഹൈമാതുരൻ, ഹേരംബൻ, ഏകദന്തൻ, ഗണാധിപൻ, വിനായകൻ, ചാരുകർണ്ണൻ, പക്ഷുപാലൻ, ഭവാത്മജൻ എന്നീ പന്തിരണ്ടു തിരുനാമങ്ങളും പ്രഭാതത്തിലുണർന്നെഴുനേറ്റു ജപിച്ചാൽ ലോകമെല്ലാം വശത്തിൽ വരും; ഒരേടത്തും വിഘ്നം നേരിടുകയില്ല; മഹാപ്രേതങ്ങളും ശാന്തിയടയും; രോഗം ബാധിക്കുകയില്ല; പാപമെല്ലാമൊഴിഞ്ഞു്, ആക്ഷയസ്വർഗ്ഗവും ലഭിക്കും.

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം, ഗണേശമാഹാത്മ്യപ്രകരണം, ഗണപതിസ്തോത്രകഥനം, അറുപത്തൊന്നാമദ്ധ്യായം.

:o:

അറുപത്തിരണ്ടാമദ്ധ്യായം

വ്യാസൻ:—സർവ്വസിദ്ധികളേയും സർവ്വാഭീഷ്ടങ്ങളേയും നൽകുന്ന മറെറാരു ഗണേശസ്തോത്രം കൂടി ചൊല്ലിത്തരാം:

ഏകദന്തം മഹാകായം തപ്തകാഞ്ചനസന്നിഭം
ലംബോദരം വിശാലാക്ഷം വന്ദേഹം ഗണനായകം:
മൗഞ്ജീകൃഷ്ണാജിനധരം നാഗയജ്ഞോപവീതിനം
ബാലേന്ദുകലികാമൗലിം വന്ദേഹം.....
സർവ്വവിഘ്നഹരം ദേവം സർവ്വവിഘ്നവിവർജ്ജിതം
സർവ്വസിദ്ധിപ്രദാതാരം വന്ദേഹം.....
മൂഷികോത്തമമാരുഹ്യ ദേവാസുരമഹാഹവേ
യോദ്ധുകാമം മഹാബാഹും വന്ദേഹം.....
അംബികാഹൃദയാനന്ദം മാതൃകാ പരിവേഷ്ടിതം
കേതകപ്രിയം മദോന്മത്തം വന്ദേഹം.....
ചിത്രരത്നവിചിത്രാംഗം ചിത്രമാല്യവിഭൂഷണം
കാമരൂപധരം ദേവം വന്ദേഹം.....
ഗജവക്ത്രം സുരശ്രേഷ്ഠം ചാരുകർണ്ണവിഭൂഷിതം
പാശാംകുശധരം ദേവം വന്ദേഹം.....
യക്ഷകിന്നര ഗന്ധർവ്വസിദ്ധവിദ്യാധരൈസ്സദാ
സ്തൂയമാനം മഹാദേഹം വന്ദേഹം.....

ഈ പുണ്യമായ ഗണാഷ്ടകം ഭക്തിയോടേ ചൊല്ലുന്നവൻ സർവ്വസിദ്ധികളും നേടി രുദ്രലോകത്തു പൂജിക്കപ്പെട്ടും; ഏഴുജന്മത്തേയും

Digitized By Kerala Sahitya Akademi

ദാരിദ്ര്യബാധിതനാകയില്ല. ഇതു പതിവായി ശ്രവിക്കുന്നവൻ മഹാരാജാവായി വാഴും. മഹാത്മാവായ ഗണപതിയുടെ ഈ സ്തോത്രം ചൊല്ലുകയോ കേൾക്കുകയോ ചെയ്താൽ, ലോകം മുന്നും വശത്തിൽ വരും.

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം, ഗണേശമാഹാത്മ്യപ്രകരണം, ഗണാഷ്ടകകഥനം അറുപത്തിരണ്ടാമദ്ധ്യായം.

———(0)———

അറുപത്തിമൂന്നാമദ്ധ്യായം

വ്യാസൻ:—സർവ്വാന്ദിമുഖങ്ങളിലും ഗണേശനെ പൂജിച്ചാൽ സർവ്വം വശത്താകും; അക്ഷയമായ പുണ്യവും കിട്ടും. 'ഗണാനാം ത്വാ' എന്ന മന്ത്രംകൊണ്ടു സർവ്വയജ്ഞകലശങ്ങളിലും പൂജിച്ചാൽ സർവ്വസിദ്ധികളും സമ്പത്സമൃദ്ധികളും കൈവരും. മണ്ണുകൊണ്ടോ കല്ലുകൊണ്ടോ വിഗ്രഹം നിർമ്മിച്ചും, ചിത്രത്തിലോ ഉമ്മറവാതിലിന്മേലോ ചാത്തിന്മേലോ മറ്റു സഭാ കാണാവുന്നോടത്തോ എഴുതിയും അഭിജ്ഞൻ ഹേരംബനെ യഥാശക്തി പൂജിക്കണം; എന്നാൽ അഭീഷ്ടമെല്ലാം സാധിക്കും; ഒരു വിഘ്നവും പറ്റുകയില്ല; ലോകം മുന്നും വശപ്പെട്ടും. വിദ്യ വേണ്ടവന്നു വേദശാസ്ത്രവിദ്യയും മറ്റു ശില്പവിദ്യയും മോക്ഷപ്രദമായ വിജയാവിദ്യയും സിദ്ധിക്കും. ധനകാംക്ഷിക്കു വളരെ സമ്പത്തും സാധ്വിയും മനോരമയുമായ കന്യകയും ധർമ്മസാധ്യമായ ഐശ്വര്യവും കലത്തിന്നു മോക്ഷംവരുത്തുന്ന പുത്രനും ഉണ്ടായിവരും. രോഗം പിടിപെട്ടില്ല; പ്രേതഭൂതങ്ങളോ വിഷാണികളോ രക്ഷസ്സുകളോ ബാധിക്കില്ല; ഇടിയേൽക്കില്ല; ചോരഭയവും രാജകോപവും നേരിടില്ല; ഗൃഹത്തിൽ മഹാമാരി കേറുകയില്ല; ദുർഭിക്ഷം ദുർബലത എന്നിവയും സംഭവിക്കുകയില്ല.

അഭിപ്രേതാത്മ സിദ്ധ്യർത്ഥം പൂജിതോയസ്സുരൈരപി
സർവ്വവിഘ്നച്ഛിദേ തസ്മൈ ഗണാധിപതയേ നമഃ!

'ഓം നമോ ഗണപതയേ' എന്ന മന്ത്രം. വിഷ്ണുവിന്നു പ്രിയപ്പെട്ട പുഷ്പങ്ങൾകൊണ്ടും മറ്റു സുരഭിലങ്ങളായ കുസുമങ്ങൾകൊണ്ടും മോദകങ്ങൾകൊണ്ടും ഫലമൂലങ്ങൾകൊണ്ടും തൃത്തൽക്കാലങ്ങളിലെ പദാർത്ഥങ്ങൾകൊണ്ടും ദധിഘൃതങ്ങൾകൊണ്ടും പ്രീതികരങ്ങളായ വാദ്യങ്ങൾകൊണ്ടും ദീപങ്ങൾകൊണ്ടും സുഗന്ധധൂപങ്ങൾ

Digitized By Kerala Sahitya Akademi

കൊണ്ടും ഗണേശനെ പൂജിച്ചാൽ സർവസിദ്ധികളും നേടാം. വിശേഷിച്ചും, ഗണേശലിംഗത്തിനു പൂജോപകരണവും വസ്ത്രവും മറ്റും നൽകിയാൽ, എല്ലാം ലക്ഷം മടങ്ങായിവരും: ഭാരതവർഷത്തിൽ സ്ത്രീതീർത്ഥത്തിനു കിഴക്കു ലൌഹിത്യത്തിന്റെ തെക്കേത്തീരത്തു വിനായകൻ പാർവതീപരമേശ്വരന്മാരുടെ നിയോഗത്താലും ദേവന്മാർ ആവശ്യപ്പെട്ടതിനാലും ലോകത്തെ വിഘ്നമെല്ലാം തീർത്തു സംരക്ഷിപ്പാനായി ലിംഗത്തിൽ വാണരുളുന്നുണ്ട്. ആ ദേവനെ യഥാശക്തി വിഭവങ്ങൾകൊണ്ടു പൂജിച്ചവൻ വേദശാസ്ത്രപാരഗനായി വിനായകതത്വം പ്രാപിക്കും; ഒരു പ്രാവശ്യം വലത്തുവെയ്ക്കുകയോ സ്പർശിക്കുകയോ ചെയ്താൽത്തന്നെ അക്ഷയസ്വർഗ്ഗം നേടി എന്നെന്നും വാനവരാൽ മാനിക്കപ്പെടും. സ്നാനീയങ്ങൾക്കും ലേപ്യങ്ങൾക്കും വിശിഷ്ട തപസ്വികർക്കും ഒരുപോലെ ഗതി നൽകാനും ലോകത്തെയെല്ലാം ശുദ്ധിപ്പെടുത്താനുമായി ശംഭുവായ വിനായകൻ താപിടെ സ്ഥിതിചെയ്യുന്നു. ലൌഹിത്യത്തിൽ സ്നാനംചെയ്തു ഗണേശ്വരനെ ഒന്നു സ്പർശിച്ചാൽ ഏഴു ജന്മങ്ങളിലെ പാപം നീങ്ങും, സംശയമില്ല. വിനായകനെ ചെന്നു ദർശിച്ചവർക്ക് ഏതുജന്മത്തും വൈധവ്യമില്ല, വൈരൂപ്യമില്ല, ശോകമില്ല, മാത്സര്യമില്ല. ഗണേശനെ പൂജിച്ചാൽ വീണ്ടും സിദ്ധി, വീണ്ടും ഭോഗ്യം, വീണ്ടും കീർത്തി, വീണ്ടും ബലം, തീർച്ചയതന്നെ! തന്തിരുവടിയെ പൂജിക്കാഞ്ഞാലോ, സർവാഭീഷ്ടവും പാഴായിപ്പോകും. ബ്രഹ്മവിഷ്ണുമഹേശ്വരാദികളെപ്പോലും തന്തിരുവടിയെ പ്രീതിപ്പെടുത്തിപ്പോരുന്നു. അന്ധാളിത്തംമൂലം ഗണപതിയെ പൂജിക്കാത്തതിനാൽ, ധീമാനായ ദേവരാജാവിന്നു് അനർത്ഥം പറ്റുകയുണ്ടായി: അദ്ദേഹം പണ്ടു വീര്യമേറിയ ഹിരണ്യാക്ഷാദി ദൈത്യന്മാരാൽ യുദ്ധത്തിൽ തോല്പിക്കപ്പെട്ടു. ദേവന്മാരും ഒരു നൂറ്റാണ്ടോളം വീര്യംകെട്ടവരായിത്തീർന്നു. അവർക്കു ദേവാസുരപ്പെരുംപോരിൽ പരാജയം നേരിട്ടു. അതുവർ ദേവനായ ശിവനെ അറിയിച്ചു:—'ഭഗവാനേ, അസുരന്മാർ ഞങ്ങളുടെ രാജ്യം കീഴടക്കിക്കളഞ്ഞു; യജ്ഞങ്ങളും ഇല്ലാതായി.' ഇതുകേട്ട ശങ്കരൻ അരുളിച്ചെയ്തു:—'ഹേരംബനെ ഗൌരി പ്രസാദിച്ചു വരം നൽകിയിട്ടുണ്ട്, അവനെപ്പൂജിച്ചാലെ നിങ്ങൾക്കൊക്കെ ശ്രേഷ്ഠമായ സിദ്ധിവരൂ എന്ന്. മഹോത്സവത്തിൽ അവനെ പൂജിക്കാതിരുന്നാൽ സിദ്ധി വരില്ല; പോരിൽ തോൽമയും പറ്റും. നിങ്ങൾ വമ്പിച്ച യാഗത്തിൽ ഗണപതിക്കു ള്ള പൂജ അനാദരത്താൽ ചെയ്യുകയുണ്ടായില്ലല്ലോ; ആ അന്ധാളിത്തം മൂലമാണ് പരാജയം പിണഞ്ഞതു്. അതിനാൽ നിങ്ങൾ വേഗത്തിൽ ചെന്നു മഹാത്മാവായ ഗണനാഥനെ പൂജിക്കുവിൻ; ധർമ്മജ്ഞന്മാരേ,

Digitized By Kerala Sahitya Akademi

എന്നാൽ ജയം ലഭിക്കും. വാമദേവന്റെ ക്ഷേമകരമായ വചനം കേട്ട മനംകുളിത്ത വിബുധന്മാരെല്ലാവരും വിനായകന്റെ മുമ്പിൽ ചെന്നു നിന്നു സ്തുതിച്ചു:—

'ഗണാധിപ നമസ്തേസ്തു സർവ്വദൈവൈകപാലക!
ഭക്തിമുക്തിദ, ഹേരംബ, നമിപ്പൂ ഞങ്ങളാദരാൽ.
യുദ്ധത്തിലെല്ലാം ജയദൻ, കർമ്മത്തിൽസ്സിദ്ധിദായകൻ
മഹാമായൻ, മഹാകായൻ നീ ഹേരംബ; നമോസ്തുതേ!
ഏകദന്ത, മഹാപ്രാജ്ഞ, വക്രതുണ്ഡ, വിനായക,
വിഘ്നഹാരിൻ, നമസ്തേസ്തു ദേവ, മൂഷികവാഹന!'

മഹാത്മാക്കളായ ത്രിദശന്മാരുടെ ഈ സ്തുതി കേട്ടിട്ട ഗണേശൻ പുഞ്ചിരിക്കൊണ്ടരിയാടി:—'എന്തുകൊണ്ടാണു നിങ്ങളിപ്പോൾ എന്നെ പെട്ടെന്നു സ്തുതിച്ചു പൂജിക്കുന്നതു? നിങ്ങൾക്കു വേണ്ടതു ഞാൻ ചെയ്യാം; അഭീഷ്ടം വേഗത്തിൽ പറഞ്ഞുകൊൾവിൻ.' അപ്പോൾ ദേവകളുടെ പുരോഹിതനും ധീമാനും പണ്ഡിതനുമായ ബൃഹസ്പതി വിനായകനോടപേക്ഷിച്ചു:—'വിനായക, ഇന്ദ്രനും ദേവകളും മഹർഷിമാരും മുമ്പു യജ്ഞത്തിൽ നിന്തിരുവടിയെ പൂജിച്ചില്ലല്ലോ; ഞങ്ങളുടെ ആ അപരാധം ക്ഷമിക്കുമാറാകണം!' ഹേരംബൻ മറുപടി പറഞ്ഞു:—'ദേവന്മാരേ, നിങ്ങൾ വേണ്ടുന്ന വരം എന്നോടു വാങ്ങിക്കൊൾവിൻ.' വാചസ്പതിപുരസ്സരരായ വാസവാദികളെല്ലാം, 'അതങ്ങൾക്കു ജയം സിദ്ധിക്കട്ടെ' എന്നു പ്രാർത്ഥിച്ചു. അതുകേട്ട ഗണേശൻ, 'അങ്ങിനെ തന്നെ: സുരശ്രേഷ്ഠന്മാരേ, നിങ്ങൾക്കു വേഗത്തിൽ വിജയം ലഭിക്കട്ടെ' എന്നനുഗ്രഹിക്കുകയുംചെയ്തു. അതിൽ ഹൃഷ്ടനിറഞ്ഞ ദേവന്മാർ ഗണപതിയെ നല്ല വസ്ത്രാലങ്കാരങ്ങൾകൊണ്ടും സുരഭിലങ്ങളായ ദിവ്യധൂപങ്ങൾകൊണ്ടും നന്ദനവനത്തിലെ പാരിജാതാദി പുഷ്പങ്ങൾകൊണ്ടും പരിപൂജിച്ചു. പൂജിതനായ ലംബോദരൻ നിലിമ്പശ്രേഷ്ഠരോടരുളിച്ചെയ്തു:—'വിബുധന്മാരേ, നിങ്ങൾ അത്യുത്തവിക്രമനായ വിഷ്ണുവിന്റെ അടുക്കൽ ചെല്ലുവിൻ; അദ്ദേഹം നിങ്ങളുടെ അഭീഷ്ടം സാധിപ്പിക്കും.'

ഉടനെ ദേവന്മാർ സ്വന്തം സ്വന്തം വാഹനത്തിൽക്കേറി, അവ്യയനായി പീതാംബരനായിരിക്കുന്ന വിഷ്ണുവിന്റെ അടുക്കൽ ചെന്നെത്തി, നമസ്കരിച്ചറിയിച്ചു:—'മാധവ, മഹാത്മാവേ, ഇപ്പോൾ ശിവാത്മജനായ ഗണനാഥനെ ചെന്നു പൂജിച്ചു ഭവത്സമീപത്തു വന്നിരിക്കയാണു ഞങ്ങൾ.' ഇതുകേട്ട ശ്രീനരായണൻ 'കൈതൊ

Digitized By Kerala Sahitya Akademi

പുംഗവന്മാരെ ഞാൻ വധിച്ചുകൊള്ളാം'മെന്നു സമ്മതിച്ചു. ഈ അരുളപ്പാടാകുന്ന അനുമതിനാൽ കരംകൂളിരെസ്സന്തോഷം പൂണ്ട ഗീർവാണന്മാർ നന്തിരുവടിയെ ഇഷ്ടദ്രവ്യങ്ങൾകൊണ്ടു പൂജിച്ചു. വിഷ്ണു വീണ്ടും വിണ്ണവരോടരുൾചെയ്തു:—'നിങ്ങൾ അഴൽവിട്ട് അവരവരുടെ പടക്കുട്ടി ഒരുങ്ങിക്കൊള്ളുവിൻ. ആ ദുർവൃത്തന്മാരെയും സൈന്യങ്ങളെയും ഞാൻ കൊന്നൊടുക്കിക്കൊള്ളാം. നിങ്ങൾ ഭയംകൂടാതെ ആയുധങ്ങളേന്തിനിൽക്കുവിൻ.' ഇതിൻവണ്ണം ദേവർഷഭന്മാരെല്ലാവരും ദിവ്യായുധങ്ങൾ കൈക്കൊണ്ടു വിമാനങ്ങളിലേറി പുറപ്പെട്ടു.

സുരന്മാരുടെ സഹർഷവചനങ്ങൾ അസുരാചാരന്മാർ കേട്ടു; അവർ കരുത്തേറിയ തമ്പുരാനെ— ഹിരണ്യാക്ഷനെ—ചെന്നണഞ്ഞിച്ചു. അതിൽ അരിശംപൂണ്ട ദൈത്യപ്പെരുമാൾ സചിവന്മാരെ വിളിച്ചരചെയ്തു:—'ഇന്നു ക്രൂരബുദ്ധികളായ ശക്രാദിദേവന്മാരെല്ലാവരുംകൂടി ശിവന്റെ അടുക്കൽ ചെന്ന്, 'മഹാഘോരമായ ദൈത്യവൃത്തത്തിൽ ഞങ്ങൾക്കെങ്ങിനെ ജയംകിട്ടും' എന്നു ചോദിച്ചു. മുപ്പുരാന്തകൻ അവരോട്, 'ഗണേശനെ പൂജിപ്പിൻ; ആ ദേവനെ പൂജിച്ചാൽ അസുരേന്ദ്രരെ ജയിക്കാ'മെന്നുപദേശിച്ചു. ഗീർവ്വാണർ മനം കുളിർത്തു ഗണനാഥനെ പൂജിച്ചു. വിനായകൻ പ്രസാദിച്ചു, 'നിങ്ങൾ ഇന്ന് അസുരന്മാരെയെല്ലാം ജയിക്കു'മെന്നിങ്ങനെ നിഷ്ഠുരമായ വരവുംകൊടുത്തു. അതിൽ സന്തുഷ്ടരായ ത്രിദശന്മാർ നമ്മെ കൊല്ലുന്നതിന്നു വിഷ്ണുവിനോടുപേക്ഷിച്ചു. അയാളം അതു സമ്മതിച്ചതിനാൽ നിർജ്ജരന്മാർ നിർഭയരായി ശസ്ത്രങ്ങളുമെടുത്തു തേരേറി നമ്മോടു പോരിനു നേരിട്ടിരിക്കുന്നു. അവരെ ജയിപ്പാൻ ശേഷി ആർക്കുണ്ടെന്നു പറയുവിൻ.' അരുളപ്പാടുകേട്ടിട്ടു മധു മറുപടിപറഞ്ഞു:—'തിരുമേനി, വിഷ്ണുവിനെ ഞാൻ ജയിക്കാം; എനിക്കു ദുനയുദ്ധത്തെ കല്പിച്ചാലും. നാരായണനെ ജയിച്ചാൽ നാകവാസികളും തീർച്ചയായും പേടിച്ചു പിൻവാങ്ങിക്കൊള്ളും. അതിനാൽ പരപുരഞ്ജയനായ വിഷ്ണുവിനെയേ നാം ഗണിക്കേണ്ടു.' ഉടനേ ധുന്ധുവും സുന്ദരനും കരുത്തേറിയ കാലകേയനും, മാധവനെ ഞങ്ങൾ ജയിക്കാമെന്നു മധുവിനെ സഹായിപ്പാനിറങ്ങി. ഈ നാലു വീരന്മാർ അസുരപ്പടയിലെല്ലാം വെച്ചു മേലാളികളും ദുർധർഷക്രമരും എല്ലാ അസ്ത്രപ്രയോഗങ്ങളുടേയും മഹാകരകണ്ഠരായും കാലാഗ്നിപ്രതിമന്മാരുമായിരുന്നു. അപ്പോൾ വലൻ ഉണർത്തിച്ചു:—'തമ്പുരാനേ, ദേവന്മാർക്കു ജയം ആരെക്കൊണ്ടാണോ, അങ്ങയേയും ഇന്ദ്രനേയും ഞാൻ ജയിക്കാമെന്നു ശപഥം ചെ

Digitized By Kerala Sahitya Akademi

യുന്നു!' ബലക്കുറവുള്ള ജ്യേഷ്ഠാനുജന്മാരായ നമുചിയും മുചിയും, 'ഞങ്ങൾ രണ്ടു സൈന്യങ്ങളേയും ജയിക്കാ'മെന്നുണർത്തിച്ചു. ജംഭന്റെ പ്രതിജ്ഞ ഇങ്ങനെയായിരുന്നു:—'ഇന്ദ്രനേയും കൂട്ടുകാരേയും ഞാൻ ജയിക്കാം; അസുരന്മാക്കഴൽ വേണ്ടാ!' ത്രിപുരൻ, 'വിനായകനെ ഞാൻ ജയിക്കാ'മെന്നറിയിച്ചു. സേനാപതിയായ ബലവാൻ മയാസുരൻ, കുബേരനേയും രക്ഷോയക്ഷരേയും ജയിക്കാമെന്നോതി.

ആ സന്ദർഭത്തിൽ നാരദമഹർഷി ഹിരണ്യാക്ഷന്റെ അടുക്കലെത്തി പറഞ്ഞു:—'ഞാൻ ഇന്ദ്രന്റെ ദൂതനായി വന്നിരിക്കയാണ്: നിനക്കു പ്രാണനിൽ കൊതിയുണ്ടെങ്കിൽ, ഞങ്ങളുടെ രാജ്യം വിട്ടുതന്നേയ്ക്കുക. ഇല്ലെങ്കിൽ എന്നോടിന്നു യുദ്ധം ചെയ്യുക; അല്ലെങ്കിൽ പാതാളത്തിലേയ്ക്കു പോയ്ക്കൊൾക.' അസുരപ്പെരുമാൻ അരിശംകൊണ്ടു മഹർഷിയോടു മറുപടി പറഞ്ഞു:—'ബ്രാഹ്മണ, ഭവാനെ കൊന്നുകൂടെല്ലോ; വേഗത്തിൽ എന്റെ മുമ്പിൽനിന്നു പോയ്ക്കൊൾക. വാനവരെ വെല്ലുന്നതും കൊല്ലുന്നതും കുട്ടിക്കളിപോലെ; ഹരിഹരാദികളും പോലും നേരിട്ടാൽ കഷ്ടത്തിൽപ്പെട്ടുപോകും!'

ഹിരണ്യാക്ഷൻ പിന്നെ സേനാധ്യക്ഷരോട്, 'വേഗത്തിൽ സൈന്യങ്ങളേയും രഥങ്ങളേയുമെല്ലാമൊരുക്കിക്കൊണ്ടുവരുവിൻ' എന്നാജ്ഞാപിച്ചു. അവർ വെമ്പലോടേ പടകളെ ചുറ്റും വിളിച്ചുകൂട്ടി സന്നദ്ധരായി വന്നെത്തി. ഓരോ വീരന്നും കോടി കോടി സഹസ്രാക്ഷൗഹിണികളും കീഴിലുണ്ടായിരുന്നു. എല്ലാവരും വമ്പിച്ച വാഹനങ്ങളിൽ—തേർ, ആന, കുതിര, ഒട്ടകം, കഴുത, സിംഹം, കടുവാ, പോത്തു് എന്നിവയിൽ—കേറി പുറപ്പാടായി. പാരിച്ച വാദ്യഘോഷങ്ങളംകൊണ്ടും ഭയംകരങ്ങളായ സിംഹനാദങ്ങൾകൊണ്ടും ദിക്കുകൾ മുഴങ്ങി; സമുദ്രങ്ങൾ കലങ്ങി; പർവ്വതങ്ങൾ കുലുങ്ങി; ലോകമെല്ലാം നടുങ്ങി. ദേവകളും ദിവ്യപടഹാദി നാനാവാദ്യങ്ങൾ കൊട്ടുകയായി; ഉള്ളിൽ കാറു നിറഞ്ഞ വാദ്യങ്ങളുടേയും ഘോര നിർഘോഷം കേൾക്കായ്കയുണ്ടു. മുപ്പാരിലുള്ളവരെല്ലാം പേടിച്ചരണ്ടുപോയി.

ഇങ്ങനെ ഇരുകൂട്ടരും കൂട്ടിമുട്ടി, കടുത്ത പെരുംപോർ തുടങ്ങി. പരിഘം, പാശം, ശൂലം, വാൾ, വടി, വെണ്മഴു, കൊടിയ ക്രമ്പുകൾ എന്നിവ പരസ്പരം പ്രയോഗിക്കപ്പെട്ടു. പലതരത്തിൽ അഞ്ഞുവിട്ട ശസ്ത്രാസ്ത്രങ്ങൾകൊണ്ടു ദിക്കുകൾ ഇടതിങ്ങി. അവരുടെ യുദ്ധം ഭൂവിലും ദ്യോവിലും ഗിരിമുകളിലും താഴ്വരയിലും നീരിലും കരയിലും ഒരേ

Digitized By Kerala Sahitya Akademi

വന്ധാനത്തും ഗുഹയിലും വൻകാട്ടിലും മൃതിന്നു. പുഷ്കലാവത്തകാദി മേഘങ്ങൾ മാരി പൊരിയുന്നതെപ്രകാരമോ, അപ്രകാരം നൂറുനൂറായിരം ആയുധങ്ങൾ സൈന്യങ്ങളിൽ നിപതിച്ചു. ചിലർ ബാണങ്ങൾകൊണ്ടും, മറു ചിലർ വേൽ-ഉലക്ക-ചക്രം-ശൂലം-മഴു എന്നിവകൊണ്ടും ഉടൽപിളർന്നു നിലംപൊത്തി. സ്വാമിക്കുവേണ്ടി നേരേനിന്നു വധിക്കപ്പെട്ടവരും, യുദ്ധത്തിൽ ധൈര്യംവിടാത്തവരും, പേടി തേടാത്തവരും ദേവഗണങ്ങൾ പൂകുകയായി; ഭീരുക്കളും പോരിൽപുറംതിരിഞ്ഞവരെ ഹനിച്ചവരും അന്യായമായി പൊരുതിയവരുമാകട്ടേ, യമാലയം പൂകുകയായി; ഗജവാഹനൻ ഗജാരൂഢരേയും സാദികൾ സാദികളേയും തേരാളികൾ തേരാളികളേയും കാലാളുകൾ കാലാളുകളേയും യുദ്ധത്തിൽ പരസ്പരം നിഹനിച്ചു. സാത്വികരായ ധർമ്മിഷ്ഠന്മാർ സൈന്യത്താൽ മുറവപ്പെട്ട സന്തോഷിച്ചു. ചിലരുടെ കൈകൾ മുറിഞ്ഞു; ചിലരുടെ തല മുസലമേറു പൊളിഞ്ഞു; ചിലരുടെ തലമുടിയും വസ്ത്രങ്ങളും നിലത്തുവീണു. ദിവ്യാഭരണങ്ങളണിഞ്ഞ കരുത്തന്മാർ കട്ടത്ത വാളേറും മഴുവേറും നടുവിൽ രണ്ടായി പിളർന്നു നിലം പൊത്തുകയായി. ചത്തുവീണ വീരരെക്കൊണ്ടും ആനതേർകുതിരകളെക്കൊണ്ടും ധ്വജപതാകകൾകൊണ്ടും മന്നിടം മിന്നിത്തിളങ്ങി. മാട്ടം കാട്ടം വൻകാട്ടം ചേർന്ന ഭൂമിയെല്ലാം ദേവാസുരന്മാരുടെ രക്തപ്രവാഹത്തിൽ മുഴുകിപ്പോയി. വളരെ മാംസഭോജികൾ അവിടെ തീററ തുടങ്ങി: രക്ഷസ്സുകളും ചെന്നായ്ക്കളും മുതലായവയും ചോര വേണ്ടുവോളം കുടിച്ചു; മറു മഹാഭൂതങ്ങളും കുറുനരികളും കഴുകരും രക്തമാംസങ്ങൾ പെലുത്തി തിമർക്കുകയായി.

സുരപൂജിതനായ പണ്ഡിതൻ ബൃഹസ്പതി ദേവന്മാർക്കുവേണ്ടി മൃതസഞ്ജീവനീവിദ്യയും ദിവ്യമായ വിശല്യകരണിയും കരുത്തേറിയ ബ്രഹ്മവിദ്യയും ജപിച്ചു. സുരവൈദ്യനായ പ്രാജ്ഞൻ ധന്വന്തരി സസന്തോഷം മരുന്നുകൾ പ്രയോഗിച്ചുകൊണ്ടും മനോവേഗത്തിൽ ചുറ്റിനടന്നു. അതിനാൽ വൻപോരിൽ മൃതിയടഞ്ഞ ദേവന്മാരും പുനർജ്ജീവിച്ചു, പരിക്കെല്ലാം നീങ്ങി കരുത്തരായിത്തീർന്നു, പടപൊരുതി. ഈവിധം പുണ്യയോഗത്താൽ, ഉജ്ജ്വലമായ നൂറായിരം അസുരപ്പട ശരങ്ങൾകൊണ്ടു കണ്ണംപിളർത്തു വീഴിക്കപ്പെട്ടു. അതുകണ്ടു സിദ്ധചാരണരും ഋഷിമാരും അപ്സരസ്സുകളും മറു ഖേചരരും ജയശബ്ദംകൊണ്ടഭിനന്ദിച്ചു. ദൈത്യേശ്വർ പേടിച്ചരണ്ടു പത്തു ദിക്കിലേയ്ക്കും പാഞ്ഞു. ദേവപ്പെരും പറകൾ മുഴങ്ങി; അപ്സരസ്സുകൾ കൂത്താടി; ഗന്ധർവർ പാട്ടുപാടി; ഋഷീന്ദ്രന്മാർ പ്രശംസിച്ചു.

Digitized By Kerala Sahitya Akademi

അതിൽ അരിശംപൂണ്ട്, തേജസ്സും ഓജസ്സും വീര്യവുമേറിയ കാലകേയമഹാദൈത്യൻ— ഹിരണ്യാക്ഷന്റെ പടനായകൻ—തേരിലേറി വില്ലെടുത്തു സുരസംഘങ്ങളെ ഹനിച്ചു ഗർവോട് അലറുകയായി: അവൻ ഗജങ്ങളേയും ഗജാരൂഢരേയും അശ്വങ്ങളേയും അശ്വാരൂഢരേയും തേരാളികളേയും സൂതനോടുകൂടിയ തേരുകളേയും നിലത്തുവീഴിച്ചു. ആകാശം ശരനിരയാൽ മൂടപ്പെട്ടു. അനുകഥം കോടികോടിക്കണക്കായി സൈന്യത്തിൽ പൊഴിഞ്ഞു. പോർകളിൽ പിൻവാങ്ങാത്ത ദേവന്മാരും സിദ്ധഗന്ധർവകിന്നരന്മാരുമെല്ലാം ഘോര കക്കികൊണ്ടു പീഡനമേറ്റുതുടങ്ങി; സംഗരത്തിൽ ശൌര്യമേറിയ സുരപുംഗവന്മാരും നൂറുമായിരവും പതിനായിരവും ബാണമേറുമുറിപ്പെട്ടു നിലത്തു പതിച്ചു. രഥസ്ഥരായ വാനവരും പരക്കെ വൈവശ്യത്തിലകപ്പെട്ടു: ബാണങ്ങളേറുനോവുകയാൽ അവർക്കു നേരേ നിൽക്കാൻ കെല്പില്ലാതായി. കാലകേയൻ കടന്ന സൈന്യം, ആനയിറങ്ങിയ പൊയ്കപോലായിത്തീർന്നു! ദേവന്മാർ ഇടിത്തീപോലെ ഉജ്ജ്വലിക്കുന്ന സായകങ്ങളാൽ പീഡിതരായി, പോരിൽ നിൽക്കാൻ വയ്യാതായിട്ട വാസവന്റെ അടുക്കലേയ്ക്കു പിൻവാങ്ങി.

അപ്പോൾ, ശസ്ത്രാസ്ത്രങ്ങളിൽ ശ്രേഷ്ഠനായ ചിത്രരഥനെന്ന വാനവൻ വില്ലേന്തി തേരിലേറി പോർക്കളത്തിലണഞ്ഞു, സേനാപതിയായ ദാനവേന്ദ്രനോടുരചെയ്തു:—'ഹേ മഹാശൂര, ഭവാൻ ക്രൂരസൽക്രിയാതെ വാനവപ്പടയെ വധിക്കുന്നുണ്ടല്ലോ; അതിനാൽ, ശ്ലാഘിക്കത്തക്ക ശൂരൻ തന്നെയാണ് ഭവാൻ. യുദ്ധത്തിൽ, ഹിരണ്യാക്ഷനു പ്രീതികരമായിട്ടുള്ളതു ഭവാൻ ചെയ്തുകഴിഞ്ഞു; ഇനി, എന്റെ ബാണങ്ങളേറു കാലന്നുക്കു പോയ്ക്കാംകിൽ' കാലകേയൻ ഒന്നു ചിരിച്ചു, 'ഉന്മാർ ക്രുദ്ധത്തെയെല്ലാം മുമ്പുതന്നെ ഞാൻ കളിയായി ജയിച്ചുവല്ലോ; ഇനി യുദ്ധത്തിൽ നില്പുള്ള സൈന്യമൊക്കെ നിസ്സാരം! എന്നാൽ, ദേവപുംഗവ, ഭവാനു ചാകേണമെന്നുണ്ടെങ്കിൽ, ഈ ക്രൂരമുകഥംകൊണ്ടു ഭവാനെ ഞാൻ യമാലയത്തിൽ കൊണ്ടാക്കാം!' എന്നിങ്ങനെ കഥിച്ചു, കടുത്ത കോപത്തോടേ, കാലനെപ്പോലുള്ള ഒരു ശരം ആഞ്ഞെയ്തു; അതു് ആകാശത്തുവച്ചുതന്നെ ചിത്രരഥനാൽ ഛേദിക്കപ്പെട്ടു. വീണ്ടും അസുരൻ അനേകം ബാണങ്ങൾ തൊടുത്തെയ്തു. അവയും ആ ദേവവീരൻ നിഷ്പ്രയാസം മുറിച്ചുതള്ളി. ആ വില്ലാളിപ്രവരന്മാർ അങ്ങോട്ടുമിങ്ങോട്ടും കാലാഗ്നിപ്രഭകളായ ക്രൂരമുകഥം തൊടുക്കയും എയ്യുകയും എയ്തുപ്പത്തിൽ മുറിച്ചു വീഴ്ത്തുകയുമായി. ഇങ്ങനെ നൂറു

Digitized By Kerala Sahitya Akademi

നൂറായിരം ശരങ്ങൾ പരസ്പരം പ്രയോഗിച്ചുകൊണ്ട് ആ വീരന്മാർ വിജയത്തിനായി പോർ പൊരുതി. അവരുടെ ആ ധർമ്മയുദ്ധം കാണ്മാൻ ദ്രുഷിദേവോരഗാദികൾ ഇരുവശത്തും വന്നുകൂടി.

ഒടുവിൽ, തേജസ്സേറിയ ഗന്ധർവ്വത്തലവൻ അരിശം പൂണ്ട് അസുരന്റെ നെറ്റിമേൽ മൂന്നും, നെഞ്ഞത്തു് അഞ്ചും, വയറത്തു് ഏഴും, നാഭിവസ്തികളിൽ അയ്യഞ്ചും ബാണങ്ങൾ ആഞ്ഞെയ്തു. അവയേറു ദൈത്യൻ വിലപ്പിടുത്തമയഞ്ഞു മോഹാലസ്യപ്പെട്ടുവീണു. ഏറെനേരം കൊണ്ടേ തന്റേടമുണ്ടായുള്ളൂ; ഉടനേ ഏഴുനേറ്റ് ആ കരുത്തൻ ആ മരോത്തമനെ മൂന്നു ബാണങ്ങൾ കൊണ്ടു മുറിപ്പെടുത്തി. അദ്ദേഹം ആ ദൈത്യവീരന്റെ വില്ലു ശരങ്ങൾകൊണ്ടു ഖണ്ഡിച്ചു. അസുരൻ ഒരു വമ്പിച്ച വേലെടുത്തു പ്രയോഗിച്ചു; അതേറു വകവയ്ക്കാതെ, ബലശാലിയായ ദേവപ്രവരൻ ജ്വലിക്കുന്ന ശരസഹസ്രങ്ങൾകൊണ്ടു ദൈത്യാരിയെ പിളർത്തു. അതിൽ വെളിവുകെട്ട് ചോരയിലാറാടി ക്ഷ്മീണിച്ച ദാനവേന്ദ്രൻ ഒരു ശൂലം കയ്യിലെടുത്തു; അപ്പോഴെയ്തും ചിത്രരഥൻ നാലു ശരങ്ങൾകൊണ്ട് അവന്റെ കുതിരകളേയും മൂന്നമ്പുകൾ കൊണ്ടു സൂതനേയും കൊന്നു വീഴിച്ചു. ദാനവൻ ഗന്ധർവ്വമുഖ്യന്റെ നേർക്കു ശൂലംവിട്ടു; അതിനേയും ആ ബലവാൻ മൂന്നു ബാണങ്ങൾകൊണ്ടു നുറുക്കിക്കളഞ്ഞു. ശൂലവും വിഷപ്പല്ലു പറിക്കപ്പെട്ട പാമ്പിനെപ്പോലായതു കണ്ടിട്ട് അസുരൻ ഒരു ഭയങ്കരമായ മുൽഗരം കൈക്കൊണ്ടു പാഞ്ഞടുത്തു; ആ ലാക്കിൽ ഗന്ധർവേന്ദ്രൻ ഒരർദ്ധബാണം കൊണ്ടു കാലകേയന്റെ തല കൊയ്തുകയും ദൈത്യൻ ഭ്രമി കുലുങ്ങുമാറു നിലത്തു പതിക്കുകയും ചെയ്തു. ഉടനേ, അസുരക്കൂട്ടമെല്ലാം പിന്തിരിഞ്ഞോടി.

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം, ദേവാസുരയുദ്ധപ്രകരണം, ചിത്രരഥകാലകേയവധം അറുപത്തിമൂന്നാമദ്ധ്യായം.

——:o:

Digitized By Kerala Sahitya Akademi

അറുപത്തിനാലാമദ്ധ്യായം

(ശ്ലോകങ്ങൾ)

വ്യാസൻ:—

ഭ്രാതാവിനെക്കൊന്നതു കണ്ടതതു
കാലേയനെന്നുള്ളൊരു ദാനവേന്ദ്രൻ
പാരിച്ച വില്ലമ്പുകളം കയ്യിലേന്തി-
പ്പാഞ്ഞെത്തിനാൻ ചിത്രരഥന്റെ നേരേ.
കാലാന്തകൻപോലെ കുതിച്ചടുക്കും
കാലേയനെച്ചെന്നു തടുത്തു വീഴ്ത്താൽ
ചൊന്നാനിഹാമുഗ്രഹിതം സുധമ്മ്യ-
വാക്യം സുതേജസ്വി സുരേന്ദ്രപുത്രൻ:—
'ശസ്ത്രാളിഘാതാത്തനെയും സപബോധം
കെട്ടോനെയും ഗ്രഗശിരസ്സരേയും
കൊല്ലുന്ന മൂഢൻ കൊടുരൌരവത്തിൽ-
ക്കിടന്നു തട്ടാസന്നമാം തുലോം നാമം.
ഇതോർത്തു നേക്കായ്കിവനോടു: യുദ്ധ-
ധമ്മത്തിൽ നിൽക്കെ'ന്നതു കേട്ട ദൈത്യൻ,
'സോദര്യഘാതാവിനെ നിഗ്രഹിച്ച
ഞാൻ നിന്നെയും കൊല്ലുവനിപ്പൊഴെ'ന്നാൻ.
കാലാഗ്നിഭാസ്സാമവനിൽസ്സുരാഗ്ര്യൻ
ക്രുരമ്പു വഷ്ടിച്ച തദാ ജയന്തൻ;
അതൊക്കെ രോഷേണ മുറിച്ചുതള്ളി-
ശ്ശരങ്ങളം മൂന്നെയ്തു സുരാരിതാനം.
ക്രുത്തുള്ളിരിമ്പമ്പുകളാൽ മുറിച്ചാർ,
തമ്മിൽപ്പിളർത്താരവരാത്തകോപം;
ചാടീനിണച്ചാത്തിരുതേരിൽ നിന്നം:
പേമാരിയാൽ ചെമ്മലയാറുപോലേ.
ക്ഷീണിച്ചീലാ, ഭയപ്പെട്ടീലതിവീര്യാഢ്യരാമവർ
നേടിയില്ലാ പൊരുതിയും പരസ്പരജയൈഷികം.
ഒരമ്പിനാലേ ദനുജന്റെചാപം
മുറിച്ചുവിട്ടാനഥ ശക്രപുത്രൻ;

Digitized By Kerala Sahitya Akademi

അഞ്ചമ്പിനാൽ സാരഥിയേയു, മെട്ടാൽ
വീഴ്ത്തീടിനാൻ നാലു ഫയങ്ങളേയും.
മൈന്ദൻ തദാ ചാടി നിലത്തുനിന്നു
വേലേന്തി മാറാനുടെ നേക്കു ചാട്ടീ;
പെന്തീയുപോലെത്തുമതഞ്ചുബാണ-
ത്താലേ പിളർത്താനടരിൽക്കുമാരൻ.
അതേക്ഷണത്തിൽഗ്ഗദയൊന്നെടുത്തു നേ-
ക്കിടിച്ചു വുന്ദാരകവൈരിപുംഗവൻ
ജയന്തനെസ്സാശ്വരഥക്രുദ്ധരം
നിലത്തു വീഴിച്ചുലറീടിനാൻ ഭൃശം.
സുലാഘവാൽഭ്രമി തൊടുന്നതിന്നമു-
മ്പെണീറെടുത്താൻ ഗദയിന്ദ്രപുത്രനും;
മുതിന്നതൽപ്രൌഢഗദാഹതിസ്വനം
കടുത്തിടിത്തീ വിഴമൊച്ചപോലവേ.

നാലുനാഴിക നടന്നപോരതിൽ-
ബ്ഭഗ്നമായി ഗദ രണ്ടുമൊപ്പമേ;
അപ്പൊഴോ, പരിഘ വാളുമേന്തിനി-
ന്നത്ഭുതപ്പട തുടങ്ങിനാരവർ.

ആ രണ്ടു നാഴിക നടന്ന രണം സുരാസു-
രാഹീന്ദ്രരെപ്പുളകവിസ്മയപൂർണ്ണരാക്കീ;
വാശവെട്ടിനാൽ പരിഘ കീറുകകൊണ്ടുപിന്നെ
വാശകൊണ്ടു താൻ പൊരുതിനാരവർ വാശിയോടേ.

വാളാൽ, ജയന്തനഥ വീറൊടണഞ്ഞു കേശം
ചുറ്റിപ്പിടിച്ചസുരനെത്തല വീശി വീഴ്ത്തീ;
നന്ദിക്കയായി ജയശബ്ദമൊടുമ്പരെല്ലാം;
തോറേറാടിനാരനുദിശം ദനുജവ്രജങ്ങളം.

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യ സംവാദം,
ദേവാസുരയുദ്ധപ്രകരണം, ജയന്തകൃത കാലേയവധം അറുപത്തിനാലാമദ്ധ്യായം.

———(o)———

Digitized By Kerala Sahitya Akademi

അറുപത്തഞ്ചാമദ്ധ്യായം

വ്യാസൻ:—ഇതുകേട്ട്, കയത്തേറിയ ഹിരണ്യാക്ഷദൈത്യേന്ദ്രൻ ക്രോധത്താൽ ഉടഞ്ഞ കണ്ണുമായി ദൈത്യരോടരചെയ്തു:— 'ഞാൻ തന്നെ വിണ്ണവരെക്കൊൽവാൻ യുദ്ധത്തിനു പോയ്ക്കളയാം; നേരിട്ടണയുകയോ പൊരുതുകയോ ചെയ്യാത്തവർ വഴി മുടക്കാതിരിക്കണം!' അപ്പോഴാം, ശേഷിച്ച ദൈത്യത്തലവരെല്ലാം കാലപാശപ്രചോദിതരായിട്ടു പോരിന്നിറങ്ങി. മുമ്പേത്തെക്കാളും നൂറുമടങ്ങുണ്ടായ സൈന്യത്താൽ ആകാശം നിറവകാശമായിത്തീർന്നു. രുദ്രർ, സാധ്യർ, വിശ്വേദേവകർ, വസുക്കൾ, സ്കന്ദൻ, ഗണേശൻ, വിഷ്ണു, ഇന്ദ്രൻ മുതൽപേരും പോർ പൊരുതാൻ മനംകളിത്തണഞ്ഞു. പിന്നീട നടന്ന ദേവാസുരയുദ്ധം, മുമ്പുണ്ടായതായി കേട്ടിട്ടില്ലാത്തവിധം സർവ്വജഗൽഭയങ്കരമായിരുന്നു: അതു് അനേകം ശസ്ത്രാസ്ത്രങ്ങളോടു ചേർന്നു്, ശിശിരത്താൽ വനമെന്നപോലായി, ഭൂമിയെയും നഭസ്സിനെയും ആകാശത്തെയും നിരോധിച്ചു മുതിർന്നു, ഇരുകൂട്ടരും തമ്മിൽ ആകാശത്തും ഭൂമിയിലും വേൽ–ഉലക്ക–കത്തിയമ്പു്–ശരം–ഘോരമായ വാൾ–ചക്രം–വെണ്മഴു തുടങ്ങിയ വിവിധായുധങ്ങളാൽ പ്രഹരിക്കുകയായി. ശസ്ത്രങ്ങളും ശരങ്ങളും രക്തപ്രവാഹങ്ങളും–കഴു–കാക്ക–കുറുനരികളും ഭയങ്കരമാംവണ്ണം ഭൂവിലും ദ്യോവിലും ഇടകലിങ്ങി. മേഘങ്ങളും ഉലക്കയോളം വലുപ്പത്തിൽ ജലധാര ചൊരിയുന്നതെപ്രകാരമോ, അപ്രകാരം ദേവാസുരശരീരങ്ങളിൽ നിന്നു രക്തം ഒഴുകിത്തുടങ്ങി. ചിലർ വീഴുന്നു; ചിലർ മയങ്ങുന്നു; ചിലക്കു കാലിടറുന്നു; ചിലർ ചിരിക്കുന്നു; ചിലർ ആർത്തനാദം പൂപ്പെട്ടുവിക്കുന്നു; ചിലർ വീണ്ടും വീണ്ടും സിംഹനാദമിടുന്നു. ചിലക്കു കൈകളും മുറിഞ്ഞു; ചിലക്കു കാലുകളും മുറിഞ്ഞു; ചിലർ വാരിയും വയറും പിളർന്നു നിലത്തു വീണു. കോടികോടി സഹസ്രം ആന കുതിരകളും മാനവരും പല പാടായി രക്തക്കളത്തിൽ നിപതിച്ചു. ശരങ്ങളാകുന്ന പുൽക്കൊടികളോടും വേൽകളാകുന്ന മരത്തടികളോടും ശൂലമുസലമുൽഗരങ്ങളാകുന്ന മകരങ്ങളോടും ധ്വജപതാകകളാകുന്ന മത്സ്യങ്ങളോടും പരിചകളാകുന്ന ക്രൗഞ്ചങ്ങളോടും രഥങ്ങളാകുന്ന തിമിംഗലങ്ങളോടും കേശചാമരങ്ങളാകുന്ന പായലുകളോടും ക്രൂരി ഘോരപ്പുഴകൾ ഭൂവിടെ പലവഴിക്കൊഴുകി. കാട്ടം മാട്ടം വൻകാട്ടം ചേർന്ന ഭൂമിയെല്ലാം രക്തത്തിൽ മുഴുകി സകലക്കും ഭയം ജനിപ്പിച്ചു.

Digitized By Kerala Sahitya Akademi

സുബ്രഹ്മണ്യന്റെ വേലും തട്ടന്റെ വെണ്മഴുവും അഗ്നിയുടെ തീ ജ്വാലയെഴുത്ത ബാണങ്ങളും വരുണന്റെ പാശമേറും ദൈത്യന്മാർ കാലന്തരണയുകയായി; അവരുടെ പുത്രപൌത്രർ, സചിവന്മാർ, മന്ത്രിക്കാർ, ഗ്രഹങ്ങളും, മരുത്തുക്കളും, യക്ഷകിന്നരഗന്ധർവന്മാർ എന്നിവരും വേൽ-മഴു-ബാണങ്ങളും തരുതരെ പ്രയോഗിച്ച് അസുരന്മാരെ നിലം പൊത്തിച്ചു. ധീമാനായ വൈശ്രവണന്റെ വന്പിച്ച ഗദ, മേഘക്കൂട്ടങ്ങളും വിട്ട ഇടിത്തിയുകളും, ചന്ദ്രൻ തുകിയ മഞ്ഞ്, സപ്പുങ്ങളുടെ ഘോരവിഷം എന്നിവയാലും ദൈത്യർ വീഴിക്കപ്പെട്ടു. മറ്റു നാനാദേവന്മാരും ദാനവരെ സഹസ്രകോടികോടി കണക്കായി കൊന്നു നിലത്തു വീഴിച്ചു. പുണ്യാപുണ്യങ്ങളനുസരിച്ച്, ചിലർ സ്വർഗ്ഗവും ചിലർ യമാലയവും ചിലർ പാതാളവും പൂകുകയായി. മഹർഷിമാർ, 'ബ്രാഹ്മണക്കും ഗോക്കൾക്കും സ്ത്രീകൾക്കും തപസ്സുചെയ്കൾക്കും പൊരുതുന്നവക്കും മറ്റുള്ളവക്കും—സർവ്വപ്രാണികൾക്കും—സ്വസ്തി!' എന്നിങ്ങനെ വേദം ഉച്ചരിച്ചുപോന്നു. ശേഷിച്ച ദാനവന്മാർ വാനവരാൽ പീഡിതരായിട്ട ഭയത്താൽ യുദ്ധത്തിൽ നിന്നൊഴിഞ്ഞു പർവതങ്ങളിൽ ഒളിക്കുകയും പത്തുദിക്കിലേയ്ക്കും പായുകയും ചെയ്തു.

അസുരപ്പടയുടഞ്ഞതറ്റോപം, വലനെന്ന വൻകരുത്തൻ പ്രളയാഗ്നി പ്രങ്കളായ ശരങ്ങൾകൊണ്ട് ദേവന്മാരെ പീഡിപ്പിക്കാൻ തുടങ്ങി. അവന്റെ ബാണങ്ങളാൽ, ബലപ്പെട്ടിതരായ ദേവന്മാർ പലരും വല്ലായ്മയിൽപ്പെട്ടുപോയി; ചിലർ പരിക്കേറു പടക്കളത്തിൽ വീഴുകതന്നെ ചെയ്തു. അവന്റെ ഭീവനഭീഷണമായ ഘോരവിക്രമം കണ്ടിട്ട് ഋഷിമാരും ദേവകളും പ്രശംസിച്ചു; അസുരന്മാർ ആർത്തുവിളിച്ചു. അത്തിൽ അരിശം പൂണ്ട്, തേജസ്സേറിയ ശത്രുമർദ്ദനനായ ശതമഖൻ ബലവൽപ്രവരനായ വലന്റെ നേരേ ശരനിര ചൊരിഞ്ഞു. അവനും ചൊടിച്ചു കൈവേഗം കാട്ടിക്കൊണ്ട് കലിശായുധങ്കൽ ക്രൂരമുകം വഷ്ടിച്ചു. ആ കരുത്തേറിയ വീരന്മാരിരുവരും തങ്ങളിൽ എയ്യുകയായി; യുദ്ധത്തിൽ തളർച്ചയോ വേദനയോ സംഭ്രമമോ അവർക്കുണ്ടായില്ല. അവയവങ്ങളിലെല്ലാം ഘോര വാന്നോലിക്കുകയാൽ ആ ബലവാന്മാരിരുവരും, വസന്തത്തിൽ പൂത്ത പിലാശുകം പോലെയായി. ആയിരമായിരം ചക്രങ്ങളും ശൂലങ്ങളും മുസലങ്ങളും അസുരേന്ദ്രൻ ശക്രന്റെ നേക്ക് ആഞ്ഞുവിട്ടു; അവയെല്ലാം അണ്ടർകോൻ യാതൊരു സംഭ്രമവും കൂടാതെ ക്രൂരമുകംകൊണ്ടു കളിയായി ഖണ്ഡിച്ചു. അപ്പോൾ, തേജസ്സേറിയ ദൈതേയൻ ഒരു വേൽ

Digitized By Kerala Sahitya Akademi

കൊണ്ട് ആനപ്പുറത്തിരിക്കുന്ന വാനവർകോനെ നെഞ്ഞത്തായി പ്രഹരിച്ചു; അതേറു വാസവന്നു തല ചുറ്റിപ്പോയി. എങ്കിലും ക്ഷണനേന ബോധം വന്ന ദേവേന്ദ്രൻ ഒരമ്പുകൊണ്ട് തേരിൽ നിൽക്കുന്ന വലനെ പാളുന്നു; കയ്യിൽനിന്നു വില്ല് മുറിച്ചു വീഴ്ത്തി; ഒരു ശരംകൊണ്ടു കട്ടത്ത ചട്ടയും കൊടിമരവും ഛേദിച്ചു; നാലു ക്രൂരമ്പുകൊണ്ടു നാലു കുതിരകളെ എയ്തു. ഒരു സായകംകൊണ്ട് സാരഥിയുടെ തലയും കൊയ്തു. വിൽ മുറിഞ്ഞു, തേരുടഞ്ഞു, കുതിരകളും സൂതനും ചത്ത വലൻ മോഹാലസ്യപ്പെട്ട നിലത്തുവീണു, ക്ഷണനേരംകൊണ്ടു മൂർച്ഛയടഞ്ഞു.

അതിൽ ചൊടിച്ചു, നാകിളപ്പുഹന്താവായ നമുചി എന്ന ദൈത്യക്രൂരൻ ചിക്കെന്നു ഗദയെടുത്തു ഐരാവതത്തെ ഒരടിയടിച്ചു; അപ്പോൾ, മഹാമേരുവിന്റെ കൊടുമുടിമേൽ ഇടിവാൾ വീണാലത്തെപ്പോലെ, കോരോമയിർക്കൊള്ളിക്കുന്ന ഒരു ഘോരശബ്ദം ഉണ്ടായി വന്നു. ആന അടിയേറു വല്ലാതെ നൊന്തു വിറച്ചു വശംകെട്ട്, ചോരയിലാറാടി പിന്നോക്കം മാറി. നമുചിയുടെ സായകങ്ങളും നൂറുമായിരവുമായി പാകാരിയുടെ നേർക്കു പാഞ്ഞടുത്തു: അവയെ അദ്ദേഹം അർദ്ധചന്ദ്രങ്ങൾകൊണ്ടും ക്ഷുരപ്രങ്ങൾകൊണ്ടും മുറിച്ചുതള്ളി. നമുചി മായയാൽ നിർമ്മിച്ചുവിട്ട ജന്തുക്കൾ സുരേന്ദ്രനെ പീഡിപ്പിക്കുകയായി: ചിലർ നിലത്തു പതിച്ചു; ചിലർ തേത്തട്ടിൽ മയങ്ങി വീണു. അവന്റെ വിക്രമം കണ്ടിട്ട ശ്രീനാരായണൻ ശരീരത്തിൽത്തറഞ്ഞ ആ ജന്തുരൂപങ്ങളായ ബാണങ്ങളെ ചക്രംകൊണ്ടു മുറിച്ചു നീക്കി. അനന്തരം അണ്ടർകോൻ മൂന്നു ശരം ആഞ്ഞെയ്തു; അതേറു ദൈത്യൻ കാലിടറി മൂർച്ഛിച്ചു വീണു. വീണ്ടും അവൻ ശക്രനെ കൊൽവാനൊരുമ്പെട്ടു; ഘോരമായ ഒരു മുഗ്ദ്ധരം കയ്യിലെടുത്തു. ഉടനേ മഘവാവു ദൈത്യനിൽ വജ്രം പ്രയോഗിച്ചു; അതേറു മാത്തടം പിളർന്ന് ആ ക്രൂരൻ നിലത്തു പതിക്കുകയും ചെയ്തു.

ദേവകളും സിദ്ധരും മഹർഷിമാരും, 'കൊള്ളാം കൊള്ളാ'മെന്ന്, പെരികെ പൂമഴ പൊഴിച്ചു പുരന്ദരനെ പുകഴ്ത്തി; ദാനവരെല്ലാം പേടിച്ചോടി; ഗന്ധർവർ പാട്ടുപാടി; അപ്സരസ്സുകൾ ക്രുത്താടി.

ശ്രീപത്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദേ, ദേവാസുരയുദ്ധപ്രകരണം, വല നമുചിവധം അറുപത്തഞ്ചാമദ്ധ്യായം.

:o:

Digitized By Kerala Sahitya Akademi

അറുപത്തിരണ്ടാമദ്ധ്യായം

വ്യാസൻ:—വലനേയും, തന്റെ ജ്യേഷ്ഠനായ നമുചിയേയും വധിച്ചതുകണ്ടിട്ട് മുചി എന്നവൻ ശക്രനോട് കയർത്തു:—'എന്റെ ജ്യേഷ്ഠനെ നീ കൊന്നുകളഞ്ഞുവല്ലോ; നിന്നെയും ഞാനിപ്പോൾ കാലന്തരണയ്ക്കും!' ദേവകളാലെല്ലാം പൂജിക്കപ്പെട്ട മഹാദ്യുതിയായ മഘവാവു മറുപടി പറഞ്ഞു:—'നിന്റെ സഹോദരൻ പോയ വഴിയിൽ നിനക്കും ഇപ്പോൾ ചെന്നണയാം! അഗ്നിയുടെ ചൂടറിയാതെ പാറകം രസിച്ച തീയിൽ ചാടുന്നതെപ്രകാരമോ, അപ്രകാരമാണ് നീ എന്നോട് പൊരുതാൻവരുന്നതു്!' ഇതുകേട്ട ദൈത്യൻ ഇന്ദ്രനെ മൂന്നു ശരംകൊണ്ടെയ്തു. അവയെ പരപുരഞ്ജയനായ പുരന്ദരൻ മൂന്നമ്പുകൊണ്ടു മുറിച്ചു. ഉടനേ മുചി പത്തുബാണംകൊണ്ടിന്ദ്രനേയും മൂന്നുകൊണ്ട് ഐരാവതത്തേയും ഏഴുകൊണ്ടു മാതലിയേയും എയ്തു, അതുച്ചത്തിൽ ആർത്തലറി; വീണ്ടും ആ മഹാബലപരാക്രമൻ ക്രോധിച്ചു ശക്രന്റെ നേർക്ക് ഒരിരുമ്പുഗദയെടുത്തു വട്ടംചുഴറ്റി. ഒട്ടും വൈകാതെ വാസവൻ വജ്രം അയച്ചുവിട്ടു; അതേറതോടുക്കടി, അസുരൻ ഭൂമിയെല്ലാം കുലുങ്ങുമാറു ചത്തുവീണു. നിലിമ്പന്മാർ നൃത്തം ചവുട്ടി; ദിതിജന്മാർ പറപറന്നു!

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം, ദേവാസുരയുദ്ധപ്രകരണം, മുചിവധം അറുപത്തിരണ്ടാമദ്ധ്യായം.

:0:

അറുപത്തേഴാമദ്ധ്യായം

വ്യാസൻ:—

(കിളിപ്പാട്ട്—കാകളി)

താരേയനുജ്ഞനെക്കൊന്ന വിശാഖനിൽ-
ക്രൂരമുതിർത്താൻ സുരേന്ദ്രപരാക്രമൻ;
ആ മഹാബാഹുവവയെഴുരങ്ങളാ-
ലാഹവേ മുറിച്ചാൻ ഹരിതുല്യവിക്രമൻ
മൂർദ്ധരങ്ങളാൽ സ്കന്ദനെട്ടാനവൻ;
ചേടിയാതമ്പാൽ മുറിച്ചാനവ ഗ്രഹൻ.

Digitized By Kerala Sahitya Akademi

താരേയനഗ്നിശരങ്ങളും മുന്നണി-
പ്പോരിൽ വജ്രാസ്ത്രവുമെയ്താൻ കുമാരനിൽ;
വൈശാനരാസ്ത്രമയച്ചാനവങ്കലും
വൈശാനരോൽപന്നനായ ശിവാത്മജൻ.
നേക്കു രൌദ്രാസ്ത്രമയച്ചു ദൈത്യൻ പുന-
രുക്കിലൊരമ്പെയ്തകറീ ഗുഹനയും.
പെട്ടെന്നസുരനഘോരഘോരാസ്ത്രത്തെ
വിട്ടാനു;-മിൽനിന്നു കോടാനകോടിയായ്
ശൈലവൃക്ഷോരഗ സിംഹാദിബാണങ്ങളം
ശൂലിസുതന്റെ നേക്കോടിയണകയായ്
ആയവ ഖണ്ഡിച്ചവങ്കലെയ്താൻ ഗുഹ-
നാപാടചൂഡമഗ്നുക്കാഭ പത്രികളം;
മിന്നി ഖഡ്ഗങ്കലെപ്പോൻകടയമ്പുകളം:
പൊന്നകഷ്ണങ്ങളം നീലാദ്രിയിൽപ്പോലവേ.
നീളവേ മെയ്യിൽ നിന്നം വാന്നവൻ മധു-
വേളയിൽപ്പൂത്ത ശമീതരുപോലെയായ്;
തെറ്റെന്നു തേരിൻചുവട്ടിലാണ്ടു നിലം
പറിക്കിടപ്പുമായ് തന്റെ കുതിരകളം.
പോരിൽ ചൊടിച്ചുഥ ചാട്ടിനാൻ ദാനവൻ
ഘോരശൂലായുധം കാലമൃത്യുപ്രഭം;
പാശുപതമായ ശൂലമെടുത്തയ-
ച്ചാശുനീരാക്കിക്കളഞ്ഞാനരീശജൻ.
താരേയനാ വജ്രദീപ്തശൂലത്തിനു
നേരേ, വിരിഞ്ചൻ കൊടുത്ത പോൽ ചാട്ടിനാൻ;
വാനത്തു തമ്മിലുരുമ്മിദ്ധരണിയിൽ
വീണിതാ മിന്നലിനൊത്ത ശസ്ത്രോച്ചയം.
പേടിച്ചും ചൊരിഞ്ഞാൻ, മലമേൽ മഴപോലെ
ദൈത്യൻ വിശാഖനിൽത്തീയൊളിയമ്പുകളം;
പാരാതവ മുറിച്ചുർദ്ധചന്ദ്രത്തിനാൽ
വൈരിതൻ ചാപവും സൂതന്റെ ശീർഷവും
ഖണ്ഡിച്ചു,നേക ശരങ്ങളം തൊട്ടതെയ്തു
മണ്ണിൽ വീഴിച്ചു ഹയങ്ങളേയും ഗുഹൻ.
ദൈത്യനുലക്കയെടുത്തു പാഞ്ഞേറുടൻ
ദേവന്റെ വാഹനം മൈലിനെത്തല്ലിനാൻ;

Digitized By Kerala Sahitya Akademi

അപ്പക്ഷി മൂർച്ഛിച്ചു മേന്മേൽ വിറയ്ക്കവേ,
ക്ഷിപ്രമവോളെടുത്തു ഷഡാനൻ
വെട്ടിമുറിച്ചാനസുരക്കരുത്തന്റെ
കട്ടിയേറുന്ന കൊടുതാമുലക്കയെ.
വിട്ടാൻ തദാ വേലസുരൻ; വിശാഖനും
ദുഷ്ടഹല്ലമാകുമമോഘവേൽ ചാട്ടിനാൻ:
പാരൊട്ടുക്കും യമദണ്ഡാഭമുഗ്രകതി
താരേയനെപ്പിളത്തൊഴി ഗ്രഹങ്കളേ.
ചത്തു നിലത്തു പതിച്ചു ദിതിസുതൻ,
പൃത്ഥിയൊട്ടുക്കു കലുങ്ങുമാറക്ഷണം;
അഗ്നിവപുത്രനെപ്പുഷ്പധൂപാദിയാ-
ലപ്പിച്ചുകൊണ്ടാരമത്ര്യരെല്ലാവരും.

ശ്രീപത്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ദീക്ഷ്മപുലസ്ത്യസംവാദം, ദേവാസുരയുദ്ധപ്രകരണം, താരേയവധം അറുപത്തേഴാമദ്ധ്യായം.

:o:

അറുപത്തെട്ടാമദ്ധ്യായം

വ്യാസൻ:—അനന്തരം, ദേവാന്തകനെന്ന ബലവാനായ ദൈത്യൻ ചുണ്ടു കടിച്ചു്, ആദിത്യപ്രഭ തിരണ്ട തേരിൽ കേറി യമനോടു നേരിട്ടണഞ്ഞു്, ആരും പറയാത്ത ഗീരുരചെയ്തു:—'ദുഷ്ട, മികച്ച ധർമ്മം നിനക്കറിഞ്ഞുകൂടാ. പാപപുണ്യങ്ങൾക്കൊത്ത നിസ്തുല്യനായ ഗ്രഹങ്ങൾക്കു മേലാളായി ബ്രഹ്മാവിനാൽ സൃഷ്ടിക്കപ്പെട്ടവനാണ് ഞാനും; ഞാൻ നിന്നെശ്ശാസിക്കുന്നുണ്ടു് കാലമൃത്യുവിനെ മുൻ നിർത്തുന്ന നീ ധർമ്മം മനസ്സിലാക്കിയിട്ടില്ല. രോഗമല്ല, ജരയല്ല, കാലമല്ല, മൃത്യുവല്ല, കിങ്കരനല്ല, ധർമ്മഭ്രംശമാണു് ദേഹിയെ രാപ്പകൽ പീഡിപ്പിക്കുന്നതു്.' ഈ വിധം ജല്പിച്ചു് അവൻ ധർമ്മത്തിന്റെ ഏകസാക്ഷിയായ യമനെ കാലമൃത്യുവിന്നൊത്ത മൂന്നു ബാണങ്ങൾകൊണ്ടെയ്തു; അവയെ ധർമ്മരാജാവു മൂന്നു ശരങ്ങൾകൊണ്ടു മുറിച്ചു. ഉടനെ അസുരൻ പ്രളയാഗ്നിക്കൊപ്പം ഉജ്ജ്വലിക്കുന്ന വളരെശ്ശരങ്ങൾ അയച്ചുവിട്ടു; അവയും യമൻ അമ്പുകൾകൊണ്ടു മുറിച്ചുതള്ളി. ഇങ്ങനെ ആ മഹാബലപരാക്രമന്മാരിരുവരും പരസ്പരജയത്തിന്നാ

Digitized By Kerala Sahitya Akademi

യി ചൊടിച്ചു തങ്ങളിൽ എയ്യുകയായി. അവരുടെ യുദ്ധം ഒരഹോരാത്രം ഭയങ്കരമായി നടന്നു. അതിനിടയിൽ അഹങ്കാരിയായ ദൈത്യപുംഗവൻ കയത്തുകേറി കാലന്റെ നേരെ ഒരു വേൽ ചാട്ടി; അന്തകൻ വേഗത്തിൽ ആ വേൽതന്നെ കൈക്കലാക്കി ദൈത്യന്റെ മാറത്തെയ്ക്കാഞ്ഞുവിട്ടു. അവൻ അതോറു ദേഹമെല്ലാം തളർന്നു ഘോര മൂർച്ഛിച്ചുപോയി. ഉടനെ തേജസ്സേറിയ പരേതപ്പെരുമാൾ അരിശം പൂണ്ടു, അമോഘവും അതിഘോരവുമായ മണ്ഡെടുത്തുവിട്ടു, അശരഥസൂതരോടും ആയുധഗണത്തോടുമൊപ്പം അസുരനെ തവിടുപൊടിയാക്കി!

ദേവാന്തകൻ നിലംപൊത്തിയപ്പോൾ, ദുർദ്ധർഷനെന്നാ ദാനവൻ കാലനെ കൊല്ലാൻ ശൂലവുമായി പാഞ്ഞടുത്തു. യമൻ ഒരു വേലെടുത്തു് ഒട്ടും ക്രൂസൽക്രൂടാതെ ആ ബഡവാഗ്നിതുല്യനോടു പോർ പൊരുതാൻ നേരിട്ടു. അദ്ദേഹത്തെ ദാനവൻ ശൂലംകൊണ്ടു കുത്തി; കാലൻ വേൽ ചാട്ടി. അതു് ആ തീക്രുമ്പാരംപോലെ മിന്നുന്ന ശൂലത്തെച്ചുട്ടെരിച്ചു്, അസുരന്റെ മാത്തടവും പിളർത്തു്, നിലത്തു പതിച്ചു. ദുർദ്ധർഷൻ വേലോറു ഞെരിഞ്ഞു തേരോടുക്രടി നിലം പൊത്തി.

ഉടനെ ദുർമ്മുഖൻ എന്നൊരു കരുത്തൻ വില്ലു കുലച്ചു് യമനോടെതിരിട്ടു. അദ്ദേഹം വാളും പരിചയും കയ്യ്ക്കാണ്ടു തേരിൽത്തന്നെ കേറിനിന്നു. ദുർമ്മുഖൻ ശമനനെ ശരങ്ങൾകൊണ്ടു മൂടി. ശമനൻ തേരിൽ നിന്നു ചാടി, വാളുകൊണ്ടു്, അസുരന്റെ കുണ്ഡലാലംകൃതമായ തല വെട്ടി നിലത്തു വീഴിച്ചു. ചത്തു ശേഷിച്ച ദാനവപ്പടയെല്ലാം പത്തു ദിക്കിലേയ്ക്കും പാഞ്ഞു.

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം,
ദേവാസുരയുദ്ധപ്രകരണം, ദേവാന്തകദുർദ്ധർഷദുർമ്മുഖവധം
അറുപത്തൊമ്പത്താമദ്ധ്യായം.

—:o:—

അറുപത്തൊമ്പതാമദ്ധ്യായം

വ്യാസൻ:—അപ്പോൾ മറെറാരു നമുചി എന്ന അസുരൻ കോപിച്ചു തേരിൽക്കേറി, സർപ്പങ്ങളെപ്പോലുള്ള സായകങ്ങൾകൊണ്ടു വാനവരെ വലയ്ക്കുകയായി. പുറവും ആ ശരങ്ങളുടെ ഊക്കു സഹി

Digitized By Kerala Sahitya Akademi

പ്പാൻ ദേവകളോ സിദ്ധരോ കിന്നരരോ പന്നഗരോ ശക്തരായില്ല. അ തിനാൽ ദേവേന്ദ്രൻ താൻതന്നെ, ഉച്ചൈശ്രവസ്സിനെ പൂട്ടി മാത ലി തെളിക്കുന്ന പള്ളിത്തേരിലേറി, ആ കരുത്തനോട് നേരിട്ട അ നയായികളോടുകൂടിയ മഹാവീര്യനായ മഘവാവിനെ കണ്ടിട്ട് നമുചി ദൈത്യേന്ദ്രൻ ഉരചെയ്തു:—'പുരന്ദര, ഒരു സാധുവാനവനെ കൊ ന്നാൽ കീർത്തിയില്ല, പ്രീതിയില്ല, ലാഭമില്ല, ജയവുമില്ല; ഭവാനെത്ത ന്നെ കൊന്നേ എല്ലാം നിലനിൽക്കൂ. ഞാൻ ദേവപ്പെരുമാളായി സു രലോകത്തു സുഖോപഭോഗം നേടുന്നുണ്ട്!' തേജസ്സേറിയ പരപുരഞ്ജ യനായ പുരന്ദരൻ മറുപടി പറഞ്ഞു:—'ദാനവാധമ, വാക്കിൽ മാ ത്രം ശൌര്യം എല്ലാവക്കുമാവാം; വന്നിച്ച പരാക്രമം നിനക്കുണ്ടെ ങ്കിൽ, അതു യുദ്ധത്തിൽ കാണിക്കുക! നിന്നെ ഞാൻ കാലന്തര ണയ്ക്കും!'

ഇതു കേട്ട് അരിശം മൂത്ത ദൈത്യർഷഭൻ അണ്ടർകോൻറെ നേക്ക് അഞ്ചു ബാണം വിട്ടു; അവയെ ആഖണ്ഡലൻ അഞ്ചു കത്തിയമ്പുകൊണ്ടു മുറിച്ചുതള്ളി. ആ മഹാവീര്യന്മാരിരുവരും പ രസ്പരജയൈഷികളായി കയത്തണഞ്ഞു അന്യോന്യം എയ്യുകയും മുറിക്കുകയും, കലിശോപമങ്ങളായ ക്രൂരമുഖംകൊണ്ട് അവയവങ്ങൾ പിളർത്തുകയുമായി. രണ്ടുപേരുടേയും പോർപൊരുതൽ തീരെ അ സാധാരണമായിരുന്നു: അമ്പുകൾ തെരുതെരെ എടുക്കുന്നതും തൊ ടുക്കുന്നതും വിടുന്നതും കണ്ടിട്ട് ദേവകളും അസുരരും അത്ഭുതപ്പെട്ട പോയി! ഇടയ്ക്കു ദൈത്യൻ ഒരു മായാസ്ത്രം പ്രയോഗിച്ചു; അതിൽനി ന്നു നൂറുനൂറായിരം ശരങ്ങൾ നാലുഭാഗത്തേയ്ക്കും പാഞ്ഞു. അതിൽ ക്രുദ്ധനായ വൃദ്ധശ്രവസ്സു വീണ്ടും വില്ലു കലച്ചു ദാനവനെ സർവ്വാംഗ ങ്ങളിലും ഘോരബാണങ്ങൾകൊണ്ടെയ്തു. എണ്ണായിരവും അർധികവും ശരങ്ങൾ ഒരുക്കിലെയ്ത് ഇരുവരും തമ്മിൽ പിളർത്തുകയും മുറിച്ചുത ള്ളുകയും ചെയ്തു. ആകാശം അമ്പുകളാൽ മൂടപ്പെട്ടു; അവ ആയി രക്കണക്കായി നുറുങ്ങി നിലത്തു വീഴുകയും ചെയ്തു.

ഇങ്ങനെ ആ പെരുംപോർ വളരെനേരം നടന്നു. പിന്നീട് ക്രൂര കർമ്മാവായ നമുചി ഒരു മായാസ്ത്രം കൂടി പ്രയോഗിച്ചു; അതു ലോ കത്തെയും ക്ഷീരുട്ടിലാക്കി; ദേവാസുരന്മാർ തങ്ങളിൽ കാണാതായി; സൂര്യചന്ദ്രമാരുടേയോ ഗ്രഹങ്ങളുടേയോ അഗ്നികളുടേയോ മറ്റു ഗഗന ചാരികളുടേയോ തേജസ്സു തെല്ലും കാണപ്പെട്ടില്ല. എങ്ങും അറു തിയില്ലാത്ത ക്ഷീരുട്ട്! ദൈത്യന്റെ തീജ്വാലയെല്ലാത്ത ബാണങ്ങൾ

Digitized By Kerala Sahitya Akademi

ദേവന്മാരെയെല്ലാം,—ഇന്ദ്രനെക്രൂടി—പിളർത്താനും തുടങ്ങി. ചില ശ്രേഷ്ഠന്മാർ ശരവിദീർണ്ണഗാത്രരായി നിലത്തു പതിച്ചു; മറ്റു ചിലർ പരിക്കേറ്റു പത്തുദിക്കിലേയ്ക്കും പായുകയായി. അസുരന്റെ കള്ളപ്പണി കണ്ടിട്ട്, ദേവന്മാരാലെല്ലാം പൂജിതനായ ശ്രീനാരായണൻ ത്രൈലോക്യന്മാരുടെ ശോഭയുള്ള സൌമ്യാസ്യം ആകാശത്തേയ്ക്കു വിട്ടു; വളരെ കടമണികളണിഞ്ഞ ഒരു വേൽ നൂചിയുടെ മാറത്തു ചാട്ടുകയും ചെയ്തു. അതേറ്റ് അവൻ മോഹാലസ്യപ്പെട്ടുപോയി. വളരെനേരം കഴിഞ്ഞിട്ട് ബോധം വീണപ്പോൾ, അസുരൻ കലികൊണ്ട് ദേവേന്ദ്രനെ വീണ്ടുമേറ്റ്, അദ്ദേഹത്തിന്റെ കൊമ്പനാനയെ—ഐരാവതത്തെ—പിടിച്ചു കുലുക്കി, ഇന്ദ്രനോടൊപ്പം നിലത്തുവീഴിച്ചു. നിലം പൊത്തിയ നിലിമ്പപ്പെരുമാൾ ക്ഷണനേരത്തേയ്ക്കു മോഹാലസ്യത്തിൽപ്പെട്ടു. അസുരേന്ദ്രൻ ചാടി ഗജത്തിന്റെ കൊമ്പുകൾക്കിടയിലായി നിന്ന്, അതിനെ കൊല്ലുന്നതിനു ചക്രമെടുക്കാൻ തുടങ്ങുകയായിരുന്നു; അപ്പോഴെയ്ക്കും വിഷ്ണു അവന്റെ തലവാൾകൊണ്ടു വെട്ടി വീഴ്ത്തി! ദേവകൾക്കൊക്കെ മനസ്സു കുളിർത്തു; ഗന്ധർവർ ഭംഗിയിൽ പാട്ടുപാടി; അവരും മുനിമാരും സന്തോഷത്തോടെ സുരേശ്വരനെ സ്തുതിക്കുകയായി.

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം,
ദേവാസുരയുദ്ധപ്രകരണം, ദ്വിതീയ തമോവധം
അറുപത്തൊമ്പതാമദ്ധ്യായം.

——(o)——

ഏഴുപതാമദ്ധ്യായം

വ്യാസൻ:—അത്രയും വമ്പിച്ച കോപംപൂണ്ട്, മധു എന്ന വിബുധവൈരി വില്ലെടുത്തു ദിവ്യരഥത്തിൽ കേറി, സേനകളാൽ ചുറ്റപ്പെട്ട ലക്ഷ്മീപതിയോട് പൊരുതാനടുത്തു. അവൻ ദേവകളുടേയും അസുരരുടേയും മുമ്പിൽവെച്ച് അവ്യയനായ തന്തിരുവടിയോട് പരുഷമാംവണ്ണം ഉരചെയ്തു:—'നാരായണ, യുദ്ധധർമ്മം ഭവാനറിഞ്ഞുകൂടാ. അന്യായമായി കൊലചെയ്യുന്നതിനാൽ തേജസ്സിടിഞ്ഞ ഭവാനെ വ്യസനം തോന്നാത്തതെന്തുകൊണ്ടാണ്? ഈ പാപം പറകയാൽ ഭവാനെ ദേവതാധർമ്മം നശിച്ചുപോയിരിക്കുന്നു. ഞാൻ മറ്റൊരു സൃഷ്ടി നടത്തി, ഭവാനെയും ദേവഗണങ്ങളേയും സംഹരിക്കുന്നുണ്ട്!'

Digitized By Kerala Sahitya Akademi

ഈ വിധം കഴിച്ചു് അസുരൻ വിൽകലച്ചു വിശിഖങ്ങളും അയ്ച്ചു വിട്ടു; ഭഗവാൻ അവയെ വജ്രത്തിനൊത്ത ബാണങ്ങൾകൊണ്ടു മുറിച്ചു്, മധുവിനെ സർവ്വാംഗത്തിലും വളരെശ്ശരംകൊണ്ടെയ്തു. മധു മായകൊണ്ടു ദൈത്യരേയും ദേവകളേയും സൃഷ്ടിപ്പാൻ തുടങ്ങി: ശൂരരായ രുദ്രരും മഹാസത്വരായ ദിഗ്ഗജന്മാരും ഗ്രഹങ്ങളും വാഹനായുധാനപിതരായ പലതരം ദേവിമാരും സേനാനികളും ഗണേശരും ——ബ്രഹ്മവിഷ്ണുമഹേശ്വരന്മാർ ക്രുടിയും ——വേറെ ഉണ്ടായിവന്നു, എല്ലാവരുംക്രുടി പൊരുതുകയായി. മധുവിന്റെ ഈ മായയാൽ ദേവന്മാക്കുടവു പറിച്ചുപോയി: അവർ നോക്കിട്ടും പിൻതിരിഞ്ഞും ശരശക്ത്യൃഷ്ടിവൃഷ്ടികളാൽ നിപീഡിതരായി നിലയ്ക്കുപതിച്ചു. ആ ഘട്ടത്തിൽ വിഷ്ണു സുദർശനം തൃക്കയ്യിലെടുത്തു്, പോർത്തലയ്ക്കൽ മായാവികളായ ദൈത്യരെ നിഹനിച്ചു: തന്തിരുവടി ആ ദുരാത്മാക്കളുടെ തലകൾ ആയിരക്കണക്കിലറുത്തു നിലത്തു വീഴിച്ചു; മറവസുരന്മാരെ യുദ്ധത്തിൽനിന്നോടിക്കുകയും ചെയ്തു. അതു കണ്ടു് ദേവന്മാരും മഹർഷിമാരുമെല്ലാം അത്ഭുതപ്പെട്ടു: അവർ പരസ്പരം ചെവിയിൽപ്പറയുകയായി:——'ഏതെന്നെന്നും ദേവകളുടെ ഏകരക്ഷിതാവാണു് സനാതനനായ ശ്രീനാരായണൻ; ഈ സർവ്വസാക്ഷിയായ ദേവൻ യുഗംതോറും അസുരരെ സംഹരിച്ചുപോരുന്നു. അവിടുന്നു കല്പാന്തത്തിൽ ദേവകളെയെല്ലാം എങ്ങിനെ വധിക്കും!'

ഇതിനിടയിൽ മധു മായകൊണ്ടു ശിവന്റെ രൂപം ധരിച്ചുനിന്നു വിഷ്ണുവിനോടു ചോദിച്ചു:——'പാപി, പോരിൽ ദൈത്യന്മാരുടെ മുമ്പിൽവെച്ചു നാലുപാടും ദേവന്മാരെ കൊന്നിട്ടു്, വോൻ ഏതു നന്മയോ ധർമ്മമോ കീർത്തിയോ യശസ്സോ ഗുണമോ ആണുള്ളതു്? ഭവാന്റെ മുഴുത്ത ദ്രോഹമൂലം എതിരാളികളേയും തനതാളുകളേയും തിരിച്ചുറിയുന്നില്ല; അതിനാൽ ഭവാനെ ഞാൻ ക്രൂരമുകംകൊണ്ടു കാലനുരണ്ടയ്ക്കും!' ഇതുയും പറഞ്ഞു് അവൻ തീക്ഷ്ണശരങ്ങൾ കൊണ്ടു കേശവനെ എയ്തു; അവ മുറിച്ചു തള്ളിയിട്ടു് ഭഗവാൻ അരുളിച്ചെയ്തു:——'ദൈത്യ, എനിക്കറിയാം: യുദ്ധത്തിൽ മായകൊണ്ടു മഹേശ്വരരൂപം ധരിച്ചുവന്ന ശൌര്യവാനായ മധുവാണു് നീ. നിന്നെ ഞാൻ പടക്കളത്തിൽ വീഴിച്ചു മിഥ്യാലോകത്തേയയ്ക്കും!'

ശിവന്റെ രൂപം ധരിച്ചു ജടയുമായി കാളപ്പുറത്തിരിക്കുന്ന മധുവിനെ മാധവൻ ക്രൂരമുകംകൊണ്ടെയ്തു. പരസ്പരം പിളർത്തും, ശരങ്ങൾകൊണ്ടു ശരങ്ങളെ അറുത്തും, ആ ദേവേശദൈത്യന്മാരുടെ

Digitized By Kerala Sahitya Akademi

പോർമുതിർന്നവനു. സനാതനനായ വിഷ്ണു ഒരു കത്തിയെടുകൊണ്ടു ദാനവന്റെ വില്ലു മുറിച്ചു; കാളയുടെ ആകൃതി പൂണ്ടിരുന്ന കതിരയെ നിലം പൊത്തിക്കുകയും ചെയ്തു. അപ്പോൾ അസുരൻ ഒരു ശൂലമേന്തി പാഞ്ഞെറ്റു, അതു മുഴറി ജഗദീശ്വരന്റെ നേർക്കു ചാട്ടി; ആ കാലാഗ്നിക്കൊത്ത ശൂലം മൂന്നു ബാണങ്ങളാൽ മുറിക്കപ്പെട്ടു. ഉടനേ, മായകളിൽ അതിവിരുതുള്ള മഹാഭൂജനായ മധു ദേവിയുടെ വടിവെടുത്തു സിംഹത്തിന്റെ പുറത്തു കേറി ജനാർദ്ദനനോടടുത്തു്, 'സുരശ്രേഷ്ഠനായ എന്റെ ഭർത്താവിനെ ഭവാൻ വീഴിച്ചുകളഞ്ഞല്ലോ; ഭവാനെയും ഞാൻ കൊലചെയ്യും' എന്നുരചെയ്തു, പലതരം ബാണങ്ങളും ആഞ്ഞു വിട്ടു; അവന്റെ മേൽ ഭഗവാനും അനേകം ശരങ്ങളേല്പിച്ചു. അവൻ ചത്തു ചോരയും കക്കി നിലത്തു പതിച്ചു.

അച്ഛനും അമ്മയും കൊല്ലപ്പെട്ടതായി കണ്ടു്, മായയ്ക്കുടിപെട്ടിരുന്ന മഹാബലനായ സുന്ദൻ വേലേന്തി വിഷ്ണുവിനോടു പൊരുതാനടുത്തു. അപ്പോൾ ബ്രഹ്മാവു്, വ്യാമോഹം പൂണ്ട സുബ്രഹ്മണ്യനെ ഉൽബോധിപ്പിച്ചു:—'നോക്കു, ലോകസാക്ഷികളായ നിന്റെ മാതാപിതാക്കന്മാർ അതാ, ഈ യുദ്ധം കണ്ടുംകൊണ്ടു് ആകാശത്തു സഞ്ചരിക്കുന്നു' ഇതു കേട്ടതോടുകൂടി, കുമാരൻ അവിടത്തന്നെ മറഞ്ഞു.

പിന്നീടു്, ധുന്ധുവും സുന്ധുവുമാകുന്ന ബലക്കുറവുള്ള ജ്യേഷ്ഠാനുജന്മാർ പോരിൽ വിഷ്ണുവിനെക്കൊല്ലാൻ ഗരുഡന്റെ പുറത്തേയ്ക്കു ചാടി. ഭഗവാൻ വാളേന്തിയിരുന്ന ധുന്ധുവിനെ നന്ദകംകൊണ്ടും, ഗദാപാണിയായിരുന്ന സുന്ധുവിനെ ഗദകൊണ്ടും നിഹനിച്ചു; മുറിവും ചതവുംപെട്ടു് ആ വീരന്മാരിരുവരും നിലത്തുവീണു. തൽക്ഷണം മധു മായകൊണ്ടു് ഇരുട്ടിൽ മറഞ്ഞുനിന്നു് വിഷ്ണുവിന്റെ മേൽ അനേകം പവ്വതങ്ങളം വീഴിച്ചു; അതിൽ ക്രോധം പൂണ്ട മാധവനാകട്ടെ, സുദർശനംകൊണ്ടു് ആ പവ്വതങ്ങളെ മുറിച്ചുതള്ളി, തമസ്സിലടിച്ചിരുന്ന മധുവിനെ തല കൊയ്തു വീഴ്ത്തി. അതിനാൽ ബ്രഹ്മരുദ്രാദി ദേവന്മാർ ശ്രീനാരായണനു മധുസൂദനനെന്ന തിരുനാമം പാരിൽപ്പരത്തി.

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം, ദേവാസുരയുദ്ധപ്രകരണം, മധുവധം എഴുപതാമദ്ധ്യായം.

——(o)——

Digitized By Kerala Sahitya Akademi

ഏഴുപത്തൊന്നാമദ്ധ്യായം

(വജ്രപ്രഹാരം)

വ്യാസൻ:—

അനന്തരം, വൃത്രനെന്നൊരസുരേന്ദ്രൻ മഹാതേജ-
സ്സടക്കാനപ്പുറത്തേറിശ്ശക്രനോടേറാൻ.
നേത്തെത്തുമവന്റെ സവ്വഗാത്രത്തിലും കാലാനല-
ദീപ്താസ്ത്രങ്ങളെയ്താനിന്ദ്രൻ ദിക്കഞ്ചരസ്ഥൻ.
വൃത്രനൊരമ്പുക്കിൽ വിട്ടാൻ വജ്രശ്രവസ്സിന്റെ തല-
യ്ക്കു;-ത്തരസ്സിയതേറെറാന്നു മയങ്ങിപ്പോയി!
പേത്തുമുണർവാന്നു, വീയ്പും ചീത്ത വജ്രി വിൽ കലച്ച-
ദ്ദൈത്യനുടെ മെയ്യിലമ്പിൻമഴ പൊഴിച്ചാൻ;
ഉടനതൊക്കെയും മുറിച്ചുരഗനേർശരങ്ങളാ-
ലുശിരേറുമമ്പർകോനെപ്പിളത്തീ വൃത്രൻ.
നൂറായിരമമ്പിന്ദ്രനും പാരാതെയ്താൻ, ഇരുവർതൻ
നേരെയും പായുകയായ് പൊന്മണിയമ്പുകൾ;
കാറിനൊപ്പം പറക്കയായ് ക്രുദ്ധമിട്ടു; നഭസ്ഥല-
ത്തേറെറം പരക്കയായ് സൂയ്ത്തരശ്മികൾപോലെ!
ബദ്ധവാഗ്നിച്ചൂട്ടം കുന്നിൻകടപ്പവും കരളൊട്ട
കിടനിൽക്കും പോക്കുമുള്ള വജ്രനേർബാണം
തെരപോലെ വാരിവഷ്ടിച്ചിരുവില്ലാളികളവർ
പരിക്കേല്പിച്ചഹോരാത്രം പൊരുതീ തമ്മിൽ.

കുത്തിക്കൊന്നാൻ ശൂലംകൊണ്ടു വൃത്രദ്വിരദത്തെശ്ശക്രൻ;
അത്തച്ചാത്തു നിലത്തെയ്ത ചാടിത്തൈത്യേന്ദ്രൻ
തേരിലേറി വേൽകൊണ്ടിന്ദ്രവാരണത്തെപ്പിളത്തിനാൻ
പാരിച്ച ശൈലത്തെ വജ്രംകൊണ്ടെന്നപോലെ
ഐരാവതം വിറക്കൊണ്ടുകെ, സപാരാട്ടൊരു വേൽചുഴറി
മാറു പിളത്തസുരനെത്തേരിൽ വീഴിച്ചാൻ;
ക്ഷണനേരംകൊണ്ടു വെളിവണഞ്ഞേറാറലറി വൃത്രൻ
കണയൊന്നെയ്താന്ദ്രനേയും ബോധംകെടുത്തീ.
മൂർ ഛവിട്ട ശക്രൻ വീണ്ടും മൂത്തിക്ഷുതമരിക്കേകി
മൂട്ടുമയറും കലിശാരസായകൌഘത്താൽ.
നൊന്തു വലഞ്ഞഥ വൃത്രൻ മന്ത്രിച്ചെയ്താൻ ശാംഭവാസ്ത്രം,

Digitized By Kerala Sahitya Akademi

വിൺതന്നുരാനതോടൊപ്പം വൈഷ്ണവാസ്ത്രവും;
ഇരുവക്കുമിടയ്ക്കാത്തീനിരയ്ക്കാക്കും മഹാസ്ത്രങ്ങൾ
പൊരിപാറിച്ചുകൊണ്ടേറുമുട്ടീ തങ്ങളിൽ
അത്തീപ്പൊരികളേൽക്കയാൽ ശക്തരായീലിരുസൈന്യ-
വത്തികളും ഭടന്മാരും നേരിട്ടുനില്പാൻ:
ചെന്തീയിൽപ്പാറകൾപോലെ വെന്തുവീണാർ ദേവാസുരർ;
ഹന്ത, ചുറവും പാഞ്ഞാർ; ശൂന്യമായി പോർക്കളം!
അസ്ത്രമസ്ത്രാൽ ശമിച്ചതിൽ ക്രുദ്ധൻ വൃത്രൻ മായകൊണ്ടി-
ട്ടുദ്ഭവിവുന്ദാസ്ത്രത്തെ വിട്ടാനാഖണ്ഡലങ്കൽ:
ഗിരിനികരത്തെഴുക്രൻ ശരങ്ങളാൽ മുറിപ്പാനാ,-
ക്കരുത്തങ്കലഘോരാസ്ത്രമെയ്താനസുരൻ:
അന, സിംഹം, ചെന്നായ്, പുലി,യാഠംക്കരടി, പാമ്പീവക
പ്രാണികം പാഞ്ഞെതൽക്കയായീ കോടിക്കണക്കിൽ;
ചാരത്തെത്തുംമുമ്പവയെത്തീരെ നുറുക്കിനാനിന്ദ്രൻ
നാരാചാർദ്ധചന്ദ്രല്ലേക്ഷുരപ്രങ്ങളാൽ.
വീറോടഥ മഹാഭുജൻ വൃത്രാസുരൻ വിൽവളച്ചു
നൂറായിരം വജ്രാഭാസ്ത്രമെയ്തു ശക്രനിൽ;
അവ കത്തിയമ്പാൽ മുറിച്ചവനെറ വില്ലറുത്തിന്ദ്രൻ
ഭൂവി പതിപ്പിച്ചാൻ സൂതവാഹികളേയും.

ദാനവനോ, മുറംതറച്ച പീനഗദയെടുത്തു വെ-
ള്ളാനയെത്തലയ്ക്കടിച്ചു നിലംപൊത്തിച്ചു.
ദേവേന്ദ്രനും ഗദയേന്തിബ്ഭ്രവിയ്ക്കുന്നിനാൻ; ക്രമത്താലെ
കൈവളഞ്ഞിതവരുടെ ഗദാനിഘാതം:
ഇടംവലം പുറകിലിടയ്ക്കിടെച്ചുഴന്തിരിയലും,
നടുമുകം വാരികളിലടിക്കലുമായ്
നടന്നിതവർതൻ ഗദപ്പട പേടിയാവുംപടി-
യ്ക്കി;-ടിപോലെ കേൾക്കായ് ഗദാഘട്ടനധ്വാനം.
ലോകാലോകഭയങ്കരപ്പോർ കണ്ടിട്ടുള്ളതപ്പൊട്ടു
നാകികളും സിദ്ധന്മാരുമസുരന്മാരും:
ദൈത്യദേവപ്രവീരന്മാർ മാത്രമല്ല,മ്പരോ, മുന്ന
മൂർത്തികളുമപ്പോർകാണ്മാൻ നിൽക്കയായ് വാനിൽ!
ഉദാരമാം ഹുംകാരവും ഗദാപാതനിനാദവു-
മുയർന്നുയർന്നുപോയിടിത്തീയെച്ചപോലെ.

Digitized By Kerala Sahitya Akademi

ചത്തുപോകാമെന്നമട്ടിൽ യുദ്ധം വെട്ടമാവീരന്മാ-
ക്കർദ്ധയാമംകൊണ്ടു തല്ലിപ്പൊട്ടീ ഗരകം.
ഉടൻ വാളും പരിചയുമെടുത്തവരതൃഷ്ണമായ്
നടത്തിനാർ നിലത്തു താൻ നിന്നു പോരാട്ടം.
മിന്നൽ കൊള്ളിമീൻനേരൊളി മിന്നും വാരംപരിചപാത്താ-
രന്യൂനമാം ലാഘവത്താൽ പകച്ചുപ്പേരും!
ആയവക്കു പൊളിഞ്ഞുപോയ് ചായംതേച്ച പരിചകം,
ആയോധനംപിന്നൊക്കെവാരംകൊണ്ടു മാത്രമായ്,
വട്ടംവെയ്യൂൽ, ചക്രംചുറൽ, പുഷ്ടവേഗാലോറുചാടൽ
വൃത്രശക്രപ്പോരോ, വൃത്രശക്രപ്പോർ പോലെ!
തത്ര കെല്പിൽചാടിക്കേശഹസ്തം ചുറ്റിപ്പിടിച്ചുത്ര
വൃത്രനടെ തല വാളാൽ വെട്ടീ വാസവൻ.

അപ്പോളമരർതൻജയശബ്ദംകേൾക്കായ് നാലുപാട്ടു,-
മൂംപുഷ്പവിരിഞ്ഞുവർക്കോനെപ്പൂജിച്ചാരവർ;
ചീത്തുദിവ്യാനകധ്വാനം; ക്രത്താടിയപ്സരസ്ത്രീകം;
വാഴ്ത്തീ മഹർഷിമാർ; പാട്ടുപാടീ ഗന്ധർവർ.
ദൈത്യന്മാരോ, ഭയംമൂലമാത്തരായെപ്പേരും ശാസ്ത്രാ-
സാത്മമിട്ടെറിഞ്ഞു പല വഴിക്കു പാഞ്ഞു.

ശ്രീപത്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ദിക്ക്മണ്ഡലസ്ത്രീസംവാദം, ദേവാസുരയുദ്ധപ്രകരണം, വൃത്രവധം എഴുപത്തൊന്നാമദ്ധ്യായം.

(o)

എഴുപത്തിരണ്ടാമദ്ധ്യായം

വ്യാസൻ:—പിന്നീടു ത്രിപുരപുത്രൻ, നാലു കതിരകളെപ്പൂട്ടിയ സൂര്യപ്രഭമായ തേരിൽക്കേറി ഗണേശനോടു നേരിട്ടു:—'നിന്റെ ദുർബുദ്ധിയായ അച്ഛൻ പണ്ടു് എന്റെ അച്ഛനെ കൊന്നകളഞ്ഞു; അതിനാൽ നിന്നെ ഞാൻ ഇന്നു കണകംകൊണ്ടു കാലനുരണയ്ക്കും!' ഗണനാഥൻ മറുപടി പറഞ്ഞു:—'നിന്റെ ദുഷ്ടനായ താതൻ പണ്ടു് ദേവകളെ ദ്രോഹിച്ചു മാപാപം ചെയ്തുകൊണ്ടിരുന്നു. അതു് കേൾക്കുകയാലും, ജ്ഞാനബലത്താൽ അവന്റെ പാപനിരതത്വം അറിഞ്ഞതിനാലുമാണു്, എന്റെ അച്ഛൻ അവ

Digitized By Kerala Sahitya Akademi

നെ ഒരൊറ്റശരംകൊണ്ടു ബലേന സംഹരിച്ചുത്. അന്ധാളിത്തത്താൽ പാപത്തിൽപ്പതിച്ച അവൻ യമാലയത്തിലേയ്ക്കയക്കപ്പെട്ടവല്ലോ; നിന്നെയും ഞാൻ ക്ഷണനേരംകൊണ്ട് അവന്റെ വഴിക്കയച്ചുകളയാം!' മഹാപ്രാജ്ഞനായ ഗണപതിയെ ദൈത്യൻ കാലാഗ്നിക്കൊപ്പം ജ്വലിക്കുന്ന പത്തു ക്രൂരമുകൾകൊണ്ടെയ്തു. ഗണേശൻ പുണയോടേ, യമദണ്ഡിനൊത്ത് ഇടിത്തീപോലെ തിളങ്ങുന്ന അനേകായിരം ബാണങ്ങൾ—ക്ഷുരപ്രങ്ങളും ശിലീമുഖങ്ങളും മൂർച്ചയേറിയ കങ്കപത്രങ്ങളും—അസുരന്റെ നേർക്കയച്ചു. അവനും തൽക്ഷണം ചോരയൊലിച്ച്, കണ്ണുകൾ ക്രോധത്താൽ ഇരട്ടി ഉടുത്ത്, ക്ഷുരപ്രങ്ങളും ശിലീമുഖങ്ങളും അഞ്ഞെയ്തു; അവയെ മുറിച്ച്, നിലിമ്പാപ്പിതമായ ലംബോദരൻ വീണ്ടും വജ്രോപമങ്ങളായ ശരസഹസ്രങ്ങൾ പ്രയോഗിച്ചു. അവയാൽ സർവ്വാംഗവും പരുക്കേറ്റ് അസുരൻ മൂർച്ഛിച്ചു നിലത്തു പതിച്ചു.

ഉടനേ ദ്രേൻ, സൌദ്രേൻ, ഭീഷണൻ, നിർജ്ജരാന്തകൻ എന്നിവർ സ്വന്തം സ്വന്തം ഗദയേന്തി ഗണേശനോട് പാഞ്ഞടുത്തു. അവർ ഒന്നിച്ചുതന്നെ വിനായകനെ ഗദകൊണ്ടു പ്രഹരിക്കുകയായി. ആ ബലിഷ്ഠൻ ആ പ്രഹരങ്ങളെ ലാഘവത്താൽ പാഴാക്കി, ദ്രേന്റെ തല വെണ്മഴുകൊണ്ടും, സൌദ്രേന്റെ ശിരസ്സു മൂരികൊണ്ടും, ഭീഷണന്റെ ശീർഷം കോടാലികൊണ്ടും, നിർജ്ജരാന്തകന്റെ മസ്തകം വാൾകൊണ്ടും ഛേദിച്ചു; ആ മാമലകൾക്കൊത്ത പടത്തലവന്മാർ നാൽവരേയും നിലം പൊത്തിച്ചിട്ട് ഹേരംബൻ മറ്റു പറ്റലരേയും വീഴിക്കുകയായി. ഇതിനിടയ്ക്കു ബോധം പൂണ്ട ത്രിപുരപുത്രൻ, തന്റെ തേരിൽക്കേറി ഗണേശന്റെ നേർക്ക് അർദ്ധചന്ദ്രക്ഷുരപ്രഭല്ലങ്ങൾ അഞ്ഞൂവിട്ടു; ആ ധർമ്മസത്രുപൻ അവയെ മുറിച്ച് അസുരനെ വീണ്ടും ശരങ്ങൾ കൊണ്ടെയ്തു, അവന്റെ കുതിരകളെ നാലുബാണങ്ങൾകൊണ്ടും, സാരഥിയെ ഒരമ്പുകൊണ്ടും നിലത്തു വീഴിച്ചു. അസുരോത്തമൻ അതിവേഗേന മറ്റൊരു തേരിൽക്കേറി വജ്രത്തിനൊത്ത ബാണങ്ങൾകൊണ്ടു ഹേരംബനെ മുറിപ്പെടുത്തി; ദേഹത്തിൽ ചോര വാർന്ന്, ക്രോധത്താൽ കാലനെപ്പോലായിച്ചുമഞ്ഞ ശിവപുത്രൻ ദൈത്യന്റെ നെറ്റിമേൽ മൂന്നും മാറത്ത് ഏഴും പൊക്കിളിൽ നാലും ശിരസ്സിൽ അഞ്ചും ബാണങ്ങളെയ്തു. ആ ശരങ്ങളേറ്റ ശരീരമെല്ലാം തളർന്ന ദാനവൻ വല്ലാതെ മോഹാലസ്യപ്പെട്ട തേരുത്തട്ടിൽ നിപതിച്ചു; ഉടനെ സൂതൻ അവനെ പോർക്കളത്തിൽ നിന്നു പിന്മാറ്റി. പിന്തിരിഞ്ഞതിനാൽ അവനെ ശൂരനായ വിനായകൻ ഹനിച്ചില്ല.

Digitized By Kerala Sahitya Akademi

വളരെ നേരംകൊണ്ടു തന്റേടം വന്നാപ്പോൾ, ത്രിപുരാത്മജൻ സാരഥിയോട്, 'സൂത, രഥം രണഭീരുവായ ശിവപുത്രന്റെ അടുക്കലേയ്ക്കു തെളിക്കു' എന്നാജ്ഞാപിച്ചു. സൂതൻ സത്യവും പത്ഥ്യവും പതുക്കെ അറിയിച്ചു:—'പ്രഭാനന്ദന, പോർക്കളത്തിൽ വിനായകന്റെ ശരമേൽക്കാൻ ആരാളാവും? അതിനാലത്തെ, മോഹാലസ്യത്തിൽപ്പെട്ട ഭവാനെ ഞാൻ കൊണ്ടുപോന്നതു്. ഇതു മനസ്സിലാക്കിയിട്ട് ഇനി വേണ്ടതു ചെയ്താലും.' അപ്പോൾ രാജാവിനാൽ അയയ്ക്കപ്പെട്ട ഒരു ഗജേന്ദ്രൻ ഔഷധികം പ്രയോഗിച്ചു ത്രിപുരപുത്രനു മൂർച്ഛയെല്ലാം നീക്കി നന്നിരട്ടിക്കരുത്തും ജയനൈപുണ്യവും വരുത്തി; മുമ്പു തന്നെ മന്ത്രജലം പകർന്ന് അവന്റെ മുറിവുകളും ഉണക്കി. കൊമ്പുകംകൊണ്ടു പർവതത്തെ കുത്തിത്തകർക്കുന്ന ആ സുദുർജ്ജയമായ മതംഗജം യുദ്ധത്തിൽ അനേകായിരം സേനാപതികളേയും സേനകളേയും നിലം പൊത്തിക്കൊണ്ട്. ത്രിപുരാത്മജൻ ആ കൊമ്പനാനയുടെ പുറത്തു കേറിയിരുന്ന കാലാഗ്നിക്കൊപ്പം ജ്വലിക്കുന്ന കണകളെയ്തു ദേവന്മാരിൽ മേലേമേലേ ഉള്ളവരെ നിലത്തു വീഴിച്ചുതുടങ്ങി: ആ വീരശാലികം അവന്റെ യമദണ്ഡിനൊത്ത ബാണങ്ങളേറു ചോരയിലാറാടി നിലം പൊത്തുകയായി. അവൻ ആനപ്പുറത്ത് ഏതേതു വഴിയേ സഞ്ചരിച്ചുവോ, അവിടമെല്ലാം ശരങ്ങൾകൊണ്ടു ഭയങ്കരങ്ങളാക്കിത്തീർത്തു. ചില ദേവന്മാർ ആനയാലും, ചിലർ പാപ്പാനാലും വീഴിക്കപ്പെട്ടു; ചിലർ വട്ടംതിരിയലിൽ നട്ടംതിരിഞ്ഞു. യുദ്ധത്തിൽ നിഷ്ണരായ സുരസൈന്യത്തലവന്മാർ അസുരനേയും ആനയേയും പലതരം ശസ്ത്രാസ്ത്രങ്ങൾകൊണ്ടു പ്രഹരിച്ചു നോക്കി. എന്നിട്ടും അവരെ തടുക്കാൻ ആ കരുത്തന്മാർ ശക്തരായില്ല. കുംഭി കൊമ്പുകംകൊണ്ടും ദൈത്യൻ അമ്പുകംകൊണ്ടും അവരെ വീഴിച്ചു പോന്നു.

വീഴാതിരുന്ന ദേവന്മാർ ദേഹം തകർന്നു സഹിച്ചുകൂടാത്ത വേദനയോടെ ഗണേശനെ ശരണം പ്രാപിച്ചു. അവരുടെ കഷ്ടപ്പാടു കണ്ടിട്ട്, പ്രതാപവാനായ വിനായകൻ ഗജസ്ഥനായ ദൈത്യന്റെ നേർക്ക് ഇടിത്തിയിനൊത്ത ശരങ്ങളാ അയച്ചെയ്തു; ഉടൻ നിഷ്പ്രഭപ്പെട്ട ദൈത്യനും അമ്പു വിടാൻ തുടങ്ങി. ആ വീരവീരന്മാരിരുവരും അന്യോന്യം ജയേച്ഛയോടെ ആത്തലറി കണകളാൽ മുറിപ്പെടുത്തുകയായി. ദേവനും ദൈത്യനും സർവാംഗം ചോരയൊഴുകിക്കൊണ്ടിരുന്നു. കൊലയാന എലിയെ (ഗണേശവാഹനത്തെ) കൊമ്പുകംകൊണ്ടു കുത്തിപ്പിളർത്തി; മൂഷികൻ ഗജത്തോടും പാഞ്ഞേറ്റു; അവ തമ്മിലും കടുത്ത പടയാ

Digitized By Kerala Sahitya Akademi

യി. ഇങ്ങനെ മുകളിലും മുവട്ടിലുമായി, നാലുപേർ തമ്മിൽ യുദ്ധം മുതിന്നു. ലോകമെല്ലാം ഭയപ്പെട്ടു പോകുമാറു ശബ്ദം വളർന്നു. പല്ലുകൊണ്ടും കൊമ്പുകൊണ്ടും നഖംകൊണ്ടും ക്രൂരമുകൊണ്ടുമുള്ള ആ യുദ്ധം പരമ ഘോരമായിത്തീർന്നു. മൂഷികൻ കരുത്തേറിയ ഗജത്തെ പിളർത്തി. മൂഷികന്റെ മുതുകിലിരിക്കുന്ന ഗണേശൻ പരശുകൊണ്ടു് ആനയെ കൊമ്പുകഠംക്കിടയിലും ദാനവനെ മാറത്തും തോളിലുമായി ഓരോ വെട്ടുവെട്ടി; അതിനാൽ ഗജസുരൻ ഗജത്തോടൊന്നിച്ചു് ഘോര ഛർദ്ദിച്ചുംകൊണ്ടു ചത്തു നിലത്തുവീണു.

ദേവകളും മഹർഷിമാരും സാധുവാദം മുഴക്കി, ഗണേശനെ പ്രശംസിച്ചു്, പുഷ്പഗന്ധധൂപങ്ങൾകൊണ്ടു പൂജിച്ചു. ശേഷിച്ച ദൈത്യന്മാർ പേടിച്ചരണ്ടു പ്രാണനുംകൊണ്ടു പാഞ്ഞു. അപ്പോൾ പാർവ്വതീസഹിതനായ പരമേശ്വരൻ വിണ്ണവരോടരുളിച്ചെയ്തു:—'മറാസുരന്മാരെക്കൂടി അമോഘാസ്ത്രങ്ങൾകൊണ്ടു വധിച്ചിട്ടുവേണം, ജയയുദ്ധം അവസാനിപ്പിക്കാൻ.'

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം, ദേവാസുരയുദ്ധപ്രകരണം, ത്രിപുരവധം എഴുപത്തിരണ്ടാമദ്ധ്യായം.



എഴുപത്തിമൂന്നാമദ്ധ്യായം

വ്യാസൻ:—മഹേശോഷിതം കേട്ടിട്ടു് ഇന്ദ്രാദി ദേവന്മാരെല്ലാവരുംകൂടി നാലുപാടും ദാനവന്മാരെയെല്ലാം പാഞ്ഞെതിർത്തു. കുംഭൻ എന്ന മഹാബാഹുവായ രാക്ഷസൻ നേരിട്ടു ചെന്നു വൈശ്രവണനെ ഗദകൊണ്ടടിച്ചു; യക്ഷപ്പെരുമാളും ഗദയാൽ തുഞ്ഞടിച്ചു. അവർ തമ്മിൽ ഗദായുദ്ധം ഘോരമായി നടന്നു. ഒടുവിൽ ധനേശ്വരൻ കുംഭന്റെ നെഞ്ഞത്തു് ഊക്കിൽ ഒടിയടിച്ചു; അതേറു പല്ലു കൊഴിഞ്ഞു് അവൻ നിലത്തു പതിച്ചു.

ജൃംഭിതവീര്യനായ ജംഭൻ തേരിൽ നിന്നു ദേവേന്ദ്രനേയും ഐരാവതത്തേയും ശരനിരകൊണ്ടെയ്തു; വാസവൻ ആ ദാനവേന്ദ്രനെ വജ്രംകൊണ്ടു പിളർത്തി, അവൻ ഭോരയിലാറാടി ചത്തുമലച്ചു. അരുണൻ, സുഘോരൻ, അഘോരൻ, ഘോരൻ എന്നീ നാലു പടത്തലവ

Digitized By Kerala Sahitya Akademi

ന്മാരെ സുബ്രഹ്മണ്യൻ രോഷേന വേൽകൊണ്ടു പിളർത്തി പോർക്കള ത്തിൽ പതിപ്പിച്ചു: ജയന്തൻ സൌരഭനെ ബാണഗണംകൊണ്ടു ഭ ഗ്നനാക്കി; ശക്തിഷേണൻ, സംഹ്രാദൻ, യമദണ്ഡൻ, നരാന്തകൻ എ ന്നിവരേയും നിലംപൊത്തിച്ചു വാഭ്രമനെ കാലൻ വാൾകൊണ്ടു വെട്ടിക്കൊന്നു. അശപാൻ, നിഷ്പ്രണകൻ എന്നിവരെ മൃത്യു വേലിന്നി രയാക്കി. ഭദ്രബാഹു, സുബാഹു, സുഗന്ധൻ, ഗന്ധൻ, ദൈരികൻ, വല്ലികൻ, ഭീമൻ എന്നീ മഹാബലരായ ഏഴു സേനാനായകന്മാർ അഗ്നിയാൽ ദഹിപ്പിക്കപ്പെട്ട ചത്തു നിലത്തു വീണു. ഓജസ്സേറിയ ശൂരഭടന്മാരായ വളരെ ശൂരന്മാർ മഹാത്മാവായ വരുണന്റെ പാശത്തിൽക്കുടുങ്ങി മൃതിയടഞ്ഞു. ഉഗ്ര, ഉഗ്രബുദ്ധ, ദുർമ്മേധസ്സ്, സാ ധകൻ, അസാധകൻ എന്നീ അഞ്ചു ദാനവന്മാരെ സൂര്യൻ രശ്മിജാലം കൊണ്ടു സംഹരിച്ചു. ക്രൂരൻ, ക്രൌഞ്ചൻ, രണശൌണ്ഡൻ, മോടൻ, സമ്മോടൻ, ഷണ്മുഖൻ എന്നീ ദൈത്യന്മാരെ വായു സായകങ്ങൾ കൊണ്ടു വധിച്ചു. നൈർഋതൻ ഭീമനെ ഗദകൊണ്ടു തല്ലി വീഴിച്ചു. നേരിട്ടു നിന്ന പോർവിരുതന്മാരായ ദൈത്യദാനവന്മാർ വളരെപ്പേർ രുദ്രന്മാരുടെ ശൂലങ്ങളേറു പേടിച്ചു നിലംപൊത്തി. വസുക്കളുടെ ബാണങ്ങളും സൂര്യന്മാരുടെ രശ്മികളും മേഘങ്ങളുടെ ആലിപ്പഴങ്ങളും ഘോരങ്ങളായ ഇടിത്തീയുകളുമേറു, കരുത്തേറിയ വളരെ ദൈത്യ ന്മാർ പടക്കളത്തിൽപ്പതിച്ചു. കുബേരൻ ഗദകൊണ്ടും, വാനവപ്പെ രുമാൾ വജ്രംകൊണ്ടും, കുമാരൻ വേൽകൊണ്ടും, ഗണേശൻ വെണ്മഴു കൊണ്ടും ദാനവത്തലവന്മാരെ ആയിരക്കണക്കിൽ കൊലചെയ്കയാ യി. വിഷ്ണുവിന്റെ തൃക്കയ്യിൽനിന്നു പുറപ്പെട്ട സുദർശനമായ ച ക്രവും പ്രധാന ദൈത്യരുടെ ശിരസ്സുകളും നിലത്തു വീഴിച്ചു. അന്ത കൻ യമദണ്ഡകാലഖഡ്ഗങ്ങളും കൊണ്ടും, മൃത്യു വേൽകൊണ്ടും, വരുണൻ പാശംകൊണ്ടും കോടി കോടി സഹസ്രം അസുരന്മാരെ കൊ ന്നൊടുക്കി. ചിലർ തക്ഷകാദികളുടെ കടിയേറും ചന്ദ്രന്റെ മയക്കമേ റും ചത്തുവീണു. അനവധി രഥികളും ക്ഷണനേന നിലംപൊത്തിക്ക പ്പെട്ടു. ഇങ്ങനെ സിദ്ധർ, ഗന്ധർവർ, കരുത്തേറിയ അപ്സരസ്സുകൾ, മ റും ദേവതമാർ, മാതൃക്കൾ, ഗണത്തലവന്മാർ എന്നിവരും പ്രളയം വരുത്തുന്ന ഘോരാസുരന്മാരെ കൊന്നുവീഴ്ത്തി. വാൾ, ശൂലം, വേൽ വെണ്മഴു, ശരം, വടി, പരിഘം, കുന്തം എന്നിവകൊണ്ടു സുരന്മാ രസുരന്മാരെ വിഴിച്ചുകൊണ്ടിരുന്നു.

സൈന്യം ക്ഷയിച്ചതു കണ്ടിട്ട്, അസുരപ്പെരുമാളായ ഹിരണ്യ ക്ഷൻ, താൻ തന്നെ പോരിന്നു പുറപ്പെട്ടു: ആ മഹാവീരൻ ധ്വജപ

Digitized By Kerala Sahitya Akademi

താക ചാമരഘണ്ടാലംകൃതമായി സൂര്യചന്ദ്രന്മാരുടെ രഥത്തോട് സദൃശമായിരുന്ന ദിവ്യപ്പൊന്മണിത്തേരിലേറി ശംഖം എടുത്തുതുടങ്ങി. സുരക്കും അസുരക്കും തടുത്തുകൂടാത്ത ആ ദൈത്യേന്ദ്രൻ കാലാളുകളേയും തേരാന കുതിരകളേയും നൂറുനൂറായിരമായി മന്നിൽപ്പതിപ്പിച്ചു; വിണ്ണവപ്പടകളിലെല്ലാം സഞ്ചരിച്ചു മൃത്യുവിനൊത്ത ബാണങ്ങളം വഷിച്ചു. അങ്ങനെ അയാൾ പോർക്കളത്തിൽ വാനവപ്പടയെ, ആന പൊയ്കയിൽ താമരക്കൂട്ടത്തെ എന്നവണ്ണം മർദ്ദിച്ചുവിട്ടു. അയാളുടെ ശരവർഷത്താലും ക്രുദ്ധക്രൂടെയുള്ള സിംഹനാദത്താലും നിലിമ്പർ നിലയ്ക്കു പതിക്കുകയായി. അയാൾ ജയന്തനെ പത്തും രേവന്തനെ അഞ്ചും പാകാരിയെ പതിനഞ്ചും ചിത്രരഥനെ ഇരുപതും സുഭ്രഹ്മണ്യനെ ഇരുപത്തഞ്ചും ഗൃണശ്രവനെ മൂന്നും യമനെ നാല്പതും കാലമൃത്യുക്കളെ ഐന്നൂറ്റെണ്ണൂറും കുബേരമാരുതന്മാരെ പതിപ്പുറ്റും രുദ്രന്മാരെ അറുപത്തേഴറുപത്തേഴും വസുക്കളെ പതിപ്പുറ്റും സിദ്ധരെ എട്ടെട്ടും ഗന്ധവ്വരെ പതിപ്പുറ്റും പന്നഗരെ ആറാറും ശരംകൊണ്ടയ്യ മുറിപ്പെടുത്തി. അയാളുടെ ഓജസ്സും വമ്പിച്ച വീര്യവും വേഗവുംമൂലം ദേവകടം ആപത്തിൽപ്പെട്ടു പേടിച്ചരണ്ടുപോയി; ചെറുത്തു നില്പാൻ ശക്തരായില്ല. മഹേശ്വരശൂലംപോലുള്ള മർമ്മഭേദികളായ ബാണങ്ങളേറു നിഷ്ഠുരന്മാർ മൂർദ്ധിച്ചു നിലംപൊത്തി; അവരിൽ മേലേക്കിടയിലുള്ളവരും ഹിരണ്യാക്ഷന്റെ നേരെ നിൽക്കാൻ കരുത്തരായില്ല.

ആ വിധം തോല്പിക്കപ്പെട്ട ദേവന്മാർ നാകേശനോടൊന്നിച്ചു ശരണ്യനായ ശാർങ്ഗപാണിയെ ശരണംപ്രാപിച്ചു. അപ്പോൾ ജനാർദ്ദനൻ ജയശീലനായ ഗരുഡനോട്, 'പോർത്തലയ്ക്കൽ ദൈത്യന്റെ മുമ്പിലേയ്ക്കു പറക്കുക' എന്നാജ്ഞാപിച്ചു. നാരായണൻ ക്ഷണത്തിൽ അസുരന്റെ അടുക്കലെത്തി. അസുരൻ വാഹനത്തെ അമ്പുകൊണ്ടു പിടിച്ചു, വാഹനസ്ഥനായ സനാതനദേവനോടരുളിച്ചെയ്തു:—'ഞാനി [illegible] ദേവകളേയും കൊന്ന്, മറ്റൊരു സൃഷ്ടി നടത്തുവാൻ ഗർഭജനത്തിനു ഗരുഡധ്വജന്റെ മടി ഇതായിരുന്നു: സൃഷ്ടി നടത്താൻ വേറാരുണ്ടെങ്കിൽ, യുദ്ധത്തിൽ പ [illegible] നിൽക്കുക!' ഉടനെ ഹിരണ്യാക്ഷൻ വളരെശ്ശരം വൈകുണ്ഠനേക്കയ്തു; ആ യമദണ്ഡിനൊത്ത ബാണങ്ങളെ ഭഗവാൻ ക്രുദ്ധനല്ലാതെ മുറിച്ചുതള്ളി. അസുരൻ വിണ്ടും അനേകായിരം അമ്പയച്ചു; മുകുന്ദൻ അവയും മുറിച്ചു, അങ്ങോട്ടും അമ്പുകളെയ്തു: [illegible] ത്തിന്റെ കനവും ബഹുബാഗ്നിയുടെ ചൂടും മനസ്സിന്റെ വേഗവും

Digitized By Kerala Sahitya Akademi

ചേന്ത് അ പിളർത്തുന്ന ക്രൗഞ്ചകം തുക്കെവേഗംമൂലം പഞ്ഞി യോ ഉണക്കപ്പുല്ലോ എന്നപോലെ ആകാശത്തു പാന്നു.

കനകമയങ്ങളായ അനേകായിരം ബാണങ്ങളേറു വേദന മൂഴത്തതിനാൽ അരിശംകൊണ്ട ഹിരണ്യാക്ഷൻ യുദ്ധത്തിൽ ഒരു മല പറിച്ചെടുത്തു മാധവന്റെ നേക്ക് ആഞ്ഞെറിഞ്ഞു; അതിനെ കേശവൻ കളിയായി ഗദകൊണ്ടു തല്ലിപ്പൊടിച്ചു. അങ്ങിനെ ഒന്നൊന്നായി ഒരായിരം പർവതത്തെ ദൈത്യാരി ചിക്കന്ന തവിട്ടപൊടിയാക്കിക്കളഞ്ഞു! അതിൽ കലികൊണ്ട ദാനവേന്ദ്രൻ അനേകായിരം കൈകളും പൂണ്ട് അത്യുഗ്രങ്ങളായ വളരെ ശരശക്തിശൂലപട്ടസാദികളും വൈകുണ്ഠന്റെ മേൽ വർഷിച്ചു; ദേവേശൻ അവയെ തൽക്ഷണം മുറിച്ചു നീക്കി, ദേവകോപ്പുകളും ശിവശൂലോപമങ്ങളും മഹാഘോരങ്ങളുമായി മിന്നിത്തിളങ്ങുന്ന ബാണങ്ങളും അസുരേശന്റെ സർവാംഗങ്ങളിലും ആഞ്ഞെയ്തു. അതിൽ തന്റേടംകെട്ട ഹിരണ്യാക്ഷൻ, വീണ്ടും പാഞ്ഞേറ്റു, ഏറ്റ കടമണികളും ചേന്നും കാലന്റെ നാവുപോലെ കരാളവുമായ മികച്ച പാശുപത വേൽ ഹരിയുടെ വിരിമാറിലേയ്ക്കു ചാട്ടി; അതു ദേവദേവകൽ, വളർകൊണ്ടലിന്മേൽ മിന്നലെന്നപോലെ പരിശോഭിച്ചു. അസുരന്മാർ ജയശബ്ദം മുഴക്കി ആർത്തുവിളിക്കുകയായി. അവരുടെ സൈന്യത്തിലേയ്ക്കു ഭഗവാൻ ചക്രം വിട്ടു; അതു് അവരുടെ തലകളം കൊയ്തു തുക്കയ്യിൽ തിരിച്ചെത്തി. പിന്നെ തന്തിരുവടി വേൽ ചാട്ടി ഹിരണ്യാക്ഷനെ തേർത്തട്ടിൽ വീഴിച്ചു. അയാൾ വളരെനേരംകൊണ്ടു തന്റേടം പൂണ്ടെഴുന്നേറ്റിട്ടു കേശവന്റെ നേക്ക് ആഗ്നേയാസ്ത്രമയച്ചു; നാരായണൻ അരിശമൂർക്കൊണ്ടു കൗബേരാസ്ത്രം പ്രയോഗിച്ചു. അനന്തരം, പ്രതാപവാനായ ഹിരണ്യാക്ഷൻ മായയാൽ ആസുരാസ്ത്രം വിട്ടു: അതിൽ നിന്നു സിംഹവ്യാഘ്രമഹിഷസർപ്പാദികളം അച്യുതന്റെ നേക്കു പാഞ്ഞണഞ്ഞു; ആ മായാസ്വരൂപങ്ങളെ ശ്രീനാരായണൻ ശരങ്ങളം കൊണ്ടു മുറിച്ചു നീക്കി. തൽക്ഷണം ദേഹമെല്ലാം തളർന്ന ചോരയിൽ മുങ്ങിയ ദൈത്യൻ ഭഗവാനെ ശൂലംകൊണ്ടു കുത്തി; തിരുമെയ്യിൽ ചോര വാർന്ന ദേവേശപരൻ ചിരിച്ചുംകൊണ്ട് ആ ശൂലത്തെ മൂന്നായ്കളായ് മുറിച്ചിട്ടു; പിന്നെ പത്തു ബാണങ്ങളംകൊണ്ടു ഹിരണ്യാക്ഷന്റെ തേരും തേർമറയും കൊടിമരവും കൊടിക്കുറയും വെൺകൊറക്കുടയും സാരഥിയേയും അറുത്തുവീഴ്ത്തി. രഥം വീണതോടുകൂടി, കരുത്തനാ ദൈത്യേന്ദ്രൻ ചാടി മറെറാരു തേരിൽക്കേറി ഭഗവാനോടു നേരിട്ടു.

Digitized By Kerala Sahitya Akademi

അതിനുശേഷം, ഹിരണ്യാക്ഷനും കമലാക്ഷനും തമ്മിലുണ്ടായ മഹായുദ്ധം കോരുമയിർക്കൊള്ളുമാറു ഘോരരൂപവുമായിരുന്നു. അവർ അന്യോന്യം അസ്ത്രപ്രത്യസ്ത്രങ്ങൾ പ്രയോഗിച്ചുകൊണ്ടിരുന്നു. അങ്ങിനെ ഒരു നൂറു ദിവ്യസംവത്സരം കഴിഞ്ഞു. പിന്നീട്ട്, മഹാസത്വനായ ദാനവൻ ചൊടിച്ചു വാമനനെപ്പോലെ വലുതായിനിന്ന്, ചരാചരങ്ങളുംപ്പെട്ട ത്രിഭുവനം വായിലാക്കി; ബ്രഹ്മണ്ഡലം പറിച്ചെടുത്തു പാതാളത്തിലേയ്ക്കു പോകുകയും ചെയ്തു. ശക്തിച്ചു ദൈത്യന്മാരും തോഷിച്ചു് അയാളുടെ പിന്നാലെ നടകൊണ്ടു. അസുരന്റെ വമ്പിച്ച ബലം കണ്ടിട്ട്, തേജസ്സേറിയ നാരായണൻ അവനെ കൊലചെയ്യാൻ വരാഹരൂപം ധരിച്ചു വേഗത്തിൽ പിൻതുടർന്നു. അന്തിരുവടി പാതാളത്തിൽ ചെന്നെത്തിയിട്ടു ലോകാധാരമായ ഭൂമിയെ കണ്ടെത്തി, തന്റെ തേറകളിൽ എടുത്തുവെച്ചു. അവിടുന്നു പൃഥിവിയെ എടുത്തു പോരാൻ തുടങ്ങുമ്പോൾ, അസുരേന്ദ്രൻ വന്നെത്തി അസഭ്യങ്ങൾ പുലമ്പുകയായി; അതെല്ലാം സഹിച്ചുംകൊണ്ടു മായാവരാഹമായ ഭൂധരൻ ധരണിയെ വെള്ളത്തിൻമുകളിൽവെച്ചു്, തന്റെ സത്വം ആവേശിപ്പിച്ചുറപ്പിച്ചു.

അതിൽ വമ്പിച്ച ക്രോധം പൂണ്ട ദൈത്യപ്പെരുമാൾ നേത്തട്ടത്തു വൈകുണ്ഠനെ ഗദകൊണ്ടു പ്രഹരിച്ചു. മായാവരാഹമായ മാധവൻ ആ പ്രഹരത്തിൽ നിന്ന്, യോഗി മരണത്തിൽ നിന്നെന്നപോലെ ഒഴിഞ്ഞു മാറി, ദാനവനെ കൈമോദകികൊണ്ടടിച്ചു. വീണ്ടും കലികൊണ്ടു കരുത്തേറിയ ഹിരണ്യാക്ഷൻ തന്തിരുവടിയുടെ വലംതുക്കയ്യിന്മേൽ കൈചുരുട്ടിയിടിച്ചു. ഇങ്ങനെ അവർ ഇടം വലം തിരിഞ്ഞും അടുത്തും അകന്നും വട്ടംചുറ്റിയും എട്ടത്തെറിഞ്ഞും ചെയ്തതിനെതിർചെയ്തും കൊടുതായി പോരാടി. ബ്രഹ്മാദി ദേവന്മാർ ആ യുദ്ധം കണ്ടുംകൊണ്ടു് ആകാശത്തു നില്പായി. 'പ്രജകൾക്കും ദേവകൾക്കും ജ്ഞിമാക്കും സ്വസ്തി!' എന്നിങ്ങനെ പ്രാർത്ഥിച്ചു് അവർ വാരാഹരൂപനായ വാസുദേവൻതിരുവടിയോടണഞ്ഞു:—'തിരുമേനി പൈതലിനെപ്പോലെ കളിച്ചുനിൽക്കാതെ, ഈ സുരവൈരിയെ സംഹരിച്ചാലും.' ഉടനെ വരാഹമൂർത്തി ബ്രഹ്മാദികളോടനുമതി വാങ്ങി, ഘോരമായ ചക്രം ആഞ്ഞുവിട്ടു; സഹസ്രസൂര്യപ്രഭയോടു സഹസ്രാരമായി ദൈത്യരെക്കൊന്നൊടുക്കുന്നതായി പ്രളയാഗ്നിപോലെ ഉജ്ജ്വലിക്കുന്നതായ ആ ചക്രം, ബ്രഹ്മാദികളം കണ്ടുനിൽക്കെ, കരുത്തേറിയ ഹിരണ്യാക്ഷനെ ചിക്കനെ വെണ്ണീറാക്കി, തൃക്കയ്യിൽത്തന്നെ ചെന്നുചേർന്നു. വി

Digitized By Kerala Sahitya Akademi

ഷ്ണുവിന്റെ വിജയം കണ്ടിട്ട്, ബ്രഹ്മാദി ദേവന്മാരും ശക്രാദി ദിക്പാലന്മാരും തിരുമുമ്പിലണഞ്ഞു സ്തുതിപ്പാൻ തുടങ്ങി:—

(ശ്ലോകങ്ങൾ)

തൊഴാം ഭവാനെജ്ജഗദീശ വിഷ്ണോ
സുരാസുരസ്തുത്യ, ജഗൽപിതാവേ!
വിരിഞ്ചിപണ്ടാരുടെ നാഭിപദ്മാൽ
ജനിച്ചു ഞങ്ങൾക്കവനേ സഹായം!
തൊഴാം തൊഴാം മീൻവടിവേന്തിയോനേ!
തൊഴാം തൊഴാം കച്ഛപരൂപധാരിൻ!
തൊഴാം നൃസിംഹാകൃതിയാം ഭവാനേ!
തൊഴാം ഹരേ, വാമനരൂപ, വീണ്ടും!
തൊഴാം കൃതക്ഷത്രവിനാശ, രാമ!
തൊഴാം ദശാസ്യാന്തക, രാമ, വിഷ്ണോ!
തൊഴാം പ്രലംബഘ്ന, സുനീലവസ്ത്ര,
സുരദ്വിഷന്മോഹന, ബുദ്ധമൂർത്തേ!
ം്ലേച്ഛാന്തകൃത്താകിയ കൽക്കിദേവ,
തൊഴാം തൊഴാമാദിവരാഹരൂപിൻ!
പാരിന്റെ നന്മയ്ക്കുസുരക്ഷയത്തി-
ന്നതാതുമെയ് കൊണ്ടു യുഗേ യുഗേ നീ
വധിച്ചുവല്ലോ തെറിമൂത്ത ദൈത്യ-
നാകം ഹിരണ്യാക്ഷനെയങ്ങിദാനീം;
ഇന്ദ്രാദി ദിക്പാലരെയും പരക്കെ-
യാട്ടിക്കളഞ്ഞോനിവനാത്തഹേലം.

ഇവൻ ഭവാനാൽ ഹതനായിയല്ലോ
സുരക്ഷവേണ്ടി;-ബ് ഭഗവൻ, പ്രസീദ!
അങ്ങിജ്ജഗത്തൊക്കെ രചിച്ചിട്ടന്നു
വിരിഞ്ചമെയ് പൂണ്ടയി ദേവദേവ;
യുഗങ്ങൾതോറും പലമജ്ജരൂപം
ധരിച്ചു രക്ഷിച്ചരുളുന്ന നീ താൻ;
സംഹാരരുദ്രാകൃതി പൂണ്ടൊടുക്ക-
മെല്ലാം മുടിക്കുന്നതുമങ്ങുതന്നെ!
അങ്ങേ ജഗൽകാരണ;- മങ്ങൊഴിഞ്ഞു
യാതൊന്നുമില്ലീശ, ചരാചരത്തിൽ;

Digitized By Kerala Sahitya Akademi

ഭൂതം, ഭവിഷ്യത്ത,ഥ വർത്തമാന–
മെന്തെന്ത,തെല്ലാം തവമൂർത്തിതന്നേ!
എല്ലാം ഭവാൻതന്നെ ചരാചരങ്ങൾ;
അങ്ങെന്നിയേ ലോകമിതുല്ലസിക്കാ;
ഉണ്ടി,ല്ല,യെന്നീ നിലചേർന്ന സത്തു–
മസത്തുമേ നിൽക്കവതങ്ങയിൽത്താൻ!
തൃമൂലമീ നിൻചരിതം ഗ്രഹിപ്പാൻ
തപൽപാദസൽഭക്തനൊഴിഞ്ഞൊരാളും
കരുത്തനാകാ കരകീതന്നപാകാൽ;
ഞങ്ങൾക്ക നീയേ ശരണം ശരണ്യൻ!'

വിഷ്ണു തിരുവുള്ളം തെളിഞ്ഞു വിണ്ണവരോടരുളിച്ചെയ്തു:—'ദേവന്മാരേ, നിങ്ങളുടെ സ്തോത്രം എന്നെ സന്തുഷ്ടനാക്കി. ഭവാന്മാർക്ക മംഗളം! ഈ വിജയസ്തോത്രം ഭക്തിശ്രദ്ധകളോടേ ചൊല്ലുന്നവനു മുപ്പാരിൽ ദുഷ്പ്രാപമായിട്ടൊന്നുമുണ്ടാകില്ല. ഇതു പതിവായി ശ്രദ്ധിച്ചു കേൾക്കുകയോ ചൊല്ലുകയോ ചെയ്താൽ ഇഹത്തിലും പരത്തിലും ഭയം നേരിടുകയില്ല. വഴിപോലെ നൂറായിരം ശ്രോക്കളെ ദാനംചെയ്താലത്തെ ഫലം, ഇതു കേൾക്കുകയോ ചൊല്ലുകയോ ചെയ്താൽ കിട്ടും.' നാരദനോടും ദേവദേവനെ കീർത്തിക്കുക എന്നതു സർവാഭീഷ്ടപ്രദമത്രേ; ഇതിലും മീതെ ഒരു മഹാജ്ഞാനം ശാസ്ത്രങ്ങളിലില്ല.

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം, ദേവാസുരയുദ്ധപ്രകരണം, ഹിരണ്യാക്ഷവധം ഏഴപത്തിമൂന്നാമദ്ധ്യായം.

—:o:—

ഏഴപത്തിനാലാമദ്ധ്യായം

സഞ്ജയൻ;—'ബ്രഹ്മൻ, യുദ്ധത്തിൽ. നേതാവു പിന്മാറിയോ മൃതിപ്പെട്ട ദൈത്യരുടെ ഗതി ശരിക്ക കേൾക്കേണമെന്നുണ്ട്. ആ എണ്ണമറ്റ ദാനവന്മാർ ചരാചരസൃഷ്ടിയിൽ ഇപ്പോഴുണ്ടോ? എവിടെയാണ്? ഗുരോ, ഇതെനിക്ക പറഞ്ഞുതന്നാലും.'

വ്യാസൻ:—'യുദ്ധത്തിൽ നേതൃനിന്ന മൃതിയടഞ്ഞ ശൂരന്മാരായ ദാനവത്തലവന്മാർ ദേഹത്യം പ്രാപിച്ചു് അക്ഷയഭോഗം ഭുജിച്ചുപോരുന്നു. *.....പകൃതി നേതൃനിന്നവർ രാജാക്കന്മാരായും ധനികരായും

* കുറെ ഭാഗം പലേടത്തും കഴിഞ്ഞു സഞ്ചുവണ്ണമാകയാൽ വിട്ടു.

Digitized By Kerala Sahitya Akademi

അദ്ധ്യക്ഷരായും മന്ത്രിമാരായും എട്ടജന്മം കഴിച്ചിട്ട ശാശ്വതസ്വർഗ്ഗം സമ്പാദിക്കും. പേടിച്ചരണ്ട പിൻവാങ്ങിയവരും, യുദ്ധത്തിൽ മായ പ്രയോഗിച്ചവരും, ദേവദ്വിജദ്രോഹികളും ഘോരനരകത്തിൽ പതിക്കും; വീരവൻ, മൂർച്ഛിച്ചവൻ, ഭഗ്നൻ, മറ്റൊരാളോട് പൊരുതുന്നവൻ എന്നിവരെ കൊന്നവരും നരകഗാമികളത്രേ; അവർ കൃത്സിതഭോഷക്കാരായ ശ്ലേഷ്മന്മാരായിപ്പിറക്കും. പിന്മാറിയവർ ന്യാസാപഹാരികളോ, രാത്രിയിൽ കൊട്ടംകൊട്ടിൽ തട്ടിപ്പറി നടത്തുന്ന സാഹസികളോ ആയിപ്പിറക്കും. ഗോബ്രാഹ്മണരെ കൊന്നവർ എന്നും തിന്നുന്ന ശ്ലേഷ്മരായിത്തീരും. ചതിച്ചു പൊരുതുന്നവർ മറ്റൊരുതരം. ശ്ലേഷ്മരാകും; അവരുടെ ഭാഷ പൈശാചമായിരിക്കും; ലോകാചാരമുണ്ടാവില്ല. ശൌചം, തപസ്സ്, ജ്ഞാനം, ദേവപിതൃതർപ്പണം, ദാനം, ശ്രാദ്ധം, യജ്ഞത്തിൽ ദേവകളെ പൂജിക്കൽ, പിതൃദ്വിജദേവതപസ്വിശുശ്രൂഷ എന്നിവയുണ്ടാവില്ല; ജ്ഞാനലോപംമൂലം അവക്ക് പ്രായശ്ചിത്തവും സിദ്ധിക്കില്ല; അവർ അമ്മയേയും പെങ്ങളേയും പരകളത്രത്തേയും കാമിക്കും; അവരുടെ നടപ്പൊക്കെയും ലോകവിരുദ്ധവും മലിനവുമായിരിക്കും. ഗരുഡനാൽ ഛർദ്ദിക്കപ്പെട്ടവരുടേയും മറവും ഗോത്രത്തിലാണ്, പുണ്യമില്ലാത്ത ദൈത്യന്മാരുടെ ജനനം. സ്ത്രീ ബാല വിപ്രഘ്നനിച്ചവൻ ചത്താൽ ഒട്ടകി പൂകും. ഗോമാംസവും അഭക്ഷ്യവും ഭക്ഷിച്ച ദുരാത്മാക്കൾ പുഴുക്കളോ എറുമ്പുകളോ വൃക്ഷങ്ങളോ ആയിപ്പിറക്കും. ദേവദ്രോഹികൾക്ക് മന്ത്രമില്ല, വേദമില്ല. കവ്യം ഭുജിച്ചവർ രോമവും തലനാരും തിന്നുന്ന കാക്കകളായി വരും. മത്സ്യമാംസാദികളിൽ കൊതി, ദോഷ്ക്കപറയൽ, എപ്പോഴും കാമലോഭക്രോധമങ്ങൾ, വധബന്ധങ്ങളിലും പൂതിലും സംഗീതത്തിലും താല്പര്യം, ചീത്തഞൊഴിൽ, ദുർജ്ജനങ്ങളോടിണക്കം, ഒട്ടകങ്ങളിൽ പ്രീതി, വേദമന്ത്രധർമ്മശ്രവണസ്മൃത്യാദികളിൽ അശ്രദ്ധ, മഹാരോഗം, വലിയ ശുണ്ഠി, പലതരം ആഡംബരം എന്നിവയത്രേ, മനുഷ്യജാതിയിൽ ജനിച്ച ദൈത്യന്മാരുടെ അടയാളങ്ങൾ; പരലോകത്തേയോ ഗുരുവിനേയോ നിജപരകീയരേയോ അറിയായ്ക, ഉദരപൂരണം മാത്രമല്ലാതെ അതിഥിയേയോ ഗുരുദ്വിജന്മാരേയോ ദേവനേയോ പൂതനേയോ ഗോത്രത്തേയോ മിത്രബാന്ധവരേയോ നോക്കായ്ക, സ്വപ്നത്തിലും ദാനം ചെയ്യായ്ക, ഭക്ഷ്യവിഭവങ്ങളും ധനവും ഒളിച്ചുവെയ്ക്കുക എന്നിവയാണ്, മനുഷ്യരായിജ്ജനിച്ച യക്ഷന്മാരുടെ ചിഹ്നങ്ങൾ; പ്രാണൻ പോയാലും ഒരു ഒമ്പടി രാജാവിന്നു പോലും കൊടുക്കാതെ, മറവുള്ളവക്കായി ചുമട്ടു ചുമക്കുകയാണ് ആ ഒട്ടകി പൂക്ക യക്ഷന്മാർ ചെയ്യുന്നത്.

Digitized By Kerala Sahitya Akademi

പ്രേതം സ്ത്രീയോ പുരുഷനോ ആയി ജനിച്ചാലത്തെ സ്വഭാവഗർഹിതമായ ലക്ഷണവും മനസ്സിരുത്തി കേട്ടുകൊള്ളുക: എപ്പോഴും ചളിയും അഴുക്കും ധരിക്കും; ശൌചമില്ല; പല്ലിന്മേലും തലമുടിമേലും വസ്ത്രത്തിലും ശരീരത്തിലും അഴുക്കു നിറഞ്ഞിരിക്കും; ക്ഷീണം, പീഠം മുതലായവ വൃത്തിപ്പെടുത്തുന്നതിൽ ഒരിക്കലും ശ്രദ്ധിക്കില്ല; സ്ത്രീകളുടെ സുഖം നോക്കില്ല; കാട്ടിൽ നടക്കും; വായിൽനിന്നു വീണതും എച്ചിലും നാറിയതും തിന്നും; തീനും കുടിയും കിടപ്പും ഇരുട്ടത്താണിഷ്ടം; ഒരിക്കലും സ്വച്ഛതയോ ശുചിത്വമോ ശരീരത്തിലുണ്ടാവില്ല. ഇങ്ങനെയായിരിക്കും, മനുഷ്യരായി ജനിച്ച പ്രേതങ്ങൾ. ഹിതാഹിതങ്ങളേയും മിത്രാമിത്രങ്ങളേയും ഗുണാഗുണങ്ങളേയും പുണ്യപാപങ്ങളേയും സ്ഥാനാസ്ഥാനങ്ങളേയും ദേവബ്രാഹ്മണപൂജയേയും അരിമിത്രോദാസീനരേയും പ്രകൃത്യാ യാവചിലർ അറിയുന്നില്ലയോ, അവർ മർത്ത്യരായിപ്പിറന്ന പശുക്കളാണെന്നു ബുദ്ധിമാന്മാർ അഭിപ്രായപ്പെടുന്നു. അപ്പപ്പോൾ ആരാതു തോന്നുന്നവരും വെറുതേ തെണ്ടിനടക്കുന്നവരും യാതൊരു കർമ്മവും ചെയ്യാത്തവരും യാവചിലരോ, അവർ മനുഷ്യരായ യക്ഷരത്രേ.

പാപത്തിനൊത്തവണ്ണം മനുഷ്യരിൽ കൃതരായി ജനിച്ചവരുടെ ലക്ഷണവും വിവരിക്കാം: മലിനസ്ഥലത്തിരിക്കുകയും കള്ളത്തരം കാട്ടുകയും എച്ചിലും മറ്റും തിന്നുകയും ചെയ്യുന്ന മനുഷ്യൻ കാകനാണെന്നു മനീഷികൾ പറയുന്നു. അഭക്ഷ്യത്തിലും ദുർഗ്ഗന്ധത്തിലും താല്പര്യം, എല്ലാ ഗോപ്രത്തിലും നോട്ടം, ഭക്ഷ്യാഭക്ഷ്യങ്ങളിൽ സമബുദ്ധി എന്നിവയോടു കൂടിയ പാപിമനുഷ്യൻ ശ്വാവാകുന്നു; തമ്മിൽക്കലഹിച്ചു ശ്ലേച്ഛരുടെ കയ്യിൽനിന്നു തീറ വാങ്ങുന്നവരും നായ്ക്കൾതന്നെ. വിശേഷിച്ചും പന്നി, കോഴി എന്നിവയേപോറുന്നതിലും തിന്നുന്നതിലും ദുർഗ്ഗന്ധത്തിലും ഗർഹണീയത്തിലും തീയതിലും പവ്വത്തിലും അടുപ്പിൽനിന്നു വിറകുകൊള്ളിയെടുത്തു ശേഖരിക്കുന്നതിലും താല്പര്യം, സദാ ക്ഷുദ്രരായിരുപ്പേടി എന്നിവയോടു കൂടിയവർ ശ്ലേച്ഛരത്രേ. ധർമ്മം നശിച്ചു സത്യവും ശൌചവുമില്ലാതാവുന്ന കലിയിൽ ശ്ലേച്ഛരും തസ്കരരും വന്നു ജനിക്കുന്നു; അവരുടെ ചോപ്പ്, ചാപ്പ്, ചോറെണ്ണൽ, സ്ത്രീഗമനം എന്നിവയാൽ ബാക്കിയുള്ളവരും അവരെപ്പോലായിപ്പോകുന്നു. അപ്പോൾ ജനങ്ങളെല്ലാം ദുഃഖരോഗാർത്തിതരും ദുർഭിക്ഷമഗ്നരും മൂഢരും രാജപീഡിതരുമായിത്തീരുന്നു; അന്നു മനുഷ്യർക്ക് അസത്യനിരതത്വവും യാതൊരു ശൌചവുമില്ലായ്മയും സ്മൃതിസ്മൃതിലോപവും ക്രിയാജ്ഞാനാശവും വന്നുകൂടുന്നു. ആരും പുരാണാഗമസംഹിതകൾ ശ്രവിക്കുകയില്ല; ആർക്കു

Digitized By Kerala Sahitya Akademi

കം മദ്യമാംസങ്ങളും ഭുജിക്കും; എന്തും തിന്നും; കടുംകൈ പ്രവർത്തിക്കും; സകല കൂവു തുടങ്ങും. മക്കൾ അച്ഛനമ്മമാരേയും ഗുരുക്കന്മാരേയും പുലയ്ക്കുകയില്ല; ഭർത്താവ് ഗുണവാനായ സ്വാമിയേയും, സ്ത്രീകൾ ഭർത്താവിനേയും, ജാമാതാക്കൾ ശ്വശ്രൂശ്വശുരരേയും ശുശ്രൂഷിക്കില്ല. ഗൃഹത്തിനകം കലഹവും കഷ്ടപ്പാടും വർദ്ധിക്കും. രാജാക്കന്മാരും മന്ത്രിമാരും പുരോഹിതന്മാരും മദ്യപാനികളാകും; ആളുകൾ അവക്കു മത്സ്യമാംസങ്ങൾ കാഴ്ചവെയ്ക്കും. പാഷണ്ഡക്കാരും, യോഗികളെക്കാൾ പ്രാധാന്യം. ആളുകൾ മൂഢരായി പരസ്പരം വെറുക്കും; വനത്തിലോ നഗരത്തിലോ ഭക്ഷ്യവും അഭക്ഷ്യവും മത്സ്യമാംസാദിയും ഭുജിക്കും; പാപികളായി പിതൃക്കളെ അധഃപതിപ്പിക്കും. അവരെല്ലാം അസുരരും പിശാചരും രാക്ഷസരും യക്ഷരുമാകുന്നു; ദേവകളോ മനുഷ്യരോ അല്ല.'

സഞ്ജയൻ:—'മനുഷ്യജന്മത്തിൽ അവരുടെ ലക്ഷണം കാണപ്പെടുന്നതെന്തുകൊണ്ടാണ്? ഗുരോ, എന്റെ ഈ സംശയം അകറ്റിയാലും.'

വ്യാസൻ:—'ബ്രാഹ്മണരിലായാലും, മറുജാതികളിലായാലും പാപകർമ്മംമൂലം അസുരരോ രാക്ഷസരോ പ്രേതങ്ങളോ സ്വഭാവം വിടുകയില്ല. മാനുഷയോനിയിൽ ജനിച്ച ദാനവർ എപ്പോഴും കലഹിച്ചുകൊണ്ടിരിക്കും; രാക്ഷസർ മറിമായക്കാരും കുത്സിതരും ക്രൂരന്മാരായിരിക്കും. അവർ ജനങ്ങളെ പീഡിപ്പിച്ചു ദാനവും ദേവപൂജയും ചെയ്യുന്നു; ഉഗ്രതകൊണ്ടു വരം നേടി എന്നെന്നും രാജ്യവും ഭുജിക്കുന്നു. അവക്കു ശൌര്യാദികൊണ്ടുള്ള ജയത്താൽ പുണ്യം ഉണ്ടായിവന്ന്, പാപം നീങ്ങുന്നു. ഇങ്ങനെ മന്നിലും വിണ്ണിലും പാതാളത്തിലും യമലോകത്തും വന്നിച്ച തപസ്സുകൊണ്ടു ദേവതുല്യമടയാം: പ്രഹ്ലാദൻ വിഷ്ണുവിനെ ആരാധിച്ചതിനാൽ ദേവസമ്മതനായിച്ചമഞ്ഞു; അന്ധകാസുരൻ ശിവനെ സ്തുതിച്ചു തൽസേവകത്വം നേടി— ഭൃംഗിരടി എന്ന ശ്രുതന്തലവനായിത്തീർന്നു; മാബലി ദേവേന്ദ്രനായി വാഴും. വത്സ, ഇങ്ങനെ മറു പലരും ഇഹപരങ്ങളിൽ സൽഗതി നേടിയിട്ടുണ്ട്. മൈത്രേയകുലത്തിൽ ജനിച്ച ചിലർ ഭൂമിയിൽവെച്ചു ദേവശ്രേഷ്ഠരായിത്തീർന്ന്, പിതൃക്കളെയെല്ലാം നൂറുമായിരവുമായി ഉൽഗതിയണയ്ക്കുന്നു: ധീമാനായ ഒരൊറവസുൽപുത്രനെക്കൊണ്ടു വംശം രക്ഷപ്പെട്ടു; വൈഷ്ണവനായ ഒരൊറ മകൻ ഒരുകോടി തലമുറയ്ക്ക് ഉൽഗതി വരുത്തും. പുണ്യതീർത്ഥങ്ങളിലും മുക്തിക്ഷേത്രങ്ങളിലുംവെച്ചു മരിക്കുന്നവർ, ബ്രഹ്മജ്ഞാനികൾ എന്നിവർ കട

Digitized By Kerala Sahitya Akademi

ത്തുകയും കടക്കുകയും ചെയ്യുന്നു. പതിവ്രതയായ ഒരൊറ സ്ത്രീ ഒരുകോടി തലമുറയ്ക്ക് ഉൽഗത വരുത്തും. ധർമ്മം ക്ഷയിച്ചു കലിയുടെ അവസാനത്തിൽ, ജിതേന്ദ്രിയനായി ദേവദ്വിജപൂജകനായ ഒരൊറദ്ധാർമ്മികൻ നഗരത്തിലോ നാട്ടുപുറത്തോ ഉണ്ടെങ്കിൽ, നഗരവും ഗ്രാമവും ജനവും കലവും അദ്ദേഹത്താൽ രക്ഷപ്പെട്ടും!

എന്റെ അറിവിൽ, പണ്ട് ഒരു വലിയ ബ്രാഹ്മണപുരമുണ്ടായിരുന്നു. അവിടെ എല്ലാ ബ്രാഹ്മണരും ശരിക്കു സന്ധ്യാവന്ദിക്കുകയും വേദം ചൊല്ലുകയും ദേവദ്വിജാതിഥികളെ പൂജിക്കുകയും ചെയ്തിരുന്നു; ആ ധീരന്മാർക്ക് അത്യാപത്തിലും പാപത്തിൽ മനസ്സു ചെന്നിരുന്നില്ല; ഷട്കർമ്മങ്ങളിൽ ശ്രുഷ്ഠാന്തി കുറച്ചില്ലായിരുന്നു; അവർ എന്നെന്നും അഭ്യുദയത്തിന്നായി സനാതനമായ യജ്ഞവും വ്രതവും ആചരിച്ചുപോന്നു. ഒരുനാൾ അവിടെ, പണ്ഡിതനായ ഒരു ഗൃഹസ്ഥബ്രഹ്മർഷി മന്ത്രപൂർവം അഗ്നിയിൽ നെയ്യു ഹോമിക്കുകയായിരുന്നു; അപ്പോൾ അദ്ദേഹത്തിന്ന്, ദൈവയോഗത്താൽ, മൂത്രം പിസർജ്ജിപ്പാൻ കടുത്ത ബദ്ധപ്പാടു തോന്നി. അതിനാൽ അദ്ദേഹം ദാസിയെ കാവൽനിറുത്തി പുറത്തേയ്ക്കു പോയി. അവൾ അന്ധയായിരുന്നതിനാൽ, നെയ്യ് ഒരു പാട്ടി കൂടിച്ചുകളഞ്ഞു. ഉടനെ അവൾ ഒന്നെപ്പാത്രം തന്റെ മൂത്രംകൊണ്ടു നിറച്ചുവെച്ചു; ബ്രാഹ്മണൻ അതു്, തിടുക്കംമൂലം നോക്കാതെ, അഗ്നിയിൽ ഹോമിക്കുകയും ചെയ്തു. അപ്പോൾ അഗ്നിയിൽ ഒരാശ്ചര്യമുണ്ടായി: സാക്ഷാൽ ജാംബൂനദത്തിന്റെ മാറുള്ള ഒരു സ്വർണ്ണക്കട്ടി കാണപ്പെട്ടു. അതണ്ടൻ അതു സസന്തോഷം കൈക്കൊണ്ടു, പാപത്തിനിടം കൊടുത്തു! അദ്ദേഹം അതു തപ്പെട്ടു, 'കഷ്ടം, ഇതെങ്ങനെ സംഭവിച്ചു?' എന്നു ദാസിയോടു ചോദിച്ചു; അവൾ, ഉണ്ടായതെല്ലാം സന്തോഷത്തോടെ അറിയിച്ചു. പിന്നീടു നാൾതോറും അതു വിധത്തിലായി ഹോമം; ഗൃഹത്തിൽ അശ്ചര്യമാംവണ്ണം സ്വത്തു വർദ്ധിച്ചും വന്നു.

ഇതു കേട്ടു കേട്ട്, ആ പുരത്തിൽ സകലരും ലോഭത്താൽ കെട്ടി പൂണ്ട് അതു ദുരാചാരം അനുഷ്ഠിച്ചുപോന്നു: കനത്ത ലോഭംമൂലം അകത്ത് അഴുക്കു നിറയുന്നു; അഴുക്കു ബുദ്ധിഭ്രംശത്തെ വരുത്തുന്നു. അതുപുരം കല്മഷത്താൽ കെട്ടുപോയി: സ്ത്രീകളും പുരുഷന്മാരും—എല്ലാവരും—പാപശക്തിയാൽ ദുഷിച്ചുപോയി. അതു കണ്ടിട്ടും ബ്രാഹ്മണൻ അതിൽ ശ്രദ്ധവെച്ചില്ല. അതിനാൽ, അദ്ദേഹത്തിന്റെ സാധ്വിയായ പത്നിക്കു വളരെ വ്യസനം തോന്നി; സതീപതിവ്രതകൾക്കു

Digitized By Kerala Sahitya Akademi

ഞ്ഞതിനാൽ ആ സ്ത്രീ പുരകായ്യും ഭർത്താവിനോടറിയിച്ചു:—'പ്രാണനാഥ, ഭവാനെ കണ്ടിട്ട് എനിക്ക സങ്കടം തോന്നുന്നു; അങ്ങ് ഗ്രാമത്തിലെ സ്ഥിതി നോക്കാതെ, സപ്തണ്ണമുണ്ടാക്കുകയാണല്ലൊ ചെയ്യുന്നത്!' ആ ദോഷജ്ഞൻ പുഞ്ചിരിക്കൊണ്ടുരിയാടി:—'ഉൽകൃഷ്ടവും ഹിതവുമായ ധർമ്മം വെടിഞ്ഞു പാപത്താൽ ജീവിക്കുന്നതേവനോ, ആ മൂർഖൻ എന്നെന്നേയ്ക്കുമായി നശിച്ചുപോകും. ഈ ബ്രാഹ്മണരും പതിമാരും പരിജനങ്ങളും ദുരാചാരംമൂലം മാപാപത്തിൽപ്പെട്ടിരിക്കുന്നു; മഹാപാതകംമൂലം ഇവർ ചത്താൽ എന്നെന്നേയ്ക്കുമായി പാതാളം പൂകും; പ്രായശ്ചിത്തമില്ലതന്നെ. ഞാനൊരാളം ഇവിടെ ഇരിപ്പുള്ളതുകൊണ്ടു പുരം രക്ഷപ്പെട്ടുന്നു!' ഭാര്യ മറുപടി പറഞ്ഞു:—'അങ്ങു പറഞ്ഞതുകേട്ടാൽ ആളുകൾം ചിരിക്കും; ഇതൊക്കെ എന്റെ മുമ്പിൽ വെച്ചല്ലാതെ മറാരുടേയും മുമ്പിൽവെച്ചു പറയരുതേ!' ഉടനേ ആ ദ്വിജൻ, 'പ്രിയേ, ഞാൻ ഇവിടം വിട്ട മറെറാരിടത്തേയ്ക്കു പോയാൽ, ഈ പുരിയും ആളുകളും ധനവുമെല്ലാം മണ്ണിന്റെ അടിതിലായിപ്പോവും' എന്നിങ്ങനെ പറഞ്ഞു, ഒട്ടും മടിക്കാതെ, തന്റെ മുഖമെടുത്തു് അവളോടൊന്നിച്ചു് അതിത്തിക്കപ്പുറം പോയി നിന്നു. നോക്കിയപ്പോൾ, പുരം മുമ്പേത്തപ്പോലെ തന്നെ നിൽപ്പുണ്ടു്; അതിനാൽ ആ സാധ്വി ഭർത്താവിനോടു്, 'പുരി നശിക്കുന്നില്ലല്ലൊ' എന്നായി. അത്ഭുതപ്പെട്ട ബ്രാഹ്മണശ്രേഷ്ഠൻ തെല്ലൊന്നാലോചിച്ചു്, 'എന്നാൽ എന്റെ മുതൽ വല്ലതും അവിടെത്തന്നെ, ഗൃഹത്തിനു പുറത്തു്, ഇരിപ്പുണ്ടാവും' എന്നു മറുപടി പറഞ്ഞു. അപ്പോൾ ഭാര്യ, 'ഓ, ശരിതന്നെ: അങ്ങയുടെ ചെരിപ്പു കൊണ്ടുപോരാൻ ഞാനന്ധാളിച്ചുപോയി' എന്നുംപറഞ്ഞു് അതെടുത്തുകൊണ്ടുപോന്നു്, ഭർത്താവിന്റെ സമീപത്തുനിന്നു; തൽക്ഷണം പുരി ചുവട്ടിലേയ്ക്കാണ്ടുപോയതായി കാണപ്പെട്ടു! ആ പുരിയിലെ ബ്രാഹ്മണാദിജാതിക്കാർ കുത്സിതാചാരംമൂലം, പണിപ്പെട്ട യമാലയമണഞ്ഞു്, എന്നെന്നും ദുഃഖിച്ചു ഘോരനരകത്തിൽക്കിടക്കുകയേ ഉള്ളു; അവക്കു പ്രായശ്ചിത്തമില്ല.

നാറുന്നതും അമേധ്യവും വഴ്ജനീയമായിട്ടുള്ളതും മുമ്പേത്തപ്പോലെ ഭക്ഷിക്കുക, ഇപ്പോഴും പാപം ചെയ്യുക, കക്കുക, രാത്രിയിൽ ചുറ്റി നടക്കുക എന്നിവ ചേർന്ന മനുഷ്യൻ കുറുക്കനത്രേ. ഒരു കായ്വും അറിയാതെ, ഒരു കർമ്മവും ചെയ്യാതെ, മയ്യാദയും നടപ്പുമില്ലാതെ ആ ൦൦, ആ ബാലിശൻ പശുതന്നെ; ഇത്തരക്കാരെ ഒട്ടകം കീരി മുതലായവയായിക്കരുതാം. ജ്ഞാതിദ്രോഹിയും യുധ്ഭീരുവുമായ

Digitized By Kerala Sahitya Akademi

മനുഷ്യൻ ഹിംസ്രമൃഗമാകുന്നു. വിഷമവും മറവും തിന്നുക, കക്കുക, ചങ്ങാതിമാരെ ചതിക്കുക, ഇണക്കുടലിൽ കലഹിക്കുക എന്നിവ ചെയ്യുന്നവൻ ശ്വാവാണെന്നറിയണം. പ്രകൃത്യാ ചപലനും, തീറ്റക്കൊതിയനും, കാനനപ്രിയനുമായ മനുഷ്യൻ മരംചാടിയായ മക്കടത്താനാകുന്നു. മൊഴികൊണ്ടും മതികൊണ്ടും സ്വജനങ്ങളിലോ അന്യരിലോ ഏഷണിക്കുട്ടി പേടിപ്പെടുത്തുന്നവൻ പാമ്പായി ഗണിക്കപ്പെടുന്നു. ബലവാനും വിക്രമിയും ഒരിക്കലും ലജ്ജ തോന്നാത്തവനും നാറിയ മാംസം തിന്നുന്നവനും ഭോഗലമ്പടനുമായ മനുഷ്യനെ സിംഹമെന്നു പറയുന്നു; അവന്റെ ശബ്ദം കേട്ടാൽത്തന്നെ മറു ഗജവൃകാദികളാകുന്ന മനുഷ്യർ തളർന്നുപോകും. മനുഷ്യരെ ഇതിൻപ്രകാരം തിരിച്ചറിഞ്ഞുകൊള്ളണം.

മനുഷ്യരിലെ ദേവലക്ഷണവും പറയാം: ദ്വിജദേവോതിഥികളേയും ഗുരു സാധു തപസ്വികളേയും പൂജിക്കുന്നതിലും തപസ്സിലും ധർമ്മശാസ്ത്രങ്ങളിലും നീതികളിലും തല്പരൻ, ക്ഷമാശീലൻ, ക്രോധത്തെ ജയിച്ചവൻ, സത്യവാദി, ജിതേന്ദ്രിയൻ. അലുബ്ധൻ, പ്രിയഭാഷണൻ, ശാന്തൻ, ദയാലു, ജഗൽപ്രിയൻ, സുന്ദരൻ, മധുരസ്വരൻ, വാഗ്മി, സർവകാര്യനിപുണൻ, ഗുണവാൻ, ബലവാൻ, പഠിപ്പുള്ളവൻ, വിദ്വാൻ, ഗീതനൃത്യരഹസ്യജ്ഞൻ, ആത്മവിദ്യയിലും വീണാദി സ്വരങ്ങളിലും ഗവ്യങ്ങളിലും നിരാമിഷത്തിലും പുതിയതും അതിശോഭനവുമായ സൽഭോജ്യത്തിലും ഗന്ധമാല്യവസ്ത്രാഭരണങ്ങളിലും ദാനത്തിലും പാർവണകർമ്മങ്ങളിലും പ്രീതിയുള്ളവൻ. ഒരു ദിവസവും പാഴാക്കാതെ സ്നാനദാനവ്രതയജ്ഞദേവപൂജാധ്യയനാദികർമ്മംകൊണ്ടു കാലം കഴിക്കുന്നവൻ, ഇങ്ങനെയെല്ലാമുള്ള സദ്വൃത്തനായ മനുഷ്യൻ മഹർഷിമാരാൽ ദേവനെപ്പോലെ കീർത്തിക്കപ്പെടുന്നു. എന്നാൽ ദേവന്നു സതതഗുണം ക്ഷമം; മനുഷ്യൻ ശ്രേയശീലനാകുന്നു. ദേവൻ സദാ ഗംഭീരനും മനുഷ്യൻ സദാ മൂഢസ്വഭാവനുമാണ്; അവരിരുവരും തങ്ങളിൽ ഇണങ്ങും; മൈത്ര്യാദികളിൽ ഇണങ്ങില്ല. പ്രീതി, സുഖപ്പെടുത്തൽ, സ്നേഹം, ഉപകാരംചെയ്യൽ എന്നിവ ദേവനും മനുഷ്യനും തമ്മിലും അസുരനും രാക്ഷസനും തമ്മിലേ ഉണ്ടാവൂ. പ്രേതാദികൾക്കു പ്രേതാദികളിലും പശുക്കൾക്കു പശുക്കളിലുമാണ് പ്രീതി. കാകനും മറവും സ്വജാതിക്കാരിൽ പ്രീതരായും അപ്രീതരായുമിരിക്കും. പുണ്യജന്മാക്കൾക്കും തുല്യജാതികളിൽ പ്രിയവും അപ്രിയവും പുണ്യവും അപുണ്യവും ഗുണവും അഗുണവും കാണാം. മനുഷ്യക്കു മറു ജാതിയിൽ ഭാ

Digitized By Kerala Sahitya Akademi

മ്പത്തുസുഖം ഉണ്ടാകയില്ല; സജാതിയിലാണെങ്കിലോ, സ്വർഗ്ഗവും നരകവും പ്രീതികരംതന്നെ. പുണ്യം ചെയ്ത സത്തുക്കൾ ദീർഘായുസ്സു നേടുന്നു; പാപികളായ ദൈത്യാദികളോ നാശമടയുന്നു. കൃതയുഗത്തിൽ ദേവകളാണ്, ദൈത്യരോ മറ്റു ജാതിക്കാരോ അല്ല, ഭൂമിയിൽ ജനിച്ചിരുന്നത്. ധർമ്മം ത്രേതായുഗത്തിൽ ഒരു കാലും, ദ്വാപരത്തിൽ രണ്ടുകാലും, കലിയുഗത്തിൽ സന്ധ്യയ്ക്കുതന്നെ ഏതുമില്ലാക്കാലും ഭൂമിയിൽ നിന്നൊട്ടുത്തു. ദേവാദികളുടെ ജനനം ഭാരതത്തിൽ വിവരിച്ചിട്ടുണ്ട്: ദുര്യോധനന്റെ പടയാളികളും, സൈന്യങ്ങളും. കണ്ണപ്പട്ടതികളും എന്നിവർ അസുരാദികളാകുന്നു; ഭീഷ്മൻ വസുവും, ദ്രോണൻ ദേവർഷിയും, അശ്വത്ഥാമാവു സാക്ഷാൽ ശിവനും, കൃഷ്ണൻ വിഷ്ണുവും, പാണ്ഡവന്മാർ അഞ്ചിന്ദ്രന്മാരും, വിദുരൻ ധർമ്മരാജാവും, ഗാന്ധാരി-കുന്തി-പാഞ്ചാലി എന്നിവർ ദേവിമാരുമത്രേ. കലിയുടെ മദ്ധ്യത്തിൽ ദേവകളും അസുരരും അവസാനത്തിൽ അസുരപ്രേതരാക്ഷസപക്ഷിപ്രഭൃതികളും മനുഷ്യരായി ജനിക്കുന്നു. അവരുടെ ദാസി കുലടയും കുട്ടിപ്പക്കാരിയും യൌവനത്തള്ളലൊത്തവളും സദാ കലഹ ലമ്പടയും അവക്കൊത്ത നടപടിക്കാരിയുമായിരിക്കും. കല്മഷത്തിലും കലഹത്തിലും അന്യായത്തൊഴിലിലും താല്പര്യം യാവചിലർക്കോ, ദൈത്യാദികളാകുന്ന ആ മനുഷ്യരെല്ലാവരും നരകഗാമികളാകുന്നു.'

വൈശംപായനൻ:—'അസുരാദികൾക്കു നാസ്തികത്വം മൂലം ദേവത്വമില്ല, ദേവലോകമില്ല; അവർക്കു പിന്നെ ഭോഗ്യവും സൌഖ്യവും ആരോഗ്യവും ആയുസ്സും ബലവും രാജ്യവും കീർത്തിയും ഇഷ്ടപ്രാപ്തിയും നീതിവിദ്യാദികളും ദാനാദ്ധ്യയനയജ്ഞാദികളും എങ്ങനെയാണ്? ഗുരോ, ഇതു ഈ ആപസ്തംബശിഷ്യനു പറഞ്ഞുതരുമാറാകണം.'

വ്യാസൻ:—'അസുരർക്കു സാഹസത്താൽ തന്നെയാണ് തപോവ്രതയജ്ഞാദികളും സജനപ്രീതിയും സിദ്ധിക്കുന്നത്. ദാനധർമ്മം വിശുദ്ധഗുണങ്ങളും വിട്ടുവീഴ്ചയും നീതിശാസ്ത്രതത്ത്വജ്ഞാനം വിവിധവ്രതങ്ങളാൽ വിദ്വജ്ജനം ആരോ, അവൻ ദേവലക്ഷണനാകുന്നു. മണ്ണിലും വിണ്ണിലും പുരാണശാസ്ത്രോക്തങ്ങളായ കർമ്മങ്ങളാൽ പുണ്യം നേടുന്നതെവനോ, അവൻ ഭൂമിയെ ഉദ്ധരിപ്പാൻ പോന്നവനത്രേ; ശിവനോ വിഷ്ണുവോ ചണ്ഡികയോ സൂര്യനോ ഗണപതിയോ ആരാൽ ഭജിക്കപ്പെടുന്നുവോ, അവൻ പിതൃക്കളെയെല്ലാം കരയേറ്റി, ഭൂമിയെ ഉദ്ധരിപ്പാൻ പോന്നവനത്രേ. വിശേഷിച്ചും

Digitized By Kerala Sahitya Akademi

വൈഷ്ണവനെ കണ്ടാൽ സന്തോഷം തോന്നുകയും പൂജിക്കുകയും ചെയ്യുന്നവൻ പാപമെല്ലാം വേർപെട്ട ഭൂമിയെ ഉദ്ധരിപ്പാൻ പോന്നവനത്രേ; നിത്യം ഷട്കർമ്മങ്ങളിലും എല്ലാ യജ്ഞങ്ങളിലും ധർമ്മാഖ്യാനത്തിലും തല്പരനായ ബ്രാഹ്മണൻ ഭൂമിയെ ഉദ്ധരിപ്പാൻ പോന്നവനത്രേ.

വിശ്വാസഘാതി, കൃതഘ്നൻ, വ്രതമറവൻ, ദേവദ്വിജദ്വേഷി എന്നിവർ പൃഥിവിയെ അധഃപതിപ്പിക്കുന്നവരാകുന്നു. അച്ഛനമ്മമാരേയും സ്ത്രീകളേയും ഗുരുജനങ്ങളേയും കുട്ടികളേയും പുലർത്താത്തവൻ ബ്രഹ്മസ്വദേവസ്വരാജസ്വങ്ങൾ അപഹരിക്കുന്നവൻ എന്നിവർ എന്നെന്നേയ്ക്കും പൃഥിവിയെ അധഃപതിപ്പിക്കുന്നവരാകുന്നു; മദ്യപാനം, ചൂതാട്ടം, പാഷണ്ഡപതിതരോട് സംഭാഷണം എന്നിവ ചെയ്യുന്നവർ പൃഥിവിയെ അധഃപതിപ്പിക്കുന്നവരാകുന്നു; മഹാപാപി, അതിപാപി, വളരെജന്തുക്കളെ കൊല്ലുന്നവൻ എന്നിവർ പൃഥിവിയെ അധഃപതിപ്പിക്കുന്നവരാകുന്നു; സൽക്കർമ്മമില്ലാതെയും സദാചാരോഹിയും ക്രൂസൽവിട്ടും സ്മൃതിശാസ്ത്രങ്ങളെത്തള്ളിയുമിരിക്കുന്നവർ പൃഥിവിയെ അധഃപതിപ്പിക്കുന്നവരാകുന്നു; തന്റെ വൃത്തി വിട്ട് അധമവൃത്തി ആചരിക്കുകയും ഗുരുവിനെ ദ്വേഷത്താൽ നിന്ദിക്കുകയും ചെയ്യുന്നവർ പൃഥിവിയെ അധഃപതിപ്പിക്കുന്നവരാകുന്നു; ദാനം മുടക്കുക, പാപത്തിന്നുദ്യമിപ്പിക്കുക, ദീനരേയും അനാഥരേയും പീഡിപ്പിക്കുക എന്നിവ ചെയ്യുന്നവർ പൃഥിവിയെ അധഃപതിപ്പിക്കുന്നവരാകുന്നു; ഈവക പാപകർമ്മാക്കളെല്ലാം സ്വവംശത്തേയും പൃഥിവിയേയും അധഃപതിപ്പിക്കുന്നവരാകുന്നു.

ഇഹത്രലോകഹൃദ്യവും രമ്യവും ഹിതവുമായ ഈ ഉപാഖ്യാനം ആർ ശ്രവിക്കുമോ, അവന്നു ദുർഗ്ഗതിയില്ല; ദുഃഖമില്ല; ദുർഭഗതയില്ല; ദീനതയില്ല; ദൈത്യാദികളിൽ ജനനമില്ല; എന്നെന്നും സ്വർഗ്ഗസുഖം സിദ്ധിക്കും; അകാലമരണം സംഭവിക്കില്ല; പാപം പറ്റില്ല. അവൻ ഇഹത്തിൽ സർവ്വജനാഭ്യുക്ഷണം സ്വർഗ്ഗത്തിൽ സ്വർഗ്ഗാധിനാഥനുമാകും; അനേക കല്പം സ്വർഗ്ഗമനുഭവിച്ചു മോക്ഷവുമടയും.'

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദേ, പുണ്യാപുണ്യവ്യക്തികഥനം എഴപത്തിനാലാമദ്ധ്യായം.

:0:

Digitized By Kerala Sahitya Akademi

എഴുപത്തഞ്ചാമദ്ധ്യായം

വൈശംപായനൻ:—'സ്വാമിൻ, ബ്രാഹ്മണോത്തമ, നാമതോരം ആകാശത്തുദയംചെയ്യുന്ന ഈ ജ്യോതിസ്സാഥൻ ആരാണ്? പ്രഭാവമെന്ത്? എവിടെ ജനിച്ചു? എന്തു ചെയ്യുന്നു? ഈ രശ്മിസ്വരൂപനെ ഭോമഹർഷി സിദ്ധചാരണരും ദൈത്യരാക്ഷസരും ബ്രാഹ്മണാദി മനുഷ്യരുമെല്ലാം എന്നെന്നും പൂജിച്ചുപോരുന്നുണ്ടല്ലോ.'

വ്യാസൻ:— ബ്രഹ്മാവിന്റെ തിരുമെയ്യിൽനിന്നുണ്ടായ പരമബ്രഹ്മതേജസ്സാണിത്—ധർമ്മാർത്ഥകാമമോക്ഷങ്ങളെ നൽകുന്ന സൂക്ഷ്മാൽ ബ്രഹ്മംതന്നെ. ഈ സപ്തസ്വകിരണപുഞ്ജത്തിന്റെ ചൂട് തീരെ ദുസ്സഹമായിരുന്നു: ലോകങ്ങളും ചണ്ഡരശ്മികളാൽ സംതപ്തരായി പാതൊഴിഞ്ഞു; സമുദ്രങ്ങളും നദീനദാദികളുമെല്ലാം വറ്റിത്തുടങ്ങി; ജന്തുക്കളും അവശപ്പെട്ട ചാവുകയായി. അതിനാൽ ഇന്ദ്രാദിദേവന്മാർ ബ്രഹ്മാവിന്റെ അടുക്കൽച്ചെന്ന സങ്കടമറിയിച്ചു. അവരോട് വിരിഞ്ചൻ അരുളിച്ചെയ്തു:—'ദേവന്മാരേ, ആദിബ്രഹ്മശരീരത്തിൽ നിന്നുത്ഭൂതനായി ജലത്തിൽ ഉണ്ടായിവന്ന തേജോമയനാണിവൻ; അതും ഇവനും തമ്മിൽ വ്യത്യാസമൊന്നുമില്ല. ബ്രഹ്മാവുമുതൽ പുൽക്കൊടിവരെയുള്ള സചരാചരത്തെലോകൃത്തിലെങ്ങും ഇവൻ സന്നിധിചെയ്യുന്നു. സാത്ത്വികനായ സവിതാവും സ്വാമിയുമാണിവൻ; ഇവന്റെ മധ്യത്തിൽ സ്ഥിതിചെയ്യുന്നത്, രജോമയനായ സാക്ഷാൽ അമൃതകിരണനാകുന്നു. ഇവരിരുവരാലത്രേ, ദിവ്യമൂർത്തികളായ ദേവന്മാരും ജരായുജാണ്ഡജോദ്ഭിജ്ജങ്ങളുമാകുന്ന ചരാചരലോകങ്ങളെല്ലാം രക്ഷിക്കപ്പെടുന്നത്. ഈ സൂര്യന്റെ പ്രഭാവം വർണ്ണിപ്പാൻ നാം സമർത്ഥരല്ല. ലോകങ്ങളെ സൃഷ്ടിക്കുന്നതും കാത്തു രക്ഷിക്കുന്നതും ഇവനാണ്. സകലരേയും രക്ഷിച്ചുപോരുന്നതിനാൽ ഇവനു സദൃശനായിട്ടാരുമില്ല. പ്രഭാതകാലത്ത് ഇവനെ ഭർശിച്ചാൽ മതി, പാപസഞ്ചയം അലിഞ്ഞുപോകും. ബ്രാഹ്മണാദിജനങ്ങളും ഇവനെ ആരാധിച്ചു മോക്ഷമടയുന്നു. സന്ധ്യാവന്ദനസമയത്തു കൈകൂപ്പൊക്കുന്ന ബ്രഹ്മജ്ഞബ്രാഹ്മണർ ദേവകളാലും പൂജിക്കപ്പെടുന്നു. ഇവന്റെ ബിംബത്തിൽ സ്ഥിതിചെയ്യുന്ന സന്ധ്യാദേവിയെ ഉപാസിച്ചിട്ടാണ് ദ്വിജരെല്ലാം സ്വർഗ്ഗവും മോക്ഷവും നേടുന്നത്. ഭൂമിയിൽ വീണ ഉച്ഛിഷ്ടങ്ങളും ക്രമി ഇവന്റെ രശ്മികളാൽ വിശുദ്ധി

Digitized By Kerala Sahitya Akademi

പ്പെടുന്നു. സന്ധ്യാവന്ദനം ഒന്നുമതി കല്മഷങ്ങളെ വേർപെടുത്താൻ. ചണ്ഡാലൻ, ഗോഹന്താവു്, പതിതൻ, കുഷ്ഠരോഗി, മഹാപാതകി, ഉപപാതകി എന്നിവരെ ദർശിച്ചാലത്തെ കനത്ത ദോഷം സൂര്യദർശനംകൊണ്ടു വിട്ടൊഴിയും. ഇവനെസ്സേവിച്ചാൽ മതി, സർവ്വരോഗങ്ങളും ശമിപ്പാൻ. അന്ധതയോ ദാരിദ്ര്യമോ ദുഃഖമോ ശോചനീയതയോ സൂര്യസേവകന്നുണ്ടാകയില്ല. ഹരിഹരാദികളായ ദേവന്മാരെ ആരും കണ്ടിട്ടില്ലല്ലോ; അവർ ധ്യാനഗമ്യന്മാരാകുന്നു; ഇവനോ, പ്രത്യക്ഷദൈവതമത്രേ.'

ദേവന്മാർ:—'ബ്രഹ്മൻ, ആരാധനവും ഉപാസനവും പൂജനവും ഇരിക്കട്ടേ; ഇവനെ ദർശിക്കാനേ വയ്യ: പ്രളയാഗ്നിപോലിരിക്കുന്നു! ഭൂമിയിൽ മനുഷ്യാദി പ്രാണികളെല്ലാം ചത്തമട്ടിലായിരിക്കുന്നു; ഇവന്റെ തേജസ്സാൽ സമുദ്രാദികളും വറ്റിപ്പോയി. ഞങ്ങൾക്കുകൂടി സഹിപ്പാൻ വയ്യ; പിന്നെയാണോ മറ്റുള്ളവക്കു്! അതിനാൽ ഇവിടുന്നു ദയചെയ്തു്, സൂര്യനെ മനുഷ്യർക്കു ഭക്തിയോടെ പൂജിപ്പാനും യജിപ്പാനും തക്ക നിലയിലാക്കുക.'

അമരന്മാരുടെ അപേക്ഷയാൽ ബ്രഹ്മാവു് സർവ്വലോകഹിതത്തിന്നായി, സൂര്യന്റെ അടുക്കൽച്ചെന്നു സ്തുതിപ്പാൻ തുടങ്ങി:—

(ശ്ലോകങ്ങൾ)

'ദേവ, നീയുലകിനെല്ലാം കണ്ണായുള്ളോൻ നിരാമയൻ;
സാക്ഷാൽ ബ്രഹ്മസ്വരൂപൻ നീ ദുഷ്പ്രേക്ഷ്യൻ പ്രളയാനലൻ.
എല്ലാശ്ശരീരങ്ങളിലുമഗ്നിയായ് വാഴ്വതും ഭവാൻ;
അന്നാദികം ഭവിപ്പിപ്പോൻ, ജീവനം നൽകുവോൻ ഭവാൻ.
ഉൽപ്പത്തിയും പ്രളയവും നീ താൻ ചെയ്യുന്നു ജഗൽപതേ;
നീയില്ലാതൊരുനാമംപോലും ജീവിക്കില്ലേതൊരുത്തനും!
നീതാൻ ചരാചരങ്ങൾക്കു നാഥൻ, ഗോപ്താവു, പാലകൻ,
അച്ഛനമ്മയു;–മിപ്പാരിന്നാധാരം നിന്നനുഗ്രഹം!
ഇല്ലേതു ദേവകളിലും ഭഗവാനേ, ഭവത്സമൻ:
പുറത്തുമുള്ളിലും വാഴ്വു സർവ്വലോകത്തിലും ഭവാൻ;
എങ്ങുമുണ്ടിവിടുന്നു;–ങ്ങേ താങ്ങിനിർത്തുന്ന പാരിനെ!
രൂപഗന്ധാദികത്താവു രസസ്പാടുതകാരി നീ;
ഭവാൻ വിശേശ്വരൻ സൂര്യനൊക്കെയും നിലനിർത്തുവോൻ.

Digitized By Kerala Sahitya Akademi

തീർത്ഥങ്ങളും, പുണ്യക്ഷേത്രങ്ങളും, യജ്ഞങ്ങളിതുകൾക്കൊക്കെയും,
മൂലഭൂതനായ ഭവാനേകൻ സർവ്വസാക്ഷി ഗുണാകരം.
സർവ്വജ്ഞൻ സർവ്വകർത്താവു ഹർത്താ ഗോപ്താ സർവോദയൻ
ധർമ്മപങ്കാമയധ്വംസി ദാരിദ്ര്യാന്ധകഹാരി നീ.
ഇങ്ങുമങ്ങും മഹാബന്ധു സർവ്വജ്ഞൻ സർവദർശി നീ;
അങ്ങൊഴിഞ്ഞാരുമില്ലല്ലോ സർവലോകോപകാരിയായ്!'

സൂര്യൻ:—'പിതാമഹ, മഹാപ്രാജ്ഞ, വിശ്വേശ, വിശ്വഭാവന, വേഗത്തിൽ പറഞ്ഞാലും: ഞാൻ ഇവിടുത്തേയ്ക്ക് എന്തു ചെയ്യേണ്ടു?'

ബ്രഹ്മാവ്:—'സുരേശ്വര, അങ്ങയുടെ അതിചണ്ഡമായ കിരണം ലോകങ്ങൾക്കു സഹിക്കാവുന്നതല്ല; അതിനെ മാർദ്ദവപ്പെടുത്തിയാലും.'

സൂര്യൻ:—'പ്രഭോ, ലോകത്തെ നശിപ്പിക്കുന്നവയായ എൻ്റെ കോടാനുകോടി രശ്മികളിൽ ലോകത്തിനു വേണ്ടാത്തേടത്തോളം ഭാഗം വല്ലവിധത്തിലും നീക്കിക്കളഞ്ഞുകൊള്ളുക.'

ഇതിൻവണ്ണം വിരിഞ്ചൻ അപ്പോൾത്തന്നെ വിശ്വകർമ്മാവിനെ വരുത്തി, പ്രളയാഗ്നിതുല്യമായ സൂര്യരശ്മിയെ വജ്രശാണമേൽ വെച്ചു കടഞ്ഞുകളയിച്ചു. ആ രശ്മികൊണ്ടത്രേ, വിഷ്ണുവിൻ്റെ സുദർശനചക്രവും യമൻ്റെ അമോഘമായ ദണ്ഡും ശിവൻ്റെ ശൂലവും കാലൻ്റെ കട്ടത്ത വാളും സുബ്രഹ്മണ്യൻ്റെ വേലും ചണ്ഡികയുടെ വിചിത്രശൂലവും വിശ്വകർമ്മാവ് ബ്രഹ്മാജ്ഞയാൽ നിർമ്മിച്ചതു്. ആയിരം കിരണം ശേഷിച്ചു; മറ്റതൊക്കെ കടഞ്ഞു കളയപ്പെട്ടു. വീണ്ടും കശ്യപമുനിയിങ്കൽനിന്ന് അദിതിഗർഭത്തിൽ അവതരിച്ചതിനാൽ സൂര്യന്ന് ആദിത്യനെന്ന പേർ വന്നു.

തന്തിരുവടി ഏന്നെന്നും ഭൂമിയിൽനിന്നു ലക്ഷം യോജന മുകളിലായി പകലിരവു സുമേരുശൃംഗത്തെച്ചുറ്റി ലോകത്തിൻ്റെ അറ്റംവരെ സഞ്ചരിക്കുന്നു; അതോടുകൂടി, ചന്ദ്രാദി ഗ്രഹങ്ങളും ധാതൃപ്രേരണയാൽ ചരിക്കുന്നു. ദ്വാദശാത്മാവായ സൂര്യൻ പന്തിരണ്ടു മാസങ്ങളിലും സംക്രമിക്കുന്നു; അതിനു സംക്രാന്തി എന്നുപേർ. സംക്രാന്തികളിൽ സൽക്കർമ്മം ചെയ്താലത്തെ ഫലവും പറയാം: മിഥുനം, കന്നി, ധനു, മീനം, ഈ മാസങ്ങളിലെ സംക്രാന്തിക്കു ഷഡശീതി

Digitized By Kerala Sahitya Akademi

എന്നും, ഇടവം, ചിങ്ങം, വൃശ്ചികം, കുംഭം എന്നിവയിലേതിന്നു വിഷ്ണുപടി എന്നും പേർ; ഷഡശീതിയിൽ ഫലം എൺപത്തെണ്ണായിരവും, വിഷ്ണുപടിയിൽ ലക്ഷവും, അയനങ്ങളിൽ ഓരോ കോടിയുമത്രേ. രണ്ടയനങ്ങളിലും കൂടെചെയ്താൽ, അതു അക്ഷയമായിരിക്കും. ബ്രാഹ്മണ, മകരസംക്രമത്തിൽ, വിശേഷിച്ചും പ്രാതഃകാലത്തു്, സ്നാനംചെയ്താൽ പതിനായിരം പശുദാനമായി! തപ്പണം, ദാനം, ദേവാർച്ചനം എന്നിവയെല്ലാം, അധികമില്ല! വിഷ്ണുപടിയിൽ ചെയ്യപ്പെട്ട ദാനം ദാതാവിന്നു് ഏഴു ജന്മത്തും അനുഭവപ്പെടും. തണുപ്പുകാലത്തു്, പഞ്ഞി നിറച്ച കിടക്ക ദാനംചെയ്യുവന്നു ദേഹപീഡയുണ്ടാകില്ല: തുലാദാനത്തിന്റെ ഫലമുണ്ടു്, ശയ്യാദാനത്തിന്നു്. എല്ലാ ഉപകരണങ്ങളോടും കൂടി കിടക്കയേ കുലീനനായ ബ്രാഹ്മണന്നു സശ്രദ്ധം നൽകിയാൽ രാജപദവി ലഭിക്കും. നദീതീരത്തും പെരുവഴിയിലും തീ, വെള്ളം, എണ്ണ, താംബൂലം എന്നിവ നൽകി, ദ്വിജനെ കേതിപൂവം വണങ്ങിയവൻ ഭൂപതിയായി അക്ഷയധനം നേടും. മാഘമാസത്തിലെ അമാവാസിയിൽ പ്രാതഃസമയത്തു പിതൃക്കൾക്കു് എള്ളും നീരും മാത്രം കൊടുത്താൽ എന്നെന്നും സ്വർഗ്ഗത്തിൽ വാഴാം; കൊമ്പു സ്വർണ്ണംകൊണ്ടും കളമ്പു വെള്ളികൊണ്ടും കെട്ടിച്ച സവത്സവസ്ത്രയായ സുലക്ഷണ ഗോവിനെ ഓട്ടകറവുപാത്രത്തോടൊപ്പം ബ്രാഹ്മണശ്രേഷ്ഠന്നു നൽകിയവൻ ചക്രവർത്തിരാജാവായി വാഴും; അന്നവും ആഭരണവും കൊടുത്തവൻ മണ്ഡലേശനായ മന്നവനായി ധനേശപദമായി വരും; തിലധേനുവിനെ എല്ലാ വിഭവങ്ങളോടും കൂടി നൽകിയവൻ ഏഴു ജന്മങ്ങളിലെ പാപം നീങ്ങി എന്നെന്നും സ്വർഗ്ഗത്തിൽ വസിക്കും; ബ്രാഹ്മണന്നു ഭോജ്യംകൊടുത്തവൻ അക്ഷയസ്വർഗ്ഗമനുഭവിക്കും; ധാന്യം, വസ്ത്രം, ഭൃത്യൻ, ഗൃഹം, പീഠം മുതലായവയെ ദ്വിജശ്രേഷ്ഠന്നു നൽകിയവനെ ലക്ഷ്മി കൈവിടുകയില്ല! യുഗാരംഭതിഥികളിൽ അല്പമോ അനൽപ്പമോ വല്ലതും ദാനംചെയ്താൽ, അതു പരലോകത്തു് അക്ഷയമായിരിക്കും; ദേവാർച്ചനം, സ്തോത്രം, ധർമ്മാഖ്യാനശ്രവണം എന്നിവകൊണ്ടും മനുഷ്യൻ പാപമെല്ലാമകന്നു സ്വർഗ്ഗത്തിൽ പൂജിക്കപ്പെടും.

മാഘമാസത്തിലെ വെളുത്ത തൃതീയ മന്വന്തരതൃതീയയാകുന്നു; അന്നത്തെദ്ദാനമെല്ലാം അക്ഷയമായിരിക്കും: ധനവും ഭോഗ്യവും രാജ്യവും കല്പം മുഴുവൻ സ്വർഗ്ഗവാസവും ലഭിക്കും; അതിനാൽ അന്നു് ദാനവും സാധുപൂജനവും പരലോകത്തു് അനന്തഫലങ്ങളെ തരും. ഈ മാഘത്തിലെ കറുത്ത സപ്തമി മന്വന്തരസപ്തമിയത്രേ; ആ തിഥിയും

Digitized By Kerala Sahitya Akademi

പരമപുണ്യമാണെന്നു പുരാണങ്ങളിൽ പറഞ്ഞിട്ടുണ്ട് മാഘമാസത്തിലെ വെളുത്ത സപ്തമിക്കു കോടിഭാസ്കര എന്നു പേർ പറയുന്നു; ആ പുണ്യതിഥി നോറവന്നു പുനർജ്ജന്മമില്ലതന്നെ! സൂര്യഗ്രഹണത്തിനു തുല്യമാണ് മാഘശുക്ലസപ്തമി; അന്നു പ്രാതഃസ്നാനത്തിനു ഫലം കുറച്ചല്ല. സ്നാനമന്ത്രം ഇതാണ്:—

'യച്ച തത്ര കൃതം പാപം മയാ സപ്ത സുജന്മസു
തന്മേ രോഗം ച ശോകം ച ഭാസ്കരീ ഹന്തു സപ്തമീ!
ജനനീ സർവ്വഭ്രതാനാം സപ്തമീ സപ്തസപ്തികേ
സപ്തമ്യാമുദിതേ ദേവി നമസ്തേ രവിമണ്ഡലേ!'

എരിക്കില, യവം, പുഷ്പം, ഗന്ധദ്രവ്യം, കടലിപ്പഴം, അരി, പൂണനൂൽ, സിന്ദൂരം എന്നിവ കടലിയിലയിലോ ചെമ്പുപാത്രത്തിലോ ആക്കി ശോഭനമായ അർഘ്യം നൽകിയവന്ന് ഏഴു ജന്മങ്ങളിലെ പാപമെല്ലാം നശിക്കും; പിന്നെ നരകത്താലൊ രോഗത്താലൊ പാപത്താലൊ സങ്കടം നേരിടുകയില്ല. വെടുപ്പുവരുത്തിയ ഉണക്കലരി കൊണ്ടുള്ള ചോറാകുന്ന ഹവിഷ്യം വേണം ഭക്ഷിക്കുക; അമ്മിമേൽ വെച്ചു 'തരങ്ങി'യതും മുക്കം ശാകവും വരകും വാഴയ്ക്കയും ആട്ടിൻനെയ്യും തലനാരോ പുഴവോ ചേന്നതും മുടവെള്ളത്തിൽക്കുളിയും ചെറിയ കരു മുതലായതും സൂര്യവ്രതത്തിൽ വജ്ജിക്കണം. വ്രതക്കാരനു ധർമ്മചിന്തയേ പാടുള്ളൂ. സൌരവ്രതം വളരെപ്പുണ്യമാണെന്നു പുരാണങ്ങളം കൊണ്ടാടിയിരിക്കുന്നു; അതനുഷ്ഠിച്ചവൻ ആയിരമായിരം കോടി വർഷവും നൂറുനൂറുകോടി വർഷവും ദ്യോവിങ്കൽ ആദിത്യനൊത്ത ഭോഗ്യം ഭുജിക്കും; അവിടം വിട്ടാൽ ഭൂമിയിൽ സമ്പത്തേറിയ രാജാവായി വാണ്, വീണ്ടും പൂർവ്വാസനയാൽ സൌരവ്രതമനുഷ്ഠിക്കും! ഭാസ്കരപ്രസാദത്താൽ മനുഷ്യന്ന് ആരോഗ്യവും ഭോഗ്യവും സമ്പത്തും ശാശ്വതമായ സപ്തസുഖവും ലഭിക്കും.

മാഘമാസത്തിൽ ഞായറാഴ്ചയോടു ചേന്ന് ശുക്ലസപ്തമി മഹാജയയെന്നും അങ്ങിനെയല്ലാത്തതു വിജയയെന്നും കീർത്തിക്കപ്പെടുന്നു: വിജയ കോടിലക്ഷം മടങ്ങും മഹാജയ കണക്കില്ലാതെയും ഫലം നൽകും. അതൊന്നു നോറാൽത്തന്നെ പുനർജ്ജന്മമില്ലാതാവും. അന്ന് അശ്വം, രത്നം, സ്വർണ്ണം, മുകന്ന വസ്തുക്കൾ എന്നിവ ദാനംചെയ്യുവൻ സൂര്യപ്രസാദത്താൽ ഭൂവിന്നും ദ്യോവിന്നും അധിപനായിവരും. ഇവയുടെ വ്യത്യാസവും ശരിക്കു കേട്ടുകൊള്ളുക: അശ്വത്തെ

Digitized By Kerala Sahitya Akademi

ശ്രേഷ്ഠാരേണങ്ങളണിയിച്ചു ദാനം ചെയ്യുവന്ന് 'ഏഴാഴികൾംചൂഴ മൂഴി' നിസ്സപത്നമായി കൈവരും. വിലയേറിയ രത്നഭാജനം, സപ ണ്ണംകൊണ്ടുള്ള പദാത്ഥം, അല്ലെങ്കിൽ വെറും സപർണ്ണം, എന്നിവ നൽകിയവൻ ത്രിവിഷ്ടപൈശ്വര്യം നേടും; ചുകന്ന വസ്ത്രവും ധാ ന്യവും കഴിവുപോലെ കൊടുത്തവൻ മന്നിന്നും വിണ്ണിന്നും അധിപ തിയായി വരും; അവനെ ലക്ഷ്മി കൈവിടുകയില്ല; അവൻ ആരോഗ്യ വാനും പ്രസന്നാത്മാവും പ്രതാപശാലിയും തസ്കരജേതാവുമായി, സൂ ര്യനുള്ളേടത്തോളം കാലം ഉലോം പൂജിക്കപ്പെടും. മാഘത്തിലും മറും ഈ സപ്തമി നോറവൻ ഇഹത്തിൽ അഭീഷ്ടം ഭുജിച്ച് ദേവ ന്മാരാൽ ആദരിക്കപ്പെടും. അക്സപ്തമി വഴിപോലെ നോററ പ്രാ ജ്ഞൻ പാപം നീങ്ങി, ഇഹത്തിൽ അഭീഷ്ടം നേടി, മുക്തിയടയും. മാസംതോറും ഈ വ്രതമനുഷ്ഠിക്കേണ്ടതെങ്ങിനെ എന്നും പറഞ്ഞു തരാം: ഉത്തരായണത്തിൽ വെളുത്തപക്ഷത്തിൽ പുരുഷനക്ഷത്ര ത്തിൽ വേണം, സപ്തമീവ്രതം കൊള്ളുക: അത്തം, അനിഴം, പൂ യം, ഓണം, മകയിരം, പുണർതം എന്നിവ പുരുഷനക്ഷത്രങ്ങളത്രേ. പഞ്ചമിയിൽ ഒരിക്കലൂണ്; ഷഷ്ഠിയിൽ നക്തഭോജനം; സ പ്തമിയിൽ ഉപവാസം; അഷ്ടമിയിൽ പാരണ. ഒരിക്കലൂണും ന ക്തഭോജനവും ഉപവാസവും വിധിപോലെ അനുഷ്ഠിച്ച്, എരിക്കില (ഗ്രാമത്തിന്റെ കിഴക്കുവടക്കുവശം നിൽക്കുന്ന എരിക്കിന്റെ കൊ മ്പിൻതലയ്ക്കൽനിന്നു നുള്ളിയ രണ്ടു ചെറിയ ഇല) ത്രുചിയായ (നി ലത്തു വീഴുന്നതിനുമുമ്പേ എടുത്ത) പൈച്ചാണകം, നല്ല (കേടും പ ഴക്കവുമില്ലാത്ത) മുളകുമണി, വെള്ളം, കായ (ഈത്തപ്പഴമോ, തേ ങ്ങയോ) കിഴങ്ങ്, പാൽ, കാറ്റ്, നെയ്ചേർത്ത ഭോജ്യം, നെയ്യ് എന്നിവ (വെള്ളംകുട്ടി പല്ലുതൊടാതെ) സേവിച്ച് രവിവാരസപ്തമി നോററാൽ എന്തഭീഷ്ടവും സാധിക്കും. വെയിലത്തു തന്റെ നിഴൽ ഇരട്ടിക്കുന്നതെപ്പോഴോ, അപ്പോഴാണ് നക്തം; നക്തഭോജനം രാ ത്രിയിൽ ഉണ്ണുകയല്ല.

ആദിയിൽ ഫലപുഷ്പപാളികൾംകൊണ്ടു ദേവനെ മന്ത്രപൂർവം പൂജിക്കണം; പിന്നെ, വിധിച്ചിട്ടുള്ളേടത്തോളം അന്നം നിവേദി ക്കണം. പൂജാസമയത്തു വിശേഷിച്ചും, സർവലക്ഷണ സമ്പൂർണ്ണനാ യി സർവാഭരണഭൂഷിതനായി ദ്വിഭുജനായി രക്തവർണ്ണനായി രക്ത പങ്കജപാണിയായി തേജോബിംബനായി ബഹുജലമധ്യസ്ഥിതനാ യി സുപരിഷ്ഠനായി പദ്മാസനസ്ഥനായി രക്തഗന്ധാനുലേപ

Digitized By Kerala Sahitya Akademi

നനായിരിക്കുന്ന ആദിത്യദേവനെ ധ്യാനിക്കണം. 'ഭാസ്കരായ വിദ്മഹേ സഹസ്രരശ്മയേ ധീമഹി തന്നഃ സൂര്യഃ പ്രചോദയാൽ' എന്ന മന്ത്രം; ഈ ജയാവഹമായ മന്ത്രം സപ്തമിയിൽ വിശേഷിച്ചും ജപിക്കേണ്ടതാകുന്നു. കണവീരപ്പൂവ്, ഉങ്ങിൻപൂവ്, ചെങ്കുങ്കുമം മുതലായവകൊണ്ടാണു പൂജിക്കേണ്ടതു്.

പിന്നെ അഷ്ടമിയിൽ പാരണ കഴിക്കുക. അഷ്ടമിയിൽത്തന്നെ വേണം പാരണ; നവമിയിലാകരുതു്. നവമീതിഥിയിൽ പാരണകഴിച്ചാൽ വ്രതത്തിന്റെ ഫലം കിട്ടുകയില്ല. അപരാഹ്നത്തിൽ വേണം പാരണ: എരുവും ചവർപ്പും പുളിയും പാടില്ല; അരി നന്നായി വൃത്തിപ്പെടുത്തണം; ചാമ മുതലായതും, ചെറുപയർ, ഉഴുന്നു്, എള്ളു് മുതലായതും തരങ്ങിയതും വർജ്ജിക്കണം; പാൽ, നെയ്യു്, അന്നപാനങ്ങളം, നിരാമിഷങ്ങളായ കറികളം എന്നിവകൊണ്ടു യഥാശക്തി ബ്രാഹ്മണരെ ഭക്തിയോടെ ഊട്ടണം; അവർക്കു വെവ്വേറെ തക്ക ദക്ഷിണയും നൽകണം.

ദ്വിജശ്രേഷ്ഠ, ഈ സപ്തമി അവസാനമില്ലാത്ത ഫലങ്ങളെത്തരും; പാപത്തെയെല്ലാം നശിപ്പിക്കും; സമ്പൽസന്താനങ്ങളെ വർദ്ധിപ്പിക്കും. ഇതു മാസംതോറും സൂര്യപ്രസാദത്തിന്നായി നോറ്റു ഭക്തിയോടേ പാരണ കഴിച്ചവൻ സൂര്യലോകം പുക്കു് ഒരുകോടി കല്പം മുഴുവൻ സുഖിക്കും; ഒടുവിൽ പരമപദവും പ്രാപിക്കും. ഈ രഹസ്യം പണ്ടു് ശിവൻ അരുളിച്ചെയ്തതാണു്. ഇതു പതിവായി ശ്രവിക്കുകയോ ലോകരെ ശ്രവിപ്പിക്കുകയോ ചെയ്താൽത്തന്നെ വ്രതമനുഷ്ഠിച്ചതിന്റെ ഫലം കിട്ടും!'

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ദിഷ്ടുപുലസ്ത്യസംവാദം, സൂര്യമാഹാത്മ്യപ്രകരണം, അക്കസപ്തമീവ്രതകഥനം എഴുപത്തഞ്ചാമദ്ധ്യായം.

എഴുപത്താറാമദ്ധ്യായം

വൈശംപായനൻ:—'ഭഗവാന്റെ പ്രസാദത്താൽ എനിക്കു പാവനമായ വ്രതം കേൾക്കാനിടവന്നു; സൂര്യനു പ്രിയമായ മറെറാരു വ്രതംകൂടി കേൾക്കേണമെന്നുണ്ടു്.'

Digitized By Kerala Sahitya Akademi

വ്യാസൻ:—'കമനീയമായ കൈലാസശൃംഗത്തിൽ സൈരമായി വാണരുളുന്ന മഹേശ്വരനെ വീണാവണങ്ങി സുബ്രഹ്മണ്യൻ അപേക്ഷിച്ചു:—'അക്കാംഗം എന്ന വിധി എനിക്കുള്ളൻ വിസ്തരിച്ചു പറഞ്ഞുതന്നുവല്ലോ; ആഴ്ചയുടേയും മറും ഫലം ശരിക്കു കേൾക്കണമെന്നുണ്ട്.'

ശിവൻ:—'രവിവാരത്തിൽ ചുകന്ന പൂക്കൾകൊണ്ടർഘ്യം നൽകുകയും, ഹവിഷ്യാന്നംകൊണ്ടു നക്തഭോജനം കഴിക്കുകയും ചെയ്യുന്ന വ്രതക്കാരൻ സ്വർഗ്ഗത്തിൽനിന്നു ഭ്രംശിക്കുകയില്ല. സപ്തമീവിധിയെല്ലാം രവിവാരത്തിലും അനുഷ്ഠിക്കുന്നവർക്കൽ സഗണനായ പരമേശ്വരൻ പ്രസാദിക്കും. സപ്തമിയും ഞായറാഴ്ചയും നോറവൻ സൂര്യനെപ്പോലായിവരും; ഒന്നുകൊണ്ടുതന്നെ, ആകാശത്തു സൂര്യനുള്ളടത്തോളം കാലം, ഗണാധിപത്യം സിദ്ധിക്കും. പുണ്യവും രോഗനാശനവും സർവ്വാഭീഷ്ടസാധകവും സർവ്വാപവർഗ്ഗപ്രദവുമത്രേ രവിവാരവ്രതം. ഞായറാഴ്ചയോടു സംക്രാന്തിയോ സപ്തമിയോ ചേർന്നുദിനത്തിലെ വ്രതപൂജാജപാദിയെല്ലാം അക്ഷയമായിരിക്കും.

രവിവാരത്തിൽ ആദിത്യനെ മന്ത്രംകൊണ്ടാവാഹിച്ചു പൂജിക്കണം: രണ്ടു തൃക്കൈകളോടും അഴകൊത്ത കണ്ണോടും കൂടി, സർവ്വാഭരണങ്ങളുമണിഞ്ഞു്, ചുകന്ന പട്ടുടുത്തു്, ചെന്താമരപ്പൂവിൽ സ്ഥിതിചെയ്യുന്ന സൂര്യനെ ധ്യാനിച്ചു്, പുഷ്പം ഇരുകൈകൊണ്ടുമെടുത്തു ശ്ലോകം ചൊല്ലിച്ചു് ഈശാനകോണിലേയ്ക്കിടണം. 'ആദിത്യായ വിദ്മഹേ ഭാസ്കരായ ധീമഹി തന്നോ ഭാനുഃ പ്രചോദയാൽ' എന്ന മന്ത്രം ജപിച്ചു്, ഗുരുപദേശമനുസരിച്ചു്, രക്തപുഷ്പങ്ങൾകൊണ്ടും കളിപ്പഴം മുതലായവകൊണ്ടും സൂര്യനെ പതിവായി പൂജിക്കുന്നവൻ സൂര്യമന്ദിരത്തിൽ ചെന്നുചേരും. പൂവ്വാരാധിച്ചിട്ടു വെള്ളം നൽകുക, വെള്ളം നൽകിയിട്ടു കുറിക്കുട്ടു പൂശിക്കുക; എന്നിട്ടു ധൂപം; ധൂപാനന്തരം ദീപം; ദീപാനന്തരം നൈവേദ്യം; പിന്നെ ജലം. ഒടുവിൽ ജപവും സ്തുതിയും മുദ്രയും നമസ്കാരവും അനുഷ്ഠിക്കണം: ഒന്നാമത്തെ മുദ്ര അഞ്ജലി; രണ്ടാമതു ധേനുക. ഈ വിധം സൂര്യനെ പൂജിച്ചാൽ സൂര്യസായുജ്യം സിദ്ധിക്കും. എനിക്കു ബ്രഹ്മഹത്യാമൂലം കയ്യിൽപ്പറ്റിപ്പിടിച്ച കപാലം പ്രഭാകരപ്രസാദത്താലാണു് വാരാണസിയിൽവെച്ചു വേർപെട്ടതു്. സൂര്യനെക്കാൾ മീതെ ഒരീശ്വരൻ ത്രിഭുവനത്തിലില്ല; തൽപ്രസാദത്താലാണല്ലോ ഞാൻ ഘോര മാപാപത്തിൽ നിന്നൊഴിഞ്ഞതു്.'

Digitized By Kerala Sahitya Akademi

സ്കന്ദൻ:—'അച്ഛൻ പറഞ്ഞതു കേട്ടിട്ട് എനിക്കത്ഭുതം തോന്നുന്നു: ഇവിടുന്നൊഴിഞ്ഞു് ഒരീശ്വരൻ ആരുള്ളൂ? ഇവിടെയുള്ള ബ്രഹ്മഹത്യയെങ്ങിനെ? ഇവിടുന്നു ജ്ഞാനികളിൽ ശ്രേഷ്ഠൻ, യോഗി, ലോകനാവു്, അക്ഷരൻ, അവ്യയൻ, ദേവകൾക്കു ഗുരു, സർവ്വവ്യാപി, മഹേശ്വരൻ, സർവജ്ഞൻ, വരദൻ, എന്നെന്നും ഏവക്കും സ്വാമി; അങ്ങിനെയുള്ള നിന്തിരുവടിക്കു ദ്വേഷ്യകൃതമെങ്ങിനെ? വിശേഷിച്ചും ക്രോധമെങ്ങിനെ?'

ശിവൻ:—'മകനേ, ഞങ്ങൾ യുഗംതോറും ബ്രഹ്മവിഷ്ണുമഹേശ്വരന്മാരായി ചേർന്തിരിഞ്ഞു ലോകനന്മയ്ക്കുവേണ്ടി സകലവും ചെയ്തുപോരുന്നു. ഞങ്ങൾക്കു ബന്ധമില്ല, മോക്ഷമില്ല; അകായ്മില്ല, കായ്മില്ല; ലോകരക്ഷയ്ക്കുവേണ്ടി ശാസ്ത്രോക്തം ആചരിക്കുന്നു.

സർവ വിഘ്നങ്ങളേയും സർവ്വരോഗങ്ങളേയും പോക്കി, സർവാഭീഷ്ടവും നൽകുന്ന സൂര്യൻ തിരുവടി ഏകനെങ്കിലും കാലവ്യത്യാസത്താൽ അനേകനായിത്തീരുന്നു—ഭാദ്രശുക്ലമായിട്ടു മാസംതോറും പൂട്ടു നൽകുന്നു: ആ സനാതനൻ മാർഗ്ഗശീർഷമാസത്തിൽ മിത്രനും, പൌഷത്തിൽ വിഷ്ണുവും, മാഘത്തിൽ വരുണനും, ഫാൽഗുനത്തിൽ സൂര്യനും, ചൈത്രത്തിൽ ധാതാവും, വൈശാഖത്തിൽ തപനനും, ജ്യേഷ്ഠത്തിൽ ഇന്ദ്രനും, ആഷാഢത്തിൽ രവിയും, ശ്രാവണത്തിൽ ഗഭസ്തിയും, പ്രൌഷ്ഠപദത്തിൽ യമനും, ആശ്വിനത്തിൽ ഹിരണ്യരേതസ്സും, കാർത്തികത്തിൽ ദിവാകരനുമത്രേ. ഇവരാണു്, പന്തിരണ്ടുമാസങ്ങളിലെ പന്തിരണ്ടാദിത്യന്മാർ; എല്ലാവരും വന്ദിച്ച രൂപത്തോടും പ്രളയാഗ്നിക്കൊത്ത തേജസ്സോടുംകൂടിയവർതന്നെ. ഇതു പതിവായി ചൊല്ലുന്നവനു പാപമില്ല, രോഗമില്ല, ദാരിദ്ര്യമില്ല, ഒരേടത്തും അവമാനമില്ല; അവൻ ക്രമേണ സുഖവും രാജ്യവും യശസ്സും അക്ഷയസ്വർഗ്ഗവും നേടും. സർവപ്രീതിദമായ ഒരു മഹാമന്ത്രംകൂടി ഉപദേശിച്ചുതരാം:

'നമഃ സഹസ്രശാഖായ ആദിത്യായ നമോ നമഃ
നമസ്തേ പദ്മഹസ്തായ വരുണായ നമോ നമഃ.
നമസ്തിമിരനാശായ ശ്രീസൂര്യായ നമോ നമഃ
നമസ്സഹസ്രജിഷ്ണവേ ധാനവേ ച നമോ നമഃ.
ത്വം ച ബ്രഹ്മാത്വം ച വിഷ്ണുരുദ്രസ്ത്വം ച നമോ നമഃ
ത്വമഗ്നിസ്സർവ്വതേഷു വായുസ്ത്വം ച നമോ നമഃ.
സർവസ്സർവ്വതേഷു ന ഹി കിംചിത്ത്വയാ വിനാ
ചരാചരേ ജഗത്യസ്മിൻ സർവദേവേ വ്യവസ്ഥിതഃ.'

Digitized By Kerala Sahitya Akademi

ഇതു ജപിച്ചാൽ ക്രമേണ സപ്തഭോഗ്യാദികളും കൈവരും. ആദിത്യൻ, മാസ്കരൻ, സൂര്യൻ, അർക്കൻ, ഭാനു, ദിവാകരൻ, ഹിരണ്യരേതസ്സ്, മിത്രൻ, പൂഷാവ്, തപ്താവ്, രവയംഭ്രവ്, തിമിരാശൻ എന്നീ പന്തിരണ്ടു സൂര്യനാമങ്ങളും ശുചിയായി ജപിക്കുന്നവൻ സർവ്വ പാപരോഗനിർമ്മുക്തനായി പരഗതി പൂകും.

'തപനനൻ, താപനൻ, കർത്താ, ഹർത്താവു,ഥ മഹേശ്വരൻ,
ലോകസാക്ഷി, ത്രിലോകേശൻ, വ്യോമനാഥൻ, ദിവാകരൻ,
അഗ്നിഗർഭൻ, മഹാവിപ്രൻ, ഖഗൻ, സപ്താശ്വവാഹനൻ,
പദ്മഹസ്തൻ, തമോഭേത്താവൃഗ്യജുസ്സാമവേദകൻ'

എന്നീ ശ്ലോകനാമങ്ങളെ പതിവായി ഭക്തിപൂർവ്വം സ്മരിക്കുന്നവനുണ്ടോ രോഗഭയം? 'ഓം ഇന്ദ്രായ നമഃ, ഓം വിഷ്ണവേ നമഃ' എന്നീ ആദിത്യമന്ത്രം ജപിച്ചു ഹോമവും സന്ധ്യാവന്ദനവും ചെയ്താൽ സർവ്വശിഖണ്ഡങ്ങളും നീങ്ങും; സർവശാന്തികളും കൈവരും. കാർത്തികേയ, സർവപാപഹരമാണിതു; ഒട്ടും സംശയം വേണ്ടാ. ക്ഷുത, വിസ്ഫോടം, കാമില, ഒന്നും രണ്ടും നാലും നാൾ ഇടവിട്ടുള്ള പനി, കഫം, ക്ഷയം, കുക്ഷിരോഗം, ജ്വരം, അശ്മരി, മൂത്രകൃച്ഛ്രം, വാതരോഗം, ഗർഭരോഗം മുതലായ ഘോരരോഗങ്ങളെല്ലാം ആദിത്യമന്ത്രോച്ചാരണത്താൽ ശമിക്കും. 'രക്ഷ മാം ദേവദേവേശ ഗ്രഹരോഗഭയേഷു ച' എന്നു ദിവാകരനെ കീർത്തിച്ചാൽ അവയെല്ലാം വിട്ടൊഴിയും. എന്നെന്നും സർവാഭീഷ്ടസാധകവും ഭക്തിമുക്തിപ്രദവുമായ സൂര്യന്റെ മൂലമന്ത്രം കേട്ടുകൊള്ളുക: 'ഓം ഹ്രാം ഹ്രീം സഃ സൂര്യായ നമഃ' ഈ മന്ത്രം ജപിച്ചാൽ സർവസിദ്ധികളും കൈവരും; വ്യാധിയും അനിഷ്ടഭയവും ബാധിക്കില്ല. സൂര്യാവർത്തജലം (മന്ത്രം വെള്ളത്തിലെഴുതി, ആ വെള്ളം) കയ്യിലെടുത്തു സേവിച്ചാൽ തത്ക്ഷണം മനുഷ്യർ രോഗനിർമ്മുക്തരാകും. ഇതു ആരോഗ്യവും ആയുസ്സും പുഷ്ടിയും കൊടുക്കുന്നു; ഉപദേശിക്കുന്നു; എന്നിയ ശ്രദ്ധയായി ചെയ്യണം. കടുതൈലം ചേർത്തു നസ്യവും പാദവും ചെയ്താൽ സൂര്യാവർത്തജലം സർവരോഗങ്ങളേയും ശമിപ്പിക്കും. ഈ മന്ത്രം ജപിച്ചു സന്ധ്യാവന്ദനവും ഹോമവും കഴിച്ചാൽ രോഗങ്ങളും ക്രൂരഗ്രഹബാധകളും വിട്ടൊഴിയും. മറവ ള്ള ശാസ്ത്രങ്ങളും വലിയ വലിയ മന്ത്രങ്ങളും എന്തിന്? മൂലമന്ത്ര മൊന്നു മതി, സർവശാന്തിക്കും, സർവസിദ്ധിക്കും! നാസ്തികനും ദേവബ്രാഹ്മണനിന്ദകനും മറ്റും ഇതൊരിക്കലും പറഞ്ഞുകൊടുക്കരുതു;

Digitized By Kerala Sahitya Akademi

ഇതുകേട്ടതിനു കൊടുക്കാവു. ഇതു പതിവായി രാവിലെ എഴുന്നേറ്റു ജപിക്കുന്നവൻ, ഗോഹത്യാദോഷം കൃതഘ്നതാദോഷമായാലും, സർവപാപനിർമ്മുക്തനായിവരും. സംശയംവേണ്ടാ, ദിവാകരൻ പ്രസാദിച്ചാൽ ആരോഗ്യവും ധനസമൃദ്ധിയും യശസ്സുമുണ്ടാകും.

നാംതോറും ഒന്നോ രണ്ടോ മൂന്നോ നേരം ഇതു സൂര്യസന്നിധിയിൽ വെച്ചു ചൊല്ലിയാൽ അഭീഷ്ടഫലം കൈവരും: പുത്രൻ വേണ്ടവന്നു പുത്രനും, പുത്രി വേണ്ടവന്നു പുത്രിയും, വിദ്യ വേണ്ടവന്നു വിദ്യയും, വിത്തം വേണ്ടവന്നു വിത്തവും ഉണ്ടായിവരും; സദാചാരവാനായി ഭക്തിയോടെ മനസ്സിരുത്തി ശ്രവിക്കുന്നവനും പാപമെല്ലാമൊഴിഞ്ഞു സൂര്യലോകം പ്രാപിക്കും. സൂര്യവ്രതത്തിലും മറ്റു വ്രതങ്ങളിലും യജ്ഞങ്ങളിലും പുണ്യസ്ഥലങ്ങളിലും തീർത്ഥങ്ങളിലും ചൊല്ലിയാൽ ഫലം കോടിമടങ്ങാവും; ഗ്രഹണം, ഒക്ഷണം, പൂജ, ബ്രാഹ്മണഭോജനം എന്നിവയിൽ ചൊല്ലിയാൽ ഫലത്തിന്നവസാനമില്ല; തപസ്വികളുടേയും ദേവന്മാരുടേയും ബ്രാഹ്മണരുടേയും മുമ്പിൽ വെച്ചു ചൊല്ലുകയോ ചൊല്ലിക്കുകയോ ചെയ്ത ധീമാൻ സൂര്യലോകത്തു പൂജിക്കപ്പെട്ടും.'

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം, സൂര്യമാഹാത്മ്യപ്രകരണം, സൂര്യമൂലമന്ത്രധ്യാനം എന്ന ഏഴുപത്തൊമ്പതാമദ്ധ്യായം.

:o:

എഴുപതാമദ്ധ്യായം

വ്യാസൻ:—'മധുദേശത്തു്, വളരെ തപസ്സുകൾകൊണ്ടും പലതരം വ്രതങ്ങൾകൊണ്ടും പരിശ്രമിച്ചായി, ഭദ്രശരൻ എന്നൊരു ചക്രവർത്തിരാജാവുണ്ടായിരുന്നു: ന്യായസ്ഥനും സുശീലനും ശാസ്ത്രാർത്ഥവിധിപാരഗനുമായ അദ്ദേഹം പതിവായി ദേവകളേയും ഗുരുദ്വിജാതിഥികളേയും പൂജിച്ചുപോന്നു; പ്രജകളെ സസ്നേഹം പരിപാലിച്ചും പോന്നു. അദ്ദേഹത്തിന്നു് ഇടത്തേക്കൈപ്പടത്തിൽ ശ്വേതകുഷ്ഠം ഉണ്ടായിവന്നു; ചികിത്സകൊണ്ടു ശമം കണ്ടില്ല. അതിനാൽ അദ്ദേഹം മന്ത്രികളായ ബ്രാഹ്മണശ്രേഷ്ഠരെ വരുത്തിച്ചോദിച്ചു:—'ബ്രാഹ്മണരേ, എന്റെ കൈപ്പടത്തിൽ, ആളുകൾക്കു വെറുപ്പു തോന്നിക്കുന്ന ഒരു രോഗം ഉണ്ടായിവന്നിരിക്കുന്നു; ഇതെനി

Digitized By Kerala Sahitya Akademi

ക്ക സഹിച്ചുകൂടാ. പരലോകഹിതത്തിന്നായി ഞാൻ ഏതൊരു പുണ്യമഹാക്ഷേത്രത്തിലാണ് ദേഹം ത്യജിക്കേണ്ടതെന്നു പറഞ്ഞുതന്നാലും; സന്തതിയില്ലാത്ത എനിക്ക് ഇഹത്തിലും പരത്തിലും ഹിതമായിട്ടുള്ളതു് ഉപദേശിച്ചാലും.'

ബ്രാഹ്മണർ:—'രാജാവേ, ധർമ്മശീലനും ധീമാനുമായ ഭവാൻ രാജ്യം കൈവിട്ടാൽ, ഈ ലോകം നശിച്ചുപോവും. അതിനാൽ ഈവിധം പറയരുതേ! ഈ രോഗത്തിന്നു പ്രതിക്രിയ, ഞങ്ങളുടെ അഭിപ്രായത്തിൽ ഇതാണ്: ഇവിടുന്നു സൂര്യമഹാദേവനെ സ്തുതിച്ചാരാധിക്കുക.'

രാജാവ്:—'ദ്വിജോത്തമരേ, ആദിത്യനെ ഞാൻ എങ്ങിനെ പ്രസാദിപ്പിക്കേണ്ടു? കെട്ടുകഴ്ചമൂലം അളകപുരം കാണാൻകൂടി കൊള്ളുകയാത്ത ഞാൻ എങ്ങിനെ രാജ്യം ഭരിക്കേണ്ടു? ആരാധനം എവിടെവെച്ചു വേണം?'

ബ്രാഹ്മണർ:—'ഇവിടെ, സ്വരാജ്യത്തിൽ സ്ഥിതിചെയ്തു സവിതാവിനെ സേവിച്ചാൽ ഭവാനു ഘോരകില്ബിഷം നീങ്ങും; സ്വർഗ്ഗാപവർഗ്ഗങ്ങളും സിദ്ധിക്കും.'

രാജേന്ദ്രൻ ബ്രാഹ്മണോത്തമരെ വണങ്ങി, സൂര്യദേവനെ വേണ്ടംവണ്ണം ആരാധിപ്പാൻതുടങ്ങി: നാനാതരം കാണിക്കകളും വെച്ചും, കറിക്കൂട്ടു ചാത്തിച്ചും, പലതരം ഫലങ്ങളും നല്ല ഉണക്കലരിയും നിവേദിച്ചും, ചെമ്പരത്തിപ്പൂവ്-എരിക്കില-കണവീരപ്പൂവ്-ഉങ്ങിൻപൂവ്-മുല്ലപ്പൂവു മുതലായവകൊണ്ടു മന്ത്രപൂവ്വം പൂജിക്കും; ചെംകുങ്കുമം, സിന്ദൂരം, ഗന്ധദ്രവ്യം, കളിയില, കമനീയമായ കളിപ്പഴം എന്നിവ ചെമ്പുപാത്രത്തിലാക്കി, സൂര്യാഭിമുഖനായി നിന്ന് അർഗ്ഘ്യം നൽകും. ഇതിൻവണ്ണം മന്നവന്റെ മന്ത്രിപുരോഹിതാചാര്യന്മാരും മഹിഷിമാരും വെപ്പാട്ടിമാരും സപത്നികരായ അന്തഃപുരക്കാവൽക്കാരും മറു ഭൃത്യരുമൊക്കെ ദിവസംതോറും അർഗ്ഘ്യം നൽകിപ്പോന്നു; ഉൽകൃഷ്ടങ്ങളായ അക്ഷോന്തി സ്തോത്രമന്ത്രങ്ങളും കൊണ്ടും മൂലമന്ത്രാദികളും കൊണ്ടും സൂര്യനെ ആരാധിച്ചും പോന്നു. അക്ഷാംഗവ്രതവും അവർ സശ്രദ്ധം അനുഷ്ഠിച്ചു. ക്രമേണ ഒരാണ്ടെത്തിയപ്പോഴെയ്ക്കും രാജാവിന്നു രോഗം ശമിച്ചു. ഘോരരോഗത്തിന്നു ശമം കണ്ടതിനാൽ അദ്ദേഹം പ്രജകളോടെല്ലാം പ്രഭാതത്തിൽ സൂര്യപൂജനം മുടങ്ങാതെ ചെയ്യാൻ ആജ്ഞാപിച്ചു. അതിനാൽ അവരുമെല്ലാവരും സന്തോഷത്തോടെ

Digitized By Kerala Sahitya Akademi

ആ മഹാപുണ്യത്തിലേപ്പെട്ട—ഹവിഷ്യന്നം ഭുജിച്ചും നിരാഹാരരായും ആദിത്യനെ ആരാധിക്കുകയായി. ഇങ്ങനെ പുത്ര ജാതികളാലും പൂജിക്കപ്പെട്ടതിനാൽ പ്രഭാകരൻ പ്രസാദിച്ചു രാജാവിന്റെ അടുക്കലെഴുന്നള്ളി കനിഞ്ഞരുളിച്ചെയ്തു:—'വേണ്ടുന്ന വരം ചോദിച്ചുകൊൾക. ഭവാനും പരിജനങ്ങൾക്കും പൌരന്മാക്കും—എല്ലാവക്കും—ഞാൻ അഭീഷ്ടം തരാം.'

രാജാവ്:—'സവ്വചക്ഷുസ്സേ, നിന്തിരുവടി എങ്കൽ പ്രസാദിച്ചു വരം നൽകാൻ തുടങ്ങുകയാണെങ്കിൽ, ഞങ്ങളെല്ലാവരും നിന്തിരുവടിയുടെ സന്നിധിയിൽ സുഖിക്കുമാറാകട്ടേ!'

സൂര്യൻ:—'ഭവാന്റെ അമാത്യബ്രാഹ്മണരും മറ്റു ദ്വിജന്മാരും ഭാര്യമാരോടും പരിവാരങ്ങളോടും കൂടി നവയൌവ്വനരായി സുനിർമ്മലരായി, പ്രളയകാലംവരെ, സവ്വഭോഗ്യങ്ങൾകൊണ്ടും സമൃദ്ധങ്ങളായ പ്രാസാദങ്ങൾകൊണ്ടും കല്പകവൃക്ഷങ്ങൾകൊണ്ടും നൃത്യഗീതാദിനിപുണമാരായ മത്തകാശിനിമാരെക്കൊണ്ടും രമണീയമായ എന്റെ പുരിയിൽ സുഖമാംവണ്ണം നിവസിക്കട്ടേ. അഞ്ചു കല്പങ്ങൾ കഴിഞ്ഞു മന്വന്തരം തുടങ്ങുമ്പോൾ ഭവാൻ രാജാവായി വരും; അങ്ങയുടെ ഈ അളുകൾ—പുരോഹിതരും പൌരരും നാട്ടുപുറക്കാരും—വിദ്യാധനസമൃദ്ധരായും ഭവിക്കും. അന്ന് എങ്കൽനിന്നു വരം നേടി ഭവാൻ സുഖസമ്പൂർണ്ണം പുകം.'

ഈ വിധം കഥിച്ച് സൂര്യൻ അവിടത്തന്നെ മറഞ്ഞു. ഭദ്രേശ്വരൻ, തന്റെ അളുകളോടെല്ലാമൊന്നിച്ചു ദ്യോവിൽ വിഹരിച്ചുപോരുന്നു. ആ നാട്ടിലെ കീടാദികൾപോലും കുടുംബത്തോടുകൂടി, എന്നുള്ളതും, സമ്പൂർണ്ണത്തിൽ കല്പകവൃക്ഷത്തിൽ സന്തുഷ്ടരായി ഭോഗം ഭുജിക്കുന്നു! ഇങ്ങനെ, രാജാക്കന്മാരും ബ്രാഹ്മണരും സംശിതവ്രതരായ മഹർഷിമാരും ക്ഷത്രിയാദി ജാതിക്കാരും എല്ലപ്പൂത്തിൽ സൂര്യസമ്പൂർണ്ണം പുകയുണ്ടായിട്ടുണ്ട്. ചിലർ ഭാസ്കരനെ പ്രസാദിപ്പിച്ചു ധനം വരിച്ചു; മറ്റു ചിലർ പുത്രകളത്രങ്ങളെ വരിച്ചു; പിന്നെ ചിലർ സമ്പൂർണ്ണസുഖം വരിച്ചു; വേറെ ചിലർ ആരോഗ്യം വരിച്ചു.

ഈ ഭദ്രമായ പുണ്യകൂടം ആർ ശ്രദ്ധിയായി വായിക്കുമോ, അവൻ സവ്വപാപങ്ങളുമൊഴിഞ്ഞു, ഭൂമിയിൽ ശിവനെപ്പോലെ പൂജിക്കപ്പെട്ടും; സമ്പൂർണ്ണത്തിൽ സവ്വസാക്ഷിയായി വരദനായി ഭാസ്കരപ്രിയനായും ഭവിക്കും. ശ്രദ്ധിച്ച് ശ്രവിക്കുന്നവനും അഭീഷ്ടഫലം നേടും; പാ

Digitized By Kerala Sahitya Akademi

പങ്ങളെയെല്ലാം കടന്നു സൂര്യസദസ്സിൽ ചെന്നുചേരും. പതിവായി ശ്രവിക്കുന്നവൻ വാഗ്മിയും പുണ്യവാനും ധനവാനുമാകും.'

ഈ ഗുഹ്യാതിഗുഹ്യം സൂര്യൻതന്നെ വെളിപ്പെടുത്തിയതാണ്: അവിടുന്നു യമനുപദേശിച്ചു; ഭൂമിയിൽ വ്യാസൻ പ്രചരിപ്പിച്ചു.

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭിഷ്മപുലസ്ത്യസംവാദം, സൂര്യമഹാത്മ്യപ്രകരണം, ഭദ്രശാരോപാഖ്യാനം എഴുപത്തെട്ടാമദ്ധ്യായം.

——(0)——

എഴുപത്തെട്ടാമദ്ധ്യായം

വൈശംപായനൻ:—'ഇവിടുത്തെ പ്രസാദത്താൽ ഗ്രഹേശ്വരന്റെ പ്രഭാവം ഞാൻ ശ്രവിച്ചു; സൂര്യാദി ഗ്രഹങ്ങളുടെ ആരാധനം കൂടി പറഞ്ഞുതരിക. ബ്രഹ്മൻ, ആരെല്ലാമാണ് സൂര്യാദികൾ? അവ ക്കെങ്ങിനെ തോഷവും പ്രീതിയും വരും? ഏതുദേശത്തും കാലത്തുമാണ് അവരുടെ ദർശനം ദുർലഭവും അത്യുഭവുമാവുക?'

വ്യാസൻ:—'ഗ്രഹങ്ങൾ ലോകത്തിൽ പുണ്യവും പാപവും ഭുജിക്കുന്നു; കർമ്മമൊടുക്കുന്നതിന്നായി നന്മതിന്മകളും ചെയ്യുന്നു: സൂര്യൻ ജനങ്ങളിലും ഗ്രഹങ്ങളിലും കാലനാണ്, അന്തകനുമാണ്: തിഗ്മതയും സൌമ്യതയും ഒത്തിണങ്ങിയ തന്തിരുവടി നിഗ്രഹാനുഗ്രഹശക്തനത്രേ. ഗ്രഹം എന്ന നിലയിൽ സൂര്യൻ എങ്ങിനെയായാൽ സന്തോഷിക്കുമെന്നു ഞാൻ പറയാം: ആത്തിയുടേയും പിലാശിന്റേയും തളിരുകൾ നെയ്യിൽ മുക്കി, ആകൃഷ്ണേന എന്ന മന്ത്രംകൊണ്ടും മൂലമന്ത്രംകൊണ്ടും നൂറുനൂറു ഹോമിച്ചാൽ സർവരോഗങ്ങളും ശമിക്കും; വധബന്ധനങ്ങൾ വിട്ടൊഴിയും; അഭീഷ്ടം നിറവേറും. ഞായറാഴ്ച സൂര്യനെ ഉദ്ദേശിച്ച് ഒരു വെള്ളാടിനെ ദാനംചെയ്യുക; വെളുത്ത സപ്തമി, വാവ് ഈ തിഥികളിൽ മനോജ്ഞങ്ങളായ ഹവ്യകവ്യങ്ങൾകൊണ്ടു ബ്രാഹ്മണരെ സന്തുഷ്ടരും ഊട്ടുകയും ചെയ്യുക. എന്നാൽ രോഗി രോഗനിർമ്മുക്തനാകും; പിന്നീടു രോഗപീഡയിൽപ്പെടുകയില്ല തന്നെ. ആ ബ്രഹ്മസ്തംബപര്യന്തമായ ബ്രഹ്മാണ്ഡത്തിൽ വെറും അണുവിൽക്കൂടി സൂര്യന്റെ പരമചൈതന്യം സ്ഥിതിചെയ്യുന്നുണ്ട്. മറ്റുള്ള സൃഷ്ടിയും സ്ഥിതിയും സംഹാരവുമൊക്കെ തന്തിരുവടിയാൽത്തന്നെ. ആ രക്ഷിതാവു പ്രാണസൃഷ്ടിയിൽ എല്ലാവരുടേയും ശരീരമുൾപ്പുക്കു സഞ്ചരിക്കു

Digitized By Kerala Sahitya Akademi

ന്നു; മരണസമയത്തു ശരീരത്തിൽനിന്നു പ്രാണനോടുകൂടി ഉൽക്രമിക്കുന്നു. ചന്ദ്രൻ എപ്പോഴും ഈരെട്ടകലകളോടുകൂടി ശിരസ്സിന്മേൽ അധോമുഖനായി സ്ഥിതിചെയ്യു, ശരീരത്തിൽ പകലിരവു് അമൃതു വർഷിക്കുന്നു; അതുകൊണ്ടത്രേ, പ്രാണികൾ കരുത്തരായി ജീവിക്കുന്നതു്. ഭൂമിയിൽ സസ്യങ്ങളേ പോഷിപ്പിക്കുന്നതും ചന്ദ്രൻതന്നെ. ഈ സൂര്യചന്ദ്രന്മാരാലാണു് ചരാചരാത്മകമായ ലോകമെല്ലാം നിലനിൽക്കുന്നതു്. അവരെ ആരാധിച്ചാൽ എന്നെന്നും പുഷ്ടിവരും. എപ്പോഴും ശുചിയായിരിക്കുന്ന സാധകൻ തദാരാധനത്താൽ സർവകാര്യങ്ങളും സാധിക്കും.

അജ്ഞാനംമൂലം അമൃതകിരണനെ പൂജിക്കാത്ത നരാധമൻ അല്പായുസ്സാകും; നരകവും പൂകും.

'നിഷ്കളങ്കകലാധാര, ഗംഗാധരശിരോമണേ,
ദ്വിതീയായാം ജഗന്നാഥ, തുഭ്യം ചന്ദ്രനമോസ്തുതേ!'

എന്നു ദ്വിതീയാ തിഥിയിലും മറ്റു തിഥിയിലും ചന്ദ്രനെ നമസ്കരിച്ചാൽ അഭീഷ്ടഫലം ലഭിക്കും.

'അത്രിനേത്രോത്ഭവ, ശ്രീമൻ, ക്ഷീരോദമഥനോത്ഭവ,
മഹേശമകുടാവാസ, തുഭ്യം ചന്ദ്ര നമോസ്തുതേ!
ദിവ്യരൂപ, നമസ്തുഭ്യം സുധാകര, ജഗല്പതേ!'

എന്നു്, ഇരുപക്ഷങ്ങളിലും രാത്രിയിൽ വന്ദിക്കുക; 'ഓം ഹ്രാം ഹ്രീം സോമായ നമഃ' എന്ന പ്രണവത്തിൽ ജപിക്കുക. ഇപ്രകാരം ചന്ദ്രനെ പൂജിക്കുന്നവനും ശ്രവിക്കുകയോ ശ്രവിപ്പിക്കുകയോ ചെയ്യുന്നവനും ലോകത്തിൽ ഏതു ജന്മത്തും പീയൂഷതുല്യനായിച്ചമയും. ഈവിധം തന്നെ സഹസ്രനാമംകൊണ്ടു സ്തുതിക്കുകയും പൂജിക്കുകയും ചെയ്യുന്നവനൊ, പുനരാവൃത്തിയില്ലാത്ത അക്ഷയസ്വർഗ്ഗമടയും. ധനസ്ഥിതിയനുസരിച്ചു്, പിത്തളക്കുടാതെ, പിച്ചളപ്പാത്രത്തിലോ ഓട്ടുപാത്രത്തിലോ ഇരിമ്പുപാത്രത്തിലോ മൺപാത്രത്തിലോ തയിർ നിറച്ചു്, മുക്കാൽ ധാരാളമുള്ള ബ്രാഹ്മണനു പൊൻവെള്ളികളോടുകൂടി പുണ്യകാലത്തു ദാനംചെയ്യണം; എന്നാൽ പുരുഷന്മാർക്കും സ്ത്രീകൾക്കും അമൃതുപോലുള്ള സൌഭാഗ്യം ഉണ്ടായിവരും; ഒരിക്കലും ദൌർഭാഗ്യം വരില്ല.

'രൂപസൌഭാഗ്യകാമോഹം ദധി സപ്തർണ്ണം ച രാജതം
ദദാമി കാംസ്യപാത്രസ്ഥം ദേഹി സൌഭാഗ്യരൂപകം.'

Digitized By Kerala Sahitya Akademi

എന്നച്ചരിച്ചുവേണം ദാനംചെയ്യാൻ. കഴിവുപോലെ ദക്ഷിണയും കൊടുക്കണം; കോടിവസ്ത്രം, എല്ലാ വിഭവങ്ങളോടും കൂടിയ ഭക്ഷണം, മനോഹരമായ താംബൂലം പൂമാല മുതലായവയും രൂപസൌഭാഗ്യലബ്ധിക്കായി നൽകണം. ഈ വിധത്തിൽ ചന്ദ്രനെ ഉദ്ദേശിച്ചു ബ്രാഹ്മണന്നു ദാനം ചെയ്യുന്നവൻ നരലോകത്തും സുരലോകത്തും രൂപസൌഭാഗ്യം നേടും.'

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യ സംവാദം, സൂര്യമാഹാത്മ്യപ്രകരണം, ചന്ദ്രപൂജാകഥനം എഴുപത്തെട്ടാമദ്ധ്യായം.

:o: ———

എഴുപത്തൊമ്പതാമദ്ധ്യായം

വൈശംപായനൻ:—'കുജന്റെ ഉല്പത്തിയും ആരാധനവിധിയും പ്രഭാവവും വൈഭവവും തേജസ്സും എനിക്കു വഴിപോലെ കേൾക്കേണമെന്നുണ്ട്.'

വ്യാസൻ:—'ശിവന്റെ അംശത്താൽ ഭൂമിയിൽപ്പിറന്നവനാണു കുജൻ: ഈ ലോഹിതാംഗനായ ദേവൻ സതപസ്ഥനും സതപപൂർണ്ണനും ശൂരനും ശക്തിധരനും തീക്ഷ്ണനും ക്രൂരഗ്രഹവും പ്രതാപശാലിയും കുമാരനും രൂപവാനും വിദ്വല്പ്രീതമയനും പ്രഭുവുമാകുന്നു. ഇവൻ ദേവദ്വേഷികളായ ദൈത്യരാക്ഷസരേയും ദശായോഗത്താൽ മനുഷ്യരേയും പശുപക്ഷികളേയും ഉത്തിജ്ജങ്ങളേയും ഇട്ടു വരുക്കാറുണ്ട്!'

വൈശംപായനൻ:—'ഈ ദേവൻ എങ്ങിനെ ശിവങ്കൽനിന്നുല്പന്നനായി? എങ്ങിനെ ഭൂമിയുടെ പുത്രനായി? ക്രൂരഗ്രഹമായതെങ്ങിനെ? ഇതു ശരിക്കു കേട്ടാൽക്കൊള്ളാം. ഗുരോ, ഇവനെ എങ്ങിനെ പ്രസാദിപ്പിക്കാമെന്നും, കേതനായ എനിക്കു സംശയംതീരുമാറു പറഞ്ഞുതന്നാലും.'

വ്യാസൻ:—'ഹിരണ്യാക്ഷകുലത്തിൽ, ശ്രീമാനായി, അസുരപ്പെരുമാളായി അന്ധകൻ എന്നൊരു ദൈത്യനുണ്ടായിരുന്നു. ആ സപ്തസുരാന്തകൻ വിഷ്ണുവരംമൂലം വിണ്ണവർക്കു കൊന്നുകൂടാത്തവനായിത്തീർന്നു. യജ്ഞഭോജികളായ ശക്രാദി ദേവന്മാർ അവനാൽ തോല്പിക്കപ്പെട്ടു. അവർ ബ്രഹ്മാവിന്റെ അടുക്കൽച്ചെന്നറിയിച്ചു:—'അന്ധകൻ ഞങ്ങളുടെ രാജ്യവും സുഖവും മഖവും അപഹരിച്ചു

Digitized By Kerala Sahitya Akademi

കളഞ്ഞു; അവനെ കൊല്ലാൻ വഴി ആലോചിച്ചാലും.' പിതാമഹൻ മറുപടി പറഞ്ഞു:—'വിഷ്ണുവരംമൂലവും പീയൂഷപാനം മൂലവും അവൻ നിങ്ങൾക്ക വധ്യനല്ല. എന്നാൽ, ലോകഹിതത്തിനായി അവനെ അപകടത്തിലാക്കുന്നതിനു ഞാൻ കാമനാപിതയായ ശ്രദ്ധയേയും വിചികിത്സയേയും നിയോഗിക്കാം: ഉഗ്രയായ പാർവതിയിൽ മാത്രമല്ലാതെ അവനു മനസ്സു നിൽക്കാതാവും; തന്മൂലം അരിശംകൊണ്ടു മഹേശ്വരൻ അവനെ വിരൂപനാക്കട്ടെ; പിന്നെ അവൻ അസുരത്വംവിട്ട് ശിവന്റെ പാർഷദനാകും.' ഇതിൻവണ്ണം വിരിഞ്ചൻ കാമനാപിതയായ ശ്രദ്ധയേയും തന്റെ മായയായ വിചികിത്സയേയും അന്ധകന്റെ അടുക്കലേയ്ക്കയച്ചു.

അന്ധകൻ കാമപ്രേരണയാൽ സ്ത്രീകളെ അന്വേഷിക്കുകയായി; വിചികിത്സമൂലം, തന്റെ ഭാര്യയേയോ അന്യസ്ത്രീകളേയോ നോക്കുകയില്ലതാനും. അങ്ങിനെ മായയുണ്ടാക്കപ്പെട്ട ദൈത്യൻ മൂന്നു ലോകത്തും സഞ്ചരിക്കെ, ഹിമവാന്റെ മകളിൽ, ഏറ്റവും അഴകുള്ള ഒരു സ്ത്രീരത്നത്തെ കണ്ടെത്തി. പാർവതിയെ കണ്ടതോടുകൂടി അവൻ മന്മഥാക്രാന്തനായിത്തീർന്നു. വെളിവുകെട്ടതിനാൽ അവൻ ദേവിയെ പിടിപ്പാൻ പാഞ്ഞടുത്തു. ദേവി കോടവീരൂപം ധരിച്ച് ശിവന്റെ സമീപപ്രദേശത്തായി നിന്നു. അസുരൻ അങ്ങോട്ടും പാഞ്ഞുചെന്നു. അപ്പോൾ, ധ്യാനംകൊണ്ടറിഞ്ഞ് പരമേശ്വരൻ പാർവതിയുടെ അടുക്കലെത്തി. തന്തിരുവടിയെ കണ്ടപ്പോൾ, അന്ധകൻ സ്വഗൃഹത്തിലേയ്ക്കു പോന്നു, തന്റെ പടയാളികളെ ഒരുക്കി, ശിവനെ ജയിച്ച് പാർവതിയെ കൊണ്ടുപോരാനൊരുമ്പെട്ടു. ഇതുകേട്ട നന്ദികേശ്വരനാൽ പ്രേരിതരായ വൃന്ദാരകന്മാർ അന്ധകനോടെതിർത്തു ലോകഭീഷണമായ ഘോരമഹായുദ്ധം തുടങ്ങി. യുദ്ധത്തിൽ മൃതിപ്പെട്ട ദൈത്യരെ, അവരുടെ ആചാര്യനായ ശുക്രൻ മൃതസഞ്ജീവനികൊണ്ടു ജീവിപ്പിച്ചുപോന്നു; വീണ്ടും അവർ കരുത്തേറിയ വാനവരോടു പൊരുതുകയാണ്; ദൈത്യമഹാസേനയ്ക്ക് ഒരു ക്ഷയവുമില്ല! ഇക്കഥ കൈലാസത്തിൽ കാലാരിയോടണത്തിക്കപ്പെട്ടു; തന്തിരുവടി അരിശംകൊണ്ടു നന്ദികേശ്വരനോടരുളിച്ചെയ്തു:—'വീര, നീ വേഗം ദൈത്യാലയത്തിൽ പോയി, ദൈത്യസൈന്യത്തിൽ സകലരും കാണ്കെ, ദുരാത്മാവായ അന്ധകനെ തലമുടി ചുറ്റിപ്പിടിച്ചിഴച്ച് എന്റെ അടുക്കൽ കൊണ്ടുവരിക.'

അരുളപ്പാടനുസരിച്ച്, ശ്രീമാനായ നന്ദികേശ്വരൻ, അസുരന്മാരുടെ മുമ്പിൽവെച്ചുതന്നെ, മോഹനെ തലമുടി ചുറ്റിപ്പിടിച്ചുകൊണ്ടു

Digitized By Kerala Sahitya Akademi

പോന്നു. ബലശാലികളായ ദൈത്യന്മാർ നന്ദികേശനെ ശസ്ത്രങ്ങൾ കൊണ്ടു പ്രഹരിച്ചുനോക്കി; അദ്ദേഹത്തിന്ന് ഒരു ക്ഷതവുമുണ്ടായില്ല. അദ്ദേഹം മാർഗ്ഗവനെ സമീപത്തെ തേരുമുമ്പിൽ കൊണ്ടുനിത്തി; ഉടനെ, കോപത്താൽ കാലാന്തകപ്രഭനായ രുദ്രൻ അസുരാചാര്യനെ എടുത്തു വിഴുങ്ങി തിരുവയററിലാക്കി. അതിൽ അരിശം മൂഴത്ത ദൈത്യപ്പെരുമാൾ എല്ലാസ്സൈന്യയാലും മൂറപ്പെട്ട ഘോരായുധങ്ങളുമേന്തി ശിവനോടു പാഞ്ഞേറാറു. അതു കണ്ടു ഋഷികളായി ദേവവിദ്യാധരാദികളും അസുരന്മാരോടടുത്തു പടപൊരുതു. ദേവാസുരന്മാരുടെ ആ യുദ്ധം സർവ്വലോകരേയുംകൂടി ഭീതിയിലാഴ്ത്തി: വാനവന്മാർ മാനവരേയും അസുരർ സുരന്മാരേയും കൈകണ്ട കണകൾകൊണ്ടെയ്തുകൊന്നായി. അവർ ജയേച്ഛ പൂണ്ടു, കടയ്ക്കൽ രണ്ടും പതിച്ച വജ്രതുല്യങ്ങളായ കനകബാണങ്ങൾകൊണ്ടു പരസ്പരം പരിക്കേല്പിച്ചു. ആ ശരങ്ങൾ അവരുടെ ശരീരത്തെയും നഭോമണ്ഡലത്തെയും മിന്നിത്തിളങ്ങിച്ചു. വിശ്വമേറിയ കശ്യപപ്രജാപതിമാരായ ദേവശ്രേഷ്ഠന്മാർ അസുരക്രൂരന്മാരെ അമോഘാസ്ത്രങ്ങൾകൊണ്ടു കൊന്നൊഴിച്ചു; ആയുധങ്ങൾ ചുഴന്നു, ലോകം വ്യാപിച്ചുനിന്നിരുന്ന ദൈത്യപ്പടയെ ദേവന്മാർ കൈകണ്ട ശസ്ത്രങ്ങൾകൊണ്ടു ക്ഷണേന കൊന്നൊടുക്കി.

അതിന്നുശേഷം ശിവൻ അമരരോടു പറഞ്ഞിട്ട ശുക്രനെ തേട്ടിത്തുപ്പി; അതോടുകൂടി പതിച്ച തിരുവിയർപ്പുതുള്ളിയാൽ ഭൂമിയിലുൽപാദിതനാകയാലാണു ചൊവ്വ ഭൌമനായതു. ശുക്രൻ മുക്കണ്ണനോടു വിടവാങ്ങി സന്തോഷത്തോടെ ദൈത്യരുടെ അടുക്കലേയ്ക്കു പോയി. ചണ്ഡികയുടെ പ്രാഭാവത്താൽ ദൈത്യർ അറ്റുപ്പെട്ടില്ല; ശേഷിച്ച ദാനവർ പാരാവാരത്തിലേയ്ക്കു നടകൊണ്ടു. അന്ധകൻ ഭൃംഗിരിടി എന്ന ശിവപാർഷദനാക്കപ്പെട്ടു.

ഇങ്ങനെ ശിവന്റെ അംശത്താൽ ഭൂമിയിൽപ്പിറന്നവനാകുന്നു ഭൌമൻ. തന്തിരുവടിയെ ചതുർത്ഥി, ചൊവ്വാഴ്ച, ഈ ദിവസങ്ങളിലും ദശാരിഷ്ടത്തിലും അനിഷ്ടരാശി സ്ഥിതിയിലും അഭിജ്ഞന്മാർ തിരുകോണമണ്ഡലത്തിൽ രക്തപുഷ്പാന്നലേപനങ്ങൾകൊണ്ടു പൂജിക്കണം. ഈവിധം പൂജിച്ചാൽ ഭൌമൻ ബുദ്ധി, ധനം, ആൺമക്കൾ, സുഖം, യശസ്സ് എന്നിവയെ നൽകും. ശിഷ്യരേ, ഈ ശുഭപ്രദമായ ധർമ്മാഖ്യാനം ഞാൻ നിങ്ങൾക്കു പറഞ്ഞുതന്നു. ഇതു കേട്ടാൽത്തന്നെ ജനനമരണങ്ങളിൽ നിന്നു മുക്തി കിട്ടും. ഇതു ചൊല്ലുന്നവർക്കു പുണ്യപ്രദവും ദുഷ്ടദോഷികൾക്കു സംഹാരിയുമത്രേ. ഇനി, കൃതകൃത്യരായി ഇഷ്ടംപോലെ പോയ്ക്കൊൾവിൻ.'

Digitized By Kerala Sahitya Akademi

ബ്രഹ്മാവ്: —'മകനേ, ഈവിധം പലതരം ധർമ്മം നിർണ്ണയിച്ചു പറഞ്ഞിട്ട്, സത്യവതീപുത്രനായ ഭഗവാൻ വ്യാസൻ സമാധിയിൽ സ്ഥിതിചെയ്തു. നീയും തത്വം ഗ്രഹിച്ചറിഞ്ഞു ജഗൽഗുരുവായ ശ്രീനാരായണനെ സാനന്ദം സ്തുതിച്ചു പാടിക്കൊണ്ടും, ലോകർക്കു ധർമ്മം ഉപദേശിച്ചുകൊണ്ടും യഥേഷ്ടം സഞ്ചരിച്ചുകൊൾക.'

ഭീഷ്മ, ഇതുകേട്ട നാരദൻ ബദരികാശ്രമത്തിൽ നാരായണമുനീന്ദ്രനെക്കാണ്മാൻ ഗന്ധമാദനത്തിലേയ്ക്കു ഗമിച്ചു.'

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം, സൂക്ഷ്മമാഹാത്മ്യപ്രകരണം, ഭദ്രകാളീപൂജാകഥനം എന്ന പത്തൊമ്പതാമദ്ധ്യായം.

എൺപതാമദ്ധ്യായം

ഭീഷ്മൻ:—'മഹാപ്രാജ്ഞ, ചണ്ഡികയുടെ അനുഗ്രഹത്താലാണല്ലോ ശേഷിച്ച ദൈത്യർ പാതാളമുപേക്ഷിച്ചു പോയത്. ചണ്ഡികയെ എങ്ങിനെ പൂജിക്കേണമെന്നും പ്രസാദിച്ചാൽ എന്തു ഫലം കിട്ടുമെന്നും വിസ്തരിച്ചുപറയുക; കേൾക്കാൻ എനിക്കാഗ്രഹമുണ്ട്.'

പുലസ്ത്യൻ:—'നൃപപുംഗവ, ചണ്ഡികയെ പൂജിച്ചാൽ മനുഷ്യനു സ്വർഗ്ഗവും ഒടുവിൽ മോക്ഷവും കിട്ടും. ദേവിയെ പൂജിച്ചാലുള്ള ഫലം ആയിരം യാഗങ്ങൾകൊണ്ടോ തീർത്ഥസ്നാനവ്രതാദികൾകൊണ്ടോ കൈവരികയില്ല. നാമും തോറും ചണ്ഡികയെ ഭക്തിപൂർവ്വം പൂജിക്കുന്നവനുള്ള ഫലം പറഞ്ഞൊടുക്കുവാൻ പിതാമഹൻപോലും ആളല്ല! മാതാവായ ദേവി പ്രസാദിച്ചാൽ സർവ്വം സുലഭം തന്നെ. ആയിരം അശ്വമേധവും നൂറു നൂറു വാജപേയവും ചണ്ഡികാരാധനത്തിന്റെ ലക്ഷത്തിലൊരംശത്തിനൊക്കില്ല! യാവനൊരുത്തൻ പതിവായി പലതരം പൂക്കളും, കുറിക്കൂട്ട്, ധൂപദീപനൈവേദ്യങ്ങളും എന്നിവകൊണ്ടു ദുർഗ്ഗയെ പൂജിക്കുന്നുവോ, അവൻതന്നെ ദാതാവ്; അവൻതന്നെ മുനി; അവൻതന്നെ യജമാവ്; അവൻതന്നെ തപസ്വി; അവൻതന്നെ തീർത്ഥസ്വരൂപി! ആർ ദേവതിയെ പ്രണമിക്കുകയെങ്കിലും ചെയ്യുമോ, അവനത്രേ യോഗി; അവനത്രേ മുനി; അവനു മുക്തി കയ്യിൽത്തന്നെ! മഹാരാജ, ഒരു കൊല്ലം മുടക്കമുണ്ടു ജിതേന്ദ്രിയനായി ദുർഗ്ഗയെ പൂജിച്ചാൽ അഗ്നിഷ്ടോമഫലം കിട്ടും. നവമി, പൌർണ്ണമാസി, ഈ തിഥികളിൽ ദുർഗ്ഗ

Digitized By Kerala Sahitya Akademi

യ്യുക പാലഭിഷേകം കഴിച്ചാൽ വാജപേയപലം കിട്ടും. വെള്ളത്ത അഷ്ടമി, നവമി, ചതുർദ്ദശികളിൽ പരമേശ്വരിക്ക ത്രികാലപൂജ നടത്തുന്നവൻ ദേവിയുടെ ദിവ്യപുരം പ്രാപിക്കും; അവിടെ ചി രകാലം വിഹരിച്ചിട്ട്, ഭൂമിയിൽ രാജാവായി വരും. നവമീതിഥി യിൽ ഉപവാസമനുഷ്ഠിച്ച് ചണ്ഡികയെ പൂജിച്ചാൽ പത്തശ്വമേ ധത്തിന്റെ ഫലം കിട്ടും. ജിതേന്ദ്രിയനായി. ബ്രഹ്മചാരിയായി ശു ചിയായി ഭക്തിയോടെ ചണ്ഡികയെ പൂജിക്കുന്നവൻ പരമഗതി പൂകും. പുണ്യദിവസങ്ങളിലെല്ലാം സ്നാനം, ഉപവാസം, നിയമം, പൂജ, ഉറക്കമിളയ്ക്കൽ, അടിച്ചുതളിക്കൽ എന്നിവകൊണ്ട് ചണ്ഡി കയെ സേവിക്കുന്നവൻ ധ്വജമാലാവിഭൂഷിതമായ ശ്രേഷ്ഠവിമാന ത്തിൽ കേറി ബ്രഹ്മലോകത്തുചെന്ന് എന്നെന്നും വിഹരിക്കും. അ തിനാൽ മറ്റൊപുണ്യത്തിനുവേണ്ടി, എതു പണിപ്പെട്ടും, കഴിവുപോ ലെ വട്ടം കൂട്ടി, ദുർഗ്ഗയെ പതിവായി പൂജിച്ചുകൊള്ളണം.

അയന വിഷുപ ഷഡശീതി മുഖങ്ങളിൽ നാലുമാസം വിധിപോ ലെ ചണ്ഡികയെ പൂജിച്ചാലുള്ള പുണ്യം, കാർത്തികനവമിയിൽ പൂജിച്ചാൽ കിട്ടും. ആശ്വിനത്തിലെ ശുക്ലനവമിയിൽ ത്രിശൂലിനി യെ പൂജിച്ചവനാകട്ടെ, ആയിരം അശ്വമേധത്തിന്റെയും നൂറു രാജ സൂയത്തിന്റെയും ഫലം നേടി, ദ്യോവിൽ ദേവന്മാരാൽ പരിചരി ക്കപ്പെടും. മാസംതോറും മഹേശ്വരിയെ പൂജിച്ചാൽ ആറുമാസം കൊണ്ടു കിട്ടുന്ന പുണ്യം നവമീപൂജനത്താൽ തീർച്ചയായും കൈ വരും. മഹാമേരുവോളം പോന്ന പാതകോച്ചയം പോലും, വെ ട്ടിനാൽ ഉഷ്ണരോഗമെന്നപോലെ, ചണ്ഡികയാൽ നശിപ്പിക്കപ്പെടു ന്നു. നാംതോറും ദുർഗ്ഗയെ പൂജിച്ചുപോരുന്നവങ്കൽ മഹാപാപദോഷം, താമരയിലയിൽ വെള്ളമെന്നപോലെ, പറ്റി നില്ക്കുകയില്ല. പ്രാ ണികളെ ദ്വേഷിക്കുകയൊ, ദ്വേഷിക്കുകയും, സർവ്വലോകത്തെയും ഹനി ക്കുകതന്നെയൊ ചെയ്തവൻപോലും, ദേവിയെ വീണ വണങ്ങിയാൽ, പാപബാധിതനാകയില്ല. ഏതവസ്ഥയിൽപ്പെട്ടവനും, സർവ പാപ ങ്ങളുമൊത്തവൻപോലും, ദേവിയെ ശരിച്ചാൽ പരമപദം പൂകും. ഉണ്ണുമ്പോഴും, ഉറങ്ങുമ്പോഴും, ഇരിക്കുമ്പോഴും, നടക്കുമ്പോഴും, സം സാരിക്കുമ്പോഴും — വഴിപ്പോഴും — ദേവിയെ സ്മരിക്കുന്നവൻ ബന്ധന ത്തിൽ നിന്നൊഴിയും. ചണ്ഡികയെ പൂജിച്ചുപോരുന്നോട്ടത്തു ദുഃ ക്ഷമില്ല, ദുഃഖമില്ല, ദുർമ്മരണമില്ല! ജിതേന്ദ്രിയനായി ഭക്തിമാനാ യി ഭഗവതിയെ നിത്യം പൂജിച്ചാൽ ശപചചൻപോലും പരഗതിയെ

Digitized By Kerala Sahitya Akademi

ടയും. ശ്രദ്ധയോടും ഭക്തിയോടും കൂടി സർവ്വമംഗളയെ പൂജിച്ചുപോന്നാൽ, തന്തിരുവടിയുടെ ദിവ്യവസതിയിൽ ചെന്നുചേരാം.

നരേന്ദ്ര, ആശ്വിനമാസത്തിൽ അഹോരാത്രം ചെമ്പുകിടാരം കൊണ്ടു ഭഗവതിക്ക് നൈവേദ്യം കഴിച്ചാൽ, ആ അഭിജ്ഞൻ സർവ്വപാപങ്ങളിൽനിന്നും വിമുക്തനാകും. കാർത്തിക പൌർണ്ണമാസിയിൽ ഉപവസിച്ചു കാർത്യായനിയെ പൂജിച്ചവൻ അഗ്നിഷ്ടോമഫലം നേടി, സൂര്യലോകം പ്രാപിക്കും. ആഷാഢ പൌർണ്ണമിയിൽ ഉപവസിച്ച് അംബികയെ പൂജിച്ചവന്നു പരമഗതി കിട്ടും. മാഘ പൌർണ്ണമിയിൽ മാതാവിനെ ശരിക്കു പൂജിച്ചവൻ അശ്വമേധഫലം നേടി, വിഷ്ണുലോകത്തു പൂജിക്കപ്പെടും. കേസിനായനത്തിൽ ദേവിയെ ഗന്ധജല പുഷ്പങ്ങളം കൊണ്ട് ഒരിക്കൽ പൂജിച്ചവൻ ഗന്ധർവ്വപുരിയിൽ ചെന്നു വാഴും; പഞ്ചഗവ്യം ആടിക്കുടിച്ചുയുവൻ പഞ്ചചൂഡാ(ശിവാ) ചലമണയും. കുങ്കുമപുംഗവ, ജലം, പാൽ, ഭർനാക്ക്, അരി, നെയ്യ്, അക്ഷതം, കരിംകുറിഞ്ഞി, കടുക്, കറുക, കുങ്കുമം, ഗോരോചനം, ഏതൻ എന്നീ പന്തിരണ്ടംഗങ്ങളോടുകൂടിയ അർഘ്യം ദേവിക്കു നൽകിയവൻ പരമപദം പ്രാപിക്കും. അർഘ്യം മരപ്പാത്രത്തിൽ വച്ച് യഥാവിധി നൽകിയവൻ അഗ്നിഷ്ടോമഫലം നേടി, ഒരായിരം ദിവ്യവർഷം ഇന്ദ്രലോകത്തു പൂജിക്കപ്പെടും. ഗന്ധക്കുറിക്കുട്ടു പൂശിച്ചാൽ ജ്യോതിഷ്ടോമഫലം കിട്ടും; ചണ്ഡികയെ ചന്ദനം പൂശിച്ചാൽ അഗ്നിഷ്ടോമ ഫലം കിട്ടും. കാരകിൽ പൂശിച്ചാൽ വാജപേയഫലം കിട്ടും; കുങ്കുമം പൂശിച്ചാൽ ആയിരം പശുദാനത്തിന്റെ ഫലം കിട്ടും; ചന്ദനം, അകിൽ, കർപ്പൂരം, കാട്ടുജീരകം, കുങ്കുമം എന്നിവ യഥാവിധി പൂശിച്ചവൻ ഒരു കോടി കല്പം സ്വർഗ്ഗത്തിൽ വസിക്കും.

അഗ്നിഹോത്രനിരതനായി വേദവേദാംഗപാരഗനായിരിക്കുന്ന വിപ്രന്നു മാറ്റേറിയ ഒരായിരം പൊൻനാണ്യം കൊടുത്താലുള്ള ഫലമുണ്ട്, നവമിയിൽ ചണ്ഡികയെ ക്രവളമാലകൊണ്ടും ഗുൽഗുലുകൊണ്ടും പൂജിച്ചാൽ. ക്രവളത്തിലകൊണ്ടോ രണ്ടുമാലകൊണ്ടോ ഒറ്റാദേവിയെ പൂജിച്ചാൽ രാജസൂയഫലം കിട്ടും. കണവീരപ്പൂമാലകൊണ്ടു കാർത്യായനിയെ പൂജിച്ചാൽ വാജപേയഫലം കൈവരും; തുമ്പപ്പൂമാലകൊണ്ടു തമ്പുരാട്ടിയെ പൂജിച്ചവൻ രാജസൂയഫലം നേടി, സ്വർഗ്ഗലോകത്തു സൽകരിക്കപ്പെടും; കാട്ടുപൂമാലകൊണ്ടു വിധിപോലെ സർവ്വേശം പൂജിച്ചവൻ പിതൃ

Digitized By Kerala Sahitya Akademi

ലോകത്തു മാനിക്കപ്പെടും. വന്നിപ്പൂമാലകൾകൊണ്ടു ഭക്തിപൂ
വ്വം പൂജിച്ചവൻ അയിരം പത്തുദ്യാനത്തിന്റെ ഫലം നേടി, വിഷ്ണു
ലോകത്തു സൽക്കരിക്കപ്പെടും. എല്ലാറ്റിലും മീതെ കരിങ്കുവളപ്പൂ
വത്രെ: അയിരം കരിങ്കുവളപ്പൂകൊണ്ടുള്ള മാല ദേവിയെ യഥാവി
ധി ചാർത്തിച്ചവൻ അയിരംകോടി കല്പവും നൂറുകോടി കല്പവും ദിവ്യ
രൂപധരനായി രുദ്രലോകത്തു പൂജിക്കപ്പെടും; എല്ലാ പുഷ്പങ്ങൾ
കൊണ്ടുമുള്ളതിനെക്കാൾ നൂരുമടങ്ങു ഫലം നേടി ദുർഗ്ഗാലോകത്തു സ
ല്ക്കരിക്കപ്പെടും. അയിരം കരിംകുവളപ്പൂകൊണ്ടു അയ്യയെ പൂജിച്ച
വൻ വാജപേയഫലം നേടി, രുദ്രലോകത്തു മാനിക്കപ്പെടും. പുഷ്പം
കിട്ടാഞ്ഞാൽ പത്രവും, പത്രവും കിട്ടാഞ്ഞാൽ ചെടിയും ഉപയോഗ ക്ക
ക; ചെടിയും കിട്ടാഞ്ഞാലോ ഭഗവതിയെ ഭക്തികൊണ്ടു പ്രീതിപ്പെ
ടുത്തുക. മുൻ പറഞ്ഞ ഓരോ പൂവിന്റേയും ഫലം ദർഭയ്ക്കുമുണ്ടു; അ
തിലുമിരട്ടിയാണു് ഉമ്മത്തിൻപൂവിന്റെ ഫലം. മുല്ലപ്പൂവു്, ചെങ്ങഴി
നീർപ്പൂവു്, കുവളത്തില, വന്നിപ്പൂവു്, പുന്നപ്പൂവു്, ചമ്പകപ്പൂ
വു്, കൊങ്ങപ്പൂവു്, അശോകപ്പൂവു്, തുമ്പപ്പൂവു്, ചന്ദനം, ചെ
മ്പരത്തിപ്പൂവു്, നാഗപ്പൂവു്, ഇലഞ്ഞിപ്പൂവു് എന്നീ പുണ്യപു
ഷ്പങ്ങൾകൊണ്ടു ചണ്ഡികയെ പൂജിച്ചവൻ മുൻപറഞ്ഞ ഫലം
നേടി, കാലക്രമേണ രാജാവായി വാണു്, ചണ്ഡികയുടെ അനുചര
നായിച്ചമയും. അതാതുദ്യാവിലെ പുഷ്പങ്ങൾ, വെളുത്തും കറുത്തും
തുടുത്തും ചുകന്നുമുള്ളവ, മല്ലിക, പിച്ചകം, കുങ്കുമം, പിലാശ്ശു്, ക
ണവീരം, വൈയംകതം, ചമ്പകം, ഇലഞ്ഞി, മന്ദാരം, മുല്ല, പൊൻ
കറിഞ്ഞി, കൊങ്ങ, എരിക്കു്, വേപ്പു്, ഉമ്മത്തു്, കരുക്കത്തി, കു
ബ്ജകം, അകത്തി, ദമനം (പുഷ്പപ്രാമരം,) കരുനൊച്ചി, കടമ്പു്
എന്നിവയുടെ പുഷ്പങ്ങൾ, കഞ്ഞുണ്ണി, പിലാശിൻചില്ല, മൂവ്വലാമാ
യ കറുകനാക്കു്, ദർഭനാക്കു്, കുവളത്തില എന്നിവകൊണ്ടും മറു നീ
രിലും കരയിലുമുണ്ടാകുന്ന പത്രപുഷ്പങ്ങൾ കൊണ്ടും ശുഭങ്ങളായ
ചെടികൾ കൊണ്ടും കാട്ടിലെ പത്രപുഷ്പങ്ങൾകൊണ്ടും ഭഗവതിയെ
ഭക്തിപൂർവ്വം പൂജിക്കാം.

ചണ്ഡികാക്ഷേത്രത്തിൽ പദ്മം പോലുള്ള മണ്ഡലമിട്ടവൻ
ബ്രഹ്മപുരത്തിൽ ചെന്നു് ബ്രഹ്മാവോടൊപ്പം വിഹരിക്കും; ശംഖു
പോലുള്ള മണ്ഡലമിട്ടവൻ ദിവ്യവിമാനമേറി ചന്ദ്രലോകത്തു ചെ
ന്നുചേരും; പലനിറത്തിലുള്ള പൊടി കൊണ്ടു മണ്ഡലമിട്ടവൻ മ
ഹേശ്വരീലോകമണഞ്ഞു് ഏറിയകാലം സുഖമനുഭവിക്കും; വജ്രപ്പൊ
ടികൊണ്ടു വജ്രാകൃതിയിൽ മണ്ഡലമിട്ടവൻ ഐരാവതത്തിന്റെ

Digitized By Kerala Sahitya Akademi

പുറത്തുകേറി ഇന്ദ്രാണീലോകമണയും. ശ്വേതകൃഷ്ണ പാണ്ഡുവർണ്ണങ്ങൾകൊണ്ട് ശ്രീവത്സാകൃതിയായ മണ്ഡലം ചണ്ഡികയുടെ തിരുമുമ്പിൽ ഭക്തിയോടെ വരയ്ക്കുന്നവൻ മികച്ച വിമാനമേറി, അപ്സരസ്സുകളാൽ ഉപചരിക്കപ്പെട്ടുംകൊണ്ട് ലക്ഷ്മീലോകം പ്രാപിക്കും; അംബികാക്ഷേത്രത്തിൽ ഭക്തിയോടെ മണ്ഡലമിടുന്നവൻ പ്രളയം വരെ കിന്നരരോടൊപ്പം ക്രീഡിക്കും.

നെയ്വിളക്ക്, നെയ്യിൽ നനച്ച തളിരുകൾ, മേധ്യങ്ങളായ ചെടികൾ, യവാദി വിത്തുകൾ എന്നിവകൊണ്ട് നവമീതിഥികളിലും വിശേഷിച്ച യാത്രാസമയത്തും ദേവിക്ക് നീരാജനമുഴിഞ്ഞവൻ, ദേവകളുടെ ശംഖപടഹാദി നിർഘോഷത്തോടും മറവു ശബ്ദങ്ങളെ കേൾക്കാതാക്കുന്ന മഹാ ജയശബ്ദങ്ങളോടും കൂടി, എത്രനാൾ ദേവിയെ പൂജിച്ചുവോ അത്ര ആയിരം കല്പം സപ്തർഷിലോകത്തു സൽക്കരിക്കപ്പെടും. ദീപംകൊണ്ടു നീരാജനം ചെയ്യുവൻ ശിവലോകമണയും; ലവണാക്ഷതങ്ങൾകൊണ്ടു നീരാജനം ചെയ്യുവൻ അനേകായിരം കല്പം വിഷ്ണുലോകത്തു പൂജിക്കപ്പെടും; പൊൻ വെള്ളിവർണ്ണങ്ങൾകൊണ്ട് ഭഗവതിക്കു നീരാജനം ചെയ്യുവൻ ബ്രഹ്മലോകത്തു മാനിക്കപ്പെടും. മൂന്നു നേരവും തിരുമുമ്പിൽ നൃത്തഗീതവാദ്യങ്ങൾ നടത്തുന്നവൻ കരാണ്ടിനു ഒരു കല്പം വീതം കാലം ദേവീലോകത്തു സുഖിക്കും.

രാജേന്ദ്ര, ഒരു ദിവസമെങ്കിലും പരമേശ്വരിയ്ക്കു പഞ്ചഗവ്യാഭിഷേകം ഭക്തിയോടെ ചെയ്യുവൻ കാമധേനുലോകം പ്രാപിക്കും; കപിലപ്പയ്യിന്റെ പഞ്ചഗവ്യമായാൽ ഫലം നൂറുമടങ്ങത്രേ. ദേവിയെ നെയ്യാടിച്ചാൽ, ആറായിരം കൊല്ലത്തെപ്പാപം, വെള്ളംകൊണ്ടു ഉപ്പെന്നപോലെ അലിഞ്ഞുപോകും. ശുക്ലനവമിയിൽ ഭഗവതിക്ക് നെയ്യഭിഷേകം കഴിച്ചുവൻ, അവനേയും മേലും കീഴും പതിനാലു തലമുറയേയും സംസാരസമുദ്രത്തിൽ നിന്നു കേറ്റി, ഒടുവിലോകത്തു സൽക്കരിക്കപ്പെടും. പാൽ മുതലായവകൊണ്ടു ഭക്തിശ്രദ്ധകളോടെ അഭിഷേകം കഴിച്ചുവൻ തമസ്സിന്നപ്പുറത്തുള്ള ഗോലോകം പൂകും. കമ്പുനീർകൊണ്ടു കാർത്യായനിയെ അഭിഷേചിച്ചുവൻ ഗരുഡവാഹനം കേറിച്ചെന്നു വിഷ്ണുവോടൊപ്പം വിഹരിക്കും. പൊൻനീർകൊണ്ടു ദുർഗ്ഗയ്ക്കഭിഷേകം കഴിച്ചുവൻ പൊൻവിമാനമേറിച്ചെന്നു വിണ്ണവരോടൊപ്പം വിഹരിക്കും. രത്നജലംകൊണ്ടു വിധിപോലെ ശുദ്ധിച്ചഭിഷേചിച്ചുവൻ പൂർവികരോടൊന്നിച്ചു വിഷ്ണുലോകത്തു പൂജിക്കപ്പെടും.

Digitized By Kerala Sahitya Akademi

പ്പെട്ടം. കർപ്പൂരജലംകൊണ്ടഭിഷേകം കഴിച്ചവൻ കാഞ്ചനവിമാന മേറി കാർത്യായനീലോകത്തു ചെന്നെത്തും. അകിൽവെള്ളം കൊണ്ട് അഭിഷേകം ശ്രദ്ധിച്ചു ചെയ്യുവൻ ഇന്ദ്രലോകത്തു ചെന്ന് കിന്നരരോ ടൊപ്പം ക്രീഡിക്കും. പിതൃക്കളെ ഉദ്ദേശിച്ചു മഹേശ്വരിയെ മധുപായ സങ്കരംകൊണ്ടഭിഷേചിച്ചാൽ, പിതൃക്കൾക്ക് ഇരുനൂറു കൊല്പത്തേ യ്ക്കു തൃപ്തിവരും. ഈ വകസ്സാധനങ്ങളും ഒന്നിച്ചുകൂട്ടി നാംതോറും അ ഭിഷേകം കഴിച്ചാലോ, ആയിരം അശ്വമേധത്തിന്റേയും നൂറു രാജ സൂയത്തിന്റേയും അഗ്നിഷ്ടോമത്തിന്റേയും ഫലം കിട്ടും. ചെമ്പു കുടംകൊണ്ടഭിഷേകം ചെയ്താൽ വാജപേയഫലം സിദ്ധിക്കും; പൊ ന്നിൻകുടംകൊണ്ടഭിഷേകം കഴിച്ചവൻ അശ്വമേധ ഫലം നേടി ബ്രഹ്മലോകത്തു മാനിക്കപ്പെടും. ഘൃതാഭിഷിക്തയായ ദുർഗ്ഗയെ യവ കോതമ്പപ്പൊടി കൊണ്ടും പഞ്ചസാരകൊണ്ടും ഉപലേപനം (മേൽ ത്തേപ്പിച്ച് മെഴുക്കുകളയുക)ചെയ്യുക; നെ പാൽ തയിരുകളാടിച്ച്, സുഗന്ധപ്പെടുത്തിയ ക്രുവളത്തിലകൊണ്ടുപലേപനം ചെയ്യുക. എ ന്നാൽ, പുഷ്കരത്തിൽ വെച്ചു നൂറായിരം ഗോക്കളെ ദാനം ചെയ്താ ലുള്ള ഫലം ലഭിക്കും.

പദ്മജലംകൊണ്ടു പരമേശ്വരിക്കർഘ്യം നൽകിയവൻ ഗന്ധ ർവ്വരാൽ വാഴ്ത്തപ്പെട്ടുകൊണ്ട് സ്വർഗ്ഗത്തിൽ ദേവനെപ്പോലെ വി ളയാടും. വിധിപോലെ ഉപവസിച്ചവൻ ഭോഗ്യസമൃദ്ധനും പുത്ര വാനുമായിവരും. ഉത്തരായണത്തിൽ ഉപവാസംപൂണ്ടു ദേവിയെ പൂ ജിച്ചാൽ സന്തതിയും സമ്പത്തും യശസ്സും വർദ്ധിക്കും. വിഷുവ ത്തിൽ ഉപവസിച്ച് വിശ്വേശ്വരിയെ പൂജിച്ചാൽ ശ്രേഷ്ഠിയും കരു ത്തും വളരെ പുത്രന്മാരും ഉണ്ടായിവരും. സൂര്യ ഗ്രഹണങ്ങ ളിൽ ഉപവസിച്ച് ദുർഗ്ഗയെ ശരിക്കു പൂജിച്ചാൽ വളരെ പുത്ര ന്മാരുണ്ടാവും. സൂര്യഗ്രഹണത്തിൽ ഉപവസിച്ചു ദേവിയെ പൂജിച്ച് ശമം നേരുന്നവൻ പരമപദം പ്രാപിക്കും. ഇതൊക്കെയത്രെ ദുർഗ്ഗ യെ പൂജിപ്പാനുള്ള കാലം; ഈ കാലത്തൊക്കെ ദുർഗ്ഗയെ പൂജി ച്ചാൽ സ്വർഗ്ഗം പൂകാം. ദുർഗ്ഗയുടെ ദർശനം പുണ്യമാകുന്നു; ദർ ശനത്തെക്കാളും പുണ്യമാകുന്നു വന്ദനം; വന്ദനത്തെക്കാളും പുണ്യമാ കുന്നു സ്പർശനം; സ്പർശനത്തെക്കാളും പുണ്യമാകുന്നു പൂജനം; പൂജനത്തെക്കാളും മീതെയാണു ലേപനം; ലേപനത്തെക്കാളും മീ തെയാണ് തർപ്പണം; തർപ്പണത്തെക്കാളും മീതെയാണ്, ആട്ട് പോ ത്തു മുതലായവയെ വെട്ടി മാംസം നിവേദിക്കൽ നാംതോറും ദുർഗ്ഗ യെ ഭക്തിപൂർവകമാരാധിക്കുന്നവൻ നൂറു തലമുറയ്ക്ക് ഉൽഗതി

Digitized By Kerala Sahitya Akademi

വരുത്തി, ബ്രഹ്മലോകത്തു പൂജിക്കപ്പെട്ടും. പ്രാണൻ പോക്കുന്നതും കൊള്ളാം, തല വെട്ടുന്നതും കൊള്ളാം; ചണ്ഡരൂപിണിയായ ചണ്ഡികയെ പൂജിക്കാതെ ഊൺകഴിച്ചുകൂടാ!

ശ്രീപത്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭിഷ്മപുലസ്ത്യസംവാദം, ചണ്ഡികാപൂജാഖ്യാനം, എൺപതാമധ്യായം.

എൺപത്തൊന്നാമദ്ധ്യായം

പുലസ്ത്യൻ:—'പണ്ട്, ജഗൽസ്രഷ്ടാവായ പിതാമഹൻതിരുവടിയോട് ദേവന്മാർ ആവശ്യപ്പെട്ടു:—'ദേവ, ചണ്ഡികയെ പ്രസാദിപ്പിപ്പാനുള്ള പൂജ പറഞ്ഞുതന്നാലും'.

ബ്രഹ്മാവു്:—'ശിവൻ അക്ഷമാല കയ്യിലെടുത്തു് മന്ത്രശക്തിസ്വരൂപിണിയായ ദേവിയെ ആരാധിച്ചുപോരുന്നു; അതുകൊണ്ടത്രേ, അവിടുന്ന് ഐശ്വര്യങ്ങളുടെ വിളനിലമായതു്. ദേവന്മാരേ, ഞാൻ രത്നമയിയായ ഉറ്റയെ (വിഗ്രഹത്തെ) നിത്യം പൂജിക്കുന്നു; അതിനാലാണു് ഏറ്റവും ഉഷ്ണപ്രാപമായ ബ്രഹ്മത്വം എനിക്കു കൈവന്നതു്. വിഷ്ണു ഇന്ദ്രനീലമയിയായ ദേവിയെ പ്രതിദിനം പൂജിക്കുന്നു; അതിനാൽ അദ്ദേഹം അത്ഭുതവും ഏകവും സനാതനവുമായ വിഷ്ണുത്വം നേടി. വൈശ്രവണൻ കാഞ്ചനമയിയായ ഉറ്റയെ സേവിച്ചുപോരുന്നു; അതിനാൽ ധനേശ്വരനായിത്തീർന്നു. മഹാത്മാക്കളായ വിശ്വേദേവകൾ രജതമയിയായ ദേവിയെ സേവിക്കുന്നു; അതുനിമിത്തം വിശ്വേദേവത്വം പ്രാപിച്ചു. വായു പിച്ചളകൊണ്ടുള്ള ദേവിയെ ക്രമപൂർവ്വം പൂജിക്കുന്നു; തന്നിമിത്തം നിസ്തുല്യഗുണമായ വായുത്വം സമ്പാദിച്ചു. മഹാത്മാക്കളായ വസുക്കൾ ഓട്ടുകൊണ്ടുള്ള ദേവിയെ യഥാവിധി പൂജിക്കുന്നതിനാൽ മഹോദയമായ വസുത്വം നേടി. അശ്വനീദേവകൾ മണ്ണുകൊണ്ടുള്ള ദേവിയെ ശരിക്കു പൂജിക്കുന്നതിനാലാണു് സ്വവൈദ്യരായിച്ചമഞ്ഞതു്. വരുണൻ പളുങ്കുകൊണ്ടുള്ള ദേവിയെ പരിപൂജിക്കുന്നു; അതുമൂലം സമുജ്ജ്വലത്തായ വരുണത്വം അദ്ദേഹത്തിനു ലഭിച്ചു. അഗ്നി രത്നമയിയായ ദേവിയെ സശ്രദ്ധം പൂജിക്കുന്നതിനാൽ തേജോരൂപാപന്നിതമായ അഗ്നിത്വം പ്രാപിച്ചു. സൂര്യദേവൻ ചെമ്പുകൊണ്ടുള്ള ദേ

Digitized By Kerala Sahitya Akademi

വിയെ പതിവായി ഭക്തിപൂർവം പൂജിക്കുന്നു; അതിനാലാണ്, ഉൽകൃഷ്ടമായ സൂര്യത്വം സിദ്ധിച്ചത്. ചന്ദ്രൻ മൈത്രികമയിയായ ദേവിയെ നിരന്തരം പൂജിക്കുന്നു; അതിനാൽ സദോജ്വലമായ ചന്ദ്രത്വം ലഭിച്ചു. പവിഴംകൊണ്ടുള്ള ദേവിയെ ശരിക്കു പൂജിക്കുന്നതിലാണ്, സൂര്യാദി ഗ്രഹങ്ങൾക്ക് ഗ്രഹത്വം കൈവന്നത്. മഹാത്മാക്കളായ അസുരരും രാക്ഷസരും ശംഖമയിയായ ശംകരിയെ പൂജിച്ചുപോരുന്നു; അതിനാൽ അവർ അമിതവിക്രമരായിത്തീർന്നു. പിശുക്കം വെള്ളീയംകൊണ്ടുള്ള ദേവിയെ നിരന്തരം ആരാധിക്കുന്നു; അതിനാൽ അവരെല്ലാം പിശുതപം നേടി മൂപ്പാരിലും പൂജനീയരായി. പിശാചർ ഇരിമ്പുകൊണ്ടുള്ള ദേവിയെ പൂജിക്കുന്നതിനാൽ, അവക്ക് സിദ്ധിയും കരുത്തും കൈവന്നു; അവർ പരമപദം പൂകുകയും ചെയ്യും. ഗൃഹ്യകാദികൾ ത്രിലോകമയിയായ ദേവിയെ സേവിക്കുന്നതിനാൽ ഭോഗബലം നേടി; അവർ ഈശ്വരാലയവും പൂകും. ഭ്രൂങ്കരം വജ്രലോകമയിയായ ദേവിയെ ആരാധിക്കുന്നു; അതിനാൽ അവക്കു ദ്യോവികൽ ദേവത്വം സിദ്ധിക്കും. ദേവന്മാരെ, നിങ്ങളും; പരഗതി വേണമെന്നുണ്ടെങ്കിൽ, മണിമയിയായ ദേവിയെ പൂജിച്ച് അഭീഷ്ടം നേടിക്കൊൾവിൻ. ദേവീക്ഷേത്രം നാംതാരും ഭക്തിയോടെ അടിച്ചുതുടയ്ക്കുന്നവൻ ബലവാനും സർവസമ്പത്സമൃദ്ധനുമായിത്തീരും. ദേവീക്ഷേത്രത്തിൽ ഛാണകംകൊണ്ടു തേപ്പുകഴിച്ചാൽ സ്ത്രീയും പുരുഷനും ആറുമാസത്തിനിടയ്ക്ക് അഭീഷ്ടങ്ങൾ നേടും. ദേവീലോകം പൂകുകയും ചെയ്യും.

മഹാരാജാവേ! വെള്ളംകൊണ്ടും മറ്റും അഭിഷേകം കഴിക്കുമ്പോൾ പലതരം മംഗളവാദ്യങ്ങളും ജയശബ്ദങ്ങളും മുഴക്കി ദേവിയെ ഗന്ധപുഷ്പാദികൾ കൊണ്ട് ഭക്തിപൂർവം പൂജിക്കുന്നവൻ സ്വർഗത്തിൽച്ചെന്നു ഗന്ധർവാപ്സരോവൃന്ദത്തോടൊപ്പം വിളയാടും. പാൽമരങ്ങളുടെ തുറന്നറിലകൾ, വെള്ളവും പാലും നെയ്യും നിറച്ച കലശങ്ങൾ, പലനിറത്തിലുള്ള പൊടികൾ, അക്ഷതം, നനച്ച അരി എന്നിവകൊണ്ട് ചണ്ഡികാക്ഷേത്രത്തിൽ ദേവിയുടെ തിരുമുമ്പിൽ ചക്രാകൃതിയിലുള്ള മണ്ഡലം ഭക്തിയോടെ നിർമ്മിക്കുന്നവൻ ദിവ്യവാഹനം കേറിപ്പോയി വിഷ്ണുലോകത്തു വിഹരിക്കും; നല്ലതോ തീയതോ ആയ പൂവോ, കായോ, എല്ലാം ഭക്തിയോടുകൂടി നിവേദിക്കുന്നവന് ദേവത്വം സിദ്ധിക്കും. പലതരം പൂമാലകൾകൊണ്ട് ചണ്ഡികയുടെ മേൽവശത്തായി മണ്ഡപം ഭക്തിയോടെ നിർമ്മിക്കുന്നവൻ വിഷ്ണുലോകത്തു പൂജിക്കപ്പെടും. നവമീതിഥിയിലോ മറ്റു

Digitized By Kerala Sahitya Akademi

പുണ്യദിവസത്തിലോ ചണ്ഡികയുടെ മേൽവശത്ത് വിചിത്ര കുസുമങ്ങൾകൊണ്ടുള്ളജലമായ പുഷ്പഹോമം ശരിക്കുണ്ടാക്കുന്നവൻ പൂമാലകളാൽ ശോഭിക്കുന്ന ശ്രേഷ്ഠവിമാനത്തിൽക്കേറി ചണ്ഡികാലോകം പ്രാപിച്ച് എന്നെന്നും രമിക്കും. ചുരുക്കത്തിൽ യഥാശക്തി പൂജ, വേർതിരിച്ചു വെയ്ക്കൽ, നിർമ്മാണം മുതലായവയ്ക്ക് ഇങ്ങനെയൊക്കെയാണ് ഫലം.

കാരകിൽ, കർപ്പൂരം, ഗോരോചനം, ചന്ദനം എന്നിവകൊണ്ടു ഗോവർത്തിക്കു ലേപനം നൽകിയവൻ ഇഹത്തിൽ അഭീഷ്ടങ്ങൾ നേടി, ശിവലോകത്തു പൂജിതനാകും. ഗുൽഗുലു നെയ്യിൽ നനച്ചു ദിവസേന് അറുമാസം ധൂപം നൽകിയാൽ അയിരം പശുദാനത്തിന്റെ ഫലം കിട്ടും. കാരകിൽധൂപം നൽകിയാൽ സർവ്വയജ്ഞഫലം സിദ്ധിക്കും. വെള്ളകിൽധൂപം അയിരം പശുദാനത്തിന്റെ ഫലം തരും. ധൂപങ്ങളെല്ലാറ്റിലും വെച്ചു ഗുൽഗുലുവാണ് ദിവസേനയിഷ്ടം; നെയ്ചേർത്താലോ, അതിപ്രീതിയായി. ശുക്ലനവമിയിൽ രണ്ടുനാഴിരാത്രിയുടെ ഫലം ഗുൽഗുലുകൊണ്ടു ധൂപിച്ചവൻ ചണ്ഡികയുടെ പ്രിയപ്പെട്ടവനാകും. ഗുൽഗുലുവോ ക്രുവളത്തിൻവേരോ നെയ്ചേർത്തു ധൂപിച്ചവൻ വാജപേയഫലം നേടി, സൂര്യലോകത്തു സൽക്കരിക്കപ്പെടും. ഒരിക്കൽ അകിൽകൊണ്ടു ധൂപിച്ചവനെ, പ്രസന്നയായ സർവ്വമംഗള പാപക്കറ നീക്കി, സപ്തർണ്ണത്തെ അഗ്നി എന്നപോലെ ശുദ്ധിപ്പെടുത്തും. മയവും നേർമ്മയുമുള്ള വിചിത്ര വസ്ത്രങ്ങളെ ദിവസേന നൽകുന്നവൻ ചണ്ഡികാലോകമണഞ്ഞു, ആ വസ്ത്രങ്ങളിൽ എത്ര നൂലുണ്ടോ അത്ര അയിരം കൊല്പം അവിടെ പരിശോഭിക്കും. സുവർണ്ണതിലകങ്ങൾ ദേവതിയ്ക്കു നൽകുന്നവൻ ആ പരമകലയുടെ ദിവ്യവാസസ്ഥാനമണയും. പൊൻകസവിട്ട വസ്ത്രം ദേവിക്കു നൽകുന്നവൻ അയിരം പശുദാനത്തിന്റെ ഫലം നേടി, സൂര്യലോകത്തു പൂജിക്കപ്പെടും. ചുരുക്കത്തിൽ ഇങ്ങനെ ദ്രവ്യത്തിനനുരൂപമായി ഫലം സിദ്ധിക്കും.

നരാധിപ, നവമീതിഥിയിൽ സന്ധ്യയ്ക്കു ചണ്ഡികാക്ഷേത്രത്തിൽ ആടിനേയും പോത്തിനേയും വെട്ടി ഭക്തിയോടെ ബലികഴിക്കുന്നവൻ ചണ്ഡികയുടെ പുണ്യസ്ഥാനത്തു ചെന്നുചേരും. വെല്ലവും കൽക്കണ്ടവും നെയ്യും ചേർത്ത അന്നം ദേവിക്കു നിവേദിച്ചവൻ വംശത്തോടെ സൂര്യലോകത്തു പൂജിക്കപ്പെടും. വെല്ലം, കൽക്കണ്ടം, നെയ്യ്, പഞ്ചസാര എന്നിവകൊണ്ടു ദേവിയെ ഉദ്വർത്തനം ചെയ്തവൻ ബ്രഹ്മലോകം പ്രാപിക്കും. ശാല്യന്നം, കരടില്ലാത്ത രസപാനീയങ്ങൾ എന്നിവ നിവേദിച്ചവൻ ശിവാലയത്തിൽ ചെന്നുചേരും.

Digitized By Kerala Sahitya Akademi

ദുർഗ്ഗയെ ഉദ്ദേശിച്ച്, കൈതപ്പൂവിൻമണം ചേർന്ന പാനീയം നൽകുന്നവൻ ഗണത്തലവനായിത്തീരും. മാങ്ങ, തേങ്ങ, ഈത്തപ്പഴം, മാതളനാരങ്ങ എന്നിവ നിവേദിച്ചാൽ പരമപദം പൂകാം.

ചണ്ഡികയ്ക്കു നൈവിളക്കു വെച്ചവൻ അശ്വമേധഫലം നേടി, ചണ്ഡികാനുചരനായിച്ചമയും; ഏഴെള്ളെണ്ണവിളക്കുവെച്ചവൻ നാഗലോകം പുക്കു കിന്നരരോടൊപ്പം ക്രീഡിക്കും; കേതിയാൽ തന്റെ ശരീരത്തിലെ വസപകർന്നു വിളക്കു കത്തിച്ചവൻ ചണ്ഡികാലോകത്തു വിഹരിയ്ക്കും. കാർത്തികമാസത്തിൽ ചണ്ഡികാക്ഷേത്രത്തെ ദീപാവലികൊണ്ടു ശോഭിപ്പിക്കുന്നവൻ സൂര്യാലയം പ്രാപിക്കും. വിശേഷിച്ചും നവമ്യമാവാസികളിൽ യഥാശക്തി നൈവിളക്കുകളും ഭക്തിശ്രദ്ധാനിതനായി കത്തിച്ചവൻ അതു ആയിരം വർഷം ബ്രഹ്മലോകത്തു മാനിക്കപ്പെടും. ദുർഗ്ഗാക്ഷേത്രത്തിന്റെ നടയ്ക്കൽ കരിങ്കല്ലുകൊണ്ടു ദീപസ്തംഭം നാട്ടി, കൊളുത്തിയവൻ പതിനായിരം കല്പം തികച്ചും ദുർഗ്ഗാലോകത്തു സൽക്കരിക്കപ്പെടും.

മണിമാണിക്യങ്ങളേന്നിഞ്ഞ നിലാവിന്നൊത്ത വെള്ളക്കുട നാനാപുഷ്പാനുലേപനങ്ങളം കൊണ്ടു മോടിപ്പെടുത്തി ദുർഗ്ഗയുടെ തിരുമുമ്പിൽ പിടിക്കുന്നവൻ പരമഗതി പൂകും. ദേവിക്കു വെൺചാമരങ്ങളം സുരുചിയും വീശുന്നവൻ രാജസൂയഫലം നേടി, ഹംസലോകത്തു സൽക്കാരമേൽക്കും. ചണ്ഡികയുടെ തിരുമുമ്പിൽ നിലത്തു നെടുനീളെ ദണ്ഡനമസ്കാരം ചെയ്യുവൻ പരമഗതിയടയും. ജപം, സന്ധ്യാവന്ദനം, ഉപവാസം, സർവ്വതീർത്ഥസ്നാനം, ഇവയുടെയെല്ലാം ഫലം ദേവിയെ നമസ്കരിച്ചാൽ കിട്ടും; ദുർഗ്ഗാപൂജയ്ക്കു വേണ്ടുന്നതു കുറച്ചോ അധികമോ കഴിവുപോലെ ശേഖരിച്ചവൻ രുദ്രലോകത്തു സൽകൃതനാകും. മഹേശ്വരിയെ മനം കുളിരെപ്പൂജിച്ചിട്ട്, കൈകൂപ്പി കുമ്പിട്ടു ഈ സ്തോത്രം ചെയ്യണം:

'ദുർഗ്ഗാം ശിവാം ശാന്തികരീം ബ്രഹ്മാണീം ബ്രഹ്മണപ്രിയാം
സർവ്വലോകപ്രണേത്രീം ച പ്രണമാമി സദാംബികാം.
മംഗലാം ശോഭനാം ശുദ്ധാം നിഷ്കലാം പരമാം കലാം
വിശേശ്വരീം വിശ്വവന്ദ്യാം ചണ്ഡികാം പ്രണമാമ്യഹം.
സർവ്വദേവമയീം ദേവീം സർവ്വദേവനമസ്കൃതാം
ബ്രഹ്മേശവിഷ്ണുനമിതാം പ്രണമാമി സദാ ഉമാ
വിന്ധ്യസ്ഥാം വിന്ധ്യനിലയാം വിന്ധ്യപർവ്വതവാസിനീം
യോഗിനീം യോഗവിദ്യാം ച ചണ്ഡികാം പ്രണമാമ്യഹം.

Digitized By Kerala Sahitya Akademi

ഈശാനമാതരം ദേവീമീശപരിമീശപരപ്രിയാം
പ്രണതോസ്മി സദാ ഭക്ത്യാ സംസാരണ്ണവതാരിണീം.'

ഈ സ്തോത്രം ഭക്തിയോടേ ചൊല്ലുകയോ കേൾക്കുകയോ ചെയ്യുന്നവൻ സർവ്വപാപനിർമ്മുക്തനായി ഉത്തമലോകത്തു സൽക്കരിക്കപ്പെടും.'

ശ്രീപത്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം,
ചണ്ഡികാസ്തോത്രകഥനം, എൺപത്തൊന്നാമദ്ധ്യായം.

(൧)

എൺപത്തിരണ്ടാമദ്ധ്യായം

ഭീഷ്മൻ:—'സൂര്യന്റേയും ചന്ദ്രന്റേയും കുജന്റേയും പൂജ പറഞ്ഞുതന്നുവല്ലോ; ഇനി ചന്ദ്രപുത്രനായ ബുധന്റെ പൂജ കേൾക്കേണമെന്നുണ്ട്.'

പുലസ്ത്യൻ:—ചന്ദ്രന്റെ താരയിൽ പിറന്ന മകനായ ബുധൻ സൌമ്യഗ്രഹമായും ക്രൂരഗ്രഹമായും നിന്നു മനുഷ്യർക്കു നന്മയും തിന്മയും നൽകുന്നു. ബുധനെ പച്ചനിറത്തിലുള്ള പൊടികൊണ്ടു ശരാകൃതിയിൽ മണ്ഡലമിട്ട്, ശോഭനങ്ങളായ ഗന്ധപുഷ്പധൂപാദികൾ കൊണ്ടു പൂജിക്കണം; വിധിപോലെ ദാനവും ചെയ്യണം. എന്നാൽ ദശാരിഷ്ടവും അനിഷ്ടരാശിസ്ഥിതികൊണ്ടുള്ള ദോഷവും നീങ്ങും. കർപ്പൂരം, ചെറുപയർ, പച്ചവസ്ത്രം, പച്ചക്കല്ല്, സ്വർണ്ണം എന്നിവ യഥാശക്തി നൽകിയാൽ ബുധൻ പ്രസാദിക്കും.

'സോമപുത്ര, മഹാപ്രാജ്ഞ, വേദവേദാംഗപാരഗ,
നമസ്തേ ഗ്രഹമധ്യസ്ഥ, പ്രസന്നോ ഭവ മെ സദാ!'

എന്നിങ്ങനെ, ഭക്തിയാൽ ഏകാഗ്രഹൃദയനായി സ്തുതിച്ചാൽ, ബുധൻ പ്രസാദിച്ചു സർവ്വാഭീഷ്ടങ്ങളും നിറവേറിത്തരും.

വ്യാഴത്തെ, നല്ല മഞ്ഞപ്പൊടികൊണ്ടു പട്ടികാകൃതിയിൽ മണ്ഡലമിട്ടു മഞ്ഞച്ച സുഗന്ധപുഷ്പങ്ങൾകൊണ്ടും വസ്ത്രങ്ങൾകൊണ്ടും സ്വർണ്ണംകൊണ്ടും പൂജിക്കണം; യഥാശക്തി ദാനവും ചെയ്യണം: ചണംപയറിൻപരിപ്പു്, മഞ്ഞവസ്ത്രം, സ്വർണ്ണം, പുഷ്യരാഗം എന്നിവയാണു ബ്രാഹ്മണന്നു ദാനം ചെയ്യേണ്ടതു്. എന്നാൽ ദശാദോഷവും ഗോചരദോഷവും നീങ്ങും.

Digitized By Kerala Sahitya Akademi

'ബൃഹസ്പതേ, സുരാചാര്യ, സർവ്വശാസ്ത്രവിശാരദ,
ദാനേനാനേന സംതുഷ്ടോ ഭവ സൌമ്യോ മമാധുനാ!'

എന്നു പ്രാർത്ഥിച്ചാൽ ബൃഹസ്പതി അനുകൂലനായി നിന്നു സർവ്വാഭീഷ്ടങ്ങളേയും നൽകും.

ശുക്രന്, വെളുത്ത പൊടികൊണ്ടു് അഞ്ചുകോണുള്ള മണ്ഡലമിടുക; വെളുത്ത ഗന്ധപുഷ്പവസ്ത്രങ്ങൾകൊണ്ടു പൂജിക്കുക; കഴിവുപോലെ വെള്ളി ദക്ഷിണ കൊടുക്കുക; ദശാഗോചരദോഷം നീങ്ങാൻ വെള്ളിക്കുതിരയേയും ദാനം ചെയ്യണം. അരി, വെള്ളവസ്ത്രം, വെള്ളി, ചന്ദനം, സുരഭിലമായ കർപ്പൂരം എന്നിവ,

'ഭൃഗുപുത്ര, മഹാഭാഗ, ദാനവാനാം പുരോഹിത,
ദാനേനാനേന സംതുഷ്ടോ ഭവ സർവ്വാസുരാർച്ചിത!'

എന്നുച്ചരിച്ചു ബ്രാഹ്മണനു ദാനം ചെയ്യുക. എന്നാൽ ശുക്രൻ പ്രസാദിച്ചു് അഭീഷ്ടമെല്ലാം തരും.

ശനിയെ, കറുത്ത ചൂർണ്ണങ്ങൾകൊണ്ടു മനുഷ്യാകൃതിയിൽ മണ്ഡലമിട്ടു കറുത്ത ഗന്ധപുഷ്പ വസ്ത്രങ്ങളാൽ പൂജിക്കുക; ദക്ഷിണയ്ക്കു് ഇരുമ്പു്; ദാനത്തിനു് എള്ളിൻപിണ്ണാക്കു്; ദശാരിഷ്ടത്തിൽ, കറുത്ത പശു്, കറുത്ത വസ്ത്രം, യഥാശക്തി സ്വർണ്ണം, കറുത്ത രത്നം എന്നിവയും ദാനംചെയ്യണം.

'സൂര്യസൂനോ, മഹാഭാഗ, ഛായാപുത്ര, മഹാബല,
അധോദൃഷ്ടേ, ഭവ ശനേ, പ്രസന്നോസ്മാൽ പ്രദാനതഃ!'

എന്നിങ്ങനെ കേതിപൂർവ്വം പ്രാർത്ഥിച്ചു ബ്രാഹ്മണനു ദാനം ചെയ്താൽ ശനി അനുകൂലനായി വരും.

രാഹുവിനു്, നിറവും പൂജയും ശനിക്കു പറഞ്ഞതുപോലെ; മണ്ഡലം സൂര്യാകൃതിയിൽ; ദാനത്തിനു്, ഗോമേദവും കറുത്ത കുട്ടകം എള്ളും ഉഴുന്നും എരുമയും ആടും; ദാനമന്ത്രം ഇങ്ങനെയാണു്:

'സിംഹികാസുത, ദൈത്യേന്ദ്ര, രാഹോ, ചന്ദ്രാർക്കമർദ്ദന,
ഭവ ത്വഷ്ടോ മഹാഭാഗ, ദാനേനാനേന സുവ്രത!'

കേതുവിനു്, മണ്ഡലം ധ്വജാകൃതിയിലായിരിക്കണം; നിറവും പൂജയും മറ്റുമൊക്കെ ശനിയുടേതുപോലെതന്നെ; ദാനത്തിനു സപ്തധാന്യവും സ്വർണ്ണവും. ഈവിധം ചെയ്താൽ രാഹുകേതുക്കൾ അനുകൂലരായി പുത്രവിത്തസുഖസൌഭാഗ്യങ്ങളെ തന്നരുളും. ഗ്രഹങ്ങളുടെ

Digitized By Kerala Sahitya Akademi

പൂജാ മന്ത്രങ്ങളും കേട്ടുകൊൾക: സൂര്യന് 'ആകൃഷ്ണ' എന്നതു്; ചന്ദ്രന് 'ഇമം ദേവാഃ;' ചൊവ്വയ്ക്ക് 'അഗ്നിർമൂർദ്ധാ;' ബുധന് 'ഉൽബുധ്യസ്വ;' വ്യാഴന്ന 'ബൃഹസ്പതേ;' ശുക്രന്ന് 'അന്നാൽ പരി;' ശനിക്ക 'ശം നോ ദേവീഃ'; രാഹുവിന്ന 'കയാ നഃ;' കേതുവിന്ന 'കേതും.'. ഈ പ്രകാരം, ഈവിധം പൂജിച്ചാൽ എല്ലാ ഗ്രഹങ്ങളും സദാ അനുകൂലരായി സത്സന്തതികളെ തന്നുകൊണ്ടിരിക്കും.

'മഹാരാജാവേ, ഇതൊക്കയും മുറയ്ക്കു ഞാൻ ഭവാനോട പറഞ്ഞു; എല്ലാശാസ്ത്രങ്ങളുടെയും സത്താകുന്ന ഇതു ശ്രവിക്കുന്നവൻ ഈശ്വരസന്നിധിയണയും. * .....പുരാണത്തിന്നാദിഭൂതമായി പൌഷ്കരപ്രാദുർഭാവം വർണ്ണിച്ചിട്ടുള്ളതായ ഈ സൃഷ്ടിഖണ്ഡം ഭവാനോട ഞാൻ പറഞ്ഞു; ഇതു ദ്വിജന്മാരെ കേൾപ്പിക്കുകയും കേൾക്കുകയും വായിക്കുകയും ചെയ്യുന്ന പ്രാജ്ഞന്മാർ നൂറുകോടി കല്പം മുഴുവൻ ഇവമലോകത്തു രമിക്കും.'

ശ്രീപദ്മമഹാപുരാണം, സൃഷ്ടിഖണ്ഡം, ഭീഷ്മപുലസ്ത്യസംവാദം,
ബുധാദി ഗ്രഹാർച്ചനകഥനം എൺപത്തിരണ്ടാമദ്ധ്യായം.

സൃഷ്ടിഖണ്ഡം എന്ന അഞ്ചാം ഖണ്ഡം സമാപ്തം.

* പൂർവ്വോക്തമാകയാൽ കുറെ ഭാഗം വിട്ടു.

Digitized By Kerala Sahitya Akademi

ശ്രീപദ്മമഹാപുരാണം

ഉത്തരഖണ്ഡം.

——(0)——

ഒന്നാമദ്ധ്യായം.

ഋഷിമാർ:—'വിദ്വന്മണേ, പലതരം ഉപാഖ്യാനങ്ങളുംപ്പെട്ടതും പരമാനന്ദപ്രദവുമായ ക്രിയാ (സൃഷ്ടി) ഖണ്ഡവും ഭവാങ്കൽനിന്നു ഞങ്ങൾ ശ്രവിച്ചു; ഇനി, ഭഗവൽഭക്തിവർദ്ധകമായ പാദ്മത്തിലെ അവശിഷ്ടംകൂടി കേൾക്കാൻ ഞങ്ങൾക്കാഗ്രഹമുണ്ട്; ഗുരോ, ദയചെയ്തു പറഞ്ഞുതന്നാലും!'

സൂതൻ:—'മഹർഷിമാരേ, പാപഹരമായ വിജ്ഞാനം നാരദൻ ചോദിക്കയാൽ ശിവൻ അരുളിച്ചെയ്തതു ഭവാന്മാരെല്ലാവരും കേട്ടുകൊൾവിൻ: ലോകസഞ്ചാരിയായ ഭഗവൽപ്രിയൻ നാരദൻ ഒരു ദിവസം മഹേശ്വരനോട് എന്തോ ചോദിപ്പാൻ വേണ്ടി മന്ദരപർവ്വതത്തിൽ ചെന്നെത്തി, അവിടെ സ്ഥിതിചെയ്തിരുന്ന പാർവ്വതീരമണനെ മസ്സരിച്ചു. തന്തിരുവടി മഹർഷിയോട് ഇരിപ്പാൻ അരുളിച്ചെയ്തു; അദ്ദേഹം തിരുമുമ്പിൽ ഉപവേശിച്ചിട്ട്, ഭവാന്മാർ എന്നോടു ചോദിച്ചതു തന്നെ ഭഗവാനോടു ചോദിച്ചു:—'ഭഗവാനേ, ദേവദേവേശ, പാർവ്വതീപതേ, ജഗദ്ഗുരോ, ഭഗവത്തത്ത്വം യാതൊന്നുകൊണ്ടറിയാമോ അതു് എനിക്കുപദേശിച്ചുതന്നാലും!'

ശിവൻ:—'നാരദ, കേൾക്ക; വേർപോലുള്ള പുരാണം ഞാൻ പറയാം; അതു കേട്ടാൽ തീർച്ചയായും പാപമെല്ലാം വിട്ടൊഴിയും: പർവ്വതവർണ്ണനം, ജാലന്ധരോപാഖ്യാനം, ശ്രീശൈലമാഹാത്മ്യം, ഫരിദ്വാരമാഹാത്മ്യം, ഗംഗോല്പത്തി, പ്രയാഗമാഹാത്മ്യം, ദശാശ്വമേധികമാഹാത്മ്യം, തുളസീമാഹാത്മ്യം, ശംഖചക്രാദ്ധ്യങ്കനവിധി, ഭാരകോപാഖ്യാനം, മഹോത്സവവിധി, വാപീ കൂപ തടാക പ്രപാദി പുണ്യവർണ്ണനം, ഗണപത്യുപാഖ്യാനം, വൈഷ്ണവലക്ഷണം, ജീർണ്ണോദ്ധാരമാഹാത്മ്യം, ഗംഗാസമുദ്രസംഗമമാഹാത്മ്യം, സാളഗ്രാമതീർത്ഥമാഹാത്മ്യം, തത്തീരമാഹാത്മ്യം, സ്തോത്രോദ്ധരണം, വിഷ്ണു സഹസ്രനാമം എന്നിവ ഞാൻ വിവരിക്കാം* .....നാരദ, മാഹാത്മ്യവായ

* ബാക്കി ഭാഗവും ഇതുപോലെതന്നെ ഈ ഉത്തരഖണ്ഡത്തിലെ വിഷയങ്ങളെ പ്രതിപാദിക്കുന്നതാണ്. അവ വിഷയാനുക്രമണികകൊണ്ടറിയാമെല്ലോ. അതിനാൽ രേ-ശ്ലോകം വിട്ടു.

Digitized By Kerala Sahitya Akademi

വ്യാസമുനിയാൽ ലോകനന്മയ്ക്കായി നിർമ്മിക്കപ്പെട്ട ഈ പദ്മപുരാണം ബ്രാഹ്മണന്ക്ക് ശ്രേയസ്സിനേയും ശൂദ്രന്ക്ക് പുണ്യത്തേയും വിശുദ്ധചിത്തന്ക്ക് മോക്ഷത്തേയും നൽകുന്നു; കടുത്ത ദാരിദ്ര്യത്തെ കെടുക്കുന്നു. എന്നെന്നും മംഗളപ്രദമായ ഇതു ശ്രവിച്ചതിന്നു ശേഷം യഥാവിധി ദാനവും ചെയ്യണം.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവ സംവാദം, വിഷ്ണുവിലക്ഷണം, നൊമദ്ധ്യായം.

(൦)

രണ്ടാമദ്ധ്യായം

ശിവൻ: —ഒരുലക്ഷത്തി ഇരുപത്തയ്യായിരം പർവതങ്ങളുടെ മദ്ധ്യത്തിലായി ബദര്യാശ്രമം എന്നൊരു മഹാ പുണ്യസ്ഥലമുണ്ടു. അവിടെ, ഹിമാദ്രിശൃംഗത്തിൽ, വിഷ്ണുവിന്റെ മൂർത്തിഭേദങ്ങളായ നരനാരായണന്മാർ വാണരുളുന്നു. അവരിൽ ഒരാൾ ശ്വേതവർണ്ണനും മറ്റാൾ കൃഷ്ണവർണ്ണനുമത്രേ. ഉത്തരായണം ആറു മാസമേ അവിടെ മഹാപൂജയുള്ളൂ. ദക്ഷിണായനത്തിൽ അവിടം മഞ്ഞിനാൽ മൂടപ്പെട്ടിരിക്കും. അവിടെ ദേവന്മാർ നിവസിക്കുന്നുണ്ടു്. അഗ്നിഹോത്രത്തോട്ടുകൂടിയ മുനീന്ദ്രാശ്രമങ്ങളുമുണ്ടു്. എപ്പോഴും വേദോച്ചാരണഘോഷം കേൾക്കാം. ആ സ്ഥലം ദർശിച്ചാൽ കോടി ഹത്യാപാപങ്ങൾ നീങ്ങും. അളകനന്ദ എന്നപേരായ അവിടത്തെ ഗംഗയിൽ സ്നാനംചെയ്താൽ മഹാപാപം വിട്ടൊഴിയും. വിശേഷശ്വരൻ തിരുവടി തീർച്ചയായും അവിടെ സന്നിധിചെയ്യുന്നുണ്ടു്. ഞാൻ അവിടെ ഒരുകൊല്ലം തപസ്സു ചെയ്തയുണ്ടായി. അതിൽ പ്രസാദിച്ചു്, ഭക്തദയാലുവായി, നിത്യപുരുഷനായി, സാക്ഷാൽ ഈശ്വരനായിരിക്കുന്ന ഗരുഡധ്വജൻ എന്നോടരുളിച്ചെയ്തു:—'സുവ്രത, വരം ചോദിച്ചുകൊള്ളുക. ഭവാനു വേണ്ടതൊക്കെയും ഞാൻ തരാം. കൈലാസനാഥനായി ജഗദ്രക്ഷകനായിരിക്കുന്ന സാക്ഷാൽ രുദ്രനാണല്ലൊ ഇവിടുന്നു!'

ഞാൻ:—'ദേവ, ജനാർദ്ദന, നിന്തിരുവടി പ്രസാദിച്ച വരം തരികയാണെങ്കിൽ എനിക്കു രണ്ടു വരം കല്പിച്ചു തന്നാൽ മതി; എനിക്കു് ഇവിടുത്തെപ്പേരിൽ ഭക്തിയുണ്ടാവണം; എന്നെ ഭക്തന്മാരിൽ വച്ചു് രാജാവെന്നു് സകലരും പറയുമാറാകണം. ഇവിടുത്തെ പ്രസാദത്താൽ ഞാൻ എന്നെ ഭജിക്കുന്നവർക്ക് മോക്ഷദാതാവുമാകണം—

Digitized By Kerala Sahitya Akademi

ഞാൻ വിഷ്ണുഭക്തനെന്ന ലോകത്തിൽ വിളിപ്പെടണം; ഞാൻ വരം കൊടുക്കുന്നവനെന്ന മുക്തിയും സിദ്ധിക്കണം. ഞാൻ ജടാധാരിയായി ഭസ്മവും പൂശി ഇവിടുത്തെ സന്നിധിയിൽ വസിക്കുന്നവനാണെന്നും ലോകത്തിൽ പുകഴ്പെട്ടുന്നതിനും ഭവാൻ പ്രസാദിച്ചരുളണം."

ശ്രീ പദ്മമഹാപുരാണം, ഉത്തരഖണ്ഡം, മാരുദേശിവസംവാദം
ബ്രഹ്മോത്തരവർണ്ണനം രണ്ടാമദ്ധ്യായം.

മൂന്നാമദ്ധ്യായം.

സൂതൻ:—ഒരിക്കൽ നാരദമഹർഷി ദുഃഖകർശിതരായ പാണ്ഡവന്മാരെ കാണ്മാൻ കാമ്യകവനത്തിൽ ചെന്നു. അവർ അദ്ദേഹത്തെ യഥോചിതം സൽക്കരിച്ചു. അതിന്നുശേഷം യുധിഷ്ഠിരൻ മഹർഷിയെ വന്ദിച്ചു്, 'ഭഗവാനേ എന്തൊരു കർമ്മത്താലാണു ഞങ്ങൾ ദുഃഖസമുദ്രത്തിൽ വീണതു്' എന്നു ചോദിച്ചു. മഹർഷി മറുപടി പറഞ്ഞു:—'പാണ്ഡുനന്ദന, ദുഃഖം വെടിയുക; സുഖദുഃഖാത്മകമായ സംസാരത്തിൽ ആർക്കാണു സുഖം? ഈശ്വരൻപോലും ജന്മമൃത്യുക്കളാൽ കഷ്ടപ്പെടുന്നു. ദുഃഖരഹിതനായിട്ടു് ആരുമില്ല. ദുഃഖം സഹിപ്പാനുള്ളവനാണു ദേഹി. സൂര്യന്റെ ശരീരം കരുത്തനായ രാഹുവിനാൽ ഗ്രസിക്കപ്പെടുന്നു; ആ രാഹുവിന്റെ ശിരസ്സു്, അമൃതുണ്ണുമ്പോൾ, മകന്മാൻ മുറിച്ചുകളഞ്ഞു; ആ ശാഠ്യിദേവനെ ജലംധരവീരൻ വങ്കടൽക്കുണ്ടിൽ കൊണ്ടാക്കി; ആ ജലംധരനും ശിവനാൽ വധിക്കപ്പെട്ടു.'

യുധിഷ്ഠിരൻ:—'ആരാണു് ഈ ജലംധരവീരൻ? ആരുടെ മകനാണു്? എങ്ങനെ ബലവാനായി? അയാളെ ശിവൻ യുദ്ധത്തിൽ കൊന്നതെങ്ങിനെ? തപോധന, ഇതെല്ലാം വിസ്തരിച്ചുപറഞ്ഞാലും.'

രാജാവാവശ്യപ്പെട്ടതിനാൽ നാരദൻ പറയാൻ തുടങ്ങി:—രാജാവേ, സർവ്വപാപങ്ങളേയും സംഹരിക്കുന്ന ദിവ്യകഥ—ശിവനും സമുദ്രപുത്രനും തമ്മിൽ നടന്ന അത്ഭുതയുദ്ധം—കേട്ടുകൊള്ളുക.

ഒരുദിവസം ദേവേന്ദ്രൻ ശിവനെസ്സേവിപ്പാൻ യാത്ര പുറപ്പെട്ടു. വളരെ അപ്സരസ്സുകളും ദേവന്മാരും വീണാവിശാരദരായ ഗന്ധ

Digitized By Kerala Sahitya Akademi

വ്രും സിദ്ധയക്ഷകിന്നരരും തുംബുരു നാരദരും അദ്ദേഹത്തെച്ചുഴ ന്നു. രംഭ, തിലോത്തമ, രാമ, കപ്പ്മ്പര, കളേി, മദന, ഭാരതി. കാമ മുതലായ നൃത്തകിമാർ ആഭരണമെല്ലാമണിഞ്ഞു് എഴുന്നള്ളത്തിൽ ച്ചേർന്നു; വായു, വരുണൻ, വൈശ്രവണൻ, യമൻ, അഗ്നി, നിരൃ തി മുതൽപേരും കൂടെ പുറപ്പെട്ടു. വാസവനും വാനവസ്ത്രീകളും വി മാനങ്ങളിൽക്കയറി; മറവു ദേവന്മാരും അവരുടെ വാഹനങ്ങളിൽ ആ രോഹണം ചെയ്തു. എല്ലാവരും വേഗത്തിൽ കൈലാസത്തിലേയ്ക്കു ഗമിച്ചു.

അതാ, കൈലാസം—ഭൂമിക്കാഭരണമായി. നീളേ സുഖദമായി, നിർമ്മലമായി, സിദ്ധികം കുന്നുകൂട്ടിവച്ചതോ എന്നു തോന്നുമാറിരി ക്കുന്ന ശ്രേഷ്ഠപർവ്വതം—ദേവകാംക്ഷ കാണുമാറായി; അവിടത്തെ വൃ ക്ഷങ്ങളും കല്പവൃക്ഷങ്ങളും കല്പകവും ചിന്താമണികളുമത്രേ! നാഗം, പുന്നാഗം, ചമ്പകം, മൈലെള്ള് ദേവതാരം, ഹരിചന്ദനം, പാതിരി, മാവു്, മന്താരം എന്നിവയും ആ ഗിരീന്ദ്രങ്കൽ പരിശോഭിക്കുന്നു. പൂ റവുമുള്ള വനങ്ങളിലെസ്സൗരഭ്യം ചുമക്കുകയാൽ, കാൽമുടന്നപ്പോലെ പതുക്കെപ്പതുക്കെയാണു് അവിടെ മലയാനിലൻ സഞ്ചരിക്കുന്നതു്! സ്ഫടികം, പദ്മരാഗം, മരകതം, ഗോമേദകം എന്നിവയാലുള്ള കല്പടകളോടും അഗാധമായ നിർമ്മലജലത്തോടും വൈഡൂര്യത്തണ്ടൊത്ത പൊന്നിൻതാമരപ്പൂക്കളോടും കൽഹാരങ്ങളോടും കൂടിയ വാപികളാൽ പരിവൃതമായി, എമ്പാടും ആമ്പൽപൂക്കളുടെ ശോഭ ചേർന്നു, സപ്തർഷിമണ്ഡലത്തെക്കാളും അഴകൊത്തതായ കൈലാസമാമല കണ്ടിട്ടു് വിണ്ണവർ വിസ്മയപ്പെട്ടുപോയി! ഇന്ദ്രനും മറവു ദേവകളും വിമാനങ്ങളിൽ നിന്നിറങ്ങി, ദ്വാരപാലനായ നന്ദികേശ്വരന്റെ അ ടുക്കൽ ചെന്നാവശ്യപ്പെട്ടു. 'ഹേ ഹേ ഗണോത്തമശ്രേഷ്ഠ, ഇന്ദ്രൻ എല്ലാദേവകളോടുമൊന്നിച്ചു് ഇവിടെ നൃത്തത്തിനായി വന്നിട്ടുണ്ടെ ന്നു ദേവേശനെ വേഗത്തിൽ ഉണർത്തിച്ചാലും.' അദ്ദേഹം ശിവനോ ടു് 'തിരുമേനി, ദേവരാജാവു് ഇവിടെ നൃത്തത്തിനു വന്നെത്തിയിരിക്കു ന്നു' എന്നറിയിച്ചനുവാദം വാങ്ങി. ശചീപതിയെ തിരുമുമ്പിൽ കൊ ണ്ടാക്കി. മഘവാവു മഹേശ്വരനെ കണ്ടു സ്തുതിച്ചു. രാജമുതലായ നൃത്തകിമാരെല്ലാവരും മൃദംഗവീണാവാദ്യങ്ങളോടുകൂടി ശിവസന്നിധി യിൽ നൃത്തം തുടങ്ങി: ചിലർ കൃതാളം കൊട്ടി; ചിലർ ഓടക്കുഴലൂ തി; ചിലർ കാഹളം വിളിച്ചു. അക്കൂട്ടത്തിൽ പുരന്ദരനും അമരക്കൂ ട്ടായ്മയായ സുന്ദരനൃത്തനം അനുഷ്ഠിച്ചു. അതിൽ തിരുവുള്ളം തെ ളിഞ്ഞ വൃക്ഷദ്ധ്വജഞൻ വാസവനോടു്, 'സുരേന്ദ്ര, എനിക്കു സ ന്തോഷമായി; വരം വാങ്ങിക്കൊൾക' എന്നരുളിച്ചെയ്തു. അതിന്നു്,

Digitized By Kerala Sahitya Akademi

ഭുജാബലത്താൽ ഗർവിതനായ ഗീർവ്വാണനാഥന്റെ മറുപടി ഇതായിരുന്നു:—'യുദ്ധമാണ് എനിക്കു വേണ്ടതു്; സ്വാമിൻ, ഇവിടുത്തേയ്ക്കു തുല്യനായ ഒരു യോദ്ധാവിനോടു കൂടിയുള്ള യുദ്ധം എനിക്കു കല്പിച്ചു തന്നാലും.' ഈ വരം ശിവനോടു വാങ്ങി ദേവേന്ദ്രൻ തിരിയെ നടകൊണ്ടു.

അതിനുശേഷം ഗിരിശൻ, 'പാർശ്വരേ, പാകശാസനനു ഗർവു മുത്തിരിക്കുന്നു' എന്നരചെയ്തു കുപിതനായിത്തീർന്നു. അതോടുകൂടി, ക്രോധം ഘനാന്ധകാരംപോലുള്ള ഒരു ശരീരം പൂണ്ടു വെളിപ്പെട്ടു തിരുമുമ്പിൽനിന്നുണർത്തിച്ചു:—'തിരുമേനി, അടിയനു തുല്യനായിട്ടുള്ളവനെത്തന്നാലും; അടിയൻ ഇവിടെയുണ്ട് എന്തു ചെയ്യേണ്ടു?' പാർവതീശൻ അരുളിച്ചെയ്തു:—'നീ ചെന്നു സിന്ധുനദീസമുദ്രസംജാതനായിട്ട്, വാസവനെ ജയിക്കുക.' ഇതുകേട്ട ക്രോധം മറഞ്ഞു. പാർശ്വരന്മാർ അന്തർഹിതരായിപ്പോയി.

അതേസമയത്തു്, യൌവനത്തള്ളൽകൊണ്ടു മദമിയന്ന സിന്ധുനദിയെ കണ്ടിട്ടു സമുദ്രത്തിനു് ഉള്ളം കലങ്ങിമറിഞ്ഞു; മദനാവിഷ്ടനായ സരിൽപതി ആ നദിയോടൊന്നിച്ചു രമിച്ചു. അതിൽ മഹാനദിക്കു ഗർഭമുണ്ടാകയും, അവൾ ബലവാനായ ഒരു പുത്രനെ പ്രസവിക്കുകയും ചെയ്തു. ജാതമാത്രനായ സമുദ്രപുത്രന്റെ കരച്ചിൽകൊണ്ടു ഭൂമി മാത്രമല്ല, ലോകം മുന്നും മാറൊലിക്കൊണ്ടു വിറച്ചുപോയി! ബ്രഹ്മാവിനു സമാധിയഴിഞ്ഞു. അദ്ദേഹം ത്രിഭുവനത്തിന്റെ ഭയപ്പാടു കണ്ടിട്ടു ദേവേന്ദ്രൻ പറകയാൽ ആശ്ചര്യത്തോടേ അരയന്നപ്പുറത്തു കേറി ക്ഷണത്തിൽ സമുദ്രത്തിന്റെ അടുക്കലെഴുന്നള്ളി വന്നു. സാഗരം സ്രഷ്ടാവിനെ സൽക്കരിച്ചു. ചതുർമ്മുഖൻ വാരിധിയോടു്, 'വോനെന്താണു വെറുതേ ഇരമ്പുന്നതെ'ന്നു ചോദിച്ചു.

സമുദ്രം:—'ദേവേശ, എന്റെ ഇരമ്പലല്ല, എന്റെ ബലവാനായ പുത്രന്റെ കരച്ചിലാണിതു്. കുട്ടിക്കു വോൻ രക്ഷ ചെയ്താലും; ഇവിടുത്തെ കാണുക ദുർല്ലഭമാണല്ലോ.'

'മകനെക്കൊട്ടിക്കൊടുക്കു' എന്നു, മംഗളാംഗിയായ ഭാര്യയോടും പയോധി പറഞ്ഞു. അവൾ കുട്ടിയെ കൊണ്ടുചെന്നു ബ്രഹ്മാവിന്റെ മടിയിൽ കിടത്തി, തൃപ്പങ്ങളിൽ വണങ്ങി. സമുദ്രപുത്രനെ കണ്ടിട്ടു വിധാതാവിനു വിസ്മയം തോന്നി. ചെതൽ പിതാമഹന്റെ താടി കടന്നു പിടിച്ചു; വിടുവിപ്പാൻ വിരിഞ്ചൻ ആളായില്ല! തൃക്കണ്ണുകളിൽ നിന്നു വെള്ളം ചാടി. വാരിധി ചിരിച്ചുംകൊണ്ടു കുഞ്ഞിന്റെ പിടി

Digitized By Kerala Sahitya Akademi

വിടുവിച്ചു. ബാലന്റെ ബലം കണ്ട് അശ്ചര്യപ്പെട്ട വേദസ്സു വാരിധിയോടരചെയ്തു:—'എന്റെ കണ്ണിൽനിന്നു വീണ ജലം ധരിച്ചതിനാൽ ഇവന്നു ജലംധരനെന്നു പേർ വരട്ടെ. ഈ ജലംധരൻ എന്റെ പ്രസാദത്താൽ ദേവകർമ്മം ജയിച്ചുക്രൂടാത്തവനായി, പാതാളവും സ്വർഗ്ഗവും ഭുജിക്കും.' ഈവിധം കഥിച്ചു ഗവാൻ ക്ഷണത്തിൽ ഹംസക്കൂട്ടത്തോടെ മറഞ്ഞു.

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, യുധിഷ്ഠിരയാരദസംവാദം,
ജാലംധരോപാഖ്യാനേ പ്രാരംഭം ജലംധരോൽപത്തികഥനം മൂന്നാമധ്യായം.

നാലാമദ്ധ്യായം

നാരദൻ:—അണ്ണാവാത്മജൻ ക്രമേണ വളർന്നു ബാല്യദശയിലായി: അവൻ അമ്മയുടെ മടിയിൽ ചെന്നുവീഴും; അച്ഛന്റെ അരികിലേയ്ക്കോടിച്ചെല്ലും; കളിപ്പാൻ സിംഹക്കുട്ടികളെ കൊണ്ടുവന്നു കൂട്ടിലിടും; സിംഹഗജങ്ങളെക്കൊണ്ടു യുദ്ധം ചെയ്യിക്കും; ആകാശത്തേയ്ക്കു ചാടി ഗഗനചാരികളെ ഭൂമിയിൽ വീഴ്ത്തും; അലർച്ചകൊണ്ടു നദീസമുദ്രങ്ങളെ നടുങ്ങിക്കും. രാജാവേ, കടലിലെ ജന്തുക്കളെല്ലാം, ബാലൻ വിഴുങ്ങുമെന്നു പേടിച്ച് ഒളിവിൽപ്പുതുങ്ങുകയായി. ബഡബാഗ്നിയും അവനെപ്പേടിച്ചു സ്വസ്ഥാനം വെടിഞ്ഞു ഹിമാലയത്തിൽ ചെന്നുകൂടി.

ബാലൻ ക്രമേണ യുവാവായിച്ചമഞ്ഞു. വിക്രമംകൊണ്ടു ത്രൈവിനെ ആക്രമിച്ചുപോന്നു. ഒരു നാൾ അവൻ അച്ഛനോട് 'അച്ഛ, എനിക്കു പാർക്കാൻ അതിവിശാലമായ ഒരു സ്ഥലം തരണ'മെന്നാവശ്യപ്പെട്ടു. അതു കേട്ടു മഹാർണ്ണവം 'ഉണ്ണി, നിനക്കു ഞാൻ ഭൂമിയിൽ എല്ലാറ്റത്തിൽ കിട്ടാവുന്നതല്ലാത്ത ഒരു രാജ്യം തരാ'മെന്ന്, മകനെ ആശ്വസിപ്പിച്ചു. അപ്പോഴെയ്ക്കും, അസുരാചാര്യനായ ശുക്രൻ അവിടെ വന്നെത്തി. അദ്ദേഹത്തെ സംഗരം യഥാവിധി പൂജിച്ചു: രമണീയങ്ങളായ രത്നങ്ങളുടെ ശോഭ ചിതറുന്ന സിംഹാസനത്തിൽ ഉപവേശിപ്പിക്കപ്പെട്ട ഭാർഗ്ഗവൻ, സുരുചിരമായ സുമേരുശൃംഗത്തിൽ സ്ഥിതി ചെയ്യുന്ന ബ്രഹ്മാവിനെപ്പോലെ അത്യന്തം ശോഭിച്ചു. കടൽ കൈതൊഴുതുനിന്നു കവിയോടരിയാടി:—'എന്റെ ഭാഗ്യത്താലാണ്, ഭവാനിപ്പോഴും വന്നതു്. ഞാൻ എന്തുചെയ്യേണ്ടു?' ദൈത്യപുരോഹിതൻ മറുപടി പറഞ്ഞു:—'യാവനൊരുത്തൻ, തന്റെ വംശത്തിൽ ധ്വജം

Digitized By Kerala Sahitya Akademi

പോലായിട്ടോർക്കിക്കില്ലയോ, അവൻ, അമ്മയുടെ യൌവനം കളയാൻ, ജനിക്കുന്നതെന്തിന്? ഭവാന്റെ മകനാകട്ടെ, തീർച്ചയായും വിക്രമം കൊണ്ടു മൂന്നുലോകത്തേയും കീഴടക്കും. ജംബൂദ്വീപിൽ യോഗിനീ ഗണനിഷേവിതമായ മഹാപീഠം ഭവാന്റെ വെള്ളത്തിൽ മുഴുകിക്കിടപ്പുണ്ടല്ലോ; ഭവാൻ അവിടെ നിന്നു പിന്മാറി, പുത്രനെ ആ രാജ്യത്തു വാഴിക്കുക. അവിടെ വസിച്ചാൽ ഉണ്ണി അജയ്യനും തടവില്ലാത്തവനുമായി വരും.' ശുക്രൻ പറഞ്ഞുകൊടുത്തതിൻവണ്ണം വാരിധി പിന്മാറി, വെള്ളത്തിൽ ഒരു കരയുണ്ടാക്കി: ഒരുനൂറു യോജന പരപ്പും മുന്നൂറു യോജന നീളവുമുള്ള ഒരു പ്രദേശം ജലംധരന്റെ പേരിനാൽ ജാലംധരമെന്ന വിളിപ്പെട്ടു. പിന്നെ മഹാംബുധി മയാസുരേന്ദ്രനെ വരുത്തി 'ജലംധരനു ജാലംധരപീഠത്തിൽ ഒരരമനയുണ്ടാക്കുക' എന്നാവശ്യപ്പെട്ടു.

മയൻ അവിടെ പ്രകാശഗോപുരദ്വാര സോപാനങ്ങളോടും വളരെ നിലകളുള്ള ഗൃഹങ്ങളോടും കൂടിയ ഒരു രത്നമയമായ രാജധാനി നിർമ്മിച്ചു:

(കാകളി)

അങ്ങിന്ദ്രനീലാശ്മമേടയിൽക്കേകികൾ
ഭംഗിയിൽക്കൂത്താടി വർഷാഗമത്തിനാൽ;
മാണിക്യവിദ്രുമമന്ദിര കാന്തിയെ
മാവലർ മൊട്ടെന്നു ചുംബിച്ചു പക്ഷികൾ;
കാഞ്ചനഹർമ്മ്യാഭ കണ്ടു പറന്നുപോയ്
കാട്ടുതീയെന്ന ഭയത്താൽ കലാപികൾ;
സ്ഫാടികശാലാശതത്തിൽ പ്രഭോൽക്കരം
പാടേ പരക്കയാൽ ശോഭിച്ചു ദിക്കുകൾ:
മന്ദരംകൊണ്ടു കടഞ്ഞസമയത്തു
വെൺനുര ചിന്നിയ പാലാഴി പോലവേ;
ഹർമ്മ്യസ്ഥമാരാം മഹിളമാർ സാന്ദ്രേന്ദു-
ബിംബവിഭ്രാന്തിയങ്ങേകി മുഖങ്ങളാൽ;
അങ്ങു കടംബ നീപോദ്യാനസൌരഭ-
മംഗനമാക്കു മനം മയക്കീ ലോകം;
തന്നു ചിത്രത്തിൽ സ്മരപ്പട കാൺകയാൽ
വർദ്ധിച്ചുവന്നു നരക്കു രതോദ്യമം;
അങ്ങു ഗവാക്ഷാന്തർധൂപം നഭസ്സിനു
ഗംഗാകളിന്ദജാ സംഗമേ നൽകിതേ;

Digitized By Kerala Sahitya Akademi

നാനാ നികേതപ്രഭോൽഗമത്താലങ്ങു
വാനം മഴവില്ലണിഞ്ഞ വിധത്തിലായ്;
ഓടിത്തളർന്ന സൂര്യാശ്വങ്ങളച്ചയ്യു
മേടമേൽനിന്നങ്ങു വിശ്രമിച്ചീടിനാർ;
പിച്ചകപ്പൂമലർ മാലയണിഞ്ഞ,ങ്ങു
മെച്ചപ്പെട്ടും മണിഹർമ്മ്യമോരോന്നിലും,
നന്നായുഡുക്കളുദിച്ച രജനിക-
ളെന്നപോലല്ലോ വിളങ്ങീ വരാംഗിമാർ!

അവിടെ നദികളാൽ ചുറ്റപ്പെട്ട പയോനിധി ശുക്രനോടൊന്നിച്ച് തന്റെ ഗർഭജിതമാകുന്ന വാദ്യം മുഴക്കിക്കൊണ്ടു പുത്രനഭിഷേകം നടത്തി. അവയെ സുബ്രഹ്മണ്യന്റെ താരകവിജയത്തിൽ സ്വയംഭുദേവനും ശചീമണാളന്റെ സ്വർഗ്ഗസാമ്രാജ്യമഹോത്സവത്തിൽ വാചസ്പതിയും ഉച്ചരിച്ചുവൊ, ബ്രഹ്മമുഖപ്പൊയ്കകളിലെ അരയന്നങ്ങളായ ആ വാക്യങ്ങൾ കൊണ്ടുതന്നെ, മഹീദേവിയെ വേട്ട ജലംധരന്ന മംഗളം ആശംസിക്കപ്പെട്ടു. തദനന്തരം നദീനാഥൻ, തന്റെ ഉള്ളിൽനിന്നുണ്ടായ ആയിരം മഹാപത്മം ഘോരസൈന്യത്തെ പുതുന കൊടുത്തു; ശുക്രൻ ജലന്ധരന്ന തന്റെ മൃതസഞ്ജീവിനീ വിദ്യയും രുദ്രനെക്കൂടി മയക്കുന്ന മായയും ശസ്ത്രാസ്ത്രവിദ്യകളും സ്നേഹത്താൽ ഉപദേശിച്ചു; മറ്റു വേണ്ടതും ഒട്ടൊഴിയാതെ പറഞ്ഞുകൊടുത്തു. ഉണ്ണിയെ രാജാവാക്കി വാഴിച്ചിട്ട്, ദിവ്യരൂപനായ വാരാശി നദികളോടൊന്നിച്ചു സ്വസ്ഥാനത്തേയ്ക്കു തിരിച്ചു.

ബ്രാഹ്മണരാൽ മാനിക്കപ്പെട്ട ജലന്ധരൻ ശുക്രനോടൊന്നിച്ചു ഗോപുരാലംകൃതമായ ദിവ്യ രാജധാനിയിൽ നിവസിക്കുകയായി. അപ്പോഴെയ്ക്കും, കരുത്തേറിയ കാലനേമി മുതലായ ദൈത്യവീരന്മാരെല്ലാം പാതാളത്തിൽ നിന്ന് പാലാഴിക്കൊത്ത പടയുമായി ജലന്ധരന്റെ സന്നിധിയിൽ വന്നെത്തി. അതിൽ സുംഭാസുരനെ സേനാപതിയായി നിയമിച്ച്, സൈന്യത്തെ തന്റെ കീഴിലാക്കി ഭൂമിയിലുറപ്പിച്ച്, ജലംധരൻ പിതൃഭക്തമായ രാജ്യം ഭരിച്ചുപോന്നു.

അന്ന്, സ്വർഗ്ഗത്തിൽ സ്വർണ്ണ എന്ന അപ്സരസ്സിന്ന ക്രൌഞ്ച പ്രസാദത്താൽ കൈവന്ന വുന്ദ എന്നൊരു മകളുണ്ടായിരുന്നു. അവളെ ബ്രഹ്മാവു സൃഷ്ടിച്ചത്, സൌന്ദര്യസമ്പത്തു മുഴുവനും ഒരേടത്ത് കുത്തിനിറുക്കി കാണുന്നതിനാണൊ എന്നതോന്നും. മോഹനാംഗികളെ

Digitized By Kerala Sahitya Akademi

പ്പോലും മോഹിപ്പിക്കുന്ന ആ പരമസുന്ദരിയെ ശുക്രൻ ജലംധരന്നു വേണ്ടി സപർണ്ണയോടു ചോദിച്ചു വാങ്ങി. എന്നിട്ട് അദ്ദേഹം വൃന്ദയെ ആശീർവദിച്ചു:—അല്ലയൊ രംഭോരു, കന്ദർപ്പന്റെ ജഗജ്ജയത്തിന്നുള്ള അത്ഭുതായുധമായ സൌന്ദര്യംകൊണ്ടു ശോഭിക്കുന്ന നിനക്കു ദീർഘായുസ്സും ആരോഗ്യവും ഉണ്ടായ്തീരട്ടെ! യാവനൊരുത്തനെ സൌന്ദര്യത്തിന്റെ സത്തെടുത്തു സൃഷ്ടിച്ചിട്ട് താൻതന്നെ വിസ്മയപ്പെട്ടുപോയ വിധാതാവു തന്റെ പ്രയത്നം സഫലം തന്നെയെന്നാശ്വസിച്ചുവോ, യാവനൊരുത്തനെ കാണാഞ്ഞൊൽ മാത്രം സ്ത്രീകൾ കാമദേവനെ ഒരാണായിക്കരുതുന്നുവോ, ദർശനീയതയുടെ പരമ കാഷ്ഠയിലിരിക്കുന്ന രൂപഗുണത്തോടുകൂടിയ ആ ദീർഘലോചനനായ പടയാളിയെ നീ ഭർത്താവായി ലഭിച്ചാലും!" വൃന്ദയെ ജലംധരൻ ഗാന്ധർവ്വവിധിപ്രകാരം വേളികഴിച്ചു. ആ ദമ്പതിമാരെക്കണ്ടു് ആളുകൾ സന്തോഷിച്ചു. അവർമൂലം സിന്ധുപുത്രന്റെ മനശ്ചാഞ്ചല്യം വിട്ടൊഴിഞ്ഞു; അയാൾ പരസ്ത്രീയെ കാമിക്കാതായി.

ഒരിക്കൽ ജലംധരൻ ശിരസ്സറുക്കപ്പെട്ട രാഹുവിനെ കണ്ടിട്ട് ഇയ്യാൾക്കെങ്ങിനെ ദേഹം പകുതിപ്പെട്ട എന്നു ശുക്രനോടു ചോദിച്ചു. അദ്ദേഹം പൂർവ്വവൃത്താന്തമെല്ലാം—ദേവകൾ അമൃതിന്നായി പാലാഴി കടഞ്ഞതും മറ്റും—പറഞ്ഞറിയിച്ചു. അതുകേട്ടുണ്ടായ ജലംധരാസുരൻ പ്രസന്നമുഖനായി രാഹുവിനോടു് 'ഭവാൻ കാമരൂപനായിവാണാലും' എന്നരിയാടി. ഇങ്ങനെ ശുക്രൻ പറകയാൽ അച്ഛനെ വിചാരിച്ചിട്ടുതന്നെ പ്രതാപവാനായ സമുദ്രപുത്രൻ ദേവകളോടു കലഹം തുടങ്ങിയതു്.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, യുധിഷ്ഠിരനാരദസംവാദം, ജലംധരോപാഖ്യാനം, വൃന്ദാവിവാഹം നാമാദ്ധ്യായം.

ആറാമദ്ധ്യായം

യുധിഷ്ഠിരൻ:—'ആരാണു് സിന്ധുപുത്രന്റെ പിതൃവ്യൻ? കലഹത്തിൽ അയാൾ എന്തുചെയ്തു? എങ്ങിനെ പോർ നടത്തി? അതും പറഞ്ഞുതരിക.'

നാരദൻ:—'രാജപുംഗവ, കേട്ടുകൊൾക:'

പാലാഴിയാണു ജലന്ധരന്റെ പിതൃവ്യൻ; പാലാഴിയെ ദേവകൾ കടഞ്ഞു്, ധനങ്ങളേയും ലക്ഷ്മീചന്ദ്രൻ്രാവതാമൃതങ്ങളേയും കൈ

Digitized By Kerala Sahitya Akademi

ക്കലാക്കിയല്ലോ. അതു കേട്ടതിനാൽ ദേവകളോട് വിരോധമുണ്ടാക്കൊണ്ട ജലന്ധരാസുരൻ ഒരു നാരദൻ ദുർവ്വാരണനെന്നൊരു ദൂതനെ സന്ദേശം ഗ്രഹിപ്പിച്ചു ദേവേന്ദ്രമന്ദിരത്തിലേയ്ക്കയച്ചു. ദുർവ്വാരണൻ തേരിൽ കേറി സഭയ്ക്കുള്ളിൽച്ചെന്നെത്തി; അകത്തേയ്ക്കു കടക്കാൻ തുടങ്ങിയപ്പോൾ അവനെ ദ്വാരപാലന്മാർ തടഞ്ഞു. അവൻ അവരോട്, 'ഞാൻ ഇന്ദ്രനെ അടുക്കേയ്ക്കു ജലന്ധരൻ അയച്ച ദൂതനാണ്; ദ്വാന്മാർ അവിടെച്ചെന്നറിയിച്ചാൽ കൊള്ളാം' എന്നുപദേശിച്ചു. ഉടനെ ഒരു ദ്വാരപാലൻ പോയി ശചീപതിയെ നമസ്കരിച്ചു, 'തിരുമേനി, ത്രിലോകത്തു നിന്ന് ഒരു ദൂതൻ വന്നിരിക്കുന്നു' എന്നുണർത്തിച്ചു. 'കൂട്ടിക്കൊണ്ടുവരാ'മെന്ന് ഇന്ദ്രൻ അനുവദിച്ചു. ദ്വാരപാലൻ ദൂതനെ കൈക്കു പിടിച്ചു ശക്രസന്നിധിയിൽ കൊണ്ടുചെന്നു. ദുർവ്വാരണൻ ദേവസഭയുംപുക്കു ശതമഖനെ ദർശിച്ചു: ത്രിദശപ്പെരുമാൾ മുപ്പത്തുമൂക്കോടി ദേവന്മാരാൽ ചുറ്റപ്പെട്ടും ദിവ്യപാരിജാതമരക്കാറ്റേറ്റും പൊന്നുലോകമിയുടെ പേരിലുള്ള പ്രേമരസത്താൽ നേത്രപത്മങ്ങളോരായിരവും വിടർന്നും സുവർണ്ണസിംഹാസനത്തിൽ സ്ഥിതിചെയ്യുകയായിരുന്നു. ജലന്ധരദൂതൻ അദ്ദേഹത്തേയും വാചസ്പതിയേയും അന്തസ്സിൽ വണങ്ങി, ചുണ്ടിക്കാണിക്കപ്പെട്ട പീഠത്തിൽ ഉപവേശിച്ചു. 'ഭവാൻ ആരുടെ ആളാണ്? എന്തിനു വന്നു?' എന്നു ദേവേന്ദ്രൻ ചോദ്യംചെയ്തു. ദുർവ്വാരണൻ മറുപടി പറഞ്ഞു:—'ഞാൻ ജലന്ധരന്റെ ദൂതനാണ്'. അദ്ദേഹം ലോകങ്ങൾക്കൊക്കെ രാജാവാകുന്നു. അദ്ദേഹത്തിന്റെ ആജ്ഞ കേട്ടുകൊണ്ടാലും: 'എന്റെ പിതൃവ്യനായ പാലാഴിയെ ഭവാൻ എന്തിനാണു മന്ദരപർവ്വതം കൊണ്ടു കടഞ്ഞതു്? വന്നിച്ച സമ്പത്തും അപഹരിച്ചുവല്ലോ; ലക്ഷ്മി, ചന്ദ്രൻ, ഐരാവതം, അമൃതു്, കൌസ്തുഭം, പവിഴം മുതലായതെല്ലാം എന്നെ ഏല്പിച്ച തരിക; വേഗത്തിൽ സഭയും കൈവിടുക. മയിലിന്നൊപ്പം പീലികളുടെ അഴകുള്ളതുകൊണ്ടോ, ശാരികയെപ്പോലെ മധുരസ്വരനാകകൊണ്ടോ, പക്ഷിക്കുഞ്ഞിനെപ്പോലെ കണ്ണാമൂതമായി കൊഞ്ചുന്നതുകൊണ്ടോ, അരയന്നത്തെപ്പോലെ നതാംഗികൾക്കു നട പഠിപ്പിക്കുന്നതുകൊണ്ടോ, തത്തയെപ്പോലെ സംസാരിപ്പാൻ ശീലിക്കുന്നതുകൊണ്ടോ, എന്തൊരു ഗുണംകൊണ്ടാണ് കാകനേ കാഞ്ചന പഞ്ജരത്തിന്നലംകാരമാക്കി വെച്ചിരിക്കുന്നതു്!' അതിനാൽ ഭവാൻ വേഗത്തിൽ വേണ്ടതുചെയ്തുകൊൾക: ജീവിച്ചിരിക്കേണമെന്നുണ്ടെങ്കിൽ എന്റെ തമ്പുരാനോട് മാപ്പുചോദിച്ചുകൊള്ളുക.' സഹസ്രാക്ഷൻ ചിരിച്ചുകൊണ്ടരിയാടി:—'ദൂത, പാലാഴിയെക്കടഞ്ഞതിന്നതുകൊണ്ടാണെന്ന വൃത്താന്തത്തിൽ കേട്ടുകൊള്ളുക.

Digitized By Kerala Sahitya Akademi

ആ ജഡനായ ജലനിധി പണ്ട് എന്റെ ശത്രുവായ മൈനാകത്തെ അകത്തൊളിപ്പിച്ചുകളഞ്ഞു; ചരാചരത്തെ മുഴിപ്പിക്കുന്ന ബഡബാഗ്നിയേയും ആ ദുരാത്മാവ് അകത്തു സൂക്ഷിച്ചു വച്ചിരിക്കുന്നു. എന്നല്ലാ, ധർമ്മദ്വേഷികളായ മാനവന്മാർക്കു പാപ്പിടവുമാണവൻ; അവർക്കു നാം തോറും പാലും തൈരും നെയ്യും ആ പ്രേ നൽകിപ്പോരുന്നു. ഒർവാരണ, അതിനാലാണ്, ഞങ്ങളും, ദേവന്മാർ പണ്ട് അവനെ കടഞ്ഞതും, സമ്പത്തെല്ലാം കവർന്നു ശിക്ഷിച്ചതും. എന്നിക്കുവേണ്ടി അവനെ കുംഭസംഭവനായ ബ്രാഹ്മണൻ വറിക്കുകയുണ്ടായി. ദുഷ്ടസംസർഗ്ഗം ഗുണകരമാകില്ലല്ലൊ. ജലംധരനും സൈന്യത്തോടെല്ലാമൊന്നിച്ചു ഞങ്ങളോടു പൊരുതാൻ വരികയാണെങ്കിൽ, തൽക്ഷണം നാശത്തിൽ പെടുകയെ ഉള്ളൂ!'

ഇതുയും കഥിച്ചു വൃത്താന്തകൻ വിരമിച്ചു. സിന്ധുപുത്രദൂതൻ തിരിയെ പോന്നു. ദേവേശ്വരൻ പറഞ്ഞതെല്ലാം തമ്പുരാനെ സാദരം അറിയിച്ചു.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, യുധിഷ്ഠിരനാരദസംവാദം, ജലാന്ധരോപാഖ്യാനം, ജലംധരദൂതപ്രേക്ഷണം എന്നീമൂന്നധ്യായം.

(൦)

ആറാമദ്ധ്യായം

നാരദൻ:—ഇന്ദ്രൻ പറഞ്ഞയച്ച ദൂതമുഖത്തുനിന്നു കേട്ടപ്പോൾ അബ്ധിപുത്രൻ അരിശംകൊണ്ടു സൈന്യത്തെയെല്ലാം വരുത്തി: പാതാളത്തിലും ഭൂലോകത്തിലുമുള്ള മാനവന്മാരെല്ലാം ഉത്തരവിൻപ്രകാരം പടയും കൂട്ടി രാജസന്നിധിയിൽ വന്നുചേർന്നു. ജലംധരൻ പുറപ്പാടായി. സൈന്യത്തിന്റെ ഗർജ്ജിതങ്ങളും കൊണ്ടു ആകാശവും പാതാളവും ദിക്കുകളും അടഞ്ഞുപോകുന്നതായി തോന്നി. ആന, കുതിര, ഒട്ടകം, പൂച്ച, സിംഹം, വ്യാഘ്രം, എലി എന്നിവയുടേതിനൊത്ത മുഖത്തോടും മിന്നൽപ്പിണർപോലുള്ള കണ്ണുകളോടും പാമ്പിൻവടിവുചേർന്ന തലമുടിയേയും വാളിനൊത്തിരായ രോമങ്ങളോടുംകൂടിയ മാനവക്രൂരന്മാർ ചുറമോടുകയും ഇടിവെട്ടുന്നതിനൊപ്പം അലറുകയുമായി. തേരാന കുതിരകാലാളുകളും ഇടകലർന്നു, ന്യൂനാധികംകോടിത്തലവന്മാരോടുകൂടിയ ആ പെരുമ്പട യുദ്ധകൌതുകത്താൽ ആഹ്ലാദിച്ചു വിളയാടി.

ജലംധരൻ നൂറുയോജന പരപ്പുള്ളതും കോടി ഹംസങ്ങളെ പൂട്ടിയതും എല്ലാ വിഭവങ്ങളുംകൊണ്ടുമായ വിമാനത്തിൽ കേറി പട

Digitized By Kerala Sahitya Akademi

പുറപ്പെട്ട് ഒന്നാംദിവസം ഉച്ചയ്ക്കു മന്ദരാചലത്തിലെത്തി; അതു പർവ്വതം പച്ച നിറമുള്ള വൃക്ഷങ്ങളാൽ അടയ്ക്കപ്പെട്ടതും കിന്നരക്കൂട്ടങ്ങളാൽ പിളർക്കപ്പെടുകയും ചെയ്തു! പിന്നീടു മഹാമേരുവിങ്കലെത്തി, ഇളംവെയിൽ ശിഖരത്തിൽ പാളയമടിപ്പിച്ചു. കാലാനുപ്പടകളാൽ നന്ദനവനം ഉടയ്ക്കപ്പെട്ടു; അസുരത്തലവരാൽ കൊടുമടികൾ തകർക്കപ്പെട്ടു! അവർ കല്പകവൃക്ഷങ്ങളിൽ ഊഞ്ഞാൽ കെട്ടി സിദ്ധാംഗനമാരോടൊന്നിച്ചു വിഹരിക്കുകയായി; കുന്നുകളിലെ കുങ്കുമം, താംബൂലം, ചന്ദനം, അകിൽ, ആരേണം, പുരികഴലിൽ നിന്നു പൊഴിഞ്ഞ പുഷ്പങ്ങൾ എന്നിവയാൽ സുമേരുപ്രദേശം നിറയപ്പെട്ടു. മഹാമേരുവിന്റെ കിഴക്കുവശം കൊമ്പനാനകൾ കുത്തിയടർത്തി; തെക്കുഭാഗത്തു തേരുകൾ സഞ്ചരിച്ചു; വടക്കും പടിഞ്ഞാറും പടയാളികൾ തിമർത്തു.

പിന്നീടു ജലന്ധരൻ അസുരന്മാരെ നിയോഗിച്ചയച്ചു: അവരിൽ ചിലർ പെരുംപറ കൊട്ടിക്കൊണ്ടു മഹേന്ദ്രാഗത്തിലേയ്ക്കു കേറി. ചിലർ കുബേരന്റെയും ചിലർ യമന്റെയും ചിലർ വരുണന്റെയും ചിലർ മറ്റു ദിക്പാലന്മാരുടെയും രാജധാനിയുടച്ചു തകർത്തു അമരാവതിയിൽ കടന്നു. അപ്പോൾ, സ്വർഗ്ഗത്തിൽ, ദിവ്യങ്ങളും ഭീമങ്ങളും അന്തരീക്ഷഗങ്ങളുമായ ദുർന്നിമിത്തങ്ങൾ ഉണ്ടായിവന്നു: എല്ലാടത്തും വമ്പിച്ച പൊടി പറന്നു; ക്രൂരനായ് പരന്നു; ഇന്ദ്രന്റെ കൈയിൽനിന്നു വജ്രം നിറംകെട്ടു വീണു. ഈ വക ഭയങ്കരങ്ങളായ നിമിത്തങ്ങൾ കാണുകയാൽ മഹേന്ദ്രൻ ഗുരുവിനോടു ചോദിച്ചു:—'നാം എന്തുചെയ്യേണ്ടു? ആരെ ശരണം പ്രാപിക്കേണ്ടു? ഭയം ആസന്നമായിരിക്കുന്നുവല്ലോ!'

'വൈകുണ്ഠം വാഴുന്ന ഭഗവാന്റെ തൃച്ചരണത്തെ ശരണം പ്രാപിയ്ക്കുക' എന്നായിരുന്നു ബൃഹസ്പതിയുടെ മറുപടി. അതിൻവണ്ണം ആഖണ്ഡലൻ വേഗത്തിൽ വിണ്ണവരോടൊന്നിച്ചു വൈകുണ്ഠത്തിൽച്ചെന്നെത്തി, ശാർങ്ഗപാണിയെ ശരണംപ്രാപിച്ചു:—

(ശ്ലോകങ്ങൾ)

തൊഴാം, മത്സ്യക്രമ്മാദി നാനാവപുസ്സായ്—
സ്സതാ ഭക്തലോകങ്ങൾ മാൽപോക്കുവോനേ!
വിരിഞ്ചാദി സൃഷ്ടിസ്ഥിതിധ്വംസകാരിൻ,
ഗദാശംഖചക്രാബ്ജപാണേ, തൊഴാം തേ!
ശ്രുതിക്രിയായാകകർത്താവു നീ ത്താ—
വഹീയോഭിവാഹൻ സുരശ്രേഷ്ഠി കേലൻ

Digitized By Kerala Sahitya Akademi

രമാവല്ലഭൻ മഞ്ഞനത്സൽപ്പൂട്ടടത്തോൻ
ശരണ്യൻ ഭവാനായ് വണങ്ങാം വണങ്ങാം!
ഹരേ, ദൈത്യർ കഷ്ടപ്പെടുത്തും സുരക്ഷ-
ള്ളുഴൽക്കണ്ടടയ്ക്കുന്ന വജ്രായുധം നീ
ഫണിശ്രേഷ്ഠതല്പസ്ഥിതൻ സൂര്യചന്ദ്ര-
ദീപനേത്രൻ; ഭവാനായ് വണങ്ങാം, വണങ്ങാം!'

ഈ കഷ്ടനാശനസ്തോത്രം ആർ ചൊല്ലുമോ, അവനു വിഷ്ണുപ്രസാദത്താൽ ഒരിക്കലും കഷ്ടപ്പാട് വരികയില്ല. ദേവന്മാർ ഈവിധം സ്തുതിക്കെ, വിജയനെന്ന ദ്വാരപാലൻ വിഷ്ണുവിനോടണത്തിച്ചു:—'ജലംധരനെപ്പേടിച്ചു വാനവരെല്ലാം വന്നെത്തിയിരിക്കുന്നു.' ഭയത്താൽ മനസ്സലിഞ്ഞ ദൈത്യാന്തകൻ ബദ്ധപ്പെട്ടെഴുന്നേറ്റു ഗരുഡന്റെ പുറത്തു കയറി ശ്രീദേവിയോടുമുളിച്ചെയ്തു:—'ഭേതിയുടെ സോദരൻ ജലംധരൻ നിലിംപരെ കഷ്ടത്തിലാക്കിയിരിക്കുന്നു; അവർ വിളിക്കുകയാൽ യുദ്ധത്തിനായി ബദ്ധപ്പെട്ടു പോകയാണു ഞാൻ'.

ലക്ഷ്മി:—'ദേവ, ഭവാൻ ദേവന്മാക്കു വേണ്ടി യുദ്ധം ചെയ്തു് എന്റെ സോദരനെ കൊന്നുകളയരുതേ! എന്നാണെ സത്യം, കൊന്നുകളയരുതേ!'

വിഷ്ണു:—'ശിവന്റെ അംശത്താൽ ജനിച്ചവനാകയാലും, ബ്രഹ്മാവിന്റെ വരത്താലും, ഭേതിയുടെ പേരിലുള്ള സ്നേഹത്താലും ജലംധരനെ ഞാൻ വധിക്കുകയില്ല.'

ഇപ്രകാരം ലക്ഷ്മിയെ ആശ്വസിപ്പിച്ചിട്ട്, ത്രൈലോക്യപാലകനായ വിഷ്ണു തൃക്കണ്ണുഗ്രഹത്തിൽ നിന്നു പുറത്തേയ്ക്കു ഴുന്നള്ളി. ജലംധരനെപ്പേടിച്ചു് നിറംകെട്ട നിലിമ്പന്മാരെല്ലാം, വളർകൊണ്ടലിന്നൊത്ത വർണ്ണത്തോടും ശാർങ്ഗശംഖഗദാപത്മങ്ങളും ചാർത്തിയ നാലുതൃക്കൈകളോടും കൂടിയ കൈടഭാന്തകനെ കണ്ടപ്പോൾ സ്തോത്രങ്ങളും ഉച്ചരിച്ചു; ഉമ്പർകോൻ മുമ്പിൽ നിന്നണത്തിച്ചു:— 'ദേവ, ജലധിയുടെ മകൻ ജലംധരൻ ത്രിവിഷ്ടപത്തെ കഷ്ടത്തിലാക്കിയിരിക്കുന്നു!' ദൈത്യാരി ദേവന്മാക്കു ഭയം കൊടുത്തിട്ട്, അവരോടൊന്നിച്ചു് അസുരനെ ജയിപ്പാൻ മുതിർന്നു. മഘവാവു്, മാതലി കൊണ്ടുവന്ന പച്ചിത്തേരിൽക്കേറി, വജ്രായുധമെടുത്തു് വാസുദേവന്റെ മുന്നിൽ പ്രയാണം ചെയ്തു. ദേവകളെല്ലാം ഇടത്തും വലത്തുമായി ക്രമപ്പെട്ടു പോന്നു: അഗ്നി ആടിന്റെ പുറത്തേറി വലത്തുവശത്തു ചേർന്നു; ഇന്ദ്രപുത്രൻ ജയന്തൻ ഐരാവതത്തിന്റെ പുറത്തേറി, അച്ഛനോടൊപ്പം ശിവന്റെ

Digitized By Kerala Sahitya Akademi

മുന്നിൽ ഗമിച്ചു. ധാതാവു്, അര്യമാവു്, മിത്രൻ, വരുണൻ, അംശൻ, ഭഗൻ, ഇന്ദ്രൻ, വിവസ്വാൻ, പൂഷാവു്, പർജ്ജന്യൻ, ത്വഷ്ടാവു്, വിഷ്ണു എന്നീ ദ്വാദശാദിത്യന്മാരും; വീരഭദ്രൻ, ശംഭു, പുകളേറിയ ഗിരിശൻ, അജൈകപാത്തു്, അഹിർബുധ്ന്യൻ, പിനാകി, അപരാജിതൻ, ഭുവനാധീശ്വരൻ, കപാലി, സ്ഥാണു, ഭഗൻ എന്നീ ഏകാദശ രുദ്രന്മാരും; ശ്വസനൻ, സ്പർശനൻ, വായു, അനിലൻ, മാരുതൻ പ്രാണൻ, അപാനൻ, ജീവൻ എന്നീ അഷ്ടമരുത്തുക്കളും ഇന്ദ്രനു മുന്നകമ്പടിക്കാരായി. കിന്നരേശൻ വൈശ്രവണൻ പല്ലക്കിൽ കേറി പുറപ്പെട്ടു. രുദ്രന്മാർ കാളപ്പുറത്തും മരുത്തുക്കൾ മാനിൻപുറത്തുമായിരുന്നു. ഗന്ധർവ്വർ, ചാരണർ, യക്ഷർ, പിശാചർ, ഫണികൾ, ഗുഹ്യകർ എന്നിവരെല്ലാം ത്രിശൂലപരിഘാദ്യായുധങ്ങൾ കൈക്കൊണ്ടു് മുന്നണിയിൽ നടകൊണ്ടു. കിഴക്കസ്സമുദ്രംമുതൽ പടിഞ്ഞാറേസ്സമുദ്രംവരെയുള്ള സ്ഥലം പടയാളികളാൽ നിറയപ്പെട്ടു. മഹാമേരുവിന്റെ വടക്കുവശത്തു വിണ്ണവപ്പടയും, തെക്കുവശത്തു വിസ്മയകരമായ ജലംധരസൈന്യവും പരന്നുനിന്നു. ഒരഹോരാത്രംകൊണ്ടു്, ഇളിവൃതവർഷത്തിൽ, മഹാമേരുവിന്റെയും മന്ദിരത്തിന്റെയും മദ്ധ്യത്തിൽ പടക്കളം ഉറപ്പിക്കപ്പെട്ടു. അസുരന്മാർ ശുക്രൻ നിർദ്ദേശിച്ച സ്ഥാനത്തും, സുരന്മാർ വ്യാഴൻ നിർദ്ദേശിച്ച സ്ഥാനത്തും സ്ഥിതിചെയ്തു. അതുപോർക്കളം എന്നാട്ടം പായുന്ന വൻതേരുകളാലും മഴനീർ പൊഴിക്കുന്ന മേഘാകൃതികളായ ഗജങ്ങളാലും ഗരുഡനെക്കാളും വേഗമുള്ള കുതിരകളാലും കണക്കില്ലാത്ത കാലാളുകളാലും മൂറ്റപ്പെട്ടു.

ഇരുസൈന്യത്തിലും വാദ്യഘോഷങ്ങളും വീരന്മാർ പരസ്പരം ഗർജ്ജിക്കുന്ന കോലാഹലവും മുഴങ്ങി. ഉടനെ പടതണ്ടും കുട്ടിമുട്ടി, ത്രൈലോക്യം അവതിപ്പെട്ടുപോകുമാറു ഭയങ്കരമായ ദേവാസുരയുദ്ധം തുടങ്ങി. ആകാശം പൊടിപടലത്താൽ രോമാഞ്ചം പൂണ്ടതായും, ക്രൂരങ്ങളായ പക്ഷിശബ്ദങ്ങളാൽ പേടിച്ചു നിലവിളിക്കുന്നതായും തോന്നി! ദേവേന്ദ്രൻ നിയോഗിച്ച സംവർത്തകാടി മേഘങ്ങൾ ഉന്നതഗജങ്ങളുടെ പുറത്തുകേറി അസുരന്മാരോടു പൊർ പൊരുതി; ഗന്ധർവ്വകിന്നരർ കുതിരപ്പുറത്തും സിദ്ധസാദ്ധ്യന്മാർ തേരിലും യക്ഷചാരണന്മാർ ആനപ്പുറത്തും കേറി യുദ്ധംചെയ്തു; കിംപുരുഷന്മാർ കാറിനെ ജയിക്കുന്ന സപ്പുകളും നിലത്തുനിന്നു യുദ്ധംചെയ്തു; രോഗപ്പെരുമാളായ രാജയക്ഷ്മാവു് യമന്റെ കീഴിൽ മാനവരോടു മാരണമായി പോരാടി. അതിൽ ദൈതേയന്മാർ ശൂലജ്വരാദി രോഗങ്ങൾ മൂലം നിലത്തുവീണുരുളുകയായി. ചില രോഗങ്ങൾ മാനവരാൽ ഹനിക്കപ്പെട്ടു

Digitized By Kerala Sahitya Akademi

പോർമുന്നിൽ നിലംപൊത്തി; ചില വ്യാധികൾ പർവ്വതങ്ങളിലേയ്ക്കു പാഞ്ഞു. ആ യമകിങ്കരർ പർവ്വതങ്ങളിലെ വിശല്യകരണി മുതലായ ഔഷധികളാൽ പരിക്ഷ നീങ്ങി, വീണ്ടും സൈന്യത്തിൽച്ചേർന്നു. കാലാളുകളെയെല്ലാം കാവാളുകളായ മാനവന്മാർ ശരമൂൽഗരപട്ടിശങ്ങൾകൊണ്ടും മുർവ്വയേറിയ ഖഡ്ഗപരശ്വധങ്ങൾകൊണ്ടും നിഹനിച്ചു. അവർ ശരീരത്തിൽ നിന്നു ചെഞ്ചോര ചോരുമാറ് അന്യോന്യം ഇടഞ്ഞേറ്റു പരിക്കേല്പിച്ചു. അശ്വാരൂഢരെ കുതിരകൾ പാഞ്ഞടുത്തു തട്ടിത്തെറിപ്പിച്ചു. ഘോരന്മാരായ തേരാളികൾ തേരുകളെക്കൊണ്ടു ഭൂമിയെ മറച്ചു, മഹാരഥന്മാരുടെ നേരെ വില്ലിൽനിന്നു ക്രൂരമുകൾ ആഞ്ഞെയ്തു കന്നം ചുരന്ന കൊലയാനകൾ കൊലയാനകളെ തുമ്പിക്കൈകൾകൊണ്ടു തുമ്പിക്കൈകൾ ചുറ്റിപ്പിടിച്ചു നിലത്തു വീഴ്ത്തി. ഒരസുരൻ കൈകൾകൊണ്ട് ഒരു തേരെടുത്തു ചുമലിൽവെച്ച് ആകാശത്തേയ്ക്കു ചാടി, ജലാധരന്റെ അടുക്കലേയ്ക്കു തിരിച്ചു! മറ്റൊരുത്തൻ ഓരോ ആനയെ കക്ഷങ്ങളിലും, മൂന്നാമതൊരാനയെ വയറത്തും, നാലാമതൊരാനയെ തലയിലും വെച്ച് പോർക്കളത്തിൽക്കിടന്നോടുകയായി. വേറെ ഒരസുരൻ വാൾ ഉറയിൽനിന്നൂരി ഒളിമിന്നുമാറ് വീശി വാനവരെ ആയിരക്കണക്കായി വീഴ്ത്തുകൊണ്ട് പോരിൽ ചുറ്റിനടന്നു. കൊങ്കുകൾ കൊഴുത്തുരുണ്ട ഒരു വിണ്ണവപ്പെൺകൊടി രതി കൊതിച്ച്, ചിക്കെന്നു രാനിൽനിന്നിറങ്ങി, പോർക്കളത്തിൽ നിന്ന് ഒർസുരനേയുംകൊണ്ടു മടങ്ങിപ്പോയി, അവന്റെ തീക്ഷ്ണനാരാചക്ഷതമായ മുഖത്തു ചുംബിക്കുകയായി!

കാലനേമി ദേവസൈന്യത്തെ നിഹനിച്ചു ഭ്രമംവെച്ചു; അതിൽ അരിശംകൊണ്ട ജനാർദ്ദനൻ കാലനേമിയോടടുത്തു. യമൻ ദ്വാരണവീരനോടും, സൂര്യചന്ദ്രന്മാർ രാഹുവിനോടും, അഗ്നിദേവൻ കേതുവിനോടും, വ്യാഴൻ ശുക്രനോടും, അശ്വിനിദേവന്മാർ അംഗാരവർണ്ണനെന്ന അസുരനോടും, ജയന്തൻ സംഹ്രാദനോടും, ധനദൻ നിർഹ്രാദനോടും നേരിട്ടു; നിസുംഭനെ രുദ്രന്മാരും, സുംഭനെ വസുക്കളും, കാർമേഘംപോലെ നിന്നിരുന്ന ജംഭനെ വിശ്വേദേവകളും, വജ്രരോമാവിനെ വായുക്കളും വളഞ്ഞു; മൂവ്വുമയനോടെതിർത്തു. നാകേശൻ കട്ടത്തവേലേന്തി നമുചിയോടു പാഞ്ഞടുത്തു; മറ്റു ദേവന്മാരും വീര്യപ്രോത്സാഹം നോക്കി മറ്റു മാനവരെ പുഴന്നു.

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, യുധിഷ്ഠിരകാരസംവാദം, ജാലധാരോപാഖ്യാനം, ദേവാസുരയുദ്ധപ്രാരംഭം ആറാമദ്ധ്യായം.

——(0)——

Digitized By Kerala Sahitya Akademi

നാലാമദ്ധ്യായം.

നാരദൻ:—ഇങ്ങനെ അസംഖ്യം ദേവന്മാരുള്ളപ്പോൾ അവിടെ മുതിർന്ന വിഷ്ണു കുപിതനായി കാലനേമിയെ ഗദകൊണ്ടടിച്ചു; അവൻ തെല്ലിടയാൽ ബോധംപൂണ്ട വിഷ്ണുവിനെ വിശിഖങ്ങൾകൊണ്ടെയ്തു. ഭഗവാൻ അരിശംപൂണ്ട് അവനെ കൊന്ന നിലത്തുവീഴിച്ചു. രാഹുവിനെ ചന്ദ്രൻ വാരംകൊണ്ടു വെട്ടി; അപ്പോൾ രാഹു ചന്ദ്രനെ വിട്ട സൂര്യനോടു പാഞ്ഞേറവു; എന്നിട്ട സൂര്യനെ പോരിൽ തോല്പിച്ചു, ചന്ദ്രനോടുതന്നെ പാഞ്ഞടുത്തു. അവനെ ചന്ദ്രൻ വീണ്ടും വാരംകൊണ്ടു വെട്ടി; എന്നാൽ വാരം അവന്റെ കടുത്ത ദേഹത്തിൽത്തട്ടി പൊടിഞ്ഞുപോകയാണുണ്ടായതു! സൈംഹികേയൻ ചന്ദ്രനെ കൈമുഷ്ടിയിടിച്ചു; ചന്ദ്രൻ മോഹാലസ്യപ്പെട്ടുപോയി. അതുലാക്കിൽ വിധുംതുടൻ വിധുവിനെ പിടിച്ചു വിഴുങ്ങുകയും, വീണ്ടും പുറത്തേയ്ക്കു തുപ്പി, മാനാകുന്ന ചിഹ്നത്തെ മാറിടത്തിലൊട്ടിച്ചു വിട്ടയയ്ക്കുകയും ചെയ്തു. പിന്നെ രാഹു അശ്വരത്നമായ ഉച്ചൈശ്രവസ്സിനെ പിടിച്ചു കൊണ്ടുപോന്ന ജലംധരന്റെ അടുക്കൽ സാദരം കാഴ്ചവെച്ചു. ദുർവാരണൻ രണത്തിൽ ക്രോധിച്ചു യമനെ ഗദകൊണ്ടടിച്ചു. സഹസ്രാക്ഷപുത്രൻ സംഹ്രാദനെ ക്രമുകംകൊണ്ടെയ്തു; സംഹ്രാദൻ ജയന്തനെ പരിഘംകൊണ്ടടിച്ച മോഹാലസ്യപ്പെടുത്തി, ഐരാവതത്തിന്റെ പുറത്തുകേറി ജലംധരസമീപത്തേയ്ക്കു തിരിച്ചു. കുബേരൻ നിഹ്രാദനെ ഗദകൊണ്ടു പ്രഹരിച്ചു. രുദ്രന്മാർ നിസുംഭനെ ത്രിശൂലങ്ങൾകൊണ്ടു ഊക്കിൽ കുത്തി; നിസുംഭൻ അവരേയും ശരനിരകൊണ്ടു ശതകം ചൊല്ലിച്ചു. സുംഭാസുരൻ വസുക്കളെ ബാണങ്ങൾകൊണ്ടു മൂടി. മൃത്യുവിനെ മായാവിയായ മയൻ പാശങ്ങൾകൊണ്ടു കെട്ടിവരിഞ്ഞുകൊണ്ടുപോയി ജലംധരങ്കൽ സമർപ്പിച്ചു; ജലംധരൻ പുലോമാവിനെ എയ്തുവീഴ്ത്തി; അയാൾ സമുദ്രത്തിന്റെ പക്കൽ കൊടുത്തു; സമുദ്രം, 'ലോകം നിർഭയമായി ജീവിക്കട്ടേ' എന്നും പറഞ്ഞു തന്റെ വായിലുമാക്കി. ഇന്ദ്രൻ വിശ്വരൂപന്മാരായ നമുചിയെ പാശങ്ങൾകൊണ്ടു ബന്ധിച്ചു പാതാളത്തിലേയ്ക്കയച്ചു; അപ്പോൾ വലൻ പോരിന്നടുത്തു.

പിന്നീടു വാസവനും വലനും തമ്മിൽ ഘോരമായ യുദ്ധം നടന്നു: വലന്റെ ശരീരകാന്തി, സൂര്യരശ്മി എന്നപോലെ പത്തു ദിക്കുകളേയും പരിശോഭിപ്പിച്ചു. ശക്രന്റെ എല്ലാ ആയുധങ്ങളും വലന്റെ

Digitized By Kerala Sahitya Akademi

ദേഹത്തിൽത്തട്ടി പൊടിഞ്ഞുപോയി! ബലവാനായ വലൻ മഹേന്ദ്രന്റെ മാറത്തു മുഷ്ടികൊണ്ടു് ഒരടിയടിച്ചു; ഇന്ദ്രൻ വല്ലാതെ നിലവിളിച്ചുപോയി. അതു കേട്ട വലൻ ചിരിച്ചു; ചിരിച്ചപ്പോൾ അവന്റെ വായിൽനിന്നു മുത്തുമണികൾ ഉതിർന്നു. ഉടനെ അവന്റെ ദേഹത്തെക്കുറിച്ചു് അഗ്രഹം തോന്നുകയാൽ വൃത്രവസ്സുയുദ്ധം നിർത്തി, ആ ബലപരാക്രമിയെ അവോളം സ്തുതിച്ചു. അപ്പോൾ വലൻ, 'ദേവേന്ദ്ര, വരം ചോദിച്ചുകൊൾക' എന്നരിയാടി. 'ദൈത്യേന്ദ്ര, വാൻ പ്രസാദിച്ചു എങ്കിൽ, വാന്റെ ശരീരം എനിക്കു തന്നാലും' എന്നായിരുന്നു മഹേന്ദ്രന്റെ മറുപടി. 'ആയുധങ്ങൾകൊണ്ടു മുറിച്ചെടുത്തുകൊള്ളുക' എന്നു വലൻ സമ്മതിച്ചു: മഹാത്മാക്കൾക്കെന്തുള്ളതു കൊടുക്കാൻ വയ്യാതേ?

(ശ്ലോകങ്ങൾ)

ചെവിപൊട്ടുന്ന വാക്കുപോലെയും,
കരുടന്നോമന മങ്കുപോലെയും,
വ്യാസുവിന്നലർമാലപോലെയും
വെറുതേ ലുബ്ധന ലക്ഷ്മി കേവലം!

ദ്രോഹിക്കുമരികളേയും
സ്നേഹത്തോടനുഗ്രഹിപ്പു പെരിയോർകൾ:
അരുകൾ കടലോടണപ്പു
മലയാറുകളാം സപത്നികളെ!

പരഹിതരതരാം സത്ത-
ക്കുതിയിലും ഭാവഭേദമുളവാകാ:
വെട്ടേറാലും ചന്ദന-
വൃക്ഷം മഴുവിന്റെ വായ് മണപ്പിപ്പൂ!

ധന്യരിലർപ്പിതമായതു
ചെറുതായാലും നശിക്കയില്ല ദൃഢം:
ശിവനുടെ ശിരസ്സിൽ യാതൊ-
ന്നുക്കല താനമ്പിളിക്കു ശേഷിപ്പൂ!

സൌഹാർദ്ദമോടനുപകാരികളെസ്സഹായിപ്പോരാണു മുവുലകുചൂടിയ സജ്ജനങ്ങൾ;
പൂർവ്വോപകാരികളിൽ വേണ്ടതു ചെയ്യുമല്ലോ
സാത്വം നിനച്ചുരിമപൂണ്ടുഴുഴർപോലും!

Digitized By Kerala Sahitya Akademi

'അങ്ങിനെതന്നെ' എന്നു ശക്രൻ മൽഗരംകൊണ്ടു വലനെ പ്രഹരിച്ചു; എന്നാൽ അയാളുടെ ദേഹം മുറിപ്പെടുകയുണ്ടായില്ല. അതിനാൽ വിണ്ണവർകോൻ വിചാരത്തിൽപ്പെട്ടു. അപ്പോഴം മാതലി ഉപായമുണർത്തിച്ചു: ഉടനെ വാസവൻ വജ്രം പ്രയോഗിച്ചു; അതേറു വലന്റെ ശരീരം തകർന്നു. ശരീരത്തിന്റെ ഒരംശം മഹാമേരുവിലും ഒരംശം ഹിമവാങ്കലും ഒരംശം ഗോനാഗത്തിലും ഒരംശം വാനവപ്പുഴയിലും ഒരംശം മന്ദരത്തിലും നിപതിച്ചു. ജാത്യാ വിശുദ്ധനും വിശുദ്ധകർമ്മാവുമായ വലന്റെ അവയവങ്ങളെല്ലാം രത്നങ്ങൾക്കു വിത്തുകളായിച്ചമഞ്ഞു. വജ്രത്തിന്മേൽ നിന്നു ചിതറിയ അസ്ഥിശകലങ്ങൾ ആറുകോണുള്ള രത്നങ്ങളായി; കണ്ണുകളിൽനിന്ന് ഇന്ദ്രനീലങ്ങളും, ചെവികളിൽനിന്നു മാണിക്യങ്ങളും, രക്തത്തിൽനിന്നു പദ്മരാഗങ്ങളും, മേദസ്സിൽനിന്നു വജ്രങ്ങളും, നാവിന്മേൽ നിന്നു പവിഴങ്ങളും, പല്ലുകളിൽ നിന്നു മുത്തുകളും ഉളവായിവന്നു. കൊമ്പനാന, മേഘം, പന്നി, തവള, മത്സ്യം, പാമ്പ്, ചിപ്പി, മുള എന്നിവയിൽ തുമുത്തുകൾ ഉണ്ടാകാറുണ്ടല്ലൊ; അവയെല്ലാം വലനുതേ ആദികാരണം. വെളുപ്പ്, ഉരുളിച്ച, കനം, സ്നിഗ്ധത, മാർദ്ദവം, നൈർമ്മല്യം എന്നീ ആറു ഗുണങ്ങളുള്ള മുത്തുതേ ഉത്തമം. ജലംധരന്റെ താഡനത്താൽ ഗരുഡന്റെ മജ്ജയിൽനിന്നുണ്ടായതാകുന്നു, ഗരുഡാത്മകമെന്ന പേരുള്ള മരകതം; അതിനെ സുവർണ്ണത്തിന്മേൽ പതിച്ചു യാതൊരുവൻ ധരിക്കുന്നുവോ, അവന്നു സർപ്പക്ഷതാദിവ്യാധിബാധകളും ഉണ്ടാകയില്ല. വലന്റെ രക്തത്തിൽനിന്ന് ഓട്ടം, ശുക്തിയിൽനിന്നു വെള്ളിയും, മൂത്രത്തിൽനിന്നു ചെമ്പും, മെയ്യഴക്കിൽനിന്നു പിച്ചളയും, നാദത്തിൽ നിന്നു വൈഡൂര്യവും, നഖങ്ങളിൽനിന്നു സുവർണ്ണവും, രക്തത്തിൽനിന്നു രസവും, മേദസ്സിൽ നിന്നു സ്ഫടികവും, മാംസത്തിൽ നിന്നു പവിഴവും ഉത്ഭവിച്ചു; ഇവയെല്ലാം വളരെ പുണ്യം ചെയ്ത സജ്ജനങ്ങൾക്കേ കൈവരികയുള്ളു.

വലനെ വജ്രായുധൻ യുദ്ധത്തിൽ വധിച്ചതുകേട്ടിട്ടു പ്രഭാവതീരാജ്ഞി വലസമീപത്തു വന്നെത്തി. തലമുടി അഴിഞ്ഞു വീണിരുന്ന ആ പീനസ്തനി പോരിൽ അവയവങ്ങൾ ചിന്നിച്ചിതറിയ ഭർത്താവിനെ കണ്ടിട്ടു കണ്ണുനീർവാർത്തു വിലപിക്കുകയായി: —

(ശ്ലോകങ്ങൾ)

ഹാ, നാഥ, ബലവിക്രാന്ത, കാന്തദേഹ, ജഗൽപ്രിയ,
എന്നെയിങ്ങു വെടിഞ്ഞിട്ടു കൈവല്യം പൂകിതോ ഭവാൻ!
ജരാകഷ്ടാദിയാൽക്കെട്ട ദേഹവും കൈവിടാ നരർ;
അതിസുന്ദരമാം ദേഹം വെടിഞ്ഞതല്ലോ വൃഥാ ഭവാൻ!

Digitized By Kerala Sahitya Akademi

മെടഞ്ഞുവല്ലോ, പോരിന്നായ് പ്പോരുമെങ്കിന്റെറ വേണിയെ;
വൈധവ്യദ്യനയാമെൻറയക്രുന്തൽ മെട കണ്ടതാൻ!'

ഈ വിധം വിലപിക്കുന്ന വലപതിയേ കണ്ടിട്ട് സങ്കടം തോന്നിയ ജലംധരൻ 'മാഗ്ഗവ, വലനെ ജീവിപ്പിച്ചാലും' എന്നു ശുക്രനോടപേക്ഷിച്ചു.

ശുക്രൻ: —'സേച്ഛയാ മരിച്ചവനെ ഞാൻ എങ്ങിനെ ജീവിപ്പിക്കും? എന്നാലും മന്ത്രശക്തിയാൽ അദ്ദേഹത്തെക്കൊണ്ടു സംസാരിപ്പിക്കാം.'

ജലംധരൻ:—'അതെനിക്കു കേൾക്കേണമെന്നുണ്ട്.'

ശുക്രൻ ക്ഷണനേരം ധ്യാനത്തിൽ സ്ഥിതിചെയ്തു. ഉടനെ വലന്റെറ മുഖത്തുനിന്ന്, ഏതോ വാദ്യത്തിൽനിന്നെന്നപോലെ കണ്ണാമൂത്തമായ ഒരു ശബ്ദം പുറപ്പെട്ടു:—'പ്രഭാവതി, നീ നിന്റെറ ശരീരത്തെ എന്റെറ ഗാത്രങ്ങളിൽ ലയിപ്പിച്ചാലും' ഇതു കേട്ടതോട്ടു ക്ഷണി, പ്രഭാവതി വലന്റെറ ഗാത്രങ്ങളിൽ ലയിച്ചു് ഒരു നദിയായിച്ചമഞ്ഞു്, മഹാമേരുവിന്റെറ കിഴക്കുവശത്തേയ്ക്കൊഴുകി. ആ നദിയുടെ വെള്ളം തട്ടുകയാൽ രത്നങ്ങൾക്കു കാന്തി വർദ്ധിച്ചു.

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, യുധിഷ്ഠിരസംവാദം,
ജലംധരോപാഖ്യാനം, വലാസുരസഞ്ജീവനം എഴുപത്തിമൂന്നാമധ്യായം.

——— (o) ———

എട്ടാമധ്യായം

നാരദൻ:—പിന്നീടു പ്രതാപിയായ ജലംധരൻ അഭിശംകൊണ്ടു് 'എടോ ദുർബ്ബല, താൻ വലനെ കപടത്താൽ കൊലചെയ്തിട്ടു് എവിടെപ്പോയ്ക്കളയും?' എന്നു്, ശതമഖനേയും സൂതാശ്വധ്വജരഥങ്ങളേയും അമ്പുകൊണ്ടു മൂടി. പാകശാസനൻ പരിക്കേറ്റു മൂർച്ഛിച്ചു തേരിൽ വീണുപോയി; അതുകണ്ടു് അണ്ണാത്മജൻ ആത്തലറി. ഇന്ദ്രൻ മൂർച്ഛവിട്ടെഴുന്നേറ്റു് ജലംധരന്റെറ നേർക്കു വജ്രം വിട്ടു; സിന്ധുസൂതൻ ആ പർവ്വതഭേദിയായ കുലിശം കൈകൊണ്ടു പിടിച്ചു കക്ഷത്തിൽവെച്ചു്, തേരിൽനിന്നു കുതിച്ചു ചാടി, ദേവേന്ദ്രനെ പിടിക്കുവാൻ പാഞ്ഞടുത്തു. നാകേശൻ നാരായണനെ സ്മരിച്ചുകൊണ്ടു രഥം വെടിഞ്ഞോടി. ദൈത്യേന്ദ്രൻ ദേവേന്ദ്രന്റെറ തേരിൽക്കേറി മാതലിയെ

Digitized By Kerala Sahitya Akademi

ക്കൊണ്ടു തെളിപ്പിച്ചു്, പൂർണ്ണമനോരഥനായി, കാർമേഘമെന്നപോലെ പടയിലെങ്ങും മുറിനടന്നു.

അതിൽ ക്രോധം വളർന്ന മാധവൻ മനോവേഗിയായ ഗരുഡനെ ബദ്ധപ്പെട്ടുത്തി, നന്ദകഖഡ്ഗം വീശി ദാനവസേനയെ നിഹനിച്ചുതുടങ്ങി: നിർജ്ജരരാൽ പരിവൃതനായ ജനാർദ്ദനൻ പോരിൽ ഭയങ്കരമായി പെരുമാറിക്കൊണ്ടു തേരാനകുതിര കാലാളുകളെ ആയിരക്കണക്കിൽ നിലം പൊത്തിച്ചു. തലമുടി, എല്ലു്, മജ്ജ, കൈപ്പടം, തുട, കണംകാൽ, ശസ്ത്രാസ്ത്രങ്ങളം എന്നിവ നിറഞ്ഞു്, പിശാചവേതാളരാകുന്ന പക്ഷികളാലും ഗജേന്ദ്രവ്യാഘ്രങ്ങളാലും ചുറപ്പെട്ടു് സുഭീരമായ രക്തപ്പുഴ നാലുപാടും കുത്തിയൊലിച്ചു. വിഷ്ണു സൈന്യത്തെ സംഹരിക്കുന്നതു കണ്ടിട്ടു് ജലന്ധരൻ ദാനവത്തലവന്മാരെ കല്പിച്ചയച്ചു; അവരെല്ലാം വാസുദേവനെ വളഞ്ഞു കാർമേഘങ്ങൾ കൊപ്പം ശരനിര വർഷിക്കുകയായി. അന്യരുകൾ നിന്നു് ഉയർന്നു നേടിയ നീചൻ ഏറെ ദുസ്സഹനായിത്തീർന്നു: മണൽപ്പുറം എയ്തുകണ്ടു തപിപ്പിക്കുമോ അതു കണ്ടു സൂര്യനും തപിപ്പിക്കാറില്ലല്ലോ! വണ്ടുകളാൽ താമരപ്പൂവും മേഘങ്ങളാൽ പർവതവും പക്ഷികളാൽ മാവും പുകകളാൽ ആകാശവുമെന്നപോലെ ദൈത്യബാണങ്ങളാൽ വിഷ്ണുവും ഗരുഡനും തീരെ മറയ്ക്കപ്പെട്ടുപോയി. തേരിലേറിയ ആ ദാനവക്രൂരന്മാരെല്ലാവരും ക്രുദ്ധരായാംവണ്ണം അലറിക്കൊണ്ടു വൈകുണ്ഠേശനെ സർവശസ്ത്രങ്ങളാലും പ്രഹരിച്ചു; തന്തിരുവടിയോ, കോപത്താൽ ഭീമരൂപനായി നിന്നു് അവരെയെല്ലാം, വായു ഇലകളെ എന്നപോലെ, പോർക്കളത്തിൽ പതിപ്പിച്ചു. അപ്പോഴം ശൈലരോമാവെന്ന ദൈത്യൻ ചൊടിച്ചു ഭഗവാനോടു പാഞ്ഞടുത്തു. വിഷ്ണുവിന്റെ ബാണങ്ങളംപോലും അവന്റെ ദേഹത്തിൽത്തട്ടി തകർന്നുപോയി! ശൈലരോമാവു ശാർങ്ഗിയുടെ തിരുവുടലിൽ ശരങ്ങളം ആഞ്ഞെയ്തു; അവിടുന്നു പള്ളിവാൾ വീശി, അവന്റെ തല വെട്ടി. ശിരസ്സറുക്കപ്പെട്ട കബന്ധമായിത്തീർന്ന ദൈത്യൻ പാഞ്ഞേറിയ ഗരുഡന്റെ ചിറകു രണ്ടും കൈകളംകൊണ്ടു പിടിച്ചു; തലയും ചിക്കുന്ന ഗരുഡന്റെ തോളുകളിൽ വന്നുവീണു. അതിൽ ഹൃഷീകേശനും ഭയപ്പെട്ട പകച്ചുപോയി! തല തോളിൽപ്പതിഞ്ഞതിനാൽ ഗരുഡൻ നിലത്തുവീണു; വീണ്ടും ഉയർന്നു് എഴുന്നേറ്റതോടുകൂടി ഗരുഡന്റെ പുറത്തുനിന്നു് വിഷ്ണുവിനെ കടന്നേറിയ ദൈത്യൻ കീഴ്പോട്ടു വലിച്ചു. തൽക്ഷണം തന്തിരുവടി കൈകൊണ്ടു കടിയടിച്ചു; അതേറും ശൈലരോമാവു ചത്തുവീണു.

Digitized By Kerala Sahitya Akademi

ഉടനെ ജലംധരൻ സാരഥിയായ ഖഡ്ഗരോമാവിനോട്, 'തേർ ജനാർദ്ദനദേവന്റെ അടുക്കലേയ്ക്കു തെളിക്കുക' എന്നാജ്ഞാപിച്ചു. ഖഡ്ഗരോമാവു് അങ്ങോട്ടു തേർ നടത്തി; വിഷ്ണുവിനെ മുന്നിൽ കണ്ട ജലംധരൻ ഉരിയാടി:—'മാധവ, ഭവാൻ മടിക്കാതെ എന്നെ പ്രഹരിച്ചാലും; ഞാൻ മുമ്പേ ഭവാനെ പ്രഹരിക്കില്ല.' ക്രോധത്താൽ തുടുത്ത കണ്ണുകളോടുകൂടിയ നാരായണൻ ജലംധരനെ പ്രണേതൃക്കളായ ബാണങ്ങൾകൊണ്ടു മൂടി. വിഷ്ണുവിനാൽ ദേഹം പിളർത്തപ്പെട്ട സിന്ധുപുത്രൻ തന്നിരുവടിയേയും ശരനിരയാൽ മൂടി. ജലംധരന്റെ ശരനിരയേറു മുറിപ്പെട്ട ഗരുഡൻ മൂർച്ഛിച്ചുവീണു. ഗരുഡൻ വീണതിനാൽ വൈകുണ്ഠൻ വൈകുണ്ഠസ്ഥിതമായ രഥത്തെ സ്മരിച്ചു. തൽക്ഷണം, കുതിരകളെപ്പൂട്ടിയ പള്ളിത്തേർ വന്നെത്തി; സൂതൻ ഉണ്ടായിരുന്നില്ല ഭഗവാൻ ഗരുഡനെ മൂർച്ഛയിൽനിന്നുണർത്തി തേരു തെളിപ്പാനേർപ്പെടുത്തി; എന്നിട്ട് ശിരസ്സിൽക്കിരീടവും തിരുമാറിൽ കൌസ്തുഭരത്നവും ധരിച്ചു്, പുരുഷാർത്ഥങ്ങളാകുന്ന കുതിരകളെപ്പൂട്ടിയ പള്ളിത്തേരിന്റെ ചക്രങ്ങളാൽ ഭൂമിയെപ്പിളർത്തുംകൊണ്ടു, ദേവകളോടൊപ്പം ജലംധരനോടെതിർത്തു്, ബാണഗണങ്ങളാൽ ദാനവസേനയെ നിഹനിക്കുകയായി. ദേവേന്ദ്രൻ ചൊല്ലിവിട്ട പാവകനും പവനനോടൊന്നിച്ചു പടക്കളത്തിൽ ദൈത്യസൈന്യത്തെ ദഹിപ്പിച്ചു പോന്നു.

സൈന്യം കുറച്ചേ ബാക്കിയുള്ളു എന്നായതു കണ്ടിട്ട് ജലംധരൻ ശുക്രനോടു പറഞ്ഞു:—'ബ്രഹ്മൻ, മന്ത്രജ്ഞനായ ഭവാനിരിക്കെ, എന്റെ സൈന്യം ദേവകളാൽ വധിക്കപ്പെട്ടുപോയല്ലോ! വിദ്യകൊണ്ടു വിളിപ്പെട്ട ആളാണിവിടുന്നു്: ആത്തരായി ശരണം പ്രാപിച്ചവരെ രക്ഷിക്കില്ലെങ്കിൽ, ആ വിദ്യയും ബ്രഹ്മശക്തിയും എന്തിന്?' ഇതു കേട്ട് ഭാർഗ്ഗവൻ, 'രാജാവേ, ബ്രാഹ്മണനായ എന്റെ ബലം കണ്ടുകൊൾക' എന്നുംപറഞ്ഞു്, വെള്ളംതളിച്ചു് ഒരു ഹുംകാരമിട്ടു; അതോടു ക്കൂടി, ചത്തുകിടന്നിരുന്ന ദാനവന്മാർ ജീവിച്ചെഴുനേറ്റു. സിന്ധുസുതൻ ബാണങ്ങൾകൊണ്ടു നാലുപാടും നിലിമ്പരെ നിലംപൊത്തിച്ചു; വന്പിച്ച പരിക്കേറ്റിട്ടും, അമരരാകയാൽ അവർ മരണമടഞ്ഞില്ല. വിഷ്ണു ബൃഹസ്പതിയോടു്, 'ദേവഗുരോ, ഭവാന്റെ ബലം മോശംതന്നെ: ഭവാൻ സുരന്മാരെ എഴുനേല്പിക്കുന്നില്ലല്ലോ!' എന്നാരാഞ്ഞു. അയ്യു. 'സ്വാമിൻ, ഞാൻ നിർജ്ജരരെ മരുന്നുകൊണ്ടുകാണെഴുനേല്പിക്കാം' എന്നരുണത്തിച്ചു. വാചസ്പതി പാലാഴിയിലുള്ള ദ്രോണപർവ്വതത്തിൽ ചെന്നു്, മരുന്നുകൊം നിഷ്പ്രയാസം പറിച്ചുകൊണ്ടുപോ

Digitized By Kerala Sahitya Akademi

ന്ത്, അവയുപയോഗിച്ചു വാനവരെ എഴുനേല്പിച്ചു; അവർ ദൈത്യ സൈന്യത്തെ വധിപ്പാനും തുടങ്ങി.

അതുകണ്ടു ജലംധരൻ കാവ്യനോട്ട്, 'അങ്ങയുടെ വിദ്യകൂടാതെ ഇവരെങ്ങിനെ എഴുനേറ്റു?' എന്നു ചോദിച്ചു. ഭാർഗ്ഗവൻ മറുപടി പറഞ്ഞു:—'പാൽക്കടലിന്റെ നടുവിൽ ദ്രോണം എന്നൊരു മാമലയുണ്ട്; അവടെ നില്പുണ്ട്, മൃതസംജീവനൌഷധികളം. ദേവാചാര്യൻ അവിടെപ്പോയി ആ മരുന്നുകളം കൊണ്ടുവന്ന്, യുദ്ധത്തിൽ നിഹതരായ നിർജ്ജരരെ മന്ത്രംകൊണ്ടെഴുനേല്പിച്ചുകളയുന്നു!' ഇതുകേട്ട്, ബലമേറിയ ജലംധരൻ സൈന്യത്തിന്റെ ഭാരം സംഗരനെ ഏല്പിച്ച്, ബലപ്പെട്ട ദുർദ്ധാബ്ധിയിലേയ്ക്കു നടകൊണ്ടു; അവിടെച്ചെന്ന്, മിന്നിത്തിളങ്ങുന്ന ദിവ്യഗൃഹത്തിലേയ്ക്കു കടന്നു അപ്പോൾ പാലാഴിയുടെ ലീലാസ്ഥലം കാണുമാറായി:

(ചെറുശ്ശേരി രീതി)

അങ്ങു സമീരനു ചൂടില്ല, ശൈത്യമി-
ല്ലെങ്ങുമേ കാണുകയില്ലിരുളും.
ഗുണംചവുട്ടുന്നു, പാട്ടുകളം പാടുന്നു;
തരു കളിച്ചു പൂളച്ചീടുന്നു,
മധ്യം മെലിഞ്ഞു, നൽപ്പല്ലൊത്തു, കൊങ്കകളം
മെത്തിക്കനത്തുള്ള പെണ്മണിമാർ:
കൺകോണെറിഞ്ഞും നിതംബം തുളുമ്പിയും
പൊൻകൈലതകളെയിട്ടുലച്ചും
അംഗങ്ങളം മിന്നിയും വസ്ത്രങ്ങളിൽ നിന്നു
മംഗളത്തുമണം നിഗ്ഗളിച്ചും,
കാൽത്താർച്ചിലങ്ക കിലുങ്ങിയും തേനൊലി-
സ്സോത്രമുതിർത്തും വിലാസിനിമാർ
പൂമാല കെട്ടിയും പാഞ്ചിരി തൂകിയും
ചാമരം വീശിയും സേവചെയ്തു.

ആവിധം അവിടെ വിളയാടുന്ന പാലാഴിയെ അടുത്തുചെന്നു വന്ദിച്ച് അണ്ണാത്മജൻ ആവശ്യപ്പെട്ടു:—'അച്ഛ, ദ്രോണപർവ്വതത്തിലെ ഔഷധികളംകൊണ്ട് അച്ഛൻ എന്നെ ഉപദ്രവിക്കുന്നു; അതിനെ തിരുമാലകളംകൊണ്ടു മുക്കിയാലും!'

Digitized By Kerala Sahitya Akademi

പാലാഴി:—'മകനേ, ശരണം പ്രാപിച്ച ദ്രോണാദ്രിയെ ഞാനെങ്ങിനെ മുക്കേണ്ടു? ശരണാഗതനെ ആർ ത്യജിക്കുമോ, അവനെ മഹർഷിമാർ പ്രശംസിക്കാറില്ലല്ലോ!'

അപ്പഥന്റെ വാക്കു ജലംധരനെ ക്രുദ്ധനാക്കി; ആ ദൈത്യേന്ദ്രൻ ഗിരിയെ, കൈപ്പടം പരത്തി ഒരടിയടിച്ചു. അതിൽ ഭയംപൂണ്ട പർവ്വതം ഉടലോടേ പ്രത്യക്ഷീഭവിച്ചു ജലംധരനോടപേക്ഷിച്ചു:—'ഞാൻ ദേവാന്ത രാസനായിരിക്കുന്നു. പ്രഭോ, ശരണാഗതനായ എന്നെ രക്ഷിച്ചാലും. മഹാബാഹോ, ദേവന്റെ ശാസനത്താൽ ഞാൻ രസാതലത്തേയ്ക്കു പോയ്ക്കൊള്ളാം; ദേവൻ നാട്ടുവാഴുന്നോടത്തോളംകാലം അവിടെ വസിച്ചുകൊള്ളാം.'

കാഷ്ഠികളുടെ നിലവിളിയോടും സിദ്ധരുടെ കരച്ചിലോടും ക്രുദ്ധി ദ്രോണപർവ്വതം, സിന്ധുസുതൻ നോക്കിനിൽക്കെത്തന്നെ, രസാതലത്തിലേയ്ക്കു നടകൊണ്ടു. ഉടനെ ജലംധരവീരൻ പോർക്കളത്തിലേയ്ക്കു പോന്ന മുമ്പേത്തെത്തേരിൽക്കേറി, രഥസ്ഥിതനായ രമാവല്ലഭനോടു നേരിട്ടു; 'ഞാൻ ശത്രുക്കളെ കൊന്നൊടുക്കുന്നതുവരെ ഭവാൻ വണ്ടിയിലിരിക്കു' എന്നട്ടഹസിച്ചു, ദൈത്യേന്ദ്രൻ ദേവസൈന്യത്തെ ശരങ്ങൾകൊണ്ടു നിഹനിച്ചുതുടങ്ങി. അമ്പുകളേറു മുറിപ്പെട്ട ദേവന്മാർ ബൃഹസ്പതിയോടു രക്ഷിക്കണേ എന്നാപേക്ഷിച്ചു. അദ്ദേഹം വെമ്പലോടെ പാലാഴിയിലേയ്ക്കു ഗമിച്ചു; അവിടെ ദ്രോണപർവ്വതം കാണപ്പെട്ടില്ല. അതിനാൽ അദ്ദേഹം വിചാരത്തിൽപ്പെട്ടു പൊക്കളത്തിലേയ്ക്കുതന്നെ പോന്നു, 'ദേവന്മാരെല്ലാം പാഞ്ഞുകൊൾവിൻ; ദ്രോണപർവ്വതം നശിച്ചുപോയിരിക്കുന്നു!' എന്നു വിളിച്ചുപറഞ്ഞു. ഇതു പറഞ്ഞുകഴിഞ്ഞപ്പോഴേയ്ക്കും വാചസ്പതിയുടെ പൂണൂലും തലമുടിയും ജലംധരൻ ക്രൂരമുകംകൊണ്ടു മുറിച്ചുകളഞ്ഞു; എന്നിട്ടു ദേവന്മാരെ നോക്കി ഒരു ചിരി ചിരിച്ചു! വ്യാഴൻ പ്രാണനേയും കൊണ്ടു കതിച്ചു പാഞ്ഞു. ദേവന്മാരുമെല്ലാം യുദ്ധംവിട്ടോടിപ്പോയി.

ദേവന്മാരെ ഓടിച്ചിട്ട ദൈത്യേന്ദ്രൻ വിഷ്ണുവിനോടു പാഞ്ഞടുത്തു. ഹൃഷീകേശനും അയാളോടു പോരിന്നടുത്തു. പിന്നീടു ജനാർദ്ദനനും ജലംധരനും തമ്മിൽ ഘോരമായ യുദ്ധം നടന്നു: ആ ദുർദ്ധർഷൻ ശാർങ്ഗപാണിയെ ശരങ്ങൾകൊണ്ടു മൂടി; അവയെ തുണ്ടു തുണ്ടാക്കിയിട്ട് അച്യുതൻ അസുരനേയും അമ്പുകൾകൊണ്ടു കഷ്ടത്തിലാക്കി. ശരാർത്തി തഗാത്രനായ ജലംധരൻ തേരിൽ നിന്നു ചാടി, മുന്നിൽ നില്ക്കുന്ന മുകുന്ദനെ കീഴടക്കാൻ പാഞ്ഞടുത്തു; അതു കണ്ടു നാരായണൻ അദ്ഭുതഭാവംകൊണ്ടാഞ്ഞെയ്തു. അവ സഹിച്ചുംകൊണ്ടു അസുരൻ അടുത്തെ

Digitized By Kerala Sahitya Akademi

ത്തി ഒരു കൈയിൽ ഗരുഡനേയും മറേറക്കൈയിൽ രഥത്തേയുമെടുത്തു വട്ടം ചുഴറ്റി വലിച്ചെറിഞ്ഞു. തേർ ശേഷാദ്രിയിൽ ചെന്നുവീണു; ഗരുഡൻ ക്രൌഞ്ചദ്വീപിലും ചെന്നുവീണു. അദ്ദേഹം അവിടത്തെ വളരെനേരം വിശ്രമിച്ചു. വാസുദേവനാകട്ടെ, വട്ടം ചുറ്റുന്ന തേരിൽ നിന്നു താഴെ ചാടി, പോക്കളമണഞ്ഞു ദൈത്യേന്ദ്രനോട്, 'നില്ലുനില്ലെ'ന്നു കയർത്തു. വിഷ്ണു വീണ്ടും പൊരുതാൻവന്നതു കണ്ടിട്ടു വാരാശിപുത്രൻ വിശിഖങ്ങളം തുരുതുരെ വാരിച്ചൊരിഞ്ഞു. വൈകുണ്ഠൻ ചിക്കനെ ദാനവനെ വേൽകൊണ്ടു നെഞ്ഞത്തായി കുത്തി; അതേറും അയാൾ വീണുപോയി. ഉടനെ സൂതൻ അയാളെ കൈനിലയിലേയ്ക്കു കൊണ്ടുപോന്നു. മൂർച്ഛവിട്ടപ്പോൾ ജലംധരൻ, 'എന്നെ എന്തിനു നാണംകെട്ടവനാക്കി' എന്നു സാരഥിയെ ശകാരിച്ചു!

പിന്നിട്ടു വെറും നിലത്തുനിന്നായിരുന്നു, വിഷ്ണുജലംധരന്മാരുടെ പോരാട്ടം. ഭഗവാൻ ലക്ഷ്മീപ്രേമത്താൽ അസുരനെ കൊലചെയ്തില്ല; അയാളുടെ അമ്പുകളേറു താൻ വിഴുകയാണു ചെയ്തതു്. നടീനന്ദനൻ ഭ്രുകുടിപ്പുതിച്ച ഗോവിന്ദനെ എടുത്തു തന്റെ തേരിൽക്കേറി. അപ്പോൾ പുണ്ഡരീകാക്ഷനായ ഭർത്താവു വീണുകണ്ടിട്ടു കരഞ്ഞും കൊണ്ടു വന്നണഞ്ഞ വിഷ്ണുവല്ലഭ മുൻവശത്തായി നിന്ന സമുദ്രപുത്രനോടരിയാടി:— 'ഭ്രാതാവേ, ഭവാൻ വിഷ്ണുവിനെ തോല്പിച്ചു പിടിച്ചിരിക്കുന്നുവല്ലൊ; എന്നാൽ സോദരിക്കു വൈധവ്യം വരുത്തരുതേ!' ഇന്ദിര ഇതുയും പറഞ്ഞതോടുകൂടി, ജലംധരൻ ജഗദീശനെ വിട്ടു ലക്ഷ്മീദേവിയെ ഭക്തിപൂർവം പ്രണമിച്ചു; സോദരരിസ്നേഹത്താൽ വാസുദേവനേയും വന്ദിച്ചു. മാധവൻ ദാനവപുത്രനോടരുളിച്ചെയ്തു:— 'ഭവാൻ ചെയ്തതിൽ എനിക്കു സന്തോഷമായി. വരം ചോദിച്ചുകൊൾക; ഞാൻ എന്തു തരേണ്ടു?'

ജലംധരൻ:—കേശവ, ഈ ശൌര്യംമൂലം എന്റെ പേരിൽ ഇവിടുന്നു പ്രസാദിച്ചുവെങ്കിൽ, ഭവാൻ ശ്രീദേവിയോടൊന്നിച്ചു് എന്റെ പിതൃഗൃഹത്തിൽ നിവസിച്ചാലും.'

'അങ്ങിനെതന്നെ' എന്നു ശ്രുതനായ ഭുവനേശൻ പ്രിയതമയോടുകൂടി, ഗരുഡനെ സ്മരിച്ചു പുറത്തുകേറി പാലാഴിയിലേയ്ക്കു പുറപ്പെട്ടു. അന്നുമുതൽക്കു് ദേവേശൻ ലക്ഷ്മിയുടെ പ്രീതിക്കുവേണ്ടി ശാർങ്ഗധരഗൃഹത്തിൽ— സമുദ്രത്തിൽ—വസിച്ചുപോരുന്നു.

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, യുധിഷ്ഠിരനാരദസംവാദം, ജലംധരോത്പത്ത്യാനം, ജലംധരവിഷ്ണുജയവും എട്ടാമദ്ധ്യായം.

Digitized By Kerala Sahitya Akademi

ഒൻപതാമദ്ധ്യായം.

യുധിഷ്ഠിരൻ:—'പോരിൽ ദേവകളെ ഓടിച്ചു വിഷ്ണുവിനെ സപ്തഗ്രഹത്തിലാക്കിയതിനുശേഷം അബ്ധിപുത്രൻ എന്തുചെയ്തു? മഹർഷേ, പറഞ്ഞുതന്നാലും.'

നാരദൻ:—ജലംധരൻ സംഭോദി വീരന്മാക്ക സമ്മാനം കൊടുത്തിട്ട്, സപ്തഗ്രത്തിലേയ്ക്കുപോയി അവിടെ നടന്നുനോക്കി: എവിടെ, നാനാതോരം കനകം വഹിച്ചു ജനങ്ങളെ ചമയിക്കുന്ന വൃക്ഷങ്ങളും അശ്വമേധബലത്തെ കായ്ക്കുന്നുവൊ; അന്ന, വസ്ത്രം, സ്വർണ്ണം, ഗോവ്, കന്യക, എള്ള്, പൂവ്, കർപ്പൂരം, താംബൂലം, കസ്തൂരി, കുങ്കുമം എന്നിവയെ നൽകുന്നവരും, മഴക്കാലത്തു വീട്ടും തണുപ്പുകാലത്തു തീയും നൽകുന്നവരും, ശിവാലയത്തിൽ വാദ്യഘോഷം മുഴക്കിക്കുന്നവരും, ചൈത്രമാസത്തിൽ തണ്ണീർപ്പന്തലേപ്പെട്ടെത്തി തൈർച്ചോറും നൽകി പാന്ഥരെ ഊഞ്ഞാൽക്കട്ടിലിന്മേൽക്കിടത്തി ആടിക്കുന്നവരുമായ മഹാത്മാക്കൾ എവിടെച്ചെന്നുചേരുന്നുവോ; ശാരിക, ശുകം, അരയന്നം, ഭ്രമരം, കോകിലം എന്നിവ എവിടെ ദൃത്യം നടത്തി പ്രിയജനങ്ങളെ കൂട്ടിച്ചേർക്കുന്നുവോ; രംഭ, രാമ, മേനക, തിലോത്തമ, സുന്ദരിയായ സുഷുമ, ഘൃതാചി, പുഞ്ജികസ്ഥല, സുകേശി, സുമുഖി, താര, മഞ്ജുഘോഷ, മാലിനി, മൃഗോത്ഭവ, സുഖദ, ഘനമംഗള, അനഘപ്രഭ മുതലായ നൂറുനൂറായിരം അപ്സരശ്രേഷ്ഠമാർ അശ്വമേധരാജസൂയഫലങ്ങളും നൽകിക്കൊണ്ട് എവിടെ വിളയാടുന്നുവൊ, ആ സുഖസമൃദ്ധമായ സ്വർഗ്ഗത്തിൽ പ്രാണസുഹൃത്തായ സംഭനെ വാഴിച്ച്, നിസുംഭനെ യുവരാജാവുമാക്കിയിട്ട്, സമുദ്രാത്മജൻ സ്വന്തം ജലംധരപീഠത്തിലേയ്ക്കു മടങ്ങിപ്പോന്നു. അവിടെ അയാൾ ഇരുപതുലക്ഷം സംവത്സരം സ്വബലത്താൽ രാജ്യം ഭരിച്ചു'.

യുധിഷ്ഠിരൻ:—സുരന്മാരെ പൊരുതി തോല്പിച്ചതിനുശേഷം, രാജാവായ സിന്ധുസുതൻ എന്തുചെയ്തു? ദേവർഷേ, എനിക്കു വിസ്തരിച്ചു കേൾക്കേണമെന്നുണ്ട്.'

നാരദൻ:—'രാജാവേ, സാഗരാത്മജൻ ചെയ്തതൊക്കെ ശരിക്കു കേട്ടുകൊൾക: അയാൾ ദേവകളെ പോരിൽജയിച്ചു നിസ്സപത്നമായ രാജ്യം ഭരിച്ചുപോന്നു: ചിത്രസേനാദ്യരായ ഗന്ധർവന്മാർ ദാനവപ്രമുഖരെ സേവിച്ചു നിന്നു. എല്ലാവരുടേയും യജമാനഭോഗം അ

Digitized By Kerala Sahitya Akademi

സുരേന്ദ്രനാണ് ഭരിച്ചിരുന്നത്. ദേവന്മാർ ദുഃഖസമുദ്രത്തിൽ നിന്നുകൊണ്ടിരുന്ന തൊഴിലാളികളും മറ്റുള്ളവയുമെല്ലാം ആ കരുത്തൻ ജയിച്ചു കീഴടക്കി. നരേന്ദ്ര, സമുദ്രപുത്രൻ നാട്ടുവാഴുന്ന കാലത്തു് ആരും മരിച്ചിരുന്നില്ല; ആരും നരകം പൂകിയിരുന്നുമില്ല. പ്രണയത്താലല്ലാതെ കലഹവും സംഭോഗത്താലല്ലാതെ ക്ഷയവും ഉണ്ടായിരുന്നില്ല. മച്ചിയോ ഗർഭഗയോ ആഭരണമണിയാത്തവളോ അഴകില്ലാത്തവളോ ഉഗ്രതയോ ദുഷ്ടയോ വിധവയോ ആയ സ്ത്രീ ഒരേടത്തും കാണപ്പെട്ടിട്ടില്ല. നിർദ്ധനനായി ഒരാളും ഇല്ലായിരുന്നു. എല്ലാടത്തും ദാതാക്കന്മാരുണ്ടു്; വാങ്ങുവാൻ ഒരേടത്തും ആളില്ല. സുകൃതികൾ സ്വന്തം മുതൽ അന്യനെക്കൂ നൽകിക്കൊണ്ടിരുന്നു. അഴകും യൌവനവും ചേർന്ന പെണ്മണിമാർ ഗൃഹംതോറുമുണ്ടായിരുന്നു. പാലും, തയിരും, നെയ്യും ധാരാളം. ജനങ്ങളെ ജര ബാധിച്ചിരുന്നില്ല. പരക്കെ പരമസുഖം: കൂടെടത്തും വധബന്ധമില്ല, മരണമില്ല. ഹിംസയില്ല, ഒരാൾ മറ്റൊരാളെ ദ്രോഹിക്കയില്ല. കടം ആർക്കുമില്ല; എല്ലാടത്തും പണക്കാരുണ്ടു്. പ്രജകൾ സർവ്വ സസ്യസമൃദ്ധിയാൽ സന്തോഷിച്ചു. അതിമധുരമായ കരിമ്പിൻനീരും പാലും വീടുകളിലൊക്കെ സുലഭമായിരുന്നു. സ്ത്രീപുരുഷന്മാർ തമ്മിൽ ഹിതമേ സംഭവിച്ചുള്ളൂ. വഴിപോക്കരുടെ മുതൽ ആരും അപഹരിച്ചിരുന്നില്ല. സമുദ്രസുതനെ സ്മരിച്ചാൽ മതി, ആകാശത്തു നിന്നു് നെയ്യും പായസാദ്യമായ പാലും മഴപോലെ ജനങ്ങളുടെ വായിൽ വന്നു വീഴും.'

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, യുധിഷ്ഠിരനാരദസംവാദം, ജലന്ധരോപാഖ്യാനം, ജലന്ധരസ്യരാജ്യവർണ്ണനം നാമൈകാദശോധ്യായം.

(o)

പതിനാലാമദ്ധ്യായം

യുധിഷ്ഠിരൻ:—'ജലന്ധരൻ തോല്പിച്ചു് സ്വർഗ്ഗരാജ്യം കയ്യേറിയതിനുശേഷം ഇന്ദ്രാദി ദേവന്മാർ എന്തുചെയ്തു?'

നാരദൻ:—'ദേവകൾ സ്വർഗ്ഗം വിട്ടു വളരെക്കാലം കഷ്ടപ്പെട്ടു: അവക്കു് അമൃതും കിട്ടിയില്ല; യജ്ഞഭാഗവും കിട്ടിയില്ല. അതിനാൽ അവർ സ്വയംഭുവിന്റെ പാർപ്പിടത്തിൽ ചെന്നണഞ്ഞു്, ആ പരമേഷ്ഠിയെ ദർശിച്ചു: അവിടുന്നു സഭാഗൃഹത്തിൽ, പ്രാണായാമംകൊണ്ടു മനസ്സു പരമാത്മാവിലുറപ്പിച്ചു സ്ഥിതിചെയ്യുകയായിരുന്നു. ആദിതേയരെല്ലാവരും ആദരവോടെ പൊരുളൊത്ത മൊഴികൾകൊണ്ടു ത

Digitized By Kerala Sahitya Akademi

ന്തിരുവടിയെ സ്തുതിച്ചു. അതിൽ മനംതെളിഞ്ഞ ഭഗവാൻ, 'ഞാനെന്തു ചെയ്യണം?' എന്നുചോദിച്ചു. ജലംധരങ്കൽനിന്നു പററിയ അവമാനമെല്ലാം വിബുധന്മാർ വിരിഞ്ചനെ ധരിപ്പിച്ചു. ബ്രഹ്മാവു ക്ഷണനേരം ആലോചിച്ചു്, അമരന്മാരോടുകൂടി കൈലാസത്തിലേയ്ക്കു ഗമിച്ചു. അവർ ആ പർവ്വതത്തിന്റെ ഭംഗികളാൽ അത്ഭുതപ്പെട്ടു്, അതിന്റെ ഒരു വശത്തുനിന്നു മഹാദേവനെ സ്തുതിച്ചു:—

തൊഴാം ഭവനെ, ശർവ്വനെ! നീലകണ്ഠനെ കൈതൊഴാം!
തൊഴാം സ്ഥൂലനെ, സൂക്ഷ്മനെ, ബഹുരൂപനെ കൈതൊഴാം!

ഇതുകേട്ടു്, സർവ്വമുഖനായ ശർവ്വൻ, 'ദേവന്മാരെ വേഗത്തിൽ കൂട്ടിക്കൊണ്ടു വരൂ' എന്നു് നന്ദികേശനോടാജ്ഞാപിച്ചു. നന്ദികേശൻ വൃന്ദാരകരെ വിളിച്ചു; അവർ അന്തഃപുരമുപ്പുക്കു്, അവിടെ ആസനസ്ഥനായ ലോകശങ്കരനെ വിസ്മയപ്പെട്ട നേത്രങ്ങൾ കൊണ്ടു ദർശിച്ചു. നഗ്നരും വിരൂപരും കുടിലരും ജടിലരും ധൂളിധൂസരരുമായ അസംഖ്യം ഗണങ്ങളാൽ ഭക്തിപൂർവ്വം സേവിക്കപ്പെട്ടിരുന്ന തന്തിരുവടിയെ ദേവകളോടൊപ്പം വണങ്ങി, തിരുമുമ്പിൽ നിന്ന പിതാമഹൻ ഉണർത്തിച്ചു:—'ഇരുന്നെറ മുഖം കണ്ടില്ലേ; ഇദ്ദേഹം വല്ലായ്മയിലപ്പെട്ടിരിക്കുന്നു. ആശ്രിതവത്സല, മഹാദേവ, ദയ ചെയ്താലും!' ശങ്കരൻ ഉറക്കെ ഒന്നു ചിരിച്ചു; അതുകേട്ട വിരിഞ്ചൻ വീണ്ടും, 'വിണ്ണവരുടെ അവസ്ഥ തൃക്കൺപാർത്താലും' എന്നണർത്തിച്ചു. അപ്പോൾ പരമേശ്വരൻ ബ്രഹ്മാവിന്റെ അഭിമതവും മഹേന്ദ്രന്റെ മാനഭംഗവും അറിഞ്ഞു്, ദേവകളിൽ സ്നേഹംമൂലം പാർവ്വതിയാൽ പ്രേരിക്കപ്പെട്ടിട്ടരുളിച്ചെയ്തു:—'വിഷ്ണു കൊല്ലാത്തവനെ ഞാനെങ്ങിനെ കൊല്ലും? പിതാമഹ, മുമ്പുള്ള വരാദി ശസ്ത്രങ്ങളിലൊന്നുകൊണ്ടും ബലശാലിയായ ജലംധരാസുരനെ കൊല്ലാൻ വയ്യ; എനിയ്ക്കും വയ്യ, മുമ്പുള്ള ആയുധങ്ങൾകൊണ്ടു് അവനെ കൊല്ലാൻ. എന്റെ കെല്പിനെ താങ്ങുന്ന ഒരുറപ്പുള്ള ആയുധം ദേവകൾ ഉണ്ടാക്കട്ടെ.' മഹാദേവന്റെ ഈ മറുപടി കേട്ടിട്ടു് ബ്രഹ്മാവു്, 'വമ്പിച്ച ആയുധം ഇവിടുന്നുതന്നെ കല്പിച്ചുണ്ടാക്കുക; ഇവിടുത്തെ ബലം ഇവിടേയ്ക്കു അറിഞ്ഞുകൂടേ' എന്നുപേക്ഷിച്ചു. അപ്പോൾ മഹേശ്വരൻ, 'ബ്രഹ്മൻ, ഭവാനും ദേവന്മാരും ക്രോധത്തോടുകൂടിയ തേജസ്സിനെ നിർമ്മിപ്പിക്കുക' എന്നുപദേശിച്ചു. ഉടനെ, ബ്രഹ്മാവു്, ബ്രഹ്മാസ്ത്രതേജസ്സിനേയും, രുദ്രൻ മൂന്നാം തൃക്കണ്ണിലെ തേജസ്സിനേയും നിർമ്മിപ്പിച്ചു; ദേവന്മാരും ക്രോധയുക്തമായ തേജഃപുഞ്ജത്തെ പുറപ്പെടുവിച്ചു. അതേസമയത്തു് ഹരനാൽ സൃഷ്ടിക്കപ്പെട്ട മധുസൂദനൻ വന്നെത്തി, 'ഞാനെന്തു ചെയ്യണം?' എന്നു ചോദിച്ചു.

Digitized By Kerala Sahitya Akademi

അതിന്ന് ശിവന്റെ മറുപടി ഇതായിരുന്നു:—'ജനാർദ്ദന, ഭവാൻ ജലംധരനെ എന്തുകൊണ്ടാണ് യുദ്ധത്തിൽ കൊല്ലാഞ്ഞതു്? ദേവകളെ ത്യജിച്ചു പാലാഴിയിൽ കിടപ്പാൻ പോയതെന്തേ?'

വിഷ്ണു:—'ഞാനവനെക്കൊന്നാൽ ലക്ഷ്മിക്ക് എന്നിൽ പ്രീതിയുണ്ടാകുമോ? അതിനാൽ, പാവ്വതീകാന്ത, അവനെ ഇവിടുന്നു പോരിൽ വധിക്കുക.'

ശിവൻ:—'എന്നാൽ, ഭവാന്റെ ക്രോധതേജസ്സിനെ നിഗ്രഹിപ്പിക്കുക'.

വിഷ്ണു വൈഷ്ണവതേജസ്സിനെ പുറപ്പെടുവിച്ചു. ആ തേജസ്സുകളെല്ലാം കൂടി വളർന്നുവന്നു. അപ്പോൾ ശിവൻ, 'ഈ തേജഃപുഞ്ജംകൊണ്ടു് എനിക്കൊരു ആയുധം ക്ഷണത്തിൽ ഉണ്ടാക്കുവിൻ' എന്നരുളിച്ചെയ്തു. എന്നാൽ വിശ്വകർമ്മാദികളും, 'നാം എന്തു ചെയ്യേണ്ടു?' എന്നിങ്ങനെ ശങ്കിച്ചു മുഖത്തോടു മുഖം നോക്കി മിണ്ടാതെ നിന്നുപോയാണുണ്ടായതു്. അവരുടെ ഉള്ളുറിഞ്ഞിട്ട് ബ്രഹ്മാവുണർത്തിച്ചു:—'ദുർന്നിരീക്ഷമായിരിക്കുന്ന ഇവിടത്തെ തേജസ്സിനെ, സഹിപ്പാൻതക്ക ദേവകൾക്കും ശക്തരല്ല. പിന്നെയാണോ വഹിപ്പാൻ?' അപ്പോൾ പുരശാസനൻ പുഞ്ചിരിക്കൊണ്ടു് ആ തേജഃപുഞ്ജത്തിന്റെ മുകളിൽക്കയറി, ഇടം തൃക്കാൽമടമ്മൂന്നി വട്ടത്തിൽ നൃത്തംവെച്ചു; ആ നൃത്തമർദ്ദനത്താൽ മൂന്നുലക്ഷം അരക്കാലുകളോടും ഒരുകോടി മുനകളോടും കൂടിയ ഒരു ചക്രം ഉണ്ടായിവന്നു. തൃക്കാൽ തട്ടി തേജസ്സിന്റെ ശകലങ്ങൾകൊണ്ടു തെറിച്ചുതെടുത്തു് വിശ്വകർമ്മാവു വജ്രവും വിമാനങ്ങളും നിർമ്മിച്ചു. സുരന്മാർ ആ സുദർശനചക്രം കണ്ടു പേടിച്ചു്, 'രക്ഷിക്കണേ രക്ഷിക്കണേ!' എന്നു് കൃഷ്ണനോടപേക്ഷിച്ചു. പൃഥിവിയുടേയും ലോഹങ്ങളുടേയും തേജസ്സുകളുടേയും കാഠിന്യമെടുത്തു വിശ്വകർമ്മാവു് ഒരുറയുണ്ടാക്കി, അതു് ആ ചക്രത്താൽ ദുസ്സീകരിക്കപ്പെട്ടു! കാലവും ആ ചക്രത്താൽ ദഹിപ്പിക്കപ്പെട്ടു നിലത്തുപതിച്ചു! ധൂർജ്ജടി ആ ചക്രം ബ്രഹ്മാവിന്റെ കൈയിൽ കൊടുത്തു; അതിന്റെ കിരണങ്ങളാൽ പിതാമഹന്റെ താടി കരിഞ്ഞുപോയി! ശിവൻ ചിരിച്ചു് അയ്യവിധാതാവിന്റെ കയ്യിൽനിന്നു വാങ്ങി, ദരിദ്രൻ നിക്ഷേപമെന്നപോലെ, തിരുവയറാത്തടക്കി; അപ്പോൾ ആ ചക്രം, അവമൂർഖന്നു ദാനംചെയ്തതിന്റെ ഫലമെന്നപോലെ അദൃശ്യമായിത്തീർന്നു!

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, യുധിഷ്ഠിരയാഗസംവാദം, ജലംധരോപാഖ്യാനം ദേവതേജോമയ ചക്രോല്പത്തികഥനം പതിനാലധ്യായം.

——(0)——

Digitized By Kerala Sahitya Akademi

പതിനൊന്നാമദ്ധ്യായം.

നാരദൻ:—ഈ ഘട്ടത്തിൽ ഞാൻ ചെന്ന ജലംധരനോട പറഞ്ഞു:—'സർവ്വീശ്വരശ്വര, ഭോനെ കൊല്ലാൻ ശർവൻ പ്രതിജ്ഞചെയ്തിരിക്കുന്നു'. ഇതുകേട്ട് അയാൾ ചോദിച്ചു:—'ധീമൻ, എന്തെന്തു രത്നം (ശ്രേഷ്ഠവസ്തു) ഉണ്ട്, ശൂലപാണിയുടെ ഗൃഹത്തിൽ? മുഴവനും എന്നോട പറയുക: വകയില്ലാതെ പടയില്ലല്ലോ'.

ഞാൻ:—'സ്മേം, മൃതകാളയാകുന്ന വാഹനം, ഉടലിൽ പാമ്പുകളം, കഴത്തിൽ വിഷം, കയ്യിൽ പിച്ചപ്പാത്രം, കരിമുഖനം അരുമുഖനമാകുന്ന രണ്ടുണ്ണികളം ഇതൊക്കെയാണ് ശിവന്റെ സമ്പത്ത്! എന്നാൽ വേറെയൊന്നുണ്ട്. കളിർകൊങ്കകളം പരന്നയന്ന മാമലമങ്ക; അവളുടെ അഴക് ആ കാമദേവനെപ്പോലും വാമദേവനേയും മയക്കിയിരിക്കുന്നു! അവളെ രസിപ്പിപ്പാൻ മഹേശ്വരൻ നൃത്തം ചവുട്ടുകകൂടി ചെയ്യുപോരുന്നു; താൻതന്നെ ആടിയും പാടിയും ഭഗവാൻ അവളെ ചിരിപ്പിക്കും പാർവ്വതി എന്നാണ്, ആ സർവ്വസൗഭാഗ്യദേവതയുടെ പേര്. രാജാവേ, സുന്ദരീമണിയായ വൃന്ദയോ, ഈ അപ്സരസ്സുകളോ പാർവ്വതിയുടെ പതിനാറിലൊന്നിനില്ല!'

അമർഷണനായ ജലംധരനോട് ഇത്രയും പറഞ്ഞു ഞാൻ, തൈത്യരെല്ലാം കാണ്കെ ക്ഷണനേരം മറഞ്ഞു. ഉടനെ സിന്ധുസുതൻ സിംഹികാരാജകുമാരിയുടെ അരികത്തുചെന്നു. ആ തൈത്യൻ ക്ഷണനേരംകൊണ്ട കാലാരിനിവാസമായ കൈലാസത്തിൽ ചെന്നെത്തി. വിഷ്ണു, സഖ്യഭാവം ശങ്കിച്ച് അവന്റെ ദൃഷ്ടിയിൽപെടാതെ, വേഗത്തിൽ ശിവനോടു വിടവാങ്ങി പാലാഴിയിലേയ്ക്കു തിരിച്ചു. മിന്നിത്തിളങ്ങുന്ന മഹേശമന്ദിരം കണ്ടപ്പോൾ രാഹുവിനു ഭയം തീരെപ്പോയി! അപ്പോൾ അപ്പോൾ ഏറ്റവിങ്ങനെ ഭയാശങ്കയായി കഥിച്ച് അവൻ അകത്തേയ്ക്കു കടക്കാൻ ഭാവിച്ചപ്പോൾ കാവൽനിന്ന ഭാരവാലന്മാർ തടുത്തു; എന്നിട്ടും അവൻ കടക്കാൻ ശ്രമിക്കെ അവർ ആയുധമോങ്ങി. നന്ദികേശ്വരൻ അവരെ നിറുത്തി, രാഹുവിനോട ചോദിച്ചു:—'മൂർഖ, നീ ആരാണ്? എവിടെനിന്നും വരുന്നു? എന്തുവേണം? കാര്യം പറയുക; ഇല്ലെങ്കിൽ ഭയങ്കരമായ പാഷ്ടന്മാർ കാന്തകളയും!"

രാഹു:—'ജലംധരന്റെ ദൂതനാണ് ഞാൻ; എന്നെ ശിവന്റെ യടുക്കൽ കൊണ്ടാക്കുക: ഭാരവാലൻമുഖേനയല്ലാ, തമ്പുരാന്റെ കാര്യം പറയുക.'

Digitized By Kerala Sahitya Akademi

നന്ദികേശ്വരൻ ചന്ദ്രശേഖരന്റെ അടുക്കൽ ചെന്ന്, ഭണ്ഡനമസ്കാരംചെയ്ത്, തിരുമുമ്പിൽ നിന്നുണത്തിച്ചു:—'തിരുമേനി, സൈംഹികേയൻ എന്തോ കാര്യത്തിനു വാതിൽക്കൽ നില്ക്കുന്നുണ്ട്; അവൻ പോകയൊ വരികയൊ ചെയ്യേണ്ടതു്? ആജ്ഞാപിച്ചാലും. നന്ദികേശ്വരന്റെ അറിയിപ്പു കേട്ടിട്ട പരമേശ്വരൻ തെല്ലൊരു വെമ്പലോടെ ദേവിയെ സൂക്ഷിപ്പാൻ സഖിമാരോടുകൂടി അന്തഃപുരത്തിലേയ്ക്കയച്ചു. എന്നിട്ട ദ്വാരപാലനോട്, 'ദൂതനെ കൂട്ടിക്കൊണ്ടു വരു' എന്നരുളിച്ചെയ്തു. ഉന്നിദ്രബലനായ നന്ദികേശ്വരൻ വേഗത്തിൽ ദൂതനെ കൈയ്ക്കു പിടിച്ച്, ദേവമദ്ധ്യസ്ഥിതനായ മഹാദേവന്റെ തിരുമുമ്പിൽ കൊണ്ടാക്കി. ജടാധാരിയായി നീലകണ്ഠനായി അഞ്ചു തിരുമുഖത്തോടും പത്തു തൃക്കയ്യോടും നാഗത്താനാകുന്ന പൂണൂനൂലോടും കൂടിയവനായി ചന്ദ്രക്കല ചൂടിയവനായി ദേവിയോടു ചേർന്നിട്ടു നെടുവീർപ്പിടുന്നവനായി ദേവകളാലെല്ലാം പരിവൃതനായി അനേകകോടി ഗണങ്ങളാൽ നിഷേവിതനായിരിക്കുന്ന തന്തിരുവടി രാഹുവിനു കാണുമാറായി. അവിടുന്ന്, ദൂതൻ വന്നതറിഞ്ഞു മുന്നിൽ തൃക്കൺപാത്തിട്ട 'കാര്യംപറയാ'മെന്നരുളിച്ചെയ്തു. അപ്പോൾ രാഹു പറയാൻ തുടങ്ങി:—'ദേവ, ജലംധരൻ ഇവിടത്തെ അടുക്കലേയ്ക്കയച്ചിരിക്കയാണെന്നെ. അദ്ദേഹത്തിന്റെ നല്ല വാക്കു ഞാൻ പറയാം; കേട്ട വേഗത്തിൽ അനുഷ്ഠിച്ചാലും. ഗിരിശനും തപസ്വിയും നിർഗ്രണനും ധർമ്മരഹിതനുമാണ് ഭവാൻ. അങ്ങേയ്ക്കു അച്ഛനില്ല, അമ്മയില്ല, ധനമില്ല, കുലമില്ല. ലോകം മുന്നും മഹാബാഹുവായ ജലംധരൻ അനുഭവിച്ചു പോരുന്നു; അങ്ങും അദ്ദേഹത്തിന്റെ കീഴിൽ തന്നെ. അതിനാൽ പറഞ്ഞതു ചെയ്തുകൊള്ളുക. പുരാണപുരുഷനും വൃഷവാഹനനുമായ ഭവനു കാമം എങ്ങിനെ—?'

ഇതുയും പറഞ്ഞപ്പോഴെയ്ക്കു്, ഹേരംബവിശാഖരാകുന്ന പുത്രന്മാർ സന്തപ്തരായി; ദേവദേവൻ ഒന്നും മിണ്ടാതെ അയ്യഞ്ചു കൈകളും കൊണ്ടു് അംഗങ്ങളം തിരുമ്മി. അതിനാൽ വാസുകി നിലത്തയ്ക്കു വീണ് ഗണേശവാഹനമായ മൂഷികന്റെ വാൽ വായിലാക്കി; 'വിട്ട, വിട്ട' എന്നു് ഗണേശൻ നിലവിളിച്ചു. അപ്പോൾ പാമ്പിനെ കണ്ടിട്ട് സ്കന്ദന്റെ വാഹനം ക്ഷോഭിച്ചു; അതിനെപ്പേടിച്ചു വാസുകി എലിവാൽ വിട്ട്, ശിവന്റെ ദേഹത്തിൽക്കേറി, കഴുത്തിൽ ചുറ്റിക്കിടന്നു. അപ്പാമ്പിന്റെ ചീറ്റലാൽ ചെന്തീ പുറപ്പെട്ടു; അതിന്റെ ചൂടുമൂലം ജടക്കെട്ടിലെ ചന്ദ്രക്കല ഉരുകി; അതിന്മേൽനിന്ന് അമൃതൊഴുകയാൽ ശിവൻ വഹിച്ച ബ്രഹ്മശിരസ്സും മൌലികപാലങ്ങളും ഉയിർ

Digitized By Kerala Sahitya Akademi

ക്കൊണ്ടു മുമ്പു ശീലിച്ച വേദം ചൊല്ലുവാൻ തുടങ്ങി. ചൊല്ലിയതന്യോന്യം കേട്ടിട്ടു ശിരസ്സുകളും, 'ഞാനാണു മുമ്പൻ, ഞാനാണു ആദ്യൻ, ഞാനാണു പരമാൽപരൻ, ഞാനാണു സൃഷ്ടാവു്, ഞാനാണു ത്രാതാവു്' എന്നിങ്ങനെ തങ്ങളിൽ ഉഴറി വാദിക്കുകയായി; 'ഞാൻ ദാനം ചെയ്തില്ല, ഞാൻ ഭുജിച്ചില്ല, ഞാൻ ഹോമിച്ചില്ല, ഞാൻ ലോഭം മൂലം ധനം ബ്രാഹ്മണനു നൽകിയില്ല' എന്നിങ്ങനെ വ്യസനിക്കുകയുമായി. അപ്പോൾ തൃച്ചിതയിൽനിന്നു് മൂന്നു മുഖവും മൂന്നു കാലും മൂന്നു വാലും ഏഴു കയ്യുമുള്ള ഒരു വമ്പിച്ച ഭ്രൂതത്താൻ ഉണ്ടായിവന്നു. പിംഗളനും ജടിലനുമായ ആ കീർത്തിമുഖനെന്ന ഗണത്തെ കണ്ടു പേടിച്ച കപാലങ്ങളും ചുടുമണ്ണിൽത്തന്നെ സ്ഥിതിചെയ്തു. കീർത്തിമുഖൻ കാര്യായനീകാന്തനെ കൈവണങ്ങി, 'സ്വാമിൻ, അടിയനു വല്ലാത്ത വിശപ്പുണ്ടു'ന്നണത്തിച്ചു. 'നീ പോരിൽകൊല്ലപ്പെട്ടവരെ തിന്നുകൊൾക' എന്നായിരുന്നു മഹേശ്വരന്റെ മറുപടി. കീർത്തിമുഖൻ ക്ഷണനേരം തിരഞ്ഞുനോക്കി; യുദ്ധം എങ്ങും കണ്ടില്ല; അതിനാൽ ബ്രഹ്മാവിനെ തിന്മാൻ ചെന്നു. ശിവൻ തടുത്തു. ഉടനെ കീർത്തിമുഖൻ കടുത്ത വിശപ്പുമൂലം, എപ്പോഴും തടുത്തുവെങ്കിലും, തന്റെ ശരീരംതന്നെ തിന്മാൻ തുടങ്ങി. അവന്റെ ആ സാഹസവും ഭക്തിയും കണ്ടിട്ടു് ഭഗവാൻ പ്രസാദിച്ചരുളിച്ചെയ്തു: —'നീ എപ്പോഴും എന്റെ ക്ഷേത്രത്തിൽ വസിച്ചുകൊള്ളുക. എന്റെ ആലയത്തിൽ നിന്നെ സ്മരിക്കാത്തവൻ ആരോ, അവൻ പെട്ടെന്നു് അധഃപതിച്ചുപോകും.' ഇതുകേട്ടതോടുകൂടി കീർത്തിമുഖൻ അന്തർദ്ധാനംചെയ്തു. ദേവകൾ ശിവന്റെ ശിരസ്സിൽ പൂമഴ പൊഴിച്ചു.

ശിവസദസ്സിൽ ഇപ്രകാരമുള്ള അത്യദ്ഭുതം കണ്ടിട്ടു് വിസ്മയപ്പെട്ടു് രാഹു ദേവേശനോടു തുടർന്നുചോദിച്ചു: —'സപത്നീയോഗിയായ ഭവാനെ വികാരം എങ്ങിനെ സ്പർശിക്കും? ഇന്ദ്രിയങ്ങളാൽ പൂജിക്കപ്പെടുന്ന ഭവാനെ വിഷയങ്ങൾ തിന്നിക്കളയുമോ? ഇവിടുന്നു ബ്രഹ്മാദിലോകപാലന്മാരുടെയെല്ലാം പൂജ കൈക്കൊള്ളുന്നു; ഇവിടേയ്ക്കു ദേവനായിട്ടാരുമില്ല—ഇവിടുന്നു് ആരേയും പൂജിക്കാറില്ല. ലോകത്തിൽ ഭിക്ഷാവാങ്ങി ഭുജിക്കുന്ന ഭവാൻ എങ്ങിനെ ഈശ്വരനാകും? യോഗീന്ദ്ര, ഭവാൻ ഗൌരിയെ ഒളിപ്പിക്കയാണല്ലോ ചെയ്തതു്; ആ സുന്ദരിയെ എന്റെ പക്കൽ തന്നേയ്ക്കുക. ഇവിടുന്നു വിനായകവിശാഖന്മാരാകുന്ന പുത്രന്മാരോടൊന്നിച്ചു്, പിച്ചപ്പാത്രവുമേന്തി ഗൃഹംതോറും തെണ്ടിക്കൊൾകെ'. രാഹു ഇങ്ങനെ പലതും പറഞ്ഞു നോക്കി; എന്നാൽ അതിനുത്തരമൊന്നും ഭഗവാൻ അരുളിച്ചെയ്കയുണ്ടായില്ല. മഹേശ്വരന്റെ മൌനം കണ്ടിട്ടു് സ്വർഭാനു നന്ദികേശ്വരനോടുപറഞ്ഞു: —'വികൃതമുഖ,

Digitized By Kerala Sahitya Akademi

താൻ മന്ത്രിയും പടത്തലവനുമാണല്ലോ; ആചാരഭ്രഷ്ടനായ സ്വാമിക്കു വേണ്ടതു പറഞ്ഞുകൊടുത്താൽ നന്ന്. ഇല്ലെങ്കിൽ, അപരാധംമൂലം ഇന്ദ്രനെന്നപോലെ യുദ്ധത്തിൽ കൊലപ്പെട്ടു വീണുപോകും.' നന്ദികേശ്വരൻ നാഥനോടുണർത്തിച്ചു്, അവിടുത്തെ പുരികക്കൊടിയിളക്കത്താൽ തിരുവുള്ളമറിഞ്ഞു്, ദൂതനെ സൽക്കരിച്ചു യാത്രയാക്കി. രാഹു ജലംധരന്റെ അടുക്കൽ തിരിച്ചെത്തി, ശിവന്റെ വൃത്താന്തവും പാർവ്വതിയുടെ മനോഹരമായ സൌന്ദര്യവും വിസ്തരിച്ചുപറഞ്ഞു.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, യുധിഷ്ഠിരയാഗസംവാദം, ജലംധരോപാഖ്യാനം, രാഹുദൈത്യകഥയും പതിനൊന്നാമദ്ധ്യായം.

പന്തിരണ്ടാമദ്ധ്യായം

നാരദൻ:—ദൂതൻ ഉണർത്തിച്ചതുകേട്ടിട്ടു്, പ്രതാപവാനായ ജലംധരൻ അപ്പോൾത്തന്നെ സൈന്യത്തെയെല്ലാം വിളിച്ചുകൂട്ടി പടപുറപ്പെടാനൊരുങ്ങി. അവിടവിടെ ഒത്തുകൂടിയ സേനകളുടെ ഇരമ്പം ഉയരെ കേൾക്കായി. മന്ദരകന്ദരങ്ങളിൽ മങ്കമാരോടൊന്നിച്ചു ശയിച്ചിരുന്ന കിന്നരന്മാരെ എഴുനേല്പിച്ചും, മഹാമേരുഗുഹകളേ മാറൊലിക്കൊള്ളിച്ചും, ഗജസിംഹങ്ങളെ ഉഴറിയും മുതിർന്ന സൈന്യകോലാഹലം മൂന്നുലോകത്തെയും ബധിരമാക്കിത്തീർത്തു! ജാലംധരപീഠത്തിൽ പെരുമ്പറയൊലിയും മുഴങ്ങി; ശൂരന്മാർക്കു പ്രീതികരമായ ആ മഹാശബ്ദത്താൽ ഉയർമലകളും കുലുങ്ങി; പ്രാസാദങ്ങളും കിടുങ്ങി. ഏഴുഴികളിൽ നിന്നും തൈത്യദാനവർ സന്നദ്ധരായി നാനാവാഹനങ്ങളിലേറിപ്പുറപ്പെട്ടു് ആർത്തലറുകയായി. അശ്വങ്ങളുടെ ഹേഷാരവവും ഉയർന്നു. തേരുരുളകളും തട്ടി പാരിടം വിറകൊണ്ടു. യാതൊടുന്ന ഗജയൂഥങ്ങളാൽ കാടുകളും ചുഴന്ന ഭൂമി മറയ്ക്കപ്പെട്ടു. ജലംധരൻ നിയോഗിച്ച പതിനായിരം ഘോരത്തേരാളികളും, ഇരുപതുലക്ഷം കുതിരകളും, പത്തുലക്ഷം കൊമ്പനാനകളും, ഒരുലക്ഷം കൊടിക്കുറയണിത്തേരുകളും തൊണ്ണൂറുകോടി പരാർദ്ധം മുഖ്യനായകന്മാരുമുൾപ്പെട്ട ആ പെരുംപട വെൺകൊറ്റക്കുടകളും കൊണ്ടു് സൂര്യനെ മറച്ചു രാജധാനിയിൽ നിന്നു പുറപ്പെട്ടു. ആകാശം ചിലേടത്തു വെള്ളക്കുടകളാൽ വെൺതാമരക്കൂട്ടം നിറഞ്ഞതായും, ചിലേടത്തു പീലിക്കുടകളാൽ കരിംകുവളപ്പൂക്കൾ വിരിഞ്ഞതായും, ചിലേടത്തു പൊങ്ങിയ പൊടിപടലത്താൽ കാടുകൊണ്ടതായും, ചിലേടത്തു പാറുന്ന

Digitized By Kerala Sahitya Akademi

കൊടിക്കൂറകളാൽ പൊയ്ക എന്നപോലെ ഓളമിയന്നതായും കാണപ്പെട്ടു! ജലംധരസൈന്യത്തിന്റെ യാത്രയിൽ ഭൂതലം ഗജാശ്വമയമായി; ആകാശം ധ്വജച്ഛത്രമയമായി; ദിങ്മണ്ഡലം വാമരമയവുമായി!

പ്രയാണോത്സുകനായ ജലംധരാസുരൻ പലതരം രത്നങ്ങളും പതിച്ച ഒരു വേലും തോളത്തു വച്ച്, മഹാവിഷ്ണുവിനോടു യാത്ര പറവാനായി സമുദ്രത്തിൽ ചെന്നത്തി, നിന്തിരുവടിയെ വന്ദിച്ചു, 'സോദരീഭർത്താവേ, ഇവിടെയുണ്ടെന്നറിവിപ്പാൻ എന്താണു ഞാൻ തരേണ്ടതു്?' എന്നുചോദിച്ചു. ഇതുകേട്ടു് സന്തുഷ്ടനായ ശ്രീനാരായൻ, 'സിന്ധുനന്ദന, ഭോഃ ഞാൻ എന്തു പ്രിയം ചെയ്യണ'? മെന്നരുളിച്ചെയ്തു. മനംകുളിത്ത ദൈത്യൻ ബദ്ധപ്പെട്ടണത്തിച്ചു:—ഞാൻ യുദ്ധത്തിനു പോകയാണു്; ഇവിടുന്നു സമുദ്രത്തിൽ സുഖമായി വസിച്ചാലും.' ലക്ഷ്മി ഭ്രാതാവിന്നു് അക്ഷതം നൽകി; വിഷ്ണു അയാളെ സൽക്കരിച്ചു. പിന്നെ ജലംധരൻ മുകുന്ദസന്നിധിയിൽ നിന്നു പോന്നു സമുദ്രത്തെ ക്കണ്ടു വണങ്ങി യാത്രപറഞ്ഞു:—'അച്ഛ, ഞാൻ ശിവനെ യുദ്ധത്തിൽ ജയിപ്പാൻ ദൂരത്തേയ്ക്കു പോകയാണു്; എനിക്കു വിടനൽകുമാറാകണം; മഹേശ്വരനോടെതിർക്കാൻ പോകുന്ന മകനോടു വാരിധിയുടെ മറുപടി ഇങ്ങനെയായിരുന്നു:—'മകനേ, ആ താപസനെ വെടിഞ്ഞു്, ഞാൻ തന്ന രാജ്യം അനുഭവിച്ചുകൊള്ളുക. നിന്റെ പ്രതാപം അത്യത്ഭുതമാണു്; നിന്നെപ്പോലെ ഒരു രാജാവില്ല. നീ ഭൂലോകത്തെ സപ്തദ്വീപത്തിലും മീതെയാക്കിയിരിക്കുന്നു. നിന്റെ രാജ്യത്തു ഭൂമി, വൈകുണ്ഠത്തിലെന്നപോലെ ശോഭിക്കുന്നു! ദൈത്യർക്കു ജയിക്കാൻ വയ്യാത്ത ദേവൻ ആരെടാ, അദ്ദേഹത്തെ ലക്ഷ്മിയോടുകൂടി നീ എന്റെ അടുക്കൽ കൊണ്ടുവന്നാക്കിയല്ലോ; ഭിക്ഷുവായ ശങ്കരനെ വിട്ടേയ്ക്കൂ.' പാർവതിയുടെ പേരിലുള്ള അനുരാഗം മൂലം, അച്ഛൻ ഇപ്പറഞ്ഞതു കൂട്ടാക്കാതെ ജലംധരൻ, തന്റെ പടയാളികളുടെ ഇടയിലേയ്ക്കു പോന്നു.

യുദ്ധസന്നദ്ധനായ ഭർത്താവിനോടു പുണ്ട പറഞ്ഞു:—'പ്രാണനാഥ, മഹാരാജാവേ, ഒരു മോശസ്സന്യാസിയോടു യുദ്ധംചെയ്യരുതു്. പാർവതിയുടെ നേരെ പായുന്ന മനസ്സിനെ പിൻതിരിപ്പിച്ചു് എന്നെ നോക്കൂ; എന്തിനാണങ്ങു ഗൌരിയെ കാമിക്കുന്നതു്? എന്നെക്കാളും മീതെയാണോ മലമകൾ? അവൾ തപസ്വിനി, നിരാശ്രയ, എപ്പോഴും സ്ഥാണുവിങ്കൽ പററിനില്ക്കുന്നവൾ, മച്ചി, മക്കളെ കൊതിച്ചു കൃത്രിമ പുത്രരെ വച്ചുകൊണ്ടിരിക്കുന്നവൾ; നാരദൻ വെറുതെ വാഴ്ത്തി

Digitized By Kerala Sahitya Akademi

പ്പറഞ്ഞു! ഭവാൻ അവളെ വിട്ട് എന്നോടുകൂടി നിവസിച്ചാലും'. ഇതിന മഹാബ്ധിപുത്രന്റെ മറുപടി ഇതായിരുന്നു:— 'വൃന്ദേ, പാവ്തിയുടെ ശാപം കാണാതെ എന്റെ മനസ്സു പിന്തിരിക്കയില്ല. നാട്ടും നഗരവും നീ രക്ഷിച്ചുകൊള്ളണം. മാനിനി, ശിവൻ എന്നെ കൊല്ലുകയാണെങ്കിൽ, നീ എപ്പോഴും എന്നെ സ്മരിക്കണേ!' ഇത്തുവചനം കേട്ട പുഞ്ചിരിക്കൊണ്ട വൃന്ദ പല്ലക്കിൽക്കേറി ജാലംധരപീഠത്തിലേയ്ക്ക തിരിച്ചു.

കീർത്തിമാനായ ജലംധരൻ അറുപതിനായിരം മഹാപത്മം സേനയോടൊന്നിച്ചു കൈലാസത്തിലേയ്ക്ക പുറപ്പെട്ടു. ഇതിനിടയിൽ മഹേശ്വരൻ ഗണങ്ങളോടും പുത്രരോടും ഭാര്യയോടും കൂടി കൈലാസം വിട്ട മാനസോത്തരപർവ്തത്തിലേയ്ക്കു പുറപ്പെട്ടു. അർണ്ണവാത്മജൻ കനാംദിവസം കൈലാസത്തിലെത്തി, സൈന്യത്തെ അവിടെ പാർപ്പിച്ചു, കൈലാസം നടന്നുകണ്ടു.

(കാകളി)

വീശുന്നിതങ്ങു, കളിനീർക്കണങ്ങളും
കേസരപാംസുവും പാറിച്ച മാരുതൻ,
സിദ്ധാംഗനപ്പോർമുലകളിൽത്തത്തിയും
സ്നിഗ്ധമന്ദാരമകരന്ദമേന്തിയും.
കങ്കേളിവൻമ്മരാം മങ്കക്കഴൽപ്പാട്ട
കണ്ടങ്ങുകേച്ചലിപ്പാൻപോയ് ഭാനവൻ!
കാണായ് വനേ തത്ര വിദ്യാധരീകുച–
കാശ്മീരപാടലമാലതീമാലയും.
തത്ര ദേവാംഗനാശ്ലേഷരസം കൊൾവു
തൻപ്രതിച്ഛായ കണ്ടുകളിക്കുസ്സുരർ.
കിന്നരസ്ത്രീരതം ചൊന്നങ്ങു മിന്നുന്ന
മന്ദാരകാശോകപല്ലവമെത്തകം.
കാലാരി പാർഷ്ദർ നാനാപ്രകാരേണ
ലീലകളാടിത്തിമത്ത വിടപികം
പൂത്തുനിൽക്കുന്നതുണ്ടങ്ങു മദനന്റെ
കീർത്തിയണിഞ്ഞവയെന്ന തോന്നംവിധം.
ചന്ദനകസ്തൂരികാമോദ മത്തരാ–
മിന്ദിന്ദിരങ്ങൾ വിളങ്ങീ പലേടവും.
കന്ദർപ്പദേവനെരിഞ്ഞകിലുണ്ടായി–
വന്ന കരിക്കട്ടകളെന്നപോലവേ.

Digitized By Kerala Sahitya Akademi

അങ്ങെഴും മങ്കമാർതൻ മണിമെയ്യിലെ-
ന്നുംഗസൌരഭ്യഗുണത്തെസ്മരിക്കയാൽ
ചിത്തത്തിലത്തലുദിപ്പതുമൂലമോ,
കസ്തൂരി തീരെക്കറുത്ത നിറത്തിലായ്!
താമരപ്പൂക്കൾ പരക്കെ വിരിഞ്ഞിട്ടും
തൂമണിനീർത്തടാകങ്ങൾ ചില ദിശി;
ഉള്ളം മയങ്ങിച്ചകോരങ്ങൾ മേവിന
വെള്ളിയിലത്തിൻപടർപ്പു ചില ദിശി;
മങ്ങിക്കതിക്കുമരുവി ചിലദിശി;
വണ്ടണിപ്പൂവഞ്ഞുളങ്ങൾ ചില ദിശി;
തുഷ്ടമായ് ക്കോകിലം ചൊന്ന കൊഞ്ചും മലർ-
മൊട്ടുള്ള തേന്മാവിനങ്ങൾ ചില ദിശി;
മാനിണക്കുട്ടം ചുവട്ടിൽക്കിടക്കുന്ന
പീനോന്നതങ്ങൾ മരങ്ങൾ ചില ദിശി;
കാന്തതരങ്ങളാം വിണ്ടലവാരുടെ
കാലടിപ്പാടുകൾ പിന്നെച്ചില ദിശി—
ഏവമതിങ്കൽ വിളങ്ങിന കാനനം
ഭാവപ്പകർച്ച മുനികൾക്കുമേകിടും!

ഇപ്രകാരമുള്ള ശിവനിവാസസ്ഥാനം—സ്വർഭാനുക്കളും നിറഞ്ഞു വിചിത്രമായ കൈലാസം—കണ്ടിട്ട് ഏറ്റവും അത്യുത്സുകപ്പെട്ട ദൈത്യേന്ദ്രൻ ശുക്രനോടു ചോദിച്ചു:—'ഹരോ, അത്ര നല്ല ഭംഗിയും ഇത്ര മനോഹരമായ പാർപ്പിടവുമുള്ളവനെ നിങ്ങളൊക്കെ താപസനെന്നു പറയുന്നതെന്തുകൊണ്ടാണ്?' ശിവനെ അവിടെ കാണാഞ്ഞതിനാൽ ജലന്ധരൻ വീണ്ടും ചോദിച്ചു:—'ഭാർഗ്ഗവ, ഭർഗ്ഗൻ എവിടെപ്പോയ്ക്കളഞ്ഞു? എന്നെപ്പേടിച്ചിട്ടായിരിക്കുമോ?' കവി കഥിച്ചു:—'രാജാവേ, ശംഭുമഹാദേവൻ മാനസോത്തരശൈലത്തിലേയ്ക്കു പോയിരിക്കുന്നു; അവിടെ മറാക്കും ചെല്ലാൻ വയ്യ.' അപ്പോൾ, കരുത്തേറിയ കടൽമകൻ, 'ദേവേശനെ ഞാൻ ജയിച്ചുകൊള്ളാം; അങ്ങു രാജധാനിയിലേയ്ക്കു പോയ്ക്കൊൾകെ' എന്നുംപറഞ്ഞു, ശിവനിരിക്കുന്നേടത്തേയ്ക്കു നടകൊണ്ടു; അറുപതിനായിരം യോജന പൊക്കമുള്ള ആ മാനസോത്തരമാമല ദൈത്യപ്പടയാൽ ചുറ്റപ്പെട്ടു. വളരെ ദൈത്യത്തലവന്മാർ പർവ്വതശിഖരങ്ങളിലേയ്ക്കു പാഞ്ഞുകേറി. വെൺകൊറ്റക്കുടകളുടെ നിഴലാകുന്ന ക്രീതുകം പരന്നു; വാദ്യഘോഷം ലോകത്തെ വിറകൊള്ളിച്ചു; സൈന്യകോലാഹലത്താൽ ഭൂവും ദ്യോവും മുഴങ്ങി.

ഇങ്ങനെ വമ്പിച്ച ദൈത്യസൈന്യം വന്നടുത്തതു കണ്ടിട്ട് പരമേശ്വരൻ പാർവ്വതിയെ സഖിമാരോടുകൂടി അത്യന്തമായ ഗിരിശിഖ

Digitized By Kerala Sahitya Akademi

രത്തിലിരുത്തി, ഗണങ്ങളെയെല്ലാം യുദ്ധത്തിനു സന്നദ്ധരാക്കി. മുപ്പതിനായിരം മഹാപദ്മം പ്രമഥന്മാരാൽ ചുറ്റപ്പെട്ട ഭഗവാൻ പിന്നെ നന്ദികേശ്വരനോടരുളിച്ചെയ്തു:—'ഗണനായകാ, നീ വേഗം മഹാദൈത്യവീരനായ ജലന്ധരനോടു പൊരുതുവാൻ; ശൂരരായ മഹാകാളാദികളോടൊന്നിച്ചു ചെല്ലുക. ഏതു കാര്യത്തിലും, നെഞ്ഞുറപ്പുള്ളവനല്ലാതെ, മനസ്സിടിഞ്ഞു പൌരുഷം മന്ദിച്ചവനു നന്മ വരില്ല. അതിനാൽ നീ എനിക്കു ശത്രുജയം സിദ്ധിക്കുംവരെ, ഏറ്റവും പൌരുഷത്തോടുകൂടി പടപൊരുതുക.' ഈ അരുളപ്പാടു കേട്ട നന്ദികേശ്വരൻ, 'ധീമൻ, കാകധ്വജ, എനിക്കു തേർ കൊണ്ടുവരൂ' എന്നു സാരഥിയോടാജ്ഞാപിച്ചു. സൂതൻ ഉടനേ മുപ്പത്തിരണ്ടശ്വങ്ങളെ പൂട്ടിയതും ആറു ചക്രങ്ങളോടും അറുപതു കൊടികളോടും കൂടിയതും മുപ്പത്തിരണ്ടു യോജന പരപ്പുള്ളതും ആയുധങ്ങളെല്ലാം വെയ്പ്പെട്ടതുമായ പടത്തേർ കൊണ്ടുവന്നു. നന്ദികേശ്വരനു ചക്രരക്ഷയ്ക്കായി ചന്ദ്രശേഖരൻ സ്കന്ദവിനായകരാകുന്ന പുത്രന്മാരെ നിയോഗിച്ചു; അവർ സന്നദ്ധരായി വാഹനങ്ങളിൽക്കേറി. നന്ദികേശ്വരൻ സ്വാമിയെ വന്ദിച്ചു വിട വാങ്ങി തേരിൽക്കേറി പ്രമഥരാൽ ചുറ്റപ്പെട്ട്, ദാനവരുടെ നേർക്കു പുറപ്പെട്ടു. പന്തിരണ്ടുയോജന പരപ്പുള്ള വെൺകൊറ്റക്കുട അദ്ദേഹത്തിന്റെ തലയ്ക്കുമേൽ പരിശോഭിച്ചു.

അദ്ദേഹം നേരിട്ടെത്തിയപ്പോഴേയ്ക്കും, മുമ്പേ മലമുകളിൽക്കേറിയ ഭയങ്കരാകാരന്മാരായ ദാനവന്മാർ പ്രമഥരുടെ തീക്ഷ്ണായുധങ്ങളേറ്റു നിലത്തു പതിക്കുകയായി. പ്രഹരിക്കപ്പെടുന്ന ദൈത്യന്മാർ താഴത്തേയ്ക്കോടിത്തുടങ്ങി. അപ്പോഴും ഗണങ്ങളും മലമേൽനിന്നു മന്നിലിറങ്ങി, കരുത്തേറിയ ദൈത്യരെ നിശിതായുധങ്ങൾകൊണ്ടു നിഹനിച്ചു. അസുരപ്പടയാളികളും അമരരാലും പരിവൃതനായ നന്ദികേശ്വരനെ വളഞ്ഞു. പിന്നീടു ഗണങ്ങളും അസുരരും തമ്മിൽ കടുത്ത യുദ്ധം നടന്നു: ദാനവരും വാനവരും തെരുതെരെ ശരങ്ങളെ വർഷിക്കുകയായി. അഗ്നിമുഖന്മാർ അനേകരെയെല്ലാം പോരിൽ കൊലചെയ്തു; കരുത്തേറിയ കാകധ്വജന്മാർ തേർ കതിര കാലാളുകളെ വീഴിച്ചു. കൊലപ്പെട്ട മഹാമായാവികളായ ദാനവരുടെ ഭയങ്കരശിരസ്സുകളും അട്ടഹാസിച്ചുംകൊണ്ടു വാനിലെങ്ങും പറന്നു. അഴിഞ്ഞ തലമുടിയോടും കരാളങ്ങളായ നേത്രദംഷ്ട്രകളോടും കൂടിയ മുഖങ്ങളും, ചുമലുകളും, കഴുത്തുകളും, തുടകളും, കണങ്കാലുകളും, അരക്കെട്ടുകളും, പുറങ്ങളും എന്നിവ അറ്ററ്റു് എമ്പാടും വീണു; ചോരയാൽ തുടുത്ത കബന്ധങ്ങളാലും മണ്ണിടം മറയ്പ്പെട്ടു. സൈനികരെ ശിവപാർഷദർ ഹനിക്കുകയാൽ,

Digitized By Kerala Sahitya Akademi

പടകളിൽക്കിടന്നു പായുന്ന ദൈത്യതലവന്മാരുടെ നിലവിളി, പ്രളയകാലത്തു കടലുകളുടെ ഇരമ്പമെന്നപോലെ പൊങ്ങി മുഴങ്ങി.'

ശ്രീ പത്മമഹാപുരാണം, ഉത്തരഖണ്ഡം, യുധിഷ്ഠിര നാരദസംവാദം, ജയധരാരാധ്യാനം, പ്രമഥദൈത്യയുദ്ധാരംഭം പന്ത്രണ്ടാമധ്യായം.

(0)

പതിമ്മൂന്നാമദ്ധ്യായം.

നാരദൻ:—നന്ദി മുതലായ ശിവപാർഷദർ അസുരപ്പടയെ കൊന്നതു കണ്ടു കോപിച്ചു സുംഭാദി ദൈത്യന്മാർ പാർഷദരോടു നേരിട്ടു: സുംഭമഹാദൈത്യൻ നന്ദികേശ്വരനോടും, നിസുംഭൻ മഹാകാളനോടും, ശൈലരോമാവു പുഷ്പദന്തനോടും, മായാവിയും മഹാബലനുമായ കോലാഹലൻ മാല്യവാനോടും, ചണ്ഡി ഭൃംഗിനോടും, രാഹു സുബ്രഹ്മണ്യനോടും, സർപ്പരോമാവു ക്രൂശ്മാണ്ഡനോടും, ബർബരൻ ദഹനനോടും, കേതുമുഖൻ രുദ്രനോടും, ജംഭൻ വിനായകനോടും, പാതാളകേതു ഘാസനോടും, രോമകണ്ഠൻ ഭൃംഗീശനോടും പൊരുതാനാട്ടത്തു. കോടി കോടി പാർഷദരും ദാനവരും, ഇരുകൂട്ടരുടേയും സ്വാമിമാർ തുക്കണ്ടപാക്കെ, തമ്മിൽത്തമ്മിൽ ശരങ്ങളെ അഞ്ഞുവിടുകയായി. സുംഭൻ നന്ദിയുടെ മേൽ, മലയിൽ മഴപെയ്യുന്നതുപോലെ, ബാണം വാരിച്ചൊരിഞ്ഞു; അദ്ദേഹം സുംഭന്റെ വായു, മാരുതൻ മന്ദരകന്ദരം ഇലകളെ കൊണ്ടെന്നപോലെ, അമ്പുകൾകൊണ്ടു നിറച്ചു. സുംഭൻ വില്ലു താഴത്തിട്ട്, തേരിൽനിന്നു ചാടി, പാഞ്ഞടുത്തു്, ഒരു പർവ്വതം പുഴക്കിയെടുത്തു നന്ദികേശ്വരന്റെ നെഞ്ഞത്തെയ്യെറിഞ്ഞു; ആ പർവ്വതം നന്ദിയുടെ മാറിടം പിളർത്തി, വജ്രം പർവ്വതത്തെ എന്നപോലെ തേരിനേയും തകർത്തു്, നിലത്തുപതിച്ചു. നന്ദികേശൻ മോഹാലസ്യപ്പെട്ടു്, ക്ഷണനേന അന്തർദ്ധാനംചെയ്തു പാഞ്ഞു.

നിസുംഭൻ മഹാകാളന്റെ മാറത്തു മുഷ്ടികൊണ്ടടിച്ചു; മഹാകാളനും അസുരന്റെ തലയ്ക്കു ഗദകൊണ്ടടിച്ചു. ആ പ്രഹരണം ഗണിക്കാതെ, കരുത്തേറിയ നിസുംഭൻ മഹാബലനായ മഹാകാളന്റെ കാലു രണ്ടും പിടിച്ചു വട്ടം ചുറ്റിവീശി വലിച്ചെറിഞ്ഞു് തൊർപ്പിട്ടു; മഹാകാളനും ചോരയാൽ തുടുത്തു്, രാഹുവിന്റെ മുഖവായുവിനെ നകൻ് ഒന്നലറി. ശൈലരോമാവിനായ് മുചുകുന്ദൻ പിടികൊണ്ടിടിക്കപ്പെട്ട പുഷ്പദന്തൻ ശൈലരോമാവിനെ ഗദകൊണ്ടടിച്ചു നിലത്തു

Digitized By Kerala Sahitya Akademi

വീഴിച്ചു. അതുകണ്ട്, കരുത്തേറിയ ഗിരികേതു മഹാഘോരനായ പുഷ്പദന്തനെ മുറിത്തടികൊണ്ടു പ്രഹരിച്ചു; പുഷ്പദന്തൻ വാരംകൊണ്ടു ഗിരികേതുവിന്റെ തലവെട്ടി. എന്നാലും, ഗിരികേതു വാളും പരിചയുമെടുത്തു പാഞ്ഞടുത്തു; അവന്റെ തല, 'നീ പോരിന്നണഞ്ഞതെന്നെ വിട്ട് എവിടെപ്പോകുന്നു? ഈ ശരീരം ശിരസ്സോടു വേർപെട്ടിരിക്കുമ്പോഴും ഓടിപ്പോകാൻ നിനക്കു നാണമില്ലയോ!' എന്നുച്ചരിക്കുകയും, ഉടൻ പുഷ്പദന്തന്റെ കാലുകളിൽ പിടിക്കുകയും ചെയ്തു! പുഷ്പദന്തൻ കബന്ധത്തിന്റെ വയറ്റത്തു മൂർച്ചയേറിയ വാരംകൊണ്ട് ഒരു വെട്ടുവെട്ടി; അപ്പോഴതു വയറ്റിൽ നിന്ന്, നൂറു തലയും ഇരുനൂറു കൈകളും ഇരുനൂറു കണ്ണുകളുമുള്ള ഒരസുരക്കുറവൻ പുറപ്പെട്ടു; രാജാവേ, ഗിരികേതുവിന്റെ ശിരസ്സു വട്ടം തിരിഞ്ഞു കബന്ധത്തിന്റെ അടുക്കലേയ്ക്കുരുളുകയും ചെയ്തു. ആ തല വീണ്ടും പുഷ്പദന്തൻ വാരംകൊണ്ടു വെട്ടി; അപ്പോഴതിൽ നിന്നു ഭയങ്കരമായ കമ്പനജ്വരം ഉണ്ടായിവന്നു. ഇരുവരും—സഹിച്ചുകൂടാത്ത ഉഷ്ണമേറിയ ജ്വരവും അസുരനും—ക്രൂദ്ധരൂപം പൂണ്ടിരിക്കുകയാൽ ശിവപാർഷദൻ യുദ്ധം വെടിഞ്ഞു വിറച്ചുംകൊണ്ടു പർവ്വതമുകളിലേയ്ക്കു പാഞ്ഞു.

വലിയ വില്ലാളിയായ കോലാഹലൻ മാല്യവാനെ മൂന്നു ശരങ്ങളും കൊണ്ടു നെറ്റിമേലും ചുമലുകളിലും എയ്തു; മാല്യവാൻ കോലാഹലനെയും ബാണങ്ങളുംകൊണ്ടെയ്തു. അപ്പോൾ കോലാഹലൻ, തന്റെ കൈവേഗം കാട്ടിക്കൊണ്ട്, പലതരം നിശിതായുധങ്ങളാൽ മാല്യവാനെ പ്രഹരിച്ചു; അതിന്റെ വേഗം വകവയ്ക്കാതെ, ഗണത്തലവൻ ഒരു മല പറിച്ചെടുത്തു കോലാഹലനെ എറിഞ്ഞു. തൽക്ഷണം അസുരകൽ നിന്ന് ഒമ്പതുവീതം കൈകാൽകളോടും മൂന്നു തലകളോടും ക്രൂദ്ധനായ കമ്പനജ്വരം പുറത്തേയ്ക്കു ചാടി; അതു, അതിന്റെ ഉഷ്ണം മാവുകൊണ്ടു മാല്യവാനെ മയക്കിക്കളഞ്ഞു. മാല്യവാൻ തോറും പടവെടിഞ്ഞു പർവ്വതത്തിലേയ്ക്കോടി. ചണ്ഡിയെ ഭയാനകൻ പാശംകൊണ്ടു നെഞ്ഞത്തായി താഡിച്ചു; അതിങ്കൽനിന്ന് ഒരു കതിര പുറത്തു ചാടി. അതിനേയും ഭയാനകൻ കടലിലേയ്ക്കെറിഞ്ഞു.

രാഹുവിനെ സുബ്രഹ്മണ്യൻ ക്രൗര്യകോപംകൊണ്ടു മൂടി, ചിക്കെന്നു വേഗം ചാട്ടി; തേജസ്സിനാൽ ജ്വലിച്ചുകൊണ്ടെന്നപോലെ നേരിട്ടെത്തുന്ന ഒരു പെരും വേലിനെ രാഹു മേല്പോട്ടു ചാട്ടി കൈകൊണ്ടു പിടിച്ചു; എന്നിട്ടു തലയില്ലാത്തവനാണെങ്കിലും അവൻ പലവുരു അ

Digitized By Kerala Sahitya Akademi

ലറി, അ വേൽതന്നെ സ്കന്ദന്റെ നേക്ക് വിട്ടു. സ്കന്ദൻ വേൽകൊണ്ടു രാക്ഷസന്റെ നെഞ്ചം പിളർത്തി; അതിൽനിന്ന് ഒരു നടി പുറപ്പെട്ട മഹാദേവപുത്രനെ മുക്കി. അദ്ദേഹം ഒരുവിധത്തിൽ ഒരു പുഴ കടന്നു മയിലിനോട്ടക്രടി മലയിലേയ്ക്ക് മടങ്ങി. ജ്വരത്താൽ പീഡിപ്പിക്കപ്പെട്ട ശത്രുസൈന്യത്തിന്റെ കടുത്ത നിലവിളി കേട്ടിട്ടു സിന്ധുപുത്രൻ മധുരസ്വരം തൂകുന്ന പുംസ്കോകിലത്തെപ്പോലും സ്മരിക്കാതായി!

ശരങ്ങളം ചൊരിയുന്ന ദഹനനെ ബർബരൻ വാരംകൊണ്ടു വെട്ടി. സപ്തരോമാവു ക്രൗഞ്ചനെ മുഷ്ടികൊണ്ടു നിഗ്രഹയിലടിച്ചു. ഹാസനെ പാതാളകേതു മുഷ്ടികൊണ്ടടിച്ചു; അപ്പോളം ഹംസങ്കൽ നിന്ന് ഒരു കൊമ്പനാന പുറപ്പെട്ട മുഷ്ടി ഓടിച്ചിട്ടു. അ കൊമ്പനാനയുടെ തുമ്പിമേൽ പാതാളകേതു കൈ ചുരുട്ടിയിടിച്ചു. രോമകണ്ഠൻ ഭൃംഗീശനെ അയുധങ്ങളംകൊണ്ടു പൊതുക്കി; ഭൃംഗീശൻ പേടിച്ചു പോർ വിട്ടു ഗിരിയിലേയ്ക്ക് വെമ്പിപ്പാഞ്ഞു. ധൂമ്രവർണ്ണനായ കേതുമുഖൻ ശുഭ്രനോടു പാഞ്ഞേറ്റു, അ ക്രൂരനായ പ്രമഥനെ തന്റെ പെരുംവായ്കൊണ്ടു വിഴുങ്ങിക്കളഞ്ഞു; അപ്പോളം വമ്പിച്ച ഹാ ഹാ ശബ്ദം കേളംക്കായി വന്നു.

ജംഭന്റെ ക്രൂരമുകളാൽ അവയവങ്ങളം മുറിപ്പെട്ട വിനായകൻ അവന്റെ കൊമ്പനാനയുടെ തുമ്പിക്കൈ മഴുകൊണ്ടു വെട്ടിമുറിച്ചു. ജംഭോസുരൻ വേൽകൊണ്ടു ലംബോദരന്റെ വയറത്തു് ഒരു കുത്തു കുത്തി. മൂഷികനാം ശങ്കളാൽ മുറിപ്പെടുകയാൽ കരു ഗുഹയിൽ കടന്നൊളിച്ചു. കുത്തേറു വേദനയാൽ വശംകെട്ട ഗണനായകൻ, 'അയ്യോ, അമ്മേ! അയ്യോ, അച്ഛ! അയ്യോ, എന്റെ പ്രിയ മൂഷിക!' എന്നു വിലപിക്കുകയായി. ഗണപതിയുടെ നിലവിളി കേട്ട ശിവൻ പോക്കുത്തിലേയ്ക്കു പുറപ്പെട്ടു; അപ്പോളം പാർവതി മറേറ കൊടുമുടിമേൽനിന്നു സമീപത്തെത്തി ഭർത്താവിനോടരിയാടി:—'ദേവ, ഹേരംബനെ അതാ അസുരന്മാർ കൊലപ്പെടുത്തുന്നു; സ്കന്ദനും വീഴിക്കപ്പെട്ടിരിക്കുന്നു. ഇവിടുന്നെന്താണു പർവതമുകളിൽ വെറുതെ ഇരിക്കുന്നതു്? ഉണ്ണികളേയും ഗണങ്ങളേയും രക്ഷിക്കുക. സദാ കൈകളിൽ വഹിച്ചു പോരുന്ന ശൂലാദ്യായുധങ്ങളംക്ക തക്ക അവസരമാണിതു്!' ഇതു കേട്ടു ശിവൻ വീരഭദ്രനോടു്, 'കാളയെ വേഗത്തിൽ തയാറാക്കുക' എന്നാജ്ഞാപിച്ചു. വീരഭദ്രൻ വൃഷത്തിന്റെ കൊമ്പുകളിൽ കതിരവന്നൊത്ത കിരീടവും, കഴുത്തിൽ കുടമണിക്കൂട്ടവും, ചെവികളിൽ കണ്ണാടികളും, മുലയിൽ കിങ്ങിണിത്തൊങ്ങലും, കാൽകളിൽ വലിയ തളകളും, വാലിന്മേൽ വെൺചാമരവും, മുഖത്തു് എട്ടു കയറും അണിയിച്ചു; അയ്യ

Digitized By Kerala Sahitya Akademi

ധമെല്ലാം ഒഴുക്കുറപ്പിച്ചു. ഈ വിധം സജ്ജീകരിക്കപ്പെട്ട വൃഷഭത്തെ പാർവ്വതി തന്റെ വകയായും ഒരു കടമണിക്കുട്ടം ചാർത്തിച്ചു തിലകവും തൊടുവിച്ചു തൊട്ട തലോടിക്കൊണ്ടരുളിച്ചെയ്തു:— 'വൃഷഭേന്ദ്ര, നീ പടത്തിക്കിൽ സ്വാമിയെ വിട്ടുപോകരുതേ; യുദ്ധത്തിൽ ശത്രുക്കളെ ജയിച്ചു ശിവനോടൊന്നിച്ചു മടങ്ങിവരിക!' പരമേശ്വരനും, തന്റെ ആഭരണങ്ങളിഞ്ഞു, അനേകം ആയുധങ്ങളും ധരിച്ചു, കാളയുടെ പുറത്തു കേറി പോരിനു പുറപ്പെട്ടു; അവിടുന്നു പാർവ്വതിയോടു്, 'നീ തനിയേ, സ്വന്തം രൂപത്തിൽ, ഉൽകണ്ഠിതയായി നില്ക്കുകയണല്ലൊ ചെയ്യുന്നതു്. സുന്ദരിമാരിൽ ഉത്തമാഗ്രഗണ്യ പൂണ്ടവരാണു്, ഈ വന്ന ദാനവന്മാർ; സുമുഖി, നിന്നെ നീ തന്നെ രക്ഷിച്ചുകൊള്ളണം!' എന്നിങ്ങനെ സന്ദേഹം കഥിച്ചു പോക്കളത്തിലേയ്ക്കു പുറപ്പെട്ടു:

മുപ്പതിനായിരം മഹാ പത്മം പ്രമഥന്മാർ തന്തിരുവടിയുടെ പുറകുമുണ്ടായിരുന്നു. ശൂരനായ വീരഭദ്രൻ ബദ്ധപ്പെട്ട സിംഹത്തേരിൽ കേറി, വാമദേവന്റെ വാമപാർശ്വം രക്ഷിക്കുകയായി; മറുവീരരെ ഹനിക്കുന്ന മണിഭദ്രൻ വില്ലേന്തി കതിരുത്തേരിലേറി, ദക്ഷിണാമൂർത്തിയുടെ ദക്ഷിണപാർശ്വം രക്ഷിക്കുകയായി. ഗണങ്ങളോടൊന്നിച്ചു ഗിരീന്ദ്രശൃംഗത്തിൽ നിന്നു പടനിലത്തണഞ്ഞ വൃഷഭസ്ഥിതനായ വിഷമാക്ഷനെ കണ്ടിട്ടു് അസുരന്മാർ ആർത്തുവിളിച്ചു; പ്രമഥന്മാരും പെരികെഗ്ഗർജ്ജിച്ചു. ഉടനെ ഇരുപടകളും തമ്മിൽ കൊടുതാംവണ്ണം കൂട്ടിമുട്ടി. നന്ദികേശ്വരൻ, മഹാകാളൻ, കരുത്തേറിയ കാലസുന്ദരൻ, മാല്യവാൻ, പുഷ്പദന്തൻ, വൃഷഭി, സർവ്വദന്തികൻ, ചണ്ഡീശൻ, ഭമനൻ, ചണ്ഡൻ, കൃശ്വാണ്ഡൻ, ഗ്രഹലോമകൻ മുതലായി മുമ്പടയിൽ തോറവരുമെല്ലാം പോത്തിക്കിൽ എത്തിച്ചേന്നു്, ശിവന്റെ മുന്നിൽ പൊരുതുകയായി. ആ ഗണദാനവസംഗരം ഭയംകരമായി മുതിന്നു. ബലിഷ്ഠരായ ദൈത്യന്മാർ പോരിൽ ശരഗണങ്ങളാൽ പ്രമഥസൈന്യത്തെ പായിച്ചു്, ബാഹുലേയഷഡാനനെ നാലുപാടും വളഞ്ഞു്, ശൂലകുന്തഗദാമുൽഗരപരിഘങ്ങളംകൊണ്ടു്, പഞ്ചേന്ദ്രിയങ്ങളം അഞ്ചുവിഷയങ്ങളുംകൊണ്ടു് ആത്മാവിനെ എന്നപോലെ പീഡിപ്പിച്ചു. തൽക്ഷണം അവരെ ത്ര്യക്ഷൻ ഘോരതരമായ ബാണ്നികരംകൊണ്ടു്, പാപങ്ങളെ അശ്വമേധം അവഭൃതസ്നാനംകൊണ്ടെന്നപോലെ അകറ്റിപ്പെടുത്തി.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, യുധിഷ്ഠിരനാരദസംവാദം, ജയംധരോപാഖ്യാനം ശിവദേവയുദ്ധോരംഭം പതിനൂന്നാമദ്ധ്യായം.

———(*)———

Digitized By Kerala Sahitya Akademi

പതിനാലാമദ്ധ്യായം

നാരദൻ:—പടയിൽ അസുരന്മാരുടെ ആർപ്പുവിളികേട്ടിട്ട് ജലംധരൻ താൻതന്നെ ധൂർജ്ജടിയുടെ അടുക്കലേയ്ക്കു പുറപ്പെട്ടു: അയാൾ ബലപ്പെട്ട തേരിലേറി, ഖഡ്ഗരോമാവാകുന്ന സാരഥിയോടു സക്രോധം ആജ്ഞാപിച്ചു:—'ആയിരം കുതിരകളെപ്പൂട്ടി തേർ വേഗത്തിൽ തെളിക്കുക. പാമ്പും എലിമ്പും ചാമ്പലും ചിടയുമണിഞ്ഞ ആ താപസനെ ഞാൻ കൊലചെയ്യുന്നുണ്ട്; കാളപ്പുറത്തേറിയ കാൽമടന്തനല്ലേ, എന്നോടു പൊരുതാൻ ശേഷി? ഗുണം വളർന്നുദയമാനവനെ ക്ഷുദ്രനു ക്ഷണനേരം പോലും കണ്ടുകൂടാ: പാറാ, തന്റെ ദേഹം ത്യജിച്ചും, തെളിഞ്ഞു കത്തുന്ന വിളക്കിനെ കെടുത്തുന്നു!' ഈവിധം ഉരചെയ്ത്, ഉഗ്രതനായ ദൈത്യേന്ദ്രൻ കൊടിയ വില്ലേന്തി, തേരിലൂടെ പാഞ്ഞടുത്തു. അപ്പോൾ വീരഭദ്രൻ അയാളെ ക്രൂരമുകരംകൊണ്ടു തടുത്തു. അയാൾ ചൊടിച്ചു വീരഭദ്രനേയും വിശിഖങ്ങൾകൊണ്ടു മൂടി. പരമേശ്വരനാൽ പരിഗ്രഹിക്കപ്പെട്ടവൻ ദേവതുല്യൻതന്നെ; എന്നാൽ കപാലമുണ്ടോ ചന്ദ്രക്കലയെപ്പോക്കുന്നു? മണിഭദ്രനും കടൽമകനെ കണകരംകൊണ്ടെയ്തു. അയാൾ മണിഭദ്രനെ പാശത്താൽ ബന്ധിച്ചു. 'മഹാദേവ, യുദ്ധത്തിനു വന്നാലും; അങ്ങയ്ക്കായുധപ്പയറ്ററിയാമെങ്കിൽ, അങ്ങ് എന്നെ പ്രഹരിക്കുക; ജടചൂടുന്ന ഗോവാങ്കൽ മുമ്പേ ഞാൻ അസ്ത്രം വിടുകയില്ല!' എന്നിങ്ങനെ സഗർവ്വം ഉരചെയ്തു. അരിശം കൊണ്ട വീരഭദ്രൻ അയാളെ, സൂര്യൻ താമരപ്പൂവിനെ രശ്മികരംകൊണ്ടെന്നവണ്ണം, അമ്പുകരംകൊണ്ടു നിറച്ചു. മണിഭദ്രൻ ഗദകൊണ്ട് അയാളുടെ സൈന്യത്തെ സംഹരിക്കുകയായി: തേരിനെ തേരിന്മേലിതെയും, കുതിരയെ കുതിരയുടെ മീതെയും, ആനയെ ആനയുടെമീതെയും ആ വീരൻ തല്ലിവീഴിച്ചു! ക്ഷണനേരംകൊണ്ടു നിലം ചെഞ്ചോരയാൽ ചളികെട്ടി ദുർഗ്ഗമമായിത്തീർന്നു. മറവു ഗണത്തലവന്മാരും പോരിൽ ശൂരദൈത്യന്മാരെ നിഹനിച്ചു; അവർ ഉയിർ വിട്ടു നിലം പൊത്തുകയായി. അസുരന്മാരുടെ ഭുജദണ്ഡവും ശിരസ്സും അരക്കെട്ടും പുറവും കൈപ്പടവും തുടയും അറ്ററ്റു വീണു മന്നിടം നിറഞ്ഞു. രാജാവെ, ഇപ്രകാരമുള്ള യുദ്ധം കാണുകയാൽ, ശിവനെജ്ജയിപ്പാൻ തീരെ പ്രയാസംതന്നെ എന്നു ജലംധരനു തോന്നി: നക്ഷത്രചന്ദ്രാദികളുടെ തേജസ്സിനു വേറെ! ഭുവനകടാഹത്തെ പ്രകാശിപ്പിക്കുന്ന സൂര്യന്റെ തേജസ്സിനു വേറെ!

Digitized By Kerala Sahitya Akademi

തോല്പ പറിയ ജലംധരൻ വീണ്ടും വിചാരിച്ചു:—'നാരദൻ അവിധം വർണ്ണിച്ച സൌന്ദരിയെ ഞാൻ കണ്ടില്ലല്ലൊ. സ്വസ്ഥാനത്തിരിക്കുന്ന പാർവ്വതിയെ ഞാൻ എങ്ങിനെ കണ്ടെത്തും? മുമ്പേ അവളെ കാണാൻ പോവുകതന്നെ; പിന്നീടാവാം ശിവനോട്ടു പൊരുതുക.' ഇവ്വിധം ചിന്തിച്ചുറച്ചിട്ട് അംഗോധിനന്ദനൻ സുംഭനോട്ടു പറഞ്ഞു:—'സുംഭ, ചണ്ഡജയത്തിൽ എന്നെപ്പോലെ പരാക്രമമുള്ള വീര, താൻ എന്റെ രൂപം ധരിച്ചു നിന്നു യുദ്ധം ചെയ്യുക. യുദ്ധത്തിന്റേയും കൈനിലയുടേയും സൈന്യത്തിന്റേയും ഭാരം തനിക്കാണ്; ഞാൻ എന്റെ മനം കവർന്ന ആ പാർവ്വതിയെ കാണാൻ പോകുന്നു.' ഇതുയും പറഞ്ഞു മോനവപ്പെരുമാൻ, തന്റെ ആഭരണങ്ങളും ചട്ടയും ആയുധം മുതലായതും സൂതനോട്ടുടിയ രഥവും സുംഭനു കൊടുത്തു, ദുർവ്വാരണനോടൊരുമിച്ചു സൈന്യംവിട്ട് ആരും കാണാത്ത മാനസോത്തരശൈലത്തിന്റേറ ഉച്ചിയിലേയ്ക്കു നടകൊണ്ടു. എന്നിട്ടു ജലംധരൻ ശിവന്റേയും ദുർവ്വാരണൻ നന്ദികേശ്വരന്റേയും വടിവെടുത്തു, പാർവതിയും സഖിമാരും സ്ഥിതിചെയ്യുന്ന പർവതശിഖരത്തിലേയ്ക്കു കേറി.

അമ്പുകളാൽ മുറിപ്പെട്ട നന്ദിയുടെ ചുമലിൽ ചാഞ്ഞു വസ്ത്രത്തിൽ ചോരയും പുരണ്ടു വന്നെത്തുന്ന കള്ളശ്ശങ്കരനെ കണ്ടിട്ടു ശർവ്വാണി പകച്ചുപോയി! ജയ തുടങ്ങിയ സഖിമാരും സംഭ്രമം പൂണ്ടു ശിവസമീപത്തണഞ്ഞു സങ്കടത്തോടേ ചോദിച്ചു:—'ദേവേശ, തിരുമേനിക്കെന്തു പറ്റി? ആരാണു തിരുമേനിയെ പോരിൽ തോല്പിച്ചുതു? തന്നുരാനേ, ഇവിടുന്നു ശല്യം പൂണ്ടു പ്രാകൃതനെപ്പോലെ കരയുന്നുവല്ലോ!' അസുരേന്ദ്രൻ പതുക്കെ വാസുകി മുമ്പായ ആഭരണങ്ങളെ ഓരോന്നായി ശരീരത്തിൽനിന്നൊട്ടുത്തു സഖിമാരുടെ കയ്യിൽ കൊടുത്തു. ഗണപതിയുടേയും സുബ്രഹ്മണ്യന്റേയും തല അയാളുടെ ഒക്കത്തു കണ്ടപ്പോൾ, അംബിക, 'അയ്യോ, സുന്ദ! അയ്യോ, ഗണേശ! അയ്യോ, ശംകര!' എന്നു നിലവിളിക്കുകയായി; സഖിമാരും വ്യസനം സഹിയാതെ കരഞ്ഞുതുടങ്ങി. അപ്പോൾ, ദുഃഖത്താൽ തല കൈപ്പടത്തിൽ ചായ്ച്ചു നിൽക്കുന്ന ശൈലനന്ദിനിയോട്ടു നന്ദികേശ്വരൻ ഉരിയാടി:—'യുദ്ധത്തിൽ ദൈത്യരാൽ ശരങ്ങൾകൊണ്ടു പിളർത്തപ്പെട്ട തന്നുരാനെ ദേവി തൃക്കൺപാർത്താലും; തിരുവുടൽഞെരിഞ്ഞു വേനെ കൊള്ളുന്ന ഭർത്താവിനെ ഇവിടുന്നു ശുശ്രൂഷിച്ചാലും. മണിഭദ്രൻ വീരഭദ്രൻ, വീര്യവാനായ പുഷ്പദന്തൻ, ഒമനൻ, ധൂമ്രതിമിരൻ, ക്രൂരാണ്ഡൻ മുതൽപേർ യുദ്ധത്തിൽ വധിക്കപ്പെട്ടുപോയി; ചണ്ഡി, ടുംഗി,

Digitized By Kerala Sahitya Akademi

കിരീടി, മഹാകാളൻ, ശൃംഖലി, ചണ്ഡീശൻ, ഗുഹ്യനേത്രൻ, കാലൻ മുതൽപേരും യുദ്ധത്തിൽ വധിക്കപ്പെട്ടുപോയി! വിനായകവിശാഖന്മാരുടെ ശിരസ്സുകളും ഞാൻ പെരുംപോരിൽ ചുറ്റി നടക്കുമ്പോൾ കണ്ടെത്തി!' എന്നിങ്ങനെ അവൻ ആ തല രണ്ടും ദേവിയുടെ മുമ്പിൽ വെച്ചു.

ഗൌരി പുത്രശിരസ്സുകൾ കയ്യിലെടുത്തു 'മകനേ, മകനേ!' എന്ന് ഉച്ചത്തിൽ വിലപിക്കുകയായി:—

(പ്രേയ)

'താരകാന്തക, വാരിധിനന്ദനൻ
പോരിലെങ്ങിനെ നിന്നെക്കൊലചെയ്തു?
നിന്നെ മൂന്നാമനെന്നപ്പൊഴല്ലയോ,
വിണ്ണവർ ചമൂനാഥനായ് വാഴിച്ചു.
അന്നു, താരകനെന്ന ദനുജനെ–
ക്കൊന്നുവീഴിച്ചതെങ്ങിനെ വീര, നീ!
നിന്നെയച്ഛൻ മഹേശൻ വെടിഞ്ഞിതോ?
മന്നിൽ വീണുപോയല്ലോ കുമാര, നീ!
ഉണ്ണി വേട്ടൊരു പെൺകിടാവിൻമുഖം
കണ്ണിണകൊണ്ടു ഞാൻ നുകർന്നീലല്ലോ;
ഭാഗ്യഹീന ഞാൻ കണ്ടീല, സംസാര–
ഭോഗ്യമോരോന്നു നീ ഭുജിക്കുന്നതും!
എൻകിടാവേ, ഗജാനന, ഘോരംബ,
വൻകുടവയറുള്ള വിഘ്നേശ്വര,
സിദ്ധപൂജിതനായ നിന്നെബ്ബലാൽ
യുദ്ധഭൂമിയിലാരുവാൻ വീഴിച്ചു;
നിന്നുടെ പള്ളിവാഹനമാകിയ
പൊന്നെലിയേയുമെവ്വണ്ണം വീഴിച്ചു!'

ഇതിനിടയിൽ ശംഭു പറഞ്ഞു:—'ദേവേശി, സാക്ഷാൽ ശിവനാണു ഞാൻ; ഭേതി ഭയപ്പെടേണ്ട.'

പാർവതി:—ദേവ, വൃഷഭം എവിടെപ്പോയി? ജലംധരൻ കൊന്നുകളഞ്ഞുവോ? അമ്പോറു ദേഹം ഞെരിഞ്ഞിരിക്കുന്നു ഭവാന് ഞാനെന്തു ശുശ്രൂഷ ചെയ്യേണ്ടു?'

ധൂർജ്ജടി ഒരു നെടുവീർപ്പിട്ടരുൾചെയ്തു:—'പ്രിയേ, ഉണ്ണികൾ കൊലപ്പെട്ടുപോയി; ഭവതി വെറുതേ വ്യസനിക്കുന്നതെന്തിന്?

Digitized By Kerala Sahitya Akademi

എന്നെ ദേവിയുടെ പൂമെയ്യോട് ചേർത്തു സ്വാസ്ഥ്യപ്പെടുത്തിയാലും!' ഈ സമയോചിതമല്ലാത്ത വാക്കിനു് അംബികയുടെ മറുപടി ഇതായിരുന്നു:—'അനുചിതമാണല്ലോ ഭവാൻ പറയുന്നതു്: വന്ധിച്ച ദുഃഖം, ഭയം, സമാധി, വമനം, ജ്വരം, ശ്രാദ്ധം, പ്രയാണം, ഗുരുവൃദ്ധസന്നിധി, വിവാഹോത്സവം, എഴുന്നള്ളിപ്പു് എന്നിവയിൽ അഭിജ്ഞന്മാർ സുരതം വർജ്ജിച്ചുപോരുന്നു; വഴിനടന്നു ക്ഷീണിച്ചവൾ, വിദേശവാസിനി, വിരഹിണി, ഉപവസിച്ചവൾ, ജലക്രീഡയിലേർപ്പെട്ടവൾ, മുഗ്ധ, പെറുകിടക്കുന്നവൾ, രജസ്വല എന്നിവരോടുകൂടിയും രമിക്കരുതെന്നു ഗൌതമൻ അരുളിച്ചായപ്പെട്ടിരിക്കുന്നു. അങ്ങെന്തുകൊണ്ടാണ്, പുത്രശോകപീഡിതയായി ദുഃഖദുഃഖത്തിൽപ്പെട്ട കണ്ണീരൊഴുക്കിത്തളർന്ന വലഞ്ഞിരിക്കുന്ന എന്നോടു് ഈവിധം അവശ്യപ്പെടുന്നതു്!' മലമാതിന്റെ സൌന്ദര്യത്താൽ മനംമയങ്ങിയ മായാമഹേശ്വരൻ സ്വാത്മസിദ്ധിക്കായി വീണ്ടും ഉരചെയ്തു:—'അല്ലലിൽപ്പെട്ട പുരുഷനു സംഭോഗം നൽകാത്ത സ്ത്രീകൾ തീർച്ചയായും ഘോരരൌരവത്തിൽ പതിച്ചുപോകും. സുമുഖി, എനിക്കു പാർഷദരില്ലാതായി; പുത്രന്മാരില്ലാതായി; ഇപ്പോൾ ഗൃഹവും ഇല്ലാതായി! സുന്ദരി, ഞാൻ യാതൊന്നുമില്ലാത്തവനായിത്തീർന്നു!! അങ്ങിനെ ജീവിതഹീനനായ ഞാൻ നിന്നോടു യാത്ര ചോദിപ്പാനാണു വന്നതു്: ഞാൻ എന്റെ ഗൃഹത്തിങ്കൽ ക്കടന്നു ദേഹത്യാഗം ചെയ്യട്ടെ. നന്ദി, വരൂ; നമുക്കു പോകാം. താൻ മുമ്പേ നടക്കു. പ്രിയേ, നീ യഥേഷ്ടം പോയ്ക്കൊൾകെ; അല്ലെങ്കിൽ ശരീരം ത്യജിച്ചുകൊൾകെ.' ഇതു കേട്ടതോടുകൂടി, വ്യസനത്താൽ വെളിവറ്റ പാർവ്വതി ഒരു ദീർഘശ്വാസം വിട്ടു; വന്ധിച്ച മനഃക്ഷോഭംമൂലം യാതൊന്നും പറയുകയുണ്ടായില്ല. ചരാചരാത്മകമായ ജഗത്തൊക്കെ ആരാൽ മോഹിപ്പിക്കപ്പെടുന്നുവോ, ആ ദേവിതന്നെ അസുരനാൽ മോഹിപ്പിക്കപ്പെട്ട എന്നേ പറയേണ്ടൂ!'

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, യുധിഷ്ഠിരനാരദസംവാദം, ജലന്ധരോപാഖ്യാനം, മായാമഹേശ്വരപാർവ്വതീസമാഗമം പതിനാലാമധ്യായം.

(൦)

പതിനഞ്ചാമധ്യായം

യുധിഷ്ഠിരൻ:—'ബ്രഹ്മൻ, ഇങ്ങനെ മായാ മഹേശ്വരൻ പാർവ്വതിയെ മോഹിപ്പിച്ചതിന്നുശേഷം, എന്താണുണ്ടായതു്? അതെനിക്കു പറഞ്ഞുതന്നാലും.'

Digitized By Kerala Sahitya Akademi

നാരദൻ:—'മഹാരാജാവേ, പാലാഴിയിൽ പള്ളികൊള്ളുന്ന പരമപുരുഷന്റെ പെട്ടെന്ന് ഒരു മനഃക്ഷോഭം ഉണ്ടായിവന്നു; തൃക്കണ്ണുകളിൽ ബാഷ്പവും നിറഞ്ഞു. വന്നിച്ച നിമിത്തം കണ്ടിട്ട ഭഗവാൻ ഗോവിന്ദൻ അനന്തതല്പത്തിൽ നിന്ന് എഴുനേറ്റു, എന്തുവേണ്ടു എന്നിങ്ങനെ എന്നെയും അനന്തനേയും തൃക്കൺപാർത്തു, ഗരുഡനെ സ്മരിച്ചു. തൽക്ഷണം തന്നെ വൈനതേയൻ തിരുമുമ്പാകെ വന്നെത്തി, തൊഴുതു നിന്നു. അച്യുതൻ അരുളിച്ചെയ്തു:—'സുപർണ്ണ നീ, യുദ്ധം നടക്കുന്നേടത്തു ചെന്ന്, ജലംധരനെ കൊന്നുവരിക. അതോ അവൻ ശിവനെ മോഹിപ്പിച്ചുവോ, എന്നു നോക്കിയറിഞ്ഞു വന്ന് എല്ലാം എന്നോടു പറയുക. ജലംധരരുദ്രന്മാരുടെ യുദ്ധം ദർശിപ്പാൻ നീയേ ശക്തനാകയുള്ളു; മറ്റൊരുവൻ ആ പെരുമഴപോരിൽ ചെന്നിട്ട്, ഉടലോടെ തിരിച്ചുപോരും? ശസ്ത്രാസ്ത്രവൃഷ്ടികളം മൂലം ഒരിക്കലും അടുത്തുകൂടാത്തതാണ് ആ യുദ്ധം. അതിനാൽ, നീ ദേഹം മറച്ച് അമ്പുപോലെ പറന്നുപോയി, പാർവ്വതിയുടെ സ്ഥിതിയും നോക്കിയറിഞ്ഞു വേഗത്തിൽ മടങ്ങിവരിക.' അസുരന്മാരുടെ മായ പറാതിരിപ്പാൻ ഒരു സിദ്ധഗുളികയും, 'ഇതുള്ളപ്പോഴം അന്ധാളിത്തം വരില്ലെ'ന്നും പറഞ്ഞു, ഭഗവാൻ ഗരുഡന്റെ വായിലിട്ടുകൊടുത്തു.

ഇപ്രകാരം നിയോഗിക്കപ്പെട്ട പക്ഷീന്ദ്രൻ ലക്ഷ്മീശനെ വലത്തുവെച്ച് ആകാശത്തേയ്ക്കു പറന്ന്, അത്യുഗ്രവേഗത്തിൽ നടകൊണ്ടു. അദ്ദേഹം അസുരക്ഷുദ്രങ്ങളാൽ അതിഭീഷ്മവും ഘോരവുമായ യുദ്ധത്തിൽ ചെന്നണഞ്ഞു സകലവും നോക്കി; പക്ഷേ, ഒന്നും മനസ്സിലായില്ല. അതിനാൽ അവിടെ നിന്നു പറന്ന് മന്ദരപർവ്വതംപോലും അഗാധമായി അത്യുന്നതമായി ഉത്തുംഗമായിരിക്കുന്ന മാനസോത്തരശൈലത്തിൽ ചെന്നുനോക്കി. ഗൌരിയെ സ്ഥാനത്തു കണ്ടില്ല. എന്നാൽ ഒരു ശബ്ദം കേട്ട് അങ്ങോട്ടു ചെന്നപ്പോൾ, കപടശിവനെ കണ്ടെത്തി: ഗുളിക വായിലിട്ടിരുന്നതിനാൽ പന്നഗാരിയുടെ തെറ്റിദ്ധാരണയുണ്ടായില്ല; തൻമൂലം ഇതു അസുരനാണ്, ശിവനല്ല എന്നറിഞ്ഞു, ഫാ, കഷ്ടം! എന്ന് കേണുംകൊണ്ട് ഗരുഡൻ പാലാഴിയിലേയ്ക്കു തിരിച്ചു, കൈടഭാന്തകന്റെ തിരുമുമ്പിലെത്തി വൃത്താന്തം ഉണർത്തിച്ചു:—'തിരുമേനി, ആ പാപിയായ ജലംധരൻ മായയാൽ മഹേശ്വരന്റെ വേഷം കെട്ടി, പാർവ്വതിയെ വഞ്ചിച്ചിരിക്കുന്നു. ഇവിടുന്നു ശത്രുനാണല്ലോ; യുദ്ധത്തിലെഴുന്നള്ളുക, ജലംധരനേയും മായാസംഘാതം കല്പിച്ചുചെയ്താലും. ജലംധരന്റെ രാണ്ടിനെ ഞാൻ ജലംധരപീഠത്തിൽ കാണുകയുണ്ടായി; അവരം മാളികമുകളിൽ പാട്ടും കൊട്ടും മറ്റു

Digitized By Kerala Sahitya Akademi

മായി വിളയാടുകയാണ്. ഗൌരിയെക്കാളും നൂറുനൂറ് ഉർവ്വശീരംഭമാരെക്കാളും സുന്ദരിയാണവൾ. മനുഷ്യലോകം,പാതാളം എന്നിവിടങ്ങളിലും അവളെപ്പോലൊരുത്തി ഇല്ലതന്നെ. ഇവിടത്തെ ഭാര്യപോലും അവൾക്കൊക്കില്ല; പിന്നെയാണോ, വേശ്യാസ്ത്രീകൾ? അവളെ ശരീരംകൊണ്ടെയാവനൊരുത്തൻ സ്പർശിക്കുമോ, അവനത്രേ കൃതാർത്ഥൻ! ലക്ഷ്മീപതേ, ഇവിടന്ന് ആ ആളിയന്റെ ഭാര്യയെ കൈക്കലാക്കി, ശത്രുപകാരവും തനിക്കു സുഖവും സാധിച്ചാലും.'

വൈനതേയന്റെ വചനം കേട്ടിട്ട ജനാർദ്ദനൻ ജലന്ധരനെ നിന്ദിച്ച്, ഒരുപായം ചിന്തിച്ചുറച്ച്, പക്ഷിയെ പിരിച്ചയച്ചു; എന്നിട്ട്, വൃന്ദയെ കാമിച്ച മനം മയങ്ങിയ മധുസൂദനൻ ലക്ഷ്മിയെ വഞ്ചിച്ച മന്ത്രപ്പൊട്ടിനാൽ തല മൂടിപ്പുതച്ച്. യോഗമായാബലത്താൽ മറൊരുരൂപം ധരിച്ച പുറത്തേയ്ക്കിറങ്ങി. യുധിഷ്ഠിര, ഭഗവാൻ മൂടിപ്പുതച്ച പോകുന്നതു കണ്ടിട്ട്, ശേഷനും മറൊരു വേഷത്തിൽ സ്വാമിസന്നിധിയണഞ്ഞു, സാദരം ഉണർത്തിച്ചു:—'കല്പിച്ചെഴുന്നള്ളേണ്ട; അടിയന്റെ വിട തരിക. അടിയൻ എന്തുചെയ്യണം? എവിടെപ്പോകണം? കായ്യം അരുളിച്ചെയ്യുന്നതെന്നാ. അടിയന്റെ സദാ തിരുമുഖം കണ്ടുകൊണ്ടിരുന്നാലേ സുഖമുള്ളൂ.'

ഭഗവാൻ:—'ഞാൻ പാവ്തിക്കും പരമേശ്വരനും വേണ്ടി, പ്രപ്പുന്നരൂപനായിട്ട ജലന്ധരന്റെ സുന്ദരിയായ ഭാര്യയെ അപഹരിക്കുന്നുണ്ട്. സഖേ, വരൂ: നാം വൃന്ദയെ ആകർഷിപ്പാനായി ഉർവ്വശീവനത്തിലേയ്ക്കു പോവുക.'

അച്യുതനും അനന്തനും കാട്ടിലണഞ്ഞു, ജടാവൽക്കലങ്ങളും ധരിച്ചു, സർവ്വകാമഫലപ്രദമായ ഒരു പുണ്യാശ്രമം നിർമ്മിച്ചു: സിംഹം, വ്യാഘ്രം, വരാഹം, ആർക്കരടി, കുരങ്ങൻ മുതലായവ മനുഷ്യരൂപം ധരിച്ച് അവർക്കു ശിഷ്യരും പ്രശിഷ്യരുമായി നിന്നു. പിന്നീട വൃന്ദയെ ആ കാട്ടിലേയ്ക്കു മന്ത്രംകൊണ്ടാകർഷിപ്പാൻ വിഷ്ണു അവർക്കു മനസ്സന്താപം ജനിപ്പിച്ചു. രാജ്ഞിയ്ക്കു താപം കൊടുതായിത്തീർന്നതിനാൽ അവളെ ദിവ്യ സ്ത്രീകൾ വെൺചാമരംകൊണ്ടു വീശുകയും ചന്ദനവും അകിലും അരച്ച ദേഹത്തിൽ പൂശിക്കുകയും ചെയ്തു. ആ തനുവംഗി, ഭർത്താവു തിരിയ്ക്കു വരാഞ്ഞതു വിചാരിച്ചു കൂടക്കൂടെ മോഹാലസ്യപ്പെടുകയായി. ചതുർദ്ദശീതിഥിയിൽ രാത്രിയുടെ നാലാംയാമത്തിൽ അവൾ വൈധവ്യം സൂചിപ്പിക്കുന്ന ഒരു ദുസ്സ്വപ്നം കണ്ടു: ജലന്ധരന്റെ ശിരസ്സു ചെവിയും മൂക്കും മുറിഞ്ഞു വരണ്ട്, വെണ്ണീർ പൂശണ്ട്, കഴുകൻ കൊത്തി വലിച്ച കണ്ണുമായി കാണപ്പെട്ടു;

Digitized By Kerala Sahitya Akademi

കറുത്തിരുണ്ടു്, തുടവസ്ത്രമുടുത്തു്, കപാലം കയ്യിൽപിടിച്ചു് തലമുടിയഴിഞ്ഞു ചിന്നി, രക്തകരാളവദനേയായ ഒരു കാളി അതെടുത്തു കടിച്ചുതിന്നു; മുമ്പിൽനിന്നു ഗോഷ്ടിയും കാട്ടി. ഇങ്ങനെ മൈത്രേയിനാശംസിയായ സ്വപ്നം കണ്ടതോടുകൂടി, മാഗധരുടെ ഗീതവാദ്യങ്ങളാലും ഗദ്യപ്രബന്ധസ്തോത്രങ്ങളാലും കിംപുരുഷന്മാർ ചൊല്ലിയ വംശസ്തവങ്ങളാലും റാണി പള്ളിയുണർത്തപ്പെട്ടു; ഉടനെ അവർ ആ വേലക്കാരെയെല്ലാം സമ്മാനം കൊടുത്തു വിടുക്കി, ബ്രാഹ്മണരെ വരുത്തി സ്വപ്നദർശനം അറിയിച്ചു. അതുകേട്ടു് ആ ശാസ്ത്രപാരഗന്മാർ അഭിപ്രായപ്പെട്ടു:—'ദേവി, വിചാരിച്ചുകൂടാത്ത ഭയത്തെ ഉല്പാദിപ്പിക്കുന്ന ഘോരദുസ്സ്വപ്നമാണിതു്. ഭയശാന്തിക്കായി ബ്രാഹ്മണർക്കു ഗോഗജങ്ങളേയും രത്നവസ്ത്രാഭരണങ്ങളേയും ദാനംചെയ്യുക! പിന്നീടു ബ്രാഹ്മണർ മന്ത്രം ജപിച്ചു വെള്ളം തമ്പുരാട്ടിയുടെ മേൽ തളിച്ചു; അതുകൊണ്ടും ജ്വരത്തിനു ശമനമുണ്ടായില്ല. റാണി ബ്രാഹ്മണേന്ദ്രരെ പിരിച്ചയച്ചു മാളികമുകളിൽ ചെന്നിരുന്നു; അപ്പോഴും, അരമന ചുട്ടെരിയുന്നതായി തോന്നി. വിഷ്ണുവിന്റെ പണിത്തരത്താൽ ആകൃഷ്ടിക്കപ്പെട്ടതുമൂലം അവർക്കു് അരമനയിൽ ഇരിക്കപ്പൊറുതിയില്ലാതായി!

അതിനാൽ അവർ സുരഭുതിയായ തോഴി തെളിക്കുന്ന പൊൻകുതിരത്തേരിലേറി കളിപ്പൂംകാവിലേയ്ക്കു പോന്നു. പലതരം വൃക്ഷങ്ങളോടും പലതരം പക്ഷികളോടും പൂമ്പൊലകളോടും ക്രീയത്തും സ്വർഗ്ഗസ്ത്രീകളാൽ അലംകൃതവും മന്ദമാരുതനല്ലാതെ മറെറാരുത്തനും പ്രവേശമില്ലാത്തതുമായ ആ വനം കണ്ടപ്പോൾ വീണ്ടും തന്റെ വല്ലഭനെ സ്മരിക്കുകയായി: 'ജലന്ധരവീരനെ ഞാൻ എങ്ങിനെ കണ്ടെത്തും' എന്ന ചിന്തയാൽ അവിടെയും അവർ സ്വാസ്ഥ്യം നേടിയില്ല; ഉടനെ വിഷ്ണുമായാവിമോഹിതയായ രാജ്ഞി സഖിമാരോടുകൂടി തേരിലേറി മറെറാരു വനത്തിലേയ്ക്കു ഗമിച്ചു. കൊമ്പുകൾകൊണ്ടു് ആകാശത്തുരസുന്ന വൃക്ഷങ്ങൾ ഇടതിങ്ങി, പെരുംപാറകൾ പൊങ്ങി, സിംഹവ്യാഘ്രജംബുകവ്യാളങ്ങൾ നിറഞ്ഞു്, ഇരുട്ടടഞ്ഞ ഗുഹകൾ ചുഴന്നു്, സ്ത്രീകൾക്കു ഭയം തോന്നിക്കുന്ന ആ ഘോരകാനനം കണ്ടിട്ടു ഭീതയായിത്തീർന്ന കാതരാക്ഷി സഖിയോടു് കഥിച്ചു:—'സുരഭുതി, തേർ വേഗത്തിൽ അരമനയിലേയ്ക്കുതന്നെ തെളിക്കുക.

സുരഭുതി:—'ദേവി, എനിക്കു ഭിക്കറിഞ്ഞുകൂടാ; തേർ എങ്ങോട്ടു തെളിക്കേണ്ടു! കുതിരകൾ ക്ഷീണിച്ചിരിക്കുന്നു; ഇവിടെ വഴിയില്ല

Digitized By Kerala Sahitya Akademi

താനും. തേർ ദൈവേച്ഛയെപ്പോലെ എങ്ങോട്ടെങ്കിലും പോകട്ടേ; ഇവിടെ വല്ല മാംസഭോജിയും പിടിച്ചു തിന്നോട്ടെ!'

ഇതുമെ പറഞ്ഞു സഖി തേർ അതിവേഗത്തിൽ തെളിച്ചു. ക്ഷണേന അതു രഥം സിദ്ധന്മാർ മേവുന്ന ഒരു ഭയങ്കരമായ കാനനത്തിൽ ചെന്നെത്തി: അവിടെ വലിയ കാറില്ല; പക്ഷികളുടെ ശബ്ദമില്ല; വെളിച്ചമില്ല; വെള്ളമില്ല; ഭിക്ഷുഭിക്ഷകളില്ല! അവിടെ ചെന്നതോടുക്രൂടി തേരിന്റെ മട്ടിനും മാറം വന്നു: പൊൺകുതിരകൾ ചിനക്കാതായി; ഉരുളൊലിയും കേൾക്കാതായി; കൊടികൾ അനങ്ങാതായി; കൂടമണികൾ കിലുങ്ങാതായി; കൊടിമരത്തിന്മേൽ തൂക്കിയ വൻകൂടമണികളും ശബ്ദിക്കാതായി! ഇതെല്ലാം കണ്ടു വന്ദ സഖിയോടു പറഞ്ഞു:—'സുരഭുതി, നാം എവിടെ പോകേണ്ടു? സിംഹവ്യാഘ്രങ്ങളാൽ ഭയാനകമായ വനമാണിതു്. നഗരത്തിലും നാട്ടിലും കാട്ടിലുമില്ല, എനിക്കു സ്വാസ്ഥ്യം!'

സുരഭുതി:—'ദേവി, നോക്കു: അതാ, മുൻവശത്തു് ഒരു മഹാഘോരമായ പർവ്വതം; അതുകണ്ടു പേടിച്ചുരണ്ടതിനാൽ കുതിരകൾ നടക്കാതായി!"

ഇതു കേട്ട ഭയം മുഴുത്ത രാജ്ഞി മാത്തടത്തിലെ മുത്തുമാലമേൽ കൈവച്ചു തേരിൽനിന്നു ബദ്ധപ്പെട്ടിഴഞ്ഞിറങ്ങി. അപ്പോഴേയ്ക്കും ഒരു ഘോരനായ രാക്ഷസൻ വന്നെത്തി: മൂന്നു കാൽ, അഞ്ചു കൈ, ഏഴു കണ്ണു്, മഞ്ഞനിറം, വ്യാഘ്രത്തിന്റേതുപോലുള്ള ചെവി, സിംഹത്തിന്റേതുപോലുള്ള തോളും മോന്തയും, വൻപക്ഷിച്ചിറകുപോലെ തൂങ്ങിക്കിടക്കുന്ന ചോരത്തുടപ്പാന്ന തലമുടി—ഇങ്ങനെയുള്ള ആ ഭയാനകമൂർത്തിയെ കണ്ടപ്പോൾ, കമലഗർഭാംഗിയായ വന്ദ പേടിച്ചിറുകി, കണ്ണു രണ്ടും കൈകൊണ്ടു പൊത്തി, കടലിവാഴപോലെ വിറക്കൊള്ളുകയായി. തോഴിയൊ, ഭയത്താൽ ചമ്മട്ടി കൈവിട്ടു്, 'തമ്പുരാട്ടി, എന്നെ രക്ഷിക്കണേ: ഇവനിതാ തിന്മാൻ പാഞ്ഞുവരുന്നു!' എന്നു നിലവിളിച്ചു. ഇതിനിടയിൽ രാക്ഷസൻ തേരിന്നടുക്കലെത്തി, കുതിരകളോടുക്രൂടിയ രഥം കയ്യിലെടുത്തു വട്ടം ചുറ്റിച്ചു. രാജ്ഞി! വ്യാഘ്രത്തെപ്പേടിച്ച മാൻപേടപോലെ നിലത്തുവീണു; സുരഭുതിയും, വെട്ടിയ അശോകലതപോലെ വൃക്ഷച്ചുവട്ടിൽ വീണു. രാക്ഷസൻ പൊൺകുതിരകളെയെല്ലാം തിന്നിട്ടു രാജ്ഞിയെ, സിംഹം പിടിയാനയെ എന്നപോലെ കൈയ്യിൽ പിടിച്ചുരചെയ്തു:—'നിനക്കു പ്രാണൻ വേണമെങ്കിൽ എന്നെ ഭർത്താവാക്കുക. നിന്റെ ഭർത്താവിനെ ശിവൻ യുദ്ധത്തിൽ കൊന്നതായി ഞാൻ കേട്ടിരിക്കുന്നു. ഇനി എന്നോടു ചേർന്നാൽ നിനക്കു വളരെക്കാലം നിർഭയമായി ജീവിച്ചിരിക്കാം. നീ മഹാ

Digitized By Kerala Sahitya Akademi

മാംസത്തോടുകൂടി മധുരമായ വാരുണി പാനംചെയ്യാമല്ലോ!' ഇതു കേട്ട തോടുകൂടി വൃന്ദാരിക പ്രാണൻപോയ മട്ടിലായി.'

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, യുധിഷ്ഠിരനാരദസംവാദം, ജാലംധരോപാഖ്യാനം, വിഷ്ണുകൃതവൃന്ദാകടാക്ഷം പതിനഞ്ചാമദ്ധ്യായം.

പതിനാറാമദ്ധ്യായം.

നാരദൻ:—അപ്പോൾ, ജടാവൽക്കലധാരിയായ ജനാർദ്ദനൻ ചില കായ്കനികൾ കയ്യിലെടുത്തിരുന്ന അനുചരനോടുകൂടി അവിടെ വന്നെത്തി. അവരെ കണ്ടപ്പോൾ ആ മൃഗാക്ഷിയും സ്മരകൃതിയും നിലവിളിക്കൂട്ടി. അതുകേട്ട് അവരിരുവരും ഉരിയാടി:—'ഭദ്രേ, പേടിയ്ക്കേണ്ടാ; ഭവതിയെ രക്ഷിപ്പിനാണു ഞങ്ങളിവിടെ വന്നതു്. ഭവതിയെങ്ങിനെ, ദുഷ്ടൻ നിറഞ്ഞ കൊടുംകാട്ടിൽ വന്നുചേർന്നു!' ഇപ്രകാരം ആ കൃശാംഗിയെ സമാശ്വസിപ്പിച്ചിട്ടു് മാധവൻ രാക്ഷസനോടരുളിച്ചെയ്തു:—'എടാ എടാ ദുരാചരനായ മൂർഖ, ചാരുഹാസിനിയായ കോമളാംഗിയെ വിട്ടുകൊടുക്കുക. നീ എന്തുചെയ്യാനാണൊരുമ്പെട്ടതു്: ജഗന്നേത്രസവ്യസ്ഥത്തെ സാപ്പിട്ടുകളയാമെന്നോ! സംസാരത്തിന്റെ സുകൃതസന്ധത്താണിവർ; ഈ ത്രൈലോകാഭരണത്തെ നശിപ്പിച്ചു ലോകത്തെ നിരാലോകവും കന്ദർപ്പനെ ലോകരഹിതനുമാക്കാനാണല്ലോ നീ തുടങ്ങുന്നതു്! എന്നാൽ, ഈ സുഖപ്രാസാദദേവതയെ വേഗത്തിൽ കൈവിട്ടുകൊടുക്കുക.' രാക്ഷസൻ ചൊടിച്ചു മറുപടി പറഞ്ഞു:—'നിന്നെക്കൊണ്ടാവുമെങ്കിൽ, എന്റെ കയ്യിൽനിന്നു് വിടുവിയ്ക്കുക!' കേശവൻ കോപിച്ചു് കരുണനോട്ടം നോക്കി; അതോടുകൂടി, രാക്ഷസൻ വൃന്ദയെ വിട്ടു്, വെണ്ണീറായി ദൂരത്തുചെന്നു വീണു!

ജഗദീശന്റെ മായയാൽ മയങ്ങിയ വൃന്ദാരിക കഥിച്ചു:—'ദയാംബുധേ, എന്നെ ഇവിടെ രക്ഷപ്പെടുത്തിയ ഭവാനാരാണു്? എന്റെ ശരീരപീഡയും മനസ്സന്താപവും ഇവിടുന്നു മധുരവചനത്താലും രാക്ഷസനാശനത്താലും ദൂരീകരിച്ചു! സൌമ്യനായ തപോധന, എനിയ്ക്കു് ഇവിടത്തെ ആശ്രമത്തിൽ തപസ്സു ചെയ്യേണമെന്നുണ്ടു്.

വിഷ്ണു:—രാജ്ഞി, ഭരതോജന്റെ മകൻ ദേവശർമ്മാവെന്നവനാണു് ഞാൻ. ഞാൻ ഭോഗങ്ങളെല്ലാംവിട്ടു കൊടുങ്കാട്ടിലേയ്ക്കു പോന്നു് ഈ ശിഷ്യനായ ബ്രഹ്മചാരിയോടൊന്നിച്ചു യഥേഷ്ടം സഞ്ചരിക്കുന്നു; എനിക്കു വേറെയും കാമരൂപികളായ ശിഷ്യർ വളരെപ്പേരുണ്ടു്.

Digitized By Kerala Sahitya Akademi

ഭദ്രേ, ഭവതിയുടെ എന്റെ ആശ്രമത്തിൽപ്പാത്തു തപസ്സുചെയ്യേണമെന്നെങ്കിൽ പോന്നുകൊൾകം; നാം ദൂരത്തു മറെറാരുകാട്ടിൽ പോവുക.'

ഇത്രയും പറഞ്ഞു് ശ്രീനാരായണൻ കിഴക്കോട്ടു നടകൊണ്ടു. രാജാവേ, ബാഷ്പം നിറഞ്ഞ കണ്ണോടേ ഭഗവാനെ പിന്തുടർന്ന മന്ദഗാമിനിയായ വൃന്ദാരികയും, അവളുടെ പിന്നിൽ 'എന്നെ നോക്കണേ' എന്നുംപറഞ്ഞു് നടന്നിരുന്ന സുരഭീതിയും പ്രേതപിശാചുക്കളം ചുഴന്ന ഒരു കാട്ടിൽ ചെന്നു ചാടി. അവിടെ അപ്പോൾ, ഒരു പാപശരീരനായ ദുഷ്ടൻ വലവിരിച്ചിരുന്നു. വല ജന്തുക്കളെക്കൊണ്ടു നിറകയാൽ അവൻ അതു വലിച്ചു മുകക്കി, അതിൽ കുടുങ്ങിയ ജന്തുക്കളേ എടുത്തുവെപ്പാൻതുടങ്ങി. അക്രൂരത്തിൽ രണ്ടു സ്ത്രീകളെക്കണ്ടപ്പോൾ വ്യാധൻ അവരെ വിടുത്തിവിട്ടു. എന്നാൽ സുരഭീതിയാകട്ടെ, വൃന്ദയോടു്, 'തമ്പുരാട്ടി, നമ്മെ തീൻകഴിപ്പാൻ ഇതാ, കൈയ്യു പിടിക്കുന്നു!' എന്നു നിലവിളിച്ചു. ആ വികൃതിവക്രതനെ വീക്ഷിച്ചു ഭയക്കാറിനാൽ വിറകൊണ്ട വൃന്ദാരിക സുരഭീതിയേയും തൊരുമിച്ചു് എങ്ങോട്ടെന്നില്ലാതെ കുതിച്ചോടി, ഒരു താപസാശ്രമത്തിൽച്ചെന്നെത്തി. ആ തപോവനം അത്യത്ഭുതകരമായിരുന്നു: അവിടെ തങ്കപ്പക്ഷികം പലതരത്തിൽ ശബ്ദിക്കുന്നു; പൊൻകരയോടുകൂടിയ പൊയ്കയിൽ പൊൻതാമരപ്പൂക്കം നിറഞ്ഞുനില്ക്കുന്നു; പുഴയിൽ പാലൊഴുകുന്നു; വൃക്ഷങ്ങളിൽനിന്നു തേൻ പൊഴിയുന്നു; പഞ്ചസാരയും മോദകങ്ങളും കുന്നുകൂടി കിടക്കുന്നു; സ്വാദേറിയ ഭക്ഷ്യങ്ങളും ദിവ്യവസ്ത്രാഭരണങ്ങളും ധാരാളം ആകാശത്തുനിന്നു വന്നുവീഴുന്നു; കുരങ്ങന്മാർ തിന്നു പുളച്ചു ചാടിയോടിക്കളിക്കുന്നു. മഠത്തിൽ ആ അതിസുന്ദരനായ തപസ്വിനിയേയും സ്ത്രീകം ദർശിച്ചു: അദ്ദേഹം മൂന്നു ലോകത്തേയും ശോഭിപ്പിച്ചുകൊണ്ടു പുലിത്തോലിൽ ഇരിക്കുകയായിരുന്നു.

വൃന്ദ അദ്ദേഹത്തോടപേക്ഷിച്ചു:—'വിഭോ, രക്ഷിക്കണേ, പാപിവ്യാധനിൽനിന്നു രക്ഷിക്കണേ! തപോധന, തപസ്സുകൊണ്ടും ധർമ്മംകൊണ്ടും മൌനംകൊണ്ടും ജപംകൊണ്ടും ഏതുള്ളൂ? ഭീതരെ രക്ഷിക്കുന്നതിലും മീതെ ഒരു പുണ്യമില്ല!' ഇത്രയും പറഞ്ഞപ്പോഴേയ്ക്കു്, സകല പ്രാണികളേയും വലയിൽ കുടുക്കുന്ന ആ ദുഷ്ടൻ അവിടെ വന്നെത്തി. വല്ലാതെ ക്ഷീണിച്ചിരുന്ന വൃന്ദാദേവി പേടിച്ചരണ്ട കോമളങ്ങളായ ബാഹുക്കംകൊണ്ടു്, അലോകവല്ലി എന്നപോലെ താപസന്റെ കണ്ണും കെട്ടിപ്പിടിച്ചു!

വിഷ്ണു:—'നീ ആലിംഗനംചെയ്യാൽ നിന്റെ ഭർത്തായിന്റെ തിരസ്സു വീണ്ടും സർവ്വാംഗസമ്പന്നമായി മുമ്പേതുപോലാക്കാം. ഇണവ

Digitized By Kerala Sahitya Akademi

ത്തായിത്തീരും; സുന്ദരി, അതിനാൽ നീ ഭർത്തൃലബ്ധിക്കായി ചിത്രശാലയിൽ പോയ്ക്കാംക.'

സിന്ധുജപ്രേയസി മഹർഷിയോടൊന്നിച്ചു ചിത്രശാലയുംപൂക്കു ദിവ്യപയ്യങ്കത്തിൽക്കേറി പ്രിയതമൻറെ ശിരസ്സെടുത്തു് അതുൽക്കണ്ഠയാൽ കണ്ണടച്ചു് അധരപാനം ചെയ്തു; തൽക്ഷണം ജഗദീശൻ ജലംധരൻറെ രൂപംധരിച്ചു: അതേ ആകൃതി, അതേ മാറിടം, അതേ പൊക്കം, അതേ സംസാരം, അതേ മനോവൃത്തി! സംപൂർണ്ണമനോഹനായ വല്ലഭനെ കണ്ടിട്ടു് വൃന്ദ കഥിച്ചു:—'നാഥ, ഞാൻ ഇവിടേയ്ക്കു പ്രിയംചെയ്യാം; അങ്ങു് യുദ്ധവൃത്താന്തം പറയുക.' മായാജലംധരൻ മറുപടി പറഞ്ഞു:—'ദേവി, കേട്ടുകൊള്ളുക: ശിവന്നും ഞാനുമായുണ്ടായ യുദ്ധത്തിൽ, രൌദ്രനായ രുദ്രൻ ചക്രംകൊണ്ടു് എൻറെ തലയറുത്തുകളഞ്ഞു; അതു് നിൻറെ യോഗസിദ്ധിയാൽ നിൻറെ ദൂതൻ പെരുംപോരിൽനിന്നു് ഇങ്ങോട്ടു കൊണ്ടുപോന്നു; നിൻറെ അംഗസംഗത്താൽ ഇതിന്നു ജീവനും ഉണ്ടായിവന്നു. ഓമനേ, നീ എൻറെ വിരഹത്താൽ ദുഃഖത്തിലകപ്പെട്ടുവല്ലോ; ഞാൻ നിന്നെ വിട്ടു യുദ്ധത്തിന്നുപോയ കുറ്റം നീ ക്ഷമിക്കുമാറാകണം!' ഇത്യാദി വചനങ്ങൾകൊണ്ടും താംബൂലങ്ങൾ കൊണ്ടും വിനോദങ്ങൾ കൊണ്ടും നല്ല വസ്ത്രാഭരണങ്ങൾ കൊണ്ടും ഗോവിന്ദൻ വൃന്ദയെ രമിപ്പിച്ചു. ഭോഗ്യങ്ങളെല്ലാം ചേർന്ന വൃന്ദാരികാദേവി രതിലാലസയായി പ്രിയതമനെ മുകെപ്പുണർന്നു ചുംബിച്ചു. വൃന്ദാസംഭോഗസുഖം ലക്ഷ്മിയുടെ പ്രേമരസത്തെക്കാളും, മോക്ഷത്തെക്കാൾക്രൂടിയും മീതെയായി ശ്രീനാരായണന്നു തോന്നി! അരയന്നങ്ങൾ വിളയാടി വിളങ്ങുന്ന ആ പൊയ്കയുടെ തീരത്തു് വൃന്ദയുടെ വിരഹദുഃഖം നീക്കിക്കൊണ്ടിരുന്ന തന്തിരുവടി, അവളുടെ സൌന്ദര്യവിലാസങ്ങളാൽ ആകൃഷ്ടിക്കപ്പെട്ടതിനാൽ ശ്രീദേവിയെ ആഗ്രഹിക്കാതായി! ആ വൃന്ദാവനത്തിൽ, വൃന്ദയുടെ മെയ്‌വിയർപ്പു നിലത്തുവീണതിൽനിന്നു് അതിപാവനിയായ തുളസി ഉടലോടെ ഉണ്ടായിവന്നു.

ഏതാനും നാൾ വൃന്ദാശ്ലേഷസൌഖ്യം അനുഭവിച്ചതിന്നുശേഷം മാധവൻ മഹേശ്വരൻറെ കാര്യം സ്മരിച്ചു. ഒരുദിവസം സുരതാവസാനത്തിൽ വൃന്ദ കണ്ടതു്, തൻറെ കഴുത്തിൽ ഇരുകൈകൊണ്ടും കെട്ടിപ്പിടിച്ചിരുന്ന പുരുഷോത്തമനായ താപസനെയാണു്! അതോടുക്രൂടി, അവൾ കഴുത്തിൽനിന്നു കൈകൾ വിടുവിച്ചു്, 'എന്നെ മോഹിപ്പിക്കാൻ താപസവേഷത്തിൽ വന്ന ഭവാനാരാണു്?' എന്നു ചോദിച്ചു. വിഷ്ണു അവളെ അനുനയിപ്പിക്കാൻ നോക്കി:—'വൃന്ദാരികേ,

Digitized By Kerala Sahitya Akademi

ലക്ഷ്മിയുടെ പ്രിയതമനാണു ഞാൻ. നിന്റെ ഭർത്താവു പരമേശ്വരനെ ജയിച്ച പാർവതിയെ കൊണ്ടുവരാനാണല്ലോ പോയതു്. ഞാൻ ശിവനാണ്; ശിവൻ ഞാനുമാണു്; വെവ്വേറെ ഇരിക്കുന്ന എന്നേ ഉള്ളൂ. ജലംധരൻ യുദ്ധത്തിൽ വധിക്കപ്പെട്ടുപോയി; ഭദ്രേ, ഇനി എന്നോടു ചേർന്നുകൊള്ളുക.' ഇതുകേട്ടപ്പോൾ വൃന്ദയുടെ മുഖം നിറംകെട്ടുപോയി; അവൾ അരിശത്തോടെ പറഞ്ഞു:—'അർ യുദ്ധത്തിൽ ബന്ധിക്കപ്പെട്ട ഭർത്താവിനെ അല്ലൻ പറകയാൽ കൊല്ലാതെ വിട്ട്, പലതരം രത്നങ്ങൾകൊണ്ടു സമ്മാനിച്ചുവോ, ആ ആളുടെ ഭാര്യയെ അപഹരിച്ചതു യുക്തംതന്നെ! എന്നെന്നും ധർമ്മത്തിന്റെ അധിപതിയായ ഭവാൻ എങ്ങിനെ പരസ്ത്രീലമ്പടനായിത്തീർന്നു! ഈശ്വരനായാലും, താൻ ചെയ്തതു് അനുഭവിക്കുമെന്നാണല്ലോ വിദ്വജ്ജനങ്ങൾ അഭിപ്രായപ്പെട്ടുന്നതു്: ഭവാൻ കള്ളത്തപസ്സിയായി എന്നെ മോഹിപ്പിച്ചു കളഞ്ഞുവല്ലോ; ഇതിൻവണ്ണം അങ്ങയുടെ ഭാര്യയേയും ഒരു കള്ളത്തപസ്വി കൊണ്ടുപോകും!' ഈ വിധം ശപിക്കപ്പെട്ട വിഷ്ണു ക്ഷണനേരം തിരോധാനംചെയ്തു; ഭഗവാൻ പോയതോടുകൂടി, ആ ചിത്രശാല ആ കട്ടിൽ ആ കുരങ്ങന്മാർ മുതലായതുമെല്ലാം അദൃശ്യമായി.

ശൂന്യമായ വനം കണ്ടിട്ടു വൃന്ദ സഖിയോടു പറഞ്ഞു: —'വിഷ്ണു ചെയ്ത കള്ളപ്പണിയാണിതു്! അരമന വെടിഞ്ഞു; നാടു വിട്ടു; ഭർത്താവു സന്ദിശ്യസ്ഥിതിയിലുമായി! വിധിബലത്താൽ കാട്ടിൽവെച്ചു് ഇതറിഞ്ഞ ഞാൻ എവിടെപ്പോകേണ്ടു? ഭർത്താവിനെ കാണണമെന്ന ഒരു വിചാരമേ എനിക്കുണ്ടായിരുന്നുള്ളൂ!' ഒരു നെടുവീർപ്പു വിട്ടിട്ട് അതിദുഃഖിതയായ വൃന്ദാദേവി വീണ്ടും പറഞ്ഞു:—'എനിക്കു മരണമാണു് ഇനി യുക്തം; സുരഭൂതി, നീ പോയ്ക്കൊൾക.' ഇതിനു തോഴിയുടെ മറുപടി, 'എന്റെ പ്രാണനാണു് തമ്പുരാട്ടി!' എന്നായിരുന്നു. വൃന്ദ പിന്നെ. വേണ്ടതാലോചിച്ചുറച്ചു്, ദുഃഖം വെടിഞ്ഞു്, ആ മഹാസരസ്സിൽ പോയി വെള്ളമംകൊണ്ടു് അംഗക്ഷാളനംചെയ്തു; എന്നിട്ടു തീരത്തു പദ്മാസനത്തിലിരുന്നു്, മനസ്സടക്കി, വിഷ്ണുസംഗത്താൽ ദൂഷിച്ച ശരീരത്തെ ശോഷിപ്പിച്ചു—നിരാഹാരയായി, സഖിയോടൊന്നിച്ചു്, അതിതീവ്രമായ തപസ്സനുഷ്ഠിച്ചു.

അങ്ങിനെയിരിക്കെ, ഗന്ധർവ്വലോകത്തുനിന്നു് അപ്സരസ്ത്രീകൾ വന്നെത്തി വൃന്ദയോടു ക്ഷണിച്ചു:—'ഭദ്രേ, ഭവതി സ്വർഗ്ഗത്തിലേയ്ക്കു പോരിക; ദേഹത്യാഗം ചെയ്യരുതു്: വൃന്ദേ, ലോകം മൂന്നിനേയും ജയിക്കുന്ന ഗാന്ധർവായുധം യാതൊന്നോ, യാതൊന്നു ലക്ഷ്മീവല്ലഭനെ അത്യന്തം

Digitized By Kerala Sahitya Akademi

പ്രീതിപ്പെടുത്തിയൊ, ആ പൂർണ്ണകാമമായ ശരീരത്തെ ഭവതി ഉപേക്ഷിക്കുകയൊ! ഭവതിയുടെ ഭർത്താവു പരമേശ്വരന്റെ ശ്രേഷ്ഠബാണത്താൽ വധിക്കപ്പെട്ടുപോയി. ഭവതി ഇനി പുണ്യലഭ്യമായ സ്വർഗ്ഗത്തിന്ന് അലംകാരമായി ഭവിച്ചാലും! ഒട്ടും താമസിയാതെ വിമാനത്തിൽ കേറിയാലും.' ഇതുകേട്ട ജലംധരപ്രേയസി പുഞ്ചിരിക്കൊണ്ടരിയാടി: —'സ്വർഗ്ഗത്തിൽനിന്ന് ഇന്ദ്രപത്നിയെ കൊണ്ടുപോന്നിട്ട വിട്ടയച്ചവനാണ്, എന്റെ മഹാവീരനായ ഭർത്താവ്; ആ ദേവജേതാവിനെക്കൊണ്ട്, പ്രിയതമയായ ഞാൻ മുമ്പെ വളരെസ്സുഖം അനുഭവിച്ചിരിക്കുന്നു. ഇപ്പോൾ അദ്ദേഹത്തോട് വേർപെട്ട നിർദ്ദോഷയായ ഞാൻ, മുക്തിയടഞ്ഞ വല്ലഭനോട് ചേരാൻ യത്നിക്കുകയാണ്.' ഇത്രയുംപറഞ്ഞു സഖീസഹിതയായ വൃന്ദ അപ്സരസ്ത്രീകളെ തിരിച്ചയച്ചു; എന്നാൽ വൃന്ദയുടെ പേരിലുള്ള സ്നേഹത്താൽ അവർ പതിവായി വന്നുപോയ്ക്കൊണ്ടിരുന്നു.

യോഗം ശീലിച്ച വൃന്ദ പിന്നീട് ഗുണങ്ങളെ ജ്ഞാനാഗ്നിയാൽ ദഹിപ്പിച്ചു്, മനസ്സിനെ വിഷയങ്ങളിൽ നിന്നു പിന്മാറ്റി, പരത്തിൽ ലയിച്ചു. അതുകണ്ട്, മഹതികളായ അപ്സരസ്ത്രീകൾ വൃന്ദാദേവിയെ സ്തുതിക്കുകയും ആകാശത്തുനിന്നു പുഷ്പവർഷം പൊഴിക്കുകയും ചെയ്തു. സുരഭൂതി ഉണക്ക വിറക ക്രുദ്ധി വൃന്ദയുടെ ദേഹം അതിൽവച്ചു തീ കൊളുത്തി, താനും അതിൽ ചാടി. തീയ്യിൽ ദഹിച്ച വൃന്ദയുടെ വെണ്ണീർ കൊണ്ട് അപ്സരസ്ത്രീകൾ ഒരു ബിംബം നിർമ്മിച്ചു; ബാക്കിയുള്ളതു ഗംഗയിലിടുകയും ചെയ്തു. വൃന്ദ ദേഹം ത്യജിച്ചു ബ്രഹ്മമാർഗ്ഗമടഞ്ഞതെവിടെവെച്ചോ, ഗോവർദ്ധനത്തിന്നടുക്കലുള്ള ആ സ്ഥലമത്രേ വൃന്ദാവനം. ദേവസ്ത്രീകൾ പിന്നെ സ്വർഗ്ഗത്തിൽ ചെന്ന ദൈത്യേന്ദ്രപത്നിയുടെ സൽഗതിയറിയിച്ചു. അതിൽ മനംതെളിഞ്ഞ ദേവാദികളെല്ലാം ആ ശത്രുവിങ്കൽ നിന്നുള്ള മഹാഭയം വെടിഞ്ഞു പെരുമ്പറകൾ കൊട്ടി. അതുകേട്ട യുദ്ധത്തിൽ സുംഭാസുരന്റെ പരിജനങ്ങൾ അസ്വസ്ഥരായിത്തീർന്നു.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, യുധിഷ്ഠിരനാരദസംവാദം, ജലന്ധരോപാഖ്യാനം വൃന്ദാബ്രഹ്മപദപ്രാപ്തി പതിനാറാമധ്യായം.

(o)

Digitized By Kerala Sahitya Akademi

പതിനേഴാമദ്ധ്യായം.

യുധിഷ്ഠിരൻ:—'ജലംധരൻ ശിവന്റെ രൂപം ധരിച്ചു പാവ്തിയെ കണ്ടിട്ട് അവിടെപ്പിന്നെ എന്തുചെയ്തു? വിസ്തരിച്ചുപറയുക.'

നാരദൻ:—'രാജാവേ, മായാശിവൻ മലമാതിനോടു വീണ്ടും വീണ്ടും അപേക്ഷിച്ചു; അതിൽ ക്ഷോഭമുംകൊണ്ട ദേവി അങ്ങോട്ടൊന്നും പറകയുണ്ടായില്ല: 'ഞാൻ തപസ്സുകൊണ്ടു പ്രാപിച്ച നിരാമയനായ ദേവനല്ല ചേന്തല്ല ഇതു' എന്നുറച്ചിട്ടാണ് ഒന്നും പറയാഞ്ഞതു്. ദേവി മറുകൈ കാണായ്കയാൽ, അവൻ കാഞ്ചെത്തന്നെ, അവിടെനിന്നു പുറത്തേയ്ക്കിറങ്ങി, ആകാശവാഹിയായ ഗംഗയിൽ തപസ്സുചെയ്യാൻ നടകൊണ്ടു. 'മുമ്പു തപസ്സുകൊണ്ടാണല്ലോ എനിക്ക് ഈ ശനെ കിട്ടിയതു്; ഇനിയും അങ്ങിനെതന്നെയാകട്ടെ' എന്നാലോചിച്ചു സഖിമാരോടൊന്നിച്ചു പുറപ്പെട്ട ശ്വാണി വാനിൽ നിന്നു മാനസോത്തരത്തിൽ വന്നുവീഴുന്ന പാലൊളിഗംഗയെ ദർശിച്ചു. ആകാശത്തിന്റെ തുങ്ങിയ മുത്തുമാലയൊ എന്നു തോന്നുംവണ്ണവും, ബ്രഹ്മാവിന്റെ മുഖത്തുനിന്നു നിർഗ്ഗളിച്ച വേദധാരയൊ എന്നു തോന്നുംവണ്ണവും വിളങ്ങുന്ന മന്ദാകിനി ഗിരിജയുടെ കണ്ണുകളം കളിർപ്പിച്ചു! ദേവി സപ്തഗംഗയിൽ സ്നാനംചെയ്തു ശരീരശുദ്ധി വരുത്തി, അതിന്റെ തീരത്തിരുന്ന തോഴിമാരെ തുക്കണ്ണാട്ടു ജയയോടു പറഞ്ഞു:—"തോഴി, നീ എന്റെ രൂപംധരിച്ചു വേഗത്തിൽ അവിടെച്ചെന്ന്, അതു ശിവനൊ മറാരെങ്കിലുമൊ എന്ന വാസ്തവം മനസ്സിലാക്കുക: അയാളം നിന്നെ പുണരുകയും ചുംബിക്കുകയും മറും ചെയ്യുന്നതായാൽ, തീർച്ചയായും മായ കൈക്കൊണ്ടു വന്നുചേർന്ന ദാനവനായിരിക്കും; നിന്നോട് എന്റെ ശുഭാശുഭം ചോദിക്കയാണു ചെയ്തതെങ്കിൽ, ശിവൻ തന്നെയായിരിക്കും. പോയി വന്ന് എന്നോടു വിവരം പറയുക.'

ജയ മായാശിവന്റെ സമീപത്തേയ്ക്കു തിരിച്ചു. അവിടം ചെല്ലുന്നതു കണ്ട്, മദനാതുരനായിരുന്ന ജലംധരൻ അവളെ ഗൌരിയാണെന്നു കരുതി കടന്നു കെട്ടിപ്പിടിച്ചു; അതോടുകൂടി, അവനും ശുക്ലവും സ്രവിച്ചു. അപ്പോൾ ജയ പറഞ്ഞു:—'അല്പവീര്യനും അധമാചാരനുമായ നീ ശിവനല്ലതന്നെ. ഞാൻ പാവ്തിയല്ല; ദേവിയുടെ സഖിയാണ്. ജയ സ്വന്തം വടിവെടുത്തു വീണ്ടും ഉരചെയ്തു:—'ഈ വീര്യപാതംമൂലം നീ പിനാകിയാൽ വധിക്കപ്പെട്ട കഴിഞ്ഞു!' നേരറിഞ്ഞ

Digitized By Kerala Sahitya Akademi

ത്തോഴി തിരിയെപ്പോന്ന പാർവ്വതിയോടുണർത്തിച്ചു:—'ദേവി, ജലംധരനാണത്രേ; ഇവിടത്തെ പ്രിയതമനല്ല.'

ശിവപത്നി ജലംധരനെ പേടിച്ച് അതിവേഗത്തിൽ ഒരു താമരപ്പൂവിന്നുള്ളിൽ കടന്നിരുന്നു; സഖിമാരും താമരപ്പൂക്കളിൽ പെൺവണ്ടുകളായിച്ചമഞ്ഞു. ഇതിനിടയിൽ, കാട്ടിലേയ്ക്കുഴന്നുള്ളിയ വൃന്ദയെ കാണാഞ്ഞതിനാൽ കാവൽക്കാർ പേടിച്ചു വെമ്പലോടെ പോർക്കളമണഞ്ഞു ജലംധരരൂപനായി ശിവനോടു യുദ്ധം ചെയ്യുന്ന സുംഭനോട്, 'തമ്പുരാട്ടിയെ അപഹരിച്ചുകളഞ്ഞു' എന്നണർത്തിച്ചു. 'ആര്?' എന്ന സുംഭൻ ചോദിച്ചു; അതിന്നവർ തങ്ങളുടെ ഒഴികഴിവിന്നായി 'വിഷ്ണു' എന്ന മറുപടിപറഞ്ഞു. അതുകേട്ട നടുങ്ങിയ സുംഭൻ ശത്രുനോടു യുദ്ധംനിർത്തി, ചണ്ഡമുണ്ഡന്മാരെ ജലംധരന്റെ അടുക്കലേയ്ക്കയച്ചു. ആ അസുരന്മാരിരുവരും മാനസോത്തരപർവ്വതത്തിൽ പാഞ്ഞുചെന്ന്, മരത്തോപ്പിന്നിടയിൽ മഹേശ്വരരൂപം ധരിച്ചുനിന്നിരുന്ന ജലംധരനോടു കഥിച്ചു:—'രാജപുംഗവ, ശത്രുക്കൾ കാണാത്തതും ബന്ധുക്കൾ ഭുജിക്കാത്തതുമായി വിദേശമണഞ്ഞ ലക്ഷ്മിയെക്കൊണ്ടെന്തുള്ളൂ? യുദ്ധത്തിൽ സുംഭനെ തോല്പിച്ചു; ഇവിടത്തെ സൈന്യത്തെ കൊന്നൊടുക്കി. വരൂ, വരൂ; ഇവിടുന്നു പോർപൊരുതുക. പാർവ്വതിയെ ഇവിടേയ്ക്കു കിട്ടുകയില്ല: പഞ്ചാസ്യപതിയുണ്ടോ കൂസുനിരക്കു കൈവരുന്നു? തിരുമേനി, അന്ധകാരം എങ്ങിനെ സൂര്യപ്രഭയോടു ചേരും? ഇവിടത്തെ രാജ്ഞിയെ ജലംധരപീഠത്തിൽനിന്നു ജനാർദ്ദനൻ കട്ടുകൊണ്ടു പോയതായി ഒരു വർത്തമാനം കേൾക്കുന്നുണ്ട്. അതിനാൽ ഇവിടുന്നു യുദ്ധംചെയ്താലും. ഒന്നുകിൽ ഇവിടുന്നു ശിവനെ ക്ഷണത്തിൽ ജയിച്ച് എല്ലാ ഈശ്വരന്മാർക്കും ഈശ്വരനാകുക; അല്ലെങ്കിൽ ശംഭുവിന്റെ ശൂലങ്ങളാൽ കൊല്ലപ്പെട്ട് തൽപദം പ്രാപിക്കുക!'

ചണ്ഡമുണ്ഡന്മാരുടെ അറിയിപ്പു കേട്ടിട്ട് അരിശത്താൽ മിഴിതുടുത്ത ജലംധരൻ ആ പർവ്വതത്തിൽ നിന്നിറങ്ങി, ചണ്ഡമുണ്ഡന്മാരെ ആശ്വസിപ്പിച്ച്, ശിവന്റെ രൂപം വെടിഞ്ഞു; അയാൾ പോരുന്ന വഴിക്കുവെച്ചു ദുർവ്വാരണനോടു പറഞ്ഞു:—ദുർവ്വാരണ, നോക്കൂ, വിഷ്ണുവിന്റെ പണി: അയാൾ മായകൊണ്ട് വൃന്ദാദേവിയെ കൈക്കലാക്കിക്കളഞ്ഞുല്ലൊ! ബുദ്ധിയുള്ളവൻ ജാമാതാവിനെ വിശ്വസിച്ചു ഗൃഹത്തിൽ പാർപ്പിക്കരുത്; തീർച്ചയായും പെണ്ണിനെ കൊടുത്തു പിരിച്ചയയ്ക്കണം. എന്നുതന്നെയായാലും, ജാമാതാവിനെ വീട്ടിൽ വച്ചുകൊണ്ടിരുന്നക്കൂടാ; വിത്തകളത്രാദികളെയെല്ലാം അയാൾ പതുക്കെപ്പതുക്കെ കൈക്കലാക്കിക്കളയും.

Digitized By Kerala Sahitya Akademi

ദുർവ്വാരണൻ:—തിരുമേനി, താൻ ചെയ്തതു താൻ അനുഭവിക്കേണ്ടിവരും: ഇവിടുന്നു പാർവ്വതിയെ കൈക്കലാക്കാൻ പുറപ്പെട്ടു; ഇവിടുത്തെ ഭാര്യയെ വിഷ്ണു കൈയ്യിലാക്കി!

ദുർവ്വാരണൻ തുറന്നുപറഞ്ഞതു കേട്ടിട്ടു ജലന്ധരൻ ക്ഷണനേരം മൌനം പൂണ്ടു.

ജലന്ധരൻ:—'ഞാൻ ശിവനെ ജയിപ്പാനോ പോകേണ്ടു? അതോ, ഉദ്ധതനായ വിഷ്ണുവിനെ ജയിപ്പാനോ? രണ്ടുകാര്യം വന്നിരിക്കയാൽ വേണ്ടതെന്തെന്നു പറയുക.

ദുർവ്വാരണൻ:—'ഇവിടുന്നു വിഷ്ണുവിനെ ജയിപ്പാൻ പോകുന്നതായാൽ, ശിവൻ പിന്നാലെ കൂടി കൊലചെയ്യും. യുദ്ധശൂരന്മാർ പരിഹസിക്കും. പോകാൻ രുദ്രൻ സമ്മതിക്കയുമില്ല. അതിനാൽ പശുപതിയെ തോല്പിച്ചു പാട്ടിലാക്കിയിട്ടു, ഗോവിന്ദന്റെ നേക്കു, അയാളുടെ വാസസ്ഥാനം ഇവിടെയുള്ളു അറിയാമെങ്കിൽ, പുറപ്പെടാം. "ഇപ്പോൾ, എതുയും വേഗത്തിൽ കരുത്തേറിയ ദൈത്യരോടു ചേർന്നു, വിടുവായനത്താൽ ശ്ലാഘിക്കപ്പെടുമാറു, മഹാഘോരമായ യുദ്ധം നടത്തുക.'

ദുർവ്വാരണന്റെ ദേശകാലോചിതമായ വചനം കേട്ടിട്ടു ജലന്ധരൻ യോഗിയായ രുദ്രനോടു പൊരുതാൻതന്നെ നടകൊണ്ടു.

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, യുധിഷ്ഠിരയാഗസംവാദം, ജാലന്ധരോപാഖ്യാനം, ജലന്ധരമായോപപത്തിന്യാസം പതിനേഴാമദ്ധ്യായം.

——(0)——

പതിനെട്ടാമദ്ധ്യായം

നാരദൻ:—

(അഞ്ചിപ്പാട്ടു)

മുന്നിൽക്കാണായ്, രക്തമാംസമേദോമജ്ജാസ്ഥികം നീളെ-
പ്പിന്നിക്കണ്ഡെയ്ഘ ഭീമമായ പോർക്കളം.
തത്ര പതീഹരണത്താലത്തലാന്ന പയോനിധി-
പുത്രൻ കണ്ടു കാളപ്പുറത്തുദ്രിജേശനെ,
ഘോരപാണിഭ്രഷകളും സ്ഫാരച്ചെഞ്ചിടയിൽത്തിങ്കൾ-
ക്കീറും തീക്കൺജ്വാല പാളുമൂർദ്ധ്വാംഗവും [illegible]

Digitized By Kerala Sahitya Akademi

വെമ്പിത്തൻതേരേറിക്രോധാൽ സുംഭനോടടുത്താൻ ദൈത്യ-
ത്തമ്പുരാൻ:—'വധിച്ചീലെന്നോ താപസനേ നീ!'
'തെല്ലുല്ല താപസനക്കി;യുള്ള വക്ഷ പോരിൽവെന്നു
കൊല്ലാവുന്നോനല്ലാ രുദ്രനെ'ന്നാൻ സുംഭനും.
അതിൽക്കലി കൊണ്ട സിന്ധുസുതനോരായിരം പത്മം
ഭിതിജസേനകരം ചൂഴച്ചെന്നണഞ്ഞുടൻ,
കാലകേദാരകമെന്നകാർമ്മുകത്തെക്കൊണ്ട,തി-
സ്ഥൂലമിരുമ്പിൻതുണ്ടൊത്ത ക്രൂരമ്പിൻക്കൂട്ടം
ശൂലിയുടെ നേർക്ക മേൽക്കുമേലേ വിട്ടാൻ ദുരാധർഷൻ:
കാലെ കരിമുകിൽ മഴ പെയ്വതുപോലെ.
അടുത്തെത്തുമസുരനെത്തടുത്താരാ പ്രമഥന്മാർ;
കൊടുംകണകളെച്ചൊടിച്ചെയ്തു രുദ്രനും
സ്ഥാണുശരമേറു ചട്ടവീണുപോയ ജലന്ധരൻ
കാണുമാറായ് മുകിൽ വിട്ട മാമലപോലെ.
ഹരൻ വീണ്ടുമമ്പെയ്തെയ്തു തറച്ചായാലസുരേന്ദ്ര-
ശരീരത്തിൽ നിന്നൊഴുകി ശോണിതമേറെറം;
നീണ്ടുപാരാച്ചോരയാറിലാണ്ടു; സുരാസുരർ ഭയം
പൂണ്ടു വിറച്ചുപോയ്; പോർ വിട്ടോടി ഭൂതങ്ങളും!

'കൊള്ളാ,മങ്ങനൊരു നല്ല വില്ലാളിതാനെ,ന്നാലിനി-
ക്കൊല്ലുകയായ് ഭവാനെ ഞാനെ'ന്നരിയാടി,
കാലകേദാരത്താൽശ്ശരജാലം നാനാവിധമെയ്തു
കാലവിമാഥിയെ മൂടീ ചീളെന്നബ്ധിജൻ;
വൃക്ഷങ്ങളാൽ മലപോലെ, പക്ഷികളാൽ വാനംപോലെ,
ലക്ഷശരച്ഛന്നാംഗനായ് വിളങ്ങീ ശർവൻ.
അബ്ബാണസഹസ്രങ്ങളാലാവൃതനാം സ്വാമിയെക്ക-
ണ്ട, പ്രമേയാത്മാവാം വീരഭദ്രനുർജ്ജിതൻ
ക്രുദ്ധനായിപ്പാഞ്ഞെടുത്തു യുദ്ധാസീനി ശസ്ത്രങ്ങളാ-
ലത്തൽപ്പെടുത്തിനാനേറെറമബ്ധിപുത്രനെ;
സ്ഫാരപ്രതാപനാം ദൈത്യവീരനുമുങ്ങരിശംപൂ-
ണ്ടോരായിരമോരായിരമമ്പുകൾ തൂകി,
വീരഭദ്രനുടെ വില്ലും തേരും കൂട കണകളും
തേരുതെളിപ്പോനെയുമെംപ്രായം നുറുക്കി.
ഗദ വിട്ടാൻ തേരുടഞ്ഞ ഗണമുഖ്യനുവനെയ-
ദ്ദയാൽത്താൻ തച്ചുമന്നിൽ വീഴിച്ചാൻ ദൈത്യൻ.

Digitized By Kerala Sahitya Akademi

വീരഭദ്രൻ ഗദയെല്ലാൽ വീതസംജ്ഞനായ് വീണപ്പോൾ,
പാരം രുഷാ മണിഭദ്രൻ പാഞ്ഞേറുകൊണ്ടാൻ;
ആടുത്തെത്തുന്നതുകണ്ടാബ്ഭടനോടെ പോർക്കോപ്പുക-
ളൊടുച്ചിടാനമ്പുകളാലുമ്പർവൈരിയുർന്നാൻ!
അപ്പോളഴയ്ക്കും വീരഭദ്രനുമ്പോയുധം പൂണ്ടെഴുന്നേറ്റു
സപ്രകോപം സിംഹത്തെപ്പോലലറിക്കൊണ്ടേ;
ഓരോ മല പറിച്ചുമ വീരഭദ്രമണിഭദ്രർ
തേരിൽനിൽക്കും ദൈത്യർകോനെനേർക്കെറിഞ്ഞാർത്താർ.
വീരഭദ്രനുടൻതന്നെ ഘോരമുഷ്ടികൊണ്ടിടിച്ചാൻ;
വീരനാം മണിഭദ്രനൊ, സിന്ധുപുത്രനെ,
കാലിണയിൽപ്പിടിക്രുടിച്ചാലേ തേരിൽ നിന്നെടുത്തു
മേലേ വട്ടംചുഴറിനാനെ,ന്തൊരത്ഭുതം!
എന്നാലും,മണിഭദ്രനെക്കാൽച്ചുവട്ടാൽ വീഴ്ത്തി ദൈത്യൻ
നന്നായ് മുഷ്ടികൊണ്ടിടിച്ചാൻ വീരഭദ്രനെ.

അതാ, വന്നണഞ്ഞു ഗണാവ്രുതനായ നന്ദികേശൻ;
അതുകണ്ടു പടയുമായടുത്താൻ സുംഭൻ.
പിമ്പാഗ്രണൈത്യർ തമ്മിൽ ഭയങ്കരയുദ്ധം കൈതുടർന്നു;
സുംഭൻ നന്ദിയോടും, രാഹു മാകാളനോടും,
നിസുംഭാഖ്യൻ കോലാഹലനോടും, കേതു കാലനോടും,
കരുത്തേറും ശൈലോദരൻ വിശാഖനോടും,
ജംഭൻ മാല്യവാനോടു,മാമഹാപാശ്വൻ ചണ്ഡനോടും
രോമകണ്ഠൻ പടയ്ക്കുറു ചണ്ഡീശനോടും;
വികടാസ്യൻ ഭൃംഗിയോടു,ങ്ങരുനേത്രൻ വിഘ്നേശനോ-
ടു,സുരേന്ദ്രരേവം ഗണവ്യൂരെ നേത്താർ.
സുംഭൻ വിട്ട ശസ്ത്രങ്ങളെ വൻപർവതശൃംഗങ്ങളാ-
ലമ്പെപ്പൊടിച്ചിട്ടു നന്ദി മാനരവക്ത്രൻ
അവൻെറ നേർക്കയപ്പാൻ വേല;-വന്നം വേൽകൊണ്ടതന്നേ
ശിവപാരിഷദേന്ദ്രനെപ്പരിക്കേല്പിച്ചു.
രാഹുവിങ്കൽ വേൽ ചാട്ടിനാനാഹവാഗ്രേ മഹാകാളൻ;
രാഹു മലകൊണ്ടവൻെറ തേർ തച്ചുടച്ചാൻ.
പോർക്കരുത്തൻ കോലാഹലൻ, നിസുംഭൻെറ നീട്ടിയ വേൽ
കൈക്കലാക്കിത്തകർത്താൻ തദ്രഥസൂതരെ.
തേരുടഞ്ഞ ദൈത്യൻ പുണകേറിക്കോലാഹലനെയ-
ങ്ങോരായിരം പടമുള്ള ചക്രത്തിനാലേ

Digitized By Kerala Sahitya Akademi

പരിക്കേല്പിച്ചോ,ടിപ്പോയ് മറൊരുതേരിൽക്കരേറിനാൻ;
അരക്ഷണാൽ മൂർച്ഛനീങ്ങിക്കോലാഹലനും
പരിചയും വാളുമേന്തി സപരഥത്തിൽ നിന്നു ചാടി-
സ്സുരാരിതൻ തേരും മറും വെട്ടിനുറുക്കി,
തിരിച്ചുതൻതേരിലേറിത്തരുതെരുശൂരമെയ്തു
കരുത്തേറും നിസ്സുംഭനെക്കഷ്ടത്തിലാക്കീ.
തടിക്രമാലത്തുടതപ്പെട്ടുദ്രുൽക്രോധനട്ടാനവൻ
മർദ്ദിപ്പാൻ വേൽകൊണ്ടവന്റെ സാശ്വമാം തേരും.
പോരിൽത്തേർതകന്ന ഗണവീരൻ പാഞ്ഞേറ,സുരൻ പി-
ന്നേറിയ തേർ വൻകൈക്കുട്ടിലാക്കിയുടച്ചാൻ!
കേയൂവിനെ വാൾപിടിച്ച വാനിൽച്ചുഴറിനാൻ കാലൻ,
കേയൂനെക്കീറിഞ്ഞ കന്നും തകർത്തുവിട്ടാൻ;
മുഷ്ടികൊണ്ടിടിച്ചാൻ തടാ രുഷ്ടൻ കേയൂ;-വതിലംഗ-
മൊട്ടുക്കു ഞെരിഞ്ഞു കാലൻ ഭീതനായ്പ്പാഞ്ഞോടാൻ.
ശൈലോദരൻ മാറിൽഗ്ഗതയാലെ തച്ചാൻ വിശാഖനെ;
വേലാൽക്കുത്തി വീഴിച്ചാനാദ്ദൈത്യനെസ്സന്ദൻ.
വേലേറവൻ ചത്തുവീണ വേളയിലൊന്നാത്താൻ, ക്രൌഞ്ച-
ശൈലത്തെപ്പിളർത്തിട്ടെന്നപോലേ ഷൺമുഖൻ.
അമ്പിൻനിര തൂകിക്കൊണ്ടു സംപ്രഹാരത്തിനായേറാൻ
ജാളനോടു മാല്യവാനാം ശംഭുപാഷ്ടൻ;
മൂർച്ഛയും കണകളാൽ മൂർത്തി പിളർത്തായവനെ
മൂർച്ഛയിക്കൽപ്പതിപ്പിച്ചു പിന്മാറി ജംഭൻ.
അമ്പുതിർത്തശ്വങ്ങളെക്കൊന്നിമ്പത്തിൽത്തേരേന്തിപ്പൊക്കി-
സ്സുമ്പതിപ്പിച്ചാനാ മഹാപാശ്വൻ ചണ്ഡനെ;
ഹതാശ്വമാം രഥം കണ്ടു ഗദയാന്നെടുത്തു ചണ്ഡ-
നതുകൊണ്ടതച്ചാനേല്പും മഹാപാശ്വനെ.
ഗദാഹതി ഗണിക്കാതെ സുരാരുണനട്ടാനവൻ
ഗണാഗ്രനെബ്ഭുവി വീഴ്ത്തീ മുഷ്ടിഘാതത്താൽ.
ചണ്ഡീശനെ,ത്തദായുധഖണ്ഡിതാംഗൻ രോമകണ്ഠൻ
ചണ്ഡാംഘ്രികം പിടിച്ചേന്തിത്തേരിന്മേൽ വീഴ്ത്തീ.
വികടാസ്യൻ ഭംഗിയേയും വിരിമാറിൽപ്പരിഘത്താൽ
പ്രകടരോഷനായ്ത്തല്ലി നിലം പൊത്തിച്ചു.
ഉരുനേത്രനടെ ശരനിരയേറ ലംബോദര-
നരസികൽക്കൊമ്പാൽക്കുത്തി വീഴ്ത്തിയവനെ;
ക്ഷണാലുണർവാന്നേറവൻ ഗണേശന്റെ സിന്ദൂരച്ചാ-
ത്തണിത്തലയ്ക്കാഞ്ഞടിച്ചാൻ മുറംതടിയാലെ.

Digitized By Kerala Sahitya Akademi

പട്ടിശമൊന്നവന്റെ മാർത്തട്ടിൽച്ചാട്ടീ വിനായകൻ;
പെട്ടെന്നരുനേത്രമുഖത്തിങ്കൽനിന്നപ്പോൾ,
ഒമ്പതുതലകളുമീരൊമ്പതുകൈകളുമായി–
സ്സമ്പതിച്ചാനൊരു പെരുംക്രൂരനാം ദൈത്യൻ.
ഇരുവരുംകൂടിപ്പിന്നെ പൊരുതുവാനേറെ തട്ട–
ത്തൊരുപാട്ട ശസ്ത്രം വിട്ടാരീശപുത്രങ്കൽ;
തിരുവുടൽ ഞെരിഞ്ഞാലും, പരശ്ശതകൊണ്ടതൊക്കയും
തെരുതെരെ മുറിച്ചിട്ടാൻ മൂഷികവാഹനൻ.
ഉരുനേത്രനവശീഷ്നിരുദ്ധനാകിയ വിഘ്ന–
പ്പെരുമാളെക്കണ്ടു മണ്ടിച്ചെന്ന വിശാഖൻ
നവശിരസ്സിനെക്കൊന്ന ജവമോടപ്പുറ്റുവേലാൽ
ഭൂവി പതിപ്പിച്ചാനരുനേത്രാഖ്യനേയും.

അതുകണ്ടു പടമുഴക്കനതിരിട്ടാൻ ജലംധരൻ,
സുതസ്നേഹാലസുരരെക്കൊൽവാൻ ശവ്വനും.
പിള്ളാടിരുപങ്കും തമ്മിലത്ഭുതപ്പോർ നടന്നിത–
ങ്ങു;–പ്പോരിൽ വാനുഴികഠംക്ക വീർപ്പുമുട്ടിപ്പോയ്!
പോരിൽച്ചൊടിച്ചസുരരേന്ദ്രൻ നൂറായിരം ചീറകളള
ഘോരശരമൊന്നീശന്റെ നെറിക്കാഞ്ഞെയ്താൻ;
കടയോളമാണ്ടക്കണ നിടിലത്തിൽ മിന്നീ, വേന–
ല്ലൊടുവത്തുവിലന്തിക്കതിരോൻ പോലെ!
ശംഭു പിന്നെ,പ്പോക്കിൽക്കാറും തുമ്പത്തഗ്നിതപനും
കമ്പിലെല്ലാം കാലനാം കോൽതന്നേഴുഴിയും
വാണടീപ്പാഭമാം മഹാബാണമെടുത്തുകൊണ്ടു
ദാനവനെ നെഞ്ഞത്തായിട്ടെയ്താനജ്ഞസാ;
അശ്ശരമേറുടൽപിളർന്നസ്രത്തിലാറാടി വീണാ–
നബ്ധിപുത്രൻ, വജ്രമേറ്റ പർവ്വതംപോലെ.
അലറിനാർ പ്രമഥന്മാർ; നിലവിളിക്കുട്ടി മൂർച്ഛാ–
കുലിതനാം ദൈത്യർകോനെക്കണ്ടു ദാനവർ;
ചില ദൈത്യർ ചുറവുംനിന്നു; ചിലർ ശുശ്രൂഷയ്ക്കാരുങ്ങടീ;
ചിലർ ചന്ദ്രശേഖരനെച്ചെന്ന വളഞ്ഞാർ.
വാരാശിജൻ വെളിവറ്റു പോരിൽ വീണ ലാക്കിൽശ്ശിവൻ
നാരാചത്താൽ കൊന്നൊടുക്കീ ദൈത്യസൈന്യത്തെ.

വളരെ നേരംകൊണ്ടു മോഹാലസ്യം നീങ്ങിയ ജലംധരൻ ചത്തു ഞെരുങ്ങുന്ന പടകളെ കണ്ടു ഭയപ്പെട്ടു, പരമഗുരുവായ ശുക്രനെ മനസ്സിൽ

Digitized By Kerala Sahitya Akademi

സ്മരിച്ചു. ഭാഗ്യവൻ വെമ്പലോടെ വന്നെത്തി, സ്വസ്തിചൊല്ലി, ജലം ധരനോടു ചോദിച്ചു:—'ബലിഷ്ഠനായ മഹാരാജാവെ, ഞാൻ അങ്ങേയ്ക്ക് എന്തുചെയ്യേണ്ടു?' ജലംധരൻ ഗുരുപാദരെ മാനിച്ചു വണങ്ങി, 'ഭഗവാനെ, പുറകെ മരിച്ചുകിടക്കുന്ന ഈ ദാനവന്മാരെയെല്ലാം ജീവിപ്പിക്കുക' എന്നപേക്ഷിച്ചു. രാജാവേ, കാവ്യൻ ആ സൈന്യത്തെ നോക്കിക്കണ്ടു: ഇരുപത്തയ്യായിരം യോജന പരപ്പിൽ അസുരശവങ്ങളും രഥങ്ങളും ക്രുടിക്കലന്ന് അട്ടിയട്ടിയായി തൊണ്ണൂറുമുയോജന പൊക്കത്തിൽ കിടക്കുന്നു! യോധവാഹനദേഹങ്ങളാൽ മൂടപ്പെട്ട ആ മന്നിടത്തിൽ ശുക്രൻ മന്ത്രജലം തളിച്ചു ദാനവരെ ഉജ്ജീവിപ്പിച്ചു—രുദ്രൻ ജടാജൂടത്തെ പാമ്പുകളെക്കൊണ്ടു മുറുകെകെട്ടിവെച്ചപ്പോഴേയ്ക്കും ശുക്രൻ ആ അസുരപ്പടയെ മന്ത്രംകൊണ്ടെഴുന്നേല്പിച്ചുകഴിഞ്ഞു! അവർ സിംഹത്തോടു വ്യാഘ്രങ്ങളെന്നപോലെയും ഗജേന്ദ്രനോടു സുകരങ്ങളെന്നപോലെയും പരമേശ്വരനോടു പാഞ്ഞേറി. അതുകണ്ടു,'ഇതെന്തായിരിക്കാം? ചത്തവർ ജീവിക്കുന്നുവല്ലൊ!' എന്നിങ്ങനെ ചിന്ത പൂണ്ട ശങ്കരൻ ആ പോക്കളത്തിൽ ശുക്രനെ കണ്ടെത്തി: അദ്ദേഹം ദൈത്യരെ ജീവിപ്പിച്ചു കൂതിച്ചു പായുകയായിരുന്നു. അതിൽ അരിശംകൊണ്ട ഭർഗ്ഗൻ ഭാർഗ്ഗവനെ ഹനിപ്പാൻ ത്രിശൂലമെടുത്തു. അപ്പോൾ ശുക്രൻ ശിവനോടു നിശ്ശങ്കമായി പറഞ്ഞു:—'രുദ്ര, സർവ്വിദ്യകളിലും സാമർത്ഥ്യമുള്ള ഒരുബ്രാഹ്മണനായ എന്നെ ഇവിടെവെച്ച് എങ്ങിനെ കൊലചെയ്യും? എന്നെക്കൊന്നാൽ ഇവിടേയുള്ള ബ്രഹ്മഹത്യ പറയുമല്ലൊ!' ഇതു കേട്ടപ്പോൾത്തന്നെ, മഹേശ്വരൻ, പണ്ടു ബ്രഹ്മാവിന്റെ ആ തല പറിച്ചിട്ടിന്നതോർത്തു, ത്രിശൂലം കൈവിട്ടു.

'പ്രിയപ്പെട്ട പ്രാണനെ കവരുന്നതായാൽപ്പോലും ബ്രാഹ്മണനെ കൊന്നുകൂടാ; എന്നാൽ, ദൈത്യന്മാരെ ജീവിപ്പിക്കുന്ന ഇയ്യാളെ ഞാൻ എങ്ങിനെയെങ്കിലും അടക്കിനിർത്തേണ്ടിയിരിക്കുന്നു. അതിനാൽ ഈ അസുരജീവനെ ക്ഷണേന സ്ത്രീയോനിയിലിടുകതന്നെ' എന്നു ശിവൻ ആത്മഗതമായി കഥിക്കെ, മൂന്നാംതൃക്കണ്ണിൽ നിന്ന് ഒരു നഗ്നയായ കൃത്യ പുറപ്പെട്ടു: അഴിഞ്ഞ തലമുടി, ചുവിച്ച വയർ, തടിച്ച തുടുങ്ങിയ മൂലകം, ഭയങ്കരങ്ങളായ യോനിദംഷ്ട്രാനയനങ്ങൾ എന്നിവയോടുകൂടിയ ആ സ്ത്രീ; 'എത്രഞ്ഞ തന്നാലും' എന്നമട്ടിരിക്ക, ശർവ്വൻ അരുളിച്ചെയ്തു:—കൃത്യേ, നീ ദുർബുദ്ധിയായ ദൈത്യഗുരുവിനെ നിന്റെ യോനിയിലിടുക. ഞാൻ ജലംധരനെ കൊന്നുതീരുവോളം നീയാകട്ടെ അവിടെ കിടക്കട്ടെ; ജലംധരനെ കൊന്നതിനുശേഷം പുറത്തെയ്ക്കു വിട്ടുകൊൾകെ.' കൃത്യ ശുക്രന്റെ നേരേ പാഞ്ഞടുത്തു. അവളെ ക

Digitized By Kerala Sahitya Akademi

ണ്ടിട്ട് അദ്ദേഹം നിലത്തു വീണുപോയി; അസുരന്മാർ കൃതിച്ചോടി. കൃത്യനഗ്നനായിരുന്ന ശുക്രനെ തലമുടിമേൽ പിടിച്ചിഴച്ച് ലിംഗനംചെയ്ത്, ചിരിച്ചുംകൊണ്ടു യോനിക്കുള്ളിലാക്കി! അതു കണ്ടു ജലംധരൻ ശരങ്ങളെ തൊടുത്തു; അപ്പോഴെയ്യും അവരെ മറഞ്ഞുകഴിഞ്ഞു!

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, യുധിഷ്ഠിരനാരദസംവാദം, ജാലംധരോപാഖ്യാനം, കൃത്യാകൃത്യശുക്രനിഗ്രഹനം പതിനെട്ടാമധ്യായം.

—— (0) ——

പതിനെന്നാമധ്യായം

നാരദൻ:—പിന്നീട് ജലംധരൻ, 'ശംകര, അതിരുമര്യാദ ചെയ്തുകൊൾകെ: ഭവാനെ ഞാൻ, വിഷ്ണുവെ കിടക്കുന്നേടത്തു കൊണ്ടിടും; എന്നിട്ടു ബ്രഹ്മാവിനേയും പിടിച്ചു സമുദ്രത്തിലെറിയും. നിങ്ങളെ മുഴുവരേയും അടക്കി ഞാൻ സർവേശ്വരനായി വാഴും!' എന്നിങ്ങനെ ശിവനോടരചെയ്ത്, അറിവില്ലാത്ത ചതുരംഗപ്പടയെ സുംഭനിസുംഭാദികളുടെ കീഴിൽ അണിനിരത്തി. സുംഭൻ, നിസുംഭൻ, ഘോരകാരൻ, ഭീഷണൻ, ധൂമ്രലോചനൻ, കേതു, ബിഡാലജംഘൻ, രാഹു, ദുർവാരണൻ, മയൻ, കാലാസുരൻ, ചപലൻ, ദുർമുഖൻ, അന്ധകൻ, രക്തബീജൻ, ചണ്ഡൻ, മുണ്ഡൻ തുടങ്ങിയ ദാനവത്തലവന്മാരെല്ലാം പോരിനൊരുങ്ങിയതു കണ്ടു വീരഭദ്രാദി പാർഷദന്മാർ അവരോടു നേരിട്ടു. ഉടനേ, കോപംമൂർക്കൊള്ളുമാറു ഭയംകരമായ തുമുലയുദ്ധം തുടങ്ങി: പ്രമഥരും ദിതിജരും പരിക്കേറു നിലംപൊത്തുകയായി. സുരാദിദൈത്യന്മാരാൽ സർവായുധങ്ങളംകൊണ്ടും നിഹനിക്കപ്പെട്ട ഗണങ്ങളും നിലത്തു പതിച്ചു; ശേഷിച്ചവർ കൃതിച്ചു പാഞ്ഞു.

ദാനവർ ഗണങ്ങളെ പോരിൽ ജയിച്ചിട്ടു വാമദേവനെ വളഞ്ഞു മേഘങ്ങളും മഹാമേരുവികലെന്നപോലെ, തന്തിരുവടിയിങ്കൽ ശരനികരം വർഷിച്ചുതുടങ്ങി. അപ്പോളം, കാളപ്പുറത്തരുളുന്ന കാളകണ്ഠൻ പിനാകം ഞാണു വലിച്ച്, മൂർച്ചയേറിയ കൃത്തിവമുകൾ വിട്ട് ദാനവരെ നിഹനിച്ചു; ചിലർ നന്ദിയുടെ പ്രഹരമേറവും പോത്തലയ്ക്കൽ നിപതിച്ചു ശംഭുദേവൻ സുംഭാദികളെ ശരങ്ങൾകൊണ്ടു പരിക്കേല്പിച്ച്, ദാനവസൈന്യത്തെ ശസ്ത്രാസ്ത്രങ്ങളാൽ ചിക്കെന്നു കൊന്നൊടുക്കി എല്ലാടത്തും അനന്ത കൃതിര കാലാളുകൾ വീണടിഞ്ഞ പൊക്കളം, പവിത്രങ്ങൾ വജ്രത്താൽ പിളർക്കപ്പെട്ട വീണ മന്നിടംപോലായിത്തീർന്നു!

Digitized By Kerala Sahitya Akademi

ആ ഘട്ടത്തിൽ ജലാന്ധരൻ സൌന്ദര്യശാലിനിയും സർവ്വാഭരണ ഭൂഷിതയുമായ ഗൌരിയേയും ജയയേയും മായകൊണ്ടു നിർമ്മിച്ചു്, 'നീ മുന്നിൽ ചെന്നു മുക്കണ്ണനെ മോഹിപ്പിക്കുക' എന്നു ജയയോടാജ്ഞാപിച്ചു. അതിൻവണ്ണം മായാജയ അഴിഞ്ഞുവീണ തലമുടിയുമായി, യുദ്ധത്തിൽ ശിവന്റെ മുമ്പിൽ ചെന്നു കരഞ്ഞുതുടങ്ങി. എന്താണെന്നു രുദ്രൻ ചോദിച്ചതിനു് അവളുടെ മറുപടി ഇങ്ങനെയായിരുന്നു:—'തിരുമനസ്സിലേ പ്രിയതമയായ പാർവ്വതിയെ മാനസോത്തരപർവ്വതത്തിൽ നിന്നു സിന്ധുസുതൻ കൊണ്ടുപോയ്ക്കളഞ്ഞു!' അതു കേട്ട വൃഷഭധ്വജൻ അരുളിച്ചെയ്തു:—'ജയേ, നീ കാളപ്പുറത്തു കേറുക; നിന്നെയും അസുരന്മാർ കൊണ്ടുപോയേയ്ക്കാം.' ജയ കാളപ്പുറത്തു കേറി ശിവനെ കെട്ടിപ്പിടിച്ചു; ഉടൻതന്നെ ആ മായ, 'തിരുമേനി, ഞാൻ പോകുന്നു; പാർവ്വതിയോടു ക്ഷമാതെ ഞാൻ ജീവിച്ചിരിക്കില്ല' എന്നും പറഞ്ഞു്, ധൂർജ്ജടിയുടെ ജടാമുടത്തിലെ ചന്ദ്രനെ കൈക്കലാക്കി, കാളപ്പുറത്തു നിന്നിറങ്ങി നടകൊണ്ടു. ഗൌരിയേ അപഹരിച്ചതായി കേട്ടതിനാൽ ഗിരിശൻ വിചാരത്തിൽപ്പെട്ടു: അസുരമായയാൽ ആശ്ലേഷിക്കപ്പെട്ടതു നിമിത്തം അവിടെയ്ക്കു സബോധം ഇല്ലാതായിപ്പോയി.

ഇതിനിടയിൽ സാഗരാത്മജൻ മായാമൂഡാനിയെ തന്റെ തേരിൽവെച്ചു്, വന്നിച്ച പടയാൽ മുററപ്പെട്ട ശിവന്റെ അടുക്കലെത്തി. ജലംധരന്റെ ജയവാദ്യനിർഘോഷത്താൽ മന്നിടം കുലുങ്ങി; മലകളും മാറൊലിക്കൊണ്ടു; അയാളും പാർവ്വതിയെ പരമേശ്വരനു കാണുമാറാക്കി; രുദ്രൻ ശത്രുവിന്റെ തേരിൽ തന്റെ പ്രേയസിയെ ദർശിച്ചു: ആ തനുവി വിരഹത്താൽ വിധുരയായി, വിവശലോചനയായി, 'ഹാ, നാഥ, ഹാ, പ്രിയതമ, ഹാ രുദ്ര!' എന്നിങ്ങനെ വീണ്ടും വീണ്ടും പ്രലപിക്കുന്നുണ്ടായിരുന്നു. ഗൌരിയെ കരുത്തനായ ശത്രുവിന്റെ തേരിൽ, വേദവിദ്യയെ പാഷണ്ഡകലെന്നപോലെ തുക്കൺപാത്തിട്ടു്, ദൈന്യമായയിൽ മയങ്ങിയ മഹേശ്വരൻ, 'എന്റെ പ്രിയതമയെ എങ്ങിനെ വീണ്ടെടുക്കേണ്ടു' എന്ന ചിന്തയിൽപ്പെടുകയും, 'പ്രിയേ, സുന്ദരി, എന്റെ തുരോമലാളായ നീ എങ്ങിനെ മാനവരാൽ അപഹരിക്കപ്പെട്ടു!' എന്നിങ്ങനെ വിലപിക്കുകയും ചെയ്തു. സമുദ്രപുത്രൻ ശോകത്തിലും മോഹത്തിലും മുഴുകിയ ശിവനെ നോക്കി, ഒരു ഭയാശീലനെപ്പോലെ ചിരിച്ചുകൊണ്ടരിയാടി:—'വിരൂപാക്ഷ, ഒരു പ്രമാണവുമില്ലാത്തവനാണ് ഭവാൻ; ഭവാനു കാമമില്ല, ശൃംഗാരമില്ല; ഭവാൻ ഈശ്വരനാണെന്നാണും. എന്നിട്ടും, പാർവ്വതിയോടു വേർപെട്ടതിനാൽ ഒരു പാവമായിത്തീർന്നുപോയല്ലോ! അതുകൊട്ടെ, കരയേണ്ട: ഭവാന്റെ ഭാ

Digitized By Kerala Sahitya Akademi

യ്യുയെ ഞാൻ തരാം. ഗിരിജയെ യുദ്ധത്തിൽനിന്നു കൊണ്ടുപോന്നതി നാൽ ദേവന്മാരെ രക്ഷിക്കയാണു് ഞാൻ ചെയ്യുന്നത്.' ഇത്രയും പറഞ്ഞു ദേവിയെ തേരിൽ നിന്നിറക്കി, ശിവന്റെ മുമ്പിലേയ്ക്കയച്ചു. വൃഷഭ വാഹനൻ വേഗത്തിൽ, 'വരൂ, രക്ഷിക്കണേ, രക്ഷിക്കണേ' എന്നു നി ലവിളിക്കുന്ന ഗൌരിയെ തൃക്കൈകൊണ്ടു പിടിക്കുമ്പോഴേയ്ക്കും, സും ഭാസുരൻ അവളെയുംകൊണ്ടു് ആകാശത്തു കേറിനിന്നു. സുംഭനെ കൊല്ലാൻ ശംഭു ശൂലം ചാട്ടി; അപ്പോൾ സുംഭൻ ആ സർവ്വാംഗസുന്ദ രിയെ ശൂലത്തിന്മേലെയ്യിട്ടു. അവൾ ശൂലത്തലയ്ക്കൽ പതിഞ്ഞു കു രഞ്ഞുംകൊണ്ടു ശിവന്റെ മുമ്പിൽ വന്നുവീണു മൂതിയടഞ്ഞു! മരിച്ച മായാഗൌരിയെ കണ്ടു ശോകത്തിലും മോഹത്തിലും മുഴുകിയ മുക്കണ്ണൻ, 'അയ്യോ, ഓമനേ' എന്നു കേണുംകൊണ്ടു ബോധംകെട്ടു വീണു. ക്ഷ ണനേരത്താൽ തന്റേടം പൂണ്ട തന്തിരുവടി, 'ഗൌരി നിങ്ങളെക്കൊ ല്ലും' എന്നു സുംഭപ്രേട്ടതികളെ ശപിച്ചു. രാജാവേ, ഈ ശാപംമൂലം സുംഭാദി ദൈത്യന്മാർ പിന്നത്തെ മന്വന്തരത്തിൽ ദേവിയാൽ സംഗ രത്തിൽ വീഴിക്കപ്പെട്ടു. അവരെ ശപിച്ചതിന്നുശേഷം ശങ്കരൻ ഓ രോന്നു പറഞ്ഞു കരയുകയായി:—

(പായ)

'എങ്ങുപോയിതെന്നോമനേ, പോർനില-
ത്തിങ്ങനെ മാഴ്കുമെന്നെ ത്യജിച്ചുനീ!
ഹാ, വിയോഗാത്തനാക്കിയല്ലോ വിഷ-
ഗ്രീവനാമെന്നെ വേഴ്ച മറന്നു നീ!
നീ വെടിയുകിലെന്നെജ്ജനാർദ്ദന-
ദേവനുമറിയാതെയാമോമലേ!
വഹ്നിയിൽസ്വയം ഹോമിച്ചുവല്ലോ നിൻ-
പൊന്നുടൽ പണ്ടു ദക്ഷന്റെ യാഗത്തിൽ;
പിന്നെ നേടീ ഹിമവാങ്കൽനിന്നുഞാൻ;
പിന്നെയും വെടിയുന്നതെന്തെന്നെ നീ!
ഒന്നെഴുന്നേല്ക്കൂ,ഴുന്നേല്ക്കൂ സുന്ദരി!
കുന്നിൻമാതേ, വെളിവുദിപ്പിക്കമേ!'

ശിവൻ വിലപിക്കുന്നതു ദൈത്യമായയാൽ മയക്കപ്പെട്ടതുകൊ ണ്ടാണെന്നറിഞ്ഞിട്ടു്, ദേവകളുടെ മദ്ധ്യത്തിൽ സ്ഥിതി ചെയ്തിരുന്ന ക മലാസനൻ ആകാശത്തുനിന്നു വന്നു്, അദൃശ്യനായിനിന്നുണർത്തിച്ചു:— 'നിന്തിരുവടിക്കു ഖേദമോടങ്ങളില്ല, സുഖദുഃഖങ്ങളില്ല, പുത്രകളത്ര ധനങ്ങളില്ല, അച്ഛനമ്മമാരില്ല: ഒരു ജനയിതാവിങ്കൽ ജനിച്ചവനോ

Digitized By Kerala Sahitya Akademi

ജനിക്കാൻ പോകുന്നവനോ അല്ല നിന്തിരുവടി. ഋഷിമാർ നിന്തിരുവടിയെ ധ്യാനിച്ചുപോരുന്നു; അങ്ങിനെയുള്ള നിന്തിരുവടിക്കു വ്യാമോഹം വരികയോ! നാഥ, ഏകനായ നിന്തിരുവടി, സമുദ്രതരംഗങ്ങളിൽ കാണപ്പെടുന്ന സൂര്യനെപ്പോലെ അനേകരൂപനായി വാണരുളുന്നു. സംയമികൾ അവാച്യവും അജ്ഞേയവുമായ പരമരൂപത്തെ ധ്യാനിച്ച് നിന്തിരുവടിയുടെ പാദമൂലമണയുന്നു. ദേവ, ഈ മരിച്ചവൻ നിന്തിരുവടിയുടെ സധർമ്മിണിയായ പ്രേയസിയല്ല; ജലംധരൻ നിർമ്മിച്ച മായയാണ്. ആ ശ്രീപാർവ്വതി താമരമൊട്ടിലിരിക്കുന്നുണ്ട്. ശംഭോ, നിന്തിരുവടി യുദ്ധം ചെയ്താലും; ശത്രുവിനെ സംഹരിച്ചാലും; ഞങ്ങളെ രക്ഷിച്ചാലും.'

വിധാതൃവചനത്താൽ വെളിവുവിച്ച പരമേശ്വരൻ, അതു മൈത്രിമായയാണെന്നറിഞ്ഞു, ഒരു വലിയ ശില കല്പിച്ചയച്ചു; അതു പോക്കളത്തിൽ മുന്നൂറുകോടി ദാനവരെ ഛേദിച്ചുവിട്ടു! പിന്നെ തന്തിരുവടി കനത്ത കോപത്തോടേ കാളപ്പുറത്തു കേറി, പിനാകചാപം കൈക്കൊണ്ടു ബാണങ്ങളും തൊട്ടെടുത്തു. മായവിട്ട മഹേശനെ കണ്ടിട്ടു സിന്ധുസുതൻ ദേവദേവനെ മോഹിപ്പിപ്പാൻ വേറേ അത്യത്ഭുതകരമായ മായാജാലം പ്രദർശിപ്പിച്ചു: അയാൾ ഒരുകോടി കൈകളും പൂണ്ടു വൃഷഭാജനോടു വൃക്ഷശിലാശസ്ത്രങ്ങളുംകൊണ്ടു പോർപൊരുതി; കടൽത്തിരത്തിൽ, ഗിരിധാതുക്കളാലും പലതരം പൂക്കളും നിറഞ്ഞ രമ്യദേവാലയങ്ങളാലും അലംകൃതമായ ഒരു മന്നിടം നിർമ്മിച്ചു. അവിടെ, മനം കവരുന്ന മേനക മുതലായ അപ്സരസ്ത്രീകൾ നൃത്തംവയ്ക്കുന്നുണ്ടായിരുന്നു. അസുരേന്ദ്രന്റെ മായയായ ആ നൃത്തഗീതവാദ്യങ്ങളാൽ മനംമയക്കപ്പെട്ട മഹോക്ഷവാഹനൻ തൽക്ഷണം വില്ലുപേക്ഷിച്ചു് അങ്ങോട്ടെഴുന്നള്ളി; തന്തിരുവടിയെ മോഹിപ്പിക്കാനായി, സമുദ്രവും ശരീരം ധരിച്ചു കൊട്ടും പാട്ടും ആട്ടവും മുതിർന്നു! ആ ഉത്സവംകണ്ടു രസിക്കുന്ന ശിവനെ മുകുന്ദൻ ഉൽബോധിപ്പിച്ചു:—'ഭഗവൻ, ദേവകളെല്ലാം എവിടെ? നന്ദി മുമ്പായ ഗണങ്ങളും എവിടെ? മാനനീയനായ ഭവാനും അസുരമായയാൽ മയങ്ങിപ്പോയല്ലോ! എന്താണിപ്പോൾ അമാന്തിക്കുന്നതു്? ജലംധരനെ കൊല്ലാൻ നിർമ്മിച്ച ചക്രം ഇവിടുത്തെ കക്ഷിയിൽ ഇരിപ്പുണ്ടല്ലോ; അതുകൊണ്ടുതന്നെ അവനെ പോരിൽ കൊലചെയ്താലും!' ഈ വിഷ്ണുവചനത്താൽ ഓർമ്മ തെളിഞ്ഞ പാർവ്വതീകാന്തൻ ചിരിക്കുന്ന കാളപ്പുറത്തേറി പോക്കളത്തിലേയ്ക്കു തിരിച്ചു.

വാമദേവൻ വന്നതുകണ്ടു്, അരിശംകൊണ്ട ജലംധരാസുരൻ പടകളാലെല്ലാം മൂടപ്പെട്ട പൊരുതാൻ നേരിട്ടു. ക്രോധത്താൽ ശി

Digitized By Kerala Sahitya Akademi

വന്റെ രൂപം സംഹാരരുദ്രന്റേതായിച്ചമഞ്ഞു! മാനവർ മൂന്നാം തൃക്കണ്ണിലെ തീയിൽപ്പാറകളായി! ആ ജ്വാലാമയമായ രൌദ്രസ്വരൂപം കണ്ടിട്ട്, സുംഭരാക്ഷപ്രമുഖരായ ദൈത്യന്മാർ പേടിച്ചുരുണ്ടു പാതാളത്തിലേയ്ക്കു പാഞ്ഞു. വളരെ വളരെ പടയാളികളെ കൊല്ലപ്പെടുകയും ശേഷിച്ച സുംഭാദികളെ പാഞ്ഞുപോകയും ചെയ്തതിനാൽ ഏകനായിത്തീർന്ന ജലംധരൻ പോക്കുവെയിലിൽ ഒരു പർവതംപോലെ നിലക്കൊണ്ടു! അയാൾ രുദ്രന്റെ പരമാർത്ഥസ്വരൂപം നേരിട്ടുകണ്ടു കരുകരുകളിയ്ക്കുന്നു, തന്തിരുവടിയോടു ചിരിച്ചുണർത്തിച്ചു:—'ചരാചരങ്ങളെ ചുട്ടെരിക്കുന്ന രൂപം ഇവിടുന്നുപസംഹരിക്കുക; സ്വന്തം യോഗബലംകൊണ്ടു ആയുധംകൊണ്ടു യുദ്ധംചെയ്യുക'. ഇതുകേട്ട ശിവൻ അരുളിച്ചെയ്തു:—'അസുരേന്ദ്ര, വരം വരിച്ചുകൊൾക. ഞാൻ എങ്കൽ പ്രസാദിച്ചിരിക്കുന്നു: എന്റെ ഇപ്രകാരമുള്ള രൂപം കണ്ടിട്ടും നീ ഭയപ്പെട്ടില്ലല്ലോ! ബ്രഹ്മാണ്ഡം മുഴുവൻതന്നെയും എന്റെ ഈ രൂപം വീക്ഷിപ്പാൻ ശക്തമല്ല; ഇതിൽ നിനക്കു ഭയം തോന്നീലല്ലോ!' ഇങ്ങനെ തിരുവുള്ളം തെളിഞ്ഞ ത്രിനേത്രനോട്, സംസാരനിസ്പൃഹനായ ജലംധരൻ മുക്തിയാകുന്ന പരമസായുജ്യമാണു വരിച്ചുള്ളൂ.

ശിവൻ:—'മൂർഖനാവ, ഭോഗസിദ്ധികളെ ചേർന്നും വൃന്ദയുടെ മനം കവർന്നുമായ നിന്റെ ഈ ദിവ്യസുന്ദരശരീരം, ആയുസ്സേഷമിരിക്കെ, ത്യജിക്കുകയോ? ഈ ഏകനായി അവ്യയനായിരിക്കുന്ന പരമാത്മാവിനെ ക്ഷണനേരംപോലും അറിയാതെ നീ മുക്തി തേടുന്നതെങ്ങിനെ? നിന്റെ പ്രിയരാജ്ഞിയായ വൃന്ദയാകട്ടേ, യോഗമായയാൽ അപഹരിക്കപ്പെട്ടു; ആ ബ്രഹ്മസ്വരൂപജ്ഞ പരമപദം പ്രാപിച്ചുകഴിഞ്ഞു. ഇനി അവളെ നിനക്കു കിട്ടില്ല; തൽപദവും ദുഷ്പ്രാപതന്നെ. അതിനാൽ സ്വർഗ്ഗാപവർഗ്ഗങ്ങൾക്കിടയിൽ സംസാരത്തിൽ വരംവാങ്ങിക്കൊൾക.'

ജലംധരൻ:—'ദേവ, ആരായാലും മുക്തിപദം ലഭിച്ചേ കൃതാർത്ഥനാകൂ; ഞാനിപ്പോൾ കൃതാർത്ഥനായി: ഭവാനാൽ വധിക്കപ്പെട്ട ഭവാനോടു ചേരുമല്ലോ!'

ശിവൻ:—'എന്റെ ഇരിപ്പിടമായ പരമക്ഷേത്രമണയാൻ നിനക്കാഗ്രഹമുണ്ടെങ്കിൽ, നീ വേഗത്തിൽ എന്നോ ബാണങ്ങൾകൊണ്ടെയ്തു കോപിപ്പിക്കുക; എന്നാൽ ഞാൻ നിന്നെ കൊല്ലുകയും, നീ പാപം നീങ്ങി എന്റെ വാസസ്ഥാനം പ്രാപിക്കുകയുംചെയ്യും.'

Digitized By Kerala Sahitya Akademi

ജലംധരൻ:—'സർവ്വജഗൽപൂജ്യനായ നിന്തിരുവടിയിങ്കൽ ഞാൻ മുമ്പേ അസ്ത്രമയയ്ക്കില്ല!'

ഇതുകേട്ട ഭഗവാൻ അംഭോധിപുത്രങ്കൽ അമ്പുകളെയ്തു; അവ അയാളുടെ ശരീരത്തിൽ, ലോഹപർവ്വതപ്രാന്തത്തിൽ തീപിടിച്ച മുളകളെന്നപോലെ കാണപ്പെട്ടു. ജലംധരൻ ശരങ്ങൾകൊണ്ടു ധൂർജ്ജടിയുടെ തിരുവുടൽ മൂടി; ആ ശരങ്ങളെക്കൊണ്ടു ശർവൻ, ഗഗനചാരികൾ നിറഞ്ഞ വിഹായസ്സെന്നപോലെ ശോഭിച്ചു. അവരുടെ ഭവന്മയും, അസ്ത്രംവിടാൻ ശിവൻ മാത്രം, സഹിപ്പാൻ ജലംധരൻ മാത്രം, എന്ന നിലയിൽ മുതിന്നു! അസുരേന്ദ്രൻ നിലത്തുനിന്നു പറിച്ചെടുത്ത സഹസ്രകോടി പർവ്വതങ്ങൾകൊണ്ടു പാർവതീശനെ മൂടി. രുദ്രൻ ശൂലംകൊണ്ടു ദൈത്യന്റെനെഞ്ഞത്തു ഒരു കുത്തു കുത്തി; അപ്പോൾ അവങ്കൽനിന്ന്, സിംഹത്തിന്റെ മുഖവും മനുഷ്യന്റെ ദേഹവും പൂണ്ട ഒരു വീരജ്വരം ഘോരമാംവണ്ണം കോട്ടുവായിട്ടു പുറത്തേയ്ക്കുചാടി. ആ സിംഹമുഖജ്വരത്തിന്റെ നേർക്കു ശങ്കരൻ ഒരു ഘോരഹുങ്കാരമിട്ടു; അതിൽനിന്നു പുറപ്പെട്ട ശരഭോ ജ്വരത്തെ നിലംപൊത്തിച്ചു.

കാളത്തലവനുള്ളപ്പോൾ ശിവനേ ജയിപ്പാൻ വയ്യെന്നുകണ്ടിട്ട്, മഹാബാഹുവായ ദാനവപ്രവരൻ കാളയ്ക്കരികിൽ ചെന്ന്, അതിനേ വാലിന്മേലായിപ്പിടിച്ചു വാനത്തു വട്ടംചുറ്റിച്ചു ഹിമവാങ്കലേയ്ക്കെറിഞ്ഞു. അപ്പോൾ ത്രിലോചനൻ അത്യുഗ്രമായ ത്രിശൂലം ചാട്ടി; അതു കൈക്കൊണ്ടു പിടിച്ച്, വാരിധിസുതൻ തേരിലേറി, കാലകേതാരമാകുന്ന കാർമ്മുകമെടുത്ത്, നിലത്തുനിൽക്കുന്ന നിടിലാക്ഷനിൽ നിറയെശ്ശരമെയ്തു. ശർവൻ ആ ശസ്ത്രാസ്ത്രമെല്ലാം മുറിച്ചു തള്ളി, ജലംധരന്റെ പത്തുയോജന പരന്ന രഥത്തേയും സൂതാശ്വങ്ങളേയും ബാണങ്ങൾകൊണ്ടു പൊടിപൊടിത്തി. തേരുടഞ്ഞ ദൈത്യേശ്വരൻ മഹേശ്വരന്റെ നേരെ മഴുവിയണഞ്ഞു. പിന്നീട്, കോപംമൂർക്കൊള്ളിക്കുന്ന ഘോരാത്ഭുതയുദ്ധം മുതിന്നു; അതുകണ്ടു ദേവകുലം അകാലപ്രളയം ശങ്കിച്ചു ഭയപ്പെട്ടുപോയി! ആ ഭീമവിക്രമന്മാരിരുവരും, കാൽകവച്ചുകളാൽ ഭൂമി കുലുക്കിക്കൊണ്ടും സിംഹനാദങ്ങളാൽ ഖാനം വിറപ്പിച്ചുകൊണ്ടും അസ്ത്രങ്ങളെല്ലാം പരസ്പരം പരിക്കേല്പിച്ചു. കടൽമകന്റെ കട്ടത്ത ബലം കണ്ടിട്ടു ശങ്കരൻ അയാളുടെ ശസ്ത്രനികരത്തെ ചിക്കെന്നു യോഗമായാബലംകൊണ്ടപഹരിച്ചു. ആയുധങ്ങളില്ലാതായപ്പോൾ, ഘോരദംഷ്ട്രാനേത്രനായ ദൈത്യേന്ദ്രൻ ഒരു കോടി കൈകളോടെ ഉയർന്നുപ്പാഞ്ഞേറി പരമേശ്വരനെ പരന്നകൈക്കുട്ടിലാക്കി ബന്ധിച്ചു; കാളകണ്ഠൻ ആ കരകാനനത്തെ പുള്ളി

Digitized By Kerala Sahitya Akademi

വാഹംകൊണ്ടു വെട്ടിനീക്കി, കല്പിയായി പോർചെയ്തു. കൈകൾ മുറിക്കപ്പെട്ടിട്ടും ദനുജേന്ദ്രൻ, രാഹു ശിരസ്സുകൊണ്ടെന്നപോലെ യുദ്ധംചെയ്തു.

നദീസുതന്റെ യുദ്ധം അന്തകാരിയേ സന്തോഷിപ്പിച്ചു; തന്തിരുവടി പ്രസാദിച്ച്, 'ഉർല്ലഭമായ വരം വാങ്ങിക്കൊൾക' എന്നരുളിച്ചെയ്തു. അപ്പോൾ ജലംധരൻ, 'എനിക്ക് ഇവിടുത്തേ വാസസ്ഥാനം കല്പിച്ചുതരിക. കൈകളും ആയുധങ്ങളുമില്ലെന്നുവെച്ച് എന്നേ തള്ളേണ്ടാ; എനിക്കു സിദ്ധി വേഗത്തിൽ തരണം. ഇല്ലെങ്കിൽ, ഞാൻ അങ്ങയേ സംഹരിക്കും' എന്നുചൊല്ലി, ഉജ്ജാനിതനായിച്ചമഞ്ഞു, ഹരന്റെ തിരുമാറിൽ മുഷ്ടികൊണ്ടിടിച്ചു അതിൽ ക്രുദ്ധനായ രുദ്രൻ പണ്ടു രാൻതന്നേ നിർമ്മിച്ച സുദർശനചക്രം വായിലൂടെ പുറത്താക്കി, തൃക്കയ്യിലെടുത്തു വട്ടംചുഴറി: ആ ചക്രം ചരാചരത്തെയെല്ലാം വിഴുങ്ങിക്കൊണ്ട് ആയിരംകോടി സൂര്യന്മാക്കൊപ്പം മിന്നിത്തിളങ്ങി; അതുകൊണ്ടു ഭഗവാൻ ജലംധരന്റെ തല കൊയ്തു. വളരെട്ടംഷ്ടകളെക്കൊണ്ടു കരാളമായ വക്ത്രത്തോടും ദ്യാവാപൃഥിവികൾപോലുള്ള നേത്രങ്ങളോടുംകൂടിയ ആ ശിരസ്സ് ആകാശത്തു നൂറുയോജന മേല്പോട്ടു തെറിച്ച്, വ്യാഘ്രത്തിന്നൊത്ത ഗതിവേഗത്തിൽ ബ്രഹ്മലോകത്തെത്തി; തിരിയേ സപ്തർഷിലോകത്തിൽ; ദിക്കുകൾ മറഞ്ഞു ആകാശത്തു ലയിച്ചു! തേജസ്സുകൾ മങ്ങി! ഭൂമി പേടിച്ചു വിറച്ചു! വളരെ ഘോരയൊഴുക്കിനൊടുങ്ങും ഘോരമാംവണ്ണം അലറിക്കൊണ്ടും വന്നുവീഴുന്ന ആ ശിരസ്സിനെ മുക്കണ്ണൻ ചിക്കെന്നു പാഞ്ഞെന്നുതു ചക്രംകൊണ്ടു പിളർത്തി; ഉടനേ ആ തല രണ്ടായി വേർപെട്ട ഭൂമിമാർഗ്ഗിയിൽ നിപതിച്ചു. പിന്നീട് ജലംധരശിരസ്സിന്റെ രണ്ടു പൊളിയും, ഭൂതങ്ങളെല്ലാം കാണ്കെ, ശിവകലണമെത്തു.

കടൽമകന്റെ കഴുത്തിൽനിന്നു നൂറുനൂറായിരം അസുരന്മാർ ഉണ്ടായിവന്നു; അവരും ഭർഗ്ഗന്റെ തൃക്കയ്യിൽത്തിളങ്ങിയ ചക്രത്തിന്നിരയായി. ദിതിജേന്ദ്രന്റെ കബന്ധം ചെഞ്ചോരയിലാറാടി നൃത്തംചവുട്ടി. അവന്റെ കഴുത്തിൽനിന്നു വീണ്ടും വീണ്ടും ദൈത്യന്മാർ പുറപ്പെട്ടു; വീണ്ടും വീണ്ടും അവരെ കണ്ണന്തിരിയ കൂപർട്ടി ചക്രംകൊണ്ടു കൊന്നൊടുക്കി. ഊഴിമുഴുവൻ ജലംധരന്റെ മേദസ്സിനാൽ മൂടപ്പെട്ടു; മഹാരാജാവേ, തന്മൂലമത്രേ ഭൂമിക്കു മേദിനി എന്ന പേർ. ആ ദാനവത്തലവന്റെ രക്തം എവിടെക്കുന്നുകൂടിയോ, അവിടെ—കൈലാസത്തിന്റെ വടക്കുഭാഗത്ത്—ശോണിതപുരം ഉണ്ടായിവന്നു. പോർനിലത്തെങ്ങും നിറഞ്ഞുകിടന്നിരുന്ന മാംസച്ചേറും കണ്ടിട്ടു മഹാദേ

Digitized By Kerala Sahitya Akademi

വൻ അറുപത്തിനാലു ഗണങ്ങളെ സ്മരിച്ചു അവർ തൽക്ഷണം സപാ
ർശ്വസന്നിധിയിൽ വന്നെത്തി, കൈകൂപ്പി നിന്ന്, 'തിരുമേനി, ഞ
ങ്ങൾ എന്തു ചെയ്യേണ്ടു' എന്നു ചോദിച്ചു.

ശിവൻ:—'ഇതാ, മൈത്രിമാംസം കന്നുകുടിക്കിടക്കുന്നു; ഇതൊ
ക്കെ വേഗത്തിൽ തിന്നുകൊൾവിൻ. ഞാൻ നിങ്ങൾക്കുവാളം തന്നി
രിക്കുന്നു.'

ഇതിൻവണ്ണം, ബ്രാഹ്മി, മഹേശ്വരി, കൌമാരി, വൈഷ്ണവി,
വാരാഹി, ഐന്ദ്രി, ചാമുണ്ഡ എന്നീ ദേവിമാരെല്ലാം, അവരുടെ ഗ
ണത്തോടൊന്നിച്ച് ആ മാംസപുഞ്ജങ്ങളെ ക്രൂരനേത്രത്താൽ വീക്ഷി
ച്ചു, ക്ഷണംനേരംകൊണ്ട് തീരെ കാണാതാക്കി! ജലന്ധരന്റെ ശരീ
രം ആ ശക്തികൾ ഭക്ഷിച്ചുതുടങ്ങിയപ്പോൾ, അതിൽനിന്നു സൂര്യ
തേജസ്സിനൊത്ത ഒരു തേജസ്സു പുറപ്പെട്ട്, ക്ഷണേന ശിവകലണ
ത്തെ ലയിച്ചു. ഇങ്ങനെ ജലന്ധരൻ ത്രിലോചനകരൽ വിലയമടഞ്ഞു.

പിന്നെ, മനംതെളിഞ്ഞ മഹേശ്വരൻ ആ യോഗിനിമാരോടെ
ല്ലാം, 'വരം ചോദിച്ചുകൊൾവിൻ' എന്നരുളിച്ചെയ്തു; അവർ ജഗദീ
ശ്വരനോടപേക്ഷിച്ചു:—'ഭൂലോകത്തു യാവ ചിലർ ഭക്തിക്കും മുക്തിക്കും
വേണ്ടി സപ്തമിയിൽ യോഗിനീഗണത്തെ പതിവായി പൂജിക്കുമോ,
അവർക്ക് നിന്തിരുവടിയുടെ പ്രസാദത്താൽ വാഞ്ഛിതമൊക്കെ സി
ദ്ധിക്കുമാറാകണം!'

ശിവൻ:—'ഭൂമിയിൽ ആർ നിങ്ങളുടെ ഗണത്തെ പതിവായി ഭ
ക്തിപൂർവ്വം പൂജിക്കുമോ, അവനു ഞാൻ വരംകൊടുക്കും. എന്റെ ഭക്ത
നായാലും വിഷ്ണുഭക്തനായാലും യോഗിനീഗണത്തെ ദ്വേഷിച്ചാൽ,
അവന്റെ സുകൃതം ഭൈരവനായ ഞാൻ അപഹരിക്കും.'

ഇങ്ങനെ സ്വാമി വരംനൽകിയതിനാൽ യോഗിനികൾ സന്തോ
ഷിച്ചു. ഗോവാൻ പിന്നെ പാർവ്വതിയേയും വൃഷഭത്തേയും സ്മരിച്ചു; ക്ഷ
ണനേരംകൊണ്ട് അവരിരുവരും വന്നെത്തി. സഖിമാരോടൊന്നിച്ചു
വന്നാങ്ങനെ മൂർദ്ധനി ഭ്രമരരൂപം വെടിഞ്ഞു ശിവന്റെ അർദ്ധഭാഗ
ത്തു വാണരുളി. പാർവ്വതിയോടു ചേർന്നു പരിതുഷ്ടനായ പരമേശ്വരൻ
യോഗിനിമാരോട്, ജലന്ധരകബന്ധത്തിലെ ചോര കുടിച്ചുകൊൾ
വാൻ അനുവാദിച്ചരുളിച്ചെയ്തു. അവർ മനംകളിഞ്ഞു രക്തവും മാംസമേദസ്സുക
ളും ചെലുത്തി സസന്തോഷം നൃത്തംചെയ്തു. അവരുടെ കളിയാട്ടംക
ണ്ടു ശിവൻ പ്രസാദിച്ചു; അവിടുന്നും ഭൈരവാകൃതി പൂണ്ടു അവരുടെ
ഇടയിൽച്ചെന്നു രക്തമാദികം ഭുജിച്ചു. കൃത്തമാംസങ്ങളോടും ചീറ്റും ശ
രീരത്തോടും കൂടിയ ആ യോഗിനിമാർ ഇന്നും ചോര കുടിക്കുകയും മാം

Digitized By Kerala Sahitya Akademi

സംഹിനുകയും ചെയ്യുപോരുന്നു; അതിനാലത്രേ, യുദ്ധത്തിൽ ഹതനായ ജലംധരാസുരൻ എഴുനേൽക്കാത്തത്.

അനന്തരം ബ്രഹ്മാദി ദേവകളും മരുത്തുക്കളും ഋഷിമാരും വന്നു ചേന്ന് മഹേശ്വരനെ സ്തുതിച്ചുതുടങ്ങി. ദിക്കുകൾ തെളിഞ്ഞു; കാറു തുമണംപൂണ്ടു വീശി; ആകാശത്തുനിന്നു പൂമഴ പൊഴിഞ്ഞു; ദേവന്മാർ ശിവനെ അഭിഷേചിച്ചു പൊരുന്ധരകൾ കൊട്ടി. പരിമളം കൊതിച്ചു മുരണ്ടുംകൊണ്ടു മീതേ വീഴുന്ന വണ്ടിണകളുടെ കനത്താൽ ചാഞ്ഞും, അമന്ദമായ മകരന്ദധാരയാൽ മന്നിടം കുതിർത്തും, ദേവകൾ പൊരിഞ്ഞ പുഷ്പവർഷം സദസ്സിൽ പൊഴിഞ്ഞു. നദീസുതനെ ശിവൻ നാരുചങ്ങലകൊണ്ടു നിഹനിച്ചുതിനാൽ തിട്ടവനം തെളിഞ്ഞു; അപ്സരസ്ത്രീകൾ പുഷ്പം പൊഴിച്ചു നൃത്തംവെച്ചു; യക്ഷകിന്നരാദികൾ പാട്ടുപാടി. ശത്രുജയത്താൽ സിദ്ധിച്ച കീർത്തിഭാരംകൊണ്ടു ശരീരശ്രീ വർദ്ധിച്ച ശങ്കരൻ സുരസിദ്ധചാരണരാൽ ഇടവിടാതെ സ്തുതിക്കപ്പെട്ടുകൊണ്ട്, സഖീസമാവൃതയായ ഗൌരിയോടൊരുമിച്ച് ആ പർവ്വതത്തിൽനിന്നു തന്റെ വെണ്മലയിലേയ്ക്കെഴുന്നള്ളി. ദേവിയെ ദേവാംഗനമാർ മുറയും പുഷ്പവർഷം ചെയ്യുപദേശിച്ചു. ഭയാമയനായ ദേവദേവൻ തിട്ടശരെ തത്തൽസ്ഥാനങ്ങളിൽ വാഴിച്ച്, അവക്കു വേറെയും തന്റെ സന്നിത്തു കല്പിച്ചുകൊടുത്തു: എന്താണിതിലേറെ പറയാനുള്ളതു്? ഈശ്വരൻ കനിഞ്ഞരുളിയാൽ ആ സ്വർഗ്ഗമെന്തു്! ഈ ഭൂമിയെന്തു്! സർവ്വം സ്വാധീനമായി വരും. ദേവന്മാർ സ്വരാജ്യം നേടി മുമ്പേത്തെപ്പോലെ പരിശോഭിച്ചു; ലോകപാലന്മാരായി യജ്ഞഭോഗങ്ങളും ഭുജിച്ചുംപോന്നു.

ഇങ്ങനെ, ജഗദേകവീരനായിരുന്ന ജലംധരന്റെ ചരിതം മുറയ്ക്കു ഞാൻ ഭവാനോടു പറഞ്ഞു. അവന്നടിപെട്ടതിനാൽ ശ്രീനാരായണൻ ഇന്നും പാലാഴി വിട്ടുനില്പു! നരേന്ദ്ര, സകലരും സ്വകർമ്മം അനുഭവിക്കുമെന്നതിൽ സംശയം വേണ്ട. അങ്ങയ്ക്കു ദുഃഖം നീങ്ങാനാണ് ഈ സൽക്കഥ ഞാൻ പറഞ്ഞതു്. ദേഹമുള്ളേടത്തോളം കാലം, ദേഹി കർമ്മത്തിനടിപെട്ട സുഖദുഃഖങ്ങൾ അനുഭവിക്കുന്നു; ജ്ഞാനമില്ലാതെ രക്ഷയില്ല. വിഷ്ണു മുതലായവർക്കുപോലും ദേഹബന്ധത്തിൽ സുഖദുഃഖാദികൾ വന്നുകൂടുന്നു; പിന്നെ, വൈരാഗ്യവിമുഖരായ മറ്റുള്ളവരുടെ അവസ്ഥ പറയാനുണ്ടോ! ഇപ്രകാരം എല്ലാവരിനെക്കാളും ഭവാനു തന്നെ അറിയാമല്ലോ! കർമ്മഗതി എന്നറിഞ്ഞു ഭവാൻ ധൈര്യം മുൻകൊള്ളുക; വീണ്ടും ശുഭകർമ്മാഗമനത്തെ കാത്തിരിക്കുക. സമയം വന്നാൽ അങ്ങു വൈരികളെ ജയിച്ച്, ഭവാന്റെ രാജ്യം വീണ്ടെടുക്കും!

Digitized By Kerala Sahitya Akademi

ഈ ഇതിഹാസം ശ്രവിച്ചാൽ ദുഃഖമൊന്നും നേരിടുകയില്ല. ധർമ്മാർത്ഥകാമമോക്ഷങ്ങളും വഴിപോലെ ഇതിൽ കീർത്തിക്കപ്പെട്ടിട്ടുണ്ട്. പാപശോകമോഹനാശനവും പുണ്യവും സമൃദ്ധിയുമാണിതിന്. ഇതു ശ്രവിച്ചാൽ ബ്രാഹ്മണൻ ജ്ഞാനവും ക്ഷത്രിയൻ രാജ്യവും നേടും; വൈശ്യന്നു വളരെസ്സമ്പത്തുണ്ടാവും; ശൂദ്രന്നു സുഖം ലഭിക്കും. രാജ്യഭ്രഷ്ടനായാലും, സന്മാർഗ്ഗത്തിൽത്തന്നെ നിരതനായിരിക്കുന്ന രാജാവ് ഇതു പതിവായി ശ്രവിച്ചാൽ വീണ്ടും രാജ്യംനേടും. രാജാവേ, ഇതു സത്യം തന്നെ. ഇതിൽപ്പരം വായിച്ചുകേട്ടാൽ, വേറെയൊന്നും കേൾക്കാൻ തോന്നില്ല: കരളമായ കോകിലാലാപം പോലും കാകരുതിപോലെ കഠോരം! സജ്ജനങ്ങൾക്കു ഹൃദ്യമായ ഈ പുണ്യോപാഖ്യാനം ശ്രവിച്ചതിന്നുശേഷം, വായിച്ചവനെ സ്വർണ്ണം-രത്നം-വസ്ത്രം-ഗോവ്-ഭൂമി മുതലായതു നൽകി സന്തോഷിപ്പിക്കണം: അദ്ദേഹം സന്തോഷിച്ചേ ഫലം കിട്ടൂ. വായിച്ച ഗുരുവിനെ പൂജിച്ചാൽ ദേവകളും പ്രസാദിക്കും. ബ്രാഹ്മണർക്ക് അന്നദാനം മുതലായതും ചെയ്യണം. ഇങ്ങനെ പുണ്യോപാഖ്യാനം ശ്രവിക്കുന്നവൻ എന്നെന്നും വിജയിയായി, പുത്രപൌത്രസമൃദ്ധിമാനായി, വിഷ്ണുലോകം പ്രാപിക്കും. ക്ഷിതീശ, ഈ കഥാവഴിയായി തുളസിയുടെ ഉല്പത്തി യാവ ചിലർ ശ്രവിക്കുമോ, ആ മനുഷ്യശ്രേഷ്ഠന്ന് ഒരേടത്തും പാപം പറ്റില്ല. പാപഹരവും പരിശുദ്ധവുമായ തുളസീമാഹാത്മ്യം ശ്രവിക്കുകയോ ചൊല്ലുകയോ ചെയ്താൽ തീർച്ചയായും മുക്തി സിദ്ധിക്കും. പാപം പോക്കുന്ന തുളസി സദാഗൃഹത്തിൽ നട്ടു വളർത്തണം; അതു ദർശിച്ചാൽ ബ്രഹ്മഹത്യപോലും നശിക്കും, സംശയമില്ല. കാർത്തികത്തിലും, മാഘത്തിലും, വൈശാഖത്തിലും തുളസികൊണ്ടു വിഷ്ണുവിനെ പൂജിക്കുക. വിശേഷിച്ചും പ്രശസ്തമത്രേ. തുളസിയെ ഒന്നു പ്രദക്ഷിണംവച്ചാൽ സർവ്വപാപവും നീങ്ങും. ഭൂലോകത്തു് അശുദ്ധരായിട്ടുള്ളവർ ദാനമനുഷ്ഠിച്ചുകൊണ്ടിരുന്നാൽത്തന്നെ കാലംകൊണ്ടേ വിശുദ്ധിയണയൂ; ഈ കലികാലത്തു സുദുർല്ലഭമായ വിഷ്ണുഭക്തി യാവ ചിലർക്കുണ്ടോ, അവരാകട്ടെ പാപമകന്ന ദേവകൾക്കും പൂജനീയരായിത്തീരും!'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, യുധിഷ്ഠിരനാരദ സംവാദം;
ജലംധരോപാഖ്യാനം, ജലംധരവധം പത്തൊൻപതാമധ്യായം.

(o)

Digitized By Kerala Sahitya Akademi

ഇരുപതാമദ്ധ്യായം.

യുധിഷ്ഠിരൻ:—'മഹർഷേ, മനോജ്ഞമായ ശ്രീശൈലമെന്ന പർവതം ഭൂലോകത്തിൽ ഏതു ദിക്കിൽ ഏവിടെയാണു സ്ഥിതിചെയ്യുന്നതു്? അവിടെ എന്തു തീർത്ഥമാണുള്ളതു്? ഏതു ദേവനാണു പൂജ? ഇതെല്ലാം പറഞ്ഞുതന്നാലും.'

നാരദൻ:—'രാജാവേ, പറയാം കേട്ടുകൊള്ളുക: ശ്രീശൈലമാമലയെ സ്മരിച്ചാൽ ബാലഹത്യാദി പാതകങ്ങളും വിട്ടൊഴിയും.

ക്രുവളം, വിളാവു്, നെന്മേനിവാകം, കൊന്ന, പാരിജാതം, കടമ്പു്, അത്തി തുടങ്ങിയ വൃക്ഷങ്ങളും ലതകളും സൌരഭ്യമേറിയ പലതരം പുഷ്പങ്ങളും ഇടതിങ്ങി, അരയന്നം–കുയിൽ–മയിൽ എന്നിവയുടെ കൂജനത്താൽ കലിക്കെട്ടു്, രമണീയമായിട്ടുള്ളതാകുന്ന ആ പർവതത്തിലെ കാനനം; അവിടെ മഹർഷിമാർ പത്നിമാരോടും ശിഷ്യരോടുംകൂടി നിവസിക്കുന്നുണ്ടു്: ചിലർ അഭ്യസിച്ചു പോരുന്നു; ചിലർ വിവരിച്ചുകൊടുക്കുന്നു; ചിലർ മൌനത്തിലായിരിക്കുന്നു; ചിലർ കൈയുയർത്തിയും ചിലർ കാൽപ്പെരുവിരൽത്തുമ്പിന്മേലും ചിലർ ഒറക്കാലിന്മേലും, ചിലർ പദ്മാസനത്തിലും സ്ഥിതിചെയ്യുന്നു; ചിലർ ശിവനേയും ചിലർ വിഷ്ണുവിനേയും ധ്യാനിക്കുന്നു; ചിലർ ഇലയും, ചിലർ കായ്കിഴങ്ങുകളും ഭുജിക്കുന്നവരാണു്, ചിലർ ആഹാരമേ ഇല്ലാതെ അതിഘോരമായ തപസ്സനുഷ്ഠിക്കുന്നു! വളരെ സിദ്ധാശ്രമങ്ങളും പുണ്യനദികളും ദേവക്ഷേത്രങ്ങളും തടാകങ്ങളും അവിടെയുണ്ടു്. ആ പർവതത്തിന്റെ രമ്യശോഭനമായ കൊടുമുടിമേൽ മല്ലികാർജ്ജുനൻ എന്നെന്നും വാണരുളുന്നു; ആ ശൃംഗം ദർശിച്ചാൽ മതി, തീർച്ചയായും മുക്തികിട്ടും! ഞാക്കേട്ടിക്കിലാണു് ശ്രീശൈലം സ്ഥിതിചെയ്യുന്നതു്; അവിടെയുള്ള അതിമനോജ്ഞമായ ഗംഗയ്ക്കു പാതാള എന്നു പേർ പറയുന്നു; അതിൽ സ്നാനംമാത്രം ചെയ്താൽത്തന്നെ മാപാപമെല്ലാം വിട്ടൊഴിയും. ശ്രീശൈലശൃംഗം ദർശിക്കുക, വാരാണസിയിൽവച്ചു മരിക്കുക, കേദാരത്തിലെ ജലം കുടിക്കുക എന്നിവ ചെയ്താലുണ്ടാകുന്ന പുനർജ്ജന്മമില്ല! തപസ്വികൾക്കും യോഗികൾക്കും കരുതാവുന്ന മഹത്തായ സ്ഥാനമാണു് ശ്രീശൈലം; അതിനാൽ, എങ്ങിനെ ചൊല്ലിപ്പുകഴ്ത്തിയാലും അതു ദർശിക്കണം. ആ വിജ്ഞാനദേവൻ മാപാപങ്ങൾക്കുമതി വരുത്തും. സിന്ധുപുരമെന്ന രമണീയമായ നഗരവും സപ്തസുഖത്തെ നൽകുന്നതാകുന്നു; അവിടെ അപ്സരസ്ത്രീകൾ

Digitized By Kerala Sahitya Akademi

എന്നെന്നും ആടിപ്പാടി രമിച്ചുപോരുന്നു. അതിനാൽ, ദർശനത്തിൽ സുഖംനൽകുന്ന ആ പവ്തേന്ദ്രനെ മുകളി തേടുന്നവർ ദർശിക്കുകതന്നേ വേണം.'

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, യുധിഷ്ഠിരനാരദസംവാദം, ശ്രീശൈലമാഹാത്മ്യകഥനം ഇരുപതാമധ്യായം.

ഇരുപത്തൊന്നാമധ്യായം.

* ശിവൻ:—ദേവർഷിസത്തമ, മഹാപുണ്യമായ ഹരിദ്വാരം ശ്രവിച്ചുകൊള്ളുക: അവിടെ ഗംഗതന്നെയാണ് ഉത്തമതീർത്ഥം. അവിടെ ദേവകളും ഋഷികളും മനുക്കളും നിവസിക്കുന്നുണ്ട്. സാക്ഷാൽ കേശവൻതിരുവടി അവിടെ സദാ സന്നിധിചെയ്യുന്നു. പണ്ട് ആദ്യമായി ഗംഗ അവിടെ വന്ന മുകുന്ദസ്പർശപുണ്യത്താൽ വിഷ്ണുപാദോദകി എന്ന പേർ പൂണ്ടതോട് ക്രൂടിയാണ് ആ തീർത്ഥമുണ്ടായതു്. അതു ദർശിച്ചാൽത്തന്നെ ആപത്തെല്ലാമകലും. മഹാത്മാവായ ഭഗീരഥൻ ആ വഴിക്കാണു ഗംഗയെ കൊണ്ടുപോയി പൂർവികർക്ക് ഉൽഗതി വരുത്തിയതു്.'

നാരദൻ:—'ദേവ, ഇപ്പറഞ്ഞ മഹാതപസ്സായ ഭഗീരഥൻ ആരാണു്? ലോകഹിതത്തിന്നായി, സർവപാപനാശനവും പുണ്യവുമായ ഗംഗാമഹാതീർത്ഥത്തെ അദ്ദേഹം എങ്ങിനെ, എന്തിനു കൊണ്ടുപോന്നു എന്നുകൂടി അരുളിച്ചെയ്താലും. §

ശിവൻ:—ഗംഗയെ അതിശോഭനമായ ഗംഗാദ്വാരത്തിലേയ്ക്കു കൊണ്ടുപോന്നതും മറ്റും ഒട്ടൊഴിയാതെ ഞാൻ മുമ്പു പറയാം:

പണ്ട്, മുന്നു ലോകത്തിലും വച്ചു സത്യരക്ഷകനായ ഹരിശ്ചന്ദ്രൻ എന്നൊരാളുണ്ടായിരുന്നു; അയാൾക്കു രോഹിതൻ എന്ന വിഷ്ണുഭക്തനായ ഒരു പുത്രനുണ്ടായി; രോഹിതനു സന്മാർഗ്ഗനിരതനും ധർമ്മിഷ്ഠനുമായ വൃകനെന്ന മകൻ പിറന്നു; വൃകനു സുബാഹു എന്നൊരു പുത്രൻ ജനിച്ചു; സുബാഹുവിന്റെ സുതൻ ഗരനെന്നവൻ അത്ര ധർമ്മശീലനല്ലായിരുന്നു. അയാൾ ഒരിക്കൽ കാലയോഗത്താൽ ആപത്തിലകപ്പെട്ടു: അധർമ്മംമൂലം അയാളുടെ രാജ്യം ശത്രു

* ആദ്യമധ്യായത്തിൽ നിന്നു തുടർച്ച. §പൂർവോക്തമാകയാൽ ഒന്നരശ്ലോകം വിട്ടു.

Digitized By Kerala Sahitya Akademi

രാജാക്കന്മാരാൽ ആക്രമിക്കപ്പെട്ട. അയാൾ കുടുംബത്തേയും കൊണ്ടു ഭാർഗ്ഗവാശ്രമത്തിലേയ്ക്കു പോന്നു; ഭാർഗ്ഗവൻ ദയയാൽ അയാളെ അവിടെ സംരക്ഷിച്ചു. അയാൾക്കവിടെ സഗരനെന്ന ഒരുണ്ണി പിറന്നു. ഉണ്ണി പുണ്യാശ്രമത്തിൽ ഭാർഗ്ഗവന്റെ രക്ഷയിൽ വളർന്നവന്നു. ഭാർഗ്ഗവൻ ആ ക്ഷത്രിയബാലനെ, ഉപനയനവും മറ്റും കഴിച്ചു് വേദങ്ങളും ആയുധവിദ്യയും പഠിപ്പിച്ചു. ഒടുവിൽ ആഗ്നേയാസ്ത്രവും ഉപദേശിച്ചു. പിന്നീടു സഗരനുപൻ താലജംഘരിഹൈഹയരേയും ശകപാരദാദികളേയും ഹനിച്ചു്, തന്റെ രാജ്യം വീണ്ടെടുത്തു.

നാരദൻ:—ഭഗവൻ, സഗരന്റെ പ്രഭാവം വിസ്തരിച്ചു പറയുക; സൂര്യവംശത്തിലെ മഹാരാജാവാണല്ലോ ആ ബലവാൻ.

ശിവൻ:—*വ്യസനിയായിരുന്ന ഗരന്റെ രാജ്യം താലജംഘാഭി ഹൈഹയന്മാർതന്നെ കൈയേറിയതു്. അവർക്കുവേണ്ടി, ശകർ, യവനർ, പാരദർ, കാംബോജർ, പഹ്ലവർ എന്നീ അഞ്ചു വർഗ്ഗക്കാർ ഗരനോടു പടയ്ക്കുവന്നു. സംഗരത്തിൽ രാജ്യം അപഹരിക്കപ്പെട്ട ഗരൻ കാട്ടിലേയ്ക്കു പോന്നു; പത്നിയും ക്രൂടെയുണ്ടായിരുന്നു. അയാൾ ദുഃഖത്താൽ മൃതിയടഞ്ഞു. സുശീലയും സദ്വ്രതയുമായ പത്നിക്ക് അന്നു് ഗർഭമുണ്ടായിരുന്നു; അവൾ മുമ്പു ഭാർഗ്ഗവനോടു പുത്രലബ്ധിക്കു വരം വാങ്ങിയിരുന്നു. എങ്കിലും അവൾ ഭർത്താവിന്റെ പട്ടടയിൽ ചാടാൻ തീർച്ചപ്പെടുത്തി. ഔർവൻ അവളെ വിലക്കി, അവളുടെ മകൻ ധർമ്മിഷ്ഠനും സാത്വികനുമായിരിക്കണമെന്നറിയിച്ചു. മകന്റെ ഗുണം കേൾക്കുകയാൽ ഗർഭവതി മരണത്തിൽനിന്നു നിരമിച്ചു. രണ്ടു മാസത്തിനുശേഷം അവൾ ഒരുണ്ണിയെ പ്രസവിച്ചു; ഔർവൻ ജാതകർമ്മാദികർമം നടത്തി. ബാലൻ ഔർവാശ്രമത്തിൽ വളർന്നുവന്നു. മഹർഷി അവനെ ഉപനയിപ്പിക്കുകയും മറ്റും ചെയ്തു വേദശാസ്ത്രാദികളൊക്കെ പഠിപ്പിച്ചു; ദേവകൾക്കും സഹിക്കാവതല്ലാത്ത ആഗ്നേയ മഹാസ്ത്രവും ഉപദേശിച്ചുകൊടുത്തു. ആ അസ്ത്രത്തിന്റെയും തന്റെയും ബലംകൊണ്ടു സഗരൻ ഹൈഹയരെ പോരിൽ സംഹരിച്ചു്, രാജ്യം വീണ്ടെടുത്തു്, പാരിലെങ്ങും പുകൾപ്പെട്ടു.

ശകയവനപാരദകാംബോജപഹ്ലവന്മാരാകട്ടേ, സഗരൻ കൊല്ലാൻ തുടങ്ങിയപ്പോൾ വസിഷ്ഠനെ ശരണംപ്രാപിച്ചു; തേജസ്സേറിയ വസിഷ്ഠൻ സമയം (കരാർ) ചെയ്തു്, അവർക്കഭയം നൽകി, സഗരനെ വിലക്കി. സഗരൻ സപ്രതിജ്ഞം നിറവേറാൻ ഗുരു ചൊന്നതിൻ

* ഭഗവാൻ വ്യാസമഹർഷി സപ്തമൻ സനത്കുമാരനോടു ചോദിച്ചവൻ.

Digitized By Kerala Sahitya Akademi

വണ്ണം അവരെ ധർമ്മംകൊണ്ടു ഹനിച്ചു—വൈകൃതം വരുത്തിവിട്ടു: ശകരുടെ പകുതിത്തലയും യവനകാംബോജരുടെ മുഴുവൻ തലയും മൊട്ടയാക്കി; പാരദരെ തലമുടി വെട്ടി നിറുത്തുന്നവരും പഹ്ലവരെ താടി വളർത്തുന്നവരുമാക്കിത്തീർത്തു. ഇങ്ങനെ അവരെയെല്ലാം ജയിച്ചു സഗരൻ ധർമ്മം പുലർത്തിച്ചു.

എല്ലാ ധർമ്മത്തിലും മേന്മപൂണ്ട ആ രാജാവു ഭൂമിയെല്ലാം കീഴടക്കി, അശ്വമേധയാഗത്തിനായി കുതിരയെ വിട്ടു. ആ കുതിരയെ തെക്കുകിഴക്കേസമുദ്രത്തിന്റെ തീരത്തുവെച്ചു് ആരോ അപഹരിച്ചു ഭൂഗർഭത്തിലേയ്ക്കു കൊണ്ടുപോയ്ക്കളഞ്ഞു. സഗരൻ ആ പ്രദേശമെല്ലാം പുത്രന്മാരെക്കൊണ്ടു കുഴിപ്പിച്ചു; അവർ കുതിരയെ കണ്ടെത്തിയില്ല. എന്നാൽ കുഴിച്ചുകൊണ്ടു കീഴ്പോട്ടു ചെന്നപ്പോൾ, അവിടെ ഒരു മഹാപുരുഷനെ കണ്ടെത്തി; ഉടനെ, 'ഇതാ, കള്ളൻ' എന്നു പറഞ്ഞു് അവർ പറഞ്ഞടുത്തു ആ ആദ്യം ജഗത്പ്രഭവായ കപിലനായിരുന്നു: സമാധിയിൽനിന്നുണർന്ന അദ്ദേഹത്തിന്റെ കണ്ണിൽനിന്നു് ഒരു ചെന്തീ പുറപ്പെട്ടു; അതിൽ ആ അറുപതിനായിരം സഗരപുത്രന്മാർ വെന്തു വെണ്ണീറടിഞ്ഞു! കൃഡ്വീകേതു, സുകേതു, ധർമ്മരഥൻ, ശൂരൻ, പഞ്ചജനൻ എന്നീ നാലുപേർ മാത്രം വംശം നിലനിർത്താൻ ശേഷിച്ചു. സഗരന്നു വിഷ്ണുഭഗവാൻ താൻതന്നെ വംശം, മോക്ഷം, സൽക്കീർത്തി, സമുദ്രമുണ്ടാകുന്ന പുത്രൻ, അശ്വം എന്നീ അഞ്ചു വരം നൽകി. സഗരൻ കുഴിപ്പിച്ചതിനാലത്രേ സമുദ്രം സാഗരമായതു്. അശ്വമേധാശ്വം സഗരന്നു സമുദ്രത്തിൽനിന്നു കണ്ടുകിട്ടി. ആ കീർത്തിമാൻ നൂറു ശ്വമേധം കഴിക്കയുണ്ടായി.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദമഹേശ്വരസംവാദം,
ഹരിവാരമാഹാത്മ്യപ്രകരണം, സഗരോപാഖ്യാനം ഇരുപത്തൊന്നാമധ്യായം.

ഇരുപത്തിരണ്ടാമധ്യായം

നാരദൻ:—'ഭഗവാനേ, സഗരനെങ്ങിനെയാണു് മഹാബലവിക്രമരായ അറുപതിനായിരം പുത്രന്മാരുണ്ടായതു്?'

ശിവൻ:—'സഗരന്നു രണ്ടു പത്നിമാരുണ്ടായിരുന്നു. താപസ്സിനാൽ കിൽബിഷം മാഞ്ഞുപോയ അവർ ഔർവ്വമഹർഷിയെ പ്രസാ

Digitized By Kerala Sahitya Akademi

ദിപ്പിച്ചു വരംവാങ്ങി. ഒരുവൻ ബലവാന്മാരായ അറുപതിനായിരം പുത്രന്മാരേയും, മറ്റവൻ വംശം നിലനിർത്തുന്ന ഒരു പുത്രനേയുമാണ് വരിച്ചത്. ഒന്നാമത്തവൻ ഒരേയടിയിൽ വളരെ ദുഷ്പുത്രന്മാരെ പ്രസവിച്ചു; ആ കുമാരരെല്ലാവരേയും ധാത്രിമാർ നൈരുങ്ങളിലിട്ടു വളർത്തി. കപിലാഗ്നിയിൽ ദഹിപ്പാനുള്ള യോഗത്താൽ അവർ വളർന്നു വന്നു! മറ്റവളുടെ ഏകപുത്രൻ, പഞ്ചജനൻ, മറ്റുള്ള രാജാവായി വാണു. പഞ്ചജനന് അംശുമാനെന്ന ഒരു വീരപുത്രനുണ്ടായി; അംശുമാന്നു ദിലീപനെന്ന നന്ദനൻ ജനിച്ചു; ദിലീപന്റെ മകനാണ്, നദീശ്രേഷ്ഠയായ ഗംഗയെ കൊണ്ടുപോന്ന സുവ്രതനായ ഭഗീരഥൻ. അയാൾ ഗംഗയെ പുത്രിയാക്കി, *സമുദ്രത്തിലണച്ചു.'

നാരദൻ:—'ദയാനിധേ, എങ്ങിനെയാണ് അദ്ദേഹം ഗംഗയെ ആനയിച്ചത്? എന്തു തപസ്സാണു ചെയ്തത്? അതെല്ലാം പറഞ്ഞുതരിക: സർവ്വജ്ഞനാണല്ലോ ഇവിടുന്ന്.'

ശിവൻ:—'അയാൾ പൂർവികരുടെ നന്മ വരുത്താൻ, ഹിമവൽഗിരിയിൽ ചെന്നു പതിനായിരം കൊല്ലം തപസ്സു ചെയ്തു. അതിൽ പ്രസാദിച്ച്, നിരഞ്ജനനായ ആദിദേവൻ ഗംഗയെ അയാൾക്കു കൊടുത്തു. ഗംഗ ആകാശത്തുനിന്ന്, വിശേശശരദേവൻ സദാ നിവസിക്കുന്നേടത്തേയ്ക്കു പുറപ്പെട്ടു. ഗംഗയുടെ ആഗമനം കണ്ടു ഞാൻ അവളെ ഗ്രഹിച്ചു പതിനായിരം കൊല്ലം ജടാമുടിയിൽ പാർപ്പിച്ചു. എന്റെ പ്രഭാവത്താൽ ഗംഗ പുറത്തേയ്ക്കു പുറപ്പെടാഞ്ഞതിനാൽ, ഭഗീരഥൻ, 'എന്റെ മാതാവ് എവിടെപ്പോയി?' എന്നു ചിന്തിക്കുകയായി. ഒടുവിൽ 'ശിവനാൽ ഗ്രഹിക്കപ്പെട്ടിരിക്കാ'മെന്നറിഞ്ഞ് ആ വീര്യവാൻ കൈലാസമണഞ്ഞു കഠിന തപസ്സനുഷ്ഠിച്ചു. അയാളാൽ ആരാധിതനായ ഞാൻ ജടയുടെ ഒരിഴയഴിച്ചു ത്രിപഥഗാനദിയെ അയാൾക്കു വിട്ടുകൊടുത്തു. അയാൾ ഗംഗയെയുംകൊണ്ട്, പൂർവികർ കിടക്കുന്ന പാതാളത്തിലേയ്ക്കു പോയി.

അളകനന്ദ എന്നാണ് ആദ്യം (കൈലാസപ്രാന്തത്തിൽ) ഗംഗയ്ക്കു പേര്; ഹരിദ്വാരത്തിൽ ചെന്നപ്പോൾ വിഷ്ണുപാദോദകി എന്ന പേർ വന്നു. അതു ദേവകർമ്മങ്ങൾക്കും ഉൽപ്പത്തിമാഹാത്മ്യമായ മഹാതീർത്ഥമാകുന്നു. അതിൽ സ്നാനംചെയ്തു ഹരിയെ ദർശിച്ചു പ്രദക്ഷിണം വെച്ചവർ ദുഃഖത്തിൽപ്പെടുകയില്ല. അവിടെ ഹരിയെ ദർശിച്ചാൽ, ബ്രഹ്മഹ

* സഗരപുത്രന്മാർ കഴിച്ചു വിശാലമായ കുഴിയിൽ.

Digitized By Kerala Sahitya Akademi

ത്യാദ്യനേക പാപസഞ്ചയംപോലും നിശ്ശേഷം അറതിപ്പെട്ടും. ഒരിക്കൽ, വിഷ്ണുക്ഷേത്രമായ ഹരിദ്വാരത്തിൽ ഞാൻ പോവുകയുണ്ടായി; ആ തീർത്ഥത്തിന്റെ പ്രഭാവത്താൽ എന്റെ രൂപം വിഷ്ണുവിന്റേതുപോലായിത്തീർന്നു! ഹരിദ്വാരത്തിൽ ചെല്ലുന്ന ധന്യരായ പുരുഷന്മാരും സ്ത്രീകളും അനാമയരായി ചതുർഭുജരായിച്ചമയുന്നു; ഹരിദർശനമാത്രത്താൽ വൈകുണ്ഠവുമണയുന്നു! എന്നേറത്തിലും മീതെയായ തീർത്ഥമാകുന്നു, പരമശോഭനമായ ഹരിദ്വാരം. കലികാലത്തു മനുഷ്യർക്കു ധർമ്മാർത്ഥകാമമോക്ഷങ്ങളുകുന്ന നാലു പുരുഷാർത്ഥത്തെയും നൽകുന്ന ശ്രേഷ്ഠതീർത്ഥമാണത്: അവിടെ, നിർമ്മലയായി മഹാരമ്യയായ ഗംഗ എന്നെന്നും പ്രവഹിക്കുന്നുണ്ടല്ലോ.

ഈ പുണ്യവും ഉത്തമവുമായ ഹരിദ്വാരോപാഖ്യാനം ശ്രവിച്ചാൽത്തന്നെ മുൻപറഞ്ഞ ഫലം കിട്ടും. അശ്വമേധം കഴിക്കുക, ഓരായിരം ഗോക്കളെ ദാനംചെയ്യുക എന്നിവയാലുള്ള പുണ്യം ഹരിദർശനമാത്രത്താൽ സിദ്ധിക്കും. ഗോഹത്യ, ബ്രഹ്മഹത്യ, പിതൃഹത്യ മുതലായ അസംഖ്യ പാപങ്ങളേയുംപോലും ഹരിദർശനമാത്രത്താൽ നിശ്ശേഷം നശിക്കും.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദമഹേശ്വരസംവാദം,
ഹരിദ്വാരമാഹാത്മ്യപ്രകരണം, ഗംഗാവതരണം ഇരുപത്തിരണ്ടാമദ്ധ്യായം.

ഇരുപത്തിമൂന്നാമദ്ധ്യായം

ശിവൻ:—മുനിസത്തമ, ഗംഗയുടെ മാഹാത്മ്യവും പറയാം. * മാഘമാസത്തിൽ മുടങ്ങാതെ ഗംഗാസ്നാനംചെയ്യുവർക്കു മുന്നൂറു കല്പങ്ങളിൽ ദുഃഖം നേരിടുകയില്ല. ഗംഗയും യമുനയും സരസ്വതിയും കൂടിച്ചേരുന്നതെവിടെയോ, അവിടെ സ്നാനവും പാനവും ചെയ്യുവൻ തീർച്ചയായും മുക്തിനേടും.

ലക്ഷയോജനദൂരസ്ഥിതനായ് സ്മരിപ്പോനും
തൽക്ഷണം ഗരിതാഘശാന്തിയാരുളുന്നു,
ആരുടെനാമംചൊന്നാൽ ശുദ്ധിയായ് ജഗത്തിനാ
സ്വാരാജ്യനടിയിതാ, കാണായി ഭാഗ്യത്താൽ മേ!

* മുമ്പു കഴിഞ്ഞതുകയാൽ ഫല ശ്ലോകം വിട്ടു.

Digitized By Kerala Sahitya Akademi

സൽക്രിയയ്ക്കാദ്യൻ ശില്പിതീർത്ത ഗംഗയെക്കാണ്മാ-
നൽക്കണ്ണുപൂണ്ടിട്ടല്ലോ ഞാനിങ്ങുപോന്നതു ധൃഷ്ടയാ;
ഇന്നടിയിങ്കൽ സ്നാന,മുദകക്രിയ, സന്ധ്യാ-
വന്ദനം, മഹീദേവഭോജനം, ദേവാർച്ചനം,
ശ്രാദ്ധ,മീവകയെല്ലാം പൂർണ്ണമായ്ബ് ഭഗവാനു
ചേർത്തിടുംപ്രസാദത്തെയെന്നതിലെന്താശ്ചര്യം?
ദേവി, കൈക്കൊൾകെന്നർഘ്യം; പോക്കുകെൻ പാപം; ബ്രഹ്മ-
കേവലാനന്ദപ്രദേ, ജാഹ്നവീ, നമോസ്തുതേ!
ധർമ്മത്തിൻദ്രവം വിഷ്ണുപാദാബ്ജാമൃതം, സർവ-
കലുഷഹരം, ദുഃഖക്കടൽക്കു മരക്കലം,
ദേവദേവേയസ്തുതം, സ്വർഗ്ഗസോപാനം, ശ്രേഷ്ഠം
ദേവി, നിൻജലം; ഭക്ത്യാ തൊഴുന്നൻ ശ്രീമൽഗംഗേ!
പാതകാംബുധി മഗ്നതാരിണി, തരളോർമ്മി-
ശ്വേതാഭോദ്ധൃതധാന്തേ, പാവനി, ദേവാപഗേ,
ദുഷ്കൃതഭയാർത്തനായ് ശ്മരണം പ്രാപിച്ചേൻ ഞാ-
നിക്കൃപാർഹനെശ്ശുദ്ധിചെയ്തു കാത്തരുൾകമ്മേ!
'ചിത്തമേ, വിറയ്ക്കൊൾവതെന്തിനു ഭവാനേവം'?
'ശ്രുസ്തൻ ഞാൻ നരകം മാത്തേ' 'ന്തുകൊണ്ടാണീപ്പേടി?'
'പാതകി നരകത്തിൽ വീഴുമെന്നല്ലോ കേൾപ്പൂ!'
'ഭീതി തേ വേണ്ട; ചൊല്ലിത്തരുവനുപായം ഞാൻ
ദുരിതഗിരികളെത്തകർക്കും ഗയ പുക്കാൽ
നരകമെങ്ങു തവ? മറെന്തു, ധർമ്മം സാരം!'
സ്വസ്സുഖം നൽകും നിങ്കൽ നീരാടുവോരെക്കണ്ടാൽ
സ്വഃസ്ത്രീകൾ നാനാഭർത്തൃലാഭമോർത്താനന്ദിപ്പൂ:
നിശ്ചലശ്രദ്ധം നിന്നിൽ മുങ്ങിയാൽ പാപിഷ്ഠരും
നിർജ്ജരർ വിയൽഗംഗേ! പ്രമാണമിതിൽ വേദം.'

'കാണൽ, കൈതൊഴൽ, തൊടലെ,ട്ടുക്കലിതുകളാൽ
പ്രാണിക്കു മുക്തിതരും കാളിന്ദീജലമിതാ!
എന്നോളം നറുനീലമായ നിൻ ജലം സൃഷ്ടി-
നന്ദനേ, ദർശിപ്പീല, ശിരസ്സിലാടുന്നീല,
മനുഷ്യരന്നോളമേ തിരിയൂ, സംസാരത്തിൽ-
ക്കനത്ത ദാരിദ്ര്യാത്തി രോഗമൃത്യാദികളാൽ!'

'സൽബുദ്ധി നിനക്കേവം തോന്നുക ബുധേ: നിന-
ക്കെപ്പൊഴും സുമംഗള,ം ചിത്തമേ, മമ സഖേ:

Digitized By Kerala Sahitya Akademi

നേർവഴിക്കുതേ നിങ്ങളം വാടുന്നു പാടുകളേ:
ഹാ, വേണ്ടുന്നു കണ്ടു ലോചനങ്ങളേ, നിങ്ങളം:
പ്രാണവല്ലഭേ, വാണി, നിനക്കു സിദ്ധിക്കട്ടേ.
ക്ഷീണിയാതനുമയലക്ഷ്മിയും ചിരായുസ്സും:
നിങ്ങളാലെല്ലാരാലുമല്ലോ, ഞാനിഹ പുണ്യോ-
ത്തുംഗ നിസ്തുലതീർത്ഥമണഞ്ഞു നിരായാസം!
ഗംഗയും യമുനയും ബ്രഹ്മജ തടിനിയും
ഭംഗിയിൽ ചേരും സരസ്വതീതോഷ്ടശ, പ്രയാഗമേ,
എന്നെയാനന്ദഗ്രഹിച്ചുൾഗതി തരികെനി-
ക്കെൻകുളിരം പത്തും പോക്കുക നിൻതേജസ്സാൽ!
ബ്രഹ്മവിഷ്ണുശിവശക്ത്യാദ്യർ വിജ്ഞരിന്ന് വിജ്ഞന്മാരും
നിർമ്മലസലിലമാം യാതൊന്നിൻതടം തയോ
കർമ്മക്ഷയത്തിനായ് സ്സേവിപ്പൂ, പ്രയാഗമാ-
മമ്മഹാതീർത്ഥസ്തോമപ്പെരുമാൾ ജയിക്കുന്നു!
കളിന്ദതനയയോടിണങ്ങിപ്പുഞ്ചിരിത്തോട്ടെ
തെളിവോടൊഴുകുന്ന വിൺനദിയെവിടത്തിൽ
മർത്ത്യർ തൻ താപപാപം നീക്കുന്നു, പ്രയാഗമാ-
മത്തീർത്ഥനിക്കരുംബപ്പെരുമാൾ ജയിക്കുന്നു!
ശ്യാമളത്തണൽകൊണ്ടു കാഴ്ചയിൽത്തന്നേ ജന-
സ്തോമത്തിൻ ക്ലമം കെട്ടുത്തനഘഛണാദ്യമായ്
ശ്യാമമാം വടമെങ്ങു ശോഭിപ്പൂ, പ്രയാഗമാ-
മാ മഹാ സ്തുതീർത്ഥപ്പെരുമാൾ ജയിക്കുന്നു!
പുണ്ഡരീകാത്തതാര്യർ, തങ്ങളംതൻ തൊഴിൽ നിത്തി-
ട്ടുണ്ണുസൌഭാഗ്യക്കാമ്പാമേതിനെപ്പ് ഭജിക്കുന്നു,
യവനെങ്ങുപേക്ഷിപ്പൂ തൻദണ്ഡാ, പ്രയാഗമാം-
സുമഹാതീർത്ഥസ്തോമപ്പെരുമാൾ ജയിക്കുന്നു!
ദേവകം ദേവർഷിമാർ നാരദോദ്ദാമരും
ദ്യോവുമർത്യുൽകൃഷ്ടമാം ഭൂപതിത്വവും നേടാൻ
സേവിപ്പൂ ദിനംതോറുമേതിനെ, പ്രയാഗമാ-
മാ വരതീർത്ഥസ്തോമപ്പെരുമാൾ ജയിക്കുന്നു!
യാതൊന്നു നിജനാമപ്രതാപംകൊണ്ടു പാപ-
ജാതത്തെയൊട്ടഴിപ്പിക്കുമെന്നെങ്ങുമോതിക്കുംപൂപ്പൂ,
ദീപ്രമായ് മൂലോകത്തും തിരുന്നിതേതിൻ കീർത്തി,-
യാ പ്രയാഗമാം തീർത്ഥപ്പെരുമാൾ ജയിക്കുന്നു!

Digitized By Kerala Sahitya Akademi

യതൊന്നിന്നിരവശാ ചാരുചാമരമട്ടിൽ
ദ്യോതിപ്പൂ സിതാസിത വർണ്ണമാം നദീയുഗ്മം,
അത്യുന്നതമാം വടവൃക്ഷം തൊപ്പുകുടയെപ്പോലുള്ളൂ,-
മാ പ്രയാഗമാം തീർത്ഥപ്പെരുമാൾ ജയിക്കുന്നു!
വിൺനദീ വിരിഞ്ചാക്ക കന്യകാ ത്രിവേണിക-
ളൊന്നിച്ചു ചേർന്നിട്ടുള്ള യതൊന്നിൽ മുഴുകിയോർ
അപുണ്യയോഗന്മാരായ് ബ്രഹ്മസൽപദം പുക്കു,-
മാ പ്രയാഗമാം തീർത്ഥപ്പെരുമാൾ ജയിക്കുന്നു!
ചിലർക്കു, പോകാം, പോകാതെന്ന സൽക്കർമ്മനിഷ്ഠാ-
ലുലകിൽത്തലക്ഷജന്മങ്ങളും കഴിയുന്നു;
ചിലർക്കോ, പുറപ്പെട്ടിട്ടവിടെച്ചെന്നെത്താതേ
നടുമേറിയ കൊച്ചും വളരെക്കഴിയുന്നു;
വർണ്ണിപ്പാനാശക്യനാമൊരുവനല്ലാവാറ
പുണ്യങ്ങൾകൊണ്ടെങ്കിലെത്തിയെന്നുമില്ലെന്നും വരാം!
യദ്ദർശ്ശനാൽക്കോ കാണ്മൂ, സംഗതിവേണിയാ-
യുള്ള യാഗഫലപ്രദമാം പ്രയാഗത്തെ?
ദുഷ്കരം കലികാലത്തധ്വരം; സ്മൃത്യാദിയിൽ
സ്വർഗ്ഗപ്രദമെട്ടെണ്ണം നരക്കെന്നോതുന്നു ചിരാൽ
ബ്രഹ്മാദ്യർ നിർദ്ദേശിച്ചതിഷ്ടദം പ്രയാഗം താ-
നമ്മഹാതിഷ്ഠോമാശ്വമേധാദി ഫലാപ്തിക്കായ!
ഹന്ത, ഞാൻ രോഗത്താലോ പ്രമാദത്താലോമറോ
സന്ധ്യാവന്ദനവിധിയാചരിച്ചിട്ടില്ലെങ്കിൽ,
നന്മയിൽസ്സന്ധ്യോപാസ്തിയിങ്ങു ചെയ്തയാലെല്ലാ-
മജന്മത്തിലേയും സന്ധ്യ പൂർണ്ണയായ് വരികമേ!
അകലത്തെങ്ങാനും വാണേതിനെക്കീർത്തിപ്പോക്കിൽ-
മകുടധ്യാനിപ്പാക്കിൽമിപ്സിതപദം കിട്ടും,
ഭ്രഷ്ടിഭ്രഷ്യായ് ദ്വേവാർച്ചിതമായ് ത്രിവേണികാ-
തീർത്ഥമാ പ്രയാഗതിരേന്ദ്രനെ വണങ്ങുന്നേൻ!'

'ഏറ്റവൻതപം ചെയ്യേൻ, യജ്ഞമെന്തെല്ലാം ചെയ്യു-
ന്നെ,ന്തൊക്കെപ്പോയ്ച്ചങ്ങളേകിനോൻ ദാനാർഹനായ്,
ഏതൊരുത്തമതീർത്ഥം സേവിച്ചേൻ, സുരരെയു-
മന്തണരെയുമെന്നെയും ഞാൻ സംപൂജിച്ചേൻ:
വന്നുപോകിനേനല്ലോ, കല്യാണകരമാമ-
ച്ചുറ്റുശേഖരനാടെ രാജധാനിയിൽത്താൻ താൻ!

Digitized By Kerala Sahitya Akademi

സർവപാപഘ്നം, സംസാരബന്ധിക്ക മരക്കലം,
സർവാത്മനുള്ളതമയം ശർവപത്തനമിതാ;
പ്രാപിച്ചേൻ പല ജന്മങ്ങളിലെപ്പുണ്യൗഘത്താൽ;
ശോഭനമായെൻ വംശം, സഫലമായെൻ ജന്മം,
ശുദ്ധമായെന്നാത്മാവിങ്കൽ,നിക്ക സകലവും
സിദ്ധമായ്! മറെന്തു, ഞാൻ നേടിനേൻ സർവോൽക്കൃഷ്ടം !!
ജീവിച്ചിരുന്നാൽ പല നന്മയുമുണ്ടാവാമെ-
ന്നീവിധം കഥിപ്പതിലുണ്ടു വാസ്തവം നൂനം:
ക്ഷണഭംഗുരമാകുമീയൊരു ദേഹത്താലു-
മണത്തെനല്ലോ സാക്ഷാൽ ശ്രീവാരാണസിയിൽ ഞാൻ!
ദിവ്യഭൂവാകും വാരാണസിയിലെണ്ണാവല്ലാ
ഭവ്യമാം തീർത്ഥം ഗംഗയെന്നിവ നിലിനക്കും;
വ്യക്തവുമവ്യക്തവുമായുള്ളാപ്പുരാതന-
സിദ്ധവസ്തുവെയെപ്പോം കൈക്കൂപ്പി വണങ്ങുന്നോൻ!
നീതിയാലെന്താപ്പാപത്താലെന്തു, പല പുണ്യം
ചെയ്തിലെന്ത,റിവാലെന്ത,ന്തു വാനജ്ഞാനത്താൽ,
ആധിയാലെന്തു, ധനഭ്രാന്തിമേന്മയാലെന്തു,
മേദുരദാരിദ്ര്യത്താലെന്തുള്ള ജനങ്ങളെ,
തെളിഞ്ഞു വിലസുന്ന മണികർണ്ണികയിങ്കൽ-
ക്കളിച്ചു വിശേഷശൈവർശനം ചെയ്യാൽ പിന്നെ!
ചെറുതാരോഗ്യം സ്വാരസ്യശക്തിയുദ്ഭവമെന്നീ-
പ്പരിവാരത്തോടൊന്നു രാഗമാം തൂണയുമായ്
ഉൾപ്പുക്കേൻ ഗദാധരനഗരം മുക്തിപ്രദ-
മപ്രാപ്യം നിനവാലുമദൃശ്യം കിനാവാലും!
എന്നടെ മിടുക്കല്ലെൻ പൂർവ്വർ പുക്കതിൻ കെല്പ-
ല്ലെൻ ബന്ധുബലമല്ലെൻക്ലേശശക്തിയുമല്ലാ,
പുണ്യകാലത്തു ഗയാപ്രയാഗകാശികളിൽ-
പുക്കതിൻമൂലം സാക്ഷാൽ ശരദാപ്ലവാദം താൻ!
ദൂരത്തുവെച്ചായാലും ശ്രാദ്ധത്തിൽ സ്മരിക്കുവോ-
നാര,വനടെ പിതൃക്കൾക്ക മുക്തിദനായി
ഗയയിൽ സ്ഥിതിചെയ്യും സാക്ഷാൽ ശ്രീഗദാധര-
നയത്നം ഭക്ത്യാ സാകം നതികൾ ചെയ്യുന്നോൻ ഞാൻ!
താവകസ്തവമാവുകെന്റെ സംസാരം; തവ
നൈവേദ്യമാകെന്തുണ്ണ; ദാസ്യമാകെൻ സഞ്ചാരം;

Digitized By Kerala Sahitya Akademi

ഉപ്പുദേ ദണ്ഡാനതിയാവുകെൻ കീടപ്പു;-ങ്ങ-
യ്ക്കുപ്രീതി തോന്നേണം, ഞാൻ ചൊ:ുവതിലെല്ലാം സ്വാമിൻ!
ക്ഷുദ്രശാർദ്ദൂലവ്യാഘ്രസർപ്പരസ്കരർ ചുഴ-
ന്നൊത്തുമരംഞ്ഞിങ്ങും ദൂരദൂരർഗ്ഗമമാർഗ്ഗം
പിന്നിട്ടിങ്ങണഞ്ഞവരിടർപൂണ്ടെന്തർത്ഥമിക്ഷ,-
മനഹം ഗദാധരദേശാമെന്നല്ലാതെ?
സപാലോകം, ഗയാശ്രാദ്ധമിവയാൽ ദേവപ്രീതി
ചേലോടു ലഭിപ്പിക്കുമെങ്കിൽ ജഗദാത്മൻ,
നിസ്പൃഹൻ പോലിന്നുദാസീനനായതെന്തെന്നിൽ,
നിഷ്കൃപനായോ ഭവാൻ? കലിവൈഭവം താനോ?
നരനരകം കനമെത്രയുണ്ടെന്നു നോക്കുകയോ?
പെരികെസ്സഹിക്കേണം ഞാനെന്നു നിനയ്ക്കയോ?
തിരുവുള്ളക്കേടിനാൽ കഴിച്ചേനല്ലോ ശ്രാദ്ധം;
തിരിയേപ്പോകാൻ വിട നൽക മേ ഗദാധര!'

ഇങ്ങനെയൊരു ദേവതാസ്തോത്രം ഭൂലോകത്തു ദുർല്ലഭമാകുന്നു. നാരദ, ഇതു ജപിച്ചാൽ, ജനനം മുതൽ മരണംവരെയുള്ള പാപമെല്ലാം വിട്ടൊഴിയും; സദ്ഗതിയും ലഭിക്കും. ശ്രാദ്ധസമയത്തു് ഇതു പതിവായി ചൊല്ലിക്കൊള്ളണം, സ്നാനസമയത്തു ചൊല്ലുകയൊ കേൾക്കുകയൊ ജപിക്കുകയൊ ചെയ്താൽ സർവതീർത്ഥങ്ങളിലും സ്നാനം ചെയ്ത ഫലം കിട്ടും. ഗംഗാ യമുനാ പ്രയാഗ ഗയാ സ്തോത്രശ്രവണം കർമ്മദോഷങ്ങളെ ഉന്മൂലനംചെയ്യുന്നതത്രേ.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം; നാരദശിവസംവാദം,
ശാന്താദിസ്തോത്രകഥനം ഇരുപത്തിമൂന്നാമദ്ധ്യായം.

ഇരുപത്തിനാലാമദ്ധ്യായം

ശിവൻ:—'നാരദ, തുളസിയുടെ മാഹാത്മ്യവും പറയാം; ഇതുകേട്ടാൽത്തന്നെ, ജനനം മുതൽ മരണംവരെയുള്ള പാപമെല്ലാം വിട്ടൊഴിയും: ഇല, പൂവ്, കായ്, വേർ, പിച്ച, തോൽ, തടി—എന്നുവേണ്ട, തുളസിയുടെ മണ്ണു മുതലായതുപോലും—പാവനമായിട്ടുള്ളതാകുന്നു. യാവ ചിലരുടെ ശവം തുളസിവിറകുകൊണ്ടു ദഹിപ്പിക്കുന്നവോ, അവക്ക് ഒരുവിധത്തിലും വിഷ്ണുലോകത്തുനിന്നു പുനരാവൃത്തിയില്ല! അഗമ്യാഗമനാദി മാപാപങ്ങളും ചെയ്യുവൻ പോലും, അവന്റെ

Digitized By Kerala Sahitya Akademi

ശവം തുളസിവിറകുകൊണ്ടു ദഹിപ്പിക്കപ്പെട്ടാൽ പരിശുദ്ധരാകും. മരിച്ചവന്റെ സർവ്വാംഗവും തുളസിവിറകുകൊണ്ടു മൂടി തീ കൊളുത്തുന്നവൻക്കുടി പാപത്തിൽനിന്ന് നിർമ്മുക്തനാകും. മരണസമയത്തു മധുസൂനന്റെ പേർ ഉച്ചരിക്കുകയും സ്മരിക്കുകയും തുളസിവിറകുകൊണ്ടു ദഹിപ്പിക്കപ്പെടുകയും ചെയ്തവന്നു പുനരാവൃത്തിയില്ല. ദഹിപ്പിക്കുമ്പോൾ വിറകിനിടയിൽ ഒരു തുളസിക്കോലുയുണ്ടായിരുന്നാൽ അത്തന്നെ, ഒരുകോടി പാപം ചെയ്തവന്നും മുക്തി ലഭിക്കും. ഗംഗാജലം തളിച്ചാൽ മറവു വസ്തുക്കളെന്നപോലെ, തുളസിമരം ചേർന്നാൽ വിറകുകളും പരിശുദ്ധപ്പെടുന്നു. ആരുടെ പട്ട തുളസിമരമിട്ടു കത്തിക്കപ്പെടുന്നുവോ, അവന്ന് ഒരുകോടി കല്പങ്ങളിലെ പാപങ്ങളും ദഹിച്ചുപോകും. തുളസിവിറകുകൊണ്ടു ദഹിപ്പിക്കപ്പെടുന്നവനെ കണ്ടാൽ, യമകിങ്കരന്മാരല്ലാ, വിഷ്ണുദൂതന്മാർ വന്ന് അവനെ കൊണ്ടുപോകുന്നു. യാവനൊരുത്തനേ തുളസിവിറകുകൊണ്ടു ദഹിപ്പിക്കുന്നുവോ, അവൻ വിമാനത്തിലേറി ദേവകളുടെ പുഷ്പവർഷവും അപ്സരസ്സുകളുടെ നൃത്തവും ഗന്ധർവരുടെ ഗീതവും അനുഭവിക്കുന്നു; അവനെക്കണ്ടു ഹരിഹരന്മാർ സന്തോഷിക്കുന്നു. വിഷ്ണു അവനെ കൈയ്ക്കുപിടിച്ചു സ്വർഗ്ഗത്തിൽ കൊണ്ടുപോയി, പാപമെല്ലാം നീക്കി, സ്വർഗ്ഗവാസികളാക്കുന്നു, ജയശബ്ദപുരസ്സരമായ മഹോത്സവം നടത്തുന്നു. അഗ്നിശാലയിലാകട്ടെ, ശ്മശാനത്തിലാകട്ടെ, നൈരുതി തുളസിവിറകിൽ അഗ്നിയെ ജ്വലിപ്പിച്ചാൽ, മനുഷ്യർക്കു പാപം ദഹിച്ചുപോയ്ക്കൊള്ളും. തുളസിവിറകിൽ അഗ്നിയെ ജ്വലിപ്പിച്ചു ഹോമം ചെയ്താൽ, ഓരോ വറിന്നും, അല്ലെങ്കിൽ ഓരോ എണ്ണങ്ങിക്കും, അഗ്നിഷ്ടോമഫലം കിട്ടും. തുളസിമരംകൊണ്ടു വിഷ്ണുവിന്നു ധൂമം നൽകിയാൽ, നൂറു യാഗത്തിന്റേയും നൂറു പുരുഷ്ടാനത്തിന്റേയും പുണ്യഫലം സിദ്ധിക്കും. തുളസിവിറകുകൊണ്ടു വേവിച്ച നൈവേദ്യം നിവേദിച്ചാൽ, ആ അന്നം മാധവന്നു മഹാമേരുവോളമാവും. തുളസിത്തീകൊണ്ടു വിഷ്ണുവിന്ന് ഒരു വിളക്കുവച്ചവൻ, അനേകലക്ഷം വിളക്കിന്റെ പുണ്യഫലം നേടും; അവന്നൊത്ത ഒരു വൈഷ്ണവനെ ത്രിലോകത്തു കാണുകയില്ല! ദ്വിജോത്തമ, തുളസിമരച്ചന്ദനം (തുളസിമരം അരച്ചതു്) നൽകിയവൻ വിഷ്ണുവിന്റെ കൃപയുടെ പാത്രമായി വരും. കലികാലത്തു തുളസിമരച്ചന്ദനം ചക്രപാണിയെ ഭക്തിപൂർവ്വം ചാർത്തിച്ചവൻ എന്നെന്നും വിഷ്ണുസന്നിധിയിൽ വിഹരിക്കും. തുളസിയരച്ചു സ്വദേഹത്തിൽ പൂശി വിഷ്ണുവിനെ പൂജിച്ചവൻ ഒരു ദിവസംകൊണ്ടു നൂറു പൂജയുടേയും നൂറു പുരുഷ്ടാനത്തിന്റേയും ഫലം നേടും. വിഷ്ണുവിനു ചാർത്തിപ്പാൻ തുളസിച്ച

Digitized By Kerala Sahitya Akademi

ന്തനം ഗൃഹത്തിലിരിപ്പുള്ളേടത്തോളം കാലം, എട്ടിടങ്ങഴിയെള്ള് ദാനം ചെയ്യുമ്പോലത്തെ പുണ്യം മുകുന്ദപ്രസാദത്താൽ കൈവരും. പിതൃക്കൾക്കുള്ള പിണ്ഡത്തിന്മേൽ തുളസിയിലകളപ്പിച്ചാൽ, ഒരിലയ്ക്ക് ഒരു നൂറാണ്ടുവീതം കാലത്തേയ്ക്ക് അവർ തൃപ്തിയടയും; തുളസിക്കടയ്ക്കലേ മണ്ണ സർവ്വാംഗം തേച്ചുവന്ന്, ആ മണ്ണ ദേഹത്തിലുള്ളേടത്തോളം കാലം, തീർത്ഥസ്നാനമായി! തുളസിയുടെ പൂമ്പൂംകല (കതിർ) കൊണ്ടു പൂജിച്ചാൽ ആചന്ദ്രസൂര്യം പലതരം പൂക്കൾകൊണ്ടുള്ള പൂജയായി!.*.

ദേവർഷിശ്രേഷ്ഠ, മറെറാന്നുകൂടി പറഞ്ഞുതരാം; ഇതു് ആരോടും പറഞ്ഞിട്ടില്ലാത്തതാണ്. ഏകാഗ്രചിത്തനായി കേട്ടുകൊള്ളുക: ഏതേതു ഗൃഹത്തിലെങ്കിലും ഗ്രാമത്തിലെങ്കിലും വനത്തിലെങ്കിലും തുളസി നില്പുണ്ടോ, അവിടെയെല്ലാം, ജഗദീശനായ ജനാർദ്ദനൻ പ്രസന്നനായി സ്ഥിതിചെയ്യും. തുളസി നില്പുള്ള ഗൃഹത്തിൽ ദാരിദ്ര്യമില്ല; ബന്ധുവിയോഗമില്ല; ദുഃഖമില്ല; ഭയമില്ല; രോഗമില്ല! ഏവിടെയായാലും തുളസി പ്രശസ്തം തന്നെ; പുണ്യക്ഷേത്രത്തിലായാൽ വിശേഷിച്ചും. വിഷ്ണുസന്നിധിയിൽ. തുളസി നട്ടവർ എന്നെന്നും വൈകുണ്ഠത്തിൽ വസിക്കും. *... തുളസീഗന്ധം പൂണ്ട കാറ്റു തട്ടിയാൽ പത്തുദിക്കുകളും നാനാജാതി പ്രാണികളും പരിശുദ്ധരായി! തുളസിക്കടയ്ക്കലെ മണ്ണ് ഇരിപ്പുള്ള ഗൃഹത്തിൽ സദാ ഹരിഹരന്മാരുടേയും ദേവകളുടേയും സാന്നിദ്ധ്യമുണ്ടാവും. തുളസിത്തോപ്പിൻതണലിൽ വെച്ചു തർപ്പണം ചെയ്താൽ പിതൃക്കൾക്കു തലോം തൃപ്തി വരും. തുളസിയില വീഴുന്നേടത്തുവച്ചു പിണ്ഡവും മറവും നൽകിയാൽ, അതു പിതൃക്കൾക്ക് അക്ഷയമായിരിക്കും. വിശേഷിച്ചും ശിവക്ഷേത്രത്തിൽ തുളസി നട്ടാൽ, ഒരു വിത്തിന്ന് ഒരു യുഗം വീതം കാലം സ്വർഗ്ഗത്തിൽ വസിക്കാം. വാവ്, ശ്രാവണം, സംക്രമം എന്നിവയിൽ തുളസി നട്ടാലും തലോം പുണ്യമത്രെ. തുളസികൊണ്ടു നിത്യം പൂജിച്ചാൽ ദരിദ്രൻ പെരുമാളാകും; സർവ്വസിദ്ധികളും കൈവരും; വിഷ്ണുവിന്നൊത്ത യശസ്സുമുണ്ടാകും. §.....

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദം,
തുളസീദേവീമാഹാത്മ്യകഥനം ഇരുപത്തിനാലാമദ്ധ്യായം.

(o) ——

* പൂർവ്വാക്കരുടെ മാൽ വിട്ടു.

§ സപ്തമമഹാധ്യായം മുതുള്ളതിനാൽ വിട്ടു.

Digitized By Kerala Sahitya Akademi

ഇരുപത്തഞ്ചാമദ്ധ്യായം

ശിവൻ:—'പ്രയാഗതീർത്ഥത്തിന്റെ മാഹാത്മ്യവും പറയാം. *.....

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദം,
പ്രയാഗമാഹാത്മ്യവർണ്ണനം—ഇരുപത്തഞ്ചാമദ്ധ്യായം.

(൧)

ഇരുപത്താറാമദ്ധ്യായം

നാരദൻ:—'തുളസിയുടെ മാഹാത്മ്യം ശ്രവിപ്പാൻ ഇവിടത്തെ പ്രസാദത്താൽ എനിക്കിടവന്നു; ഇനി തിരാത്രതുളസീവ്രതം പറഞ്ഞു തരിക.'

ശിവൻ:—'ബുദ്ധിമാനായ പണ്ഡിത, ആ പുരാതനവ്രതം കേട്ടുകൊൾക; കേട്ടാൽത്തന്നെ തീർച്ചയായും പാപമുക്തി വരും: പണ്ടു രഥന്തരകല്പത്തിൽ പ്രജാപതിരാജാവിന്റെ ഭാര്യ, പരമസാധ്വിയായ ചന്ദ്രരൂപ, സർവ്വാഭീഷ്ടപ്രദമായ ഈ വ്രതം ആചരിക്കുകയുണ്ടായി; അവളുടെ തിരാത്ര തുളസീവ്രതം ശ്രദ്ധിച്ചവന്നു ധർമ്മാർത്ഥകാമമോക്ഷസിദ്ധിയാൽ ജീവിതം സഫലമാവും. കാർത്തികമാസത്തിലെ വെള്ളത്ത നവമിയിൽ തിരാത്രവ്രതം ആരംഭിച്ചു ജിതേന്ദ്രിയനായി നിയമത്തിലിരിക്കണം: തുളസിത്തൂപ്പിനടുക്കൽ നെയ് നിലത്തുവേണം പരിശുദ്ധനായി മനസ്സടക്കി കിടന്നുറങ്ങുക. ഉച്ചയ്ക്കു നദിയിലൊ മറ്റു, നിർമ്മലജലത്തിലൊ കുളിച്ചു പിതൃദേവതകളെ യഥാവിധി തൃപ്തിക്കണം. ത്രയസ്സിച്ചിക്കുന്നവൻ പിശുക്കു പിടിക്കാതെ സ്വർണ്ണംകൊണ്ടു വിഷ്ണുവിന്റേയും ലക്ഷ്മിയുടേയും പ്രതിമയുണ്ടാക്കിക്കണം; നവഗ്രഹശാന്തികർമ്മം നടത്തണം; മഞ്ഞനിറത്തിലും വെള്ളപ്പുനിറത്തിലും രണ്ടു ഇണവസ്ത്രവും വേണം; ചരു പചിച്ചു വൈഷ്ണവഹോമം നടത്തണം; ദ്വാദശീതിഥിയിൽ ദാമോദരനെ ശ്രദ്ധാന്തിയോടെ പൂജിക്കണം: പഞ്ചരത്നങ്ങളും പത്രങ്ങളും ഔഷധികളുമിട്ട ഒരു കേടൊന്നുമില്ലാത്ത ശുദ്ധകലശം തുളസിക്കടയ്ക്കൽ സ്ഥാപിച്ചു, അതിന്മേൽ ഒരു പാത്രത്തിൽ ലക്ഷ്മീനാരായണപ്രതിമകളും വെയ്ക്കുക; ഹോമാന്തരം

* പ്രയാഗമാഹാത്മ്യം ആദിഖണ്ഡം ൨൧-മദ്ധ്യായമുതൽ ൨൫-ാം മദ്ധ്യായംവരെയുണ്ട്. ഇവിടെ ൨൫ ശ്ലോകം വിട്ടു.

Digitized By Kerala Sahitya Akademi

ജപിച്ചു തുളസിത്തൊപ്പു വെറും പാൽകൊണ്ടും ജഗദീശനെ പഞ്ചാമൃതംകൊണ്ടും അഭിഷേചിക്കുക. പ്രാർത്ഥനാമന്ത്രം ഇതാണ്:—

'യോനന്തരൂപോഖിലവിശ്വരൂപോ ഗർഭോദകേ'ലോകവിധിം ബിഭർത്തി
പ്രസീദതാമേഷ സദേവദേവോ യോ മായയാ വിശ്വകൃദേവ രൂപീ!'

ആവാഹനമന്ത്രം:—

'ആഗച്ഛാച്യുത ദേവേശ തേജോരാശേ ജഗൽപതേ,
സതൈവ തിമിരധ്വംസിൻ രാഹിമാം ഭവസാഗരാൽ!'

അഭിഷേകമന്ത്രം:—

'പഞ്ചാമൃതേന സുസ്നാതസ്തഥാ ഗന്ധോദകേന ച
ഗംഗാദീനാം ച തോയേന സ്നാതോനന്തഃ പ്രസീദതു!'

വിലേപനമന്ത്രം:—

ശ്രീഖണ്ഡാഗരു കർപ്പൂര കുങ്കുമാദി വിലേപനം
ഭക്ത്യാ ദത്തം മയാഹ്യേയം ലക്ഷ്മ്യാ സഹ ഗൃഹാണ വൈ!'

വസ്ത്രമന്ത്രം:—

'നാരായണ നമസ്തേസ്തു നരകാർണ്ണവതാരണ!
ത്രൈലോക്യാധിപതേ, തുഭ്യം ദാമി വസനം ശുചി.'

ഉപവീതമന്ത്രം:—

'ദാമോദരാ, നമസ്തേസ്തു രാഹി മാം ഭവസാഗരാൽ,
ബ്രഹ്മസൂത്രം മയാ ദത്തം ഗൃഹാണ പുരുഷോത്തമ!'

പുഷ്പമന്ത്രം.—

'പുഷ്പാണി ച സുഗന്ധീനി മാലത്യാദീനിവൈപ്രഭോ
മയാ ദത്താനി ദേവേശ പ്രീതിതഃ പ്രതിഗൃഹ്യതാം!'

നൈവേദ്യമന്ത്രം:—

നൈവേദ്യം ഗൃഹ്യതാം നാഥ ഭക്ഷ്യഭോജ്യൈസ്സമന്വിതം
സർവ്വൈരുപസ്കരസംപന്നം ഗൃഹാണ പരമേശ്വര!'

താംബൂലമന്ത്രം:—

'പൂഗാനി നാഗവല്ലീനി കർപ്പൂരസഹിതാനി ച
മയാ ദത്താനി ദേവേശ താംബൂലം പ്രതിഗൃഹ്യതാം!'

അകിലും ഗുൽഗുലുവും നെയ്യിൽ നനച്ചു ധൂപിക്കുക. ഇങ്ങനെയാണു പൂജാവിധി. തുളസിത്തൊപ്പിൽ ലക്ഷ്മീനാരായണന്മാരുടെ മുമ്പിൽ, പതെ പകൽ പലതരം വിളക്കു വെയ്ക്കണം. ചക്രപാണിക്ക് അർഘ്യവും നൽകണം: നവമിയിൽ നാളികേരം കൊണ്ടാണ് അർഘ്യം

Digitized By Kerala Sahitya Akademi

വേണ്ടയ്; എന്നാൽ പുത്രനുണ്ടായി വരും. ദശമിയിൽ മാതളനാരങ്ങ കൊണ്ട്; എന്നാൽ ധർമ്മാർത്ഥകാമങ്ങളും കൈവരും. ഏകാദശിയിൽ താളിമാതളപ്പഴംകൊണ്ട്; എന്നാൽ ദാരിദ്ര്യം നീങ്ങും. മുളകൊണ്ടുള്ള പാത്രത്തിൽ സപ്തധാന്യങ്ങളോടും സപ്തഫലങ്ങളോടും വെറ്റിലയടയ്ക്കകളോടുംകൂടി വെച്ച്, വസ്ത്രംകൊണ്ടു മൂടിയിട്ടു വേണം തിരുമുമ്പിൽ അർഘ്യം സമർപ്പിക്കുക. അതിനുള്ള മന്ത്രവും അവഹിതനായി കേട്ടു കൊള്ളുക:—

'തുളസീസഹിതോ ദേവ സദാ ശംഖേന സംയുതം
ഗൃഹാണാർഘ്യം മയാ ദത്തം ദേവദേവ നമോസ്തുതേ!'

പൂജാനന്തരം വ്രതപൂർത്തിക്കായി ദേവദേവനോടു പ്രാർത്ഥിക്കണം:

'ഉപോഷിതോഹം ദേവേശ കാമക്രോധവിവർജ്ജിതഃ
വ്രതേനാനേന ദേവേശ തവമേവ ശരണം മമ!
ഗൃഹീതേസ്മിൻ വ്രതേ ദേവ യത്പൂർണ്ണം കൃതം മയാ
സർവ്വം തദസ്തു സംപൂർണ്ണം തവൽപ്രസാദാജ്ജനാർദ്ദന!
നമഃ കമലപത്രാക്ഷ! നമസ്തേ ജലശായിനേ!
ഇദം വ്രതം മയാ ചീർണ്ണം പ്രസാദാത്തവ കേശവ!
അജ്ഞാനതിമിരധ്വംസിൻ വ്രതേനാനേന കേശവ
പ്രസാദസുമുഖോ ഭൂത്വാ ജ്ഞാനദൃഷ്ടിപ്രദോ ഭവ!'

രാത്രിയിൽ വായന, ഗീതനൃത്തങ്ങൾ, സൽക്കഥാലാപങ്ങൾ എന്നിവകൊണ്ട് ഉറക്കമിളയ്ക്കണം. പിറേന്നു പ്രഭാതത്തിൽ ബ്രാഹ്മണരെ ക്ഷണിച്ചുവരുത്തി, ഭക്തിയോടെ പൈഷ്ണവശ്രാദ്ധം കഴിച്ച്, ഘൃതപായസങ്ങൾ കൊണ്ടു യഥേഷ്ടം ഊട്ടി ദക്ഷിണയും താംബൂലഗന്ധപുഷ്പാദിയും പൂണൂലുകളും വസ്ത്രങ്ങളും മാലയും ചന്ദനവും നൽകണം. മൂന്നു സഭാശ്രീരായ ബ്രാഹ്മണരെ വസ്ത്രാഭരണകുങ്കുമങ്ങളണിയിച്ചു ഭോജനം കഴിപ്പിക്കണം; മുളംപാത്രങ്ങളിൽ യഥാശക്തി വിശുദ്ധങ്ങളും (മുളച്ചു വിത്തുകം) നാളികേരങ്ങളും പകപാന്നങ്ങളും വസ്ത്രങ്ങളും പലതരം കായ്കളും നിറച്ചു ദാനംചെയ്യണം. ഗുരുവിനേയും പത്നിയേയും ദിവ്യങ്ങളായ വസ്ത്രാഭരണങ്ങളും ധരിപ്പിച്ചു ഗന്ധമാല്യങ്ങളണിയിക്കണം; ധാരാളം പാലുള്ള ഒരു പയ്യിനെ വസ്ത്രാഭരണങ്ങളണിയിച്ചു കറവുപാത്രം മുതലായ ഉപകരണങ്ങളോടും വസ്ത്രങ്ങളോടും ദക്ഷിണയോടുംകൂടി കൊടുക്കുകയും വേണം. ഈ വിധം ലക്ഷ്മീനാരായണവ്രതം അനുഷ്ഠിച്ചുവന്ന്, ദേവദേവപ്രസാദത്താൽ,

Digitized By Kerala Sahitya Akademi

സർവ്വതീർത്ഥങ്ങളിലും സ്നാനംചെയ്യുമ്പോഴത്തെ പുണ്യം മുഴുവൻ സിദ്ധിക്കും; അവൻ മനോരമങ്ങളായ കാമഭോഗങ്ങളെല്ലാം വേണ്ടുവോളം ഭുജിച്ച്, ഒടുവിൽ, വിഷ്ണുപ്രസാദത്താൽ വൈകുണ്ഠം പ്രാപിക്കുകയും ചെയ്യും.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദം,
തുളസീതീർത്ഥപ്രകടനം എന്ന ഇരുപത്തഞ്ചാമദ്ധ്യായം.

(൦)

ഇരുപത്തൊമ്പതാമദ്ധ്യായം

നാരദൻ:—'ഗുണമേറിയ ബ്രാഹ്മണർക്ക്, ദാനം ചെയ്യാനാഗ്രഹിക്കുന്നവൻ എന്തെന്തു വസ്തുവാണു ദാനം ചെയ്യേണ്ടതു്?'

ശിവൻ:—'ദേവർഷിസത്തമ, വാസ്തവം കേട്ടുകൊൾക: അന്നദാനമാണു മീതെ; അന്നത്തെ ആശ്രയിച്ചാണല്ലോ എല്ലാം നിലനില്ക്കുന്നതു്.*

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിക്ഷ്യസംവാദം,
അന്നദാനപ്രശംസ എന്ന ഇരുപത്തേഴാമദ്ധ്യായം.

ഇരുപത്തെട്ടാമദ്ധ്യായം

ശിവൻ:—'ജലദാനവും വലിയ ദാനമാണു്; അതിനാൽ വാപീകൂപ തടാകങ്ങളെ തീർപ്പിച്ചുകൊള്ളണം. ¶.....

നാരദൻ:—'വീണ്ടും തപസ്സുകളുടെ ഫലം വിശേഷാൽ പറഞ്ഞുതന്നാലും; ബ്രാഹ്മണാദിവർണ്ണങ്ങൾക്കെല്ലാം തപസ്സാണല്ലോ ബലം.'

ശിവൻ:—'സർവകാമങ്ങളേയും സാധിപ്പിക്കുന്ന തപോധ്യായം ഞാൻ പറയാം. ബ്രാഹ്മണർക്കും ആചരിക്കാൻ പ്രയാസമേറിയതാകു

* അന്നദാനപ്രശംസ മുമ്പു കഴിഞ്ഞതാകയാൽ ഈ ശ്ലോകം വിട്ടു.

¶ വാപീകൂപതടാകനിർമ്മാണമാഹാത്മ്യം, വൃക്ഷരോപണമാഹാത്മ്യം, സത്യമാഹാത്മ്യം എന്നിവയാണ് ഇവിടെ വിട്ടത്. ഇവ മൂൻഭാഗങ്ങളിലുണ്ട്. ഈ ശ്ലോകം ഇവിടെ വിട്ടിരിക്കുന്നു.

Digitized By Kerala Sahitya Akademi

ന്ന തപസ്സ്. തപസ്സ് അത്യുൽകൃഷ്ടമാകുന്നു; അതു മഹാഫലത്തെ പ്രദാനംചെയ്യും. തപസ്സു ചെയ്യുവർ എന്നെന്നും ദേവകളോടൊപ്പം വിളയാടുന്നു. തപസ്സു മുക്തികരമാകുന്നു. ജ്ഞാനവും വിജ്ഞാനവും ശുചിത്വവും സൌഭാഗ്യവും—ഇച്ഛിക്കുന്നതെല്ലാം—തപസ്സുകൊണ്ടു കൈവരും. തപസ്സുചെയ്യാത്തവർ ഒരിക്കലും ബ്രഹ്മലോകം പ്രാപിക്കുകയില്ല. മനുഷ്യൻ എന്തുദ്ദേശിച്ചു തപം ചെയ്യുന്നുവോ, അതൊക്കെയും ഇഹത്തിലും പരത്തിലും നിറവേറും. മത്സ്യഘൻ, പരസ്ത്രീലമ്പടൻ, ബ്രഹ്മഘ്നൻ, ഗുരുതല്പഗൻ എന്നിവർക്കുപോലും തപസ്സുകൊണ്ടു മോചനം സിദ്ധിക്കും. സർവേശ്വരനായ ശിവൻ, സനാതനനായ വിഷ്ണു, ബ്രഹ്മാവു്, അഗ്നി, ഇന്ദ്രൻ മുതലായവരൊക്കെ തപസ്സുള്ളവരത്രേ. എൺപത്താറായിരം ഊർദ്ധ്വരേതസ്സുകളായ മഹർഷിമാർ തപസ്സുകൊണ്ടാണ്, ദ്യോവിങ്കൽ ദേവകളോടൊപ്പം വിഹരിക്കുന്നതു്. ഇന്ദ്രൻ ത്രൈലോക്യരാജ്യം നേടിയതും, ഉപജീവനം നൽകി സകലരേയും രക്ഷിക്കുന്നതും തപസ്സുകൊണ്ടാണ്. സർവ്വലോകഹിതൈഷികളായ സൂര്യചന്ദ്ര ദേവന്മാരും നക്ഷത്രങ്ങളും ഗ്രഹങ്ങളും തപസ്സുകൊണ്ടത്രേ പ്രകാശിക്കുന്നതു്. തപസ്സുകൊണ്ടു സർവ്വം സാധിക്കാം; സർവ്വസുഖവും അനുഭവിക്കാം.

മഹർഷേ, കാട്ടിൽ കായ്കനികം ഭക്ഷിച്ചു തപസ്സു ചെയ്യുന്നതിനേക്കാൾ പകരം അടിയിൽത്തന്നെ വേദം പഠിച്ചുപോന്നാൽ മതി. വേദം പഠിപ്പിക്കുന്നതിന്റെ ഇരട്ടി പുണ്യമുണ്ടു്, അതു പഠിക്കുകയും ജപിക്കുകയും ചെയ്യുന്നതിനേക്കാൾ. സൂര്യചന്ദ്രന്മാരില്ലാഞ്ഞാലെന്നപോലെ ലോകം ഇരുളടഞ്ഞുപോകും, പുരാണമില്ലാഞ്ഞാൽ! എപ്പോഴും പണിപ്പെട്ടു ശാസ്ത്രങ്ങളിൽനിന്നു ജ്ഞാനം നേടുകയും, അതു ലോകർക്കുപദേശിക്കുകയും ചെയ്യുന്നവനാണല്ലോ ഗുരു; അദ്ദേഹത്തെ അത്യന്തം പൂജിക്കണം. എല്ലാ പാത്രങ്ങളിലും വെച്ചു ശ്രേഷ്ഠമായ പാത്രം പുരാണജ്ഞനാകുന്നു. പതനത്തിൽ (അധോഗതിയിൽ) നിന്നു ത്രാണനംചെയ്യുക (രക്ഷിക്കുക) കൊണ്ടത്രേ പാത്രമെന്ന പേർ. നല്ല പാത്രത്തിനു ധനധാന്യങ്ങളും സ്വർണ്ണവും വസ്ത്രങ്ങളും മറ്റും യാവചിലർ നൽകുന്നുവോ, അവർ പരഗതിയണയും. പൈ, എരുമ, ലക്ഷണമൊത്ത ഗജാശ്വങ്ങൾ എന്നിവയെ സൽപാത്രത്തിനു ദാനം ചെയ്യുവൻ ഏതു ലോകത്തും അക്ഷയമായ അശ്വമേധപുണ്യം നേടും. കൃഷിചെയ്തു ഫലവത്തായ നിലം സൽപാത്രത്തിനു നൽകിയവൻ മേലും കീഴും പതിച്ചുയുപേക്ഷൽഗതി വരുത്തി, ദിവ്യ വിമാനത്തിലൂടെ വിഷ്ണുലോകം

Digitized By Kerala Sahitya Akademi

പൂകം. യാഗങ്ങളംകൊണ്ടോ കാഴ്ചകംകൊണ്ടോ ബലികംകൊണ്ടോ പുഷ്പപൂജകം കൊണ്ടോ, പുരാണവായനകൊണ്ടുള്ളതോളം പ്രീതി ദേവകംക്കണ്ടാവില്ല. വിഷ്ണുവിന്റേയോ ശിവന്റേയോ ദേവിയുടേയോ ഗണേശന്റേയോ സൂര്യന്റേയോ ക്ഷേത്രത്തിൽ ധർമ്മഗ്രന്ഥം വായിപ്പിച്ചവന്ന രാജസൂയാശ്വമേധഫലം കിട്ടും. പുണ്യമായ പുരാണേതിഹാസവായന നടത്തിയവൻ സർവകാമങ്ങളും നേടി, സൂര്യലോകത്തെയും അതിക്രമിച്ച് ബ്രഹ്മലോകമണഞ്ഞ് ഒരു ന്നൂറുകല്പം നിവസിച്ച്, ഭൂമിയിൽ രാജാവായിവരും. ദേവന്റെ മുമ്പിൽ ജയം ചൊല്ലിയവന്ന് ആയിരം അശ്വമേധത്തിന്റെ ഫലം സിദ്ധിക്കും. അതിനാൽ എങ്ങിനെ പണിപ്പെട്ടും വിഷ്ണുക്ഷേത്രത്തിൽ പുരാണേതിഹാസപഠനം നടത്തണം. അതു പ്രീതികരമായി മറ്റൊന്നില്ല, വിഷ്ണുവിന്നും ദേവന്മാർക്കും.'

ശ്രീ പദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദം,
അശ്വമാഹാത്മ്യം ഇരുപത്തെട്ടാമദ്ധ്യായം.

ഇരുപത്തൊമ്പതാമദ്ധ്യായം

ശിവൻ:— ഇതിന്നുദാഹരണമായി ഒരു പഴംകഥയുണ്ട്; അതു സർവപാപഹരവും പരമപുണ്യവുമാകുന്നു.

ദേവർഷേ, ബ്രഹ്മപുത്രനായ സനൽക്കുമാരൻ ലോകപിതാമഹനെ നമസ്കരിച്ച് ഈ ഉപാഖ്യാനം അറിയിച്ചു:—'ഞാൻ ധർമ്മരാജാവിനെ കാണാൻ പോയിരുന്നു; അദ്ദേഹം എന്നെ ഭക്തിയോടും സന്തോഷത്തോടും കൂടി സൽക്കരിച്ചു വാഴ്ത്തി, ഒരു സുഖാസനത്തിൽ ഉപവേശിപ്പിച്ചു. അപ്പോഴം ഒരു അത്ഭുതമുണ്ടായി: വൈഡൂര്യത്തറകളും ചേർന്ന മണിമുത്തുകളാൽ വിചിത്രമായി കിങ്ങിണിത്തൊങ്ങലുകളണിഞ്ഞ ഒരു പൊന്നിൻ വിമാനത്തിലൂടേ ഒരാൾ അവിടെ വന്നെത്തി; അതുകണ്ട ധർമ്മരാജാവു വെമ്പലോടേ ആസനത്തിൽനിന്നെഴുന്നേറ്റ് അയാളെ വലംകൈയ്യ പിടിച്ച്, അഘ്ര്യം നൽകി, ശിരസ്സിൽ മുകന്ന്, മുൻവശത്തിരുത്തി കഥിച്ചു:—'ധർമ്മദർശിൻ, സ്വാഗതം! ഭവാനെ കണ്ടതിനാൽ എനിക്കു സന്തോഷമായി. എന്റെ അടുക്കലിരുന്നുകൊണ്ട് ജ്ഞാനം പറഞ്ഞുതരിക; എന്നിട്ടാവാം ബ്രഹ്മാവിന്റെ വസതിയിലേയ്ക്കു പോവുക.' ഇതുമായപ്പോഴെയ്ക്കും വിമാനത്തിലേറി മറ്റൊരാൾകൂടി ധർമ്മരാജാവിന്റെ അടുക്കലെത്തി; അദ്ദേഹം അയാ

Digitized By Kerala Sahitya Akademi

ളേയും മുൻവന്നവനെ എന്നപോലെ സവിനയം പൂജിച്ച്, സ്വാഗതം പറഞ്ഞു സൽക്കരിച്ചു. അവരിരുവരേയും ധർമ്മൻ താൻതന്നെ പൂജിച്ചതു കണ്ടിട്ട് അത്ഭുതം തോന്നുകയാൽ ഞാൻ അദ്ദേഹത്തോടു ചോദിച്ചു:—'ഭവാന്റെ അടുക്കൽ മുമ്പേ വന്ന അയം എന്തു കർമ്മമാണു ചെയ്തിട്ടുള്ളതു്? എനിക്കിതിൽ കൌതുകവും വിസ്മയവും തോന്നുന്നു: അയാളെ സന്തുഷ്ടനായി അങ്ങു താൻതന്നെയാണല്ലോ സൽക്കരിച്ചതു്. അതുപോലെതന്നെ രണ്ടാമനേയും ഭവാൻ പൂജിച്ചു. ഈ വിമാനചാരികം രണ്ടുപേരും വലിയ സുകൃതികളാണെന്നു ഞാൻ വിചാരിക്കുന്നു. ധർമ്മത്താൽ ബ്രഹ്മവിഷ്ണുമഹേശ്വരാദികളാലും സദാ പൂജിക്കപ്പെടുന്ന ഭവാൻ താൻതന്നെ ഇവരെ പൂജിച്ചുവല്ലോ! ഇതിനു തക്കവണ്ണം എന്തു പുണ്യമാണു്, ദിവ്യഫലം നേടിയ ഇവർ ചെയ്തിട്ടുള്ളതു്? സർവ്വജ്ഞ, പറഞ്ഞുതന്നാലും.' ഇതു കേട്ടു ധർമ്മൻ പറഞ്ഞു:—'ധീമൻ, ഇന്ന കർമ്മംകൊണ്ടാണു് ഇവർ പൂജനീയരായതെന്നു കേട്ടുകൊള്ളുക:—

ഭൂലോകത്തു് കവൈദിശമെന്നു വിളിപ്പെട്ട ഒരു നഗരമുണ്ടു്; അവിടെ ധരാപാലൻ എന്നൊരു രാജാവു നാടുവാണു. അദ്ദേഹം ഒരത്യത്ഭുതം കാണുകയുണ്ടായി: പണ്ടൊരുപ്രാഴോ, പാർവ്വതീദേവി കോപിച്ചു് ഒരു ഭൂതത്തിനെ ശപിച്ചിരുന്നു:—'എന്നെയല്ലാതെ മറ്റൊരു സ്ത്രീയെ നീ എന്റെ ഭർത്താവിന്റെ അടുക്കൽ കൊണ്ടാക്കിയില്ലയോ; അതിനാൽ നീ പന്തിരണ്ടുകൊല്ലം കുറുനരിയായിത്തീരും!' ആ പാപ്പാടൻ കുറുക്കനായി ഭൂമിയിൽ ചുറ്റിനടന്നു. 'വത്സ, വേത്രസീവേത്രവതീനദികം ക്രൂടിച്ചേരുന്നേടത്തു നിനക്കു ശാപം നീങ്ങും' എന്നാണു ഗൌരി ശാപമോക്ഷം കല്പിച്ചിരുന്നതു്. അതിൻവണ്ണം അയാൾ അവിടെ ക്ഷേത്രത്തിൽ ഉപവാസമനുഷ്ഠിച്ചു പ്രാണനെ ത്യജിച്ചു; അതോടുകൂടി, ദിവ്യശരീരനായിച്ചമഞ്ഞു വിഷ്ണുസന്നിധിയിലേയ്ക്കു പോകയും ചെയ്തു. ഇതു കണ്ട ധരാപാലൻ, തന്റെ നഗരത്തിൽ ഒരു വിഷ്ണുക്ഷേത്രം പണിചെയ്യിച്ചു പ്രതിഷ്ഠ നടത്തി. ദർശനത്തിനു നാട്ടുകാരെയെല്ലാം വരുത്തിയിരുന്നു. ക്ഷേത്രം സജ്ജനങ്ങളാൽ നിറയപ്പെട്ടു. രാജാവു ബ്രാഹ്മണാദിവർഗ്ഗത്തെയെല്ലാം സൽക്കരിച്ചു; ഇതിഹാസപുരാണജ്ഞനും മഹാവിദ്വാനുമായ ഒരു ബ്രാഹ്മണശ്രേഷ്ഠനെ വിശേഷിച്ചും പൂജിച്ചു. ഗ്രന്ഥവും ഗന്ധപുഷ്പാദികളുംകൊണ്ടു പൂജിക്കപ്പെട്ടു. അനന്തരം ആ വായനക്കാരനോടു ക്ഷിതീശൻ താഴ്മയിൽ പറഞ്ഞു:—'ഞാൻ വിഷ്ണുവിനു ക്ഷേത്രം ഉണ്ടാക്കിച്ചു; ഇതാ, അങ്ങയുടെ മുമ്പിൽ, നാലു ജാതിക്കാരും കേറുപ്പാൻ വന്നുകൂടിയിട്ടുണ്ടു്. അ

Digitized By Kerala Sahitya Akademi

തിനാൽ, ദ്വിജശ്രേഷ്ഠ, മോൻ ഗ്രന്ഥം വായിച്ചാലും. ഒരാണ്ടെയ്ക്കു ചെലവിന്നു വേണ്ടതൊക്കെ, ഇപ്പോൾ സ്വീകരിക്കുക; അതുകൊണ്ടെത്തിയാൽ, ഞാൻ എന്റെ നന്മയ്ക്കായി, നൂറു നിഷ്കം സ്വർണ്ണംകൂടി മോന്നു ദാനംചെയ്യാം.'

ഇങ്ങനെ ഒരു കൊല്ലം പുണ്യഗ്രന്ഥപാരായണം അവിടെ നടത്തപ്പെട്ടു. ഉടനേ, ആയുസ്സുറച്ചതിനാൽ അദ്ദേഹം കാലധർമ്മമടഞ്ഞു. ഞാൻ അദ്ദേഹത്തിന്നു ദ്യോവിൽനിന്നു വൈഷ്ണവവിമാനം അയച്ചു. ആ കർമ്മത്തിന്റെ ഫലമാണിതു്. പാപനാശനവും പരിശുദ്ധവുമായ പത്മമഹാപുരാണമാണു് അവിടെ വായിക്കയുണ്ടായതു്. ഗന്ധപുഷ്പോപഹാരങ്ങൾ കൊണ്ടു ദേവകളിലാകട്ടെ പുരാണശ്രവണംകൊണ്ടുള്ളേടത്തോളം പ്രീതിയുണ്ടാകയില്ല; ഗോവു്, ഭൂമി, സ്വർണ്ണം, വസ്ത്രം, ഗ്രാമം, നഗരം എന്നിവയെല്ലാം ദാനംചെയ്യുന്നതിനെയും, പുരാണശ്രവണംകൊണ്ടുള്ളേടത്തോളം പ്രീതി ദേവകളിലാകട്ടെ ഉണ്ടാകയില്ല. മുനിസത്തമ, സർവ്വാർത്ഥസമൃദ്ധമായ ശ്രോതൃം കൊണ്ടും എനിക്കു പുരാണേതിഹാസശ്രവണം കൊണ്ടുള്ളേടത്തോളം മഹാപ്രീതി തോന്നാറില്ല. കന്യകാദാനം എന്നെ തുലോം സന്തുഷ്ടനാക്കും; എന്നാൽ അതും പുരാണവായനയോളം പ്രീതിപ്പെടുത്താറില്ല. വളരെ പറയുന്നതെന്തിനു്? പുണ്യോപാഖ്യാനമല്ലാതെ എനിക്കതികവും പ്രീതിപ്രദമായി മറ്റൊന്നില്ല. ഒരു ഗുഹ്യമാണു് ഇപ്പറഞ്ഞതു്.

ഇവിടെ വന്ന മറേറ മനുഷ്യശ്രേഷ്ഠൻ യദൃച്ഛയാ ആ പുരാണം ശ്രവിച്ച ആളാണു്; ശ്രവണത്താൽ കേവി ജനിക്കയാൽ അദ്ദേഹം ശ്രോതൃയോടേ വായനക്കാരനായ മഹാത്മാവിനെ വലത്തുവെച്ചു് ഒരുഴുന്നിൻമണിയോളം സ്വർണ്ണം ദാനംചെയ്തു. മറെറാരുദാനവും പിശുക്കുമൂലം അദ്ദേഹം ഒരിക്കലും ചെയ്തുകയുണ്ടായിട്ടില്ല. പാത്രത്തിൽ ദാനം ചെയ്തതിന്റെ ഫലമാണിതു്; സംശയമില്ല! മഹർഷേ, ഇതാണു്, ഇവരിരുവരും ചെയ്തിട്ടുള്ള കർമ്മം.'

ഈ പുണ്യമാഹാത്മ്യം യാവ ചിലർ ശ്രദ്ധിക്കുമോ, ആ ധീമാന്മാക്കു് ഏതു ജന്മത്തും ഒരേടത്തും ദുർഗ്ഗതി വരികയില്ല.

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, മാരശിവസംവാദം,
ധർമ്മാഖ്യാനശ്രവണമാഹാത്മ്യകഥനം ഇരുപത്തൊമ്പതാമധ്യായം.

(൦)

Digitized By Kerala Sahitya Akademi

മുപ്പത്താമദ്ധ്യായം

ശിവൻ:—ഇനി ഗോപീചന്ദനത്തിന്റെ മാഹാത്മ്യം, ഞാൻ കണ്ടിട്ടും കേട്ടിട്ടുമുള്ളതിൻവണ്ണം പറഞ്ഞുതരാം:

ബ്രാഹ്മണനോ ക്ഷത്രിയനോ വൈശ്യനോ ശൂദ്രനോ ഗോപീചന്ദനം പൂശിയാൽ ബ്രഹ്മഹത്യയിൽ നിന്നുപോലും വിട്ടൊഴിയും. ഗോപീചന്ദനംകൊണ്ടു തിലകം തൊട്ടാൽ തീർച്ചയായും മദ്യപാനാദിദോഷങ്ങളും നീങ്ങും. വിഷ്ണുഭക്തനായ വൈഷ്ണവൻ ഗോപീചന്ദനലേപനത്താൽ, ഗംഗാജലത്താലെന്നപോലെ സർവ്വദോഷങ്ങളിൽനിന്നും വിട്ടതി നേടും; ബ്രഹ്മഘ്നൻ, മദ്യപൻ, കനകസ്തേയി, ഗുരുതല്പഗൻ എന്നിവർ പോലും, ശൂദ്രരായാലും, ബ്രാഹ്മണരായാലും, നൂറു ജന്മങ്ങളിലെ പാപത്തിൽ നിന്നു പെട്ടെന്നു വിട്ടൊഴിയും. വിശേഷിച്ചും, ശ്രേയസ്സിച്ഛിക്കുന്ന വൈഷ്ണവന്മാർ * തിലകം ചന്തിരണ്ടു സ്ഥാനത്തു തൊടണം. നെറ്റിമേൽ ദണ്ഡിന്റെ ആകൃതിയിൽ; നെഞ്ഞത്തു താമരപ്പൂവിന്റെ ആകൃതിയിൽ; ബാഹുമൂലത്തിൽ മുളയിലയുടെ ആകൃതിയിലും വിളക്കിന്റെ ആകൃതിയിലും. അഥവാ, വലത്തേ ബാഹുമൂലത്തിൽ മീതേ നാലു ചക്രവും, താഴെ രണ്ടു നാമമുദ്രയും, നടുവിൽ ഒരു ശംഖും, ഇരുവശങ്ങളിൽ ഓരോ താമരപ്പൂവും; ഇടത്തെ ബാഹുമൂലത്തിൽ മീതേ നാലു ശംഖും, താഴെ രണ്ടു നാമമുദ്രയും, നടുവിൽ ഒരു ചക്രവും, ഇരുവശങ്ങളിൽ ഓരോ ഗദയും. നെറ്റിമേൽ ഒരു ഗദ, നെഞ്ഞത്തു് ഒരു നാമമുദ്ര; ബാഹുമൂലങ്ങളിൽ മുമ്മൂന്നു ചക്രവും, നടുവിൽ ഈരണ്ടു ശംഖുകളും; നെഞ്ഞിന്റെ ഇരുവശങ്ങളിൽ സ്തനങ്ങൾക്കു മീതെ, കൈകളിലെന്നപോലെ ഗദാപത്മങ്ങളും മുമ്മൂന്നു ചക്രങ്ങളും; കണ്ണുമൂലങ്ങൾക്കു താഴെ ഓരോ ചക്രം—ഇങ്ങനെയുമാകാം. വംശപാരമ്പര്യത്തിനൊത്തോ, ശിഷ്ടാചാരമനുസരിച്ചോ, അല്ലെങ്കിൽ സേച്ഛപോലെയോ തിലകം തൊടാവുന്നതാണു്; ഇതിൽ നിയമമൊന്നുമില്ല. ചണ്ഡാലൻവരെ സകലരും തിലകധാരണത്താൽ ശുദ്ധിയടയും.

ചണ്ഡാലനെക്കാളും നികൃഷ്ടനാകുന്നു വൈഷ്ണവരെ നിന്ദിക്കുന്നവൻ: വിഷ്ണുധ്യാനനിരതനായ വൈഷ്ണവബ്രാഹ്മണനും വിഷ്ണുവും തമ്മിൽ വ്യത്യാസമുണ്ടെന്നു കരുതിപ്പോകരുതു്; തീർച്ചയായും വിഷ്ണുതന്നെയാണദ്ദേഹം! ശംഖും ചക്രവും ധരിച്ചു സദാധ്യാ

* പാഠാന്തരം ൪൯-മദ്ധ്യായത്തിൽ നോക്കുക.

Digitized By Kerala Sahitya Akademi

യശീലനായ വിപ്രൻ വിഷ്ണുതന്നെയാണെന്നത്രേ, വേദത്തിലും പറഞ്ഞിട്ടുള്ളത്. തപ്തചക്രം (പൊള്ളിച്ചുണ്ടാക്കിയ ചക്രചിഹ്നം) ധരിച്ച ബ്രാഹ്മണൻ പന്തിയെ തുലോം പരിശുദ്ധിപ്പെടുത്തുന്നു; അദ്ദേഹത്തിന്റെ പേരിൽ കേതിയുള്ളവൻ മാപാപങ്ങളിൽ നിന്നു വിടുതി നേടും. തുളസിയിലകൊണ്ടോ തുളസിമരംകൊണ്ടോ ഉള്ള മാല ധരിച്ച ബ്രാഹ്മണൻ തീർച്ചയായും മുക്തിമാർഗ്ഗം പ്രാപിക്കും. മരണസമയത്തു ഗോപീചന്ദനതിലകം ധരിച്ചവൻ വിമാനത്തിൽക്കേറി വിഷ്ണുവിന്റെ പരമപദം പ്രാപിക്കും. നാരദ, കലികാലത്തു് ഗോപീതിലകം യാവചിലർ തൊടുന്നുവോ, ആ മനുഷ്യശ്രേഷ്ഠർക്ക് ഒരേടത്തും ഒഴുക്കു വരില്ല. വലംകയ്യിന്മേലും ഇടംകയ്യിന്മേലും ശംഖചക്രങ്കുറി ധരിക്കുന്നതു വിശേഷിച്ചും മഹാപാപനാശനമാകുന്നു. മദ്യപന്മാർ, സ്ത്രീബാലഘാതികർ, അഗമ്യാഗമനം ചെയ്തവർ എന്നിവർക്കുപോലും ഈ കുറിമാരെ കണ്ടാൽത്തന്നെ മുക്തിവരും; സംശയമില്ല. സംസാരത്തിൽ നിസ്സാരവംശത്തിൽ വൈഷ്ണവർ ജനിക്കയില്ല! ഞാൻ വിഷ്ണുകേതിപ്രഭാവത്താൽ വൈഷ്ണവനായിച്ചമഞ്ഞു, രാമോഹം എന്നു ജപിച്ചുംകൊണ്ടു കാശിയിൽ വസിച്ചുപോരുന്നു; ആ പുണ്യത്താൽ ഞാൻ ശിവൻ തന്നെ; സംശയമില്ല.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദം;
ഗോപീചന്ദനമാഹാത്മ്യകഥനം മുപ്പത്താമദ്ധ്യായം.

— — *

മുപ്പത്തൊന്നാമദ്ധ്യായം

നാരദൻ:—'ഭഗവൻ, സർവ്വവ്രതങ്ങളിലുംവെച്ചു മീതെയായ സംവത്സരദീപത്തിന്റെ വിധിയും മാഹാത്മ്യവും എനിക്കു പറഞ്ഞുതരിക; അതാചരിച്ചാൽ എല്ലാ വ്രതങ്ങളുമായല്ലൊ; സർവ്വപാപശാന്തിയും സർവകാമസമൃദ്ധിയും നിസ്സംശയം സിദ്ധിക്കുകയും ചെയ്യുമല്ലൊ!'

ശിവൻ:—'ദേവർഷേ, പാപനാശനമായ ആ രഹസ്യം ഞാൻ പറഞ്ഞുതരാം; യാതൊന്നു കേട്ടാൽത്തന്നെ, ബ്രഹ്മഹത്യാനന്തരം ഗോഹത്യാനന്തരം മിത്രഹത്യാനന്തരം ഗുരുതല്പഗമനം, വിശ്വാസഘാതിയും ക്രൂരനും ശാശ്വതമുക്തിയടയുമോ—നൂറുതലമുറയ്ക്ക് ഉൽഗതി വരുത്തി വിഷ്ണുലോകം പ്രാപിക്കുമോ, ആ സംവത്സരദീപവ്രതത്തിന്റെ വിധിയും മാഹാത്മ്യവും കേട്ടുകൊള്ളുക:

Digitized By Kerala Sahitya Akademi

ഹേമന്തത്തിന്റെ ഒന്നാമത്തെ മാസത്തിൽ ഏകാദശീതിഥിയിൽ ബ്രാഹ്മമുഹൂർത്തത്തിലെഴുന്നേറ്റ്, കാമക്രോധവർജ്ജിതനായി, നദീസംഗമതീർത്ഥങ്ങളിലോ നദികളിലോ തടാകങ്ങളിലോ ഗൃഹത്തിൽത്തന്നെയോ,

'സ്നാതോഹം സർവതീർത്ഥേഷു ഗർത്തേ പ്രസ്രവണേഷു ച
നദീഷു സർവതീർത്ഥേഷു തൽ സ്നാനം ദേഹി മേ സദാ!'

എന്ന മന്ത്രം മനസ്സിരുത്തി ജപിച്ചു സ്നാനം ചെയ്യുക; പിന്നെ ജപം കഴിച്ച്, പിതൃദേവകളെ തർപ്പിച്ചു, ജിതേന്ദ്രിയനായി ശ്രീനാരായണസ്വാമിയേയും ലക്ഷ്മിയേയും പൂജിക്കുക: അഭിഷേകത്തിന പഞ്ചാമൃതവും ഗന്ധജലവും.

'സ്നാതോസി ലക്ഷ്മീസഹിതോ ദേവദേവ, ജഗൽപതേ,
മാം സമുദ്ധര ദേവേശ, ഘോരാൽ സംസാരസാഗരാൽ!'

എന്നാണ് അഭിഷേകമന്ത്രം. എന്നിട്ട് ലക്ഷ്മീനാരായണന്മാരെ വേദപുരാണമന്ത്രങ്ങൾകൊണ്ടോ, അതോ ദേവ എന്ന പുരുഷസൂക്തം കൊണ്ടോ ഭക്തിപൂർവം പൂജിക്കുക. അല്ലെങ്കിൽ,

'നമോ മത്സ്യായ ദേവായ ക്രൂമ്മദേവായതേ നമഃ
നമോ വാരാഹദേവായ നരസിംഹായ വൈ നമഃ
വാമനായ നമസ്തുഭ്യം പർശുരാമായതേ നമഃ
നമോസ്തു രാമദേവായ വൃഷ്ണിദേവായ തേ നമഃ
നമോസ്തു ബുദ്ധദേവായ കൽക്കിനേ ച നമോ നമഃ
നമഃ സർവാത്മനേ തുഭ്യം'

എന്നീ മന്ത്രങ്ങൾകൊണ്ടും കേശവാദി നാമങ്ങൾകൊണ്ടും പൂജിക്കാം. ധൂപമന്ത്രം ഇതാണ്:——

'വനസ്പതിരസോ ദിവ്യഃ സുരഭിർഗന്ധവാൻ ശുചിഃ
ധൂപോയം ദേവദേവേശ, നമസ്തേ പ്രതിഗൃഹ്യതാം!'

ദീപമന്ത്രം:——

'ദീപസ്തമോ നാശയതി ദീപകാന്തിം പ്രയച്ഛതി
തസ്മാദ്ദീപപ്രദാനേന പ്രീയതാം മേ ജനാർദ്ദനഃ!'

നൈവേദ്യമന്ത്രം:——

'നൈവേദ്യമിദമന്നാദ്യം ദേവദേവ, ജഗൽപതേ,
ലക്ഷ്മ്യാ സഹ ഗൃഹാണ ത്വം പരമാമൃതമുത്തമം!'

Digitized By Kerala Sahitya Akademi

അനന്തരം ഫലവും ശംഖിൽ വെള്ളവും കയ്യിലെടുത്ത്,

'ജന്മാന്തരസഹസ്രേണ യന്മയാ പാതകം കൃതം
തൽ സദ്യം നാശമായാതു പ്രസാദാത്തവ കേശവ.'

എന്ന മന്ത്രത്താൽ അർഘ്യം നൽകണം. പിന്നീട്, നെയ്യോ എള്ളെണ്ണയോ നിറച്ച ഒരു നിർമ്മലമായ പുതുകലശം ലക്ഷ്മീനാരായണന്മാരുടെ മുന്നിൽവെച്ച്, അതിന്മേതെ ചെമ്പുകൊണ്ടോ മണ്ണുകൊണ്ടോ ഉള്ള ഒരു പാത്രം വെച്ച്, ഒമ്പതു നൂൽകൊണ്ടുള്ള തിരിയിട്ട വിളക്ക കൊളുത്തുക. കടം കാറില്ലാത്തേടത്ത് ഇളകാതെ വെച്ച് പുഷ്പഗന്ധാദികരംകൊണ്ടു പൂജിക്കണം.

'കാമോ ഭൂതസ്യ ഭവ്യസ്യ സമ്രാഡേകോ വിരാജതേ
ദീപഃ സംവത്സരം യാവന്മയായം പരികല്പിതഃ
അഗ്നിഹോത്രമവിച്ഛിന്നം പ്രീയതാം മമ കേശവഃ!'

എന്ന്, ശുചിയായി സംകല്പവും ചൊല്ലണം. ജിതേന്ദ്രിയനായി ശ്രുതിജ്ഞാനനിരതനായിരിക്കണം. പതിതരോടും പാതകികളോടും പാഷണ്ഡരോടും സംസാരിക്കരുത്. ഉപവാസം പൂണ്ട്, രാത്രിയിൽ ഗീതനൃത്തവാദ്യാദികരംകൊണ്ടും പലതരം പുണ്യധർമ്മാഖ്യാനങ്ങരംകൊണ്ടും ഉറക്കമിളയ്ക്കണം. പിറേന്ന രാവിലെ നിത്യകർമ്മങ്ങരംക്കശേഷം യഥാശക്തി ബ്രാഹ്മണരെ കേതിപൂവ് ഊട്ടി, താനും പാരണ കഴിച്ച്, അവരെ വണങ്ങി പിരിച്ചയയ്ക്കണം. ഇങ്ങനെ പകലിരവു ദൃഢവ്രതനായി ഒരു സംവത്സരം കഴിക്കുക. ഒടുവിൽ, ഒരു പലമോ അരപ്പലമോ കാൽപലമോ സ്വർണ്ണംകൊണ്ടു വിളക്കും, രണ്ടോ മൂന്നോ അരയോ പലം വെള്ളികൊണ്ടു തിരിയും, കഴിവുപോലെ കനകംകൊണ്ടു ലക്ഷ്മീനാരായണപ്രതിമയും, മുക്തിമാഗ്രം തേടുന്ന കേതകൻ ഉണ്ടാക്കിച്ചുകൊള്ളണം; എന്നിട്ട് ബ്രാഹ്മണോത്തമരെ ക്ഷണിച്ചുവരുത്തുക: പന്തിരണ്ടുപേരായാൽ ഉത്തമം; ആറുപേരായാൽ മധ്യമം; അവതില്ലെങ്കിൽ മൂന്നുപേരെയെങ്കിലും ക്ഷണിക്കുക; വിശേഷിച്ചും, ഇതിഹാസപുരാണജ്ഞനായി ധർമ്മജ്ഞനായി മൂലസ്വഭാവനായി ഗുരുപിതൃശുശ്രൂഷകനായി ദേവബ്രാഹ്മണ പൂജകനായിരിക്കുന്ന പുരോഹിതബ്രാഹ്മണനേയും തൽപത്നിയേയും വസ്ത്രാഭരണാദികരംകൊണ്ടു കേതിപൂവ് പൂജിച്ച് ലക്ഷ്മീനാരായണപ്രതിമയും വിളക്കും തിരിയും ചെമ്പുപാത്രത്തിൽ വെച്ചു നൈക്കടത്തോട്ടുകൂടി, അദ്ദേഹത്തിനു വിഷ്ണുസ്മരണയോടെ ദാനംചെയ്യണം:

'അവിദ്യാ തമസാ വ്യാപ്തേ സംസാരേ പാപനാശനഃ
ജ്ഞാനപ്രദോ മോക്ഷദശ്ച തസ്മാദ്ഭീതോ മയാനഘ.'

Digitized By Kerala Sahitya Akademi

എന്നതേ ദാനമന്ത്രം. കഴിവുപോലെ ദക്ഷിണയും അദ്ദേഹത്തിന്ന കൊടുത്തു്, ബ്രാഹ്മണരേ ഘൃതപായസമോദകങ്ങളും കൊണ്ടു് ഊട്ടുക; അവക്കും ധനസ്ഥിതിയനുസരിച്ചു ദക്ഷിണകൊടുക്കണം. ഗുരുദമ്പതിജനേയും പത്നിയേയും വസ്ത്രങ്ങളും ധരിപ്പിച്ചു്, ഉപകരണങ്ങളോടുകൂടിയ ഒരു കിടക്ക, കുട്ടിയോടുകൂടിയ ഒരു പയ്യു് എന്നിവയേയും ദാനംചെയ്യണം. പിന്നീടു സുഹൃൽസ്വജനബന്ധുക്കളെ ഊൺ കഴിപ്പിച്ചു സൽക്കരിക്കുക. ഇങ്ങനെ മഹോത്സവത്തോടുകൂടി വേണം, ദീപവ്രതം കാലംകൂട്ടുക. ഈ സംവത്സരദീപവ്രതം അനുഷ്ഠിച്ചാൽ, സംക്രമവ്രതങ്ങളംകൊണ്ടും മാസവ്രതങ്ങളംകൊണ്ടും എണ്ണമില്ലാത്ത ദാനവ്രതങ്ങളംകൊണ്ടും യോഗവ്രതങ്ങളംകൊണ്ടും കൈവരുന്ന പുണ്യഫലമെല്ലാം സിദ്ധിക്കും. ഗോവ്, ഭൂവ്, സ്വർണ്ണം, ഗൃഹം മുതലായവ ദാനം ചെയ്താലത്തെ ഫലവും ദീപവ്രതത്താൽ കിട്ടും. വിളക്കുവെച്ചവൻ കാന്തി നേടുന്നു; വിളക്കുവെച്ചവൻ അക്ഷയമായ ധനം നേടുന്നു; വിളക്കു വെച്ചവൻ ജ്ഞാനം നേടുന്നു; വിളക്കു വെച്ചവൻ പരമസുഖം നേടുന്നു! സൌഭാഗ്യം, അതിനിർമ്മലമായ വിദ്യ, ആരോഗ്യം, മികച്ച സമൃദ്ധി എന്നിവ തീർച്ചയായും ദീപദാനത്താൽ ലഭിക്കും. ദീപദാതാവിന്ന ലക്ഷണമെല്ലാം ചേർന്ന സൌഭാഗ്യവതിയായ ഭാര്യയേ കിട്ടും; പുത്രപൌത്രപ്രപൌത്രരാൽ, അനുതിയില്ലാത്ത സന്തതിയും ഉണ്ടായിവരും. ദീപദാനപ്രഭാവത്താൽ ബ്രാഹ്മണൻ മഹാജ്ഞാനിയാകും; ക്ഷത്രിയൻ വലിയ രാജ്യം ഭരിക്കും; വൈശ്യന്ന ധനവും നാൽക്കാലികളും വർദ്ധിക്കും; ശൂദ്രന്ന സുഖംവരും; കന്യക ലക്ഷണം തികഞ്ഞ ഭർത്താവിനേയും ദീർഘായുസ്സിനേയും ധാരാളം പുത്രപൌത്രരേയും നേടും; യുവതിക്ക് ഒരിക്കലും വൈധവ്യമോ വിയോഗമോ വരികയില്ല; ദീർഘസുമംഗലീയോഗം നിങ്ങും; ബന്ധനസ്ഥന്ന വിടുതികിട്ടും. ദീപദാതാവിന്ന് ആധിയില്ല, വ്യാധിയില്ല; ബ്രഹ്മഹത്യാദി പാപങ്ങളംപോലും നശിക്കുമെന്നാണ് ബ്രഹ്മവചനം. വിഷ്ണുവിന്ന് ഒരുകൊല്ലം കെടാവിളക്കു വച്ചവൻ തീർച്ചയായും കൃച്ഛ്രചാന്ദ്രായണങ്ങളം അനുഷ്ഠിച്ചകഴിഞ്ഞു! യാവചിലർ ഹരിയെ ഭക്തിയോടെ പൂജിച്ചു സംവത്സരദീപം വെയ്ക്കുന്നവോ, അവർതന്നെ സുകൃതികളം; അവർതന്നെ മഹാത്മാക്കളം; അവർതന്നെ ജന്മസാഫല്യം വന്നവർ! ആ വിളക്കിലെ തിരി കോൽകൊണ്ടു നീട്ടിയാൽതന്നെ, ദേവകുലക്കുടി ദുഷ്പ്രാപമായ പരമപദം പുകും; കഴിവുപോലെ എണ്ണവീഴ്ത്തി തിരിയിട്ടുവെക്കും പരമഗതി കിട്ടും; വിളക്കു കെടാൻ പോകുമ്പോൾ, തെളിയിക്കാൻ തനിക്ക കഴിവില്ലെങ്കിൽ, മറ്റുള്ളവരോടു പറയുന്നവന്നും മേൽ പറഞ്ഞ ഫലം ലഭിക്കും. എണ്ണ

Digitized By Kerala Sahitya Akademi

കുറേശ്ശയായി ഇരന്നു വാങ്ങി വിഷ്ണുവിന്നു വിളക്കുവെയ്ക്കുന്നതും പുണ്യകരമാകുന്നു. വിഷ്ണുവിന്നു വിളക്കുകൊളുത്തുന്നതു കണ്ടു കൈതൊഴുതാൽ അധമൻപോലും വിഷ്ണുലോകം പ്രാപിക്കും. വിളക്കു തെളിയിപ്പാൻ പ്രേരിപ്പിക്കുകയൊ, താൻതന്നെ തെളിയിക്കുകയൊ ചെയ്യുവൻ പാപമെല്ലാം വേർപെട്ടു മുകുന്ദമന്ദിരത്തിൽ ചെന്നു ചേരും; ഇതിന്നുദാഹരണമായി ഒരു പഴംകഥയുണ്ടു്; അതു ശ്രവിച്ചാൽത്തന്നെ കല്മഷങ്ങളെല്ലാം വിട്ടൊഴിയും:

രമണീയമായ സരസ്വതീതീരത്തു സിദ്ധാശ്രമം എന്നൊരു പ്രദേശമുണ്ടു്; അവിടെ പണ്ടു കപിലൻ എന്നൊരു വേദജ്ഞബ്രാഹ്മണൻ പാർത്തിരുന്നു. ആ ശ്രോത്രിയൻ ദരിദ്രനാകയാൽ ഭിക്ഷയെടുത്താണു കുടുംബം പുലർത്തിയിരുന്നതു്. അദ്ദേഹം പ്രതിപവാസനിയമങ്ങളും കൊണ്ടു വിഷ്ണുവിനെ ആരാധിച്ചുപോന്നു: നാലുതോരും എള്ളെണ്ണ സമ്പാദിച്ചു സ്വഗൃഹത്തിൽ വിഷ്ണുപ്രീതിക്കായി പരമഭക്തിയോടെ വിളക്കു വെച്ചു്, പുണ്ഡരീകാക്ഷനെ പൂജിക്കും. ആ മഹാത്മാവിന്റെ മഠത്തിൽ, പല്ലികൾ ക്രമത്തിൽ ഒരു പൂച്ച എലികളെ പിടിച്ചു തിന്മാൻ പതിവായി വരാറുണ്ടു്. ആ മാർജ്ജാരൻ വിഷ്ണുവിന്റെ മുൻവശത്തു് ഇരയ്ക്കായി കണ്ണുമടച്ചിരിക്കും; വിളക്കിലെ എണ്ണയും തിരിയും അപഹരിപ്പാൻ വരുന്ന മൂഷികരെയെല്ലാം പിടിച്ചു തിന്നും കഴിക്കും. അങ്ങിനെ പലരെ എലികൾ ആ പൂച്ചയ്ക്കിരയായി. ഒരേകാദശീ തിഥിയിൽ കപിലബ്രാഹ്മണൻ ശുചിയായി പത്നിയോടു കൂടി ഉപവാസം പൂണ്ടു്, സ്വഗൃഹത്തിൽ ശ്രീനാരായണനെ പൂജിച്ചു്, രാത്രിയിൽ ഉറക്കമിളയ്ക്കാൻ സ്തുതിയും സ്തവവും മറ്റും തുടങ്ങി; അർദ്ധരാത്രിയായപ്പോൾ ഉറക്കം വരികയാൽ അദ്ദേഹം ഒന്നു മയങ്ങിപ്പോയി. അപ്പോൾ, പതിവുപോലെ പതുക്കെ വന്നു്, നൈവേദ്യം തിന്നു്, ഒരു മൂക്കിലിരുന്നിരുന്ന പൂച്ച, വെളിച്ചം മങ്ങിയ വിളക്കിലെ എണ്ണ കുടിപ്പാനും തിരി കൊണ്ടുപോകാനുമായി വന്നുചേർന്ന ഒരു ചുണ്ടെലിപ്പെണ്ണിനെ കണ്ടു്, അതിന്റെ നേരെ കുതിച്ചു ചാടി. എലിപ്പെണ്ണു് ഒരു മടയിലേയ്ക്കു പാഞ്ഞു; എന്നാൽ അതിന്റെ കാൽ തട്ടി തിരി നീളുകയും തട്ടൊന്നു ചെരികയും ചെയ്തതിനാൽ വിളക്കു നന്നായി തെളിഞ്ഞു. ബ്രാഹ്മണൻ മയക്കം വിട്ടു ജാഗരമനുഷ്ഠിച്ചു; പൂച്ചയും ഇരയ്ക്കുവേണ്ടി ആ രാത്രിയിൽ ഉറക്കമിളച്ചു. നേരം പുലർന്നപ്പോൾ കപിലൻ നിത്യകർമ്മം നടത്തി, ബ്രാഹ്മണരോടും ബന്ധുക്കളോടുമൊന്നിച്ചു പാരണ കഴിച്ചു. ഈ വിധം അനുഷ്ഠിച്ചുപോന്നതിനാൽ ആ മഹാത്മാവിന്നു മികച്ച ധനധാന്യസമൃദ്ധിയും പുത്രപൌത്രന്മാരും ആരോഗ്യവും വന്നുചേർന്നു

Digitized By Kerala Sahitya Akademi

ശ്രീയും ഉണ്ടായിവന്നു. ദീപപ്രതത്തിന്റെ പ്രഭാവത്താൽ അദ്ദേഹം മോക്ഷവുമടഞ്ഞു—സൂര്യന്റേയും ചന്ദ്രന്റേയും മണ്ഡലത്തെ പിളർത്തു പോയി, ദീപജ്യോതിസ്സുപരൂപനായി പരമാത്മാവിനോട് ചേർന്നു.

എലിപ്പെണ്ണും കാലത്താൽ മൃതിപ്പെട്ട മടയിൽനിന്നു മഹാവിമാനം കേറി വിഷ്ണുലോകത്തു ചെന്നുചേർന്നു. പൂച്ചയും ആയുസ്സറ്റപ്പോൾ മരിച്ചു, ദേവഗന്ധർവസേവിതമായ ശ്രേഷ്ഠവിമാനത്തിൽക്കേറി വിദ്യാധരാപ്സരസ്സുകളാൽ നാലിടത്തും സ്തുതിക്കപ്പെട്ടുകൊണ്ടും, നാഗത്താന്മാരാൽ ജയശബ്ദാദി മംഗളങ്ങളും ആചരിക്കപ്പെട്ടുകൊണ്ടും സപ്തർഷിമണ്ഡലത്തു, അവിടെ നൂറുനൂറായിരം കോടി കല്പം വസിച്ചു ഭോഗങ്ങളും ഭുജിച്ചു, ദ്രുലോകത്തു രാജാവായിപ്പിറന്നു. ആ സുധർമ്മാവെന്ന രാജാവു ധർമ്മിഷ്ഠനും ദേവബ്രാഹ്മണപൂജകനും സുന്ദരനും സുഭഗനും മഹാബലപരാക്രമനുമായിരുന്നു. അതുപോലെ തന്നെയായിരുന്നു, ആ ദേഹത്തിന്റെ പ്രിയപത്നിയായ രൂപസുന്ദരിയും: ആ ലക്ഷണം തികഞ്ഞ പതിദേവത സ്ത്രീകളിലെല്ലാം വെച്ചു സൌഭാഗ്യവതിയായിരുന്നു. അവർക്കു പുത്രീപുത്രന്മാരും വളരെയുണ്ടായി.

ഇങ്ങനെ ആ ദമ്പതിമാർ സുഖമായി വസിക്കെ, പദ്മനാഭൻ പള്ളിയുണരുന്ന കാർത്തികമാസം വന്നെത്തി. അന്ന് വിഷ്ണുഭക്തന്മാർ സംസാരക്ഷയശാന്തിക്കായി ശ്രീനാരായണന്നു വിളക്കു വയ്ക്കുക, കൃച്ഛ്രചാന്ദ്രായണാദി വ്രതനിയമങ്ങളനുഷ്ഠിക്കുക എന്നിവയൊക്കെ ചെയ്യാറുണ്ട്. പ്രബോധിനീ (കാർത്തിക ശുക്ലൈകാദശി) തിഥി വന്നപ്പോൾ രാജാവു രാജ്ഞിയോട് പറഞ്ഞു:—'ഭദ്രേ, പുണ്യമായ പ്രബോധിനിയാണിന്ന്; ഞാൻ ജിതേന്ദ്രിയനായി ഉപവാസം പൂണ്ടു, വിഷ്ണുനാഭിപദ്മത്തിൽ പൂജ നടത്തുന്നുണ്ട്—പുഷ്കരതീർത്ഥത്തിൽ സ്നാനംചെയ്തു പുഷ്കരാക്ഷൻ തിരുവടിയേയും ശ്രീഭഗവതിയേയും പൂജിക്കുന്നുണ്ട്.' ഭർത്താവിന്റെ അഭിമതം കേട്ടിട്ട് ആ പതിഹിതൈഷിണിയായ ചാരുഹാസിനി പതുക്കെ കഥിച്ചു:—'നരേശ്വര, ഇതിൽ എനിക്കും ആഗ്രഹമുണ്ട്. രൂപസൌന്ദര്യം നേടുവാനും ഞാൻ കാംക്ഷിക്കുന്നു. അതിനാൽ, പുഷ്കരമാകുന്ന ആദിമതീർത്ഥത്തിലേയ്ക്കു ഭവാനോടൊന്നിച്ചു ഞാനും പോരാം.' രാജാവ് സമ്മതിച്ചായി പുരോഹിതന്മാരോടാന്നിച്ചു ചതുരംഗസൈന്യത്താൽ പുറപ്പെട്ട പുഷ്കരത്തിൽ ചെന്നെത്തി, സ്നാനം ചെയ്തു ധ്യാനിച്ചു, പിതൃദേവതകളെ തർപ്പിച്ചു, പുണ്ഡരീകനേത്രനെ പൂജിച്ചു അവിടെ, ധാരാളം വിളക്കുകളും നാലുപാടും കൊളുത്തിയിരുന്ന സുമനോഹരമായ ദേവാലയത്തിൽ ഒരു പൂച്ചയുടെ ചിത്രം എഴു

Digitized By Kerala Sahitya Akademi

തിയിട്ടുണ്ടായിരുന്നു; അതു കണ്ടതോട്ടുകൂടി മുൻ ജന്മം ഓർമ്മയിൽ വന്ന സുധർമ്മാവു പ്രിയതമയുടെ മുഖാരവിന്ദം നോക്കി ഒന്നു ചിരിച്ചു. 'ഇതാവെന്താണു' എന്നെ നോക്കി പുഞ്ചിരിക്കൊണ്ടതെ'ന്നു രൂപസുന്ദരി ചോദിച്ചു. ഉടനെ, മന്നവൻ മനംകുളുത്തു പൂർവകർമ്മഫലം ഉരചെയ്തു:—'ദേവി, മുൻജന്മത്തിൽ മാർജ്ജാരനായിരുന്ന ഞാൻ ബ്രാഹ്മണഗൃഹത്തിൽ അനേകായിരം മൂഷികരെ തിന്നുപോന്നു; അന്നൊരിക്കൽ വിഷ്ണുവിന്റെ മുമ്പിലെ ദീപം കെടാതെ നിന്നുകയുണ്ടായി. ആ കർമ്മത്തിന്റെ ഫലത്താൽ ഞാൻ വിഷ്ണുലോകം പ്രാപിച്ചു; ഇപ്പോൾ രാജാവുമായി!'

രൂപസുന്ദരി:— 'എനിക്കും മുൻജന്മസ്മരണ ഉണ്ടായിവന്നു: ഞാൻ ആ ബ്രാഹ്മണഗൃഹത്തിൽ ഒരു ചുണ്ടെലിപ്പെണ്ണായിരുന്നു; കാർത്തികപ്രബോധിനിയിൽ മങ്ങിയ വിളക്കിലെ തിരികൊണ്ടുപോകാനായി ഞാൻ മടയിൽനിന്നു പുറപ്പെട്ടു; അപ്പോൾ ഭവാൻ എന്നെ പിടിക്കാൻ പാഞ്ഞെത്തി. ഞാൻ അങ്ങയെ കണ്ടിട്ടു് ഒളിക്കാൻ മടയിലേയ്ക്കോടുമ്പോൾ, എന്റെ കാൽ തട്ടി തിരി നീളുകയും തട്ടു ചെരിയുകയും ചെയ്തതിനാൽ വിളക്കു നല്ലവണ്ണം തെളിഞ്ഞു. മഹാരാജാവേ, അതിനാൽ ഞാൻ സുഖഭാജനമായിത്തീർന്നു: എനിക്കു മികച്ച രൂപലാവണ്യം ലഭിച്ചു; ഭവാൻ ഭർത്താവായി; രാജ്യം കൈവന്നു; പുത്രന്മാരുണ്ടായി; പലതരം സുഖങ്ങളും അനുഭവിക്കാറായി. ദീപം തെളിയിച്ചതിനാൽ അതിദുർല്ലഭമായ ജ്ഞാനവും സിദ്ധിച്ചു! അതിനാൽ സർവ്വപ്രയത്നത്തിലൂ നാമിരുവരും ശ്രേഷ്ഠമായ ദീപവ്രതം പരമഭക്തിയോടേ അനുഷ്ഠിക്കണം. അത്രമാത്രത്തിന്റെ ഫലമാണല്ലോ, ഈ രാജ്യാദി സമ്പത്തും പൂർവജന്മസ്മരണയും പാപശാന്തിയുമെല്ലാം; ഈ സ്ഥിതിക്കു്, സർവപ്രയത്നേന ദീപവ്രതം വിധിമന്ത്രാദികളോടേ ആചരിച്ചാലത്തെ പുണ്യം ആചന്ദ്രതാരം നിലനിൽക്കുന്നതായിരിക്കും.'

ദേവർഷേ, രാജാവു രാജ്ഞിയോടൊന്നിച്ചു ദീപവ്രതം ശ്രദ്ധയോടേ ആചരിച്ചുതുടങ്ങി; പുഷ്കരതീർത്ഥത്തിൽ ദീപവ്രതമനുഷ്ഠിച്ചതിനാൽ അവരിരുവരും ദേവാസുരക്കുപോലും കിട്ടാവതല്ലാത്ത പരമസായുജ്യമടയുകയും ചെയ്തു. ഈ ദീപമാഹാത്മ്യം ശ്രവിക്കുന്ന മനുഷ്യർ പാപമെല്ലാം വേർപെട്ടു ഹരിമന്ദിരം പ്രാപിക്കും; അനുഷ്ഠിച്ച ഭക്തജനങ്ങളോ, പുരുഷന്മാരായാലും സ്ത്രീകളായാലും, പാപനിർമ്മുക്തരായി സനാതനബ്രഹ്മലോകത്തോടു ചേരും. സർവസൗഖ്യങ്ങളേയും സായുജ്യത്തേയും നൽകുന്ന ഈ പുണ്യമായ ദീപവ്രതം ഞാൻ ഭവാനു പറഞ്ഞുതന്നു; ഇതനുഷ്ഠിച്ചാൽ നേത്രരോഗങ്ങളും മറ്റു മാപാപസംഭ്രമങ്ങളുമെ

Digitized By Kerala Sahitya Akademi

വ്യാധികളും ആധികളുമെല്ലാം ക്ഷണേന നശിക്കും; ദാരിദ്ര്യമോ, ശോകമോ, മോഹമോ, വിദ്വേഷമോ വരികയില്ല; ഏറ്റവും ഉത്തമന്മാരായ ഗൃഹത്തിൽ ലക്ഷ്മി വിളയാടും.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദം,
ദീപപ്രതിഷ്ഠാഫലവർണ്ണനം മുപ്പത്തൊന്നാമദ്ധ്യായം.

മുപ്പത്തിരണ്ടാമദ്ധ്യായം.

നാരദൻ:—'ദേവദേവ, ജഗദീശ, ഭക്തവത്സലനായകനായുള്ളോവേ, മഹാദേവ, എങ്കൽ ദയ ചെയ്യുമെറെറാരു വ്രതം അരുളിച്ചെയ്താലും.'

ശിവൻ:—'പണ്ടു ഹരിശ്ചന്ദ്രൻ എന്നൊരു ചക്രവർത്തിരാജാവുണ്ടായിരുന്നു. അദ്ദേഹത്തിനു ബ്രഹ്മാവു സന്തോഷിച്ചു് ഒരു * കാമദമായ രാജധാനി കല്പിച്ചുകൊടുത്തു. സർവ്വരത്നങ്ങളും നിറഞ്ഞു ബാലസൂര്യനൊപ്പം മിന്നിത്തിളങ്ങിയിരുന്ന ആ പുരിയിൽ സ്ഥിതിചെയ്യുന്നരേന്ദ്രൻ ഏഴുദ്വീപൊത്ത മന്നിടത്തെ, അച്ഛൻ ഔരസപുത്രനെ എന്നപോലെ ധർമ്മത്തിൽ സംരക്ഷിച്ചുപോന്നു. വഴിപോലെ രാജ്യം ഭരിക്കുന്ന ഹരിശ്ചന്ദ്രനു സമ്പത്തും സന്തതിയും വളരെ വളരെ വർദ്ധിച്ചു; അതിൽ തനിക്കുതന്നെ ആശ്ചര്യംതോന്നി: 'ഈവിധം സാമ്രാജ്യം മുമ്പു് ആർക്കും ഉണ്ടായിട്ടില്ല; ഈവിധമുള്ള വിമാനവും മറു മനുഷ്യർ കേറിയിട്ടില്ല. ഞാൻ ദേവരാജാവിനെപ്പോലായതു് ഏതൊരു കർമ്മത്തിന്റെ ഫലമായിരിക്കാം' എന്നിങ്ങനെ വിചാരിച്ചു് അദ്ദേഹം വിമാനത്തിലേറിപ്പുറപ്പെട്ടു്, സുമേരുമാമലയിൽ ചെന്നെത്തി. അവിടെ ഒരു പൊന്നിൻ പാറപ്പുറത്തു്, ജ്ഞാനയോഗനിരതനായ സനൽകുമാരബ്രഹ്മർഷി, രണ്ടാമത്തെസ്സൂര്യനോ എന്നു തോന്നുംവണ്ണം സ്ഥിതിചെയ്തിരുന്നു. ആ മഹാത്മാവിനെ കണ്ടതോടുകൂടി, മന്നവൻ മനംകുളിർത്തു്, സപദി രഥത്തിൽനിന്നിറങ്ങി വന്ദിച്ചു; മുനീന്ദ്രൻ രാജാവിനേയും അഭിനന്ദിച്ചു. രാജാവു സുഖമാംവണ്ണം ഉപവേശിച്ചു ചോദിച്ചു:—'ഭഗവാനേ, എനിക്കു ലോകത്തിൽ ദുർല്ലഭമായ ഈ സമ്പത്തു ലഭിച്ചതു് എന്തുകർമ്മത്താലാണു്? ഞാൻ മുൻജന്മത്തിൽ ആരായിരുന്നു? തൊൻ ഇവിടെയ്ക്കു് അനുഗ്രഹീതനാണെങ്കിൽ, തത്ത്വമെല്ലാം പറഞ്ഞുതന്നാലും!'

* ഇച്ഛിച്ചതെല്ലാം തന്നേ ഉണ്ടായിവരുന്ന.

Digitized By Kerala Sahitya Akademi

സനൽക്കുമാരൻ:—'രാജാവേ, പ്രാഗ്ജന്മചരിതം കേട്ടുകൊള്ളുക; ഇന്ന കമ്മത്താലാണ് ഭവാൻ അന്ധത്വം നേടിയതെന്നു ഞാൻ പറയാം:

ഭവാൻ മുൻജന്മത്തിൽ സത്യവാദിയും വിശുദ്ധനുമായ ഒരുത്തമ വൈശ്യനായിരുന്നു. സ്വന്തം തൊഴിൽ ഭവാൻ ഉപേക്ഷിച്ചു; അതിനാൽ ബന്ധുജനങ്ങളും അങ്ങയെ പുറത്താക്കി. ഭവാൻ കഴിച്ചിൽക്കു വകയില്ലാതെ ഭാര്യയോടുംകൂടി സ്വജനങ്ങളുടെ ഇടയിൽനിന്നു പോന്നു; മറ്റു വല്ലവരേയും സേവിച്ചു പാക്കാമെന്നായിരുന്നു ഭവാന്റെ വിചാരം. എന്നാൽ, അക്കാലത്തെ ഉർഭിക്ഷം മൂലം ആരും പാപ്പിക്കുകയുണ്ടായില്ല. ഒരുനാൾ ഭവാൻ കാട്ടിൽ ഒരു പൊയ്ക കണ്ടെത്തി. അതിൽ താമരപ്പൂക്കൾ വിരിഞ്ഞുനിന്നിരുന്നു. 'നമുക്കു കുറെ താമരപ്പൂവു പറിക്കാം' എന്നും പറഞ്ഞു സഭാര്യനായ ഭവാൻ ആ പൂക്കൾ പറിച്ചെടുത്തു, വിൽക്കാൻവേണ്ടി പുണ്യമായ കാശീനഗരത്തിൽ കൊണ്ടുനടന്നു; വാങ്ങാൻ ആളുണ്ടായില്ല! അങ്ങിനെ ഒരേടത്തു നിൽക്കെ, ഒരു വാദ്യഘോഷം കേട്ടതിനാൽ, 'ഈ കൊട്ടുകേൾക്കുന്നതു് എവിടെനിന്നാണെ'ന്നു ഭവാൻ ഒരാളോടു ചോദിച്ചു. അയാളുടെ മറുപടിയിൽനിന്ന്, കാശിയിലെ രാജാവായ ഇന്ദ്രദ്യുമ്നന്റെ മകൾ, സൌഭാഗ്യവതി ചന്ദ്രാവതി എന്ന സാധ്വി, ജ്യേഷ്ഠാമി നോല്ക്കുകയാണെന്നു മനസ്സിലായതിനാൽ ഭവാൻ സസന്തോഷം അങ്ങോട്ടു നടകൊണ്ടു. അവിടെ യജ്ഞം നടക്കുന്നുണ്ടായിരുന്നു: വിഷ്ണുഭഗവാനെ ആദിത്യനോടൊപ്പം ഒരു കുടത്തിനു മീതേ പ്രതിഷ്ഠിച്ചു പല പല പുഷ്പങ്ങൾകൊണ്ടു പൂജിച്ചിരുന്നു. അതുകണ്ടു കേതിതോന്നുകയാൽ സപത്നീകനായ ഭവാനും ഭഗവാനെ ആ താമരപ്പൂക്കൾകൊണ്ടർച്ചിച്ചു; ബാക്കിയുള്ള പൂക്കൾകൊണ്ടു് ഒരു മാല കെട്ടി ചാർത്തിക്കുകയും ചെയ്തു.

അതുകണ്ടു ചന്ദ്രാവതി, 'ആരാണിവിടെ അർച്ചനംകഴിച്ചതു്?' എന്നന്വേഷിച്ചു. എല്ലാം ഭവാൻ ചെയ്തതാണെന്നറിഞ്ഞു് അവർ താൻതന്നെ അങ്ങയെ അഭിനന്ദിച്ചു് അവിടെപ്പാർപ്പിച്ചു പണം തന്നു; പണം ഭവാൻ വാങ്ങിയില്ല. അവർ ഊണിനു ക്ഷണിച്ചു; ഭവാൻ ഉണ്ടതുമില്ല. ഭവാൻ പണം വാങ്ങിയില്ല, ഊൺകഴിച്ചില്ല; ആദിത്യസഹിതനായ വിഷ്ണുവിനെ യഥാവിധി പൂജിച്ചതാണു! പിറേറ ന്നാൾ രാവിലേ ഭവാൻ എല്ലാവരോടും നന്ദിപറഞ്ഞു് അവിടെനിന്നു പോന്നു. മുൻജന്മത്തിൽ ഇങ്ങനെ ഒരു സുകൃതം ഭവാൻ സമ്പാദിച്ചു; ആ മഹാപുണ്യത്താൽ, അന്ന് സ്വകർമ്മാനുസാരേണ മൃതി

Digitized By Kerala Sahitya Akademi

യടഞ്ഞ ഭവാനു വിമാനം കൈവന്നു; ഇന്നീ അനുഭവിക്കുന്നതും ആ പൂർവകർമ്മത്തിന്റെ ഫലമാണ്.'

ഹരിശ്ചന്ദ്രൻ:—'ഏതു മാസത്തിലാണ് ആ തിഥി? നോൽക്കേണ്ടതെങ്ങിനെയാണ്? സദയം പറഞ്ഞുതരിക.'

സനൽക്കുമാരൻ:—'രാജാവേ, പറയാം; ശ്രദ്ധിച്ചുകേൾക്കുക: ശ്രാവണമാസത്തിലെ കറുത്ത അഷ്ടമിയും രോഹിണിയും ചേർന്നവന്നാൽ, ആ തിഥിക്കു ജയന്തി എന്നു പേർ. അതിന്റെ വിധി ഇവമാവു പറഞ്ഞുതന്നിട്ടുള്ളതു ഞാൻ പറയാം; അതാചരിച്ചവൻ പാപമൊഴിഞ്ഞു വിഷ്ണുലോകം പൂകും: നോൽപ്പുകാരൻ കറുത്ത എള്ളുകൊണ്ടു സ്നാനംകഴിച്ചു്, ഒരു നല്ല കലശം പഞ്ചരത്നങ്ങളിട്ടു പ്രതിഷ്ഠിക്കുക. വജ്രം, മുത്തു്, വൈഡൂര്യം, പുഷ്യരാഗം, ഇന്ദ്രനീലം എന്നിവയാണു പ്രശസ്തങ്ങളായ പഞ്ചരത്നങ്ങളെന്നു കാത്യായനൻ അഭിപ്രായപ്പെട്ടിരിക്കുന്നു. കലശത്തിന്മേൽ ലക്ഷണമൊത്ത ഒരു പൊൻപാത്രവും, അതിൽ മകന്നു പുഞ്ചിരിക്കൊണ്ടു് അമ്മിഞ്ഞ കൊടുക്കുന്ന നന്ദപത്നിയായ യശോദയുടേയും, അമ്മയുടെ ഒരു മുല കുടിക്കുകയും മറേറമുല കൈകൊണ്ടു തിരുമ്മുകയും ക്രുദ്ധരായ അമ്മയെ പ്രേമത്തോടേ നോക്കി ആനന്ദിപ്പിക്കുകയും ചെയ്യുന്ന കൃഷ്ണന്റേയും സ്വർണ്ണപ്രതിമകളും വയ്ക്കുക. കൃഷ്ണപ്രതിമ കഴിവുണ്ടെങ്കിൽ രണ്ടു നിഷ്കം സ്വർണ്ണംകൊണ്ടുണ്ടാക്കണം. ആദിത്യനെ സ്വർണ്ണംകൊണ്ടല്ലെങ്കിൽ ശ്രീലോഹംകൊണ്ടും, രോഹിണിയെ സ്വർണ്ണംകൊണ്ടും ചന്ദ്രനെ വെള്ളികൊണ്ടും നിർമ്മിക്കുക. ചന്ദ്രനു വലുപ്പം പെരുവിരലോളം; രോഹിണിക്കു നാലുവിരൽ. കണ്ണുകളിൽ കുണ്ഡലങ്ങളും കഴുത്തിൽ കണ്ഠാഭരണവും വേണം. ഇവയെല്ലാം പാത്രത്തിൽവച്ചു്, ജഗദീശനായ ഗോവിന്ദനേയും അമ്മയേയും പാൽ മുതലായവകൊണ്ടഭിഷേചിച്ചു ചന്ദനം ലേപിച്ചു്, വെളുത്ത ഇണവസ്ത്രം ധരിപ്പിച്ചു് പൂമാലകൾ ചാർത്തിച്ചു്, പലതരം നൈവേദ്യങ്ങൾകൊണ്ടും പലഹാരങ്ങൾകൊണ്ടും ഫലങ്ങൾകൊണ്ടും പൂജിക്കുക. വിളക്കുവയ്ക്കണം; പൂക്കൾകൊണ്ടു മണ്ഡപമുണ്ടാക്കണം; കേതിയോടേ ഗീതനൃത്തവാദ്യങ്ങളും ഏർപ്പെടുത്തണം. ഇങ്ങനെ, ധനസ്ഥിതിയനുസരിച്ചു് എല്ലാം ചെയ്തു്, ഒടുവിൽ പുരോഹിതനെ സന്തുഷ്ടനാക്കി വ്രതമവസാനിപ്പിക്കുക.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദം
ജന്മാഷ്ടമീവ്രതവിധാനം മുപ്പത്തിരണ്ടാമദ്ധ്യായം.

(൦)

Digitized By Kerala Sahitya Akademi

മുപ്പത്തിമൂന്നാമദ്ധ്യായം.

ശിവൻ:—തികഞ്ഞ ശ്രേഷ്ഠദക്ഷിണയോടുകൂടി ഒരു നൂറു യാഗം കഴിച്ചിട്ടും തൃപ്തിവരാഞ്ഞ ദേവേന്ദ്രൻ ബൃഹസ്പതിയോടു ചോദിച്ചു:—'വലിയ തപസ്സുള്ള ഭഗവാനേ, എന്തു ദാനത്താലാണ് എങ്ങും സുഖം വന്നിക്കുക? അക്ഷയവും മഹാഫലവുമായിട്ടുള്ളതു് ഇന്നതാണെന്നു പറഞ്ഞുതന്നാലും.' ദേവപുരോഹിതൻ പുഞ്ചിരിക്കൊണ്ടു ചെയ്തു:—'വാസവ, സ്വർണ്ണം, വസ്ത്രം, ഗോവ്, ഭൂവ് എന്നിവയെ ദാനം ചെയ്താൽ സർവ്വപാപങ്ങളും നീങ്ങും. എന്നാൽ ഭൂമി ദാനംചെയ്താൽ സ്വർണ്ണവും വെള്ളിയും മണിരത്നങ്ങളും വസ്ത്രവും—സകലവും—നൽകിക്കഴിഞ്ഞു! ഉഴുവിതച്ചു സസ്യങ്ങൾ വളർന്ന ഭൂമി ദാനംചെയ്യുവൻ, സൂര്യപ്രകാശമുള്ളേടത്തോളം കാലം സ്വർഗ്ഗത്തിൽ പൂജിക്കപ്പെടും. മനുഷ്യൻ കഴിച്ചിലിന്നവകയില്ലാഞ്ഞു വല്ല പാപവും ചെയ്തുപോയാലും, ഗോചർമ്മത്തോളം ഭൂമി ദാനംചെയ്താൽ വിശുദ്ധിയടയും: *പത്തുകോൽ ഒരു ദണ്ഡ്; മുപ്പതുദണ്ഡ് ഒരു നിവർത്തനം; നിവർത്തനം പത്തുകൂടിയാൽ ഗോചർമ്മം എന്നതു ബ്രാഹ്മമായ കണക്ക്; ചെറുകുട്ടികളോടുകൂടിയ ആയിരം പൈക്കൾക്കും ഒരു കാളയ്ക്കും നിർബാധം നിൽക്കാവുന്ന സ്ഥലത്തിന്നു ഗോചർമ്മമെന്നു പേർ. ഗുണവാനും തപസ്വിയും ജിതേന്ദ്രിയനുമായ ദ്വിജന്നു ഭൂമി നൽകിയാൽ, ആഴികൾവരെയുള്ള ഉഴിയുള്ളേടത്തോളം കാലം ഫലം നിലനില്ക്കും. വെള്ളത്തിൽ വീണ എണ്ണയുള്ളി ക്ഷണേന പരക്കുന്നതെപ്രകാരമോ, അപ്രകാരം ഭൂമിദാനം സസ്യങ്ങളാൽ ക്ഷണേന പരക്കുന്നു! ഭൂമിയിൽ വിതച്ച വിത്തുകൾ മുളച്ചുപൊങ്ങുന്നതുപോലെ, ഭൂമിദാതാവിങ്കൽ വാഞ്ഛിച്ചതെല്ലാം മുളച്ചുപൊങ്ങുന്നു! അന്നദാതാവു സദാ സുഖമനുഭവിക്കുന്നു; വസ്ത്രദാതാവു ശുഭഗുണം നേടുന്നു; എന്നാൽ ഭൂമിദാതാവു സർവ്വം നൽകിയവനായിത്തീരുന്നു! സഹസ്രാക്ഷ, പയ്യു കട്ടിയെ മുലപ്പാൽകൊണ്ടു പോറ്റിവളർത്തുന്നതെപ്രകാരമോ, അപ്രകാരം ദാനംചെയ്യപ്പെട്ട ഭൂമി ദാതാവിനെ പോറ്റിവളർത്തുന്നു! ശംഖ്, സിംഹാസനം, വെൺകൊറ്റക്കുട, വന്ദിച്ച ഗജാശ്വങ്ങൾ, സ്വർഗ്ഗം എന്നിതൊക്കെയും ഭൂമിദാനത്തിന്റെ ഫലമാകുന്നു! ആദിത്യൻ, വരുണൻ, അഗ്നി, ബ്രഹ്മാവു്, ചന്ദ്രൻ, ഭഗവാൻ ശൂലായുധൻ മുതലായവരെല്ലാം ഭൂമിദാതാവിനെ കൊണ്ടാടുന്നു! പിതൃപിതാമഹന്മാർ, 'നമ്മുടെ വംശത്തിൽ

* ഈ കണക്കു രണ്ടിന്നും അഭിപ്രായഭേദമുണ്ട്. ദാനപ്രകരണത്തിൽ ഫലതാരതമ്യമനുസരിച്ചു കണക്കിന്നു വ്യത്യാസങ്ങൾ കാണും.

Digitized By Kerala Sahitya Akademi

ഒരു ഭ്രമിദാതാവുണ്ടായി വന്നാൽ, അവൻ നമ്മെ രക്ഷപ്പെടുത്തുമല്ലോ' എന്നു സകൌതുകം വർണ്ണിക്കുന്നു! ഭൂവു്, ഗോവു്, വിദ്യ, (മന്ത്രം) എന്നിവ നൽകുക മൂന്നു മഹാദാനമത്രേ; അവ മുറയ്ക്കു വിളവു്, കറവു്, ജപം എന്നിവകൊണ്ടു നരകത്തിൽ നിന്നു കരയേറുന്നു; ഉദ്ധരിയെ കടത്തിവിടുന്നു.

വസ്ത്രം നൽകിയവർ ആഢ്യപദനത്തോടെ പോകുന്നു; നൽകാത്തവർ നഗ്നരായി പോകുന്നു! അന്നം നൽകിയവർ സംതൃപ്തരായി പോകുന്നു; നൽകാത്തവർ വിശപ്പോടെ പോകുന്നു! * പിതൃക്കളെല്ലാം നരകനിവാരണാർത്ഥം ആഗ്രഹിക്കുന്ന ഒന്നാണു് നീലവൃഷദാനം: വാലിനു പാണ്ഡുര (മഞ്ഞനിറം കലർന്ന വെളുപ്പു്) വർണ്ണവും, കൊമ്പു കളനുകർക്കു് വെളുപ്പും ചേർന്നു മുകനു കാളയത്രേ നീലവൃഷം..... ദിലീപപ്രഭൃതഗഹനസഗരാദികളായ വളരെ രാജാക്കന്മാർ ദാനംചെയ്തതാണു് ഭൂമി; ഫലം, അനന്നത്തെ അധിപതിക്കു്..... ഭൂമിദാതാവു് അറുപതിനായിരം സംവത്സരം സ്വർഗ്ഗത്തിൽ വസിക്കും. ഭൂമി അപഹരിച്ചവനും അതിനു സഹായിച്ചവനും നരകത്തിൽ പതിക്കും. ഭൂമിദാതാവിനെക്കാൾ ഒരു പുണ്യവാനും ഭൂമിഹർത്താവിനെക്കാൾ ഒരു പാപിയുമില്ല. ഭൂവു വൈഷ്ണവിയും, ഗോവു സൂര്യപുത്രിയും, സ്വർണ്ണം അഗ്നിസന്തതിയുമത്രേ; അവയെ ദാനംചെയ്താൽ ഫലത്തിനറുതിയില്ല..... ഭൂമി അന്യായേന അപഹരിച്ചവനും, അപഹരിപ്പിച്ചവനും, രണ്ടുപേരും ഏഴു തലമുറയ്ക്കു നാശംവരുത്തും. അജ്ഞാനത്താൽ ആലോചനയില്ലാതെ ഭൂമി അപഹരിക്കുകയോ, അപഹരിപ്പിക്കുകയോ ചെയ്തവൻ വരുണപാശങ്ങൾകൊണ്ടു ബന്ധിക്കപ്പെട്ടു് തിര്യഗ്ജാതികളിൽ ജനിക്കും. ആയിരം വാപീകൂപങ്ങൾ കഴിപ്പിക്കുക, നൂറശ്വമേധം കഴിക്കുക, കോടി പൈക്കളെ ദാനംചെയ്യുക എന്നിവകൊണ്ടും ഭൂമി അപഹരിച്ചാലുള്ള ദോഷം നീങ്ങുകയില്ല. ഹോമവും ദാനവും തപസ്സും സ്വാധ്യായവും മറ്റു ധർമ്മവുമൊക്കെ, അരവിരൽ ഭൂമി അപഹരിച്ചാൽ നശിച്ചുപോകും! ഗോതീർത്ഥം (പശുക്കൾ വെള്ളംകുടിക്കാനിറങ്ങുന്ന കടവു്) ഗ്രാമത്തിലെ പാത, പൂടല, ഗ്രാമം എന്നിവയ്ക്കുപദ്രവം വരുത്തുന്നവർ പ്രളയംവരെ നരകത്തിൽക്കിടക്കും!..... കണ്ഠഗതപ്രാണനായാലും ബ്രഹ്മസ്വം തൊട്ടുപോകരുതു്: തീയിൽവെന്താൽ വീണ്ടും കിളിർക്കും. ബ്രഹ്മതേജസ്സിൽ വെന്താൽ പിന്നെ കിളിർക്കയില്ല; ഇരുമ്പിൻ പൊടി, കല്ലിൻ പൊടി, വിഷം എന്നിവ ഒഴിച്ചേയ്ക്കാം;

* ഇതിനുമുമ്പു് ഒന്നര ശ്ലോകം പൂർവ്വോക്തമാകയാൽ വിട്ടു. ഈ അദ്ധ്യായത്തിൽ ഇടയ്ക്കിടയ്ക്കു് അല്പാല്പം വിട്ടിട്ടുണ്ടു്.

Digitized By Kerala Sahitya Akademi

ബ്രഹ്മസ്വം തിന്നുവാനത്തിൽ ആഗ്രഹം ഒഴിക്കയില്ല!..... ബ്രാഹ്മണൻ, ദരിദ്രൻ, ഗുരു, സ്നേഹിതൻ എന്നിവരുടെ ധനം അപഹരിക്കലും ബ്രഹ്മഹത്യയും സ്വർഗ്ഗസ്ഥനെക്കൂടി കഷ്ടത്തിലാക്കിക്കളയും! വേദാദ്ധ്യാസം, തപസ്സ്, ജ്ഞാനം, ഇന്ദ്രിയസംയമം എന്നിവയെല്ലാമുള്ളവന്റെ ചെയ്ത ദാനം അക്ഷയമായിരിക്കും. പാലോ തയിരോ നെയ്യോ തേനോ ആക്കിവെച്ചാൽ പച്ചക്കടം ഉറപ്പില്ലായ്കയാൽ ഒട്ടപ്പെട്ടമല്ലോ; അതുപോലെ അപാത്രത്തിൽ ദാനം വാങ്ങിയാൽ നാശമടയുന്നു!

തടാകം പുത്തനായി ഉണ്ടാക്കുകയോ, മുമ്പുള്ളതു പുതുപ്പിക്കുകയോ ചെയ്യുവൻ വംശത്തെ എല്ലാം ഉദ്ധരിച്ചു് സ്വർഗ്ഗലോകത്തു പൂജിക്കപ്പെടും. വാപി, കൂപം, തടാകം, ഉദ്യാനം മുതലായവ നന്നാക്കിച്ചാൽ മുക്തി കിട്ടും. ആരുടെ ജലാശയത്തിൽ വേനൽക്കാലത്തു് ഒരുദിവസമെങ്കിലും വെള്ളം നിൽപുണ്ടോ, അവൻ മേലും കീഴും ഏഴേഴു തലമുറയ്ക്കു് ഉൽഗതിവരുത്തും. വിളക്കുവെപ്പിച്ചവൻ സൂര്യപനാകും. ദക്ഷിണകൊടുത്തവന്നു് സ്മൃതിയും മേധയുമുണ്ടാകും. പാപം ചെയ്താലും ദാനം, വിശേഷിച്ചും ബ്രാഹ്മണന്നു നൽകിയാൽ പാപം നീങ്ങിപ്പോയ്ക്കൊള്ളും. ഭൂവ്, ഗോവ്, കളത്രം എന്നിവയെ അപഹരിക്കുകയും തിരിയെ കൊടുക്കാതിരിക്കുകയും ചെയ്യുവൻ ബ്രഹ്മഘ്നനത്രേ; ബ്രഹ്മഘ്നനെ യാതൊരു രാജാവു ശാസിക്കുന്നില്ലയോ, ആ രാജാവും ബ്രഹ്മഘ്നൻതന്നെ. വിവാഹം, യജ്ഞം, ദാനം എന്നിവ നടത്താൻ തുടങ്ങുമ്പോൾ മൌഢ്യത്താൽ മുടക്കം വരുത്തുന്നവൻ ചത്താൽ പുഴുവായി പിറക്കും. ധനം ദാനംകൊണ്ടും, ജീവിതം രക്ഷണംകൊണ്ടും, രൂപം ആരോഗ്യംകൊണ്ടും, ധർമ്മം അഹിംസകൊണ്ടുമാണു് സഫലമാവുക. ഫലമൂലാശനത്താൽ പൂജയും, സത്യംകൊണ്ടു സ്വർഗ്ഗവും, പ്രായോപവേശംകൊണ്ടു രാജ്യവും നിർബ്ബാധം നേടാം. ദീക്ഷയാൽ സുഖവും, ഊണാശനത്താൽ സൽഗതിയും, മൂന്നനേരം സ്നാനത്താൽ രൂപഗുണവും, വായുപാനത്താൽ യജ്ഞഫലവും കൈവരുന്നു. നിത്യവും സ്നാനംചെയ്തു സന്ധ്യാവന്ദനവും വേദജപവും കഴിക്കുന്നവൻ കർമ്മകുശലനായിത്തീരും. അഹിംസകൻ സനാതനമായ സ്വർഗ്ഗരാജ്യം നേടുന്നു. അഗ്നിപ്രവേശം ചെയ്യുവൻ എന്നെന്നും ബ്രഹ്മലോകത്തു പൂജിക്കപ്പെടും. രസങ്ങളെ പ്രതിസംഹരിച്ചവന്നു പശുക്കളും പുത്രന്മാരും ഉണ്ടായിവരും. ഉപവാസമനുഷ്ഠിച്ചവൻ വളരെക്കാലം സ്വർഗ്ഗത്തിൽ വസിക്കും. എന്നും നിലത്തു കിടന്നവന്നു് അഭീഷ്ടഗതി കിട്ടും. വീരാസനവും വീരശയനവും വീരസ്ഥാനവും ശീലിച്ചവൻ സർ

Digitized By Kerala Sahitya Akademi

കാമസമൃദ്ധങ്ങളായ സനാതനലോകങ്ങളിൽ ചെന്നുചേരും. ഉപവാസവും ദിക്ഷയും സ്നാനവും പന്തിരണ്ടുകൊല്ലം അനുഷ്ഠിക്കുക എന്നതു വീരസ്ഥാനത്തെക്കാളും മീതെയാകുന്നു. പാവനമായ ധർമ്മം ആചരിച്ചവൻ ദേവലോകത്തു പൂജിക്കപ്പെടും.'

ഈ പുണ്യമായ ബൃഹസ്പതിധർമ്മശാസ്ത്രം പഠിക്കുന്ന ബ്രാഹ്മണശ്രേഷ്ഠർക്കു നാലുക്രട്ടം, ആയുസ്സും വിദ്യയും യശസ്സും ബലവും, വർദ്ധിച്ചുവരും.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദം,
ബൃഹസ്പതി ധർമ്മോപദേശം മുപ്പത്തിമൂന്നാമദ്ധ്യായം.

മുപ്പത്തിനാലാമദ്ധ്യായം

നാരദൻ:—'ദേവദേവ, വാസവന്റെ വാചസ്പതി പറഞ്ഞുകൊടുത്ത ധർമ്മശാസ്ത്രം ഇവിടുന്നു ഭക്തനായ എനിക്കു പറഞ്ഞുതന്നുവല്ലോ. ഇനി, ശനിപീഡ എങ്ങിനെയായാൽ നേരിടില്ലെന്നരുളിച്ചെയ്താലും: ഇവിടുത്തെ അരുളപ്പാടു ദേഹികൾക്കു മുക്തികരമാണല്ലോ.'

ശിവൻ:—'ദേവർഷേ, ഒരു കഥ കേട്ടുകൊള്ളുക; എന്നാൽ ബന്ധമുക്തി വരും. ഗ്രഹങ്ങളിൽവെച്ചു രാജാവും എല്ലാവർക്കും മഹേശ്വരനും വേദകീർത്തിതനും കൃഷ്ണവർണ്ണനും ജടിലനും രോമശനും മാനവർക്കു ഭയങ്കരനുമാണു ശനി എന്ന മഹാഗ്രഹം. ശനിയുടെ ചരിതം ലോകത്തിൽ അറിയപ്പെട്ടിട്ടില്ല; ഞാൻ രഹസ്യമായി വെച്ചിരിക്കയാണ്. ഒരിക്കലും ആരോടും പറകയുണ്ടായിട്ടില്ല:

രഘുവിന്റെ വംശത്തിൽ ദശരഥൻ എന്ന സുപ്രസിദ്ധനായ ഒരു ചക്രവർത്തിരാജാവുണ്ടായിരുന്നു. ആ മഹാവീരൻ ഏഴുദ്വീപുകളേയും കീഴടക്കി ഭരിച്ചുപോന്നു. ഒരിക്കൽ അദ്ദേഹത്തോടു ജ്യോതിഷക്കാർ അടിപ്പായപ്പെട്ടു:—'ഇന്നു കാർത്തിക കഴിഞ്ഞാൽ രോഹിണീനക്ഷത്രം ശനിഗ്രഹത്താൽ പിളർത്തപ്പെടും; ഈ അത്യുഗ്രമായ * ശകടഭേദനത്തിൽ ദേവാസുരർക്കുകൂടി ആപത്തു വരുത്തും: ഒരു പന്തീരാണ്ടോളം ഭയങ്കരമായ ദുർഭിക്ഷം സംഭവിക്കും.' ഇതു കേട്ട മന്നവൻ മന്ത്രിമാരോടൊന്നിച്ചു, ആസന്നമായ ആപത്തിനെപ്പറ്റി ആലോചന നടത്തി. പൗരരും നാട്ടുകാരുമൊക്കെ സംഭ്രമത്തിലകപ്പെട്ടിരുന്നു; എല്ലാ

* നിൽപ്പു ശകടത്തിന്റെ (വണ്ടിയുടെ) രൂപംപോലുകയാൽ രോഹിണീശകടം എന്നു പറയുന്നു.

Digitized By Kerala Sahitya Akademi

ടത്തും ആ നാശത്തെപ്പറ്റിയായിരുന്ന ജനങ്ങളുടെ സംസാരം. നാടും നഗരവും ഗ്രാമവും ഭയത്തിൽ മുഴുകിപ്പോയി. വസുധേശൻ വസിഷ്ഠാദി ബ്രാഹ്മണരോട്, 'എന്താണിതിന്നു പരിഹാരം' എന്നു ചോദിച്ചു.

വസിഷ്ഠൻ:—'പ്രാജാപത്യ (രോഹിണീ) നക്ഷത്രം പിളർത്തപ്പെട്ടാൽപ്പിന്നെ പ്രജകളുണ്ടോ? ഈ യോഗം ബ്രഹ്മവാസവാദികൾക്കും തടുക്കാവുന്നതല്ല.'

ദശരഥൻ ഒരു വമ്പിച്ച സാഹസം മനസ്സുകൊണ്ടുറച്ചു്, ദിവ്യാസ്ത്രങ്ങളും ദിവ്യ ചാപവുമെടുത്തു തേരിൽക്കേറി, അതിവേഗത്തിൽ നക്ഷത്രമണ്ഡലത്തിലേയ്ക്കു നടകൊണ്ടു്, ഒന്നേകാൽലക്ഷം യോജന; ദൂരത്തു സൂര്യനു മീതെ സ്ഥിതിചെയ്യുന്ന രോഹിണീപൃഷ്ഠത്തിലെത്തി അദ്ദേഹം, മണിരത്നങ്ങളണിഞ്ഞതും അരയന്നനിറംപൂണ്ട കതിരുകളെപ്പൂട്ടിയതും ഉയർന്ന കൊടിമരത്തോടുകൂടിയതുമായ ദിവ്യകാഞ്ചന രഥത്തിൽ, അനർഘ്യങ്ങളായ കിരീടാദികളിലെ രത്നങ്ങളാൽ ദീപ്യമാനനായി, തുകാരണ്ടാമതൊരു സൂര്യനോ എന്നു തോന്നംവണ്ണം പരിശോഭിച്ചു. പിന്നീടു നക്ഷത്രവിധി ചെവിവരെ ആഞ്ഞുവലിച്ചു സംഹാരാസ്ത്രം തൊടുത്തു. ആ ദേവാസുരഭയങ്കരമായ സംഹാരാസ്ത്രം കണ്ടു ഭയപ്പെട്ട സൂര്യപുത്രൻ പുഞ്ചിരിക്കൊണ്ടരിയാടി:—'മഹാരാജാവേ, ഭവാനൊരു പുരുഷൻ വൈരികൾക്കു ഭയങ്കരൻ തന്നെ: ദേവാസുരസിദ്ധവിദ്യാധരോപന്നഗരും മനുഷ്യരുമൊക്കെ, ഞാനൊന്നു നോക്കിയാൽ സ്മൃമായിപ്പോകും. ഭവാന്റെ തേജസ്സും പൌരുഷവും എന്നെ സന്തോഷിപ്പിച്ചു. വരം ചോദിച്ചുകൊൾക; വേണ്ടുന്നതു ഞാൻ തരാം.'

ദശരഥൻ:—'ദിനേശനന്ദന, നദികളും സമുദ്രങ്ങളും ഭൂമിയും സൂര്യചന്ദ്രന്മാരുമുള്ളേടത്തോളംകാലം, ഇവിടുന്ന് ഒരിക്കലും രോഹിണിയെ *പിളർത്തു ഗമിക്കരുതു്; ഈയൊരു വരമേ എനിക്കു വേണ്ടതുള്ളൂ.'

'അങ്ങിനെയാകട്ടേ' എന്നു ശാശ്വതമായ വരം കൊടുത്തിട്ട്, സന്തുഷ്ടനായ ശനി, 'സുവ്രത, വീണ്ടും വരം ചോദിച്ചുകൊൾക' എന്നരചെയ്തു. അപ്പോൾ, മനം കുളിർത്ത മന്നവൻ മറെറാരു വരം അപേക്ഷിച്ചു:—'അങ്ങു ശകടം പിളർത്തു പന്തിരണ്ടുകൊല്ലം ഉർഭിക്ഷമുണ്ടാക്കരുതു്.'

ശനി:—'പന്തിരണ്ടുകൊല്ലം ഉർഭിക്ഷം ഒരിക്കലും ഉണ്ടാകയില്ല. ഭവാന്റെ ഈ കീർത്തി മൂന്നു ലോകത്തും പരക്കും.'

* പിളർത്തുക എന്നതിനു തട്ടുവിലണയുക എന്നേ അർത്ഥമുള്ളൂ.

Digitized By Kerala Sahitya Akademi

രണ്ടു വരങ്ങൾ നേടി കോപംമയിർക്കൊണ്ട ഭ്രമിപാലൻ വില്ലു തേരിലിട്ട കൈകൾ കൂപ്പിനിന്ന്, സരസ്വതിയേയും വിനായകനേയും സ്മരിച്ച് ഈ ശനിസ്തോത്രം ചൊല്ലാൻ തുടങ്ങി :—

'നമഃ കൃഷ്ണായ നീലായ ശിതികണ്ഠനിഭായ ച!
നമഃ കാലാഗ്നിരൂപായ! കൃതാന്തായ ച വൈ നമഃ!
നമോ നിർമ്മാംസദേഹായ ദീർഘശ്മശ്രുജടായ ച!
നമോ വിശാലനേത്രായ ശുഷ്കോദരഭയാകൃതേ!
നമഃ പുഷ്കലഗാത്രായ! സ്ഥൂലരോമ്ണേ ച വൈ നമഃ
നമോ ദീർഘായ ശുഷ്കായ! കാലദംഷ്ട്ര, നമോസ്തുതേ!
നമസ്തേ കോടരാക്ഷായ! ദുർന്നിരീക്ഷ്യായ വൈ നമഃ!
നമോ ഘോരായ രൗദ്രായ ഭീഷണായ കരാളിനേ!
നമസ്തേ സർവ്വഭക്ഷായ! വലീമുഖ, നമോസ്തു തേ!
സൂര്യപുത്ര, നമസ്തേസ്തു ഭാസ്കരേയഭയായ ച!
അധോദൃഷ്ടേ, നമസ്തേസ്തു! സംവർത്തക, നമോസ്തുതേ!
നമോ മന്ദഗതേ, ഉഗ്ര! നിസ്ത്രിംശായ നമോസ്തുതേ!
തപസാ ദഗ്ധദേഹായ നിത്യം യോഗരതായ ച!
നമോ നിത്യം ക്ഷുധാർത്തായ! അതൃപ്തായ ച വൈ നമഃ!
ജ്ഞാനചക്ഷുർന്നമസ്തേസ്തു കശ്യപാത്മജസൂനവേ!
തുഷ്ടോ ദദാസി വൈ രാജ്യം രുഷ്ടോ ഹരസി തൽ ക്ഷണാൽ.
ദേവാസുരമനുഷ്യാശ്ച സിദ്ധവിദ്യാധരോരഗാഃ
തവയാ വിലോകിതാസ്സർവേ നാശം യാന്തി സമൂലതഃ.
പ്രസാദം കുരു മേ ദേവ! വരാർഹോഹമുപാഗതഃ.'

ഈ സ്തുതി കേട്ട രോമാഞ്ചം പൂണ്ട മഹാബലനായ ഗ്രഹേശ്വരൻ വീണ്ടും കഥിച്ചു:—'രാജേന്ദ്ര, ഭവാൻ ഈ വിധം സ്തുതിച്ചതിനാൽ ഞാൻ സന്തുഷ്ടനായി; രാജ്യനന്ദന, വേണ്ടുന്ന വരം വാങ്ങിക്കൊള്ളുക.'

ദശരഥൻ:—'ഭാസ്കരാത്മജ, ഇവിടന്ന് ഇന്നുമുതൽ, ദേവാസുരമനുഷ്യരിലോ പക്ഷിസരീസൃപങ്ങളിലോ ആരെയും പീഡിപ്പിക്കരുത്.'

ശനി:—'ഗ്രഹിക്കുന്നതുകൊണ്ടാണു ഞങ്ങൾക്കു ഗ്രഹങ്ങൾ എന്ന പേര്; ഞങ്ങൾ പീഡ വരുത്തുന്നവരത്രെ. അതിനാൽ തരിക വയ്യാത്ത വരമാണ് ഭവാൻ ചോദിച്ചത്. ഒരുപായം പറയാം: ഭവാൻ ചൊല്ലിയ ഈ സ്തോത്രം ഒരുനേരമോ രണ്ടുനേരമോ ജപിച്ചാൽ മനുഷ്യൻ ക്ഷണേന പീഡയിൽനിന്നു മുക്തനാകും. ഞാൻ ജന്മരാ

Digitized By Kerala Sahitya Akademi

ശിയിലും നാലാമിടത്തും എട്ടാമിടത്തും നിന്നാൽ, ദേവാസുരമനുഷ്യ സിദ്ധവിദ്യാധരരക്ഷസ്സുകൾക്കൊക്കെ ഈ പത്തു സംവത്സരം. എന്നാൽ, യാവനൊരുത്തൻ വിശ്രുതനായി ശ്രദ്ധയാൽ മനസ്സുറപ്പിച്ച് എന്റെ ലോഹപ്രതിമയെ വന്നിയിലകൾകൊണ്ടു പൂജിച്ച്, ഉഴുന്നിൻചോറും എള്ളും നിവേദിക്കുകയും, ബ്രാഹ്മണനു ദക്ഷിണയും ഇരിമ്പും കറുത്ത പയിനേയും—അല്ലെങ്കിൽ കാളയേയും—നൽകുകയും, ശനിയാഴ്ച വിശേഷിച്ചും പൂജിച്ചു തൊഴുത് ഈ സ്തോത്രം ജപിക്കുകയും ചെയ്യുമോ, അവനു ഞാൻ ഒരിക്കലും പീഡ വരുത്തുകയില്ല; അവനെ, ഗോചരത്തിലും ജന്മലഗ്നത്തിലും ദശകളിലും അന്തർദ്ദശകളിലും ഗ്രഹപീഡ നീക്കി ഞാൻ സദാ രക്ഷിക്കും. ഈവിധം അനുഷ്ഠിച്ചാൽ പ്രജകൾക്കു പീഡയെല്ലാം നീങ്ങിക്കൊള്ളും. ഈ ഉപായംകൊണ്ടു ദേവനു ഞാൻ വരം തന്നിരിക്കുന്നു.'

മുന്നു വരംനേടിയ ദശരഥൻ മനസ്സിൽ കൃതാർത്ഥതയോടേ ശനൈശ്ചരനെ നമസ്കരിച്ചു പിടവാങ്ങി, തേരിലേറി ക്ഷണേന സപ്തസ്ഥാനത്തേയ്ക്കു തിരിച്ചു. ഇതുമൂലം അദ്ദേഹത്തിനു നന്മയും വന്നു. ശനിയാഴ്ച പ്രഭാതത്തിൽ ഉണർന്നെഴുനേറ്റ് ഈ സ്തോത്രം കേൾക്കയോടേ ചൊല്ലുകയോ ചൊല്ലിക്കേൾക്കുകയോ ചെയ്യുവൻ പാപമൊഴിഞ്ഞു സപ്തലോകത്തു പൂജിക്കപ്പെടും. ദശരഥപ്രോക്തമായ ഈ ശനിസ്തോത്രം ദീർഘായുസ്സിനേയും ബലത്തേയും കാന്തിയേയും പുത്രരേയും നൽകും; ഗ്രഹങ്ങൾക്കു ശാന്തി വരുത്തും; എല്ലാ പീഡകളേയും വേർപെടുത്തും; ഇതു പാവനമായിട്ടുള്ളതു ഭൂലോകത്തില്ലതന്നെ.

ശ്രാവണമാസത്തിൽ ബ്രാഹ്മണർ പാർപ്പുള്ള രമണീയമായ വൃദ്ധാനഗരത്തിൽ പോയി, പാപനാശനവും പവിത്രവും പുണ്യവുമായ ശനൈശ്ചരമഹാതീർത്ഥത്തിൽ സ്നാനംചെയ്താൽ ഗ്രഹപീഡ ശമിക്കുമെന്നു ബ്രഹ്മവചനമുണ്ട്: 'എൺപത്തിനാലായിരം തീർത്ഥങ്ങളുടെ സന്നിധാനമുള്ള വൃദ്ധാനഗരതീർത്ഥം മഹേശ്വരൻ താൻതന്നെ നിർമ്മിച്ചതത്രെ.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദം,
ശനിപീഡാ പരിഹാരകഥനം മുപ്പത്തിരണ്ടാമദ്ധ്യായം.

———o———

Digitized By Kerala Sahitya Akademi

മുപ്പത്തഞ്ചാമദ്ധ്യായം

നാരദൻ:—'സർവ്വേശ്വര, ത്രിസ്പൃശാവ്രതം വിശേഷിച്ചും അരുളിച്ചെയ്താലും; അതു ശ്രവിച്ചാൽത്തന്നെ ലോകം ക്ഷണേന കമ്പബന്ധത്തിൽനിന്നു നിർമ്മുക്തമാകുമല്ലോ.'

ശിവൻ:—'അഭിജ്ഞനായ മുനേ, ഈ വ്രതം പണ്ടു കുമാരൻ ലോകഹിതത്തിന്നായി, വ്യാസന്നു പറഞ്ഞുകൊടുക്കുകയുണ്ടായി; അതു ഞാൻ കണ്ടിട്ടും കേട്ടിട്ടുമുള്ളതിൻവണ്ണം പറയാം:

എല്ലാ പാപങ്ങളേയും മഹാദുഃഖങ്ങളേയും ശമിപ്പിച്ചു വിപുലഭുക്തിമുക്തികളെ നൽകുന്നതാകുന്നു മഹത്തായ ത്രിസ്പൃശാവ്രതം. ത്രിസ്പൃശയുടെ പേർ പറഞ്ഞാൽത്തന്നെ, വിഷ്ണുവിന്നു പ്രത്യക്ഷപൂജയായി! അതു ശരിക്കനുഷ്ഠിച്ചാൽ അഖിലപാതകങ്ങൾക്കും അറുതിവരും. ത്രിസ്പൃശയനുഷ്ഠിക്കാഞ്ഞാൽ, ശാസ്ത്രപുരാണാദികർമംകൊണ്ടാകട്ടേ, യജ്ഞങ്ങൾകൊണ്ടാകട്ടേ, കോടികോടി തീർത്ഥസ്നാനങ്ങൾകൊണ്ടാകട്ടേ, വളരെ വളരെ വ്രതങ്ങൾകൊണ്ടാകട്ടേ, ദേവപൂജകൾകൊണ്ടാകട്ടേ മോക്ഷം സിദ്ധിക്കയില്ല! വിശേഷിച്ചും കലികാലത്തു്, മോക്ഷത്തിന്നായി, സാക്ഷാൽ ദേവദേവൻ ഏറ്റെടുത്തിയതത്രെ, ദ്വിജർക്കും ഉർജ്ജേയയായ ഈ വൈഷ്ണവതിഥി. വിഷയവിഹീനർക്കും ധ്യാനധാരണങ്ങളില്ലാത്തവർക്കും കാമഭോഗസക്തർക്കും മുക്തിപ്രദയകുന്ന ത്രിസ്പൃശ. ഇതു ഞാൻ, പണ്ടു പാലാഴിമഥനത്തിൽ നാരദന്നു പറഞ്ഞുകൊടുക്കുകയുണ്ടായി. ത്രിസ്പൃശാവ്രതം അനുഷ്ഠിച്ചാൽ വിഷയികർമ്മം അക്ഷയമായ മോക്ഷം ഞാൻ കൊടുക്കും. മുനീന്ദ്ര, മുക്തിദായിനിയായ ത്രിസ്പൃശയെ ഭവാൻ ആചരിച്ചുകൊൾക. വളരെ മഹർഷിമാർ ഇതാചരിച്ചിട്ടുണ്ടു്:

കാർത്തികമാസത്തിൽ വെളുത്തപക്ഷത്തിൽ ത്രിസ്പൃശ തിങ്കളാഴ്ചയോടോ ബുധനാഴ്ചയോടോ ചേർന്നു വന്നാൽ, ഒരുകോടി പാപങ്ങളെ നശിപ്പിക്കും. അന്നുപവാസം ചെയ്തതിനാലത്രേ, ബ്രഹ്മഹത്യ ബാധിച്ച പരമേശ്വരന്റെ കയ്യിൽനിന്നു ബ്രഹ്മകപാലം ക്ഷണേന താഴെ വീണതു്. മാധവോപദേശത്താൽ ത്രിസ്പൃശ നോറ്റതിനാലാണു്, ഭാഗീരഥീദേവിക്കു കോടികോടി കലികല്മഷങ്ങൾ വിട്ടൊഴിഞ്ഞതു്. ബാഹുവീര്യമുള്ള പറഞ്ഞിയ ഹത്യകളെട്ടും വേർപെട്ടതു്, ഭൃഗുപദേശത്താൽ ത്രിസ്പൃശ നോറ്റതുകൊണ്ടാണു്. ഗുരുപദേശത്താൽ ത്രിസ്പൃശ നോറ്റതിനാലാണു് ദേവേന്ദ്രനു നമുചിഹത്യ നീങ്ങിയതു് കാട്ടിൽവച്ചു ബ്രാഹ്മണനെ വധിച്ച ശതായുധൻ ബ്രഹ്മഹത്യയിൽനി

Digitized By Kerala Sahitya Akademi

ന്ന നിർമ്മുക്തനായയ്യ്, ത്രിസ്പൃശ നോറ്റതിനാലായിരുന്നു. ബ്രഹ്മഹത്യാദി പാപങ്ങൾപോലും ത്രിസ്പൃശ നോറ്റാൽ അനുതിപ്പെട്ടും; മറ്റു പാപങ്ങളുടെ കഥ പിന്നെ പറയാനുണ്ടോ! ത്രിസ്പൃശ നോൽക്കാഞ്ഞാൽ, പ്രയാഗത്തിലാകട്ടേ, കാശിയിലാകട്ടേ, ഗോമതിയിലാകട്ടേ, വിഷ്ണുസന്നിധിയിലാകട്ടേ,മോക്ഷം സിദ്ധിക്കുകയില്ല. പ്രയാഗത്തിൽ വച്ചു മരിച്ചാൽ മുക്തികിട്ടും; ഗോമതിയിൽ കുളിച്ചാൽ മുക്തിവരും; ത്രിസ്പൃശ നോറ്റാലോ, ഗൃഹത്തിലും മുക്തി ലഭിക്കും—കാമമോഹാസക്തനായ വിഷയിക്കും മുക്തിലഭിക്കും. നോൽക്കാഞ്ഞാൽ, സാംഖ്യയോഗംകൊണ്ടും മുക്തി കിട്ടുകയില്ല.'

നാരദൻ:—'സുരശ്രേഷ്ഠ, ദ്വിജശ്രേ മുക്തിദമായി ഭവാൻ കഥിച്ച ത്രിസ്പൃശാവ്രതം എങ്ങിനെയാണു്?'

ശിവൻ:— 'ത്രിസ്പൃശാവ്രതം, പണ്ടു പ്രാചീസരസ്വതീതീരത്തു വച്ചു മാധവൻ ജാഹ്നവിക്കു സമയം പറഞ്ഞുകൊടുത്തതു കേട്ടുകൊള്ളുക:

ഗംഗ:—'ഹൃഷീകേശ, കലികാലത്തു കോടികോടി കലികല്മഷങ്ങളും ബ്രഹ്മഹത്യാദികളും ചേർന്നവർ എന്റെ ജലത്തിൽ സ്നാനം ചെയ്യയാൽ, അവരുടെ ദോഷപാപശതങ്ങൾകൊണ്ടു് എന്റെ ശരീരം ദുഷിച്ചുപോയിരിക്കുന്നു; ഗരുഡധ്വജ, എനിക്കീ പാപം എങ്ങിനെ നീങ്ങും?'

മാധവൻ:—'മകളേ, തീർച്ചയായും പറഞ്ഞുതരാം; നീ കരയേണ്ട. ശ്യാമവടമാകുന്ന എന്റെ ഇരിപ്പിടത്തിൽ, മുൻവശത്തായി, ബ്രഹ്മപുത്രിയായ പ്രാചീദേവി സുരേശ്വരരാൽ ഉർശിക്കപ്പെട്ടുകൊണ്ടു പ്രവഹിക്കുന്നുണ്ടല്ലൊ; അവിടെ നാംതോറും സ്നാനംചെയ്താൽ നിനക്കു ശുദ്ധിവരും. എവിടെ പ്രാചീസരസ്വതിയുണ്ടോ, അവിടെ ഞാൻ അനേകകോടി തീർത്ഥങ്ങളോടും ദേവകളോടുമൊന്നിച്ചു നിവസിക്കും; സംശയമില്ല. കോടിഹത്യകളെ നശിപ്പിക്കുന്ന പരിശുദ്ധമായ എന്റെ പ്രിയവാസസ്ഥാനം ഞാൻ പ്രീതിയാൽ നിനക്കു പറഞ്ഞുതന്നു; നീ പ്രാണനിലും മീതെയാണല്ലോ എനിക്കു്. ജാഹ്നവി പ്രാചീസരസ്വതിയാൽ അനേകായിരം കോടി തീർത്ഥങ്ങൾ എന്റെ ആജ്ഞയാൽ എന്നെന്നും നിവസിക്കുന്നു. ബ്രഹ്മഹത്യ, സുരാപാനം, ഗോഹത്യ, വൃഷലീഹത്യ, ബ്രഹ്മദേവസ്വഹരണം, മാതാപിതാക്കളെ ശുശ്രൂഷിക്കാതിരിക്ക, വില്പന, ദുരുദ്രോഹം, അഭക്ഷ്യഭക്ഷണം മുതലായ സർവ്വപാപങ്ങളും, പ്രാചീസരസ്വതിയിൽ എന്റെ മുൻവശത്തു് ഒരിക്കൽ സ്നാനംചെയ്താൽ വിട്ടൊഴിയും; അതിനാൽ, നദീശ്രേഷ്ഠ, അതിൽ സ്നാനംചെയ്യാൽ നീ നിഷ്കല്മഷയായിത്തീരും.'

Digitized By Kerala Sahitya Akademi

ഗംഗ:—'ദേവേശ, മാധവ, എത്രയോ ദൂരത്തു കിടക്കുന്ന ആ തീർത്ഥത്തിൽ നിത്യം പോയിവരുന്നതിനു ഞാൻ ആളല്ല; പാപമോചനത്തിനു വേറെ വഴി അരുളിച്ചെയ്യുമാറാകണം.'

മാധവൻ:—'ജാഹ്നവി, നിത്യം പോകാൻ നിനക്കു വയ്യെങ്കിൽ, മറെറാന്നു പറഞ്ഞുതരാം.; എന്റെ പാദത്തിൽനിന്നു ജനിച്ചവളാണല്ലൊ നീ. സരസ്വതിയെക്കാളും, സഹസ്രകോടി തീർത്ഥങ്ങളെക്കാളും, കോടി യജ്ഞങ്ങളെക്കാളും, വ്രതദാനജപഹോമങ്ങളെക്കാളും, സാംഖ്യയോഗത്തെക്കാളും മീതെയാകുന്നു, ചതുർത്ഥ്യുപവാസിയായ തിസ്പ്ലശ. അതു് ഏതു മാസത്തിൽ വെളുത്തപക്ഷത്തിലോ കറുത്ത പക്ഷത്തിലോ വരുന്നുവോ, അന്നു നോററാൽ നിനക്കു പാപം നീങ്ങും.'

ഗംഗ:—"ഇത്രയും മഹിമയുള്ളതായി ഭവാൻ കഥിച്ച തിസ്പ്ലശ എങ്ങിനെയുള്ളതാണു്? ദശമിയും ഏകാദശിയും ദ്വാദശിയും ചേർന്നു വരുന്ന ദിവസം ഏതോ, അതായിരിക്കുമല്ലൊ തിസ്പ്ലശ; അല്ലെങ്കിൽ പറഞ്ഞുതരിക.'

മാധവൻ:—'ദേവി, ത്രയുസ്പൃശയാണു് നീ പറഞ്ഞതു്; അതിനെ, ആചാരം കെട്ട ഭർത്താവിനെ എന്നപോലെ സർവ്വഥാ ഉപേക്ഷിക്കണം. അതു് അസുരന്മാക്കു് ആയുർബലത്തെ വർദ്ധിപ്പിക്കും; ആ തിഥി രജസ്വലസ്ത്രീ എന്നപോലെ വർജ്ജനീയമാകുന്നു. രജസ്വലയെ പ്രാപിച്ചാൽ ജ്ഞാനികൾക്കും ദോഷം വരുമല്ലൊ; അതുപോലെ, ദശമിയോടു ചേർന്നാൽ എന്റെ ദിനം ദൂഷിച്ചുപോകുന്നു. ശരിക്കു നോററാൽ തിസ്പ്ലശ അനേകായിരം ഹത്യകളെ നശിപ്പിക്കും. ഏകാദശിയും ദ്വാദശിയും ബാക്കി രാത്രിയിൽ ത്രയോദശിയും ചേർന്നതാകുന്നു തിസ്പ്ലശ; ദശമി ചേർന്നതല്ല. അപരാധത്തിനു പ്രായശ്ചിത്തവ്രതങ്ങൾകൊണ്ടു് ശുദ്ധിവരും; ദശമീവേധത്താലുള്ള ദോഷമാകട്ടേ, ഞാൻ ക്ഷമിക്കുകയില്ല. ദശമിയോടുചേർന്ന ഏകാദശി ആർ നോല്ക്കുന്നുവോ, അവൻ വിഷമോ ശാപവിഷ്ടറെ മലമോ തിന്നുകയാണു ചെയ്യുന്നതു്! അതിനാൽ ദശമിയോടുചേർന്ന ഏകാദശി നോല്ക്കരുതു്; നോററാൽ ഒരുകോടി ജന്മങ്ങളിലെ പുണ്യം നശിക്കും; പിന്നുക്കം സ്വർഗ്ഗത്തിൽ നിന്നധഃപതിച്ചു രൌരവാദികളെ പ്രാപിക്കും. വിശേഷിച്ചും അധിക്യമോ സന്ദേഹമോ ഉള്ളപ്പോൾ ഏകാദശി നോററാൽ ഒരു ജന്മത്തിലെ പുണ്യം ക്ഷയിക്കും. നിർണ്ണയം വരുത്തിയിട്ടു വേണം, എനിക്കു പ്രിയപ്പെട്ടതായ ദ്വാദശി നോൽക്കാൻ.'

ഗംഗ:—'ജഗദീശ, അരുളിച്ചെയ്തതിൻവണ്ണം തിസ്പ്ലശ ഞാൻ നോററുകൊള്ളാം. എന്നാൽ എന്റെ പാപമെല്ലാം നീങ്ങുമല്ലൊ.'

Digitized By Kerala Sahitya Akademi

മാധവൻ:—നദീസത്തമേ, നീ സ്വസ്ഥാനത്തേയ്ക്കു പോയ്ക്കൊൾക. നിനക്കു നന്മ വരും! ഒരിക്കലും ഭീതി വേണ്ട: പാപം നിങ്കൽ പകരുകയില്ല. സരസ്വതിയിൽ സ്നാനംചെയ്തു ജഗദീശനായ മാധവനെ വന്ദിച്ചു പൂജിച്ചവക്കു പരമഗതി കിട്ടും.'

ഗംഗ:—'ദേവേശ, വിധി പറഞ്ഞുതന്നാലും; ഞാൻ സ്വസ്വരൂപംകൊണ്ടും അനുഷ്ഠിച്ചു, അനാമയനായ ദാമോദരൻതിരുവടിയെ പ്രസാദിപ്പിച്ചുകൊള്ളാം.'

മാധവൻ:—'ദേവി, തിസ്പ്രശാവിധി പറഞ്ഞുതരാം; അതു കേട്ടാൽത്തന്നെ മനുഷ്യക്കു പാപമുകതി വരും:

ധനസ്ഥിതിയനുസരിച്ചു് ഒരു പലമോ അതിൽ പകുതിയോ അതിലും പകുതിയൊ സ്വർണ്ണംകൊണ്ടു് എന്റെ പ്രതിമയുണ്ടാക്കി, എള്ളു നിറച്ച ചെമ്പുപാത്രത്തിൽ, ഒരു നിർമ്മലമായ ജലകലശത്തിന്മേൽ വെയ്ക്കുക; കലശത്തിൽ പഞ്ചരത്നങ്ങളിടുകയും പൂമാലകൾ ചുറ്റുകയും കർപ്പൂരാദികൾകൊണ്ടു സൌരഭ്യമുണ്ടാക്കുകയും വേണം. എന്നിട്ടു ദാമോദരനെ അഭിഷേചിച്ചു കറുത്തുട്ട ചാത്തി, വസ്ത്രം ധരിപ്പിച്ചു്, പുരാണോക്തങ്ങളായ അതാതു കാലത്തിലെപ്പൂക്കൾകൊണ്ടും മുതലങ്ങളായ തുളസീദളങ്ങൾകൊണ്ടും പൂജിക്കുക; വർഗ്ഗ്യങ്ങളായ നൈവേദ്യങ്ങളും വളരെ പഴങ്ങളും നിവേദിക്കണം. കട, ഒരു ജോടി മെതിയടി, പൂണൂൽ, പുതിയ ഉത്തരീയം, ഭംഗിയും നീളവുമുള്ള മുളയുടെ ദണ്ഡു്, എന്നിവയും ധരിപ്പിക്കണം. ദാമോദരായ എന്നു കാലുകൾ; മാധവായ എന്നു കാൽമുട്ടുകൾ; കാമപ്രദായ എന്നു ഗുഹ്യം; വാമനമൂർത്തയേ എന്നു് അരക്കെട്ടു്; പദ്മനാഭായ എന്നു പൊക്കിൾ; വിശ്വമൂർത്തയേ എന്നു വയറു്; ജ്ഞാനഗമ്യായ എന്നു നെഞ്ചു്; വൈകുണ്ഠഗാമിനേ എന്നു കണ്ഠം; സഹസ്രബാഹവേ എന്നു കൈകൾ; യോഗരൂപിണേ എന്നു നേത്രങ്ങൾ; സഹസ്രശീർഷ്ണേ എന്നു ശിരസ്സു്; മാധവായ എന്നു സർവ്വാംഗം. ഇങ്ങനെ ഭക്തിപൂർവ്വം പൂജിച്ചിട്ടു്, ഒരു നാളികേരം നൂൽ ചുറ്റി ശംഖിന്മേൽവെച്ചു് ഇരു കൈകൾകൊണ്ടു മെടുത്തു് അർഗ്ഘ്യം നൽകണം:

'സ്മൃതോ ഹരസി പാപാനി യദി നിത്യം ജനാർദ്ദന,
ഉസ്സൂപന്നം ഉന്നിമിത്താനി മനസാ ഉപചിന്തിതം
നാരകം തു ഭയം ദേവ ഭയം ദുർഗ്ഗതിസംഭവം
യന്മമ സ്യാന്മഹാദേവ, ഐഹികം പാരലൌകികം

Digitized By Kerala Sahitya Akademi

തേന ദേവേശ, മാം രക്ഷ ഗൃഹാണാർഘ്യം നമോസ്തുതേ!
സദാ ഭക്തിർമ്മമൈവാസ്തു ദാമോദര, തവോപരി!'

എന്നതേ അർഘ്യമന്ത്രം. ധൂപദീപനൈവേദ്യാനന്തരം നീരാജനമുഴിയണം. ശംഖു വിഷ്ണുവിന്റെ തലയ്ക്കു മുകളിലായി വലം ചുറ്റിക്കണം. ഒടുവിൽ ഗുരുവിന്നു നിർമ്മലവസ്ത്രകണ്ഡുകോഷ്ണീഷങ്ങളും മെതിയടിയും കുടയും മോതിരവും കമണ്ഡലുവും ഭോജനവും താംബൂലവും സപ്തധാന്യങ്ങളും ദക്ഷിണയും നൽകണം. രാത്രിയിൽ ഗീതനൃത്യാദികൾകൊണ്ടു ഉറക്കമിളയ്ക്കണം. പുലർകാലത്തു കുളിയും മറ്റും കഴിച്ചു്, ദേവന്നു് അർഘ്യം യഥാവിധി നൽകി, ബ്രാഹ്മണരോടൊന്നിച്ചു് ഊണ് കഴിക്കുക.

ബ്രാഹ്മണ, രോമാഞ്ചമുണ്ടാക്കുന്ന ഈ അത്ഭുതമായ തിസ്പ്ലശോപാഖ്യാനം ശ്രവിച്ചാൽത്തന്നെ ഗംഗാതീർത്ഥപുണ്യം സിദ്ധിക്കും. അയിരമായിരം അശ്വമേധങ്ങളുടേയും നൂറു നൂറു രാജസൂയങ്ങളുടേയും ഫലം തിസ്പ്ലശ നോറ്റവന്നു കിട്ടും; അവൻ അച്ഛന്റേയും അമ്മയുടേയും മറ്റും വംശജരോടൊന്നിച്ചു ഭോഗ്യങ്ങളും ഭുജിച്ചു വിഷ്ണുലോകത്തു പൂജിക്കപ്പെടും. കോടികോടി തീർത്ഥക്ഷേത്രങ്ങളെ സേവിച്ചാലത്തെ പുണ്യം തിസ്പ്ലശ നോറ്റാൽ കിട്ടും. ബ്രാഹ്മണരോ, ക്ഷത്രിയരോ, വൈശ്യരോ, ശൂദ്രരോ, മറ്റു ജാതിക്കാരോ, വിഷ്ണുവിങ്കൽ മനസ്സുവച്ചു് ഇതനുഷ്ഠിച്ചാൽ ദേഹാവസാനത്തിൽ മുക്തിയടയും. മന്ത്രങ്ങളിൽ ദശാക്ഷരമന്ത്രം എപ്രകാരമോ, അപ്രകാരം വ്രതങ്ങളിൽ മീതെയാകുന്നു തിസ്പ്ലശ. ഇതു് ഒന്നാമതായി ബ്രഹ്മാവും പിന്നീടു പല മഹർഷിമാരും ആചരിച്ചതത്രെ; പിന്നെ മറ്റുള്ളവരുടെ കഥ പറയാനുണ്ടോ? ഉണ്ണി, മുക്തിപ്രദയാകുന്നു തിസ്പ്ലശ.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദേ,
ഏകാദശീമാഹാത്മ്യപ്രകരണം, തിസ്പ്ലശാവ്രതകഥനം മുപ്പത്തഞ്ചാമധ്യായം.

മുപ്പത്താറാമദ്ധ്യായം

നാരദൻ:—'മഹേശ്വര, ഏകാദശിയിൽ ഉപവാസം, ഏകഭക്തം, നക്തഭോജനം എന്നിവയുടെ ഫലം വിശേഷാൽ അരുളിച്ചെയ്താലും.'

Digitized By Kerala Sahitya Akademi

ശിവൻ:—'ഹേമന്തത്തിൽ മാർഗ്ഗശീർഷമാസത്തിൽ കറുത്ത ഏകാദശി നോറ്റുതുടങ്ങണം. ദശമീതിഥിയിൽ വ്രതക്കാരൻ ശുചിയായി നക്തഭോജനം ചെയ്യുക; പിറേന്നു പുലർകാലത്തും ഉച്ചയ്ക്കും സ്നാനം ചെയ്യേ നിയമംകൊള്ളണം: സ്നാനം ഗൃഹത്തിലായാൽ അധമം; വാപീകൂപങ്ങളിലായാൽ മധ്യമം; പുഷ്കരത്തിലായാൽ ഉത്തമം; പുഴയിലായാൽ ഉത്തമോത്തമം. അതിനാൽ നദിയിലാണു സ്നാനം വേണ്ടതു്. ക്രോധലോഭങ്ങളും ദോഷ്കം പറയലും ധർമ്മനിന്ദകരോടു സംസർഗ്ഗവും നിദ്രയും മൈഥുനവും വർജ്ജിച്ചു്, ആ ദിവസം ധർമ്മകഥനങ്ങൾകൊണ്ടു കഴിച്ചുകൂട്ടണം. ഭക്തവത്സലനായ വിഷ്ണുവിനെ ഗന്ധമാല്യധൂപദീപനൈവേദ്യങ്ങൾകൊണ്ടു പൂജിക്കണം. പൂജിക്കപ്പെട്ട ദേവകനന്ദനനെന്നപോലെ, രണ്ടു ദ്വാദശിയും വ്രതക്കാരന്നു് ഉൽഗതി നൽകും; വെളുത്തതാകട്ടെ, കറുത്തതാകട്ടെ, വ്യത്യാസം കരുതാതെ നോറ്റവൻ മുമ്പും പിമ്പും പതിപ്പുത്തു തലമുറയ്ക്കു് ഉൽഗതി വരുത്തും. അറുപതിനായിരം കൊല്ലം കാശിയിൽ വസിക്കുക എന്നതുകൂടി, ഏകാദശിനോൽമ്പിന്റെ പതിനാറിലൊന്നില്ല! ഒരു ലക്ഷം വൈധൃതദാനങ്ങൾ പോലും ഏകാദശിനോൽമ്പിന്റെ പതിനാറിലൊന്നില്ല! സൂര്യചന്ദ്രഗ്രഹണങ്ങളിലൊ മറ്റു സഹസ്രപുണ്യകാലങ്ങളിലൊ കുരുക്ഷേത്രത്തിൽവെച്ചു ചെയ്ത ദാനം പോലും ഏകാദശിനോൽമ്പിന്റെ പതിനാറിലൊന്നില്ല! പ്രഭാസക്ഷേത്രത്തിൽ വെച്ചു് അസംഖ്യം പുണ്യകാലങ്ങളിൽ ചെയ്ത ദാനവും ഏകാദശിനോൽമ്പിന്റെ പതിനാറിലൊന്നില്ല! നാഗതീരം ലക്ഷം സന്ന്യാസിമാരെഗ്രഹത്തിൽചെല്ലുന്നതും ഏകാദശിനോൽമ്പിന്റെ പതിനാറിലൊന്നില്ല! കേദാരത്തിലെ ജലം സേവിച്ചാൽ പുനർജ്ജന്മമുണ്ടാകില്ലല്ലൊ; അതുപോലെ ഏകാദശി നോറ്റാൽ ഗർഭവാസം സംഭവിക്കുകയില്ല. ഈ വ്രതത്തിന്നൊത്ത ഒരു പുണ്യം ഉണ്ടായിട്ടില്ല; ഉണ്ടാകയുമില്ല!

വേദവേദാംഗങ്ങളുടെ മറുകര പുക്കവനെ, ആയിരം പത്തുട്ടാനത്തിന്റെ പുണ്യത്തെക്കാൾ നൂറുമടങ്ങു പുണ്യമുണ്ടു്, ഒരു ബ്രാഹ്മണനെ പൂജിച്ചാൽ; അതിലും പതിന്മടങ്ങു പുണ്യമുണ്ടു്, ആയിരം ബ്രഹ്മചാരികളെ പൂജിച്ചാൽ; അതിലുമേറും, ഒരു വാനപ്രസ്ഥനെ പൂജിച്ചാൽ; ആയിരം വാനപ്രസ്ഥനെ പൂജിക്കുന്നതിലും മീതെയാണു് ഭൂമിദാനം; അതിലും പതിന്മടങ്ങു പുണ്യമുണ്ടു്, ഒരു കന്യകയെ ആഭരണങ്ങളെല്ലാമണിയിച്ചു ദാനംചെയ്താൽ; അതിലും പത്തിരട്ടിയാണു് വിദ്യാദാനം; വിദ്യാദാനത്തെക്കാൾ പതിന്മടങ്ങു മീതെയാണു് അന്നദാ

Digitized By Kerala Sahitya Akademi

നം; അന്നദാനത്തിലും മീതെയാകുന്നു ഗോമേധം; ഗോമേധത്തെക്കാൾ പത്തിരട്ടി പുണ്യമുണ്ട്, അശ്വമേധത്തിന്ന്; ആയിരം അശ്വമേധത്തിന്നൊക്കും, ഒരു നരമേധം; ഒരുനൂറു നരമേധത്തിന്നൊക്കും, കേദാരത്തിലെ വെള്ളംകുടിക്കൽ; അതു ചെയ്യുവന്റെ ശരീരത്തിൽ തിമൂർത്തികളും സ്ഥിതിചെയ്യും; അവന്നു തുല്യനാകും, ഏകാദശി നോറ്റവൻ. ദേവകാംക്ഷയും കിട്ടാത്ത പുണ്യം അവന്നുണ്ടായിവരും. അതിൽ പകുതി പുണ്യമുണ്ട് നക്തഭോജനത്തിന്ന്; അതിലും പകുതി ഏകഭക്തത്തിന്ന്. നക്തഭോജനമോ ഏകഭക്തമോ ഉപവാസമോ ചെയ്താലത്തെ പുണ്യം രാത്രിയിൽ ഉറക്കമിളച്ചാൽ കിട്ടും. യാവ ചിലർ ഏകാദശീവ്രതം അനുഷ്ഠിക്കുന്നവരോ, അവർ പുണ്യശാലികളാകുന്നു; ഏകാദശി നോറ്റാലത്തെ പുണ്യത്തിന്നു കണക്കില്ല!'

നാരദൻ:—'ദേവ, ഏകാദശി എങ്ങിനെ ഉണ്ടായി? എങ്ങിനെ അതു പുണ്യവും പവിത്രവുമായി? എങ്ങിനെ ഇവിടേയ്ക്കു പ്രിയപ്പെട്ടു?

ശിവൻ:—'ബ്രാഹ്മണ, പണ്ടു കൃതയുഗത്തിൽ മുരനെന്നൊരു അസുരനുണ്ടായിന്നു; അന്നോ, കൊടും ക്രൂരനായിരുന്ന ആ സർവ്വദേവദ്വേഷകൻ ഇന്ദ്രനെക്കൂടി തോല്പിച്ചുകളഞ്ഞു! ദേവകളെല്ലാം മൃത്യുസദൃശനായ ആ ദുരാത്മാവിനാൽ സ്വർഗ്ഗത്തിൽ നിന്നാട്ടിയോടിക്കപ്പെട്ടു. അവർ പേടിച്ചുരണ്ടു ചതുരങ്ങി ഭൂലോകത്തു സഞ്ചരിക്കുകയായി. ഒടുവിൽ സുരാനുചിതനായ പുരന്ദരൻ അവസ്ഥയെല്ലാം ശിവനെ ധരിപ്പിച്ചു:—'മഹേശ്വര, ദേവന്മാർ സ്വർഗ്ഗഭ്രഷ്ടരായി ഭൂമിയിൽ ചുറ്റിനടക്കുകയാണ്; അവർ മർത്ത്യലോകത്തിലണകയാൽ നിഷ്പ്രഭരായിത്തീർന്നിരിക്കുന്നു. ഉപായം അരുളിച്ചെയ്താലും: അമരന്മാർക്കെന്താണു ഗതി?'

മഹേശ്വരൻ: —'സുരശ്രേഷ്ഠ, ശരണാഗതരായ ദീനജനങ്ങളെ രക്ഷിക്കുന്നതിൽ ജാഗരൂകനായിരിക്കുന്ന ഗരുഡധ്വജന്റെ അടുക്കൽ ചെല്ലുക.'

ഇന്ദ്രനും വൃന്ദാരകരും വിഷ്ണുസന്നിധിയിലേയ്ക്കു നടകൊണ്ടു. പുരന്ദരൻ അവിടെച്ചെന്ന്, കടൽനടുവിൽ കുടികൊള്ളുന്ന ജഗദീശനെ സ്തുതിച്ചുതുടങ്ങി:—

*.... 'സ്വാമിൻ, ദേവകുലത്തിൽപ്പെട്ടിരിക്കുന്ന അവരെയെല്ലാം അസുരന്മാർ തോല്പിച്ചു സ്വർഗ്ഗത്തിൽ നിന്നാട്ടിപ്പായിച്ചിരിക്കുന്നു. ദേവദേവേശ, ആശ്രിതവത്സല, വരുണനെ രക്ഷിച്ചാലും.'

* ഈ സ്തുതി മുഴുവനും ഏടുത്തിലുള്ളതുതന്നെയാണ്.

Digitized By Kerala Sahitya Akademi

ഇതുകേട്ട് ഭഗവാൻ ചോദിച്ചു:—'ശക്ര, എങ്ങിനെയുള്ളവനാണ് ആ ദാനവൻ? ബലം എത്രയുണ്ട്? അവൻ എവിടെപ്പാർക്കുന്നു? എന്തു വരം നേടിയിട്ടുണ്ട്?'

ഇന്ദ്രൻ:—'മഹാബാഹോ, പണ്ടു ബ്രഹ്മവംശത്തിൽ താലജംഘൻ എന്നൊരു ഘോരാസുരത്തലവനുണ്ടായിരുന്നുവല്ലോ; അവന്റെ മകൻ, മഹാബലവീര്യനായ മുരാസുരൻ, ചന്ദ്രവതീപുരിയിൽ നിവസിച്ചു പോരുന്നു. അവനാണ്, ദേവന്മാരെ തോല്പിച്ചു സപ്തഗ്രഹങ്ങളെ രാക്കിയത്. അവൻ ഇന്ദ്രനേയും അഗ്നിയേയും സൂര്യചന്ദ്രന്മാരേയും ഗ്രഹനക്ഷത്രങ്ങളേയും വേറെ ഏല്പിച്ചുകൊടുത്തിയിരിക്കുന്നു; ദേവലോകം തന്നെയും വേറെ സ്ഥാപിച്ചിരിക്കുന്നു!'

ഇന്ദ്രവചനം കേട്ട് അരിശംകൊണ്ട ജനാർദ്ദനൻ, 'ആ ദേവലോകദ്രോഹിയെ ഞാൻ കൊലചെയ്യാം' എന്നുറച്ചു, ദേവന്മാരോടൊന്നിച്ചു ചന്ദ്രവതീപുരിയിലേയ്ക്കു ഗമിച്ചു. അസുരേന്ദ്രനും ഗർജ്ജിച്ചുകൊണ്ട്, അസംഖ്യം സൈന്യങ്ങളോടും ആയുധങ്ങളോടും ക്രുദ്ധശിരോടു പൊരുതാനടുത്തു. ഭയങ്കരന്മാരായ ദാനവരാൽ ഹനിക്കപ്പെടുന്ന വാനവരെല്ലാം പത്തുദിക്കിലേയ്ക്കും പായുകയായി. ക്രോധത്താൽ കൺചുകന്ന വിഷ്ണുചക്രം കാണിച്ചു്, മുരനോടു്, 'നില്ലു, നില്ലെ'ന്നും, 'എടാ, ദുർവൃത്തനായ ദാനവ, എന്റെ കൈകരം കണ്ടുകൊൾക' എന്നും ഉരിയാടി. അപ്പോൾ ഘോരദാനവരെല്ലാം ഭഗവാനോടു നേരിട്ടു. അവിടുന്ന് അസുരപ്പടയിലേയ്ക്കു ചക്രം അഞ്ഞുവിട്ടു. ദൈത്യത്തലവരെല്ലാം തലകൊയ്യപ്പെട്ടു നിലത്തു പതിച്ചു; മുരനൊരുവൻ മാത്രം മുകുന്ദനോടു പോർ പൊരുതി. അവൻ ആയുധം മുറിച്ചു മധുസൂദനനെത്തോല്പിച്ചു്, ബാഹുയുദ്ധം ആവശ്യപ്പെട്ടു. വിഷ്ണു കാരായിരം ദിവ്യവർഷം മുരന്റെ കൈപ്പെടുത്തത്തിൽ കുടുങ്ങിപ്പോയി; അതുകണ്ടു ദേവകളെല്ലാം, 'അയ്യോ, അയ്യോ' എന്നു മുറയിട്ട് എവിടെയോ പോയൊളിച്ചു. നാരായണൻ മുരനെപ്പേടിച്ചു ബദര്യാശ്രമത്തിലേയ്ക്കു ഗമിച്ചു്, അവടെ സിംഹാവതി എന്ന ഗുഹയിൽ ശയിച്ചു—പന്തിരണ്ടു യോജനകാലം മദ്ധ്യത്തിലായുള്ള ഒരു ദ്വാരത്തിലൂടെ ഉള്ളിൽക്കടന്നു പേടിച്ചുരണ്ടു കിടപ്പായി. അസുരനും പിന്നാലെ നടകൊണ്ട് ആ മഹാഗുഹയിൽ കടന്നു; ശയാനനായ ശാർങ്ഗിയെ കണ്ടിട്ട് അവൻ ഉരചെയ്തു:—'അയ്യാ, വിഷ്ണുവിനെ ഞാൻ കണ്ടെത്തിയല്ലേ! എയ്, ഗുഹയിൽക്കിടന്നുറങ്ങുകയാണോ! അസുരരെ നശിപ്പിക്കുന്ന ഇവനെ തീർച്ചയായും ഞാൻ എടുത്തുകൊണ്ടുപോകും.'

Digitized By Kerala Sahitya Akademi

അപ്പോൾ ഹരിയുടെ ശരീരത്തിൽ നിന്ന്, തേജസ്സും സൌഭാഗ്യവും വമ്പിച്ച ബലപരാക്രമവുമുള്ള ഒരു കന്യക പുറപ്പെട്ടു. ദിവ്യായുധങ്ങളേന്തി, പിണർമിന്നൽപോലെ മിന്നിത്തിളങ്ങുന്ന ആ കന്യക മുരാസുരനെ മയക്കി, കോപത്താൽ ഉജ്ജ്വലിച്ച നേത്രങ്ങളുമായി അവനോടു പോരിന്നടുത്തു. നാരദ, അസുരനും ക്രൂരകാരം അവളുടെ കോപത്താൽ വെണ്ണീറായിപ്പോയി! ഉറക്കമുണർന്ന വിഷ്ണു നിലം പൊത്തിക്കപ്പെട്ട ദാനവനെ കണ്ടു് അത്ഭുതപ്പെട്ടു:—'എന്റെ ശത്രുവായ ഈ ക്രൂരനെ കൊന്നതാരായിരിക്കാം? ഇതു വലിയ അത്ഭുതം തന്നെ! ദേവഗന്ധർവ്വന്മാരിലാരും ഇവനെ കിടനിൽക്കില്ല.' ആശ്ചര്യപ്പെട്ട മാധവന്നു് ഒരശരീരിവാക്കു കേൾക്കായി വന്നു:—'ജനാർദ്ദന, നിർജ്ജരരെയെല്ലാം ജയിച്ചു സ്വർഗ്ഗത്തിൽനിന്നോടിച്ച ഈ ദേവാസുരഭയങ്കരനെ കൊന്നതു ഞാനാണു്; ഇവൻ ഉറങ്ങുന്ന ഭവനെക്കണ്ടു് അരികത്തെയ്ക്കു വരികയായിരുന്നു. അങ്ങയ്ക്കുവേണ്ടി, ലോകം മുന്നും ഞാൻ സംഹരിക്കാം!' ലക്ഷ്മീശൻ ചോദിച്ചു:—'ആരാണു് എനിക്കു സദയം ഉപകാരംചെയ്തുതു്? എന്നെക്കൂടി തോല്പിച്ച ഈ ദുഷ്ടനെ എങ്ങിനെ ദീഴിച്ചുകളഞ്ഞു?' കന്യക വീണ്ടും കഥിച്ചു:—'ഭഗവൻ, സർവ്വൈരികളേയും നശിപ്പിക്കുന്ന ഏകാദശിയാണു് ഞാൻ. ഇവിടുന്നു ക്ഷീണിച്ചുറങ്ങുന്നതു കണ്ടിട്ടു്, ഞാൻ ഈ ത്രിജഗൽഭയങ്കരനായ ദാനവനെ കോപിച്ചു കൊന്നുവീഴിച്ചു.'

വിഷ്ണു:—'അനഘേ, ഭവതിക്കു മംഗളം! വേണ്ടുന്ന വരം ചോദിച്ചുകൊൾകെ; അവശ്യപ്പെട്ടതൊക്കെയും ഞാൻ തരാം.'

ഏകാദശി:—എന്റെ ദിവസം എല്ലാ പുണ്യങ്ങളിലുംവെച്ചു പുണ്യമത്രേ; അതിനാൽ എന്റെ ദിവസത്തിൽ ആർ ഉപവാസം ചെയ്യുമോ, അവന്നു് അശ്വമേധപുണ്യം കിട്ടുമാറാകണം; ഏകഭക്തമോ നക്തമാശനമോ ഉപവാസമോ അനുഷ്ഠിച്ച സജ്ജനങ്ങൾ ഇവിടുത്തെ പാല്പിടമണയ്ക്കണം. വിശേഷിച്ചും, രാത്രിയിൽ ഉറക്കമിളയ്ക്കുന്നവർക്കു് ഓരോ യാമത്തിലും പാപശാന്തിയും പുണ്യവും സിദ്ധിക്കണം. എന്റെ ഈ വ്രതം അനുഷ്ഠിച്ചു് ഉപവാസവും ഭക്തിയോടേ ധൂപദീപപുഷ്പങ്ങളംകൊണ്ടു പൂജയും ചെയ്യുന്ന മനുഷ്യോത്തമർ വിഷ്ണുപദം പൂകണം. രാത്രിയിൽ ഉറക്കമിളയ്ക്കുന്നവരുടെ കുലത്തിൽ നൂറു നൂറു കോടിപ്പേർക്കു വിഷ്ണുലോകം കൊടുക്കാൻ ഞാൻ ശക്തയാകണം; അവർക്കു വീണ്ടും ഗർഭവാസം പറ്റരുതു്.'

Digitized By Kerala Sahitya Akademi

വിഷ്ണു:—ഭദ്രേ, നീ നിനച്ചതെല്ലാം നിറവേറും; ധർമ്മാർത്ഥ കാമമോക്ഷങ്ങളും നിന്നിൽനിന്നു തീർച്ചയായും സിദ്ധിക്കും.'

* ...വിഷ്ണുവല്ലഭയായ ഏകാദശിയെ ഭക്തിപൂർവ്വം അനുഷ്ഠിച്ചവൻ ഐഹികസുഖവും ഒടുവിൽ സായുജ്യവും നേടും.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദം,
ഏകാദശീമാഹാത്മ്യകരണം ഏകാദശ്യുല്പത്തികഥനം മുപ്പത്തൊന്നാമദ്ധ്യായം.

(൦)

മുപ്പത്തൊന്നാമദ്ധ്യായം

ശിവൻ:—ഇനി, ഉത്തമമായ ഉന്മീലിനീവ്രതം ഞാൻ പറഞ്ഞുതരാം: § .....ഏകാദശി ഒരു പകലും രാത്രിയും. കടന്നു പിറേറന്നു പ്രഭാതത്തിൽ ഒരു നാഴികനേരം നിന്നാൽ, അതു വിഷ്ണുവിന്നു വിശേഷാൽ പ്രിയപ്പെട്ട ഉന്മീലിനിയത്രേ. മൂന്നു ലോകത്തിലെയും പുണ്യതീർത്ഥക്ഷേത്രങ്ങളോ യജ്ഞങ്ങളോ വേദങ്ങളോ തപസ്സുകളോ ഉന്മീലിനിയുടെ കോടിയിലൊരംശത്തിന്നില്ല!.....ഉന്മീലിനി ഏതു മാസത്തിൽ വരുന്നുവോ, ആ മാസത്തിന്റെ പേരിൽവേണം, യഥാശക്തി സ്വർണ്ണംകൊണ്ടുണ്ടാക്കിയ വിഷ്ണുപ്രതിമ പൂജിക്കാൻ: [പൂജ തിസ്പൃശാവ്രതത്തിന്നു നാല്പത്തൊന്നാമദ്ധ്യായത്തിൽ പറഞ്ഞപോലെ തന്നെ; ചെമ്പുപാത്രത്തിൽ കോതമ്പുവും വെള്ളരിയുമാണു നിവേദ്യമെന്നതേ വ്യത്യാസമുള്ളൂ.] മാസത്തിന്റെ പേർ ചേർത്തു വിഷ്ണുരൂപിണേ എന്നു കാലുകൾ; ഭൂതപതയേ എന്നു മുഖം; പീതവാസസേ എന്ന് അരക്കെട്ട്; ബ്രഹ്മമൂർത്തിട്ടതേ എന്നു പൊക്കിൾ; വിശ്വയോനയേ എന്നുദരം; ജ്ഞാനഗമ്യായ എന്നു ഹൃദയം; വൈകുണ്ഠമൂർത്തയേ എന്നു കണ്ഠം; ക്ഷത്രാന്തകാരിണേ എന്നു കൈകൾ; ഉദാരായ എന്നു നെറ്റി; സുരേശായ എന്നു ശിരസ്സ്; സർവ്വമൂർത്തയേ എന്നു സർവ്വാംഗം. ആയുധങ്ങളേയും അതാതു പേരുച്ചരിച്ചു പൂജിക്കണം. അർഘ്യമന്ത്രം ഇങ്ങനെയാണ്:

* പൂർവ്വോക്തമാകയാൽ മൂന്നു ശ്ലോകം വിട്ടു.

§ ഈ അദ്ധ്യായം പ്രകൃതത്തിൽ ഒരു വിധത്തിലും യോജിക്കാത്തതാണെന്ന്, മുഖപുസ്തകപ്രസാധകൻതന്നെ കുറിച്ചുകൊള്ളിച്ചിട്ടുണ്ട്. അതിനാൽ അറുപത്തേഴു ശ്ലോകങ്ങളിൽനിന്നു പത്തിരുപതെണ്ണമേ സംഗ്രഹിക്കുന്നുള്ളൂ.

Digitized By Kerala Sahitya Akademi

'ദേവദേവ, മഹാദേവ, ശ്രീകേശവ, ജനാർദ്ദന,
സുബ്രഹ്മണ്യ, നമസ്തേസ്തു പുണ്യരാശിവിവർദ്ധന!
ശോകമോഹമഹാപാപാന്മാമുദ്ധര മഹാർണ്ണവാൽ!
സുകൃതം ന കൃതം കിഞ്ചിജ്ജന്മകോടിശതൈരപി
തഥാപി മാം മഹാസ്വാമിൻ, സമുദ്ധരഭവോർണ്ണവാൽ!
പ്രേതേനാനേന ദേവേശ, യേ ചാന്യേ മമ പൂർവജാഃ
വിയോനിം ച ഗതാശ്ചാന്യേ പാപാന്മൃത്യുവശംഗതാഃ
യേ ഭവിഷ്യന്തി യേതീതാഃ പ്രേതലോകാൽ സമുദ്ധര!
ആത്മസ്യ മമ ദീനസ്യ കേതിരവ്യഭിചാരിണീ
ദത്തമഷ്ടം മയാ തുഭ്യം കേത്യാ ഗൃഹ്ണ ഗദാധര!

ഗുരുവിനെ വസ്ത്രാദി ദാനങ്ങൾകൊണ്ടു പ്രീതിപ്പെടുത്തണം. ഈ വിധത്തിൽ ഉന്മീലിനീവ്രതം അനുഷ്ഠിച്ചവൻ സഹസ്രകോടി കല്പകാലം വിഷ്ണുസന്നിധിയിൽ വിളയാടും.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദം,
ഏകാദശീമാഹാത്മ്യപ്രകരണം, ഉന്മീലിനീവ്രതാഖ്യാനം മുപ്പത്തെഴാമദ്ധ്യായം.

——(0)——

മുപ്പത്തെട്ടാമദ്ധ്യായം.

നാരദൻ:—'മഹാദേവ, പക്ഷവർദ്ധിനി എന്നതു് എങ്ങിനെയാണു്? അതു നോറ്റാൽ മനുഷ്യന്നു പാപം നീങ്ങുമല്ലോ.'

ശിവൻ:—'മുഴുത്ത അമാവാസി അരുപതു നാഴിക നിന്നിട്ടു്, പിറേന്നാളെയ്ക്കുമുണ്ടാകുന്നതെന്നോ, ആ പക്ഷത്തിലെ ഏകാദശിയെ, പതിനായിരം അശ്വമേധത്തിന്നൊത്ത പക്ഷവർദ്ധിനി.'

നാരദൻ:—'ദേവേശ, അന്നത്തെ പൂജാവിധി കേൾക്കേണമെന്നുണ്ടു്; മഹാഫലപ്രദമാണല്ലോ അതു്.'

ശിവൻ:—'*..... ചെമ്പുപാത്രത്തിൽ കോതമ്പു നിറയ്ക്കുക; അഭിഷേകത്തിന്നു പഞ്ചാമൃതം; ലേപനത്തിന്നു കുംകുമവും അകിലും ചന്ദനവും. പത്മനാഭായ എന്നു പാദങ്ങളും, വിശ്വമൂർത്തയേ എന്നു കാൽമുട്ടുകളും, ജ്ഞാനഗർഭായ എന്നു തുടകളും, ജ്ഞാനപ്രദായ എന്നു്

* പൂജാവിധി ശ്രീസൂക്തപ്രകരത്തിന്നും മറ്റും പറഞ്ഞപോലെതന്നെയാകയാൽ കൂടെ ഇവിടെ ചേർത്തിട്ടില്ല.

Digitized By Kerala Sahitya Akademi

അരക്കെട്ടും, വിശ്വനാഥായ എന്ന് ഉദരവും, ശ്രീധരായ എന്ന് ഹൃദയവും, കൈസ്സഭകേണ്ഠായ എന്ന കണ്ഠവും, ക്ഷത്രന്തകാരിണേ എന്ന കൈകളും, വ്യോമമൂർദ്ധ്നേ എന്ന നെറ്റിയും, സർവ്വരൂപിണേ എന്ന ശിരസ്സും, ദിവ്യരൂപിണേ എന്ന സർവ്വാംഗവും യഥാവിധി പൂജിക്കുക. .....ഷഡ്രസങ്ങളായ ഹൃദ്യനൈവേദ്യങ്ങളും നിവേദിക്കുക; കർപ്പൂരത്തോടുകൂടിയ താംബൂലവും സമർപ്പിക്കണം. നെയ്യുകൊണ്ടോ എള്ളെണ്ണകൊണ്ടോ വിളക്കു വെയ്ക്കുക.

'സംസാരാർണ്ണവമഗ്നം മാം ഭോ മാമുദ്ധര ജഗൽപതേ!
തവമീശഃ സർവ്വലോകാനാം തവം സാക്ഷാച്ച ജഗൽപതിഃ
ഗൃഹാണാർഘ്യം മയാ ദത്തം പദ്മനാഭ, നമോസ്തുതേ!'

എന്ന്, നാളികേരംകൊണ്ടർഘ്യം നൽകുക. ഗീതനൃത്യങ്ങളും, പുരാണവായന, രസിച്ചു ചിരിയ്ക്കൽ എന്നിവകൊണ്ടു രാത്രിയിൽ ഉറക്കമിളയ്ക്കണം. യാവചിലർ വിഷ്ണുവ്രതത്തിൽ ജാഗരം അനുഷ്ഠിക്കുന്നവൊ അവർക്ക് പത്തു ജന്മത്തേയ്ക്കു ഗൃഹത്തിൽ നിത്യോത്സവം സിദ്ധിക്കും. ഈ പരമധന്യമായ പക്ഷവർദ്ധിനി നോറ്റാൽ എല്ലാ പുണ്യവും കൈവരും; ഇതിന്റെ മാഹാത്മ്യം കേട്ടാൽത്തന്നെ, പ്രളയംവരെ വ്രതമെല്ലാം ആചരിച്ചുകഴിഞ്ഞു! പഞ്ചാഗ്നിതപസ്സ്, തീർത്ഥസ്നാനം എന്നിവയുടെ പുണ്യം വിഷ്ണുവിനെ ഉദ്ദേശിച്ച് ഉറക്കമിളച്ചാൽ കിട്ടും. പരമപുണ്യമായ പക്ഷവർദ്ധിനി നോറ്റാൽ കോടി ഹത്യകൾക്കുതിവരും. പണ്ടു വസിഷ്ഠനും, ഭരദ്വാജനും, ധ്രുവനും, അംബരീഷനും, ഈ വിഷ്ണുപ്രിയയായ തിഥി നോൽക്കുകയുണ്ടായിട്ടുണ്ട്. ഉപവസിച്ച ഭക്തന് ഈ തിഥി കാശിയും ദ്വാരകയുമെന്നപോലെ വാഞ്ഛിതത്തെ പ്രദാനംചെയ്യും. ജ്ഞാനം തേടുന്ന വൈഷ്ണവർ വിശേഷിച്ചും ഇതനുഷ്ഠിച്ചുകൊള്ളണം.

വെളുത്തപക്ഷത്തിൽ ചന്ദ്രനെപ്രകാരമോ, അപ്രകാരം പക്ഷവർദ്ധിനി നോറ്റ ഭക്തന് അഭിവൃദ്ധി വരും. സൂര്യോദയത്തിൽ ഇരുട്ടെന്നപോലെ, പക്ഷവർദ്ധിനി നോറ്റവന്റെ പാപം ക്ഷണേന നീങ്ങും.

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദം, ഏകാദശീമാഹാത്മ്യപ്രകരണം, പക്ഷവർദ്ധിനീവിധികഥനം മുപ്പത്തേഴാമദ്ധ്യായം.

—(o)—

Digitized By Kerala Sahitya Akademi

മുപ്പത്തൊമ്പതാമദ്ധ്യായം

ശിവൻ:—'നാരദ, ജാഗരത്തിന്റെ മാഹാത്മ്യവും പറയാം; ഇതു കേട്ടാൽ മഹാപാപിക്കുപോലും മുക്തിവരും; സംശയമില്ല.'

നാരദൻ: —'ഹാ, സർവേശ്വരനായ ശ്രീനാരായണന്റെ വിശ്രുതി കരതാം! തന്തിരുവടിയുടെ വാസരത്തിൽ ഉപവസിച്ചാലത്തെ മഹാതപം ഇവിടുന്നരുളിച്ചെയ്യുവല്ലോ; എങ്കിലും ജാഗരത്തിന്റെ മാഹാത്മ്യം എനിക്കു കേൾക്കേണമെന്നുണ്ട്. എങ്ങിനെ വേണം ജാഗരം? ഉപചാരം എങ്ങിനെയായിരിക്കണം? യാമംതോറും പൂജയെങ്ങിനെ എന്നും പറഞ്ഞുതരിക. ലോകപൂജ്യനാണു നിന്തിരുവടി; ജനാർദ്ദനദേവൻതന്നെയാണ് നിന്തിരുവടി; സർവേശ്വരനാണു നിന്തിരുവടി. വിഷ്ണുഭക്തന്മാരിലെല്ലാരിലും വെച്ചു ശ്രേഷ്ഠനാണല്ലൊ, പാർത്ഥീവല്ലനോയ നിന്തിരുവടി. ഈ വിഷ്ണുഭക്തിക്കൊണ്ടാകുന്ന ഇവിടേയ്ക്കു ലോകത്തിൽ ശിവനെന്ന തിരുനാമം. അതിനാൽ വിശ്വേശ്വര, ലോകങ്ങൾക്കു മുക്തിക്കുതകുന്ന ജാഗരത്തിന്റെ മാഹാത്മ്യം വർണ്ണിച്ചാലും!'

ശിവൻ:—'ഏകാദശീതിഥിയിൽ ജനങ്ങൾ ജനാർദ്ദനനെ ഭക്തിപൂർവം പൂജിച്ച്, രാത്രിയിൽ വിഷ്ണുവിന്റെ തിരുമുമ്പിൽ വൈഷ്ണവരോടൊന്നിച്ച് ഉറക്കമിളയ്ക്കണം: ഗീതം, വാദ്യം, നൃത്തം, പുരാണവായന, ധൂപം, ദീപം, നൈവേദ്യം, പുഷ്പം, ഗന്ധാനുലേപനം, ഫലാഹ്വം, ശ്രുതി, ദാനം, ഇന്ദ്രിയസംയമം, സത്യവചനം, വേണ്ടുന്ന കർമ്മം എന്നിവയാൽ ജാഗരം അനുഷ്ഠിക്കുന്ന മനുഷ്യർ പാപമെല്ലാമൊഴിഞ്ഞു വിഷ്ണുവിനു പ്രിയപ്പെട്ടവനായിത്തീരും. ജാഗരത്തിന്നിടയിൽ യാവ ചിലർ ഉറങ്ങിക്കളയുന്നുവൊ, അവർക്ക് ഉപവാസഫലവും പൊയ്പോകും! വിഷ്ണുഭക്തിയാൽ ഒരിക്കലും ഉറങ്ങാതെ, വീണ്ടും വീണ്ടും തിരുനാമം മനസ്സുകൊണ്ടുച്ചരിച്ചു ജാഗരം ചെയ്യുന്നവരാകട്ടെ, പരമ ധന്യന്മാരാകുന്നു. ഈ രാത്രിയിൽ ഗോവിന്ദനാമം ചൊല്ലുന്ന ക്ഷണനേരത്തിനു ഫലം നാലിരട്ടി; ഒരു യാമത്തിനു കോടിമടങ്ങ്; നാലുയാമത്തിനു അസംഖ്യം! മുകുന്ദന്റെ മുമ്പിൽ വെച്ചായാലോ, അര നിമിഷത്തിനു തന്നെ അസംഖ്യ ഫലമുണ്ട്. വിഷ്ണുവിന്റെ മുൻഭാഗത്തു നൃത്തം ചെയ്യുന്ന സൽപുരുഷന്, ജനനംമുതൽ മരണംവരെ ഫലത്തിനു ഹാനി വരില്ല. ആശ്ചര്യത്തോടും ഉത്സാഹത്തോടും കൂടി, പാപവും ആലസ്യവുംകൂടാതെ, പ്രദക്ഷിണം വെച്ചും നമസ്കരിച്ചും, മട്ടുപ്പു

Digitized By Kerala Sahitya Akademi

തോന്നാതെ യാമംതോറും നാരായണനെ നീരാജനമുഴിഞ്ഞും, ഇരുപത്താറു ദണ്ഡരാത്രം ചേന്ന ഏകാദശീജാഗരണം ഭക്തിയോടെ ചെയ്യുന്നവനെ പുനർജ്ജന്മമുണ്ടാകയില്ല. പിശുക്കു പിടിക്കാതെ, ഹരിവാസരത്തിൽ ഭക്തിയോടെ ജാഗരം അനുഷ്ഠിക്കുന്നവൻ പരമാത്മാവിങ്കൽ ലയിക്കും. ധനമുണ്ടായിരിക്കേ പിശുക്കു പിടിക്കുന്നതേവനോ, ആത്മാവിനെ കെടുത്ത കിതവദുഷ്ടനാണവൻ! വിഷ്ണുജാഗരണത്തെ പരിഹസിക്കുന്നവൻ അറുപതിനായിരം സംവത്സരം മലത്തിൽ കൃമിയായിത്തീരും. ദ്വാദശിയെ പരിഹസിച്ചാൽ, വേദജ്ഞനായ ബ്രാഹ്മണൻപോലും ചണ്ഡാലനായിപ്പോകും. ഒന്നോ രണ്ടോ നിമിഷമെങ്കിലും ഉറക്കമിളപ്പവൻ ഏന്നെന്നും ധർമ്മാർത്ഥകാമമോക്ഷങ്ങൾക്കു പാത്രീഭവിക്കും. സദാ വേദശാസ്ത്രനിരതനായാലും, സദാ യജ്ഞപരായാലും, ജാഗരണത്തെ നിന്ദിച്ചാൽ അധഃപതിച്ചുപോകും. വിഷ്ണുവിനെ നിന്ദിച്ച് എന്നെ പൂജിക്കുന്നവൻ ഇരുപത്തൊന്നു തലമുറയോടുകൂടി നരകത്തിൽ വീഴും. വിഷ്ണു ശിവനും, ശിവൻ വിഷ്ണുവുമത്രേ; ഒരേ മൂർത്തി രണ്ടായിട്ടിരിക്കുന്നു എന്നേ ഉള്ളൂ. അതിനാൽ ഒരുവിധത്തിലും നിന്ദിച്ചുപോകരുതു്. കാലസർപ്പത്തിന്റെ കടിയേറ്റവരാണു്, ഹരിവാസരത്തിൽ ഉറങ്ങുന്നവർ; ഉറക്കമിളയ്ക്കാത്തവർ മായയാൽ മയങ്ങിയവരത്രെ. ജാഗരണംക്രൂടാതെ ഏകാദശി യാവ ചിലരുടെ കഴിഞ്ഞുപോകുന്നുവോ, അവർ തീർച്ചയായും നശിച്ചവർതന്നെ; അവർക്കു ജീവിതം അന്ധകാരമാകുന്നു. യാവ ചിലർ വിഷ്ണുസന്നിധിയിൽ ചെന്നിട്ടും വിഷ്ണുജാഗരണം ദർശിക്കുന്നില്ലയോ, കണ്ണുരണ്ടും പൂന്നെടുക്കപ്പെട്ട പാപികളാണവർ! വായനക്കാരനില്ലെങ്കിൽ ഗീതയും ഭാഗവതവും നടത്തുക; ഉണ്ടെങ്കിൽ ഒന്നാമതായി വേണ്ടതു പുരാണവായനതന്നെ. ആയിരം അശ്വമേധത്തിന്റേയും, പതിനായിരം വാജപേയത്തിന്റേയും കോടി മടങ്ങു പുണ്യം വിഷ്ണുജാഗരണത്താൽ സിദ്ധിക്കും. വിഷ്ണുജാഗരണം അനുഷ്ഠിച്ചവൻ അച്ഛന്റേയും അമ്മയുടേയും ഭാര്യയുടേയും മറ്റു ബന്ധുക്കളുടേയും വംശങ്ങൾക്ക് ഉൽഗതി വരുത്തും.

ഉപവാസദിനത്തിൽ വേധമുണ്ടെങ്കിൽ, ജാഗരണവും പൂജയും ദാനവും മറ്റും, കുരങ്ങ് നനച്ച ചെയ്ത ഉപകാരം പോലെ പാഴാകയെ ഉള്ളൂ. വേധമുള്ള ഉപവാസദിനത്തിൽ ജാഗരണം തുടങ്ങുന്നതായാൽ ശാർങ്ഗായുധൻ ശാപം നൽകി അവിടംവിട്ടു നടകൊള്ളും. നേരെമറിച്ച്, വേധമില്ലാത്ത ഹരിവാസരത്തിൽ ജാഗരം ആർ അനുഷ്ഠിക്കുമോ, അവരുടെ ഇടയിൽ വിഷ്ണു സന്തുഷ്ടനായി നൃത്തംവെയ്ക്കും! എത്ര

Digitized By Kerala Sahitya Akademi

ദിവസം മുകുന്ദന്റെ മുമ്പിൽ ഉറക്കമിളയ്ക്കുന്നവോ, അത്ര യുഗം വിഷ്ണുലോകത്തു പൂജിക്കപ്പെട്ടും. എത്ര ഹരിവാസരത്തിൽ ഉറക്കമിളയ്ക്കാതിരിക്കുന്നവോ, അത്ര ആയിരം കൊല്പം രൌരവത്തിൽ നിന്നു കേറുകയില്ല! ഏകാദശിയിൽ വിഷ്ണുജാഗരണം ചെയ്യാതെ അർ കിടക്കുന്നുവോ, അവന്റെ ഗൃഹത്തിൽ യമകിങ്കരന്മാർ ആയുധങ്ങളുമേന്തി തള്ളിക്കളിക്കും! വിഷ്ണുജാഗരണത്തിൽ പാടുകയോ വായിക്കുകയോ ചെയ്യാതെ ഉറുമയെപ്പോലിരിക്കുന്നവൻ ഏഴു ജന്മം ഉറുമയായി ജനിക്കും. ദേവർഷേ, വിഷ്ണുജാഗരണത്തിൽ തിരുമുമ്പിൽ നൃത്തം ചെയ്യാത്ത മൂഢൻ ജന്മാന്തരവും കാൽമുടന്തനായിപ്പോകും; ആടുകയും പാടുകയും ചെയ്യുന്നവനോ, ബ്രഹ്മാവിന്റെയും എന്റെയും വിഷ്ണുവിന്റെയും ലോകം പൂകും. അർ വിഷ്ണുജാഗരണം അല്പകാലം മനസ്സിലാക്കിക്കൊടുക്കുന്നുവോ, അവൻ വളരെക്കാലം പിതൃക്കളോടൊന്നിച്ചു വൈകുണ്ഠത്തിൽ വസിക്കും. മറ്റുള്ളവർക്കു വിഷ്ണുജാഗരണത്തിൽ താല്പര്യമുണ്ടാക്കുന്നവൻ അറുപതിനായിരം വർഷം ശ്വേതദ്വീപിൽ നിവസിക്കും. കോടി ജന്മങ്ങളിൽ ചെയ്ത പാപമെല്ലാം ഒരു ഹരിവാസരജാഗരണത്താൽ അറുതിപ്പെട്ടും. സാളഗ്രാമത്തിന്റെ മുമ്പിൽ ഉറക്കമിളയ്ക്കുന്നവർക്ക് ഓരോ യാമത്തിനും കോടി ദേവപൂജയുടെ ഫലം കിട്ടും. ഹരിവാസരത്തിൽ ഉറക്കമിളക്കായ്ക, വൈഷ്ണവനിന്ദ എന്നിവയാൽ സുകൃതം പാഴായിപ്പോകും. ഏകാദശിയിൽ ഉറക്കമിളയ്ക്കാതെ അത്യധികമായിരം യജ്ഞങ്ങളും ചെയ്താലും കാമമോ അഹങ്കാരമോ സമ്പത്തോ സന്തതിയോ സനാതനങ്ങളായ ലോകങ്ങളോ കൈവരികയില്ല. ദ്വാദശീജാഗരണത്തിൽ ബുദ്ധി ചെല്ലാത്തവനു വിഷ്ണുപൂജയ്ക്ക് അധികാരമേ ഇല്ല. ഉറക്കമിളയ്ക്കാൻ വിഷ്ണുക്ഷേത്രത്തിലേയ്ക്കു പോകുന്നവന് ഓരോ കാൽ വെപ്പും അശ്വമേധത്തിനൊക്കും; പോകുമ്പോൾ കാൽകളിൽ എത്ര പൊടി പറ്റിയോ, അത്ര ആയിരം സംവത്സരം സ്വർഗ്ഗത്തിൽ വസിക്കാം. അതിനാൽ, കലിദോഷശാന്തിക്ക്, എല്ലാ ഹരിവാസരങ്ങളിലും ഉറക്കമിളയ്ക്കാൻ ഗൃഹത്തിൽനിന്നു വിഷ്ണുക്ഷേത്രത്തിലേയ്ക്കു പോകണം.

പരാപവാദത്തോടുകൂടിയതും, മനഃപ്രസാദത്തോടു ചേരാത്തതും, വായനയില്ലാത്തതും, ഗീതമില്ലാത്തതും, വിളക്കിലാത്തതും, യഥാശക്തി ഉപചാരങ്ങളോടു ചേരാത്തതും, ഉള്ളാറും, നിന്ദയോടുള്ള കലഹം കലർന്നതുമാകുന്ന ഒമ്പതു തരം ജാഗരണം [illegible] വായന, നൃത്തം, ഗീതം, വാദ്യം, താളം, ദീപം, മധു, [illegible], പ്രസാദം, സ

Digitized By Kerala Sahitya Akademi

ന്തോഷകരത്വം, സംയമം, ലോകരഞ്ജകത്വം എന്നീ പന്തിരണ്ടു ഗുണങ്ങളോടുകൂടിയ ജാഗരം വിഷ്ണുവിനെ പ്രീതിപ്പെടുത്തും. ഇതു രണ്ടു പക്ഷങ്ങളിലും ശ്രദ്ധിച്ചനുഷ്ഠിക്കണം. ഹരിവാസരത്തിൽ ഉറക്കമിളയ്ക്കാത്തവനു വളരെ വ്രതാനുഷ്ഠാനങ്ങളെന്തിന്? തീർത്ഥവാസമെന്തിന്? അന്യനാട്ടിലായാലും, വഴിക്ക ക്ഷീണിച്ചിരുന്നാലും ഏകാദശീജാഗരം ആരുപേക്ഷിക്കില്ലയോ, അവൻ എനിക്ക പ്രിയപ്പെട്ടവനാകുന്നു. യാതൊരു മൽഭക്തൻ പാപഭയാൽ മതിമറന്നു വിഷ്ണുജാഗരണം ചെയ്യാതിരിക്കുന്നുവോ, ഞാനും പൂജിക്കേണ്ടുന്നവനെ പൂജിക്കാത്ത അവൻ എന്നെ പൂജിക്കുന്നതു വെറുതെയാണ്. ഹരിവാസരത്തിൽ ഉറങ്ങുന്നവൻ ശൈവനല്ല, സൌരനല്ല, ശാക്തനല്ല, ഗണസേവകനുമല്ല; പശുവിനെക്കാളും നികൃഷ്ടൻ! എങ്കൽ ഭക്തിയെ പ്രമാണിച്ചു ഹരിവാസരത്തിൽ ഭക്ഷണം കഴിക്കുന്നതേവനോ, ആ ദുഷ്ടപാപി എനിക്കപ്രിയം ചെയ്യുന്നു. ശരീരത്തിൽ അകത്തും പുറത്തും കോടി കോടി പാപങ്ങളും മുറുകെപ്പറ്റിയിരുന്നാലും, ഹരിവാസരപ്രജാഗരംകൊണ്ട് അവ വിട്ടൊഴിയും. * കരം കൂളിരെ കൈകൊട്ടി നൃത്തം വെയ്ക്കുക, വായ്കൊണ്ടു പാട്ടു പാടുക, പല ഭംഗികളും കാട്ടുക, വിഷ്ണുചരിതം വായിക്കുക, വൈഷ്ണവരെ രഞ്ജിപ്പിക്കുക, കോമരമായിർക്കൊണ്ടു കുഴലൂതുകയും മറ്റും ചെയ്യുക, പലതരം ചോട്ടകളും ചവുട്ടുക, ഫലിതങ്ങളും പറയുക, ഇങ്ങനെയൊക്കെ പുരുഷോത്തമന്റെ പുരോഭാഗത്തു രാത്രിയിൽ ഉറക്കമിളച്ചാൽ, ഓരോ നിമിഷത്തിനും കോടി തീർത്ഥങ്ങളുടെ ഫലമുണ്ട് മനസ്സടക്കി മാധവനു ധൂപവും, നീരാജനവും നൽകി ജാഗരം ചെയ്യുന്നവൻ ഏഴു ജന്മത്തിനും അധിപതിയായി വരും. ബ്രഹ്മഹത്യയെപ്പോലുള്ള പാപങ്ങളെപ്പോലും വിഷ്ണുജാഗരത്താൽ നുറുങ്ങി നുറുങ്ങി നശിക്കും. ശ്രേഷ്ഠദക്ഷിണതികഞ്ഞ സഹസ്രയജ്ഞങ്ങൾക്കും പകരം, ഒരൊറ്റ വിഷ്ണുജാഗരണം മതി! കാശി § .....മുതലായ ക്ഷേത്രങ്ങളിലെ തീർത്ഥങ്ങളും, ഗംഗാദി നദികളും, സരസ്സുകളും, ഹ്രദങ്ങളും, സമുദ്രങ്ങളും, യജ്ഞങ്ങളും, നാലു വേദങ്ങളുമൊക്കെ വിഷ്ണുജാഗരണത്തിൽ വന്നുചേരുന്നു. ആടിയും പാടിയും സഹർഷം വീണ വായിച്ചും ഏകാദശീജാഗരണം ചെയ്യുവന്നർ ദേവകൾക്കുപോലും കൊതിക്കത്തക്കവരത്രേ! ഈവിധം ജാഗരമനുഷ്ഠിച്ചു യഥാശക്തി മഹാവിഷ്ണുവിനെ പൂജിച്ച്, ദ്വാദശി തിഥിയിൽ വൈഷ്ണവരോടൊന്നിച്ചു പാരണ കഴിക്കുക:

---

* വേദമില്ലാത്ത ഹരിവാസരമേ എടുക്കാവൂ; വേദമുള്ളതെയ്ക്ക് എന്നു മുമ്പേ പറഞ്ഞതു തന്നെയാണ് ഇവിടെ വീണ്ടും പറഞ്ഞിരിക്കുന്നതു്.

§ ക്ഷേത്രാദിനാമങ്ങൾ വിട്ടു.

Digitized By Kerala Sahitya Akademi

ബ്രാഹ്മണ, വിശ്രുതവും മുക്തിപ്രദവുമായ ദ്വാദശിനാളിൽ പ്രാതഃസ്നാനം ചെയ്തു വിഷ്ണുവിനെ പൂജിച്ചു്,

'അജ്ഞാനതിമിരാന്ധസ്യ വ്രതേനാനേന കേശവ,
പ്രസീദ സുമുഖോ ഭൂത്വാ ജ്ഞാനദൃഷ്ടിപ്രദോ ഭവ!'

എന്നുപവാസം അവസാനിപ്പിച്ചു യഥാവിധി പാരണകഴിക്കുക; പിന്നെ ഇഷ്ടംപോലെയെല്ലാമാവാം. പിറേന്നാളെയ്ക്കു ദ്വാദശി ഒട്ടും ഇല്ലെങ്കിൽ മുമുക്ഷുവിന്നു രാത്രിതന്നെ പാരണ കഴിക്കാം. അതിന്നു രാത്രിദോഷമില്ല; അശുദ്ധിയുമില്ല: രാത്രിയിൽ കൂളിക്കരുതെന്നുള്ള നിഷേധം പാതിരയെസ്സംബന്ധിച്ചേടത്തോളമെ ഉള്ളു; പൂർവ്വയാമത്തിലും അപരയാമത്തിലും പകൽസ്സമയത്തെന്നപോലെ തന്നെ കർമ്മം ചെയ്യാം. ദ്വാദശി കുറച്ചെ ഉള്ളു എങ്കിൽ, ഉഷഃകാലത്തുതന്നെ മാദ്ധ്യാഹ്നികവും കഴിച്ചു പാരണചെയ്യുക, മുനോദ്വാദശീവ്രതം സാധിച്ചാലുള്ള ഫലം വർണ്ണിക്കുന്നതിന്നു ഞാനാളാവില്ല! എന്നെന്നും സർവ പുണ്യങ്ങളിലും മീതെയാണു്, മുക്തിദയായ ദ്വാദശീദേവി. ഈ പരമപുണ്യമായ വ്രതംകൊണ്ടു മഹാജനങ്ങളും സർവ കാമങ്ങളേയും നേടിയിരിക്കുന്നു: അംബരീഷാദികളായ പുരുഷപ്രവരന്മാരൊക്കെ ദ്വാദശീവ്രതം അനുഷ്ഠിച്ചിട്ടാണു വിഷ്ണുമന്ദിരമണഞ്ഞതു്. സത്യം, സത്യം, വീണ്ടും സത്യം: വിഷ്ണുവിനെപ്പോലെ ഒരു ദേവനില്ല; ദ്വാദശിക്കൊത്ത ഒരു തിഥിയുമില്ല! അന്നു നൽകിയതും സേവിച്ചതും പൂജിച്ചതുമൊക്കെ പരിപൂർണ്ണമായിത്തീരും. എന്തിനേറെപ്പറയുന്നു? ഭക്തവത്സലനായ ശ്രീനാരായണൻ പ്രളയംവരെ സർവാഭീഷ്ടങ്ങളേയും കല്പിച്ചുതരും. ദേവർഷിശ്രേഷ്ഠ, കുരുക്ഷേത്രത്തിൽ വെച്ചു ചെയ്ത ദാനമെന്നപോലെ, ദ്വാദശിയിൽ നൽകിയതൊക്കെ സഫലമായി ഭവിക്കും.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദം,
ഏകാദശിമാഹാത്മ്യപ്രകരണം, ജാഗരമഹിമവർണ്ണനം മുപ്പത്തൊമ്പതാമദ്ധ്യായം.

നാല്പതാമദ്ധ്യായം

ശിവൻ:—'വത്സ, ഞാൻ പണ്ടൊരിക്കൽ വിഷ്ണുവിന്റെ അടുക്കൽ പോയപ്പോൾ ഏകാദശീമാഹാത്മ്യം ചോദിക്കുകയുണ്ടായി; അതു കേട്ടിട്ടതേ, മുനികളെല്ലാം ദോഷൃങ്ങളും ജയിച്ചു വിണ്ണണഞ്ഞതു്.'

Digitized By Kerala Sahitya Akademi

നാരദൻ:—'സർവേശ്വര, എങ്ങിനെയുള്ളതാണ് ഉൽകൃഷ്ടയായ ഏകാദശി? അതനുഷ്ഠിച്ചാലുണ്ടാകുന്ന ഫലവും പറഞ്ഞുതരിക.'

ശിവൻ:—'ദ്വിജോത്തമ, വമ്പിച്ച പുണ്യഫലത്തെ നൽകുന്നതാണ് ഏകാദശി. ജയ, വിജയ, ജയന്തി, പാപനാശിനി എന്നീ നാലേകാദശികളും വിശേഷിച്ചും നോൽക്കേണ്ടവയാകുന്നു: വെളുത്ത ഏകാദശിയും പുണർതവും ചേർന്നുവന്നാൽ, ആ പരമശ്രേഷ്ഠതിഥിക്കു ജയ എന്നുപേർ, അതു നോറ്റാൽ തീർച്ചയായും പാപമുക്തി വരും. വെളുത്ത ദ്വാദശിയും ഓണം നാളും ചേർന്നുവന്നാൽ, ആ പരമശ്രേഷ്ഠതിഥിയെ വിജയ എന്നുപറയുന്നു; അന്ന് ദാനം, ബ്രാഹ്മണഭോജനം, ഹോമം, ഉപവാസം എന്നിവയ്ക്ക് ആയിരം മടങ്ങാണു ഫലം. രോഹിണിയോടു ചേർന്ന ശുക്ലദ്വാദശിയത്രേ, സർവപാപാപഹാരിണിയായ ജയന്തി; അന്നു പുരുഷോത്തമനെ പൂജിച്ചാൽ ഏഴു ജന്മങ്ങളിലെ പാപം, കുറച്ചാകട്ടെ, വളരെയാകട്ടെ, തീർച്ചയായും മാഞ്ഞുപോകും. പൂയത്തോടു ചേർന്ന ശുക്ലദ്വാദശിയാകുന്നു, പരമപുണ്യയായ പാപനാശിനി; അന്നു നോല്ക്കുന്നതും, ഒരാണ്ടുമുഴുവൻ നാൾതോറും ഇടങ്ങഴിയെള്ളു ദാനംചെയ്യുന്നതും ഒരുപോലെയത്രെ! അന്നു വിഷ്ണുവിനെ പ്രസാദിപ്പിച്ചാൽ, ആ സർവേശ്വരൻതിരുവടി പ്രത്യക്ഷീഭവിക്കുമെന്നു ചെയ്യും! അന്നത്തെ ഫലത്തിന്നവധിയില്ല. സഗരൻ, കകുൽസ്ഥൻ, നഹുഷൻ, ഗാധി എന്നിവർ ആ തിഥിയിൽ ആരാധിച്ചതിനാൽ ഭഗവാൻ അവർക്കു സകലവും കല്പിച്ചുകൊടുത്തു. മനസാ വാചാ കർമ്മണാ ഏഴു ജന്മങ്ങളിൽ ചെയ്ത പാതകം ഒരു പാപനാശിനി നോറ്റാൽ വിട്ടൊഴിയും; ആയിരം ഏകാദശിയുടെ ഫലവും കിട്ടും. അന്നുചെയ്ത സ്നാനവും ദാനവും ജപവും ഹോമവും സ്വാധ്യായവും ദേവപൂജയുമൊക്കെ അക്ഷയഫലമായിരിക്കും. അതിനാൽ ഫലകാംക്ഷികൾ ഈ സത്രദ്വയം അനുഷ്ഠിച്ചുകൊള്ളണം.

അഞ്ചാമത്തെ അശ്വമേധത്തിന്റെ അവഭൃഥസ്നാനം കഴിഞ്ഞ ധർമ്മാത്മാവായ യുധിഷ്ഠിരൻ യദുകുലോത്തമനായ കൃഷ്ണനോടാവശ്യപ്പെട്ടു:—'സ്വാമിൻ, ജനാർദ്ദന, ഉപവാസം, നക്തഭോജനം, ഏകഭക്തം എന്നിവയുടെ പുണ്യഫലമെല്ലാം എനിക്കു പറഞ്ഞുതന്നാലും.'

കൃഷ്ണൻ:—'*.....'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദാന്തർഗ്ഗത
യുധിഷ്ഠിരകൃഷ്ണസംവാദം, ഏകാദശീമഹാത്മ്യപ്രകരണം,
ജയാദ്യേകാദശികഥനം നാൽപതാമദ്ധ്യായം.

* ഈ-൨മദ്ധ്യായത്തിലെ വിഷയം തന്നെയാണ്, ഇതി ഈ അദ്ധ്യായത്തിലുള്ളൂ. ശ്ലോകങ്ങൾക്കു പരേടത്തും വ്യത്യാസമില്ലായ്കയില്ല. കാൻ ശ്ലോകം വിട്ടു.

Digitized By Kerala Sahitya Akademi

നാൽപത്തൊന്നാമദ്ധ്യായം

യുധിഷ്ഠിരൻ:—'മൂന്നുലോകത്തിന്നും സുഖപ്രദനായി, വിശേഷ നായി, വിശ്വകർത്താവായി, പുരാതനനായി, പുരുഷോത്തമനായിരി ക്കുന്ന സാക്ഷാൽ മുകുന്ദൻ തിരുവടിയെ ഞാൻ വന്ദിക്കുന്നു! ദേവദേ വേശ, ഞാൻ ലോകഹിതത്തിന്നും പാപശമനത്തിന്നുമായി ഒരു സംശ യം ചോദിക്കുന്നു: മാർഗ്ഗശീർഷമാസത്തിലെ വെളുത്ത ഏകാദശിയുടെ വിധി എങ്ങിനെയാണ്? അന്ന് ഏതു ദേവനെ പൂജിക്കണം? ഇ തൊക്കെ വിസ്തരിച്ചു പറഞ്ഞുതരിക.'

കൃഷ്ണൻ:—'മഹാരാജാവേ, ഭവാന്റെ ചോദ്യം കൊള്ളാം; അങ്ങയുടെ യശസ്സു നിർമ്മലമായിരിക്കും. ഉത്തമമായ ഹരിവാസരം ഞാൻ പറയാം.'

മുരാസുനെക്കൊല്ലാൻ എന്റെ ശരീരത്തിൽ നിന്നു മൽപ്പിറ യായ ഏകാദശി അവതരിച്ചതായി ഞാൻ പറഞ്ഞുവല്ലോ; അതു മാ ർഗ്ഗശീർഷത്തിൽ കറുത്ത പക്ഷത്തിലായിരുന്നു. ആ പൂവൈകാദശി ക്ക്, ചരാചരങ്ങളുൾപ്പെട്ട ത്രിഭുവനത്തിൽ ഉല്പന്ന എന്നു പേർ പ റയുന്നു. മാർഗ്ഗശീർഷത്തിലെ വെളുത്ത ഏകാദശിക്കു മോക്ഷൈകാദശി എന്നാണു പേർ. അതു ശ്രദ്ധിച്ചാൽത്തന്നെ വാജപേയഫലം കിട്ടും. ആ സർവ്വപാപഘ്നിയായ തിഥിയിൽ ദാമോദരനെ തുളസിക്കതിരു കൊണ്ടും ധൂപദീപങ്ങൾകൊണ്ടും സന്തുഷ്ടം പൂജിക്കണം. വിധി യെല്ലാം മുൻപറഞ്ഞതുതന്നെ. രാത്രിയിൽ ഗീതാഗീതങ്ങൾകൊണ്ട് ഉറക്കമിളയ്ക്കണം. പാപം മൂലം അധോയോനിയിൽപ്പെട്ട പിതൃക്ക ൾക്കും ഇതിന്റെ പുണ്യത്താൽ തീർച്ചയായും മുക്തി സിദ്ധിക്കും. ഒരു ദിവ്യമായ പുരാണകഥ ഞാൻ പറഞ്ഞുതരാം; ഇതുകേട്ടാൽത്തന്നെ പാപമെല്ലാം നീങ്ങും:

വൈഷ്ണവരാൽ അലംകൃതമായി രമണീയമായിരിക്കുന്ന ചം പകനഗരത്തിൽ വൈഖാനസൻ (വൈശ്വാനരൻ) എന്നൊരു രാജാ വു പ്രജകളെ പുത്രനിർവിശേഷം സംരക്ഷിച്ചുപോന്നു. വേദവേദാംഗ പാരഗരായ പലരെ ബ്രാഹ്മണർ അവിടെ പാർത്തിരുന്നു. പ്രജകൾക്കു സുഭിക്ഷം വർദ്ധിച്ചു വന്നു. അങ്ങിനെ നാടുവാഴുന്ന വൈഖാനസൻ ഒരു രാത്രിയിൽ, തന്റെ പിതൃക്കൾ അധോയോനിയിൽ പതിച്ചിരി ക്കുന്നതായി ഒരു സ്വപ്നം കണ്ടു. അതിൽ മനസ്സു പകച്ച മന്നവൻ

Digitized By Kerala Sahitya Akademi

ആ സ്വപ്നത്തെപ്പറ്റി ബ്രാഹ്മണരോട് പറഞ്ഞു:—'ദ്വിജോത്തമരേ, എന്റെ പിതൃക്കൾ നരകത്തിൽ കിടക്കുന്നതായി ഞാനൊരു സ്വപ്നം കണ്ടു: 'മകനേ, നീ ഞങ്ങളെ ഈ നരകാണ്ഡത്തിൽ നിന്നു കരയേറ്റണേ!' എന്നിങ്ങനെ പറഞ്ഞു് അവർ തേങ്ങിത്തേങ്ങിക്കരയുന്നതു കാണുകയാൽ എനിക്കു സ്വാസ്ഥ്യം ഇല്ലാതായിരിക്കുന്നു. ഈ വമ്പിച്ച രാജ്യം എനിക്കു സുഖം നൽകുന്നില്ല. ആന, കുതിര മുതലായവയിലോ ഭാര്യാപുത്രാദികളിലോ എനിക്കു താല്പര്യം തോന്നുന്നില്ല. ഞാൻ എന്തു ചെയ്യേണ്ടു? എവിടെ പോകേണ്ടു? എനിക്കു നെഞ്ചിൽ ഒരു തടവു തോന്നുന്നു! എന്റെ പൂർവികർ വേഗത്തിൽ മുക്തിയടയുന്നതിനുള്ള വ്രതമോ തപസ്സോ യോഗമോ എനിക്കു പറഞ്ഞുതരുവിൻ: പുത്രനായ ഞാൻ ജീവിച്ചിരിക്കേ പിതൃക്കൾ ഘോര നരകത്തിൽ കിടക്കുകയാണെങ്കിൽ, മകന്റെ ബലവും മഹത്വവുമൊക്കെ എന്തിനാണു്!'

ബ്രാഹ്മണർ:—'നൃപപുംഗവ, വ്രതവൈഖാനസനായ പർവതമുനിയുടെ പുണ്യാശ്രമം സമീപത്താണല്ലൊ; അവൻ അവിടെ ചെല്ലുക.'

വൈഖാനസൻ അപ്പോഴത്തന്നെ ബ്രാഹ്മണരോടും പ്രജകളോടുമൊരുമിച്ചു പുറപ്പെട്ടു്, പർവതന്റെ വിസ്തീർണ്ണമായ ആശ്രമത്തിൽ ചെന്നെത്തി. ശുശ്രൂസുമഹാഭാഗികളായ മുനിമാരാൽ പരിവൃതമായ ആ പ്രദേശം, രണ്ടാമത്തെ ബ്രഹ്മലോകമോ എന്നു തോന്നുംവണ്ണം ശോഭിച്ചു. വൈഖാനസൻ ആ മുനീന്ദ്രനെ കണ്ടു ദണ്ഡനമസ്കാരം ചെയ്തു കാൽപിടിച്ചു. മഹർഷി മന്നവനോടു് ഏഴംഗങ്ങളിലും കുശലം ചോദിച്ചു; രാജ്യം നിസ്സപത്നമല്ലേ, രാജാവിനു സൌഖ്യംതന്നെയല്ലേ എന്നും വിശേഷാൽ ചോദിച്ചു.

രാജാവു്:—'സ്വാമിൻ, ഇവിടുത്തെ പ്രസാദത്താൽ എനിക്കു് ഏഴംഗങ്ങളിലും കുശലംതന്നെ: വിഷ്ണുകോപത്തെ ജേയിക്കുന്നവർക്കുണ്ടോ ആപത്തു വരുന്നു? എന്റെ പിതൃക്കൾ നരകത്തിൽ കിടക്കുന്നതായി ഞാനൊരു സ്വപ്നം കണ്ടു; എന്തൊരു പുണ്യത്താലാണു് അവർക്കു മുക്തികിട്ടുക? മുനിസത്തമ, ഇതു ചോദിപ്പാനാണു് ഞാൻ ഇവിടെ വന്നതു്; ഇതിനൊരു വഴിയുണ്ടാക്കിത്തരണം!'

പത്മജനൊത്ത തപസ്വിയായ പർവതമുനീന്ദ്രൻ കുറെ നേരം കണ്ണടച്ചു ധ്യാനത്തിലിരുന്നിട്ടു രാജാവിനോടു മറുപടി പറഞ്ഞു:—'രാജേന്ദ്ര, അവന്റെ പിതൃക്കളുടെ പൂർവചരിതം എനിക്കു മനസ്സിലായി: അങ്കയുടെ അച്ഛനായ ക്ഷത്രിയൻ രാജത്വത്താലുള്ള ഗർവുമൂലം, പത്നിയുടെ ഋതുകാലത്തു്, അവളെ ഗ്രാമത്തിൽ ത്യജിച്ചു്, രാജ്യകാര്യത്തി

Digitized By Kerala Sahitya Akademi

ന്നായിപ്പോയ്ക്കളഞ്ഞു; പതിനാറു ഭൂതലാനം നൽകുകയുണ്ടായില്ല! ആ പാപത്തിന്റെ ശക്തിയാൽ അങ്ങയുടെ അച്ഛൻ പിതൃക്കളോടുകൂടി ഘോരതരമായ നരകത്തിൽ പതിച്ചുപോയി.'

രാജാവ്:—'എന്തൊരു വ്രതത്താലാണ് അവയ്ക്കു മുക്തികിട്ടുക?'

പവ്തൻ:—'മാഗ്ശീർഷത്തിലെ വെളുത്ത മോക്ഷൈകാദശി സകലരും നോൽക്കുക; അതിന്റെ പുണ്യം അച്ഛനു കൊടുത്താൽ അവർ മോക്ഷമടയും. മഹാഭാഗ, ഇതു പരമാത്ഥമാണ്; ബ്രഹ്മാവ് അരുളിച്ചെയ്തിട്ടുള്ളതാണ്.'

അരചൻ അരമനയിലേയ്ക്കു തിരിച്ചുപോന്ന്, മഹത്തായ മാഗ്ശീർഷമാസത്തെ കാത്തിരിക്കയായി! പിന്നീട്, പവ്തൻ പറഞ്ഞുകൊടുത്തതിൻവണ്ണം പാത്ഥിവൻ ആ വ്രതം സകലരോടുംകൂടി അനുഷ്ഠിക്കുകയും, പുണ്യം അച്ഛനു നൽകുകയും ചെയ്തു. തൽക്ഷണം ആകാശത്തുനിന്നു പുഷ്പവർഷം പൊഴിഞ്ഞു. വൈഖാനസന്റെ അച്ഛൻ മറ്റു പിതൃക്കളോടുകൂടി വാനത്തുനിന്ന്, 'മകനേ, നിനക്കു സ്വസ്തി, സ്വസ്തി!' എന്നിങ്ങനെ കഥിച്ച്, സായൂജ്യം പ്രാപിച്ചു.

രാജാവേ, ഇപ്രകാരം മോക്ഷൈകാദശി നോൽക്കുന്നവനു പാപങ്ങളെല്ലാം നശിക്കും; മരിച്ചാൽ മോക്ഷവും കിട്ടും. ഇതിലും മീതെ മോക്ഷപ്രദമായി ഒന്നും ഉണ്ടായിട്ടില്ല. ഇതിന്റെ പുണ്യങ്ങൾക്കെണ്ണമില്ല തന്നെ. എനിക്കു ലോകം പ്രിയപ്പെട്ട വ്രതമാണിതു്. മനുഷ്യർക്കു ചിന്താമണിപോലെയാണ്, ഈ മോക്ഷദായിനിയായ തിഥി. ഇതു ചൊല്ലുകയോ കേൾക്കുകയോ ചെയ്താൽത്തന്നെ വാജപേയഫലം സിദ്ധിക്കും.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, യുധിഷ്ഠിരകൃഷ്ണസംവാദേ മോക്ഷൈകാദശീമാഹാത്മ്യപ്രകരണം; മോക്ഷൈകാദശീകഥനം നാമ പഞ്ചത്തിന്നാമദ്ധ്യായം.

നാൽപത്തിരണ്ടാമദ്ധ്യായം

യുധിഷ്ഠിരൻ:—'വിഭോ, പൌഷമാസത്തിലെ വെളുത്ത ഏകാദശിക്കു പേരെന്താണ്? വിധി എങ്ങിനെ? ഏതു ദേവതയേ പൂജിക്കണം? ഇതു വിസ്തരിച്ചു പറഞ്ഞുതന്നാലും.'

കൃഷ്ണൻ:—'രാജശ്രേഷ്ഠ, ഭവാങ്കലുള്ള സ്നേഹം മൂലം ഞാൻ പറയാം: ദക്ഷിണയേറിയ യജ്ഞങ്ങൾകൊണ്ടുപോലും എനിക്കു ഏ

Digitized By Kerala Sahitya Akademi

കാദശീവ്രതത്താലുള്ളൊടത്തോളം പ്രീതി വരില്ല. അതിനാൽ, എങ്ങിനെ പണിപ്പെട്ടും ഹരിവാസരം നോറുകൊള്ളണം. ധാമ്മികോത്തമ, ഇതു സത്യമാണ്; വെറുതേ പറകയല്ല. പൌഷത്തിലെ വെള്ളത്ത ഏകാദശിക്കു സഫല എന്നതേ പേർ. അന്നു നാരായണനെ യഥാവിധി പൂജിക്കണം. ദശമ്യേകാദശികളിൽ വിധി മൻഛൊന്നതുതന്നെ. നാഗങ്ങളിൽ ശേഷനും, വിഹഗങ്ങളിൽ ഗരുഡനും, ദേവകളിൽ വിഷ്ണുവും, മനുഷ്യരിൽ ബ്രാഹ്മണനും എപ്രകാരമോ, അപ്രകാരം വ്രതങ്ങളിൽ മീതെയാണ് ഏകാദശി. ഹരിവാസരമായ ഏകാദശി നോൽക്കുന്നവർ എനിക്കു സദാ പൂജനീയരാകുന്നു; അവർ ഇഹത്തിൽ സമ്പത്തും, മരിച്ചാൽ മുക്തിയും നേടും. സഫലൈകാദശിയിൽ തേങ്ങ, അടയ്ക്ക, നാരങ്ങ, പെരുനാരങ്ങ, താളിമാതളങ്ങ, നെല്ലിക്ക, ലവംഗം, ചന്തയ്ക്ക, മാങ്ങ എന്നീ ഫലങ്ങൾകൊണ്ടും ധൂപദീപങ്ങൾകൊണ്ടും ദേവദേവേശനെ പൂജിക്കണം; അന്നു വിശേഷിച്ചും വിളക്കുവെപ്പു വേണം. രാത്രിയിൽ വൈഷ്ണവരൊന്നിച്ചു് ഉറക്കമിളയ്ക്കണം: കണ്ണുകൾ ഇമച്ചു മിഴിക്കാൻ വേണ്ടേടത്തോളം നേരം മാത്രം ഏകാഗ്രചിത്തനായി ജാഗരം ചെയ്താൽ, യജ്ഞമാകട്ടേ തീർത്ഥമാകട്ടേ അതിനു തുല്യമാകയില്ല. എല്ലാ വ്രതവും ക്രൂടിയാലും അതിന്റെ പതിനാറിലൊന്നിനില്ല അനേകായിരത്താണ്ടുകളിലെ തപസ്സുകൊണ്ടും ആ ജാഗരണത്തിനൊത്ത ഫലം കൈവരികയില്ല. രാജപുംഗവ, സഫലയെസ്സംബന്ധിച്ചു് ഒരു സൽക്കഥ കേട്ടുകൊൾക:

ചമ്പാവതീപുരിയിൽ മാഹിഷ്മതരാജർഷിക്കു് അഞ്ചു പുത്രന്മാരുണ്ടായിരുന്നു. അവരിൽ മൂത്തവൻ എപ്പോഴും മാപാപങ്ങൾ ചെയ്യാൻ തുടങ്ങി: അവൻ പരസ്ത്രീകളെത്തേടി നടന്നും, വേശ്യകളെ സംഗിച്ചും, കള്ളുകുടിച്ചും അച്ഛന്റെ മുതൽ മുച്ചൂടും മുടിച്ചു; ബ്രാഹ്മണരേയും വൈഷ്ണവരേയും ദേവകളേയും ആ പാപി സദാ നിന്ദിക്കും. ഇങ്ങനെ ദുർവൃത്തനായിത്തീർന്ന മകനു മാഹിഷ്മതൻ ലുംഭകനെന്നു പേരിട്ടു; അച്ഛനും ബന്ധുക്കളും അവനെ നാട്ടിൽനിന്നു പുറത്താക്കി; പരിജനങ്ങൾപോലും ആ ദുഷ്ടനെ ഉപേക്ഷിച്ചു. 'അച്ഛനും ബന്ധുക്കളും എന്നെ നാട്ടിൽനിന്നു പുറത്താക്കിയല്ലോ; ഞാൻ ഘോരമായ കാന്താരത്തിൽ പോയിപ്പാർത്തു് അച്ഛന്റെ നഗരത്തിലെല്ലാം മോഷണം നടത്തുന്നുണ്ടു്' എന്നിങ്ങനെ പാപത്തിൽത്തന്നെ മനസ്സുവെച്ചു്, ഭോഗ്യംകെട്ട ലുംഭകൻ നഗരത്തിൽനിന്നു് ഒരു കൊടുംകാട്ടിലേയ്ക്കു പോന്നു. അവിടെ പ്രാണികളെ കൊല്ലലും ചെയ്യുവും ചൂതുകളിയുമായിരുന്ന അവന്റെ തൊഴിൽ. നഗരത്തിലെല്ലാം ആ പാപി മോഷണം ന

Digitized By Kerala Sahitya Akademi

ടത്തിട്ടുപോന്നു. ഒരിക്കൽ കക്കാൻ ചെന്നപ്പോൾ അവനെ നഗരത്തിലെ രാക്കാവൽക്കാർ പിടികൂടി. അപ്പോൾ, 'ഞാൻ മാഹിഷ്മതീരാജാവിന്റെ മകനാണെ'ന്ന് അവൻ അവരോടു പറഞ്ഞു; അതിനാൽ അവർ വിട്ടയച്ചു. പാപി വീണ്ടും കാട്ടിലണഞ്ഞു മാംസവും വൃക്ഷഫലങ്ങളും തിന്നു നാളം കഴിക്കുകയായി. ആ കാട്ടിൽ ഒരു വിഷ്ണുക്ഷേത്രത്തിന്നടുക്കൽ, വളരെ വളരെ പ്രായംചെന്ന ഒരാലമരം നിന്നിരുന്നു; അവിടെയായി ലുംബകന്റെ പാർപ്പ്.

കാലം വളരെ കഴിഞ്ഞു. എന്തോ പുണ്യയോഗത്താൽ, ഒരു പൌഷത്തിലെ കൃഷ്ണദശമിയിൽ ലുംബകൻ വൃക്ഷഫലങ്ങളും പറിച്ചു തിന്നു രാത്രിനേരത്തു ഹരിവൃക്ഷത്തിന്നടുക്കൽക്കൂടി. ആ പാപിക്കു വസ്ത്രമില്ലായിരുന്നു; ശൈത്യം അവനെ വല്ലാതെ വലച്ചു. അവനുറക്കം വന്നില്ല; പൊരുതിയും കിടിയില്ല. അവൻ തണുത്തുചാളി, പ്രാണൻപോയ മട്ടിൽ പല്ലുകടം തുണ്ടത്തമത്തി, രാത്രി കഴിച്ചുകൂട്ടി. സൂര്യനുദിച്ചിട്ടും ലുംബകനു വെളിവു വന്നില്ല. അന്ന്, സഫലൈകാദശീതിഥിയിൽ, ഉച്ചയായപ്പോഴാണ് അവനു ബോധം വീണതു; അവൻ എഴുനേറ്റു് അങ്ങുമിങ്ങും നോക്കി, ഒരു കാലിനു മുടന്തുള്ളവനെപ്പോലെ ഇടറിയിടറിക്കൊണ്ടു വനമധ്യത്തിലേയ്ക്കു നടന്നു. അവനു സഹിച്ചുകൂടാത്ത വിശപ്പുണ്ടായിരുന്നു; വല്ല ജന്തുവിനേയും കൊൽവാൻ കെല്പില്ലതാനും! അതിനാൽ ഏതാനും കായ്കനികൾ പറിച്ചെടുത്തു മടങ്ങിപ്പോന്നു. അപ്പോഴെയ്ക്കും സൂര്യൻ അസ്തമിച്ചുകഴിഞ്ഞു. 'അയ്യോ, എന്തുവേണ്ടു' എന്നു വിലപിച്ചു്, അവൻ ആ കായ്കളൊക്കെ ആരയാൽച്ചുവട്ടിൽ വെച്ചു്, 'ഈ ഫലങ്ങളും കൊണ്ടു ലക്ഷ്മീവല്ലഭൻ പ്രസാദിക്കട്ടെ!' എന്നരിയാടി; രാത്രിയിൽ അവനുറക്കവും വന്നില്ല. അതു ജാഗരണമായും ഫലാർപ്പണം പൂജയായും വിഷ്ണുവിന്നു തോന്നി! ഈ സഫലാവ്രതം യദൃച്ഛയാചരിച്ചതിനാൽത്തന്നെ, ലുംബകന്നു് ആ പുണ്യപ്രഭാവം മൂലം നിസ്സപത്നമായ രാജ്യം കൈവന്നു: പിറേന്നു സൂര്യോദയത്തിൽ വിഷ്ണുഭഗവാൻ ആകാശത്തെഴുന്നള്ളുകയും, ഒരശരീരിവാക്കുണ്ടാവുകയും ചെയ്തു:— 'സഫലയുടെ പ്രസാദത്താൽ നിനക്കു രാജ്യം കിട്ടും; ഉണ്ണിയുമുണ്ടാവും. ഇതുകേട്ടുണർന്നാട്ടക്കൂടി, ലുംബകൻ ദിവ്യരൂപനായി ദിവ്യാഭരണഭൂഷിതനായിച്ചമഞ്ഞു; ഭക്തിച്ച വൈഷ്ണവബുദ്ധിയും അയാൾക്കുണ്ടായി വന്നു. അയാളം പതിനായിരം വർഷം നിസ്സപത്നമായ രാജ്യം ഭരിച്ചു; വിഷ്ണുപ്രസാദത്താൽ അയാൾക്കു മനോജ്ഞനായ മകനും പിറന്നു. പിന്നെ രാജ്യം പുത്രൻ

Digitized By Kerala Sahitya Akademi

നെ ഏല്പിച്ചു് അയാം നിരാമയമായ വിഷ്ണുസന്നിധിയിൽ ചെന്നുചേരും.

ഇങ്ങനെ ശ്രേഷ്ഠമായ സഫലാവ്രതം അനുഷ്ഠിക്കുന്നവൻ ഇഹത്തിൽ സുഖവും പരത്തിൽ മുക്തിയും നേടും. യാവചിലക്കു സഫലയിൽ താല്പര്യമുണ്ടോ, അവരാണു് ലോകത്തിൽ സുകൃതികൾ; അവക്കു ജന്മം സഫലമാകുന്നു! ഇതിൽ സംശയം വേണ്ടാ. രാജാവേ, ഇതു ചൊല്ലുകയും കേൾക്കുകയും അനുഷ്ഠിക്കുകയും ചെയ്താൽ മനുഷ്യനു രാജസൂയത്തിന്റെ ഫലംകിട്ടും.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവ സംവാദോന്തർഗ്ഗത
യുധിഷ്ഠിര കൃഷ്ണസംവാദം ഏകാദശിമാഹാത്മ്യപ്രകരണം,
സഫലൈകാദശ്യുപവ്യാനം നാൽപത്തിരണ്ടാമധ്യായം.

നാല്പത്തിമൂന്നാമദ്ധ്യായം.

യുധിഷ്ഠിരൻ:—'കൃഷ്ണ, ശുഭപ്രദമായ സഫലൈകാദശിവ്രതം കഥിച്ചുവല്ലോ; മയ്യെച്ചെയ്ത വെളുത്ത ഏകാദശിയും പറഞ്ഞുതരിക. അതിന്റെ പേരെന്താണ്? വിധി എങ്ങിനെയാണ്? ഏതു ദേവനെ പൂജിക്കണം? പുരുഷോത്തമ, എങ്ങിനെയായാൽ ഭവാൻ തന്നെയാകുന്ന ഹൃഷീകേശൻ പ്രസാദിക്കും?

കൃഷ്ണൻ:—'മഹാരാജാവേ, പൌഷത്തിലെ ശുക്ലൈകാദശിയും ലോകഹിതത്തിന്നായി ഞാൻ പറയാം: മുൻപറഞ്ഞപോലെതന്നെയാണ് ഇതും നോൽക്കേണ്ടതു്; പുത്രദ എന്നത്രേ സർവ്വപാപഘ്നിയായ ഈ തിഥിക്കു പേർ; കാമസിദ്ധിപ്രദനായ നാരായണനാണു ദേവത. തന്തിരുവടി വിദ്യയേയും യശസ്സിനേയും കല്പിച്ചുതരും. ചരാചരങ്ങളുംപ്പെട്ട മൂവുലകിൽ, ഇതിലും മീതെ ഒരു തിഥിയില്ല! നരേന്ദ്ര; ഒരു പാവനമായ കഥ കേട്ടുകൊള്ളുക:

പണ്ടു ഭദ്രാവതിപുരിയിൽ സുകേതുമാൻ എന്നൊരു രാജാവുണ്ടായിരുന്നു; ചമ്പക എന്നാണു് അദ്ദേഹത്തിന്റെ രാജ്ഞിക്കു പേരു്. അവക്കു പുത്രൻ ഉണ്ടായിവന്നില്ല. തന്മൂലം അസ്വസ്ഥയായി കാലം കഴിച്ചുപോന്നു. വംശകർത്താവായ പുത്രനെ ലഭിക്കാത്തതിനാൽ രാജാവു വളരെക്കാലം, 'ഞാൻ എന്തുചെയ്യേണ്ടു? എവിടെപ്പോകേണ്ടു? എങ്ങിനെയായാലാണു പുത്രലാഭമുണ്ടാവുക?' എന്ന ചിന്തയിൽ

Digitized By Kerala Sahitya Akademi

മുനിമാർ ഉപദേശിച്ചതിന്നണ്ണം രാജാവു പുത്രദൈകാദശി വഴിപോലെ നോറ്റു, ദ്വാദശിയിൽ പാരണ കഴിച്ചു, മുനിമാരേ വീണ്ടും വീണ്ടും നമസ്കരിച്ചു ഗൃഹത്തിലേയ്ക്കു മടങ്ങിപ്പോന്നു. ഈ പുണ്യകർമ്മത്താൽ രാജ്ഞി ഗർഭം ധരിക്കുകയും, യഥാകാലം തേജസ്വിയായ ഒരുണ്ണിയെ പ്രസവിക്കുകയും ചെയ്തു. മകൻ അച്ഛനെ ആനന്ദഭരിതനാക്കി, രാജാവായി വാണു. രാജാവേ, അതിനാൽ, ഉത്തമമായ പുത്രദാവ്രതം അനുഷ്ഠിച്ചുകൊള്ളണം. ലോകനന്മയ്ക്കായിട്ടാണു്, ഇതു ഞാൻ ഭവാനോടു പറഞ്ഞതു്. ഏകാഗ്രചിത്തരായി പുത്രദാവ്രതം അനുഷ്ഠിക്കുന്നവർ ഇഹത്തിൽ പുത്രരെ നേടുകയും, മരിച്ചാൽ സ്വർഗ്ഗമടയുകയും ചെയ്യും. ഇതു പൊല്ലുകയോ ശ്രവിക്കുകയോ ചെയ്താൽ അഗ്നിഷ്ടോമഫലം കിട്ടും.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദാന്തർഗ്ഗത
യുധിഷ്ഠിരകൃഷ്ണസംവാദം, ഏകാദശീമാഹാത്മ്യപ്രകരണം,
പുത്രദൈകാദശീവ്രതകഥനം താൽപ്പര്യിമുന്നാമദ്ധ്യായം.

(൦)

നാൽപത്തിനാലാമദ്ധ്യായം

യുധിഷ്ഠിരൻ:—'കൃഷ്ണ, ജഗദീശ, ആദിദേവ, മാഘമാസത്തിലെ കറുത്ത ഏകാദശിയുടെ പേരെന്താണു്? വിധി എങ്ങിനെയാണു്? ഫലമെന്താണു്? മഹാപ്രാജ്ഞ, പ്രസാദിച്ചു്, എന്റെ പേരിൽ ദയചെയ്തു വിസ്തരിച്ചു പറഞ്ഞുതന്നാലും.'

കൃഷ്ണൻ:—'നൃപപുംഗവ, ഷട്തില എന്നതു്, സർവ്വപാപപ്രണാശിനിയായ മാഘകൃഷ്ണൈകാദശിക്കു നാമധേയം; ഷട്തില യെപ്പറ്റി, പുലസ്ത്യമഹർഷി ദാൽഭ്യനോടു പറകയുണ്ടായതു ഭവാൻ കേട്ടുകൊള്ളുക:

ദാൽഭ്യൻ:—'ഭഗവൻ, മർത്ത്യലോകത്തിൽ ജനിച്ചവർ ബ്രഹ്മഹത്യ, ഗോഹത്യ, പരസ്വാപഹാരം, പരദ്രോഹം മുതലായ പാപങ്ങളും ചെയ്യുന്നുണ്ടല്ലോ; അവർ നരകം പൂകാതിരിക്കുക, എങ്ങിനെയായാലാണു്? പാപശാന്തിക്കു് അനായാസവും അല്പവുമായ വല്ല ദാനവുമുണ്ടെങ്കിൽ, അതു പറഞ്ഞാൽക്കൊള്ളാം.'

പുലസ്ത്യൻ:—'മഹാഭാഗ, നല്ലതു്, നല്ലതു്. ബ്രഹ്മവിഷ്ണുപിന്ദ്രാദികൾപോലും അധികം പറഞ്ഞിട്ടില്ലാത്ത ഒരു രഹസ്യം, ഭവാൻ ചോദി

Digitized By Kerala Sahitya Akademi

ച്ചതിനാൽ, ഞാൻ പറയാം: മാഘമാസം വന്നാൽ, കുളിച്ചു ശുദ്ധനായി, ജിതേന്ദ്രിയനായി, കാമക്രോധമദലോഭപൈശുന്യാദിരഹിതനായിട്ടു ദേവദേവനെ സ്മരിച്ചു കാൽ കഴുകി, നിലത്തുവീഴ്ന്നതിൻമുമ്പെ എടുത്ത ഗോമയത്തിൽ എണ്മണിയും പരുത്തിക്കരുവും അഷ്ടോത്തരശതനാമംചൊല്ലി വിതറുക. മാഘമാസത്തിൽഅതിരയോ മൂലമോചേർന്ന കൃഷ്ണൈകാദശിയിൽ വ്രതംകൊള്ളുക. അതിന്റെ പുണ്യദമായ വിധിയും കേട്ടുകൊള്ളുക: സ്നാനം ചെയ്തു ശുചിയായി ദേവദേവനെ പൂജിക്കണം; സ്ഖലിതമോ മറേറാ പറ്റിയാൽ കൃഷ്ണനാമം ജപിക്കണം; രാത്രിയിൽ ഒറക്കമിളയ്ക്കണം, ഒന്നാമതായി ഹോമം ചെയ്യണം. ശംഖചക്രഗദാധരനായ ദേവദേവേശനെ ചന്ദനാഗരുകർപ്പൂരങ്ങൾകൊണ്ടും പഞ്ചസാരകൊണ്ടും നൈവേദ്യങ്ങൾ കൊണ്ടും കൃഷ്ണനാമം സ്മരിച്ചും കൃഷ്ണനാമം ജപിച്ചും പൂജിക്കണം. കമ്പളങ്ങ, നാളികേരം, താളിമാതളങ്ങ എന്നിവ കൊണ്ടോ, ഇതൊന്നുമില്ലെങ്കിൽ നുറ്റ് അടയ്ക്കാകൊണ്ടോ യഥാവിധി അർഘ്യം ചെയ്യണം:

'കൃഷ്ണ, കൃഷ്ണ, കൃപാലുസ്ത്വമഗതീനാം ഗതിർഭവേ
സംസാരാർണ്ണവമഗ്നാനാം പ്രസീദ പുരുഷോത്തമ!
നമസ്തേ പുണ്ഡരീകാക്ഷ! നമസ്തേ വിശ്വഭാവന!
സുബ്രഹ്മണ്യ നമസ്തേസ്തു മഹാപുരുഷ, പൂർവ്വജ!
ഗൃഹാണാർഘ്യം മയാ ദത്തം ലക്ഷ്മ്യാ സഹ ജഗൽപതേ!'

എന്നാണ് അർഘ്യമന്ത്രം. പിന്നെ ബ്രാഹ്മണനെ പൂജിച്ചു നീക്കുടം, കുട, ചെരിപ്പ്, കറുത്ത പയ്, എള്ളും പ്രാപ്തം എന്നിവയെ യഥാശക്തി, 'കൃഷ്ണോ മേ പ്രീയതാം' എന്നു ദാനംചെയ്യണം. സ്നാനത്തിനും പ്രസ്ഥാനത്തിനും കാരെള്ളാണു മുഖ്യം. ദ്വിജോത്തമ, ആ എള്ളു മുളച്ചു പൊങ്ങി എത്ര ചില്ലകളും ഉണ്ടാകുന്നുവോ, അത്ര അയിരം വർഷം സ്വർഗ്ഗലോകത്തു പൂജിക്കപ്പെടും. എള്ളുകൊണ്ടു സ്നാനം, എള്ളുകൊണ്ടു ഉദ്വർത്തനം, എള്ളുകൊണ്ടു ഹോമം, എള്ളു നൽകുക, എള്ളു ഭക്ഷിക്കുക, എള്ളു വിതയ്ക്കുക എന്നിവ ആറും വേണം, പാപനാശനമായ ഷട്തിലാവ്രതത്തിൽ.'

യുധിഷ്ഠിരൻ:—'ഷട്തിലൈകാദശിയുടെ ഫലം എന്തൊക്കെയാണ്? ഇവിടെയ്ക്ക് എഴുന്നള്ളൽ പ്രീതിയുണ്ടെങ്കിൽ, അതു് ഉപാഖ്യാനത്തോടുകൂടി പറഞ്ഞുതരിക.'

കൃഷ്ണൻ:—'രാജാവേ, ഉദാഹരണമായിട്ട് ഒരു കഥ പറയാം:

Digitized By Kerala Sahitya Akademi

പണ്ടു ബ്രഹ്മചാരിണിയായ ഒരു ബ്രാഹ്മണസ്ത്രീയുണ്ടായിരുന്നു. ആ മഹാസാധ്വി നാനാതരം ദേവകളെ പൂജിക്കുകയും, ഉപവാസങ്ങംകൊണ്ടു ശരീരം ശോഷിപ്പിക്കുകയും, ദേവകന്യകമാർക്കും ബ്രാഹ്മണകന്യകമാർക്കും ഭക്തിയോടെ ശുശ്രൂഷ തിരിച്ചുകൊടുക്കുകയുംചെയ്തുപോന്നു. എന്നാൽ, വന്നിച്ചു പിണ്ണാക്കുമൂലം ഭിക്ഷുവിന്നു ഭിക്ഷയോ ബ്രാഹ്മണന്ന് അന്നമോ നൽകാറില്ലായിരുന്നു. അങ്ങിനെ വളരെക്കാലം കഴിഞ്ഞതിന്നുശേഷം, 'ഇവളുടെ ശരീരം കൃച്ഛ്രവ്രതങ്ങംകൊണ്ടു വിശുദ്ധമായിരിക്കുന്നു, സംശയമില്ല; കായക്ലേശംകൊണ്ടു വൈഷ്ണവരെ പൂജിക്കയും ചെയ്തിട്ടുണ്ട്. എന്നാൽ, തികഞ്ഞ തൃപ്തിയെ ഉളവാക്കുന്ന അന്നദാനം ചെയ്യുന്നതായിട്ടില്ല. എന്നിങ്ങിനെ ചിന്തിച്ചു ഞാൻ ഒരു ഭിക്ഷുവിന്റെ രൂപം ധരിച്ചു് അവളുടെ അടുക്കൽച്ചെന്നു് പാത്രംകാട്ടി ഭിക്ഷ ചോദിച്ചു.

ബ്രാഹ്മണി:—'ബ്രാഹ്മണ, ഭവാൻ എന്തിന്നു വന്നു? എവിടെപ്പോകുന്നു.'

ഞാൻ വീണ്ടും, 'സുന്ദരി, ഭിക്ഷ തരിക' എന്നു യാചിച്ചു. അവൾ വല്ലാതെ ശുണ്ഠിയെടുത്തു്, ഒരു നൽകട്ട എന്റെ ചെമ്പുപാത്രത്തിലിട്ടു. ഞാൻ ഉടനേ സപത്നിപുത്രിയുടെ അടുക്കൽ മടങ്ങി. വളരെക്കാലത്തിന്നുശേഷം, ആ മഹാവ്രതയായ താപസി ബ്രഹ്മചര്യപ്രഭാവത്താൽ ഉടലോടേ സ്വർഗ്ഗമണഞ്ഞു. രാജർഷേ, നൽകട്ട ദാനംചെയ്തതിനാൽ അവൾക്കു് അവിടെ മനോഹരമായ ഒരു ഗൃഹം കിട്ടി; എന്നാൽ, അതിൽ ധാന്യങ്ങളും മറ്റുമില്ലായിരുന്നു! ഗൃഹത്തിൽ ഒന്നും കാണാഞ്ഞതിനാൽ അവൾ അവിടെനിന്നു പോന്നു് എന്റെ അടുക്കൽ വന്നു തട്ടിക്കയറി:—'മാനദ, ജനാർദ്ദന, ഞാൻ അനേകം കൃച്ഛ്രവ്രതോപവാസങ്ങംകൊണ്ടു സർവ്വലോകേശ്വരനെ ആരാധിച്ചിരിക്കുന്നു; എന്നിട്ടും എന്റെ ഗൃഹത്തിൽ യാതൊന്നും കാണുന്നില്ല!' ഞാൻ മറുപടി പറഞ്ഞു:—'മഹാവ്രതേ, ഗൃഹത്തിലേയ്ക്കു പോവുക; ഭവതിയെ കാണ്മാൻ ത്രിലോകം കൈതൊഴുകയും ചിന്മയവും പൂജ്യരുമായ ദേവപതിമാർ അവിടെ വരും. ഭവതി വാതിൽ തുറക്കാതെ, അവരോടു ഷട്തിലാപുണ്യം ആവശ്യപ്പെട്ടുകൊൾക.' ഇതു കേട്ടു് ആ മനുഷ്യസ്ത്രീ മടങ്ങിപ്പോയി. ഉടനേ ദേവപതിമാർ അവിടെ ചെന്നാത്തി, 'ഭദ്രേ, ഞങ്ങൾ ഭവതിയെ കാണാൻ വന്നിരിക്കയാണു; വാതിൽ തുറക്കൂ' എന്നപേക്ഷിച്ചു.

ബ്രാഹ്മണസ്ത്രീ:—'എന്നെ കാണേണമെങ്കിൽ ഒരു കാര്യം നങ്ങൾ ചെയ്യണം: ഷട്തിലാപുണ്യം എനിക്കു തരുവിൻ; എന്നാലേ വാതിൽ തുറക്കൂ.'

Digitized By Kerala Sahitya Akademi

അവരിലാരും ആ മഹാവ്രതം കൊട്ടുക്കുകയുണ്ടായില്ല; ഒടുവിൽ ഒരുത്തി, 'എനിക്കു മനുഷ്യസ്ത്രീയെ കാണേണ്ട കഴിയൂ' എന്നറിച്ചു് അതു ദാനംചെയ്തു. അപ്പോൾ ബ്രാഹ്മണി വാതിൽ തുറക്കുകയും, അവർ അവളെ കാണുകയും ചെയ്തു: ദേവസ്ത്രീയോ ദാനവിയോ ഗന്ധർവ്വിയോ പന്നഗിയോ അവളോടു കിടനിൽക്കില്ലായിരുന്നു; അതുകൊണ്ടു സൌന്ദര്യവും കാന്തിയും അവർക്കു ക്ഷണനേരത്താൽ ഉണ്ടായിവന്നു. നരേന്ദ്ര, ഷട്തിലാപ്രഭാവത്താൽ, ഗൃഹത്തിൽ ധനധാന്യസുവർണ്ണരജതവസ്ത്രാദികളും ധാരാളമായി!

വന്നിച്ച ലോഭം പാടില്ല; പിതൃക്കളെ പിടിക്കരുതു്. തന്റെ ധനസ്ഥിതിയനുസരിച്ചു തിലവും വസ്ത്രവും ദാനംചെയ്യണം. എന്നാൽ ജന്മം തോറും അരോഗ്യമുണ്ടാവും. ദാരിദ്ര്യമോ, കഷ്ടപ്പാടോ, ദൌർഭാഗ്യമോ, ഷട്തിലനോറവനെ ബാധിക്കുകയില്ല. ഇതിൻവണ്ണം തിലദാനം ചെയ്താൽ മനുഷ്യൻ തീർച്ചയായും അനായാസേന സർവ്വപാപനിർമ്മുക്തനായിത്തീരുന്നു. ഈ ദാനം ശരിക്കു ചെയ്താൽ മതി സകല പാപങ്ങളും വിട്ടൊഴിയാൻ; ആപത്തില്ല, കായക്ലേശമില്ല!'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദാന്തർഗ്രതയുധിഷ്ഠിര കൃഷ്ണസംവാദം, ഏകാദശീമാഹാത്മ്യകഥനം, ഷട്തിലൈകാദശീവർണ്ണനം നാൽപത്തിനാലാമദ്ധ്യായം.

——(0)——

നാല്പത്തഞ്ചാമദ്ധ്യായം

യുധിഷ്ഠിരൻ: —സ്വാമിൻ, കൃഷ്ണ, അതിദേവനാണിവിടുന്നു് ജരായുജാണ്ഡജസ്വേദജോദ്ഭിജ്ജങ്ങളുടെ കർത്താവും വികർത്താവും ത്രാതാവും സംഹർത്താവും ഭവാൻ തന്നെ! മാഘമാസത്തിലെ വെളുത്ത ഏകാദശിയുടേയും പേർ, വിധി, ദേവത എന്നിവയെ സദയം പറഞ്ഞു തന്നാലും.'

കൃഷ്ണൻ:—രാജേന്ദ്ര, മാഘശുക്ലൈകാദശിയെ ജയ എന്നു പറയുന്നു. പരിശുദ്ധമായ അതു മനുഷ്യർക്കു പാപങ്ങളെ—ബ്രഹ്മഹത്യയെപ്പോലും—നീക്കും; ഭുക്തിമുക്തികളെ നല്കും; പിശാചത്വം വേർപെടുത്തും. ഈ വ്രതമനുഷ്ഠിച്ചാൽ പ്രേതത്വം വരികയില്ല. ഇതിലും മീതേ പാപഹരവും മുക്തികരവുമായിട്ടൊന്നില്ലതന്നെ! പദ്മപുരാണത്തിൽ ഇതിന്റെ മാഹാത്മ്യം ഞാൻ പറഞ്ഞിട്ടുണ്ടു്. ഒരു പുരാണകഥ കേട്ടുകൊള്ളുക:

Digitized By Kerala Sahitya Akademi

(കാകളി)

വാസവൻ പാലിച്ച രമ്യമാം നാകത്തിൽ,
വാനോർ സുധ നുകർന്നപ്സരസ്ത്രീകളെ
ഒന്നിച്ചിരുത്തി രമിച്ചപോന്ന സുഖം
മന്ദാരമണ്ഡിതനന്ദനവീഥിയിൽ.
അമ്പതുകോടിയുഡുരാജനങ്ങുമ്പർകോ-
നിമ്പമാന്നാട്ടംനടത്തിച്ചിരുന്നകാലം:
ചിത്രസേനൻ, തൽസുതൻ, പുഷ്പദന്തനീ-
യുത്തമഗന്ധർവരാണങ്ങു ഗായകർ.
ചിത്രസേനപ്രിയമാലിനിക്കുണ്ടൊരു
പുത്രി മനോജ്ഞാംഗി പുഷ്പവന്ത്യാഖ്യയാൾ;
അപ്പൈങ്കൊടിതന്നഴകാൽ മയങ്ങിനാൻ
പുഷ്പദന്താത്മജൻ മാല്യവാനെന്നവൻ—
ആരോമലാളാമവർതൻ മിഴിമുന-
യേറിന്നടിപെട്ടിരുന്നപോൽ മാല്യവാൻ.
താമരപ്പൂക്കളാലംഗജൻ നിർമ്മിച്ച
ദാമങ്ങളംതാനാണവർതൻ ഭുജദ്വയം!
അറവുതുടുത്തവ, കണ്ണംവരെ നീണ്ടു
മുറുമിളകിക്കളിപ്പവ കണ്ണുകൾ;
കണ്ണുകൾ കുണ്ഡലമിട്ടു ലസിപ്പവ;
കംബുതുല്യം ഗളം ദിവ്യഭൂഷോജ്ജ്വലം;
കൈപ്പിടി തന്നിലൊതുങ്ങും നടുകൊടി;
വായ്പാൻതയന്നവ പൊങ്കുടക്കൊങ്കകൾ;
സ്ഫീതം ജഘനം; നിതംബം വിശംകടം;
പാദങ്ങൾ ചെന്താമരപ്പൂവിനൊക്കുമേ.
അപ്പുഷ്പവന്തിയും മാല്യവാനും ഹരി-
യുൽപ്രസാദത്തിനായ് പുത്തത്തിനെത്തിനാർ;
അപ്സരോയുക്തരായ്പ്പാട്ടും തുടങ്ങിനാർ
പുഷ്പബാണാർദ്ദിതരന്യോന്യരാഗികൾ.
എന്നാലവരുടെ ഗാനം വെടിപ്പിലാ-
യ്തന്നീല വല്ലാത്ത ചിത്തപ്പുകച്ചയാൽ:
തങ്ങളിൽക്കണ്ടുകോണയപ്പു മതിമറി-
ഞ്ഞംഗജാതങ്കത്തിൽമുങ്ങിപ്പോയതുടെ
താളമിടിയലും പാട്ടു മുറിയലും
ചീളെന്നരിശപ്പെട്ടുഞ്ഞീ സുരേന്ദ്രനെ

Digitized By Kerala Sahitya Akademi

'അന്യോന്യസംസക്തർ നീങ്ങളിരുവരു-
മെന്നെയാദരിച്ചാജ്ഞലംഘിക്കയാൽ
ഭൂവിൽപ്പതിച്ചു പിശാചമിഥുനമായ്
മേവുവിനെ'ന്നഥ ശക്രൻ ശപിക്കയാൽ
ആ വധൂപുരുഷരപ്സരോഗന്ധവ്-
ഭാവം മറന്നു പിശാചസത്വരായ്
മഞ്ഞുമലയണഞ്ഞത്യുഗ്രദുഃഖത്താൽ
നെഞ്ഞുരുകിസ്സഹതോരും നടക്കയായ്.
പല്ലുകടം തമ്മിലുരുമ്മുന്നു; മഞ്ഞിന്റെ
വല്ലാത്ത ശൈത്യാൽ തരിക്കുന്നു രോമവും;
ഇല്ലൊരുപോതും പൊറുതി; തരംകെട്ട
തെല്ലല്ല കഷ്ടംണിച്ചു ദുഷ്കൃതത്താലവർ!
ചൊല്ലുമിടയ്ക്കപ്പിശാചൻ പിശാചിയാം
വല്ലഭയോടു:—'കരാളോഗ്രപാതകം
തെല്ലല്ല ചെയ്തുപോയ് നമ്മളഭുവശാ-
ലല്ലോ, പിശാചത ബാധിച്ചു നമ്മളെ!
ഘോരനരക,മസഹ്യപിശാചത-
മീ രണ്ടുമോർത്തഘം ചെയ്യായ്കിരിക്കലും!'

എന്നവർ മാലിൽത്തപിയ്ക്കുംവിധിവശാൽ
വന്നൊത്തി മാഘശുക്ലൈകാദശീതിഥി;
അജ്ഞയയിങ്കൽ യാതൊന്നും ഭുജിക്കാതൊ-
രശ്വത്ഥമൂലേ തളർന്നു വാണാരവർ:
കൊന്നീലൊരു ജീവിയേയും; ഫലങ്ങളും
തിന്നീല; ചെയ്തീലവർ ജലപാനവും.
സൂരൻ മറഞ്ഞു; വിശപ്പാൽ മരിച്ചുപോം-
മാറാഗമിച്ചു മഹാഘോരരാത്രിയും.
തങ്ങളിൽക്കെട്ടിപ്പിടിച്ചു വെറുംനില-
ത്തങ്ങു കിടപ്പായ് വിറക്കൊണ്ടിരുവരും;
എന്നാൽ പൊറുതിയോ ശാന്തിയോ നിദ്രയോ
വന്നീല; രാവതുച്ചണ്ണം കഴിഞ്ഞുപോയ്
അതുകയാൽ, ഭക്തിയോടജ്ഞയ നോറവർ
ജാഗരം ചെയ്തതായ്ത്തന്നെ ഗണിച്ചു ഞാൻ:
പ്രാദശിനാളിൽദ്ദിനേശനുദിക്കവേ,
സാധുവ്രതോദിതവിഷ്ണു സംപ്രീതിയാൽ

Digitized By Kerala Sahitya Akademi

പൈശാചമെയ്‌വിട്ട മുൻവടിവാന്നവർ
പേശലാദ്ഭുതരായി വിളങ്ങിനാർ!
മുൽപാടിരുന്ന പരസ്പരപ്രേമമോ-
ടപ്പുഷ്പവന്തിയും മാല്യവാനും മുദാ
ആകാശയാനത്തിലേറിട്ടിവമണ-
ഞ്ഞാഖണ്ഡനടെ മുന്നിൽ വണങ്ങിനാർ:

ആ വിധം തിരിച്ചെത്തിയ അവരെ കണ്ടിട്ട് ആണ്ടർകോൻ അത്ഭുതപ്പെട്ട ചോദിച്ചു:—'എന്തൊരു പുണ്യത്താലാണ്, നിങ്ങൾക്ക പിശാചത്വം നീങ്ങിയത്? എന്റെ ശാപത്തിൽ നിന്ന് ഏതു ദേവനാണ നിങ്ങളെ മോചിപ്പിച്ചത്?'

മാല്യവാൻ:—'സ്വാമിൻ, ഇവിടത്തെ തിരുവുള്ളത്താൽ, ജയാവ്രതംമൂലം വിഷ്ണു പ്രസാദിച്ചതുകൊണ്ടാണ് ഞങ്ങൾക്ക പിശാചത്വം വിട്ടൊഴിഞ്ഞത്.'

ഇതു കേട്ടിട്ട് ഇന്ദ്രൻ വീണ്ടും പറഞ്ഞു:—'നമ്മുടെ ആജ്ഞയാൽ നിങ്ങളിരുവരും അമൃതു നുകർന്നുകൊള്ളുവിൻ: ഹരിവാസരം നോല്ക്കുന്നവരും വിഷ്ണുഭക്തരുമാണെങ്കിൽ മനുഷ്യർ കൂടി നമുക്ക തീർച്ചയായും പൂജനീയരാകുന്നു! നീ പുഷ്പവന്തിയോടൊരുമിച്ച സ്വർഗ്ഗത്തിൽ സുഖം പോലെ രമിച്ചുകൊൾകെ.'

രാജാവേ, അതിനാൽ ഹരിവാസരം നോല്ക്കുക തന്നെ വേണം. ജയയാകട്ടെ, ബ്രഹ്മഹത്യയെപ്പോലും വേർപെടുത്തും. ജയ നോറ്റാൽ എല്ലാ ദാനവുമായി, എല്ലാ യജ്ഞവുമായി! ഒരു കോടി കല്പം വൈകുണ്ഠത്തിൽ തീർച്ചയായും വിഹരിക്കാം. ഇതു ചൊല്ലുകയോ കേൾക്കുകയൊ ചെയ്താൽ അഗ്നിഷ്ടോമഫലം കിട്ടും.

**ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, യാദശിവസംവാദത്തെർമത
യുധിഷ്ഠിരകൃഷ്ണസംവാദം, ഏകാദശിമാഹാത്മ്യപ്രകരണം,
ജയൈകാദശിമാഹാത്മ്യവർണ്ണനം നാൽപത്തഞ്ചാമദ്ധ്യായം.**

—(0)—

നാൽപത്തറാമദ്ധ്യായം.

യുധിഷ്ഠിരൻ:—'വാസുദേവ, ഫാൽഗുനമാസത്തിലെ കറുത്ത ഏകാദശിക്ക പേരെന്താണ്? അതും ദയ ചെയ്തു പറഞ്ഞു തരിക.'

Digitized By Kerala Sahitya Akademi

കൃഷ്ണൻ:—'നാരദൻ നളിനാസനനോട് ആവശ്യപ്പെട്ടു:—'സുരശ്രേഷ്ഠ, വിജയ എന്ന ഫാൽഗുനകൃഷ്ണൈകാദശിയുടെ പുണ്യം പ്രസാദിച്ചരുളിച്ചെയ്താലും.'

ബ്രഹ്മാവ്:—'നാരദ, ഒരു പാപഹരമായ സൽക്കഥ കേട്ടുകൊൾക. വിജയാവ്രതം ഞാൻ ആർക്കും പറഞ്ഞു കൊടുത്തിട്ടില്ല; പരിശുദ്ധവും പാപനാശനവുമായ ഒരു പുരാതനവ്രതമാണിത്. തീർച്ചയായും വിജയ രാജാക്കന്മാർക്ക് വിജയം നൽകും:

പണ്ടു പതിന്നാലാണ്ടു വനവാസത്തിന്നു പോയ ശ്രീരാമൻ സീതയോടും ലക്ഷ്മണനോടുംകൂടി പഞ്ചവടിയിൽ പാർപ്പുറപ്പിച്ചു. അന്നു വിജയാത്മാവായ രാമന്റെ ഭാര്യയെ—തപസ്വിനിയായ സീതയെ—രാവണൻ കട്ടുകൊണ്ടു പോയ്ക്കളഞ്ഞു. രാമൻ ആ ദുഃഖത്താൽ മതിമറന്ന് അലഞ്ഞു. നടക്കുമ്പോൾ ആയുസ്സറ ജടായുസ്സിനെ കണ്ടെത്തി; പിന്നീടു വനമധ്യത്തിൽ സഖ്യരിക്കെ കബന്ധനെ കൊല്ലുകയും, സുഗ്രീവനോടു സഖ്യം കൊള്ളുകയും ചെയ്തു. അനന്തരം രാമന്നു വേണ്ടി വാനരപ്പടകൾ വന്നുചേർന്നു; അതിൽ ഹനുമാൻ ലങ്കയിൽ ചെന്നു സീതയെ ഉദ്യാനത്തിൽ കണ്ടെത്തി, രാമന്റെ അടയാളം അവൾക്കു കൊടുത്തു, വലുതായ കായ്യം സാധിച്ചു, തിരിച്ചെത്തി, വിവരമെല്ലാം രാമനെ അറിയിച്ചു. ഉടനെ രാമൻ സുഗ്രീവന്റെ അനുമതിയോടുംകൂടി പട പുറപ്പെട്ടു.

രാമൻ:—ലക്ഷ്മണ, ഏതൊരു പുണ്യത്താലാണു സമുദ്രം കടക്കുക? ആഴമേറിയതും ജലജന്തുക്കൾ നിറഞ്ഞതുമാണല്ലോ ഇതു്. ഏതുപ്രകാരത്തിൽ കടക്കാൻ ഒരുപായവും ഞാൻ കാണുന്നില്ല.'

ലക്ഷ്മണൻ:—'പുരാതനനായി പുരുഷോത്തമനായിരിക്കുന്ന ആദിദേവനാണിവിടുന്നു്. ഇവിടെ ഒരു ദ്വീപിൽ ബകദാൽഭ്യനെന്ന മഹർഷി നിവസിക്കുന്നുണ്ടു്; ഇവിടെനിന്നു് അരയോജന ദൂരമേ ഉള്ളു, അദ്ദേഹത്തിന്റെ ആശ്രമത്തിലേയ്ക്കു്. വേറെയും വളരെ ബ്രാഹ്മണർ അവിടെയുണ്ടു്. രഘുനന്ദന, ആ ശ്രേഷ്ഠനായ മുനിവര്യന്റെ അടുക്കൽച്ചെന്നു ചോദിക്കുക.'

ലക്ഷ്മണന്റെ ഈ അതിശോഭനമായ വചനം കേട്ടിട്ടു് രാഘവൻ ബകദാൽഭ്യ മഹർഷിയെ കാണ്മാൻ നടകൊണ്ടു. ആ മുനിയെ രാമൻ, വിഷ്ണുവിനെ ഒരു ദേവനെന്നപോലെ കുമ്പിട്ടു വണങ്ങി. അദ്ദേഹം രാമനെ, കാരണവശാൽ മനുഷ്യനായവതരിച്ച പുരാണപു

Digitized By Kerala Sahitya Akademi

ഋഷനാണെന്നറിഞ്ഞു സന്തോഷിച്ചു്, 'രാമ, ആഗമനോദ്ദേശം എന്താണു്?' എന്നു ചോദിച്ചു.

രാമൻ:—ബ്രഹ്മൻ, ഇവിടുത്തെ പ്രസാദത്താൽ രാക്ഷസരുടെ ലങ്കയെ ജയിപ്പാനായി സമുദ്രതീരത്തു വന്നിരിക്കയാണു് ഞാൻ; ഇവിടുന്നു പ്രസാദിച്ചു്, എനിക്കു കടൽ കടക്കാൻ ഉപായം പറഞ്ഞുതന്നാലും. ഇതിനാണു് ഞാൻ അങ്ങയെ കാണാൻ വന്നതു്.'

മനംതെളിഞ്ഞ ബകദാൽഭ്യൻ താമരക്കണ്ണനായ രാമനോടു മറുപടി പറഞ്ഞു:—'രാമ, ഭവാൻ വ്രതങ്ങളിൽവെച്ചു് ഉത്തമമായ വ്രതം അനുഷ്ഠിക്കുക. എന്നാൽ ഭവാനു വേഗത്തിൽ വിജയം സിദ്ധിക്കും—ഭവാൻ ലങ്കയേയും രാക്ഷസരേയും ജയിച്ചു്, സച്ചിദാനന്ദമായ കീർത്തി നേടും. ഏകാഗ്രചിത്തനായിട്ടു് ഈ വ്രതം ആചരിച്ചാലും: ഫാൽഗുനമാസത്തിലെ കറുത്ത ഏകാദശിക്കു വിജയ എന്നാണു പേരു്; അതു നോറ്റാൽ ഭവാനു വിജയം സിദ്ധിക്കും—നീലിച്ചായയും വാനരരോടുകൂടി സമുദ്രം കടക്കുമാറാകും. ദശമീതിഥിയിൽ സ്വർണ്ണംകൊണ്ടോ വെള്ളികൊണ്ടോ ചെമ്പുകൊണ്ടോ മണ്ണുകൊണ്ടോ ഉള്ള ഒരു കലശം, വെള്ളം നിറച്ചു പത്രങ്ങളുമിട്ടു പ്രതിഷ്ഠിക്കുക; അതിനു മുകളിൽ ശ്രീനാരായണന്റെ സ്വർണ്ണപ്രതിമയും വെയ്ക്കുക. ഏകാദശിനാളം പ്രാതഃസ്നാനം കഴിച്ചു്, കലശത്തിന്മേൽ സപ്തധാന്യങ്ങളും യവവുമിട്ടു്, പ്രതിമയെ, കറുത്തവസ്ത്രം കഴുത്തിൽ മാലയും ചാർത്തിച്ചു്, ഗന്ധധൂപദീപങ്ങൾകൊണ്ടും പലതരം നൈവേദ്യങ്ങൾകൊണ്ടും അടയ്ക്കു തേങ്ങ എന്നിവകൊണ്ടും പൂജിച്ചു്, ആ ദിവസം സൽക്കഥയും മറ്റുമായി കഴിച്ചുകൂട്ടുക; രാത്രിയിൽ വിഗ്രഹത്തിനു മുമ്പിൽ ഉറക്കമിളയ്ക്കുകയും വേണം. നൈവിളക്കു കത്തിച്ചാൽ ഫലം കൂടും. ദ്വാദശിനാളം പ്രഭാതകാലത്തു കലശം കൊണ്ടുപോയി പുഴയുടേയോ ചോലയുടേയോ തടാകത്തിന്റേയോ അടുക്കൽവെച്ചു്, യഥാവിധി പൂജിച്ചു്, വിഗ്രഹത്തോടുകൂടി, ഒരു വേദപാരഗനായ ബ്രാഹ്മണനു ദാനംചെയ്യുക; കലശദാനത്തോടൊപ്പം മഹാദാനങ്ങളും നൽകണം. ഇതിൻവണ്ണം ഭവാൻ സൈന്യത്തലവരോടൊന്നിച്ചു സശ്രദ്ധം വ്രതമനുഷ്ഠിച്ചുകൊള്ളുക; ഭവാനു വിജയം സിദ്ധിക്കും.'

രഘുനന്ദനൻ ഈ വിധത്തിൽ വ്രതമനുഷ്ഠിക്കുകയും, അതിനാൽ വിജയം നേടുകയും ചെയ്തു—സീതയെ വീണ്ടെടുത്തു; ലങ്ക കീഴടക്കി; രാവണനെ യുദ്ധത്തിൽ കൊലചെയ്തു. ഉണ്ണി, ഈ വ്രതം ആചരിക്കുന്ന മനുഷ്യർക്കു് ഇഹത്തിൽ ജയവും പരത്തിൽ അക്ഷയമായ ലോകവും കിട്ടും.'

Digitized By Kerala Sahitya Akademi

പാണ്ഡവ, അതിനാൽ വിജയാവ്രതം നോറ്റുകൊള്ളണം. ഇതു ചൊല്ലുകയോ കേൾക്കുകയോ ചെയ്താൽ വാജപേയഫലം ലഭിക്കും."

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദത്തിൽ യുധിഷ്ഠിരകൃഷ്ണസംവാദം, ഏകാദശീമാഹാത്മ്യപ്രകരണം, വിജയൈകാദശീനിരൂപണം എന്ന നാല്പത്താറാമദ്ധ്യായം.

(൦)

നാൽപതേഴാമദ്ധ്യായം

യുധിഷ്ഠിരൻ:—'കൃഷ്ണ, മഹാഫലമായ വിജയാമാഹാത്മ്യം ഞാൻ ശ്രവിച്ചു; ഇനി, ഫാൽഗുനത്തിലെ വെളുത്ത ഏകാദശിയുടെ പേരും മറ്റും പറഞ്ഞുതരിക.'

കൃഷ്ണൻ:—'മഹാഭാഗനായ ധർമ്മപുത്ര, ഭവാൻ കേട്ടുകൊള്ളുക; മാന്ധാതാവു ചോദിച്ചതിനാൽ മഹാത്മാവായ വസിഷ്ഠൻ ഉപദേശിച്ചതു ഞാൻ പറയാം: ഫാൽഗുനശുക്ലൈകാദശിക്ക് ആമലകി എന്നാണ് പേർ. അതു നോറ്റാൽ വിഷ്ണുലോകം കിട്ടും. വിധികളിൽ ഒരു വ്യത്യാസമേ ഉള്ളൂ. ഉറക്കമിളയ്ക്കുന്നതു് ആമലകി (നെല്ലി)യുടെ ചുവട്ടിലായിരിക്കണം; അതിന്ന് ആയിരം പശുദാനത്തിന്റെ ഫലമുണ്ട്.'

മാന്ധാതാവു്:—'ബ്രാഹ്മണോത്തമ, നെല്ലിമരം എന്നാണുണ്ടായതെന്നും മറ്റും പറഞ്ഞുതരിക; എനിക്ക് ഇലോം കൌതുകം തോന്നുന്നു. എന്തുകൊണ്ടാണ് നെല്ലി പരിശുദ്ധമായതു്? എന്തുകൊണ്ടാണ് പാപനാശനമായതു്? എന്തുകൊണ്ടാണ്, അതിന്നടുക്കൽ ഉറക്കമിളയ്ക്കുന്നതിന്ന് ആയിരം പശുദാനത്തിന്റെ ഫലം?'

വസിഷ്ഠൻ:—'മഹാഭാഗ, ഇന്നപ്രകാരമാണ്, സർവപാപങ്ങളേയും നശിപ്പിക്കുന്ന നെല്ലിമരം ഭൂലോകത്തുണ്ടായിവന്നതു് എന്നു ഞാൻ പറയാം: പണ്ടു്, ചരാചരം ഒറ്റക്കടലിൽ മുഴുകിയിരിക്കെ ദേവാസുരനാഗരക്ഷസ്സുകളെല്ലാം അവതിപ്പെട്ടിരിക്കെ, സനാതനനായി പരമാത്മാവായിരിക്കുന്ന ദേവാധിദേവൻ, ബ്രഹ്മാവാകുന്നതിന്റെ അക്ഷയമായ പരമപദത്തിലേയ്ക്കു ഗമിക്കുകയായിരുന്നു; അപ്പോൾ തിരുവായ്കൊണ്ടു് ഒന്നു തുപ്പിച്ചതിൽ, ചന്ദ്രധവളമായ ഒരു തുള്ളി ഭൂലോകത്തു വന്നു വീണു. ആ തുള്ളിയിൽ നിന്നാണ്, ശാ

Digitized By Kerala Sahitya Akademi

ഖോപശാഖകളും പടർന്ന കായ്കളുടെ കനത്താൽ കുനിഞ്ഞ നെല്ലി മാമരം ഉണ്ടായിവന്നതു്. എല്ലാ വൃക്ഷങ്ങൾക്കും മുമ്പേ മുളച്ചതാണിതു്. യഥാകാലം ജഗൽസൃഷ്ടിക്കൊരുങ്ങിയ ഭഗവാൻ ബ്രഹ്മാവിനെ സൃഷ്ടിച്ചു; ബ്രഹ്മാവിനാൽ ദേവാസുരയക്ഷഗന്ധർവ്വനാഗരക്ഷസ്സുകളും അനഘരായ മഹർഷിമാരും മറ്റു പ്രജകളും സൃഷ്ടിക്കപ്പെട്ടു. ദേവകൾ വിഷ്ണുപ്രിയമായ നെല്ലിയുടെ അടുക്കൽ വന്നെത്തി; ആ മരം കണ്ടപ്പോൾ അവർ അത്യന്തം അത്ഭുതപ്പെട്ടു് തമ്മിൽത്തമ്മിൽ നോക്കുകയായി: 'അത്തി മുതലായവയെല്ലാം നമുക്കറിയാം; ഇതു് ഏതു വൃക്ഷമാണെന്നു മനസ്സിലാകുന്നില്ല' എന്നിങ്ങനെ, അവർ ചിന്തിച്ചുനില്ക്കേ, ദൈവശരീരിവാക്കു കേൾക്കുമാറായി:—'നെല്ലി എന്നുപേരായ ശ്രേഷ്ഠ വൈഷ്ണവവൃക്ഷമാണിതു്. ഇതിനെ സ്മരിച്ചാൽത്തന്നെ പഞ്ചയജ്ഞാനത്തിന്റെ ഫലം കിട്ടും; സ്പർശിച്ചാൽ രണ്ടിരട്ടി; കായതിന്നാൽ മൂന്നിരട്ടി. അതിനാൽ എത്ര പണിപ്പെട്ടും നെല്ലിയെ സദാ സേവിക്കണം. സർവപാപങ്ങളേയും ഈ വൈഷ്ണവവൃക്ഷം നശിപ്പിക്കും. ഇതിന്റെ കടയ്ക്കൽ വിഷ്ണുവും, തലയ്ക്കൽ ബ്രഹ്മാവും, തടിമേൽ പരമേശ്വരനായ രുദ്രഭഗവാനും, ശാഖകളിൽ മുനിമാരും, ഉപശാഖകളിൽ ദേവന്മാരും, ഇലകളിൽ വസുക്കളും, പൂക്കളിൽ മരുത്തുക്കളും, കായ്കളിൽ പ്രജാപതിമാരും സ്ഥിതിചെയ്യുന്നു; അതിനാൽ സർവദേവമയമായ ഈ വൃക്ഷം വിഷ്ണുഭക്തരാൽ പൂജനീയമാകുന്നു.'

ഋഷിമാർ:—'ദേവൻ ആരാണ്? എന്തുകൊണ്ടാണ് ഇതിൽ സദാ വസിക്കുന്നതു്? ദേവനോ, മറ്റാരെങ്കിലുമോ? വാസ്തവം അറിയേണമെന്നുണ്ടു്.'

അശരീരി:—'സർവ ബ്രഹ്മങ്ങളുടേയും സർവ ഭുവനങ്ങളുടേയും കർത്താവായി, ജ്ഞാനികൾക്കും ദുഷ്പ്രേക്ഷ്യനായി സനാതനനായിരിക്കുന്ന വിഷ്ണുവാണ് ഞാൻ.'

ദേവദേവന്റെ ഈ അരുളപ്പാടു കേട്ടിട്ടു്, വിസ്മയത്താൽ കൺവിടർന്ന വിരിഞ്ചപുത്രന്മാർ അവിടെ അനാദ്യന്തനായ ദേവനെ സ്തുതിപ്പാൻ തുടങ്ങി:—

'തൊഴാം ബ്രഹ്മാത്മബ്രഹ്മനെ! പരമാത്മാവിനായ് തൊഴാം!
അച്യുതനെ തൊഴാമജയനെ, നന്ദനെ തൊഴാം സദാ!
കവിക്കു ദാമോദരനെ യജ്ഞേശനെ തൊഴാം, തൊഴാം!
തൊഴാം സമയനാത്മാവിനെ, ഹരിലോചനെ കൈതൊഴാം!'

Digitized By Kerala Sahitya Akademi

മഹർഷിമാരുടെ ഈ സ്തുതിയാൽ മനംതെളിഞ്ഞ ഭഗവാൻ അവരോട്, 'നിങ്ങൾക്കു ഞാൻ എന്തഭീഷ്ടം തരേണ്ടു?' എന്നു ചോദിച്ചു:—

ഋഷിമാർ:—'ഭഗവൻ, നിന്തിരുവടി പ്രസാദിച്ചു എങ്കിൽ, ഞങ്ങൾക്കു നന്മയ്ക്കുവേണ്ടി, സപുത്രപൗത്രങ്ങളേയും ധനധാന്യങ്ങളേയും മനസന്തുഷ്ടിയേയും നൽകുന്നതായി, ക്ലേശം കുറഞ്ഞതും ഫലമേറിയതുമായിരിക്കുന്ന ഒരുത്തമവ്രതം അരുളിച്ചെയ്താലും; ദേവേശ, അനുഷ്ഠിച്ചവൻ വിഷ്ണുലോകത്തു പൂജിക്കപ്പെടത്തക്കതായിരിക്കണം അതു്.

വിഷ്ണു:—പൂയത്തോടു ചേർന്ന ഫാൽഗുനശുക്ലൈകാദശി മഹാപുണ്യവും മഹാപാപങ്ങളെപ്പോക്കുന്നതുമാകുന്നു. അന്നു് വിശേഷാൽ ഒന്നു വേണ്ടതുണ്ടു്. ജാഗരണം നെല്ലിച്ചുവട്ടിലായിരിക്കണം. എന്നാൽ പാപമെല്ലാമൊഴിഞ്ഞു്, ആയിരംപശുദാനത്തിന്റെ ഫലം കിട്ടും. ഇതു വ്രതങ്ങളിൽവെച്ചു മീതേയായ ഒരു വ്രതമാകുന്നു. അന്നു വിഷ്ണുവിനെ പൂജിച്ചവൻ വൈകുണ്ഠത്തിൽനിന്നു പോരികയില്ല.'

ഋഷിമാർ:—'ഇതിന്റെ വിധിയും അരുളിച്ചെയ്യുമാറാകണം എങ്ങിനെയായാലാണു് പൂർത്തിവരിക? മന്ത്രം എന്താണു്? വന്ദനം എങ്ങിനെ? ദേവത ആരാണു്? ദാനം, സ്നാനം, പൂജാവിധി, പൂജാമന്ത്രം എന്നിവയും ശരിയ്ക്കുപദേശിച്ചാലും.'

വിഷ്ണു:—ദ്വിജപുംഗവന്മാരേ, ഏകാദശിനാൾ ഉപവസിച്ചു്, പിറേന്നു്,

'ഭോക്ഷ്യേഽഹം പുണ്ഡരീകാക്ഷ ശരണം മേ ഭവാച്യുത!'

എന്നു പാരണകഴിക്കുക; മുമ്പേ പല്ലുതേപ്പും മറ്റും കഴിച്ചു നിയമംകൊള്ളണം: *.....ധനസ്ഥിതിക്കൊത്തു് ഉഴുന്നിന്മണിയോളമോ പകുതിയോ അതിലും പകുതിയോ സ്വർണ്ണംകൊണ്ടു് പരശുരാമപ്രതിമയുണ്ടാക്കി ഗൃഹത്തിൽവെച്ചു പൂജിക്കുക; ഹോമവും വേണം. പിന്നെ എല്ലാപ്പദാർത്ഥങ്ങളുമെടുത്തു നെല്ലിച്ചുവട്ടിൽ ചെന്നു നല്ല സ്ഥലത്തു് കലശം* ...സ്ഥാപിച്ചു്, മീതേ മലർനിറച്ച ഒരു പാത്രംവെച്ചു്, അ

*നിയമം ഇന്നപ്രകാരമെന്നില്ലെങ്കിൽ പറഞ്ഞതുതന്നെ. സ്നാനവിധിയും പൂർവ്വോക്തമാകയാൽ ഇവിടെ ചേർത്തിട്ടില്ല.

* കലശത്തിനു് സുശ്രുതത്തിൽ പറഞ്ഞിരിക്കുന്നതുപോലെതന്നെ. അതിനാൽ രണ്ടിടത്തും ചേർത്തിട്ടില്ല.

Digitized By Kerala Sahitya Akademi

തിൽ മാഗ്ഗവപ്രതിമയെ പ്രതിഷ്ഠിച്ചു പൂജിക്കുക: വിശോകായ നമഃ എന്നു പാദങ്ങളും; വിശ്വരൂപിണേ എന്നു കാൽമുട്ടുകളും; ഉഗ്രായ എന്നു തുടകളും; രാമോദരായ എന്നു അരക്കെട്ടു്; പദ്മനാഭായ എന്നു വയർ; ശ്രീവത്സധാരിണേ എന്നു മാറിടം; ചക്രിണേ എന്നു് ഇടംകയ്യു്; ഗദിനേ എന്നു വലംകയ്യു്; വൈകുണ്ഠായ എന്നു കണ്ഠം; യജ്ഞമുഖായ എന്നു മുഖം; വിശോകനിധയേ എന്നു നാസിക; വാസുദേവായ എന്നു കണ്ണുകളും; വാമനായ എന്നു നെറ്റി; സർവ്വാത്മനേ എന്നു ശിരസ്സു്. ഒടുവിൽ വെള്ളത്ത കായകൊണ്ടു ദേവാധിദേവനു ഭക്തിയോടേ അർഘ്യവും നൽകണം:

'നമസ്തേ ദേവദേവേശ! ജാമദഗ്ന്യനമോസ്തുതേ!
ഗൃഹാണാർഘ്യമിമം ദത്തമാമലക്യായുതോ ഹരേ!'

എന്നാണു് അർഘ്യമന്ത്രം. രാത്രിയിൽ നിത്യഗീതാദികളും*... കൊണ്ടു ജാഗരണം ചെയ്യണം. വിഷ്ണുമന്ത്രങ്ങൾ ജപിച്ചു നെല്ലിമരത്തെ നൂറുവട്ടോ ഇരുപത്തെട്ടോ ഉരു വലത്തുവയ്ക്കണം. പ്രഭാതത്തിൽ വിഷ്ണുവിനു നീരാജനമുഴിഞ്ഞു്, പ്രതിമ മുതലായതൊക്കെ** ഒരു ബ്രാഹ്മണനു്,

'ജാമദഗ്ന്യസ്വരൂപേണ പ്രീയതാം മമ കേശവഃ'

എന്നു ദാനംചെയ്യണം പിന്നീടു നെല്ലിമരത്തെ സ്പർശിച്ചു പ്രദക്ഷിണം ചെയ്തു്, കളിച്ചു ബ്രാഹ്മണരെ ഊട്ടി, താനും സകുടുംബം ഊണുകഴിക്കുക. ഇവ്വിധം ചെയ്യുന്നു സർവ്വതീർത്ഥങ്ങൾകൊണ്ടും സർവ്വദാനങ്ങൾകൊണ്ടും സർവ്വയജ്ഞങ്ങൾകൊണ്ടുമുള്ള പുണ്യം കിട്ടും; സംശയമില്ല. ഈ ഉത്തമ വ്രതം ഒട്ടൊഴിയാതെ ഞാൻ നിങ്ങൾക്കു പറഞ്ഞുതന്നു.'

ഇതുയും അരുളിച്ചെയ്തു മധുസൂദനൻ അവിടെത്തന്നെ മറഞ്ഞു. ആ മുനിശ്രേഷ്ഠന്മാരെല്ലാവരും അതിൻവണ്ണമൊക്കെ അനുഷ്ഠിക്കുകയുമുണ്ടായി. മഹാരാജാവേ, ഭവാനും ആവിധം ചെയ്തുകൊള്ളുക.

സർവപാപപ്രണാശനവും സുദുർല്ലഭവുമായ ഒരു വ്രതമാണിതു്.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദത്തേത്തുടർന്നുള്ള കൃഷ്ണസംവാദം, ഏകാദശീമാഹാത്മ്യപ്രകരണം, ആമലക്യേകാദശീവിധികഥനം നാല്പത്തേഴാമധ്യായം.

—— :o: ——

* മുൻപറഞ്ഞതുതന്നെ.

Digitized By Kerala Sahitya Akademi

നാൽപത്തൊട്ടാമദ്ധ്യായം

'യുധിഷ്ഠിരൻ:—'ഫാൽഗുനശുക്ലപക്ഷത്തിലെ ആമലകൈകാദശിയും ഞാൻ ശ്രവിച്ചു; ചൈത്രമാസത്തിലെ കൃഷ്ണ ഏകാദശിയുടെ പേരെന്താണ്?'

കൃഷ്ണൻ:—'മഹാരാജാവേ, പാപനാശനമായ ഉപാഖ്യാനം കേട്ടുകൊള്ളുക. മാന്ധാതൃചക്രവർത്തി ചോദിച്ചതിനാൽ ലോമശൻ പറകയുണ്ടായത ഞാൻ പറയാം.'

മാന്ധാതാവ്:—'ഭഗവൻ, ലോകഹിതത്തിന്നായി എനിക്ക കേൾപ്പാൻ അഗ്രഹമുണ്ട്; ചൈത്രകൃഷ്ണൈകാദശിക്ക പേരെന്താണ്? വിധി എങ്ങിനെ? ഫലം എന്താണ്? സദയം ഉപദേശിച്ചാലും.'

ലോമശൻ:—'നൃപപുംഗവ, പാപങ്ങളെ നശിപ്പിച്ച കാമത്തേയും സിദ്ധിയേയും ധർമ്മത്തേയും നൽകുന്ന ഒരു വിചിത്രകഥ ഞാൻ കേട്ടാലും:

(ചെറുശ്ശേരിരീതി)

പണ്ടു, വണ്ടിണമുരണ്ട വസന്തത്തി-
ലണ്ടർകോൻ മുമ്പായ വിൺവാഴികൾ
പേർത്തുമസാമാന്യസൗഖ്യദമാകിയ
ചൈത്രരഥോദ്യാനേ കേളിയാടീ;
അപ്സരോഗന്ധർവസ്ത്രീകൾതൻ നൃത്തത്തോ-
ടൊപ്പിച്ചു കിന്നരർ വാദ്യം കൊട്ടീ.
അമ്മലർക്കാവിൽത്തപസ്സു ചെയ്യോൽകളിൽ
ബ്രഹ്മചര്യസ്ഥനാം മേധാവിയെ
അഞ്ജസാ മോഹിപ്പിപ്പാനങ്ങൊരുമ്പെട്ടാൾ
മഞ്ജുഘോഷാഖ്യയാമപ്സരസ്ത്രീ:
പേടിയാലമ്മുനീന്ദ്രാശ്രമത്തിൽ വിളി-
പ്പാടകലത്തുവെച്ചത്തരുണി
പാട്ടുതുടങ്ങിനാൾ പൊന്മണിവീണയും
മീട്ടിക്കൊണ്ടെത്രയോ മാധുര്യത്തിൽ.
എന്നതുകണ്ടീ,ശരകൃതരെയുംപൂക്ക
ളെന്നിടാൻ നോക്കും മനോജൻ കാമൻ
ചന്ദനപുഷ്പവിഭൂഷിതയാകുമ-
സ്സുന്ദരിതൻകുലണഞ്ഞുവാണാൻ:

Digitized By Kerala Sahitya Akademi

കാമന്റെ വില്ലായീ തനുലതൻ ചില്ലിക-
ളോ,മന്മിഴിമുന ഞാണുമായി,
ശ്യാമളപക്ഷ്മമാം ലോചനം ബാണമായ്,
പോർമൂലപ്രേരകമോ കൈനിലയായ്!
മേധാവിതന്നെക്കണ്ടാമഞ്ജുഘോഷയും
ബാധിതയായി മനോഭവനാൽ:
ആരബ്ധയൌവനനട്ടേഹം, മറൊരു
നീരലരമ്പന്റെ പ്രാലെയല്ലോ,
ചേണാന്ന വെൺചൂണന്തലോടുംശോഭിച്ചു
കാണായ് ച്യവനന്റെയാശ്രമത്തിൽ.
മാനസേസംഭോഗവാഞ്ഛയോടങ്ങവൾ
ഗാനംമുതിക്കയായ് മന്ദം മന്ദം.
കൈവളകാഞ്ചിചിലങ്കകിലുങ്ങുമാ-
റാവിധം പാട്ടന്ന കാമിനിയെ
കണ്ടാത്തപസ്വിയും സൈന്യസമേതനാം
തണ്ടാർവിശിഖന്ന കീഴ്പെട്ടുപോയ്.
ആലോക്കിൽചെന്നാട്ടത്താലോലവീക്ഷണ-
ലീലാവിലാസത്താലുൾമയക്കി,
വല്ലകി താഴത്തുവെച്ചുതഴകിനാൾ
മല്ലനേർക്കണ്ണാളാ മാമുനിയെ;
വല്ലാത്തകാറിലുലഞ്ഞൊരുവൃക്ഷത്തെ
വല്ലരിപോലവേ ഗാഢഗാഢം.
മേഘനേർവാണിയാളൊത്തു രമിക്കയായ്
മേധാവിയെന്ന മഹർഷിവയ്യൻ:
ആവനോദ്ദേശത്തിലാവരാരോഹതൻ
പൂവുടലീക്കിച്ചുതോട്ടുകൂടി,
ശൈവതത്തംമറന്നംഗജതത്പതി-
ലായ്വന്ന താപസന്നന്തരംഗം!
രാവുപകലറിയാതെയക്കാമുകൻ
പൂവമ്പനാടകമാടിപ്പോന്ന.
നിത്യകർമ്മാദിയുമില്ലാതെ മാമുനി-
ക്കെത്രയോ കാലം കഴിഞ്ഞിതേവം.

ഒരുനാൾ മഞ്ജുഘോഷ ദേവലോകത്തേയ്ക്കു മടങ്ങാനൊരുങ്ങി, മേധാവിയോടു വിടചോദിച്ചു:—'ബ്രഹ്മൻ, എനിക്കു സ്വദേശത്തേയ്ക്കു പോകാൻ അനുവാദം തന്നാലും.'

Digitized By Kerala Sahitya Akademi

മേധാവി:—'പ്രഭോതംവരെ, എന്റെ അടുക്കൽത്തന്നെയിരിക്കുക.'

ഇതുകേട്ട് അവൾ ശാപഭയത്താൽ വീണ്ടും മുനീന്ദ്രനെ രമിപ്പിച്ചുപോന്നു. പിന്നെയും കൊല്ലം വളരെക്കഴിഞ്ഞു—അമ്പത്തൊരുകൊല്ലവും, ഒമ്പതുമാസവും, മൂന്നുദിവസവും ചെന്നു; എന്നാൽ രാത്രി പകതിയാകയന്നേ മേധാവിക്കു തോന്നിയുള്ളൂ! അതിന്നുശേഷം അവൾ രണ്ടാമതും വിടചോദിച്ചു:—'ബ്രഹ്മൻ, അനുവാദം തരിക; എനിക്കു സ്വഗൃഹത്തിലേയ്ക്കു പോകണം.'

മേധാവി:—'നേരം പ്രഭാതമായി. കേൾക്ക: എന്റെ സന്ധ്യാവന്ദനം കഴിയുന്നതുവരെ ക്ഷമിച്ചു നിൽക്കുക.'

ഇതു കേട്ട സന്തോഷവിവശയായ ആ സുസ്മിത പുഞ്ചിരിക്കൊണ്ടരിയാടി:—'നിഷ്കൃഷ്ടമനസ്കനായ ബ്രാഹ്മണേന്ദ്ര, അങ്ങേയ്ക്ക് എത്ര സന്ധ്യ കഴിഞ്ഞുപോയി? എങ്കൽ പ്രസാദിച്ചു്, കഴിഞ്ഞുപോയ കാലത്തെ ഒന്നു കണക്കാക്കിനോക്കിയാലും. ബ്രാഹ്മണശ്രേഷ്ഠന്ന് അത്ഭുതത്താൽ കണ്ണുകൾ വിടർന്നു! കഴിഞ്ഞകാലത്തെ അദ്ദേഹം എണ്ണിനോക്കി: അമ്പത്തേഴു സംവത്സരം അദ്ദേഹത്തിന്ന് അവളോടൊപ്പം കഴിഞ്ഞുപോയിരുന്നു! അതിനാൽ മേധാവിക്ക് അവളിൽ ക്രോധം ജനിച്ചു: ശരീരത്തിൽ നിന്നു തീജ്വാലകൾ പുറപ്പെട്ടു; കണ്ണുകളിൽ നിന്നു തീപ്പൊരികൾ പറന്നു! തപസ്സിനെ മുടിച്ച അവൾ അദ്ദേഹത്തിന്ന് അന്തകനായിത്തോന്നി; കഷ്ടപ്പെട്ടു സമ്പാദിച്ച തപസ്സിനെ അവൾ മുടിച്ചുകളഞ്ഞതായി കണ്ടപ്പോൾ അരിശം സഹിച്ചുകൂടാതായി! വിറയ്ക്കുന്ന ചുണ്ടുമായി മുനീന്ദ്രൻ മഞ്ജുഘോഷയെ ശപിച്ചു:—'ദുഷ്ടേ, ദുർവൃത്തേ, പാപനിരതേ, കലടേ, നീയൊരു പിശാചിയായിത്തീരുക' ശാപമേറ്റ ദേവസ്ത്രീ വണങ്ങിനിന്നപേക്ഷിച്ചു:—'ബ്രാഹ്മണേന്ദ്ര, മനം തെളിഞ്ഞു ശാപമേക്ഷം തന്നാലും: സജ്ജനങ്ങൾക്കു സ്നേഹത്തിൻ*സപ്തപദങ്ങളം മതിയല്ലൊ. ഇവിടുന്നാകട്ടെ, എന്നോടൊന്നിച്ചു വളരെ സംവത്സരം കഴിച്ചുകൂട്ടിയിരിക്കുന്നു. അതിനാൽ, സുവ്രതനായ സ്വാമിദയ ചെയ്യുമാറാകണം!'

മേധാവി:—'ഭദ്രേ! ശാപമോക്ഷം കേട്ടുകൊള്ളുക. ഞാനെന്തു ചെയ്യും; നീ എന്റെ മഹത്തായ തപസ്സിനെ നശിപ്പിച്ചുവല്ലൊ! പാപമോചിനി എന്നു പേരായ ചൈത്രകൃഷ്ണൈകാദശി സർവ്വപാപ

* ഏഴു വാക്കു സംസാരിക്കുക.

Digitized By Kerala Sahitya Akademi

ങ്ങളേയും വേർപെടുത്തുന്നതാണു്. അതു നോറാൽ നിനക്കു പിശാചത്വം നീങ്ങും.'

ഈ വിധം കഥിച്ചു മേധാവി അച്ഛന്റെ ആശ്രമത്തിലേയ്ക്കു ഗമിച്ചു. ഉണ്ണി വന്നതു കണ്ടിട്ടു ച്യവനൻ ചോദിച്ചു:—'മകനേ, എന്താണീച്ചെയ്തതു്? നീ പുണ്യം നശിപ്പിച്ചു കളഞ്ഞുവല്ലോ!'

മേധാവി:—'അച്ഛ, അപ്സരസ്ത്രീയോടൊപ്പം രമിച്ചതിനാൽ എനിക്കു പാപം പറ്റിപ്പോയി; അതിന്റെ ശാന്തിക്കു പ്രായശ്ചിത്തം ഉപദേശിച്ചാലും'.

ച്യവനൻ:—'പാപമോചനി എന്ന ചൈത്രകൃഷ്ണൈകാദശി നോറുകൊള്ളുക; എന്നാൽ പാപമെല്ലാം അറുതിപ്പെട്ടം.'

മേധാവി ആ ശ്രേഷ്ഠവ്രതം അനുഷ്ഠിക്കുകയും, അതിനാൽ പാപമൊഴിഞ്ഞു തപോയുക്തനായിത്തീരുകയും ചെയ്തു. അപ്സരശ്രേഷ്ഠയായ മഞ്ജുഘോഷയും, പാപമോചനീവ്രതം ആചരിച്ചതിനാൽ പിശാചത്വമൊഴിഞ്ഞു ദിവ്യരൂപിണിയായി സ്വർഗ്ഗത്തിൽ ചെന്നുചേർന്നു.'

പാർത്ഥിവേന്ദ്ര, പാപമോചനി നോൽക്കുന്ന മനുഷ്യോത്തമർക്കു സർവ്വപാപങ്ങളും വിട്ടൊഴിയും. ഇതു ചൊല്ലുകയോ, കേൾക്കുകയോ ചെയ്താൽ ആയിരം പശുദാനത്തിന്റെ ഫലം കിട്ടും. ബ്രഹ്മഹത്യാനൻ, കനകസ്തേയി, സുരാപായി, ഗുരുതല്പഗൻ എന്നിവർ പോലും ഈ വ്രതംകൊണ്ടു മുക്തരായിത്തീരും. ഖാട്ടപുണ്യമായ കരുത്തമവ്രതമാണിതു്.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദാന്തർഗ്ഗത
യുധിഷ്ഠിര കൃഷ്ണസംവാദം, ഏകാദശീമാഹാത്മ്യപ്രകരണം,
പാപമോചന്യേകാദശീപ്രഭാവ വർണ്ണനം നാൽപത്തെട്ടാമദ്ധ്യായം.

നാൽപത്തൊമ്പതാമദ്ധ്യായം

യുധിഷ്ഠിരൻ:—'വാസുദേവ, ഇവിടെയ്ക്കു നമസ്ക്കാരം! ചൈത്രത്തിലെ വെളുത്ത ഏകാദശിക്കു പേരെന്താണു്?'

കൃഷ്ണൻ:—'രാജാവേ, ഈ പുരാണകഥ മനസ്സിരുത്തി കേൾക്കുക; ദിലീപൻ ചോദിക്കയാൽ വസിഷ്ഠൻ പറഞ്ഞതാണു്.'

Digitized By Kerala Sahitya Akademi

ദിലീപൻ:—'ഭഗവാനേ, ചൈത്രശുക്ലൈകാദശിക്ക് പേരെന്താണ്? ദയചെയ്ത് പറഞ്ഞുതന്നാലും; കേൾക്കാൻ എനിക്കാഗ്രഹമുണ്ട്.'

വസിഷ്ഠൻ:—'രാജാവേ, ഭവാന്റെ ചോദ്യം കൊള്ളാം. ചൈത്രത്തിലെ വെളുത്ത ഏകാദശി കാമദ എന്നു പറയപ്പെടുന്നു. കല്മഷമകറ്റുകയും കാട്ടുതീയാണ്, ആ സൽപുണ്യതിഥി. പാപത്തെപ്പോക്കി പുണ്യത്തെ നൽകുന്ന ഈ കഥ കേട്ടുകൊള്ളുക:

പണ്ട്, പൊന്മാളികകൾ പൂഴ്ന്ന രമണീയമായ നാഗപുരത്തിൽ പുണ്ഡരീകമുഖർ എന്ന നാഗത്താന്മാർ നിവസിച്ചുപോന്നു; പുണ്ഡരീകനായിരുന്നു അവിടെ രാജാവ്. ഗന്ധർവ്വകിന്നരാപ്സരസ്സുകളും ആ പുരിയിൽ പാർപ്പുണ്ടായിരുന്നു. അതിൽ ലളിത എന്ന അപ്സരശ്രേഷ്ഠയും ലളിതൻ എന്ന ഗന്ധർവ്വനും പരസ്പരാനുരക്തരായി കാമപീഡിതരായിത്തീർന്നു; അവർ പിന്നെ ഭാര്യാഭർത്താക്കന്മാരായി ധനധാന്യസമൃദ്ധവും മനോജ്ഞവുമായ സപ്തഗൃഹത്തിൽ രമിച്ചുപോന്നു. ലളിതയുടെ ഹൃദയത്തിൽ ഭർത്താവും അയാളുടെ ഹൃദയത്തിൽ സുന്ദരിയായ ലളിതയും, സർവ്വദാ കൂടികൊണ്ടിരുന്നു. ഒരിക്കൽ പുണ്ഡരീകൻ നേരംപോക്കിനു സഭയിൽ ചെന്നിരുന്നു സംഗീതം തുടങ്ങിച്ചു. ലളിതനു ഭാര്യയുണ്ടായിരുന്നില്ലാത്തതിനാൽ പാടുവാൻ ഇടവരികയായി. അതുകൊണ്ടു കക്കടനെന്ന നാഗത്തലവൻ പുണ്ഡരീകനെ ഉണർത്തിച്ചു. അതിൽ അരിശംകൊണ്ടു കണ്ണുകൾ തുടുത്ത് അതിഭയങ്കരനായിത്തീർന്ന നാഗരാജാവ് ആ മദനാതുരനായിരുന്ന ഗായകനെ ശപിച്ചുകളഞ്ഞു:—'ദുഷ്ട, നീ മനുഷ്യരെത്തിന്നുന്ന മാംസഭോജിയായ രാക്ഷസനായിത്തീരുക; എന്റെ മുമ്പിൽ പാടുമ്പോൾ ഭാര്യയെ സ്മരിക്കുകയാണല്ലോ നീ ചെയ്യുന്നത്!' അതോടുകൂടി ലളിതൻ, രൌദ്രവക്ത്രനായി, വിരൂപാക്ഷനായി, കണ്ടാൽത്തന്നെ പേടിതോന്നിക്കുന്ന ഒരു രക്ഷസ്സായിത്തീർന്നു: വളരെ യോജന വണ്ണവും എട്ടുയോജന നീളവുമുള്ള ശരീരം, ഗുഹയ്ക്കൊത്ത വായ്, സൂര്യചന്ദ്രന്മാരെക്കൊണ്ട കണ്ണുകൾ, മലയ്ക്കൊത്ത കഴുത്ത്, വിശാലങ്ങളായ നാസാരന്ധ്രങ്ങൾ, അരയോജന നീണ്ട മൂക്കും—ഇങ്ങനെയുള്ള രാക്ഷസനായിത്തീർന്ന് അയാൾ കർമ്മഫലം അനുഭവിക്കുകയായി.

വിരൂപരൂപനായിത്തീർന്ന ഭർത്താവിനെ കണ്ടിട്ട് ലളിത സുഖസ്സുഹമായ ദുഃഖത്തിലകപ്പെട്ടു. 'ഞാൻ എന്തു ചെയ്യേണ്ടു? എവിടെപ്പോകേണ്ടു? ഭർത്താവു പാപപീഡിതനായിപ്പോയല്ലോ!' എന്നിങ്ങനെ ചിന്തിച്ചു ചിന്തിച്ചു, സമാധാനം കാണാതെ അവൾ ഭർത്താവോ

Digitized By Kerala Sahitya Akademi

ടൊരുമിച്ചു കൊടുംകാട്ടിൽ സഞ്ചരിക്കുകയായി. ആ വിരൂപനായ രാക്ഷസൻ ഇഷ്ടംപോലെ ഓരോ വടിവുപൂണ്ടു, നിർഗ്ഘൃണനായി പാപനിരതനായി മനുഷ്യരെപ്പിടിച്ചു തിന്നുകൊണ്ടു ഒടുക്കാനനത്തിൽ ചുറ്റിനടന്നു; രാത്രിയാകട്ടെ പകലാകട്ടെ ഒരാശ്വാസം ആ പാപപീഡിതനു കൈവന്നില്ല! അതിൽ അതി ദുഃഖിതയായ ലളിത തേങ്ങിക്കരഞ്ഞുംകൊണ്ടു് അയാളോടൊപ്പം ഘോരാടവിയിൽ അലഞ്ഞു നടക്കുമ്പോൾ, ഒരു രമണീയമായ ആശ്രമം കാണുമാറായി. അവിടെ ഒരു ശാന്തനായ മഹർഷി സ്ഥിതിചെയ്തിരുന്നു. ലളിത ഓടിച്ചെന്നു് അദ്ദേഹത്തെ നമസ്കരിച്ചു മുമ്പിൽനിന്നു. അവളുടെ വ്യസനം കണ്ടിട്ടു് ആ ദയാശീലൻ ചോദിച്ചു:—'നീ ആരാണു? എന്തിനാണിവിടെ വന്നതു്? പരമാർത്ഥം പറയുക.'

ലളിത:—'മുനിശ്രേഷ്ഠ, വീരധന്വാവു് എന്നൊരു ഗന്ധർവ്വനുണ്ടു; ആ മഹാത്മാവിന്റെ മകളാണു ഞാൻ. ഭർത്താവിനെച്ചൊല്ലിയാണു് ഇവിടെ വന്നതു്. എന്റെ ഭർത്താവു ശാപദോഷത്താൽ ഭീഷണാകാരനും ദുരാചാരനുമായ രാക്ഷസനായിപ്പോയി. അതിനാൽ മനസ്സമാധാനമില്ലെനിക്കു്. സ്വാമിൻ, ബ്രാഹ്മണേന്ദ്ര, അദ്ദേഹത്തിന്നു രാക്ഷസത്വം നീങ്ങാൻ എന്തുചെയ്യണമെന്നു് ഉപദേശിച്ചുതരുന്നാലും!'

ഋഷി:—'രംഭോരു, ചൈത്രത്തിലെ വെളുത്ത ഏകാദശിയാണിന്നു്; കാമദ എന്ന ഈ തിഥി സർവ്വപാപനാശിനിയാകുന്നു. ഇതു നീ യഥാവിധി നോറ്റു്, അതിന്റെ പുണ്യം ഭർത്താവിനു കൊടുക്കുക; എന്നാൽ, അതേ ക്ഷണത്തിൽ ശാപദോഷം വിട്ടൊഴിയും.'

ഇതു കേട്ടപ്പോൾ ലളിതയുടെ മനം കുളിർത്തു; അവൾ ഏകാദശി നോറ്റു, ദ്വാദശിനാൾ വിപ്രന്റേയും വിഷ്ണുപിന്റേയും മുമ്പിൽ സ്വഭർത്താവിന്റെ ശാപമോക്ഷം അപേക്ഷിച്ചു;—'ഞാൻ കാമദാവ്രതം ഉപവസിച്ചുണ്ടുവല്ലോ; അതിന്റെ പുണ്യപ്രഭാവത്താൽ ഇദ്ദേഹത്തിന്റെ രാക്ഷസത്വം നീങ്ങട്ടെ!' ഇതുപറഞ്ഞുകഴിയുമ്പോഴെയ്ക്കും, ലളിതൻ പാപമൊഴിഞ്ഞു ദിവ്യരൂപനായി കാണപ്പെട്ടു. രാക്ഷസത്വംവിട്ടു വീണ്ടും ഗന്ധർവ്വത്വമണഞ്ഞ ലളിതൻ കനകരത്നങ്ങളണിഞ്ഞു ലളിതയോടുചേർന്നു വിളയാടി. ആ ദമ്പതിമാർ കാമദയുടെ മഹിമയാൽ മൂന്നുലോകത്തിലും അഴകാർന്ന വിമാനത്തിൽ പരിലസിച്ചു. അതിനാൽ മഹാരാജാവേ, പണ്ടിപ്പെട്ടും നോക്കേണ്ടതാണിയ്യു് ലോകഹിതത്തിനായ്ക്കൊണ്ടു ഇതു ഞാൻ വേനോടു പറഞ്ഞതു്.'

Digitized By Kerala Sahitya Akademi

ബ്രഹ്മഹത്യാദികളേയും പിശാചത്വത്തേയും വേർപെട്ടത്താൻ, ഇതിലും മീതെയായും ചൗഡാങ്ങളുംപെട്ട തിട്ടവനത്തിലില്ല! ഇതു ദാനംതുടങ്ങളാൽ വാജപേയഫലത്തെ നൽകും.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദാന്തർഗ്ഗത
യുധിഷ്ഠിരനാരദസംവാദം, ഏകാദശീമാഹാത്മ്യപ്രകരണം,
കാമദൈകാദശീകഥനം നാല്പത്തൊമ്പതാമദ്ധ്യായം.

നാല്പത്തൊമ്പതാമദ്ധ്യായം

യുധിഷ്ഠിരൻ:—'വൈശാഖത്തിലെ കറുത്ത ഏകാദശിക്കു പേരെന്താണ്? അതിന്റെ മഹിമയും പറഞ്ഞുതരിക. വാസുദേവ, ഇവിടെയുള്ള നമസ്ക്കരം!'

കൃഷ്ണൻ:—രാജാവേ, ഇഹത്തിലും പരത്തിലും സൌഭാഗ്യം നൽകുന്ന വൈശാഖകൃഷ്ണൈകാദശിക്കു വരൂഥിനി എന്നാണ് പേര്. വരൂഥിനി നോറ്റാൽ മതി, എന്നെന്നും സുഖവും പാപശാന്തിയും, സൌഭാഗ്യവും സിദ്ധിക്കാൻ. ദുർഭഗയായിട്ടുള്ളവരും ഈ വ്രതം കൊണ്ടു സൌഭാഗ്യവതിയായിച്ചമയും. എല്ലാ മനുഷ്യർക്കും ഇഹപരസുഖങ്ങളെ പ്രദാനംചെയ്യും; പാപത്തെയെല്ലാം അകറ്റും; ഗർഭവാസവും ഇല്ലാതാക്കും. വരൂഥിനിവ്രതത്താലത്രേ, മാന്ധാതാവും ധുന്ധുമാരൻ തുടങ്ങിയ മറ്റു വളരെ രാജാക്കന്മാരും സ്വർഗ്ഗം നേടിയതും, ഭഗവാൻ ശിവൻ ബ്രഹ്മകപാലത്തിൽ നിന്നു മോചിതനായതും. പതിനായിരം വർഷം തപസ്സു ചെയ്യുന്നതിനു തുല്യം, ഒരു വരൂഥിനി നോറ്റാൽ മതി! വരൂഥിനി ഭക്ത്യാ നോറ്റവർ ഇഹത്തിലും പരത്തിലും അഭീഷ്ടം നേടും. പാർത്ഥിവോത്തമ, പവിത്രവും പാവനിയും മഹാപാപനാശിനിയും ഭുക്തിമുക്തിപ്രദായിയുമാകുന്ന വരൂഥിനി അശ്വദാനാദി* ദാനങ്ങളിലെല്ലാം വെച്ചു മീതെയായ വിദ്യാദാനത്തിന്റെ ഫലം വരൂഥിനീവ്രതത്താൽ കൈവരും. § കന്യകയേ വേണ്ടുംവണ്ണം അണിയിച്ച്, ഗ്രഹൽക്കു വാങ്ങാതെ നൽകിയാലുണ്ടാകുന്ന പുണ്യം ഗണിപ്പാൻ ചിത്രഗുപ്തനും ആളാവില്ല; അതിനൊത്ത ഫലം വരൂഥിനി നോറ്റാൽ കിട്ടും. ഓട്ടുപാത്രം, മാംസം, തേൻകടലയുള്ള, ചണംപയർ, വരക്, ശാകം, മധു, പരാന്നം, രണ്ടാമതുണ്ണുക, മൈഥുനം എന്നിവ പത്തും വ്രതക്കാരനായ വൈഷ്ണവൻ ദശമീതിഥിയിൽ വർജ്ജിക്കണം; ചൂതു

*ഉത്തരാക്ഷരാർത്ഥങ്ങളായ ചില ദാനങ്ങൾ പറഞ്ഞ ഭേദമാണ് വിട്ടത്; ഇതു മുമ്പു പലപ്രാവശ്യം കഴിഞ്ഞിട്ടുണ്ട്. §പൊൻകൊടുക്കുന്ന വില മേടിക്കുമെന്ന്.

Digitized By Kerala Sahitya Akademi

കളി, ഉറക്കം, താംബൂലം, പുഷ്പം, പരാപവാദം, ക്ഷണി, മോഷണം, ഹിംസ, രതി, ക്രോധം, ദോഷ്ക്ക പായൽ എന്നിവ ഏകാദശീതിഥിയിൽ വർജ്ജിയ്ക്കണം. ഓട്ടപാലും, മാംസം, മദ്യം, തേൻ, എള്ളെണ്ണ, പതിതരോട് സംസാരിക്കുക, വ്യായാമം, വിഷമശവാസം, രണ്ടാമതുണ്ണുക, മൈഥുനം, നവരനെല്ല്, വെൺകടലയ്ക്ക എന്നിവ ദശമീതിഥിയിൽ വർജ്ജിക്കണം. ഇതിൻവിധം വൃത്തിനി നോറ്റ്, രാത്രിയിൽ ജാഗരണം ചെയ്ത് പുണ്ഡരീകാക്ഷനെ പൂജിച്ചവർ സർവ്വപാവനിർമ്മുക്തരായി പരമഗതിയടയും. അതിനാൽ, പാപത്തെപ്പേടിക്കുന്നവർ എങ്ങിനെ വന്നിപ്പെട്ടും വൃത്തിനി നോറുകൊള്ളണം—മുമുക്ഷുതീർത്ഥമുള്ളവർ ഈ വ്രതം അനുഷ്ഠിച്ചുകൊള്ളണം. ഇതു വായിക്കയോ, ശ്രവിക്കുകയോ ചെയ്യുവൻ വാജപേയഫലം നേടി, സർവ്വപാപങ്ങളുമകന്ന്, വിഷ്ണുലോകത്തു സൽക്കരിക്കപ്പെടും.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദാന്തർഗ്ഗത യുധിഷ്ഠിര കൃഷ്ണസംവാദം, ഏകാദശീമാഹാത്മ്യപ്രകരണം, വൃത്തിയേകദശീവിധികഥനം അമ്പതാമദ്ധ്യായം.



അമ്പത്തൊന്നാമദ്ധ്യായം

യുധിഷ്ഠിരൻ:—'ജനാർദ്ദന, വൈശാഖശുക്ലൈകാദശിയുടെ പേരും വിധിയും ഫലവുമെന്താണ്? പറഞ്ഞുതരിക.'

കൃഷ്ണൻ:—'രാജേന്ദ്ര, ഭവാൻ എന്നോടീ ചോദിച്ചതുതന്നെ, പണ്ട് ധീമാനായ രാമചന്ദ്രൻ വസിഷ്ഠനോട് ചോദിക്കുകയുണ്ടായി.'

രാമൻ:—'ഭഗവൻ, മഹർഷേ, സർവ്വപാപങ്ങളേയും സർവ്വപാപങ്ങളേയും സംഹരിക്കുന്ന ശ്രേഷ്ഠവ്രതം ശ്രവിപ്പാൻ എനിക്കാഗ്രഹമുണ്ട്. ഞാൻ സീതാവിരഹത്താൽ പല ദുഃഖം അനുഭവിക്കുകയുണ്ടായല്ലൊ; അതിനാൽ എന്നെ ഭയം ബാധിച്ചിരിക്കുന്നതുകൊണ്ട് ചോദിക്കയാണ്.'

വസിഷ്ഠൻ:—'രാമ, കൊള്ളാം: അങ്ങയുടെ വ്രതാനുഷ്ഠാനത്തിൽ മനസ്സുചെന്നതല്ലൊ. അങ്ങയുടെ നാമം ഉച്ചരിച്ചാൽത്തന്നെ മനുഷ്യന്ന ശുദ്ധിവരും; എന്നാലും ലോകോപകാരമെയ്യുവാണ്ടി, പവിത്രവും പാവനവ്രതങ്ങളിൽ ഉത്തമവുമായ വ്രതം ഞാൻ പറയാം: വൈശാഖത്തിലെ വെളുത്ത ഏകാദശി സർവ്വപാപസംഹാരിണിയാകുന്നു. മോഹിനി എന്നാണ് അതിന്റെ പേര്. അതു നോറ്റവൻ മോഹജാല

Digitized By Kerala Sahitya Akademi

ത്തിൽനിന്നും പാപപടലത്തിൽനിന്നും നിർമ്മുക്തനാകും; എന്തുയോ വാസ്തവമാണിത്. അതിനാൽ, വന്നിച്ച പാതകങ്ങളേയും ദുഃഖങ്ങളേയും പോക്കുന്ന ആ തിഥി ഭവാദൃശന്മാർ നോൽക്കേണ്ടതാകുന്നു. രാമ, ശ്രവണമാത്രത്താൽ ദുരിതത്തെ നീക്കുന്ന ഒരു സൽക്കഥ മനസ്സിരുത്തി കേട്ടുകൊള്ളുക:

രമണീയമായ സരസപതീതീരത്തു ഭദ്രാവതി എന്ന ഒരു സമൃദ്ധ നഗരമുണ്ട്; അവിടെ ധൃതിമാൻ എന്ന രാജാവു രാജ്യം ഭരിച്ചുപോന്നു. ചന്ദ്രവംശജാതനും സത്യസന്ധനുമായിരുന്ന ധൃതിമാൻ. ആ നഗരത്തിൽ ധനപാലൻ എന്നൊരു മഹാസമ്പന്നനായ വൈശ്യൻ നിവസിച്ചിരുന്നു. തണ്ണീർപ്പന്തൽ, കിണർ, മഠം, തോട്ടം, തടാകം, ക്ഷേത്രം എന്നിവ തീർപ്പിച്ച പുണ്യകർമ്മാവും വിഷ്ണുഭക്തനും ശാന്തനുമായ അയാൾക്ക്, സുമനസ്സ്, ധൃതിമാൻ, മേധാവി, സുകൃതൻ, ധൃഷ്ടബുദ്ധി എന്നിങ്ങനെ അഞ്ചു പുത്രന്മാരുണ്ടായിരുന്നു. അവരിൽ അഞ്ചാമൻ വലിയ ദുർന്നടപ്പുകാരനായിപ്പോയി: പരസ്ത്രീകളെ പുണരും; തെണ്ടിക്കൂട്ടത്തിൽ തിമർക്കും; ചൂതുകളിക്കും; തേവിടിശ്ശികളെത്തേടിനടക്കും; ദേവകളേയോ പിതൃക്കളേയോ ബ്രാഹ്മണരേയോ പൂജിക്കില്ല; അന്യായമായി അച്ഛന്റെ ധനം മുടിക്കും; അരുതാത്തതു തിന്നും; കള്ളുകുടിക്കും. ഒരു വേശ്യയുടെ തോളിൽക്കയ്യും വെച്ചു തെരുവിൽ നടക്കുന്നതുകണ്ടു് അവനെ അച്ഛൻ ഗൃഹത്തിൽനിന്നു പുറത്താക്കി; ബന്ധുക്കളും തള്ളിക്കളഞ്ഞു. താൻ ധരിച്ചിരുന്ന ആഭരണങ്ങളും കൂടി അവൻ വിറ്റുതിന്നു; കാശില്ലാതായപ്പോൾ അവനെ തേവിടിശ്ശികളും ഉപേക്ഷിച്ചു. അവൻ ഉടുക്കാൻ വസ്ത്രംപോലുമില്ലാതെ വിശന്നുപൊരിഞ്ഞു്, 'ഞാൻ എന്തു ചെയ്യേണ്ടു? എവിടെപ്പോകേണ്ടു? എങ്ങിനെ നാളം കഴിക്കും?' എന്നിങ്ങനെ ചിന്തയിൽപ്പെട്ടു. ഒടുവിൽ ആ ദുരാത്മാവു ആ നഗരത്തിൽത്തന്നെ മോഷണം തുടങ്ങി. രാജാവിന്റെ ആൾക്കാർ അവനെ പിടിക്കുടി; എങ്കിലും, അച്ഛനെ വിചാരിച്ചു വിട്ടയച്ചു. വീണ്ടും പിടിക്കുടി; വീണ്ടും വിട്ടയച്ചു; വീണ്ടും പിടിക്കുടി, ചങ്ങലയിട്ടു ചമ്മട്ടികൊണ്ടു് അടിച്ചുവിട്ടു. അവൻ കാട്ടിൽപ്പോയി അവിടവിടെ പാഞ്ഞലഞ്ഞു്, സിംഹത്തെപ്പോലെ പന്നി പുള്ളിമാൻ മുതലായ മൃഗങ്ങളെക്കൊന്നു മാംസം തിന്നു ജീവിക്കുകയായി. കയ്യിൽ വില്ലും പുറത്തു് ആവനാഴിയും ധരിച്ചു്, കാട്ടിലെ ചെംപോത്തു്, മയിൽ, കഴുകൻ, തിത്തിരിപ്പുള്ളു്, എലി മുതലായ പ്രാണികളെ ആ നിർഘൃണൻ നാൾതോറും കൊലപ്പെടുത്തും.

ഇങ്ങിനെ പ്രാഗ്ജന്മദുരിതത്താൽ പാപച്ചളിയിൽ മുഴുകി, ദുഃഖശോകങ്ങൾക്കിടപെട്ടു രാപ്പകൽ കഷ്ടപ്പെട്ടിരുന്ന ധൃഷ്ടബുദ്ധി,

Digitized By Kerala Sahitya Akademi

ഒരിക്കൽ എന്തോ സൂക്ഷ്മത്താൽ കൌണ്ഡിന്യന്റെ ആശ്രമത്തിൽ ചെന്നെത്തി. അന്നു ചൈശാഖമായിരുന്നു; തപോധനൻ ഗംഗയിൽ സ്നാനംചെയ്യുവരുന്ന സമയത്ത് അദ്ദേഹത്തിന്റെ വസ്ത്രത്തിൽനിന്ന് ഒരു തുള്ളി വെള്ളം ശോകക്ലിഷ്ടനായിരുന്ന ധൃഷ്ടബുദ്ധിയുടെ മേൽ തെറിച്ചു. തന്മൂലം പാപവും അജ്ഞതയുമൊഴിഞ്ഞ ധൃഷ്ടബുദ്ധി കൌണ്ഡിന്യന്റെ മുമ്പിൽ കൈക്കൂപ്പിനിന്നുപേക്ഷിച്ചു: —'ഭോ ഭോ ദ്വിജശ്രേഷ്ഠ, ഇവിടുന്ന് എങ്കൽ ദയചെയ്യ്, ഇന്ന പുണ്യത്താൽ മുക്തിവരുമെന്ന പദേശിച്ചുതന്നാലും.'

കൌണ്ഡിന്യൻ:—'പാപക്ഷയോപായം ഏകാഗ്രചിത്തനായി കേട്ടാലും: മോഹിനി എന്ന വൈശാഖശുക്ലൈകാദശി നോറ്റാൽ മഹാമേരുവോളംപോന്ന ബഹുജന്മ പാപങ്ങൾകൂടി അറുതിപ്പെടും. അതു ഭവാൻ നോറ്റുകൊള്ളുക.'

കൌണ്ഡിന്യൻ ഉപദേശിച്ചതിൻവണ്ണം ബുദ്ധി തെളിഞ്ഞ ധൃഷ്ടബുദ്ധി ആ വ്രതം വിധിപോലെ അനുഷ്ഠിക്കുകയും, തന്നിമിത്തം പാപമൊഴിഞ്ഞു ദിവ്യരൂപനായി, ഗരുഡന്റെ പുറത്തുകേറി, യാതൊരുപദ്രവവുമില്ലാത്ത വൈഷ്ണവലോകമണയുകയും ചെയ്തു. രാമചന്ദ്ര, ഇതുപോലെ ഉത്തമമത്രേ മോഹിനീവ്രതം; ഇതിലും മീതേയൊന്നും ചരാചരങ്ങളടങ്ങിപ്പെട്ട ത്രൈലോക്യത്തിലില്ലതന്നെ.'

യജ്ഞതീർത്ഥദാനാദികം മോഹിനീവ്രതത്തിന്റെ പതിനാറിലൊന്നിനില്ല. ഇതു ചൊല്ലുകയോ കേൾക്കുകയോ ചെയ്താൽ ആയിരം പശുദാനത്തിന്റെ ഫലം കിട്ടും.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, യാദവശിവസംവാദാന്തർഗ്ഗത യുധിഷ്ഠിരകൃഷ്ണസംവാദം, ഏകാദശീമാഹാത്മ്യപ്രകരണം, മോഹിന്യേകാദശീനിരൂപണം അമ്പത്തെന്നാമദ്ധ്യായം.

അമ്പത്തിരണ്ടാമദ്ധ്യായം

യുധിഷ്ഠിരൻ:—'ജനാർദ്ദന, ജ്യേഷ്ഠമാസത്തിലെ കറുത്ത ഏകാദശിയുടെ പേർ, മാഹാത്മ്യം എന്നിവയും കേൾക്കേണമെന്നുണ്ട്.'

കൃഷ്ണൻ:—'കൊള്ളാം: ലോകഹിതത്തിന്നുതകിയതാണു ഭവാന്റെ ചോദ്യം. മഹാപാപങ്ങളെപ്പോക്കി വളരെ പുണ്യം നൽകുന്ന ആ ഏകാദശിയെ ലോകത്തിൽ അപര എന്നു കീർത്തിക്കുന്നു; അതു പുരാ

Digitized By Kerala Sahitya Akademi

യിനിയുമാകുന്നു. ബ്രഹ്മഹത്യ, ഗോഹത്യ, ഭ്രൂണഹത്യ, പരാപവാദം, പരസ്ത്രീസംഗം എന്നിവ ചെയ്യുവൻ പോലും അപരനോറാൽ അപാപനായിവരും. കള്ളസ്സാക്ഷിപറയുന്നവൻ, അളവിൽ കളവുചെയ്യുന്നവൻ, കള്ളവേദവും കള്ളശാസ്ത്രവും പഠിക്കുന്നവൻ, കള്ളജ്യോത്സ്യൻ, കള്ളവൈദ്യൻ എന്നീ നരകഗാമികളും പോലും അപരനോറാൽ പാപനിർമ്മുക്തരാകും. ക്ഷത്രിയധർമ്മം വിട്ട് യുദ്ധത്തിൽ നിന്നോടിപ്പോകുന്ന ക്ഷത്രിയൻ യാവനൊരുത്തനോ, സ്വാമിധർമ്മത്തിൽ നിന്നു പുറത്തായ ആ ഘോരനരകഗാമിയും അപരനോറാൽ പാപമുക്തനായ വിണ്ണണയും. വിദ്യപഠിപ്പിച്ച ഗുരുവിനെ നിന്ദിക്കുന്ന ശിഷ്യനാരോ, ഭയംകരനരകം പൂകുന്ന ആ മഹാപാപിയും അപരാവ്രതത്താൽ സൽഗതിയടയും. സൂര്യൻ മകരമണഞ്ഞിരിക്കെ, മാഘമാസത്തിൽ പ്രയാഗസ്നാനം ചെയ്യുക, കാശിയിൽ ശിവരാത്രി നോൽക്കുക, ഗയയിൽ പിണ്ഡംവച്ചു പിതൃക്കളെ തൃപ്തിപ്പെടുത്തുക, വ്യാഴം ചിങ്ങത്തിൽ നിൽക്കെ ഗൌതമിയിൽ സ്നാനം ചെയ്യുക, കേദാരം ദർശിക്കുക, ബദര്യാശ്രമത്തിൽചെന്ന് തീർത്ഥമാടുക, സൂര്യഗ്രഹണത്തിൽ കുരുക്ഷേത്രത്തിൽവച്ച് അനേകധേനുക്കളെ നൽകുക എന്നിവയുടെ ഫലം അപരാവ്രതത്താൽ കൈവരും. പാപവൃക്ഷങ്ങൾക്ക് കോടാലിയും, പാപവിഷകൾക്ക് ചെന്തീയും, പാപതിമിരങ്ങൾക്ക് സൂര്യനും, പാപമൃഗങ്ങൾക്ക് സിംഹവുമാണ് അപരാവ്രതം. വെള്ളത്തിൽ കമളപോലെയും ജന്തുക്കളിൽ 'ചെള്ള്'പോലെയും അധർമ്മിക്കായിത്തന്നെ പിറന്നവനാണ്, അപരനോൽക്കാത്തവൻ! അപരനോറും തിരിക്രമനെ പൂജിച്ചവൻ പാപമെല്ലാമൊഴിഞ്ഞു വിഷ്ണുലോകത്തു സൽക്കരിക്കപ്പെടും. രാജാവേ, ഇതു ചൊല്ലുകയോ കേൾക്കുകയോ ചെയ്താൽ അയിരം പശുദാനത്തിന്റെ ഫലംകിട്ടും.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, മഹാദേവശിവസംവാദാന്തർഗ്ഗത
യുധിഷ്ഠിരകൃഷ്ണസംവാദം, ഏകാദശീമഹാത്മ്യപ്രകരണം,
അപരൈകാദശീനിരൂപണം എന്ന നൂറ്റിരണ്ടാമദ്ധ്യായം.

അനുത്തിമൂന്നാമദ്ധ്യായം

യുധിഷ്ഠിരൻ:—'മാനദ, അപരമാഹാത്മ്യമെല്ലാം ഞാൻ ശ്രവിച്ചുവല്ലൊ; ജ്യേഷ്ഠമാസത്തിലെ വെളുത്ത ഏകാദശിയും കഥിക്കുക.'

Digitized By Kerala Sahitya Akademi

കൃഷ്ണൻ:——'ഇതു്, ധർമ്മാത്മാവും സത്യവതീസുതനും സർവ്വശാസ്ത്രാർത്ഥതത്ത്വജ്ഞനും വേദവേദാംഗപാരഗനുമായ വ്യാസൻ പറഞ്ഞുതരും.'

യുധിഷ്ഠിരൻ:—ദ്വൈപായന, മാനവധർമ്മങ്ങളും വൈദികധർമ്മങ്ങളും ഞാൻ ശ്രവിച്ചുകഴിഞ്ഞു; വൈഷ്ണവധർമ്മങ്ങൾ ഭവാൻ ശരിക്കു പറഞ്ഞുതരുമാറാകണം.'

വ്യാസൻ:—'നരേന്ദ്ര, മാനവധർമ്മങ്ങളും വൈദികധർമ്മങ്ങളും കലിയുഗത്തിൽ അനുഷ്ഠിപ്പാൻ പ്രയാസമാണു്. അല്പധനംകൊണ്ടും അല്പക്ലേശംകൊണ്ടും എളുപ്പത്തിൽ സാധിക്കാവുന്നതും എന്നാൽ ഫലമേറിയതും സർവ്വപുരാണസാരവുമായ കഥ കേട്ടുകൊള്ളുക. ഇരുപക്ഷങ്ങളിലേയും ഏകാദശീദിവസത്തിൽ ഉപവാസം കഴിക്കരുതു്. ദ്വാദശിനാൾ ശുചിയായി ദാമോദരനെ പൂജിച്ചു കൃതാർത്ഥനായിട്ടു്, വിപ്രരെ ഊട്ടിയതിന്നുശേഷം ഉണ്ണുക. പെറ്റ പുല, ചത്ത പുല ഇവയിലും ഏകാദശിനാൾ ഉണ്ണരുതു്. പുരുഷപുംഗവ, ഈ വ്രതം, സ്വർഗ്ഗത്തിനേടുന്നവൻ തീർച്ചയായും മരണംവരെ അനുഷ്ഠിക്കേണ്ടതാണു്. ധർമ്മരതിരായ പാപഭീരുക്കൾ പോലും, ഏകാദശിനാൾ ഉണ്ണാതിരുന്നാൽ കാലന്റെ അടുക്കൽപോകയില്ല.'

ശിവൻ:——ഇതു കേട്ടപ്പോൾ മഹാബാഹുവായ ഭീമസേനൻ അരയാലിലപോലെ വിറച്ചുകൊണ്ടു ഗുരുവിനോടരചെയ്തു:—'മഹാപ്രാജ്ഞനായ പിതാമഹ, ഞാൻ സത്യം പറയാം: യുധിഷ്ഠിരനും, കുന്തിയും, ദ്രൗപദിയും, അർജ്ജുനനും, നകുലനും, സഹദേവനും ഏകാദശിനാൾ ഒരിക്കലും ഉണ്ണാൻകഴിക്കാറില്ല; 'വൃകോദര, ഉണ്ണരുതെ'ന്നു് എന്നോടു പറയാറുണ്ടു്. ഞാനവരോടു പറയും, 'എനിക്കു വിശപ്പു സഹിക്കാൻ വയ്യ; ദാനം ചെയ്യാം, ശരിക്കു വിഷ്ണുപൂജയും കഴിക്കാം' എന്നു്.

ഭീമസേനനോടു വ്യാസന്റെ മറുപടി ഇതായിരുന്നു:—'ഭോഗം സ്വർഗ്ഗം വേണം, നരകം വേണ്ടതാനും എന്നുണ്ടെങ്കിൽ ഇരുപക്ഷങ്ങളിലേയും ഏകാദശിനാൾ ഉണ്ണരുതു്.'

ഭീമസേനൻ:—'പിതാമഹ, നേരുപറയാം: ഒരിക്കലുണിന്നതന്നെ ഞാൻ ശക്തനല്ല; നോൽമ്പിന്നു പിന്നെ പറയാനുണ്ടോ! വൃകൻ എന്ന അഗ്നിയുണ്ടു്, എന്റെ ഉദരത്തിൽ; അതു്, എത്ര ഭക്ഷിച്ചാലും ക്ഷണത്തിൽ ദഹിപ്പിച്ചുകളയുന്നു. മഹർഷേ, ഒരുപവാസം ഞാനനുഷ്ഠിക്കാം; അതുകൊണ്ടു സ്വർഗ്ഗം കിട്ടണം. അങ്ങിനെയുള്ള ഒന്നു തിരുമാനിച്ചു പറഞ്ഞുതരിക.'

വ്യാസൻ:—'സൂര്യൻ ഇടവത്തിലോ മിഥുനത്തിലോ നിൽക്കുന്ന ജ്യേഷ്ഠമാസത്തിലെ ഏകാദശി സശ്രദ്ധം നോറ്റുകൊള്ളുക. അന്നു്, ഗ

Digitized By Kerala Sahitya Akademi

ണ്ഡുഷത്തിനും ആചമനത്തിനുമല്ലാതെ വെള്ളം ഉപയോഗിയ്ക്കരുതു്; ഊണും കഴിക്കരുതു്. ഉദയംമുതൽ ഉദയംവരെ ഉടകം വർജ്ജിച്ചാൽ പഞ്ചരാത്രൈകാദശിയുടെ ഫലം അനായാസേന ലഭിക്കും. ദ്വാദശിനാൾ പ്രഭാതത്തിൽ സ്നാനം ചെയ്തു ജിതേന്ദ്രിയനായി വെള്ളവും സ്വർണ്ണവും ബ്രാഹ്മണർക്കു നൽകി, കുടുംബസമേതനായി ബ്രാഹ്മണരോടൊന്നിച്ചു് ഊണു കഴിക്കുക. ഇങ്ങനെ ചെയ്താൽ, മുമ്പുണ്ടായിരുന്ന ഏകാദശിയെല്ലാം നോറ്റാലുള്ള ഫലം കിട്ടും; സംശയമില്ല. ശംഖചക്രഗദാധരനായ വിഷ്ണു എന്നോടുപറഞ്ഞിട്ടുണ്ടു്: 'മദ്ഭക്തൻ സർവ്വം ത്യജിച്ചു് 'ഏകാദശിനാളിൽ ഉപവാസം ചെയ്തു് എന്നെത്തന്നെ ശരണം പ്രാപിയ്ക്കണം; എന്നാൽ പാപമുക്തനാകും.' കെട്ട കലികാലത്തു ദ്രവ്യശുദ്ധിയില്ല; സ്നാത്സംസ്കാരം തന്നെയും ഉണ്ടാവില്ല; പിന്നെയാണോ, ശ്രൌതസംസ്കാരം? വായുപുത്രാ, അതിനാൽ വളരെപ്പറയുന്നതെന്തിനു്? ഇരു പക്ഷങ്ങളിലേയും ഏകാദശിനാളിൽ ഉണ്ണാതിരിക്കണം; തീർച്ചതന്നെ. ജ്യൈഷ്ഠത്തിലെ കാദശി ഉടകം വർജ്ജിച്ചു നോറ്റവന്നു*... ...ധനധാന്യങ്ങളും ആരോഗ്യവും വർദ്ധിക്കും; പുത്രന്മാരുണ്ടാകും. അവന്റെ അടുക്കൽ, കറുത്തിരുണ്ട കരാളരായ കാലകിങ്കരന്മാർ കയറാൻ മടിച്ചുനിന്നുപോകയില്ല; ആ വൈഷ്ണവനെ അവസാനകാലത്തു്, ചക്രപാണികളായി മനോജ്ഞവരായി മഞ്ഞപ്പട്ടുടുത്ത സൌമ്യന്മാർ വിഷ്ണുനഗരത്തിലേയ്ക്കു കൊണ്ടുപോകും. നോൽമ്പുകാരൻ ജലധേനുദാനം ക്രമത്തിൽ ചെയ്താൽ സർവ്വപാപനിർമ്മുക്തനാകും. അതിനാൽ ഭവാനും സർവ്വപാപപ്രശാന്തിക്കായി സർവ്വപ്രയത്നേന നോറ്റു വിഷ്ണുവിനെ പൂജിച്ചുകൊൾക.

'സ്വപ്നേ ന മേ പരാധോസ്തി ദന്തരാഗതയാപി വാ
ഭോക്ഷ്യേ പരേഹ്നി ദേവേശ ഹൃശനം വാസരാത്മകം'

എന്നീ മന്ത്രം ഉച്ചരിച്ചുവേണം, ശുദ്ധാത്മാനിതനായി ഉപവാസം കൊള്ളാൻ. പുരുഷനോ സ്ത്രീയോ ചെയ്തിട്ടുള്ള മേരുമന്ദരപ്രമാണമായ പാപംപോലും ഏകാദശീപ്രഭാവത്താൽ വെണ്ണീറടിഞ്ഞുപോകും! ജലധേനുദാനത്തിനു് കഴിവില്ലെങ്കിൽ സ്വർണ്ണവസ്തുക്കളോടുകൂടി ഒരു നീർക്കുടം ദാനംചെയ്താൽമതി. വെള്ളം ശരിക്കു വർജ്ജിച്ച പുണ്യവാനു് ഓരോ യാമത്തിനും കോടി സ്വർണ്ണദാനത്തിന്റെ ഫലം കിട്ടും. അന്നുചെയ്യുന്ന സ്നാനദാനജപഹോമാദിയെല്ലാം അക്ഷയമാണെന്നത്രേ കൃഷ്ണവചനം. മറ്റൊരു ധർമ്മം എന്തിനു്? നിർജ്ജലൈകാദശി വിധിപോലെ നോറ്റവൻ വിഷ്ണുപദം പ്രാപിക്കും §

നിർജ്ജലൈകാദശീവ്രതത്തിന്റെ വിശേഷണവേണ്ടതു കേട്ടുകൊള്ളുക:

* പൂർവ്വോക്തം; ഉപേക്ഷിച്ചു. § പൂർവ്വോക്തം.

Digitized By Kerala Sahitya Akademi

ജലശായിയായ വിഷ്ണുവിനെ പൂജിക്കണം; ജലധേനുവിനെയോ പ്രത്യക്ഷധേനുവിനെയോ ഘൃതധേനുവിനെയോ ദാനംചെയ്യണം; വേണ്ടുവോളം ദക്ഷിണയും പലതരം മൃഷ്ടാന്നവും നൽകി ബ്രാഹ്മണരെ സന്തോഷിപ്പിക്കണം: ധാർമ്മികോത്തമ, വിപ്രന്മാർ പ്രസാദിച്ചാൽ വിഷ്ണു പ്രസാദിച്ചുകഴിഞ്ഞു! ഈ ഏകാദശി നോൽക്കാത്തവർ ആത്മദ്രോഹികളാണ്, പാപശീലരാണ്, ദുരാചാരരാണ്, വഞ്ചിക്കപ്പെട്ടവരാണ്, സംശയമില്ല! ശാന്തരായി, ദാന്തരായി, ദാനങ്ങൾചെയ്തു വിഷ്ണുവിനെ പൂജിച്ച്, രാത്രിയിൽ ഉറക്കവുമിളച്ചു നോറ്റവരാകട്ടെ, മുമ്പും പിമ്പും തുറുതുറുതലമുറയേയും തങ്ങളേയും മുകുന്ദമന്ദിരം പ്രാപിപ്പിക്കുന്നു. ദാനം, വസ്ത്രം, കട, പയ്യ്, കിടക്ക, ആസനം, കമണ്ഡലു എന്നിവയെ നിർജ്ജലവ്രതക്കാരൻ ദാനംചെയ്യണം; സൽപാത്രമായ ദ്വിജോത്തമനു ചെരിപ്പു ദാനംചെയ്യുവൻ സ്വർണ്ണവിമാനത്തിലേറി സ്വർഗ്ഗമണഞ്ഞു സൽക്കരിക്കപ്പെടും. ഇതു കേൾക്കയോടെ ശ്രവിക്കുന്നവൻ, ലോകത്തിൽ കീർത്തിക്കുന്നവൻ എന്നീ രണ്ടുപേരും സ്വർഗ്ഗമടയും; ഇതിൽ സംശയം വേണ്ടാ. സൂര്യഗ്രഹണത്തിൽ സിനീവാലിയിൽ വെച്ചു ശ്രാദ്ധം കഴിച്ചാലത്തെ പുണ്യം ഇതു കേട്ടാൽ കിട്ടും. ചല്ലിതെളിച്ച്,

'ഏകാദശ്യാം നിരാഹാരോ വർത്തയിഷ്യാമി വൈ ജലം
കേശവപ്രീണനാർത്ഥായ അന്യദാചമനാദൃതേ'

എന്ന നിയമം കൊള്ളണം. ദ്വാദശിനാൾ, ദേവദേവേശനായ ത്രിവിക്രമനെ ഗന്ധപുഷ്പധൂപങ്ങൾകൊണ്ടും ചന്ദനമൊത്ത വസ്ത്രങ്ങൾകൊണ്ടും യഥാവിധി പൂജിച്ചിട്ട് ഈ മന്ത്രം ഉച്ചരിക്കണം:

'ദേവദേവ, ഹൃഷീകേശ, സംസാരാർണ്ണവതാരക,
ഉദകുംഭപ്രദാനേന നയ മാം പരമാം ഗതിം!'

ഭീമ, ജ്യേഷ്ഠശുക്ലൈകാദശി ജലം വർജ്ജിച്ചു നോറ്റു ജലകുംഭങ്ങളും പഞ്ചസാരയും വിപ്രശ്രേഷ്ഠന്മാർക്കു നൽകിയവൻ വിഷ്ണുസന്നിധിയിൽ വിളയാടും. അതിനാൽ നീക്കുടങ്ങളും ബ്രാഹ്മണർക്കു ഭക്തിയോടെ നൽകണം അവരെ സന്തുഷ്ടം ഊട്ടിയിട്ടുവേണം താൻ ഉണ്ണുക. ഇങ്ങനെ ഏകാദശി തികച്ചും നോറ്റവൻ സർവ്വപാപനിർമ്മുക്തനായിട്ട് അനാമയസ്ഥാനം പ്രാപിക്കും.'

അന്നുമുതൽ ഭീമൻ നോറ്റുപോന്നതിനാൽ ഇതിനു പാണ്ഡവൈകാദശി എന്നും പേർവന്നു.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം നാരദശിവസംവാദത്തിൽ ശുക്ലൈകാദശീമാഹാത്മ്യപ്രകരണത്തിൽ ജ്യേഷ്ഠൈകാദശീവ്രതവർണ്ണനം അമ്പത്തിമൂന്നാമദ്ധ്യായം.

— (ശുഭം) —

Digitized By Kerala Sahitya Akademi

അമ്പത്തി രണ്ടാമദ്ധ്യായം

യുധിഷ്ഠിരൻ:—'വാസുദേവ, ആഷാഢത്തിലെ കറുത്ത ഏകാദശിക്ക് പേരെന്താണ്? ദയചെയ്തു പറഞ്ഞുതന്നാലും'.

കൃഷ്ണൻ:—'രാജാവേ, സർവ്വപാപങ്ങളേയും സംഹരിച്ച് സർവ്വം മുക്തിനൽകുന്ന മഹാവ്രതം ഞാൻ പറയാം: ആഷാഢത്തിലെ കൃഷ്ണൈകാദശിയെ യോഗിനി എന്നു പറഞ്ഞുവരുന്നു. അതു മഹാപാപനാശനവും സംസാരക്കടലിൽ മുങ്ങിയവർക്ക് സനാതനമായ യാനപാത്രവും ത്രിഭുവനത്തിൽ സത്തായിട്ടുള്ളതുമത്രേ. കരു പുരാണ സൽക്കഥ കേട്ടുകൊള്ളുക:

ശിവഭക്തിപാരായണനായി അളകയിൽ വാഴുന്ന വൈശ്രവണനു ഹേമമാലി എന്നൊരു പൂക്കാരനുണ്ടായിരുന്നു. അയാളുടെ സുന്ദരിയായ ഭാര്യയുടെ വിശാലാക്ഷി എന്നാണു പേർ. അയാൾ അവളിലുള്ള ആസക്തിമൂലം മന്മഥവശഗനായതിനാൽ, മാനസത്തിൽ നിന്നു പൂക്കാലം പറിച്ചുകൊണ്ടുവന്നിട്ട സ്വഗൃഹത്തിലിരുന്നതേ ഉള്ളൂ; പത്നീപ്രേമരസത്തിൽ മുഴുകിയതിനാൽ രാജരാജഗൃഹത്തിലേയ്ക്കു പോയില്ല. കുബേരൻ ഉച്ചയ്ക്കു ദേവാലയത്തിൽ ശിവപൂജയ്ക്കാരുങ്ങി, പൂവുവരുന്നതും കാത്തിരിപ്പായി; ഹേമമാലിയോ, സ്വഗൃഹത്തിൽ പ്രിയതമയോടൊന്നിച്ചു വിഹരിക്കയാണ്! അതോ വൈകിയതിൽ ക്രുദ്ധനായ യക്ഷപ്പെരുമാൻ, യക്ഷന്മാരോ, ആ തെമ്മാടിയായ ഹേമമാലി വരാത്തതെന്താണ്? അന്വേഷിച്ചുറിയുവിൻ' എന്നാജ്ഞാപിച്ചു.

യക്ഷന്മാർ:—'തിരുമേനി, ആ പെൺകൊതിയൻ തോന്നിയപോലെ വീട്ടിൽ കളിച്ചിരിക്കയാണ്.'

ഇതു കേട്ടപ്പോൾ, കുബേരനു കോപം മൂഴുത്തു. അദ്ദേഹം ക്ഷണത്തിൽ ഹേമമാലിയെ വിളിപ്പിച്ചു. അയാൾ സമയം തെറ്റിയതോർത്തു പേടിച്ചരണ്ട കണ്ണുമായി, കളിക്കാതെ ചെന്നു പോന്നു, കുബേരന്റെ മുമ്പിൽ നിലകൊണ്ടു. അയാളെ കണ്ടു ക്രോധത്താൽ കണ്ണുകളും തുടുത്ത വിത്തേശ്വരൻ മുഖം വിറച്ചുംകൊണ്ടരുളിച്ചെയ്തു:—'എടാ, പാപി, ഭ്രഷ്ടാ തെമ്മാടി, ഗൃഹ്യകാധമ, നീ ദേവനെ അനാദരിച്ചില്ലയോ, അതിനാൽ പാപിനെട്ട കുഷ്ഠവും പിടിപെട്ട്, പ്രിയതമയോടു പിരിഞ്ഞു, ഇവിടെ നിന്നധഃപതിക്കുക!' ഇതു പറഞ്ഞുകഴിഞ്ഞപ്പോഴെയ്ക്കും, ഹേമമാലി അളകയിൽ നിന്നധഃപതിച്ചു; അ

Digitized By Kerala Sahitya Akademi

യാഠം വന്നിച്ച ദുഃഖത്തിനാടിപ്പെട്ടപോയി: ശരീരം മുഴുവൻ കഷ്ഠങ്ങളാൽ വേദനപ്പെട്ടുകൊണ്ടിരുന്നു; പകലുമില്ല രാത്രിയുമില്ല ഉറക്കം; തണുപ്പായാലും ചൂടായാലും വല്ലാത്ത വേദനതന്നെ! ശിവപൂജാപ്രഭാവത്താൽ അയാഠംക്ക് ഓർമ്മക്കേടുണ്ടായിരുന്നില്ല; പാപാക്രാന്തനായെങ്കിലും പൂർവകർമ്മം അയാഠംക്ക് ഓർമ്മയിലുണ്ടായിരുന്നു. അങ്ങിനെ അലഞ്ഞുനടക്കെ അയാഠം ഹേമാദ്രിയിൽ ചെന്നുചേർന്നു; ആ മാമലയിൽ മാർക്കണ്ഡേയമഹർഷിയെ കണ്ടെത്തി. ബ്രഹ്മാവിന്നൊപ്പം ആയുസ്സുള്ള ആ തപോനിധിയെ പാപിയായ ഹേമമാലി ദൂരത്തു വീണു വണങ്ങി. വിറച്ചുകൊണ്ടിരുന്ന ഹേമമാലിയെ കണ്ടിട്ട് പരോപകാരിയായ മാർക്കണ്ഡേയമുനീന്ദ്രൻ വിളിച്ചു ചോദിച്ചു:—"എന്തുകൊണ്ടാണ് ഭവാനെ കഷ്ഠം ബാധിച്ചത്? ഭവാൻ ഇത്രയും മോശനിലയിൽപ്പെട്ടതെങ്ങിനെയാണ്?" അയാഠം മഹർഷിയോട് മറുപടി പറഞ്ഞു:—'മുനിശ്രേഷ്ഠ, വൈശ്രവണന്റെ ഭൃത്യൻ, ഹേമമാലി എന്നൊരുവനാണെ ഞാൻ: നാഠംതോറും മാനസസരസ്സിൽ താമരപ്പൂക്കൾ പറിച്ചു കൊണ്ടുചെന്നു ശിവപൂജയെയ്തിച്ചു കൊടുക്കുകയായിരുന്നു എന്റെ ജോലി; ഒരു ദിവസം, ഞാൻ പതിവുപ്രകാരം മൂലം നേരം വൈകിയതറിഞ്ഞതില്ല. അതിൽ അരിശംകൊണ്ട തമ്പുരാൻ ശോകാകുലിതനായ എന്നെ ശപിച്ചുകളഞ്ഞു; തൻമൂലം ഞാൻ കഷ്ഠരോഗിയായി, ഭാര്യയോട് വേർപെട്ടു. ഇന്ന് എന്തോ സുകൃതത്താൽ ഇവിടുത്തെ സന്നിധിയിൽ വന്നെത്തി! സജ്ജനങ്ങളുടെ ഹൃദയം സഹജമായ പരോപകാരനിരതമായിരിക്കുമല്ലോ മഹാമുനേ. പാപിയായ എനിക്ക പ്രായശ്ചിത്തം ഉപദേശിച്ചുതന്നാലും.'

മാർക്കണ്ഡേയൻ: —'ഭവാൻ അസത്യം പറയാതെ, പരമാർത്ഥംതന്നെ പറഞ്ഞുവല്ലോ; അതിനാൽ ഉത്തമമായ ഒരു വ്രതം ഉപദേശിച്ചുതരാം: യോഗിനി എന്ന ആഷാഢകൃഷ്ണൈകാദശി നോറ്റുകൊള്ളുക. അതിൽ പുണ്യത്താൽ കഷ്ഠം തീർച്ചയായും വിട്ടുപോകും.'

ഹേമമാലി മനംകളിഞ്ഞു നിലത്തു ണ്ഡനമസ്കാരം ചെയ്തു; മഹർഷി അയാളെ പിടിച്ചെഴുന്നേല്പിച്ചു, അയാഠം മാർക്കണ്ഡേയോപദേശമനുസരിച്ച് ആ വ്രതം ശരിക്കനുഷ്ഠിക്കുകയും അതോടുകൂടി പാതിരുനട്ട കഷ്ടത്തിൽനിന്നും വിട്ടൊഴിയുകയും ചെയ്തു. രാജാക്കന്മാർ ഇതിലും ഉത്തമമാണ് യോഗിനീവ്രതം. എന്നുമാത്രമല്ല ബ്രഹ്മഹത്യാദോഷത്തെ ഉടൻതന്നെയാലത്തെ ഫലം യോഗിനീവ്രതത്താൽ നിശ്ചയം. * ...ഇതു

* ഇരട്ടിപ്പ്.

Digitized By Kerala Sahitya Akademi

ചൊല്ലുകയോ കേൾക്കുകയോ ചെയ്യുവൻ സർവ്വപാപ നിർമ്മുക്തനാകും.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നരദശിവസംവാദത്തെക്കയുധിഷ്ഠിരകൃഷ്ണസംവാദം, ഏകാദശീമഹാത്മ്യപ്രകരണം, യോഗിന്യേകാദശീവ്രതവർണ്ണനം എൻപത്തിയാറാമദ്ധ്യായം.

(൧)

അനവദ്യാമദ്ധ്യായം

യുധിഷ്ഠിരൻ:—'ആഷാഢത്തിലെ വെളുത്ത ഏകാദശിയുടെ പേരും വിധിയും മറ്റും വിവരിച്ചാലും.'

കൃഷ്ണൻ:—'മഹാപുണ്യയായി സർവ്വപാപഹർത്രിയായി സ്വർഗ്ഗാപവർഗ്ഗപ്രദയായിരിക്കുന്ന ഈ ഏകാദശിക്ക ശയനി എന്നാണു പേർ; ഇതു ശ്രദ്ധിച്ചാൽത്തന്നെ വാജപേയഫലം സിദ്ധിക്കും. ഇതിലും മീതെ ഒന്നില്ലെന്നു തീർത്തും പറയാം. പാപികൾക്ക പാപനാശത്തിനു വേണ്ടി ധാതാവു സൃഷ്ടിച്ചതാണിത് മഹാരാജാവേ. മോക്ഷം തരാൻ ഇതിലും മീതെ ഒന്നില്ല; അതിനാലത്രേ ദുരാത്മാക്കൾക്കും വലിയ ഗതി കിട്ടുമെന്നു ഞാൻ പറഞ്ഞതു. ആഷാഢത്തിൽ വാമനൻ തിരുവടിയെ യാവചിലർ പൂജിക്കുന്നുവോ, അവർ ഏതൊന്നാലും ഏതൻറെ ഭക്തരായ വൈഷ്ണവരാകുന്നു. ആഷാഢത്തിലെ വെളുത്തപക്ഷത്തിൽ ശയനൈകാദശി നോറ്റു, താമരക്കണ്ണനായ വാമനനെ താമരപൂക്കൾകൊണ്ടു പൂജിച്ചാൽ മൂന്നുലോകത്തേയും സനാതനരായ മുമ്മൂർത്തികളേയും പൂജിച്ചുകഴിഞ്ഞു.'

യുധിഷ്ഠിരൻ:—'പുരുഷോത്തമ, എനിക്കൊരു സംശയം: ഇവിടുന്നു പള്ളിക്കുറുപ്പുകൊള്ളുന്നു; മാബലിയുടെ അടുക്കൽ വാഴുകയും ചെയ്യുന്നു! രണ്ടുംകൂടി എങ്ങിനെയാണ്?'

കൃഷ്ണൻ:—'ശ്രവണത്താൽത്തന്നെ സർവ്വപാപങ്ങളേയും നശിപ്പിക്കുന്ന പാവനമായ കഥ ഗോവാൻ കേട്ടുകൊള്ളുക:

* മൂലോകം മൂടിക്കൊണ്ടുള്ള ഞാൻ മാബലിയെ പാതാളത്തിലയച്ചു. അയാൾ വണങ്ങി എന്നെ പ്രസാദിപ്പിച്ചതിനാൽ എന്നെ മൂന്നികളിലൊന്ന്, രാത്രന്യഹതരിയിലും അയാളുടെ അടു

* വിഷ്ണു മഹാബലിയെ ബന്ധിച്ച കഥയാണിത്.

Digitized By Kerala Sahitya Akademi

ക്കൽ സ്ഥിതിചെയ്യുന്നു; രണ്ടാമത്തെ മുത്തി പാലാഴിമദ്ധ്യത്തിൽ, കാത്തികൈകാദശിവരെ, നിദ്രചെയ്യുന്നു. അതിനാൽ ആഷാഢം മുതൽ കാത്തികംവരെ ധർമ്മമനുഷ്ഠിക്കുന്നതു ഉത്തമോത്തമമാകുന്നു. *..... ശംഖചക്രഗദാധരനായ ദേവേശൻ നിദ്രകൊള്ളുന്നതെന്നോ, അന്നു വിശേഷിച്ചും ഭക്തിയോടെ തന്തിരുവടിയെ പൂജിച്ചു ജാഗരണമനുഷ്ഠിക്കണം; അതിന്റെ പുണ്യം എണ്ണിത്തീർക്കാൻ നാന്മുഖനും തുള്ളുകയില്ല. ലോകത്തിൽ ഈ വ്രതം കൊള്ളുന്നവൻ, ശത്രുവനായാലും എനിക്കു സദാ പ്രിയപ്പെട്ടവനത്രെ. വിളക്കു വയ്ക്കുക, പിലാശിലയിൽ ഉണ്ണുക, വ്രതമനുഷ്ഠിക്കുക ഇങ്ങനെ ചാതുർമ്മാസ്യം കഴിക്കുന്നവൻ എനിക്കു പ്രിയപ്പെട്ടവരാകുന്നു. വിഷ്ണു നിദ്രചെയ്യുന്ന നാലുമാസം വെറും നിലത്തേ കിടക്കാവു. ശ്രാവണത്തിൽ ശാകവും, ഭാദ്രപദത്തിൽ തൈരും, ആശ്വിനത്തിൽ പാലും, കാത്തികത്തിൽ പരിപ്പും വർജ്ജിക്കണം; ബ്രഹ്മചര്യവുമാവേണം. എന്നാൽ പരമഗതി കിട്ടും. രാജാവേ, ഏകാദശീവ്രതം മാത്രം മതി, മനുഷ്യന്നു പാപം നീങ്ങാൻ. അതിനാൽ അതു പതിവായി നോൽക്കണം; മറിക്കലും മറന്നുപോകരുതു്. ശയനോത്ഥാനൈകാദശികളുടെ ഇടയിൽ വരുന്ന കറുത്ത ഏകാദശിയേ ഗൃഹസ്ഥാശ്രമി നോൽക്കാവു; മറു കറുത്ത ഏകാദശി ഒരിക്കലും നോൽക്കരുതു്. ഈ പാപഹരമായ ചരിതം ശ്രദ്ധിച്ചവന്നു് അശ്വമേധഫലം സിദ്ധിക്കും.'

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദാന്തർഗ്ഗതയുധിഷ്ഠിര കൃഷ്ണസംവാദം, ഏകാദശീമാഹാത്മ്യപ്രകരണം, ശയനൈകാദശീവർണ്ണനം അമ്പത്തഞ്ചാമദ്ധ്യായം.

—:o:—

അമ്പത്താറാമദ്ധ്യായം

യുധിഷ്ഠിരൻ:—'ഗോവിന്ദ, ശ്രാവണത്തിലെ കറുത്ത ഏകാദശിയുടെ പേരെന്താണെന്നു പറഞ്ഞുതരിക. വാസുദേവ, ഇവിടെയുള്ള നമസ്കാരം!'

കൃഷ്ണൻ:—'നരേന്ദ്ര, പണ്ടു നാരദൻ ബ്രഹ്മാവിനോടു ചോദിക്കയാൽ നാന്മുഖൻ പറഞ്ഞതു കേട്ടുകൊള്ളുക:

നാരദൻ:—'ഭഗവൻ, കമലാസനാ, എനിക്കു കേട്ടാൽ കൊള്ളാമെന്നുണ്ടു്: ശ്രാവണകൃഷ്ണൈകാദശിക്കു പേരെന്താണു്? ദേവതാ

* മുടിപ്പു്.

Digitized By Kerala Sahitya Akademi

ആരാണ്? വിധി എങ്ങിനെയാണ്? പുണ്യമെന്താണ്? സ്വാമിൻ അരുളിച്ചെയ്താലും.'

ബ്രഹ്മാവ്:—'നാരദ, ലോകഹിതത്തിനായി ഞാൻ പറഞ്ഞു തരാം; കേൾക്കുക: ശ്രാവണത്തിലെ കറുത്ത ഏകാദശിയെ കാമിക എന്നു കീർത്തിച്ചുവരുന്നു. അതിനെ സ്മരിച്ചാൽത്തന്നെ വാജപേയഫലം സിദ്ധിക്കും. ശംഖചക്രഗദാപാണിയായ ദേവേശനാണ് അതിന്റെ ദേവത. അന്ന്, മധുസൂദനനായ മാധവനെ ശ്രീധരൻ എന്ന പേരിൽ പൂജിക്കയും ധ്യാനിക്കയും ചെയ്താൽ, ഗംഗാകാശിനൈമിശപുഷ്കരസേവനത്തിന്റെ ഫലം കിട്ടും; (വ്യാഴം ചിങ്ങത്തിൽ നിൽക്കുമ്പോഴും വ്യതീപാതമണ്ഡകങ്ങളിലും ഗോദാവരീസ്നാനം ചെയ്താലത്തെ പുണ്യം കിട്ടും.) കാട്ടം കടലും ചേന്ന ഭൂമിയെ ദാനം ചെയ്യുന്നതും കാമികാവ്രതം കൊള്ളുന്നതും ഒരുപോലെയത്രേ! പ്രസവമടുത്ത പയ്യിനെ ഉപകരണങ്ങളോടുകൂടി ദാനം ചെയ്യുന്നതും കാമികാവ്രതം കൊള്ളുന്നതും ഒരുപോലെയത്രേ! ശ്രാവണത്തിൽ ശ്രീധരനെ പൂജിച്ചവൻ ദേവഗന്ധർവനാഗപന്നഗരെ പൂജിച്ചുകഴിഞ്ഞു! അതിനാൽ, എത്ര പണിപ്പെട്ടും കാമികാതിഥിയിൽ കൈടഭാന്തകനെ പാപഭീരുക്കൾ കഴിവുപോലെ പൂജിച്ചുകൊള്ളണം. പാപച്ചളി നിറഞ്ഞ സംസാരസമുദ്രത്തിൽ മുഴുകിയവർക്ക് കരകേറാനുതകുന്നതാകുന്നു കാമികാവ്രതം. നാരദ, ഇതിലുംമീതെ പരിശുദ്ധയായ ഒരു തിഥിയില്ലെന്നാണ്, വിഷ്ണു താൻതന്നെ അരുളിച്ചെയ്തിരിക്കുന്നത്. അധ്യാത്മവിദ്യകൊണ്ടുള്ളതിലും എത്രയോ അധികം ഫലം കാമികാവ്രതത്താൽ കൈവരും. കാമിക നോറ്റു ഉറക്കമിളച്ചവൻ ഘോരനായ യമനെ കാണുകയോ ദുർഗ്ഗതി പൂകുകയോ ചെയ്യയില്ല; കൃമിതയോനിയിൽ ജനിക്കുകയുമില്ല! കാമികാവ്രതത്താലാണു യോഗികൾ കൈവല്യം നേടിയത്. * * അന്നു തുളസീദളംകൊണ്ടു വിഷ്ണുവിനെ പൂജിച്ചവർക്കൽ, താമരയിലയിൽ വെള്ളമെന്നപോലെ, പാപം പറ്റുകയില്ല. ഒരു ഭാരം സ്വർണ്ണവും നാലുഭാരം വെള്ളിയും നല്കിയാലത്തെ ഫലം തുളസീദളാർച്ചനത്താൽ സിദ്ധിക്കും. മുത്തു്, വൈഡൂര്യം, പവിഴം മുതലായവപോലും തുളസീദളത്തോളം പ്രീതികരമല്ല വിഷ്ണുവിന്നു! തുളസിക്കതിർകൊണ്ടു പുരുഷോത്തമനെ പൂജിച്ചാൽ ജനനം മുതൽക്കുള്ള പാതകമെല്ലാം തീർച്ചയായും അകന്നുപോകും. ദർശിച്ചാൽ സർവപാപങ്ങളേയും സംഹരിക്കുന്നതും, സ്പർശിച്ചാൽ ശരീരത്തെ ശുദ്ധിപ്പെടുത്തുന്നതും, വന്ദിച്ചാൽ രോഗങ്ങളെ ശമിപ്പിക്കുന്നതും, നനച്ചാൽ യമനെ പേടിപ്പിക്കുന്നതും, നട്ടാൽ ഭഗവത്സാമീപ്യം നൽകുന്നതും, തുപ്പുദേത്തിലുപ്പിച്ചാൽ മുക്തി തരുന്നതും യാതൊന്നോ ആ തുളസിക്കു നമസ്കാരം!*

* ചിലർക്കു വെച്ചാലത്തെ പുണ്യം മുൻപു വർണ്ണിക്കപ്പെട്ടിട്ടുണ്ട്

Digitized By Kerala Sahitya Akademi

ബ്രഹ്മഹത്യാഭ്രൂണഹത്യാദികളെപ്പോലും വേർപെടുത്തി. വലിയ പുണ്യത്തെയും സ്വർഗ്ഗപ്രാപ്തിയെയും നൽകുന്നതാകുന്നു കാമികാഖ്യതന്ത്രം. ഇതിന്റെ മാഹാത്മ്യവും മനസ്സിലുറപ്പിച്ചു ശ്രവിച്ചാൽ സർവ്വപാപനിർമ്മുക്തനായി വൈകുണ്ഠപ്രാപ്തിയുണ്ടാകും.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദത്തെഴുത്തെഴുധിക്കുന്ന കൃഷ്ണസംവാദം, ഏകാദശീമാഹാത്മ്യപ്രകരണം കാമികൈകാദശീകഥനം അനന്തരാറാമദ്ധ്യായം.

(൦)

അനന്തരത്തേഴാമദ്ധ്യായം

യുധിഷ്ഠിരൻ:—'മധുസൂദനേ, ശ്രാവണശുക്ലൈകാദശിയുടെ പേരെന്താണ്? മനം തെളിഞ്ഞു് ഉപദേശിച്ചാലും.'

കൃഷ്ണൻ:—'ശ്രവണമാത്രത്താൽ വാജപേയഫലത്തെ നൽകുന്ന ഒരു പുണ്യോപഖ്യാനം കേട്ടുകൊള്ളുക:

പണ്ട്, ദ്വാപരയുഗാരംഭത്തിൽ മാഹിഷ്മതീപുരിയിൽ മഹീജിത്ത് എന്നൊരു മന്നവൻ നാടുവാണിരുന്നു. പുത്രസന്താനമാകാഞ്ഞതിനാൽ അദ്ദേഹത്തിനു രാജ്യം സുഖപ്രദമായി തോന്നിയില്ല. പുത്രഹീനന്നു് ഇഹത്തിലും പരത്തിലുമില്ലല്ലോ സുഖം. ഈ മനോരാജ്യവുമായി കാലം വളരെക്കഴിഞ്ഞു. മനുഷ്യർക്കു സർവ്വസുഖങ്ങളേയും നൽകുന്ന ഒന്നാണു പുത്രലാഭം. അതു രാജാവിനു കൈവന്നില്ല. അനിഷ്ടവാർത്തകൾവുമായി. അതിനാൽ ചിന്താമഗ്നനായ പാർത്ഥിവൻ പ്രജകളുടെ ഇടയിൽവെച്ചുരചെയ്തു:—'മഹാജനങ്ങളേ, ഞാൻ ഇഹജന്മത്തിൽ ഒരു പാപവും ചെയ്തിട്ടില്ല. ധനം അന്യായമായി സമ്പാദിച്ചു് ഇന്നുവരെപ്പിൽ സൂക്ഷിച്ചിട്ടില്ല; ബ്രഹ്മസ്വവും ദേവസ്വവും ഒരിക്കലും കൈക്കൊണ്ടിട്ടില്ല; പ്രജകളെ പുത്രനിർവിശേഷം സംരക്ഷിച്ചിരിക്കുന്നു; ധർമ്മത്താലാണു ഭൂമി കീഴടക്കിയതു്. ബന്ധുപുത്രതുല്യരായാലും ദുഷ്ടരെ ശിക്ഷിക്കാറുമുണ്ടു്; ജനങ്ങളെ ദ്വേഷിച്ചിട്ടില്ല. ദ്വിജോത്തമന്മാരേ, ഇപ്രകാരം ധർമ്മമാർഗ്ഗത്തിൽ വർത്തിക്കുന്ന എനിക്കു പുത്രസന്താനമാകാഞ്ഞതു് എന്തുകൊണ്ടായിരിക്കാം? അതു് ആലോചിച്ചാലും.' ഇതു കേട്ട ജനങ്ങൾ പുരോഹിതരോടുകൂടി രാജഹിതം ആലോചിച്ചു് ഒരു കൊടുങ്കാട്ടിലേയ്ക്കു ഗമിച്ചു. അവർ അങ്ങുമിങ്ങും സഞ്ചരിക്കെ, ഒരാശ്രമപ്രദേശം കാണപ്പെട്ടു. അവിടെ ലോമശമഹർഷി ഇരിപ്പിടവും, രക്ഷണവുമില്ലാതെ, ജിതാത്മാവായി, ജിതക്രോധനായി തീവ്രതപസ്സു

Digitized By Kerala Sahitya Akademi

ചെയ്യുന്നവനായിരുന്നു: ധർമ്മതത്ത്വജ്ഞനും സർവ്വശാസ്ത്രപണ്ഡിതനുമായ ആ മഹാത്മാവ് ബ്രഹ്മാവിനൊപ്പം ദീർഘായുസ്സുള്ള ആളാണ്. ഒരു കല്പം കഴിഞ്ഞതാൽ അദ്ദേഹത്തിന്റെ കേശത്തിൽ നിന്ന് ഒരു രോമം കൊഴിയുകയേ ഉള്ളൂ. അതിനാലത്രെ ലോമശനെന്ന പേര്. ആ ത്രികാലജ്ഞനായ മാമുനിയെ കണ്ടപ്പോൾ പ്രജകളെല്ലാവരും, 'നമ്മുടെ ഭാഗ്യത്താലാണ് ഈ മുനീന്ദ്രനെ കണ്ടെത്തിയത്' എന്ന തങ്ങളിൽ പറഞ്ഞു സന്തോഷിച്ചു. അവരെ കണ്ടിട്ട് ജിഷ്ണുശ്രേഷ്ഠൻ ചോദിച്ചു:— 'എന്തിനു വേണ്ടിയാണു നിങ്ങടം ഇവിടെ വന്നത്? എന്നെ കണ്ടപ്പോൾ സഹർഷരായി സ്തുതിച്ചതെന്തുകൊണ്ടാണ്? നിങ്ങടംക്കു വേണ്ടതു പറഞ്ഞാൽ തീർച്ചയായും ഞാൻ ചെയ്യാം: പരോപകാരത്തിനാണല്ലൊ, ഈയുള്ളവരുടെ ജന്മം.'

പ്രജകൾ:—'ഞങ്ങടം വന്നതിന്റെ കാരണം അറിയിക്കാം: ഒരു സംശയം തീർക്കാനാണു ഞങ്ങടം ഇവിടത്തെ അടുക്കൽ വന്നതു് ബ്രഹ്മാവല്ലാതെ ഇവിടത്തെക്കാടം ശ്രേഷ്ഠനായിട്ടാരുമില്ല! മഹീജിത്തു് എന്ന രാജാവിന്നു് ഇപ്പോഴും പുത്രനുണ്ടായിട്ടില്ല. ഞങ്ങടം, അദ്ദേഹത്താൽ പുത്രനിർവിശേഷം പാലിക്കപ്പെട്ട പ്രജകളാണ്. അദ്ദേഹത്തിനു് പുത്രനില്ലായ്കയാലുള്ള ദുഃഖം ഞങ്ങളെ ദുഃഖിപ്പിക്കുന്നു; അതിനാൽ തപസ്സുചെയ്യാനാരംഭിച്ചു് ഇങ്ങോട്ടു പോന്നതാണ്. അദ്ദേഹത്തിന്റെ ഭാഗ്യത്താൽ ഞങ്ങടം നിന്തിരുവടിയെ കണ്ടെത്തി: മഹത്തുക്കളെ കണ്ടാൽത്തന്നെ കാര്യം നിറവേറുമല്ലോ. മഹർഷേ, തമ്പുരാന് ഉണ്ണിയുണ്ടാകാൻ വേണ്ടതുപദേശിച്ചുതന്നാലും!'

മഹർഷി കുറച്ചുനേരം ധ്യാനത്തിലിരുന്നു രാജാവിന്റെ മുൻജന്മം കണ്ടറിഞ്ഞിട്ട് മറുപടിപറഞ്ഞു: — 'ഈ രാജാവു് മുൻജന്മത്തിൽ, ദാരിദ്ര്യംകൊണ്ടു ക്ലേശിച്ച ഒരു വൈശ്യനായിരുന്നു. അയാടം കച്ചവടത്തിലേർപ്പെട്ട്, ഒരു ഗ്രാമത്തിൽനിന്നു മറെറാരു ഗ്രാമത്തിലേയ്ക്കു പോകുമ്പോടം, ജ്യേഷ്ഠമാസത്തിലെ ശുക്ലദശമിയിൽ ഉച്ചയ്ക്ക്, ഗ്രാമത്തിനടുക്കൽ ഒരു ജലാശയംകണ്ട്, വെള്ളംകുടിക്കാൻ അതിലിറങ്ങി. അപ്പോഴെയ്ക്കും ഒരു പയ്യ് കുട്ടിയോടുകൂടി വെയിൽകൊണ്ടു മോഹിച്ചുവലഞ്ഞു വെള്ളംകുടിക്കാൻ വന്നു; അതിനെ തടുത്തുനിത്തിയിട്ടാണ് വൈശ്യൻ വെള്ളംകുടിച്ചതു്. ആ പാപത്താലത്രേ ഇജ്ജന്മത്തിൽ പുത്രഹീനനായിത്തീർന്നു; നിസ്സപത്നമായ രാജ്യം നേടിയതു മറെറാരുജന്മത്തിലെ പുണ്യത്താലാണു.'

പ്രജകൾ:—പാപം പുണ്യത്താൽ നശിക്കുമെന്നു പുരാണത്തിൽ കേട്ടിട്ടുണ്ടു്; അതിനാൽ പാപക്ഷയത്തിനുതകുംപുണ്യം ഉപ

Digitized By Kerala Sahitya Akademi

ദേശിച്ചുതന്നാലും. ഇവിടത്തെ പ്രസാദത്താൽ രാജാവിന്ന് പുത്രൻ ജനിക്കുമാറാകണം.'

ലോമശൻ:—'പുത്രദ എന്ന ശ്രാവണശുക്ലൈകാദശി നോറാൽ നിങ്ങൾക്കഭീഷ്ടം നിറവേറും.'

പ്രജകൾ ലോമശനെ നമസ്കരിച്ച് നഗരത്തിലേയ്ക്കുപോന്നു, ഋതു വ്രതം ശരിക്കു നോറു ജാഗരണവും ചെയ്തു. അതിന്റെ മഹാപുണ്യം മന്ത്രവത്തായി നൽകി. അതോടുകൂടി രാജ്ഞി ശോഭനമായ ഗർഭം ധരിച്ചു; യഥാകാലം ബലവാനായ ഒരുണ്ണിയെ പ്രസവിക്കുകയും ചെയ്തു.

ശ്രാവണത്തിൽ സൂര്യൻ കർക്കടത്തിൽ നിൽക്കുന്ന ശുക്ലദ്വാദശിയിൽ വിഷ്ണുവിന്നു പവിത്രാരോപണം (പൂണൂലിടുവിക്കൽ) കഴിക്കണം: പൊൻവെള്ളി ചെമ്പുകമ്പികൾ, പുഴുവിൻനൂൽ, താമരനൂൽ, കുശം, കാശം, പരുത്തിനൂൽ, എന്നീ ബ്രഹ്മപ്രോക്തവസ്തുക്കൾ മൂന്നെണ്ണം കൂട്ടിപ്പിരിച്ചു മൂന്നിഴയായി പവിത്രം ഉണ്ടാക്കുക; കളിച്ചിട്ടവേണം പവിത്രം പിരിക്കുക. തലേന്നാൾ കാൽനാഴിക പകലുള്ളപ്പോൾ, ബ്രാഹ്മണരേയും ഗുരുവിനേയും വന്ദിച്ചു് അധിവാസനം(ആവാഹനവും മറ്റും)നടത്തുക; ഗീതമംഗളഘോഷങ്ങൾകൊണ്ടു രാത്രിയിൽ ജാഗരണവുംചെയ്യണം. ബ്രാഹ്മണരും, ക്ഷത്രിയരും, വൈശ്യരും, ശൂദ്രരും—സ്വധർമ്മസ്ഥിതരായ സകലരും—ഭക്തിയോടെ പവിത്രാരോപണം ചെയ്യണം. പിന്നീട് പവിത്രം വിധിപോലെ ഗുരുവിന്നു നൽകണം. ബ്രാഹ്മണവൈഷ്ണവരെ ഗന്ധപുഷ്പാദികൊണ്ടു പൂജിക്കണം. അതോ ദേവ എന്ന മന്ത്രംകൊണ്ടോ പവിത്രം വിഷ്ണുവിന്നു സമർപ്പിക്കേണ്ടതു്; ശൂദ്രർ മൂലമന്ത്രംകൊണ്ടു്. വിഷ്ണുവിനെന്നപോലെ ശിവനും, ശോകസാഗരമായ സംസാരത്തിൽ ഭുക്തിമുക്തികളും തേടുന്നവർ പവിത്രാരോപണം ആണ്ടുതോറും അനുഷ്ഠിക്കണം. പവിത്രാരോപണം ശരിക്കു ചെയ്യാത്ത വൈഷ്ണവന്ന് കൊടുത്തതെങ്കിലെ പൂജ പാഴായിപ്പോകും.

ശ്രാവണശുക്ലൈകാദശിയുടെ മാഹാത്മ്യം ശ്രവിച്ചവൻ പാപമൊഴിഞ്ഞു് ഇഹത്തിൽ സുഖവും പരത്തിൽ സ്വർഗ്ഗവാസവും നേടും.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദത്തെ ഉൾക്കൊള്ളുന്ന കൃഷ്ണസംവാദം, ഏകാദശീമാഹാത്മ്യപ്രകരണം, ശ്രാവണശുക്ലപുത്രൈകാദശീവർണ്ണനം അമ്പത്തേഴാമധ്യായം.

Digitized By Kerala Sahitya Akademi

അജൈകാദശീമാഹാത്മ്യം

യുധിഷ്ഠിരൻ:—'ഭഗവൻ, ഭാദ്രപദത്തിലെ കറുത്ത ഏകാദശിയുടെ പേരെന്താണ്? പറഞ്ഞുതരിക; കേൾപ്പാൻ ആഗ്രഹമുണ്ടെനിക്ക്.'

കൃഷ്ണൻ:—'രാജാവേ, ഏകാഗ്രഹൃദയനായി കേൾക്കുക; വിസ്തരിച്ചു പറയാം. അജ എന്നാണ് അതിന്റെ പേർ. അജനേറെ ഹൃഷീകേശനെ പൂജിച്ചാൽ പാപങ്ങളൊക്കെയകന്നു പോകും; ശ്രദ്ധിച്ചാലും മതി രണ്ടു ലോകങ്ങളിലും നന്മയല്ലാതിനിലും മീതെ ഒന്നില്ലതന്നെ; പരമാർത്ഥമാണിതു്!

പണ്ടു് ഹരിശ്ചന്ദ്രൻ എന്നൊരു രാജാവുണ്ടായിരുന്നു: ഭൂമിക്കെല്ലാം നാഥനായി ചക്രവർത്തിയായിരുന്നു അദ്ദേഹം. ആ സത്യസന്ധൻ എന്തോ കർമ്മത്താൽ രാജ്യഭ്രഷ്ടനായിപ്പോയി. ഭാര്യയേയും, മകനേയും മാത്രമല്ല, തന്നെക്കൂടിയും വിറ്റു് ആ പുണ്യവാൻ ഒരു പറയന്റെ ദാസനായിത്തീർന്നു; ശവങ്ങളിലെ വസ്ത്രം വലിച്ചെടുക്കുകയായിരുന്നു ജോലി. എന്നാലും ആ രാജേന്ദ്രൻ സത്യത്തിൽ നിന്നിളകിയില്ല! അങ്ങിനെ സംവത്സരം പലതെക്കഴിഞ്ഞു. അദ്ദേഹം ദുഃഖം മൂഴുത്തു, 'ഞാൻ എന്തൊക്കെ ചെയ്തുകൂട്ടി? എവിടെപ്പോകാനുണ്ടു? എങ്ങിനെയാണു് പാപശാന്തി വരിക?' എന്നിങ്ങനെ ചിന്തയിൽ മുഴുകിയിരിക്കേ, വസുധേശന്റെ വല്ലായ്മ കണ്ടിട്ട് ഒരു മഹർഷി വന്നുചേർന്നു: പരോപകാരത്തിന്നായിട്ട ബ്രഹ്മാവിനാൽ സൃഷ്ടിക്കപ്പെട്ട ആളായിരുന്ന ആ ബ്രാഹ്മണശ്രേഷ്ഠൻ! അദ്ദേഹത്തെ കണ്ട ഉടൻ മഹാരാജാവു നമസ്കരിച്ചു്, കൈകൂപ്പി മുമ്പിൽനിന്ന് തന്റെ ദുർദ്ദശയെല്ലാം അറിയിച്ചു. അതുകേട്ടു വിസ്മയപ്പെട്ട ഗൗതമമഹർഷി നരേന്ദ്രന് ഈ വ്രതം ഉപദേശിച്ചു:—'രാജാവേ, ഭാദ്രപദമാസത്തിലെ കറുത്ത ഏകാദശി സമീപിച്ചിരിക്കുന്നു; അജ എന്ന പേരുള്ള ആ പുണ്യതിഥിയോടാൽ ഭവാന്റെ പാപമെല്ലാം അവതിപ്പെട്ടതം. അങ്ങയുടെ ഭാഗ്യത്താൽ, ഏഴാംനാൾ ആ പരമശോഭനമായ ഏകാദശിയായി! അന്നുപവസിച്ചു രാത്രിയിൽ ഉറക്കമിളയ്ക്കുകയും ചെയ്യുക. എന്നാൽ പാപം നീങ്ങും തൽക്ഷണം, ഭവാന്റെ പുണ്യം തേടിയാണു ഞാൻ വന്നതു്. ഇത്രയുംപറഞ്ഞു മഹർഷി മറഞ്ഞു. ഹരിശ്ചന്ദ്രൻ ആ ഉത്തമവ്രതം അനുഷ്ഠിക്കുകയും, അടുക്കടി പാപമുക്തനാവുകയും ചെയ്തു. നോക്കൂ, ഈ വ്രത

Digitized By Kerala Sahitya Akademi

ത്തിന്റെ മാഹാത്മ്യം: വളരെ സംവത്സരം അനുഭവിക്കേണ്ടിയിരുന്ന ദുഃഖംക്രൂടി നശിച്ചുപോയി! ഹരിശ്ചന്ദ്രൻ ദുഃഖങ്ങളെ കടന്നു; പത്നിയോടുചേർന്നിണങ്ങി; പുത്രനെ പുനർജ്ജീവിപ്പിച്ചു. അപ്പോഴം ആകാശത്തു പെരുമ്പറകൊം മുഴങ്ങി; ആവിടെനിന്നു പുമഴയും. പൊഴിഞ്ഞു! ഈ ഏകാദശിയുടെ പ്രഭാവത്താൽ ഹരിശ്ചന്ദ്രൻ നിഷ്ണ്ടകമായ രാജ്യം നേടി; പൌരരോടും പരിവാരങ്ങളോടും കൂടി സ്വർഗ്ഗമടഞ്ഞു.

ഇങ്ങിനെയുള്ള ഈ വ്രതം യാവചിലർ അനുഷ്ഠിക്കുമോ, ആ മനുഷ്യൻ സർവപാപ നിർമ്മുക്തരായി സ്വർഗ്ഗത്തിൽ ചെന്നുചേരും. ഇതു ചൊല്ലുകയൊ, കേൾക്കുകയൊ ചെയ്താൽ അശ്വമേധത്തിന്റെ ഫലം കിട്ടും.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദത്തിൽ യുധിഷ്ഠിരകൃഷ്ണസംവാദം, ഏകാദശിമാഹാത്മ്യപ്രകരണം, അപരൈകാദശിവ്രതോപനിഷ്പ്രപണം അമ്പത്തൊമ്പത്തുമദ്ധ്യായം.

അമ്പത്തൊമ്പതാമദ്ധ്യായം

യുധിഷ്ഠിരൻ:—'ഭാദ്രപദത്തിലെ പുത്രൈകാദശിയുടെ പേരും ദേവതയും വിധിയും എന്താണ്?'

കൃഷ്ണൻ:—'മഹീശ്വര, മഹാത്മാവായ നാരദനോട് പിതാമഹൻ പറകയുണ്ടായ അത്യുത്തമോപാഖ്യാനം കേട്ടുകൊള്ളുക:

നാരദൻ:—'നാഥ, ഇവിടെയുള്ള നമസ്കാരം! തിരുവുള്ളം തെളിഞ്ഞാലും അരുളിച്ചെയ്താലും: ഭാദ്രപദത്തിലെ വെളുത്ത ഏകാദശിക്കു പേരെന്താണ്? വിഷ്ണുവിനെ ആരാധിപ്പാൻ ഇതെനിക്കു കേൾക്കേണമെന്നുണ്ട്.

ബ്രഹ്മാവ്:—'മുനിശ്രേഷ്ഠ, കേൾപ്പൻ വൈഷ്ണവൻതന്നെ; ഞാനേറ്റ ചോദ്യം കൊള്ളാം. ഭാദ്രപദശുക്ലൈകാദശിയെക്കാൾ പരിശുദ്ധമായി ലോകത്തിലൊന്നുമില്ല. പരമനാഭ എന്നാണ് അതിന്നു പേർ; ദേവത ഹൃഷീകേശനാണ്. ഈ ഉത്തമവ്രതം അനുഷ്ഠിയ്ക്കുന്നു. ഒരു പുരാണസദ്കഥ ഞാൻ പറഞ്ഞുതരാം; അതു ശ്രദ്ധിച്ചാൽത്തന്നെ മഹാപാപം വിട്ടൊഴിയും:

സൂര്യവംശത്തിൽ മാന്ധാതാവ് എന്നൊരു സത്യസന്ധനായ രാജർഷിയുണ്ടായിരുന്നു. ആ സത്യസന്ധനായ പ്രതാപവാൻ പ്രജകളെ

Digitized By Kerala Sahitya Akademi

ളെ ഔരസപുത്രനെ എന്നവണ്ണം ധർമ്മത്താൽ സംരക്ഷിച്ചുപോന്നു. അദ്ദേഹത്തിന്റെ നാട്ടിൽ ആധിയില്ല, വ്യാധിയില്ല; പ്രജകൾ അരോഗം ധാന്യസമൃദ്ധമായിരുന്നു. ന്യായാർജ്ജിതമായ ധനമേ ആ നരേന്ദ്രന്റെ ഇരുവെപ്പിലുണ്ടായിരുന്നൊള്ളൂ. വർണ്ണാശ്രമങ്ങളെല്ലാം സ്വസ്വധർമ്മം അനുഷ്ഠിച്ചുപോന്നു. ഭൂമി കാമധേനുവിനെപ്പോലായി; പ്രജകൾക്കൊക്കെ പരമസുഖം! അങ്ങിനെയിരിക്കെ, എന്തൊ ഒരു കർമ്മത്തിന്റെ ഫലമായിട്ട്, മൂന്നുസംവത്സരം മാന്ധാതാവിന്റെ രാജ്യത്തു മഴ പെയ്തില്ല. അതിനാൽ പ്രജകൾ ദാരിദ്ര്യത്തിലപ്പെട്ട വിശന്നു പൊരിയുകയായി. ദൈർഭാഗ്യത്താൽ ദൈവപീഡിതമായിത്തീർന്ന ആ രാജ്യത്തു സ്വാഹയും സ്വധയും വഷട്കാരവും വേദാധ്യയനവുമില്ലാതായിപ്പോയി! അതിനാൽ പ്രജകൾ ഒത്തൊരുമിച്ചു രാജാവിനെ ഉണർത്തിച്ചു:—'രാജപുംഗവ, പ്രജകളുടെ അറിയിപ്പ് ഭവാൻ കേട്ടാലും. ജലത്തെ നാരമെന്നു പുരാണകോവിദന്മാർ പറയുന്നു; അതു് അയനമാകയാലത്രേ ഭഗവാനു നാരായണനെന്നു തിരുനാമം. പർജ്ജന്യരൂപനായി സർവ്വവ്യാപിയായിരിക്കുന്ന വിഷ്ണുഭഗവാൻ തന്നെയാണു മഴ പെയ്യിക്കുന്നതു്; മഴയിൽനിന്നു അന്നമുണ്ടാകുന്നു; അന്നത്താൽ പ്രജകൾ ജീവിക്കുന്നു; അതില്ലാതെയാൽ പ്രജകൾ നശിച്ചുപോകുമല്ലൊ. അതിനാൽ ഇവിടുന്നു യോഗക്ഷേമം വരുത്തുമാറാകണം!'

മാന്ധാതാവ്:—'നിങ്ങൾ പറഞ്ഞതു വാസ്തവം തന്നെ; അതിൽ അവാസ്തവം യാതൊന്നുമില്ല.* രാജദോഷത്താലാണു പ്രജകൾക്കു ക്ലേശം നേരിട്ടതു്; എന്നാൽ, ഞാൻ ഒരു ദോഷവും ചെയ്തതായി, ആലോചിച്ചിട്ടു തോന്നുന്നില്ല. എങ്കിലും പ്രജകളുടെ നന്മയ്ക്കായി ഞാൻ പ്രയത്നിക്കാം.'

ഈ വിധം നിശ്ചയിച്ചു് വാസുദേശൻ വിധാതാവിനെ വണങ്ങി, ഏതാനും പരിവാരങ്ങളോടുകൂടി ഒരു കൊടുംകാട്ടിലേയ്ക്കു നടകൊണ്ടു; അവിടെ, തപസ്വികളായ മുനീന്ദ്രന്മാരുടെ ആശ്രമങ്ങളിൽ സഞ്ചരിക്കെ, അദ്ദേഹം ബ്രഹ്മപുത്രനായ അംഗിരസ്സുമഹർഷിയെ കണ്ടെത്തി. തേജസ്സുകൊണ്ടു ദിക്കുകളെ മിന്നിത്തിളങ്ങിച്ചു് രണ്ടാമതൊരഗ്നിതാമഹനോ എന്നു തോന്നുംവണ്ണം സ്ഥിതിചെയ്തിരുന്ന മാമുനിയെ കണ്ടയുടനെ, രാജാവു വാഹനത്തിൽ നിന്നിറങ്ങി, കാല്കൽ നമസ്കരിച്ചു്, മനസ്സടക്കി തൊഴുതുനിന്നു. മഹർഷി മന്നവനെ സ്വസ്തി ചൊല്ലിയഭിനന്ദിച്ചു്, രാജ്യത്തിൽ ഏഴംഗങ്ങളിലും കുശലം ചോദിച്ചു. രാജാവും, തനിയ്ക്കു കുശലംതന്നെ എന്നറിയിച്ചു് അനാമയം

* അന്നമാഹാന്യം മുനേഃ.

Digitized By Kerala Sahitya Akademi

ചോദിച്ചു. ഋഷീന്ദ്രൻ അർഘ്യം നൽകി രാജാവിനെ അടുക്കലിരുത്തി, ആഗമനകാരണം ചോദിച്ചു. അപ്പോൾ അരചൻ അറിയിച്ചു:—'ഭഗവാനേ, ഞാൻ ധർമ്മംതെറ്റാതെ ഭൂമി രക്ഷിച്ചുപോരുമ്പോൾ, അനാവൃഷ്ടി സംഭവിച്ചിരിക്കുന്നു; ഇതിന്റെ കാരണം എനിയ്ക്കറിഞ്ഞുകൂടാ. അതു ചോദിച്ചറിയാനാണ്, ഇവിടുത്തെ അടുക്കൽ വന്നതു്. ഭവാൻ യോഗക്ഷേമം വരുത്തി പ്രജകളെ സ്വാസ്ഥ്യപ്പെടുത്തുമാറാകണം!'

അംഗിരസ്സ്:—'രാജാവേ, യുഗങ്ങളിൽവെച്ചു് ശ്രേഷ്ഠമായ കൃതയുഗമാണല്ലൊ ഇതു്. ഈ യുഗം ബ്രാഹ്മപ്രധാനമത്രെ; ധർമ്മം ഇപ്പോൾ നാലുകാലിന്മേലും സ്ഥിതിചെയ്യുന്നു. ഈ യുഗത്തിൽ ബ്രാഹ്മണർക്കല്ലാതെ മറ്റു ജാതിക്കാർ തപസ്സില്ല. എന്നാൽ, ഭവന്റെ രാജ്യത്തു് ഒരു ശൂദ്രൻ തപസ്സുചെയ്യുന്നുണ്ടു്; അതിനാലാണ്, മേഘങ്ങൾ വർഷിക്കാത്തതു്. അവനെ കൊല്ലാൻ ശ്രമിക്കുക; എന്നാൽ ദോഷം നീങ്ങും.'

മാന്ധാതാവ്:—'തപസ്വിയും നിരപരാധനുമായ അന്യനെ ഞാൻ വധിക്കയില്ല; ആപത്ഘാതിക്കു് ധർമ്മം ഉപദേശിച്ചതുണ്ടെങ്കിലും.'

അംഗിരസ്സ്:—'ഉപദേശമുണ്ടു്. എന്നാൽ ഭവാൻ ഏകാദശി നോൽക്കുക: ശ്രാവണത്തിലെ വെളുത്തപക്ഷത്തിൽ പദ്മനാഭ എന്ന ഏകാദശി നോറ്റാൽ, അതിന്റെ പുണ്യപ്രഭാവംമൂലം തീർച്ചയായും നല്ല മഴയുണ്ടാവും. സർവ്വപീഡകളേയും നശിപ്പിച്ചു്, സർവ്വസിദ്ധികളേയും നൽകുന്നതാണിതു്. ഭവാനും പ്രജകളും പരിവാരങ്ങളും ഇതു നോല്ക്കുക.'

രാജാവു് അരമനയിൽ തിരിച്ചെത്തി, ഭാദ്രപദത്തിലെ ശുക്ലപക്ഷത്തിൽ പദ്മനാഭ എന്ന ഏകാദശി നാലുജാതിപ്രജകളോടുംകൂടി നോൽക്കുകയും, അതോടുകൂടി മഴയുണ്ടാവുകയുംചെയ്തു; ഭൂമി വർഷത്താൽ നനഞ്ഞു, സസ്യപൂർണ്ണയായിത്തീർന്നു. ഋഷീശ്വരന്റെ പ്രസാദത്താൽ പ്രജകൾ സുഖംനേടി.'

അതിനാൽ ഈ ഉത്തമവ്രതം നോറ്റുകൊള്ളണം. അന്നു്, വെള്ളം നിറച്ചു വസ്ത്രം മൂടിയ ഒരു കുടവും തയിർസാദവും കുടയും ചെരിപ്പും ഒരു ബ്രാഹ്മണനു്,

> 'നമോ നമസ്തേ ഗോവിന്ദ, ബുധശ്രവണസംജ്ഞക!
> അഘൌഘസംക്ഷയം കൃത്വാ സർവ്വസൌഖ്യപ്രദോ ഭവ
> ഉക്തിമുക്തിപ്രദശ്ചൈവ ലോകാനാം സുഖദായക!'

Digitized By Kerala Sahitya Akademi

എന്നുച്ചരിച്ചു നൽകുകയും വേണം. രാജാവേ, ഇതു ചൊല്ലുകയോ കേൾക്കുകയോ ചെയ്താൽ സർവ്വപാപങ്ങളേയും വിട്ടൊഴിയും.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദോത്ഥത്തിൽ
യുധിഷ്ഠിരനാരദസംവാദം, ഏകാദശീമാഹാത്മ്യപ്രകരണം,
പദ്മനാഭകൗണ്ഡിന്യകഥനം അമ്പത്തൊമ്പതാമദ്ധ്യായം.

:o:

അറുപത്തൊമ്പതാമദ്ധ്യായം

യുധിഷ്ഠിരൻ:—'മധുസൂദന, മനസ്സെളിഞ്ഞരുളിച്ചെയ്താലും: ആ ശചിനകൃഷ്ണപക്ഷത്തിലെ ഏകാദശിക്കു പേരെന്താണ്?'

കൃഷ്ണൻ:—ആശചിനകൃഷ്ണൈകാദശിക്ക് ഇന്ദിര എന്നാണ് പേർ. അതു നോറ്റാൽ മാപാപം പോകും; അധോഗതിയിൽപ്പെട്ട പിതൃക്കൾക്കും ഗതി കിട്ടും. രാജാവേ, ഒരു പാവനമായ സൽക്കഥ ശ്രദ്ധിച്ചുകേട്ടാലും; കേട്ടാൽത്തന്നെ വാജപേയഫലം സിദ്ധിക്കും:

പണ്ടു കൃതയുഗത്തിൽ ഇന്ദ്രസേനൻ എന്നൊരു യശസ്വിയായ ക്ഷത്രിയരാജാവു മാഹിഷ്മതീപുരിയിൽ ധർമ്മത്തോടെ നാടു വാണിരുന്നു. പുത്രപൌത്രന്മാരോടും ധനധാന്യസമൃദ്ധിയോടും കൂടി ആ വൈഷ്ണവശ്രേഷ്ഠൻ മുക്തിദങ്ങളായ നാരായണനാമങ്ങളും ജപിച്ചും വഴിപോലെ അദ്ധ്യാത്മവിചാരംചെയ്തും കാലം കഴിച്ചുപോന്നു. ഒരുദിവസം ആ മാഹിഷ്മതീശൻ സഭയിൽ സുഖമാംവണ്ണം സ്ഥിതി ചെയ്യെ, നാരദമഹർഷി ആകാശത്തുനിന്നിറങ്ങി അവിടെ വന്നെത്തി. ഇന്ദ്രസേനൻ ഉടനെ മുനീന്ദ്രനെ എതിരേറ്റു തൊഴുത് യഥാവിധി പൂജിച്ച് സുഖാസനത്തിൽ ഉപവേശിപ്പിച്ചു; എന്നിട്ടു മെല്ലെ പറഞ്ഞു:—'മുനിശ്രേഷ്ഠ, ഇവിടുത്തെ പ്രസാദത്താൽ എനിക്കു പരമൈകശ്രേയശ്ശുതന്നെ. ഇന്ന് ഇവിടുത്തെ കണ്ടതിനാൽ എനക്ക് യജ്ഞങ്ങളെല്ലാം സഫലങ്ങളായി! ദേവർഷേ, ആഗമനോദ്ദേശം അരുളിച്ചെയ്യാൻ ദയയുണ്ടാകണം!'

നാരദൻ:—ഭൂപപുംഗവ, ഒരത്ഭുതം കേട്ടാലും: ഞാൻ ബ്രഹ്മലോകത്തുനിന്നു യമലോകത്തോളം പോയിരുന്നു. ധർമ്മരാജാവ് എന്നെ സാദരം സൽക്കരിച്ച് ശ്രേഷ്ഠാസനത്തിന്മേലുപവേശിപ്പിച്ചു. വളരെ പുണ്യംചെയ്ത സത്യവാന്മാരായ ധർമ്മശീലന്മാർ വ്രതത്തിനു കൈവല്യം പറഞ്ഞതിനാൽ സൂര്യപുത്രന്റെ അടുക്കൽ സ്ഥിതിചെ

Digitized By Kerala Sahitya Akademi

യുന്നുണ്ട്; അങ്ങയുടെ അച്ഛനേയും ശ്രാദ്ധദേവന്റെ സദസ്സിൽ ഞാൻ കണ്ടു. അദ്ദേഹം ഒരു സന്ദേശം അയച്ചിട്ടുണ്ട്: ബ്രഹ്മൻ, ഇന്ദ്രസേനനെന്ന മാഹിഷ്മതീരാജാവിനോടു പറഞ്ഞാൽക്കൊള്ളാം, 'ഞാൻ എന്തോ പൂർവ്വജന്മദോഷത്താൽ അന്തകന്റെ അടുക്കൽ വസിക്കുകയാണ്; ഉണ്ണി ഇന്ദിരാപുണ്യം തന്ന് എന്നെ സ്വർഗ്ഗമണയ്ക്കണം' എന്ന്.' ഇതു പറയാനാണ്, ഞാൻ ഭവാന്റെ അടുക്കൽ വന്നതു്. അച്ഛന് സ്വർഗ്ഗം കിട്ടുന്നതിന് ഭവാൻ ഇന്ദിരാവ്രതം അനുഷ്ഠിച്ചാലും.'

ഇന്ദ്രസേനൻ:—'ഭഗവൻ, സദയം പറഞ്ഞുതരിക: ഏതു പക്ഷത്തിൽ ഏതു തിഥിയിൽ എങ്ങിനെയാണ് ഇന്ദിരാവ്രതം ആചരിക്കുക?'

നാരദൻ:—'ആശ്വിനിമാസത്തിൽ കൃഷ്ണപക്ഷത്തിൽ ദശമീതിഥിയിൽ പല്ലുതേച്ചു സശ്രദ്ധം പ്രാതഃസ്നാനം ചെയ്യുക; മധ്യാഹ്നത്തിൽ സ്നാനംചെയ്ത് ഒരിക്കലുണ്ണുക; രാത്രിയിൽ വെറുംനിലത്തു കിടക്കണം. ഏകാദശിനാളിൽ പ്രഭാതത്തിൽ മുഖം കഴുകി,

'ഏകാഹ്നം സ്ഥിതവാ നിരാഹാരഃ സർവ്വഭോഗവിവർജ്ജിതഃ
ശ്വോ ഭോക്ഷ്യേ പുണ്ഡരീകാക്ഷ, ശരണം മേ ഭവാച്യുത!'

എന്ന നിയമം അംഗീകരിച്ച്, മധ്യാഹ്നത്തിൽ പിതൃപ്രീതിയ്ക്കു സാളഗ്രാമശ്രാദ്ധം യഥാവിധി കഴിക്കുക; കോതമ്പും, യവം, വ്രീഹി, എള്ള്, ഉഴുന്ന്, ചണംപയർ എന്നിവകൊണ്ടാണ് ശ്രാദ്ധം വേണ്ടതു്; കറിയും ശ്രാണിച്ചിട്ട പയ്യിനെ കൊടുക്കണം. ഹൃഷീകേശനെ ധൂപഗന്ധാദികൾകൊണ്ടു പൂജിച്ച്, രാത്രിയിൽ തന്തിരുവടിയുടെ സന്നിധിയിൽത്തന്നെ ഉറക്കമിളയ്ക്കണം. ദ്വാദശിനാൾ പ്രഭാതത്തിൽ വിഷ്ണുവിനെ തുളസിപൂവും പൂജിച്ചു ബ്രാഹ്മണനെ ഊട്ടി ദക്ഷിണയും കൊടുത്തിട്ട്, താൻ പുത്രപൌത്രബാന്ധവാദികളോടൊന്നിച്ചു മൌനിയായി ഭക്ഷണം കഴിക്കുക. ഇതിൻവണ്ണം മടികൂടാതെ വ്രതം അനുഷ്ഠിച്ചാൽ ഭവാന്റെ പിതൃക്കൾ വിഷ്ണുലോകത്തു ചെന്നുചേരും.'

ഈ വിധം പറഞ്ഞു മാമുനി മറഞ്ഞു. ഇന്ദ്രസേനൻ അന്തഃപുരസ്ത്രീകളോടും പുത്രന്മാരോടും ഭൃത്യരോടുംകൂടി ഉത്തമവ്രതം ശരിക്കനുഷ്ഠിച്ചു; കന്തീനന്ദന, അപ്പോൾ ആകാശത്തുനിന്ന് പുഷ്പവർഷം പൊഴിഞ്ഞു; ഇന്ദ്രസേനന്റെ അച്ഛൻ ഗരുഡന്റെ പുറത്തുകേറി

Digitized By Kerala Sahitya Akademi

കൈവക്കുന്നതിൽ ചെന്നതുമാത്രം. ഇന്ദ്രസേനനാജർഷിയും നിഷ്കണ്ടകമായ രാജ്യം ഭരിച്ചു്, ഒടുവിൽ ഉണ്ണിയെ നാടുവഴിച്ചു്, രിഷിപ്രഭാവത്തു. ഇപ്പുറത്ത ഇതിരാവൃത്തമാഹാത്മ്യം കേൾക്കുകയോ കേൾക്കുകയോ ചെയ്യാൽ സർവ്വപാപങ്ങളും വിട്ടൊഴിയും.'

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദത്തിലെ ഏകാദശിമാഹാത്മ്യപ്രകരണം, ഇന്ദിരൈകാദശീവിധികഥനം അനുപമരൈക്ഷ്യായം.

(0)

അറുപത്തൊന്നാമദ്ധ്യായം

യുധിഷ്ഠിരൻ.—'മധുസൂദനേ, മനം തെളിഞ്ഞരുളിച്ചെയ്യാലും: ആശ്വിനമാസത്തിലെ വെളുത്ത ഏകാദശിക്കു പേരെന്താണ്?'

കൃഷ്ണൻ:—'മഹാരാജാവേ, ആശ്വിനശുക്ലൈകാദശിക്കു പാപഭഞ്ജന എന്നാകുന്നു നാമധേയം. ആ സർവ്വപാപനാശിനിയായ തിഥിയിൽ പത്മനാഭനാകുന്ന വിഷ്ണുവെ പൂജിക്കണം; എന്നാൽ സർവ്വേഷ്ടങ്ങളും നിറവേറും; സ്വർഗ്ഗപ്രവർത്തങ്ങളും സിദ്ധിക്കും. വളരെക്കാലം ഇന്ദ്രിയങ്ങളെ നിയന്ത്രിച്ചു തീവ്രതപം ചെയ്തു മഹർഷികളുടെ ഫലം വിഷ്ണുനാമസ്മരണത്താൽ കൈവരും. മോഹത്താൽ പല വിധ പാപവും ചെയ്തവൻ പോലും, സർവ്വപാപഘ്നനായ വിഷ്ണുവിനെ വണങ്ങിയാൽ നരകം പൂകുകയില്ല. ഭൂമിയിലെ എല്ലാ പുണ്യതീർത്ഥക്ഷേത്രങ്ങളും സേവിക്കുന്നതിനു പകരം, നാരായണന്റെ ഒരു നാമം ജപിച്ചാൽ മതി! ശാർങ്ഗപാണിയായ ജനാർദ്ദനൻ തിരുവടിയെ ശരണം പ്രാപിച്ചവർ മരിക്കലും യമലോകയാതന അനുഭവിക്കുകയില്ല. യദൃച്ഛയായിട്ടെങ്കിലും ഒരേകാദശി നോറ്റാൽ, ഘോരപാതകം ചെയ്തവനും യമയാതന നേരിടുകയില്ല. * ഏകാദശി നോറ്റു രാത്രിയിൽ ഉറക്കമിളയ്ക്കുന്നവൻ അനായാസേന വിഷ്ണുസദനം പൂകും; മാതൃകുലത്തിലും പിതൃകുലത്തിലും പത്നീകുലത്തിലും പതിനൊരുപേർക്ക് ഉൽശ്രേയസ്സും വരുത്തും—അവർ ചതുർബാഹുക്കളായി ദിവ്യരൂപരായി ശംഖചക്രഗദാധാരികളായി പൂമാലയും മഞ്ഞപ്പട്ടും ധരിച്ചു് ഹരിമന്ദിരത്തിൽ ചെന്നുചേരും. ബാല്യയൗവനവാർദ്ധകങ്ങളിൽ പാപം ചെയ്തവനും ഏകാദശി നോറ്റാൽ ദുർഗ്ഗതിയണകയില്ല. ആശ്വി

* പൂരണശ്ലോകം; ഏഴു ശ്ലോകം ചിട്ട.

Digitized By Kerala Sahitya Akademi

നശുക്ലപക്ഷത്തിലെ പാപാംകുശൈകാദശി നോറ്റാൽ സർവ്വപാപ നിർമ്മുക്തനായി വൈകുണ്ഠം പൂകും. സപ്തസ്വം, എള്ള്, ഭൂമി, ഗോവു്, അന്നം, ജലം, ചെരിപ്പ്, കുട, വസ്ത്രം എന്നിവ മോഷ്ടിച്ചുവൻ കലിയെ കാണുകയില്ല! അയ്യോ പുണ്യാത്മാവെന്നിയേ ദിവസങ്ങളം കഴിഞ്ഞുപോകുന്നവരോ, അവൻ, കൊല്ലന്റെ ഉല എന്ന പോലെ ശ്വസിച്ചാലും ജീവിക്കുന്നവനല്ല! നൃപോത്തമ, ഭരിദ്രനും, യഥാശക്തി സ്നാനദാനാദികളം ചെയ്യ ദിവസത്തെ സാഫല്യപ്പെടുത്തണം. ഹോമം, സ്നാനം, ജപം, ധ്യാനം, യജ്ഞം മുതലായ പുണ്യം ചെയ്യുന്നവർ ഘോരമായ യമയാതന അനുഭവിക്കയില്ല. എന്തിനേറെ? അധർമ്മം ദുർഗ്ഗതിയേയും, ധർമ്മം സദ്ഗതിയേയും നൽകുന്നു; ഇതിൽ സംശയംവേണ്ട. പാപാംകുശയുടെ മാഹാത്മ്യം ഞാൻ പറഞ്ഞു. ഇനി എന്താണു ഭവാനു കേൾക്കേണ്ടതു?'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദാന്തർഗ്ഗതയുധിഷ്ഠിര കൃഷ്ണസംവാദം, ഏകാദശീമാഹാത്മ്യപ്രകരണം, പാപാംകുശൈകാദശീ നിരൂപണം അറുപത്തിരണ്ടാമദ്ധ്യായം.

(o)

അറുപത്തിരണ്ടാമദ്ധ്യായം

യുധിഷ്ഠിരൻ:—'ജനാർദ്ദന, എങ്കൽ പ്രസാദിച്ചു്, കാർത്തികശുക്ലൈകാദശിയുടെ പേരെന്താണെന്നരുളിച്ചെയ്താലും!'

കൃഷ്ണൻ:—'യുധിഷ്ഠിരപുംഗവ, കാർത്തികകൃഷ്ണപക്ഷത്തിലെ സുശോഭനയായ ഏകാദശിയെ രമ എന്നു കീർത്തിച്ചുവരുന്നു. ആ മഹാപാപനാശിനിയുടെ മാഹാത്മ്യം കേട്ടുകൊള്ളുക:

പണ്ടു മുചുകുന്ദൻ എന്നൊരു നരപാലനുണ്ടായിരുന്നു. ഇന്ദ്രൻ, യമൻ, വരുണൻ, കുബേരൻ, വിഭീഷണൻ എന്നിവരുടെ സ്നേഹിതനും വിഷ്ണുഭക്തനും സത്യസന്ധനുമായിരുന്നു അദ്ദേഹം. നിഷ്കണ്ടകമായ രാജ്യം ഭരിച്ചുപോന്ന ആ രാജാവിന്നു് ഒരു മകളുണ്ടായി; ചന്ദ്രഭാഗ എന്നാ ആ ചന്ദ്രമുഖി ചന്ദ്രസേനസുതനായ ശോഭനനു നൽകപ്പെട്ടു. ശോഭനൻ ഒരിക്കൽ ശത്രുരന്റെ ഗൃഹത്തിൽ വന്നെത്തി; അപ്പോഴാ, അതിപുണ്യപ്രദമായ ഏകാദശി സമീപിച്ചിരുന്നു. പ്രഭാതവസരം വന്നപ്പോഴു, ചന്ദ്രഭാഗ വിചാരത്തിൽപ്പെട്ടു:—'ഈശ്വര, എന്താണാവോ വന്നുകൂടുക: എന്റെ ഭർത്താവു തീരെ ദുർബലനാണു';

Digitized By Kerala Sahitya Akademi

വിശ്വസിക്കില്ല. അച്ഛനോ, ഉഗ്രശാസനനുമാണ്!' ശമീതിഥിയിൽ പെരുംപറ കൊട്ടിയുണ്ടായി: 'നാളെ ഏകാദശിയായി; ഊണ്കഴിച്ചുപോകരുത്, ഊണ് കഴിച്ചുപോകരുത്' എന്നീ പഞ്ചനിർഘോഷം കേട്ടിട്ട ശോഭനൻ വല്ലഭയോട് ചോദിച്ചു:—'പ്രിയെ, ഞാൻ എന്തു ചെയ്യണം? ഉപദേശിച്ചാലും'.

ചന്ദ്രഭാഗ:—'നാഥ, നാളെ അച്ഛന്റെ രാജ്യത്ത് അരക്കം ഉണ്ടാകുമോ: അന, കുതിര, ഒട്ടകം മുതലായ നാൽക്കാലികം ചോലും ഹരിവാസരത്തിൽ ചോറൊ പുല്ലൊ വെള്ളമൊ കഴിച്ചുകൂടാ; പിന്നെ മനുഷ്യരുടെ കഥ പറയാണോ? ഭവാൻ ഊണ്കഴിക്കുന്നതായാൽ ചീത്തഭാഷം പറഞ്ഞുപ്പോകും; അതിനാൽ മനസ്സുറപ്പിച്ചാലും.'

ശോഭനൻ:—'ഇതു ശരിയാണ്. ഞാൻ നോൽക്കുകതന്നെ ചെയ്യാം: ദൈവകല്പിതം പോലെ വരും!'

ഇങ്ങനെ നിശ്ചയിച്ചു ശോഭനൻ വ്രതംകൊണ്ടു; അയാളം വശത്തൊരിഞ്ഞു വല്ലാതെ വലയുകയായി! സൂര്യൻ അസ്തമിച്ചു; വഷ്ണപൂജയിലും ജാഗരണത്തിലും തല്പരരായ വൈഷ്ണവന്മാർക്കു ഹർഷം വളർത്തിയ ആ രാത്രി ശോഭനനു ശോകദായിനിയായിത്തീർന്നു! പിറേറന്നു സൂര്യോദയത്തിൽ ശോഭനൻ മരിച്ചുപോയി! അയാളെ മുചുകുന്ദൻ രാജോചിതങ്ങളായ വിറകുകൊണ്ടു ദഹിപ്പിച്ചു. ചന്ദ്രഭാഗ ഭർത്താവോടൊന്നിച്ചു സ്വദേഹം ദഹിപ്പിക്കയുണ്ടായില്ല; ഭർത്താവിന്റെ ശേഷക്രിയ ചെയ്തു പിതൃഗൃഹത്തിൽ പാർത്തു. ശോഭനനാകട്ടെ, രമാവല്ലഭന്റെ പ്രഭാവത്താൽ, മന്ദരത്തിന്റെ വരയിൽ മനോജ്ഞമായി നിന്നുല്ലസിയായി ദുർദ്ധർഷമായി നിസ്സീമപ്രഭാമയമായി പൊന്നിൻതൂണുകളും ചുഴന്ന മണിവൈഡൂര്യമണ്ഡിതങ്ങളായ ചലതരം വിചിത്രപുഷ്പകമാളികകളാൽ ദേദീപ്യമാനമായിരിക്കുന്ന ദേവപുരം പ്രാപിച്ചു, അവിടെ, കിരീടകുണ്ഡലഹാരകേയൂരങ്ങളണിഞ്ഞു, സിംഹാസനാരൂഢനായി, വെൺകൊറ്റക്കുടചാമരങ്ങളോടും കൂടി, ഗന്ധർവാപ്സരസ്സുകളാൽ സ്തുതിക്കപ്പെട്ടുകൊണ്ടു, മറെറാരു രാജരാജനോ എന്നു തോന്നുംവണ്ണം ശോഭിച്ചു! അയാളെ മുചുകുന്ദപുരക്കാരൻ സോമശർമ്മാവെന്നൊരു തീർത്ഥസഞ്ചാരിയായ ബ്രാഹ്മണൻ കണ്ടെത്തി, രാജാവിന്റെ ജാമാതാവാണെന്നറിഞ്ഞു അടുക്കലേയ്ക്കു ചെന്നു. ശോഭനനും സോമശർമ്മാവിനെ അറിഞ്ഞു, വേഗത്തിൽ എഴുന്നേറെറതിരേറു വണങ്ങി, ശ്വശുരനായ രാജാവിനും പ്രിയതമയായ ചന്ദ്രഭാഗയ്ക്കും നഗരത്തിനും കുശലം ചോദിച്ചു

സോമശർമ്മാവ്:—'രാജാവേ, കുശലം തന്നെ. ഇതെന്തത്ഭുതം: എങ്ങും കണ്ടിട്ടില്ലാത്തവിധം അത്ര വിചിത്രമായി മിന്നി

Digitized By Kerala Sahitya Akademi

ത്തിലുണ്ടാകുന്ന ഈ രാജധാനി ഇവിടെയെല്ലാതെ ലഭിച്ചു? വാസ്തവം കേളാൽ കൊള്ളാമെന്നുണ്ടു!'

ശോണോൻ:—ദിവ്യജ്ഞാനമേ, കാർത്തികകൃഷ്ണപക്ഷത്തിലെ രമൈകാദശി നോറ്റതിനാലാണ് എനിക്കീ കൊട്ടാരം കിട്ടിയതു്. ഞാൻ ആ ശ്രേഷ്ഠവ്രതം അനുഷ്ഠിച്ചതു ശ്രദ്ധകൂടാതെ അനുകൽപ്പമായി, ഇതു നിലനിൽക്കുന്നതല്ലെന്നു് എനിക്കു തോന്നുന്നു; നിലനിൽക്കാൻ വേണ്ടതു ഞാൻ ചെയ്യാം—മുചുകുന്ദന്റെ സൽപുത്രിയായ ചന്ദ്രഭാഗയോടു വൃത്താന്തം പറഞ്ഞാലും'

ബ്രാഹ്മണൻ മുചുകുന്ദപുരിയിൽ തിരിച്ചെത്തി, വൃത്താന്തമൊക്കെ ചന്ദ്രഭാഗയെ ധരിപ്പിച്ചു:—'ഭദ്രേ, ഭർത്തിയുടെ പ്രിയഭൃത്യാവിനെ ഞാൻ കണ്ടിട്ടുണ്ടു: ഇന്ദ്രദ്യുമ്നംപോലെ ദുരാധർഷമാണു് അദ്ദേഹത്തിന്റെ കൊട്ടാരത്തിന്റെ വർണ്ണന, താൽ അസ്ഥിരമാണെന്നാണു് അദ്ദേഹം പറഞ്ഞതു്. സ്ഥിരമാകാൻ വേണ്ടതു ചെയ്യാമെന്നും'

ചന്ദ്രഭാഗ:—ബ്രാഹ്മൻ, എന്നെ ഭർത്താവിന്റെ അടുത്തു കൊണ്ടുപോവുക. എനിക്കു ഭർത്താവിനെ കാണാൻ വളരെ ആഗ്രഹമുണ്ടു്. എന്റെ വ്രതപുണ്യത്താൽ ആ നഗരം സുസ്ഥിരമാക്കാം. ഞങ്ങളിരുവരെയും ഭവാൻ ഒരുമിപ്പിക്കുക: ഭർപ്പെടുവരെ ഒരുമിപ്പിച്ചാൽ, വലിയ പുണ്യം കിട്ടുമല്ലോ.

സോമശർമ്മാവു ചന്ദ്രഭാഗയോടൊന്നിച്ചു മന്ദരപർവ്വതത്തിന്നരികിൽ വാമദേവാശ്രമമണഞ്ഞു. ഋഷിയുടെ മന്ത്രപ്രഭാവത്താലും ഹരിവാസരാനുഷ്ഠാനത്താലും അവർ ദിവ്യരൂപരായി ദിവ്യഗതിയടഞ്ഞു, ഹർഷാശ്രുക്കൾ വിടർന്ന കണ്ണിണയുമായി, കണവന്റെ അടുക്കൽച്ചെന്നണഞ്ഞി. പ്രിയതമ വന്നതു കണ്ടപ്പോൾ ശോഭനനു മനസ്സു ഇളകിമറിഞ്ഞു; അയാൾ അവളെ വിളിച്ചു് ഇടത്തുഭാഗത്തിരുത്തി. ചന്ദ്രഭാഗ സഹർഷം വല്ലഭനോടരുൾചെയ്തു:—'കാന്ത, കേട്ടാലും: അച്ഛന്റെ ഹസ്തത്തിൽപ്പെട്ടു് എട്ടുവയസ്സുമുതൽ ഞാൻ ഏകാദശി നോമ്പനുഷ്ഠിച്ചിരിക്കുന്നു; അതിന്റെ പുണ്യത്താൽ, അങ്ങയുടെ സങ്കൽപ്പമാത്രമായ രാജധാനി പ്രളയംവരെ നിലനിൽക്കും'

ഇപ്രകാരം അവർ ദിവ്യരൂപിണിയായി ദിവ്യാഭരണങ്ങളിഞ്ഞു ഭർത്താവോടൊപ്പം ദിവ്യസുഖം അനുഭവിച്ചുപോരുന്നു; ശോഭനത്തിന്റെ പ്രഭാവത്താൽ ദിവ്യരൂപിണി കല്പാന്തംവരെയിൽ അവളോടൊന്നിച്ചു വിളയാടുന്നു. ചിന്താമണിയെപ്പോലെയും കാമധേനുവിനെപ്പോലെയുമുള്ളതാണു് ഈ രമൈകാദശി. ഇതിന്റെ അനഘമായ മഹത്വമെല്ലാം ഭവാനോടു ഞാൻ പറഞ്ഞു. ഇരുപക്ഷങ്ങ

Digitized By Kerala Sahitya Akademi

ളിലേയും ഏകാദശി നോറ്റുകൊള്ളണം; കറുത്തപക്ഷത്തിനും വെളുത്തപക്ഷത്തിനുമുള്ള വ്യത്യാസം കരുതരുത്. ഏകാദശി മനുഷ്യർക്കു മുക്തിമുക്തികളെ നൽകും. പക്ഷം വെളുത്തിരുന്നാലും കറുത്തിരുന്നാലും പാൽ വെളുത്തുതന്നെയിരിക്കുമല്ലോ; അതുപോലെ രണ്ടേകാദശിയും തുല്യഫലം തന്നെയാണ്. ഏകാദശീവ്രതങ്ങളുടെ മാഹാത്മ്യം ശ്രവിക്കുന്നവൻ സർവപാപനിർമ്മുക്തനായി വിഷ്ണുലോകത്തു സൽക്കരിക്കപ്പെടും.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, യാദവശിഷ്ടസംവാദത്തിൽ
യുധിഷ്ഠിരകൃഷ്ണസംവാദം, ഏകാദശീമാഹാത്മ്യപ്രകരണം,
രണ്ടേകാദശീവിധാനം അറുപത്തിരണ്ടാമദ്ധ്യായം.

(൦)

അറുപത്തിമൂന്നാമദ്ധ്യായം

യുധിഷ്ഠിരൻ:—'ഭഗവാനേ, ശ്രീകൃഷ്ണഭഗവാൻ പറഞ്ഞുതന്നതു; കൃഷ്ണ, ഇനി, കാർത്തികശുക്ലൈകാദശിയെ കഥിച്ചാലും.'

കൃഷ്ണൻ:—'രാജാവേ, കാർത്തികശുക്ലൈകാദശിയെപ്പറ്റി, ജഗൽസ്രഷ്ടാവായ നാരദമുനി നാരദനോടു പറകയുണ്ടായതു കേട്ടുകൊള്ളുക:'

നാരദൻ:—ധർമ്മകർമ്മപ്രവർത്തകനായ ഭഗവാൻ പള്ളിയുണരുന്ന പ്രബോധിന്യേകാദശിയുടെ മാഹാത്മ്യവും വിസ്തരിച്ചരുളിച്ചെയ്താലും.'

ബ്രഹ്മാവു:—മുനിസത്തമ, പാപം നീക്കി പുണ്യം പലർത്തുന്നതും സുമനസ്സുകൾക്കു മുക്തിപ്രദവുമായ പ്രബോധിനീമാഹാത്മ്യവും കേട്ടുകൊള്ളുക: * അശ്വമേധത്തിന്റേയും രാജസൂയത്തിന്റേയും ഫലം ഒരു പ്രബോധിനി നോറ്റാൽ കിട്ടും. മകനെ, ദുർല്ലഭവും അപ്രാപ്യവും ത്രിജഗൽഗോചരമല്ലാത്തതും കൂടി പ്രാർത്ഥിച്ചാൽ പ്രബോധിനി തന്നരുളും! ഐശ്വര്യം, സമ്പത്തു്, പ്രജ, രാജ്യം, സുഖം എന്നിവ ലഭിപ്പാൻ, ഭക്തിയോടെ പ്രബോധിനി നോറ്റാൽ മതി. മേരുമന്ദരങ്ങളോളം ഉയർന്ന പാപങ്ങൾപോലും, ഒരൊറ്റ പ്രബോധിനി നോറ്റാൽ വെന്തടിഞ്ഞു പോയ്ക്കൊള്ളും! അയിരമായിരം മുൻജന്മങ്ങളിൽ ചെയ്ത വെളു പാപമെല്ലാം, പ്രബോധിനീജാഗരണത്താൽ, പഞ്ഞിക്കൂട്ടം പോലെ ദഹിച്ചുപോകും! പ്രബോധിനി നോറ്റാലും, ഫലം മേല്പ

* ഇവിടെ ഒരു ശ്ലോകം വിട്ടു.

Digitized By Kerala Sahitya Akademi

രഞ്ഞതുതന്നെ. വഴിപോലെ ചെയ്താൽ സപ്ത സുകൃതവും ഫലംകൊണ്ടു മഹാമേരുമുതലിനോടൊപ്പമാകും; വഴിപോലെയല്ലാതെ ചെയ്താലോ, മഹാമേരുപ്രമാണമായ സുകൃതവും അണുമാത്രഫലത്തെയേ നൽകുകയുള്ളൂ. പ്രബോധിനിയെ മനസ്സാൽ ധ്യാനിക്കുകയും നോല്ക്കുകയുംചെയ്യുന്നവന്റെ പിതൃക്കൾ നരകദുഃഖങ്ങളൊഴിഞ്ഞു നാരായണന്റെ പരമപദത്തിൽ ചെന്നുചേരും. ബ്രഹ്മഹത്യാദി ഘോരപാതകം ചെയ്തവൻപോലും വിഷ്ണുജാഗരണത്താൽ വിശുദ്ധിയടയും. അശ്വമേധാദി യജ്ഞങ്ങൾകൊണ്ടും കിട്ടാവതല്ലാത്ത ഫലം പ്രബോധിനീ ജാഗരണത്താൽ നിഷ്പ്രയാസം കൈവരും. എല്ലാ തീർത്ഥങ്ങളിലും മുഴുകി സ്വർണ്ണവും ഭൂമിയും ദാനംചെയ്താലത്തെ ഫലം പ്രബോധിനീ ജാഗരണത്താൽ സിദ്ധിക്കും. കാർത്തികമാസത്തിൽ പ്രബോധിനി നോറവൻ യാവനൊരുത്തനൊ, അവൻ തന്നെ സുകൃതി; അവൻതന്നെ കുലരക്ഷകൻ! മനുഷ്യർക്കു മരണം തീർച്ചയാണെന്നും, ധനം അസ്ഥിരമാണെന്നും കരുതി, ഹരിവാസരം നോറുകൊള്ളണം. ആർ പ്രബോധിനി ശരിയ്ക്കു നോൽക്കുമോ, അവന്റെ ഗൃഹത്തിലുണ്ടാകും, തീർത്ഥതീർത്ഥങ്ങളൊക്കെ! പ്രബോധിനി നോറവന്നു മറ്റു വല്ലതെ പുണ്യകർമത്തിന്? പുരുഷോത്തമപ്രീതിയിനിയത്രേ, കാർത്തികത്തിലെ പ്രബോധിനി. പ്രബോധിനി നോൽക്കുന്നവനാരോ, അവൻതന്നെ ജ്ഞാനി; അവൻതന്നെ യോഗി; അവൻതന്നെ ജിതേന്ദ്രിയനായ താപസൻ; അവനുതന്നെ ഭക്തിയും മുക്തിയും! വിഷ്ണുവിന്നു തുലോം പ്രിയപ്പെട്ടതും ധർമ്മസാരങ്ങളും ഒത്തൊരുമിച്ചതുമാണിതു്; ഇതു് ഭക്തിപൂർവം നോറവൻ മുക്തിയടയും. പ്രബോധിനി നോറവൻ വീണ്ടും ഗർഭം പൂകുകയില്ല. അതിനാൽ, മറ്റേതു ധർമ്മത്തെയും വെടിഞ്ഞു് ഈ തു നോറുകൊള്ളണം. മനസാ വാചാ കർമ്മണാ ചെയ്തുവച്ച പാപമെല്ലാം പ്രബോധിനീജാഗരണത്താൽ ഗോവിന്ദൻ കഴുകിക്കളയും. പ്രബോധിനിയിൽ വിഷ്ണുവിനെ ഉദ്ദേശിച്ചു സ്നാനമോ ദാനമോ ജപമോ ഹോമമോ ചെയ്താൽ, അതൊക്കെ അക്ഷയമായിരിക്കും. അന്നുപവസിച്ചു മാധവൻതിരുവടിയെ ഭക്തിപൂർവം പൂജിച്ചാൽ നൂറു ജന്മങ്ങളിലെപ്പാപങ്ങളും വിട്ടൊഴിയും. പദ്മനാഭൻ പള്ളിയുണരുന്ന തിഥിയിൽ ഉപവാസം ചെയ്യുന്നതു്, മഹാപാപപ്രണാശനമായ ഒരു മഹാവ്രതമത്രേ. ഈ വ്രതംകൊണ്ടു് വിഷ്ണുവിനെ പ്രസാദിപ്പിച്ചവൻ ദിക്കുകളെയെല്ലാം പ്രശോഭിപ്പിച്ചുകൊണ്ടു് ഹരിമന്ദിരത്തിൽ ചെന്നുചേരും. കാന്തിയും സമ്പത്തും തേടുന്നവർ പണിപ്പെട്ടും നോക്കേണ്ടതാണിതു്. നൂറുജന്മങ്ങളിൽ ബാല്യത്തിലൊ യൌവനത്തിലൊ വാർദ്ധക്യത്തിലൊ ചെയ്തുവച്ച അല്പമോ അനല്പമോ ആയ പാപം മുഴുവൻ പ്രബോധിനിയിൽ പൂജിക്കപ്പെട്ട കമലാകാന്തൻ

Digitized By Kerala Sahitya Akademi

കഴുകിക്കളയും. ധനധാന്യപ്രദയും പുണ്യയും സർവപാപസംഹർത്രിയുമായ പ്രബോധിനി ഭക്തിപൂർവം നോറവന്ന് ഏങ്ങും ദുർല്ലഭമായിട്ടൊന്നില്ല! സൂര്യചന്ദ്രഗ്രഹണങ്ങളിലേതിനെക്കാളും ആയിരംമടങ്ങു ഫലം പ്രബോധിനീജാഗരണത്തിനുണ്ട്. സ്നാനം, ദാനം, ജപം, ഹോമം, സ്വാധ്യായം, വിഷ്ണുപൂജ എന്നിതൊക്കെ പ്രബോധിനിയിൽ ചെയ്താൽ ആയിരംകോടി മടങ്ങായിരിക്കും ഫലം. മനുഷ്യൻ ജനിച്ചമുതൽ നേടിവച്ച പുണ്യമെല്ലാം, കാർത്തികവ്രതമനുഷ്ഠിക്കാഞ്ഞാൽ വ്യർത്ഥമായിപ്പോകും. നാരദ, കാർത്തികത്തിൽ വിഷ്ണുനിയമം കൊള്ളാതെ തള്ളുന്നവന്ന് ജന്മാർജ്ജിതമായ പുണ്യം മുഴുവൻ നിഷ്ഫലമായിപ്പോകും. അതിനാൽ എത്ര പണിപ്പെട്ടും സർവാഭീഷ്ടപ്രദനായ ജനാർദ്ദനൻ തിരുവടിയെ ഉപാസിച്ചുകൊള്ളണം. വത്സ, കാർത്തികത്തിൽ വൈഷ്ണവൻ പരാന്നം വർജ്ജിക്കണം; എന്നാൽ ചാന്ദ്രായണത്തിന്റെ ഫലംകിട്ടും. കാർത്തികം മുഴുവൻ ശാസ്ത്രവിനോദംകൊണ്ടു കഴിച്ചുകൂട്ടുന്നവൻ സർവപാപങ്ങളേയും ദഹിപ്പിച്ചു്, പതിനായിരം യജ്ഞങ്ങളുടെ ഫലം നേടും. കാർത്തികത്തിൽ ശാസ്ത്രകഥാലാപങ്ങളെക്കൊണ്ടുള്ളേടത്തോളം പ്രീതി, യജ്ഞദാനജപാദികർമങ്ങൾകൊണ്ടു വിഷ്ണുവിനുണ്ടാകയില്ല. കാർത്തികത്തിൽ ഹരികഥ—ഒരു ശ്ലോകമോ, ഒരു പാദമെങ്കിലുമോ—സശ്രദ്ധം ശ്രവിച്ചാൽ ആശ്വമേധത്തിന്റെ ഫലം കിട്ടും. എല്ലാ ധർമ്മത്തെയും വെടിഞ്ഞു കാർത്തികത്തിൽ വിഷ്ണുവിന്റെ തിരുമുമ്പിൽ ശാസ്ത്രം വായിക്കുകയും കേൾക്കുകയും ചെയ്യുകൊള്ളണം. ശ്രേയോലബ്ധിക്കായി കാർത്തികത്തിൽ ഹരികഥ നടത്തുന്നവൻ ആവർത്തലമുറയ്ക്ക് ഉൽഗതിവരുത്തും. പ്രബോധിനീതിഥിയിൽ ഭഗവൽകഥ കേട്ടായ്, ഏഴു ദ്വീപുംപ്പെട്ട ഭൂമിയെ ദാനംചെയ്താലത്തെ ഫലം സിദ്ധിക്കും. മുകുന്ദകഥ ശ്രവിച്ചു കഥപറഞ്ഞവനെ യഥാശക്തി പൂജിച്ചാൽ അക്ഷയലോകം കിട്ടും. കലഹപ്രിയ, കാർത്തികം ഗീതശാസ്ത്രവിനോദത്തോൽ കഴിക്കുന്നവന്ന പുനരാവൃത്തി ഞാൻ കണ്ടിട്ടില്ല! ഗീതവും വൃത്തവും വാദ്യവും ഹരികഥയും നടത്തുന്നവൻ പുണ്യാത്മാവായി മൂന്നുലോകത്തിനും മീതെ സ്ഥിതിചെയ്യും. പ്രബോധിനിയിൽ വളരെപ്പൂക്കൊണ്ടും വളരെക്കായ്കൊണ്ടും കർപ്പൂരാഗരു കുങ്കുമങ്ങൾകൊണ്ടും വിഷ്ണുവിനെ പൂജിക്കണം; ഹരിവാസരത്തിൽ പിശുക്കു പിടിക്കരുതു്. ഇങ്ങനെയായാൽ പുണ്യത്തിനു കണക്കില്ല! പ്രബോധിനീജാഗരണത്തിൽ, കായ്കൊണ്ടും മറ്റു പല പദാർത്ഥങ്ങൾകൊണ്ടും ശംഖിൽ നവള്ളമെടുത്തു്, അച്യുതനർഘ്യം നൽകിയാൽ, സർവതീർത്ഥങ്ങളുടേയും, സർവദാനങ്ങളുടേയും ഫലം കോടിഗുണങ്ങായി കൈവരും. ദേവർഷേ,

Digitized By Kerala Sahitya Akademi

പിന്നീടു ചക്രപാണിപ്രസാദത്തിനായി ഗുരുവിനെ വസ്ത്രാന്നദക്ഷിണകൾകൊണ്ടു പൂജിക്കണം. അങ്ങു ഭാഗവതപുരാണം വായിക്കുകയോ, കേൾക്കുകയോ ചെയ്താൽ, ഓരോ അക്ഷരത്തിനും കപിലദാനഫലം കിട്ടും. മുന്നീന്ദ്ര, ഇപ്പറഞ്ഞതിൻവണ്ണം കാർത്തികത്തിൽ വൈഷ്ണവവ്രതം അനുഷ്ഠിക്കുന്നവൻ സുസ്ഥിരമായ മുക്തിയടയും. ഒരു തുളസിപ്പൂവിന്റെ ഒരിതൾകൊണ്ടു പൂജിച്ചാൽ കൈടഭാന്തകൻ കോടിയിരം കൊല്ലത്തെയ്ക്കു പ്രസാദിച്ചരുളും. അകത്തിപ്പൂകൊണ്ട് അച്യുതനെ അർച്ചിക്കുമോ, അവനെ കണ്ടാൽ മതി, നരകാഗ്നി കെടാൻ! കാർത്തികത്തിൽ അകത്തിപ്പൂക്കൊണ്ടു പൂജിക്കപ്പെട്ട പുരുഷോത്തമൻ ആത്മഭക്തർക്കു അഭീഷ്ടങ്ങളും തന്നരുളും. മറെറല്ലാ പുഷ്പവും വെടിഞ്ഞു അകത്തിപ്പൂകൊണ്ടു കൃഷ്ണൻകാർത്തികത്തിൽ കാർവർണ്ണനെ കേതിപൂവും പൂജിച്ചാൽ അശ്വമേധഫലം കിട്ടും. കാർത്തികത്തിൽ തുളസീദളംകൊണ്ടു ജനാർദ്ദനനെ പൂജിച്ചാൽ ഒരു ജന്മത്തിലെ പാപമെല്ലാം വെന്തടിയും. ദർശിക്കുക, സ്പർശിക്കുക, ധ്യാനിക്കുക, കീർത്തിക്കുക, സ്തുതിക്കുക, നട്ടുക, നനയ്ക്കുക, പൂജിക്കുക, നമസ്കരിക്കുക എന്നീ രണ്ടെട്ടു പ്രകാരത്തിൽ തുളസിയെ നരോത്തമൻ സേവിച്ചാൽ, ആ സുകൃതം അനേകായിരം കോടി യുഗങ്ങളം നിലനിൽക്കും. യാവതൊരുത്തൻ നട്ട തുളസി ശാഖാപ്രശാഖകളോടും ബീജപുഷ്പപത്രങ്ങളോടും കൂടി ഭൂമിയിൽ തഴച്ചു നിൽക്കുന്നുവോ, അവന്റെ വംശത്തിൽ ജനിച്ചവരും മരിച്ചവരും ജനിക്കുവാൻ പോകുന്നവരും ആയിരം കല്പം വൈകുണ്ഠത്തിൽ വസിക്കും. എല്ലാ പുഷ്പങ്ങളംകൊണ്ടും എല്ലാ പത്രങ്ങളംകൊണ്ടുമുള്ള ഫലം കാർത്തികത്തിൽ തുളസീദളമൊന്നുകൊണ്ടു സിദ്ധിക്കും. കാർത്തികംവന്നാൽ, പതിവായി പദ്മനാഭനെ ഭൂതലങ്ങളായ തുളസീദളങ്ങംകൊണ്ടു പൂജിച്ചാൽ, ചെളരെ വളരെ നരഹവും മാനവും കഴിച്ചതിന്റെ പുണ്യഫലം കരസ്ഥമാകും.''

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദാന്തർഗ്ഗത യുധിഷ്ഠിരകൃഷ്ണസംവാദം, ഏകാദശീമാഹാത്മ്യപ്രകരണം, പ്രബോധിന്യേകാദശീ വിധികഥനം എന്നിവ അറുപത്തിനാലാമധ്യായം.

(൦)

അറുപത്തിനാലാമധ്യായം

യുധിഷ്ഠിരൻ:—'ഭഗവൻ, ജനാർദ്ദന, പ്രബോധികാദശി സർവ്വപാപക്ഷയവും ഫലപ്രാപ്തിയുമായി വ്രതങ്ങളിൽ വെച്ചുത്തമമായിരിക്കുന്ന വി

Digitized By Kerala Sahitya Akademi

ഷ്ണവ്രതം കേൾക്കാൻ എനിക്കാഗ്രഹമുണ്ട്. പുരുഷോത്തമമാസത്തിന്റെ വിധിയെന്താണ്? ഫലമെന്താണ്? ദേവത ആരാണ്? അധിമാസം വന്നാൽ ഏതു വ്രതം അനുഷ്ഠിക്കണം? ദാനമെന്ത്? അതിന്റെ പുണ്യമെന്ത്? സ്നാനമെങ്ങിനെ? ജപമെങ്ങിനെ? പൂജയെങ്ങിനെ? എന്തൊരന്നമാണു ഭുജിക്കാവുന്നത്? പറഞ്ഞുതരിക.'

കൃഷ്ണൻ: —'രാജശ്രേഷ്ഠ, ഭവാങ്കലുള്ള സ്നേഹത്താൽ, പുരുഷോത്തമമാസത്തിന്റെ പാപനാശനമായ മാഹാത്മ്യം ഞാൻ പറയാം: അധിമാസത്തിലെ ഏകാദശി കമല എന്നു കഥിക്കപ്പെട്ടുന്നതിഥികളിൽവെച്ചു മീതെയാണ് ആ തിഥി. അതു നോറ്റാൽ കമല കനിഞ്ഞരുളും.'

ബ്രാഹ്മമുഹൂർത്തത്തിലെഴുനേറ്റ്, പുരുഷോത്തമനെ സ്മരിച്ചു്, യഥാവിധി സ്നാനം കഴിച്ചു് വ്രതനിയമം കൊള്ളണം; ജപം ഗൃഹത്തിൽവെച്ചായാൽ ഫലം ഒരിരട്ടി; നദിയിൽവെച്ചായാൽ രണ്ടിരട്ടി; ഗോശാലയിൽവെച്ചായാൽ ആയിരമിരട്ടി; അഗ്നിശാലയിലും ശിവക്ഷേത്രത്തിലും തീർത്ഥത്തിലും ദേവതാസന്നിധിയിലുംവെച്ചായാൽ ആയിരത്തൊരുനൂറിരട്ടി; തുളസിക്കടുക്കൽവെച്ചായാൽ ലക്ഷമിരട്ടി; വിഷ്ണുസന്നിധിയിൽവെച്ചായാൽ അനന്തം!

അവന്തിരാജ്യത്തു ശിവശർമ്മാവു് എന്നൊരു ബ്രാഹ്മണശ്രേഷ്ഠനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ അമ്പുപുത്രന്മാരിൽ ഇളയവൻ ദുർവൃത്തനായിത്തീർന്നു. അതിനാൽ അച്ഛനും സ്വജനബന്ധുക്കളും അവനെ തള്ളിക്കളഞ്ഞു. അയാളം ദുരിതപ്രഭാവത്താൽ അതിദൂരത്തു് ഒരു കാട്ടിൽപ്പോയി പാർത്തു. ഒരുനാൾ അയാളം ദൈവയോഗത്താൽ ശ്രീവേണിയാകുന്ന മഹാതീർത്ഥത്തിൽ ചെന്നെത്തി. വല്ലാതെ വിശന്നു മുഖം വാടിയിരുന്ന അയാളം അതിൽ സ്നാനംചെയ്തു മഹർഷിമാരുടെ പുണ്യാശ്രമങ്ങളം തേടി നടക്കെ, ഫരിമിത്രമഹർഷിയുടെ പുണ്യാശ്രമം കണ്ടെത്തി. പുരുഷോത്തമമാസമാകയാൽ, വളരെ ജനങ്ങളം അവിടെ വന്നുകൂടിയിരുന്നു. അവിടെവെച്ചു്, ബ്രാഹ്മണർ കല്മഷം പോക്കുന്ന കഥകളം പറയുന്നുണ്ടായിരുന്നു; അക്കൂട്ടത്തിൽ കമലൈകാദശിയുടെ പരമപുണ്യതപവും ഭക്തിമുക്തിപ്രദതപവും ശ്രവിച്ചതിനാൽ ജയശർമ്മാവു് ആ മുനിമന്ദിരത്തിൽപ്പാർത്തു് അവരോടൊന്നിച്ചു് ആ വ്രതം അനുഷ്ഠിച്ചു. പാതിരയായപ്പോൾ, ലക്ഷ്മി അയാളുടെ അടുക്കൽ വന്നു്, 'വിപ്ര, കമലാപ്രഭാവത്താൽ ഭവാനെ ഞാൻ വരം തരാ'മെന്നരിയാടി.

ജയശർമ്മാവു്:—'രംഭോരു, ഭവതി ആരാണ്? ആരുടെയാണ്? എങ്കൽ പ്രസാദിച്ചതെങ്ങിനെ? ശക്രന്റെ ശചിയോ, പരമേശ്വര

Digitized By Kerala Sahitya Akademi

ന്റെ പാവ്തിയോ, ഗന്ധവ്വിയോ, കിന്നരിയോ, സൂയ്യപതിയോ, ച ന്ദ്രപതിയോ, ആരാണ് ഭവതി? സുഭഗേ, ഭവതിയെപ്പോലുള്ള ഒരു സ്ത്രീയെ ഞാൻ കണ്ടിട്ടില്ല; കേട്ടിട്ടുമില്ല.'

ലക്ഷ്മി:—'ഇപ്പോഴം കമലാപ്രഭാവത്താൽ പ്രസാദിച്ച ഞാൻ ദേവദേവനാൽ പ്രേരിതയായിട്ട വൈകുണ്ഠത്തിൽ നിന്നു വന്നവളാണ് പുരുഷോത്തമമാസത്തിലെ കമല എന്ന ക്യഷ്ണൈകാദശി ഭവാൻ നോറ്റതിനാൽ, വരം തരാൻ വന്ന കമലയാണ് ഞാൻ. പ്രയാഗത്തിൽ മുനിസന്നിധിയിൽവെച്ച കമലാവ്രതം ഭവാൻ അനുഷ്ഠിച്ചുവല്ലോ; അതിന്റെ പ്രഭാവത്താൽ ഞാൻ തീർച്ചയായും ഭവാനു വശപ്പെട്ടിരിക്കുന്നു. ഭവാന്റെ വംശത്തിൽ ജനിക്കാൻ പോകുന്ന ബ്രാഹ്മണോത്തമനും എന്റെ പ്രസാദത്തിനു പാത്രീഭവിക്കും; വാസ്തവമാണ് ഞാൻ പറഞ്ഞതു്.'

ജയശർമ്മാവു്:—'പത്നി, ഇവിടുന്നു പ്രസാദിച്ചുവെങ്കിൽ, സജ്ജനങ്ങളും ബ്രാഹ്മണരും കീർത്തിച്ചുപോരുന്ന വ്രതം വിസ്തരിച്ചരുളിച്ചെയ്താലും!'

ലക്ഷ്മി:—'ശ്രോതാക്കൾക്കു പരമശ്രേയസ്സും വിശ്വാസങ്ങളിൽവെച്ചുത്തമവും ദുസ്സ്വപ്നനാശനവും പുണ്യവുമായിട്ടുള്ളതു സശ്രദ്ധം ശ്രവിച്ചുകൊള്ളണം: ഒരു ശ്ലോകമോ പകുതിശ്ലോകമോ മികച്ച ശ്രദ്ധയോടേ ശ്രവിച്ചവൻ, അപ്പോഴത്തന്നെ അനേകകോടി മാപാപങ്ങളിൽ നിന്നു നിർമ്മുക്തനാകും. പക്ഷികളിൽ ഗരുഡനെന്നപോലെ, മാസങ്ങളിൽ മീതെയാകുന്ന പുരുഷോത്തമമാസം; നദികളിൽ ഗംഗയെന്നപോലെ, തിഥികളിൽ മീതെയാകുന്ന ഏകാദശി. ഇന്നും നിർഭാഗ്യരെല്ലാം, ഭാരതവർഷത്തിൽ ജനിപ്പാൻവേണ്ടി നിരാമയനായ നാരായണനെ ആരാധിച്ചുപോരുന്നു! യാചകരിലർ ദേവനാരായണസ്വാമിയെ ഭക്തിപൂർവ്വം അർച്ചിക്കുന്നുവോ, അവരെ ബ്രഹ്മാദിദേവന്മാർകൂടി പൂജിക്കുന്നു! വിഷ്ണുനാമം ജപിക്കുന്നവരും വിഷ്ണുകഥകൾ കഥിക്കുന്നവരും വിഷ്ണുപൂജ ചെയ്യുന്നവരുമത്രേ കലിയുഗത്തിൽ കൃതാർത്ഥന്മാർ.*.....'

ഈവിധം കഥിച്ചു ശ്രീദേവി വരംകൊടുത്തു മറഞ്ഞു; ജയശർമ്മ ബ്രാഹ്മണൻ ധനികനായി താതഗൃഹത്തിലേയ്ക്കു തിരിച്ചു. ശ്രേഷ്ഠമായ കമലാവ്രതം അനുഷ്ഠിക്കുകയും ഹരിവാസരത്തിൽ ശ്രവിക്കുകയും ചെയ്യുവന്ന പാപമെല്ലാം വിട്ടൊഴിയും.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദാന്തർഗ്ഗത
യുധിഷ്ഠിരക്യഷ്ണസംവാദം, ഏകാദശീമഹാത്മ്യപ്രകരണം,
കാമദൈകാദശീകഥയും സംപൂർണ്ണം.

---

* ഏകാദശിയുടെവിധി പൂർവ്വത്തിലൊരിടത്തായി കുറെ ശ്ലോകം വിട്ടു.

Digitized By Kerala Sahitya Akademi

൪൨൰പത്തൊന്നാമദ്ധ്യായം

യുധിഷ്ഠിരൻ:—'ജഗദീശ, വളരെ ധർമ്മവ്രതങ്ങൾ ഞാൻ കേട്ടിട്ടുണ്ട്; ഏകാദശിക്കൊത്ത ഒരു വ്രതം ഇല്ലതന്നെ! പാപം നീക്കി പുണ്യം പുലർത്തുന്ന ഏകാദശിയെ വിണ്ടും വണ്ണിച്ചാലും; അതു ശ്രവിച്ചാൽത്തന്നെ മനുഷ്യൻ പരമപദം പ്രാപിക്കുമല്ലൊ!'

കൃഷ്ണൻ:—'ക്ഷിതീശ്വര, വെളുത്തപക്ഷത്തിലായാലും കറുത്തപക്ഷത്തിലായാലും മോക്ഷസൌഖ്യവിവർദ്ധനിയായ ഏകാദശിയെ ഉപേക്ഷിക്കരുതു്. കലികാലത്തു സംസാരബന്ധത്തെ വേർപെടുത്തുന്നതു് ഏകാദശിയാണു്. അതു സർവ്വാഭീഷ്ടങ്ങളേയും നൽകും; പാപികൾക്കു പാപശാന്തി വരുത്തും. ഞായറാഴ്ചയോടൊ ചൊവ്വാഴ്ചയോടൊ സംക്രമത്തോടൊ ചേർന്ന ഏകാദശി നോറ്റാൽ പുത്രപൌത്രർ വർദ്ധിക്കും. ഏകാദശീവ്രതം ഒരിക്കലും വൈഷ്ണവർ വെടിയരുതു്. ആയുസ്സിനേയും യശസ്സിനേയും സന്തതിയേയും സമ്പത്തിനേയും ആരോഗ്യത്തെയും അഴകിനേയും മുക്തിയേയും നൽകുന്നതത്രേ ഏകാദശീവ്രതം. ഇതു വിധിപോലെ സന്തുഷ്ടം നോറ്റവർ വിഷ്ണുസാരൂപ്യം നേടി ജീവന്മുക്തരായി വാഴും; സംശയമില്ല.'

യുധിഷ്ഠിരൻ:—കൃഷ്ണ, എങ്ങിനെ ജീവന്മുക്തരാകും? എങ്ങിനെ വിഷ്ണുസാരൂപ്യം നേടും? എനിക്കു വളരെ കൌതുകം തോന്നുന്നു!'

കൃഷ്ണൻ:—'രാജാവേ, കലികാലത്തു് ഏകാദശീവ്രതം ജലപാനംപോലുമില്ലാതെ യഥാവിധി അനുഷ്ഠിച്ചവർ എങ്ങിനെ വിഷ്ണുസരൂപരാകയില്ല? എങ്ങിനെ ജീവന്മുക്തരാകയില്ല? സർവ്വപാപങ്ങളേയും നീക്കി സർവ്വാഭീഷ്ടങ്ങളേയും നൽകാൻ, ഏകാദശിയെപ്പോലെ ഒരു പുണ്യവ്രതമില്ലതന്നെ. ദശമിനാൾ ഒരിക്കലുണ്ടു്, ഏകാദശിനാൾ നിരാഹാരോപവാസം, പോദശിനാൾ പാരണ ഇങ്ങനെ വ്രതം കൊണ്ടവർ വിഷ്ണുതുല്യരായിച്ചമയും. ശുഭമായ കാമൈകാദശീവ്രതമാകട്ടെ, സന്തുഷ്ടം അനുഷ്ഠിക്കുന്നവന്നു് ഇഹത്തും അമുത്തും അഭീഷ്ടത്തെ നിറവേറും. പരിശുദ്ധിയും പാവനിയും മഹാപാപനാശിനിയും മുക്തിപ്രദയുമാണു കാമൈകാദശി. അന്നു പുരുഷോത്തമനെ പുഷ്പധൂപദീപികകൊണ്ടും നൈവേദ്യങ്ങൾകൊണ്ടും ഫലങ്ങൾകൊണ്ടും യഥാവിധി പൂജിക്കണം. * ..ഇങ്ങനെ കാമദ നോറ്റു രാത്രിയിൽ ജാ

* ഈശ്ലോകം മുൻപറഞ്ഞിട്ടുണ്ട്; യഥാസ്ഥലത്തുകണ്ടു കൊൾക.

Digitized By Kerala Sahitya Akademi

ഗുരുണവും ചെയ്ത പുരുഷോത്തമനെ പൂജിച്ചവർ പാപമെല്ലാം വേർ പെട്ട പരമഗതിയടയും. ഇതു ചൊല്ലുകയൊ കേൾക്കുകയൊ ചെയ്താൽ ആയിരം പുണ്ഡരീകത്തിന്റെ ഫലം കിട്ടും."

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദത്തെത്തുടർന്നുള്ള ഉത്സവവിധാനം, ഏകാദശീമാഹാത്മ്യപ്രകരണം, പുരുഷോത്തമമാസത്തിലുള്ള ഏകാദശീകഥനം എന്നിവയടങ്ങിയ അറുപത്തഞ്ചാമദ്ധ്യായം.

:o:

അറുപത്താറാമദ്ധ്യായം

നാരദൻ:—മഹേശ്വര, വിശ്വവിശ്രുതങ്ങളായ പുരുഷോത്തമവ്രതനിയമങ്ങൾ ശ്രദ്ധിപ്പാൻ എനിക്കാഗ്രഹമുണ്ട്. വിഷ്ണുപള്ളികൊള്ളുന്ന നാലുമാസം എന്തെല്ലാം ചെയ്യണം? ഷഡ്രസങ്ങൾ വർജ്ജിക്കുക, നഖകേശങ്ങൾ നീട്ടുക മുതലായ നിയമങ്ങൾകൊണ്ടുള്ള ഫലം ഇന്നതാണെന്നും അരുളിച്ചെയ്യുമാറാകണം!'

സൂതൻ:—ഇതുകേട്ടിട്ട് ശിവൻ തൃക്കണ്ണുകൾ വിടർത്തു പുഞ്ചിരി കൊണ്ട്, ആ തപോനിധിയായ നാരദമഹർഷിയോടരുളിച്ചെയ്തു:—

ശിവൻ:—ദേവർഷേ, കേട്ടുകൊള്ളുക; വിസ്തരിച്ചുപറയാം: ആഷാഢത്തിലെ വെളുത്ത ഏകാദശി മുതൽ ചാതുർമാസ്യവ്രതങ്ങൾ കേമമായി കൈക്കൊള്ളണം; കാർത്തികയുടെ ഏകാദശിനാളിൽ പത്മനാഭൻ പള്ളിനിദ്രകൊള്ളുന്ന നാലുമാസം മുഴുവൻ, നെറുനിലത്തുമേണം കിടക്കുക. യാഗം, വിവാഹം, മറ്റു മംഗളകർമ്മങ്ങൾ, മാങ്കല്യധാരണം തുടങ്ങിയുള്ള മുതലായതൊന്നും ഈ നാലുമാസങ്ങളിൽ പതിവില്ല. ജഗദീശനായ ഗരുഡധ്വജൻ പള്ളിയുറങ്ങുന്ന നാലുമാസങ്ങളിൽ വ്രതങ്ങൾ ആചരിച്ചവന്ന് അനേകായിരം അശ്വമേധങ്ങളുടെ ഫലം കിട്ടും. മിഥുനമാസത്തിൽ പങ്കജാക്ഷനെ പള്ളിയുറക്കണം; തുലാമാസത്തിൽ പള്ളിയുണർത്തണം. അധിമാസംവന്നാലും ഇതുതന്നെ വിധി. ശംഖചക്രഗദകൾ കൈക്കൊണ്ട് മഞ്ഞപ്പുടവയുടുത്ത മാധവന്റെ സൌമ്യപ്രതിമയെ വെള്ളവസ്ത്രം വിരിച്ചതും വെണ്മയുള്ളതുമായ വെട്ടപ്പുള്ള് കട്ടിൽ ഇതിഹാസപുരാണങ്ങളോതിയോ വിഷ്ണുഭക്തനോ പ്രതിഷ്ഠിച്ച്, തിർകൊണ്ടും പാൽകൊണ്ടും തേൻകൊണ്ടും, മലർകൊണ്ടും നെയ്കൊണ്ടും അഭിഷേചിച്ച്, നല്ല ഗന്ധങ്ങൾ പൂശിച്ച്, മനോഹരങ്ങളായ ധൂപങ്ങൾകൊണ്ടും വെളുത്ത പൂക്കൾകൊണ്ടും പൂജിക്കണം; പൂജാമന്ത്രം ഇതാണ്:

Digitized By Kerala Sahitya Akademi

'സുപ്തേ ത്വയി ജഗന്നാഥ, ജഗൽ സുപ്തം ഭവേദിദം;
വിബുധേ ത്വയി ബുധ്യേത ജഗൽ സർവ്വം ചരാചരം.'

ഇങ്ങനെ പ്രതിഷ്ഠിക്കപ്പെട്ട വിഷ്ണുപ്രതിമയുടെ മുമ്പിൽ വെച്ച് സ്വയം ഉച്ചരിച്ചുകൊണ്ടു പുരുഷനോ സ്ത്രീയോ നിയമങ്ങൾ കൈക്കൊൾവാൻ ഒന്നധാനപൂർവ്വം ഉപവസിച്ച്, പിറേന്നു പ്രഭാതത്തിൽ നിത്യകർമ്മം കഴിച്ചിട്ടാണ്, നാലു വാർഷികമാസങ്ങളിലെ നിയമങ്ങൾ ധർമ്മാധർമ്മവിദഗ്രേണ ജിതേന്ദ്രിയനായി കൈക്കൊള്ളേണ്ടതു്. വെള്ളം വർജ്ജിച്ചവൻ മധുരസ്വരനായിരിക്കും; തൈലം വർജ്ജിച്ചവന്നു സന്തതി വർദ്ധിക്കും; കടുതൈലം ത്യജിച്ചവന്നു് ശത്രുനാശം സിദ്ധിക്കും; സുഗന്ധതൈലം വെടിഞ്ഞവന്നു നിസ്തുല്യമായ സൌഭാഗ്യമുണ്ടാകും; പുഷ്പോപഭോഗം വെടിഞ്ഞവൻ സ്വർഗ്ഗത്തിൽ വിദ്യാധരനാകും; കടു മധുര ലവണ കഷായതിക്തങ്ങളാകുന്ന ഷഡ്രസങ്ങൾ വർജ്ജിച്ചവന്നു ഒരുപ്പുപ്പുമോ ഉദ്ദണ്ഡമോ സംഭവിക്കുകയില്ല. താംബൂലം വർജ്ജിച്ചവന്നു ഭോഗങ്ങളും കണ്ഠശുദ്ധിയും കൈവരും; നെയ്യുപേക്ഷിച്ചവൻ ലാവണ്യശാലിയും സ്നിഗ്ധഗാത്രനുമായിത്തീരും; ഫലം ത്യജിച്ചവന്നു് തുണ്ടനക്കം ധാരാളമുണ്ടാകും; പിലാശിലയിൽ ഊൺകഴിക്കുന്നവൻ ഭോഗവാനും രൂപവാനുമായി വരും; കാൽകഴുകിയും തലയിലും എണ്ണതേയ്ക്കാത്തവൻ ദീപ്തിമാനായി ദീപ്തേന്ദ്രിയനായി ദിവ്യഭോഗങ്ങൾക്കധിപനായി വാഴും; തൈരും പാലും വെടിഞ്ഞവൻ ഗോലോകം പൂകും; മൌനവ്രതംകൊണ്ടവൻ ആജ്ഞയ്ക്കു തടവില്ലാത്തവനാകും; യാഗം ശീലിച്ചവൻ ബ്രഹ്മപദം പ്രാപിക്കും; സ്ഥാലീപാകം (പായസത്തിനു പചിച്ചതു്) ഭക്ഷിക്കാത്തവൻ ഇന്ദ്രസിംഹാസനത്തിൽ കയറും! ബ്രഹ്മപുത്ര, ഈവക വർജ്ജിക്കുന്നതു ധർമ്മമത്രേ.'

"നമോ നാരായണായ" എന്നു ജപിച്ചാൽ ഫലം നൂറു മടങ്ങ്; അവൻ സ്വർഗ്ഗത്തിൽ വിദ്യാധരന്മാർക്ക് ഏകനാഥനായി വാഴും; വെറുംവെള്ളത്തിൽ കുളിച്ചാൽത്തന്നെ ഗംഗാസ്നാനമായി! നിലത്തു് ഊൺ കഴിക്കുന്നവൻ ഭൂപതിയാകും. വിഷ്ണുപാദം നനച്ചാൽ ഗോദാനഫലം കിട്ടും. വിഷ്ണുപാദാംബുജം സ്പർശിച്ചവൻ കൃതാർത്ഥനാകും. നാരായണനാമം ഒരിക്കലുണ്ണുന്നതായാൽ അഗ്നിഷ്ടോമഫലം സിദ്ധിക്കും. വിഷ്ണുക്ഷേത്രം അടിച്ചു തെളിച്ചാൽ തീർച്ചയായും ഒരു കൈകുണ്ടത്തിൽ വസിക്കാം. നൂറൊട്ട വലം വയ്ക്കുന്നവൻ ദിവ്യമായ ഹംസവിമാനത്തിലൂടെ യാത്ര ചെയ്യും. ഗരുഡധ്വജനെ ഗീത

Digitized By Kerala Sahitya Akademi

വാല്യങ്ങളും ഏർപ്പെടുത്തുന്നവൻ ഗന്ധർവ്വലോകം പൂകും. പഞ്ചഗവ്യം സേവിച്ചാൽ ചാന്ദ്രായണത്തിന്റെ ഫലം കിട്ടും. നാരായണതോരും നാരായണന്റെ മുമ്പിൽ വെച്ചു ശാസ്ത്രം വായിച്ചു ജനങ്ങളെ ധരിപ്പിക്കുന്നവൻ വ്യാസനെപ്പോലായി വിഷ്ണുപദം പ്രാപിക്കും. തുളസീദളം കൊണ്ടു പൂജിക്കുന്നവൻ ഗോവിന്ദമന്ദിരമണയും. ദിവ്യമായ കാഴ്ചയേർപ്പെടുത്തുന്നവൻ അപ്സരോലോകം പ്രാപിക്കും. ഗൃഹത്തിൽ പച്ചവെള്ളംകൊണ്ടു കളിച്ചാൽ ദേഹൈശ്വര്യം സിദ്ധിക്കും; ചൂടുവെള്ളം വർജ്ജിച്ചാൽ പുഷ്കരസ്നാനമായി!

ഇലയിലുണ്ടാൽ കുരുക്ഷേത്രഫലം കിട്ടും; കല്ലിന്മേലുണ്ടാൽ പ്രയാഗപുണ്യം സാധിക്കും; ചെമ്പുപാത്രത്തിലുണ്ടാൽ നൈമിശഫലം കൈവരും. ഓട്ടുപാത്രം മാത്രം പാടില്ല. ഒരു പാത്രവുമില്ലെങ്കിൽ മൺപാത്രം മതി; താൻതന്നെ ശേഖരിച്ചു കുത്തിയുണ്ടാക്കിയ പിലാശിലയും കൊള്ളാം. അതിലുണ്ണുന്നതു വനഭോജനത്തിന്നും ചാന്ദ്രായണത്തിന്നും തുല്യമത്രേ. പിലാശിലയിൽ ഓരോ നേരം ഉണ്ണുന്നതു തിരാതുലാവ്രതവും മഹാപാപനാശനവുമാകുന്നു; അതു ഏകാദശി നോൽമ്പിന്റെ ഫലത്തേയും സർവ്വാനസർവ്വതീർത്ഥഫലത്തേയും പ്രദാനംചെയ്യും. താമരയിലയിലുണ്ടവൻ നരകം കാണില്ല; ബ്രാഹ്മണൻ വൈകുണ്ഠവും മറ്റുള്ളവർ സ്വർഗ്ഗവും പൂകും. പാപനാശനവും സർവ്വകാമദവുമത്രേ പിലാശ്രമമാമരം. ശൂദ്രൻ നട്ടവിടെ ഇല വർജ്ജിക്കണം; അതിലുണ്ടാൽ പതിനാലിന്ദ്രന്മാരുടെ കാലം മുഴുവൻ നരകത്തിൽ കിടക്കും. ശൂദ്രൻ നട്ടവിലയിൽ ഉണ്ടുപോയാൽ, ബ്രാഹ്മണന്നു കപിലപ്പയ്യിനെ നൽകിയാലേ വിശുദ്ധിപ്പെട്ടൂ. ശൂദ്രൻ കപിലയെ സഗൃഹത്തിൽ വെച്ചു കറന്നാൽ പതിനായിരത്താണ്ടു മലത്തിൽ പുഴുവായിത്തീരും; കൃമിയോനിയിൽ നിന്നു മോചിച്ചാൽ, പശുയോനിയിൽപ്പതിക്കും. ശൂദ്രൻ കപിലവൃഷത്തെ ചുമപ്പിച്ചാൽ അതിന്നെത്ര രോമമുണ്ടോ അത്ര സംവത്സരം ചെമ്പുകിടാരത്തിൽ വറുക്കപ്പെടും; സംശയമില്ല. ശൂദ്രൻ പെണ്ണാടിനെ സഗൃഹത്തിൽ നിർത്തി, അതിന്റെ പാൽ കുടിച്ചാൽ രൗരവത്തിൽ വീണുപോകും. ശൂദ്രൻ ബ്രാഹ്മണനെക്കൊണ്ടു പണിയെടുപ്പിച്ചാൽ ആ ബ്രാഹ്മണൻ, വേദബാഹ്യനും, ആ ശൂദ്രൻ പാഷണ്ഡനുമാകും. ശൂദ്രനാൽ പണിക്കയയ്പ്പെട്ട് അവന്റെ ആജ്ഞ നടത്തുന്ന ബ്രാഹ്മണൻ ഏഴു ജന്മം നടക്കുമേ, അത്ര നരകം അനുഭവിക്കും. ശൂദ്രനാൽ വെള്ളത്തിന്നയയ്പ്പെട്ട ബ്രാഹ്മണൻ കൊണ്ടുവന്ന വെള്ളം മദ്യതുല്യമത്രെ; അതു കുടിച്ച ശൂദ്രൻ നരകത്തിൽപ്പതിക്കും. ശൂദ്രൻ ക്ഷണിക്കപ്പെട്ട്, ബ്രാഹ്മണഗൃഹത്തിലെ

Digitized By Kerala Sahitya Akademi

അമൃതോപമമായ അന്നം ഭക്ഷിച്ചാൽ മുക്തിയടയും. സപ്തധാന്യമോ വെള്ളിയോ തുല്യ ബ്രാഹ്മണധനം ലോഭത്താൽ കൈക്കലാക്കുന്ന ശൂദ്രൻ നരകമനുഭവിക്കും. ശൂദ്രൻ ഏതൊന്നും ബ്രാഹ്മണന്നു ദാനം നൽകുകയും ബ്രാഹ്മണനിൽ ഭക്തി കൊള്ളുകയും വേണം. ചാതുർമ്മാസ്യത്തിൽ വിശേഷിച്ചും, വിഷ്ണുതുല്യനത്രേ ബ്രാഹ്മണൻ; അതിനാൽ ബ്രാഹ്മണരെ യഥാവിധി പൂജിച്ചുകൊള്ളണം.

പ്രോഷ്ഠപദമാസത്തിൽ മഹാപൂജ വേണം: കടിദാനം നൽകിയാൽ പശുവും സന്തതിയും വർദ്ധിക്കും; ചാതുർമ്മാസ്യാവസാനത്തിൽ വിഷ്ണുവിന്ന് ഉത്ഥാപനം (എഴുനേല്പിക്കൽ) നടത്തി, ശരീരം ദാനംചെയ്യാൽ സുഖം ലഭിക്കും. തിരുത്തിമയമാണ് ആ ശരീരം എന്നു വൈഷ്ണവാദികൾ കരുതണം. അതു്, വിഷ്ണുരൂപനായ ഗുരുവിന്നു നൽകണം. എന്നാൽ ഇഹത്തിൽ സുഖം നേടി പരത്തിൽ സൽഗതി പൂകും. ഈ പഞ്ചഭൂതാത്മകമായ ശരീരം നിരർത്ഥമാണല്ലോ; അതു ഗുരുവിന്നു നൽകിയാൽ അനന്തഫലമാകും. പാപഘോരമായ കലിയുഗത്തിൽ ദുരാത്മാക്കൾ പുണ്യകർമ്മാക്കളെ നിന്ദിക്കും; തന്മൂലം പ്രളയംവരെ ദുഃഖത്തിൽപ്പെട്ടുകയും ചെയ്യും. കലികാലത്തു പലതരം അധർമ്മങ്ങൾ നടപ്പിൽ വരും; ധർമ്മാർത്ഥകാമമോക്ഷങ്ങളായിട്ടുള്ളതു ലോകത്തിൽ ചുരുങ്ങുകയും ചെയ്യും.

നിലത്തു കിടന്നാൽ വിമാനം കൈവരും. എണ്ണതേയ്ക്കാതിരുന്നാൽ പതിനായിരം കൊല്ലത്തേയ്ക്കു രോഗം പിടിപെടില്ല; സന്തതിയും സമ്പത്തും വർദ്ധിക്കും; കൃഷ്ണൻ ബാധിക്കില്ല. നക്തഭോജനം തീർത്ഥയാത്രാഫലത്തെ നൽകും. യാചിക്കാതിരുന്നാൽ, വാപീകൂപനിർമ്മാണഫലം കിട്ടും. ദ്രോഹിക്കരുതു്; പ്രാണികളെ ഹിംസിക്കരുതു്: അഹിംസയാണ് പരമമായ ധർമ്മമെന്നു വേദങ്ങൾ പാടിയിരിക്കുന്നു. ദാനം, ദയ, ദമം എന്നിവയെ മഹത്തുക്കളും സർവ്വപ്രയത്നേന പുലർത്തിപ്പോരണം. പുരുഷൌരുഷോടു കൂടിയ ശരീരത്തെ ഗുരുവിന്നു നൽകിയവർ, ആ ദാനത്തിന്റെ മാഹാത്മ്യത്താൽ വിഷ്ണുവിന്നു പ്രിയപ്പെട്ടവരാകും. ശൂദ്രൻ ശൂദ്രനെ ദീക്ഷിപ്പിച്ചാൽ, അവരിരുവരും പ്രളയംവരെ പാപികളത്രേ. യാതൊരു ശൂദ്രൻ ഹിംസയിൽ മനസ്സുവെയ്ക്കുന്നുവോ, ആ മഹാപാപിമൂലം ഇരുപത്തൊന്നു തലമുറ നരകത്തിൽപ്പതിക്കും. കലികാലത്തു ഭൂമിയിൽ പാഷണ്ഡരായ ശൂദ്രരെ വളരെക്കാണാം; അവരോടു സംസാരിച്ചാൽത്തന്നെ നരകം പറ്റും. ബ്രഹ്മജ്ഞാനനിരതരും ഗായത്രി ജപിക്കുന്നവരും യാഗം ചിലരോ, അവരെ ദർശിച്ചാൽ മതി, ബ്രഹ്മഹത്യപോലും നീങ്ങാൻ! ശംഖചക്രങ്ങളും ധരിച്ചുവരായി

Digitized By Kerala Sahitya Akademi

വിഷ്ണുധർമ്മങ്ങളിലും വേദധർമ്മങ്ങളിലും നിരതരായിരിക്കുന്ന ബ്രാഹ്മണർ ഏതൊന്നും പന്തിയെ പരിശുദ്ധിപ്പെടുത്തുന്നവരെയും പരിശുദ്ധിപ്പെടുത്തുന്നവരാകുന്നു!

ഈ ചാതുർമ്മാസ്യം പരിപാലിയ്ക്കുന്ന മനുഷ്യർ അനുഷ്ഠിക്കേണ്ടതാണ്. എന്തിനു വീണ്ടും വീണ്ടും ഏറെപ്പറയുന്നു? ബ്രാഹ്മണ, വൈഷ്ണവർ യാവ ചിലരോ, അവരാണ് ധന്യർ! അവരുടെ വംശമാണ് അതിധന്യം! അവരുടെ ജാതിയാണ് പരമധന്യം! പത്മനാഭൻ പള്ളിയുറങ്ങുന്ന കാലത്ത് മധുപാനം ചെയ്താൽ മഹാപാപം വന്നുകൂടും; അതു വഴ്ജിച്ചാലോ, സർവ്വയജ്ഞങ്ങളുടേയും ഫലം സിദ്ധിക്കും. ഉരുമാമ്പഴം, നാരങ്ങ, നാളികേരം എന്നിവ വർജ്ജിച്ചവർ ദേവനായി വിമാനത്തിൽ വിഹരിച്ച്, ഒടുവിൽ വൈകുണ്ഠം പൂകും; ശ്രീമത്തായ വംശത്തിൽ തേജസ്വിയും സുഭഗനുമായി ജനിക്കുകയും ചെയ്യും. നാലുമാസം ഒരിക്കലൂണായി കഴിച്ചവൻ ഒരു ദിവസത്തിന്ന് എത്ര മുഹൂർത്തങ്ങളുണ്ടോ, അത്ര ആയിരംകൊല്ലം വിഷ്ണുലോകത്തു സൽക്കരിക്കപ്പെടും. ഗ്രീഹിയും യവവും കോതമ്പും വർജ്ജിച്ചവൻ, അശ്വമേധാദിയജ്ഞങ്ങളും ദക്ഷിണയോടുകൂടി ചെയ്യുന്നിനുള്ള ഋഷിപ്രോക്തമായ ഫലം നേടും; ധനധാന്യസമൃദ്ധനും വളരെ മക്കളുള്ളവനുമായിത്തീരുകയും ചെയ്യും. തുളസി, എള്ള്, ദർഭപ്പുല്ല് എന്നിവകൊണ്ടു തർപ്പണംചെയ്താൽ, ചാതുർമ്മാസ്യത്തിൽ വിശേഷിച്ചും, കോടി മടങ്ങായ ഫലം; വിഷ്ണുവിന്റെ നിദ്രാകാലത്ത്, ഇവ മൂന്നുകൊണ്ടു തർപ്പണംചെയ്യുവർ അനേകായിരം യുഗം വിഷ്ണുസന്നിധിയിൽ വിളയാടും. ബ്രഹ്മാവിന്റെ ഒരു പകലോ പകുതിയോ യാവ ചിലർ വിഷ്ണുവിന്റെ മുമ്പിൽചെല്ലുച്ചരിക്കുമോ, അവർ ഭക്തന്മാർ തന്നെ! പരമപുരുഷൻ പള്ളിക്കുറുപ്പുകൊള്ളുന്ന കാലത്ത് മൈഥുനം വർജ്ജിച്ചവൻ ഒരു മന്വന്തരം മുഴുവൻ വിഷ്ണുലോകത്തു പൂജിക്കപ്പെടും. പാലും തയിരും നേരും വെല്ലവും ശാകവും വർജ്ജിച്ചവൻ തീർച്ചയായും മുക്തിയടയും. മൂന്നു നെല്ലിയ്ക്കകൊണ്ടു സ്നാനംചെയ്യുന്നവർ നാം തോറും വലിയ പുണ്യം നേടും: നെല്ലിയ്ക്ക പാപനാശനമാണെന്നു പണ്ഡിതന്മാർ പറയുന്നു; മൂന്നുലോകത്തിന്നും ഉൽപ്പത്തിക്കായി ബ്രഹ്മാവു നിർമ്മിച്ചതത്രേ നെല്ലിമരം. നാലുമാസം സന്ധ്യാകാലത്തു മൌനംകൊള്ളുന്നവൻ സത്യത്താലുള്ള മഹാപുണ്യം സമ്പാദിക്കും. നാലുമാസം മുടങ്ങാതെ സ്നാനം കഴിയ്ക്കുന്നവൻ നാലു മന്വന്തരം നാരായണാലയത്തിൽ രമിക്കും. നാലുമാസം സ്വയം പാകമായി ഊൺ കഴിക്കുന്നവൻ പതിനായിരംകൊല്ലം ശക്രലോകത്തു സൽകരിക്കപ്പെടും. നാലുമാസം മുഴുവൻ മൌനം കൊള്ളുന്നവൻ വിഷ്ണുകന്ദിരവും പിന്നെ

Digitized By Kerala Sahitya Akademi

ബ്രഹ്മസദനവും പ്രാപിക്കും. ഉണ്ണുമ്പോൾ മൌനംകൊണ്ടവന്ന് ഒരേടുത്തും വാട്ടംതട്ടുകയില്ല: മൌനഭോജനത്താലത്രെ രാക്ഷസർ വിണ്ണണഞ്ഞത്. കൃമികീടങ്ങൾ വേണ്ടാത്ത പദാർത്ഥം അശുദ്ധിപ്പെടുത്തും; അതു ഗോമാംസത്തിനു തുല്യമത്രേ. അങ്ങിനെ അശുദ്ധമായ അന്നം മനുഷ്യൻ ഭക്ഷിച്ചുകൂടാ; രാക്ഷസർക്കായിട്ട്, മഹാബ്രഹ്മാവു് പ്രത്യേകിച്ചുകൊടുത്തതാണതു്. ഉണ്ണുമ്പോൾ സംസാരിച്ചാൽ അന്നം അശുദ്ധമായിപ്പോകും; അതുണ്ണുന്നവൻ പാപമാണു ഭുജിക്കുന്നതു്! അതിനാൽ മൌനം അവലംബിച്ചുകൊള്ളുന്ന മൌനത്തോടുകൂടിയ ഭോജനം ഉപവാസത്തിനൊക്കും. മൌനത്തോടെ പഞ്ചപ്രാണാഹുതികൾ ചെയ്താൽ പഞ്ചമഹാപാതകങ്ങളും നശിക്കും; സംശയമില്ല.

തുന്നിയ വസ്ത്രം, വിശേഷിച്ചും പിതൃകർമ്മത്തിൽ ധരിക്കരുതു്. ശരീരം അശുചിയായാൽ വസ്ത്രവും അശുചിയാകും: മലമൂത്രവിസർജ്ജനത്തിലും മൈഥുനത്തിലും ധരിച്ച വസ്ത്രം വർജ്ജിക്കണം. എപ്പോഴും വിശുദ്ധരായി ജിതേന്ദ്രിയരായിട്ടു വേണം ചക്രപാണിയെ പൂജിപ്പാൻ. രാത്രിയുടുപ്പുള്ളിനിർത്തുകൊള്ളുന്നകാലത്തു തുണശാകകർമ്മങ്ങളും, തുന്നിയ വസ്ത്രം എന്നിതെല്ലാം വർജ്ജിച്ചവൻ പ്രളയംവരെയ്ക്കും നരകം പുകയില്ല. ചാതുർമ്മാസ്യത്തിൽ മദ്യവും മുയൽ പന്നികളുടെ മാംസവും കഴിക്കാത്തവനും, അഹിംസാനിരതനും ആയാൽ, അവൻ ദേവതുല്യം പ്രാപിക്കും. വെറുതേ ക്രോധിക്കൽ, ദ്രോഹം, പുണ്യദിവസങ്ങളിൽ മൈഥുനം എന്നിവ വർജ്ജിച്ചവൻ അശ്വമേധഫലവും ബ്രഹ്മചര്യവും സന്താനവൃദ്ധിയും ദീർഘായുസ്സും നേടും. പുഷ്പം, പത്രം, ഫലം, ശയ്യ, അഭ്യംഗം, അനുലേപനം, വെറുതെ കറന്ന പാൽ, മദ്യം, മാസം എന്നിവ ചാതുർമ്മാസ്യത്തിൽ വർജ്ജിക്കണം. വർജ്ജിക്കപ്പെട്ടതു് യാതൊന്നോ, അതു ബ്രാഹ്മണനു ദാനംചെയ്താൽ, കോടികോടി മടങ്ങായിരിക്കും ഫലം. വിപ്രേന്ദ്ര, ഏതൊരു നിയമത്താലെങ്കിലും പൂജിച്ചാൽ വിഷ്ണു വൈകുണ്ഠത്തെ കല്പിച്ചുതരും; സംശയംവേണ്ട. ചാതുർമ്മാസ്യത്തിൽ ഒരുനിയമവും കൈക്കൊള്ളുന്നതാരൊ, അവൻ നരകം പൂകും; അവന്റെ ജന്മം വെറുതെ ബ്രാഹ്മണൻ പറയുന്നവിധിയും നിയമവും അനുഷ്ഠിക്കുമോ, അവനു പരമപദം കിട്ടും. ത്രിവർഗ്ഗരഹിതമായ ജന്മം നിഷ്ഫലമാണെല്ലൊ; അതിനാൽ വൃദ്ധിയെ പണിപ്പെട്ടു ജനാർദ്ദനന്തിരുവടിയെ പ്രീതിശക്തി നിയമങ്ങൾകൊണ്ടും ദാനങ്ങൾകൊണ്ടും പ്രസാദിപ്പിക്കണം. സ്നാനവും ദാനവും ബ്രാഹ്മണാർച്ചനവും ചെയ്യാഞ്ഞാൽ, എല്ലാം പതിനാലിന്ദ്രന്മാരുടെ കാലത്തോളം, വെറുതെ പോയി.'

Digitized By Kerala Sahitya Akademi

നാരദൻ:—'വിശ്വനാഥ, എങ്ങിനെയുള്ള താണു ബ്രഹ്മചര്യം? ഇതാചരിച്ചാൽ ശ്രീനാരായണൻ പ്രസാദിക്കുമല്ലൊ.'

ശിവൻ:—'അന്നെറ വായ്കയിൽമാത്രം രമിക്കുന്നവനാരൊ, അവൻ ബ്രഹ്മചാരിയത്രെ. ചണ്ഡാലനെക്കാളും നീചനാണ്. സ്വഭാര്യയെ ത്യജിക്കുന്നവൻ. ഋതുകാലത്തു സംയോഗം ചെയ്യുന്നതു ബ്രഹ്മചര്യമാകുന്നു. സ്നേഹമുള്ള ഭാര്യയെ വൃഥാ വെടിയുന്നവൻ ഭ്രൂണഹത്യാപാപിയായിത്തീരുകും. സ്നാനം, ദാനം, ജപം ഹോമം, സ്വാധ്യായം, ദേവപൂജ എന്നിതെല്ലാം ചാതുർമ്മാസ്യത്തിലാചരിച്ചാൽ അക്ഷയമായിരിക്കും. രണ്ടുനേരമോ രണ്ടുനേരമോ പുരാണം ശ്രവിക്കുന്നവൻ പാപമെല്ലാമൊഴിഞ്ഞു വിഷ്ണുലോകം പൂകും. വിഷ്ണു ഉറങ്ങുന്ന കാലത്തു വിശേഷിച്ചും, ഹരിനാമം ചൊല്ലുന്നതിനും ജപിക്കുന്നതിനും കോടി മടങ്ങു ഫലമുണ്ട്. യാതൊരു വൈഷ്ണവബ്രാഹ്മണൻ പൂജകഴിക്കുന്നവൊ, അദ്ദേഹംതന്നെ സർവ്വധർമ്മാത്മാവും പൂജനീയനും പാപനാശനവും പവിത്രവും പുണ്യവുമായ ഈ ചാതുർമ്മാസ്യം ശ്രവിച്ചാൽ ഗംഗാസ്നാനപുണ്യം സിദ്ധിക്കും.'

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, മാരദശിവസംവാദം,
ചാതുർമ്മാസ്യവിധികഥനം അറുപത്തേഴാമദ്ധ്യായം.

അറുപത്തേഴാമദ്ധ്യായം

നാരദൻ:—'സ്വാമിൻ, ചാതുർമ്മാസ്യവ്രതങ്ങളുടെ * ഉദ്യാപനവും ഉപദേശിച്ചതരിക; ഉദ്യാപനം ചെയ്യാതെ വ്രതം പൂർത്തിപ്പെടുകയുള്ളുവല്ലൊ.'

ശിവൻ:—'മഹർഷേ, വ്രതമനുഷ്ഠിച്ചിട്ട് ഉദ്യാപനം യഥാവിധി ചെയ്യാഞ്ഞാൽ ഫലം കിട്ടുകയില്ല; നേരെമറിച്ച്, വ്രതവൈകല്യത്താൽ കുഷ്ഠവും കുരുടത്വവും വന്നുകൂടും. അതിനാൽ ഉദ്യാപനം ചെയ്യുകതന്നെ വേണം: മൻപറഞ്ഞ നിയമങ്ങളും കൈക്കൊണ്ടു ശരിക്കു സംരക്ഷിച്ചിട്ട്, ജഗദീശൻ ഉണർന്നെഴുന്നേൽക്കുമ്പോൾ ബ്രാഹ്മണസന്നിധിയണഞ്ഞു ദേവദേവനെ വിധിപോലെയും വിസ്തരിച്ചും ക്ഷമിപ്പിക്കണം. എണ്ണ വർജ്ജിച്ചവൻ നെയ്യും, നെയ്യു വർജ്ജിച്ചവൻ പയ്യും, മൌനംകൊണ്ടവൻ തിലപിണ്ഡവും ബ്രാഹ്മണനു നൽകണം; അന്നം വർജ്ജിച്ചവൻ തയിർപ്പോരു നൽകണം; വിശേഷിച്ചും, അന്നം സ്വർണ്ണത്തോടുകൂടി നൽകണം; നാലുമാസം പിലാശിലയിൽ

* കാണാകുടക്.

Digitized By Kerala Sahitya Akademi

ഊൺ കഴിച്ചവൻ ഉദ്യാപനത്തിൽ നെയ്യോവു നൽകണം; നക്തഭോജനൻ ഷഡ്രസാന്നം നൽകണം; യാചിക്കാതിരുന്നവൻ വൃഷഭത്തെ സപ്ലീത്തോടുകൂടി നൽകണം; മാസം വർജ്ജിച്ചവൻ കുട്ടിയോടുകൂടിയ പയ്യിനെ നൽകണം; ആമലകസ്നാനം ചെയ്തവൻ പൊന്നഴുന്നിമണി നൽകണം; കായ്കനി വർജ്ജിച്ചവൻ കായ്കനി നൽകണം; ധാന്യങ്ങളം വർജ്ജിച്ചവൻ ധാന്യമോ ചെന്നെല്ലോ നൽകണം; നിലത്തു കിടന്നവൻ പഞ്ഞി നിറച്ച കിടക്കയും തലയണയും നൽകണം; ചിജ്യോത്തമ, ചാതുർമ്മാസ്യത്തിൽ ബ്രഹ്മചര്യം കൊണ്ടവൻ ഒരു ബ്രാഹ്മണനേയും തൽപത്നിയേയും കേതകിപൂവും ഉടുപ്പണം. മുടങ്ങാതെ കളിച്ചിരുന്നവൻ ഭോഗ്യവസ്തുക്കളോടും ദക്ഷിണയോടുംകൂടി ശാകലവണങ്ങളം നൽകണം; മെഴുകു വർജ്ജിച്ചവൻ നെയ്യുചേർത്ത മലർപ്പൊടി നൽകണം; നഖവും കേശവും നീട്ടിയവൻ കണ്ണാടി നൽകണം; ചെരിപ്പു വർജ്ജിച്ചവൻ ചെരിപ്പു നൽകണം; ആമിഷം വെടിഞ്ഞവൻ കുട്ടിയോടുകൂടിയ കപിലപ്പയ്യിനെ നൽകണം; നാരംതോറും വിളക്കു വെച്ചിരുന്നവൻ കനകദീപം നെയ്യകന്നു കൊള്ളുന്നി, അതു വൈഷ്ണവബ്രാഹ്മണനു നൽകണം. ശാകം ത്യജിച്ചവൻ ശാകവും, ഉഴുന്നു വർജ്ജിച്ചവൻ പൊന്നഴുന്നിമണിയും, മൈഥുനം ത്യജിച്ചവൻ വെള്ളിയും, താംബൂലം ത്യജിച്ചവൻ കനകത്തോടുകൂടിയ കർപ്പൂരവും നൽകണം. ദ്വിജശ്രേഷ്ഠ, അപ്പപ്പോൾ എന്തെന്തു വർജ്ജിച്ചുവോ, അതതു പരലോകനന്മയ്ക്കായി നൽകണം. മുമ്പേ സ്നാനംകഴിച്ചു, വിഷ്ണുവിന്റെ മുമ്പിൽ നമസ്കരിക്കണം: അനാദ്യന്തനായി ശംഖചക്രഗദാപാണിയായിനിക്കുന്ന ദേവൻ പാപനാശനനാണല്ലോ; തന്തിരുവടിയുടെ മുമ്പിൽ ആർ നമസ്കരിക്കുകയില്ല?'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദം,
ചാതുർമ്മാസ്യവ്രതോപയോഗിധർമ്മോപദേശമഹാത്മ്യം.

—— (൩)

അറുപതെട്ടാമദ്ധ്യായം

നാരദൻ:—'ദേവശ്രേഷ്ഠ, എന്റെ നന്മയ്ക്കായി യമാരാധനം പറഞ്ഞുതരിക. എങ്ങിനെയായാലാണ്, നരകത്തിൽനിന്ന് മറ്റാരും നരകം പൂകാതാവുക? യമലോകത്തു വൈതരണി എന്നൊരു ചോരപ്പുഴയുണ്ടെന്നും, അതു് അധ്വാദ്ധ്യവും അപാരവും ദുസ്തരവുമാണെന്നും കേട്ടിട്ടുണ്ട്; അതു് എങ്ങിനെ എളുപ്പത്തിൽക്കടക്കാം? ഭഗവൻ,

Digitized By Kerala Sahitya Akademi

മഹാദേവ, യമലോകത്തെക്കുറിച്ച് എനിക്കു ഭയം തോന്നുന്നു: തന്നിവൃത്തിക്കു വേണ്ടതു സദയം ഉപദേശിച്ചുതന്നാലും!'

ശിവൻ:—'നാരദ, പണ്ടു ഞാൻ ദാരുകനിൽ ലവണസമുദ്രത്തിൽ സ്നാനത്തിനു പോയപ്പോൾ, മൃഗവനെന്ന മഹർഷി എന്റെ അടുക്കൽ വന്നെത്തി; തപസ്സിനാൽ ദീപ്തശരീരനായി ആദിത്യനെപ്പോലെ സമുജ്ജ്വലിക്കുന്ന ആ ബ്രാഹ്മണൻ അത്ഭുതപ്പെട്ട് എന്നെ നമസ്കരിച്ചു പറഞ്ഞു:—'ദേവ, ഞാൻ യാദൃച്ഛയാ മോഹാലസ്യപ്പെട്ട നിലത്തു വീണുപോയി. എന്റെ അവയവങ്ങളെ കുത്തിയെരിയുകയായി. പെരുവിരലോളം വലുപ്പുള്ളവയായ എന്നെ അന്തകഭടന്മാർ പിടിച്ചുകെട്ടി വരിഞ്ഞു വലിച്ചെഴച്ചു കാലന്റെ അടുക്കലെയ്ക്കു കൊണ്ടുപോയി. ക്ഷുണ്ണനും, മഷിതുല്യകണ്ണും കൂത്തിരുന്ന മുഖവുമായി മഹാരൗദ്രനായ യമൻ സദസ്സിലിരിക്കുന്നതു് എനിക്കു കാണാമായി: മൂത്തിമത്തുക്കളായ വാതപിത്തകഫങ്ങളും, കാസ-ശോഷ-ജ്വര-കൊടിക-ലൂതകം-ജാലഗർദ്ദഭ-തലനോവ്-ഭഗന്ദര-ബലക്ഷയ-കണ്ഠമാല-നേത്രരോഗം-മൂത്രകൃച്ഛ്രം-വ്രണം-വിസർപ്പിക-ഗളഗ്രാഹം-ഹൃദ്രോഗം മുതലായ പലതരം രോഗങ്ങളും മൃത്യുക്കളും ഭ്രൂതസ്കന്ദരും കപാലവപാണികളായ രൗദ്രരക്ഷസ്സുകളും മാനവരും ആ ഭയങ്കരന്റെ സന്നിധിയിൽ നിന്നിരുന്നു; ധർമ്മാധികാരികളും ചിത്രഗുപ്തൻ മുമ്പായ കണക്കെഴുത്തുകാരും മുറയിലിരിപ്പുണ്ട്. വമ്പിച്ച വ്യാഘ്രം, സിംഹം, പന്നി, കൂകൻ, പാമ്പു്, തേരട്ട, മാംസികം, പുഴു, മൂട്ട, ചെന്നായ, നായ, കങ്കം, ഗൃദ്ധ്രം, ഭ്രൂതസ്കന്ദർ, മരിത്ര്യം, മാരി, ഡാകിനീപിശാചുക്കൾ എന്നിവയാലും തലമുടിയഴിഞ്ഞു ദുഷ്കീർത്തിയായി മഹാപ്രേതാകാരം ധരിച്ചു നിഷ്ഠുരന്മാരായിരിക്കുന്ന പാപബന്ധുക്കളാലും പരിവൃതനായ പ്രേതരൂപനാകം. കരാളങ്ങളായ കാട്ടുജന്തുക്കളാൽ മൂടപ്പെട്ട അഞ്ജനപർവ്വതംപോലെ സദസിൽ സംശോഭിച്ചു. ആദ്ദേഹം എന്നെ കിങ്കരന്മാരോടു ചെയ്തു:—'നിങ്ങൾ പേരിനാൽ തെറ്റിദ്ധരിച്ചു മഹർഷിയെ കൊണ്ടുപോരികയാണോ ചെയ്തു?! കൌണ്ഡിന്യഗോത്രത്തിൽ ജീമകന്റെ മകൻ, മൃഗലുബ്ധനെന്നൊരു ക്ഷത്രിയനുണ്ടു; ആയുസ്സറിയിക്കുന്ന ആളെ വാങ്ങി കൊണ്ടുവരേണ്ടതു്. ഇദ്ദേഹത്തെ വിടുക.' ഇതുകേട്ടു് അവർ പുറത്തിറങ്ങി വീടെനിന്നു പോയി തിരിയെ വന്നു, ധർമ്മരാജനോടുണർത്തിച്ചു:—'സ്വാമിന്നന്ദന, അടിയങ്ങൾ അവിടെ പോയി; എവിടെയും ആയുസ്സറിയിക്കുന്ന പ്രാണിയെ കാണുകയുണ്ടായില്ല. അടിയങ്ങൾക്കു് ഒന്നും അറിഞ്ഞുകൂടാ; എങ്ങിനെയെങ്കിലും അന്ധാളിച്ചം പറ്റിയിരിക്കുന്നു!'

Digitized By Kerala Sahitya Akademi

യമൻ:—'വൈതരണി എന്ന ഏകാദശി ശരിക്ക നോറ്റവരും, ഉജ്ജയിനിയിലോ പ്രയാഗത്തിലോ യമുനയിലോ കുതിയടഞ്ഞവരും, തിലസുവർണ്ണഗോഗജാദികളെ ദാനംചെയ്തവരും പ്രായേണ യമകിങ്കരരായ നിങ്ങൾക്ക് അദൃശ്യരാകുന്നു.'

കിങ്കരന്മാർ:—'തിരുമേനി, ആ വ്രതം എങ്ങിനെ അനുഷ്ഠിക്കണം? അന്ന വേൽപ്രസാദത്തിന്നായി എന്തൊക്കെച്ചെയ്യണം? ആ കറുത്ത ഏകാദശി നോൽക്കുകമാത്രം ചെയ്താൽ പാപം നീങ്ങുമോ? തിരുവുള്ളം തെളിഞ്ഞു്, ഭയം ചെന്ന് എല്ലാം അരുളിച്ചെയ്യുമാറാകണം!'

യമൻ മധുരമാംവണ്ണം മറുപടി പറഞ്ഞു:—'കുതന്മാരേ, ഞാൻ കണ്ടിട്ടും കേട്ടിട്ടുമുള്ള വിധം എല്ലാം പറഞ്ഞുതരാം: മാർഗ്ഗശീർഷം മുതലായ മാസങ്ങളിലെ കറുത്ത ഏകാദശികളെല്ലാം, ഒരു കൊല്ലം ശരിക്ക നോൽക്കണം; ഈ വൈതരണീവ്രതം തീർച്ചയായും മുക്തിയെ പ്രദാനംചെയ്യും.'

'അദ്യ മേ ദേവ ദേവേശ, ഉപവാസോ ഭവിഷ്യതി
ഭോക്ഷ്യാമി പുണ്യ ഗോവിന്ദാ ശ്രുത്യാദുക്തിസമനിതഃ
സപ്ത ഇന്ദ്രിയ വൈകല്യാൽ ഭോജനം യച്ച മൈഥുനം
തൽ സർവ്വം ക്ഷമ മേ ദേവ കൃപാം കൃത്വാ മമോപരി!'

എന്ന്, വിഷ്ണുവിനെ പ്രസാദിപ്പിച്ച് ഉപവാസനിയമം കൊള്ളണം. മദ്ധ്യാഹ്നത്തിൽ മണ്ണും, ചാണകവും, എള്ളുംകൊണ്ടു തീർത്ഥത്തിൽ പോയി, വ്രതപൂർത്തിക്കുവേണ്ടി, "അശക്യാന്തെ" എന്നു തുടങ്ങുന്ന മന്ത്രം ചൊല്ലി സ്നാനം കഴിക്കണം: കാശിയിലുണ്ടായതും വിഷ്ണുമയവുമാണ് തിലം; തിലസ്നാനം ചെയ്യുവനെ മുകുന്ദൻ സർവ്വപാപനിർമ്മുക്തനാക്കുന്നു.

'വിഷ്ണുദേഹോത്ഭവേ ദേവി, മഹാപാപാപഹാരിണി,
സർവ്വപാപം ഹര ത്വം വൈ സർവ്വൗഷധി, നമോസ്തുതേ!'

തുടർന്ന് ഇടയിലെ കയ്യിൽവെച്ചു തിരുനാമം ജപിച്ചിട്ടുവേണം വെള്ളത്തിൽ മുങ്ങുക. കുളിച്ചുകേറി, നല്ലവസ്ത്രം രണ്ടെണ്ണം ധരിച്ചു പിതൃദേവകളെ തർപ്പിച്ച്, ശ്രീധരൻ തിരുവടിയെ മുൻചൊന്നവണ്ണം പൂജിക്കണം. * മണ്ണ് ചാണകം മുതലായവകൊണ്ടും, കഴുകിവെട്ടിപ്പാക്കിയ അരി അരച്ചുതുകൊണ്ടും ശുചിയായ മണ്ഡലം നിർമ്മിച്ചു കരചരണാദ്യവയവങ്ങളുള്ള യമപ്രതിമയേയും മുൻവശത്തു ചെമ്പുകൊണ്ടു

* പൂജിപ്പിനേണ്ട കലശവും മറ്റും മുൻ വിവരിക്കപ്പെട്ടിട്ടുണ്ട്.

Digitized By Kerala Sahitya Akademi

ഇത് വൈതരണീനദിയേയും പ്രതിഷ്ഠിച്ചു്, വെവ്വേറെ ആവാഹിച്ചു പൂജിക്കുക:

'ആവാഹയാമി ദേവേശം യമം വൈ വിഷ്ണുരൂപിണം
ഇഹാഗച്ഛേഹി മഹാഭാഗ സാന്നിധ്യം കുരു കേശവ!
ഇദം പാദ്യം ശ്രിയഃ കാന്ത, സോപവിഷ്ടാ ഭവേ, പ്രഭോ!
വിശ്വേശായ നമോ നിത്യം! കൃപാം കുരു മമോപരി!'

എന്നതു് ആവാഹനമന്ത്രം. ഭൂതിരായ നമഃ എന്നു കാൽ; അശോകായ എന്നു കാൽമുട്ടു്; ശിവായ എന്നു തുട; ആദിത്യായ എന്നു വൃഷണം; കന്ദർപ്പായ എന്നു ലിംഗം; വിശ്വമൂർത്തയെ എന്നു് അരക്കെട്ടു്; രാമോദരായ എന്നു വയർ; വാസുദേവായ എന്നു സ്തനം; ശംഖചക്രഗദാഖഡ്ഗപരശ്വരൂപാണയേ എന്നു കൈകടം; ശാർങ്ഗധരായ എന്നു പുറം; വരദായ എന്നുദരം; ത്രീധരായ എന്നു മുഖം; കേശവായ എന്നു കേശം; സർവ്വാത്മനേ എന്നു ശിരസ്സു്.

'മത്സ്യം കൂർമ്മം ച വാരാഹം നാരസിംഹം ച വാമനം
രാമം രാമം ച കൃഷ്ണം ച ബുദ്ധം കൽക്കിം നമോസ്തുതേ!
സർവ്വാപദ്വിനാശാർത്ഥം പൂജയാമി നമോ നമഃ!'

എന്നീ മന്ത്രങ്ങൾകൊണ്ടെല്ലാം വിഷ്ണുവിനെ ധ്യാനിച്ചു പൂജിക്കുക.

'ധർമ്മരാജ, നമസ്തേസ്തു! ധർമ്മരാജ, നമോസ്തുതേ!
ക്ഷേത്രിണാശാപതേ, ഭൂത്യം നമോ മഹിഷവാഹന!
ചിത്രഗുപ്ത, നമസ്തുഭ്യം! വിചിത്രായ നമോ നമഃ!
നരകാർത്തിപ്രശാന്ത്യർത്ഥം കാമാൻ യച്ഛ മമേപ്സിതാൻ!'

എന്നു പ്രാർത്ഥിച്ചു്, യമായ നമഃ, ധർമ്മരാജായ നമഃ, മൃത്യവേ നമഃ, അന്തകായ നമഃ, വൈവസ്വതായ നമഃ, കാലായ നമഃ, സർവ്വഭൂതക്ഷയായ നമഃ, വൃകോദരായ നമഃ, ചിത്രായ നമഃ, ചിത്രഗുപ്തായ നമഃ, നീലായ നമഃ, ഔഡുംബരായ നമഃ എന്നീ പന്തിരണ്ടു പേരുകളാൽ ധർമ്മരാജൻതിരുവടിയെ പൂജിക്കുക.

'വൈതരണി, ത്വം സൃഷ്ടാരേ, പാപഭയ്ന സർവ്വകാമദേ,
ഇഹാഗച്ഛേഹി മഹാഭാഗേ, ഗൃഹാണാർഘ്യം മയാ കൃതം!
യമദ്വാരപഥേ ഘോരേ ഖ്യാതാ വൈതരണീ നദീ
തസ്യാ ഉത്തരണാർത്ഥായ ജന്മമൃത്യുജരാതിഗാ
യാ ദുസ്തരാ ദുഷ്കൃതിഭിഃ സർവ്വപ്രാണിഭയാവഹാ
യസ്യാം ഭയാൽ പ്രമുഹ്യന്തി പ്രാണിനോ യാതനാരയാഃ
തത്തീരകാമസ്യ തവാം ഘോരാം ജയ ദേവി, നമോ നമഃ!

Digitized By Kerala Sahitya Akademi

തസ്യാം ദേവാധിതിഷ്ഠന്തി യാ സാ വൈതരണീ നദീ
സാ ചാപി പൂജിതാ ധേന്വാ പ്രീത്യർത്ഥം കേശവസ്യ ച.
യസ്യാസ്തടേ പ്രതിഷ്ഠന്തി ഋഷയഃ പിതരസ്തഥാ
സാ ചാപി സിന്ധുരൂപേണ പൂജിതാ പാപഹാരികാ.
തരിഷ്യേ താം പ്രദാസ്യാമി സർവപാപവിമുക്തയേ
പുണ്യാർത്ഥം സംപ്രയർഷ്ടാമി ഇഷ്ടം വൈതരണീം നദീം.
മയാപി പൂജിതാ ധേന്വാ പ്രീത്യർത്ഥം കേശവസ്യ ച.'

'കൃഷ്ണ, കൃഷ്ണ, ജഗന്നാഥ, സംസാരഭയഹാരക മാം!
നാമഗ്രഹണമാത്രേണ സർവപാപം ഹരസ്വ മേ!
യജ്ഞോപവീതം പരമം കാരിതം നവതന്തുഭിഃ
പ്രതിഗൃഹ്ണീഷ്വ ദേവേശ, പ്രീതോ യച്ഛ മമേപ്സിതം!
ഇദം ഭക്തം ച താംബൂലം യഥാശക്തി സുശോഭനം
പ്രതിഗൃഹ്ണീഷ്വ ദേവേശ, മാമുദ്ധര ഭവാർണ്ണവാൽ!
പഞ്ചവർത്തിപ്രദീപോയം ദേവേശാഗ്രേ മയാർപ്പിതം തവ
മോഹാന്ധകാരനാശനമണേ, കൃതിയുക്തോ വോത്തിഹൻ!
പരമാന്നം സുപക്വാന്നം സമസ്തരസസംയുതം
നിവേദിതം മയാ ഭക്ത്യാ ശേവൻ, പ്രതിഗൃഹ്യതാം!
ഓമിത്യേകാക്ഷരമന്ത്രേണ യഥാസംഖ്യോപചാരേണ ച
പ്രീയതാം മേ ശ്രിയഃ കാന്തഃ പ്രീതോ യച്ഛതു വാഞ്ഛിതം!'
'പഞ്ചഗാവസ്സമുല്പന്നാ മധ്യമാനേ മഹോദധൗ
തസ്മാം മധ്യേ തു യാ നന്ദാ തസ്യൈ ധേനുപ നമോ നമഃ!'

എന്നു ഗോവിനെ ശരിക്കു പൂജിച്ചു് ആദരവോടെ അഭ്യർത്ഥനം നൽകണം.

'സർവകാമദുഘേ, ദേവി, സർവാർത്തികനിവാരിണി,
ആരോഗ്യം സന്തതിം ദീർഘാം ദേഹി നന്ദിനി, മേ സദാ!
പൂജിതാ ച വസിഷ്ഠേന വിശ്വാമിത്രേണ ധീമതാ
കപിലേ ഹര മേ പാപം യന്മയാ പൂർവസഞ്ചിതം!
ഗാവോ മേ അഗ്രതസ്സന്തു ഗാവോ മേ സന്തു പൃഷ്ഠതഃ
നാകേ മാമുപതിഷ്ഠന്തു ഹേമശൃംഗി, പയോമുചഃ
സുരഭ്യഃ സൗരഭേയാശ്ച സരിതഃ സാഗരാസ്തഥാ
സർവദേവമയേ, ദേവി, സുഭഗേ, കുരു വത്സലേ!'
എന്നു പൂജിച്ചു ഗോക്കൾക്കു തീറ്റ കൊടുക്കണം.

'സൗരഭേയ്യഃ സർവഹിതാഃ പവിത്രാഃ പാപനാശിനീഃ
പ്രതിഗൃഹ്ണന്തു മേ ഗ്രാസം ഗാവസ്ത്രൈലോക്യമാതരഃ!'

Digitized By Kerala Sahitya Akademi

ക്കുടം നിലവിളി കൂട്ടിക്കൊണ്ട് ആ അതൃഗ്ര പ്രേതത്തെ ചുഴന്നിരുന്നു. ആ പ്രേതം ആ ഘോരാരണ്യമണഞ്ഞ മനുഷ്യനെ കണ്ടിട്ട്, പ്രേതത്തിന്റെ തോളിൽനിന്നിറങ്ങി, വണിക്കിന്റെ അടുക്കലെത്തി വണങ്ങിനിന്നു ചോദിച്ചു:—'ഭവാനെങ്ങിനെ ഈ അതിഘോരമായ പ്രദേശത്തു വന്നെത്തി?' മതിമാനായ വാണിജൻ മറുപടി പറഞ്ഞു:—'ഞാൻ കുട്ടംപിരിഞ്ഞു, ദൈവയോഗത്താൽ, പൂർവകർമ്മത്താൽ, ഈ കാട്ടിൽ വന്നെത്തി എന്നേ ഉള്ളൂ. എനിക്ക് വിശപ്പും ദാഹവും വല്ലാതെയുണ്ട്; ഞാനിപ്പോൾ ചത്തുപോകും; എന്റെ ശരീരം വട്ടം തിരിയുന്നതായി തോന്നുന്നു! ജീവിപ്പാൻ ഒരു വഴിയും കാണുന്നില്ല.' പ്രേതം വാണിജനെ സമാശ്വസിപ്പിച്ചു:—'ഭവാൻ ഈ പൂത്ത വന്നിമരത്തിന്റെ മുവട്ടിൽ കുറച്ചുനേരമിരിക്കു; ഞാൻ ഭവാന്ന് ആതിത്ഥ്യം ചെയ്യാം; എന്നിട്ട് മതി പോവുക.' ദാഹം മൂത്ത വാണിജൻ അവിധം ചെയ്തു. ഉച്ചയായപ്പോൾ പ്രേതം അവിടെ വന്ന്, പുഷ്പിതമായ ശമീവൃക്ഷത്തിന്മേൽനിന്ന്, തണുത്ത വെള്ളമുള്ള ഒരു മനോഹരമായ മൺകിണ്ടിയും തയിർച്ചോറുനിറഞ്ഞ ഒരു ചെരാതും താഴത്തെയ്ക്കിറക്കി അതിഥിക്കു കൊടുത്തു; അയാൾ അതുകഴിച്ച് ദാഹവും വിശപ്പും നീങ്ങി സംതൃപ്തനായി. അപ്പോഴെയ്ക്കും പ്രേതങ്ങൾ വന്നെത്തി. അവക്കും പ്രേതം വെള്ളവും തയിർച്ചോറും വീതിച്ചുകൊടുത്തു; അതിഥിയേയും പ്രേതങ്ങളേയും തൃപ്തിപ്പെടുത്തിയിട്ട്, ബാക്കിയുള്ളതു താനും യഥാസുഖം ഭക്ഷിച്ചു. അതോടുകൂടി, അന്നപാനങ്ങൾ തീർന്നു പോയി! അനന്തരം ആ പ്രേതത്തലവനോടു വാണിജൻ ചോദിച്ചു:—'ഇതിൽ എനിക്ക് അത്യത്ഭുതം തോന്നുന്നു: ഈ കാട്ടിൽ, ഇത്ര ശ്രേഷ്ഠമായ അന്നവും പാനവും എങ്ങിനെയാണ് ഭവാനു കിട്ടിയതു? സവിസ്തരം ചോദിച്ചുകൊണ്ട് ഇത്ര വളരെപ്പേരെ ഭവാൻ തൃപ്തിപ്പെടുത്തുകയും ചെയ്തു! ഇവർ മാംസമില്ലാത്തവരും വയർപിളർന്നവരുമായതെങ്ങിനെ? ഈ ഘോരാടവിയിൽ പാപ്പായതെങ്ങിനെ? എന്റെ ഈ സംശയം തീർത്തുതരിക; എനിക്കു വളരെ കൌതുകമുണ്ട്.'

പ്രേതം പറയാൻ തുടങ്ങി:—'കഷ്ടപടംകൊണ്ടാണ് എന്റെ മുൻജന്മം കഴിഞ്ഞുപോയതു. നഗരത്തിലെങ്ങും എന്നെപ്പോലെ ഒരു ദുഷ്ടനില്ലായിരുന്നു; ധനലോഭം മൂലം ഞാൻ ഒരാൾക്കു ഭിക്ഷപോലും കൊടുക്കുകയുണ്ടായിട്ടില്ല. എനിക്കുവിടെ സ്നേഹിതനായി ഒരു വിശിഷ്ടബ്രാഹ്മണനുണ്ടായിരുന്നു. അദ്ദേഹം ഒരു പ്രോഷ്ഠപദമാസത്തിൽ കൃഷ്ണപക്ഷദശമിനാളിൽ എന്നെയുംകൂട്ടി താപീചന്ദ്രഭാഗാസംഗമത്തിലേയ്ക്കു ഗമിച്ചു. താപനപുത്രിയായ താപിയും ചന്ദ്രാത്മജയായ ചന്ദ്രഭാഗയും

Digitized By Kerala Sahitya Akademi

ക്കുടിച്ചേരുന്നേടത്തു്, തണുപ്പും ചൂടുമുള്ള വെള്ളത്തിൽ ബ്രാഹ്മണനോടൊപ്പം ഞാൻ സ്നാനംചെയ്തു; ജനങ്ങളെ സന്തുഷ്ടരാക്കി; ചന്ദ്രഭാഗാജലം നിറച്ച ഒരു മൺകിണ്ടിയും തയിർച്ചോറുനിറച്ച ഒരു ചെരാതും കട ചെരിപ്പു വസ്ത്രങ്ങളോടുകൂടി ഒരു ബ്രാഹ്മണേന്ദ്രനു ശിവന്റെ മുമ്പിൽ വച്ചു ദാനംചെയ്തു; ധനത്തിന്റെ നിലനില്പിനുവേണ്ടി, ആ നദീതീരത്തു് ബ്രഹ്മചര്യാദി കൊള്ളുകയുംചെയ്തു. ഇതെല്ലാം കഴിച്ചു ഞാൻ ഗൃഹത്തിലേയ്ക്കു തിരിച്ചു. പിന്നീടു കുറെക്കാലം കഴിഞ്ഞു ഞാൻ മൃതിയടഞ്ഞു, നാസ്തികത്വം നിമിത്തം പ്രേതമായിപ്പോയി; പാപങ്ങളോടൊപ്പം ഈ ഘോരാരണ്യത്തിൽ പാർപ്പുമായി. ശ്രവണദ്വാദശിനാൾ ആ നീർക്കിണ്ടി നൽകിയതു്, എനിക്കു നാഥനേതും കിട്ടിവന്നു. ബ്രാഹ്മസ്വാപഹരണംകൊണ്ടും പരസ്ത്രീരതികൊണ്ടും സ്വാമിദ്രോഹംകൊണ്ടും ദ്രുതപ്രേതങ്ങളായിത്തീർന്നവരാണിവർ; ഈ പാപികർക്കു എനിക്കു ഈ മരുസ്ഥലത്തു ചങ്ങാതിമാരായി വന്നു. അക്ഷയനാണു്, പരാത്മാവായ ഭഗവാൻ ജനാർദ്ദനൻ; തന്തിരുവടിയെ ഉദ്ദേശിച്ചു ദാനംചെയ്തതു് അക്ഷയമായിരിക്കും. ആ അക്ഷയമായ അന്നംകൊണ്ടു് ഇവരെ ഞാൻ തൃപ്തിപ്പെടുത്തിപ്പോരുന്നു; എന്നാൽ പ്രേതത്വംമൂലം ഇവർക്കു ദുർബലത്വം ഒരിക്കലും നീങ്ങുന്നില്ല. അതിഥിയായി വന്ന ഭവാനെ അന്നംകൊണ്ടു പൂജിച്ചതിനാൽ ഞാൻ പ്രേതത്വം കഴിഞ്ഞു പരമഗതി പൂകുകയായി. എന്നാൽ ഇവർ എന്നോടു വേർപെട്ടാൽ ഈ ഘോരകാന്താരത്തിൽ വല്ലാതെ വലഞ്ഞുപോകും. ധീമൻ, ഭവാൻ എന്നിൽ കനിഞ്ഞു്, ഇവരുടെയെല്ലാം നാമഗോത്രങ്ങളും എഴുതിയെടുക്കുക; ഭവാന്റെ കക്ഷത്തിൽ ഒരു കണക്കുപുസ്തകം ഇരിപ്പുണ്ടല്ലൊ. എന്നിട്ടു്, ഫിമവാങ്കൽ ചെന്നാൽ ഭവാന്നു് ഒരു നിധി കിട്ടും; അതുംകൊണ്ടു ഗയാശിരസ്സിൽപ്പോയി ഇവരെച്ചൊല്ലി ശ്രാദ്ധം കഴിക്കുക.' ഈവിധം അവശ്യപ്പെട്ട പ്രേതം വാണിജനെ യഥാസുഖം യാത്രയാക്കി.

വൈശ്യൻ ഉഴറോടെ സ്വഗൃഹത്തിൽ പോയിട്ടു ഫിമാലയത്തിലേയ്ക്കു ഗമിച്ചു; അവിടെ പ്രേതം നിർദ്ദേശിച്ച നിധിയെടുത്തു്, അതിൽനിന്നു് അറിലൊരംശവുംകൊണ്ടു ഗയാശിരസ്സിൽ ചെന്നെത്തി പ്രേതങ്ങൾക്കായി വിധിപോലെ ശ്രാദ്ധം കഴിച്ചു—കാരോരുത്തരുടേയും നാമഗോത്രങ്ങൾ ചൊല്ലി പിണ്ഡംവച്ചു. ഒരു ദിവസം അയാൾ അവർക്കെല്ലാം ശ്രാദ്ധം കഴിക്കുമോ, അവരെല്ലാം അയാൾക്കു സ്വപ്നത്തിൽ പ്രത്യക്ഷീഭവിച്ചു്, 'മഹാഭാഗ, ഭവാന്റെ പ്രസാദത്താൽ ഞാൻ പ്രേതത്വം വിട്ടു പരമഗതിയണയുകയായി' എന്നു പറയാറുണ്ടായിരുന്നു.

Digitized By Kerala Sahitya Akademi

ഇപ്രകാരം ഗയാശിരസ്സിൽ ശ്രാദ്ധമനുഷ്ഠിച്ച് ആ വൈശ്യൻ വീണ്ടും വീണ്ടും വിഷ്ണുവിനെ ധ്യാനിച്ചുംകൊണ്ട് സ്വഗൃഹത്തിലേയ്ക്കു തിരിച്ചുപോന്നു.

പ്രോഷ്ഠപദമാസത്തിൽ ശ്രവണദ്വാദശി വന്നപ്പോൾ ആ സച്ചരിതൻ എല്ലാ ഉപകരണങ്ങളോടും കൂടി നദീസംഗമത്തിൽ ഗമിച്ചു സ്നാനം കഴിച്ച്, ആ ദ്വാദശി നോറ്റ്, അനന്യവിചാരനായി വിഷ്ണുവിനെ പൂജിക്കുകയും, ബ്രാഹ്മണന്മാരെ യഥാവിധി ദ്രവ്യം നൽകുകയും ചെയ്തു. ആണ്ടുതോറും ശ്രവണദ്വാദശീതിഥിയിൽ ഇതെല്ലാം അയാൾ അനുഷ്ഠിച്ചുപോന്നു. വളരെക്കാലത്തിനു ശേഷം ആ സുകൃതി കാലധർമ്മമടഞ്ഞു, ഏവരാലും ദുഷ്പ്രാപമായ പരമപദം പ്രാപിച്ചു; ഇന്നും അയാൾ വിഷ്ണുദൂതരാൽ പരിചരിക്കപ്പെട്ടുകൊണ്ട് വൈകുണ്ഠത്തിൽ വിഹരിക്കുന്നു!

അതിനാൽ, ബ്രാഹ്മണ, ഇങ്ങനെ ശ്രവണദ്വാദശി നോറ്റുകൊള്ളുക. ഇഹത്തിലും പരത്തിലും സർവ്വസൗഭാഗ്യസമൃദ്ധികളെ നൽകുന്നതും സർവ്വപാപനാശനവുമായ ഒരു വ്രതമാണിത്. ശ്രവണദ്വാദശീവ്രതം ഇങ്ങനെ അനുഷ്ഠിച്ചവൻ ആ വ്രതത്തിന്റെ മഹിമയാൽ വിഷ്ണുലോകത്തു ചെന്നുചേരും.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, മാഹേശ്വരസംവാദം,
ശ്രവണദ്വാദശീമാഹാത്മ്യകഥനം എഴുപത്തൊന്നാമദ്ധ്യായം.

(0)

എഴുപത്തൊന്നാമദ്ധ്യായം

നാരദൻ: —'ദേവദേവ, ജഗദീശ, ഭക്തിമുക്തിപ്രദായക, ദുഃഖം കാണാതിരിപ്പാൻ ഇനിയും വേണമെന്നരുളിച്ചെയ്താലും.'

ശിവൻ: —'നാരദ, നദീതീരാത്രിവ്രതമനുഷ്ഠിച്ചാൽ മനുഷ്യർ നരകം കാണുകയില്ല; ആയുസ്സും ആരോഗ്യവും നിസ്തുല്യമായ സൗഭാഗ്യവും സുഖസമ്പത്തും അക്ഷയമായ സന്തതിയും നേടി, സ്വർഗ്ഗലോകത്തു സൽക്കരിക്കപ്പെടുകയും ചെയ്യും. ആഷാഢമാസത്തിൽ ഏഴുപെയ്ത പുഴയിൽ വെള്ളം നിറഞ്ഞ് ഇരുകരയും കവിയുന്നതെപ്പോഴോ, അപ്പോഴാണ് തീരാത്രിവ്രതം ശ്രദ്ധിച്ചനുഷ്ഠിക്കേണ്ടത്. ഉത്തമാചന്ദ്രനെ കണ്ടതു മുതൽ മുപ്പതിവസം വേണം തീരാത്രിവ്രതം. വെള്ളത്തിന്നടക്കൽ വെച്ചില്ലെങ്കിൽ, നദീജലം ഒരു കനത്ത കടത്തിലാക്കി ഗൃഹത്തിലേയ്ക്കു കൊണ്ടുപോന്നാൽ, മൂന്നാമത്തെ പ്രഭാതത്തിൽ നദിയിൽ കു

Digitized By Kerala Sahitya Akademi

ളിച്ചുപൂജിച്ച് ഉപവാസം ചെയ്യണം. ഉപവസിപ്പാൻ ശക്തിയില്ലെങ്കിൽ ഒരു നേരം ഉണ്ണാം. കെടാവിളക്കു വയ്ക്കണം; രാവിലെയും വൈകുന്നേരവും പൂജിക്കണം. നദീവരുണനാമങ്ങൾ ചൊല്ലി ജലശായിയായ ജനാർദ്ദനനെ ജലത്തിൽതാഴെ പ്രതിഷ്ഠിക്കുക: 'ദേവി, ഗംഗേ, ഗൗതമി, സിന്ധോ, കാവേരി, സരസ്വതി, താപി, പയോഷ്ണി, പൂർണ്ണേ, മഹേന്ദ്രസുഖേ, കാശ്യപി, ഗണ്ഡകി, നമോ നമഃ!'

'വരുണായ നമസ്തേസ്തു ജലവാസ, ഹരിപ്രിയ!
യാദോനാഥ, രമേശാന, കല്യാണം, ദേഹി മേ സദാ!
ഗൃഹാണാർഘ്യം മയാ ദത്തം ദേഹി മേ വാഞ്ഛിതം ഫലം!'

കമ്പളങ്ങ, തേങ്ങ, ആ ജലവിലെ നല്ല കായ്കനികൾ എന്നിവയും നെയ്യിൽ പചിച്ച നൈവേദ്യവും നദിക്കു നിവേദിക്കണം.

'നമസ്തേ കേശവാനന്ത! ജലരായിൻ, നമോസ്തു തെ!
പരിപാലയമാം ശ! ഗോവിന്ദ, വരദോ ഭവ!'

ഇങ്ങനെ പ്രാർത്ഥിച്ച്, കാലത്തിന്നൊത്ത ഉപചാരങ്ങളാൽ കൊണ്ടു മൂന്നു നാൾ ശുചിയായി പൂജിക്കുക. പാരണനാൾ, വെള്ളമുള്ളേടത്തെല്ലാം ജലപാത്രം (തോണി) സ്ഥാപിച്ച്, പുഷ്പഫലങ്ങളാൽ കൊണ്ടും പലതരം ധാന്യങ്ങളാൽകൊണ്ടും പൂജിച്ച് സ്ത്രീബാലതരുണരോടൊന്നിച്ചു പാട്ടുകയും കൊട്ടുകയും ആടുകയും ചിരിക്കുകയും പുഴയിൽ കടങ്ങളാൽ മുക്കുകയും വെള്ളമുക്കുകയും ചെയ്യണം. പിന്നെ ഗൃഹത്തിലെത്തി. യഥാശക്തി ഏഴോ അഞ്ചോ മൂന്നോ വംശ (മുളകൊണ്ടുള്ള)പാത്രങ്ങളിൽ സപ്തധാന്യങ്ങളാൽ നിറച്ചുവെച്ചു പൂജിക്കണം. നന്നായി തേടുന്നവൻ മൂന്നാനാൾ നദീജലം കൂടിക്കുന്നു. സ്നാനത്തിന്നല്ലാതെ, പൂജാനങ്ങൾക്കും നദീജലം പാടില്ല. പാരണയ്ക്കു ഹവിഷ്യാന്നവും നെയ്യുമാവാം. മൂന്നു ദമ്പതിമാരെ മുഷ്ടാന്നമൂട്ടി, താൻ കടുപ്പമധുവർജ്ജിതമായ ഹവിഷ്യാന്നം ഭക്ഷിക്കുക. ഏഴു വംശപാത്രങ്ങളോടൊപ്പം ഏഴു മങ്കലികളും വേണം. ഉഴുന്നും, കല്ലിന്മേലരച്ചതും വർജ്ജിക്കണം. ഇങ്ങനെ മൂന്നുകൊല്ലം ഈ വ്രതം അനുഷ്ഠിച്ച്, കാലം കൂട്ടുക: അന്ത്യം, ഒരു ബ്രാഹ്മണനേയും തൽഭാര്യയേയും, വസ്ത്രം ധരിപ്പിച്ച്, യഥാശക്തി സപ്തധാന്യത്തോടും എള്ളോടുംകൂടി, കറുത്ത വസ്ത്രം ധരിപ്പിച്ച കറുത്ത പശുവിനെ ദാനംചെയ്യണം; വരുണന്റേയും നദിയുടേയും പ്രതിമ സപ്തധാന്യംകൊണ്ടുണ്ടാക്കി, സർവതോഭദ്രമാകുന്ന മണ്ഡലത്തിൽ കലശത്തിന്മേൽ പ്രതിഷ്ഠിച്ച്, ഉപചാരങ്ങൾകൊണ്ടു ഭക്തിപൂർവം പൂജിച്ച്, സുശീലനും സർവശാസ്ത്രവിശാരദനുമായ പുരോഹിതബ്രാഹ്മണ

Digitized By Kerala Sahitya Akademi

ന്ന നൽകണം; കഴിവുപോലെ ബ്രാഹ്മണരെ ഊട്ടുകയും വേണം. ഇങ്ങനെ വ്രതം മുഴുമിച്ചാൽ സൗഭാഗ്യവും സുഖസമൃദ്ധിയും അക്ഷയമായ സന്തതിയുമുണ്ടായിവരും; ദുർഗ്ഗതി വരില്ല; വളരെനാളം സ്വർഗ്ഗവാസം സിദ്ധിക്കും. ഈ വ്രതം പണ്ട് ദേവപത്നിമാരും ഋഷിപത്നിമാരും നാഗ സിദ്ധാംഗനമാരും ആചരിക്കയുണ്ടായിട്ടുണ്ട്. നദീതിരാഭിവ്രതം നിസ്തുല്യമായ സൌഭാഗ്യത്തേയും സന്തതിയേയും പ്രദാനംചെയ്യും; സംശയമില്ല. ഇനിയെന്താണ് ഭവാനു കേൾക്കേണ്ടയ്?"

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, നാരദശിവസംവാദം,
നദീതിരാഭിവ്രതകഥനം എഴുപത്തൊന്നാമദ്ധ്യായം.

(൦)

എഴുപത്തിരണ്ടാമദ്ധ്യായം

ഋഷിമാർ:—"ഭദ്ര, സൂത, ചിരകാലം ജീവിച്ചിരുന്നാലും: ഭവാൻ വളരെ ഭയപൂണ്ട് അത്ഭുതമായ നാരദശിവസംവാദം ഞങ്ങളെ കേൾപ്പിച്ചുവല്ലോ! ഹന്ത, ആ മഹാത്മാവായ നാരദൻ ശിവനാമമാഹാത്മ്യം എങ്ങിനെയാണു ശ്രവിച്ചതെന്നു പറഞ്ഞുതന്നാലും".

സൂതൻ:—"മുനിമാരെല്ലാവരും കേട്ടുകൊൾവിൻ; ഒരു പുരാവൃത്തം ഞാൻ പറയാം. ദ്വിജേന്ദ്രരേ, ഇതു കേട്ടാൽ വിഷ്ണുവിങ്കൽ ഭക്തി വർദ്ധിക്കും:

ഒരുനാൾ നാരദമഹർഷി അച്ഛനെക്കാണ്മാനായി, സിദ്ധചാരണനിഷേവിതമായ സുമേരുശിഖരത്തിൽ ചെന്നെത്തി, അവിടെവാണരുളുന്ന ആ ജഗദീശനായ ബ്രഹ്മദേവനെ നമസ്കരിച്ചുപേക്ഷിച്ചു:—'വിശ്വേശ്വര, സനാതനനായ മഹാത്മാവിന്റെ തിരുനാമത്തിനു് എത്രത്തോളം ശക്തിയുണ്ടെന്നു പറഞ്ഞുതന്നാലും: വിശ്വേശ്വരനും ഹൃഷീകേശനുമായ സാക്ഷാൽ ശ്രീനാരായണൻ സർവ്വജീവവ്യാപിയായിരിക്കുന്ന പരമാത്മാവാണല്ലോ; ആ അധോക്ഷജഭഗവാനെ, ഈ നിസ്സാരമായ കലികാലത്തു മായാവിമോഹം മൂലം മനുഷ്യരാരും അറിയുന്നില്ല!'

ബ്രഹ്മാവു്:——'വത്സ, ഈ കലികാലത്തു വിശേഷിച്ചും, നാമകീർത്തനത്താൽ വേണം ഭക്തിയുണ്ടാക്കുക. പറയപ്പെട്ടിട്ടില്ലാത്ത മറ്റു പാപങ്ങൾക്കും ശാന്തികരമായിട്ടുള്ളതു്, ജിഷ്ണുവായ വിഷ്ണുവിനെ സ

Digitized By Kerala Sahitya Akademi

ശ്രേഷ്ഠം സ്മരിക്കുകയാകുന്നു. മറെറല്ലാം മിഥ്യയാണെന്നുകണ്ടു് വിഷ്ണു നാമം ജപിച്ചുപോരുന്നവൻ സകല പാതകങ്ങളിൽ നിന്നും വേർപെട്ടു് വിഷ്ണുവിന്റെ പരമപദം പ്രാപിക്കും. നാരായണോ ഹരി എന്ന രണ്ടക്ഷരം ഉച്ചരിച്ചാൽമതി, തീർച്ചയായും മുക്തികിട്ടാൻ! അപസ്സു്, കർമ്മം മുതലായ പ്രായശ്ചിത്തങ്ങളിലെല്ലാംവെച്ചു ശ്രേഷ്ഠമത്രെ വിഷ്ണുസ്മരണം. പ്രഭാതത്തിലും മധ്യാഹ്നത്തിലും സന്ധ്യയിലും രാത്രിയിലും മറവുസമയങ്ങളിലും സ്മരിക്കുന്നവൻ ചിക്കെന്ന പാപമൊഴിഞ്ഞു നാരായണനോടു ചേരും. വിഷ്ണുസ്മരണകൊണ്ടുതന്നെ സർവ്വേശ്വരൻ അനുഗ്രഹിക്കും. സപ്തവും മുക്തിയും ഫലിക്കീർത്തനത്താൽ സിദ്ധിക്കും. ജപഹോമാർച്ചനാദിയിൽ മനസ്സു മാധവങ്കൽ വെച്ചാൽ അതെല്ലാം പതിനാലിന്ദ്രന്മാരുടെ കാലത്തോളം അക്ഷയമായിരിക്കും. പുനരാവർത്തിയുള്ള സപ്തപ്രാപ്തി എവിടെ? മിക്കച്ച മുക്തിബീജമാകുന്ന വിഷ്ണുനാമജപം എവിടെ? എവിടെ പ്രാചീനസരസ്വതി? 'നമോ നാരായണായ' എന്നിങ്ങനെ ചുഴിപ്പുണ്ടാക്കിക്കൊണ്ടു ശോഭിക്കുന്നുവോ, അവിടം സുഖകരമായ ശ്രേഷ്ഠതീർത്ഥമാകുന്നു! മകനേ, അതിനാൽ പകലിരവു പത്മനാഭനെ സ്മരിക്കുന്ന പുരുഷോത്തമന്റെ കലികലുഷം നീങ്ങുന്നതാകയാൽ നരകം പൂകേണ്ടിവരില്ല. സുവ്രത, സത്യം, സത്യം, തിക്കും സത്യമാണു് ഞാൻ പറയുന്നതു്: നാമജപം ഒന്നുമതി, മാപാപം നീങ്ങാൻ! രാമ രാമ, രാമ രാമ എന്നിങ്ങനെ ജപിച്ചു പോന്നാൽ ചണ്ഡാലൻ ക്രൂടി തീർച്ചയായും പരിശുദ്ധനായ്വരും. കുരുക്ഷേത്രം, കാശി, ഗയ, ദ്വാരക മുതലായ തീർത്ഥത്തിന്റെയെല്ലാം ഫലം നാമകീർത്തനംകൊണ്ടുതന്നെ കൈവരും. കൃഷ്ണ, കൃഷ്ണ, കൃഷ്ണ എന്നിങ്ങനെ ജപിക്കുകയോ ചൊല്ലുകയോ ചെയ്യുന്നവൻ ഇഹലോകം വിട്ടാൽ വിഷ്ണുസന്നിധിയിൽ വിഹരിക്കും. കലികാലത്തു നൃസിംഹ എന്നിങ്ങനെ ജപിക്കുകയൊ ചൊല്ലുകയൊ ചെയ്യുപോരുന്ന ഭാഗവതൻ മാപാപത്തിൽ നിന്നു മുക്തിനേടും. കൃതയുഗത്തിൽ ധ്യാനത്താലും, ത്രേതായുഗത്തിൽ യജ്ഞത്താലും, ദ്വാപരയുഗത്തിൽ പൂജയാലും കിട്ടുന്ന ഫലം, കലികാലത്തു നാമജപത്താൽ കിട്ടും; ഇതറിഞ്ഞു യാവച്ചിലർ ജഗദാത്മാവായ ജനാർദ്ദനങ്കൽ മുഴുകുന്നുവൊ അവർ പാപമെല്ലാം നീങ്ങി വിഷ്ണുവിന്റെ പരമപദം പൂകും. മത്സ്യം, കൂർമ്മം, വരാഹം, നരസിംഹം, വാമനൻ, രാമൻ, പരശുരാമൻ, കൃഷ്ണൻ, ബുദ്ധൻ, കൽക്കി എന്നീ പത്തവതാരങ്ങളും പ്രസിദ്ധങ്ങളാണല്ലൊ; ഈ തിരുനാമങ്ങൾ ജപിച്ചാൽ ബ്രഹ്മഹത്യപോലും വിട്ടൊഴിയും. വിഷ്ണുനാമത്തെ ഭക്തിയിൽ ജപി

Digitized By Kerala Sahitya Akademi

ക്കുകയൊ ചൊല്ലുകയൊ ധ്യാനിക്കുകയൊ ചെയ്യുന്നവൻ മുക്തി നേടി, വിഷ്ണുതന്നെയായിത്തീരും; സംശയമില്ല.'

ഇതുകേട്ട നാരദൻ അത്യന്തം വിസ്മയപ്പെട്ട് അച്ഛനോട് പറഞ്ഞു:—'ദേവന്മാർ അസംഖ്യം പേരുണ്ട്; രുദ്രന്മാർ അസംഖ്യം പേരുണ്ട്; പിതൃക്കൾ വളരെപ്പേരുണ്ട്; യക്ഷകിന്നരന്മാർ വളരെപ്പേരുണ്ട്; ഭൂതപ്രേതപിശാചർ വളരെപ്പേരുണ്ട്; മറ്റു ദേവയോനികളും വളരെപ്പേരുണ്ട്. അവരിലാരുടേയും പേരിന്ന് ശ്രീവിഷ്ണുനാമത്തിന്നു തുല്യമായൊരു മാഹാത്മ്യം കേട്ടിട്ടില്ല, കണ്ടിട്ടുമില്ല! വിഷ്ണുനാമം മാത്രം മതിയല്ലൊ തീർച്ചയായും മുക്തി സിദ്ധിപ്പാൻ! അച്ഛാ! തീർത്ഥസേവനമെന്തിന്? ഭൂപര്യടനമെന്തിന്? വിഷ്ണുനാമമാഹാത്മ്യം ശ്രവിച്ചാൽ മുക്തി കിട്ടുമല്ലൊ! രാമ രാമ എന്നതു് ഏതൊരു മുഖത്തുണ്ടൊ, ആ മുഖം വലിയ തീർത്ഥമാകുന്നു; ആ മുഖം വലിയ ക്ഷേത്രമാകുന്നു; ആ മുഖം സർവ്വാഭീഷ്ടപ്രദമാകുന്നു! സുവ്രത, എന്നാൽ ഏതേതു ഹരിനാമങ്ങളാണു കീർത്തിക്കേണ്ടതു്? അതെല്ലാം എനിക്കു വിവരിച്ചു പറഞ്ഞുതന്നാലും.'

ബ്രഹ്മാവു്:—'എപ്പോഴും എങ്ങും വ്യാപിച്ചിരിക്കുന്നവനാണു വിഷ്ണു; സനാതനനായ പരമാത്മാവാണു്; അനാദ്യന്തനാണു്; ശ്രീമാനാണു്; ഭൂതാത്മാവാണു്; ഭൂതഭാവനനാണു്; ഞാൻ ആരിൽ നിന്നു ജനിച്ചുവൊ, ആ വിഷ്ണു സദാ രക്ഷിക്കട്ടെ! കാലത്തിന്നും കാലമാണു താനിരുവടി; എനിക്കും പൂർവികനാണു്. അക്ഷയനും പുണ്ഡരീകാക്ഷനും മതിമാനും അവ്യയനും പുമാനും ശേഷശായിയും സഹസ്രാക്ഷനും മഹാനും പ്രഭവും സർവ്വഭൂതാത്മാവും വിശ്വരൂപനും ജനാർദ്ദനനും കൈടഭാരിയും ധാതാവും ജഗദീശനുമായിരിക്കുന്ന വിഷ്ണുദേവന്റെ നാമഗോത്രങ്ങളും എനിക്കറിഞ്ഞുകൂടാ. ഉണ്ണി, ഞാൻ സദാ വേദം ചൊല്ലിക്കൊണ്ടിരിക്കുന്നവനാണു്; ജ്ഞാനിയല്ല. അതിനാൽ നീ വിശ്വനാഥന്റെ അടുക്കൽ ചെല്ലുക; അവിടുന്നു തത്ത്വമെല്ലാം നിനക്കു പറഞ്ഞുതരും. യാതൊരു ശ്രീമാനായ പുരുഷൻ എന്നെന്നും കൈലാസം വാഴുന്നുവൊ, എല്ലാ ദേവന്മാർക്കും സർവ്വദുഃഖങ്ങളേയും നീക്കുന്ന ദേവശ്രേഷ്ഠനാരൊ, പഞ്ചവക്ത്രനായി പാർവതീവല്ലഭനായി ഭക്തവത്സലനായിരിക്കുന്ന ആ വിശ്വേശ്വരന്റെ അടുക്കൽ ചെല്ലുക; എല്ലാം അവിടുന്നു പറഞ്ഞുതരും.'

അച്ഛൻ പറഞ്ഞതിന്നണ്ണം നാരദൻ നാമമാഹാത്മ്യം അറിവാൻ വേണ്ടി കൈലാസത്തിലേയ്ക്കു പുറപ്പെട്ടു. എന്നെന്നും ഭൂതിഭൂഷിതനാ

Digitized By Kerala Sahitya Akademi

യ വിശ്വനാഥൻതിരുവടി എവിടെ വാണരുളുന്നുവോ, അവിടെച്ചെന്ന് ഋഷിശ്രേഷ്ഠൻ ജഗൽഗുരുവായ ദേവദേവനെ ദർശിച്ചു. അഞ്ചു മുഖങ്ങളോടും പത്തു കൈകളോടും മൂന്നു തൃക്കണ്ണുകളോടും കൂടിയവനായി, കപാലഖട്വാംഗ തീക്ഷ്ണശൂലഖഡ്ഗപിനാകപാണിയായി, ഭീമനായി, സുരപൂജിതനായി, വരദനായി, വൃഷഭവാഹനനായി, ഭസ്മം പൂശി സപ്പുങ്ങളേ അണിഞ്ഞവനായി, ചന്ദ്രചൂഡനായി, സപ്തമേഘവർണ്ണനായി, കോടിസൂര്യപ്രഭനായി, ഗണങ്ങളാൽ ചുറ്റപ്പെട്ട കൈലാസശൃംഗത്തിൽ വിഹരിച്ചരുളുന്ന നിന്തിരുവടിയെ കണ്ടതോടുകൂടി നാരദൻ വടിപോലെ വീണു സാഷ്ടാംഗനമസ്കാരംചെയ്തു. വൈഷ്ണവരിൽവെച്ചത്യുത്തമനായ മഹാദേവൻ മുനിയെ കണ്ടിട്ട് വിസ്മയത്താൽ വിടർന്ന തൃക്കണ്ണുമായി, 'ദേവർഷിശ്രേഷ്ഠ, ഭവാൻ എവിടെ നിന്നാണു വരുന്നതു?' എന്നു കല്പിച്ചുചോദിച്ചു.

നാരദൻ:—'ദേവേശ്വര, ഞാൻ ഇപ്പോൾതന്നെ ബ്രഹ്മാവിന്റെ അടുക്കൽ പോയിരുന്നു; അവിടുന്നു വിഷ്ണുവിന്റെ പാപനാശനമായ പ്രഭാവം എനിക്കു പറഞ്ഞുതന്നു. നാമമാഹാത്മ്യം കേട്ടപ്പോൾ ഞാൻ അവിടുത്തോട്, സഹസ്രനാമം ചോദിച്ചു; അതിനു വിടുത്തെ മറുപടി, 'നാരദ, എനിക്കറിഞ്ഞുകൂടാ; മഹാരുദ്രനറിയാം അവിടുന്നു പറഞ്ഞുതരും' എന്നായിരുന്നു. അതിൽ അത്യാശ്ചര്യം പൂണ്ട ഞാൻ നിന്തിരുവടിയുടെ സന്നിധിയിലേയ്ക്കു പോന്നു. ഈ ഘോരമായ കലിയുഗത്തിൽ മനുഷ്യർക്ക് ആയുസ്സു കുറച്ചേയുള്ളൂ. എപ്പോഴും വിധർമ്മങ്ങളിലാണ് മനസ്സു; നാമജപമില്ല. ബ്രാഹ്മണർ പാഷണ്ഡരായി ധർമ്മവിമുഖരായും സന്ധ്യാവന്ദിക്കാത്തവരായും വ്രതഭ്രഷ്ടരായും ദുഷ്ടരായും മലിനരായും തീർന്നിരിക്കുന്നു. ബ്രാഹ്മണരെന്നപോലെ ക്ഷത്രിയവൈശ്യശൂദ്രാദികളും ശിവഭക്തിരഹിതർ തന്നെ. ശൂദ്രരാകട്ടെ ദ്വിജരാകട്ടെ, ധർമ്മാധർമ്മങ്ങളും ഹിതാഹിതങ്ങളും അറിയുന്നില്ല. ഇതോർത്തിട്ടാണ്, ഞാൻ നിന്തിരുവടിയുടെ അടുക്കലേയ്ക്കു പോന്നതു്. നാമമാഹാത്മ്യം നാവുഖൻ പറഞ്ഞുകേൾക്കുകയുമുണ്ടായി. നിന്തിരുവടി ദേവന്മാക്കെല്ലാം ദേവനാണ്; എനിക്കെന്നെന്നും സ്വാമിയാണ്; ത്രിപുരാന്തകനാണ്; വിശ്വാത്മാവാണ്. തിരുവുള്ളം തെളിഞ്ഞു വിഷ്ണുസഹസ്രനാമം ഉപദേശിച്ചുതന്നാലും. മനുഷ്യർക്കു സൗഭാഗ്യത്തേയും പരമഭക്തിയേയും ഉളവാക്കുന്നതായി, ബ്രാഹ്മണർക്കു ബ്രാഹ്മണ്യത്തേയും ക്ഷത്രിയർക്കു ജയത്തേയും വൈശ്യർക്കു ധനത്തേയും ശൂദ്രർക്കു സുഖത്തേയും നൽകുന്നതായിരിക്കുന്ന നാമസഹസ്രം ഇവിടുത്തെ അടുക്കൽനിന്നു ശ്രവിപ്പാൻ എനിക്കാഗ്രഹമുണ്ട്. വിഷ്ണുക്ഷേത്രത്തിൽവെച്ചു

Digitized By Kerala Sahitya Akademi

ത്രാണി ഇവിടെയുണ്ടാണല്ലൊ ഉള്ളതു്. ഗോപ്യമാണെങ്കിൽ കൂടി എനിക്കു പറഞ്ഞുതരുമാറാകണം! മഹേശ്വര, ഇതു പരമപവിത്രവും സർവ്വതീർത്ഥമയവുമാകയാൽ എനിക്കു കേട്ടേ കഴിയൂ എന്നുണ്ടു്.'

നാരദവചനം കേട്ടിട്ടു വിസ്മയത്താൽ കണ്ണുകൾ വിടർന്ന ശിവൻ വിഷ്ണുനാമസ്മരണത്താൽ കോരിത്തരിച്ചുപോയി!

ശിവൻ:—'ബ്രഹ്മൻ, ഈ വിഷ്ണുസഹസ്രനാമം വളരെ ഗോപ്യമാണു്. ഇതു ശ്രവിച്ചവൻ ഒരിക്കലും ഉറ്റുതി പൂകുകയില്ല. ഒരിക്കൽ പാർവ്വതി എന്നോടാവശ്യപ്പെട്ടു:—'കൈലാസനാഥ, എന്നോടു വാസ്തവം പറയുക: പരമൈശ്വര്യവാനായ ഭവാൻ എന്താണു ജപിക്കുന്നതു്? ദേവേശ, വിശ്വനാഥനായ ഭവാൻ ദേഹത്തിൽ സദാ ഭസ്മം പൂശുന്നു, തോലുടുക്കുന്നു, ജട ധരിക്കുന്നു; ഇതെന്താണു്? പ്രഭോ, ഇവിടുന്നു ദേവന്മാക്കെല്ലാം ദേവനും, കർമ്മങ്ങൾക്കെല്ലാം ഗുരുവും, എനിക്കു ഭർത്താവുമാണല്ലോ.' ഇപ്രകാരം പാർവ്വതി വീണ്ടും വീണ്ടും ചോദിച്ചതിനാൽ എല്ലാം ഞാൻ ദേവിയോടു പറകയുണ്ടായി; അതു കേട്ടുകൊള്ളുക. എന്നാൽ ഭവാൻ പ്രസാദിച്ചു മുക്തിതരും; സംശയമില്ല. എനിക്കു മുന്നം ഉറ്റ ബന്ധുവുമാണു താനിരുവടി; എന്നെന്നും അവിടുത്തെ ഭക്തനാണു് ഞാൻ; എന്നെന്നും എനിക്കു സ്വാമിയാണിവിടുന്നു്.'

വിപ്രരേ, ഇപ്രകാരം അരുളിച്ചെയ്തിട്ടു ശിവൻ പണ്ടു പാർവ്വതിയോടു ചൊല്ലിയ വിഷ്ണുസഹസ്രനാമം നാരദനുപദേശിച്ചു. കൈലാസത്തിൽവെച്ചു മഹേശ്വരങ്കൽനിന്നു നാമസഹസ്രം നേടിയ നാരദൻ ഒരുനാൾ ദൈവയോഗത്താൽ കൈലാസത്തിൽനിന്നു പരമപുണ്യമായ നൈമിശാരണ്യതീർത്ഥത്തിൽ വന്നെത്തി. അവിടെയുണ്ടായിരുന്ന മഹർഷിമാരെല്ലാം, മഹാത്മാവായ നാരദൻ വന്നതു കണ്ടിട്ടു വിസ്മയത്താൽ കണ്ണുകൾ വിടർന്നു് അതു മുനീന്ദ്രനെ സവിശേഷം പൂജിച്ചു. അവർ അതു വൈഷ്ണവശ്രേഷ്ഠനു പുഷ്പവർഷം ചൊരിഞ്ഞു്, പാദ്യവും അർഘ്യവും നൽകി, നീരാജനമുഴിഞ്ഞു്, കായ്കനികൾ നിവേദിച്ചു്, നിലത്തു ദണ്ഡനമസ്കാരം ചെയ്തു; എന്നിട്ടു പറഞ്ഞു:—'മഹാമുനേ, ഞങ്ങൾ വംശത്തോടേ കൃതാർത്ഥരായി: പവിത്രവും പാപഹരവുമായ ഭവദ്ദർശനം ലഭിച്ചുവല്ലോ! ദേവർഷേ, ഭവാന്റെ പ്രസാദത്താലാണല്ലോ, ഞങ്ങൾ പുരാണങ്ങൾ ശ്രവിച്ചതു്. ബ്രഹ്മൻ, എങ്ങിനെയാണു്, ദാനമോ തപസ്സോ തീർത്ഥസ്നാനമോ യജ്ഞമോ യോഗമോ ധ്യാനമോ ഇന്ദ്രിയനിഗ്രഹമോ ശാസ്ത്രജ്ഞാനമോ കൂടാതെ പാപമെല്ലാം നീങ്ങി മുക്തി കിട്ടുക?'

Digitized By Kerala Sahitya Akademi

നാരദൻ:—'കൈലാസശിഖരത്തിൽ വാണരുളുന്ന ദേവദേവനും ജഗൽഗുരുവായ ഭർത്താവിനെ വണങ്ങി പാർവതി ചോദിച്ചു:—'ഭഗവാനേ, സർവജ്ഞനായി സർവപൂജിതനായിരിക്കുന്ന മഹാദേവനാണിവിടുന്ന്. ബ്രഹ്മസൂയ്യാദിദേവന്മാരും ഇവിടുത്തെ ലിംഗം പൂജിച്ചുപോരുന്നു; വരദ, അവനെ പൂജിച്ചവർ അഭീഷ്ടം നേടുകയും ചെയ്യുന്നു. സ്വാമിൻ, ജനനമരണങ്ങളിലാത്ത സ്വയംഭൂവും സർവശക്തിയുക്തനുമായ ഭവാൻ എന്താണു ധ്യാനിക്കുന്നത്? നഗ്നനായി, കാമനെ സംഹരിച്ചു, ജട ചുമന്ന്, ഭസ്മം പൂശി, തപസ്സുചെയ്യുന്നതെന്തിനാണ്? എന്താണു ജപിക്കുന്നത്? ദേവേശ, എങ്കൽ സ്നേഹമുണ്ടെങ്കിൽ വാസ്തവം പറയുക.'

ശിവൻ:—'ദേവി, ഇതാരോടും പറകയുണ്ടായിട്ടില്ല; അത്ര ഗോപ്യമാണിത്. എന്നാലും പറയാം: എങ്കൽ ഭക്തിയും പ്രേമവുമുള്ള വളാണല്ലോ ഭവതി. ദേവി, പണ്ടു സത്യയുഗത്തിൽ സകലരും മനഃശുദ്ധിയാൽ, വിഷ്ണുതന്നെയാണ് സർവേശ്വരേശ്വരൻ എന്നറിഞ്ഞു നാമം ജപിക്കുകയും തന്മൂലം ഇഹപരങ്ങളിൽ പരമസമൃദ്ധി നേടുകയും ചെയ്തുപോന്നു. ദേവന്മാരും ഋഷിമാരുമെല്ലാം ക്ലേശപ്പെട്ടിട്ടും നേടാത്ത ഗതി നാമനിരതന്മാർ നേടുമെന്നു ഞാൻ പറഞ്ഞുകേട്ടിട്ടും ആളുകൾ വിഷ്ണുപൈമുഖ്യംമൂലം വിരിഞ്ചങ്ങളായ വേദപുരാണസിദ്ധാന്തങ്ങളാൽ മനസ്സുഴന്ന്, തപമേതു്, പരമപദമേതു് എന്നു ശരിക്കറിയുന്നില്ല! തുലാപുരുഷാദിദാനം, അശ്വമേധാദിയാഗം, കാശീപ്രയാഗാദിതീർത്ഥസ്നാനം, ഗയാശ്രാദ്ധാദിപിതൃകർമം, വേദവ്രതാദിജപം, തീവ്രതപസ്സു്, യമനിയമങ്ങൾ, ജീവകാരുണ്യം, ഗുരുശുശ്രൂഷ, സത്യം, വർണാശ്രമധർമം, ജ്ഞാനം, ധ്യാനം എന്നിവ അസംഖ്യജന്മങ്ങളിൽ യഥാവിധി ചെയ്താലും, സർവേശ്വരേശ്വരനായി പുരാണപുരുഷോത്തമനായിരിക്കുന്ന വിഷ്ണുവിനെ സർവാത്മനാ സേവിച്ചാലത്തെപ്പരമശ്രേയസ്സു കൈവരുന്നതല്ല. ഭോഗശീലരായാലും നിർഗുണികളായാലും ജ്ഞാനവൈരാഗ്യബ്രഹ്മചര്യാദികളില്ലാത്തവരായാലും സർവധർമരഹിതരായാലും വിഷ്ണുനാമം ജപിക്കുകമാത്രം ചെയ്യുന്നവർ അനായാസേന യാതൊരു ഗതി പൂകുമോ, അതു് ഏതു ധാർമികർക്കും കിട്ടുകയില്ല. എപ്പോഴും വിഷ്ണുവിനെ സ്മരിച്ചുകൊള്ളണം; ഒരിക്കലും വിസ്മരിച്ചുപോകരുതു്. എല്ലാ വിധിനിഷേധങ്ങളും തന്നിരുവടിയുടെ കിങ്കരരത്രേ! ബ്രഹ്മാദിദേവന്മാരും നിഷ്കൽമഷരായ മുനിമാരും വിഷ്ണുനാമത്താലാണ് യഥേഷ്ടം അഭീഷ്ടസ്ഥാനമണഞ്ഞതു്.'

എന്നെ ആരും പൂജിക്കാറില്ലായിരുന്നതിനാൽ, അഹംകാരിയായ ഞാൻ വിഷ്ണുവിനെക്കാൾ ശ്രേഷ്ഠത കിട്ടാൻവേണ്ടി തന്നിരു

Digitized By Kerala Sahitya Akademi

വരിയെ ശരിക്കാരാധിച്ചുപോന്നു. അതിനാൽ പ്രസാദിച്ച് ആ ഭക്തവത്സലനായ ഭയാശീലൻ പ്രത്യക്ഷീഭവിച്ച്, തന്റെ ഒരോ അംശങ്ങളാൽ ദേവപിതൃദ്വിജരെ ഹവ്യകവ്യാദികം കൊണ്ടു പൂജിച്ചു; അതുകൊണ്ടുതന്നെ, ചരാചരസൃഷ്ടിയിൽ, ബ്രഹ്മാദിദേവന്മാരെല്ലാം ആരാധിക്കപ്പെട്ടുപോരുന്നു. എന്നോടജഗദീശ്വരൻ അരുളിച്ചെയ്തു:—'ശംഭോ, വോൻ എന്നെക്കാളും ശ്രേഷ്ഠനാകും; ഞാൻ ബ്രാഹ്മണത്തിലും മറ്റും ഒരംശംകൊണ്ടു മാനുഷജാതിയിൽ ജനിച്ച്,' വോനെ ആരാധിച്ചു വരം വാങ്ങുന്നുണ്ട്. വോൻ സ്വന്തം ശാസ്ത്രം നടപ്പാക്കി ജനങ്ങളെ എങ്കൽ വിമുഖരാക്കിത്തീർക്കുക—എന്നെ ഒളിവിലാക്കുക; എന്നാൽ, ഈ സൃഷ്ടി വർദ്ധിച്ചു വർദ്ധിച്ചുവരും.' അപ്പോൾ ഞാൻ പരമശ്വരനെ പണിഞ്ഞുണർത്തിച്ചു:—'അയിരം ബ്രഹ്മഹത്യയുടെ പാപം വല്ലവണ്ണവും നശിപ്പിയ്ക്കാം; അങ്ങയെ അനാദരിച്ചാലത്തെപ്പാപം നൂറു നൂറുകോടി കല്പങ്ങൾകൊണ്ടും നശിക്കയില്ല. ഞാൻ ഇവിടുത്തോട് മത്സരിച്ചുപോയല്ലൊ; എനിക്കെങ്ങനെ ശ്രദ്ധിവരും? ഗോവിന്ദ, ആ പ്രായശ്ചിത്തം, സമ്മതമാണെങ്കിൽ, പറഞ്ഞുതന്നാലും.' ഉടനേ തിരുവുള്ളം തെളിഞ്ഞ ഭഗവാൻ സ്വതതപം അരുളിച്ചെയ്തു. പാർവ്വതി, അതുമൂലമാണ്, ഞാൻ തന്തിരുവടിയെക്കാളും മീതെയായത്. ഞാൻ തന്തിരുവടിയെത്തന്നെ തപസ്സുകൊണ്ടു സേവിക്കുന്നു, സ്തുതിക്കുന്നു, ധ്യാനിക്കുന്നു; അതിനാൽ ഞാൻ അദ്വിതീയമഹിമാവായി ജഗൽപൂജ്യനായിത്തീർന്നു.'

പാർവതി:—'ദേവേശ, ശങ്കര, അതെനിക്കു പറഞ്ഞുതരിക്കൂ എന്നാൽ ഞാനും സർവ്വേശ്വരിയായി നിസ്സല്യയായി ഇവിടെയുണ്ടാകുമല്ലൊ.'

ശിവൻ:—'പ്രിയേ, കൊള്ളാം; വേതി അവശ്യപ്പെട്ടതു കൊള്ളാം. മുപ്പാരിനും മുകുതി നൽകുന്ന പ്രശസ്തമായ വിഷ്ണുഭഗവന്നാമസഹസ്രം കേട്ടുകൊള്ളുക: അസ്യ ശ്രീവിഷ്ണുനാമസഹസ്രസ്തോത്രസ്യ ശ്രീമഹാദേവഋഷിഃ; അനുഷ്ടുപ് ഛന്ദഃ; പരമാത്മാ ദേവതാ; ശ്രീ, ബീജം; ശ്രീം ശക്തിഃ; ക്ലീം കീലകം; ചതുർവ്വർഗ്ഗ ധർമ്മാർത്ഥകാമമോക്ഷാനാം ജപേ വിനിയോഗഃ. ഓം വാസുദേവായ വിദ്മഹേ മഹാഹംസായ ധീമഹി തന്നോവിഷ്ണുഃ പ്രചോദയാൽ. അംഗന്യാസങ്ങളോടും കരന്യാസങ്ങളോടുകൂടി ജപിച്ചാൽ ഫലം കോടിയുടങ്ങായിരിക്കും; സംശയമില്ല: ശ്രീവാസുദേവഃ പരം ബ്രഹ്മ എന്നു ഹൃദയം; മൂലപ്രകൃതിഃ എന്നു ശിരസ്സ്; മഹാവരാഹഃ എന്നു ശിഖ; സൂര്യവംശധ്വജഃ എന്നു കവചം; ബ്രഹ്മാദികാമൃലാളിത്യ ജഗദാശ്ചര്യശൈശവഃ എന്നു നേത്രം;

Digitized By Kerala Sahitya Akademi

പാതാത്ഥണ്ഡിതാശേഷഃ എന്ന് അസ്ത്രം; നമോ നാരായണായ എന്ന സർവ്വ ന്യാസം; ഓം നമോ നാരായണായ പുരുഷായ മഹാത്മനേ വിഷ്ണുഷ്ണുസർവ്വായ മഹാഹംസായ ധീമഹി തന്നോ ഹംസഃ പ്രചോദയാൽ. ക്ലീം കൃഷ്ണായ വിദ്മഹേ ഹ്രീം രാമായ ധീമഹി തന്നോ രാമഃ പ്രചോദയാൽ. ഓം നൃസിംഹായ വിദ്മഹേ ശ്രീകണ്ഠായ ധീമഹി തന്നോ വിഷ്ണുഃ പ്രചോദയാൽ. ഓം വാസുദേവായ വിദ്മഹേ ദേവകീസുതായ ധീമഹി തന്നഃ കൃഷ്ണഃ പ്രചോദയാൽ. ഓം ഹ്രാം ഹ്രീം ഹ്രൂം ഹ്രൈം ഹ്രൌം ഹ്രഃ ക്ലീം കൃഷ്ണായ ഗോവിന്ദായ ഗോപീജനവല്ലഭായ നമഃ സ്വാഹാ. എന്നീ മന്ത്രമുച്ചരിച്ച്, ശ്രീനിവാസനായ ജഗദീശനെ ആരാധിച്ചിട്ട സ്തോത്രം ചൊല്ലുക:

ഓം, വാസുദേവഃ പരം ബ്രഹ്മ പരമാത്മാ പരാത്പരഃ
പരം ധാമ പരം ജ്യോതിഃ പരം തത്ത്വം പരം പദം
പരഃ ശിവഃ പരോ ധ്യേയഃ പരം ജ്ഞാനം പരാഗതിഃ
പരമാത്മാ പരശ്രേഷ്ഠഃ പരാനന്ദഃ പരോദയഃ
പരോവ്യക്താൽ പരം വ്യോമ പരമർദ്ധിഃ പരേശ്വരഃ
നിരാമയോ നിർവികാരോ നിർവികല്പോ നിരാശ്രയഃ
നിരഞ്ജനോ നിരാലംബോ, നിർല്ലേപോ നിരവഗ്രഹഃ
നിർഗ്ഗുണോ നിഷ്കലോനന്തോ ഭയോ ചിന്ത്യോചലോച്യുതഃ
അതീന്ദ്രിയോമിതോപായോ നിത്യോനീഹോവ്യയോക്ഷയഃ
സർവ്വജ്ഞഃ സർവ്വഗഃ സർവഃ സർവ്വഭഃ സർവഭാവനഃ
സർവ്വാത്മാ സർവസാക്ഷീ പൂജ്യഃ സർവ്വസ്യ സർവ്വകൃ
സർവ്വശക്തിഃ സർവസാരഃ സർവാത്മാ സർവതോമുഖഃ
സർവ്വവാസഃ സർവരൂപഃ സർവാദിഃ സർവദുഃഖഹാ
സർവാത്മഃ സർവതോദൃഷ്ടഃ സർവകാരണകാരണം
സർവാതിശയിതഃ സർവാധ്യക്ഷഃ സർവേശ്വരേശ്വരഃ
ഷഡ്വിംശകോ മഹാവിഷ്ണുർമ്മഹാഗ്രഹ്യോ മഹാവിഭുഃ
നിത്യോദിതോ നിത്യയുക്തോ നിത്യാനന്ദഃ സനാതനഃ
മായാപതിർയ്യോഗപതിഃ കൈവല്യപതിരാത്മഭൂഃ
ജന്മമൃത്യുജരാതീതഃ കാലാതീതോ ഭവാതിഗഃ
പൂർണ്ണഃ സത്യഃ ശുദ്ധബുദ്ധോസ്വതന്ത്രോ നിത്യചിന്മയഃ
യോഗപ്രിയോ യോഗഗമ്യോ ഭവബന്ധൈകമോചകഃ
പുരാണപുരുഷഃ പ്രത്യക്ചൈതന്യ പുരുഷോത്തമഃ
വേദാന്തവേദ്യോ ദുർജ്ഞേയസ്ത്രിപത്രയ വിവർജ്ജിതഃ
ബ്രഹ്മ വിദ്യാശ്രയോനർഘഃ സപ്രകാശഃ സ്വയംപ്രഭഃ

Digitized By Kerala Sahitya Akademi

സർവോപായ ഉദാസീനഃ പ്രണവഃ (ക്ഷ00) സർവതസ്സുമഃ
സർവാനവദ്യോ ദുഷ്പ്രാപ്യസ്സുരീയസ്തുതസമഃ പരഃ
അനല്പംഘ്ര്യശ്വിതുഗതിമ്മഹാരുദ്രോ ദുരാസദഃ
മൂലപ്രകൃതിരാനന്ദഃ പ്രജ്ഞാനോ വിശ്വമോഹനഃ
മഹാമായോ വിശ്വബീജം പരശക്തിഃ സുരൈകജ്ഞഃ
സർവകാമ്യോനന്തലീലഃ സവ്രതവശങ്കരഃ
അനിരുദ്ധഃസർവജീവോ ഹൃഷീകേശോ മനഃപതിഃ
നിരുപാധിപ്രിയോ ഹംസോക്ഷരഃ സർവനിയോജകഃ
ബ്രഹ്മപ്രാണേശ്വരസ്സർവവ്രതദക്ഷേഹനായകഃ
ക്ഷേത്രജ്ഞഃ പ്രകൃതിസ്വാമീ പുരുഷോ വിശ്വസൃഗ്വ്യക്ത
അന്തര്യാമീ ത്രിധാമാന്തസ്സാക്ഷീ നിർഗുണ ഈശ്വരഃ
യോഗിഗമ്യഃ പരമനാഭഃ ശേഷശായീ ശ്രിയഃപതിഃ
ശ്രീശിവോപാസ്യപാദാബ്ജോ നിത്യശ്രീഃ ശ്രീനികേതനഃ
നിത്യവക്ഷസ്ഥലസ്ഥശ്രീഃ ശ്രീനിധിഃ ശ്രീധരോ ഹരിഃ
വശ്യശ്രീസ്സിശ്രല ശ്രീദോ വിഷ്ണുഃ ക്ഷീരാബ്ധി മന്ദിരഃ
കൌസ്തുഭോത്സാസിതോരസ്കോ മാധവോ ജഗദാത്തിഹാ
ശ്രീവത്സവക്ഷാ നിസ്സീമകല്യാണഗുണഭാജനം
പീതാംബരോ ജഗന്നാഥോ ജഗത്രാതാ ജഗൽപിതാ
ജഗൽബന്ധുർജഗൽസ്രഷ്ടാ ജഗദ്ധാതാ ജഗന്നിധിഃ
ജഗദേകസ്ഫുരദ്ദീപ്തോ നാഥം വാദീ ജഗന്മയഃ
സവ്വാശ്രയ്മയഃ സവ്വസിദ്ധാത്മഃ സവ്വരഞ്ജിതഃ
സവ്വാമോഘോദ്യമോ ബ്രഹ്മരുദ്രാദ്യൽകൃഷ്ടചേതനഃ
ശംഭോഃ പിതാമഹോ ബ്രഹ്മപിതാ ശക്ത്യുദ്ധീശ്വരഃ
സവ്വദേവപ്രിയഃ സവ്വദേവമൂർത്തിരനുത്തമഃ
സവ്വദേവൈകശരണം സവ്വദേവൈകദേവതാ
യജ്ഞഭൃഗ്യജ്ഞഫലദോ യജ്ഞേശോ യജ്ഞഭാവനഃ
യജ്ഞത്രാതാ യജ്ഞപുമാൻ വനമാലീ ദ്വിജപ്രിയഃ
ദ്വിജൈകമാനദോ (ക്ഷ00) വിപ്രകുലദേവോസുരാന്തകഃ
സവ്വദുഷ്ടാന്തകൃൽ സവ്വസജ്ജനാനന്ദപാലകഃ
സപ്തലോകൈകജഠരഃ സപ്തലോകൈകമണ്ഡനഃ
സൃഷ്ടിസ്ഥിത്യന്തകൃച്ചക്രീ ശാർങ്ഗധനുപാ ഗദാധരഃ
ശംഖഭൃന്നാന്ദകീ പത്മപാണിർഗരുഡവാഹനഃ
അനിർദ്ദേശ്യവപുഃ സവ്വപൂജ്യസ്സ്വർലോക്യപാവനഃ
അനന്തകീർത്തിന്നിസ്സീമപൌരുഷഃ സവ്വമംഗളഃ
സ്തുകോടിപ്രതീകാശോ യമകോടിഭരാസദഃ

Digitized By Kerala Sahitya Akademi

കന്ദപ്പകോടിലാവണ്യോ ദുഗ്ധാകോട്യരിമർദ്ദനഃ
സമുദ്രകോടിഗംഭീരസ്ഥിത്ഥകോടിസമാഹ്വയഃ
ബ്രഹ്മകോടി ജഗൽസ്രഷ്ടാ വായുകോടിമഹാബലഃ
കോടീന്ദുജഗദാനന്ദീ ശംഭുകോടിമഹേശ്വരഃ
കുബേരകോടിലക്ഷ്മീവാൻ ശക്രകോടിവിലാസവാൻ
ഹിമവൽകോടിനിഷ്കമ്പഃ കോടിബ്രഹ്മാണ്ഡവിഗ്രഹഃ
കോട്യശ്വമേധപാപഘ്നോ യജ്ഞകോടിസമാഹ്വനഃ
സുധാകോടിസ്വാസ്ഥ്യഹേതുഃ കാമധുക്കോടികാമദഃ
ബ്രഹ്മവിദ്യാ കോടിരൂപഃ ശിപിവിഷ്ടഃ ശുചിശ്രവാഃ
വിശ്വംഭരസ്ഥിത്ഥപദഃ പുണ്യശ്രവണകീർത്തനഃ
ആദിദേവോ ജഗജ്ജ്യേഷ്ഠോ മുകുന്ദഃ കാലനേമിഹാ
വൈകുണ്ഠോനന്തമാഹാത്മ്യോ മഹായോഗേശ്വരോത്സവഃ
നിത്യസ്ഥപ്രോലസൽഭാവോ നിശ്ശങ്കോ നരകാന്തകഃ
ദീനാനാമൈകശരണം വിശ്വൈകവ്യസനാപഹഃ
ജഗൽകൃപാക്ഷമോ നിത്യം കൃപാലുഃ സജ്ജനാശ്രയഃ
യോഗേശ്വരഃ സദോദീർണ്ണോ വ്യൂഢോരസ്കയവിവർജ്ജിതഃ
അധോക്ഷജോ വിശ്വരേതാഃ പ്രജാപതിപതാധിപഃ
ശക്രബ്രഹ്മാർച്ചിതപദഃ ശംഭുബ്രഹ്മാർച്ചിതാഗമഃ
സൂക്ഷ്മസോമേക്ഷണോ വിശ്വഭോക്തൃതാ സർവസ്യപാരഗഃ
ജഗൽസേതുർദ്ധർമ്മസേതുർദ്ധരോ വിശ്വധുരന്ധരഃ
നിർമ്മമോഖിലലോകേശോ നിസ്സംഗോത്തുതഭോഗവാൻ
വശ്യമായോ വശ്യവിശ്വോ വിഷ്വക്സേനഃ സുരോത്തമഃ
സർവ്വശ്രേയഃപതിർദ്ദിവ്യോനഭ്രഷ്ണുർഭ്രഷ്ണുഭൂഷിതഃ
സർവലക്ഷണലക്ഷണ്യഃ സർവദൈത്യേന്ദ്രദർപ്പഹാ
സമസ്തദേവസർവസ്വം സർവദൈവതനായകഃ
സമസ്തദേവകവചം സർവദേവശിരോമണിഃ
സമസ്തദേവതാദൃഗ്ഭൂഃ പ്രപന്നാശിനിപഞ്ജരഃ
സമസ്തദേയഹന്നാമാ ഭഗവാൻ വിഷ്ടരശ്രവാഃ
വിഭുഃ സർവഹിതോദർക്കോ ഹതാരിഃ സപ്തിപ്രദഃ (൩൦൦)
സർവദൈവതജീവേശോ ബ്രാഹ്മണാദിനിയോജകഃ
ബ്രഹ്മശംഭുപരാർദ്ധായുർബ്രഹ്മജ്യേഷ്ഠഃ ശിശുസ്വരാട്ട്
വിരാഡ്ഭക്തപരാധീനഃ സ്തുത്യഃ സ്തോത്രാത്ഥസാധകഃ
പരാത്ഥകർത്താ കൃത്യജ്ഞഃ സ്വാത്ഥകൃത്യസദോദ്ധിതഃ
സദാനന്ദഃ സദാഭദ്രഃ സദാശാന്തഃ സദാശിവഃ
സദാപ്രിയഃ സദാതുഷ്ടഃ സദാപുഷ്ടഃ സദാർച്ചിതഃ

Digitized By Kerala Sahitya Akademi

സദാപൂതഃ പാവനാത്മ്യോ വേദഗ്രഹ്യോ വൃഷാകപിഃ
സഹസ്രനാമാ ത്രിയുഗശ്ച ത്രിമൂർത്തിശ്ച ത്രിരൂർജ്ജഃ
ത്രിതയ്യവേദ്യനാഥോ മഹാപുരുഷപൂർവ്വജഃ
നാരായണോ മഞ്ജുകേശഃ സർവ്വയോഗവിനിസ്സൃതഃ
വേദസാരോ യജ്ഞസാരഃ സാമസാരസ്തപോനിധിഃ
സാധ്യരൂപ്യഃ പുരാണർഷിർന്നിഷ്ഠാ ശാന്തിഃ പരായണം
ശിവസ്ത്രിശൂലവിധ്വംസി ശ്രീകണ്ഠൈകവരപ്രദഃ
നരഃ കൃഷ്ണോ ഹരിർബ്രഹ്മനന്ദനോ ധർമ്മജീവനഃ
ആദികർത്താ സർവ്വസത്യഃ സർവ്വസ്ത്രീരത്നദർപ്പഹാ
ത്രികാലജ്ഞിതകന്ദർപ്പ ഉർവ്വശീസ്തുങ്മുനീശ്വരഃ
ആദ്യഃ കവിർഹയഗ്രീവഃ സർവവാഗീശ്വരേശ്വരഃ
സർവദേവമയോ ബ്രഹ്മരുദ്രർവാഗീശ്വരീപതിഃ
അനന്തവിദ്യാപ്രഭവോ മൂലാവിദ്യാവിനാശകഃ
സർവജ്ഞത്വദോ നമജ്ജാഡ്യനാശകോ മധുസൂദനഃ
അനേകമന്ത്രകോടീശഃ ശബ്ദബ്രഹ്മൈകപാരഗഃ
ആദിവിദ്വാൻ വേദകർത്താ വേദാത്മാ ശ്രുതിസാഗരഃ
ബ്രഹ്മാത്മവേദാഹരണഃ സർവവിജ്ഞാനജന്മഭൂഃ
വിദ്യാരാജ്ഞോ ജ്ഞാനമൂർത്തിർജ്ഞാനസിന്ധുരഖണ്ഡധീഃ
മത്സ്യദേവോ മഹാശൃംഗോ ജഗൽബീജവഹിർധ്രുക
ലീലാവ്യാപ്താഖിലാംഭോധിർഭൂഗോദ്ധാരപ്രവർത്തകഃ
ആദിക്രമ്മോഖിലാധാരസ്ത്രുണീകൃതജഗൽഭരഃ
അമരീകൃതദേവൗഘഃ പീയൂഷോൽപത്തികാരണം
ആത്മാധാരോ ധരാധാരോ യജ്ഞാംഗോ ധരണീധരഃ
ഹിരണ്യാക്ഷഹരഃ പൃഥ്വീപതിഃ ശ്രുത്യോദ്ധികല്പകഃ
സമസ്ത പിതൃഭീതിഘ്നഃ സമസ്തപിതൃജീവനം
ഹവ്യകവ്യൈകഭൂ (൪൦൦) ഘവ്യകവ്യൈകഫലദായകഃ
രോമാന്തർല്ലീനജലധിഃ ക്ഷോഭിതാശേഷസാഗരഃ
മഹാവരാഹോ യജ്ഞാഘ്നധ്വംസകോ യാജ്ഞികാശ്രയഃ
ശ്രീനൃസിംഹോ ദിവ്യസിംഹഃ സർവാനിഷ്ടാർത്തിഭഞ്ജനഃ
ഏകവീരോദ്ഭുതബലോ യന്ത്രമന്ത്രൈകരഞ്ജനഃ
ബ്രഹ്മാദിദുസ്സഹജ്യോതിർഗ്ഗാന്താഗ്ന്യതിഭീഷണഃ
കോടിവജ്രാധികനഖോ ജഗദ്ദൃഷ്ട്യേക്ഷ്യമൂർത്തിധൃക
മായാചക്രപ്രമഥനോ മഹാമായാഗണേശ്വരഃ
അചിന്ത്യാമോഘവീര്യാഢ്യഃ സമസ്താസുരഘസ്മരഃ
ഹിരണ്യകശിപുധ്വംസീ കാലഃ സംകർഷണീപതിഃ
കൃതാന്തവാഹനഃ സത്യസന്ധയേനാശനഃ

Digitized By Kerala Sahitya Akademi

സർവവിഘ്നാന്തകഃ സർവസിദ്ധിദഃ സർവപൂരകഃ
സമസ്തപാതകധ്വംസീ സിദ്ധിമന്ത്രാധികാരവയഃ
ഭൈരവോരോ മഹാരൗദ്രിഘ്നഃ കാലകോടിഭയാസഭഃ
ദൈത്യഗർഭസ്രാവിനാമാ സ്ഫുടൽബ്രഹ്മാണ്ഡഗഞ്ജിതഃ
സ്മൃതമാത്രാഖിലത്രാതാഭൂതത്രാപോ മഹാഹരിഃ
ബ്രഹ്മചയ്യുശിരഃപിണ്ഡീ ഭിക്ഷാലോർദ്ധാംഗഭൂഷണഃ
ഭാദശാക്ഷശിരോദാമാ രുദ്രശീഷ്ടൈകനൂപുരഃ
യോഗിനീഗ്രസ്തഗിരിജാ ത്രാതാ ഭൈരവതർജ്ജകഃ
വീരചക്രേശ്വരോത്യുഗ്രോ യമാരിഃ കാലസംവരഃ
ക്രോധേശ്വരോ രുദ്രചണ്ഡീ പരിവാരാദിദുഷ്ടഭക്ഷകൻ
സർവാക്ഷോഭ്യോ മൃത്യുമൃത്യുഃ കാലമൃത്യുനിവർത്തകഃ
അസാധ്യസർവരോഗഘ്നഃ സർവാപദ്ഗ്രഹസൗമ്യകൃൽ
ഗണേശകോടിദുഷ്പ്രഘ്നോ ദുസ്സഹാശേഷശോത്രുഹാ
ദേവദാനവദുർദ്ദർശോ ജഗദ്ഭയദഭീഷകഃ
സമസ്തദുഷ്ടനിത്രാതാ ജഗദ്രക്ഷാകരക്ഷകഃ
ഉഗ്രോ ശോംബരമാർജ്ജാരഃ കാലമൂഷികഭക്ഷകഃ
അനന്തായുധദോർദ്ദണ്ഡീ നൃസിംഹോ വീരഭദ്രജിൽ
യോഗിനീചക്രഗുഹ്യേശഃ ശുക്രാരിപശുമാംസഭുക്
രുദ്രോ നാരായണോ മേഷരൂപശങ്കരവാഹനഃ
മേഷരൂപശിവത്രാതാ ദുഷ്ടശക്തിസഹസ്രഭുക്
തുളസീവല്ലഭോ വീരോ വാമാചാരാഖിലേഷ്ടദഃ
മഹാശിവഃ ശിവാരുദ്രോ ഭൈരവൈകകപാലധൃക്
ഖഡ്ഗിചക്രേശ്വരഃ ശക്തിവ്യൂഹനരൂപദഃ
ശൈശീസൗമ്യോഗ്രദോ മായാനിധിർമ്മായാഭയാപഹഃ
ബ്രഹ്മതേജോമയോ ബ്രഹ്മശ്രീമയശ്ച ത്രയീമയഃ
സുബ്രഹ്മണ്യോ ബലിധ്വംസീ വാമനോദിതിദുഃഖഹാ
ഉപേന്ദ്രോ നൃപതിർവിഷ്ണുഃ കശ്യപാനന്ദനഃ
ബലിസാമ്രാജ്യദഃ സർവദേവവിപ്രാന്നദോച്യുതഃ (100)
ഉരുക്രമസ്ത്രീവിപാസ്ത്രിപസ്ത്രിസ്ത്രിവിക്രമഃ
വ്യോമപാദഃ സപപാദോരുപവിത്രിതജഗത്രയഃ
ബ്രഹ്മശാസ്ത്രിവന്ദ്യാംഘ്രിർദ്ധർമ്മാധിരാവനഃ
അചിന്ത്യാദ്ഭുത വിസ്മാരോ വിശ്വവൃക്ഷോ മഹാബലഃ
രാഹുമുർദ്ധാപരാംഗസ്ഥിൽ ഭൂമ്യപതീ ശിരോഹരഃ
പാപഘ്നസ്തഃ സദാപുണ്യോ ദൈത്യാശാനിർഭഖണ്ഡകഃ
പൂരിതാഖിലദേവാംശോ വിശ്വാത്മൈകാവതാരകൃൽ

Digitized By Kerala Sahitya Akademi

സപ്തമായാനിത്യരൂപപ്രാത്മാ ഭക്തേ ചിന്താമണിസ്സദാ
വരദഃ കാത്തവീര്യാദിരാജരാജ്യപ്രദോന്നഘഃ
വിശ്വശ്രേഷ്ഠോമിതാചാരോ ദത്താത്രേയോ മുനീശ്വരഃ
പരാശക്തിസഭാശ്ലിഷ്ടോ യോഗാനന്ദസദോന്മദഃ
സമസ്തേന്ദ്രാരിതേജോഹൃൽ പരമാമൃതപത്മപഃ
അനസൂയാ ഗർഭരത്നം ഭോഗമോക്ഷസുഖപ്രദഃ
ജമദഗ്നികലാദിത്യോ രേണുകാത്ഭുതശക്തിധൃക്
മാതൃഹത്യാദി നിർല്ലേപഃ സ്മൃതജിദ്വിപ്രരാജ്യദഃ
സപ്തക്ഷത്രാന്തകൃദ്വീരദർപ്പഹാ കാത്തവീര്യജിൽ
സപ്തദ്വീപവതീദാതാ ശിവാർച്ചകഃ ശിവപ്രദഃ
ഭീമഃ പരശുരാമശ്ച ശിവാചാര്യൈകവിശ്വഭൃൽ
ശിവാഖിലജ്ഞാനകേശോ ഭീഷ്മാചാര്യോഗ്നിദൈവതഃ
ദ്രോണാചാര്യഗുരുർവിശ്വജൈത്രധനുപാ കൃതാന്തജിൽ
അദ്വിതീയതപോമൂർത്തിർബ്രഹ്മചര്യൈകരക്ഷിണഃ
മനുശ്രേഷ്ഠഃ സതാംസേതുർമ്മഹീധ്രാൻ വൃഷഭോ വിരാട്
ക്ഷത്രിരാജഃ ക്ഷിതിപിതാ സർവരത്നൈകരോഹകുൽ
പൂഷ്ടർജ്ജന്മാദ്യൈകദക്ഷോ ഗീഃ ശ്രീകീർത്തിസഹായവൃതഃ
ജഗദ്വൃത്തിപ്രദശ്ചക്രവർത്തിശ്രേഷ്ഠോദയാസ്സുധൃക്
സനകാദിമുനിപ്രാപ്യ ഭഗവത്ഭക്തിവർദ്ധനഃ
വർണ്ണാശ്രമാദി ധർമ്മാണാം കർത്താ വക്താ പ്രവർത്തകഃ
സൂര്യവംശധ്വജോ രാമോ രാഘവഃ സൽഗുണാർണ്ണവഃ
കാകൽസ്ഥാ വീരരാജാഗ്ര്യോ രാജധർമ്മ ധുരന്ധരഃ
നിത്യസപ്രസ്ഥാശ്രയഃ സർവഭദ്രഗ്രഹീ ശുഭൈകദൃക്
നരരത്നം രത്നഗർഭോ ധർമ്മാധ്യക്ഷോ മഹാനിധിഃ
സർവശ്രേഷ്ഠാശ്രയഃ സർവശസ്ത്രാസ്ത്രഗ്രാമവീര്യവാൻ
ജഗദീശോ ദാശരഥിഃ സർവരത്നാശ്രയോ നൃപഃ
സമസ്തധർമ്മസ്സ സർവധർമ്മദൃഷ്ടാഖിലാർത്തിഹാ
അതീന്ദ്രോ ജ്ഞാനവിജ്ഞാനപാരദൃഷ്ടാ ക്ഷമാംബുധിഃ
സർവപ്രകൃഷ്ടഃ ശിഷ്ടേഷ്ടോ (ന്യാ൦) ഹർഷശോകാദ്യനാകുലഃ
പിതൃജ്ഞാത്യുക്തസാമ്രാജ്യഃ സപത്നോദയനിർഭയഃ
ഗുഹാദേശാർപ്പിതൈശ്വര്യഃ ശിവസ്പർശാജടാധരഃ
ചിത്രകൂടാപ്തരത്നാദ്രിർജ്ജഗദീശോ വനേചരഃ
യത്നേഷ്ടാമോഘസർവാസ്ത്രോ ദേവേന്ദ്രതനയാക്ഷിഹാ
ബ്രഹ്മേന്ദ്രാതിനരൈഷീകോ മാരീചഘ്നോ വിരാധഹാ
ബ്രഹ്മശാപഹതാശേഷഭണ്ഡകാരണ്യപാവനഃ

Digitized By Kerala Sahitya Akademi

ചതുർദ്ദശസഹസ്രൗഘരക്ഷോഘ്നൈകശരൈകധൃക്
ഖരാരിസ്ത്രിശിരോഹന്താ ദൂഷണഘ്നോ ജനാർദ്ദനഃ
ജടായുഷോഗ്നിഗതിദോഗസ്ത്യസവ്യസപാത്തരാട്
ലീലാധനുഷ്കോട്യുപാസ്തദനുദ്ധൃസ്ഥിമഹാചലഃ
സപ്തതാലവ്യൂഢാകൃഷ്ടധനുസ്തപാതാളദാനവഃ
സുഗ്രീവരാജ്യദോഹീനമനസൈവാദയപ്രഭുഃ
ഹനുമദ്ഗദമുഖ്യൈശ്ച സമസ്ത കപിദേഹഭൃൽ
സനാഗദൈത്യബാണൈകവ്യാകുലീകൃതസാഗരഃ
സപ്തപ്തകോടി ബാണൈകാശുഷ്കനിർദ്ദഗ്ധസാഗരഃ
സമുദ്രാത്തൃതപൂർവൈകബന്ധസേതുർയ്യശോനിധിഃ
അസാധ്യസാധകോ ലങ്കാസമൂലോത്സാദദക്ഷിണഃ
വരദപ്തജഗപ്തല്ല്യപൌലസ്ത്യകുലകൃന്തനഃ
രാവണിഘ്നഃ പ്രഹസ്തപ്തിൽ കുംഭകർണ്ണഭിദുഗ്രഹാ
രാവണൈകശിരശ്ചേത്താ നിഷ്കണ്ടൈകരാജ്യദഃ
സപത്നീസപർയ്യന്തവിഭീഷണദേവേന്ദ്രാരാതിനിർഹരഃ
രക്ഷോദേവതപഹൃജ്ജാമദഗ്നതപഘ്നഃ പുരുഷ്ടുതഃ
നതിമാത്രദശാസ്യാരിർല്ലങ്കാരാജ്യവിഭീഷണഃ
സുധാവൃഷ്ടിമൂതാശേഷസപസൈന്യോജ്ജീവനൈലകൂൽ
ദേവബ്രാഹ്മണനാഥൈകധാതാ സർവ്വമരാർച്ചിതഃ
ബ്രഹ്മസൂര്യേന്ദ്രരുദ്രാദിവന്ദ്യായിതശതാപ്രിയഃ
അയോധ്യാഖിലരാജാഗ്ര്യഃ സർവ്വഭൂതമനോഹരഃ
സപാമൃതുല്യകൃപാദണ്ഡോ ഹീനോൽകൃഷ്ടൈക സൽപ്രിയഃ
ശപപക്ഷ്യാദിന്യായദർശീ ഹീനാത്ഥാധികസാധകഃ
വധവ്യാജാനുചിതകൃത്താരകോഖിലതുല്യകൂൽ
പാവിത്ര്യാധികയുക്തതാത്മാ പ്രിയാതൃക്തഃ സ്മരാരിജിൽ
സാക്ഷാൽ കുശലവപ്തൃത്മദ്രാവിതോഹ്യപരാജിതഃ
കോസലേന്ദ്രോ വീരബാഹ്വഃ സത്യാത്ഥതൃകൃതസോദരഃ
ശരസംധാനനിർമ്മുതധരണീമണ്ഡലോ ജയഃ
ബ്രഹ്മാദികാമസാന്നിധ്യസനാഥീകൃതദൈവതഃ
ബ്രഹ്മലോകാപ്ത ചണ്ഡാലാദ്യശേഷപ്രാണിസാത്കൃഃ
സപന്നീതഗർദ്ദഭശാദിശ്ചിരായോധ്യാവനൈകകൂൽ
രാമോ ദ്വിതീയസൌമിത്രിർല്ലക്ഷ്മണഃ പ്രഹതേന്ദ്രജിൽ
വിഷ്ണുരേകതഃ സരാമാംശ്ചതുർഭാഗാരാജ്യനിർവൃതിഃ
ഭരതോസഹ്യഗന്ധർവകോടിഘ്നോ ലവണാന്തകഃ
ശത്രുഘ്നോ വൈഷ്ണരാഡായുർവേദഗർഭൌഷധീപതിഃ

Digitized By Kerala Sahitya Akademi

നിത്യാമൃതകരോ ധന്വന്തരിർവ്വിജ്വരോ ജഗദ്ഭരഃ
സൂര്യോരിഷ്ണുഃ സുരാജീവോ ദക്ഷിണേശോ ദ്വിജപ്രിയഃ
ഛിന്നമൂർദ്ധോളിമുക്താക്ഷഃ ശേഷാംശസ്ഥാപിതാമരഃ
വിശ്വാത്മാശേഷകൃദ്ധാഹ്ലാശിരശ്ശേഖരാക്ഷതാകൃതിഃ
വാജപേയാഗ്നിനാമാഗ്നിർവേദധർമ്മപരായണഃ (൬൦൦)
ശ്വേതദ്വീപപതിഃ സാംഖ്യപ്രണേതാ സർവസിദ്ധിരാട്
വിശ്വപ്രകാശിതജ്ഞാനയോഗമോഹതമിസ്രഹാ
[ദേവഹൂത്യാത്മജഃ സിദ്ധഃ കപിലഃ കർദ്ദമാത്മജഃ]
യോഗസ്വാമീ ധ്യാനഭംഗസഗരാത്മജഭസ്മകൃൽ
ധർമ്മോ വൃഷേന്ദ്രഃ സുരഭീപതിഃശ്രുതോത്തമാവിതഃ
ശംഭുസ്വീപുരഭാഫൈകസ്ഥെയ്വിശ്വരക്ഷാദരഃ
ഭക്തശംഭുജിതോ ദൈത്യാമൃതവാപീ സമസ്തപഃ
മഹാപ്രളയ വിശ്വൈകനിലയോഖില നാഗരാട്
ശേഷദേവഃ സഹസ്രാക്ഷഃ സഹസ്രാസ്യശിരോളജഃ
ഫണാമണികണാകാരയോജിതാ മ്ലാംബുരക്ഷിതിഃ
കാലാഗ്നിരുദ്രജനകോ മുസലാസ്ത്രോ ഫലായുധഃ
നീലാംബരോ വാരുണീശോ മനോവാക്കായദോഷഹാ
അസംതോഷദൃഷ്ടിമാത്രപാതിതൈകദശാനനഃ
ബിലസംയമനോ ഘോരോ രൈവതിണേയഃ പ്രലംബഹാ
മുഷ്ടികഘ്നോ ദ്വിവിദഹാ കാളിന്ദീ കർഷണോ ബലഃ
രേവതീ രമണഃ പൂർവ്വകേതിഖേദാച്യുതാഗ്രജഃ
ദേവകീവസുദേവാഹ്ലാദകശ്യപാദിതിനന്ദനഃ
വാർഷ്ണേയഃ സാത്വതാം ശ്രേഷ്ഠഃ ശൌരിർവ്വൃഷ്ണികുലേശ്വരഃ
നരാകൃതിഃ പരം ബ്രഹ്മ സവ്യസാചിവരപ്രദഃ
ബ്രഹ്മാളി കാമ്യലാളിത്യ ജഗദാശ്ചര്യശൈശവഃ
പൂതനാഘ്നഃ ശകടഭിദ്യമളാർജ്ജുനഭഞ്ജകഃ
വാതാസുരാരിഃ കേശിഘ്നോ ധേനുകാരിർഗ്ഗവിശ്വരഃ
ദാമോദരോ ഗോപദേവോ യശോദാനന്ദദായകഃ
കാളീയമർദ്ദനഃ സർവ്വഗോപഗോപീജനപ്രിയഃ
ലീലാ ഗോവർദ്ധനധരോ ഗോവിന്ദോ ഗോകുലോത്സവഃ
അരിഷ്ടമഥനഃ കാമപാലത്തഗോപീവിമുക്തിദഃ
സത്യഃ കുവലയാപീഡഘാതീ ചാണൂരമർദ്ദനഃ
കംസാരിരുഗ്രസേനാദി രാജ്യവ്യാപാരതിന്തമഃ
സുധർമ്മാങ്കിത ഭ്രൂർല്ലോകോ ജരാസന്ധ ബലാന്തകഃ
ത്രൈകുതഗോ ജരാസന്ധോ ഭീമസേനയശഃപ്രദഃ

Digitized By Kerala Sahitya Akademi

സാന്ദീപനിമൃതാപത്യദാതാ കാലാന്തകാദിജിൽ
സമസ്ത നാരകത്രാതാ സർവഭൂപതിഃകോടിജിൽ
ഋഗ്വിണീരമണോ ഋഗ്വിശാസനോ നരകാന്തകഃ
സമസ്തസുന്ദരീകാന്തോ മുരാരിർഗ്ഗരുഡധ്വജഃ
ഏകാകിജിതരുദ്രാക്ഷമരുദാദ്യഖിലേശ്വരഃ
ദേവേന്ദ്രദർപ്പഹാ കല്പദ്രുമാലംകൃത ഭൂതലഃ
ബാണബാഹുസഹസ്രച്ഛിന്നന്ദ്യാദിഗണകോടിജിൽ
ലീലാജിത മഹാദേവാ മഹാദേവൈകപൂജിതഃ
ഇന്ദ്രാത്മാർജ്ജുനനിർഭ്ഗ്നജനഃ പാണ്ഡവൈകധ്വക്
കാശിരാജശിരശ്ഛേത്താ ശുദ്ധശൈതകമർദ്ദനഃ
വിശേശ്വര പ്രസാദാഢ്യഃ കാശിരാജ സുതാർദ്ദനഃ
രാജ പ്രതിജ്ഞാ വിധ്വംസീ കാശീനിർദ്ദഗ്ധനായകഃ (വ്യാ൦)
കാശീശഗണകോടിഘ്നോ ലോകശിക്ഷാദ്വിജാർച്ചകഃ
ശിവതീവ്രതമോദ്യശ്യഃ പുരാ ശിവവരപ്രദഃ
ശംകരൈകപ്രതിഷ്ഠാധ്യക്ഷപാംശുകരപൂജകഃ
ശിവകന്യാവ്രതപതിഃ കൃഷ്ണരുപശിവാരിഹാ
മഹാലക്ഷ്മീവപുർഗ്ഗൗരീത്രാതാ വൈദലവൃത്രഹാ
സപ്തധാമമുകുന്ദൈക നിഷ്കാലയവനേഷ്ടകൃൽ
യമുനാപതിരാനീതപരിലീനദ്വിജാത്മജഃ
ശ്രീദാമരങ്കദേക്കതാത്ത ഭ്രമ്യാനീതേന്ദ്രവൈഭവഃ
ദുർവൃത്തശിശുപാലൈകമുക്തിദോ ദാരകേശ്വരഃ
ആചണ്ഡാലാദികപ്രാപ്യപ്രാരകാനിധികോടികൃൽ
അക്രൂരോദ്ധവമുഖ്യൈകഭക്തഃ സപ്തമുക്തിദഃ
സബാലസ്ത്രീജലക്രീഡാമുതവാംഛി കൃതാണ്ണവഃ
ബ്രഹ്മാസ്ത്രദഗ്ധഗർഭസ്ഥ പരീക്ഷിജ്ജീവനൈകകൃൽ
പരിലീനദ്വിജസുതാനേതാജ്ജുനമഖാപഹഃ
ഗൃദ്ധമുദ്രാകൃതിഗ്രസ്തഭീഷ്മാദ്യഖില കൗരവഃ
പത്നീത്വഖണ്ഡിതാശേഷ ദിവ്യാസ്ത്രഃ പാത്നമോഹഹൃൽ
ഗർഭശാപച്ഛലധ്വസ്തയാദവോർവീഭരാപഹഃ
ജരാവ്യാധാരിഗതിദഃ സ്മൃതമാത്രാഖിലേഷ്ടദഃ
കാമദേവോ രതിപതിർമ്മന്മഥഃ ശംബരാന്തകഃ
അനംഗോ ജിതഗൗരീശോ രതികാന്തഃ സദോത്സുകഃ
പുഷ്പേഷുവിശ്വവിജയീ സ്മരഃ കാമേശ്വരീപ്രിയഃ
ഉഷാപതിർവിശ്വകേതുർവിശ്വതുഷ്ടോധിപൂരുഷഃ
ചതുരാത്മാ ചതുർവ്യൂഹശ്ചതുർമൂർത്തിവിധായകഃ
ചതുർദ്ദംഷ്ട്രൈകവിശ്വാത്മാ സർവോൽകൃഷ്ടാംശകോടിജൂഃ

Digitized By Kerala Sahitya Akademi

ആശ്രമാത്മാ പുരാണർഷിർവ്യാസഃ ശാഖാസഹസ്രകൃൽ
മഹാഭാരതനിർമ്മാതാ കവീന്ദ്രോബാദരായണഃ
കൃഷ്ണദ്വൈപായനഃ സർവപുരുഷാതീതകബോധകഃ
വേദാന്തകർത്താ ബ്രഹ്മൈകവ്യഞ്ജകഃ പുരുവംശകൃൽ
ബുദ്ധോ ധ്യാനജിതാശേഷ ദേവദേവീജഗൽപ്രിയഃ
നിരായുധോ ജഗജ്ജേതൃഃ ശ്രീധനോ ദൃഷ്ടമോഹനഃ
ദൈത്യവേദബഹിഷ്കൃത്താ വേദാത്മശ്രുതിഗോപകഃ
ശൈബ്യോനിർദ്ദുഷ്ടദിഷ്ടഃ സുഖദഃ സദസസ്പതിഃ
യഥായോഗ്യാഖിലകൃപഃ സർവത്രുന്യോഖിലേഷ്ടദഃ
ചതുഷ്കോടിപൃഥകൃത്തപ്രജ്ഞാപാരമിതേശ്വരഃ
പാഷണ്ഡശ്രുതിമാർഗ്ഗേശഃ പാഷണ്ഡശ്രുതിഗോപകഃ
കൽക്കീ വിഷ്ണയശഃപുത്രഃ കലികാലവിലോപകഃ
സമസ്തമ്ലേച്ഛനിഷ്ഘ്നഃ സർവശിഷ്ടപദാജിതാകൃൽ
സത്യപ്രവർത്തകോ ദേവദാജിദീർഘക്ഷുധാപഹഃ
അശ്വവാരാദിരേവന്തഃ പൃഥഫീദൃക്തിനാശനഃ
സദ്യഃക്ഷ്മാനന്തലക്ഷ്മീകൃന്നഷ്ടനിശ്ശേഷധർമ്മവിൽ
അനന്തസപ്ണ്യയാദൈകഹേമപൂർണ്ണാഖിലദാജിഃ
അസാധ്യൈകജഗത്പ്രാസ്ഥാ വിശ്വബന്ധോ ജയധ്വജഃ
ആത്മതത്ത്വാധിപഃ കർത്തൃശ്രേഷ്ഠോ വിധിരുമാപതിഃ
ഭർത്തൃശ്രേഷ്ഠഃ (൯൦) പ്രജേശാഗ്ര്യോ മരീചിർജ്ജനകാഗ്രണീഃ
കശ്യപോ ദേവരാഡിന്ദ്രഃ പ്രഹ്ലാദോ ദൈത്യരാട് ശശീ
നക്ഷത്രേശോ രവിസ്തേജഃ ശ്രേഷ്ഠഃ ശുക്രഃ കവീശ്വരഃ
മഹർഷിരാട് ഭൃഗുർവിഷ്ണുരാദിത്യേശോ ബലിസ്വരാട്
വായുർവഹ്നിഃ ശുചിശ്രേഷ്ഠഃ ശംകരോ രുദ്രരാട് ഗുരുഃ
വിദ്വത്തമശ്ചിത്രരഥോ ഗന്ധർവ്വാഗ്ര്യോ രാക്ഷരോത്തമഃ
വർണ്ണാദിരഗ്ര്യസ്ത്രീ ഗൌരീ ശക്ത്യഗ്ര്യാ ശ്രീശ്ച നാരദഃ
ദേവർഷിരാട് പാണ്ഡവാഗ്ര്യോ രാജ്ഞോ വാടഃ പ്രവാളരാട്
പാവനഃ പാവനേശാനോ വരുണോ യാദസാംപതിഃ
ഗംഗാ തീർത്ഥോത്തമോ ദ്യുതഃ ഫലകാഗ്ര്യം വരൌഷധം
അന്നം സുദർശനോസ്ത്രാഗ്ര്യം വജ്രം പ്രഹരണോത്തമം
ഉച്ചൈശ്രവാ വാജിരാജ ഐരാവത ഇഭേശ്വരഃ
അരുന്ധത്യേകപതീശോച്ചൈശ്രവതോശേഷവൃക്ഷരാട്
അധ്യാത്മവിദ്യാ വിദ്യാഗ്ര്യാ പ്രണവശ്ചന്ദസാം വരഃ
മേരുർഗ്ഗിരിപതിർമ്മാർഗ്ഗോ മാസാഗ്ര്യാ കാലസത്തമഃ
ഋഷഭാത്മാ പൂർവസിദ്ധഃ കപിലഃ സാമവേദരാട്

Digitized By Kerala Sahitya Akademi

താർക്ഷ്യഃ ഖഗേന്ദ്ര ജഗത്പ്രഭോ വസന്തഃ കല്പപാദപഃ
ദാതൃശ്രേഷ്ഠഃ കാമധേനുരാത്മിഭ്നാഗ്ര്യഃ സുഹൃത്തമഃ
ചിന്താമണിർഗ്ഗുരുശ്രേഷ്ഠോ മാതാ ഹിതതമഃ പിതാ
സിംഹോമൃഗേന്ദ്രോ നാഗേന്ദ്രോ വാസുകിസ്ത്വരോ നൃപഃ
വർണ്ണേശോ ബ്രാഹ്മണശ്ചേതഃ കരണാഗ്ര്യം (൫൦൦൦) നമോ നമഃ

എന്നീ വാസുദേവനാമസഹസ്രം സർവ്വാപരാധങ്ങളേയും നീക്കും; കേതിയെ തുലോം വർദ്ധിപ്പിക്കും; അക്ഷയങ്ങളായ ബ്രഹ്മലോകാദി സപ്തർഷികളെയെല്ലാം പ്രാപിപ്പിക്കും; വിഷ്ണുലോകത്തെയ്ക്ക് ഉറപ്പു കൊണ്ടിയാണിതു്; സർവദുഃഖങ്ങളേയും സംഹരിക്കും; സകല സുഖങ്ങളേയും നൽകും; ചിക്കെന്ന നിർവാണത്തെത്തന്നെയും; കാമക്രോധാദികളായ മനോദോഷങ്ങളെ മുച്ചൂടും മുടിക്കും; മാപാപികൾക്കുപോലും ശാന്തിയേയും ശുദ്ധിയേയും ഉളവാക്കും; സകലർക്കും സകല വാഞ്ഛിതങ്ങളേയും നൽകും; സർവവിഘ്നങ്ങളേയും സർവാരിഷ്ടങ്ങളേയും അകറ്റും; ഘോരദുഃഖത്തേയും തീവ്രദാരിദ്ര്യത്തേയും മൂന്നു കടങ്ങളേയും വേർപെടുത്തും; ധനധാന്യയശസ്സുകളെ വളർത്തും; സൽസൗഭാഗ്യങ്ങളേയും സർവസിദ്ധികളേയും സർവധർമ്മങ്ങളേയും പുലർത്തും; തീർത്ഥജ്ഞാനയജ്ഞാനവ്രതസഹസ്രങ്ങളുടെ ഫലത്തെ പ്രദാനംചെയ്യും; ജഗത്തിന്റെ ജാഡ്യം നീക്കും; സർവവിദ്യകളേയും സാധിപ്പിക്കും; രാജ്യം പോയവർക്ക് രാജ്യം കൊടുക്കും; രോഗികൾക്ക രോഗമെല്ലാം ശമിപ്പിക്കും; മച്ചികൾക്ക വേഗേന പുത്രനെ കൊടുക്കും; ക്ഷീണർക്ക ജീവിതമേകും; ഭ്രൂണഗ്രഹവിഷങ്ങളെ ധ്വംസിക്കും; ഗ്രഹപീഡകളെ ഓടിക്കും; മംഗളം പുണ്യം ആയുസ്സ് എന്നിവയെ നൽകും. ഇതു് ഒരിക്കൽ കേൾക്കുകയോ ചൊല്ലുകയോ ജപിക്കുകയോ ചെയ്താൽ എല്ലാ സാംഗവേദങ്ങളും മന്ത്രങ്ങളും പുരാണശാസ്ത്രസ്മൃതികളും കേട്ടുകഴിഞ്ഞു പ്രിയേ, ഇതിൽ ഒരു ശ്ലോകമോ ഒരു പാദമോ ഒരക്ഷരമെങ്കിലുമോ ജപിച്ചാൽ എന്നും എന്തഭീഷ്ടവും നിറവേറും. ഇതുപോലെ സദ്യസ്സുവ്കർമ്മസാധകമായിട്ടൊന്നില്ലതന്നെ. ഭദ്രേ, ഇതു തുലോം ഗോപ്യമാകുന്നു; സപാഭീഷ്ടസിദ്ധിക്കായി ജപിച്ചുകൊള്ളുക. അവൈഷ്ണവന്നും അവിശുദ്ധാസൂഷിതന്നും ഭക്തിശ്രദ്ധാരഹിതന്നും വിഷ്ണുവിനെ സാധാരണദേവനായി കരുതുന്നവന്നും പറഞ്ഞുകൊടുക്കരുതു്; പുത്രന്നും ശിഷ്യന്നും സുഹൃത്തിന്നും നന്മയ്ക്കായി പറഞ്ഞുകൊടുക്കാം. എന്റെ പ്രസാദത്താൽ, ഇതു് അല്പബുദ്ധികൾക്ക മനസ്സിലാകയില്ല. കലികാലത്തു നാരദൻ നടപ്പിലാക്കും; തന്മൂലം ഭാഗ്യഹീനരായിരുന്നവർക്ക ദുഃഖവും നീങ്ങും. അയ്യായിരത്തിൽ രണ്ടു മൂന്നു ബ്രാഹ്മണരേ ഇതറിയുന്നവരായിട്ടുണ്ടാകൂ.

Digitized By Kerala Sahitya Akademi

*.....വിഷ്ണുവിങ്കൽ ആക്കുണ്ടോ കേടി, അവന്നു പല മന്ത്രമെന്തിന്? വളരെ ശാസ്ത്രമെന്തിന്? നൂറായിരം യാജപേയമെന്തിന്? സർവതീർത്ഥസ്വരൂപനാണു് വിഷ്ണു; സർവശാസ്ത്രസ്വരൂപനാണു് വിഷ്ണു; സർവയജ്ഞസ്വരൂപനാണു് വിഷ്ണു! ബ്രഹ്മാവരെയുള്ളമുള്ളതിന്റെ സാരസർവസ്വവും സത്യവുമാണു് ഞാനീപ്പറഞ്ഞതു്.'

പാർവതി:—ജഗദീശ, ഞാൻ ധന്യയായി, അനുഗൃഹീതയായി, കൃതാർത്ഥയായി: അതിരറ്റില്ലഭവും ഗുഹ്യവുമായ ഈ സ്തോത്രം ഇവിടുന്നു ചൊല്ലിത്തന്നവല്ലോ! അയ്യോ, വലിയ കഷ്ടം, സർവസുഖപ്രദനായ വിഷ്ണുവിരിക്കെ, ജനങ്ങളം മൂഢരായി സംസാരത്തിൽക്കിടന്നു വലയുന്നുവല്ലോ! മഹേശ്വരനായ എന്റെ അച്ഛനും അതുപോലെ ഉദ്ദേശിച്ചു ദിഗംബരനായി ജടാധരനായി സർവാംഗം ഭസ്മം പൂശി തപസ്സുചെയ്യുന്നതായി കാണപ്പെടുന്നുവോ, ആ ശ്രീപതിയായ മധുസൂദനനെക്കാൾ മീതെ ഒരു ദേവൻ അരുള്ളൂ? യോഗേശ്വരനായ ഇവിടുന്നും സദാ ചിന്തിക്കുന്നതു് അതുകൊണ്ടല്ലയോ, ആ ശ്രീപുരുഷോത്തമനെക്കാൾ മീതെ ഒരു സ്ഥാനമുണ്ടോ? തന്തിരുവടിയെ അറിയാതെ, പണ്ഡിതരെന്നഭിമാനിക്കുന്ന പാമരർ അതുകൊണ്ടായിരിക്കുമല്ലോ അതുരാധിച്ചുപോരുന്നു! നാഥ, ഞാൻ വളരെക്കാലം വഞ്ചിക്കപ്പെട്ടുപോയി: ഭേദാഭേദിവ്യശക്തികളുടേയും കാരണമായ ഈ ഈശ്വരനെ ഇതേവരെ ഭവാൻ വെളിപ്പെടുത്തിയില്ലല്ലോ! കഷ്ടം, ഭേദാഭേദകംക്ഷം ഗുരുവായി സർവേശ്വരനായി സർവദേവോത്തമോത്തമനായിരിക്കുന്ന വിഷ്ണുവിനെ മൂഢന്മാർ സാധാരണനിലയിൽ കരുതുന്നുവല്ലോ! അഹോ, മഹത്തുക്കളുടെ മാഹാത്മ്യം: അവർ ജിക്കുന്നവരെ ജിക്കുന്നു; വെറുതേ ദ്വേഷിക്കുന്ന പാപികളെപ്പോലും ക്ഷമാമൂലം കൈവെടിയുകയില്ല! ഞാൻ ബാല്യകാലത്തു്, അച്ഛന്റെ പ്രജകളുടെ ക്ഷുത്തു കണ്ടിട്ടു്, അവരെ പുലർത്താൻ അതുളാകായ്കയാൽ ശ്രീദേവിയെ അതുരാധിച്ചിട്ടാണു രക്ഷപ്പെടുത്തിയതു്. ലക്ഷ്മി സന്നിധാനംചെയ്ത പ്രജകളാലാണല്ലോ, ഭേദാഭികളും ഇന്ദ്രാദികളും സുഹൃന്മിത്രബന്ധുക്കളോടൊന്നിച്ചു സുഖിക്കുന്നതു്. അ ദേവിയില്ലെങ്കിൽ ദേവതപമെവിടെ? ഐശ്വര്യമെവിടെ? കുടുംബമെവിടെ? നരകത്തിൽക്കിടക്കുന്നതുപോലെയാവും, എല്ലാവരും ജീവിക്കുക! അ ദേവിയെക്കൂടാതെ ധർമ്മമില്ല, അർത്ഥമില്ല, കാമമില്ല, മോക്ഷമില്ല: വിശ്വനാഥപൊരിയുമ്പോഴുണ്ടോ യോഗവും സമാധിയും? ശംകര, പത്മാദേവി ഭവാനെയും വെടിഞ്ഞു് അതുകൊണ്ടു വശ

* വിഷ്ണുവിനെ സർവോൽകൃഷ്ട ദൈവമായി പ്രതിപാദിക്കപ്പെട്ടിട്ടുണ്ടു്; രണ്ടു സ്ഥലത്തും കാണുക.

Digitized By Kerala Sahitya Akademi

പ്പെട്ടിരിക്കുന്നുവോ, ആ സർവലോകൈകനായകൻ തന്നെ സംസാരത്തിലെസ്സുള്ളൂ! സ്വാതിരിക്തമായ വിനയം, ശൌര്യം, സൌന്ദര്യം, ആർജ്ജവസമൃദ്ധി, വീര്യം എന്നിവകൊണ്ടു പരിപൂർണ്ണനായി മഹാത്മാവായിരിക്കുന്ന ശ്രീനാരായണനോട് ആർ തുല്യനാകും? തൻതിരുവടിയുടെ അംശാംശാവതാരമില്ലെങ്കിൽ ലോകമെല്ലാം നശിച്ചുപോകും; എന്നിട്ടും മൂഢന്മാർ ഇതിൽ ദോഷം ജല്പിക്കുന്നു! തന്തിരുവടിക്കു ജനനമില്ല, മരണമില്ല; അപ്രാപ്യമില്ല, സ്വാതന്ത്ര്യമില്ല. എന്നാൽ, പ്രഭോ, സർവേശ്വര, കാമാദിസകതിയാലൊ തമസ്സിയതത്ത്വാലൊ പ്രമാദത്താലൊ ഈ വിഷ്ണുനാമസഹസ്രം ജപിപ്പാൻ എനിക്കു സാധിക്കാതെ വന്നാൽ, ഏതൊരൊറ നാമംകൊണ്ടാണ് ഇതിന്റെ ഫലം കിട്ടുക എന്നുകൂടി പറഞ്ഞുതന്നാലും.'

ശിവൻ:—'രാമേ, രാമ രാമ എന്ന മനോരമമായ നാമം ജപിച്ചാൽ മതി; അതു സഹസ്രനാമത്തോടു സദൃശമാകുന്നു.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
വിഷ്ണുസഹസ്രനാമകഥനം എഴുപത്തിരണ്ടാമധ്യായം.

——— (o) ———

എഴുപത്തിമൂന്നാമദ്ധ്യായം

ശിവൻ:—പാർവതി, ബ്രാഹ്മണരൊ ക്ഷത്രിയരൊ വൈശ്യരൊ ശൂദ്രരൊ വിഷ്ണുസഹസ്രനാമം നാംതോറും ചൊല്ലിയാൽ ധനധാന്യസമൃദ്ധരായി, വിഷ്ണുവിന്റെ പരമപദം പ്രാപിക്കും. ഒരു ശ്ലോകമോ പകുതിയോ ഒരു പാദമോ അരപ്പാദമോ ചൊല്ലിയാൽത്തന്നെ പ്രളയംവരെ മുക്തിയനുഭവിക്കാം. യാവ ചിലർ ന്യാസത്തോടുകൂടി ജപിക്കുമോ, ആ നരശ്രേഷ്ഠർ അക്ഷയപദമടയും. ഒന്നോ രണ്ടോ മൂന്നോ നേരം ചൊല്ലുന്നവന്നു പതിന്നാലിന്ദ്രന്മാരുടെ കാലത്തോളം ധനവും ആയുസ്സും വർദ്ധിക്കും; പുത്രപൌത്രരും ശ്രീയും വലിയ സമ്പത്തും കൈവരും. സുമുഖി, എന്തിനേറെ? വിഷ്ണുസഹസ്രനാമം തുലോം നിർവാണപ്രദമാണെന്നു വീണ്ടും വീണ്ടും പറയാം! ഇങ്ങനെഴുതിയ ഗ്രന്ഥം ദേവാലയത്തിൽ വെച്ചു പൂജിച്ചാൽ സന്തതിയും സമ്പത്തും വർദ്ധിച്ചുവരും. ഒന്നാമതായി ഈ ഗ്രന്ഥം പൂജിച്ചാൽ, വിഷ്ണുവിനെ തികച്ചും പൂജിച്ചുകഴിഞ്ഞു—ഒരു കൊല്ലത്തെ പൂജയായി! മനസ്സിരുത്താതെ ചൊല്ലിക്കൂടാ; അങ്ങിനെ ചൊല്ലിയാൽ ആയു

Digitized By Kerala Sahitya Akademi

സ്സും വിത്തവും ക്ഷയിക്കും. ഭൂമിയിൽ ജംബൂദ്വീപിലുള്ള തീർത്ഥമെല്ലാം, വിഷ്ണുസഹസ്രനാമമുള്ളേടത്തു സന്നിധിചെയ്യും! നാമസഹസ്രം എവിടെയുണ്ടോ, അവിടെയുണ്ട്, ഗംഗയും യമുനയും വേണിയും ഗോദാവരിയും സരസ്വതിയും തുടങ്ങിയ തീർത്ഥം മുഴുവനും! പരമപവിത്രവും ഭക്തർക്ക് പ്രിയപ്പെട്ടതുമാണിത്; ഇതിനെ മാസ്യഭാവത്തോടും ഭക്തിയോടും കൂടി ധ്യാനിക്കണം. ഉൽക്കൃഷ്ടമായ വിഷ്ണുസഹസ്രനാമം ചൊല്ലുന്ന മനീഷികൾ സർവപാപനിർമ്മുക്തരായി വിഷ്ണുസന്നിധിയിൽ ചെന്നണയും. അരുണോദയസമയത്തു ചൊല്ലുകയൊ ജപിക്കുകയൊ ചെയ്യുന്നവർക്ക് ആയുർബലവും ശ്രീയും നാളിൽ നാളിൽ വർദ്ധിച്ചുവരും. കലികാലത്തു്, ഉറക്കമിളയ്ക്കുമ്പോൾ ചൊല്ലുന്ന ഭഗവൽഭക്തൻ പതിനായിരമ്മാരുടെ കാലത്തോളം മുക്തിയനുഭവിക്കും. ഓരോ തിരുനാമം ചൊല്ലി ഭഗവാങ്കൽ തുളസീദളം അർപ്പിച്ചാൽ, ആ പൂജ കോടി യജ്ഞങ്ങളെക്കാൾ മീതെയത്രേ. വഴിയാത്രയിൽ ചൊല്ലുന്ന ഭക്തി ജന്മാക്ക് മാത്സര്യോഷങ്ങളും നേരിടുകയില്ല. കേൾക്കുമുകുന്ദമാഹാത്മ്യം: യാവചിലർ ശ്രവിക്കുമോ, ആ നരശ്രേഷ്ഠർ പുണ്യസചരുപർ തന്നെ!

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സഹസ്രനാമമഹിമവർണ്ണനം എഴുപത്തിമൂന്നാമധ്യായം.

എഴുപത്തിനാലാമധ്യായം

ശിവൻ:—ഓം രാമരക്ഷാസ്തോത്രമന്ത്രസ്യ വിശ്വാമിത്രഋഷിഃ ശ്രീരാമോ ദേവതാ; അനുഷ്ടുപ് ഛന്ദഃ; പ്രീത്യർത്ഥം ജപേ വിനിയോഗഃ.

അതസീപുഷ്പസംകാശം വീതവാസസമച്യുതം
ധ്യാത്വാ വൈ പുണ്ഡരീകാക്ഷം ശ്രീരാമം വിഷ്ണുമവ്യയം.
പാതു മേ ഹൃദയം രാമഃ ശ്രീകണ്ഠഃ കണ്ഠമേവ ച
നാഭിം പാതു മഖത്രാതാ കടിം മേ വിശ്വരക്ഷകഃ
കരൌ ദാശരഥിഃ പാതു പാദൌ മേ വിശ്വസൂത്രധൃക്
ചക്ഷുഷീ പാതു വൈ ദേവഃ സീതാപതിരനുത്തമഃ
ശിഖാം മേ പാതു വിശ്വാത്മാ കർണ്ണൌ മേ പാതു കാമദഃ
പാശ്വയോസ്തു സുരത്രാതാ കാലകോടിദുരാസദഃ
അനന്തഃ സർവദാ പാതു ശരീരം വിശ്വനായകഃ
ജിഹ്വാം മേ പാതു പാപഘ്നോ ലോകശിക്ഷാപ്രവർത്തകഃ

Digitized By Kerala Sahitya Akademi

രാഘവഃ പാതു മേ ദന്തൗ കേശവഃ രക്ഷതു കേശവഃ
സകഥിനീ പാതു മേ ദത്തവിജയോ നാമ വിശ്വസ്തകഃ.

ഈ രാമരക്ഷ ചൊല്ലുന്നവൻ ദീർഘായുസ്സും സുഖവും ദിവ്യസമ്പത്തും നേടും; ഭൂതങ്ങളിൽ നിന്നു വൈഷ്ണവിയാൽ രക്ഷിക്കപ്പെടുകയും ചെയ്യും. രാമ, രാമഭദ്ര, രാമചന്ദ്ര എന്നിങ്ങനെ ജപിക്കുന്നവൻ പാപനിർമ്മുക്തനായി ശാശ്വതവിമുക്തിയടയും ഇതു വസിഷ്ഠൻ വിഷ്ണുമൂർത്തിയായ ഗുരുവിനോടു (ബ്രഹ്മാവിനോടു) പറഞ്ഞു; ബ്രഹ്മാവു് എനിക്കു പറഞ്ഞുതന്നു; ഞാൻ നാരദനു ചൊല്ലിക്കൊടുത്തു; നാരദൻ മറ്റു മുനിമാരോടൊന്നിച്ചു ഭൂലോകത്തെത്തിച്ചു. ഗൃഹത്തിൽ കിടന്നുറങ്ങുമ്പോഴോ യാത്ര ചെയ്യുമ്പോഴോ ഇതു ചൊല്ലുന്ന നരശ്രേഷ്ഠർ നന്നു നേടും:

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
രാമരക്ഷാസ്തോത്രകഥനം എഴുപത്തിയാറാമധ്യായം.

(0)

എഴുപത്താറാമദ്ധ്യായം

ശിവൻ:—ദേവി, ഉൽകൃഷ്ടമായ ധർമ്മമാഹാത്മ്യം കേട്ടുകൊള്ളുക; ഇതു ശ്രവിച്ചാൽ ഒരിക്കലും പുനർജ്ജന്മമുണ്ടാകില്ല; അർത്ഥം, കാമം, മോക്ഷം എന്നിവ മൂന്നും ധർമ്മത്താൽ സിദ്ധിക്കും; അതിനാൽ അഭിജ്ഞൻ ധർമ്മം തേടണം. അതു്, തപസ്സു്, ദാനം, വ്രതം, നിയമം എന്നിങ്ങനെ പലതരത്തിലുണ്ടു്. സാത്ത്വികമായ തപസ്സുചെയ്യുവൻ സ്വർഗ്ഗം പൂകും; ഭൂമിയിൽ ജനിച്ചാൽ കാമക്രോധങ്ങളെന്നിയേ രാജാവായി വാഴും; അടുത്ത ജന്മത്തിൽ മുക്തി നേടി വിഷ്ണുപദവും പ്രാപിക്കും. രാജസമായ തപസ്സു ചെയ്യുവൻ രാജസനായി ജനിക്കും. താമസതപസ്സു ചെയ്യുവൻ ക്രൂരകർമ്മാവും പരമനിഷ്ഠുരനുമാകും; ഭക്തിഭാവമായ ആ തപസ്സു താമസരായ രാക്ഷസരുടേതത്രേ. സാത്ത്വികമായ തപസ്സേ സുസ്ഥിരമാകയുള്ളു. ധനവും മറവും കൊതിച്ചു നിർജ്ജനമായ വനത്തിൽ ഇരുന്നു തിന്നും കാറ്റുണ്ടും രാജസതാമസതപസ്സുകൾ ചെയ്യുന്നവർക്കു്, രാഗപൂർവ്വം, വനത്തിലും ദോഷങ്ങൾ വന്നുകൂടും. ഗൃഹത്തിലായാലും, പഞ്ചേന്ദ്രിയങ്ങളെ അടക്കി സൽക്കർമ്മത്തിലേർപ്പെട്ടാൽ തപസ്സുമായി; രാഗമില്ലാത്തവനു ഗൃഹവും തപോവനംതന്നെ! അതി

Digitized By Kerala Sahitya Akademi

നാൽ ഗാർഹസ്ഥ്യം ധർമ്മമെന്നു പറഞ്ഞിട്ടിരിക്കുന്നു. എന്നാൽ അത് മറ്റുള്ളതിനേക്കാളധികമായി നിർവ്വഹിക്കാവുന്നതല്ല. അതുകൊണ്ടാണ് ഗാർഹസ്ഥാശ്രമത്തിനു പ്രാധാന്യം ബ്രഹ്മാദികളും കല്പിച്ചിരിക്കുന്നത്. കാനനത്തിൽ തപസ്സു ചെയ്യുന്നവൻ വിശക്കുമ്പോൾ അന്നദാതാവിന്റെ ഗൃഹത്തിൽ ചെല്ലുന്നു; ഗൃഹസ്ഥൻ അയാൾക്ക് അന്നം നൽകി, അയാളുടെ തപസ്സിന്റെ ഒരംശം നേടുന്നു. ആശ്രമങ്ങളിൽവെച്ചു ശ്രേഷ്ഠമായ ഗാർഹസ്ഥാശ്രമത്തെ എന്നെന്നും വഴിപോലെ പരിപാലിക്കുന്ന മനുഷ്യൻ ഇഹത്തിൽ മാനുഷഭോഗങ്ങളും ഭുജിച്ചു സ്വർഗ്ഗത്തിൽ ചെന്നു ചേരുമെന്നുള്ളതിൽ സംശയമില്ല. എന്നും ഗൃഹത്തെ രക്ഷിക്കുന്നവർക്കുണ്ടോ പാപം നേരിടുന്നു? പരമപുണ്യമാകുന്നു ഗാർഹസ്ഥാശ്രമം; എപ്പോഴും തീർത്ഥത്തിനു തുല്യമാകുന്നു ഗൃഹം. ഈ പുണ്യമായ ഗാർഹാശ്രമത്തിൽ വിശേഷേണ വേണ്ടതു ദാനമാണ്. ദേവകളെ പൂജിക്കുക, അതിഥികളെ ഊട്ടുക, വഴിപോക്കർക്കു താവളമാവുക എന്നിവയാൽ ഗാർഹസ്ഥാശ്രമം അത്യധന്യമത്രേ. അങ്ങിനെയുള്ള ഗാർഹാശ്രമം പുക്ക ദ്വിജരെ പൂജിക്കുന്നവർക്ക് ആയുസ്സും സന്തതിയും സമ്പത്തും ഒരിക്കലും കുറയുകയില്ല.

സുന്ദരി, മാപാപങ്ങളെപ്പോക്കുന്നതും സർവ്വസമ്പൽകരവുമാകുന്നതു ദാനം; അത് ഇഹത്തിലും പരത്തിലും ഫലം നൽകും. പുണ്യകാലത്തു പരദേവതയെപ്പൂജിച്ച്, നിത്യനൈമിത്തികങ്ങളും കഴിച്ച്, യഥാശക്തി ദാനം നൽകണം. പരദ്രവ്യം കൈക്കലാക്കി, ദേവദ്വിജർക്കു നൽകിയവൻ നരകം കണ്ടിട്ടു പരമഗതി പൂകും. സപുത്രരാൽ സ്ഥാനത്തുനിന്നിറക്കപ്പെട്ട ശതാനീകനും മറ്റും ദ്വിജർക്കു ദാനം നല്കിയിട്ടാണല്ലോ ധർമ്മത്താൽ സ്വർഗ്ഗമണഞ്ഞതു്. ധർമ്മസ്ഥാനങ്ങളിൽ ചെയ്യപ്പെട്ട ദാനം പ്രശസ്തതരമാകുന്നു. വിത്തദാനംപോലെ പാവനമായ ഒരു ദാനം ഉണ്ടായിട്ടില്ല, ഉണ്ടാകയുമില്ല; അതു തീർച്ചയായും മനുഷ്യനെ പാപമുക്തനാക്കും; അവൻ ഭോഗങ്ങളും ഭുജിച്ചു സനാതനനായ വിഷ്ണുവിനോടു ചേരുകയും ചെയ്യും. പണ്ടു്, മഹാത്മാവായ പരശുരാമനു പാപം നീങ്ങാൻ തുലാവൃഷ്ടദാനമാണ് ബ്രഹ്മാവുപദേശിച്ചുകൊടുത്തതു്. വധവും ബന്ധവും നടത്തുന്ന രാജാവു്, അഭോജ്യഭോജി, ഭ്രൂണഹന്താവു്, ഗുരുതല്പഗൻ, അസത്യവാദി എന്നീ പാപികൾ വിയോനികളിലാണു ജനിക്കുക; അയാജ്യരെ യജിപ്പിക്കുക, നിന്ദിതനോടു യാചിക്കുക, സദാ കോപിക്കുക, സജ്ജനങ്ങളെ ദ്രോഹിക്കുക, വിശ്വാസഘാതം, അശുചിത്വം, ധർമ്മനിന്ദനം എന്നീ പാപങ്ങളുള്ളവരും മരണമടുത്താൽ വിശേഷിച്ചും ദാനംചെ

Digitized By Kerala Sahitya Akademi

യുണം. വൈഷ്ണവന്മാർ വളരെപ്പേർ ധന്മകത്താക്കളായി ഭൂമിയിൽ കോംവിപ്പെട്ടിട്ടുണ്ട്.

ശ്രീപരമമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
ഭാഗധർമ്മനിരൂപണം എഴുപത്തൊമ്പത്തൊമ്പതാമദ്ധ്യായം.

(൦)

എഴുപത്താറാമദ്ധ്യായം

ശിവൻ:—ഗിരികന്യകേ, * ഗണ്ഡകിയുടെ മാഹാത്മ്യം ശരിയ്ക്കു ഞാൻ പറയാം: ഗംഗയെപ്പോലെ തന്നെയാണ് ഗണ്ഡകിയും. അതിലാണ് പലതരം സാളഗ്രാമങ്ങളുണ്ടാകുന്നത്; അതിന്റെ മാഹാത്മ്യം മഹർഷിമാർ വർണ്ണിച്ചിട്ടുണ്ട്; അണ്ഡജം, ഉത്ഭിജ്ജം, സ്വേദജം, ജരായുജം എന്നീ നാലുതരം പ്രാണിയും ഗണ്ഡകീദർശനമാത്രത്താൽ പരമപുണ്യം നേടും. വടക്കോട്ടിക്കിലാണു ഗണ്ഡകിയുടെ ഉല്പത്തി. സ്മരിക്കുന്തോറും ആ മഹാനദി പാപം നീക്കും. ഭൂതിദനായ നാരായണൻതിരുവടി അതിങ്കൽ നിത്യനുമുണ്ട്. യാവ ചിലർ ശംഖചക്രധരരായി തത്സമീപത്തു നിവസിക്കുന്നുവോ, അവർ മൂന്നിയടഞ്ഞാൽ ദിവ്യരൂപരായി ചതുർബാഹുക്കളായിച്ചമയും. ഋഷിദേവഗന്ധർവനാഗയക്ഷന്മാരും അവിടെ വസിക്കുന്നുണ്ട്. അതിനടുക്കൽ വിഷ്ണുസ്ഥലം എന്നൊന്നുണ്ട്; ആ സ്ഥലത്തു്, മത്സ്യം, കൂർമ്മം, വരാഹം, നരസിംഹം, വാമനൻ, രാമൻ, പരശുരാമൻ, ബുദ്ധൻ, കൽക്കി, കപിലൻ മുതലായ പലതരം വിഷ്ണുമൂർത്തികളും പരിശോഭിക്കുന്നു. ധർമ്മാർത്ഥകാമമോക്ഷങ്ങളെ നൽകുന്ന മഹാഗംഗതന്നെയാണു് ആ പുണ്യനദി; അതിന്റെ കരയ്ക്കൽ ഋഷീകേശൻ നിന്നമേനി എന്നോടൊന്നിച്ചു് ഇന്നും കൂടികൊള്ളുന്നുണ്ടല്ലോ. ഭ്രൂണഹത്യ, ബാലഹത്യ, ഗോഹത്യ എന്നീ പാപങ്ങളും വിശേഷിച്ചും, ഗണ്ഡകിയെ സ്പർശിച്ചാൽത്തന്നെ വിട്ടൊഴിയും. ബ്രാഹ്മണരും ക്ഷത്രിയരും വൈശ്യരും ശൂദ്രരും മറ്റു ജാതിക്കാരും—സകലരും— ഗണ്ഡകീജലം തൊട്ടാൽ മുക്തിയടയും. വേണ്ടിക്കൊക്കും ഈ പുണ്യനദി; ബ്രഹ്മഹത്യാപാപത്തെപ്പോലും ഇതു വേർപെടുത്തും; പിന്നെ മറ്റുള്ളവയെപ്പറ്റി പറയാനുണ്ടോ? പർവ്വതാത്മജേ, ഞാൻ പതിവായി എല്ലാ ആണ്ടിലും പോകാറുണ്ട്. തീർത്ഥങ്ങളിൽ വച്ചു് പെരുമാളായ തീർത്ഥമാണിതെന്നു പിതാമഹൻ പറഞ്ഞിരിക്കുന്നു. അവിടെ സ്നാനവും ദാനവും പുണ്യകാലമായ ആഷാഢത്തിലാണ് മുനിമാർ വിധിച്ചിട്ടുള്ളതു്. ഞാൻ അന്നവിടെ പോയി

* ഗണ്ഡകീനദി.

Digitized By Kerala Sahitya Akademi

ഒരു മാസം ശരിക്ക സ്നാനംകഴിക്കുകയും താരകമന്ത്രം മുടങ്ങാതെ ജപിക്കുകയും പതിവാണ്. അതിനാലത്രേ, ഞാൻ വൈഷ്ണവനായി വിഷ്ണുക്ഷേത്രമുരുപ്പുകയ്യ്. ആ മഹത്തരമായ ക്ഷേത്രം പണ്ട് വിഷ്ണു താൻ തന്നെ തീർപ്പിച്ചതും വൈഷ്ണവക്ക് ഗതിപ്രദവും പരമപാവനവുമാകുന്നു. ദേവി, സംസാരത്തിൽ മനുഷ്യജന്മം ദുർല്ലഭം; അതിലും ദുർല്ലഭം ഗല്ലികാതീർത്ഥം; അതിലും ദുർല്ലഭം ആ വിഷ്ണുക്ഷേത്രം. അതിനാൽ മഹിജോത്തമന്മാർ ആഷാഢമാസത്തിൽ അവിടെപ്പോകണം. ശംഖചക്രാദിധാരണം അവിടെവെച്ചാണ് ബ്രാഹ്മണശ്രേഷ്ഠർ അനുഷ്ഠിക്കേണ്ടതു്; അതിനു പാവനതപം ക്ലൃപ്തം. മുക്തിക്കായി, ഇടത്തുവശം ശംഖടയാളവും വലത്തുവശം ചക്രചിഹ്നവും ബ്രാഹ്മണർ പണിപ്പെട്ടും ധരിക്കേണ്ടതാകുന്നു. ബ്രാഹ്മണർ വിശേഷിച്ചും, ശംഖചക്രാങ്കിതരെ ധരിച്ചാൽ വൈഷ്ണവരായി! സുമുഖി, വീണ്ടും വീണ്ടും പറയാം: ഗല്ലികപോലെ ഒരു തീർത്ഥമില്ല; ഭാദശിക്കൊപ്പം ഒരു വ്രതമില്ല; വിഷ്ണുവല്ലാതെ ഒരു ദേവനില്ല! ഗല്ലികയുടെ മാഹാത്മ്യം യാവചിലർ ശ്രവിക്കുമോ, ആ നരശ്രേഷ്ഠർ ഇഹലോകത്തു സുഖമനുഭവിച്ച്, വിഷ്ണുലോകത്തു ചെന്നുചേരും.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വര സംവാദം,
ഗല്ലികാതീർത്ഥമഹാത്മ്യം എഴുപത്താറാമദ്ധ്യായം.

എഴുപത്തേഴാമദ്ധ്യായം

ശിവൻ:—സുന്ദരി, അദ്ഭുതകരമായ ഒരു കഥകൂടി കേട്ടുകൊള്ളുക. ഇതു കേട്ടാൽ ബ്രഹ്മഹത്യാപാപംപോലും മുക്തികിട്ടും; സംശയമില്ല. ഒരർത്ഥപരമാർത്ഥികമായ ഇതു്, തേജസ്സേറിയ സ്വയംഭൂദേവൻ നാരദനു ചൊല്ലിക്കൊടുത്തു; എന്നെ കൈപിടിച്ച് എനിക്കും പറഞ്ഞുതന്നു:

(ശ്ലോകങ്ങൾ)

"ദേവൻ നാരായണൻ ശ്രീമാൻ ദേവൻ ചക്രായുധൻ ഹരി
ശാർങ്ഗധാരി ഹൃഷീകേശൻ പുരാണപുരുഷോത്തമൻ
അജിതൻ ഖഡ്ഗധാരിത്രാവു ജിഷ്ണു കൃഷ്ണൻ സനാതനൻ;
ഏകശൃംഗവരാഹം നീ ത്രിധാമാവ്യക്തരൂപകൻ;
ആദ്യന്തങ്ങളിൽ നീ രാമ, സത്യമാം ബ്രഹ്മമക്ഷരം;
ലോകങ്ങൾക്കുറവു ധർമ്മം നി വിശ്വക്സേനൻ ചതുർഭുജൻ;

Digitized By Kerala Sahitya Akademi

സേനാനി നീയഗ്രസരൻ; വൈകുണ്ഠൻ നീ ജഗൽപ്രഭോ;
ഉല്പത്തിഭവവ്യയൻ നീയുപേന്ദ്രൻ മധുസൂദനൻ
പൃശ്നിഗർഭൻ ധൃതാച്ചിസ്സു പത്മനാഭൻ രണാന്തകൻ;
ശരണ്യൻ ശരണം നീ താനെന്നാർ സേന്ദ്രമഹർഷിമാർ;
ക്ലുപ്തമാഗ്രശ്രുതിമയൻ ശതജിഹ്വൻ മഹാശയൻ;
നീ യജ്ഞം, നീ വഷട്കാര,മോംകാരം നീ പരന്തപൻ;
ശതധന്വാവു വസ്വാദ്യൻ വസു നീ താൻ പ്രജാപതി;
ആദികർത്താവു നീ മൂന്നു ലോകങ്ങൾക്കും സ്വയംപ്രഭു;
രുദ്രൻ രുദ്രരിലൊട്ടാമനു,ഷ്ണാമൻ സാധ്യരിൽഭ്വോൻ;
നിൻ തൃക്കണ്ണുകൾ ചന്ദ്രാർക്കർ; നിൻ കണ്ണുപേയമശ്വികൾ;
ആദ്യന്തമധ്യങ്ങളിൽ നീ കാണാകുന്നു പരന്തപ;
പിറപ്പും നീയവതിയും; നീയാരെന്നറിയപ്പെടാ;
കാണാം, ജഗത്തുകളിലും ഗോവിപ്രരിലുമങ്ങയെ
വാനിലും ദിക്കുകളിലും കുന്നിലും ഗുഹയിങ്കലും;
സഹസ്രാക്ഷൻ സഹസ്രാംഘ്രി നീ ശ്രീമാൻ ശതശീർഷകൻ;
താങ്ങുന്നു ഭൂതങ്ങളേയും സശൈലോർവ്വിയെയും ഭവാൻ;
ഊഴിയൂകുത്തു വെള്ളത്തിൽ വാഴുന്നു നീ ഫണീന്ദ്രനായ്
സദേവാസുരഗന്ധർവ്വത്രൈലോക്യം താങ്ങി രാഘവ;
ഞാൻ നിന്റെ ഹൃദയം രാമ; നാവു ദേവി സരസ്വതി;
ഗാത്രരോമങ്ങൾ, നിന്മായയാലേ നിർമ്മിതർ ദേവകൾ;
നിന്നന്മേഷനിമേഷങ്ങൾ മുറയ്ക്കു ദിനരാത്രികൾ;
സംസ്സാരം നിൻതിരുവുള്ളൽ; നീയൊഴിഞ്ഞില്ലൊരെണ്ണവും;
ജഗത്തൊട്ടുക്കു നിൻദേഹ,മതിൻ സ്ഥൈര്യം ധരാതലം;
നീ നിൻകോപം; പ്രസാദം തേ ശേഷൻ ശ്രീശാലി ലക്ഷ്മണൻ;
മൂലോകം മൂവടികളാലളന്നല്ലോ ഭവാൻ പുരാ;
ബന്ധിച്ചു മാബലിയെ നീ; നാടുവാഴിച്ചു ശക്രനെ;
ദൃശ്യാദൃശ്യങ്ങൾ വിശ്വങ്ങൾ കാലനായ് സംഹരിച്ചു നീ
തങ്കൽത്താൻ ചേർത്തുവെച്ചോറാക്കടൽ തീർക്കുന്ന ഭീഷണം;
പരമാത്ഭുതമാം ദിവ്യസിംഹരൂപം ധരിച്ചു നീ
കൊന്നു ഹിരണ്യകശിപുവെന്ന വിശ്വപ്രമാഥിയെ;
ശ്രീഹയഗ്രീവനായിട്ടു പാതാളത്തിൽ വസിച്ചു നീ;
പരം ജ്യോതിസ്സു നീയത്രേ; പരമായുള്ളതും ഭവാൻ;
പരാൽ പരം നീ പരമാത്മാവെന്നും പരികീർത്തിതൻ;
നീയേ പരമമാം മന്ത്രം; പരതേജസ്സുമങ്ങുതാൻ;
പവ്യം കവ്യം പവിത്രം നീ സപ്തമോക്ഷപ്രിയം ഭവാൻ;

Digitized By Kerala Sahitya Akademi

പ്രകൃതിക്കപ്പുറം നില്പോൻ സൃഷ്ടിസ്ഥിതിസംഹാരി നീ;
യജ്ഞം നീ; യജമാനൻ നീ; ഹോതാവധ്വര്യുവും ബോൻ;
നീയേ യജ്ഞം ഭുജിക്കുന്നോനെന്നും പാടുന്നിതോത്തുകർ;
സീത മക്ഷ്മി, ബോൻ വിഷ്ണു; ദേവൻ കൃഷ്ണൻ പ്രജാപതി;
ദശാനനഹതിക്കല്ലോ മർത്യനായിപ്പിറന്ന നീ;
അക്കായ്വുമിതാ, ചെയ്തവെച്ചു നീ കമ്മട്ടദേഹ;
രാമ, രാവണനെക്കൊന്ന വാനോരെത്തുഷ്ടരാക്കി നീ;
സഫലം ദേവ, നിൻവീയ്യം; തൊഴാം സഫലവിക്രമ!
സഫലം ദർശനം രാമ! സഫലം നിൻസ്തവം; തൊഴാം!
ഭൂവിൽസ്സഫലരായ്ത്തീരും, ഗോവൻ, കേതിയുക്തരായ്
പുരാണപുരുഷശ്രേഷ്ഠനായ നിന്നെപ്പൂജിപ്പവർ!'

ഈ ആർഷപുരാണേതിഹാസമായ പുണ്യസ്തോത്രം യാവ ചിലർ ചൊല്ലുമോ, അവക്ക് പരാഭവം പറകയില്ല: പുരുഷോത്തമങ്കൽ കേതിയുള്ള സൽപുരുഷന്മാക്കുണ്ടോ, പരാഭവം നേരിടുന്നു? വിഷ്ണുപ്രിയന്മാക്ക് വിഗതി വരികയില്ലല്ലൊ. വിഷ്ണുവിനെക്കാളും മീതെ വരപ്രദനായ ഒരു ദേവൻ ആരുള്ളൂ? മഹാത്മാവായ രാഘവനെക്കുറിച്ചുള്ള ഈ ശ്രേഷ്ഠസ്തോത്രം പതിവായി മൂന്നു നേരം ചൊല്ലുന്നവൻ മാപാപത്തിൽനിന്നുപോലും വിടുതിനേടും. സന്ധ്യാസമയത്തും ശ്രാദ്ധസമയത്തും ബ്രാഹ്മണശ്രേഷ്ഠർ വിശേഷിച്ചും ഭക്തിപൂർവം മനസ്സിരുത്തി ചൊല്ലേണ്ടതാണിതു്. ഇതു തുലോം ഗോപ്യമാകുന്നു; ആർക്കും പറഞ്ഞുകൊടുക്കരുതു്. ഇതു ചൊല്ലിയാൽ മുക്തി സിദ്ധിക്കും; അതു ശാശ്വതവുമായിരിക്കും. ബ്രാഹ്മണർ ആദ്യം വിഷ്ണുവിനെ പൂജിച്ചു് ഈ സ്തോത്രം ചൊല്ലിയാൽ ശ്രാദ്ധം അക്ഷയമായിരിക്കും. ജനങ്ങൾക്കു മുക്തിയെ നൽകുന്ന ഈ പരമ പവിത്രസ്തോത്രം എഴുതി ആർ സഗൃഹത്തിൽ സൂക്ഷിച്ചുവെയ്ക്കുമോ, അവന്നു ശ്രീയും ആയുസ്സും ഓജസ്സും നാളിൽ നാളിൽ വർദ്ധിച്ചുവരും. യാതൊരു ധീമാൻ വല്ലപ്പോഴും എഴുതി ബ്രാഹ്മണന്നു നൽകുമോ, അവന്റെ പൂർവികർ വിമുക്തരായി വിഷ്ണുവിന്റെ പരമപദം പ്രാപിക്കും. വേദം നാലും ചൊല്ലിയാലത്തെ ഫലം ഈ സ്തോത്രം ചൊല്ലിയാൽ കിട്ടും. മഹാദേവി, വേദനിരതരായ ബ്രാഹ്മണർ ശംഖചക്രാദികം ധരിച്ചു് ഈ സ്തോത്രം ശ്രാദ്ധത്തിൽ ചൊല്ലിയാൽ, ശ്രാദ്ധം അക്ഷയമായിത്തീരും. കഴുത്തിൽ അക്ഷമാലയിട്ടും, ശംഖചക്രാദികം ധരിച്ചും, ഈ സ്തോത്രം കേതിയോടെ ജപിച്ചും യഥാവിധി ചെയ്യപ്പെ

Digitized By Kerala Sahitya Akademi

ടുന്ന ശ്രാദ്ധം പൂർണ്ണമാകാതിരിക്കയില്ല! അതിനാൽ ഇതു കേൾക്കയോ ടേ മനസ്സുവെച്ചു ജപിച്ചുകൊള്ളുണം; എന്നാൽ സർവ്വസുഖവും സി ദ്ധിക്കും.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദേ, അച്ഛോദയികേൾദ്ധ്വാദശീകല്പോക്തകഥനം എഴുപത്തേഴാമദ്ധ്യായം.

—(o)—

എഴുപത്തേഴാമദ്ധ്യായം

ശിവൻ:—പുത്രപൌത്രസമൃദ്ധിയേയും സുഖസൌഭാഗ്യങ്ങളേയും നൽകുന്ന ഒരു അത്യുത്തമ വ്രതം ഞാൻ ജഗദീശനോടു ചോദിച്ചതിനു്, അവിടുന്നു് കഥിച്ച ദിവ്യമായ ജ്യേഷ്ഠവ്രതം, സുന്ദരി, ഭവതിയോടു ഞാൻ പറയാം. ഇതു രജസ്വലാസ് പർശംകൊണ്ടു് അശുദ്ധമായ കമ്മത്താലുള്ള പാപത്തെപ്പോക്കും; പിതൃക്കൾക്കു് അക്ഷയമായിരിയ്ക്കും; ധർമ്മകാമാർത്ഥങ്ങളെ നിറവേറും:

പണ്ടു്, വേദപാരഗനായി സ്വാധ്യായവാനായി ദേവശർമ്മാവു് എന്നൊരു ബ്രാഹ്മണനുണ്ടായിരുന്നു. നാംതോറും അഗ്നിഹോത്രാദികളിലും ഷട്കർമ്മങ്ങളിലും നിരതനായി സകല ജാതിക്കാരാലും പൂജനീയനായി പുത്രബന്ധുപത്നിയുകതനായിരുന്ന ആ ബ്രാഹ്മണശ്രേഷ്ഠൻ പ്രൌഷ്ഠപദമാസത്തിലെ വെളുത്ത പഞ്ചമി നോററിരുന്നു; അന്നു് അച്ഛന്റെ ആണ്ടുചാത്തമാണു്. അതിനു്, തപസ്സാൽ ജിതേന്ദ്രിയനായി, തലേന്നാൾ വൈകുന്നേരം സുഖസൌഭാഗ്യപ്രദരായ ബ്രാഹ്മണരെ ക്ഷണിക്കും; പ്രഭാതത്തിൽ, പാത്രങ്ങളെല്ലാം വേറെ ഉണ്ടാക്കി, പിതൃപ്രീതിക്കു പതിനെട്ടു അസങ്ങളോടു ക്രിയ അന്നം ഭാര്യയെക്കൊണ്ടു പചിപ്പിക്കും; പിന്നീടു് ബ്രാഹ്മണരെ വെവ്വേറെ വിളിച്ചിരുത്തും. ഉച്ചയ്ക്കു്, വേദപാഠകരായ ബ്രാഹ്മണരെല്ലാം വന്നെത്തി. ദേവശർമ്മാവു് വഴിപോലെ അർഘ്യപാദ്യാദികം നൽകി, അവരെ അകത്തു കൊണ്ടുപോയി ആസനങ്ങളിൽ ഉപവേശിപ്പിച്ചു്, മുഷ്ടാന്നമൂട്ടി, പിണ്ഡം വെച്ചു ശ്രാദ്ധം കഴിച്ചു. ദക്ഷിണ, താംബൂലം, പലതരം വസ്ത്രങ്ങൾ എന്നിവയും ആ പിതൃഭക്തൻ ബ്രാഹ്മണർക്കു ദാനംചെയ്തു; അനന്തരം ആശിസ്സു ചൊല്ലിയ വിപ്രരെ പിരിച്ചയച്ചിട്ടു്, ചാർച്ചക്കാർക്കും വേഴ്ചക്കാർക്കും ഉണ്ണാനായിവന്ന മറ്റുള്ളവർക്കും ചോറുകൊടുത്തു താനും ഊണു കഴിച്ചു. വൈകുന്നേരം അദ്ദേഹം ഗൃഹത്തിന്റെ ഉമ്മറത്തിരുന്നു്, ഭാര്യയോടു വെള്ളം വാങ്ങി കാൽകഴുകുമ്പോൾ, പട്ടിയും കാളയും തമ്മിൽ ഒരു സംഭാഷണം നടന്നു:

Digitized By Kerala Sahitya Akademi

ശുനി:—'*കാന്ത, എന്റെ വധു(മകന്റെ ഭാര്യ)ചെയ്തതു കേട്ടാലും; വാസ്തവമാണ് ഞാൻ പറയുന്നതു്. ഒരിക്കൽ ഞാൻ ദൈവയോഗത്താൽ, പുത്രന്റെ ഗൃഹത്തിൽ ചെന്നുകേറി; അപ്പോൾ ഒരു പാമ്പു്, അവിടെ വെച്ചിരുന്ന പാൽ നക്കിക്കുടിക്കുന്നതുണ്ടായിരുന്നു. പിന്നെ ആ ദുഷിച്ച പാൽ ഞാൻ കുടിച്ചുതീർത്തു. അതു വധു കണ്ടെത്തി; അതിനാൽ എന്റെ നട്ടെല്ലൊടിഞ്ഞുപോയി! ഞാൻ വളരെ കഷ്ടത്തിലായിരിക്കുന്നു; ആഹാരം തന്നെ വേണമെന്നു തോന്നുന്നില്ല.'

വൃഷഭം:—'ശുനി, നീ എന്റെ സംകടം കേൾക്കുക: ഇന്നു് എന്റെ മകൻ ബ്രാഹ്മണക്കു സദ്യകൊടുത്തു; എന്നാൽ എന്നെ സൂരിക്കായേ ഉണ്ടായില്ല. ഇത്തിരി വെള്ളമാകട്ടേ പുല്ലാകട്ടേ എനിക്കാരും തരികയുണ്ടായില്ല. ഞാൻ യാതൊന്നും ഭക്ഷിച്ചിട്ടില്ല; ബന്ധനത്തിലുമാണ്. എന്തോ മുൻജന്മപാപത്താലാണ് ഈ വിധം വന്നതു്; സംശയമില്ല!'

ഈ സംഭാഷണം കേട്ടിട്ടു ധീമാനായ ദേവശർമ്മാവു്, 'എന്റെ അച്ഛൻ തന്നെയാണിതു്; എന്റെ ഗൃഹത്തിൽ നാൽക്കാലിയായി ജനിച്ചതാണ്. ഇതെന്റെ അമ്മ തന്നെ; ദൈവയോഗത്താൽ പട്ടിയായിപ്പിറന്നുപോയി! ഞാൻ എന്തു പരിഹാരം ചെയ്യേണ്ടൂ?' എന്നിങ്ങനെ വിചാരത്തിൽപ്പെട്ടു; ചിന്തമൂലം രാത്രിയിൽ ഉറക്കം വന്നില്ല. 'പലതരം ധർമ്മങ്ങൾ ഞാൻ ചെയ്തിട്ടുണ്ടു്; എന്നിട്ടും ഇങ്ങിനെയോ!' എന്നു്, വിശേഷപ്രകാരം സൂരിച്ചുംകൊണ്ടു് ഒടുവിൽ ഒന്നു മയങ്ങി. നേരം പുലർന്നതോടുകൂടി, അദ്ദേഹം ഋഷിമാരുടെ അടുക്കലേയ്ക്കു പോയി. അവരിൽ വസിഷ്ഠൻ അദ്ദേഹത്തോടു സ്വാഗതം പറഞ്ഞു്, 'ബ്രാഹ്മണോത്തമ, ഭവാൻ വന്നതെന്തിനാണെ'ന്നു ചോദിച്ചു. ബ്രാഹ്മണൻ നമസ്കരിച്ചുകൊണ്ടു പറഞ്ഞു:—'ഇന്നു് എനിക്കു ജന്മം സഫലമായി; ഇന്നു് എനിക്കു കർമ്മം സഫലമായി; ഇന്നു് എന്റെ പിതൃക്കൾ സംതൃപ്തരായി: എളുപ്പത്തിൽ സാധിക്കുന്നതല്ലല്ലോ ഇവിടത്തെ ദർശനം! ഇന്നലെ ചാത്തമായിരുന്നു; ബ്രാഹ്മണരെ ഊട്ടി, കുടുംബങ്ങൾക്കുമെല്ലാം ചോറുകൊടുത്തു ഞാനും ഊൺകഴിച്ചു. അപ്പോൾ ഒരു പട്ടി വന്നെത്തി. ഞങ്ങളുടെ ഗൃഹത്തിൽ ഒരു കാളയുണ്ടു്; അതാകട്ടെ ഭർത്താവിനോടു് ആ പട്ടി പറഞ്ഞു:—'ഭർത്താവേ, അകത്തു വെച്ചിരുന്ന പാൽപ്പാത്രം പാമ്പിനാൽ ദുഷിപ്പിക്കപ്പെട്ടു; അതുകണ്ടു് ഞാൻ, 'ഈ പാലിൽപ്പചിച്ച അന്നം ഭക്ഷിച്ചാൽ ബ്രാഹ്മണരെല്ലാം മരിച്ചുപോകുമല്ലോ' എന്നു വിചാരിച്ചു് ആ പാൽ കുടിച്ചുതീർത്തു. അതു കണ്ടെത്തി വധു എന്നെ പ്രഹരിച്ചു; അതുമൂലം നട്ട

* മുൻജന്മത്തിലെ ഭർത്താവാണ്.

Digitized By Kerala Sahitya Akademi

വൊടിഞ്ഞു സങ്കടപ്പെട്ട നടക്കുകയാണു ഞാൻ!' വൃഷദംശൻ ശുനിയോടും സങ്കടം പറഞ്ഞു:—'കേശിംഗ: മുൻജന്മത്തിൽ ഇയ്യാളുടെ അച്ഛനാണു ഞാൻ. ഇന്നു ബ്രാഹ്മണരെ ഊട്ടി, വളരെ ചോറു കൊടുക്കുകയുണ്ടായി; ഇത്തിരി പുല്ലോ വെള്ളമോ എനിക്കു കൊണ്ടുവന്നു തന്നില്ല! അതിനാൽ എന്റെ ദുഃഖം വളരെ വർദ്ധിച്ചിരിക്കുന്നു.' ഋഷിശ്രേഷ്ഠ, ഈ സംഭാഷണം കേട്ടതിനാൽ എനിക്കു രാത്രിയിൽ ഉറക്കം വന്നില്ല; ഇതിനെപ്പറ്റിത്തന്നെയായി വിചാരം:' ഞാൻ മടങ്ങാതെ സ്വാദ്ധ്യായം നടത്തുന്നുണ്ടു; ശ്രൌതകർമ്മങ്ങളും അനുഷ്ഠിക്കുന്നുണ്ടു്. ഇവരൊ, വന്നിച്ചു ദുഃഖത്തിലാണു്. എന്തു ചെയ്യേണ്ടു' എന്നിങ്ങനെ ചിന്തിച്ചും കൊണ്ടു ഞാൻ ഇവിടുത്തെ അടുക്കൽ വന്നെത്തി; ഇവിടുന്നു് എന്റെ വ്യസനം തീർത്തുതരുമാറാകണം.'

വസിഷ്ഠൻ:—'ബ്രാഹ്മണ, കേശിംഗ: ഈ കാള മുൻജന്മത്തിൽ രമണീയമായ കുണ്ഡിനനഗരത്തിൽ ഒരു വിശിഷ്ട ബ്രാഹ്മണനായിരുന്നു. പ്രോഷ്ഠപദമാസത്തിലെ കൃഷ്ണപഞ്ചമി അദ്ദേഹം നോല്ക്കുകയുണ്ടായില്ല; അന്നു് അച്ഛന്റെ ശ്രാദ്ധമായിരുന്നു. ശ്രാദ്ധദിവസം ഭാര്യ രജസ്വലയായി; എന്നാൽ അവരെത്തന്നെയാണു ബ്രാഹ്മണഭോജനമെല്ലാം നടത്തിയതു്! രജസ്വലയായ സ്ത്രീ ഒന്നാംനാളിൽ ചണ്ഡാലിയും, രണ്ടാംനാളിൽ ബ്രഹ്മഘാതിനിയും, മൂന്നാം നാളിൽ രജകിയുമത്രേ; നാലാം നാളിലേ ശുദ്ധിപ്പെടൂ. ആ പാപത്താൽ അവർ ശുനിയായിജ്ജനിച്ചു സ്വഗൃഹത്തിൽ പുറിനടക്കുകയായി; ബ്രാഹ്മണനാകട്ടെ, വ്രതമനുഷ്ഠിക്കാത്തതിനു പുറമേ ആ പാപം കൂടി പറകയാൽ കാളയായും പിറന്നു.'

ദേവശർമ്മാവു്:—'സുവ്രത, വ്രതമോ ദാനമോ യജ്ഞമോ തീർത്ഥസേവനമോ എന്താണു് അച്ഛനമ്മമാരുടെ മുക്തിക്കു ഞാൻ ചെയ്യേണ്ടതെന്നുപദേശിച്ചുതന്നാലും.'

വസിഷ്ഠൻ:—'പ്രോഷ്ഠപദശുക്ലപക്ഷത്തിലെ ഋഷിപഞ്ചമിനോമ്പിനാൽ രജോദോഷവും മറവും നീങ്ങും; പുത്രപൌത്രർ വർദ്ധിക്കും; പിതൃക്കൾക്കു മുക്തിയും സിദ്ധിക്കും: നദീതടാകക്ഷേത്രങ്ങൾക്കടുക്കലോ ബ്രാഹ്മണഗൃഹത്തിലോ ചാണകംകൊണ്ടു വട്ടത്തിൽ മെഴുകി ഒരു കലശം സ്ഥാപിച്ചു്, മീതെ *ഋഷിധാന്യം നിറച്ചതും പൂണൂൽ-സ്വർണ്ണം-കായ്ക്കനം എന്നിവയോടുകൂടിയതുമായ ഒരു പാത്രം വെച്ചു്, സുഖസൌഭാഗ്യപ്രദരായ സപ്തർഷിമാരെ ആവാഹിച്ചു് അവരെയെല്ലാം പൂജിക്കുക. നൈവേദ്യത്തിനു ഭോജനത്തിനും ഋഷിധാന്യം തന്നെ. ഒരു നേരമേ ഉണ്ണാവൂ. ബ്രാഹ്മണനു നെയ്യും ദക്ഷിണയും 'ഋഷീണാം പ്രീയതാ'

* തരണ്ട മുതലുള്ളതു്.

Digitized By Kerala Sahitya Akademi

മെന്ന യഥാവിധി നൽകണം. സൽക്കഥ ശ്രവിച്ച വലത്തു വെയ്ക്കണം. ഋഷിമാക്കെല്ലാം വെവ്വേറെ ധൂപദീപ നൈവേദ്യാഭ്യുദ്ധം നൽകണം:

'ഋഷയസ്സന്തു മേ നിത്യം വ്രതസംപൂർത്തികാരിണഃ
പൂജാം ഗൃണ്ണന്തു മദ്ദത്താമൃഷിഭ്യോസ്തു നമോ നമഃ!
പുലസ്ത്യഃ പുലഹശ്ചൈവ ക്രതുഃ പ്രാചേതസസ്തഥാ
വസിഷ്ഠമാരീചാത്രേയാ അംഗിരസം ഗൃണ്ണന്തു വോ നമഃ!'

എന്നിങ്ങനെ, മനോരമങ്ങളായ ധൂപദീപാദികംകൊണ്ടു പൂജിച്ചാൽ, അതിന്റെ പ്രഭാവം മൂലം പിതൃക്കൾക്കു മുക്തി വരും. വത്സ, രജസ്തമോഗുണസ്പർശദൂഷിതമായ പ്രാഗ്ജന്മകർമ്മത്തിന്റെ വിപാകത്തിൽ നിന്ന് അവക്കു മോചനം കിട്ടാൻ ഇതു ചെയ്താൽ മതി.'

ദേവശർമ്മാവു് അച്ഛനമ്മമാരുടെ മുക്തിക്കായി അതാചരിക്കുകയും, അവർ ആശീർവ്വാദം നൽകി മുക്തിമാർഗ്ഗമണയുകയും ചെയ്തു. വിപ്രനുപദേശിക്കപ്പെട്ട ഈ പുണ്യമായ ഋഷിപഞ്ചമീവ്രതം യാവചിലർ അനുഷ്ഠിക്കുമോ, ആ നരശ്രേഷ്ഠർ സുകൃതികളായിത്തീരും; ഇഹത്തിൽ വമ്പിച്ച ഭോഗങ്ങളനുഭവിച്ചു വിഷ്ണുവിന്റെ സനാതനസ്ഥാനം പൂകും.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
ഋഷിപഞ്ചമീവ്രതകഥനം എഴുപത്തൊമ്പതാമധ്യായം.

—— :o: ——

എഴുപത്തൊന്നുതാമദ്ധ്യായം.

ശിവൻ:—'ഇനി, പുലസ്ത്യൻ മഹാത്മാവായ ഭരദ്വാജനു പറഞ്ഞുകൊടുത്ത ഉത്തമമായ അപാമാർജ്ജനസ്തോത്രം കേട്ടുകൊള്ളുക. പാവ്വതീ, സർവ്വരോഗദോഷങ്ങളേയും നശിപ്പിച്ചു നന്മ നൽകുന്നതാണിതു്.'

പാവ്വതി:—'ഭഗവൻ, വിഷങ്ങളാലും ദുഷ്ടഗ്രഹങ്ങളാലും അഭിചാരകൃത്യകളാലും പലതരം ഘോരരോഗങ്ങളാലുമുള്ള ഉപദ്രവം പ്രാണികളിലുണ്ടാക്കാതിരിപ്പാൻ ഇന്നതു വേണമെന്നു പറഞ്ഞതന്നാലും.'

ശിവൻ:—'യാവചിലർ വ്രതോപവാസനിയമങ്ങൾ കൊണ്ടു വിഷ്ണുവിനെ പ്രസാദിപ്പിക്കുമോ, അവർ രോഗപീഡിതരാകയില്ല. പുണ്യവ്രതമോ ദാനമോ തപസ്സോ തീർത്ഥസ്നാനമോ ദേവപൂജയോ അന്നദാനമോ ചെയ്തിട്ടില്ലാത്തവരാണ്, എന്നെന്നും രോഗദോഷങ്ങ

Digitized By Kerala Sahitya Akademi

ളാൽ കഷ്ടപ്പെടുന്നു. ആരോഗ്യവും മികച്ച സമൃദ്ധിയും—എന്തു വേണമോ അതൊക്കെയും—വിഷ്ണുവിനെസ്സേവിച്ചാൽ തീർച്ചയായും ലഭിക്കും. മധുസൂദനനെ പ്രസാദിപ്പിച്ചാൽ ആധിയില്ല, വ്യാധിയില്ല, വിഷമില്ല, ഗ്രഹപീഡയില്ല, ബന്ധനമില്ല, പിശാചേൽക്കലില്ല; എല്ലാദ്ദോഷവും വിട്ടൊഴിയും; എഴുപുഴം ഗ്രഹങ്ങൾ ശുഭങ്ങളായിരിക്കും. ദേവകളാലും ആക്രമിക്കപ്പെടാവുന്നവനല്ല, വിഷ്ണുവിനെ പ്രസാദിപ്പിച്ചവൻ! തകലെന്നപോലെ അന്യരുകളും—സർവ്വത്രങ്ങളിലും—വാണരുളുന്ന വാസുദേവനെ ഉപവാസാവസാനത്തിൽ പ്രീതിപ്പെടുത്തുന്ന വരാകട്ടെ, പൂർണ്ണകാമരായി, ആരോഗ്യവും സൌഖ്യവും നേടി, ഭോഗങ്ങളും ഭുജിക്കും; അവർക്ക ശത്രുവില്ല, രോഗമില്ല, ആഭിചാരബാധയില്ല, ഗ്രഹപീഡയില്ല, പാപമില്ല. വിഷ്ണുവിന്റെ തടവില്ലാത്ത ചക്രായുധങ്ങളും വിഷ്ണുസേവകനെ സർവ്വാപത്തുകളിൽ നിന്നും സംരക്ഷിക്കും.'

പാർവതി:—'നാരായണനെ ആരാധിക്കായ്കയാൽ ദുഃഖത്തിലകപ്പെട്ടവർക്ക്, സനാതനനായ വാസുദേവനെ സർവത്രങ്ങളിലും മർശിക്കുന്ന സമദൃഷ്ടികളായ യോഗികളും എന്തു ചെയ്യണമെന്നു പറഞ്ഞു തന്നാലും.'

ശിവൻ:— ദേവശരി, രോഗദോഷാശുഭങ്ങളേയും വൈരികളേയും ആപത്തുകളേയും അകറ്റാനുള്ള മനസ്സിരുത്തി കേട്ടുകൊള്ളുക:

ശിഖമേൽ ശ്രീധരനേയും, ശിഖയ്ക്കു താഴെ ശ്രീകരനേയും, കേശങ്ങളിൽ ഹൃഷീകേശനേയും, മൂർദ്ധാവിൽ നാരായണനേയും, ചെവിക്കുമേൽ വിഷ്ണുവിനേയും, നെറ്റിമേൽ ജലശായിയേയും, പുരികങ്ങളിൽ വിഷ്ണുവിനേയും, പുരികനടുവിൽ ഹരിയേയും, നാസികാഗ്രത്തിൽ നരസിംഹത്തേയും, കണ്ണുകളിൽ അർണ്ണവേശയനേയും, കണ്ണുകളിൽ പുണ്ഡരീകാക്ഷനേയും, അവയ്ക്കു താഴെ ഭൂധരനേയും, കവിൾത്തടങ്ങളിൽ കൽക്കിസ്വാമിയേയും, കണ്ണുമൂലകളിൽ വാമനനേയും, മൈനികളിൽ ശംഖപാണിയേയും, മുഖത്തു ഗോവിന്ദനേയും, ദന്തപങ്ക്തിയിൽ മുകുന്ദനേയും, ജിഹ്വയിൽ വാക്പതിയേയും, ഹനു (അണ) വിൽ രാമനേയും, കണ്ഠത്തിൽ വൈകുണ്ഠനേയും, ബാഹുമൂലത്തിനു താഴെ വലഘ്നനേയും, തോളുകളിൽ കംസാരിയേയും, ഭുജദ്വയത്തിൽ അജനേയും, കൈപ്പടങ്ങളിൽ ശാർങ്ഗപാണിയേയും, കൈപ്പെരുവിരലിൽ സംകർഷണനേയും, മറുവിരലുകളിൽ ഗോപാലനേയും, മാറത്ത് അധോക്ഷജനേയും, മാർനടുവിൽ ശ്രീവത്സലക്ഷ്മ

Digitized By Kerala Sahitya Akademi

വിനേയും, സ്തനങ്ങളിൽ അനിരുദ്ധനേയും, ഉദരത്തിൽ ദാമോദരനേയും, നാഭിയിൽ പദ്മനാഭനേയും, നാഭിത്താഴെ കേശവനേയും, ലിംഗത്തിൽ ധരാധരദേവനേയും, ഹൃദയത്തിൽ ഗദാഗ്രജനേയും, അരക്കെട്ടിൽ പീതാംബരനേയും, തുടകളിൽ മധുമാഥിയേയും, കാൽവണ്ണകളിൽ മുരാരിയേയും, കാൽമുട്ടുകളിൽ ജനാർദ്ദനനേയും, ഞെരിയാണികളിൽ ഫണീശനേയും, കാലടികളിൽ ത്രിവിക്രമനേയും, കാൽപ്പെരുവിരലിൽ ശ്രീപതിയേയും, ഉള്ളംകാലുകളിൽ ധരണീധരനേയും, രോമകൂപങ്ങളിലെല്ലാം വിഷ്വക്സേനനേയും, മാംസത്തിൽ മത്സ്യത്തേയും, മേദസ്സിൽ കൂർമ്മത്തേയും, വസയിൽ വരാഹമൂർത്തിയേയും, അസ്ഥികളിലെല്ലാം അച്യുതനേയും, മജ്ജയിൽ ദേവജപ്രിയനേയും, ശുക്ലത്തിൽ ശ്വേതപതിയേയും, സർവ്വാംഗങ്ങളിൽ യജ്ഞപുരുഷനേയും, ആത്മാവിങ്കൽ പരമാത്മാവിനേയും ന്യസിക്കുക; എന്നാൽ സാക്ഷാൽ വിഷ്ണുതന്നെയായി വരും—വല്ലതും സംസാരിക്കുന്നതുവരെ വിഷ്ണുതന്നെയായിത്തീരും; എന്നിട്ട് മനസ്സടക്കി, കടയും തലയും ചേർന്ന വിശുദ്ധങ്ങളായ ദർഭപ്പുല്ലുകളെടുത്ത്, ശാന്തിക്കായി അവയവങ്ങളെല്ലാം അവകൊണ്ട് മാർജ്ജനംചെയ്യുക(തുടയ്ക്കുക). ഇങ്ങനെ വിഷ്ണുഭക്തൻ രോഗവിഷഗ്രഹാദിപീഡിതർക്ക് ശാന്തിവിധി ചെയ്യണം. അപ്പോൾ സർവ്വരോഗഹരമായ ഈ സ്തോത്രം ജപിയ്ക്കണം; വരാഹമൂർത്തിയേയും, നരസിംഹരൂപനേയും, സുഖപ്രദനായ വാമനനേയും ധ്യാനിച്ചു നമസ്കരിച്ചു വിഷ്ണുനാമങ്ങളെ അംഗങ്ങളിൽ ന്യസിക്കണം:

ഓം, നമഃ ശ്രീപരമാത്മായ പുരുഷായ മഹാത്മനേ
അരൂപബഹുരൂപായ വ്യാപിനേ പരമാത്മനേ!
നിഷ്കൽമഷായ ശുദ്ധായ വ്യാധിപാപഹരായ വൈ
ഗോവിന്ദ പദ്മനാഭായ വാസുദേവായ ഭൂഭൃതേ
നമസ്കൃത്വാ പ്രവക്ഷ്യാമി യത്തൽ സിദ്ധ്യതു മേ വചഃ!
ത്രിവിക്രമായ രാമായ വൈകുണ്ഠായ നരായ ച
വരാഹായ നൃസിംഹായ വാമനായ മഹാത്മനേ
ഹയഗ്രീവായ ശുഭ്രായ ഹൃഷികേശ ഹരാച്യുത!
പരോപതാപമഹിതം പ്രയുക്തം ചാഭിചാരികം
ഗരസ്പർശമഹാരോഗപ്രയോഗം ജരയാ ഹര!
നമോസ്തു വാസുദേവായ! നമഃ കൃഷ്ണായ ഖഡ്ഗിനേ!
നമഃ പുഷ്കരനേത്രായ കേശവായാദി ചക്രിണേ!
നമഃ കിഞ്ജൽക്കവർണ്ണായ പീതനിർമ്മലവാസസേ!
മഹാദേവവപുഃസ്പർശ്യ ചക്രായ ചക്രിണേ

Digitized By Kerala Sahitya Akademi

ദംഷ്ട്രോല്ലുതക്ഷിതിതല, ത്രിമൂർത്തിപതയേ നമഃ!
മഹായജ്ഞവരാഹായ ശ്രീവിഷ്ണവേ നമോസ്തുതേ!
തപ്തഹാടകകേശാന്ത,ജ്വലൽ പാവകലോചന,
വജ്രാധികനഖസ്പർശ, ദിവ്യസിംഹ, നമോസ്തുതേ!
കാശ്യപായാതി ഹ്രസ്വായ ത്രിഗൃജ്ജസ്സാമലക്ഷണ,
ഭൂത്വം വാമനരൂപായ ക്രമതേ ഗാം നമോ നമഃ!
വാരാഹാശേഷദുഃഖാനി സർവപാപഫലാനി ച
മർദ്ദ മർദ്ദ മഹാദംഷ്ട്ര മർദ്ദ മർദ്ദ ച തൽഫലം!
നരസിംഹ, കരാളാസ്യനഖപ്രാന്ത,നഖോജ്ജ്വല,
ഭഞ്ജ ഭഞ്ജ നിനാദേന ദുഃഖാന്യസ്മാത്തിനാശന!
ത്രിഗൃജ്ജസ്സാമഭിർവാഗ്ഭിഃ കാമരൂപധരാദിഭ്യഃ
പ്രശമം സർവദുഃഖാനി നയ തവസ്യ ജനാർദ്ദന!
ഐകാഹികം ദ്ര്യാഹികം ച തഥാ ത്രിദിവസം ജ്വരം
ചാതുർത്ഥികം തഥാനുഗ്രം തഥാ വൈ സതതജ്വരം
ദോഷോത്ഥം സന്നിപാതോത്ഥം തഥൈവാഗന്തുകജ്വരം
ശമം നയതു ഗോവിന്ദോ ഭിതവാ ഛരിതവാസ്യ വേദനാം
നേത്രദുഃഖം ശിരോദുഃഖം ദുഃഖന്തരേസംഭവം
അന്തശ്ശ്വാസം മഹാശ്വാസം പരിതാപം തു വേപഥും
ഹൃദ്രോഗാണാംഗ്രഹിരോഗാംശ്ച കുക്ഷിരോഗം തഥാ ക്ഷയം
കാമിലാദീംസ്തഥാ രോഗാൻ പ്രമേഹാദീംശ്ച ദാരുണാൻ!
യേ വാതപ്രഭവാ രോഗാ ലൂതാവിസ്ഫോടകാദയഃ
തേ സർവേ വിലയം യാന്തു വാസുദേവാപമാർജ്ജിതാഃ!
വിലയം യാന്തു തേ സർവേ വിഷ്ണോരുച്ചാരണേന വൈ;
ക്ഷയം ഗച്ഛന്തു ചാശേഷാസ്തേ ചക്രാഭിഹതാ ഹരേഃ!
അച്യുതാനന്ത ഗോവിന്ദനാമോച്ചാരണഭേഷജാൽ
നശ്യന്തി സകലാ രോഗാഃ സത്യം സത്യം വദാമ്യഹം!
സ്ഥാവരം ജംഗമം യച്ച കൃത്രിമം ചാപി യദ്വിഷം
ദന്തോത്ഭവാ നഖോത്ഭൂതമാകാശപ്രഭവം ച യൽ
ലൂതാദിപ്രഭവം യച്ച വിഷമത്യന്തദുസ്സഹം
ശമം നയതു തൽ സർവം കീർത്തിതോസ്യ ജനാർദ്ദന!
ഗ്രഹാൻ പ്രേതഗ്രഹാൻചൈവ തഥാന്യാൻ ഡാകിനീഗ്രഹാൻ
മുഖമണ്ഡലകാൻ ക്രൂരാൻ രേവതീം വൃദ്ധരേവതീം
വൃദ്ധികാഖ്യാൻ ഗ്രഹാംശ്ചോഗ്രാൻ തഥാ മാതൃഗ്രഹാനപി!
ബാലസ്യവിഷ്ണോശ്ചരിതം ഹന്തി ബാലഗ്രഹാനപി!
വൃദ്ധാനാം യേ ഗ്രഹാഃ കേചിൽ ബാലാനാം ചാപി യേ ഗ്രഹാഃ
നൃസിംഹർശനാദേവ നശ്യന്തേ തൽക്ഷണാദപി!

Digitized By Kerala Sahitya Akademi

ദംഷ്ട്രാകരാളവദനാ നൃസിംഹോ ഭൈത്യഭീഷണഃ
തം ദൃഷ്ട്വാ തേ ഗ്രഹാസ്സർവ്വേ ദൂരം യാന്തി വിശേഷതഃ!
നരസിംഹ, മഹാസിംഹ, ജ്വാലാമാലോജ്ജ്വലാനന,
ഗ്രഹാനശേഷാൻ സർവ്വേശ നാശ സർവസ്യ വിലോകനാൽ
യേ രോഗാ യേ മഹോൽപാതാ യദ്വിഷം യേ മഹാഗ്രഹാഃ
യാനി ച ക്രൂരഭൂതാനി ഗ്രഹപീഡാശ്ച ദാരുണാഃ
ശസ്ത്രക്ഷതേഷു യേ രോഗാ ജ്വാലാഗർദ്ദഭകാദയഃ
വിസ്ഫോടകാദയോ യേ ച ഗ്രഹാ ഗാത്രേഷു സംസ്ഥിതാഃ!
ത്രൈലോക്യരക്ഷാകർത്തസ്തപം ദൃഷ്ട്വാനവവാരണ,
സുദർശന മഹാതേജഃ ഛിന്ധി ഛിന്ധി മഹാജ്വരം
ഛിന്ധി വാതം ച ലൂതാം ച ഛിന്ധി ഘോരം മഹാവിഷം
ഉദ്ദണ്ഡാമരശൂലം ച വിഷജ്വാലാസഗർദ്ദഭഃ!
ഓം ഹ്രാം ഹ്രാം ഹ്രൂം ഹ്രൂം പ്രധാരേണകാരേണാഹനദ്വി
ഓം, നമോ ഭഗവതേ തുഭ്യം ദുഃഖദാരണവിഗ്രഹ! [ഷഃ!
യാനി ചാന്യാനി ദുഷ്ടാനി പ്രാണിപീഡാകരാണി വൈ
താനി സർവാണി സർവാത്മാ പരമാത്മാ ജനാർദ്ദനഃ
കിഞ്ചിദ്രൂപം സമാസ്ഥായ വാസുദേവ, നമോസ്തുതേ!
ക്ഷിപ്ര പ്രാ സുദർശനം ചക്രം ജ്വാലാമാലാ വിഭീഷണം
സർവദുഷ്ടോപശമനം കുരു ദേവവരാച്യുത!
സുദർശന, മഹാചക്ര, ഗോവിന്ദസ്യ വരായുധ,
തീക്ഷ്ണധാര, മഹാവേഗ, സൂര്യകോടിസമദ്യുതേ,
സുദർശന, മഹാജ്വാല, ഛിന്ധി ഛിന്ധി മഹാരവ,
സർവദുഃഖാനി രക്ഷാംസി പാപാനി ച വിഭീഷണ!
ദുരിതം ഹന ചാരോഗ്യം കുരു തപം ദോസ്സുദർശന!
പ്രാച്യാം ചൈവ പ്രതീച്യാം ച ദക്ഷിണോത്തരതസ്തഥാ
രക്ഷാം കരോതു വിശ്വാത്മാ നരസിംഹഃ സ്വഗർജ്ജിതൈഃ!
ഭൂമ്യന്തരിക്ഷേ ച തഥാ പൃഷ്ഠതഃ പാർശ്വതോഗ്രതഃ
രക്ഷാം കരോതു ഭഗവാൻ ബഹുരൂപീ ജനാർദ്ദനഃ!
യഥാ വിഷ്ണുമയം സർവം സദേവാസുരമാനുഷം
തേന സത്യേന സകലം ദുഃഖമസ്യ പ്രണശ്യതു!
യഥാ യോഗേശ്വരോ വിഷ്ണുസർവയജ്ഞേഷു ച ഗീയതേ
തേന സത്യേന സകലം ദുഃഖമസ്യ പ്രണശ്യതു!
പരമാത്മാ യഥാ വിഷ്ണുർവേദാംഗേഷു ച ഗീയതേ
തേന സത്യേന വിശ്വാത്മാ സുഖദോസ്ത്വസ്യ കേശവഃ!
ശാന്തിരസ്തു ശിവം ചാസ്തു പ്രണാശം യാതു ചാസുഖം

Digitized By Kerala Sahitya Akademi

വാസുദേവശരീരോത്ഥൈഃ കൃശൈഃ സമ്മർജ്ജിതം മയാ!
അപാമാർജ്ജിതഃ പാപിന്ദോ നരോ നാരായണസ്മൃത്യാ
തഥാപി സർവ്വദുഃഖാനാം പ്രശമോ വചനാദ്ഭവേൽ!
ശാന്താസ്സമസ്തദോഷാസ്തേ ഗ്രഹാസ്സർവേ വിഷാണി ച
ക്രൂരാനി ച പ്രശാമ്യന്തി സംസ്മൃതേ മധുസൂദനേ.

ഏതേ കൃശാ വിഷ്ണുശരീരസംഭവാ
ജനാർദ്ദനോഹം സ്വയമേവ ചാഗ്രതഃ
ഹതം മയാ ദുഃഖമശേഷമസ്യ വൈ
സ്വസ്ഥോ ഭവേത്പുരുഷ വചോ യഥാ ഹരേഃ!

ശാന്തിരസ്തു ശിവം ചാസ്തു പ്രണശ്യതുസുഖം ച യൽ
യസ്യേ ദുരിതം കിഞ്ചിൽ ക്ഷിപ്രം തല്ലവണാംഭസി!
സാധ്യമസ്യ സദൈവാസ്തു ഹൃഷീകേശസ്യ കീർത്തനാൽ
യദ്യതോത്ഗതം പാപം തത്തു തത്ര പ്രശമ്യതു!'

വിഷ്ണുഭക്തന്മാർ ഈ അപാമാർജ്ജനം ചെയ്യുന്നതിൽ മതി, രോഗപീഡകളിൽ നിന്നും നന്നായി വരാൻ. ഇതുകൊണ്ടു സർവ്വദുഃഖങ്ങളും തീരെ വിട്ടൊഴിയും; സകലപാപങ്ങളും നീങ്ങും. അർദ്ധമോ സൂക്ഷ്മമോ സ്ഥൂലമോ സൂക്ഷ്മമോ ബ്രഹ്മഹത്യാദിയോ ആയ പാപമെല്ലാം വൈഷ്ണവാപാമാർജ്ജനത്താൽ, സൂര്യദർശനത്താലിരുട്ടെന്നപോലെ ക്ഷണത്തിൽ അകന്നുപോകും; രോഗങ്ങളും ദോഷങ്ങളും സിംഹസവിധത്തിൽ നിന്നു ക്ഷുദ്രമൃഗങ്ങളെന്നപോലെ മണ്ടി മറയും. ഗ്രഹഭൂതപിശാചാദികൾ ശ്രവണത്താൽ തന്നെ ഓടിയൊളിക്കും. ഉറപിടിച്ചു പണിത്തിന്നുവേണ്ടി അപാമാർജ്ജനം ചെയ്യരുതു; നന്നായ് വേണമെന്നുണ്ടെങ്കിൽ പ്രതിഫലമൊന്നും വാങ്ങരുതു. ഇതു് ആദിമധ്യാന്തവേദികളും ശാന്തരുമായ വിഷ്ണുഭക്തന്മാർ നിഷ്കാമമായി ചെയ്യുകാമ്യകർമ്മം; അല്ലാഞ്ഞാൽ ഫലം കിട്ടില്ല മനുഷ്യർക്ക് ഒരു നിസ്തുല്യമായ സിദ്ധി ം, മികച്ച രക്ഷയും, സിദ്ധൗഷധവുമാകുന്നു, വിഷ്ണുപാപാമാർജ്ജനം. ഇതു പണ്ടു പിതാമഹൻ പുത്രനായ പുലസ്ത്യനും, പുലസ്ത്യമഹർഷി മാൽഭ്യനും പറഞ്ഞുകൊടുത്തു; മാൽഭ്യൻ സർവ്വഭൂതഹിതത്തിന്നായി മുപ്പാരിലും വെളിപ്പെടുത്തി. ദേവി, വിഷ്ണുപാപാമാർജ്ജനം മുഴുവനും ഭവതിയോടു ഞാൻ പറഞ്ഞു. എങ്കൽ സദാ ഭക്തിയുള്ളവളാണല്ലോ ഭവതി. ഇതു ഭക്തിയോടെ ശ്രവിച്ചാൽത്തന്നെ രോഗങ്ങളും ദോഷങ്ങളും വിട്ടൊഴിയും.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഭൂമാഹാത്മ്യസംവാദം,
അപാമാർജ്ജനസ്തോത്രകഥനം എഴുപത്തൊൻപതാമദ്ധ്യായം.

——(൦)——

Digitized By Kerala Sahitya Akademi

എൺപതാമദ്ധ്യായം.

ശിവൻ:—"പുത്രകാമാർത്ഥസിദ്ധിയുള്ള വിശേഷിച്ചും പഠനീയമാകുന്ന, ദിവ്യപരമാത്ഭുതമായ അപാമാർജ്ജനസ്തോത്രം. എന്തെന്നീയുള്ള സിദ്ധിപ്രാപ്തം പ്രാജ്ഞൻ ഇതു ചൊല്ലിയാൽ മതി. ഒരു നേരമോ രണ്ടു നേരമോ ചൊല്ലുന്ന ദ്വിജന്മാക്ക് ആയുസ്സും, ശ്രീയും, ബലവും നാളിൽ നാളിൽ വർദ്ധിച്ചുവരും. ബ്രാഹ്മണന്ന വിദ്യയും, ക്ഷത്രിയന്ന രാജ്യവും, വൈശ്യന്ന ധനസമൃദ്ധിയും, ശൂദ്രന്ന കീർത്തിയും ലഭിക്കും. മറവുള്ളവക്കും പാനപ്രവണജപങ്ങളാൽ കീർത്തി സിദ്ധിക്കും; സാമർത്ഥ്യത്തിന്റെ ഫലം കിട്ടും; പാപസഞ്ചയമെല്ലാം ക്ഷണത്തിൽ നശിക്കും; സന്തതിയും സമ്പത്തും തികയും. അതിനാൽ മനസ്സു വെച്ചു ചൊല്ലേണ്ടതാണിതു്. ഭ്രൂർജ്ജപത്രത്തിൽ എഴുതി ദേഹത്തിൽ ധരിക്കുന്ന വൈഷ്ണവൻ ഇഹത്തിൽ സുഖമനുഭവിച്ചു്, വിഷ്ണുവിന്റെ പരമപദം പ്രാപിക്കും. ഒരു ശ്ലോകം ചൊല്ലി ഒരു തുളസീമലരുകൊണ്ടു പൂജിച്ചാൽ, സർവ്വതീർത്ഥവും ആടിക്കഴിഞ്ഞു! ഈ മുക്തിപ്രദമായ പരമവിഷ്ണുസ്തോത്രം ജപിച്ചാൽ വിഷ്ണുലോകത്തു ചെന്നുചേരാം. കുട്ടികളെ രക്ഷപ്പെടുത്താൻ മനസ്സിരുത്തി ജപിച്ചാൽ കുട്ടികൾക്കു രോഗങ്ങളും ഗ്രഹപീഡകളും ശമിക്കും. ഭ്രൂണഗ്രഹവിഷങ്ങൾക്കും ഇതുകൊണ്ടു ശാന്തി വരും. കഴുത്തിൽ തുളസീമാലയിട്ടു യാതൊരു വിപ്രൻ ഇതു ചൊല്ലുമോ, അദ്ദേഹമാണു വൈഷ്ണവൻ! അദ്ദേഹം വിഷ്ണുലോകമണയും. കഴുത്തിൽ മാലയിട്ടും ശംഖചക്രാദി ചിഹ്നങ്ങളും ധരിച്ചും ഈ സ്തോത്രം ഓർ പതിയായി ചൊല്ലുമോ, ആ ബ്രാഹ്മണനാണു് വൈഷ്ണവൻ! അദ്ദേഹം ഈഭൂലോകം വിട്ടാൽ വിഷ്ണുലോകമണയും. മോഹവും, മായയും, മദവും, ദുഷ്ടതയുമില്ലാതെ ഈ ദിവ്യസ്തോത്രം ചൊല്ലുന്നവൻ പരമനിർവ്വാണം നേടും. വൈഷ്ണവബ്രാഹ്മണർ യാവ ചിലരോ, അവരാണു് ഭൂലോകത്തു സുകൃതികൾ; അവർ, അവരേയും വാശത്തെയും കരയേറിക്കഴിഞ്ഞു, സംശയമില്ല! നാരായണനെത്തന്നെ സേവിക്കുന്നവരത്രേ ലോകത്തിൽ പരമസുകൃതികൾ; അവരിൽ സഖാ കീർത്തി വേണം. അവർ ഭാഗവതന്മാരാകുന്നു.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
അപാമാർജ്ജനസ്തോത്ര മഹിമവർണ്ണനം എൺപതാമദ്ധ്യായം.

Digitized By Kerala Sahitya Akademi

എൺപത്തൊന്നാമദ്ധ്യായം

പാർവ്വതി:—'അഹോ, വിഷ്ണുവിന്റെ മാഹാത്മ്യം! സ്വാമിൻ, വിശ്വനാഥ, വീണ്ടും വർണ്ണിച്ചാലും; അതുകേട്ടാൽ പുനർജ്ജന്മം ഒരിക്കലും ഉണ്ടാകയില്ലല്ലോ.'

ശിവൻ:— സുന്ദരി, ഉത്തമമായ വിഷ്ണുമാഹാത്മ്യം കേട്ടുകൊള്ളുക; കേട്ടാൽ പുണ്യവും ഒടുവിൽ മുക്തിയും സിദ്ധിക്കും.

ദേവവ്രതനായി, മഹാപ്രാജ്ഞനായി, ധ്യാനയോഗനിരതനായി, ശാസ്ത്രസൂക്ഷ്മങ്ങളെല്ലാം അറിഞ്ഞവനായി, നിയതേന്ദ്രിയനായി, നിഷ്പന്നമഷനായി, ഇന്ദ്രാദിദേവന്മാരാലും അപ്രധൃഷ്യനായി, മഹാഭാഗനായി, സത്യസന്ധനായി, ജിതക്രോധനായി, സമചിത്തനായി, ശരണ്യനും ഭക്തവത്സലനും ജഗദീശനുമായ നാരായണനെ വാങ്മനഃകായകർമ്മങ്ങളാൽ അത്യന്തം സേവിക്കുന്നവനായി, ഗുണങ്ങൾക്കിരിപ്പിടമായി, ശാന്തനായി, കൃപാനിധിയായിരുന്ന ഭീഷ്മനെ തല്പത്തിൽനിന്നുമുണർത്തി വണങ്ങി യുധിഷ്ഠിരൻ അപേക്ഷിച്ചു: 'സർവ്വശാസ്ത്രജ്ഞപ്രവരനായുള്ളോവേ, ചിലർ ധർമ്മത്തിനും, ചിലർ അർത്ഥത്തിനും, ചിലർ ജ്ഞാനത്തിനും, ചിലർ സമുദായത്തിനും, ചിലർ സാംഖ്യത്തിനും, ചിലർ യോഗത്തിനും, ചിലർ വിജ്ഞാനത്തിനും, ചിലർ വൈരാഗ്യത്തിനും, ചിലർ അഗ്നിഷ്ടോമാദികർമ്മത്തിനും, ചിലർ പൊന്നും മൺകട്ടയും ഒരുപോലെ രേഖപ്പെടുന്ന ഉത്തമജ്ഞാനത്തിനും, ബുദ്ധിമാന്മാർ ചിലർ യമനിയമങ്ങൾക്കും, ചിലർ ശ്രുതിയ്ക്കും, തപസ്വികൾ ചിലർ അഹിംസയ്ക്കും, ചിലർ ശ്രുതിപഥത്തിനും, ചിലർ ദേവപൂജയ്ക്കും പ്രാധാന്യം കല്പിച്ചുപോരുന്നു; ഇതിൽ, പാപത്താൽ പാമരരായിട്ടുള്ളവർ തീർച്ചപ്പെടുത്തിക്കിട്ടാതെ വിഷമിക്കുന്നുണ്ടു്. അതിനാൽ, ധർമ്മജ്ഞ, ഇവയിൽ ഏതാണു പ്രധാനമായതെന്നു നിശ്ചയിക്കേണ്ടതെന്നു ഭവാൻ പറഞ്ഞുതരുമാറാകണം.'

ശ്രീകൃഷ്ണൻ യുധിഷ്ഠിരനും ഭീഷ്മനും തമ്മിലുണ്ടായ സംഭാഷണം ലോകഹിതത്തിന്നായി ഞാൻ പറയാം: യുധിഷ്ഠിരനോടു ഭീഷ്മൻ മറുപടി പറഞ്ഞു:—'ധർമ്മപുത്ര, സംസാരമോചനമായ ഒരു പരമരഹസ്യം കേട്ടുകൊള്ളുക. കേൾക്കേണ്ടതും വഴിപോലെ ധരിച്ചുവെയ്ക്കേണ്ടതുമാണു പണ്ടു്, പുണ്ഡരീകനും നാരദമഹർഷിയും തമ്മിൽ ഒരു പുണ്യമായ സംവാദം നടന്നതായി കേട്ടിട്ടുണ്ടു്: വേദസമ്പന്നനും ഒരു ബ്രാഹ്മണനായിരുന്ന ബുദ്ധിയേറിയ പുണ്ഡരീകൻ,

Digitized By Kerala Sahitya Akademi

അദ്ദേഹം നാലാമത്തെ ആശ്രമത്തിൽ സദാ ഗുരുജനത്തിനു വിധേയനായി നിന്ന്, ക്രോധത്തേയും ഇന്ദ്രിയങ്ങളേയും കീഴടക്കി, സന്ധ്യാശരിക്കു വന്ദിച്ച്, വേദവേദാംഗങ്ങളിലും ശാസ്ത്രങ്ങളിലും വിദഗ്ധനായി; ഇരു സന്ധ്യകളിൽ ചമതയും നല്ല ഹവിസ്സും അഗ്നിയിൽ ഹോമിക്കും; ജഗദീശനായ ജനാർദ്ദനസ്വാമിയെ ധ്യാനിച്ച് വഴിപോലെ ആരാധിക്കും; സാക്ഷാൽ ബ്രഹ്മപുത്രനെപ്പോലെ തപസ്സ്വാധ്യായങ്ങളിൽ ശ്രദ്ധിക്കും; ഗുരുവിനു വെള്ളം, ചമത, പൂവ് മുതലായവ കൊണ്ടുകൊടുക്കും; അപ്പനമ്മമാരെ ശുശ്രൂഷിക്കും; ലോകത്തോടു ഭിക്ഷ വാങ്ങും; ബ്രഹ്മവിദ്യ പഠിക്കും; പ്രാണായാമം ശീലിക്കും. സർവ്വരേയും ആത്മാവായി കരുതിപ്പോന്ന ആ മഹാത്മാവിനു സംസാരത്തിൽ ആഗ്രഹമില്ലാതായി; സംസാരസാഗരത്തെ കടക്കുന്നതിലായി മനസ്സ്. ആ മഹാസത്തമൻ മാതാപിതാക്കളേയും, ഭ്രാതാക്കളേയും, സുഹൃത്തുക്കളേയും, മിത്രങ്ങളേയും, അമ്മാമന്മാരേയും, മറ്റു ചാർച്ചക്കാരേയും, പാരമ്പര്യേണ കൈവന്ന ധനധാന്യസമൃദ്ധമായ ഗൃഹത്തേയും, എല്ലാസ്സുസ്സുകളും വിളയുന്ന മികച്ച വയലുകളേയും തൃഷ്ണയേയും വെടിഞ്ഞു, ശാകമൂലഫലങ്ങൾ ഭുജിച്ചുംകൊണ്ട്, സപ്തദ്വീപങ്ങളായ ഭൂമിയിൽ സഞ്ചരിപ്പാൻ തുടങ്ങി. യൌവനവും, സൌന്ദര്യവും, ആയുസ്സും, ധനവുമൊക്കെ അസ്ഥിരമാണെന്നു കണ്ട് അദ്ദേഹം പുരാണപ്രസിദ്ധമായ മാർഗ്ഗത്തിലൂടെ തീർത്ഥങ്ങളിലെല്ലാം നടകൊണ്ടു. ഗംഗ മുതലായ തീർത്ഥങ്ങളിൽ യഥാകാലം യഥാവിധി സ്നാനാദികർമ്മം കഴിച്ച്, മഹായോഗിയായ പുണ്ഡരീകതപോധനൻ ഒരുനാൾ പൂവ്പുണ്യം മൂലം സാളഗ്രാമത്തിൽ ചെന്നെത്തി: തപഃപ്രേമികളായ താപസമുനികളാൽ സേവിയ്യപ്പെട്ടതും ചക്രാദികളാൽ അലംകൃതവും ചക്രാങ്കിതങ്ങളായ ശിലകളോടുകൂടിയതും രമ്യവും വിസ്തൃതവും വിസ്തീർണ്ണവും സദാ വിഷ്ണുപ്രീതികരവുമായ ഒരു പുരാണപ്രസിദ്ധസ്ഥലമാണത്. അവിടെ ചില പുണ്യശ്ലോകന്മാർ ചക്രാങ്കിതശരീരം ധരിച്ച്, പുണ്യതീർത്ഥം ഭജിച്ച്, യഥേഷ്ടം സഞ്ചരിയ്ക്കുന്നുണ്ട് * ആ പരമപുണ്യക്ഷേത്രത്തിൽ സുപ്രതനായ പുണ്ഡരീകമഹായോഗൻ ദേവഹ്രദത്തിലും സരസ്വതിയിലും ജംതിസ്രോതസ്സിലും ചക്രകുണ്ഡത്തിലും ചക്രനദിയെ സംബന്ധിച്ച മറ്റു തീർത്ഥങ്ങളിലും നടന്നു സ്നാനംചെയ്തു. അവിടെ ക്ഷേത്രത്തിന്റെയും തീർത്ഥങ്ങളുടെയും പ്രഭാവത്താൽ ആ മഹാത്മാവിനു മനസ്സു ഉല്ലാസപ്രസന്നമായി. തീർത്ഥയിത്രയിലായ ആ തപോധനൻ അവിടെത്തന്നെ പാർപ്പുറപ്പിച്ചു ധ്യാനയോഗത്തിലേർപ്പെട്ടു—അവിടത്തന്നെ സിദ്ധി കാംക്ഷിച്ച്, അദ്ദേഹം ജിതേന്ദ്രിയനായി, നിർദ്വന്ദ്വനായി,

* തീർത്ഥമാഹാത്മ്യത്തെ പറയുന്ന മൂന്നു ശ്ലോകം വിട്ടു.

Digitized By Kerala Sahitya Akademi

വീണ്ടും ഗരുഡധ്വജനെ ശാസ്ത്രവിധിക്കൊപ്പം പരമഭക്തിയോടെ പൂജിച്ചു വളരെക്കാലം ഒറ്റയ്ക്കു പാർത്തു; ശാകം, ഫലമൂലങ്ങൾ എന്നിവ മാത്രം ആഹാരമാക്കി, സന്തുഷ്ടനായി, സമദൃഷ്ടിയായി, യമനിയമാസനങ്ങളോടും പ്രാണായാമപ്രത്യാഹാരധാരണാധ്യാന സമാധികളോടും കൂടി ഇടവിടാതെ യോഗം ശീലിച്ചുപോന്നു. വൈഖികങ്ങളും താന്ത്രികങ്ങളും പൌരാണികങ്ങളുമായ വിധികൾകൊണ്ടു വിശേഷനെ തന്നേ കചിത്തനായി പൂജിച്ചുപോന്നതിനാൽ രാഗദ്വേഷാദി കല്മഷങ്ങൾ നീങ്ങി, വിശുദ്ധിയടഞ്ഞു, അദ്ദേഹം മൂർത്തിമത്തായ ധർമ്മമോ എന്നു തോന്നുംവണ്ണം പരിശോഭിച്ചു. രാജാവേ, പുണ്ഡരീകാക്ഷനായ വിഷ്ണുഭഗവാന് ആ ധീമാങ്കൽ തിരുവുള്ളം തെളിഞ്ഞു.!

ഒരിക്കൽ, സാക്ഷാൽ സൂര്യനെപ്പോലെ തേജസ്സേറിയ തത്ത്വജ്ഞനായ നാരദൻ ആ സ്ഥലത്തു ചെന്നെത്തി: പുണ്ഡരീകതപോനിധിയെക്കാണാൻ തന്നെയായിരുന്നു, വിഷ്ണുഭക്തിപൂർണ്ണനും വൈഷ്ണവഹിതൈഷിയുമായ ദേവർഷി ചെന്നതു്. തേജോമണ്ഡലത്താൽ മണ്ഡിതനായി മഹാമതിയായി മഹോദരനായി സർവ്വവേദൈകനിധാനമായിരിക്കുന്ന നാരദനെ കണ്ടതോടുകൂടി, മനം കളിത്ത പുണ്ഡരീകൻ കൈതൊഴുതു വണങ്ങി, ശരിക്കർഘ്യം നൽകി വീണ്ടും നമസ്കരിച്ചു. എന്നിട്ട്, അത്യത്ഭുതാകൃതിയും തേജസ്വിയും വൃദ്ധവേഷനും വീണാപാണിയും സുമുഖനും ജടാജൂടഭ്രഷിതനുമായിരിക്കുന്ന ഇദ്ദേഹം ആരായിരിക്കാം? ആദിത്യനൊ, അഗ്നിയൊ, വാസവനൊ, വരുണനൊ?' എന്നിങ്ങനെ ചിന്തിച്ചുനിന്ന്, ബ്രാഹ്മണൻ ചോദിച്ചു:— 'തേജസ്സേറിയ ഭഗവാനേ, ഇവിടുന്നാരാണ്? എന്തിനാണിവിടെ വന്നെത്തിയതു്? ഇവിടത്തെ കാണുക എന്നതു ത്രിലോകത്തു പ്രായേണ ദുർല്ലഭമാകുന്നു: പ്രഭോ, ഇവിടത്തെപ്പോലെയുള്ള ഒരാളെ ഞാൻ എങ്ങും കണ്ടിട്ടില്ല. അനഘ, ഉദ്ദേശമെല്ലാം പറഞ്ഞാൽക്കൊള്ളാം.'

നാരദൻ:—'ഞാൻ, നാരദൻ, ഭവാനെ കാണാൻ വന്നതാണ്. അത്യുച്ചമത്രേ, ഭഗവൽഭക്തിയുടെ മാഹാത്മ്യം: ദ്വിജോത്തമ, ഭഗവൽഭക്തൻ ചണ്ഡാലനായാൽക്കൂടി, യദൃച്ഛയാ സ്മരണം സംഭാഷണം പൂജനം എന്നിവയാൽ പരിശുദ്ധിയെ നൽകുന്നു! ശാർങ്ഗശംഖഗദാചക്രപാണിയായി മൂന്നുലോകത്തിന്റെയും കണ്ണായി ദേവദേവനായിരിക്കുന്ന വാസുദേവന്റെ ദാസനാണു ഞാൻ.'

ഭക്തിപൂർണ്ണാത്മാവായ നാരദൻ ഇപ്രകാരം പറഞ്ഞപ്പോൾ, അദ്ദേഹത്തെ കണ്ടതിനാൽ അത്യത്ഭുതം പൂണ്ട പുണ്ഡരീകൻ മധുരമാം വണ്ണം കഥിച്ചു:—'ദേവർഷേ, ഞാൻ ദേഹികളിൽവച്ചു ധന്യനായി! ദേ

Digitized By Kerala Sahitya Akademi

വന്മാക്കും പൂജനീയനായി! ഇന്ന് എന്റെ അച്ഛനമ്മമാർ കൃതാർത്ഥരായി! എന്റെ ജന്മം സഫലമായി! ഇവിടത്തെ ഈ ദർശനം അനുഗ്രഹിച്ചാലും——പാപകർമ്മങ്ങളാൽ മൂടിത്തിരിയുന്ന എനിക്ക് പരമതത്ത്വമായ കർത്തവ്യം ഉപദേശിച്ചതിനാലും: എല്ലാ പ്രാണികൾക്കും——വൈഷ്ണവർക്ക് വിശേഷിച്ചും——ഇവിടുന്നാണ് ശരണം!'

നാരദൻ:——'ബ്രാഹ്മണോത്തമ, ശാസ്ത്രം അനേകം; കർമ്മം വളരെ; ധർമ്മം പലതരം. അതിനാൽ ലോകവും ഇങ്ങനെ നാനാതരം പൂണ്ടിരിക്കുന്നു: മറിച്ചായാൽ, ദേഹികൾക്കൊക്കെ സുഖംതന്നെയോ ദുഃഖംതന്നെയോ ആകുമല്ലൊ ജ്ഞാനമുദിച്ചാലപ്പോൾ, ഈ ലോകം ക്ഷണികവും നിരാത്മകവുമായിത്തീരുമെന്ന്, ചിലർ ബാഹ്യാർത്ഥങ്ങളെ നിരസിക്കുന്നു; മറ്റു ചിലർ, ഈ നിത്യാനിത്യമായ ജഗത്ത് അവ്യക്തത്തിൽ നിന്നുണ്ടായിവരുന്നു എന്നും, അതിൽതന്നെ ലയിക്കുന്നു എന്നും അഭിപ്രായപ്പെടുന്നു; വേറെ ചില ധീമാന്മാരായ തത്ത്വോപദേഷ്ടാക്കളുടെ അഭിപ്രായത്തിൽ, ആത്മാക്കൾ സർവ്വഗതങ്ങളാകയാൽ വളരെയുണ്ട്; ശരീരമുള്ളേടത്തോളം കാലമേ ആത്മാവുമുള്ളൂ എന്നാണ് ചിലരുടെ വാദം; 'ലോകം ഇന്നെങ്ങിനെയോ അങ്ങിനെതന്നെയിരിക്കും കാലാന്തരങ്ങളിലും; ഈ പ്രവാഹം തിരുമാണ്. അതിനാൽ കർത്താവാരെന്നു ചിലർ ചോദിക്കുന്നു; 'ഇക്കാണുന്നതല്ലാതെ മറ്റൊന്നുമില്ലായ്കയാൽ സ്വർഗ്ഗവും മറ്റും എവിടെ?' എന്നു ചില വിജിതാത്മാക്കൾ വാദിക്കുന്നു; ഈശ്വരനുണ്ടെന്നു ചിലർ; ഈശ്വരനില്ലെന്നു ചിലർ; ഇങ്ങനെ മറ്റു മറിമായക്കാരും, പരമാർത്ഥം തേടി നോക്കാതെ പലതരത്തിൽ ബുദ്ധിക്കും ചാപല്യത്തിനുമൊത്തവിധം, അവരവരുടെ യുക്തിയെ സമർത്ഥിച്ചുപോരുന്നു. എന്നാൽ തപോധന, ഞാൻ തക്കങ്ങളിൽ അവഹിതനായിട്ട്, ഘോരസംസാരത്തെ നശിപ്പിക്കുന്ന പുണ്യതത്ത്വം പറയാം: ഇതിന്റെ അടിസ്ഥാനം നോക്കിച്ചെന്നാൽ, പ്രമാണജ്ഞരായ മനുഷ്യർ ദേവാദികളെ കണ്ടെത്തുന്നു; പ്രമാണമോഹിതർ കണ്ടെത്തിയില്ല. അവർ ഭാവിയോ ഭൂതമോ ദൂരസ്ഥമോ ഗ്രഹിച്ചിട്ടില്ല; വർത്തമാനമേ യഥാശക്തി ഗ്രഹിച്ചിട്ടുള്ളൂ. മുനിമാർ പൂർവ്വാഗതമായ ആഗമം വിവരിച്ചിട്ടുണ്ട്; പരമാർത്ഥസാധകമായ അതത്രേ പ്രമാണം. ഭിജ്ഞേയു, യാതൊന്നു പഠിച്ചാൽ രാഗദ്വേഷദോഷങ്ങളെ പോക്കുന്ന ജ്ഞാനം ഉണ്ടായിവരുമൊ, അതാണ് ആഗമം; കർമ്മവും ഫലവും തത്ത്വവും വിജ്ഞാനവും വിശാലമായ ദർശനവും യാതൊന്നിലൊ, യാതൊന്നിൽ ജാത്യാദികല്പനകളില്ലയൊ, അതാകുന്നു ആഗമം. എന്നെന്നും അതീന്ദ്രിയമായി ആത്മസംവേദ്യമായി സനാതനമായി ചിന്മാത്രമായി അമൂർത്തമായി അനന്തമായി അജമായി

Digitized By Kerala Sahitya Akademi

അവ്യയമായി വ്യക്താവ്യക്തത്തേപന വ്യക്ത(വിശ്വ)ത്തിൽ സ്ഥിതിചെയ്യുന്നതായി നിരഞ്ജനമായി വ്യാപിയ്ക്കൽ വിഷ്ണു എന്നു പുകഴ്ന്നതായി പുകഴ്ത്താവതല്ലാത്തതായിട്ടുള്ളതു യാതൊന്നോ, യോഗികളാൽ ധ്യാനിക്കപ്പെടാവുന്നതും തത്ത്വവിമുഖർക്ക് അറിയാവതല്ലാത്തതുമായ അതു ഭാവനകളിൽ ഭിന്നമായാലും അതുമാവിൽ അഭിന്നമാകുന്നു. അനഘ, മനസ്സിരുത്തി കേൾക്കുക; പണ്ടു ഞാൻ ചോദിച്ചതിനാൽ ബ്രഹ്മാവു് അരുളിച്ചെയ്തുകയുണ്ടായി: ഞാൻ ഒരിക്കൽ സത്യലോകത്തുവച്ചു്, അജനായി അവ്യയനായിരിക്കുന്ന പിതാമഹനെ വന്ദിച്ചു ചോദിച്ചു:—'അച്ഛ, ഏതു ജ്ഞാനമാണു മീതെ? ഏതു യോഗമാണു മീതെ? ഇതെനിക്കു ശരിയായി പറഞ്ഞുതരുമാറാകണം!'

ബ്രഹ്മാവു്:—ഉണ്ണി, അക്ഷരം കുറഞ്ഞതും അത്ഭുതമേറിയതും അനായാസേന ശീലിക്കാവുന്നതുമായ മികച്ച ജ്ഞാനവും യോഗവും ഏകാഗ്രചിത്തനായി കേട്ടുകൊള്ളുക: യാവനൊരുത്തൻ പരമ്പരയാ പഞ്ചവിംശകനായ പുരുഷനെന്നു പറയപ്പെട്ടിരിക്കുന്നുവോ, അവൻതന്നെ സർവ്വഭൂതാത്മാവു്; ആ സനാതനനായ നാരായണനാകുന്നു, ജഗത്തുകൾക്കിരിപ്പിടമായ പരമാത്മാവു്. ജഗത്തുകളുടെ സൃഷ്ടിസ്ഥിതിസംഹാരങ്ങൾക്കായി ആ ഏകനായ ദേവദേവൻ മൂന്നു മൂർത്തികളെ വഹിക്കുന്നു. നന്മ തേടുന്ന മനുഷ്യർ തന്തിരുവടിയെ സർവ്വാ സേവിച്ചുകൊള്ളണം. നിസ്പൃഹരും നിത്യസന്തുഷ്ടരും നിർജ്ജിതേന്ദ്രിയരും നിർമ്മാനരും നിരഹംകാരരും രാഗദ്വേഷങ്ങളും വിട്ടവരും നിസ്സംഗരും ശാന്തരുമായി യാവ ചില ജ്ഞാനികളും ധ്യാനയോഗത്താൽ ആ ജഗദീശനെ ദർശിക്കുന്നുവോ, തച്ചിത്തപ്രാണരായ അവർ ലോകത്തിന്റെ ഇന്നത്തെ സ്ഥിതിയും കാലാന്തരത്തിലെ സ്ഥിതിയും ഭൂതവർത്തമാനഭവിഷ്യത്തുക്കളും ദൂരസ്ഥലവും സ്ഥൂലവും സൂക്ഷ്മവുമൊക്കെ ജ്ഞാനചക്ഷുസ്സുകൊണ്ടു ദർശിക്കുന്നു; മന്ദബുദ്ധികളും ദുരാത്മാക്കളും കുതർക്കജ്ഞാനദൂഷിതരും വിഭിന്നവാദികളുമായവർക്കോ, മറിച്ചാണു തോന്നുക!'

സുവ്രത, മറെറാന്നുകൂടി കേൾക്കുക; പണ്ടു്, കാരണാത്മാവായ കമലാസനൻ തന്നെ, ഇന്ദ്രാദിദേവന്മാരും ഋഷിമാരും ചോദിച്ചതിനാൽ, ഹിതം അരുളിച്ചെയ്തുകയുണ്ടായി: വിഷ്ണുപരമാകുന്ന ധർമ്മവും സനാതനലോകങ്ങളും; യജ്ഞങ്ങളും, വിവിധശാസ്ത്രങ്ങളും, വേദങ്ങളും, വേദാംഗങ്ങളും എന്നിവയും വിഷ്ണുപരങ്ങളും തന്നെ. വിബുധന്മാരേ, വിശേഷപരനായി അവ്യയനായിരിക്കുന്ന നാരായണൻതന്നെയാണു് പൃഥിവ്യാദി പഞ്ചഭൂതങ്ങളും; എല്ലാ ജഗത്തും വിഷ്ണുമയമാകുന്നു. എന്നിട്ടും, വ്യാമോഹംമൂലം പാപികൾ മനുഷ്യർ, തന്തിരുവടിയുടെ മായയാൽ

Digitized By Kerala Sahitya Akademi

വ്യാപിക്കപ്പെട്ടതാണു് ഈ ചരാചരജഗത്തെന്നു മനസ്സിലാക്കുന്നില്ല; മനസ്സും പ്രാണനും തന്തിരുവടിയിങ്കലുറച്ചവൻ പരമാത്മാവിയുന്നു. വിഷ്ണുവാണു് സർവ്വപ്രാണികൾക്കും ഈശ്വരനായി ലോകം മൂന്നും പാലിക്കുന്നതു്. ഈ ലോകമെല്ലാം തന്തിരുവടിയിങ്കൽ സ്ഥിതിചെയ്യുന്നു; തന്തിരുവടിയിങ്കൽനിന്നു് ഉണ്ടായിവരുന്നു. അവിടുന്നു രുദ്രനായി ജഗത്തിനെ സംഹരിക്കുന്നു; വിഷ്ണുവായി രക്ഷിക്കുന്നു; ബ്രഹ്മാവായി സൃഷ്ടിക്കുന്നു. മറ്റു ലോകപാലന്മാരും അവിടുന്നുതന്നെ. സകലത്തിനും ആധാരവും നിരാധാരനുമായി, സകലനും നിഷ്കലനുമായി അണുവും മഹാനുമായി, പരാൽപരനായിരിക്കുന്ന തന്തിരുവടിയെ ശരണംപ്രാപിക്കുവിൻ! ആ സർവ്വസംസാരപ്രവർത്തകനായ മധുസൂദനനത്രേ, നമ്മെയജനിപ്പിച്ച താതൻ.' ഇതു കേട്ട ദേവന്മാരെല്ലാം സർവ്വജഗല്പതിയായ ജനാർദ്ദനൻതിരുവടിയെ നമസ്കരിച്ചു.

അതിനാൽ, വിപ്രശ്രേ, ഭവാനും മുകുന്ദനെത്തന്നെ ഭജിച്ചുകൊള്ളുക. അവിടുന്നല്ലാതെ ഏതൊരുദ്ധാരനുണ്ടു്, അഭീഷ്ടം തന്നരുളാൻ? ആ പുരുഷോത്തമനെത്തന്നെ ഭവാൻ അച്ഛനായും അമ്മയായും വിചാരിച്ചുകൊള്ളുക. അഗ്നികാര്യം, ഭിക്ഷാടനം, തപസ്സു്, അധ്യയനം എന്നിവകൊണ്ടു നാംതോറും മടിക്കൂടാതെ ദേവദേവേശനായ ഗുരുവിനെ പ്രസാദിപ്പിച്ചാൽ സപ്തർഷിത്തിൽ അക്ഷയഭോഗം ഭജിക്കാം; ആ പുരുഷോത്തമനെത്തന്നെ ഗുരുവായി പരിഗ്രഹിച്ചുകൊൾക. വളരെ മന്ത്രമെന്തിനു്? വളരെ വ്രതമെന്തിനു്? ഓം നമോ നാരായണായ എന്ന മന്ത്രം മതി, സർവ്വസിദ്ധിക്കും! മരവുരിയുടുക്കാം, ജട ധരിക്കാം, മുണ്ഡനം ചെയ്യാം, ദണ്ഡെടുക്കാം, അല്ലെങ്കിൽ ആഭരണങ്ങളണിയാം; വേഷമല്ല ധർമ്മസാധനമായിട്ടുള്ളതു്. ഗുരുസേവം ഒരാത്മാക്കളും പാപികളുമായിട്ടുള്ളവർ കൂടി വിഷ്ണുവിനെ സേവിച്ചാൽ പരമപദം പൂകും. വൈഷ്ണവരിൽ പാപം പറ്റിനിൽക്കുകയില്ല; കലുഷമകന്നു് അഹിംസയാൽ മനസ്സിനെ ജയിച്ച അവർ സർവ്വലോകത്തെയും വിശുദ്ധിപ്പെടുത്തുന്നു. പ്രാണികളെ ഹിംസിച്ചിരുന്ന ക്ഷുപമഡു എന്ന രാജാവു് നാരായണനെസ്സേവിക്കയാൽ വിഷ്ണുലോകമടഞ്ഞു; മഹാസത്വനായിരുന്ന അംബരീഷൻ അതിഘോരമായ തപസ്സുചെയ്തു, പ്രസാദിപ്പിച്ച പുരുഷോത്തമനെ ദർശിച്ചു; മിത്രാസനനെന്ന മന്നോർ മന്നൻ പരമതത്ത്വമറിഞ്ഞു്, ഹൃഷീകേശനെ ആരാധിച്ചു വൈകുണ്ഠത്തിൽ ചെന്നുചേർന്നു. വേറെ വളരെ ബ്രഹ്മർഷിമാരും ശാന്തരായി ശിതവ്രതരായി പരമാത്മാവിനെ ധ്യാനിച്ചു പരമസിദ്ധി നേടിയിരിക്കുന്നു. പണ്ടു പ്രഹ്ലാദൻ പരമഭാഗവതോത്തമനായതോടെ ശ്രീനാരായണനെ സേ

Digitized By Kerala Sahitya Akademi

വിച്ചും പൂജിച്ചും ധ്യാനിച്ചും പോന്നതുകൊണ്ടു തന്തിരുവടിയാൽ സംരക്ഷിക്കപ്പെട്ടു; തേജസ്വിയും അതിധർമ്മിഷ്ഠനുമായിരുന്ന ഭരതനെന്ന രാജാവു വളരെക്കാലം തന്തിരുവടിയെ സേവിച്ചു പരമമുക്തിയടഞ്ഞു. ബ്രഹ്മചാരിയാകട്ടേ, ഗൃഹസ്ഥനാകട്ടേ, വാനപ്രസ്ഥനാകട്ടേ, സന്ന്യാസിയാകട്ടേ, വിഷ്ണുവിനെ ആരാധിക്കാതെ സൽഗതി പൂകുകയില്ല! അനേകായിരം ജന്മങ്ങൾക്കിടയിൽ യാവനൊരുത്തനു 'ഞാൻ വിഷ്ണുഭക്തന്മാരുടെ ദാസനാണു' എന്ന വിചാരം ഉണ്ടാകുന്നുവോ, അവൻതന്നെ സർവ്വാർത്ഥങ്ങളും നേടി തീർച്ചയായും വിഷ്ണുസാലോക്യം പ്രാപിക്കും; പിന്നെ, പ്രാണൻ തന്തിരുവടിങ്കൽച്ചെന്നുചേരുന്ന സംശിതവ്രതരുടെ കഥ പറയാനുണ്ടോ? തത്ത്വചിന്തകർ എന്നെന്നും അനന്യചിത്തരായി, ലോകത്തിലെല്ലാം വ്യാപിച്ചുരുളുന്ന സനാതന പരമാത്മാവായ ശ്രീനാരായണനെ ധ്യാനിച്ചുകൊള്ളുന്നു.'

ഇപ്രകാരം കഥിച്ചു്, പരോപകാരനിരതനും പരമാത്മജ്ഞനുമായ നാരദദേവർഷി അവിടെത്തന്നെ മറഞ്ഞു. ധർമ്മാത്മാവായ പുണ്ഡരീകൻ നാരായണപരായണനായി, 'ഓം നമോ നാരായണായ' എന്നീ അഷ്ടാക്ഷര മന്ത്രം ജപിച്ചുകൊണ്ടും, 'വിശ്വാത്മാവേ, എങ്കൽ പ്രസാദിക്കേണമേ' എന്നു പ്രാർത്ഥിച്ചുകൊണ്ടും, അമൃതസ്വരൂപനായ ഗോവിന്ദനെ മനഃകമലത്തിൽ പ്രതിഷ്ഠിച്ചു്, തപസ്വിയായി, നിർദ്വന്ദ്വനായി, നിഷ്പരിഗ്രഹനായി വളരെക്കാലം സൈ്വര്യനിർമ്മലമായ സാളഗ്രാമത്തിൽ തനിയെ നിവസിച്ചു. സ്വപ്നത്തിൽപ്പോലും ആ ധീമാൻ വിഷ്ണുവിനെയല്ലാതെ മറെറാന്നിനേയും ദർശിച്ചിരുന്നില്ല; പുരുഷാർത്ഥത്തെ തടുക്കുന്ന നിദ്രതന്നെ അദ്ദേഹത്തിന്നില്ലായിരുന്നു. തപസ്സുകൊണ്ടും ബ്രഹ്മചര്യംകൊണ്ടും ശുചിത്വംകൊണ്ടും ആ നിഷ്കൽമഷൻ അനേകജന്മങ്ങളിലെ വാസനയാലെന്നവണ്ണം സർവ്വജഗൽസാക്ഷിയായ ദേവദേവന്റെ പ്രസാദം നേടി, പരമമായ വൈഷ്ണവസിദ്ധിയടഞ്ഞു. ശംഖചക്രഗദാപാണിയായി പീതാംബരനായി ശ്യാമളവർണ്ണനായി പുണ്ഡരീകാക്ഷനായ അച്യുതനെ അദ്ദേഹം നേരിട്ടുകാണുകതന്നെ ചെയ്തു! പ്രാണികളെ ഹിംസിക്കുന്ന സിംഹവ്യാഘ്രങ്ങളും മറവും സഹജമായ വിരോധം വെടിഞ്ഞു, അദ്ദേഹത്തിന്റെ സന്നിധിയിൽ വന്നുചേർന്നു, പ്രസന്നേന്ദ്രിയരായി സച്ഛന്ദം സഞ്ചരിക്കാവുന്നവരായിരുന്നു; പാണ്ഡുനന്ദന, അവ തമ്മിൽത്തമ്മിൽ ഹിംസ ആചരിച്ചുപോന്നു. ഹ്രദങ്ങളിലും നദികളിലും വെള്ളം തെളിഞ്ഞു; ഭൂതലം അതിപ്രസന്നങ്ങളായി; കാറു സുഖമാംവണ്ണം വീശി; വൃക്ഷങ്ങളിൽ പൂവും കായും നിറഞ്ഞു; സർവ്വം ആ ബുദ്ധിമാൻ അനുകൂലരായിച്ചമഞ്ഞു—കേവലസ്വലനായ

Digitized By Kerala Sahitya Akademi

ഗോവിന്ദൻ തിരുവടി പ്രസാദിച്ചതിനാൽ, ചരാചരമൊക്കെ അദ്ദേഹത്തിന്ന പ്രസന്നമായിത്തീന്നു!

ഒരുനാൾ പുണ്ഡരീകാക്ഷനായ ഭഗവാൻ ജഗദീശൻ പുണ്ഡരീകന്ന പ്രത്യക്ഷീഭവിച്ചു. ശംഖചക്രഗദാപാണിയായി പീതാംബരധരനായി പൂർണ്ണചന്ദ്രവദനനായി കേയൂരകടിസൂത്രമകരകുണ്ഡലകിരീടവിഭൂഷിതനായി ശ്രീവത്സംകൊണ്ടും കൌസ്തുഭംകൊണ്ടും വനമാലകൊണ്ടും തൊന്നുകിടക്കുന്ന മുത്തുമാലകൊണ്ടും പൂണൂന്തൽകൊണ്ടും വിരാജമാന വക്ഷസ്ഥലനായി ഇന്ദ്രാദിദേവന്മാരാലും മുനീന്ദ്രന്മാരാലും ഗന്ധർവ്വാപ്സരോയക്ഷനാഗപ്രമുഖന്മാരാലും ചാമരവ്യജനാദികംകൊണ്ടു സേവ്യമാനനായിരിക്കുന്ന തന്തിരുവടിയെ കണ്ടറിഞ്ഞു, അനാമയനായ പുണ്ഡരീകൻ മനം കുളിരെ വണങ്ങിക്കൊണ്ടുതൊഴുതുനിന്ന ദേവദേവശനെ സ്തുതിപ്പാൻ തുടങ്ങി:—

(ശ്ലോകങ്ങൾ)

'തൊഴാമങ്ങയ്ക്ക ഹേ വിഷ്ണോ, സർവ്വലോകൈകനേതൃമേ,
നിത്യ, നിർഗ്ഗുണനായാനേ, മഹാത്മാവേ, നിരംജന!
അങ്ങീശൻ പ്രാണികൾക്കെല്ലാം, മങ്ങയ്ക്കില്ലാരുമീശനായ്;
തൊഴാം ഭയാത്തിഹത്താവേ, ഗോവിന്ദ, ഗരുഡധ്വജ!
ഭൂതങ്ങളിൽ പ്രസാദിച്ച നാനാരൂപം ധരിച്ച നീ;
ഇതെല്ലാം നിങ്കലേ നിൽപൂ; നീതന്നെയിതു കേവലം!
ഇപ്പാരിൽനിന്നഭിന്നൻ നീ; നീയേ നിർമ്മിച്ച പാരിനെ;
തൊഴാം, നാഭിസ്ഥലോല്പന്ന നളിനന്ന തൊഴാം, തൊഴാം.
സർവ്വേശാന്തവിഖ്യാത സർവഭൂതിക്ക കൈതൊഴാം!
നീതന്നെ സർവ്വദേവേശൻ, കാരണം കൈടഭാന്തക!
പ്രസാദിക്ക മനോവാസിൻ, ശംഖചക്രഗദാധര!
തൊഴാം സമസ്തഭൂതാദിഭൂതനാം ധരണീധര!
അനേകരൂപാകൃതിയാം വിഷ്ണോസ്വാമിക്ക കൈതൊഴാം!
ഇവിടുത്തെത്തപോമേയമഹിമാവറിയ[illegible]
ബ്രഹ്മാദിദേവന്മാരാലും; പണിയുന്നേ വിഷ്ണുപ്പാ
ജാത്യാദി സ്പർശമില്ലാത്ത നിൻപ്രഭാ[illegible]ഞാൻ ഭവാനെ ഞാൻ!
വാക്കിന്നഗോചരമായു; സദാ ധ്യേയ[illegible]മീവമവർണ്ണ്യമാം;
ഭക്തന്മാരിൽക്കരളലിവിയന്ന പുരു[illegible]ന്നെൻ ശരിയ്ക്ക നീ!
മത്സ്യക്രമ്മാദിയാം നാനാമെയ്യാന്ന[illegible]മർഷാത്തമ,
പവതരിപ്പു നീ!'

ഇങ്ങനെ സ്തുതിച്ചു, പുണ്ഡരീകൻ[illegible]
ജഗദീശനെത്തന്നെ നോക്കിനിൽക്കുക[illegible]ആ ചിരപ്രാർത്ഥിതദർശനായി. ആ മഹാഭാഗനോട്

Digitized By Kerala Sahitya Akademi

വിക്രമനായ പദ്മനാഭൻതിരുവടി ഗംഭീരസ്വരത്തിൽ അരുളിച്ചെയ്തു:— 'സ, ബുദ്ധിമാനായ പുണ്ഡരീക, ഞാൻ പ്രസാദിച്ചു. ഭവാനു മംഗളം! വരം മോടിച്ചുകൊള്ളുക. ഭവാനു വേണ്ടതു ഞാൻ തരാം.' ദേവദേവന്റെ അരുളപ്പാട് കേട്ടിട്ടു പുണ്ഡരീകൻ ഉണർത്തിച്ചു:—'ദേവേശ, ലക്ഷ്മീപതേ, നീരെ ബുദ്ധികെട്ടു ഞാനെവിടെ? ഹിതൈഷികളായ ഭവാട്ടർ എവിടെ? എനിക്കു ഹിതം എന്തോ, അതാജ്ഞാപിച്ചാലും!' ഭഗവാൻ വീണ്ടും പ്രസാദിച്ചു്, മുന്നിൽനിൽക്കുന്ന പുണ്ഡരീകനോടരുളിച്ചെയ്തു:—'സുവ്രത, എന്നോടുകൂടി പോരിക. ഭവാനു കുശലം ചെയ്യട്ടെ. ദുസ്സഹിതനായ ഭവാൻ എന്നെന്നും എന്നോടൊന്നിച്ചു നിവസിച്ചാലും.' ഭക്തവത്സലനായ ശ്രീധരൻ പ്രീതിയാൽ ഇപ്രകാരം അരുളിച്ചെയ്തപ്പോൾ വനത്തെപ്പെരുമ്പറകൾ മുഴങ്ങി; പുഷ്പവർഷം പൊഴിഞ്ഞു; ബ്രഹ്മാദിദേവന്മാർ, കൊള്ളാം കൊള്ളാമെന്നു കൊണ്ടാടി; സിദ്ധഗന്ധർവകിന്നരന്മാർ പാട്ടു പാടി. അപ്പോൾത്തന്നെ ആ ബ്രാഹ്മണനേയുംകൊണ്ടു്, സർവരാലും നമസ്കരിക്കപ്പെട്ട ദേവദേവൻ ഗരുഡന്റെ പുറത്തുകേറി തിരിച്ചെഴുന്നള്ളി.

അതിനാൽ, രാജേന്ദ്ര, ഭവാനും വിഷ്ണുവിങ്കൽ ഭക്തിചെയ്ത്, തച്ചിത്തനായി തൽഗതപ്രാണനായി തൽഭക്തഹിതൈഷിയായി പുരുഷോത്തമനെ ശരിക്കു പൂജിച്ചു സേവിക്കുക; സർവപാപനാശനമായ തന്തിരുവടിയുടെ സൽക്കഥ ശ്രവിക്കുക; ഭക്തിയോടെ പൂജിക്കപ്പെട്ട വിശ്വാത്മാവായ വിഷ്ണു പ്രസാദിച്ചുകൊള്ളാൻ എന്തു വേണമോ, അതൊക്കെയും ചെയ്തുകൊള്ളുക. നൂറുനൂറശ്വമേധവും നൂറുനൂറു വാജപേയവും ചെയ്താൽക്കൂടി, വിഷ്ണുവിനെബ്ഭജിക്കാത്തവർക്കു സൽഗതി കിട്ടുകയില്ല. ഹരി എന്ന രണ്ടക്ഷരം ഒരൊറ പ്രാവശ്യം ഉരുച്ചരിക്കുമോ, അവൻ മുക്തിയാകുന്നു 'ഇടയിൽക്കെട്ട്' കെട്ടിക്കഴിഞ്ഞു! ഇന്ദീവരശ്യാമളനായ ഇന്ദിരേശൻ യാവതിലരുടെ ഹൃദയത്തിൽ സ്ഥിതിചെയ്യുന്നുവൊ, അവർക്കാണു് ലാഭം; അവർക്കാണു് ജയം! അവർക്കുണ്ടോ, അപജയം? ഇല്ല പതിവായി ശ്രദ്ധിച്ചു ചൊല്ലുകയോ കേൾക്കുകയോ ചെയ്യുന്നവൻ പാപമെല്ലാം വേർപെട്ട വിഷ്ണുലോകം പൂകും.'

നഗനന്ദിനി, ഈ നാമമാഹാത്മ്യം ശ്രവിച്ചാൽ ധർമ്മാർത്ഥകാമമോക്ഷങ്ങളും തീർച്ചയായും സിദ്ധിക്കും. നിർമ്മലകുലത്തിൽ ജനിച്ച വേളതൽപരനായ വൈഷ്ണവബ്രാഹ്മണനേ വിഷ്ണുസപര്യാപനാകയുള്ളു; മറ്റു ബ്രാഹ്മണർ ഒരിക്കലുമാകയില്ല. മുഖംകൊണ്ടു മുകുന്ദനാമം ഉച്ചരിക്കുകയും, മനംകൊണ്ടു മധുമാഥിയെ ധ്യാനിക്കുകയും

Digitized By Kerala Sahitya Akademi

ശംഖചക്ര ചിഹ്നങ്ങളും തുളസിമാല എന്നിവ ധരിക്കുകയും ചെയ്യുന്നവൻ ജീവന്മുക്തനത്രേ; അവൻ വളരെ ഭോഗങ്ങളും ഭുജിച്ചു് ഇരുപത്തൊന്നു തലമുറയോടൊന്നിച്ചു വിഷ്ണുലോകം പ്രാപിക്കും. കേതിയാൽ, പുണ്ഡരീകനെന്നപോലെ മുക്തികിട്ടും, സംശയമില്ല. കേതിയുടെ വചനങ്ങൾ ഭഗവാൻ എന്നെന്നും പ്രസാദിച്ചരുളും. കലികാലത്തു്, സഭാഗൃഹത്തിൽ, വിശേഷിച്ചും, ദേവാർച്ചനസമാധികളിൽ, ഹരിനാമം പാടുക എന്നതു സാമഗാനത്തിനു സദൃശമത്രേ!'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം, വിഷ്ണുമാഹാത്മ്യ ബോധക പുണ്ഡരീകോപാഖ്യാനം എൺപത്തൊന്നാമദ്ധ്യായം.

(൦)

എൺപത്തിരണ്ടാമദ്ധ്യായം

പാർവ്വതി:—'സ്വാമിൻ, സർവ്വേശ്വര, ശ്രീഗംഗയുടെ മാഹാത്മ്യം വർണ്ണിച്ചാലും. വൈരാഗ്യം വന്ന മഹർഷിമാർ ക്രുദ്ധരായ് വീണ്ടും വീണ്ടും ശ്രവിച്ചപോരുന്നു. എങ്ങനെയുള്ളതാണ് ഗംഗയുടെ മാഹാത്മ്യം? ഞാൻ ഉല്പത്തിയേ കേട്ടിട്ടുള്ളു; മാഹാത്മ്യം കേട്ടിട്ടില്ല. സർവ്വഭൂതങ്ങൾക്കും ആദിമനാണല്ലോ ഇവിടുന്ന്; സനാതനനായ ദേവനുമാണല്ലോ ഇവിടുന്ന്.'

ശിവൻ:—'വ്യാഴനെപ്പോലെ ബുദ്ധിമാനും ശുക്രനെപ്പോലെ വിക്രമിയുമായ ഭീഷ്മൻ ശരതല്പത്തിൽ കിടക്കുമ്പോൾ, അത്രി, വസിഷ്ഠൻ, ഭൃഗു, പുലസ്ത്യൻ, പുലഹൻ, ക്രതു, അംഗിരസ്സ്, ഗൗതമൻ, അഗസ്ത്യൻ, സുമതി, ആത്മവാനായ ആയുസ്സ്, വിശ്വാമിത്രൻ, സ്ഥൂലശിരസ്സ്, സംവർത്തൻ, പ്രമഥാധിപൻ, ദൈത്യൻ, ബൃഹസ്പതി, വാസനൻ, പാവനൻ, കശ്യപൻ, ധ്രുവൻ, ദുർവ്വാസസ്സ്, ജമദഗ്നി, മാർക്കണ്ഡേയൻ, ഗാലവൻ, ഉശനസ്സ്, ഭരദ്വാജൻ, ജൈമിനി, ആസ്തികൻ, സുലോകാക്ഷൻ, ലോകാക്ഷൻ, കണ്ഡവൻ, മേധാതിഥി, കശ്യപൻ, നാരദൻ, പർവ്വതൻ, സുധന്വാവു്, ച്യവനൻ, മതിഭ്രവു്, ഭുവനൻ, ധർമ്മൻ, ശതാനന്ദൻ, അകൃതവ്രണൻ, പരശുരാമൻ, ഋചീകൻ മുതലായ മഹർഷിമാർ കാണാൻ ചെന്നു. ആ തേജസ്സറിയ ജഗത്പൂജ്യനായ അനുജാനുജിതനായ ധർമ്മപുത്രൻ യഥോചിതം വണങ്ങി പരിപൂജിച്ചു. മഹാത്മാക്കളായ ആ തപോധനർ സുഖമാസ്വദിച്ചു, ഭീഷ്മനുമായി ദിവ്യധർമ്മങ്ങളെ സംബന്ധിച്ചു് ഓരോന്നു സംസാരിപ്പാൻ തുടങ്ങി. അതു കഴിഞ്ഞപ്പോൾ, യുധിഷ്ഠിരൻ താണു വണങ്ങി ഭീഷ്മ

Digitized By Kerala Sahitya Akademi

നോട് ചോദിച്ചു:—പിതാമഹ, ഏതെല്ലാമാണ് പുണ്യദേശങ്ങൾ? ഏതെല്ലാം പർവ്വതങ്ങളും ആശ്രമങ്ങളുമാണ് ധർമ്മാത്മാക്കളാൽ എന്നും സേവിക്കപ്പെടേണ്ടവ?'

ഭീഷ്മൻ:—'യുധിഷ്ഠിര, ഇതിൽ ഉദാഹരണമായി ഒരിതിഹാസം—ശിലോഞ്ഛവൃത്തിയും ഒരു സിദ്ധനും തമ്മിലുള്ള സംവാദം—പഴമക്കാർ പറയാറുണ്ട്: ഒരു സിദ്ധൻ ഭൂമി മുഴുവൻ ചുറ്റി നടന്ന്, ഉഞ്ഛവൃത്തി ചെയ്യുന്ന മഹാത്മാവായ ഗൃഹസ്ഥന്റെ ഗൃഹത്തിൽ ചെന്നെത്തി. ആത്മവിദ്യയിലും വേദവിദ്യയിലും യോഗശാസ്ത്രത്തിലും സദാ ശ്രദ്ധാലുവായി, രാഗദ്വേഷരഹിതനായ്, ജ്ഞാനകർമ്മകോവിദനായി, വൈഷ്ണവരിൽ വെച്ച് ശ്രേഷ്ഠനായി, വിഷ്ണുധർമ്മപരായണനായി, വൈഷ്ണവരെ നിന്ദിക്കാത്തവനായി, എപ്പോഴും ധർമ്മശീലനായി, ശംഖചക്രാദി ചിഹ്നധാരിയായി, തികഞ്ഞ പൂജാതല്പരനായി, ശിവങ്കലും ഭക്തിമാനായി, ധർമ്മാധർമ്മനിരൂപകനായി, നാടുതോറും അതിഥിപൂജകനായി, തീർത്ഥതല്പരനായി, പെറുക്കിയെടുത്ത ധാന്യങ്ങൾകൊണ്ടു ജീവിക്കുന്നവനായി, നാന്മറയിൽ നാന്മുഖൻ പാടിയിട്ടുള്ളതെല്ലാം ശരിക്കറിയുന്നവനായി, നാനാധർമ്മാർത്ഥനിർമ്മലനായി, അവ്യയൈകചിത്തനായി, വിഷ്ണുസ്വരൂപനായിരുന്ന ആ മഹാശയ ബ്രാഹ്മണൻ സിദ്ധനെ കണ്ടിട്ട്, വഴിപോലെ ആതിഥ്യം ചെയ്തു; എന്നിട്ട്, അദ്ദേഹത്തിനോട് ദേശങ്ങളെപ്പറ്റി ചോദിച്ചു:—'ദ്വിജശ്രേഷ്ഠ, ഏതേതു ദേശങ്ങളും രാജ്യങ്ങളും പർവ്വതങ്ങളും ആശ്രമങ്ങളുമാണ് പുണ്യങ്ങൾ? പ്രീതിപൂർവ്വം എനിക്കു പറഞ്ഞുതന്നാൽക്കൊള്ളാം.'

സിദ്ധൻ:—'ശ്രീപ്രഭയായ മഹാനദി എവിടങ്ങളിലുണ്ടോ, ആ ദേശങ്ങളും ആ രാജ്യങ്ങളും ആ പർവ്വതങ്ങളും ആ ആശ്രമങ്ങളുമത്രേ പുണ്യങ്ങൾ. തപസ്സുകൊണ്ടാകട്ടെ, ബ്രഹ്മചര്യംകൊണ്ടാകട്ടെ, യാഗംകൊണ്ടാകട്ടെ, ത്യാഗംകൊണ്ടാകട്ടെ, ഗംഗാസേവനത്താലുള്ള ഗതി കിട്ടുകയില്ല. ഗംഗാജലത്തിൽ മനസ്സുടക്കി സ്നാനം ചെയ്താലുണ്ടാകുന്ന സംതുഷ്ടി നൂറു നൂറു യാഗംകൊണ്ടും സിദ്ധിക്കുകയില്ല. സൂര്യൻ ഉദയത്തിൽ ശ്രീരുദ്രനെ നീക്കി ശോഭിക്കുന്നതെപ്രകാരമോ, അപ്രകാരം ഗംഗാജലസ്നാനൻ പാപത്തെ നീക്കി ശോഭിക്കുന്നു. ●.....വെയിൽ തട്ടി ചുട്ടുപിടിച്ച ഗംഗാജലം ആർ കുടിക്കുമോ, അവൻ തൽക്ഷണം ജാഡ്യം കണ്ട് അഗ്നിയെക്കാളും മീതെയാവും. ആയിരം ചാന്ദ്രായണത്തെക്കാളും മീതെയാണ്, ഗംഗയിൽ ഒരു മുങ്ങുകുത്തിനായിരം

* പൂർവ്വോക്തമാകയാൽ, അവിടെവിടെയായി ആ ശ്ലോകം വിട്ടു.

Digitized By Kerala Sahitya Akademi

കൊല്ലും തലകീഴായി തൂങ്ങിനില്ക്കുന്നതിനു പകരം, ഒരുമാസം ഗംഗയെ സേവിച്ചാൽ, ആ നരോത്തമൻ, ബ്രഹ്മഹത്യപോലും വേർപെട്ട് വിഷ്ണുവിന്റെ നിരാമയപദം പ്രാപിക്കും. തിരുവേണിയൊത്ത പരിശുദ്ധയും പാപനാശിനിയും പുണ്യയുമായ ഗംഗയെ സ്മരിച്ചാൽ മതി, ബാലഹത്യ തൽക്ഷണം നീങ്ങും! യാതൊന്നിൽ സ്നാനംചെയ്യുവൻ പെട്ടന്നു വിഷ്ണുലോകം പൂകുമോ, ആ തീർത്ഥപ്രധാനമായ പ്രയാഗം വൈഷ്ണവർക്കും ദുർല്ലഭമത്രെ. പ്രിയാപ്രിയങ്ങളറിയേണ്ട; ധർമ്മാധർമ്മങ്ങളാരാഞ്ഞറിയേണ്ട; ഗംഗയിൽ മുഴുകിയാൽ മാപാപം നീങ്ങിക്കഴിഞ്ഞു! മാധവനേയും വരനേയും ദർശിക്കുകയും തിരുവേണിയിൽ മുഴുകുകയും ചെയ്യുവൻ തൻവകുലമടയും. ഗംഗാദ്വാരം, കുശാവർത്തം, ബിലപർവ്വതം, കനഖലം എന്നിവയിൽ സ്നാനംചെയ്യുവനു പുനർജ്ജന്മമില്ല ....."

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം, ഗംഗാമഹിമവർണ്ണനം, എൺപത്തിരണ്ടാമദ്ധ്യായം.

എൺപത്തിമൂന്നാമദ്ധ്യായം

പാർവ്വതി:—'വിശ്വേശ്വര, വൈഷ്ണവരുടെ ലക്ഷണവും മഹിമയും എങ്ങിനെയാണു പ്രതിപാദിക്കപ്പെട്ടിരിക്കുന്നതു?'

ശിവൻ:—* .....മണ്ണുകൊണ്ടോ, ലോഹംകൊണ്ടോ നാലു തൃക്കൈകളോടുകൂടി വെളിപ്പിലുണ്ടാക്കിയ ഗോപാലവിഗ്രഹത്തെ യാചിച്ചിലർ പൂജിക്കുമോ, ആ ബ്രാഹ്മണർ പുണ്യശാലികളാകുന്നു: കല്ലുകൊണ്ടു ചന്ദനത്തിലുണ്ടാക്കിയ കൃഷ്ണപ്രതിമയെ പൂജിക്കുന്നവരും പുണ്യസത്വരായ വൈഷ്ണവർ തന്നെ. സാളഗ്രാമശിലയിലോ, ദ്വാരകാശിലയിലോ പൂജിക്കുന്നവർക്കു മുക്തി തീർച്ചയാണു്. പ്രതിമയെ മന്ത്രത്താൽ പ്രതിഷ്ഠിച്ചു പൂജിക്കുന്നതു കോടിമടങ്ങു ധർമ്മാർത്ഥകാമമോക്ഷപ്രദമാകുന്നു. വിഗ്രഹത്തിൽ വിഷ്ണുവിനെ ഒമ്പതു പ്രകാരം സേവിക്കണം. ധ്യാനിക്കണം, പൂജിക്കണം: പൂജ രാജവിഭവങ്ങളോടുകൂടിയായിരിക്കണം. സർവ്വാത്മാവായ അധോക്ഷജനെ സർവ്വാ സ്മരിക്കണം; ദീനർക്കും അനാഥർക്കും ഏകശരണമായി ലോകങ്ങൾക്കു ഹിതകാരിയായി മഹാപാപനാശനനായിരിക്കുന്ന ഗോവാനെ വിഗ്രഹത്തിൽ നിത്യം സ്മരിക്കണം. ഗോപാലനും കൃഷ്ണനും രാമനും ഇതുതന്നെ

* മഹാവൈഷ്ണവലക്ഷണം ബ്രഹ്മഖണ്ഡം ക ാം അദ്ധ്യായത്തിലും മറ്റുമുണ്ട്, ൻ ശ്ലോകത്തിൽ.

Digitized By Kerala Sahitya Akademi

എന്നറിഞ്ഞ്, വഴിപോലെ പൂജിക്കുന്നവനാരോ, അവൻ ഭാഗവതനത്രെ. കൃഷ്ണൻ അമ്പാടിയിൽ ഏതൊരു സ്വരൂപത്തിലായിരുന്നുവൊ, ആ തേ സ്വരൂപംവേണം വൈഷ്ണവർ നിർമ്മിക്കുക; എന്നാൽ മനസ്സിന്നു സന്തോഷവും തന്മൂലം വളരെ ഭക്തിയും ഉണ്ടായിവരും. ശംഖചക്രാദികം ധരിച്ച നാലു കൈകളോടും, രണ്ടു കണ്ണോടും, മഞ്ഞപ്പട്ടുടയാടയോടും വൈഡൂര്യകുണ്ഡലങ്ങളോടും വനമാലാകൌസ്തുഭങ്ങളോടും കിരീടങ്ങളോടും കൂടിയ വിഗ്രഹം സ്വർണ്ണംകൊണ്ടൊ വെള്ളികൊണ്ടൊ ചെമ്പുകൊണ്ടൊ പിച്ചളകൊണ്ടൊ ഉണ്ടാക്കിച്ചു്, വേദാഗമോക്തമന്ത്രങ്ങളാൽ ശാസ്ത്രാനുസാരേണ പ്രതിഷ്ഠിച്ചിട്ടുവേണം വൈഷ്ണവർ പരമഭക്തിയോടെ പൂജിപ്പാൻ. ഷോഡശോപചാരങ്ങളോടും മന്ത്രങ്ങളോടുംകൂടി വിധിപോലെ ജഗദീശനെ പൂജിച്ചാൽ, എല്ലാ ദേവകർമ്മങ്ങളും പൂജയായി! അതിനാൽ, അനാദിനിധനനായി ശംഖചക്രഗദാധരനായിരിക്കുന്ന മഹാസ്വാമിയെ ഇതിൻവിധം പൂജിച്ചുകൊള്ളണം. എന്നാൽ സർവ്വേശൻ സർവ്വം നൽകും. വിഷ്ണു എപ്രകാരമോ, അപ്രകാരം തന്നെ ശിവനും; ഒരു വ്യത്യാസവുമില്ല. ദേവി, ഇരുവരുടേയും വിഗ്രഹം പ്രതിഷ്ഠിക്കണം. ശിവനെ പൂജിക്കാത്തവൻ വിഷ്ണുനിന്ദകനാകയാൽ തീർച്ചയായും രൌരവനരകത്തിൽ വീഴും. ഞാൻതന്നെ വിഷ്ണു; ഞാൻ തന്നെ ശിവൻ; ഞാൻതന്നെ പിതാമഹനായ ബ്രഹ്മാവു്; ഞാൻ സർവ്വത്രങ്ങളിലും സർവ്വദാ നിവസിക്കുന്നു.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
വിഷ്ണുവിഗ്രഹപൂജാകഥനം എൺപത്തിരണ്ടാമദ്ധ്യായം.

—:0:—

എൺപത്തിനാലാമദ്ധ്യായം

പാർവ്വതി:—'മഹേശ്വര, ആരാണു ദാസർ? ആരാണ് വൈഷ്ണവർ? ആരാണ് ഭൂമിയിൽ ഭക്തരെന്നു കീർത്തിക്കപ്പെട്ടവർ? അവരുടെ ലക്ഷണം ശരിക്കു പറഞ്ഞുതന്നാലും.'

ശിവൻ:—'ശൂദ്രരാണ് ദാസർ; നാരദനും മറ്റുമാണ് വൈഷ്ണവർ; പ്രഹ്ലാദൻ, അംബരീഷൻ മുതലായവരാണ് ഭക്തർ. നാലും തോറും ബ്രഹ്മകീർത്തനനിരതന്മാരും വേദവേദാംഗാചാരശീലരും ശംഖചക്രാങ്കിതന്മാരുമായിട്ടുള്ളവനാരോ, അവനത്രെ വൈഷ്ണവർ. പതിവായി ഹരിയെ സേവിക്കുകയും വിഷ്ണുപൂജയെ ആദരിക്കുകയും വേദംപോലുള്ള പുരാണം ശ്രവിക്കുകയും ചെയ്യുന്ന ശൂദ്രനാകുന്നു ഹരിദാസൻ. അ

Digitized By Kerala Sahitya Akademi

ഞ്ചുവയസ്സു മുതൽക്കേ പലതരത്തിൽ കേതിപൂണ്ടവനാണു്, സർവ്വസമ്മതനായ കേതൻ; ധ്രുവൻ, അംബരീഷൻ മുതലായവരെ മുനിമാർ എന്നെന്നും കേതനെന്നു ശ്ലാഘിക്കുന്നു. കലികാലത്തു പരമധന്യരായ ശ്രോതാർ വിഷ്ണുധ്യാനത്തിലേപ്പെട്ടു് ഇഹത്തിൽ സുഖമനുഭവിച്ചു വിഷ്ണുവിന്റെ സനാതനസ്ഥാനം പ്രാപിക്കുന്നു! ശംഖചക്രാങ്കിതനും വിഷ്ണുകേതി പൂണ്ടവനും വിശേഷിച്ചു നാലുതരം ഉത്സവം നടത്തുന്നവനുമായ ശ്രോതാക്കളുടെ വിഷ്ണുദാസൻ എന്നാണു് പാത്മത്തിൽ കണ്ടിട്ടും കേട്ടിട്ടുമുള്ളതു്.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
മാസോപവാസവ്രതകഥാപുണ്യകഥനകഥാ എന്ന തിരുവാലാമധ്യായം.

(൦)

എൺപത്തഞ്ചാമദ്ധ്യായം

പാർവ്വതി:—'മഹാദേവ, വൈഷ്ണവർ ഓരോ മാസത്തിലും നടത്തുന്ന മഹോത്സവം ഉപദേശിച്ചുതരിക. എങ്ങിനെയാണു് അതിന്റെ വിധി? ഏതു ദേവനെ പൂജിക്കണം? മാഹാത്മ്യം എങ്ങിനെ? ഏതു തിഥിയിലാണു വേണ്ടതു്? അഹോ, ഞാൻ ലോകത്തിൽ ധന്യയും കൃതാർത്ഥയും സുഭഗയുമാണു്: ഇവിടുത്തെ സംസർഗ്ഗത്താൽ വിഷ്ണുകഥ കേൾക്കുന്നുണ്ടല്ലോ!'

ശിവൻ:—'ദേവി, ഓരോ മാസത്തിലേയും ഉത്സവത്തിന്റെ വിധി ഞാൻ പറയാം; അതു കേട്ടാൽ ദേവി വീണ്ടും ഗീതവാദ്യങ്ങളാലെന്നപോലെ ഹർഷിക്കും:

കന്നാമത്തു്, ശോഭനമായ ചൈത്രമാസത്തിൽ വെളുത്ത ഏകാദശീതിഥിയിൽ വിഷ്ണുവിനെ ഊഞ്ഞാലിൽക്കേറിവെച്ചു കേതിയോടേ പൂജിച്ചു് ഉത്സവം യഥാവിധി നടത്തണം. കലികല്മഷം കളയുന്ന കൃഷ്ണനെ ഊഞ്ഞാലിൽ ദർശിച്ചാൽ അനേകായിരം അപരാധങ്ങൾ വിട്ടൊഴിയും. വിശ്വനാഥനായ ദേവനെ ഊഞ്ഞാലിലാട്ടുന്നതുവരെയും, കോടിജന്മങ്ങളിലെ പാതകങ്ങൾപോലും നിൽക്കുമോ! കലികാലത്തു ഡോളാരൂഢനായ ജനാർദ്ദനനെ ദർശിച്ചാൽ ഗോഹത്യക്കാർപോലും മുക്തിയടയും; മറ്റുള്ളവരുടെ കഥ പിന്നെ പറയാനുണ്ടോ! ബ്രഹ്മാദിദേവന്മാരും ഡോളോത്സവത്താൽ മനം കുളിർത്തു ഡോളമേൽ വിഷ്ണുവിനെ ദർശിപ്പാൻ വന്നുചേരും. ഋഷിമാർ, ഗണങ്ങൾ, ഗന്ധർവ്വർ, കിംഭോപ്പ് സരസ്സുകൾ, വാസുകി മുഖ്യരായ നാഗത്താന്മാർ എന്നി

Digitized By Kerala Sahitya Akademi

വരും സഹർഷരായി തിരുമുറ്റത്തു നൃത്തഗീതവാദ്യങ്ങളും മുതിക്കും. ഭൂമിയിലെ ദേഹികളും ദേവയോനികളുമെല്ലാം, ചൈത്രത്തിൽ കൃഷ്ണൻ ഡോളാരൂഢനായാൽ എഴുനള്ളിപ്പിനു വന്നെത്തും. ഡോളാസ്ഥിതനായ വിഷ്ണുവിനെ കണ്ടാൽ മൂന്നു ലോകത്തിനും ഉത്സവമായി! അതിനാൽ ഗുരുകാര്യം കൈവിട്ടും ഡോളോത്സവം നടത്തിക്കൊൾക. മഹാദേവി, പ്രഹ്ലാദനും വന്നണഞ്ഞു വിഷ്ണുവിന്റെ ദോളാരോഹണം, അനുവരദനെ സ്മരിച്ചുകൊണ്ടനുഷ്ഠിക്കും. കൃഷ്ണൻ ഊഞ്ഞാലിലിരിക്കെ, ജാഗരണം ചെയ്താൽ ഒരൊറ്റ നിമിഷംകൊണ്ടു സർവപുണ്യങ്ങളുടേയും ഫലം കിട്ടും. ചൈത്രത്തിൽ ഡോളാസ്ഥിതനായ വിഷ്ണുവിനെ ദർശിച്ചവർ ആ ദേവദേവനാൽ നന്ദിക്കപ്പെട്ട അവിടുത്തോടൊപ്പം വിഹരിക്കും. ഡോളയിൽ തൊക്കോട്ടു തിരിഞ്ഞിരിക്കുന്ന ഗോവിന്ദനെ ഒരിക്കൽ ദർശിച്ചാൽ ബ്രഹ്മഹത്യപോലും വിട്ടൊഴിയും. 'ഓം ഡോളാരൂഢായ വിദ്മഹേ മാധവായ ച ധീമഹി തന്നോ ദേവഃ പ്രചോദയാൽ' എന്ന ഗായത്രികൊണ്ടും, 'മാധവായ ഗോവിന്ദായ ശ്രീകണ്ഠായ നമോനമഃ' എന്ന മന്ത്രംകൊണ്ടുമാണ് യഥാവിധി പൂജിക്കേണ്ടത്. ഗുരുവിനു യഥാശക്തി ദക്ഷിണ സമ്പ്രീതം നൽകണം; സതാ വിഷ്ണുചരിതം കേട്ടിയാടേ ഗാനംചെയ്യണം. എന്നാൽ പൂർണ്ണത വരും. സുമുഖി, എന്തിനേറെപ്പറയുന്നു? സർവപാപങ്ങളേയും സംഹരിക്കുന്ന വിഷ്ണുവിനെ ഡോളമേൽ വച്ച് വഴിപോലെ പൂജിച്ചാൽ, അവിടുന്നു സകലവും തന്നരുളും. * ..... 'ഓം നമോ ഭഗവതേ വാസുദേവായ' എന്ന മന്ത്രംകൊണ്ടു ഷോഡശോപചാരങ്ങളോടുകൂടി പൂജിച്ചാൽ ധർമ്മാർത്ഥാദി വാഞ്ഛിതങ്ങളെല്ലാം കൈവരും. അംഗന്യാസം, കരന്യാസം, ശരീരന്യാസം എന്നിവയെല്ലാം ഈ മന്ത്രംകൊണ്ടു ചെയ്യണം. ആഗമപ്രോക്തമായ മന്ത്രംകൊണ്ടു മഹോത്സവം നടത്തുക. ദേവനെ മഹാലക്ഷ്മിയോടൊന്നിച്ച് ഊഞ്ഞാലിൽക്കേറ്റി, തിരുമുമ്പിലായി നാരദാദിദേവർഷിമാരേയും വിഷ്വക്സേനാദിഭക്തന്മാരേയും വെയ്ക്കണം. പഞ്ചവാദ്യങ്ങളോടെ അഭിജ്ഞൻ നീരാജനമുഴിയണം. ഓരോ യാമത്തിലും ശ്രുഷ്കാന്തിയോടെ പൂജിക്കണം. പൊതിച്ച തേങ്ങകൊണ്ടോ കദളിപ്പഴംകൊണ്ടോ,

'ദേവദേവ, ജഗന്നാഥ, ശംഖചക്രഗദാധര,
അഘ്ര്യം ഗൃഹാണ മേ ദേവ, കൃപാം കുരു മമോപരി!'

എന്ന്, അർഘ്യം നൽകണം. അവശിഷ്ടം വൈഷ്ണവർക്കു കൊടുക്കണം. അവിടെ വൈഷ്ണവർ നൃത്തവാദ്യങ്ങളും നട

* ഇതിപ്പോഴുള്ള ശ്ലോകം വിട്ടു.

Digitized By Kerala Sahitya Akademi

ത്തണം; എല്ലാവരും ഉറഞ്ഞാലാട്ടുകയും വേണം. ദേവേശ്വരി, ഭൂവിലെത്തീർത്ഥക്ഷേത്രങ്ങളെല്ലാം അന്നു കാണ്മാൻ വന്നെത്തും; അതിനാൽ മഹോത്സവം പതിവായി നടത്തണം. എന്നാൽ ബ്രാഹ്മണരും ക്ഷത്രിയരും വൈശ്യരും ശൂദ്രരും മറ്റു ജാതിക്കാരുമെല്ലാം ശംഖചക്രധരാടികരം തന്നെ!

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം, മദനോത്സവപ്രകരണം, ഡോലോത്സവകഥനം എന്നിവയുടെ പ്രാമാണ്യം.

എൺപത്താറാമദ്ധ്യായം

ശിവൻ:—പാർവതി, ചൈത്രമാസത്തിൽത്തന്നെ ശുക്ലദ്വാദശീതിഥിയിൽ, വൈഷ്ണവർ പ്രജകൾക്കാനന്ദം വളർത്തുന്ന പുണ്യമായ മദനകോത്സവം ശ്രദ്ധയോടെ ആരംഭിക്കണം. ദേവന്റെ ആനന്ദത്തിൽ നിന്നുണ്ടായതും ദിവ്യവുമായ * മദനത്തിന്റെ പൂങ്കുല ഭഗവാങ്കലർപ്പിച്ചാൽ മതി, സർവപൂജകളുടേയും ഫലം കിട്ടും! അനഘേ, ഒന്നാമതായി, ഗുരുവിന്റെ അനുമതിയോടുകൂടി താൻതന്നെ തോട്ടത്തിൽ പോയി,

'കാമദേവ, നമസ്തേസ്തു വിശ്വമോഹനകാരക,
വിഷ്ണോരത്ഥേ വിഭിന്നാമി കുപാം കുരു മമോപരി!'

എന്ന്, കാമനെ രതിയോടൊപ്പം പൂജിച്ച്, മദനകത്തെ ഗീതവാദ്യഘോഷങ്ങളോടെ ഗൃഹത്തിലേയ്ക്കു കൊണ്ടുപോരണം; ഏകാദശിനാളിൽ അധിവാസനം കഴിച്ചു രാത്രിയിൽ ഭക്തിയോടെ പൂജിക്കണം: സർവതോഭദ്രമാകുന്ന മണ്ഡലമിട്ട്, അതിൽ ദേവേശനേയും രതിയേയും വെയ്ക്കുക; വെള്ളാടസ്ത്രംകൊണ്ടു മൂടി മദനകത്തേയും വെയ്ക്കുക. എന്നിട്ടുവേണം വൈഷ്ണവബ്രാഹ്മണർ പൂജിപ്പാൻ. 'ക്ലീം കാമദേവായ നമഃ' എന്നു കന്ദർപ്പനെ; 'ഹ്രീം രത്യൈ നമഃ' എന്നു രതിയെ, കാമനെ കിഴക്കവശത്തു പ്രതിഷ്ഠിക്കുക. ഗന്ധപുഷ്പധൂപദീപനീരാജനങ്ങളും ശരിക്കു നൽകണം. മദനായ നമഃ എന്നു കിഴക്ക്; മന്മഥായ നമഃ എന്ന് അഗ്നികോണിൽ; കന്ദർപ്പായ നമഃ എന്ന് തെക്ക്; അനംഗായ നമഃ എന്ന് നിർൃതികോണിൽ; ഭസ്മശരീരായ നമഃ എന്നു പടിഞ്ഞാറ്; സ്മരായ നമഃ എന്നു വായുകോണിൽ; ഈശ്വരായ നമഃ എന്നു വടക്ക്; പുഷ്പബാണായ നമഃ എന്ന് ഈശാന

* ഒരുതരം പൂമരം.

Digitized By Kerala Sahitya Akademi

കോണിൽ—ഇങ്ങനെ എട്ടു ദിക്കിലും വിഷ്ണുവിനെ പൂജിക്കുക; എന്നാൽ എല്ലാദേവകളും പൂജിക്കപ്പെട്ടു! ദമനകത്തെ അക്ഷതഗന്ധപുഷ്പങ്ങൾകൊണ്ടു പൂജിച്ചു്, 'തൽപുരുഷായ വിദ്മഹേ കാമദേവായ ധീമഹി തന്നോ നാഗഃ പ്രചോദയാൽ' എന്ന കാമഗായത്രി നൂറെട്ടുരു ജപിച്ചു നമസ്കരിക്കുക.

'നമോസ്തു പുഷ്പബാണായ ജഗദാഹ്ലാദകാരിണേ
മന്മഥായ ജഗന്നേത്രേ രതിപ്രീതികരായ ച!
ദേവദേവ, നമസ്തേസ്തു! ശ്രീവിശേപ്രശ, നമോസ്തു തേ
രതീപതേ, നമസ്തേസ്തു! നമസ്തേ വിശപമണ്ഡന!
നമസ്തേസ്തു ജഗദ്ധാതഃ! സർവ്വബീജ, നമോസ്തുതേ!'

എന്നീ ആഗമപ്രോക്തങ്ങളായ വിവിധമന്ത്രങ്ങൾകൊണ്ടു വിശേഷിച്ചും വിഷ്ണുവിനെ രതിയോടൊപ്പം പൂജിക്കണം; ഉറക്കമിളയ്ക്കണം.

'ദേവ ദേവ, ജഗന്നാഥാ, വാഞ്ഛിതാർത്ഥപ്രദായക,
ഫൂൽസ്ഥാൻ പൂരയ മേ വിഷ്ണോ,കാമാൻ കാമേശരീപ്രിയ!'

എന്നിങ്ങനെ, ഭക്തർക്കു ശമം നൽകുന്ന ശ്രീനിവാസനോടു പ്രാർത്ഥിക്കുകയും ചെയ്യുക. പിന്നീടു്, ദമനകത്തിന്റെ പുക്കളം പറിച്ചു മൂലമന്ത്രം ചൊല്ലിക്കൊണ്ടു വിഷ്ണുപാദിദേവന്മാർക്കു നിവേദിക്കണം. അതിനുശേഷം ഗന്ധാദികൾകൊണ്ടു മഹാപൂജയും ഗീതവാദ്യനൃത്തങ്ങൾകൊണ്ടു മഹോത്സവവും നടത്തണം. ദേവന്റെ മുമ്പിൽ വെച്ച കലശത്തിലെ വെള്ളം ദേവപാദങ്ങളിൽപകർന്നു്, * ജലക്രീഡയും അന്നു കഴിക്കണം. ഒടുവിൽ ഗുരുവിനെ വസ്ത്രാഭരണദ്രവ്യങ്ങൾകൊണ്ടു സന്തുഷ്ടം പൂജിച്ചു്, ബന്ധുക്കളോടും വൈഷ്ണവരോടുമൊരുമിച്ചു് ഊണുകഴിക്കുക.

ദമനപ്പൂംകുലകൊണ്ടു വിഷ്ണുവിനെ പൂജിച്ചാൽ, ബ്രഹ്മനും പൂജിക്കപ്പെട്ടു. ബ്രഹ്മഹത്യനൻ, കനകസ്നേയി, മദ്യപൻ, മാംസഭോജി എന്നിവർപോലും, ദമനകോത്സവം ദർശിച്ചാൽ പാപനിർമ്മുക്തരാകും. ഇങ്ങനെ ദമനകം യാവചില വൈഷ്ണവരാൽ പതിവായി പൂജിക്കപ്പെട്ടുമോ, അവർ സർവതീർത്ഥങ്ങളും ആടിക്കഴിഞ്ഞു! ജ്ഞാനമായി, ഗോദാനമായി, മഹാദാനമായി; എല്ലാദാനവുമായി ദമനപ്പൂംകുലകൊണ്ടു പൂജിച്ചാൽ! ദമനപ്പൂംകുലകൊണ്ടു ദാമോദരനെ പൂജിച്ചു രാത്രി ഭവനം പറിച്ചു; ശാസ്ത്രം ശീലിച്ചു; അഗ്നിഹോത്രം അനുഷ്ഠിച്ചു!

* ഷോട്ട്. 7)

Digitized By Kerala Sahitya Akademi

ബ്രാഹ്മണനാകട്ടെ, ക്ഷത്രിയനാകട്ടെ, വൈശ്യനാകട്ടെ, ശൂദ്രനാകട്ടെ, മറ്റു ജാതിക്കാരനാകട്ടെ അവൻ സ്വവംശത്തെ പരമധന്യമാക്കിക്കഴിഞ്ഞു! യാവനൊരുത്തൻറെ കുലത്തിൽ പിറന്നവൻ ഭക്തനാത്സവം കൊണ്ടു പുരുഷോത്തമനെ പൂജിച്ചുവോ, അവനും ധന്യധന്യൻതന്നെ! ദേവി, ചൈത്രത്തിൽ ഭക്തനപ്പൂകൊണ്ടു പൂജിച്ചാൽ ആയിരം പശുദാനത്തിൻറെ ഫലം കിട്ടും. വൈശാഖത്തിൽ മുല്ലപ്പൂവുകൊണ്ടു മുകുന്ദനെ കേതകിപ്പൂവാം പൂജിച്ചവൻ തീർച്ചയായും മുക്തിനേടും. ജ്യേഷ്ഠത്തിൽപ്പൂവും ഭക്തനപ്പൂവും വിഷ്ണുവിനു സദൃശപ്രീതികരമത്രെ; അതിനാൽ വൈഷ്ണവർ അവകൊണ്ടു പൂജിക്കണം. ഏന്നാൽ ആയിരം പശുദാനത്തിൻറെയും കന്യകാദാനത്തിൻറെയും ഭൂമിദാനത്തിൻറെയും ഫലം കിട്ടും. ചൈത്രത്തിൽ ഭക്തകത്തിൻറെ ഓരോ പൂങ്കുല വീതിച്ചു ദേവശനെ പൂജിച്ചവനന്തതന്നെ പുണ്യമെത്രയുണ്ടെന്നു ഗണിപ്പാൻ ഏനിക്കറിഞ്ഞുകൂടാ! അവൻ ചതുർബാഹുവായി ഇഹത്തിലും പരത്തിലും ധർമ്മാർത്ഥകാമങ്ങളും നേടി, വിഷ്ണുപദം പ്രാപിക്കും.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വര സംവാദം,
വൈഷ്ണവോത്സവപ്രകരണം, ഭക്തകോത്സവവർണ്ണനം
എൺപത്താറാമദ്ധ്യായം.

(൦)

എൺപത്തേഴാമദ്ധ്യായം

ശിവൻ:—വൈശാഖപൗർണ്ണമിയിൽ വൈഷ്ണവൻ ജലസ്ഥിതനായ ജഗദീശനെ ഭക്തിപൂർവം പൂജിക്കണം. സന്തുഷ്ടനായി ഏകാദശീതിഥിയിൽ ഗീതവാദ്യനൃത്തങ്ങൾകൊണ്ടു മഹോത്സവം നടത്തണം; അല്ലെങ്കിൽ ദർശിക്കുകയെങ്കിലും ചെയ്തു വിഷ്ണുഗാനം പാടി രസിക്കണം. ശയനമന്ത്രം ഇതാണ്:

'ശയനം കുരു ദേവേശ, ജലേസ്മിൻ വൈ സുരേശ്വര;
ത്വയി സുപ്തേ ജഗൽസുപ്തം ഭവേത്തേ നാത്ര സംശയഃ!'

ആർ വർഷാകാലാരംഭത്തിൽ ജനാർദ്ദനനെ ജലത്തിൽശിടുത്തുമോ, അവനു നരകപ്പേടി നേരിടുകയില്ല! ചന്ദനംകൊണ്ടോ പെരുമ്പിലിക്കൊണ്ടോ ചെമ്പുകൊണ്ടോ വെള്ളികൊണ്ടോ ഉള്ള പാത്രത്തിൽ സുഗന്ധപുഷ്പങ്ങളർപ്പിച്ചുണ്ടാക്കിയ ശീതളജലം പകരുക; വെള്ളത്തിൽ വേണം വിഷ്ണുവിനെ കിടത്തുക—ഗോപാലവിഗ്രഹമോ രാമപ്രതിമയോ സാളഗ്രാ

Digitized By Kerala Sahitya Akademi

മഃമാ ആ വെള്ളത്തിൽ പ്രതിഷ്ഠിക്കുക. മഹാഭാഗേ. ഇതു ചെയ്യുവന്റെ പുണ്യത്തിന്നറവില്ല; ഭൂമിയും സൂര്യശശിമുള്ളേടത്തോളം കാലം, അവന്റെ വംശത്തിൽ ആരും നരകമനുഭവിക്കില്ല! ജ്യേഷ്ഠമാസത്തിൽ ജലസ്ഥനായ ജനാർദ്ദനനെ പൂജിച്ചവൻ പ്രളയംവരെ താപരഹിതനായി വാഴും. ഗ്രീഷ്മകാലത്ത്, തുളസീദളംകൊണ്ടു തുമണം പിടിപ്പിച്ച കുളിർതണ്ണീരിൽ ഭദ്രനെ പലതരം പൂക്കൾകൊണ്ടു പൂജിച്ചവൻ യമയാതനയേൽക്കുകയില്ല. ജലപ്രേഷ്ഠനും ജലശായിയും ജലപ്രിയനുമാണല്ലൊ വിഷ്ണു; അതിനാൽ ഗ്രീഷ്മത്തിൽ വിശേഷിച്ചും തന്തിരുവടിയെ തണ്ണീരിൽ പ്രതിഷ്ഠിച്ചു പൂജിക്കണം. സാളഗ്രാമം വെള്ളത്തിൽവെച്ചു മഹാഭക്തിയോടെ പൂജിച്ചാൽ കലം മുഴുവൻ വിശുദ്ധമായി വരും. സുന്ദരി, കക്കടകത്തിലോ മിഥുനത്തിലോ, വിശേഷിച്ചും ദ്വാദശീതിഥിയിൽ ജലസ്ഥിതനായ ജലശായിയെ ഭക്തിപൂർവം പൂജിച്ചാൽ നൂറുകോടി യാഗമായി! മാധവമാസത്തിൽ മാധവനെ ജലപാത്രത്തിൽ പ്രതിഷ്ഠിച്ചു പൂജിക്കുന്നവർ ഭൂമിയിൽ ദേവന്മാരാണ്; മനുഷ്യരല്ല! സുഗന്ധപ്പെട്ടുത്തിയ പാത്രത്തിൽ വെച്ചു ദാമോദരനെ ദ്വാദശീദിവസം രാത്രിയിൽ പൂജിച്ചവൻ മുക്തിയടയും. അശുദ്ധൻ, പാപശീലൻ, നാസ്തികൻ, സംശയംതീരാത്തവൻ, ക്രൂരക്കർമ്മൻ എന്നീ അഞ്ചുപേർക്കു പൂജാഫലം കിട്ടുകയില്ല.

ഇങ്ങനെ മഹാശരൻതിരുവടിയെ ജലത്തിൽ പ്രതിഷ്ഠിച്ചു പതിവായി പൂജിച്ചാൽ മഹാപാപങ്ങളും വിട്ടൊഴിയും. ഓം ഹ്രാം ഹ്രീം രാമായ നമഃ എന്നാണ് പൂജാമന്ത്രം. ഓം ക്ലീം കൃഷ്ണായ ഗോവിന്ദായ ഗോപീജനവല്ലഭായ നമഃ എന്ന മന്ത്രംകൊണ്ടു ജലത്തെ ശുദ്ധിപ്പെടുത്തുക.

'ദേവദേവ, മഹാഭാഗ, ശ്രീവത്സകൃതലാഞ്ഛന,
മഹാദേവ, നമസ്തേസ്തു! നമസ്തേ വിശ്വഭാവന!
അർഘ്യം ഗൃഹാണ ഭോ ദേവ, മുക്തിം മേ ദേഹി സർവദാ!'

എന്ന് അർഘ്യം നൽകി, പലതരം പൂക്കൾകൊണ്ടു പുരുഷോത്തമനെ പൂജിച്ചവൻ സർവബാധകളും നീങ്ങി, വിഷ്ണുസായുജ്യം പ്രാപിക്കും. ദ്വാദശിനാൾ രാത്രിയിൽ ജാഗരണംചെയ്ത് അവ്യയനും അക്ഷരനുമായ ഗോവാനെ ഭക്തിപൂർവം ഭജിക്കണം. ഭക്തി തേടുന്നവർ തൊട്ടടുത്ത ശാഖത്തിൽ ഇപ്രകാരം വൈഷ്ണവോത്സവം നടത്തണം. ആഗമപ്രോക്തമായ മന്ത്രംകൊണ്ട് ഈ വിധം ചെയ്യുവന്നു കോടി യാഗത്തിന്റെ ഫലം കിട്ടും; അവൻ രാഗദ്വേഷ മഹാമോഹങ്ങ

Digitized By Kerala Sahitya Akademi

ളിൽ നിന്നു വേർപെട്ട് ഇഹത്തിൽ സുഖമനുഭവിച്ചു വിഷ്ണുവിന്റെ ശാശ്വതസ്ഥാനത്തു ചെന്നുചേരും. ഭക്തിയുക്തനായി ഉത്സവം നടത്തുന്ന ബ്രാഹ്മണൻ സർവപാപനിർമ്മുക്തനായി തീർച്ചയായും വൈകുണ്ഠം പൂകും; വേദവും ശാസ്ത്രവും പഠിച്ചിട്ടില്ലാത്തവനായാലും, വിഷ്ണുഭക്തിയുണ്ടായാൽ വൈഷ്ണവപദമണയും; അവൻ വിജിതാത്മാവായി സദാ മുക്തനായി ആത്മാരാമനായിത്തീരും; സൂര്യചന്ദ്രന്മാരുള്ളിടത്തോളം കാലം, വിഷ്ണുപദത്തിൽ വാഴും.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വര സംവാദം, ശ്രവിഷ്ണ്വർച്ചനാത്സവ പ്രകരണം, ദേവശയനിമഹോത്സവനിരൂപണം എന്നത്തെഴാമദ്ധ്യായം.

എൺപത്തെട്ടാമദ്ധ്യായം

ശിവൻ:—ശ്രാവണമാസത്തിൽ *പവിത്രാരോപണം ചെയ്യണം. ദേവേശി, എന്നാൽ ദിവ്യഭക്തിയുണ്ടായിവരും. അഭിജ്ഞന്മാർ പരമപുരുഷനു പവിത്രാരോപണം ശ്രദ്ധിച്ചു ചെയ്താലേ, ഒരാണ്ടിലെപ്പൂജയും പൂർത്തിവരൂ. വിഷ്ണുവിനെ പവിത്രം നൽകി പൂജിച്ചാൽ മനസ്സിനു നിർവൃതി തോന്നും. ബ്രഹ്മാവു പറഞ്ഞിട്ടുള്ളതിൻവണ്ണം, തൂൽവസ്ത്രത്തിൽനിന്നു താൻതന്നെ വെട്ടിയെടുക്കുക; നല്ല ശുദ്ധസ്ത്രീ വെട്ടിയെടുത്തതുമാവാം; വിലയ്ക്കു വാങ്ങിയതുമെടുക്കാം. തൂൽ വെളുത്തതായിരിക്കണം; വെള്ളി, സ്വർണ്ണം എന്നിവയുടെ കമ്പികൊണ്ടും ¶ പവിത്രമുണ്ടാക്കാം. ലോഹമൊന്നുമില്ലെങ്കിൽ തൂൽകൊണ്ടുതന്നെ. മൂന്നിഴയാക്കി, വെള്ളംകൊണ്ടു കഴുകണം. ലിംഗത്തിന്മേലെയ്ക്ക് അതിന്റെ വലുപ്പത്തിലും, വിഗ്രഹത്തിന്മേലെയ്ക്ക് അതിനൊത്ത വലുപ്പത്തിലും. കാൽവരെയും മുട്ടുവരെയും പൊക്കിളുവരെയും എത്തുന്നതായി ഉത്തമ മധ്യമാധമത്തോന മൂന്നു പവിത്രം നിർമ്മിക്കണം. ഒരാണ്ടിൽ എത്രടിവസമുണ്ടോ അത്ര തൂൽകൊണ്ടോ അതിൽ പകുതികൊണ്ടോ അതിലും പകുതികൊണ്ടോ ഉണ്ടാക്കുക. ലിംഗപവിത്രം പതിനൊന്നു തൂൽകൊണ്ടുമാവാം. വിഗ്രഹത്തിനു § വനമാലയാകുന്ന പവിത്രം മംഗിക്കൊത്തുണ്ടാക്കിയാൽ, വിഷ്ണു പ്രസാദിക്കും. ഒരു ഗന്ധപവിത്രവും ഉണ്ടാക്കണം.

---

* പവിത്രാരോപണം രണ്ടാധ്യായത്തിൽ സംക്ഷേപേണ പറഞ്ഞിട്ടുണ്ട്.

¶ പൂണൂൽ. § ഹാരമായ തൂൽകൊണ്ടുള്ള [illegible]

Digitized By Kerala Sahitya Akademi

ഓരോ ദേവതയ്ക്കും പവിത്രാരോപണതിഥി പറയപ്പെട്ടിട്ടുണ്ട്: കുബേരന്ന പ്രതിപദം; ലക്ഷ്മീദേവിക്ക ദ്വിതീയ; ദേവതിക്ക തൃതീയ; ഗണപതിക്ക ചതുർത്ഥി; നാഗേന്ദ്രന്ന പഞ്ചമി; സ്കന്ദന്ന ഷഷ്ഠി, സൂര്യന്ന സപ്തമി; ദുർഗ്ഗയ്ക്ക് അഷ്ടമി; മാതൃക്കൾക്ക നവമി; യമന്ന ദശമി; ഋഷിമാക്ക് ഏകാദശി; വിഷ്ണവിന്ന ദ്വാദശി; കാമന്ന ത്രയോദശി; എനിക്ക ചതുർദ്ദശി; ബ്രഹ്മാവിന്ന വാവ്. അധമമായ പവിത്രത്തിന്ന പന്തിരണ്ടും, മധ്യമത്തിന്ന് ഇരുപത്തിനാലും, ഉത്തമത്തിന്ന മുപ്പത്താറും ഗ്രന്ഥികളം. മുന്തം, കർപ്പൂരം കുങ്കുമം ചന്ദനം മഞ്ഞൾ എന്നിവ പൂരട്ടി പുതുകരണകത്തിൽ പൂജാസ്ഥലത്തു വയ്ക്കുക; ആദ്യം ദേവാർച്ചനം കഴിച്ച്, പവിത്രങ്ങളിൽ അധിവാസനം ചെയ്യുക. ബ്രഹ്മവിഷ്ണുമഹേശ്വരരാകുന്ന മൂർത്തികളുടെ നൂലിന്റെ ദേവതകളം: ക്രിയ, പൊരുഷി, വീര, അപരാജിത, ജയ, വിജയ, മുക്തിദ, സദാശിവ, മനോന്മനി, സർവ്വതോമുഖി എന്നിവരാണ് ഗ്രന്ഥിദേവതകളം. അവരെയെല്ലാം മുദ്രകൊണ്ട ശാസ്ത്രോക്തരീത്യാ ആവാഹിക്കണം. രക്ഷാമുദ്രകൊണ്ട രക്ഷിച്ച്, ധേനുമുദ്രകൊണ്ട് അമൃതീകരിച്ച്, മന്ത്രതന്നെ ദേവന്റെ മുമ്പിൽ വെച്ച കലശത്തിലെ ജലംകൊണ്ട് അഘമോക്തമന്ത്രത്താൽ പ്രോക്ഷണംചെയ്യണം. ക്ലീം കൃഷ്ണായ എന്ന മന്ത്രംകൊണ്ട പ്രോക്ഷണം. പിന്നെ ഗന്ധധൂപദീപനൈവേദ്യതാംബൂലാദികൾകൊണ്ട ഷോഡശോപചാരങ്ങളോടെ പവിത്രദേവതയെ പൂജിച്ച്, ഗന്ധപവിത്രത്തിന്മേൽ ധൂപമേല്പിച്ച്, ദേവാഭിമുഖനായി സ്ഥിതിചെയ്യ ദേവനെ നമസ്കാരമുദ്രയാൽ ആവാഹിക്കുക:

'ആമന്ത്രിതോ മഹാദേവ, സാർദ്ധം ദേവ്യാ ഗണാദിഭിഃ
മന്ത്രൈവാ ലോകപാലൈശ്ച സഹിതഃ പരിചാരകൈഃ
ആഗച്ഛ ഭഗവൻ, വിഷ്ണോ, വിധേഃ സംപൂർത്തിഹേതവേ;
പ്രാതസ്തവൽപൂജനം കർമ്മഃ സാന്നിധ്യം നിയതം കുരു!'

എന്നിട്ട ഗന്ധപവിത്രം രാഘവനായ ശ്രീവിഷ്ണുദേവന്റെ തൃക്കാൽക്കൽവെച്ച്, പ്രഭാതത്തിൽ നിത്യകർമ്മാനന്തരം പുണ്യാഹവും സപ്തശിവചനവും കഴിച്ച്, ജയശബ്ദത്തോടും കുമേണിയടിക്കുന്ന ശബ്ദത്തോടും തുമ്പാരി വാദ്യഘോഷത്തോടുംകൂടി ഉത്തമമധ്യമാധമപവിത്രങ്ങളെ മൂറയ്ക്ക പൂജിക്കുക. 'ഓം വാസുദേവായ വിദ്മഹേ വിഷ്ണുദേവായ ധീമഹി തന്നോ ദേവഃ പ്രചോദയാൽ' എന്ന മന്ത്രംകൊണ്ടോ, മറവ വൈഷ്ണവമന്ത്രങ്ങളം കൊണ്ടോ പവിത്രമെടുക്കുക. അന്ന്, പരമാത്മാവായ പങ്കജാക്ഷൻ പ്രസാദിക്കുമാറ മഹാപൂജ കഴിക്കണം; നാലു ഭാഗത്തും ദീപാവലിയും വേണം; ചതുർവിധമായ അന്നം നിവേദിക്കണം. അതിനുശേഷം പൂജിതങ്ങളായ പവിത്ര

Digitized By Kerala Sahitya Akademi

ങ്ങളും ചാത്തിക്കുക. പിന്നീട് മഹാനായ ശ്രീഗുരുവിനെ വസ്ത്രാഭരണാദികളുംകൊണ്ട് സന്തോഷിപ്പിച്ചു പവിത്രം ധരിപ്പിക്കണം. ഒടുവിൽ സന്നിഹിതരായ വൈഷ്ണവർക്കു താംബൂലവും മറ്റും നൽകി, അഗ്നിയിൽ പൂർണ്ണാഹുതി ചെയ്യ്, കർമ്മം ശ്രീനിവാസനായ വിഷ്ണുവിനു സമർപ്പിക്കുക:

'മന്ത്രഹീനം ക്രിയാഹീനം ഭക്തിഹീനം തു കേശവ
യൽ പൂജിതം മയാ സമ്യക്പൂർണ്ണന്താം യാതു തദ്ധ്രുവം!'

അനന്തരം ഉപസിച്ച്, ഇഷ്ടബന്ധുക്കളോടും വൈഷ്ണവ ദ്വിജരോടുമൊന്നിച്ചു മൃഷ്ടാന്നം ഭക്ഷിക്കുക. ഈ ദിവ്യപൂജനം ശ്രദ്ധിക്കുന്ന ദ്വിജോത്തമർ സർവപാപനിർമ്മുക്തരായി വിഷ്ണുവിന്റെ പരമപദം പ്രാപിക്കും. സൂര്യചന്ദ്രന്മാരുള്ളേടത്തോളം കാലം, പവിത്രാരോപകൻ പരിശോഭിക്കും; സംശയമില്ല. എല്ലാ ദാനങ്ങളും എല്ലാ നിയമങ്ങളും പവിത്രാരോപണത്താൽ പരിപൂർത്തിയടയും. ഉത്സവങ്ങളുടെ ചക്രവർത്തിയത്രേ പവിത്രാരോപണവിധി! ഇതു ബ്രഹ്മഹത്യയെപ്പോലും നീക്കും. സത്യം, സത്യം, പവിത്രാത്മജേ, സത്യമാണിതു്: പവിത്രാരോപണത്തിന്റെ പുണ്യം, അതു ദർശിച്ചവർക്കും കിട്ടും! ശൂദ്രർപോലും ഭക്തിയോടെ പവിത്രാരോപണം നടത്തിയാൽ പരമധന്യരായിത്തീരും. ലോകത്തിൽ ധന്യനും കൃതാർത്ഥനും സുഭഗനുമാണ് ഞാൻ: മുക്തിദമായ വിഷ്ണുഭക്തി എനിക്കുണ്ടല്ലൊ!'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
ശ്രീവിഷ്ണോഃപവിത്രാരോപണകരണം, പവിത്രാരോപണവർണ്ണനം എന്നതെട്ടാമധ്യായം.

——:o:——

എൺപത്താൻപതാമദ്ധ്യായം

പാർവ്വതി:—'ജഗന്നായക, ഇന്നിന്നമാസങ്ങളിൽ ഇന്നിന്ന പൂക്കൾകൊണ്ടു വിഷ്ണുവിനെ പൂജിക്കണമെന്ന്, വേർതിരിച്ചു പറഞ്ഞാലും.'

ശിവൻ:—'ചൈത്രത്തിൽ ചെമ്പകപ്പൂവുകൊണ്ടോ, പിച്ചകപ്പൂവുകൊണ്ടോ, മനപ്പൂവുകൊണ്ടോ, മുല്ലപ്പൂവുകൊണ്ടോ, നീർമാതളപ്പൂവുകൊണ്ടോ, ചെന്താമരപ്പൂവുകൊണ്ടോ, ക്ലേശനാശനനായ കേശവനെ സശ്രദ്ധം പൂജിക്കുക. വൈശാഖത്തിൽ, ഇടവമാസത്തിൽ, കൈതപ്പൂവുകൊണ്ടു ഭക്തിപൂർവ്വം പൂജിച്ചാൽ, സർവേശ്വരൻ ഒരു മനുഷ്യകാലം പ്രസാദിച്ചരുളും. ജ്യേഷ്ഠമാസത്തിൽ ദേവദേവേശനെ പല

Digitized By Kerala Sahitya Akademi

തരം പൂക്കൾകൊണ്ടു പൂജിച്ചവർ എല്ലാ ദേവകളേയും പൂജിച്ചുകഴിഞ്ഞു! അവർ അസംഖ്യം പാപങ്ങളും മഹാപാപങ്ങളും ചെയ്തിട്ടുണ്ടെങ്കിൽക്കൂടി, ലക്ഷ്മീവല്ലഭന്റെ സാലോക്യം പ്രാപിക്കും. ആഷാഢമാസത്തിൽ കണവീരപുഷ്പംകൊണ്ടും ചെമ്പരുത്തിപ്പൂവുകൊണ്ടും താമരപ്പൂവുകൊണ്ടും വിഷ്ണുവിനെ പൂജിച്ചവർ പുണ്യം നേടും; പൊന്നിൻനിറമുണ്ടെങ്കിൽ കടമ്പിൻപൂക്കൾകൊണ്ടു കൈടഭാരിയെ പൂജിച്ചവക്ക് കാലഭയം നേരിടുകയില്ല; കാർക്കാലത്തു കാവ്ണ്ണനെ കടമ്പിൻപൂവുകൊണ്ടു പൂജിച്ചാൽ, പതിനാലിന്ദ്രന്മാരുടെ കാലം മുഴുവൻ കാംക്ഷിതങ്ങളും കൈവരും; വിഷ്ണുവിന്നു ലക്ഷ്മിയോടുചേർന്നാലുള്ള സന്തോഷമുണ്ട്, കടമ്പിൻപൂവു കിട്ടിയാൽ! തുളസി, കൃഷ്ണതുളസി, ആറുവഴുതിനപ്പൂവ് എന്നിവകൊണ്ടു യിശപകത്താവിനെ പതിവായി പൂജിച്ചാൽ, കഷ്ടപ്പാടെല്ലാം വിട്ടൊഴിയും. ശ്രാവണമാസത്തിൽ കായാമ്പൂവുകൊണ്ടും കറുകനാക്കുകൊണ്ടും മറ്റു പല പുഷ്പങ്ങൾകൊണ്ടും പൂജിച്ചാൽ ജനാർദ്ദനൻ അതുകല്പാന്തം വമ്പിച്ച വാഞ്ഛിതങ്ങൾ തന്നരുളും. പ്രൌഷ്ഠപദമാസത്തിൽ ചെമ്പകപ്പൂവുകൊണ്ടും കരിനൊച്ചിപ്പൂവുകൊണ്ടും രക്തസിന്ധുരപ്പൂവുകൊണ്ടും കൽഹാരപ്പൂവുകൊണ്ടും വിഷ്ണുവിനെ പൂജിച്ചാൽ സർവ്വാഭീഷ്ടങ്ങളും സിദ്ധിക്കും. ആശ്വയുജമാസത്തിൽ കാട്ടുമുല്ലപ്പൂവുകൊണ്ടും പിച്ചകപ്പൂവുകൊണ്ടും മറ്റു പല പുഷ്പങ്ങൾകൊണ്ടും പൂജിക്കുക; താമരപ്പൂവുകൊണ്ടതെന്നെ കേതകിപൂവ്വും പൂജിച്ചാൽ ധർമ്മാർത്ഥകാമമോക്ഷങ്ങൾ ലഭിക്കും. കാർത്തികമാസത്തിൽ, ആ ഋതുവിലെ പൂക്കളെക്കൊണ്ടെല്ലാം പൂജിക്കണം; എള്ളുകൊണ്ടും എരുപ്പൂവുകൊണ്ടും ദേവേശനെ പൂജിച്ചാൽ ഫലത്തിനാറുമില്ല; പുന്ന, ഇലഞ്ഞി, ചമ്പകം എന്നിവയുടെ പുഷ്പങ്ങൾകൊണ്ടു പൂജിക്കുന്നവർ ദേവന്മാരാണ്; മനുഷ്യരല്ല! മാർഗ്ഗശീർഷമാസത്തിൽ പലതരം പുഷ്പങ്ങൾകൊണ്ടും ധൂപനൈവേദ്യനീരാജനങ്ങൾകൊണ്ടും പൂജിക്കുക; ദിവ്യപുഷ്പമാണു മാർഗ്ഗശീർഷത്തിൽ മുഖ്യം. മഹാദേവി, പൌഷമാസത്തിൽ പലതരം തുളസികൊണ്ടും കസ്തൂരിജലംകൊണ്ടും കംസവൈരിയെ പൂജിക്കണം. മാഘമാസത്തിൽ മാധവനെ പലതരം പുഷ്പങ്ങൾകൊണ്ടും പലതരം മോദകനൈവേദ്യങ്ങൾകൊണ്ടും കർപ്പൂരംകൊണ്ടും പൂജിച്ചാൽ, നിനച്ചതൊക്കെ നിറവേറും. ഫാൽഗുനമാസത്തിൽ, പുതിയ പൂക്കളെല്ലാം പറിച്ചു വസന്തപൂജ ചെയ്താരാധിച്ചവൻ മഹാവിഷ്ണുവിന്റെ പ്രസാദത്താൽ, സനാതനമായ വൈകുണ്ഠപദം പുകും'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
കുസുമപുഷ്പവിധിവർണ്ണനം എന്നതിൻപതിനാറാമദ്ധ്യായം.

(൦)

Digitized By Kerala Sahitya Akademi

തൊണ്ണൂറാമദ്ധ്യായം

(രചന ശ്ലോകി രീതി)

നാരദദേവർഷിവയ്ക്കൊരുദിനം
ദ്വാരകാപത്തനം ചെന്നണഞ്ഞാൻ,
വിണ്ണിലെക്കല്പദ്രുപുഷ്പക്കുലകൈക്കൊണ്ടു
പുണ്ഡരീകാക്ഷനെക്കാണുവാനായ്
ആഗതനാകിയ താപസനോടവൻ
സ്വാഗതമെന്നോതിസ്സച്ചിന്മയൻ,
'അല്ല്യമിതാ, ഇതാ പാദ്യ'മെന്നിങ്ങനെ
സൽക്കരിച്ചേകിനാനാസനവും.
ചില്ലരുഷ്ണനുപഹാരമായർച്ചിച്ചാ-
നപ്പുഷ്പസഞ്ചയം മാമുനീന്ദ്രൻ.
അയതു ഭോഗിച്ച നൽകിനാനങ്ങതീരെ-
ണ്ണായിരമംഗനമാക്കു കൃഷ്ണൻ;
എന്നാലാക്രുട്ടത്തിൽ ശ്രീസത്യഭാമയെ-
യിന്ദിരാകാന്തൻ മറന്നുപോയി!
അകയാൽ ക്രുദ്ധയായ് ക്രോധനികേതനം
തുകിനാംതോഴിമാരൊത്താദ്ദേവി:
കയ്യിലെത്തണ്ടാർ മുഖത്താടുപ്പിച്ചു
തിയ്യെരിവീർപ്പുകൾ വിട്ടാർ മേന്മേൽ;
താർമുഖം കൈത്താരിൽച്ചായ്ച്ചു മനോജ്ഞാംഗി
താമരക്കണ്ണനെ ധ്യാനംചെയ്താൾ;
ചന്ദനച്ചാറൊട്ടു തോഴിയാൾ തൻകയ്യിൽ-
നിന്നുമേടിച്ചു തൻനെഞ്ചിൽപ്പൂശി,
ഒന്നായ് തുടച്ചുകളഞ്ഞാൾ; കിടക്കമേൽ-
നിന്നങ്ങിടയ്ക്കിടെ വീണുരുണ്ടാൾ;
വീണ്ടും തലയിണമേൽ മുഖം ചേർത്തു
നീണ്ടവീർപ്പോടേ കിടന്നുകൊണ്ടാൾ.
ഈ ലീലകണ്ടുചെന്നറിഞ്ഞു മാധവൻ, മിണ്ടാപ്പെ-
ണ്ണാളിജനങ്ങളോടാജ്ഞ കൊട്ടി.
ആ ലോലനേത്രതൻ ഭാരത്തിരുന്നൊരു
താലവൃന്തത്തെയെടുത്തു താൻതാൻ

Digitized By Kerala Sahitya Akademi

മെല്ലവേ മെല്ലവേ വീശിത്തുടങ്ങിനാൻ
തെല്ലൊരു പുഞ്ചിരിതൂകിക്കൊണ്ടേ.
ഏന്തീസ്സുഗന്ധമെന്നാളിയെ വീക്ഷിക്കേ,
ഹന്ത, ലോകേശനെക്കാണ്കയാലേ
നന്നെന്നരച്ചു കലങ്ങിയ കൺകളിൽ
നിന്നശ്രു വാക്കായി തനൂരാട്ടി.
പ്രേമകോപത്താൽ വിറയ്ക്കുന്ന ചുണ്ടുമായ്–
ക്കോമളവക്ത്രം കുനിച്ചു നിന്നാൾ;
ചെറു സമയമച്ചെറ്റെതിർകൊങ്കയാൾ
മറെറാരേടത്തേയ്ക്കു നോക്കിനിന്നാൾ.
ഓമന്മയ്യണ്ണിണ തന്നിൽനിന്നപ്പൊഴും
പ്രേമകോപാശ്രു പൊഴിഞ്ഞിരുന്നു:
ഇന്ദീവരത്തിന്റെ തണ്ടുദളങ്ങളിൽ–
നിന്നു തുഷാരനീരെന്നപോലേ.
ആ മുഖാബ്ജച്യുതമായ കണ്ണീരിരു-
കൈമലർകൊണ്ടു ഗ്രഹിച്ചു വേഗാൽ
ശ്രീവത്സമാറത്തു വെച്ചുതച്ചൈ,നോമൽ
കേഴ്വതെന്തിന്നെന്നാൻ കേശീഹരൻ.
കണ്ണീർതുടച്ചവൾ ചൊന്നാൾ:—'ഭവാനെന്റെ
തന്നെയെന്നത്രേ ഞാൻ നണ്ണിപ്പോന്നു;
ഇന്നറിഞ്ഞീടിനേൻ, ക്രൂരത്തിലൊന്നിവ–
ളെന്നേ ഭവാനുള്ള ഭാവമെന്നായ്!'
കാർവർണ്ണൻ ചൊല്ലിനാനുല്ലസൽകൊണ്ഡംഗങ്ങൾ
വേവുന്നതായിട്ടു തോന്നുന്നു മേ;
കല്യാണി, കാരണമെന്താണു നീയേവം
വല്ലായ്മ തേടുവാൻ മല്ലനേത്രേ?'
സത്യവ്രതസ്ഥനാം ഭർത്താവിനോടവ
സത്യയാം ദേവി ചൊന്നാൾ: —
'നാരദൻ നൽകിയ മന്ദാരപുഷ്പങ്ങൾ
ക്രൂരാവകാശം കൊടുത്തു ഭവാൻ;
എന്നെക്കബളിക്കയാണെല്ലോ ചെയ്തത–
ങ്ങെന്നു കേട്ടൊന്നു ചിരിച്ചു കണ്ണൻ
സത്യയെസ്സ്വാഭീഷ്ടയാക്കാനുറച്ചിട്ട
പത്നീഭാവേനസ്സംസ്മരിച്ചാൻ.
തൽക്ഷണം വന്നെത്തി നിന്നാൻ തിരുമുമ്പി–
ലുച്ചൈർഭക്തിയാം വൈനതേയൻ;

Digitized By Kerala Sahitya Akademi

നില്ലാതാവാഹനമേറിയജനാർദ്ദനൻ
വല്ലഭയോടുരചെയ്തുകൊണ്ടാൻ:—
'ഭാമേ, നീ കോപിക്കവേണ്ടാ: നിനക്കായ് ഞാൻ
സാമരനിന്ദ്രനോടങ്കമാടി,
കല്പദ്രുമത്തെ നിൻ മുറ്റത്തു നട്ടീടാ,—
മിപ്പിഴയ്ക്കുകമാപ്പു ഭദ്രേ!'
ഏവം പ്രതിജ്ഞചെയ്താ,ദ്രുപോയ് വിണ്ണണ-
ഞ്ഞാ,വൃത്രവൈരിതൻ ചാരത്തെത്തി
കല്പകവൃക്ഷത്തെ യാചിച്ചാനച്യുതൻ;
അപ്പോഴിതത്രേ കഥിച്ചു ശക്രൻ:—
'ദേവലോകത്തിലെ വൃക്ഷമിതു വിഭോ,
ഭൂവികൽക്കൊണ്ടുപോകാവതല്ലാ!'
എന്നതിൽക്കോപമിയന്ന മഹാഭുജ-
നിന്ദ്രസഹോദരനത്യർജ്ജിതൻ
വൃക്ഷത്തെ വേരോടുക്കുടിപ്പറിച്ചുടൻ
തൃക്ഷസുതന്റെ പുറത്തുവെച്ചാൻ.
വെമ്പലോടന്നേരമുന്നിദ്രവീര്യനാ-
മുമ്പർകോൻ വജ്രമെടുത്തുവീശി,
'വെയ്ക്കുക കല്പകവൃക്ഷത്തെയെന്നര-
ച്ചുഗ്രരുത്രനുടെ നേർക്കയച്ചു.
വജ്രത്തെ മാനിപ്പാൻ തുവലൊന്നു വെടി-
ഞ്ഞുജവനായിത്തിരിച്ചു താർക്ഷ്യൻ.
ആ വജ്രാഘാതത്താൽ താർക്ഷ്യനിൽ നിന്നുണ്ടായ്
മൂവർ: മയിൽ, കീരി, കാട്ടുകാക്ക.
ആ മട്ടിൽ ചാരകയുംപൂക്ക. വിണ്ടെരം
ഭൂമിതൻ ശ്രേഷ്ഠത്തിൽ നട്ടാൻ കൃഷ്ണൻ.

അതേ സമയത്തു നാരദൻ അവിടെ വന്നെത്തി. സത്യഭാമ അദ്ദേഹത്തെ സൽക്കരിച്ചു ചോദിച്ചു:—'ഇങ്ങനെയുള്ള കല്പകവൃക്ഷത്തെയും ഇപ്രകാരമുള്ള സ്ത്രീരത്നത്തെയും എങ്ങിനെയാണ് എല്ലാജന്മത്തും ലഭിക്കുക? അതെനിക്കു പറഞ്ഞുതന്നാലും.' നാരദമുനീന്ദ്രൻ മറുപടി പറഞ്ഞു:—'സത്യഭാമേ, അതിന്നു തുലാപുരുഷദാനം ചെയ്താൽ മതി. ഉടനേ സത്യഭാമ കല്പകവൃക്ഷത്തോടുകൂടി ശ്രീകൃഷ്ണനെ യഥാവിധി തുലാസ്സിൽ വെച്ചു, ഉപകരണമെല്ലാം നാരദനു തന്നെ ദാനംചെയ്തു. ആ ദേവർഷിശ്രേഷ്ഠൻ അതു വാങ്ങി, ലക്ഷ്മീപതിയോടു യാത്ര പറഞ്ഞു തിരിച്ചുപോകുകയും ചെയ്തു.

Digitized By Kerala Sahitya Akademi

അനന്തരം ഹർഷത്താൽ കൺ വിടർന്ന സത്യഭാമ വാസുദേവനോടരചെയ്തു:—'ഞാൻ ധന്യയായി; കൃതാർത്ഥയായി; എന്റെ ജീവിതം സഫലമായി; മൂപ്പാരിലും വെച്ചു സുഭഗയായ എന്നെ ജനിപ്പിച്ച മാതാപിതാക്കന്മാരും ധന്യരായി: ഇവിടെയുള്ള പതിനാറായിരം സ്ത്രീകളിൽ വെച്ചു പ്രിയപ്പെട്ടവളായല്ലോ ഞാൻ! ആടിപുരുഷനായ ഭവാനെ കല്പകവൃക്ഷത്തോടുകൂടി യഥാവിധി തുലാസ്സിൽ വെച്ചു്, നാരദനു നൽകാൻ എനിക്കിടവന്നുവല്ലോ! യാതൊന്നിന്റെ കഥയേ ഭൂലോകവാസികളറിയുന്നില്ലയോ, ആ കല്പകവൃക്ഷം ഇതാ. ഇപ്പോൾ എന്റെ ഗൃഹത്തിൽ നിൽക്കുന്നു! ത്രിജഗൽപതിയായ ലക്ഷ്മീവല്ലഭനേ ത്രിലോകം പ്രിയപ്പെട്ടവളായല്ലോ ഞാൻ; അതിനാൽ, മധുസൂദനാ, ഞാൻ ഇവിടുത്തോടൊന്നു ചോദിക്കട്ടയോ? എങ്കൽ സ്നേഹമുണ്ടെങ്കിൽ ഭവാൻ വിസ്തരിച്ചു പറയണം; അതുകേട്ടാൽ, എനിക്കു വീണ്ടും ആത്മഹിതം ചെയ്യാമെല്ലോ: എങ്ങിനെയായാലാണ്, കല്പാന്തംവരെ ഞാൻ ഭവാനോടു് ഒരിക്കലും വേർപെടാതാവുക?' പ്രിയയുടെ ഈ ചോദ്യം കേട്ടിട്ടു പുരുഷോത്തമൻ പുഞ്ചിരിക്കൊണ്ടു്, അവളുടെ കൈ തൃക്കൈകൊണ്ടു പിടിച്ചു്, കല്പകവൃക്ഷത്തിന്റെ ചുവട്ടിലേയ്ക്കു നടന്നു. എന്നിട്ടു്, അനുചരനെ തിരിച്ചയച്ചു്, സവിലാസം മുഗ്ദ്ധസ്മിതനായി സത്യയെസ്സംബോധനം ചെയ്തു്, അവളെ പ്രീതിപ്പെടുത്താൻവേണ്ടി, തിരുവുടലിൽ കോപം തീർക്കൊണ്ടരുളിച്ചെയ്തു:—'പ്രിയേ, എനിക്കു നിന്നെക്കാളും പ്രിയപ്പെട്ടവളായി മറെറാരു നിതംബിനിയുമില്ല; പതിനാറായിരം സ്ത്രീകളിലും വെച്ചു പ്രാണതുല്യയാണു് നീ. നിനക്കു വേണ്ടിയാണല്ലോ ഞാൻ വിബുധാനപിതനായ വിണ്ണവർകോനോടു പോരിട്ടതു്. നീ അവശ്യപ്പെട്ടാൽ, എതു വലുതായാലും തന്നുകൂടാത്തതോ ചെയ്തുകൂടാത്തതോ പറഞ്ഞുകൂടാത്തതോ എനിക്കില്ലതന്നെ; പിന്നെയുണ്ടോ ചോദിച്ചതു പറയാതിരിക്കുന്നു? ഉള്ളിൽ തോന്നുന്നതൊക്കെച്ചോദിച്ചുകൊൾക; ഞാൻ പറയാം.'

സത്യഭാമ:—'എന്തൊരു ദാനമോ തപസ്സോ വ്രതമോ ആണു് ഞാൻ പൂർവജന്മത്തിൽ ചെയ്തിട്ടുള്ളതു്? ഞാൻ ഒരു മാനുഷിയാണെങ്കിലും, മനുഷ്യാതീതമാണല്ലോ എന്റെ അവസ്ഥ: ഞാൻ ഇവിടുത്തെ പകുതിദേഹമായി; ഇവിടുത്തോടൊന്നിച്ചു ഗരുഡന്റെ പുറത്തു കേറി ഇന്ദ്രാദിദേവന്മാരുടെ പാർപ്പിടത്തിൽ പോകയുമുണ്ടായി! അതുകൊണ്ടു ചോദിക്കയാണു്: ഞാൻ മൻജന്മത്തു് എന്തു നന്മചെയ്തു? എങ്ങിനെയുള്ളവളായിരുന്നു? ആരായിരുന്നു? ആരുടെ മകളായിരുന്നു?'

കൃഷ്ണൻ:—'പ്രിയതമേ, മനസ്സിരുത്തിക്കേട്ടുകൊള്ളുക; നീ മുൻജന്മത്തിൽ ചെയ്ത പുണ്യവ്രതമെല്ലാ ഞാൻ പറഞ്ഞുതരാം:

Digitized By Kerala Sahitya Akademi

ത്താൽ അടയാളപ്പെട്ടതുമായിരുന്നു. ആ പാരിഷദർ അവളെ ആ വിമാനത്തിൽക്കേറി വൈകുണ്ഠത്തിലേയ്ക്കു കൊണ്ടുപോന്നു; അപ്പ് സരസ്ത്രീകം അവളെ വെൺചാമരങ്ങൾകൊണ്ടു വീശി. അങ്ങിനെ എരിതീജ്വാലപോലെ ആ വിമാനത്തിൽ പരിശോഭിച്ചു ഗുണവതി കാത്തികവ്രതത്തിന്റെ പുണ്യത്താൽ എന്റെ സന്നിധിയിൽ വന്നെത്തി.

പിന്നീട്, ബ്രഹ്മാദിദേവന്മാരുടെ അപേക്ഷയാൽ ഞാൻ ഭൂലോകത്തേയ്ക്കു പോന്നതോടുകൂടി, എന്റെ ആരാധകരും ഇങ്ങോട്ടു പോന്നു. ഈ യാദവന്മാരെല്ലാം എന്റെ ആരാധകർ തന്നെയാണ്; എപ്പോഴും എനിക്കു പ്രിയപ്പെട്ടവരാണ്; എന്നെപ്പോലെ ഗുണശാലികളുമാണ്. ദേവശമ്മാവ്, നിന്റെ അച്ഛൻ, ഇവിടെ സത്രാജിത്തായി ജനിച്ചു; ചന്ദ്രശമ്മാവ് അക്രൂരനായി; ഭദ്രേ, ആ ഗുണവതിയാണു നീ. കാത്തികവ്രതത്തിന്റെ പുണ്യംമൂലം നീ എനിക്ക് അത്യന്തം പ്രിയപ്പെട്ടവളായിത്തീർന്നു. നീ മുൻജന്മത്തിൽ എന്റെ നടയ്ക്കൽ തുളസിത്തോപ്പുണ്ടാക്കിയതിനാലത്രേ, ഈ കല്പകവൃക്ഷം നിന്റെ മുറ്റത്തു വന്നതു്; മുമ്പ് കാത്തികത്തിൽ നീ വിളക്കുവെച്ചതിനാൽ, നിന്റെ ദേഹത്തിലും ഗേഹത്തിലും ലക്ഷ്മി സ്ഥിരമായി വന്നു. നീ വ്രതവും മറവും വിഷ്ണുവിനെ ഭർത്താവായിസ്സങ്കല്പിച്ചാണു സമർപ്പിച്ചിരുന്നതു്; അതിനാൽ എന്റെ ഭാര്യയുമായി. നീ മുൻജന്മത്തിൽ, ജനനംമുതൽ മരണംവരെ കാത്തികവ്രതം അനുഷ്ഠിച്ചിരിക്കുന്നു; അതിനാൽ ഒരിക്കലും നീ എന്നോടു വേർപെടുകയില്ല. ഇങ്ങനെ കാത്തികവ്രതം ആചരിക്കുന്നവരെല്ലാം, എനിക്കു നിന്നെപ്പോലെ പ്രിയപ്പെട്ടവരായി, എന്റെ സന്നിധിയിൽ വന്നെത്തും. യജ്ഞം, ദാനം, തപസ്സ്, മറവു വ്രതം എന്നിവ ചെയ്യുന്നവർക്കു കാത്തികവ്രതപുണ്യത്തിന്റെ പതിനാറിലൊന്നുപോലും കിട്ടുകയില്ല!'

വിശേശ്വരൻ ഈവിധം അരുളിച്ചെയ്തു കേട്ടപ്പോൾ, മുൻജന്മത്തിലെ പുണ്യവൈഭവമോർത്തു മനംകുളിർത്ത സത്യഭാമ മുപ്പാരിനും ഏകകാരണമായ കൃഷ്ണൻ തിരുവടിയെ വണങ്ങിച്ചോദിച്ചു:—

ശ്രീപരമേശ്വരപുരാണം, ഉത്തരഖണ്ഡം, കാർത്തികമാഹാത്മ്യപ്രകരണം,
സത്യഭാമാകൃഷ്ണസംവാദം, ദാമോദരന്റെ ജനകഷഡ്കം അനുസരിച്ചൊന്നാമദ്ധ്യായം.

(൦)

Digitized By Kerala Sahitya Akademi

തൊണ്ണൂറിരണ്ടാമദ്ധ്യായം

സത്യഭാമ:—'കാലസപ്തരൂപനായ ഭവാന്റെ അവയവങ്ങളാണല്ലോ, കാലങ്ങളൊക്കെയും; എന്നിരിക്കെ, കാർത്തികം മാസങ്ങളിൽവെച്ചും, ഏകാദശി തിഥികളിൽവെച്ചും മീതെയായതെങ്ങിനെ? ദേവദേവേശ, അങ്ങയ്ക്ക് അധികം പ്രിയപ്പെട്ടതാകാനും എന്താണു കാരണം?'

കൃഷ്ണൻ:—'സത്യേ, നിന്റെ ചോദ്യം കൊള്ളാം. ധേനപുത്രൻ പൃഥുവും ദേവർഷി നാരദനും തമ്മിലുണ്ടായ സംഭാഷണം ഏകാഗ്രചിത്തയായി കേട്ടുകൊൾക; പ്രിയേ, ഇപ്രകാരംതന്നെ പണ്ടു പൃഥു ചോദിച്ചതിനാൽ, നാരദമഹർഷി കാർത്തികമാസത്തിന്റെ ശ്രേഷ്ഠതയ്ക്കുള്ള കാരണം പറഞ്ഞുകൊടുത്തു:—

'പണ്ടു സാഗരപുത്രനായി ശംഖൻ എന്നൊരസുരേന്ദ്രനുണ്ടായിരുന്നു. ആ മഹാബലപരാക്രമൻ ലോകം മൂന്നിനേയും മർദ്ദിപ്പാനൊരുമ്പെട്ട്, ദേവകളെ ജയിച്ചു സ്വർഗ്ഗത്തിൽനിന്നോടിച്ചു, മഹേന്ദ്രാദിദിക്പാലന്മാരുടെ അധികാരങ്ങളും തട്ടിപ്പറിച്ചു. അവനെപ്പേടിച്ച് ശക്രാദിവിബുധന്മാർ അന്തഃപുരസ്ത്രീകളോടുംകൂടി വളരെസ്സംവത്സരം സുമേരുപർവ്വതത്തിന്റെ ഗുഹയാകുന്ന ദുർഗ്ഗത്തിൽ ഒളിച്ചുപാർത്തു; അവർ അവനു കീഴടങ്ങായ്കയാൽ അവൻ വിചാരിച്ചു:—'ഞാൻ ദേവന്മാരെ തോല്പിച്ചു, അധികാരങ്ങളും കൈയ്യിലാക്കിയിട്ടും അവർ ബലവാന്മാരായിത്തന്നെ കാണപ്പെടുന്നു! ഇതിനെന്താണു ചെയ്യേണ്ടതു്? ശരി, മനസ്സിലായി: വേദമന്ത്രങ്ങളാലാണ് ദേവന്മാക്കു ബലം; അവയും അപഹരിക്കുകതന്നെ. എന്നാൽ അവരെല്ലാം ദുർബലരായിത്തീരും.' ഈവിധം നിനച്ചുറച്ച ദൈത്യൻ, വിഷ്ണുപക്ഷത്തിനിർത്തുകൊള്ളുന്നതിൽ സത്യലോകത്തുനിന്ന് — സ്വയംഭൂവിന്റെ അടുക്കൽ നിന്ന് — വേദങ്ങളും അപഹരിച്ചുകൊണ്ടുപോന്നു; അവ അവനെപ്പേടിച്ചു യജ്ഞങ്ങളോടും മന്ത്രങ്ങളോടുംകൂടി വെള്ളത്തിലൊളിച്ചു. ശംഖൻ അവയെ തിരഞ്ഞുംകൊണ്ടു സമുദ്രത്തിനുള്ളിൽ ചുറ്റിനടന്നു; എന്നിട്ടും അവയെ ഒരേടത്തും കണ്ടെത്തിയില്ല.

അനന്തരം ബ്രഹ്മാവു ദേവന്മാരോടൊന്നിച്ചു വിഷ്ണുവിനെ ശരണം പ്രാപിച്ചു—പൂജോപകരണങ്ങളുംകൊണ്ടു വൈകുണ്ഠത്തിൽച്ചെന്നു; ദേവന്മാർ ഭഗവാനെ വാഴ്ത്തിയുണർത്താൻ പാട്ടുപാടുകയും, വാദ്യങ്ങൾ കൊട്ടുകയും ഗന്ധപുഷ്പധൂപദീപങ്ങൾ മേൽക്കുമേൽ സമർപ്പിക്കുകയും ചെയ്തു. അവരുടെ ഭക്തിയാൽ പ്രസാദിച്ചു, സർവ്വാത്മാവുപ്രപ്പ

Digitized By Kerala Sahitya Akademi

നോയ തന്തിരുവടി അവിടെ പ്രത്യക്ഷീഭവിച്ചു. വൃന്ദാരകന്മാർ ഷോഡശോപചാരങ്ങൾകൊണ്ടു പൂജിച്ചു നിലത്തു ദണ്ഡനമസ്കാരംചെയ്തു. അവരോടു ലക്ഷ്മീകാന്തൻ അരുളിച്ചെയ്തു:—'ദേവഗണങ്ങളേ, നിങ്ങളുടെ ഗീതവാദ്യാദിമംഗളങ്ങളാൽ ഞാൻ പ്രീതനായിരിക്കുന്നു; നിങ്ങൾക്കു വേണ്ടതൊക്കെയും ഞാൻതരാം. കാർത്തികത്തിലെ ശുക്ലൈകാദശിയാകുന്ന ഉൽബോധിനീതിഥിയിൽ, രാത്രിയുടെ നാലാം യാമത്തിൽ യാവചിലർ ഗീതവാദ്യാദിമംഗളങ്ങളുടെ, നിങ്ങൾ ചെയ്യുതിൻവണ്ണം നടത്തുന്നുവൊ, അവർ എന്നെന്നും എനിക്കു പ്രീതികരരായി, എന്റെ സന്നിധിയിൽ നിവസിക്കും. പാദ്മാർഘ്യാചമനാദികളും നിങ്ങൾ നൽകുകയുണ്ടായല്ലൊ; അതിനാൽ നിങ്ങൾക്ക് അത്ഭുതമാംവണ്ണംസുഖത്തിന്നിടവന്നിരിക്കുന്നു. വേങ്ങളെല്ലാം ശംഖനാൽ അപഹരിക്കപ്പെട്ടതിനാൽ വെള്ളത്തിലൊളിച്ചിരിക്കയാണ്;അവയെ ഞാൻ സമുദ്രപുത്രനെ സംഹരിച്ചു വീണ്ടുകൊണ്ടുവരാം. ഇന്നുമുതല്ക്കു കൊല്ലംതോറും, മന്ത്രജപീ ജയജ്ഞാനപിതങ്ങളായ വേങ്ങൾ കാർത്തികമാസം മുഴുവൻ വെള്ളത്തിൽ വിശ്രമിക്കുമാറാകട്ടെ; ഇന്നുമുതൽക്കു ഞാനും വെള്ളത്തിൽ വസിക്കുന്നുണ്ടു; നിങ്ങളും മുനിന്ദ്രരോടൊന്നിച്ചു് എന്റെകൂടെ പോരുവിൻ. ദിജോത്തമരേ, ഈ കാലത്തു പ്രാതഃസ്നാനംചെയ്യുന്നവർ തീർത്ഥയും സർവ്വയാഗാവഭൃഥസ്നാനങ്ങളും ചെയ്തവരായിത്തീരും! ശുക്ല, കാർത്തികവ്രതം ശരിക്കനുഷ്ഠിക്കുന്ന മനുഷ്യരെ ദേഹാന്തത്തിൽ ഭവാൻ എന്റെ ഭവനത്തിൽ കൊണ്ടുചെന്നാക്കണം; യമ, ഭവാൻ അവർക്കു വിഘ്നം നേരിടാതെ നോക്കണം; വരുണ, ഭവാൻ അവർക്കു പുത്രപൌത്രാദികളെ പ്രദാനം ചെയ്യണം; ധനേശ, ഭവാൻ അവർക്കു സമ്പൽസമൃദ്ധി നൽകണം. അവർ എന്റെ സാരൂപ്യംപൂണ്ട ജീവന്മുക്തരാകുന്നു. ജനനംമുതൽ മരണംവരെ ഈ മഹാവ്രതം യഥാവിധി അനുഷ്ഠിച്ചവർ ഭവാന്മാർക്കും മാനനീയർ തന്നെ, ഏകാദശിനാളാണല്ലോ, നിങ്ങൾ എന്നെ ഉറക്കമുണർത്തിയതു് അതിനാൽ, ഈ തിഥി പൂജനീയയും എനിക്കു തുലോം പ്രീതിദയുമാകുന്നു. ഈ വ്രതം രണ്ടും മനുഷ്യർ ശരിക്കനുഷ്ഠിച്ചാൽ, എന്റെ സാന്നിധ്യം സിദ്ധിക്കും. അതിന്നിതുപോലെ മറെറാന്നില്ല! സുരോത്തമരേ, ദാനം, തീർത്ഥസേവനം, തപസ്സു്, യജ്ഞം എന്നിവകൊണ്ടു സ്വർഗ്ഗമേ കിട്ടുകയുള്ളൂ.'

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, കാർത്തികമാഹാത്മ്യപ്രകരണം,
സത്യഭാമാകൃഷ്ണസംവാദം, കാർത്തികശുക്ലൈകാദശീകഥനം
രണ്ടാണ്ണൂറിരണ്ടാമദ്ധ്യായം.

——(o)——

Digitized By Kerala Sahitya Akademi

തൊണ്ണൂറിമൂന്നാമദ്ധ്യായം

നാരദൻ:—ഇപ്രകാരം കഥിച്ചു് വിഷ്ണുഭഗവാൻ ഒരു മത്സ്യത്തിന്റെ രൂപം ധരിച്ചു്, ആകാശത്തുനിന്നു്, വിന്ധ്യവാസിയായ കശ്യപന്റെ ജലാഞ്ജലിയിൽ നിപതിച്ചു; ആ മഹർഷി മനംകനിഞ്ഞു്, മത്സ്യത്തെ തന്റെ കമണ്ഡലുവിലിട്ടു. അതു് അതിൽ കുതുങ്ങിയില്ല; അതിനാൽ അദ്ദേഹം കിണ്ടിയിലിട്ടു. കിണ്ടിയിലും ഒതുങ്ങാഞ്ഞതിനാൽ പൊയ്കയിലും, പിന്നീടു സമുദ്രത്തിലും കൊണ്ടിട്ടു. വീണ്ടും സമുദ്രത്തിൽക്കിടന്ന വലുതായി മത്സ്യരൂപനായ മാധവൻ ശംഖനെ നിഗ്രഹിച്ചു തുക്കയ്യിലെടുത്തു്, ഖദയ്യാശ്രമമണഞ്ഞു്, ഋഷിമാരെയെല്ലാം വിളിച്ചരുളിച്ചെയ്തു:—'വെള്ളത്തിനുള്ളിൽച്ചിന്നിയ സരഹസ്യങ്ങളായ വേദങ്ങളെ നിങ്ങൾ വേഗത്തിൽ തിരഞ്ഞെടുത്തുകൊണ്ടുവരുവിൻ; അവരെ ഞാൻ ദേവഗണങ്ങളോടുകൂടി പ്രയാഗത്തിലിരിക്കാം.' ഉടനേ, തേജസ്സും ഓജസ്സും ചേർന്ന മുനിമാരെല്ലാവരും കൂടി യജ്ഞബീജാനുഷ്ഠാനങ്ങളായ വേദങ്ങളെ പെറുക്കിയെടുത്തു. രാജാവേ, അതിൽ ഏതാംശം അവർക്കു കിട്ടിയോ, അതിനവർ, അവൻതന്നെ അന്നമുതൽക്കു ഋഷിയായി. പിന്നീടു മുനിമാരെല്ലാവരും കൂടി പ്രയാഗത്തിൽ ചെന്നു്, വിധാതൃസഹിതനായ വിഷ്ണുവിനെ വേദങ്ങൾ കിട്ടിയ വിവരം അറിയിച്ചു. യജ്ഞങ്ങളോടുകൂടിയ വേദങ്ങൾ കൈവന്നതിനാൽ മനം കുളിർത്ത ബ്രഹ്മാവു് ദേവർഷിഗണങ്ങളോടൊന്നിച്ചു് അശ്വമേധയാഗം കഴിച്ചു. യാഗാവസാനത്തിൽ യക്ഷകിന്നരഗന്ധർവകന്മാർ ദേവദേവേശനെ നിലത്തു വടിപോലെ വീണു വണങ്ങിയുണർത്തിച്ചു:—'ദേവദേവ, ജഗദീശ, സ്വാമിൻ, ഞങ്ങളുടെ അറിയിപ്പുകേട്ടരുളുമാറാകണം. ഞങ്ങൾക്കു സന്തോഷകാലമാണിതു്. അതിനാൽ ഇവിടുന്നു വരം കല്പിച്ചുതന്നാലും: ലക്ഷ്മീപതേ, ഇവിടുത്തെ പ്രസാദത്താൽ, ഈ സ്ഥലത്തുവെച്ചു്, പോയ വേദങ്ങൾ ബ്രഹ്മാവിനു വീണ്ടുകിട്ടി; ഞങ്ങൾക്കു യജ്ഞഭാഗങ്ങളും കൈവന്നു. അതിനാൽ ഈ സ്ഥലം എന്നെന്നും ഭൂമിയിൽവെച്ചു്, ശ്രേഷ്ഠവും പുണ്യവർദ്ധനവും കീർത്തിമുക്തിപ്രദവുമാകുവാൻ നിന്തിരുവടി പ്രസാദിച്ചരുളണം. ഈ കാലവും വളരെ പുണ്യമായി ബ്രഹ്മഹത്യയെപ്പോലും വേർപെടുത്തുന്നതായി ദാനത്തെ അക്ഷയമാക്കുന്നതായി വേണ്ടുകയും; ഈ വരം ഞങ്ങൾക്കു കല്പിച്ചുതന്നാലും.'

വിഷ്ണു:—ദേവന്മാരേ, ഞാനും വിചാരിച്ചതാണു്, നിങ്ങളീ പ്രകാരമെന്തു്. അങ്ങനെയാവട്ടെ—ഈ സ്ഥലം ബ്രഹ്മക്ഷേത്രമെന്നു പുകഴപ്പെടട്ടെ. പുരൂരവംശത്തിലെ ഒരു രാജാവു് ഗംഗയെ ഭൂമിയിൽ കൊ

Digitized By Kerala Sahitya Akademi

ഭവതും; ആ ഗംഗ ഇവിടെ സൂര്യപുത്രിയായ കാളിന്ദിയോട് ചേരും. ബ്രഹ്മാദികളായ നിങ്ങളെല്ലാവരും എന്നോടൊന്നിച്ച് ഇവിടെ പാർക്കണം. ഈ തീർത്ഥം തീർത്ഥപ്പെരുമാളെന്ന വിളിപ്പെട്ടും. ഇവിടെ ദാനം, വ്രതം, തപസ്സ്, ഹോമം, ജപം, പൂജ മുതലായവയെല്ലാം അനന്തഫലങ്ങളും സദാ എന്റെ സാന്നിദ്ധ്യത്തെ നൽകുന്നവയുമായി വരട്ടെ! ഏഴ്ജന്മങ്ങളിലെ ബ്രഹ്മഹത്യാദിപാപങ്ങളേപോലും, ഈ തീർത്ഥത്തെ ദർശിച്ച നിമിഷത്തിൽ അറുത്തിപ്പെട്ട പോകട്ടെ! ഇവിടെ എന്റെ സന്നിധിയിൽ ദേഹത്യാഗം ചെയ്യുന്ന ധീരന്മാർ പുനർജ്ജന്മരഹിതരായി എന്നോട് ചേരുകതന്നെ ചെയ്യും! ഇവിടെ എന്റെ മുമ്പിൽ യാവചിലർ പിതൃക്കർമ്മക്കായി ശ്രാദ്ധം കഴിക്കുമോ, അവരുടെ പിതൃക്കളെല്ലാം എന്റെ സാലോക്യമടയട്ടെ! ഈ കാലവും മനുഷ്യർക്ക് ഫലം നൽകുന്ന മഹാപുണ്യമാകട്ടെ; മകരത്തിൽ പ്രാതഃസ്നാനം ചെയ്യുന്നവർക്ക് പാപനാശനമാകട്ടെ! മാഘത്തിൽ, സൂര്യൻ മകരത്തിൽ നിൽക്കെ, പ്രാതഃസ്നാനം ചെയ്യുന്നവരെ ദർശിച്ചാൽത്തന്നെ പാപം, സൂര്യദർശനത്താലിരുട്ടെന്നപോലെ വിട്ടൊഴിയും. മാഘമാസത്തിൽ പ്രാതഃസ്നാനം ചെയ്യുന്നവർക്ക് ഞാൻ സാലോക്യവും സാമീപ്യവും സാരൂപ്യവും ക്രമേണ നൽകും. മഹർഷിമാരെല്ലാവരും കേൾക്കുവിൻ: സർവ്വവ്യാപിയായ ഞാൻ ബദര്യാശ്രമത്തിൽ എന്നെന്നും നിവസിക്കുന്നുണ്ട് മറ്റൊരേടത്തു പത്തു സംവത്സരം തപസ്സു ചെയ്താലത്തെ ഫലം, ഇവിടെ ഒരൊറ്റദിവസംകൊണ്ടു നിങ്ങൾക്കു സിദ്ധിക്കും. ആ പ്രദേശം കാണുന്ന നരോത്തമർ എന്നെന്നും ജീവന്മുക്തർ തന്നെ; അവരിൽ പാപം നിൽക്കുകയില്ല.'

ഇപ്രകാരം അരുളിച്ചെയ്ത ദേവദേവൻ വിധാതാവിനോടൊന്നിച്ച് അവിടെത്തന്നെ മറഞ്ഞു. ഇന്ദ്രാദിദേവന്മാരും, അവരവരുടെ അംശംകൊണ്ട് അവിടെ അന്തർഹിതരായി സ്ഥിതിചെയ്തു. ഈ കഥ വിശുദ്ധചിത്തനായി കേൾക്കുകയോ കേൾപ്പിക്കുകയോ ചെയ്യുന്ന നരോത്തമൻ ഉഗ്രയാഗത്തിലും ബദര്യാശ്രമത്തിലും പോയാലത്തെ ഫലംകിട്ടും.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, കാർത്തികമാഹാത്മ്യപ്രകരണം, സനൽകുമാരകൃഷ്ണസംവാദം, പ്രയാഗാൽപത്തിഫലകഥനം തൊണ്ണൂറിനാലാമദ്ധ്യായം.

—:o:—

തൊണ്ണൂറിനാലാമദ്ധ്യായം

പൃഥു:—'മഹർഷേ, കാർത്തികമാഘങ്ങളുടെ മഹാഫലം ഭവാൻ പറഞ്ഞുവല്ലോ; ആ മാസങ്ങളിലെ സ്നാനവിധി, നിയമങ്ങൾ, ഉദ്യാപനവിധി എന്നിവകൂടി ശരിക്കു പറഞ്ഞുതരുമാറാകണം.'

Digitized By Kerala Sahitya Akademi

നാരദൻ:—വിഷ്ണുവിന്റെ അംശമാണ് ഭവാൻ; അങ്ങയ്ക്കു് അറിയുകൂടാത്തതൊന്നുമില്ല. എന്നാലും, ചോദിച്ചതുകൊണ്ടു് ഞാൻ വഴിപോലെ പറയാം:

ആശ്വിനമാസത്തിലെ വെളുത്ത ഏകാദശിനാളിൽവേണം, ശ്രദ്ധയോടേ കാർത്തികവ്രതം കൊള്ളുക. വ്രതക്കാരൻ പതിവായി രാത്രിയുടെ നാലാംയാമത്തിൽ ഉണർന്നെഴുനേറ്റു ഗ്രാമത്തിനു പുറത്തു തെക്കുപടിഞ്ഞാറു ഭാഗത്തു പോയി, വായ മുറുകെ അടച്ചു* മലമൂത്രവിസർജ്ജനം ചെയ്യുക; എന്നിട്ടു ലിംഗം കൈകൊണ്ടു പിടിച്ചു് ഏഴുനേറ്റുപോന്നു്, കോരിയെടുത്ത വെള്ളംകൊണ്ടു മണ്ണുംകൂട്ടി† ശൌചം ചെയ്യുക: ഗുഹ്യത്തിൽ അഞ്ചുപ്രാവശ്യവും, ഇടത്തെക്കൈപ്പടത്തിൽ പത്തുപ്രാവശ്യവും, ഇരുകാലുകളിൽ ഏഴേഴു പ്രാവശ്യവു, ലിംഗത്തിൽ ഒരു പ്രാവശ്യവും മണ്ണുപയോഗിക്കണം; ഇവ്വമാചരിച്ചാൽ വാനപ്രസ്ഥന്നും ഇതിലിരട്ടി; സന്യാസിക്കു നാലിരട്ടി. ശൌചം രാത്രിയിൽ പകുതി മതി; രോഗത്തിനും വഴിയാത്രയിലും അതിൽപ്പകുതി; സ്ത്രീകൾക്കും ശൂദ്രർക്കും അതിലും പകുതി. ശൌചം ചെയ്യാത്തവന്നു് എല്ലാക്രിയകളും പാഴായിപ്പോകും; വായ ശുദ്ധിപ്പെടുത്താത്തവന്നു മന്ത്രങ്ങൾ ഫലമാകയില്ല. അതിനാൽ പല്ലിനും നാവിനും ആയോളം വെടുപ്പു വരുത്തണം:

ആയുർബലം യശോ വർച്ചഃ പ്രജാഃ പശ്വസൂനി ച
ബ്രഹ്മപ്രജ്ഞാം ച മേധാം ച ത്വം നോ ദേഹി വനസ്പതേ
ഇത്യേതാഭ്യാം യജ്ഞവൃക്ഷാ ഓം സോമോ രാജായമാഗതഃ
സ മേ മുഖം പ്രമാർക്ഷ്യാം തേ ശുക്രേണാ വ ഭക്ഷേന ച.' (൧)

എന്നു മന്ത്രം ഉച്ചരിച്ചു ഗൃഹസ്ഥൻ പാൽമരത്തിന്റെ പഞ്ചിരുന്നതു വിരൽ നീളമുള്ള ഒരു കോൽകൊണ്ടു് ഒന്നുരണ്ടുവട്ടം ചെയ്യണം. ഞായറാഴ്ച, ഉപവാസം, പ്രതിപദം, കറുത്തവാവു്, നവമി, ഷഷ്ഠി, സൂര്യചന്ദ്രഗ്രഹണങ്ങൾ എന്നിവയിൽ പല്ലുതേപ്പു പാടില്ല; മുഖത്തുദിക്കുന്ന പന്തിരണ്ടുപ്രാവശ്യം ഗണ്ഡൂഷം ('കവിൾക്കഴിയുക') ചെയ്താൽ മതി. പിലാവു്, പരുത്തി, കരുനൊച്ചി, പിലാശ്, പേരാൽ, ആവണക്കു്, ഗന്ധം നന്നല്ലാത്ത മരം എന്നിവയുടെ കോൽകൊണ്ടു പല്ലുതേയ്ക്കരുതു്

പിന്നീടു പ്രസന്നഹൃദയനായി കേതിമാനായി ഗന്ധപുഷ്പതാംബൂലങ്ങൾ കൈക്കൊണ്ടു വിഷ്ണുവിന്റെയോ ശിവന്റെയോ

* മലമൂത്രവിസർജ്ജനവിധി, ശൌചപ്രയോജനം എന്നിവ ആദിത്യപുരാണത്തിലുണ്ടു്. † ഇവിടെ പക്ഷാന്തരമുണ്ടു്.

Digitized By Kerala Sahitya Akademi

ക്ഷേത്രത്തിൽ ചെന്ന്, ദേവന്നു പാട്യാഘ്ര്യാദികളും വെവ്വേറെ നൽകി, സ്തുതിച്ചു, നമസ്കരിച്ചു. ഗീതവാദ്യാദിമംഗളം നടത്തണം; ഇലത്താളം, ഓടക്കഴലൂത്തു, മൃദംഗം മുതലായവയോടുകൂടി നൃത്തം ചെയ്യുന്നവരേയും പാട്ടുപാടുന്നവരേയും പുഷ്പഗന്ധതാംബൂലങ്ങൾകൊണ്ടു പ്രീതിപ്പെടുത്തണം. അമ്പലത്തിൽ പാട്ടുപാടുന്നവർ വിഷ്ണുസഹസ്രപരായണം; തപസ്സും യജ്ഞവും ദാനവുമൊക്കെ ജഗൽഗുരുവിന്നു പ്രീതിപ്പെടുകയില്ല തന്നെ; എന്നാൽ കലികാലത്തു ഭക്തിയോടുകൂടിയ സംഗീതമത്രേ പ്രധാനം. 'ദേവേശ, നിന്തിരുവടിയുടെ വാസം എവിടെയാണെ'ന്നു ഞാൻ ചോദിച്ചതിന്നു, എന്റെ ഭക്തിയാൽ മനം തെളിഞ്ഞ ഭഗവാൻ ഇങ്ങനെയരുളിച്ചെയ്തു:—'നാരദ, വൈകുണ്ഠത്തിലല്ല, യോഗികളുടെ ഹൃദയത്തിലല്ല, എന്റെ വാസം; എന്റെ ഭക്തന്മാർ പാട്ടുനോടത്താണ്. അവരെ ഗന്ധപുഷ്പാദികൾകൊണ്ടു പൂജിച്ചാൽ എനിക്കു പരമസന്തോഷമായി; അതുമല്ലാ, എന്നെപ്പൂജിച്ചാൽ! എന്റെ പുരാണകഥയും എന്റെ ഭക്തന്മാരുടെ പാട്ടും കേട്ടാൽ യാവചിലർ നിന്ദിക്കുമോ, അ മൂഢർ എനിക്കു ദ്വേഷ്യരായിത്തീരും.'

നെന്മേനിവാക, ഉമ്മത്തു, കടകപ്പാല, ഇലവു, എരിക്കു, കൊങ്ങ എന്നിവയുടെ പൂക്കൾകൊണ്ടും അക്ഷതങ്ങൾകൊണ്ടും വിഷ്ണുവിനെ പൂജിച്ചുകൂടാ; ചെമ്പരത്തി, കരുക്കത്തിമുല്ല, നെന്മേനിവാക, കാട്ടുമുല്ല, പിച്ചകം, കൈത എന്നിവയുടെ പൂക്കൾകൊണ്ടു ശിവനെ പൂജിച്ചുകൂടാ; തുളസികൊണ്ടു ഗണപതിയേയും, കറുകകൊണ്ടു ദുർഗ്ഗയേയും, അകത്തിപ്പൂകൊണ്ടു സൂര്യനേയും ശ്രീ തേടുന്നവൻ പൂജിക്കരുതു്. മറുള്ളവ എന്നെന്നും പൂജയ്ക്കു കൊള്ളാം. പൂജകഴിഞ്ഞാൽ ദേവദേവനെ,

'മന്ത്രഹീനം ക്രിയാഹീനം ഭക്തിഹീനം സുരേശ്വര,
യൽ പൂജിതം മയാ ദേവ, പരിപൂർണ്ണം തദസ്തു മേ!'

എന്നു ക്ഷമിപ്പിക്കണം. പിന്നെ വലത്തുവെച്ചു ദണ്ഡനമസ്കാരം ചെയ്തു, വീണ്ടും ക്ഷമാപണം ചൊല്ലി, പാട്ടും മറും അവസാനിപ്പിക്കുക. ഇങ്ങനെ കാർത്തികത്തിൽ രാത്രിസമയത്തു വിഷ്ണുവിനെയോ ശിവനെയോ ശരിക്കു പൂജിക്കുന്ന മനുഷ്യർ പാപം വേർപെട്ടു പുണ്യികരോടൊന്നിച്ചു വിഷ്ണുമന്ദിരത്തിൽ ചെന്നു ചേരും.

Digitized By Kerala Sahitya Akademi

തൊണ്ണൂറാഞ്ചാമദ്ധ്യായം

നാരദൻ:—പുലരാൻ രണ്ടുനാഴികയുള്ളപ്പോൾ, എള്ളും ദർഭയും അക്ഷതവും ഗന്ധപുഷ്പാദികളും കൊണ്ടു ശുചിയായി ജലാശയത്തിലേയ്ക്കു പോകണം. മനുഷ്യഖാതം, ദേവഖാതം, നദി,സംഗമം എന്നിവയിലെ സ്നാനത്തിനു ക്രമേണ പതിപ്പത്തിരട്ടി ഫലമുണ്ട്. തീർത്ഥത്തിലായാലും, ഫലത്തിനന്തരമില്ല. സ്നാനത്തിനു വിഷ്ണുവിനെ സ്മരിച്ചു സങ്കല്പംചെയ്യണം; തീർത്ഥദേവതമാക്ക് അർഘ്യാദികളും നൽകണം.

സങ്കല്പമന്ത്രം:—

'നമഃ കമലനാഭായ! നമസ്തേ ജലശായിനേ!
നമസ്തേസ്തു ഹൃഷീകേശ! ഗൃഹാണാർഘ്യം നമോസ്തുതേ!
വൈകുണ്ഠേ ച പ്രയാഗേ ച തഥാ ബദരികാശ്രമേ
യതോ വിചക്രമേ വിഷ്ണസ്ത്രേധാ വിനിദധേ പദം
അതോ ദേവാ മാമവന്തു ത്രേധാ സ നിദധേ പദം
തൈരേവ സഹിതഃ സർവൈർമ്മുനിവേദമഖാനിതൈഃ!
കാർത്തികേഹം കരിഷ്യാമി പ്രാതഃസ്നാനം ജനാർദ്ദന,
പ്രീത്യർത്ഥം തവ ദേവേശ, ദാമോദര, മയാ സഹ
ധ്യാതശ്ചാഹം ത്വയാ ച ദേവേശ ജലേസ്മിൻ സ്നാതുമർഹതഃ;
തവ പ്രസാദാൽ പാപം മേ ദാമോദര, വിനശ്യതു!'

അർഘ്യമന്ത്രം:—

'നിത്യേ നൈമിത്തികേ കൃഷ്ണ, കാർത്തികേ പാപനാശനേ
ഗൃഹാണാർഘ്യം മയാ ദത്തം രാധയാ സഹിതോ ഹരേ!'

ഗംഗയേയും വിഷ്ണുവിനേയും ശിവനേയും സൂര്യനേയും സ്മരിച്ച് വെള്ളത്തിലിറങ്ങി, നാഭിയോളം വെള്ളത്തിൽനിന്ന് യഥാവിധി സ്നാനംചെയ്യുക: ഗൃഹസ്ഥൻ എള്ളും നെല്ലിക്കയും അരച്ചുതേയ്ക്കണം; വാനപ്രസ്ഥനും സന്ന്യാസിയും തുളസിക്കടയ്ക്കലെ മണ്ണുതേയ്ക്കുക. ദ്വിതീയ, ഷഷ്ഠി, നവമി, ദശമി, ത്രയോദശി, വാവ് എന്നീ തിഥികളിൽ തിലാമലകസ്നാനം പാടില്ല. ആദ്യം മല സ്നാനം, പിന്നെ മന്ത്രസ്നാനം; സ്ത്രീകളും ശൂദ്രരും വേദമന്ത്രംകൊണ്ടല്ലാ, പുരാണമന്ത്രംകൊണ്ട് സ്നാനംചെയ്യുക.

[illegible] കടി.

Digitized By Kerala Sahitya Akademi

'ത്രിധാഭ്രമേകാത്ത്വാത്ഥം യഃ പുരാ കേതിഭാവിതഃ
സ വിഷ്ണുഃ സർവപാപഘ്നഃ പുനാതു കൃപയാ മാം!
വിഷ്ണോരാജ്ഞാമനുപ്രാപ്യ കാർത്തികവ്രതകാരണാൽ
ക്ഷമന്തു ദേവാസ്സേ സർവേ മാം പുനന്തു സർവാസവാഃ!
വേദമന്ത്രാഃ സബീജാശ്ച സരഹസ്യാ മഖാനിതാഃ
കശ്യപാദ്യാശ്ചമുനയോ മാം പുനന്തു സദൈവതേ!
ഗംഗാദ്യാസ്സരിതസ്സർവാസ്തീർത്ഥാനി ജലദാ നദാഃ
സസപ്തസാഗരാസ്സർവേ മാം പുനന്തു ജലാശയാഃ!
പതിവ്രതാസ്സതിത്യാദ്യാ യക്ഷാഃ സിദ്ധാഃ സപന്നഗാഃ
ഓഷധ്യഃ പർവതാശ്ചാപി മാം പുനന്തു ത്രിലോകജാഃ!

പവിത്രം കയ്യിൽധരിച്ച് ഈ മന്ത്രങ്ങൾ ജപിച്ചുകൊണ്ട് കേതികവ്രതക്കാരൻ കളിയ്ക്കുക. ദേവർഷിപിതൃമനുഷ്യർക്ക് യഥാവിധി തർപ്പണവും ചെയ്യണം. കാർത്തികമാസത്തിൽ പിതൃതർപ്പണം ചെയ്യുന്നതിൽ എത്ര എള്ളിന്മണിയുണ്ടോ, അത്രയും സംവത്സരം വിഷ്ണുലോകത്തിൽ വസിയ്ക്കും. പിന്നീട് വെള്ളത്തിൽനിന്ന് കേതിപുഷ്പവസ്ത്രമുടുത്തു പ്രാതഃകാലത്തിലെ കർമ്മം കഴിച്ച് വിഷ്ണുവിനെ പൂജിക്കണം; കേതിയാൽ ശ്രീമാലുവായി തീർത്ഥങ്ങളേയും ദേവകളേയും സ്മരിച്ച്, വീണ്ടും ഗന്ധപുഷ്പഫലാന്വിതമായ അർഘ്യം നൽകണം:

'പ്രതിനഃ കാർത്തികേ മാസി സ്നാതസ്യ വിധിവന്മമ
ഗൃഹാണാർഘ്യം മയാ ദത്തം രാധയാ സഹിതോ ഹരേ!'

എന്നിട്ട്, വേദപാരഗരായ ബ്രാഹ്മണരെ കേതിപുഷ്പം ഗന്ധപുഷ്പതാംബൂലങ്ങൾകൊണ്ട് പ്രീതിപ്പെടുത്തി വീണ്ടും വീണ്ടും സ്മരിക്കണം: ബ്രാഹ്മണരുടെ വലത്തുകാലിൽ തീർത്ഥങ്ങളും, മുഖത്ത് വേദങ്ങളും, സർവാംഗങ്ങളിൽ ദേവകളും സ്ഥിതിചെയ്യുന്നു; ബ്രാഹ്മണരെ പൂജിച്ചാൽ തീർത്ഥാദികളും പൂജിക്കപ്പെട്ടുകഴിഞ്ഞു!*.....അനന്തരം വ്രതക്കാരൻ വിഷ്ണുവല്ലഭയായ തുളസീദേവിയെ പൂജിക്കണം: പ്രയാഗസ്നാനം, കാശിയിൽ പ്രാണത്യാഗം എന്നിവകൊണ്ടുള്ള ഫലമത്രേ, തുളസീപൂജയ്ക്ക് വേദത്തിൽ പറഞ്ഞിട്ടുള്ളത് പാപിയായാലും, ഒരിക്കലും സുകൃതംചെയ്തിട്ടില്ലാത്തവനായാലും, തുളസീദേവിയെ പൂജിച്ചവൻ മുക്തിയടയുമെന്നു കീർത്തിക്കപ്പെട്ടിരിക്കുന്നു. തുളസീദേവിയെ ഏകാഗ്രചിത്തനായി വലത്തുവെയ്ക്കുകയും നമസ്കരിക്കുകയും ചെയ്യണം:

* ബ്രാഹ്മണരെ അന്വേഷിക്കുകയെന്ന് സാരാർത്ഥം മാത്രം ഗ്രഹിച്ചുകൊള്ളുക.

Digitized By Kerala Sahitya Akademi

'ദേഹവൈസ്സ്വം നിമ്മിതാ പൂർവ്വമച്ഛിതാസി മുനീശ്വരൈഃ
നമോ നമസ്തേ തുളസി! പാപം ഹര ഹരിപ്രിയേ!'

പിന്നീട് പുരാണം വായിപ്പിച്ച് വിഷ്ണുചരിതം ശ്രദ്ധയോടേ ശ്രവിച്ച്, വയനക്കാരനായ ബ്രാഹ്മണനെ സാദരം പൂജിക്കണം. ഈവിധമെല്ലാം വഴിപോലെ ഭക്തിയുക്തനായി ചെയ്യുന്നവൻ വിഷ്ണുസാലോക്യം പ്രാപിക്കും. രോഗം ശമിപ്പിപ്പാനും പാപം നശിപ്പിപ്പാനും സൽബുദ്ധിയുള്ള വാക്കാനും പുത്രവിത്താദികളെ ലഭിപ്പാനും മോക്ഷം കൈവരുത്താനും, ഭൂലോകത്തിൽ വിഷ്ണുപ്രീതിയായ കാർത്തികവ്രതമൊഴിഞ്ഞു മറെറാന്നില്ല!

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, കാർത്തികമാഹാത്മ്യപ്രകരണം,
സത്യഭാമാകൃഷ്ണസംവാദം, കാർത്തികസ്നാനവിധികഥനം
തൊണ്ണൂറാമദ്ധ്യായം

(൦)

തൊണ്ണൂറാമദ്ധ്യായം

നാരദൻ:—രാജാവേ, കാർത്തികവ്രതികൾക്കു വിധിക്കപ്പെട്ടിട്ടുള്ള നിയമങ്ങളും വ്രതത്തിന്റെ ഫലവും: അന്നദാനം, ഗോക്കളെ തിരുകെ, വൈഷ്ണവരോട് സംഭാഷണം, അന്യന്റെ വിളക്കു തെളിയിക്കുക എന്നിതെല്ലാം ധർമ്മമാകുന്നു.* ദേവബ്രാഹ്മണരേയും ദേവങ്ങളേയും ഗോക്കളേയും വ്രതക്കാരേയും സ്ത്രീകളേയും രാജാക്കന്മാരേയും മഹന്തുക്കളേയും കാർത്തികവ്രതി നിന്ദിക്കരുതു്; നരകചതുർദ്ദശി നാളിലല്ലാതെ എണ്ണ തേയ്ക്കരുതു്; § .....രജസ്വല, ശ്ലേച്ഛൻ, ദുഷ്ടൻ, വ്രതഹീനൻ, ബ്രാഹ്മണദ്വേഷി, വേദബോധ്യൻ എന്നിവരോട് ഒരിക്കലും സംസാരിക്കരുതു്. എണ്ണതേപ്പു്, കിടക്കമേൽ കിടപ്പു്, പരാന്നം, പാത്രത്തിലുണ്ണുക എന്നിവ എല്ലാ വ്രതങ്ങളിലും വർജ്ജിക്കണം; മറിച്ചായാൽ, വിഷ്ണുപ്രീതിക്കു യഥാശക്തി കുറ്റാടികരം അനുഷ്ഠിക്കണം. കുമ്പളങ്ങ, * മുതലായവ മുറയ്ക്കു പ്രതിപദാദിതിഥികളിൽ വർജ്ജിക്കുക. മാഘമാസത്തിലും ഇവതന്നെ നിയമങ്ങളാം. ഭൂമിയിലെ മുക്തിമുക്തിപ്രദങ്ങളായ ക്ഷേത്രങ്ങളെല്ലാം കാർത്തികവ്രതിയുടെ ശരീരത്തിൽ വന്നു കൂടികൊള്ളും! കാർത്തികവ്രതിക്ക് ഇന്ദ്രാദിദേവന്മാർ, വിഷ്ണുശാസന

§ യജ്ഞനീയങ്ങൾ ഉത്തരഖണ്ഡം ൨൯-ാമദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ട്.
* വിട്ടേയ്ക്കേണ്ടതും ഉത്തരഖണ്ഡം ൨൯-ാമദ്ധ്യായത്തിലുള്ളതാണ്

Digitized By Kerala Sahitya Akademi

ഞൊണ്ണൂറെട്ടാമദ്ധ്യായം

പൃഥു:—'ബ്രഹ്മൻ, ഇവിടുന്നു കാർത്തികവ്രതം വിസ്തരിച്ചതിൽ, തുളസിച്ചെവ്വാഴ്ചയിൽ വെച്ചു വേണ്ടും വിഷ്ണുപൂജ എന്നു പറഞ്ഞുവല്ലോ; അതിനാൽ തുളസിയുടെ മാഹാത്മ്യം ചോദിപ്പാൻ എനിക്കാഗ്രഹം തോന്നുന്നു. എന്തുകൊണ്ടാണ്, തുളസി ശാർങ്ഗപാണിയായ ദേവദേവന്നു അത്യന്തം പ്രിയപ്പെട്ടതു? എങ്ങിനെയാണു, എവിടെയാണു, അതിന്റെ ഉല്പത്തി? ഇതു മുഴുക്കത്തിൽ പറഞ്ഞുതന്നാലും. ഇവിടുന്നു സർവ്വജ്ഞനാണല്ലൊ.'

നാരദൻ:—'രാജാവേ, തുളസിയുടെ മാഹാത്മ്യം മനസ്സിരുത്തി കേട്ടുകൊള്ളുക; അതെല്ലാം ഒരിതിഹാസത്തോടുകൂടി ഞാൻ പറഞ്ഞുതരാം.'

പണ്ടു ദേവേന്ദ്രൻ ശിവനെ ദർശിപ്പാൻ വേണ്ടി, വിണ്ണവരാലെല്ലാം മുറാവുപ്പെട്ടു, അപ്സരോവൃന്ദസേവിതനായി കൈലാസപർവ്വതത്തിലേയ്ക്കു ഗമിച്ചു. അദ്ദേഹം ശിവഗൃഹത്തിൽ ചെന്നപ്പോഴം, അവിടെ, ഘോരരൂപികളായ ദംഷ്ട്രകളോടും കണ്ണുകളോടും കൂടിയ ഒരു ഭീമപുരുഷനെയാണു കണ്ടതു്. അയാളോടു ശക്രൻ ചോദിച്ചു:—'നീ ആരാണു? ജഗദീശ്വരൻ എങ്ങോട്ടെഴുന്നള്ളി?' ഈ ചോദ്യം പലവുരു ആവർത്തിച്ചിട്ടും, അയാൾ തന്നെ മിണ്ടിയില്ല! അതിൽ അരിശമൂത്തു കലിശായുധൻ അയാളോടു തട്ടിക്കേറി: 'എടാ, ദുഷ്ട, ഞാൻ ചോദിച്ചതിന്നു നീ മറുപടി പറഞ്ഞില്ലല്ലൊ; അതിനാൽ നിന്നെ ഞാൻ വജ്രംകൊണ്ടു വധിക്കും. ആയുധമുണ്ടു, നിന്നെ രക്ഷിപ്പാൻ!' എന്നിങ്ങനെ കഥിച്ചു വാസവൻ വജ്രം ആഞ്ഞുവീശി. അതേറിട്ടു് അയാളുടെ കഴുത്തു കരുവാളിച്ചു; വജ്രവും ഒടിഞ്ഞുമായി! ആ പുരുഷൻ ശിവൻ തന്നെയായിരുന്നു; തന്നിരുവഴി തേജസ്സിനാൽ പുട്ടേരിപ്പാനെന്നവണ്ണം സഞ്ജാലിച്ചു. ആയുധങ്ങളെ സ്വസ്ഥതി ചെയ്തപ്പെട്ട തൊഴുകയുമായി തിരുമുമ്പിലണഞ്ഞു; വാസവനും വടിപോലെ നിന്നു നമസ്കരിച്ചു; വ്യാഴൻ സ്തുതിപ്പാൻതുടങ്ങി:—'ഭഗവാനെ നമസ്കാരം! ത്രിലോചനനായി കപർദ്ദിയായി ത്രിപുരഹരനായി അന്ധകനിഷൂദനനായിരിക്കുന്ന നിന്നെ നമസ്കാരം! വിശ്വരൂപനും ജ്യോതിരൂപനും ബഹുരൂപനും യജ്ഞാധിപനിയും യജ്ഞഫലദായകനും കാലാന്തകനും കാലനും സപ്തഭ്രഷണനുമായ ദേവദേവിനു നമസ്കാരം! ബ്രഹ്മാവിന്റെ ശിരസ്സറുത്തവനെ നമസ്കാരം! സുബ്രഹ്മ

Digitized By Kerala Sahitya Akademi

ണ്ണുന്ന നമസ്കാരം, നമസ്കാരം!' വ്യാഴനാൽ ഈ വിധം സ്തുതിക്കപ്പെട്ട ശിവൻ ലോകം മുന്നിനേയും പട്ടപൊട്ടിപ്പാൻ പോന്ന നേത്രജ്വാലയെ ഉപസംഹരിച്ചിട്ട്, അദ്ദേഹത്തോടരുളിച്ചെയ്തു:—'ബ്രഹ്മൻ, വരം വാങ്ങിക്കൊൾകെ; അവന്റെ ഈ സ്തുതിയാൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. ഇന്ദ്രനു ജീവൻകൊടുത്തതുകൊണ്ടു മാത്രം ജീവകനു വിളിപ്പെട്ടവൻ.'

വ്യാഴൻ:—'തിരുമേനി പ്രസാദിച്ചുവെങ്കിൽ, ശരണാഗതനായ ശുക്രനെ സംരക്ഷിച്ചാലും; നെറ്റിത്തുക്കണ്ണിൽ നിന്നു പുറപ്പെട്ട ഈ അഗ്നി ശമിക്കുമാറാകട്ടെ!'

ശിവൻ:—'എങ്ങിനെയാണ്, അഗ്നി വിരിഞ്ചം നെറ്റിക്കണ്ണംപൂകുക? ഇന്ദ്രനെ പീഡിപ്പിക്കാതിരിക്കാൻ ഇതിനെ ഞാൻ ഉരുത്തുകളയാം.'

ഈ വിധം കഥിച്ച ശങ്കരൻ അഗ്നിയെ തൃക്കയ്യിലെടുത്ത് ഉപ്പുകടലിലേയ്ക്ക് എറിഞ്ഞു; അതു സിന്ധുസമുദ്രസംഗമത്തിൽ ചെന്നുവീണ് ഒരു ബാലനായിത്തീർന്നു കരഞ്ഞുതുടങ്ങി.*.....

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, കാർത്തികമാഹാത്മ്യപ്രകരണം, ശത്രുജന്മം കൃഷ്ണസംവാദം, ജലന്ധരോപാഖ്യാനപ്രാരംഭം, തൊണ്ണൂറാമദ്ധ്യായം.

(൦)

ഒരുനൂറാറാമദ്ധ്യായം

നാരദൻ:—ജലന്ധവധോദ്യാനാനന്തരം ഹർഷത്താൽ കൺവിടർന്ന ബ്രഹ്മാദിദേവന്മാർ ശിവനെ താണുവണങ്ങി, വിഷ്ണുവിന്റെ അവസ്ഥയുണർത്തിച്ചു:—'മഹാദേവ, നിന്തിരുവടി ദേവന്മാരെ ശത്രുഭയം നീക്കി സംരക്ഷിച്ചു; എന്നാൽ, മറെറാന്നു വന്മകുടിയിരിക്കുന്നു: അതിൽ ഞങ്ങളെന്തു ചെയ്യേണ്ടു? വിഷ്ണുവൃന്ദയുടെ സതീത്വത്തിനു ഭംഗമുണ്ടാക്കുവാൻ ഉദ്ദിശിക്കുന്നു ബോധംകെട്ടിരിക്കയാണ്!'

ശിവൻ:—'ദേവന്മാരേ, വിഷ്ണുവിന്റെ വ്യാമോഹം നീങ്ങാൻ, നിങ്ങളും ശരണ്യയായ മോഹിനീദേവിയെ ശരണംപ്രാപിക്കുവിൻ; അവർ നിങ്ങളുടെ കാര്യം നിറവേറും'.

* ഈ ഉത്തരഖണ്ഡം ൨൦൦ അദ്ധ്യായത്തിൽ തുടങ്ങിയതും, ൧൯൦ അദ്ധ്യായത്തിലവസാനിച്ചതുമായ ജലന്ധരോപാഖ്യാനം തന്നെയാണ്, ഇവിടം തുടങ്ങി ൨൦൦ അദ്ധ്യായത്തിനുപുറമേ മുള്ള ഭാഗത്തിലെ വിശേഷം; അതിനാൽ അതുമാത്രം ഭാഷാന്തരീകരിച്ചു.

Digitized By Kerala Sahitya Akademi

ഇത്രയും കഥിച്ച മഹേശ്വരൻ ഭൂതഗണങ്ങളോടൊപ്പം മറഞ്ഞു. ദേവന്മാരാകട്ടെ, ഭക്തവത്സലയായ മൂലപ്രകൃതിയെ സ്തുതിപ്പാൻതുടങ്ങി:—

(൭൭൭)

"തന്നിൽനിന്നുണ്ടായുള്ള സൃഷ്ടിസ്ഥിത്യുപരമ-
കാരണങ്ങളാം സത്വരജസ്തമസ്സുകൾ,
തന്നിച്ഛയാൽ പാർത്തിനാൽപ്പത്തിവിനാശങ്ങ-
ളാ, മൂലപ്രകൃതിയെക്കൈവണങ്ങുന്നു ഞങ്ങൾ!
തന്നിരുപത്തിമൂന്നു പേർകൊണ്ടു വിഭിന്നയായ്—
പ്പാരിങ്കലെല്ലാടത്തും വ്യാപിച്ചുമതു നീ,
തിരിയില്ലാർത്തൻ ശ്രുപകമ്മങ്ങളും മുദ്ദേവർക്കും,
ശരിയല്ലാപ്രകൃതിയെക്കൈവണങ്ങുന്നു ഞങ്ങൾ!
നിന്നുടെപേരിൽഭക്തിയുംകൊണ്ടു ജനങ്ങൾക്കു
ദാരിദ്ര്യപരാഭവവ്യാമോഹദുഃഖാദികൾ
ചേരുകില്ലൊരിക്കലും, ഭക്തവത്സലയാമാ—
കാരണപ്രകൃതിയെക്കൈവണങ്ങുന്നു ഞങ്ങൾ!"

ഈ സ്തോത്രം ത്രിസന്ധ്യകളിൽ ഏകാഗ്രചിത്തനായി ചൊല്ലുന്നവനെ ദാരിദ്ര്യമോഹദുഃഖങ്ങൾ ഒരിക്കലും സ്പർശിക്കുകയില്ല! ദേവന്മാർ ഈ വിധം സ്തുതിക്കെ, ആകാശത്തു് ഒരു തേജോമണ്ഡലം ദിക്കെങ്ങും വ്യാപിച്ച ജ്വാലാമാലകളോടെ കാണ്മാറായി; അതിന്റെ നടുവിൽനിന്നു് ഒരാകാശവാണിയും പരക്കെ കേൾക്കുമാറായി:—'ഞാൻതന്നെ രജസ്സത്ത്വതമസ്സുകളാകുന്ന ത്രിഗുണങ്ങൾകൊണ്ടു് ഗൌരിയും ലക്ഷ്മിയും *സരസ്വതിയുമാകുന്ന മൂവരായി സ്ഥിതിചെയ്യുന്നു; നിങ്ങൾ അവരുടെ അടുക്കൽ പോയ്ക്കൊൾവിൻ. അവർ കാര്യം സാധിപ്പിയ്ക്കും.' വിസ്മയത്താൽ കൺവിടർന്ന വിണ്ണവന്മാർ ഈ അരുളപ്പാടു കേട്ടനിൽക്കെ, ആ തേജസ്സു് അന്തർദ്ധാനംചെയ്തു. ഉടനെ ദേവന്മാരെല്ലാം ആ അരുളപ്പാടനുസരിച്ചു് ചെന്നു ഗൌരീലക്ഷ്മീസരസ്വതീദേവിമാരെ ഭക്തിപൂർവ്വം പ്രണമിച്ചു. നരേന്ദ്രാ, ആ ഭക്തവത്സലമാർ ദേവന്മാരെ തൃക്കൺപാർത്തു് ഏതാനും വിത്തുകൾ അവരുടെ കയ്യിൽ കൊടുത്തിട്ടരുളിച്ചെയ്തു:—'ഈ വിത്തുകൾ വിഷ്ണുവിരിക്കുന്നേടത്തു വിതയ്ക്കുവിൻ; എന്നാൽ നിങ്ങൾക്കു കാര്യം സാധിയ്ക്കും.' മനംകുളിർത്ത സുരസിദ്ധസംഘങ്ങൾ വിത്തുകൾ കൊണ്ടുവന്നു്, വൃന്ദയുടെ ശരീരം ദഹിപ്പിച്ച സ്ഥലത്തു വിതച്ചു. വിഷ്ണു അവളുടെ മുടലച്ചാരം

* ഈ രൂപങ്ങളിൽനിന്നു ഭേദപ്പെട്ടതു്.

Digitized By Kerala Sahitya Akademi

ദേഹത്തിൽ പൂശി, ബോധമില്ലാതെ അവിടെത്തന്നെ ഇരിക്കുന്നവനായിരുന്നു!

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, കാർത്തികമാഹാത്മ്യപ്രകരണം, സത്യഭാമോപാഖ്യാനസംഗ്രഹം, ജലന്ധരവധകഥനം തുളസീവിവാഹമഹോത്സവം.

ഒരുനൂറേഴാമദ്ധ്യായം

നാരദൻ:—ഭഗവാനേ, ആ വിത്തുകൾ വിതച്ചതിൽ നിന്നു മുണ്ടായ മരങ്ങൾ ഏവയാണ്? നെല്ലിയും പിച്ചകവും തുളസിയും. നെല്ലി സ്വർഗ്ഗത്തിൽനിന്നും പിച്ചകം ലക്ഷ്മിയിൽനിന്നും തുളസി ഗോലോകത്തിൽനിന്നുമത്രേ ഉളവായത്; അവയുടെ ഗുണം മറ്റുള്ള തൊക്കെയും സത്തുവും രജസ്സുമാകുന്നു. സ്ത്രീവടിവിലുള്ള ആ മരങ്ങളെ കണ്ടതോടുകൂടി, വൃന്ദയുടെ സൌന്ദര്യമഹിമയാൽ മയങ്ങിയിരുന്ന മാധവൻ സംഭ്രമിച്ചെഴുന്നേറ്റു, അവരെ കാമത്താൽ പ്രേമപൂർവ്വം തൃക്കൺപാർക്കുകയായി. * ധാത്രീ തുളസിമാർ തന്തിരുവടിയേയും അനുരാഗത്തോടെ നിരീക്ഷിച്ചു; പിന്നാൽ, ലക്ഷ്മി വിത്തു നൽകിയത് ഈർഷ്യയോടുകൂടി ആയിരുന്നതിനാൽ, അതിൽനിന്നുണ്ടായ മാലതി എന്നവരും വിഷ്ണുവിങ്കൽ ഈർഷ്യ കൊള്ളുകയാണു ചെയ്തത്! തന്മൂലം അവർക്കു ബർബരി എന്ന അതിനിന്ദിതമായ പേർവന്നു. ആമലകിയും തുളസിയും ഗോവാങ്കൽ അനുരക്തമാരാകയാൽ അവിടെയും സദാ പ്രിയപ്പെട്ടവരായി. ഉടനെ അവരിരുവരോടുമൊന്നിച്ചു്, ദുഃഖം മറന്ന മനം കളിത്ത മധുസൂദനൻ ദേവകളാലെല്ലാം നമസ്കരിക്കപ്പെട്ട വൈകുണ്ഠത്തിലേയ്ക്കു തിരിച്ചു.

തുളസി അത്ര പ്രിയപ്പെട്ടതാകയാലാണ്, കാർത്തികവ്രതോദ്യാപനത്തിനു വിഷ്ണുപൂജ തുളസിച്ചുവട്ടിൽ ചെയ്യപോയതു്. ¶..... നമസ്കാരദർശനം, ഗംഗാസ്നാനം, തുളസീസേവാനം, ഇതു മൂന്നും ഒരുപോലെയത്രേ. തുളസിക്കതിർക്കൊണ്ടു ഹരിഹരന്മാരെപ്പൂജിച്ചവൻ വീണ്ടും ഗർഭം പൂകുകയില്ല; അവൻ മുക്തൻതന്നെ!

നെല്ലിക്കയും, തുളസിയും, പിന്നെ കേരകയിലെ മണ്ണും ആരുടെ ദേഹത്തിലുണ്ടോ, അവൻ ജീവന്മുക്തനത്രേ. നെല്ലിക്കയും തുളസീദളവും ചേർന്ന വെള്ളംകൊണ്ടു കുളിച്ചാൽ ഗംഗാസ്നാനമായി! നെല്ലിയുടെ ഇല കൊണ്ടും കായകൊണ്ടും ദേവപൂജ ചെയ്താൽ, പൊന്നിൻപൂക്കൊണ്ടു

* തെറ്റി. ¶ഇവിടെ വിട്ടതെല്ലാം ബ്രഹ്മഖണ്ഡം ൫൮-ാമദ്ധ്യായത്തിലുള്ളതാണ്

Digitized By Kerala Sahitya Akademi

ന്നു പൂജിച്ചാലത്തെ ഫലമുണ്ട്.....കാത്തികമാസത്തിൽ കാവ്ണ്ണനെ നെല്ലി വട്ടിൽ പൂജിച്ചാൽ, എല്ലാ ക്ഷേത്രങ്ങളിലും പതിവായി പൂജിച്ചുകഴിഞ്ഞതു നെല്ലിയുടേയും തുളസിയുടേയും മാഹാത്മ്യം, വിഷ്ണുവിന്റെതുപോലെതന്നെ, നാന്മുഖനും പാടെത്തൊട്ടിക്കാവുന്നതല്ല. ഈ തുളസ്യാമലകച്ചുള്ളുത്തി കേൾപൂവ്വം ശ്രവിക്കുകയോ ശ്രവിപ്പിക്കുകയോ ചെയ്യുന്നവൻ പാപമകന്നു പിതൃക്കളോടൊപ്പം ശ്രേഷ്ഠവിമാനമേറി സ്വർഗ്ഗത്തിൽ ചെന്നുചേരും.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, കാത്തികമാഹാത്മ്യപ്രകരണം, സത്യഭാമയ്ക്കു കൃഷ്ണസംവാദം തുളസ്യുൽപത്തി മഹിമകഥനം നേരുറെഴാമദ്ധ്യായം.

കരുന്തഴറെട്ടാമദ്ധ്യായം

പൃഥു:—'മുനിശ്രേഷ്ഠ, അത്യാശ്ചര്യമായ തുളസീമാഹാത്മ്യം ഇതിഹാസത്തോടുകൂടി വേറെ എനിക്കു പറഞ്ഞുതന്നു. കാത്തിക വ്രതത്തിന്നു വലിയ ഫലം വേറെ പറഞ്ഞുവല്ലോ; ഈ വ്രതം ആരാണനുഷ്ഠിച്ചിട്ടുള്ളതു? അതുകൂടി കഥിച്ചാലും.'

നാരദൻ:—'പണ്ടു സഹ്യാദ്രിക്കടുത്തു കരവീരപുരത്തിൽ ധർമ്മദത്തൻ എന്നൊരു ധർമ്മജ്ഞബ്രാഹ്മണനുണ്ടായിരുന്നു. അദ്ദേഹം ശരിക്കു വിഷ്ണുവ്രതമനുഷ്ഠിച്ചും നിത്യം വിഷ്ണുവിനെ പൂജിച്ചും, വേദശാസ്ത്രമന്ത്രം ജപിച്ചും, അതിഥികളെ സൽക്കരിച്ചും പോന്നു. ഒരിക്കൽ കാത്തികമാസത്തിൽ വിഷ്ണുജാഗരണത്തിന്നായി അദ്ദേഹം രാത്രിയുടെ നാലാംയാമത്തിൽ പൂജാദ്രവ്യങ്ങളുംകൊണ്ടു വിഷ്ണുക്ഷേത്രത്തിലേയ്ക്കു പുറപ്പെട്ടു; പോകുന്ന വഴിക്കു അദ്ദേഹത്തിന്റെ മുമ്പിൽ ഭയങ്കരാകാരയും നഗ്നയുമായ ഒരു രാക്ഷസി വന്നെത്തി: വളഞ്ഞ മൂക്കും, ഇളകുന്ന നാവു്, കണ്ടിൽപോയ തുടുകണ്ണുകളും, എല്ലുംതൊലിയുമായ ശരീരം, തുങ്ങിയ മുണ്ടു്, പരുപരുത്ത ശബ്ദം ഇങ്ങനെയുള്ള അവളെ കണ്ടപ്പോൾ ബ്രാഹ്മണൻ പേടിച്ചരണ്ടു വിറച്ചുപോയി. ഭയത്താൽ അദ്ദേഹം പൂജോപകരണങ്ങളെല്ലാം അവളുടെ മേലേയ്ക്കെറിഞ്ഞു; വിഷ്ണുനാമം സ്മരിച്ചു തുളസീജലവും മേലെയ്ക്കുതൂവി. തന്മൂലം അവർക്കു പാപം അകന്നുപ്പെടുകയും, മുൻജന്മത്തിലെ കർമ്മത്താൽ നേരിട്ട അവസ്ഥാവിശേഷം ഓർമ്മയിൽ വരികയും ചെയ്തു. ഉടനെ അവർ ഭക്തിനമസ്കാരം ചെയ്തു ബ്രാഹ്മണനോടരചെയ്തു:—'ദ്വിജേന്ദ്ര, ഞാൻ പൂർവ്വകർമ്മവിപാകത്താൽ ഈ നിലയിലായിപ്പോയി; എങ്ങിനെയാണു് എനിക്കിനി സൽഗതി കിട്ടുക?' അവർ മുമ്പിൽ നമ

Digitized By Kerala Sahitya Akademi

സൂചിച്ചു സ്വകർമ്മം പറയാൻ തുടങ്ങിയതിൽ അത്യന്തം ആശ്ചര്യപ്പെട്ട ധർമ്മദത്തൻ അവളോട് ചോദിച്ചു:—'എന്തൊരു കർമ്മത്താലാണു നീ ഈയൊരവസ്ഥയിലായതു്? നീ എവിടെ നിന്നു വരുന്നു? ആരാണു്? തൊഴിലെന്താണു്? എല്ലാം പറയുക.'

രാക്ഷസി:—'ബ്രഹ്മൻ, സൌരാഷ്ട്രനഗരത്തിൽ ഭിക്ഷു എന്നൊരു ബ്രാഹ്മണനുണ്ടായിരുന്നു. മുൻജന്മത്തിൽ അദ്ദേഹത്തിന്റെ ഭാര്യയായിരുന്ന ഞാൻ കലഹ എന്നാണു പേരു്. അതിനിഷ്ഠുരയായ ഞാൻ കർക്കശം ഭർത്താവിന്റെ വാക്കുകൊണ്ടും നന്മചെയ്യുകയുണ്ടായിട്ടില്ല: അദ്ദേഹത്തിനു മൃഷ്ടാന്നം കൊടുക്കില്ല; പറഞ്ഞതൊന്നും കേൾക്കില്ല; എപ്പോഴും കലഹിക്കുകയേ ചെയ്യൂ. അങ്ങിനെ പൊറുതികെട്ട്, എന്റെ ഭർത്താവു മറെറാരുത്തിയെ വേൾക്കാൻ നിശ്ചയിച്ചു. അതിനാൽ ഞാൻ വിഷം തിന്നു പ്രാണത്യാഗം ചെയ്തു. യമകിങ്കരന്മാർ എന്നെ കെട്ടിവരിഞ്ഞു കഷ്ടപ്പെടുത്തിക്കൊണ്ടുപോയി. യമൻ എന്നെ കണ്ടിട്ടു ചിത്രഗുപ്തനോടു ചോദിച്ചു:—'ചിത്രഗുപ്ത, ഇവളെന്താണു ചെയ്തിട്ടുള്ളതു്? നോക്കു. കർമ്മഫലം, ശുഭമോ അശുഭമോ, ഇവളനുഭവിക്കട്ടെ.' ചിത്രഗുപ്തൻ എന്റെ ചരിത്രത്തം ഒന്നൊന്നായുണർത്തിച്ചു:—'ഇവൾ നന്മയൊന്നും ചെയ്തിട്ടില്ല. മൃഷ്ടാന്നം താനുണ്ണുകയല്ലാതെ ഭർത്താവിനു കൊടുക്കാറില്ല; അതിനാൽ ഇവൾ സ്വമലം തിന്നുന്ന നരച്ചീരായി പിറക്കട്ടെ. എപ്പോഴും, ഇവൾ ഭർത്താവിനെ ദ്വേഷിച്ചും കലഹിച്ചും പോന്നു; അതിനാൽ ഇവൾ മലം തിന്നുന്ന പന്നിയായി പിറക്കട്ടെ. നാലംതോറും വെള്ളപാത്രത്തിൽത്തന്നെയായിരുന്ന ഇവളുടെ ഉണ്ട്; അതിനാൽ ഇവൾ സ്വന്തം കുട്ടിയെ തിന്നുന്ന പൂച്ചയായി ജനിക്കട്ടെ. ഭർത്താവിനെപ്പോലും ആത്മഹത്യ ചെയ്തതിനാൽ അതിനിന്ദിതമായ ഇവൾ പ്രേതമായും തീരട്ടെ. ഭടന്മാർ ഇവളെ ഇവിടെ നിന്നും മരുഭൂമിയിൽ കൊണ്ടുവിടണം; അവിടെ ഇവൾ ഏറിയനാൾ പ്രേതമായിപ്പാർക്കട്ടെ. പിന്നീട് ഈ ദുഷ്ട മൂന്നുജന്മം അനുഭവിക്കട്ടെ.' അങ്ങിനെ ഞാൻ സ്വകർമ്മത്താൽ അഞ്ചുകൊല്ലം പ്രേതമായി സദാ വിശന്നു ദഹിച്ചു കഷ്ടപ്പെട്ടു. പിന്നെ ക്ഷുൽപീഡിതയായ ഞാൻ ഒരു കച്ചവടക്കാരന്റെ ദേഹത്തിൽ കേറി, തെക്കോട്ടുപോന്നു, ഇവിടെ, പുഷ്ണാവേണ്യാസംഗമത്തിൽ വന്നെത്തി, അതിനെറ തീരത്തുനിന്നു. അപ്പോഴേയ്ക്കും ശിവവിഷ്ണുപാർഷദർ എന്നെ അയാളുടെ ദേഹത്തിൽ നിന്നു പിടിച്ചുവലിച്ചു് അകലെ മാററി. അതിനുശേഷം, വിശന്നവലഞ്ഞ ഞാൻ ഭോജനം കണ്ടെത്തി; ഇപ്പിടുതെ കയ്യിൽനിന്നു തുളസീജലം മേൽ വീണതിനാൽ എനിക്കു പാപവും നീങ്ങി. എന്നാൽ, ബ്രഹ്മനോന്ദ്ര, എങ്കൽ ദയചെയ്താലും: എങ്ങിനെയാണു് ഞാൻ

Digitized By Kerala Sahitya Akademi

ഈ പ്രേതാവസ്ഥയിൽ നിന്നും ആ ഘോരമായ ജന്മത്രയത്തിൽ നിന്നും വേർപെടുക!'

ഇതുകേട്ടപ്പോൾ കലാവതിയുടെ കമ്മവിപാകത്തിൽ വിസ്മയവും വിഷാദവും പൂണ്ട ധർമ്മദത്തൻ, അവളുടെ വൈവശ്യം കണ്ടു വളരെ കനിവുതോന്നിയതിനാൽ കുറെനേരം ധ്യാനത്തിൽ സ്ഥിതിചെയ്തിട്ട മറുപടിപറഞ്ഞു:—

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, കാർത്തികമാഹാത്മ്യപ്രകരണം,
സത്യഭാമാകൃഷ്ണസംവാദം, കലാവതീപാഖ്യാനം തൊണ്ണൂറ്റാമദ്ധ്യായം.

—:o:—

ഒരുന്നൂറൊമ്പതാമദ്ധ്യായം

ധർമ്മദത്തൻ:—'പാപം നശിക്കേണമെങ്കിൽ തീർത്ഥസേവ്രതാദികം ചെയ്യണം; പ്രേതദേഹസ്ഥയായ നിനക്ക് അതിന്നധികാരമില്ല. നിന്റെ വൈവശ്യം കാണുകയാൽ എനിക്കു വ്യസനം തോന്നുന്നതാണം. ദുഃഖിതയായ നിനക്ക് ഉൽഗതിവരുത്താതെ എനിക്കു മനസ്സാസ്ഥ്യം വരികയില്ല. എന്നാൽ, മൂന്നുയോനികളിൽപ്പതിപ്പിക്കുന്നതായ നിന്റെ അത്യുഗ്രപാതകവും അതികുത്സിതമായ പ്രേതത്വവും മറ്റു പുണ്യങ്ങൾകൊണ്ടു നീങ്ങുകയില്ല; അതിനാൽ, ഞാൻ ജനനംമുതൽക്കേ അനുഷ്ഠിച്ചുപോന്ന കാർത്തികവ്രതത്തിന്റെ പുണ്യത്തിൽ പകുതിഭോഗം കൊണ്ടു നീ പരഗതി അടയുക. യജ്ഞദാനതീർത്ഥവ്രതങ്ങളിലൊന്നുംതന്നെ കാർത്തികവ്രതപുണ്യത്തിന്നൊക്കുകയില്ല!'

ഈ വിധം കഥിച്ചു ബ്രാഹ്മണോത്തമൻ ദാമോദരാക്ഷരമന്ത്രം ഉച്ചരിച്ച് അവളെ തുളസീജലമാടിച്ചു; ഉടനെതാട്ടുകൂടി അവൾ പ്രേതത്വത്തിൽനിന്നു വേർപെട്ട്, ദിവ്യരൂപം പൂണ്ട്, ലാവണ്യത്താൽ ലക്ഷ്മിയെപ്പോലെ ആയി, പാവകജ്വാലയെപ്പോലെ പരിശോഭിച്ചു. അവൾ ബ്രാഹ്മണനെ നിലത്തു വടിപോലെ വീണു വണങ്ങി ഹർഷഗദഗദത്തോടെ ഉരിയാടി:—'ദേവശ്രേഷ്ഠ, ഇവിടത്തെ പ്രസാദത്താൽ ഞാൻ നരകത്തിൽനിന്നു നിർമ്മുക്തയായി; പാപസമുദ്രത്തിൽ കിടന്നു മുങ്ങുന്ന എനിക്കു ഭവാൻ ഒരു കപ്പലായിച്ചമഞ്ഞു!' അവൾ ഇതുമുതൽ പറഞ്ഞപ്പോഴേയ്ക്കും, വിഷ്ണുഭൃത്യകിങ്കരന്മാരായ പാർഷദർ ചേന്നു മിന്നിത്തിളങ്ങുന്ന ഒരു വിമാനം വാനത്തുനിന്നു വരുന്നതു കാണുമാറായി. പുണ്യശീലനും സുശീലനുമാകുന്ന ദാമോദരാക്ഷരന്മാർ അവളെ ആ അത്യുത്തമസേവിതമായ ശ്രേഷ്ഠവിമാനത്തിൽ ആരോഹണം ചെയ്യിച്ചു.

Digitized By Kerala Sahitya Akademi

ആ വിമാനം കണ്ട് അത്ഭുതപ്പെട്ട ധർമ്മദത്തൻ ആ വിഷ്ണു സഹചരന്മാരേയും സാഷ്ടാംഗം നമസ്കരിച്ചു. പുണ്യശീലന്മാരും ശീലന്മാർ ആ ബ്രാഹ്മണനെ പിടിച്ചെഴുന്നേല്പിച്ചു, ധർമ്മബുദ്ധിയായ വൃത്താന്തം അദ്ദേഹത്തെ അറിയിച്ചു:—'കൊള്ളാം, മഹാജ്ഞാനിയായ ധർമ്മദത്തൻ കൊള്ളാം: ദീനദയാലുവും ധർമ്മശീലനും വിഷ്ണുവ്രതനിരതനുമാകയാൽ ഭവാൻ തികഞ്ഞ വൈഷ്ണവൻതന്നെ! അങ്ങ് ബാല്യംമുതൽക്കേ അനുഷ്ഠിച്ചുപോന്ന കാർത്തികവ്രതത്തിന്റെ ഫലമത്രേ കൊടുത്തതിനാൽ, പുണ്യം ഇരട്ടിച്ചിരിക്കുന്നു. ഭവാന്റെ പുണ്യത്തിൽപ്പങ്കുതി കൊണ്ട് ഇവർ, നൂറുജന്മങ്ങളിലെ പാതകം അറുതിപ്പെട്ടുപോയി: സ്നാനങ്ങളാൽ ഇവളുടെ പൂർവ്വപാപം നശിച്ചു; വിഷ്ണുജാഗരണങ്ങൾമൂലം ഇവർ ഈ വിമാനത്തിലൂടെ വിവിധഭോഗ്യങ്ങളോടുംകൂടി വൈകുണ്ഠത്തിലേയ്ക്കു കൊണ്ടുപോകപ്പെട്ടുകയായി; ദീപദാനപുണ്യത്താൽ ഇവർക്ക് തേജോമയമായ രൂപം സിദ്ധിച്ചു; ശുഭമായ കാർത്തികവ്രതത്തിലെ തുളസീപൂജാദികളും ഭവാൻ കനിഞ്ഞനുൽകിയതിനാൽ ഇവർക്ക വിഷ്ണുസാമീപ്യം കൈവന്നു. ഭവാനും ഈ ജന്മത്തിന്റെ അവസാനത്തിൽ രണ്ടു ഭാര്യമാരോടുംകൂടി വൈകുണ്ഠമണഞ്ഞു വിഷ്ണുവിന്റെ സാമീപ്യവും സാരൂപ്യവും നേടും. ധർമ്മദത്ത, അങ്ങയെപ്പോലെ യാവതിവർ നാരായണനെ ആരാധിക്കുന്നവരോ, അവർതന്നെ ധന്യർ; അവർതന്നെ കൃതകൃത്യർ; അവർക്കുതന്നെ ജന്മസാഫല്യം! പണ്ട് ഉത്താനപാദപുത്രനെ ധ്രുവപദത്തിൽ വാഴിച്ച വിഷ്ണു വഴിപോലെ സേവിക്കപ്പെട്ടാൽ ശരീരികൾക്ക് എന്തെന്തു നൽകുകയില്ല! അവിടുത്തെ തിരുനാമം സ്മരിച്ചാൽത്തന്നെ ശരീരികൾ സൽഗതിയടയും: പണ്ട് നക്രത്താൽ പിടിക്കപ്പെട്ട ഗജേന്ദ്രൻ അവിടുത്തെ തിരുനാമം സ്മരിച്ചതിനാൽ മുകുന്ദനായി സന്നിധിയണഞ്ഞു ഈ ജയനായിത്തീർന്നു! അതിനാൽ, ഭവാനാൽ ആരാധിതനായ ഭഗവാൻ രണ്ടുഭാര്യമാരോടുകൂടിയ ഭവാന് അനേകായിരം കൊല്ലത്തേയ്ക്കു തന്റെ സാമീപ്യം തന്നരുളും; പിന്നെ, പുണ്യം ക്ഷയിച്ചു ഭവാൻ ഭൂലോകത്തേയ്ക്കുപോന്നാൽ, സൂര്യവംശത്തിൽ ദശരഥനെന്ന പുകഴ്ന്ന രാജാവായി ജനിയ്ക്കും. അന്നും ഭവാന് രണ്ടു ഭാര്യമാരുണ്ടാവും; അങ്ങയുടെ പുണ്യത്തിൽ പങ്കുതി വാങ്ങിയ ഇവർ മൂന്നാമത്തെ ഭാര്യയുമാവും. വിഷ്ണു ഭൂലോകത്തും ഭവാങ്കൽ വന്നു ചേരും—ദേവകാര്യത്തിന്നായി ഭവാന്റെ പുത്രത്വം കൈക്കൊള്ളും. അങ്ങയുടെ ഈ വിഷ്ണുപ്രീതിമയമായ ആ ജന്മവൃത്തത്തെക്കാൾ മീതെയല്ല, യജ്ഞങ്ങളും ദാനങ്ങളും തീർത്ഥസേവനങ്ങളും! ഇപ്പോൾത്തന്നെ ഭവാൻ ധന്യൻതന്നെ: ജഗൽഗുരുവിനെ സന്തോഷിപ്പിക്കുന്ന

Digitized By Kerala Sahitya Akademi

ഈ വ്രതം ചെയ്താൽ അനശ്വരപുണ്യം ലഭിക്കുമെന്നു പറഞ്ഞു. അതിന്റെ ഫലത്തിനാലത്രേ, ഇവളെ ഞങ്ങൾ വിഷ്ണുലോകത്തേയ്ക്കു കൊണ്ടുപോകുന്നത്.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, കാർത്തികമാഹാത്മ്യപ്രകരണം, സത്യഭാമാകൃഷ്ണസംവാദം, കലഹാകുക്കിവർണ്ണനാ നാമൈകനൂറ്റമ്പത്തൊമ്പതാമദ്ധ്യായം.

—— (൦) ——

ഒരുനൂറിപ്പത്താമദ്ധ്യായം

നാരദൻ:— ഇതുകേട്ട വിസ്മയപ്പെട്ട ധർമ്മദത്തൻ വീണ്ടും ദണ്ഡനമസ്കാരംചെയ്തു ചോദിച്ചു:— 'എല്ലാവരും ഭക്തരാത്തിനാശനനായ ഭഗവാനെ യജ്ഞദാനവ്രതതീർത്ഥതപസ്സുകൾകൊണ്ടു യഥാവിധി ആരാധിക്കുന്നുണ്ടല്ലോ; അവയിൽവെച്ചു, വിഷ്ണുവിനു പ്രീതികരവും സന്നിധ്യപ്രദവും ഏതാണ്? ഏതൊന്നു ചെയ്താലാണ്, അവരെല്ലാം അചിരാൽത്തന്നെ വരിക?'

പാരാശരർ:—'ബ്രാഹ്മണ, ഒന്നിന്റെ ചോദ്യം കൊള്ളാം. ഏകാഗ്രചിത്തനായി കേട്ടുകൊള്ളുക; ഒരു പഴയ ഇതിഹാസം ഞങ്ങൾ പറയാം:

പണ്ടു കാഞ്ചിപുരത്തു ചോളൻ എന്നൊരു ചക്രവർത്തി രാജാവു ഭരിച്ചിരുന്നു. അദ്ദേഹം വാഴ്കയാൽ ആ രാജ്യത്തിനു ചോളമെന്നു പേർവന്നു. ചോളൻ ഭൂമണ്ഡലം ഭരിക്കുന്നകാലത്തു് ദരിദ്രനോ ദുഃഖിതനോ പാപശീലനോ രോഗിയോ ആയിട്ട് ആരുമുണ്ടായിരുന്നില്ല. അസംഖ്യം യാഗങ്ങൾ കഴിച്ച അദ്ദേഹത്തിന്റെ കനകയൂപങ്ങൾകൊണ്ട് താമ്രവർണ്ണിയുടെ ഇരുകരയും ചൈത്രരഥംപോലെ ശോഭിച്ചിരുന്നു.

ആ രാജാവ് ഒരിക്കൽ, ജഗദീശൻ യോഗനിദ്രപൂണ്ടരുളുന്ന അനന്തശയനത്തിലേയ്ക്കു ഗമിച്ചു. അവിടെച്ചെന്ന നരേന്ദ്രൻ ലക്ഷ്മീരമണനെ മാണിക്യമുത്തുമണികൾകൊണ്ടും പൊന്നിൻപൂക്കൾ കൊണ്ടും ശരിക്കു പൂജിച്ചു ദണ്ഡനമസ്കാരംചെയ്തു ദേവസന്നിധിയിൽ ഉപവേശിച്ചു. അപ്പോഴേയ്ക്കും, തന്റെ നഗരക്കാരനായ വിഷ്ണുദാസൻ എന്ന ബ്രാഹ്മണൻ ദേവപൂജയ്ക്കായി തുളസിയും വെള്ളവുംകൊണ്ട് അവിടെ വന്നെത്തി. ആ ബ്രാഹ്മണൻ ദേവദേവനെ വിഷ്ണുസൂക്തം

Digitized By Kerala Sahitya Akademi

കൊണ്ടഭിഷേചിച്ച്, തുളസിയുടെ ഇലകൊണ്ടും കതിർകൊണ്ടും പൂജിച്ചു; ആ തുളസീപൂജയാൽ, മുൻചെയ്ത രതപൂജ മറവിലായിപ്പോയി. അതിൽ അരചൻ അരിശംകൊണ്ടു:—'വിഷ്ണുദാസ, ഞാനുച്ചിച്ച തെളിമാനിക്കങ്ങളും കനകപുഷ്പങ്ങളും തുളസീദളങ്ങളും കൊണ്ടു മറച്ചുകളകയല്ലേ വേൻ ചെയ്തതു? വിഷ്ണുഭക്തിയറിഞ്ഞുകൂടാത്ത ഒരു പാവമാണ് ഭവാൻ: കഷ്ടം, എന്റെ ശോഭയേറിയ പൂജയെ ഭവാൻ കാണാതാക്കിയല്ലോ!' ഈ വാക്കു ദേവേന്ദ്രനേയും കോപിതനാക്കി; അദ്ദേഹം രാജാവിനെ ക്രൂദ്ധനെ മറുപടിപറഞ്ഞു:—'രാജാവേ, ഭക്തിയറിഞ്ഞുകൂടാത്തതു അങ്ങയ്ക്കാണ് അങ്ങു രാജലക്ഷ്മിയാൽ ഗർവിക്കണ്ട! ഏതു വിഷ്ണുവ്രതം ഭവാൻ മുമ്പനുഷ്ഠിച്ചിട്ടുണ്ട്? കേൾക്കട്ടെ!" ചക്രവർത്തി ഗർവിനാൽ ചിരിച്ചുംകൊണ്ടുരചെയ്തു:—'ബ്രാഹ്മണ, ഭവാൻ വിഷ്ണുഭക്തിയിൽ ഗർവുമുഴുത്തു ഈ വിധം പുലമ്പുന്നുവല്ലോ! കാശില്ലാത്ത പാപ്പരായ ഭവാനെറ വിഷ്ണുഭക്തി എന്തുയുക്തമുണ്ട്? വിഷ്ണുവിന്നു പ്രീതികരങ്ങളായ യജ്ഞദാനാദികം ഭവാൻ ചെയ്തിട്ടില്ല; ദേവോത്തമ ഒരു ക്ഷേത്രം പണിയിയ്ക്കുകയും ഉണ്ടായിട്ടില്ല എന്നിട്ടും ഭവാനിത്രയുണ്ടല്ലോ കേതിഗർവ്! എന്നാൽ ഞാൻ പറയുന്നതു ഈ ബ്രാഹ്മണോത്തമനെല്ലാവരും കേൾക്കട്ടെ: ഞാനോ ഇയ്യാളോ മുമ്പെ വിഷ്ണുസാക്ഷാൽക്കാരം നേടുക? നോക്കട്ടെ; എന്നാലറിയാം, ഞങ്ങളുടെ ഭക്തി!'

ഈ വിധം കഥിച്ച് അരചൻ, തന്റെ അരമനയിലേയ്ക്കു പിരിച്ചു, മൽഗലനെ പുരോഹിതനാക്കി വൈഷ്ണവസത്രം ആരംഭിച്ചു: അനേകം മഹർഷിമാർ വന്നുകൂടി; അന്നവും ദക്ഷിണയും വളരെ വളരെ കൊടുത്തുപോന്നു. ബ്രഹ്മാവു പണ്ടു ഗയാക്ഷേത്രത്തിൽ വെച്ചു നടത്തിയതുപോലെ സമൃദ്ധിയായിരുന്നു ഈ സത്രം. വിഷ്ണുദാസനാകട്ടെ, വ്രതിയായി വിഷ്ണുപ്രീതികരങ്ങളായ നിയമങ്ങളും പൂണ്ടു ആ ക്ഷേത്രത്തിൽത്തന്നെ പാർത്തു: കാർത്തികമാഘവ്രതം, തുളസിത്തൊപ്പു വളർത്തുക, ഏകാദശിനോൽപ്പ്, ദ്വാദശാക്ഷരമന്ത്രജപം, ഷോഡശോപചാരപൂജ, ഗീതനൃത്താദിമംഗളങ്ങളും എന്നിവ വഴിപോലെ അനുഷ്ഠിച്ച് അദ്ദേഹം വിഷ്ണുവിനെ ആരാധിച്ചുപോന്നു. നടക്കുമ്പൊഴും ഉണ്ണുമ്പൊഴും ഉറങ്ങുമ്പൊഴും അദ്ദേഹം വിഷ്ണുവിനെ സ്മരിച്ചു; സമദർശനനായി സർവ്വഭൂതങ്ങളിലും വിഷ്ണുവിനെ ദർശിച്ചു; കാർത്തികമാഘങ്ങളിൽ വിഷ്ണുപ്രീതിക്കായി വിശേഷനിയമങ്ങളും അനുഷ്ഠിച്ച് ഉദ്യാപനവിധിയും നടത്തി.

Digitized By Kerala Sahitya Akademi

ഇങ്ങനെ ശ്രീപതിയെ ആരാധിച്ചുംകൊണ്ട് വൈഷ്ണവവ്രതമനുഷ്ഠിച്ചും ഇഹികകർമ്മങ്ങളെല്ലാം തന്തിരുവടിയിലുറപ്പിച്ചും പോന്ന ചോളേശ്വരവിഷ്ണുദാസന്മാർക്കു കാലം വളരെ കഴിഞ്ഞുപോയി.

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, കാർത്തികമാഹാത്മ്യപ്രകരണം, സത്യഭാമാകൃഷ്ണസംവാദം, കലയോപാഖ്യാനം, ധർമ്മദത്തവിഷ്ണുഭക്തസമാഗമം ഒരുന്നൂറിപ്പത്തൊന്നാമദ്ധ്യായം.

———(൦)———

ഒരുന്നൂറിപ്പതിനൊന്നാമദ്ധ്യായം

പാർഷ്ദർ:—ഒരുനാളം വിഷ്ണുദാസൻ നിത്യകർമ്മാനന്തരം വെപ്പുകഴിച്ചു. എന്നാൽ ആ ചോറ് ആരോ അപഹരിച്ചുകളഞ്ഞു. ആളേ വിഷ്ണുദാസൻ കണ്ടില്ല. സായംകാലത്തിലേ പൂജ തെറ്റുമെന്നു ശങ്കിച്ച്, രണ്ടാമതു വെച്ചതുമില്ല. പിറേന്നാൾ വെപ്പുകഴിച്ച് അദ്ദേഹം വിഷ്ണുപൂജയ്ക്കു പോയി; അന്നും ചോറ് ആരോ കട്ടുകൊണ്ടുപോയി! ഇങ്ങനെ ഏഴുദിവസം അദ്ദേഹത്തിന്റെ അന്നം കളവു പോയി. അതിൽ അത്ഭുതംപൂണ്ട് അദ്ദേഹം വിചാരിച്ചു:—'അഹോ, നാരംതോറും എന്റെ അന്നം വന്നു മോഷ്ടിക്കുന്നതാരായിരിക്കാം? ക്ഷേത്രസന്ന്യാസിയായ എനിക്ക് എന്തായാലും ഈ സ്ഥലം വിട്ടുകൂടാ. രണ്ടാമതു വെച്ച് ഉൺകഴിക്കാമെന്നാണെങ്കിൽ, സായംകാലപൂജ എങ്ങിനെ ഞാൻ ഉപേക്ഷിക്കേണ്ടു? വെപ്പുകഴിഞ്ഞ ഉടനെ ഉണ്ണാനും പാടില്ല; വിഷ്ണുവിനു നിവേദിക്കാതെ യാതൊന്നും ഞാൻ ഭക്ഷിക്കാറില്ലല്ലൊ. ഒന്നും കഴിക്കാതെ എങ്ങിനെയാണു വ്രതസ്ഥനായ ഞാൻ ഇവിടെ പാർക്കുക? ഇന്നു ചോറുപോകാതെ നോക്കുകതന്നെ.' വിഷ്ണുദാസൻ അന്നു വെപ്പുകഴിച്ച്, അവിടെത്തന്നെ മറഞ്ഞുനിന്നു; അപ്പോൾ ഒരു ചണ്ഡാലൻ ചോറുകക്കുന്നതു കാണുമാറായി. പരിഭ്രമിച്ചുകൊണ്ടു ചാടിച്ചെന്ന് എല്ലും തൊലിയും മാത്രമായി മുഖം വാടി വരണ്ടിരുന്ന അവനെ കണ്ടപ്പോൾ, ബ്രാഹ്മണശ്രേഷ്ഠനു ദയയാൽ മനസ്സലിഞ്ഞുപോയി. അദ്ദേഹം ആ അന്നചോരനോട്, 'നിൽക്കു, നിൽക്കു; എങ്ങിനെയാണു നീ സ്നിഗ്ധതയില്ലാത്തതു ഭക്ഷിക്കുക? ഇതാ നെയ്യുകൊണ്ടുപോയ്ക്കൊൾക' എന്നുംപറഞ്ഞു് അരികിലേയ്ക്കു ചെന്നു. അതുകണ്ടു ചണ്ഡാലൻ പേടിച്ചോടി, ബോധംകെട്ടു വിണു.വിഷ്ണുദാസൻ വേഗത്തിൽ അടുത്തെത്തി അവനെ ദയയോടെ വസ്ത്രാഞ്ചലംകൊണ്ടു വീശിത്തുടങ്ങി. അവൻ എഴുന്നേറ്റപ്പോഴുകട്ടെ, ശംഖചക്ര

Digitized By Kerala Sahitya Akademi

ഗദാപാണിയായ സാക്ഷാൽ ശ്രീനാരായണനാണു വിഷ്ണുദാസനാൽ കാണപ്പെട്ടതു! പീതാംബരനായി ചതുർബാഹുവായി ശ്രീവത്സകൌസ്തുഭാലംകൃതവക്ഷസ്സായി കിരീടവാനായി കായാമ്പൂവർണ്ണനായിരിക്കുന്ന തന്തിരുവടിയെ കണ്ടതോടുകൂടി സാത്വികഭാവങ്ങൾകൊണ്ടിപെട്ടതിനാൽ ആ ദ്വിജോത്തമൻ സ്തുതിപ്പാനോ നമസ്കരിപ്പാൻപോലുമോ തുടങ്ങിയില്ല! ഉടനെ വാസവാദി വാനവന്മാരും അവിടെ വന്നെത്തി. ഗന്ധർവ്വരും അപ്സരസ്സുകളും ഗീതനൃത്തങ്ങൾ തുടങ്ങി. ആ പ്രദേശം ആ സ്ഥലം വളരെ വിമാനങ്ങൾ നിറഞ്ഞതും ദേവർഷികളാൽ ചുറ്റപ്പെട്ടതും ഗീതവാദ്യങ്ങൾ മുഴങ്ങുന്നതുമായിത്തീർന്നു.

വിഷ്ണുസാത്വികവ്രതനായ സ്വഭക്തനെ കൈവിടുന്നതിന്റെ സാരൂപ്യം നടിച്ചു, വൈകുണ്ഠത്തിലേയ്ക്കു കൊണ്ടുപോകുന്നു, അങ്ങിനെ വിഷ്ണുദാസൻ ശ്രേഷ്ഠവിമാനത്തിലേറി വിഷ്ണുസന്നിധിയിലേയ്ക്കു ഗമിക്കുന്നതു ദീക്ഷിതനായിരുന്ന ചോളരാജാവിനും കാണുമാറായി. വിഷ്ണുദാസന്റെ വൈകുണ്ഠയാത്ര കണ്ട ക്ഷണത്തിൽ രാജാവു പുരോഹിതനായ മുൽഗലനെ വിളിച്ചു് ഇപ്രകാരം ഉരിയാടി:— 'ആരിൽ സ്പർദ്ധകൊണ്ടാണോ, ഈ യജ്ഞദാനദികം ഞാൻ ചെയ്തതു്; ആ ബ്രാഹ്മണൻ ഇതാ വിഷ്ണുസാരൂപ്യം നേടി വൈകുണ്ഠത്തിലേയ്ക്കു പോകുന്നു! ഞാൻ വഴിപോലെ ദീക്ഷിച്ചു് ഈ വൈഷ്ണവസത്രത്തിൽ അങ്ങയെക്കൊണ്ടു ഹോമം ചെയ്യിച്ചു; ബ്രാഹ്മണരെ ദാനാദികംകൊണ്ടു സംതൃപ്തരാക്കി. എന്നിട്ടും ഗോവാൻ എകൽ പ്രസാദിച്ചിട്ടില്ല: തീർച്ചയതന്നെ. കേതിനിമിത്തമാണ് ആ ബ്രാഹ്മണനു ശ്രീനാരായണൻ സാക്ഷാൽക്കാരം നൽകിയതു്. അതിനാൽ യജ്ഞദാനാദികം വിഷ്ണുവിനെ പ്രസാദിപ്പിക്കയില്ല; കേതിതന്നെയാണ്, തന്തിരുവടിയെ ഒശീപ്പാൻ പ്രധാനമായി വേണ്ടതു്.' ഈ വിധം അഭിപ്രായപ്പെട്ടു് അദ്ദേഹം, തന്റെ ഭാഗിനേയനെ രാജാവാക്കി വാഴിച്ചു: ബാല്യംമുതൽക്കേ ദീക്ഷകൊണ്ടതിനാൽ ചോളനു പുത്രനില്ലായിരുന്നു. ഇന്നും ആ നാട്ടിൽ, ചോളൻ ചെയ്തതനുസരിച്ചു്, ഭാഗിനേയരത്രേ പിന്തുടർച്ചയായി നാടുവാഴുക പതിവു്.

പിന്നീടു ചോളപ്പെരുമാൾ യാഗശാലയിൽവച്ചുണ്ടായ അഗ്നികുണ്ഡത്തിനു നേരെനിന്നു മൂന്നുരു മുകുന്ദനെ സംബോധനം ചെയ്തു, 'വിഷ്ണോ, മനസാ വാചാ കർമ്മണാ സുസ്ഥിരമായ കേതിയെ എനിക്കു കല്പിച്ചുതന്നാലും' എന്നുച്ചരിച്ചു്, എല്ലാവരും കണ്ണുതിയിലേയ്ക്കു ചാടി! അപ്പോൾ മുൽഗലൻ ക്രുദ്ധനായി, തന്റെ കടുമ വലിച്ചുപറിച്ചു; തന്നിമിത്തം മുൽഗലഗോത്രക്കാർക്ക് ഇന്നും കടുമയില്ല. ഉട

Digitized By Kerala Sahitya Akademi

നെ കേതവത്സലനായ മാർഗ്ഗവീകന്തൻ അഗ്നികുണ്ഡത്തിൽ ആവിർഭവിച്ച ചോളനെ ആലിംഗനം ചെയ്ത്, ശ്രേഷ്ഠവിമാനത്തിൽ കേറ്റി, എന്നിട്ട് തന്റെ സാരൂപ്യവും കൊടുത്തു, രാജാവിനോടുകൂടിത്തന്നെ, വൃന്ദാരകരാൽ പരിവൃതനായി വൈകുണ്ഠപുരത്തേയ്ക്കു പുഴന്നാള്ളി. ആ വിഷ്ണുഭദ്രാസനം ചോളരാജാവുമാണ പുണ്യശീല സുശീലന്മാരായ ഞങ്ങളും; ഞങ്ങളിലവരേയും ദേവേശൻ സാരൂപ്യം തന്ന ചോരപാലരായി നിയമിച്ചു.

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, കാർത്തികമാഹാത്മ്യപ്രകരണം, സത്യഭാമാകൃഷ്ണസംവാദം, കലഹോപാഖ്യാനം, വിഷ്ണുഭദ്രാസനചോളസാരൂപ്യപ്രാപ്തികഥനം മരുന്നറിപ്പുനൽകിയെന്നമദ്ധ്യായം.

മരുന്നറിപ്പുനൽകിയമദ്ധ്യായം

ധർമ്മദത്തൻ:—'വിഷ്ണുവിന്റെ ചോരപാലന്മാരായി ജയനും വിജയനും എന്ന രണ്ടു പേരുണ്ടല്ലോ; അവരെന്താണനുഷ്ഠിച്ചത്, വിഷ്ണുസാരൂപ്യം സിദ്ധിപ്പാൻ?'

പാർഷദർ:—'ബ്രാഹ്മണ, പണ്ടു തുണബിന്ദുവിന്റെ മകൾ ദേവഹൂതിക്കു കർദ്ദമന്റെ നോട്ടംകൊണ്ടുതന്നെ രണ്ടു പുത്രന്മാരുണ്ടായി: ജ്യേഷ്ഠൻ ജയൻ; അനുജൻ വിജയൻ. ആ ദേവഹൂതിയിൽത്തന്നെ യാണ പിന്നീട്, യോഗധർമ്മജ്ഞനായ കപിലൻ ജനിച്ചതു്. ജയനും വിജയനും വിഷ്ണുഭക്തിപൂണ്ടു, ഇന്ദ്രിയങ്ങളെ എപ്പോഴും അന്തിരുവടിയിങ്കലുറപ്പിച്ചു, ധർമ്മശീലരായി, മുങ്ങോതെ അഷ്ടാക്ഷരമന്ത്രം ജപിച്ചും വിഷ്ണുവ്രതങ്ങളും അനുഷ്ഠിച്ചും പോന്നു. അവർക്കു നാരദരോടും പൂജാസമയത്തു ഭഗവാൻ സാക്ഷാൽക്കാരം നടംകാട്ടണമായിരുന്നു. ഒരിക്കൽ അവർ മരുത്തനാൽ ക്ഷണിക്കപ്പെട്ട യാഗം നടത്തിക്കാൻ പോയി. ആ യജ്ഞകോവിദന്മാരിരുവരേയും ദേവർഷിമാർ അത്യന്തം ആദരിച്ചു. ജയൻ അവിടെ ബ്രഹ്മനായി; വിജയൻ യാജകനുമായി; അങ്ങിനെ യജ്ഞകർമ്മമെല്ലാം അവർ നിറവേറ്റി. മരുത്തൻ അവഭൃഥസ്നാനംചെയ്ത് അവർക്കു വളരെ ദാനം നൽകി; അതുംകൊണ്ട് അവർ സ്വഗൃഹത്തിലേയ്ക്കു മടങ്ങി.

പിന്നീടു വിഷ്ണുപ്രീതിക്കായി യാഗം ചെയ്യാൻ വേണ്ടി അവർ ആ ധനം വീതിച്ചെടുക്കാൻ തുടങ്ങി; അതിൽ ആ മഹർഷിമാരിരുവരും തമ്മിൽ വഴക്കായി: ഒപ്പം പകുത്തെടുക്കാമെന്നു ജയൻ അവശ്യപ്പെട്ടു; അവനവന്നു കിട്ടിയതു് അവനവന്ന് എന്നായിരുന്നു വിജയ

Digitized By Kerala Sahitya Akademi

ന്റെ മകനാണ്! അതിനാൽ മനഃക്ഷോഭം വന്ന ജയൻ വിജയനെ, 'നീ ഇതു താമതെ ഗൃഹിക്കുക (കൈക്കലാക്കുക)യാണല്ലോ ചെയ്യുന്നതു്; അതിനാൽ ഗ്രാഹം (മുതല) ആകുക' എന്നു ശപിച്ചു. 'ഭവാൻ എന്നെ, മഭത്താൽ മതിമറന്നു ശപിച്ചുകളഞ്ഞല്ലോ; അതിനാൽ അനയാകുക' എന്നു വിജയൻ ജയനേയും ശപിച്ചു. ഇതു് അന്യതന്നെ അവർ, പൂജാസമയത്തു പ്രത്യക്ഷനായ ലക്ഷ്മീപതിയെ ഉണർത്തിച്ചു്, ശാപം പറവാതിരിക്കേണമെന്നപേക്ഷിച്ചു:—'ദേവ, ദയാസിന്ധോ, കുതരായ ഞങ്ങൾ എങ്ങിനെ നക്രവും ഗജവുമാകേണ്ടു? അതിനാൽ ശാപം ഇവിടുന്നു പിൻവലിക്കുമാറാകണം!'

ഭഗവാൻ:—'എന്റെ കേതനമായതെ വാക്കു് ഒരിക്കലും പാഴാകയില്ല; എനിക്കും വയ്യാ, അതു മറിച്ചാക്കാൻ. പ്രഹ്ലാദൻ പറകയാൽ ഞാൻ പണ്ടു തൂണിന്മേൽ പ്രത്യക്ഷനായി; അംബരീഷൻ പറകയാൽ ഞാൻ ഗർഭത്തിൽ ജനിച്ചു. അതിനാൽ നിങ്ങളിരുവരും ഈ സ്വയംകൃതങ്ങളായ ശാപങ്ങൾ അനുഭവിക്കുകതന്നെ വേണം; പിന്നീടു് എന്റെ ശാശ്വതപദമണയാം.'

ഇതുയും പറഞ്ഞു മാധവൻ മറഞ്ഞു. ജയവിജയന്മാർ ഗണ്ഡകീതീരത്തു ഗജനക്രങ്ങളായിത്തീർന്നു; എന്നാലും പൂർവ്വസ്മരണയുണ്ടായിരുന്നതിനാൽ അവർ വിഷ്ണുവ്രതം അനുഷ്ഠിച്ചുപോന്നു. ഒരുനാൾ അവർ കാർത്തികസ്നാനത്തിനു ഗണ്ഡകിയിലിറങ്ങി; ഉടനെ മുതല ശാപമോർത്തു് അതിനെ പിടികൂടി. ഗ്രാഹത്താൽ ഗ്രഹിക്കപ്പെട്ട മതംഗജം വിഷ്ണുവിനെ സ്മരിച്ചു. തൽക്ഷണം ശംഖചക്രഗദാധരനായ ലക്ഷ്മീവല്ലഭൻ പ്രത്യക്ഷീഭവിച്ചു ചക്രം വിട്ടു നക്രനാഗങ്ങളിരുവരേയും ഉലർത്തിച്ചു; തന്റെ സാരൂപ്യം നൽകി വൈകുണ്ഠത്തിലേയ്ക്കു കൊണ്ടുപോകയും ചെയ്തു. അന്നുമുതൽക്കു് ആ സ്ഥലം ഹരിക്ഷേത്രമെന്നു പുകഴ്പ്പെട്ടു; അവിടെയുള്ള കല്ലുകളിൽ ചക്രം തട്ടിയതിന്റെ പാടു് ഇന്നും കാണാം. ആ ജയവിജയന്മാർ തന്നെയാണു്, ഭവാൻ ചോദിച്ച വിശ്വവിശ്രുതരായ വിഷ്ണുവിന്റെ പ്രിയപാരിഷദന്മാർ. അതിനാൽ, ധർമ്മജ്ഞ, ഭവാനും മാത്സര്യം ദംഭം ക്രോധം വിട്ടു സമദൃഷ്ടിയായി എന്നെന്നും വിഷ്ണുവ്രതം അനുഷ്ഠിച്ചുകൊള്ളുക: തുലാം, മകരം, മേടം ഈ മാസങ്ങളിൽ പ്രാതഃസ്നാനം ചെയ്യുക; ഏകാദശി നോൽക്കുക; തുളസിത്തോട്ടം രക്ഷിക്കുക; ബ്രാഹ്മണരേയും ഗോക്കളേയും വൈഷ്ണവരേയും സദാ പൂജിക്കുക; വെൺകടല, വെപ്പുകാടി, പുണ്ണരുന്നിവ വർജ്ജിക്കുക

Digitized By Kerala Sahitya Akademi

യും ചെയ്യുക. എന്നാൽ ഭോഗം, വിഷ്ണുഭക്തിയാൽ ഞങ്ങളെന്ന പോലെ, ദേഹാന്തത്തിൽ വിഷ്ണുവിന്റെ പരമപദം പ്രാപിക്കും.* . .'

ഇങ്ങനെ ധർമ്മത്തനോടുപദേശിച്ചു, വിമാനസ്ഥരായ പുണ്യശീലസുശീലന്മാർ കലഹയോടൊന്നിച്ചു വൈകുണ്ഠത്തിലേയ്ക്കു തിരിച്ചു. ധർമ്മത്തനും വിശ്വാസമുദിച്ചു് ഭാര്യാപുത്രരിലിരുന്നതിനാൽ, ദേഹാവസാനത്തിൽ ഭാര്യമാരിരുവരോടും കൂടി വൈകുണ്ഠപദം പ്രാപിച്ചു. ഈ പുരാതനമായ ഇതിഹാസം ശ്രവിക്കുകയോ ശ്രവിപ്പിക്കുകയോ ചെയ്യുന്നവർ ജഗൽഗുരുവിന്റെ കാരുണ്യത്താൽ തന്തിരുവടിയുടെ സാമീപ്യം നേടും'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, കർത്തികമാഹാത്മ്യപ്രകരണം, സത്യഭാമാകൃഷ്ണസംവാദം, കലഹദേവകഥാനന്തരം ഒരുനൂറിപ്പതിരണ്ടാമധ്യായം

ഒരുനൂറിപ്പതിമൂന്നാമധ്യായം

പൃഥു:—'പണ്ടു കൃഷ്ണാവേണ്യാതീരത്തുവെച്ചു് കലഹയേ വണികശരീരത്തിൽനിന്നു് വിഷ്ണുശിവപാഷണ്ഡന്മാർ പിടിച്ചുകുറ്റിയതായി ഭവാൻ പറഞ്ഞുവല്ലോ; അതു് ആ നടികളുടെ പ്രഭാവത്താലൊ? ആ ക്ഷേത്രത്തിന്റെ പ്രഭാവത്താലൊ? ധർമ്മജ്ഞ, പറഞ്ഞുതന്നാലും; എനിക്കു് വലിയ അത്ഭുതം തോന്നുന്നു.

നാരദൻ:—'കൃഷ്ണ സാക്ഷാൽ വിഷ്ണുവിന്റെയും വേണ്യമഹേശ്വരന്റെയും അംശമല്ലേ; അവ തമ്മിൽ ചേരുന്ന സ്ഥലത്തിന്റെ മാഹാത്മ്യം വണ്ണിപ്പാൻ നാവുകൊണ്ടു് ആളാകയില്ല! എന്നാലും അവയുടെ ഉല്പത്തി ഞാൻ പറയാം; കേട്ടുകൊള്ളുക:

പണ്ടു് ചാക്ഷുഷമന്വന്തരത്തിൽ പിതാമഹദേവൻ രമണീയമായ സഹ്യാദ്രിശിഖരത്തിൽവെച്ചു യാഗം ചെയ്യാൻ നിശ്ചയിച്ചു്, വട്ടമെല്ലാം കൂട്ടി, ദേവഗണങ്ങളാൽ ചുറ്റപ്പെട്ടു്, ഹരിഹരന്മാരോടുംകൂടി ആ പർവ്വതത്തിലേയ്ക്കെഴുന്നള്ളി. ഭൃഗുമുതലായ മഹർഷിമാർ ബ്രാഹ്മമുഹൂർത്തത്തിൽ തന്തിരുവടിയെ ദീക്ഷിപ്പിക്കാനായി ആദരവോടെ ഒത്തുകൂടി. ജ്യേഷ്ഠപത്നിയായ സവിത്രിയേ ജനാർദ്ദനൻ ചെന്നുവിളിച്ചു; എന്നാൽ ദേവിയുടെ വരവു പതുപ്പെയായിരുന്നു. അതിനാൽ ഭൃഗു വി

*ഈശ്ലോകം ഒരുനൂറേഴാമധ്യായത്തിന്റെ ടൈറ്റിലുള്ളിൽ കാണാം.

Digitized By Kerala Sahitya Akademi

ഷ്ണുവിനോട് ചോദിച്ചു:—'ഇവിടുന്ന് വിളിച്ചിട്ടും ദേവി വേഗം വരുന്നില്ലല്ലോ; ഇതാ, മുഹൂർത്തം കഴിയുകയുമായി. അതിനാൽ ദീക്ഷാവിധി എങ്ങിനെ നടത്തേണ്ടൂ?'

വിഷ്ണു:—'സരസ്വതി വേഗം വരാത്തപക്ഷം, ഗായത്രിയെ ഏല്പിച്ചുകൂടെ? അവർക്കും പുണ്യകർമ്മത്തിൽ പത്നിയായിക്കൂടെയോ?'

വിഷ്ണു അഭിപ്രായപ്പെട്ടതു ശിവനും സമ്മതിച്ചു. അതിനാൽ ഭൃഗു ഗായത്രിയെ ബ്രഹ്മാവിന്റെ വലത്തുവശത്തിരുത്തി, ദീക്ഷാവിധി നടത്തി. രാജാവേ, അപ്പോഴേയ്ക്കും സരസ്വതി യാഗശാലയിൽ വന്നെത്തി. ഗായത്രിയെ ബ്രഹ്മാവിനോടൊപ്പം ദീക്ഷിപ്പിച്ചതു കണ്ടപ്പോൾ സരസ്വതീമത്സരത്താൽ കോപിതയായിത്തീർന്നു. 'എവിടെ അപൂജ്യരെ പൂജിക്കുകയും, പൂജ്യരെ പൂജിക്കാതിരിക്കുകയും ചെയ്യുന്നുവോ, അവിടെ മൂന്നുകൂട്ടം—ദുർഭിക്ഷവും, മരണവും, ഭയവും—വന്നുകൂടും! ഇവരുടെ വലത്തുവശത്ത് എന്റെ സ്ഥാനത്തു ഇരുന്നുകളഞ്ഞല്ലോ; അതിനാൽ, ഉടൻ നേത്തു്, ലോകത്തു് ഒരിക്കലും ദൃശ്യയാകാത്ത ഒരു നദിയായിപ്പോകട്ടെ! താഴെയുള്ള ഇവരെ എന്റെ സ്ഥാനത്തിരുത്തിയതിനാൽ നിങ്ങളുമെല്ലാവരും ജലരൂപരായി പുഴകളായിപ്പോകുവിൻ!' സരസ്വതിയുടെ ഈ ശാപംകേട്ട ഗായത്രി വിറക്കൊണ്ടെഴുനേറ്റു, ദേവന്മാരാൽ തടുക്കപ്പെട്ടുവെങ്കിലും, സരസ്വതിയെ അങ്ങോട്ടും ശപിച്ചു:—'നിനക്കെന്നപോലെ എനിയ്ക്കും ഭർത്താവാണിദ്ദേഹം; അങ്ങനെയിരിക്കെ നീ എന്നെ വൃഥാവിൽ ശപിച്ചുവല്ലോ; അതിനാൽ നീയും നദിയാകുക!' അപ്പോൾ വിഷ്ണുശിവാദിദേവന്മാരെല്ലാം ഹാഹാശബ്ദത്തോടെ നിലത്തു ദണ്ഡനമസ്കാരം ചെയ്തു സരസ്വതിയോടുണർത്തിച്ചു:—'ദേവി, ഞങ്ങളും ബ്രഹ്മാദികളെല്ലാവരെയും ഇവിടുന്ന ശപിച്ചുവല്ലോ; ഞങ്ങളെല്ലാരും ജലരൂപരായി പുഴകളായിപ്പോയാൽ ഈ ത്രിഭുവനം തീർച്ചയായും നിശ്ചിച്ചുപോകും. അവിവേകമാണ് ഇപ്പെയ്തുള്ളൂ. ശാപം പിൻവലിച്ചാലും.'

സരസ്വതി:—'സുരോത്തമന്മാരേ, യജ്ഞാരംഭത്തിൽ ഗണപതിയെ പൂജിക്കാഞ്ഞതിനാലാണ്, എന്റെ കോപംമൂലം ഈ മുടക്കം നേരിട്ടതു്; ഞാനിപ്പറഞ്ഞതു് ദോഷമാകയില്ലതാനും. അതിനാൽ നിങ്ങളും അവരവരുടെ അംശങ്ങളുംകൊണ്ടു പുഴകളാകുവിൻ; സപത്നിമാരായ ഞങ്ങളും സ്വന്തം അംശങ്ങളുംകൊണ്ടു ഇവിടെ നദികളായി പടിഞ്ഞാട്ടൊഴുകും.'

ഇതിൻവണ്ണം ബ്രഹ്മവിഷ്ണുമഹേശ്വരന്മാർ തന്നതംശംകൊണ്ടു ജലരൂപരായി പുഴകളായിച്ചമഞ്ഞു: വിഷ്ണു കൃഷ്ണയും, ശി

Digitized By Kerala Sahitya Akademi

വൻ വേണ്ടുംവും, ബ്രഹ്മാവ് എന്നെന്നും ഒഴുക്കേറിയ കകട്ട്മതിയുമായിത്തീർന്നു; ദേവന്മാരും അവരവരുടെ അംശങ്ങളെ ജലമാക്കി, ആ ഹാദ്രിശൃംഗങ്ങളിൽനിന്നു വെവ്വേറെ പുഴകളായി കിഴക്കോട്ടും, അവരുടെ പത്നിമാർ അനേകകോടിയും നദികളായി പടിഞ്ഞാട്ടും പ്രവഹിച്ചു. ഗായത്രീസ്വരൂപമായും നദികളായി പടിഞ്ഞാട്ടൊഴുകി, തങ്ങളിൽച്ചേർന്നും സാവിത്രി എന്ന വിളിപ്പെട്ടു. ബ്രഹ്മാവിനാൽ ആ യജ്ഞത്തിൽ പ്രതിഷ്ഠിക്കപ്പെട്ടവരായ വിഷ്ണുശിവന്മാർ മഹാബലനെന്നും അതിബലനെന്നും കീർത്തിക്കപ്പെട്ടുന്നു. രാജേന്ദ്ര, ആ രണ്ടു നദികളുടെ മാഹാത്മ്യം പറഞ്ഞൊപ്പിക്കാൻ ഞാനാളല്ല! ബ്രഹ്മാദിദേവന്മാർ തന്തങ്ങൾകൊണ്ടു നദികളായിനിന്ന്, തിരിച്ചെഴുന്നള്ളി. ഈ പാപഹരവും പവിത്രവുമായ കൃഷ്ണാ വേണ്ണ്യാൽപത്തി ഭക്തിയോടെ കേൾക്കുകയും ശ്രവിപ്പിക്കുകയും ചെയ്യുന്നവന്നു തട്ടുന്നസ്നാനങ്ങളാലുള്ള ഫലം തികച്ചും കിട്ടും.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, കാർത്തികമാഹാത്മ്യപ്രകരണം,
സത്യഭാമാകൃഷ്ണസംവാദം, കൃഷ്ണാവേണ്ണ്യുൽപത്തിമഹിമവർണ്ണനം എന്നൂറിപ്പതിമൂന്നാമദ്ധ്യായം.

(0)

എന്നൂറിപ്പതിനാലാമദ്ധ്യായം

കൃഷ്ണൻ:—ഇതെല്ലാംകേട്ടു വിസ്മയപ്പെട്ട പൃഥു നാരദനെ ഭക്തിപൂർവ്വം പൂജിച്ചു യാത്രയാക്കി. ഈ മൂന്നുവ്രതം—കാർത്തികവ്രതവും മാഘവ്രതവും ഏകാദശീവ്രതവും—എനിക്ക് അത്യന്തം പ്രീതികരമാകുന്നു. വൃക്ഷങ്ങളിൽവച്ച് തുളസിയും, മാസങ്ങളിൽവച്ച് കാർത്തികവും, തിഥികളിൽവെച്ച് ഏകാദശിയും ക്ഷേത്രങ്ങളിൽവെച്ച് ദ്വാരകയുമാണ് എനിക്കു പ്രിയം. ഇവയെ യത്നേന്ദ്രിയനായി സേവിക്കുന്നവനാരോ, അവൻ എനിക്ക് യജ്ഞാദികർത്താവിനെക്കാളും പ്രിയനായിവരും. കാന്തേ, ഇവയെ സേവിക്കുന്നവന്ന് എന്റെ പ്രസാദത്താൽ പാപത്തേയോ യമനെത്തന്നെയോ പേടിക്കേണ്ടതില്ല.'

സത്യാ:—നാഥ, ഭവാൻ പറഞ്ഞതിൽ എനിക്കുള്ളതായൊന്നും: മറെറാരാൾ കൊടുത്ത പുണ്യത്താലാണല്ലൊ കലഹമുണ്ടായതു; ഇതു പ്രത്യേകമുള്ളതാണ്, ഭവാനു പ്രിയപ്പെട്ട കാർത്തികമാസം! ഭക്തദ്രോഹാദിപാപങ്ങളും സ്നാനമാനത്താൽ നശിക്കുക

Digitized By Kerala Sahitya Akademi

യും, അന്യൻ നൽകിയ പുണ്യം പകരുകയും ചെയ്യുമെങ്കിൽ, നൽകാതെ പകരുക ഏതുവഴിക്കാണ്?'

കൃഷ്ണൻ:— 'നൽകാതെയും പുണ്യപാപങ്ങളും പകരുക എന്ന കമ്മത്താലാണെന്നു ശരിക്കുകേട്ടുകൊള്ളുക: കൃതാദിയുഗങ്ങളിൽ ഭേശഗ്രാമകലഹങ്ങൾക്കും പങ്കുണ്ട്; കലിയുഗത്തിലാകട്ടെ, ചെയ്യുവന്നു മാത്രമേ പുണ്യപാപങ്ങളുടെ ഫലം അനുഭവപ്പെടൂ. സംസർഗ്ഗംചെയ്യാഞ്ഞാലത്തെ വ്യവസ്ഥയാണിതു്; സംസർഗ്ഗത്താൽ പുണ്യപാപങ്ങൾ, എങ്ങിനെ പകരുമെന്നു് മനസ്സിലാക്കിക്കൊൾവിൻ: ഒരേടത്തു് മൈഥുനം, യോനിസംബന്ധം, ഒരേപാത്രത്തിലെ അന്നം ഭക്ഷിക്കുക എന്നിവകൊണ്ടു് പുണ്യപാപങ്ങളുടെ ഫലത്തിൽ പകുതിപകരും; അദ്ധ്യാപനം, യാജനം, ഒരേപന്തിയിലിരുന്നണ്ണുക എന്നിവയാൽ പുണ്യപാപഫലത്തിൽ നാലിലൊരംശം അറിയാതെ പകരും; ഒന്നിച്ചിരിക്കുക, ഒന്നിച്ചു നടക്കുക, ശ്വാസം മേൽത്തട്ടുക എന്നിവയാൽ പുണ്യപാപങ്ങളുടെ അറിലൊരംശം പകരും; സ്പർശനം, സംശ്ലേഷണം, സ്തവനം എന്നിവയാൽ പുണ്യപാപങ്ങളുടെ പത്തിലൊരംശം പകരും; ദർശനം, ശ്രവണം, ധ്യാനം എന്നിവയാൽ പുണ്യപാപങ്ങളുടെ നൂറിലൊരംശം പകരും. പരനെ നിന്ദിക്കുക, ഏഷണികൂട്ടുക, ധിക്കരിക്കുക എന്നിവ ചെയ്യുവൻ അവന്റെ പാപം വാങ്ങി, തന്റെ പുണ്യം കൊടുക്കുന്നു. പുണ്യകർമ്മത്തിൽ തന്നെ സേവിക്കുന്നവനോ, പതിവ്രതയായ ശിഷ്യയ്ക്കോ, ജോലിക്കൊത്ത കൂലി ഓർ കൊടുക്കുന്നില്ലയോ, അവന്റെ പുണ്യത്തിന്റെ ഫലം സേവിച്ചവക്കായിരിക്കും. ഒരേ പന്തിയിലിരിക്കുന്നവരിൽ ഒരാൾക്കു വിളമ്പുന്നവനാകട്ടെ അവന്റെ പുണ്യത്തിന്റെ അറിലൊരംശം വിളമ്പപ്പെടാത്തവൻ കൈക്കലാക്കുന്നു. സ്നാനം, സന്ധ്യാവന്ദനം മുതലായതു കഴിക്കുന്ന ആളെ തൊടുകയോ, അയാളോടു സംസാരിക്കുകയോ ചെയ്യുന്നവന്റെ പുണ്യത്തിൽ അറിലൊരംശം തീർച്ചയായും ആ ആൾക്കുകിട്ടും. ധർമ്മത്തിനായി ധനം യാചിച്ചു വാങ്ങിയവൻ പുണ്യംചെയ്യാതെ ഫലം ധനം കൊടുത്ത ആൾക്കായിരിയ്ക്കും. പരസ്വം അപഹരിച്ചു പുണ്യംചെയ്താൽ ചെയ്യുവൻ പാപിയാകും. ഫലം ധനത്തിന്റെ ഉടമസ്ഥനാണു്. കടം തീർക്കാതെ മരിച്ചവന്റെ പുണ്യം, ധനത്തിന്റെ അവസ്ഥപോലെ, കടംകൊടുത്തവനിൽ ചേരുന്നു. താനിച്ചവൻ, അനുവദിച്ചവൻ, ഉപകരണംകൊടുത്തവൻ, ബലമുണ്ടാക്കിയവൻ എന്നിവർക്കു് പുണ്യപാപങ്ങളുടെ അറിലൊന്നു കിട്ടും. പ്രജകളുടെ പുണ്യപാപത്തിൽ അറിലൊന്നു രാജാവിനും,

Digitized By Kerala Sahitya Akademi

ശിഷ്യന്റേതിൽ ഗുരുവിനും, സ്ത്രീയുടേതിൽ ഭർത്താവിനും, പുത്രന്റേതിൽ പിതാവിനുമുള്ളതത്രേ. ഭർത്താവിന്റെ പുണ്യത്തിൽ നേർപകുതി കിട്ടും. എപ്പോഴും പാകംനോക്കി പ്രീതിപ്പെടുത്തുന്ന ഭാര്യയുടെ പുരുഷന്മാരൊഴിഞ്ഞു് അന്യന്റെ കൈകൊണ്ടു ദാനംനടത്തിയാൽ, പുണ്യത്തിൽ ആറിലൊന്നു് ആ അന്യൻ കൊണ്ടുപോകും. പൊരുതിക്ക വകകൊടുക്കുന്നവൻ, വാങ്ങുന്നവനെക്കൊണ്ടു് തനിക്കോ അന്യനോ പണിയെടുപ്പിക്കാതിരുന്നാൽ, അവന്റെ പുണ്യത്തിൽ ആറിലൊന്നിനവകാശിയാകും. ഇങ്ങനെയത്രേ, ഒരുവന്റെ പുണ്യവും പാപവും മറ്റൊരാളിൽ പകരുന്നതു്. ഇതിൽ, സൽബുദ്ധിയെ നൽകുന്ന ഒരു ശ്രേഷ്ഠമായ പുരാതനേതിഹാസം കേട്ടുകൊള്ളുക:

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, കാർത്തികമാഹാത്മ്യപ്രകരണം,
സത്യഭാമാകൃഷ്ണസംവാദം, പുണ്യപാപംശപ്രേഷിതകഥയും
തെരുവറിപ്പതിനാലാമദ്ധ്യായം.

തെരുവറിപ്പതിനഞ്ചാമദ്ധ്യായം

കൃഷ്ണൻ:—പണ്ടു് അവന്തിനഗരത്തിൽ ധനേശ്വരൻ എന്നൊരു ബ്രാഹ്മണനുണ്ടായിരുന്നു. ആ ദുരാത്മാവു് ബ്രാഹ്മകർമ്മഭ്രഷ്ടനായി പാപങ്ങളിലേർപ്പെട്ടു: രസം, കമ്പിളി, തോൽ മുതലായതു വിൽക്കും; കളവു പ്രയോഗിക്കും; കൃഷി; വേശ്യകളെ പുണരും; കള്ളുകുടിക്കും; ചൂതാടും! അയാൾ കച്ചവടത്തിനായി ഓരോ രാജ്യത്തു നടക്കുമ്പോൾ, ഒരിക്കൽ മാഹിഷ്മതീപുരിയിൽ ചെന്നെത്തി: പണ്ടു മഹിഷൻ നിർമ്മിച്ചതാകയാലത്രേ, അതിനു് മാഹിഷ്മതി എന്ന പേർ. അതിന്റെ മതിൽ തൊട്ടുംകൊണ്ടു് പാപനാശിനിയായ നർമ്മദ പ്രവഹിക്കുന്നു. അവിടെ കാർത്തികസ്നാനത്തിനു് പല ഗ്രാമങ്ങളിൽനിന്നും ജനങ്ങൾ വന്നുകൂടിയിരുന്നു. അതുകണ്ടു് ധനേശ്വരൻ കച്ചവടംനടത്തിക്കൊണ്ടു് ഒരുമാസം അവിടെത്താമസിച്ചു. അയാൾ നാൾതോറും വില്പനയ്ക്കുവേണ്ടി നർമ്മദാതീരത്തു ചുറ്റിനടക്കുകയാൽ സ്നാനയജ്ഞദേവാർച്ചനങ്ങൾ കഴിക്കുന്ന ബ്രാഹ്മണരെ കാണാറുണ്ടായിരുന്നു. ചിലർ പുരാണവായനക്കാർ; ചിലർ ശ്രോതാക്കൾ; ചിലർ നൃത്തഗീതവാദ്യ വിഷ്ണുസ്തവനനിരതന്മാർ; ചിലർ വിഷ്ണുമുദ്രയും തുളസീമാലയും ധരിച്ചവർ—ഇങ്ങനെ അനേകം വൈഷ്ണവരെ അവിടവിടെ സകൌതുകം ദർശിക്കുകയും, സ്പർശിക്കുകയും അവരോടു സംസാരിക്കുകയും ഹരി നാമോച്ചാരണം ശ്രവിക്കുകയും ധനേശ്വരന്റെ

Digitized By Kerala Sahitya Akademi

പതിവായി. ഒരുമാസംകഴിഞ്ഞപ്പോൾ, ഭക്തന്മാർ കാർത്തികവ്രതോദ്യാപനത്തിൽ ചെയ്യുന്ന വിഷ്ണുജാഗരണം, പൌർണ്ണമാസിനാളിലെ ഗോബ്രാഹ്മണപൂജനം, വ്രതക്കാരുടെ അന്നഭക്ഷിണാദിദാനം, സൂര്യാസ്തമയത്തിൽ ശിവപ്രീതിക്കായിട്ടുള്ള ദീപാവലി എന്നിവയും ധനേശ്വരൻ ദർശിച്ചു. പൌർണ്ണമീതിഥിയിലത്രേ, ശിവൻ ത്രിപുരഹോനംചെയ്തു; അതിനാലാണ്, അന്നു ഭക്തന്മാർ മഹോത്സവം നടത്തുന്നതു്. ഞാനും രുദ്രനും രണ്ടാണെന്ന് ആർ കരുതുന്നുവോ, അവന്ന് പുണ്യകർമ്മമെല്ലാം തീർച്ചയായും പാഴായിപ്പോകും. അവിടെ ദുഃഖവും മറവും കണ്ടുകൊണ്ടു സഞ്ചരിക്കേ ധനേശ്വരൻ ഒരു കാളസർപ്പത്തിന്റെ കടിയേറ്റു ബോധംകെട്ടുവീണു. അതുകണ്ടു മനംകനിഞ്ഞു് ആളുകൾ പുറന്തള്ളി, തുളസീജലം അയാളുടെ മുഖത്തു തളിച്ചു.

ഉടനെ മൃതിയടഞ്ഞ അയാളെ യമഭടന്മാർ സന്തോഷംകെട്ടി വരിഞ്ഞു ചമ്മട്ടികൊണ്ടു തല്ലിക്കൊണ്ടു സംയമിനിയിലേയ്ക്കു കൊണ്ടുപോയി. ചിത്രഗുപ്തൻ അയാളെ കണ്ടു്, അയാളം ബാല്യംമുതൽക്കേ ചെയ്ത ദുഷ്കർമ്മമെല്ലാം യമനെ അറിയിച്ചു:—ഇവന്നു് ബാല്യംമുതല്ക്കേ ഒരു സുകൃതവും എങ്ങും കാണുന്നില്ല; ദുഷ്കൃതമോ, ഒരാണ്ടുകൊണ്ടും പറഞ്ഞുതീർക്കാവുന്നതല്ല! ഒരു പാപമൂർത്തിതന്നെയാണ് ഈ ദുഷ്ടൻ; അതിനാൽ കല്പാന്തംവരെ നരകത്തിലിട്ടു വറുക്കാം.' ഇതുകേട്ടു് അരിശംപൂണ്ട യമൻ കാലാനലനെപ്പോലെ ജ്വലിക്കുന്ന രൂപം പൂണ്ടു് കിംകരന്മാരോടായിപറഞ്ഞു:—'ഏടോ പ്രേതപാലക, ഈ ദുരിതദർശനനായ ദുഷ്ടനെ വേഗത്തിൽ കൊണ്ടുപോയി മുഗ്ദരടികൊണ്ടടിച്ചു് കുംഭീപാകത്തിലിടുക.' ഒട്ടുംതാമസിയാതെ, പ്രേതപാലകൻ ധനേശ്വരനെ മുഗ്ദരടികൊണ്ടടിച്ചു തലപൊളിച്ചു്, എണ്ണതിളപ്പിക്കൊള്ളുന്ന ചെമ്പുകിടാരത്തിൽ കൊണ്ടിട്ടു. എന്നാൽ, അതോട്ടുക്കുടി, ചെമ്പുകിടാരത്തിലേ തിയ്യു്, പണ്ടു പ്രഹ്ലാദനെ ഇട്ടപ്പോഴെന്നപോലെ അറിഞ്ഞണഞ്ഞുപോയി! അതുകണ്ടു് അത്യാശ്ചര്യംപൂണ്ട പ്രേതപാലകൻ ഓടിപ്പോന്നു വിവരമെല്ലാം യമനെ ഉണർത്തിച്ചു. ആ പുതുമകേട്ടിട്ടു് യമൻ, 'ഏയ് ഇതെന്തായിരിയ്ക്കും?'മെന്നു് ധനേശ്വരനെ വരുത്തി വിചാരണയ്ക്കാരംഭിച്ചു.

അപ്പോഴേയ്ക്കും നാരദൻ ബദ്ധപ്പെട്ടു ചിരിച്ചുംകൊണ്ടവിടെ എത്തി. യമൻ വഴിപോലെ സൽക്കരിച്ചു. മഹർഷി യമനോടു പറയാൻതുടങ്ങി:—'സൂര്യപുത്ര, നരകമനുഭവിയ്ക്കുണ്ടെന്നല്ലാ ഇയാൾ; നരകത്തു നീക്കുന്ന കർമ്മം ഇയാൾക്കു സിദ്ധിച്ചിരിക്കുന്നു. പുണ്യകർമ്മാക്കളെ ദർശിക്കുകയും സ്പർശിക്കുകയും അവരുമായി സംസാരി

Digitized By Kerala Sahitya Akademi

ളിലിട്ടുന്നു. ഭവാനു കാത്തികവ്രതികളോടു സംസർഗ്ഗംമൂലം പുണ്യം വർദ്ധിച്ചതിനാലത്രെ ഈ നരകങ്ങളും ക്രമേണ കഴിഞ്ഞതു്.

ഇപ്രകാരം നരകങ്ങളും കാണിച്ചിട്ടു പ്രേതപാലകൻ ധനേശ്വരനെ യക്ഷലോകത്തു കൊണ്ടാക്കി. അദ്ദേഹം, അവിടെ യക്ഷനായി, ധനയക്ഷൻ എന്ന കുബേരനുചരനായി വാണു. ഇദ്ദേഹത്തിന്റെ പേരിൽ ഒരു തീർത്ഥം വിശ്വാമിത്രൻ അയോദ്ധ്യയിൽ നിർമ്മിച്ചിട്ടുണ്ടു്. ഇതുണ്ടു്, ഭക്തിമുക്തിപ്രദമായ കാത്തികത്തിന്റെ പ്രഭാവം. കാത്തികവ്രതികളെക്കണ്ടാൽ മതി, വളരെ പാപങ്ങളും ചെയ്തവനുപോലും മുക്തി സിദ്ധിപ്പാൻ!

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, കാർത്തികമാഹാത്മ്യപ്രകരണം,
സത്യഭാമാകൃഷ്ണസംവാദം, ധനേശ്വരയക്ഷപ്രാപ്തി
എന്നൂറിപ്പതിനാറാമദ്ധ്യായം.

——(o)——

ഒരുനൂറിപ്പതിനേഴാമദ്ധ്യായം.

സൂതൻ:—"ആരോമലാളായ സത്യഭാമയോടു് ഈ വിധം കഥിച്ചിട്ടു വാസുദേവൻ സായംസന്ധ്യാവന്ദിപ്പാനും മറ്റുമായി അമ്മയുടെ ഗൃഹത്തിലേയ്ക്കു ഗമിച്ചു. ഇതു പ്രഭാവമുള്ളതാകുന്നു, കല്മഷാപഹമായ കാത്തികമാസം; ഇതനുഷ്ഠിച്ചാൽ മനുഷ്യർക്കു സാലോക്യാദിയായ നാലും കരസ്ഥമാകും. വിഷ്ണുജാഗരണം, പ്രാതഃസ്നാനം, തുളസീസേവനം, ഉദ്യാപനം, ദീപാവലി എന്നീ അഞ്ചുകൃത്തോടുകൂടി കാത്തികവ്രതം ആചരിച്ചാൽ ഭക്തിമുക്തികളാകുന്ന ഫലം തികച്ചും കിട്ടും."

ഋഷിമാർ:—"രോമഹർഷണപുത്ര, വിഷ്ണുവിനു പ്രിയവും മഹാഫലപ്രദവും അത്യത്ഭുതവുമായ കാത്തികവിധി വഴിപോലെ ഇതിഹാസങ്ങളോടുംകൂടി ഭവാൻ കഥിച്ചുവല്ലോ. തീർച്ചയായും ഭക്തികാംക്ഷികളും മുമുക്ഷുക്കളും അനുഷ്ഠിക്കേണ്ടതുതന്നെയാണു് പാപദുഃഖനാശനമായ ഈ വ്രതം; എന്നിരിക്കെ, ഏതെങ്കിലും ഒരു വ്രതസ്ഥൻ സംകടത്തിലാവുകയോ ഒറ്റുകാന്താരത്തിൽപ്പെടുകയോ രോഗിയാവുകയോ ചെയ്താൽ, അയാൾ ശുഭമായ കാത്തികവ്രതം എങ്ങനെ നിറവേറ്റണം? അത്യന്തഫലപ്രദമായ ഇതു് എന്തായാലും തൃജിച്ചുകൂടല്ലോ."

Digitized By Kerala Sahitya Akademi

സൂതൻ:—"മുനിപുംഗവരേ, ആപത്തിൽപ്പെട്ട വ്രതക്കാരൻ ഇ
ന്നപ്രകാരം ചെയ്യണമെന്നു ഞാൻ പറയാം; എല്ലാം കേട്ടുകൊള്ളു
വിൻ: വിഷ്ണുവിന്റേയോ ശിവന്റേയോ ക്ഷേത്രത്തിൽ ഥരിജാഗ
രണം ചെയ്യുക; വിഷ്ണുശിവക്ഷേത്രങ്ങളില്ലെങ്കിൽ മറ്റു ക്ഷേത്രങ്ങ
ളിലേതിലെങ്കിലുമാവാം. ഉറ്റുകാന്താരത്തിൽപ്പെട്ടവൻ അരയാലിൻചു
വട്ടിലോതുളസീവനത്തിലോ ഉറക്കമിളയ്ക്കുക. *.....ആപത്തിലോ രോ
ഗത്തിലോ പെടുകയാൽ അഭിഷേകത്തിനു വെള്ളം കിട്ടാതെവന്നാൽ
ഥരിനാമംകൊണ്ടു് അപാമാർജ്ജനംചെയ്താൽ മതി. ഉദ്യാപനംകഴി
പ്പാൻ ശേഷിയില്ലാത്ത വ്രതക്കാരൻ യഥാശക്തി ബ്രാഹ്മണരെ ഊ
ട്ടിയാൽ വ്രതത്തിനു പൂർത്തിവരും. ൪.....വിളക്കുവെയ്പാൻ കഴിവില്ലാ
ത്തവൻ മറ്റൊരാളുടെ വിളക്കു തെളിയിക്കുകയോ, കാറ്റു തട്ടിയും മ
റ്റും കെടാതെ നോക്കുകയോ ചെയ്യുക. തൃസന്ധ്യാപ്പിള്ളെങ്കിൽ
വൈഷ്ണവദേവിജനേ പൂജിക്കുക: വിഷ്ണുസഭാതന്റെ കേതനത്തിൽ
സ്ഥിതിചെയ്യുമല്ലോ. ഒന്നുമില്ലാത്തപക്ഷം, വ്രതപൂർത്തിക്കു ഗോബ്രാഹ്മ
ണരേയും അശ്വത്ഥവടങ്ങളേയും സേവിക്കുക."

ഋഷിമാർ:—"അരയാൽ പേരാലുകളെ ഭവാൻ ഗോബ്രാഹ്മണ
ക്കൊപ്പമാക്കിപ്പറഞ്ഞുവല്ലോ; അവ മറ്റെല്ലാ വൃക്ഷങ്ങളെക്കാളും പൂ
ജനീയങ്ങളായതെങ്ങിനെ?"

സൂതൻ:—"അശ്വത്ഥം വിഷ്ണുഭഗവാനും, വടം ശിവനും, പി
ലാശ്ശു ബ്രഹ്മാവുമാകുന്നു; അവയെ ദർശിക്കുകയും സ്പർശിക്കുകയും
സേവിക്കുകയും ചെയ്താൽ ദുഃഖവിപത്ദോഷങ്ങൾക്കു തീർച്ചയാ
യും അറുതിവരും."

ഋഷിമാർ:—"ബ്രഹ്മവിഷ്ണുമഹേശ്വരന്മാർ വൃക്ഷങ്ങളായ
തെങ്ങിനെ? സർവ്വജ്ഞരേ, പറഞ്ഞാലും. ഞങ്ങൾക്കു വലിയ സംശയം."

സൂതൻ:—"പണ്ടു പാർവ്വതീപരമേശ്വരന്മാർ രതിക്രീഡചെയ്യു
മ്പോൾ, ദേവന്മാർ ബ്രാഹ്മണശ്രേഷ്ഠധാരിയായ അഗ്നിയെ അയച്ചു വി
ഘ്നം വരുത്തുകയുണ്ടായല്ലോ; അങ്ങിനെ രത്യുത്സവസുഖത്തിനു ഭം
ഗം വരുകയാൽ പാർവ്വതി കോപിച്ചു വിറച്ചുകൊണ്ടു വിണ്ണവരെ ശ
പിച്ചു:—'കൃമികീടാദികൾക്കുപോലുമറിയാം സുരതസുഖം; അതിനു

---

* വിഷ്ണുസന്നിധിയിൽ നായാടികൾ ചെയ്യുന്നതു ഫലം മുമ്പു പറഞ്ഞിട്ടുണ്ട്.

ബ്രാഹ്മണമഹിമ മുമ്പു പലേടത്തും വർണ്ണിച്ചിട്ടുണ്ട്.

Digitized By Kerala Sahitya Akademi

വിഷ്ണും വരുത്തിയതിനാൽ ദേവന്മാർ ഉത്തമിഞ്ഞുള്ളായിത്തീരട്ടെ!' കൊപംപൂണ്ട പാർത്തിയുടെ ഈ ശാപംമൂലം വൃന്ദാരകന്മാരെല്ലാം വൃക്ഷങ്ങളായിപ്പോയി; അക്ഷയ്യതഗിരിശന്മാരും അശ്വത്ഥവടങ്ങളായിത്തീർന്നു. അതുമാകട്ടെ, അലക്ഷ്മീസംസർഗ്ഗംമൂലം, ശനിവാരത്തിലല്ലാതെ ഒരാട്ടുക്കുടാത്തതുമായി."

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, കാർത്തികമാഹാത്മ്യപ്രകരണം, അശ്വത്ഥവടപ്രശംസനം ഒരുന്നറിപ്പുതിനെഴാമദ്ധ്യായം.

———:0:———

ഒരുന്നറിപ്പുതിനെട്ടാമദ്ധ്യായം

ഋഷിമാർ:—"സൂത, അരയാൽമരം എങ്ങിനെ തൊട്ടുകൂടാത്തതായി? ശനിവാരത്തിൽ എങ്ങിനെ തൊടാവുന്നതായി?"

സൂതൻ:—"പാലാഴിമഥനത്തിൽ ഉണ്ടായിവന്ന ശ്രേഷ്ഠവസ്തുക്കളിൽ ലക്ഷ്മിദേവിയും കൌസ്തുഭത്തെയും സുരന്മാർ വിഷ്ണുവിന്നു സമർപ്പിച്ചു. ഭഗവാൻ ലക്ഷ്മിയെ ഭാര്യയാക്കാൻ അംഗീകരിച്ചപ്പോൾ, ലക്ഷ്മി അവിടുത്തോടുണർത്തിച്ചു:—'മധുസൂദന, ജ്യേഷ്ഠത്തിയെ വേർപിരിക്കാതെ അനുജത്തിയെ പരിണയിക്കുമോ? അതിനാൽ എന്റെ അഗ്രജയായ അലക്ഷ്മിയെ വേർപിരിച്ചതിന്നശേഷം എന്നെ കൈക്കൊണ്ടാലും: ഇതാണല്ലോ, പണ്ടുപണ്ടേ ഉള്ള ധർമ്മം.' ഇതുകേട്ട്, ലോകഭാവനനായ ത്രിവിക്രമൻ അലക്ഷ്മിയേ സുദീർഘോപസ്ഥായ ഉലൂലകനെന്ന മുനിയെക്കൊണ്ട്, താൻതന്നെ പറഞ്ഞു വേർപിരിച്ചു. ചീർത്ത മുഖം, വെളുത്ത പല്ല്, ചുക്കിച്ചുളിഞ്ഞ ശരീരം, ചരന്ന ഉടുകണ്ണുകം, പരുപരുത്ത മെയ്യും തലമുടി—ഇങ്ങനെയുള്ള ജ്യേഷ്ഠയെ ജനാർദ്ദനന്റെ തിരുമുമ്പാടാൽ കൈക്കൊണ്ടു, ആ ധർമ്മജ്ഞനായ തപോധനൻ, തന്റെ ആശ്രമത്തിലേയ്ക്കു കൊണ്ടുപോന്നു. ഹോമധൂമത്തിന്റെ സൌരഭ്യം പൊങ്ങി വേദഘോഷം മുഴങ്ങിക്കേൾക്കുന്ന ആശ്രമം കണ്ടപ്പോൾ ജ്യേഷ്ഠയുടെ മനം നടുങ്ങിപ്പോയി; അവർ പറഞ്ഞു:—'ബ്രഹ്മൻ, എനിക്കൊത്തതല്ല, ഈ വേദഘോഷം ചേർന്ന പാർപ്പിടം; ഞാൻ തീർച്ചയായും പോരുകില്ല. എന്നെ മറ്റെങ്ങാനും കൊണ്ടാക്കുക.'

Digitized By Kerala Sahitya Akademi

ഉദ്ദാലകൻ:—'നീ പോരില്ലെന്നോ? എന്തായിവിടെ പാക്കാൻ വിരോധം? എങ്ങിനെയുള്ളതാണ് നിന്റെ പാർപ്പിടം? കേൾക്കട്ടെ.'

ജ്യേഷ്ഠ:—'വേദഘോഷവും അതിഥിസൽക്കാരവും യജ്ഞദാനാദികളും എവിടെയുണ്ടോ, അവിടെ ഞാൻ പാർക്കുകയില്ല; നല്ലവണ്ണം നീതിനിപുണനും ധർമ്മിഷ്ഠനും പ്രിയഭാഷിയും ഗുരുദേവപൂജയും എവിടെയുണ്ടോ, അവിടെ ഞാൻ പാർക്കുകയില്ല; പരസ്പരാനുരക്തരായം ദമ്പതിമാരും പിതൃദേവാർച്ചനവും എവിടെയുണ്ടോ, അവിടെ ഞാൻ പാർക്കുകയില്ല. രാത്രിയോ പകലോ മറ്റുള്ളവർ തമ്മിൽ ശണ്ഠയുള്ളേടത്തും അതിഥികൾ നിരാശരാകുന്നേടത്തുമാണ് എനിക്ക പ്രീതി; ചൂതാടികളും പരസ്പരവിരോധികളും പരസ്ത്രീലംപടന്മാരുമുള്ളേടത്താണ് എനിക്ക പ്രീതി; വൃദ്ധസജ്ജനങ്ങളുടെ മുന്നിൽ അവമാനിക്കുന്നേടത്തും നിഷ്ഠൂരഭാഷണമുള്ളേടത്തും ഞാൻ എന്നെന്നും പാർത്തുകൊള്ളാം; ഗോഹത്യാ ബ്രഹ്മഹത്യാദി പാപങ്ങളും മദ്യപാനവുമുള്ളേടത്താണ് എനിക്ക പ്രീതി.'

ഇതുകേട്ട് ഉദ്ദാലകൻ വിഷണ്ണനായി; എന്നാൽ വിഷ്ണു വാക്യം മാത്തിട്ട് അദ്ദേഹം തന്നെ മിണ്ടാതെ നടന്നു മറെറാരേടത്തെത്തി. അവിടെ അദ്ദേഹത്തിന്റെ പൂജ കണ്ടപ്പോൾ, അലക്ഷ്മി, ഞാൻ പോരില്ലെ'ന്നായി. അതിൽ ഉള്ളുഴന്നു വിവശനായ ഉദ്ദാലകൻ അവളോടരിയാടി:—'അലക്ഷ്മി, ഈ അരയാൽച്ചുവട്ടിൽ ഇത്തിരിനേരം നിൽക്കു; ഞാൻ പോയി പാർപ്പിടം നോക്കിവരാം.' ഇങ്ങനെ ജ്യേഷ്ഠനെ അവിടെ നിറുത്തി ഉദ്ദാലകൻ നടകൊണ്ടു. അവരം വളരെനേരം കാത്തുനിന്നിട്ടും മുനിയെ കണ്ടില്ല. ഭർത്താവ് ഉപേക്ഷിച്ചതിനാൽ സങ്കടപൂണ്ട് അവരം കരുണമാംവണ്ണം കരഞ്ഞുതുടങ്ങി. ആ കരച്ചിൽ വൈകുണ്ഠത്തിൽ ശ്രീദേവതി കേട്ടു. അതിൻ ഉദ്ദേശം പൂണ്ട ലക്ഷ്മി വിഷ്ണുവിനോടപേക്ഷിച്ചു:—'നാഥ, എന്റെ ജ്യേഷ്ഠത്തി, ഭർത്താവുപേക്ഷിച്ചതിനാൽ ദുഃഖത്തിൽപ്പെട്ടിരിക്കുന്നു; ദയാലോ, എങ്കൽ സ്നേഹമുണ്ടെങ്കിൽ, ഈവിടുന്നു ജ്യേഷ്ഠത്തിയെ ചെന്നാശ്വസിപ്പിക്കണം!' ഉടനെ ഭഗവാൻ ലക്ഷ്മിയോടൊരുമിച്ച് അവിടെ എഴുന്നള്ളി സ്വയം അലക്ഷ്മിയെ ആശ്വസിപ്പിച്ചരുളിച്ചെയ്തു:—'അലക്ഷ്മി, ഭവതി എന്നെന്നും അശ്വത്ഥത്തിന്മേൽ വസിച്ചുകൊള്ളുക: എന്റെ അംശത്താൽ ഉണ്ടായതാണ് ഈ വൃക്ഷം. ശനിയാഴ്ചയിൽ മാത്രം വിട്ടുനിൽക്കുക; ശനിയാഴ്ച, ഭവതിയുടെ അനുജത്തി, ലക്ഷ്മി ഇവിടെ വരും. ഭവതിയെ ആണ്ടുതോറും യാതൊരു ഗൃഹസ്ഥർ പൂജിക്കുന്നുവോ, അവരിൽ, ഭവതിയുടെ അ

Digitized By Kerala Sahitya Akademi

രാജത്തിനായ ഈ ലക്ഷ്മി സുസ്ഥിരയായിരിക്കട്ടെ!' ഇപ്രകാരം കഥിച്ച് അച്യുതൻ അവിടെത്തന്നെ മറഞ്ഞു. ഇതിനാലത്രേ, അശ്വത്ഥം ശനിവാരത്തിൽ തൊടാവുന്നതായിത്തീർന്നത്. *

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, കാർത്തിക മാഹാത്മ്യപ്രകരണം, അലക്ഷ്മീപാലനം ഒരുന്നൂറിപ്പതിനെട്ടാമദ്ധ്യായം.

—0—

ഒരുന്നൂറിപ്പത്തൊമ്പതാമദ്ധ്യായം

സൂതൻ:—ശ്രീകൃഷ്ണൻ പറഞ്ഞതെല്ലാം കേട്ടിട്ട്, സൌഭാഗ്യശാലിനിയായ സത്യാജിന്നന്ദിനി അവിടുത്തോടാവശ്യപ്പെട്ടു:—'അത്തായേ, കാർത്തികമാഹാത്മ്യം വിസ്തരിച്ചു കേൾക്കുകയുണ്ടായില്ല; എല്ലാമാസങ്ങളിലും മീതെയാണല്ലോ കാർത്തികം.'

കൃഷ്ണൻ:—'മാമേ, ഭവതിയുടെ ചോദ്യം കൊള്ളാം. കാർത്തികവ്രതം പണ്ട് സുമഹാത്മാവായ സൂതൻ ശൌനകനോട് സാദരം കഥിക്കുകയുണ്ടായി:—'മുനിപുംഗവ, ഇതേ ചോദ്യത്തിന്റെ ഉത്തരം പണ്ടു പരമേശ്വരൻ ഷൺമുഖനോടരുളിച്ചെയ്തതു കേട്ടുകൊള്ളുക:

സൂതൻ:—'അല്ലയ്യ, പത്മനാഭന്റെ രഹസ്യങ്ങളും പലതും വൈഷ്ണവനായ ഭവാൻ പറഞ്ഞു ഞാൻ കേട്ടു; ഇനി, ദുഃഖങ്ങളാകുന്ന കല്ലോലങ്ങളും നിറഞ്ഞ സംസാരസമുദ്രത്തിൽ കിടക്കുന്നവർക്ക് കരയേറാൻവേണ്ടി, കാർത്തികസ്നാനവിധി ശരിക്കരുളിച്ചെയ്താലും; യാതൊന്നിന്റെ പ്രഭാവത്താൽ ശരീരികൾ വൈഷ്ണവപദം പ്രാപിക്കുമോ, ആ വൈഷ്ണവധർമ്മത്തിന്റെ ഫലം വിസ്തരിച്ചു വർണ്ണിച്ചാലും; വിളക്കുവെച്ച്, അകത്തിപ്പൂവ്, ഗോപീചന്ദനം, തുളസി, പിച്ചകം, താമരപ്പൂവ്, തെറ്റിയ്യ, മനകം, കൈതപ്പൂവ്, നൈവേദ്യം, തീർത്ഥജലം എന്നിവയുടെ മഹിമയും, മാഘസ്നാനം, പിലാശിവയിൽ ഉണ്ണുക, നീരാജനം, അന്യന്റെ വിളക്കു തെളിയിക്കുക, ദാനങ്ങൾ, പരാന്നവർജ്ജനം, കട്ടിൽ വെടിയുക, മാസോപവാസം എന്നിവയുടെ ഫലവും, പുഷ്കരമാഹാത്മ്യവും, സൂകരക്ഷേത്രമാഹാത്മ്യവും, സാളഗ്രാമമാഹാത്മ്യവും, സപ്തസ്ഥികവിധിയും, തീർത്ഥാവലീമാഹാത്മ്യവും, പ്രബോധിനീമാഹാത്മ്യവും, ഭീഷ്മപഞ്ചകമാഹാത്മ്യവും—എല്ലാം—വിസ്തരിച്ചു വർണ്ണിച്ചാലും'

* മൂന്നു ശ്ലോകം മുമ്പേക്കണക്കാകയാൽ ചിട്ട.

Digitized By Kerala Sahitya Akademi

ശിവൻ:—'ഉണ്ണി, നിന്റെ ചോദ്യം കൊള്ളാം. ലോകോപകാരത്തിനുവേണ്ടി ഞാൻ തീർച്ചയായും പറയാം. നിന്നെപ്പോലെ ഒരു വൈഷ്ണവൻ ഇല്ലതന്നെ. സൽപുത്രനായ നീ എനിക്ക് ഉൽഗതിവരുത്തി, സംശയമില്ല! നിശ്ചലമായ വിഷ്ണുഭക്തി നിങ്കൽ സദാ വർത്തിക്കുന്നുണ്ട്. മനുഷ്യർക്ക വൈഷ്ണവധർമ്മം ഉപദേശിച്ചുകൊടുക്കുന്ന സൽപുമാൻ ആഴികളോടുകൂടിയ ഉഴി മുഴുവൻ ദാനംചെയ്താലത്തെ പുണ്യം നേടും. എല്ലാ തീർത്ഥങ്ങളും എല്ലാ ദാനങ്ങളും എല്ലാ സദക്ഷിണങ്ങളായ യാഗങ്ങളും പുഷ്കര കുരുക്ഷേത്ര ഹിമാചലാകൂരതീർത്ഥ കാശീ സൂകരവാടവുംകൂടി ഒരു തട്ടിലും, കേരവപ്രിയമായ കാർത്തികം മറേറതട്ടിലും വെച്ചു നോക്കിയാൽ, അളുകം കാർത്തികത്തിന്റെ കോടിയിലൊരംശത്തിനു മതിയാവില്ല!'

മുനിപുംഗവ, ഇതുയും പറഞ്ഞിട്ട പരമശപരൻ വീണ്ടും കഥിച്ചു:—'കാർത്തികസ്നാനത്തിന്റെ മഹിമ വിസ്തരിച്ചു പറയാം: കൃതയുഗം ബ്രാഹ്മണമയവും, ത്രേത ക്ഷത്രിയമയവും, ദ്വാപരം വൈശ്യമയവും, കലി ശൂദ്രമയവുമത്രേ. ഉണ്ണി, കലികാലത്തു മനുഷ്യർക്ക സ്നാനകർമ്മത്തിൽ നിഷ്ഠ കുറയും; എന്നാലും, കാർത്തികമാഘസ്നാനം ഞാൻ കഥിക്കാം. *.....ആർ പ്രാതഃകാലത്തെഴുന്നേറു വിഷ്ണുതീർത്ഥത്തിൽ സ്നാനം ചെയ്യുന്നുവോ, അവൻ സർവപാപനിർമ്മുക്തനായി പരബ്രഹ്മത്തോടു ചേരും. ഷണ്മുഖ, സ്നാനം നാലു വിധത്തിലുണ്ട്: വായവ്യം, വാരുണം, ബ്രാഹ്മം, ദിവ്യം.'

സത്യഭാമ:—'സ്നാനങ്ങളും നാലിന്റെയും ലക്ഷണംകൂടി പറഞ്ഞുതരിക; അതറിഞ്ഞാൽത്തന്നെ എനിക്ക സുഖസ്ഥത്തോടെ ഭവൽഗൃഹത്തിലിരിക്കാമല്ലോ!'

കൃഷ്ണൻ:—§ ശോരജസ്സുകൊണ്ടുള്ള സ്നാനം വായവ്യം; സമുദ്രാദിസ്നാനം വാരുണം; ബ്രാഹ്മണമന്ത്രപൂർവമായ സ്നാനം ബ്രാഹ്മം; മഴയോ വെയിലോ കൊണ്ടുള്ള സ്നാനം ദിവ്യം; ഇവയിൽ മുഖ്യം വാരുണസ്നാനമാകുന്നു. ബ്രാഹ്മണ ക്ഷത്രിയ വൈശ്യന്മാർ മന്ത്രം ചൊല്ലിയും, ശൂദ്രൻ മിണ്ടാതെയും സ്നാനംചെയ്യുക. ബാലരുണ വൃദ്ധർക്കും സ്ത്രീപുരുഷക്ലീബർക്കും—സകലർക്കും—ഒരുപോലെ പുണ്യകരമത്രേ കാർത്തികമാഘങ്ങളിൽ പ്രാതഃസ്നാനം. കാർത്തികസ്നായികർക്ക കാംക്ഷിതഫലം കൈവരും.'

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, കാർത്തികമാഹാത്മ്യപ്രകരണം,
സത്യഭാമാകൃഷ്ണസംവാദം, കാർത്തികസ്നാനകീർത്തനം
എന്നൊന്നാറുപത്തൊൻപതാമദ്ധ്യായം.

* പൂർവോക്തമാകയാൽ രണ്ടാശ്ലോകം വ്യാഖ്യ.

§ പത്മിനിയുടെ കൂട്ടത്തിൽ നിന്നും പുറപ്പെട്ട രണ്ടുള്ളി.

Digitized By Kerala Sahitya Akademi

ഒരുന്നൂറിരുപത്താമദ്ധ്യായം

സൂതൻ:—ഭഗവാൻ വൃഷഭധ്വജൻ, ഭക്തിയോടെ ശ്രവിക്കുന്ന സുന്ദരനെ സമീപത്തണച്ചു വീണ്ടും അരുളിച്ചെയ്തു:—'കാർത്തികമാകുന്ന വൈഷ്ണവമാസത്തിൽ, കലികാലത്തു മുപ്പത്തിമൂന്നു ദേവകൾ സന്നിധി ചെയ്യും. മഹാഭാഗ, കാർത്തികത്തിൽ *.....എല്ലാട്ടാനങ്ങളിലും വെച്ചു മുഖ്യം കന്യകാദാനമാകുന്നു. കന്യകയെ രോമംമുളയ്ക്കുന്ന കാലത്തു സോമനും, ആർത്തവകാലത്തു ഗന്ധർവ്വരും, കുചോൽഗമകാലത്തു് അഗ്നിയും അനുഭവിക്കുന്നു; അതിനാൽ ശുദ്ധമതിയാകുന്നതിനു മുമ്പു കന്യകയെ കൊടുക്കണമെന്നാണു വിധി. എട്ടുവയസ്സായാൽ പെണ്ണിനെ വേൾപ്പിക്കണം. എന്നാൽ കന്യകയുടെ ദേഹത്തിൽ എത്ര രോമമുണ്ടോ, അത്ര ആയിരംകൊല്ലം രുദ്രലോകത്തു സൽക്കാരമേല്ക്കാം! .....ഗോദാനം, പൃഥ്വീദാനം, വിദ്യാദാനം ഇതു മൂന്നും തുല്യ ഫലമത്രേ.'

സ്കന്ദൻ:—'മഹാദേവ, മനുഷ്യനെ പാപങ്ങളെല്ലാം കഴുകിക്കളഞ്ഞു ദേവന്മാക്കുന്ന മറ്റു ധർമ്മങ്ങളും പറഞ്ഞുതരിക.'

ഇതു വിധം അവശ്യപ്പെട്ട സുബ്രഹ്മണ്യനെ പലതരത്തിൽ അഭിനന്ദിച്ചു ശിവൻ വീണ്ടും കഥിച്ചുതുടങ്ങി; അപോധനന്മാരെ, അതു കേട്ടുകൊള്ളുവിൻ:—'കാർത്തികത്തിൽ നിയമംപൂണ്ടു പരാന്നം വർജ്ജിച്ചാൽ, അതുകൊണ്ടുതന്നെ ചാന്ദ്രായണഫലം കിട്ടും; കാർത്തികം പിറന്നകണ്ടാൽ പരാന്നം ആർ വർജ്ജിക്കുമോ, അവൻ നാലംതോറും കൃച്ഛ്രത്തിന്റെ ഫലം നേടും. § ..കാർത്തികത്തിൽ ഒരു പ്രാവശ്യം മാംസം ഭക്ഷിച്ചവൻ രാക്ഷസയോനിയിൽപ്പിറന്നു് അറുപതിനായിരം കൊല്ലം മലത്തിൽക്കിടക്കും; അതുവിട്ടാൽ, പിപ്പലന്നിയായിപ്പിറക്കും. കാർത്തികത്തിൽ ഭക്ഷ്യനിയമം കൈക്കൊണ്ടവൻ തീർച്ചയായും വിഷ്ണുവിന്റെ പരമപദമായ മോക്ഷമടയും. കാർത്തികംപോലെ ഒരു മാസമില്ല; വിഷ്ണുവിനെപ്പോലെ ഒരീശ്വരനില്ല; വേദംപോലെ ഒരു ശാസ്ത്രമില്ല; ഗംഗപോലെ ഒരു തീർത്ഥമില്ല; സത്യംപോലെ ഒരു സദാചാരമില്ല; കൃതംപോലെ ഒരു യുഗമില്ല; ക്ഷേത്രംപോലെ ഒരു തൃപ്തിയില്ല; ദാനംപോലെ ഒരു സുഖമില്ല; ധർമ്മംപോലെ ഒരു സ്നേഹിതനില്ല; കണ്ണുപോലെ ഒരു തേജസ്സില്ല! വിഷ്ണുപ്രിയ

* പല ദാതക്കേടു പറഞ്ഞ ഭാഗം ഇവിടെ വിട്ടിരിക്കുന്നു.

§ പൂർവ്വാർക്കം.

Digitized By Kerala Sahitya Akademi

മായ മാസത്തെ അതു വ്രതംകൂടാതെ പോക്കുമോ, ആ കമ്മിഷ്ഠൻ ഹീനയോനികളിൽ ജനിക്കും.....സ്നാനത്തിനു സമുദ്രഗയായ പുണ്യനദി, കലീനതയും സുശീലതയുമുള്ള കന്യക, അമ്മ, ബ്രഹ്മൻ, സജ്ജനസംഭാവന, ധർമ്മിഷ്ഠനായ പുത്രൻ, ഭാരകാവാസം, കൃഷ്ണദർശനം, ഗോമതീസ്നാനം, കാർത്തികവ്രതം എന്നിതെല്ലാം ഭൂമിയിൽ കിട്ടാവുന്നതല്ല! ദ്വിജദമ്പതിമാർക്കു കന്നിവിളിയും.....മറവും നൽകണം. കാർത്തികത്തിൽ ഇലയിലൂണുകഴിക്കുന്നവൻ പതിനായിരം ജന്മാന്തരങ്ങളിലെ കാലത്തോളം ദുർഗ്ഗതിയണയുകയില്ല. *.....മയൂരവാഹന, പിലാശിന്റെ ഇലകളിൽ നടുവിലേതു വർജ്ജിക്കണം: മൂന്നിലകളിൽ മുമ്മൂർത്തികൾ സ്ഥിതിചെയ്യുന്നു; അവയിൽ ബ്രഹ്മവിഷ്ണുക്കളേതെല്ലാതെ ശിവനേറയു പാടില്ല. നിലത്തുകിടന്നാൽ ഗ്രഹണങ്ങളിൽ ഭോജനംചെയ്യുന്ന ഫലം കിട്ടും..... കാർത്തികത്തിൽ തിലദാനവും നദീസ്നാനവും സദാ സാധുസേവനവും പിലാശിലയിലുണ്ണുകയും മുക്തിസാധനമത്രെ. കാർത്തികത്തിൽ മൌനം, പിലാശിലയിലൂണ്, തിലസ്നാനം, എപ്പോഴും ക്ഷമ, നിലത്തുകിടപ്പ് എന്നിവ ഒരു യുഗത്തിലേ പാപത്തിന്നുനിവർത്തും. കാർത്തികേയ, കാർത്തികത്തിൽ പുലർച്ചയ്ക്കു വിഷ്ണുവിന്റെ മുമ്പിൽ ജാഗരണംചെയ്താൽ അയിരം പശുദാനത്തിന്റെ ഫലം കിട്ടും. പിതൃപക്ഷത്തിൽ അന്നദാനം, ജ്യേഷ്ഠാഷാഢങ്ങളിൽ ജലദാനം എന്നിവയുടെ ഫലംകിട്ടും, കാർത്തികത്തിൽ അന്യന്റെ വിളക്കു തെളിയിച്ചാൽ. കാർത്തികത്തിൽ അന്യന്റെ വിളക്കു തെളിയിക്കുകയും വൈഷ്ണവരെ സേവിക്കുകയും ചെയ്താൽ രാജസൂയാശ്വമേധങ്ങളുടെ ഫലം കൈവരും. കാർത്തികത്തിൽ നദീസ്നാനവും വിഷ്ണുവൈഷ്ണവദർശനവും ചെയ്യാത്തവന്റെ പത്തുകൊല്ലത്തെപ്പുണ്യം നശിക്കും. കാർത്തികത്തിൽ കായവാങ്മനസ്സുകളാൽ പുഷ്കരത്തെ സേവിച്ചാൽ ഫലം ലക്ഷകോടി മടങ്ങാവും. മാഘത്തിൽ പ്രയാഗവും, കാർത്തികത്തിൽ പുഷ്കരവും, വൈശാഖത്തിൽ അവന്തിയും ഒരു യുഗത്തിലെ പാപത്തെ നശിപ്പിക്കും. കലികാലത്തു വിശേഷിച്ചും പിതൃക്കൾക്കായി യാവ ചിലർ വിഷ്ണുവിനെ സേവിക്കുമോ, അവരെത്ര ലോകത്തിൽ ധന്യർ! മകനേ, ഗയാശ്രാദ്ധവും മറവും വളരെ കഴിച്ചിട്ടെന്തുള്ള? അവർ തീർപ്പായും പിതൃക്കളെ നരകത്തിൽനിന്നു കോരിക്കഴിഞ്ഞു! പിതൃക്കൾക്കായി പത്മനാഭനു പാലഭിഷേകംചെയ്താൽ, അവർ ഒരു കോടികല്പം ദ്യോവിൽച്ചെന്നു ദേവകളൊന്നിച്ചു വസിക്കും. യാവ ചിലർ കാർത്തികത്തിൽ താമരക്കണ്ണനെ താമരപ്പൂക്കൾകൊണ്ടു പൂജിക്കില്ലയോ, അവർക്കു കോടി ജന്മങ്ങളിൽ താമരമുഖ ഗൃഹത്തിൽ കേറുകയില്ല! വെള്ള

* പലാശപത്രഭോജനമഹാത്മ്യം സ്കന്ദ-മഹേശ്വരഖണ്ഡത്തിൽ നോക്കുക.

Digitized By Kerala Sahitya Akademi

ത്തും കറുത്തതുമായ് താമരപ്പൂവുകൊണ്ടു വിഷ്ണുവിനെ ഭക്തിപൂ
ർവം പൂജിക്കാത്തവർ യാവ ചിലരോ, ഹാ, അവർ വഞ്ചിതരും നഷ്ട
രും കലികണ്ണിൽ വീണവരും തന്നെ! ഒരൊറ പത്മംകൊണ്ടു പത്മാ
സനാളനെ പൂജിച്ചാൽ പതിനായിരമായിരം വർഷങ്ങളിലെ പാപം
നീങ്ങും! ഒരൊറത്താമരപ്പൂവുകൊണ്ടു ദേവേശനെ പൂജിച്ചാൽ ഏഴു
ലക്ഷം അപരാധങ്ങൾക്കുമതിവരും! ഒരു ലക്ഷം തുളസീദളംകൊണ്ടു
അച്യുതനെ അർച്ചിച്ചാൽ, ഓരോ ഇലയ്ക്കും ഓരോ മുത്തുമണിയുടെ
ഫലംകിട്ടും. സേനാനി, തുളസീഗന്ധത്തോടുകൂടി വല്ലതുമൊന്നു ചെ
യ്താൽ, വിഷ്ണു അനേകായിരം കല്പം പ്രസാദിച്ചരുളും. വിഷ്ണുവി
നു ചാർത്തിയ തുളസിയെ മുഖത്തും ശിരസ്സിലും ദേഹത്തിലും പ്രേമ
ത്തോടേ ധരിച്ചവനേ കലി തീണ്ടുകയില്ല! വിഷ്ണുനിർമ്മാല്യം ദേഹ
ത്തിൽ തൊട്ടുവച്ചാൽ മതി, ദുരിതങ്ങളും രോഗങ്ങളും വിട്ടൊഴിയാൻ!
വിഷ്ണുവിന്റെ ശംഖജലം, നിർമ്മാല്യം, പാദ്യം, ചന്ദനം, ധൂപശേ
ഷം എന്നിവ ബ്രഹ്മഹത്യയെപ്പോലും അകറ്റും.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, കാർത്തികമാഹാത്മ്യപ്രകരണം,
സത്യഭാമാ കൃഷ്ണസംവാദം, കാർത്തികമാസനിയമവർണ്ണനം
ഒരുന്നൂറിരുപതാമദ്ധ്യായം.

—(o)—

ഒരുന്നൂറിരുപത്തൊന്നാമദ്ധ്യായം

ശിവൻ:—'ഭാഗവതോത്തമ, മാഘസ്നാനത്തിന്റെ മഹിമയും
കേട്ടുകൊള്ളുക: ചക്രതീർത്ഥത്തിൽ ഹരിയേയും മധുരയിൽ കൃഷ്ണ
നേയും ദർശിച്ചാലത്തേ ഫലം മാഘസ്നാനത്താൽ സിദ്ധിക്കും. ജിതേ
ന്ദ്രിയനായി ശാന്തചിത്തനായി സദാചാരപരനായി മാഘസ്നാനം ചെ
യ്യുന്നവന്നു പുനർജ്ജന്മമുണ്ടാകയില്ല.'

'സൂകരത്തിന്റെ മാഹാത്മ്യവും പറഞ്ഞുതരാം; അതറിഞ്ഞാൽ
മതി, എന്നെന്നും എന്റെ സാമീപ്യം സിദ്ധിപ്പാൻ!' എന്നിങ്ങനെ
ഭഗവാൻ മുകുന്ദൻ ഭാമയോടു കഥിപ്പാൻതുടങ്ങി:— 'അഞ്ചുയോജന
പരപ്പുള്ളതാകുന്നു സൂകരമെന്നു എന്റെ ക്ഷേത്രം; അതിങ്കൽ നിവസി
ച്ചാൽ ഗർഭഭേദപോലും ചതുർബാഹുവാകും! വിശാലാക്ഷി, മൂവായിര
ത്തി മുന്നൂറിമൂന്നു കോലാണ് സൂകരത്തിന്റെ വിസ്താരം. മറെറാരേ
ടത്തു് അരുപതിനായിരം കൊല്ലം തപസ്സുചെയ്താലത്തെ ഫലം, സൂക
രത്തിൽ അരയാമംകൊണ്ടു കിട്ടും. സൂര്യഗ്രഹണത്തിൽ സന്നിഹിതി

Digitized By Kerala Sahitya Akademi

നിലോ കുരുക്ഷേത്രത്തിലോ തുലാപുരുഷദാനം ചെയ്യാലത്തെ ഫലം എന്താ, അതു പത്തിരട്ടിയാവും, കാശിയിൽ; നൂറിരട്ടിയാവും, തിരുവേണിയിൽ; ആയിരമിരട്ടിയാവും, ഗംഗാസമുദ്രസംഗമത്തിൽ; ദേവി, അറമില്ലാത്തതാവും, എന്റെ സൂകരക്ഷേത്രത്തിൽ! മറെറാരേടത്തു ലക്ഷം ദാനത്തിനു പകരം സൂകരത്തിൽ ഒരൊറ്റദാനം മതി! സൂകരത്തിലും തിരുവേണിയിലും ഗംഗാസമുദ്രസംഗമത്തിലും ഒരിക്കൽ സ്നാനം ചെയ്യാൽ ബ്രഹ്മഹത്യയും നീങ്ങും. ഗജഗാമിനി, സൂകരക്ഷേത്രമാഹാത്മ്യം ശ്രവിച്ചതിനാൽ പണ്ട് അളക്കുന്ന ഭീപേഴംചേന്ന ഭൂമി കൈവന്നു.'

സ്കന്ദൻ:— 'ഭഗവൻ, മഹേശ്വര, മാസോപവാസത്തിന്റെ വിധിയും ഫലവും കേൾക്കാൻ എനിക്കാഗ്രഹമുണ്ട്. ഈ സുഖലക്ഷ്മീകരമായ ഈ വ്രതം എങ്ങിനെ തുടങ്ങണം? എങ്ങിനെ അവസാനിപ്പിക്കണം? എത്ര പ്രാവശ്യം അനുഷ്ഠിക്കണം? വിസ്തരിച്ചരുളിച്ചെയ്യാലും.'

ശിവൻ:—'പ്രാവകോത്തമ, നീ ചോദിച്ചതൊക്കെയും ഞാൻ ശരിക്കു പറയാം; ബുദ്ധിമൽപ്രവര, കേതിയോടെ ശ്രവിച്ചുകൊള്ളുക: ദേവന്മാരിൽ വിഷ്ണുവും, ചൂട നൽകുന്നവരിൽ സൂര്യനും, പർവ്വതങ്ങളിൽ മഹാമേരുവും, പക്ഷികളിൽ ഗരുഡനും, തീർത്ഥങ്ങളിൽ ഗംഗയും, പ്രജകളിൽ വണിക്കും ഏതുപ്രകാരമോ അപ്രകാരം വ്രതങ്ങളെല്ലാറിലും വെച്ചു മീതേയാണ് മാസോപവാസം. സർവ്വ വ്രതങ്ങളുടേയും സർവ്വതീർത്ഥങ്ങളുടേയും സർവ്വദാനങ്ങളുടേയും ഫലം മാസോപവാസത്താൽ കൈവരും. ഭൂരിദക്ഷിണങ്ങളായ അഗ്നിഷ്ടോമാദി വിവിധയജ്ഞങ്ങൾകൊണ്ടും മാസോപവാസത്തിന്റെ പുണ്യം സിദ്ധിക്കുകയില്ല. മാസോപവാസം ശരിക്കു ചെയ്യാൽ ജപമായി, ഹോമമായി, ദാനമായി, തപസ്സായി, സ്വധാപ്പണമായി! വൈഷ്ണവയജ്ഞമുദ്ദേശിച്ചു ജനാർദ്ദനനെ പൂജിച്ചു ഗുരുവിന്റെ അനുമതി വാങ്ങിയിട്ടു മാസോപവാസം ചെയ്യുക; ശുദ്ധശുക്ലമായ വൈഷ്ണവ വ്രതങ്ങളെല്ലാം വേണ്ടതിൻവണ്ണം അനുഷ്ഠിച്ചിട്ട് മാസോപവാസം ചെയ്യുക; അതിരൂക്ഷമോ പാരാകമോ ചാന്ദ്രായണമോ ആചരിച്ചിട്ടു ഗുരുവിന്റെ അനുജ്ഞയാൽ മാസോപവാസം ചെയ്യുക. ആശ്വിനത്തിലെ വെളുത്ത ഏകാദശി നോറ്റിട്ട് മുപ്പതു ദിവസത്തേയ്ക്ക് ഈ വ്രതം കൈക്കൊള്ളുക. വാസുദേവനെ ആരാധിച്ചു കാർത്തികമാസം മുഴുവൻ ഉപവസിച്ചവൻ മുക്തിഫലം നേടും. വിഷ്ണുക്ഷേത്രത്തിൽ ഭഗവാനെ ഭക്തിയോടെ അനേകം വെളുത്ത പൂക്കൾകൊണ്ടും പിച്ചകപ്പൂകൊണ്ടും

Digitized By Kerala Sahitya Akademi

കരിഞ്ചുവളപ്പൂകൊണ്ടും ചെൺചെന്താമരപ്പൂക്കൾകൊണ്ടും ധൂപദീപ നൈവേദ്യാദികൾകൊണ്ടും പൂജിക്കണം; അനുലേപനത്തിന്നു കുംകുമവും രാമച്ചവും കർപ്പൂരവും ചന്ദനവും. പുരുഷനും വിധവയും ഇന്ദ്രിയങ്ങളടക്കി, കനത്ത ഭക്തിയോടെ, മനസാ വാചാ കർമ്മണാ മാധവനെ ആരാധിക്കണം: പകലിരവു തിരുനാമങ്ങൾ ജപിക്കണം; ഗോവാനെ ഭക്തിയോടെ സ്തുതിക്കണം; വല്ലതും സംസാരിക്കരുതു്. എല്ലാ ജീവികളിലും ദയാശീലനും ശാന്തവൃത്തിയും അഹിംസകനുമായിരിക്കണം. ഉറങ്ങുമ്പോഴും ഇരിക്കുമ്പോഴും വാസുദേവനെ കീർത്തിക്കണം. അന്നത്തെ സ്മരിക്കുകയും, കാണുകയും ശ്രദ്ധിക്കുകയും ആസ്വദിക്കയും ഗ്രാസമരുതു; ഗ്രാസമൊന്നും പാടില്ല. മേലിലോ തലയിലോ എണ്ണതേയ്ക്കരുതു്; വൊറിലമുറുക്കരുതു്; കുറിക്കൂട്ടണിയരുതു്; മറ്റു നിഷിദ്ധങ്ങളും വ്രതക്കാരൻ വർജ്ജിക്കണം. വിശുദ്ധകർമ്മാവാചിട്ടുള്ളവനെ തൊടരുതു്; സംസാരിക്കരുതു്. ഗൃഹസ്ഥൻ ക്ഷേത്രത്തിൽപ്പോയ്ട്ടു വ്രതം അനുഷ്ഠിക്കരുതു് ഇങ്ങനെ സംയതാത്മാവായി ജിതേന്ദ്രിയനായി, കുറഞ്ഞോ കൂടുതലോ ക്രമാതെ മുപ്പതുനാൾ കൊണ്ടു മാസോപവാസവ്രതം കഴിച്ചു ദ്വാദശിനാളിൽ ദാമോദരനെ പുഷ്പമാലകൾകൊണ്ടും ഗന്ധധൂപവിലേപനങ്ങൾകൊണ്ടും വസ്ത്രാഭരണങ്ങൾകൊണ്ടും വാദ്യാദികൾകൊണ്ടും പൂജിച്ചു പ്രീതിപ്പെടുത്തണം; തീർത്ഥചന്ദനജലംകൊണ്ടഭിഷേചിച്ചു്, ചന്ദനം പൂശിച്ചു ഗന്ധപുഷ്പങ്ങളണിയിക്കണം. ദ്വിജോത്തമർ പതിമ്മൂന്നുപേരെ വസ്ത്രവും മറ്റും നൽകി, ഊട്ടി, ദക്ഷിണയും കൊടുത്തു നമസ്കരിച്ചു ക്ഷമാപണം ചൊല്ലണം. ഇതിൻവണ്ണം മാസോപവാസം ചെയ്ത മാധവനെ പൂജിച്ചു ബ്രാഹ്മണരെ ഊട്ടിയവൻ വിഷ്ണുലോകത്തു സൽക്കരിക്കപ്പെട്ടും. ഏകാദശി നോറ്റു ദ്വാദശിയാൾ വൈഷ്ണവയജ്ഞം ചെയ്ത ദേവേശനെ ആരാധിച്ചു്, ഗുരുവിനെ അഭിവാദ്യം ചെയ്തു കഴിവുപോലെ സന്തോഷിപ്പിച്ചിട്ടുവേണം പതിമ്മൂന്നു വിപ്രരെ നമസ്കരിച്ചൂട്ടുക; അവർ വിശുദ്ധകുലാചാരിയുമാം വിഷ്ണുപൂജാനിരതരുമായിരിക്കണം; വസ്ത്രയുഗ്മങ്ങളും താംബൂലവും യോഗപട്ടങ്ങളും തുലുകളും പൂണൂലുകളും ആ ദ്വിജേന്ദ്രർക്കു നൽകണം. പിന്നെ, വിരിപ്പോട്ടം, മൂടുപണിയോടും, തലയണയോടും കൂടിയ ഒരു നല്ല കിടക്ക അലംകരിച്ചു പൂജിക്കുക; അതിന്മേൽ കഴിവുപോലെ സ്വർണ്ണം കൊണ്ടുണ്ടാക്കിച്ച ലക്ഷ്മീപ്രതിമ വെച്ചു പൂമാലകൊണ്ടും മറ്റും അണിയിക്കുക; ആസനം, മെത്തിയടി, കുട, വസ്ത്രയുഗ്മം, ചെരിപ്പു്, പവിത്രപുഷ്പങ്ങളും എന്നിവയും കിടക്കമേൽ വയ്ക്കണം. ഇങ്ങനെ കിടക്ക തയ്യാറാക്കിയിട്ടു ബ്രാഹ്മണരെ വണങ്ങി, 'ഞാൻ വിഷ്ണുലോ

Digitized By Kerala Sahitya Akademi

കം പൂകുമാറാകണം' എന്നു പ്രാർത്ഥിച്ചുനമോടിപ്പിക്കണം; എന്നാൽ അതു നരശ്രേഷ്ഠൻ അനാമയമായ വിഷ്ണുസ്ഥാനമണയും. അതു മണ്ഡപസ്ഥിതരായ ബ്രാഹ്മണരോടു വീണ്ടും വീണ്ടും,

'മന്ത്രഹീനം ക്രിയാഹീനം സർവ്വഹീനം ദ്വിജോത്തമാഃ
സർവ്വം സംപൂർണ്ണതാം യാതു ഭവദ്വാക്യപ്രസാദതഃ!'

എന്നു ചൊല്ലുകയും വേണം. ഇങ്ങനെയാണു മാസോപവാസവിധി,

ശ്രീപത്മമഹാപുരാണേ, ഉത്തരഖണ്ഡേ, കാർത്തികമാഹാത്മ്യപ്രകരണേ,
സത്യഭാമോക്തസംവാദേ, മാസോപവാസവിധികഥനം
നാമൂറിരുപത്തൊന്നാമദ്ധ്യായം.

—:(o):—

ഒരുനൂറിരുപത്തിരണ്ടാമദ്ധ്യായം

സൂതൻ:—സേനാനി വീണ്ടും സാളഗ്രാമപൂജയെപ്പറ്റി ചോദിച്ചു:—'ഭഗവൻ, യോഗിശ്രേഷ്ഠ, എല്ലാ ധർമ്മങ്ങളും ഞാൻ ശ്രവിച്ചു; ഇനി സാളഗ്രാമപൂജ വിസ്തരിച്ചരുളിച്ചെയ്താലും.'

ശിവൻ:—'കൊള്ളാം മഹാപ്രാജ്ഞ, നീ അവശ്യപ്പെട്ടതു കൊള്ളാം. ഉണ്ണി കേട്ടുകൊൾക; അതു ഞാൻ പറയാം: ചരാചരങ്ങളടങ്ങിപ്പെട്ട ലോകം മുന്നും സദാ സാളഗ്രാമത്തിൽ സ്ഥിതിചെയ്യുന്നു. സാളഗ്രാമത്തെ ദർശിക്കുക, വണങ്ങുക, അഭിഷേചിക്കുക, പൂജിക്കുക എന്നിവയുടെ കോടി യജ്ഞങ്ങളുടേയും കോടി ഗോദാനങ്ങളുടേയും ഫലമുണ്ട്. *.....സാളഗ്രാമത്തെ കണ്ടാൽ പാപങ്ങളൊക്കെ, കാട്ടിൽ സിംഹത്തെക്കണ്ട മൃഗങ്ങളെന്നപോലെ പേടിച്ചോടും! സാളഗ്രാമപൂജയെ ഭക്തിയോടുകൂടിയോ അല്ലാതേയോ നമസ്കരിച്ചാൽത്തന്നെ മോക്ഷം കിട്ടും! പതിവായി സാളഗ്രാമം പൂജിക്കുന്നവനെ കാലനോടും ജനനമരണങ്ങളേയും പേടിക്കാനില്ല! മനസ്സുകൊണ്ടെങ്കിലും സാളഗ്രാമനമസ്കാരം ആർ ചെയ്യുമോ, അതു മൽഭക്തർ അമാനുഷരത്രേ! എന്റെ ഭക്തരാണെന്ന ഗർവിനാൽ യാചകിലർ എന്റെ സ്വാമിയായ വാസുദേവനെ വണങ്ങില്ലയോ, അതു പാപമോഹിതർ എന്റെ ഭക്തരല്ലെന്നറിഞ്ഞുകൊള്ളണം. .....മകനേ, സാളഗ്രാമത്തിൽ സദാ ഞാനും വസിക്കുന്നുണ്ട്; സ്വാമി എനിക്കു ഭക്തിയാൽ പ്രസാദിച്ചു തന്റെ

* സാളഗ്രാമമാഹാത്മ്യം ആദിഖണ്ഡം ൫൪-മദ്ധ്യായത്തിലും, പാതാളഖണ്ഡം ൫൦-മദ്ധ്യായത്തിലുമുള്ളതുകൊണ്ട്, ഇതിൽ വളരെ ശ്ലോകങ്ങൾ അവിടേയ്ക്കു വിട്ടിരിക്കുന്നു.

Digitized By Kerala Sahitya Akademi

൨൯൩൨ പുരാണസഞ്ചിക [൪൩൯൨൫൫൭൭൦൦൦

എന്നിവയോടുകൂടിയതു് ഉത്തമമായ വിഷ്ണുവത്രേ. കപിലവർണ്ണമായി പരന്ന ചക്രത്താൽ ശോഭിതമായിട്ടുള്ളതു് നൃസിംഹം; ഇതു ബ്രഹ്മചാരികളേ പൂജിക്കാവു. മറിച്ചായാൽ വിഘ്നം വരും. ഉയർന്നതാണുമായി രണ്ടു ചക്രങ്ങളോടും ഇന്ദ്രനീലവർണ്ണത്തോടും മൂന്നു രേഖകളോടും കൂടി സ്ഥൂലമായിരിക്കുന്നതു ശോഭനമായ വരാഹം. നീണ്ടു പൊന്നിൻനിറം പൂണ്ടു മൂന്നു പുള്ളികളാൽ അലംകൃതമായിട്ടുള്ളതു്, ഭുക്തിമുക്തികളെ നൽകുന്ന മത്സ്യം. പുറമയൻ വട്ടച്ചുഴിപ്പോടും പച്ച നിറത്തോടും കൌസ്തുഭചിഹ്നത്തോടും കൂടിയതു കൂർമ്മം. അശ്വവക്ത്രത്തിന്നൊത്ത വടിവും അഞ്ചു രേഖകളും പുറത്തു വളരെ പുള്ളികളും കറുത്ത നിറവും ചേർന്നതു ഹയഗ്രീവം. വാളിന്നൊത്ത നിറം, ഒരു ചക്രം, ഒരു കൊടിമരം, പാരത്തിൽ മീതെ കുന്നിക്കുരുവിന്നൊത്ത അഴകുള്ള രേഖ—ഇങ്ങനെയുള്ളതു വൈകുണ്ഠം. വനമാലാങ്കിതമായി കടമ്പിൻപൂവിന്റെ വടിവൊത്തു്, അഞ്ചു രേഖകളും ചേർന്നതു ശ്രീധരം. വട്ടമൊത്തു്, ചെറുതായി, കായാംപൂവിന്നൊത്തു്, ഒരു പുള്ളിയാൽ ശോഭിക്കുന്നതു വാമനം. കറുത്ത നിറവും കനത്ത ശോഭയും ഇടത്തുവശത്തു ഗദാചക്രങ്ങളും വലത്തുവശത്തു രേഖയുമുള്ളതു സുദർശനം. സ്ഥൂലമായി, മധ്യത്തിൽ ചക്രാങ്കിതമായി, ദൂർവ്വാവർണ്ണമായി, പാരത്തിൽ മഞ്ഞരേഖ ചേർന്നതു ദാമോദരം. പല നിറവും പല വടിവും സപ്തശരീരചിഹ്നവും ചേർന്നതു സർവ്വകാമങ്ങളേയും നൽകുന്ന അനന്തം. ദിക്കുകളിലും വിദിക്കുകളിലുമെല്ലാം ഊർദ്ധ്വമുഖം കാണപ്പെടുന്നതു പുരുഷോത്തമം; ഇതു ഭുക്തിമുക്തികളെ നൽകും. താമരപ്പൂവാലും ചക്രത്താലും അടയാളപ്പെട്ട കുങ്കുമ നിറത്തിലുള്ളതു പദ്മനാഭം; ഇതു നിത്യം പൂജിച്ചാൽ ദരിദ്രനും പെരുമാളാകും. ചക്രത്തിന്റെ വടിവൊത്തും രശ്മികളും വിതറിയും വളരെ സപ്തവർണ്ണരേഖകളും ചേർന്നും പച്ചകലർന്നനിറം തിരണ്ടുമിരിക്കുന്നതു ഹിരണ്യാംഗം.* സ്നിഗ്ധതയേറിയ സാളഗ്രാമം സിദ്ധി നൽകും; കറുത്തതു കീർത്തി പരത്തും; വെളുത്തതു പാപത്തെ ദഹിപ്പിക്കും; മഞ്ഞച്ചതു പുത്രരെ തരും; നീലവർണ്ണമായിട്ടുള്ളതു ലക്ഷ്മിയെ ഉളവാക്കും; കുങ്കുമനിറം രോഗം വരുത്തും; പരുപരുത്തതു് ഉദ്വേഗത്തേയും ചെറിവുള്ളതു ദാരിദ്ര്യത്തേയുമുണ്ടാക്കും. സുദർശനം, ലക്ഷ്മീനാരായണം, അച്യുതം, ജനാർദ്ദനം, വാസുദേവം, പ്രദ്യുമ്നം, സംകർഷണം, പുരുഷോത്തമം, നവമവ്യൂഹം, ദശാത്മകം, അനിരുദ്ധം, ദ്വാദശാത്മകം എന്നിവയ്ക്കു പുറമേ അസംഖ്യം സാളഗ്രാമങ്ങൾ കാണാം. മറിവോ ചതവോ വിള്ളലോ ഉണ്ടായാലും സാളഗ്രാമത്തിന്നു ദോഷമില്ല. അതിന്നു് ഇഷ്ടം എന്തോ, അ

* സാളഗ്രാമലക്ഷണം, പരശുരാമധർമ്മം രാമകൃഷ്ണയതീന്ദ്രന്റെയും ഇതും കൂടി കൂടെ വ്യാഖ്യാനിച്ചിട്ടുണ്ടു്.

Digitized By Kerala Sahitya Akademi

വൻ അതിനെ സശ്രദ്ധം പൂജിക്കുക. സാളഗ്രാമം മുമ്പിൽ വെച്ച് ആർ വഴിയാത്രചെയ്യുന്നുവോ, അവനു സചരാചര ത്രിഭുവനം മുഴുവനുംവശത്തുവരും....

ബ്രഹ്മചാരിയ്ക്കും ഗൃഹസ്ഥനും വാനപ്രസ്ഥനും സന്ന്യാസിയ്ക്കും ക്ഷിയ്ക്കാവുന്നതാണ്, വിഷ്ണുനൈവേദ്യം; ഇതിൽ സംശയിപ്പാനില്ല. സാളഗ്രാമപൂജയ്ക്കു മന്ത്രം വേണ്ടാ, ജപംവേണ്ടാ, ധ്യാനംവേണ്ടാ, സ്തുതിവേണ്ടാ, ആചാരംവേണ്ടാ! സാളഗ്രാമത്തിനു മുമ്പിൽ, വിശേഷിച്ചും കാർത്തികമാസത്തിൽ ആദരവോടെ സന്നിധികം നിന്നിച്ചാൽ ഏഴുതലമുറയ്ക്കു വിശുദ്ധി വരും. മാധവന്റെ തിരുമുമ്പിൽ മണ്ണുകൊണ്ടോ ചായംകൊണ്ടോ അണുമാത്രമായ മണ്ഡലമെങ്കിലും വരച്ചവൻ ഒരു കോടികല്പം സ്വർഗ്ഗത്തിൽ വസിക്കും. ഒരു സംവത്സരം അഗ്നിഹോത്രം നടത്തുന്നതും, കാർത്തികത്തിൽ സന്നിധികം വരയ്ക്കുന്നതും തുല്യഫലമത്രേ. അഗമ്യാഗമനം, അഭക്ഷ്യഭക്ഷണം എന്നീ പാപത്തിന്നാവതിവരും, വിഷ്ണുക്ഷേത്രം അലംകരിച്ചാൽ. പതിവായി പുണ്ഡരീകാക്ഷന്റെ മുന്നിൽ മണ്ഡലം വരയ്ക്കുന്ന സ്ത്രീ ഏഴുജന്മങ്ങളിൽ ഒരിക്കലെങ്കിലും വൈധവ്യമണകയില്ല.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, കാർത്തികമാഹാത്മ്യപ്രകരണം,
സത്യഭാമാകൃഷ്ണസംഭാഷം, സംഭൂയമഹർഷ്ണകം
നൂറിരുപത്തിരണ്ടാമദ്ധ്യായം.

ഒരുന്നൂറിരുപത്തിമൂന്നാമദ്ധ്യായം

ശിവൻ:—§.....വിണ്ണവരിൽ വിഷ്ണുപോലെയാണ് പൂക്കളിൽ പിച്ചകം. പിച്ചകപ്പൂകൊണ്ടു നാംതോറും അച്യുതനെ പൂജിച്ചവൻ ജന്മദുഃഖജരാരോഗനിർമ്മുക്തനായി സായുജ്യമടയും. കാർത്തികത്തിൽ കാർവർണ്ണനെ ആർ പിച്ചകമാല ചാർത്തിക്കുമോ, അവന്റെ ശിരോദർശിച്ചിരുത്തെ മാധവൻ മായ്പുകളയും! ചന്ദനം, കർപ്പൂരം, അകിൽ, കുങ്കുമം, കൈതപ്പൂവ്, വിളക്കുവെപ്പ് എന്നിതെല്ലാം ഭഗവാനു പ്രീതികരമാകുന്നു. മഹാസേന, വിളക്കുവച്ചാൽ നൂറു തലമുറയ്ക്ക് ഉൽഗതിവരും. കാർത്തികത്തിൽ താമരപ്പൂവും തുളസിയും പിച്ചകപ്പൂവും അകത്തിപ്പൂവും വിളക്കുവെപ്പുമാകുന്ന അഞ്ചുകൂട്ടം

§കൗമുദിമാഹാത്മ്യമാണ് പിന്നീട്; ബ്രഹ്മഖണ്ഡം ൨൨-ാമദ്ധ്യായം നോക്കുക.

Digitized By Kerala Sahitya Akademi

ഉൽഗതിപ്രദമത്രേ. കാത്തികത്തിൽ പിച്ചകമാലകൊണ്ടു ചിൽപു മാന പുഷ്പമണ്ഡപം നിർമ്മിച്ചുവന്ന വാസം സ്വർഗ്ഗത്തിൽത്തന്നെ! കൈതപ്പൂകൊണ്ടു പൂജിച്ചാൽ, കൈടഭാന്തകൻ ആയിരം കൊല്ലത്തെയ്ക്കു സുപ്രസന്നനാവും. കൈതപ്പൂവുകൊണ്ടു കൈവല്യപ്രദായിയെ പൂജിച്ചവൻ തന്തിരുവടിയുടെ പുണ്യമംഗളമായ മന്ദിരത്തിൽ ചെന്നുചേരും. വൈശാഖത്തിൽ വൈനതേയധ്വജനെ മനകപ്പൂവുകൊണ്ടു പൂജിച്ചാൽ നൂറു പശുത്താനത്തിന്റെ ഫലം കിട്ടും. അകത്തിപ്പൂവുകൊണ്ടു പുരുഷോത്തമനെ പൂജിക്കുന്നവനാരോ, അവനെ കണ്ടാൽ മതി, നരകത്തിയ്യു കെടാൻ! മഹാസേന, അകത്തിപ്പൂവണിയിച്ചാലുള്ള വിഷ്ണുപ്രീതി 'തപസ്സുചെയ്താലും സിദ്ധിക്കുന്നതല്ല! എല്ലാ പുഷ്പങ്ങളേയും വെടിഞ്ഞു കാത്തികത്തിൽ അകത്തിപ്പൂവുകൊണ്ടുതന്നെ ഭഗവാനെ ഭക്തിപൂർവ്വം പൂജിച്ചാൽ അശ്വമേധഫലം കിട്ടും. അകത്തിപ്പൂമാല യാവനൊരുത്തൻ ചതുർഭുജനെ ചാർത്തിക്കുമോ, അവന്റെ ചരിതം ദേവേന്ദ്രൻ പോലും വർണ്ണിക്കും! പതിനായിരം പൈക്കളെ ദാനംചെയ്താലത്തെ ഫലം, കാത്തികത്തിൽ ഒരകത്തിപ്പൂവുകൊണ്ടു പൂജിച്ചാൽ കൈവരും! കൈസ്സഭംകൊണ്ടും വനമാലകൊണ്ടുമുള്ള പ്രീതി കാത്തികത്തിൽ തുളസീദളംകൊണ്ടു വൈകുണ്ഠനേകും.'

വിനയാനതനായി ഭക്തിപരനായ കുമാരനെ തുക്കൺപാത്തു ഭഗവാൻ വൃഷധ്വജൻ വീണ്ടും അരുളിച്ചെയ്തു:—'മയൂരവാഹന, ദീപദാനത്തിന്റെ മഹിമയും കേട്ടുകൊള്ളുക: പിതൃക്കൾ എപ്പോഴും ആശിയ്ക്കാറുണ്ട്, 'നമ്മുടെ കുലത്തിൽ വിഷ്ണുവിനെ കാത്തികത്തിൽ വിളക്കുവെപ്പിനാൽ പ്രസാദിപ്പിക്കുന്ന ഒരു പിതൃഭക്തനായ സൽപുത്രൻ പിറക്കണ'മെന്ന്. *.....വിശേഷിച്ചും കാത്തികത്തിൽ കൃഷ്ണപക്ഷത്തിൽ അമ്മ തിഥികൾ പുണ്യങ്ങളാകുന്നു; ആ ദിവസങ്ങളിൽ നൽകപ്പെട്ടതൊക്കെ അഖിലാഭീഷ്ടവും അക്ഷയവുമായിരിക്കും: ഏകാദശിയിൽ അന്യന്റെ വിളക്കു തെളിയിച്ചു കെടുത്തിയ ദുർല്ലഭമായ മാനുഷത്വം പ്രാപിച്ചു പരഗതിയടഞ്ഞു; ചതുർദ്ദശിയിൽ ഒരു കാട്ടാളൻ മഹേശ്വരനെ പൂജിച്ചു മഹാഭക്തി നേടി വിഷ്ണുലോകമണഞ്ഞു; ഒരു പറച്ചി ത്രയോദശിനാൾ അന്യന്റെ വിളക്കു തെളിയിച്ചതിനാൽ വിശ്രുതയായി ലീലാവതിയെന്ന വേശ്യയായിജനിച്ചു് അക്ഷയസ്വർഗ്ഗം പ്രാപിച്ചു; ഒരിടയൻ, അമാവാസിയിൽ വിഷ്ണുപൂജ ദർശിച്ചു ജയ ജയ എന്നുച്ചരിച്ചതിനാൽ രാജരാജേശ്വരനായിച്ചമഞ്ഞു. അതിനാൽ ഒരു അഞ്ചുദിവസങ്ങളിൽ

* ബ്രഹ്മഖണ്ഡം ൨൨-ാം അദ്ധ്യായത്തിലും മറ്റുമുണ്ട്, ദീപമാഹാത്മ്യം.

Digitized By Kerala Sahitya Akademi

സൂര്യനസ്തമിച്ചാൽ ഗൃഹങ്ങളിലും ഗോശാലകളിലും ചൈത്യങ്ങളിലും ആയതനങ്ങളിലും ദേവാലയങ്ങളിലും ശ്മശാനങ്ങളിലും നദികളിലും നെയ്യു മുതലായവകൊണ്ടു നന്മയ്ക്കായി വിളക്കുകൾ ചെയ്യണം. എന്നാൽ പിണ്ഡാദികങ്ങളില്ലാതായ പാപി പിതൃക്കളും പരഗതിനേടും; ചതുർദ്ദശ്യമാവാസികളിൽ നൽകപ്പെട്ടതു് അവക്കു കിട്ടുന്നു.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, കാർത്തികമാഹാത്മ്യപ്രകരണം, സത്യഭാമാകൃഷ്ണസംവാദം, മാലത്യാദി പുഷ്പപൂജാഫലനിരൂപണം ഒരുനൂറിരുപത്തിമൂന്നാമധ്യായം.

—(൬)—

ഒരുനൂറിരുപത്തിനാലാമധ്യായം.

സത്യഭാമ:—'ഭർത്താവേ, ദീപാവലിയുടെ ഫലം വിവരിച്ചാലും. എന്തിനാണതു ചെയ്യുന്നതു്? ദേവത ആരാണു്? എന്തു നാമകരണം? എന്തു നാമകീർത്തനം? ഇതിൽ ആഘോഷവും കളിയും എന്താണു്?'

ഇതുകേട്ടു്, പരമാത്മാവായ ഭഗവാൻ പത്മാവല്ലഭൻ, കൊള്ളാമെന്നു പുഞ്ചിരിക്കൊണ്ടരുളിച്ചെയ്താൻ തുടങ്ങി:—'ഭാമിനി, കാർത്തികത്തിൽ കൃഷ്ണത്രയോദശിയിൽ, അപമൃത്യുനിവാരണത്തിനായി, പുറത്തു്,

'മൃത്യുനാ പാശഹസ്തേന സഹ കാലേന ഭാര്യയാ
ത്രയോദശ്യാം ദീപദാനാൽ സൂര്യജഃ പ്രീയതാം!'

എന്നു യമദീപം ചെയ്യണം. കാർത്തികകൃഷ്ണചതുർദ്ദശിയിൽ ചന്ദ്രനുദിക്കുമ്പോൾ, തീർച്ചയായും, നരകത്തെ പേടിക്കുന്നവർ സ്നാനം കഴിക്കണം; പൂർവ്വവേധമുള്ള ചതുർദ്ദശിയിലും പുലർകാലത്തു കളിക്കണം. ചതുർദ്ദശിയിൽ അരുണോദയത്തിലല്ലാതെ കളിച്ചുവന്നു് ഒരാണ്ടിലേ ധർമ്മം നശിച്ചുപോകും; സംശയമില്ല. കളിക്കുമ്പോൾ, കടലാടിയുടേയോ ചൂരയുടേയോ തകരയുടേയോ കുമിഴിന്റേയോ കോൽ, നരകശാന്തിക്കായി,

'സീതാലോഷ്ടസമായുക്തഃ സകണ്ടകദളാന്വിതഃ
ഹര പാപമപാമാർഗ്ഗ, ഭ്രാമ്യമാണഃ പുനഃ പുനഃ'

എന്നു തലയ്ക്കുമീതേ ചുഴറ്റണം. സ്നാനാനന്തരം,

'യമായ ധർമ്മരാജായ മൃത്യവേ ചാന്തകായ ച
വൈവസ്വതായ കാലായ സർവ്വഭൂതക്ഷയായ ച
ഔദുംബരായ ദധ്നായ നീലായ പരമേഷ്ഠിനേ,
വൃകോദരായ ചിത്രായ ചിത്രഗുപ്തായ വൈ നമഃ!'

Digitized By Kerala Sahitya Akademi

എന്ന യമനാമങ്ങൾ ചൊല്ലി തറ്റുണ്ണം കഴിച്ചു്, ദേവതകളെ പൂജിച്ചിട്ടവേണം നരകശാന്തിക്കായി വിളക്കുവെപ്പാൻ. പിന്നീട് സന്ധ്യാസമയത്തു്, ബ്രഹ്മവിഷ്ണു ശിവാദി ക്ഷേത്രങ്ങളിലും നിലാമുറ്റങ്ങളിലും ചൈത്യങ്ങളിലും സഭകളിലും നദികളിലും മതിലുകളിലും മലർക്കാവുകളിലും കുളങ്ങളിലും തെരുവുകളിലും തോട്ടങ്ങളിലും വെടിപ്പുവരുത്തിയ ഗജാശ്വശാലകളിലും മനോഹരങ്ങളായ ദീപങ്ങൾ കൊളുത്തണം. അമാവാസിനാൾ പ്രദോഷത്തിൽ കുളിച്ചു പിതൃദേവകളെ സാദരം പൂജിച്ചു വണങ്ങി പാർവ്വണശ്രാദ്ധംകഴിച്ചു്. ദധിക്ഷീരഘൃതാദികൾകൊണ്ടും വിവിധഭോജ്യങ്ങൾകൊണ്ടും ബ്രാഹ്മണരെ ഊട്ടി ക്ഷമാപണംചൊല്ലണം; ഉച്ഛിഷ്ടശേഷം നഗരവാസികളെ വിളിച്ചുകൂട്ടി സൽക്കരിച്ചു സന്തോഷിപ്പിക്കണം. എന്നാൽ പിതൃക്കൾ ഒരുകൊല്ലം മുഴുവൻ സംപ്രീതരായി ദ്യോവിങ്കൽ നിവസിക്കും. വിഷ്ണുപള്ളിയുണരുന്നതിന്നു മുൻപു ലക്ഷ്മിയെ സ്ത്രീകളെക്കൊണ്ടു പള്ളിയുണർത്തിക്കണം. യഥാകാലം ലക്ഷ്മിയെ ഉണർത്തി പൂജിക്കുന്നവനിൽ ലക്ഷ്മി ഒരുകൊല്ലം വിടാതെ നിൽക്കും.

'തപം ജ്യോതിഃ ശ്രീരവിശ്ചന്ദ്രോ വിദ്യുൽസൌവർണ്ണതാരകാ
സർവ്വേഷാം ജ്യോതിഷാം ജ്യോതിർദ്ദീപജ്യോതിഃ സ്ഥിതാ തഥാ.
യാ ലക്ഷ്മീർദ്ദീപവത്സേ പുണ്യേ ദീപാവല്യാം ച ഭൂതലേ
ഗവാം ഗോഷ്ഠേ തു കാർത്തിക്യാം സാ ലക്ഷ്മീർവരദാ മമ!'

എന്ന പൂജാമന്ത്രം. പണ്ടു ശിവനും പാർവതിയും കൂടി ചൂതുകളിപ്പാൻ തുടങ്ങി. പാർവതിയാൽ പൂജിതയായ ലക്ഷ്മി പയ്യായി സ്ഥിതി ചെയ്തു. ഗൌരി ചൂതുകളിയിൽ ഗിരിശനെത്തോല്പിച്ചു നഗ്നനാക്കി വിട്ടു; തന്മൂലം ധൂർജ്ജടി ദുഃഖിതനും ഗൌരി സദാ സുഖിതയുമായി. അതിനാൽ രാത്രിയിൽ ചൂതു കളിക്കണം; ഒന്നാമതു ജയം ആർക്കോ, അവന്നു കൊല്ലം മുഴുവൻ മംഗളമായിരിക്കും. പാതിരയ്ക്കു് ആളുകളെല്ലാം ഉറങ്ങുന്ന സമയത്തു നഗരത്തിലെ സ്ത്രീകൾ മുമ്പെടുത്തു പറകൊട്ടി ആഹ്ലാദിച്ചു് * അലക്ഷ്മിയെ ഗൃഹമുറ്റത്തുനിന്നു് ആട്ടിക്കളയണം. രാവിലേ ഗോവർദ്ധനത്തെ പൂജിക്കണം; ഗോക്കളെ ഭാരം ചുമപ്പിക്കുകയോ കറക്കുകയോ ചെയ്യാതെ അലംകരിച്ചു നിർത്തണം. പൂജാമന്ത്രം ഇതാണു്:

'ഗോവർദ്ധന, ധരാധാര, ഗോകുലത്രാണകാരക,
വിഷ്ണുബാഹുകൃതാശ്രായ ഗവാം കോടിപ്രദോ ഭവ!
യാ ലക്ഷ്മീർല്ലോകപാലാനാം ധേനുരൂപേണ സംസ്ഥിതാ
ഘൃതം വഹതി യജ്ഞാർത്ഥേ മമ പാപം വ്യപോഹതു!

* 'ചൂടയെ കളയൽ.'

Digitized By Kerala Sahitya Akademi

അഗ്രതഃ സന്തു മേ ഗാവോ! ഗാവോ മേ സന്തു പൃഷ്ഠതഃ!
ഗാവോ മേ ഹൃദയേ സന്തു! ഗവാം മധ്യേ വസാമ്യഹം!

രാജാവു ദേവകളെ സാദരം പൂജിച്ചു്, സൽപുരുഷന്മാരെ അന്നപാനാദികൾകൊണ്ടു സന്തോഷിപ്പിച്ചു്, പണ്ഡിതന്മാരോടു സംഭാഷണവും നടത്തി, അന്തഃപുരജനങ്ങളെ വസ്ത്രതാംബൂലപുഷ്പകർപ്പൂരകുങ്കുമങ്ങൾകൊണ്ടും വിവിധഭക്ഷ്യഭോജ്യങ്ങൾകൊണ്ടും തൃപ്തരാക്കി, സാമന്തക്കു ഗ്രാമവൃഷധനങ്ങളും കാലാശ്വമല്ലഭടന്മാക്കും സൽജനങ്ങൾക്കും വെവ്വേറെ പേർ കൊത്തിയ കടകകണ്ഠാഭരണങ്ങളും നൽകണം; എന്നിട്ടു കാളപോത്തുകളെക്കൊണ്ടും, രാജാക്കന്മാരെക്കൊണ്ടും കോപ്പുണ്ടായ കാലാശ്വപ്പടയാളികളെക്കൊണ്ടും നടനത്തകചാരണരെക്കൊണ്ടും മാറാരോടു പൊരുതിച്ചു്, അതു മഞ്ചത്തിലിരുന്നു കാണണം; പൈ എരുമ മുതലായവയേയും പൊരുതിക്കണം; വാദപ്രതിവാദപൂർവം ഗോക്കളെക്കൊണ്ടു കാളക്കുട്ടികളെ വലിപ്പിക്കണം. വൈകുന്നേരം കിഴക്കുഭാഗത്തു മതിലിന്മേലോ തൂണിന്മേലോ വൃക്ഷത്തിന്മേലോ അമരർകൾകൊണ്ടു വളരെ *ലംബകങ്ങളോടുകൂടി ദിവ്യമായ ||മാർഗ്ഗപാലി കെട്ടിച്ചു്, ഗജാശ്വങ്ങളേയും കൂർമണിയണിഞ്ഞ പൈകാളകളേയും എരുമ പോത്തുകളേയും അതിനു താഴ്വശത്തിൽകൊണ്ടുവന്നു നിർത്തണം. ബ്രാഹ്മണോത്തമർ ഹോമം കഴിച്ചിട്ടുവേണം മാർഗ്ഗപാലി കെട്ടാൻ; അനന്തരം,

'മാർഗ്ഗപാലി, നമസ്തുഭ്യം സർവ്വലോകസുഖപ്രദേ!'

എന്ന മന്ത്രത്താൽ നമസ്കരിക്കണം. ഗോവൃഷാദികളെന്നപോലെ, രാജാക്കന്മാർ, രാജപുത്രന്മാർ, ബ്രാഹ്മണർ എന്നിവരും മാർഗ്ഗപാലിയുടെ താഴ്വശത്തിലൂടെ പോകണം. എന്നാൽ ആരോഗ്യവും സുഖവുമുണ്ടാകും.

രാത്രിയിൽ ദൈത്യപ്രധാനമായ മാബലിയെ പൂജിക്കണം: അതിനായുള്ളിൽ ഒരു വിശാലമായ ശാലയിൽ നിലത്തു മണ്ഡലമിട്ടു് അഞ്ചുനിറത്തിലുള്ള പൊടികൾകൊണ്ടു്, കിരീടകുണ്ഡലാദിസർവ്വാഭരണഭൂഷിതനായി പ്രസന്നമുഖനായി ദിവ്യജനായി ക്രൗഞ്ചമയജ്ഞദ്വേഷിയായ മധുദാനവരാൽ പരിവൃതനായി വിന്ധ്യാവലീസമേതനായിരിക്കുന്ന മാബലിയുടെ രൂപം വരപ്പുണ്ടാക്കുക; എന്നിട്ടു മന്ത്രിപുരോഹിതരോടും മാതൃഭ്രാതൃക്കളോടും മറ്റു ബന്ധുക്കളോടുംകൂടി സന്തുഷ്ടനായി, പത്മകുമുദകേൽഹാരകേതകീപലാശി പുഷ്പങ്ങൾകൊണ്ടും ഗന്ധധൂപങ്ങൾകൊണ്ടും പൂജിക്കുക. പാലും വെല്ലവും ചേർത്ത പായസങ്ങളും, മദ്യം മാംസം, ലേഹ്യഭോഷ്യഭക്ഷ്യങ്ങൾ എന്നിവ നിവേദിക്കണം.

---

* ഞാന്നുകിടക്കുന്ന മാലകൾ. ||പന്തൽ (?)

Digitized By Kerala Sahitya Akademi

'ബലിരാജ, നമസ്തുഭ്യം വിരോചനസുത,പ്രഭോ,
ഭവിഷ്യേന്ദ്ര, സുരാരാതേ, പൂജേയം പ്രതിഗൃഹ്യതാം!'

എന്നിങ്ങനെ മാബലിയെ പൂജിച്ചാൽ ഒരു കൊല്ലത്തെയ്ക്കു സൌഖ്യം കിട്ടും. പിന്നീട നടന്മാരുടെ അടുക്കൽ മുതലായ കാഴ്ചകൾ കൊണ്ടും കഥാകഥനങ്ങൾകൊണ്ടും ഉറക്കമിളയ്ക്കുക.

പൊതുജനങ്ങൾ ഗൃഹത്തിന്നുള്ളിൽ കട്ടിലിന്മേൽ വെള്ളരികൊണ്ടു മാബലിയെ പ്രതിഷ്ഠിച്ചു ഫലപുഷ്പങ്ങൾകൊണ്ടു പൂജിക്കുക. അന്നു മാബലിയെ ഉദ്ദേശിച്ചു നൽകപ്പെടുന്നതൊക്കെ അക്ഷയമായിരിക്കുമെന്ന്, തത്വം കണ്ട മുനിമാർ പറയുന്നു; കുറച്ചോ വളരെയോ മാബലിക്കു നൽകപ്പെട്ടതെല്ലാം വിഷ്ണുവിനെ പ്രീതിപ്പെടുത്തുകയും ചെയ്യും. ആ രാത്രിയിൽ ബലിയെ പൂജിക്കാതിരുന്നാലോ, ശ്രോത്രിയധർമ്മം പാഴായിപ്പോകും. ലോകം അളന്ന വാങ്ങിയ ത്രിവിക്രമൻ തിരുവുള്ളം തെളിഞ്ഞു മാബലിക്കു കല്പിച്ചു നൽകിയതാകുന്നു. ദാനവർക്കുപകാരകരമായ ഈ മഹോത്സവം; രംഭോരു, അന്നു മുതൽക്കാണ് * കൌമുദി നടപ്പായത്. കാമ്യമായ ഇതു് എല്ലാ ഉപദ്രവങ്ങളേയും വിഘ്നങ്ങളേയും ശോകങ്ങളേയും നീക്കി, സമ്പൽസൌഖ്യങ്ങളേ നൽകും. കു എന്ന പദം ഭൂമിപര്യായവും മുദ് ധാതു ഹർഷവാചിയുമാകുന്നു; ഭൂമിയെ സന്തോഷിപ്പിക്കുന്നതാകയാൽ ഇതിനെ ശാസ്ത്രജ്ഞർ കൌമുദിയെന്നു കഥിക്കുന്നു. നാനാരത്നങ്ങളുള്ള ജനങ്ങൾ തങ്ങളിലിണങ്ങി കൌമുദി (നിലാവു) കൊണ്ടെന്നപോലെ ഇതിനാൽ സുഖിതരായി രസിച്ചുല്ലസിക്കുന്നു; അതിനാൽ ഇതിനു കൌമുദി എന്ന പേർ വന്നു. ഭാമിനി, സമ്പന്നരായ രാജാക്കന്മാർ മാബലിയെ കുമുദങ്ങൾ (ആമ്പൽപ്പൂക്കൾ)കൊണ്ടു പൂജിക്കുന്നതിനാൽ ഇതു കൌമുദി എന്നു വിളിപ്പെട്ടു. ഇങ്ങനെ ആണ്ടുതോറും ഒരു രാപ്പകൽ യാതൊരു രാജാവു് ദാനവേന്ദ്രനെ പൂജിക്കുമോ, അദ്ദേഹത്തിന്റെ രാജ്യത്തു രോഗഭയം എവിടെ? സുഭിക്ഷവും ക്ഷേമവും ആരോഗ്യവും മികച്ച സമ്പത്തും അദ്ദേഹത്തിന്നുണ്ടായിവരും. പ്രജകളെല്ലാം ആരോഗ്യംപൂണ്ടു യാതൊരുപദ്രവവുമില്ലാത്ത സ്ഥിതിയിലാകും. കൌമുദിയിൽ ആർ ഏതൊരു ഭാവത്തിൽ വർത്തിക്കുമോ, അവനു് ആ ഭാവം ഒരു കൊല്ലത്തെയ്ക്കു നിലനിൽക്കും—കരഞ്ഞവൻ ഒരു കൊല്ലം മുഴുവൻ കരയും; സന്തോഷിച്ചവൻ സന്തോഷിക്കും; ഭുജിച്ചവൻ ഭുജിക്കും; സ്വസ്ഥനായിരുന്നവൻ സ്വസ്ഥനാവും! അതിനാൽ ജനങ്ങൾ വളരെയുല്ലസിച്ചു കൌമുദി കൊണ്ടാടണം. ഒരു വർഷത്തിലും ദാനവിയുമായ തിഥിയാണിതു്. സർവ്വേ

* ടീപയേയ്യുത്സവം.

Digitized By Kerala Sahitya Akademi

യും സന്തോഷിപ്പിക്കുന്ന ദീപോത്സവവും മാംഗല്യപൂജയും യാവചില സുമതികരം നടത്തുമാം, അവരുടെ കുലം ഒരു കൊല്ലത്തെയ്ക്കു ദാനങ്ങൾകൊണ്ടും ഉപഭോഗങ്ങൾകൊണ്ടും സുഖിച്ചു ഫർഷിക്കും.

ഭോമേ, ദ്വിതീയാതിഥി ശ്രാവണപ്രോഷ്ഠപദാശ്വിനകാർത്തികങ്ങളാകുന്ന നാലുമാസങ്ങളിൽ ശുദ്ധാവഥമത്രെ. ശ്രാവണത്തിലെ ദ്വിതീയ കലുഷയെന്നും, പ്രോഷ്ഠപദത്തിലെ ദ്വിതീയ നിർമ്മലയെന്നും, ആശ്വിനത്തിലെ ദ്വിതീയ പ്രേതസംചാരയെന്നും, കാർത്തികത്തിലെ ദ്വിതീയ യാമ്യയെന്നും പറയപ്പെടുന്നു.'

സത്യഭോമ:—'എങ്ങിനെയാണ് ഈ ദ്വിതീയകൾക്ക് കലുഷ എന്നും നിർമ്മല എന്നും പ്രേതസംചാര എന്നും യാമ്യ എന്നും പേർ വന്നതു?'

ഭോമയുടെ ഈ ചോദ്യത്തിന്ന്, ഭൂതഭാവനനായ ഭഗവാൻ ഗരുഡധ്വജൻ പുഞ്ചിരിക്കൊണ്ട്, മധുരമാംവണ്ണം മറുപടി പറഞ്ഞു:—പണ്ടു വൃത്രനെക്കൊന്ന സ്വരാജ്യം വീണ്ടെടുത്ത പുരന്ദരന്ന ബ്രഹ്മഹത്യ നീങ്ങാൻ അശ്വമേധയാഗം നടത്തപ്പെട്ടു. ഇന്ദ്രൻ ക്രോധിച്ചു വജ്രംവിട്ടു ബ്രഹ്മഹത്യയെ പിളർത്തുതള്ളി, വൃക്ഷത്തിലും വെള്ളത്തിലും ഭൂമിയിലും സ്ത്രീയിലും ഭ്രൂണഹത്യനങ്കലും അഗ്നിയിലുമായി ആറിടത്തു പകുത്തുവെച്ചു. ആ പാപത്തിന്റെ അംശത്താൽ ഭൂമിയും സ്ത്രീയും നദിയും അഗ്നിയും വൃക്ഷവും ഭ്രൂണഹത്യനും കലുഷീഭവിച്ചതിനാലത്രേ ശ്രാവണദ്വിതീയയ്ക്കു കലുഷ എന്ന പേർ. പണ്ടു മധുകൈടഭന്മാരുടെ ചോരയാൽ കുതിർന്ന മേദിനി എട്ടുവിരൽ താഴത്തോളം അഴുകിപ്പൊട്ടു; സ്ത്രീയുടെ മലം (പാപം) രജസ്സ്; നദിയുടെ മലം വർഷാകാലത്തു; അഗ്നിയുടെ മലം മഷി; വൃക്ഷത്തിന്റെ മലം പശ; ഭ്രൂണഹത്യന്റെ മലം സംസർഗ്ഗത്താൽ. കലുഷങ്ങളാം പകർന്നതുകൊണ്ടു ആ ദ്വിതീയ കലുഷ എന്നു വിളിപ്പെട്ടു. ദേവർഷിപിതൃധർമ്മങ്ങളെ നിന്ദിക്കുന്ന ശഠരായ നാസ്തികന്മാർ വാങ്മലം നീങ്ങി നിർമ്മലരാകുന്നതിനാൽ പ്രോഷ്ഠപദദ്വിതീയയ്ക്കു നിർമ്മല എന്ന പേർ വന്നു; അനദ്ധ്യായങ്ങളിൽ ശാസ്ത്രങ്ങളാം പഠിപ്പിക്കുകയോ പഠിക്കുകയേ ചെയ്ത സാംഖ്യതർക്ക വേദപണ്ഡിതന്മാർക്ക് ആ അപശബ്ദത്തിന്റെ മലം നീങ്ങുന്നതുകൊണ്ടും നിർമ്മല എന്ന പേർ വന്നു. അഗ്നിഷ്വാത്തർ, ബർഹിഷത്തുക്കൾ, ആജ്യപർ, സോമപർ മുതലായ പിതൃക്കൾ സഞ്ചരിക്കുന്നതുകൊണ്ടാണ് ആശ്വിനദ്വിതീയയ്ക്കു പ്രേതസഞ്ചര എന്ന പേർ: പ്രേതങ്ങളാം എന്നുവെച്ചാൽ പിതൃക്കൾ; അവർ പുത്രപൌത്രദൌഹിത്രന്മാർ ശ്രാദ്ധയജ്ഞദാനങ്ങൾകൊണ്ടു മന്ത്രപൂർവ്വം പൂജിക്കപ്പെട്ടാൽ തിരിയെപ്പോകുന്നു. അതിനാൽ പ്രേതസഞ്ചര എന്ന പേർ വന്നു.

Digitized By Kerala Sahitya Akademi

കാത്തികദ്വിതീയയിലാകട്ടെ, പൂർവ്വാഹ്നത്തിൽ യമനെ പൂജിക്കണം. അന്നു യമുനയിൽ കുളിച്ചവൻ യമലോകം കാണുകയില്ല! ഭാമിനി, പണ്ടു കാത്തികശുക്ലദ്വിതീയയിൽ യമുന യമനെ സപ്രഹത്തിൽ വരുത്തി ഊട്ടുകയുണ്ടായി; മഹോത്സവത്തിൽ തൃപ്തിക്കപ്പെട്ടതിനാൽ നരകസ്ഥിതർപോലും പരക്കെ പാപമൊഴിഞ്ഞു ബന്ധമെല്ലാം നീങ്ങി പെട്ടെന്നു നിർഭയരായി സന്തുഷ്ടരാകയുംചെയ്തു. അതിനാലത്രേ, ഈ ദ്വിതീയയാമ്യ എന്നു മുപ്പാരിൽ വിളിപ്പെട്ടതു്. ഈ തിഥിയിൽ അഭിജ്ഞൻ സപ്രഹത്തിൽ ഊൺ കഴിക്കരുതു്; സ്നേഹത്തോടേ സഹോദരി വിളമ്പിയിട്ടു വേണം ഉണ്ണുക. എന്നാൽ പുഷ്ടി വർദ്ധിക്കും. സഹോദരിമാക്കും സപ്രണ്ണാഭരണവസ്ത്രാദികം സാദരം നൽകുകയും വേണം. യമപൂജാമന്ത്രവും കേട്ടുകൊള്ളുക:

'മഹിഷാസനമാരൂഢോ ദണ്ഡമുൽഗരഭൃൽ പ്രഭുഃ
വേഷ്ടിതഃ കിംകരൈസ്തുഭ്യമിന്ദ്രസ്യേവ യമാത്മനേ!'

യമദ്വിതീയയിൽ സുമംഗലിമാരായ സഹോദരിമാരെ വസ്ത്രവും മറവും നൽകി സന്തോഷിപ്പിച്ചവക്കു് ഒരു കൊല്ലത്തേയ്ക്കു കലഹമോ ശത്രുതയേമോ സംഭവിക്കുകയില്ല. സത്യവും ധന്യവും യശസ്കരവും ആയുർവർദ്ധനവും ധർമ്മാർത്ഥകാമസാധകവുമായ ഒരു ഗോപ്യമാണ് ഞാനീപ്പറഞ്ഞതു്. പിതൃപതിയായ യമധർമ്മരാജാവിനെ യമുനയാകുന്ന സോദരി സസ്നേഹം ഊട്ടിയതെന്നോ, ആ സോദരി വിളമ്പിയിട്ടു് ഊൺകഴിക്കുന്നവനു സന്തതിയും സമ്പത്തും വർദ്ധിച്ചുവരും.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, കാത്തികമാഹാത്മ്യപ്രകരണം, സത്യഭാമാകൃഷ്ണസംവാദം, ദീപാവലി യമദ്വിതീയാവിധികഥനം തെന്മൊഴിത്തമ്പിനാലാമദ്ധ്യായം.

ഒരുനൂറിരുപത്തഞ്ചാമദ്ധ്യായം

ശിവൻ:—'സുരോത്തമ, പ്രബോധിനിയുടെ മാഹാത്മ്യം കേട്ടുകൊള്ളുക. * ..... ഷണ്മുഖ, ജാഗരവിധിയും പറയാംട്ടു. കാത്തികത്തിൽ വിഷ്ണുസഹസ്രനാമവും ഗജേന്ദ്രമോക്ഷവും ചൊല്ലുന്നവനു പുനർജ്ജന്മമുണ്ടാകില്ല. ...'

സ്കന്ദൻ:—'അച്ഛ, ദേവേശ, കാത്തികമാസത്തിലെ ഭീഷ്മപഞ്ചകമെന്ന പരമപുണ്യവ്രതത്തിന്റെ വിധിയും ഫലവും എങ്കലും മുനിമാരിലും പ്രസാദിച്ചു് അരുളിച്ചെയ്താലും.'

* പ്രബോധിനിമാഹാത്മ്യം നൂറ്റൊമ്പത്തഞ്ചാമദ്ധ്യായത്തിലുള്ളതുകൊണ്ടു് ഇവിടെയും.
† ജാഗരവിധി ഇരുനൂറ്റിമൂന്നാമദ്ധ്യായത്തിലുണ്ടു്.

Digitized By Kerala Sahitya Akademi

ശിവൻ:—സുവ്രതോത്തമ, ഈ പഞ്ചദിനമഹാപുണ്യവ്രതം ഭീഷ്മൻ വാസുദേവങ്കൽനിന്നു ഗ്രഹിച്ചതുകയാലത്രേ, ഭീഷ്മപഞ്ചകമെന്നു പറയപ്പെട്ടതു്. ഇതിന്റെ ഗുണങ്ങളം വണ്ണിപ്പാൻ ശേഷശായിക്കല്ലാതെ ശേഷി ആർക്കുണ്ടു്! കാത്തികശുക്ലപക്ഷത്തിലെ ഈ പുരാതനധർമ്മം കൃതയുഗത്തിൽ വസിഷ്ഠഗൗഗ്ഗാദികളാലും, ത്രേതായുഗത്തിലും മറ്റും അംബരീഷനഭാഗാദികളാലും, സത്യശൌചശ്രുതാലുക്കളായ ബ്രാഹ്മണക്ഷത്രിയവൈശ്യരാലും ബ്രഹ്മചര്യജപഹോമാദികളോടുകൂടി ആചരിക്കപ്പെട്ടതാകുന്നു. സത്യഹീനരും, മനക്കരുത്തില്ലാത്തവരുമായ സാധാരണർക്കു സാധ്യമല്ല ഈ വ്രതം. ഇതനുഷ്ഠിച്ചാൽ എല്ലാമനുഷ്ഠിച്ചുകഴിഞ്ഞു! അതിനാൽ, മഹാപാപനാശനമായ ഈ ഭീഷ്മപഞ്ചകമഹാപുണ്യവ്രതം മനുഷ്യർ പണിപ്പെട്ടം അനുഷ്ഠിക്കേണ്ടതാകുന്നു. കാത്തികശുക്ലൈകാദശിയിൽ യഥാവിധി സ്നാനം ചെയ്തിട്ടു പഞ്ചദിനവ്രതം കൈക്കൊള്ളുക. വ്രതക്കാരൻ പ്രാതഃകാലത്തും മദ്ധ്യാഹ്നത്തിലും നദിയിലോ ചോലയിലോ കുളത്തിലോ ചാണകം മേൽത്തോച്ചു കളിക്കണം. യഥാവിധിതിലങ്ങൾകൊണ്ടു പിതൃക്കളെ തരിക്ക തർപ്പിക്കണം. കുളിച്ചു മൌനംപൂണ്ടു വെള്ളവസ്ത്രം ധരിച്ചു ഭീഷ്മന്നു് ഉദകാർഘ്യങ്ങളം നൽകണം. ഭീഷ്മനെ പൂജിച്ചിട്ടു് ബ്രാഹ്മണനു ദാനം—വിശേഷിച്ചും പഞ്ചരത്നം—ആദരവോടെ നൽകണം. ലക്ഷ്മീസമേതനായ വാസുദേവസ്വാമിയേയും പൂജിക്കണം; പഞ്ചകത്തിൽ പൂജിച്ചാൽ, തന്തിരുവടി ഒരുകോടിജന്മത്തേയുള്ള പ്രസാദിച്ചരുളും. ചെയ്യുന്നതെല്ലാം അഞ്ചുനാളിലും വേണം; എന്നാൽ സംവത്സരവ്രതങ്ങളുടെ ഫലം മുഴവൻ കൈവരും.

'വൈയാഘ്രപദ്യഗോത്രായ സാംകൃത്യപ്രവരായ ച
അനപത്യായ ഭീഷ്മായ ഉദകം ഭീഷ്മവർമ്മണേ!
വസുനാമവതാരായ ശംതനോരാത്മജായ ച
അർഘ്യം ദദാമി ഭീഷ്മായ ആജന്മബ്രഹ്മചാരിണേ!'

എന്ന മന്ത്രത്താൽ ഭീഷ്മന്നു് ഉദകവും അർഘ്യവും നൽകിയവൻ മുക്തിയടയും. ഇതിൻവണ്ണം പഞ്ചകം മുഴമിപ്പിച്ചാൽ തീർച്ചയായും അശ്വമേധപുണ്യം കിട്ടും. സന്തതിയില്ലാത്ത ഭീഷ്മന്നു ശ്രീനാരായണൻ കല്പിച്ചുനൽകിയതാണിതു്. പിന്നെ സർവപാപസംഹർത്താവായ വിഷ്ണുവിനെ കേതിപൂർവം പൂജിക്കണം: വെറും വെള്ളം, തേൻ, പാൽ, നെയ്യു്, പഞ്ചഗവ്യം. ഗന്ധചന്ദനജലം എന്നിവകൊണ്ടഭിഷേചിക്കുക; സുരഭിലമായ ചന്ദനംകൊണ്ടും കുങ്കുമംകൊണ്ടും കർപ്പൂരംകൊണ്ടും രാമച്ചംകൊണ്ടും ലേപിക്കുക; തുൽ

Digitized By Kerala Sahitya Akademi

തുല നെയ്യിൽ നനച്ചു ധൂപിക്കുക; സൌരഭ്യം ചേർന്ന ചാരുകുസുമങ്ങൾകൊണ്ടു പൂജിക്കുക. അഞ്ചുദിവസവും രാപ്പകൽ വിളക്കു കത്തിക്കണം.....കാം നമോ വാസുദേവായ എന്ന മന്ത്രം നൂറെട്ടുരു ജപിച്ചു നമസ്കരിക്കുക. തിലവ്രീഹിയവാടികം നെയ്യിൽ നനച്ചു്, സപാഥാശബ്ദം ചേർത്ത ഷഡക്ഷരമന്ത്രം ചൊല്ലി ഹോമിക്കുക. സായംസന്ധ്യ വന്ദിച്ചു്, വാസുദേവനെ വണങ്ങി മുൻമട്ടിൽ മന്ത്രം ജപിച്ചു നിലത്തുകിടക്കുക. വിശേഷാൽ വേണ്ടതും കേട്ടുകൊള്ളുക. ഒന്നാംദിവസം വ്രതക്കാരൻ പങ്കജാക്ഷന്റെ പാദങ്ങളെ പദ്മങ്ങൾകൊണ്ടും, രണ്ടാംദിവസം കാൽമുട്ടുകളെ ക്രുവളത്തിലകൊണ്ടും, മൂന്നാംദിവസം ഉദരത്തെ പിച്ചകപുഷ്പംകൊണ്ടും നാലാംദിവസം മാർത്തടത്തെ കൈതപ്പൂകൊണ്ടും അഞ്ചാംദിവസം ശിരസ്സിനെ തുളസികൊണ്ടും പൂജിക്കണം..... പാപനിനവും മദ്യമാംസങ്ങളും മൈഥുനവും നിശ്ചയമായും വർജ്ജിക്കണം. മുനിമാർ ഭുജിക്കുന്നതും ശാകവുമേ ഭക്ഷിക്കാവൂ... ജനനമുതൽ മരണംവരെ മദ്യം കുടിച്ചു പോന്നവൻപോലും ഈ ഭീഷ്മവ്രതംകൊണ്ടു പരമപദം പ്രാപിക്കും. ഇതു സ്ത്രീകളും ഭർത്താവിന്റെ അനുമതി വാങ്ങി, അനുഷ്ഠിച്ചാൽ ധർമ്മം വർദ്ധിക്കും; വിധവമാർക്കു സൌഭാഗ്യവും മോക്ഷവും കിട്ടും. സർവാഭീഷ്ടങ്ങളേയും പുണ്യത്തേയും നൽകുന്നതാണിതു്. കാർത്തികവ്രതത്തിൽ വിഷ്ണുവിനെ ധ്യാനിച്ചുംകൊണ്ടു വൈശ്രവണേശ്വരനും നടക്കണം; മകനേ, എന്നാൽ മഹാപാപങ്ങളും നീങ്ങും; ആരോഗ്യവും പുത്രസമൃദ്ധിയായിവരും.'

കൃഷ്ണൻ:—'കാർത്തികപൂർണ്ണിമയിൽ എങ്ങിനെയെങ്കിലും തീർത്ഥസേവനം ചെയ്യണം. ഒരാണ്ടിലെ വ്രതങ്ങളും കാലംകൂട്ടലത്രേ കാർത്തികവ്രതം. കയ്യിൽ വാളോടും പൂർത്തേയ്ക്കു ചാടിയ ലോഹദംഷ്ട്രകളോടും തിളങ്ങുന്ന പൊൻകുണ്ഡലങ്ങളോടും ക്രൂരിയ രൂപഭേദമായ പാപപ്രതിമയുണ്ടാക്കിച്ചു്, കറുത്ത വസ്ത്രം ചുറിച്ചു മുമ്പിൽ പൂക്കൾ ചൂടിച്ചു്, ഒരിടങ്ങഴി എള്ളിന്റെ മുകളിൽവെച്ചു്, ഭക്തിപൂർവം ധർമ്മരാജാവിന്റെ നാമങ്ങളും ചൊല്ലി പുഷ്പാഞ്ജലി ചെയ്തു്,

'യദന്യജന്മനി കൃതമിഹ ജന്മനി വാ പുനഃ
പാപം പ്രശമമായാതു തവ ചക്രഭൃദ്ദിനേ!'

എന്ന മന്ത്രത്താൽ പൂജിക്കുക. അതുപോലെതന്നെ കറുത്ത ശ്യാമളനായി ചതുർദ്ദംഷ്ട്രനായി ചതുർബാഹുവായി അക്ഷീണപാദനായി

* ശ്ലോകസംഖ്യ ഫലശ്രുതി അദ്ധ്യായത്തിൽ പറഞ്ഞ വിഷ്ണുപഞ്ചകം തന്നെ ആണ്, ഈ മഹാപഞ്ചകം അവിടെ പറഞ്ഞിട്ടില്ലാത്തതു കൊണ്ടു ഇവിടെ എടുത്തിട്ടുള്ളു.

Digitized By Kerala Sahitya Akademi

താമൈകനയനനായി ശംകുകർണ്ണനായി മഹാസ്വനനായി ജടാവാനായി ദ്വിജിഹ്വനായി മുഗേന്ദ്രത്തോലുടുത്തവനായിരിക്കുന്ന മഹാദേവനെ ധ്യാനിക്കുക. പൂജാനന്തരം അ പൊൻപ്രതിമ അക്ലിഷ്ടകർമ്മാവായ വിഷ്ണുവിന്റെ പ്രീതിക്കായി, 'ധർമ്മോ മേ പ്രീയതാം!' എന്നു വേളജ്ഞബ്രാഹ്മണനു ദാനംചെയ്യണം. പുരാണവായനക്കാരനും യഥാശക്തി ദക്ഷിണാഗോസുവർണ്ണങ്ങളെ 'കൃഷ്ണോ മേ പ്രീയതാം!' എന്നു നൽകണം. ഇങ്ങനെ രാഗം വിട്ടു സശുദ്ധം ചെയ്യുവൻ നിർബ്ബാധനായി ശാന്തചിത്തനായി പരമപദം പൂകും. ശരശയ്യത്തിൽ കിടക്കുന്ന ഭീഷ്മൻ യുധിഷ്ഠിരനോടു കഥിച്ചതാണ്, ദുഷ്കരമായ ഈ ഭീഷ്മപഞ്ചകം; ഇതു ഞാൻ ദേവതിയോടു പറഞ്ഞു.....ദേവകളും അറിഞ്ഞിട്ടില്ലാത്ത ഒരു രഹസ്യവും ശാസ്ത്രങ്ങളുടെ സാരസമുച്ചയവും സർവ്വോത്തരപുണ്യവും കലികാലത്തു ദുർല്ലഭവും മുക്തിപ്രദവുമായ ഇതു ശ്രവിച്ചാൽ അഗമ്യാഗാമി, കന്യകയേയോ സോദരിയേയോ വിറ്റവൻ എന്നിവർക്കുകൂടി പാപമുക്തി വരും!'

ശിവൻ:—'ഷണ്മുഖ, മനുഷ്യനു ശ്രവണക്ഷണത്തിൽത്തന്നെ മുക്തിയെ നൽകുന്ന ഈ ശാസ്ത്രം ആർക്കും പറഞ്ഞുകൊടുക്കരുതു; പണിപ്പെട്ടു സൂക്ഷിച്ചുകൊള്ളണം. ത്യാഗികളോടുപോലും മിണ്ടിപ്പോകരുതു്. സത്യം, സത്യമാണിതു്.'

കൃഷ്ണൻ:—'ഇങ്ങനെ ദേവദേവനാൽ പുരാഹിതത്തിനായി കഥിക്കപ്പെട്ട കാർത്തികമാഹാത്മ്യം കേട്ടിട്ടു കാർത്തികേയൻ സന്തോഷരിതനായി. എല്ലാവരും ആ വിശപ്രാണനായ തിരുവടിയെ കൈതൊഴുതണഞ്ഞിച്ചു:—'കാർത്തികഫലം ശ്രവിച്ചതിനാൽ ഞങ്ങളും കൃതകൃത്യരായി! ഇനി മറെറാന്നും കേൾക്കാനില്ല! ഞങ്ങൾക്കു ജന്മസാഫല്യം വന്നു!'*.....'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, കാർത്തികമാഹാത്മ്യപ്രകരണം,
സത്യഭാമാകൃഷ്ണസംവാദം, ഭീഷ്മപഞ്ചകവിധികഥനം
കുരുന്നൂറിരുപത്തഞ്ചാമദ്ധ്യായം.

——(o)——

* വ്യാഴിച്ചു ആരെ പൂജിക്കേണമെന്നും മറ്റും മുമ്പു പലയിടത്തുമുണ്ടു്; അതു് ഇവിടെ ചേർത്തിട്ടില്ല.

Digitized By Kerala Sahitya Akademi

ഒരുനൂറിരുപത്തിനാലാമദ്ധ്യായം

പാർവ്വതി:—'വിഭോ, വിശ്വേശ്വര, കാർത്തികമാഹാത്മ്യം ഞാൻ കേട്ടുകഴിഞ്ഞു; ഇനി മുക്തിപ്രദമായ കർമ്മം കേൾക്കേണമെന്നുണ്ട്. ഉത്തമഭക്തി എങ്ങനെയുള്ളതാണ്? പറഞ്ഞുതരിക; അതറിഞ്ഞാൽത്തന്നെ മനുഷ്യർ സുഖം നേടുമല്ലോ.'

ശിവൻ:—'തല്പരീനവൃദയതത്വം എന്നതത്രേ, ഉൽകൃഷ്ടയായ ഭക്തി. സദാ ദയാധർമ്മശീലനായി വിഷ്ണുധർമ്മനിഷ്ണാതനായി ഫലമൂലജലാഹാരനായി ശംഖചക്രധാരിയായി വിഷ്ണുവിനെ മൂന്നുനേരം പൂജിക്കുക എന്നതു സാത്ത്വികഭക്തിയാകുന്നു. സാത്ത്വികഭക്തി ഉത്തമം; രാജസഭക്തി മധ്യമം; താമസഭക്തി അധമം ഇങ്ങനെ മൂന്നുതരത്തിലുണ്ട് ഭക്തി. അഹംകാരരൂപദംഭമത്സരങ്ങളോടുകൂടിയ ഭക്തിയെ താമസി എന്നു പറയുന്നു; അന്യനെ നശിപ്പിക്കാനോ ദംഭത്തെ ആശ്രയിച്ചുള്ളതോ ആയ ഭക്തിയും താമസി തന്നെ. യശസ്സ്, ഐശ്വര്യം മുതലായ വിഷയങ്ങൾക്കായി പ്രതിമാടികളിൽ അച്യുതനെ അർച്ചിക്കുന്നവൻ രാജസഭക്തനാകുന്നു. ജ്ഞാനികളായ ബ്രാഹ്മണർ കർമ്മക്ഷയത്തിന്നായി വിഷ്ണുവിങ്കൽ ആത്മാപ്പണം ചെയ്യുന്നതാകുന്നു സാത്ത്വികഭക്തി. ദേവി, ഈ ഭക്തിയാൽ വേണം സദാ ശ്രീനാരായണനെ സേവിക്കുക. താമസഭാവത്താൽ താമസത്വവും രാജസഭാവത്താൽ രാജസത്വവും സാത്ത്വികഭാവത്താൽ സാത്ത്വികത്വവും ലഭിക്കുന്നു. ശ്രുതിപാഠനിരതനായി രാഗദ്വേഷരഹിതനായി ശംഖചക്രധരനായി ശ്രീമാനായിരിക്കുന്ന വിപ്രൻ എന്നെന്നും പരിശുദ്ധനാകുന്നു; കർമ്മകാണ്ഡത്തിലേർപ്പെട്ട സദാ വിഷ്ണുവിനേയും വൈഷ്ണവരേയും നിന്ദിക്കുന്നവനോ, അവർണ്ണജാലനത്രേ. നിത്യം വേദമോതിയാലും, നിത്യം യാഗം കഴിച്ചാലും, നിത്യം അഗ്നിഹോത്രം നടത്തിയാലും വിഷ്ണുധർമ്മവിമുഖരായി വിഷ്ണുഭക്തരെ നിന്ദിക്കുന്നവർ വേദബാഹ്യർ തന്നെ! വിഷ്ണുവിങ്കൽ ഭക്തിയുള്ള മനുഷ്യക്ക് വിണ്ണവർ മനംകളിത്തു ശാന്തിയുളവാക്കും; പിതാമഹാദികൾ ക്ഷേമം വരുത്തും; മഹർഷിമാർ സ്വസ്തി ചൊല്ലും; ഗ്രഹഭൂതപിശാചർ പ്രസന്നരാകും; ഗൃഹത്തിൽ ലക്ഷ്മി സ്ഥിരവാസം ചെയ്യും. ദേഹത്തിൽ ഗംഗ, ഗയ, നൈമിശം, പുഷ്കരം, കാശി, പ്രയാഗം, കുരുക്ഷേത്രം എന്നിവ ഭക്തിയോടെ വന്നു കൂടികൊള്ളും! ഇങ്ങനെ ലക്ഷ്മീസമേതനായ ഭഗവാനെ ഭജിക്കുന്ന അഭിജ്ഞനായ ബ്രാഹ്മണൻ തീർച്ചയായും സദാ

Digitized By Kerala Sahitya Akademi

ക്ഷത്രിയനായിരിക്കുക. ക്ഷത്രിയവൈശ്യശൂദ്രരും ദേവേശ്വരകൽ കോപിയുംകൊണ്ടാൽ മുക്തിയടയും, സംശയമില്ല.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
വിഷ്ണുകീർത്തനം ഒരുനൂറ്റിരുപത്തേഴാമദ്ധ്യായം.

ഒരുനൂറ്റിരുപത്തേഴാമദ്ധ്യായം

പാർവതി:—'ഭൂലോകത്തു പരിശുദ്ധങ്ങളായ സാളഗ്രാമശിലകളുണ്ടല്ലോ; അവയെ ഏതുമയത്തുമയെങ്കിലും ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രർ പൂജിക്കണം?'

ശിവൻ:—'...ബ്രാഹ്മണർ അഞ്ചും, ക്ഷത്രിയർ നാലും, വൈശ്യർ മൂന്നും ശൂദ്രർ ഒന്നും സാളഗ്രാമങ്ങളെ പൂജിക്കണം* .....സംസാരപങ്കത്തെ കഴുകിക്കളയുന്നതിൽ നിപുണനും പാവനരിൽവെച്ചു പാവനനുമാകുന്നു വിഷ്ണുകേശൻ!

(ശ്ലോകം)

കാർകൊണ്ടൽക്കാന്തി, തണ്ടാർ നെടുമിഴി, കടകാ-
നർഘ്യഘടകേയൂരഭൂഷം
കൈനാലിൽപ്പുഞ്ചിരിക്കും മുഖാംബുജഗടകം, മണീ-
കുണ്ഡലോദ്ദീപ്തഗണ്ഡം,
കോടീരം, കാൽച്ചിലമ്പൻപുടയ തിരുമുഖം,
കൌസ്തുഭം, വന്യമാല്യം,
തുളസിത്തുപ്പട്ടി, തിന്മട്ടലർമകൾ പതിയുമ-
പ്പോരുവോർ തന്നെ ധന്യർ!

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സാളഗ്രാമപൂജയെ മാഹാത്മ്യകഥനം ഒരുനൂറ്റിരുപത്തേഴാമദ്ധ്യായം.

---

* സാളഗ്രാമമഹിമയും വിഷ്ണുഭക്തപ്രശംസയുമാണിതിലെ പ്രമേയം; രണ്ടു പുരോഹിതകഥയാൽ വിട്ടു.

Digitized By Kerala Sahitya Akademi

ഒരുനൂറിരുപത്തഞ്ചാമദ്ധ്യായം

പാവ്വതി:—'അനന്തവാസുദേവനെ വ്യക്തമായി സൂരിക്കണം! ഇതു കേട്ടാൽ പിന്നെ മനുഷ്യർക്കു മോക്ഷത്തിനു സംശയമുണ്ടാകില്ലല്ലോ!'

(൫൫)

നേരിൽക്കണ്ടജിതനെ സൃഷ്ടിച്ച സ്രഷ്ടാവാം ഞാൻ:
നീരിനെത്തൃഷ്ണാർത്തർപോലെ ഭക്തർ ഹരിയെ ഞാൻ!
പെരിയ മഞ്ഞേറാവർ തിരിനീട്ടുപോലെ,യുപ്പുഴം
സൂരിപ്പൂ ഗോവിന്ദനെപ്പിരിയാതെ ചേർന്നവർ!
സാധിയാമൊരുത്തി, തന്നാഥനെ സൂരിക്കുമ്പോ-
ലോത്തുപോരുന്നോൻ നിത്യം പിരിയാത്രശ്രീധരനെ ഞാൻ!
തൃസ്തനാശ്രയത്തെയും ലോഭവാൻ ധനത്തെയും
പുത്രേച്ഛയുള്ള സുതനെയുംപോലോർപ്പു വിട്ടവെ ഞാൻ!
വീടിനെട്ടുരസ്ഥനം, ബ്രഹ്മത്തെ ബ്രഹ്മജ്ഞാനം
കാറിനെ വേഴാമ്പലുംപോലോർപ്പു വിട്ടവെ ഞാൻ!
ധ്യാനത്തെ വാഞ്ഛിക്കുന്ന മുനിമാരുടനുള്ളിലോ
മാനസത്തെയു, മാമട്ടോക്കുന്നോൻ ഹരിയെ ഞാൻ!
വിശ്രുതർ ധർമ്മത്തെയും വൈഷ്ണവർ ഭക്തിയെയും
പത്തുക്കരം തുണത്തെയുംപോലോർപ്പു ഹരിയെ ഞാൻ!
ക്രൂരങ്ങളിങ്കൽപ്പെട്ടോൻ ദീപത്തിനേയും, കാമി
താരമ്പനേയുംപോലെ സൂരിപ്പു ഹരിയെ ഞാൻ!
ആത്മാവിൻ വസതിയാമുടലുപേക്ഷിജീവ-
രായുസ്സു തേടുംപോലെയേക്കുന്നോൻ വിട്ടവെ ഞാൻ!
പൂമലരിനെ വണ്ടു,മക്കനെക്കോകങ്ങളും,
പ്രേമത്തെ പ്രിയയുംപോലോക്കുന്നോൻ വിട്ടവെ ഞാൻ!
നിർദ്ദയെ വിധുരരും, വിശ്രമം ശ്രമാർത്തരും
വിദ്യയെ നിസ്സന്ദരുംപോലോർപ്പു വിട്ടവെ ഞാൻ!
തൈലദേശത്തെത്തന്തിപോലി, ഭോഗിയെസ്സിംഹം
പോലെ സംസ്മരിക്കേണം വിഷ്ണുവെപ്പാപഭസ്മനെ!
തപോവനസംപർക്കത്താൽ സൂയ്ക്കാന്തത്തിൽത്തീപോ-
ലായ്,യ്യസംസർഗ്ഗത്താലുണ്ടായ് വരും ഹരിഭക്തി—
ചന്ദ്രകാന്തത്തിൻ ചന്ദ്രാതപയോഗത്താൽ നീർ പോ-
ലെ,ന്നെന്നുമുണ്ടാം ഭക്തി വൈഷ്ണവസംസർഗ്ഗത്താൽ

Digitized By Kerala Sahitya Akademi

ചന്ദ്രനെക്കണ്ടാലാമ്പൽ വിരിയുന്നതുപോലെ–
യെന്നെന്നും ഹരിഭക്തിയുണ്ടായാൽ വിമുക്തിയാം!
പേടിയാൽ വേട്ടാളനെത്തന്നെയോർക്കുകമൂലം
നേടീടുമാറുണ്ടല്ലോ പുഴുക്കൾ തത്സാരൂപ്യം;
അവിധം, മുകുന്ദനെജ്ജാരഭാവത്തിൽ സ്മരി–
ച്ചുനീതരുണിമാരണ്ടെത്താർ തത്സായുജ്യം!
ചിലർ കള്ളത്താൽ, ചിലർ ദ്വേഷത്താൽ, ചിലർ ഭക്ത്യാൽ,
ചിലരോ നൈഷ്ഠികാമൃത്താൽ വിഷ്ണുവെ സ്മരിക്കുന്നു;
ഭക്തിയാൽ, സ്നേഹാൽ, ദ്വേഷാൽ സ്വാമിതാനിനവിനാൽ—
എന്തരത്തിലെന്നാലും വേണ്ടിയോ വേണ്ടാതെയോ
ചിത്തത്തിലജിതനെ സ്മരിപ്പോരിഹ ലോക–
ത്തെത്രയും സുഖം നേടി വിഷ്ണുസായുജ്യം പൂകും!
എത്രയത്ഭുതം വിഷ്ണുമഹിമ രോമാഞ്ചഘടം:
മുക്തിമല്ലോ ഹാ ഹാ യദ്ദ്വിഷ്ടാനുസ്മരണാവും!
ബുദ്ധിവൈപുല്യത്താലോ ഭൂരിസമ്പത്താലോ കു–
ണ്ടെത്തുകില്ല,വിടുന്നുണ്ടെരികിലെന്നാകിലും;
ഭക്തൈകയോഗംകൊണ്ടേ കണ്ണിനഞ്ജനമാമാ
നിത്യനെ ക്ഷണത്താലേ കണ്ടെത്തീടുകയുള്ളൂ!
ഇത്തത്ത്വമറിവീലാ മായയാൽ മയങ്ങിയോൻ;
ഭക്തിയാം തത്പഥം ചേർന്നാൽ വിഷ്ണുതത്ത്വവും ചേർന്നു!
ഇന്ദ്രാദ്യർ സുഖത്തിന്നായമൃതമാർജ്ജിച്ചിട്ടും
സുന്ദരി, സുദുഃഖിതർ വിഷ്ണു ഭക്ത്യഭാവത്തിൽ;
ഭക്തിയാമമൃതു കൈവന്നാലോ, പുനരില്ലാ–
ത്തത്തൽ—വൈകുണ്ഠം പൂകി രമിക്കാം ഹരിപാർശ്വേ!
അംബുവെക്കളഞ്ഞന്നം പാൽകുടിക്കുംപോലന്യ–
ധർമ്മങ്ങളും വിട്ട ഹരിഭക്തിയെ കൈക്കൊള്ളേണം:
മനയ് ലഭിച്ചിട്ട ഹരിഭക്തി നേടാതെ പാഴ–
വേല ചെയ്വതു, വെള്ളം വസ്ത്രത്തിൽപ്പ്രാതിയൽ തന്നെ!
ഭഗവദ്ഭക്തിയെ വിട്ട ധർമ്മോപദേശം ചെയ്വോർ
ഘോരമാം നരകത്തിൽക്കിടക്കുമെന്നും നൂനം!
ഭഗവദ്ഭക്തിയൊന്നെന്നേ വോഡ്ഢി കടക്കാനു–
ള്ളാരംഭം, കടൽനീന്തിക്കടക്കാൻ മുതിരൽതാൻ!
കർമ്മകാണ്ഡത്താൽ വിഷ്ണുഭക്തിയെത്തേടുന്നതു,
പൊന്മല കൊതിക്കുന്ന പാപ്പർതൻ കൊതിയുക്കം!

Digitized By Kerala Sahitya Akademi

നിന്നിലുംബഹുഭക്തിയെനിക്കെപ്പോഴുണ്ടാകുവാൻ,പുണ്യ-
മന്യജന്മത്തും നിലനിൽക്കുവാൻ ഹരിഭക്തി!
അല്പമാം ചെന്തീപോരും വൻകാട്ടെ ദഹിപ്പിപ്പാ-
നപ്പടിയത്രേ വിഷ്ണു ഭക്തിതൻ കണികയും!
ശ്രുവിപ്പാൻ നൂറാളുണ്ടാം, ധരിപ്പാൻ നൂറാളുണ്ടാം;
അവരിലൊരുവനേ ദേവേശി, ഭക്തിയുതൻ!
പരക്ഷ ഹിതംചൊല്ലിക്കൊടുപ്പാൻ പലരുണ്ടാം;
ശരിയായ് സ്വയം ചെയ്യോനൊരുവൻ കോടിപ്പേരിൽ!
അച്ചുനം ജപമിവ ഭക്തിയെ ഹസിക്കയാം;
ഉരുച്ചേന്ന് രതി യാതൊന്നു,തു താനല്ലോ ഭക്തി.
കിണർപ്പാലത്തിലിരിപ്പാ,ഴിയിൽ വഞ്ചിവിട-
ലിവയിൽപ്പോലേ മനസ്സുറപ്പിപ്പതേ ഭക്തി.
കയ്യുൽ നനച്ചാൽ കൊമ്പിലകം വായ്പൂ ശാഖി-
യ്ക്കു;-തുപോലത്രേ ഫലം ഹരിയെസ്സംസേവിച്ചാൽ.
നീർകോരിയെടുപ്പവൻ കടത്തിൽ ശ്രദ്ധിക്കുമ്പോ-
ലേ,കനാഥനിൽ മനം വെയ്ക്കുകിൽ മുക്തിവരും.
വെല്ലുമിത്തിരി മാത്രാവേകിയാൽ വീണ്ടുംചോടി-
ക്കില്ലയോ ബാലൻ; ഭക്തിസ്പൃഹയുമമ്മട്ടത്രേ!
നീരിൽ നീർ, പാലിൽപ്പാലു, നെയ്യിൽ നെയ്യെന്നവിധം
ചേരുന്നിതഭിന്നനായ് വിഷ്ണുദേവങ്കൽബ്ഭക്തൻ!
സർഗൻ സവിതാവും സർഗാഗ്നിയുംപോലെ
സൽഭക്തിസ്ഥിതൻ കർമ്മബന്ധത്തിലകപ്പെടാ.
തൃക്കുടമ്മാവായ് പ്പാപംചെയ്തിലുമജാമിളൻ
ഭക്തിനേടീലേ പൂർവ നാരായണാഹ്വാനത്താൽ!
രാപ്പകൽ നാമജപം മാത്രമായ് മേവും ഭക്തർ
പാപ്പാകം വികസ്വരത്തിത്; വേദംതാനിതിൽസ്സാക്ഷി!
അശ്വമേധാദികർതൻ ഫലമായ് വിണ്ണാണ്ടവ-
രപ്ഫലമൊട്ടുങ്ങിയാൽ കീഴ്പോട്ട പോന്നീടുന്നു;
ശ്രീകാന്തഭക്തന്മാരോ, വൈകുണ്ഠമണഞ്ഞതാ-
ബ്ഭോഗങ്ങളം ഭുജിക്കുന്നു പുനരാഗമമെന്യേ!
തുക്കുണ്ടോ ഹരിഭക്തി,യായവൻ ഹരിലോകേ
പാർക്കു;-മില്ലവനാറാം ഭക്തിതൻ പ്രഭാവത്താൽ!
കല്പത്രയുണ്ടംസ്സിൽ! ചന്ദ്രാശ്മമട്ടത്തു നീ-
രില്ലാതെയലിയുന്നു; ഭക്തഹൃത്തതിന്മട്ടാം!
നീരിലേ വാഴ്വു ഭേകം; കാട്ടിലെ വണ്ണാണാമ്പൽ
സ്സൂരരമേറിവതും, മട്ടു ഭക്തിജനൻ ഭക്തൻ!

Digitized By Kerala Sahitya Akademi

ചിലർ ഗംഗാന്തേ വാഴ്വൂ, ചിലർ ദൂരത്തും; ഗംഗാ–
ഫലജ്ഞനേകൻ! വിഷ്ണുഭക്തിവിജ്ഞനമേകൻ!
ഒട്ടകം ചുമക്കുന്നുണ്ടെങ്കിൽ കർപ്പൂരം, ഗന്ധ–
മൊട്ടറിയുന്നില്ലാ, മട്ടച്യുത പരാങ്മുഖൻ!
മരത്തെ ക്ലാണിപ്പു മാൻ, കസ്തൂരി തൻനാഭിക്കിളി–
ലിരിപ്പതോർപ്പീലാമട്ടച്യുതപരാങ്മുഖൻ!
മുക്തരിലുപദേശംപോലെ നിഷ്ഫലമന്യ–
ക്ഷേത്രത്തിലുപദേശം കളിർമാമല മങ്കേ!
പന്നഗം കുടിക്കും പാൽ വിഷമായ്ത്തീരുംവണ്ണ–
മന്യക്ഷേത്രത്തിലുപദേശവും വിഷമായ്പ്പോം!
അരികത്തിരുന്നാലും വിളക്കോ കണ്ണാടിയോ
കണ്ടറിഞ്ഞീടുകില്ലല്ലോ; വിഷ്ണുവെ വിമുഖനും!
ഉപ്പുണമഴക്കിനാൽ, പുകയാൽ തീയുലഞ്ഞാൽ
ഗർഭവുമെന്നുമുണ്ടാവുതൻ മെയ്യിൽക്കൃഷ്ണൻ!
പാലിൽ വെണ്ണയുമെള്ളിലെണ്ണയും പോലേ സദാ–
കാലമുണ്ടെല്ലാറ്റിലും ഗോവിന്ദനാത്മജേ!
ഉരു തുലിന്മേൽ നാനാ മണികളും കോർക്കപ്പെട്ട
പരിചിൽ നിൽപൂ ബ്രഹ്മാദ്യരുമച്ചിദ്രൂപങ്കൽ!
മരത്തിലിരിക്കും തീ കടഞ്ഞാൽ കാണാകുന്ന
പരിചിൽ ധ്യാനാൽക്കാണാമച്ചരാചരസ്ഥനെ!
ദീപമൊന്നന്യ, മതിൽ നിന്നഥ നൂറായിരം
ദീപങ്ങളുമുണ്ടന്യൻ സ്വപ്രഭാകരൻ കൃഷ്ണൻ!
വാനത്തു നിൽക്കും സൂര്യൻ വെള്ളത്തിലനേകനായ്–
ക്കാണാകുന്നതുപോലെ നിഷ്ണുവും ഭുവനത്തിൽ!
നിർവികാരനാം വായു ലഭിച്ച ഗന്ധത്തപ്പാലാ–
സ്സർവ്വഗൻ ഭജിക്കുന്നു പ്രകൃതിഗുണങ്ങളെ!
സിതയോ നദിയോ ചേന്നാൽ വെള്ളമെന്നുമുണ്ടായ്–
സ്സതതം കർമ്മഫലം ഭുജിച്ചിടുമാത്മാവവൻ!
ക്ഷിതിനീർ ചേന്നാൽ നാനാ സസ്യമായ്,മതുപോലെ
പ്രകൃതി ഗുണയോഗാൽ വിവിധ ജന്മംകൊൾവൂ!
ജനനയിൽ കൊതുകിലും, ദേവനിൽ നരനിലും
കാണാമാ സ്ഥിരാത്മാവെക്കുട്ടരുൽ കറവെന്നോ!
ബ്രഹ്മൻതൊട്ടൊരു പുൽത്തണ്ടോളമിങ്ങെല്ലാറ്റിലും;–
മണ്ഡുവിൽ ചന്ദ്രൻപോലെ കാണായി വരുമവൻ!

Digitized By Kerala Sahitya Akademi

സച്ചിദാനന്ദൻ, ശിവൻ, സ്വയംഭുവെന്നപ്പോലെ
വിശേശ്വരൻ, മഹേശ്വരൻ, വേദാന്തവേദ്യൻ,വിഷ്ണു,
ആത്മയാപേതൻ കാലാതീതനെന്നോവം ശരി-
യ്യാരറിയുന്നിത, വനാണു ഭാമിനി, കേതൻ!
പലതാകിലുമേകൻ താനവനുവനെന്നാം
പലതായ് ക്ഷിക്കുന്നു നാമരൂപാദികളാൽ!
കണ്ണിനാലല്ലാ സൂര്യൻ, സൂര്യനാലത്രേ കണ്ണു-
വണ്ണമാപ്പരാത്മവാൽ പുലരുന്നിതു ദേഹം!
നില്പതെമ്മട്ടോ കടമുടഞ്ഞാൽ ഘടാകാശ,-
മപ്പടി നിലക്കൊണ്ടിതാത്മാവു ദേഹാപായേ!
പിടിപ്പാനാളില്ലായ്കിൽപ്പുവപോലാത്മാവായ് വേർ-
പെട്ടമ്പോം താഴെ വീഴുവു ഭൂമിമേലസ്സാം ദേഹം!
പൊന്നിനെ കറ തീയിൽക്കാച്ചിയാൽ വീണ്ടുംപോലേ,
മുന്നത്തെ സ്ഥിതി വരും ജീവനു സൽക്ഷേത്രിയാൽ
കാക്കകംപൂക്കു രവി നിഷ്പ്രഭനെന്നെണ്ണുന്ന
മൂർഖർപോല,റിയുന്നീലീശനെയജ്ഞാനികൾ.
നിർവികല്പനായ് നിരാകാരനായ് വേദാന്തോക്ത-
നവ്യക്തനാകാരത്തെ സേച്ഛയാ വഹിക്കവേ,
അതിൽനിന്നണ്ഡമായ് വാനം നിശ്ശബ്ദം ഉണ്ടായ്വന്നു,-
മതിൽനിന്നനിലനും; വനപ്പോൾ സശബ്ദമായ്;
അതിൽനിന്നഥ തേജസ്സു,തിൽ നിന്നംഭസ്സു,തി-
ലഖിലരൂപൻ ഹേമഗർഭനാം വിരാട്പുമാൻ.
തന്നാഭിപത്മമാലുണ്ടായ് ബ്രഹ്മാണ്ഡസഹസ്രങ്ങളാം
മുമ്മട്ടാം ഭുവനവും പ്രകൃതിപുരുഷരും;
അവർതൻ യോഗാലത്രേ തത്ത്വസംയോഗം, സത്തോ-
ത്ഭവനായുള്ളോൻ വിഷ്ണുരാജസൻ പിതാമഹൻ,
താമസൻ ശിവനെല്ലാമിവരാൽ നടക്കുന്നി-
തീ,മട്ടേ ജഗൽസൃഷ്ടി കർമ്മബീജാത്മസ്ഥിതം.
സംഹരിക്കയുംചെയ്വു ലോകത്തെയെല്ലാമതിൽ-
സ്സംസ്ഥിതൻ സനാതനൻ ഭഗവാൻ ഹരി താൻ താൻ.
ഇമ്മട്ടു സർവ്വവ്യാപിയാദിമധ്യാന്തം വിഷ്ണു;
കർമ്മസക്തരാം ലോകർ മായയാലറിവീല!
ജാതികർമ്മങ്ങളെവർ വിഷ്ണുവെസ്സമർപ്പിച്ചു
ചെയ്യുപോരുന്നിതവർ പൂർവ്വ ജന്മാർജ്ജിതങ്ങൾ!
വേദാന്തവിചിന്തനം മുനിമാർ ചെയ്വു നിത്യ;-
മേതുവാൻ ബ്രഹ്മജ്ഞാനമെന്നു നാനിതാ, ചൊൽവൻ:

Digitized By Kerala Sahitya Akademi

നന്മതിന്മകൾക്കെല്ലാം മനസ്സൊന്നല്ലോ മുര-
ടുമ്മനം ശൂലിപ്പെട്ടാലൊക്കെയും നിത്യബ്രഹ്മം!
മനമേ സഖാ ബന്ധു; മനമേ സഖാ ശത്രു;
മനസ്സാൽ കേറീ ചിലർ; മനസ്സാൽ വീണു ചിലർ!
അന്തരാ സർവത്യാഗം, പുറമെ കർമ്മം ചെയ്യു-
ലുമുട്ടാകിയ കർമ്മം ഗജസ്നാനത്തിനൊപ്പം!
ആ മട്ടു കർമ്മംചെയ്യോനാകല്പമലിപ്പൻതാൻ:
താമരയിലയിങ്കൽപ്പറ്റുകില്ലല്ലോ വെള്ളം.
തീ തീയിലിടൽപോലാം മുക്തിയെന്തിനു? ഭക്തി-
സ്വാമനുഭവിച്ചോനു മുക്തിയാൽ പ്രിയംതോന്നാ!
അഷ്ടാംഗയോഗംകൊണ്ടുമപ്രാപ്യനിഹ വിഷ്ണു;
വിഷ്ടപേശാവാപ്തിക്കു ഭക്തി താൻ വേണം സഖാ!
വേദാന്തലഭ്യം ജ്ഞാനം; ജ്ഞാനമോ ജ്ഞേയാപ്തിയെ-
സ്സാധിക്കു;-മതു സാധിക്കുമ്പോഴീ ലോകം ശൂന്യം!
അഷ്ടാംഗയോഗംകൊണ്ടും വിഷ്ണുവോടണയുമോ
ദുഷ്ടനി?-ങ്ങെല്ലാറ്റിലും ഭാവമെന്മ്മുഖ്യംവേണം.
ഭാര്യയെപ്പുൽകുംപോലെ പുൽകുന്നു മകളെയും;
ഭാവത്തിന്നനുരൂപമായിരിക്കുമേ ഫലം.
കാൽക്കു തോൽപ്പെരിപ്പിട്ടോനുഴി തോൽമയമെങ്ങും;
ആക്കെന്തു നിനവു, വന്മലകമതായ് തോന്നും!
പാൽകൊണ്ടു നനച്ചാലും വേപ്പിനു കയ്പു വിടാ;
പാഴിൽത്താനുപദേശം; പ്രകൃതിക്കുണ്ടോ മാറ്റം!
എങ്ങനെ കിട്ടും; മാവു വെട്ടിയാലില കായ്ക്കുമോ?
എങ്ങനെ പോക്കാം ജന്മമിന്ദ്രിയസുഖത്തിന്നായ്?
കർപ്പൂരം മുറിച്ചിട്ടു വരകുവളത്തൽ പോ-
ലെപ്പുടിയാകാം ജന്മമിന്ദ്രിയസുഖേച്ഛയിൽ!
'മുത്താറി'നടാൻ മന്നിൽ പൊൻകരിയുഴതൽപോ-
ലെത്രപാഴാകാ ജന്മമിന്ദ്രിയ സുഖേച്ഛ മൂലം
വൈഡൂര്യവുരുളിയിൽക്കുൺപചിയ്ക്കുമോ പിട-
യാടിന്റെ ഗളസ്തനമെന്തിനും കറക്കുന്നു—
നിക്ഷേപം ഗുഹെ വെച്ചു നായ് പോലെ കിഴികയോ—
പക്ഷിവാഹനെ പെടിച്ചെങ്ങാനുമുണ്ടോ സൌഖ്യം?
കേതിയെന്നിയെ വേദം നാലുമോതിയിട്ടെന്തു?
കേതിമാനെങ്കിൽപ്പുഷ്പപൂജ്യനാം ശ്വപചനും!
കൈത്തണ്ടിൽ വളയിട്ടാൽ കണ്ണാടിനോക്കാനുണ്ടോ—
കൈടഭാരിയെയുള്ളിൽക്കാണ്മാനെന്തിനു ശാസ്ത്രം?

Digitized By Kerala Sahitya Akademi

ബ്രഹ്മേശാദ്യമരന്മാർ സേവകരെക്കൈവണ്ടവർ;
ചിന്മയൻ കൊടുത്താലോ സേവകർ വാങ്ങില്ലൊന്നും;
അകയാലകിഞ്ചനനായ ഭക്തനു നൽകാ-
നാളല്ലാഞ്ഞടിമയായ് നില്പിതാത്തിരുവടി!
എങ്ങിനെയരൂപനാം ഹരിയെദ്ധ്യാനിക്കാം? ത-
ദംഗമേ കണ്ടു പല ഭക്തർ തൽപ്പദം പൂകീ.
അംഗവാങ്മനൽത്താൻ ഭക്തിപൂജ ശൂന്യനിലെമ്മ-
ട്ടെ?-ങ്ങിനെ ശൂന്യാധ്വാവിൽച്ചരിയ്ക്കാം നിരാധാരം?
സാകാരൻ പ്രഭവാരാ, സ്വാമിതാൻ നിരാകാരൻ;
സാകാരനിൽത്താൻ സൌഖ്യം; നിരാകാരനിലല്ല.
ഇല്ല രൂപങ്കൽ, സ്സേവാരസവും സാംഗങ്കൽത്താൻ;
മെല്ലവേ സരൂപനാലറിയാമരൂപനെ.
കണ്ണനെയുള്ളിൽക്കണ്ടു കോരുമയിർക്കൊണ്ടാനന്ദ-
ക്കണ്ണനീർപൊഴിപ്പോനു ദാസിയായ് നിൽക്കും മുക്തി!
ചൊല്ലിനാൽ ചെയ്യും പാപം വിഷ്ണുകീർത്തനാൽ നീങ്ങു;-
മുള്ളിനാൽ ചെയ്യും പാപം തൽസ്മരണത്താൽ നീങ്ങും;
വപുസ്സാൽ ചെയ്യും പാപം,മവനിൽസ്സമർപ്പിച്ച
ജപഹോമാർച്ചാതീർത്ഥവ്രതദാനത്താൽ നീങ്ങും.
സ്വധർമ്മം വിട്ട കൊടുംതപസ്സെങ്ങിനെ ചെയ്‌വൂ?
സ്വധർമ്മേ കൊലയേൽക്കാം; ഭീകരം പരധർമ്മം!
ആഗമവിധിവിട്ടെമ്മട്ടുള്ള തപം ചെയ്യാം?
ആത്മനാശമം ക്രൂരാത്മാവില്ല സിദ്ധിസംപ്രാപ്തി ദുഷ്കരം.
വിധിയാൽ തത്തദ്ധർമ്മനിരൂപിതം വർണ്ണം നാലും;
സ്വധർമ്മാർജ്ജിതം ദ്രവ്യമേതു, തേ 'ശുക്ലദ്രവ്യം';
ശുക്ലമാം ദ്രവ്യംകൊണ്ടു ചെയ്യുന്നതാം ദാനംപോലും
ശുഷ്കാന്തിയോടേ ചെയ്താലു,പുണ്യമെണ്ണാവല്ല!
നീചസേവോപാർജ്ജിതദ്രവ്യത്താൽ നരർ ദാന-
മാചരിപ്പൂയു പാഴിലു,വർക്കു പുണ്യം കിട്ടാ.
ഇന്ദ്രിയസുഖത്തിന്നായ് ത്തായാട്ടുന്നിയു മൂഢർ;
ചെന്നു,വരതിന്നൊത്ത യോനിയിൽപ്പതിയ്ക്കുന്നു!
ഇങ്ങു ചെയ് [illegible] പരത്തിൽബ്ഭുജിക്കുന്നു:
മംഗലക[illegible]ചയ്‌വോക്കുല്ലൽ നേരിട്ടുകില്ല;
പാപിയ്ക്കു മാലേ ചേരു; പൂർവകമ്മജമതു;
[illegible]മന്നതിൽ വേണ്ടാ, ഹർഷവുമസ്സൌഖ്യത്തിൽ!

Digitized By Kerala Sahitya Akademi

രുള്ള വാൽക്കാലികളെപ്പോലെ, കമ്മത്താൽ ബന്ധി-
ച്ചിട്ടുള്ളയാ കൊണ്ടുനടക്കുന്ന മർത്ത്യരെന്നീശൻ!
വാനരർ കാട്ടിൽ മാംസത്തോടുമേ ചാട്ടംമുട്ടിൽ,
മാനുഷർ കർമ്മമൂലം പല യോനിയിൽ വീഴ്വൂ!
ഇഷ്ടംപോലുടയവൻ കളിപ്പതെന്നാവിധ-
മിട്ടതട്ടുന്ന സുഖദുഃഖത്തിൽസ്സ്വരീരിയെ!
കർമ്മക്കെട്ടറുക്കുവാൻ ജീവികൾക്കുണ്ടോ ശേഷി?
കർമ്മബന്ധന്മാരല്ലോ ദേവർഷിപ്രമുഖരും!
വായുതാനിര ഗിരീശാംഗസ്ഥഫണികർക്കശം;
പീയൂഷംലേളിപ്പീല; പെരുത്ത കർമ്മഗതി!
സ്ഫീതാരോഗ്യമനത്തെ സവിതാവൊന്നിട്ടും തൽ-
സൂതനു മുടന്തുകാൽ; പെരുത്ത കർമ്മഗതി!
ആനയായിരുട്ടുമുട്ടുപനും സ്വകർമ്മത്താൽ;
ത്രാണിയാൽ ജഗദീശനക്കർമ്മഗതി പോക്കീ!
ബ്രഹ്മരുദ്രാദിസുരാസുരർ മനുഷ്യരും
കർമ്മബന്ധരായത്രേ ചരിപ്പു സകലരും.
ഒക്കെയും കർമ്മാധീനം ഗോവിന്ദസൃഷ്ടം ലോകം;-
മക്കർമ്മമജായത്തം രാമനാമത്താലറും.
അംബുവുണ്ടെങ്കിലും; ഗംഗായമനാംഭസ്സു മുക്തി-
യ്ക്കുമുട്ടു കൂടാതുലത്തിൽ മുക്തിദം വിഷ്ണുചർച്ചനം.
ഇന്ദ്രിയസുഖത്തിനായ ചെയ്യുന്ന കർമ്മമെവ-
നുനരൻ ശരീരത്തിലഹംഭാവനയാൽനോൻ;
പങ്കജാക്ഷനെയുള്ളിൽ സ്മരിച്ചു ചെയ്യുന്നോക്കൊ,
മൽകർമ്മം ഭജിച്ചുറവാൽ വളരാ കർമ്മം മേലിൽ!
ശ്രോത്രിപ്പു ചിലർ ശ്രുതപ്രേതരെപ്പിശാചരെ,
നാകിവർഗ്ഗത്തെച്ചിലരോഷധികളെച്ചിലർ,
സിദ്ധിയെച്ചിലർ, ചിലർ മന്ത്രത്തെ,ബ്ബലനീതി-
ബുദ്ധിസാധനോത്സാഹവീര്യധൈര്യത്തെച്ചിലർ;
കർമ്മമേ ശരീരസ്സെന്നെന്നുമേ സകലരും
കർമ്മത്തിൻവശരെന്നാർ ദേവപണ്ഡിതന്മാരും.
ഏപ്പൊഴോ പാപം വിട്ടു പുണ്യമേ ചെയ്യും ദേഹി,-
യപ്പൊഴേ ജന്മാന്തരത്തായ് സുഖം നന്മകളുണ്ടാം.
പാപപുണ്യങ്ങളം ശരിക്കാകുമ്പോഴാം ജനി നേട്ടം;
ശോഭനോന്നതം പൂകും ദേഹത്തിൻ സമത്വത്തിൽ.
വെളിയിൽസ്സർവത്യാഗ,മകമേ സ്പൃഹ,യെന്നി
രിലയാൽ ഫലമില്ല, പാപമേ വരുത്തുനാം;

Digitized By Kerala Sahitya Akademi

പൂർവമേ കർമ്മം ചെയ്യല,കമേ വൈരാഗ്യമി-
ത്തരമാം സന്ന്യാഗമോ മധ്യമമസന്പൂർണ്ണം;
പുറത്തുമകത്തും താൻ ശൂന്യത്തെ ത്യജിപ്പതേ
പരമം പരിത്യാഗം യോഗിക്കും ഉരവാപം!
ക്രോധത്താല,ഭാവത്താൽ, കഴക്കാൽ സർവത്യാഗം
ചെയ്യപോരുവതെല്ലാം മധ്യമപരിത്യാഗം;
ക്രോധാദിക്കടിപെടാതാസ്ഥയിൽ സബുദ്ധിയാൽ
സാധിക്കും പരിത്യാഗം തന്നെയാണുത്തമത്യാഗം.

യോഗമഭ്യസിക്കുന്നോനു,ക്കരയെത്തിടാതെ
വൈകല്യം പിണകിലുമുത്തമഗതി പൂകും:
നിർമ്മലശ്രീമദ്ധീമദ്യോഗീന്ദ്രഗൃഹത്തിലോ
ബ്രഹ്മജ്ഞകുലത്തിലോ ജനിച്ചു യോഗഭ്രഷ്ടൻ;
സല്പകാലത്താൽത്തന്നേ പൂർണ്ണമാം യോഗം നേടി-
ച്ചിൽപ്പമേണകയുംചെയ്യുന്ന സദാനന്ദം!
ചളിയാൽ ചളി പോലേ, നിണത്താൽ നിണം പോലേ
കളയാനാമോ ഹിംസാമയകർമ്മത്താൽക്കർമ്മം?
അധരം ഹിംസാമയം ശകതമോ കർമ്മോദ്ധിത്തി-
യ്ക്കു?-ധരം വിൺപൂകാനാണ,ല്പസൌഖ്യമേ വിണ്ണാം.
അസ്ഥിരമായിട്ടുണ്ടു പല സൌഖ്യവു;-മെന്നാൽ
നിത്യസൌഖ്യമില്ലെങ്ങും വിഷ്ണുഭക്തിയൊന്നേയ്യു!
സാമ്രാജ്യപദമോ, വിൺവാഴ്ചയോ, മറ്റൊന്നോ മേ
കാമ്യമല്ലി;-വൻ ഗർഭസ്ഥിതിയെപ്പേടിക്കുന്നോൻ!
കല്പിതനപ്പിളർത്തുമേ ലോഹങ്ങളെ; മാണിക്യത്തെ-
യില്ല,മാട്ടജഭക്തി പിളരാ കുമങ്ങളാൽ!
മണ്ഡൂകാദ്യരെവിട്ട ജലത്തിൽ മത്സ്യത്തെയും
മറവേമേ കൊത്തിത്തിന്നുപായത്ത ബകപക്ഷി;
അവ്വണ്ണം ഹരിപദസേവകന്മാരെത്തീണ്ടാ
സർവസംഹാരകരനാകിയ വൈവസ്വതൻ!
സൃഷ്ടിപ്പോൻ ഭരിപ്പോൻ നീയഴിപ്പോൻ; പല തൊഴും
പെട്ടിരിപ്പോനാമെന്നെ സ്വസ്ഥാനമണച്ചാലും!
ത്രാതാവു പരാധീനനായ്പ്പോയാൽ ഫലമെന്തീ?
മെയ്ത്രനിലാത്മാവേവമവശൻ; ഹരേ, പാഹി!
ബാധവിട്ടണഞ്ഞീലേ മല്ലർ സായുജ്യപദം?
വ്യാധനു വിമുക്തിതൻ, കഷ്ടം ജയ്യൽഗതിതൻ നീ!

Digitized By Kerala Sahitya Akademi

ബ്രഹ്മാദ്യർ കിനാവിങ്കൽപ്പോലുമേ കണ്ടെത്താത്ത
ചിന്മയനിവിടുന്നു സുലഭൻ ഗോപക്കെല്ലാം!
ഗോപരുത്തളർപ്പിഷ്ടം ഭുജിച്ചു കരേറി നീ:
നീ, പരമാത്മാവെന്നുമവ്യയപുമാനെന്നും
ശ്രീപതിയെന്നും സദാ പാടുന്ന യോഗീന്ദ്രന്മാർ;
ഗോപരങ്ങയെക്കണ്ടു താവകപദം പൂകീ!'

നിത്യമിദ്ദിവ്യഹരിസ്മരണം വായിക്കുന്നോ–
രത്യയം നിഷ്പാപരായ് വിഷ്ണുസായുജ്യം നേടും;
ദേവസന്നിധിയിൽവെച്ചാദരാൽ ചൊല്ലുന്നോരി–
ങ്ങാവോളം സുഖം ഭുജിച്ചുത്തമപദം പൂകും.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
വിഷ്ണുസ്മരണവണ്ണനം തൊണ്ണൂറിരുപത്തൊമ്പത്താമദ്ധ്യായം.

(൯)

ഒരുന്നൂറിരുപത്തൊമ്പതാമദ്ധ്യായം

പാർവതി:—'സുവ്രതനായ ഭർത്താവേ, ദീപുകർക്കു രാജാവായി നിർമ്മിക്കപ്പെട്ടതാണല്ലോ ഈ ദീപ്; ഇതിൽ എത്ര തീർത്ഥങ്ങളുണ്ടെന്ന്, ദയചെയ്തു പറഞ്ഞുതന്നാലും.'

ശിവൻ:—'ദേവി, സർഗനായ വിഷ്ണുവിനെ സർവ്വത്രങ്ങളിലും കാണാം; തന്നിരുവടിയോടു കൂടാതെ, ഏഴു ലോകങ്ങളിലും ജംഗമമായിട്ടോ സ്ഥാവരമായിട്ടോ യാതൊന്നും കണ്ടിട്ടില്ല, കേട്ടിട്ടുമില്ല! ആ ക്ലേശനാശനനായ കേശവൻ തിരുമേനിതന്നെ ഈ ദീപിൽ തീർത്ഥങ്ങളായും വാണരുളുന്നു; ആ തീർത്ഥങ്ങൾ ഭവതിയോടു ഞാൻ പറയാം:

(ശ്ലോകങ്ങൾ)

ഒന്നാമതാപ്പുണ്യതരമാം തീർത്ഥം തീർത്ഥഗണോത്തമം;
രണ്ടാമതു മഹാകാശീക്ഷേത്രം മോക്ഷപ്രദായകം;
മൂന്നാമതോ നൈമിശമാമുഷിക്ഷേത്രം സുപാവനം;
നാലാമതാ പ്രയാഗാഖ്യതീർത്ഥമെന്നുമുത്തമം;
ഗന്ധമാദനസംജാതമഞ്ചമത്തു കാർമ്മുകം (കാമുകം);
ആറാം തീർത്ഥം, മമത്തുന്മാർ വിളയാടുന്ന മാനസം;
ഏഴാമതോ വിശ്വകായമംബരാഖ്യമൂരിയിൽ;
അഷ്ടമം ഗൌതമാഭിഖ്യം പണ്ടു മന്ദരനിർമ്മിതം;

Digitized By Kerala Sahitya Akademi

മദോൽക്കടം പോൽ നവമം; ദശമം രഥചൈത്രകം;
ഏകാദശം വാമനന്ത പാർപ്പിടം കന്യാകുബ്ജകം;
പിന്നേത്തതോ മലയജം; കുബ്ജാഖ്യം തദനന്തരം;
ഗിരികണ്ണത്തിൽ വിശേഷം; കേദാരം ഗതിദായകം;
ബാഹ്യാ(നാട്യാ)ഖ്യം ഹിമവൽപ്പൃഷ്ഠേ;ഗോകർണ്ണത്ഥ ഗോപകം;
സ്ഥാനേശ്വരം പനിക്കന്നിൽ; വിലചകേ വിലചപർവ്വതകം;
ശ്രീശൈലേ മാധവം തീർത്ഥം; ഭദ്രം ഭദ്രേശ്വരസ്ഥിതം;
വാരാഹേ വിജയാഭിഖ്യം; വൈഷ്ണവം വൈഷ്ണവാഖ്യിയിൽ;
രൈരവാഖ്യം രുദ്രകോടത്തിൽ; പൈതൃകം കാലഞ്ജരാദ്രിയിൽ;
കമ്പിലേ (കപിലേ) കാമ്പിലം (കാപിലം) തീർത്ഥം; മകടേ
[കോടകാഹ്വയം;
സാളഗ്രാമോത്ഭവം തീർത്ഥം ഗല്ലികാനദിയിൽസ്ഥിതേ;
ശിവാഭിധം നർമ്മദയിൽ; മാഹാസ്ഥം വിശ്വരൂപകം;
ഉൽപ്പലാക്ഷേ സഹസ്രാക്ഷം; ഖാതം രൈവതകാദ്രിയിൽ;
പിതൃതീർത്ഥം ഗയാസംസ്ഥം വിഷ്ണുപാദസമുത്ഭവം;
വിപാശയിൽ വിപാപാഖ്യം; പാടലം പുണ്ഡ്രവർദ്ധനേ;
നാരായണം സുപാശ്വത്തിൽ; ത്രികൂടേ വിഷ്ണുമന്ദിരം;
വിപുലത്തിങ്കൽ വിപുലം; കല്യാണം മലയാദ്രിയിൽ;
കൈരവം കോടിതീർത്ഥത്തിൽ; സുഗന്ധം ഗന്ധമാദനേ;
കുബ്ജാംഗകേ ത്രിസന്ധ്യാഖ്യം; ഗംഗാദ്വരേ ഹരിപ്രിയം;
ശൈലം(ശൈത്യം)വിന്ധ്യാവലിയിൽ; വരിയിങ്കൽസ്സാരസപ്രതം
കാളിന്ദിയിൽക്കാലരൂപം; സഹ്യനിൽസ്സാഹ്യകാഹ്വയം; [ശുഭം;
ചാന്ദ്രം ചന്ദ്രപ്രദേശത്തു; രമണം തീർത്ഥസത്തമം;
മൂഗാഭിധം യമുനയിൽ; കരവീരേ കൃതുദ്ഭവം;
വിനായകാചലത്തിങ്കലുമാതീർത്ഥമനുത്തമം;
ഭാസ്കരത്തിങ്കലാരോഗ്യം; മഹാകാളേ മഹേശ്വരം;
പിന്നീടയേഴം തീർത്ഥം;-മമൃതം വിന്ധ്യകന്ദരേ ;
വിശ്വരൂപം മണ്ഡപത്തിൽ; സപ്തമീശ്വരപത്തനേ;
വൈഗലേയം പ്രചണ്ഡാസ്ഥം; ചാണ്ഡം ഹ്യമരകണ്ടകേ;
സോമേശ്വരത്തു തത്തീർത്ഥം; പ്രഭാസേ പുഷ്കരാഹ്വയം;
ദേവമാതൃം സരസ്വത്യാം; പാരായത്ത തടസ്ഥിതം;
മഹാലയം മഹാപത്മേ; പിംഗളേശം പയോഷ്ണിയിൽ;
സിംഹികാഖ്യം സിംഹികയിൽ; സൈരവേ രവിനാമകം;
കാർത്തികം കൃത്തികാക്ഷേത്രേ; ശാങ്കരം ശങ്കരാദ്രിയിൽ;
ഉല്പലാഖ്യം ഭിവ്യതീർത്ഥം സുക്ലോ സിന്ധുസംഗമേ;

Digitized By Kerala Sahitya Akademi

ഗാണപത്യാളിധം തീർത്ഥം; ഭരതാശ്രമസംജ്ഞകം;
ജാമദഗ്ന്യത്തിൽത്തത്തീർത്ഥം; തീർത്ഥം വിശ്വമുഖാഹ്വയം;
താരതാരകതീർത്ഥങ്ങൾ വിഷ്ണുസംജ്ഞമഹാദ്രിയിൽ;
ദേവോദ്ഭവനേ പൌണ്ഡ്രം; പൌഷ്ണം കാശ്മീരമണ്ഡലേ;
ഭൈരവം, ഹിമം, പനിക്കുന്നിൽത്തുഷ്ടികം, പൌഷ്ടികാഖ്യവും;
കപാലമോചനാളിഖ്യം; തീർത്ഥം മായാപുരസ്ഥിതം;
ശംഖോദ്ധാരത്തിലുള്ളൻ ദൈവവും ശംഖധാരവും;
പിണ്ഡത്തിൽപ്പിണ്ഡനംതീർത്ഥം;സിദ്ധേ വൈഖാനസംഹ്വയം;
സംഭ്രമേ വിഷ്ണുകാമാഖ്യം ധർമ്മകാമാർത്ഥമോക്ഷദം;
ഔഷധ്യുത്തരേ ക്രതുവേ; കശേരുപീപിൽക്കശോഭകം;
മന്മഥം ഹേമകൂടത്തിൽ; കുമുദേ സത്യസംജ്ഞകം;
ആശ്രമാഖ്യം വന്ദതിയിൽ; വിന്ധ്യേ വൈമാത്രകാളിധം; *
ചിന്തിതത്തിൽ ബ്രഹ്മമയമാം തീർത്ഥം തീർത്ഥാതിപാവനം.

സുന്ദരി, ഈ തീർത്ഥങ്ങളിലെല്ലാംവെച്ച് ശ്രേഷ്ഠമായിട്ടുള്ളതു കേട്ടുകൊള്ളുക: വിഷ്ണുവിന്റെ തിരുനാമത്തിനൊത്ത ഒരു തീർത്ഥം ഉണ്ടായിട്ടില്ല; ഉണ്ടാകയുമില്ല! ബ്രഹ്മാവ്നൻ, കനകസ്തേയി, ബാലഘ്നൻ, ശ്വോഘ്നൻ എന്നിവർ പോലും ഹരിനാമമാത്രത്താൽ മുക്തി നേടും. കലികാലത്തു ദുരാചാരകയുക്തം കൃഷ്ണസ്വാമിക്കുമത്രേ പ്രാശസ്ത്യം; ആ ദേവനെ ദർശിച്ചവർക്ക് സ്ഥിരമുക്തി സിദ്ധിക്കും. മഹാദേവി, അത്ര ധന്യതമനും സർവ്വേശ്വരനും ജനാർദ്ദനനുമായ വിഷ്ണുസ്വാമിയെ ഞാൻ സദാ ധ്യാനിച്ചുപോരുന്നു. ഇപ്പറഞ്ഞ നൂറെട്ട തീർത്ഥങ്ങളെ കീർത്തിക്കുകയോ ശ്രവിക്കുകയോ ചെയ്യുന്നവൻ സർവ്വപാപനിർമ്മുക്തനാകും. ഇവയിൽ കുളിച്ചു വിഷ്ണുവിനെ ദർശിക്കുന്നവൻ വിഷ്ണുസായുജ്യമണയും. ലോകപാവനമായ ജഗന്നാഥ മഹാതീർത്ഥത്തിൽ യാവ ചിലർ ഗമിക്കുമോ, ആ നരശ്രേഷ്ഠർക്കും പരഗതി കിട്ടും. പരമപുണ്യങ്ങളായ നൂറെട്ട തീർത്ഥങ്ങളെ പിതൃകർമ്മത്തിൽ ചൊല്ലുന്നവർ ഇഹത്തിൽ സുഖമനുഭവിച്ചു വിഷ്ണുസായുജ്യം പ്രാപിക്കും; ഗോദാനത്തിലോ ശ്രാദ്ധത്തിലോ നാംതോറും ദേവപൂജാസമയത്തോ ചൊല്ലുന്ന പ്രാജ്ഞൻ പരബ്രഹ്മത്തോട് ചേരും.

ശ്രീപരമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
അഷ്ടോത്തരശതതീർത്ഥകീർത്തനം നൈമാഗിരുപരത്തോടുത്തരമുദ്യയം.

(൭)

* എങ്ങാനും പേരുകൾ വിട്ടുപോയിരിക്കാം.

Digitized By Kerala Sahitya Akademi

ഒരുനൂറ്റിമുപ്പത്താമദ്ധ്യായം.

ശിവൻ:—സുന്ദരി, വേത്രവതിയുടെ മാഹാത്മ്യവും പറയാം; അതിൽ സ്നാനംചെയ്യാൽ പ്രയാഗംവരെ മുക്തി സിദ്ധിക്കും: വൃത്രനാൽ നിർമ്മിക്കപ്പെട്ട മഹാഗംഭീരമെന്ന ക്രോധത്തിൽനിന്നത്രേ, ആ മാപാപനാശിനിയായ ദേവിയുടെ ഉൽപ്പത്തി. സുരേശ്വരി, ഗംഗപോലെതന്നെയാണ് ഈ ശ്രേഷ്ഠനദിയും. ഇതിനെ ദർശിച്ചാൽത്തന്നെ പാപസഞ്ചയം അറുതിപ്പെടും. ദേവി, ഒരു പഴംകഥ കേട്ടുകൊള്ളുക: ഇതു കേട്ടാൽ പാപികൾക്കും കമ്മബന്ധമറും:

ചമ്പകനഗരത്തിൽ വിദ്യാരുണൻ എന്നൊരു രാജാവു നാടുവാണിരുന്നു. ദുഷ്ടനും അധർമ്മാത്മാവും അധമനും നൃണയനും ശഠനും നിർഘൃണനുമായിരുന്ന അയാൾ. സദാ പ്രജകളെ ദ്രോഹിക്കും; വിഷ്ണുവിനേയും വേദങ്ങളേയും നിന്ദിക്കും; ദേവബ്രാഹ്മണരെ നിന്ദിക്കും; ആശ്രമങ്ങളെ ദൂഷിപ്പിക്കും. ചീത്ത ശാസ്ത്രങ്ങൾ ശീലിക്കും; പരസ്ത്രീകളെ പുണരും. വേദവാക്യങ്ങളെ തിരസ്കരിക്കുക, ഗോദാനം മുടക്കുക, ബ്രാഹ്മണരെ നിന്ദിക്കുക എന്നിവയാൽ ആ മഹാപാപിയെ കുഷ്ഠരോഗം ബാധിച്ചു. അയാൾ ഒരുനാൾ ചങ്ങാതിമാരോടൊന്നിച്ചു നായാട്ടിനു നടക്കുമ്പോൾ ദൈവയോഗത്താൽ വേത്രവതീനദിയിൽ ചെന്നെത്തി. അയാൾക്കു കലശലായ ദാഹമുണ്ടായിരുന്നു; അതിനാൽ അയാൾ കുതിരപ്പുറത്തുനിന്നിറങ്ങി നദിയിൽനിന്നു വെള്ളംകുടിച്ച് അരമനയിലേക്കു തിരിച്ചു. ആ ജലപാനത്താൽത്തന്നെ രാജാവിന് കുഷ്ഠം ശമിക്കുകയും, മനസ്സു നിർമ്മലമായിത്തീരുകയും, വിഷ്ണുവിങ്കൽ ഭക്തിയുണ്ടാകുകയും ചെയ്തു. അതുമുതൽക്കു വിദ്യാരുണൻ പതിവായി വേത്രവതിയിൽ സ്നാനംചെയ്യുമായിരുന്നു. തന്മൂലം അയാൾ നിർമ്മലനും സുഗ്രീവനുമായിച്ചമഞ്ഞു, ഇഹത്തിൽ സുഖം ഭുജിച്ചു, അനേകം യാഗം കഴിച്ച് ബ്രാഹ്മണർക്കു ദക്ഷിണ നൽകി, വിഷ്ണുപദം പ്രാപിച്ചു.

മലമങ്കേ, അതിനാൽ വേത്രവതീസ്നാനം വിശേഷേണ മുക്തിപ്രദമാകുന്നു. ബ്രാഹ്മണനോ ക്ഷത്രിയനോ വൈശ്യനോ ശൂദ്രനോ വേത്രവതിയിൽ കുളിച്ചാൽ പാപബന്ധനത്തിൽനിന്നു വിടുതി നേടും. കാർത്തികത്തിലോ മാഘത്തിലോ വൈശാഖത്തിലോ വീണ്ടും വീണ്ടും വേത്രവതീസ്നാനം ചെയ്യുവർക്കു കർമ്മബന്ധം നീങ്ങും. വേത്രവതിയും സാഭ്രമതിയും കൂടിച്ചേരുന്നേടത്തു സ്നാനംചെയ്യാൽ

Digitized By Kerala Sahitya Akademi

വിശേഷിച്ചു ബ്രഹ്മഘ്നനും, ഗോബാലഘ്നരും, വേദനിന്ദകനും വിമുക്തിയടയും. ഖേടകമെന്ന ദിവ്യനഗരം ഭൂമിയിലെ സപ്തർഷികളുടെ സ്ഥാനമാകുന്നു; അവിടെ ബ്രാഹ്മണർ വളരെ യാഗം കഴിച്ചിട്ടുണ്ട്. അതിങ്കൽ സ്നാനവും പാനവും ചെയ്യുവനു പുനർജ്ജന്മമുണ്ടാകില്ല. കലികാലത്തു വിശേഷിച്ചും രണ്ടാമത്തെ ഗംഗയാണ് ആ നദി! സുഖത്തിനോ ധനത്തിനോ സപ്തർഷിത്തിനോ വേണ്ടി അതിൽ സ്നാനം ചെയ്യുവർ ഇഹത്തിൽ അഭീഷ്ടം നേടി വിഷ്ണുസായുജ്യമണയും. സൂര്യവംശത്തിലും സോമവംശത്തിലും ജനിച്ചവർ വേത്രവതിയിൽ ചെന്നു സ്നാനംകഴിച്ചു നിർവ്വാണമണഞ്ഞിരിക്കുന്നു. ദർശിച്ചാൽ ദുഃഖം നീങ്ങും; സ്പർശിച്ചാൽ മനഃശുദ്ധി വരും; സ്നാനപാനങ്ങളും ചെയ്താലോ മുക്തിയായി! അവിടെ ജപഹോമദാനങ്ങളും ചെയ്താൽ ഫലത്തിന്നറവുമില്ല. വാരാണസീതീർത്ഥത്തിൽ ചെന്ന് ചാന്ദ്രായണം ആചരിച്ചാലത്തെ പുണ്യം വേത്രവതിയിൽനിന്നു കൈവരും; അവിടെവെച്ചു മൃതിപ്പെട്ടവനാകട്ടെ, ചതുർബാഹുവായിച്ചമഞ്ഞു. വിഷ്ണുവിന്റെ പരമപദം പൂകും. ഭൂമിയിലെ എല്ലാത്തീർത്ഥങ്ങളും എല്ലാ ദേവന്മാരും പിതൃക്കളും വേത്രവതിയിൽ സ്ഥിതിചെയ്യുന്നുണ്ട്. സുമുഖി, എന്തിനേറെ പറയുന്നു? വേത്രാവതിക്കൊത്ത ഒരു തീർത്ഥം ഭൂലോകത്തില്ലതന്നെ! മഹേശ്വരി, ഞാനും വിഷ്ണുവും ബ്രഹ്മാവും ദേവകളും മഹർഷിമാരും ദേവതമാരുമൊക്കെ വേത്രവതിയിൽ സന്നിധിചെയ്യുന്നുണ്ട്. അതിൽ ഒരുനേരമോ രണ്ടുനേരമോ മൂന്നുനേരമോ കളിക്കുന്നവർ തീർച്ചയായും മുക്തിയടയും

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
വേത്രവതീമാഹാത്മ്യവർണ്ണനം ഒരുനൂററിമുപ്പതാമദ്ധ്യായം.

——(o)——

ഒരുനൂററിമുപ്പത്തൊന്നാമദ്ധ്യായം.

ശിവൻ:—ദേവി, സാഭ്രമതിയുടെ മാഹാത്മ്യവും ശരിക്കു പറയാം: കശ്യപമുനിശ്രേഷ്ഠൻ പതിനായിരം സംവത്സരം, പലതരം വൃക്ഷങ്ങളും നിറഞ്ഞു രമണീയമായ അർബുദപർവ്വതത്തിൽ വൻപിച്ച തപസ്സുചെയ്തുകൊണ്ടായി—പരിശുദ്ധയും പാപനാശിനിയുമായ സരസ്വതിക്കരികിൽ തീവ്രതപസ്സുചെയ്തുകൊണ്ടായി: ആ മഹാത്മാവായ ബ്രഹ്മപുത്രൻ ഒരു നാളൊരിക്കൽ നൈമിശത്തിൽ ചെന്നെത്തി, അവിടെയുള്ള മഹർഷിമാരുമായി ഓരോന്നു സംസാരിച്ചുകൊണ്ടിരുന്നു. അതിനിടയിൽ

Digitized By Kerala Sahitya Akademi

അവർ കശ്യപനോടാവശ്യപ്പെട്ടു:—'പ്രഭോ, കശ്യപ, ഞങ്ങളിൽ പ്രസാദിച്ചു ഭവാൻ ഗംഗയെ കൊണ്ടുവന്നാലും; അതു ഗംഗ ഭവാന്റെ പേർ ചേർന്ന മഹാനദിയായി ഭവിക്കുമല്ലോ.' ഇതുകേട്ട കശ്യപൻ അതു ബ്രഹ്മണരെ വണങ്ങി, അർബുദാരണ്യത്തിലേയ്ക്കു പോന്നു, സരസ്വതീതീരത്തു പരമദുഷ്കരമായ തപസ്സുചെയ്തു എന്നെ ആരാധിച്ചു. ഞാൻ ആ ദ്വിജേന്ദ്രനു പ്രത്യക്ഷീഭവിച്ചു, 'ഭവാനു മംഗളം! വേണ്ടുന്ന വരം ചോദിച്ചുകൊൾക' എന്നരചെയ്തു.'

കശ്യപൻ:—'ദേവദേവ, ജഗദീശ,നിന്തിരുവടി വരം തരാൻ തുടങ്ങുകയാണെങ്കിൽ, തിരുമുടിയിലിരിക്കുന്ന പാപനാശിനിയായ ദിവ്യഗംഗയെ എനിക്കു കല്പിച്ചു തരുമാറാകണം! മഹാദേവ, നിന്തിരുവടിക്കു നമസ്കാരം!'

അപ്പോഴാം ഞാൻ, 'ദ്വിജോത്തമ, വാങ്ങിക്കൊൾക' എന്നുംപറഞ്ഞു ഒരു ജടയഴിച്ചു ഗംഗയെ അദ്ദേഹത്തിനു കൊടുത്തു. അതിനേയുംകൊണ്ടു കരം കൂപ്പിത്ത കശ്യപൻ. തന്റെ വാസസ്ഥാനമായ കേശരാശ്രമമെന്ന തീർത്ഥത്തിലേയ്ക്കു ഗമിച്ചു. അവിടെ ചെന്നപ്പോഴെയ്ക്കും മഹർഷിമാർ അദ്ദേഹത്തിന്റെ പുറകേ കൂടി. കശ്യപൻ ആനയിച്ചുതാകയാൽ ഈ മഹാനദി കാശ്യപി എന്ന വിളിപ്പെട്ടു. ഇതിനെ ദർശിച്ചാൽ മതി, ബ്രഹ്മഹത്യപോലും വിട്ടൊഴിയാൻ!'

പാർവതി:—'വിശ്വനാഥ, ആ തീർത്ഥത്തിൽ സ്നാനംചെയ്താലത്തെ പുണ്യമെന്തെന്നും, ദർശിച്ചാലത്തെ പുണ്യമെന്തെന്നും, അതിന്റെ മഹിമാവെന്തെന്നും, എങ്കൽ ദയചെയ്തു ഒട്ടൊഴിയാതെ പറഞ്ഞുതരുമാറാകണം!'

ശിവൻ:—'ഞാൻ ശ്രീവിഷ്ണുവിന്റെ പ്രസാദത്താൽ, ഗംഗ * ..ദ്വാരക മുതലായി വളരെ തീർത്ഥക്ഷേത്രങ്ങളെ അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാർവതി, പണ്ടു വിഷ്ണുലോകപ്രേപ്സുവായ ഭഗീരഥൻ യാചിച്ചതിനാൽ ഗംഗയെ ഞാൻ കൊടുക്കുകയുണ്ടായല്ലോ; വീണ്ടും ശുദ്ധിമാക്കു വേണ്ടി കശ്യപനും കൊടുത്തു. ഈ കാശ്യപീഗംഗ സർവദോഷങ്ങളേയും പോക്കും. കൃതയുഗത്തിൽ കൃതവതി എന്നും, ത്രേതായുഗത്തിൽ ഗിരികണ്ണിക എന്നും, ദ്വാപരയുഗത്തിൽ ചന്ദന എന്നും, കലിയുഗത്തിൽ സാഭ്രമതി എന്നുമത്രേ ഇതിനു പേർ. ഇതിൽ പ്രതിദിനം സ്നാനംചെയ്യുന്നവർ പാപമെല്ലാം വേർപെട്ടു വിഷ്ണുവിന്റെ സനാതനപദം പ്രാപിക്കും. ഈശ്വരി, സരസ്വതിയുടെ പൂക്ഷാവതരണതീർത്ഥത്തിലും കേദാരത്തിലും കുരുക്ഷേത്രത്തിലും സ്നാനംചെയ്താലത്തെ ഫലം സാഭ്രമതീസ്നാനത്താൽ കൈവരുമെ

* ഈ ക്ഷേത്രങ്ങളുടെ പേരുകളാണു വിട്ടതു്.

Digitized By Kerala Sahitya Akademi

ന്നാണ് വ്യാസവചനം. പ്രോഷ്ഠപദാമാവാസിയിൽ ഇരിമ്പിൽ പല കമേൽ പിണ്ഡംവച്ചാലുത്തെ ഫലം സാഭ്രമതീസ്നാനത്താൽ സിദ്ധിക്കും. മാഘമാസത്തിൽ പ്രയാഗത്തിൽ പ്രാതഃസ്നാനം ചെയ്താലുത്തെ ഫലം സാഭ്രമതീസ്നാനത്താൽ സിദ്ധിക്കും. കൃത്തികാനക്ഷത്രം ചേർന്ന കാത്തികപൌർണ്ണമിയിൽ ശ്രീശൈലത്തിൽ മാധവദർശനം ചെയ്താലുത്തെ ഫലം സാഭ്രമതീസ്നാനത്താൽ സിദ്ധിക്കും. ദേവി, സർവ്വജഗൽപാവനിയാണ് ഈ ശ്രേഷ്ഠനദി—പവിത്രയും പാപനാശിനിയുമാണ്, ഈ പരമ ധന്യയായ നദി. കിഴക്കരും തെക്കരും പടിഞ്ഞാറരും വടക്കരും പതിവായി, വിശേഷിച്ചും കാത്തിക പൌർണ്ണമിയിൽ, തീർത്ഥയാത്രയായിട്ട ഖേടകത്തിൽ ബ്രഹ്മസന്നിധിയിൽ വന്നുചേരാറുണ്ട്; ശ്രാദ്ധം, ബ്രാഹ്മണഭോജനം, പലതരം ധർമ്മങ്ങൾ, പലതരം യജ്ഞങ്ങൾ, പലതരം ദാനങ്ങൾ എന്നിവ ചെയ്യാറുമുണ്ട്. നാലു യുഗങ്ങളിലും പതിവാണിതു്. യവക്രീതൻ, രൈഭ്യൻ, കക്ഷീവാൻ, ഉശിജൻ, ഭൃഗു, അംഗിരസ്സ്, കണ്വൻ, മേധാവി, പുനർവസു, ഗുണസമ്പന്നനായ ബന്ദി എന്നിവർ കിഴക്കേട്ടിക്കല്ലും മധുമാൻ മുതലായ മഹാ ഭാഗന്മാർ വടക്കേട്ടിക്കിലും വസിക്കുന്നു; സുമധു, വീര്യവാനായ ദത്താത്രേയൻ, ദീർഘതപസ്സ്, ഗൌതമൻ, കശ്യപൻ, ശ്വേതകേതു, കഹോഡൻ, പുലഹൻ, ദേവലൻ, വിശ്വാമിത്രൻ, ഭരദ്വാജൻ, ജമദഗ്നി, അഗസ്ത്യൻ, ഗർഗ്ഗൻ, ഉദ്ദാലകൻ, ദേവശർമ്മാവ്, ധൌമ്യൻ, അഗസ്ത്യകൻ, കാശ്യപൻ, ലോമശൻ, നാഭികേതു, ലോമഹർഷണൻ, ഉഗ്രശ്രവസ്സ്, ഭാർഗ്ഗവൻ, ച്യവനൻ എന്നീ മഹർഷിമാരും ബാലഖില്യാദികളുമെല്ലാം അവിടെയെത്തി സ്നാനം ചെയ്ത് നിരാഹാരരായി വിഷ്ണുപദിങ്കൽത്തന്നെ മനസ്സുറപ്പിച്ചു ശംഖചക്രധാരികളായി തീരുന്നു പാർത്തുപോരുന്നു. ദേവദേവേശനായ പിതാമഹൻ താൻതന്നെ കുടികൊള്ളുന്ന ഗയയെന്ന പിതൃതീർത്ഥം സർവ്വതീർത്ഥോത്തമമാണല്ലൊ; *.....പുണ്യയായ വാരാണസിയും പിതൃക്കൾക്ക പ്രിയപ്പെട്ടതാണ്; എന്റെ സാന്നിധ്യത്താൽ ഭുക്തി മുക്തികളെ നൽകുന്നതുമാണ്; വിശേഷിച്ചും, വിഷ്ണു ബിന്ദുമാധവനെന്ന പേരോടേ എന്റെ ആജ്ഞയാൽ വാരാണസിയിൽ വസിക്കുന്നുണ്ട്; അതിനാൽ എന്റെ ഈ പുരി പരമധന്യയാകുന്നു; അവയും, പുണ്യമായ വിമലേശ്വരമെന്ന പിതൃതീർത്ഥവും, സർവ്വതീർത്ഥാനിതമായ പ്രയാഗമെന്ന പിതൃതീർത്ഥവും എന്റെ വാക്കിനാൽ സാഭ്രമതീജലത്തിൽ സന്നിധിചെയ്യുന്നു. ഭഗവാൻ വടേശ്വരനും മാധവനും ദശാശ്വമേധികവും ഗംഗാദ്വാരവും എന്റെ

* ഗയയെപ്പറ്റിയാണ് വിട്ടുള്ളത്.

Digitized By Kerala Sahitya Akademi

ശാസനത്താൽ സാഭ്രമതിയിൽ കടികൊള്ളുന്നു. നന്ദയും ലളിതയും സപ്തധാരതീർത്ഥവും മിത്രപദവും ശംകരാലയമായ കേദാരവും സർവ്വതീർത്ഥമയമായ ഗംഗാസമുദ്രസംഗമവും ബ്രഹ്മസരസ്സും സരയൂഹ്രദവും നൈമിശവും എന്റെ ശാസനത്താൽ എന്നെന്നും സാഭ്രമതിയിൽ സ്ഥിതിചെയ്യുന്നു. ശ്വേത, വൽക്കലിനി, ഹിരണ്മയി, ഹസ്തിമതി, * വാർത്രഘ്നി എന്നീ നദികളും പിതൃപ്രിയകളും ശ്രാദ്ധത്തിന്നു കോടിമടങ്ങു ഫലം നൽകുന്നവയുമാകുന്നു; ഇവയിൽ പുത്രന്മാർ പിതൃഹിതത്തിന്നായി പിണ്ഡംവെയ്ക്കണം. ഈ നദികളും പാടലവപുഷ്മനഗരങ്ങളിൽ സാഭ്രമതിയോടു ചേരുന്നേടം ഏറെ പ്രശസ്തമത്രേ. പുണ്യവർദ്ധകമായ ജംബൂദ്വീപു്, സർവ്വാഭീഷ്ടദമായ ആയ്യാവർത്തം, നീലകണ്ഠതീർത്ഥം, നന്ദഹ്രദം, രുദ്രഹ്രദം, രുദ്രമഹാലയം, മന്ദാകിനി, അഹോരാത്ര എന്നിവയും അദൃശ്യങ്ങളായി സാഭ്രമതിയിൽനിവസിക്കുന്നു. ധ്രുവം, മിത്രപദം, വൈജനാഥം, ദുഷ്ടദമം, ശിപ്രാനദി, മഹാകാളം, കാലഞ്ജരഗിരി, ഗംഗോദ്ഭേദം, ഹരോദ്ഭേദം, നർമ്മദ, ഓംകാരം എന്നിവ പിണ്ഡദാനത്തിൽ ഗംഗയ്ക്കു തുല്യങ്ങളത്രേ; ഈ ബ്രഹ്മതീർത്ഥങ്ങളേയും ബ്രഹ്മാദിദേവന്മാർ സാഭ്രമതിയുടെ ഉത്തരതീരത്തു് ഒളിവിൽ വെച്ചിട്ടുണ്ടു്. ഇവയെ സ്മരിച്ചാൽത്തന്നെ പാപം നീങ്ങും; പിണ്ഡം വെച്ചാലത്തെ അവസ്ഥ പിന്നെ പറയാനുണ്ടോ? ഓംകാരം, പിതൃതീർത്ഥം, കാവേരി, കപിലതീർത്ഥം, ചണ്ഡവേഗാസംഗമം, ഭാമരകമ്പകം എന്നിവയിൽ സ്നാനാദികളും കുരുക്ഷേത്രസേവനത്തെക്കാൾ നൂറുമടങ്ങു മീതെയാണു്. വാർത്രഘ്നിനദി സാഭ്രമതിയോടു ചേരുന്നേടത്താകട്ടെ, ഗണേശ്വരാദികളും വളരെ തീർത്ഥങ്ങളും കൊണ്ടുവന്നിട്ടുണ്ടു്. തീർത്ഥങ്ങളുടെ സംഗമം ഇവിടെ ചുരുക്കത്തിലേ പറഞ്ഞിട്ടുള്ളൂ; വിസ്തരിച്ചു പറയാൻ വാഗീശനും ആളാവില്ല. §

ഞാൻ കശ്യപനു കൊടുത്തതായ സാഭ്രമതിയിൽ ഇപ്പറഞ്ഞ തീർത്ഥങ്ങളൊക്കെ ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നു. എന്നെന്നും എനിക്കു പ്രിയപ്പെട്ട കേതനാണു് കശ്യപൻ; അതിനാലത്രേ, പരിശുദ്ധയായ ഗംഗയെ ഞാൻ കൊടുത്തതു്. മഹാഭാഗേ, സാഭ്രമതിയിൽ ബ്രഹ്മചാരി എന്ന തീർത്ഥത്തിൽ, ശങ്കരനായ ഞാൻ ലോകനന്മയ്ക്കായി ബ്രഹ്മചാരീശ്വരൻ എന്ന പേരോടെ പ്രതിഷ്ഠിക്കപ്പെട്ടിട്ടുണ്ടു്; അവിടെ ബ്രഹ്മചാരീശ്വരനെ, വിശേഷിച്ചും കലികാലത്തു, പൂജിക്കുന്ന കേതൻ

---

* വേത്രവതി.

§ ഈസ്ഥാനാദികളും ശ്രാദ്ധവും ഇന്ന സമയത്തു വേണ്ടതെന്നു മുൻപു പറഞ്ഞിട്ടുണ്ടു്. ക്രമശ്ലോകം വിട്ടു.

Digitized By Kerala Sahitya Akademi

ലോകത്തിൽ സുഖമനുഭവിച്ചു ശിവലോകം പൂകും. മഹാവ്യാധികളും പിടിപെട്ടവർ അവിടെ പോയി ദർശനംചെയ്താൽ തൽക്ഷണം രോഗശാന്തി വരും. ആ സ്ഥലത്തു പോയി ഉപവസിച്ചു ജിതേന്ദ്രിയനായി ഭക്തിയോടേ പൂജകഴിച്ചു രാത്രിയിൽ നിശ്ചലനായി സ്ഥിതിചെയ്യുന്നതാരോ, അവനു ഞാൻ യോഗിരൂപത്തിൽ പ്രത്യക്ഷീഭവിക്കുകയും അഭീഷ്ടമെല്ലാം നൽകുകയും ചെയ്യും; സുമുഖി, പരമാർത്ഥമാണിതു്! ആ സ്ഥലത്തു ചെന്നു ദർശനം കഴിച്ചവർക്ക് എണ്ണത്തിനാലു വ്യാധികളേയും ഞാൻ ക്ഷണത്തിൽ നശിപ്പിക്കും. പരമാത്മജേ, എനിക്കവിടെ ലിംഗമൊന്നുമില്ല; സ്ഥാനം മാത്രമേ ഉള്ളൂ.

ഒരു കാലത്തു് അവിടെ, ബ്രഹ്മദത്തനെന്ന വിശ്വവാനായ സൂര്യവംശരാജാവു ദീർഘതപസ്സു ചെയ്യാൻ തുടങ്ങി: അദ്ദേഹം പഞ്ചാഗ്നിസാധനം, മാസോപവാസം മുതലായ അനേകം തപസ്സുകൾ വളരെക്കാലം ചെയ്കയുണ്ടായി. ഞാൻ അദ്ദേഹത്തിനു വരംകൊടുക്കാൻ പ്രത്യക്ഷീഭവിച്ചു: 'ബ്രഹ്മദത്ത, നരേശ്വര, കേട്ടാലും; അവനു് എന്തെന്തു വേണമോ, അതൊക്കെയും ഞാൻ തീർച്ചയായും തരാം'. ഇതായിരുന്ന രാജാവിന്റെ മറുപടി: —'ദേവേശ, നിന്തിരുവടി വരം തരികയാണെങ്കിൽ, എനിക്കൊന്നേ വേണ്ടൂ; ഈ സരസ്സു് എന്റെ പേർ ചേർന്നതാകണം!' ഞാൻ പ്രസാദിച്ചു് ആ വരം കൊടുത്തു്, അവിടെ വസിച്ചുപോരുന്ന, അവിടെ നിരാഹാരരായി ഭജിക്കുന്നവർക്കെല്ലാം ഞാൻ പതിനായിരം സംവത്സരങ്ങളോളം അഭീഷ്ടങ്ങൾ നൽകും. വിശേഷിച്ചും, അവിടെച്ചെന്നു ശതരുദ്രീയവും മറ്റും ജപിക്കുന്ന ബ്രാഹ്മണർക്കു സ്ത്രീസുഖവും പുത്രസുഖവും സമ്പൽസമൃദ്ധിയും യശസ്സും ഐശ്വര്യവും ഉണ്ടായിവരും; രോഗങ്ങളും ശമിക്കും; കലികാലത്തു് എല്ലാ അഭീഷ്ടവും ക്ഷണേന നിറവേറും. കുന്നിൻമാതേ, ഈ ഘോരമായ കലിയുഗത്തിൽ അവിടെച്ചെന്നു സ്നാനദാനാദികളും ചെയ്യുന്നവർക്കു ഞാൻ വാഞ്ഛിതമെല്ലാം നൽകിപ്പോരുന്നു; സത്യം, സുരേശ്വരി, സത്യമാണിതു്. ബ്രഹ്മദത്തൻ, അദ്ദേഹത്തിന്റെ പേരിൽ ബ്രഹ്മചാരീശ്വരനേയും ഗംഗാധരനേയും പ്രതിഷ്ഠിച്ചു്, അഞ്ചുനാളും പാർത്തിട്ടു് സ്വരാജ്യത്തേയ്ക്കു തിരിച്ചു. ലോകത്തിൽ വലിയ മഹാനെന്ന പുകൾപ്പെട്ടു്, പതിനായിരം സംവത്സരം നാടുവാണ ധർമ്മിഷ്ഠനായിരുന്ന ബ്രഹ്മദത്തൻ. പിന്നെ കുറെക്കാലംകൂടി രാജ്യം ഭുജിച്ചു് അദ്ദേഹം ശിവലോകമാകുന്ന പരബ്രഹ്മപദം പ്രാപിച്ചു.

അവന്റെ പേരിൽ രണ്ടു ദേവന്മാർ അവിടെ സ്ഥിതിചെയ്യുന്നുണ്ടു്. ബ്രഹ്മചാരീശ്വരനും ഗംഗാധരനും: * .....സ്ഥാനത്തെത്തന്നെ

* ഇരട്ടിപ്പു്.

Digitized By Kerala Sahitya Akademi

അരിജ്ഞന്മാർ ലിംഗത്തെ ന ഗണിച്ചുകൊള്ളണം. ആ സ്ഥലത്തു ക്ര വളത്തില, പൂവ്, ചന്ദനം, ധൂപം, പലതരം നൈവേദ്യം മുതലായവ കൊണ്ടു പൂജിക്കുന്നവർക്ക് ഞാൻ സകലവും കൊടുക്കും. ഈ ബ്രഹ്മചാരിചരിതം പതിവായി ശ്രവിക്കുന്നവൻ ഇഹത്തിൽ സുഖം ഭുജിച്ച്, ശിവസന്നിധിയിൽ ചെന്നുചേരും. ഭൂതിപ്രഭോയ ഗംഗാധരദേവനേയും ബ്രഹ്മചാരീശ്വരനേയും ധ്യാനിച്ചാൽ ശിവരൂപം സിദ്ധിക്കും; തീർച്ചതന്നെ. ആ സ്ഥലം ദർശിച്ചാൽ രോഗം പോകും; പൂജിച്ചാൽ ആയുസ്സേറും; ദേവേശി, സ്നാനം ചെയ്താലോ, മുക്തികിട്ടും.

സൂത, സാഭ്രമതിയിൽ രാജഖഡ്ഗം എന്നൊരു തീർത്ഥമുണ്ട്: സൂര്യവംശത്തിൽ വൈകുണ്ഠൻ എന്നൊരു രാജാവുണ്ടായിരുന്നു. ദുർവൃത്തനും പാപിയുമായിരുന്ന അയാൾ: ബ്രാഹ്മണരെ നിന്ദിയ്ക്കും; ഗുരുജനങ്ങളെ ദ്രോഹിയ്ക്കും; കരിയ്ക്കും ഉപ്പിപ്പെടില്ല; എല്ലാ കർമ്മങ്ങളേയും ധിക്കരിക്കും; പതിവായി പരസ്ത്രീകളെ പുണരും; വിഷ്ണുവിനെ ദ്വേഷിയ്ക്കും; പ്രജകളെ സദാ പീഡിപ്പിയ്ക്കും; വളരെ ഹിംസ നടത്തും—ഇങ്ങനെ പരമദുഷ്ടനായിരുന്ന ആ പാർത്ഥിവന് ഏതാനും കാലംകൊണ്ടു പാപത്താലും ദൈവയോഗത്താലും കുഷ്ഠരോഗം വന്നുകൂടി. അയുകണ്ടു, "എന്തുചെയ്യേണ്ടു"എന്നിങ്ങനെ അയാൾ വീണ്ടും വീണ്ടും വിചാരത്തിൽപ്പെട്ടു. ഒരിയ്ക്കൽ അയാൾ നേരംപോക്കിനായി കാട്ടിലേയ്ക്കു ഗമിച്ചു, ദൈവയോഗത്താൽ സാഭ്രമതീർത്ഥത്തു ചെന്നെത്തി. അയാൾ ആ നദിയിൽ കുളിച്ചു, നിർമ്മലജലം കോരിക്കുടിച്ചു; അതോടുകൂടി അയാളുടെ ദേഹം ദിവ്യരൂപത്തോടുപോലായിത്തീർന്നു—കനകം കൊണ്ടുണ്ടാക്കിയ ഒരു വിഗ്രഹംപോലായിച്ചമഞ്ഞു! ദിവ്യരൂപനായിത്തീർന്ന വൈകുണ്ഠൻ കുറെക്കാലം കൂടി രാജ്യം ഭുജിച്ചു, ഒടുവിൽ പരമപദം പ്രാപിയ്ക്കുകയും ചെയ്തു. അന്നുമുതൽക്കാണു് ആ തീർത്ഥത്തിനു രാജഖഡ്ഗമെന്നു പേർ വന്നതു്. അതിൽ സ്നാനദാനങ്ങൾ ചെയ്യുന്നവർ ഇഹത്തിൽ സുഖമനുഭവിച്ചു വിഷ്ണുവിന്റെ ശാശ്വതസ്ഥാനത്തിൽ ചെന്നുചേരും; അവർക്കു രോഗമില്ല; ഒരിയ്ക്കലും ശോകമില്ല. നാംതോറും രാജഖഡ്ഗത്തിൽ സ്നാനം ചെയ്യുന്നവൻ സപ്തർഷിമണ്ഡലത്തു ബ്രഹ്മാദികളാൽപ്പോലും പൂജിയ്ക്കപ്പെടും. അവിടെ സ്ഥിതിചെയ്യുന്ന വിശ്വനാഥൻ കൃതത്തിൽ സത്യേശ്വരനെന്നും, ത്രേതയിൽ ഭുവനേശ്വരനെന്നും, ദ്വാപരത്തിൽ രാജേശ്വരനെന്നും, ഈ ഘോരമായ കലിയുഗത്തിൽ ഗുപ്തീശ്വരനെന്നും കീർത്തിയ്ക്കപ്പെടുന്നു. രാജഖഡ്ഗതീർത്ഥത്തിൽ പിതൃതർപ്പണം ശ്രദ്ധയോടേ ചെയ്യുന്നവർ ഭൂമിയിൽ വെച്ചു പുണ്യശാലികളത്രേ. അതിൽ കുളിച്ചാൽ ബ്രഹ്മഹത്യ ന

Digitized By Kerala Sahitya Akademi

ബാലഹത്യ നന്മാർ ചോലും ആ ദോഷമൊഴിഞ്ഞു ശിവസന്നിധിയണയും. യാവചിലർ സാഭ്രമതിയിൽ നീലവൃഷഭദാനം ചെയ്യുന്നവോ, അവരുടെ പിതൃക്കൾ അതുകല്പാന്തം സംതൃപ്തി നേടും. ഈ ദിവ്യമായ രാജഖഡ്ഗോപാഖ്യാനം ചൊല്ലുകയോ കേൾക്കുകയോ ചെയ്യുന്നവർക്ക ഭയം നേരിടുകയില്ല; രോഗദോഷങ്ങളും ശമിക്കും.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം, സാഭ്രമതീമഹാത്മ്യ കഥനം നൂറിരുപ്പത്തൊന്നാമദ്ധ്യായം.

ഒരുനൂറിരുപ്പത്തിരണ്ടാമദ്ധ്യായം

പാവ്വതി:—"സാഭ്രമതീനദി നന്ദികുണ്ഡത്തിൽനിന്നു പുറപ്പെട്ട് എന്തെല്ലാം ദേശങ്ങളെ വിശുദ്ധിപ്പെടുത്തിയിട്ടുണ്ട്? അർബുദപർവ്വതത്തെ കടന്ന് എന്തെല്ലാം തീർത്ഥങ്ങളുണ്ടാക്കിയിട്ടുണ്ട്? ഭഗവൻ, പറഞ്ഞുതരിക."

ഇങ്ങനെ പാവ്വതി അഭ്യർത്ഥിച്ചതിനാൽ, പാരിൻപെരുമാളായ പരമേശ്വരൻ ആ ജഗന്മോഹിനിയായ ദേവിയോടരുളിച്ചെയ്തു:—'കന്നാമതേ, നന്ദികുണ്ഡമെന്ന പരമപാവനമായ തീർത്ഥത്തിൽ നിന്നു മുനിമാർ കപാലമോചനതീർത്ഥം ഉളവാക്കി. എല്ലാറ്റിലും വെച്ചു തേജസ്സേറിയ ആ തീർത്ഥത്തിലാണ് ഞാൻ ബ്രഹ്മകപാലം കൈവിട്ടത്; എങ്കൽ നിന്നുണ്ടായതാകുന്നു കപാലമോചനതീർത്ഥം. കപാലകുണ്ഡലമെന്നു പുകഴ്പെറ്റ ആ തീർത്ഥപ്പെരുമാളുടെ നിർമ്മലജലത്തിൽ മഹാത്മാക്കളായ ദേവഗന്ധർവ്വകിന്നരോരഗാദികളും കുടികൊള്ളുന്നുണ്ട്. ആ ത്രൈലോക്യവിശ്രുതമായ തീർത്ഥം ജ്ഞാനത്തേയും മുക്തിയേയും നൽകും. അതിൽ കുളിച്ചു ശുചിയായി എന്നെ കപാലത്തിൽ പൂജിച്ച്, ഒരു രാത്രി ഉപവസിച്ച്, ബ്രാഹ്മണരെ ഊട്ടി വസ്ത്രം നൽകുന്ന മനുഷ്യൻ അഗ്നിഹോത്രഫലം നേടും. ആ തീർത്ഥത്തിൽ ദർശനവ്രതമനുഷ്ഠിച്ചവൻ, മരിച്ചാൽ ശിവലോകംപൂകും. സുരേശ്വരി, പണ്ട് ആ തീർത്ഥത്തിൽ കുളിച്ചതിനാൽ സൌദാസനാ ബ്രഹ്മഹത്യയൊഴിഞ്ഞു നിർമ്മലജ്ഞാനമുദിച്ചു: ഭഗീരഥവംശത്തിൽ പിറന്ന മഹാബലനായ സുദാസന്റെ മകൻ മിത്രസഹനാണ് സൌദാസൻ. അയാൾ വസിഷ്ഠന്റെ ശാപത്താൽ രാക്ഷസനായിപ്പോയി. സാഭ്രമതീസ്നാനത്താലത്രേ ശാപക്ലേശം നീങ്ങിയത്. ഗംഗ, യമുന, ശോണ, ഗോദാവരി, സരസ്വതി എന്നീ വിശുദ്ധപുണ്യനദികളും എന്നെന്നും നന്ദിതീർത്ഥത്തിൽ

Digitized By Kerala Sahitya Akademi

സന്നിധിചെയ്യുന്നു. ഗോദാനം *.....മുതലായ ദാനങ്ങൾക്കൊക്കെ സാഭ്രമതീസ്നാനം. ആ വെള്ളം തൊട്ടാൽ എന്തും വിശുദ്ധിപ്പെടും! അവിടെ ഭക്തിയോടെ ശ്രാദ്ധം കഴിച്ചാൽ, പിതൃക്കൾ സന്തുഷ്ടരായി പരമപദം പൂകും. ഈ ദിവ്യോപാഖ്യാനം ശ്രവിക്കുന്നവർ പാപമെല്ലാമൊഴിഞ്ഞു വിഷ്ണുസായുജ്യം പ്രാപിക്കും. മനസാ വാചാ കർമ്മണാ മഹേശ്വരനെ സ്തുതിക്കുന്നവർക്ക് പ്രളയംവരെയ്ക്കും ദുഃഖമില്ല!

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സാഭ്രമതീമാഹാത്മ്യപ്രകരണം, നന്ദിതീർത്ഥവർണ്ണനം എന്നൂറിമൂന്നാമിരണ്ടാമധ്യായം.

(൮)

ഒരുനൂറിമൂന്നാമദ്ധ്യായം

ശിവൻ:—പിന്നെ മുനിവചനത്താൽ സാഭ്രമതീനദി ബ്രഹ്മർഷിനിഷേവിതമായ വികീർണ്ണവനത്തിലെത്തി, നീക്കുന്തോടേ തെക്കേസ്സമുദ്രത്തിലേയ്ക്കു പോകയ്യോഗം,പർവ്വതനിരോധത്താൽ ഏഴായി വേർതിരിഞ്ഞു: ഒന്നാമതു സാഭ്രമതി; രണ്ടാമതു ശ്വേത; മൂന്നാമതു ഖകുളു (വൽക്കലിനി); നാലാമതു ഹിരണ്മയി; അഞ്ചാമതു സർവ്വപാപഘ്നിയായ ഫൽഗുമതി; ആറാമതു വേത്രവതി; §.....ഏഴാമതു വിശ്വപാവനിയായ ത്രിമുഖി. ഇങ്ങനെ ഏഴായിപ്പിരിഞ്ഞു സാഭ്രമതി അതാതു ദേശങ്ങളെ വിശുദ്ധിപ്പെടുത്തുന്നു. വികീർണ്ണതീർത്ഥത്തിൽ പിതൃക്കൾക്കു പിണ്ഡംവെച്ചാൽ ഗയയിൽ പിണ്ഡംവെച്ചാലത്തെ ഫലം കിട്ടും. പ്രേതഭംഗത്താൽ പതിതരും പിണ്ഡോദകങ്ങളില്ലാതായവരുമായ പിതൃക്കൾപോലും, വികീർണ്ണത്തിൽ പിണ്ഡോദകദാനം കൊണ്ടു വിമുക്തരാകും. വികീർണ്ണത്തിൽ ശ്രാദ്ധം കഴിക്കുന്നവൻ ഗണത്തലവനായിച്ചമയും; അതിനാൽ വേദോക്തപ്രകാരേണ സശ്രദ്ധം ശ്രാദ്ധം കഴിക്കണം. 'അല്ലയോ ബ്രാഹ്മണോത്തമരേ, നിങ്ങൾക്കു ഋഷിലോകം, കിട്ടേണമെങ്കിൽ ഏഴു നദികളുടെ ഉല്പത്തിസ്ഥാനമായ ഈ തീർത്ഥത്തിൽ സ്നാനംചെയ്യുകൊൾവിൻ!' എന്നിങ്ങനെ കശ്യപൻ ദിജരോടു കഥിക്കുകയുണ്ടായി. വികീർണ്ണത്തിൽ കുളിച്ചാൽ സകല ദുഃഖങ്ങളും നീങ്ങും. തീർത്ഥങ്ങളിൽവെച്ചുത്തമവും, ക്ഷേത്രങ്ങളിൽവെച്ചു ശ്രേഷ്ഠവും രോഗദോഷങ്ങളേ പോക്കി നന്മ നൽകുന്നതുമത്രേ വികീർണ്ണം. വിശേഷിച്ചും കലികാലത്തു വികീർണ്ണസ്നാനം ചെയ്യുവർ പുണ്യമടയും. ഗയാതീർത്ഥംപോലെതന്നെ പരിപാവനവും പി

* ദാനങ്ങളുടെ പേർ വിട്ടു. §വേത്രവതിയുടെ ഉല്പത്തി ഷഡാനനാധ്യായത്തിലുണ്ട്.

Digitized By Kerala Sahitya Akademi

തുക്കൊണ്ടു പുണ്യപ്രദവും ലോകങ്ങൾക്കു ശോകഹരവുമാകുന്നു വികീർണ്ണതീർത്ഥം.

മറ്റൊരുത്തമതീർത്ഥമാണു് ശ്വേതതീർത്ഥം: ഹരശരീരത്തിന്റെ സ്പർശത്താൽ സർവ്വപാപനാശിനിയായി ത്രിജഗദ്വിഖ്യാതയായി ദേവപൂജിതയായിത്തീർന്ന ശ്വേതാനദിയിൽ കുളിച്ചു വിശുദ്ധനായി മഹാകാളേശ്വരനെ ദർശിച്ചു മുന്നാളുപവസിച്ചവൻ രുദ്രലോകത്തു സൽക്കരിക്കപ്പെട്ടും. ആ നദിയുടെ തീരത്തു് എള്ളുദർഭകളോടെ പിതൃക്കൾക്കു പിണ്ഡം വെച്ചാൽ, അവർ തൃപ്തിയായും തൃപ്തിയടയും. ശ്വേതഗംഗ മഹാ പുണ്യയും ദുഃഖദാരിദ്ര്യനാശിനിയുമാകുന്നു. അതിൽ സ്നാനംചെയ്യുവൻ പരമപദം പൂകും. പാർവ്വതി, അതിന്റെ സംഗമത്തിൽ ഞാൻ നിത്യസന്നിധിചെയ്യുന്നു. അവിടെ സ്നാനദാനങ്ങളും ചെയ്താൽ ഫലത്തിന്നറുതിയില്ല. എന്നെന്നും സംഗമത്തിൽ വസിക്കുന്ന ഭൂതേശ്വരദേവനു ധൂപവും പൂവും മാലയും നീരാജനവും നൽകുന്നവർ യാവ ചിലരോ, ആ നരശ്രേഷ്ഠർ പുണ്യമൂർത്തികളും തന്നെ! ശ്വേതാവാസിയായ ശിവന്റെ ശിരസ്സിൽ ഒരു ക്വാളത്തില എടുത്തിട്ടാൽ എന്നെന്നും അഭീഷ്ടസിദ്ധി വരും.

പിന്നീടു തീർത്ഥയാത്രക്കാരൻ, ചന്ദനാതീരത്തു ഗണങ്ങളാൽ നിർമ്മിതമായ ത്രിവിഷ്ടപമെന്ന തീർത്ഥത്തിൽ പോകണം. പൌർണ്ണമാസിയിൽ ഏകാഗ്രനായി ത്രിവിഷ്ടപസ്നാനം ചെയ്യുവന്നു, ഇതിൽ സംശയം വേണ്ടാ, ബ്രഹ്മഹത്യപോലും വിട്ടൊഴിയും. യാതൊരുവൻ നാലു മഴക്കാലമാസം ത്രിവിഷ്ടപത്തിൽ പാർക്കുമോ, ആ മഹാഭാഗനായ സുകൃതി രുദ്രലോകത്തു സൽക്കരിക്കപ്പെട്ടും. ഗണതീർത്ഥത്തിൽ കുളിച്ചു കൃഷ്ണാഷ്ടമി നോറ്റു ബകുളാസംഗമത്തിൽ സ്നാനം ചെയ്യുവൻ സപ്തർഷിമണ്ഡലത്തിൽ പാർക്കും. ബകുലാസംഗമത്തിൽ സ്നാനംചെയ്തു ബകുളേശ്വരനെ ദർശിച്ചവൻ ഗണേശ്വരപ്രസാദത്താൽ ഗണാധ്യക്ഷനായിത്തീരും. അവിടെപ്പാർത്തു നിരാഹാരനായി ജിതേന്ദ്രിയനായി മനസ്സുറപ്പിച്ചു മനോരമമായ ഗണേശ്വരക്ഷേത്രം ജാഗ്രിക്കുന്നവന്നു് എന്തു വാഞ്ഛിതവും നിറവേറും. അവിടെ വളരെക്കാലം വസിച്ചു തപം ചെയ്തതിനാൽ, സോമവംശത്തിലെ വിശ്രുതനെന്ന വീര്യവാനായ രാജാവു ശ്രീഗണേശപ്രസാദത്താൽ ഗണാധ്യക്ഷതപം നേടിയിരിക്കുന്നു. കശ്യപേശ്വരി, വസിഷ്ഠൻ, വാമദേവൻ, കഥോഡ്ഡൻ, കൌഷീതകൻ, ഭരദ്വാജൻ, അംഗിരസ്, വിശ്വാമിത്രൻ, വാമനൻ എന്നീ പുണ്യശാലികളായ മുനിമാരെല്ലാം എന്നെന്നും ശ്രീഗണേശപ്രസാദോത്സം ഗണതീർത്ഥത്തെ സേവിച്ചുപോരുന്നു. അതിൽ സ്നാനംചെയ്താൽ അപുത്രൻ

Digitized By Kerala Sahitya Akademi

പുത്രനേയും അധനൻ ധനത്തേയും അവിദ്വാൻ വിദ്വത്തയേയും മുമുക്ഷു മോക്ഷത്തേയും നേടും; എന്തിനേറെപ്പറയുന്നു? സർവ്വപാപങ്ങളേയുമകന്ന വിഷ്ണുവിന്റെ പരമപദം പൂകും! ശ്രേയസ്സിനേയും ആയുസ്സിനേയും വർദ്ധിപ്പിക്കുന്ന ഈ പവിത്രോപാഖ്യാനം ശ്രവിച്ചാൽ ഗംഗാസ്നാനത്തിന്റെ പുണ്യം കൈവരും: *

ശ്രീപരമമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം, സാഭ്രമതിമാഹാത്മ്യപ്രകരണം, വികീർണ്ണാദീതീർത്ഥനിരൂപണം ഒരുനൂറിരുപത്തിനാലാമദ്ധ്യായം.

——(o)——

ഒരുനൂറിരുപത്തിനാലാമദ്ധ്യായം

ശിവൻ:—സാഭ്രമതിയുടെ ഉത്തരതീരത്തു് അഗ്നിതീർത്ഥം എന്നൊന്നുണ്ടു്; അതിന്നു കിഴക്കുവടക്കു്, അധികം അകലത്തല്ലാതെ, പാലേശ്വരതീർത്ഥം സ്ഥിതിചെയ്യുന്നു. അവിടെ ചണ്ഡികയെ പ്രതിഷ്ഠിച്ചിട്ടുണ്ടു്; സർവ്വസിദ്ധികരമായ യോഗമാതാക്കളുടെ പീഠമാണതു്. മാതാക്കൾ ദേവന്മാർക്കുവേണ്ടി ലോകാനുഗ്രഹത്തിൽ തല്പരം ശ്രദ്ധിച്ചുകൊണ്ടു് അവിടെ കുടികൊള്ളുന്നു. ആ തീർത്ഥത്തിൽ മുന്നാമൻ ദണ്ഡപ്രമനായി വസിച്ചു ചണ്ഡികേശ്വരനായ ദേവേശനെ ചെന്നു ദർശിക്കണം. തത്സന്നിധിയിൽ സാഭ്രമതിയിൽ മാതൃതീർത്ഥത്തിൽ സ്നാനംചെയ്തു സമാധിയുക്തനായി മാതൃമണ്ഡലത്തിൽ ഗമിയ്ക്കുന്നു. എന്നാൽ ആയിരം പാതുട്ടാനത്തിന്റെ ഫലം കിട്ടും. അഗ്നിതീർത്ഥത്തിൽ കളിച്ചു ചണ്ഡികയെ തൊഴുതവന്നു രക്ഷോഭ്രമപിശാചഭയം സംഭവിയ്ക്കുകയില്ല. ഗൗഷ്ഠരാത്രി സാഭ്രമതിയോടു ചേരുന്നേടത്തു് അനേകായിരം തീർത്ഥങ്ങൾ സ്ഥിതിചെയ്യുന്നുണ്ടു്; അവിടെ ശ്രാദ്ധംകഴിച്ചു് എള്ളുരുട്ടി പിണ്ഡം വെച്ചു ബ്രാഹ്മണരെ ഊട്ടിയാൽ സനാതനപദം പൂകാം.

അഹങ്കാരത്താൽ മതിമറന്നു മാപാപങ്ങൾ ചെയ്തുകൊണ്ടു് പിണ്ഡാരനഗരത്തിൽ നാടുവാണിരുന്ന കുകർദ്ദമനെന്ന ദുഷ്ടനായവൻ മൃതിപ്പെടുത്തു പ്രേതരാജതീർത്ഥം. മഞ്ഞുപോലെ വെണ്മയുള്ള മുഖവും മഞ്ഞുപോലെ പരുപരുത്തുള്ള നിൽക്കുന്ന ഉരോമങ്ങളുമായി ആ പ്രേതം പൈദാഹങ്ങളുമായി കാനനമധ്യത്തു കാറ്റുപോലെ ആഹാരത്തിനു കിട്ടാതെ അവിടവിടെ അലഞ്ഞുനടക്കുമ്പോൾ, അവന്റെ അനേകം പ്രേതങ്ങൾ

* ഈ അദ്ധ്യായത്തിനുശേഷം മൂന്നു പാലേടത്തും പ്രതിപാദിക്കപ്പെട്ടിട്ടുണ്ടു്.

Digitized By Kerala Sahitya Akademi

൬൬൩൨ പുരാണസഞ്ചിക [൪൩൩൭൮൭൫൭൪൭൯൭൪൭൯൭൪൭൯

പ്രജകളെ ദ്രോഹിക്കും; ജീവികളെ കൊല്ലും; ശാസ്ത്രത്തെ ഉപദ്രവിക്കും; ബ്രാഹ്മണരുടെ വ്രതംമുടക്കും; സ്നാനമില്ല, ശൌചമില്ല; സദാ സജ്ജനങ്ങളെ ദൂഷിക്കും; വിഷ്ണുവിനേയും വൈഷ്ണവരേയും നിന്ദിക്കും; ദുരിതമേ ചെയ്യൂ; വൃഷലികളെ പുണരും; എവിടെയെങ്കിലും ഊൺ കഴിക്കും. ഈവക കർമ്മത്താൽ ഞാൻ മരണാനന്തരം പ്രേതയോനിയിൽപ്പെട്ടുപോയി; കഠിച്ചല്ല, ഞാൻ കഷ്ടപ്പെട്ടതു്. അമ്മയും അച്ഛനും സഹജനബന്ധുക്കളും ആക്കില്ലയോ, അവന്നു് അമ്മയും മറ്റും ഗുരുതന്നെ; ഗതിയും ഗുരുതന്നെ! അതിനാൽ, ഹേ ബ്രഹ്മൻ, നിന്തിരുവടി എനിക്കു മുക്തി നൽകുമാറാകണം.'

കഥോഡ്ഡൻ:—'രാജേന്ദ്ര, അങ്ങിനെയാവാം: അങ്ങയ്ക്കും അങ്ങയുടെ കൂടെയുള്ള പതിനൊന്നു പ്രേതത്തലവന്മാർക്കും ഒരുപോലെ ഈ തീർത്ഥത്തിൽ ഞാൻ മുക്തിവരുത്താം; എല്ലാവരും ഒരുമിച്ചു മുക്തിയടയും, സംശയമില്ല.'

ആ ബ്രാഹ്മണൻ തീർത്ഥത്തിൽ പോയി പ്രേതങ്ങളെക്കൊണ്ടെല്ലാം പിണ്ഡം വെപ്പിച്ചു് എള്ളും നീരും കൊടുപ്പിച്ചു. മാസം നോക്കേണ്ടാ, പക്ഷം നോക്കേണ്ടാ; തീർത്ഥത്തിൽ ചെന്നാൽ വീണ്ടും വീണ്ടും ശ്രാദ്ധകർമ്മാദികളും ചെയ്യുകൊള്ളണമെന്നു പിതാമഹൻ എന്നോടു പറകയുണ്ടായിട്ടുണ്ടു്. ശ്രേഷ്ഠതീർത്ഥത്തിൽ ശ്രാദ്ധകർമ്മം ചെയ്തതോടുകൂടി പ്രേതങ്ങളും വിമുക്തരായി മികച്ച വിമാനമേറി എന്റെ ലോകത്തു വന്നെത്തി. ഗൌരീഭർത്താവു സാഭ്രമതിയോടു ചേരുന്നേടത്തു സ്നാനവും ദാനവും ചെയ്താൽ കോടിയജ്ഞങ്ങളുടെ ഫലം കിട്ടും. അഗ്നിതീർത്ഥമുള്ള പാദേശ്വരത്തു സാഭ്രമതി മുക്തിപ്രദയാണെന്നു തീർത്തും പറയാം!

ശ്രീപദ്മമഹാപുരാണേ, ഉത്തരഖണ്ഡം, ഉമാമഹേശ്വര സംവാദം,
സാഭ്രമതീമാഹാത്മ്യപ്രകരണം, അഗ്നിതീർത്ഥ മഹിമകഥനം
എന്നൂറ്റി മുപ്പത്തിനാലാമദ്ധ്യായം.

—:0:—

ഒരുനൂറ്റി മുപ്പത്തഞ്ചാമദ്ധ്യായം

ശിവൻ:—ദേവി, വേറെ ഹിരണ്യാസംഗമമെന്ന ഒരു മഹാതീർത്ഥമുണ്ടു്. സാഭ്രമതീഗംഗ പണ്ടു് ഏഴായി പ്രവഹിച്ചപ്പോൾ, ആ ബ്രഹ്മപുത്രിക്കു സപ്തസ്രോതസ്സു് എന്നു പേർ വന്നു. ഏഴാമത്തെ സ്രോതസ്സിന്നു ഹിരണ്യ എന്നാണു പേരു്. അതിൽ കളിച്ചാൽ പാപിക്കും പരഗതി കിട്ടും. ഇക്ഷും, മണ്ഡൂമം എന്നിവയുടെ മദ്ധ്യത്തിൽ

Digitized By Kerala Sahitya Akademi

൨൦൨൭ പുരാണസഞ്ചിക [൪൩൯൮൫൭൭൭

പുരാതനേതിഹാസംകൂടി പറയാം; ഇതു കേട്ടാൽത്തന്നെ ബ്രഹ്മഹത്യാദിപാപംപോലും വിട്ടൊഴിയും:

ഒരു കാലത്തു മാണ്ഡവ്യമഹർഷി മഹാപുണ്യമായ ഹരിദ്വാരത്തു തപസ്സിലിരുന്നു. ഇലയും കായും കാറ്റുമായിരുന്ന അദ്ദേഹത്തിന്റ് ആഹാരം. അദ്ദേഹം പകലിരവു പത്മനാഭനെ ധ്യാനിച്ചും യോഗം ശീലിച്ചും ധർമ്മത്തിൽ മാത്രം മനസ്സുറപ്പിച്ചും സ്ഥിതിചെയ്തു. ആ നാട്ടിലെ രാജാവു വിശ്വമോഹനൻ തേരാനകുതിര കാലാളുകളുടെ സമൂഹിയാൽ ഭൂമിയിലെങ്ങും പുകഴ്പെട്ടവനായിരുന്നു. അയാളുടെ ലക്ഷണമൊത്ത പുത്രൻ സോമചന്ദ്രൻ ഒരുനാൾ അവിടെയെത്തി കൂട്ടുകാരോടൊന്നിച്ചു വേട്ടയാടി വിനോദിപ്പാൻ തുടങ്ങി; അങ്ങിനെ വിഹരിക്കെ നേരം രാത്രിയായി. രാത്രിയിൽ രാജകുമാരൻ അവിടെത്തന്നെ പാർത്തു. പുലർകാലത്തു് അയാളുടെ കുതിരയെ ഏതോ ഒരു ദുഷ്ടനായ കള്ളൻ കട്ടുകൊണ്ടു പോയി. അപ്പോൾ തിരിച്ചുപോകാൻ പുറപ്പെട്ട രാജഭടന്മാർ, 'അയ്യോ, അയ്യോ, കുതിര എവിടെപ്പോയി? കുതിര കളവുപോയല്ലോ!' എന്നിങ്ങനെ ലഹള കൂട്ടുകയായി. ഭടന്മാരെല്ലാവരുംകൂടി കുതിരയെ തിരഞ്ഞുകൊണ്ടു ഹരിദ്വാരത്തെത്തി. അവിടെ തപസ്സുചെയ്തു ധ്യാനത്തിലിരിക്കുന്ന മാണ്ഡവ്യമുനിയെ കണ്ടപ്പോൾ ഭടന്മാർ, 'ഇതാ, പാപിയായ ചോരൻ, രാജഭടന്മാരറിയാതെ കുതിരയെ കൊണ്ടുപോന്ന ധ്യാനത്തിലിരിക്കുന്നു!' എന്നും പറഞ്ഞു് അദ്ദേഹത്തെ പിടികൂടി തമ്പുരാന്റെ അടുക്കലുണർത്തിച്ചു:—'തിരുമേനി, കുതിരയെ കട്ട കള്ളനെ ഇതാ, കൊണ്ടുവന്നിരിയ്ക്കുന്നു.' ഉടനേ കഴുവിന്മേലിടാൻ ഉത്തരവായി; ഭടന്മാർ മാമുനിയെ കെട്ടി വരിഞ്ഞു കഴുവിന്മേൽ കോത്തിടുകയും ചെയ്തു. എന്നാൽ യോഗാരൂഢനായി വിഷ്ണുധ്യാനത്തിൽ മുഴുകിയിരുന്നതിനാൽ അദ്ദേഹം ഇതു തൽക്കാലമറിഞ്ഞില്ല; ഏതാനും കാലം കഴിഞ്ഞതിന്നുശേഷമാണറിഞ്ഞതു്. അപ്പോൾ, 'ആരാണിതു ചെയ്തതു്?' എന്നു വിചാരിച്ചുനോക്കിയതിൽ ആ ത്രികാലജ്ഞനു വസ്തുതയെല്ലാം മനസ്സിലായി. 'ധർമ്മന്റെ പണിതന്നെയാണിതു്; മറ്റാരുടേയുമല്ല' എന്നറിഞ്ഞു് ആ യോഗാരൂഢനായ ധർമ്മാത്മാവു ധർമ്മന്റെ അടുക്കൽ പോയി ആവശ്യപ്പെട്ടു:—'ശ്രേയസ്സുകാംക്ഷനാഥനായുള്ളോവേ, ഭവാനെ ധർമ്മനെന്നാണല്ലോ ലോകവും വേദവും ഘോഷിയ്ക്കുന്നതു്. അങ്ങിനെയുള്ള ഭവാൻ എങ്കൽ ശൂലം കുത്തിക്കോത്തതു് എന്തുകൊണ്ടു്? അതൊക്കെ ഭവാൻ തന്നെ പറഞ്ഞുകേൾക്കണമെന്നുണ്ടു്!'

ധർമ്മൻ:—'ദ്വിജശ്രേഷ്ഠ, ഭവന്റെ പൂർവ്വകർമ്മം ഞാൻ പറയാം; എങ്കൽ ഭയവുണ്ടാകണം! ശ്രദ്ധിച്ചാലും, ഭവാൻ കുട്ടിക്കാലത്തു്

Digitized By Kerala Sahitya Akademi

ഒരിയ്ക്കൽ നിർജ്ജനമായ വനത്തിൽ കളിപ്പാൻ പോയി; അവിടെച്ചെന്നിട്ട് ഭവാൻ ഒരു തുമ്പിയെപ്പിടിച്ച് തുരലിൽ കോത്തിട്ടുകളഞ്ഞു. ആ കർമ്മത്താലത്രേ, ഭവാൻ രാജാവിനാൽ കഴുവിന്മേലേറ്റപ്പെട്ട കഷ്ടത്തിലായത്. നല്ലതായാലും തീയതായാലും കർമ്മം അനുഭവിച്ചേ തീരൂ; ഈ ചെറിയ കർമ്മംപോലും ഭവാൻ അനുഭവിച്ചുവല്ലോ! ബ്രാഹ്മണേന്ദ്ര, ഭവാനു കുശലം! യഥേഷ്ടം പോയ്ക്കൊള്ളുക.'

ഇതു കേട്ടപ്പോൾ മാണ്ഡവ്യനു കോപത്താൽ കണ്ണു തുടുത്തു; ആ ദ്വിജേന്ദ്രൻ ധർമ്മനോടുരചെയ്തു:—'ഏടോ, പരമപാപിയായ ദുർവൃത്ത, കഴുവിന്മേൽക്കോത്തിടാൻ തക്കവണ്ണം അത്ര വലിയ പാപമാണോ ഞാനീച്ചെയ്തത്? എന്റെ ക്രോധത്താൽ നീ ശൂദ്രനായിപ്പോവുക!' ഏതാനും കാലത്തിനുശേഷം ധർമ്മൻ ചന്ദ്രവംശത്തിൽ വിദുരനായിപ്പിറന്നു. വിഷ്ണുഭക്തനായ വിദുരൻ തീർത്ഥയാത്രയിൽ, സാഭ്രമതിയും ധർമ്മാവതിയും കൂടിച്ചേരുന്നേടത്തു പോയി സ്നാനം ചെയ്തയാലത്രേ ശൂദ്രതപം വിട്ടു ധർമ്മരൂപനായത്. അതിനാൽ അവിടെ സ്നാനം ചെയ്യുന്നവർ പുണ്യശാലികളായി പരമപദം പ്രാപിക്കും. അവിടെ ശ്രാദ്ധവും ദാനവും ചെയ്യുന്നവർ ഭൂമിയിൽ മികച്ച സമ്പത്തു നേടി, സപ്തർഷിയിൽച്ചെന്നു സുഖിയ്ക്കും.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സാഭ്രമതിമാഹാത്മ്യപ്രകരണം, ഹിരണ്യാസംഗമാദിതീർത്ഥവർണ്ണനം,
ഒരുനൂറഞ്ചിമുപ്പത്തഞ്ചാമദ്ധ്യായം.

——:(o):——

ഒരുനൂറഞ്ചിമുപ്പത്തഞ്ചാമദ്ധ്യായം

ശിവൻ:—കംബുതീർത്ഥത്തിൽ സ്നാനവും പിതൃതർപ്പണവും ചെയ്ത്, അനാമയനായ നാരായണൻതിരുവടിയെപ്പൂജിച്ച് ബ്രാഹ്മണർക്കു യഥാവിധി ദാനങ്ങളം നൽകിയവൻ, ആ തീർത്ഥത്തിന്റെ പ്രഭാവത്താൽ വിഷ്ണുലോകമണയും. സുന്ദരി, അവിടെ പണ്ട് ധീമാനായ വിശ്വാമിത്രരാജർഷി സന്തത്യർത്ഥം തപസ്സു ചെയ്യുകയുണ്ടായി. സന്തതിക്കായി കംബുതീർത്ഥത്തിൽ പോയാൽ തീർച്ചയായും സന്തതിയുണ്ടായിവരും.

സുരേശ്വരി, പിന്നെ രക്തസിംഹസന്നിധിയിൽ മഹാപാപനാശനമായ കപീശ്വരതീർത്ഥത്തിൽ പോകണം: പണ്ട് രാവണവൈ

Digitized By Kerala Sahitya Akademi

രിയായ രാമനുവേണ്ടി സേതു ബന്ധിക്കുമ്പോൾ പർവതശൃംഗങ്ങൾ കൊണ്ടുവന്ന കപികൾ കപീശ്വരാദിത്യനെ പ്രതിഷ്ഠിച്ചിട്ടുള്ള തീർത്ഥം ശ്രേഷ്ഠതീർത്ഥം. അതിൽക്കളിച്ചു പിതൃതർപ്പണംചെയ്ത കപീശ്വരാദിത്യനെ തൊഴുതാൽ ബ്രഹ്മഹത്യപോലും വിട്ടൊഴിയും. ചൈത്രശുക്ലസപ്തമിതിഥിയിൽ അവിടെ സ്നാനം ചെയ്താൽ ഫലംക്രോടം. ഹനുമൽപ്രതിഷ്ഠിതകപികൾ മൂന്നാമതു അതിൽ സ്നാനം ചെയ്തിരിക്കുന്നു. ആ തീർത്ഥത്തിൽ കളിച്ചു കപീശ്വരാദിത്യനെ പൂജിച്ചവൻ സുന്ദരനും ഭോഗസമൃദ്ധനുമായിത്തീരും; സംശയമില്ല. ബലവും ധർമ്മവും പുത്രനും—എന്തുവേണ്ടു, ഇഷ്ടമുള്ളതൊക്കെയും—കപിതീർത്ഥപ്രഭാവത്താൽ കൈവരും.

അനന്തരം അതിപാവനമായ ഏകധാരതീർത്ഥത്തിൽ പോകണം. ഏകധാരത്തിൽ കുളിച്ചു ഒരു രാത്രി ഉപവസിച്ച സ്വാമി ദേവേശനെ പൂജിക്കുന്നവൻ നൂറു തലമുറയ്ക്കു ഉൽഗതിവരുത്തും. സ്വാമിതീർത്ഥത്തിനൊക്കും ഈ തീർത്ഥം; ഇതിന്റെ പ്രഭാവത്താൽ മനുഷ്യൻ രുദ്രലോകം പൂകും. അതിൽ സ്നാനവും പാനവും ചെയ്യുവൻ ബ്രഹ്മലോകമടയും. അതിന്റെ തീരത്തു വസിക്കുന്നവർ സുകൃതികളാകുന്നു; അവർക്കു ഭയം നേരിട്ടുകയില്ല. വാളേൽക്കൽ മുതലായ ഭയപ്പാടെല്ലാം ഏകധാരതീർത്ഥത്താൽ അറുതിപ്പെട്ടും!

പിന്നീടു തീർത്ഥോത്തമമായ സപ്തധാരതീർത്ഥത്തിൽ പോകണം. കൃതയുഗത്തിൽ മുനിമാർ നിർമ്മിച്ച സപ്തസാരസ്വതവും, ത്രേതായുഗത്തിൽ മങ്കിമഹർഷിയാൽ ഏർപ്പെടുത്തപ്പെട്ട മങ്കിതീർത്ഥവും യാതൊന്നോ, അതിനെ ദ്വാപരയുഗത്തിൽ പാണ്ഡവന്മാർ സപ്തധാരമാക്കി. ശിവന്റെ ജടയിൽനിന്നു പ്രവഹിച്ച തീർത്ഥം സപ്തധാരമായിത്തീർന്നു: ഏഴു ലോകങ്ങളിൽ ഗംഗയുടെ ഏഴു രൂപങ്ങളുണ്ടല്ലോ; അവയെല്ലാം സപ്തധാരതീർത്ഥത്തിൽ ഉൾപ്പെട്ടിരിപ്പുണ്ടു. സപ്തധാരത്തിൽ ശ്രാദ്ധംകഴിച്ചാൽ പിതൃക്കൾ സംതൃപ്തരാകും. ദേവി, ഒരു പഴങ്കഥ കേട്ടുകൊൾക; ഇതു കേട്ടവൻ തീർച്ചയായും ബ്രഹ്മലോകത്തു ചെന്നുചേരും: കൌശിതകന്റെ മകൻ മങ്കി എന്നൊരാളുണ്ടായിരുന്നു. സദാ വിഷ്ണുധ്യാനനിരതനും വൈഷ്ണവാർച്ചകനും വേദാധ്യയനശീലനും അഗ്നിഹോത്രത്തിൽപരനുമായിരുന്ന ആ മഹർഷി. സുരൂപ എന്നും വിശ്വരൂപ എന്നും രണ്ടു ഭാര്യമാർ മങ്കിക്കുണ്ടായിരുന്നു. അവരിരുവരിലും പുത്രനുണ്ടാകാഞ്ഞതിനാൽ അദ്ദേഹം എപ്പോഴും എന്ന വിചാരത്തിൽപ്പെട്ടു: 'ഇവരിൽ പുത്രനുണ്ടാകാഞ്ഞാൽ എന്റെ വംശം അറുതിപോകും. പുത്രനെക്കൊ

Digitized By Kerala Sahitya Akademi

ണ്ടേ സ്വർഗ്ഗവും അപവർഗ്ഗവും ലഭിക്കൂ വംശം നിലനിൽക്കാനും പുത്രനുണ്ടാവണം. ഇല്ലെങ്കിൽ നരകംതന്നെ!' എന്നീ ചിന്തയാൽ മങ്കിക്ക് ഒരിക്കലും സുഖമില്ലാതായി. അതിനാൽ അദ്ദേഹം ഗൃഹം വിട്ട ഗുരുവിന്റെ അടുക്കൽ ചെന്നു.

മങ്കി:—'ഗുരോ, ദേവകർമ്മം ഉപകാരിയായ നിന്തിരുവടിക്ക നമസ്കാരം! ലോകത്തിനെല്ലാം നാഥനും ബ്രാഹ്മണർക്ക് രക്ഷിതാവുമാണ് നിന്തിരുവടി; വളരെ യജ്ഞംചെയ്ത ഭൂമിയാണ നിന്തിരുവടി. ദിവ്യരാജ, നിന്തിരുവടിക്ക നമസ്കാരം! ബ്രഹ്മർഷേ, എനിക്ക പുത്രനില്ല; എന്തു വേണ്ടു എന്നുപദേശിച്ചുതന്നാലും. എന്നാൽ തീർച്ചയായും പുത്രനുണ്ടായി വരും!

'അപുത്രന്നില്ലൊരു ഗതി;—യില്ലില്ലാ സ്വർഗ്ഗവാസവും;
അതിനാൽ വല്ലവിധവും പുത്രനൊക്കെവരുത്തണം.'

എന്ന ഋഷിവാക്യംകേട്ടിട്ടാണ് ഞാൻ ഇവിടുത്തെ സന്നിധിയിലേയ്ക്കു പോന്നത് '

ഗുരു:—'മുനിപുംഗവ, ഭവാൻ സാഭ്രമതീനദിയിലേയ്ക്കു പോകുക; അവിടെച്ചെന്നാൽ ഭവാനു പുത്രന്മാരുണ്ടായി വരും, തീർച്ചയാണ്'.

മങ്കി ഗുരുവിനെ ദണ്ഡനമസ്കാരംചെയ്ത സാഭ്രമതിയിലേയ്ക്കു നടകൊണ്ടു. ആ ബ്രാഹ്മണേന്ദ്രൻ അവിടെ നാലു കൊല്ലം തപസ്സുചെയ്കയുണ്ടായി. അവസാനം, ത്രേതായുഗത്തിലത്രേ ആ മഹാത്ഭുത തീർത്ഥം മങ്കിമൂലം നിർമ്മിക്കപ്പെട്ടതു് അതു പുത്രനെ നൽകുന്നതും സർവ്വാഭീഷ്ടപ്രദവുമാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഇന്നും അതു മങ്കിതീർത്ഥമെന്നു കീർത്തിക്കപ്പെട്ടുന്നു; പിന്നീട് പാണ്ഡുപുത്രന്മാർ അതിനു സപ്തധാരമെന്ന പേർ വരുത്തി. ഇതുപോലൊരു മികച്ച തീർത്ഥം ഉണ്ടായിട്ടില്ല; ഉണ്ടാകയുമില്ല. മങ്കിദേവേന്ദ്രനാകട്ടെ, യഥേഷ്ടം പുത്രന്മാരെ നേടി, പലതരം ഭോഗൃങ്ങളും ഭുജിച്ച് എന്റെ മന്ദിരത്തിൽ വന്നുചേർന്നു. ഈ പരമപവിത്രമായ ദിവ്യമഹോപാഖ്യാനം ശ്രവിച്ചാൽ പുത്രസുഖം മുതലായതെല്ലാം സിദ്ധിക്കും.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സാഭ്രമതിമാഹാത്മ്യപ്രകരണം, കംബുതീർത്ഥാഖ്യാനം
കഴിഞ്ഞു മുപ്പത്താറാമദ്ധ്യായം.

(0)

Digitized By Kerala Sahitya Akademi

ഒരുനൂറാമുപ്പത്തേഴാമദ്ധ്യായം.

ശിവൻ:—ദിശാനായകേ, പിന്നെ ബ്രഹ്മവല്ലീതീർത്ഥത്തിൽ ചെല്ലണം. സാഭ്രമതിയുടെ ബ്രഹ്മവല്ലീനദി ചേരുന്ന സ്ഥലമാണതു്; അവിടം പ്രയാഗത്തിനൊക്കുന്ന ബ്രഹ്മതീർത്ഥമത്രേ. അതിൽ പിണ്ഡംവെച്ചാൽ പിതൃക്കൾക്കു പന്തിരാണ്ടുകൊല്ലത്തേയ്ക്കു തൃപ്തിവരുമെന്നാണു് ബ്രഹ്മവചനം. * സനകാദികളും അതിൽ യഥാവിധി സ്നാനംചെയ്തു്, പരബ്രഹ്മധ്യാനത്താൽ വിഷ്ണുലോകമടഞ്ഞു. ഭൂതപ്രേതപിശാചാദി ദുഷ്ടജാതികളുംപോലും, ബ്രഹ്മവല്ലീതീർത്ഥത്തിൽ കുളിച്ചാൽ, ദിവ്യരൂപരായി ശംഖചക്രഗദാപാണികളായി സനാതനാനന്ദമായ വൈകുണ്ഠപദത്തിൽ ചെന്നു ചേരും.

അതിന്നശേഷം, ധർമ്മതീർത്ഥമായ ഖണ്ഡതീർത്ഥത്തിൽ പോകണം. അതിൽ സ്നാനംചെയ്തിട്ടത്രേ പണ്ടു ഗോക്കൾ ഗോലോകമണഞ്ഞതു്. ശാപാധീനം കീഴ്പതിച്ചു ലോകമാതാക്കളായ ഗോക്കൾ ഖണ്ഡരൂപിയായ ധർമ്മത്താൽ രക്ഷിക്കപ്പെട്ടതിനാൽ ഖണ്ഡതീർത്ഥമെന്നു പറഞ്ഞുവരുന്നു.'

പാർവ്വതി:—'ലോകമാതാക്കളായ ഗോക്കളെ ആരു ശപിച്ചു? എങ്ങിനെ അവർ ഗോലോകത്തുനിന്നു ഭ്രഷ്ടരായി? എങ്ങിനെ ധർമ്മത്താൽ രക്ഷിക്കപ്പെട്ടു?'

ശിവൻ:—'പണ്ടു ഗോലോകത്തു വൃഷത്തോടൊന്നിച്ചു വിഹരിച്ചിരുന്ന ഗോക്കൾ മൃത്യുമുഴിച്ചതു ഹരന്റെ തലയിൽ വീണു. ഹരൻ അതിൽ ചൊടിച്ചു്, 'ഗോക്കളേ, നിങ്ങൾ സംജ്ഞകെട്ടു സ്വലോകത്തുനിന്നു ഭൂമിയിൽ പതിക്കുക' എന്നു ശാപം നൽകി. അപ്പോൾ അവർ ഭവാനെ പ്രസാദിപ്പിച്ചു്, 'ഞങ്ങൾ തിരിയെ സ്വലോകത്തിനായുമാറാകണം' എന്നപേക്ഷിച്ചു.

ഹരൻ:—'സാഭ്രമതിയും ബ്രഹ്മവല്ലിയും കൂടിച്ചേരുന്നേടത്തു് ഖണ്ഡഹ്രദത്തിൽ, എന്നു സ്നാനംചെയ്യുമോ, അന്നു നിങ്ങൾ സ്വസ്ഥാനമണയും.'

പിന്നീടു ഗോക്കൾ വൃഷത്തോടൊന്നിച്ചു് ആ ഹ്രദത്തിൽ മഹാരോസമീപത്തു സ്നാനംചെയ്തു വിശ്രുതി നേടി സ്വലോകം പ്രാപിച്ചു. ഗോഹത്തിൽ കളിച്ചു പിതൃതർപ്പണം ചെയ്യുവൻ ചൂടും കേട്ടു

* കിഞ്ചവല്ലിയും മൂന്നു പക്ഷത്തോളമുള്ളതുപോലെതന്നെ.

Digitized By Kerala Sahitya Akademi

മില്ലാത്ത ഗോലോകത്തു ചെന്നുചേരും. അവിടെ നിരാഹാരനായി സ്ഥിതിചെയ്യുന്ന ഗോവിന്ദ തീർത്ഥകൊടുക്കുന്നവൻ പതിനായിരമ്മാണ്ടുകാലത്തോളം സുഖം അനുഭവിക്കും. ഖണ്ഡതീർത്ഥത്തിൽവച്ചു കാളയുടെ മൂത്രം വാങ്ങി കുടിച്ചാൽ, തൽക്ഷണം വിശുദ്ധിവരും. ... ഖണ്ഡതീർത്ഥത്തിൽ ചെന്നാൽ കളിച്ചു പൈക്കളേയും കാളകളേയും സന്തോഷം പൂജിക്കണം; എന്നാൽ ഗോലോകത്തു വളരെക്കാലം വസിക്കാം. അവിടെവച്ചു പയ്യിന്റെ പൊൻപ്രതിമ നൽകുന്നതു മുഖ്യമത്രേ; ദശധേനുക്കളെ ബ്രാഹ്മണനു നൽകിയാലോ, ഫലത്തിനാറമില്ല. ഖണ്ഡതീർത്ഥത്തിൽ ചെന്നാൽ അമിജ്ഞനെ പേരാൽമരം നടണം; എന്നാൽ പിതൃലോകം പൂകാം. അഞ്ചു നെല്ലിമരം നട്ടവർ ഇഹത്തിൽ സുഖമനുഭവിച്ചു പരിലോകത്തു ചെന്നുചേരും.'

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സാഭ്രമതിമാഹാത്മ്യപ്രകരണം, ബ്രഹ്മവല്ലീതീർത്ഥയാത്രാതീർത്ഥമാഹാത്മ്യവർണ്ണനം
കണ്ണറി മുപ്പത്തെട്ടാമദ്ധ്യായം.

(൦)

കണ്ണറിമുപ്പത്തെട്ടാമദ്ധ്യായം.

ശിവൻ:—പിന്നീടു സംഗമേശ്വരമഹാതീർത്ഥത്തിൽ പോകണം. ഫാൽഗുനി എന്ന പുണ്യനദി സാഭ്രമതിയോടു ചേരുന്ന സ്ഥലമാണത്. ഫാൽഗുനീനദി കൌണ്ഡിന്യമുനിയുടെ ശാപം മൂലം വറ്റി, ബഹിർഗ്ഗയ എന്ന പേരിലൊട്ടി. സർവ്വപാപഹരമായി പുണ്യമായി ത്രൈലോക്യവിശ്രുതമായിരിക്കുന്ന സംഗമേശ്വരതീർത്ഥത്തിൽക്കളിച്ചു മഹേശ്വരദേവനെ ദർശിച്ചുവൻ പാപമെല്ലാം വേർപെട്ടു രുദ്രലോകം പ്രാപിക്കും. ശാപത്തിന്റെ കാരണവും കേട്ടുകൊള്ളുക: സാഭ്രമതീഫാൽഗുനീസംഗമതീരത്തു വിശിഷ്ടാത്മാവായ കൌണ്ഡിന്യൻ വസിച്ച കാലം ചെയ്തുപോന്നു. നിരഞ്ജനനായ നാരായണനെ ആരാധിച്ചുകൊണ്ട് ആ മുനിക്കു കൊല്ലം വളരെ കഴിഞ്ഞതു. മരിക്കേണ്ട കാലം വന്നപ്പോൾ നദി നിറഞ്ഞുവഴിയുന്നു; കൌണ്ഡിന്യന്റെ ശാലയിൽ ആ സ്ഥലം വിടേണ്ടിവന്നു. അദ്ദേഹം വലിയ കയ്യത്തിൽപ്പെട്ടു, ഹാ ഹാ എന്നു വിലപിച്ചുംകൊണ്ട്, 'എന്തു ചെയ്യേണ്ടു' എന്നു സ്ഖലിക്കുകയായി. അദ്ദേഹത്തിന്റെ മഹത്തായ ദിവ്യാശ്രമം ക്ഷണേന ഫാൽഗുനീയുടെ വെള്ളക്കെത്തിൽ ഒഴുകിപ്പോയി—ഫലമൂലങ്ങ

Digitized By Kerala Sahitya Akademi

ളും വളരെ ഗന്ധങ്ങളും ആ വെള്ളത്തിൽ ഒലിച്ചുപോയി; അതിനാൽ ആ ഋഷിശ്രേഷ്ഠൻ, 'നീ കലിയുഗത്തിൽ നിർജ്ജലദേശമായിത്തീരും' എന്നു ഗന്ധമാദിനിയെ ശപിച്ചു്, സനാതനമായ വിഷ്ണുലോകമണഞ്ഞു. ഇപ്പോഴുമുണ്ടു്, ആ സംഗമേശ്വരതീർത്ഥം; അതു ദർശിച്ചാൽ ബ്രഹ്മഹത്യാദി പാപങ്ങളും വിട്ടൊഴിയും.

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സാളഗ്രാമമാഹാത്മ്യപ്രകരണം സംഗമേശ്വരതീർത്ഥവർണ്ണനം
എന്നൂറിരുപ്പത്തെട്ടാമദ്ധ്യായം.

—(o)—

ഒരുന്നൂറിമൂവ്വത്തൊമ്പതാമദ്ധ്യായം

ശിവൻ:—ദേവേശി, പിന്നെ, കേദാരത്തിലും മീതെയായ രുദ്രമഹാലയതീർത്ഥത്തിൽ പോകണം. സാക്ഷാൽ രുദ്രൻ നിമ്മിച്ചതാണതു്. അവിടെ പിണ്ഡംവെച്ചാൽ പിതൃപിതാമഹന്മാർ തൃപ്തിയടഞ്ഞു പരമമായ രുദ്രപദത്തിൽ ചെന്നുചേരും. കാർത്തിക പൌർണ്ണമിയിലോ വൈശാഖപൂർണ്ണിമയിലോ രുദ്രമഹാലയത്തിൽ വെച്ചു വൃഷത്തെ നൽകിയവൻ രുദ്രനോടൊന്നിച്ചു വിഹരിക്കും. കേദാരത്തിൽ വെള്ളം കുടിച്ചേ പുനർജ്ജന്മമില്ലാതാക്കു; രുദ്രമഹാലയത്തിലാകട്ടെ, സ്നാനം ചെയ്താൽ മുക്തിയായി! ദേവി, ഒരിക്കൽ ഞാൻ കൈലാസം വിട്ടു സാളഗ്രാമമഹാഗിരിയിൽ ചെന്നു ലോകഹിതത്തിനായി സ്നാനവും പാനവും ചെയ്തു് അത്യുത്തമതീർത്ഥം നിമ്മിച്ചു്, കൈലാസത്തിലേയ്ക്കുതന്നെ തിരിച്ചുപോന്നു; അന്നാണതു മഹാലയതീർത്ഥമായതു്. ആ രുദ്രമഹാലയത്തിൽ വാണു ചിലർ കാർത്തികപൌർണ്ണമികളിൽ ചെല്ലുമോ, അവർക്കു മേലിൽ സംസാരദുഃഖമൊന്നും സംഭവിക്കുകയില്ല.

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സാളഗ്രാമമാഹാത്മ്യപ്രകരണം, രുദ്രമഹാലയതീർത്ഥവർണ്ണനം
എന്നൂറിരുപ്പത്തൊമ്പതാമദ്ധ്യായം.

—(o)—

ഒരുന്നൂറിനാല്പതാമദ്ധ്യായം

ശിവൻ:—ദേവീ, ദേവകർമ്മം ദുഷ്പ്രാപമായി സർവ്വപാപനാശനമായിരിക്കുന്ന ഖഡ്ഗതീർത്ഥത്തിൽ കളിച്ചു ഖഡ്ഗേശ്വരനെ

Digitized By Kerala Sahitya Akademi

ദർശിച്ചവൻ ഉത്തമ പുകാതെ സ്വർഗ്ഗത്തിൽ ചെന്നുചേരും. ഖഡ്ഗ ധാരേശ്വരനെ കാത്തികപൌർണ്ണമിയിൽ വിശേഷിച്ചും ദർശിച്ചു പൂ ജിക്കണം. വല്ലഭേ, ആ വിശേശ്വരനായ ദേവൻ എന്നെന്നും അഭീ ഷ്ടമെല്ലാം കല്പിച്ചു നൽകും രാജ്യം കിട്ടാനാഗ്രഹിക്കുന്നവൻ വൈ ശാഖത്തിൽ ഖഡ്ഗേശ്വരനെ ദർശിച്ചാൽ, ആ വിശ്വനാഥന്റെ പ്ര സാദത്താൽ എളുപ്പത്തിൽ അഭീഷ്ടസിദ്ധി വരും. പുഷ്പം, ധൂപം, ദീപം, നൈവേദ്യം, കായ്യം, ക്രമത്തിലെന്നിവകൊണ്ടു വിശ്വേശ നെ പൂജിച്ചാൽ ധനധാന്യങ്ങളും പുത്രപൌത്രാദി സമൃദ്ധിയും കൈ വരുമെന്നതിൽ സംശയമില്ല.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സാളഗ്രാമമാഹാത്മ്യപ്രകരണം, ഖഡ്ഗതീർത്ഥവർണ്ണനം കരുന്തുറിനാല്പതാമദ്ധ്യായം.

—— 0 ——

കരുന്തുറിനാൽപത്തൊന്നാമദ്ധ്യായം

ശിവൻ:—സാളഗ്രാമതീർത്ഥത്തിന്റെ. കല്പവൃക്ഷസന്താനമന്ദാരങ്ങളാലും പുതനിംബകദംബങ്ങളാലും കുമിഴരയാൽ പനച്ചികളാലും അലംകൃത മായി, ഗയയെക്കാളും ശ്രേഷ്ഠമായി ചിത്രാംഗവനം എന്നൊരു തീ ർത്ഥമുണ്ട്. അവിടെ കുടികൊള്ളുന്ന മാലാക്കൻ കുഷ്ഠരോഗത്തെപ്പോ ലും ശമിപ്പിക്കും. കുട്ടി മരിച്ചവളോ മച്ചിയോ ആയ സ്ത്രീ ആ തീർത്ഥ ത്തിൽ യഥാവിധി സ്നാനംചെയ്യാൽ, താമസിയാതെ പുത്രസമ്പന്നയായിവ രും. ഞായറാഴ്ച മാലാക്കതീർത്ഥത്തിൽ സ്നാനവും സന്ധ്യാവന്ദനവും ജ പവും ഹോമവും സ്വാധ്യായവും ദേവതാർച്ചനവും ചെയ്യാൽ അതെ ല്ലാമക്ഷയമായിരിക്കും. അവിടെച്ചെന്നു സൂര്യവ്രതമനുഷ്ഠിച്ചവൻ ഇഹ ത്തിൽ സുഖമനുഭവിച്ചു സൂര്യലോകം പൂകും. മകൻ മരിച്ച ഒരു രാജ ഞ്ഞി അവിടെച്ചെന്നു തപസ്സു ചെയ്കയും, മാലാക്കച്ചൈതന്യത്താൽ പു ത്രനെ നേടുകയുമുണ്ടായി. അവിടെ ജിതേന്ദ്രിയനായി ഉപവസിച്ചു മാ ലാക്കനെ പൂജിച്ചവൻ തീർച്ചയായും മുക്തിയടയും. സുരേശ്വരി, വസി ഷ്ഠാദി ബ്രാഹ്മണരും വാസവാദിവാനവരും മാലാക്കതീർത്ഥത്തിൽ സൂ ര്യസന്നിധിയിൽ പാർത്തുപോരുന്നു.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സാളഗ്രാമമാഹാത്മ്യപ്രകരണം, മാലാക്കതീർത്ഥവർണ്ണനം
കരുന്തുറിനാൽപത്തൊന്നാമദ്ധ്യായം.

—— (0) ——

Digitized By Kerala Sahitya Akademi

ഒരുനൂറിനാൽപത്തിരണ്ടാമദ്ധ്യായം

ശിവൻ:—മറ്റൊരു തീർത്ഥത്തിനു വടക്കു ചന്ദ്രനേശ്വരം എന്നൊരു മോക്ഷപ്രദമായ മഹാതീർത്ഥമുണ്ട്: കരുത്തേറിയ ഭീമസേനൻ ദുശ്ശാസനന്റെ ചോരകുടിച്ചു, ചോരപുരണ്ട കൈകൾകൊണ്ടു ദ്രൗപദിയുടെ തലമുടി കെട്ടിച്ചു, ഘോരപ്രതിജ്ഞയെല്ലാം നിറവേറി, ബ്രാഹ്മണർക്കു ദാനങ്ങൾ നൽകി. ഭ്രാതാക്കളോടൊന്നിച്ചു തീർത്ഥയാത്ര പുറപ്പെട്ടു, രമണീയമായ സാഭ്രമതീരത്തെത്തി, സപ്തർഷിയിൽനിന്നു ഒരു ചന്ദനവൃക്ഷം സാഭ്രമതിയിലേയ്ക്കു വരുത്തി; ആ വൃക്ഷം പുണ്യതീർത്ഥത്തിന്റെ പ്രഭാവത്താൽ ഒരു ലിംഗമായിച്ചമഞ്ഞു. അന്നുമുതൽക്കത്തേ ചന്ദനതീർത്ഥം എന്ന പേർ. ചന്ദ്രനേശ്വരൻ, പാർവ്വതീപതിയായ പരമേശ്വരൻ തന്നെ. ആ തീർത്ഥത്തിൽ സ്നാനവും പാനവും പിതൃതർപ്പണവും ചെയ്യുവൻ നരകംപൂകാതെ രുദ്രലോകമണയും. അതിനാൽ, രുദ്രലോകമാഗ്രഹിക്കുന്നവൻ ലോകശങ്കരനായി ജഗദീശനായിരിക്കുന്ന ചന്ദ്രനേശ്വരനെ ദർശിച്ചു യഥാശക്തി പൂജിച്ചുകൊള്ളണം; അവിടെ കൈവർത്തകരാജാവു പലവുരു പൂജിക്കുകയുണ്ടായി; അയാൾ ശോകരഹിതമായ ശിവലോകം പ്രാപിക്കുകയും ചെയ്തു. ഋഷിമാർ അവിടെ സ്നാനം ചെയ്യുപോരുന്നു; സാക്ഷാൽ സനാതനപരമാത്മാവായ വിഷ്ണുദേവൻ സദാ ഭക്തി നൽകിക്കൊണ്ടു അവിടെ വാണരുളുന്നു. ധന്യയാകുന്നു സാഭ്രമതി! ധന്യനാകുന്നു വിശേശ്വരൻ! അനേകതീർത്ഥങ്ങൾ അവിടെയുണ്ടു. അവിടെ നെല്ലിക്ക മുതലായ പലതരം സൽഫലങ്ങൾകൊണ്ടു യഥാവിധി അർഘ്യവും നൽകണം.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സാഭ്രമതിമാഹാത്മ്യപ്രകരണം, ചന്ദ്രനേശ്വരതീർത്ഥാഖ്യാനകം
നൂറിനാൽപത്തിരണ്ടാമദ്ധ്യായം.

—(o)—

ഒരുനൂറിനാൽപത്തിമൂന്നാമദ്ധ്യായം

ശിവൻ:—അനന്തരം കല്മഷഹരമായ ജംബുതീർത്ഥത്തിൽ പോയി സ്നാനം ചെയ്യുക. കലികാലത്തു മനുഷ്യർക്കു സപ്തർഷിയേയുമുള്ളൂ കോണിയാണു്. അവിടെ ദശാംഗപർവ്വതത്തിൽ പണ്ടു ജംബുവനെന്ന ഋക്ഷപ്രേഷ്ഠനാൽ ദേവപൂജിതമായ ഒരു ലിംഗം പ്ര

Digitized By Kerala Sahitya Akademi

ത്തിക്കിച്ചിട്ടുണ്ട്: പണ്ടു രാമൻ രാവണരാക്ഷസനെ കൊന്നപ്പോൾ, ജാംബവാൻ പെരുമ്പറയടിച്ചു ദിക്കിലെങ്ങും പാഞ്ഞുനടന്ന്, 'രാമചന്ദ്രൻ ജയിച്ചു; രാവണനെ യുദ്ധത്തിൽ ഹനിച്ചു; സീതയെ വീണ്ടെടുത്തു' എന്നിങ്ങനെ ഉൽഘോഷിച്ചു, ആ ശ്രുതീർത്ഥത്തിൽ കളിക്കുകയും, തന്റെ പേരിൽ ഒരു ലിംഗം പ്രതിഷ്ഠിക്കുകയും ചെയ്തു. അതിൽ കളിച്ച് അനുജാനിതനായ രാമനെ സ്മരിച്ചു ജാംബവതേശ്വരനെ വണങ്ങിയവൻ രുദ്രലോകം പൂകും.

ചരാചരത്തിൽ ശ്രീരാമസ്മരണം എവിടെയെല്ലാമുണ്ടോ, അവിടെയെല്ലാം സംസാരബന്ധം പേർവെടുന്നതു കാണാം! ഞാൻ തന്നെയാണു രാമൻ; രാമൻതന്നെയാണു രുദ്രൻ. ദേവേശി, ഒരു ഭേദവുമില്ലെന്നറിയണം. രാമ, രാമ, രാമ, എന്നിങ്ങനെ മനസ്സുകൊണ്ടു ജപിക്കുന്നവർക്കു യുഗംതോറും സംവാത്സരിദ്ധി വരും. എപ്പോഴും ശ്രീരാമസ്മരണം ചെയ്യുന്നവനാണു ഞാൻ; തന്തിരുവടിയെ സ്തുതിച്ചാൽ പുനർജ്ജന്മമില്ല! ഞാൻ കാശിയിൽ വസിച്ച് എപ്പോഴും താമരക്കണ്ണനായ രാമനെ ഭക്തിയോടെ ശരിക്കു സ്മരിച്ചുപോരുന്നു. മംഗളാത്മാവായ രാമനെ സ്മരിച്ചുകൊണ്ടാണ്, അന്നു ജാംബവാൻ ജഗൽഗുരുവായ ജാംബവതേശ്വരനെ പ്രതിഷ്ഠിച്ചതു്. അതിൽ സ്നാനവും പാനവും ചെയ്തു ദേവനെ പൂജിച്ചവൻ പതിനാലിന്ദ്രന്മാരുടെ കാലത്തോളം ശിവസാലോക്യം നേടും. സ്നാനംചെയ്താൽത്തന്നെ, ജാംബവാന്റെ ഭക്തോത്തോളം ബലം വിശേഷപ്രസാദത്താൽ ഉണ്ടായിവരും. അവിടെ ജാംബവതേശനെ ദർശിച്ചു ജ്ഞാനം ചെയ്താൽ ഫലം അയിരം മടങ്ങായിരിക്കും.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സാമ്പമതിമാഹാത്മ്യപ്രകരണം, ജാംബുതീർത്ഥപ്രശംസനം
ഒരുനൂറിനാല്പത്തിമൂന്നാമധ്യായം.

(൦)

ഒരുനൂറിനാൽപത്തിനാലാമധ്യായം

ശിവൻ:—അതീർത്ഥത്തിനപ്പുറം ഇന്ദ്രഗ്രാമം എന്നൊരു തീർത്ഥമുണ്ട് ഇതിൽ കളിച്ചിട്ടതു, ഇന്ദ്രൻ ഘോരപാപത്തിൽ നിന്നൊഴിഞ്ഞതു്.'

പാർവതി:—'ഏതുകർമ്മത്താലാണ് ഇന്ദ്രൻ ഘോരപാപത്തിൽ പെട്ടതു്? എങ്ങിനെയാണു ദോഷം നീങ്ങിയതു്? വിസ്തരിച്ചു പറയുക.'

Digitized By Kerala Sahitya Akademi

ശിവൻ:—പണ്ടു സുരേന്ദ്രനായ ശക്രനും അസുരേന്ദ്രനായ നമുചിയും പരസ്പരം ആയുധമെടുക്കാതെ വധിക്കുകയില്ലെന്ന ശപഥം ചെയ്തിരുന്നു. എന്നാൽ ശക്രൻ ആകാശവാണിയനുസരിച്ചു കടൽനുരയ്ക്കെട്ടുത്തു നമുചിയെ ഛേദിച്ചുകളഞ്ഞു; അന്നുമുതൽ പുരന്ദരനെ ബ്രഹ്മഹത്യ ബാധിച്ചു. ആ പാപം എങ്ങിനെ നീങ്ങുമെന്നു വാസവൻ ഗുരുവിനോടു ചോദിച്ചു; വ്യാഴൻ വഴി പറഞ്ഞുകൊടുത്തു. അതിൻപ്രകാരം ദേവേന്ദ്രൻ സാഭ്രമതിയുടെ ഉത്തരതീരത്തിൽ ഈ തീർത്ഥത്തിൽ സ്നാനംചെയ്തു; അതോടുകൂടി പാപമൊഴിഞ്ഞ പാകവൈരിക്കു ശരീരത്തിൽ പൂർണ്ണചന്ദ്രനൊത്ത ധവളശോഭയുണ്ടായിവന്നു! പിന്നെ സുരേശ്വരൻ ശിവനായ ധവളേശ്വരനെ പ്രതിഷ്ഠിച്ചു. ആ ലിംഗം ഇന്ദ്രനാമത്താൽ ഭുവനപ്രസിദ്ധവുമായി. വാവുകൂടം, സംക്രാന്തി, ഗ്രഹണം എന്നിവയിൽ അവിടെ ശ്രാദ്ധം കഴിച്ചാൽ പിതൃക്കൾ പന്തിരണ്ടു കൊല്ലത്തേയ്ക്കു സംതൃപ്തിയടയും. ധവളേശ്വരത്തു ചെന്നാൽ *..... ബ്രാഹ്മണന്നു വെളുത്ത കറവുപയ്യിനെ കൂട്ടിയോടുംകൂടി കൊടുക്കണം. .....അവിടെ ഉപവാസമനുഷ്ഠിച്ചാൽ എന്തഭീഷ്ടവും നിറവേറും. ക്ര വളത്തിലകൊണ്ടുചെന്നു ധവളേശ്വരനെ പൂജിച്ചാൽ ധർമ്മവും അർത്ഥവും കാമവും സിദ്ധിക്കും; തിരുനീറ്റു പൂജിച്ചാൽ രോഗവും ദോഷവും ശമിക്കും. ഞായറാഴ്ച പൂജിച്ചാലത്തെ മഹിമ എന്നിക്കറിഞ്ഞുകൂടാ! കൽക്കേ, എരിക്കിൻപൂവ്, കൽഹാരം, കോമളങ്ങരം എന്നിവകൊണ്ടു പൂജിക്കുന്നവർ പുണ്യവാന്മാർതന്നെ. വെള്ളെരിക്കിൻപൂകൊണ്ടു പൂജിച്ചാൽ എന്നെന്നും ഇഷ്ടസിദ്ധിവരും. ആ സർവ്വശങ്കരനായ ഭഗവാൻ കൃതയുഗത്തിൽ നീലകണ്ഠനെന്നും, ത്രേതായുഗത്തിൽ ഹരനെന്നും, ദ്വാപരയുഗത്തിൽ ശർവ്വനെന്നും, കലിയുഗത്തിൽ ധവളേശ്വരനെന്നും കീർത്തിക്കപ്പെട്ടുന്നു. സുരേശ്വരി, ഒരിതിഹാസം കേട്ടുകൊള്ളുക:

പണ്ടു്, നന്ദി എന്നൊരു വൈശ്യൻ ഗൃഹസ്ഥാശ്രമത്തിൽ പാർത്തിരുന്നു. ശിവധ്യാനനിരതനായ ആ ശിവഭക്തൻ നാൾതോറും പ്രഭാതത്തിൽ തടാകവനത്തിലെ ധവളേശ്വരലിംഗത്തെ ശാസ്ത്രവിധികളായ പുഷ്പാഞ്ജലികൊണ്ടു പൂജിച്ചുപോന്നു. ഇതിൽ അയാൾക്കു വലിയ ശുഷ്കാന്തിയുണ്ടായിരുന്നു. ഒരിക്കൽ, പ്രാണിഹിംസകനായ ഒരു കിരാതൻ യദൃച്ഛയാ ആ ലിംഗത്തിന്നടുക്കൽ ചെന്നതി. പാപചരിതൻ ഹിംസ്രമൃഗങ്ങളാൽ നിറഞ്ഞ സാഭ്രമതീരത്തു മാനിനേയും മുയലിനേയും മറ്റും കൊന്നുകൊണ്ടു വേട്ടയാടി നടക്കുകയായിരുന്നു. അനേകം ആശ്വത്ഥവൃക്ഷങ്ങൾകൊണ്ടലംകൃതവും പലതരം പുഷ്പവ

* ഇവിടത്തെ ഉദ്ദേശത്തെയും മറ്റുമുള്ള തിരുത്തുകൾ ധാരണയായ വിധിയനുസരിച്ചിട്ടുണ്ട്.

Digitized By Kerala Sahitya Akademi

ഫലങ്ങൾകൊണ്ടു പൂജിതവുമായിരുന്ന ധവളേശ്വരലിംഗം കണ്ട പ്പോൾ അവൻ സാഭ്രമതിയിൽ ചെന്നു കളിച്ചു കുറെ വെള്ളം വായിലാക്കി, ഒരു കയ്യിൽ മൃഗമാംസവും മറേറതിൽ ക്രുവളത്തിലയും കൊണ്ടു വേഗത്തിൽ വന്നു ലിംഗത്തിൽ പൂജനടത്തി—ഈ പുഷ്പങ്ങളൊക്കെ അങ്ങോട്ടുമിങ്ങോട്ടും തട്ടിനീക്കി, വായിലുണ്ട വെള്ളത്താലഭിഷേകം ചെയ്തു, ഒരുകൈകൊണ്ടു ക്രുവളത്തിലകറം വാരിയിട്ട്, മറ്റേകൈകൊണ്ടു മൃഗമാംസം നിവേദിച്ചു; എന്നിട്ടു വടിപോലെ വീണ്ടുവണങ്ങി മനസ്സുകൊണ്ടു സങ്കല്പംചെയ്തു:—'ഇന്നുമുതൽ ഞാൻ എങ്ങിനെയെങ്കിലും പൂജ നടത്തും; ശങ്കര, ഇന്നുമുതൽക്കു് അടിയനു സ്വാമിയാണു നിന്തിരുവടി! ഭക്തനാണടിയൻ!' ഇതെല്ലാം കഴിച്ചു കിരാതൻ, അവന്റെ കുടിലിലേയ്ക്കു തിരിച്ചു.

പിറേറന്നു പ്രഭാതത്തിൽ നന്ദി ക്ഷേത്രത്തിൽ വന്നപ്പോൾ, കിരാതൻ ചെയ്തതൊക്കെ കണ്ടു: പൂവൊക്കെ അങ്ങുമിങ്ങും ചിന്നിച്ചിരിക്കുന്നു; ദുരാത്മാവായ ഹിംസകൻ ശിവസന്നിധിയിൽ അശുദ്ധാവസ്ഥയും കൊണ്ടുവെച്ചിരിക്കുന്നു! നന്ദി വിചാരത്തിൽപ്പെട്ടു:—'അമ്പോ, ഇതെന്താണിവിടെയുണ്ടായതു്? ശിവപൂജകനു വിഘ്നങ്ങളം വരുമെന്നു കേട്ടിട്ടുണ്ടു്; അവതന്നെയാണു് എനിക്കു ഭാഗ്യദോഷത്താൽ സംഭവിച്ചിരിക്കുന്നതു്!' എന്നിങ്ങനെ വളരെനേരം ചിന്തിച്ചു്, ശിവക്ഷേത്രം അടിച്ചുതളിച്ചു്, അയാൾ വന്ന വഴിയേ സ്വഗൃഹത്തിലേയ്ക്കു മടങ്ങി. നന്ദിയുടെ വല്ലായ്മ കണ്ടിട്ടു പുരോഹിതൻ, 'എന്തുകൊണ്ടാണു് അങ്ങയ്ക്കൊരു വല്ലായ്മ?' എന്നു ചോദിച്ചു. നന്ദി വിവരം പറഞ്ഞു:—'ബ്രാഹ്മൻ, ഇന്നു ഞാൻ ശിവസന്നിധിയിൽ അശുദ്ധോപദ്രവം കാണുകയുണ്ടായി; ആരാണതു കൊണ്ടുവെച്ചതെന്നു മനസ്സിലായില്ല.' പുരോഹിതൻ നന്ദിയെ ആശ്വസിപ്പിച്ചു:—'അവിടെ പൂവും മറവും ചിന്നിച്ചിതറിച്ചവൻ, വേണ്ടതും വേണ്ടാത്തതും തിരിച്ചറിഞ്ഞുകൂടാത്ത മൂഢനാണു്; സംശയമില്ല. പ്രഭോ, അതുകൊണ്ടു ഭവാനൊട്ടും വിചാരം വേണ്ടാ. നാളെ പുലർകാലത്തു ഞാനും പോരാം, ക്ഷേത്രത്തിലേയ്ക്കു്; ഞാൻ ആ ദുഷ്ടനെ കണ്ടുപിടിച്ചു ശിക്ഷിച്ചുകൊള്ളാം.' നന്ദി മനോവേദനയോടേ സ്വഗൃഹത്തിൽ രാത്രി കഴിച്ചുകൂട്ടി; പുലർച്ചയ്ക്കു പുരോഹിതനേയും വിളിച്ചു്, ആ മഹാത്മാവോടൊന്നിച്ചു ശിവക്ഷേത്രത്തിലേയ്ക്കു പോന്നു്, അവിടം തുത്തുതളിച്ചു ബ്രാഹ്മണരോടൊപ്പം വിവിധരത്നങ്ങളോടും പഞ്ചോപചാരങ്ങളോടും കൂടിയ പൂജ കഴിച്ചു സ്തുതിച്ചുകൊണ്ടിരുന്നു. രണ്ടു യാമം ചെന്നപ്പോഴേയ്ക്കും, കുറുത്തിരുണ്ട കാലനെപ്പോലെ കരാളമൂർത്തിയും കരുത്തനുമായ മഹാകാളനെന്ന ആ കാട്ടാളൻ കയ്യിൽ വില്ലുമായി വന്നെത്തി. അവനെ കണ്ടതോടു കൂടി നന്ദിയും പുരോഹിതനും പേടിച്ചരണ്ടു് ഓരോരോഭാഗത്തിലുമിരു

Digitized By Kerala Sahitya Akademi

വേടൻ, തലേന്നാളത്തെപ്പോലെ തന്നെ, പുഷ്പങ്ങളും മാംസം തട്ടി നീക്കി, ക്രുവളത്തിലായിട്ട മാംസം നിവേദിച്ചു ശിവനെ പൂജിച്ചു്, ദണ്ഡ നമസ്കാരം ചെയ്തെഴുനേറ്റു സ്വസ്ഥാനത്തേയ്ക്കു തിരിച്ചു. ഈ അത്യ ദ്ഭുതം കണ്ടു വിവശചിത്തനായ നന്ദിയും പുരോഹിതനും വളരെ നേ രം വിചാരത്തിൽപ്പെട്ടു. നന്ദി പിന്നെ വേദവാദികളായ വളരെ ബ്രാ ഹ്മണരെ വിളിച്ചു വരുത്തി, കിരാതൻ ചെയ്തതെല്ലാമറിയിച്ചു്, 'ഇനി, എന്തു ചെയ്യേണ്ടു? പറഞ്ഞുതന്നാലും' എന്നപേക്ഷിച്ചു. അവരെല്ലാ വരുംകൂടി ധർമ്മശാസ്ത്രാനുസാരേണ ചിന്തിച്ചു്, ഇങ്ങനെപൂണ്ട നന്ദി യോടരിപ്രായപ്പെട്ടു:—'ശിവദ്രോഹം സംഭവിച്ചാൽ ദേവകർമ്മങ്ങളേ ലും തുടക്കാവുന്നതല്ല. അതിനാൽ, വൈശ്യസത്തമ, ലിംഗം ഭവാന്റെ ഗൃഹത്തിലേയ്ക്കു കൊണ്ടുപോവുക.' അങ്ങിനെതന്നെ എന്നു നന്ദി വ ന്ദിച്ചു ശിവലിംഗം പറിച്ചു സ്വഗൃഹത്തിലേയ്ക്കു കൊണ്ടുപോയി, ക ഴുകി, നവരത്നങ്ങളം പതിച്ച കനകപീഠത്തിന്മേൽ സ്ഥാപിച്ചു് അനേ കോപഹാരങ്ങൾകൊണ്ടു പൂജിച്ചു.

പിറേന്നു ശിവക്ഷേത്രത്തിൽ വന്ന കിരാതൻ, ലിംഗം നോക്കി യിട്ടു കാണാഞ്ഞതിനാൽ പെട്ടെന്നു വാവിട്ടു നിലവിളിപ്പാൻ തുട ങ്ങി:—'ഹേ ശംഭോ, നിന്തിരുവടി എങ്ങോട്ടെഴുന്നള്ളി? അടിയന്നി പ്പോഴം ദർശനം തരണേ! ഇല്ലെങ്കിൽ, അടിയൻ ദേഹത്യാഗം ചെയ്തു കളയും. ഹേ ശംഭോ, ജഗദീശ, ത്രിപുരാന്തക, ശങ്കര, ഹേ രുദ്ര, മഹാ ദേവ, അടിയന്നു ദർശനം കല്പിച്ചുതരണേ!' ഈ വിധം മധുരമാംവ ണ്ണം മഹേശ്വരനെ അധിക്ഷേപിച്ചു് ആ ധീരനായ കിരാതൻ ചുരി കകൊണ്ടു തന്റെ വയർ കുത്തിപ്പിളർത്തി, കൈ ഞെരിച്ചുകൊണ്ടു്, 'ഹേ ശംഭോ, ദർശനം തരിക; അടിയനെ ത്യജിക്കുന്നതെന്തുകൊണ്ടു്?' എന്നിങ്ങനെ ആക്ഷേപിച്ചു്, കുടലും മാംസവും കൈകൊണ്ടെടുത്തു് ആ കഴിയിലിട്ടു; പിന്നെ സച്ഛ്രദ്ധയോടെയായി സാത്മതിയിൽ മുഴകി വെള്ളവും വിലപത്രവും ഭക്തിപ്പെട്ട കൊണ്ടുവന്നു പതിവിൻപടി പൂജിച്ചു്, നിലത്തു ദണ്ഡപ്രണാമംചെയ്തു, ശിവസന്നിധിയിൽ ധ്യാനി ച്ചിരിപ്പായി. അപ്പോഴേയ്ക്കും, കർപ്പൂരധവളവർണ്ണനായി കപർദ്ദിയായി ചന്ദ്രശേഖരനായിരിക്കുന്ന രുദ്രൻ പ്രമഥരാൽ പരിവൃതനായി പ്രത്യ ക്ഷീഭവിച്ചു വേടനെ കൈകൊണ്ടു പിടിച്ചുശ്വസിപ്പിച്ചു:—'ഹേ ഹേ വീര, മഹാപ്രാജ്ഞ, മഹാമതേ, ഭവാൻ എന്റെ ഭക്തൻതന്നെ! ഭക്ത, വേണ്ടുന്ന വരം [illegible] ക്കൊള്ളുക.' ഇതു കേട്ടു മനംകളിത്ത മഹാകാ രുണ്യൻ പരമഭക്തിയോടേ നിലത്തു വടിപോലെ വീണു രുദ്രനോടരിയാ ടി:—'അടിയന്നു വരമൊന്നും വേണ്ടാ: അടിയൻ നിന്തിരുവടിയുടെ ഭൃത്യൻ; നിന്തിരുവടി അടിയന്റെ സ്വാമി; ഈ ശ്ലാഘനീയമായ ആ

Digitized By Kerala Sahitya Akademi

ബന്ധയെ ജന്മാന്തരവും അടിയന്നു കല്പിച്ചുതരിക!' എന്നെന്നും അടിയന്ന് അമ്മയും അച്ഛനും ബന്ധുവും മിത്രവും ഗുരുവും മഹത്തായ മന്ത്രവും മന്ത്രദേവതയായ നിന്തിരുവടിതന്നെ!' കിരാതന്റെ നിഷ്കാമമായ വചനം കേട്ടിട്ട് സദാശിവൻ അവന്നു പാർഷദമുഖ്യതാവും ദേവപാലതാവും കല്പിച്ചുകൊടുത്തു. അപ്പോൾ കടന്തുടികളുടേയും ഭേരികളുടേയും ശംഖുകളുടേയും ശബ്ദത്താൽ ഉലകു മുന്നും കലിക്കൊണ്ടു; അനേകായിരം പടഹദുന്ദുഭികളും മുഴങ്ങി.

ഈ ശബ്ദം കേട്ട വിസ്മിതനായ നന്ദി ബന്ധപ്പെട്ട്, തപോവനത്തിൽ പ്രമഥാവൃതനായ മഹാദേവൻ നിന്നിരുന്നേടത്തു് എത്തിച്ചേന്നു. അയാൾ വേടനെക്കണ്ട് അത്യന്തം അത്ഭുതപ്പെട്ട് അടുത്തുചെന്ന് അവനെ സാദരം സ്തുതിപ്പാൻതുടങ്ങി:—'പരംതപ, ഭവാൻ പരമേശ്വരനെ ഇവിടെ വരുത്തിയല്ലോ; ഭവാൻതന്നെ ഭക്തൻ! ഭവന്റെ ഭക്തനാണ്, ഈ വന്ന ഞാൻ; എന്നെ ദേവങ്കൽ അറിയിച്ചാലും.' വേടൻ വെമ്പലോടെ നന്ദിയെ കൈക്കൂപ്പി പുരാതനമീശ്വരത്തെയ്ക്കു കൊണ്ടുചെന്നു. ഭഗവാൻ പുഞ്ചിരിക്കൊണ്ടു കാട്ടാളനോടു ചോദിച്ചു:—'ഭവാൻ ഇവിടെ ഗണങ്ങളുടെ ഇടയിൽ കൊണ്ടുവന്ന ഇയ്യാൾ ആരാണ്?'

കിരാതൻ:—'തിരുമേനിയുടെ ഭക്തനാണിദ്ദേഹം. ഇദ്ദേഹം നാനാതരം പലതരം രത്നമാണിക്യപുഷ്പങ്ങൾകൊണ്ടു നിന്തിരുവടിയെ പൂജിക്കാറുണ്ട്. ധനംകൊണ്ടു ജീവിതംകൊണ്ടും ഇദ്ദേഹം നിന്തിരുവടിയെ പൂജിച്ചിരിക്കുന്നു. സ്വാമിൻ, ഭക്തവത്സല, നന്ദി എന്നിങ്ങനാണ് ഇദ്ദേഹത്തിന്റെ പേര്.

ഭഗവൻ:—'മഹാഭാഗ, വൈശ്യവൃത്തിയായ നന്ദിയെ ഞാനറിയും. ഭവാൻ എന്റെ ഭക്തനും സഖാവുമാണ്. മഹാമതേ. മഹാകാള, കാമവും കോപത്വവും ആക്കില്ലായ്മ, അവർ എനിക്കു പ്രിയപ്പെട്ടവരും ഭക്തരുമാകുന്നു; അവർ വിശിഷ്ടരായ മനുഷ്യശ്രേഷ്ഠരാകുന്നു!'

അവരിരുവരേയും പരമേശ്വരൻ പാർഷദരാക്കി കൈക്കൊണ്ടു. അപ്പോഴെയ്ക്കും ഒളിതിളങ്ങു വളരെ വിമാനങ്ങൾ വന്നെത്തി. ആ വേഗമേറിയ വിമാനങ്ങളിലൂടെ കിരാതവീരനും അവനാൽ ഉൽഗതിപ്രത്തപ്പെട്ട വൈശ്യപുത്രനും കൈലാസലോകമണഞ്ഞു. ശിവദേവന്റെ സാന്നിദ്ധ്യം നേടിയ ആ ഗണങ്ങളിരുവരേയും ഉമാദേവി പുത്രരെപ്പോലെ കണ്ണിനു നിരാജനമുഴിഞ്ഞു; എന്നിട്ട് ആ ഭർത്തിഗാമിനിയായ ദേവി പുഞ്ചിരിക്കൊണ്ടു പറഞ്ഞു:—'മഹാദേവ, ഇവരിരുവരുടേയും അഭക്തകൊന്ന വധിവും നടത്തവും നാട്യവും ചിരിയുമൊക്കെ ഇവിടെ

Digitized By Kerala Sahitya Akademi

ത്തെപ്പോലെ തന്നെ' ദേവിയുടെ അരുളപ്പാടു കേട്ടപ്പോൾ, കിരാതനും വൈശ്യനുമാകുന്ന പാരിഷദർ പെട്ടെന്നു മുഖം തിരിച്ചു ശത്രുനോട്ടണത്തിച്ചു:—'ത്രിലോചന, അടിയങ്ങളിതുവരിലും തിരുവള്ളമുണ്ടെങ്കിൽ, അടിയങ്ങൾ എപ്പോഴും ഇവിടുത്തെ പാരപാലകരായി നിൽക്കുമാറാകണം; നിന്തിരുവടിക്കു നമസ്കാരം!' അവരുടെ ഉള്ളറിഞ്ഞിട്ട് ശിവൻ പുഞ്ചിരിതൂകിച്ചെയ്തു:—'പരമഭക്തരായ നിങ്ങളുടെ ഇഷ്ടംപോലെയാകട്ടെ.' അന്നുമുതൽ ആ മഹാകാളനം നന്ദിയുമാകുന്ന ശിവഭക്തന്മാരിരുവരും ശത്രുഞ്ജയന്റെ പാരപാലകരായി സ്ഥിതിചെയ്തു; ഉച്ചയ്ക്ക് അവർ സ്വാമിയെ ദർശിക്കും.

പാപികളും, അധർമ്മിഷ്ഠർ, ഉഗ്രകർമ്മികൾ, ക്രൂരർ, കാൽമുടന്തർ, കലഹീനർ, ദുരാത്മാക്കൾ, ശപചർ മുതലായവർ പോലും ധവളേശ്വരനെ ആരാധിച്ചാൽ സൽഗതി ലഭിയ്ക്കും; സംശയംവേണ്ട. അവിടെ സ്നാനവും ദാനവും ചെയ്യുന്ന നരോത്തമർ ധർമ്മാർത്ഥകാമങ്ങൾ നേടി ശിവലോകം പ്രാപിക്കും. * നാംതോറും കാമധേനു സപ്തർഷിമാരിൽനിന്നു വന്ന ആ ദേവനെ യഥാവിധി തന്റെ പാൽകൊണ്ടഭിഷേചിച്ചു പൂജിയ്ക്കാറുണ്ട്; അതിനാലത്രേ, ആ ലിംഗം ധവളമായതും, ധവളേശ്വരനെന്ന പേർ കൊണ്ടതും. അവിടെവച്ചു കാലവശാൽ മരിച്ചുപോയവരൊക്കെ ആ ചന്ദ്രസൂര്യൻ ശിവലോകമടയും.

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സാഭ്രമതിമാഹാത്മ്യപ്രകരണം, ധവളേശ്വരതീർത്ഥവർണ്ണനം
നേരോറിനാരായണനിലേക്കുള്ള അദ്ധ്യായം.

ഒരുനൂറിനാരായണപ്രഭാവമദ്ധ്യായം

ശിവൻ:—സാഭ്രമതീതീരത്തു ബാലാവാസം എന്നൊരുത്തമതീർത്ഥമുണ്ട്. ഭക്തിമുക്തിപ്രദവും തപസ്വികളാൽ ആദൃതവും ദേവകോടികളിരിപ്പിടവുമാകുന്ന ആ തീർത്ഥം. ഭൂതിങ്കൽ കണ്വമുനിയുടെ കന്യക—ഭൂലോകത്തു് എതിരില്ലാത്ത സുന്ദരിയായ ബാലാവതി എന്ന ബാലബ്രഹ്മചാരിണി—സാവിത്രിയുടെ വിധിനിയമങ്ങളോടുകൂടി സുദൃഢവ്രതയായി മികച്ച തപം ചെയ്തുപോന്നു. 'എനിക്കു സൂര്യൻ ഭർത്താവാവണ'മെന്നായിരുന്നു ആ കുമാരിയുടെ ഉദ്ദേശം. അതിദുശ്ചരങ്ങളായ അനേകം നിയമങ്ങളെ ഭക്തിയോടെ ആചരി

* മറ്റു ധർമ്മങ്ങളുടെ ഫലം കിട്ടുമെന്ന്.

Digitized By Kerala Sahitya Akademi

ച്ചുംകൊണ്ട് അവൾ വളരെക്കൊല്ലം സംഭ്രമതീർത്ഥത്തു പാർത്തു. അവളുടെ നടപടിയും പ്രസ്തുതിയും വ്രതചര്യയും ഉൽകൃഷ്ടമായ ഭക്തിയും സൂര്യദേവനെ സന്തുഷ്ടനാക്കി. ആ മഹാശയനായ ദേവദേവൻ ഒരു ബ്രഹ്മർഷിയുടെ വേഷംപൂണ്ട് അവളുടെ ആശ്രമത്തിൽ ചെന്നു കേറി. അവൾ ഉഗ്രതപസ്സിനാൽ ശ്രേഷ്ഠനായ ആ ബ്രഹ്മജ്ഞ ദ്വിജേന്ദ്രനെ കണ്ട ഉടൻ യാനപ്രസ്ഥവിധിയാൽ പരിപൂജിച്ചു; എന്നിട്ട് ആ സൂര്യഭക്തയായ സുഭാഷിണി തപോധനനോടരചെയ്തു:—'ഭഗവൻ, മുനിപുംഗവ, ഇവിടന്നെന്താണ് ആജ്ഞാപിക്കുന്നത്? എന്റെ ശരീരമൊഴിഞ്ഞു മറ്റെല്ലാം ഇവിടെയുള്ള ഞാൻ തരാം; കൈതരാൻ നിവൃത്തിയില്ല: സൂര്യഭക്തയാണു ഞാൻ. വ്രതനിയമങ്ങളം കൊണ്ടും തപസ്സുകൾകൊണ്ടും എനിക്കു തിട്ടുവനേശ്വരനായ സൂര്യദേവനെ പ്രസാദിപ്പിക്കേണ്ടിയിരിക്കുന്നു.' ഭാസ്കരൻ നിയമസ്ഥയായ അവളെ നോക്കി, ഒന്നു പുഞ്ചിരിക്കൊണ്ടരിയാടി:—'ഭദ്രേ, അതിദുഷ്കരമായ തീവ്രതപസ്സാണല്ലൊ നീ ചെയ്യുന്നത്. നിന്റെ ഉദ്ദേശം യാതൊന്നോ, അതു നിറവേറുകതന്നെ ചെയ്യും. എല്ലാം തപസ്സുകൊണ്ടു സിദ്ധിക്കും; എല്ലാം തപസ്സിനെ ആശ്രയിച്ചാണിരിക്കുന്നത്; പെൺകിടാവേ, തപസ്സുകൊണ്ടു ദേവതപവും കിട്ടും; മോക്ഷവും കിട്ടും. സുഭഗേ, ഈ അമ്പു ലന്തക്കായ്കളും വാങ്ങിക്കൊൾക.' ലന്തക്കായ്കളും ആ സാധ്വിയുടെ പക്കൽ കൊടുത്തു, പുട്ടരിക എന്നുംപറഞ്ഞു, ബ്രഹ്മരൂപിയായ ദിവാകരൻ അദൃശ്യനായി ആകാശത്തുടെ നടകൊണ്ടു; എന്നാൽ അവളുടെ ഉള്ളുറിയാൻവേണ്ടി, ഏറെ ദൂരത്തല്ലാത്ത ഇന്ദ്രഗ്രാമത്തിലിരുന്ന ലന്തക്കായ്കളം വേവാതെയാക്കുകയാണ്, പുകയും പെരുത്ത പൂഷാവു ചെയ്തുണ്ട്!

ആ ബാലിക താഴ്മയോടെ കൈതൊഴുതു മടിക്കുടാതെ ലന്തക്കായ്കളം ചുടാനായി തീയിന്നരികിൽ ചെന്നിരുന്നു; കായ്കളം തീയിലിടുകയും ചെയ്തു. സുലോചനേ, സമയം വളരെക്കഴിഞ്ഞു; വെണ്ണീറു കണ്ടുകൂടി; പകൽ അവസാനിച്ചു; ഒരു വമ്പിച്ച വിറകിൻകൂട്ടം കത്തിച്ചും പോയി. ഒടുവിൽ അവൾ ബ്രാഹ്മണപ്രീതിക്കായി കായ് ചുട്ടന്നതിന്ന് കാലുരണ്ടും തീയിൽ പൂട്ടി! അനഘേ, കാലുകൾ കത്തിയടിയുകയും, വീണ്ടും വീണ്ടും ഉണ്ടായി വരികയും ചെയ്തുകൊണ്ടിരുന്നു! അവൾ ഈ വിധം ചെയ്തുകണ്ട് മനംതെളിഞ്ഞ മാർത്താണ്ഡൻ സ്വതന്ത്രരൂപത്തിൽതന്നെ പ്രത്യക്ഷീഭവിച്ച് ആ ദൃഢവ്രതയായ കന്യകയോടു കഥിച്ചു:—ബാലേ, നിന്റെ ഭക്തികൊണ്ടും തപസ്സുകൊണ്ടും വ്രതചര്യകൊണ്ടും ഞാൻ സന്തുഷ്ടനായി. അതിനാൽ നിനക്ക് അഭീഷ്ടം നിറവേറട്ടെ: ഈ തീർത്ഥത്തിൽ തപസ്സുചെയ്ത

Digitized By Kerala Sahitya Akademi

തിനാൽ നിനക്ക് എന്റെ ഗൃഹത്തിൽ വസിക്കാം. ഈ തീർത്ഥവും, നിന്റെ പേരിനാൽ അടയാളപ്പെട്ട് ബാലാപമെന്ന മുപ്പാരിൽ ഖ്യാതി നേടി, ബ്രഹ്മർഷികളാൽ സ്തുതിക്കപ്പെടും.'

ബാലാതീർത്ഥത്തിൽ കളിച്ച ശുദ്ധനായി സൂര്യോദയത്തിൽ ചെങ്കതിരവനെ ദർശിച്ച മൂന്നാമൻ പാത്തവൻ സൂര്യലോകം പൂകും; സംശയംവേണ്ടാ. വിശേഷിച്ചും, ഞായറാഴ്ച, സംക്രമം, സപ്തമി, വിഷുവം, അയനാരംഭം, സൂര്യചന്ദ്രഗ്രഹണങ്ങളും എന്നിവയിൽ കളിച്ച ദേവപിതൃപിതാമഹർക്ക് തർപ്പണംചെയ്ത്, ബ്രാഹ്മണർക്ക് ഭൂമിദേനു ധാന്യങ്ങളും നൽകി, ചെമ്പരത്തി കണവീരപുഷ്പംകൊണ്ട് ചെങ്കതിരവനെ പൂജിച്ചാൽ സൂര്യലോകത്തു വസിക്കാം. ഒരു പുകന്ന പയ്യിനേയും കാളയേയും നൽകിയവൻ നരകംപൂകാതെ യജ്ഞഫലം നേടും; രോഗി രോഗത്തിൽനിന്നും ബദ്ധൻ ബന്ധനത്തിൽനിന്നും വിമുക്തനാകും. ആ തീർത്ഥത്തിൽ പിണ്ഡംവെച്ചാൽ പിതൃക്കൾക്ക് തൃപ്തിവരും.

അപോധനേ, ആ തീർത്ഥത്തിന്റെ മറെറാരു മാഹാത്മ്യംകൂടി കേട്ടുകൊള്ളുക; വ്യാസൻ പറഞ്ഞ ഇതിഹാസമാണിത്: പണ്ട്, വാർ ദ്ധക്യബാധയാൽ ഭാരം വഹിപ്പാൻ കെല്പില്ലാതായ ഒരു കിഴവൻ പോത്തിനെ ഒരു കച്ചവടക്കാരൻ ഇവിടെ വിട്ടേച്ചുപോയി. ആ വേനൽക്കു വെള്ളം കുടിപ്പാൻ മഹാനദിയിലിറങ്ങിയപ്പോൾ, വിധിവശാൽ ചളിയിൽ താഴ്ന്ന ചത്തുപോയി. അസ്ഥി പുണ്യജലത്തിൽ മുഴുകിയ ആ പോത്ത് ആ തീർത്ഥത്തിന്റെ പ്രഭാവത്താൽ കാന്യകുബ്ജപ്പെരുമാളുടെ മകനായി പിറന്ന രാജാവായി. രാജാവിന്ന മുൻജന്മസ്മരണയുണ്ടായിരുന്നു; അതിനാൽ അയാൾ, തന്റെ പ്രഭാവം തീർത്ഥമാഹാത്മ്യമാണ് എന്നോർത്ത്, ആ തീർത്ഥത്തിൽ ചെന്ന സ്നാനവും അനേകദാനങ്ങളും കഴിച്ചു; ദേവദേവനായ മഹേശ്വരനെ അവിടെ പ്രതിഷ്ഠിക്കുകയും ചെയ്തു. ആ തീർത്ഥത്തിൽ കളിച്ച മഹിഷേശ്വരനെ പൂജിച്ചു ചെങ്കതിരവനെ ദർശിച്ചവന്ന സകല പാപവും അകന്നുപോകും. സാഭ്രമതി എല്ലാടത്തും പുണ്യയാണ്; സൂര്യക്ഷേത്രത്തിൽ വിശേഷിച്ചും. അതിന്റെ പേർ ചൊല്ലിയാൽത്തന്നെ മാപാപം നീങ്ങും. സാഭ്രമതി കിഴക്കുനിന്ന പടിഞ്ഞാട്ടൊഴുകുന്നേടം പ്രയാഗത്തെക്കാളേറെ പുണ്യവും സർവ്വകാമപ്രദവുമാകുന്നു*.....പുണ്യവും പാപഹരവു

* ബാലാപതീർത്ഥത്തിൽവെച്ചു തോർത്തുകയും ഭർത്താവും മറ്റും ചെയ്താൽ അവരുടെയായിരിക്കുമെന്നും മറ്റും.

Digitized By Kerala Sahitya Akademi

മായ ബാലാതീർത്ഥം ദർശിച്ച മുനിമാരെല്ലാം നിത്യവൈരാഗ്യം നേടിയിരിക്കുന്നു. അവിടെ ക്ലേശനാശനനായ മഹിഷേശ്വരനെ ദർശിച്ചാൽ പാപം നീങ്ങും, തീർച്ചതന്നെ. തീർത്ഥങ്ങളിൽവെച്ചു മികച്ച തീർത്ഥമാണ് മഹാപുണ്യമായ ബാലാതീർത്ഥം; ഇതിൽ സ്നാനം ചെയ്തുവന്ന പുനർജ്ജന്മമില്ല. ഗോദാവരീസ്നാനത്തിന്റെ ഫലം ഈ തീർത്ഥത്താൽ കിട്ടും.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സാഭ്രമതിമാഹാത്മ്യപ്രകരണം, ബാലാപതീർത്ഥനിരൂപണം
തെന്നൂറിനാല്പത്തഞ്ചാമധ്യായം.

—(൦)—

ഒരുന്നൂറിനാല്പത്തഞ്ചാമധ്യായം

ശിവൻ:—വേറേ ദുർജ്ഞേശ്വരം എന്നൊരുത്തമ തീർത്ഥമുണ്ട്; അതിനെ സ്മരിച്ചാൽത്തന്നെ പാപിയും സുകൃതിയാകും. ദേവാസുരയുദ്ധം നടന്നു, ദൈത്യൻ കൊല്ലപ്പെട്ടതിനുശേഷം ശുക്രൻ എവിടെ ദുർജ്ഞേയമായ തപസ്സുചെയ്തു, ജനൽക്കാരണമായി ദുർജ്ഞേയനായിരിക്കുന്ന മഹാദേവനെ ആരാധിച്ചു ദൈത്യക്ക്വേണ്ടി മൃതസംജീവനീ വിദ്യ നേടിയോ, അവിടം വിശ്വവിശ്രുതമായ തീർത്ഥമാകുന്നു. ആ ശുക്രതീർത്ഥത്തിൽ കുളിച്ചു ദുർജ്ഞേയനായ മഹേശ്വരനെ പൂജിച്ചാൽ എല്ലാപ്പാപവും നീങ്ങും. ശൈലകന്യകേ, ഒരു കഥ കേട്ടുകൊള്ളുക: പണ്ടു വൃത്രനും ശക്രനും തമ്മിൽ യുദ്ധംനടന്നു; അതിൽ അസുരന്മാർ സുരന്മാരെ തോല്പിച്ചുകളഞ്ഞു. അതിനാൽ അണ്ടർകോൻ, എന്തു ചെയ്യേണ്ടൂ എന്നു ചിന്തിച്ചു ഗുരുവിന്റെ അടുക്കൽച്ചെന്നു ചോദിച്ചു:—'ഞങ്ങളെ ദേവന്മാർക്കു സാക്ഷാൽ ഗുരുവും സഖാരക്ഷിതാവുമാണ്, ശ്രീമാനായ ഭവാൻ; ഋഷിമാരിൽ വെച്ചു ശ്രേഷ്ഠനുമാണ്. ദയാനിധേ, ദയചെയ്യുവിൻ! സുവ്രത, എന്നെ വൃത്രൻ തോല്പിച്ചുകളഞ്ഞു; ഞാൻ എവിടെപ്പോകേണ്ടൂ?'

ബൃഹസ്പതി:—'ദേവേന്ദ്ര, ഭവാന് എങ്ങിനെയായാൽ സ്വാസ്ഥ്യം വരുമെന്നു ഞാൻ പറഞ്ഞുതരാം; നന്മ വേണമെന്നുണ്ടെങ്കിൽ ഞാൻ പറയുന്നതു ചെയ്കൊൾക: സാഭ്രമതിയിൽ പോയാൽ ഭവാനു സുഖം ലഭിക്കും. അവിടെ സഖാ കുടികൊള്ളുന്ന ഭൂതിപ്രദനായ ദുർജ്ഞേശ്വരൻ ഭവാനു വാഞ്ഛിതമെല്ലാം തന്നരുളും. സത്യം, സുരേശ്വര, സത്യമാണിതു.'

Digitized By Kerala Sahitya Akademi

ഇതു ചൊന്നതിൻവണ്ണം മഹേന്ദ്രൻ ആ നദിയിൽച്ചെന്നു സ്നാനംകഴിച്ചു മഹേശനെ പൂജിച്ചു; സ്നാനത്താലും പൂജനത്താലും പരമേശ്വരൻ പ്രസന്നനായി, ഭഗവാൻ അരുളിച്ചെയ്തതൊക്കെയും ഞാൻ തരാം' എന്നരുളിച്ചെയ്തു. മഹേന്ദ്രൻ മറുപടിപറഞ്ഞു:—

'അങ്ങീശനലകിന്നെല്ലാം; അങ്ങേ ചെറിയ കാരണം;
അങ്ങു വിശേശ്വരൻ ദേവനെന്നുകാണുന്ന ഞാൻ സദാ!
അങ്ങെന്നിൽ പ്രീതനായെങ്കിൽ, വിശേശ്വര, സുരേശ്വര,
വൃത്രനെക്കൊലചെയ്യാലു, മിതൊന്നേ വേണ്ടുള്ളു മേ!'

ഉർദ്ധ്വേശ്വരൻ:— "ദേവേന്ദ്ര, ഭവാനാവശ്യപ്പെട്ടതിനാൽ, വൃത്രനായിതാ, ഞാൻ കൊന്നുകഴിഞ്ഞു! ഞാൻ തന്ന ആയുധം വാങ്ങിക്കൊൾക; ഇതുകൊണ്ടു ഭവാനു വൃത്രനെ വധിക്കാം."

ഇന്ദ്രൻ:—'വിശേശ്വര, എനിക്കു വൃത്രനെക്കൊല്ലാനുള്ള ആയുധമെന്താണു? വജ്രത്തെക്കാളും ശ്രീതമെ എന്തോന്നു', എപ്പോഴും ഇവിടുന്നങ്ങാകുമോ?'

ഉർദ്ധ്വേശ്വരൻ:—'ഇതാ, ഞാൻ പണ്ടുണ്ടാക്കിയ പാശുപതാസ്ത്രം; ഇതു് ആക്കം കൊടുക്കാതെ ഭവാനുറപ്പിച്ചിരിക്കയായിരുന്നു ഭവാൻ ഇവിടെ സ്നാനവും പൂജനവും ചെയ്തവല്ലോ; അതിനാൽ, വൃത്രനെക്കൊല്ലാനുള്ള ശസ്ത്രം വാങ്ങിച്ചുകൊള്ളുക.

വൃത്രശ്രവസ്സു ഉർദ്ധ്വരേശ്വരപ്രഭാവത്തിനാൽ പാശുപതാസ്ത്രം നേടുകയും, അതുകൊണ്ടു കടുത്തിരിയ വൃത്രനെ കൊല്ലുകയും ചെയ്തു. അതെല്ലാം സംഭവിച്ചതു് സ്നാനപൂജനങ്ങളാലാണല്ലോ; ഇതറിയുന്നുണ്ടു്, ആ തീർത്ഥത്തിനു പ്രഭാവം. അതിനാൽ, അതിൽ സ്നാനവും ഉർദ്ധ്വേശ്വരദർശനവും സർവ്വപാപപ്രണാശനമാകുന്നു.

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സാഭ്രമതീമാഹാത്മ്യകഥനം, ഉർദ്ധ്വരേശ്വരതീർത്ഥപ്രശംസയും
തെന്നിറുതിപ്പുറാനാമധ്യായം.

———:0:———

തൊണ്ണൂറിനാലാമത്തെഴാമദ്ധ്യായം.

ശിവൻ:—സാഭ്രമതീതീരത്തു പരമപാവനമായി ഖ്യാതിയാർജ്ജിച്ച എന്നൊരു തീർത്ഥമുണ്ടു്. അതു കലികാലത്തു് അപ്രത്യക്ഷമായിപ്പോകും. അതിൽ യഥാവിധിയാചരിച്ചില്ലെങ്കിലും സ്നാനപാനങ്ങൾ ചെയ്യുവൻ സർവ്വപാപവിമുക്തനായി ശിവലോകത്തു സുഖിക്കുകയും ചെയ്യും. യാതൊരേടത്തു്,

Digitized By Kerala Sahitya Akademi

സാക്ഷാത്തീഗംഗ കശ്യപനെ അനുഗമിച്ച പാതാളം പൂകുമ്പോൾ ധൂർജ്ജടിയാൽ ജടാജൂടത്തിൽ ധരിയ്ക്കപ്പെട്ടുവോ, അവിടെ ഖഡ്ഗധരൻ എന്ന പേരോടെ രുദ്രൻ കുടികൊള്ളുന്നുണ്ട്. ആ തീർത്ഥത്തിൽ കളിച്ചാൽ പാപികളും വിണ്ണണയും. ഇതിനെപ്പറ്റി ഒരു പഴയ ഇതിഹാസം—ഒരു കിരാതൻ പരമദുഷ്കരമായ വ്രതം അനുഷ്ഠിക്കയുണ്ടായതു—പറഞ്ഞുതരുന്നുണ്ട്.'

പാവ്തി:—'ദേവ, കിരാതന്റെ പേരെന്താണ്? അവൻ എന്തു വ്രതമാണനുഷ്ഠിച്ചതു? ഇതെല്ലാം ശരിക്കു പറഞ്ഞുകേൾക്കേണമെന്നുണ്ട്. ലോകത്തിൽ ഇവിടുന്നല്ലാതെ മറെറാരു വാഗ്മിപ്രവരനില്ലല്ലോ; അതിനാൽ, ശ്രവണേച്ഛുവായ എനിക്കവേണ്ടി എല്ലാം പറയുമാറാകണം!'

ശിവൻ:—'പണ്ട്, അതിരൌദ്രനായി ചണ്ഡൻ എന്നൊരു ദുരാത്മാവായ കിരാതനുണ്ടായിരുന്നു. ക്രൂരനും ശഠനും ദ്രോഹിയും പ്രാണികൾക്കു ഭയങ്കരനുമായിരുന്ന ആ ദുഷ്ടൻ നാൾതോറും മത്സ്യങ്ങളെ വലയിട്ടു പിടിക്കും; ഹിംസ്രമൃഗങ്ങളേയും കൃഷ്ണമൃഗം മുള്ളൻപന്നി മുതലായവയേയും അമ്പുകൊണ്ടു കൊല്ലും; പലതരം പക്ഷികളെ വിശേഷിച്ചും മയിലുകളെ—കെണിയിൽക്കുടുക്കി ചുട്ടുതിന്നും. ആ മഹാപാപിക്കൊത്ത ഭാര്യതന്നെയായിരുന്നു, പുംശ്ചലിയായ അവന്റെ ഭാര്യയും. ഇങ്ങനെ കാലം വളരെ കഴിഞ്ഞു. ഒരു നാൾ രാത്രിയിൽ ആ പാപിഷ്ഠൻ പന്നിയെ എയ്യാനായി ഒരു കുവളത്തിന്മേൽക്കേറി വില്ലിൽ അമ്പും തൊടുത്തിരിപ്പായി. അങ്ങനെ അവനാ രാത്രി, ഉറങ്ങാതെ—കണ്ണിമയ്ക്കുകകൂടി ചെയ്യാതെ—കഴിഞ്ഞുപോയി. മലമകളേ, മാഘമാസത്തിലെ കൃഷ്ണചതുർദ്ദശിയായിരുന്നു അന്നു. കിരാതൻ അറിയാതെകൊണ്ടു കുവളത്തിന്റെ ഇലകളരെ തല്ലിക്കൊഴിക്കുകയുണ്ടായി; അവ ആ വൃക്ഷത്തിന്റെ ചുവട്ടിലുള്ള ഒരു ശിവലിംഗത്തിന്മേലാണു വീണതു്. ദൈവയോഗത്താൽ അതെല്ലാം ശിവപൂജയായിച്ചമഞ്ഞു! അജ്ഞാനിയായ വേടൻ ഇയ്യിടെയുള്ള തുപ്പിയിരുന്നതു് അഭിഷേകവുമായി! അതിനാൽ ആ ദുർജ്ജനം കല്മഷമെല്ലാം നീങ്ങി. പന്നിയോ മാനോ പോത്തോ ഒന്നും വന്നു കൈവരികയുണ്ടായില്ല.

മാഘകൃഷ്ണചതുർദ്ദശിചന്ദ്രനുദിച്ചതോട്ടുകൂടി, അവനെ കൊല്ലുവാൻ ചോരംകൊണ്ടു് അവന്റെ ഭാര്യ, പ്രചണ്ഡ, അട്ടഹാസം വഴിക്കി. നിരാശനായി പട്ടിണിയിരിക്കുകയായിരുന്ന അവൻ; ഭാര്യ കോപംവഴിക്കു പുഴയിൽ വീണു പോയ്പ്പോയി. ആ ചണ്ഡലോചനയും

Digitized By Kerala Sahitya Akademi

പ്രചണ്ഡ ചണ്ഡനോട് തട്ടിക്കയറി:—'വേഗം വന്ന് തീൻകഴിക്കുക; ഞാനിതാ, മീനും ഇറച്ചിയും കൊണ്ടുവന്നിരിക്കുന്നു. ദോഷച്ചോരേ, താനെന്തേ ഇന്നലെച്ചെയ്തത്? ഇറച്ചിയൊന്നുമില്ലല്ലോ കയ്യിൽ! കുടുംബത്തെ പട്ടിണിയിട്ട് മുടിക്കും താൻ!' ഒന്നും മറുപടി പറയാതെ, ശിവരാത്രിപവാസത്താലും നിശാജാഗരണത്താലും മനഃശ്ശുദ്ധിയന്നേരമുണ്ടായ ചണ്ഡൻ കള്ളിപ്പാൻ പുഴയിലേയ്ക്കു പോയി. ദേവേശ്വരി, അതു ശ്രദ്ധിച്ചിരുന്നതിനിടയിൽ, ഒരു ശ്വാവു വന്ന് മാംസമെല്ലാം തിന്നുകളഞ്ഞു. പ്രചണ്ഡ കോപിച്ചു നായിനെത്തല്ലാൻ ചെന്നു; ചണ്ഡൻ അവളെ തടഞ്ഞു: 'നായിനെ തല്ലേണ്ടാ; അതെന്തു കുറ്റംചെയ്തു?' പ്രചണ്ഡ കഴിച്ചു:—'ഈ ഏട്ടു ചോറൊക്കെ തിന്നുതീർത്തു; താനിനി എന്താ കഴിക്കുക? ഇന്നു വിശന്നു വലകുമെന്നേ!'

ചണ്ഡൻ:—'ചോറു നായ തിന്നതിൽ എനിക്കു സന്തോഷമേ ഉള്ളൂ: നശ്വരവും അശുദ്ധിയില്ലാത്തതുമായ ഈ ശരീരം എന്തിനാണ്? എന്തുചെയ്യാം ശരീരത്തെ പോറ്റിപ്പോരുന്ന മൂഢന്മാർ ഇരുലോകത്തിലും ചേരാത്ത പാപികളാകുന്നു. അതിനാൽ, ഭാമിനി, നീ മാനവും കാമവും ദുഷ്ടം ചെടിഞ്ഞു വിചാരത്താൽ സ്വാസ്ഥ്യം നേടുക—തപോമാർഗ്ഗം സ്വീകരിച്ചുകൊള്ളുക! ഞാൻ ഇപ്പോഴത്തന്നെ വാരിക്കൊണ്ടു വന്ന് ഈ ശരീരം രക്ഷിക്കുകയാണ് എനിക്കെപ്പോഴുള്ള ഏറെനാൾ ജീവിച്ചിരുന്നിട്ട്?'

ഈ വിധം കഥിച്ചു ചണ്ഡൻ വാളൂരി കത്തിവാരാൻ തുടങ്ങിയപ്പോഴേയ്ക്കും, പരമേശ്വരനാൽ അയയ്ക്കപ്പെട്ട പ്രമഥരും വളരെ വിമാനങ്ങളും അവന്റെ അടുക്കൽ വന്നെത്തി. അതു കണ്ടു വേടൻ പരമകോപിയോടെ ചോദിച്ചു:—

(പാഠം)

'എന്തിനായെഴുന്നള്ളീ ഭവാന്മാരിങ്ങന്തകാരിസമപ്രഭരേവരും,
വെൺപളുംകുനിറന്മാർ, കപർദ്ദികളുമ്പിളിപ്പൊളി ചൂടിയോരേവരും,
രുദ്രാക്ഷധാരികളേവരും?
നേരിടിയനോടോതുമാറാകണം!'

മഹേശ്വരപാർഷദർ മറുപടി പറഞ്ഞു:—'ചണ്ഡ, പരമേഷ്ഠിയായ ശിവൻ കല്പിച്ചയച്ചവരാണു ഞങ്ങൾ: വേഗത്തിൽ വരിക; ഭവാൻ ഭാര്യയോടൊന്നിച്ചു വിമാനത്തിൽ കേറിക്കൊൾക. ഭവാൻ

Digitized By Kerala Sahitya Akademi

ശിവരാത്രിനാൾ ശിവലിംഗം പൂജിച്ചിരിക്കുന്നു; അതിനാലാണ് അവന്നു പരമഗതി ലഭിച്ചതു്. ഇതു പറഞ്ഞ വീരഭദ്രനോടു രാജൻ തിരിച്ചു കൊണ്ടു ചോദിച്ചു:—'ഏതു സുകൃതമാണ് ഈ പാപിപ്പുലയൻ ചെയ്തിട്ടുള്ളതു്? വേട്ടയാടൽ മാത്രമായിരുന്നു, മൂഢനീർവൃന്തനായ അടിയനു തൊഴിൽ. നാംതോറും പാപം ചെയ്യുപോന്ന അടിയനുണ്ടോ സദ്ഗതിവാസം? എങ്ങിനെയാണടിയൻ ലിംഗം പൂജിക്കയുണ്ടായതു്? ഭഗവൻ തന്നെ കഥിച്ചാലും; വലിയ കൌതുകം തോന്നുകയാൽ ചോദിക്കയാണ്!'

വീരഭദ്രൻ:—'ചണ്ഡ, ഗംഗയെപ്പൂണ്ട ദേവദേവനായ മഹാദേവനും, മറ്റു ദൈവതിയും ഇപ്പോൾ കൈലാസം പ്രസാദിച്ചിരിക്കുന്നു. യദൃച്ഛയാണ് ഭവാൻ ലിംഗം പൂജിച്ചതു്: പന്നിയെ നോക്കുന്ന ഭവാൻ ക്ഷുത്തിനെ ഉപേക്ഷിച്ചതുമില്ല; അവ ശിവലിംഗത്തെ തേടിയതുമില്ല. ഈ പുണ്യത്തിനാൽ ഭവാൻ സുകൃതിയായിരിക്കുന്നു. ഭവാൻ വൃക്ഷത്തിന്മേൽ ഉറങ്ങാതെയിരുന്നതുമല്ലോ; അതു ജാഗരണവും ജഗദീശനെ സന്തുഷ്ടനാക്കിയിരിക്കുന്നു. വ്യാധമഹാഭാഗ, പന്നിയെ തേടുക എന്ന വിധിപോലെ ഭവാൻ യദൃച്ഛയിട്ടെങ്കിലും ശിവരാത്രി നോൽക്കുകയും ഉറക്കമിളയ്ക്കുകയും ചെയ്തതിനാൽ മഹാദേവൻ പ്രസാദിച്ചിരിക്കുന്നു; ആ മഹാനുഭാവനായ വരദൻ ഭവാനു സകല വരങ്ങളും തന്നരുളും.'

ധീമാനായ വീരഭദ്രൻ ഈവിധം കഥിച്ചതു കേട്ട പുലയൻ, ദേവഗണാദികളും സകല പ്രാണികളും കാൺകെ ദ്രുതവിമാനത്തിൽ ആരോഹണംചെയ്ത പടഹഭേരീ ദുന്ദുഭിനിർഘോഷം മേൽക്കുമേൽ ഉയർന്നു; വീണാവേണുമൃദംഗനാദത്തോടൊപ്പം ആട്ടവും പ്രത്തും മുതിർന്നു. ഗന്ധർവ്വത്തലവർ പാട്ടുപാടി; അപ്സരോഗണങ്ങളും നർത്തനമാടി. വെൺചാമരങ്ങളുംകൊണ്ടു വീശപ്പെട്ടും പലതരം കൊറക്കുടകളും പിടിക്കപ്പെട്ടും വന്ദിക്കപ്പെട്ടും മഹോത്സവത്തോടെ കാട്ടാളൻ കാലാരിസന്നിധിയിൽ ആനീതനായി. ഇങ്ങനെയിരിക്കെ, പരമാത്മാവായ തന്നെ കേന്ദ്രീകരിക്കുകയോടെ പുണ്യപാപഫലത്തെ ത്യജിച്ചു ക്ഷേത്രജ്ഞനെ സൃഷ്ടിക്കുന്നതുടെ സ്ഥിതി പറയാതറിഞ്ഞോ? അവർ മുക്തരായ ബ്രഹ്മർ തന്നെ! അന്നു മുതൽക്കാണ് ആ തീർത്ഥത്തിനു ഖഡ്ഗധാരയെന്നും, ആ ഗംഗാധാരയേയും ഖഡ്ഗധാരയെന്നും പേർ വന്നതു്. വിശേഷിച്ചും മാഘവൈശാഖകാർത്തികമാസങ്ങളിൽ യാവചിലർ അതിൽ സ്നാനം ചെയ്യുമോ, അവർ മുക്തിപദത്തുകഴിഞ്ഞു! വസിഷ്ഠവാമദേവഗൌതമരോജാദികളും സ്നാനത്തിനും ശിവദർശനത്തിനുമായി അവിടെ വരാറുണ്ട്. ആ ലിംഗം മുന്നു യുഗത്തിലേ ഉള്ളൂ; കലിയുഗത്തിലുണ്ടാകില്ല: വിശ്വാമിത്രമഹർഷി എന്നെ ശപിച്ചിരിക്കുന്നു.'

Digitized By Kerala Sahitya Akademi

പാർവ്വതി:—'എങ്ങനെയാണ് ജ്ഞാനി ശപിച്ചത്? ദേവേശ്വര, അതും എനിക്കു കേൾക്കേണമെന്നുണ്ട്.'

ശിവൻ:—'ദേവി, ഒരിക്കൽ മഹാതപസ്വിയായ വിശ്വാമിത്രൻ പരമാത്ഭുതമായ ഖഡ്ഗധാരതീർത്ഥത്തിൽ വന്നെത്തി, സാഭ്രമതിയിൽ കുളിച്ച്, എന്നെ ഭർശിച്ച്, പതിവായി പലമട്ടിൽ പൂജിച്ചുംകൊണ്ട് അവിടെ പാർപ്പുറപ്പിച്ചു അന്ന്, എന്തോ ഒരു പാപമുത്തിയായ പാഷണ്ഡ മഹാദുഷ്ടൻ ശിവലിംഗത്തിന്മേൽ മാംസം കൊണ്ടുവെച്ചുകളഞ്ഞു. ആ മാംസം കണ്ട വിശ്വാമിത്രൻ, 'ഈ ദുഷ്കൃതം ചെയ്ത പാപിയെ പരമാത്മാവായ ശിവൻ ശിക്ഷിച്ചില്ലല്ലൊ; അതിനാൽ തീർച്ചയായും ദേവനെ ഞാൻ ശപിക്കും' എന്നാറുവ്, എന്റെ അടുക്കൽവന്ന്, 'ഘോരമായ കലിയുഗത്തിൽ ഭവാൻ അദൃശ്യനാവുക' എന്നിങ്ങനെ എന്നെ ശപിച്ചുവെച്ചു നടകൊണ്ടു. ആ ജ്ഞാനിശാപത്താലാണ് ഞാൻ അദൃശ്യനാകുന്നത്. എന്നാൽ എന്റെ സ്ഥാനത്തു പൂജനടത്തുന്നതായാൽ ദുഃഖമെല്ലാം തൽക്ഷണം അവസാനിപ്പെട്ടും; മണ്ണുകൊണ്ട് എന്റെ വിഗ്രഹമുണ്ടാക്കിവെച്ചു പൂജിക്കുന്നവരാകട്ടെ, എന്റെ ലോകത്തു വസിക്കും. കൃതയുഗത്തിൽ മന്ദിരനെന്നും, ത്രേതായുഗത്തിൽ ഗൌരവനെന്നും, ദ്വാപരയുഗത്തിൽ വിശ്വനെന്നും, കലിയുഗത്തിൽ ഖഡ്ഗധാരനെന്നാണ് എന്റെ പേർ. തൊള്ളായിരത്തിനാലാണ് എന്റെ സ്ഥാനം; അവിടെവേണം അഭിജ്ഞൻ വിഗ്രഹമുണ്ടാക്കിവെച്ചു പൂജിക്കുക. എന്നാൽ അഭീഷ്ടം സിദ്ധിക്കും. ദേവേശി, ധൂപദീപചന്ദനനൈവേദ്യാദികൾകൊണ്ടു ഭക്തനായ മഹേശ്വരനെപ്പൂജിക്കുന്നവർക്ക് യാതൊരു ദുഃഖവും വരികയില്ല; തീർച്ചതന്നെ.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സാഭ്രമതിതീർത്ഥപ്രകരണം, ഖഡ്ഗധാരേശ്വരതീർത്ഥവർണ്ണനം
തൊള്ളായിരത്തിനാലാമദ്ധ്യായം.

ഒരുനൂറിനാൽപതാമദ്ധ്യായം

ശിവൻ:—ഖഡ്ഗധാരത്തിനു തെക്കുവശത്തു ദുഃശാശ്വരമെന്നൊരു പരമപാവനതീർത്ഥമുണ്ട്. അതിൽ കുളിച്ചു ദുഃശാശ്വരനെ ഭർശിച്ചാൽ, ദുർജ്ജനത്താലുള്ള ദുഃഖം ഭാവിക്കയില്ല. ദീക്ഷിതനായ ചെയ്യുന്നും സാഭ്രമതീതീരത്തിൽ ചന്ദ്രശേഖരൻ എന്ന മഹാപുണ്യ

Digitized By Kerala Sahitya Akademi

നദി കുടിച്ചുകൊണ്ടുവരുന്നതുമായ ദധീചാശ്രമതീർത്ഥത്തിൽ സ്നാനവും ദാനവും ജപവും പൂജയും തപസ്സും ചെയ്താൽ, അതെല്ലാം അക്ഷയമായിരിക്കും.'

പാർവതി:—സ്വാമിൻ, ദധീചാശ്രമതീർത്ഥത്തിന്റെ ഉല്പത്തി കേൾപ്പാൻ എനിക്കാഗ്രഹമുണ്ടു്; ദേവേശ്വര, അതിന്റെ മഹിമയും പറഞ്ഞുതരിക.'

ശിവൻ:— 'പണ്ടു ദേവാസുരയുദ്ധത്തിൽ ദൈത്യരാൽ തോല്പിക്കപ്പെട്ട ദേവന്മാർ കൂടിച്ചെന്നു പറഞ്ഞു ദധീചിയുടെ ആശ്രമത്തിൽച്ചെന്നുകേറി, ആയുധങ്ങളും അവിടെയിട്ടു പുറത്തിരിക്കിലേയ്ക്കുമായി നടകൊണ്ടു. പിറകെ അസുരന്മാരുടെ കോലാഹലം കേട്ടു ഭയവിഭ്രാന്തനായ ദധീചി ആ ശസ്ത്രങ്ങളെല്ലാം വെള്ളത്തിൽ കലക്കികുടിച്ചുകളഞ്ഞു. കുറേക്കാലം കഴിഞ്ഞതിന്റെ ശേഷം അമരന്മാരെ പ്രാപിക്കുവാൻ ആയുധങ്ങളെ കിട്ടുവാൻവേണ്ടി, ഗുരുവിനോടൊന്നിച്ചു ദധീച്യാശ്രമത്തിൽ ചെന്നെത്തി. അവിടെ ജന്തുക്കൾക്കു പരസ്പരവൈരമുണ്ടായിരുന്നില്ല: പൂച്ചയും എലിയും, കീരിയും പാമ്പും തമ്മിൽത്തമ്മിൽ രഞ്ജിപ്പോടെ കളിയാടുന്നവയായിരുന്നു! ഈവക ആശ്ചര്യങ്ങളും പലതും കണ്ടു വിബുധന്മാരെല്ലാം വിസ്മയപ്പെട്ടുപോയി. പുണ്യയായ സാക്ഷാൽ ചന്ദ്രഭാഗയാറ്റു ചേരുന്നേടത്തു്, ആസനത്തിൽ സ്ഥിതിചെയ്തിരുന്ന മഹർഷിയെ ദേവന്മാർ ദർശിച്ചു: അദ്ദേഹം വഹിച്ച തേജസ്സാൽ സൂര്യനെന്നപോലെയും രണ്ടാമത്തെ അഗ്നിയോ എന്നു തോന്നുംവണ്ണവും സമുജ്ജ്വലിച്ചു. സുവർച്ച എന്ന ഭാര്യയോടു കൂടിയ ആ മുനീന്ദ്രനെ സാവിത്രീസഹിതനായ ബ്രഹ്മാവിനെ എന്നപോലെ സാഷ്ടാംഗം നമസ്കരിച്ചു, ദ്യുമൻ മുമ്പായ വാനവന്മാർ അദ്ദേഹത്തോടപേക്ഷിച്ചു:— 'മുപ്പാരിൽവെച്ചു ദാനശീലനെന്നു പണ്ടേ പ്രസിദ്ധനാണല്ലൊ ഇവിടുന്നു്. ഞങ്ങളെല്ലാരുംകൂടി ഇവിടത്തെ ആടുക്കൾ യാചിപ്പാൻ വന്നിരിക്കയാണു്. ഞങ്ങളെല്ലാം ആപത്തിൽപ്പെട്ടിരിക്കുന്നു; ഭവാൻ ആയുധങ്ങളും തരുമാറാകണം!' ഇതുകേട്ടു്, മഹാമതിയായ മുനീന്ദ്രൻ പറഞ്ഞു:—'വിബുധന്മാരേ, അവ ഞാൻ മന്ത്രംകൊണ്ടു വെള്ളത്തിൽ കലക്കികുടിച്ചുപോയി.' അപ്പോൾ ദേവന്മാർ, 'ബ്രഹ്മൻ, എന്നാൽ ഞങ്ങൾക്കു് അസുരരെ കൊല്ലാൻ ഇവിടത്തെ അസ്ഥികളും ക്ഷണത്തിൽ തന്നാലും' എന്നാശംസിച്ചു. 'ഇതാ, തന്നു' എന്നുംപറഞ്ഞു ബ്രാഹ്മണൻ, ഭാര്യയെ അതുമാന്തർഭാഗത്തേയ്ക്കയച്ചു; എന്നിട്ടു് ആ ധീമാൻ ഉറക്കെവിളിച്ചുപറയുന്നുണ്ടു്, 'വൃന്ദാരകരേ, ഞാൻ കുടിച്ച ശസ്ത്രങ്ങളും വജ്രോപമങ്ങളായ എല്ലുകളുംവിൻ' എന്നുമാത്രമേ ചെയ്തുള്ളു. ആ പുഞ്ചിരി

Digitized By Kerala Sahitya Akademi

യിൽ കളവു കഴുത്തി തിരിശന്മാർ, 'ഇവിടുന്നു ജീവിച്ചിരിക്കെ, ഞങ്ങൾക്കെങ്ങിനെ അന്ധികം കിട്ടും?' എന്നായി. വിപ്രർഷി വീണ്ടും ചിരിച്ചരിയാടി:—'നിങ്ങൾ ഇത്തിരിനേരം ഒരേടത്തു നിൽക്കുവിൻ; ഞാൻതന്നെ എന്റെ ദേഹം ത്യജിച്ചുകളയാം.' ഇതുയംപറഞ്ഞു് ആ യോഗജ്ഞൻ അപ്പോൾതന്നെ യോഗമെടുത്തു പുനരാവൃത്തിയില്ലാത്ത ബ്രഹ്മലോകമണഞ്ഞു. മഹാ സമാധിയടഞ്ഞ ദധീചിയേ കണ്ടു വാനവരെല്ലാം, 'എങ്ങിനെ ദേഹം പിളർത്തണ്ടു?' എന്ന വിചാരത്തിലായി; ഒടുവിൽ ഇന്ദ്രൻ കാമധേനുവിനെ വിളിച്ചു്, ചിജേന്ദ്രന്റെ ദേഹം നക്കുവാനാജ്ഞാപിച്ചു. അതിൻവണ്ണം ആ പയ്യു് ആ ശരീരം നക്കി മാംസരഹിതമാക്കിത്തീർത്തു; ഉടനെ ദേവകം അസ്ഥികളെടുത്തു ശസ്ത്രങ്ങളം നിർമ്മിച്ചു: അദ്ദേഹത്തിന്റെ നട്ടെല്ലു വജ്രവും ബ്രഹ്മശിരസ്സുമായി തീർന്നു. ശസ്ത്രാസ്ത്രങ്ങൾ നിർമ്മിച്ചു ബലപരാക്രമം തഴച്ച വൃന്ദാരകർ വൃത്രവധത്തിന്നായി വെവ്വേലോടെ നടകൊള്ളുകയും ചെയ്തു.

ദേവകാര്യത്തിനുവേണ്ടി അകത്തെയുണ്ടായ്പെട്ട ദധീചിപതി പുറത്തു വന്നപ്പോൾ കണ്ടതു്, മൃതിയടഞ്ഞ ഭർത്താവിനേയും പിളർത്തപ്പെട്ട ശരീരത്തേയുമാണു്! അതെല്ലാം ദേവന്മാരുടെ പണിയാണെന്നറിഞ്ഞു്, ആ സാധ്വിയായ സുവർച്ച അരിശം മൂഴുത്തു് അവരെ ശപിച്ചു:—'അമ്പോ, ഇന്ദ്രാദിദേവന്മാരെല്ലാം ഇതു ദുഷ്ടന്മാരും ശപിക്കപ്പെട്ടവരും ദുരാഗ്രഹികളുമാണല്ലൊ! അവരെല്ലാം ഇന്നു മുതൽക്കു സന്താനവിഹീനരായിത്തീരട്ടെ!' ഇങ്ങനെ ശാപം കൊടുത്തു് ആ തപസ്വിനി സാഭ്രമതിതീരത്തു് അരയാലിൻമൂട്ടിലിരിപ്പായി. ആ പതിവ്രതയും അന്നു ഗർഭമുണ്ടായിരുന്നു; അവൾ, തന്റെ വയർ പിളർത്തി, മഹാത്മാവായ ദധീചിയിൽനിന്നുണ്ടായ കുഞ്ഞിനെ പുറത്താക്കി; അവന്നു പിപ്പലാദനെന്നർത്ഥം പേർ. ആ മഹാപ്രഭു സാക്ഷാൽ രുദ്രന്റെ അവതാരമാകുന്നു. അമ്മ ചിരിച്ചുകൊണ്ടു പിപ്പലാദനോടു പറഞ്ഞു:—'മഹാഭാഗ, നീ വളരെക്കാലം ഈ അരയാലിന്നടുക്കൽ വസിച്ചു്, സകലർക്കും നന്മ നൽകുക.' ഇവ്വിധം മകനോടു കഥിച്ചു്, ആ സാധ്വിയായ സുവർച്ച മഹാസമാധിയാൽ ഭർത്താവിന്റെ അടുക്കൽ ചെന്നു ചേർന്നു; ഇങ്ങനെ ദധീചിപതി, തന്റെ വല്ലഭനോടൊന്നിച്ചു സ്വർഗ്ഗത്തിൽ പാർക്കുകയായി.*.....

ദധീചി മൃതിയടഞ്ഞതറിഞ്ഞു കാമധേനുവിന്റെ കണ്ണീർനിന്നൊഴുകിയ പാൽ മുനിയുടെ പ്രഭാവത്താൽ ഒരു ലിംഗമായിച്ചമഞ്ഞു; അതത്രേ ഉശീശ്വരം. ദേവി, അന്നുമുതൽ സാഭ്രമതിതീരത്തു് ആ സ്ഥലം ഉശീശ്വരതീർത്ഥമെന്ന വിശ്രുതിയിൽ വിളിപ്പെട്ടു. അതിന്റെ

* പുരുഷോത്തമൻ ഒരു ശ്ലോകം വിട്ടു.

Digitized By Kerala Sahitya Akademi

൬൩൪൫ പുരാണസഞ്ചിക [൬൩൪൫൪൫൪൫

ഒരുന്നൂറ്റാറമ്പതാമദ്ധ്യായം

ശിവൻ:—ഉശ്ശോശീരത്തിന്നടുത്തു്, അതിപാവനവും രമണീയവുമായി, പിപ്പലാദന്റെ പേരിനാൽ പാരിടത്തിൽ പുകഴ്പെറ്റ ഒരു തീർത്ഥമുണ്ടു്: അവിടെയയ്യേ, പണ്ടു് അമ്മ പറകയാൽ അമുനി തപസ്സുചെയ്തതും, മഹാരൗദ്രമായ ദധീചിയാകുന്ന അച്ഛനിൽ കടംവീട്ടാൻ വേണ്ടി ബഡബാഗ്നിക്കൊത്ത കൃത്യയെ സൃഷ്ടിച്ചതും. അവിടെ, സാഭ്രമതീതീരത്തു ഗുപ്തമായിരിക്കുന്ന പിപ്പലാദതീർത്ഥത്തിൽ, സ്നാനവും പാനവും ചെയ്താൽ ബ്രഹ്മഹത്യ പോലും വിട്ടൊഴിയും; മുക്തിയും സിദ്ധിക്കും. മഹാദേവി അവിടെ പിപ്പല (പേരാൽ) വൃക്ഷങ്ങളെ യഥാവിധി നട്ടുവളർത്തിയാൽ കമ്മബന്ധമകും.'

പാർവതി:—'നാഥ, എന്തിനാണു് കൃത്യയെ ഉണ്ടാക്കിയതു്? അവൾ എന്തു ചെയ്തു? അച്ഛനിൽ കടം തീർക്കാനാണല്ലൊ മകൻ അവളെ വരുത്തിയതു്.'

ശിവൻ:—'ദധീചി എന്ന മഹർഷിപ്രവരൻ അവിടെ വമ്പിച്ച തപസ്സു ചെയ്ത കാലത്തു്, കോലൻ എന്നൊരസുരൻ ചെന്നു കേറി അദ്ദേഹത്തിന്നു പല പല വിഘ്നം വരുത്തുക പതിവായിരുന്നു; അതൊന്നു കൊല്ലാനാണു്, പുണ്യവാനും ധീമാനുമായ പിപ്പലാദൻ കൃത്യയെ നിർമ്മിച്ചതു്. അവൾ അവനെ കൊല്ലുകയും, ഈ മഹാതീർത്ഥം ഉണ്ടായിവരികയും ചെയ്തു. ഇതു് കലികാലത്തു ഗുപ്തമായിരിക്കും.

ശ്രീപരമേശ്വരമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സാഭ്രമതീമാഹാത്മ്യപ്രകരണം, പിപ്പലാദതീർത്ഥനിരൂപണം,
ഒരുന്നൂറമ്പതാമദ്ധ്യായം.

(o)- —

ഒരുന്നൂറൊന്നാമദ്ധ്യായം

ശിവൻ:—'പിപ്പലാദതീർത്ഥത്തിനപ്പുറം, സാഭ്രമതീതീരത്തു്, വ്യാധിദൈന്ദ്ര്യനാശനമായി നിബാംക്കമെന്നൊരു മഹാതീർത്ഥമുണ്ടു്: പണ്ടു് കോലാഹലയുദ്ധത്തിൽ അസുരരാൽ തോല്പിക്കപ്പെട്ട സുരന്മാർ പ്രാണരക്ഷയ്ക്കായി വൃക്ഷങ്ങളിൽ ഒളിച്ചിരുന്നു. ക്രുവളത്തിന്മേൽ ശിവൻ; അരയാലിന്മേൽ അവ്യയനായ വിഷ്ണു; നെന്മേനിവാകമേൽ സഹസ്രാക്ഷൻ; വേപ്പിന്മേൽ സൂര്യദേവൻ; മറ്റു തക്ക വൃക്ഷങ്ങളിൽ

Digitized By Kerala Sahitya Akademi

മറവുള്ളവരും. വൻപോരിൽ കോലാഹലദൈത്യനെ ശ്രീനാരായണൻ കൊലചെയ്യുന്നതുവരെ അവർ വൃക്ഷങ്ങളിൽ സ്ഥിതിചെയ്തു. യാതൊരു വൃക്ഷത്തിൽ യാതൊരു ദേവൻ പറ്റിയിരുന്നുവോ, ആ വൃക്ഷം ആ ദേവൻതന്നെയായിട്ടുമറിഞ്ഞു; അതിനാൽ ആ വക വൃക്ഷങ്ങളെ നശിപ്പിച്ചുകൂടാ. ഇങ്ങനെ നിംബേത്തിൽ അക്കൻ വിശ്രമിച്ചതിനാൽ, സാഭ്രമതീർത്ഥത്തു നിംബാക്കമെന്ന രോഗനാശനമായ തീർത്ഥമുണ്ടായിവന്നു. അവിടെപ്പോയി കുളിച്ച്, ആ സൂര്യനെ പൂജിക്കുകകൂടിച്ചെയ്താൽ അഭീഷ്ടഫലം കൈവരും. അവിടെവെച്ചു സൂര്യന്റെ പന്ത്രണ്ടു നാമങ്ങളും ജപിക്കുന്നവർ ഏതുജന്മത്തും സുകൃതികളും തന്നെ! ആദിത്യൻ, ഭാസ്കരൻ, ഭാനു, രവി, വിശ്വപ്രകാശകൻ, തീക്ഷ്ണാംശു, മാർത്താണ്ഡൻ, സൂര്യൻ, പ്രഭാകരൻ, വിഭാവസു, സഹസ്രാക്ഷൻ, പൂഷാവ് എന്നീ ദ്വാദശനാമങ്ങളെ മനസ്സിരുത്തി ചൊല്ലുന്ന ബുദ്ധിമാൻ ധനത്തെയും പുത്രപൌത്രരെയും നേടും. പാർവതി, ഓരോ പേർചൊല്ലി സൂര്യനെ പൂജിച്ചാൽ ബ്രാഹ്മണൻ ഏഴു ജന്മം ധനവാനും വേദപാരഗനുമായി ഭവിക്കും; ക്ഷത്രിയൻ രാജ്യം നേടും; വൈശ്യൻ ധനികനായി വരും; ശൂദ്രൻ ഭക്തിമാനാകും. അതിനാൽ ഈ ശ്രേഷ്ഠമായ സുകൃതം ജപിച്ചുകൊള്ളണം. നിംബാക്കത്തിലും മീതെ ഒരു തീർത്ഥമുണ്ടായിട്ടില്ല; ഉണ്ടാകയുമില്ല. അതിൽ സ്നാനവും പാനവുംചെയ്താൽ തീർച്ചയായും മുക്തി കിട്ടും.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സാഭ്രമതീമാഹാത്മ്യപ്രകരണം, നിംബാക്കതീർത്ഥനിരൂപണം
ഒരുന്നൂറമ്പത്തൊന്നാമദ്ധ്യായം.

———(൦)———

ഒരുന്നൂറമ്പത്തിരണ്ടാമദ്ധ്യായം

ശിവൻ:—അവിടെനിന്നു കുറേ ദൂരത്തു് ഒരു ശ്രേഷ്ഠമായ സിദ്ധക്ഷേത്രമുണ്ടു്: പണ്ടു്, ഉഷയ്ക്കുവേണ്ടി വരിച്ച ചിത്രലേഖ കൊണ്ടുപോന്ന അനിരുദ്ധൻ ബാണാസുരപുരത്തിൽ പാശങ്ങൾകൊണ്ടും ബാണങ്ങൾകൊണ്ടും ബന്ധിക്കപ്പെട്ടു സ്ഥിതിചെയ്തു, സദാ പരിപാലനത്തിൽ ശ്രദ്ധിക്കുന്ന സാക്ഷാൽ വൈഷ്ണവശക്തിയായ കോടരാക്ഷിയെ സ്മരിക്കുകയുണ്ടായി; അനിരുദ്ധന്റെ സ്തുതിയാൽ നേരെ സന്നിധിചെയ്ത ആ ദേവിയെ, പോരിൽ ബാണാസുരനെ ജയിച്ചു ദ്വാരകയ്ക്കു തിരിക്കുന്ന കൃഷ്ണൻ നദീതീരത്തു പ്രതിഷ്ഠിച്ചു. ആ തീർത്ഥ

Digitized By Kerala Sahitya Akademi

ത്തിൽ ഒരു വർഷം ഭക്തിയോടെ കളിച്ചു കോടരാക്ഷിയെ ദർശിച്ചാൽ തികഞ്ഞ ശ്രീയുണ്ടായിവരും. സിദ്ധതീർത്ഥത്തിൽ സ്നാനംചെയ്തു കോടരവാസിനിയെ ദർശിച്ച മനുഷ്യർ സിംഹവാഹനത്തിലേറി ശുദ്ധ ലോകത്തു ചെന്നു സൽക്കരിക്കപ്പെടും. സുമുഖി, ആ തീർത്ഥത്തെ സ്മരിച്ചാൽത്തന്നെ മുക്തിയായി! പിന്നെ, അവിടെ പോയാലത്തെ സ്ഥിതി പറയാനുണ്ടോ? വിശേഷിച്ച്. സ്നാനാനന്തരം കോടരാക്ഷീസ്തോത്രം മനസ്സുവെച്ചു ചൊല്ലണം:

'കോടരാക്ഷീ വിശ്വരൂപാ മഹാമായാ ബലാധികാ
ത്രിപുരാ ത്രിപുരഘ്നീ ച ശിവാ വൈ ശിവരൂപിണീ
കന്യാ സാരസ്വതീ പ്രോക്താ ദുർഗ്ഗാ ദുർഗ്ഗതിഹാരിണീ
ഭൈരവീ ഭൈരവാക്ഷീ ച ലക്ഷ്മീദേവീ ജനപ്രിയാ'

എന്നീ പലതരം നാമങ്ങൾ ചൊല്ലുന്ന നരശ്രേഷ്ഠർ ശിവസന്നിധിയടയും. അനിർവ്വചനീയമായ സ്തോത്രം ജപിക്കുന്ന മനീഷികൾ കഷ്ടബന്ധത്തിൽ നിന്നു വിട്ടൊഴിയും; സംശയമില്ല. തീർത്ഥങ്ങളിൽവെച്ചു ത്തമമായ കോടരാതീർത്ഥം ദർശിച്ചാൽത്തന്നെ പാപസഞ്ചയങ്ങൾക്കു രതിവരും.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സപ്തമതിമാഹാത്മ്യപ്രകരണം, കോടരാതീർത്ഥവർണ്ണനം
ഒരുനൂറാംപത്തിരണ്ടാമദ്ധ്യായം.

—(൦)—

ഒരുനൂറാമ്പത്തിമൂന്നാമദ്ധ്യായം

ശിവൻ:—അതിനപ്പുറം തീർത്ഥരാജനെന്നു പേർകേട്ട ഒരു തീർത്ഥമുണ്ട്. അതിങ്കൽ സപ്തനദികളും ചന്ദനാജലത്തോടൊത്തൊഴുകിച്ചേരുന്നു. നൂറുമടങ്ങു മീതെയാണ് അതിൽ സ്നാനം. ദേവപ്രവരനായ വാമനസ്വാമി താൻതന്നെ അതിങ്കൽ സ്ഥിതിചെയ്യുന്ന മാഘദ്വാദശീതിഥിയിൽ അവിടെവെച്ചു തിലധേനുവിനെ നൽകുന്നവൻ സർവ്വപാപനിർമ്മുക്തനായി ഒരുന്നത തലമുറയ്ക്കുൽഗതി വരുത്തും. അവിടെ പിതൃക്കൾക്ക് എള്ളും നീരും നൽകിയാൽത്തന്നെ, ആയിരം വർഷങ്ങളിലെ ശ്രാദ്ധമായി! ഈ രഹസ്യം പിതൃക്കൾ പറയാറുള്ളതാണ്. ആ തീർത്ഥത്തിൽവെച്ചു് ഒരു ബ്രാഹ്മണനെ ഗുളപായസങ്ങൾ കൊണ്ടൂട്ടിയാൽ, ആയിരം ബ്രാഹ്മണരെ ഊട്ടിക്കഴിഞ്ഞു!

ശ്രീപദ്മപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സപ്തമതിമാഹാത്മ്യപ്രകരണം, വാമനതീർത്ഥവർണ്ണനം
ഒരുനൂറാമ്പത്തിമൂന്നാമദ്ധ്യായം.

—(൦)—

Digitized By Kerala Sahitya Akademi

ഒരുന്നൂറനമ്പത്തിനാലാമദ്ധ്യായം

ശിവൻ:—പിന്നെ, സാഭ്രമതീതീരത്തു ഉപ്പുമായിരിക്കുന്ന സോമതീർത്ഥത്തിൽ പോകണം: അവിടെയത്രേ, ശിവൻ പാതാളത്തിൽ നിന്നു നിർമ്മിച്ച കാലാഗ്നിയായിച്ചമഞ്ഞതു്. സോമതീർത്ഥത്തിൽ കുളിച്ചു സോമേശ്വരനായ ശിവനെ ദർശിച്ചാൽ തീർച്ചയായും സോമപാനഫലം കിട്ടും; ഇഹലോകത്തിൽ സൌന്ദര്യം, സൌഭാഗ്യം, ഭോഗ്യസമൃദ്ധി, സർവ്വശാസ്ത്രപാണ്ഡിത്യം എന്നിവയും, പരലോകത്തു ശ്രേയസ്സും ഉണ്ടായിവരും. സുന്ദരി, ഒരിതിഹാസം ശരിക്കു പറയാം; ഇതു കേട്ടാൽത്തന്നെ ബ്രഹ്മഹത്യയും വിട്ടൊഴിയും:

കൌഷീതകമഹർഷി മികച്ച തപസ്സു തുടങ്ങി; അദ്ദേഹം ഇലയും കാറ്റുമേ ഭക്ഷിച്ചിരുന്നുള്ളൂ. അങ്ങിനെ പരമാത്മാവിനെ ധ്യാനിച്ചും കൊണ്ടു വളരെ യുഗം വന്നിച്ച തപസ്സനുഷ്ഠിച്ചു. ഒരിക്കൽ ദൈവയോഗത്താൽ മഹേശ്വരന്നു മനം തെളിഞ്ഞു.

മഹേശ്വരൻ:—'ബ്രാഹ്മണ, ഭവാനു വേണ്ടതൊക്കെയും ഞാൻ തരാം.'

കൌഷീതകൻ:—'ദേവേശ, ഇവിടുത്തെ പ്രസാദത്താൽ ഇവിടെ ഒരു ലിംഗം ഉണ്ടായിവരട്ടെ; അതു സോമേശ്വരദേവനെന്നു പുകഴപ്പെടണം. ഇതിങ്കൽ സ്നാനവും പാനവും ചെയ്താൽ അഭീഷ്ടം നിറവേറണം; വിശേഷിച്ചു്, ശതരുദ്രീയവും മറും ജപിക്കുന്ന നരശ്രേഷ്ഠർ ധർമ്മാർത്ഥങ്ങൾ നേടണം; അപുത്രൻ പുത്രനേയും, അധനൻ ധനത്തേയും, രാജ്യാർത്ഥി രാജ്യത്തേയും നേടുമാറാകണം. സ്വാമിൻ, നിന്തിരുവടി പ്രസാദിച്ചുവെങ്കിൽ ഇതെല്ലാം തന്നരുളിയാലും!'

മഹാദേവൻ ബ്രാഹ്മണന്നു് അതൊക്കെയും കല്പിച്ചു നൽകി; അന്നുമുതൽക്കത്രേ അവിടം സോമേശ്വരതീർത്ഥമായതു് സോമേശ്വരനെ ചന്ദനംകൊണ്ടും ചുകുളത്തിലകൊണ്ടും പൂജിക്കുന്നവർക്കു മനുഷ്യജന്മങ്ങളിൽ പുത്രാദിസുഖം ഉണ്ടായിവരും. സോമവാരത്തിൽ സോമേശ്വരനെ ചെന്നു ദർശിച്ചാൽ എന്നെന്നും അഭീഷ്ടം ലഭിക്കും. ദേവി, അവിടെവെച്ചു പഴങ്ങളും മറും ദാനംചെയ്താൽ, വാഞ്ഛിച്ചതെന്തും നിറവേറും. വെളുത്ത കണവീരപ്പൂവുകൊണ്ടും പാരിജാതപ്പൂവുകൊണ്ടും ആ പിനാകിയായ ശ്രീമഹേശനെ പൂജിക്കുന്നവർ ഉൽകൃഷ്ടമായ ശിവലോകം പൂകും.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സാഭ്രമതീമാഹാത്മ്യപ്രകരണം, സോമതിർത്ഥശ്രേഷ്ഠം
ഒരുന്നൂറൻപത്തിനാലാമദ്ധ്യായം.

——(o)——

Digitized By Kerala Sahitya Akademi

ഒരുനൂറ്റമ്പത്തൊന്നാമദ്ധ്യായം

ശിവൻ:—പിന്നീട്, സാഭ്രമതി കിഴക്കോട്ടൊഴുകുന്നേടത്തുള്ള കപോതതീർത്ഥത്തിൽ പോകണം; അവിടെ പുണ്യകാലങ്ങളിലും കാട്ടുപൂകായ്ക്കുകൊണ്ടു പിതൃക്കൾക്കു തർപ്പണവും ശ്രാദ്ധവും കഴിച്ചു കാകശുനകാദികൾക്കു ബലി നൽകിയവൻ യമമാർഗ്ഗത്തെ സുഖമാംവണ്ണം തരണംചെയ്യും. വൈശാഖമാസത്തിലാണെങ്കിൽ ആ തീർത്ഥത്തിൽ കുളിച്ച്, വെള്ളത്ത കയ്യിലെടുത്തുകൊണ്ടു പ്രാചീനശിവനായ പരമേശ്വരനെ പൂജിച്ചവൻ, തനിക്കും പിതൃപിതാമഹർക്കും ഉൽഗതി വരുത്തും. കപോതം (പിറാവു്) അതിഥിക്കായി സ്വദേഹത്തെ സന്തോഷം കൊടുത്തു്, ദേവഗണങ്ങളാലെല്ലാം സ്തുതിക്കപ്പെട്ട വിമാനത്തിലൂടെ വിണ്ണിലേക്കയുണ്ടായതു മുതൽക്കാണു്. അതു കപോതതീർത്ഥമെന്ന പുകൾപ്പെട്ടതു് അതിൽ സ്നാനവും പാനവും ചെയ്യുന്നവൻ ബ്രഹ്മഹത്യയും വിട്ടൊഴിയും.'

പാർവ്വതി:—'ദേവേശ്വര, കപോതം ശരീരത്തെ നൽകിയതെങ്ങിനെ? എന്താണതിനു കാരണം? എനിക്കറിഞ്ഞുകൂടാ; പറഞ്ഞുതന്നാലും.'

ശിവൻ:—'ദേവേശി, ആ തീർത്ഥത്തിൽ, അസംഖ്യം കൊമ്പുകളും പടർന്ന് ഒരു വമ്പിച്ച ദേവദാരുമരം നില്പുണ്ട്; അതിന്മേൽ വളരെപ്പക്ഷികളും പാർപ്പുണ്ട്. ഒരു കൊമ്പത്തു് ഒരു കപോതപക്ഷീന്ദ്രൻ കുടുംബത്തോടൊന്നിച്ചു സദാ വിഷ്ണുതല്പരനായി നിവസിച്ചിരുന്നു. ഒരു നാൾ, ഹരിവാസരമായ ദ്വാദശീതിഥിയിൽ ഒരു പരുന്തു് അതിഥിയായി വന്ന്, 'കപോതമേ, നിന്റെ ശരീരമാംസം എനിക്കു തരിക; ഇല്ലെങ്കിൽ ഞാൻ ശപിച്ചുകളയും! ഇന്നു ഹരിവാസരമാണല്ലോ; വിശന്നു വലഞ്ഞു വന്നിരിക്കയാണ് ഞാൻ. അതിനാൽ നീ മാംസം തരികതന്നെ വേണം' എന്നു ചൊല്ലി. ഇതുകേട്ട്, മഹാവൈഷ്ണവനായിരുന്ന പിറാവു് ഒട്ടും സംശയിക്കാതെ തന്റെ ശരീരം പരുന്തിനു കൊടുത്തു. ആ ദാനത്തിന്റെ പ്രഭാവത്താൽ അവിടം പാവനങ്ങളിൽവെച്ചു പാവനമായ കപോതതീർത്ഥമായിച്ചമഞ്ഞു. അതിൽ കുളിച്ച്, ശിവനെപ്പൂജിച്ച്, അതിഥികൾക്കു മിഷ്ടാന്നം നൽകിയവരാ ഇഹത്തിൽ സുഖമനുഭവിച്ച്, സനാതനമായ വൈകുണ്ഠം പൂകും. മഹാത്മാവിനു ദേഹം നൽകിയ പിറാവു സൂര്യചന്ദ്രന്മാരുള്ളിടത്തോളംകാലത്തേയ്ക്കു വിഷ്ണുലോകമണഞ്ഞു. അതിനാൽ, അ

Digitized By Kerala Sahitya Akademi

വിടെച്ചെന്നാൽ അതിഥിയെ പൂജിക്കണം; എന്നാൽ സകലവും കൈവരും.'

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സാഭേതിമാഹാത്മ്യപ്രകരണം, കപേതതീർത്ഥാഖ്യാനം ഒരുനൂറമ്പതാമധ്യായം.

ഒരുനൂറമ്പതാറാമധ്യായം

ശിവൻ:— കാശ്യപഹ്രദത്തിനടുത്തു ഗോതീർത്ഥം എന്നൊരു മഹാതീർത്ഥമുണ്ട്. അതിൽ കുളിച്ചാൽ ബ്രഹ്മഹത്യയെപ്പോലുള്ള പാപങ്ങളും അകന്നുപ്പെട്ടും; സംശയമില്ല. പൂർവ്വപാതകത്താൽ ശരീരം കറുത്തുപോയ ഗോക്കൾ ആ തീർത്ഥത്തിൽ കുളിച്ചതിനാലത്രേ വീണ്ടും വെളുത്തതു്. അതിൽ കുളിച്ചു്, ഗോക്കൾക്കു് ഒരുനാളത്തെ തീറ്റ നൽകിയവൻ ഗോമാതൃപ്രസാദത്താൽ മാതൃക്കൾക്കു കടംവീട്ടിയവനായിത്തീരും. ഗോതീർത്ഥത്തിൽ പോയി കുളിച്ചു കറവുപയ്യിനെ ബ്രാഹ്മണേന്ദ്രക്കു നൽകിയവൻ ബ്രഹ്മലോകം പ്രാപിക്കും.'

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സാഭേതിമാഹാത്മ്യപ്രകരണം, ഗോതീർത്ഥവർണ്ണനം ഒരുനൂറമ്പതാറാമധ്യായം.

(൦)

ഒരുനൂറമ്പത്തേഴാമധ്യായം

ശിവൻ:—ദേവി, നഗദേവനിർമ്മിതമായ മഹാഹ്രദം യാതൊന്നിങ്കലോ, അതത്രേ മഹത്തായ കാശ്യപതീർത്ഥം. അവിടെ കശേശ്വരദേവൻ പരിശോഭിക്കുന്നു. കശ്യപകൃതമായ കമനീയ കണ്ഡത്തിൽ കുളിച്ചവൻ നരകം പൂകുകയില്ല. അഗ്നിഹോത്രത്തിലും വേദാദ്ധ്യയനത്തിലും ശ്രദ്ധാലുക്കളായ പണ്ഡിതബ്രാഹ്മണർ കാശ്യപത്തിൽ പാർത്തുപോരുന്നുണ്ടു്. കാശിപോലെതന്നെയാണു്, ഈ ഋഷിനഗരവും. കശ്യപൻ ഇവിടെയാണു് വളരെ തപസ്സുചെയ്തു ശിവജടയിൽനിന്നു ഗംഗയെ വരുത്തിയതു്; ആ കാശ്യപീഗംഗ മാപാപനാശിനിയാകുന്നു—അതിനെ ദർശിച്ചാൽത്തന്നെ ദോഷമെല്ലാം നീങ്ങും. കശ്യപതീർത്ഥത്തിൽ ഗോദാനവും രഥദാനവും പ്രശസ്തമാകുന്നു; പിണ്ഡംവെച്ചിട്ടുവേണം ദാനംചെയ്യാൻ. കരാളമായ കലിയുഗത്തിൽ മാപാപങ്ങളെപ്പോക്കുന്നതായി കാശ്യപതീർത്ഥം

Digitized By Kerala Sahitya Akademi

പോലൊന്ന് ഉണ്ടായിട്ടില്ല; ഉണ്ടാകയുമില്ല! ദേവകളും നിമ്മലരായ ഋഷിമാരുമെല്ലാം ഈ തീർത്ഥപ്രരുമാളെ എന്നെന്നും സേവിച്ചു പാക്കുന്നു.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സാഭ്രമതീമാഹാത്മ്യപ്രകരണം, കാശ്യപതീർത്ഥവർണ്ണനം
എന്നൂറാമ്പത്തേഴാമദ്ധ്യായം.

——(൦)——

ഒരുന്നൂറാൻപത്തെട്ടാമദ്ധ്യായം.

ശിവൻ:—അവിടെനിന്ന്, ഭൃതാലയമെന്ന പാതകഹരമായ ശ്രേഷ്ഠതീർത്ഥത്തിൽ പോകണം: ഭൃതാലയമെന്ന വടവൃക്ഷമുള്ളതും ചന്ദനാ (സാഭ്രമതീ)നദി കിഴക്കോട്ടൊഴുകുന്നതുവുമാണ്. ഭൃതാലയത്തിൽ കുളിച്ചു ഭൃതാലയവടത്തെ ദർശിച്ചാൽ, ഭൃത്യേശ്വരപ്രസാദംകൊണ്ടു ഭൃത്യയേം നേരിടാതാവും.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സാഭ്രമതീമാഹാത്മ്യപ്രകരണം, ഭൃതാലയതീർത്ഥനിരൂപണം
എന്നൂറാമ്പതെട്ടാമദ്ധ്യായം.

——(൦)——

ഒരുന്നൂറാൻപതൊമ്പതാമദ്ധ്യായം

ശിവൻ:—അതിനപ്പുറം ഘടേശ്വരമെന്നൊരു തീർത്ഥമുണ്ട്. അതിൽ കുളിച്ചു ഘടേശ്വരനെ ദർശിച്ചുവൻ തീർച്ചയായും മുക്തിയടയും. ഈ സാഭ്രമതീതീർത്ഥത്തിൽ ഘടമഹാദേവന്നു ലക്ഷപൂജ (ലക്ഷം പുഷ്പാഞ്ജലി) കഴിക്കുന്ന മനുഷ്യന്നാകട്ടെ സർവ്വാഭീഷ്ടവും നിറവേറും.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സാഭ്രമതീമാഹാത്മ്യപ്രകരണം, ഘടേശ്വരതീർത്ഥവർണ്ണനം
എന്നൂറാമ്പതൊമ്പതാമദ്ധ്യായം.

——(൦)——

Digitized By Kerala Sahitya Akademi

ഒരുന്നൂറ്റഞ്ചാമദ്ധ്യായം

ശിവൻ:—അവിടെനിന്നു വൈദ്യനാഥതീർത്ഥത്തിൽ പോകണം. അതിൽ ഭക്തിയോടെ കുളിച്ചു പിതൃതർപ്പണം ശരിക്കു ചെയ്തു ശിവനെ പൂജിച്ചാൽ സർവ്വയജ്ഞങ്ങളുടേയും ഫലം കിട്ടും. സകല പാപത്തേയും സംഹരിക്കുന്ന വിജയദേവനെ ദർശിച്ചവർക്കു കാമിതമെല്ലാം കൈവരും.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സാഭ്രമതിമാഹാത്മ്യകരണം, വൈദ്യനാഥതീർത്ഥവർണ്ണനം
ഒരുന്നൂറ്റഞ്ചാമദ്ധ്യായം.

(൦)

ഒരുന്നൂറ്റാറുപത്തൊന്നാമദ്ധ്യായം.

ശിവൻ:—വൈദ്യനാഥത്തിനപ്പുറം, സർവ്വസിദ്ധികളേയും നൽകുന്ന ദേവതീർത്ഥം എന്നൊരുത്തമ തീർത്ഥമുണ്ട്: ധർമ്മപുത്രർ രാജസൂയ മഹായാഗത്തിനു വിഭീഷണ രാക്ഷസേന്ദ്രനോടു ബലേന കപ്പംവാങ്ങിയല്ലൊ. അന്നു തെക്കേദിക്കു ജയിച്ച പാണ്ഡവൻ, നകുലൻ, സാഭ്രമതിതീരത്തു്, ഭക്തിമുക്തിപ്രദായിയായ പാണ്ഡുരായ്യാദേവിയെ പരമഭക്തിയോടെ പ്രതിഷ്ഠിച്ചു. സാഭ്രമതിയിൽ സ്നാനം ചെയ്തു് ആ പാണ്ഡുരായ്യയെ പൂജിച്ചവന്നു് അണിമാദ്യഷ്ടസിദ്ധികളും വലിയ അശ്വമേധഫണ്ണുകിയും കൈവരും; ഇതിൽ സംശയം വേണ്ട. പാണ്ഡുരായ്യയെ മനഃശുദ്ധിയോടുകൂടി ഒന്നു നമസ്കരിച്ചാൽ, സംവത്സരപൂജയായി എന്നാണു് തത്ത്വജ്ഞന്മാർ. ആ തീർത്ഥത്തിൽ, പാണ്ഡുരായ്യാസന്നിധിയിൽ ദേഹം ത്യജിച്ചവൻ കൈലാസശിഖരം പ്രാപിച്ചു പരമേശ്വരന്റെ പാർഷദനായിച്ചമയും. പണ്ടു് അവിടെ പരമദുഷ്കരമായ തപസ്സു ചെയ്തതിനാലാണു്, ഹനുമാനു സമുദ്രം ചാടാൻ ശക്തിയുണ്ടായതു്.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സാഭ്രമതിമാഹാത്മ്യകരണം, ദേവതീർത്ഥവർണ്ണനം
ഒരുന്നൂറ്റാറുപത്തൊന്നാമദ്ധ്യായം.

—0—

Digitized By Kerala Sahitya Akademi

ഒരുനൂറ്റിരുപത്തിരണ്ടാമദ്ധ്യായം

ശിവൻ:—ഇതിനപ്പുറം ചണ്ഡേശ്വരതീർത്ഥം: അവിടെ ചണ്ഡേശ്വരനായി ഭവാൻ എന്നെന്നും ഭക്തി നൽകുന്നതിനായി വാണരുളുന്നു. ആ തീർത്ഥത്തെ സ്മരിച്ചാൽ, അറിയാതെയോ അറിഞ്ഞോ ചെയ്തുപോയ പാതകം നീങ്ങും. മഹേശ്വരി, ദേവകളെല്ലാവരും കൂടിച്ചെന്ന് അവിടെ ചണ്ഡേശ്വരനെന്നൊരു നാഥനും നിമ്മിച്ചിട്ടുണ്ട്.

ശ്രീപരമമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സപ്തമതീർത്ഥാഖ്യാപകരണം, ചണ്ഡേശ്വരതീർത്ഥവർണ്ണനം,
നൂറ്റിരുപത്തിരണ്ടാമദ്ധ്യായം.

ഓം:—

ഒരുനൂറ്റിമുന്നാമദ്ധ്യായം

ശിവൻ:—ആ തീർത്ഥത്തിനപ്പുറം പുണ്യമായ സാഭ്രമതീതീർത്ഥം ലോകഹിതത്തിനായി ദേവനിർമ്മിതമായ ഗാണപത്യമെന്നൊരു തീർത്ഥമുണ്ട്. ഇതിൽക്കളിച്ചാൽ മുക്തി തീർച്ചതന്നെ. ഭൂമിയിൽ സമുദ്രംവരെയുള്ള എല്ലാ തീർത്ഥങ്ങളേയും പെടിഞ്ഞു്, ഈ അത്യുത്തമതീർത്ഥത്തിൽ തുടർക്കേതിയാൽ ജിതേന്ദ്രിയനായി യാവനൊരുത്തൻ സ്നാനമൂട്ടുമോ, ആ നിർമ്മലാത്മാവിനു സർവ്വയജ്ഞങ്ങളുടെയും ഫലം സിദ്ധിക്കും. ഗാണപത്യതീർത്ഥത്തിൽ പിതൃക്കളെ ഉദ്ദേശിച്ചു വല്ലതും നൽകിയാൽ, അതെല്ലാം ഗണനാഥപ്രസാദത്താൽ സത്യഫലമായിത്തീരും. ഇതിൽ കളിച്ചു ബ്രാഹ്മണനു വൃഷഭത്തെ ദാനംചെയ്യുവൻ സർവ്വലോകങ്ങൾക്കും മീതെ പരമമായ ഗതിയടയും.

ശ്രീപരമമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
അഷ്ടമതീർത്ഥാഖ്യാപകരണം, ഗാണപത്യതീർത്ഥനിരൂപണം
നൂറ്റിരുപത്തിമുന്നാമദ്ധ്യായം.

Digitized By Kerala Sahitya Akademi

ത്രിനവതിനാലാമദ്ധ്യായം

ശിവൻ:—ദേവി, അവിടെനിന്ന്, വാർത്രഘ്നി ഗിരികണ്ണിക (സാത്രമതി)യോടുകൂടിയുള്ളതുന്നേടത്തു പോകണം. ഇന്ദ്രൻകൂടി അവിടെ പോവുകയുണ്ടായി! അവിടെ മനസ്സുറപ്പിച്ചു സ്നാനം ചെയ്യുൽ പത്തശ്വമേധത്തിന്റെ ഫലം കിട്ടും; എള്ളിൽ പിണ്ഡംവെച്ചു ശ്രാദ്ധമൂട്ടിയാൽ മേലും കീഴും ഏഴുഴുതലമുറയും വിശുദ്ധിവരും. സംഗമത്തിൽ കളിച്ചു ഗണേശനെ ശരിക്കു പൂജിച്ചാൽ വിഘ്നം നേരിടുകയില്ല; ശ്രീയും കുറയുകയില്ല.'

പാർവതി:—'എന്തിനാണ്, പുരന്ദരൻ സ്വർഗ്ഗലോകത്തിൽനിന്നു ഭൂലോകത്തുപോവുകയുണ്ടായതു്? ഈ ദേവബ്രഹ്മഘോഷം മുഴങ്ങുന്ന വിണ്ണരമനയിൽ വിഹരിക്കുന്നവനാണല്ലോ പുരന്ദരൻ. വാർത്രഘ്നീനദിയുടെ നിർവചനം എങ്ങനെയാണ്? ഇതും പറഞ്ഞുതരുമാറാകണം.'

'ഈ ചോദ്യം തന്നെ പണ്ടു ഭൂലോകത്തും നടക്കുകയുണ്ടായി—ധാർമ്മികനായ യുധിഷ്ഠിരമഹാരാജാവു ധർമ്മജ്ഞാനസത്രപനായ ഭീഷ്മനോടു ചോദിച്ചു. അപ്പോൾ ഭീഷ്മൻ പറഞ്ഞതു ഞാൻ വേതിയോടു പറയാം: പതിനായിരംകൊല്ലം ഇന്ദ്രനും വൃത്രനും തമ്മിൽ കോരംമഴിക്കൊള്ളിക്കുന്ന പോർ നടന്നു. ഒടുവിൽ തോൽവിപ്പെട്ട വാസവൻ വൃത്രനോടടവടി ചെയ്യുയുദ്ധം നിർത്തി എന്നെ ശരണം പ്രാപിച്ചു—പുണ്യമായ വാർത്രഘ്നീസംഗമത്തിൽ ശങ്കരനെ പ്രസാദിപ്പിച്ചു; അങ്ങിനാൽ ഞാൻ ആകാശത്തു പ്രത്യക്ഷനായി നിന്നു. അപ്പോൾ, എന്റെ ദേഹത്തിൽ നിന്നു കറെ സ്നേഹം കാശ്യപീ (സാത്രമതീ) തീരത്തു നിപതിച്ചു; ആ സ്നേഹാത്രമെന്ന പുണ്യലിംഗമായി പരമേഷ്ഠിയാൽ പ്രതിഷ്ഠിക്കപ്പെട്ടു. ആ ഭൂതേശ്വരനെ ഭക്തിച്ചാൽത്തന്നെ ബ്രഹ്മഹത്യ വിട്ടൊഴിയും. അവിടെ യുഗാരംഭദിവസങ്ങളിൽ ശ്രദ്ധംകഴിച്ചാൽ ഏതു പാപവും നീങ്ങും. ഞാൻ മനം തെളിഞ്ഞു മഹാത്മാവായ മഹർഷിയോടു പറഞ്ഞു:—'ശക്ര, ഭവാനു വേണ്ടുന്നതൊക്കെയും ഞാൻ തരാം. [illegible] വൃത്രനെ ക്ഷണത്തിൽ വധിക്കാം [illegible] ദേവശത്രു. ഇവിടുത്തെ [illegible] ത്രനെ വജ്രംകൊണ്ടു്, ഇവിടുന്നു [illegible] പറഞ്ഞു് അസുരന്റെ നേരേ നടക്കൊണ്ടു.

Digitized By Kerala Sahitya Akademi

(കാകളി)

വിണ്ണാർപുരിയിൽ മുഴങ്ങി തെരുതെരെ-
ട്ടുണ്ടിണ്ടിമങ്ങളിടുമ്പുമ്പുമാദികൾ.
വല്ലാത്തൊരാരവംകേട്ടാപ്പെട്ട ദാനവ-
ക്കെല്ലാം; മഹേന്ദ്രനോ കെല്പുകുടി ക്ഷണാൽ.
എന്നാശു കണ്ടാ പ്രളയാഗ്നി, പൊൽക,വെൽ-
കെന്നായ് പുകഴ്ത്തിനാർ നാഗമഹർഷിമാർ.
ഉർദ്ദ്വശ്മശ്രുക്കൾ, മുനിമാർ പുകഴ്ത്തവേ
യുദ്ധത്തിനായ് പ്രോകമിന്ദ്രനെ വിഗ്രഹം

വൃത്രനു ദുർല്ലക്ഷണങ്ങളുണ്ടായ്തന്നു
തത്ര കപാർമുന്നണിങ്കൽപ്പൊട്ടുന്നതെ:
വക്ത്രമെരിഞ്ഞു; നിറം പകർന്നു ദുലോം;
ഉത്ഥിതമായ് മുടം വൻവീർപ്പു മേൽക്കുമേൽ;
രോമം തഴച്ചു; വിറച്ചു കളേബരം;
ഭീമമാം കൊമ്മിൻ ചാടിയിരുവശം;
ഗൃദ്ധ്രകങ്കംപരന്നുഗ്രാരവങ്ങളി-
ട്ടൊത്തു വട്ടത്തിൽപ്പറന്നു തലയ്ക്കുമേൽ.

അനപ്പുറത്തേറിയെത്തിയ ശക്രനാ-
ട്ടാന നോടോറിയുദ്യതവജ്രനായ്
വൃത്രനും നേത്താനമനഷ്ടമാമൊരു
ശബ്ദമിട്ടു;-ബർകോൻ വരുമെയ്യാൻ തലാ.
ആ വജ്രമുജ്ജ്വലം കാലാഗ്നിസന്നിഭ-
മാഴിതൻവക്കത്തു വീഴിച്ചു വൃത്രനെ
വൃത്രനെക്കൊന്നതു കണ്ടെങ്ങുമാർപ്പിട്ട
നന്ദിത്തുമലർത്തുകി ശക്രനിന്ദ്രോവകം.
ഘോരാസുരന്മാരെക്കൊന്ന പുരന്ദരൻ
സപ്രാജധാനിയണഞ്ഞാൻ സുരസ്ത്രീകൾ.

വൃത്രന്റെ ദേഹത്തിൽനിന്നു പുറപ്പെട്ടി-
രുന്നുയും രൗദ്രയാം ബ്രഹ്മഹത്യയാൻ:
മഞ്ഞച്ചിരട്ട കൊലിഞ്ഞു വികൃതയായ്
മത്സ്യമണം ചെന്നു വിശ്വയേയായ്
രക്താരു പുരണ്ട കപാലമാലാഢ്യയായ്-
ഘോരാവതാരയായ് പ്രാപിച്ചുയാമവൾ.

Digitized By Kerala Sahitya Akademi

ശക്രനെയാരാഞ്ഞു പാണ്ഡവനണ്ഡയണ്ഡസാ
തൽക്കഴുത്തിങ്കൽപ്പിടിച്ചുങ്ങിടിനാദം.
പേടിച്ചു മണ്ടിപ്പൊരുത്താണ്ടുമത്യർക്കോ-
നേടലർത്തണ്ടിലൊളിച്ചിരുന്നീടിനാൻ;
ഹത്യ പണിപ്പെട്ട തേടിനടന്ന കു-
ണ്ഡത്തിപ്പിടിച്ചാളവിടെയുമിന്ദ്രനെ!
അസ്ഥത്തേജസ്സായ് സുരേന്ദ്രൻ; ശ്രമിക്കിലും
ശക്തനായീലായവളെയകറ്റുവാൻ.

അതിനാൽ, അവൾ കടന്നു പിടിച്ചപ്പോഴേയ്ക്കും, ദേവേന്ദ്രൻ കരാടിന്റെ വടിവൊട്ടുള്ള ബ്രഹ്മാവിന്റെ അടുക്കൽ പോയി താണു വണങ്ങി. തേജഃഖണ്ഡലനെ ബ്രഹ്മഹത്യ ബാധിച്ചിരിക്കുന്നതറിഞ്ഞു പിതാമഹൻ അവളെ സ്മരിച്ചു; ഉടനേ അവൾ അവിടെയെത്തി പരമേഷ്ഠിയോടു പറഞ്ഞു:—'ഭഗവൻ, ഞാനിതാ, ഇവിടുത്തെ അടുക്കൽ വന്നിരിക്കുന്നു; ഞാൻ എന്തു ചെയ്യണമെന്ന് അരുളിച്ചെയ്താലും.' വിധാതാവു മധുരസ്വരത്തിൽ ഉരിയാടി:—'ഭാമിനി, നീ എനിക്കുവേണ്ടി ഇയ്യേവരാജാവിനെ വിടുക; അതിനു ഞാൻ നിനക്കെന്തു ചെയ്യുന്നതെന്നു പറയൂ; നിനക്കെന്തു വേണം?'

ബ്രഹ്മഹത്യ:—'ദേവശ്രേഷ്ഠ, ഇവിടുത്തെ അരുളപ്പാടാൽ ഞാൻ ശക്രനിൽനിന്നൊഴിഞ്ഞുകൊള്ളാം. നിന്തിരുവടിക്കു നമസ്കാരം! എനിക്കു പാർപ്പിടം കല്പിച്ചുതന്നാലും. ഇവിടുന്നാണല്ലോ, ലോകരക്ഷയ്ക്കുവേണ്ടി ഈവിധം അതിർവെച്ചിട്ടുള്ളതു്.'

അങ്ങിനെതന്നെ എന്നോറു പിതാമഹൻ ബ്രഹ്മഹത്യയെ ദേവേന്ദ്രങ്കൽ നിന്നൊഴിപ്പിപ്പാൻ അഗ്നിയെ വിളിച്ചാജ്ഞാപിച്ചു:—'ജാതവേദസ്സേ, ഇന്ദ്രന്റെ ബ്രഹ്മഹത്യയിൽ നാലിലൊരംശം നീ വാങ്ങുക.'

അഗ്നി:—'സ്വാമിൻ, എനിക്കെങ്ങിനെ ബ്രഹ്മഹത്യയിൽനിന്നു വിടുതി കിട്ടും? ലോകപൂജിത, ഇതു ശരിയ്ക്കുറിയേണമെന്നപേക്ഷ.'

ബ്രഹ്മാവു്:—'ഹവ്യവാഹ, വല്ല മനുഷ്യനും ജലിക്കുന്ന നിങ്കലണഞ്ഞിട്ടു്, പ്രീജൈരൗഷധിരസങ്ങൾകൊണ്ടും ഉദ്ധതമതകായ്കനികൾകൊണ്ടും ഹോമം ചെയ്യാതിരുന്നാൽ, അപ്പോഴുംതന്നെ ബ്രഹ്മഹത്യ നിന്നെ വിട്ടു് അവനിൽ ചേർന്നുകൊള്ളും; നിനക്കു സുഖം വരട്ടെ.'

Digitized By Kerala Sahitya Akademi

ച്ഛത്രാശനൻ അതിൻവണ്ണം ചെയ്യ. മഹാഭോഗേ, അതിൽ പ്രീതനായ ഭഗവാൻ പിതാമഹൻ വൃക്ഷൗഷധിഗണങ്ങളെ വിളിച്ചു് ഇക്കാര്യം അവശ്യപ്പെട്ടു. അതു കേട്ടിട്ടു് അവയും അഗ്നിയെപ്പോലെ അഴൽപൂണ്ടുണത്തിച്ചു:—'ദേവ, പിതാമഹ, അടിയങ്ങൾക്കെങ്ങിനെ ബ്രഹ്മഹത്യ നീങ്ങും? സ്വതേതന്നെ ഹതരായ അടിയങ്ങളെ വീണ്ടും ഹനിക്കരുതേ: അടിയങ്ങൾ സദാ തീയും കാറും മഴയും തണുപ്പും വെട്ടലും പിളർത്തലും സഹിച്ചുപോരുന്നു.'

ബ്രഹ്മാവു്:—'മൂഢത്ത മെയ്ഡ്യംമൂലം വെറുതെ നിങ്ങളെ വെട്ടുകയും പിളർക്കുകയും ചെയ്യുന്നതെവനോ, ഇവം അവനിൽ പകർന്നു കൊള്ളും.'

മഹാത്മാക്കളായ വൃക്ഷൗഷധിഗണങ്ങൾ ഇതു സമ്മതിച്ചു്, ബ്രഹ്മാവിനെ വണങ്ങി, വന്നപാടേ നടകൊണ്ടു. പിന്നീടു് ലോകപിതാമഹൻ അപ്സരസ്സുകളെ വിളിച്ചു മധുരമാംവണ്ണം സാന്ത്വനംചെയ്തു പറഞ്ഞു:—'വരാംഗനമാരേ, വൃത്രനിൽനിന്നു വന്നുചേർന്ന ഈ ബ്രഹ്മഹത്യയിൽ നാലിലൊരംശം നിങ്ങൾ വാങ്ങണമെന്നു ഞാൻ ആവശ്യപ്പെടുന്നു.'

അപ്സരസ്സുകൾ:—'ദേവേശ, കല്പിച്ചാൽ ഞങ്ങൾ വാങ്ങുകതന്നെ ചെയ്യാം; എന്നാൽ വിടുതി എങ്ങിനെ എന്നാലോചിക്കേണമേ.'

ബ്രഹ്മാവു്:—'രജസ്വലസ്ത്രീകളെ സംഗിക്കുന്നതെവനോ, ഇവം തൽക്ഷണം അവനിൽ ചേർന്നുകൊള്ളും; നിങ്ങൾക്കു സങ്കടം വേണ്ടാ.'

'എന്നാൽ മതി' എന്നും പറഞ്ഞു്, മനം കളിത്ത അപ്സരസ്ത്രീകൾ സ്വസ്ഥാനങ്ങളിൽ പോയി സസുഖം നിവസിച്ചു. അനന്തരം ജഗൽസ്രഷ്ടാവു ജലത്തെ സ്മരിച്ചു; അതോടുകൂടി ജലം വന്നണഞ്ഞു് അമിതതേജസ്സായ പിതാമഹനെ നമസ്കരിച്ചുണർത്തിച്ചു:—'തിരുമേനി, ഇതാ, അടിയൻ തിരുവുള്ളമനുസരിച്ചു തിരുമുമ്പിൽ വിടകൊണ്ടിരിക്കുന്നു; അരിന്ദമ, കല്പന തന്നരുളിയാലും.'

ബ്രഹ്മാവു്:—'വൃത്രനിൽനിന്നു് ഇങ്ങനെ ബാധിച്ചിരിക്കുന്ന ഈ ഘോരബ്രഹ്മഹത്യയിൽ നാലിലൊരംശം നീ വാങ്ങുക.'

ജലം:—'ജഗദീശ, അങ്ങുപ്പാടുപോലെയാവാം. എന്നാൽ, അടിയനു വിടുതി എങ്ങനെ എന്നു കല്പിച്ചാലോചിക്കണം! ദേവേശ, നിന്തിരുവടിതാനല്ലൊ, ജഗത്തിന്നെല്ലാം ഉറവ ഗതി. അടിയങ്ങളെ കഷ്ടപ്പാടിൽനിന്നു കരകേറുവാൻ മറ്റാരോടപേക്ഷിക്കും?'

Digitized By Kerala Sahitya Akademi

ബ്രഹ്മാവ്:—'കാച്ചല്ലേ ഉള്ള വ്യവസ്ഥ കഴിഞ്ഞു, യാവനൊരുത്തൻ ബുദ്ധിമോഹത്താൽ നിന്നിൽ മലമൂത്രകഫങ്ങളെ വിസർജ്ജിക്കുമോ, ഇവനെ തൽക്ഷണം അറുത്തു ഭക്ഷിച്ചു പാപം തീർക്കുകൊള്ളുക; അങ്ങനെ നിനക്കു വിടുതി കിട്ടും, സംശയമില്ല.'

ഉടനെ ബ്രഹ്മഹത്യ ബ്രഹ്മശാപത്താൽ ദേവേന്ദ്രനെ വിട്ടു നിർദ്ദിഷ്ടസ്ഥാനങ്ങളിലേയ്ക്കു ഗമിച്ചു. ഇങ്ങനെ, ചണ്ഡ ബ്രഹ്മഹത്യ പറഞ്ഞതിനനുസരിച്ചു, പുരുഹൂതൻ ഈ തീർത്ഥത്തിൽ സ്നാനം ചെയ്തു; പിന്നെ അശ്വമേധവും കഴിച്ചു പാപം നീങ്ങി പരിശുദ്ധനായിട്ടു സ്വർഗ്ഗത്തിലേയ്ക്കു തിരിച്ചു. വാർത്രത്തെ വൃത്രനിൽനിന്നു നേടിട്ട ബ്രഹ്മഹത്യാപാപത്തെ, ഫനിപ്പിച്ചതിനാൽ വാർത്രഘ്നി എന്നു പേർ വന്നു.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സമ്മോഹിമഹാത്മ്യകഥനം, വാർത്രഘ്നിതീർത്ഥം
ഒരുനൂറ്റിരുപത്തിനാലാമദ്ധ്യായം.

—(൭)—

ഒരുനൂറ്റിരുപത്തഞ്ചാമദ്ധ്യായം.

ശിവൻ:—'വാർത്രഘ്നീസംഗമത്തിനപ്പുറം ദേവനദി ശ്രേയോദ്യോന്നിച്ചു വരുണാലയമായ സമുദ്രത്തിലണഞ്ഞു; സമുദ്രം ആ പ്രിയതമയായ സാഭ്രമതിയോടൊത്തിണങ്ങി അനുരാഗത്താൽ പ്രണയകേളികളാടി. സുഭദ്രയുടെ സഖിയായ ആ ദ്രോണദി സാക്ഷാൽ ശ്രീരൂപംധരിച്ചു വഴിക്കുവെച്ചു കൂടിച്ചേർന്നു; അവ കൂടിച്ചേർന്നേടം പുണ്യസ്ഥലമത്രേ. സമുദ്രോത്തരതീരത്തു്, ആ തീർത്ഥത്തിൽ സ്നാനംചെയ്തു്, ശുദ്ധീകൃതമായ ജലം നൽകി, വരാഹമൂർത്തിയെ വന്ദിച്ചവൻ വരുണലോകം പൂകും. യജ്ഞവരാഹസ്വരൂപനായ വിഷ്ണുഭഗവാൻ ആ വഴിയിലൂടെയാണു്, സമുദ്രമുപ്പുക്ക ദൈവവൈരികളായ ദൈത്യരെയെല്ലാം ജയിച്ചതു്; തന്തിരുവടി വളരെക്കാലം കടലിട്ടു കലക്കിക്കളിയാടി, കർദ്ദമാലയത്തിലൂടെ പുറത്തേയ്ക്കു പോന്നു.'

പാർവ്വതി:—'ദേവ, യജ്ഞവരാഹം സാഭ്രമതിയുപ്പുക്കതും കർദ്ദമാലയത്തിലൂടെ പുറത്തുപോന്നതും വിസ്തരിച്ചു പറഞ്ഞുതരിക.'

ശിവൻ:—'വരാഹമൂർത്തിയായ വാസുദേവൻ ഭൂമിക്കടിയിൽ കളിയാടിയതെല്ലാം ഞാൻ പറയാം: പർവതാത്മജേ, ഭഗവാൻ ദേവകാര്യത്തിനു സൂകരരൂപം ധരിച്ചു്, ഭൂമിദേവിയെ പൊക്കിയെടുത്തു കർദ്ദമാലയത്തിലൂടെ നിഷ്ക്രമിച്ചു; അവിടെ വാരാഹമെന്ന

Digitized By Kerala Sahitya Akademi

മഹാതീർത്ഥം ഉണ്ടായി വന്നു. അതിൽ കുളിച്ചാൽ മുക്തി തീർച്ചയെന്നു അവിടെ ശ്രാദ്ധം കഴിച്ചവൻ പിതൃക്കളോടൊപ്പം വിമുക്തിനേടി, സുഖകരമായ മഹാലോകത്തു ചെന്നുചേരും.

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സാഭ്രമതീമാഹാത്മ്യപ്രകരണം, വൃദ്ധഹാരീതോപാഖ്യാനകഥനം
നൂറ്റിരുപത്തൊന്നാമദ്ധ്യായം.

———:o:———

നൂറ്റിരുപത്തൊന്നാമദ്ധ്യായം

ശിവൻ:—സാഭ്രമതീഗംഗാ സാഗരത്തോട് ചേരുന്നേടം സംഗമമെന്ന തീർത്ഥമത്രേ. അതിൽ സ്നാനവും ദാനവും ശരിയ്ക്കു ചെയ്താൽ മാപാപികർക്കും മുക്തിവരും. അവിടെ സപിണ്ഡശ്രാദ്ധം കഴിച്ചവൻ എന്നെന്നും പിതൃലോകത്തു വസിക്കും. സാഭ്രമതീസമുദ്രസംഗമം ബ്രഹ്മഹത്യയെക്കൂടി നശിപ്പിക്കും; പിന്നെ മറ്റു പാപങ്ങളെ പറയാനുണ്ടോ? മനുഷ്യൻ ഭാഗ്യദോഷത്താൽ എവിടെ തീർത്ഥം കണ്ടെത്തിയില്ലയോ, അവിടെ എന്റെ നാമംകൊണ്ട് ഉത്തമതീർത്ഥം ഉണ്ടാക്കിക്കൊള്ളുണം.

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സാഭ്രമതീമാഹാത്മ്യപ്രകരണം, സംഗമതീർത്ഥനിരൂപണം
നൂറ്റിരുപത്തൊന്നാമദ്ധ്യായം.

———(o)———

നൂറ്റിരുപത്തിരണ്ടാമദ്ധ്യായം

ശിവൻ:—സംഗമത്തിനടുത്തു്, ജഗൽപ്രസിദ്ധമായി ആദിത്യതീർത്ഥമെന്നൊന്നുണ്ട് അതിലും മീതേ ഒന്നുണ്ടായിട്ടില്ല; ഉണ്ടാകയുമില്ല! മനുഷ്യർ അതിനെ ദർശിക്കണം; സ്നാനം ചെയ്യണം; താമരപ്പൂവുകൊണ്ടും എരിക്കിൻപൂവുകൊണ്ടും കണവീരപ്പൂവുകൊണ്ടും പൂജിക്കണം; അവിടെ ശ്രാദ്ധദാനങ്ങളും കഴിക്കണം. പാപനാശനവും പവിത്രവുമാകുന്ന ആദിത്യതീർത്ഥം അതു ദർശിച്ചാൽ മാപാപികർക്കും പുണ്യം സിദ്ധിക്കും

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
[illegible]പ്രകരണം, ആദിത്യതീർത്ഥവർണ്ണനം
നൂറ്റിരുപത്തിരണ്ടാമദ്ധ്യായം.

———(o)———

Digitized By Kerala Sahitya Akademi

൪൩൩നൂറ്റെഴുപത്തൊന്നാമദ്ധ്യായം.

ശിവൻ:—വേറേ നീലകണ്ഠതീർത്ഥമെന്നൊന്നുണ്ട്. മുക്തി തേടുന്നവൻ അതു ദർശിക്കണം. ക്രുവളത്തിലകൊണ്ടും ധൂപദീപങ്ങൾ കൊണ്ടും നീലകണ്ഠനേ പൂജിച്ചാൽ, നിനച്ചതെല്ലാം നിറവേറും. ദേവി, വിജനത്തിൽ ഉപവാസം ചെയ്യുന്നവർക്ക്, അന്തിയുറക്കി അഭീഷ്ടമെന്തും കൊടുക്കും.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സാഭ്രമതിമാഹാത്മ്യപ്രകരണം, നീലകണ്ഠതീർത്ഥനിരൂപണം
൪൩൩നൂറ്റെഴുപത്തൊന്നാമദ്ധ്യായം.

(൦)

൪൩൩നൂറ്റെഴുപത്തൊന്നാമദ്ധ്യായം

ശിവൻ:—ദേവി, സാഭ്രമതിനദി ഉർഗ്ഗയോടുകൂടി സമുദ്രത്തിൽ ചേരുന്നേടത്തു സ്നാനംചെയ്യാൽ, വിശേഷിച്ചും കലികാലത്തു്, ദോഷങ്ങളൊന്നിങ്ങും. ഉർഗ്ഗാസംഗമത്തിൽ ചെന്നാൽ ശ്രാദ്ധം, ബ്രാഹ്മണഭോജനം, ഗോമഹിഷീദാനം എന്നിവ യഥാവിധി കഴിക്കണം. പരമധന്യയും പവിത്രയും പാപനാശിനിയുമാകുന്നു സാഭ്രമതി; അതിനെ ദർശിച്ചാൽത്തന്നെ മനുഷ്യർക്കു പാപമുക്തി വരും. ഗംഗയെപ്പോലെതന്നെയാണ് സാഭ്രമതി; കാലികാലത്തു വിശേഷിച്ചും തുലോം അഭീഷ്ടപ്രദയാകുന്നു. സാധ്വി, എന്റെ വായിൽ വളരെ നാവുണ്ടെങ്കിൽക്കൂടി, സാഭ്രമതിയുടെ ഗുണങ്ങളം പറഞ്ഞൊപ്പിക്കാൻ ഒരിക്കലും തോവില്ല!

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സാഭ്രമതിമാഹാത്മ്യപ്രകരണം, ഉർഗ്ഗാസംഗമവർണ്ണനം
൪൩൩നൂറ്റെഴുപത്തൊന്നാമദ്ധ്യായം.

(൦)

൪൩൩നൂറ്റെഴുപത്തൊന്നാമദ്ധ്യായം

ശിവൻ:—പാർവ്വതി, മൂന്നു ലോകത്തും ദുർല്ലഭമായ ഒരു വൃത്തം പറഞ്ഞുതരാം; ഇതു ശ്രവിച്ചാൽ ബ്രഹ്മഹത്യാദി പാപങ്ങളൊക്കെ വിട്ടൊഴിയും. കേതനമയ്യൻ, ചോദശസൂര്യന്മാരെ വഹിച്ചു മഹാ

Digitized By Kerala Sahitya Akademi

ത്മാവായ നരസിംഹം അവതരിച്ചു പ്രത്യക്ഷീഭവിച്ചതെന്നോ, ആ മാസത്തിൽ ആ തിഥിയിൽ വ്രതമനുഷ്ഠിക്കണം. *

പാർവ്വതി:—'സ്വാമിൻ, വിശ്വനാഥ, അസംഖ്യം അവതാരങ്ങൾ പറയപ്പെട്ടിട്ടുണ്ടല്ലോ; ശ്രേഷ്ഠമായ നരസിംഹാവതാരം കഥിച്ചാലും; ഇതു മനസ്സിലാക്കിയാൽ അതുതന്നെ ലോകർക്കു സുഖം സിദ്ധിക്കുമല്ലോ.'

ശിവൻ:—'ഹിരണ്യകശിപുവിനെ കൊന്നതിനുശേഷം സുഖമായി സ്ഥിതിചെയ്യുന്ന ജഗൽഗുരുവായ ദേവദേവനോട് തിരുമടിയിലിരുത്തപ്പെട്ട പരമജ്ഞാനിയായ പ്രഹ്ലാദൻ ചോദിച്ചു:—'ഭഗവൻ, വിഷ്ണോ, അത്ഭുതകരമായ നരസിംഹരൂപം ധരിച്ചിരിക്കുന്ന നിന്തിരുവടിക്കു നമസ്കാരം! സുരേശ്വര, ഇവിടുത്തെ ഭക്തനായ ഞാൻ ഒന്നു ചോദിക്കട്ടെയോ? എങ്ങിനെയാണു് എനിക്കു നിന്തിരുവടിയിങ്കൽ അദ്വൈതഭക്തിയുണ്ടായതും ഞാൻ ഇവിടെയ്ക്കു പ്രിയപ്പെട്ടവനായതും?'

നരസിംഹം:—'വത്സ, മഹാപ്രാജ്ഞ, നിനക്കു ഭക്തിയുണ്ടായതും നീ എനിക്കു പ്രിയപ്പെട്ടവനായതും ഇന്നതുകൊണ്ടാണെന്നു ഞാൻ പറയാം; ഏകാഗ്രചിത്തനായി കേട്ടുകൊള്ളുക: മുൻജന്മത്തിൽ നീ ഒരു ബ്രാഹ്മണന്റെ മകനായിരുന്നു; വാസുദേവനെന്നായിരുന്നു പേരു്. നീ വേദവും മറ്റും പഠിക്കുകയുണ്ടായില്ല; പോരെങ്കിൽ, ഒരു വേശ്യയിൽ ലംപടനായും തീർന്നു. പുണ്യം യാതൊന്നും ചെയ്യാറില്ലായിരുന്നു; മധുവും ഘൃതവും ചെലുത്തി, തേച്ചിടിഞ്ഞിയുമായി മത്തടിച്ചുകൂട്ടും! എന്നാൽ, എന്റെ വ്രതത്തിന്റെ പ്രഭാവത്താൽ നിനക്കു ഭക്തിയുണ്ടായിവന്നു.'

പ്രഹ്ലാദൻ:—'ദേവേശ, വിസ്മരിച്ചുരുളിച്ചെയ്താലും: ഞാൻ അതുടെ പുത്രനായിരുന്നു? എന്തൊരു വ്രതമാണു്, വേശ്യാസക്തനായിരുന്ന ഞാൻ വല്ലവിധത്തിലുമനുഷ്ഠിക്കുവാനായതു്? എങ്കൽ കനിഞ്ഞു് എല്ലാം അരുളിച്ചെയ്യുമാറാകണം.'

നരസിംഹം:—'പണ്ടു വ്യുഷ്ടിക്കായി ബ്രഹ്മാവു് എന്റെ ഈ ശ്രേഷ്ഠവ്രതം അനുഷ്ഠിക്കുകയുണ്ടായി; ഇതിന്റെ പ്രഭാവത്താലത്രേ ചരാചരങ്ങളെ സൃഷ്ടിച്ചതു്. പരമേശ്വരൻ ഈ വ്രതമനുഷ്ഠിച്ചു് ഇതിന്റെ പ്രഭാവത്താലാണു മുപ്പുരത്തെ ദഹിപ്പിച്ചതു്. മറ്റും പലരെ ദേവന്മാരും ഋഷിന്മാരും പണ്ടത്തെ മഹാപ്രാജ്ഞരായ രാജാക്കന്മാരും ഈ ഉത്തമ വ്രതം അനുഷ്ഠിച്ചു്, സിദ്ധികളെല്ലാം നേടിയിരി

* യിങ്ങനെയിതിന്റെ പ്രാധാന്യമെടുത്തുകാണിച്ചുതന്നിട്ടുണ്ടു്; ഇതു മനസ്സിലാക്കേണ്ടതുതന്നെ.

Digitized By Kerala Sahitya Akademi

ക്കുന്നു; അവർ എനിക്കു പ്രിയപ്പെട്ടവരായി ലോകം മുഴുവനും സുഖേന വിഹരിച്ചുപോരുന്നു. പ്രഹ്ലാദ, ഈ വ്രതത്താലാണ് നിനക്ക് എങ്കൽ ഉൽകൃഷ്ടഭക്തിയുണ്ടായതു്. ആ വേശ്യാസ്ത്രീ ഒരപ്സരസ്സായി ചമഞ്ഞു സ്വർഗ്ഗത്തിൽ അനേക സുഖമനുഭവിച്ചു് എന്നിൽ ലയിച്ചു; നീയും എന്നോടുചേരും. എന്നാൽ നീ എന്റെ ദേഹത്തിൽനിന്നു വേറെ ജനിച്ചതു കായ്ത്തിനുവേണ്ടിയാകുന്നു; കായ്മെല്ലാം കഴിഞ്ഞാൽ വീണ്ടും നീ എന്നോടുചേരും. ഈ ശ്രേഷ്ഠവ്രതമനുഷ്ഠിച്ച മനുഷ്യർക്ക്, നൂറായിരംകല്പം കഴിഞ്ഞാലും പുനരാവൃത്തിയില്ല; ദരിദ്രൻ കുബേരനൊത്ത ധനികനാകും; തേജസ്സിച്ഛിക്കുന്നവൻതേജസ്വിയാകും; രാജ്യാർത്ഥി രാജ്യം നേടും; ആയുസ്സാഗ്രഹിക്കുന്നവനു ശിവനൊത്ത ആയുസ്സുണ്ടാകും; സ്ത്രീകൾക്കു സൌമംഗല്യവും പുത്രനും ഭാഗ്യവും ധനധാന്യങ്ങളും ദുഃഖശാന്തിയും കൈവരും. സ്ത്രീകളോ പുരുഷന്മാരോ എന്റെ ഈ വ്രതം അനുഷ്ഠിച്ചാൽ, അവർക്കു ഞാൻ സുഖവും മുക്തിയും മുക്തിയും കൊടുക്കും. വത്സ, എന്തിനേറെ പറയുന്നു? ഈ വ്രതത്തിന്റെ ഫലം പറഞ്ഞൊപ്പിക്കുവാൻ ഞാനാളല്ല; ശിവനും ആളല്ല.'

പ്രഹ്ലാദൻ:—'ഭഗവാൻ പ്രസാദിച്ചു് ഈ ഉത്തമവ്രതത്തിന്റെ ഫലം എന്നെ ശ്രവിപ്പിച്ചു; ഇതിനെനിക്കിടവന്നതു ദേവൽ ഭക്തിയാലാകുന്നു. ഇനി, ഇതിന്റെ വിധി കേൾക്കേണ്ടുമെന്നുണ്ടു്. ഏതു മാസത്തിൽ ഏതു ദിവസത്തിലാണു് ഈ വ്രതം? എങ്ങിനെ അനുഷ്ഠിച്ചാൽ സംപൂർണ്ണഫലം സിദ്ധിക്കും? ഇതു വിസ്തരിച്ചരുളിച്ചെയ്യാലും.'

നരസിംഹം:—'ഉണ്ണി, പ്രഹ്ലാദ, നിനക്കു മംഗളം! മനസ്സിരുത്തി കേട്ടുകൊള്ളുക: വൈശാഖത്തിലെ വെളുത്ത ചതുർത്ഥിതിഥിയിലാണു്, എന്നെ പ്രീതിപ്പെടുത്തുന്ന ഈ വ്രതം ആചരിക്കേണ്ടതു്. അന്നായിരുന്നു എന്റെ അവതാരം; ഭക്തന്മാരുടെ സുഖത്തിന്നായി, ഒരു കാരണത്താൽ ഞാൻ പടിഞ്ഞാറേ ദിക്കിൽ ആവിർഭവിക്കുകയുണ്ടായി.

മൌലിസ്ഥാനം എന്നൊരു പുണ്യക്ഷേത്രമുണ്ടു്. അവിടെ, വേദപാരഗനായി ജ്ഞാനധ്യാന പരായണനായി ഹാരീതൻ എന്നൊരു ബ്രാഹ്മണനുണ്ടു്. അദ്ദേഹത്തിന്റെ ഭാര്യ, ലീലാവതി, സതിക്കൊത്ത സുന്ദരിയും സുശീലയും സദാ ഭർത്താവിനു വശംവദയുമാകുന്നു. ആ ദമ്പതിമാർ വളരെക്കാലം മുമ്പിച്ച തപസ്സുചെയ്തു; അങ്ങിനെ കൃ-യുഗം കഴിഞ്ഞപ്പോൾ ഞാൻ അവർക്കു പ്രത്യക്ഷനാ

Digitized By Kerala Sahitya Akademi

യി, 'ബ്രഹ്മൻ, ഭോഗം എന്തെന്തു വേണമോ, അതെല്ലാം ഞാൻ തീർച്ചയായും തരാ'മെന്നു പറഞ്ഞു. അപ്പോൾ, അവർ, 'വരം കല്പിച്ചു തരികയാണെങ്കിൽ, ഇവിടത്തെപ്പോലെയുള്ള ഒരു പുത്രൻ ഉണ്ടായി വരട്ടെ' എന്നാവശ്യപ്പെട്ടു. അതിന്നു ഞാൻ, 'ഞാൻതന്നെ പുത്രനാകാം; എന്നാൽ വിശ്വകർമ്മാവായി പരമാത്മാവായി പരാൽപരനായിരിക്കുന്ന ഞാൻ ഗർഭത്തിൽ വസിക്കുകയില്ല. ഈ ക്ഷേത്രത്തിൽ വസിക്കാം.' എന്നു മറുപടിപറഞ്ഞു. 'എന്നാൽ മതി' എന്നു ഹാരീതൻ സമ്മതിച്ചു. അനന്തരം ഭക്തർക്കുവേണ്ടി ആ ക്ഷേത്രത്തിൽ വസിച്ചുപോരുന്നു. അവിടെ വന്നു ദർശനംകഴിക്കുന്ന ഭക്തസത്തമന്മാർ ഞാൻ സർവ്വബാധകളേയും ഇല്ലാതാക്കാം. ഇതേ കാരണത്താലുള്ള ഈ വ്രതം ആർ ശരിക്കു അനുഷ്ഠിക്കുമോ, അവനു ഭയം നേരിടുകയില്ല. രാത്രിയിൽ ബാലരൂപനായ എന്നേയും വിശേഷിച്ചു് ആ ദമ്പതിമാരേയും ധ്യാനിച്ചു പൂജിക്കുന്നവൻ വിഷ്ണുതന്നെയായി ഭവിക്കും! നാലു കൈകളോടും വമ്പിച്ച ദംഷ്ട്രകളോടും സിംഹത്തിന്റെ മുഖത്തോടും മനുഷ്യന്റെ ശരീരത്തോടുംകൂടിയവനായി കാലരൂപനായി കോടി സൂര്യപ്രഭനോയി കോടി യമന്മാർക്കും അടുത്തുകൂടാത്തവനായിരിക്കുന്ന ദിവ്യനൃസിംഹത്തെ പതിവായി ധ്യാനിക്കുന്നവൻ എന്റെ സ്ഥാനമണയും. ഇഹലോകം പവിത്രവും ഭക്തന്മാർക്കു സമൃദ്ധിപ്രദവും ഒടുവിൽ മുക്തിയെക്കൂടി നൽകുന്നതുമാകുന്നു ഈ മഹാവ്രതം. ഇതനുഷ്ഠിച്ചാൽ അയിരം ചാന്ദ്രായണത്തിന്റെ ഫലം കിട്ടും. ചോതിനാളും ശനിയാഴ്ചയും സിദ്ധിയോഗവും വരുന്നതിനുംകൂടിച്ചേർന്നാൽ ഈ വ്രതം ഒരുകോടി ഹത്യകളെ നശിപ്പിക്കും; ഇവയിൽ ഏതെങ്കിലുമൊന്നു കൂടിച്ചേർന്നാൽ പാപങ്ങളെ വേർപെടുത്തും. അറിഞ്ഞിട്ട് എന്റെ ജന്മദിനത്തെ ആർ നോൽക്കില്ലയോ, അവൻ പാപിയായി, ആസൂര്യചന്ദ്രം നരകത്തിൽക്കിടക്കും.

വത്സ, എന്റെ ദിനം വന്നാൽ, ഭക്തൻ തലേന്നാൾ പല്ലുതേച്ചു ജിതേന്ദ്രിയനായി എന്റെ മുമ്പിൽ, 'അദ്യാഹം തേ വിധാസ്യാമി വ്രതം നിർവിഘ്നതാം നയ!' എന്ന സങ്കല്പംചെയ്യണം. വ്രതക്കാരൻ ഉറ്റജനങ്ങളോടു സംസാരിക്കുകയും മറ്റും ചെയ്യരുതു്. ഉച്ചയൂണു കഴിഞ്ഞു... മുതലായവയിലേതിലെങ്കിലും വൈദികമന്ത്രം ചൊല്ലി കളിക്കുക: സർവ്വപാപശാന്തിക്കായി, മണ്ണു്, ചാണകം, നെല്ലിക്ക, എള്ളു് എന്നിവകൊണ്ടു യഥാവിധി സ്നാനംചെയ്തു്, വെള്ളവസ്ത്രങ്ങൾ ധരിച്ചു നിത്യകർമ്മം കഴിക്കുക. പിന്നെ ഗൃഹത്തിൽ ഒരേടം മെഴുകി അഷ്ടദളപദ്മമിട്ടു്, അതിൽ രത്നാന്വിതമായ ഒരു ചെമ്പുകുടം വച്ചു്, അതിന്റെ മുകളിൽ അരി നിറച്ച ഒരു പാത്രം വെയ്ക്കുക; ആ

Digitized By Kerala Sahitya Akademi

പാത്രത്തിൽ, ലക്ഷ്മിയോടുകൂടിയ എന്റെ പ്രതിമയഥാശക്തി സ്വർണ്ണംകൊണ്ടുണ്ടാക്കിയതു പ്രതിഷ്ഠിച്ചു്, പഞ്ചാമൃതംകൊണ്ടഭിഷേചിക്കുക; എന്നിട്ടു് ഉരാഗ്രഹമില്ലാത്തവനും ശാസ്ത്രജ്ഞനുമായ പുരോഹിതബ്രാഹ്മണനെ വരുത്തി മുൻനിത്തി പൂജിക്കുക. അവിടെ പൂകലകംകൊണ്ടു മണ്ഡപമുണ്ടാക്കണം. അക്കാലത്തെപ്പൂക്കൊണ്ടു ഷോഡശോപചാരങ്ങളോടേ, വേദപുരാണമന്ത്രങ്ങൾ ചൊല്ലി വഴിപോലെ പൂജിക്കുക. ചന്ദനകർപ്പൂരകുങ്കുമങ്ങളും തുളസീദളങ്ങളും ശ്രീനരസിംഹത്തിനു സമർപ്പിച്ചവൻ മുക്തൻതന്നെ! എന്നെന്നും വിഷ്ണുപ്രിയമായ കാരകിൽധൂപം ഗുരുവായ നാരായണനു നൽകിയാൽ സർവകാമങ്ങളും കൈവരും; മഹാദീപം ജ്വലിപ്പിച്ചാൽ അജ്ഞാനതിമിരം നീങ്ങും; മണിയടിച്ചു മഹാനീരാജനമുഴിയുകയും വേണം.

'നൈവേദ്യം സൌഖ്യദം ചാരു ഭക്ഷ്യഭോജ്യസമന്വിതം
ദദാമി തേ രമാകാന്ത, സർവപാപക്ഷയം കുരു!'

എന്നു നൈവേദ്യമന്ത്രം; നമസ്കാരമന്ത്രം ഇതാണ്:

നൃസിംഹാച്യുത, ദേവേശ, ലക്ഷ്മീകാന്ത, നമോസ്തുതേ
അനേനാദ്യ പ്രഭാതേന സർവകാമാർത്ഥസിദ്ധയേ!
അനേനൈവ വിധാനേന സഫലാഃ സന്തുമേരഥാഃ
നൃസിംഹ, ദേവദേവേശ, തവ ജന്മദിനേ ശുഭേ
ഉപവാസം കരിഷ്യാമി സർവഭോഗവിവർജ്ജിതം;
തേന പ്രീതോ ഭവ സ്വാമിൻ പാപം ജന്മനിരാകുരു!

രാത്രിയിൽ പാട്ടുംകൊട്ടുമായി ഉറക്കമിളയ്ക്കണം; ശ്രീനൃസിംഹകഥകൾ മേന്മ പുരാണം വായിക്കണം. പിറേന്നു പ്രഭാതത്തിൽ കുളിച്ചു്, മുൻ പറഞ്ഞതിൻവണ്ണം ശ്രദ്ധിച്ചു പൂജിക്കണം; എന്റെ മുമ്പിൽ വൈഷ്ണവബ്രാഹ്മണർ മനസ്സുവെച്ചു് അനുഷ്ഠിക്കണം. പിന്നെ ലോകത്രയശ്രേയസ്സിനായി, സൽപാത്രങ്ങളായ ബ്രാഹ്മണർക്കു ഗോത്രത്തിലസുവർണ്ണങ്ങളും കിടക്കയും സമ്പദ്ധാന്യങ്ങളും മറ്റും കഴിവുപോലെ നൽകണം. പറഞ്ഞ ഫലം കിട്ടണമെങ്കിൽ ദ്രവ്യം കുറയാതിരിക്കണം. പിന്നീടു ബ്രാഹ്മണർ ഉണ്ടാൽ ഭക്ഷിച്ചശേഷം കൊടുക്കണം. നിർലോഭനും നോറ്റു യഥാശക്തി ദാനം ചെയ്യണം. എല്ലാ ജാതിക്കാർക്കും ഈ വ്രതം നോൽക്കാം; വിശേഷിച്ചും എന്റെ ഭക്തർ എന്നെ ധ്യാനിച്ചു നോറ്റുകൊള്ളുണം. ഒടുവിൽ

Digitized By Kerala Sahitya Akademi

മേച്ഛദേശേ യേ നരാ ജാതാ യേ ഭവിഷ്യാശ്ച മാനവാഃ
താനുദ്ധരസ്വ ദേവേശ, ദുഃഖേഭ്യോ ഭവസാഗരാത്!
പാതകാഗ്നേഃ പ്രദഗ്ധസ്യ വ്യാധിഭിശ്ചാംബുഹാരിഭിഃ
ജീവൈസ്സ പരിഭ്രഷ്ടസ്യ മഹാദുഃഖഗതസ്യ മേ
കരാവലംബനം ദത്ത്വാ ശേഷശായിൻ. ജഗത്പതേ!
പ്രസീദാനേന ദേവേശ, ഭുക്തിമുക്തിപ്രദോ ഭവ!'

എന്നിങ്ങനെ പ്രാർത്ഥിച്ച ദേവനെ യഥാവിധി ഉപചരിച്ച്, ഉപഹാരം മുതലായതൊക്കെ പുരോഹിതന്ന നൽകണം. പിന്നീട ദക്ഷിണാസന്തോഷിതരായ ബ്രാഹ്മണരേയും പിരിച്ചയച്ച്, വിഷ്ണുധ്യാനത്തോടെ ബന്ധുക്കളൊന്നിച്ച് ഊൺ കഴിക്കുക.

ഒരു മുതലുമില്ലാത്തവനും പതിവായി ചതുർദ്ദശി നോറ്റാൽ, ഏഴു ജന്മത്തെപ്പാപം നീങ്ങും. ഈ പാപനാശനമായ വ്രതം ഭക്തിയോടെ ശ്രദ്ധിച്ചാൽത്തന്നെ ബ്രഹ്മഹത്യകൂടി വിട്ടൊഴിയും. ഈ പവിത്രമായ പരമഗുഹ്യവ്രതത്തെ കീർത്തിക്കുന്നവൻ, ഇതനുഷ്ഠിച്ചാലെന്നപോലെ സർവകാമങ്ങളും നേടും. ഈ വ്രതം നോറ്റ്, മധ്യാഹ്നത്തിൽ യഥാശക്തി ലീലാവതീഹാരീതരേയും നരസിംഹത്തേയും പരമഭക്തിയോടേ പൂജിച്ചവൻ ശാശ്വതമുക്തിയടയും.

ആ ക്ഷേത്രത്തിൽ പോയി നരസിംഹത്തെ പൂജിച്ചാൽ, നരസിംഹപ്രസാദത്താൽ എന്നെന്നും വാഞ്ഛിതം നിറവേറും.

ശ്രീനൃസിംഹ, മഹദ്രൂപ, കാലകോടിഭയാനക,
ഭൈരവേശ, ഹരാത്മിഷ്ണ, ബാലരൂപ, നമോസ്തുതേ!
ശ്രീനൃസിംഹാദിരൂപായ ബാലായ ബാലരൂപിണേ
വ്യാപകായ സനന്ദായ സർവാത്മപ്രകടരൂപിണേ
സർവജീവാത്മകായൈവ വിശേഷായ സുരാത്മനേ
മാത്രാണ്ഡമണ്ഡലസ്ഥായ ദയാസിന്ധോ, നമോസ്തുതേ!
ചതുർവിംശസ്വരൂപായ കാലരുദ്രാഗ്നിരൂപിണേ
ജഗദേകസ്വരൂപായ നൃസിംഹായ നമോസ്തുതേ!
ഭാലേ ധാരയ മോ ദേവീം നൃസിംഹോ വീരഭദ്രജിൽ
ദാരശോടിത്യബിംബാനി സുതപ്പാനി പ്രമാണതഃ'

സുന്ദരി, സിന്ധു എന്നൊരു രമ്യയായ മഹാപുണ്യനദിയുണ്ടല്ലൊ; അതിന്റെ സമീപത്ത്, ദേവനിർമ്മിതമായ മൌലിസ്ഥാനനഗരം ഇന്നും ശോഭിക്കുന്നു. ഈ പിടി ഹാത്മാവായ ഹാരീതനും ലീ

Digitized By Kerala Sahitya Akademi

ലാവതിയും നിവസിക്കുന്നുണ്ട്. സിന്ധുനദീസമീപത്തു് നരസിംഹാവതാരത്തിലെ അത്ഭുതകരമായ ശബ്ദത്തിന്റെ മാറ്റൊലി കേൾക്കാം. കലികാലത്തു്, അവിടെ പാപചാരികളായ ംലേച്ഛർ വളരെപ്പേർ പാപ്പുകം. ബ്രഹ്മഹത്യനോ, കനകസ്തേയിയോ, സുരാപായിയോ, ഗുരുതല്പഗനോ സിന്ധുവിൽ പോയി സ്നാനം ചെയ്യാൽ, നരസിംഹപ്രസാദത്താൽ പാപമുക്തി നേടും; സംശയമില്ല. പത്തു രാത്രി അവിടെ പാർത്തവർ സുകൃതികളത്രേ! പരമാർത്ഥമാണു് ഞാൻ പറഞ്ഞതു്. കലികാലത്തു് അവിടെ വസിച്ചാൽ ബ്രാഹ്മണാദിജാതികളേയും വേദബാഹ്യരായ ംലേച്ഛരെപ്പോലെ കരുതണം. അവർ മാംസം തിന്നും; കള്ളുകുടിക്കും; അതിനാൽ അധർമ്മമുക്തികളായ മാപാപികളാകുന്നു. സുരേശ്വരി, സന്ധ്യാവന്ദനമില്ലാത്ത വിപ്രരെപ്പോലെ വേദബാഹ്യരാവും, ആ പശ്ചിമനഗരത്തിൽ പാർക്കുന്നവർ. ഇങ്ങനെയാണു്, നൃസിംഹതീർത്ഥത്തിന്റെ ചരിത്രം. ഇതു ശ്രവിച്ചാൽത്തന്നെ അൽക്ഷണം പാപമുക്തി വരും.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
സാളഗ്രാമമാഹാത്മ്യപ്രകരണം, നൃസിംഹതീർത്ഥനിരൂപണം
ഒരുന്നൂറെഴുപതാമദ്ധ്യായം.

(൫)

ഒരുന്നൂറെഴുപത്താന്നാമദ്ധ്യായം

പാർവ്വതി:—ഭഗവൻ, സർവ്വജ്ഞാ, ഇവിടുത്തെ പ്രസാദത്താൽ, ലോകങ്ങൾക്കുൽഗതിക്കുതകുന്ന പലതരം ശ്രീവിഷ്ണുധർമ്മങ്ങളും ഞാൻ ശ്രവിച്ചു; ഇനി ഗീതയുടെ മാഹാത്മ്യംകൂടി കേൾക്കണമെന്നുണ്ടു്; അതു കേട്ടാൽ വിഷ്ണുവിങ്കൽ ഭക്തി വർദ്ധിക്കുമല്ലോ. എങ്കിൽ സ്നേഹമുണ്ടെങ്കിൽ, അതും പറഞ്ഞുതരുമാറാകണം!'

ശിവൻ:—

ഖഗാധിരാജന്റെ പുറത്തു കേറും
കളായവർണ്ണൻ, കമലാമണാളൻ,
അനന്തതല്പോപരി പള്ളികൊള്ളു—
മനന്തനാരായണനാശ്രയം മേ!

ഒരിക്കൽ, രമണീയാസനത്തിൽ, സുഖമാംവണ്ണം ഇരുന്നരുളുന്ന മഹാവിഷ്ണുവിനോടു്, ജഗത്തുകളെ ആനന്ദിപ്പിക്കുന്ന ലക്ഷ്മീദേവി

Digitized By Kerala Sahitya Akademi

സാദരം ചോദിച്ചു:—'ഭഗവൻ, ഇവിടുന്ന് ഐശ്വര്യത്താൽ ലോകങ്ങളെ നിലനിർത്തുന്നുണ്ടെങ്കിലും, ഉദാസീനനെന്നപോലെ പാലാഴിയിൽ കിടന്നുറങ്ങുന്നതെന്തുകൊണ്ടാണ്?' ദേവിയുടെ അനുരാഗമുറ്റ ചോദ്യം കേട്ടിട്ട് വിസ്മയത്താൽ തുറക്കൺവിടർന്ന മധുസൂദനൻ മധുരമായി കഥിച്ചു:—'സുമുഖി, ഉറങ്ങുകയല്ല ഞാൻ; എന്റെ മായാശരീരത്തെ ആത്മാനുഭവത്തിനിയായ അന്തർദൃഷ്ടികൊണ്ടു ദർശിക്കുകയാണ്. യാതൊന്നിനെ യോഗികൾ കൃശാഗ്രബുദ്ധികൊണ്ടു ദർശിക്കുന്നുവോ, യാതൊന്നിനെ വേദങ്ങളുടെ സത്തെന്നഭിപ്രായപ്പെടുന്നുവോ, അജരമായി അനാമയമായി അഖണ്ഡാനന്ദസന്ദോഹമായി നിഷ്ക്രിയമായി ദ്വൈതവർജ്ജിതമായി ഏകമായിരിക്കുന്ന ആത്മജ്യോതിസ്സു യാതൊന്നോ, ലോകത്തിന്റെ മൂടു യാതൊന്നോ, ചരാചരസൃഷ്ടിപ്രവാഹത്തിൽ യാതൊന്നൊഴിഞ്ഞു് ഒന്നുമില്ലയോ, ദ്വൈപായനൻ വേദാഗമസമുദ്രത്തെ പലതരത്തിൽക്കടഞ്ഞു ഗീതാശാസ്ത്രമുണ്ടാക്കിയതു യാതൊന്നിനെ കണ്ടെത്തിയിട്ടോ, അതിനെ ഭാവനചെയ്തു് എപ്പോഴും പരമാനന്ദത്തിൽ നിമഗ്നനാകയാലാണ് ഞാൻ പാലാഴിയിൽക്കിടന്നുറങ്ങുന്നതായി ദേവതിക്കു തോന്നുന്നതു്.' മുരാരിയുടെ ഈ ആനന്ദകരമായ മിതഭാഷണം കേട്ടിട്ട മനംകുളിർത്ത മലർമാങ്കിനു വിസ്മയത്താൽ കണ്ണുകൾ വിടർന്നു.

ലക്ഷ്മി:—'ഹൃഷീകേശ, ഇവിടുത്തെയാണല്ലോ സന്ന്യാസിമാർ ധ്യാനിച്ചുപോരുന്നതു്; അങ്ങിനെയുള്ള ഭവാങ്കൽനിന്നു പരമാർത്ഥം നുണഞ്ഞോ! ചരാചരജഗജ്ജന്തുക്കളുടെ കർത്താവും ഹർത്താവുമായ് സർവ്വംപ്രഭുവായിരിക്കുന്നവനിൽനിന്ന് അന്യനാണു ഭാവനെങ്കിൽ, എനിക്കു മനസ്സിലാക്കിത്തന്നാലും.'

വിഷ്ണു:—'ദേവി, എന്റെ ഈ ശരീരം വാസ്തവത്തിലുള്ളതല്ല; സൃഷ്ടിസ്ഥിതി സംഹാരകർമ്മങ്ങളും നിരന്തരം നടത്തിപ്പോരുന്ന മായാമയമായ ഒന്നാകുന്നു. വാസ്തവരൂപം വേറെയാണ്: അതിനു ദ്വൈതാദ്വൈതങ്ങളില്ല, ഭാവാഭാവങ്ങളില്ല, ആദ്യന്തങ്ങളില്ല; സച്ചിൽപ്രകാശസിദ്ധിയാകുന്ന പരമാനന്ദത്താൽ പരമസുന്ദരവും അദ്വൈതൈകൃഗമ്യവുമായി ഗീതയിൽ കീർത്തിക്കപ്പെട്ട ഈശ്വരരൂപമാണതു്.' അളവറ്റ തേജസ്സുള്ള തന്തിരുവടിയുടെ ഈ അരുളപ്പാടു കേട്ടപ്പോൾ പരസ്പരവിരോധം തോന്നുകയാൽ ദേവി വീണ്ടും ചോദിച്ചു:—'വാക്കിനും മനസ്സിനും ഗോചരമല്ലാത്ത പരമാനന്ദം തന്നെയാണ് ഭവദ്രൂപമെങ്കിൽ, അതിനെ ഗീത പ്രതിപാദിക്കുന്നതെങ്ങിനെ? എന്റെ ഈ സംശയം തീർത്തുതരിക.' കൊള്ളാമെന്നു പുഞ്ചിരിക്കൊണ്ടു ഭഗവാൻ പരമാത്മദർശിനിയായ ഗീതയെ ശ്രീദേവിക്കു പറഞ്ഞുകൊടുത്തു:—'പരമേശ്വരി, ആത്മാവായ ഞാൻ പരൻ എന്നും അപരൻ എന്നും

Digitized By Kerala Sahitya Akademi

൬൩൨൨ പുരാണസഞ്ചിക [൪൩൩൪൦൪൦൪൦

ച്ചു മാനംചെയ്തു. അതനുസരിച്ച്, അവിടത്തുകാരി ഒരു തേവിടിശ്ശിയും എന്തോ കൊടുത്തു; എന്നാൽ അവരുടെ ഭാവത്തിന്റെ പുണ്യം അറിഞ്ഞുകൂടായിരുന്നു.

കാലനെ കാംക്ഷിക്കുന്നവർ ആരും യമപുരിയിലേയ്ക്കു കൊണ്ടുപോയില്ല; എന്നാൽ, തേവിടിശ്ശി കൊടുത്ത പുണ്യംമൂലം അതിനെ വിട്ടയച്ചു. അതു വീണ്ടും ഭൂലോകത്തേയ്ക്കു പോന്നു, കലശീലസമ്പന്നമായ ഒരു ബ്രാഹ്മണകുലത്തിൽ ജനിച്ചു. മുൻജന്മസ്മരണയുണ്ടായിരുന്നതിനാൽ ആ ബ്രാഹ്മണൻ, കുറെക്കാലം കഴിഞ്ഞപ്പോൾ, തന്റെ അജ്ഞാനത്തെക്കെടുത്ത ശ്രുതിസ്മൃതാദ്യനേകശാസ്ത്രങ്ങൾ വേണ്ടി, തേവിടിശ്ശിയുടെ അടുക്കൽച്ചെന്ന വിവരം അറിയിച്ചു ചോദിച്ചു. അവളുടെ മറുപടി ഇങ്ങനെയായിരുന്നു:—'ഈ തത്ത ക്കൂട്ടിലിരുന്ന് എന്തോ പതിവായി ചൊല്ലാറുണ്ട്; അതുമൂലം മനഃശുദ്ധിവന്നതാൻ ആ പുണ്യം അങ്ങയ്ക്കു തന്നു.' അവരിരുവരുംകൂടി പിന്നെ തത്തയോടു ചോദിച്ചു. ആ പക്ഷി, തന്റെ മുൻജന്മം സ്മരിച്ച് അന്നു നടന്ന കഥ പറയാൻ തുടങ്ങി:—'മുൻജന്മത്തിൽ ഒരു വിദ്വാനായിരുന്ന ഞാൻ വൈദുഷ്യത്താൽ ഗർവിതനായിത്തീർന്ന്, രാഗദ്വേഷങ്ങളാൽ, ഗുണവാന്മാരായ വിദ്വാന്മാരോടുപോലും മത്സരിച്ചുപോന്നു. അതിനാൽ, കാലധർമ്മമടഞ്ഞ ഞാൻ കെടുലോകങ്ങളിൽ പാർത്ത്, തത്തക്കൂട്ടത്തിൽ വന്നു ജനിച്ചു. ഗുരുനിന്ദനപാതകത്താൽ ഞാൻ അച്ഛനമ്മമാരോടു വേർപെട്ടു വഴിക്കു വെയിലേറു വലയുമ്പോൾ, എന്നെ മഹർഷിമാർ എടുത്തുകൊണ്ടു പോയി, മഹത്തുക്കൾ ചേർന്ന ആശ്രമത്തിൽ ഒരു കൂട്ടിൽ പാർപ്പിച്ചു. അവിടെ ഋഷികുമാരന്മാർ ഗീതയുടെ ഒന്നാമത്തെ അദ്ധ്യായം ആദരവോടെ ഉരുവിടുമ്പോഴായിരുന്നു; അതു ഞാനും കേട്ടു പഠിച്ചു ചൊല്ലിപ്പോന്നു. അങ്ങിനെയിരിക്കെ, ഒരു പക്ഷിപ്പിടുത്തക്കാരൻ എന്നെ കട്ടുകൊണ്ടു പോന്നു വിലയ്ക്കു വിറ്റു. ഇതാണ് എന്റെ കഥ. ഈ അദ്ധ്യായം മുമ്പു ചൊല്ലിപ്പോന്നതിനാൽ എന്റെ പാപം നീങ്ങി; ഇവർക്കു മനഃശുദ്ധി വന്നു; പുരുഷോത്തമനെ മുക്തി നേടി.' ഇങ്ങനെ തമ്മിൽ സംസാരിച്ച്, അവർ അതിന്റെ മാഹാത്മ്യം പ്രശംസിച്ചു, പതിവായി പാരായണം ചെയ്തുതുടങ്ങി; ഒടുവിൽ മുക്തിയുമടഞ്ഞു. അതിനാൽ പ്രഥമാദ്ധ്യായം ചൊല്ലുകയോ കേൾക്കുകയോ നിത്യം വായിക്കുകയോ ചെയ്യുന്നവന്നു സംസാരസമുദ്രം കടപ്പാൻ പ്രയാസമുണ്ടാവില്ല.

ശ്രീപരമമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംഭാഷണത്തിൽ ഏകാദശീവിഷ്ണുസംവാദം; ഗീതാമാഹാത്മ്യപ്രകരണം പ്രഥമാദ്ധ്യായ പ്രഭാവകഥനം എന്നീ രണ്ടാമദ്ധ്യായം.

——(o)——

Digitized By Kerala Sahitya Akademi

ഒരുന്നൂറെഴുപത്തിരണ്ടാമദ്ധ്യായം

വിഷ്ണു:—ഇന്ദിരേ, ഒന്നാമദ്ധ്യായത്തെസ്സംബന്ധിച്ച പുണ്യോപാഖ്യാനം പറഞ്ഞുവല്ലോ; മറ്റദ്ധ്യായങ്ങളുടേയും മാഹാത്മ്യം കേട്ടുകൊള്ളുക:

തെക്കേട്ടിക്കിൽ പുരന്ദരമെന്ന ബ്രാഹ്മണപുരത്തിൽ ശ്രീമാൻ ദേവശർമ്മാവ് എന്നൊരു ധർമ്മിഷ്ഠനായിരുന്നു. ആ വേദശാസ്ത്രജ്ഞൻ അതിഥികളെ പൂജിക്കുകയും, പല യാഗം കഴിച്ച് അഗ്നിയിൽ ഹവിസ്സുകൾ ഹോമിച്ച ദേവകളെ തൃപ്തിപ്പെടുത്തുകയും ചെയ്തുപോന്നു; എന്നാലും, ഏകാന്തശാന്തി അദ്ദേഹത്തിന്നുണ്ടായില്ല. അതിനാൽ മുക്തിമാർഗ്ഗം അറിയുന്നതിന്നുവേണ്ടി, അദ്ദേഹം നാനാതരം സത്യസങ്കല്പരായ തപസ്വികളെ പല തരത്തിൽ പരിചരിപ്പാൻ തുടങ്ങി. അങ്ങിനെ കാലം വളരെ കഴിഞ്ഞപ്പോൾ ഒരു സന്ന്യാസി പുരോഭാഗത്തു പ്രത്യക്ഷനായി. യാതൊന്നിലും ആഗ്രഹമില്ലാതെ, ദൃഷ്ടി നാസാഗ്രത്തിൽ അടിച്ച പരബ്രഹ്മത്തെ ധ്യാനിച്ച പരമാനന്ദമനുഭവിക്കുന്ന ആ ശാന്താത്മാവിന്റെ കാലു പിടിച്ച്, അഭിജ്ഞനായ ദേവശർമ്മാവ് അദ്ദേഹത്തിന്ന വഴിപോലെ ആതിത്യം ചെയ്തു; അതു തെളിഞ്ഞ മകുടി താപസനെ സന്തോഷിപ്പിച്ചു. അതിന്നുശേഷം ദേവശർമ്മാവു താഴ്മയോടേ ആത്മനിവ്വാണം ചോദിച്ചു. അതിന്ന് ആ ആത്മജ്ഞന്റെ മറുപടി, പുണ്യപുരത്തുള്ള മിത്രവാനെന്ന ആട്ടിടയൻ ഉപദേശിക്കുമെന്നായിരുന്നു. ദേവശർമ്മാവു സന്ന്യാസിയുടെ കാൽക്കൽ അഭിവാദ്യം ചെയ്ത പുണ്യപുരത്തു ചെന്നെത്തി.

അതിന്ന വടക്കുവശത്ത് ഒരു വലിയ കാട കാണപ്പെട്ടു. കാറ്റേറ്റുലയുന്ന വിവിധലതാകുസുമങ്ങളുടെ സൌരഭ്യം ഇടതിങ്ങി, മദംതിരണ്ട വണ്ടിണകളുടെ മധുരധ്വാകാരത്താൽ നാലുപാടും മുഴങ്ങിയിരുന്ന ആ വനത്തിൽ, നദീതീരത്ത്, ഒരു പാറമേൽ മിത്രവാൻ ആനന്ദസ്നിഗ്ധനയനനായി സ്ഥിതിചെയ്തിരുന്നു. പുറവും, അന്യോന്യവിരോധികളായജന്തുക്കൾപോലും സഹോദരനെയുള്ള വൈരം വെടിഞ്ഞു ചുഴന്നുനില്ക്കുന്നതിനാൽ പവനൻ പതുക്കെപ്പതുക്കെപ്പോരുന്നു. ശാന്തങ്ങളായ മൃഗയൂഥങ്ങളിൽ കനിവുറന്ന ആനന്ദസുന്ദരമായ കണ്ണുകൊണ്ടു ഭൂമിയിൽ അമൃതു തൂകുന്നുവോ എന്നു തോന്നിച്ച മിത്രവാനെ കണ്ടു സന്തുഷ്ടമാനസനായ ദേവശർമ്മാവ് അടുത്തുചെന്നു വന്ദിച്ചു. അദ്ദേഹവും തലയൊന്നു കുനിച്ചു ദേവശർമ്മാവിനെ സൽക്കരിച്ചു. ആ പണ്ഡിതൻ അനന്യ

Digitized By Kerala Sahitya Akademi

ചിന്തനായി സഞ്ചരിക്കുന്നു, ധ്യാനം നിർത്തിയ മിത്രവാനോട് തന്റെ ഉദ്ദേശം കാണിച്ചു:—"ആത്മജ്ഞാനമുണ്ടാകണമെന്നാണ് എന്റെ ആഗ്രഹം; അതിനുള്ള ഉപായം ഭവാൻ ഉപദേശിച്ചുതരുമാറാകണം!" മിത്രവാൻ ക്ഷണനേരം ആലോചിച്ചശേഷം: —"വിഭവൻ, ഒരു പുരാവൃത്തം ഞാൻ പറയാം:

ഗോദാവരീതീരത്തു പ്രതിഷ്ഠാനം എന്നൊരു നഗരമുണ്ട്. അവിടെ ഒരു വിഭവൽകുലത്തിൽ ഉർദ്ധമൻ എന്നൊരാളുണ്ടായിരുന്നു. അയാൾ അവിടത്തെ രാജാവായ വിക്രമനെ സേവിച്ചു ദാനംവാങ്ങി, തന്റെ വയർമാത്രം പോറിപ്പോന്നു. കാലം വന്നപ്പോൾ അയാൾ കാലപാശംകൊണ്ടു ബന്ധിച്ചു യമാലയമണയ്ക്കപ്പെട്ട്, നരകങ്ങളിൽ കിടന്നു. വീണ്ടും ഭൂമിയിലേയ്ക്കു പോന്നപ്പോൾ, അയാൾ ഒരു ഉർവൃത്ത ശിജകുലത്തിൽ ജനിച്ചു. മുൻ ജന്മത്തിലെ അവിദ്യ അയാളെ വിട്ടിരുന്നില്ല. അയാൾ വേട്ടയ്ക്ക് ഒരു ഹീനകുലത്തിലെ കീഴ്വണക്കമില്ലാപ്പെണ്ണിനെയായിരുന്നു. അവൾ ബാല്യംവിട്ടു യൌവ്വനാരൂഢയായി: കൊങ്കകൾ വളർന്നുരുണ്ട്, നിതംബം പരന്ന്, മദാലസാക്ഷിയായിത്തീർന്ന അവൾ ഭർത്താവിന്റെ ദുർല്ലക്ഷ്യം സഹിക്കാതെ, പരപുരുഷരെ കാമിച്ചുതുടങ്ങി. ഭർത്താവ് ഉപജീവനത്തേടാൻ പോയാൽ, മായ്ച്ചു നഗരത്തിൽനിന്നു പുറത്തുപോന്ന്, ഒരു ചണ്ഡാലനാകുന്ന കാമുകനോട്ടു ചേരുകയതിവായി. അതിൽ ഗർഭംധരിച്ച് അവൾ ഒരു പെൺകുട്ടിയെ പ്രസവിച്ചു. പിന്നീട് ആ മകൾ തന്നെയായി. പൂർവ്വപാപത്താൽ ചണ്ഡാലന്റെ ഭാര്യ അന്ധകീഴ്വിയായി ഒരു ഡാകിനിയായിത്തീർന്നു. ദുസ്സംസർഗ്ഗത്താൽ ബുദ്ധികെട്ട അവൾ ജനങ്ങളാൽ പുറത്താക്കപ്പെട്ട ശ്മശാനത്തിൽ ചുറ്റിനടക്കെ, ചോരകുടിപ്പാൻ വേണ്ടി, ദുർന്നടിസംഗത്താൽ രോഗിയായിരുന്ന ആ വ്യാധനെ പിടിച്ചു തിന്നു. കാലന്യൂനത്തെ കാട്ടാളൻ പ്രാണിഹിംസാവിപാകത്താൽ പലതരം നരകമനുഭവിച്ച് ഒരു വ്യാഘ്രമായി ജനിച്ചു; കാലേന ആ ദുഷ്ടയും യമാലയമണഞ്ഞ്, ദുരാധർഷങ്ങളായ നരകങ്ങളിൽ കിടന്ന്, തന്റെ വീട്ടിൽ ഒരു പെണ്ണാടായിപ്പിറന്നു. ഞാൻ അവളേയും വേറെ ആടുകളേയും കാട്ടിൽ മേയ്ച്ചുമ്പോൾ, എല്ലാവരിനേയും പിടിപ്പാനെന്നപോലെ ആ ഘോരമായ വ്യാഘ്രം വന്നെത്തി. അതുകണ്ടു മരണഭീതനായ ഞാൻ ആട്ടിൻകൂട്ടത്തെ മുമ്പിലാക്കി, കതിച്ചു പാഞ്ഞു. കടുപൂണ്ടവൈരമോർത്ത് ആ പെണ്ണാടിനോടു പാഞ്ഞടുത്തു. അവൾ ഓടി നദീതീരത്തെത്തി; അതോടുകൂടി അവൾക്ക് ഭയം പിടിപെട്ടതിനാൽ വ്യാഘ്രവൈരം വിട്ട് അടങ്ങിനിൽക്കുകയായി. അപ്പോൾ അവൾ പറഞ്ഞു: —"വ്യാഘ്രമേ, എന്റെ മാംസം

Digitized By Kerala Sahitya Akademi

ഇഷ്ടംപോലെ തിന്നുകൊൾക. ഇങ്ങനെയല്ലായിരുന്നുവെല്ലോ നിന്റെ വിചാരം; ഇപ്പോൾ വെറുതേ നിൽക്കുന്നതെന്താണ്?' വാശിയുകൊണ്ട വ്യാഘ്രം മറുപടി പറഞ്ഞു:—'ഇവിടെ വന്നപ്പോൾ എനിക്കു മനഃക്ഷീണമുണ്ടായി; പൈദാഹങ്ങളും അടങ്ങി. അതിനാൽ അവനെ കിട്ടിയെങ്കിലും നിന്നെ ഞാൻ ആഗ്രഹിക്കുന്നില്ല.' അവൾ ചോദിച്ചു:—'ഞാൻ നിർദ്ദയയായതെങ്ങിനെ? ഇതിന്റെ കാരണം നിനക്കറിയാമെങ്കിൽ പറഞ്ഞാൽ കൊള്ളാം' 'എനിക്കറിഞ്ഞുകൂടാ; ഇതാ, ഇക്കാണുന്ന മഹാത്മാവിനോട് ചോദിക്കാം' എന്നുപറഞ്ഞു വ്യാഘ്രം പെണ്ണാടിനോടൊന്നിച്ച് എന്റെ അടുക്കൽ വന്നു ചോദിച്ചു. അത്യന്തം ആശ്ചര്യപ്പെട്ട ഞാൻ അവരോടുകൂടി, ഒരു ധ്യാനത്തിനോട് ചെന്നു ചോദിച്ചു. ഇതായിരുന്നു കപീന്ദ്രന്റെ മറുപടി:—'അജാപാല, ഒരു പഴങ്കഥ കേട്ടുകൊൾക:

ഈതാ, നോക്കൂ, കാട്ടിൽ ഒരു മഹാക്ഷേത്രം. ഇവിടെയുള്ള ശിവലിംഗം ബ്രഹ്മാവു പ്രതിഷ്ഠിച്ചതാണ്; സുകർമ്മാവ് എന്ന ധീമാൻ ഈവിടെ തപംചെയ്തുപോന്നു: അദ്ദേഹം പതിവായി ദേവദേവനെ നദീജലംകൊണ്ടഭിഷേചിച്ചു കാട്ടുപൂക്കൾകൊണ്ടു പൂജിക്കും. അങ്ങനെ വളരെക്കാലം കഴിഞ്ഞപ്പോൾ, അദ്ദേഹത്തിന്റെ അടുക്കൽ ഒരതിഥി വന്നെത്തി. സുകർമ്മാവു കായ്കനികൾ നൽകി അദ്ദേഹത്തെ സൽക്കരിച്ചു. അതിൽ സന്തുഷ്ടനായിട്ട് അതിഥി ചോദിച്ചു:—'ഈ കർമ്മത്താൽ എന്തൊരു ഫലമാണ് ഭവാൻ അനുഭവിച്ചുപോരുന്നത്? കേവലം ഗതാനുഗതികവൃത്തിയാൽ ഭവാനാഗ്രഹിക്കുന്നതെന്താണ്?' ആ ആത്മജ്ഞനോട് സുകർമ്മാവു തന്റെ ഉള്ളു തുറന്നു പറഞ്ഞു:—'വിദ്വൻ, ഈ കർമ്മത്തിന്റെ ഫലം ശരിയായിട്ടെനിക്കറിഞ്ഞുകൂടാ; ഞാൻ ഭക്തിക്കുവേണ്ടി പരമശിവനെ സേവിക്കുന്നു എന്നേയുള്ളൂ. എന്നാൽ ശിവസേവയുടെ ഫലം ഇപ്പോൾ പരിപാകമായി: ഇവിടുന്ന് എന്റെ അഭീഷ്ടം ചോദിച്ച് എന്നെ അനുഗ്രഹിച്ചുവല്ലൊ!' സുകർമ്മാവിന്റെ സൂനൃതവചനത്താൽ പ്രീതനായ തപോധനൻ ഗീതയുടെ രണ്ടാമത്തെ അദ്ധ്യായം പറഞ്ഞുതുടങ്ങി, 'ഇതു പാരായണംചെയ്യുന്നതുകൊണ്ടുതന്നെ നിനക്കുവേണ്ടുന്നതെല്ലാം നിവർത്തിക്കും' എന്നരുളിച്ചെയ്തു. സുകർമ്മാവു തപോനിഷ്ഠയിൽനിന്നു പിന്തിരിഞ്ഞില്ല. അദ്ദേഹം ഗീതാപാരായണം ചെയ്തു വിസ്മിതനായ സുകർമ്മാവ് അതിനുള്ളിൽ അനേകമായി. കാലം കുറെ കഴിഞ്ഞപ്പോൾ ഒരുദിവസം അദ്ദേഹത്തിന്റെ ആത്മസാക്ഷാൽക്കാരത്താൽ ബുദ്ധിതെളിഞ്ഞു. അദ്ദേഹം എവിടെയെവിടെ സഞ്ചരിച്ചുവോ, അവിടമെല്ലാം ശാന്തമായ തപോവനമായിത്തീർന്നു: അവിടെ ദന്ദശബാധയില്ല, പൈദാഹങ്ങളില്ല. ഇതില്ലാ ദ്വിതീയാദ്ധ്യായപഠനത്തിന്റെ ഫലമാണിതു്.'

Digitized By Kerala Sahitya Akademi

ഈ സൽക്കഥ കേട്ട ഞാൻ പ്രസന്നാത്മാവായ നാരദനോട് വിനയപൂർവ്വം ചോദിച്ചു, ആജാവ്യാഖ്യരോടൊന്നിച്ച ചൈത്രപാരമ്പര്യത്തിൽ എഴുതിയിരുന്ന അദ്ധ്യായം നോക്കി വായിപ്പാൻ തുടങ്ങി; അതു പാരായണം ചെയ്യുന്നതിനാൽ, എനിക്ക് ഉൽകൃഷ്ട തൃപ്തി സിദ്ധിക്കുന്നതിനാൽ, ശ്രീമൻ, ഭവാനും ആ അദ്ധ്യായം പാരായണംചെയ്തുകൊൾകെ; എന്നാൽ താമസിയാതെ മുക്തിവരും.'

മിത്രവാനാൽ ഇങ്ങനെ ഉപദിഷ്ടനായ ദേവശർമ്മാവ് അദ്ദേഹത്തെ താണുവണങ്ങി പുനർജന്മപുത്തിലെയ്ക്കു തിരിച്ചു; അവിടെ ഒരു ക്ഷേത്രത്തിൽ മുൻപരിചയമുള്ള ആത്മജ്ഞനെ കണ്ടെത്തി ഈ വൃത്താന്തമറിയിച്ച്, അദ്ദേഹത്തോടു ദ്വിതീയാദ്ധ്യായം പാരായണം തുടങ്ങുകയുംചെയ്തു. തന്മൂലം നിർഗ്ഗുണനായിത്തീർന്ന അദ്ദേഹം നിരവദ്യവും ഉൽകൃഷ്ടവുമായ പരമപദം പ്രാപിച്ചു. രണ്ടാമദ്ധ്യായത്തെ സംബന്ധിച്ച കഥ പറഞ്ഞുകഴിഞ്ഞു. മൂന്നാമദ്ധ്യായത്തിന്റെ മാഹാത്മ്യവും കേട്ടുകൊള്ളുക:

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദേനേക്ഷ്വാകുലക്ഷ്മീവിഷ്ണുസംവാദം, ഗീതാമാഹാത്മ്യപ്രകരണം, ദ്വിതീയാദ്ധ്യായോപന്യാസം തെന്നാലിരാമൻപിള്ള രണ്ടാമദ്ധ്യായം.

(൦)

ഒരുന്നൂറെഴുപത്തിമൂന്നാമദ്ധ്യായം

വിഷ്ണു:—ജനസ്ഥാനത്തിൽ ജഡനെന്ന കൌശികഗോത്രക്കാരനായ ബ്രാഹ്മണൻ സ്വധർമ്മം വിട്ടു കച്ചവടത്തിലേർപ്പെട്ടു. നിത്യം പരസ്ത്രീകളെ പുണരും; ചൂതുകളിക്കും; കള്ളുകുടിക്കും; നായാടും—ഇങ്ങനെയായിരുന്നു അയാളുടെ കാലക്ഷേപം. സപത്നി നശിച്ചപ്പോൾ അയാൾ രാത്രിയിൽ മോഷണംതുടങ്ങി; അങ്ങനെ, യാഗം ചെയ്യാൻ തുടങ്ങുന്ന യജ്ഞക്കാരുടെ ധനം കൈക്കലാക്കി, കച്ചവടത്തിന്നായി ദൂരെ വടക്കൻദിക്കിലേക്കു പുറപ്പെട്ടു. കസ്തൂരിയും കാരകിലും ചന്ദ്രികാധവളങ്ങളായ ചാമരങ്ങളും വാങ്ങി, അഞ്ചാറുകാതംവഴി തിരിയെപോന്നു. പിറെന്നാൾ പുലരുന്നതിന്നുള്ളിൽ തിടുക്കത്താൽ അയാൾ വളരെ വഴി പിന്നിട്ടു; സൂര്യനസ്തമിച്ച പത്തുനാഴികയിലും ഇരുട്ടുപരന്നപ്പോൾ അയാൾ ഒരു മരച്ചുവട്ടിൽവച്ചു തട്ടിപ്പറിക്കാരുടെ കയ്യിൽപ്പെട്ടു; അവർ അയാളെ കൊന്നുകളഞ്ഞു. ധർമ്മലോപത്താൽ അയാൾ ഒരു ഭയങ്കരമായ കൊടുംപിശാചായിത്തീർന്ന്, പൈങ്കോ

Digitized By Kerala Sahitya Akademi

൨൯൨൯൫ പുരാണസഞ്ചിക [൫൯൭൦൫൭൭൫൭൭൫൭൭

തായിരുന്ന അച്ഛന്റെ ഉപദേശം:—'ഉണ്ണി എന്നെ മോചിപ്പിച്ചതു യാതൊന്നുകൊണ്ടാ, അതുതന്നെ ചെയ്താൽ മതി. അതിന്റെ പുണ്യം അവൾക്കു കൊടുത്താൽ, എന്നെപ്പോലെ ആ പൂവിക്കും താമസിയാതെ നരകം വിട്ടു നാരായണന്റെ പരമപദം പ്രാപിച്ചുകൊള്ളും.' ഉടനെ മകൻ, അച്ഛ, എന്നാൽ, ഞാൻ ആ നരകവാസികളെല്ലാവരെയും ഇവിടുത്തെ ഇച്ഛയെപ്പോലെ മുക്തരാക്കിക്കൊള്ളാം' എന്നു സമ്മതിച്ചു. അപ്പോൾ, 'അങ്ങനെയാകട്ടെ; നിന്നെ നന്മവരാൽ വളരെ സന്തോഷമായി' എന്നിങ്ങനെ പുത്രനെ അനുഗ്രഹിച്ച് അച്ഛൻ പരമമായ വിഷ്ണുപദത്തിലേയ്ക്കു ഗമിച്ചു.

ജഡാത്മജൻ അവിടെനിന്നു മടങ്ങി ജനസ്ഥാനത്തെത്തിച്ചേർന്നിട്ട്, സുന്ദരവാസുദേവക്ഷേത്രത്തിൽവെച്ച്, അച്ഛനു ദേശിച്ചതിൻ വണ്ണം ഗീതാപഠനം നടത്തിപ്പോന്നു; അതിന്റെ പുണ്യം നരകവാസികളുടെ മോചനത്തിന്നായി നൽകുകയും ചെയ്തു. അതോടുകൂടി, വൈകുണ്ഠത്തിൽ നിന്നു കിങ്കരന്മാർ ആ കഷ്ടപ്പെടുന്ന നരകവാസികളെ വിടുവിപ്പാനായി യമന്റെ അടുക്കൽ ചെന്നു. യമൻ അവരെയെല്ലാം പലതരത്തിൽ സൽക്കരിച്ചു കുശലം ചോദിച്ചു; എല്ലാവർക്കും സുഖംതന്നെ എന്ന് അവർ മറുപടി പറഞ്ഞു. പിന്നീട് ധീമാനായ പിതൃലോകപ്പെരുമാൾ അവരോടു വന്ന കാര്യം ചോദിക്കുകയും, അവർ അതറിയിക്കുകയും ചെയ്തു:—'ഭൂതനാഥ, പുണ്ഡരീകതല്പത്തിൽ പള്ളികൊള്ളുന്ന പത്മനാഭൻ ഭവാന്റെ അടുക്കലേയ്ക്കു കല്പിച്ചയച്ചിരിക്കയാണ് ഞങ്ങളെ: തന്തിരുവടി ഞങ്ങടെമുഖേന ഭവാനോടു കുശലം ചോദിക്കുകയും, നരകത്തിൽക്കിടക്കുന്നവരെയെല്ലാം വിട്ടയപ്പാൻ കല്പിക്കുകയും ചെയ്യുന്നു.' അമിതതേജസ്സായ വിഷ്ണുവിന്റെ ഈ അരുളപ്പാടിനെ തലകുനിച്ചാദരിച്ചിട്ട് യമൻ കുറഞ്ഞൊന്നാലോചിച്ചു; പിന്നീടു നരകവാസികളെയെല്ലാം വിടുവിച്ച്, ആ ഫ്ളാദപ്പുളപ്പാൻ അവരേയുംകൊണ്ട്, ശ്രേയുവാഹനമേറി നാരായണാലയത്തിലേയ്ക്കു നടകൊണ്ടു.

(ശ്ലോകങ്ങൾ)

ദുഗ്ധാംബുസിന്ധുവണഞ്ഞ കാലന്നു ദൃശ്യനായിതന്നിന്നകത്തു,ദ്യദക്സഹസ്രകോടിസമപ്രഭൻ, ജഗദീശ്വരൻ
മെത്തയാംഫണിതൻ ഫണാഞ്ചലരത്നരശ്മി കലന്നിടും
മുഗ്ധനീലസരോജവർണ്ണകളേബരശ്രിയാന്വവൻ,
ശുദ്ധചിത്സുഖമോദിതൻ, മലർമങ്കതൻ പ്രണയാംകര-
സ്ഥിതമായ വിലാസനോട്ടമഭിക്ഷുമേറവു രമിപ്പവൻ,

Digitized By Kerala Sahitya Akademi

൬൬൬൬൬൬ പുരാണസഞ്ചിക [൪൯൬൬൬൬൬൬

പുമതല ഭവാനെ ഏല്പിച്ചിരിക്കകൊണ്ടു ഞാൻ ദേഹികളെപ്പറ്റി ക്ലേശിക്കാറില്ല. അതിനാൽ സ്വതന്ത്രംജോലി നടത്തുക; സ്വർഗ്ഗത്തിലേയ്ക്കു പോയ്ക്കൊൾക' ഇതുയും കഥിച്ചു ഭഗവാൻ അന്തർധാനം ചെയ്തു. യമൻ സ്വപുരത്തിലേയ്ക്കും തിരിച്ചു.

ഇങ്ങനെ ആ ബ്രാഹ്മണൻ സ്വവംശ്യരെല്ലാവരെയും നരകത്തിൽനിന്നുദ്ധരിച്ചിട്ട്, താനും ശ്രേഷ്ഠവാഹനത്തിലൂടെ വിഷ്ണുലോകമണഞ്ഞു!

ശ്രീപരമമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദാന്തർഗ്ഗത ലക്ഷ്മീവിഷ്ണുസംഭാഷം, ഗീതാമാഹാത്മ്യപ്രകരണം, തൃതീയാദ്ധ്യായ മഹിമവർണ്ണനം നൈനൂറെഴുപത്തിമൂന്നാമദ്ധ്യായം.

(൦)——

നൂറെഴുപത്തിനാലാമദ്ധ്യായം

വിഷ്ണു:—ഇനി, നാലാമദ്ധ്യായത്തിന്റെയും മാഹാത്മ്യം പറയാം; ഇതിനാലതെ, രണ്ടു കന്യകമാർ ബദരീരൂപംവിട്ടു വിണ്ണണഞ്ഞതു്.'

ലക്ഷ്മി:—'എങ്ങിനെയാണ് കന്യകന്മാർ ബദരീരൂപം വിട്ടു വിണ്ണണഞ്ഞതു്? ദേവ, അവരാരായിരുന്നു? മരങ്ങളായിപ്പോയതെങ്ങിനെ? ഇതറിയേണമെന്നുണ്ടു്; പറഞ്ഞുതന്നാലും. നാഥ, സൽകഥ കേട്ടിട്ട് എനിക്കു മതിവരുന്നില്ല!'

വിഷ്ണു:—ഭാഗീരഥീതീരത്തു വാരാണസി എന്നൊരു നഗരിയുണ്ടു്; അവിടെ വിശ്വനാഥക്ഷേത്രത്തിൽ, ഭരതൻ എന്നൊരു യോഗി നാഥതോറും ആത്മനിരതനായി നാലാമദ്ധ്യായം ആദരവോടെ ചൊല്ലിപ്പോന്നു. അതുനിമിത്തം പരിശുദ്ധി വരികയാൽ അദ്ദേഹത്തിനു ദ്വന്ദ്വബാധയില്ലാതായി. ഒരു ദിവസം ആ മഹാപ്രബോധനൻ നഗരത്തിനു പുറത്തു്, ഉദ്യാനത്തിലുള്ള ദേവതകളെ ദർശിപ്പാനായി പോന്നു്, രണ്ടു ലന്തകളുടെ മുമ്പിൽ, ഒന്നിന്മേൽ ചാരിയും മറേതിന്മേൽ കാലുകൊച്ചുമിരുന്നു ക്ഷീണംതീർത്തു; എന്നിട്ട് തിരിയേ പോകയുംചെയ്തു. അപ്പോഴേയ്ക്കുള്ളിൽ ആ ലന്തമരങ്ങളുടെ ഇലയും കൊമ്പുമെല്ലാം ഉണങ്ങിപ്പോയി; അവ ഒരു വിശുദ്ധ ബ്രാഹ്മണകുലത്തിൽ രണ്ടു പെൺകുട്ടികളായി ജനിച്ചുവളർന്നു. ഏഴുവയസ്സായ കാലത്തു്, അവർ ദൂരദേശങ്ങളിൽ സഞ്ചരിച്ചു വരുന്ന ഒരു സന്ന്യാസിയെ കണ്ടെത്തി; ഉടനെ അദ്ദേഹത്തിന്റെ കാൽക്കൽ നമസ്കരിച്ചു വാസ്തവമറിയിച്ചു: 'മുനേ, ഇവിടുത്തെ പ്രസാദത്താലാണ്,

Digitized By Kerala Sahitya Akademi

ഞങ്ങളിരുവരും ബദരീരൂപംവിട്ട മനുഷ്യരായി ജനിച്ചുപോയി.' ഇതുകേട്ടിട്ട് അത്ഭുതം തോന്നുകയാൽ അദ്ദേഹം ചോദിച്ചു:—'കുഞ്ഞുങ്ങളേ, എപ്പോഴാണ്, എങ്ങിനെയാണ് ഞാൻ നിങ്ങളെ മോചിപ്പിച്ചുപോയി? നിങ്ങൾ ബന്ധുക്കളായി തീർന്നതിന്റെ ഹേതുവും ഞാനറിയുന്നില്ല.' കന്യകമാർ, അതിയിൽ അവർക്ക് ബദരീരൂപം വന്നതെങ്ങിനെ എന്നും, പിന്നീട് വിടുതികിട്ടിയതെന്തുകൊണ്ടെന്നും പറയാൻതുടങ്ങി:—'ഗോദാവരീതീരത്തു്, ഛിന്നപാപമെന്ന പേരായി ഒരു പരമ പുണ്യതീർത്ഥമുണ്ട്. അവിടെ, സത്യതപസ്സ് എന്നൊരു ജിതേന്ദ്രിയൻ അതിഘോരമായ തപസ്സുചെയ്യുന്നുണ്ടായിരുന്നു. ആറു വേനൽക്കാലത്തു് അദ്ദേഹം നാലുവശത്തും തീജ്വലിപ്പിച്ചു നടുവിൽ നിൽക്കും; വർഷാകാലത്തു സദാ മഴയേൽക്കും; മഞ്ഞുകാലത്തു ദേഹം പൊട്ടിത്തരിക്കുമാറു് വെള്ളത്തിൽ നിലക്കൊള്ളും! ഇടവിടാതെ തപസ്സനുഷ്ഠിച്ചു പരിശുദ്ധനായ അദ്ദേഹം പരമനിർവൃതി നേടി, ആത്മാരാമനായിത്തീർന്നു. അവിടെ വൃക്ഷങ്ങൾ എന്നെന്നും കായ്പും തണൽവായ്പും ശോഭിച്ചു; പ്രാണികൾ പരസ്പരവിരോധം കൈവിട്ടു. അവയെ ആ തപസ്വി അത്യന്തം സ്നേഹിച്ചുപോന്നു. ബ്രഹ്മാവുപോലും മടിക്കുടാതെ അദ്ദേഹത്തെ നാൾതോറും ചെന്നു കാണാറുണ്ടായിരുന്നു. അങ്ങിനെ ഭാവിതാത്മാവായ അദ്ദേഹത്തിന്റെ തപസ്സു വർദ്ധിച്ചുകൊണ്ടുതന്നെയിരുന്നു. അതിനാൽ, സ്വസ്ഥാനഭ്രംശം കരുതി പേടിപിടിച്ച ദേവേന്ദ്രൻ അദ്ദേഹത്തിന്റെ് അനേകം വിഘ്നങ്ങൾ വരുത്തിനോക്കി; ഒടുവിൽ, അപ്സരസ്സുകളുടെ കൂട്ടത്തിൽനിന്നു ഞങ്ങളിരുവരെ വിളിച്ചാജ്ഞാപിച്ചു:—'നിങ്ങൾ ആ മനുഷ്യന്റെ തപസ്സുമുടക്കണം; അയാൾ എന്നെ സ്ഥാനഭ്രഷ്ടനാക്കി, സ്വർഗ്ഗംവാഴാനാണു ശ്രമിക്കുന്നതു്.' ഉത്തരവിൻപ്രകാരം ഞങ്ങൾ ഗോദാവരിയിലേയ്ക്കു്—ആ മുനിയുടെ അടുക്കലേയ്ക്കു്—പോന്നു.

(ചെറുശ്ശേരി രീതി)

ചന്ദ്രഗഭീരമുദാരഗാരവത്തോടും,
മഞ്ജുളവേണുനിനാദത്തോടും
ഭംഗിയിൽപ്പാടിടുമപ്സരസ്ത്രീകളൊ-
ത്തങ്ങാമുനിയെ വശത്താക്കാനായ്
നൃത്തംതുടങ്ങി സുവൃത്തോരുകാണ്ഡമാർ,
പൊയ്ത്താരിതംമിഴിമാർകടം, ഞങ്ങൾ,
ആകമ്പിതാളകമാർ, തന്വമധ്യമാർ,
കാൽകളാലൊപ്പം ചവുട്ടിക്കൊണ്ടും,

Digitized By Kerala Sahitya Akademi

ഭാവത്തിനൊത്ത ഗതിക്രമംകാട്ടിയും,
പീവരശ്രോണിപ്പുരപ്പുലഞ്ഞും,
പൂമലർ വക്ത്രത്തിൽപ്പുഞ്ചിരിതഞ്ചിയും,
പോർമുലച്ചൊപ്പുകളുച്ചലിച്ചും,
രത്നമണികുണ്ഡലം തോളത്തുരസിയും,
കോമളതാളസപരാനുഗമായ്;
മെല്ലെത്തുടങ്ങി, ക്രമത്താൽ മുറുകി, മ-
ന്നെല്ലാമിരമ്പിച്ചിതത്താണ്ഡവം!
തത്തുകിലൊട്ടു നീക്കി വാർകൊങ്കയെ
പ്രത്യക്ഷമാക്കീ കളിത്തെന്നൽ;
സംകോചഹീനമാം ഞങ്ങടം തൻകാൽവെപ്പോ,
കങ്കേളിബാണനു കെൽപ്പുകൂട്ടീ!

എന്നാൽ, ഇതുകൊണ്ടൊന്നും മാമുനിക്കു മനസ്സിളകിയില്ല; അദ്ദേഹം കയ്യിൽ വെള്ളമെടുത്ത്, 'നിങ്ങളിരുവരും ഗംഗീതീരത്തു ലന്തകളാകുവിൻ' എന്നു ഞങ്ങളെ ശപിച്ചു. ഉടനെ ഞങ്ങടം, പരാധീനതയാൽ ചെയ്തുപോയ കുറ്റം ക്ഷമിക്കേണമെന്ന്, അദ്ദേഹത്തെ വണങ്ങി പ്രസാദിപ്പിച്ചു. അപ്പോടം ആ പുണ്യഹൃദയൻ, ഭരതാഗമനത്തിൽ ഞങ്ങടംക്കു ശാപം നീങ്ങുമെന്നും, പിന്നെ മുൻജന്മസ്മൃതിയോടെ മനുഷ്യജന്മം ലഭിക്കുമെന്നും കല്പിച്ചനുഗ്രഹിച്ചു. അതിൻ വണ്ണം ലന്തകളായിത്തീർന്ന ഞങ്ങടംക്ക്, ഭവാൻ സമീപത്തു വന്ന നാലാമധ്യായം സ്മരിച്ചതിനാൽ പ്രതിവിധിയായി. അതിനാൽ ഞങ്ങടം ഭവാനെ നമസ്കരിക്കുന്നു. ശാപത്തിൽ നിന്നുമാത്രമല്ല, ഘോരമായ സംസാരത്തിൽ നിന്നു കൂടി ഞങ്ങളെ നിന്തിരുവടി ഇതുകൊണ്ടു മുക്തിപ്പെടുത്തിയിരിക്കുന്നു!

ഇതുകേട്ട പരമസന്തോഷം പൂണ്ട മഹർഷി ആ കന്യകമാരാൽ, പൂജിതനായിട്ടു വന്നപാടേ നടകൊണ്ടു. അവരിരുവരും നാലാമധ്യായം ആദരവോടെ പാരായണംചെയ്തുപോന്നു.

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദാന്തർഗ്ഗതലക്ഷ്മീവിഷ്ണുസംവാദം, ഗീതാമാഹാത്മ്യപ്രകരണം, ചതുർത്ഥാദ്ധ്യായമഹിമവർണ്ണനം എന്ന ഏഴുപത്തിനാലാമദ്ധ്യായം.

(o)

Digitized By Kerala Sahitya Akademi

ഒരുന്നൂറെഴുപത്തഞ്ചാമദ്ധ്യായം

വിഷ്ണു:—പ്രിയേ, ഇനി, അഞ്ചാമദ്ധ്യായത്തിന്റെ ജഗൽപൂജിതമായ മാഹാത്മ്യം പുരുക്കത്തിൽ പറയാം; മനസ്സിരുത്തി കേട്ടുകൊള്ളുക:

മദ്രരാജ്യത്തു പുരുകുത്സപുരിയിൽ, വേദജ്ഞരുടെ വിശ്രുതമായ നിമ്മലകുലത്തിൽ പിംഗളൻ എന്നൊരാളുണ്ടായിരുന്നു. അയാൾ വംശത്തിനു ചേർന്ന ശാസ്ത്രങ്ങളും വേദങ്ങളും വെടിഞ്ഞു തെറ്റുവൃത്തികത്തിൽ തല്പരനായി മൂലംഗം വായിപ്പാനും മറ്റും തുടങ്ങി. അങ്ങിനെ അഭ്യസിച്ച ഗീതനൃത്തവാദ്യങ്ങളിൽ വളരെ പ്രസിദ്ധി നേടിയ പിംഗളൻ അരമനയിൽ പോയി, പാർത്ഥിവനോടൊന്നിച്ചു പാക്കുകയായി. പരസ്ത്രീകളെ വശത്തി പുണരണമെന്നല്ലാതെ മറൊന്നും വിചാരം അയാൾക്കില്ലായിരുന്നു; ഗർവ്വുമൂലം അയാൾ എല്ലാം പ്രവർത്തിക്കും; രാജാവിനോടു വിജനത്തിൽ മറ്റുള്ളവരെപ്പറ്റി ഇടവിടാതെ ഏഷണിയും പറയും. അരുണ എന്നൊരു ഹീനസ്ത്രീയായിരുന്ന പിംഗളന്റെ ഭാര്യ. അവൾ പുറനിനടന്നുനേഷിച്ചു കാമുകനോടൊന്നിച്ചു മത്തടിച്ചു പോന്നു. അതിനു ഒരു പ്രതിബന്ധമാകയാൽ ഭർത്താവിനെ അവൾ രാത്രിയിൽ ഗൃഹത്തിൽവെച്ചു തല വെട്ടിക്കൊന്നു കഴിച്ചിട്ടു. മരണമടഞ്ഞ പിംഗളൻ കാലാലയമണഞ്ഞു, നീരുപോക്കില്ലാത്ത നരകങ്ങളനുഭവിച്ചു് ഒരു വിജനകാനനത്തിൽ കഴുകനായിപ്പിറന്നു; അരുണയാകട്ടേ, ഭഗന്ദരരോഗത്താൽ മൃതിപ്പെട്ടു്, ഘോരനരകങ്ങളിൽക്കിടന്നു, ആ കാട്ടിൽത്തന്നെ ഒരു പെൺതത്തയായി ജനിച്ചു. മൊന്മണിയും മറ്റും കൊത്തിയെടുക്കാനായി അവിടവിടെ പറന്നു നടക്കുന്ന ആ പെൺതത്തയെ കഴുകൻ പൂർവ്വവൈരമോർത്തു തീക്ഷ്ണനഖങ്ങളാൽ മാന്തിപ്പിളർത്തി. അപ്പോൾ അവൾ വെള്ളം നിറഞ്ഞ ഒരു മനുഷ്യതലയോട്ടിൽ വീണു; കരാളനായ കഴുകനും അങ്ങോട്ടു പറന്നതിനിടയിൽ വേട്ടക്കാരാൽ ഹനിക്കപ്പെട്ടു്, ഭൂമിയിൽ വീണു. ചത്ത മനുഷ്യകപാലജലത്തിൽത്തന്നെ വീണു മുഴുകി. രണ്ടുപേരെയും യമകിങ്കരർ പിതൃലോകത്തെയ്ക്കു കൊണ്ടുപോയി. പൂർവ്വപാപസ്മരണയാൽ ഇരുവരും ഭയവിഹ്വലരായിത്തീർന്നു. യമൻ അവരുടെ ദുഷ്കർമ്മം അന്വേഷിച്ചു; എന്നാൽ, പെൺതത്ത കപാലജലത്തിൽ മുഴുകിയതിനാൽ അതിനു ദുരിതം നീങ്ങിയിരുന്നു. അതിനാൽ യമൻ അവൾക്കു് അഭീഷ്ടലോകത്തേയ്ക്കു പൊയ്ക്കൊള്ളാം വാൻ അനുവാദം കൊടുത്തു. അതിൽ വിസ്മയപ്പെട്ട അനുചരന്മാരും, അവരുടെ ദുഷ്കൃതമോർത്തു്, അടുത്തു ചെന്നു വണങ്ങി വൈവസ്വത

Digitized By Kerala Sahitya Akademi

നോട്ട ചോദിച്ചു:—'ഞങ്ങളിരുവരും മുമ്പു പല തിന്മയും ചെയ്തുപോയിട്ടുണ്ട്; അങ്ങിനെയിരിക്കെ, അഭീഷ്ടലോകപ്രാപ്തിക്കു കാരണമെന്താണ്? അതരുളിച്ചെയ്യുമാറാകണം!' യമൻ മറുപടി പറഞ്ഞു:—'ഗംഗാതീരത്തു വട്ട എന്നൊരു മഹാബ്രഹ്മജ്ഞൻ മമതയും മത്സരവും ക്രോധവും വിരക്തനായി ശാന്തനായി തന്നിയേ താമസിച്ചിരുന്നു. അദ്ദേഹം ഗീതയുടെ പഞ്ചമാദ്ധ്യായം പതിവായി ചൊല്ലാറുണ്ടായിരുന്നു; അതു കേട്ടാൽ മാപാപിക്കുപോലും സനാതനബ്രഹ്മജ്ഞാനം ഉണ്ടായിവരും! അതു പുണ്യത്താൽ പരിശുദ്ധാത്മാവായിട്ട് അദ്ദേഹം ഉടൽ വെടിഞ്ഞു. ഗീതാപാരായണത്താൽ നിർമ്മലാംഗനായി ഭവിതാന്തരാവായിരുന്ന അദ്ദേഹത്തിന്റെ കപാലത്തിലെ വെള്ളത്തിൽ വീണതുകൊണ്ടു നിങ്ങൾക്കു ശുദ്ധി വന്നിരിക്കുന്നു; അതിനാൽ വേണ്ടുന്ന ലോകങ്ങളിലേയ്ക്കു പോകാം. ഗീതയുടെ പഞ്ചമാദ്ധ്യായത്തിന്റെ മാഹാത്മ്യത്താൽ നിങ്ങൾക്കു ശുദ്ധി വന്നിരിക്കുന്നു.' ഇങ്ങനെ സമർത്ഥിയാൽ ത്രാധിതരായ അവർ സന്തോഷത്തോടേ വിമാനത്തിൽക്കേറി വിഷ്ണുപദത്തിലേയ്ക്കു ഗമിച്ചു.

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദാന്തർഗ്ഗതലക്ഷ്മീവിഷ്ണുസംവാദം, ഗീതാമാഹാത്മ്യപ്രകരണം, പഞ്ചമാദ്ധ്യായപ്രഭാവനിരൂപണം എന്നൂറെഴുപത്തഞ്ചാമദ്ധ്യായം.

(൦)

ഒരുന്നൂറെഴുപത്താറാമദ്ധ്യായം

ശിവൻ:—

(കേക)

കഥിക്കാം കാന്തേ, ഷഷ്ഠാധ്യായത്തിൻ മഹിമയും;
കരസ്ഥം മുക്തി നരക്കായത്തു കേട്ടാൽത്തന്നെ!

പിപ്പലേശ്വരനാമ്പ് ഞാനു വാഴ്വതായിട്ടുണ്ടൊരു
നൽപ്പുരം 'പ്രതിഷ്ഠാനം' ഗോദാവര്യുപാന്തത്തിൽ:
തളച്ച് യതികൾക്കങ്ങാറുന്ന ഗോദാവരി–
ക്കുളിർനീർചിതറിക്കും ചിറകാൽ മരാളങ്ങൾ!
റിരിയും തണ്ടാർകുംതൻ പൊടിയാൽ സുരഭിലം
പെരികെശ്ലാഘ്യം ഗോദാവരിയാറിലെ വെള്ളം;
അതുസേവിച്ചിട്ടുള്ള നിർജ്ജരരാണി നര–
രാമതെന്തിന്നാണോഷധീശനും ക്ഷയകരം!

Digitized By Kerala Sahitya Akademi

തത്ര നീരാടും മഹാരാഷ്ട്രമാനിനിമാർതൻ
വക്ത്രത്തിലബ്ജഭ്രാന്ത്യാ കൈവെടിപ്പൂ മഹർഷിമാർ!
തത്ര സംക്രീഡന്മഹാരാഷ്ട്രപ്പെൺവളയൊലി-
യൊത്ത വണ്ടണിനാദം കക്കുന്നു മുനിഹൃത്തും!
തത്ര വന്മേടയ്ക്കുമേൽ വിലസും മടവാർതൻ
വക്ത്രങ്ങൾകണ്ടെണാങ്കൻ നാണംതോറും ക്ഷയം കൊണ്ടു!
അങ്ങച്ചുസൗധാഗ്രോട്ടുൽഗാരുഡാശ്മാംശുക്കളെ-
യച്ചിപ്പൂ കറുകയെന്നു,ഷിഗന്ധവ്ഗണം!
അങ്ങുലഞ്ഞാട്ടം കൊടിയാടകളുടെ കാറാ-
ലക്ത്തേർക്കുതിരകൾക്കാറുന്ന യാത്രാഖേദം!
ചന്ദനം വിൽക്കാനങ്ങു ക്രട്ടിയിട്ടതു കണ്ടാൽ,
ചന്ദനക്കുന്നിൽക്കല്ലേ ബാക്കിയുള്ളതായ് തോന്നൂ!
പുരുവുത്തെങ്ങും ക്രട്ടിയിട്ടതു കാണാമങ്ങു,
പുരദേവതയുടെ പുഞ്ചിരിച്ചാത്തിന്നൊപ്പം!
അവിടെയജാനശ്രുതിയെന്നൊരു നൃപൻ വാണാ-
നവനാൽശ്രുതമൂഴിശേഷനു ശിരോരത്നം!
നിത്യമധ്വരധൂമാൽക്കറുത്തു കല്പദ്രുക്കൾ,
നിസ്തുലം തദ്ദാതൃത്വം കണ്ടു നാണിച്ച വിധം!
തദ്യജ്ഞഹവിസ്സുണ്ണാൻ കൊതിച്ചാ, പ്രതിഷ്ഠാന-
പത്തനമൊരിയ്ക്കലും വിട്ടുപോയീലാ വിണ്ണോർ!
തതു യതാത്മാവാം ജാനശ്രുതിതന്നുടെ ദാന-
തോയധാരകളാലും, പ്രതാപജ്യോതിസ്സാലും,
അധ്വരധൂകയാലുമനവധം സംപുഷ്ടരാ-
യബ്ദങ്ങൾ മഴപെയ്തുപോന്നിതു യഥാകാലം!
ഇതിഹാസകഥകിടം കിട്ടീലെന്നെണിയോളം പോലും;
നീതികഥം നീളെച്ചേന്നു നാടുവൻ വാഴും കാലം!
വൻചിറ കിണർ കളം തീർപ്പിച്ചു നിത്യം മന്നിൽ
നഞ്ചകത്തിരിക്കുന്ന നിധികഥം കണ്ടാനവൻ!
വെൺപതാകകഥം പാറിത്തിളങ്ങീ തൽപ്രാസാദം
വിൺപുഴയലകളാൽപ്പുനിമാമലപോലെ.

ദാനം, തപസ്സ്, യജ്ഞം, പ്രജാപാലനം എന്നിവയാൽ സന്തുഷ്ടരായ വിണ്ണവർ അദ്ദേഹത്തിനു വരം കൊടുപ്പാനായി പുറപ്പെട്ടു. അവർ മൂണാളുധവളങ്ങളായ കളഹംസങ്ങളുടെ രൂപം ധരിച്ച് അതികായമാർഗ്ഗത്തിലൂടെ ചിറകടിച്ചു പറന്നുതുടങ്ങി. മുമ്പിൽ തലവന്മാരായ

Digitized By Kerala Sahitya Akademi

രണ്ടുമൂന്നുപേർ അതിവേഗത്തിൽ പറക്കുകയാൽ, അവരോടു പിന്നിലു ള്ളവർ പറഞ്ഞു:—'എന്താണ്, നിങ്ങടം മുമ്പിൽ വേഗം പറന്നു പോകുന്നതു്? എല്ലാവരും ഒന്നിച്ചു പോകണം; ഈ മാർഗ്ഗം ഉത്തമമാകുന്നു: കണ്ടില്ലയോ, മുൻഭാഗത്തു പുണ്യമൂർത്തിയായ ജാനശ്രുതിക്ഷിതീശന്റെ തേജഃപുഞ്ജം മിന്നിത്തിളങ്ങുന്നതു്? ഇതു കേട്ടിട്ടു്, മുന്നിലുള്ള ഹംസങ്ങടം പുച്ഛിച്ചു ചിരിച്ചു് ഉച്ചത്തിൽ ഉരചെയ്തു:—'രൈകപൻ എന്ന ബ്രഹ്മജ്ഞന്റെ തേജസ്സാണു് അടുത്തുകൂടാത്തതു്; ഈ ജാനശ്രുതിയുടെ തേജസ്സിനുണ്ടോ അതു തീവ്രത?'

അരയന്നങ്ങളുടെ ഈ സംഭാഷണം കേട്ടിട്ടുണ്ടായപ്പെട്ട ജാനശ്രുതിനരേന്ദ്രൻ അത്യുന്നതമായ അരമനമാളികയിൽ നിന്നിറങ്ങി, താഴത്തിരുന്നു്, സാരഥിയെ വിളിച്ചു്, 'മഹാത്മാവായ രൈകപനെ കൂട്ടിക്കൊണ്ടു വാ' എന്നാജ്ഞാപിച്ചു. അരചന്റെ ഈ അമൂതിനൊത്ത അരുളപ്പാടിനാൽ മനംകളിത്തു് ആ മഹനെന്ന സാരഥി രൈകപനെ അന്വേഷിച്ചു പുറപ്പെട്ടു. കാശി, ഗയ. .....മുതലായ പുണ്യക്ഷേത്രങ്ങളിലൂടെ പോയി, അയാളം ഹിമവൽപാശ്വത്തിലെ എല്ലാ തീർത്ഥങ്ങളിലും അന്വേഷിച്ചു.....ഗൌഡത്തിൽ പുരുഷോത്തമക്ഷേത്രം .....മഹാകാളനെന്ന ശിവൻ മാമലമങ്കയോടൊരുമിച്ചു വിളയാടുന്ന അവന്തിനഗരം,.....കോൽഹാപുരത്തു മുക്തിപ്രദയായ ലക്ഷ്മീഭഗവതി വാണരുളുന്ന ഋഗ്വേദ—പഞ്ചനദിയിൽ കളിച്ചു ലക്ഷ്മിയെ ദർശിച്ചാൽ ഭുക്തിയും മുക്തിയും സിദ്ധിക്കും—നന്ദികേശ്വരന്റെ പുറത്തുകേറി ചതുർഭുജനായ സോമനാഥനെന്ന ശിവൻ വരദാനത്തിന്നായി വാഴുന്ന അമലഗിരിനഗരം.....മുതലായ ഇടങ്ങളിലും പോയി മടങ്ങി അയാളം ഭീമരഥീതീരത്തെത്തി ദ്വിഭുജനായ വിട്ടലൻ എന്ന വിഷ്ണുവിനെ സന്ദർശിച്ചു; പിന്നെ ഗോദാവരിയുടെ ഉല്പത്തിസ്ഥാനമായ ബ്രഹ്മഗിരിയിൽ ത്ര്യംബകേശ്വരാധിഷ്ഠിതമായ ഗൌതമാലയത്തിൽ പോയി: അവിടെ അരുണാവരുണകളുടെ മധ്യത്തിൽ ഗോദാവരീനദിയിൽ സ്നാനവും പാനവുംചെയ്യാൽ ബ്രഹ്മഹത്യകൂടി വിട്ടൊഴിയും. ബ്രഹ്മഗിരിയിലെ അനേകം തീർത്ഥങ്ങളിൽ അന്വേഷിച്ചിട്ടു സൂതൻ പാപനാശിനിയായ മഥുരയിൽ ചെന്നെത്തി: അവിടെ സപ്തായംഭുവദേവനെ സുരാസുന്മാർ സേവിച്ചുപോരുന്നു; ഭഗവാന്റെ ആദിമസ്ഥാനമെന്നു—ത്രിഭുവനേശന്റെ അവതാരസ്ഥലമെന്നു—വേദശാസ്ത്രങ്ങളിൽ വിളിപ്പെട്ടതും, മുക്തിപ്രദവും, ജ്ഞാദേവദിജനിഷേവിതവും, കാളിന്ദീ

* ഈ അദ്ധ്യായത്തിൽ തീർത്ഥങ്ങളെപ്പറ്റി പറയുന്ന പല ശ്ലോകങ്ങൾ അവിടെ വിരയോയി വിട്ടിട്ടുണ്ട്.

Digitized By Kerala Sahitya Akademi

തീരത്ത് അർദ്ധചന്ദ്രാകൃതിയിൽ ശോഭിക്കുന്നതും സപ്തതീർത്ഥങ്ങളുടേയും നിവാസസ്ഥാനവും, പരമാനന്ദസുന്ദരവും, ധന്യവൃക്ഷലതാവൃതമായ ഗോവർദ്ധനഗിരിയിൽ അലംകൃതവുമാകുന്ന ആ മഹത്തായ പുണ്യക്ഷേത്രം. പിന്നീട് കുരുക്ഷേത്രമെങ്ങും സന്ദർശിച്ചിട്ട് കാശ്മീരനഗരം പ്രാപിച്ചു:

(കാകളി)

വാമദേവാട്ടഹാസങ്ങൾ പോലിങ്ങുണ്ടേ
വാനിലുരുമ്മുന്ന ശംഖൊളിമേടകൾ!
വണ്ണ്യകസൗധങ്ങൾതൻ താഴികപ്പൊൽക്കുടം,
വിണ്ണാറിൽനിന്നു പതിച്ച പൊൻപത്മമോ!
മേടകൾമീതേ ലസിപ്പു പച്ചക്കൊടി-
യാടകം വിൺപുഴപ്പായൽ കണക്കിനേ!
കുങ്കുമത്തോട്ടച്ചേന്നങ്ങുണ്ടു വാഴുന്ന
പങ്കജാവാസപ്രണയിനിയെപ്പൊഴും:
അല്ലെങ്കിലെ,ന്മട്ട,തുകൊണ്ടണിപ്പതു-
വല്ലിയും കാവ്യവുമൊന്നിച്ചെഴുതിടും!
വിദ്യേശ്വരി ചിരവിശ്രമം കൊണ്ടുകയാൽ,
തദ്വാഹനങ്ങൾ മരാളപതംഗികൾ
പൊയ്ത്താർ വളയവും കൊത്തിയെടുത്തങ്ങു
തത്തിപ്പറക്കുന്നതുണ്ടു മടാലസം!
ഭൂരിമൃദുസ്ഥലപത്മങ്ങളുണ്ടങ്ങു,
താരിൽമാറിന്നു കിടക്കാൻ വിരിച്ചതോ!
തത്ര ദ്വിജർ തന്നുപന്യാസധാടിയിൽ,-
ക്കത്തിയൊലിക്കുന്ന ചോലയുമുണ്ടാനേ!
തത്രയാഗപ്പുകയാണു വാനിൽ കറു-
പ്പെത്ര മേഘങ്ങൾ കഴുകിയാലും വിടാ!
തൽക്രതുത്തീയേറമുരുകിപ്പോയ-
ദിക്കേ കളങ്കമായ്ക്കാണുന്ന ചന്ദ്രനിൽ!
തത്രമുൻവാസനകൊണ്ടു, ഗുരുകുലേ
വിദ്യയെല്ലാം സ്വയം ശീലിപ്പു ബാലകർ!
ഭ്രമരപ്പെൺകവികൾ മെല്ലെ മെല്ലെത്തൊട്ടു
വീഴുന്ന കാറാങ്കു ശാപഭയാൽ ധ്രുവം!
മത്തഭ്രമരാരവത്തെത്തടുക്കുന്ന
തത്ര വിപ്രാംഗനാകങ്കണശിഞ്ജിതം!

Digitized By Kerala Sahitya Akademi

അങ്ങു മാണിക്യേശപരാഖ്യനായ് മേവുന്ന
ഗംഗാധരസ്വാമി ദേഹിവരപ്രദൻ:
ദിഗ്വിജയോത്സവം കൊണ്ടാടി, വൻവില-
യൊക്കുന്ന മാണിക്യരത്നഗണങ്ങളാൽ
ക്ഷോണിപൻ കാശീരദേവനാച്ചിക്കയാ-
ലാണ മാണിക്യേശനായതാശ്ശങ്കരൻ:

ആ ക്ഷേത്രത്തിന്റെ നടയ്ക്കൽ ഒരു ചെറുവണ്ടിയുടെ തണലത്ത്, അവശവങ്കരം ചൊറിഞ്ഞുംകൊണ്ടിരുന്നിരുന്ന രൈകപനെ സാരഥി കണ്ടെത്തി. രാജാവു പറഞ്ഞുകൊടുത്തിരുന്ന അതാതിടയാളങ്ങളം കാണുകയാൽ സൂതൻ അദ്ദേഹത്തെ ക്ഷണത്തിൽ താണുവണങ്ങി ചോദിച്ചു:—'ബ്രഹ്മൻ, ഇവിടുന്നാരാണ്? പേരെന്താണ്? ദൈവരസജ്ഞരിയായ ഭവാൻ ഇവിടെ വിശ്രമിക്കുന്നതെന്താണ്? എന്താണ ചെയ്യാൻ വിചാരിക്കുന്നത്?' ഇതിന്ന്, പരമാനന്ദമുന്തിലിരുന്നായ രൈകപൻ പുഞ്ചിരിക്കൊണ്ടു മറുപടി പറഞ്ഞതിങ്ങനെയായിരുന്നു:—'ഞങ്ങളം പുണ്ണ്യകാമരാകുന്നു. ഞങ്ങളുടെ മനോവൃത്തിയറിയേണമെങ്കിൽ, അരായാലും വളരെ വളരെ പരിചയ്ക്കുകം ചെയ്യണം!' രൈകപന്റെ അഭിപ്രായം അതിരറ്റോടേ മനസ്സിലാക്കി, സൂതൻ രാജസമീപത്തേയ്ക്കു തിരിച്ചു.

തമ്പുരാനെ കണ്ടു ചിത്തം കളിത്ത സാരഥി വണങ്ങി കൈതൊഴുതുനിന്നു വിവരമുണർത്തിച്ചു. ഗുരുകേട്ടു് അത്യുത്സാഹത്താൽ കണ്ണകം വിടർന്ന ജാനശ്രുതി വീണ്ടും രൈകപനെ ആരാധിപ്പാൻ നിശ്ചയിച്ചു: രണ്ടു പൊൻകോവർക്കഴുതകളെ പൂട്ടിയ ഒരു വണ്ടി, മുത്തുമാലകം, വെള്ളിപ്പട്ടകം, ആയിരം പൈക്കം എന്നിവയുമായി അദ്ദേഹം കാശീരത്തേയ്ക്കു പോന്ന യോഗിയുടെ അടുക്കലെത്തി, അവയെല്ലാം തിരുമുൽക്കാഴ്ചയായി വെച്ചു നിലത്തു ദണ്ഡനമസ്കാരം ചെയ്തു. രൈകപനാകട്ടേ, ആ പരമഭക്തനോടു കോപിച്ചു്, 'എടാ ശൂദ്ര, ദുഷ്ടരാജാവേ, നിനക്കറിഞ്ഞുകൂടാ, എന്റെ സ്ഥിതി; എണീറ്റ്, ഈ കോവർക്കഴുതവണ്ടിയും വസ്ത്രങ്ങളും മുത്തുമാലകളും കറവുപൈക്കളേയും കൊണ്ടുപോ' എന്നാജ്ഞാപിക്കുകയാണു ചെയ്തത്! രാജാവു ശാപഭയത്താൽ രൈകപന്റെ പാദപത്മങ്ങളം പിടിച്ചു്, 'ബ്രഹ്മൻ, പ്രസാദിക്കണേ!' എന്നു്, ഭക്തിപൂർവം അപേക്ഷിച്ചു:—'ഭഗവൻ, നിന്തിരുവടിക്കു് ഇത്ര അത്യുത്തമായ മാഹാത്മ്യം എത്രകൊണ്ടാണു്? അടിയനിൽ തിരുവുള്ളം തെളിഞ്ഞു ശരിക്കരുളിച്ചെയ്യുമാറാകണം!

Digitized By Kerala Sahitya Akademi

കൈകവൻ: —'രാജാവേ, ഗീതയുടെ അറാമദ്ധ്യായം പതിവായി ചൊല്ലുന്നുണ്ട്, ഞാൻ; അതുകൊണ്ടാണ്, ദേവകർമ്മം സഫലമാകുന്നതും തേജസ്സുണ്ടായത്.'

പിന്നീട് ജാനശ്രുതിനരേന്ദ്രൻ ഗീതാഷഷ്ഠാദ്ധ്യായം കൈകവനിൽ നിന്നു പണ്ടിപ്പെട്ട പഠിച്ചു മുക്തിയടഞ്ഞു. കൈകവൻ മാണിക്യേശ്വരസന്നിധിയിൽത്തന്നെ, മുക്തിപ്രദമായ ഗീതാഷഷ്ഠാദ്ധ്യായം ചൊല്ലിക്കൊണ്ടു സുഖമായി വസിച്ചു. അരയന്നങ്ങളുടെ വടിവെട്ടത്തു വരം നൽകാൻ വന്ന വാനവർ വിസ്മയപ്പെട്ടു തിരിയെ പോകയും ചെയ്തു. ഈ ഒരദ്ധ്യായം മാത്രമെങ്കിലും ആർ ചൊല്ലുമോ, അവനും വിഷ്ണുപദമണയും; സംശയമില്ല.

ശ്രീപരമേശ്വരനും, ഉമാദേവിയും, ഉമാമഹേശ്വരസംവാദം, തിരുമഹാത്മ്യപ്രകരണം, ഷഷ്ഠാദ്ധ്യായമഹിമകഥനം ഒരുനൂറെഴുപത്താറാമദ്ധ്യായം.

——(o)——

ഒരുനൂറെഴുപത്തേഴാമദ്ധ്യായം

ശിവൻ:—അപർണ്ണേ, ഏഴാമദ്ധ്യായത്തിന്റെ മഹിമയും പറയാം; ഇതു കേട്ടാൽ, ചെവികളിൽ അമൃതു നിറഞ്ഞതായിത്തോന്നും:

പാടലിപുത്രം എന്നൊരു തുംഗഗോപുരമായ പുരമുണ്ട്; അവിടെ ശംകകർണ്ണൻ എന്നൊരു നയാംബുധിയായ ബ്രാഹ്മണനുണ്ടായിരുന്നു. അയാൾ വൈശ്യവൃത്തിയെടുത്തു വളരെപ്പണം സമ്പാദിച്ചു. പിതൃതർപ്പണമോ ദേവപൂജയോ അയാൾ ചെയ്തിരുന്നില്ല; ധനമാഹാത്മ്യത്തിന്നായി രാജാക്കന്മാർക്കു സത്യകഴിക്കും! അയാൾ ഒരു ദിവസം, നാലാമത്തെ വിവാഹത്തിനായി പുത്രരോടും ബന്ധുക്കളോടുമൊന്നിച്ചു മറെറാരു ഗ്രാമത്തിൽ പോയി. പാതിരയ്ക്ക്, അയാൾ കിടന്നുറങ്ങുമ്പോൾ, ഒരു പാമ്പ് എവിടെ നിന്നോ വന്നെത്തി, ഉള്ളംകയ്യിൽ കൊത്തിക്കളഞ്ഞു. മന്ത്രിമന്ത്രൗഷധാദികളൊന്നും ഫലിക്കാതെ, അയാൾ ഏതാനും നിമിഷങ്ങൾക്കുള്ളിൽ മരിച്ചുപോയി. മക്കൾ ശവം വേറൊരിലകൊണ്ടു മൂടി ഒരു പലകമേൽ കിടത്തി. ഗ്രാമത്തിലേയ്ക്കു കൊണ്ടുപോന്നു; ആ ദുർമ്മതിയണഞ്ഞ ബ്രാഹ്മണന്നായി നാരായണബലിയും പരമശ്രദ്ധയോടെ അനുഷ്ഠിച്ചു.

ശംകകർണ്ണൻ വളരെക്കാലത്തിന്നുശേഷം ഒരു പാമ്പായിത്തീർന്നു; അയാൾ മക്കളെ അറിയിക്കാതെ, ഗ്രാമത്തിനു പുറത്തു കോടിതി

Digitized By Kerala Sahitya Akademi

കയ്യാനായി പണം കഴിച്ചിട്ടിരുന്നു; അതേവാസനയാൽ അതോടുള്ള് ഇവിടെ സർപ്പമായി ജനിച്ച പിതാവു് ഒരുനാൾ പുത്രന്മാർക്ക് സ്വപ്നത്തിൽ പ്രത്യക്ഷീഭവിച്ചു തന്റെ അഭിലാഷം അറിയിച്ചു; അവർ രാവിലെ എഴുനേറ്റു വളരെ വിസ്മയത്തോടേ സ്വപ്നദർശനം തമ്മിൽത്തമ്മിൽ പറഞ്ഞു. അവരിൽ ഒരുത്തൻ പിതൃസ്നേഹത്താൽ സർപ്പത്തെ ഉദ്ധരിപ്പാൻ ആഗ്രഹിച്ചു; മറ്റവൻ ധനലോഭത്താൽ കൊല്ലാൻ നിശ്ചയിച്ചു; പിന്നേത്തവൻ അപ്പനിലുള്ള സ്നേഹത്താൽ മതിമറന്നു്, 'വളരെക്കാലംകൊണ്ടെങ്കിലും സർപ്പത്വം നീങ്ങില്ലയേൾ' എന്നിങ്ങനെ, വ്യസനിച്ചു കരയുകയായി.

നടുവിലെ മകൻ സഹോദരന്മാരിരുവരേയും വഞ്ചിച്ചു്, എന്തോ ഭോഷ്കു പറഞ്ഞെഴുനേറ്റു സ്വഗൃഹത്തിലേയ്ക്കു പോന്നു; എന്നിട്ടു് ഗുണവതിയായ പത്നിയെ പതുക്കെ വിളിച്ചു്, ഒരു പാരക്കോലുമെടുത്തു്, പന്നഗാകൃതിയായ പിതാവിരിക്കുന്നേടത്തേയ്ക്കു പുറപ്പെട്ടു. പണം എവിടെയാണു വെച്ചിട്ടുള്ളതെന്നു് അയാൾക്കറിഞ്ഞുകൂടായിരുന്നു; എങ്കിലും അടയാളങ്ങൾകൊണ്ടു സ്ഥലം തീർച്ചപ്പെടുത്തി, ആ ലുബ്ധൻ സർപ്പത്തെ കൊല്ലാനായി പുറവു കുത്തിക്കഴിപ്പാനും, തോയ്ക്കു മണ്ണു നീക്കാനും തുടങ്ങി. കുറെ കഴിച്ചപ്പോഴേയ്ക്കും പുറിൽ നിന്നു് അതിഘോരമായ സർപ്പം പുറപ്പെട്ടു: അതിന്റെ വായിൽ നിന്നു സുദുസ്സഹമായ വിഷനീർ ഒഴുകുന്നുണ്ടായിരുന്നു; പത്നി പൊക്കി ചീറുന്ന കാറു നാലുദിക്കിലും വ്യാപിച്ചു.

സർപ്പം:—'നീ ആരു്? എന്തിനു വന്നു്? മട കഴിക്കുന്നതെന്തിനു്? മൂഢ, നിന്നെ ആരാണു പറഞ്ഞയച്ചതാണോ? നേരു പറയുക.'

പുത്രൻ:—'ഇവിടുത്തെ മകൻ ശിവനാണു ഞാൻ; രാത്രിയിൽ സ്വപ്നം കണ്ടതിനാൽ അത്ഭുതപ്പെട്ടു്, പണമെടുക്കാനായി വന്നതാണു്.'

പുത്രന്റെ ഈ ലോകഗർഹിതമായ വചനം കേട്ടിട്ടു് സർപ്പം ഉറക്കെച്ചിരിച്ചു സ്പഷ്ടമംവണ്ണം ഉരചെയ്തു:—'നീ എന്റെ മകനാണെങ്കിൽ, നിക്ഷേപം കുഴിച്ചു പാമ്പായിപ്പിറന്നിരിക്കുന്ന എന്നെ വേഗത്തിൽ ബന്ധനത്തിൽ നിന്നു വിടുവിക്കുക!'

പുത്രൻ:—'അച്ഛനെ മുകളിൽ വരികയെങ്ങിനെയാണെന്നതു പറഞ്ഞാലും. രാത്രിയിൽ എല്ലാവരേയും വെടിഞ്ഞുപോന്നിരിക്കയാണു് [illegible].'

Digitized By Kerala Sahitya Akademi

അർജ്ജുൻ:—'മകനേ, തീർത്ഥമോ ദാനമോ തപസ്സോ യജ്ഞമോ ഒന്നും എന്നെ മുക്തിപ്പെടുത്തുകയില്ല; ജീവങ്ങൾക്ക് ജരാമരണദുഃഖങ്ങളെ പോക്കുന്ന ഗീതാസപ്തമാധ്യായമാകുന്ന പീയൂഷമേ അതിനു പ്രയോഗമാകൂ. ഏഴാമദ്ധ്യായം വായിക്കുന്ന ബ്രാഹ്മണനെ എന്റെ ശ്രാദ്ധത്തിൽ സശ്രദ്ധം ഊട്ടുക; എന്നാൽ തീർച്ചയായും എനിക്കു മുക്തി വരും. ഉണ്ണീ, വേദവിദ്യാവിശാരദരായ മറ്റു വിപ്രരേയും യഥാശക്തി പരമഭക്തിയോടേ ഊട്ടണം.'

അതു പുത്രന്മാർ മൂവരും, അർജ്ജുൻ പറഞ്ഞുകൊടുത്തതു ക്രമേണ തലയിൽ അനുഷ്ഠിച്ചു. അതിനാൽ ശ്രീമാൻ ശങ്കുകർണ്ണൻ സർപ്പരൂപം വിട്ട്, പണമെല്ലാം പുത്രന്മാർക്കു കൊടുത്ത്, ദിവ്യശരീരനായിച്ചമഞ്ഞു. അർജ്ജുൻ കൊടുത്ത കോടി പൊൻനാണ്യം പങ്കിട്ടെടുത്തു മക്കളെല്ലാവരും അതുകൊണ്ടു സുഖമനുഭവിക്കുകയും, സത്പ്രതിയിലും ധർമ്മത്തിലും ശ്രദ്ധിച്ചു ചിറ, കുളം, കിണർ, അമ്പലം, ഊട്ടുപുര, യാഗം എന്നിവയ്ക്കായി ചെലവിട്ടു പോരുകയും ചെയ്തു; നിർവാണകാംക്ഷികളായി സപ്തമാദ്ധ്യായം ശീലിച്ച് ഒടുവിൽ മുക്തിയും നേടി. ശിവേ, ഇപ്പറഞ്ഞ സപ്തമാദ്ധ്യായമാഹാത്മ്യം കേട്ടാൽത്തന്നെ പാപമെല്ലാം നശിക്കും!

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
ഗീതാമാഹാത്മ്യപ്രകരണം, സപ്തമദ്ധ്യായമഹിമ കഥനം
ഒരുനൂറെഴുപത്തേഴാമദ്ധ്യായം.

(൦)

ഒരുനൂറെഴുപത്തെട്ടാമദ്ധ്യായം

ശിവൻ:—എട്ടാമദ്ധ്യായത്തിന്റെ മഹിമയും പറയാം; പാർവതി, അതു കേട്ടാൽ ഭവതിക്കു വളരെ സന്തോഷം തോന്നും:

തെക്കൻദിക്കിൽ ആമർഷകമെന്ന നഗരത്തിൽ ഭാവശർമ്മാവ് എന്നൊരു ദ്വിജനുണ്ടായിരുന്നു. ഒരു തേവിടിശ്ശിയായിരുന്നു അയാളുടെ ഭാര്യ. അയാൾ മാംസം തിന്നും, മദ്യം കുടിച്ചും, സാധുക്കളുടെ മുതൽ കട്ടും, പരസ്ത്രീകളെ പുണർന്നും, വേട്ടയാടിനടന്നും തന്റെ കുത്സിത കാമം നിറവേറിപ്പോന്നു. ഒരിക്കൽ അയാൾ പാപി പാപഗ്രാമത്തിൽ കരിമ്പനക്കുള്ള കഴുത്തോളം കുടിച്ചുതിനാൽ അജീർണ്ണം പിടിപെട്ട് ഏതാനും നാളിനുള്ളിൽ മരിച്ച്, ഒരമ്പിച്ച കരിമ്പനയായി ജനിച്ചു; അതിന്റെ ഇടതൂർന്ന കളിർത്തലിൽ, ബ്രഹ്മരക്ഷസ്സുകളായിത്തീർന്ന ദമ്പതിമാരായ രണ്ടുപേർ വന്നെത്തി.

Digitized By Kerala Sahitya Akademi

പാർവ്വതി:—'ദേവ, ആരായിരുന്നു അവർ? ജാതിയെന്തായിരുന്നു? തൊഴിലെന്തായിരുന്നു? എന്തു കർമ്മത്താലാണു് ബ്രാഹ്മരക്ഷസ്സുകളായതു്'?

ശിവൻ:—'വേദവേദാംഗതത്ത്വജ്ഞനായി സർവ്വശാസ്ത്രാർത്ഥകോവിദനായി സദാചാരനായി കൗണ്ഡിന്യൻ എന്നൊരു ബ്രാഹ്മണനുണ്ടായിരുന്നു എന്നാൽ, അയാളുടെ ഭാര്യ കുമതി എന്നവൾ ഒരു ദുരാഗ്രഹക്കാരിയായിരുന്നു. തന്മൂലം ലോഭം ബാധിച്ചു് അയാൾ നാനാതോരും എരുമ, കാലപുരുഷൻ, അശ്വം മുതലായ മഹാദാനങ്ങൾ വാങ്ങിത്തുടങ്ങി; ദാനംകിട്ടിയതിൽ ഒരു ദമ്പടിപോലും ബ്രാഹ്മണർക്കു നൽകിയിരുന്നില്ലതാനും! അതിനാൽ, ആ ദമ്പതിമാർ മൃതിപ്പെട്ടു് ബ്രഹ്മരക്ഷസ്സുകളായിത്തീർന്നു്, പൈദാഹങ്ങളാൽ വാടി വലിഞ്ഞു ഭൂമിയിൽ ചുറ്റിനടക്കെ, ആ കരിമ്പനയുടെ ചുവട്ടിലണഞ്ഞു വിശ്രമിച്ചു. 'എങ്ങിനെയാണു് നമുക്കീ മഹാദുഃഖം നീങ്ങുക? എങ്ങിനെയാണു് ബ്രഹ്മരക്ഷസ്ത്വം വിട്ടൊഴിയുക?' എന്നിങ്ങനെ ഭാര്യ ചോദിച്ചതിനാൽ ഭർത്താവു പറഞ്ഞു:—'ബ്രഹ്മവിദ്യോപദേശമോ, അദ്ധ്യാത്മവിചാരമോ, കർമ്മവിധിജ്ഞാനമോ കൂടാതെ സങ്കടത്തിൽനിന്നൊങ്ങിനെ വിടുതികിട്ടും?' ഉടനേ ഭാര്യ, * 'കിം തദ് ബ്രഹ്മ കിമദ്ധ്യാത്മം കിം കർമ്മ പുരുഷോത്തമ' എന്നിങ്ങിനെയും ചോദിച്ചപ്പോഴേയ്ക്കും ഒരശരീരിയുണ്ടായി: ഈ ഗീതാപൂർവ്വാർദ്ധശ്ലോകാർദ്ധം ശ്രവിച്ചതോടുകൂടി, ആ കരിമ്പന പാപകർമ്മകുത്തിൽനിന്നു വേർപെട്ടു വൃക്ഷരൂപം വെടിഞ്ഞു ദിവ്യരൂപനായി ജ്ഞാനവിശുദ്ധനായിച്ചമഞ്ഞു! അതിന്റെ മാഹാത്മ്യത്താൽ ആ ദമ്പതിമാരും വിമുക്തരായി: 'കിം തദ്ബ്രഹ്മകിമദ്ധ്യാത്മം കിം കർമ്മ പുരുഷോത്തമ' എന്നിരുമൂന്നും ചൊല്ലിയ മുഖത്തുനിന്നു പുറപ്പെട്ടപ്പോഴേയ്ക്കും, കിങ്ങിണികം കിലുങ്ങുന്ന ഒരു ദിവ്യവിമാനം ആകാശത്തുനിന്നു വന്നെത്തി: ദിവ്യാംഗനമാരുടെ മുഖചന്ദ്രമണ്ഡലങ്ങളാൽ മണ്ഡിതവും, അപ്സരസ്ത്രീകളുടെ വദനാരവിന്ദങ്ങളിൽ പാറിനടക്കുന്ന വണ്ടുകൾ ചുഴന്നതും, മഥിക്കപ്പെട്ട പാലാഴിയുടെ കരയ്ക്കു മിന്നുന്ന നുരക്കൂട്ടംപോലെ വെളുത്തു ഗംഗാതരംഗങ്ങൾപോലെ ഭംഗിചേർന്ന ചാമരങ്ങളാൽ പരിശോഭിതവും, ഗന്ധർവ്വഗീതസുരവധൂനൃത്തങ്ങളാൽ സുഭഗവുമായിരുന്ന ആ വിമാനത്തിൽക്കയറി ദമ്പതിമാർ ദ്യോവിലേയ്ക്കു ഗമിച്ചു!

ധർമ്മമായ ഭാവശർമ്മാവാകട്ടെ, ഇതിൽ അത്ഭുതപ്പെട്ടു് ആ ശ്ലോകാർദ്ധവും എഴുതിയെടുത്തു്, നാരായണൻതിരുവടിയെ ആരാ

* പുരുഷോത്തമ, എന്താണു് ബ്രഹ്മം, എന്താണു് അദ്ധ്യാത്മം, എന്താണു് കർമ്മം?

Digitized By Kerala Sahitya Akademi

ധിപ്പാൻവേണ്ടി മുക്തികരമായ കാശിയിലേയ്ക്കു നടകൊണ്ടു. അവിടെ അദ്ദേഹം ഉൽകൃഷ്ടമായ തപസ്സുതുടങ്ങി. ഈ സന്ദർഭത്തിൽ ജഗദീശനായ ജനാർദ്ദനനോടു പാലാഴിമകൾ കൈതൊഴുതു ചോദിച്ചു:—'എന്താണിവിടുന്ന് ഉറങ്ങാതിരിക്കുന്നതു്?'

വിഷ്ണു:—'കാശിയിൽ ഗംഗാതീരത്തു്, ഭാവശർമ്മാവു് എന്നൊരു മഹാ ബുദ്ധിമാനായ ബ്രാഹ്മണൻ മത്ഭക്തിരസപൂർണ്ണനായി വലിയ തപസ്സുചെയ്യുന്നുണ്ടു്:; ആ ജിതേന്ദ്രിയൻ ഗീതയുടെ എട്ടാമദ്ധ്യായത്തിലെ ശ്ലോകാർദ്ധം ചൊല്ലിപ്പോരുന്നുണ്ടു്. ദേവി, അദ്ദേഹത്തിന്റെ തപസ്സിനാൽ ഞാൻ അതിസന്തുഷ്ടനായിരിക്കുന്നു; ആ തപസ്സിന്നൊത്ത ഫലം കൊടുക്കാൻ വളരെച്ചിന്തിച്ചു്. ഉൽക്കണ്ഠയുംപൂണ്ടിരിക്കുകയാണിപ്പോൾ!'

പാർവതി:—'ഭഗവാൻ പ്രസാദിച്ചുവെങ്കിലും, വിചാരത്തിൽപ്പെടുകയാണുണ്ടായതെങ്കിൽ, ഭക്തനായ ഭാവശർമ്മാവിന്നു് എന്തു ഫലം കിട്ടി?'

ശിവൻ:—'പ്രസന്നനായ മുരാരിയുടെ വരംനേടി ഭാവശർമ്മാവു് ജ്യോത്സ്നൻ പരമനിർവ്വാണമണഞ്ഞു; അദ്ദേഹത്തിന്റെ കർമ്മത്താൽ നരകപ്രാപ്തരായിരുന്ന പൂർവികരും അതിൻവണ്ണം സൽഗതി പൂകി! ഇളമാൻകണ്ണാളേ, ഇങ്ങനെയാണു് എട്ടാമദ്ധ്യായത്തിന്റെ മാഹാത്മ്യം; ഞാൻ കുറഞ്ഞൊന്നേ പറഞ്ഞിട്ടുള്ളൂ. ഭവതി എപ്പോഴും സ്മരിച്ചുകൊള്ളണം.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദേ,
തിലാമഹാത്മ്യപ്രകരണം, അക്ഷരാഷ്ടകമഹിമകഥനം
നൈരുന്തുറെഴപത്തെട്ടാമദ്ധ്യായം.

—— (൦) ——

ഒരുന്തുറെഴപതാമ്പതാമദ്ധ്യായം

ശിവൻ:—ഇനി ഒമ്പതാമദ്ധ്യായത്തിന്റെ മാഹാത്മ്യം പറയാം; മലമകളേ, മനസ്സിരുത്തി കേട്ടുകൊള്ളുക:

നമ്മളാതീരത്തു മാഹിഷ്മതി എന്നൊരു നഗരമുണ്ടു്; അവിടെ മാധവൻ എന്നൊരു ശിവഭക്തനുണ്ടായിരുന്നു. വേദവേദാംഗതത്വജ്ഞനും പതിവായി അതിഥികളെ സൽക്കരിക്കുന്നവനുമായ ആ വിപ്രോത്തമൻ വിദ്യകൊണ്ടു വളരെ ധനം സമ്പാദിച്ചു്, ഒരിക്കൽ

Digitized By Kerala Sahitya Akademi

ഒരു വലിയ യാഗം ആരംഭിച്ചു. അതിനു കൊല്ലാൻ കൊണ്ടുവന്ന പൂജിച്ചു നിർത്തപ്പെട്ട കൊറനാട്ട്, ആളുകളെല്ലാം അത്ഭുതപ്പെട്ടുമാറ് ഉച്ചത്തിൽ ചിരിച്ചുംകൊണ്ടുപറഞ്ഞു:—'ഇങ്ങനെ വളരെ യാഗങ്ങളും ശരിക്കു ചെയ്താലും എന്തുള്ളൂ? ഫലം നശിക്കും; ജരാമരണങ്ങളും വരും. ബ്രാഹ്മണ, എന്റെ ഈ അവസ്ഥ നോക്കുക!' ആട്ട് സംസാരിച്ചതു കേട്ടിട്ട്, യാഗശാലയിലുണ്ടായിരുന്ന ജനങ്ങൾക്കെല്ലാം വളരെ കൌതുകവും വിസ്മയവും തോന്നി. കണ്ണു പകച്ച മാധവദ്വിജൻ ആടിനെ ശ്രദ്ധാദരങ്ങളോടെ കൈതൊഴുതു വണങ്ങി ചോദിച്ചു:—'ഭവാൻ ആരാണ്? ജാതിയെന്തായിരുന്നു? തൊഴിലെന്തായിരുന്നു? എന്തൊരു കർമ്മത്താലാണ് ആടായിപ്പോയത്? പറഞ്ഞാൽക്കൊള്ളാം.'

ആട്ട്:—'ഞാൻ പണ്ട് അതിവിശുദ്ധമായ ഒരു ബ്രാഹ്മണകുലത്തിൽ ജനിച്ചുവന്നും വേദവിദ്യാകോവിദനും അനേകം യാഗങ്ങൾ കഴിച്ചവനുമായിരുന്നു. ഒരിക്കൽ എന്റെ ഭാര്യ ഉണ്ണിക്കു രോഗം മാറാനായി ഒരാടിനെ ചണ്ഡികയ്ക്കു ബലികഴിപ്പാൻ എന്നോടാവശ്യപ്പെട്ടു; അതിൻപ്രകാരം ചണ്ഡികയുടെ മണ്ഡപത്തിൽവെച്ച് ആടിനെ വെട്ടുമ്പോൾ, അതിന്റെ ബ്രാഹ്മവാദിനിയായ അമ്മ എന്നെ ശപിച്ചുകളഞ്ഞു:—'ശാസ്ത്രവിഹിതമല്ലാത്ത വഴി പിടിച്ച്, എന്റെ പുത്രനെ കൊല്ലാനാണല്ലോ ഭവാൻ തുടങ്ങുന്നതു്; അതിനാൽ, ഛെ പാപി ഭദ്രി ജാധമ, ഭവാൻ ആടായിപ്പിറക്കും.' ഭദ്രിജോത്തമകാലം വന്നപ്പോൾ മൃതിയടഞ്ഞ ഞാൻ അനേകം യോനികളിൽ പതിച്ചു കഷ്ടപ്പെട്ട്, ഒടുവിൽ ആടായി ജനിച്ചു; പശുയോനിയിലായാലും, എനിക്കു മുൻജന്മസ്മരണയുണ്ട്.'

മാധവൻ:—'അങ്ങയുടെ ജന്മങ്ങളും കേൾക്കാൻ ഞങ്ങൾക്കൊക്കെ അതിയായ ആഗ്രഹമുണ്ട്; അതിനാൽ എല്ലാം പറയുമാറാകണം!'

ആട്ട്:—'ഒരിക്കൽ ഞാൻ ഒരു കരങ്ങനായി ജനിച്ചു: ഒരു പാന്ഥാട്ടി എന്നെപ്പിടിച്ചു പഠിപ്പിച്ചു, ഗുഹാമുറ്റങ്ങളേംതോറും കട്ടികളംകളി കാണാൻ കളിപ്പിച്ചുപോന്നു; അക്കൂട്ടത്തിൽ, എന്റെ കേമിയായ ഭാര്യയേയും മക്കളേയും കണ്ടപ്പോൾ ഞാൻ കളിക്കാതെ നിന്നു. അതിൽ ശുണ്ഠിപിടിച്ചു കൺമുകന്ന കാക്കാലൻ എന്നെ ചൂരൽപ്പിരിമുകൊണ്ടു തിരിച്ചും മറിച്ചും തല്ലുകയായി! ഞാൻ വേദന സഹിക്കാതെ, ചോരയുമൊലിച്ചു മുഴുത്തു വീണു; അന്നാമോ വെള്ളമോ തൊടാതെ ചാവുകയുംചെയ്തു. പിന്നെ ഒരു ശ്വാവായി പിറന്ന ഞാൻ വീട്ടുതോറും അലഞ്ഞുനടന്ന് എപ്പിലും മറവും നിന്ന വയർ പോറ്റി

Digitized By Kerala Sahitya Akademi

൨൩൪൫൬ പുരാണസഞ്ചിക [൪൫൬൭൮൯൧൨൩൪൫൬൭൮൯൧൨൩൪൫൬൭൮൯൧൨൩

ചോദിച്ചു:—ദ്വിജ, മറ്റാരും ഈ കുരുക്ഷേത്രത്തിൽ വെച്ച് അതുല്യമായ ദാനംപോലും വാങ്ങുകയില്ല; ഭവാൻ സൂര്യഗ്രഹണസമയത്തു കാലപുരുഷദാനം കൈക്കൊള്ളാൻ തുടങ്ങുന്നതെങ്ങിനെയാണ്? ഇതൊരുക്കലും പാപകരമാണെന്നു തീർച്ചയായറിഞ്ഞിട്ടും, ഭവാൻ ധനലോഭംമൂലം മതിമറന്നു ചെയ്യാൻ തുടങ്ങുകയാണെന്നുണ്ടോ?' ജനങ്ങളെ വിസ്മയപ്പെടുത്തിയ ഈ ചോദ്യം കേട്ടിട്ട് ആ ബ്രാഹ്മണൻ പറഞ്ഞു:—'എന്താണീ മഹാദാനത്തെ പേടിക്കാനുള്ളത്? ഇത്തരം മഹാദാനങ്ങളും വാങ്ങിയാലുണ്ടാകുന്ന അഗാധമായ പാതകസമുദ്രം കടക്കാനുള്ള ഉപായം എനിക്കു തന്നെ നല്ലവണ്ണം അറിയാം.' രാജാവു കുളിച്ചു ശുചിയായി മനംതെളിഞ്ഞു, വസ്ത്രങ്ങൾ ധരിച്ചു, വെളുത്ത മാല്യവും കറിക്കുട്ടുമണിഞ്ഞു, പുരോഹിതന്റെ കയ്യുംപിടിച്ചു, തൽക്കാലോചിതരായ പരിജനങ്ങളാൽ പരിചരിക്കപ്പെട്ടുകൊണ്ടു തിരിച്ചെത്തി; വിധിപോലെ ആ ബ്രാഹ്മണനു കാലപുരുഷദാനം നൽകുകയും ചെയ്തു. അതാ, കാലപുരുഷന്റെ മദ്ധ്യഭാഗം പിളർന്ന്, കണ്ണുകൾ തുറുത്തു കരാളാകൃതിയായ ഒരു പാപി ചണ്ഡാലൻ പുറത്തേയ്ക്കു ചാടി; അവൻ കുറേനേരം പരനിന്ദയുമായി വിഹരിച്ചു; അവന്റെ ദേഹത്തിൽനിന്നു നിന്ദയാകുന്ന ഒരു ചണ്ഡാലിയും പുറപ്പെട്ടു. ആ രക്തനേത്രരായ ചണ്ഡാലമിഥുനങ്ങൾ ബ്രാഹ്മണനോടടുത്തു, അദ്ദേഹത്തിന്റെ മേൽക്കോൻ തുടങ്ങി. അദ്ദേഹം വിറച്ചുകൊണ്ടു, ഹൃദിസ്ഥമായ ഗീതാനവമാദ്ധ്യായം ജപിക്കുകയായി. രാജാവു മിണ്ടാതെ നോക്കി നിന്നു. ജ്ഞാനിയായ ബ്രാഹ്മണൻ, അകന്നു പാപപുരുഷൻ പിടിച്ചുകൊള്ളുന്ന സമുദ്രം കാറ്റോറാലക്കൊള്ളുന്നതുപോലെ കാണപ്പെട്ടു! അദ്ദേഹത്തിന്റെ ഇരുവശങ്ങളിൽ നിന്നിരുന്ന ചണ്ഡാലദമ്പതിമാരോ, ഗീതാക്ഷരങ്ങളിൽ നിന്നുതടവിച്ച വിഷ്ണുപാർഷദരാൽ പീഡിക്കപ്പെട്ട്, ഉദ്യമം സാധിക്കാതെ, കതിച്ചുകുതിച്ചോടിപ്പോയി. ഇതു പ്രത്യക്ഷമായി കണ്ട പൂരുഷപീശൻ വിസ്മയത്താൽ കണ്ണുകൾ വിടർന്ന്, ബ്രാഹ്മണനോടു ചോദിച്ചു:—എങ്ങനെയാണ്, ഈ വന്നിച്ച ഘോരാപത്തിനെ ഭവാൻ കടന്നതു? ഏതു മന്ത്രമാണ് ജപിച്ചതു? ഏതു ദേവനെയാണു സ്മരിച്ചതു? ആ പുരുഷനും സ്ത്രീയും ആരായിരുന്നു? അവർ എങ്ങനെ വന്നാണാഞ്ഞു? എങ്ങനെ ഓടങ്ങി? ഇതു പറഞ്ഞാൽക്കൊള്ളാം.'

ബ്രാഹ്മണൻ:—'മഹീശ, ഉടൽ പൂണ്ട പാപവും നിന്ദയുമായിരുന്നു, ആ ചണ്ഡാലനും പെണ്ണും. അതറിഞ്ഞു ഞാൻ ഗീതയുടെ ഒന്പതാമദ്ധ്യായമാകുന്ന മന്ത്രമാല സ്മരിച്ചു; അതിന്റെ മഹിമയാണിതെല്ലാം.'

Digitized By Kerala Sahitya Akademi

ബ്രാഹ്മണ, ഗീതാനവമാദ്ധ്യായം ഞാൻ പതിവായി ജപിക്കാറുണ്ട്; അതുകൊണ്ടാണ്, ഞാൻ ദുഷ്പ്രതിഗ്രഹത്താൽ സംഭവിച്ച അപചയത്തെ കടന്നത്.'

രാജാവ് ആ ബ്രാഹ്മണങ്കൽ നിന്ന് ഒമ്പതാമദ്ധ്യായം പഠിക്കുകയും, അവരിരുവരും പരമോത്തമനിർവ്വാണമടയുകയും ചെയ്തു.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംഭാഷം,
ഗീതാമഹാത്മ്യപ്രകരണം, നവമാദ്ധ്യായനിരൂപണം
ഒരുനൂറെഴുപതാമൻപതാമദ്ധ്യായം.

(o)

ഒരുനൂറെൺപതാമദ്ധ്യായം

പാർവ്വതി:—'സർവ്വജ്ഞ, സർവ്വൈശ്വര്യമേ, സർവ്വേശ്വര, വാക്യത്തോ, ഞാൻ ധന്യനായി: മാന്യന്മായ ഇവിടുന്ന് എന്നെ മാന്യയായി കരുതുന്നതുകൊണ്ടല്ലൊ! പുണ്യമായ നവമാദ്ധ്യായമാഹാത്മ്യവും ഇവിടുന്ന വർണ്ണിച്ചു. എന്നാൽ, ദേവേശ, അനേകം അത്ഭുതകഥയാകുന്ന നരനേൻ നകന്നിട്ട് എനിക്കൊരിക്കലും മതിവരുന്നില്ല; ശ്രവണേച്ഛ തഴച്ചുതന്നെ നിൽക്കുന്നു! അറിവില്ലാത്തതാണ്, വേദത്തിന്റെ പ്രാണനായ ഗീതയുടെ മാഹാത്മ്യസമുദ്രം; അതിൽവെച്ചും പത്താമദ്ധ്യായത്തിനു പ്രാധാന്യം മഹർഷിമാർ പാടിയിരിക്കുന്നു. ആ പത്താമദ്ധ്യായത്തെ സംബന്ധിച്ച് ഒരു കഥ പറയുമാറാകണം!'

ശിവൻ:—സുശ്രോണി, സപ്തർഷ്യാശ്രമത്തിലേയ്ക്കുള്ള ദുഷ്പ്രാപമായ സോപാനവും പ്രഭാവങ്ങളുടെ സമ്പോലെയുള്ളതും പരമപാവനവുമായ കഥ കേട്ടുകൊള്ളുക:

കാശീനഗരത്തിൽ, പുണ്യശ്ലോകപരായണനായി ഹിംസാകാരണങ്ങളില്ലാത്ത ശാന്തചിത്തനായി സദാ നിവൃത്തിനിരതനായി ജിതേന്ദ്രിയതകൊണ്ടും ധീരധീ എന്ന വിഖ്യാതനായി നന്ദിയെപ്പോലെ എങ്കൽ കേന്ദ്രീകൃതിമാനായി വേദസമുദ്രങ്ങളുടെ മറുകര പുക്കവനായി സർവ്വശാസ്ത്രാർത്ഥകോവിദനായ ഒരു ബ്രാഹ്മണനുണ്ടായിരുന്നു. തപശ്ചക്ഷുസ്സായി ധ്യാനത്താൽ അന്തരാത്മാവിൽ നിമഗ്നചിത്തനായ അദ്ദേഹം നടന്നുപോകുമ്പോൾ, ഞാൻ പ്രീതിയാൽ ഓടിച്ചെന്നു കൈകൊണ്ടു താങ്ങുക പതിവാണ്. വിശാലാക്ഷി, രാത്രിയിൽ, ആ വിരക്തനായ മുനി അത്രമിച്ച്, പരമാനന്ദം നിറഞ്ഞ ദൃഷ്ടിയെ നാസാഗ്രത്തിലുറപ്പിച്ച് നിശ്ചേഷ്ടേന്ദ്രിയനായി, വിസ്തീർണ്ണമായ ഉമ്മറക്കട്ടിലിന്മേൽ ചാരിയ

Digitized By Kerala Sahitya Akademi

രിക്കും; അതോടുകൂടി, കണ്ണോളകം വീണ ക്ഷണനേരം ഉറങ്ങുകയും ചെയ്യും. ഒരിക്കൽ ഭൃംഗിരിടി കാൽക്കൽ വണങ്ങി എന്നോട് ചോദിച്ചു: —'ഈ മഹാത്മാവ് എന്തു കാര്യത്താലാണു നിന്തിരുവടിയെ ശിഷ്യപ്പെട്ടത്? എന്തു തപസ്സോ ജപമോ ഹോമമോ ആണു ചെയ്തിട്ടുള്ളത്? ഇദ്ദേഹത്തിനു നിന്തിരുവടി ക്രടെക്രടെ കരാവലംബനം നൽകാറുണ്ടല്ലൊ. എന്തുകൊണ്ടാണ്, ഇദ്ദേഹത്തിനു നഗരംവിട്ടു പുറത്തേയ്ക്കു പോകാൻ സാധിക്കാത്തതു? യദൃച്ഛയാ കാശിയുടെ അതിർ കടന്നുപോയാലോ, ഇദ്ദേഹം സമീപസ്ഥരെക്രടി നോക്കാറുമില്ല! ഇതിന്റെ കാരണം അരുളിച്ചെയ്യ കേൾക്കണമെന്നുണ്ട്; അടിയനെ അനുഗ്രഹിച്ചു്, അരുളിച്ചെയ്യാവുന്നതാണെങ്കിൽ അരുളിച്ചെയ്യാറാകണം!' ഞാൻ ഭൃംഗിരിടിയോടു മറുപടി പറഞ്ഞു:—'ഒരു ദിവസം ഞാൻ കൈലാസപാർശ്വത്തിൽ, അമരനിതംബിനിമാരുടെ അരഞാൺകിലുക്കത്താലും കയിലുകളുടെ ക്രജിതങ്ങളാലും നന്നു മത്തവായ പക്ഷികളുടെ ശബ്ദത്താലും ദിഗന്തങ്ങളെ മുഴക്കുന്നതായി, തിരിയുന്ന ദാരുഘടിയന്ത്രത്തിൽ നിന്നു നീർത്തുള്ളികളാൽ ചിതറുന്നതായി, വിചിത്രരോമമുള്ള കളഭികന്ദളീമൃഗങ്ങളാൽ പരിവൃതമായി, കസ്തൂരിമാനുകളും അരയന്നങ്ങളും സംസാരിപ്പാൻ ശീലിക്കുന്ന തത്തകളും നിറഞ്ഞതായി, കിന്നരഗാനമോഹനമായി, മാനുകൾ കണ്ണു കറങ്ങിത്തോന്നട്ടുവ് അവിടവിടെ അയവിറക്കിക്കിടക്കുന്നതായി, മുല്ലപ്പൂക്കളുടെ തേൻകൊണ്ടും വിരിഞ്ഞ ഇലഞ്ഞിപ്പൂക്കളുടെ സൗരഭ്യംകൊണ്ടും വണ്ടുകൾ മദംകൊണ്ടതായി, ലവഖിപ്പൂംകലകളുടെ പരിമളം പരന്നതായി, മഞ്ഞണിക്കാറ്റേറ്റുലയുന്നതായി ചന്ദ്രകാന്തശിലകൾ നിന്നു പൊഴിഞ്ഞ പീയൂഷത്താൽ നിലം കഴുകപ്പെട്ടതായ പുന്നാത്തോപ്പിൽ, ഒരു തിണ്ണമേൽ ഇരിക്കയായിരുന്നു. ഇത്തിരി നേരം കഴിഞ്ഞപ്പോൾ, വന്നിച്ച മരുക്കൊന്നുകൾ തമ്മിലുരുമ്മിത്തിരുപ്പിരികൾ ചിന്നമാറും പർവ്വതങ്ങൾക്രടിക്കുലുങ്ങുമാറും ഒരുകൊട്ടുകാറടിച്ചു. അതോടുകൂടി, ഗുഹകളെ മാറ്റൊലിക്കൊള്ളിച്ച ഒരു മഹാശബ്ദം പുറപ്പെടുകയും, ആകാശത്തുനിന്ന ഛംസത്തിന്റെ ആകൃതിയിലുള്ള ഒരു പക്ഷി, ചിറകറ്റ മാമലപോലെ ഇറങ്ങിവരികയുംചെയ്തു. മഹിക്രയാതൊന്നാ കുരിശുകൂട്ടമെന്നുതോന്നുമാറിരുന്ന ആ പക്ഷി കാലുകൾ നിലത്തുന്നി എഴുന്നേറ്റുകമ്പിട്ടു വണങ്ങി; എന്നിട്ട് ഒരു വാഴാത്ത മരുപ്പൂവ് എന്റെ കാൽക്കൽവെച്ചു്, വാഗ്വൃത്തിയോടെ സ്തുതിപ്പാൻ തുടങ്ങി:—

(പാത)

വെൽക ദേവ, സമാധിദുശ്ശാകുതേ!
വെൽക സംയമിവശ്യ, ജഗൽപതേ,

Digitized By Kerala Sahitya Akademi

സന്തതം സച്ചിദാനന്ദാവീചികരം
ചിന്തിതം ചിദാനന്ദസുധാസിന്ധോ!
നിത്യശീലിതാദ്വൈത, നിരന്ത,
നിസ്സ്വിദോഷ, നിരാവരണാത്മാവേ,
നിർവികാര, നിരവദ്യേ, നിർമ്മുക്ത,
നിർഗ്ഗുണ, നിരാകാര, നിരുപാധേ,
കാരുണ്യത്തളിരിൽശ്ശരണമണഞ്ഞോരെ-
ക്കാത്തുകൊൾവതിൽ ശ്രദ്ധി തഴച്ചോനെ,
ഫാലലോലത്തിരുമിഴിച്ചെന്തീയിൽ
ജ്വാലയാലല്പമ്പനെച്ചുട്ടോനെ,
വീരദൈത്യരെ വെണ്മഴുവാൽവെട്ടി-
ക്കീറിയോനേ, ഗരളം കടിച്ചോനെ,
ഛന്ന, മുപ്പുരപ്പെണ്ണുങ്ങടംതൻനെറി-
ച്ചിന്തുരക്കുറിമായ് മുകളഞ്ഞോനെ,
കനിയ്മാതിൻകളിർമുലത്തണ്ടലർ-
ക്കുങ്കുമച്ചാറു മാറിൽ പൂശുന്നോനെ!
കൈവണങ്ങാം പ്രമാണദൂരസ്ഥനെ,-
ക്കൈവണങ്ങാം പ്രമാണസപ്രപഞ്ചനെ!
കൈവണങ്ങിടാം ചൈതന്യനാഥനെ,-
ക്കൈവണങ്ങിടാം ലോകൈകമൂർത്തിയെ!
ആറുമില്ലാത്തസംസാരപാപബ്ധി-
യ്ക്കപ്പുറത്തെക്കടപ്പത്തിലണപ്പതായ്,
യോഗിപുംഗവർ മുങ്ങിച്ചുപോരുന്ന
താകിയ നിൻ പാദാബ്ജം പണിയുന്നേൻ!
തൽസ്തുതിക്കില്ല വൈഭവം വ്യാഴന്നും,
വക്ത്രമായിരമുള്ള ഫണീന്ദ്രനും;
അബ്ജോനെപ്പുകഴ്ത്തുവാനാരിവ-
നല്പബുദ്ധിയാം പക്ഷിഭഗവാനെ!'

ഈ സ്തോത്രം കേട്ടിട്ട ഞാൻ ആ പക്ഷിയോട് ചോദിച്ചു:— 'വിഹംഗമ, നീ ആരാണ്? എവിടത്തെ താനാണ്? അതു നിശ്ചയിക്കാൻ അരയന്നത്തിനോടു വർണ്ണംകൊണ്ടും രൂപംകൊണ്ടും സദൃശനായിരിക്കുന്നു നീ എന്തുദ്ദേശിച്ചാണ് ഇവിടെ വന്നതെന്നു പറയുക.' ആ വാക്യം കേൾപ്പാറായ പക്ഷി വിനയത്താൽ താഴ്ത്തിയ തലയുമായി മൃദുസ്വരത്തിൽ മറുപടി പറഞ്ഞു:— 'ദേവേശ, ധൂർജ്ജടേ, ബ്രഹ്മാവിന്റെ അരു

Digitized By Kerala Sahitya Akademi

യന്നമാണടിയൻ. അടിയന്ന കവുപ്പു വന്നതു് ഇന്നതുകൊണ്ടാണെന്നു്, കല്പിച്ചു ചോദിച്ചതിനാൽ,ഉണത്തിക്കാം. അടിയ മാനസസരസ്സിൽ നിന്ന ഭൂലോകത്തു പോയി; അപ്പോഴാണു് അവിടെ പറഞ്ഞതു്: സൌരാഷ്ട്രനഗരത്തിന്നടുക്കൽ, താമരപ്പൂക്കൾ വിരിഞ്ഞുനിൽക്കുന്ന ഒരു പൊയ്കയിൽനിന്നു് ഉള്ളംതിങ്കുംപ്പോളിയുപ്പും വെളുത്ത താമരവളയങ്ങൾ കൊത്തിത്തിന്നു തളർച്ച തീർത്തിട്ടു് അടിയൻ ആകാശത്തെയ്ക്കു പറന്നു; ഉടനേ, എന്തുകാരണമാ, വിറച്ചു മോഹാലസ്യപ്പെട്ടു് ഇന്ദ്രിയശക്തികെട്ടു് അടിയൻ ഭൂമിയിലേയ്ക്കു വീണുപോയി കുറേനേരം തണുത്ത കാറേറ്റപ്പോൾ മോഹാലസ്യം നീങ്ങി; എങ്കിലും വീണതിന്റെ കാരണം മനസ്സിലായില്ല. 'അയ്യോ, എന്താണീ പറഞ്ഞതു്? ഞാൻ വീണതെങ്ങിനെ? പാകംവന്ന കർപ്പൂരംപോലെ വെളുത്തിരുന്ന ഈ ശരീരം കറുത്തുപോയതെങ്ങിനെ?' എന്നിങ്ങനെ അടിയൻ സവിസ്മയം ചിന്തിക്കെ. താമരപ്പൂവിൽനിന്നു് 'അരുതു്, അരുതു്, എഴുന്നേൽക്കുക; വീണതിന്റെയും കറുത്തതിന്റെയും ഹേതു ഞാൻ പറഞ്ഞുതരാം' എന്നൊരു വാക്കു കേൾക്കുമാറായി. അടിയൻ എഴുന്നേറു പൊയ്കയുടെ നടുവിൽ പറന്നുചെന്നു; ഭാവിയെ അഞ്ചു പത്മങ്ങളോടുകൂടിയ ഒരു രമ്യനളിനി കാണപ്പെട്ടു. മുകളിൽ ആകാശത്തു്, കാർകൊണ്ടൽവർണ്ണം കനകവസ്ത്രധാരികളും ശംഖചക്രഗദാപത്മങ്ങളും ധരിച്ച നാലു കൈകളോടുകൂടിയവരും കിരീടാഭരണകേയൂരകുണ്ഡലങ്ങളുതിവിതിരിതിരുമായ അനുപതിനായിരം പുരുഷന്മാർ നിൽക്കുന്നുണ്ടായിരുന്നു. ഞാൻ പങ്കജനളിനസമയ പത്മിനിയെ വണങ്ങി വലം വച്ചു്, വീണതിന്റെയും മാറും കാരണം ചോദിച്ചു.

പത്മിനി:—കളഹംസമേ, നീ ആകാശത്തിലൂടെ എന്നെ ലംഘിച്ചു (വന്ദിക്കാതെ)പോയതിന്റെ പാപഫലമാണു് ഭൂമിയിൽ പതിച്ചതും നിന്റെ ശരീരം കറുത്തതും. നീ വീണതുകണ്ടിട്ടു മനംകനിഞ്ഞ ഞാൻ നടുവിലെ താമരപ്പൂവുകൊണ്ടു സംസാരിച്ചപ്പോൾ, അതിന്റെ സൗരഭ്യം മുകന്നിട്ടു് അനുപതിനായിരം വണ്ടുകൾ ദ്യോവണങ്ങുന്നു; ഇതാ, ആ നീലോല്പലപ്രഭന്മാരെ നീ കണ്ടുവല്ലൊ. അവരെല്ലാവരും കഴിഞ്ഞ എഴുപാം ജന്മത്തിൽ ഒരു മുനിയുടെ പുത്രന്മാരായിരുന്നു. അവർ ഈ പൊയ്കയുടെ തീരത്തുതന്നെ ഉഗ്രകൃഷ്ടമായ തപസ്സുചെയ്തുപോന്ന ഒരു ദിവസം ഒരു സുന്ദരി, തരളകടാക്ഷങ്ങളിൽ ശൃംഗാരം തുളുമ്പിച്ചുകൊണ്ടു, മുക്കത്തണിഞ്ഞ മുത്തുമണിയുടെ നിലാവിനാൽ ചുംബിക്കപ്പെട്ട വെൺപുഞ്ചിരി തൂകിയും, ചമ്പകപുഷ്പകലകംകൊത്ത കുളിർമുലകളിൽ വീണ ചേർത്തുവെച്ചും ഇക്കാട്ടിലിരുന്നു മധുരമാംവണ്ണം

Digitized By Kerala Sahitya Akademi

പാടാൻതുടങ്ങി. പാട്ടുകേട്ടിട്ട ബ്രാഹ്മണർ മാനകളെപ്പോലെ അവളുടെ അടുക്കൽ ചെന്നെത്തി. എല്ലാവരും ഒപ്പംതന്നെയാണ് അവളെ കണ്ടതു; എങ്കിലും, 'ഞാനാണ് കണ്ടതു, എനിക്കുതന്നെയാണിവൾ' എന്നിങ്ങനെ തമ്മിൽത്തമ്മിൽ തർക്കമായി; അതു മൂഷ്ടിയുദ്ധമായി കലാശിച്ചു: ആ ഭ്രാതാക്കന്മാർ അന്യോന്യം കൈചുരുട്ടിയിടിച്ചു മാത്തടം പിളർത്തി പ്രാണൻകളഞ്ഞു! ഘോരനരകങ്ങളം അനുഭവിച്ചിട്ട് അവർ ഭൂമിയിൽ * ശൂരങ്ങളായി ജനിച്ചു; ഹിംസ്രൃഗങ്ങളെ കൊന്നപോന്ന അവർ കാട്ടുതീയിൽ വെന്തുചത്തു. പിന്നെ ഗജങ്ങളായിപ്പിറന്ന്, വഴിപോക്കരെ കൊലപ്പെടുത്തി, കാട്ടിൽ വിഷജലംകുടിച്ചു കാലന്തരണഞ്ഞു. പിന്നീടു മുറയ്ക്കു കഴുത, ഒട്ടകം, ചെന്നായ, പൂച്ച ഈ ജാതികളിൽ ജനിച്ച്, ഒടുവിൽ വണ്ടുകളായിട്ട് ഈ ശ്രേഷ്ഠസരസ്സിൽ നിവസിക്കുകയായിരുന്നു; ഇന്നു എന്റെ സൌരഭ്യം മൂകന്നതിനാൽ അവർ വിഷ്ണുപദം പ്രാപിച്ചു. പക്ഷീന്ദ്ര, എനിക്കിന്നതുകൊണ്ടാണ് ഇതു മഹിമയുണ്ടായതെന്നും പറയാം:

ഇതിന്നുമുമ്പു മൂന്നാംജന്മത്തിൽ ഞാൻ ഭൂലോകത്തു സരോജവദനയെന്നൊരു ബ്രാഹ്മണകന്യകയായിരുന്നു. പാതിവ്രത്യത്തിലും ഗുരുശുശ്രൂഷയിലും എനിക്കു നല്ല ശ്രദ്ധയുണ്ടായിരുന്നു. എന്നാൽ, ഒരു ദിവസം പൌർണ്ണമിയെ സംസാരിപ്പാൻ പഠിപ്പിച്ചുകൊണ്ടിരുന്ന എന്നെ ഭർത്താവു ദേഷ്യപ്പെട്ട്, 'ഛേ, നീയും പൌർണ്ണമിയായിപ്പോ!' എന്നു ശപിച്ചുകളഞ്ഞു. ഞാൻ മരിച്ചു ശാരികയായിത്തീർന്നുവെങ്കിലും, പാതിവ്രത്യപ്രഭാവത്താൽ, ഒരു മുനിസദനത്തിൽത്തന്നെ ചെന്നുചേർന്നു. ഒരു പൌർണ്ണമിക്കിടാവു് എന്നെ വളർത്തിപ്പോന്നു. അവിടത്തെ ബ്രാഹ്മണൻ പ്രഭാതത്തിൽ ഗീതയുടെ പത്താമദ്ധ്യായം—വിഭൂത്യദ്ധ്യായം—ചൊല്ലാറുണ്ടായിരുന്നു; പാപഹരമായ അതു ഞാൻ ശ്രവിച്ചുപോന്നു. അതിനാൽ ഞാൻ കാലേന ശാരികാദേഹംവിട്ട്, ദശമാദ്ധ്യായമാഹാത്മ്യത്താൽ, സപ്തർഷിസരസ്സിയായിത്തീർന്നു: പദ്മാവതി എന്നായിരുന്നു എനിക്കു പേർ; ലക്ഷ്മീദേവിയുടെ പ്രിയസഖിയുമായിരുന്നു ഞാൻ. ഒരിക്കൽ ഞാൻ വിമാനത്തിൽക്കേറി വിഹായസ്സിലൂടെ ഗമിക്കുമ്പോൾ, ഈ രമണീയമായ താമരപ്പൊയ്ക കണ്ടു് ഇതിലിറങ്ങി ജലക്രീഡയെച്ചെയ്തു. അപ്പോഴേയ്ക്കും ദുർവ്വാസസ്സ് ഇവിടെ വന്നെത്തി. ഞാൻ വസ്ത്രം അഴിച്ചുവച്ചിരുന്നു; അതിനാൽ, അദ്ദേഹത്തെ പേടിച്ച്, സ്വയമേ ഈ പദ്മിനീരൂപം ധരിച്ചു: ഇരുകൈകളും ഇരു കാൽകളും മുഖവുമാകുന്ന അഞ്ചു പദ്മങ്ങൾകൊണ്ടു ഞാൻ പഞ്ച

* ഏടത്തിമാർ.

Digitized By Kerala Sahitya Akademi

പത്മയായിച്ചമഞ്ഞു. എന്നെ കണ്ട് ആ മുനീന്ദ്രൻ ക്രോധത്താൽ ജ്വലിച്ച കണ്ണുകളുമായി, 'ദുഷ്ടേ, നീ ഈ രൂപത്തിൽത്തന്നെ നിൽക്കുക, തുരകൊല്ലം!' എന്നിങ്ങനെ ശപിച്ചു ക്ഷണനേനമറഞ്ഞുകളഞ്ഞു! വിദ്യുദ്ധ്യായമാഹാത്മ്യത്താൽ എനിക്കിപ്പോഴും സംസാരിക്കാം. എന്നെ ലംഘിച്ചുകിനാ മാത്രമാണ് നീ നിലത്തു വീണുപോയതു്. ഖഗോത്തമ, എനിക്കു ശാപം ഇപ്പോഴും നീങ്ങും. ഞാൻ പാടുന്ന ഉത്തമാദ്ധ്യായം കേട്ടുകൊള്ളുക; ഇതു കേട്ടാൽ മതി, നിനക്കിപ്പോഴുംത്തന്നെ മുക്തിവരും.'

എന്നിങ്ങനെ പറഞ്ഞു് ആ പത്മിനി പത്താമദ്ധ്യായം മുഴുസ്വരത്തിൽ ചൊല്ലുകയും അടിയൻ കേൾക്കുകയുംചെയ്തു; അവസരം തന്നു മികച്ച താമരപ്പൂവാണു് അടിയൻ നിന്തിരുവടിക്കു സമർപ്പിച്ചതു്. ഇതുയും പറഞ്ഞു് ആ പക്ഷി, എന്താശ്ചര്യം, സ്വദേഹം ത്യജിച്ചു!'

ഭൃംഗിരിടി:—'മൻജന്മത്തിൽ അരായിരുന്നു, ഇദ്ദേഹം? ബ്രഹ്മാവിന്റെ അരയന്നമായതെങ്ങിനെ? തിരുമുമ്പിൽവെച്ചു്, ദേഹത്യാഗം ചെയ്തതു് എന്തുകൊണ്ടായിരിക്കാം?

ഭൃംഗിരിടിയുടെ ഈ ചോദ്യം കേട്ടിട്ടു ഞാൻ പറഞ്ഞു:—'അയാളം മൻജന്മത്തിൽ സുതപസ്സു് എന്നൊരു ബ്രാഹ്മണനായിരുന്നു. ബ്രഹ്മചര്യസ്ഥനായ അയാളം ജിതേന്ദ്രിയനായി ഗുരുകുലത്തിൽ വസിച്ചു വേദമഭ്യസിക്കുകയും ഗുരുവിനെ കേതിപൂർവ്വം ശുശ്രൂഷിക്കുകയും ചെയ്തുപോന്നു. എന്നാൽ, ഉറക്കത്തിൽ അയാളുടെ കാൽ, ഗുരുനാഥൻ കിടക്കുന്നേ കിടക്കുമേൽ തട്ടിപ്പോയി; ആ പാപത്താലാണു്, സ്വർഗ്ഗത്തിലും തിയ്യുക്കായിത്തീർന്നതു്. ബ്രഹ്മാവിന്റെ അരയന്നങ്ങളിൽ ഒന്നായിച്ചമഞ്ഞ അയാളംക്കു് അന്നേന്നെ കണ്ടതോടുകൂടി ആ ജന്മം അവസാനിച്ചു. ഗീതാദശമാദ്ധ്യായം പത്മിനി ചൊല്ലിക്കേട്ടതിനാൽ അത്യുൽകൃഷ്ടമായ ബ്രഹ്മജ്ഞാനം അയാളം നേടിയിരുന്നു. പിന്നെ, ദശമാദ്ധ്യായ മാഹാത്മ്യത്താൽ വിപ്രകുലത്തിൽ ജാതനായ ആ പക്ഷിയാണു്, ഈ (ധീരധീ എന്ന) ബ്രാഹ്മണൻ. മുൻജന്മവാസനയാൽ ഇദ്ദേഹം ശൈശവത്തിൽത്തന്നെ ഗീതാദശമാദ്ധ്യായം സദാ ചൊല്ലുവണ്ണായിരുന്നു. അതിന്റെ പരിണാമത്താൽ, ഇദ്ദേഹം സർവ്വദാ, സർവ്വത്രത്തങ്ങളിലും ശംഖചക്രപാണിയായ ദേവനെ ദർശിച്ചു പോരുന്നു. ഇദ്ദേഹത്തിന്റെ കുഞ്ഞിനോട്ടം ആരിൽ പതിയുന്നുവോ, അവൻ, സുരാപായിയായാലും, ബ്രഹ്മഘ്നനായാലും, മുക്തി നേടിക്കഴിഞ്ഞു! അതോത്തിട്ടാണു് പരമാത്മസ്വരൂപനായ ഞാൻ ഈ ബ്രാഹ്മണനെ സ്വന്തത്തന്നെ മുക്തിക്കു

Digitized By Kerala Sahitya Akademi

ത്രമായ ഈ നഗരത്തിലേയ്ക്കു കൊണ്ടുപോന്നതും പുറത്തെയ്ക്കയയ്ക്കാത്തതും. ഇവിടുത്തുകാക്ക് മോക്ഷം കരസ്ഥമാണല്ലോ; അതിനാൽ, ഇ ദ്ദേഹത്തിന്റെ നോട്ടംകൊണ്ടു വിശേഷമൊന്നും ഉണ്ടാകാനില്ല. പ ത്തമധ്യായത്തിന്റെ പ്രഭാവംമൂലം സുദുർല്ലഭമായ തത്ത്വജ്ഞാന വും ജീവന്മുക്തിയും ഈ മഹർഷി നേടിയിരിക്കുന്നു; അതിനാലാണ ഇദ്ദേഹം നടക്കുമ്പോൾ വഴിക്കു ഞാൻ പിടിക്കാവുള്ളൂ. ഭൃംഗിരിടി, ഇതു മഹത്ത്വമാകുന്നു, പത്താമധ്യായത്തിന്റെ പ്രഭാവം.'

ഇങ്ങനെ ഞാൻ ഭൃംഗിരിടിയോടു പറകയുണ്ടായ കഥ വേതി യോടും പറഞ്ഞു. സർവപാപങ്ങളേയും ഇതു നശിപ്പിക്കും. പുരുഷ നോ സ്ത്രീയോ, ആരായാലും, ഇതു കേട്ടാൽത്തന്നെ സർവാശ്രമങ്ങള ടേയും ഫലം നേടും.'

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
നീതാമാഹാത്മ്യപ്രകരണം, ദശമാധ്യായമഹിമകഥനം
തൊണ്ണൂറൊൻപതാമദ്ധ്യായം.

(൦)

ഒരുനൂറൊൻപതാമദ്ധ്യായം.

പാർവതി:—'നാഥ, ഭഗവൻ, നീയാണല്ലോ, ഈ ശ്രേയസ്സാധ നമായ ഇതിഹാസം കേട്ടിട്ട് എനിക്കു കൌതുകം വർദ്ധിക്കുന്നു; വ ക്താക്കളിൽ അഗ്രഗണ്യനായ വിരൂപാക്ഷ, പതിനൊന്നാമധ്യായ ത്തിന്റെ മാഹാത്മ്യവും കഥാരൂപേണ കഥിച്ചാലും.'

ശിവൻ:— പ്രിയേ, ഗീതാവിഷ്ണുകഥ കേട്ടുകൊള്ളുക. വിശാ ലാക്ഷി, വിശ്വരൂപാധ്യായത്തിന്റെ വിശ്രുതികരമായ മാഹാത്മ്യം പറഞ്ഞൊപ്പിക്കാവുന്നതല്ല; അനേകായിരം കഥകളുള്ളതിൽ ഒന്നു പറയാം:

(കാകളി)

മേന്മയ്ക്കിടമായ്, പ്രണീതാനദീതടേ
മേഘംകരാഖ്യമായുണ്ടൊരു പത്തനം;
ഉന്നതഗോപുരപ്രങ്ങളം, പൊൻതൂണ
മിന്നിന വിസ്തീർണ്ണവിശ്രമശാലകം,
സച്ഛത്തരായ് ശ്രീയുതരായ് വശികളാ-
യുള്ളിൽസുഖരായി പ്രശാന്തരാം പാർപ്പുകാർ,
തങ്കധ്വജധ്വാങ്കിതങ്ങളം യശഃസ്തംഭ-
പംക്തികളം, മേലൊത്ത വർത്തരീതികളം,

Digitized By Kerala Sahitya Akademi

കിങ്കിണിക്വേട്ടം കിലുങ്ങും പതാകകം,
ഭംഗിയാൽക്രൗകം മരാളപികാളികം,
ഭിക്ഷകം മാറെറാലിക്കൊള്ളും മറയൊലി,
പുഷ്കരവ്യാപിപ്പെരുംപറയൊച്ചകം,
രാജമാർഗ്ഗങ്ങളിൽ വേണുവീണാരവം,
രാജീവനേർമുഖീമഞ്ജീരശിഞ്ജിതം,
വാജീന്ദ്രഹേഷകം, വാനിൽ ഗ്രഹങ്ങളെ
വീജനംചെയ്യും പതാകാഞ്ചലാനിലൻ
എന്നിവയൊത്തു, ദിക്പാലപുരങ്ങളോ-
ടൊന്ന പൊരുതുവാൻ നോക്കും പുരിയതിൽ
വാണരുളുന്നുണ്ടു വിശേശ്വരൻ, ശാർങ്ഗ-
പാണി, സർവ്വപരബ്രഹ്മമച്യുതൻ,
ലോകാക്ഷികംക്കൊരു ജീവിതമിന്ദിരാ-
ലോചനാംഭോജാർച്ചിതോദാരവിഗ്രഹൻ,
ശ്രീവത്സവക്ഷസ്സടത്തിൽസ്സരോരുഹ-
ശ്രീവനമാലകം ചാർത്തും ത്രിവിക്രമൻ,
രമ്യാഭരണമനേകമണികയാൽ
തനുഭാഗം ചിന്നിയവാരിധിപോലെയും
തുമിന്നൽ മിന്നിക്കളിക്കും വളർകൊണ്ട
കാർമുകിൽപോലെയും ലാലസിക്കുന്നവൻ;
അന്നഗരിക്കൊത്തംസമാം സഭാമിയെ-
ച്ചെന്ന ദർശിച്ചാലറും ഭവബന്ധനം.
അങ്ങങ്ങു മേഖലാതീർത്ഥമെന്നാന്ന,തിൽ
മുങ്ങിയാൽപ്പൂകാമഭംഗം ഹരിപദം.
അങ്ങലിവേറും നൃസിംഹത്തെ വീക്ഷിക്കി-
ലാറുപോം സപ്തജന്മോദ്ഭവപാപങ്ങളും.
മേഖലയിങ്കൽഗ്ഗണേശനെദ്ദർശിക്കി-
ലാകെയൊഴിയുമൊഴിയാത്ത വിഘ്നവും.

ആ മേഘം കനകനഗരത്തിൽ, ബ്രഹ്മചര്യപരനായി ദാന്തനായി നിർമ്മമനായി നിരഹംകാരനായി വേദശാസ്ത്രവിശാരദനായി വശീകൃതേന്ദ്രിയനായി വാസുദേവപരായണനായി സുനന്ദനൻ എന്നൊരു ബ്രാഹ്മണോത്തമനുണ്ടായിരുന്നു. അദ്ദേഹം ശാർങ്ഗപാണിയുടെ സന്നിധിയിൽ വച്ചു ഗീതയുടെ പതിനൊന്നാമധ്യായം—വിശ്വരൂപാധ്യായം—വായിച്ചുപോന്നതിനാൽ, അതിന്റെ മാഹാത്മ്യംകൊണ്ടു ബ്രഹ്മജ്ഞാനം നേടി. ജീവന്മുക്തനായിച്ചമഞ്ഞ ആ മഹായോഗി സഭാ

Digitized By Kerala Sahitya Akademi

പരമാനന്ദസാന്ദ്രമായ പരചിത്സമാധി പൂണ്ട്, ഇന്ദ്രിയങ്ങളെ അടക്കി യാതൊരിളക്കവുമില്ലാതെ സ്ഥിതിചെയ്യുകയായി. ഒരിക്കൽ അദ്ദേഹം, വ്യാഴം ചിങ്ങം രാശിയിൽ നിൽക്കെ, ഗോദാവരീസ്നാനത്തിനു തീർത്ഥയാത്ര പുറപ്പെട്ടു; ഒന്നാമത്തെ ദിവസം ഉത്തമമായ വിരജതീർത്ഥത്തിൽ ചെന്നെത്തി, നാഭി മുതലായ തീർത്ഥങ്ങളിൽ മുഴുകി മുഴുകി, ദേവതകളെ തൊഴുതു തൊഴുതു ജഗദംബയായ കമലയെ ദർശിച്ച്, ആ സർവകാമപ്രദാത്രിയായ മഹാമായയെ ആരാധിച്ചു; പിന്നെ താരാതീർത്ഥത്തിൽ കുളിച്ച്, കപിലാസംഗമത്തിൽ അഷ്ടതീർത്ഥം തീർത്തു പിതൃക്കളെ തർപ്പിച്ച്, കുമാരീശിവരെ കുമ്പിട്ട്, കപിലാദ്വാരത്തിലെത്തി; അതിൽ സ്നാനംചെയ്തു മുൻജന്മ ദുഷ്കൃതങ്ങളം പോക്കി, മധുസൂദനദേവനെ പൂജിച്ചു വണങ്ങി സ്തുതിച്ച് ഒരു രാത്രി അവിടെ പാർത്തു; പിറേന്നു പുലർകാലത്തു ബ്രാഹ്മണരോടൊന്നിച്ചു നരസിംഹവനത്തിലേയ്ക്കു നടകൊണ്ട്, അവിടെ രാമഭിർഘികാതീർത്ഥത്തിൽ കുളിച്ച്, പ്രത്യക്ഷപൂജിതനായ സാക്ഷാൽ നരസിംഹമാകുന്ന ദേവദേവേശനെ ഭക്തിപൂർവം ആരാധിച്ച്, അന്നവിടെ നിവസിച്ചു; അവിടെനിന്ന് അംബികാപുരിയിലേയ്ക്കു പോയി, ഭക്തജനഗ്രഹത്തിനായി അവിടെ വാഴുന്ന് സർവാഭീഷ്ടദായിനിയായ അംബികയെ പുഷ്പഗന്ധാനുലേപനങ്ങളംകൊണ്ടും വിവിധോപഹാരങ്ങളംകൊണ്ടും സ്തോത്രപ്രണാമങ്ങളംകൊണ്ടും പൂജിച്ചു; ആ പുരിയിൽനിന്നു കരസ്ഥാനമെന്ന പുരത്തിൽ ചെന്നെത്തി, അവിടെ കുടികൊള്ളുന്ന പരമൽപ്രതിയായ പരാശക്തിയെ—സൂര്യചന്ദ്രപ്രഭാമണ്ഡലമയായി സംസാരതാപത്തെ പോക്കുന്ന പീയൂഷനദിയായി യോഗീന്ദ്രഹൃദയാംഭോജരാജഹംസിയായി അനാഹതമഹാനാദമയിയായി അദ്വയരൂപിണിയായി വാഗതീതാത്മപ്രഭയായിനിയായിരിക്കുന്ന മഹാലക്ഷ്മിദേവതിയെ—ദർശിച്ചു ഭക്തിയോടെ പൂജിച്ച്, സുഹൃത്തുക്കളോടൊരുമിച്ചു വിവാഹമണ്ഡപമെന്ന പുരമണഞ്ഞു. അവിടെ ആ മുനീന്ദ്രൻ ഓരോ ഗൃഹത്തിലും താമസിപ്പാൻ സ്ഥലം ആവശ്യപ്പെട്ടു നോക്കി; ഒരു ഗൃഹത്തിലും വാസസ്ഥാനം കിട്ടിയില്ല. അതിനാൽ, ഗ്രാമപാലൻ കാട്ടിക്കൊടുത്ത ഒരു വിശാലമായ സത്രത്തിനുള്ളിലാണു കൂട്ടുകാരോടൊന്നിച്ചു പാർത്തത്.

പിറേന്നു പ്രാതസ്സന്ധ്യയിൽ ഉണർന്നു നോക്കിയപ്പോൾ സുനന്ദമഹിജോത്തമൻ സത്രത്തിനു പുറത്തായിരുന്നു; വഴിപോക്കരെല്ലാം എവിടെയ്ക്കോ പോകയും ചെയ്തിരിക്കുന്നു! അന്വേഷിപ്പാൻ പുറപ്പെട്ട സുനന്ദനെ ഗ്രാമപാലൻ കണ്ടെത്തി; അയാളം പറഞ്ഞതു:—'ഇവിടുന്നു തീർച്ചയായും ആയുഷ്മാൻ തന്നെ. ഭാഗ്യശാലികളായ സുകൃതികളിൽവെച്ചു സുകൃതിയാണ് ഭവാൻ! യുവാവേ, എന്തോ ഒരു ലോകോ

Digitized By Kerala Sahitya Akademi

അത്ഭുതമായ പ്രഭാവം ഇവിടെയുണ്ടു്. ഭവാന്റെ ക്രൂരകാർ എവിടെപ്പോയി? ഭവാൻ സത്രത്തിനു പുറത്തായതെങ്ങിനെ? നോക്കൂ, മുനിപുംഗവ, ഞാൻ തീർത്തും പറയാം: ഭവാനെപ്പോലെ ഒരു തപസ്വിയെ ഞാൻ കണ്ടിട്ടില്ല! എന്തു മന്ത്രമാണു് അങ്ങയ്ക്കറിവുള്ളതു്? എന്തു വിദ്യയാണു ഭവാനവലംബം? ഏതു ദേവന്റെ പ്രസാദത്താലാണു്, ഭവാനു ലോകോത്തരശക്തി? ബ്രാഹ്മണോത്തമ, ഇവിടുന്നു ദയ ചെയ്തു് ഈ ഗ്രാമത്തിൽ വസിക്കുക; ഭഗവാനു വേണ്ടുന്ന ശുശ്രൂഷയെല്ലാം ഞാൻ ചെയ്തുകൊള്ളാം.' മുനിവര്യൻ ആ ഗ്രാമത്തിൽ പാർക്കുകയായി; ഗ്രാമപാലൻ പകലിരവു ഭക്തിയോടേ പരിചരിച്ചുപോന്നു. ഏഴെട്ടു നാൾക്കുശേഷം ഒരു പ്രഭാതത്തിൽ അയാൾ അതിസംകടത്തോടേ കരഞ്ഞുംകൊണ്ടു സുനന്ദന്റെ മുമ്പിൽച്ചെന്നു. 'ഇന്നലെ രാത്രിയിൽ, ഭാഗ്യംകെട്ട എന്റെ പൊന്നോമനമകനെ ദംഷ്ട്രാകരം കത്തിജ്ജ്വലിക്കുന്ന രാക്ഷസൻ തിന്നുകളഞ്ഞു!' ഇതു കേട്ടിട്ടു യോഗി ചോദിച്ചു:— 'എവിടെയാണു് ആ രാക്ഷസൻ? മകനെ തിന്നതെങ്ങിനെ?

ഗ്രാമപാലൻ:—'നഗരത്തിലുണ്ടു്, ആളെത്തിന്നുന്ന ഒരു ഘോര രാക്ഷസൻ; അവൻ നാൾതോറും നഗരവാസികളെ പിടിച്ചു തിന്നുകയായിരുന്നു. അതിനാൽ നഗരക്കാരെല്ലാവരും കൂടി, സപ്രാണരക്ഷയ്ക്കായി അവനോടപേക്ഷിച്ചു്, 'രാക്ഷസ, ഞങ്ങളിലാരെയും തിന്നരുതു്; നിനക്കു ഞങ്ങടെ ഇരതരാം: രാത്രിയിൽ കിടന്നിരുണ്ടുന്ന വഴിപോക്കരെ—ഗ്രാമപാലൻ സത്രത്തിനുള്ളിൽ കൊണ്ടാക്കുന്ന വഴിപോക്കരെ—തിൻകഴിച്ചുകൊൾക' എന്നൊരേർപ്പാടുചെയ്തു. ഭവാൻ ആ സത്രത്തിൽ വഴിപോക്കരോടൊന്നിച്ചു കിടക്കുകയുണ്ടായല്ലോ; അവരെ അവൻ വിഴുങ്ങി; അങ്ങയെ വിട്ടു. ദ്വിജോത്തമ, അങ്ങയുടെ പ്രഭാവം അങ്ങയ്ക്കു അറിഞ്ഞുകൂടാ! ഇന്നലെ എന്റെ മകന്റെ ഒരു സ്നേഹിതൻ വന്നിരുന്നു. അയാളെ ഞാൻ ഉണ്ണിയുടെ പ്രിയമിത്രമാണെന്നറിയാതെ മറ്റു പഥികരോടൊപ്പം സത്രത്തിൽ കൊണ്ടാക്കി. അതുകേട്ട രാത്രിയിൽ അയാളെ കൂട്ടിക്കൊണ്ടു വരാൻ അവിടെ പോയതിനാൽ എന്റെ മകനും അരക്കന്നിയായി! രാവിലെ ഞാൻ സങ്കടത്തോടേ ആ നരഭക്ഷിനോടു പറഞ്ഞു:—'ദുഷ്ട, നീ എന്റെ മകനേയും രാത്രിയിൽ തിന്നുകളഞ്ഞുവല്ലോ; നിന്റെ വയറ്റിലകപ്പെട്ട അവൻ മരിക്കാതിരിപ്പാൻ വല്ല ഉപായവുമുണ്ടെങ്കിൽ പറഞ്ഞുതരിക.'

രാക്ഷസൻ:- 'അകത്തുണ്ടായിരുന്ന ബാലൻപുത്രനെ ഞാൻ അറിയാതെ തിന്നുപോയതാണു്. അറിയാതെ വഴിപോക്കരോടൊപ്പം ഭക്ഷിതനായ പുത്രൻ എന്റെ വയറ്റിൽക്കിടന്നു മരിക്കാതെ ജീവിപ്പാ

Digitized By Kerala Sahitya Akademi

ന്നും, പരമേഷ്ഠിദേവന്റെ അരുളപ്പാടാൽ ഉപായമുണ്ട്: ഗീതയുടെ പതിനൊന്നാമദ്ധ്യായം യാതൊരു ദ്വിജൻ പതിവായി ചൊല്ലുന്നുവോ, അദ്ദേഹത്തിന്റെ പ്രഭാവത്താൽ എനിക്കു മുക്തിയും മരിച്ചവർക്കു പുനർജ്ജീവനവും സിദ്ധിക്കും.

'ഇതു അത്ഭുതകരമാണോ, ഏകാദശാദ്ധ്യായത്തിന്റെ വൈഭവം?' എന്നു ഞാൻ ചോദിച്ചപ്പോൾ നിശാചരൻ വീണ്ടും പറഞ്ഞു:—'പണ്ട് ഒരു കഴുകൻ ആകാശത്തുടെ പറന്നുപോകുമ്പോൾ, അതിന്റെ കൊക്കത്തുണ്ടായിരുന്ന എല്ലിൻകഷ്ണം ഒരേടത്തു വെള്ളത്തിൽ വീണുപോയി. ആ ജലാശയത്തിൽ വന്ന് ഏതോ ഒരു മഹാജ്ഞാനി പുണ്യതീർത്ഥമാണെന്നു കണ്ടു പിതൃതർപ്പണം ചെയ്യുകയുണ്ടായി; അദ്ദേഹത്തോട് ആളുകൾ, 'ഇതെങ്ങിനെ തീർത്ഥമായി' എന്നു ചോദിച്ചു.

മുനി:—'പതിനൊന്നാമദ്ധ്യായം മുന്നു സന്ധ്യയ്ക്കും ഇന്ദ്രിയങ്ങളെ അടക്കി ജപിച്ചുപോന്നിരുന്ന വിത്തവാനെന്ന വിപ്രനെ വഴിക്കുവെച്ചു തസ്കരന്മാർ കൊന്നുകളഞ്ഞു; അദ്ദേഹത്തിന്റെ ഒരെല്ലിൻകഷ്ണം കഴുകന്റെ കൊക്കത്തുനിന്നു വെള്ളത്തിൽ വീണതിനാൽ, ഇതു പാപനാശനമായ ദിവ്യതീർത്ഥമായിത്തീർന്നിരിക്കുന്നു.'

ഉടനേ ആളുകളെല്ലാം ആ ജലാശയത്തിൽ മുഴുകുകയും, കൃഷ്ണനീങ്ങി പരമപദം പ്രാപിക്കുകയും ചെയ്തു. ഏകാദശാദ്ധ്യായത്തിന്റെ പ്രഭാവത്താൽ എനിക്കും മുക്തി വരികയും പാന്ഥന്മാർ പുനർജ്ജീവിക്കുകയും ചെയ്തു! ഞാൻ തുപ്പിക്കളഞ്ഞ ഒരു ബ്രാഹ്മണൻ ഇവിടെത്തന്നെയുണ്ട്; അദ്ദേഹം പതിനൊന്നാമദ്ധ്യായം പതിവായി ചൊല്ലാറുണ്ട്. ആ അദ്ധ്യായമാകുന്ന മന്ത്രം ഏഴുരു ജപിച്ച വെള്ളം ആ ബ്രാഹ്മണോത്തമൻ എന്റെ മേൽ തളിക്കുമെങ്കിൽ, അതുകൊണ്ട് എനിക്കു തീർച്ചയായും ശാപം നീങ്ങും. അവൻ ഇങ്ങനെ പറകയാൽ, ഇവിടത്തെ അടുക്കൽ വന്നതാണ് ഞാൻ.'

സുനന്ദൻ:—'എന്തു പാപത്താലാണ് അയാളം രാക്ഷസനായിതീർന്നു, രാത്രിയിൽ സത്രത്തിൽ കിടന്നവരുന്ന മനുഷ്യരെ തിന്നുപോരുന്നതു?'

ഗ്രാമപാലൻ:—'പണ്ട് ഈ ഗ്രാമത്തിൽ ഒരു കൃഷിക്കാരനായ ബ്രാഹ്മണനുണ്ടായിരുന്നു. അയാളം ഒരിക്കൽ നെൽക്കണ്ടത്തിൽ കാവൽ നിൽക്കുമ്പോൾ, ഒട്ടകലെ ഒരു വമ്പിച്ച കഴുകൻ ഒരു വഴിപോക്കനെ ഇരയാക്കി; പാന്ഥനെ വിടുവിക്കാൻ അകലത്തുനിന്നു ഒരു താപസൻ കനിഞ്ഞോടിവന്നു. അപ്പോഴേയ്ക്കും പക്ഷി പാഥി

Digitized By Kerala Sahitya Akademi

കനെത്തിന്ന് ആകാശത്തുടെ പറന്നകളഞ്ഞു! അതിൽ അരിശംകൊണ്ട താപസൻ കൃഷിക്കാരനെ ശപിച്ചു:—'മരി, ഉപ്പനായ കർഷക, തീരെ കനിവില്ലാത്ത കഠിനനും പരരക്ഷണത്തിൽ ശ്രദ്ധയില്ലാത്ത വയറുപോറിയും ഹതജീവിതനുമാണ് നീ! ചോരർ, ദംഷ്ടികകം, സർപ്പങ്ങൾ, ശത്രുക്കൾ, തീ, വിഷം, വെള്ളം, കഴുകൻ, രാക്ഷസർ, ഭ്രൂതപേതാളാദികം എന്നിവയാൽ പീഡിതരായ ജനങ്ങളെ യാവനൊരുത്തൻ ത്രാണിയുണ്ടായിട്ടും ഉപേക്ഷിക്കുന്നുവൊ, അവൻ അവരെക്കൊന്നതിന്റെ ഫലം നേടും. ചോരാദികളാൽ പിടിക്കപ്പെട്ട ബ്രാഹ്മണനെ, ത്രാണിയുണ്ടായിട്ടും വിടുവിക്കാതിരിക്കുന്നവൻ ഘോരനരകത്തിൽ കിടന്നു ചെന്നായയായി ജനിക്കും. കാട്ടിൽ കഴുകനൊ കടുവായൊ പിടിച്ചു കൊല്ലുന്നവനെ കണ്ടാൽ, 'വിട്ട, വിട്ട' എന്നു പറയുന്നതുതന്നെ പരമഗതിപ്രദമാകുന്നു! ഗോക്കൾക്കുവേണ്ടി വ്യാഘ്രഭില്ലുഷ്ടരാലൊ രാജാക്കന്മാരാലൊ കൊല്ലപ്പെട്ടവരും യോഗികൾക്കുകൂടി ദുഷ്പ്രാപമായ വൈകുണ്ഠപദം പൂകും. *..... ദീനരേയും ഭീതരേയും രക്ഷിക്കാതിരുന്നാൽ പുണ്യവാൻപോലും കുംഭീപാകത്തിൽ പചിക്കപ്പെട്ടും. പാന്ഥനെ ദുഷ്ടഗൃദ്ധ്രം തിന്നുന്നതു കണ്ടിട്ടും, തടുക്കാൻ ത്രാണിയുണ്ടായിരുന്നിട്ടും, നീ തടുത്തില്ലല്ലൊ; അതിനാൽ നിർദ്ദയനായ നീ രാക്ഷസനായിത്തീരും. ഈ ശാപം കേട്ടിട്ട കൃഷിക്കാരൻ കിടുകിടെ വിറച്ചും കൊണ്ടു മുനിയെ വണങ്ങി കരുണാപരത്തിൽ അപേക്ഷിച്ചു:—'ഞാനിവിടെ വളരെനേരം വയൽകാവലിൽ ദൃഷ്ടിവെച്ചിരിക്കയായിരുന്നതിനാൽ, അയാൾ അടുത്തുവന്നതും കഴുകനാൽ വധിക്കപ്പെട്ടതും അറിയുകയുണ്ടായില്ല; അതിനാൽ, സാധുവായ എന്നെ ഇവിടുന്നനുഗ്രഹിക്കുമാറാകണം!'

താപസൻ:—'യാവനൊരുത്തനും ഏകാദശാധ്യായം അറിയാമോ, യാവനൊരുത്തൻ പതിവായി ചൊല്ലാറുണ്ടൊ, അവൻ ജപിച്ച വെള്ളം തലയിൽ വീഴുന്നതോടുകൂടി നിനക്ക ശാപം വിട്ടൊഴിയും.

എന്നുംപറഞ്ഞു താപസൻ നടകൊണ്ടു. കർഷകൻ രാക്ഷസനായി ചമഞ്ഞു. ഇങ്ങനെ രാക്ഷസൻ പറഞ്ഞതു കേട്ടിട്ട ഞാനിങ്ങോട്ടോടിപ്പോന്നു. ദ്വിജശ്രേഷ്ഠ, രണ്ടുകായ്വും ഇപ്പോൾ നിറവേറ്റാം; അതിനാൽ വരിക: ആ അദ്ധ്യായം ജപിച്ച തീർത്ഥജലം ഇവിടുത്തെ കൈകൊണ്ടു അവന്റെ തലയിൽത്തളിക്കുക.'

ഗ്രാമപാലന്റെ അപേക്ഷയെല്ലാം കേട്ടിട്ട മനസ്സലിഞ്ഞ മാമുനി അപ്പോളോടൊന്നിച്ചു രാക്ഷസന്റെ അടുക്കൽ ചെന്നെത്തി. എന്നിട്ട് ആ യോഗി, വിശ്വരൂപം കാണിച്ച പതിനൊന്നാമദ്ധ്യായം ജ

* ഈ ശ്ലോകം വിട്ടു.

Digitized By Kerala Sahitya Akademi

പിച്ച് വെള്ളം അവന്റെ തലയിൽ തളിച്ചു. ആ അദ്ധ്യായത്തിന്റെ പ്രഭാവത്താൽ അവൻ ശാപമൊഴിഞ്ഞു രാക്ഷസരൂപം വെടിഞ്ഞു ചതുർബാഹുവായിച്ചമഞ്ഞു; അവൻ വിഴുങ്ങിയിരുന്ന അനേകായിരം പാന്ഥജനങ്ങളും ചതുർഭുജരായി ശംഖചക്രഗദാധരരായി വിമാനങ്ങളിൽ ആരോഹണംചെയ്തു. അപ്പോൾ ഗ്രാമപാലൻ രാക്ഷസനോട്, 'വസുന്ധരന്റെ മകൻ ഏതാണ്? കാണിച്ചുതരിക' എന്നാവശ്യപ്പെട്ടു. ദിവ്യാത്മാവായ രാക്ഷസൻ കാണിച്ചുകൊടുത്തു:—'ഇതാ ചതുർബാഹുവായി, തമാലശ്യാമളനായി, മാണിക്യമകുടവും ദിവ്യമണികുണ്ഡലങ്ങളും തങ്കത്തോൾവളകളും കനത്ത തുമലുകളിൽ കമനീയ മുത്തുമാലകളുമണിഞ്ഞു, കയ്യിൽ ഒരു താമരപ്പൂവേന്തി, ദേവതാപം നേടി ദിവ്യവിമാനത്തിൽ കേറി നിൽക്കുന്ന താമരക്കണ്ണനാണ് ഭവാന്റെ ഓമന മകൻ.' ഗ്രാമപാലൻ ആ മട്ടിലായ പുത്രനെ കണ്ട്, അയാളെ സ്വഗൃഹത്തിലേയ്ക്കു കൊണ്ടുപോകാനൊരുങ്ങി. പുത്രൻ പുഞ്ചിരിയിട്ട്:—'ഗ്രാമപാല, എത്രനാളായി നീ ജനിച്ചിട്ട്? എന്റെ മകനാണ് നീ: മുമ്പു ഞാൻ നിന്റെ മകനായിരുന്നു; ഇപ്പോൾ ഞാൻ ദേവനായിരിക്കുന്നു. ബ്രാഹ്മണന്റെ പ്രസാദത്താൽ ഞാൻ വിഷ്ണുമന്ദിരത്തിലേയ്ക്കു പോകയായി. നോക്കൂ, ഇതാ രാക്ഷസന്നും ഏകാദശാധ്യായമാഹാത്മ്യത്താൽ ചതുർബാഹുരൂപം പൂണ്ടു, വളരെയാളുകളോടൊന്നിച്ചു സ്വർഗ്ഗത്തിലേയ്ക്കു പോകുന്നു! നീ ഈ ബ്രാഹ്മണകൽനിന്ന് ആ അദ്ധ്യായം പഠിച്ചു പതിവായി ചൊല്ലിക്കൊള്ളുക; എന്നാൽ നിനക്കും ഇതുപോലുള്ള ഗതി കിട്ടും, സംശയമില്ല. ഉണ്ണി, സത്സംഗം സർവ്വഥാ ദുർല്ലഭമാകുന്നു; അതു നിനക്കിപ്പോൾ കൈവന്നുവല്ലൊ. അതിനാൽ അഭീഷ്ടം സാധിച്ചുകൊൾക. ധനമെന്തിന്, ഭോഗമെന്തിന്, ദാനമെന്തിന്, യജ്ഞമെന്തിന്, തപസ്സെന്തിന്, പുത്രനെന്തിന്? വിശ്വത്രുപാധ്യായപഠനം മതി പരമശ്രേയസ്സിന്! വിഷ്ണുവിന്റെ ആ വിശ്വാത്മകമായ പരമസത്യരൂപം നീ ധ്യാനിച്ചുകൊള്ളുക. കുരുക്ഷേത്രത്തിൽ വെച്ച്, പരാനന്ദസാന്ദ്രമായ കൃഷ്ണബ്രഹ്മത്തിന്റെ തിരുമുഖത്തു നിന്നു സഖാവായ അർജ്ജുനനുകേട്ടു നിർമ്മിച്ച കൈവല്യരസായനം യതൊന്നൊ, അതല്ലാതെ സംസാരപീഡിതർക്ക് ആധിവ്യാധികളും നീക്കാനും അനേകജന്മങ്ങളിലെ ദുഃഖം പോക്കാനും മറെറാന്നു ഞാൻ കാണുന്നില്ല; നീ അതിനെ സ്മരിച്ചുകൊള്ളുക.' എന്നിങ്ങനെ കഥിച്ച് അയാളും മറെറല്ലാവരോടും കൂടി, പരമമായ വൈകുണ്ഠപദത്തിലേയ്ക്കു ഗമിച്ചു.

ഗ്രാമപാലൻ, പിന്നെ സുനന്ദനുകൽ നിന്ന് ആ അദ്ധ്യായം പഠിച്ചു. അതിന്റെ മഹിമയാൽ അവനും വിഷ്ണുപദം പ്രാപിച്ചു

Digitized By Kerala Sahitya Akademi

ഇങ്ങനെ പതിനൊന്നാമദ്ധ്യായത്തിന്റെ മാഹാത്മ്യം സംബന്ധിച്ച കഥ ഭവതിയോട് ഞാൻ പറഞ്ഞു; ഇതു കേട്ടാൽത്തന്നെ മാപാപങ്ങളകന്നുതിരുവരും.

[ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം, തീർത്ഥമാഹാത്മ്യപ്രകരണം, ഏകാദശാധ്യായമഹിമകഥനം എന്നിവയിൽപ്പെട്ട പതിനൊന്നാമദ്ധ്യായം.]

——(൦)——

ഒരുനൂറെൺപത്തിരണ്ടാമദ്ധ്യായം

ശിവൻ:—

(ചതുശ്ലോകി രീതി)

തെക്കുണ്ടൊരു പുരം കോൽഹാപുരാഹ്വയം,
സൽഗുണസിദ്ധർക്കു സിദ്ധികരം,
ത്രിപുരാശക്തിതൻ ഭക്തിമുക്തിദമാം
നൽപ്പീഠമെന്നു പുരാണഖ്യാതം,
തീർത്ഥശിവലിംഗകോടികോടിവൃതം,
സപ്തർഷ്യസമൂഹിക്കു വാസഗേഹം,
രുദ്രഗയകൊണ്ടും വിശ്രുതം, ദേവക-
ളുത്തുയും സേവിപ്പൊന്നനഗരം;
പ്രാസാദശൃംഗത്തിൽപ്പൊന്നിൻകൊടിമരം
ഭാസിപ്പിതങ്ങു സമുന്നതമായ്,
ചന്ദ്രമണിമഹാസൌധവളഭികം,
കുന്നെതിർവന്മതിൽ ഗോപുരങ്ങൾ,
പാരും പതാകകംകൊണ്ടു ത്രിലോം തണൽ
ചേരും ക്ഷേത്രങ്ങൾ കമാനങ്ങളും;
തത്ര വസിക്കുന്നു, സുന്ദരത്രുപരും
സ്നിഗ്ധവിദഗ്ധരും ശ്രീമാന്മാരും
ശ്രുതിവൃദ്ധയരുമുദ്ധവിഭ്രഷരും
സദ്വൃത്തന്മാരുമാം പുരുഷന്മാർ;
സ്ത്രീകളോ, ക്രുന്തൽ ചുരുണ്ടവർ, മാൻമിഴി-
മാർകളുണിമതിനേർമുഖിമാർ,
സ്ഥൂലോദ്യൽചംപകപ്പൂംകലക്കൊങ്കമാർ,
വേലവമധ്യമാർ, പൊക്കിളം താന്നോർ;
വ്യക്തത്രിവലിമാർ, വിസ്തൃതശ്രോണിമാ-
രുത്തമജംഘമാർ, സൽപദമാർ

Digitized By Kerala Sahitya Akademi

കങ്കണകപാണമിണങ്ങും കരതാരാൽ
തിങ്കൾനഖാംശുക്കൾ വീശിടുന്നോർ,
രത്നമണികാഞ്ചിചിലങ്ക കിലുങ്ങുവോർ,
മാമുനിയേയും മയക്കിടുന്നോർ!
സർവസുക്കളും സർഭോഗങ്ങളും
സർവ്വൈശ്വങ്ങളുമുണ്ടവിടെ!

മംഗലദേവതാമണ്ഡനോൽക്കണ്ഠയോ-
ടങ്ങണഞ്ഞൊരു നൽത്തരുണൻ:
നെഞ്ചംവിരിഞ്ഞു കൈനീണ്ടു ചുമൽ തടി-
ച്ചഞ്ചിതലക്ഷണമാകെയൊത്താൻ,
തങ്കനേർവർണ്ണനാസ്സുവ്വാംശസുന്ദരൻ
ശംഖൊളിക്കണ്ണൻ വിശാലനേത്രൻ
പത്തനസൌധങ്ങൾ തൻഭംഗി പാത്തുകൊ-
ണ്ടെത്തി മണികണ്ഡേ സുസ്നാതനായ്,
വൃന്ദാരകേശിയാം ശ്രീമഹാമായയെ
വന്ദിച്ചു കേത്യാ സ്തുതിച്ചുകൊണ്ടാൻ:—

(൫൫)

ജയിപ്പൂ ശരണ്യയാമപാരകൃപയമ്മ,
ജഗത്തു രക്ഷൻകോണാൽ തീർത്തുകാത്തഴിക്കുന്നോൾ!
ഏതിനാൽ നിയുക്തനായ് ചുമപ്പൂ വിശ്വം ധാതാ-
വേ,തികനയാലംബിച്ചു മാധവൻ പാലിക്കുന്നു,
ഏതിനാലാവിഷ്ടനായ്സ്സംഹരിക്കുന്നു ശിവ-
നാ,സ്സർഗ്ഗസ്ഥിതിലയോദ്ഭാരശക്തിക്കു തൊഴാം!
ഇന്ദ്രിയക്കുട്ടക്കേകി ഞങ്ങളെയെല്ലാം പിടി-
ക്കുന്ന നീ സ്വഭാവേന പത്മവാസിനി, പരമേ:
കല്പനാജാലം താൻതാൻ തീർത്തു ചിത്തത്തെയതി-
ലുംപ്പെടുത്തുന്ന യോഗിധ്യേയപാദാംഭോജേ നീ!
നിർമ്മിച്ചാജ്ഞാനക്രിയാരൂപിണി, ചിദാത്മിക,
നിഷ്കല, നിരാകാര, നിർമ്മല, നിരഞ്ജന,
നിത്യ, നിരന്തര, നിശ്ശോക, നിരാധാര,
നിത്യ; നിന്മഹിമാവിതാരുവാൻ പോരും വാഴ്ത്താൻ!
ഭിന്നഷട്ചക്രേ, തൊഴാം ദ്വാദശളാബ്ജസ്ഥേ;
നീ നാദബിന്ദുകലാനാഹതധ്വനിമയി!

Digitized By Kerala Sahitya Akademi

രാകേന്ദുഗളൽസുധാവാഹിനി നീ പോറവു
ക്കർകൊണ്ടോസ്സനകാടിനഗ്നബാലരെയമ്മേ!
പുഷ്പിദേ, ജാഗ്രൽസ്വപ്നസുഷുപ്തിദശകളി-
ലൊട്ടിച്ചേർന്നിരുന്നാലും, തുരീയനിലയിൽത്താൻ
വാണതുപോലെ നീ ദയാസുസ്ഥതനിഷ്ഠ പൊടും
പ്രാണികൾക്കെല്ലാ ബ്രഹ്മസമ്പത്തും കൊടുക്കണമ!
അംബ, തുരീയാതീത നീ തത്തപസംഘാതം നീക്കി-
ബ്ബിംബതാരാത്മ്യം യോഗിക്കേകുവോളവികല്പം!
പരയും പശ്യന്തിയും മധ്യ വൈഖരിയും നീ!
പല രൂപങ്ങൾ വഹിക്കുന്ന നീ ലോകം കാപ്പാൻ;
ബ്രാഹ്മി, വൈഷ്ണവി, മാഹേശ്വരിയും നീ താൻ; നാര-
സിംഹിയും വാരാഹിയുമൈന്ദ്രിയും നീതാൻ ദേവി;
ചണ്ഡിക, കൌമാരിയും, വിശ്വപാവനി ശ്രീയും,
ചാന്ദ്രി, രോഹിണി, തായേ സാവിത്രിതാനും നീയേ;
സ്വാഹ നീ; സ്വധയും നീ സുധയും പരമേശി;
പാഹി മാം, പ്രസാദിക്ക ഭക്തകല്പകലതേ!
ചണ്ഡമുണ്ഡാദ്യൽബാഹുഖണ്ഡനകൃജഗണ്ഡേ,
ചണ്ഡകാസുരകണ്ഠപാടനപ്രൌഢപടേ,
രക്തബീജനിരസ്തനിന്ദ്യ കൃത്തിച്ചാടിയ രക്ത-
മത്തയും കുടിക്കയാൽ കൺ വട്ടംചുഴന്നോളേ,
സുംഭോനവീരമാരിണി, ഭദ്രതിക്ക
കമ്പിടാമസംഖ്യേയവിക്രമേ, കൃപാരമേ!'

ഇങ്ങനെ സ്തുതിക്കപ്പെട്ട മഹാലക്ഷ്മിദേവി, സ്വന്തം രൂപത്തിൽ പ്രത്യക്ഷീഭവിച്ച് അയാളോടരുളിച്ചെയ്തു:—'രാജപുത്ര, എനിക്ക സന്തോഷമായി; വേണ്ടുന്ന വരം വാങ്ങിക്കൊൾക.'

രാജപുത്രൻ:—'എന്റെ അച്ഛനായ രാജാവ്, അശ്വമേധയാഗം കഴിക്കുന്നതിനിടയിൽ ദൈവയോഗത്താൽ രോഗം പിടിപെട്ട് സ്വർഗ്ഗം പ്രാപിച്ചുപോയി; അദ്ദേഹത്തിന്റെ ശരീരം ഞാൻ ചുടുതൈലത്തിലിട്ട്, ആ യാഗത്തിൽ മുൻപേത്തപ്പോലെ വെച്ചിട്ടുണ്ട്. എന്നാൽ, ഭൂമിയിലെങ്ങും സഞ്ചരിച്ച യാഗാശ്വത്തെ ആരോ അർദ്ധരാത്രിയിൽ യൂപത്തിന്മേൽ നിന്നു കെട്ടഴിച്ച് എവിടെയോ കൊണ്ടുപോയ്കളഞ്ഞു. അതിനെ ഒരേടത്തും കണ്ടെത്താതെ ആളുകൾ മടങ്ങിവന്നപ്പോൾ, ഇതിക്കകളോടെല്ലാം വിടവാങ്ങിപ്പോന്ന നിന്തിരുവടിയെ ശരണം പ്രാപിച്ചിരിക്കയാണ് ഞാൻ. ദേവി പ്രസാദിച്ചു എ

Digitized By Kerala Sahitya Akademi

ങ്കിൽ, എനിക്കു യാഗം പൂർണ്ണമാകുന്നതിന്നു് ആ കുതിരയെ കണ്ടുകിട്ടുമാറാകട്ടെ! ഭഗവതിയുടെ. ശരണാഗതവത്സലേ, എനിക്കു് അച്ഛൻ തിരുമേനിയോടുള്ള കടമ നീങ്ങുമാറു കല്പിച്ചു ചെയ്യാലും!'

ലക്ഷ്മി:—'എന്റെ ക്ഷേത്രനടയ്ക്കൽ സിദ്ധസമാധി എന്നൊരു ബ്രാഹ്മണനുണ്ടു്; അയാൾ എന്റെ ആജ്ഞയാൽ നിന്റെ കായ്യമെല്ലാം നിറവേറ്റിത്തരും.'

ശ്രീമഹാലക്ഷ്മി കല്പിച്ചുചൊന്നതിൻവണ്ണം രാജകുമാരൻ സിദ്ധസമാധിമുനിയുടെ അടുക്കൽ ചെന്നു്, പാദപത്മം പണിഞ്ഞു കൈതൊഴുതുനിന്നു. അപ്പോൾ, ആ ബ്രാഹ്മണൻ, 'ഭവാനെ അമ്മ കല്പിച്ചയച്ചിരിക്കയാണല്ലോ; ഭവാന്റെ ഉദ്ദേശമെല്ലാം ഞാൻ സാധിപ്പിക്കാം. നോക്കു' എന്നരചെയ്തു ദേവന്മാരെയെല്ലാം മന്ത്രംകൊണ്ടാകർഷിച്ചു: അമരന്മാർ അടിയൊട്ടു മുടിയോളം വിറച്ചുകൊണ്ടു തൊഴുകയുമായി നിൽക്കുന്നതു രാജപുത്രനു കാണുമാറായി! പിന്നെ സുരരോടെല്ലാവരോടുമായി മഹിജോത്തമൻ ആജ്ഞാപിച്ചു:—'ഈ രാജകുമാരന്റെ യാഗാശ്വത്തെ ദേവേന്ദ്രൻ രാത്രിയിൽ കട്ടുകൊണ്ടുപോയല്ലോ; അതിനെ വേഗത്തിൽ കൊണ്ടുവരുവിൻ. വൈകിച്ചുകൂടാ.' ഉടനെ വാനവർ യജ്ഞതുരഗത്തെക്കൊണ്ടു കൊടുക്കുകയും മുനി അവർക്കു വിടനൽകുകയും ചെയ്തു. ദേവകളെ ആകർഷിച്ചതു കാൺകയാലും പോയ കുതിരയെ കിട്ടുകയാലും. പാർത്ഥിവാത്മജൻ മുനിയെ വണങ്ങിച്ചൊന്നതു:—'ദ്വിജസത്തമ, അത്ഭുതകരംതന്നെ ഭവാന്റെ വൈഭവം: ഭവാൻ ഇങ്ങനെ ക്ഷണനേരംകൊണ്ടു ഗീർവ്വാണരെ ആകർഷിക്കുകയും യജ്ഞാശ്വത്തെ ബലേന കൈക്കലാക്കി എനിക്കു തരികയും ചെയ്തുവല്ലോ! മറ്റൊന്നും പറയാനില്ല: ദേവന്മാക്കും ദുസ്സാധമായ കുന്നാണിതു്. ഇതു ചെയ്വാൻ അങ്ങേയ്ക്കല്ലാതെ മറ്റാക്കും തുണിയുണ്ടാവില്ല. ബ്രഹ്മൻ, കേട്ടാലും: എന്റെ അച്ഛൻ, ബൃഹദ്രഥരാജാവു്, അശ്വമേധത്തിന്നിടയിൽ ദൈവഗത്യാ മൃതിപ്പെട്ടുപോയി; അദ്ദേഹത്തിന്റെ ശരീരം ചുട്ടതെലത്തിലിട്ടുണ്ടു് ഇപ്പോഴും ഇരിപ്പുണ്ടു്. സത്തമ, ഇവിടുന്നു് അദ്ദേഹത്തെ പുനർജ്ജീവിപ്പിച്ചാൽ കൊള്ളാം.' മഹർഷി പുഞ്ചിരിക്കൊണ്ടു്, 'നമുക്കു ഭവാന്റെ അച്ഛൻ ഇരിക്കുന്ന യാഗശാലയിലേയ്ക്കു പോവാം' എന്നുംപറഞ്ഞു്, രാജപുത്രനോടൊന്നിച്ചു് അവിടെച്ചെന്നു്, വെള്ളംജപിച്ച ശവത്തിന്റെ തലയിൽ തളിച്ചു; അതോടുകൂടി രാജാവു ബോധംപൂണ്ടെഴുനേറ്റു!

ബൃഹദ്രഥൻ ബ്രാഹ്മണേന്ദ്രനെ കണ്ടിട്ടു്, 'ധർമ്മാത്മാവേ, ഇവിടുന്നാരാണു്' എന്നു ചോദിച്ചു. അപ്പോൾ പുത്രൻ വിവരമെല്ലാം നേരേ

Digitized By Kerala Sahitya Akademi

ന്നുമെന്നറിയിച്ചു. ഉടനെ ഭൂപാലൻ, പ്രണമനം വിണ്ടുനൽകിയ സിദ്ധാസമാധിയെ നമസ്കരിച്ചു ചോദിച്ചു: 'എന്തു പുണ്യത്താലാണ് ഇവിടെയുള്ളീ ലോകോത്തരശക്തി? എനിക്കു ജീവനെത്തന്നതും വിണ്ണവരെ ആകർഷിച്ചു യാഗം ഉലരിച്ചുതും നന്നതുകൊണ്ടാണെന്നു പറയുമാറാകണം!' ബ്രാഹ്മണൻ മൃദുസ്വരത്തിൽ മറുപടി പറഞ്ഞു:—'ഗീതയുടെ പന്തിരണ്ടാമദ്ധ്യായം പതിവായി ചൊല്ലാറുണ്ട് ഞാൻ; അതിനാലുള്ള ശക്തികൊണ്ടാണു ഞാൻ ഭവാനെ ജീവിപ്പിച്ചത്.' ഇതുകേട്ട ക്ഷിതീശൻ ബ്രാഹ്മണരോടുകൂടി ആ ബ്രാഹ്മണിയുടെ അടുക്കൽനിന്നു പുണ്യമായ പന്തിരണ്ടാമദ്ധ്യായം പഠിച്ചു; ആ അദ്ധ്യായത്തിന്റെ പ്രഭാവത്താൽ അവരെല്ലാം സൽഗതിയും നേടി. വേറെയും പലർ പഠിച്ചു പരമമുക്തിയടഞ്ഞു.'

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
ഗീതാമാഹാത്മ്യപ്രകരണം, ചോദ്യോദ്ഘാതപ്രശംസനം.
മേനകാപ്രാപ്തിനിഷേധമദ്ധ്യായം.

(൬)

ഒരുനൂറെൺപത്തിമൂന്നാമദ്ധ്യായം

പാർവ്വതി:—'ചോദ്യാദ്ധ്യായമാഹാത്മ്യം ഇവിടുന്നു പറഞ്ഞുതന്നുവല്ലൊ; പതിമൂന്നാമദ്ധ്യായത്തിന്റെ മാഹാത്മ്യവും ദയവായിൽ കഥിച്ചാലും.'

ശിവൻ:—'ശിവേ, സമുദ്ഭൂതമായ ത്രയോദശാദ്ധ്യായമാഹാത്മ്യം ശ്രവിച്ചുകൊള്ളുക; ശ്രവിച്ചാൽത്തന്നെ ഭവതിക്കു പരമാനന്ദമുണ്ടാം:

തെക്കേട്ടിക്കിൽ തുംഗഭദ്രാമഹാനദിയുടെ തീരത്തു ഹരിഹരപുരം എന്നൊരു രമ്യനഗരമുണ്ട്; അവിടെ ഭഗവാൻ ഹരിഹരൻ സ്വയം വാണരുളുന്നു; ആ തിരുവടിയെ ദർശിച്ചാൽ മതി, പരമകല്യാണം കൈവരുവാൻ! ആ നഗരത്തിൽ തപസ്വാധ്യായനിരതനായി ദേവപൂജാരതനായി ഹരിദീക്ഷിതൻ എന്നൊരു ബ്രാഹ്മണനുണ്ടായിരുന്നു. ആ ശ്രോത്രിയന്റെ പത്നിയാകട്ടെ, നാമംകൊണ്ടും നടപ്പുകൊണ്ടും ദുരാചാരയായിരുന്നു. അവൾ ഒരിക്കലും ഭർത്താവോടൊന്നിച്ചുറങ്ങുകയില്ല; ശകാരം ക്ലേശം; ക്ഷണനേരം പോലും സ്വഗൃഹത്തിലിരിക്കാതെ തെണ്ടിനടക്കും; കഴഞ്ഞു കള്ളുകുടിച്ച്, ഭർത്താവിന്റെ കുടുംബക്കാരോടൊക്കെ ഇടയ്ക്കിടയ്ക്കു തട്ടിക്കയറും; സദാ വിടന്മാരോടൊരുമിച്ചു മത്തടിച്ചു വിഹരിക്കും! ഒരിക്കൽ അവൾ, നഗരത്തിലെങ്ങും അറിഞ്ഞിരിക്കുകയില്ല്, താൻതന്നെ നിർജ്ജനമായ വനത്തിലെ ഒരു സങ്കേതസ്ഥ

Digitized By Kerala Sahitya Akademi

ലം ഏർപ്പെടുത്തി; പിന്നെ അവിടെത്തന്നെയായി, ഈ ധൂർത്തയുടെ വിടന്മാരൊന്നിച്ചുള്ള വിളയാട്ടം അങ്ങിനെ അവരം താരുണ്യത്തെല്ലാൽ തോന്നിയതു കാട്ടിക്കൊണ്ടു കാലം വളരെക്കഴിച്ചു.

(ശ്ലോകങ്ങൾ)

വന്നെത്തിയന്നൊരു വസന്ത, മനംഗനാറാ
ചങ്ങാതി; മാവുകളിളംതളിരാൽമറഞ്ഞു;
മത്താൻകൊണ്ടവയിൽ വാണ കുയിൽക്കുലത്തിൽ
നല്പഞ്ചമങ്ങളം മദനന്തയിരേകി വീണ്ടും!
ചാംപേയഗന്ധി മലയക്കുളിർകാറുവീശീ
വന്യദ്രുമങ്ങളുലയുംപടി മന്ദമന്ദം;
പൂമല്ലികാ പരിമളാസവമാസ്വദിക്കും
ഭൃംഗങ്ങളംതൻ കളരുതങ്ങളം മുഴങ്ങിനീളെ;
കൊങ്ങാടിവാണ കളഹംസർ, തുലോം തെളിഞ്ഞു
തങ്ങാർ വിരിഞ്ഞു മണമാന്ന് സരസ്സുതോറും;
മാനിൻകിടാങ്ങളം സുഖമായ് തണലിൽ കിടക്കും
നാനാതരുക്കളം തളിർ തിങ്ങി വിളങ്ങി മന്നിൽ.

അപ്പൊച്ചിരുവേളയിലൊരുംകുളിർകൊണ്ടു, പാരി-
നാനന്ദമേകിന നിലാവവരം കണ്ടു രവിൽ:
ചേതോമദം യുവജനത്തിനാ ചേർത്തുചേർത്തു,
ചെമ്പോത്തു കൊക്കിനാ സുധാകണമേകിയേകി,
സാന്ദ്രാർദ്രകാരനികരത്തെയുണർത്തുണർത്തു,
ചാരുപലാവലിയലിഞ്ഞമൃതേന്തിയേന്തി,
പാലാഴിവീചികളെ വാനിലുലച്ചുലച്ചു,
ചേലാന്ന പൂമലരിൽ വെൺകളി വീശിവീശി,
കോകാംഗനാനിലവിളിധ്വനി കേട്ട കേട്ടു,
ക്രുന്നുന്ന താമരകളിൽ ക്ലമമേറിയേറി,
കോരിച്ചൊരിഞ്ഞ തെളിമുത്തിനു തുല്യമായ്ത്തി-
ക്കീരങ്ങിനം സുവിമലപ്രഭ നൽകി നൽകി,
തുമഞ്ഞിണങ്ങി,യഭിസാരികമാർക്കു സാക്ഷാൽ
കാമാഖ്യകേസരിവരന്റെ സടപ്പടർപ്പായ്
പൂവെണ്ണിലാവതു മുതിർന്നു പരന്നതോരം
സെയ്ധസ്ഥർ കാമികരം തുലോം മദനാന്ധരായി!

(ചെറുശ്ശേരിരീതി)

ജാരൻ വരായ്കയാൽ, വാതിൽ തുറന്നു പോ-
നാരാവിൽ മാരപ്പിച്ചേറിയവരം

Digitized By Kerala Sahitya Akademi

പത്തനത്തിന്റെ പുറത്തു സങ്കേതത്തി-
ലെത്തിയിട്ടോരോ നികുഞ്ജത്തിലും,
ഓരോമരത്തിൻമുവട്ടിലും കാന്തനെ-
യാരാഞ്ഞാരാഞ്ഞു നടക്കുകയായ്:
വല്ലതും ശബ്ദം ശ്രവിച്ചാൽ 'വിളിക്കുന്നു
വല്ലനെ'ന്നറച്ചുള്ള ചെന്നും,
കോകരവം കേട്ടു കാന്തോക്തിഭ്രാന്തിയാൽ
പൊയ്യകം പുറിയും തുരുവട്ടം
സാലതലത്തിലുറങ്ങും മൃഗങ്ങളെ
ലീലാമണാളനെന്നോർത്തുണർത്തി,
'ഞാനിതാ വന്നിരിക്കുന്നു'വെന്നിങ്ങനെ
താനെ കിതച്ചുകൊണ്ടുച്ചരിച്ചും,
കുറിയെക്കാന്തനെന്നാഞ്ഞുപുണർന്നും, ത-
ദ്ഭ്രമമെന്നാബ്ജത്തിലുമ്മവെച്ചും—
ഏവം പണിപ്പെട്ടതൊക്കെയും പാഴായി,—
ജീവേശിതാവെക്കണ്ടെത്താഞ്ഞവൾ
തെല്ലുമംബോധമില്ലാതെയയുമിത്തും
ചൊല്ലി വിലപിക്കയായീ കാട്ടിൽ:—
'ഹാ, കാന്ത, ഹാ, ഗുണകാന്ത, ഹാ, ജീവേശ,
ഹാ, ഭാഗ്യസൈഭാഗ്യപ്രാപ്തിടമേ!
ഹാ, കാന്ത, വാർതിങ്കൾ തുല്യവദനനേ,
ഹാ, കമലായതലോചനനേ,
ഹാ, സത്കവിസാഹിത്യവിഭ്രമവിൺമര-
മായോനേ, മഞ്ജുളലാവണ്യനേ!
നൂതനകുണ്ഡലശോഭേചന്നാനന്ദ-
പ്പാൽ തുകം നിന്മുഖചന്ദ്രനെക്കൊ!
പ്രാണാധിനാഥൻ മറഞ്ഞിരുന്നീടുക-
യാണോ പിണക്കത്താലിങ്ങെങ്ങാനും,
എങ്കിലവിടെയുള്ള ചിത്തം തെളിയുവാ-
നെൻപ്രിയപ്രാണനെക്കൂടി നൽകാം!'

ഇങ്ങനെ ആ അഭിസാരിക വിരഹംമൂലം നീളെ നടന്നു വിലപിയ്ക്കു. ആ ശബ്ദം കേട്ടിട്ട് ഒരു വ്യാഘ്രം ഉറക്കമുണർന്നു: ആ മൃഗം എഴുനേറ്റ് അരിശത്തോടേ നാലിടവും നോക്കി, ഘോരഘോരധ്വാനം പുറപ്പെടുവിച്ചും നിലത്തു് അമർത്തു ചവുട്ടിയും വാനം മുഴങ്ങുമാറു ഗർജ്ജിച്ചും പിന്നിൽ ഞാണ വാലുമായി കുതിച്ചുചാടി ഭൂരാചാരയുടെ അ

Digitized By Kerala Sahitya Akademi

ടുക്കലെത്തി. അവളാകട്ടേ, അയ്യൻ പ്രിയതമനാണെന്നു കരുതി, പ്രേമം നിറഞ്ഞ ഹൃദയത്തോടേ മുമ്പിലേയ്ക്കു ചെന്നു; വ്യാഘ്രത്തിന്റെ നഖപ്പെരുമാറ്റത്താൽ വല്ലാതെ വേദനപ്പെടുകയും അതിന്റെ കനത്ത മുരളൽ കേൾക്കുകയും ചെയ്തപ്പോഴാണു വല്ലഭനല്ലെന്നറിഞ്ഞതു്! കടുവാ കാമിനിയെ നഖങ്ങൾകൊണ്ടു പിളർത്തു നിലംപൊത്തിച്ചു. എന്നാലും, അവൾ നിലവിളിച്ചു തൊണ്ടയിടറിക്കൊണ്ടു്, അതിനോടു ചോദിച്ചു:—'വ്യാഘ്രമേ, നീ എന്തുകൊണ്ടാണു് എന്നെക്കൊല്ലാൻ ഇവിടെ വന്നെത്തിയതു്? അതെല്ലാം പറയുക; എന്നിട്ടു് എന്നെക്കൊന്നുകൊള്ളുക.'

വ്യാഘ്രം:—'തെക്കേട്ടിക്കിൽ മലാപഹാനദിയുടെ തീരത്തു മുനിപട്ടണം എന്നൊരു നഗരമുണ്ടു്. ഭഗവാൻ, സാക്ഷാൽ മഹേശ്വരൻ അവിടെ പഞ്ചലിംഗനായി വാണരുളുന്നു. അവിടത്തുകാരൻ ഒരു ബ്രാഹ്മണനായിരുന്ന ഞാൻ. നടീതീരത്തു് അയാജ്യരെ യജിപ്പിച്ചും, ഏകനായി ഊണ്കഴിച്ചും, ധനത്തിനുവേണ്ടി വേദപാഠഫലം ക്രടെക്കൂടെ വിറ്റും, ലോഭത്താൽ മറ്റു ഭിക്ഷുക്കളെ തെറി പറഞ്ഞകറ്റിയും, അരുതാത്ത ദാനം വാങ്ങിയും, ദാനംമൊരിക്കലും ചെയ്യാതെയും അയൽക്കളോടൊല്ലാം കടം വാങ്ങി ചതിച്ചുമായിരുന്ന എന്റെ കാലക്ഷേപം. ക്രമേണ ഞാൻ വാർദ്ധക്യത്തിൽപ്പെട്ടു: ദേഹം മുക്കിച്ചുളിഞ്ഞു; കണ്ണിനു കാഴ്ചയില്ലാതായി; നടന്നാൽ കാലിടറി വീഴും; പല്ലുകളം കൊഴിഞ്ഞുപോയ്ത്തുടങ്ങി. എന്നിട്ടും ഞാൻ പ്രതിഗ്രഹം കൊതിച്ചു്, കയ്യിൽ ദർഭപ്പുല്ലുമായി തീർത്ഥക്കരയിൽ ചെന്നുകൂടും; പ്രതിഗ്രഹത്തിനു വേണ്ടി, പുണ്യകാലങ്ങളിലൊക്കെ തെണ്ടിനടക്കും! ഒരിക്കൽ, അവയവങ്ങൾക്കു കെല്പില്ലാതായ ഞാൻ ഏതാനും ബ്രാഹ്മണരോടു ക്ഷേത്രമിരക്കാൻ പോവുകയായിരുന്നു; വഴിക്കുവച്ചു്, ഒരു നായ എന്റെ കാലിന്മേൽ കടിച്ചുകളഞ്ഞു. അതോടുകൂടി ഞാൻ തന്നേടംകെട്ടു നിലത്തു വീഴുകയും ചാവുകയുംചെയ്തു. പിന്നെ ഞാൻ വ്യാഘ്രമായി ജനിച്ചു് ഈ കാട്ടിൽ പാർത്തുപോരുന്നു. മുൻജന്മത്തിലെ പാപം ഓർമ്മയിലുള്ളതുകൊണ്ടു ഞാൻ ധർമ്മിഷ്ഠരേയും സന്ന്യാസിമാരേയും സാധുക്കളേയും പതിവ്രതമാരേയും തിന്നുമാറില്ല; പാപികളേയും ദുർവൃത്തരേയും കലടകളേയുമേ തിന്നുമാറുള്ളൂ. അതിനാൽ കലടയായ നീ എനിക്കിരയായിത്തീരുന്നു.'

ഇതുയും പറഞ്ഞു് ആ വ്യാഘ്രം അവളെ തീക്ഷ്ണനഖങ്ങൾകൊണ്ടു പിളർത്തി പിളർത്തി തിൻകഴിച്ചു. യാതനാദേഹം പുക്ക ദുരാചാരയെ യമകിങ്കരന്മാർ അപ്പോൾത്തന്നെ സംയമിനീപുരിയിലേയ്ക്കു കൊണ്ടുപോയി. ഉടനെ യമശാസനത്താൽ അവളെ മലവും മൂത്രവും

Digitized By Kerala Sahitya Akademi

ചോരയും നിറഞ്ഞ കൊട്ടംകഴികളിൽ മാറി മാറി കൊണ്ടിട്ടു; അനേകം കല്പങ്ങൾക്കശേഷം അവയിൽ നിന്നൊടുക്കു്, ഒരുന്തു മനപന്തരം രൌരവത്തിൽ പാറ്റിച്ചു; പിന്നെ അതിൽനിന്നു വലിച്ചുകൊണ്ടു പോയി, തലമുടിയഴിഞ്ഞു ചിന്നി ദേഹം ചതഞ്ഞു പുറവും നോക്കി വിവശയായി കരയുന്ന അവളെ തീയിൽ കൊണ്ടുതള്ളി. ഇങ്ങനെ അവരം പല ഘോരനരകങ്ങളിൽ കഷ്ടപ്പെട്ടിട്ടു്, ശേഷിച്ച മാപാപത്താൽ ശപചചജാതിയിൽ ചെന്നു ജനിച്ചു; പറയക്കുടിലിലും, മൂന്നു യൌവനമായപ്പോൾ അവരം മുൻജന്മത്തിലെ മാതിരിയിൽത്തന്നെയായി! അതിനാൽ കഷ്ടവും ക്ഷയവും നേത്രരോഗവും അവളെ ബാധിച്ചു. കുറെക്കാലത്തിനു ശേഷം അവരം സ്വന്തം ഗൃഹത്തിൽ പോയി; അവിടെ, ശിവന്റെ അന്തഃപുരേശ്വരിയായ ജ(ജ്ഞ)ംഭകാദേവിയെ പ്രതിഷ്ഠിച്ചിരുന്നേടത്തു വാസുദേവൻ എന്നൊരു വിശിഷ്ടബ്രാഹ്മണനെ കണ്ടെത്തി: അദ്ദേഹം ഗീതയുടെ പതിമൂന്നാമദ്ധ്യായം പതിവായി ചൊല്ലുന്നുണ്ടായിരുന്നു; അതു ശ്രവിച്ചതോടുകൂടി, അവരം ശപചചരൂപം വിട്ടു ദിവ്യശരീരയായിച്ചമഞ്ഞു സുരലോകത്തേയ്ക്കു ഗമിച്ചു!

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
ഗീതാമാഹാത്മ്യപ്രകരണം, ത്രയോദശാദ്ധ്യായപ്രശംസനം
എന്നതിലെ പതിമൂന്നാമദ്ധ്യായം.

(൦)

ഒരുന്തുറെൺപത്തിനാലാമദ്ധ്യായം.

ശിവൻ:—ദേവി, ഇനി, സംസാരമുക്തിക്കായി ഗീതയുടെ പതിനാലാമദ്ധ്യായത്തെപ്പററി പറയാം; ആദരവോടെ മനസ്സിരുത്തിക്കൊള്ളുക:

ഭൂലോകത്തു കാശ്മീരം എന്നൊരു മഹാനഗരമുണ്ടല്ലൊ; അവിടെ വാണീദേവതിയുടെ ഒരു മനോഹരക്ഷേത്രമുണ്ടു്. ആ സരസ്വതിയെ സേവിച്ചവൻ, സാവിത്രിയയച്ച മൂന്നാരയന്നങ്ങളാൽ വഹിക്കപ്പെട്ട ബ്രഹ്മലോകം പൂകും! അവിടെ അരയന്നങ്ങരം സരസ്വതീപദ്മം ഭോജത്തെ സേവിച്ചു്, ചിറകുകളിൽ നിന്നു ചിതറിയ കുങ്കുമംകൊണ്ടു ദിക്കുകളെ ചുകപ്പിക്കുന്നു! അവിടെ മനുഷ്യർ സംസ്കൃതത്തിലേ സംസാരിക്കാറുള്ളു; അവരെ ദേവകളിൽ നിന്നു തിരിച്ചറിയുന്നതു കണ്ണിമവെട്ടൽകൊണ്ടു മാത്രമാണു്! അവിടെ പ്രഭാതത്തിൽ ഗൃഹമുറ്റങ്ങളിൽ വിതറുന്ന കുങ്കുമപ്പൊടികൊണ്ടു സൂര്യചന്ദ്രമണ്ഡലങ്ങരം എ

Digitized By Kerala Sahitya Akademi

പ്പോഴും തുടർന്നിരിക്കും! അവിടെ, മിന്നിത്തിളങ്ങുന്ന ശരനിരകൊണ്ടു ശത്രുമണ്ഡലത്തെ ശകലീകരിച്ചു തേജോരാശിയായി ശൌര്യവമ്മാവു് എന്നൊരു നരേശ്വരനുണ്ടായിരുന്നു. സിംഹളദ്വീപിലെ സിംഹപരാക്രമനും കലകഠംക്കിരിപ്പിടവുമായ വിക്രമവേതാളനെന്ന രാജാവും ശൌര്യവമ്മാവും തമ്മിൽ പണ്ടേയുള്ളപണ്ടേ ഉള്ള മൈത്രിയെ വർദ്ധിപ്പിച്ചുപോന്നു: അവരിരുവരും അതാതു നാട്ടിലെ വിലയേറിയ അപൂർവ്വപദാർത്ഥങ്ങൾ അന്യോന്യം കൊടുത്തയയ്ക്കുക പതിവാണു്. ഒരിക്കൽ ശൌര്യവമ്മാവു സ്നേഹത്താൽ വിക്രമവേതാളനു രണ്ടു മികച്ച പട്ടികളെ അയച്ചുകൊടുത്തു; വിക്രമവേതാളൻ സ്നേഹിതനായ ശൌര്യവമ്മാവിനു വളരെ മഹാജങ്ങൾ അശ്വങ്ങൾ മണിഭൂഷണങ്ങൾ വെൺചാമരങ്ങൾ എന്നിവയെയും കൊടുത്തയച്ചു.

ഒരുനാൾ നായാട്ടിനായി വിക്രമവേതാളൻ ആ പട്ടികളെ പൊന്നിൻചങ്ങലയിട്ടു പല്ലക്കിൽക്കേറി, വെൺചാമരങ്ങൾ വീശിച്ചു്, ഡിണ്ഡിമാദി വാദ്യങ്ങളും മുഴക്കിച്ചു്, ചില രാജകുമാരന്മാരോടുകൂടി വെളിക്കുള്ള കറിക്കാട്ടിലേയ്ക്കു പോന്നു. അവിടെ പന്തയംവെച്ചു മുയൽനായാട്ടു് ഏർപ്പെടുത്തി; രാജകുമാരന്മാർ ഉച്ചത്തിൽ ആർത്തുവിളിച്ചു. രാജാവു കൌതുകത്താൽ, സമാനവയസ്കനായ ഒരു രാജകുമാരനുമായി വിലയേറിയ പന്തയംവെച്ചു വേട്ടയ്ക്കൊരുങ്ങി: ഒരു പട്ടിയെ പല്ലക്കിൽ നിന്നിറക്കി, വിരുതു പുകഴ്ത്തിച്ചുണപിടിപ്പിച്ചു് കുതിച്ചോടുന്ന മുയൽക്കൂട്ടിയുടെ പിറകേ വിട്ടു; മഹാരാജനായ രാജകുമാരനും, തന്റെ പ്രേമഭാജനമായ പട്ടിയെ, വിരുതുകൾ വർണ്ണിച്ചു കൂടെ വിട്ടു. പട്ടികൾ രണ്ടും ദൃഷ്ടിഗോചരമാകാത്ത വേഗത്തിൽ പാഞ്ഞു കാണികളെയെല്ലാം അത്ഭുതപരതന്ത്രരാക്കി! മുയൽക്കൂട്ടി വല്ലാതെ ക്ഷീണിച്ചു് ഒരു വലിയ കഴിയിൽ വീണുപോയി; അതിനാൽ പട്ടികൾക്കു് അതിനെ പിടിപ്പാൻ കഴിഞ്ഞില്ല. പിന്നെ പതുക്കെ കേറി പാഞ്ഞുതുടങ്ങിയ മുയൽക്കൂട്ടിയെ രാജാവിന്റെ പട്ടി ചൊടിച്ചുണഞ്ഞു പിടിക്കുടി. മുയൽക്കിടാവു നര കടിക്കൊണ്ടു്, അവിടെ നിന്നു പണിപ്പെട്ടു ചാടിയോടുമ്പോൾ ഇടർപെടുകയാൽ, രാജകുമാരന്റെ പട്ടി അതിന്റെ കഴുത്തിൽ പിടിച്ചു. അതുകണ്ടു, 'നാം ജയിച്ചു' എന്നിങ്ങനെ ആർത്തുവിളിക്കുകയായി; മുയലാകട്ടെ, ആ ലഹളയിൽ അന്ധരന്ധ്രപായ പട്ടിയുടെ വായിൽനിന്നു വേർപെട്ടു്, കടിയേറ്റ മുറിഞ്ഞോടങ്ങളിൽനിന്നു ചോരയും വാർന്നു്, എവിടെയോ ചപ്പിലക്കൂട്ടത്തിൽ ചെന്നൊളിച്ചു. രാജാവിന്റെ പട്ടി ഇര പിടിച്ചു നിലം മണത്തുംകൊണ്ടു കണ്ടെത്തിയപ്പോഴെയ്ക്കും, മുയൽ പോടിച്ചുരണ്ടു് അവിടെനിന്നു് ഒരു കോലകലം നടകൊണ്ടു.

Digitized By Kerala Sahitya Akademi

അവിടെ കാറു കർപ്പൂരകല്ലീചഗുൽമങ്ങളിലുമ്മി കളിർമ പൂണ്ട മോളസ്സീകളുടെ കവിൾത്തടത്തെ ചുംബിക്കുന്നു; മാനകം, വിടർന്ന കൈതപ്പൂവിന്റെ പൊടിയാൽ കണ്ണു മിന്നി ചുറ്റും തണലത്തു കിടക്കുന്നു; താനേ വീണ തേങ്ങയും മാമ്പഴവും തിന്നു കുരങ്ങന്മാർ വയർ നിറയുന്നു; സിംഹങ്ങളും ആനക്കുട്ടികളോടൊന്നിച്ചു കളിയാടുന്നു; പാമ്പുകളും പേടിക്കുടാതെ മയിലിന്റെ പീലിക്കെട്ടിൽക്കൂടെക്കയറി ആ ആശ്രമത്തിൽ, വത്സനെന്നൊരു ബ്രാഹ്മണൻ ജിതേന്ദ്രിയനായി ശാന്തനായി പതിനാലാമദ്ധ്യായം മുടങ്ങാതെ ജപിച്ചുപോന്നിരുന്നു; അദ്ദേഹത്തിന്റെ ശിഷ്യന്റെ പാദപത്മം കഴുകിയ വെള്ളംകൊണ്ടു ചളിക്കെട്ടിയെടുത്താണ് മേൽക്കുമേൽ കിതച്ചു ജീവനംകൊണ്ടു മുയൽക്കുട്ടി വെന്നവീണത്. ആ ചളി തൊട്ടതോടുകൂടി, മുയൽ സംസാരം പിന്നിട്ട ദിവ്യവിമാനത്തിലേറി സ്വർഗ്ഗത്തിലേയ്ക്കു ഗമിച്ചു; പട്ടിയും. ചളി കറയ്ക്കു മേൽ തെറിച്ചതിനാൽ പൈദാഹങ്ങളും തളർച്ചയും നീങ്ങി, ശുനീശരീരം വെടിഞ്ഞു, ദിവ്യാംഗനമാരാലും ഗന്ധവ്വരാലും പരിശോഭിതമായ ദിവ്യവിമാനത്തിൽക്കേറി നാകത്തിലേയ്ക്കു നടകൊണ്ടു.

അപ്പോൾ, സ്വകന്ധരനെന്ന ധീമാനായ ശിഷ്യൻ മുൻജന്മവൈരത്തിന്റെ കാരണം വിചാരിച്ചുതുടങ്ങിയപ്പെട്ടിട്ട് ഒന്നു ചിരിച്ചു. രാജാവും വിസ്മയത്താൽ കണ്ണുവിടർന്ന്, അളവറ്റ നയത്തോടും കേതിയോടുംകൂടി അദ്ദേഹത്തെ വണങ്ങി ചോദിച്ചു:—ബ്രഹ്മൻ, ഹിംസയോനിയിൽ പിന്നെ അജ്ഞാനികളായ മുയൽക്കുട്ടിയും പട്ടിയും സ്വർഗ്ഗമടഞ്ഞതു് ഇന്നതുകൊണ്ടാണെന്നു പറഞ്ഞുതരിക.

ശിഷ്യൻ:—രാജാവേ, ഈ കാട്ടിൽ, വത്സനെന്ന ബ്രാഹ്മണൻ ഇന്ദ്രിയങ്ങളെ അടക്കി ഗീതാചതുർദ്ദശാദ്ധ്യായം പാരായണംചെയ്തുംകൊണ്ടിരിക്കുന്നുണ്ടു്. അദ്ദേഹത്തിന്റെ അടുക്കൽ ബ്രഹ്മവിദ്യഭ്യസിക്കുന്ന ശിഷ്യനാണ് ഞാൻ; പതിനാലാമദ്ധ്യായം ഞാൻ പതിവായി ചൊല്ലാറുണ്ടു്. എന്റെ കാൽ കഴുകിയ വെള്ളത്തിൽ വീണതിനാലാണ് ശശം ശുനകിയോടൊന്നിച്ചു സ്വർഗ്ഗമടഞ്ഞതു്.'

രാജാവ്:—ദ്വിജോത്തമ, ഭവാൻ എന്തോ കരുതി, അഭിപ്രായഗർഭമായി ചിരിച്ചതെന്തുകൊണ്ടാണ്?'

ശിഷ്യൻ:—മഹാരാജാവേ, പ്രത്യുദകമെന്ന മഹാനഗരത്തിൽ, ഒന്നാംകിടച്ചൂതുകളിക്കാരനായി കേശവൻ എന്നൊരു ബ്രാഹ്മണനുണ്ടായിരുന്നു. അയാളുടെ ഭാര്യ, വിശ്വോത്തര ഒരു സൈരചാരിണിയായിരുന്നു; അവളെ അയാൾ ക്രോധംമൂലം കൊന്നുകളഞ്ഞു.

Digitized By Kerala Sahitya Akademi

സ്ത്രീവധപാതകത്താൽ ഭയാധം ഒട്ടാകിത് മുഖലായി ജനിച്ചു; അവരം ഉന്നടപ്പിനാൽ പട്ടിയായും ജനിച്ചു. രണ്ടുപേരും പല യോനികളിൽ ജനിച്ചിരിക്കുന്നു; ഏതു ജന്മത്തിലും പൂർവ്വജന്മവൈരം മറന്നിരുന്നില്ല.'

ഇതെല്ലാം കേട്ട സന്തുഷ്ടനായ രാജാവു ഗീതയുടെ പതിന്നാലാമധ്യായം പഠിച്ചു പരമഗതിനേടി.

ശ്രീപദ്മമഹാപുരാണം. ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദേ
നിതാമേ ഹാത്മ്യപ്രകരണം, ഗീതൈകാദ്ധ്യായപ്രഭാവകഥനം
തൊന്നാറെൺപത്തിയാലാമദ്ധ്യായം.

— (൧) —

നൂറ്റെൺപത്തിയാലാമദ്ധ്യായം

ശ്രീമാൻ വിശാലാക്ഷി ചോദിച്ചതിനു ശ്രീസൂതൻ ഗീതയുടെ പതിനഞ്ചാമധ്യായത്തിന്റെ മാഹാത്മ്യം [illegible]; അതു സസന്തോഷത്തിക്കേട്ടുകൊള്ളുക:

(ശ്ലോകങ്ങൾ)

ഗൌഡം ഭരിച്ചുവന്നൊ
രൌഢനൊരു ഭൂപൻ, ക്ഷത്രിയനാം സിംഹൻ:
അവനുടെ വാർവ്വാ [illegible]
ലവങ്കിതനായ് പ്പോമത്സ്യാം പടയിൽ!
അവനുടെ മത്തമതംഗജ-
നിവഹം മദനീർ [illegible] പൊഴിക്കയാൽ;
ദിവസകരകരത്തിൻമു-
ടവനിക്കിപ്പായിരുന്ന പകലിലും!
സുരലോകപ്പുരുമാളെ
പ്പൊരിചെപ്പേടിച്ചു, ദേവന്റെ സന്നിധിയിൽ
ശരണംപൂകിയ ജഗമ-
ഗിരികം കണക്കേ വിളങ്ങി തഴ കരിവർ!
മദഗജമണ്ഡലിതൻ ചീൽ-
ക്കൃതിയുടെ മറ്റൊലികളെന്ന കപടത്താൽ,
കാത്തരുകെന്നാസ്സുമനൊ-
ടാസ്ഥയിലത്രിച്ചിരുന്ന ശൈലങ്ങൾ!
കുതികൊണ്ടു പാഞ്ഞതിട്ടം തൽ-
ക്കുതിരപ്പ-തൻ കളമ്പിടി
ക്ഷിതിതലമുടനതു, മിന്നാ-
ത്തതിലെങ്ങിനെയാക്കു വിസ്മയം തോന്നാ!

Digitized By Kerala Sahitya Akademi

അരിപടലിക്കടവാളാ-
ലവതിപെടുത്തായവൻ ക്ഷിതി ഭരിക്കേ,
ഉരകപ്പെരുമാൾ പേരുള്ളോ
പരിശീലിച്ചുളിനാൻ മഹാരോഷ്യം!

പ്രചണ്ഡദോർദ്ദണ്ഡനായ സുരദേവനുണ്ടാൻ എന്നൊരാളെയിരുന്ന കുപാണനരസിംഹന്റെ സേനാപതി: ശസ്ത്രശാസ്ത്രകലകൾ കരിരിപ്പിടമായ അബുദ്ധിമാൻ. ഭാണ്ഡാഗാരം—കതിരകം വീരരത്നംവിളഞ്ഞ വടയാളികം ഹസ്തിദന്തങ്ങളായ കോട്ടകം എന്നിവകൊണ്ടു രാജാവിനെപ്പോലെതന്നെ വാണിരുന്നു. ഒരിക്കൽ ആ ദുഷ്ടൻ, രാജാവിനേയും രാജപുത്രന്മാരേയും ബലാൽക്കാരേണ നിഗ്രഹിച്ചു താൻതന്നെ നാടുവാഴണമെന്നു തീരുമാനിച്ചു; ഏതാനും നാൾക്കുള്ളിൽ ഇന്നവിധം ചെയ്യാമെന്ന് ആ പാപി സഹായികളായ കൂട്ടുകാരോടൊന്നിച്ചു് ആലോചിച്ചുറപ്പിക്കുകയും ചെയ്തു. എന്നാൽ പെട്ടെന്നു വിഷൂചിക പിടിപെട്ട് അയാൾ മരിച്ചുപോയി! മരിച്ചിട്ട് അല്പകാലത്തിനുള്ളിൽ ആ പാപി നിസ്സംശയം നരകത്തിൽ, തേജസ്സുള്ള ക്രൂരോദരമായ ഒരു കതിരയായി ജനിച്ചു. അതിനെ അവിടെനിന്ന്, അശ്വതത്തപ്രജ്ഞനായ ഒരു വൈശ്യകുമാരൻ വമ്പിച്ച വിലയ്ക്കു വാങ്ങി വളരെ പണിപ്പെട്ടു കൊണ്ടുപോന്നു. അക്കാലത്തു രാജ്യം വാണിരുന്നതു ധർമ്മപുത്രിയിലെ പുരുപുണ്യാദികളുടെ കുടി രാജ്യം തന്നെ. വൈശ്യകുമാരൻ കതിരയെ രാജാവിനു കൊടുക്കുവാനായി കൊട്ടാരവാതിൽക്കൽ ചെന്ന് അവസരം കാത്തുനിന്നു; തന്റെ മുൻപിൽ മനുഷ്യനെന്നു പരിചിതനായിരുന്ന അയാളെ തപ്പണക്കാരൻ തിരുമുമ്പിൽ കൊണ്ടാക്കി. 'എന്താണു കായ്യം' എന്നു രാജാവു ചോദിച്ചപ്പോൾ വൈശ്യൻ ഉണർത്തിച്ചു:—'തിരുമേനി, ത്രൈലോക്യത്തിലെന്നു കാണുകയില്ലാത്ത ഒരു ലക്ഷണമൊത്ത കതിരയെ അടിയൻ വമ്പിച്ച വിലയ്ക്കു വാങ്ങിക്കൊണ്ടു വന്നിട്ടുണ്ടു്. പാർത്ഥിവൻ പാർശ്വവർത്തികളുടെ മുഖങ്ങളും തൃക്കൺപാർത്തു് ഇവിടെ കൊണ്ടുവരുന്ന കതിരയെ' എന്നു പറഞ്ഞുകൊണ്ടു മുഖമുയർത്തിച്ചു. അയാൾ അശ്വതത്തകൊണ്ടുപോന്ന തിരുമുമ്പിൽ നിന്നു:

[അന്നനട]

ഹരിശാസ്ത്രപ്രകാശത്തലകലുക്കിച്ചു-
മൊരുസാഹസ്രനൂരക്കിക്ഷ്ണമകിയും,
ക്ഷിതിയെല്ലാമതിയായ് പിന്നിട്ടതിൻ
നിതയശ്വസ്സു വായ്നുരയായ് തുകിയും,

Digitized By Kerala Sahitya Akademi

ശുഭതേജസ്സിനെ വെളിപ്പെടുത്തിയും,
ത്രിപഥകൊണ്ടാമവിധം കഴുത്തൊട്ടമാറ്റിയും,
ശശിധവളങ്ങളം നിജമാമരങ്ങളം
വിശദപ്പുറ്റ്ക്കടലലകളം പോലവേ
ഇടവിടാതെ നിന്നിളകിയും, ഗുണ-
പടലത്താലുപ്പെട്ടുവസ്സിൻമട്ടാന്നം,
ഇരുനീലക്കുടത്തണലിനാൽ, മുകിൽ
പൊന്നശീതാദ്രിക്കൊടുമുടിയെന്നുത്തും,
ഇളാസ്പർശപാപം കളവാനാം വിധം
ഗളമിടയ്ക്കിടെക്കടഞ്ഞും മുഗിയിൽ,
വിമതരെയെല്ലാമകലെത്തള്ളിയും,
വിജയലക്ഷ്മിയെ വിളംബരംചെയ്തും,
പെരും 'ചെന'കൊണ്ടു പുകളം ദിശകളിൽ.
പ്രത്തിയും ലസിച്ചിതാത്തുരഗമം,
മുഴുസത്തേപോലേയം, നടകം ത നിധി,-
യഴകിനാവാസം, സുലക്ഷണാഢ്യവം!

അശ്വലക്ഷണജ്ഞന്മാരായ മന്ത്രിമാർ അതിനെ പലപാട പ്രശംസിച്ചു. അളവില്ലാത്ത സന്തോഷമിയന്ന നരപാലൻ അതിനെ വേഗത്തിൽ, വണിക്കിന്നു തുല്യമാകുംവാളം പൊൻനാണ്യം കൊടുത്തു മേടിക്കുകയും, അശ്വപാലനെ വിളിച്ച് അവളുടെ പക്കലേല്പിക്കുകയും ചെയ്തു; പിന്നെ അദ്ദേഹം സൈന്യത്തെ പിരിച്ചയച്ച് അകത്തെയ്ക്കു പോയി.

പലതവണ രാജയുദ്ധാങ്കണത്തിൽ പെരുമാറുകയാൽ ആയുധങ്ങളേറെ മുറിപ്പെട്ട വട്ടക്കളണിഞ്ഞിരുന്ന ആ സത്വശാലിയായ വാജിയുടെ പുറത്തുകേറി, ഒരു ദിവസം വസുധേശൻ വേട്ടയാടാൻ വേണ്ടി കാട്ടിൽ ചെന്നെത്തി. പാഞ്ഞു പിന്തുടരുന്ന സൈനികരോടെല്ലാം വേർപെട്ട മാനവേന്ദ്രൻ മാനുകളെ വിരകെ നടന്നൊണ്ട്, ദാഹിച്ചു വലഞ്ഞതിനാൽ അദ്ദേഹം കുതിരപ്പുറത്തു നിന്നിറങ്ങി, കുതിരയെ മരത്തിന്മേൽ കെട്ടി, വെള്ളം നോക്കാനായി കുറച്ചുദൂരത്തു ചെന്നു. അവിടെ, ഗീതയുടെ പതിനഞ്ചാമദ്ധ്യായത്തിലെ പകുതിയോളം വ്യാഴിച്ചപോലെയുണ്ടു കാറത്തു വന്നുവീണതു രാജാവിന്റെ ദൃഷ്ടിയിൽപ്പെട്ടു. അദ്ദേഹം അതെടുത്തു വായിച്ചതും, ആ ഗീതാപദ്യങ്ങൾ കേട്ടതിനാൽ അശ്വം മുക്തി നേടി നിലത്തു പതിച്ചതും ഒന്നാകിച്ചെഴിഞ്ഞു! അരചൻ കെട്ടഴിച്ച്, ജീനിയിറക്കിവെച്ച്, കുതിരയെ പുഴയിലേല്പിക്കാൻ

Digitized By Kerala Sahitya Akademi

നോക്കി; അതു എഴുന്നേറ്റില്ല— ചമ്മട്ടികൊണ്ടു പലവുരു പ്രഹരിക്കപ്പെട്ടിട്ടും, അതു് അനങ്ങുകയുണ്ടായില്ല. സുരഭേരുണ്ഡ വെമ്പലോടെ അമ്പുരനെ വണങ്ങി, ദിവ്യവിമാനത്തിലേറി ദ്യോവിലേയ്ക്കു ഗമിച്ചു.

കൃപാണനരസിംഹൻ ഗിരിമുകളിൽ കേറിയപ്പോൾ ഒരു വിശിഷ്ടാശ്രമം കാണുമാറായി: പുന്ന, കടളി, മാവു്, തെങ്ങു്, മുന്തിരിത്തോട്ടം, കരിമ്പിൻതോട്ടം, കമുങ്ങു്, ഇലഞ്ഞി, ചന്ദനകം എന്നിവ അവിടെ വളർന്നു നിന്നിരുന്നു; ആനക്കുട്ടികളും മാനുകളും കളിച്ചുനടക്കുകയും, മയിലുകൾ നൃത്തമാടുകയും ചെയ്തിരുന്നു. പാർത്ഥിവൻ പർണ്ണശാലയുംപൂക്കു്, അവിടെ സ്ഥിതിചെയ്തിരുന്ന സംസാരമുക്തനായ ബ്രഹ്മണനെ പരമഭക്തിയോടെ പണിഞ്ഞു ചോദിച്ചു:—'എന്തുകൊണ്ടാണ് കരിര വിണ്ണണഞ്ഞതു്? അതു പറഞ്ഞുതരുമാറാകണം.'

ബ്രാഹ്മണൻ:—രാജാവേ., മുമ്പു ഭവാന്റെ സേനാപതിയായിരുന്ന സുരഭേരുണ്ഡൻ അങ്ങയെയും പുത്രന്മാരേയും കൊന്നു രാജ്യം വാഴാൻ കരുണ്ടെട്ടു; അപ്പോഴെഴുന്നൂറു അയാൾ വിഷൂചിക പിടിപെട്ടു മരിച്ചുപോയി. പാപം മൂലം അയാൾ പിന്നെ കരിരയായി ജനിച്ചു. ഇപ്പോൾ, പതിനഞ്ചാമദ്ധ്യായത്തിലെ പകുതിശ്ലോകം എന്റെ ശിഷ്യൻ കാട്ടിലൂടെ എങ്ങോട്ടോ പോയപ്പോൾ എഴുതിയതു ഭവാൻ വായിച്ചുകേട്ടതിനാൽ ആ കരിര പല ജന്മങ്ങളിലെ പാപങ്ങളിൽനിന്നു വേർപെട്ടു സ്വർഗ്ഗമടഞ്ഞു.'

മന്നവൻ മനംകുളിർത്തു ദ്വിജേന്ദ്രനെ വണങ്ങി, അവിടെ വന്നു ചേർന്ന പരിജനങ്ങളോടൊന്നിച്ചു മടങ്ങിപ്പോന്നു. അദ്ദേഹം, പതിനഞ്ചാമദ്ധ്യായത്തിലെ അക്ഷരങ്ങളും എഴുതിയ ആ ഓലതന്നെ ഹർഷത്താൽ കൺവിടാതെ വാങ്ങിക്ക പതിവായി പിന്നെ തന്റെ സിംഹബലനായ പുത്രനെ സിംഹാസനത്തിലിരുത്തി മന്ത്രിമാരൊന്നിച്ചു മന്ത്രപൂർവ്വം അഭിഷേചിച്ചു്, ആ വിദ്വച്ചിന്തൻ മുക്തിയടഞ്ഞു.

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, ഭഗവദ്ദേശികസംവാദം,
ധർമ്മമാഹാത്മ്യപ്രകരണം, പഞ്ചദശാദ്ധ്യായപ്രദീപകഥയും
കരുനാഗപ്പള്ളി ആലുംമൂട്ടിൽ കിഴക്കേതിൽ പരമേശ്വരൻപിള്ളയുടെ പുത്രൻ
കുഞ്ഞുപിള്ള രാമചന്ദ്രൻപിള്ള മലയാളത്തിലാക്കിയതു സമാപ്തം.

Digitized By Kerala Sahitya Akademi

ഒരുനൂറെൺപത്തറാമദ്ധ്യായം

ശിവൻ:—ഹർഷവും ഉൽകണ്ഠയും വർഷിക്കുന്ന ഹരിണലോചനേ, ഇനി, പതിനാറാമദ്ധ്യായത്തിന്റെ പ്രഭാവം ശ്രവിച്ചുകൊൾകെ:

(ശ്ലോകങ്ങൾ)

സൌരാഷ്ട്രമെന്നൊരു പത്തനം, സൽ
സൃഷ്ടിക്കുമാം ഗുർജ്ജരമണ്ഡലത്തിൽ;
അതിങ്കൽ വാണൊരു ഖഡ്ഗബാഹു-
സംജ്ഞൻ നൃപൻ, മറെറാരു തിങ്കൾ പോലേ:
അവൻ പ്രജാപാലനമെന്ന കൃത്യ-
മന്യൂനമായ് ചെയ്തുവരുന്ന കാലം
ചാലുഴിയിൽ സ്വസ്ഥതയാ ശയിച്ചാൻ
പത്മാലയാദേവിയുമായ് മുകുന്ദൻ!
തൽക്കീർത്തികർപ്പൂരകണങ്ങളാം, മാറാർ-
ക്കൂട്ടം വിടും വൻനെടുവീർപ്പിനാലേ
സമുല്ലസിച്ചുള്ളതുപോലേ വിളങ്ങി
താരങ്ങളെന്നുള്ളൊരു കൈതവത്താൽ!
അവന്റെ നിഷ്കൃഷ്ടഖഡ്ഗധാരാ-
തീർത്ഥത്തിൽ നീരാടിന വൈരിവൃന്ദം
ദിവ്യാംഗനാലോചനസാൽ, മടക്കി-
പ്പോരാതെയിന്നും കരുണ്ണ വിണ്ണിൽ!
ഉണ്ടായിരുന്നു കൊലയാനയൊന്നാ-
ലാരാമണാളന്നരിമർദ്ദനാഖ്യൻ:
അതിന്റെ വായ്ക്കും മദധാരയിങ്കൽ
വട്ടംചുഴന്നാർത്തിയൊടങ്ങിനങ്ങൾ.
പരന്ന കന്നങ്കരം ചുരന്ന നീർ വാ-
ന്നാലിക്കമാമത്തമതംഗജേന്ദ്രൻ
വിളങ്ങിനാൻ, ചോലയൊഴുക്കുമോലും
നീലാഞ്ജനക്കന്മലയെന്നപോലേ.
അതിന്റെഗാത്രത്തിൽ വിളങ്ങി പാലിൻ-
നിറപ്പകിട്ടേന്തിയ ചാമരങ്ങൾ:
കനത്ത കാടിൻനടുവിൽപ്പൊഴിഞ്ഞ
തിങ്കൾക്കതിർച്ചാർത്തുകളെന്നപോലേ.

Digitized By Kerala Sahitya Akademi

സിന്ദൂരപാംസുക്കളണിഞ്ഞുകൊ-
സ്ഥലത്തിനാലാദിരഥം വഹിച്ചു,
അന്തിച്ചുകപ്പേശിയ കൊണൽ ചേരു-
മാകാശഖണ്ഡത്തൊടനന്യസാമ്യം.

ആ ഗജം ഒരുനാൾ രാത്രിയിൽ ബന്ധനച്ചങ്ങലകൊണ്ടു പൊട്ടിച്ചു്, ഇരുമ്പുതളക്കുറ്റിയും മറിച്ചു പുറത്തു ചാടി. പാപ്പാന്മാരെല്ലാരും കൂടി മടമ്പുകളിൽ തോട്ടികൾ വെച്ചുനോക്കി; ആന ഒരിശത്താൽ അതൊന്നും വകവെയ്ക്കാതെ ഭയം കൂടാതെകണ്ടു. നിഷാദികൾ ചുറ്റുംനിന്നു കുത്തു തോട്ടി വെയ്ക്കുകയും മുളവടികൾകൊണ്ടു തല്ലുകയും ചെയ്തിരുന്നു; എന്നാൽ അവക്കൊന്നുകൊണ്ടും ആനയ്ക്കു തെല്ലും ക്ലേശമുണ്ടായില്ല! രാജാവു് ഈ നേരംപോക്കു കേട്ടിട്ടു് കാണാൻ വേണ്ടി, ഏതാനും ഗജശാസ്ത്രജ്ഞരായ രാജകുമാരന്മാരോടൊന്നിച്ചു പുറത്തെയ്തിറങ്ങി. കരുത്തേറിയ കുഞ്ജരം തെരുവിലെ വീടുകൾ കുത്തുമ്പോടെ കുത്തിയുടയ്ക്കുന്നു; നഗരവാസികൾ കുട്ടികളേയുമെടുത്തു് അകലെയ്ക്കോടി, ആ ഭയങ്കരനെത്തന്നെ നോക്കിനിൽക്കുന്നു; ആനയുടെ കടുത്ത മദജലം ഇറ്റിറ്റുവീണു മണം തിരണ്ട വഴികളിൽ ആളുകൾ തിക്കിത്തിരക്കിപ്പായുന്നു! ഈ ഘട്ടത്തിൽ, ഒരു ബ്രാഹ്മണൻ, സരസ്സിൽനിന്നു സ്നാനംകഴിച്ചു്, ആ വഴിയേ വന്നെത്തി. അദ്ദേഹം ഗീതയുടെ പതിനാറാമദ്ധ്യായത്തിലെ ചില ശ്ലോകങ്ങൾ ജപിക്കുന്നുണ്ടായിരുന്നു; പൌരരും പാപ്പാന്മാരും പലവുരു വിലക്കിയെങ്കിലും, ആ ദ്വിജൻ ആനയെ പേടിച്ചു വഴിമാറുകയുണ്ടായില്ല; നേരേമറിച്ചു്, അതിന്റെ മദപങ്കിലമായ കവിൾത്തടം തൊട്ടു തലയിൽവെച്ചു്, അപായമൊന്നും പറ്റാതെ പോരികയാണു ചെയ്തതു്! അതിൽ മന്ദവന്ദനം മറ്റു കാണികൾക്കും ഉണ്ടായിവന്ന ആശ്ചര്യം പറഞ്ഞൊപ്പിക്കാവുന്നതല്ല. ഭ്രമണാളൻ, താമരപ്പൂവുപോലെ വിടർന്ന കണ്ണുമായി, വിപ്രനെ വിളിച്ചു്, വാഹനത്തിൽനിന്നിറങ്ങിവന്ദിച്ചു ചോദിച്ചു:—'ബ്രഹ്മൻ, ഏറ്റവും അസാധാരണമായ ഒന്നാണു് അങ്ങിപ്പോൾ ചെയ്തതു്: ഈ കാലനെപ്പോലെയുള്ള ആനയുടെ കയ്യിൽനിന്നു വിട്ടുപോന്നവരല്ലോ! സ്വാമിൻ, ഭവാൻ ഏതൊരു ദേവനെയാണു പൂജിക്കുന്നതു? ഏതു മന്ത്രമാണു് ജപിക്കുന്നതു്? എന്തൊരു സിദ്ധിയാണു് ഭവാനുള്ളതു? പറഞ്ഞാൽക്കൊള്ളാം.'

ബ്രാഹ്മണൻ:—'രാജാവേ, ഞാൻ ഗീതയുടെ പതിനാറാമദ്ധ്യായത്തിലെ ചില ശ്ലോകങ്ങൾ പതിവായി ചൊല്ലാറുണ്ടു്; അതിനാലുള്ള സിദ്ധിയാണു് ഇതെല്ലാം.'

Digitized By Kerala Sahitya Akademi

അരചൻ അനയെക്കാണൽ മതിയാക്കി, ബ്രാഹ്മണനേയുംകൊണ്ട് അമനയിലയ്ക്കു തിരിച്ചു്, നല്ല നേരം നോക്കി, ഭിജോത്തമന്ന ലക്ഷം പൊന്നാണ്യം കൊടുത്തു്, ഗീതാമന്ത്രോപദേശം വാങ്ങി; ഗീതയുടെ പതിനാറാമധ്യായത്തിലെ ചില ശ്ലോകങ്ങാം നരേന്ദ്രൻ നാരം തോറും ചൊല്ലിപ്പോന്നു.

നിന്നീടൊരടിവാസം പാത്രിവാൻ പടയാളികളോടൊന്നിച്ചു് അടുത്ത മൈതാനത്തിലേയ്ക്കു പോന്നു് ആ മദഗജത്തെത്തന്നെ പാപ്പാന്മാരെക്കൊണ്ടു് അഴിച്ചുവിടുവിച്ചു; എന്നിട്ടു്, ഭയപ്പെട്ടവരുടെ അപേക്ഷകളേയും രാജനുജ്ഞയേയും വകവെയ്ക്കാതെ, പ്രാണനെ തൃണീകരിച്ചു് അനയുടെ മുമ്പിലേയ്ക്കു ചെന്നു്, അതിന്റെ നീരൊഴുകുന്ന കവിൾത്തടം തൊട്ടു തലയിൽവെച്ചു തിരിയേ പോന്നു! മന്ത്രത്തിലുള്ള വിശ്വാസംമൂലമാണു് ഈ മഹാ സാഹസം അദ്ദേഹം ചെയ്തതു്. ചന്ദ്രൻ രാഹുവിന്റേയും ധാർമ്മികൻ യമന്റേയും ശിഷ്ടൻ ദുഷ്ടന്റേയും മുഖത്തുനിന്നെന്നപോലെ, മാനവേന്ദ്രൻ അനയുടെ വായിൽനിന്നു വിട്ടപോന്നു! അനന്തരം രാജാവു് അരമനയിൽ തിരിച്ചെത്തി, മകനെ നാടുവാഴിച്ചു്, ഗീതാഷോഡശാധ്യായം ശീലിച്ചു പരമഗതിയടഞ്ഞു.

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം, ഗീതാമാഹാത്മ്യപ്രകരണം, ഷോഡശാധ്യായപ്രഭാവനിരൂപണം, ഒരുന്നൂറൻപത്തേഴാമധ്യായം.

—— (o) ——

ഒരുന്നൂറൊൻപതേഴാമധ്യായം

ശിവൻ: —ശിവേ, പതിനാറാമധ്യായത്തിന്റെ പ്രഭാവം ഞാൻ പറഞ്ഞുവല്ലോ; ഇനി, പതിനേഴാമധ്യായത്തിന്റെ അപാരമായ മാഹാത്മ്യം ശ്രവിച്ചുകൊൾക: ഖഡ്ഗബാഹുപുരന്റെ ഭൃത്യൻ, ദുശ്ശാസനൻ ആ ഗജത്തെത്തന്നെ പിടിക്കാൻ ചെന്നു്, അതിനാൽ വധിക്കപ്പെട്ടുപോയി; ഭവൻ അതേ വാസനമൂലം ഗജജാതിയിൽ ജനിച്ചു്, ഗീതയുടെ പതിനേഴാമധ്യായം ശ്രവിച്ചതിനാൽ പരമഗതിയടഞ്ഞു.'

പാർവ്വതി:—ഭർത്താവേ, ദുശ്ശാസനൻ ആനയായിപ്പിറന്ന മുക്തി നേടി എന്നാണല്ലോ പറഞ്ഞതു്; ആ സൽക്കഥ വിസ്തരിച്ചു പറഞ്ഞുതരിക.'

Digitized By Kerala Sahitya Akademi

ശിവൻ:—'ഒരു ബുദ്ധികെട്ട മൂഢനായിരുന്ന ഉഗ്രാസനൻ ചെറു പാപ്പാന്മാരുമായി വലിയ ഭൂകമ പന്തലംവെച്ച് ആനയുടെ പുറത്തു കേറാൻ ഒരുമ്പെട്ടു; ആളുകൾ വിലക്കിയപ്പോൾ അവൻ മേനിപറകയാണു ചെയ്തതു! അതുകേട്ട് ആ ആനയ്ക്കു ദുരുദ്ദിശമുണ്ടായി. ഏതാനും അടി നടന്നപ്പോഴേയ്ക്കും പിള്ളർ പേടിപിടിപ്പിച്ചതിനാൽ ഉഗ്രാസനൻ കാലിടറി വീണുപോയി കുപിതമായ കുഞ്ജരം കാലനെപ്പോലെ പാഞ്ഞണഞ്ഞു, നിലംപൊത്തിയ ഉഗ്രാസനനെ ചവുട്ടിയരച്ചു. അവൻ ചത്തിട്ടും ആനയ്ക്ക് അരിശം തീർന്നില്ല; ആ മദഗജം അവന്റെ എല്ലുകൾകൂടി കൊന്നാന്നായി എടുത്തു വിതറി!

മൂന്നിടത്തെ ഉഗ്രാസനൻ പിന്നെ ഗജമായി ജനിച്ചു, സിംഹള ദ്വീപിലെ ജയദേവനെന്ന രാജാവിന്റെ അടുക്കൽ വളരെക്കാലം കഴിച്ചു. ആ രാജാവും ഖഡ്ഗബാഹുവു തമ്മിൽ വലിയ സ്നേഹമായിരുന്നു; അതിനാൽ ജയദേവൻ ആ ആനയെ കടൽവഴിക്കു ഖഡ്ഗബാഹുവിനു പാരിതോഷികമായി അയച്ചു ആനയ്ക്ക്, തന്റെ ബന്ധുക്കളേയും സഹോദരരേയും കണ്ടപ്പോൾ മുൻജന്മസ്മരണയുണ്ടായി വന്നു; അതിനാൽ അവൻ വമ്പിച്ച ദുഃഖത്തിൽപ്പെട്ടു. അങ്ങിനെ ഏതാനും ദിവസങ്ങൾ കഴിഞ്ഞു. ഒരുനാൾ ആ ഗജത്തെ ഖഡ്ഗബാഹു സമസ്യാപൂരണങ്ങളാൽ സന്തോഷിപ്പിച്ച ഒരു കവിയ്ക്കു സമ്മാനമായി കൊടുത്തു; ആ കവി അതിനെ, രോഗം ബാധിച്ചു കണ്ടതിനാൽ, മാളവരാജാവിനു വിറ്റു. രാജാവ് ഔഷധാന്തിവെച്ചു ചികിത്സിപ്പിച്ചു എങ്കിലും കുറേനാൾകൊണ്ടിൽ ആന പനി മാറാതെ ചാകുമെന്ന നിലയിലായി: അതു വെള്ളം കുടിക്കില്ല; ചോറു തിന്നില്ല; സുഖമായി ഉറങ്ങില്ല; കണ്ണുനീർ വാർത്തുകൊണ്ട്, പകലിരവു വെളിറില്ലാതെ, ഒരു കുറ്റിപോലെ നിൽക്കുകയായി! ഈ ദുരവസ്ഥ കണ്ടു പാപ്പാന്മാർ തമ്പുരാനോടുണർത്തിച്ചു:—തിരുമേനി, അടിയങ്ങൾക്കറിഞ്ഞുകൂടാ: ആന വല്ലാത്ത മട്ടിലായിരിക്കുന്നു; തീനില്ല, കുടിയില്ല, ഉറക്കമില്ല. തുമ്പിക്കൈകൊണ്ടു മണ്ണെടുത്തു മുകളിലിടില്ല; മേൽക്കുമേൽ കണ്ണുനീർ വാർക്കലേ ഉള്ളൂ! തുടക്കുന്നുമ്പോലും' ഇതുകേട്ടു രാജാവു ജ്വരബാധിതമായ ഗജത്തിന്റെ അടുക്കലെത്തി. നരേന്ദ്രനെ കണ്ടപ്പോൾ കരഞ്ഞുകൊണ്ടു, കുഞ്ജരം ജ്വരവേദന വിട്ട്, ആളുകൾക്കുള്ളതുപോലുള്ള സുസ്പഷ്ടമായ വർണ്ണം ഉരചെയ്തു:—'രാജാവേ, സർവ്വശാസ്ത്രജ്ഞനേ, രാജനീതിസമുദ്രമേ, വൈരിസംഘത്തെ ജയിച്ചവനേ, വിഷ്ണുഭക്തപ്രിയനേ, മനുഷ്യകുലത്തിന്നു, വൈദ്യന്മാരെന്തിന്, മന്ത്രവാദികളെന്തിന്. ദാനമെന്തിന്? ഗീതയുടെ പതിനേഴാമദ്ധ്യായം ജപിക്കുന്ന ഒരു ബ്രാഹ്മണനെ വരുത്തുക; എന്നാൽ എന്റെ ഈ രോഗം ശമിക്കും, സംശയമില്ല.' മാനവേന്ദ്രൻ,

Digitized By Kerala Sahitya Akademi

ആന പറഞ്ഞതിൻവണ്ണം ചെയ്തു; ആ ബ്രാഹ്മണൻ വെള്ളം ജപിച്ചു തലയിൽ തളിച്ചതോടുകൂടി, ദുശ്ശാസനൻ ഗജത്വമൊഴിഞ്ഞു ദിവ്യവിമാനത്തിൽക്കേറി, ദേവേന്ദ്രനെപ്പോലേ ശോഭിച്ചു. അതുകണ്ടു ക്ഷിതീശൻ, 'ഭവാൻ ആരായിരുന്നു? എന്തായിരുന്ന സ്ഥിതി? എന്തു കർമ്മത്താലാണ് ഗജയോനിയിൽ ജനിച്ചതു?' എന്നു ചോദിച്ചു. മുകളിലിച്ച വിമാനസ്ഥിതനായ ദുശ്ശാസനൻ സ്ഥിരസ്വരത്തിൽ തന്റെ ചരിതമെല്ലാം അറിയിച്ചു അനന്തരം, മനുജശ്രേഷ്ഠനായ മാളവപ്പെരുമാളും ഗീതാസപ്തശോധ്യായം ശീലിച്ചു, സല്പകാലംകൊണ്ടു മോക്ഷമടഞ്ഞു.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
ഗീതാമഹാത്മ്യപ്രകരണം, സപ്തദശോധ്യായനിരൂപണം,
ഒരുനൂറൊമ്പത്തേഴാമധ്യായം.

ഒരുനൂറെൺപത്തെട്ടാമധ്യായം.

പാർവ്വതി:—'പരമേശ്വര, പതിനേഴാമധ്യായത്തിന്റെ മഹിമ ഇവിടന്നു കഥിച്ചുവല്ലൊ; ഇനി, പതിനെട്ടാമധ്യായത്തിന്റെ പ്രഭാവവും വർണ്ണിക്കുക.'

ശിവൻ:—

(ശ്ലോകങ്ങൾ)

'കേട്ടുകൊൾക ചിദാനന്ദനിഷ്യന്ദി നിഗമോത്തരം
പുണ്യമഷ്ടാദശാധ്യായമാഹാത്മ്യമചലാത്മജേ:
സമസ്തശാസ്ത്രസർവ്വസ്വം, ശ്രോത്രപാത്രരസായനം,
സംസാരയാതനാജാലവിദാരണവിശാരദം,
മഹാരഹസ്യം സിദ്ധാന്താക്ഷവിദ്യോന്മൂലനക്ഷമം,
മുരാരിയുടെ ചൈതന്യ,മഗ്രഗണ്യം പരം പദം,
വിവേകവല്ലരീമൂലം, കാമക്രോധമഹാപഹം,
വാസവാദിസുരന്മാക്കും ചിത്തവിശ്രാന്തിമന്ദിരം,
സനകാദിക്കയോഗീന്ദ്രക്കന്തസ്സന്തുഷ്ടിദായകം
ചൊന്നാൽത്തന്നെ യമഭടഗർജ്ജിതത്തെയകറ്റിടും——
നൂറൊട്ട രോഗങ്ങളെയും മുരടോടെയറുത്തിടും——
ഇതിലുംമീതെയൊന്നില്ലാ രഹസ്യം ഹംസഗാമിനി!
താപിതാപത്രയഹരം, മഹാപാപവിനാശനം!

Digitized By Kerala Sahitya Akademi

ദേവന്മാരിൽ ശക്രനും, ശുക്രനെക്കാൾ ബൃഹസ്പതിയും, സപ്താർക്കങ്ങളിൽ തുലോം ഭവനവിശ്രുതമായ വീയൂഷവും, ശൈലങ്ങളിൽ കൈലാസവും, ഖേചരരിൽ ചന്ദ്രനും, തീർത്ഥങ്ങളിൽ പുഷ്കരവും, പുഷ്പങ്ങളിൽ പത്മവും, പതിവ്രതമാരിൽ അരുന്ധതിയും, യാഗങ്ങളിൽ അശ്വമേധവും, ഉദ്യാനങ്ങളിൽ നന്ദനവും, രുദ്രരിൽ എന്റെ അനുചരൻ വീരഭദ്രനും, സംഘത്താക്കളിൽ സനാതനനായ ഞാനും, പശുക്കളിൽ കാമധേനുവും, മഹർഷിമാരിൽ വ്യാസനും, വിപ്രരിൽ ബ്രഹ്മജ്ഞനും, ജ്ഞാനങ്ങളിൽ ബ്രഹ്മജ്ഞാനവും, നദികളിൽ ഗൌതമിയും, ലോകത്തിൽ ധർമ്മകർമ്മങ്ങൾക്കു വിഷ്ണുക്ഷേത്രവും, സൽക്ഷേത്രങ്ങളിൽ ലക്ഷ്മീനാഥന്റെ അവതാരസ്ഥലമായ മഥുരയും എപ്രകാരമോ, അപ്രകാരം ഉൽക്കർഷമേറിയതത്രേ പതിനെട്ടുമല്ലായ്കയും. ഇതിനു് ഒരു പുണ്യോപാഖ്യാനം പറയാം; ഇതു കേട്ടാൽത്തന്നെ പ്രാണികൾക്കു പാപം നീങ്ങും:

മഹാമേരുശൃംഗത്തിൽ, എന്റെ വിനോദത്തിന്നായി പണ്ടു് വിശ്വകർമ്മാവു നിർമ്മിച്ച അമരാവതി എന്നൊരു രമ്യനഗരിയുണ്ടു്: *. അവിടെ കല്പദ്രുമത്തണലിൽ സുഖമായിരുന്ന ശ്യാമളയായ പുലോമജാദേവി ഗന്ധർവ്വാംഗനമാരുടെ പാട്ടു കേൾക്കുക പതിവാണു്; വലാരാതിയുടെ വജ്രത്താൽ പിളർത്തപ്പെട്ട മൈത്യരുടെ ചോര കുത്തിയൊലിച്ചു തുടുത്തതാകുന്ന അവിടത്തെ നിലം. .....ആ രാജധാനിയിൽ, പണ്ടു്, ഒരു ശ്രീമാനായ ശതമഖൻ ശചിയോടൊന്നിച്ചു്, ശിവ്വാണഗണസേവിതനായി വാണിരുന്നു. അദ്ദേഹം ഒരിക്കൽ സുഖമായി സ്ഥിതിചെയ്കെ, വിഷ്ണുതരാൽ പരിവൃതനായ മറൊരു സഹസ്രാക്ഷൻ വരുന്നതു കാണുമാറായി; അയാളുടെ തേജസ്സിനാൽതോല്ക്കുടി, പുരന്ദരൻ രത്നസിംഹാസനത്തിൽ നിന്നു് ആസ്ഥാനമണ്ഡപത്തിൽ വീണുപോയി. ഉടനെ, നാരായണഭടന്മാർ അയാളെ സുരലോകസമ്രാട്ടായി പട്ടം കെട്ടിച്ചു; പൌലോമി, ഇന്ദ്രനായി അഭിഷേചിക്കപ്പെട്ട അയാളുടെ വാമാങ്കത്തിൽക്കേറിയിരിക്കുകയും ചെയ്തു. ദിവ്യപ്പൊരുന്മാറകം മുഴങ്ങി; ദേവസ്ത്രീകൾ സംഗീതം മുതിർത്തു; ദേവന്മാർ ദിവ്യരത്നങ്ങളെക്കൊണ്ടു നീരാജനമുഴിഞ്ഞു; ഋഷിമാർ വേദപ്രോക്തങ്ങളായ ആശീർവ്വാദങ്ങൾ ഉച്ചരിച്ചു; രംഭമുതലായ അപ്സരസ്ത്രീകൾ നൃത്തംവെച്ചു; ഗന്ധർവ്വന്മാർ മധുരസ്വരത്തിൽ മംഗളം പാടി. ഇങ്ങനെ ആ പുതിയ ദേവേന്ദ്രൻ സ്വയംഭോഗംചെയ്യാതെ പല ഉത്സവങ്ങൾകൊണ്ടു സേവിക്കപ്പെട്ടതു കണ്ടിട്ടു് വിഷ്ണുവർകോൻ വിസ്മയപ്പെട്ടു!

* സപ്തർഷ്യുപർയ്യന്തം, മൂന്നാമ്ലോകം വിട്ടു.

Digitized By Kerala Sahitya Akademi

'ഇയ്യാം വഴിക്ക തണ്ണീർപ്പന്തൽ ഏർപ്പെടുത്തിയിട്ടില്ല; കുളം കഴിപ്പിച്ചിട്ടില്ല, പാന്ഥർക്ക് വിശ്രമം നൽകുന്ന മഹാവൃക്ഷങ്ങളും നട്ടിട്ടില്ല; ഒരിക്കലും ത്രിപുരഭൈരവദേവനെ ദർശിച്ചിട്ടില്ല; നിധിവാസസ്ഥമായ മഹാലക്ഷ്മീദേവിയെ പൂജിച്ചിട്ടില്ല; മേഘംകരത്തിൽ മേവുന്ന ശാർങ്ഗപാണിയെ തൊഴുതിട്ടില്ല; വിരജത്തിൽ കുളിച്ചിട്ടില്ല; കാശിയിൽ പോയിട്ടില്ല; ദേവവാടികയിൽ വാഴുന്ന നരസിംഹത്തെ നമിച്ചിട്ടില്ല; ഏരണ്ഡവാസിയായ ഹേരംബനെ ഭജിച്ചിട്ടില്ല; മാതാപുരത്തിലെ രേണുകയെ വണങ്ങിയിട്ടില്ല; നാഗദന്തപുരത്തിലെ നാഗനാഥനെ വന്ദിച്ചിട്ടില്ല; രേവാപുരത്തിലെ ഘൃസ്മരേശ്വരനെ പണിഞ്ഞിട്ടില്ല; മാനപുരവാസിനിയായ ദേവിയെ ഭക്തിപൂർവം ആരാധിച്ചിട്ടില്ല; ത്രിപുരത്തിലെ ത്രിലിംഗത്ര്യംബകനെ തൊഴുതിട്ടില്ല; ശാർദ്ദൂലതടാകത്തിലെ സോമനാഥനെ ദർശിച്ചിട്ടില്ല; ആയുർഗ്രാമത്തിലെ ആര്യദേശ്വരനെ അർച്ചിച്ചിട്ടില്ല; തുംഗഭദ്രാതീരത്തിലെ ഹരിഹരനെ സേവിച്ചിട്ടില്ല; കാവേരീകണ്ണികാതീരത്തിലെ ശ്രീരംഗേശ്വരനെ ദർശിച്ചിട്ടില്ല; വശം കെട്ട നിലവിളിക്കുന്ന അനാഥരെ കാരാഗൃഹത്തിൽ നിന്നു വിടുവിച്ചിട്ടില്ല; ഭിക്ഷുകാലത്ത് അന്നം കൊടുത്തിട്ടില്ല; ഗൌതമിയിൽ സ്നാനംചെയ്തിട്ടില്ല; ഹരിണേശ്വരനെ ദർശിച്ചിട്ടില്ല; കരുതുന്നേടം ഭൂമിപോലും ദാനംചെയ്തിട്ടില്ല; കവികളെ സൽക്കരിച്ചിട്ടില്ല; തീർത്ഥങ്ങളിൽ സത്രം തീർപ്പിച്ചിട്ടില്ല; ഗ്രാമങ്ങളിൽ യജ്ഞം നടത്തിയിട്ടില്ല; വഴിയോരത്തു വലിയ ചിറകളം കഴിപ്പിച്ചിട്ടില്ല; ബ്രഹ്മവിഷ്ണുമഹേശ്വരക്ഷേത്രം ഒരേടത്തും ഉണ്ടാക്കിച്ചിട്ടില്ല; ഭയാക്രാന്തരായി ശരണംപ്രാപിച്ചവരെ ഒരിക്കലും രക്ഷിച്ചിട്ടില്ല. ഈ പാപിക്ക് എങ്ങിനെ ഈ ഭോഗം കൈവന്നു?' എന്നിങ്ങനെ ചിന്തയിൽപ്പെട്ട സന്തപ്തനായ പുരന്ദരൻ വേഗത്തിൽ വിഷ്ണുവിനെ കാണ്മാനായി പാലാഴിയിലേയ്ക്കു ഗമിച്ചു; അവിടെച്ചെന്ന വാസവൻ പള്ളിയുറങ്ങുന്ന പരമപുമാനോട്, തന്റെ സാമ്രാജ്യം പെട്ടെന്നു പോയ്പോയതിനാലുള്ള സങ്കടം ഉണർത്തിച്ചു:—'ലക്ഷ്മീപതേ, നിന്തിരുവടിയുടെ പ്രീതിക്കായി ഞാൻ നൂറയാഗം കഴിച്ചതിനാൽ പുണ്യാത്മാവാണല്ലോ, എനിക്കിന്ദ്രപദം കിട്ടിയതു്; ഇപ്പോൾ ഒരു പുതിയ പുരന്ദരൻ സ്വർഗ്ഗത്തിലുണ്ടായിരിക്കുന്നു! അയാൾ ധർമ്മം ചെയ്തിട്ടില്ല; യാഗങ്ങൾ കഴിച്ചിട്ടില്ല; പിന്നെ, എന്റെ ദിവ്യസിംഹാസനത്തിൽ കേറിയതെങ്ങനെ?' ഇതുകേട്ടിട്ട് ഇന്ദിരാമണാളൻ തൃക്കണ്ണല്പം മിഴിച്ചു മധുരശാംഭവം അരുളിച്ചെയ്തു:—'അല്പഫലമായ ദാനമെന്തിന്, തപസ്സെന്തിന്, യാഗമെന്തിന്? അയാൾ മുമ്പു ഭൂലോകത്തുവെച്ച് എന്നെ ധ്യാനിച്ചിരിക്കണം.'

Digitized By Kerala Sahitya Akademi

ഇന്ദ്രൻ:—'ഭഗവൻ. എന്തൊരു കർമ്മമാണ് ആ ദ്വിജൻ നിന്തിരുവടിയേ പ്രസാദിപ്പിച്ചത്? ഇവിടുന്ന പ്രീതിയാൽ അയാൾക്ക് എന്തുപദം കല്പിച്ചുകൊടുത്തുവല്ലോ.'

വിഷ്ണു:—'ഗീതയുടെ പതിനെട്ടാമദ്ധ്യായത്തിലെ അഞ്ചു ശ്ലോകം അയാൾ ജപിക്കാറുണ്ട്; എല്ലാ പുണ്യങ്ങളും ശിരോമണിയാകുന്ന ആ പുണ്യത്താലാണ്, ഭവാന്റെ മികച്ച സാമ്രാജ്യം അയാൾക്കു കിട്ടിയത്. ഭവാൻ ആശ്വസിച്ചാലും.'

അച്യുതന്റെ അരുളപ്പാട് കേട്ടിട്ട് ഉമ്പർകോൻ ഉപായം ചിന്തിച്ച് ഒരു ബ്രാഹ്മണന്റെ വേഷത്തിൽ ഗോദാവരീതീരത്തേയ്ക്കു ഗമിച്ചു. അവിടെ കാളികാഗ്രാമമെന്ന ഒരു മഹാ പുണ്യസ്ഥലമുണ്ട്; അതിങ്കൽ കാലകാലനായ കാലേശ്വരദേവൻ കുടികൊള്ളുന്നു. ആ ഗോദാവരീതീരത്ത്, പരമധാർമ്മികനായി വേദപാരഗനായ ഒരു ബ്രാഹ്മണൻ മനസ്സടക്കി ഗീതയുടെ പതിനെട്ടാമദ്ധ്യായം ചൊല്ലിക്കൊണ്ടിരുന്നിരുന്നതു് അണ്ടർകോൻ കണ്ടറിഞ്ഞു. അതിൽ സന്തോഷം തഴച്ച ശക്രൻ ആ കരുണാശീലന്റെ കാൽക്കൽ വീണുനമസ്കരിച്ചു, അദ്ദേഹത്തിൽനിന്നു പതിനെട്ടാമദ്ധ്യായം പഠിച്ചു; അതിന്റെ പുണ്യത്താൽ അദ്ദേഹം പുരന്ദരാദിദേവന്മാരുടെ നിസ്സീമമായ സ്ഥാനം വെടിഞ്ഞു് അത്യാനന്ദത്തോടേ വിഷ്ണുസായുജ്യം നേടി, പരമവൈകുണ്ഠം പ്രാപിച്ചു

ഇങ്ങനെ, മുനിമാർക്ക് ഒരു പരമതത്ത്വരഹസ്യമായ പതിനെട്ടാമദ്ധ്യായത്തിന്റെ ദിവ്യമാഹാത്മ്യം ഞാൻ പറഞ്ഞു. ഇപ്പറഞ്ഞ ഗീതാമാഹാത്മ്യം പാപനാശനവും പവിത്രവും പുണ്യവും ആയുഷ്കരവും സദ്ഗതിപ്രദവും വലിയ സമ്പത്സായനവുമാകുന്നു. മഹാഭാഗേ, ഇതു സശ്രദ്ധം ശ്രവിക്കുന്നവർ സർവ്വയജ്ഞങ്ങളുടേയും ഫലം നേടി വിഷ്ണുസായുജ്യമണയും.'

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, ഉമാമഹേശ്വരസംവാദം,
ഗീതാമാഹാത്മ്യപ്രകരണം, അഷ്ടാദശാദ്ധ്യായമഹിമവർണ്ണനം
എന്നതിലെ പതിനെട്ടാമദ്ധ്യായം.

—— (൦) ——

പതിനെട്ടാമദ്ധ്യായം.

പാർവ്വതി:—'ദേവദേവ, മഹാദേവ, സർവ്വജ്ഞ, സർവ്വാർത്ഥതത്ത്വജ്ഞ, എങ്കൽ ദയചെയ്ത്, ഞാൻ ചോദിക്കുന്നതു പറഞ്ഞുതരിക.

Digitized By Kerala Sahitya Akademi

അത്യത്ഭുതകഥകളോടുകൂടി ഗീതാമാഹാത്മ്യം ശ്രവിച്ചതിനാൽ എനിക്കു വിഷ്ണുചരിതം കേൾക്കാൻ ഭക്തിതോന്നുന്നു. പുരാണങ്ങളിലെല്ലാം വെച്ചു മീതെയാണല്ലോ ശ്രീമൽഭാഗവതം; അതിൽ പദ്മങ്ങൾതോറും കൃഷ്ണനെപ്പറ്റി മധുരമാംവണ്ണം ഗാനംചെയ്തിരിക്കുന്നു. അതിന്റെ ശരിയായ മാഹാത്മ്യം ഇതിഹാസത്തോടൊപ്പം പറഞ്ഞുതന്നാലും.'

ശിവൻ:—'അസംഗനായി കർമ്മംവെടിഞ്ഞു സന്ന്യസിപ്പാനായിപ്പോകുന്ന യാവനൊരുത്തനെ വിരഹകാതരനായ വ്യാസൻ 'മകനേ!' എന്നു വിളിച്ചപ്പോൾ, വൃക്ഷങ്ങളും തന്മയരൂപത്താൽ ആ വിധംതന്നെ ശബ്ദിച്ചുവോ, ആ സർവ്വജ്ഞാത്മാവായ മുനിയെ ഞാൻ നമസ്കരിക്കുന്നു!

നൈമിശത്തിൽ ആസനസ്ഥനായ സൂതനെ അഭിവാദ്യംചെയ്ത്, മഹാമതിയായ ശൌനകൻ കഥാമൃതം ആസ്വദിപ്പാനുള്ള താല്പര്യത്താൽ അപേക്ഷിച്ചു:—"സൂത, അജ്ഞാനതിമിരത്തെ അകറ്റുന്നതിൽ കോടി സൂര്യന്മാക്കൊത്ത പ്രഭയുള്ളതും കണ്ണനുസായനവുമായ കഥ പറഞ്ഞുതന്നാലും. ഭക്തിജ്ഞാനവൈരാഗ്യങ്ങൾക്കുതകുന്ന വിവേകം എങ്ങിനെ വർദ്ധിക്കും? എങ്ങിനെയാണ് വൈഷ്ണവർ മായാമോഹത്തെ നീക്കുന്നത്? ഈ ഘോരമായ കലികാലത്തു ജീവികൾ മുക്കാലും അസുരതുല്യം പ്രാപിച്ചിരിക്കുന്നു; ആ ദുഃഖിതരെ എന്തുകൊണ്ടു ശുദ്ധിപ്പെടുത്താം? ശ്രേയസ്സുകളിൽവെച്ചു ശ്രേയസ്സും പാവനങ്ങളിൽ വെച്ചു പാവനവും സദാ വിഷ്ണുപ്രാപ്തിയെ നൽകുന്നതുമായ സാധനം ഇന്നതാണെന്നു പറഞ്ഞുതരുമാറാകണം: ചിന്താമണി ലോകസുഖത്തേയും കല്പകവൃക്ഷം സ്വർഗ്ഗസമ്പത്തിനേയും നൽകുന്നു; പ്രസന്നനായ ഗുരുവോ, യോഗികൾക്കും ദുഷ്പ്രാപമായ വൈകുണ്ഠത്തെ തന്നരുളുന്നു!"

സൂതൻ:—"ശൌനക, ഭവാനു മനസ്സിൽ താല്പര്യം ഉണ്ടല്ലോ; അതിനാൽ ഞാൻ ആലോചിച്ചു പറയാം—സർവ്വസിദ്ധാന്തങ്ങളുടേയും സാരവും, സംസാരഭയത്തെ നീക്കുന്നതും, ഭക്തിയെ വർദ്ധിപ്പിക്കുന്നതും, വിഷ്ണുവിനെ പ്രസാദിപ്പിക്കുന്നതും ഇന്നതാണെന്നു മനസ്സിരുത്തി കേട്ടുകൊള്ളുക: കാലമാകുന്ന വ്യാളം വിഴുങ്ങുന്നതിലുള്ള ഭീതിയെ ആട്ടിക്കളയുന്നതിന്ന്, കലികാലത്തു ശ്രുത്യൈകാകൃതമായ ശ്രീമൽ ഭാഗവതശാസ്ത്രമത്രേ മുഖ്യം; ഇതല്ലാതെ മറെറാന്നില്ല, മനഃശുദ്ധിക്ക്. ജന്മാന്തരപുണ്യംകൊണ്ടേ ഭാഗവതം കൈവരികയുള്ളു. പരീക്ഷിത്തിനോടു കഥ പറയാനായി ശുകൻ സഭയിലിരുന്നപ്പോൾ, ദേവന്മാർ അമൃതകലശവുംകൊണ്ടു് അവിടെ വന്നെത്തി; അവരെല്ലാവരും സ്വാ

Digitized By Kerala Sahitya Akademi

അദ്ധ്യായം] ശ്രീപത്മമഹാപുരാണം ൭൯൯൯

നാരദൻ:—'ഭൂമിയാണ് എല്ലാറ്റിലും മീതെ എന്നറിഞ്ഞു പോന്നതാണ് ഞാൻ: പലതരം പുണ്യക്ഷേത്രങ്ങളാൽ പുണ്യരൂപിണിയാണല്ലോ പൃഥിവി. എന്നാൽ, പുഷ്കരം, പ്രയാഗം, കാശി, ഗോദാവരി, ഹരിക്ഷേത്രം, കുരുക്ഷേത്രം, ശ്രീരംഗം, വേങ്കടാദ്രിസ്കന്ധനം മുതലായ തീർത്ഥങ്ങളിലൊക്കെ സഞ്ചരിച്ചിട്ടും ഞാൻ മനസ്സംതൃപ്തിദമായ സുഖം ഒരേടത്തും കാണുകയുണ്ടായില്ല! ഇപ്പോൾ ഈ ധരണിയെ അധർമ്മസുഹൃത്തായ കലി ബാധിച്ചിരിക്കുന്നു: സത്യമില്ല, തപസ്സില്ല, ശൌചമില്ല, ദയയില്ല, ദാനമില്ല. ദേഹികളൊക്കെ വയറുപോറികൾ, നിഷ്ഠർ, നാണയർ, അലസർ, മന്ദബുദ്ധികൾ, ഭാഗ്യം കെട്ടവർ, ദ്രോഹികളുമായിട്ടുള്ളവർ. സജ്ജനങ്ങൾ പാഷണ്ഡരോടിണങ്ങുന്നു; വിരക്തന്മാർ (സന്യാസിമാർ) ഭാര്യയെ വെയ്ക്കുന്നു; സ്ത്രീകൾക്കത്രേ ഗൃഹത്തിൽ അധികാരം; അളിയനാണ് ഉപദേശം കൊടുക്കാൻ; കന്യകയെ പണത്തിനു വിൽക്കുന്നു; ഭാര്യാഭർത്താക്കന്മാർ തമ്മിൽ കലഹപിശാക്കുന്നു; ആചാരഭ്രഷ്ടരെ തിരിച്ചു നിത്താറില്ല; തോന്നിയതെന്തോ, അതാചാരം! ആശ്രമങ്ങൾ, തീർത്ഥങ്ങൾ, നദികൾ എന്നിവ യവനരാൽ നിരോധിക്കപ്പെട്ടിരിക്കുന്നു; ദേവാലയങ്ങളും പ്രായേണ ദുഷ്ടരാൽ നശിപ്പിക്കപ്പെട്ടുപോയി. യോഗിയില്ല, സിദ്ധനില്ല, ജ്ഞാനിയില്ല, സൽക്കർമ്മിയില്ല; സാധനം (മുക്തിസാധനം) കലിക്കാട്ടുതീയിൽ വെണ്ണീറടിഞ്ഞുകഴിഞ്ഞു! ദേശങ്ങൾ അട്ടശ്മശാനങ്ങളും, ടിപ്പർ ശിവശ്മശാനം, സ്ത്രീകൾ കേശശ്മശാനകല്പമായിട്ടാണ് ഭൂമിയിലെങ്ങും കാണപ്പെടുന്നത്: അട്ടം എന്നുവെച്ചാൽ അന്നം; ശ്മശാനമെന്നുവെച്ചാൽ വിൽക്കൽ; ശിവനെന്നതു വേദവും കേശമെന്നതു ഗോവുമത്രേ. ഇങ്ങനെ കലിദോഷങ്ങൾ കണ്ടറിഞ്ഞുകൊണ്ടു ഭൂമിയിൽ ചുറ്റിനടക്കുമ്പോൾ ഞാൻ കൃഷ്ണന്റെ വിളയാട്ടസ്ഥലമായ യമുനാതീരത്തു ചെന്നെത്തി. മുനിശ്രേഷ്ഠന്മാരേ, അവിടെ ഞാൻ ഒരത്ഭുതം കണ്ടു; അതു കേട്ടാലും:

ഒരു യുവതി അവിടെ ദുഃഖിതയായി ഇരിക്കുന്നുണ്ടായിരുന്നു. അവളുടെ ഇരുവശത്തുമായി രണ്ടു വൃദ്ധന്മാർ വെളിവില്ലാതെ കിടന്നു ശ്വാസം വലിക്കുന്നു. അവൾ അവരുടെ മുഖിലിരുന്നു കരഞ്ഞുംകൊണ്ട്, ഇടയ്ക്കിടെ വരുന്നാനായി ശുശ്രൂഷിക്കയാണ്. തനിക്കൊരു രക്ഷിതാവിനെ അവൾ പത്തു ദിക്കിലും തെരുതെരെ നോക്കുന്നുണ്ട്; അവളെ വല്ലവരെ സ്ത്രീകൾ വീശുകയും ക്രൂരക്രൂരമായ സമാധാനിപ്പിക്കുകയും ചെയ്തിരുന്നു. ഞാൻ അകലത്തുനിന്നു കണ്ടിട്ട്, അറിയാൻവേണ്ടി അവളുടെ അടുക്കലേയ്ക്കു ചെന്നു. ആ ചെറുപ്പക്കാരി എന്നെ കണ്ടതോടുകൂടി എഴുന്നേറ്റു വിവശയായി പറഞ്ഞു:—'ഹേ ഹേ സത്തമ, ഇത്തിരിനേരം നിൽക്കണേ: എന്റെ സങ്കടം തീർത്തുതന്നാലും. ഭവാനെ

Digitized By Kerala Sahitya Akademi

കാണുക എന്നതു ലോകത്തിൽ സർവ്വത്ര പാപഹരമാകുന്നു. ഇവിടുത്തെ വാക്കുകൊണ്ടു് ഏതു ദുഃഖത്തിനും ശാന്തിവരും. വളരെ ഭാഗ്യമുള്ളപ്പോഴേ ഭവാനെ കാണുകിട്ടൂ.' ഇതു കേട്ടപ്പോൾ ദയകൊണ്ടു് എന്റെ മനസ്സലിഞ്ഞു. ഞാൻ വന്ദിച്ച ജിജ്ഞാസയോടേ ആ നിതംബിനിയോടു ചോദിച്ചു:—'ദേവതി ആരാണു്? ഇവരിരുവരും ആരാണു്? ഈ നളിനാക്ഷിമാരായ നാരിമാർ ആരാണു്? ദേവിയുടെ ദുഃഖകാരണം വിസ്തരിച്ചു പറയുക.' ആ ദുഃഖിതയായ പെൺകിടാവു്, തന്റെ ദുഃഖത്തിനുള്ള കാരണമെല്ലാം വിവരിച്ചു:—'കേതി എന്നവളാണു് ഞാൻ. ഇവരിരുവരും എന്റെ മക്കളാണു്: ജ്ഞാനവും, വൈരാഗ്യവും. ഇവർ കാലയോഗത്തായ് കിഴവരായിപ്പോയി. ഇവരെക്കൊണ്ടു, എന്നെ പരിചരിപ്പാൻ വന്ന ഗംഗാദിനദികളാകുന്നു; എന്നാലും, ദേവകീപുത്രി പരിചരിച്ചാലും, എനിക്കു നന്മയില്ലതന്നെ! തപോധനാ, ഞാൻ പറയുന്നതു കേൾക്കുക; ഭയമുണ്ടാകേണ്ടാ, ഇവിടുന്നു്. വളരെയുണ്ടു്, എന്റെ കഥ; അതു കേട്ടു സമാധാനമുണ്ടാക്കിത്തരിക. ഞാൻ ദ്രവിഡത്തിൽ ജനിച്ചു; കർണ്ണാടകത്തിൽ വളർന്നു; മഹാരാഷ്ട്രത്തിൽ ചിലേടത്തൊക്കെ പാർത്തു; ഗുർജ്ജരത്തിലാകട്ടേ, കിഴവിയായിപ്പോയി! അവിടെവെച്ചു്, കരാളമായ കലിയോഗംമൂലം പാഷണ്ഡർ വളരെക്കാലം പരിക്കേല്പിച്ചു ദുർബ്ബലയാക്കിത്തീർത്ത ഞാൻ പുത്രന്മാരോടൊന്നിച്ചു വന്ദിതമായ വൃന്ദാവനത്തിൽ വന്നെത്തി; അതോടുകൂടി ഞാൻ വീണ്ടും പുതിയ വടിവിലായി—വഴിപോലെ പ്രേമത്രുപിണിയായ തരുണിയായിത്തീർന്നു! എന്റെ ഈ പുത്രന്മാരാകട്ടേ, തളർച്ചമൂലം ഇവിടെ കിടന്നു കഷ്ടപ്പെടുന്നു. എനിക്കിവിടം വെടിഞ്ഞു മറ്റൊരിടത്തു പോകേണ്ടിയിരിക്കുന്നു. ഇവർ വാർദ്ധക്യമടഞ്ഞതിനാലാണു് സങ്കടം. ഞാൻ എന്തു കൊണ്ടു യുവതിയായി? ഈ പുത്രന്മാരെക്കൂടെ വൃദ്ധന്മാരായി? മൂന്നു പേരും ഒരുമിച്ചു സഞ്ചരിക്കേ, ഈ വിപരീതാവസ്ഥ എങ്ങിനെ വന്നു? അമ്മ കിഴവി, മക്കൾ പെരുപ്പക്കാർ എന്നതാണല്ലോ യോജിക്കുക. അതിനാൽ, എന്നെപ്പറ്റി ഞാൻ വ്യസനിക്കുന്നു; അത്ഭുതപ്പെടുകയും ചെയ്യുന്നു. ധീമൻ, യോഗനിധേ, പറഞ്ഞാലും: ഇതിന്നെന്തായിരിക്കാം കാരണം?' ഈ ചോദ്യം കേട്ടു ഞാൻ ക്ഷണനേരം നിരൂപിച്ചു, വളരെക്കാലമായി കഷ്ടപ്പെട്ടുപോരുന്ന കേതിയെ സംബോധനംചെയ്തു പറഞ്ഞു:—'അനഘേ, ഇതെല്ലാം ഞാൻ ജ്ഞാനംകൊണ്ടു് ഉള്ളിൽ കാണുന്നുണ്ടു്. ദേവതിക്കു വിഷാദം വേണ്ടാ; ഭഗവാൻ ശാന്തിയരുളും.'

മഹർഷി ക്ഷണനേരംകൊണ്ടു് അതറിഞ്ഞുചൊല്ലി:—'ബാലേ, ശ്രദ്ധിച്ചുകേൾക്കുക: കട്ടത്ത കലിയുഗമാണിതു്; അതു സദാചാര

Digitized By Kerala Sahitya Akademi

ത്തെയും യോഗമാർഗ്ഗത്തെയും തപസ്സുകളെയും ക്ഷമിപ്പിച്ചുകളഞ്ഞു. ജനങ്ങൾ ശാന്തരും ഉച്ചുമ്മാവും അതുലരിച്ച് അസൂയരായിത്തീർന്നിരിക്കുന്നു. ഇപ്പോൾ സജ്ജനങ്ങൾക്കേ സദാ സന്താപവും ദുർജ്ജനങ്ങൾക്കു സന്തോഷവുമാണ്. എന്തിലും ക്രൂരലില്ലാത്തവനാണ് ഇന്നു പണ്ഡിതൻ! ഈ ഭൂമി, ഓരോകൊല്ലം ചെല്ലുന്തോറും, തൊടരുതാത്തതും കാണരുതാത്തതുമായി അനന്തമായ ഭാരം ചുമന്നതായിത്തീർന്നിരിക്കുന്നു. നമ്മെ കാണാനേ ഇല്ല. ഭവതിയേയും പുത്രന്മാരേയും ഇപ്പോൾ ആരും നോക്കാറില്ല! അനുരാഗാദികളാൽ തൃജിക്കപ്പെട്ട ജീർണ്ണതയണഞ്ഞിരുന്ന ഭവതി വൃന്ദാവനത്തിൽ വന്നതുകൊണ്ടാണ് വീണ്ടും നവതരുണിയായിച്ചമഞ്ഞത്. ധന്യമായ ഭക്തി യുഗം വെയ്ക്കുന്ന വൃന്ദാവനം! ഇവിടെ വാർദ്ധക്യം നീങ്ങാത്തതാകട്ടെ, കൈക്കൊൾവാൻ ആളില്ലായ്കയാലാകുന്നു; ഈ വർ ഇവിടെ തെല്ലൊരാത്മസുഖത്താൽ ഉറങ്ങുകയായിരിക്കും.'

ഭക്തി:—'എങ്ങിനെയാണ്, കലുഷതരനായ കലിക്കു പരീക്ഷിത്തുരാജാവു് ഇടംകൊടുത്തത്? കലിയുഗം വന്നപ്പോൾ, മഹത്തായ സാരമെല്ലാം എവിടെപ്പോയി? കാരുണികനായ നാരായണൻ അധർമ്മം കാണുന്നതെങ്ങിനെ? എന്റെ ഈ സംശയം തീർത്തുതരിക. ഇവിടുത്തെ വാക്ക് എനിക്കു സമാധാനം നൽകും.'

നാരദൻ:—'ഭദ്രേ, ഭവതി ചോദിച്ചതിനാൽ ഞാൻ പ്രേമത്തോടേ എല്ലാം പറഞ്ഞുതരാം; കേൾക്കുക: എന്നാൽ ഭവതിക്കു വല്ലായ്മ നീങ്ങും. ഭഗവാൻ മുകുന്ദൻ ഭൂലോകം വിട്ടു സ്വസ്ഥാനത്തേയ്ക്കു പുറപ്പെട്ടിയതെന്നോ, അന്നുതന്നെ, സർവ്വസാധനങ്ങളേയും കെടുത്തുന്ന കലി വന്നുചേർന്നു; ദിഗ്വിജയത്തിൽ രാജാവു കണ്ടെത്തിയപ്പോൾ, അവൻ കരാത്തനെപ്പോലെ ശരണംപ്രാപിച്ചു. 'ഇവനെ ഞാൻ കൊന്നുകൂടാ; സാരത്തെ ഭുജിക്കുന്ന സാരംഗം (ഭൃഗുമാമ്പൽ) പോലെയുണ്ടിവൻ. തപസ്സുകൊണ്ടോ യോഗംകൊണ്ടോ സമാധികൊണ്ടോ കിട്ടാത്ത ഫലം കലികാലത്തു വിഷ്ണുകീർത്തനംകൊണ്ടു കൈവരും.' എന്നിങ്ങനെ, സാരത്തിലുംവെച്ചു സാരമായ ഫലം നൽകുന്നവനാണെന്നു കണ്ടു്, കലികാലത്തു ജനിക്കുന്നവരുടെ സുഖത്തിന്നായിട്ടത്രേ, വിഷ്ണുരാതൻ കലിയെ നിർത്തിയതു്. സാരമെല്ലാം പോയതു കൊണ്ടു കർമ്മാചരണത്താലുണ്ട്. ഭൂമിയിലെ പദാർത്ഥങ്ങളും, വിത്തൊഴിഞ്ഞ ഉമിപോലെയായിരിക്കുന്നു: ബ്രാഹ്മണർ ഗ്രഹാന്തരും ആശാന്തരും ഗോവൽകഥ ചൊല്ലുന്നതു ധനത്തിനുവേണ്ടിയാകയാൽ കഥാസാരം പോയ്പോയി; അതിനിഷ്ഠുരങ്ങളായ കർമ്മങ്ങളും വളരെ ചെയ്യുന്ന

Digitized By Kerala Sahitya Akademi

നാസ്തികരും ദാംഭികരും യാവ ചിലരോ, അവരും തീർത്ഥങ്ങളിൽ പാ
ക്കുന്നതിനാൽ തീർത്ഥ സാരം പൊയ്പോയി; കാമം, ക്രോധം, കനത്ത ലോ
ഭം, ദുഷ്ണ എന്നിവ മനസ്സിൽ നിറഞ്ഞവരും തപസ്സിലിരിക്കുന്നതി
നാൽ തപസ്സാരം പൊയ്പോയി; മനസ്സിനെ കീഴടക്കായ്ക, ലോഭം,
മോഹം, പാഷണ്ഡ സംസർഗ്ഗം, ശാസ്ത്രമഭ്യസിക്കായ്ക എന്നിവ നിമിത്തം
ധ്യാനയോഗഫലം പോയ്പോയി. പണ്ഡിതന്മാർ പോത്തുകളെപ്പോ
ലെ ഭാരവാഹകരായി മഞ്ഞടിക്കുന്നു; അവക്കു പുരോപ്പോടനത്തിലാണു്
മിടുക്കു്; മുക്തിസാധനത്തിലല്ല! സംപ്രദായത്തെ മുൻനിറുത്തിയ
വൈഷ്ണവരും ഒരേടത്തുറച്ചില്ല; ഇങ്ങനെ, സകല ടിക്കിലും വസ്തു
സാരം അവതിപ്പെട്ടുപോയി. ഇതു യുഗത്തിന്റെ ധർമ്മമാണു്; ആരെ
യും കുറ്റം പറയാനില്ല. അതിനാൽ താമരക്കണ്ണനെ സ്മരിക്കുക; എ
ന്നാൽ ഭവതിക്കു സുഖം സിദ്ധിക്കും.'

ഇതുകേട്ടു് അത്യന്തം അത്ഭുതപ്പെട്ട കേതി വീണ്ടും ഉരിയാടി;
ശൌനക, അതും കേട്ടുകൊള്ളുക: 'ദേവർഷേ, ധന്യനായ ഭവാനെ കാ
ണ്മാറായതു് എന്റെ ഭാഗ്യം തന്നെ! സജ്ജനദർശനമാണു് ലോക
ത്തിൽ സർവ്വസിദ്ധിപ്രദമായിട്ടുള്ളതു്. എനിക്കിവിടെ ആനന്ദം ലഭി
പ്പാനുള്ള ഉപായം പറഞ്ഞുതരിക; ബ്രഹ്മൻ, യോഗേശ്വരനായ നി
ന്തിരുവടിക്കു് അസാദ്ധ്യമായിട്ടൊന്നുമില്ലല്ലോ. ലോകത്തിൽ പ്രഹ്ലാ
ദൻ ഈ മായയെ വിട്ടുമറവന്നതു് ആരുടെ ഉപദേശമൊന്നുകൊണ്ടോ,
ആ ധ്രുവൻ ധ്രുവപദം പ്രാപിച്ചതു് ആരുടെ ഭയംകൊണ്ടോ, ആ സർ
വ്വക്ഷേമപാത്രമായി ബ്രഹ്മപുത്രനായിരിക്കുന്ന നിന്തിരുവടിയെ ഞാൻ
നമസ്കരിക്കുന്നു.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഭഗവത്തമാഹാത്മ്യപ്രകരണം,
ഭക്തിസാരോദ്ധരണമാഹാത്മ്യവർണ്ണനം എന്നതിലെ അമ്പത്തൊമ്പതാമദ്ധ്യായം.

—(o)—

ഒരുന്നൂറിരുപത്തൊന്നാമദ്ധ്യായം.

സൂതൻ:—ദയാശീലരായ ബ്രാഹ്മണരേ, ഈവിധം അതിദീന
യായ കേതിയാൽ അഭ്യർത്ഥിക്കപ്പെട്ട നാരദൻ വീണ്ടും അരുളിച്ചെയ്ക
തു കേട്ടുകൊള്ളുവിൻ: 'പൊൻകിടാവേ, വെറുതെയാണു് ഭവതി ദുഃഖി
ക്കുന്നതു്; അയ്യോ, ഭവതി ചിന്താവിവശയായതെങ്ങനെ! ശ്രീകൃഷ്ണ
ന്റെ ചരണാരവിന്ദം സ്മരിക്കുക; ദുഃഖം നീങ്ങിക്കൊള്ളും. അർ ദ്ധ

Digitized By Kerala Sahitya Akademi

പടിയെ കൌരവരുടെ മുഷ്ടിൽനിന്നു രക്ഷപ്പെടുത്തിയോ, ഗോപസുന്ദരിമാരെ പരിപാലിച്ചുവോ, ആ കൃഷ്ണൻ ഏങ്ങും പോയിട്ടില്ല! ഭക്തിയാകുന്ന ഭവതിയാകട്ടെ, സംശയമെന്തെന്നും പ്രാണാധികപ്രിയയാകുന്നു; ഭവതിയാൽ ആകർഷിക്കപ്പെട്ട ഗോവാൻ നീചഗൃഹങ്ങളിൽക്കൂടി എഴുന്നള്ളുന്നു! കൃതം മുതലായ മൂന്നു യുഗങ്ങളിൽ ജ്ഞാനവൈരാഗ്യങ്ങളാൽ മുക്തി സിദ്ധിക്കും; കലിയുഗത്തിലാകട്ടെ, ഭക്തിമാത്രമാണ് ബ്രഹ്മസായുജ്യത്തെ നൽകുന്നതു്. ഇതു കണ്ടിട്ടായ്കൊ, ചില്ലു ഋഷൻ പരമാനന്ദചിന്മയിയായി സുന്ദരിയായി കൃഷ്ണവല്ലഭയായിരിക്കുന്ന ഭവതിയെ മൂർത്തിമതിയാക്കി സൃഷ്ടിച്ചതു്. കരിക്കൽ ഭവതി തൊഴുകയുമായി, 'ഞാൻ എന്തു ചെയ്യണം' എന്നു ചോദിച്ചപ്പോൾ, 'എന്റെ ഭക്തരെപ്പോറ്റുക' എന്നാണല്ലോ വിഷ്ണു ഭവതിയോടാജ്ഞാപിച്ചതു്; അതു ഭവതി കയ്ക്കൊണ്ടതിനാൽ ഗോവിന്ദൻ പ്രസാദിച്ചു്, മുക്തിയേയും ജ്ഞാനവൈരാഗ്യങ്ങളേയും ഭവതിയുടെ ദാസ്യത്തിനു കല്പിച്ചു തരികയും ചെയ്തു. വൈകുണ്ഠത്തിൽ ഭവതി സ്വന്തം രൂപത്തിൽത്തന്നെ ഭക്തരെപ്പോറ്റിപ്പോരുന്നു; ഭൂമിയിലാകട്ടെ, ഭക്തരുപാഷണ്ഡത്തിനു മറയായരൂപം കൈക്കൊണ്ടിരിക്കയാണു്. മുക്തിജ്ഞാനവൈരാഗ്യങ്ങളെ കൂട്ടുകൂട്ടി ഭൂമിയിലേയ്ക്കു പോന്നു്, കൃതം മുതൽ ദ്വാപരംവരെ പരമസുഖത്തോടെ സ്ഥിതിചെയ്തു. കലികാലത്താകട്ടെ, അവർ പാഷണ്ഡാമയം പിടിപെട്ടു ക്ഷയമണകയാൽ, ഭവതിയുടെ ആജ്ഞ അനുസരിച്ചു് ക്ഷണത്തിൽ വൈകുണ്ഠത്തിലേയ്ക്കുതന്നെ തിരിച്ചുപോയി. ഭവതി സ്മരിച്ചാൽ, മുക്തി ഇങ്ങോട്ടു വരികയും, പോവുകയും ചെയ്യും. ഇവരിരുവരേയും ഭവതി പുത്രന്മാരാക്കി, തന്റെ അടുക്കൽത്തന്നെ രക്ഷിച്ചുപോരുന്നു; കലികാലത്തു് ആക്കം വണ്ണമാകയാൽ ഭവതിയുടെ ഈ പുത്രന്മാർ ദുർവ്വാദം പിടിച്ചവരായിപ്പോയി. എന്നാലും ഭവതിക്കു വിചാരം വേണ്ട; ഉപായം ഞാനാലോചിക്കാം: സുമുഖി, കലിയെക്കാത്തു ഒരു യുഗം ഇല്ലെന്നേ; കലികാലത്തു ഭവതിയെ ഞാൻ ഗൃഹത്തേയും അതിനേയും കടിക്കൊള്ളിക്കും. അന്യധർമ്മങ്ങളെ തിരസ്കരിച്ചു, മഹോത്സവങ്ങളെ പുരസ്കരിച്ചു്, ഭവതിയെ ഞാൻ ലോകത്തിൽ പ്രചരിപ്പിച്ചിടുന്നുണ്ടു്, വിഷ്ണുവിന്റെ ദാസനല്ല ഞാൻ! കലിയുഗത്തിൽ യാവചില ദേഹികൾ ഭവതിയോടു ചേരുന്നുവോ, അവർ പാപികളായാലും നിർഭരരായി വിഷ്ണുമന്ദിരത്തിൽ ചെന്നുചേരും. എപ്പോഴും പ്രേമത്തിനിന്നായ ഭക്തി ആരുടെ ഹൃദയത്തിൽ വാഴുമോ, ആ നിർമ്മലാത്മാക്കൾ കാലനെ കാണുകയില്ല. ഭൂതമാകട്ടെ, പിശാചാകട്ടെ, രാക്ഷസനാകട്ടെ, അസുരനാകട്ടെ ഭക്തിയുക്തഹൃദയത്തെ തൊടാൻപോലും തുണിവില്ല. തപസ്സാലല്ല, വേദത്താലല്ല, ജ്ഞാനത്താലല്ല, കർമ്മത്താലല്ല, ഭക്തിയാലാണ് ഭഗവാൻ വശ

Digitized By Kerala Sahitya Akademi

ത്താവുക; ഇതിൽ പ്രമാണം ഗോപസ്ത്രീകൾ! മനുഷ്യർക്ക് ഓരായിരം ജന്മംകൊണ്ടേ ഭക്തിയിൽ താല്പര്യം തോന്നൂ. കലികാലത്തു ഭക്തി, കലികാലത്തു ഭക്തി! ഭക്തിയാൽ വിഷ്ണു മുമ്പിൽ വന്നു നിൽക്കും! ഭക്തിയെ ദ്രോഹിച്ചവരെ, മൂന്നുലോകത്തും കുഴപ്പപ്പെട്ടുപോകും; ഉപവാസസ്സ് പണ്ടു ഭക്തനിഷ്ഠനായ ദുഃഖന്തിലകപ്പെട്ടവനല്ലോ. വ്രതം വേണ്ട, തീർത്ഥം വേണ്ട, യോഗം വേണ്ട, യാഗം വേണ്ട, ജ്ഞാനത്തിന്റെ ശബ്ദമേ വേണ്ട; ഭക്തിയൊന്നു മതി മുക്തിക്കു്.'

ഇങ്ങനെ തന്റെ മാഹാത്മ്യം നാരദൻ വർണ്ണിച്ചുകേട്ടതിനാൽ സർവ്വാംഗങ്ങളിലും പുളകിതനായ ഭക്തി അദ്ദേഹത്തോടരിയാടി:—'ഹാ, നാരദ, ധന്യനാണിവിടുന്നു്; എന്റെ പേരിൽ ഇളകാത്ത പ്രീതിയുണ്ടല്ലൊ ഇവിടെയുള്ളു! ഒരിക്കലും വിടാതെ ഞാൻ എന്നെന്നും ഭവാന്റെ മനസ്സിൽ വസിച്ചുകൊള്ളാം. സത്തമ, ദയാലുവായ ഭവാൻ എന്റെ സങ്കടം ക്ഷണേന നശിപ്പിച്ചു. എന്നാൽ പുത്രന്മാക്കു ബോധമില്ല; അവരെ ഉണർത്തിയാലും, ഉണർത്തിയാലും!' ഇതുകേട്ട മനംകനിഞ്ഞ നാരദൻ അവരെ ഉണർത്താൻ തുടങ്ങി: കൈകൊണ്ടു തടവി, മുഖം അവരുടെ ചെവിക്കരികിൽ വെച്ചു്, 'ജ്ഞാനമേ, വേഗത്തിൽ ഉണരുക, വൈരാഗ്യമേ, ഉണരുക' എന്നിങ്ങനെ ഉച്ചത്തിൽ ഉച്ചരിച്ചു. വീണ്ടും വീണ്ടും അദ്ദേഹം വേദോന്തഗീതങ്ങളും ഉറക്കെച്ചൊല്ലിയതിനാൽ അവർ ഒരുവിധത്തിൽ ഉണർന്നെഴുന്നേറ്റു. എന്നാൽ, കൊറിയെപ്പോലെ നരച്ചുവെളുത്തു പട്ടിണിയാൽ ചടച്ചു് ഉണങ്ങിയ വിറകിൻ കൊള്ളിപോലെയായിരുന്ന അവരിരുവരും കണ്ണിനും കാഴ്ചയില്ലാതെ കോട്ടുവായിട്ടു്, ഉശിർ കെട്ടു്, വീണ്ടും ഉറക്കത്തിൽത്തന്നെയായി. അതുകണ്ട മഹർഷി, 'ഞാൻ എന്തു ചെയ്യേണ്ടു? അയ്യോ, ഉറക്കവും വന്നിച്ച വാർദ്ധക്യവും എങ്ങനെ നീങ്ങും?' എന്നിങ്ങനെ ചിന്തയിൽപ്പെട്ട വിഷ്ണുവിനെ സ്മരിച്ചു. ഭാഗ്യവശാൽ അപ്പോഴും ഒരാകാശവാക്കുണ്ടായി: 'ഋഷേ, വ്യസനിക്കേണ്ട. ഭവാന്റെ ഉദ്യമം തീർച്ചയായും സഫലമായി വരും. ദേവർഷേ, ഭവാൻ ഇതിന്നുവേണ്ടി സൽക്കർമ്മം ചെയ്യുക; അതു നല്ലതിനെ കൊണ്ടാട്ടുന്ന സജ്ജനങ്ങളും പറഞ്ഞുതരും. ആ സൽക്കർമ്മം ചെയ്യാൽ ഇവർക്കു നിദ്രയും വാർദ്ധക്യവും ക്ഷണേന നീങ്ങിക്കൊള്ളും; ഭക്തി സർവ്വത്ര പ്രചരിക്കുകയും ചെയ്യും.' ഈ വ്യോമഭാഷിതം അവരെല്ലാവരും സ്പഷ്ടമായി കേട്ടു. നാരദൻ അത്ഭുതപ്പെട്ടു, 'ഇന്നതെന്നു മനസ്സിലായില്ലല്ലൊ' എന്നായി: ഈ ആകാശവാക്കിനാലും ഗോപ്യമായി ഗണിക്കപ്പെട്ട ഒരു സാധനം എന്തായിരിക്കാം? എന്തുകൊണ്ടാണു് ഇവർക്കു കാഴ്ചയും നിറവേറുക? ഈ സജ്ജന

Digitized By Kerala Sahitya Akademi

ങ്ങളും എവിടെയായിരിക്കാം? സാധനം എങ്ങനെ പറഞ്ഞുതരും? ആകാശവാണി പറഞ്ഞതിനു ഞാൻ എന്തു ചെയ്യേണ്ടു?'

പിന്നീടു് അവരെ അവിടെയിരുത്തി, നാരദമുനി പുറപ്പെട്ടു. അദ്ദേഹം തിരഞ്ഞുകളിലെല്ലാം സഞ്ചരിച്ചു്, വഴിക്കു മഹർഷിമാരോടു ചോദിച്ചുനോക്കി. എല്ലാവരും വത്തമാനമൊക്കെ കേൾക്കും; ഒന്നും തീച്ചുപ്പെടുത്തിപ്പറയില്ല! ചിലർ അസാദ്ധ്യമാണെന്നും, മറ്റു ചിലർ എളുപ്പത്തിൽ അറിയാവുന്നതല്ലെന്നും അഭിപ്രായപ്പെട്ടു; വേറെ ചിലർ മൌനം പൂണ്ടു; ഏതാനുംപേർ പാഞ്ഞുകളഞ്ഞു. വമ്പിച്ച ഘോഷകാരം മുഴങ്ങി; ലോകം മുഴുവൻ വിസ്മയപ്പെട്ടു. 'വേദവും വേദാന്തവും ഗീതയും ഉരുക്കഴിച്ചുകൂട്ടി ഉണ്ണാൻതിന്നാക്കിവിട്ടും ഭക്തിജ്ഞാനവൈരാഗ്യങ്ങളാകുന്ന മൂന്നുപേർ എഴുന്നേറ്റിട്ടില്ലെങ്കിൽ; ഉപായം വേറൊന്നുമില്ല' എന്നിങ്ങനെ ആളുകൾ ചെവിയിൽ കുശുകുശുക്കുകയായി. 'യോഗിയായ നാരദൻ താൻ തന്നെയും അറിയാത്തതുണ്ടോ, ഇവിടെ മറ്റു മനുഷ്യർക്കറിയാൻ കഴിയുന്നു? പ്രയാസംതന്നെ' എന്നായിരുന്നു മഹർഷിമാരുടെ തീർച്ച മറുപടി. അതിനാൽ ചിന്താകുലനായ നാരദൻ ബദര്യാശ്രമത്തിൽ ചെന്നെത്തി, 'ഇവിടെ തപസ്സുചെയ്കതന്നെ' എന്നു നിശ്ചയിച്ചു. മുനിസത്തമ, അപ്പോൾ മുൻഭാഗത്തു കോടിസൂര്യപ്രകാശന്മാരായ സനകാദിമുനീശ്വരന്മാരെ കണ്ടെത്തി.

നാരദൻ:—'കുമാരന്മാരേ, ഇപ്പോൾ നിങ്ങളെ കണ്ടെത്തിയതു് എന്റെ മഹാഭാഗ്യത്താലാണു്. എങ്കൽ ദയചെയ്തു വേഗത്തിൽ പറഞ്ഞുതരിക. നിങ്ങളെല്ലാവരും യോഗികളും, ബുദ്ധിമാന്മാർ, ബ്രഹ്മജ്ഞന്മാർ, അഞ്ചുവയസ്സുചെന്നവർ, പൂവിനുമാക്കം പൂവിനുമാർ, എന്നെന്നും വൈകുണ്ഠത്തിൽ വസിക്കുന്നവർ, വിഷ്ണുവിനെ കീർത്തിക്കുന്നവർ, ഭഗവല്ലീലാമൃതത്താൽ ലഹരി പിടിച്ചവർ, ഭഗവൽകഥകൊണ്ടുതന്നെ ജീവിക്കുന്നവർ! 'ഹരിശ്ശരണം' എന്ന വാക്കു് എപ്പോഴും നിങ്ങളുടെ മുഖത്തുണ്ടു്; അതിനാലാണല്ലോ, കാലപ്രയുക്തമായ വാർദ്ധക്യം നിങ്ങളെ ബാധിക്കാത്തതു്. യാചകിലരുടെ പൂരികക്കൊടി വളയുകമാത്രം ചെയ്തതിനാൽ പണ്ടു വിഷ്ണുവിന്റെ രണ്ടു ബാലപാലന്മാർ പെട്ടെന്നു ഭൂമിയിൽ പതിച്ചുവോ, യാചകിലരുടെ കൃപയാൽ കരയേറിയോ, ഹാ, അമ്മാതിരിയാരെ ഇവിടെ കണ്ടെത്തിയതു ഭാഗ്യംതന്നെ. ദീനനായ എങ്കൽ ദയചെയ്യുന്നതു ഹിതമാണെങ്കിൽ. അശരീരിവാക്കു പറഞ്ഞ സാധനം ഇന്നതാണെന്നുപദേശിച്ചാലും; എങ്ങിനെ അന്വേഷിക്കാമെന്നും വിസ്തരിച്ചു പറയുമാറാകണം. ഭക്തിജ്ഞാനവൈരാ

Digitized By Kerala Sahitya Akademi

ഗൃങ്ങളെ എങ്ങിനെ സുഖപ്പെടുത്താം, എല്ലാജ്ഞാതിക്കാരിലും പ്രേമത്തോടെ പ്രചരിപ്പിക്കാം?

കുമാരന്മാർ:—'ഭോർഷേ, വിചാരം വേണ്ട; സന്തോഷിച്ചു കൊള്ളുക. ഇതിനു സുഖസാധ്യമായ ഒരുപൂവോപായമുണ്ട്. അഹോ, നാരദ, ഭവാൻ ധന്യൻതന്നെ: വിഷ്ണുഭക്തശിരോമണി, എന്നെന്നും ശ്രീകൃഷ്ണനാമത്തിൽ മുഴുകിയവർ, യോഗദൃഷ്ടാവേ! ഭവാൻ ഭക്തിക്കുവേണ്ടി പ്രയത്നിക്കുന്നതിൽ അത്ഭുതപ്പെടാനില്ല; കൃഷ്ണഭാസനം ഭക്തിസ്ഥാപനം അനുരൂപമാണല്ലോ ഋഷിമാർ ലോകത്തിൽ വളരെ മാർഗ്ഗങ്ങൾ വെട്ടിത്തെളിയിച്ചിട്ടുണ്ട്; അവയെല്ലാം ശ്രമസാധ്യങ്ങളും പ്രായേണ സദ്ഫലത്തെ നൽകുന്നവയുമാണ്. വൈകുണ്ഠം പൂകിക്കുന്ന പന്ഥാവാകട്ടെ, ഗോപ്യമാകുന്നു; അതുപദേശിക്കുന്നവനെ പ്രായേണ ഭാഗ്യംകൊണ്ടേ കണ്ടുകിട്ടൂ. അന്ന് ആകാശവാണിയാൽ കർത്തവ്യമായി നിർദ്ദേശിക്കപ്പെട്ടതു ജ്ഞാനയജ്ഞമെന്നു പറഞ്ഞു; മനസ്സുറപ്പിച്ചു സംസന്തോഷം കേട്ടുകൊൾക: ദ്രവ്യയജ്ഞം, തപോയജ്ഞം, യോഗയജ്ഞം, സ്വാധ്യായയജ്ഞം, ജ്ഞാനയജ്ഞം എന്നിവ കർമ്മം മാത്രമാണ്; സൽക്കർമ്മം എന്നതു തീർച്ചയായും ജ്ഞാനയജ്ഞമത്രേ. അതു ശ്രീമൽ ഭാഗവതപഠനമാണെന്നു ശുകാദികൾ പാടിയിരിക്കുന്നു. ഭക്തിജ്ഞാനവൈരാഗ്യങ്ങൾക്കു വലുതായ ഒരു ബലമാണതു്. മക്കൾക്കു കഷ്ടപ്പാടു നീങ്ങും; ഭക്തിക്കു സുഖവും ഉണ്ടായിവരും. ശ്രീമൽ ഭാഗവതശബ്ദത്താൽ ഈ കലികല്മഷങ്ങളൊക്കെ, സിംഹത്തിന്റെ അലർച്ചയാൽ ചെന്നായ്ക്കൂട്ടംപോലെ പാഞ്ഞൊളിക്കും; അതോടുകൂടി, പ്രേമരസത്തെ പുലർത്തുന്ന ഭക്തി ജ്ഞാനവൈരാഗ്യങ്ങളോടൊന്നിച്ചു ഗാഢംതോറും ഏറുംതോറും വിളങ്ങാനും തുടങ്ങും.'

നാരദൻ:—'വേദവും വേദാന്തവും ഗീതയും ഉറക്കെച്ചൊല്ലിയിട്ടും ഭക്തിജ്ഞാനവൈരാഗ്യങ്ങൾക്ക് ഉണർവു വന്നില്ലല്ലോ; ആ സ്ഥിതിക്ക്, ശ്രീമൽ ഭാഗവതാലാപത്താൽ എങ്ങിനെ ഉണർവു വരും? തത്ക്കഥകളിൽ ഓരോ ശ്ലോകത്തിലും ഓരോ പദത്തിലും വേദാർത്ഥമല്ലേ ഉള്ളതു്? ഈ സംശയം തീർത്തുതരുമാറാകണം: അമോഘദർശനരും ശരണാഗതവത്സലരുമാണല്ലോ ഭവാന്മാർ. താമസിക്കരുതേ!'

വിരക്തന്മാരായി ഊർദ്ധ്വരേതസ്സുകളായി സനാതനസിദ്ധബ്രാഹ്മണരായിരിക്കുന്ന സനകാദികൾ നാരദനോടു സാദരം മറുപടി പറഞ്ഞു:—'വേദോപനിഷത്തുകളുടെ സാരത്തിൽ നിന്നുണ്ടായതാകുന്നു അത്യുത്തമമായ ഭാഗവതകഥ; അതു വേർതിരിഞ്ഞു നിന്ന് അധികം ഫലത്തെ ദാനംചെയ്യുന്നു. മാവിന്മേൽ അടിമുതൽ മുടിവരെ നി

Digitized By Kerala Sahitya Akademi

ല്ലുന്ന രസം ഞാസ്വാദ്യമാകുന്നില്ല; കായ്മേൽ ഒന്നിച്ചുകൂടി വേർതിരിഞ്ഞ രസമോ, ഏവക്കും വ്യത്യസ്തമായിത്തീരുന്നു. പാലിലിരിക്കുന്നെയ്യു സ്വാദുള്ളതല്ലല്ലൊ; അതു വേറെയെടുത്താലോ, ദിവ്യമായി ദേവകർക്കുകൂടി രസത്തെ വർദ്ധിപ്പിക്കുന്നു. കരിമ്പുകളുടെ കടയ്ക്കലും നടുവിലും തലയ്ക്കലുമൊക്കെയുണ്ട്, പഞ്ചസാര; എന്നാൽ അതു വേറെ എടുത്താലേ തികച്ചും മധുരമാകൂ. അതുപോലെയാണ് ഭാഗവതകഥ. ഇതു ബ്രഹ്മസമ്മിതമായ ഭാഗവതപുരാണം, ഭക്തിജ്ഞാനവൈരാഗ്യങ്ങളെ പ്രചരിപ്പിക്കാനായി പ്രകാശിപ്പിക്കപ്പെട്ടതാകുന്നു വേടവേടാന്തരങ്ങളിൽ വഴിപോലേമുഴുകി ഗീത നിമ്മിച്ചിട്ടുകൂടി വ്യാസൻ പണ്ട് അജ്ഞാനക്കടലിൽ മയങ്ങി ദുഃഖിക്കുകയായി. അപ്പോൾ ഭവാൻ നാലു ശ്ലോകം ചൊല്ലിക്കൊടുത്തു; അതു കേട്ടതോടുകൂടി ബാദരായണനു സ്വാസ്ഥ്യവും ലഭിച്ചു. ഇതിലെന്താണ്, ഭവാനു വിസ്മയപ്പെട്ട ചോദിപ്പാനുള്ളതു്? ശ്രീമൽഭാഗവതശാസ്ത്രം ശോകദുഃഖങ്ങളെ നിശ്ശേഷം നശിപ്പിക്കും.'

(ശ്ലോകങ്ങൾ)

നാരദൻ:—

'ആർതൻവിലോകനമമംഗളമാശുനീക്കും,
സംസാരദുഃഖമവിദൂരശനാ നന്മ നൽകും,
ശേഷാദ്യശേഷജനഗീതകഥൈകപാനാൽ
പ്രേമംപരത്തുമവനെശ്ശരണംഗതൻ ഞാൻ!
മത്തുന്നു ജന്മശത സംചിതപുണ്യയോഗാൽ
സത്സംഗമോടരിയചേവു ലഭിക്കുമെപ്പോൾ,
അപ്പോൾ ശരിക്കുദിതമാസ്തുമമേ വിവേക-
മജ്ഞാനജോൽകടതമഃപടലത്തെ നീക്കി!'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഭാഗവതമാഹാത്മ്യപ്രകരണം,
നാരദകുമാരസമാഗമം ഒരുനൂറിത്തൊണ്ണൂറാമദ്ധ്യായം.

(0)

ഒരുനൂറിത്തൊണ്ണൂറൊന്നാമദ്ധ്യായം

സൂതൻ:—ജ്ഞാനയജ്ഞത്തിൽ അത്ഭുതം പൂണ്ട ദേവർഷി അവിടെവെച്ചതന്നെ കുമാരന്മാരെ മാനിച്ചു വണങ്ങി കഥിച്ചു:—'ഞാൻ ഭക്തിജ്ഞാനവൈരാഗ്യങ്ങളെ നിലനിൽത്താൻ, ശുകശാസ്ത്രകഥകൊണ്ടു ജ്ഞാനയജ്ഞം ശുഷ്കാന്തിചെച്ചു ചെയ്യുകൊള്ളാം. എന്നാൽ എ

Digitized By Kerala Sahitya Akademi

വിടെയാണ് യജ്ഞം ചെയ്യേണ്ടതു? സ്ഥലം പറഞ്ഞുതന്നാൽക്കൊള്ളാം. ശ്രുതിശാസ്ത്രത്തിന്റെ മഹിമയും വേദപാരഗന്മാരായ ഭവാന്മാർ ഉരചെയ്യണം. എത്ര നാളം കൊണ്ടുവേണം ഭാഗവതം വായിച്ചുകേൾക്കുക? ജ്ഞാനയജ്ഞവിശാരദന്മാരേ, അതിന്റെ വിധി എങ്ങിനെയാണ്?'

കുമാരന്മാർ:—'നാരദ, കേൾക്കു; വിനയവും വിവേകവുമുള്ള ഭവാനു ഞങ്ങളം പറഞ്ഞുതരാം: ഗംഗാപ്രവാഹത്തിന്നടുക്കൽ കാമോദപുരത്തു മന്ദാകിനിയുടെ പുണ്യമായ ഉത്തരതീരത്തു് അനന്ദം എന്നൊരു സ്ഥലമുണ്ടു്; പലതരം ഋഷിഗണത്താലും സൂരസിദ്ധരാലും സംസേവിതവും, വിവിധങ്ങളായ വൃക്ഷലതകം നിറഞ്ഞതും മയമുള്ള പുതുമണലോടുകൂടിയതും രമ്യവും വിജനവും പൊന്നിൻതാമരപ്പൂക്കളാൽ വിളങ്ങുന്നതുമാണു് ആ സ്ഥലം. അതിന്നടുത്തുള്ള ജീവികം, ആ ക്ഷേത്രത്തിന്റെ പ്രഭാവത്താൽ വൈരം വെടിഞ്ഞു് അന്യോന്യം സ്നേഹിച്ചു പോരുന്നു! അങ്ങയ്ക്കു ജ്ഞാനയജ്ഞം അവിടെ നിഷ്പ്രയാസം നടത്താം; അവിടെവെച്ചുവാം അപൂർവമായ മധുരകഥാലാപം. ജരാജീർണ്ണശരീരരായി ദുർബലരായി മുമ്പിൽ കിടക്കുന്ന പുത്രന്മാരിരുവരേയും കൊണ്ടു ഭക്തി അവിടെ വന്നണഞ്ഞിക്കൊള്ളും: ഭഗവൽകഥ എവിടെയോ, അവിടെയെത്തും ഭക്തി മുതൽപേർ. കഥാശബ്ദം കേട്ടാൽ അവർ മുപ്പതും യൌവനസ്ഥരായിത്തീരും.'

ഈ വിധം കഥിച്ചു കുമാരന്മാർ നാരദനോടൊന്നിച്ചു്, കഥാപാനത്തിന്നു വെമ്പലോടേ ഗംഗാതീരത്തേയ്ക്കു നടകൊണ്ടു. അവർ ഗംഗാതീരത്തെത്തിയപ്പോഴേയ്ക്കും, ഭൂർല്ലോകത്തും ദേവലോകത്തും ബ്രഹ്മലോകത്തും കോലാഹലം മുഴങ്ങി: ശ്രീമദ്ഭാഗവതമാകുന്ന പീയൂഷം നുകരാൻ കൊതിച്ചുകൊണ്ടു്, ഒന്നാമതായി വൈഷ്ണവരെല്ലാവരും പാഞ്ഞുവന്നെത്തി. ഭൃഗു, വസിഷ്ഠൻ, ച്യവനൻ, ഗൌതമൻ, മേധാതിഥി, ദേവലൻ, ദേവരാതൻ, രാമൻ, വിശ്വാമിത്രൻ, ശാകലൻ, മാർക്കണ്ഡേയൻ, ആത്രേയൻ, പിപ്പലാദൻ, യോഗേശ്വരരായ വ്യാസപരാശരന്മാർ, ശ്രീമാൻ ശുകൻ, ജാജലി, ജഹ്നുതുടങ്ങിയ മുനിമാരെല്ലാവരും, അവരുടെ പുത്രകളത്രമിത്രങ്ങളോടൊന്നിച്ചു് അതിതാല്പര്യത്തോടേ സമാഗതരായി. വേദങ്ങളം, വേദാന്തങ്ങളം, മന്ത്രങ്ങളം, തന്ത്രങ്ങളം, അഷ്ടാദശപുരാണങ്ങളം, ആറു ശാസ്ത്രങ്ങളം എന്നിവയും മൂർത്തിമത്തുക്കളായി വന്നുചേർന്നു. ഗംഗാദിനദികളം, പുഷ്കരാദിതീർത്ഥങ്ങളം, ക്ഷേത്രങ്ങളം, ദിക്കുകളം, മണ്ഡകാദിവനങ്ങളം എന്നിവയും വന്നുചേർന്നു. ദേവഗന്ധർവ്വനാഗകിന്നരപ്രകൃതികളും ആഗതരായി; വരാ

Digitized By Kerala Sahitya Akademi

ത്തവരെ ഗുരുവായ ഭൂമി അറിയിച്ചും വരുത്തി. ദീക്ഷകൊണ്ട നാരദൻ ശ്രേഷ്ഠാസനം നൽകിയതിൽ, എല്ലാവരാലും വന്ദിക്കപ്പെട്ട വിഷ്ണുഭക്തരായ കുമാരന്മാർ ഉപവിഷ്ടരായി. വൈഷ്ണവരും വിരക്തരും സന്ന്യാസിമാരും ബ്രഹ്മചാരികളുമായവർ മുൻഭാഗത്തായി ഉപവേശിച്ചു; നാരദൻ അവർക്കഭിമുഖനായി സ്ഥിതിചെയ്തു. ഒരു വശത്തു് ജ്ഞാനിമാർ; മറുവശത്തു ഭോഗകാംക്ഷികൾ; ഒരേടത്തു വേദോപനിഷത്തുകൾ; മറെറാരേടത്തു തീർത്ഥങ്ങൾ; വേറെയൊരേടത്തു സ്ത്രീകൾ. ജയഘോഷവും നമസ്കാരവും ശംഖനാദവും മുഴങ്ങി; പൊരി, അവിൽ, പൂവ് എന്നിവ കുന്നുകൂട്ടപ്പെട്ടു. ഏതാനും ദേവനായകന്മാർ വിമാനങ്ങളിൽ കേറിവന്ന് അവിടെ കല്പകവൃക്ഷപുഷ്പങ്ങൾ വർഷിച്ചു.

അവരെല്ലാം ഏകാഗ്രചിത്തരായിരിക്കെ, കുമാരന്മാർ മഹാത്മാവായ നാരദനോടു ശ്രീമൽഭാഗവതത്തിന്റെ മാഹാത്മ്യം വെളിവായി പറയാൻ തുടങ്ങി:—'ഇനി, ശുകശാസ്ത്രത്തിന്റെ മാഹാത്മ്യം ഞാനെന്തു പറഞ്ഞുതരാം; ഇതു കേട്ടാൽത്തന്നേ മുക്തി കയ്യിലായി! ശ്രീമദ്ഭാഗവതം എന്നെന്നും സേവനീയം, എന്നെന്നും സേവനീയം! ഇതു കേട്ടാൽ മതി മുക്തിയെന്നു നേടാൻ. പതിനെണ്ണായിരം ഗ്രന്ഥ(ശ്ലോക)ങ്ങളോടും പതിനെട്ടു സ്കന്ധങ്ങളോടും കൂടിയ പരീക്ഷിച്ചുകണ്ട സംവാദമത്രേ ഭാഗവതം. ശുകശാസ്ത്രം ക്ഷണനേരം ചെവി പൂകുന്നതുവരെയല്ലേ, മനുഷ്യൻ അജ്ഞാനത്തിൽ ഈ സംസാരചക്രത്തിൽ കിടന്നു തിരിയുകയുള്ളൂ. ഭാഗ്യം പിടിപ്പിക്കുന്ന വളരെ ശ്രുതങ്ങളെന്തിന്, ശാസ്ത്രങ്ങളെന്തിന്, പുരാണങ്ങളെന്തിന്? ഭാഗവതശാസ്ത്രം തന്നെ തന്നെ, മുക്തിതരാമെന്നു വിളിച്ചു പറയുന്നുണ്ടല്ലോ! യാതൊരു ഗൃഹത്തിൽ ഭാഗവതവായന പതിവായുണ്ടോ, ആ ഗൃഹം തീർത്ഥമാകുന്നു; അവിടെ പാത്താൽ പാപം നീങ്ങും. ആയിരമായിരം അശ്വമേധവും നൂറുനൂറു വാജപേയവും ശുകശാസ്ത്രജ്ഞനിരന്നു പതിനാറിലൊന്നിനില്ല! തപോധനരേ, ശ്രീമൽ ഭാഗവതം ശ്രവിക്കുകയോ കേൾക്കുന്നതുവരെയല്ലേ, മനുഷ്യർക്കു പാപങ്ങളും ശരീരത്തിൽ നിൽക്കൂ. ഗംഗയാകട്ടേ, ഗയയാകട്ടേ, കാശിയാകട്ടേ, പ്രയാഗമാകട്ടേ, പുഷ്കരമാകട്ടേ, ശുകശാസ്ത്രപാരായണത്തിനൊത്ത ഫലം നൽകുകയില്ല. പ്രണവം, ഗായത്രി, പുരുഷസൂക്തം, ഭഗവദ്ഗീതാസ്തോത്രങ്ങൾ, ഭാഗവതം,, ദ്വാദശാക്ഷരമന്ത്രം, ദ്വാദശാത്മാവു് (സൂര്യൻ), പ്രയാഗം, സംവത്സരാത്മകമായ കാലം, ബ്രാഹ്മണൻ, അഗ്നിഹോത്രം, കാമധേനു, ദ്വാദശി, തുളസി, വൈശാഖം, ശ്രീനാരായണൻ എന്നിവ തമ്മിൽ ഭേദമൊന്നും വാസ്തവത്തിൽ അഭിജ്ഞന്മാർ കരുതുന്നില്ല. ഭാഗവതം മുടങ്ങാതെ അർത്ഥം മനസ്സിലാക്കി വായിക്കുന്നവന്നു്,

Digitized By Kerala Sahitya Akademi

തീർച്ചയായും ഒരു കോടി ജന്മങ്ങളിലെ പാപത്തിന്നുമതി വരും. ഭാഗവതത്തിലെ പകുതി ശ്ലോകമോ ഒരു പാദം മാത്രമോ വായിക്കുന്നവന്നു നാംതോറും രാജസൂയാശ്വമേധങ്ങളുടെ പുണ്യം കിട്ടും. പതിവായി ഭാഗവതം വായിക്കുക, ഹരിയെ സ്മരിക്കുക, തുളസി നട്ടുവളർത്തുക, പൈക്കളെ പരിചരിക്കുക ഇതെല്ലാം ഒരുപോലെയാകുന്നു. അന്ത്യകാലത്തു ശുകശാസ്ത്രം ശ്രവിക്കുന്നവന്നു പുരുഷോത്തമൻ പ്രസാദിച്ചു വൈകുണ്ഠം തന്നെ കല്പിച്ചു നൽകും. പ്രൌഷ്ഠപദപൌർണ്ണമാസിയിൽ ഇതു് ഒരു വൈഷ്ണവന്നു കനക* സിംഹത്തോടുകൂടി ഭക്തിപൂർവ്വം ദാനംചെയ്യുവൻ തീർച്ചയായും വിഷ്ണുസായൂജ്യമടയും. ജനിച്ചു മുതൽക്കേ യാതൊരു ശാൻ ശുകശാസ്ത്രം മനസ്സിൽ നിക്ഷേപിച്ചു തെല്ലും പാനം ചെയ്തിട്ടില്ലയോ, അവൻ അമ്മയെ വേദനിപ്പിച്ചു്, തന്റെ ജന്മം ചണ്ഡാലനെപ്പോലെയും ഗർദ്ദഭത്തെപ്പോലെയും പാഴാക്കിക്കളഞ്ഞു! യാവനൊരുത്തൻ ശുകശാസ്ത്രം തെല്ലെങ്കിലും ശ്രവിച്ചിട്ടില്ലയോ, ആ പാപി ജീവച്ഛവമത്രേ; മഹീ, ആ പശുതുല്യൻ ഭ്രമിക്ക ഭാരംതന്നെ!' എന്നാണ് സഭയിൽ ദേവമുഖ്യന്മാർ പറയാറുള്ളതു്. ലോകത്തിൽ ദുർല്ലഭം തന്നെയാകുന്നു ശ്രീമൽ ഭാഗവതകഥനം; കോടിജന്മങ്ങളിലെ പുണ്യംകൊണ്ടേ ഇതു ലഭിക്കയുള്ളൂ. അതിനാൽ, അല്ലയോ യോഗനിധേ, ധീമൻ, അതു പണ്ടിപ്പെട്ടും ശ്രവിക്കണം; ഇന്നലിവസത്തിലെ ശ്രവിക്കാവൂ എന്നില്ല, എന്നുമാവാം. സത്യത്തോടും ബ്രഹ്മചര്യത്തോടും കൂടി വേണം സദാ ശ്രവിക്കുക. കലികാലത്തു് അതു സാധ്യമല്ലായ്കയാൽ, ശുകൻ ഒരു വിശേഷം വിധിച്ചിട്ടുണ്ടു്: കലികാലത്തു മനസ്സംയമമില്ലായ്ക, രോഗം, ആയുസ്സിന്നു കുറവു് എന്നിങ്ങനെ പല ദോഷങ്ങളുള്ളതുകൊണ്ടു സപ്താഹശ്രവണം മതി. മനസ്സിനെ അടക്കി, നിയമങ്ങളനുഷ്ഠിച്ചു ദീക്ഷകൊള്ളാൻ പ്രയാസമാകയാൽ, സപ്താഹശ്രവണം മതി. പതിവായി ആദിമുതൽ അവസാനംവരെ സശ്രദ്ധം ശ്രവിച്ചാലത്തെ ഫലം സപ്താഹശ്രവണത്തിന്നു ശുകദേവൻ നിശ്ചയിച്ചിരിക്കുന്നു. തപസ്സുകൊണ്ടോ യോഗംകൊണ്ടോ സമാധികൊണ്ടോ ഉണ്ടാകാത്ത ഫലമൊക്കെ സപ്താഹശ്രവണത്താൽ അനായാസേന കൈവരും. സപ്താഹം യജ്ഞത്തെക്കാളും ഗർജ്ജിക്കുന്നു; മുക്തിതരാമെന്നു വിളിച്ചുപറയുന്നു; വ്രതത്തെക്കാളും ഗർജ്ജിക്കുന്നു; തപസ്സിനെക്കാളും ഉച്ചത്തിൽ ഗർജ്ജിക്കുന്നു; എന്നെന്നും തീർത്ഥത്തെക്കാളും ഗർജ്ജിക്കുന്നു; യോഗത്തെക്കാളും ഗർജ്ജിക്കുന്നു; ധ്യാനജ്ഞാനങ്ങളെക്കാളും ഗർജ്ജിക്കുന്നു; എന്തു പറയേണ്ടു അതിന്റെ ഗർജ്ജനം! ഗർജ്ജിക്കുകതന്നെ, ഗർജ്ജിക്കുകതന്നെ! "

---

*കനകം കൊണ്ടുള്ള പീഠം.

Digitized By Kerala Sahitya Akademi

ശൌനകൻ:—"അത്ഭുതകരംതന്നെ ഇപ്പറഞ്ഞ കഥ: ജ്ഞാനാദി ധർമ്മങ്ങളെ തെളിയിക്കുന്ന ഭാഗവതപുരാണമാണല്ലോ വിശേഷിച്ചും ഭഗവദ്വിൽപ്രവരന്മാരാൽ കല്പിക്കപ്പെട്ടതു്!"

സൂതൻ:—'കൃഷ്ണൻ ഭൂമിവിട്ട സ്വസ്ഥാനത്തേയ്ക്കെഴുന്നള്ളുവാൻ തുടങ്ങുമ്പോൾ, ഏകാദശസ്കന്ധത്തിൽ, ഉദ്ധവൻ അടുക്കൽച്ചെന്നു ണത്തിച്ചു:—'ഗോവിന്ദ, ഇവിടുന്നു ഭക്തരക്ഷയും ചെയ്തുവെച്ചു് എഴുന്നള്ളുകയായി. എനിക്കു വന്നിച്ച വിചാരമുണ്ടു്; അതുകേട്ടു സമാധാനം തന്നരുളുക: കരാളമായ കലിയുഗം ഇതാ, വരുന്നു. ഖലന്മാർ വീണ്ടും ഉണ്ടായിവരും; അവരുടെ സംസർഗ്ഗത്താൽ സത്തുക്കൾക്കുകൂടി അത്യുഗ്രമായ അനർത്ഥവും പറവും. അപ്പോൾ ഭാരംമുഴുത്ത ഗോത്രുപിണിയായ ഭൂമി ആരെ ശരണം പ്രാപിക്കും? പുണ്ഡരീകാക്ഷ, നിന്തിരുവടിയൊഴിഞ്ഞു മറ്റൊരു രക്ഷിതാവിനെ കാണുന്നില്ല. അതിനാൽ, ഭക്തവത്സല, സത്തുക്കളിൽ ദയ കരുതി, ഇവിടുന്നു് എഴുന്നള്ളാതിരിക്കണം; ഭക്തക്കൾവേണ്ടിയാണല്ലോ, ചിന്മയനായി നിരാകാരനായിരിക്കുന്ന നിന്തിരുവടി സഗുണനായവതരിച്ചതു്. ആ ഭക്തർ നിന്തിരുവടിയെപ്പിരിഞ്ഞു് എങ്ങിനെ ഭൂമിയിൽ സ്ഥിതിചെയ്യും? നിർഗ്ഗുണോപാസനം വളരെ ബുദ്ധിമുട്ടുള്ളതാണല്ലോ. അതിനാൽ കുറഞ്ഞൊന്നാലോചിച്ചാലും!' പ്രഭാസത്തിൽവെച്ചു് ഇപ്പറഞ്ഞതു കേട്ടിട്ടു ഭഗവാൻ, 'ഭക്തക്കൾവലംബത്തിനു ഞാൻ എല്ലു ചെയ്യേണ്ടു' എന്നാലോചിച്ചു; എന്നിട്ടു്, തന്റെ തേജസ്സിനെ ഭാഗവതത്തിൽ ആവേശിപ്പിച്ചു—അദൃശ്യനായി ശ്രീഭാഗവതനാമമുദ്രം ഉറപ്പുക്കരുളി. അതിനാൽ, തന്തിരുവടിയുടെ പ്രത്യക്ഷമായ വാങ്മയരൂപംതന്നെയാണിതു്; സേവിക്കുകയോ പഠിക്കുകയോ ശ്രവിക്കുകയോ ദർശിക്കുകയോ ചെയ്താൽ പാപങ്ങളം അറുതിപ്പെടും. എല്ലുറപ്പിലും മീതെയാണു് സപ്താഹശ്രവണം. കലിയുഗത്തിൽ മറ്റു സാധനങ്ങളെ വിട്ടു് ഈയൊരു ധർമ്മത്തെ വിധിക്കപ്പെട്ടിരിക്കുന്നതു്—ദുഃഖം, ദാരിദ്ര്യം, ദൌർഭാഗ്യം, പാപം എന്നിവയെ കഴുകിക്കളയാനും, കാമക്രോധങ്ങളെ ജയിപ്പാനും ഈയൊരു ധർമ്മത്തെ വിധിക്കപ്പെട്ടിരിക്കുന്നു. മറ്റുവിധത്തിൽ വിഷ്ണുമായ ദേവകോപംക്കുപോലും നീക്കാവതല്ല; പിന്നെ, മനുഷ്യരെങ്ങിനെ നീക്കും? അതിനുള്ളതാണു് സപ്താഹശ്രവണം.

ഇങ്ങനെ ഋഷിമാർ സദസ്സിൽ സപ്താഹശ്രവണമാകുന്ന മഹാധർമ്മം വെളിപ്പെടുത്തിക്കൊണ്ടിരിക്കേ, ഒരാശ്ചര്യമുണ്ടായി; ശൌനക, അതു കേട്ടുകൊള്ളുക: പ്രൈമകുലോത്പന്നിയായ ഭക്തി ഒപ്പത്തെന്ന യുവാക്കളായിച്ചമഞ്ഞ തന്റെ പുത്രന്മാരേയും കൊണ്ടു്, 'ശ്രീകൃഷ്ണ,

Digitized By Kerala Sahitya Akademi

ഗോവിന്ദ, ഹരേ, മുരാരേ, നാഥ!' എന്നിങ്ങനെ തിരുനാമങ്ങളുച്ചരിച്ച് അവിടെ പ്രത്യക്ഷീഭവിച്ചു! ഭഗവതാത്മങ്ങളറിഞ്ഞു മനോജ്ഞവേഷയായ അവർ വന്നുചേർന്നുകണ്ട സദസ്യർ, 'ഇവർ എങ്ങിനെ അകത്തു കടന്നു? എങ്ങിനെ മുനിമദ്ധ്യത്തിൽ വന്നെത്തി?' എന്നിങ്ങനെ തമ്മിൽത്തമ്മിൽ ചോദിക്കുകയായി. അപ്പോൾ കുമാരന്മാർ പറഞ്ഞു:—'വായനമൂലമാണ് ഇവർ വന്നെത്തിയതു്.' ഇതുകേട്ട ഭക്തി പുത്രന്മാരോടൊന്നിച്ചു സനൽകുമാരനെ വണങ്ങി കഥിച്ചു:—'ഞാൻ കലിമൂലം ക്ഷയത്തിൽപ്പെട്ടിരുന്നു; ഇപ്പോൾ എന്നെ ഭാഗവന്മാർ കഥാരസംകൊണ്ടു പുഷ്ടിപ്പെടുത്തി ഞാനിനി എവിടെ പാർക്കേണ്ടു? പറഞ്ഞാലും.' വിരിഞ്ചനന്ദനന്മാർ മറുപടി പറഞ്ഞു:—'മുകുന്ദസുരപദാത്രിയും പ്രേമൈകകർത്രിയും ഭവരോഗഹർത്രിയുമാകുന്ന ഭക്തി; അങ്ങിനെയുള്ള ഭക്തി എന്നെന്നും വൈഷ്ണവമനോമന്ദിരത്തിൽ തികച്ചും ധൈര്യത്തോടേ നിവസിച്ചുകൊള്ളുക. എന്നാൽ ലോകത്തിൽ കരുത്തേറിയവയാണെങ്കിലും ഈ കലിദോഷങ്ങളും ഭക്തിയെ നോക്കാൻ കൂടി സമർത്ഥങ്ങളാകയില്ല.' ഇതിൻ്റെ ഉണ്മ ഭക്തി വിഷ്ണുദാസരുടെ മനസ്സിൽ കൂടികൊണ്ടു.

യാവച്ചിലരുടെ ഹൃദയത്തിൽ ശ്രീനാരായണഭക്തി എന്നെന്നും സ്ഥിതിചെയ്യുന്നുണ്ടോ, അവർ, നിർദ്ധനരായാൽക്കൂടി, ലോകത്തിലെല്ലാംവെച്ചു ഭാഗ്യശാലികളാകുന്നു; വിഷ്ണുവും ഭക്തിച്ചരടുകൊണ്ടു വലിക്കപ്പെട്ടിട്ട്, തൻ്റെ ലോകം വെടിഞ്ഞു് അവരുടെ ഹൃദയത്തിൽ വന്നു വാഴുന്നു! ബ്രഹ്മാത്മകമായ ഭാഗവതപുരാണത്തിൻ്റെ മാഹാത്മ്യം എന്തിനേറെ പറയുന്നു? അതു വായിച്ചാൽ വായിച്ചവനും കേട്ടവനും വിഷ്ണുസാരൂപ്യം നേടും; മറൊരു ധർമ്മവും വേണ്ടാ!

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഭാഗവതമാഹാത്മ്യപ്രകരണം, ഭക്തിചീഡാനിവർത്തനം, ഒരുനൂറിരുപത്തൊന്നാമദ്ധ്യായം.

ഒരുനൂറിരുപത്തൊന്നാമദ്ധ്യായം.

സൂതൻ:—

(കിളിപ്പാട്ട്—കാകളി.)

ദിവ്യയാം ഭക്തിയെ വൈഷ്ണവചേതസി
നിവ്വിണ്ണനംചെയ്യ നീലമേഘപ്രഭൻ,
തൻപാപ്പിടം വിട്ട ഭക്താന്തരകൃതനാം
തമ്പുരാൻ തുമ്പത്തുളവുടുത്തവൻ

Digitized By Kerala Sahitya Akademi

കാഞ്ചീകലാപകിരീടസൽകുണ്ഡല-
കൌസ്തുഭശ്രീവനമാലാവിഭൂഷിതൻ
ചെഞ്ചന്ദനം പൂശിയോടക്കുഴലുമാ-
യഞ്ചിതരൂപൻ ത്രിഭംഗമനോഹരൻ
മന്മഥകോടിലാവണ്യൻ പരാനന്ദ-
ചിന്മയൻ കേതർതൻ നൽക്കരം പൂകിനാൻ!
വൈകുണ്ഠവാസികളഖിലവൻ മുമ്പായ
വൈഷ്ണവന്മാരുമാ വായന കേൾക്കുവാൻ
വന്നുകൂടുശ്രദ്ധയ് വാണാർ; നിരന്തര-
മുന്നമിപ്പിച്ചൊരു ലോകോത്തര രസം.
പൊങ്ങി ശംഖധ്വനിയും ജയജയോൽഘോഷവു,-
മങ്ങു പൊഴിഞ്ഞു പൊരിമലർമാരിയും.

ദേഹത്തേയും ഗേഹത്തേയും തങ്ങളെക്കുടിയും മറന്ന് ആ സഭയിൽ സ്ഥിതിചെയ്തിരുന്നവരുടെ തന്മയാവസ്ഥ കണ്ടിട്ട നാരദൻ പറഞ്ഞു:—'മുനിശ്രേഷ്ഠന്മാരേ, സപ്താഹത്തിന്റെ ഈ ലോകോത്തര മാഹാത്മ്യം എനിക്കിപ്പോൾ ബോധപ്പെട്ടു: മൂഢരും ശഠരും പക്ഷികൾപോലും കൂടിയും — സകലരും — ഇവിടെ പാപരഹിതരായി പരിശോഭിക്കുന്നു. അതിനാൽ ഭൂമിയിൽ കലികാലത്തു മനഃശുദ്ധിക്കു മറ്റൊന്നില്ലതന്നെ; പാപപടലത്തെ വേരറുക്കാൻ വായന മാത്രമേ ഉള്ളൂ. വേറെയൊന്നുമില്ലാ, വായനയ്ക്കു തുല്യം! സപ്താഹവായനയാകുന്ന യജ്ഞത്താൽ അതുക്കൊക്കെ ശുദ്ധി വരും? പറഞ്ഞുതരുവിൻ. മഹാശീലർ ലോകഹിതം കരുതി വെളിപ്പെടുത്തിയ ഒരു പുതുവഴിയാണല്ലോ ഇതു്.'

കുമാരന്മാർ:—എന്നും പാപംചെയ്യുന്നവരും, ദുർവൃത്തരും, വഴിപിഴച്ചവരും, ക്രോധാഗ്നിയാൽ വെന്തവരും, കുടിലരും, കാമികളും കലിയുഗത്തിൽ സപ്താഹയജ്ഞംകൊണ്ടു വിശുദ്ധിയടയും; സത്യമില്ലാത്തവരും, അച്ഛനമ്മമാരെ ദ്വേഷിക്കുന്നവരും, ദുഷ്ടയേറിയവരും, ആശ്രമധർമ്മം വിട്ടവരും, ദാംഭികരും, മത്സരികളും, ഹിംസകരും കലിയുഗത്തിൽ സപ്താഹയജ്ഞംകൊണ്ടു വിശുദ്ധിയടയും; പഞ്ചമഹാപാപികളും, ചതി കളവുകൾ ചെയ്യുന്നവരും, പിശാചുക്കളെപ്പോലെ ക്രൂരനിർദ്ദയരായവരും, ബ്രഹ്മസ്വം തിന്നു തടിച്ചവരും, വ്യഭിചാരികളും കലിയുഗത്തിൽ സപ്താഹയജ്ഞംകൊണ്ടു വിശുദ്ധിയടയും; പതിവായി വാങ്മനഃകായങ്ങൾകൊണ്ടു ബഹുലമായ പാതകം ചെയ്യുപോരുന്ന ശഠരും, പരസ്വം തിന്നു തടിച്ചവരും, മലിനരും, ദുരാശയരും കലിയുഗത്തിൽ സപ്താഹയജ്ഞംകൊണ്ടു വിശുദ്ധിയടയും!'

Digitized By Kerala Sahitya Akademi

ഇങ്ങനെ ദേവപൂജിതനായ നാരദൻ സന്തോഷിച്ചിരിക്കെ, മനംതെളിഞ്ഞ കുമാരന്മാർ അദ്ദേഹത്തോട് വീണ്ടും അരുളിച്ചെയ്തു:— 'ഇതിൽ അങ്ങയ്ക്ക് ഒരു പഴയ ഇതിഹാസം പറഞ്ഞുതരാം; ഇതു കേട്ടാൽത്തന്നെ പാപം നീങ്ങും:

പണ്ടു തുംഗഭദ്രാനദീതീരത്ത് ഒരു വിശിഷ്ടമായ പട്ടണമുണ്ടായിരുന്നു. അവിടെയുള്ളവർ സ്വജാതിധർമ്മമനുസരിച്ച ശരിയായ കർമ്മം ചെയ്തുപോന്നു. ആ നഗരിയിൽ, 'ആത്മദേവൻ' എന്നൊരു സർവ്വവേദജ്ഞനായ ബ്രാഹ്മണൻ, ശ്രൌതസ്മാർത്തങ്ങളിൽ ശ്രദ്ധാലുവായി, രണ്ടാമത്തെ സൂര്യനോ എന്നു തോന്നുമാറു പരിലസിച്ചു വലിയ പണക്കാരനായ അദ്ദേഹത്തിന്റെ ഭാര്യ, 'ധുന്ധുലി' എന്ന കലീനയായ സുന്ദരിയാകട്ടെ, ഭർത്താവിനെ എപ്പോഴും തന്റെ ചൊല്പടിക്ക് നിർത്തുന്നവളും, പ്രായേണ നാട്ടുവാർത്തകളിലേർപ്പെട്ട് കണക്കില്ലാതെ സംസാരിക്കുന്നവളും, ക്രൂരയും, ഗൃഹകൃത്യങ്ങളിൽ ചുണയും പിശുക്കുമേറിയവളും, കലഹപ്രിയയുമായിരുന്നു.

അന്യോന്യപ്രേമത്തോടെ വസിച്ചിരുന്ന ആ ദമ്പതിമാക്ക് സന്താനമുണ്ടാകായ്കയാൽ, സമ്പത്തും ഭോഗ്യവസ്തുക്കളും ഗൃഹവും മറ്റും അവരെ സുഖപ്പെടുത്താതായി. ഒടുവിൽ അവർ സന്താനാർത്ഥം ധർമ്മം ചെയ്തുതുടങ്ങി. പാവപ്പെട്ടവർക്ക് പതിവായി പശുക്കളും ഭൂമിയും പൊന്നും വസ്ത്രവും ദാനംചെയ്തുപോന്നു. ഇങ്ങനെ ഉള്ള മുതലിൽ നേർപകുതി ധർമ്മത്തിനു ചെലവാക്കിയിട്ടും അവർക്ക് ഒരു പുത്രനാകട്ടെ പുത്രിയാകട്ടെ ജനിച്ചില്ല. തന്നിമിത്തം ചിന്താവിവശനായ ബ്രാഹ്മണൻ ഒരുദിവസം ദുഃഖം സഹിക്കവയ്യാതെ ഗൃഹംവിട്ട് കാട്ടിലേയ്ക്കു പോയി. ഉച്ചയ്ക്കു ദാഹം മൂഴുക്കുകയാൽ, ഒരു പൊയ്കയിൽ ചെന്നു കുറെ വെള്ളം കുടിച്ച്, ആ സന്താനദുഃഖാർത്തിതൻ ഒരു മരക്കിഴിലിരിപ്പായി. കുറച്ചുനേരം കഴിഞ്ഞപ്പോഴെയ്ക്കും ഒരു സന്യാസി അവിടെ വന്നുചേർന്നു. വെള്ളം കുടിപ്പാൻ വന്ന അദ്ദേഹത്തെ കണ്ടിട്ട്, ബ്രാഹ്മണൻ അടുത്തുചെന്നു കാൽക്കൽ നമസ്കരിച്ച്, അദ്ദേഹത്തിന്റെ മുമ്പിൽ വിക്കി കരഞ്ഞുംകൊണ്ടു നിന്നു.

സന്യാസി:—'ബ്രാഹ്മണ, എന്തിനാണ് അവൻ കരയുന്നത്? അങ്ങയ്ക്കെന്താണ് ഇത്ര വമ്പിച്ച വിചാരം? ദുഃഖകാരണം ഇന്നതാണെന്ന്, വേഗത്തിൽ എന്നോടു പറയൂ.'

ബ്രാഹ്മണൻ:—

(കിളിപ്പാട്ട്— കേക)

'ആടലെന്തോതാം മുനേ, പൂർവ്വപാപത്തിൻ ഫലം!
പൂടോടെയല്ലൊ വെള്ളം കുടിപ്പു പിതൃക്കൾ മേ;

Digitized By Kerala Sahitya Akademi

ദേവബ്രാഹ്മണർ കൈക്കൊൾവീല ഞാൻ നൽകുന്നതു;
ചാവാനായ് വന്നോനിങ്ങു സന്താനദുഃഖാന്ധൻ ഞാൻ.
എന്തു ജീവിതമെന്തു മന്ദിരമപൂർണ്ണം!
സന്തതിയില്ലെന്നാകിൽസ്സമ്പത്തെന്തെന്തു കലം!
ഞാനൊരു പക്ഷിയെപ്പോറ്റിയാൽ പെറില്ലതു
ഞാനൊരു മരം നട്ടാലായതും കായ്ക്കില്ലല്ലോ!
അപ്പോൾത്താനണങ്ങിടുപ്പാം, കായ്കളെൻഗൃഹം പൂകാൽ!
നിർഭാഗ്യനപുത്രൻ ഞാനെന്തിനിങ്ങിരിക്കുന്നു?'

ഇങ്ങനെ പറഞ്ഞു് ആ ദുഃഖപീഡിതൻ അടുക്കൽനിന്നു തേങ്ങിക്കരഞ്ഞുതുടങ്ങി. അപ്പോൾ സന്ന്യാസിക്കു് അത്യന്തം അലിവു തോന്നി. ഉടനെ യോഗജ്ഞനായ അദ്ദേഹം ബ്രാഹ്മണന്റെ ശിരോലിഖിതം വായിച്ചുനോക്കി, സകലവും മനസ്സിലാക്കിയിട്ടു്, വിവരിച്ചു പറഞ്ഞു:—'കേൾക്കു, ബ്രാഹ്മണ: ഞാനിപ്പോൾ അങ്ങയുടെ കർമ്മവിപാകം നോക്കി ഏഴു ജന്മംവരെ അങ്ങയ്ക്കു പുത്രനുണ്ടാകയേ ഇല്ല, തീർച്ചതന്നെ! സന്താനത്തെക്കുറിച്ചുള്ള അജ്ഞാനം വേണ്ട. കർമ്മഗതി ബലവത്തരമത്രേ. വോൻ വിവേകംപൂണ്ടു് സംസാരവാസന കളയു. സന്തതിനിമിത്തം പണ്ടു് സഗരൻ ദുഃഖത്തിലകപ്പെട്ടില്ലയോ? ഹേ, അങ്ങു കടം ബവാബ്ധിയെ കൈവിട്ടുകൊൾക. സർവ്വഥാ, സന്ന്യാസമാണു് സുഖം.'

ബ്രാഹ്മണൻ:—'വിവേകംകൊണ്ടെന്തുള്ളു? എനിക്കു് എങ്ങനെയെങ്കിലും ഒരുണ്ണിയെ തരിക. ഇല്ലെങ്കിൽ, സങ്കടം മൂഴത്ത ഞാൻ ഇവിടത്തെ മുമ്പിൽവെച്ചു പ്രാണത്യാഗം ചെയ്യും! പുത്രസുഖവും മറുമില്ലാത്ത ഈ സന്ന്യാസം എന്തു ഗുഷ്കം! പുത്രപൌത്രന്മാർ ചുഴന്ന ഗൃഹസ്ഥനാണു് ലോകത്തിൽ രസം'.

ഇങ്ങനെ ബ്രാഹ്മണന്റെ ആശ കണ്ടിട്ടു് ആ തപോധനൻ കഥിച്ചു:—'ബ്രഹ്മലിഖിതം മായ്ക്കുകയാൽ ചിത്രകേതു കഷ്ടത്തിൽപ്പെട്ടുപോയി. വോന്നു് പുത്രസുഖം ലഭിക്കുകയില്ല; അതിനു ഭാഗ്യമില്ല അങ്ങയ്ക്കു്. അങ്ങു വെറുതെ വാശിപിടിക്കുകയും ചെയ്യുന്നു. ഞാനെന്തു പറയട്ടെ!' ബ്രാഹ്മണന്റെ ആശ കണ്ടിട്ടു് ആ സന്ന്യാസി ഒരു പഴം കൊടുത്തു് ഇങ്ങനെ പറഞ്ഞു:—'ഇതു ഭാര്യയെ ഭക്ഷിപ്പിക്കു; എന്നാൽ അങ്ങയ്ക്കു് ഉണ്ണിയുണ്ടാവും. സ്ത്രീ സത്യവും ശൌചവും ദയയും ദാനവും പൂണ്ടു്, മദ്യം കൊല്ലും മുഴുവൻ 'ഒരിക്കലൂണാ'യി കഴിക്കണം. എന്നാൽ മകൻ അതിവിശിഷ്ടനായി വരും.'

Digitized By Kerala Sahitya Akademi

ഇങ്ങനെ പറഞ്ഞു യോഗി നടകൊണ്ടു. ബ്രാഹ്മണൻ ഗൃഹത്തിലേയ്ക്കു പോന്നു, പഴം ഭാര്യയുടെ കയ്യിൽ കൊടുത്തു, എങ്ങോട്ടോ പോയി. അദ്ദേഹത്തിന്റെ കുടിലനായ തങ്കനിയാകട്ടെ, സഖിയുടെ മുമ്പിൽവെച്ചു "കരച്ചിലും പിഴിച്ചിലു"മായി:—

(കർണ്ണപർവ്വരീതി)

ഹഹ, മമ വലച്ചിലായ്! പഴംതിന്നി-
ല്ലഹ;-മിതു തിന്നാലുള്ളവാകും ഗർഭം,
ഉടൻ വയർ വീർക്കും, പുറങ്കൂണുടൽ
ചടയ്ക്കും,-മെന്താകും ഗൃഹകാര്യം പിന്നെ!
പുറന്തൊപ്പിൽ വേണ്ടി വരികയാൽ പോകിൽ,
തപരയോടെങ്ങനെ നടക്കും ഗർഭിണി?
ഉയർമുന പോലെയിരിക്കുമേ ഗർഭം;
വയറിൽനിന്നതെങ്ങനെ പുറത്താക്കും?
ഇടയ്യുങ്ങാൻ ഗർഭം വിലങ്ങിച്ചുപോകി-
ലുടൻ വരും മമ മരണവും ദൃഢം!
മട്ടമലർ പോലെ മൃദുലമെൻ ദേഹം
കൊട്ടീറനോവെങ്ങനെ പൊറുക്കുന്നു?
എനിക്കു യാതൊന്നുമെളുതല്ലെന്നായാൽ
ധനമെല്ലാം * നാഞ്ഞൂർ കരസ്ഥമാക്കുമേ!
ഭയാസഹ്യശൈശവചാടികനിയമവും,
പ്രയാസമാണല്ലോ പരിപാലിക്കുവാൻ.
പുലത്താനും ദുഃഖം പ്രസവിച്ചാൽ; സുഖ-
മുലകിൽ മച്ചിക്കും വിധവയ്ക്കുമത്രേ!'

ഈവക ദുർവിചാരത്താൽ അവൾ പഴം ഭക്ഷിച്ചില്ല; പഴം തിന്നില്ലേ എന്നു ഭർത്താവു ചോദിച്ചപ്പോൾ, തിന്നു എന്നു മറുപടിയും പറഞ്ഞു.

ഒരു ദിവസം യദൃച്ഛയായി, അവളുടെ അനുജത്തി ഗൃഹത്തിൽ വന്നു. അപ്പോൾ, അവളോടു വിവരമെല്ലാം പറഞ്ഞു:—'ഇതിൽ എനിക്കു വലിയ വിചാരമായിരിക്കുന്നു. അനുജത്തി, ആ ദുഃഖത്താൽ വശംകെട്ട ഞാൻ എന്തുചെയ്യേണ്ടു?' അനുജത്തി പറഞ്ഞു:—'എനിക്കു ഗർഭമുണ്ടു! പെറ്റാൽ ആ കുട്ടിയെ തരാം. അതുവരെയും, ജ്യേഷ്ഠത്തി ഗർഭമുണ്ടെന്നു നടിച്ചു ഗൃഹത്തിൽ അടച്ചിരുന്നാൽ മതി. എന്റെ ഭർത്താവിനു വേണ്ടി കുറെ പണം കൊടുത്താൽ, അദ്ദേഹം കുട്ടി

* നാഞ്ഞൂർ=ഭർത്തൃസോദരി.

Digitized By Kerala Sahitya Akademi

യെത്തരും; അളകം ചോദിച്ചാൽ, അറാം മാസത്തിൽ പൊറ തിനാൽ കുട്ടി മരിച്ചുപോയി എന്നും പറഞ്ഞുകൊള്ളും അ കു ട്ടിയെ, ഞാൻ തന്നെ പതിവായി ഇവിടെ വന്നു വളത്തിക്കൊള്ളാം. പഴം പയിനു കൊടുത്തേയ്ക്കു. ഫലിയ്ക്കുമോ എന്നറിയാമല്ലോ!' സ്ത്രീ സ്വഭാവത്താൽ അവർ അപ്രകാരമൊക്കെ ചെയ്തു.

അനുജത്തി യഥാകാലം ഒരാൺകുട്ടിയെ പ്രസവിച്ചു; അ കു ട്ടിയെ അച്ഛൻ ഉപായത്തിൽ കൊണ്ടുവന്നു ധുന്ധുലിയ്ക്കു കൊടുക്കുക യുംചെയ്തു. അവളാകട്ടെ 'സുഖേന ഉണ്ണിയുണ്ടായി' എന്നു ഭർത്താവി നെ അറിയിച്ചു. ആത്മദേവനു സന്തതിയുണ്ടായതിൽ നാട്ടുകാർക്ക് സന്തോഷമായി. അദ്ദേഹം ജാതകർമ്മം കഴിച്ചു, ബ്രാഹ്മണർക്കു ദാന ങ്ങളും ചെയ്തു. അദ്ദേഹത്തിന്റെ പടിയ്ക്കൽ മംഗളമായ ഗീതവാദ്യ ഘോഷം മുഴങ്ങി.

ധുന്ധുലി ഭർത്താവിനോടു പറഞ്ഞു:— 'എന്റെ മുലയിൽ പാ ലില്ല. എങ്ങിനെയാണ്, ഉണ്ണിയ്ക്കു വല്ലവരുടേയും മുല കൊടുക്കുക? എന്റെ അനുജത്തി പ്രസവിച്ചിരിക്കുന്നു; കുട്ടി മരിച്ചുപോയി. അവ ളെ വരുത്തി ഗൃഹത്തിൽ പാർപ്പിച്ചാൽ ഉണ്ണിയെ അവൾ പോറ്റി ക്കൊള്ളും.' ഭർത്താവു പുത്രനെ നോക്കാൻ അ വിധം ഏർപ്പാടു ചെയ്തു. മകന്നു് അമ്മ 'ധുന്ധുകാരി' എന്നു പേരിട്ടു.

മൂന്നു മാസം കഴിഞ്ഞപ്പോൾ അ പഴുപു, സർവ്വാംഗസുന്ദരനാ യി കനകവർണ്ണനായി നിർമ്മലനായിരിക്കുന്ന ഒരു ദിവ്യകുമാരനെ പ്രസ വിച്ചു. അതു കണ്ടു സന്തുഷ്ടനായ ബ്രാഹ്മണൻ സംസ്കാരങ്ങളും താൻ തന്നെ നടത്തി. ആശ്ചര്യം കരുതി, ആളുകളെല്ലാം കാണാൻ വന്നു. ആത്മദേവന്നിപ്പോൾ വലിയ ഭാഗ്യമാണു; നോക്കു: പയിനു ദേവരു പിയായ കുട്ടിയുണ്ടായിരിക്കുന്നു!!' എന്നു്, ആളുകൾ അത്ഭുതപ്പെട്ടു. ദൈവയോഗത്താൽ അതിന്റെ രഹസ്യം ആർക്കും മനസ്സിലായില്ല.

ചെവി പഴുവിന്റേതുപോലെയായിരുന്നതിനാൽ ആ കുട്ടി ക്കു 'ഗോകർണ്ണൻ' എന്നും പേരിട്ടു. ഏതാനും കാലംകൊണ്ടു പുത്രന്മാ രിലുവരും യൌവനദശയിലെത്തി. ഗോകർണ്ണൻ പഠിപ്പും അറിവുമു ള്ളവനായിരുന്നു. ധുന്ധുകാരിയോ പരമമൂഢൻ: സ്നാനശൌചാദികളി ല്ല; ആരെന്തു കൊടുത്താലും തിന്നും; ഗുണ്ടു കലശൽ; കെട്ടതേ ചെ യ്യു; കള്ളം; കണ്ടവരെയൊക്കെ ഉപദ്രവിക്കും; ആരാന്റെ പുര കൊ ള്ളിവെയ്ക്കും; കുഞ്ഞുങ്ങളെ ഓമനിച്ചെടുത്തു പെട്ടെന്നു കിണറ്റിലേയ്ക്കി

Digitized By Kerala Sahitya Akademi

ട്ടും; കഴക്കിയവരെയും കൂടെനടന്നവരെയും ദ്രോഹിക്കും; പ്രാണിഹിംസയ്ക്ക് ആയുധവും വലയുമെടുത്തു നായ്ക്കളുമായി സദാ ചണ്ഡാലരോടൊരുമിച്ചു നടക്കും. അവൻ അച്ഛന്റെ സ്വത്തൊക്കെ തേവിടിശ്ശികൾക്കു കൊടുത്തു മുടിച്ചു; ഒരു ദിവസം അച്ഛനമ്മമാരെ പ്രഹരിച്ചു പാത്രങ്ങളും എടുത്തു കൊണ്ടുപോയി. അച്ഛൻ, ധനമെല്ലാം നശിച്ചു സങ്കടത്തിലകപ്പെട്ടു നിലവിളി കൂട്ടി.

ബ്രാഹ്മണൻ:—'സന്തതിയില്ലാതിരിക്കയാണ് ഭേദം; ചീത്ത മകൻ ഉണ്ടാകുന്നതു സങ്കടംതന്നെ! ഹാ, ഞാൻ എവിടെ പോകേണ്ടു? എവിടെ പാർക്കേണ്ടു? എന്റെ ദുഃഖം ആരു തീർക്കും? അയ്യോ, എന്റെ സ്ഥിതി കഷ്ടത്തിലായല്ലോ! ഞാൻ പ്രാണത്യാഗം ചെയ്യേണ്ടിവരും!'

അപ്പോൾ ജ്ഞാനിയായ ഗോകർണ്ണൻ അടുത്തു ചെന്ന്, അച്ഛനു വൈരാഗ്യം പറഞ്ഞുകൊടുത്തു:—'സംസാരം നിസ്സാരവും ദുഃഖമയവും മനോമയക്കുന്നതുമത്രേ. മകനാര്? ധനമാർക്ക്? സ്നേഹം എപ്പോഴും ചുറ്റിച്ചുകൊണ്ടിരിക്കും. ഇന്നുപോലും യാതൊരു സുഖവുമില്ല. ചക്രവർത്തികൾക്കുമില്ല സുഖം. വിരക്തനായി ഏകാന്തത്തിൽ വസിക്കുന്ന മുനിക്കു മാത്രമേ സുഖമുള്ളൂ. പുത്രനെക്കുറിച്ചുള്ള അജ്ഞാനം കളയൂ: വ്യാമോഹം നരകപ്രദമാകുന്നു. ഈ ദേഹം വീണുപോകും. എല്ലാം ഉപേക്ഷിച്ചു കാട്ടിലായ്ക്കു പോയ്ക്കൊൾക.' ഇതു കേട്ടിട്ടു പോകാനൊരുച്ച അച്ഛൻ പറഞ്ഞു:—ഉണ്ണി, കാട്ടിൽച്ചെന്നിട്ട് എന്തു ചെയ്യണം? അതു നീ വിസ്തരിച്ചു പറഞ്ഞുതരിക. ശഠനായ ഞാൻ കർമ്മത്താൽ സ്നേഹപാശങ്ങൾകൊണ്ടു ബദ്ധനായി, കാൽമുടന്തനായി, പൊട്ടക്കിണറ്റിൽ വീണുപോയി; ദയാലോ, എന്നെ കരയേറ്റുക!'

ഗോകർണ്ണൻ:—

(കിളിപ്പാട്ട്—കേക.)

'ചോരയുമിറച്ചിയുമെല്ലുമാം മെയ്യിൽസ്സക്തി
ചേരുന്ന, ഭാര്യാപുത്രാദികളിൽ മമതവും;
പാരിതെപ്പോഴും ക്ഷണഭംഗുരമായിക്കാണുക;
വൈരാഗ്യരസികനായ് ഭക്തിയെക്കൈക്കൊണ്ടാലും.
കേവലം ധർമ്മം ചെയ്യുക; ലോകധർമ്മങ്ങളം വിടുക;
സേവിക്ക സുജനത്തെ;-കൈവിടുക കാമാസംഗം;
ഈ രഹസ്യദോഷചിന്തവിട്ടാലും ഭവാൻ
നിത്യമാം നരകത്തിൽ ഭജനകഥാമൃതം!'

Digitized By Kerala Sahitya Akademi

ഇങ്ങനെ മകൻ ഉപദേശിച്ചതിനാൽ, ഷഷ്ഠിപൂർത്തികഴിഞ്ഞ ആ ബ്രാഹ്മണൻ മനസ്സുറപ്പിച്ച ഗൃഹംവിട്ട കാട്ടിൽച്ചെന്ന പാർത്തു പതിവായി വിഷ്ണുവിനെ പൂജിക്കുകയും, 'ദശമം' വായിക്കുകയും ചെയ്തു, ഒടുവിൽ വിഷ്ണുവിനോടു ചേർന്നു.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ഭഗവന്മാഹാത്മ്യപ്രകരണം, ഗോകർണ്ണോപാഖ്യാനം, വിഷ്ണുമോക്ഷകഥനം എന്നൂറിത്തൊണ്ണൂറിരണ്ടാമദ്ധ്യായം.

(൧)

ഒരുന്നൂറിത്തൊണ്ണൂറിമൂന്നാമദ്ധ്യായം.

കുമാരന്മാർ:—അച്ഛൻ പോയതിന്റെ ശേഷം, ധുന്ധുകാരി അമ്മയെ അധികം പ്രഹരിച്ചു. 'എവിടെയാണെ പണമിരിക്കുന്നതു്? പറഞ്ഞോ, ഇല്ലെങ്കിൽ ഞാൻ തല്ലിക്കൊല്ലും!' എന്നിങ്ങനെ അവൻ പറകയാൽ ഭയപ്പെട്ടു്, പുത്രദുഃഖിതയായ അമ്മ രാത്രിനേരം കിണറിൽ ചാടി, അതിൽ കിടന്നു മരിച്ചു.

യോഗനിഷ്ഠനായ ഗോകർണ്ണൻ തീർത്ഥയാത്രയായി പോയി. അദ്ദേഹത്തിനു സുഖമില്ല, ദുഃഖമില്ല; ശത്രുവില്ല. മിത്രമില്ല.

ധുന്ധുകാരി അഞ്ചു തെരിടിച്ചികളോടൊന്നിച്ചു്, അവരെ പുലർത്താൻ ഓരോ ഘോരകർമ്മം ചെയ്തുകൊണ്ടു ഗൃഹത്തിൽ പാർത്തു. ഒരു ദിവസം ആ കുലടകൾ കുറെ ആഭരണമാവശ്യപ്പെട്ടു. ആ കാമാന്ധൻ അതിനായി പുറത്തെയ്ക്കിറങ്ങി, എവിടെ നിന്നോ ധനം അപഹരിച്ചു. ഗൃഹത്തിൽ തിരിച്ചെത്തി, മികച്ച വസ്ത്രങ്ങളും കുറെ ആഭരണങ്ങളും അവർക്കു കൊടുത്തു. രാത്രിയിൽ അത്രയളവു ധനം കണ്ടിട്ടു സ്ത്രീകൾ തങ്ങളിലാലോചിച്ചു:—'ഇയ്യാൾ പതിവായി കളവു നടത്തുന്നുണ്ടു്. അതിനാൽ രാജാവു പിടിക്കും; പണം മേടിച്ചു് ഇയ്യാളെ തീർച്ചയായും കൊല്ലുകയും ചെയ്യും. ഈ സ്ഥിതിക്കു്, പണം പോകാതിരിപ്പാൻ, ഇയാളെ ഉപായത്തിൽ നമുക്കു കൊന്നുകൂടെയോ? ഇയ്യാളെ കൊന്നു പണവുമെടുത്തു നമുക്കു് എങ്ങോട്ടെങ്കിലും പോകാം.' ഇപ്രകാരം നിശ്ചയിച്ചിട്ടു്, അവർ, അയാളുറങ്ങുമ്പോൾ കയറുകൊണ്ടു വരിഞ്ഞു്, കഴുത്തിൽ കയറിട്ടു കൊല്ലുവാൻ തുടങ്ങി. അയാൾ വേഗത്തിൽ മരിച്ചില്ല. അതിനാൽ അവർ പരുങ്ങലിലായി, അയാളുടെ മുഖത്തു തീക്കനൽ കോരിച്ചൊരിഞ്ഞു. അങ്ങിനെ തീജ്വാലയിൽക്കിടന്നു പിടഞ്ഞു് അയാൾ ചത്തുപോയി. ശവം അവർ ഒരു കഴിയിലിട്ട

Digitized By Kerala Sahitya Akademi

മൂടി: സ്ത്രീകൾക്കു മുക്കാലും സാഹസം കൂടുമല്ലോ. ഈ ഗ്രാമസംഗതി ആരും അറിഞ്ഞില്ല. നാട്ടുകാർ ചോദിച്ചപ്പോൾ അവർ, 'ഞങ്ങളുടെ പ്രിയതമൻ ധനസമ്പാദനത്തിന്നായി ദൂരദിക്കിൽ പോയിരിക്കയാണെന്നും, ഈ വർഷത്തിൽ തിരിച്ചെത്തു'മെന്നും, സമാധാനം പറഞ്ഞു.

സ്ത്രീകൾ നാണംകെടും. അതിനാൽ അവരെ വിശ്വസിച്ചുപോകരുതു്; മൂഢതയാൽ വിശ്വസിച്ചു പോകുന്നവൻ ദുഃഖത്തിലകപ്പെട്ടും. കാമികളെ രസിപ്പിക്കുന്ന സ്ത്രീകളുടെ വാക്കു് അമൃതായിരിക്കും; മനസ്സോ കത്തിയുടെ വായ്ത്തലപോലെ! ഏതൊരുത്തനിലാണു് സ്ത്രീകൾക്കു പ്രീതിയുള്ളതു്?

ഭർത്താക്കന്മാർ ധാരാളമുള്ള ആ വേശ്യമാർ പണം കൈക്കലാക്കിനടന്നു. ധൂന്ധുകാരി ദുഷ്കർമ്മത്താൽ ഒരു വമ്പിച്ച പ്രേതമായിത്തീർന്നു. അവൻ വായുരൂപനായി തന്നപ്പോൾ വെയിലുമേറ്റു കഴുങ്ങിയും വിശന്നും ദാഹിച്ചും, എങ്ങും ഒരു പൊറുതി കിട്ടായ്കയാൽ 'അയ്യോ, ദൈവമേ!' എന്നു മുറവിട്ടും സദാ പത്തുദിക്കിലും പാഞ്ഞുനടക്കുകയായി. കുറെക്കാലം കഴിഞ്ഞപ്പോൾ, ധൂന്ധുകാരി മരിച്ച കഥ ഗോകർണ്ണൻ കേട്ടു; അയാളുടെ അനാഥതയോർത്തിട്ടു ഗോകർണ്ണൻ ഗയാശ്രാദ്ധമൂട്ടി: എന്നല്ല, ചെല്ലുന്ന തീർത്ഥത്തിലൊക്കെ ശ്രാദ്ധം കഴിച്ചു. ഇങ്ങനെ സഞ്ചരിക്കുന്ന ഗോകർണ്ണൻ സ്വനഗരത്തിലെത്തി, രാത്രിയിൽ ആരും കാണാതെ, ഗൃഹത്തിന്റെ മുറ്റത്തു ചെന്നു കിടന്നു. തന്റെ ബന്ധു അവിടെ കിടക്കുന്നതറിഞ്ഞിട്ടു ധൂന്ധുകാരി പാതിരയ്ക്കു് അതിഭയങ്കരമായ ആകൃതിയോടെ ഗോകർണ്ണന്റെ മുമ്പിൽ ആവിർഭവിച്ചു: ഒരിക്കൽ ആടാവും; ഒരിക്കൽ ആനയാവും; ഒരിക്കൽ പോത്താവും; ഒരിക്കൽ ഇന്ദ്രനാവും; ഒരിക്കൽ അഗ്നിയാവും; വീണ്ടും മനുഷ്യാകൃതിയെടുക്കും. ഈ വൈകൃതം കണ്ടിട്ടു ധീരനായ ഗോകർണ്ണൻ, 'ഇവൻ ഏതൊരു ഒരു ദുഷ്ടനിക്കാരനാണെ'ന്നു മനസ്സിലാക്കി, അവനോടു ചോദിച്ചു:—'രാത്രിയിൽ സഞ്ചരിക്കുന്ന അനൃഗനായ നീ ആരാണു്? ഈയവസ്ഥയിലായതെങ്ങിനെ? നീ പ്രേതമോ, പിശാചോ, രാക്ഷസനോ?' ഈ ചോദ്യം കേട്ടിട്ടു് അവൻ വീണ്ടും വീണ്ടും വാവിട്ടു കരഞ്ഞു; വാക്കു പുറപ്പെടുവിപ്പാൻ കഴിയായ്കയാൽ, എന്തോ ആംഗ്യം കാണിച്ചതേയുള്ളു. ഉടനെ ഗോകർണ്ണൻ കുടന്നയിൽ കുറെ വെള്ളം കോരി അവന്റെ മേലെയ്ക്കു് ഉതിർത്തു; ജലസേചനംകൊണ്ടു പാപം നീങ്ങുകയാൽ അവൻ പറയാൻ തുടങ്ങി: 'ഞാൻ അങ്ങയുടെ സോദരനായ ധൂന്ധുകാരി എന്നവനാണു് എന്റെ ദുഷ്കർമ്മത്താൽ ബ്രാഹ്മണ്യം നശിച്ചുപോയി വയ്യിച്ച അജ്ഞാനത്തിൽ ചുറ്റിത്തിരിഞ്ഞു ഞാൻ ചെയ്ത ദുഷ്കർമ്മങ്ങളും

Digitized By Kerala Sahitya Akademi

ക്ക കണക്കില്ല. ലോകഹിംസകനായ എനിക്ക സ്ത്രീകം ഉമ്മ്യതി വരുത്തിക്കളഞ്ഞു; അതിനാൽ ഞാൻ പ്രേതമായിത്തീർന്ന് ഈ ദുർഭാഗ്യം അനുഭവിച്ചുപോരുന്നു. കാറാണ് എനിക്ക് ആഹാരം. ദൈവം പ്രസാദിച്ചേ നിവൃത്തി കിട്ടൂ. ഹാ, ദയാശീലനായ ഭ്രാതാവേ, എന്നെ വേഗത്തിൽ മോചിപ്പിക്കണേ!' ഇതു കേട്ടിട്ട ഗോകർണ്ണൻ ഇങ്ങനെ പറഞ്ഞു:—'ഭവാനുവേണ്ടി ഞാൻ പുഴിപോലെ ഗയാശ്രാദ്ധം ഊട്ടിയല്ലോ; എന്നിട്ടും ഭവാനു മുക്തി വന്നില്ലെന്നോ? ഇതിൽ എനിക്ക വലിയ അത്ഭുതം തോന്നുന്നു. ഗയാശ്രാദ്ധത്താൽ മുക്തി വന്നില്ലെങ്കിൽ, ഇതിനു വേറെ ഉപായമൊന്നുമില്ല. ഹേ പ്രേതമേ, ഞാൻ എന്തുചെയ്യേണ്ടു? വിവരിച്ചു പറയുക.'

പ്രേതം:—'നൂറു ഗയാശ്രാദ്ധംകൊണ്ടും എനിക്ക മുക്തി കിട്ടുകയില്ല. അതിനാൽ വേറെ വല്ല ഉപായവും ആലോചിക്കണം.'

ഇതു കേട്ടിട്ട ഗോകർണ്ണൻ അത്ഭുതപ്പെട്ട പറഞ്ഞു: —'പ്രേതമേ, നൂറു ശ്രാദ്ധംകൊണ്ടും മുക്തി വരില്ലെങ്കിൽ, ഭവാനു മോചനം അസാദ്ധ്യം തന്നെ. ഇപ്പോൾ ഭവാൻ ഭയംവിട്ട സ്വസ്ഥാനത്തേയ്ക്കു പോയ്ക്കൊൾക. ഞാൻ ആലോചിച്ച് അങ്ങേയ്ക്കു മുക്തി കിട്ടുവാൻ വല്ലതും ചെയ്തുകൊള്ളാം.'

അതനുസരിച്ചു ധുന്ധുകാരി അവിടെനിന്നു സ്വസ്ഥാനത്തേയ്ക്കു പോയി. ഗോകർണ്ണൻ ആ രാത്രി മുഴുവൻ ആലോചിച്ചു നോക്കി; ഒന്നും തോന്നിയില്ല. നേരം പുലർന്നപ്പോൾ, രാത്രിയിലുണ്ടായതെല്ലാം അദ്ദേഹം പറഞ്ഞു. വിദ്വാന്മാരും, യോഗികളും, ജ്ഞാനികളും, ബ്രഹ്മവാദികളുമൊക്കെ പല ശാസ്ത്രങ്ങളും നോക്കി; എന്നിട്ടും പ്രേതത്തിന്റെ മുക്തിക്കു വഴി കണ്ടില്ല ഒടുവിൽ എല്ലാവരും കൂടി സൂര്യൻ പറയുന്നതുപോലെ ചെയ്യാമെന്നു തീർച്ചയാക്കി; അതുപ്രകാരം ഗോകർണ്ണൻ സൂര്യനെ സ്തംഭിപ്പിച്ചു നിർത്തി.

ഗോകർണ്ണൻ:—'ജഗൽസാക്ഷിൻ, നിന്തിരുവടിക്കു നമസ്കാരം! എനിക്കു മുക്തിമാർഗ്ഗം ചൊല്ലിത്തരിക.'

അതു കേട്ടിട്ട സൂര്യൻ ദൂരത്തുനിന്നു സ്പഷ്ടമായി ഇപ്രകാരം പറഞ്ഞു:—'ശ്രീമദ്ഭാഗവതത്താൽ മുക്തിവരും. സപ്താഹയജ്ഞം ചെയ്തുകൊൾക.' ഇപ്രകാരം സൂര്യൻ പറഞ്ഞതു ഒരു ധ്വനിശ്രവണമാത്രമേ കേൾക്കാറായി. 'പണിപ്പെട്ടു ചെയ്യേണ്ടതു എളുപ്പത്തിൽ സാധിക്കാറായല്ലോ' എന്നു സകലരും അഭിപ്രായപ്പെട്ടു.

Digitized By Kerala Sahitya Akademi

ഗോകർണ്ണൻ ആ വിധം നിശ്ചയിച്ചു വായന തുടങ്ങി; ആ കേൾപ്പാൻ പല ദിക്കുകളിൽനിന്നും ആളുകൾ അവിടെ വന്നുകൂടി കാൽമുടന്തന്മാരും, കൂനുടന്മാരും, കിഴവന്മാരും, ദരിദ്രന്മാരുംകൂടി പാപശാന്തിക്കായി വന്നെത്തി. അതു ദേവകളെപ്പോലും ആശ്ചര്യപ്പെടുത്തത്തക്കവണ്ണം അത്ര വലുതായ ഒരു സഭയായി. ഗോകർണ്ണൻ ഇരുന്നവായിപ്പാൻ തുടങ്ങിയപ്പോഴെയ്ക്കും ആ പ്രേതവും അവിടെ വന്നുചേർന്നു. അങ്ങുമിങ്ങും സ്ഥലം നോക്കിയതിൽ ഏഴു കന്പുള്ള ഒരു വലിയ മുള അവിടെ കണ്ടെത്തി; പ്രേതം വായന കേൾപ്പാൻ അതിന്റെ അടിക്കന്പിനുള്ളിൽ കടന്നിരുന്നു. വായുരൂപിയാകയാൽ നിലയ്ക്കൊള്ളുവാൻ വയ്യാഞ്ഞതുകൊണ്ടാണ്, മുളയുടെ ഉള്ളിൽ കടന്നതു്. ഗോപുരൻ ഒരു വൈഷ്ണവബ്രാഹ്മണനെ മുഖ്യശ്രോതാവായിക്കല്പിച്ചു്, പ്രഥമസ്കന്ധം വായിച്ചു സംപൂർണ്ണമായി അർത്ഥംപറഞ്ഞു. വൈകുന്നേരം ഗ്രന്ഥം കെട്ടിവെച്ചപ്പോൾ ഒരത്ഭുതമുണ്ടായി: എല്ലാവരും നോക്കിക്കൊണ്ടിരിക്കെ, മുളയുടെ ഒന്നാമത്തെ കന്പു് ഉച്ചശബ്ദത്തിൽ പൊളിഞ്ഞു! രണ്ടാംദിവസം വൈകുന്നേരം രണ്ടാമത്തെ കന്പു പൊളിഞ്ഞു; മൂന്നാംദിവസം വൈകുന്നേരം മൂന്നാമത്തെ കന്പും പൊളിഞ്ഞു. ഇങ്ങനെ ഏഴുനാൾകൊണ്ടു് ഏഴു കന്പും പൊളിഞ്ഞുപോയി. ദ്വാദശസ്കന്ധം ശ്രവിച്ചുതോടുകൂടി, ധുന്ധുകാരി പ്രേതത്വം വിട്ടു ദിവ്യരൂപനായിത്തീർന്നു; തുളസിമാലയും മഞ്ഞപ്പട്ടും കിരീടകുണ്ഡലങ്ങളുമണിഞ്ഞു കാർവർണ്ണനായ അവൻ ഭ്രാതാവായി ഗോകർണ്ണനെ നമസ്കരിച്ചു് ഇങ്ങനെ പറഞ്ഞു:—

(കൃഷ്ണഗാന്ധാരിതി.)

ഭ്രാതാവേ, കാരുണ്യശീലനാമങ്ങുനൊൻ-
പ്രേതത്വദുർദ്ദശ തീർത്തുവല്ലോ;
വേഗത്തിൽ പ്രേതാദിപീഡകളൊക്കെപോക്കുന്ന
ഭാഗവതാഖ്യാനമെത്രപുണ്യം!
ആഴിവർണ്ണന്റെ സാലോക്യം നൽകുമീ-
'ദ്വയഷ്ടാക്ഷരം'വായന'യെത്രപുണ്യം!
ചിക്കന്നു നമ്മളെപ്പാടേ നശിപ്പിക്ക-
മിക്കഥ'യെന്നൊരു ഭീതിമൂലം
സർവ്വപാപങ്ങളും ഞെട്ടിവിറച്ചുപോം,
സപ്താഹവായന കേട്ടീടുന്നാൽ!
സൂക്ഷ്മം താനാ,ർദ്രം താൻ, സ്ഥൂലം താൻ, സൂക്ഷ്മം താൻ,
മുക്കരണങ്ങളാൽ ചെയ്ത പാപം,

Digitized By Kerala Sahitya Akademi

സപ്താഹം കേൾപ്പുകിൽസ്സർവ്വം ലഭിച്ചുപോം:
സപ്താഹിസ്സിക്കൽസ്സമിത്തുപോലെ.
ഭാരതമാകുമീ വൻകാട്ടിൽ,ദ്വേഷാ-
ഗാരങ്ങളിൽവെച്ചു പണ്ഡിതന്മാർ
ചൊല്ലുന്ന സൽക്കഥ കേൾക്കാത്ത മാനുഷ-
ക്കെല്ലാം പിറപ്പു വൃഥാവിലത്രേ.
മോഹം നിമിത്തമീ സ്ഥിരമാകിയ
ദേഹം ബലിഷ്ഠമായ്ത്തീരുംവണ്ണം
പോഷമായ്പ്പോറി രക്ഷിച്ചിട്ടെന്തുള്ളൂ,
ശ്രീതകശാസ്ത്രം പഠിച്ചീടാതെ?
അസ്ഥിയാം സ്തംഭവും സ്നായുക്കളും തൻകെട്ടും
രക്തമാംസത്തുപ്പും തോൽമറയും—
ഇത്തരമാം രോഗവീടായ് ജരാമയ-
ഗ്രസ്തമായ് വിൺമൂത്രപാത്രമായി,
നന്നായ് നിറയ്ക്കാനും പോറാനും വയ്യാതു-
മെന്നാമീ നാറുന്ന കെട്ട ദേഹം
തീരെ ക്ഷണത്താൽ നശിച്ചു,മലം പുഴു
ചാരമെന്നീവകയായിത്തീരും!
അസ്ഥിരമാമിതുകൊണ്ടെന്തുവാൻ ഫലം,
സുസ്ഥിരകർമ്മത്തെസ്സാധിയ്ക്കായ്കിൽ?
രാവിലെന്നേരത്തു വെച്ച ചോറന്തിയ്ക്കു
കേവലം ചീത്തയായ് പ്പോകുമല്ലൊ;
ആയതുകൊണ്ടു പുലർന്നതായുള്ള
കായം നിലനിൽക്കുമെത്രത്തോളം?
ലോകത്തിൽസ്സപ്താഹവായന കേൾക്കുകിൽ
ശ്രീകാന്തസാന്നിധ്യമുണ്ടായ് വരും;
ആകയാൽ, ദോഷനിവൃത്തിയ്ക്കിതന്നെ-
യേകമാം സാധനമെന്നുകേൾപ്പൂ.
ബോധമില്ലാത്തൊരുണക്കമുള്ളുമി-
ശ്രാഥകം കേട്ടതു കാരണത്താൽ
കമ്പു പൊളിഞ്ഞതു ചിന്തിക്കിൻ,ചിത്തത്തിൻ-
കമ്പുപൊളിയുന്നതത്ഭുതമോ?
ഹന്ത! ജലത്തിങ്കൽപ്പോളകം പോലവേ,
ജന്തുവർഗ്ഗത്തിൽക്കൊയ്ക്കരംപോലെ

Digitized By Kerala Sahitya Akademi

ചാകുവാൻമാത്രമായുന്ന പിറക്കുന്നോ-
രാകുന്ന സൽക്കഥ കേട്ടിടാത്തോർ.
ചിത്തത്തിൻഗ്രന്ഥി പൊളിഞ്ഞുപോം; സംശയ-
മത്രയും തീർന്നുപോം;-മറ്റില്ല
മത്ത്യർക്ക് കർമ്മവുമൊക്കെ ക്ഷയിച്ചുപോം,
സപ്താഹവായന കേട്ടുകൊണ്ടാൽ.
പാരിയ സംസാരമാകുന്ന പങ്കത്തെ
മാറും കഴുകിക്കളഞ്ഞുകൊൾവാൻ
ശക്തമാം സൽക്കഥാതീർത്ഥമിരിക്കവേ
മുക്തി വൃഥിസ്ഥാ താനേതുകർമ്മം!'

ഇങ്ങനെ പറയുന്നതിനിടയിൽ, വൈകുണ്ഠത്തിലെ ആരംക്കാരോട് ക്രുദ്ധിയ ഒരു തേജസ്സു പുഴന്ന വിമാനം അവിടെ വന്നിറങ്ങി; എല്ലാവരും നോക്കിനിൽക്കെ, ധുന്ധുലീപുത്രൻ ആ വിമാനത്തിൽ കേറുകയും ചെയ്തു. വിമാനത്തിലുള്ള വൈഷ്ണവന്മാരോടായി ഗോകർണ്ണൻ ചോദിച്ചു:—'വിശിഷ്ടന്മാരേ, ഇവിടെ എന്റെ വായന കേട്ടവരായി വളരെപ്പേരുണ്ടല്ലോ; അവക്കെല്ലാം മന്നിച്ചു വിമാനങ്ങളും കൊണ്ടുവരാഞ്ഞതെന്താണ്? ഇവിടെ ശ്രവണം എല്ലാവർക്കും ഒപ്പമായിരിക്കെ എല്ലാകൊണ്ടാണ് ഫലത്തിന്റെ വ്യത്യാസം വന്നത്? അല്ലയോ വൈഷ്ണവന്മാരേ, പറഞ്ഞുതന്നാൽക്കൊള്ളാം.

വിഷ്ണുദാസന്മാർ:—'ശ്രവണത്തിന്റെ വ്യത്യാസത്താലാണ് ഫലത്തിനും വ്യത്യാസംവന്നത്. എല്ലാവരും ശ്രവിക്കുകയുണ്ടായി; പക്ഷേ മനനംചെയ്തുണ്ടായില്ല. അതിനാലത്രേ ഫലവ്യത്യാസം വന്നത്. വീണ്ടും ശ്രവിച്ചാൽ മതി. പ്രേതമാകട്ടെ, ഏഴുനാൾ ഉപവാസംചെയ്തിട്ടാണ് ശ്രവിച്ചത്; മനസ്സുറപ്പിച്ചു മനനം മുതലായതും അനുഷ്ഠിച്ചിരിക്കണം.

(ശ്ലോകങ്ങൾ)

ഉറയ്ക്കാഞ്ഞാൽ കെടും ജ്ഞാനം;
പ്രമാദത്താൽ കെടും ശ്രുതം;
സംശയത്താൽ കെടും മന്ത്രം;
വിട്ടുപോയ്കയാൽ കെടും ജപം;
അവൈഷ്ണവം നാടുകെടും;
കെടും ശ്രാദ്ധമപാത്രകം;
കെടുമശ്രോത്രിയേ ദാനം;-
മനാചാരാൽ കെടും കുലം.

Digitized By Kerala Sahitya Akademi

ഗുരുവാക്കിൽ വിശ്വാസം, താൻ ദീനനാണെന്ന വിചാരം, മനോദോഷനിഗ്രഹം, കഥയിൽ ദൃഢശ്രദ്ധ എന്നീ വകയുണ്ടായാലേ ശ്രവണഫലം സിദ്ധിക്കുകയുള്ളൂ. ഒരിക്കൽക്കൂടി ശ്രവിച്ചാൽ എല്ലാവർക്കും വൈകുണ്ഠവാസം തീർച്ചയാണ്. ഗോകർണ്ണ, അങ്ങയ്ക്കു ഗോവിന്ദൻ ഗോലോകംതന്നെ കല്പിച്ചുതരും.'

ഇപ്രകാരം പറഞ്ഞു വിഷ്ണുകിങ്കരന്മാരെല്ലാം വൈകുണ്ഠത്തിലേയ്ക്കു പോയി.

ഗോകർണ്ണൻ വീണ്ടും ശ്രാവണമാസത്തിൽ വായന തുടങ്ങി; എല്ലാവരും ഏഴുനാൾ ഉപവസിച്ചു ശ്രവണമനുഷ്ഠിച്ചു. വായനയുടെ അവസാനത്തിൽ എന്താണുണ്ടായത്? വിഷ്ണു താൻതന്നെ വിമാനങ്ങളും ഭക്തന്മാരുമായി പ്രത്യക്ഷീഭവിച്ചു! അവിടെ പല പല ജയശബ്ദങ്ങളും നമസ്കാരങ്ങളും മുഴങ്ങി; മനം കുളിർത്ത ഭഗവാൻ പാഞ്ചജന്യമൂതി. ഗോവിന്ദൻ ഗോകർണ്ണനെ ആലിംഗനംചെയ്ത് അദ്ദേഹത്തിനു സാരൂപ്യം നൽകി; ശ്രോതാക്കളെ ക്ഷണനേരംകൊണ്ടു മേഘശ്യാമളന്മാരും പീതാംബരന്മാരും കിരീടകുണ്ഡലാലങ്കൃതന്മാരുമാക്കിത്തീർത്തു. ആ ഗ്രാമത്തിൽ ചണ്ഡാലശുനകപര്യന്തമുള്ള സകല ജീവികളും ഗോകർണ്ണന്റെ കരുണയാൽ വിമാനത്തിൽ കേറി, യോഗിഗമ്യമായ വിഷ്ണുലോകത്തിലേയ്ക്കു പോയ്ക്കളഞ്ഞു. പുരാണശ്രവണത്താൽ പ്രസാദിച്ച ഭക്തവത്സലനായ ഗോപാലൻ ഗോകർണ്ണനെയും കൊണ്ടു ഗോപപ്രിയമായ ഗോലോകത്തിലേയ്ക്കു പുറപ്പെട്ടു. പണ്ട് അയോദ്ധ്യാവാസികളെ രാമൻ എപ്രകാരമോ, അപ്രകാരം അവരെ വിഷ്ണുയോഗികൾക്കുപോലും ദുർല്ലഭമായ ഗോലോകത്തിലേയ്ക്കു കൊണ്ടുപോയി.

ശ്രീമദ്ഭാഗവതം ശ്രവിച്ചതിനാൽ, അവർ, സൂര്യനോ ചന്ദ്രനോ സിദ്ധന്മാരോ ഒരിക്കലും ചെല്ലാത്ത ലോകം പ്രാപിച്ചു. സപ്താഹയജ്ഞംകൊണ്ടുള്ള ഫലം എന്തുപറയണം! ഗോകർണ്ണകഥാമൃതം കർണ്ണംകൊണ്ടു നുകരുന്നവർക്കു തന്നെ, പിന്നെ ഗർഭവാസം അനുഭവിക്കേണ്ടി വരില്ല. കാറോ ഇലയോ വെള്ളമോ ഭക്ഷിച്ചു ദേഹം വരട്ടി വളരെക്കാലം കഠിനതപസ്സു ചെയ്തുകൊണ്ടാകട്ടെ, യോഗംകൊണ്ടാകട്ടെ, മനുഷ്യർക്കു സപ്താഹവായന കേട്ടാലുള്ള ഗതി ലഭിക്കുകയില്ല. ഈ പുണ്യമായ ഇതിഹാസം ബ്രഹ്മാനന്ദത്തിൽ മുഴുകിയ ശാണ്ഡില്യമഹർഷിപോലും ചിത്രകൂടത്തിലിരുന്നു വായിച്ചുപോരുന്നു.

(൫൫)

ആഖ്യാനമിതു തുലോം പവിത്രമൊരുകാറി
കേൾക്കുകിൽ ദുരിതൌഘം വെന്തുവെണ്ണീറായ്പ്പോകും;

Digitized By Kerala Sahitya Akademi

ശ്രോത്രത്തിൽ വായിച്ചെന്നാൽ തൃപ്തിയാം പിതൃക്കൾക്ക്;
പേർത്തുമേ പതിവായിച്ചൊല്ലിയാൽ മോക്ഷംകിട്ടും.

(൦)

ഒരുനൂറിത്തൊണ്ണൂറിനാലാമദ്ധ്യായം.

കുമാരന്മാർ:—ഇനി സപ്താഹവിധി പറഞ്ഞുതരാം. ആളും പണവും വളരെയുണ്ടായാലേ മുക്കാലും ഇതു സാധിക്കൂ. ജ്യോത്സ്യനെ വരുത്തി മുഹൂർത്തം ചോദിക്കണം; വിവാഹമുഹൂർത്തം നോക്കിയാലത്തെ പ്രതിഫലവും കൊടുക്കണം. ആഷാഢം, ശ്രാവണം, പ്രോഷ്ഠപദം, ആശ്വയുജം, കാർത്തികം, മാർഗ്ഗശീർഷം എന്നീ മാസങ്ങളിൽ വായന തുടങ്ങുന്നതു ശ്രോതാക്കൾക്കു മുക്തിസൂചകമാകുന്നു. ഈ മാസങ്ങളിൽത്തന്നെ ചൊവ്വാഴ്ചയും ഞായറാഴ്ചയും ധ്രുവ (ഉത്ര, ഉത്രാടം, ഉത്രട്ടാതി, രോഹിണി) മൃദു (ചിത്ര, അനിഴം, മകയിരം, രേവതി)നക്ഷത്രങ്ങളും വർജ്ജിക്കുകയത്രേ. മുമ്പിൽ പതിവായുള്ള പുരാണവായനയിലും പ്രാജ്ഞൻ, സൂതന്റെ പെരുപുലയാകയാൽ ഭാഗവതശിവർജ്ജിക്കണം; എന്നാൽ ശ്രീഭാഗവതത്തിനു്, നൈത്യകമായാലും സപ്താഹമായാലും, ഈ നിഷേധമില്ലെന്നു പൂർവ്വികർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഉത്സാഹികളെ ഇതിൽ സാഹായ്യത്തിനു നിർത്തണം; ഊരുതോറും ഈ വർത്തമാനം പരസ്യപ്പെടുത്തണം: 'ഇവിടെ വായന നിശ്ചയിച്ചിട്ടുണ്ടു്; കുടുംബത്തോടുകൂടി വന്നുചേരണം' എന്നു്. സ്ത്രീശൂദ്രാദികൾക്കു് അറിവിനുതകുന്ന ഹരികഥയും അവതരിപ്പിക്കുവാനും അത്ര സുലഭമല്ലല്ലൊ. ദേശന്തോറും വായനയിൽ സമുത്സുകരായിട്ടുള്ള വൈഷ്ണവസന്ന്യാസിമാർക്കു കായികമായ്ക്കണം: 'ഏഴുനാളും സുന്ദരവും ഭദ്രവുമായ സജ്ജനസമാജവും, അതിനു വെച്ചു് അസാധാരണ രസംചേർന്ന വായനയും ഉണ്ടാകുന്നതാണു്; ശ്രീമദ്ഭാഗവതപീയൂഷം ആസ്വദിപ്പാൻ അത്യന്തം താല്പര്യമുള്ള നിങ്ങളും സസ്നേഹം വേഗത്തിൽ വന്നുചേരുമാറാകണം. ഇടയില്ലാത്തപക്ഷം, ഒരു ദിവസത്തേയ്ക്കെങ്കിലും വന്നേകഴിയൂ. ഈവക മഹോത്സവം എളുപ്പത്തിൽ കിട്ടാവുന്നതല്ലല്ലോ.' എന്നിപ്രകാരം അവരെ വണക്കത്തിൽ ക്ഷണിക്കണം; വരുന്നവക്കൊക്കെ പാർപ്പിടങ്ങളും ഏർപ്പെടുത്തണം.

Digitized By Kerala Sahitya Akademi

തീർത്ഥത്തിലോ, വനത്തിലോ, ഗൃഹത്തിലോ ആവാം വായന. വിശാലമായ സ്ഥലത്തായിരിക്കണം; നിലം വൃത്തിപ്പെടുത്തി അടിച്ചുവാരി തേച്ചു ചായമിടണം. ഗ്രന്ഥോപകരണങ്ങളും എടുത്തു മുകളിൽ ഒരുക്കിവെയ്ക്കണം. പതിനഞ്ചു ദിവസത്തിനുമുമ്പ് വിരിപ്പുകൾ ശേഖരിക്കണം. കൊലവാഴകൾകൊണ്ടും പത്രപുഷ്പഫലങ്ങൾകൊണ്ടും അലങ്കരിച്ചു നീളെ മേലാപ്പുകെട്ടി ഒരു ഉയർന്ന മണ്ഡപം ഉണ്ടാക്കണം; നാലുദിക്കിലും വളരെ മോടിയിൽ കൊടിനാട്ടണം; മേല്പോട്ട് ഏഴു നിലകൾ വിസ്താരത്തിൽ നിർമ്മിക്കണം. അവയിൽവേണം സന്ന്യാസിബ്രാഹ്മണരെ വിളിച്ചിരുത്തുക; ഒന്നാമതായി അവർക്ക് യഥാക്രമം ആസനങ്ങൾ നൽകണം. വായനക്കാരനും ദിവ്യമായ ആസനം വെയ്ക്കണം; വായനക്കാരൻ വടക്കോട്ടാണെങ്കിൽ ശ്രോതാവു (വായന നടത്തുന്ന ഭാഗം) കിഴക്കോട്ടും, വായനക്കാരൻ കിഴക്കോട്ടാണെങ്കിൽ ശ്രോതാവു വടക്കോട്ടും തിരിഞ്ഞിരിക്കുക അല്ലെങ്കിൽ, പൂജ്യരുടേയും പൂജകന്റെയും മദ്ധ്യഭാഗം കിഴക്കോട്ടായി സങ്കല്പിക്കാം. ശ്രോതാക്കൾ വന്നുചേർന്നാൽ, ദേശകാലജ്ഞർ അഭിപ്രായപ്പെട്ട വിരക്തനും വേദശാസ്ത്രപരിശോധകനും ദൃഷ്ടാന്തവിശുദ്ധനും ധീരനും തീരെ നിഗ്രഹസ്ഥനുമായ വൈഷ്ണവദ്വിജനെ വായനയ്ക്കാക്കുക; ഒരു ധർമ്മവും അനുഷ്ഠിക്കാത്തവരും സ്ത്രീലമ്പടരും പാഷണ്ഡവാടികളും, പണ്ഡിതന്മാരായാൽക്കൂടി, ശുകശാസ്ത്രകഥനത്തിന് ഏർപ്പെടുത്താവുന്നവരല്ല. വായനക്കാരന്റെ ഒരുവശത്തു സഹായത്തിനായി അദ്ദേഹത്തെപ്പോലെതന്നെ പണ്ഡിതനും സംശയം തീർത്തു ജനങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കുന്നവനുമായ ഒരാളെക്കൂടി ഇരുത്തണം. വായനക്കാരൻ വ്രതാകൊള്ളാനായി തലേന്നാൾ ക്ഷൌരംകഴിക്കണം അരുണോദയത്തിൽ ശൌചവും സ്നാനവും ചെയ്തു സന്ധ്യാവന്ദനവും മറ്റും മുടക്കത്തിൽ കഴിച്ചു്, വിഘ്നശാന്തിക്കായി ഗണപതിയെ പൂജിക്കണം; പതുക്കെ തപ്പിച്ചു ശുദ്ധികരവേണ്ടി പ്രായശ്ചിത്തവും ചെയ്യണം. ഒരു മണ്ഡലമിട്ടു വിഷ്ണുവിനെ പ്രതിഷ്ഠിച്ചു മന്ത്രപൂർവ്വം പൂജനടത്തണം; പൂജാവസാനത്തിൽ പ്രദക്ഷിണംവെച്ചു നമസ്കരിച്ചു്,

'സംസാരസാഗരേ മഗ്നാ ദീനം മാം കരുണാനിധേ,
കർമ്മഗ്രാഹഗൃഹീതാംഗാ സമുദ്ധര ഭവാർണ്ണവാത്!'

എന്നു സ്തുതിക്കണം. ശ്രീമൽഭാഗവതഗ്രന്ഥത്തേയും മനസ്സിരുത്തി യഥാവിധി ധൂപദീപാദികൾകൊണ്ടു ഭക്തിയോടെ പൂജിക്കണം; എന്നിട്ട് ക്രുവളക്കായ് കയ്യിലെടുത്തു നമസ്കരിച്ചു പ്രസന്നചിത്തനായി സ്തുതിക്കണം:

Digitized By Kerala Sahitya Akademi

'ശ്രീമൽ ഭാഗവതാഖ്യ, ത്വം പ്രത്യക്ഷഃ കൃഷ്ണ ഏവ ഹി
സ്വീകൃതോസി മയാ നാഥ, മുക്ത്യർത്ഥം ഭവസാഗരേ.
മനോരഥോ മദീയോയം സഫലസ്സുവ്രതാ ത്വയാ
നിർവിഘ്നേനൈവ കർത്തവ്യോ ഭാസോഹം തവ കേശവ!'

എന്ന ശ്ലോകമാംവണ്ണം പ്രാർത്ഥിച്ചിട്ട് വായനക്കാരനെ വസ്ത്രാഭരണങ്ങളണിയിച്ചു പൂജിക്കുക; ഒടുവിൽ അദ്ദേഹത്തേയും,

'ശുകരൂപ, പ്രബോധജ്ഞ, സർവശാസ്ത്രവിശാരദ,
ഏതൽകഥാപ്രകാശേന മദജ്ഞാനം വിനാശയ!'

എന്ന സ്തുതിക്കണം. പിന്നീട് നിയമംകൊള്ളുക; അതു് ഏഴു നാളും യഥാശക്തി നിർവഹിക്കുകയും വേണം. വായന മുടങ്ങാതിരിപ്പാൻ അഞ്ചു ബ്രാഹ്മണരെ വരിച്ചു്, അവരെക്കൊണ്ടു ദ്വാദശാക്ഷരമന്ത്രം ജപിപ്പിക്കണം. ബ്രാഹ്മണരെയ്ക്കണമേയും മറവു കീർത്തനകാരികളേയും വണങ്ങി പൂജിച്ചു് അനുജ്ഞ വാങ്ങിയിട്ടു വേണം താൻ ഇരിക്കുക; ലോകം, വിത്തധനങ്ങളം, ഗൃഹം, മക്കളം എന്നീ വക വിചാരം വെടിഞ്ഞു വിശുദ്ധചിത്തനായി വായനയിൽത്തന്നെ ശ്രദ്ധിച്ചുകൊള്ളണം. എന്നാൽ ഉൽകൃഷ്ടമായ ഫലം കിട്ടും. സൂര്യോദയം മുതൽ മൂന്നരയാമം ധീമാൻ നല്ല ശബ്ദത്തിൽ വഴിപോലെ വായിക്കണം; ഉച്ചയ്ക്കു രണ്ടുനാഴിക വായന നിർത്തണം. വായനയ്ക്കുശേഷം വൈഷ്ണവർ കീർത്തനം നടത്തണം. മല മൂത്രങ്ങളം മുങ്ങാൻ ലഘുവായ ഭക്ഷണം കഴിക്കയാണു നല്ലതു്: ഒരുനേരം മാത്രം ഹവിഷ്യാന്നം ഭുജിക്കുക. ശക്തിയുണ്ടെങ്കിൽ ശ്രോതാവു് ഏഴുനാളും ഉപവാസം ചെയ്യുക. നെയ്യോ പാലോ ഫലങ്ങളോ കഴിക്കുകയുമാവാം. ഒരിക്കലൂണിന്നും വിരോധമില്ല. എളുപ്പത്തിലാകാവുന്നതു ചെയ്യുക. ഉപവാസംകൊണ്ടു ശ്രവണവിഘ്നം നേരിടുമെങ്കിൽ, ശ്രോതാവു് ഊൺകഴിക്കുന്നേയാണു നല്ലതു്.

നാരദ, സപ്താഹവ്രതികർക്കുള്ള നിയമങ്ങളും കേട്ടുകൊള്ളുക; വിഷ്ണുദീക്ഷയില്ലാത്തവർക്കു ശ്രവണാധികാരമില്ല: ബ്രഹ്മചര്യം വേണം; താഴത്തേ കിടക്കാവൂ; ഇലയിൽ വേണം ഉണ്ണുക. നാലുനേരം വായന കഴിഞ്ഞേ ഉണ്ടുകൂടൂ. പരിപ്പു്, മധു, എണ്ണ, ഗുരുതരമുള്ള അന്നം, വ്യായാമമില്ലാത്തതു്, പഴകിയതു് എന്നിവ കഥാവ്രതക്കാരൻ വർജ്ജിക്കണം കാമം, ക്രോധം, മദം, അഭിമാനം, മത്സരം, ലോഭം, ദംഭം, മോഹം, ദ്വേഷം എന്നിവയും അകറ്റണം. വേദത്തേയും വൈഷ്ണവരേയും ബ്രാഹ്മണരേയും ഗുരുക്കന്മാരേയും ഗോക്കളേയും വ്രതക്കാരേയും സ്ത്രീകളേയും രാജാക്കന്മാരേയും മഹത്തുക്കളേയും നിന്ദിക്കരുതു്.

Digitized By Kerala Sahitya Akademi

രജസ്വല, അന്ത്യജൻ, ശ്വപചൻ, പതിതൻ, വ്രതഭ്രഷ്ടൻ, ബ്രാഹ്മണദ്രോഹി, വേദബാഹ്യൻ എന്നീ ക്രൂരരോടു സംസാരിക്കരുതു്. സത്യവും ശൌചവും ദയയും മൌനവും ആർജ്ജവവും വിനയവും ഉദാരഹൃദയതവും ഉണ്ടായിരിക്കണം.

ദരിദ്രൻ, ക്ഷയംപാറിയവൻ, രോഗി, ഭാഗ്യം കെട്ടവൻ, പാപം ചെയ്യുവൻ, സന്തതിയില്ലാത്തവൻ, മുമുക്ഷു എന്നിവർ വായന കേൾക്കണം. *അപുഷ്പ, കാകവന്ധ്യ (ഒന്നു പെറ്റു മച്ചിയായവൾ), വന്ധ്യ, കുട്ടി മരിച്ചവൾ, ഗർഭമലസിപ്പോകുന്നവൾ എന്നീ സ്ത്രീകളും സശ്രദ്ധം ശ്രവിക്കണം.

ഈ ഏഴു ദിവസങ്ങളിൽ യഥാവിധി ദാനംചെയ്യുതു് എന്നെന്നും അക്ഷയമായിരിക്കും. കോടിയജ്ഞങ്ങളുടെ ഫലം നൽകുന്നവയാകുന്ന ഈ അത്യുത്തമങ്ങളായ ദിവസങ്ങൾ. ഇതോത്തു് ഉദ്യാപനം (കാലംകൂട്ടൽ) ശരിക്കു ചെയ്യണം —ഫലോപ്പക്കം ജന്മാഷ്ടമവ്രതം പോലെ അനുഷ്ഠിക്കണം. വകയില്ലാത്ത ഭക്തന്മാർ ഉദ്യാപനം ചെയ്തേ കഴിയൂ എന്നില്ല; ശ്രവിക്കുകമാത്രം ചെയ്താൽ മുക്തിവരും. നിഷ്കാമരാണല്ലോ വൈഷ്ണവർ. ഇങ്ങനെ സപ്താഹയജ്ഞം അവസാനിച്ചാൽ ശ്രോതാക്കൾ ഗ്രന്ഥത്തെയും വായനക്കാരേയും അതിഭക്തിയോടേ വന്ദിക്കണം. പിന്നെ തുളസീമാലയാകുന്ന 'പ്രസാദം' ശ്രോതാക്കൾക്കു കൊടുക്കണം; മൃദംഗത്തോടും കൈതാളത്തോടും കൂടി കീർത്തനം പാടണം; ജയഘോഷവും നമശ്ശബ്ദവും ശംഖനാദവും മുഴക്കണം. ബ്രാഹ്മണർക്കു യാചകർക്കും ധനവും അന്നവും നൽകണം. ശ്രോതാവു സന്യാസിയാണെങ്കിൽ പിറേന്നു ഗീത വായിക്കണം; ഗൃഹസ്ഥനാണെങ്കിൽ കർമ്മശാന്തിക്കു ഹോമം ചെയ്യണം: ദശമത്തിലെ ഓരോ ശ്ലോകം ചൊല്ലി യഥാവിധി പായസം, തേൻ, നെയ്യ്, എരുച്ചോറു് മുതലായതു ഹോമിക്കുക; അല്ലെങ്കിൽ ഗായത്രികൊണ്ടു മനസ്സിരുത്തി ഹോമം നടത്തുക. വാസ്തവത്തിൽ ഗായത്രീമയമാകുന്നു, ഈ പരമപുരാണം. ഹോമത്തിനു കഴിവില്ലെങ്കിൽ, ഹോമദ്രവ്യം ദാനംചെയ്യൽ മതി, അതിന്റെ ഫലം കിട്ടാൻ. തകരാറൊന്നും പറ്റാതിരിപ്പാനും, കൂടുതു ഏറി എന്നീ ദോഷങ്ങളും ശമിപ്പാനുമായി സഹസ്രനാമം ചൊല്ലണം. എന്നാൽ ഒക്കെയും സഫലമാവും ഇതിലും മീതെ ഒന്നുമില്ല. ഒടുവിൽ പന്തിരണ്ടു ബ്രാഹ്മണരെ മധുപായസങ്ങൾകൊണ്ടൂട്ടി വ്രതപൂർത്തിക്കായി ഗോകാഞ്ചനങ്ങളും ദാനംചെയ്യണം. കഴിവുണ്ടെങ്കിൽ മൂന്നു പലം സ്വർണ്ണംകൊണ്ടു സിംഹം ഉണ്ടാക്കി, രംഗിയിൽ എഴുതിയ ഗ്രന്ഥം അതിന്മേൽ വെച്ചു്, ആവാഹനാദ്യുപചാരങ്ങൾകൊണ്ടു

* ആർത്തവത്തിനു സന്തതിയുല്പാദനശക്തിയില്ലാത്തവൾ.

Digitized By Kerala Sahitya Akademi

പൂജിച്ചു്, ദക്ഷിണയോടും വസ്ത്രാഭരണഗന്ധാദികളോടുംകൂടി യതേച്ഛ
ത്തനായ ആചാര്യന്ന സബഹുമാനം നൽകണം; എന്നാൽ സംസാര
ബന്ധങ്ങളും അറും. ഈ സർവ്വപാപനിവാരണമായ വിധിയനുസ
രിച്ചാൽ ശ്രീമഹാഭാഗവതമാകുന്ന പുരാണം ഫലത്തെ പ്രദാനംചെ
യ്യും—ധർമ്മാർത്ഥകാമമോക്ഷങ്ങളെ തീർച്ചയായും സാധിപ്പിക്കും.

ഇതെല്ലാം അങ്ങയ്ക്കു പറഞ്ഞുതന്നു; ഇനിയെന്താണു കേൾക്കേ
ണ്ടതു്? ശ്രീമൽ ഭാഗവതംകൊണ്ടുതന്നെ ഭക്തിയും മുക്തിയും കയ്യി
ലാകും.

(ശ്ലോകം)

ചിത്താം വിത്തിൽ മുളച്ചുയർന്നു വികസൽഭക്ത്യാലവാലസ്ഥമാം
ശ്രീമദ്ഭാഗവതാമരദ്രുമമിതാ, സർത്തിഹംമീതെയായ്
ഇഷ്ടം നൽകി ലസിച്ചു; ശാഖകളം പരം മുന്നറിമുപ്പത്തിര-
ണ്ടൊത്തീരൊമ്പതിനായിരം ദളമൊട്ടം സുന്ദരങ്ങളീരാറുമായ്!'

ഈ വിധം കഥിച്ചു് ആ മഹാത്മാക്കൾ, സർവ്വപാപങ്ങളേയും
നീക്കി ഭക്തിമുക്തികളെ നൽകുന്ന പുണ്യഭാഗവതം, യഥാവിധി, സക
ലരും മനസ്സിരുത്തി കേൾക്കെ, ഏഴു ദിവസംകൊണ്ടു വായിച്ചുതീർത്തു;
ഒടുവിൽ പുരുഷോത്തമൻ തിരുവടിയെ സ്തുതിക്കുകയും ചെയ്തു. അതു ക
ഴിഞ്ഞതോടുകൂടി, ഭക്തിജ്ഞാനവൈരാഗ്യങ്ങൾക്കു മികച്ചു പുഷ്ടിയും
സർവ്വരോടും കരുണ കവിയുന്ന പൂർണ്ണയൗവനവും ഉളവായിവന്നു. നാ
രദനും, തന്റെ മനോരഥം സാധിച്ചതിനാൽ കൃതാർത്ഥനായി പരമാന
ന്ദം നിറഞ്ഞു സർവ്വാംഗം കോരിമയിർക്കൊണ്ടു. ഇങ്ങനെ വായന കേ
ട്ടിട്ടു്, നാരായണപ്രിയനായ നാരദൻ കുമാരന്മാരെ കൈതൊഴുതു്, പ്രേ
മത്താൽ തൊണ്ടയിടറുംവണ്ണം ഉരിയാടി:—'ഞാൻ ഭഗ്യശീലരായ ഭവാ
ന്മാരുടെ അനുഗ്രഹത്താൽ ധന്യനായി! ഇപ്പോൾ ഭാഗവതസപ്താഹ
ത്താൽ മുകുന്ദൻ എനിക്കു കൈവന്നു. അപ്രബുദ്ധന്മാരേ, എല്ലാപേർക്കു
മുള്ളുള്ളിലും മീതെതന്നെയാണു് ശ്രവണം; വൈകുണ്ഠത്തിൽ വാഴുന്ന
വിഷ്ണു ശ്രവണത്താൽ കൈവരുന്നുവല്ലോ!' വായനകഴിഞ്ഞു വൈ
ഷ്ണവോത്തമനായ നാരദൻ ഇരുന്നും പറഞ്ഞുമുപ്പാഴെയ്ക്കു്, യോഗ
ശ്വരനായ ശുകൻ—എന്നും പതിനാറുവയസ്സിലിരിക്കുന്ന ജ്ഞാനമഹാ
ബുദ്ധിചന്ദ്രനായ വ്യാസപുത്രൻ—ആ ഖാരത്തിൽ അവിടെ വന്നെത്തി.
സചാരുമലാഭപരിപൂർണ്ണനായ അദ്ദേഹം പ്രേമത്തോടെ ഭാഗവതം പറ
കെപ്പുള്ളക്കെച്ചൊല്ലുന്നതുകേട്ടായിരുന്നു. ആ പരമതേജസ്വിയെ കണ്ടതോട്ട
ക്കുടി സദസ്യർ എഴുന്നേറു സ്വാസനം നൽകി; ദേവർഷി അദ്ദേഹ
ത്തെ പ്രീതിപൂർവ്വം പൂജിച്ചു. സുഖോപവിഷ്ടനായ ശുകൻ ഉരചെയ്തു:—

Digitized By Kerala Sahitya Akademi

(ശ്ലോകം.)

'മഹരപി മാവിൺതരുത-
ന്നമൃതൊഴുകും രസനിധാനമായ പഴം
ശുകമുഖഗളിതം നകരുവി-
നിഹ ഭാഗവതം രസജ്ഞഭാവുകരേ!

നിർമ്മത്സരരായ സജ്ജനങ്ങൾക്കു നിർവ്യാജമായ പരമധർമ്മവും, താപത്രയത്തെപ്പോക്കി നിശ്രേയസം നൽകുന്ന അനുജ്ഞയമായ വാസ്തവവസ്തുവും ഈ മഹർഷിപ്രണീതമായ ശ്രീമൽ ഭാഗവതത്തിൽ തെളിഞ്ഞുകാണാം. എന്തിനു മറെറാക്കെ? ഇതു ശ്രവിക്കാൻ തുടങ്ങിയാലപ്പോൾ ഈശ്വരൻ ഹൃദയത്തിൽ വന്നു കുടികൊള്ളും! വൈഷ്ണവർക്കു ധനമാകുന്നു, പുരാണതിലകമായ ശ്രീമൽഭാഗവതം: പരമഹംസന്മാരാധകമായ നിർമ്മലജ്ഞാനമൊന്നാണ് ഇതിൽ ഗാനംചെയ്യപ്പെട്ടതു; ജ്ഞാനവൈരാഗ്യകേതികളോടുകൂടിയ സന്ന്യാസം ഇതിൽ വെളിപ്പെടുത്തിയിട്ടുണ്ടു. ഇതു കേൾക്കുകയോ വായിക്കുകയോ വിചാരിക്കുകയോ ചെയ്യുന്നവൻ മുക്തിയടയും. സ്വർഗ്ഗത്തിലും സത്യലോകത്തിലും കൈലാസത്തിലും വൈകുണ്ഠത്തിലുമില്ല, ഈ രസം; അതിനാൽ ഭാഗ്യവാന്മാർ പാനംചെയ്യുകാംവിൻ; ഒരിക്കലും കൈവിടേണ്ട!' ബാദരായണപുത്രൻ ഇപ്രകാരം കഥിക്കുന്നതിനിടയിൽ,ശ്രീനാരായണൻ പ്രഥ്മാദ മഹാബ്രഹ്മർഷിവാല്മീകിനാദികളാൽ പരിവൃതനായി സഭാമദ്ധ്യത്തിൽ ആവിർഭവിച്ചു. ദേവർഷി തന്തിരുവടിയേയും അവരേയും പരിപൂജിച്ചു, പ്രസന്നനായ ഭഗവാനെ മഹാസനത്തിൽ ഉപവേശിപ്പിച്ചു. അവർ തിരുമുമ്പിൽ കീർത്തനംതുടങ്ങി. അതു കാണ്മാനായി പാർവ്വതീസഹിതനായ പരമേശ്വരൻ, പത്മാസനൻ എന്നിവരും അവിടെ വന്നുചേർന്നു. പ്രഥ്മാദൻ ശരിക്ക താളംപിടിച്ചു; ഉദ്ധവൻ കൈതാളമെടുത്തു; ദേവർഷി വീണ മീട്ടി; അർജ്ജുനൻ സവ്യഭാഗിയോടുകൂടി രാഗമാലാപിച്ചു; ഇന്ദ്രൻ മൃദംഗം കൊട്ടി; കുമാരന്മാർ ജയജയശബ്ദം മുതിർത്തു; ശുകൻ മുമ്പിൽനിന്നു രസസ്ഫൂർത്തി വരുത്തി കഥവചയുകയായി; നടുവിൽ, തേജസ്സേറിയ ഭക്ത്യാദികളും മുറ്റും നടരെപ്പോലെ നൃത്തംവെച്ചു. ഈ ലോകോത്തരമായ കീർത്തനംകേട്ടു തിരുവുള്ളം തെളിഞ്ഞ ലക്ഷ്മീവല്ലഭൻ അരുളിച്ചെയ്തു:—'കേതരേ, എന്നോടു വരംവാങ്ങിക്കൊൾവിൻ; ഈ കീർത്തനം എന്നെ സന്തോഷിപ്പിച്ചു.' ഈ അരുളപ്പാടു കേട്ടിട്ട് ആനന്ദതുന്ദിലരായ അവർ പ്രേമത്താൽ മനസ്സലിഞ്ഞു ഭഗവാനോടണത്തിച്ചു:— 'സപ്താഹവായനകളിലെല്ലാം നിന്തിരുവടി ഈ ക്ഷേത്രത്തെല്ലാവരോടുമൊന്നിച്ചു സന്നിധാനം ചെയ്യുമാറാകണം; ഈ

Digitized By Kerala Sahitya Akademi

ൊരഭീഷ്ടം കല്പിച്ചു നിറവോറിമാൽ മതി!' അങ്ങിനെതന്നെ എന്ന്, മാധവൻ മറഞ്ഞു.

അനന്തരം നാരദൻ ശുകാദി മഹർഷിമാരേയും കാൽക്കൽവീണു നമസ്കരിച്ചു. എല്ലാവരും കഥാമൃതപാനത്താൽ മറിവു നീങ്ങി മനം കളിഞ്ഞു നടകൊണ്ടു. ഭക്തിയേയും പുത്രന്മാരേയും ശുകൻ, തന്റെ ശാസ്ത്രത്തിൽ സംരക്ഷിച്ചു. അതിനാൽ മുകുന്ദൻ ഭാഗവതത്തെസ്സേവിക്കുന്ന വൈഷ്ണവരുടെ ഹൃദയത്തിൽ വന്നണയുന്നു. ദാരിദ്ര്യദുഃഖച്ചൂടിൽ വെന്തവർക്ക്, മായാപിശാചിനാൽ മർദ്ദിക്കപ്പെട്ടവർക്ക്, സംസാരസമുദ്രത്തിൽ വീണവർക്ക്, ക്ഷേമം തരാമെന്നു ഭാഗവതം ഗർജ്ജിക്കുന്നു."

ശൌനകൻ:—"ശുകൻ രാജാവിനു ചൊല്ലിക്കൊടുത്തതെന്നാണ്? ഗോകർണ്ണൻ എന്നു വായിച്ചു? കുമാരന്മാർ നാരദനു ചൊല്ലിക്കൊടുത്തതെന്നായിരുന്നു?"

സൂതൻ:—"കൃഷ്ണന്റെ സ്വർഗ്ഗാരോഹണം മുതല്ല മുപ്പതു കലിവർഷം ചെന്നപ്പോഴാണ്, ശുകൻ പരീക്ഷിത്തിനു കേൾക്കാൻ ശ്രാവണനവമിയിൽ വായനതുടങ്ങിയതു. പിന്നെ ഇരുനൂറു കലിവർഷം കഴിഞ്ഞപ്പോളായിരുന്നു, ഗോകർണ്ണന്റെ ആഷാഢനവമിമുതൽക്കുള്ള വായന; പിന്നീടു മുന്നൂറാറു കലിവർഷം കൂടി കഴിഞ്ഞിട്ടാണ്, ബ്രഹ്മപുത്രന്മാർ കാർത്തികശുക്ലനവമിയിൽ വായനതുടങ്ങിയതു. അനഘ, ഇവർ, ഭവാൻ ചോദിച്ചതു ഞാൻ പറഞ്ഞു. കലികാലത്തു ഭാഗവതമത്രേ ഭവരോഗത്തെ ശമിപ്പിക്കുന്നതു.

(കിളിപ്പാട്ട്—കാകളി)

മുക്തിനിദാനം മുകുന്ദപ്രിയമിതു
ഭക്തിസംവർദ്ധകം സർവ്വാഘനാശനം
സത്തുക്കളേ, നമുക്കുണ്ടുമിങ്ങാരാൽ;
വ്യർത്ഥമീ ലൌകികപ്രവൃത്തിനിഷ്ഫലം.
പാശമേന്തും സഭടന്റെ പൈകിട്ടിലായ്-
പ്പേശുമാറുണ്ടുപോലന്തകനിങ്ങനെ:
'ഭാഗവതകഥാമർത്ഥം തൻ ചാരത്തു
പോകൊല്ലി,താരിൽ മാത്രമെൻപ്രാഭവം.'
സാരമില്ലാത്ത സംസാരേ വിഷയമാം
ഘോരവിഷത്താൽ വലയും ജനങ്ങളേ,
ഇത്തിരിനേരമെന്നാലും നമുക്കിവിൻ
സ്വസ്ഥതയ്ക്കീശ്ശുകശാസ്ത്രനവാമൃതം;

Digitized By Kerala Sahitya Akademi

എന്തിനു നിങ്ങളുവക്ഷമാഴുമ്മ
പനമാവിലേറി നടന്നിട്ടന്യ വൃഥാ?
സാക്ഷി പരീക്ഷിത്തു നോക്കിയ കേരംങ്ങൾ
മോക്ഷം കരസ്ഥമാമെന്നു കഥിപ്പതിന്!
പ്രേമത്തിൽ നീന്തും ശുകൻ ചൊന്ന ശാസ്ത്രമി
താർ മൂടാചൊല്ലുമവൻ വികല്പനാം!
എന്തുമീ ഗ്രന്ഥമിങ്ങതിനൻ നിശ്ചേഷ-
സിദ്ധാന്തമാമിതു, ശാസ്ത്രങ്ങളം നോക്കിഞാൻ;
ശ്രീശുകസൂക്തത്തിനെക്കാളം മനോമോഷ-
നാശനമായി മറൊന്നില്ല പാരിതിൽ.
ശുദ്ധനാം വൈഷ്ണവൻതൻ മുന്നിൽവെച്ചിതു
കേട്ടുവാ പഠിക്കയോ കേൾക്കയോ ചെയ്യുകിൽ,
ഒത്തഫലമിരുപേക്ഷം ലഭിച്ചിടും:
സത്യത്തിനെന്തുണ്ടസാധ്യം ജഗത്രയേ?"

ശ്രീചക്രമാഹാത്മ്യസാരം, ഉത്തരഖണ്ഡം, ഭഗവത്മാഹാത്മ്യപ്രകരണം,
സപ്തഘടിധികഥനം, ഒരുനൂറിരുത്തൊണ്ണൂറിനാലാമദ്ധ്യായം.

ഒരുനൂറിരുത്തൊണ്ണൂറഞ്ചാമദ്ധ്യായം.

ഋഷിമാർ:—"സൂത, കാളിന്ദിയുടെ മാഹാത്മ്യം, ഇന്നാംക്ഷ ഇന്നാം പറഞ്ഞുകൊടുത്തു എന്ന ഉപാഖ്യാനത്തോടുകൂടി, വിസ്തരിച്ചു പറയുക."

സൂതൻ:— "ഒരുനാൾ ബന്ധുവർ സൗഭരിയുടെ അടുക്കൽ നിന്നു സത്തായ ജ്ഞാനം മനസ്സിലാക്കുവാനായി, അദ്ദേഹത്തിന്റെ പാപ്പിടത്തിൽച്ചെന്നു വന്ദിച്ചുചോദിച്ചു:—'ബ്രഹ്മൻ, സൃഷ്ടിപ്രതിതിരുത്തു, വിഷ്ണു അവതരിച്ച പുരുഷോത്തമങ്ങളിൽ ഏതാണു മീതെയെന്നു പറഞ്ഞുതന്നാലും."

സൗഭരി:—'ഭൂമിയിൽ ആകാശത്തു സഞ്ചരിക്കുന്ന നാരദപർവ്വതരാകുന്ന മുനിശ്രേഷ്ഠന്മാർ അന്തിമനോഹരമായ ഖാണ്ഡവവനം കണ്ടിട്ട്, ആകാശത്തുനിന്നു് ഓടിച്ചെന്നിറങ്ങി, കാളിന്ദിയുടെ പുണ്യതടത്തിലിരുന്നു കഠോരനരം വിശ്രമിച്ചു; എന്നിട്ട് സ്നാനത്തിനായി വെള്ളത്തിലിറങ്ങി. അപ്പോൾ, കാട്ടിൽ വേട്ടയാടി നടന്നിരുന്ന ഔശീനരനായ ശിബിരാജാവു് അവരെ കാണുകയാൽ, അവരെ കളിച്ചുകയറ

Digitized By Kerala Sahitya Akademi

ന്നതു കാത്തുകൊണ്ടു നദീതടത്തിൽ സ്ഥിതിചെയ്തു. മുനിമാരിരുവരും യഥാവിധി സ്നാനംചെയ്തു വസ്ത്രങ്ങൾ ധരിച്ചുപ്പോൾ രാജാവു് താഴ്മയിൽ വന്ദിച്ചു; അവർ അദ്ദേഹത്തോടൊന്നിച്ചു തീരത്തിരുന്നു. അവിടെ അസംഖ്യം കനകയൂപങ്ങൾ കണ്ടിട്ടു് ശിബി വണക്കത്തിൽ നാരദനോടും പർവ്വതനോടുമായി ചോദിച്ചു:—'മുനിപുംഗവന്മാരേ, ആരുടെയാണു് ഈ യൂപങ്ങൾ? ഇവിടെ യാഗങ്ങൾ കഴിച്ചതാരാണു്, ദേവനോ, മനുഷ്യനോ? കാശിമുതലായ തീർത്ഥങ്ങളെ വിട്ടു് ഇവിടെവച്ചു യാഗങ്ങൾ കഴിച്ചതാരാണു്? ആ തീർത്ഥങ്ങളെക്കാൾ ഇതിനെന്താണു മെച്ചം?' ജ്ഞാനത്തിന്റെ ഇരിപ്പിടമായ നാരദൻ മറുപടി പറഞ്ഞു: —'പണ്ടു് ഹിരണ്യകശിപുശുക്രാദി ദേവന്മാരെ തോല്പിച്ചു മൂവുലകിൻപെരുമാളായി ഞെളിഞ്ഞു വാണു. അവന്റെ മകൻ പ്രഹ്ലാദൻ വിഷ്ണുഭക്തനായിരുന്നു; ആ കുട്ടിയെ അന്നമുണ്ണുപോലും പിടിവിടാതെ ദ്രോഹിച്ചുപോന്നു. തന്മൂലം വിഷ്ണു പെട്ടെന്നു നരസിംഹമായി അവതരിച്ചു ദൈത്യേശ്വരനെ വധിച്ചു സ്വർഗ്ഗരാജ്യം ശക്രനുതന്നു കല്പിച്ചുകൊടുത്തു. സ്വസ്ഥാനം നേടിയ ദേവേന്ദ്രൻ നാരായണഗുണങ്ങളെ സ്മരിച്ചുകൊണ്ടു്, ബൃഹസ്പതിയോടു കാൽക്കൽ വണങ്ങി വന്ദിച്ചുരചെയ്തു:—'ഗുരോ, ലോകങ്ങളെ താങ്ങുന്ന ഗോവിന്ദൻ നരസിംഹരൂപം ധരിച്ചു് എനിക്കു ദേവരാജ്യം തന്നരുളിയല്ലോ; തന്തിരുവടിക്കായി യജ്ഞമൊരുക്കം ചെയ്യണമെന്നു ഞാൻ വിചാരിക്കുന്നു. അതിനു പരിശുദ്ധമായ സ്ഥലവും ബ്രാഹ്മണരേയും പറഞ്ഞുതരിക; ഇതിൽ വിളംബം വരുത്തരുതു്. ഞങ്ങൾക്കു ഹിതംചെയ്യുന്നതു മുഴുവനല്ലോ ഇവിടുന്നു്.'

ബൃഹസ്പതി:—അങ്ങയുടെ പരമപാവനമായ ഖാണ്ഡവവനമുണ്ടല്ലോ; അശോകകൈതയിലഞ്ഞിപ്പൂന്തേനാൽ വണ്ടിണങ്ങകം മത്തുകൊള്ളുന്ന ആ രമണീയസ്ഥലത്തു പുണ്യധന്യനായി തിരുഗൽപാവനിയായിരിക്കുന്ന യമുനയുമുണ്ടു്. സ്മരിച്ചാൽ സ്വർഗ്ഗത്തേയും മരിച്ചാൽ സായുജ്യത്തേയും നൽകുന്ന ആ നദിയുടെ തീരത്തുവച്ചു് അനേകയാഗങ്ങൾകൊണ്ടു നാരായണൻതിരുവടിയെ ആരാധിച്ചുകൊള്ളുക; എന്നാൽ ഭവദീയർക്കൊക്കെ എന്നെന്നും നന്മ വരും.'

വാനവർകോൻ വേഗത്തിൽ വാഹനമേറി, തന്റെ ഈ മംഗളപ്രദമായ വൃത്താന്തമറിയിപ്പാനായി പോന്നു. ഗുരുവിനോടും ദേവകളോടും യജ്ഞോപകരണങ്ങളോടുംകൂടി ഇവിടെ വന്നെത്തിയ വാസവൻ ഈ വനം ദർശിച്ചു് അത്യന്തം സന്തുഷ്ടനായി. അദ്ദേഹം ഗുരുപദേശമനുസരിച്ചു്, ബ്രഹ്മപുത്രരായ വസിഷ്ഠാദിബ്രാഹ്മണരാകുന്ന സപ്തർഷികളെ

Digitized By Kerala Sahitya Akademi

വഴിച്ചു ജഗദീശനായി യാഗം നടത്തി. അതിൽ പ്രസാദിച്ചു ദേവാൻ ബ്രഹ്മമഹേശ്വരന്മാരോടെത്തമിച്ചു് എഴുന്നള്ളി വന്നു; ഉഡുർകോന്റെ യാഗത്തിൽ ഉത്സവം വളർന്നു. ജ്ഞാനിഞ്ഞനായ ഇന്ദ്രൻ മുമ്മൂർത്തികളേ കണ്ടതോട്ടക്കുടി, മുനിമാരൊന്നിച്ചു് ആസനത്തിൽ നിന്നെഴുന്നേറ്റു വന്ദിച്ചു. തിമൂർത്തികളും വാഹനങ്ങളിൽ നിന്നിറങ്ങി, അവരുടെയരികിൽ ഉപവേശിച്ചു്, വേദികളിൽ അഗ്നികളെന്നപോലെ, കാഞ്ചനാസനങ്ങളിൽ വിളങ്ങി. ധവളരക്തശരീരായ ശിവവിരിഞ്ചന്മാരുടെ നടുവിൽ ശ്യാമളവർണ്ണനായ പീതാംബരൻ, രണ്ടുകൊടുമുടികൾക്കിടയിൽ മിന്നൽചേർന്ന മേഘംപോലെ കാണപ്പെട്ടു.

ത്രിദേശേശ്വരൻ സന്തോഷത്തോടെ തൃപ്പാദങ്ങൾ കഴുകിച്ചു് അവെള്ളം തലയിലാടി, മധുരസ്വരത്തിൽ ഉണർത്തിച്ചു:—'ദേവ, ഞാനീ ചെയ്യുന്ന യാഗം ഇപ്പോൾ സഫലമായി. യോഗികൾക്കുകൂടി ദുർദ്ദർശരായ ബ്രഹ്മാക്കളെ ദർശിച്ചുവല്ലൊ! മുകുന്ദ, ഏകനായ നിന്തിരുവടി തന്നെയാണു് തിമൂർത്തികളായിരിക്കുന്നതു്; നിന്തിരുവടിക്കു ഗുണങ്ങൾകൊണ്ടുള്ള നാനാത്വം സ്ഫടികത്തിന്റേതുപോലെ തോന്നൽ മാത്രമാകുന്നു. മരങ്ങൾക്കകത്തിരിക്കുന്ന അഗ്നി സംഘർഷണംകൂടാതെ, ആവിർഭവിക്കുന്നില്ലല്ലൊ; സ്വാമിൻ, അപ്രകാരം ഭക്തരുടെ ഹൃത്തുക്കളിൽ ഏകരൂപസ്ഥിതനായ നിന്തിരുവടി, ഭക്തിക്രമത്തെ പ്രതീക്ഷിക്കുന്നില്ല. ഒരാൾക്കു നിന്തിരുവടിയിൽ ഭക്തിയുണ്ടായാൽ, എല്ലാവർക്കും ഉപകാരമായി; പ്രഹ്ലാദന്റെ ഭക്തികൊണ്ടു ലോകമെല്ലാം സുഖം കിട്ടിയല്ലൊ! ദേവൻ, നിന്തിരുവടിയുടെ മായയാൽ മനംമറഞ്ഞ വിഷയികളായ ഞങ്ങൾക്കു് ഇവിടത്തെ സ്വരൂപം അറിഞ്ഞുകൂടാ; തൃപ്പാദം സേവിക്കമാത്രം ചെയ്യാം. ഹേ പിതാമഹ, ഹേ മഹാദേവ, ഇദ്ദേഹം ഗുരുവാകയാൽ നിങ്ങളും ജഗൽഗുരുക്കൾതന്നെ; ഈദ്ദേഹത്തിൽ നിന്നു ഭിന്നരല്ലല്ലൊ ദേവന്മാർ. യാതൊന്നു വാക്കാൽ പറയുന്നുവോ, യാതൊന്നു മനസ്സാൽ വിചാരിക്കുന്നുവോ, അതെല്ലാം, അവ രണ്ടിനും ദൂരസ്ഥനായ ഇദ്ദേഹത്തിന്റെ മായ തന്നെ! ഇക്കാണുന്ന പ്രപഞ്ചമൊന്നും സത്യമല്ലെന്നറിവു യാവചിലർ വിഷ്ണുവിന്റെ തൃപ്പാദം സേവിക്കുന്നുവോ, അവർ കരയേറുന്നു. ശങ്കര, ഇപ്പോഴോർക്കുമാണല്ലൊ ഇവിടുന്നു ശിരസ്സിൽ ധരിക്കുന്നതു്. വിധാതാവേ, ജന്മാന്തരം എനിക്കു് ഇദ്ദേഹത്തിന്റെ ചരണാരവിന്ദങ്ങളിൽ തുലോം ഭക്തിയുണ്ടാകിവരണം! ഇദ്ദേഹത്തിന്റെ നോട്ടത്താൽ രക്ഷിക്കപ്പെട്ട മായയാലാണല്ലൊ, മഹത്തുക്കൾക്കു് ഈ ലോകമെല്ലാം ഉള്ളവാകിവരുന്നതു്. നരസിംഹസ്വരൂപിൻ, നിന്തിരുവടിയെപ്പോലെ ഒരു ദയാലുവില്ലതന്നെ: പാറാലർപ്പുകിലും നിന്തിരുവടി സുഖം പരത്തുന്നു; പിന്നെ സ്വന്തം അള്ള

Digitized By Kerala Sahitya Akademi

കളുടെ ദുഃഖം നീക്കുന്നതിലുള്ള കാരുണ്യം വർണ്ണിക്കുന്നതു് അജ്ഞതയാണല്ലൊ!' പാർത്ഥിവ, ഇങ്ങനെ വിഷ്ണുവിനെ സ്തുതിച്ചു ദേവേന്ദ്രൻ അവിടുത്തെ അനുഗ്രഹം കേൾക്കാനായി തിരുമുമ്പിൽ വണങ്ങി നിന്നു.

മുനിമാർ സദസ്സിൽ ഇന്ദ്രന്റെ ഇങ്ങിരേശസ്തവം കേട്ടിട്ടു നന്നെന്നനുമോദിച്ചു: —ശതക്രതോ, ഒരു നൂറാവർത്തി വൻതപം ചെയ്തവർക്കുപോലും ഭവാനുള്ളേടത്തോളമില്ല ഫലസിദ്ധി! അഷ്ടാംഗയോഗം സുലഭമല്ല. ഖ്യാതിക്കുതകുന്നതിനെ സമരപത്താൽ ത്യജിക്കുക എന്നതു യാതൊന്നോ, അതു ഭക്തിയുള്ളോരു മനുഷ്യർക്കു ശരണം. സപ്തധർമ്മത്താൽ നേടിയ ധനങ്ങൾകൊണ്ടു് യാഗവിധി ചെയ്യുന്ന കർമ്മം വിഷ്ണുവിൽ സമർപ്പിക്കുക എന്നതാകുന്നു ഭവ്യപ്രദമായ ഭക്തി. അന്യദേവതയെ നിന്ദിക്കാതെ വിഷ്ണുവായി കരുതി വന്ദിക്കുകയും ദേവോപാസകളെ തള്ളാതിരിക്കുകയും ചെയ്യുന്നവനാരോ, അവൻ വിഷ്ണുവിനു പ്രിയനായിരിക്കും. നാരായണന്റെ ഗുണങ്ങളെ സ്തുതിക്കുന്നവരും കീർത്തിക്കുന്നവരും തന്തിരുവടിയെ സ്മരിക്കുന്നവരും ഭജിക്കുന്നവരും യജിക്കുന്നവരും ദാസ്യം പൂണ്ടു വണങ്ങുന്നവരും മൈത്രി കൊള്ളുന്നവരും തങ്ങളെത്തന്നെ നിവേദിക്കുന്നവരും യാവചിലരാം, അവർ മുക്തി മുതലായവയെപ്പോലും ആഗ്രഹിക്കുകയില്ല! മഘേന്ദ്ര, ഭവാനും ഈ ജഗദ്ഗുരുവിനെ ഭക്തിപൂർവ്വം ആരാധിച്ചുകൊള്ളുക; ഒന്നും കാംക്ഷിക്കരുതു്. എന്നാൽ കൃതാർത്ഥനാകാം.' ഈ വിധം മുനിമാർ സമസ്തസേവ്യവും ത്രിലോകോത്തരപ്രഭാവവുമായ സ്വഭക്തിയെപ്പറ്റി അഭിപ്രായപ്പെട്ടതു കേട്ടിട്ടു് അഖിലഗുരുവായ മധുസൂദനൻ മഘേന്ദ്രനോടു സദസ്സിൽവെച്ചു മധുരമാംവണ്ണം അരുളിച്ചെയ്തു:—

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, കാർത്തികമാഹാത്മ്യപ്രകരണം,
ശിവിദാരദസംവാദം, ഇന്ദ്രയജ്ഞവിധാനം തൊണ്ണൂറിഅഞ്ചാമദ്ധ്യായം.

(൦)

തൊണ്ണൂറിഅഞ്ചാമദ്ധ്യായം.

വിഷ്ണു:—സുരേശ്വര, ജ്ഞാനതല്പരരായ മുനിമാർ മൽഭക്തിയെ മാനിച്ചു ശ്ലാഘിക്കുന്നതിൽ അത്ഭുതമില്ല: ഇവർ മുന്നുലോകത്തിലുള്ള വക്കും ജ്ഞാനമുപദേശിക്കുന്നവരും നഷ്ടമായ വേദമാർഗ്ഗത്തെ വീണ്ടെടുക്കുന്നവരുമാണല്ലൊ. ഭവാനും, സപ്തസുഖം ഭുജിക്കുന്നവനായിട്ടുകൂടി, എന്നെ ഭക്തിയോടെ ഭജിക്കുന്നതിൽ എന്താണാശ്ചര്യം?

Digitized By Kerala Sahitya Akademi

ന്നുവാണല്ലൊ ഭവാന്റെ ഗുരു. ദേവപുംഗവ, ഭവാൻ നിഷ്കാമനായി, ദക്ഷിണയേറിയ യാഗങ്ങൾകൊണ്ടു് എന്നെ ആരാധിച്ചുകൊള്ളുക; എന്നാൽ സമീപസ്ഥിതമായ എന്റെ സ്ഥാനം ക്ഷണത്തിൽ പ്രാപിക്കാം. യാഗാന്തരം ഭവാൻ വളരെ വളരെ രത്നപ്രസ്ഥങ്ങൾ (ഇടങ്ങഴിനിറയെ രത്നങ്ങൾ) ദാനംചെയ്യുക; ഭവാന്റെ പേരിനാൽ ഈ സ്ഥലം ഇന്ദ്രപ്രസ്ഥമായിവരും. വിധാതാവേ, ഭവാൻ ഇവിടെ സരസ്വതിയേയും ജഗത്പാവനിയായ ഗംഗയേയും വരുത്തി പ്രയാഗമെന്ന മഹാതീർത്ഥത്തെ ഏർപ്പെടുത്തുക. മഹേശ്വര, ഭവാൻ ഇവിടെ കാശിയേയും ശിവകാഞ്ചിയേയും സ്ഥാപിക്കുക; ഇവിടെ ഗൌരിയോടൊന്നിച്ചു സദാ വസിക്കുകയും ചെയ്യുക. ഹേ ഹേ ബ്രഹ്മപുത്രന്മാരേ, ജ്ഞാനവിജ്ഞാനശാലികളായ ഭവാന്മാർ അവരവരുടെ യോഗബലംകൊണ്ടു് ഇവിടെ സപ്തതീർത്ഥങ്ങൾ ഉണ്ടാക്കുവിൻ. ബ്രഹ്മസ്പതേ, ഭവാൻ ഇവിടെ നിഗമോൽബോധനമെന്ന തീർത്ഥം ഉണ്ടാക്കുക; അതിൽ സ്നാനം ചെയ്തവന്ന്, അധ്യയനംക്രടാതെതന്നെ വേദജ്ഞാനമുദിക്കുമാറാകട്ടെ. തന്റേയും അന്യന്റേയും മുൻജന്മവും ഓർമ്മയിൽ വരട്ടെ ഞാൻ ഗോമതീനദീതീരത്തിലുള്ള അതിമനോഹരമായ ഭവനത്തെ ഇവിടെ സ്ഥാപിക്കാം. ഞാൻ രാമനും കൃഷ്ണനുമായി അവതരിക്കാൻപോകുന്നു. കോസലമധുവനങ്ങളേയും ഞാൻ ഇവിടെ സ്ഥാപിക്കാം. സുരനായകാ, ഞാൻ എന്നെന്നും വാസിച്ചുപോരുന്ന നരനാരായണവാസസ്ഥാനമായ ബദര്യാശ്രമവും ഞാൻ ഇവിടെ ഉണ്ടാക്കാം; ഹരിഭവനം, പുഷ്കരം എന്ന രണ്ടുത്തമതീർത്ഥവും ഭവാന്റെ ഹിതത്തിന്നായി ഞാൻ ഇവിടെ സ്ഥാപിക്കാം. നൈമിശത്തിലും കാലംജരഗിരിയിലും സരസ്വതീതീരത്തിലുമുള്ള തീർത്ഥങ്ങളൊക്കെ ഞാൻ ഇവിടെ സ്ഥാപിക്കാം.'

ശിബിരാജാവേ, മാധവൻ മംഗളകരമായി അരുളിച്ചെയ്തതു കേൾക്കുകയും, പ്രവർത്തിച്ചതു കാണുകയും ചെയ്തിട്ടു ബ്രഹ്മരുദ്രേശ്വരാദികളും അപ്പുറഞ്ഞതരുഷ്ടിച്ചു. അങ്ങിനെ സവതീർത്ഥമയമായിത്തീർന്ന ഈ സ്ഥലത്തുവെച്ചു ദേവേന്ദ്രൻ വീണ്ടും പൊന്നിൻയൂപങ്ങളും നാട്ടി വളരെ യാഗം കഴിച്ചു ലക്ഷ്മീശനെ ആരാധിച്ചു; ഗോവിന്റെ മുമ്പിൽവെച്ചു്, 'ഈ സർവ്വാത്മാവായ നാരായണൻ സംപ്രീതനാകട്ടെ' എന്നിങ്ങനെ, രത്നപ്രസ്ഥങ്ങളും അന്നധനങ്ങളും നൽകുകയും ചെയ്തു. അന്നുമുതൽക്കു്, ഈ തീർത്ഥം ഇന്ദ്രപ്രസ്ഥമെന്നു പറയപ്പെട്ടു. സർവ്വതീർത്ഥമയമായ ഇതിങ്കൽവെച്ചു മൃതിയടഞ്ഞെവന്നു പുനർജ്ജന്മമില്ല. ആ ബ്രാഹ്മണർ, ഇന്ദ്രൻ കൊടുത്ത രത്നപ്രസ്ഥങ്ങളും വാങ്ങിയിട്ടു്, അദ്ദേഹത്തിനു സന്തുഷ്ടിൽവെച്ചു് അമോഘമായ ആശിസ്സുകളിച്ചു:—'സുരേന്ദ്ര,

Digitized By Kerala Sahitya Akademi

ഭവാന്റെ ഈ ദാനത്താൽ ഗോവിന്ദൻ തൃപ്തിയടയട്ടെ! ഭവാൻ ഇത്തിരുവടിയിൽ ഭക്തി സുസ്ഥിരവുമായി വരട്ടെ! വിഭോ, ഭവാൻ പണ്ടേ സകാമനായി ഈ കർമ്മഭൂമിയിൽ നൂറു യാഗം കഴിച്ചതിന്റെ പുണ്യത്താലാണു സുരലോകം നേടിയതു്; ഇപ്പോൾ നിഷ്കാമനായി വിഷ്ണുവിനെ യാഗങ്ങൾകൊണ്ടു പൂജിച്ചതിനാൽ, ഭവാൻ സ്വസ്ഥാനം വിട്ടാൽ ഭൂമിയിൽ ഒരു ദിഗ്ജ്യേഷ്ഠനായി ജനിക്കും. ആ ജന്മത്തിലും ഭവാൻ സ്വധർമ്മത്താൽ വിഷ്ണുവിനെ ആരാധിക്കും; ഇപ്പോഴത്തെ യാഗാദിയാകുന്ന സ്വകർമ്മത്തെ സ്മരിക്കുകയും ചെയ്യും. ആ സ്മരണത്താൽ ഭവാൻ ഗൃഹംവിട്ടു തീർത്ഥയാത്രയായി സഞ്ചരിച്ചു്, അച്ഛനോടുകൂടി ഈ തീർത്ഥത്തിൽ വന്നെത്തും; നാലാമത്തെ ആശ്രമം കൈക്കൊണ്ടു് ഇവിടെ ദേഹവും ത്യജിക്കും. എന്നിട്ടു ദിവ്യശരീരനായി പാഷ്ടരാൽ കൊണ്ടുവരപ്പെട്ട സൂര്യപ്രഭയേറിയ വിമാനത്തിലേറി, ശ്രീനാരായണപദം പ്രാപിക്കുകയും ചെയ്യും.'

ഇങ്ങനെ ഭാവിസൂചകമായ ബ്രാഹ്മണാശീർവാദം കേട്ടപ്പോൾ സഹസ്രാക്ഷന്നുണ്ടായ സന്തോഷം കുറച്ചല്ല. അദ്ദേഹം വിധിപോലെ കനകയൂപങ്ങളും നാട്ടിയ യാഗമെല്ലാം അവസാനിപ്പിച്ചു്, വിഷ്ണു മുതലായ ദേവന്മാരെ പൂജിച്ചു യാത്രയാക്കി; ബ്രഹ്മപുത്രരായ ജ്യോതിഷ്കരേയും ധനാദികൾകൊണ്ടു പ്രീതിപ്പെടുത്തി, ബൃഹസ്പതിയെ പുരസ്കരിച്ചു സപത്നിയേയും തിരിക്കുകയും ചെയ്തു.

അവിടെ രാജ്യം ഭരിച്ചുപോന്ന വിഷ്ണുഭക്തനായ ദേവേന്ദ്രൻ, പുണ്യം ക്ഷയിച്ചപ്പോൾ ഭൂമിയിൽ അവതരിച്ചു: ഫൽഗുനപുരിയിൽ ശിവശർമ്മാവു് എന്നൊരു വേദവേദാംഗപാരഗനായ ബ്രാഹ്മണനുണ്ടായിരുന്നു; അദ്ദേഹത്തിന്റെ ഗൃഹപത്നി എന്ന സാധ്വനാമികയായ ഭാര്യയിലാണു് വാസവൻ സുമുഹൂർത്തത്തിൽ ജാതനായതു്. അച്ഛൻ ജ്യോത്സ്യരെ വരുത്തി; അവർ ലഗ്നം നോക്കിപ്പറഞ്ഞു:—ശിവശർമ്മാവേ, ഭവാന്റെ ഈ ഉണ്ണി വിഷ്ണുഭക്തനായിച്ചമഞ്ഞു, അങ്ങയുടെ വംശത്തെ ഉദ്ധരിക്കും. ഞങ്ങളേം വായ്പുവാണ പറയുന്നതു്; മറിച്ചാവില്ല. ഇവൻ പതിമൂന്നു വയസ്സാകുമ്പോഴേക്കും വേദവേദാംഗങ്ങളെല്ലാം പഠിച്ചു വിദ്വാനായി വിവാഹം കഴിക്കും. ഒരു ശ്രേഷ്ഠപുത്രനെ ഉല്പാദിപ്പിച്ചു വാനപ്രസ്ഥാശ്രമം കൈക്കൊള്ളും; ധീരനായി തീർത്ഥസഞ്ചാരം ചെയ്തു സന്ന്യസിക്കും; ഇന്ദ്രന്റെ ഖാണ്ഡവവനത്തിൽ, യമുന എന്ന പുണ്യനദിയുടെ തീരത്തു്, ഇന്ദ്രപ്രസ്ഥത്തിൽവെച്ചു മൃതിയുമടയും.' ജ്യോതിഷ്കരുടെ നല്ല അഭിപ്രായം കേട്ടിട്ടു ശിവശർമ്മാവു്, തന്റെ പുത്രനു വിഷ്ണുശർമ്മാവു് എന്നു പേരിട്ടു; അവരെ പണം

Digitized By Kerala Sahitya Akademi

കൊടുത്തു പിരിച്ചയച്ചിട്ട് ആ ബുദ്ധിമാൻ വിചാരിച്ചു:—'ഞാൻ സുകൃതി തന്നെ: എന്റെ മകൻ വിഷ്ണുഭക്തനാവുകയും, നാലാശ്രമങ്ങളും നിറവേറി പുണ്യതീർത്ഥത്തിൽവെച്ചു മൃതിപ്പെടുകയും ചെയ്യുമല്ലോ! എന്നപ്പോലെ ഒരു ഭാഗ്യവാൻ ആരുള്ളൂ!' അദ്ദേഹം വിശിഷ്ടബ്രാഹ്മണരെക്കൊണ്ടു കുട്ടിക്കു ജാതകർമ്മവും മറ്റും നല്ല നാളിൽ നടത്തി; ഏഴു വയസ്സു കഴിഞ്ഞു് എട്ടാം വയസ്സിൽ ഉണ്ണിയെ ഉപനയിപ്പിച്ചു; പതിനഞ്ചു വയസ്സു കഴിയുംവരെ വേദവേദാംഗങ്ങളും പഠിപ്പിച്ചു; പിന്നെ വേളിയും കഴിപ്പിച്ചു.

ധീമാനായ വിഷ്ണുശർമ്മാവു സഹോദരിയിൽ ഒരു പുത്രനെ ജനിപ്പിച്ചു്, വിഷയനിവൃത്തനായി തീർത്ഥയാത്ര പുറപ്പെടാനൊരുമ്പെട്ടു. ആ മഹാപ്രാജ്ഞൻ ഋഷിവാക്കിനെ ഓർമ്മിച്ചു്, അച്ഛന്റെ അടുക്കൽച്ചെന്നു കാൽക്കൽ വണങ്ങിപ്പറഞ്ഞു. —'അച്ഛ, എനിക്കു വിടതന്നാലും: ഞാൻ സത്സംസർഗ്ഗത്തിനു സംഗതിവരുത്തുന്ന തൃതീയാശ്രമം കൈക്കൊണ്ടു വിഷ്ണുവിനെ ആരാധിക്കട്ടെ ഭാര്യ, ഗൃഹം, ധനം, സന്താനം, ബന്ധുജനം എന്നിവ, ഒള്ളത്തിലെപ്പൊള്ളകംപോലെ ക്ഷണഭംഗുരങ്ങളാകുന്നു; അവയിൽ ധീമാനു സംഗമുണ്ടാകില്ല. വേദപഠനംകൊണ്ടും സന്തതികൊണ്ടും രണ്ടു കടം ഞാൻ വീടിയിരിക്കുന്നു; ഇവി, കാമങ്ങളം വെടിഞ്ഞു തീർത്ഥങ്ങളിൽ വിഷ്ണുവിനെ സേവിപ്പാനാണു് ഞാൻ വിചാരിക്കുന്നതു്. ഒടുവിൽ സന്ന്യാസമെടുത്തു്, പ്രാരബ്ധാവസാനംവരെ, ഏതെങ്കിലും ഒരു ശ്രേഷ്ഠതീർത്ഥത്തിൽ വസിക്കേണമെന്നുമുണ്ടു്.' ഉണ്ണിയുടെ ഈ വാക്കു കേട്ടിട്ടു മഹാബുദ്ധിമാനായ അച്ഛൻ, ജ്യോതിഷക്കാരഭിപ്രായപ്പെട്ടതോർത്തു് സംസാരനിസ്പൃഹനായി കഥിച്ചു:—'അഹങ്കാരം വിട്ട എനിക്കും സന്ന്യസിപ്പാൻ കാലമായിരിക്കുന്നു. ഞാനും വിഷയങ്ങളെ വിഷത്തെപ്പോലെ സംത്യജിച്ചു വിഷ്ണുവിനെ സേവിക്കാം. ഉണ്ണി, ഈ വാർദ്ധക്യം വന്ന എനിക്കു്, കാട്ടിൽനിന്നു ചങ്ങലയുംപൊട്ടിച്ചു കൊണ്ടുപോന്ന ആനയ്ക്കു് അരമനയിലെന്നപോലെ, ഗൃഹത്തിൽ പ്രീതി തോന്നുന്നില്ല. നാമിരുവരും വെടിഞ്ഞ കുടുംബത്തെ, ശ്രീയും കലവും വിട്ട മനുഷ്യനെ വിദ്വേഷിയെന്നപോലെ, നിന്റെ ഈ അനുജൻ സുശർമ്മാവു രക്ഷിച്ചുകൊള്ളും. എന്നാൽ ഞാൻ സന്ന്യസിപ്പാൻ പുറപ്പെട്ടാൽ, നിന്റെ പതിവ്രതയായ അമ്മ, പകലവതിയിൽ കതിരവനെ കാന്തി എന്നപോലെ എന്നെ പിന്തുടർന്നുകളയും; അതിനാൽ കുഞ്ഞേ, നിന്റെ അമ്മയറിയാതെ വേണം, നാമിരുവരും ശ്രീനാരായണന്റെ ചരണാരവിന്ദം സ്മരിച്ചുംകൊണ്ടു നടകൊള്ളാൻ.'

Digitized By Kerala Sahitya Akademi

ഈ വിധം നിശ്ചയിച്ച് ആ മുമുക്ഷുക്കളിരുവരും, അന്ധകാരം നിറഞ്ഞ അർദ്ധരാത്രിയിൽ, ഉറങ്ങുന്ന കൂട്ടുകാരെ വെടിഞ്ഞു്, ഗൃഹത്തിൽ നിന്നിറങ്ങിപ്പോന്നു. അഹങ്കാരമകന്ന അവർ ഒരുമിച്ചുതന്നെ തീർത്ഥങ്ങളിൽ സഞ്ചരിച്ചു്, ഈ പുണ്ഡരീകപ്രസ്ഥമാകുന്ന പുണ്യതീർത്ഥത്തിൽ വന്നെത്തി. ഇവിടെ വന്നു്, താൻ മുൻജന്മത്തിൽ നാട്ടിയ യൂപങ്ങളെ കണ്ടപ്പോഴുണ്ടായ വിഷ്ണുഭക്തിയാവിനെ വിഷ്ണുസംഗമം ഓർമ്മയിൽ വന്നു; ആ ധീമാൻ അച്ഛനോടു പറഞ്ഞു:—'മുൻജന്മത്തിൽ ഞാൻ വേദനായിരുന്നു ഞാൻ; ഇവിടെ വച്ചു ഞാൻ മദ്ധ്യപ്രസ്ഥത്തിന്നായി യാഗങ്ങൾ കഴിക്കയുണ്ടായി. ഇവിടെത്തന്നെ ആ കേതുവത്സലൻ എനിക്കു പ്രത്യക്ഷീഭവിച്ചു. ഞാൻ വിപ്രരേയും സപ്തർഷികളേയും രത്നപ്രസ്ഥങ്ങൾകൊണ്ടു പ്രീതിപ്പെടുത്തി; അവർ എനിക്കു വിഷ്ണുഭക്തിയും, ഈ ജന്മത്തിൽ മുക്തിയും തന്നരുളിയിരിക്കുന്നു. മുകുന്ദൻ മുതൽപേരെല്ലാവരും ഇവിടെ തീർത്ഥങ്ങൾ നിർമ്മിച്ചിട്ടുണ്ടു്—ഈ ഇന്ദ്രപ്രസ്ഥത്തെ സർവ്വതീർത്ഥമയമായ തീർത്ഥമാക്കിയിരിക്കുന്നു. ഇവിടെത്തന്നെയാണു് എനിക്കു മരണവും ആ മുനിപുംഗവന്മാർ അരുളിച്ചെയ്തിരിക്കുന്നതു്; അതോടുകൂടി, എനിക്കു വിഷ്ണുപദം കിട്ടും. ഇതൊക്കെ എനിക്കിപ്പോൾ ഓർമ്മയിൽ വരുന്നു: ഇതാ, വിധാതാവിന്റെ ലോകത്തിൽനിന്നു വരുത്തിയ ഗംഗാസരസ്വതിമാർ; ഇവർ ഇടിച്ചേന്നേടം പ്രയാഗമത്രേ. ഇതാ, പ്രയാഗത്തിനു കിഴക്കുവശം അന്തരാളത്തിരണ്ടു വില്വാടവി ശിവപുരിയായ കാശി; ഇവിടെവച്ചു മരിച്ചവനു പുനർജ്ജന്മമില്ല. ഇതാ, കാശിയുടെ പടിഞ്ഞാറുഭാഗത്തു് ഇരുപത്തൊന്നു വില്വാടവി ശിവകാഞ്ചി; ശിവൻതന്നെ സ്ഥാപിച്ചതാണു് ഈ മുക്തിക്ഷേത്രം. ഇതാ, ശ്രീകണ്ഠനു ലോകം പ്രിയപ്പെട്ട ഗോകർണ്ണക്ഷേത്രം രണ്ടു വില്വാടവിയിൽ സ്ഥിതിചെയ്യുന്നു. ഇതാ, തീർത്ഥപ്രധാനമാംക്കുപ്രയാഗത്തിനു പടിഞ്ഞാറുവശം എഴുപതു വില്വാടവി പുണ്യമായ ഭോഗകം; ഇവിടെവച്ചു മൃതിയടഞ്ഞവൻ ചതുർഭുജനായിച്ചമയും. അതിന്റെ കിഴക്കേകോണിൽ അതാ, ജനവത്സലയും പുണ്യദർശനവുമായ അയോധ്യാപതിനെട്ടു വില്വാടവിയിൽ കാണപ്പെടുന്നു. അച്ഛ, അയോധ്യയ്ക്കു പടിഞ്ഞാറു പത്തു വില്വാടവിയിൽ അതാ, മധുസൂദനൻ താൻതന്നെ സ്ഥാപിച്ച മധുവനം. അതിനു വടക്കു്, ഇതാ, നരനാരായണന്മാരുടെ വാസസ്ഥാനം ഇരുപത്തൊന്നു വില്വാടവിയിൽ സ്ഥിതിചെയ്യുന്നു. അതിനു തെക്കു മുപ്പതു വില്വാടവി, ദേവന്മാക്കും ദുഷ്പ്രാപമായ ഹരിപ്പോരം ഇതാ, കാണപ്പെടുന്നു. അതാ, പതിനെട്ടു വില്വാടവി, തീർത്ഥശിരോമണിയായ പുഷ്കരതീർത്ഥം പരിശോഭിക്കുന്നു. അതാ, പ്രയാഗത്തിനു കിഴക്കു രണ്ടായിരം വില്വാടവി മഹാത്മാക്കളായ സപ്തർഷികളുടെ തീർത്ഥ

Digitized By Kerala Sahitya Akademi

ങ്ങളാകുന്ന സപ്തതീർത്ഥം. സപ്തതീർത്ഥത്തിലും കാശിയിലും അടിയുടി അനേക തീർത്ഥങ്ങളുണ്ട്; അവയിൽവച്ചു മുതിപ്പെട്ടവൻ ചക്രർജ്ജനായിച്ചമയും. പ്രയാഗത്തിനു പടിഞ്ഞാറു രണ്ടാതിരവിപ്പാട് അകലം, എന്റെ ഇരു നിമ്മിച്ച നിഗമോൽബോധകതീർത്ഥം. സപ്തതീർത്ഥത്തിനും നിഗമോൽബോധകത്തിനും ഇടയിലായി, ദേവന്മാർ പണ്ടു സ്ഥാപിച്ച ഇന്ദ്രപ്രസ്ഥമെന്ന മഹാക്ഷേത്രമാണിത്. പടിഞ്ഞാറടിഞ്ഞാറു ഒരു യോജന, തെക്കു കാളിന്ദിയിലാ നാലു യോജന—ഇതത്രേ, ഇന്ദ്രപ്രസ്ഥത്തിനു മഹർഷിമാരും തിരുത്തികളും നിശ്ചയിച്ച അതിര്; ഇതിനുള്ളിൽവെച്ചു മുതിപ്പെട്ടവൻ രാജനായിബ്ഭവിക്കും'.

ശിഖിരാജാവേ, ഇതു കേട്ട ശിവശർമ്മാവു്, സംശയം തോന്നുകയാൽ, സത്യവാദിയായ പുത്രനോടു ചോദിച്ചു:—'ഇതെങ്ങനെ എനിക്കു ബോധപ്പെടും: നീ മുൻജന്മത്തിൽ ദേവവ്രതനായിരുന്നുവെന്നും, ഇപ്പിടെ യാഗങ്ങൾ കഴിച്ചു ബ്രാഹ്മണർക്കു രത്നങ്ങൾ അളന്നുകൊടുത്തുവെന്നുമാണല്ലോ പറഞ്ഞതു്; ഉണ്ണി, ഇതെനിക്കു ബോധപ്പെടാൻ വേണ്ടതു ചെയ്യുക. ഇന്ദ്രപ്രസ്ഥത്തിന്റെ അതിർ നീ എങ്ങനെ കേട്ടു? നിനക്കു ബുദ്ധിവെച്ചതുമുതൽക്കു നീ ഗൃഹം വിട്ടകയുണ്ടായിട്ടില്ല; നീ എങ്കൽനിന്നു തന്നെയാണു വേദം നാലും വേദാംഗങ്ങളും പഠിച്ചതു്. നിനക്കു പൂർവ്വജ്ഞാനം എങ്ങനെയുണ്ടായി?'

വിഷ്ണുശർമ്മാവു്:—'ഋഷിമാർ എനിക്കു മുൻജന്മസ്മരണയുണ്ടാവുമെന്നു വരം തന്നിട്ടുണ്ടു്; അവരിൽനിന്നതറിഞ്ഞതാണു്, തീർത്ഥത്തിന്റെ അതിർ ഞാൻ കേട്ടതു്. അച്ഛൻ ഇവിടെ നിഗമോൽബോധകതീർത്ഥത്തിൽ നീരാടുക; എന്നാൽ പൂർവ്വജന്മസ്മരണത്തെ ഉളവാക്കുന്ന ദുർല്ലഭജ്ഞാനം സിദ്ധിക്കും. ഈ തീർത്ഥത്തിലെ ജലം സ്പർശിച്ചാൽ എന്നേറയും മുൻജന്മം അച്ഛനോർമ്മയിൽ വരും; തീർച്ചയാണു'

ശിവശർമ്മദേവേന്ദ്രൻ മുൻജന്മസ്മരണയുണ്ടാകാൻവേണ്ടി നിഗമോൽബോധകതീർത്ഥത്തിൽ സ്നാനംചെയ്വാൻ തുടങ്ങിയപ്പോഴെയ്ക്കും, സിംഹത്താൽ പിന്തുടരപ്പെട്ട ഒരു കാട്ടുപോത്തു വല്ലാതെ പേടിച്ചരണ്ടു വാടിത്തളർന്നു കിതച്ചുകൊണ്ടു് അവിടെ ചാടിവന്നു: വഴിക്കുവെച്ചു കുച്ചവടക്കാരെ കൊള്ളയിട്ടു കൊല്ലുകയായിരുന്ന, ആ ഹിംസാശീലന്റെ തൊഴിൽ; കറുത്തിരുണ്ട തലമുടി മുതുകത്തു മുന്നോട്ടായി പൂച്ചക്കണ്ണനായി കന്തവുമേന്തിയിരുന്ന ആ ഭീമാകാരാകാരനെ കണ്ടാൽ പാപം ചെയ്താൽ പുണ്യനാണെന്നേ തോന്നൂ. പോത്തുകണ്ടു സിംഹത്തെ കണ്ട തോട്ടുടി, അച്ഛനും മകനും സമീപത്തുള്ള ഒരു മരത്തിന്മേൽ കേറി

Digitized By Kerala Sahitya Akademi

യിരുന്നു, ഹരാ, കൃഷ്ണ, ഈ അപരാധം നീക്കേണമേ എന്നു പ്രാർത്ഥിക്കുകയായി. കാട്ടാളൻ അതിവേഗത്തിൽ പാഞ്ഞുവരുന്ന സിംഹത്തെ കണ്ടു പേടിച്ചു് ഒരു മരത്തിന്മേൽ കേറാൻ തുടങ്ങി; കുറച്ചു കേറിയപ്പോഴെയ്ക്കും, സിംഹം പാഞ്ഞടുത്തു കാൽകളിൽ പിടികൂടി അവനെ നിലത്തു വീഴിച്ചു മീതെ കേറിനിന്നു. ചാടിൽപ്പെട്ട കിരാതനാകട്ടെ, കത്തികൊണ്ടു് അതിന്റെ വയർ പിളർത്തി കടുനിണം പൂണ്ട കടർമാല പുറത്തു ചാടിച്ചു. സിംഹവും മരണവേദനയിൽ അതിഘോരമായ ഒരലർച്ച് അലറി, കാട്ടാളന്റെ തലയരച്ചുകളഞ്ഞു.

(കിളിപ്പാട്ട്—കാകളി)

ആ മട്ടിരുവരും ചത്തവരാകാശ-
സീമാവിൽ നിന്നാശു രണ്ടുപേർ പാർഷ്ടർ
രണ്ടു വിമാനമങ്ങാനയിച്ചാർ പുന-
കൊണ്ടൽവർണ്ണന്മാർ പട്ടങ്കാൽ വിരചിതം,
സൽക്കണ്ഡവർ മണിമണ്ഡിതം, ശംഖാബ്ജ-
ചക്രഗദാധരർ ചിത്രവിചിത്രിതം
നന്മഞ്ഞളാട വഴിപോലുടുത്തവർ
പൊന്മയമാകിയ ഭിത്തിയാലാവൃതം,
ഉൽഫുല്ലപങ്കജസംകാശലോചന-
രഷ്ടജഗോഗ്മഗവാക്ഷോപലക്ഷിതം,
കാലിൽച്ചിലങ്കകം തത്തിക്കിലുങ്ങുവോ-
രാലോലകിങ്കിണീകാണമുഖരിതം,
കൈത്തണ്ടുകളിൽ വളകളണിഞ്ഞവർ
നേത്രസുഖപ്രദവേഷികാലംകൃതം,
തുമ്പുമാലകം മാറത്തു ഞാന്നവ-
രാമുഖ്യമാം വിതാനത്താൽ വിരാജിതം,
മിന്നും മുഖത്തു പുരണ്ട കറനിര
ചിന്നിക്കിടപ്പവരുച്ചധ്വയാഞ്ചിതം,
ചില്ലിയിണകൊണ്ടു മല്ലീശരനടെ
വില്ലിനെവെന്നവരന്നകുതോരണം,
മൂക്കിനാൽ തത്തതൻചുണ്ടിനെ ലജ്ജിത-
മാക്കിയോർ ഭ്രൂനിയ്യംഗവിഭ്രഷിതം,
വർണ്ണനാവല്പാവാളാപേടതലർ
കണ്ണാടിപോലാം നിലത്താൽ മനോഹരം.

Digitized By Kerala Sahitya Akademi

അ വിമാനം രണ്ടും, പ്രാണൻ പോയതോടുകൂടി, അ തീർത്ഥത്തിന്റെ പ്രഭാവത്താൽ പ്രാകൃതസ്വരൂപം വിട്ട ദിവ്യശരീരരായിച്ചമഞ്ഞ സിംഹകിരാതന്മാരുടെ സമീപത്തെത്തിക്കപ്പെട്ടു; എന്നിട്ട്, യൌവനവും ലാവണ്യവും വേഷഭംഗിയും കൊണ്ട അ വിഷ്ണുപാർഷദർ ഉരചെയ്തു:—'ഹേ സൽപുരുഷനായ കിരാത, ഹേ മൃഗേന്ദ്രനായ സിംഹമേ, വൈകുണ്ഠത്തിൽ നിന്നു വന്ന ഭഗവൽപാർഷദരാണ് ഞങ്ങൾ. ഞങ്ങൾ നിങ്ങളെ അ * ഉന്മിഷിതമായ സൽപദത്തിലേയ്ക്കു കൊണ്ടുപോകാം; സ്വന്തം സ്വന്തം വിമാനത്തിൽ കയറുക; താമസിക്കേണ്ടാ.' സ്വന്തം സ്വന്തം വിമാനത്തിൽക്കേറിയ കിരാതനും മൃഗേന്ദ്രനും അത്ഭുതപ്പെട്ട് അ ലക്ഷ്മീരമണരോട് ചോദിച്ചു:—'അല്ലയോ ത്രിദശപുംഗവന്മാരേ, കേട്ടാലും: നിങ്ങളെ കണ്ടതിനാൽ ഞങ്ങൾക്ക യഥാർത്ഥജ്ഞാനമുദിച്ചു; ഇതുജന്മത്തിൽ ഞങ്ങൾ സാല്ലുമെങ്കിലും സുകൃതം ചെയ്തിട്ടില്ല. മുമ്പു ചെയ്തപോന്നതെല്ലാം ഞങ്ങൾക്ക നിങ്ങളുടെ പ്രസാദത്താൽ ഭാമ്മയിൽ വന്നു. തെല്ലും ദയയില്ലാതെ പ്രാണികളെക്കൊന്നു മാംസം തിന്നുന്നവരും ദുഷ്ടകുലത്തിൽ പിറന്നവരും കാട്ടിയിൽത്തന്നെ ക്രൂരന്മാരായിരുന്നവരല്ലൊ ഞങ്ങൾ; ഇതുമും പാപികളായ ഞങ്ങൾക്ക് എന്തൊരു പുണ്യത്താലാണ് നിങ്ങളെ കാണാനും, സാരൂപ്യം നേടി ശ്രീനാരായണന്റെ സന്നിധിയിലേയ്ക്കു പോകാനും ഇടവന്നതു?'

പാർഷദർ:—'പണ്ടു ദേവാചാര്യനാൽ നിർമ്മിക്കപ്പെട്ടതായ ഈ തീർത്ഥത്തിൽവെച്ചു മരിച്ചതിനാലത്രേ നിങ്ങൾ ഞങ്ങളെ കണ്ടതും അത്ഭുതമായ സാരൂപ്യമടഞ്ഞതും; താമസിയാതെ നിങ്ങൾക്ക വൈകുണ്ഠപദപ്രാപ്തിയും സിദ്ധിക്കും. ഈ ബ്രഹ്മ പരിതീർത്ഥത്തെ ദർശിക്കുന്നതുവരെയ്ക്കും, ബ്രഹ്മഹത്യാദി പാപങ്ങൾപോലും ഗണ്യമാക്കയുള്ളൂ! സൂര്യനുദിച്ചാൽ ഇരുട്ടെപ്രകാരമോ, അപ്രകാരം നിഗമോൽബോധകത്തെ ദർശിച്ചാൽ പാപമെല്ലാം നശിച്ചുപോകും. ഇന്ദ്രന്റെ പരിപാവനമായ ഇന്ദ്രപ്രസ്ഥക്ഷേത്രമാണിതു്. അദ്ദേഹം ഇവിടെവെച്ചു ദക്ഷിണത്തേറിയ യാഗങ്ങൾകൊണ്ടു ലക്ഷ്മീരമണനെ പൂജിക്കയുണ്ടായി; അതിൽ തിരുവുള്ളം തെളിഞ്ഞ ഭഗവാൻ അദ്ദേഹത്തിനു', 'ഹേ ശക്ര, ഭവന്റെ ഈ സുപവിത്രമായ ക്ഷേത്രത്തിൽവെച്ചു മൃതിപ്പെട്ടാൽ ഹിംസാശീലർപോലും എന്നെ സാരൂപ്യം നേടു'മെന്നിങ്ങനെ വരംനൽകിയിരിക്കുന്നു.

* വിശപ്പ്, ദാഹം, ശോകം, മോഹം, ജര, മരണം എന്നീ ആറുമില്ലാതെ.

Digitized By Kerala Sahitya Akademi

ഈ വിധം കഥിച്ച് ആ പാഷ്ടോത്തമന്മാർ അവരിരുവരേയും, എവിടെപ്പോയാൽപ്പിന്നെ സംസാരസമുദ്രത്തിൽ മുഴുകുന്നില്ലയോ, ആ മുകുന്ദപദത്തിലേയ്ക്കു കൊണ്ടുപോയി.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, കാളിന്ദീമാഹാത്മ്യപ്രകരണം, യുധിഷ്ഠിരനാരദസംവാദോന്മുഖ്യത ശിബിനാരദസംവാദം, കിരാതസിംഹകേതു കഥനം തൊണ്ണൂറാമദ്ധ്യായം.

— (൦) —

തൊണ്ണൂറാമത്തെ അദ്ധ്യായം.

നാരദൻ:—അപ്പുണ്ഡരീകം മകുടം വൃക്ഷത്തിന്മേൽ നിന്നിറങ്ങി. അവർക്ക്, പാപികളും വിഷ്ണുപദം പ്രാപിച്ചതു കണ്ടിട്ടു വളരെ വിസ്മയം തോന്നി. ശിവശർമ്മരാജേന്ദ്രൻ, പാഷ്ടപ്രോക്തമായ തീർത്ഥപ്രഭാവം കേട്ടിട്ട്, പുത്രനായ വിഷ്ണുശർമ്മാവിനോടു കഥിച്ചു:—

(പദ്യം)

യാതൊരു പദം ചെന്മേ തപംചെയ്തു
വൈദികക്കിം ലഭിക്കില്ലെളുപ്പത്തിൽ,
പുക്കിതപ്പദം വ്യാധനും സിംഹവും;
പുത്ര, നോക്കുക തീർത്ഥപ്രഭാവം!
ജന്മകാലം മുതൽക്കു മരിപ്പോളം
തിന്മചെയ്യാതുമേ തൽപ്രഭാവത്താൽ
ചിന്മയന്റെ സരൂപത നേടിനാ-
രിമ്മഹാതീർത്ഥമെങ്ങിനെ വണ്ണിക്കാം!
സ്തുത്യസാദ്ധ്യകമെങ്ങു ഹരിരൂപം
സത്യലോകേശപദവും സുദുർല്ലഭം!
എങ്ങു താമസർ കേസരിവേടന്മാർ!
എത്ര വിസ്മയംചെയ്യുവാനിത്തീർത്ഥം!
സൃഷ്ടികർത്തൃപദത്തിങ്കൽനിന്നുമേ
ഭ്രഷ്ടനാം ദേഹി കമ്മമൊട്ടങ്ങിയാൽ;
തിട്ടമിപ്പുരുതീർത്ഥത്തിൽവെച്ചയിർ
വിട്ടവന്നില്ല വിഷ്ണുപദപ്രതി!'

ഇങ്ങിനെ ഈ ബൃഹസ്പതിതീർത്ഥത്തിന്റെ മാഹാത്മ്യം പ്രത്യക്ഷമായി കണ്ടിട്ട് ആ ബ്രാഹ്മണശ്രേഷ്ഠൻ ഇതിൽ സ്നാനംചെയ്യാ

Digitized By Kerala Sahitya Akademi

നൊരുങ്ങി: അദ്ദേഹം മുഖദന്തചരണാങ്ങൾക്കും വ്യായത്തിനും ശ്രദ്ധി വരുത്തി, പഞ്ചകച്ചമായി, കട്ടമ്മ കെട്ടി, വിഷ്ണുവിനെ സ്മരിച്ചു കൊണ്ട്, 'അശക്രാന്തേ' എന്നാരംഭിയായ ശ്ലോകം ചൊല്ലി കയിൽനിന്ന മണ്ണെടുത്തു്, അതുകൊണ്ടുതന്നെ തിലകംതൊട്ട വെള്ളത്തിലിങ്ങി, കഴുക്കിന്നു നേരേനിന്നു മുങ്ങിപ്പൊങ്ങിയിട്ടു വീണ്ടും വിഷ്ണുവിനേയും വിശ്വപാവനിയായ ഗംഗയേയും സ്മരിച്ചു മുങ്ങി; വീണ്ടും പൊങ്ങി, അയോധ്യ മുതലായ ഏഴു പുരികളെ സ്മരിച്ചു വീണ്ടും മുഴുകി. ദ്വിജോത്തമൻ യഥാവിധി സ്നാനം കഴിച്ചിട്ടു വെള്ളവസ്ത്രങ്ങൾ ധരിച്ചു കേറി ച്ചെന്നു തിലകം തൊട്ടു; പിന്നിട്ടു കൈകൊൽ കട്ടമ്മ പൂണൂനൂലുകളിൽ ഭദ്രം വിരിച്ചു മനസ്സടക്കി സന്ധ്യാവന്ദനവും മുന്നു അപ്പുണ്ണവും ശരിക്കനുഷ്ഠിച്ചു; സൂര്യനു പൂവും വെള്ളവുംകൊണ്ടു് ആദരവോടേ അർഘ്യം നൽകി, തുടയിൽ തൊഴുകൈവെച്ചു നമസ്കരിച്ചു; അനന്തരം ജഗൽപൂജ്യപദാബ്ജനായ ജനാർദ്ദനനു്, അവാഹനം മുതൽ നൈവേദ്യംവരെയുള്ള പൂജ നടത്തി. അദ്ദേഹം ഇതെല്ലാം കഴിച്ചു സുഖോപവിഷ്ടനായിട്ടു്, അവിണ്ണം സ്ഥിതിചെയ്യുന്ന പുത്രനോടു്, തന്റെ പ്രാഗ്ജന്മകർമ്മങ്ങളെല്ലാം സ്മരിച്ചുംകൊണ്ടരചെയ്തു:—

'ഉണ്ണി, വിഷ്ണുശർമ്മൻ, നീ പറഞ്ഞതു ശരിതന്നെ: ഇതിൽ സ്നാനംചെയ്തതിനാൽ, എനിക്കു മുൻജന്മസ്മരണയുണ്ടായിവന്നു. കേൾക്ക, മഹാഭാഗ, ഞാൻ പറയാം: എന്റെ മുൻജന്മം കച്ചവടക്കാരായ വൈശ്യരുടെ വംശത്തിലായിരുന്നു; എന്റെ അച്ഛൻ, ശൂരൻ, കാന്യകുബ്ജനഗരത്തിൽ പാർത്തു കച്ചവടത്തിൽ വളരെ ധനം സമ്പാദിക്കുകയും ധർമ്മനിഷ്ഠിക്കുകയും ചെയ്തുപോന്നു. കാലം വളരെക്കഴിഞ്ഞു; അദ്ദേഹത്തെ വാർദ്ധക്യം ബാധിച്ചു; പുത്രനായിട്ടില്ല. അതിൽ അദ്ദേഹത്തിനു വലിയ വിഷാദമായി.

(പദ്യം)

'പുത്രനില്ലായ്കകൊണ്ടു വ്യർത്ഥം തന്നെ,
വിത്തമേറെ ഞാൻ നേടിയിരിക്കലും;
പാരിലാത്മജനില്ലായ്കിൽ വൻപണ-
ക്കാരനും പിതൃക്കൾക്കു കടക്കാരൻ:
നീരിരിക്കിലും വൻവിഹീനമാം
കാറു ചാതകങ്ങൾക്കെന്നപോലവേ
പാരിനെ ഭജിക്കുന്ന പുമാൻ ധർമ്മ-
കാരണമായ സന്തതികൊണ്ടതാൻ:
ശക്തി മുന്നിനാൽ, ദുർജ്ജയനാകിയ
ശത്രുവെ ക്ഷിതിപാലൻ കണക്കിനേ.

Digitized By Kerala Sahitya Akademi

ശ്രുതസന്തതി ജീവനമേകന്നു
മർത്ത്യദേവപിതൃക്കൾക്കു നീളവേ:
സത്യമായ് ചൊന്ന വാക്കിങ്ങുദാസീന-
മിത്രശത്രുവന്മാക്കെന്നപോലവേ!
ആത്മജസ്ഥനാകിയ പുത്രനാൽ
ശ്രുത്രമാം പുകളുറ്റുന്ന വായ്ക്കുന്നു:
തിങ്കൾവന്നുദിക്കുന്ന സമയത്തു
വൻകടലിന്ന വെള്ളം കണക്കിനേ!
ആകയാലുടൽകൊണ്ടും മുതൽകൊണ്ടു-
മാവതും ശ്രമിക്കണം സുതാപ്തിക്കായ്;
മിന്നലായുസ്സുകാരായ മാനുഷ-
ക്കുണ്ണിയെന്നിയേ വ്യർത്ഥമിഹ ലേശം!'

ഇതായി; പകലിരവു വൈശ്യശ്രേഷ്ഠന്റെ വിചാരം. അങ്ങിനെയിരിക്കെ, അദ്ദേഹത്തിന്റെ ഗൃഹത്തിൽ, അതീന്ദ്രിയജ്ഞാനിയായ ദേവലമുനീന്ദ്രൻ വരം നൽകുവാനായി വന്നെത്തി. മഹർഷി വന്നതു കണ്ടതോടുകൂടി അച്ഛൻ ആസനത്തിൽനിന്നെഴുന്നേറ്റു പൂജയും അർഘ്യവും നൽകി, കുമ്പിട്ടു വന്ദിച്ചു; അവിടെ കൊണ്ടുചെന്നു ആസനവും ഏർപ്പെടുത്തുവച്ചുപവേശിപ്പിക്കുകയും ചെയ്തു. എന്നിട്ട്, ആ ദേവലൻതന്നെയായ ദേവലമുനിശ്രേഷ്ഠനോടു ചോദിച്ചു:— 'മുനിശ്രേഷ്ഠ സ്വാഗതം! അവിടുത്തേക്കൊക്കെ കുശലം തന്നെയല്ലോ? തപസ്സ്വാധ്യായനിയമങ്ങൾക്കു മുടക്കമില്ലല്ലോ? ആശ്രമത്തിൽ യഥാകാലം അതിഥികൾ വന്നെത്തുന്നുണ്ടല്ലോ? അവിടുത്തെ ആശ്രമവൃക്ഷങ്ങൾ യഥേഷ്ടം കായ്ക്കുന്നില്ലേ? കടുവായും മറ്റും മാൻമുതലായവയെ, ക്രൂരന്മാർ ക്രൂരന്മാരെ വിഴുങ്ങുമ്പോലെ, ഉപദ്രവിക്കാതിരിക്കുന്നുണ്ടല്ലോ? ഇവിടുന്നു സഞ്ചരിക്കുന്ന ഭൂമിയിൽ ഗൃഹസ്ഥർക്ക് ഒരുപ്രശ്നവുമുണ്ടോ; അല്ലെങ്കിൽ ഗൃഹത്തിൽ വഴുകിയ അക്ഷുദ്രരായ ഭോഗങ്ങളെ കണ്ടെത്തുന്നു! ശ്രീനാരായണന്റെ പാദപങ്കജത്തിൽ മനസ്സർപ്പിച്ചവർക്ക് ഒന്നിലും അത്രമാത്രമുണ്ടാകയില്ല; എന്നാലും, ഇവിടുന്നു വന്നതു് എന്തുദ്ദേശിച്ചാണെന്നുള്ള ശങ്കയിൽ പറയുമാറാകണം!' ദേവപൂജിതനായ ദേവലൻ ആ വൈശ്യോത്തമന്റെ ഉള്ളുറിയാൻവേണ്ടി അദ്ദേഹത്തോടരുളിച്ചെയ്തു:— 'ധർമ്മജ്ഞനായ വൈശ്യശ്രേഷ്ഠ, അവിടുന്നു വളരെ ധനം ധർമ്മത്താൽ നേടിവെച്ചിട്ടുണ്ടു; അതുകൊണ്ടു നിത്യനൈമിത്തികകർമ്മങ്ങളും നടത്തിപ്പോരുന്നുമുണ്ടു്. ധനമുണ്ടായാലേ മനുഷ്യൻ രാജസദസ്സിൽ മാനിക്കപ്പെട്ടു; വിക്രമംകൊണ്ടോ യോഗ്യവിദ്യയിൽ

Digitized By Kerala Sahitya Akademi

ജയം കിട്ടും. ധനം സമ്പാദിച്ചു ഗൃഹസ്ഥൻ, ശരൽക്കാലത്തു പാകംവന്ന സസ്യംകൊണ്ടു കാള എന്നപോലെ തുലോം പുഷ്ടിപ്പെടുന്നു. ധനവാനെ ബന്ധുക്കളും മറും, തേനാലിപ്പൂക്കളെ വണ്ടുകളെന്നപോലെ, ഒരിക്കലും കൈവിടുകയില്ല. ധനമില്ലെങ്കിൽ ഗൃഹസ്ഥർക്ക്, പരക്കെ വേനൽക്കാലത്തു സസ്യങ്ങൾക്കെന്നപോലെ കാശ്യം വന്നുകൂടും. എന്നാൽ, അങ്ങയുടെ ഗൃഹത്തിൽ ധനം ധാരാളമുണ്ടല്ലോ; എന്നിട്ടും ചടപ്പെന്തുകൊണ്ടാണ്? ഗോപ്യമല്ലെങ്കിൽ പറഞ്ഞാൽക്കൊള്ളാം.'

ശരൻ:—'അച്ഛനെപ്പോലെ ഹിതോപദേശം ചെയ്യുന്നവരാണ് ഭവാന്മാർ; പുത്രതുല്യരായ ഇയ്യുള്ളവർക്കു ഭവാന്മാരിൽനിന്നു മറച്ചുവെയ്ക്കേണ്ടതായിട്ടെന്തുള്ളൂ? മാമുനേ, ഇവിടുത്തെ പ്രസാദത്താൽ പരക്കെ ക്ഷേമംതന്നെയാണെനിക്ക്; വാർദ്ധക്യം വന്നിട്ടും പുത്രനുണ്ടായിട്ടില്ല എന്നൊരു വ്യസനമേ ഉള്ളൂ. അതുകൊണ്ടാണ് ദേഹം മെലിഞ്ഞുപോയതു്. പിതൃകടം എന്നെ ഭയപ്പെടുത്തുന്നു; അതു മനുഷ്യർക്കധോഗതി വരുത്തുമല്ലോ. മുനിപുംഗവ, എനിക്കു പുത്രനുണ്ടാവാൻ ഒരുപായം കല്പിച്ചുചെയ്താലും: ഭവാദൃശന്മാർക്ക് അസാധ്യമായിട്ടൊന്നുമില്ലല്ലോ ലോകത്തിൽ!'

ദേവലൻ കുറേനേരം മനസ്സുറപ്പിച്ചു കണ്ണടച്ചിരുന്നു; അതിൽ, അച്ഛനു സന്താനമുണ്ടാകാത്തതിന്റെ കാരണം കണ്ടെത്തി. അതിനുശേഷം ആ അതീന്ദ്രിയജ്ഞാനി, അച്ഛനോടു വരുത്തിക്കൊണ്ടു് അരുളിച്ചെയ്തു:—'ഐശ്യപുംഗവ, മുമ്പൊരിക്കൽ ഭവാന്റെ ഈ ധർമ്മപത്നി ഒരു മനോരാജ്യം വിചാരിക്കുകയുണ്ടായി: 'ഗൗരി, ഗിരിശവല്ലഭേ, എനിക്കു ഗർഭമുണ്ടായാൽ, ഞാൻ നിന്തിരുവടിയെ ഷഡ്രസഭോജനം-തൈവിളക്ക്-മാല-താംബൂലം-നൃത്തം-വാദ്യം-വീണാഗാനം-പലതരം ചരിക്കുട്ട് എന്നിവകൊണ്ടു പ്രീതിപ്പെടുത്തിക്കൊള്ളാം' എന്നിങ്ങനെ സഖിമാരുടെ മുമ്പിൽവെച്ചു നേർന്ന്, ഇവർ ഗൗരീഭക്തിയോടെ ആ കാലം കാത്തിരിക്കുകയായി. ആ മാസത്തിൽത്തന്നെ ഭവാന്റെ പ്രിയതമയ്ക്കു ഗർഭമുണ്ടായി. ഉടനെ സഖിമാരെല്ലാവരും സസ്നേഹം ഇവരോടു പറഞ്ഞതു:—'ഭവതി കാംക്ഷിച്ച ഗർഭം ഗൗരി തന്നുകഴിയല്ലോ; അതിനാൽ, സുഭഗേ, ദേവിക്കു നേർന്നിട്ടുള്ള പൂജ കഴിക്കുക; അല്ലെങ്കിൽ ഭഗവതി ഭവാം പകർന്ന ദോഷം വരുത്തിക്കളയും: പ്രസാദിച്ചാൽ വരവും, കോപിച്ചാൽ ശാപവും നൽകുന്നവരത്രേ ദേവിമാർ.' ഇതു കേട്ടിട്ട്, മഹാഭാഗ്യം പതിവ്രതയുമായ ഭവാന്റെ ഭാര്യ വണക്കത്തിൽ ഭവാനോടാവശ്യപ്പെട്ടു:—'ഭർത്താവേ, എനിക്കു സർവ്വാഭീഷ്ടദയായ ഗൗരിയെ പൂജിക്കേണമെന്നുണ്ട്; നാഥ, തന്തിരുവടിയുടെ പ്രസാദത്താൽ

Digitized By Kerala Sahitya Akademi

എനിക്ക കാംക്ഷിതം കൈവന്നിരിക്കുന്നു.' ഇതു കേട്ടപ്പോൾ ഭവാന്, തന്റെ ഗൃഹനായിക ഗർഭിണിയായിരിക്കുന്നു എന്ന മനസ്സിലാകയും, പരമോത്സവത്താൽ പരിതോഷംപൂണ്ട ഭവാൻ അപ്പോൾത്തന്നെ പൂജയ്ക്ക വട്ടംകൂട്ടുവാൻ ഭൃത്യരോടാജ്ഞാപിക്കുകയുംചെയ്തു. മധു, അന്നം, മുന്തിരിങ്ങ, ഗന്ധം മുതലായി സകല പദാർത്ഥങ്ങളും അവർ കൊണ്ടുവന്നു; ഭവാൻ ഭാര്യയ്ക്ക കൊടുക്കുകയുംചെയ്തു. അതിന്നുശേഷം ഇവർ സഖിമാരെ വിളിച്ചുപറയാടി:—തോഴിമാരേ, അംബികാപൂജയ്ക്ക വേണ്ടതൊക്കെ കൊണ്ടുവന്നിരിക്കുന്നു. നിങ്ങൾ പൂജാദ്രവ്യങ്ങളും കൊണ്ട് അമ്പലത്തിൽ പോയി, വിധിപോലെ പൂജിച്ച ദേവിയെ പ്രസാദിപ്പിക്കുവിൻ. നമ്മുടെ തറവാട്ടിൽ ഗർഭമുള്ളവർ ഗൃഹം വിട്ടു പുറത്തു പോകാറില്ലല്ലൊ; അതിനാൽ ഞാൻ പോരുന്നില്ല. നിങ്ങൾ പോയി പൂജ കഴിച്ചാൽ മതി.'

(കിളിപ്പാട്ട്—കല്യാണി)

അഥസഖികളുപകരണമഖിലവുമെടുത്തുകൊ-
ണ്ടമ്മതൻ കോവിലണഞ്ഞാർ മണിമയം;
അവിടെ മദഭരമിയലുമളികം ചുഴലെപ്പറ-
ന്നല്ലസിക്കുന്ന പുഷ്പിച്ച കൈതകം;
അരിയകയിൽനിരകളുടെ കളനിനദകേളിക-
ളാന്നിടതിങ്ങിനിൽക്കുന്ന തേന്മാവുകം;
അമലതരകമലധരസരസി വിഹരിപ്പതു-
ണ്ടന്നങ്ങളം സാരസചക്രവാകങ്ങളും;
കുസുമശരദഹനനുടെ ബഹുവിധഗുണങ്ങളെ-
ക്കൊഞ്ചിപ്പുകഴ്ത്തുന്ന തത്തപൈൺതത്തകം;
കതുകമൊടു ചെറുകുസുമലതികകളെയംസ്സേ
കോരിനനയ്ക്കുന്ന പൈതലാൻ തോഴിമാർ;
ഹരമകുടശശിരുചിയിലിരുളകലുമങ്ങനെ
ലിംഗങ്ങളം ഞാവൽപ്പഴങ്ങളം തൻകൈതവാൽ;
അചലമകളംകണവനുടെ തിരുവടികളം വെയ്പ്പാ-
ലത്യന്തസംഗ്രഹമങ്ങു മഹീതലം;
ത്രിദശപുരവരവിടപിപടലികളം പളുങ്കിനാൽ-
ത്തീർത്ത തടങ്ങളിൽ നില്പുണ്ടതാതിടം;
പരമശിവ വിഭവിനുടെ പതിവുനടനത്തിലെ-
പ്പാട്ടുകൊട്ടൊച്ച മുഴങ്ങുന്ന നീളവേ;

Digitized By Kerala Sahitya Akademi

മയമുടയകുളിർപവനനഴകിനൊട്ടലയ്ക്കുന്ന
മാകന്ദചംപകപ്പൂംകോരകങ്ങളെ;
മയിൽനടനമധുരരുതലഹരിയിതു നികുഞ്ജങ്ങളം
മാറൊലിക്കൊള്ളുന്ന ലീലാചലങ്ങളും.

ഇങ്ങനെ ശോഭിച്ചിരുന്ന ക്ഷേത്രത്തിൽ ചെന്ന് ആ സ്ത്രീകം പാർവ്വതിയേയും പരമേശ്വരനേയും വണങ്ങി വലത്തുവെച്ചു ഭക്തിപൂർവം ഉണർത്തിച്ചു:—'ലോകമാതാവേ, നിന്തിരുവടിക്കു നമസ്കാരം! ശിവവല്ലഭേ, അടിയങ്ങൾക്കു കുശലംതന്നരുളിയാലും. നിന്തിരുവടിയേ പൂജിപ്പാനായി കൊണ്ടുവന്നിരിക്കുന്ന ഈ പദാർത്ഥങ്ങൾ കല്പിച്ചു സ്വീകരിച്ചാലും. ശരഭവൈശ്യന്റെ പ്രിയ പത്നി, തനിക്കു ഗർഭമുണ്ടായാൽ നിന്തിരുവടിയെ പൂജിക്കാമെന്നു നേർന്നിരുന്നു; നിന്തിരുവടിയുടെ പ്രസാദത്താൽ അവൾക്കു ഗർഭമുണ്ടായിരിക്കുന്നു. അതിനാൽ പൂജയ്ക്കു ഞങ്ങളുടെ കയ്യിൽ തന്നയച്ചതാണിതൊക്കെ. അവരുടെ തറവാട്ടിൽ ഗർഭിണി ഗൃഹം വിട്ടു പുറത്തിറങ്ങാറില്ല; അതുകൊണ്ടാണ് അവർ പോരാഞ്ഞത്. തമ്പുരാട്ടി തിരുവുള്ളം തെളിഞ്ഞു ഇതംഗീകരിക്കുമാറാകണം!' ഈ വിധം പ്രാർത്ഥിച്ചു', ഭവാന്റെ ഭാര്യാസഖിമാർ അതെല്ലാം ഭഗവതിക്കു സമർപ്പിച്ചു', ചന്ദനാദികർകൊണ്ടു വഴിപോലെ പൂജിച്ചു. എന്നാൽ പാർവതിയുടെ മറുപടിയൊന്നുമുണ്ടായില്ല. അതിനാൽ അവർ ഗൃഹത്തിൽ മടങ്ങിവന്ന്, ദേവി പ്രസാദിച്ചിട്ടില്ലെന്നു സ്വാമിനിയെ അറിയിച്ചു. അതു കേട്ടപ്പോൾ ഭവാന്റെ ഭാര്യയ്ക്കു വ്യസനവും വിചാരവുമായി: 'എന്തുകൊണ്ടായിരിക്കാം ഭഗവതി സന്തോഷിക്കാഞ്ഞത്? അവിടെയ്ക്കറിയാമല്ലൊ, എന്റെ ഭക്തിയും പൂജയും: അവിടത്തെപ്പോലുള്ള വക്കറിഞ്ഞുകൂടാത്തതായി മനുഷ്യരുടെ പുറത്തും അകത്തും എന്തുണ്ട്? ഞാൻ ചെല്ലാഞ്ഞതിന്റെ കാരണവും അവിടെയ്ക്കറിയാം; എന്നിട്ടും എന്റെ വഴിപാടുകൊണ്ട് അവിടുന്നു പ്രസാദിക്കാഞ്ഞതെന്തുകൊണ്ടായിരിക്കാം? മറ്റൊന്നാവില്ല; ഞാൻ ആ മഹണീയക്ഷേത്രത്തിൽ ചെല്ലാഞ്ഞതു തന്നെയായിരിക്കണം അപ്രീതിക്കു കാരണം! കഴിഞ്ഞതു് ഇനി മറിച്ചാക്കാൻ വയ്യല്ലോ; പ്രസവിച്ചതിനു ശേഷം ഞാൻ അമ്പലത്തിൽ ചെന്നു പൂജിച്ചുകൊള്ളാം. ആ മഹേശപ്രണയിനിക്കു നമസ്കാരം! അവിടുന്നു കുശലംതന്നരുളട്ടെ!' എന്നിങ്ങനെ പ്രാർത്ഥിച്ചു', ഭവാന്റെ ഭാര്യ ഗർഭവും ധരിച്ചുവാണു.'

വിഷ്ണുശർമ്മാവേ, ഈ പൂർവ്വവൃത്താന്തം കേട്ടപ്പോൾ എന്റെ അച്ഛൻ ആ പരമജ്ഞാനിയായ മുനിപുംഗവനോടു ചോദിച്ചു:—'മ

Digitized By Kerala Sahitya Akademi

ഹർഷം. * ഇവിടുത്തെ സ്നുഷ (പുത്രഭാര്യ) നേന്ത്രിൻവണ്ണം പൂജ കഴിച്ചുവല്ലോ; പാർവതി പ്രസാദിക്കാഞ്ഞതിന്റെ കാരണം അരുളിച്ചെയ്യുക. ഇവർ അവിടെച്ചെല്ലുഞ്ഞാൽ ഇന്നതുകൊണ്ടാണെന്നു ദേവിക്കു തന്നെ അറിയാം; സഖിമാർ ഉണർത്തിക്കുകയും ചെയ്യും. എന്നിട്ടും തന്തിരുവടി പ്രസാദിക്കാഞ്ഞതെന്തുകൊണ്ടാണ്?'

ദേവലൻ:—'വൈശ്യോത്തമ, കേട്ടുകൊള്ളുക: ഇവർക്കു ഗർഭം അലസിപ്പോകുഞ്ഞക്കവണ്ണം പാർവതിക്കു പ്രീതിയുണ്ടായതിന്റെ കാരണം പറഞ്ഞുതരാം: സഖിമാർ സുന്ദരമാതാവിനെ പൂജിച്ചു മടങ്ങിപ്പോന്നപ്പോൾ, വിജയ എന്ന സഖി കൈയുകത്തോടെ പാർവതിയോടു ചോദിച്ചു:—'കന്നിൻമാതേ, ഈ മനുഷ്യസ്ത്രീകൾ ഇവിടെയുള്ള സമ്പത്തും ഈ വഴിപാടു നൽകിയല്ലോ; സുമുഖി, ഇവിടുന്നു പ്രീതിപ്പെടാഞ്ഞതെന്തുകൊണ്ടാണ്? പ്രസാദിപ്പിക്കാനായി ധൂപദീപനൈവേദ്യങ്ങൾകൊണ്ട് ഇവർ ദേവിയെ പൂജിച്ചു. ഇവിടുന്നോ, നേരെമറിച്ച്, വൈമനസ്യംകൊള്ളുകയാണു ചെയ്തത്!' സഖിയുടെ ചോദ്യം കേട്ടിട്ട്, ദേവശ്രേഷ്ഠപൂജിതയായ ദേവി അവളോട് അപ്രീതികാരണം അരുളിച്ചെയ്തു:—'തോഴി, വിജയേ, എനിക്കറിയാം, ഗർഭിണിയാകയാൽ വൈശ്യപതിക്കു പുറത്തിറങ്ങാൻ പാടില്ലെന്ന്; അവൾ പറഞ്ഞതനുസരിച്ചിട്ടാണ് സഖിമാർ എന്നെ പൂജിപ്പാൻ വന്നതും. എന്നാൽ, എന്നെപ്പോലുള്ളവർ പരഗൃഹസ്ഥന്മാരുള്ള ബലി കൈക്കൊള്ളുകയില്ല. അവളുടെ ഭർത്താവു വന്നിരുന്നുവെങ്കിൽ നന്നാകുമായിരുന്നു; അതു ചെയ്യാഞ്ഞതിനാൽ, അവർക്കു ഗർഭം അലസിപ്പോകും. വ്രതമോ പൂജയോ അനുഷ്ഠിപ്പാൻ സ്ത്രീക്കു കഴിവില്ലാത്തപക്ഷം ഭർത്താവിനെക്കൊണ്ടു ചെയ്യിക്കണം; എന്നാൽ രണ്ടുപേർക്കും ദോഷം വരില്ല. അല്ലെങ്കിൽ ഭർത്താവിനോടു ചോദിച്ച് ഏകാഗ്രചിത്തയായി വിശിഷ്ടബ്രാഹ്മണനെക്കൊണ്ടു ചെയ്യിക്കണം. അവർ താൻതന്നെ വന്നുപൂജിച്ചില്ല; ഭർത്താവിനെക്കൊണ്ടു ചെയ്യിച്ചതുമില്ല. അതിനാൽ അവളുടെ ഗർഭം നിഷ്ഫലമായിപ്പോകും. ഇനി, ആ ദമ്പതിമാരിരുവരും ക്രമവന്ന് എന്നെ സശ്രദ്ധം പൂജിച്ചാലേ, അവർക്കു പുത്രനുണ്ടാവൂ.' ഈ ശാപം ഭവാനോ ഭവാന്റെ ഭാര്യയോ സഖിമാരോ കേൾക്കുകയുണ്ടായില്ല; ദേവിയെ പ്രസാദിപ്പിക്കുകയുമുണ്ടായില്ല അജ്ഞാനത്താലാണ്—ഇങ്ങും അങ്ങും ക്ഷേമം നൽകുന്ന പ്രതിവിധി മനസ്സിലാകാഞ്ഞതിനാലാണ്—നിങ്ങൾക്കു പുത്രസൗഭാഗ്യമുണ്ടാകാഞ്ഞതിന്റെ കാരണം ഭവാനോടു ഞാൻ, പണ്ടു വസിഷ്ഠൻ ദിലീപരാജാ

* എന്റെ ഭാര്യ എന്നർത്ഥം.

Digitized By Kerala Sahitya Akademi

വിനോദത്തെപ്പോലെ പറഞ്ഞു. അതു കേട്ട് ആ നരേന്ദ്രൻ നന്ദിനിയെ എപ്രകാരമോ, അപ്രകാരം ഭവാൻ ഭാര്യാസഹിതനായി കാമധേനുവായ ഗൌരിയെ പ്രസാദിപ്പിച്ചുകൊള്ളുക; ആരാധിതയായ നന്ദിനി ദിലീപന്ന പുത്രനെ നൽകിയതുപോലെ, ഭവാൻ ആരാധിച്ചാൽ ഗൌരി ഭവാന്നും തന്നരുളും.'

ശൌനൻ:—'ദിലീപൻ ഏന്ന രാജാവാരാണ്? അദ്ദേഹം ആരെ ആരാധിച്ചു പുത്രനെ നേടിയോ, ആ നന്ദിനി ആരാണ്? എന്തുകൊണ്ടാണ്, മൂന്നു വർണ്ണങ്ങൾക്കും ഫലം നൽകുന്ന മഹേശ്വരാദിദേവന്മാരെ വിട്ട് ആ ഭൂപാലൻ പുത്രലാഭത്തിന്ന് അവളെത്തന്നെ പൂജിച്ചതു?' മഹർഷേ, ഞാനീച്ചോദിച്ചതൊക്കെ പറഞ്ഞുതന്നാലും; അതു കേട്ടിട്ട ഞാൻ ഭാര്യയോടൊന്നിച്ചു പാർവതിയെ സേവിച്ചുകൊള്ളാം.'

എന്റെ അച്ഛനായിരുന്ന വൈശ്യൻ ഇങ്ങനെ വണക്കത്തിൽ ചോദിച്ചതു കേട്ടിട്ട് മഹർഷി ജഗൽപാവനമായ ദിലീപചരിതം കഥിപ്പാൻ തുടങ്ങി.

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, കാളിന്ദീമാഹാത്മ്യപ്രകരണം,
യുധിഷ്ഠിരസൌഭരിസംവാദദാനധർമ്മശതപതിവ്രതാസംവാദം,
ശിവശർമ്മപൂർവജന്മാഖ്യാനം തൊണ്ണൂറിത്തൊണ്ണൂറേഴാമധ്യായം.

—(o)—

ഒരുനൂറിത്തൊണ്ണൂറെട്ടാമദ്ധ്യായം.

ദേവലൻ:—'അല്ലയോ മഹാപ്രാജ്ഞ, ദിലീപഭൂപാലന്റെ ദിവ്യവും വിചിത്രവും ശ്രോതാക്കൾക്ക പാപനാശനവുമായ കഥ കേട്ടുകൊള്ളുക:

വൈവസ്വതമനുവിന്റെ വംശത്തിൽ, സ്വായംഭുവമനുവിന്റെ വംശത്തിൽ പ്രാചീനബർഹിസ്സെന്നപോലെ, ദിലീപൻ എന്നൊരു മഹാരാജാവുണ്ടായിരുന്നു. ആ ധാർമ്മികശ്രേഷ്ഠനായ മന്നവൻ ഭൂമിയെ ധർമ്മത്തിൽ പാലിച്ചുകൊണ്ട്, ദ്യോഷ്യഗുണങ്ങളാൽ ജനങ്ങളെ രഞ്ജിപ്പിച്ചുപോന്നു. മഗധരാജാവിന്റെ മകനും സുദക്ഷിണ എന്നവളായിരുന്നു, ശക്രനു ശചി എന്നപോലെ, അദ്ദേഹത്തിനു പട്ടമഹിഷി. കാലം വളരെക്കഴിഞ്ഞിട്ടും അവളിൽ പുത്രനുണ്ടായില്ല. അതിനാൽ, ആ കോസലേശ്വരനായ ചക്രവർത്തി മനസ്സുകൊണ്ടാലോചിച്ചു:—'രത്നാകരങ്ങളും, മഹാമേരു മുതലായ പർവതങ്ങളും എന്നിവ

Digitized By Kerala Sahitya Akademi

യിലെ രത്നങ്ങൾകൊണ്ടു ശോഭിക്കുന്ന ഭൂവലയം ഞാൻ കൈകളിൽ ധരിച്ചിട്ടുള്ളതു്, സന്തതിയില്ലായ്മയാൽ മോടിക്കു മാത്രം! തിരുത്തെ ഞാൻ യഥാകാലം സേവിച്ചുപോന്നു; ക്ലേശിപ്പിണക്കിയിട്ടില്ല. എന്നാലും, സന്താനമില്ലായ്മയാൽ എനിക്കു സുഖം തോന്നുന്നില്ല. ഞാൻ യജ്ഞങ്ങൾകൊണ്ടു വിഷ്ണുവിനേയും ഇന്ദ്രാദിദേവന്മാരേയും ആരാധിച്ചിരിക്കുന്നു; കളം, കിണർ, തോട്ടം എന്നിവ നാട്ടിലെങ്ങും തീർപ്പിച്ചിരിക്കുന്നു; ഗോഭൂമി കനകവസ്ത്രങ്ങൾകൊണ്ടും ഷഡ്രസംചേർന്ന ഭോജനങ്ങൾകൊണ്ടും ബ്രാഹ്മണരേയും അതിഥികളേയും കേതിപൂർവ്വം പ്രീതിപ്പെടുത്തിയിരിക്കുന്നു; അഭിവൃദ്ധിക്കായി രാജാക്കന്മാരെ യുദ്ധത്തിൽ ധർമ്മത്താൽ കീഴടക്കി, വാങ്ങിച്ച സമ്പത്തുകൊണ്ടു ഭാണ്ഡാഗാരം വർദ്ധിപ്പിച്ചിരിക്കുന്നു; കെടുമാറ്റം പൂക്കവർ, മതിമറന്നു സ്വധർമ്മം ലംഘിച്ചവർ, പിതൃദേവകളെ സേവിക്കാത്തവർ എന്നീ ദണ്ഡ്യന്മാരെ ദണ്ഡിപ്പിച്ചിരിക്കുന്നു; * പഞ്ചപർവ്വങ്ങൾ, വൈഷ്ണവതിഥി, ഞായറാഴ്ച, ശ്രാദ്ധദിവസം, ദശമി, ഏകാദശി എന്നിവയിൽ സ്ത്രീസംഗം ചെയ്തിട്ടില്ല; ഋതുസ്നാതയായ ഭാര്യയെ ഗമിക്കാതിരുന്നിട്ടില്ല; ഋതുകാലത്തല്ലെങ്കിലും അനിഷിദ്ധമായ കാലത്തു് അവൾ ആവശ്യപ്പെട്ടാൽ, ആ കാമിനിയോടൊന്നിച്ചു കാമത്തോടേ രമിയ്ക്കാറുണ്ടു്. ഇങ്ങനെ ധർമ്മാത്മകാമങ്ങളെ ഞാൻ യഥാകാലം സേവിച്ചിരിക്കുന്നു. എന്തു ദോഷത്താലായിരിക്കാം, എനിക്കു പട്ടമഹിഷിയിൽ സന്താനമുണ്ടാകാത്തതു്? നമ്മുടെ ഗുരുവായ ഭൂതഭവിഷ്യൽ ജ്ഞാനമുള്ള വസിഷ്ഠനോടു തന്നെ ചോദിക്കണം.' എന്നിങ്ങനെ നിശ്ചയിച്ചു് അരചൻ ഗുരുവിന്റെ ആശ്രമത്തിലേയ്ക്കു പോകാനായി, സമ്പത്തു നിറഞ്ഞ അയോധ്യയെ അമാത്യരിലേല്പിച്ചു.

പിന്നീടു് ആ പുത്രകാമരായ ദമ്പതിമാർ ഒരു സുദിനത്തിൽ, സൃഷ്ടികർത്താവായ ദേവനെ പൂജിച്ചു്, ഗുരുവിന്റെ ആശ്രമത്തിലേയ്ക്കു പുറപ്പെട്ടു. ഒരേ തേരിൽ സ്ഥിതിചെയ്യുന്ന അവർ ഏതാനും ദിവസങ്ങൾകൊണ്ടു മാർഗ്ഗം പിന്നിട്ടു് ഒരു വൈകുന്നേരം പുണ്യമായ ഗുരുആശ്രമത്തിൽ ചെന്നെത്തി: അവിടെ, വൈശ്വദേവാവസാനത്തിൽ വന്നെത്തുന്ന അതിഥികളെ മുനിമാർ സൽക്കരിച്ചുപോരുന്നു; അഗ്നിയിൽ ഹവിസ്സു ഹോമിക്കുമ്പോൾ പുറപ്പെട്ട ധൂമപടലം അവിടെയുള്ള മുനിമാരേയും വന്നുചേരുന്നവരേയും വിശുദ്ധിപ്പെടുത്തുന്നു; മാനകം മാൻപേടകളോടൊന്നിച്ചു്, കറുകുപുല്ലു തിന്നു വയർ വീർപ്പിച്ചു പതുക്കെപ്പതുക്കെ വന്നണയുന്നു; വൃക്ഷങ്ങളിൽ ക്രൂടണഞ്ഞ പക്ഷിക

* അഷ്ടമി, ചതുർദ്ദശി, അമാവാസി, പൌർണ്ണമാസി, സംക്രാന്തി.

Digitized By Kerala Sahitya Akademi

ളുടെ കളകളം മുഴങ്ങുന്നു; അവിടെ നരി, മാൻ മുതലായവയുടെ പാരസ്പരവൈരമുണ്ടായിരുന്നില്ല; ഋഷിമാർ ജപത്തിലും ധ്യാനത്തിലുമേർപ്പെട്ടതിനാൽ വേദഘോഷം കൊണ്ടുതന്നെയുണ്ടു് അടങ്ങിയിരുന്നു; പഠിപ്പു നിന്നുകയാൽ കുട്ടികൾ കളിയാടുന്നതുണ്ടായിരുന്നു. അതികൽ വസിഷ്ഠനെ അരുന്ധതിമാർ ദർശിച്ചു: അദ്ദേഹം കമ്മങ്ങൾ കഴിച്ചു് അരുന്ധതിയോടൊന്നിച്ചു സ്വസ്ഥനായി ആവണപ്പുലകമേൽ ഇരിക്കയായിരുന്നു. രാജാവു ഋശ്യവിന്റേയും രാജ്ഞി ഋശ്യപത്നിയുടേയും പാദങ്ങളിൽ വന്ദിച്ചു; ഋഷിരാജാവിനേയും അരുന്ധതി രാജ്ഞിയേയും ആശീർവദിച്ചു. പിന്നീടു്, പൂജ്യരിൽ വരിഷ്ഠനായ വസിഷ്ഠൻ അതിഥിയായ രാജാവിനെ മധുപക്കാടികൊണ്ടു സൽക്കരിച്ചിട്ടു് ഇപ്രകാരം ചോദിച്ചു:—'അല്ലയോ രാജശ്രേഷ്ഠ, ഭവാന്റെ രാജ്യത്തിനും കുലത്തിനും ജനത്തിനും സ്വധർമ്മാനുവർത്തനത്താൽ കുശലം തന്നെയല്ലേ? വീര, ഭവാൻ, വഴിപോലെ രക്ഷിച്ചുപോരുന്ന വസുന്ധര, സാത്വികബുദ്ധി ധർമ്മത്തെ എന്നപോലെ, ഭവാന്റെ ഭണ്ഡാഗാരത്തെ വർദ്ധിപ്പിക്കുന്നില്ലയോ? ഭവാന്റെ ഉൾക്കനമുള്ള നാട്ടുകാരും നാഗരികരും, സമുദ്രങ്ങളെന്നപോലെ, സ്വതന്ത്രനിലയിൽ നിൽക്കുന്നില്ലയോ? പ്രഭോ, ഭവാന്റെ നഗരത്തിലെ ഭാഗ്യാഢ്യന്മാർ സ്നേഹംകൊണ്ടും സാഹചര്യംകൊണ്ടും സഹവാസംകൊണ്ടും ലക്ഷ്മീനാരായണന്മാരെപ്പോലിരിക്കുന്നില്ലേ? മഹാരാജാവേ, ഭവാന്റെ നഗരത്തിൽ കാമ്യവൃക്ഷങ്ങളെന്നപോലെ കാംക്ഷിതം കായ്ക്കുന്നില്ലയോ?' വൈശ്യന്ത, ഇങ്ങനെ കുശലപ്രശ്നംചെയ്തിട്ടു വസിഷ്ഠമാമുനി യോഗപ്രഭാവത്താൽ കൈവന്ന ഭോജ്യങ്ങൾകൊണ്ടു രാജാവിനെ ഊട്ടിൻകഴിപ്പിച്ചു; ഔദാര്യവതിയായ അരുന്ധതി രാജ്ഞിയേയും അത്യാദരവോടെ പലതരം കറികളും പകപാനങ്ങളുംകൊണ്ടു ഭക്ഷണം കഴിപ്പിച്ചു.

ഊട്ടിൻകഴിഞ്ഞു സ്വസ്ഥനായി വണക്കത്തിൽ സ്ഥിതിചെയ്ത രാജാവിനോടു് സ്വസ്ഥനായ മഹർഷി, കൈകൊണ്ടു കയ്യു പിടിച്ചു വീണ്ടും ചോദിച്ചു:—'പ്രജകൾ സ്വധർമ്മമനുഷ്ഠിച്ചും മന്ത്രിബന്ധുജനങ്ങൾ സന്തോഷിച്ചും ശസ്ത്രാസ്ത്രകുശലരായ പടയാളികൾ മേളിച്ചും മിത്രങ്ങളിണങ്ങിയും ശത്രുക്കളൊടുങ്ങിയുമിരിക്കുന്ന സപ്താംഗരാജ്യം അക്ഷുണ്ണമാ, ആ രാജാവിന്നു സപ്തരാജ്യം ഏന്തിനാണു്! ഇക്ഷ്വാകുവംശത്തിലെ ധർമ്മശീലരായ രാജാക്കന്മാർ പുത്രന്മാരെ ഉല്പാദിച്ചു രാജ്യം അവരിൽ സമർപ്പിച്ചിട്ടാണു തപസ്സിലേർപ്പാറുള്ളതു; പുത്രമുഖം കണ്ടിട്ടില്ലാത്ത യുവാവായ ഭവൻ തപസ്സിനധികാരിയല്ല. പിന്നെയെന്തിനാണു്, അപ്രകാരമുള്ള രാജ്യം വിട്ടു് ഇങ്ങോട്ടു പോന്നതു്?'

Digitized By Kerala Sahitya Akademi

ദിലീപൻ:—'ബ്രഹ്മൻ, ഞാൻ സ്വർഗ്ഗത്തിനുവേണ്ടി അപ്രകാരമുള്ള രാജ്യം ത്യജിച്ചു തപസ്സുചെയ്യാനല്ല, ഇവിടുത്തെ ആശ്രമത്തിൽ വന്നിരിക്കുന്നതു് ഇവിടുന്നുള്ളിലെയ്യുന്ന ശരീതന്നെ: രാജ്യം പുത്രരിൽ ചേർത്തുവെച്ചിട്ടാണ്, ഇക്ഷ്വാകുക്കൾ തപോവനത്തിലേയ്ക്കു പോന്നിരുന്നതു്. അവർ സ്വർഗ്ഗം പ്രാപിച്ചാലും ഈ ഭൂരാജ്യം ത്യജിക്കയുണ്ടായിട്ടില്ല; അവരുടെ ആത്മാവായ സന്തതി ഇവിടെയുണ്ടാവുമല്ലോ. താത, ബാല്യംപോയി; യൌവനം വന്നു; ഇതും പോകും; വാർദ്ധക്യം വന്നെത്തും. വാർദ്ധക്യം വന്നാലോ, മനുഷ്യൻ ചാവുകതന്നെ! ഗുരോ, ഉണ്ണിയുണ്ടാകാതെ ഞാൻ മരിച്ചാൽ, ഈ പൂർവ്വരാജ്യം ആക്കായിമിക്കും! അതിനാൽ, സന്തതിയില്ലാത്ത എനിക്കു്, രാജഭരണത്തിലിരിക്കയാണെങ്കിലും, ഇതിൽ സക്തി തോന്നുന്നില്ല; മേലിൽ ഇതിന്നാളില്ലല്ലൊ. ബ്രഹ്മൻ, എനിക്കു തിവ്രത്തെ വേണ്ടുവണ്ണം ഉദ്ദേശിക്കുന്നതിവിടുന്നാണു്; എന്തു ദോഷത്താലായിരിക്കാം എനിക്കുണ്ണിയുണ്ടാകാത്തതു്? തപോനിധേ, നിന്തിരുവടി ആ ദോഷം ധ്യാനത്താൽ കണ്ടു് വേഗത്തിൽ എനിക്കു പറഞ്ഞുതന്നാലും; എന്നാൽ സന്താനലബ്ധിക്കു പ്രതിവിധി ചെയ്യാമല്ലൊ.'

ഇതു കേട്ടു വസിഷ്ഠൻ വസുധേശനു സന്താനമുണ്ടാകാത്തതിന്റെ കാരണം സമാധിയാൽ കണ്ടുറപ്പിച്ചു:—'നൃപപുംഗവ, ഭവാൻ പണ്ടു ദേവേന്ദ്രനെ സേവിച്ചിട്ടു്, ഋതുസ്നാതയായിരുന്ന ഈ വധുവിനെ സ്മരിച്ചു സ്വഗൃഹത്തിലേയ്ക്കു മടങ്ങി. വത്സ, സന്താനോൽകണ്ഠിതനായ ഭവാൻ ബദ്ധപ്പെട്ട പോരുമ്പോൾ, വഴിക്കു് ഒരു കല്പകവൃക്ഷത്തിന്റെ മുവട്ടിൽ കാമധേനു കിടന്നിരുന്നു; അങ്ങു് അവളെ നമസ്കരിച്ചു വലത്തു വെയ്ക്കുക എന്ന സദാചാരം അനുഷ്ഠിക്കയുണ്ടായില്ല; അതിനാൽ ആ പൂജനീയപദപാംസുവായ ഗോവു് അങ്ങയുടെ പേരിൽ അത്യന്തം അരിശംകൊണ്ടു. അവൾ അതിക്രോധത്താൽ, 'ഭവാനു്, എന്റെ സന്താനത്തെ ശുശ്രൂഷിക്കുന്നതുവരെ പുത്രനുണ്ടാകില്ല' എന്നു് അങ്ങയെ ശപിച്ചുകളഞ്ഞു. പുത്രനെക്കൊതിച്ചു് ഋതുകാലസംഗമത്തിന്നായി ബദ്ധപ്പെട്ടപ്പോഴാണു ഭവാൻ മനസ്സു് അതിൽത്തന്നെയാകയാലും, സൂതൻ തേരുരുളൊച്ചയാലും ആ ശാപം കേട്ടില്ല. അവളുടെ ദൌഹിത്രിയായ എന്റെ നന്ദിനി എന്ന ഗോവിനേയും വത്സനേയും ഭവാൻ ഈ വധുവിനോടൊന്നിച്ചു് ആരാധിച്ചുകൊള്ളുക; എന്നാൽ അങ്ങയ്ക്കുണ്ണിയുണ്ടാവും.'

ഋഷി ഇതുയും പറഞ്ഞപ്പോഴെയ്ക്കു് ആ നന്ദിനി, പുത്രസ്നേഹത്താൽ മൂല ചുരന്നുകൊണ്ടു തപോവനത്തിൽ നിന്നു് അവിടെ വന്നെ

Digitized By Kerala Sahitya Akademi

ത്തി. അവളെ കണ്ടു മനംകുളിർത്ത മഹർഷി വീണ്ടും രാജാവിനോട്, നന്ദിനിയെ ചൂണ്ടിക്കാണിച്ചു പറഞ്ഞു —'രാജാവേ, സ്വീകരിച്ച സമയത്തുതന്നെ ഈ മംഗളപ്രദായിനി വന്നുചേർന്നവല്ലോ; അതിനാൽ അവനു കാര്യസിദ്ധി സമീപിച്ചതായി കരുതാം. അവൻ വധുവിനോടുകൂടി വനത്തിലും ആശ്രമത്തിലും പിറകേ നടന്നു ശുശ്രൂഷിച്ചാൽ ഇവൾ പ്രസാദിച്ചു അവനു പുത്രനെത്തരും; സംശയമില്ല. രാജേന്ദ്ര, ഇവളെ കാട്ടുജന്തുക്കളിലൊന്നും ഉപദ്രവിക്കാത്ത വിധത്തിൽ, അവൻ വില്ലുമെടുത്തു കാട്ടിൽ മേച്ചുകൊള്ളുക.' രാജാവു് അങ്ങിനെയാവാമെന്നു സമ്മതിച്ചു. പിന്നെ അദ്ദേഹത്തിനും വധുവിനും രാത്രിയിൽ കിടപ്പാൻ താപസൻ നല്ലൊരു പർണ്ണശാലയേർപ്പെടുത്തിക്കൊടുത്തു. അരചൻ മനസ്സുടക്കി ഭാര്യയോടുകൂടി, അവിടെ നിലത്തു ദർഭവിരിപ്പിൽക്കിടന്ന രാത്രി കഴിച്ചു.

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, കിന്നരീമഹാത്മ്യപ്രകരണം,
യുധിഷ്ഠിരസൈശ്വരിസംവാദേനൗശീനര സംവാദം,
ശിബിപുത്രപ്രഭാവി സാധകകഥനം, തൊണ്ണൂറിത്തൊണ്ണൂറൊമ്പതാമദ്ധ്യായം.

———(൦)———

ഒരുന്നൂറിത്തൊണ്ണൂറൊമ്പതാമദ്ധ്യായം.

പ്രഭാതത്തിൽ പ്രജാപാലൻ പട്ടമഹിഷിയാൽ പുഷ്പാദികം കൊണ്ടു പൂജിക്കപ്പെട്ട നന്ദിനിയേയുംകൊണ്ടു വനത്തിലേയ്ക്കു ഗമിച്ചു. പശു നടക്കുമ്പോൾ പാർത്ഥിവൻ നിഴൽപോലെ പിന്നാലെ നടക്കും. അവൾ പുല്ലും മറവും തിന്നുമ്പോൾ താനും കായ്കനികം ഭക്ഷിക്കും; അവൾ മരച്ചുവട്ടിൽ കിടന്നാൽ താനും പിന്നിലിരിക്കും; അവൾ വെള്ളം കുടിക്കുമ്പോൾ താനും വെള്ളം കുടിക്കും. ഇങ്ങനെ, അദ്ദേഹം പുല്ലു നൽകിയും ഈച്ചകളെ ആട്ടിക്കളഞ്ഞും ചൊറിഞ്ഞുകൊടുത്തും ഗുരുവിന്റെ കാമധേനുവിനെ സേവിക്കുകയായി. വൈകുന്നേരം നന്ദിനി കൂട്ടങ്ങളിൽ നിന്നു പുറപ്പെട്ട പൊടികളാൽ നരേന്ദ്രന്റെ ശരീരം പരിശുദ്ധമാക്കിക്കൊണ്ടു് ആശ്രമത്തിലേയ്ക്കു മടങ്ങിപ്പോന്നു. അങ്ങിനെ കനംമൂലം പതുക്കെ നടക്കുന്ന ആ പശു, രാജാവിന്റെ വന്ദിച്ച കായ്യം ചുമന്നു കുനിഞ്ഞതോ എന്നു തോന്നുംവണ്ണം പരിശോഭിച്ചു! ആശ്രമത്തിന്നടുത്തെത്തിയപ്പോൾ അവളെ രാജ്ഞി ചന്ദനം, അക്ഷതം, നൈവേദ്യം, ധൂപം മുതലായവയും കൊണ്ടെതിരേറ്റു, യഥാവിധി പൂജിച്ചു, വീണ്ടും വീണ്ടും വണങ്ങി വലത്തുവെച്ചു, മുമ്പിൽ തൊഴുതുനിന്നു. അവൾ അനങ്ങാതെ നിന്ന രാജ്ഞിയുടെ ആ സൗശീല

Digitized By Kerala Sahitya Akademi

മായ പൂജ സ്വീകരിച്ചു്, അവരിരുവരോടും ക്രൂടി ആശ്രമത്തിലെത്തി ച്ചേന്നു.

ഇപ്രകാരം നന്ദിനിയെ ആരാധിച്ചുപോരുന്ന ദ്ധ്യുതനായ ദിലീപന്നു് ഇരുപത്തൊന്നു ദിവസം കഴിഞ്ഞു. പിറേന്നു് അവർ ഉഴിപാലന്റെ ഉള്ളുറിയാൻ വേണ്ടി, നല്ല പുല്ലുള്ള ഒരു ഹിമവൽഗുഹയിൽ പേടിക്കൂടാതെ ചെന്നണഞ്ഞു. രാജാവു ഹിമാലയത്തിന്റെ താഴ്വരയുടെ ശോഭ നോക്കിക്കാണുന്നതിനിടയിൽ, ഒരു സിംഹം എവിടെ നിന്നോ വന്നു നന്ദിനിയെ പിടിക്കൂടി. അതു പയ്യു സങ്കടപ്പെട്ടിട്ടെന്നപോലെ ദയനീയസ്വരത്തിൽ ഉറക്കെ നിലവിളിച്ചു; വില്ലേന്തിയിരുന്ന മന്നവന്നു് മനസ്സലിഞ്ഞുപോയി. അദ്ദേഹം നിലവിളികേട്ട താഴ്വരയിൽ നിന്ന കണ്ണെട്ടത്തപ്പോൾ, ദംഷ്ട്രകളും നഖങ്ങളും ക്രൂത്ത സിംഹം മുഖത്തു കണ്ണീരൊഴുകുന്ന നന്ദിനിയുടെ മേൽക്കേറിയിരിക്കുന്നതു കാണുമാറായി. പയ്യിനെ സിംഹം പിടിക്കുടിയതു കണ്ടു നടുക്കം പൂണ്ട ആ ധനുർദ്ധരൻ മൃഗരാജനെ ഹനിപ്പാനായി, വലത്തേക്കയ്യുകൊണ്ടു് ആവനാഴിയിൽനിന്നു് ഒരു ശരമെടുത്തു വില്ലിൽത്തൊടുത്തു ചെവിയോളം ആഞ്ഞുവലിച്ചു; എന്നാൽ, സിംഹത്തിന്റെ നോട്ടം മൂലം അവയവങ്ങളൊക്കെ മരവിച്ചുപോയതിനാൽ അമ്പെയ്യുന്നതിന്നു് അദ്ദേഹം ശക്തനായില്ല. അതിൽ അദ്ദേഹം വിസ്മയപ്പെട്ടുപോയി! ആ സ്ഥിതിയിലായ രാജാവിനെ നോക്കി സിംഹം മനുഷ്യഭാഷയിൽ, വീണ്ടും വിസ്മയമുളവാകുമാറു്, ഈ വിധം ഉരചെയ്തു:—'രാജാവേ, വോൻ സൂര്യവംശത്തിലെ ദിലീപനാണെന്നു് എനിക്കു മനസ്സിലായി; ഞാൻ ശിവന്റെ ഒരു പാർഷദനായ കുംഭോദരനാണെന്നു് വോനും മനസ്സിലാക്കുക. ഇതാ, ഒരു ദേവതാരം വോൻ കാണുന്നുണ്ടല്ലൊ; വീര, ഇതിനെ പാർവതി ഒരു പുത്രനെയെന്നപോലെ ഓമനിച്ചു പോറിപ്പോന്നു. ഒരുനാൾ ഒരു കാട്ടാന കവിൾത്തടം ഉരസിയതിനാൽ ഇതിന്റെ മൃദുലമായ തോൽ കുറെ അടർന്നുപോയി. അതു കണ്ടു തിയവുള്ളം കനിഞ്ഞ മഹേശ്വരി എന്നെ ഒരു സിംഹമാക്കി, ഇതിനെ കാത്തുരക്ഷിപ്പാൻ ഇവിടെ നിർത്തിയിരിക്കയാണു്: തമ്പുരാട്ടി എന്നോടരുളിച്ചെയ്തിട്ടുണ്ടു്:— 'കുംഭോദര, ഇവിടെ യാതൊരു പ്രാണി വന്നുചേരുമോ, ആ പ്രാണിയെയാണു് നിനക്കിവിടെ ആഹാരം.' മഹാരാജാവേ, അതുകൊൽക്കു്, സർവ ദേവന്മാരാലും മാനിക്കപ്പെട്ട ദേവീശാസനം പാലിച്ചുകൊണ്ടു് ഈ ഗുഹയിൽ പാർക്കയാണു് ഞാൻ. വോന്റെ ദേഹം മരവിച്ചുപോയതിൽ അത്ഭുതം വേണ്ട: പരമേശ്വരന്റെ വമ്പിച്ച മായയുണ്ടു്, ഈ ഹിമവൽപർവതത്തിൽ! മറെറാരു സിംഹത്തിലെ എന്നപോലെ വീര്യകൽ അകെയെയ്താൻ അങ്ങാളാകയില്ല;

Digitized By Kerala Sahitya Akademi

എന്റെ പുറത്തു ചവുട്ടിയിട്ടാണു് തന്നിരുമേനി കാളപ്പുറത്തു കയറാറുള്ളതു്! മടങ്ങിപ്പോയ്ക്കൊൾക; സ്വാത്മസാധനമായ സ്വദേഹം രക്ഷിച്ചുകൊള്ളുക. ദൈവയോഗത്താൽ എനിക്കിരയായി കിട്ടിയതാണു് ഈ പയ്യു്.'

വീര എന്ന സംബുദ്ധിയോടുകൂടിയ ഈ സിംഹവചനം കേട്ടിട്ടു്, ആ ദേഹം മരവിച്ച ദിലീപൻ മറുപടി പറഞ്ഞു:—'മൃഗരാജാവേ, .ലോകങ്ങളുടെ സൃഷ്ടിസ്ഥിതിപ്രളയങ്ങൾക്കു കാരണഭൂതനായ ശിവനേയും ജഗദംബയായ പാർവ്വതിയേയും ഞാൻ നമസ്കരിക്കുന്നു! അവരുടെ ഭൃത്യനാകയാൽ ഭവാനും എനിക്കു മാന്യനാകുന്നു. ഞാൻ പറയുന്നതു കേട്ടിട്ടു ഭവാൻ ഉപദേശിക്കുക, ഞാൻ എന്തു ചെയ്യണമെന്നു്: ബ്രഹ്മപുത്രനായ വസിഷ്ഠൻ എന്റെ ഗുരുവാണെന്നു ഭവാനറിയാമല്ലൊ; അദ്ദേഹത്തിന്റെയാണു്, ഈ സർവ്വാർത്ഥ സാധികയായ നന്ദിനീധേനു. എനിക്കു സന്താനമുണ്ടാകാൻവേണ്ടി സേവിപ്പാൻ കല്പിച്ചു തന്നിരിക്കയാണു്. ഏതാനും ദിവസം ഞാൻ ശരിക്കു സേവിച്ചു. കരു കൊച്ചുകുട്ടിയുടെ അമ്മയാണു്, ഗിരിഗുഹയിൽവെച്ചു ഭവാൻ പിടിക്കുടിയ ഈ പശു; ശിവപാർഷ്ദനായ ഭവാങ്കൽ നിന്നു ബലേന വിടുവിപ്പാൻ എനിക്കു ശ്രാണിയുമില്ല. ഈ പയ്യിനെക്കൂടാതെ ഞാൻ ഗുരുവിന്റെ മുമ്പിൽ എങ്ങിനെ ചെല്ലും? കാമധേനുവിന്റെ മകളുടെ മകളും വിശപ്പുജ്വരയുമാണു് ഈ യശസ്വിനി; ഇതുപോലെ മറെറാരു പയ്യില്ല, എനിക്കുദ്ദേഹത്തെ പ്രസാദിപ്പിക്കാൻ. അതിനാൽ ഈ ഗോവിനെ വിട്ടു ഭവാൻ എന്നെ രക്ഷിച്ചുകൊള്ളുക; അയശസ്സിനാൽ മലിനമായിപ്പോയ എന്റെ ശരീരം ഞാൻ തരാം. എന്നാൽ മഹർഷിക്കു ധർമ്മവിഘ്നം നേരിടില്ല; ഭവാനു രക്ഷണവുമായി. എനിക്കും ഗോവിന്നായി പ്രാണനെ ത്യജിച്ചതുകൊണ്ടു സൽഗതി വരും.'

മഹേശ്വരൻ, ഇതു കേട്ടപ്പോൾ സിംഹം മെരുസം പൂണ്ടതിനാൽ, ധർമ്മജ്ഞനായ ധരണീശ്വരൻ അതിന്റെ മുമ്പിൽ കമിഴ്ന്നുകിടന്നു. അദ്ദേഹം, സുദുസ്സഹമാംവണ്ണം സിംഹം വന്നു മേൽവീഴുന്നതിനെ പ്രതീക്ഷിക്കെ, ദേവശ്രേഷ്ഠന്മായുടെ പുഷ്പവർഷമുണ്ടു് മേലപ്പോഴിഞ്ഞതായി! 'മകനേ, എഴുന്നേല്ക്കു' എന്നോരു വാക്കുകേട്ടു് മന്നവൻ എഴുന്നേറ്റപ്പോഴോ, അമ്മയെപ്പോലുള്ള ആ പയ്യിനെയല്ലാതെ, സിംഹത്തെ കണ്ടതുമില്ല! അതിൽ അത്ഭുതപ്പെട്ട രാജശ്രേഷ്ഠനോടു നന്ദിനി കഥിച്ചു:—'രാജാവേ, ഞാൻ മായകൊണ്ടു സിംഹരൂപം ധരിച്ചു് അങ്ങയെ പരീക്ഷിക്കയാണു ചെയ്തതു്. ഇന്ദ്രിയുടെ പ്രഭാവത്താൽ, അന്തകൻ

Digitized By Kerala Sahitya Akademi

പോലും മനസ്സുകൊണ്ടു ക്രൂരി എന്നെ പിടിക്കുവാനാളാവില്ല; പിന്നെയു ണ്ടോ മറു പ്രാണികൾക്കു ത്രാണി! ഭവാൻ സ്വന്തം ശരീരം കൊടുത്തും എന്നെ രക്ഷിപ്പാൻ കരുങ്ങിയല്ലോ; അതിനാൽ ഞാൻ പ്രസാദിച്ചിരി ക്കുന്നു. വേണ്ടുന്ന വരം വാങ്ങിക്കൊള്ളുക.'

ദിലീപൻ:—'അമ്മേ, ഇവിടുത്തെപ്പോലുള്ള വർക്കു മറവിലല്ല, ദേഹികളുടെ അന്തസ്ഥിതം; അതിനാൽ എനിക്കു വേണ്ടതു് ഇവിടെയു റിയാം; അതു തന്നരുളുക: എനിക്കു മാഗധിയിൽ വംശകർത്തൃയേ കു രു പുത്രനെ കല്പിച്ചുതരിക. സ്വസ്ഥരായ ഭോദൃശർക്ക് അസാധ്യമൊ ന്നുമില്ലല്ലോ.'

ഇതുമും പറഞ്ഞു ദിലീപൻ മെയ്നാ പൂണ്ടു തൊഴുകയുമാ യി മടിപടി കാത്തുകൊണ്ടു പയ്യിന്റെ കളമ്പിൽ ദൃഷ്ടി പതിച്ചു മു മ്പിൽനിന്നു. അപ്പോൾ പിതൃദേവഭിമനുഷ്യഭ്രത്തുക്കൾക്കിഷ്ടം നിറ വേറുന്ന നന്ദിനി നരേന്ദ്രനോടരിയപടി:—'മകനേ, എന്റെ പാൽ ഇലക്കുമ്പിളിൽ കറന്നു വേണ്ടുവോളം കുടിച്ചുകൊള്ളുക; വീണ്ടും, അ ശ്രമത്തിൽ ചെന്നു ഗുരുവിന്റെ അനുജ്ഞ വാങ്ങി ബാക്കിയുള്ളതും കു ടിക്കാം. എന്നാൽ ഭവാനു വാശകർത്താവും ശസ്ത്രാസ്ത്രകുശലനുമായ പു ത്രൻ ഉണ്ടായിവരും.' ഇതുകേട്ട ഭൂപൻ നന്ദിനിയോടു താഴ്മയിൽ പ റഞ്ഞു:—'അമ്മേ, കർമ്മമെല്ലാം കഴിഞ്ഞു. ശേഷിപ്പുള്ള പാൽ ഞാൻ കുടിച്ചുകൊള്ളാം. അമ്മയുടെ ഈ മധുരമായ വചനാമൃതത്താൽത്ത ന്നെ എനിക്കു തൃപ്തി വന്നു. മറ്റാന്നും ഞാൻ ഇച്ഛിക്കുന്നില്ല: വേഴാ മ്പലിനു മഴക്കാറിൽ നിന്നു വെള്ളമേ വേണ്ടുവല്ലോ: അമ്മയെ ശു ശ്രൂഷിച്ചതിനാൽ ഞാൻ, സമസ്തജനപൂജ്യയായ വിദ്യയെ സേവിച്ച തിനാൽ മൂഢനെന്നപോലെ, സകലോത്ഭവനായിക്കഴിഞ്ഞു! ഇവിടു ത്തെ മുത്തശ്ശി തന്ന ശാപവും എനിക്കനുഗ്രഹമായി: അതില്ലെങ്കിൽ, ഞാൻ ഭവതിയെ ദർശിക്കലെവിടെ, പുത്രലാഭമെവിടെ! മാതാവേ, എ ന്നാലും വരത്തിനു വേണ്ടിത്തന്നെയാണു് ഇവിടുത്തെപ്പോലുള്ള വരെ ആരാധിക്കുന്നതു്: തിരുമുത്തെ നൽകുന്ന തിരുലോചനങ്കൾനിന്നു് അ തും വിഷമാവശ്യപ്പെടാറില്ലല്ലോ.'

ഇതുകേട്ടിട്ട് ആ അന്തസ്സേറിയ പയ്യു പ്രസന്നയായി കൊള്ളാം കൊള്ളാമെന്നഭിനന്ദിച്ചു് അദ്ദേഹത്തോടു കൂടി ആശ്രമത്തിലേയ്ക്കു പോന്നു. തലേന്നാളിലെപ്പോലെ അന്നും രാജപത്നി നന്ദിനിയെ പൂ ജിച്ചു; ആ പ്രസന്നയായ ധേനു, ശരീരം വഹിച്ച കായ്സിദ്ധിയാ എന്നു തോന്നുംവണ്ണം രോഭിച്ചു. രാജാവിന്റെ മുഖം തെളിഞ്ഞു കണ്ടതിനാൽ, മാങ്കണ്ണാളായ മഹിഷി, യതിച്ച കായ്യം സഫലമായി

Digitized By Kerala Sahitya Akademi

൬൫൨ പുരാണസഞ്ചിക [൪൩൯൦൦൦

ഇരുന്നൂറാമദ്ധ്യായം.

സോമശർമ്മാവു്:—വിഷ്ണുശർമ്മാവേ, ശരദ്വൈശ്യൻ ഉടനെ ഭാര്യയോടൊന്നിച്ചു്, പൂജോപകരണവുംകൊണ്ടു ശ്രീചണ്ഡികാക്ഷേത്രത്തിലേയ്ക്കു ഗമിച്ചു. അവർ അവിടെ യഥാവിധി സ്നാനംചെയ്തു്, പുത്രലബ്ധിക്കായി ചണ്ഡികയെ പുഷ്പധൂപദീപങ്ങൾകൊണ്ടു ഭക്തി പൂർവം പൂജിച്ചുപോന്നു; ഏഴുനാൾ സശ്രദ്ധം പൂജിക്കപ്പെട്ട പരമേശ്വരി അവരിൽ മനം തെളിഞ്ഞു പ്രത്യക്ഷീഭവിച്ചരുളിച്ചെയ്തു:—'അല്ലയോ വൈശ്യ, നിന്റെ ഉറച്ച ഭക്തി എന്നെ പ്രസാദിപ്പിച്ചിരിക്കുന്നു. നിനക്കു പുത്രനെ ഞാൻ തരാം; അതിനാണല്ലോ നിന്റെ യത്നം. നീ ഒട്ടും താമസിയാതെ ഇന്ദ്രന്റെ ഖാണ്ഡവവനത്തിൽ പോവുക. അവിടെ ഇന്ദ്രപ്രസ്ഥമെന്ന മഹാശ്രേഷ്ഠപുണ്യക്ഷേത്രത്തിൽ, ബൃഹസ്പതിയാൽ നിർമ്മിതമായി നിഗമാൽബോധകം എന്നൊരു നിഖിലാഭീഷ്ടമായ തീർത്ഥമുണ്ടു്; അതിൽ നീ പുത്രനെ കാംക്ഷിച്ചു സ്നാനംചെയ്യുക. എന്നാൽ നിനക്കു പുത്രനുണ്ടായിവരും. വത്സ, അതിൽ സ്നാനംചെയ്തതിനാലത്രേ, എനിക്കും അസുരഘന്താവായ സ്കന്ദനെ കിട്ടിയതു്'. ദേവി കാണിച്ചതിൻവണ്ണം എന്റെ അച്ഛൻ സാരനായി ഇവിടേയ്ക്കു പോന്നു്, പുണ്യാത്മാ പുണ്യതീർത്ഥത്തിൽ സ്നാനം ചെയ്തു; ഉപകരണങ്ങളോടുകൂടിയ ആ നൂറു പൈക്കളെ ബ്രാഹ്മണർക്കു ദാനംചെയ്തു; ദേവിയുടെ യഥാവിധി തർപ്പണവും അനുഷ്ഠിച്ചു. ഏഴുനാൾ നിയതേന്ദ്രിയരായി പാർത്തിട്ടു് ആ ദമ്പതിമാർ, ഇഷ്ടലാഭത്താൽ മുഖാരവിന്ദം വിടർന്ന സപത്നീഗൃഹത്തിലേയ്ക്കു മടങ്ങി.

ആ മാസത്തിൽത്തന്നെ എന്റെ മാതാവു ഗർഭിണിയായി; ഒമ്പതു മാസം കഴിഞ്ഞു പത്താം മാസത്തിൽ എന്നെ പ്രസവിക്കുകയും ചെയ്തു. മകനേ, ഞാനീപ്പറഞ്ഞ പൂർവകഥയൊക്കെ, എനിക്കു പത്തു വയസ്സായപ്പോൾ, അച്ഛൻ പറഞ്ഞു കേട്ടതാണു്. ഒരു ദിവസം അച്ഛൻ, എനിക്കു ഗൃഹകൃത്യം നടത്താൻ പ്രാണിയായി എന്നെ കണ്ടിട്ടു്, വിഷയത്തിൽ നിന്നു നിവൃത്തിപ്പാനായി ഗൃഹം എന്നെ ഏല്പിച്ചു: ആ ധർമ്മിഷ്ഠൻ മനസ്സു നാരായണങ്കലുറപ്പിച്ചു്, വിഷയസക്തിയെ നിന്ദിച്ചുകൊണ്ടും വിഷ്ണുഭക്തിയെ സ്തുതിച്ചുകൊണ്ടും എന്നോടരുളിച്ചെയ്തു:—'ധീമൻ, എനിക്കു വാർദ്ധക്യമായി; തലമുടിയൊക്കെ നരച്ചുകഴിഞ്ഞു. ഇനി ഞാൻ സജ്ജനസേവിതമായ വിഷ്ണുപാദാംബുജം സേവിക്കാം. തത്സേവനത്താൽ ആരുടെ ഹൃദയം സച്ഛുദ്ധവും സുസ്ഥിരം

Digitized By Kerala Sahitya Akademi

വുമാകുമോ, അവന്ന് ആത്മസംതൃപ്തിമൂലം ഒന്നിലും ആഗ്രഹമുണ്ടാവില്ല; കാമം വിട്ടവൻ പൂർവ്വകൃതങ്ങളായ പുണ്യപാപങ്ങളെ സുഖദുഃഖങ്ങളംകൊണ്ടനുഭവിച്ച്, അവയൊടുങ്ങിയാൽ ദേഹം ത്യജിച്ചു സായൂജ്യമടയുന്നു. ചിത്സുഖം കിട്ടുന്നതുവരെയുള്ള ദ്രവ്യസുഖം; അതു കിട്ടിയാൽ ഇതു്, അമൃതു കിട്ടിയാൽ മോരെന്നപോലെ യുപ്പുമാംസത്തോന്നും. കരുത്തേറിയതാണ് മാധവന്റെ മായ: അതിനാൽ മോഹിപ്പിക്കപ്പെട്ടവൻ, മദ്യത്താൽ മത്തുപിടിച്ചവനെന്നപോലെ നല്ലതും തീയതും തിരിച്ചറികയില്ല. അവിദ്യകൊണ്ടു പ്രവൃത്തിയേയും വിദ്യകൊണ്ടു നിവൃത്തിയേയും സേവ്യയാ ഉളവാക്കി, പൈതലെപ്പോലെ കളിയാടുകയാണു തന്തിരുവടി ചെയ്യുന്നതു്! മകനേ, വേദോക്തമായ കർമ്മഫലകാംക്ഷയോടേ ചെയ്യുന്നതു പ്രവൃത്തിയാകുന്നു; അതു് ഈശ്വരങ്കലർപ്പിയ്ക്കുവാണു നിവൃത്തി. വരുത്ത വിത്തുകളം ഒരുവിധത്തിലും മുളയ്ക്കില്ലല്ലോ; അതുപോലെയത്രേ, കാമം വിട്ട വിശേഷശരങ്കലർപ്പിക്കപ്പെട്ട കർമ്മങ്ങളം. സുഖദുഃഖങ്ങളെ ഉളവാക്കുന്ന കർമ്മങ്ങളുടെ നാശം മോക്ഷം; അവയുടെ ഉല്പത്തിബന്ധം—ഇങ്ങനെയാണു ശാസ്ത്രനിശ്ചയം. അതിനാൽ, വേദോക്തകർമ്മം ഫലാപേക്ഷ കൂടാതെ ചെയ്തുകൊണ്ടും ഹരിഭക്തിയെ മനസ്സിലുറപ്പിച്ചുകൊണ്ടും തീർത്ഥങ്ങളിൽ സഞ്ചരിക്കാൻ തുടങ്ങുകയാണു് ഞാൻ. ഇങ്ങനെ, നേടിവെച്ച കർമ്മങ്ങളെ അനുഭവിച്ചും വേറേ നേടാതെയും ഞാൻ സജ്ജനസംസർഗ്ഗമാകുന്ന മരുന്നു സേവിച്ചു സംസാരരോഗം ശമിപ്പിക്കട്ടെ.'

ഇതു കേട്ട ഞാൻ അച്ഛനോടു പറഞ്ഞു:—'എന്തുകൊണ്ടും തെളിയാത്തവരാണ് ആ ആളുകൾ; ഇവർ നമ്മെപ്പറ്റി അപവാദം പറഞ്ഞുതുടങ്ങും, 'ഈ ദുഷ്ടൻ കുടുംബത്തിൽ നിന്നു പിണങ്ങി പുറപ്പെട്ടുപോയ്ക്കളഞ്ഞു' എന്ന്! അച്ഛ, ഈ ത്രിജഗൽപാവനിയായ ഗംഗ, ദൂരത്തിരുന്നു സ്മരിച്ചാൽത്തന്നെ ദുരിതം നീക്കുമല്ലോ; അച്ഛൻ ഇതിനെ ത്യജിക്കുന്നതെന്തുകൊണ്ടാണ്? പാപം ചെയ്തവർ പോലും മഗധത്തിൽ വെച്ചു മരിച്ച് അസ്ഥി ഗംഗയിൽ വീണാൽ അനുഭമകന്നു സ്വർഗ്ഗം പൂകുമല്ലോ. മഹാത്മാവായ സഗരന്റെ അറുപതിനായിരം പുത്രന്മാർ, കപിലന്റെ കോപത്താൽ ദഹിപ്പിക്കപ്പെട്ടിട്ട്, താതനെന്നിനെ സ്പർശിച്ചതിനാൽ വിണ്ണണഞ്ഞുവോ, ആ സ്വർഗ്ഗസോപാനത്തെ—മുക്തിയേയും നൽകുന്ന മുമുക്ഷുസേവിതയായ ഈ ഗംഗയെ—വിട്ട് അച്ഛൻ മറൊരേടത്തേയ്ക്കു പോകേണ്ടാ. ത്രിലോകത്തുള്ള ദേവപൂജിതമായ ഭാഗീരഥിയെ അച്ഛൻ അനാദരിക്കരുതു്; മഹാഭാഗ, സേവിച്ചാൽ, ഇച്ഛിച്ചതെന്തും ഗംഗ തന്നരുളും. തിരുക്കൈ

Digitized By Kerala Sahitya Akademi

പോലും അറിയാതെ യാതൊന്നിൽ വീണ ചത്താൽ ബ്രഹ്മൈക്യമടയുമോ, അതിനെ ഇവിടുന്നു സൃജിക്കാമോ?'

ഞാനീപ്പറഞ്ഞതു കേട്ടിട്ട സത്യതല്പരനായ താതൻ വിഷയങ്ങളിൽ നിന്നെല്ലാം നിവൃത്തനായി ഗൃഹത്തിൽത്തന്നെ താമസിച്ചുപോന്നു. അദ്ദേഹം നാലംതേതും മൂന്നുനേരം ഗംഗയിൽ സ്നാനംചെയ്യും; പുരാണവായനയുള്ള ഗൃഹത്തിൽ പതിവായി പോകും. ഒരുദിവസം ആ ധീമാനു കാളിന്ദീതീർത്ഥമാഹാത്മ്യത്തിൽ ഈ തീർത്ഥത്തിന്റെ പ്രഭാവം കേൾക്കാനിടവന്നു. അവിമുക്തം, ഹരിശ്ചന്ദ്രം, പ്രയാഗം, പുഷ്കരം, അയോദ്ധ്യ, ദ്വാരക, കാഞ്ചി, മധുര മുതലായവയുടേതിനെക്കാൾ നൂറുമടങ്ങു മീതെയാണ് ഈ സർവതീർത്ഥമയമായ തീർത്ഥത്തിന്റെ പുണ്യമെന്ന് അഭിജ്ഞനായ സൂതൻ പൊല്ലിക്കേട്ടതിനാൽ, എന്റെ അച്ഛൻ ഒട്ടുമറിയാതെ ഗൃഹംവിട്ട്, നാമിരുവരുമെന്നപോലെ ഈ തീർത്ഥത്തിലേയ്ക്കു പോന്നു. ഇവിടെ വന്നുചേർന്ന് ആ നാരായണചരണസേവകനായ മഹാഭാഗൻ മുക്തിക്കുവേണ്ടി നിഗമോൽബോധകതീർത്ഥത്തിൽ മൂന്നുനേരം സ്നാനവും നിത്യകർമ്മങ്ങളും കഴിച്ചുകൊണ്ട് ഏതാനും മാസം താമസിച്ചു; ആ ധീരന് ബ്രഹ്മസദനത്തിൽപ്പോലും അഗ്രഹമില്ലാതായി!

ഒരുനാൾ പെട്ടെന്ന് അദ്ദേഹത്തിന് അതിഘോരമായ ഒരു പനി തുടങ്ങി; അതിന്റെ വൻപിച്ച പീഡയാൽ അദ്ദേഹത്തിനു തന്റേടം കെട്ടു. കുറേനേരം അദ്ദേഹം ആ മോഹാലസ്യസ്ഥിതിയിൽത്തന്നെ കിടന്നു; പിന്നെ ബോധംവീണപ്പോൾ ഇങ്ങനെ വിചാരിച്ചു:—'അയ്യോ, ഞാൻ കഷ്ടത്തിലായല്ലോ! പനികൊണ്ടു ദേഹം ചുട്ടെരിയുന്നു എന്നെ ശ്രദ്ധിക്കാതിവെച്ചു ശുശ്രൂഷിപ്പാനുള്ള ധാർമ്മികനായ മകൻ അകലത്താണ്. ഞാൻ അഗമ്യാഗമനമാകുന്ന ഘോരമഹാപാപം ചെയ്തുപോയിട്ടുണ്ട്; അതിനു പ്രായശ്ചിത്തം ചെയ്തിട്ടില്ല. എന്തായിരിക്കും എന്റെ ഗതി! എന്റെ മകൻ വരും; അപ്പോൾ അവനു കൊടുക്കാമെന്നു കരുതി, ഞാൻ ഗൃഹത്തിൽ കുറെ മൂരൽ സൂക്ഷിച്ചുവെച്ചിട്ടുണ്ട്; അതും സാധിച്ചില്ല.' ഇതിനിടയിൽ ഒരു പാന്ഥൻ മഴകൊണ്ടു തണുത്തു വിറച്ച് അദ്ദേഹത്തിന്റെ പണ്ണശാലയിൽക്കേറി. അച്ഛൻ കിടക്കുന്നതു കണ്ട്, അയാൾ വീണ്ടും അടുക്കൽച്ചെന്ന്, മഹർഷിയാണെന്നു കരുതി താണു വണങ്ങി; എന്നിട്ടു പറഞ്ഞു:—'മുനേ, ഇവിടുന്നുറങ്ങുന്നതെന്താണ്? സന്ധ്യയായി നേരം. സൂര്യൻ ഇതാ, അസ്തമിക്കുന്നു. അങ്ങയ്ക്കുറങ്ങേണ്ട സമയമല്ല ഇതു്.' പഥികൻ ഇതുമുഴുവൻ പറഞ്ഞുതീർന്നപ്പോൾ, ജ്വരസന്തപ്തനായിരുന്ന ശരീരൻ ഒരുവിധ

Digitized By Kerala Sahitya Akademi

ത്തിൽ അയാളോട് സംസാരിച്ചു:—'പാന്ഥ, ഞാൻ പറയുന്നതു കേൾക്ക; കേട്ടിട്ട്, എന്റെ ഭാഗ്യത്താൽ വന്നെത്തിയ ഭവാൻ യഥോചിതം ചെയ്യുക: ശൗനൻ എന്നൊരു വൈശ്യനാണ് ഞാൻ; കാന്യകുബ്ജത്തിലാണ് എന്റെ ഭവനം. ഞാൻ, ഈ തീർത്ഥത്തിന്റെ മാഹാത്മ്യം സൂതൻ ചൊല്ലിക്കേട്ടതിനാൽ, പുത്രകളത്രമിത്രങ്ങളാൽ തടുക്കപ്പെട്ടിട്ടും ഇവിടെയ്ക്കു പോന്നു. ഏഴാനാം മാസങ്ങൾ കഴിഞ്ഞു, ഞാൻ ഇവിടെ വന്നിട്ട്. ഇപ്പോൾ മൂന്നഹോവസമായി, എന്നെ ഒരു ജ്വരം ബാധിച്ചിരിക്കുന്നു. എന്റെ പ്രാണൻ പോവുകതന്നെ ചെയ്യും; ഇപ്പോൾ വീണ്ടും വന്നതാണ്. സൌമ്യ, കുറച്ചുകൂടി ബാക്കിയുണ്ട്, എനിക്കായുസ്സ്; കാലാലയം കണ്ടിട്ടു ഞാൻ തിരിയെ പോന്നുവല്ലോ! എന്റെ എന്തൊരു ഭാഗ്യത്താലാണ്, ഭവാൻ ഇവിടെ വന്നുചേർന്നു: സ്നേഹിത, എന്നെ എന്റെ ഗൃഹത്തിൽ കൊണ്ടാക്കുക. ഭവാനു ധാരാളം പണം ഞാൻ തരാം; ഗൃഹത്തിൽ ചെന്നിട്ടും തരാം. ദയാലോ, ദയ ചെയ്യുക! ഇതാ ഇവിടം കുഴിച്ച് എന്റെ ധനം എടുക്കാം.'

ഇതു കേട്ട്, ആ വിഷയലംപടനായ ദുഷ്ടഗ്രാമീണൻ ധനം കൊതിച്ചു, 'അങ്ങു പറഞ്ഞതു ഞാൻ ചെയ്യാ'മെന്നു സമ്മതിച്ചു, ആ സ്ഥലത്തുനിന്നു പണം മാന്തിയെടുത്തു ശൗനന്റെ മുമ്പിൽ വെച്ചു.

പാന്ഥൻ:—'വൈശ്യോത്തമ, ഇതാ, ഭവാന്റെ പണം ഞാൻ കഴിച്ചെടുത്തിരിക്കുന്നു; ജ്വരാതുരനായ ഭവാനെ ഭവാന്റെ ഗൃഹത്തിലേയ്ക്കു കൊണ്ടുപോകാൻ വല്ലകു കൊണ്ടുവരുന്നതിനു വല്ലതും തരിക.'

അപ്പോൾ അതിനു മുന്നു പലം സ്വർണ്ണം കൊടുത്തു. അയാളം അതുംകൊണ്ടു ഭവനപത്തനത്തിൽ പോയി ഒരു രാത്രി പാർത്തു, ഉപകരണങ്ങളോടു കൂടിയ ഒരു പല്ലകും അമാലന്മാരേയും കൊണ്ടുവന്നു. മകനേ, അതിനു് ഒരു പലം സ്വർണ്ണമേ ചെലവായുള്ളു; ബാക്കി രണ്ടു പലം അയാൾ തന്നെ കയ്യടക്കി. അനന്തരം ശൗനൻ വൈശ്യശ്രേഷ്ഠനെ പല്ലകിൽക്കേറ്റി, അമാലന്മാരെ മെമ്പിടിച്ചുകൊണ്ടു കാന്യകുബ്ജത്തിലേയ്ക്കു നടകൊണ്ടു. ഈ പുണ്യതീർത്ഥത്തിലെ ജലം കമണ്ഡലുവിലെടുത്തിരുന്നതു കുറേശ്ശകുറേശ്ശെ, ശൗനനു ദാഹിക്കുമ്പോൾ കുടിക്കാൻ കൊടുത്തുകൊണ്ടിരുന്നു. അമാലന്മാർ വഴിക്കു ക്ഷേണത്തിന്നായി ഒരു സത്രസ്സിന്റെ തീരത്തു പല്ലകിറക്കി; കുളിച്ചു് ഊണുകഴിച്ചു് അവിടെ നിന്നു വീണ്ടും ബദ്ധപ്പെട്ടു യാത്ര തുടർന്നു. കുറെ വഴി പോയതിന്റെ ശേഷം ദാഹിക്കയാൽ അമാലന്മാരും കമണ്ഡലുവിലെ ജലം കുടിച്ചു; ദാഹംകൊണ്ടു ക്ഷീണിച്ച ശൗനനും കുടിക്കാൻ കൊടുത്തു. അ

Digitized By Kerala Sahitya Akademi

പ്പോൾ, നിർജ്ജനവനത്തിൽ സഞ്ചരിക്കുന്ന വികടനെന്ന ഒരു രൗദ്രരാക്ഷസൻ ആ യാത്രക്കാരെ കണ്ടെത്തി. അവനു വമ്പിച്ച വിശപ്പുണ്ടായിരുന്നു; അവരെക്കണ്ടതോടുകൂടി, അവൻ വായും പിളർത്തി, കാൽവെപ്പുകൊണ്ടു ഭൂമി കലുക്കി അവരുടെ നേരേ പാഞ്ഞെടുത്തു. ഉടനെ അടുത്തുചെല്ലലും, ആ അമാലന്മാരേയും പാന്ഥനേയും തലമുടിമേൽ ചുറ്റിപ്പിടിച്ചു് ആകാശത്തു വട്ടംചുഴറ്റലും ഒന്നിച്ചു കഴിഞ്ഞു! ആ വട്ടംചുഴറ്റലിൽത്തന്നെ അവരുടെ പ്രാണൻ പോയ്പോയി. എന്നിട്ടവൻ അവരെ നിലത്തിട്ട് അവരുടെ മാംസം തിന്നുകയും, രക്തക്കഴലുകളിൽ നിന്നു ചോര വലിച്ചു കുടിക്കുകയും ചെയ്തു. അതിനുശേഷം, 'ഈ രോഗിയായ മനുഷ്യൻ എന്റെ മുമ്പിൽനിന്ന് എവിടെപ്പോകാനാണ്? ഇയ്യാളെ പിന്നീടു തിന്നാം; കുറെ വെള്ളം കുടിക്കട്ടെ' എന്നു നിശ്ചയിച്ചു് ആ രാക്ഷസപുംഗവൻ കമണ്ഡലുവിൽ നിന്നു തീർത്ഥജലം വായിലൊഴിച്ചു. ജലം വായിൽ വീണപ്പോഴെയ്ക്കും അവനു മുൻജന്മസ്മരണയുദിക്കുകയും അവൻ ശരഭനെ കൊല്ലുന്നതിൽ നിന്നു വിരമിക്കുകയും ചെയ്തു. മുൻജന്മത്തിലെ പാപവും അവന്നു് ഓർമ്മയിൽ വന്നു; താൻ ബ്രാഹ്മണനായിരുന്നുവെങ്കിലും രാക്ഷസത്വം പ്രാപിച്ചതു യാതൊന്നുകൊണ്ടോ, ആ പാപം ഓർമ്മയിൽ വന്നതോടുകൂടി, ജ്ഞാനമുണർന്ന രാക്ഷസൻ ശരഭന്റെ അടുക്കൽച്ചെന്നരുളിയാടി:—'അല്ലയോ മനുഷ്യപുംഗവ, ഭവാൻ ആരാണു്? കണ്ടാൽ പേടിതോന്നിക്കുന്ന നികൃഷ്ടരാക്ഷസനായ ഞാനീതീർത്ഥം കഴിച്ചവരാരാണു്? ഏതുത്തമതീർത്ഥത്തിലേതാണു് ഈ ജലം? ഇതിന്റെ പ്രഭാവത്താലാണല്ലോ, പാപിയായ എനിക്കും മുൻജന്മസ്മരണയുണ്ടായതു്!'

ശരഭൻ:—'രാക്ഷസശ്രേഷ്ഠ, ഞാനൊരു വൈശ്യനാണു്. കാന്യകുബ്ജത്തിലാണു് എന്റെ ഗൃഹം. ഞാൻ തീർത്ഥസഞ്ചാരംചെയ്തു് ഇന്ദ്രപ്രസ്ഥത്തിൽ വന്നെത്തി. അവിടെ ഞാൻ ദൈവയോഗത്താൽ പനി പിടിച്ചു കഷ്ടത്തിലായി. അതിനാൽ എനിയ്ക്കു ഗൃഹത്തിലേയ്ക്കു പോരേണമെന്നു തോന്നി. അപ്പോൾ ഒരു പാന്ഥൻ മഴകൊണ്ടു വലഞ്ഞു് അവിടെ വന്നെത്തി. അയാളോടു ഞാൻ, 'ഒരു പല്ലക്കു വരുത്തി എന്നെ ഗൃഹത്തിൽ കൊണ്ടാക്കുക' എന്നാവശ്യപ്പെട്ടു. ആ ധീമാൻ ക്ഷണത്തിൽ പല്ലക്കു വരുത്തി എന്നെ അതിൽ കേറ്റി എന്റെ ഗൃഹത്തിലേയ്ക്കു പോന്നു. ആ പാന്ഥനും ആ പല്ലക്കുകാരുമാണു് ഭവാനിപ്പോൾ ഭക്ഷിച്ചവർ. ഈ വെള്ളം ഇന്ന തീർത്ഥത്തിലേതാണെന്നും കേട്ടുകൊള്ളുക: ഇന്ദ്രന്റെ ഖാണ്ഡവവനത്തിൽ യമുന എന്നൊരു ശ്രേഷ്ഠനദിയുണ്ടു്; അതിന്റെ തീരത്തു് ഇന്ദ്ര

Digitized By Kerala Sahitya Akademi

പ്രസ്ഥമെന്ന ഒരുത്തമോത്തമക്ഷേത്രം പരിശോഭിയ്ക്കുന്നു. അവിടെ വ്യാഴന്റെ സർവ്വാത്മസാധകമായ ഒരു തീർത്ഥമുണ്ട്: നിഗമോദ്ബോധകം; ഋതിലെ വെള്ളം കുടിച്ചുതിനാലാണ് ഭവാനു സ്മരണം ഉണ്ടായിവന്നതു്. ഭവാൻ ചോദിച്ചതൊക്കെ ഞാൻ പറഞ്ഞുവല്ലൊ; നിശാചര, ഭവാനോടു ഞാനും കുറെഞ്ഞാനും ചോദിയ്ക്കട്ടെ: പ്രാഗ്ജന്മകർമ്മം ഭവാനിപ്പോൾ ഓർക്കുന്നുണ്ടല്ലൊ; എന്തൊരു പാപമാണ് ഭവാൻ ചെയ്തതു്, രാക്ഷസനായിത്തീർന്നൂ? വേഗത്തിൽ പറഞ്ഞാലും'.

രാക്ഷസൻ:—'കേൾക്കൂ; എല്ലാം പറയാം. ഞാൻ മുൻജന്മത്തിൽ പുണ്യമായ വേദവിൽകലത്തിൽ ഒരു ബ്രാഹ്മണനായിരുന്നു; എങ്കിലും ഉർവ്വൃത്തനും അധർമ്മിഷ്ഠനുമായിത്തീർന്നു. ചൂതുകളിക്കാരനായി ചൂതാടലായിരുന്നു എന്റെ തൊഴിൽ; സ്വന്തവും അച്ഛന്റെ വകയുമായി വളരെപ്പണം ഞാൻ കളഞ്ഞു. അച്ഛൻ എന്റെ നടപടി രാജാവിനെ ഉണർത്തിച്ചു; രാജാവിന്റെ ആൾക്കാർ എന്നെ നഗരത്തിൽനിന്നു പുറത്തു തള്ളി. ഒരു മുതലുമില്ലാതെ ഞാൻ അടുത്തുള്ള ഒരു ഗ്രാമത്തിലേയ്ക്കു പോന്നു. അവിടെ എന്റെ സ്നേഹിതനായി, ദേവകൻ എന്നൊരു ബ്രാഹ്മണോത്തമനുണ്ടായിരുന്നു; അദ്ദേഹം എന്നെ ആദരിച്ചു, വളരെക്കാലം സഹൃഹത്തിൽ സുഖമായി പാർപ്പിച്ചു. ഒരുനാൾ സ്നേഹിതൻ എങ്ങോട്ടോ പോയിരിയ്ക്കുന്നു, ഞാൻ അദ്ദേഹത്തിന്റെ അഴകാറ പത്നിയെ കാമാതുരനായി കടന്നു പുണർന്നു; അതു സാധ്വി തൽക്ഷണം കടുത്ത വിഷംതിന്നു മരിച്ചുകളഞ്ഞു. അതുകണ്ടു ഞാൻ പാതിരയ്ക്കിറങ്ങിപ്പോന്നു. കുതിച്ചു പായുന്നതിനിടയിൽ എന്നെ രാജഭടന്മാർ പിടികൂടി; കള്ളനാണെന്നു കരുതി, അവർ വാരികൊണ്ടു് എന്റെ തലയും വീശി. മൂക്കനായ എന്നെ യമകിങ്കരന്മാർ യാതനാദേഹത്തിലാക്കി, യമശാസനത്താൽ ഘോരമായ രൗരവനരകത്തിൽ കൊണ്ടിട്ടു. അറുപതിനായിരം വർഷം അതിൽക്കിടന്നു കഷ്ടപ്പെട്ടിട്ടു്, ആ പാപത്താൽത്തന്നെ ഞാൻ രാക്ഷസനായിജ്ജനിച്ചു; വൈശ്രേന്ദ്രൻ, ഒരു നൂറാണ്ടായി, ഞാൻ രാക്ഷസനായിട്ടു് ഇതിൽനിന്നു് എനിക്കു വിടുതി കിട്ടാനുള്ള ഉപായം ഞാൻ പറയാം. തെല്ലൊരു പുണ്യവും എനിയ്ക്കുണ്ടു്: അതുകൊണ്ടത്രെ, ഈ ശ്രേഷ്ഠതീർത്ഥജലം എന്റെ വായിൽ വീണതു്. അതും സശ്രദ്ധം കേൾക്കുക:

ആ ജന്മത്തിൽത്തന്നെ ഞാൻ — വേണ്ടിയിട്ടല്ല, സംഗതിവശാൽ—ഒരേകാദശി നോറു രാത്രിയിൽ ഉറക്കമിളച്ചു; പാരശിനാൾ ഞാൻ ഉണ്ണാൻ തുടങ്ങുമ്പോൾ, എന്റെ ഗൃഹത്തിൽ ഒരു വിഷ്ണുരൂപിയായ വൈഷ്ണവൻ വന്നുകേറി. അയാളെ കണ്ടപ്പോൾ ഞാൻ ഭൂ

Digitized By Kerala Sahitya Akademi

ണ്ടിയെടുത്തു തെറിപറഞ്ഞു:—'ദുർവൃത്ത, ലാംഭിക, താൻ എങ്ങോട്ടാണു വരുന്നത്, പെണ്ണുങ്ങളുടെ ഇടയിലിയ്ക്കോ!' ഇതുകേട്ട്, മാനവും അപമാനവും ഒന്നുപോലെ കരുതുന്ന ആ ധീരൻ മിണ്ടാതെ പുറത്തേയ്ക്കിറങ്ങിപ്പോയി. അപ്പോൾ അദ്ദേഹത്തിന്നഭിമുഖമായി വന്നിരുന്ന പതിവ്രതയായ എന്റെ പത്നി കാൽക്കൽ വീണ്, ആ വിശിഷ്ടനെ ഗൃഹത്തിലേയ്ക്കു ക്ഷണിക്കൊണ്ടു വന്നു. ആ മഹാത്മാവിനു ഞാൻ അപമാനിച്ചതിൽ അരിശമോ, അവരം മാനിച്ചതിൽ സന്തോഷമോ കാണപ്പെട്ടില്ല; ശത്രുവും മിത്രവും ഒരുപോലെയായിരുന്നു, അദ്ദേഹത്തിന്ന്! അവരം അദ്ദേഹത്തെ യഥാവിധി സൽക്കരിച്ച് ആസനത്തിലിരുത്തി, 'പ്രാണനാഥ, ഈ പൂജ്യനെ ഊട്ടുക—ലോകം രണ്ടും കീഴടക്കുക' എന്നിങ്ങനെ ഏതുനോട്പദേശിച്ചു. മുഖം വാടിയ ഞാൻ ആ പ്രസന്നവദനനെ, 'എഴുന്നേല്ക്കുക; വിശപ്പടക്കിയാലും' എന്നു ക്ഷണിച്ചു, കാൽ കഴികിച്ചു, വീണ്ടും ശ്രേഷ്ഠാസനത്തിലിരുത്തി, ആ വിവേകശീലനു ചോർ വിളമ്പിക്കൊടുത്തു; കയ്യിൽ കുടിക്കനീരും വീഴ്ത്തിക്കൊടുത്തു. ഇതിന്നൊക്കെ, കൃശോദരിയായ ഭാര്യ എന്നെ ഇടയ്ക്കിടയ്ക്കു പ്രേരിപ്പിക്കുന്നുണ്ടായിരുന്നു. ആ ധാർമ്മികൻ ഊൺകഴിച്ചു തളർച്ച് തീർത്തു, 'രാമ, രാമ, ഹരേ, കൃഷ്ണ' എന്നു ജപിച്ചുംകൊണ്ടു നടകൊണ്ടു. വൈശ്യ, ഇങ്ങനെ ഒരു പുണ്യം മുൻജന്മത്തിൽ ഞാൻ സ്ത്രീപ്രേരണയാൽ ചെയ്യുകയുണ്ടായിട്ടുണ്ട്; അതിനാലത്രേ, ഈ തീർത്ഥജലം എനിക്കു കൈവന്നത്".

വിഷ്ണുശർമ്മാവേ, രാക്ഷസൻ ഈ വിധം കഥിച്ചുനിൽക്കേ, ദിവ്യരൂപം ധരിച്ചിരുന്ന ആ ചാന്ഡാലനും ആ പല്ലക്കുകാരും ഉരചെയ്തു:—'ഹേ ഹേ വൈശ്യശ്രേഷ്ഠ, ഞങ്ങളും അപമൃത്യുവടഞ്ഞു എങ്കിലും, ഭവാന്റെ പ്രസാദത്താൽ ഈ ജലം കുടിച്ചതിനാൽ ദേവന്മാരായിത്തീർന്നിരിക്കുന്നു. പണം കൊതിച്ചിട്ടാണ്, ഞങ്ങളും ഭവാനെ കൊണ്ടുപോന്നത്; മരണാവസരത്തിലും ധനകാംക്ഷ വിട്ടിരുന്നില്ല. അതു നിമിത്തം, മരിക്കുമ്പോൾ വയറിലുണ്ടായിരുന്ന ഈ തീർത്ഥരാജജലത്തിന്റെ പ്രഭാവത്താൽ ഞങ്ങൾക്കു കൈവന്നതു ധനേശ്വരസൈന്യമെത്രിയാകുന്നു. പ്രഭോ, ഭവാനു നമസ്കാരം! ഞങ്ങളും ധനേശ്വരന്റെ കിങ്കരരാൽ അനുഭവിക്കപ്പെട്ട വിവിധരതാലംകൃതങ്ങളായ വിമാനങ്ങളിലൂടെ അദ്ദേഹത്തിന്റെ രാജധാനിയിലേയ്ക്കു പോകുന്നു. ഭവാൻ ഒട്ടും താമസിയാതെ ഇദ്ദേഹത്തോടുകൂടി നിഗമോൽബോധകതീർത്ഥത്തിലേയ്ക്കു തിരിക്കുക; ഇദ്ദേഹത്തെയും ക്ഷണത്തിൽ കരയേറുക'. ഇതുയും പറഞ്ഞു് അവർ വിമാനകിങ്കിണിക്കിലുക്കത്താൽ ദ്യുവും ദ്യോവും മുഴക്കിയ്ക്കൊണ്ടു വടക്കേദിക്കിലേയ്ക്കു ഗമിച്ചു.

Digitized By Kerala Sahitya Akademi

അനന്തരം എന്റെ അച്ഛൻ ആ രാക്ഷസനോടാവശ്യപ്പെട്ടു:— 'പുറപ്പെടുക: എന്നെ ക്ഷണത്തിൽ ആ നിഗമോൽബോധകതീർത്ഥത്തിൽ കൊണ്ടാക്കുക. പനിയാൽ വശംകെട്ടിരിക്കുന്ന ഞാൻ നടന്നു പോകാനാളല്ല; എന്നെ അവിടെ കൊണ്ടാക്കാൻ ഭവാനൊഴിഞ്ഞു മറ്റാരുമില്ലതാനും!' അങ്ങനെതന്നെയെന്നാശ്വസിപ്പിച്ചു നിശാചരൻ വൈശ്യനെ ചുമലിലെടുത്തു ക്ഷണത്തിൽ ഈ പാവനതീർത്ഥത്തിലെത്തിച്ചു. അവരിരുവരും—വൈശ്യശ്രേഷ്ഠനും രാക്ഷസനും—ഈ ഉത്തമോത്തമതീർത്ഥത്തിൽ സ്നാനം മാത്രം ചെയ്തുകൊണ്ടു താമസിക്കയായി.

അങ്ങിനെയിരിക്കെ, അച്ഛനു ദിനം കലശലാകുന്നു കേട്ട് അദ്ദേഹത്തിന്റെ അടുക്കലേയ്ക്ക് അമ്മ പറഞ്ഞയച്ച ഞാൻ സഹ്യഗിരിയിൽ നിന്നു പുറപ്പെട്ട് ഇവിടെ വന്നെത്തി, മഹാജ്വരത്താൽ പീഡിതനായിരുന്ന അദ്ദേഹത്തെ കണ്ട്, വണങ്ങി വന്ദിച്ചു. അദ്ദേഹം എന്നെ അനുഗ്രഹിച്ചു പറഞ്ഞു: —'മകനേ, എന്തിനാണു നീ ഇത്ര ദൂരത്തേയ്ക്കു പോന്നതു്? അതുകട്ടെ, കുറേദിവസം സ്വകർമ്മമനുഷ്ഠിച്ചുകൊണ്ട് ഇവിടെ താമസിക്കുക. അതാ, എന്റെ സ്നേഹിതനായ വികടനെന്ന രാക്ഷസൻ വരുന്നു; എഴുന്നേറ്റ് അദ്ദേഹത്തിന്റെ കാൽക്കൽ വീഴുക. പേടിക്കേണ്ടാ; അദ്ദേഹം ഹിംസാദികർമ്മം വെടിഞ്ഞിരിക്കുന്നു. ഇപ്പോൾ തീർത്ഥസ്നാനത്തിനു് എന്റെ അടുക്കൽ താമസിക്കയാണു്'. ഞാൻ എഴുന്നേറ്റ രാക്ഷസന്റെ കാൽക്കൽ വന്ദനമസ്കാരംചെയ്തു. അദ്ദേഹം എന്നെ ഇരുകൈകൊണ്ടും പിടിച്ചെഴുന്നേല്പിച്ചു്, മുറുകെത്തഴുകി, 'സുഹൃൽപുത്ര, സ്വാഗതം' എന്നാശീർവ്വദിച്ചു:— 'ഉണ്ണി ഭാഗ്യവാനാണ്: ധർമ്മാത്മാവായ താതനു ജ്വരപീഡ കടുത്തിരിക്കുന്നതു കേട്ടിട്ട് ഇവിടെ എത്തിച്ചേർന്നവല്ലോ; അച്ഛനു തീർത്ഥത്തിൽ തിലോദകം നൽകി കടം വീട്ടാം. ഉണ്ണി കളിച്ചു സ്വകർമ്മങ്ങളും കഴിയുക; എന്നാൽ മുൻജന്മസ്മരണയുണ്ടായിവരും.' ഞാൻ ഉടനെ അദ്ദേഹത്തോടൊപ്പം സ്നാനത്തിന്നായി ഈ ശ്രേഷ്ഠതീർത്ഥത്തിൽ ചെന്നിറങ്ങി. മകനേ, അപ്പോൾ എനിക്കു മുൻജന്മത്തിലെ നന്മതിന്മകളും ഓർമ്മയിൽ വന്നു. ഞാൻ യഥാവിധി സ്നാനംചെയ്ത് അച്ഛന്റെ അടുക്കൽ ചെന്ന്, 'എഴുന്നേറ്റാലും' ഇദ്ദേഹത്തിനു ധർമ്മബുദ്ധി' എന്ന്, രാക്ഷസന്റെ വർത്തമാനം ചോദിച്ചു. അച്ഛൻ രാക്ഷസന്റേയും പാന്ഥന്റേയും പൂർവ്വകാലങ്ങളേയും കഥയൊക്കെപ്പറഞ്ഞു. അതുകേട്ട ഞാൻ തീർത്ഥപ്രഭാവത്തെ സ്തുതിച്ചു.

അച്ഛനു രോഗം ശമിച്ചിട്ടു വേണം ഗൃഹത്തിലേയ്ക്കു പോവാൻ എന്നുവെച്ചു ഞാൻ പത്തുദിവസം ഇവിടെപ്പാർക്കാനുറച്ചു. മകനേ, പത്തു

Digitized By Kerala Sahitya Akademi

ദിവസങ്ങൾക്കുള്ളിൽ എന്റെ അച്ഛൻ ഈ ശ്രേഷ്ഠതീർത്ഥത്തിന്റെ അർദ്ധജലത്തിൽവെച്ചു മൃതിയടഞ്ഞു. ഉടനേ, തിരുമാറത്തു ലക്ഷ്മിയെ വഹിച്ചുംകൊണ്ടു ഗരുഡന്റെ പുറത്തു കേറി, നവാംബുദശ്യാമളനായി നളിനായതനേത്രനായി ചതുർബാഹുവായി പീതാംബരനായിരിക്കുന്ന വിഷ്ണു താൻ തന്നെ എഴുന്നള്ളിവന്നു: ശിവൻ, ബ്രഹ്മാവു്, മഹേന്ദ്രൻ മുതലായ ദേവന്മാർ സ്വാമിയെ ഉപാസിക്കുന്നവരായിരുന്നു; നാലുവശത്തും കിന്നരത്തലവന്മാർ അപദാനങ്ങളെ വർണ്ണിച്ചു പാടുകയും ഹാഹാ ഹൂഹൂ പ്രഭൃതികൾ സ്തുതിക്കുകയും ചെയ്തിരുന്നു. തന്തിരുവടി, തന്റെ സാരൂപ്യം നൽകി അച്ഛനെ ഗരുഡപുറത്തു കേറ്റി, ബ്രഹ്മാദികളാൽ പരിവൃതനായി, വൈകുണ്ഠത്തിലേയ്ക്കു തിരിച്ചു.

അച്ഛനു വിഷ്ണുസാരൂപ്യം കിട്ടിയതു കണ്ടപ്പോൾ എനിക്കു തത്വബോധമുദിച്ചു. 'വർണ്ണിക്കാവുന്നതല്ല, ഈ തീർത്ഥശിരോമണിയുടെ മാഹാത്മ്യം: ഇതിന്റെ അർദ്ധജലത്തിൽ വെച്ചു മരിച്ചാൽ മതി, ദേഹി ചതുർഭുജനാകാൻ! പ്രഭാവം പ്രത്യക്ഷമായി കണ്ട ഈ തീർത്ഥപ്പെരുമാളെ ഞാൻ എന്തായാലും, ധനഗ്രഹാദികൾ കൊതിച്ചു കൈവെടികയില്ല; ഭൂമിയിൽ പ്രാരബ്ധം അനുഭവിച്ചൊടുങ്ങുന്നതുവരെ, ഞാൻ അച്ഛന്റെ ഈ പുണ്ണ്യശാലയിൽത്തന്നെ താമസിക്കും.' എന്നു നിശ്ചയിച്ചു ഞാൻ അച്ഛന്റെ ശേഷക്രിയകഴിച്ചു്, ആ രാക്ഷസനോടൊന്നിച്ചു മോക്ഷകാംക്ഷിയായി ഇവിടെ പാർത്തുപോന്നു.

ശ്രീപദ്മമഹാപുരാണം, ഭൂമിഖണ്ഡം, കാളിന്ദീമാഹാത്മ്യപ്രകരണം, യുധിഷ്ഠിരസൌഭരിസംവാദാന്തർഗ്ഗത ശിബ്യുശീരദസംവാദം, ശരഭഭക്ഷിപ്പാപ്തികഥനം ഇരുനൂറെഴുപത്തൊന്നാമദ്ധ്യായം.

ഇരുനൂറെഴുപത്തൊന്നാമദ്ധ്യായം.

ശിവശർമ്മാവു്:—ഒരുനാൾ ഈ മഹാതീർത്ഥത്തിൽ ഒരു പയ്യു ചാടിയിൽ ആണ്ടുപോയി; അതു കണ്ടു രാക്ഷസൻ, 'ഗോവിനെ രക്ഷിച്ചാൽ വലിയ ധർമ്മമുണ്ടു; രക്ഷിച്ചവന്നു സ്വർഗ്ഗം കിട്ടും' എന്നിങ്ങനെ ചിന്തിച്ചു്, അതിനെ കരയ്ക്കു കേറാൻ വെള്ളത്തിലിറങ്ങി. ഇടയ്ക്കു വെച്ചു് ഒരു മുതല അദ്ദേഹത്തെ പിടിക്കുടി, വെള്ളത്തിന്റെ ചുവട്ടിലേയ്ക്കു കൊണ്ടുപോയി. അദ്ദേഹം, വെള്ളം കുടിച്ചു വയർ ചീർത്തു പെട്ടെന്നു മരിച്ചുപോയി. ഉടനെ ആ രാക്ഷസപുംഗവൻ ദി

Digitized By Kerala Sahitya Akademi

വ്യശരീരം പൂണ്ടു്, പുരന്ദരാദി ദേവന്മാരാൽ അയയ്ക്കപ്പെട്ട പാഷ്ടൻ കൊണ്ടുവന്ന വിമാനത്തിൽക്കയറി യാത്രയായി. അപ്പോഴം ഞാൻ ചോദിച്ചു:—'ധീമൻ, മുക്തിയെ നൽകുന്ന ഈ സുദുർല്ലഭമായ മഹാതീർത്ഥത്തിൽ വെച്ചു മരിച്ചിട്ടു് ഏവൻ സുരലോകം പൂകുന്നതെന്തുകൊണ്ടാണു്?' 'അനഘ, ഇതാണു ഞാൻ അന്വേഷിച്ചിരുന്നതു്' എന്നായിരുന്നു രാക്ഷസന്റെ മറുപടി.

ആ *പുണ്യജനം പുണ്യവൽസ്ഥാനമായ സപ്തം പൂകിയതിന്നു ശേഷം ഏകനായിത്തീർന്ന ഞാൻ വിഷ്ണുവിനോടു് പരമഗതി പ്രാർത്ഥിച്ചുകൊണ്ടിരുന്നു: നടക്കുമ്പോഴും ഇരിക്കുമ്പോഴും ഉറങ്ങുമ്പോഴും ഉണർന്നിരിക്കുമ്പോഴും കളിക്കുമ്പോഴും—എപ്പോഴും—ആ പുണ്ഡരീകാക്ഷനെത്തന്നെ ഞാൻ അനന്യചിത്തനായി ധ്യാനിച്ചുപോന്നു. 'ഹരേ, നിന്തിരുവടിയുടെ പാദാംബുജത്തെ ശരണം പ്രാപിച്ചവനാണടിയൻ; ബ്രഹ്മപദത്തിലോ മഹേശ്വരപദത്തിലോ ഇന്ദ്രപദത്തിലോ അടിയന്നാഗ്രഹമില്ലാ' എന്നിങ്ങനെ ആ പുരുഷോത്തമനോടർത്ഥിച്ചുംകൊണ്ടു് ഞാൻ വിഷ്ണുവിചാരം വിട്ടു് ഈ മഹാതീർത്ഥത്തിൽ പാർത്തുപോന്നു.'

വിഷ്ണുശർമ്മാവു്:—'ഈ മഹാതീർത്ഥത്തിൽ വസിക്കുമ്പോഴാണു്, ഇവിടുന്നു മുക്തിപ്പെട്ടതെങ്കിൽ ഇവിടെയ്ക്കു പുനർജ്ജന്മമുണ്ടായതെങ്ങിനെ എന്നൊരു സംശയം എനിക്കുതോന്നുന്നു: പണം കൊതിച്ചു് ഈ തീർത്ഥത്തിന്റെ അതിരിന്നപ്പുറത്തു പോയിട്ടും, രാക്ഷസനാൽ വധിക്കപ്പെട്ട ആ പഥികനും അമാലന്മാരും ഈ ശ്രേഷ്ഠതീർത്ഥത്തിലെ ജലം കുടിച്ചുതിനാൽ ശ്വോവണ്ണു; രാക്ഷസനും ഈ വെള്ളത്തിൽ മുതല പിടിച്ച ചത്തിട്ടു്, അവർ കാരുണ്യമേഷ്ടം സപ്തം പൂകിയല്ലൊ. അതിനാൽ, ഇവിടെവെച്ചായിരിക്കില്ല അവർ മരിച്ചതു്; വീണ്ടും ജനിച്ചുവല്ലൊ.'

ഔശീനര, മകന്റെ യുക്തിയുക്തമായ ചോദ്യം കേട്ടിട്ടു് ശിവശർമ്മാവു പുനർജ്ജന്മത്തിന്നു കാരണമായ പൂർവചരിതം പറയാൻ തുടങ്ങി:—'ഞാൻ ജനിച്ചതിന്റെ കാരണം പറഞ്ഞുതരാം; എന്നാൽ നിനക്കു സംശയം നീങ്ങും: ഒരു ദിവസം ഞാൻ വിഷ്ണുപൂജയിൽ ധ്യാനം പൂണ്ടിരിക്കെ, ശുണ്ഠിക്കാരനായ ദുർവ്വാസസ്സു് എന്റെ ആശ്രമത്തിൽ വന്നുകേറി; വിഷ്ണുധ്യാനത്തിലായിരുന്ന ഞാൻ അതറിയാതെ, തിരുനാമം സ്മരിച്ചുംകൊണ്ടു് അതേനിലയിൽ വളരെനേരം ഇരുന്നുപോയി. മഹർഷി കുറച്ചുനേരം എന്റെ മുമ്പിൽ നി

* രാക്ഷസൻ, സൂക്ഷ്മി.

Digitized By Kerala Sahitya Akademi

ന്നിട്ട്, അരിശം മൂഴുത്തു കണ്ണു ഉട്ടുത്തു്, തന്നോടായിത്തന്നെ ഉച്ചത്തിൽ ഉരചെയ്തു:—'അഹോ, ശിവന്റെ അംശമായി അത്രിയ്ക്ക് അനസൂയയിൽ ജനിച്ച പുത്രനായ ഞാൻ കേവ മനുഷ്യനാൽ അനാദരിക്കപ്പെട്ടുവെന്നോ! ദേവന്മാരെ മൈലോക്യാധിപത്യത്തിൽനിന്നു ഭ്രംശിപ്പിച്ച എന്നെ ഇതാ, ഒരു ദുരാത്മാവായ മനുഷ്യൻ അനാദരിക്കുന്നു! ലോകത്തിൽ, എനിക്കു പൂജനീയരായ ത്രിമൂർത്തികളെഴിഞ്ഞതാരുണ്ട്, കാലാഗ്നിയെപ്പോലുള്ള എന്നെ പേടിക്കാതെ? ഈ മൂഢൻ കണ്ണുമടച്ചിരുന്ന് ആരെ ധ്യാനിക്കുന്നുവോ, ആ ദേവത ഇവനെ ഉൽബോധിപ്പിക്കാത്തതെന്തുകൊണ്ട്! ജഗൽഗുരുവായ ജനാർദ്ദനസ്വാമിയെയായിരിക്കണം, ഇയ്യാൾ ധ്യാനിക്കുന്നതു്; ആ ധ്യാനമാകുന്ന അമൃതു വേണ്ടുവോളം നുകർന്നതിനാൽ ഇയ്യാൾക്കു ബാഹ്യജ്ഞാനമില്ലാതായിരിക്കുന്നു. വിഷ്ണുവിനേയോ ശിവനേയോ ബ്രഹ്മാവിനെയൊ മറ്റാരെയെങ്കിലുമോ ധ്യാനിച്ചുകൊള്ളട്ടെ ഇയ്യാൾ; എന്നെ അനാദരിച്ചതിനാൽ ഇയ്യാളെ ഞാൻ ശിക്ഷിക്കുകതന്നെ ചെയ്യും!' ഈ വിധം ഉച്ചരിച്ചു്, ക്രുദ്ധഭാവനായ എന്നെ ഉണർത്തിയിട്ട്, അരിശത്താൽ കണ്ണു ഉട്ടുത്തിരുന്ന അദ്ദേഹം 'നീ ധ്യാനത്തിലിരുന്ന് എന്നെ അനാദരിച്ചതിനാൽ നിന്റെ മനോരഥം ഇജ്ജന്മത്തു് ഒരുവിധത്തിലും നിറവേറുകയില്ല!' എന്നിങ്ങനെ ശപിച്ചുവെച്ചു് ഇറങ്ങിനടന്നു. ഞാൻ പേടിച്ചു് ആ അത്രിപുത്രന്റെ കാൽപിടിച്ചുപേക്ഷിച്ചു:—'മുനിശ്രേഷ്ഠ, ക്ഷമിക്കണേ; കോപം വെടിയേണമേ! എന്നെപ്പോലുള്ള വക്രഭാവാശയന്മാരുടെ ചരിതം ശരിക്കറിഞ്ഞുകൂടാ. ഇവിടുന്നിപ്പോൾ നിരപരാധനായ എന്നെ ഘോരമാംവണ്ണം ശപിച്ചുകളഞ്ഞുവല്ലൊ; താണുവണങ്ങുന്ന എങ്കൽ പ്രസാദിച്ചു ശാപമോക്ഷം തന്നനുഗ്രഹിച്ചാലും!' ഇതുകേട്ടപ്പോൾ ദുർവ്വാസസ്സിന്നു ക്രോധം ആറി: അങ്ങിനെയല്ലേ വരൂ; അദ്ദേഹം ചന്ദ്രശേഖരന്റെതന്നെയാണല്ലൊ! ആ ദിഗംബരനായ ധീമാൻ, 'ഭവാൻ ബ്രാഹ്മണോത്തമനായിജ്ജനിച്ചു്, ഇവിടെവെച്ചുതന്നെ മൃതിപ്പെട്ടാൽ പുനർജ്ജനിക്കുകയില്ല' എന്നനുഗ്രഹിച്ചു്, അന്നിവിടെ എന്റെ സൽക്കാരമേറ്റു താമസിച്ചു നടകൊണ്ടു. ഞാനും, 'മുനിവചനം പാഴാകയില്ലെ'ന്നാശ്വസിച്ചു പശ്ചാത്താപത്തോടെ സപത്നീഗൃഹത്തിലേയ്ക്കു തിരിച്ചു്.

'അയ്യോ, ഇജ്ജന്മത്തു ശ്രേഷ്ഠതീർത്ഥവാസിയായ എനിക്കു നാരായണനെത്തന്നെ ധ്യാനത്തിൽ ലക്ഷ്മീരമണന്റെ ദുർല്ലഭമായ ദർശനം, വേഴാമ്പലിന്നു് എരിവേനലിൽ മേഘത്തിന്റെ ദർശനമെന്നപോലെ കൈവന്നിരുന്നു; എന്തുകൊണ്ടാണു് ഇദ്ദേഹം എനിക്കു വൈകുണ്ഠഗതിയെ മുടക്കാൻ, യാത്ര പുറപ്പെട്ടവന്ന് അകാലത്തു മാരി ചൊരിയുന്ന്

Digitized By Kerala Sahitya Akademi

കാർകൊണ്ടൽപോലെ വന്നെത്തിയതു! അല്ലെങ്കിൽ, മഹർഷിയുടെ കുറമല്ല; ആ ഭഗവാന്റെ ഇച്ഛ തന്നെയായിരിക്കും! ദർശനം കല്പിച്ചു തന്നിട്ടും എനിക്കു മറെറാരു ജന്മം ഉണ്ടാക്കിത്തീർത്തുവല്ലോ! സംസാരഭീതനായ എനിക്കു പരമപുമാന്റെ പാദാംബുജം തന്നെ, വേനൽ വെയിലിനാൽ എരിപൊരികൊണ്ടവന്നു മാത്തണലെന്നപോലെ ശരണീകരണീയം! അനിത്യങ്ങളായ പുത്രകളത്രാദി ബന്ധുക്കളെക്കൊണ്ടും ധനംകൊണ്ടും എന്തുള്ളൂ? ഗോവിന്ദ, പരമാനന്ദ, രാമ എന്നിങ്ങനെ ജപിച്ചാൽ മതി. ഞാൻ ഉദാസീനനെപ്പോലെ കുടുംബത്തിൽ വസിച്ചു വിഷ്ണുവിനെ ഭജിച്ചുകൊണ്ടു്, അന്യകർമ്മങ്ങളെത്തള്ളി പ്രാരബ്ധം അനുഭവിച്ചൊടുക്കുന്നുണ്ടു്.' എന്നിങ്ങനെ ചിന്തിച്ചുകൊണ്ടു ഞാൻ ഏതാനും നാളുകളാൽ സപ്തഗ്രാമത്തിലെത്തി, വിഷ്ണുപദിയിൽ സ്നാനം ചെയ്തു, അച്ഛന്റെ മരണം അമ്മയേയും ബന്ധുക്കളേയും അറിയിച്ചു. അവരെല്ലാം, ഇതു് അസ്ഥിരമാണെന്നോക്കാതെ വ്യസനിക്കുകയായി! സത്യലോകം മുതലായ ലോകങ്ങളിൽപ്പോലും ഒരു ഗൃഹമില്ലാതെ ഗൃഹത്തിൽ വസിച്ചുപോന്ന ഞാൻ മുനിസേവിതമായ ഗംഗാതീരത്തുവെച്ചു മൃതിപ്പെട്ടു്, ദൈവസ്വരൂപത്താൽ കരുവൈഷ്ണവകുലത്തിൽ വന്നുജനിച്ചു; ഇനി, ഈ പുണ്യതീർത്ഥത്തിൽ മരണമടഞ്ഞാൽ എനിക്കു മുകുന്ദപദം പ്രാപിക്കാം.'

മഹാഭാഗ, ഇങ്ങനെ സുരാചാര്യതീർത്ഥത്തിൽവെച്ചു് ആ ദ്വിജോത്തമന്മാരിരുവരും പൂർവകർമ്മങ്ങളം തങ്ങളിൽപ്പറഞ്ഞു ഹരിപാദപല്ലവത്തെ സ്മരിച്ചുംകൊണ്ടു പാർത്തു; പുണ്ഡരീകാക്ഷനായി ചതുർഭുജനായി കാർകൊണ്ടൽവർണ്ണനായി തന്റെ ആയുധങ്ങൾകൊണ്ടും ആഭരണങ്ങൾകൊണ്ടും ശോഭമാനനായിരിക്കുന്ന ശ്രീനാരായണനെ സ്മരിച്ചുപോന്ന അവരിരുവരും ഇവിടെവെച്ചു വിഷ്ണുസാരൂപ്യവും നേടി. ഈ ഇന്ദ്രപ്രസ്ഥമെന്ന ഉത്തമപുണ്യക്ഷേത്രത്തിന്റെ ഉപാഖ്യാനം ശ്രദ്ധയോടേ ശ്രവിച്ചാൽ ഗംഗാസ്നാനത്തിന്റേയും കന്യകാദാനത്തിന്റേയും പുണ്യഫലം സിദ്ധിക്കും; ഉണ്ണിയുണ്ണിയസമയത്തു ഗോദാനം ചെയ്യുക, വ്യാഴം ചിങ്ങത്തിൽ നിൽക്കെ ഗോദാവരിയിൽ സ്നാനംചെയ്യുക എന്നിവയാലുള്ള ഫലം ഇതു ശ്രദ്ധിച്ചാൽ തീർച്ചയായും കിട്ടും. ഈ ശ്രേഷ്ഠതീർത്ഥമല്ലാതെ സർവാഭീഷ്ടദമായി മറെറാരു തീർത്ഥമില്ല; ഇവിടെ മൃതിപ്പെട്ടാൽ തിരിച്ചുകൊള്ളും ചതുർഭുജരാകും!'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, കാർത്തികമാഹാത്മ്യപ്രകരണം,
യുധിഷ്ഠിരസൗഭരിസംവാദാന്തർഗ്രഥിതമാരദസംവാദം,
നിഗമാർത്ഥബോധകനീ ഭാഷാഹിമവർണ്ണനം ഇരുനൂറൊന്നാമദ്ധ്യായം.

(o)

Digitized By Kerala Sahitya Akademi

ഇരുനൂറ്റിരണ്ടാമധ്യായം.

സൂതൻ:—ധർമ്മരാജാവേ, നാരദമുനിയുടെ ഈ വാക്കു കേട്ടിട്ട് മനംതെളിഞ്ഞ ശ്രീമാനായ ശിബി ആ വിശിഷ്ടനോടാവശ്യപ്പെട്ടു:—മഹർഷേ, നിഗമോൽബോധകപുണ്യതീർത്ഥത്തിന്റെ പാപഹരമായ മാഹാത്മ്യം ഇവിടുന്നു ശരിക്കു വർണ്ണിച്ച് എന്നെ കേൾപ്പിച്ചു. ഇന്ദ്രപ്രസ്ഥത്തിൽ വച്ചെയുണ്ടല്ലോ തീർത്ഥങ്ങൾ; മറ്റൊന്നിന്റെകൂടി മാഹാത്മ്യം, ഉള്ളതിൻവണ്ണം പറഞ്ഞുതരിക.

നാരദൻ:—നരേന്ദ്ര, ഇതാ, ഇന്ദ്രപ്രസ്ഥത്തിലെ ഭോഗം; ഇവിടെ പണ്ടു നടന്നതു ഞാൻ പറയാം; കേട്ടുകൊള്ളുക:

(ചെഞ്ചുരുട്ടി രീതി)

കാമ്പില്ലത്തികലൊരന്തണൻ മേവിനാ-
നൈമ്പൂവിശിഖൻ മെയ്യാന്പോലെ,
സല്ലീലാഭംഗിയാലംഗനമാരുടെ-
യെല്ലാം മനസ്സു കവന്നിടുന്നോൻ.
ഏകദാ സംഗീതദക്ഷനബ്ജിമാൻ
കൈകൊണ്ടു വീണയെടുത്തു മീട്ടി,
കോകിലകോമളകണ്ഠത്താൽ പാടിക്കൊ-
ണ്ടാകെ നടന്നാൻ പുരത്തെരുവിൽ.
താനസമ്മൂർച്ഛനാരീതികളും ചേരുമ-
ട്ടാനം ത്രുവിച്ചിട്ട പൌരസ്ത്രീകളും
വീട്ടുപണികളെയൊക്കെയും കൈവിട്ട
ക്രുദ്ധമിട്ടെത്തിനാർ തത്സമീപേ.
വിപ്രന്റെ സൌന്ദര്യവും നേരിട്ടു കണ്ടിട്ടും
നൽപ്പാട്ടു കേട്ടിട്ടുമംഗനകൾ,
കന്ദർപ്പത്തള്ളൽ പൊറുക്കാഞ്ഞെത്തനപിമാർ
സ്സുന്ദിതവീഥിമാരായിപ്പോയി!
ആരാലോ സൃഷ്ടികർത്താവിന്റെ മാനസം
ഭാരതിമതിൻനേർക്കാകൃഷ്ടമായ്,
ആരോ പുരാരിയെക്കൊണ്ടു തൻ പതിമ്മെ
ശൌരിദേവിയ്ക്കു പകരത്തുകിച്ചു —
ഒരം മണ്ടുപേരെക്കാളിന്ദ്രിയജേതാവാ-
യാശ്രമള്ള മഹാകൃത്തിൽ ജ്ഞാനിയായും?

Digitized By Kerala Sahitya Akademi

അമ്മലരമ്പന്റെ തള്ളിക്കയറാഞ്ഞ–
യെമ്മട്ടിലൊട്ട സഹിക്കും സ്ത്രീകടം
സാധിമാരായാലും ജാത്യാ ചപലമാർ?
പാർത്ഥിവ, ഉർജ്ജയനല്ലോ കാമൻ!
ഗേയംവിപഞ്ചീഗളങ്ങളാൽ പാടിക്കൊ–
ണ്ടായാം നടക്കുന്ന ദിക്കിലെല്ലാം
എഞ്ഞുകയായി, തദുപസപരങ്ങളാൽ
മഞ്ഞാന്നാമങ്കുമായെന്നോവേണ്ട!

അപ്പോൾ അവരുടെ തേജപുത്രഭ്രാതൃപിതാക്കന്മാർ ചെന്നു ശകാരിച്ച് അവരെ സ്വന്തം സ്വന്തം ഗൃഹങ്ങളിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി; എന്നാൽ അവർ വീണ്ടും അന്യാളെ അന്വേഷിച്ച് അയാളുടെ അടുക്കലേയ്ക്കു പോന്നുകളഞ്ഞു. അതിനാൽ പൌരന്മാർ വിവരം തമ്പുരാനെ ഉണർത്തിച്ചു; രാജാവ് ആ ദ്വിജനെ വരുത്തി വിജനത്തിൽവെച്ചു ചോദിച്ചു:—"ബ്രാഹ്മണ, എന്തൊരു മന്ത്രത്താലാണ്, നീ, നീ ആ നഗരസ്ത്രീകളെ മോഹിപ്പിച്ചതു്? അതു പറഞ്ഞാൽ, ഞാൻ അങ്ങയ്ക്കു വളരെ ധനം തരാം; ഇല്ലെങ്കിൽ അങ്ങയെ എന്റെ രാജ്യത്തുനിന്നു പുറത്താക്കും, തീർച്ചയാണ്." ആ ശ്രുതഭണവാനായ ദ്വിജോത്തമൻ വസുധേശന്റെ മുമ്പിൽ വാസ്തവമറിയിച്ചു:—'രാജാവേ, മന്ത്രവുമില്ല, മരുന്നുമില്ല, പിച്ചക്കാരനായ എന്റെ കൈയിൽ; നീ നിന്റെ നഗരത്തിലെ സ്ത്രീകളാകെ ഇന്ദ്രിയനിഗ്രഹമില്ലാത്തവരാണ്. എന്റെ സൌന്ദര്യം കാണുകയാലും പാട്ടു കേൾക്കയാലും ഇവിടുത്തെ പുരാംഗനമാർ കാമത്തള്ളൽ പൊറുക്കാതായിരിക്കുന്നു. മഹാരാജാവേ, ഞാനെന്തുചെയ്യാം? എന്താണെനിക്കു കുറ്റം? പൂർവ്വകർമ്മമെന്നപോലെ അനുല്ലംഘ്യമാണല്ലോ, രാജാവിന്റെ ശാസനം!' ദ്വിജൻ ഇതുമുതൽ പറഞ്ഞതപ്പോഴേയ്ക്കു പൌരന്മാരെല്ലാവരും ക്ഷിപ്രവന്ദ്യഭൂപതിയോടണത്തിച്ചു:—'തമ്പുരാനേ, ഈ ബ്രാഹ്മണൻ മയക്കിക്കളഞ്ഞതുകൊണ്ടു നഗരത്തിലെ പെണ്ണുങ്ങളാകെ, ഞങ്ങളോടുകൂടെ എല്ലാ അടുത്തിട്ടും, ഗൃഹങ്ങളിലിരിക്കാതായിരിക്കുന്നു. ഈ പെണ്ണുമ്പക്കി നഗരത്തിൽ താമസിക്കയാണെങ്കിൽ, തിരുമേനി, ഞങ്ങളും ഇപ്പോൾത്തന്നെ മാറുവല്ലടത്തും പോകയാണ്. സ്ത്രീകളും ഇയ്യാളോടു പാർക്കേ നടക്കുന്നതുകൊണ്ട്, ഞങ്ങൾക്കു ഹവ്യകവ്യക്രിയാരൂപമായ ധർമ്മം ഗൃഹത്തിൽ നിന്നു പോയിക്കഴിഞ്ഞു; അതിന്റെ പിന്നാലെ, കൊമ്പന്റെ പിന്നെ പിടിയാനയെന്നപോലെ, ശ്രീയും നടകൊള്ളും. ബ്രഹ്മസ്വഗൃഹത്തിലുണ്ടോ, എത്ര പണിപ്പെട്ടാലും ലക്ഷ്മി നിൽക്കുന്നു? ധർമ്മം, അർത്ഥം,

Digitized By Kerala Sahitya Akademi

ഗൃഹം എന്നിവ മൂന്നും സ്ത്രീയുടെ കീഴിലാണ്; പത്നി ധർമ്മാർത്ഥങ്ങൾക്കും അധീനയാണ്; അവ നശിച്ചാൽ, പിന്നെ നിൽക്കില്ല.'

പൌരന്മാർ ഈവിധം ഉണർത്തിച്ചപ്പോഴെയ്ക്കും, അവരുടെ സ്ത്രീകൾ രാജാവിന്റെ അടുക്കലെത്തി, ആവേശത്തോടെ തമ്മിൽത്തമ്മിൽ സംസാരിച്ചു:—'ഈ കാമസുന്ദരനായ ബ്രാഹ്മണനെക്കണ്ടാൽ, നമ്മുടെ മനസ്സ്, സൂര്യനെക്കണ്ട താമരപ്പൂവുപോലെ വികസിക്കുന്നു കാണാത്തവരോ, ചന്ദ്രനെ കാണാത്ത ആമ്പൽപ്പൂവുപോലെ കൂമ്പിപ്പോകുന്നവരുണ്ടാവില്ല: നമുക്കെന്തൊരുമിച്ച് ഈദ്ദുഷ്ടനായ രാജാവിന്റെ മുമ്പിൽനിന്നു കൊണ്ടുപോകാം. ഇദ്ദേഹവും നമ്മളും രാജാവിനു് അവധ്യരാണല്ലൊ; എന്തുചെയ്യും രാജാവ്!' ഇങ്ങനെ പറഞ്ഞൊത്തു് അവർ ആ മഹിജേന്ദ്രനെ, ഭർത്താക്കന്മാർ കണ്ടുനിൽക്കെ, രാജാവിന്റെ മുമ്പിൽവച്ചു്, പിടിക്കുടി, അയാളോടപേക്ഷിച്ചു:—'ഹൃദയേശ്വര, ഗൃഹത്തിലേയ്ക്കു വരൂ; വേഗത്തിൽ കാമശാന്തി വരുത്തിത്തരിക. അങ്ങയെക്കൂടാതെ ജീവിച്ചിരിക്കാൻ ഞങ്ങൾക്കു താണിയില്ല!' വിപ്രൻ അവരോടു മറുപടി പറഞ്ഞു:—'നിങ്ങൾക്കു മകനാണു; ഞാൻ; നിങ്ങൾ എന്റെ അമ്മമാരാകുന്നു. നിങ്ങൾ ഏതാണ് ഗൃഹം വിട്ടു ചാരി നടക്കുന്നതു്? ഭർത്താക്കന്മാരെ ആരാധിക്കുവിൻ; എന്നാൽ ഇരുലോകവും വശത്തായി! ഭർത്താക്കന്മാരെ ആരാധിച്ചാൽ, സർവ്വദേവേശ്വരനായ വിഷ്ണു പ്രസാദിക്കും; അവിടുന്നു പ്രസാദിച്ചാൽ ദുർല്ലഭമെന്തുള്ളു? യാവളൊരുത്തി ഭർത്താവിനെ വിട്ട് അന്യപുരുഷനെ സുഖത്തിനുവേണ്ടി പ്രാപിക്കുമോ, അവൾ അകീർത്തി നേടുകയും ഘോരമായ ദുർഗ്ഗതി പൂകുകയും ചെയ്യുന്നു. അതിൽ ഒരു കല്പം മുഴുവൻ പാർത്തിട്ട് ആ ദുർനടവഞ്ചകി അവിടെ നിന്നു പോന്നു സ്ഥാവരമായി പിറക്കും; പിന്നീടു പല ജന്മങ്ങളിൽ പശുതിര്യഗ്ജന്മമടയും; അതു വിട്ടാൽ മനുഷ്യജാതിയിൽ അംഗഹീനയായി പിറക്കും. ഇങ്ങനെയുള്ള പാപഗതിയെയോർത്തു്, അതിവേഗത്തിൽ മടങ്ങിപ്പോകുവിൻ. അല്ലെങ്കിൽ നിങ്ങൾ ചത്താൽ അതിതീവ്രമായ നരകത്തിൽപ്പതിക്കും. എങ്കൽനിന്നിച്ഛിക്കുന്ന സുഖം നിങ്ങൾക്കു കിട്ടുകയില്ല; മനുഷ്യരെ അധഃപതിപ്പിക്കുന്ന പാപമേ കിട്ടുകയുള്ളു!'

ഇതു കേട്ട് ആ നഗരസ്ത്രീകൾ ഭർത്തൃമുഖങ്ങളെ ദർശിച്ചു കാറ്റേറ്റ വള്ളികൾ പോലെ ലജ്ജയാൽ തല കുനിച്ചു. അവർക്കു തൽക്കാലം ഘോരമായിരുന്ന കാമാഗ്നി ആ ബ്രാഹ്മണശ്രേഷ്ഠന്റെ വാക്കാകുന്ന ശീതളജലത്താൽ കെട്ടുപോയി. രാജാവേ, അവർ പിന്മാറി നിന്ന്, ബ്രഹ്മേന്ദ്രാദി ദേവന്മാരെപ്പോലും മയക്കിയ മന്മഥനെ നിന്ദിപ്പാൻ തുടങ്ങി:—

Digitized By Kerala Sahitya Akademi

(പാന)

ഈയന്നാഥയാമെന്നെയും, പൈതലേ,
പ്രായമേറിയ താതനേയും സ്വയം,
രണ്ടു പൊട്ടമുരിക്കുമരങ്ങളെ
വണ്ടുപോലെ വെടിഞ്ഞെങ്ങുപോയി നീ!
ലബ്ധനായ് നീ വയസ്സുകാലത്തെന്നി-
യുബ്ധിമാതിൻപ്രിയനെബ്ഭജിക്കയാൽ;
എന്നെ വിട്ടു, ഞാൻ പൊറ നീ തൽപദം
തന്നെയാശ്രയമാക്കീ വിമുക്തിക്കായ്!
എത്രയെയുണ്ടെൻകഥയില്ലായ്മ:
സുസ്ഥിരനാം ഹരിയെബ്ഭജിച്ചു ഞാൻ
അസ്ഥിരനായ നിന്നെയല്ലോ, സുഖ-
സക്തിമൂലം വരിച്ചതെൻ പൈതലേ!
ബുദ്ധിമാൻതന്നെ നീ, സ്വയം സ്വാർത്ഥ-
സിദ്ധി നൽകും വിട്ടുവെബ്ഭജിക്കയാൽ;
അധ്രുവമിജ്ജഗത്തെന്നു കണ്ടിട്ട-
പ്രുതം, നീ ധ്രുവനായിച്ചമഞ്ഞല്ലോ!
എന്തു ചെയ്യേണ്ടു, ഞാനെങ്ങുപോകേണ്ടു:
ഹന്ത, മായയെൻബോധമറുക്കുന്നു,
ചാരുവാം ഫലം കായ്ക്കും കദളിതൻ
വേരൊരായുധക്കാരൻ കണക്കിനേ!
ധന്യനാണു ദശരഥൻ നൂനം, മാ-
മന്നവൻ രാമശോകാൽ മരിച്ചല്ലോ!
നിന്ദനീയതാനുണ്ണിതൻ വേർപാടു-
വന്നിട്ടുമയിർപേറിമേവുന്ന ഞാൻ!
പൈതലേ, വരികൊന്നു കാണട്ടെ ഞാൻ!
ആധിയിൽനിന്നു കേറീട്ടുകെന്നെ നീ!
പേത്തുമമ്മൻറെ മുമ്പിലിരുന്ന നീ-
യോത്തുകം ചൊൽക സൽഗുണവാരിധേ!

ഇങ്ങനെ വിലപിച്ച് ആ സ്ത്രീ, രാഹുവിൻറെ പല്ലേറു മറിപ്പെട്ട ചന്ദ്രക്കലപോലെ നിലത്തു പതിച്ചു. അപ്പോഴെയ്ക്കും വിപ്രഷിയായ വിമലൻ അവിടെ എത്തി, ഭാര്യ വീണുകിടക്കുന്നതു കണ്ടിട്ട്, 'എന്താണെ,ന്താണെ'ന്നരുമചിച്ചു:—'എന്താണിവൾ തലമുടിയഴിഞ്ഞു ചിന്നിയും വസ്ത്രാഭരണങ്ങളും കഴഞ്ഞുമറിഞ്ഞും നിലത്തുകിടക്കുന്നത്? ഹരിഭക്തന്നു കുശലം തന്നെയല്ലേ!' പതിയുടെ തോഴിമാർ

Digitized By Kerala Sahitya Akademi

വിമലനോടു പറഞ്ഞു:—'അങ്ങയുടെ മകൻ, ഹരിഭക്തൻ, വേദം പഠിച്ചു ഗുരുക്ഷിണയും കഴിച്ചു്, വിഷ്ണുപരനായി സന്ന്യാസം കൊണ്ടിരിക്കുന്നു; അവൻ പിറന്നതിലുള്ള ദുഃഖത്താലാണു് ഇവർ നിലത്തു പതിച്ചതു്.' ഇതു കേട്ടു്, മഹാബുദ്ധിമാനായ വിമലൻ തന്റെ ഭാര്യയെ വാഗമൃതംകൊണ്ടു് ബോധിപ്പിച്ചു:—'പ്രിയേ മുഴുന്നേൽക്കു. എന്തിനാണു് നീ വീണു വ്യസനിക്കുന്നു? ധന്യനാണു് നിന്റെ പുത്രൻ: ഇത്രയൊക്കെ നശ്വരമാണെന്നു കണ്ടു് അവൻ ഹരിപാദപല്ലവത്തെ ശരണീകരിച്ചുവല്ലോ! ഭദ്രേ, അവനെ പ്രസവിച്ച നീയും സുകൃതിനി തന്നെ: നിന്റെ പുത്രൻ വിഷ്ണുപാദത്തെ ആശ്രയിച്ചുവല്ലോ! അവൻ എന്നേയും കുലത്തേയും കുലജാതരേയും കരയേറും; സംശയമില്ല. വീഴുന്നതും ഉറപ്പില്ലാത്തതുമായ ഈ പ്രപഞ്ചമെവിടെ? ശാശ്വതലോകത്തെ നൽകുന്ന വിഷ്ണുസേവനം എവിടെ? ഇതോർത്തിട്ടത്രേ ഭരതൻ മുതലായ വിഷ്ണുഭക്തർ മുകുന്ദനെസ്സേവിച്ചതു്; സാധ്വി, അതുതന്നെയാണു് നിന്റെ മകനും ചെയ്തതു്! മനസ്സുറപ്പിച്ചു സർവകാമങ്ങളേയും അകാരി ഹരിപാദപല്ലവം സേവിക്കുന്നതെന്നോ, അന്നു തീർന്നു, ജന്മങ്ങളും ഗാത്രപുത്രകളത്രമിത്രവിത്തപത്തനങ്ങളാലുള്ള കഷ്ടപ്പാടുകളും!'

ആ ധീരനാൽ ഇപ്രകാരം ഉൽബോധിപ്പിക്കപ്പെട്ട പത്നി നിലത്തുനിന്നെഴുന്നേറ്റു ഭർത്താവിനോടു ദീനസ്വരത്തിൽ ഉരിയാടി:—'കാന്ത, ഇവിടുന്നുപദേശിച്ചതൊക്കെ എനിക്കറിയാം; വംശം നിലനിറുത്താൻ ആരെയും കാണാത്തതിനാലാണു് ഞാൻ വല്ലാതെ വ്യസനിക്കുന്നതു്. പുത്രനുണ്ടെങ്കിൽ, മഹാതീർത്ഥത്തിൽ വിഷ്ണുവിനെ സേവിക്കുന്നതെന്തിനാണു്? നാം ഗൃഹത്തിൽവെച്ചുതന്നെ മരിച്ചാൽ ഇരുലോകവും വശപ്പെട്ടേ. സൽപുത്രലബ്ധിക്കു യത്നം ശരിക്കു ചെയ്യുകതന്നെ വേണം. പുത്രന്മാർ പിതാക്കന്മാരെ സംസാരസമുദ്രത്തിൽ നിന്നു കരയേറ്റുന്നു. അതിനാൽ, മഹാഭാഗേ, ശുദ്ധരനായ പുത്രനുണ്ടാകാൻ ഇവിടുന്നു സർവജഗൽസ്രഷ്ടാവായ ബ്രഹ്മാവിനെ സേവിച്ചാലും.' ഇതിനു വിമലപത്നി, 'ഞാൻ പുത്രലബ്ധിക്കു ബ്രഹ്മക്ഷേത്രമായ പ്രയാഗത്തിൽ പോകാം' എന്നു മറുപടി പറഞ്ഞു യാത്ര പുറപ്പെട്ട ഹരിദ്വാരത്തിലെത്തി; അവിടെ യഥാവിധി സ്നാനംകഴിച്ചു് ഏതാനും ദിവസങ്ങൾകൊണ്ടു് ബ്രഹ്മപ്രസ്ഥത്തിൽ വന്നെത്തി; അദ്ദേഹം വൈകുന്നേരം കളിച്ചു സർവാഭീഷ്ടമായ ജലം കടിച്ചു രാത്രിയിൽ യമുനാതീരത്തു കിടന്നുറങ്ങി.

അർദ്ധരാത്രിയിൽ, ദേവശത്രുവായ വിധാതാവു് അരയന്നത്തിന്റെ പുറത്തേറി, തീർത്ഥങ്ങളിലെല്ലാം അനുഗതനായി വിമലന്റെ അടു

Digitized By Kerala Sahitya Akademi

ക്കൽ എഴുന്നള്ളിവന്ന്, ആ പുത്രകാംക്ഷിയെ ഉറക്കമുണർത്തിയെഴുനേല്പിച്ച്, മധുരസ്വരത്തിൽ അരുളിച്ചെയ്തു:—'ഭവാന്റെ ആന്തർഭാവം എനിക്കറിയാം; എന്നാൽ അതു നിവാരണം ചെയ്വാൻ നിവൃത്തിയില്ല: കരിക്കൽ ഞാൻ, ശിവൻ മുതലായ ദേവന്മാരെല്ലാം സുമേരുശൃംഗത്തിൽ ഒത്തുകൂടി, കായ്സിദ്ധിക്കായി കമലാമണാളനെ സ്തുതിച്ചു. സ്തുതിയാൽ പ്രസാദിച്ച വിഷ്ണുഭഗവാൻ മനോഹരനിന്നു, 'വരം വാങ്ങിക്കൊൾവിൻ' എന്നരുളിച്ചെയ്തു. ദേവന്മാരെല്ലാം വേണ്ടുന്ന വരം വാസുദേവനോടു വാങ്ങി, സപത്നീഗൃഹങ്ങളിലേയ്ക്കു തിരിച്ചു. പിന്നെ ഞാൻ ആവശ്യപ്പെട്ടു:—'ദേവേശ, എനിക്കു ഒരു വരം തന്നാലും: എന്റെ പ്രയാഗക്ഷേത്രം സർവ്വദിഷ്ടദമായി ഭവിക്കട്ടെ; അതിലും നൂറുമടങ്ങു മീതെയാകട്ടെ, ഭവാങ്കൽ നിന്നു കൈവന്ന ഇന്ദ്രപ്രസ്ഥസ്ഥിതമായ എന്റെ രണ്ടാമത്തെ ക്ഷേത്രം!' തന്തിരുവടി, അങ്ങിനെതന്നെ എന്നരുവിച്ചു വീണ്ടും എന്നോടു കഥിച്ചു:—'ഇന്ദ്രന്റെ ഖാണ്ഡവവനത്തിൽ, യമുനാതീരത്തു്, ഇന്ദ്രപ്രസ്ഥസൽക്ഷേത്രത്തിൽവെച്ചു മൃതിപ്പെട്ടവർ എന്റെ സാരൂപ്യം നേടും. പിതാമഹ, അവിടെ ഞാൻ എന്റെ ദ്വാരകാപുരി സ്ഥാപിച്ചിട്ടുണ്ടു്; അതു സമുദ്രമദ്ധ്യത്തിലുള്ള ദ്വാരകയെക്കാൾ നൂരുമടങ്ങു ഗുണമേറിയതാകുന്നു. അതിനെ ലംഘിച്ചു് അന്യതീർത്ഥത്തെ സേവിയ്ക്കുന്നവനു തീർത്ഥഫലം കിട്ടുകയില്ല, തീർച്ചയാണു്. എല്ലാ തീർത്ഥങ്ങളുടേയും പുണ്യം മനുഷ്യനു് ഇന്ദ്രപ്രസ്ഥത്തിൽ കൈവരും. ദ്വാരകാപുരി മായതീർത്ഥത്തേയും മറ്റും രക്ഷിക്കുന്നു. മറ്റു തീർത്ഥങ്ങളിൽ മുഴുകി അതായതു കർമ്മങ്ങളം കഴിച്ചു് അവിടെച്ചെന്നവനു് അവയുടെ ഫലവും അതിന്റെ ഫലവും സിദ്ധിക്കും.' ഇത്രയും കഥിച്ചു മാധവൻ മറഞ്ഞു. ഞാനും വൈകുണ്ഠത്തിനു താഴെ സ്ഥിതിചെയ്യുന്ന എന്റെ ലോകത്തേയ്ക്കു മടങ്ങി. എന്റെ പ്രയാഗക്ഷേത്രത്തെക്കാൾ നൂറിരട്ടി മീതെയാണു കാശി; കാശിയെക്കാളും നൂറിരട്ടി മീതെയാണു് നിഗമോൽബോധകതീർത്ഥം; സപ്തതീർത്ഥവും ഇവ മൂന്നും തുല്യഫലമാകുന്നു. ഇവ മൂന്നിനേയും ലംഘിക്കാതെ ആർ ഗംഗായമുനാസംഗമമണയുമോ, അവനേ ഞാൻ വാഞ്ഛിതം നൽകുകയുള്ളൂ.' ചില മഹർഷിമാരുടെ അഭിപ്രായത്തിൽ അയോദ്ധ്യാദി സപ്തപുരികളും സമപുണ്യങ്ങളത്രെ; അവയെക്കാൾ നൂറിരട്ടി മീതെയാണു് ഇന്ദ്രപ്രസ്ഥം. ബ്രാഹ്മണേന്ദ്ര, ഭവാൻ ഈ സർവ്വകാമപ്രദമായ ശ്രീദ്വാരകാദിതീർത്ഥത്തിൽച്ചെന്നു്, പുത്രനെ പ്രാപ്തിച്ചു സ്നാനം ചെയ്യുക. ബ്രഹ്മാണ്ഡകടാഹത്തിനകത്തുള്ള എല്ലാത്തീർത്ഥങ്ങളെക്കാളും അമൂവറ പുണ്യമുണ്ടു്, ശതനാമങ്ങളം ജപിച്ചാൽ. ഭവാൻ കലധൂമ്രനായ പുത്രനെ ഒരു തീർത്ഥം തന്നരുളും; സ്നാനത്താൽ ഒരുങ്കൽ ഗോ

Digitized By Kerala Sahitya Akademi

വിന്ദൻ പ്രസാദിക്കുകയും ചെയ്യും.' ഈ വിധം കഥിച്ചു്, ദേവദേവേശനായ വിധാതാവു് അവിടെ അന്തർദ്ധാനം ചെയ്തു.

ധർമ്മാത്മാവായ വിമലൻ അതിൽ സ്നാനംചെയ്തു ദേവോദികളെ തൃപ്തിപ്പിച്ചു്, 'ഭാരകേ, കൃഷ്ണവല്ലഭേ, ഭക്തനായ എനിക്കു വംശത്തെ നിലനിർത്തുന്ന പുത്രനെ കല്പിച്ചുതന്നാലും; നിന്തിരുവടിക്കു നമസ്കാരം!' എന്നു പ്രാർത്ഥിച്ചു. അപ്പോൾ ഒരു ദേവവാക്കുണ്ടായി:—'ഇരു സർവതീർത്ഥചൂഡാമണിയായ തീർത്ഥത്തിന്റെ പ്രസാദത്താൽ, വംശത്തെ നിലനിർത്തുന്ന ധർമ്മതത്വജ്ഞനായ പുത്രൻ അങ്ങയ്ക്കുണ്ടായിവരും; ഒട്ടും താമസിയാതെ ഗൃഹത്തിലേയ്ക്കു പോയ്ക്കൊൾക. അങ്ങയുടെ സ്നാനാവശിഷ്ടത്തിൻവണ്ണമായിരിക്കുന്നു.' ഇതുകേട്ട പുത്രജനനത്തിൽ വിശ്വാസം വന്ന വിമലൻ ഭാരകയിൽനിന്നു കുറെ വെള്ളം കമണ്ഡലുവിലെടുത്തു തിരിയെ പോയി. വഴിക്കുവെച്ചു്, വിമലന്റെ സ്നേഹിതനായ മലയാചലക്കാരൻ ഒരു ബ്രാഹ്മണൻ ഒത്തുകൂടി: അയാളും, തീർത്ഥങ്ങളെല്ലാമാടി, ഗൃഹത്തിലേയ്ക്കു പോവുകയായിരുന്നു. വിമലൻ, തന്റെ വൃത്താന്തമെല്ലാം —ബ്രഹ്മാവരുളിച്ചെയ്തതും ഭാരകാതീർത്ഥത്തിലുണ്ടായതും മറ്റും—അയാളോടു പറഞ്ഞു; അയാൾ കേട്ടിട്ടു് അത്ഭുതപ്പെട്ടുപോയി! ആ ധർമ്മിഷ്ഠൻ വിമലനോടപേക്ഷിച്ചു:—'സ്നേഹിത, ഭാരതക്ഷേത്രത്തിലെ തീർത്ഥങ്ങൾ മുഴുവനും ആടണമെന്നാണു് എന്റെ അഭിപ്രായം; അതിനാൽ ഭവാൻ പറഞ്ഞ സല്കാമദമായ പുണ്യതീർത്ഥം എന്നെ കൊണ്ടുപോയി കാണിച്ചുതരിക. സുഹൃത്തുക്കൾക്കുപകാരം ചെയ്യുന്ന സജ്ജനങ്ങളത്രെ, ഭൂമിയിൽ ഉൽകൃഷ്ടന്മാർ; അവരോടൊക്കുകയില്ല, അച്ഛനോ അമ്മയോ മകനോ! നിർദ്ധനനെ ബന്ധുക്കളെല്ലാം കൈവെടിയും; സ്നേഹിതനോ, കൈവെടിയാതെ അയാളുടെ ദുഃഖത്തിൽ ദുഃഖിക്കുന്നു! സഖാവു് സഖാക്കളെ ജനനവിറകിനു തീയായ വിഷ്ണുഭക്തിയുപദേശിച്ചു സംസാരസാഗരത്തിൽനിന്നു കരയേറ്റുന്നു. അതിനാൽ എന്റെ ശ്രേഷ്ഠമിത്രമായ ഭവാൻ എനിക്കുപകാരം ചെയ്താലും—ആ ഉത്തമോത്തമമായ ഭാരകാതീർത്ഥം കാണിച്ചുതന്നാലും!'

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, കാളിദി മാഹാത്മ്യപ്രകരണം,
യുധിഷ്ഠിരസൂര്യസംവാദത്തിൽ ഭാരികാതീർത്ഥമാഹാത്മ്യം,
ഭാരകാതീർത്ഥദേവീരൂപണം, വിമലോപാഖ്യാനം എന്നതിലുൾപ്പെട്ടതു സമാപ്തം.

—— (o) ——

Digitized By Kerala Sahitya Akademi

ഇരുന്നൂറ്റിനാലാമദ്ധ്യായം

നാരദൻ:——വിമലൻ ആ വിപ്രനെയുംകൊണ്ട് ഇങ്ങോട്ടുതന്നെ പോന്നു. ആ ധീരന്മാരിരുവരും ഭാരകാതീർത്ഥത്തിൽ വിഷ്ണുഭക്തി പ്രാർത്ഥിച്ചു സ്നാനംചെയ്തു. വീണ്ടും ആകാശത്തു മേഘഗംഭീരസ്വരത്തിൽ ഒരു വാക്കു പുറപ്പെട്ടു:—'ദ്വിജപുംഗവന്മാരേ, പുണ്യമായ വിഷ്ണുതീർത്ഥമാണിതു്; ഈ തീർത്ഥത്തിന്റെ പ്രസാദത്താൽ, തീവ്രമായ അവിദ്യാമോഹത്തെപ്പോക്കുന്ന ഹരിഭക്തി നിങ്ങൾക്കുണ്ടായിവരും.' ഈ അശരീരിവാക്കു കേട്ടിട്ട് ആ ദ്വിജശ്രേഷ്ഠന്മാർ, 'ഇതു ഭഗവാന്റെ പ്രസാദം തന്നെ' എന്നു തങ്ങളിൽ സംസാരിച്ചു. അവർ ഇതിൽ യഥാവിധി സ്നാനംചെയ്തു മികച്ച വിഷ്ണുഭക്തി നേടി, ഇതിനെ വന്ദിച്ചു യാത്രതിരിച്ചു; ഇങ്ങനെയായിരുന്നു അവരുടെ സംസാരം:—'നാമിരുവരും വിചാരിക്കാതെ വഴിക്ക് ഒത്തുകൂടിയതെപ്രകാരമോ, അപ്രകാരം തന്നെയാണു്, ഭൂമിയിൽ ഗൃഹകളത്രാദി ചേരുന്നും. ഇനി, മാർഗ്ഗവർത്തികളായ നമ്മളും വേർപിരിയുമല്ലോ; അതുപോലെ കാലവ്യാളവക്ത്രത്തിൽ വർത്തിക്കുന്ന പുത്രമിത്രാദികളും വേർപിരിയും. പുത്രകളത്രസംഗമം ക്ഷണികമെന്നു കണ്ടു മാധവനൊരുത്തൻ സനാതനനായ ലക്ഷ്മീരമണനെ ആശ്രയിച്ചുസേവിക്കുമോ, അവനാണ് ലോകത്തിൽ ഭാഗ്യശാലി!' ഒടുവിൽ അവർ, 'ഇന്നെപ്പറ്റി ഓമ്മയുണ്ടാകണേ; ഭവാന്റെ പാദദാസനാണ് ഞാൻ! ഇടയ്ക്കു വർത്തമാനമറിയിക്കണം' എന്നും പറഞ്ഞു സ്വഗൃഹത്തിലേയ്ക്കു ഗമിച്ചു.

രാജാവേ, വിമലന്റെ ആ സ്നേഹിതനാണ് പോകുമ്പോൾ വഴിക്കുവെച്ച് ആ രാക്ഷസിമാക്കു മോചനം വരുത്തിയതു്: ആ ബ്രാഹ്മണൻ, പാപശീലമാരായ ആ രാക്ഷസിമാർ പൈശാചഭാവംകൊണ്ടു കഷ്ടപ്പെട്ടിരുന്ന ആ നിർജ്ജലപ്രദേശത്തു ചെന്നെത്തി. ജലപാത്രം കയ്യിലുണ്ടായിരുന്ന ആ ദ്വിജേന്ദ്രനെ ദൂരത്തുനിന്നു കണ്ടിട്ട് അവർ തങ്ങളിൽ സംസാരിച്ചു:—'ജലപാത്രവും കയ്യിൽ പിടിച്ചുകൊണ്ട് ഒരു വഴിപോക്കൻ വരുന്നുണ്ടു്; നമുക്കു ശൈശാചഭാവങ്ങളെ ഇത്തിരിയെങ്കിലും തീർക്കാം: ഏറെവർഷമായി ദാഹിച്ചും വിശന്നും വലയുന്ന നാം ഇയ്യാളെത്തിന്നു് ഇയ്യാളുടെ കയ്യിലുള്ള പാത്രത്തിലെ വെള്ളം കുടിക്കുക.' ഒരുത്തി പറഞ്ഞു:—'ഞാൻ മുമ്പേ ഇയ്യാളുടെ ചുടുചോര കുടിച്ചുതിന്നു്, പിന്നെ ചോരയും കുടിച്ചു് എന്നെ ജീവനെ രക്ഷിക്കും' മറ്റൊരുത്തി ചോദിച്ചു:—'അനുമതികരി, എന്തുണ്ടു് ഇയ്യാളുടെ

Digitized By Kerala Sahitya Akademi

മുതൽ? കടുവാമുകറിയായ എനിക്കതന്നെ ഒരു വായയ്ക്കില്ല!' രഥചക്രൻ എന്ന മറവനരുത്തി, 'എനിക്ക് ഇയ്യാളുടെ തല തോടയും കടർമാല അരഞാണമാക്കണം' എന്നായി. 'ഞാൻ ഇയ്യാളുടെ പതിനാറു പല്ലെടുത്തു് ഒരുവശം കറുപ്പിച്ചു ചൂളകളിക്കും' എന്നായിരുന്ന ചൂതാടിയായ വേറൊരാത്തിയുടെ ആലോചന! ഇപ്രകാരം തങ്ങളിൽ പേശി അവരെല്ലാവരുംകൂടി, വാപിളർത്തി, നാവിട്ടിളക്കി, ഓരോ പെരുംകയ്യുമുയർത്തി ബ്രാഹ്മണന്റെ നേർക്കു കുതിച്ചുപാഞ്ഞു. അവരുടെ വരവുകണ്ടു പേടിച്ചരണ്ട ബ്രാഹ്മണൻ, തന്റെ ചുറവും, വേദപ്രോക്തമായ രക്ഷയേർപ്പെടുത്തി. അതിനാൽ ആ ഭീമവിക്രമരായ രാക്ഷസിമാർ ചെന്നു ദൂരത്തു നിന്നതേയുള്ളൂ. ബ്രാഹ്മണന്റെ തേജസ്സിനാലും മന്ത്രങ്ങളാലും തടുക്കപ്പെട്ട അവർ അദ്ദേഹത്തോടു ചോദിച്ചു:—'അങ്ങാരാണ്? എവിടെ നിന്നു വരുന്നു? അങ്ങയെക്കണ്ടതിനാൽ ഞങ്ങൾക്കു മനസ്സിനൊരു തെളിവുണ്ടാകുന്നു. ഈ സ്ഥിതിക്ക്, അങ്ങയുടെ പാദം സ്പർശിച്ചാൽ, ഞങ്ങൾക്കറിഞ്ഞുകൂടാ, എന്തായിരിക്കും ഫലം! അതിനാൽ ഇവിടുത്തെ പാദാരവിന്ദം ഞങ്ങളുടെ തലയിൽ വെച്ചാലും!' മറയോൻ മറുപടി പറഞ്ഞു:—'ഞാൻ വിശുദ്ധതീർത്ഥങ്ങളാടി വരുന്ന ഒരു ബ്രാഹ്മണനാണ്; ഇപ്പോൾ പുഷ്കരത്തിലേയ്ക്കു പോകുന്നു. നിങ്ങൾക്കെന്തുവേണം? അതാവശ്യപ്പെട്ടാൽ, എനിക്കു കഴിവുണ്ടെങ്കിൽ തരാം.'

രാക്ഷസിമാർ:—'ബ്രാഹ്മണോത്തമ, ഭവാൻ ഏതെല്ലാം പുണ്യതീർത്ഥങ്ങളിൽ സ്നാനംചെയ്തു എന്നരുളിച്ചെയ്താലും; എന്നിട്ടു ഞങ്ങളെ, പൈശാചങ്ങളാൽ അതിദുസ്സഹമായ ദുഃഖം നൽകുന്ന ഈ കെട്ട ജന്മത്തിൽ നിന്നു വിടുത്തിയാലും!'

ബ്രാഹ്മണൻ:—'ഞാൻ ഗൃഹത്തിൽ നിന്ന് ആദ്യം, വിഷ്ണുവാണരുളുന്ന അവന്തീപുരിയിൽ പോയി; നമ്മദാജലത്തിൽ സ്നാനം ചെയ്തു് അവിടെനിന്നു ചാരകയിൽപ്പോയി. അവിടെ നിന്നു സമുദ്രതീരസ്ഥമായ പ്രഭാസതീർത്ഥമണഞ്ഞു. അവിടെനിന്നു പരമപാവനമായ സേതുവിൽ പോയി സ്നാനംചെയ്തു. അവിടെനിന്ന്, ബാലി എന്ന വാനരേശ്വരനെ രാമൻ വധിച്ച മഹാപുണ്യമായ കിഷ്കിന്ധയിലെത്തി. അവിടെനിന്നു നർമ്മദാതീരത്തിലെ സരസ്വതീമഠത്തിൽ പോയി; അവിടെ ഋഷിമാരാലും സേവിക്കപ്പെട്ട വാഗ്ദേവി വാണരുളുന്നു. അതു വാങ്നിമഠത്തിനെ ചെന്നു വണങ്ങി, ഞാൻ തെക്കൻ ദിക്കിൽ ശിവകാഞ്ചി വിഷ്ണുകാഞ്ചി എന്നീ പുരികളും ദർശിച്ചു; ഈ പുരികളിൽ വെച്ചു മരിച്ചവൻ ശിവനും വിഷ്ണുവുമായിച്ചമയും.

Digitized By Kerala Sahitya Akademi

എന്നിട്ട് ഉൽക്കലത്തിൽ ചെന്നെത്തി: അവിടെ സാക്ഷാൽ ഈശ്വരനായ വിഷ്ണു ക്ഷേത്രമാക്ക് യഥേഷ്ടം ചുറ്റുവട്ടത്തെ നൽകിപ്പോരുന്നു; ഞാൻ തന്തിരുവടിയെ യഥാവിധി പൂജിച്ച്, പ്രസാദമായ നൈവേദ്യം ഭക്ഷിച്ച്, ഗംഗാസമുദ്രസംഗമമണഞ്ഞു; അതിങ്കൽ ദേവർഷിപിതൃക്കൾക്കു വഴിപോലെ തർപ്പണം കഴിച്ച്, ഗംഗ തുറ കൈവഴിയായിത്തീർന്നോടത്തു ചെന്നെത്തി. അവിടെനിന്നു ഞാൻ ഗയയിൽ പോയി പിതൃക്കൾക്കു പിണ്ഡം വെച്ചു തുളസീപുഷ്പചന്ദനോദകങ്ങളും നൽകി, അയോധ്യയിൽ ഗമിച്ചു: സരയൂജലത്തിൽ തോണി കളിക്കുന്ന കുളിർകാറ്റിന്റെ സ്പർശനത്താൽത്തന്നെ സകലരേയും വിസ്മൃതിപ്പെടുത്തുന്ന ആ പുരിയിൽ, ദേവകൾക്കും ദുർല്ലഭമായി ഗോപ്രതാരം എന്നൊരു തീർത്ഥമുണ്ട്; നിശാചരിമാരേ, ഞാൻ അതിൽ സ്നാനവും മറ്റും കഴിച്ച്, ഗൌരീമണാളന്റെ രാജധാനിയായ ശ്രീകാശിയിലെത്തി: അവിടെ വിശ്വനാഥനേയും ബിന്ദുമാധവനേയും വണങ്ങി, മണികർണ്ണികയിലും ജ്ഞാനവാപിയിലും ഭക്തിയോടെ മുഴുകി, മൂന്നാം പാത്തു, പൌഷശുക്ലചതുർദ്ദശിയിൽ പിതാമഹൻ വാഴുന്ന പ്രയാഗത്തിലേയ്ക്കു തിരിച്ചു; അവിടെ മാഘമാസം മുഴുവൻ പ്രാതഃസ്നാനം കഴിച്ചു. അവിടെ നിന്നു ഞാൻ ഗോമതീതീരത്തു നൈമിശമണഞ്ഞു: അതിങ്കൽ എല്ലാ തീർത്ഥങ്ങളും അംശംകൊണ്ടു സന്നിധിചെയ്യുന്നുണ്ട്. നൈമിശത്തിൽ നിന്നു ഞാൻ മധുരയിലെത്തി: അവിടെ വിശ്രാന്തി എന്നൊരു തീർത്ഥവും, അതിനടുക്കൽ അസികുണ്ഡം എന്നൊരു പുണ്യതീർത്ഥവുമുണ്ട്. കൃഷ്ണദീക്ഷാകുരുകേശികാളിയ തീർത്ഥങ്ങളും ചേർന്ന മഹാപുണ്യയായ യമുനയും അഭീഷ്ടത്തെയെല്ലാം തരുന്നതാകുന്നു; യമുനയുടെ ഇരുതീരങ്ങളിൽ സർവ്വാർത്ഥസാധകങ്ങളായ പന്തിരണ്ടു വനങ്ങളും പരിലസിക്കുന്നുണ്ട്; അവയിൽ സ്നാനവും പാനവും ചെയ്യുവന്ന് പുനർജ്ജന്മമില്ല. അവിടെനിന്നു ഞാൻ പുണ്യമായ ഹസ്തിനപുരത്തിൽ പോയി: അവിടെ വിഷ്ണുപാദാരവിന്ദജയായ ഗംഗാനദി പ്രവഹിക്കുന്നു. ഹസ്തിനപുരത്തുനിന്നു ഞാൻ ഹിമവൽപ്രദേശത്തു നാരായണക്ഷേത്രത്തിൽ പോയി മാധവനെ ദർശിച്ചു കേദാരത്തിലെത്തി; അവിടെ വിശ്വേശ്വരനെ പൂജിച്ചു ഹംസോദകം പീണ്ടും സേവിച്ച്, മന്ദാകിനീതീരത്തു മഹാപുണ്യമായ ഹരിദ്വാരമണഞ്ഞു; അവിടെ സ്നാനവും ദേവർഷിപിതൃതർപ്പണവും കഴിച്ച്, ഞാൻ പ്രാചീസരസ്വതീതീരത്തു കുരുക്ഷേത്രത്തിലെത്തു; അവിടെയും നിഷ്കർത്തിയനായി ക്രിയകളെല്ലാം കഴിച്ചു ശ്രീപതിയുടെ പാദാംബുജം പൂജിച്ചു പുഷ്പരത്നാദിയേയും യാത്രയാക്കി. വഴിക്കുവെച്ചു ഞാൻ, എന്റെ സ്നേഹിതനായ വിമലനെ കണ്ടെത്തി: അദ്ദേഹം ഇന്ദ്രപ്രസ്ഥതീർത്ഥ

Digitized By Kerala Sahitya Akademi

ത്തിൽ നിന്നു സ്വർഗ്ഗത്തിലേയ്ക്കു പോവുകയായിരുന്നു. രാക്ഷസിമാരേ, ആ ബ്രാഹ്മണൻ മടങ്ങി, എന്നെ സർവ്വാദീപ്തമായ ഇന്ദ്രപ്രസ്ഥമഹാതീർത്ഥത്തിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി: അവിടെ വിഷ്ണു താൻ തന്നെ സ്ഥാപിച്ച പുണ്യപ്രദേശമായുണ്ടു്; അതിങ്കൽ ഞാൻ വിഷ്ണുവിനെ—അരുളപ്പാടുകൊണ്ടു ശുഭം കൊണ്ടില്ല—നേരിട്ടു ദർശിച്ചു. ഞാനും അദ്ദേഹവും അതിൽ വിഷ്ണുഭക്തിയുണ്ടാവാനായി സ്നാനംചെയ്തു; കൃഷ്ണസ്വരൂപനായ ഭഗവാൻ അരുളിച്ചെയ്തതു ഞങ്ങൾക്കു തന്നരുളി: ഹരിയുടെ അരുളപ്പാടു കേട്ടതേയുള്ളൂ; തിരുമെയ് കണ്ടില്ല. ഭക്തി നേടി അവിടെനിന്നു പുഷ്കരത്തിലേയ്ക്കു പോകയാണു ഞാൻ. ആ ദ്വാരകാശ്രേഷ്ഠതീർത്ഥത്തിലെ പുണ്യജലമാണു് കമണ്ഡലുവിൽ ഞാനെടുത്തിട്ടുള്ളതു്. നിങ്ങൾ ചോദിച്ചതൊക്കെ ഞാൻ പറഞ്ഞു. നിങ്ങളുടെ ഈ കഷ്ടസ്ഥിതി കണ്ടിട്ടു് എനിക്കു ദയ തോന്നുന്നു; പറയുവിൻ: ഞാനെന്തു ചെയ്യണം? നിങ്ങൾക്കധീനനാണു് ഞാൻ.'

പിന്നീടു്, 'നിങ്ങൾക്കു ജ്ഞാനമുദിക്കട്ടെ' എന്നും പറഞ്ഞു് അദ്ദേഹം അവരുടെ മേൽ വെള്ളം തളിച്ചു; ആ ജലം സ്പർശിച്ചതോടുകൂടി അവക്കെല്ലാവർക്കും ജന്മകാരണം ഓർമ്മയിൽ വരികയും, അവർ കൊടിയ രാക്ഷസരൂപം വിട്ടു ദിവ്യശരീരമാരായിച്ചമയുകയും ചെയ്തു. അപ്പോഴേയ്ക്കു വളരെ വിമാനങ്ങൾ വന്നുചേർന്നു; അപ്സരസ്സുകളായിത്തീർന്ന അവർ അതുകളിൽ കേറി ബ്രാഹ്മണനെ വണങ്ങിപ്പുറപ്പെട്ടു:—'ദ്വിജോത്തമ, ദ്വാരകാജലസ്പർശത്താൽ രാക്ഷസത്വമൊഴിഞ്ഞ ഞങ്ങൾ ദേവലോകത്തേയ്ക്കു പോകുന്നു. ഇന്ദ്രപ്രസ്ഥത്തിലെ ആ ദ്വാരകയെക്കാൾ സർവ്വാർത്ഥസാധകമായ തീർത്ഥം മനുഷ്യലോകത്തിൽ വേറെയില്ല.' ക്ഷോണീശ, ഈ വിധം കഥിച്ചു്, വിമാനാരൂഢരായ അവർ ആ ദ്വിജനോടു വിടവാങ്ങി കിഴക്കോട്ടു ഗമിച്ചു.

ഈ യമുനാതീരത്തിലെ ദ്വാരകയുടെ മാഹാത്മ്യം ശ്രവിച്ചാൽ മനുഷ്യൻ പാപനിർമ്മുക്തനാകും; ഒരുത്തൻ വേളജ്ഞബ്രാഹ്മണരെ തൃപ്തിയാകുവോളം ഊട്ടിയാലുള്ള ഫലം, ഈ മാഹാത്മ്യം ശ്രവിച്ചാൽ സിദ്ധിക്കും; വഴിപോലെ വാസുദേവനെ പൂജിച്ചാലുള്ള ഇന്ദ്രിയസുഖം ദ്വാരകാമാഹാത്മ്യശ്രവണത്താൽ ഉണ്ടായിവരും; സൂര്യചന്ദ്രഗ്രഹണങ്ങളിൽ ഇരുപതു പശു സ്വർണ്ണം ദാനം ചെയ്താലുള്ള ഫലം ഏതുമനുഷ്യൻ ഈ മാഹാത്മ്യശ്രവണത്താൽ കൈവരും. വിമലന്നു് ഉണ്ണിയുണ്ടായതു കേട്ടാൽ, ഉണ്ണിയുണ്ടായി വരും; വിമലന്റെ സ്നേഹിതന്നു ഭക്തി സിദ്ധിച്ചതു കേട്ടാൽ മികച്ച ഭക്തി സിദ്ധിക്കും; രാക്ഷസിമാരുടെ മോ

Digitized By Kerala Sahitya Akademi

ക്ഷം ശ്രദ്ധയോടെ ശ്രവിച്ചവൻ, അവരെപ്പോലെ വിമാനമേറി ശ്രേഷ്ഠമായ ദേവലോകം പൂകും. രാജേന്ദ്ര, മുപ്പാരിലുമുള്ളവരാൽ പൂജനീയമായ ശക്രപ്രസ്ഥത്തിലെ ദ്വാരകയുടെ മാഹാത്മ്യം ഭവാനോട് ഞാൻ വിസ്തരിച്ചു പറഞ്ഞു; ഇനി മറെന്തു പുണ്യമാണ്, ഞാൻ ഭവാനു പറഞ്ഞുതരേണ്ടതു്? പറയുക: സ്വന്തം ശ്രേയസ്സിൽ കാലവിളംബം വരുത്തിക്കൂടാ."

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, കാളിന്ദീമാഹാത്മ്യപ്രകരണം,
യുധിഷ്ഠിരനാരദസംവാദാന്തർഗ്ഗതശിബിമാഹാത്മ്യസംവാദം,
ദ്വാരകാതീർത്ഥപ്രഭാവനിരൂപണം, രാക്ഷസീമോക്ഷകഥനം ഇരുന്നൂറിയഞ്ചാമദ്ധ്യായം.

ഇരുന്നൂറഞ്ചാമദ്ധ്യായം.

യുധിഷ്ഠിരൻ:—സൌഭരിമുനീന്ദ്ര, പിന്നീട് ശക്രപ്രസ്ഥത്തിലെ ഏതു തീർത്ഥത്തിന്റെ മാഹാത്മ്യമാണ നാരദമുനി ശിബിയോട് വർണ്ണിച്ചതു്? എനിക്കു കേൾക്കാൻ അത്യുത്സാഹം തോന്നുന്നു; പുണ്യമായ ശിബിനാരദസംവാദം പറഞ്ഞുതരിക: ഇവിടെയുള്ള നമസ്കാരം!'

സൌഭരി:—ധർമ്മരാജാവേ, ശിബിരാജാവു നാരദവർണ്ണിതമായ ദ്വാരകാമാഹാത്മ്യം ശ്രവിച്ചിട്ട് അദ്ദേഹത്തോട് സാദരം ആവശ്യപ്പെട്ടു:—'ബ്രഹ്മപുത്രനായ ദേവർഷേ, ഇന്ദ്രപ്രസ്ഥത്തിലെ ദ്വാരകയുടെ അത്ഭുതകരമായ ശ്രേഷ്ഠമാഹാത്മ്യം ഞാൻ ശ്രവിച്ചു; ഇനി, അയോദ്ധ്യയെസ്സംബന്ധിച്ചു വല്ല സൽക്കഥയുമുണ്ടെങ്കിൽ, ഇവിടത്തെ വാക്പീയൂഷം നകരുവാൻ അത്യുത്സാഹിക്കുന്ന എനിക്കു പറഞ്ഞുതന്നാലും!'

നാരദൻ:—'ഒരു മഹാപാപനാശനമായ പുണ്യചരിതമുണ്ട്; ബ്രഹ്മർഷിനനായ ഒരു ക്ഷുരകനും അപൂർവ്വവണ്ണത്തെ ഒരന്തണനും അയോദ്ധ്യാപ്രസ്ഥത്താൽ സമ്പർക്കം പൂകി:

ചന്ദ്രഭാഗാനദിയുടെ തീരത്തു ചന്ദ്രഭാഗാപുരിയിൽ ചണ്ഡകൻ എന്നൊരു കെടുപാപിയായ ക്ഷുരകനുണ്ടായിരുന്നു. അവൻ അന്യരുടെ മുതൽ മോഷ്ടിക്കും; തട്ടിപ്പറിക്കും; വഴിപോക്കരെ പാശായുധാദികൾകൊണ്ടു കൊലപ്പെടുത്തും; നിത്യം ചൂതാടും; കള്ളുകുടിക്കും; പരസ്ത്രീകളെത്തേടി നടക്കും; അമ്പലങ്ങളുടെ ചുമർ പൊളിച്ച് ഇഷ്ടികവിൽക്കും. അവന്റെ വീട്ടിനടുക്കൽ, ശ്രീമാനായി ബ്രഹ്മകർമ്മജ്ഞനായി മുകുന്ദനെന്നൊരു ബ്രാഹ്മണൻ പാർത്തിരുന്നു. അയാൾ ഒരു രാത്രിയിൽ സംഭോഗത്താൽ തളർന്ന്, തരുണിയായ സ്വഭാര്യയെ

Digitized By Kerala Sahitya Akademi

ത്തഴകി സൈരമാംവണ്ണം കിടന്നാങ്ങുമ്പോൾ, ചണ്ഡകൻ മുകന്ദന്റെ മാളികയിലുള്ള ആഭരണങ്ങളും മറ്റും മോഷ്ടിക്കാൻവേണ്ടി പാതിരയ്ക്ക് അവിടെച്ചെന്നുകേറി. പുറത്തിരിപ്പുണ്ടായിരുന്നതെല്ലാമെടുത്തു വീട്ടിൽ കൊണ്ടുവെച്ചിട്ട് അവൻ വീണ്ടും ബ്രാഹ്മണഗൃഹത്തിലെത്തി, വാതിൽ തുറക്കാൻ തുടങ്ങി; വളരെ ശ്രമിച്ചു നോക്കിയിട്ടും, ഇരിമ്പു തഴതിട്ടിരുന്നതിനാൽ അതു് തുറക്കാൻ കഴിഞ്ഞില്ല. അതിനാൽ ആ ക്രൂരൻ മുകംഭോഗത്തു കേറി അകത്തു കടന്ന്, കയ്യിൽ വാളുമായി കിടപ്പുറയിലെത്തി. അവിടെ ആ സുരതഖിന്നരായ ദമ്പതിമാർ ദൃഢനിദ്രയിലായിരുന്നു. തസ്കരൻ അവരുടെ അടുക്കൽ ചെന്ന്, കട്ടിലിന്നൊരു വശത്തുണ്ടായിരുന്ന പല സ്വർണ്ണാഭരണങ്ങളും കയ്യിലാക്കി; എന്നിട്ട് അണിഞ്ഞിരുന്നവ അഴിച്ചെടുക്കാൻ കൈ നീട്ടി; കൈ മേൽത്തട്ടിയപ്പോൾ ബ്രാഹ്മണൻ ഉറക്കമുണർന്നു; എന്നാൽ പേടിച്ചരണ്ട്, ഒന്നും മിണ്ടാതെ കണ്ണുമടച്ച് ആ പാട്ടിൽത്തന്നെ കിടന്നതേ ഉള്ളു. കള്ളൻ ആഭരണമഴിച്ചെടുത്തു യാത്രയായപ്പോൾ, ബ്രാഹ്മണൻ ആ പാപിയെ മുതൽ പോകുന്നതിലുള്ള സങ്കടംകൊണ്ട്, പിന്നിൽച്ചെന്നരണ്ടു കൈകൊണ്ടും പിടിക്കുടി. അവൻ വാശികൊണ്ട് ഒരു വാർച്ചവാന്നു; അതിൽ നട്ടുവയർ പിളർന്ന്, അന്തണൻ 'അച്ഛാ, അമ്മേ,' എന്നു നിലവിളിക്കുകയായി. 'എന്താണ്, ഇതെന്താണ്' എന്നിങ്ങനെ, ആളുകൾ അരികത്തെത്തി. അവർ, കുടർമാല പുറത്തുചാടി ചോരയുമൊലിച്ചിരുന്ന മുകന്ദനെ കണ്ടിട്ട്, 'മുകന്ദ, ആരാണീവിധം ചെയ്തതെ'ന്നു ചോദിച്ചു. അയാൾ വല്ലാതെ പണിപ്പെട്ട് തന്റെ ബന്ധുക്കളോടു പറഞ്ഞു:—'എന്റെ തന്നെ പൂർവകർമ്മങ്ങളുടെ ഫലമാണിതു്. ആരുമില്ല, ദേഹികളിലാർക്കും സുഖദുഃഖങ്ങൾ വരുത്താൻ; മുൻചെയ്ത ധർമ്മാധർമ്മങ്ങൾ തന്നെയാണ് അവയ്ക്കു കാരണം.' ഇത്രയും പറഞ്ഞു്, മുകന്ദൻ തീവ്രവേദനയാൽ കഷ്ടപ്പെട്ട്, ബന്ധുക്കളുടെ മുമ്പിൽവെച്ചു മരണമടഞ്ഞു! അപ്പോൾ അയാളുടെ അമ്മയായ ബ്രാഹ്മണി അയാളുടെ കുണ്ഡലാലംകൃതമായ ശിരസ്സു മടിയിലെടുത്തുവെച്ചു വിലപിച്ചുതുടങ്ങി:—

(കിളിപ്പാട്ട്—൫൫)

ഹാ, ഹതയായ്ഞാൻ കുത്തേ, നീയന്ത്യശ്രേയുക്ത-
പോകയാലി,ന്നനന്തംപ്രാപിച്ച പകൽപോലെ!
ചന്ദനം പൂശിപ്പൂന്നാ നിന്നുടലിയ്യ ധൂളീ-
വൃന്ദധൂസരമായ്ക്കണ്ടഴുന്നേനഴലിൽ ഞാൻ!
വെറിലാ മുഖമാരുണ്ടല്ലോ നീ, യുത്തമനോ
തെറ്റാതെചെയ്തീടുന്ന ശോണിതോൽഗമവ്യാജാൽ!

Digitized By Kerala Sahitya Akademi

മല്പാടേടലർകളെത്തോല്പിച്ചുവാണു നിൻക-
ണ്ണി,പ്പൊഴതുരുണ്ടുമിരുളാണ്ടതുപോലായ്!
എഴുനേൽക്കെഴുനേൽക്കെൻ മകനേ, മഹാധീമൻ,
വഴിപോലോരുത്തോതിച്ചുകൊണ്ടാലും സപശിഷ്യരെ;
അവിധം വിധിയുണ്ടത്ര സൽക്കരിച്ചാലും, വൈശ-
ദേവകർമ്മാന്തേ സമാഗതനാമതിഥിയെ!
ചെൽക,തായ്,വിളിക്കുന്നു പടിക്കൽ നിൻതോഴന്മാ-
രേ,കേണ്ടതവക്കേകൂ; വാങ്ങേണ്ടുന്നതു വാങ്ങൂ!
അയ്യോ, നീ വിളികേൾക്കുന്നിതാ, വീണേൻ—
അല്ലെങ്കിൽ നിൻ ചാരത്തുവെച്ചുതിർ വെടിയും ഞാൻ!'

ഇങ്ങനെ മുകുന്ദന്റെ മാതാവു മൂർച്ഛിച്ചുവീണു. അപ്പോഴും മാറ്റുയും അയാളുടെ തല മടിയിലെടുത്തു വെച്ചു വിലപിക്കുകയായി:—

(ചെഞ്ചേരി രീതി)

നാഥ, ഗുണാംബുധേ, കോപിച്ചതെന്തുവാൻ
മാതാവിനോടുമെന്നോടും ഭവാൻ!
മുമ്പെന്നും കണ്ടിട്ടില്ലിതുയും മൌനം തേ;
തമ്പിമാരോടാനും തല്ലൽപൂണ്ടോ?
ഹാ, തവ ക്രുദ്ധിലിരിക്കുമീയാൺതത്ത
ചോർത്തിന്നന്നീലങ്ങുന്നില്ലായ്കയാൽ;
പഞ്ചാരപ്പാൽച്ചോറിതേകുകിവന്നങ്ങു
കൊഞ്ചൽ പൊഴിക്കുന്ന പൈൻകിളിക്കും!
പേരെത്തഴുന്നേൽക്കുക: ചൊല്ലിക്കൊടുക്കുകീ
വാത്സല്യവിരുതരാം തത്തകൾക്കായ്,
രാമ, നാരായണ, കൃഷ്ണ, ഹരേ എന്നാ
ശ്രീമണാളന്റെ തിരുനാമങ്ങൾ!
എന്തൊരു തെറ്റുഞാൻ ചെയ്തുപോയെൻപ്രിയ-
നെന്നോടു സംസാരിക്കാതിരിപ്പാൻ?
എൻപക്കലങ്ങുന്നു തന്ന ധനമെല്ലാ-
മെന്തെയും സൂക്ഷിച്ചുപോന്നതല്ലോ!
ജീവനാഥാ, ഭവാൻ സംക്രമിപ്പിച്ചതാം
താവക തേജസ്സുണ്ടെൻവയറിൽ;
എങ്കിലും പേറിനെക്കാത്തിരുന്നീടാതെ
നിൻക്രൂടെപ്പോരുവേനിപ്പോഴേ ഞാൻ!'

ആ സതി ഭർത്താവിനെ അനുഗമിപ്പാനൊരുങ്ങി കരച്ചിൽ നിറുത്തി. അങ്ങിനെയിരിക്കെ, മുകുന്ദന്റെ ഗുരുവായ വേദായനൻ—ഭൂമിയിൽ

Digitized By Kerala Sahitya Akademi

പുറത്തിനടക്കുന്ന സന്ന്യാസി—ആ ഗൃഹത്തിൽ വന്നുകേറി. അദ്ദേഹം ഒരു ദാസിയോടു ചോദിച്ചു:—'മുകുന്ദനെവിടെപ്പോയി? അയാളുടെ അമ്മ, ഭാര്യ എന്നിവരേയും കാണുന്നില്ലല്ലൊ.' അവൾ പറഞ്ഞു —'സ്വാമി, ഏതോ ഒരു കള്ളൻ രാത്രിയിൽ എജമാനനെ കൊന്ന്, വധുവിന്റെ വസ്ത്രാഭരണങ്ങളൊക്കെ കൊണ്ടുപോയി. അവിടുന്ന് മാളികമുകളിൽ മിണ്ടാതിരിക്കുകയാണ്; അമ്മയും വധുവും ഭ്രാതാക്കന്മാരും വന്നിട്ടു ദുഃഖസമുദ്രത്തിൽ മുഴുകി, അരികത്തിരുന്നു വിലപിക്കുന്നു!' ഇതുകേട്ട സന്ന്യാസി മാളികമുകളിൽ കേറിച്ചെന്നപ്പോൾ, മുറിമുറിഞ്ഞ സ്വശിഷ്യനേയും അയാളുടെ അരികത്തിരുന്നു നിലവിളിക്കുന്ന ബന്ധുക്കളേയും കണ്ട്, അവരെ ശോകസമുദ്രത്തിൽ നിന്നു കരയേറാൻ വേണ്ടി ഇപ്രകാരം പറഞ്ഞു:—'ദേഹത്തെക്കുറിച്ചോ, ആത്മാവിനെക്കുറിച്ചോ അമ്മ ഇങ്ങനെ ദുഃഖിക്കുന്നതു? രണ്ടിനെപ്പറിയും ദുഃഖിപ്പാനില്ല: ദേഹം പഞ്ചഭൂതസംഘാതവും പ്രാരബ്ധത്താൽ ഉണ്ടായി വരുന്നതുമാകുന്നു; പ്രാരബ്ധമൊട്ടുങ്ങിയാൽ ഭൂതങ്ങളും വേർപിരിയും. കർമ്മം മൂലം ഭൂതങ്ങളും ഒന്നായിക്കൂടുന്നതു ജന്മം; കർമ്മനാശത്തിൽ അവ വേർപിരിയുന്നതു മരണം. ഭൂതങ്ങളുടെ ഒന്നുകൂടലും വേർപിരിയലും കർമ്മത്തിനധീനമാകുന്നു; അതിനാൽ, പരവശവും ജഡവും ആയ ദേഹത്തെപ്പറ്റി പ്രാജ്ഞന്മാർ വ്യസനിക്കേണ്ടതില്ല. അനാദിയായ അവിദ്യനിമിത്തം ജീവനു ദേഹത്തിൽ കാണപ്പെട്ട ജനനമരണങ്ങളും അഹംബുദ്ധിയാൽ ആത്മാവിങ്കൽ ആരോപിക്കപ്പെട്ടുകയാണ്; അതിനില്ല അവ രണ്ടും. അവിദ്യ നീങ്ങിയാൽ ജീവൻ ശുദ്ധബ്രഹ്മമായി: അതു് അരൂപവും സപ്രകാശവും ജഗൽക്കാരണവും കാരണാതീതവും ത്രിഗുണാതീതവും നിത്യവും വിജ്ഞാനവും ആനന്ദവും തന്റെ ശോഭയാൽ ജഗത്തിനെ ശോഭിപ്പിക്കുന്നതുമത്രെ. അതിനെ ജിഹ്വ ആസ്വദിക്കുന്നില്ല; ചക്ഷുസ്സു ദർശിക്കുന്നില്ല; ശ്രോത്രം ശ്രവിക്കുന്നില്ല; നാസിക ഘ്രാണിക്കുന്നില്ല; ത്വക്ക് സ്പർശിക്കുന്നില്ല. ഇന്ദ്രിയാതീതവും സപ്രകാശകവും ആത്മസാക്ഷിയും മനോബുദ്ധികൾക്കുകൂടി അഗോചരവുമാണതു്. അതിന്റെ ശുദ്ധസാത്വികങ്ങളായ അവതാരരൂപങ്ങളെ ദേവകൾ സേവിച്ചുപോരുന്നു; സദസൽപരമായ രൂപം അവക്കും അറിയാവുന്നതല്ല. ഇപ്രകാരമിരിക്കുന്നതാണ് ആത്മാവു്; അതിനെക്കുറിച്ചു് ഏതൊരു ബുദ്ധിമാൻ മുറവിളിക്കുട്ടും? അതിന്ന് ഉല്പത്തിയുമില്ല, നാശവുമില്ല.'

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, കാളിന്ദീമാഹാത്മ്യപ്രകരണം,
യുധിഷ്ഠിരസൗഭരിസംവാദാന്തർഗ്ഗതശിഷ്യോപദേശസംവാദം,
അയോദ്ധ്യാതീർത്ഥപ്രഭേദനിരൂപണം മുകുന്ദോപാഖ്യാനം
ഇത്തൊറ്റാഞ്ഞൂറാമദ്ധ്യായം.

(0)

Digitized By Kerala Sahitya Akademi

ഇരുന്നൂറാറാമദ്ധ്യായം.

നാരദൻ:—ഇപ്രകാരം അവരെയെല്ലാം തത്ത്വോപദേശം കൊണ്ടാശ്വസിപ്പിച്ച് ആ പരമഹംസൻ ശിഷ്യന്റെ സംസ്കാരവും മറ്റും ചെയ്തിച്ചു. ഗർഭിണിയായിരുന്ന മുകുന്ദപത്നി ഭർത്താവിനെ അനുഗമിപ്പാൻ കിണഞ്ഞു മുതിർന്നുവെങ്കിലും, ആ ജ്ഞാനിയാൽ തടുക്കപ്പെട്ടു. മുകുന്ദന്റെ അനുജൻ അയാളുടെ അസ്ഥി പെറുക്കിയെടുത്തു ഗംഗയിലിടുവാൻ ആ സന്ന്യാസിയോടൊന്നിച്ചു നടകൊണ്ടു. അവരിരുവരും ഏതാനും ദിവസങ്ങൾകൊണ്ട്, ഒരു ക്ഷുദ്രതീർത്ഥയാത്രക്കാരിൽ ചേർന്ന് ഈ ഇന്ദ്രപ്രസ്ഥസൽക്ഷേത്രത്തിലെത്തി. അവർ രാത്രിയിൽ ഈ ഇന്ദ്രപ്രസ്ഥത്തിലെ അയോദ്ധ്യയിൽ, യമുനാതീരത്ത്, കിടന്നുറങ്ങി. അസ്ഥിപ്പൊതി ഇരുവരുടേയും മദ്ധ്യത്തിലായിവെച്ച്, വഴിനടന്ന ക്ഷീണിച്ചിരുന്ന അവർ സുഖസുഷുപ്തിയിലാണ്ടു; മറ്റു തീർത്ഥയാത്രക്കാരും ഗാഢനിദ്രയിലായി. അർദ്ധരാത്രിയിൽ ഒരു ശവം അവിടെ വന്നെത്തി; അതു ചോറോ മറ്റോ കണ്ടുകിട്ടാൻ വേണ്ടി വെപ്പു കഴിഞ്ഞോടം മണ്ണുമാന്തിക്കൊണ്ടു ക്ഷുദ്രരത്തിലെല്ലാം ചുറ്റിനടക്കുകയായിരുന്നു. ചിലേടത്തു പാത്രം നക്കുമ്പോൾ തലയുരുമ്മിക്കൊണ്ടു തല്ലുറയുന്നു സഹിക്കും—സ്ത്രീജിതൻ, തന്റെ സ്ത്രീയാണെന്നപോലെ, അതരാലെങ്കിലും പ്രഹരിക്കപ്പെട്ടാൽ പകരം ചെയ്യാനാവുല്ലാത്ത അവിടെനിന്നു നിശ്ശബ്ദമായി പാഞ്ഞുകളയും; തല്ലോ ഏറോ ഏറ്റു എവിടെവെച്ചു പരിക്കു പറ്റിയോ, അവിടെത്തന്നെ നീണ്ടും, ചോറിൻപാത്രം കൊതിച്ച്, നിർജ്ജനൻ ഭോഗേച്ഛയാൽ വേശ്യാഗൃഹത്തിലെന്നപോലെ ചെന്നുകേറും. ഇങ്ങനെ നടന്നിരുന്ന ആ ശ്വനകൻ അവരിരുവരുടെ അടുക്കലും ചെന്ന്, അവരുടെ ഇടയിൽനിന്ന് എല്ലിൻപൊതി കുറെ ദൂരം കൊണ്ടുപോയി കടിച്ചുപൊളിച്ചു; അതിൽ മാംസമില്ലാത്ത അസ്ഥികളാണെന്നു കണ്ടപ്പോൾ സാരമേയം തുപ്പിക്കളഞ്ഞു.

ആ അസ്ഥികൾ ഈ അയോദ്ധ്യാതീർത്ഥത്തിലാണു വീണതു; രാജാവേ, അതോടുകൂടി, മുകുന്ദൻ ദിവ്യവിമാനത്തിലേറി ഇവിടെ വന്നെത്തി. ദിവ്യരൂപനായിരുന്ന അദ്ദേഹം നിദ്രിതരായ ഗുരുവിനേയും അനുജനേയും കണ്ട്, പതുക്കെ ഉറക്കമുണർത്തി; എന്നിട്ട് ഗുരുവിനെ നമസ്കരിച്ചുരചെയ്തു:—'ഗുരോ, വേദായന, ഇവിടെയുള്ള നമസ്കാരം! അനുജ, നിനക്കാശീർവ്വാദം! ഭവന്മാരുടെ പ്രസാദത്താൽ എന്റെ അസ്ഥി ഈ തീർത്ഥത്തിൽ വീണതിനാൽ, അപമൃത്യുവണഞ്ഞു നരകം

Digitized By Kerala Sahitya Akademi

ത്തിൽപ്പതിച്ചിരുന്ന എനിക്ക ദിവ്യഗതി കൈവന്നിരിക്കുന്നു. ഗുരുതീർത്ഥപാദനായ ഭവാനെ വന്ദിപ്പാനാണ്, ദിവ്യവിമാനത്തിലൂടെ ദേവലോകത്തെയ്ക്ക പോകുന്ന ഞാൻ ഇങ്ങോട്ട പോന്നതു്. ഭവാനേയും ഈ തീർത്ഥത്തേയും ഞാൻ വന്ദിച്ചു; ഈ അനുജനേയും കണ്ടു. എനിക്ക വിട തരിക: ഞാൻ സുഖോൽകൃഷ്ടമായ സ്വർഗ്ഗത്തിലേയ്ക്ക പോകട്ടെ.' മുകുന്ദൻ ഇപ്പറഞ്ഞതു കേട്ടിട്ട് ഗുരുവായ വേദായനൻ വിസ്മയപ്പെട്ട് ആ വിമാനസ്ഥനോട പറഞ്ഞു:—'മുകുന്ദ, അപമൃത്യുവടഞ്ഞ ഭവാൻ ഏതു ലോകത്താണു ചെന്നെത്തിയതു്? വത്സ, എന്താണാവിടുത്തെ നടപ്പു്? ആ ലോകത്തിൽ രാജാവാരാണു്? പ്രജകൾ എങ്ങിനെയുള്ളവരാണു്? ധർമ്മം എന്താണു്? ഇതെല്ലാം പറഞ്ഞുതന്നിട്ട സ്വർഗ്ഗത്തിലേയ്ക്ക പോവാം.'

മുകുന്ദൻ:—'ഗുരോ, മരണാനന്തരമുണ്ടായതെല്ലാം ഇവിടത്തോട പറയാം; ഈ തീർത്ഥത്തിന്റെ പ്രസാദത്താൽ എനിക്കു് ഓർമ്മ വന്നുണ്ടു്. ആ ദുരാത്മാവായ ചണ്ഡകനെന്ന ക്ഷുരകൻ എന്നെ കൊന്നതോടുകൂടി, അതിഘോരരായ യമഭടന്മാർ വന്നെത്തി. കണ്ണു മഞ്ഞച്ചു്, തലമുടി ചെമ്പിച്ചു്, പുരികം നഖവും ദേഹവും കറുത്തിരുണ്ടു്, കാൽ നീണ്ടു്, ഉയരം കൂടിക്കുറഞ്ഞു്, മുക്ക ചെറുതായി, പല്ലന്തിയ അക്ഷുദ്രർ, 'കൊണ്ടുപോവുക, കൊണ്ടുപോവുക ഇയ്യാളെ, സംയമിനീപുരിയിലേയ്ക്ക്; ധർമ്മപ്പെരുമാൾ ഉത്തരവിട്ടിരിക്കുന്നു' എന്നിങ്ങനെ തങ്ങളിൽ പുലമ്പി, എന്നെ യാതനാദേഹത്തിലാക്കി, വമ്പിച്ച ക്രോധത്തോടെ ഘോരപാശങ്ങളാൽ കെട്ടിവരിഞ്ഞു്, ഇരുമ്പു മുഗ്ദ്ധടികംകൊണ്ടടിച്ചു മണൽ മൂടിക്കിടന്ന വഴിയിലൂടെ കൊണ്ടുപോവുകയായി. ഞാൻ സങ്കടം സഹിക്കാതെ നിലവിളിച്ചുതുടങ്ങി. അവർ വീണ്ടും പ്രഹരിച്ച് എന്നെ പലതും ചൊല്ലിശ്ശകാരിച്ചു. 'ബ്രഹ്മവാദിയായ നീ ക്രുസൽക്രടാതെ *ഗുരുലോപം ചെയ്തില്ലയോ; എന്തുചെയ്യും, യമന്റെ തിരുമുമ്പിൽ; കാണാം, പേടി പെടുത്തുന്ന തിരുമുഖം! ആ ഘോരപാപത്തിന്റെ ഫലം നീ അനുഭവിക്കണം; ആ പാപത്താൽത്തന്നെയാണ് നിനക്കപമൃത്യു പറ്റിയതും' എന്നിങ്ങനെ, അവർ എന്നെ കുറച്ചുനേരംകൊണ്ടു്, വളരെ യോജന പരപ്പുള്ള സംയമിനീപുരിയിലെത്തിച്ചു. അവിടെ യമൻ താൻ തന്നെയാണു് രാജാവു്. അവർ ധർമ്മരാജാവിനെ വണങ്ങി, എന്നെ മുമ്പിൽ നിർത്തി, 'ഇതാ, പാപിഷ്ഠനിജനെ കൊണ്ടുവന്നിരിക്കുന്നു' എന്നറിയിച്ചു.

ധർമ്മരാജാവു് എന്നെ കനത്ത നോക്കി സഭ്യന്മാരോട പറഞ്ഞു:—'അല്ലയോ സഭ്യന്മാരേ, സാകൂതം കേൾക്കുവിൻ: എനിയ്ക്കീയധികാരം

* ഗുരുനിന്ദ യൽകേണ്ടേ യൽകുറ്റം.

Digitized By Kerala Sahitya Akademi

കല്പിച്ചു തന്നപ്പോൾ ജഗൽപിതാമഹനായ ബ്രഹ്മാവു് എന്നോടാജ്ഞാപിച്ചിട്ടുണ്ടു്, 'സൂര്യപുത്ര, അധർമ്മിഷ്ഠരെ ശാസിക്കുന്ന സംയമിനീനാഥനാണു് നീ; കുറഞ്ഞിനൊത്ത ശിക്ഷ വിധിച്ചുകൊള്ളുക. കഴിവുണ്ടായിരിക്കെ അച്ഛനമ്മമാരെ പോറ്റാത്തവൻ, ഗുരുദ്രോഹി, ഈ രണ്ടു മഹാപാപികളെ സകല നരകങ്ങളിലും പതിനായിരം വീതം കൊല്ലം ഇട്ടുകൊള്ളണം. ദിക്പാലക, നീ ഇവരിൽ ഒരിക്കലും ദയ കരുതിപ്പോകരുതു്' എന്നു്; ഈ ബ്രഹ്മാജ്ഞയാൽ, ഗുരുദ്രോഹിയുടേയും അച്ഛനമ്മമാരെ പോറ്റാത്തവന്റേയും പേരിൽ ഞാൻ ദയ ചെയ്യാറില്ല. സഖ്യരേ, ഗുരുദ്രോഹിയാണു് ഭരം ബ്രാഹ്മണൻ; തൻമൂലം അപമൃത്യു പിണഞ്ഞ ഇയ്യാളെ ഭടന്മാർ എന്റെ കല്പനയാൽ കൊണ്ടുവന്നിരിക്കയാണു്. കാണുകയേ പാടില്ല ഇവനെ! ഭടന്മാരേ, ഈ ഗുരുലോപപാപിയെ ഒന്നാമതു ഘോരരൗരവത്തിൽ കൊണ്ടിടുവിൻ; പതിനായിരം വർഷം കഴിഞ്ഞാൽ വേറെയൊന്നിലിടുക. അതുപോലെ കാലം എല്ലാ നരകങ്ങളിലും കിടക്കണം ഇയ്യാൾ.' ഗുരോ, വേദായന, സ്വാമിൻ, ആ ഭടന്മാർ ഉത്തരവിൻപ്രകാരം എന്നെ പാശങ്ങൾകൊണ്ടു വരിഞ്ഞു ഘോരരൗരവത്തിൽ കൊണ്ടിട്ടു; അതിൽ ഞാൻ അനുഭവിച്ച തീവ്രവേദന പറഞ്ഞൊന്നുമല്ല. ഓരോ നിമിഷനേരവും എനിക്കു് ഓരോ യുഗമായിത്തോന്നി! അങ്ങിനെ മുപ്പതുദിവസം ഞാൻ കഴിച്ചുകൂട്ടി. മുപ്പത്തൊന്നാം ദിവസം, ഇന്നു്, ഞാൻ അതിൽ നിന്നു വിട്ടുപോന്നു: അസ്ഥി ഈ ഉത്തമോത്തമതീർത്ഥത്തിൽ വീണതോടുകൂടി, എന്റെ ഗുരുലോപപാപം അറുതിപ്പെട്ടുപോയി; ഭരം തീർത്ഥത്തിന്റെ പ്രസാദത്താൽ സ്വർഗ്ഗതിയും എനിക്കു കൈവന്നു. പതിനാലിന്ദ്രന്മാരുടെ കാലം മുഴുവൻ എനിക്കു സുഖമായി സ്വർഗ്ഗത്തിൽ വസിക്കാം.

യമന്റെ നഗരത്തിലെ അള്ളകം പാപികൾക്കേ ഭയമുള്ളവാക്കുകയുള്ളു; സുകൃതികൾക്കു സൗഖ്യരാണു്. യമഭടന്മാർ കൊണ്ടുചെന്നപ്പോൾ പാപം മുഴുത്തിരുന്ന ഞാൻ അവിടെ കണ്ടവർ, സിംഹഗജസൂകരമാർജ്ജാരവക്ത്രരും ദംഷ്ട്ര തുങ്ങിയവരും വയർ ചീർത്തവരും തലമുടി ചെമ്പിച്ചവരും കൈകാലുകൾ നീണ്ടവരുമായിരുന്നു; ഈ തീർത്ഥത്തിന്റെ പ്രസാദത്താൽ പാപമൊഴിഞ്ഞപ്പോഴാകട്ടെ, ദിവ്യരൂപരായി ദിവ്യവസ്ത്രാഭരണഭൂഷിതരായി സുഖവാദികളായി വിനയാചാരസമ്പന്നരായിരിയ്ക്കുന്നവരെയാണു് ഞാൻ യമാലയത്തിൽ പരതിക്കണ്ടതു്! അനഘ, ഭവാൻ ചോദിച്ചതൊക്കെ ഞാൻ പറഞ്ഞു; ഇനി എനിക്കു ദേവേന്ദ്രപുരിയിലേയ്ക്കു പോകാൻ വിടതന്നാലും.'

Digitized By Kerala Sahitya Akademi

ശിഷ്യൻ പറഞ്ഞതുകേട്ടിട്ട്, ധർമ്മാത്മാവായ ആ സന്ന്യാസി വീണ്ടും മുകുന്ദദ്വിജനോടു ചോദിച്ചു:—'ബാല്യം മുതൽക്കേ ഭവാന്റെ ഗുരു ഞാനാണ്; എന്റെ അടുക്കൽ നിന്നാണല്ലോ, ഭവാൻ ശബ്ദശാസ്ത്രപദക്രമസഹിതമായ വേദമെല്ലാം പഠിച്ചതു്. എന്നെ ഭവാൻ ഭക്തിയോടെ വേണ്ടുവോളം ശുശ്രൂഷിക്കുകയും ചെയ്തിരുന്നു. ശമദമാദികളായ സൽഗുണങ്ങൾ ഭവാനിൽ കാണപ്പെട്ടിരുന്നു. പിന്നെ ഭവാനു ഗുരുലോപപാപം പറ്റിയതെങ്ങിനെയാണ്? ഇതു കൂടി പറയുക, എനിക്കു വാസ്തവമറിയാൻ.'

മുകുന്ദൻ:—'ജനനത്തേയും പുണ്യതുലിനേയും കന്യകയേയും വേദത്തേയും തന്നവരെല്ലാം ഗുരുക്കന്മാരാണല്ലോ; അവരിലാരുടേയും ആജ്ഞ ഞാൻ ലംഘിച്ചിട്ടില്ല. ശത്രുശത്രുരന്മാരെ ഞാൻ ഭൃത്യനെന്നപോലെ പരിചരിച്ചിരുന്നു. ശാസ്ത്രം പഠിപ്പിച്ച ഭവാന്റെയും മുഖം ഞാൻ കറുപ്പിച്ചിട്ടില്ല. എന്നാൽ, എന്റെ പുരോഹിതന്നു—വേദവേദാംഗപാരഗനായ കലാചായ്ക്കു—തെല്ലൊരപരാധം ഞാൻ ചെയ്തുപോയിട്ടുണ്ടു: ധർമ്മജ്ഞ, ഞങ്ങളുടെ തവൊട്ടിൽ ഉണ്ണിയുണ്ടായാൽ, പുരോഹിതന്നു ഒരു പയിനെ ദക്ഷിണയായി കൊടുത്തിട്ടു വേണം പൊക്കിൾക്കൊടി മുറിക്കുക എന്നൊരു വ്യവസ്ഥയുണ്ടു; എനിക്കുണ്ടായി പിറന്ന സുദിനത്തിലാകട്ടെ, ആ കലാചാരം ചെയ്യാൻ ഞാനന്ധാളിച്ചുപോയി. അതു ചെയ്യാഞ്ഞതിനാലാണു് എനിക്കു ഗുരുലോപം പറ്റിയതു്. എനിക്കു ഗുരുലോപപാപം സംഭവിച്ചതെങ്ങിനെ എന്നും ഞാൻ അറിയിച്ചുവല്ലോ; ഇനി വിടതന്നാലും, ദേവലോകത്തെയ്ക്കു പോകാൻ.'

വേദായനൻ:— ഈ ഇന്ദ്രപ്രസ്ഥസ്ഥിതമായ അദ്ധ്യായുടെ പ്രസാദത്താൽ മുൻജന്മസ്മരണയുണ്ടാകാവുന്നതല്ലോ; മുകുന്ദ, ഓർമ്മയുണ്ടെങ്കിൽ പറയുക: എന്തൊരു പുണ്യത്താലാണ്, ഭവാന്റെ അസ്ഥി ഈ തീർത്ഥത്തിൽ വീണതു്?

മുകുന്ദൻ:—'ഒരു ബ്രാഹ്മണൻ ഒറ്റയ്ക്കു വൈകുന്നേരം എന്റെ ഗൃഹത്തിൽ വന്നു. അദ്ദേഹത്തിനു ഞാൻ വേണ്ടപോലെ സ്ഥലവും ഭക്ഷണവും കൊടുത്തു. അദ്ദേഹം ഊണുകഴിച്ചു സുഖമായി നല്ല കിടക്കമേൽ കിടന്നുറങ്ങി. പാതിരാകഴിഞ്ഞപ്പോൾ അദ്ദേഹത്തിനു് ഒരു കടുത്ത പനി തുടങ്ങി; അതുമൂലം സർവ്വാംഗം വേദനപ്പെടുകയാൽ അദ്ദേഹത്തിനു് ഉറക്കം വന്നില്ല. പുലർച്ചയ്ക്കു തന്നെ അദ്ദേഹം മരിച്ചുപോയി! ഗുരോ, ഞാൻ അദ്ദേഹത്തിന്റെ ശവദഹനവും മറ്റും ശരി

Digitized By Kerala Sahitya Akademi

ക്ക കഴിച്ചു; അദ്ദേഹത്തിന്റെ അസ്ഥി ഗംഗയിൽ കൊണ്ടിടുകയും ചെയ്തു. ആ പുണ്യത്താലത്രെ, എന്റെ അസ്ഥി ഈ ബ്രഹ്മദേവനിമ്മിതമായ അയോദ്ധ്യാപുണ്യതീർത്ഥത്തിൽ വീണതു്.'

രാജാവേ, ഇപ്രകാരം തന്റെ കഥ പറഞ്ഞു്, ആ ദേവസൌധാഗ്രം നേടിയ ദ്വിജൻ അപ്പോൾത്തന്നെ വിമാനത്തിലൂടെ വിണ്ണിലേയ്ക്കു ഗമിച്ചു. ഇങ്ങനെ, ചോരനാൽ വധിക്കപ്പെട്ടവൻ ഈ ശ്രേഷ്ഠതീർത്ഥത്തിന്റെ പ്രസാദത്താൽ സദ്ഗതിയടഞ്ഞതു കൊണ്ടോട്ട ഞാൻ പറഞ്ഞു.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, കാളിന്ദീമാഹാത്മ്യപ്രകരണം,
യുധിഷ്ഠിരമഹർഷിസംവാദാന്തർഗ്ഗതശിബിയാദരമഹാസംവാദം,
അയോദ്ധ്യാതീർത്ഥപ്രഭാവനിരൂപണം, മുകുന്ദമുക്തിവർണ്ണനം ഇരുന്നൂറേഴാമദ്ധ്യായം.

ഇരുന്നൂറേഴാമദ്ധ്യായം

നാരദൻ: — മുകുന്ദോപാഖ്യാനമെല്ലാം ഭവാനോട്ട ഞാൻ പറഞ്ഞുവല്ലോ; ചണ്ഡകക്ഷുരകന്റെ കഥയും കേട്ടുകൊള്ളുക: ചണ്ഡകൻ മുകുന്ദദ്വിജനെ കൊന്ന വിവരം കേട്ടപ്പോൾ നഗരവാസികളെല്ലാം ആ രാജസന്നിധിയിലറിയിച്ചു: — 'തിരുമേനി, മുകുന്ദനെന്ന ബ്രാഹ്മണോത്തമനെ ചണ്ഡകൻ കൊന്നുകൂഞ്ഞു; വളരെ മുതലും കട്ടുകൊണ്ടു പോയി. ഇതിൽ വേണ്ടതു കല്പിച്ചു ചെയ്താലും: ദുഷ്ടരെ ശാസിക്കുന്ന തിരുമേനിയാണല്ലോ, പ്രജകളായ ഞങ്ങളെക്കൂ രക്ഷിതാവു്.' ഇതു കേട്ടു കോപത്താൽ കൺ ചുകന്ന ഭൂപാലൻ അടുക്കലുണ്ടായിരുന്ന മന്ത്രിയോട്ട തട്ടിക്കേറി: — 'കേൾക്കുക. എന്താണിവർ പറയുന്നതു്! ക്ഷണത്തിൽ കൊണ്ടുവരിക, ആ പാതകിയെ; ഇല്ലെങ്കിൽ നിന്റെ കഥ കഴിയും! വരുവിച്ചു, പോവു, പോവു; സാധുക്കൾക്കു സമാധാനം വരുത്തുക. രാജ്യത്തു പ്രജകളെ കൊള്ളക്കാർ കേറി ദ്രോഹിക്കുമ്പോൾ, അവരെ അവരിൽനിന്നു രക്ഷപ്പെടുത്താത്ത രാജാവു നരകത്തിൽ വീഴുമല്ലോ.'

ആ മന്ത്രി തൽക്ഷണം കുതിരപ്പുറത്തു കേറി, ഒരു നൂറു കാലാളുകളോടൊന്നിച്ചു മുകുന്ദന്റെ ഗൃഹത്തിലച്ചെന്നു തൽബന്ധുക്കളോട്ട ചോദിച്ചു: — 'മുകുന്ദനെ ആർ കൊന്നു? സത്യം പറയണം. ആ കറ്റവാളിയെ ക്കൊല്ലാൻ എനിക്കുത്തരവുണ്ടു്.' അവർ മറുപടി പറഞ്ഞു: — 'അമാത്യ, ചണ്ഡകക്ഷുരകനാണു് മുകുന്ദനെ കൊന്നതു്; ഇതാ, അവൻ മാ

Digitized By Kerala Sahitya Akademi

ടിട്ടുപോകുമ്പോഴും വീണ തലക്കെട്ട്. ആ പാതകിയെ മുകുന്ദന്റെ മായ്യു സ്വപ്നം കണ്ണുകൊണ്ടുതന്നെ കണ്ടിരിക്കുന്നു. എന്തുചെയ്യാം, ആ ദുഷ്ടൻ ഞങ്ങളെ ദുഃഖസമുദ്രത്തിൽ ആഴ്ത്തിക്കളഞ്ഞു!' അമാത്യൻ അതിവേഗത്തിൽ ക്രൂരക്കാരനായ ക്ഷുരകന്റെ ഗൃഹത്തിൽ പോയി, കതിരപ്പുറത്തുനിന്നിറങ്ങി, ഏതാനും ഭടന്മാരോടൊന്നിച്ച് അകത്തേയ്ക്കു കടന്നു. അവൻ കിടന്നുറങ്ങുകയായിരുന്നു; അവനെ കണ്ടെത്തിയതോടുകൂടി സചിവൻ നിയോഗിച്ച ഭടന്മാർ ആ ദുഷ്ടനെ തലമുടി ചുറ്റിപ്പിടിച്ചു കിടക്കയിൽ നിന്നെഴുന്നേല്പിച്ചു. എന്തു്, എന്തു് എന്നിങ്ങനെ പുലമ്പി ക്ഷുരകാധമൻ കൺമിഴിച്ചപ്പോൾ, മുൻവശത്തു കണ്ടതുമാത്രമെയാണ്! അതിനാൽ, രാത്രിയിൽച്ചെയ്ത ആ ദുഷ്കർമ്മം അവന്നോർമ്മയിൽ വന്നു; ഒരു നിമിഷനേരം അവൻ, മൃത്യുതന്നെയിൽക്കേറിയതായി കണ്ടു മുഖം കുനിച്ചുനിന്നു! സചിവൻ ആ ക്രൂരക്കാരനെ ഭടന്മാരെക്കൊണ്ടു പിടിപ്പിച്ച്, രാജാവിന്റെ അടുക്കൽ കൊണ്ടുചെന്നണത്തിച്ചു:—'തിരുമേനി, ഇതാ, ബ്രഹ്മഹത്യക്കാരനായ ചണ്ഡകക്ഷുരകനെ കൊണ്ടുവന്നിരിക്കുന്നു; ഇനി, ഉത്തരവിൻപ്രകാരം.'

രാജാവു്:— ധർമ്മജ്ഞനായ സചിവശ്രേഷ്ഠ, കേൾക്കുക: ഈ നിർമ്മലമായ ചന്ദ്രഭാഗാനദിയുടെ അടുക്കൽവെച്ചു പ്രാണൻപോയവർ ദേവലോകത്താണല്ലോ ചെല്ലുക; അതിനാൽ, ഈ പാതകിക്ഷുരകനെ ഇതിന്റെ അതിർത്തിക്കപ്പുറം, അഞ്ചുനാഴികയകലെ വെച്ചു വേണം കൊലചെയ്യുക. ഈ ബ്രഹ്മഘ്നൻ ഒട്ടും താമസിയാതെ ഘോരനരകങ്ങളിൽ പതിക്കട്ടെ!'

മന്ത്രീന്ദ്രൻ അരുളപ്പാടനുസരിച്ച് അവനെ കൊല്ലാൻ പറയരെ നിയോഗിച്ചയച്ചു. പറയർ അവനെ ചന്ദ്രഭാഗയ്ക്കരെ രണ്ടു യോജന ദൂരത്തു കൊണ്ടുപോയി അവന്റെ തല വെട്ടി. ആ പാപി മരുഭൂമിയിൽ കൃഷ്ണസർപ്പമായിജ്ജനിച്ച് ഒരു ഞാവൽവൃക്ഷത്തിന്റെ പൊത്തിൽ പാർക്കുകയായി: പാമ്പിന്റെ ചീറ്റത്തിൽ നിന്നു പുറപ്പെട്ട വിഷത്തീയിനാൽ ആ ഞാവൽവൃക്ഷം, വെയിൽകൊണ്ടു നീർക്കയമെന്നപോലെ വരണ്ടുപോയി! ആ പാപിയുടെ വിഷം നീളെപ്പരന്നതിനാൽ ആ പ്രദേശം, പുല്ലും മറ്റും കരിഞ്ഞു മാടുകൾക്കു മേയാൻ കൊള്ളാതെ തരിശായിത്തീർന്നു. കരിക്കൽ, ഒരുകൂട്ടം തീർത്ഥയാത്രക്കാർ തെക്കുനിന്ന് അവിടെ വന്നെത്തി: അവർ നാരായണാശ്രമമായ ബദരീവനത്തിലേയ്ക്കു പോവുകയായിരുന്നു; അക്കൂട്ടത്തിൽ, വഴിയിൽവെച്ചൊരുത്തുക്കുടിയ ഒരു ബ്രാഹ്മണനുണ്ടായിരുന്നു: അദ്ദേഹം അല്പനമ്മമാത്രമെ അന്ധികയിൽ നിറച്ച ഒരു തുക്കുകെട്ട തോളിലിട്ട്, അവ പാ

Digitized By Kerala Sahitya Akademi

പികനും ക്ഷ അഭീഷ്ടം നൽകുന്ന ഗംഗയിലിടുവാൻ പോവുകയാണ്. അദ്ദേഹവും ആ സർപ്പത്തിന്റെ പാർപ്പിടമായ വനത്തിലെത്തി, ഇരിമ്പുകമ്പികൊണ്ടു മെടഞ്ഞ ആ കൂട്ട ഒരു വിശിഷ്ടസ്ഥലത്തു വെച്ചു. സർപ്പം അവിടെ വന്ന പത്തികൊണ്ടു കമ്പി കറൊ അകത്തി കൂട്ടയിലേയ്ക്കു കടന്നു; കമ്പി വീണ്ടും സ്വസ്ഥാനത്തായി. വിഷധരൻ ആ കൂട്ടയിൽത്തന്നെ അനങ്ങാതേ ചുരുണ്ടുകിടന്നു.

നേരം പുലർന്നപ്പോൾ എല്ലാവരും അവിടെ നിന്നു യാത്രയുടനു; ബ്രാഹ്മണനും കൂട്ട കരിമ്പടംകൊണ്ടു പൊതിഞ്ഞു തലയിലേറ്റി, ഗംഗയിലേയ്ക്കു നടകൊണ്ടു. ഏതാനും നാളുകൾകൊണ്ടു് ആ തീർത്ഥയാത്രക്കാർ ഈ പരിശുദ്ധമായ അയോദ്ധ്യയിൽ വന്നെത്തി. രാജാവേ, ബ്രാഹ്മണൻ തനിപ്പു സഹിക്കാഞ്ഞതിനാൽ കൂട പൊതിഞ്ഞിരുന്ന കരിമ്പടം അഴിച്ചെടുത്തു; അപ്പോൾ, കാറു കിട്ടാഞ്ഞതിനാൽ പട്ടിണികിടന്ന പാമ്പു കമ്പിയൊന്നകറ്റി, കൂട്ടയിൽ നിന്നു പുറത്തിറങ്ങി. അതുകണ്ടു് ആളുകളെല്ലാം പാമ്പു്, പാമ്പു് എന്നു ലഹള കൂട്ടിക്കൊണ്ടു വടിയുമേന്തിയടുത്തു. പാമ്പു പാഞ്ഞുപോകാൻ തുടങ്ങിയപ്പോഴെയ്ക്കും, ഒരാൾ ഒടിയടിച്ചു. അതോടുകൂടി പ്രാണൻ പോയ സർപ്പം, തീർത്ഥയാത്രക്കാർ കാൺകെ, ദിവ്യരൂപം വിട്ടു്, ദിഷ്ടപ്രഭാവമായ ദേവതാപം നേടി, ദിവ്യവിമാനത്തിലേറിനിന്നു് അവരോടരുളിച്ചെയ്തു:—'ഹേ ദാക്ഷിണാത്യരായ ബ്രാഹ്മണരേ, കേട്ടാലും: മുൻജന്മത്തിൽ ഞാൻ ചണ്ഡകനെന്നൊരു ക്ഷുരകാധമനായിരുന്നു. ബ്രഹത്യ പറിയതിനാൽ, ഞാൻ അഞ്ചുലക്ഷം സംവത്സരം നരകദുഃഖങ്ങളനുഭവിച്ചു മരുസ്ഥലത്തു സർപ്പമായി ജനിച്ചു; ഇരുപതിനായിരം വർഷമായി, സർപ്പജാതിയിൽ ജനിച്ചിട്ടു്. ഇന്നു് ഈ തീർത്ഥത്തിന്റെ പ്രസാദത്താൽ എനിക്കു് ഉൽകൃഷ്ടമായ ദേവതാപം കൈവന്നു. അതിനാൽ, സകലാർത്ഥവും നൽകുന്ന ഈ അയോദ്ധ്യാതീർത്ഥം ഒരിക്കലും ത്യജിച്ചുകൂടാ; മഹാപാപിയായ ഞാൻക്കൂടി സദ്ഗതി അടഞ്ഞുവല്ലോ!'

ഇപ്രകാരം ആ പാപിയായ ക്ഷുരകൻ നിഷ്കൃഷ്ടജാതിയിൽ ജനിച്ചിട്ടും, ഈ തീർത്ഥത്തിന്റെ പ്രസാദത്താൽ വിമാനത്തിൽക്കേറി വിണ്ണണഞ്ഞു! ആ തെക്കർ സന്ന്യാസം കൈക്കൊണ്ടു്, ദുഷ്പ്രഭാവമായ ഈ തീർത്ഥത്തിൽത്തന്നെ ഗോവിന്ദപാദാരവിന്ദം ധ്യാനിച്ചും കൊണ്ടു പാർത്തു. ആ ബ്രാഹ്മണോത്തമനും, ഈ തീർത്ഥത്തിന്റെ മാഹാത്മ്യം കണ്ടു വിശ്വാസമുദിച്ചതിനാൽ അസ്ഥികം ഇതിൽത്തന്നെ നിക്ഷേപിച്ചു. അസ്ഥികം ഇതിൽ വീണതോടുകൂടി, ആ

Digitized By Kerala Sahitya Akademi

ട്ടേഹത്തിന്റെ അച്ഛനമ്മമാർ ദിവ്യരായി മികച്ച വിമാനത്തിൽ കേറി ഇവിടെ വന്നെത്തി, മകനോട്, മറ്റുള്ളവർ കേൾക്കെ കഥിച്ചു:—'ഉണ്ണി വളരെക്കാലം ലോകത്തിൽ ധനധാന്യസൌഖ്യവാനായി ജീവിച്ചിരുന്നാലും! ഞങ്ങൾക്കു മുക്തി വരുത്തിയതിനാൽ ഉണ്ണിക്കും മുക്തി സിദ്ധിക്കും. ഗംഗയിൽ പിണ്ഡം വെച്ചാൽ പുത്രന്നു ഫലം യാതൊന്നോ, പിതൃക്കൾക്കു ഗതി യാതൊന്നോ, അതു രണ്ടും കിട്ടും, ഇതിൽ അസ്ഥിയിട്ടാൽ.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, കാളന്ദീമാഹാത്മ്യപ്രകരണം,
യുധിഷ്ഠിരസൌഭരി സംവാദാന്തർഗ്ഗതശിഖിനാരദസംവാദം,
അയോദ്ധ്യാതീർത്ഥപ്രഭാവനിരൂപണം, ഖണ്ഡകമുക്തികഥനം
ഇത്യാദ്യനേകാദ്ധ്യായം.

———(o)———

ഇരുനൂറെട്ടാമദ്ധ്യായം

നാരദൻ:—ഇതുപറഞ്ഞു, ആ ബ്രാഹ്മണന്റെ ദിവ്യരൂപരായ മാതാപിതാക്കന്മാർ ശ്രേഷ്ഠവിമാനത്തിലൂടെ ഹരിലോകത്തെയ്ക്കു ഗമിച്ചു. മകൻ ഈ അയോദ്ധ്യയിൽത്തന്നെ മൂന്നാമതു താമസിച്ചു്, തീർത്ഥത്തിന്റെ പ്രഭാവം ചിന്തിച്ചുകൊണ്ടു സഹോദരന്മാരിലേയ്ക്കു തിരിച്ചു. ആ തെക്കർ സന്ന്യാസം കൈക്കൊണ്ടു്, സമസ്താർത്ഥലാഭിനിയായ അയോദ്ധ്യയിൽ വെച്ചു മൃതിയടയാൻ വേണ്ടി ഇവിടെത്തന്നെ പാർപ്പുറപ്പിച്ചു. എന്നാൽ, അവരിലൊരാളും അയോദ്ധ്യയെത്തള്ളി ബദര്യാശ്രമത്തിലേയ്ക്കു നടകൊണ്ടു. ആ ദ്വിജനും വഴിക്കുവെച്ചു്, ഒരു വൃദ്ധബ്രാഹ്മണന്റെ വേഷം ധരിച്ച വാസുദേവൻ വിലക്കി:—'ദ്വിജോത്തമ, ഭവാൻ ഈ പുണ്യമായ അയോധ്യയെ വിട്ടു് എവിടെപ്പോകുന്നു? ഈ ഇന്ദ്രപ്രസ്ഥതീർത്ഥം സകലതീർത്ഥങ്ങളിലും മീതെയാകുന്നു. വിഷ്ണുവും വിഷ്ണുപ്രിയയും വിളങ്ങിപ്പാടുമത്രെ ഈ അയോധ്യ. നിഷ്കാമപദത്തെ നൽകുന്ന ഇതിനെ വെടിഞ്ഞു ഭവാൻ എവിടെപ്പോകുന്നുവോ, അവിടെ സിദ്ധി ലഭിക്കില്ല; വിഷ്ണുഭവാകൽ വിമുഖന്മാകയേ ഉള്ളൂ. ഭവാനു മുക്തി വേണമെന്നുണ്ടെങ്കിൽ, ഈ തീർത്ഥത്തിൽ സന്ന്യാസം കൊള്ളുക: എന്തിച്ഛിച്ചു സ്നാനം ചെയ്യുന്നുവോ, അതിനെ ഈ തീർത്ഥം നൽകും. അങ്ങു കണ്ടുവല്ലോ, ഇതിന്റെ പ്രസാദത്താൽ സപ്പുവും ദേവത്വം പ്രാപിച്ചതും, വിപ്രമുഖ്യന്മാർ വിമുക്തരായി വിണ്ണണഞ്ഞതും! ഇതിന്റെ മാഹാത്മ്യം കണ്ടു

Digitized By Kerala Sahitya Akademi

വിശ്വാസം വന്നിട്ടും, ഭവാൻ ഭാഗ്യവദ്ധീമായ ഇതിനെ ഉപേക്ഷിക്കുന്നതെന്താണ്? ദാഹിച്ചു വലഞ്ഞാൽ അമൃതിൻകടലുണ്ടെന്നറിഞ്ഞിട്ടും, അതു വെടിഞ്ഞു ചളിവെള്ളത്തിലേയ്ക്കു പോകുന്നതുപോലെയുള്ള മൂഢതയാണ് ഭവാൻ കാട്ടുന്നതു! ഒരാൾ കയ്യിൽ വന്ന ചിന്താമണിയെ വ്യാമോഹത്താൽ കിണറ്റിലിട്ടുന്നതായാൽ അയാളുടെ ഗതിയെന്തോ, അതാവും ഭവാന്റെ ഗതിയും! ഒരു മകുടി വിശേഷണായ വിഷ്ണുവിനെ ആരാധിച്ചിട്ട്, തുച്ഛമായ ഇന്ദ്രിയസുഖം യാചിക്കുന്നതായാൽ, അയാളുടെ ഗതിയെന്തോ, അതാവും ഭവാന്റെ ഗതിയും! ഭവാൻ ഈ സർവ്വാത്ഥദായിനിയായ അയോധ്യയെ വിട്ടുപോകരുതു; ഇതിൽ കളിച്ചുവന്ന സ്വർഗ്ഗവും മരിച്ചുവന്ന മോക്ഷവും കിട്ടും."

വിപ്രരൂപിയായ വിഷ്ണുവിന്റെ ഈ അരുളപ്പാടു കേട്ടിട്ട ബ്രാഹ്മണൻ, ബദരികാശ്രമമാണ് ശ്രേഷ്ഠമെന്ന ധാരണയാൽ മറുപടി പറഞ്ഞു: — 'ഭോ ഭോ വൃദ്ധബ്രാഹ്മണ, ഭവാൻ പറഞ്ഞതിൽ ഏതുനിക്ക വിശ്വാസം തോന്നുന്നില്ല. ഒരു നിസ്സാരാശ്രമമെന്ന നിലയിൽ ക്ഷുദ്രി, മുമ്പൊരിക്കലും ഞാൻ കേട്ടിട്ടുള്ളതല്ല ഈ ഇന്ദ്രപ്രസ്ഥതീർത്ഥം തന്നെ; എന്നിട്ട് വേണ്ടേ, ഇതിലുൾപ്പെട്ട അയോധ്യാ സാക്ഷാൽ നാരായണനും മുക്തരായ യോഗികളും എവിടെയോ, ആ പുണ്യാശ്രമം വിട്ട ഞാനെങ്ങിനെ ഇവിടെ പാർക്കും? വിഷ്ണു താൻതന്നെ വന്ന്, 'ബദര്യാശ്രമത്തെക്കാൾ മീതെയാണ് ഈ ഇന്ദ്രപ്രസ്ഥക്ഷേത്ര'മെന്ന് അരുളിച്ചെയ്യട്ടെ. എന്നെ തടുക്കുമെങ്കിലെ ആ ആശ്രമത്തിലേയ്ക്കു പുറപ്പെട്ട ഞാൻ ഇവിടെ താമസിക്കൂ. മുക്തിക്കുവേണ്ടിമാത്രമാണ്, ഞാൻ സ്വഗൃഹത്തിൽ നിന്നു പോന്നതു!' ഇതു പറഞ്ഞുകഴിഞ്ഞതോടു കൂടി, പത്മനാഭൻ പ്രാകൃതശരീരം വെടിഞ്ഞു ദിവ്യരൂപനായി ചതുർബാഹുവായി വെളിപ്പെട്ട്, ആ മോക്ഷകാംക്ഷിയായ മഹാഭാഗബ്രാഹ്മണനോടരുളിച്ചെയ്തു:—'വിപ്ര, ബ്രഹ്മഞ്ജരിൽ ശിവനും* ...വിഷ്ണുവതാരങ്ങളിൽ കൌസല്യാപുത്രനുമെപ്രകാരമോ, അപ്രകാരം തീർത്ഥങ്ങളിലെല്ലാംവെച്ച് ഉത്തമോത്തമമാകുന്നു ഈ ഇന്ദ്രപ്രസ്ഥം. മനുഷ്യൻ സകാമനായോ നിഷ്കാമനായോ ഏതേതു തീർത്ഥത്തിൽ പോകുന്നുവോ, അവിടെയെല്ലാം സർവ്വാത്മാവായ ഞാൻതന്നെയാണു ഫലം നൽകുന്നതു; ഇന്ദ്രപ്രസ്ഥത്തിലെ അയോധ്യവിട്ട പോകുന്നവനു, വരദരിൽ ശ്രേഷ്ഠനായ ഞാൻ ഫലം നൽകുമാറില്ല.' തന്തിരുമേനി ദർശിക്കുകയും ഈ അരുളപ്പാടു കേൾക്കുകയും ചെയ്തതിനാൽ, അന്തണൻ ലക്ഷ്മീകാ

* ഓരോ യുഗത്തിലെ പ്രധാനരെ പറഞ്ഞ ഭേദമാണ് വിട്ടതു; ഇതു രണ്ടു പക്ഷമുണ്ട്.

Digitized By Kerala Sahitya Akademi

ന്തരനെ നമസ്ക്കരിച്ചു് ഇങ്ങോട്ടുതന്നെ പോന്നു. ജഗദാത്മാവായ ഭഗവാൻ ആ വിപ്രനോടു താനുപദേശിച്ചു് അദ്ദേഹത്താൽ ഭക്തിയോടെ പൂജിതനായിട്ടു തൽക്ഷണം അന്തർദ്ധാനം ചെയ്തു.

അരണൻ ഇവിടെ അയോദ്ധ്യയിൽ വന്ന ഉടൻ, ആ നടന്നതെല്ലാം ക്ഷത്രിയരോടൊക്കെ പറഞ്ഞു. അതു കേട്ടു് ആ ദാക്ഷിണാത്യ ബ്രാഹ്മണനും ഇവിടെ ഉപവാസമനുഷ്ഠിച്ചു ദൈതികശരീരം വെടിഞ്ഞു; അദ്ദേഹം ഏഴുപ്രാവശ്യം, ദീപ്തിമത്തുക്കളായ അത്രിയും വിമാനങ്ങളോടും പാർഷദരോടുംകൂടി, ഗരുഡാരൂഢനായ ശ്രീനാരായണൻ എഴുന്നള്ളി വന്നു. അതു കണ്ടു്, ദിവ്യരൂപവും ദിവ്യജ്ഞാനവും ലഭിച്ച ആ ദ്വിജന്മാരെല്ലാം നിലത്തു ദണ്ഡനമസ്കാരം ചെയ്തു്, ദേവവന്ദ്യപദാരവിന്ദനായിട്ടിരിയുന്ന സാക്ഷാൽ തന്തിരുവടിയെ സ്തുതിച്ചു:—

(കിളിപ്പാട്ടു്—കേക)

കൈതൊഴാമിവിടെയ്യു, കായാംപൂവെതിർഗാത്ര-
ശ്രീതഴച്ചോനേ, മഞ്ഞപ്പൂവാടയുടുത്തോനേ,
പല കല്പകംവെച്ച കുണ്ഡലമണിഞ്ഞോനേ,
വിലസദിലിഞ്ഞായ കാർമുകിൽപോലുള്ളോനേ!
തൽഭക്തിസമാശ്രിതർക്കനന്ത ഗുണാനേ,
കല്പകലതപോലെ കാംക്ഷിതങ്ങളെയെല്ലാം;
അതുപോലഭീഷ്ടദമീയയോഗ്യനു; ലോക-
ക്കിതുകം രണ്ടും ഭോഗമോക്ഷനിഞ്ഞാലെ കിട്ടൂ!
വന്ദിച്ചുകൊണ്ടു ഞങ്ങളിന്ദിരേശപദ, യോഗി-
വൃന്ദങ്ങളുള്ളിൽച്ചേർക്കും താവകപദാംഭോജം,
ഇന്ദ്രചൂഡാദികളാം വൃന്ദാരകന്മാരാലും
വന്ദിതം, പരാനന്ദസാന്ദ്രമുക്തിതൻ കന്ദം!
ശ്രീവത്സാദികഭാരചിഹ്നങ്ങളിണങ്ങിന
ഭാവൽകസാരുഭ്യം കൈവന്നവെന്നിരിക്കിലും,
മാനസേ ഞങ്ങൾക്കാശ, നാരദാദികളെല്ലാം
മാനിച്ചുവേട്ടാസ്യം കൊണ്ടതിനുത്തേ സ്വാമിൻ!
തവദാസഭാവത്താലുള്ള സുഖം കിട്ടാ ഞങ്ങൾ-
ക്കല്പമാറിടത്തിങ്കൽച്ചെന്ന പൂമകളാലും;
നേരായിട്ടറിയാമതച്യുത, മഹേശനു;
പാരിലില്ലതറ്റുള്ളമാസപദിച്ചവൻ വേറെ!
ഉത്തമോത്തമ, ഭവൽസേവകജനത്തിൽവെ-
ച്ചുത്തിരുവടി പൂജ്യൻ വൈരാഗ്യമടഞ്ഞോക്കും;

Digitized By Kerala Sahitya Akademi

സേവിച്ചുപോരുന്നുണ്ടാവിശ്വനാഥനെയല്ലോ
താവകഭക്ത്യാപ്തിക്കായ് നാരദാദ്യർഷീന്ദ്രരും!
ഉൾത്തട്ടിൽത്തുടിയ്ക്കുമാനന്ദം നിറഞ്ഞുവഴിഞ്ഞിട്ടും
തൃപ്തികൊള്ളുന്നീലല്ലോ ത്ര്യംബകൻ തദ്വാസ്യത്തിൽ;
നിത്യവും വേൾക്കുണ്ണുറക്കെപ്പാടിപ്പാടി
സ്തുത്യമാട്ടുന്നു വിഭോ, തൽപരനാമബ്ജകേതൻ!
അതുകയാൽ തവ ദാസ്യം തന്നരുളുക ഞങ്ങൾ-
ക്കാ,യതു ലഭിച്ചുവക്കില്ലല്ലോ ഷഡ്മുഖികം!
ഭാരപാലകനിരുപേർ തവ സത്പുത്രാ-
രോരാതെ പതിതരായ്പ്പോയല്ലോ വിമോഹത്താൽ;
മന്നിൽനിന്നവർ വീണ്ടും നിർഭരായ് സ്വസ്ഥാനം താൻ;
നിനിച്ചുകൂടാതുണ്ടൊ താവകക്ഷുദ്രക്ഷോഭം?
അരറിയുന്നു തിരുമനിതൻ മറിമായം,
ഗൗരീശ ചിരിച്ചാടിവിണ്ണോക്കുമവിജ്ഞേയം!'

അവർ ഇപ്രകാരം സ്തുതിക്കെ, സ്വസ്ഥാനത്തെഴുന്നള്ളുവാൻ മുതിർന്ന തന്തിരുവടി അപരോക്ഷ മേഘഗംഭീരസ്വരത്തിൽ അരുളിച്ചെയ്തു:—'അല്ലയോ ദാക്ഷിണാത്യദ്വിജന്മാരേ, നിങ്ങൾ ഈ *കോസലയുടെ പ്രസാദത്താൽ എന്നെ സാക്ഷാൽ നേടിയല്ലൊ; മാസതപവും നിങ്ങൾക്കു ലഭിക്കും. ഇന്നുമുതൽക്ക് ഈ ഉത്തമക്ഷേത്രം ദക്ഷിണകോസല എന്ന പേരിൽ വിളിപ്പെടും; ഞാൻ യാതൊന്നിങ്കൽ ജനിച്ചു ശ്രീകണ്ഠനെ വധിക്കുമോ, അതിനെ മഹർഷിമാരെല്ലാം ഉത്തരകോസല എന്നും കീർത്തിക്കും. ഇതിങ്കൽ വെച്ചു മരിച്ചാൽ, ജ്ഞാനമുള്ളവൻ വൈകുണ്ഠമണയും; ജ്ഞാനമില്ലാത്തവൻ ഇവിടെ വസിച്ചാൽ സായുജ്യവുമടയും. ചില മാമുനിമാർ ദക്ഷിണകോസല പത്തിരട്ടി മീതെയാണെന്നും, ചിലർ പതിനാന്നിരട്ടി മീതെയാണെന്നും, ചിലർ കുറുപോലെയാണെന്നും അഭിപ്രായപ്പെടുന്നു; എന്റെ അഭിപ്രായത്തിൽ ഇരുനൂറ്റമ്പതുള്ളൂ: അവിടെ വെച്ചു മൃതിപ്പെട്ടവനെ എന്റെ ഗണങ്ങൾ വൈകുണ്ഠത്തിലേയ്ക്കു കൊണ്ടുപോകും; ഇവിടെവെച്ച് അനന്യചിന്തനായി മൃതിപ്പെട്ടവനെയാകട്ടെ, ഞാൻതന്നെ സായുജ്യം നൽകി ശുദ്ധപുരത്തു കേറി കൊണ്ടുപോകും; ഈവിധം ഞാൻതന്നെ ഈ തീർത്ഥത്തിന്റെ പ്രഭാവം പുകഴ്ത്തിക്കൊണ്ടു ഭഗവാൻ അവരോടൊന്നിച്ചു വൈകുണ്ഠത്തിലേയ്ക്കു തിരിച്ചു. മേദിനീശ്വര, വിപ്രോത്തമർ ഇതിനെ ദക്ഷിണ

*'അയോദ്ധ്യ.

Digitized By Kerala Sahitya Akademi

കോസല എന്ന കീർത്തിച്ചവരുന്നതിന്റെ കാരണമെല്ലാം ഭവാനോട് ഞാൻ പറഞ്ഞു. ശ്രോതാക്കൾക്കു കലിദോഷങ്ങളെ കളയുന്നതും വൈകുണ്ഠപദപ്രാപ്തിയെ നൽകുന്നതുമായ കോസലമാഹാത്മ്യം ഭവാനോട് ഞാൻ വർണ്ണിച്ചു; ഇനി മധുവനത്തിന്റെ കഥ ഭവാനെ കേൾപ്പിക്കാം.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, കാളിന്ദിമാഹാത്മ്യപ്രകരണം,
യുധിഷ്ഠിരസംവാദാന്തർഗ്ഗതശിവിതാരദസംവാദം,
അയോദ്ധ്യാതീർത്ഥപ്രഭാവനിരൂപണം, ദക്ഷിണകോസലയോമാർഗ്ഗകഥനം
ഇതുനൂറൊന്നാമദ്ധ്യായം.

———(o)———

ഇരുനൂറൊന്നാമദ്ധ്യായം.

നാരദൻ:—ശ്രീമൻ, ഈ പരമപാവനമായ മധുവനം, ദേവേന്ദ്രനിൽ പ്രസാദിച്ച വാസുദേവൻ സ്ഥാപിച്ച പുരിയാകുന്നു. ഇവിടെയുള്ള വിശ്രാന്തി എന്ന തീർത്ഥമോ മനുഷ്യർക്കു ശുദ്ധിയെയും മുക്തിയെയും നൽകുന്നതും സജ്ജനസേവിതവുമത്രെ. ഈ വിശ്രാന്തിപുണ്യതീർത്ഥത്തിൽ, വിശ്വാത്മാവായ വിഷ്ണു ശ്രീവരാഹമൂർത്തിയായി സർവ്വാവാണരൂപനായിട്ട് വളരെ ജന്മങ്ങളിൽ മുക്തനെ മുടങ്ങാതെ സേവിച്ചുപോന്നവനോ ഈ തീർത്ഥത്തിൽവെച്ചു മരിപ്പാൻ സംഗതിവരൂ. കാളിന്ദീതീരത്തുതന്നെ രണ്ടാമതൊരു വിശ്രാന്തിതീർത്ഥം ശ്രീപതിയാൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്: അവിടെവെച്ചതു കംസനെ കൊന്നു വീഴിച്ചുതു; ഇവ രണ്ടും ഒരുപോലെ വൈകുണ്ഠത്തെ നൽകുന്നവയാകുന്നു. എന്തോ ഭാഗ്യവിശേഷമാണ്, സർവ്വഭീഷ്ടങ്ങളുടെയും ഈ കൈവിരിയുള്ളു. ഈ തീർത്ഥത്തിന്റെ മാഹാത്മ്യം ഭവാനോട് ഞാൻ പറയാം; ഇതു കേട്ടാൽ, സർവ്വതീർത്ഥങ്ങളുമാടിയാലത്തെ ഫലം കിട്ടും:

ഹിമവൽപർവ്വതത്തിന്റെ താഴ്വാരത്തു, രമ്യമായ കിരാതനഗരത്തിൽ കുശലൻ എന്നൊരു ദരിദ്രബ്രാഹ്മണനുണ്ടായിരുന്നു. അയാളുടെ ഭാര്യ വല്ലാത്ത ദുർവൃത്തയായിരുന്നു: ആ മിക്കവാറും വ്യഭിചാരിണി ഭാര്യാവിനെ മനക്കരുത്തുകൊണ്ടു മയക്കി, കൈക്കലാക്കിൽ നടത്തിപ്പോന്നു; മയക്കപ്പെട്ട മണവാളൻ തടുക്കാൻ തുടങ്ങിയില്ല. നേരെ മറിച്ചു്, ദരിദ്രനായ അയാൾ, ഒരടിമയെപ്പോലെ അവളുടെ

Digitized By Kerala Sahitya Akademi

ചൊൽക്കീഴിലായിപ്പോയി! ആ വേശ്യാഭർത്താവായ ദ്വിജനെ അളകം പരിഹസിച്ചുതുടങ്ങി; പരിഹാസം പേടിച്ച്, ആ ബുദ്ധികെട്ടവൻ ഗൃഹത്തിൽ നിന്നു പുറത്തിറങ്ങാതായി. ആ ദുഷ്ട, ജാരന്മാർ കൊടുത്ത മേത്തരം വസ്ത്രാഭരണങ്ങളം ധരിച്ചുപോന്നു; തുളകം കളിയാക്കിയാലും അവർക്കു നാണമില്ല. ഭർത്താവിന്നോ, താൻ ഉപയോഗിച്ചു പഴകിയ കീറ വസ്ത്രം വലിച്ചെറിഞ്ഞുകൊടുക്കും! ഇങ്ങനെ ആ തേവിടിശ്ശി ധിക്കരിച്ചുപോന്നതിനാൽ ഭർത്താവു വളരെ സങ്കടത്തിലായ്പ്പെട്ടു രാത്രിയിൽ വിഷംതിന്നു ചത്തുകളഞ്ഞു

ആ സൈരചാരിണിയായ പാപിനി, പാപഭർത്തൃയല്ല, പാപ്പിവനെ പേടിച്ച്, 'ഞാൻ ഉടനടി ചാടുകയാണെ'ന്ന് 'അടവുപറഞ്ഞു.' അപ്പോൾ, അവൾ തന്നെ പറഞ്ഞുകൊടുത്തിരുന്നതിൻപണ്ണം അവളുടെ സഖിമാർ വന്നെത്തി, തടസ്സംചെയ്തു:—'മൃഗാക്ഷി, എന്തിനാണ് ഈ മാതിരി സാഹസംചെയ്യുന്നത്? പൊന്നുപോലുള്ള ശരീരം നശിപ്പിക്കുന്നതാണല്ലൊ ഭേതി! തോഴിക്കെന്തൊരു സുഖമാണ്, മടിയനും മടയനും തൻവയർപോറിയുമായ ഈ പാപ്പരെക്കൊണ്ടുണ്ടായിട്ടുള്ളത്? ഈ കൊച്ചുമകനെ രക്ഷിക്കു; ഭേതിയല്ലാതെ ആരുണ്ട് ഇവനെ പോറ്റി രക്ഷിപ്പാൻ? സുന്ദരി, ഭേതി മരിക്കയാണെങ്കിൽ, ഞങ്ങളുമെല്ലാവരും മരിക്കും! എഴുനേൽക്കു; ഈ തറവാടു നോക്കി രക്ഷിക്കു. ഭേതിക്കു മേലിൽ സുഖം വരുത്തുന്ന ഈ പുത്രനു നന്മവരട്ടെ! ഭേതിയുടെ ബന്ധുക്കളൊക്കെ, ഭേതി ജീവിച്ചിരിക്കണമെന്നാഗ്രഹിക്കുന്നവരാണ്; അവരുടെ ഇഷ്ടം നിറവേറുക. സാധ്വി, ഭേതിയുടെ സഖിമാരെല്ലാം സ്നേഹത്താൽ നിലവിളിക്കുന്നു; ആ ദുഃഖിതമാരെ സമാശ്വസിപ്പിക്കു' സഖിമാരുടെ ധർമ്മവചനം കേട്ടിട്ട് ആ ദുഷ്ട മുഖമുയർത്തി, ബന്ധുക്കളം കേൾക്കാൻവേണ്ടി പറഞ്ഞു: — 'നിങ്ങളം പറഞ്ഞതു ധർമ്മ്യവും പരമാർത്ഥവുംതന്നെ; എന്നാലും, ഇഹപരങ്ങളെ നൽകുന്ന ഭർത്താവിനെ സ്ത്രീകളം ആരാധിക്കേണ്ടയോ? ഞാൻ ധർമ്മശാസ്ത്രത്തിന്നനുരൂപമായി പറയുന്നതു നിങ്ങളം കേൾക്കണം; ശരിയാണെങ്കിൽ, അനുവർത്തിക്കുകയും വേണം: യാവളൊരുത്തി മൃതിയടഞ്ഞ ഭർത്താവിനെ ഭക്ഷിപ്പൂവ്വം അനാഗമിക്കുമോ, അവരം പാപിനിയായാൽത്തന്നെയും അദ്ദേഹത്തോടൊന്നിച്ചു വളരെക്കാലം സ്വർഗ്ഗത്തിൽ വസിക്കും. നിർധനനായാലും രോഗിയായാലും ഭർത്താവു ജീവിച്ചിരിക്കുമ്പോൾ സ്ത്രീകളം ത്യജിച്ചുകൂടാ; മരിച്ചാൽ കൂടെ മരിക്കുകയും വേണം. ഇങ്ങനെയാണ് സനാതനമായ വേദോക്തി. അതിനാൽ, സഖിമാരേ, ഞാൻ എന്റെ ഭർത്താവിന്റെ കൂടെപ്പോകു

Digitized By Kerala Sahitya Akademi

ന്നു. കുട്ടി, ഭാര്യയുണ്ടെങ്കിൽ ജീവിക്കും; ഞാൻ ഇവനെന്തുചെയ്യാനാണ്?' അപ്പോൾ സർവ്വമോഹിനിയോടു ദുരുപദേശക്കാരികളായ ദുഷ്ടസ്ത്രീകൾ വീണ്ടും ധർമ്മോപന്യാസിച്ചു: —'സുഭഗേ, മുമ്പേ ഞങ്ങളെ മതിപ്പെടുത്തുക; എന്നിട്ടു പ്രിയതമനെപ്പിടിച്ചുടൻകൊള്ളുക: ഞങ്ങളിലാർക്കും സഹിക്കാവുന്നതല്ല, ഭവതിയുടെ വേർപാട്. ഭവതി ഞങ്ങളെ കൊലപ്പെടുത്തി സപത്നിയെ അനുഗമിച്ചാൽ, പുണ്യം അല്പവും പാപം അനല്പവുമായിരിക്കും; പിന്നെയെങ്ങനെയാണ് സപ്തീപ്രാപ്തി? ജീവിച്ചിരിക്കുമ്പോൾ ഈ സപത്നിയെ തോഴി വേണ്ടതിൻവണ്ണം രക്ഷിച്ചിരിക്കുന്നു—ഇതൊഴികെൽ ഭാര്യ ചെയ്യേണ്ടതു ഭവതിയനുഷ്ഠിച്ചിരിക്കുന്നു. സപത്നീയത്നംകൊണ്ടു ജീവിപ്പാൻ തുണി വന്നിട്ടില്ലല്ലോ, ഈ പുത്രൻ; അതുവരേയ്ക്കും ഇവനെ ഭവതി പോറ്റിവളർത്തണം.' ഇതുകേട്ട് അവൾ ഉടൻതടിച്ചുറ്റും വേണ്ടെന്നുവെച്ച്, പുത്രനെക്കൊണ്ടു ഭർത്താവിന്നു ശേഷക്രിയ ചെയ്യിച്ചു.

കുറെക്കാലം കഴിഞ്ഞപ്പോൾ അവൾ ജാരഭർത്താവായ ധനം കൊടുത്തു ബ്രാഹ്മണരെക്കൊണ്ടു് ഉണ്ണിയുടെ ഉപനയനം കഴിപ്പിച്ചു. ഉപനയനം കഴിഞ്ഞതോടുകൂടി തത്വജ്ഞാനമുദിച്ചതിനാൽ, ആ *കബന്ധനായ ബാലൻ വിഷ്ണുപരനായി ഗൃഹത്തിൽ നിന്നു പോയി, സത്സംഗം നേടി, മൌതികദേഹം വെടിഞ്ഞു്, യോഗികൾക്കും കിട്ടാത്ത സനാതനലോകമടഞ്ഞു. പുത്രൻ 'പുറപ്പെട്ടുപോയ'തിൽ അമ്മ വ്യസനംകൊള്ളുകയുണ്ടായി; എന്നാൽ അനന്തരം അവൾ വീണ്ടും ജാരന്മാരോടൊന്നിച്ചു വിഹരിപ്പാൻ തുടങ്ങി. കാലക്രമേണ, സൌന്ദര്യമുദിക്കുമ്പോഴുണ്ടാകുന്ന വാർദ്ധക്യം അവളെ ബാധിച്ചു. കിഴവിയായപ്പോൾ ജാരന്മാരാൽ ത്യജിക്കപ്പെട്ട ആ കുലശീലനാശിനി മറ്റു സ്ത്രീകളുടെ ദൂതിയായി നിന്നു. അക്കാലത്തു് അവൾ ഒരു ബ്രാഹ്മണന്റെ പയ്യിനേയും കുട്ടിയേയും അപഹരിച്ചു് ഏതാനും പണത്തിനു വിൽക്കുകയുണ്ടായി. രാജാവേ, ദൂതിവൃത്തിയിൽ കുറച്ചുകാലം കഴിഞ്ഞപ്പോൾ അവൾ ഒരു കുഷ്ഠരോഗിണിയായിത്തീർന്നു; കുഷ്ഠരോഗത്താൽ അവളുടെ കൈകാലുകളും മൂക്കും 'മുരടി'ച്ചുപോയി. ഒരേടത്തുനിന്നും ആഹാരം കിട്ടാതായപ്പോൾ അവൾ ഒരു ദാസിയാൽ അങ്ങാടിത്തെരുവിലെത്തിക്കപ്പെട്ടു; അവിടെ കിടന്നു്, അയ്യോ ആവൂ എന്നിങ്ങനെ, കരുണസ്വരത്തിൽ ആളുകളോടിരന്നിട്ടുണ്ടു്, ആ പാപിനി പിന്നെ വയർപോറ്റിയിരുന്നതു്. അതു കണ്ടിട്ടു്, സർവ്വശാസ്ത്ര

* ജീവൽപ്രേതയ്ക്കു ജാരനാൽ ജനിച്ചവൻ.

Digitized By Kerala Sahitya Akademi

ജനനം മഹാവാശിയുമായ അയൽപക്കക്കാരൻ ഒരു ബ്രാഹ്മണൻ അഭിപ്രായപ്പെട്ടു — 'മനുഷ്യർക്ക് ഇഹത്തിലും പരത്തിലും ദുഃഖപ്രദമാകുന്ന പാപം; അതിനാൽ ദുഃഖത്തെപ്പേടിക്കുന്നവർ പാപം ചെയ്യരുതു്. പാപം ചെയ്തുപോയവൻ പ്രായശ്ചിത്തം കഴിക്കുകയും, വീണ്ടും പാപമാചരിക്കാതിരിക്കുകയും ചെയ്താൽ പാപഫലം അനുഭവിക്കേണ്ടിവരില്ല; വീണ്ടും വീണ്ടും പാപമാചരിക്കുകയും പ്രായശ്ചിത്തം കഴിക്കാതിരിക്കുകയും ചെയ്യുവന്നോ, ഇഹത്തിലും പരത്തിലും ഗതി ഈ പാപിനിയുടേതുതന്നെ! ഇവൾ ഈ ലോകത്തിൽ പാപങ്ങളുടെ ഒരു വലിയ ക്രമ്പാരം നേടിവെച്ചിട്ടുണ്ടു്; അതിന്റെ ഫലം ഇഹത്തിൽത്തന്നെ അനുഭവിക്കുന്നു. ഇനി, പരത്തിലും അനുഭവിക്കും! ശാസ്ത്രങ്ങളിലൊക്കെ എല്ലാപ്പാപത്തിനും പ്രായശ്ചിത്തം കാണാം; സ്വകർമ്മം വെടിഞ്ഞ സ്ത്രീകൾക്കു മാത്രമില്ല!' ഈ വിധം കഥിച്ചു്, അവളെ കണ്ടതിനാൽ ഭീതനായ ആ ദ്വിജോത്തമൻ സൂര്യനെ നമസ്കരിച്ചു്, നാരായണനെ സ്മരിച്ചു സ്മരിച്ചു നടകൊണ്ടു.

ഇങ്ങനെ കഷ്ടത്തിൽപ്പെട്ടു്, താൻ ചെയ്ത കർമ്മത്തിന്റെ ഫലം അനുഭവിച്ചുകൊണ്ടു് അവൾ ഏതാനും ദിവസങ്ങളാൽ മരണമടഞ്ഞു. ആ പാപിനിയെ ആരും ദഹിപ്പിക്കുകയുണ്ടായില്ല; പായർ തലമുടിമേൽ പിടിച്ചിഴച്ചു നഗരത്തിനു പുറത്തുകൊണ്ടിട്ടതേ ഉള്ളൂ. മരണസമയത്തു യമകിങ്കരന്മാർ വന്നു് അവളെ യാതനാദേഹം പൂകിച്ചു കാലപുരിയിലേയ്ക്കു കൊണ്ടുപോയി. പുണ്യവാന്മാർക്കു സൌമ്യനും പാപികൾക്കു ക്രൂരനുമായ സാക്ഷാൽ യമദേവനുതന്നെയും അവളെ കണ്ടപ്പോൾ മുഖം പിന്തിരിഞ്ഞുപോയി; നേരേ നോക്കാതെതന്നെ അദ്ദേഹം ദേവന്മാരോടു്, 'ഇവളെ ഘോരമായ രൌരവനരകത്തിൽ തള്ളാ'മെന്നാജ്ഞാപിച്ചു. ദേവന്മാർ അവളെ രൌരവത്തിൽ കൊണ്ടിട്ടു. അവൾ അതിൽ സ്വകർമ്മം കാട്ടുകൊണ്ടു കമിഴ്ന്നുവീണു. ഒരു മനുഷ്യനെ അതിൽ കിടന്നിട്ടു് അവൾ ഒരു ചൂടുകാട്ടിൽ മരിച്ചുവരുടെ മാംസം തിന്നുന്ന ഉടുമ്പായിപ്പിറന്നു; അവിടെ അവൾ ഒരു നൂറാണ്ടു മൃതമാംസം തിന്നുകൊണ്ടു സ്വകർമ്മഫലമായ ദുഃഖമനുഭവിച്ചു.

ഒരുനാൾ, ഒരു മുനികുമാരൻ സഞ്ചാരത്തിൽ ആ ശ്മശാനസ്ഥലത്തു വന്നെത്തി: അയാൾ മുൻജന്മത്തിൽ അവളുടെ വയറ്റിൽ ജനിച്ചവനായിരുന്നു. അയാൾ മൃതമാംസഭോജിനിയായ ഉടുമ്പിനെ കണ്ടിട്ടു

Digitized By Kerala Sahitya Akademi

ക്ഷണനേരം ധ്യാനമാണ്ടപ്പോൾ, അയ്യൻ തന്റെ അമ്മയാണെന്നറിഞ്ഞു 'ഇവളെ ഞാൻ ദുസ്സഹമായ ദുഃഖസാഗരത്തിൽ നിന്നു കരയേറ്റേണ്ടിയിരിക്കുന്നു. അയ്യോ, ദോഷിക്ക്, താൻചെയ്ത പാപം അനുഭവിക്കാതെ വിട്ടിയില്ലുതാനും! ഇവൾക്കു നരകത്തിൽ മന്വന്തരം കഴിഞ്ഞു; ഈ ജന്മത്തിലും നൂറുവർഷം കഴിഞ്ഞിരിക്കുന്നു. ഇനിയും എത്രയുണ്ടോ, ഇവൾ അനുഭവിക്കേണ്ടുന്ന മഹാപാപം?' എന്നിങ്ങനെ ചിന്തിച്ച് ആ മഹിഷാസുരൻ വീണ്ടും കണ്ണടച്ചു ധ്യാനിച്ചു; അതിൽ ആ പാപിനിയുടെ ഘോരഗതി ദിവ്യചക്ഷുസ്സിനാൽ കണ്ടിട്ട്, വീണ്ടും തന്നോടായിത്തന്നെ പറഞ്ഞു:—'അയ്യോ, ഇവൾക്കു പുണ്യതീർത്ഥത്തിൽ മരണമോ പുണ്ഡരീകാക്ഷജനനമോ ക്രമത്തെ ഒരു നരകപ്രാപ്തികൊണ്ടും വിനതികാണുന്നില്ല; അല്ലെങ്കിൽ ഞാൻ ഗയയിൽ പിണ്ഡംചെയ്യാതെ, ഇവൾക്ക് അനേക ശതകല്പങ്ങൾകൊണ്ടും സൽഗതി വരില്ല. പുണ്യതീർത്ഥത്തിൽ മരണം, വിഷ്ണുസേവാതാല്പര്യം എന്നിവ രണ്ടും ഈ ജന്മത്തിൽ ഒരിക്കലും ഇവൾക്കു വന്നുചേരുകയില്ല; അതിനാൽ പാപസമുദ്രത്തിൽ മുങ്ങിയ ഇവൾക്കു കരയേറാൻ, ഞാൻ ചെയ്യുന്ന ശ്രാദ്ധംതന്നെയേ കുപ്പലാകുന്നിതു!'

ഇപ്രകാരം ആലോചിച്ച് ആ ധാർമ്മികൻ അച്ഛന്റെ ആശ്രമത്തിലെയ്ക്കു തിരിച്ചു, തന്റെ അമ്മയുടെ ദുർഗ്ഗതിയെല്ലാം അച്ഛനെ അറിയിച്ചു. അതു കേട്ടിട്ട് മുനിശ്രേഷ്ഠൻ വണങ്ങിനിന്ന മകനോടു ചൊല്ലി:—'ഉണ്ണി സ്വന്തം അമ്മയെ, നമുക്കന്യനായ നരപാലൻ യുദ്ധത്തിൽ ശത്രുവിങ്കൽ നിന്നു ജയലക്ഷ്മിയെ എന്നപോലെ, ദുർഗ്ഗതിയിൽ നിന്നു വേഗത്തിൽ കരയേറ്റുക. കഴിവുണ്ടായിരിക്കേ, സ്വന്തം മാതാപിതാക്കന്മാരെയാതൊരു പുത്രൻ ദുഃഖത്തിൽ നിന്നു കരയേറിച്ചില്ലയോ, അവൻ നരകത്തിൽ പതിച്ചുപോകും. സപുത്രകൾ നിന്നു പുണ്യതീർത്ഥത്തിൽ നീരും പിണ്ഡവും കിട്ടിയാൽ പിതൃക്കൾ നരകത്തിൽ നിന്നു നാകവും, നാകത്തിൽനിന്നു നാരായണപദവും പൂകും! അതിനാൽ വേഗം പുറപ്പെടുക; ഖാണ്ഡവവനത്തിൽ പോവുക: അവിടെ മഹർഷി സേവിതയായ ശ്രീകാളിന്ദിയുടെ തീർത്ഥം, സർവ്വതീർത്ഥമയമായ ഇരുപ്രദേശത്തിൽ, വിഷ്ണു താൻതന്നെ സ്ഥാപിച്ച പുണ്യമായ മധുവനമുണ്ട്; അതിങ്കൽ യഥാവിധി സ്നാനവും നിത്യകർമ്മവും കഴിച്ച്, അമ്മയ്ക്കായി പിണ്ഡം ചെയ്യുക. അവളുടെ സൽഗതിക്കുവേണ്ടി നീ ശ്രാദ്ധമൂട്ടിയാലുടൻതന്നെ, അവൾ ഉടമ്പിന്റെ രൂപം വിട്ട വിഷ്ണുലോകം പ്രാപിക്കും ഗയയിൽ പിണ്ഡം ചെയ്യുന്നതിന്റെ നൂറിരട്ടി പുണ്യമുണ്ട് മധുവനത്തിലെന്നു വിദ്വാന്മാർ അഭിപ്രായപ്പെട്ടിരിക്കു

Digitized By Kerala Sahitya Akademi

ന്ന. മകനേ, കന്നിമാസമാണല്ലൊ ഇതു്; പോയി പൂവിക്കായി ശ്രാദ്ധം കഴിക്കുക.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, കാളിന്ദിമാഹാത്മ്യപ്രകരണം, യുധിഷ്ഠിരസൗഭരിസംവാദാന്തർഗ്ഗതശിഷ്യോപദേശസംവാദം, മധുവനപ്രഭാവനിരൂപണം, കുശലപൗരപ്രഭ്യാനം, ഇരുന്നൂറിപത്തഞ്ചമധ്യായം.

— (൧)

ഇരുന്നൂറിപ്പത്താമദ്ധ്യായം

നാരദൻ:—ഉണ്ണി ബദ്ധപ്പെട്ടു ഗയയെക്കാൾ നൂറുമടങ്ങു പുണ്യമായ മധുവനത്തിലേയ്ക്കു പോന്നു. ആ മന്ത്രജ്ഞൻ വൈകുന്നേരം അതിന്റെ തീരത്തുള്ള ബ്രാഹ്മണരെ ക്ഷണിച്ചു; കാലത്തു വീണ്ടും ക്ഷണിച്ചുവരുത്തി സ്വാഗതം പറഞ്ഞു; പിന്നെ കാൽ കഴുകിച്ചു് അവർക്കു ഗന്ധാദികളും പാദ്യാർഘ്യവും ആദരവോടെ നൽകി; താൻ ഇടത്തേ കൈകൊണ്ടു തൊടുകയും ചെയ്തു; അതിനുശേഷം ആ ബ്രാഹ്മണരെ ശ്രാദ്ധസ്ഥലത്തു കൊണ്ടുപോയിരുത്തി; ദർഭ, വെള്ളം, തുളസി, പുഷ്പം, ഗന്ധം, അക്ഷതം മുതലായവ കൽപാത്രങ്ങളിൽ നിറച്ചുവെച്ചു; വിഷ്ണുവിനെ സ്മരിച്ചു്, 'ദേവതാഭ്യഃ' എന്നാദിയായ ശ്ലോകം മൂന്നരു ചൊല്ലി; വൃത്തിപ്പെടുത്തിയ തിലദർഭകരംകൈക്കൊണ്ടു് 'അഗ്നിഷ്വാത്ത'മന്ത്രത്താൽ കിഴക്കു മുതലായ ദിക്കുകളെ ബന്ധിച്ചു; 'രക്ഷോഘ്ന'മന്ത്രത്താൽ താഡനം ചെയ്തു; പിന്നെ പ്രതിജ്ഞ ചൊല്ലി ദർഭ പരത്തി പിതൃക്കളെ ആവാഹിച്ചു; ഹവിസ്സും നൽകി പാത്രം കമിഴ്ത്തി; ഗന്ധാദികളും നൽകി, വീണ്ടും ഇടംകൈകൊണ്ടു തൊടുകയും ചെയ്തു; പാത്രങ്ങളെ ഇടംവലം വെച്ചു ചിജിരാൽ അനുജ്ഞാതനായിട്ടു് അഗ്നികരണം ചെയ്തു; പാത്രങ്ങളിൽ നെയ്യു മുതലായ ഹവിസ്സു നിറച്ചു കൈപ്പടം മലർത്തിയും കമിഴ്ത്തിയും അവയെ ഒഴുക്കി; ചിജിരാൽ ചൊല്ലിക്കൊടുക്കപ്പെട്ട 'പൃഥ്വീതേ' എന്ന മന്ത്രം ഉച്ചരിച്ചു; 'ഇമ സംസ്കൃതച്ചന്നീതന്നാം' എന്ന മന്ത്രം ചൊല്ലി, തലപ്പു തെക്കോട്ടായ ദർഭയിൽ അന്നം വിതറി; 'അഗ്നിശേഷ' എന്ന മന്ത്രത്താൽ നെയ്പാത്രം ചോർ കുശാസനത്തിൽ വെച്ചു വെള്ളം കൊടുത്തു; വീണ്ടും ഇടത്തുകയ്യുകൊണ്ടുതൊടുകയും ചെയ്തു് 'കടിക്കുനീർ' വീഴ്ത്തിക്കൊടുത്തു്, *തൃപ്തരായോ? എന്നു ബ്രാഹ്മണരോടു ചോദിച്ചു; അവർ ¶തൃപ്തരായി എന്നു പറഞ്ഞതിനുശേഷം, അവരിഷ്ടം ഭക്ഷിപ്പാൻ അവരുടെ അനുമതി വാങ്ങി; പിണ്ഡം കൊണ്ടുവെപ്പാൻ, ഒരു കോലുപുത്തിൽ വേദിയും ദർഭകൊണ്ടു തെക്കോട്ടായ രേഖയും ഉ

* തൃപ്തിയായില്ലയോ? ¶ തൃപ്തിയായി.

Digitized By Kerala Sahitya Akademi

ണ്ടായിരുന്നു; 'ഓം ശ്രുപാണി' എന്ന മന്ത്രത്താൽ അഗ്നികോണിൽ തീക്കനലുമിട്ടിരുന്നു; മുൻജന്മത്തിലെ അച്ഛനമ്മമാർ, അവരുടെ മാതാപിതാക്കന്മാർ, അവരുടെ മാതാപിതാക്കന്മാർ എന്നീ ആറുപേക്കു യഥാവിധി ദർഭ പരത്തി ആറു പിണ്ഡം വെച്ചു ഗന്ധാദികം കൊണ്ടു പൂജിച്ചു, പിണ്ഡവിസർജ്ജനം ചെയ്തു, ക്ഷാണിച്ചു, പിണ്ഡങ്ങളം പാത്രത്തിലാക്കി ഇടത്തെ മുമലിൽ വെച്ചു; ഒടുവിൽ ജലപാത്രമെടുത്തു 'വാജേ വാജേ' എന്നു ചൊല്ലിക്കൊണ്ടു വീണ്ടും കാൽ കഴുകിച്ചു ബ്രാഹ്മണരെ ദക്ഷിണാദികളാൽ പ്രീതിപ്പെടുത്തി, പടിവരെ അനുയാത്രചെയ്തു, അവരുടെ അനുവാദം വാങ്ങി, താനും ബന്ധുക്കളൊന്നിച്ചു ഊണുകഴിച്ചു.

മഹാരാജാവേ, ഇങ്ങനെ ആ ബ്രാഹ്മണോത്തമൻ മംഗളകരമായ മധുവനതീർത്ഥത്തിൽ പൂർവികർക്കു ശ്രാദ്ധം കഴിച്ചു, ശാന്തചിത്തനായി അച്ഛന്റെ ആശ്രമത്തിലേയ്ക്കു തിരിച്ചു. വഴിക്കുവെച്ചു, ആ ശ്രാദ്ധതൃപ്തിരെല്ലാവരും ദിവ്യവസ്ത്രാഭരണങ്ങളണിഞ്ഞു, ആറു വിമാനങ്ങളിൽക്കേറി വന്നണഞ്ഞു, ആ ദ്വിജശ്രേഷ്ഠനെ അനുഗ്രഹിച്ചു:—'ഉണ്ണി, ബ്രാഹ്മണപുംഗവ, ശ്രേഷ്ഠവരം വാങ്ങിക്കൊള്ളുക. ഈ തീർത്ഥത്തിൽ ശ്രാദ്ധം കഴിച്ചു നീ ഞങ്ങളെ കരയേറിയിരിക്കുന്നു—നിന്റെ പ്രസാദത്താൽ ഞങ്ങളം ലക്ഷ്മീവല്ലഭന്റെ കിങ്കരരായിരിക്കുന്നു! മഹാപ്രാജ്ഞ, വേണ്ടുന്ന വരം ചോദിച്ചുകൊള്ളുക.'

മുനിപുത്രൻ:—'നിങ്ങളാരാണ്? എവിടെ നിന്നു വരുന്നു? വിഷ്ണുപാർഷദരായതെങ്ങിനെ? ഉപകാരമൊന്നും ചെയ്തിട്ടില്ലാത്ത എനിക്കു വരംതരുന്നതെന്തുകൊണ്ടാണ്?'

ഇതുകേട്ട്, മുനിപുത്രന്റെ മുൻജന്മത്തിലെ അച്ഛൻ— ദുഃഖത്താൽ വിഷം തിന്ന ചത്തവൻ—മറുപടി പറഞ്ഞു:—'വത്സ, ഞാൻ നിന്റെ പ്രാഗ്ജന്മപിതാവായ ഒരു ബ്രാഹ്മണനാണ്. വ്യഭിചാരിണിയായിരുന്ന ഭാര്യ—നിന്റെ അമ്മ—വല്ലാതെ ഉപദ്രവിച്ചതിനാൽ സംകടം സഹിക്കാതെ ഞാൻ രാത്രിയിൽ വിഷം തിന്ന ചത്തുകളഞ്ഞു. അതിനാൽ ഞാൻ ഒരു നിശാചരനായി ജനിച്ചു. ഒരു മനഃസന്തോഷവും ഒരുന്നറിപ്പുതിനെക്കൊല്ലുമായി, ഞാൻ രാക്ഷസനായിട്ട്; ഇന്ന്, പതിനാറാം വത്സരത്തിൽ നീ പുണ്യമായ മധുവനതീർത്ഥത്തിൽ ശ്രാദ്ധമൂട്ടിയതിനാൽ എനിക്കു ദേഹത്യാഗം കൈവന്നിരിക്കുന്നു! എനിക്കു കയറാനായി ഇന്ദ്രനാൽ സ്വർഗ്ഗത്തിൽ നിന്നയയ്ക്കപ്പെട്ട വന്നതാണ്, ഗണങ്ങളും അപ്സരസ്ത്രീകളും ചേർന്ന ഈ വിമാനം. ഗണങ്ങളോടും അപ്സരസ്സുകളോടുമൊന്നിച്ചു വിമാനമേറി സ്വർഗ്ഗത്തിലേയ്ക്കു പോകു

Digitized By Kerala Sahitya Akademi

ന്ന ഞാൻ നിനക്കു വരം തരാൻവേണ്ടി ഇവിടെ വന്നതാണ് വരം വാങ്ങിക്കൊൾക. നിനക്കു മംഗളം! ഞങ്ങൾക്കു വൈകിപ്പാൻ നിവൃത്തി യില്ല: ഐരാവതത്തിന്റെ പുറപ്പാടു കേറിയ ദേവേന്ദ്രൻ പുറപ്പെടാതെ കാത്തു നിൽക്കുന്നു!' ഇങ്ങനെ സവ്യസാചി പറഞ്ഞുകൊണ്ടിരിക്കുമ്പോൾ കൃശലൻ സപര്യാ ന്തം, അയാൾ വരിച്ച വിഷ്ണുഭക്തി നൽകി, സപര്യന്തിലേയ്ക്കു ഗമിച്ചു.

പിന്നീട് അയാളുടെ പ്രാഗ്ജന്മമാതാവു പറഞ്ഞു:—'ദ്വിജോത്തമ, നിന്റെ പ്രസാദത്താൽ എനിക്കു പാപം നീങ്ങി ദേവത്വം ലഭിച്ചിരിക്കുന്നു—നീ ഇവിടെ വിശ്രാന്തിതീർത്ഥത്തിൽ സ്നാനംചെയ്തതിനാൽ, ഞാൻ പാപിനിയായിരുന്നു എങ്കിലും, ഇന്ദ്രാണിയുടെ സഖിയായിത്തീർന്നിരിക്കുന്നു! മഹാഭാഗ, വേണ്ടതു ചോദിച്ചുകൊൾക; ഞാൻ തരാം: ഞങ്ങൾക്കു, ദേവസ്ത്രീകൾക്കു പറഞ്ഞാൽ മറിച്ചാവില്ലല്ലോ. ഞാൻ വളരെക്കാലം നരകത്തിൽ കിടന്നിട്ടു മുട്ടുകാട്ടിൽ ഉടമ്പായിഭജനിച്ചതു് ഇന്ന പാപത്താലാണെന്നു നിനക്കറിയാമല്ലോ. മകനെ, വിടതരിക: ശചീദേവി ആകാശത്തു ദേവാംഗനമാരാൽ പരിവൃതയായി എന്നെ കാത്തുനിൽക്കുന്നു.' മകൻ ഒന്നും ആവശ്യപ്പെട്ടില്ല. അമ്മ അനുവാളാൽ വണങ്ങി വന്ദിക്കപ്പെട്ട യിണ്ണിലേയ്ക്കു ഗമിച്ചു.

പിന്നെ, ഹരിസാരുപ്യം പൂണ്ടിരുന്ന പിതാമഹൻ പൌത്രനായ ആ ദ്വിജോത്തമനോടരുളിച്ചെയ്തു:—'ഉണ്ണി, ഉണ്ണി, നീ വാഞ്ഛിതമെല്ലാം നേടി വളരെക്കാലം ജീവിച്ചിരുന്നാലും! നിന്റെ പ്രസാദത്താൽ ഞങ്ങൾ ദുസ്തരമായ സംസാരസമുദ്രത്തിൽ നിന്നു കരകേറി. ഉണ്ണിയുടെ മുത്തച്ഛനാണ് ഞാൻ; ഇവൾ മുത്തശ്ശിയാണ്: ഈ സധടി, ഞാൻ മരിച്ചപ്പോൾ കൂടെ മരിച്ച ഭർതൃസാലോക്യമടഞ്ഞിരുന്നു. ഇന്നു നീ ഈ വിശ്രാന്തിതീർത്ഥത്തിൽ സ്നാനംചെയ്തതിനാൽ, ഞങ്ങൾക്കു വിഷ്ണുവിന്റെ ലോകത്തിൽ തത്സാരൂപ്യം കൈവന്നിരിക്കുന്നു.' ഇതും പറഞ്ഞു് ആ ദ്വിജൻ ദമ്പതീസമേതനായി ബ്രഹ്മലോകം കടന്നു വൈകുണ്ഠത്തിലേയ്ക്കു നടകൊണ്ടു.

അനന്തരം പ്രചിതാമഹൻ കഥിച്ചു:—'ഉണ്ണീ, മഹാഭാഗ, ശ്രദ്ധിച്ചു കേട്ടാലും: നിന്റെ മുത്തച്ഛന്റെ അച്ഛനാണു ഞാൻ. ഞാൻ ദുർമ്മതിയായി പണ്ടിവിടെ പിറന്നു; പിന്നെ ഒരു ശ്വാവായി പാപത്താൽ കഷ്ടപ്പെട്ടു; അതിനുപിന്നെ, വിന്ധ്യമഹാപർവ്വതത്തിൽ ഒരു വൃക്ഷമായി വളരെക്കാലം നിന്നു; ആ നിലയിൽ എന്നെ ഒരാനയും ബലേ പറിച്ചുകളഞ്ഞു. നീ ഈ പുണ്യതീർത്ഥത്തിൽ സ്നാനംചെയ്തതും ഒരേസമയത്താണ്. അതിനാൽ എനിക്കു വൃക്ഷത്വം നീ

Digitized By Kerala Sahitya Akademi

ക്കി, യക്ഷാധിപന്റെ രാജധാനിയിൽ വാസം ലഭിച്ചിരിക്കുന്നു! ദ്വിജശ്രേഷ്ഠ, വിടവരിക; ഞാൻ നിന്റെ പ്രയോജനത്തിനായി അങ്ങോട്ടു പോകുന്നു. നിന്നെ അനുഗ്രഹിക്കുന്നതിനാണ് ഞാൻ ഇവിടെ വന്നത്; പുണ്യദർശനനായ നിന്നെയും സർവതീർത്ഥപ്രവരമായ തീർത്ഥത്തെയും മധുരമായ ദർശിച്ചുവല്ലൊ.' ഇതു കേട്ടപ്പോൾ, ആ ധർമ്മജ്ഞനായ മുനിപുത്രൻ പ്രപിതാമഹനെ താണുവണങ്ങിപ്പോയി:—'ഗുരോ, ബ്രാഹ്മണന്റെ ഉൽകൃഷ്ടകുലത്തിലായിരുന്നുവല്ലൊ ഇവിടുത്തെ ജനനം; എങ്ങിനെയാണ്, നികൃഷ്ടയോനികളിൽ പതിക്കത്തക്ക ഭ്രൂണഹത്യാപാപം പറ്റിപ്പോയത്? മഹാഭാഗ, ഓർമ്മയുണ്ടെങ്കിൽ പറഞ്ഞാൽക്കൊള്ളാം.'

പ്രപിതാമഹൻ:—'ദ്വിജപുംഗവ, മുമ്പു ഞാൻ ബ്രാഹ്മണകുലത്തിൽ ജനിച്ചുവനായിരുന്നുവെങ്കിലും, 'മദ്യവാദം' കൊണ്ടായിരുന്നു എന്റെ കഴിച്ചിൽ: ദൈവയോഗത്താൽ ബുദ്ധികെട്ട ഞാൻ പണത്തിനുവേണ്ടി, പെണ്ണുങ്ങൾക്കു ഗർഭത്തിന്നും, അതലസാന്നും മരുന്നു കൊടുത്തുപോന്നു. ലോഭം നിർമ്മാനരുടെ ജ്ഞാനത്തെ, വേനൽകാലത്തു സൂര്യൻ തോട്ടകളിലെ വെള്ളത്തെ എന്നപോലെ വറിച്ചുകളയും; ജ്ഞാനം നശിച്ചാൽ മനുഷ്യൻ പാപം ചെയ്യുകയായി; പാപത്താൽ നരകത്തിലും, പിന്നെ കെട്ടയോനിയിലും പതിക്കുന്നു! ഒരിക്കൽ ഒരു ഗർഭിണി എന്നോട്, 'ബ്രാഹ്മണ, ഞാൻ പെറുന്നതു കുട്ടി ആണോ പെണ്ണോ ആവുക?' എന്നു ചോദിച്ചു; അവളോടു ഞാൻ, 'നിന്റെ കുട്ടി പെണ്ണായിരിക്കും; എന്നാൽ ആൺകുട്ടിയാകുന്നതിനും, ഞാൻ ഒരു മികച്ച മരുന്നു തരാം' എന്നു പറഞ്ഞു. ഇതു കേട്ടതോടുകൂടി, ആ ദുഷ്ടസ്ത്രീരത്നം എന്റെ കാൽപിടിച്ചു; ഒരു പവനസപ്പണം കയ്യിൽ തന്നു് എന്നോടപേക്ഷിച്ചു:—'ആര പെൺകുട്ടികളെ ഞാൻ പെറിരിക്കുന്നു; എഴാമത്തേതും പെണ്ണാണെന്നല്ലേ ഭോൻ പറഞ്ഞതു്; എന്നാൽ ഞാൻ ജീവിച്ചിരിക്കില്ല; അതിനാൽ, ഹേ മഹാപ്രാജ്ഞ, എനിക്കു പ്രാണനാശം വരുത്തുന്ന പെണ്ണിനെ ഞാൻ പെറാതാക്കിത്തരിക.' അപ്പോൾ അവളെ ഞാൻ, 'പ്രസവകാലത്തു തരാം, ആൺകുട്ടിയാകാനുള്ള മരുന്ന്' എന്നാശ്വസിപ്പിച്ചു. അങ്ങിനെയാകട്ടെ എന്നും പറഞ്ഞു, അവൾ എന്റെ വാക്കു വിശ്വസിച്ചു ഗൃഹത്തിലേയ്ക്കു പോയി, പ്രസവകാലം കാത്തിരുന്നു. മകനേ, ഞാൻ വിചാരത്തിൽപ്പെട്ടു:—'ഉണ്ണിയുണ്ടാകുമെന്നു വിശ്വസിച്ചാണല്ലൊ, ഇവൾ ഒരുപവൻ സ്വർണ്ണം എനിക്കു തന്നതു്; വന്നശ്രുതക എന്തോ? എനിക്കറിഞ്ഞുകൂടാ. ഈ കാര്യത്തിനു വെയ്യുണ്ടു്? എങ്ങിനെയായാലുമെന്നു്, ഈ ഒരുപവൻ സ്വർണ്ണം ദേഹിക്കുവേണ്ടി എന്റെ ഗൃ

Digitized By Kerala Sahitya Akademi

ഥത്തിലിരിക്കുക?' ഇങ്ങനെയാലോചിച്ചു ഞാൻ ആ സ്ത്രീക്കു ഗർഭമലസിപ്പോകാനുള്ള ഒരു കടുത്ത മരുന്ന് അവളുടെ ഭാഗിനെക്കൊണ്ടു കൊടുപ്പിച്ചു. ആ മരുന്നുകൊണ്ട് അവളുടെ ഗർഭമലസിപ്പോയി; മൂന്നാംമാസത്തിലായതുകൊണ്ട്, ആണോ പെണ്ണോ എന്നറിഞ്ഞുകൂടായിരുന്നു. അവൾ, ഗർഭമലസിപ്പായതിനാൽ വിഷാദിച്ച്, പുതുജന്മനത്തിൽ ആശ കെട്ട്, എന്റെ ഗൃഹത്തിൽ വന്ന് ആ സപത്നിതിരിയെ ചോദിച്ചു. ഞാനാകട്ടെ, ഇഷ്ടികപ്പൊടിയും ഭസ്മവും മഞ്ഞൾപ്പൊടിയും ക്രൂരചെമ്മത്തിൽ ചാലിച്ചുതെറ്റുകാണിച്ച്, 'അമ്മേ, പുതുപ്പാട്ടനത്തിനു ഞാനുണ്ടാക്കിയ ചൂർണ്ണമാണിതു്; നീ തന്നതിലിരട്ടി ചെലവായി, ഇതു തെയ്യാറാക്കാൻ' എന്നു മറുപടി പറഞ്ഞു. അവൾ ചൂർണ്ണമെടുക്കാതെ, 'വേണ്ടപ്പോൾ വാങ്ങിക്കൊള്ളാം' എന്നും പറഞ്ഞു ഗൃഹത്തിലേയ്ക്കു തിരിച്ചു. ഉണ്ണി, ഇങ്ങനെയാണ്, കൊടുതായ ഭ്രൂണഹത്യ ഞാൻ ചെയ്തുണ്ടായതു്; ഇതുമൂലം ഞാൻ അതിനികൃഷ്ടമായ മൂന്നു യോനിയിൽ ചുറ്റിത്തിരിഞ്ഞു! ഇപ്പോൾ നിന്റെ പ്രസാദത്താൽ എനിക്കു വൃക്ഷതത്തിൽ നിന്നു വിടുതി കിട്ടി. മുനിശ്രേഷ്ഠ, വിടതരിക; ഞാൻ പുണ്യമായ അളകയിലേയ്ക്കു പോകട്ടെ.'

പ്രപിതാമഹൻ ഇതുപറഞ്ഞു, മുനിപുത്രനാൽ വന്ദിക്കപ്പെട്ട്, കിങ്ങിണിത്തൊങ്ങലണിഞ്ഞതും ഗന്ധർവ്വർ നന്ദിച്ചു സ്തുതിചെയ്യുന്നതും മണിഗണവിചിത്രവുമായ വിമാനത്തിലൂടെ വടക്കേദിക്കിലേയ്ക്കു നടകൊണ്ടു. പിന്നീടു്, ശ്രേഷ്ഠവിമാനസ്ഥിതനായ പ്രപിതാമഹി ആ പ്രപൌത്രനോടരിയാടി:—'സുവ്രത, ഇതുമുതൽ പുണ്യം ചെയ്ത നീ, ലക്ഷ്മീമണാളന്റെ തൃപ്പദപത്മത്താൽ അടയാളപ്പെട്ട പുരിയിലല്ലാതെ മറെറവിടെപ്പോകാ! എന്റെ ഈ ഭർത്താവു്, നിന്റെ മുത്തുമുത്തച്ഛൻ, എന്നാൽ തട്ടിക്കപ്പെട്ടിട്ടും ദുഷ്കൃതമുൽ പാപം ചെയ്തുപോന്നു; ആ മാപാപിയെപ്പോലും നീ ദുഃഖസമുദ്രത്തിൽ നിന്നു കരയേറിയല്ലോ. ആരാളാവും, നിന്റെ ഗുണം വണ്ണിപ്പാൻ?' ഇപ്രകാരം അഭിനന്ദിച്ചു് ആ സ്ത്രീയും ഭർത്താവിന്റെ ലോകത്തിലേയ്ക്കു പോയി, അദൃഷ്ടത്തോടൊന്നിച്ചു വളരെക്കാലം അളകയിൽ സുഖമായി വസിച്ചു.

പിതൃപിതാമഹാദികളെല്ലാവരും സപത്നീകരായി വിമാനങ്ങളിൽക്കേറി ദ്യോവിലേയ്ക്കു ഗമിച്ചതിനുശേഷം, മുനിപുത്രൻ അച്ഛന്റെ ആശ്രമത്തിലേയ്ക്കു തിരിച്ചു്, വൃത്താന്തമെല്ലാം അച്ഛനെ കേൾപ്പിച്ചു. ഉടനെ അച്ഛൻ കുടുംബത്തോടുകൂടി മധുവനത്തിലേയ്ക്കു പോ

Digitized By Kerala Sahitya Akademi

ന്ന്, വിശ്രാന്തിതീർത്ഥത്തിന്നടുക്കൽ പർണ്ണശാല കെട്ടി പാർപ്പുറപ്പിച്ചു. ആ മുനീന്ദ്രൻ മൂന്നുനേരം വിശ്രാന്തിതീർത്ഥത്തിൽ സ്നാനംചെയ്യുമ്പോഴും; അദ്ദേഹത്തിന്നു വൈകുണ്ഠത്തിലും വാങ്മയിയില്ലാതായി! ഒരുനാൾ വെള്ളത്തിലിറങ്ങി സ്നാനംചെയ്യുമ്പോൾ അദ്ദേഹം, 'എപ്പോഴാണ് എനിക്കു വിഷ്ണുദർശനം സിദ്ധിക്കുക' എന്നാശിച്ചു. അപ്പോഴെയ്ക്കും അതാ, താർക്ഷ്യവാഹനനായ തന്തിരുവടി മുനിശ്രേഷ്ഠന്നു പ്രത്യക്ഷീഭവിച്ചു! * അവിടുന്നു ശാശ്വതാനന്ദത്തെ തുണീകരിക്കുന്ന മനശ്ശോഭയാൽ മിക്കമാളരുതിച്ചുകൊണ്ട് ആ ബ്രാഹ്മണവരിഷ്ഠനോടരുളിച്ചെയ്തു: —ദ്വിജോത്തമ, എന്റെ ഈ മധുവനത്തിലെ വിശ്രാന്തിതീർത്ഥം, സ്നാനം ചെയ്യുന്നവക്കു സർവാഭീഷ്ടങ്ങളേയും നൽകുന്നതാകുന്നു. ഇതിൽ സ്നാനം ചെയ്യുമ്പോൾ ഭവാൻ എന്റെ ദർശനം ആഗ്രഹിച്ചുവല്ലോ; ബ്രഹ്മാദിദേവന്മാക്കും ദുർല്ലഭമായ അതു ഞാൻ ഭവാനു തന്നു. ഭവാൻ ഈ മനുഷ്യരൂപം വിട്ട് ദിവ്യരൂപം ധരിക്കുക; എന്നോടൊന്നിച്ചു പക്ഷീന്ദ്രന്റെ പുറത്തു കേറി, എന്റെ ഗൃഹത്തിലേയ്ക്കു പോരിക' ഈ അരുളപ്പാടു കേട്ടിട്ടു മഹർഷി വണങ്ങി ജലത്തിൽത്തന്നെ നിന്നു ലക്ഷ്മീപതിയെ സ്തുതിച്ചു:—

(കിളിപ്പാട്ട് — കേക)

വന്ദിച്ചിടുന്നേൻ ദേവവന്ദിതം ഭവത്പിഞ്ച-
മിന്ദിരാകരതാരാൽ തലോടും നിൻപാദാംബുജം!
നിന്മായയാലേ മനംമറന്ന ജീവങ്ങൾക്ക
നിൻകനിവെന്യേ നാഥ, കേറമില്ലൊരിക്കലും!
സത്തീർത്ഥജനത്താൽ സജ്ജനസംസർഗ്ഗത്താൽ
ഭക്തിയാക്കുണ്ടാ,മവർ നേടുന്നു നിൻകാരുണ്യം!
സത്തുക്കൾ പലവടി വാഴ്ത്തിടുന്ന ഭവദീയ-
സൽഗുണസ്തോമം സർവപാതകവിനാശനം
ശ്രീപതേ, ചൊവിക്കൊണ്ടു കീർത്തിച്ചുപോരും മർത്ത്യ.
നാപത്തിക്കുകയില്ല മാതാവിൻവയർക്കുണ്ടിൽ!
ദൈവയോഗത്താൽപ്പെരുന്തിന്മയിൽപ്പതിച്ചുപോയ്-
ക്കേവലം രജിസ്സിനാലാവൃതമായ്ത്തീർന്നാലും
കൈവിടാ വൈമല്യത്തെത്തകർത്താവകജനചിത്തം,
കൈവല്യപ്രദാതാവേ, ശ്രേഷ്ഠമാം തനുപോലേ!
യാതൊരാളുടലാകെക്കോരിമയിർക്കൊണ്ടു തവ
പാദപങ്കജങ്ങിലും വീഴുമോ ടടിപോലേ,

* വിഷ്ണുസരുപവർണ്ണനം മുമ്പു പലേടത്തുമുള്ളതു തന്നെ.

Digitized By Kerala Sahitya Akademi

അവനുമവനുടെ വാഗ്വൃത്തമാപ്പും, യോഗി-
പ്രവരരെല്ലാം തേടും നിൻപ്രഭാവമണയുന്നു!
മാധവ, ശരീരികം നിന്മായയാൽ ഞാൻ നഷ്ട-
ബോധരായലയുന്ന സംസാരപഥങ്ങളിൽ;
അത്ഭുതകൃപ തുകും നിൻകടക്കണ്ണാലോരാ-
ലപ്പോഴേ കടക്കുന്ന സംസാരസമുദ്രത്തെ!'

ഈ വിധം സ്തുതിച്ച് ആ മുനിശ്രേഷ്ഠൻ ജയ ജയ എന്നുച്ചരിച്ചുകൊണ്ടു വിഷ്ണുവിന്റെ തൃക്കാൽക്കൽ ദണ്ഡനമസ്കാരംചെയ്തു. ജഗന്മയനായ ഗോവിന്ദൻ വേഗത്തിൽ അദ്ദേഹത്തെ തൃക്കൈകൾകൊണ്ടു പിടിച്ചെഴുന്നേല്പിച്ച്, കണ്ടുബത്തോടൊപ്പം ഗരുഡന്റെ പുറത്തു കേറി, വൈകുണ്ഠത്തിലേയ്ക്കു തിരിച്ചു. ശിബിമഹാരാജാവേ, ഇങ്ങനെ സർവ്വപാപഘ്നമായ മധുവനമാഹാത്മ്യം ഞാൻ നിന്നോടു പറഞ്ഞു; ഇനിയെന്താണ് അങ്ങയ്ക്കു കേൾക്കേണ്ടതു്? ഇതു ശ്രവിച്ചവന്നു സർവ്വപാപങ്ങളും വിട്ടൊഴിയും.'

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, കാളിന്ദീമാഹാത്മ്യപ്രകരണം, യുധിഷ്ഠിരനാരദസംവാദാനന്തരശിബിനാരദസംവാദം, മധുവനപ്രഭാവനിരൂപണം, മുനിപുത്രകൃതസ്തുതിശ്രവണം ഇരുന്നൂറിപ്പതിനൊന്നാമദ്ധ്യായം.

ഇരുന്നൂറിപ്പതിനൊന്നാമദ്ധ്യായം

സൌതരി:—യുധിഷ്ഠിര, നാരദന്റെ ഈ ദുർഭാഷണം കേട്ടിട്ട്, ഔശീനരനായ ശിബിരാജാവു താഴ്മയിൽ പറഞ്ഞു:—'മഹർഷേ, മധുവനത്തിന്റെ മാഹാത്മ്യം ഇവിടുന്നു പറഞ്ഞു ഞാൻ കേട്ടു; എന്നാൽ എനിക്കൊരു സംശയമുണ്ടു്: ഇരുജന്മങ്ങളിലെ ബന്ധുക്കളെയെല്ലാം കരയേറിയ ആ ധാർമ്മികൻ എങ്ങനെയാണു് കുലടയുടെ പുത്രനായിപ്പോയതു്? ഭഗവൻ, ഇതുകൂടി പറഞ്ഞുതരിക. ഭൂതഭവൽഭവിഷ്യത്തുകളൊക്കെ ശരിക്കറിയാമല്ലോ, ഇവിടെയുള്ളപ്പോൾ'.

നാരദൻ:—'ഒരിക്കൽ, പുണ്യകാലങ്ങളെല്ലാം ചേർന്ന ഒരു ജ്യേഷ്ഠമാസപൂർണ്ണിമയിൽ, മുനിമാരെല്ലാം ഹരിദ്വാരത്തിലൊത്തുകൂടി. അവിടെ, അവരവരുടെ പുണ്യകർമ്മം യഥാവിധി കഴിച്ചു സ്വസ്ഥചിത്തരായിട്ട് അവരെല്ലാവരും ഹിമവൽപർവ്വതത്തിൽ പാർപ്പുറപ്പിപ്പാൻ വേശിച്ചു. അപ്പോൾ താരയുടെ മകൻ, ബുധൻ ആ മുനിസംഘത്തിൽ വന്നെത്തി: മൂർത്തിമാനായ കാമദേവനോ എന്നു തോന്നുംവണ്ണം

Digitized By Kerala Sahitya Akademi

സൌന്ദര്യസമൃദ്ധിയുള്ള ബുധനെ കണ്ടിട്ട മഹർഷിമാരെല്ലാം എഴുനേറ്റു. ബുധൻ അവരെ താനും വന്ദിച്ചു; അവർ വീണ്ടും ആസനസ്ഥരായി ബുധനെ മുനിപുംഗവർ ആദരിച്ചതു കണ്ടിട്ട്, ആ മുനിപുത്രൻ, തന്റെ അച്ഛനോടു ചോദിച്ചു:—'അച്ഛ, ആരാണീവന്നതു്? സൌന്ദര്യംകൊണ്ടു മറ്റൊരു മന്മഥനായിരിക്കുന്ന ഇദ്ദേഹത്തിനെ വ്യാസാദി മാമുനിമാർ അത്യന്തം ആദരിച്ചുവല്ലോ!' ജിജ്ഞാസയേറിയ പുത്രനോടു് ആ ധർമ്മാത്മാവായ പുനിപുംഗവൻ കഥിച്ചു:—'ദേവാചാര്യനായ ബൃഹസ്പതിയുടെ പുത്രനും താരാഗർഭസംഭൂതനും ചന്ദ്രവംശകർത്താവും ബുദ്ധിമാന്മാരായ ബുധനാണിതു്'.

പുത്രൻ:—'എന്താണച്ഛൻ അസംബന്ധം പറഞ്ഞതു്? ബൃഹസ്പതിയുടെ പുത്രൻ ചന്ദ്രവംശകർത്താവാകുമോ? അത്രിമഹർഷിക്കു് അനസൂയയിൽ ജനിച്ചവനാണല്ലോ ചന്ദ്രൻ; അദ്ദേഹത്തിന്റെ വംശത്തിനെങ്ങിനെ ബൃഹസ്പതിസുതൻ കർത്താവാകും? അച്ഛ, ഇങ്ങനെ ഒരു വലിയ സംശയമുണ്ടെനിക്കു്; ബാലനായ എന്റെ സന്ദേഹം തീർത്തുതരിക.'

അച്ഛൻ:—'*.....'

അച്ഛൻ പറഞ്ഞതു കേട്ടിട്ട മകൻ ഉറക്കെച്ചിരിച്ചു്, 'കഴുതപുത്രനായ കണ്ഡുനാന്നിയ്യാരം' എന്നഭിപ്രായപ്പെട്ടു! 'ഈയ്യോ, ഉണ്ണി ഇങ്ങനെ പറയരുതേ: ഇതറിഞ്ഞാൽ, സർവ്വപ്രാണികളുടേയും ഉള്ളറിയുന്ന ഇദ്ദേഹം നിന്നെ ശപിച്ചുകളയും!' എന്നിങ്ങനെ മുനി വിലക്കിയപ്പോഴെയ്ക്കും, ചന്ദ്രപുത്രൻ മുനിപുത്രഭാഷിതമറിഞ്ഞു, മുനിമാരെല്ലാം കേൾക്കെ ഉരചെയ്തു:—'മുനിപുംഗവന്മാർ കേൾക്കുവിൻ, ഞാൻ പറയുന്നതു്; യുക്തമോ അയുക്തമോ എന്നു വേഗത്തിൽ നിരൂപിക്കുകയും ചെയ്യിൻ: തത്ത്വചിന്തകരായ ഭവാന്മാരെ കാണാനാണു് ഞാനിവിടെ വന്നതു്; അക്കും ഒരപരാധവും ഞാൻ ചെയ്തിട്ടില്ല. എന്തിനാണെന്നെ അസൂയകൊണ്ടു മൂഢന്മാർ അവമാനിക്കുന്നതു്. എന്റെ ജന്മസാഫല്യത്തിനു ഭവാന്മാരെ കാണാൻവേണ്ടി വന്നവനാണു് ഞാൻ. ദുഷ്ടരുടെ സ്വഭാവമാണിതു്: അവർ നിരപരാധരായ സാധുക്കളേയും, കാക്കകൾ കളക്രൂജിതരായ കുയിലുകളെയെന്നപോലെ ദ്രോഹിച്ചുകളയും! ദുഷ്ടർക്കു ശിഷ്ടസംസർഗ്ഗത്താലും ഉത്തമസ്വഭാവം നീങ്ങുകയില്ല: ഗംഗാജലത്തോടു ചേർന്നാലും സമുദ്രജലവർണമായം തന്നെ! അയ്യോ, വേടന്റെ ദുഷ്ടത: മുനിവൃത്തികളായി കാട്ടിൽ പുല്ലുതിന്നു മേയുന്ന മാ

* സ്കന്ദപുരാണം കാശീമാഹാത്മ്യത്തിൽ വർണ്ണിതമായ ചന്ദ്രന്റെ താരാഹരണവും ബുധോൽപത്തിയും ഭാഗ്യവതിയോടു പറഞ്ഞിരിക്കയാണിവിടെ; കഥ ശ്ലോകം വിട്ടു.

Digitized By Kerala Sahitya Akademi

നകളേയും അവൻ പാട്ടകൊണ്ടു മൂടിക്കൊലചെയ്യുന്നു! മത്സ്യങ്ങളും എണ്ണ കാറാം ചെയ്യുന്നതിനാലാണ്, ദുരാത്മാക്കളായ മുക്കുവർ തീർത്ഥജലത്തിൽ സഞ്ചരിക്കുന്ന അവയെ കൊല്ലുന്നത്? അവരുടെ സ്വഭാവമാണല്ലൂ! സജ്ജനങ്ങൾ ദുഷ്ടസംസർഗ്ഗത്താലും സ്വഭാവം വെടിയുകയില്ല: പാമ്പും വിഷവും തീയും ചുഴന്നാലും ചന്ദനം തണുത്തിരിക്കും! മുനീന്ദ്രന്മാരേ, സജ്ജനങ്ങൾ പരന്റെ അഭ്യുദയത്തിലും, മേഘങ്ങൾ ഉദയത്തിൽ മയിലുകളെന്നപോലെ ആഹ്ലാദവിവശരായി ഗുണം വെയ്ക്കുന്നു; സ്വന്തം ആളുടെ അഭ്യുദയത്തിൽ പിന്നെ പറയാനുണ്ടോ? പരക്കുവേണ്ടിയത്രേ സജ്ജനങ്ങൾ സ്വശരീരത്തെപ്പോലും ധരിക്കുന്നതു്: പിതൃദേവമനുഷ്യർക്കുള്ള താണല്ലോ, എന്റെ അച്ഛന്റെ കലകൾ! സച്ഛന്റെ സ്വന്തം ഉദയവും സാധുക്കൾക്ക്, ശീതരശ്മിയായ മൽപിതാവിന്റെ ഉദയം ആമ്പൽപ്പൂക്കൾക്കെന്നപോലെ ആനന്ദമുളവാക്കുന്നു!' ഈ വിധം കഥിച്ച്, കോപിതനായ ബുധൻ ആ മുനിബാലനെ, 'നീയും ചിരക്കുന്ന കുണ്ഡനായി പിറക്കുക' എന്നു ശപിച്ചു.

ഈ ബുധപ്രയുക്തമായ ശാപം കേട്ടിട്ട് ആ മുനി സപുത്രനെ അദ്ദേഹത്തിന്റെ കാൽക്കൽ വീഴിച്ചു്, 'ക്ഷമിക്കണേ' എന്നപേക്ഷിച്ചു:—'അങ്ങയുടെ മാഹാത്മ്യം ഈ കുട്ടിക്കറിഞ്ഞുകൂടാ; ഇങ്ങനെയുള്ള ബാലകൾ അങ്ങയെപ്പോലുള്ളവർ അരിശംകൊള്ളാമോ? വല്ല കാരണത്താലും ക്രോധം വന്നാൽത്തന്നെയും ശിഷ്ടന്റെ സ്വഭാവം ക്ഷമയാകുന്നു: തീകൊണ്ടു തിളച്ചാലും ജലം ശീതളം തന്നെ. അതിനാൽ ഭവാൻ വേഗത്തിൽ ക്ഷമപൂണ്ടു്, ഈ വിവേകമില്ലാത്ത ബാലനെ അനുഗ്രഹിച്ചാലും: ക്ഷമാസാരരാണല്ലൊ സജ്ജനങ്ങൾ.' അപ്പോൾ ശീതാംശുപുത്രൻ ക്രോധം വിട്ട ശാന്തനായി മുനിബാലനെ അനുഗ്രഹിച്ചു:—'മുനേ, അങ്ങയുടെ ഈ ബാലൻ കുണ്ഡനായി പിറന്നിട്ട്, ഉപനയനം കഴിഞ്ഞാൽ സ്വസ്ഥാനം തന്നെ പ്രാപിക്കും.'

നൃപോത്തമ, ഈ ബുധശാപത്താലത്രെ, പിതാക്കളെ കരയേറിയ ആ മുനിപുത്രൻ ഭൂമിയിൽ കുണ്ഡനായി ജനിച്ചതു്. ഈ വിശുദ്ധമായ മധുവനമാഹാത്മ്യം ശ്രവിച്ചാൽ രുദ്രാദ്രമേധത്തിന്റെ ഫലം മുഴുവൻ കിട്ടും. ഈ മാഹാത്മ്യത്തിന്റെ സാരാർത്ഥം അരുടെ ഹൃദയത്തിലുണ്ടോ, അവൻ വിഷയങ്ങളിൽ പെടികെടുകയില്ല. ഈ മാഹാത്മ്യം ചൊല്ലുകയോ കേൾക്കുകയോ ചെയ്യുന്ന ധീമാന്മാർ ദേഹാന്ത്യത്തിൽ തീർച്ചയായും വിഷ്ണുസാരൂപ്യമടയും ഇങ്ങനെ, എന്നെന്നും വിഭൂതിയും വിഷ്ണുപ്രീതികരവും കലികല്മഷങ്ങളെക്ക

Digitized By Kerala Sahitya Akademi

ളയുന്നതിൽ കശ്യപനിയനും ഇന്ദ്രിയങ്ങളുടെ ദുർമ്മാർഗ്ഗഗതിയെത്തടുക്കുന്നവനുമായ മധുവനസ്വാമിനും ഭവാനോടു ഞാൻ വർണ്ണിച്ചു.

ശ്രീധർമ്മമഹാപുരാണം, ഉത്തരഖണ്ഡം, കാളിന്ദീമാഹാത്മ്യപ്രകരണം,
യുധിഷ്ഠിരസൈന്ധവരിസംവാദാനന്തരം ശിഖിനാരദസംവാദം,
മധുവനപ്രഭാവനിരൂപണം, മുനിപുത്രകണ്ഡുപ്രഭാവകഥനം ഇതുകൂറിപ്പതിനൊന്നാമദ്ധ്യായം.

(൦)

ഇരുനൂറിപ്പതിനൊന്നാമദ്ധ്യായം

നാരദൻ:—മന്നവ, മധുവനത്തിൽ നിന്നു പതിനൊന്നു വില്വദൂരകലെ ഇതാ, ബദര്യാശ്രമം സ്ഥിതിചെയ്യുന്നു. ഈ ശ്രേഷ്ഠതീർത്ഥത്തിന്റെ അത്യുത്തമമായ മാഹാത്മ്യം ഭവാനോടു ഞാൻ വർണ്ണിക്കാം; ഇതു കേട്ടാൽ ഭയം നീങ്ങും:

മഗധത്തിൽ ദേവദാസൻ എന്നൊരു ബ്രാഹ്മണനുണ്ടായിരുന്നു. സത്യവാനും, ദാന്തനും, സക്ഷാൽ മറ്റൊരു ധർമ്മമോ എന്നു തോന്നുമാറിരിക്കുന്നവനും, മറ്റൊരു ബൃഹസ്പതിയെപ്പോലെ സർവ്വവിദ്യാവിശാരദനും, ഭക്തിയാൽ പ്രഹ്ലാദനെപ്പോലെ വിഷ്ണുപ്രീതികരനും; സപത്നീകനെങ്കിലും പാവ്വതീപതിയെപ്പോലെ കാമവിജയിയും, വിശ്വാമിത്രമുനിയെപ്പോലെ സദാ സദാചാരനിരതനും, മഗധരാജാവിന്റെ അരമനയിൽ കുരുകുലത്തിൽ ദ്രോണനെപ്പോലെ പൂജിതനും, മാബലിദാനവപ്പെരുമാളെന്നപോലെ സൽപാത്രങ്ങളിൽ ദാനശീലനുമായിരുന്ന ആദ്ദേഹം. അദ്ദേഹത്തിന്റെ ഭാര്യ, ഉത്തമ എന്നവൾ, ലക്ഷ്മിയെപ്പോലെ ഗുണോത്തമയും, ജാനകിയെപ്പോലെ പതിവ്രതാശിരോമണിയുമായിരുന്നു. അദ്ദേഹത്തിനു് അംഗദൻ എന്നൊരു ബുദ്ധിമതിയായ പുത്രനും, വത്സല എന്നൊരു സുലക്ഷണയായ പുത്രിയും ഉണ്ടായിരുന്നു; മൂത്തതു പുത്രനും, ഇളയതു പുത്രിയുമായിരുന്നു. മകന്റെ വിവാഹം ആ മഹിജേന്ദ്രനാൽ നടത്തപ്പെട്ടു. വിവാഹം കഴിഞ്ഞു് ഏതാനും കാലത്തിനുശേഷം മകൻ ശ്വശുരഗൃഹത്തിലേയ്ക്കു പോയി; മഹാബുദ്ധിമാനായി അച്ഛനെപ്പോലെ സർവ്വശാസ്ത്രജ്ഞനായ അംഗദൻ യൌവനലക്ഷ്മിയാൽ അലംകൃതനായപ്പോൾ ഗൃഹഭാരത്തിലുമേർപ്പെട്ടു.

ഒരിക്കൽ ദേവദാസൻ, പുത്രിമതി ഗൃഹം ഭരിപ്പാനെന്നു കണ്ടിട്ടു്, തന്റെ ഭാര്യയോടു ചോദിച്ചു.—സാധ്വി, ഇനി വേണ്ടതു ഞാൻ

Digitized By Kerala Sahitya Akademi

പറയാം; കേട്ടിട്ട് ഉടനേ തക്കതു ചെയ്യുക: ഈ വന്ന വാർത്തകൃം അവയവങ്ങളെ വിറയ്ക്കൊള്ളിച്ചുകൊണ്ട്, വൻകാറു പഴത്തെ എന്നപോലെ ശരീരത്തെ വീഴിച്ചുകളയും! ഭദ്രേ, ഇതു കണ്ണിന്റെ കാന്തിയേയും, പ്രഭാതകാലം ചന്ദ്രനക്ഷത്രങ്ങളേതിനെ എന്നപോലെ, തീച്ചയായും മങ്ങിക്കും; ഇരിമ്പുചങ്ങലപോലെ, കാലുകളെ അടിവെപ്പുതോറും ഇടറിച്ചു നടക്കാൻ വയ്യാതാക്കും! അതിനാൽ, സുവ്രതേ, ഈ വാർത്തകൃം മുറിക്കുടുന്നതിന്നു മുമ്പേ നാമിരുവരും ആത്മഹിതം വേഗത്തിൽ അനുഷ്ഠിക്കേണ്ടിയിരിക്കുന്നു. സുഭഗേ, ഗൃഹം, പുത്രൻ, സുഹൃത്തു്, ഭ്രാതാവു്, പിതാവു്, ധനം മുതലായതൊക്കെ നശ്വരമാകുന്നു; ഇതിലൊന്നിലും അഭിജ്ഞനായ സംഗമുണ്ടാകില്ല. അതുകയാൽ, ഞാൻ വാനപ്രസ്ഥാശ്രമിയായി, നിയതേന്ദ്രിയനായി, തീർത്ഥങ്ങളിലെല്ലാം സഞ്ചരിച്ചു്, ശ്രീനാരായണസ്വാമിയെ ഭർശിക്കാം; പിന്നെ സന്യാസം കൈക്കൊണ്ടു വല്ല പുണ്യതീർത്ഥത്തിലും വെച്ചു്, പ്രാരബ്ധകർമ്മാവസാനത്തിൽ ദേഹവും വെടിയാം. ഈ വിധം മരണമടഞ്ഞാൽ, ലക്ഷ്മീശപാദാബ്ജത്തിൽ വഴിപോലെ മനസ്സുറപ്പിച്ചിരിക്കുന്ന എനിക്കു തീച്ചയായും മുക്തിവരും.'

ഉത്തമ:—'പുരുഷനാകട്ടേ, സ്ത്രീയാകട്ടേ, ആർ ബോധംകെട്ട്, നിത്യാശ്രമമായ മുകുന്ദനെ വെടിഞ്ഞു് അനിത്യമായ സംസാരത്തിൽ പ്രീതിപ്പെടും? അതിനാൽ, പ്രാണനാഥ, ഇവിടത്തെ ചരണാരവിന്ദം സേവിക്കുന്ന എന്നേയും ഭവാൻ കൂടെക്കൊണ്ടുപോയി പ്രപഞ്ചദുഃഖത്തിൽ നിന്നു വേഗത്തിൽ കരയേറുക. ഉണ്ണിയായ ശ്രീമാൻ അംഗദനു് തറവാടു നോക്കാൻ ത്രാണിയായല്ലൊ; ഈ സുശീലയായ സ്നുഷ അവനെ സഹായിക്കുകയും ചെയ്തുകൊള്ളും. പുത്രനു ത്രാണിയായാൽ, പുരുഷനാകട്ടെ, സ്ത്രീയാകട്ടെ വൈരാഗ്യം പൂണ്ടുകൊള്ളണം; ഇല്ലെങ്കിൽ അതു മൂഢർ ഭാഗ്യവഞ്ചിതർ തന്നെ!'

ഇങ്ങനെ രഥസ്സിൽവെച്ചു തങ്ങളിൽപ്പറഞ്ഞുറച്ചിട്ടു് ആ ദമ്പതിമാർ പുത്രനായ അംഗദനെ വിളിച്ചുചൊല്ലി: —'അംഗദ, ഞങ്ങളിരുവരും വാർത്തകൃത്താൽ ദുർബലരായിരിക്കുന്നു; ഇനി, വല്ല പുണ്യസ്ഥലത്തും ശ്രേയസ്സിനായി ശ്രമിക്കാം. ഭക്തിയോടെ വിഷ്ണുവിനെ സേവിക്കുക എന്നതത്രേ പരമശ്രേയസ്സു്; അതിനുതകുന്നവണ്ണം നിഷ്കാമരായ സന്ന്യാസിമാരും ഘോഷിക്കുന്നതു്. വിഷയങ്ങളിൽ സക്തിയിട്ടു്, സവ്രതങ്ങളിലും സമബുദ്ധി പൂണ്ടു്, സുഖദുഃഖങ്ങളിൽ ഒരിക്കലും മോഹഭേദങ്ങളില്ലാതെ വർത്തിക്കുന്ന സത്തുകളന്തന്നെയാകുന്നു വിഷ്ണുസേവകന്മാർ; അവരെക്കണ്ടാൽത്തന്നെ മനുഷ്യൻ കൃതാർത്ഥനായി! അവരെ കണ്ടെത്താൻ ഉൽക്കണ്ഠപൂണ്ടു മനസ്സുറപ്പിച്ചു തീർത്ഥങ്ങ

Digitized By Kerala Sahitya Akademi

ളിൽ സഞ്ചരിച്ചാൽ, ഏതോ ഭാഗ്യോദയം മൂലം അവരെ കണ്ടുകിട്ടി എന്നു വരാം. അതിനാൽ, കട്ടബദ്ധരായ നിന്റെ നകംപോലെ നീണ്ടകൈകളിൽക്കോർത്തിവെച്ചു നീ ഞങ്ങളെ തീർത്ഥയാത്രയ്ക്കയയ്ക്കുക ഉണ്ണി, തീർത്ഥസഞ്ചാരത്തിന്നിടയിൽ വല്ലപ്പോഴുമെങ്കിലും നിന്നെ കാണുവാൻ കഴിഞ്ഞാൽ ഞങ്ങളിരുവരും കൃതാർത്ഥരാകുമല്ലോ.' മകൻ അച്ഛനമ്മമാരെ അഭിനന്ദിച്ചു:—'കലത്തെയെല്ലാം കരയറ്റാനുള്ളതാണ് ഇപ്പറഞ്ഞതു്! വേഗത്തിൽ എഴുന്നോടാജ്ഞാപിച്ചാലും: ഞാൻ അച്ഛനും അമ്മയ്ക്കും എന്തു ഹിതം ചെയ്യേണ്ടു? എന്നെന്നും പൂജ്യപാദരായ നിങ്ങളുടെ ആജ്ഞാകരനാണ് ഞാൻ. പുണ്യതീർത്ഥങ്ങളിൽ ദാനത്തിന്നു ധാരാളം ധനവുമെടുത്തു; നിങ്ങളെ ശുശ്രൂഷിപ്പാൻ ദാസനായ ഞാനും നമ്മുടെ * സംഗമത്തോളം ക്ലേശപ്പെടാം.' ഇങ്ങനെ അപേക്ഷിച്ച മകൻ ധനവുമെടുത്തു രണ്ടു നാഴികവഴി പിന്തുടർന്നു; അച്ഛനമ്മമാർ സംഗമത്തിൽവെച്ചു കുറച്ചു ധനം വാങ്ങി, അവനെ ഒരു വിധത്തിൽ ഗൃഹത്തിലേയ്ക്കു തിരിച്ചയച്ചു.

പിന്നെ അവരിരുവരും, 'വിഷ്ണു നമ്മളിൽ പ്രസാദിക്കട്ടെ' എന്നു പ്രാർത്ഥിച്ചു്, കന്ദമൂലഫലാഹാരരായി അവിടെ മൂന്നു നാലു പാർത്തു്, അവിടെനിന്നു യാത്ര തുടർന്നു. രാജാവേ, അപ്പോഴെയ്ക്കും വഴിയിൽവെച്ചു് ഒരു മഹാസിദ്ധൻ അവരോടൊത്തുകൂടി! അവരിരുവരും അദ്ദേഹത്തെ വണങ്ങി വന്ദിച്ചു. ആ സിദ്ധവര്യൻ അവിടെ ഉപവിഷ്ടനായി. അപ്പോൾ അവർ ചോദിച്ചു:—'ഇവിടുന്നാരാണു്? എവിടെ നിന്നു വരുന്നു? എന്താണുദ്ദേശം?'

സിദ്ധൻ:—'താപസോത്തമ, ഒരു സിദ്ധനാണു് ഞാൻ; കല്പഗ്രാമത്തിലാണു് എന്റെ ഗൃഹം. ഇന്ദ്രപ്രസ്ഥത്തിൽനിന്നു വരുന്നു; അവിടെ ഞാൻ ഒരദ്ഭുതം കണ്ടു: അവിടെ ഗുണങ്ങൾകൊണ്ടു വിഷ്ണുതുല്യനായ കപിലൻ എന്നൊരു സിദ്ധനുണ്ടു്; അദ്ദേഹത്തിന്റെ ആശ്രമത്തിൽ സാംഖ്യം പഠിപ്പാൻ താമസിക്കയായിരുന്നു ഞാൻ. ഒരു നാൾ എന്റെ ഗുരുവായ ശ്രീമാൻ കപിലൻ ആശ്രമത്തിൽ നിന്ന്, യമുനയിൽ സ്നാനം ചെയ്വാൻ പരമപുണ്യമായ ബദരീവനത്തിലേയ്ക്കു പോയി. അവിടെ, ദാഹിച്ചുവലഞ്ഞ ഒരു കാട്ടുപോത്തു യമുനയിലിറങ്ങി വെള്ളം കുടിച്ചു; അതു കുടി അതിന്നു മുൻജന്മസ്മരണയുണ്ടായി. ക്ഷണത്തിൽ ആ കാട്ടുപോത്തു വെള്ളത്തിൽ നിന്നു കേറി, കപിലാചാര്യനെ വന്ദിച്ചു്, മനുഷ്യഭാഷയിൽ സംസാരിപ്പാൻ തുടങ്ങി! എന്തത്ഭുതം! താപസ, ഞാൻ കേട്ടുനിൽക്കുന്നുണ്ടായിരുന്നു: 'അല്ലയോ,

* ഇതെന്തിനെ ചേരുന്നേടം.

Digitized By Kerala Sahitya Akademi

വിഷ്ണുപാശുപതനായ കപിലസിദ്ധേശ്വര, എന്താണ്, ഈ മഹാതീർത്ഥത്തിന്റെ നാമധേയം? ഇവിടെയുള്ള നമസ്കാരങ്ങൾ പറഞ്ഞാലും. മഹാഭാഗ, ഈ പുണ്യതീർത്ഥത്തിലെ ജലം സ്പർശിച്ചതിനാൽ എനിക്കു മുൻ ജന്മവും അന്നു ചെയ്ത പാപവും ഓർമ്മയിൽ വന്നിരിക്കുന്നു.' മഹിഷത്തിന്റെ ഈ വാക്കു കേട്ടിട്ട് ആ മഹാബുദ്ധിമാൻ, അതിന്റെ കഥ തനിക്കറിയാമെങ്കിലും പുഞ്ചിരിക്കൊണ്ടു ചോദിച്ചു:— 'മഹിഷശ്രേഷ്ഠ, ഭവാൻ മുൻ ജന്മത്തിൽ ആരായിരുന്നു? പോത്തായി പ്പിറക്കാൻ, എന്തൊരു കർമ്മമാണ് അന്നു ചെയ്തുപോയത്?'

മഹിഷം:—'മുനിപുംഗവ, എന്റെ മുൻജന്മവൃത്താന്തം കേട്ടാലും: ഞാൻ കുരുത്തേറിയ കലിംഗരാജാവായിരുന്നു. കാമമോഹത്താൽ എനിക്കു സ്ത്രീകളിൽ സ്വകീയയെന്നും പരകീയയെന്നും വ്യത്യാസം തോന്നിയിരുന്നില്ല! ഞാൻ ഒരു കുറവും ചെയ്യാത്ത സദ്വൃത്തരായ കച്ചവടക്കാരുടെ മുതൽ കണ്ടുകെട്ടും; പാതിരയ്ക്കു ക്രൂരൽക്രൂടാതെ, സുന്ദരിമാരായ പരസ്ത്രീകളോടൊന്നിച്ചു രമിപ്പാൻ നഗരത്തിൽ ചുറ്റിനടക്കും; യാതൊരു ഗൃഹത്തിൽ ഒരു സുന്ദരിയായ സ്ത്രീയെ കണ്ടെത്തുമോ, വയലിൽ കാട്ടാനയെന്നപോലെ, അവിടെച്ചെന്നു ക്രൂരം ഞാൻ രാത്രിയിൽ. കുറെ നാൾ അവിടെപ്പാർത്തു മത്തടിച്ചു്, പണം തീർന്നാൽ അരമനയിലേയ്ക്കു മടങ്ങിപ്പോരും! പകൽസമയത്തു ഞാൻ ആ സ്ഥാനത്തു ചെന്നിരുന്നു, നഗരത്തിൽനിന്നു രണ്ടു ആൾകൂട്ടികളെ വരുത്തി, എന്റെ മുമ്പിൽ ബാഹ്യയുദ്ധം ചെയ്യിക്കും: ഏതു കൂട്ടി പൊരുതുന്നവോ, അവനെ മൈക്കരുത്തിനാൽ മുതൽക്കാരനെന്നു മനസ്സിലാക്കി, ഞാൻ അവന്റെ അച്ഛനോടു കൂറ്റോ വളരെയോ പണം കൈക്കലാക്കും; ഉശിരില്ലാതെ പിന്മാറുന്ന കൂട്ടിയെ, 'ഇവൻ എന്റെ നഗരത്തിൽ പാർക്കാൻ അർഹനല്ല' എന്നു കല്പിച്ചു കൊല്ലുകയും ചെയ്യും! മഹർഷേ, നാടുവാഴുന്ന ഞാൻ ഈ വിധം ചെയ്തുപോന്നതിനാൽ, പൌരന്മാർ [illegible] നാട്ടിലേയ്ക്കു പോയിത്തുടങ്ങി. ഒരുനാൾ, ഭൂമിയിലെ [illegible] ചിച്ചിരുന്ന ശ്രീമാംഗജനായ ദുർവാസസ്സുമഹർഷി എന്റെ [illegible] ഞിൽ വന്നെത്തി. അപ്പോൾ, നഗരവാസികളെല്ലാം ഒത്തൊരുമിച്ചു് അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു വണങ്ങി, തങ്ങളുടെ സങ്കടമറിയിച്ചു:— 'ഋതുനന്ദനാ, മുനിപുംഗവ, ദയാനിധേ, ദയ ചെയ്താലും: ഈ അധർമ്മനിരതനായ രാജാവിനെ ധർമ്മത്തോടിണക്കിയാലും. ഞങ്ങളുടെ ഏതോ ഒരു ഭാഗ്യത്താലാണ് ഇവിടുന്നു വന്നെത്തിയതു്! ഞങ്ങളെ ഇവിടുന്നു കൈവിഞ്ഞാൽ രാജപീഡാസമുദ്രത്തിൽ നിന്നു കപ്പലെന്നപോലെ കരയേറിയാലും. ഈ ദുരക്കാ

Digitized By Kerala Sahitya Akademi

രൻ നിരപരാധരായ ഞങ്ങളുടെ മുതലൊക്കെ തട്ടിപ്പറിച്ചു; കാമം മൂത്തു് പതിവ്രതമാരായ സ്ത്രീകളെ ദുഷിപ്പിച്ചു; പത്തോളം വയസ്സുചെന്ന വളരെ കുഞ്ഞുങ്ങളെ കൊലപ്പെടുത്തി. എണ്ണിയാൽത്തീരാത്ത തിന്മകളുടെ ഇരിപ്പിടമാണ്, ഈ രാജാവ്!' ഇതു കേട്ട് ആ മഹർഷി, 'ഇവൻ ദണ്ഡ്യൻ തന്നെ' എന്നു നിശ്ചയിച്ചു്, സദസ്സിൽ എന്റെ അടുക്കൽ വന്നെത്തി. ഞാൻ ആ നഗ്നനായ അധ്വഗതനെ കണ്ടിട്ടു പരിജനങ്ങളെക്കൊണ്ടു തടുപ്പിച്ചു: 'ഇയ്യാൾ മുഷാകുണിച്ചുക്രൂടാ; മേലാകെപ്പൊടിപുരണ്ടു്, പോത്തിനെപ്പോലിരിക്കുന്നു! തടുക്കുവിൻ' എന്നിങ്ങനെ ഞാൻ വീണ്ടും വീണ്ടുമാജ്ഞാപിച്ചുവിനാൽ അവർ തടുക്കാനായി ചെന്നു; എന്നാൽ അവരെയെല്ലാം ആഭ്യന്തരൻ ഒരൊറ്റ ഹുങ്കാരംകൊണ്ടു ഭസ്മമാക്കിക്കളഞ്ഞു! അപ്പോൾ എന്റെ യാഗാശ്വത്തെ തേടുന്ന സഗരപുത്രന്മാരെ ഭവാനെന്നപോലെ, എന്റെ ആൾക്കാരെയെല്ലാം അദ്ദേഹം തേജസ്സുകൊണ്ടു വെണ്ണീറടിപ്പിച്ചതു കണ്ടിട്ടു ഞാൻ പിടഞ്ഞെഴുന്നേറ്റു് അകലത്തുള്ള പോകാൻ തുടങ്ങി. അപ്പോഴെയ്ക്കും മുനീന്ദ്രൻ, 'കുടയെടാ പാപി' എന്നു സംബോധനം ചെയ്തു്, 'നീ ഇപ്പോൾത്തന്നെ വൻകാട്ടിൽ പോത്തായിപ്പോ!' എന്നു് എന്നെ ശപിച്ചുകഴിഞ്ഞു! ആ ശാപത്താൽ ഞാൻ ഉടനടി രാജശരീരം വിട്ടു്, ഒരു മഹാസ്ഥലമായ മഹാരണ്യത്തിൽ പോത്തായിത്തീർന്നു. അവിടെ ഞാൻ വളരെക്കാലം കഴിച്ചുകൂട്ടി. ഇവിടെ വരാൻ ഹേതുവായ പുണ്യവും കേട്ടുകൊള്ളുക: ഞാൻ കുളം കിണർ പൊയ്കകളും വളരെ തീർപ്പിച്ചിട്ടുണ്ടു്; വഴിയിൽ മാവു മുതലായ വൃക്ഷങ്ങളും നട്ടുവളർത്തുകയും ചെയ്തിട്ടുണ്ടു് ഈ പുണ്യത്താലത്രേ, ഞാൻ നാകത്തിൽ വീഴുഞ്ഞതും, ഈ തീർത്ഥത്തിൽ ചെന്നുചേർന്നതും. ഈ തീർത്ഥത്തിലെത്തുവാനും, പോത്താകുവാനും ഹേതുക്കളായ മുൻ ജന്മത്തിലെ പുണ്യപാപങ്ങളൊക്കെ ഭവാനോടു ഞാൻ പറഞ്ഞുവല്ലോ; ഈ പുണ്യതീർത്ഥത്തിലെ ജലം സ്പർശിച്ചതോടുകൂടി എനിക്കു മുൻജന്മസ്മരണയുണ്ടായിവന്നു. മഹർഷേ, ഈ നികൃഷ്ടജന്മത്തിൽ നിന്നു ഞാനെങ്ങിനെ മുക്തനാകും? അതുപദേശിച്ചുതരിക.'

കപിലൻ:—'ലക്ഷ്മീപതിയുടെ മഹാപുണ്യമായ ബദരീവനതീർത്ഥമാണിതു്; വേഗം ഇതിൽ സ്നാനംചെയ്തുകൊള്ളുക. എന്നാൽ ഭവാനു വാഞ്ഛിതം സിദ്ധിക്കും.'

ഉടനേ പോത്തു് ആ തീർത്ഥത്തിൽ സപര്യയോടേ ഇറങ്ങി മുഴുകി. സ്നാനംചെയ്തു് വെള്ളത്തിൽ നിന്നു കരയ്ക്കു കേറിയപ്പോഴെയ്ക്കും, വിണ്ണിൽനിന്നു വാനവർകോൻ ആനപ്പുറത്തു കേറി വന്നു

Digitized By Kerala Sahitya Akademi

ത്തി. 'അല്ലയോ കലിംഗരാജാവേ, ഭവാൻ ഈ മഹിഷശരീരം വിട്ട്, ദിവ്യരൂപം ധരിച്ച് എന്റെ സഭാതിലേയ്ക്കു പോന്നാലും: സഭാമിഷ്ടിച്ചാണല്ലോ ഭവാൻ സ്നാനം ചെയ്തത്; അതിയാൽ അങ്ങയ്ക്കു ദേവസ്ഥാനം കൈവന്നു.' എന്നു ശക്രൻ കഥിച്ചുതീർക്കുടി, കലിംഗേശൻ മഹിഷതനും വിട്ടു ദിവ്യരൂപമണഞ്ഞു ഗജേന്ദ്രന്റെ പുറത്തു കേറി; എന്നിട്ടു ക്ഷണനേരം ആകാശത്തു സ്ഥിതിചെയ്തു കപിലദേവനെ കുമ്പിട്ടു വണങ്ങി സ്തുതിച്ചു:—

(പാഠം)

കൈവണങ്ങാം ഭവാനു പരമേശ,
കേവലജ്ഞാനകാരണമായോനേ,
വേദവിദ്യയ്ക്കുതിരായിരിപ്പോനേ,
തദ്വിരോധികൾക്കന്തകനായോനേ!
നിന്തിരുവടിയല്ലോ വെളിവാക്കീ
നിർമ്മലമായ സാംഖ്യശാസ്ത്രം വിഭോ,
മായയാൽ മനസ്സിന്നു മറവാന്ന
മാനുഷക്കുമേ തത്ത്വബോധത്തിനായ്!
വേദശാസനം ലംഘിച്ചു തോന്നിയ
മാതിരിക്കു നടപ്പവരേവരോ,
അണ്ഡജാദിപ്പിറപ്പിൽപ്പതിപ്പിച്ചാ-
ട്ടണ്ഡനീയക്കു ദണ്ഡമേകുന്നു നീ!
ലോകപാലരാമാഖണ്ഡലാദ്യക്കു-
മാകെ മേലാളിവിട്ടുള്ള മാമുനേ:
ദണ്ഡകാരിയാമങ്ങയെപ്പേടിച്ചു
നിന്നഭിമതം പാർത്തുനില്പോരവർ!
വേദധർമ്മവിരോധികളാം ദിതി-
ജാതരെ യുഗത്തിങ്കൽ, യുഗത്തിങ്കൽ
ഒന്നൊഴിയാതെയിങ്ങവതീർണ്ണനായ്-
ക്കൊന്നൊടുക്കീ സമസ്തരൂപൻ ഭവാൻ;
ചക്രഭൃത്തായ ഭവാനാൽ ജഗല്പതേ,
ശക്രവൈരികളേവർ നിഹതരായ്,
താമസമുത്തി കൈവിട്ട വൈകുണ്ഠ-
ധാമമേറിനാരായവരൊക്കയും!
ദേവ, കല്പിച്ചെനിക്കു വിട നൽക
ദേവലോകത്തിലേയ്ക്കു ഗമിക്കുവാൻ;

Digitized By Kerala Sahitya Akademi

കൈവണങ്ങുമീ വിൺപെരുമാളിലും
തുവുക തൃക്കടാക്ഷാമൃതം ഭവാൻ!
ശ്രീബദര്യാശ്രമത്തിന്റെയും വിഭോ,
ഹാ, ഭവാന്റെയും സുപ്രസാദത്തിനാൽ
ഇത്തമോമയ ദേഹം വെടിഞ്ഞു ഞാൻ
ശുദ്ധസത്ത്വമാം ദേഹത്തെ നേടിനേൻ!
ഉന്മർകോന്മത്തു, വാഴുശിപുപോലെ നാൽ-
ക്കൊമ്പനാനപ്പുറത്തു കയറി ഞാൻ
ദേവലോകത്തിലേയ്ക്കു ഗമിക്കുന്നേൻ
താവകകൃപകൊണ്ടു കൃപാനിധേ!'

ഇപ്രകാരം സ്തുതിച്ച്, കപിലൻതിരുവടിയെ കൈവണങ്ങി അ ദ്ദേഹം നാകത്തിലേയ്ക്കു നടകൊണ്ടു. ബ്രാഹ്മണ, ഇങ്ങനെ മഹത്തുക്ക ളായ പാപവിമോചനം ഗുരുവിനെ ശ്രുഷിച്ചുപോന്ന ഞാൻ ബദര്യാശ്രമത്തിൽ കാണുകയുണ്ടായി. ഇതിലും മീതെ സർവ്വാർത്ഥദായകമായ ഒരു തീർത്ഥം ത്രിഭുവനത്തിലില്ല; ഉൽകൃഷ്ടമായ ശ്രേയസ്സു വേണമെങ്കിൽ, ഭവാൻ മറ്റുള്ളവരെയാന്നിച്ച് അവരോടുകൂടെ പോയ്ക്കൊൾക. വാർദ്ധക്യമടഞ്ഞു വിരക്തനായി വിമുക്തി തേടിക്കൊണ്ടിരിക്കുന്ന എന്റെ അച്ഛനെ ബദര്യാശ്രമത്തിലേയ്ക്കു കൊണ്ടുപോരാൻ ഗൃഹത്തിലേയ്ക്കു പോകയാണു ഞാൻ.'

പാർത്ഥിവ, ഇങ്ങനെ ഈ ബദര്യാശ്രമതീർത്ഥത്തിന്റെ മാഹാത്മ്യം കഥിച്ച് ആ സിദ്ധൻ ഗൃഹത്തിലേയ്ക്കു ഗമിച്ചു. ധീരനായ ദേവദാസൻ മറ്റുള്ളോടൊന്നിച്ച തീർത്ഥങ്ങളാടി നടന്ന് ഏതാനും ദിവസങ്ങൾകൊണ്ട് ഈ ഇന്ദ്രപ്രസ്ഥത്തിൽ വന്നെത്തി; ആ ദമ്പതിമാർ ഉടലോടെ നിത്യലോകമണഞ്ഞു. സിദ്ധനും വേഗത്തിൽ മുമുക്ഷുവായ താതനെ ഗൃഹത്തിൽ നിന്നു കൊണ്ടുപോന്ന് ഈ തീർത്ഥത്തിൽ പാർപ്പിച്ചു; ആ വൃദ്ധനായ സിദ്ധപിതാവും വൃന്ദാരകരാൽ വന്ദിക്കപ്പെട്ട ശ്രീവാസുദേവനാൽ വൈകുണ്ഠം പൂകിക്കപ്പെട്ടു. നരേന്ദ്ര, ഈ ഇന്ദ്രപ്രസ്ഥസ്ഥിതമായ ബദര്യാശ്രമതീർത്ഥം സ്നാനംചെയ്യുന്നവർക്കെല്ലാം അഭീഷ്ടം നൽകുന്നതാകുന്നു; ഇതിന്റെ വിശുദ്ധമായ മാഹാത്മ്യം താഴ്മയുള്ള ഭവാനെ ഞാൻ പറഞ്ഞുതന്നു. ഇതു ശ്രവിച്ചാൽ, മനുഷ്യൻ ഒരിക്കലും മാതൃഗർഭത്തിൽ പതിക്കുകയില്ല.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, കാളിന്ദിമാഹാത്മ്യപ്രകരണം,
യുധിഷ്ഠിരസൂതശൗനകസംവാദാന്തർഗ്ഗതശിബിചരിതസംവാദം,
ബദര്യാശ്രമതീർത്ഥപ്രഭവനിരൂപണം ഇന്ദ്രപ്രസ്ഥാഭിധാനമേകത്രിംശത്തമധ്യായം.

——— (0) ———

Digitized By Kerala Sahitya Akademi

ഇരുന്നൂറിപ്പതിമൂന്നാമദ്ധ്യായം.

ശിബി:—'വിശിഷ്ടനായ മഹർഷേ, ഭവാൻ വർണ്ണിച്ച ബദര്യാശ്രമമാഹാത്മ്യം കേട്ടിട്ട് എന്റെ ഹൃദയം നിർമ്മലമായിച്ചമയുന്നു. ഇന്ദ്രപ്രസ്ഥത്തിന്റെ ഈ വിസ്മയകരമായ മഹാത്മ്യം മുഴുവൻ തന്നെയും ചുരുക്കത്തിൽ പ്രദാനംചെയ്യുന്നതാകുന്നു. നാരദമുനീന്ദ്ര, ഇതിലും മീതെ ഒരു ശ്രേഷ്ഠതീർത്ഥം ഭൂമിയിലില്ല: ഇതു തിയ്യിക്കകർമ്മം മുക്തിയെ നൽകുന്നു; ദർശനത്താൽത്തന്നെ പാപത്തെയെല്ലാം പോക്കുന്നു! ഇപ്രകാരമുള്ള തീർത്ഥത്തിന്റേയും മഹിമ സന്തോഷകരനായ നിന്തിരുവടി പറഞ്ഞുതന്നാൽക്കൊള്ളാം. മഹർഷേ, അവിദ്യാകാമകർമ്മങ്ങളാൽ ആതുരനായ എന്നെ ഇവിടുന്ന് ഈ ഇന്ദ്രപ്രസ്ഥസ്ഥിതമായ തീർത്ഥത്തിന്റെ വർണ്ണനംകൊണ്ടു കരയേറിയാലും!'

നാരദൻ:—'മഹാഭാഗ, കേൾക്കുക; ഹരിദ്വാരത്തിന്റെ ഫലപ്രദമായ മാഹാത്മ്യം ഭവാനോടു ഞാൻ കഥിക്കാം. ഇവിടെ ഒരു പാപിയായ ശവപചൻ സദ്ഗതി നേടുകയുണ്ടായി; ആ കഥ ഏകാഗ്രചിത്തനായി കേട്ടുകൊള്ളുക:

ധർമ്മക്ഷേത്രമായ കുരുക്ഷേത്രത്തിൽ, നഗരത്തിന്നു പുറത്ത്, കാലിംഗനെന്നൊരു ദുഷ്ടപുറമ്പൻ പാർത്തിരുന്നു. അവൻ നഗരവാസികളുടെ അഞ്ചോ വയസ്സുപൈതങ്ങളെ തഞ്ചത്തിൽ പിടിച്ചു കാട്ടിൽക്കൊണ്ടുപോയി കൊലചെയ്ത്, അവരുടെ ശരീരത്തിൽനിന്നു പൊൻവെള്ളിരത്നാഭരണങ്ങളും അഴിച്ചെടുക്കും; രാത്രിയിൽ സാധുക്കളുടെ ഗൃഹത്തിൽക്കേറി ധനം മോഷ്ടിക്കും. വഴിപോക്കരെ, കയ്യിൽ പണം കണ്ടാൽ, നിർജ്ജനാരണ്യത്തിൽവെച്ചു നിഗ്രഹിക്കും! ഒരുനാൾ, സൈരപുണ്യകാലത്ത്, പലതരം ദാനങ്ങൾക്കായി പല ദിക്കുകളിൽനിന്നും ആളുകൾ കുരുക്ഷേത്രത്തിൽവന്നുകൂടി; അവർ യഥാവിധി സ്നാനവും ദാനവും കഴിച്ചു സഹൃഹങ്ങളിലേയ്ക്കു മടങ്ങുകയും ചെയ്തു. ധനരത്നങ്ങൾ കയ്യിലുണ്ടായിരുന്ന ഒരു വൈശ്യനൊഴിവാകട്ടെ, ആളുകളൊക്കെ പോയതിന്നുശേഷമാണു സഹൃഹത്തിലേയ്ക്കു തിരിച്ചത്. അയാൾ കുതിരപ്പുറത്തു കയറി മുമ്പിൽ ഇരുപതുകാലാളുകളുമായി യാത്രതുടർന്നപ്പോൾ, മഹാപാപി കാലിംഗനും പിന്നാലെ പുറപ്പെട്ടു വഴിക്ക് ഒന്നാമനും രാത്രികാലം കഴിഞ്ഞു; എന്നാൽ വണ്ടിക്കിടയിൽ മുതൽ കൂക്കുവാൻ പറയുന്ന തക്കം കിട്ടിയില്ല തട്ടിപ്പറിപ്പാനും അവൻ ആളായില്ല: ഇരുപതുപേരുണ്ട്, വൈശ്യന്റെ കൂടെ, അവനോ, താനിത്തിരിയേ ഉള്ളൂ!

Digitized By Kerala Sahitya Akademi

അങ്ങിനെ ആ ദുഷ്ടൻ വൈശ്യന്റെ പണത്തിനുവേണ്ടി ഇവിടെ വന്നെത്തി. അർദ്ധരാത്രിയിൽ അവൻ കക്കാനായി വൈശ്യന്റെ ക്ഷേത്രത്തിൽ കടന്നു കടക്കുമ്പോഴേയ്ക്കും അവനെ വൈശ്യന്റെ അനുചരന്മാരിലൊരുത്തൻ കണ്ടെത്തി, പ്രഹരം ക്ഷീണിച്ചു. അവൻ അടുത്തെത്തിയപ്പോൾ, ഭൃത്യൻ അവന്റെ രണ്ടുകാലിന്മേലും മുറുകെപ്പിടിച്ചു്, മാറുള്ളവരെ ഉണർത്താൻ ശ്രമിച്ചു. ഭൃത്യനെ കൈകൊണ്ടുതന്നെ കൊലചെയ്തു തസ്കരൻ ഓടാൻ തുടങ്ങി. അപ്പോഴേയ്ക്കും മാറുള്ള ഭൃത്യന്മാർ പിടികൂടി; അതിൽ ഒരാളെക്കൂടി കൊന്നു കാലിംഗൻ കടന്നുകളഞ്ഞു. അപ്പോൾ, ഒരു വില്ലാളിയായ ഭൃത്യൻ ഗോപുരത്തുനിന്നുതന്നെ ഒരമ്പു വലിച്ചെയ്തു; അതാറാമത്തേതാണു്, ആ നീചനും ചത്തുവീണു.

രാജാവേ, ആ വധിക്കപ്പെട്ടവർ മൂവരും—വൈശ്യന്റെ രണ്ടനുചരന്മാരും കാലിംഗനും—ഗണങ്ങളാൽ കൊണ്ടുവരപ്പെട്ട ശ്രേഷ്ഠവിമാനങ്ങളിൽ കേറി വാനത്തുനിന്നു വൈശ്യനോടരുളിച്ചെയ്തു:—'അല്ലയോ വിശിഷ്ടനായ വൈശ്യോത്തമ, ഇന്ദ്രപ്രസ്ഥത്തിലെ ഈ ഹരിശർമ്മതീർത്ഥം പാപികൾക്കും നമ്മെയും നൽകുന്നതാണു്: ഈ ശ്രുതീർത്ഥത്തിൽവെച്ചു് അപമൃത്യുവടഞ്ഞവരെങ്കിലും ഞങ്ങളും മൂന്നുപേരും ഇതാ, സ്വർഗ്ഗത്തിലേയ്ക്കു പോകുന്നു. ഭവാനു മംഗളം!' ഇതുമും പറഞ്ഞു്, അവർ, പുണ്യവൽസ്ഥാനവും ദിവ്യവസ്ത്രങ്ങളുമൊക്കെ ഇപ്പോഴുത്തന്നെ കൈവരുന്നതുമായ സ്വർഗ്ഗത്തിലേയ്ക്കു ഗമിച്ചു.

നേരം പുലർന്നതിനു ശേഷം വൈശ്യപ്രവരൻ, തന്റെ ഭൃത്യരിരുവരുടേയും ശവം ദഹിപ്പിച്ചു് അസ്ഥികളും ഈ തീർത്ഥത്തിലിട്ടു. അവ ഇതിൽ വീണപ്പോഴേയ്ക്കും ആ ഭൃത്യരിരുവരും സ്വർഗ്ഗത്തിൽ നിന്നു തിരിയെ വന്നു വൈശ്യനോടു പറഞ്ഞു:— 'ഹേ വിശിഷ്ടനായ വൈശ്യശ്രേഷ്ഠ, ഈ തീർത്ഥത്തിൽവെച്ചു മൃതിപ്പെട്ടാൽ, പാപികളായ ജന്തുക്കൾക്കും സ്വർഗ്ഗപ്രാപ്തി തീർച്ചയാണു്; ഇവിടെവെച്ചു മരിച്ചവന്റെ അസ്ഥി ഈ തീർത്ഥത്തിൽ വീണാലൊ, അവൻ സത്യലോകത്തു ചെന്നുചേരും. ഇവിടെവെച്ചു മരിക്കയും അസ്ഥി ഈ ജലത്തിൽ വീഴുകയും ചെയ്തതിനാൽ ഞങ്ങൾക്കു്, ബ്രഹ്മാവുള്ളേടത്തോളം കാലം ബ്രഹ്മലോകവാസം കൈവന്നിരിക്കുന്നു. ഇവിടെവെച്ചു മരിച്ച കള്ളന്റെ അസ്ഥി തീർത്ഥത്തിലിട്ടിട്ടില്ലാത്തതിനാൽ, അയാൾ ദേവലോകത്തുതന്നെ വസിക്കയാണു്. അയാളുടേയും ശവം എടുത്തു് ഈ തീർത്ഥത്തിലിടുവിക്കുക; എന്നാൽ ആ സുരശ്രേഷ്ഠനും ഞങ്ങളുടെ സൽഗതി നേടുമല്ലൊ. ശത്രുക്കൾക്കും മിത്രങ്ങൾക്കും സമാ

Digitized By Kerala Sahitya Akademi

ഉപകാരം ചെയ്യണം; ദുർജ്ജനങ്ങൾ എത്ര അപകാരം ചെയ്താലും, അതുള്ളിൽക്കരുതരുത്.' ഈ വിധം കഥിച്ച് ആ മഹാഭാഗന്മാർ സത്യലോകത്തേയ്ക്ക് നടകൊണ്ടു.

വൈശ്യൻ ആ ചോരന്റെ ശവം ചേറിപ്പിക്കാൻ തിരഞ്ഞുനോക്കി; രാജാവേ, അതു കണ്ടുകിട്ടിയില്ല! അയാൾ മടങ്ങിപ്പോന്നു. ഈ സർവ്വതീർത്ഥാവതാരസമായ ഹരിദ്വാരത്തിൽ സ്നാനംചെയ്തു. 'ഞാൻ സൽപുത്രന്മാരെ ഉല്പാദിപ്പിച്ചു, ധർമ്മാർജ്ജിതമായ ധനംകൊണ്ട് അന്തണരേയും ബന്ധുക്കളേയും സന്തോഷിപ്പിച്ചു, നാരായണനെ സേവിച്ചാരാധിച്ചു ഭോഗങ്ങൾ മതിയടഞ്ഞു വൈകുണ്ഠം പൂകുമാറാകണം! തീർത്ഥപ്രധാനമായ നിന്തിരുവടിക്ക നമസ്കാരം! ഇതു സാധിപ്പിച്ചുതരണം!' എന്നിങ്ങനെ പ്രാർത്ഥിച്ചായിരുന്നു, ഈ പ്രാർത്ഥിതപ്രദമായ തീർത്ഥത്തിൽ ആ വൈശ്യൻ സ്നാനംചെയ്തത്. എന്നിട്ടയാൾ ഭൃത്യരോടെല്ലാമൊന്നിച്ചു ഗൃഹത്തിലേയ്ക്ക് ഗമിച്ചു.

അനന്തരം ആ സഭയിൽ പുത്രന്മാരുണ്ടായി; ആ ബുദ്ധിമാൻ ധർമ്മാർജ്ജിതമായ ധനംകൊണ്ടു ബാന്ധവരെ പ്രീതരാക്കി; ഉൽകൃഷ്ടഭക്തിയോടെ ലക്ഷ്മീപതിയെ ആരാധിച്ചു; ഈ തീർത്ഥത്തിൽവെച്ചു മരിച്ചു വൈകുണ്ഠവുമണഞ്ഞു! ആ ഫലം കിട്ടും, ഈ മാഹാത്മ്യം ശ്രവിച്ചാൽത്തന്നെ. കാർത്തികത്തിൽ ഗോപീചന്ദനദാനം, പിശാശിലയിലുണ്ണുക എന്നിവയുടെ ഫലം കിട്ടും, ഈ മാഹാത്മ്യം ശ്രവിച്ചാൽ; പ്രബോധിനിയിൽ അനന്യമാനസത്തിൽ ഉറക്കമിളച്ചാലത്തെ ഫലം കിട്ടും, ഈ തീർത്ഥത്തിന്റെ മാഹാത്മ്യം ശ്രവിച്ചാൽ. ഹരിപ്രസ്ഥത്തിലെ ഹരിദ്വാരത്തിനു തുല്യം, ചതുർവ്വർഗ്ഗപ്രദമായ ഒരു തീർത്ഥം ത്രിലോകത്തിലില്ലതന്നെ!

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, കാളിന്ദിമഹാത്മ്യകരണം,
യുധിഷ്ഠിരനാരദസംവാദാന്തർഗ്ഗതശിഷ്യനിർദ്ദേശസംവാദം,
ഹരിദ്വാരതീർത്ഥപ്രഭാവനിരൂപണം, ഇരുന്നൂറിപ്പതിനാലാമദ്ധ്യായം.

(൦)

ഇരുന്നൂറിപ്പതിനാലാമദ്ധ്യായം

നാരദൻ:—ഇനി ഭൂവിടെയുള്ള പുണ്യതീർത്ഥത്തിന്റെ മംഗളകരമായ അത്യത്ഭുതമാഹാത്മ്യം കേട്ടുകൊള്ളുക. ഈ തീർത്ഥത്തിന്റെ പ്രസാദത്താൽ, വിശ്വസുരേശ്വരനായ വിഷ്ണു മനം തെളിഞ്ഞു പുണ്ഡരീകന്റെ ഗൃഹത്തിൽ ഒരു മാസം എഴുന്നള്ളിത്താമസിക്കുകയു

Digitized By Kerala Sahitya Akademi

ണ്ടായി! ഈദ്ദേഹത്തിന്റെ അനുജൻ, പാപിയായിരുന്നുവെങ്കിലും ഇവിടെ മുക്തി നേടുകയുമുണ്ടായി!'

ശിബി:—'അതാണ്, ധർമ്മിഷ്ഠനായ പുണ്ഡരീകൻ? ഭഗവാൻ പ്രസാദിച്ച് ഒരുമാസം ഗൃഹത്തിൽ എഴുന്നള്ളിനാമസിക്കാൻ തക്ക വണ്ണം എന്തു കർമ്മമാണദ്ദേഹം ചെയ്തത്? ആദ്ദേഹത്തിന്റെ പാപിയായ അനുജൻ ഈ തീർത്ഥത്തിന്റെ പ്രഭാവത്താൽ ശ്രീവിഷ്ണുലോകം പൂകിയതെങ്ങിനെ? മഹർഷേ, എല്ലാം പറഞ്ഞുതരിക. മാഹാത്മ്യശ്രവണത്തിൽ എനിക്കു മതിവരുന്നില്ല!'

നാരദൻ:—'മേലിനീപതേ, വിദർഭനഗരത്തിൽ മാളവൻ എന്നു പുകളേറിയ ഒരു ബ്രാഹ്മണനുണ്ടായിരുന്നു. വിദ്വാനും ബ്രഹ്മജ്ഞനും ശാന്തനും വിഷ്ണുപരനും ദേവർഷിപിതൃഭക്തനുമനുഷ്യരെ തർപ്പിക്കുന്നവനും വിഷയാസക്തിയും ലോഭമോഹാദികളും വിട്ടവനുമായ ആ മഹാഭാഗൻ ഒരിക്കൽ, ന്യൂഴം കിങ്ങമണയുമ്പോൾ മഹാപുണ്യയായ ഗോദാവരിയിൽ സ്നാനത്തിനായി പ്രഭാതത്തിൽ പുറപ്പെട്ടു. അവിടെ ദാനത്തിനു പാത്രമായിട്ടും പലം സപ്പണ്ണം ഗൃഹത്തിൽനിന്നദ്ദേഹം കൊണ്ടുപോയിരുന്നു. പോകുന്ന വഴിക്ക് ആ ധാർമ്മികൻ ഇങ്ങനെ വിചാരിച്ചു:—'ഞാൻ ദാനത്തിനായി ഗൃഹത്തിൽനിന്നു കൊണ്ടുപോന്നിട്ടുള്ള പാത്രമായിട്ടും പലം സപ്പർണ്ണം വല്ല ആരംക്കും കൊടുത്തുകൂടാ; പൂജനീയനായ വിശിഷ്ടനുവേണം കൊടുക്കുക. ദരിദ്രൻ, ബ്രാഹ്മണൻ, പാത്രജ്ഞൻ, ഇങ്ങോട്ടുപകാരം ചെയ്തിട്ടില്ലാത്തവൻ, പൂജനീയൻ—ഇങ്ങനെയുള്ള ആരംക്കു ദേശകാലങ്ങളിൽ നൽകപ്പെട്ടതു് അക്ഷയമായിരിക്കും. ശിലോഞ്ഛവൃത്തിയായ ധർമ്മിഷ്ഠതാപസൻ ഉഞ്ഛവൃത്തിയാൽ കൊണ്ടുവന്നതു ദുർവാസസ്സിനു നൽകിയതിനാൽ ദേഹാന്തത്തിൽ പരമപദം പ്രാപിച്ചു! ദാനവേന്ദ്രനായ മാബലിപ്പെരുമാൾ, വാമനനെ പാത്രമെന്നു കണ്ടിട്ട്, അവിടുന്നു ശത്രുവായിരുന്നിട്ടും, താൻ കീഴടക്കിയ ത്രിഭുവനം ദാനം ചെയ്തവല്ലോ! അതിനാൽ പാത്രത്തിനു വേണ്ടം, ധർമ്മാർജ്ജിതമായ ധനം, വിഷ്ണുപ്രീതിക്കായി ദാനംചെയ്യുക; ഫലമില്ലാതിരുന്നതാണ്. ഞാൻ ക്ഷണിച്ചിട്ടുള്ളതുകൊണ്ടു ഹസ്തിനപുരത്തിൽനിന്ന് എന്റെ ധാർമ്മികനായ മരുമകൻ—സർവപാത്രശിരോമണിയായ പുണ്ഡരീകൻ—വന്നെത്തും; കൊണ്ടുപോന്നിട്ടുള്ള ധനത്തിൽ പകുതി ആ പാത്രജ്ഞനായ ദാമാദനെയും, ബാക്കി ശ്രോത്രിയർക്കും യഥാവിധി നൽകാം'.

Digitized By Kerala Sahitya Akademi

ഏതാനും നാൾകൊണ്ടു മാളവൻ ജ്യോത്സ്നൻ പുണ്യമായ ഗോദാവരിയിൽച്ചെന്നെത്തി; അവിടുന്നുമുമ്പുതന്നെ, മരുമകൻ പുണ്ഡരീകൻ അവിടെ ഏത്തിച്ചേർന്നിരുന്നു. മാളവൻ ചിങ്ങസ്സംക്രമത്തിൽ അവിടെ വിധിപോലെ സ്നാനം കഴിച്ചു്, ധനത്തിൽ പകുതി പുണ്ഡരീകനു്, 'ഹരിഭക്തപ്രീയതാ'മെന്ന ദാനംചെയ്തു. ധർമ്മാത്മാവായ പുണ്ഡരീകനും ഗോദാവരിയിൽ കളിച്ചു്, ആ ധനത്തിൽ നാലിലൊരംശം സന്തോഷത്തോടെ ശ്രോത്രിയന്മാർക്കു നൽകി. അവിടെ യഥാവിധി സ്നാനവും യഥാശക്തി ദാനവും കഴിച്ച മാളവൻ സപത്നീകത്തിലേയ്ക്കു തിരിക്കുന്ന ഭാഗിനേയനോടരചെയ്തു:—'മീതെയുള്ളവരോടു നമസ്കാരവും, താഴെയുള്ളവരോടു് ആശിസ്സും പറയണം. ഇവിടെ ഇത്തിരിനേരം നമ്മൾ ഒത്തുകൂടിയല്ലേ; ഇതുപോലെയാണു്, ശരീരികൾക്കെല്ലാം പുത്രകളത്രാദികളുടെ സമ്പർക്കവും! അതുപോലെ ക്ഷണികമായ സംസാരത്തിൽനിന്നു യാതൊരാൾ നിവൃത്തനാകുമോ, ആ ധീമാൻ തീർച്ചയായും വിഷ്ണുവിന്റെ ദയയ്ക്കു പാത്രമാകും; കമലാമണാളൻ കനിഞ്ഞരുളിയാൽ, സജ്ജനസംസർഗ്ഗത്തിൽ താല്പര്യം തോന്നും; അതുവഴിയായി, ഹരിലീലാശ്രവണത്തിൽ ഇച്ഛയുണ്ടായിവരും; ഹരിലീലകൾ സതതകർണ്ണങ്ങൾ ചൊല്ലിക്കേട്ടാൽ, താനും സ്പൃഹയോടെ പൊല്ലിത്തുടങ്ങും; അതോടുകൂടി കേവലനെ സ്മരിക്കും; അപ്പോൾ ഗോവിന്ദപദസേവനത്തിൽ പ്രേമം ഉളവാകും; സേവിച്ചാലൊ, സംസാരസമുദ്രത്തെ കപ്പൽകൊണ്ടെന്നപോലെ എളുപ്പത്തിൽ കടക്കാം! ഇതിനൊന്നെയാണു്, ജ്ഞാനികളും കർമ്മികളുമായ സത്തുക്കൾ യത്നിച്ചുപോരുന്നതു്; ധർമ്മാത്മൻ, നീയും യത്നിച്ചുകൊൾക.' ഇത്രയും പറഞ്ഞു്, കണ്ണുനനഞ്ഞ മാളവൻ ബാഷ്പാകുലാക്ഷനായ ഭാഗിനേയനെ ഒരുവിധത്തിൽ പിടിച്ചു്, യാത്ര തിരിച്ചു.

ധർമ്മശീലനായ പുണ്ഡരീകനും സപത്നീകത്തിലേയ്ക്കു തിരിച്ചു്, ഏതാനും ദിവസങ്ങൾകൊണ്ടു് ഈ പുണ്യസ്ഥലത്തു വന്നെത്തി; അപ്പോൾ അനുജനായ ഭാഗിനേയൻ, മുറിപ്പാടുകളിൽനിന്നു ചോരയുമൊലിച്ചു് ശ്വാസം വലിച്ചുകൊണ്ടു മണ്ണിൽ കിടക്കുന്നു! അതു കണ്ടു പുണ്ഡരീകൻ വാവിട്ടു കരഞ്ഞുംകൊണ്ടു്, 'അനുജാ, നിന്നെ ആരാണു് ഈ സ്ഥിതിയിലാക്കിയതു്? എന്തിനാണു് നീ ഗൃഹത്തിൽ നിന്നു് ഇങ്ങോട്ടു പോന്നതു്' എന്നു ചോദിച്ചു. അപ്പോഴേയ്ക്കും, വന്നുചേർന്ന വേദനയാൽ ഭഗവാൻ മരിച്ചുകഴിഞ്ഞു. ഉടനെ, പാർഷദർ ചേർന്നു ഒരുത്തുംഗവിമാനം തൂളുകളും ജ്യോതിസ്സും കണ്ടുനിൽക്കെ, ആകാശത്തുനിന്നിറങ്ങിവന്നു. പാപിയായിരുന്നുവെങ്കിലും ഭഗവൻ ദിവ്യശരീരനാ

Digitized By Kerala Sahitya Akademi

യി അതിൽക്കേറി, ജ്യേഷ്ഠനെ വന്ദിച്ചു പറഞ്ഞു:—മഹാബുദ്ധിമാനായ പുണ്ഡരീക, ഈ പുഷ്കരതീർത്ഥത്തിന്റെ പ്രഭാവത്താൽ, പാപിയായ എനിക്കും സ്വർഗ്ഗവാസം കൈവന്നു! എന്റെ ദോഷകർമ്മം ജ്യേഷ്ഠനറിയാമെങ്കിലും, ഞാൻ പറയാം: ഒന്നുണ്ട്, ഇവിടുന്നറിയാതെ. ഞാൻ പ്രഭാവതി എന്ന തേവിടിശ്ശിയുടെ വീട്ടിൽ മദ്യവും കുടിച്ചു രമിച്ചു്, മഞ്ഞടിച്ചു പണം വളരെ കളഞ്ഞതും, പിന്നെ കട്ടുണ്ടാക്കി ചൂതാടി മുടിച്ചതും, ശിവരാത്രിയിൽ ശിവനൈവേദ്യം ഭക്ഷിച്ചതും, അതിനു ജംബുകദ്വിജനെ ഭവാൻ കൊറപ്പെടുത്തിയതും—ഇതൊക്കെ ഇവിടെയുള്ളറിയാമല്ലോ; എന്നാൽ ജ്യേഷ്ഠൻ ഗോദാവരിയിലേയ്ക്കു പോയപ്പോൾ ഞാൻ ചെയ്കയുണ്ടായതു് ഇവിടുന്നറിഞ്ഞിരിക്കില്ല: ഇവിടുന്നു പോയി പതിനഞ്ചു നാൾ കഴിഞ്ഞപ്പോൾ 'പുണ്ഡരീകനെ അമ്മാവൻ മുതൽ കൊടുക്കാൻ ക്ഷണിച്ചതാണെ'ന്നൊരു സുഹൃത്സന്ദേശമായ കിംവദന്തി ഞാൻ കേട്ടു. അതിനാൽ, ഭ്രാതാവായ പുണ്ഡരീകനെക്കൊന്നു്, അയാൾക്കു് അമ്മാവൻ കൊടുത്ത മുതലൊക്കെ കൈക്കലാക്കി, അതു വമ്പിച്ച ധനംകൊണ്ടു് പ്രഭാവതിയെ പ്രീതിപ്പെടുത്തുകയും യഥേഷ്ടം ചൂതാടികളായി ചൂതു കളിക്കയും ചെയ്യാ'മെന്നാലോചിച്ചു്, അങ്ങനെയക്കൊണ്ടു ധനം കൈക്കലാക്കാൻ. ഇവിടെ വന്നു വഴി തടഞ്ഞിരിക്കുകയായിരുന്നു ഞാൻ. ധീമൻ, ഇക്കണ്ടനേരം എവിടെനിന്നോ ഒരുകൂട്ടം കച്ചവടക്കാർ ഇവിടെ വന്നെത്തി. രാത്രിയിൽ ഞാനും അവരുടെ കൂട്ടത്തിൽക്കിടന്നുറങ്ങി. പാതിരയായപ്പോൾ ഒരുകള്ളൻ അവരുടെ ധനം മോഷ്ടിപ്പാൻ ആരംഭിച്ചു. കയ്യിൽക്കിട്ടിയതുകൊണ്ടു് അവൻ പാഞ്ഞുപോകുമ്പോഴെയ്ക്കും, അവർക്കാർ നിലവിളി കൂട്ടിക്കൊണ്ടു് അവനെ പിന്തുടർന്നു: 'പിടിയ്ക്ക, പിടിയ്ക്ക: ഇതാ, ഒരു കള്ളൻ, നമ്മുടെ വളരെപ്പേരുടെ ഇടയിൽ നിന്നു് വളരെ ധനം മോഷ്ടിച്ചു കടന്നുകളയുന്നു!' എന്നീ ബഹളംകേട്ടു ഞാൻ, അവനോടുള്ള പിടിച്ചുവാങ്ങാൻ വേണ്ടി അവരുടെ മുമ്പിൽ കടന്നു പാഞ്ഞു. അപ്പോൾ വണിക്കുവൈശ്യന്മാർ, ഞാൻ കള്ളന്റെ കൂട്ടുകാരനാണെന്നു കരുതി, ഖഡ്ഗപാണിയായ എന്നെ വാരംകൊണ്ടാഞ്ഞുവെട്ടി. അവരിൽ ഒരു ദ്വിജശ്രേഷ്ഠനെ, 'ഞാൻ ബ്രാഹ്മണനാണു!' എന്നു പറയുന്നതിനിടയിൽ, പാപിയായ ഞാൻ മുച്ചൂടറിയെ വാരംകൊണ്ടു വെട്ടിക്കൊന്നു. വണിക്കുകളുടെ ആരംക്കാർ എന്നെയും വെട്ടിവീഴ്ത്തി. പ്രഭാതത്തിൽ കച്ചവടക്കാർ, അവർക്കു പോകേണ്ട ദിക്കിലേയ്ക്കു നടകൊണ്ടു. അതിനുശേഷം ജ്യേഷ്ഠൻ ഇവിടെ വന്നു്, ഭയാനകമായി വിളിച്ചും വേദനയാൽ വെളിവറ്റും ശ്വാസം വലിക്കുന്ന എന്നെ കണ്ടെത്തി. ഇതാ, ഇന്നതിനാണു ഞാനിവിടെ വന്നതെന്നും, ഇന്ന

Digitized By Kerala Sahitya Akademi

പ്രകാരമാണ്' അപമൃത്യുവണഞ്ഞതെന്നും ജ്യേഷ്ഠനോട് ഞാൻ പറഞ്ഞു.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, കാളിന്ദിമാഹാത്മ്യപ്രകരണം,
യുധിഷ്ഠിരസൗഭരിസംവാദത്തിൽ ശിഖിനാരദസംവാദം,
പുണ്ഡരീകോപാഖ്യാനവർണ്ണനം, പുണ്ഡരീകോപാഖ്യാനം
ഇരുന്നൂറിപ്പതിനാലാമദ്ധ്യായം.

(൦)

ഇരുന്നൂറിപ്പതിനഞ്ചാമദ്ധ്യായം

നാരദൻ:—ഇതുകേട്ട്, മഹാമനസ്സനായ പുണ്ഡരീകൻ, തന്റെ കൂട്ടുകാർ കോപംകൊണ്ട അനുജസോദരനോട് ചോദിച്ചു:—'ഭ്രാതാവേ, എന്തൊരു പുണ്യത്താലാണ്, നിനക്കീതീർത്ഥത്തിൽവെച്ചു മൃതിവന്നതു്? അറിവുണ്ടെങ്കിൽ പറയുക. നിന്റെ പാപം പ്രശിഥിലമാണല്ലൊ.

ഭ്രാതൃൻ:—'പുണ്ഡരീക, കേട്ടുകൊള്ളുക; ഈ തീർത്ഥം കൈവരാൻ, ഈ ജന്മത്തിൽ ഇന്ന പുണ്യമാണ് ഞാൻ ചെയ്തിട്ടുള്ളതെന്നു ഭവാനോട് പറയാം: കരിക്കൽ ഞാൻ ധനാന്വേഷണാർത്ഥം സ്വഗൃഹത്തിൽനിന്നു തിരിക്കുമ്പോൾ, അങ്ങാടിയിലെത്തിയപ്പോൾ ഒരനാഥനായ കുട്ടി മരിച്ചുകിടക്കുന്നതു കണ്ടു. ഞാൻ അവനെ തലയിലെടുത്തു പുണ്യമായ ഗംഗാതീരത്തുകൊണ്ടുപോയി, വസ്ത്രാദികളണിയിച്ചു്, ദഹനവും മറ്റും കഴിച്ചു; ചുതിൽ ജയിച്ചുകിട്ടിയ പണമൊക്കെ ഞാൻ അതിനു ചെലവാക്കി. അപുണ്യത്താലത്രെ, ഞാനീ ഭ്രഷ്ടാവഹമായ തീർത്ഥത്തിലെത്തിയതു്. ഇവിടുന്ന് എന്റെ ശവം ദഹിപ്പിക്കുകയും മറ്റും ചെയ്യുക.'

സംസ്കാരം നടത്തപ്പെട്ടതിനു ശേഷം, ഭ്രാതൃൻ പാപിയായിരുന്നുവെങ്കിലും, ഈ പുണ്യതീർത്ഥത്തിന്റെ പ്രസാദത്താൽ സ്വർഗ്ഗത്തിൽ ചെന്നുചേർന്നു. ഈ തീർത്ഥത്തിന്റെ പ്രസാദത്താൽ, പുണ്ഡരീകന്റെ ഗൃഹത്തിൽ പുണ്ഡരീകാക്ഷൻതിരുവടി ഒരു മാസം വസിച്ചതെങ്ങിനെയെന്നും കേട്ടുകൊള്ളുക: ഈ തീർത്ഥത്തിൽ ഭ്രാതൃനും സൽഗതിവന്നതു കണ്ടപ്പോൾ ധർമ്മാത്മാവായ പുണ്ഡരീകന്ന്, 'ഇപ്രകാരം ചുതെന്നും നൽകുന്ന തീർത്ഥമാണിതു'ന്നു മനസ്സിലായി. അതിനാൽ ആ പണ്ഡിതൻ, 'മാഘമാസം മുഴുവനും മാധവൻ സപരിവാരം തന്റെയും എന്റെ ഗൃഹത്തിൽ വാണരുളുമാറാകട്ടെ!' എന്നു പ്രാർത്ഥിച്ചു് ഇതിൽ സ്നാനംചെയ്തു. അങ്ങിനെ സർവ്വാഭീഷ്ടപ്രദമായ തീർത്ഥത്തിൽ സ്നാനംചെയ്തു് അദ്ദേഹം സ്വഗൃഹത്തിലെയ്ക്കു തിരിച്ചു; അവിടെച്ചെന്നു് അനുജന്റെ മരണം ബന്ധുക്കളെ അറിയിച്ചു. അവർ അതുകേട്ടു മായാമോഹത്താൽ വ്യസനിക്കുകയായി!

Digitized By Kerala Sahitya Akademi

പുണ്ഡരീകനോ, സഹൃഹത്തിൽ സകമ്മങ്ങളനുഷ്ഠിച്ചുകൊണ്ട്, 'മാഘമാസത്തിൽ എഴുന്നള്ളിവരുമല്ലോ ഭഗവാൻ' എന്ന പരമാനന്ദംപൂണ്ടു വാണു. പൌഷത്തിലെ പൌർണ്ണമിയിൽ അദ്ദേഹം, 'നാളെ തീർച്ചയായും ഗൃഹത്തിലെത്തുമല്ലോ നാരായണ'നെന്നു കരുതി, മഹോത്സവം നടത്തി: ആലയമെങ്ങും ഗോമയംകൊണ്ടു തേച്ചു ചന്ദനജലം പാറി മുത്തണിഞ്ഞ നാൽക്കാൽ മണ്ഡപം തീർത്തലങ്കരിച്ചു; ഇരുനൂറു ബ്രാഹ്മണരെ നാനാഭോജ്യങ്ങൾ കൊണ്ടൂട്ടി, വളരെ ദക്ഷിണകൊടുത്തു സന്തോഷിപ്പിച്ചു; പലതരം വാദ്യക്കാരേയും കണ്ടും തെളിഞ്ഞ പാട്ടുകാരേയുമെപ്പേർത്തി, ബന്ധുക്കളൊന്നിച്ചു രാത്രിയിൽ ഉറക്കമിളച്ചു രാവിലെ പാട്ടുകാരേയും മറ്റും പിരിച്ചയച്ചു് അദ്ദേഹം വാസുദേവന്റെ വരവു കാത്തുകൊണ്ടു് ഗൃഹത്തിലിരിപ്പായി. അതാ, തന്തിരുവടി, വാഹനത്തെ പടിക്കൽ വെച്ചു തിരിച്ചയച്ചു്, സഭക്തന്റെ വാഞ്ഛിതം സാധിപ്പിക്കാനായി, ഗൃഹത്തിനുള്ളിൽ വന്നുകേറി! പുണ്ഡരീകാക്ഷൻ എഴുന്നള്ളി വന്നതുകണ്ടു പുണ്ഡരീകൻ വെമ്പലോടേ ആസനത്തിൽ നിന്നെഴുനേറ്റു വണങ്ങി വന്ദിച്ചു; എന്നിട്ട്, സവ്വേശദർശനത്താൽ നിർവൃതനായ ആ ധാമ്മികൻ അഘ്ര്യാദികളും നൽകി വിഷ്ണുഭ്രുവിനെ വിഷ്ടരത്തിലുപവേശിപ്പിച്ചുണത്തിച്ചു:—'എനിക്കു സംസാരതാപം നീങ്ങാനുള്ളതു നിന്തിരുവടി വെളിവായിത്തന്നെ കല്പിച്ചു ചെയ്തു! വിശ്വോ, സ്ഥിതികർത്താവായ ഭവാൻ, ഈ വിശ്രുതമായ മാഘമാസം കഴിയുന്നതുവരെ ഇവിടെ വാണരുളുമാറാകണം! നിന്തിരുവടിയും, നിന്തിരുവടിയെ പരിചരിക്കുന്ന ഭക്തരും എവിടെ വസിക്കുന്നുവോ, അവിടെത്തന്നെയാണല്ലോ, ദോഷസ്പർശമേ ഇല്ലാത്ത വൈകുണ്ഠം! നിന്തിരുവടിയുടെ ലീലകളും വിശിഷ്ടരാൽ വർണ്ണിക്കപ്പെടുന്നതെവിടെയോ, അവിടെയുണ്ടാവും നിന്തിരുവടി എന്ന സത്തുക്കളും പാഞ്ഞു ഞങ്ങളും കേട്ടിട്ടുണ്ടു്. ഇവിടുത്തെ തിരുനാമം നാവിലും, അഴകൊത്ത തിരുവുടൽ മനസ്സിലും, ഗുണഗണം ചെവികളിലും സ്ഥിതി ചെയ്യുന്നവരാരോ, അവർ തന്നെ സത്തുക്കൾ! നിന്തിരുവടിയെ ശ്രുതൃഷിക്കുന്നതിൽ ശ്രദ്ധയും, ശിരസ്സിൽ ഇവിടുത്തെ നിർമ്മാല്യവും ഉള്ളവരാരോ, അവർ തന്നെ സത്തുക്കൾ! ലക്ഷ്മീവല്ലഭ, ശത്രുമിത്രങ്ങളിലും, ക്ഷയവൃദ്ധികളിലും സമചിത്തരേവരോ, അവർ തന്നെ സത്തുക്കൾ! വികാരകാരണമുണ്ടായിരിക്കുമ്പോഴും വികാരം തോന്നുന്നില്ലയോ, അവർ തന്നെ ലോകത്തിൽ സത്തുക്കൾ! നിന്തിരുവടിയുള്ളേടത്തു സത്തുക്കളും, സത്തുക്കളുള്ളേടത്തു നിന്തിരുവടിയും സന്നിധിചെയ്യുന്നു; അതിനാലാണു് ഞാനങ്ങനെത്തിക്കുന്നതു്: മാഘമാസം മുഴുവൻ ഇവിടുന്നെന്റെ ഗൃഹത്തിൽ നിവസിച്ചാലും.!'

Digitized By Kerala Sahitya Akademi

പുണ്ഡരീകന്റെ അപേക്ഷ കേട്ടിട്ട് ചില്പുരുഷൻ തൃപ്പല്ലോളിയാൽ ദിക്കുകളെ തിളങ്ങിച്ചുകൊണ്ടരുളിച്ചെയ്തു:—'മഹാമതേ, സജ്ജനങ്ങളിൽവെച്ചു സത്തമനാണ് ഭവാൻ: എന്റെ സംസർഗ്ഗം കാംക്ഷിച്ചുകൊണ്ടാണല്ലൊ, പുഷ്കരതീർത്ഥത്തിൽ ഭവാൻ സ്നാനം ചെയ്തത്! ചെല്ല: മാഘസ്നാനം ഗംഗയിൽ ആചരിക്കുക; മാഘത്തിന്റെ അവസാനത്തിൽ, പൌർണ്ണമിയിൽ, ഭവാനെ ഞാൻ പുഷ്കരത്തിൽ സ്നാനം ചെയ്യിച്ചുകൊള്ളാം. മാഘമാസം മുഴുവൻ പ്രയാഗത്തിൽ സ്നാനം ചെയ്താലത്തെ ഫലം തികച്ചും കിട്ടും, പുഷ്കരത്തിൽ ഒരുദിവസം മുഴുകിയാൽ!' ഈ അരുളപ്പാടിന്നൊത്തു പുണ്ഡരീകദ്വിജേന്ദ്രൻ, സൂര്യൻ തെല്ലൊന്നുദിക്കെ, ഗംഗയിൽ സ്നാനംകഴിച്ചു പ്രത്യക്ഷനായ ലക്ഷ്മീപതിയെ തുളസി, വിടന്ന് പൂവ്, യവം, കുങ്കുമം, ചന്ദനം, തിരുമെയ്യിന്നു സൌരഭ്യമുളവാക്കുന്ന അകിൽധൂപം എന്നിവകൊണ്ടു പൂജിക്കുകയും, പഞ്ചകർപ്പൂരദീപങ്ങൾകൊണ്ടുഴിയുകയും, ചതുർവിധമായ നൈവേദ്യം ഭുജിപ്പിക്കുകയും ചെയ്തുപോന്നു. മധുസൂദനൻ മണിക്കട്ടിലിന്മേൽ പള്ളികൊണ്ടാൽ, അദ്ദേഹം വെൺചാമരങ്ങൾകൊണ്ടു വീശും; ചിലപ്പോൾ ജഗൽഗുരുവിന്റെ തൃക്കാൽ തലോടും; ചിലപ്പോൾ കർപ്പൂരം തേച്ചു വെറ്റില ചുരുട്ടിക്കൊടുക്കും; ചിലപ്പോൾ, താർമകം മണക്കുന്ന തലപ്പാവണിയാൻ, കണ്ണാടി കയ്യിലെടുത്തു കാട്ടിക്കൊണ്ടു തിരുമുമ്പിൽ നിൽക്കും. ഇങ്ങനെ, സപര്യാഹത്തിൽ വാണരുളുന്ന സംസാരഹരനായ തന്തിരുവടിയെ മാഘമാസം മുഴുവൻ ആ ബ്രാഹ്മണൻ യഥാവിധി പൂജിച്ചു. മാഘാന്തപൌർണ്ണമിയിലാകട്ടെ, മാധവൻ സ്മരിച്ചതോടുകൂടി ഗരുഡൻ വന്ന തിരുമുമ്പിൽ നിന്നതു് അദ്ദേഹത്തിന്നു കാണുമാറായി!

ഗരുഡനെ തൃക്കൺപാർത്തിട്ടു പുണ്ഡരീകാക്ഷൻ പുണ്ഡരീകനോടരുളിച്ചെയ്തു:—'ദ്വിജശ്രേഷ്ഠ, കേൾക്ക: ഇന്ദ്രപ്രസ്ഥത്തിലെ പുഷ്കരത്തിൽ ഭവാൻ എന്തിച്ചിച്ചു സ്നാനം ചെയ്തുവോ, അതു ഞാൻ നിരവധിഞ്ഞു—ഒരുമാസം ഞാൻ ഇവിടെ താമസിച്ചു. ഇനി, ഭവാൻ എന്നോടൊരുമിച്ചു പക്ഷീന്ദ്രന്റെ പുറത്തുകേറി, ആ സപ്തർഷിശിരോമണിയിലെയ്ക്കുതന്നെ പോകുക; ആ ചതുർവ്വേദാത്മകമായ പുഷ്കരത്തിൽ സ്നാനം ചെയ്യുമ്പോൾ ഭവാൻ യാതൊന്നിച്ഛിക്കുമോ, അതു ഞാൻ തന്നുകൊള്ളാം. ബ്രാഹ്മണ, അങ്ങെയ്ക്കധീനനായിരിക്കുന്ന ഞാൻ! പാപിയായിരുന്നുവെങ്കിലും, ഭവന്റെ അനുജൻ ഭരതൻ അവിടെവെച്ചു മൃതിപ്പെട്ടു സപര്യാഫലത്താൽ സദ്ഗതനായ്തീരുവല്ലൊ; പിന്നെ, മറുവല്ലതും പറയാനുണ്ടോ?' നരേന്ദ്ര, ഇതുകേട്ടും അ

Digitized By Kerala Sahitya Akademi

രുളിച്ചെയ്ത് ആ സുരേന്ദ്രൻ ദിവിജേന്ദ്രനെ ഖഗേന്ദ്രകൽ കേറി, ഈ സഭീതേന്ദ്രത്തിൽ സമാഗതനായി; പുണ്ഡരീകന്റെ ദേഹത്തിൽനിന്നു പ്രാണവായുവോടൊപ്പം ഒരു തേജസ്സു പുറപ്പെട്ടു പദ്മനാഭപദത്തിൽ ചേരുകയും ചെയ്തു!

ഇപ്രകാരം, ഈ ഇന്ദ്രപ്രസ്ഥത്തിലെ പുഷ്കരതീർത്ഥത്തിൽ സ്നാനം ചെയ്യുതിനാലാണ് പുണ്ഡരീകൻ വിഷ്ണുസായുജ്യമടഞ്ഞതും, അച്യുതൻപോലും അദ്ദേഹത്തിന്റെ ഗൃഹത്തിൽ ഒരുമാസം തനതു ബന്ധുവിനെപ്പോലെ പാർത്തതും. ആരാളാവും, ഈ ഇന്ദ്രപ്രസ്ഥസ്ഥിതമായ പുഷ്കരത്തിന്റെ മഹിമ വർണ്ണിപ്പാൻ? കോടിയിലൊരംശം ഞാൻ പറഞ്ഞു! ഇതിന്റെ മാഹാത്മ്യം ശ്രദ്ധയാ ശ്രവിക്കുകയോ പഠിക്കുകയോ ചെയ്താൽ അശ്വമേധത്തിന്റെ ഫലം കിട്ടും.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, കാളിന്ദീമാഹാത്മ്യപ്രകരണം,
യുധിഷ്ഠിരസൈന്യരിസംചാരമന്തർദ്ധശിഖിനിരൂപണം,
പുഷ്കരതീർത്ഥപ്രഭാവനിരൂപണം, പുണ്ഡരീകസായുജ്യവർണ്ണനം,
ഇരുനൂറിപ്പതിനാറാമദ്ധ്യായം.

——(൦)——

ഇരുനൂറിപ്പതിനാറാമദ്ധ്യായം

നാരദൻ:—ഇനി, ഇവിടെയുള്ള പ്രയാഗമാകുന്ന തീർത്ഥപ്പെരുമാളുടെ മഹാപുണ്യമായ പ്രഭാവം ഭവാനോടു ഞാൻ വർണ്ണിക്കാം: വിശ്രാവസു എന്നൊരു വിശ്രവിഖ്യാതനായ ഗന്ധർവ്വനുണ്ടല്ലൊ; അദ്ദേഹം ഒരുദിവസം മഹാമേരുവിൽ ബ്രഹ്മസഭയിൽ പാടാൻ പോയി. അവിടെ, സുരഗണങ്ങളാലെല്ലാം പരിവൃതനായി ശോഭനാസനത്തിൽ സ്ഥിതിചെയ്യുന്ന വിധാതാവിന്നരികിൽ രണ്ടാമത്തെ ബ്രഹ്മാവോ എന്നു തോന്നുംവണ്ണം ഒരുത്തമാസനത്തിൽ ഇന്ദ്രപ്രസ്ഥം ഇരുന്നിരുന്നതു വിശ്രാവസു കണ്ടു: ത്രിശേപ്പെരുമാളും തീർത്ഥപ്പെരുമാളും ബ്രഹ്മാവിന്റെയും ഇന്ദ്രപ്രസ്ഥത്തിന്റെയും തലയ്ക്കുമീതെ വെൺചാമരം വീശുന്നുണ്ടായിരുന്നു; മന്ത്രവു, മറവു ദേവതീർത്ഥങ്ങളും അവരിരുവർക്കും ഒട്ടകലെ തൊഴുകൈപൂണ്ടു നിൽക്കുന്നുണ്ടായിരുന്നു! വിശ്രാവസു അവരിരുവരുടേയും മുമ്പിൽ മികച്ച സംഗീതം നടത്തി. പിന്നീട് പിതാമഹൻ തീർത്ഥങ്ങളേയും ത്രിശന്മാരേയും പിരിച്ചയച്ചു സത്യലോകത്തെയ്ക്കെഴുന്നള്ളി.

Digitized By Kerala Sahitya Akademi

ഇന്ദ്രപ്രസ്ഥതീർത്ഥത്തിന്റെ പ്രഭാവം കണ്ടിട്ട്, ധീമാനായ വിശാവസു ഹാഹയോടായി പറഞ്ഞു:—'ഗന്ധർവ്വപുംഗവാ, ഈ ഇന്ദ്രപ്രസ്ഥതീർത്ഥം പ്രപഞ്ചത്തിലെ തീർത്ഥങ്ങളിൽവെച്ച് അത്യുത്തമം തന്നെ: ചരാചരഗുരുവും സുരാസുരപൂജാരവിന്ദനുമായ ബ്രഹ്മാവിരിക്കുന്നതിനടുക്കൽ, അത്തരത്തിലുള്ള ആസനത്തിന്മേലാണല്ലൊ അതിരുന്നിരുന്നത്; തീർത്ഥപ്പെരുമാളും പിന്നിൽ നിന്ന ഭൃത്യനെപ്പോലെ വെൺചാമരം വീശുകയായിരുന്നു! പിന്നെ, മറ്റു തീർത്ഥങ്ങളുടെ കഥയെന്താണ്? ഭൂലോകത്തിലെ മറ്റു തീർത്ഥങ്ങൾ തിരുവുള്ളത്തെയെ നമിക്കുകയുള്ളൂ; ഇന്ദ്രപ്രസ്ഥതീർത്ഥം ചെന്നുവിളിച്ചത്തെ പ്രദോനംചെയ്യുന്ന. അതുപോലെതന്നെയാണ്, അവിടെയുള്ള തീർത്ഥങ്ങളൊക്കെ. അവയുടെ അനശ്വരമഹാത്മ്യങ്ങളെ അനന്തനാലും വർണ്ണിക്കാവുന്നവയല്ല!'

*..... ..മഹാരാജാവേ, ദേവകളിലെല്ലാം വെച്ച് ശചീപതിയായ ശക്രനും, അദ്ദേഹത്തെക്കാൾ ബ്രഹ്മാവും എപ്രകാരമോ, അപ്രകാരം തീർത്ഥങ്ങളിൽ വെച്ച് പ്രയാഗവും അതിനെക്കാൾ ഈ ഇന്ദ്രപ്രസ്ഥവും ശ്രേഷ്ഠമത്രേ. ഇതിനുള്ളിൽപ്പെട്ട പ്രയാഗത്തെസ്സംബന്ധിച്ച് ഒരു കഥ പറയാം:—നർമ്മദാനദിയുടെ തീരത്തു മാഹിഷ്മതീനഗരത്തിൽ മോഹിനി എന്നൊരു തേവിടിശ്ശിയുണ്ടായിരുന്നു. അഴകും യൌവനവും നൃത്യഗീതനൈപുണ്യവുംകൊണ്ട് അവൾ വളരെ ധനം സമ്പാദിച്ചു. ധനത്തിനുവേണ്ടി വളരെപ്പാപം അവൾ ചെയ്തിട്ടുണ്ട്—ഏഴു ബ്രഹ്മഹത്യതന്നെ ചെയ്തിരുന്നു; വളരെ ദാസിമാരെ കൊലപ്പെടുത്തി; ദാസിമാരുടെ ഗർഭം പലവുരു അലസിച്ചു! ഇങ്ങനെ പാപം ചെയ്തുകൊണ്ടാണ് അവൾ യൌവനകാലംകഴിച്ചത്. ക്രമേണ അവളെ വാർദ്ധക്യം ബാധിച്ചു; അതോടുകൂടി, അവൾ വിഷയങ്ങളിൽ നിസ്പൃഹയായി. അവൾ യുവാക്കന്മാരിലും, യുവാക്കന്മാർ അവളിലും ശ്രദ്ധിക്കാതായി. തന്റെ ധനം പാപാർജ്ജിതമാകയാൽ, ദാനം ചെയ്യാനും സഹായമനുഭവിപ്പാനും, വല്ലേടത്തും സൂക്ഷിച്ചു വെപ്പാനും അവൾക്കു ധൈര്യമുണ്ടായില്ല. ഒരു നാൾ അർദ്ധരാത്രിയിൽ ഉറക്കമുണർന്ന് അവൾ ആലോചിച്ചു:—'ഞാൻ മരിച്ചാൽ, ഈ പാപാർജ്ജിതമായ ധനം ആക്കായിരിക്കും? ഇയ്യ് എന്നെ അതിസൂക്ഷ്മമായ ഘോരനരകത്തിൽപ്പതിപ്പിച്ചുകളയും! ദാസിമാരും അവരുടെ ഭർത്താക്കന്മാരുമായിരിക്കും, എന്റെ മുതലനുഭവിക്കുക. എന്തുകൊണ്ടു ഞാൻതന്നെ ഇയ്യ് നല്ല കായ്ത്തിന്നു ചെലവാക്കിക്കൂടാ?' അവൾ ധർമ്മം ചെയ്യാൻ നിശ്ചയിച്ചു: തോട്ടം, പൊയ്ക, കുളം, കിണർ, ദേവാലയം എന്നിവ തീ

* ഈ ശ്ലോകം, ഇരട്ടിപ്പുകയാൽ വിട്ടു.

Digitized By Kerala Sahitya Akademi

ച്ചിച്ചു; നഗരത്തിനു പുറത്തും പാന്ഥർക്കു വേനൽക്കാലത്തു തണ്ണീർപ്പന്തലുകൾ സ്ഥാപിച്ചു; അവർക്കു ചോറും കൊടുത്തുപോന്നു; ഗൃഹത്തിനടുക്കൽ മരുനാട്ടുകാർക്കു താമസിപ്പാൻ ധർമ്മശാലയും ഉണ്ടാക്കി ഏർപ്പെടുത്തി.

ഇങ്ങനെ ധർമ്മം നടത്തിക്കൊണ്ടിരിക്കേ, ഒരിക്കൽ അവനു ഒരു പനിയിൽപ്പെട്ടു. അപ്പോൾ അവൻ, 'ഞാൻ ധർമ്മത്തിന്നായി വളരെ ധനം ചെലവാക്കി; എന്നിട്ടും പൊൻവെള്ളികളും വളരെ ശേഷിച്ചിരിപ്പുണ്ടു്. ഇവയെല്ലാം ശ്രോത്രിയർക്കു കൊടുത്തേയ്ക്കാം' എന്നുറച്ചു് നഗരത്തിലെ ബ്രാഹ്മണരെ ക്ഷണിച്ചു; എന്നാൽ, വാങ്ങാൻ പേടിച്ചു ബ്രാഹ്മണർ ചെന്നില്ല. അതിനാൽ അവൻ ആ ധനം രണ്ടായിപ്പകുത്തു് ഒരംശം തന്റെ ദാസിമാർക്കും ഒരംശം മരുനാട്ടുകാർക്കും ദാനംചെയ്തു; തനിക്കായി ഒരു കാര്യം കരുതിയില്ല; അന്തകൻ അടുത്തെത്തിയിരിക്കുന്നു എന്നായിരുന്നു അവന്റെ വിചാരം. പിരിക്കപ്പെട്ട ദാസിമാർ, 'ദീനമെങ്ങാനും മാറിപ്പോയാൽ ഇവൻ തന്നെ മുതൽ തിരിയെ എടുത്തേയ്ക്കു'മെന്നു കരുതി, മുതലുംകൊണ്ടു് യഥേഷ്ടം നടകൊണ്ടു. മോഹിനി പതിനെട്ടുനാൾ യാതൊന്നും കഴിക്കുകയുണ്ടായില്ല; ആയുർദ്ദോഷത്താൽ അവനു പനി മാറി. ജനേശ്വര, ജരൽഗവയെന്നൊരു സഖി അവളെ ശ്രുഷ്ണാന്തിയോടേ ചികിത്സിച്ചു ശുശ്രൂഷിച്ചിരുന്നു. ഏതാനും ദിവസങ്ങൾകൊണ്ടു് അവനു തികച്ചും ഭക്ഷണം കഴിക്കാമെന്നായി. അവൻ ജരൽഗവയുടെ വീട്ടിലാണു ഭക്ഷണം കഴിച്ചിരുന്നതു്; അതിൽ ലജ്ജതോന്നുകയാൽ, 'ഞാൻ ഇവിടെ സുഖത്തിലാണു പാർത്തിരുന്നതു്; ഇപ്പോൾ ദാരിദ്ര്യദുഃഖം വന്നുകൂടി. ഇനി ഇവിടെ പാർത്തുകൂടാ' എന്നു നിശ്ചയിച്ചു് അവൻ മറ്റൊരേടത്തേയ്ക്കു പുറപ്പെട്ടു. പോകുന്നവഴിക്കു് ഒരു കാട്ടിൽ വെച്ചു് അവളെ നഗരത്തസ്കരന്മാർ പരിക്കേല്പിച്ചു: അവളുടെ കയ്യിൽ പണമുണ്ടാവുമെന്നായിരുന്നു അവരുടെ ആശ; പണമൊന്നും അവളുടെ പക്കൽനിന്നു കിട്ടാഞ്ഞതിനാൽ അവർ അവളെ ആ കാട്ടിൽത്തന്നെയിട്ടു. അവൻ മരിച്ചിട്ടില്ലായിരുന്നു.

ഉടനെ, ഒരു വൈഖാനസൻ കമണ്ഡലുവിൽ ഈ പ്രയാഗത്തിലെ ജലവുമായി ആ കാട്ടിലെത്തി. ആയുധത്താൽ മുറിവേറ്റു കിടന്നിരുന്ന മോഹിനി അദ്ദേഹത്തിന്റെ ദൃഷ്ടിയിൽപ്പെട്ടു. അവൻ കയ്യാംഗ്യം കൊണ്ടു് അദ്ദേഹത്തോടു വെള്ളം ചോദിച്ചു.

വൈഖാനസൻ:—'നീ ആരാണു്? ആരാണു്, നിന്നെ തീക്ഷ്ണായുധങ്ങൾകൊണ്ടു മുറിപ്പെടുത്തിയതു്? എന്തിനാണു നീ മറ്റയ്ക്കു് ഈ

Digitized By Kerala Sahitya Akademi

നിർജ്ജനാരണ്യത്തിൽ വന്നത്? ഇന്ദ്രപ്രസ്ഥപ്രയാഗത്തിലെ പുണ്യജലമാണിത്; എന്തോ ഭാഗ്യത്താൽ ഇവിടെയെത്തി എന്നേ പറയേണ്ടൂ.'

മോഹിനി ക്ഷ സംസാരിക്കാൻ വയ്യായിരുന്നു; അവൾ വെള്ളം കുടിക്കാൻവേണ്ടി വായ് പിളർത്തുകമാത്രം ചെയ്തു. ആ പ്രയാഗജലം വായിൽ വീണഭാട്ടുകൂടി ഗണികയുടെ പ്രാണൻ പോയി. പ്രാണൻ പോകുമ്പോൾ, 'ഞാൻ പട്ടമഹിഷിയാകണ'മെന്നാണത് അവൾ ആഗ്രഹിച്ചത്; അതിനാൽ അവൾ ദ്രവിഡത്തിൽ കുലശീലധനൈശ്വര്യവാനായ വീരവർമ്മനപന്റെ പട്ടമഹിഷിയായി ജനിച്ചു: തീർത്ഥജലം സേവിച്ചതിനാൽ മോഹിനി കേരളരാജാവിന്റെ ഗൃഹത്തിൽ ജനിച്ചു; സുവർണ്ണവർണ്ണത്തിലായിരുന്ന ആ കമലാക്ഷിയുടെ ശരീരം; അതിനാൽ അവൾക്ക് അച്ഛൻ ഹേമാംഗി എന്ന പേരിട്ടു. ഒരുദിവസം ആ ഹേമാംഗി ഹേമാഭരണങ്ങളിഞ്ഞു, മന്ത്രിയുടെ മകളും തന്റെ സഖിയുമായ കലയുടെ ഗൃഹത്തിൽ പോയി. കല മഹാരാജ്ഞിയെ യാചകവേഷത്തെലംകൊണ്ടു തോല്പുകളിയും നാനാവിധവമായ ഭക്ഷണവും കഴിപ്പിച്ചു ശ്രേഷ്ഠാസനത്തിൽ ഉപവേശിപ്പിച്ചു. പുരികുഴൽക്കെട്ടിൽ പൂഷ്പങ്ങൾ തിരുകി, നേരിയ വെള്ളപ്പട്ടുടുത്തു, വെറ്റിലമുറുക്കിക്കൊണ്ടിരുന്ന ഹേമാംഗി കലയോടാവശ്യപ്പെട്ടു:—'കലേ, കോകിലകളഭാഷിണി, നിന്റെ ഗൃഹത്തിൽ അത്ഭുതപദാർത്ഥം വല്ലതുമുണ്ടെങ്കിൽ എനിക്ക കാട്ടിത്തരിക.'

ശ്രീപദ്മമഹാപുരാണം, ഭൂതരഖണ്ഡം, കാളിന്ദീമാഹാത്മ്യപ്രകരണം,
യുധിഷ്ഠിരസൗഭരിസംവാദാന്തർഗ്ഗത ശിബിനാരദസംവാദം,
പ്രയാഗതീർത്ഥപ്രഭാവതിരുപണം, മോഹിനീപാഖ്യാനം
ഇരുന്നൂറിപ്പതിനാറാമദ്ധ്യായം.

ഇരുന്നൂറിപ്പതിനേഴാമദ്ധ്യായം

നാരദൻ:—രാജപത്നി ആ വിധം ആവശ്യപ്പെട്ടതിനാൽ കല, തന്റെ ഇടുപ്പെല്ലിൽനിന്ന് ഒരു സുവർണ്ണപ്പെട്ടി കൊണ്ടുവന്നു മുമ്പിൽ വെച്ചു; 'മഹാരാജ്ഞി, ഇതിൽ അത്ഭുതകരമായ ഒരു വലിയ പുസ്തകമുണ്ട്; ചിത്രങ്ങളാണതിൽ. ഇത്തിരി ഉറന്നു നോക്കു, പുസ്തകത്തിൽ എന്തൊക്കെയാണുള്ളതെന്നു'. അതിലുള്ള ചിത്രങ്ങൾ കണ്ടാൽ ഇവിടെയുള്ള തീർച്ചയായും രസം തോന്നും.' എന്നറിയിക്കുകയും ചെയ്തു. രാജ്ഞി ദാസിയെക്കൊണ്ടു പെട്ടി തുറപ്പിച്ചു, അതിലുണ്ടായിരുന്ന പു

Digitized By Kerala Sahitya Akademi

സ്തകം കയ്യിലെടുത്തു നോക്കാൻ തുടങ്ങി: ആദ്യം അവതാരങ്ങളും പുരുക്കത്തിൽ എഴുതപ്പെട്ടിരിക്കുന്നു; പിന്നെ, അൻപതുകോടി യോജന വലിപ്പമുള്ള ഭൂഗോളം, അതിൽ ഇരുമ്പുനിലവും പൊൻനിലവും, അവയുടെ ഇടയിൽ ലോകാലോകപർവ്വതം എന്നിവ കാണപ്പെട്ടു; പിന്നീട് ഏഴു സമുദ്രങ്ങളാൽ ചുറ്റപ്പെട്ട ഏഴു ദ്വീപുകളും, അവയിൽ നദികളും-പർവ്വതങ്ങളും-ഗന്ധങ്ങളും എന്നിവയും കാണുമാറായി. ഭാരതഖണ്ഡം നോക്കിവരുമ്പോൾ ഗംഗാകാളിന്ദ്യാദി നദികളും, കാളിന്ദീതീരത്തു് ഈ അനേക തീർത്ഥാനപിതമായ ഇന്ദ്രപ്രസ്ഥവും ആ സൌഭാഗ്യവതിയായ രാജ്ഞിയുടെ ദൃഷ്ടിയിൽപ്പെട്ടു. ഇവിടെ ഈ ബ്രാഹ്മതീർത്ഥമായ പ്രയാഗം ദർശിച്ചതോടുകൂടി ആ മനസ്വിനിക്കു മുൻജന്മസ്മരണയുണ്ടായി വന്നു. ഒന്നും മിണ്ടാതെ അവൾ പെട്ടെന്നൊഴുനേറ്റ് അരമനയിലേയ്ക്കു തിരിച്ചു.

'തീർത്ഥത്തിലേയ്ക്കു പുറപ്പെട്ടേ ഇനി ഉണ്ണുള്ളൂ' എന്നു നിശ്ചയിച്ചു തീർത്ഥന്ദ്രതല്പരയായ ഭദ്രാംഗി അപ്പോൾത്തന്നെ പ്രാണപ്രിയനായ വീരവർമ്മനരേന്ദ്രനോടുരചെയ്തു:—പ്രാണനാഥ, എന്റെ ധർമ്മ്യമായ വാക്കുകേട്ടു്, വേഗത്തിൽ അവിധം ചെയ്തുകൊണ്ടാലും; എന്നാൽ ഇവിടെയ്ക്കു പൂർണ്ണത സിദ്ധിക്കും: മുൻജന്മത്തിൽ മോഹിനി എന്നൊരു തേവിടിശ്ശിയായിരുന്നു ഞാൻ. യൌവനത്തിൽ ഞാൻ വളരെ പാപം ചെയ്തു; വാർദ്ധക്യത്തിൽ തെല്ലൊരു ധർമ്മത്തിനും തോന്നി. പാപത്താൽ സമ്പാദിച്ചിരുന്ന ധനമെല്ലാം ഞാൻ ധർമ്മാർത്ഥം ചെലവഴിച്ചു. നിർദ്ധനയായപ്പോൾ ഞാൻ എന്റെ നഗരത്തിൽനിന്നു നടകൊണ്ടു. വഴിക്കു് ഒരു വിജനകാനനത്തിൽവെച്ചു ദുഷ്ടചോരന്മാർ ധനം കാംക്ഷിച്ചു ദാരിദ്ര്യപീഡിതയായിരുന്ന എന്നെ വൃഥാവിൽ പരിക്കേല്പിച്ചു; ഞാൻ തീക്ഷ്ണശസ്ത്രങ്ങളാൽ മുറിപ്പെട്ടു നിസ്സംജ്ഞയായി നിലത്തു പതിച്ചു. ഭഗ്നമനോരഥരായ തസ്കരന്മാർ എന്നെ കൊല്ലാതെ അവിടെയിട്ടേച്ചു പോയി. ഉടനെ ഒരു വൈഖാനസൻ ഇന്ദ്രപ്രസ്ഥസ്ഥിതമായ പ്രയാഗത്തിലേ ജലവുമായി ആ കാട്ടിൽ വന്നെത്തി. അവിടെ ആ നിലയിൽ കിടക്കുന്ന എന്നെ കണ്ടിട്ടു് ആ താപസൻ, 'നീ ആരാണു്? എന്തിനു വന്നു? ആരാണു പരിക്കേല്പിച്ചതു്?' എന്നു ചോദിച്ചു. ഞാൻ ഒന്നും സംസാരിക്കാതെ വെള്ളം ആവശ്യപ്പെട്ടു. അദ്ദേഹം ആ പുണ്യജലം എന്റെ വായിലൊഴിച്ചതോടുകൂടി ഞാൻ മരണമടഞ്ഞു. ആ ജലം സർവ്വാഭീഷ്ടപ്രദമാണെന്നു കേട്ടിരുന്നതിനാൽ, ഞാൻ പ്രാണപ്രയാണസമയത്തു പട്ടമഹിഷിയാകണമെന്നാശിക്കുകയുണ്ടായി; അതിനാലത്രേ ഞാൻ, ആ തീർത്ഥജലത്തിന്റെ

Digitized By Kerala Sahitya Akademi

പ്രസാദത്താൽ, സൽക്കലാചാരശീലമഹാസമുദ്രമായ ഇവിടത്തെ അനന്തപുരനായികയായിച്ചമഞ്ഞതു! ഇപ്പോൾ എനിക്കു്, ഇരുപ്രസ്ഥത്തിലെ ആ കാമദമായ തീർത്ഥപ്പുരമാളികയെ ഇവിടത്തോടൊന്നിച്ചു പോയി ദർശിക്കണമെന്നുണ്ടു്. നാഥ, എപ്പോൾ ആ ശ്രേഷ്ഠതീർത്ഥത്തിലേയ്ക്കു പുറപ്പെടുമോ, അപ്പൊഴേ ഉണ്ണുകയുള്ളു എന്നു ഞാൻ പ്രതിജ്ഞചെയ്തിരിക്കുന്നു.'

വീരവമ്മാവു്:—'ചഞ്ചലാക്ഷി, നീയിപ്പുറഞ്ഞതു് എനിക്കെങ്ങിനെ ബോധപ്പെട്ടും? എന്നെ വിശ്വാസപ്പെട്ടുത്തിയാൽ ഇതു ഞാൻ ചെയ്യാം.'

അപ്പോൾ ഒരാകാശവാക്കുണ്ടായി:—'രാജാവു, പരമാർത്ഥമാണു് ഭവാനെറ ഭായ്വു പറഞ്ഞതു്. ഇരുപ്രസ്ഥത്തിലെ പ്രയാഗപുണ്യതീർത്ഥത്തിൽ പോയി സ്നാനം കഴിച്ചാൽ ഭവാന്നു് അഭീഷ്ടമെന്തും നിറവേറും.' ഈ ഗഗനഭാഷിതം കേട്ടതോടുകൂടി, നരേന്ദ്രൻ, 'ഇതു പറഞ്ഞ ആളെ ഞാൻ നമസ്കരിക്കുന്നു' എന്നു്, നിലത്തു വടിപോലെ വീണു; അനന്തരം മന്ത്രിയെ വിളിച്ചു രാജ്യം അയാളെ ഏല്പിച്ചു്, ഹേമാംഗിയോടുകൂടി തേരിൽക്കേറി പുണ്യതീർത്ഥത്തിലേയ്ക്കു പോന്നു. ഏതാനും ദിവസങ്ങൾകൊണ്ടു് ആ ദമ്പതിമാർ ഇവിടെ വന്നെത്തി. അവരിരുവരും ഈ കാമദമായ തീർത്ഥപ്പുരമാളികയ്ക്കു പാൽ സമർപ്പിച്ചു്, 'പ്രയാഗസ്നാനപുണ്യത്താൽ വൈകുണ്ഠപ്രസാദം കൈവരട്ടെ' എന്നു്, ഇതിൽ സ്നാനം ചെയ്തു; സ്നാനം കഴിഞ്ഞപ്പോഴെയ്ക്കും, ഗരുഡഹംസവാഹനരായ ദേവശ്രേഷ്ഠന്മാർ ഇവിടെ എഴുന്നള്ളിവന്നു. തന്നിരുമേനികളെ കണ്ടു വീരവമ്മഭൂപാലൻ ഏകാഗ്രചിത്തനായി നമസ്കരിച്ചു സ്തുതിച്ചു:—

(ശ്ലോകങ്ങൾ)

'വന്ദിപ്പൂഞാൻ, സത്വരജഃപ്രധാനരും
ചരാചരത്തിൻ സ്ഥിതിസംഹാരരും
വൈകുണ്ഠസത്യേശർ ഖഗേന്ദ്രവാഹരും
ചതുർഭുജിബ്രാഹ്മക്കളുമായ നിങ്ങളെ!

വൈരാഗ്യമില്ലിപ്പുമരും നരക്കു സൽ-
സായുജ്യവും ഭക്തിയുമേകുവോർകളായ്
വൃന്ദാരകാരാധ്യപദാരവിന്ദരാ-
മീനിങ്ങളെബ്ഭക്തി നതൻ നമിപ്പഞാൻ!

ഒരുവനുമറിയില്ല നിൻസ്വരൂപം
സുരഗണവന്ദിതപാദപദ്മ, വിഷ്ണോ;

Digitized By Kerala Sahitya Akademi

പ്രകൃതിപുരുഷരെക്കവിഞ്ഞുനില്പോൻ
കരഗമെഴികയംക്കമതീവ ദൂരഗൻ നീ!

ക്ഷണികമുലകിതെന്നു കണ്ടു, നിൻ തൃ-
പ്പദനളിനം മുനിവൃന്ദവന്ദ്യമാനം
അനിതരമതിയായ് ഭജിപ്പു താരോ,
ദൃഢമവനേ ഭവി ഭോഗ്യവാൻ പരാത്മൻ!

തവൽപാദസംസേവയു, മാശ്രിതർക്കു
കാമപ്രദം തീർത്ഥമിതും ദുരാപം;
രണ്ടും സമാസേവ്യവുമാണു മുക്തി-
യ്ക്കു;-ന്യൂനയാ സേവനമൂറ മൌഢ്യം!

മറെറാന്നിനാവില്ല,ലകൃകമാനം
കടന്നുപോകാൻ മുതിരും മഹാന്മാർ
സേവിച്ചുപോരുന്നതു, മുക്തി നൽക-
മിപ്പുണ്യതീർത്ഥത്തെയുമങ്ങയേയും!'

ഇപ്രകാരം ദേവേശലോകേശന്മാരെ സ്തുതിച്ചു വീരവമ്മാവു വിരമിച്ചപ്പോൾ ഹേമാംഗി ഉണർത്തിച്ചു:—

(ശ്ലോകങ്ങൾ)

'പത്മാപതേ, പത്മപലാശലോചന,
ബ്രഹ്മൻ, മരാളാസന, ഭാരതീഗുരോ,
തൊഴാം ഭവാന്മാക്കു;-ഴലാന്നു ഞങ്ങളെ-
ബ്ഭവാബ്ധിവാൽ കേറുക സുപ്രസന്നരായ്!

ഇത്തീർത്ഥത്തിൻ പ്രസാദത്താൽ ഞാൻ മഹാരാജ്ഞിയായ്
നേടീ ഭവദ്ദർശനവും ദേവകർക്കം സുദുർല്ലഭം! [വിഭോ;
ഭവാന്മാർ സർവ്വചിത്തജ്ഞർ നിറവേറിത്തരേണമേ
സ്നാനകാലത്തു ശരിയായ് ഞങ്ങളാലഴിവാഞ്ഛിതം!'

ഇങ്ങനെ ആ ദമ്പതിമാരാൽ സ്തുതിക്കപ്പെട്ട ദേവപുംഗവന്മാരിരുവരും തിരുമുഖം തെളിഞ്ഞു് അവരോടരുളിച്ചെയ്തു:—'ഹേമാംഗി സുകൃതിനിയാണ് നീ: രാജ്യസുഖത്തിൽ മുഴുകിയിരുന്ന ഭർത്താവിനേയും ഈ തീർത്ഥസേവനത്താൽ നീ കരയേറിയല്ലോ! വിഷയാസക്തരായ രാജാക്കന്മാർക്കു്, നിന്റെ ഭർത്താവിനു് ഈ തീർത്ഥത്തിന്റെ പ്രസാദത്താൽ കൈവന്നതുപോലുള്ള മുക്തി എളുപ്പത്തിൽ കിട്ടാവുന്നതല്ല.' ഇതുമരുളിച്ചെയ്തു് ആ സുരശ്രേഷ്ഠന്മാർ ദമ്പതിമാരെ പക്ഷിരാജപുറത്തേറി സത്യലോകത്തേയ്ക്കു ഗമിച്ചു. അവിടെച്ചെന്ന ബ്രഹ്മാവിനാൽ

Digitized By Kerala Sahitya Akademi

യഥാവിധി പൂജിതരായ അവരെല്ലാവരും അദ്ദേഹത്തിന്റെ പ്രീതിക്കായി രണ്ടുനാഴികനേരം അവിടെ വിശ്രമിച്ചു. പിന്നീട് പുമാതിൻ മണവാളൻ ഹേമാംഗീവീരവർമ്മാക്കളോടൊന്നിച്ചു ഗരുഡന്റെ പുറത്തു കേറി ശ്രീവൈകുണ്ഠത്തിലേയ്ക്കു പുറപ്പെട്ടു.

ഇങ്ങനെ തീർത്ഥപ്പെരുമാളുടെ വൈഭവം ഭവാനോടു ഞാൻ പറഞ്ഞു. പുണ്യവും സർവ്വപാപഹരവും യശസ്കരവും പുത്രപ്രദവുമാണിതു്. ഇതു പതിവായി ചൊല്ലുകയോ കേൾക്കുകയോ ചെയ്താലുണ്ട് അഭീഷ്ടപദം കിട്ടും; ഇപ്പറഞ്ഞതു പരമാർത്ഥമാകുന്നു.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, കാളിന്ദീമാഹാത്മ്യപ്രകരണം, യുധിഷ്ഠിരമഹർഷിസംവാദാനന്തരശിബിനാരദസംവാദം, പ്രയാഗതീർത്ഥപ്രഭാവനിരൂപണം, മോഹിനീമുക്തികഥനം ഇവയടങ്ങുന്ന ഇരുന്നൂറിപ്പതിനേഴാമദ്ധ്യായം.

———(o)———

ഇരുന്നൂറിപ്പതിനെട്ടാമദ്ധ്യായം

——o——

നാരദൻ:—ശിബിരാജാവേ, ഇന്ദ്രപ്രസ്ഥത്തിലെ കാശിയുടെ മഹാമാഹാത്മ്യം കേട്ടുകൊള്ളുക; പുണ്യവും യശസ്കരവും ആയുർവർദ്ധനവുമാണിതു്: ഈ കാശിയിൽ, പണ്ടു പുണ്യമായ കൃതയുഗത്തിൽ, ഒരു ശിംശപാവൃക്ഷമുണ്ടായിരുന്നു. ആ വനസ്പതിമേൽ ഒരു കാകൻ കൂടു കെട്ടിയിരുന്നു; താഴെ പൊത്തിൽ ഒരു വലിയ സർപ്പവും പാർത്തിരുന്നു. ഒരുനാൾ ആ കാകന്റെ ഭാര്യ കൂട്ടിൽ രണ്ടു മുട്ടയിട്ടു്, എവിടെയ്ക്കോ പോയി; അവൾ തിരിച്ചു വന്നിട്ടില്ലായിരുന്നു. അതിനാൽ കാകൻ താൻതന്നെ മുട്ട രണ്ടും നോക്കിക്കൊണ്ടു് ആ മരത്തിന്മേൽ സ്ഥിതിചെയ്തു. പാതിരയ്ക്കു് ഒരു കൊടുംകാറു വീശിത്തുടങ്ങി; അതിൽ ശിംശപാവൃക്ഷം വേർ പുഴങ്ങി വീണു. വീഴുന്നതോടുകൂടി അതിന്റെ ചുവട്ടിൽപ്പെട്ടരഞ്ഞു് ആ കാകനും സർപ്പവും ചത്തുപോയി. ഉടനെ അവർ മൂവരും—ശിംശപാവൃക്ഷവും കാകനും സർപ്പവും—ദിവ്യശരീരംപൂണ്ടു മൂന്നു വിമാനങ്ങളിൽക്കേറി വൈകുണ്ഠലോകത്തിലേയ്ക്കു ഗമിച്ചു.'

ശിബി:—'ദേവർഷേ, നാരദ, എന്തൊരു പുണ്യത്താലാണ് അവർ മൂവരും ഈ മുക്തിദമായ പുരിയണഞ്ഞതു്? മുൻജന്മത്തിൽ ആരായിരുന്നു അവർ? എല്ലാം പറഞ്ഞുതരിക.'

നാരദൻ:—'കുരുരാജ്യത്തു ശ്രവണൻ എന്നൊരു ബ്രാഹ്മണൻ ഉണ്ടായിരുന്നു. അയാൾ നാലുതോറും കുളിക്കാതെ ഊൺകഴിക്കുകയും,

Digitized By Kerala Sahitya Akademi

മിഷ്ടാന്നം തന്നിയെ ഭക്ഷിക്കുകയും ചെയ്യുപോന്നു; ആ ദോഷത്താൽ ഉത്കർക്കാക്കയായിപ്പിറന്നു. അയാളുടെ അനുജൻ കുരണ്ടകൻ തികഞ്ഞ നാസ്തികനായി, ശ്രുതസ്മാർത്തമാർഗ്ഗങ്ങളെ അതിലംഘിക്കുകയും ദേവകളെക്രൂരടി നിന്ദിക്കുകയും ചെയ്യുപോന്നു; ആ ദോഷത്താൽ അയാൾ ചത്തു കാളസപ്പുമായിജ്ജനിച്ചു. ശ്രവണന്റെ ഭാര്യ, കണ്ണു എന്നവർക്ക് ഇരുവരുടേയും ദോഷമുണ്ടായിരുന്നു; അതിനാൽ അവർ സ്ഥാവരമായിപ്പിറന്ന് ഇരുവർക്കും വാസസ്ഥാനമായി. ഇതാണ് അവരുടെ മുൻജന്മചരിതം. ഇനി അവർ മൂവരും വിശ്വനാഥന്റെ കമനീയമായ കാശീനഗരമണഞ്ഞതു് ഇന്ന പുണ്യത്താലാണെന്നു പറയാം: ഒരിക്കൽ ആ ഭ്രാതൃക്കന്മാർ മറെറാരു ഗ്രാമത്തിൽ നിന്നു സ്വഗൃഹത്തിലേയ്ക്കു പോരുമ്പോൾ ഒരു വഴിപോക്കന്റെ കറവുപയ്യ് കിണറ്റിൽ വീണതു കണ്ടെത്തുകയും, അയാൾ ആവശ്യപ്പെട്ടതിനാൽ അതിനെ കേറിക്കൊട്ടുകയുമുണ്ടായി; ഇതു പറഞ്ഞു കേട്ടപ്പോൾ കണ്ണു, നന്നായി എന്നഭിപ്രായപ്പെടുകയുമുണ്ടായി. ആ പുണ്യത്താലത്രേ, അവർ മൂവരും ഇന്ദ്രപ്രസ്ഥത്തിലെ കാശിയിൽ ദുഷ്പ്രാപമായ മരണമടഞ്ഞു വൈകുണ്ഠം പൂകിയതു്. കാശ്യപീശ, ഈ കാശീപുരി ശിവന്റേതാണെങ്കിലും, ഇവിടെവെച്ചു മൃതിപ്പെട്ട ശരീരി വൈകുണ്ഠത്തിൽ വിഷ്ണുവിന്റെ സുഹൃത്തായിട്ടാണു ഭവിക്കുക. ഈ കാശിയുടെ മഹാമാഹാത്മ്യം ഞാൻ പറഞ്ഞുവല്ലോ; ഇനിയെന്താണ് ഭവാനു കേൾക്കേണ്ടതു്?'

ശിബി:—'മഹർഷേ, കാശി, ശിവകാഞ്ചി, ഗോകർണ്ണം എന്നു മൂന്നു ശിവക്ഷേത്രങ്ങളെ ഭവാൻ വിവരിക്കയുണ്ടായല്ലോ; കാശിയൊന്നിന്റെ മാഹാത്മ്യമല്ലേ പറഞ്ഞുള്ളൂ; ഗോകർണ്ണശിവകാഞ്ചികളുടേയും പറയുക.'

നാരദൻ:—'കേവലശിവക്ഷേത്രം തന്നെയാണ്, പരമപാവനമായ ഗോകർണ്ണം; ഇതിങ്കൽ വെച്ചു മൃതിപ്പെട്ട മനുഷ്യൻ ശിവനായിച്ചമയും; സംശയമില്ല. ഇവിടെ കരയിലോ വെള്ളത്തിലോ വാനിലോ വെച്ചു മരിച്ച ദേഹി കൈലാസശൃംഗത്തിൽ ശിവനായിച്ചമഞ്ഞു വിഹരിക്കും. ഈ ഗോകർണ്ണതീർത്ഥത്തിൽ വെച്ചു മരിച്ചവന്നു പുനർജ്ജന്മമില്ല; അവൻ ശിവനോടുകൂടി ഒരിക്കൽ മുക്തിയടയും. ഈ ഗോകർണ്ണത്തിന്റേയും മാഹാത്മ്യം, ഞാൻ ബ്രഹ്മമുഖത്തുനിന്നു കേട്ടതിൻവണ്ണം, ഭവാനോടു പറയാം:

ഇതാ, പ്രയാഗത്തിൽ നിന്നു രണ്ടായിരം വില്ലാടകലെ, ബൃഹസ്പതിതീർത്ഥത്തിന്നടുക്കൽ, പുണ്യദർശനമായ സീമാപർവ്വതം കാണപ്പെടുന്നു. അവിടെ, കക്കടൻ എന്നൊരു കരാളനായ കാട്ടാളനുണ്ടായിരുന്നു. അവന്റെ ഭാര്യ, ജര എന്നവൾ, അങ്ങു തേൻകന്മാരെ

Digitized By Kerala Sahitya Akademi

കൊന്നവളാണ്! ഏറാമത്തവനായ കക്കടകനേയും കൊല്ലാനായി അവർ വിഷം കൂട്ടി കൊഴക്കട്ടയുണ്ടാക്കി; അയ്യപ്പൻമാരുടെ പരാക്രമത്തിനാൽ ആ ക്രൂരൻ കെട്ടിയവളെ വെട്ടിക്കൊല്ലാൻ വാളുമായി നേരിട്ടു. അയ്യൻ കണ്ടു പേടിച്ച് ആ ദുഷ്ട പ്രാണരക്ഷയ്ക്കുവേണ്ടി കാട്ടിലേയ്ക്കു പാഞ്ഞു. കക്കടൻ പിറകേ പാഞ്ഞെത്തി, ഈ ഗോകർണ്ണക്ഷേത്രത്തിൽ വെച്ച് അവളെ പിടിച്ചു തല വാൾകൊണ്ടു വെട്ടി ശരീരം തീർത്ഥജലത്തിലേയ്ക്കിട്ട്, സ്വസ്ഥാനത്തേയ്ക്കു തിരിച്ചു. പാപിനിയായിരുന്നവെങ്കിലും ആ ജഘ ഗോകർണ്ണത്തിൽ വെച്ചു കൊലപ്പെട്ടതിനാൽ കൈലാസശൃംഗത്തിൽ പാർവ്വതിയുടെ തോഴിയായിച്ചമഞ്ഞു! ഇങ്ങനെ, ഗോകർണ്ണമാഹാത്മ്യം ഞാൻ വർണ്ണിച്ചു. ശിവകാഞ്ചിയുടെ വിശുദ്ധമായ മാഹാത്മ്യവും കേട്ടുകൊള്ളുക:

ഇന്ദ്രപ്രസ്ഥത്തിലെ ശിവകാഞ്ചിയിൽവെച്ചു മരിച്ചവനും ഗതി ഗോകർണ്ണത്തിലേതു തന്നെ. ഇവിടെയാണ്, ശ്രീമഹാദേവൻ സർവ്വദേവേശ്വരനായ വിഷ്ണുവിനെ ആരാധിച്ചു ഭക്തരാജത്വവും തത്ത്വജ്ഞാനവും നേടിയതു്. അതിനാലത്രേ, ബ്രഹ്മാവിന്റെ പുത്രന്മാരായ ഞങ്ങളെല്ലാം സൽക്ഷേത്രജ്ഞാനസിദ്ധികായി ആ മഹേശ്വരനെ സദാ ആരാധിച്ചു പോരുന്നതു്. ഇവിടെ ബാണാസുരൻ ശിവനെ, അവിടുത്തെ പാർശ്വനാകാൻ വേണ്ടി, ഒരു നൂറാണ്ടു നിരാഹാരനായി സേവിച്ചു. ഭഗവാൻ അയാളിൽ പ്രസാദിച്ചു തന്റെ പാർശ്വതലം കല്പിച്ചു നൽകി; താൻതന്നെ അയാളുടെ പുരികാവൽക്കാരനായി നിൽക്കുകയും ചെയ്തു. രാജാവേ, പണ്ട് ഈ പുരി മധുസൂദനന്റേതായിരുന്നു; തന്തിരുവടി തപസ്സിനാൽ പ്രസാദിച്ചു ശിവനു കൊടുത്തതാണ്. ഈ പുരിയിൽ ഒരത്യത്ഭുതമുണ്ടായി—ഒരു ശിവഭക്തനായ ബ്രാഹ്മണനെ വൈകുണ്ഠപ്രാപ്തി സിദ്ധിച്ചു:

ഹേരംബനെന്നൊരു ധാർമ്മികദ്വിജൻ സദാ വാങ്മനഃകായങ്ങളാൽ വാമദേവനെ സേവിച്ചുപോന്നു. ഒരിക്കൽ, ആ മഹാഭാഗനായ ശിവഭക്തൻ ശിവതീർത്ഥങ്ങളാടി നടന്ന് ഈ ശിവകാഞ്ചിയിൽ വന്നെത്തി പിന്നെ, ആ ബുദ്ധിമാൻ മനോഹരമായ ഇവിടം വിട്ടുകയുണ്ടായില്ല; ഇവിടുത്തെ തീർത്ഥത്തിന്നടുക്കൽവെച്ചുതന്നെയാണ്, അദ്ദേഹം മുക്തിപ്പെട്ടതു്. ഉടനെ, ആ ബ്രാഹ്മണശ്രേഷ്ഠനെ, ശിവന്റെ പാർശ്വന്മാർ, ഉത്തരവിൻപ്രകാരം, കൈലാസത്തിലേയ്ക്കു കൊണ്ടുപോയി. വഴിക്കുവെച്ച്, വൈകുണ്ഠത്തിൽ നിന്നു വൈഷ്ണവഗണങ്ങളും വന്നെത്തി. ദ്വിജശ്രേഷ്ഠനെ ശിവദൂതന്മാരിൽ നിന്നു തട്ടിപ്പറിക്കാനൊരുമ്പെട്ടു. വ

Digitized By Kerala Sahitya Akademi

ന്വിച്ച യുദ്ധമായി, രണ്ടുകൂട്ടരും തമ്മിൽ. യുദ്ധത്തിൽ ജയമോ പരാജയമോ ഒരു കക്ഷിക്കുണ്ടായില്ല. അപ്പോഴം വൈകുണ്ഠത്തിൽനിന്നു ഗരുഡന്റെ പുറത്തുകേറി ശ്രീനാരായണനും, കൈലാസത്തിൽനിന്നു കാളപ്പുറത്തേറി ത്രിലോകധാരിയായ മഹേശ്വരനും എഴുന്നള്ളിവന്നു. അതു ജഗദീശ്വരന്മാർ മുഖത്തോടുമുഖം നോക്കി പുഞ്ചിരിയിട്ട്, പാഷ്ണ്ഡരുടെ പെരുംപോരാട്ടം അകാശത്തുതന്നെ നിന്നു തുക്കണ്ണാഞ്ഞു! ഒടുവിൽ മുകുന്ദൻ, അനേറയും ശിവന്റേയും ആരംക്കാരെ വിലക്കി, ഗരുഡന്റെ പുറത്തു കേറി, ശിവനോടൊന്നിച്ച്, ഇരുഗണങ്ങളാലും പരിവൃതനായി ശിവലോകത്തേയ്ക്കെഴുന്നള്ളി. വഴിക്കു വാനവർ തന്തിരുവടിയെ വന്ദിച്ചു സ്തുതിച്ചു. മാധവൻ മഹാദേവനെ മുമ്പിലാക്കി കൈലാസത്തിൽ ചെന്നെത്തി, അതിന്റെ രാമണീയകം ആരാണെന്നു കാണിച്ചുകൊടുത്തു; എന്നിട്ടവിടെ നിന്ന്, ചന്ദ്രചൂഡനാൽ പരമഭക്തിയോടെ വന്ദിക്കപ്പെട്ട്, വൈകുണ്ഠത്തിലേയ്ക്കും തിരിച്ചു. ആ ബ്രാഹ്മണമഹാഭാഗൻ ഈ തീർത്ഥത്തിന്റെ പ്രസാദത്താൽ വിഷ്ണുദർശനം സാധിച്ച്, ശിവസന്നിധിയിൽ സുഖിക്കയും ചെയ്തു.

ഇങ്ങനെ ശിവകാഞ്ചീപ്രഭാവം ഞാൻ പറഞ്ഞു. രാജാവേ, ഇനി സപ്തതീർത്ഥമാഹാത്മ്യം സാവധാനനായി കേട്ടുകൊള്ളുക: ദർശനം, സ്പർശനം, ധ്യാനം, സ്മരണം എന്നിവയാൽ ചതുർവ്വർഗ്ഗത്തെ നൽകുന്നതാകുന്നു ഈ തീർത്ഥം. വസിഷ്ഠാദിമഹർഷിമാർ ഇവിടെ വൻതപസ്സനുഷ്ഠിച്ചിട്ടത്രേ സൃഷ്ടിശക്തി സമ്പാദിച്ചതു്: ധർമ്മാത്മാവായ, മരീചി മഹാഭാഗൻ പുത്രലബ്ധിക്കവേണ്ടി ഇതിൽ സ്നാനംചെയ്തിട്ടത്രേ, കശ്യപനാകുന്ന സൽപുത്രനെ നേടിയതു്; അത്രിയും ഇവിടെ തപസ്സുചെയ്ത ദേവപുംഗവന്മാരെ പ്രസാദിപ്പിച്ചതിനാലത്രേ, ചന്ദ്രനും ദുർവാസസ്സും ദത്തനുമാകുന്ന മൂന്നു പുത്രന്മാരെ നേടിയതു്; ധർമ്മാത്മാവായ അംഗിരസ്സിനു പുത്രന്മാരുണ്ടായതും ഈ തീർത്ഥത്തിന്റെ പ്രസാദത്താൽത്തന്നെ: അവർ അംഗിരസരെന്നു പറയപ്പെട്ടു; പുലഹനു ഗുണവത്തരനായദംഷ്ട്രോളി എന്ന പുത്രനുണ്ടായതും ഈ തീർത്ഥത്തിൽ മുഴുകിയതിനാലത്രേ; പുലസ്ത്യനും, ഈ തീർത്ഥത്തിൽ തപസ്സു ചെയ്തതിനാലാണ്, ഗൗരീശന്റെ സഖാവായ കുബേരനാകുന്ന സുഗോപുത്രനെ കിട്ടിയതു്; ക്രതുവിനു് ഊർദ്ധ്വരേതസ്സുകളായ ബാലഖില്യരാകുന്ന വളരെപ്പുത്രന്മാർ ജനിച്ചതും, വരിഷ്ഠതപസ്സായ വസിഷ്ഠനു രജസ്സു മുതലായ ഏഴു പുത്രന്മാർ പിറന്നതും ഈ തീർത്ഥത്തിന്റെ പ്രസാദത്താൽത്തന്നെ! രാജപുംഗവ, വേറെയും കപിലാശ്രമം, കേദാരം, പ്രഭാസം മുതലായി പല തീർത്ഥങ്ങളും ഇവിടെയുണ്ട്; അവയുടെ മാഹാ

Digitized By Kerala Sahitya Akademi

ത്ത്യം അനേകസഹസ്രവർഷങ്ങൾകൊണ്ടും പറഞ്ഞൊപ്പിക്കാൻ അനന്തൻതന്നെയും തുള്ളാവില്ല; പിന്നെയാണോ, എന്നെപ്പോലുള്ളവർ!'

ഇപ്രകാരം ശിഖിമഹാരാജാവിനോടരചെയ്ത നാരദമുനീന്ദ്രൻ നാരായണഗുണങ്ങളെ പാടിക്കൊണ്ടു നഭസ്സിലൂടെ നടകൊണ്ടു. ഒരുദിനം ഇന്ദ്രപ്രസ്ഥമാഹാത്മ്യം മുനിമുഖത്തുനിന്നു കേട്ടതിനാൽ താൻ കൃതാർത്ഥനായി എന്നു തോന്നി! അദ്ദേഹം ആ ഇന്ദ്രപ്രസ്ഥത്തിൽ യഥാവിധി സ്നാനവും കർമ്മങ്ങളുമെല്ലാം കഴിച്ച്, തന്റെ രാജധാനിയിലേയ്ക്കു തിരിച്ചു. യുധിഷ്ഠിരമഹാരാജാവേ, ഈ വിധം യമുനാതീരത്തിലെ ഇന്ദ്രപ്രസ്ഥതീർത്ഥത്തിന്റെ ലോകപാവനമായ മാഹാത്മ്യം ഭവാനോടു ഞാൻ പറഞ്ഞു. ഈ സർവ്വതീർത്ഥശിരോരത്നത്തെ കലികാലത്തു് അശ്രദ്ധയാൽ ആളുകൾ ആദരിക്കുകയില്ല. പതിനെട്ടു പുരാണങ്ങളും ഭാരതവും ശ്രവിച്ചാലത്തെ ഫലം ഇന്ദ്രപ്രസ്ഥമാഹാത്മ്യശ്രവണത്താൽ സിദ്ധിക്കും. ഒരുലക്ഷം മാഘമാസങ്ങളിൽ അരുണോദയകാലത്തു സ്നാനംചെയ്താലത്തെ ഫലം ഇന്ദ്രപ്രസ്ഥമാഹാത്മ്യം ശ്രദ്ധിച്ചു ശ്രവിച്ചാൽ കിട്ടും. ഇതു സശ്രദ്ധം ശ്രവിച്ചാൽ പിതൃക്കളും ദേവകളും മുനിമാരും തൃപ്തിപ്പെട്ടുകഴിഞ്ഞു! കൃച്ഛ്രം, അതികൃച്ഛ്രം, പാരാകം, ചാന്ദ്രായണം മുതലായ വ്രതങ്ങളുടെ ഫലം, ഇതു സശ്രദ്ധം ശ്രവിച്ചാൽ കൈവരും. അശ്വമേധം മുതലായ എല്ലാ യാഗങ്ങളുടേയും ഫലം, ഇതു സശ്രദ്ധം ശ്രവിച്ചാൽ കിട്ടും.'

ഈ വിധത്തിൽ ഇന്ദ്രപ്രസ്ഥമാഹാത്മ്യം സൌഭരി പറഞ്ഞു കേട്ടിട്ട യുധിഷ്ഠിരനരേന്ദ്രൻ ഹസ്തിനപുരിയിലേയ്ക്കു തിരിച്ചു; എന്നിട്ടു ദുര്യോധനാദി ഭ്രാതാക്കളേയും ക്ഷണിച്ചു, രാജസൂയം കഴിപ്പാൻ പുണ്യമായ ഇന്ദ്രപ്രസ്ഥത്തിലേയ്ക്കു തന്നെ ഗമിച്ചു. ദ്വാരകയിൽ ചെന്നുചേർന്നിട്ട് ആ രാജേന്ദ്രൻ രാജസൂയംകൊണ്ടു പരദേവതയായ നാരായണനെ ആരാധിച്ചു. അവിടെവച്ചു ശിശുപാലനെ, 'ദ്വേഷിക്കുന്ന ഇവനും ഈ തീർത്ഥത്താൽ മുക്തി വരട്ടെ' എന്നു കരുതി ഭഗവാൻ കൊലചെയ്തു; ശിശുപാലനും, ആ തീർത്ഥത്തിൽ മൃതിപ്പെട്ടതിനാൽ, സർവ്വാർത്ഥദായകനായ കൃഷ്ണങ്കൽ സായുജ്യമടഞ്ഞു! യാഗം നടത്തുകയും ശിശുപാലനെ കൊല്ലുകയും ചെയ്തതിടെയൊ, അവിടെ ഭീമസേനൻ ഗദകൊണ്ടു് ഒരു വിസ്തീർണ്ണമായ കണ്ഡം ഉണ്ടാക്കിയിട്ടുണ്ടു്; ഭീമകണ്ഡമെന്ന ജഗൽപ്രസിദ്ധമായ ആ പാവനമായ കണ്ഡം കാളിന്ദിയുടെ തെക്കുഭാഗത്തു് അയിരം വില്ലാടകലെ സ്ഥിതിചെയ്യുന്നു. ഇന്ദ്രപ്രസ്ഥത്തിലെ കാളിന്ദിയിൽ സ്നാനംചെയ്താലത്തെ ഫലം ആ കണ്ഡത്തിൽനിന്നു കൈവരും; സംശയമില്ല.

Digitized By Kerala Sahitya Akademi

മനുഷ്യൻ ഏതു ക്ഷേത്രത്തിൽ വസിക്കുന്നുവോ, ആ ക്ഷേത്രത്തോട് നാഥനോടും, പ്രദക്ഷിണവും മറ്റും ചെയ്തതിന്റെ അപരാധങ്ങൾക്ക മാപ്പപേക്ഷിക്കണം; ആരോടാണ്ടു പുറകി നടക്കുന്നവനെ ക്ഷേത്രാപരാധപാപങ്ങൾ ബാധിക്കയില്ല. പ്രദക്ഷിണം വെയ്ക്കാഞ്ഞാൽ ക്ഷേത്രസേവനത്തിന്നു ഫലമില്ല; അതിനാൽ ഫലകാംക്ഷികൾ അതിനെ വലംവച്ചുകൊള്ളണം. വിഷ്ണുനാമങ്ങൾ ജപിച്ചുംകൊണ്ടു പ്രദക്ഷിണം വെച്ചാൽ, ഓരോ കാൽവെപ്പിന്നും കപിലാദാനത്തിന്റെ ഫലം കൈവരും. ചൈത്രത്തിലെ കൃഷ്ണചതുർദ്ദശിയിൽ ഇന്ദ്രപ്രസ്ഥത്തെ ആർ വലംവയ്ക്കുമോ, ആ ധന്യൻ സർവ്വപാപനിർമ്മുക്തനാകും."

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, കാളിന്ദീമാഹാത്മ്യപ്രകരണം,
യുധിഷ്ഠിരസേതുരിസംവാദത്തെക്കുറിച്ചുള്ളതായ ഇരുപത്തേഴാം അദ്ധ്യായം.

——(൦)——

ഇരുന്നൂറിപ്പത്തൊമ്പതാമദ്ധ്യായം

വ്യാസൻ:—നൈമിശാരണ്യത്തിൽ പന്തിരണ്ടു കൊല്ലംകൊണ്ടു വസാനിക്കുന്ന ഒരു സത്രം തുടങ്ങാനായി ബ്രഹ്മവാദികളായ മുനിമാരെല്ലാം വന്നുചേർന്നു: അസിതൻ, ദേവലൻ, സുമന്തു, പൈലൻ, സുമതി വാമദേവൻ, ജാബാലി, കാശ്യപൻ, ഭൃഗു, പർവ്വതൻ, ശരഭംഗൻ, സുതീക്ഷ്ണൻ, അഗസ്ത്യൻ, ആപസ്തംബൻ, അണിമാണ്ഡവ്യൻ, സത്യൻ, കാത്യായനൻ, രഥീതരൻ, അംഗിരസ്സ്, കപിലൻ, രൈഭ്യൻ, മുൽഗലൻ, ഗൌതമൻ, കണപൻ, കണൻ, അത്രി, ധൂമ്രൻ, ഹാരീതൻ, ശംകു, പൂഢു, മംകു, സംകൃതി, കൌണ്ഡിന്യൻ, നിധ്രുവൻ, കാണാദൻ, ഗർഗ്ഗൻ, കൌശികൻ, ഗാലവൻ, ബഭ്രു, ശുകൻ, ശകുനി, പരാശരൻ, ശിനി, വിഭാണ്ഡകൻ, പങ്കൻ, ബുധൻ, ഔദ്ദായനൻ, വസു, ജമദഗ്നി, ഭരദ്വാജൻ, ധൂമപൻ, മൈനാശ്രുവൻ, ശൌനകൻ, നാരദൻ, ശതാനന്ദൻ, ശതാതപൻ, വിഷ്ണുവൃദ്ധൻ, വിശാലാക്ഷൻ, ജർജ്ജരൻ, ജംഗമൻ, ജയൻ, പകപൻ, പാശുധരൻ, പാരൻ, പണ്ഡിതശ്രേഷ്ഠനായ പാരഗൻ, മഹാകായൻ, മഹാഗ്രീവൻ, മഹാബാഹു, മഹോദരൻ, ഉദ്ദാലകൻ, മഹാസേനൻ, ആത്മൻ, ആമലകപ്രിയൻ, ഏകപാദൻ, അർദ്ധപാദൻ, ഊർദ്ധ്വബാഹു, ജലാശനൻ, ഉഗ്രശീലൻ, മഹാശീലൻ, മന്ത്രകുശലനായ പിംഗളൻ, ശണ്ഡിരൻ, കരുണൻ, കാലൻ, കൈവല്യൻ, കുലാധരൻ, കല്പനൻ, കങ്കണൻ, കണ്ഡു,

Digitized By Kerala Sahitya Akademi

കഠൻ, കാലാഗ്നി, ഉദ്ദ്യകൻ, മഹാപ്രാജ്ഞനായ ശ്വേതബാഹു, ശ്വേതാശ്വതരൻ എന്നീ വേദപാരഗരായ ബ്രഹ്മജ്ഞാനികളും ശിഷ്യപ്രശിഷ്യരോടൊന്നിച്ചു നൈമിശാരണ്യത്തിൽ സമാഗതരായി. ലോകാനുഗ്രഹകർത്താക്കളും പരോപകാരികളും പരപ്രിയതല്പരരും പഞ്ചയജ്ഞനിരതരും സർവ്വഗുണശാലികളുമായ അവർ സത്രത്തിന്നാരംഭിച്ചതോടുകൂടി സൂതൻ അവിടെ വന്നെത്തി. ജടാമകുടമണിഞ്ഞു്, മരവുരിയുടുത്തു്, സർവ്വാംഗം ഭസ്മം പൂശി, നെറിമേൽ ത്രിപുണ്ഡ്രം പൂണ്ടു്, രുദ്രാക്ഷമാല ചാർത്തി, പ്രസന്നമുഖനായി, ശാന്തനായി, തത്ത്വജ്ഞനായി, സർവ്വഗുണസമ്പന്നനായി, സർവ്വർക്കും ആനന്ദകരനായി, സർവ്വശാസ്ത്രസിദ്ധാന്തജ്ഞനായി, സർവ്വഭൂതഹിതൈഷിയായി, ജിതേന്ദ്രിയനായി, ജിതക്രോധനായി, ജീവന്മുക്തനായി, ജഗൽഗുരുവായി, വ്യാസപ്രീതിക്കു പാത്രീഭൂതനായി, വ്യാസനെപ്പോലെ നിസ്പൃഹനായി, വേദമാർഗ്ഗനിഷ്ഠനായി, വേദമാർഗ്ഗപ്രവർത്തകനായ അദ്ദേഹം ആശ്രമത്തിൽ കടന്നപ്പോഴേയ്ക്കും നൈമിശത്തിൽക്കൂടിയിരുന്ന മഹാത്മാക്കൾ അത്യാദരവോടെ, വിചിത്രകഥാശ്രവണത്തിന്നായി അദ്ദേഹത്തെ ചുഴന്നു. അദ്ദേഹം മുനിമാരെല്ലാവരേയും അഭിവാദ്യംചെയ്തു കൈതൊഴുതു തപോവൃദ്ധി ചോദിച്ചു; മുനിമാർ അദ്ദേഹത്തെ അഭിനന്ദിച്ചു. പിന്നെ ആ തപസ്വികളെല്ലാം ആസനസ്ഥരായതിന്റെ ശേഷം, രോമഹർഷണപുത്രനും നിർദ്ദിഷ്ടമായ ആസനത്തിലുപവേശിച്ചു. സൂതന്റെ വഴിക്ഷീണം തീർന്നു എന്നു കണ്ടപ്പോൾ, സൽകഥാശ്രവണോത്സുക്കളായ മഹർഷിമാർ ചോദിച്ചു:—"പതിനെട്ടുപുരാണങ്ങളും ഇതിഹാസങ്ങളോടുകൂടി ഭവാൻ ഞങ്ങളെ കേൾപ്പിച്ചു കഴിഞ്ഞു; ഇനിയൊന്നുമില്ലയോ, കേൾക്കേണ്ടതായിട്ട്?"

സൂതൻ:—'മുനിമാരേ, കേൾപ്പിക്കാനുള്ളതു് എന്റെ മനസ്സിലുണ്ടു്; വിദ്വാന്മാരായ ഭവാന്മാരുടെ മുമ്പിൽ, എനിക്കറിവുള്ളതിൻവണ്ണം പറയാം. *.....പതിനെട്ടുപുരാണങ്ങളിൽ രണ്ടാമത്തേതായ പദ്മപുരാണത്തിലെ മാഘമാസമാഹാത്മ്യം മൂന്നദ്ധ്യായത്തിലേ ഞാൻ പറയുകയുണ്ടായൊള്ളൂ; വിസ്തരിച്ചിട്ടില്ല."

ഋഷിമാർ:—"ആ പുരാണത്തിലെ മാഘമാസമാഹാത്മ്യം വീണ്ടും വർണ്ണിച്ചാൽക്കൊള്ളാം. ഞങ്ങളെല്ലാവരും അതു മുക്കാലും മറന്നുപോയി; ഇപ്പോൾ മാഘമാസം സമീപിച്ചിരിക്കുന്നതാനും. അതിനാൽ, ഭവാനിന്നു, വീണ്ടും വർണ്ണിക്കുക; ഞങ്ങൾക്കു കേൾക്കേണമെന്നുണ്ടു്."

* പുരാണങ്ങളുടെ പേർ പറയുന്ന രണ്ടു ശ്ലോകം വിട്ടു.

Digitized By Kerala Sahitya Akademi

മുനിമാർ ആവശ്യപ്പെട്ടതു കേട്ടിട്ട്, പൌരാണികനായ സൂതൻ കഥിച്ചു:—"കൊള്ളാം, മഹാപ്രജ്ഞന്മാരേ, കൊള്ളാം: സൽപ്രസംഗം ശ്രേയസ്കരമാണല്ലൊ. മാഘമാസം സമീപിച്ചതു കണ്ടിട്ട്, അതിന്റെ മാഹാത്മ്യം ബ്രാഹ്മണരുടെ മുമ്പിൽ വർണ്ണിപ്പാനാണു ഞാൻ ഇവിടെ വന്നതു്; ബ്രാഹ്മണർ അതുതന്നെ ആവശ്യപ്പെടുകയും ചെയ്തു. അതിനാൽ വീണ്ടും പറയാം; ശ്രദ്ധിച്ചു കേട്ടാലും. രോമഹർഷണന്റെ പേരിന്നും, എന്റെ ഗുരുവിന്റെ ശിഷ്യതയ്ക്കും, നാരായണാംശത്വത്തിന്നും അനുരൂപമാംവണ്ണം ഞാൻ ബ്രാഹ്മണരോടു കഥിക്കാം. പുരാണങ്ങളാം വളരെയുള്ളതുകൊണ്ടു്, ഓരോ പുരാണത്തിലും പണ്ഡിതന്മാരാൽ പലതരത്തിൽ വർണ്ണിതമായ മാഘമാഹാത്മ്യം, ശ്രോതാവിന്നു രുചിപ്പാനും ഏകത്ര വെളിപ്പെടുത്താനുമായി എല്ലാറ്റിൽനിന്നും സാരമുദ്ധരിച്ചുദ്ധരിച്ചു ബ്രഹ്മപുത്രനായ വസിഷ്ഠൻ പണ്ടു ദിലീപന്നു പറഞ്ഞുകൊടുക്കുകയുണ്ടായി; അതു ഞാൻ മുമ്പുള്ളതിലും പരത്തിയും ബ്രാഹ്മണരെ കേൾപ്പിക്കാം." എന്നിങ്ങനെ, വിനയോജ്ജ്വലനായ സൂതൻ പിനാകിദേവനെ നമസ്കരിച്ചു കഥിപ്പാൻ തുടങ്ങി:—

"ഓം, നമോഽം ഭവായ പരബ്രഹ്മസ്വരൂപിണേ
നമോ ഹിരണ്യഗർഭായ ഹരയേ ശംകരായ ച!
സരസ്വത്യൈ നമോ നിത്യം വിഘ്നേശായ നമോ നമഃ!
പാരാശര്യം പരമപുരുഷം വിശ്വവേദൈകയോനിം
വിദ്യാധാരം വിമലമനസം വേദവേദാന്തവേദ്യം
ശശ്വച്ഛാന്തം ശമിതവിഷയം സ്തൂലബുദ്ധിം വിശാലം
വേദവ്യാസം വിമലയശസം സർവദാഹം നമാമി!

മുനിശ്രേഷ്ഠന്മാരേ, ഇതുതന്നെ ദിലീപമഹാരാജാവു്, തന്റെ കുലഗുരുവായ വസിഷ്ഠമഹർഷിയോടാവശ്യപ്പെടുകയുണ്ടായി; അതിന്നദ്ദേഹം കഥിച്ചതു ഞാൻ ബ്രാഹ്മണരേ കേൾപ്പിക്കാം. മഹാത്ഭുതമായ മാഘമാഹാത്മ്യം ശരിക്കു പറയാനും കേൾക്കാനും ആളുകൾ ചുരുങ്ങും; ഇവിടെയാകട്ടെ, പറയാൻ ഞങ്ങളും, കേൾക്കാൻ ബ്രാഹ്മണരുമുണ്ടല്ലോ! സർവപാപസംഹാരിയും സൌഭാഗ്യകാരിയുമത്രേ മാഘമാസം; അന്നു പ്രാതഃസ്നാനംചെയ്യുന്ന മനുഷ്യർ സ്വർഗ്ഗത്തിലെ ഗൃഹസ്ഥരായിച്ചമയും!

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, മാഘമാഹാത്മ്യപ്രകരണാരംഭം, തന്നൂറിപരഞ്ഞാൻപതാമദ്ധ്യായം.

—— (൧) ——

Digitized By Kerala Sahitya Akademi

ഇരുന്നൂറിരുപതാമദ്ധ്യായം

സൂതൻ:—

(കാകളി)

അധ്വരാന്തത്തിലവഭൃഥസ്നാതനാ-
യുത്തമർഷികളാൽ കൺപ്പകല്യാണനായ്
പൌരരാലെല്ലാമഭിഷ്ടുതനായ് നൃപ-
വീരൻ ദിലീപനയോദ്ധ്യയിൽ മേവിനാൻ.
ശ്രീവസിഷ്ഠന്റെ പൊൽക്കീഴിൽ പ്രജാരക്ഷ
ചെയ്തുവന്നേഹമേകദാ കൌതുകാൽ
നായാട്ടിനായ് പുറപ്പെട്ടാൻ പുരിയിൽ നി-
ന്നായതിന്നൊത്ത കാലാംപ്പടക്കോപ്പോടും.
നീലത്തലപ്പാവു, പച്ചയുടുപ്പു,രു-
കാലിൽച്ചെരിപ്പുകൾ, തോൽക്കയ്യുറയുമായ്
വില്ലും കൈക്കൊണ്ടരക്കെട്ടിൽ വാൾ തൂക്കി
നല്ല യുവാവവൻ പഞ്ചാസ്യവിക്രമൻ
ഏറെ കടന്നുപോയ് വൻകാടുകളിലും
ചാരുഗുഹയിലും വള്ളിക്കുടിലിലും
നാനാമൃഗങ്ങളെയാരാഞ്ഞുകൊണ്ടുതൻ
സൈനികന്മാരൊന്നു വേട്ടയാടീടിനാൻ.
'കൊല്ലു, കൊല്ലുകിതാ, മണ്ടുന്നു മാനെ' ന്നു
ചൊല്ലിനാൻ, താൻതന്നെ ചെന്നുകൊന്നാനുടൻ;
പൂറിനടന്നാൻ വനംനോക്കിയങ്ങിങ്ങു;
തെറ്റെന്നുഴറുന്ന ദുഷ്ടമൃഗവ്രജം;
ഞെട്ടിപ്പുറന്ന മരക്കൊമ്പിനോടുചേ-
ർന്നാട്ടുന്ന കേകികലങ്ങളം ചിലടിശി;
പേടിച്ചുരളുന്ന വെണ്മാൻ ചിലേടത്തു;
പോടിൽനിന്നുച്ചത്തിൽ മൂളുന്ന മൂങ്ങകൾ
ഓരിയിടുന്ന ചിലേടത്തുറക്കനെ-
പ്പേ പരവക്കൂട്ടം ഭയംകരമാംവിധം;
പന്നഗി ചട്ടയുരുന്നു ചിലേടത്തു;
പന്നികൾ മുസ്തകിളയ്ക്കുന്ന തേറ്റയാൽ;
സിംഹം നഖത്താൽ പിളർത്ത കരികുംഭ-
സംഹതിതൻ മുത്തണികൾ ചിലടിശി;

Digitized By Kerala Sahitya Akademi

വൻപുലി മാന്തിയ പുള്ളിമാനിൻ നിണം
സംപതിച്ചുള്ള ചുകപ്പു ചിലടിശി;
ഉന്നതപീനസ്തനഭരാൽ മാഴ്കിന
കിന്നരസ്ത്രീകളെക്കൊണ്ടു ചിലസ്ഥലം
അന്തഃപുരത്തെയനുസ്മരിപ്പിക്കുന്നു;
പൊന്തുന്ന പുഷ്പസൌരഭ്യം ചിലടിശി;
ചാരത്തു വണ്ടിണയാകിയ തോരണം
ചേരുന്ന വല്ലീഗൃഹങ്ങളം ചിലടിശി;
മുറിയ വൃക്ഷത്തണൽ ചില ഭാഗത്തു;
പറിക്കിടപ്പു കൊടുംപെരുംപാമ്പുകളം;
പാന്ഥിന്റെ മെയ്വള പാതി വെളിക്കായ
പാതാളഘോരമടകളം ചിലടിശി;
കാട്ടുതീയാളിപ്പടരുന്ന മഹീരുഹ-
ക്കൂട്ടം ചിലേടത്തി,വണ്ണമാം കാടതിൽ
പൊന്തയിൽനിന്നു പുറപ്പെട്ടം വ്യാഘ്രരാൽ
സംത്രസ്തരായീ ടെന്മാർ ചിലടിശി;
വേറേചിലേടത്തു പായും മുയൽകളംതൻ
നേരേ കരച്ചുകൊണ്ടോടിനാർ നായ്ക്കളം.
അസ്രം ശശങ്ങളിലെയ്യുമതാതിട-
ത്തല്പസരസ്സിൽ ശ്രമംതീർത്തുമൂഴിപൻ
മറുകാടേറിയുമാഖേടമാടവേ,
മത്താന്ന വേടരുമാത്തു തിമിർക്കവേ,
പേടിച്ചൊരുഗം ഒട്ടുമാറ്റങ്ങളി-
ലൂടേ കതികത്തിയോടിത്തുടങ്ങിനാൻ;
പിന്നാലെ ചെല്ലുന്ന വില്ലാളിമാക്കെങ്ങു-
മുന്നം കിടച്ചീലയതിനെയൊന്നെയ്യുവാൻ;
കാണാം ചിലേടത്തു, കാണാ ചിലേടത്തു,
വാനിൽച്ചിലപ്പോഗം, ചിലപ്പോഗം ക്ഷിതിയിലും,
കൈവന്നവെന്നു തോന്നിക്കും, മറഞ്ഞിടു-
മേവമാകർഷിച്ചു പായുമാ മാനിനെ
അരമാലകാഗ്രചിത്തനായ്പ്പിന്തുട-
ന്നാശു ധനുർധരനായ ധരേശ്വരൻ
കണ്ടുവളവുനീർച്ചാലാൽ നിരപ്പറ
കണ്ടകിപാടുപക്കാടൊന്നിലെത്തിനാൻ.

Digitized By Kerala Sahitya Akademi

മായാമൃഗമോ മറകയും ചെയ്തിതു;-
ങ്ങായതാശ്വയ്ത്തിൽ പകച്ചുപോയ് പാർത്ഥിവൻ!
ദൂരാൽസ്സുദൂരത്തു, ദേശാൽ വിജനമാം
ഘോരദേശത്തുമലഞ്ഞുനടക്കയാൽ
ശ്രാന്തനായ് മാനിനെക്കാണാഞ്ഞുകോപവും
സന്താപവിഷാദവുമന്നാ ക്ഷിതിപതി,
വായ്തൊണ്ട വറിയ വേടരോടും തുലോം
വാടിയകാലാളുകളോടുമൊപ്പമേ
ദീർഘമാർഗ്ഗങ്ങൾപിന്നിട്ടാനിടർപ്പെട്ട
നാക്കും ചൊടിയും വരണ്ട തൃഷാർത്തനായ്;
ഉച്ചവായുപോളവന്മുൻഭാഗത്തൊ-
രച്ഛജലക്കെട്ടിൽ പൊയ്കകാണാഗിതേ:
വക്കത്തു വൃക്ഷങ്ങൾ തിങ്ങി, കുടഭാട്ട
വക്കാണമെല്ലുതായ്, നൽക്കുടവൊത്തതായ്
മേലേ മരകതക്കൽക്കുറ പരത്തിയ
പോലേകിടക്കുന്ന തണ്ണാരിലകളും
നാനാ ഖഗങ്ങളും ഫുല്ലപദ്മങ്ങൾതൻ
തേനുണ്ടു മത്താണ്ട കാർവണ്ടിനങ്ങളും
നീരിൽച്ചുഴിപ്പവതൻ വിളയാട്ടത്തി-
ലാരോമലൊപ്പയോടേറ്റുമലകളും
പൊന്തിക്കളിക്കുന്ന മത്സ്യങ്ങളും ചേർന്ന
ഫന്ത, സച്ചിത്തംകണക്കേ വിമലമായ്,
നക്രങ്ങളുംപ്പേന്നിരിക്കയാലേ ചില-
ദിക്കിൽക്ഖലന്റെ കരംപോലെ ഘോരമായ്,
പായൽപ്പടപ്പാൽ ചിലേടം പിശുക്കന്റെ
പാഴില്ലുമെന്നപോലത്ര ദുരാപമായ്,
മാതാവുപോലെ സർവ്വസ്വവുംകൊണ്ടെന്ത-
മാതങ്കമാശ്രിതക്കപ്പോൾ കൊടുപ്പതായ്,
ശീതളാംഭസ്സിനാൽ ശ്രാപലരെപ്പിതൃ-
ഭ്രൂതരെയെന്നതിന്മട്ടു തർപ്പി തായ്,
വന്ന സന്താപം സുധാപ്രവാഹമേ-
തെന്നപോലാറുന്നതാമസ്സുസ്സിനെ
കണ്ടപ്പൊഴേ ക്ലമം തീർന്നവനായ് പ്രഭൻ.
കൊണ്ടലെട്ടശ്വവ വേഴാമ്പൽപോലെ!

Digitized By Kerala Sahitya Akademi

അല്പാഹാരം അതിൽ മാധ്യാഹ്നികം കഴിച്ചു വെള്ളം കുടിച്ചു്, വേട്ടയിൽക്കിട്ടിയതു ഭക്ഷിച്ചു്, ക്ഷുത്കാരോടുകൂടി അതിന്റെ വക്കത്തു് ഒരോ നേരംപോക്കം പറഞ്ഞുകൊണ്ടിരുന്നു; രാത്രിയായപ്പോൾ, വില്ലമ്പും കൈക്കൊണ്ടു് ഒരു മരത്തിന്മേൽക്കേറിയിരിപ്പായി. വേടർ കാട്ടിൽ നാലുദിക്കിലും വല വിരിച്ചു 'പതിയിരുന്നു.' പുലർകാലത്തു പന്നികൾ ക്ഷുത്തുമിട്ടു പുറപ്പെട്ട പൊയ്കയുടെ തീരത്തെല്ലാം കിഴങ്ങു കിളച്ചുംകൊണ്ടു സഞ്ചരിപ്പാൻ തുടങ്ങി. രാജാവും ഭടന്മാരും കിരാതരും അവറ്റിനെ അമ്പുകൾകൊണ്ടെയ്തു. അവ ഭയപ്പെട്ടു് അങ്ങോട്ടുമിങ്ങോട്ടും കുതിച്ചോടി; എന്നാൽ എല്ലാ ദിക്കിലും ഒരുപോലെ വലകൾ കെട്ടപ്പെട്ടിരുന്നു. ക്ഷണനേരംകൊണ്ടു് ആ പന്നികളെല്ലാം, ദുഷ്ടരാജാവിന്റെ നാട്ടിലെ പ്രജകളെന്നപ്പോലെ അമ്പേറു കൊലപ്പെട്ടു്, വജ്രായുധത്താൽ ഛേദിക്കപ്പെട്ട അഞ്ജനശൈലശൃംഗങ്ങളെന്നവണ്ണം നിലത്തു പതിച്ചു! അതുകണ്ടു വേടർ അഹങ്കാരത്തോടെ ആർത്തുവിളിച്ചു; കൊമ്പുകാരായ നായാടികൾ ഞെരുങ്ങിക്കൊന്നു; നെഞ്ചൂറപ്പും മെയ്ക്കരുത്തുമേറിയ ഭടന്മാർ മനംകുളിർത്തട്ടഹസിച്ചു. അങ്ങിനെ അഹ്ലാദിച്ചു പാഞ്ഞു് എല്ലാവരും, തമ്പുരാൻ ഇരുന്നിരുന്നേടത്തെത്തിച്ചേർന്നു. അരചൻ പന്നികളെ അവർക്കാരെക്കൊണ്ടെടുപ്പിച്ചു പൊയ്കക്കരയിൽനിന്നു് അരമനയിലേയ്ക്കു യാത്രതിരിച്ചു.

വഴിയിൽ വെച്ചു വൃദ്ധഹാരീതനെന്ന ഒരു വൈഖാനസബ്രാഹ്മണനെ രാജാവു കണ്ടെത്തി: ദുഷ്കരങ്ങളായ തീവ്രനിയമങ്ങളാൽ ദേഹമെല്ലാം ചടച്ചു് അസ്ഥിമാത്രശേഷനായി, തൊലി പരുപരുത്തു തുങ്ങി, നഖവും രോമവും ജടയും നീണ്ടു്, മരവുരിയുടുത്തു്, മാൻതോൽ ചുമലിലിട്ടു്, വേദമന്ത്രം ജപിച്ചിരുന്ന ആ മഹാത്മാവായ വാനപ്രസ്ഥനെ കണ്ടതോടുകൂടി, തമ്പുരാൻ വെമ്പലോടെ വഴിയിൽനിന്നു മാറി, താണുവണങ്ങി, കൈക്കൂപ്പിനിന്നു. ആദരണത്തെക്കൊണ്ടു് അയ്യൻ രാജാവാണെന്നു നിശ്ചയിച്ച ബ്രാഹ്മണൻ പരോപകാരേച്ഛയാൽ നന്നു കരുതി ചോദിച്ചു:—'രാജാവേ, പുണ്യകാലമായ മാഘമാസത്തിൽ ശ്രേയസ്സരസ്സിൽ പ്രാതഃസ്നാനം കഴിക്കാതെ പോകുന്നതെന്താണു്?' മന്നവൻ മറുപടി പറഞ്ഞു:—'ദ്വിജോത്തമ, എനിക്കറിഞ്ഞുകൂടാ: എന്താണു് മാഘസ്നാനത്തിന്റെ ഫലം? വിസ്തരിച്ചു പറഞ്ഞുതരിക.' ഇതായിരുന്നു വൈഖാനസമുനിയുടെ ഉത്തരം:—'നരേന്ദ്ര, സൂര്യഭഗവാൻ ഇരുട്ടിനെ നീക്കിക്കൊണ്ടുദിക്കുവാൻ ഇനി ഒട്ടും താമസമില്ല. ഞങ്ങൾക്കു സ്നാനത്തിന്നു സമയമായി; സംസാരിപ്പാൻ ഇടയില്ല. ഭവാൻ കുളികഴിച്ചു പോയി, ഭവാന്റെ കുലഗുരുവായ വസിഷ്ഠനോടു ചോദി

Digitized By Kerala Sahitya Akademi

ച്ചുകൊള്ളുക." ഇത്രയും പറഞ്ഞു മൌനിയായി താപസൻ മാഘസ്നാനത്തിനു നടകൊണ്ടു. ദിലീപചക്രവർത്തി തിരിയെ പോയി, സരസ്സിൽ യഥാവിധി സ്നാനം കഴിച്ചു്, മനംകുളിരേ നഗരത്തിലേയ്ക്കു മടങ്ങിപ്പോന്നു.

അല്പേഹം പിന്നെ വാനപ്രസ്ഥനേ കണ്ടു് വിവരം അന്തഃപുരത്തിൽ അറിയിച്ചിട്ടു്, ശോഭനങ്ങളായ വസ്ത്രാഭരണമാല്യങ്ങൾ ധരിച്ചു്, ഒരു വെള്ളക്കുതിരത്തേരിൽക്കേറി മന്ത്രിമാരോടൊന്നിച്ചു മുൻവശത്തു ജയശബ്ദങ്ങളും സൂതമാഗധസ്തുതികളുമായി. ഋഷിവാക്യത്തെ സ്മരിച്ചുകൊണ്ടു വസിഷ്ഠാശ്രമത്തിലേയ്ക്കു ഗമിച്ചു; അവിടെച്ചെന്ന ബ്രഹ്മർഷിയെ വിനയാചാരപൂർവ്വം നമസ്കരിച്ചു. മഹർഷി സന്തോഷത്തോടെ മംഗളാശിസ്സുകൾ ചൊല്ലി, അർഘ്യവും ആസനവും നൽകി കുശലംചോദിച്ചു. മധുരാകാരനായ മഹീശ്വരൻ 'അതേ' എന്നുണർത്തിച്ചു മുനിയെ സന്തോഷിപ്പിച്ചു; എന്നിട്ടു്, വൈഖാനസൻ പറഞ്ഞ താവശ്യപ്പെട്ടു:—'ഭഗവാനേ, ഇവിടുത്തെ പ്രസാദത്താൽ ആചാരവും ദണ്ഡനീതിയും രാജധർമ്മങ്ങളും ചതുർവ്വർണ്ണാശ്രമങ്ങളുടെ കർമ്മങ്ങളും ദാനയജ്ഞങ്ങളും തദ്വിധികളും വ്രതങ്ങളും തന്നിയമങ്ങളും വിഷ്ണുപാരാധനവും ഞാൻ വിസ്തരിച്ചു കേട്ടിട്ടുണ്ടു്; ഇപ്പോൾ മാഘസ്നാനത്തിന്റെ ഫലവും വിധിയും പറഞ്ഞുതരുമാറാകണം.'

വസിഷ്ഠൻ:—'കൊള്ളാം: ലോകം മുന്നിന്നും ഹിതകരവും വിശുദ്ധിപ്രദവുമായ പരമശ്രേയസ്സാണു്, ആ വാനപ്രസ്ഥതാപസൻ പറഞ്ഞതു്. അതിനാൽ മാഘസ്നാനത്തിന്റെ ഫലം ഞാൻ ഇപ്പോൾത്തന്നെ പറഞ്ഞുതരാം: ജീവകാലത്തു ഭാര്യയെ ഗമിക്കുക എന്നതു മുടങ്ങാതിരിക്കേണമെന്നു് ആർ ആഗ്രഹിക്കുന്നുവോ, അവർ മകരത്തിൽ പതിവായി നദിയിലോ മറേറാകുളിക്കട്ടെ; അഗ്നിഹോത്രമോ, യജ്ഞദാനമോ, ഇഷ്ടാപൂർത്തമോ ക്ലേശാതെ സൽഗതി കൈവരേണമെന്നുള്ളവർ മാഘമാസത്തിൽ പ്രാതഃകാലത്തു പുറത്തു വെള്ളത്തിൽ കുളിക്കട്ടെ; ഗോവു്, ഭൂമി, എള്ളു്, വസ്ത്രം, സ്വർണ്ണം, ധാന്യം മുതലായവ ദാനംചെയ്യാതെ വിണ്ണു പൂകേണമെന്നുള്ളവർ മാഘസ്നാനം പതിവായി ചെയ്യട്ടെ; തിരുത്തോപവാസകൃച്ഛ്രാചാരാകങ്ങൾകൊണ്ടു ശരീരം ശോഷിപ്പിക്കാതെ വിണ്ണു പൂകേണമെന്നുള്ളവർ മാഘസ്നാനം പതിവായി ചെയ്യട്ടെ! വൈശാഖത്തിൽ ജലാന്നദാനവും, കാർത്തികത്തിൽ തപഃപൂജകളും, മാഘത്തിൽ ജപഹോമദാനങ്ങളുമത്രേ പ്രശസ്തങ്ങൾ. ഇവ മുടങ്ങാതനുഷ്ഠിച്ചവൻ ഭ്രൂപതിയായി വരും; വീണ്ടും ജനിച്ചാൽ വിമുക്തിയിൽ മനസ്സുചെല്ലും. ദിവ്യദൃഷ്ടിയുള്ളവൻ വിധിച്ച അഗ്നിശുശ്രൂഷയും

Digitized By Kerala Sahitya Akademi

അതിനു ശേഷം ജപദാനങ്ങളും മാഘമാസത്തിലാചരിച്ചാൽ സന്തതിയും സമ്പത്തും രതിയും പ്രീതിയും ഉളവായി വരും. അദിതി ഉപവസിച്ചുകൊണ്ടു പന്തിരണ്ടു മാഘങ്ങളിൽ സ്നാനംചെയ്തതിനാലാണ്, ത്രൈലോക്യവിശ്രുതരായ ഇന്ദ്രാദികളേയും പന്തിരണ്ടാദിത്യരേയും ജനിപ്പിച്ചതു്; രോഹിണിക്കു സൌഭാഗ്യവും അരുന്ധതിക്കു ദയാശീലതയും ഇന്ദ്രാണിക്കു സൌന്ദര്യവും ലഭിച്ചതു മാഘസ്നാനത്താലാകുന്നു. നല്ല വെടിപ്പും ഭംഗിയുമിണങ്ങി, മുറ്റത്തു നന്ത്കിമാർ വിളങ്ങി, കൊമ്പനാനകൾ ചെവിയാട്ടുന്നതിന്റെ കാറ്റു വീശി, സുന്ദരിമാരിടതിങ്ങി, ഗീതവാദ്യങ്ങൾ മുഴങ്ങി, മംഗളാചാരശോഭിതമായി, വേദശബ്ദത്താൽ വിശ്രുതമായി, വിദ്വൽബ്രാഹ്മണരാൽ വിഭ്രുഷിതരായി, വിപ്രപൂജാനിരതമായി എന്നെന്നും അതിപ്രീസേവിതമായി രമണീയമായിരിക്കുന്ന ഏഴുനിലമാളികയിലാവും, മകരത്തിൽ സ്നാനവും ദാനവും വിഷ്ണുസ്മൃതിയും ഇഷ്ടവസ്തുത്യാഗവും നിയമപാലനവും ചെയ്യുന്നവരുടെ സുഖവാസം! ധർമ്മമൂലമായ മാഘം അധർമ്മമൂലത്തെ അറുക്കുന്നു; കാമമുള്ളവന്ന് ഇഷ്ടഫലം നൽകുന്നു; കാമമില്ലാത്തവന്നു മോക്ഷം കൊടുക്കുന്നു. ദാനശീലർക്കും വാനപ്രസ്ഥർക്കും അതിഥിപൂജകർക്കുമുള്ള ലോകങ്ങളും മാഘസ്നാനത്താൽ പൂകാം. മറ്റു പുണ്യങ്ങളും ചെയ്യുവർ സ്വർഗ്ഗത്തിൽ നിന്നു തിരിയെ പോരും; മാഘസ്നാനക്കാർക്ക് ഒരിക്കലുമില്ല തിരിച്ചുപോരൽ! ഇതിൽപ്പരം പരിശുദ്ധവും പാപഹരവുമായിട്ടൊന്നില്ല; ഇതിൽപ്പരം ഒരു വലിയ തപസ്സില്ല! ഇതുതന്നെ പരമപദ്യവും പെട്ടെന്നു ഫലിതത്തെപ്പോക്കുന്നതും. ഭൃഗു മണികൂടത്തിൽവെച്ചു വിദ്യാധരനോടു വർണ്ണിച്ചതാണിതു്. മാഘമാസത്തിൽ പതിവായി സൂര്യരശ്മികളാൽ തൂത്ത പുലർകാലത്തു നദിയിലോ കുളത്തിലോ സ്നാനം ചെയ്യുന്ന മനുഷ്യൻ അപ്പുനർജ്ജന്മമാരുടെ കുലങ്ങളിൽ ഏഴേഴുപേർക്കുൽഗതി വരുത്തി, ദേവശരീരം പൂണ്ടു സ്വർഗ്ഗത്തിൽ ചെന്നുചേരും.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, മാഘരാസമാഹാത്മ്യപ്രകരണം,
ദിലീപയസിഷ്ഠസംവാദം, മാഘസ്നാനമഹിമവർണ്ണനം, ഇരുനൂറിരുപത്തൊമ്പതാമദ്ധ്യായം.

— — (o) — —

ഇരുനൂറിരുപത്തൊന്നാമദ്ധ്യായം

ദിലീപൻ:—'ബ്രഹ്മൻ, എപ്പോഴാണു ഭൃഗുമഹർഷി പർവ്വതത്തിൽവെച്ചു വിദ്യാധരന്നു ധർമ്മോപദേശം ചെയ്തതു്? എനിക്കു കേൾക്കണമെന്നുണ്ടു്.'

Digitized By Kerala Sahitya Akademi

വസിഷ്ഠൻ:--'പണ്ട് ഒരു പന്തീരാണ്ടുകാലം മഴയുണ്ടായില്ല; അതിനാൽ പ്രജകളെല്ലാം ദുർഭിക്ഷത്തിൽപ്പെട്ട പത്തു ദിക്കിലും ഉഴലുകയായി. ഹിമവൽസഹ്യങ്ങളുടെ മധ്യപ്രദേശം ശൂന്യപ്രായമായിത്തീർന്നു. സ്വാഹ, സ്വധ, വഷട്കാരം, വേദാധ്യയനം എന്നിവ ലോകത്തിലില്ലാതായി; കൊള്ളകൊടുക്കലും നിറഞ്ഞു; ധർമ്മം മുടിഞ്ഞു. അന്നപാനങ്ങളെന്നല്ല, കായ്കിഴങ്ങുകൾപോലും ഭൂമിയിലില്ലാതായി! അതിനാൽ, നാനാതരം വൃക്ഷങ്ങളിടതിങ്ങി രമണീയമായിരുന്ന നർമ്മദാതീരത്തിലെ ആശ്രമത്തിൽ നിന്നു ഭൃഗുശിഷ്യനോടൊന്നിച്ചു ഹിമവൽപർവ്വതത്തിലേയ്ക്കു നടകൊണ്ട് അവിടെ കൈലാസഗിരിക്കു പടിഞ്ഞാറ്, സ്വർണ്ണവും രത്നങ്ങളും നിറഞ്ഞ മണിക്രൂടം എന്നൊരു പർവ്വതമുണ്ട്. മേലും കീഴും പളുങ്കുകളാൽ വെളുത്ത് ഇടയിൽ കരിങ്കല്ലുകൊണ്ടു ചേർന്ന ആ പർവ്വതം സർവ്വാംഗം ഭസ്മം പൂശിയ നീലകണ്ഠനെപ്പോലെ ലാലസിക്കുന്നു. ഇന്ദ്രനീലപ്പാറകളുടെ ഇടയിലിടയിൽ കനകരേഖകളുള്ളതിനാൽ ആ പർവ്വതം മിന്നൽപ്പിണരണിഞ്ഞ കാർമേഘംപോലെ കാണപ്പെടുന്നു. മുകളിൽ കരിങ്കല്ലുകളും നടുവിൽ പൊൻ നിലങ്ങളും പൂണ്ട ആ പർവ്വതം, മഞ്ഞപ്പുടവയുടുത്ത മധുസൂദനന്റെ വടിവു വഹിക്കുന്നു; നടുവരെ കറുത്ത് ഇടയ്ക്കിടയ്ക്കു വെള്ളക്കല്ലുകൊണ്ടു ചേർന്നതാകയാൽ ആ പർവ്വതം നക്ഷത്രങ്ങളിടിച്ച വിഹായസ്സുപോലെ വിലസുന്നു. രത്നോപലങ്ങളും ദിവ്യൗഷധികളും ഉജ്ജ്വലിക്കുകയാൽ ആ പർവ്വതം രാത്രിയിൽ, വളരെ വിളക്കുവെച്ചാലെന്നവിധം വിളങ്ങുന്നു. മുകൾപ്പരപ്പുകളിൽ ഇമ്പിഞ്ഞുള്ള മുളകൾ ശ്രുതിപിടിക്കുന്ന കിന്നരീസംഗീതത്താലും വാഴകളാകുന്ന കൊടികളാലും അവിടെ സദാ ഉത്സവമുള്ളതായി തോന്നും. മരകതം, വൈഡൂര്യം, പദ്മരാഗം, വൈരം, ഇന്ദ്രനീലം എന്നിവയാൽ ആ പർവ്വതം മഴവില്ലുകൊണ്ടു ചുഴന്ന മട്ടിൽ ശോഭിക്കുന്നു. എല്ലാ ധാതുക്കളും സ്വർണ്ണവും വിവിധരത്നങ്ങളും ചേർന്ന് കൊടുമുടികളാൽ ആ പർവ്വതം, കാട്ടുതീ പടർന്നാലത്തെപ്പോലെ പരിലസിക്കുന്നു. അതിന്റെ ചെരുവുകളിൽ മിന്നുസമുള്ള പാറകളിൽ വിദ്യാധരിമാർ വന്നു സദ്ഭർത്താക്കന്മാരെ കാമാതുരമാരായി പുണരുന്നു; അതിന്റെ സാനുഗഹകളിൽ,ക്ലേശത്തെജയിച്ച സന്ന്യാസിമാർ അകത്തു വായുഗതിയെത്തടുത്തു പകലിരവു പരബ്രഹ്മത്തെ ധ്യാനിക്കുന്നു; അതിന്റെ കമനീയങ്ങളായ കല്ലിടുക്കുകളിൽ ജപമാല കൈക്കൊണ്ട സിദ്ധന്മാർ കണ്ണുകൾ പകുതിയടച്ചു പരമേശ്വരനെ സേവിക്കുന്നു; മന്ദാരപുഷ്പങ്ങളുടെ സൌരഭ്യം ദിങ്മുഖങ്ങളെ സുഗന്ധപ്പെടുത്തുന്നു; കത്തിച്ചാടുന്ന പുഴകളുടെ ഝംകാരം മുഴങ്ങുന്നു; അടിവാരങ്ങളിൽ കാട്ടുകരികളും ആനകളും ആനക്കുട്ടികളും കസ്തൂരിമാനുകളും പുള്ളിമാനുകളും ചമരികളും

Digitized By Kerala Sahitya Akademi

പലതരം ഹിംസ്രമൃഗങ്ങളും കളിയാടുന്നു; വെള്ളച്ചാട്ടങ്ങളും പൊ
പ്പോത്തുകളും കുയിലുകളും മയിലുകളും അരയന്നങ്ങളും മേഡിലിൽ കൂ
കുന്നു. സർവ്വദാ രമണീയവും ദേവഗന്ധർവ്വകാപ്സരോഗണങ്ങളാൽ സേ
വ്യമാനവുമാകുന്നു ആ പർവ്വതം.'

ദിലീപൻ:—'ബ്രഹ്മൻ, സാരവത്തമമായും സർവ്വസിദ്ധികൾക്കും ശ
രണവുമായ ആ ശൈലത്തിന്ന് എത്ര പൊക്കമുണ്ട്? എത്ര വിസ്താ
രമുണ്ട്?'

വസിഷ്ഠൻ:—'അതിന്റെ മുപ്പത്താറുയോജന പൊക്കവും പ
ത്തുയോജന മുകൾപ്പരപ്പും അടിയിൽ പതിനാറുയോജന വിസ്താരവുമു
ണ്ട്. ഹരിചന്ദനം, മന്ദാരം, ദേവതാരം, മാവ്, ചരളം, നീർമരുത്, കാരകിൽ, ഇലവംഗം, ഏലം എന്നിവയും വള്ളികൾക്കിടിലുകളും നിറ
ഞ്ഞു് എന്നെന്നും പുഷ്പഫലസമൃദ്ധമായ ആ പർവ്വതപ്പരപ്പുമാളെക്ക
ണ്ടപ്പോൾ, ഭിക്ഷുവീർയ്യനായിരുന്ന ഭർത്തൃമനം കുളിർത്തു് അവിടെ
ത്തന്നെ പാർപ്പുറപ്പിച്ചു. ആ സുചരിതൻ ആ മനോഹരാദ്രിയിലെ
വനങ്ങളിലും ഉപവനങ്ങളിലും തപസ്സുചെയ്തുകൊണ്ടു് വളരെക്കാലം
നിവസിച്ചു.

അങ്ങിനെയിരിക്കേ, ഒരു വിദ്യാധരനും ഭാര്യയും ആ പർവ്വത
ത്തിൽ നിന്നിറങ്ങി, ഭർത്തൃവിന്റെ ആശ്രമത്തിൽ വന്നെത്തി, അദ്ദേഹ
ത്തെ വണങ്ങിനിന്നു. അവരിരുവരും വളരെ ദുഃഖത്തിലകപ്പെട്ടിരുന്നു.
അതുകണ്ട മഹർഷി മധുരമാംവണ്ണം ചോദിച്ചു:—'വിദ്യാധര, സസ്നേ
ഹം പറയുക: എന്താണ് നിങ്ങൾക്കിത്ര വ്യസനം?' വിദ്യാധരൻ
ഉരിയാടി:—'ദ്വിജശ്രേഷ്ഠ, എന്റെ ദുഃഖകാരണം കേട്ടാലും: ഞാൻ
സുകൃത-നിമിത്തം, സുരലോകമണഞ്ഞു; ദേവകന്യകൾക്കൊത്ത ശരീരവും,
ദിവ്യസ്ത്രീസുഖവും ദിവ്യഭോഗങ്ങളും കൈവന്നുവെങ്കിലും, എന്റെ മു
ഖം വ്യാഘ്രത്തിന്റേതായിപ്പോയി! ഈ തന്നൊരു കർമ്മത്തിന്റെ ഫ
ലമാണെന്ന് എനിക്കറിഞ്ഞുകൂടാ. ഇതുതന്നെ ഭർത്താവിന്നു് എനിക്കു
മനസ്സുപാന്ഥ്യം ഇല്ലാതാക്കിയിരിക്കുന്നു. വേറൊരെന്തുകൂടിയുണ്ടു്, എന്നെ
വൈവശ്യപ്പെടുത്തുന്നു: എന്റെ ഈ ഭാര്യ മംഗളചരിതയാണു്, മഞ്ജു
ളാംഗിയാണു്, മധുരഭാഷിണിയാണു്, എല്ലാഗുണങ്ങളും തികഞ്ഞവ
ളാണു്; ഗീതവാദ്യകലകളിൽ നിപുണയാണു്: കട്ടിലായിരിക്കുമ്പോഴും
തന്നെ ഈ സുകുമാരി ഏഴുകമ്പികളിട്ട വീണ വായിച്ചു്, വീണാപ്രവീ
ണനായ നാരദമുനിയെ സന്തോഷിപ്പിക്കുകയുണ്ടായി; ചെറുപ്രായത്തിൽ
തന്നെ ഇവളുടെ ശരീരവർണ്ണം തികഞ്ഞ ഗാനം യഥാശ്രുതപാഞ്ച
നായ വിഷ്ണുവർമ്മാവിനെയും രസിപ്പിച്ചിരിക്കുന്നു; ഇവൾ കട്ടിക്കളിയിൽ
വീണവായിക്കുമ്പോൾ കൂടി, പലതരം വക്രഗതികളോടുകൂടിയ ആ സ്ത്രീ

Digitized By Kerala Sahitya Akademi

ശുഭപഞ്ചമസ്വരം കേട്ടിട്ട് ശിവൻ ആഢ്ളാദത്താൽ രോമമെയിർക്കൊണ്ടു തലകുലുക്കാറുണ്ടായി. ഒന്നു! ഹാരിതൃദാമ്പുദിഹ്നാങ്കനാകുന്നാലാവണ്യതാരുണ്യലക്ഷ്മികൊണ്ടോ ഇവൾക്കൊത്ത ഒരു നിതംബിനി സൃഷ്ടിയിലില്ലെന്നതന്നെ. ബ്രഹ്മാണ്ഡത്തിൽ ഇങ്ങനെയുള്ള ദേവമുഖിയായ സുന്ദരി എവിടെ? മന്ദവാല്മുഖനായ ഞാനെവിടെ? ഈ വിചാരത്താൽ എന്റെ വൃഷണം സലോ വെണ്ണയാകുന്നു!'

ഇക്ഷ്വാകുനന്ദന, വിദ്യാധരന്റെ സങ്കടം കേട്ടിട്ട്, ദിവ്യദൃഷ്ടിയിൽ തികാലങ്ങളെ ദർശിക്കുന്ന ഭഗവൻ പുഞ്ചിരിക്കൊണ്ടരചയ്യ:—'വിദ്യാധരോത്തമ, ഭവാന്റെ മുൻജന്മകർമ്മം കേട്ടുകൊള്ളുക; ചെയ്യുന്ന ചെറുതൊന്നായാലും പരിണാമത്തിൽ ദാരുണമായിത്തീരും: ഭവാൻ മുൻജന്മത്തിൽ, മാഘമാസത്തിലെ ഏകാദശി നോറ്റിട്ട ദ്വാദശിനാൾ എണ്ണതേച്ചുകുളഞ്ഞു; അതിനാലാണ്ട വ്യാലമുഖനായിപ്പോയത്. പുണ്യമായ ഏകാദശി നോറ്റ ദ്വാദശീതിഥിയിൽ മറ്റെണ്ണതേച്ചതിനാൽ *..... പണ്ട് ഇളപുത്രനായ പുരുരവസ്സ് കൃത്സിതാകാരനായുകയുണ്ടായി. തന്റെ കൃത്സിതരൂപം കണ്ടു ദുഃഖാകുലനായ അദ്ദേഹം മഹാലയത്തിങ്കൽ, ദേവതാവരസ്സിന്റെ തീരത്ത്, കളിച്ചു ശുദ്ധനായി ഭവിച്ചിരിപ്പിലിരുന്നു ¶..... ഭഗവാനെ പ്രേമപൂർവ്വം ധ്യാനിപ്പാൻ തുടങ്ങി: അദ്ദേഹം ഇന്ദ്രിയങ്ങളെയെല്ലാം അടക്കി, പ്രാണവായുവിനെ ഭേദിച്ചു, ദൃഷ്ടികളം നാസാഗ്രത്തിലുറപ്പിച്ചു, കുണ്ഡലിനിയെ ഉണർത്തി സുഷുമ്നാനാഡിയിലൂടെച്ചേർത്തു, ഒരുമാസം നിരാഹാരനായി തീവ്രതപസ്സനുഷ്ഠിച്ചു. ചില്ലുമാൻ ഈ അല്പതപസ്സുകൊണ്ടു പ്രസാദിച്ചു, ഏഴു ജന്മങ്ങളിലെ സേവനമോർത്തു, മകരമാസത്തിൽ മാഘശുക്ലദ്വാദശിയിൽ പ്രത്യക്ഷീഭവിച്ചു, ആ രാജാവിനെ ചക്രവർത്തിയാക്കി ശംഖജലംകൊണ്ടഭിഷേചിച്ചു; എണ്ണതേച്ചുതാമ്പിച്ചു, അദ്ദേഹത്തിന്റെ ശരീരത്തെ പരമസുന്ദരതരമാക്കിത്തീർക്കുകയും ചെയ്തു. ആ കമനീയതയാലത്രെ പുരുരവസ്സിനെ സുനേത്രികയായ ഉർവ്വശി വരിച്ചതു. വസുദേവൻ ഈവിധം വരം നേടി കൃതാർത്ഥനായി പുരിയിലേയ്ക്കു തിരിച്ചു. വിദ്യാധര, ഇങ്ങനെയിരിക്കും കർമ്മഗതി; ഭവാനെന്തിനു ദുഃഖിക്കുന്നു? ഭഗവതിയുടെ മുഖത്തിന്റെ വൈരൂപ്യം കളയണമെങ്കിൽ, ഞാനൊരു വഴി പറയാം: പൂർവ്വപാപങ്ങളെപ്പോക്കുന്ന മാഘസ്നാനം സുരസിദ്ധമുനിസേവിതമായ മണികൂടനടിയിൽ ആചരിച്ചുകൊള്ളുക. ഭവാന്റെ

* മൂന്നു ശ്ലോകം പ്രകൃതത്തിൽ ചേരാത്തതുകയാൽ ഉപേക്ഷിച്ചു.

¶ വിഷ്ണുസഹസ്രോപവർണ്ണനം മുമ്പു പലേടത്തുമുള്ളതുതന്നെ.

Digitized By Kerala Sahitya Akademi

ഭാഗ്യത്താൽ, മാഘമാസം അടുത്തവന്നാൽ തുടങ്ങുകയായി. പൌഷ ശുക്ലൈകാദശി മുതൽക്ക നിരാഹാരനായി നിലനിന്നുകിടപ്പുമായി ഒരു മാസം മുഴുവൻ മൂന്നുനേരം സ്നാനവും മൂന്നുനേരം വിഷ്ണുപൂജയും കഴിക്കണം; ഇന്ദ്രിയങ്ങളടക്കി ഭോഗങ്ങളും ത്യജിക്കണം. മാഘത്തിലെ വെളുത്ത ഏകാദശിയോടുകൂടി ഭവാന്റെ പാപങ്ങളും വെന്തു വെണ്ണീറാടിക്കും; ദ്വാദശിയാകുന്ന പുണ്യവാസരത്തിൽ ഭവാനെ ഞാൻ മന്ത്രപൂതമായ മംഗളജലംകൊണ്ടഭിഷേചിച്ചു്, ഭവാന്റെ മുഖം കാമദേവന്റേതുപോലാക്കിത്തരുന്നുണ്ടു്! വിദ്യാധരശ്രേഷ്ഠ, ഭവാൻ ദേവമുഖനായിച്ചമഞ്ഞു്, ഈ വരവർണ്ണിനിയോടൊന്നിച്ചു സ്വർഗ്ഗസുഖം വിളയാടിക്കൊള്ളുക. മാഘത്തിന്റെ മാഹാത്മ്യമറിഞ്ഞു മാഘസ്നാനം പതിവായി ചെയ്യുപോന്നാൽ, ഭവാനു മനോരഥം തീർച്ചയായും നിറവേറും.'

ഇതു വിധം കഥിച്ചിട്ടു്, ആ ധർമ്മജ്ഞനായ മഹാത്മാവു വിദ്യാധരനു വീണ്ടും ആപത്തകലുംവണ്ണം ചൊല്ലിക്കൊടുത്തു:—മാഘസ്നാനത്താൽ ആപത്തകലും; മാഘസ്നാനത്താൽ പാപം നീങ്ങും; എല്ലാ വ്രതങ്ങളിലും മീതെയാണു്, എന്നുഭീഷ്ടവും നൽകുന്ന മാഘം. മാഘം യജ്ഞത്തെക്കാളും ഗർജ്ജിക്കുന്നു; മാഘം യോഗത്തെക്കാളും ഗർജ്ജിക്കുന്നു; വിദ്യാധര, മാഘം തീവ്രതപസ്സിനെക്കാളും ഗർജ്ജിക്കുന്നു! പുഷ്കരം, കുരുക്ഷേത്രം, ബ്രഹ്മാവർത്തം, പ്രഭാസകം, അവിമുക്തം, പ്രയാഗം, ഗംഗാസമുദ്രസംഗമം എന്നിവിടങ്ങളിൽ പത്തൊന്നു നിയമംകൊണ്ടാൽ കിട്ടുന്ന ഫലം, മാഘത്തിൽ മൂന്നു നാളിലെ സ്നാനത്താൽ കിട്ടും; സംശയമില്ല. സ്വർഗ്ഗത്തിൽ വളരെക്കാലം സുഖിക്കണമെന്നാഗ്രഹിക്കുന്നവർ മകരത്തിൽ വല്ല വെള്ളത്തിലും കുളിച്ചുകൊള്ളണം! ആയുസ്സു്, ആരോഗ്യം, സമ്പത്തു്, സന്തോഷം, സൌഭാഗ്യം എന്നിവ വേണമെന്നുള്ളവർ മകരത്തിൽ സ്നാനം ചെയ്തുകൊള്ളണം! നരകത്തേയും ദാരിദ്ര്യദുഃഖത്തേയും പേടിക്കുന്നവർ എങ്ങിനെയെങ്കിലും മകരസ്നാനം അനുഷ്ഠിച്ചുകൊള്ളണം! ദാരിദ്ര്യം, പാപം, ദൌർഭാഗ്യം എന്നീ ചളികൾ കളയുന്നതിനു മാഘസ്നാനമല്ലാതെ മറ്റൊന്നില്ല ഉപായം! ശ്രദ്ധകൂടാതെ ചെയ്ത കർമ്മത്തിന്റെ ഫലം ചുരുങ്ങിയിരിക്കും; മാഘസ്നാനമോ, ശരിക്കു പുണ്യഫലത്തെ നൽകുന്നു. വേണ്ടിയോ വേണ്ടാതെയോ പുണ്യം വല്ല വെള്ളത്തിലും മാഘസ്നാനം കഴിച്ചവന്റെ ഇങ്ങും അങ്ങും ദുഃഖം കാണുകയില്ല. ഇരുപക്ഷങ്ങളിൽ ചന്ദ്രൻ ക്ഷയിച്ചും വർദ്ധിച്ചും ചെയ്യുന്നതുപോലെ, മാഘത്തിൽ പാപം ക്ഷയിച്ചു, പുണ്യം വർദ്ധിക്കുന്നു. സമുദ്രത്തിൽ പലതരം രത്നങ്ങളെന്നപോലെ, മാഘത്തിൽ ആയുർവിത്തകളത്രാദിസമ്പത്തുകൾ വിളയു

Digitized By Kerala Sahitya Akademi

ന്നു. കാമധേനു കാമിതത്തെ എന്നപോലെ, ചിന്താമണി ചിന്തിതത്തെ എന്നപോലെ, മാഘസ്നാനം മനുഷ്യന്നു സർവ്വാഭീഷ്ടങ്ങളെയും പ്രദാനം ചെയ്യുന്നു. തപസ്സിനും കൃതത്തിലും, ജ്ഞാനത്തിനും ശ്രേതയിലും, യജ്ഞത്തിനും ദ്വാപരത്തിലും, ദാനത്തിനും കലിയിലും ശ്രേഷ്ഠത കൂടും; എന്നാൽ എല്ലാ യുഗങ്ങളിലും പ്രശസ്തമാകുന്നു മാഘസ്നാനം. ഏതു ജാതിക്കാർക്കും ഏതാശ്രമികൾക്കും എന്നും മാഘസ്നാനം ധർമ്മത്തെ വർദ്ധിച്ചുകൊടുക്കുന്നു.'

ഇതു കേട്ടു സദാരനായ വിദ്യാധരൻ ഒരു ആശ്രമത്തിൽച്ചെന്നു പാർത്തു, ഭൃഗുവോടൊന്നിച്ചു ഗിരിനദിയിൽ മാഘസ്നാനം യഥാവിധി ചെയ്തുപോന്നു; ഒടുവിൽ ഭൃഗുവിന്റെ അനുഗ്രഹത്താൽ അഭീഷ്ടം സാധിച്ചു — ദേവമുഖനായിച്ചമഞ്ഞു — മണിക്കൂടത്തിൽ വിഹരിക്കുകയും ചെയ്തു. വിദ്യാധരനെ അനുഗ്രഹിച്ചിട്ടു മനം കുളിർത്ത മഹർഷി വിന്ധ്യനിലേയ്ക്കു മടങ്ങി. മണിക്കൂടനദിയിൽ മാഘസ്നാനം ആചരിച്ചതിനാൽത്തന്നെ വിദ്യാധരന്റെ മുഖം മന്മഥന്റേതുപോലായിത്തീർന്നു. ചിന്നീർ, നിമഗ്നങ്ങളായ ശരീരം ചടച്ചു ഭൃഗു ശിഷ്യരോടൊന്നിച്ചു വിന്ധ്യതാഴ്വരയിലൂടെ ഇറങ്ങി നർമ്മദാതീരമണഞ്ഞു. മഹാരാജാവേ, ഭൃഗുചോദിച്ചതനുസരിച്ചും സർവ്വശാസ്ത്രസാരവും നാനാഫലപ്രദവുമായ ഈ മാഘമാഹാത്മ്യം ഞാൻ മുടങ്ങാതെ സ്തുതിക്കുന്നു, ഞാൻ ഒരു ദേവനെപ്പോലെ വേണ്ടുന്ന ഭോഗങ്ങളെല്ലാം അനുഭവിക്കും.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, മാഘമാഹാത്മ്യപ്രകരണം,
ദിലീപവസിഷ്ഠസംവാദം, വിദ്യാധരമോക്ഷപ്രാപ്തികഥനം
ഇരുനൂറിരുപത്തൊന്നാമദ്ധ്യായം.

—— :0: ——

ഇരുനൂറിരുപത്തിരണ്ടാമദ്ധ്യായം

വസിഷ്ഠൻ: — മന്നവ, മാഘമാഹാത്മ്യം വീണ്ടും കേട്ടുകൊള്ളുക; ഭക്തിപൂർവ്വം കേട്ടാൽത്തന്നെ മനുഷ്യൻ പാപങ്ങളിൽനിന്നെല്ലാം മോചിതനാകും:

പണ്ടു രഥന്തരകല്പത്തിൽ, കൃതയുഗാരംഭത്തിൽ, ബ്രഹ്മപുത്രനായി കല്മഷരഹിതനായി ശ്രീമാനായി കശ്യപൻ എന്നൊരു മഹർഷി

Digitized By Kerala Sahitya Akademi

ഉണ്ടായിരുന്നു; അദ്ദേഹം കർദ്ദമപുത്രിയായ സുഖിയെ യഥാവിധി വിവാഹം ചെയ്തു. ആ സ്ത്രീയിൽ അദ്ദേഹത്തിന്നു വസൻ എന്നൊരു വംശവർദ്ധനനായ പുത്രൻ ജനിച്ചു. ഉണ്ണിയ്ക്കു് അഞ്ചു വയസ്സായ പ്പോൾ അച്ഛൻ മന്ത്രമുപദേശിച്ചു. അച്ഛനാൽ ഉപനയിക്കപ്പെട്ട വസൻ ബ്രഹ്മചാരിയായി ഗുരുകുലത്തിൽ വസിച്ചു വേദം പഠിച്ചു പോന്നു* ..... വിശേഷിച്ചും, ആ ബ്രഹ്മചാരി മകരസ്നാനം ഭക്തിയോടെ അനുഷ്ഠിച്ചിരുന്നു: നക്തവ്രതങ്ങളും മുഴുവൻ മറയുന്നതിന്നു മുമ്പു് ദേഹശുദ്ധി വരുത്തി നിത്യസ്നാനം കഴിക്കും; വീണ്ടും, സൂര്യൻ പകുതിയുദിച്ചാൽ, മാധ്യാഹ്നസ്നാനം കഴിയ്ക്കും. ചാന്ദ്രായണാദികൃച്ഛ്രങ്ങളാലും മകരസ്നാനത്താലും വസന്നു മികച്ച മനശ്ശുദ്ധിയുണ്ടായി വന്നു. 'ഈ പടിഞ്ഞാട്ടൊഴുകുന്ന കാവേരിയിൽ മകരസ്നാനത്തിന്നു സംഗതിവരിക ഒട്ടും എളുപ്പമല്ല; എനിക്കതു സാധിച്ചുവല്ലോ; ഹാ, ഭാഗ്യവാൻതന്നെ ഞാൻ! പടിഞ്ഞാട്ടും വടക്കോട്ടും ഒഴുകുന്ന നദികളെല്ലാം പ്രയാഗതീർത്ഥത്തെക്കാളും മീതെയാണ്; അങ്ങിനെയുള്ളതു് എനിക്കു പൂർവ്വപുണ്യത്താൽ കൈവന്നു! ഞാൻ കൃതാർത്ഥനായി, കൃതാർത്ഥനായി, കൃതാർത്ഥനത്രേ!' എന്നിങ്ങനെ മനംകുളിർത്തു് അതുപ്രഥമമായ്തന്നെ മൂന്നുനേരം കാവേരിയിൽ സ്നാനംചെയ്തുപോന്നു. അങ്ങിനെ മൂന്നുമാസമാസങ്ങളിൽ പടിഞ്ഞാട്ടൊഴുകുന്ന കാവേരിയിൽ സ്നാനം ചെയ്തതിന്റെ പുണ്യത്താൽ വിശുദ്ധാത്മാവായി നിർമ്മലനായി നിസ്പൃഹനായിത്തീർന്ന വസൻ മാതാപിതാക്കന്മാരോടും ഗുരുവിനോടും വിട വാങ്ങി തപസ്സനുഷ്ഠിപ്പാൻ നടകൊണ്ടു. കാവേരിയുടെ വടക്കേതീരത്തു് ഒരുയോജനയകലെ, പേർ ചൊല്ലിയാൽത്തന്നെ പാവങ്ങളെപ്പോക്കുന്ന നാരായണഗിരി എന്നൊരു പവ്വതമുണ്ടു്.

(ശ്ലോകങ്ങൾ)

അസ്സാനമാന്റെ ശിഖരങ്ങളുയർന്നു വാനിൽ
മുട്ടുന്നു; വൃക്ഷഗണമങ്ങചലപ്രമാണം;
വ്യാളങ്ങളും, വൻപുലികളും, പക്ഷികളും യക്ഷരും പാ-
പ്പുണ്ടങ്ങു; പൂങ്കൊടിചയം നീളെ നിറഞ്ഞുനിൽപ്പൂ;
നീർച്ചോലയാൽ കുളിരുമൊത്തവ രത്നടങ്ങൾ;
പൂന്തേൻനുകർന്നളികളങ്ങു മുരണ്ടിടുന്നു;

* ഇവിടെ ബ്രഹ്മചാരിധർമ്മങ്ങൾ വണ്ണിച്ചിട്ടുള്ളതാണ് വിട്ടു്. ബ്രഹ്മചാരികൾ ചെയ്യേണ്ടതും വർജ്ജിക്കേണ്ടതുമായ കാര്യങ്ങൾ ആദിഖണ്ഡം രണ്ടാം അദ്ധ്യായത്തിലും മറ്റും വിവരിച്ചിട്ടുണ്ടു്.

Digitized By Kerala Sahitya Akademi

നൽക്കോറടിപ്പാ· ധൃതകുണ്ഡലർ കിന്നരേന്ദ്രർ
ഗന്ധർവ്വരം മധുരഗീതി മുഴിഞ്ഞിടുന്നു;
പാടുന്ന കണ്ഠരവിൽനിന്നുഴകിൽപ്പിടഞ്ഞു-
ളരുന്ന പീലികരം പരത്തി മയിൽക്കുലങ്ങൾ;
മൈലെള്ള,പുന്ന,യരയാമ്പൽ തിങ്ങുമുങ്ങ,
തെങ്ങ്,ത്ത, പതിരി, പിലാവു, വിളാവുശോകം,
രേന്മാവു, വേപ്പു,വിനി, വാകപ്പുളി, ക്രുവളക്കരം,
കായാവു, നീർമരുത്തു, ചന്ദനം ചമ്പകങ്ങരം,
പുക്കൊന്ന, മാതള,മിവണ്ണമനേകശാഖി-
വൃക്ഷങ്ങളും വിലസുമത്തിരി ചിത്രപുണ്യം!
കല്യാണതീർത്ഥമിതി കാമദമാം സരസ്സോ-
ന്നണഞ്ഞശേഷ കലിദോഷവിനാശിയായും,
കാളങ്ങളാമിളകുമേടലർകൊക്കടുക്കൽ-
ക്കേളിച്ചചേന്ന കളഹംസർ നിറഞ്ഞതായും.

ആ തീർത്ഥത്തിലും ഒരു മാഘമാസം മുഴുവൻ സ്നാനംചെയ്തിട്ട് അദ്ദേഹം അതിന്റെ പടിഞ്ഞാറേക്കരയിൽ തപസ്സു തുടങ്ങി: ദേഹം കാറ്റില്ലാത്തേടത്തുവെച്ച വിളക്കെന്നപോലെ തീരെ നിശ്ചലമായിച്ചമഞ്ഞു. അദ്ദേഹം ബാഹ്യവിഷയങ്ങളെ വിസ്മരിച്ചു്, 'അകത്തും പുറത്തും മീതെയും താഴെയും എന്തെന്തുണ്ടോ അതിനെയെല്ലാം വ്യാപിച്ചിരിക്കുന്നതു ഞാൻ തന്നെ!' എന്നു ഭാവനാംചെയ്തു് ഒരു കല്ലോ മരമോ എന്നപോലുള്ള സ്ഥിതിചെയ്തു. നാലുഭാഗവും സരസ്സിൽ വെള്ളം കുടിപ്പാൻ വരുന്ന മാനുകളും അതാപസന്മാർ, മരമാണെന്നു കരുതി കൊമ്പുരസ്സാമണ്ണായിരുന്നു! അങ്ങിനെ വൻതപസ്സു ചെയ്യുംകൊണ്ടു് ഒരു നൂറുയുഗം കഴിഞ്ഞപ്പോൾ അദ്ദേഹത്തിനു പ്രീതനായ പീതാംബരൻ പ്രത്യക്ഷീഭവിച്ചു. 'ഭഗശ്രാദ്ധ, മഖപ്രാജ്ഞ, ഞാൻ, വിഷ്ണു, ഭവാങ്കൽ പ്രസാദിച്ചിരിക്കുന്നു' എന്നരുളിച്ചെയ്ത പുരുഷോത്തമൻ ബ്രഹ്മരന്ധ്രത്തിൽ തൊട്ടപ്പോഴാണു താപസൻ സമാധിയിൽ നിന്നുണർന്നതു്; അപ്പോൾ ഓരോരോ സൂര്യന്മാക്കൊത്ത തേജസ്സോടെ വിലയേറിയ ആഭരണങ്ങളുമണിഞ്ഞു മുകന്ദൻ മുമ്പിൽ നിൽക്കുന്നതു കാണുമാറായി! മുനി സംഭ്രമത്തോടെ നമസ്കരിച്ചു സ്തുതിപ്പാൻ തുടങ്ങി:

(കിളിപ്പാട്ടു് — കാകളി)

'നാരായണനായ്, നളിനായതാക്ഷനായ്
നാഥനായ്, നാഗാശനോപരിസംസ്ഥനായ്,

Digitized By Kerala Sahitya Akademi

നാളീകമാളേ തിരുമാറിൽ മേവുന്ന
കാളാബ്ജരോസ്സാംപരപൂരണതൊഴാം!
ഓം, തൊഴാം, ധർമ്മപ്രതിഷ്ഠയ്ക്കുതാളേ-
ലേന്തും ജഗന്നേത്രാഭിയോഗം ശൈരിണെ!
ലോകങ്ങളിപ്പുയാ സൃഷ്ടിച്ചു കാത്തഴി-
ച്ചേകനായ്പ്പോരാലിലയിൽക്കിടപ്പവൻ,
സച്ചിദാനന്ദസ്വരൂപൻ, മഹേശ്വര-
നി,പ്പുവിധേയചരിതൻ, നിരീശ്വരൻ,
യോഗിഭേതാശയസാന്ധൻ, മുമുക്ഷുക-
ളാകം മഹത്തുകൾക്കാശ്രയ മുകുന്ദപ്രദൻ,
വിശ്വാധികനീ,പ്പുരാചരമൊക്കയു-
മപ്പുതേജസ്സിനാൽ വ്യാപിച്ചിരിപ്പവൻ,
ശാന്തൻ, മഹത്തിനെക്കാളും മഹത്തരൻ,
ദാന്തനു,ണുവിനെക്കാളുമണുതരൻ,
അറമില്ലാത്ത സംസാരഘോരക്കടൽ-
ക്കക്കരകേറുവോനാര,വന്നു തൊഴാം!
നേർകണ്ടുപനിഷദ്വാക്യങ്ങൾ വാഴ്ത്തുന്ന
ലോകാതിഗനാം ജഗദീശനു തൊഴാം!
അച്യുതനു,ക്ഷയകല്യാണശേവധി-
യു,പ്രമേയനു ഗുണോജ്ജിതനു തൊഴാം!
നിത്യം വിളങ്ങും സഹസ്രശിരസ്സിനു
പൊയ്ത്താർ നയനനാനനനു കൈതൊഴാം!
വിഷ്ണു, ത്രിമൂർത്തി, ത്രിയുഗശക്തി, സ്വയം-
ജിഷ്ണു, പരനുമാവു, നിശ്ലേഷബന്ധവൻ,
ധാതാവവിക്രിയൻ നിർദ്വന്ദ്വമനസ്പ്രഥൻ
പാർത്താളുവോനാര,വനു തൊഴാം, തൊഴാം!
പൊൻകിരീടാംഗദകുണ്ഡലം ചാർത്തിയ
ശംഖചക്രാബ്ജഗദാധരനു തൊഴാം!
പാഹിമാം പുണ്ഡരീകാക്ഷ; ഭവൽപ്രണ
ദോഹികൾക്കെല്ലാമൊരുന്നാം; സുഗതിയു!
ദേവേശ, നീയേ ശരണ്യൻ ശരണമെ-
ന്നേവമോർത്തങ്ങയെ പ്രാപിച്ചവനിവൻ;
നിങ്കലിളകാതെ നിർക്കേണമെന്മനം
നിങ്കനിവാൽ; തേ തൊഴാം, തേ തൊഴാം, തൊഴാം!'

Digitized By Kerala Sahitya Akademi

ഇങ്ങനെ അദ്ദേഹം ഹൃഷീകേശനെ സ്തുതിച്ചു വീണ്ടും വീണ്ടും നമസ്കരിച്ചു്, ആനന്ദത്താൽ കണ്ണുനീർ വാൻ കോരുമയിർക്കൊണ്ടു്, തലയിൽ തൊഴുകൈയുംവെച്ചു്, മിണ്ടാതെ തിരുമുമ്പിൽ നിലക്കൊണ്ടു.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, മാഘമാഹാത്മ്യപ്രകരണം,
ദീലിപവസിഷ്ഠസംവാദം, മൃഗശൃംഗോപാഖ്യാനം ഇരുന്നൂറിരുപത്തിരണ്ടാമധ്യായം.

ഇരുന്നൂറിരുപത്തിമൂന്നാമധ്യായം

വിഷ്ണു:—'മൃഗശൃംഗ, ഭവാന്റെ ഈ സ്തുതി എന്നെ അത്യധികം സന്തോഷിപ്പിച്ചു. ഭവാൻ വളരെ ക്ലേശിച്ചു് ഈ തീർത്ഥത്തിൽ മാഘസ്നാനവും തപസ്സും ചെയ്തതിനാൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. ദക്ഷിണയോടുകൂടിയ യാഗങ്ങളോ മറ്റു ദാനങ്ങളോ യമനിയമങ്ങളോ എനിക്കു മാഘസ്നാനത്തോളം പ്രീതികരങ്ങളല്ല.'

ആ മുഖം തെളിഞ്ഞ മുമുക്ഷുവിനോടു തന്തിരുവടി വീണ്ടും അരുളിച്ചെയ്തു:—'അങ്ങു വരം വൈകിച്ചുകൊൾക; വേണ്ടുന്നതു ഞാൻ തരാം. മൃഗശൃംഗ, ഭവാൻ ബ്രഹ്മചര്യംകൊണ്ടു് ഋഷിമാരെ സന്തോഷിപ്പിച്ചുവല്ലോ; ഇനി യജ്ഞങ്ങൾകൊണ്ടു ദേവകളേയും സന്തതികൊണ്ടു പിതൃക്കളേയും സംപൂരാക്കണം. എങ്ങിനെയായാലും, എന്റെ പ്രീതിക്കായി ഭവാൻ ഇതനുഷ്ഠിക്കണം. ഇനിയത്തെജ്ജന്മത്തിൽ അങ്ങു ജീവന്മുക്തബ്രാഹ്മണനാകും—ജ്ഞ എന്ന പേരിൽ ബ്രഹ്മസൂനുവായി മഹാജ്ഞാനിയായി ഭവിക്കും; നിങ്ങളന്നു വേദാന്തശാസ്ത്രമുപദേശിച്ചു്, പരമധാമം പ്രാപിക്കുകയും ചെയ്യും." ബുദ്ധിയേറിയ മൃഗശൃംഗൻ ദയാനിധിയായ ദേവദേവനോടു മറെറാരു വരംകൂടി അഭ്യർത്ഥിച്ചു:—'ദേവദേവ, ജഗദീശ, സർവ്വദേവനമസ്കൃത, സർവ്വം സർവകാമങ്ങളേയും നൽകുന്ന നിന്തിരുവടി എന്നെന്നും ഇവിടെ വാണരുളി, സർവശരീരികൾക്കും സർവസമ്പത്തുകളേയും കല്പിച്ചു കൊടുക്കുമാറാകണം; ഈയൊരു വരം, എങ്കൽ കനിവുണ്ടെങ്കിൽ, തന്നരുളിയാലും!

പ്രസീദ പുണ്ഡരീകാക്ഷ, പ്രണതാർത്തിഹരാച്യുത;
നിന്നെസ്സരണമാണേനാൻ ഞാൻ ശരണാഗതവത്സല!

Digitized By Kerala Sahitya Akademi

ഗരുഡധ്വജൻ കനിഞ്ഞരുളിച്ചെയ്തു:—'അങ്ങിനെയാകട്ടെ: മൃഗശൃംഗ, ഞാൻ എന്നും ഇവിടെ വസിച്ചുകൊള്ളാം. എന്നെ യാവ ചില൪ പൂജിക്കുമോ, അവക്ക് സ൪വസമ്പത്തുകളും കൈവരും. വിഷ്ണുപൂജ, ഈ പൊയ്കയിൽ മകരസ്നാനം ചെയ്കവ൪ സ൪വപാപനി൪മ്മുക്തരായി എന്റെ ലോകം പ്രാപിക്കുമാറാകട്ടെ. വ്യതീപാതം, അയനാരംഭം, സംക്രമം, വിഷുവം, പൌ൪ണ്ണമാസ്യമാവാസികകം, സൂര്യചന്ദ്രഗ്രഹണങ്ങളും എന്നിവയിൽ ഇവിടെ സ്നാനവും യഥാശക്തി ദാനവും ചെയ്താൽ, അങ്ങു ചൊല്ലിയ സ്തോത്രം ചൊല്ലി എന്നെ ദ൪ശിച്ചവൻ എന്റെ ലോകത്തു സൽക്കരിക്കപ്പെട്ടാൽ.' ഭൂതഭാവനനായ ഗോവിന്ദൻ ഇപ്രകാരമരുളിച്ചെയ്തതിനുശേഷം, ഉദ്ധവ്രതനായി മഹാരമ്മ്യമായി ജ്വലിച്ചുനിന്നാൽ കല്മഷമകന്ന മുനിപുത്രൻ വീണ്ടും നമസ്കരിച്ചു കേതുവശംവദനായ ഭഗവാനോട് ചോദിച്ചു:—'ദേവേശ, ദയാനിധേ, കുസുമന്റെ മകൻ വസുനാമാണല്ലോ ഞാൻ; എനിക്കെങ്ങിനെ മൃഗശൃംഗനെന്ന പേ൪ വന്നു? ഈ കേതനോട് ഇതരുളിച്ചെയ്യുമാറാകണം!'

വിഷ്ണു:—'ഭവാൻ ഈ കല്യാണതീ൪ത്ഥത്തിന്റെ തീരത്തു തപസ്സിലിരിക്കെ, നാംതന്നെ ഇതിൽ വെള്ളംകുടിക്കുന്ന മൃഗങ്ങളും ഭവാന്റെ ദേഹത്തിൽ ഭയംക്രൂടാതെ ശൃംഗമുരസിയിരുന്നു; അതിനാൽ മഹ൪ഷിമാ൪ അങ്ങയെ മൃഗശൃംഗനെന്നാണ് പറയുന്നത്. ഇന്നുമുതൽക്ക് ഈ ലോകം അങ്ങയെ മൃഗശൃംഗനെന്ന വിളിക്കും.'

ഇപ്രകാരം കഥിച്ച സ൪വേശ്വരൻ സ൪വമനുഷ്യക്കും സ൪വവും നൽകിക്കൊണ്ടു നാരായണഗിരിയിൽ വാണരുളുന്നു! ഇന്നും കാണാം! മൃഗശൃംഗൻ അവിടെ തന്തിരുവടിയെ പൂജിച്ചു, അരുളപ്പാടിൻപ്രകാരം ലോകോപകാരത്തിനായി ഗൃഹസ്ഥാശ്രമം കൊള്ളുന്നതിന്നു, ആര്യനായ പുണ്ഡരീകാക്ഷനെ മനസ്സിൽ ധ്യാനിച്ചുകൊണ്ടു ആ പവിത്രത്തിൽനിന്നു പുറപ്പെട്ടു. മഞ്ജുമഞ്ചയും കൃഷ്ണമൃഗത്തോലും ദണ്ഡും ധരിച്ചു, കരതളിരിൽ കമണ്ഡലുവുമേന്തിയിരുന്ന ആ ജിതേന്ദ്രിയൻ, തന്റെ ജനനസ്ഥലമായ ഭോജരാജനഗരത്തിൽ തിരിച്ചെത്തി. അതിനു മുമ്പുതന്നെ മൃഗശൃംഗന്റെ പേ൪ നാട്ടിലൊക്കെ പുകഴ്പെട്ടിരുന്നു. അദ്ദേഹം സപരിഗ്രഹമണഞ്ഞു അച്ഛനമ്മമാരെ യഥാവിധി വന്ദനമസ്കാരം ചെയ്തു വൃത്താന്തമെല്ലാമറിയിച്ചു; അവ൪ സന്തോഷബാഷ്പം പൊഴിച്ചു പുത്രനെ കെട്ടിപ്പുണ൪ന്നു മൂ൪ധാവിൽ തെരുതെരെ മുകന്നഭിനന്ദിച്ചു. പിന്നീട് മൃഗശൃംഗൻ ഭൂരിവിനെ അഭിവാദ്യംചെയ്തു വീണ്ടും വേദാധ്യയനത്തിലേ൪പ്പെട്ടു; മാതാപിതാക്കന്മാ

Digitized By Kerala Sahitya Akademi

രേയും ഗുരുവിനേയും നിരന്തരം ശുശ്രൂഷിച്ചുകൊണ്ട് വേദമെല്ലാം പഠിച്ചുതീർന്ന ശേഷം ഗുരുവിനാൽ അനുമതനായി വ്രതസ്നാനവും ഉത്സർഗ്ഗവും വഴിപോലെ കഴിച്ചിട്ട് ആ മഹാശയൻ ഭാര്യയോടു പറഞ്ഞു:—'പുത്രനുവേണ്ടി അച്ഛനമ്മമാർ സഹിച്ചുപോരുന്ന കഷ്ടപ്പാടിന്റെ പകരംചെയ്യാൻ ഒരു നൂറാണ്ടുകൊണ്ടും സാധിക്കുകയില്ല! അതിനാൽ അവർക്കും ഗുരുവിനും സദാ പ്രിയം ചെയ്തുകൊള്ളണം. അവർ മൂവരും പ്രസാദിച്ചാൽ എല്ലാത്തപസ്സുമായി! അവരെ ശുശ്രൂഷിക്കുന്നതന്നെയാണ് പരമതപസ്സ്. അവരെത്തള്ളി, ചെയ്യുന്നതൊന്നും ഒരിക്കലും സഫലമാകയില്ല. അവർ മൂവരെ സന്തോഷിച്ചു ധിമാൻ ലോകം മൂന്നിനേയും ജയിക്കുന്നു! അവരുടെ പ്രീതിതന്നെയത്രേ നേടേണ്ട നാലു പുരുഷാർത്ഥങ്ങൾ; മറ്റതെല്ലാം ഉപധർമ്മം! ഒന്നോ രണ്ടോ മൂന്നോ വേദം ബ്രഹ്മചര്യപ്പിഴകൂടാതെ പഠിച്ചു കഴിഞ്ഞാൽ, ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിക്കണം. പതി സ്വാധീനയാണെങ്കിൽ, ഗൃഹസ്ഥാശ്രമത്തെക്കാൾ മീതെ മറ്റാശ്രമമില്ല. ഭോഗത്തിനായുള്ള ഭോജിപ്പ് തിയ്യത്തെ സൂചിപ്പിച്ചുള്ളതുമല്ലോ. കളത്രം അനുകൂലമാണെങ്കിൽ സ്വർഗ്ഗംകൊണ്ടെത്തുള്ളു! കളത്രം പ്രതികൂലമാണെങ്കിൽ നരകംകൊണ്ടെത്തുള്ളു! സുഖത്തിനുള്ള താണ ഗൃഹാശ്രമം; സുഖത്തിന്റെ മൂട്ട് ഭാര്യയത്രേ. ഭാര്യ പാട്ടിലാണെങ്കിൽ വർഗ്ഗം കിടിച്ചുതന്നെ. സ്ത്രീയെ അട്ടയോടുപമിക്കാറുള്ളതു് അജ്ഞാലോചനക്കുറവിനാലാണ്; വലിയ ഭൃത്യസമുണ്ട്, അട്ടയും അംഗനയും തമ്മിൽ: അട്ട ചോര മാത്രമേ വലിച്ചെടുക്കൂ; കനിവറ്റ കാമിനിയോ, ചിത്തവും വിത്തവും ബലവും സുഖവുമൊക്കെ വലിച്ചെടുത്തുകളയും! സമർത്ഥ, സന്തതിയുള്ളവൾ, പ്രിയഭാഷിണി, കീഴിൽ നിൽക്കുന്നവൾ—ഇങ്ങനെയുള്ള സ്ത്രീ ഉടൽപൂണ്ട ശ്രീയത്രേ! ലക്ഷണമൊത്ത സ്വജാതിസ്ത്രീയെ വേണം, ധർമ്മവർദ്ധനത്തിന്നു ബ്രാഹ്മണൻ വേഴുക. അച്ഛനമ്മമാരുടെ ഗോത്രക്കാരി, വല്ല ദുഷ്പേരുമുള്ളവൾ, പെണ്മക്കളെപ്പെറുന്നവൾ, അപസ്മാരമോ ക്ഷയമോ ശിരസ്സോ ഉള്ള തറവാട്ടിൽ ജനിച്ചവൾ, അവയവങ്ങൾക്കു കുട്ടത്തലോ കറയോ ഉള്ളവൾ, ഏറെ നിണമുള്ളവൾ, ഏറെച്ചുവപ്പോ, രോമമില്ലാത്തവൾ, രോമമേറിയവൾ, തലമുടി പരുപരുത്തുകനത്തവൾ—ഈവക സ്ത്രീകളെ വേട്ടുകൂടാ. പേർ നന്നായിരിക്കണം: പർവ്വതം, വൃക്ഷം, നക്ഷത്രം, നദി, സർപ്പം, പക്ഷി എന്നിവയുടേയും ദാസരുടേയും പേരാവരുതു്. ലക്ഷണങ്ങളും നോക്കി, രോഗിണിയല്ലാത്തവളും ഭ്രാതൃമതിയും തന്നിൽനിന്ന് അല്പം താണവളും മൃദുഭാഷിണിയും സുമുഖിയുമായിട്ടുള്ള വളെ വേണം അഭിജ്ഞൻ വേഴുക! കുലഹീനയെ വേട്ടാൽ സന്താനവും ഹീനമായിപ്പോകും. സുലക്ഷണയും സദ്പ്രജയുമായവൾ തോവിന്ന് ആയുസ്സു വർദ്ധിപ്പിക്കുമെന്നല്ലേ പണ്ടു മനു പറ

Digitized By Kerala Sahitya Akademi

ഞിരിക്കുന്നു; അങ്ങിനെതന്നെയാണല്ലോ അഗസ്ത്യനാം മറവ മഹർഷിമാരും ഇതിനെപ്പറ്റിയും അഭിപ്രായപ്പെട്ടിട്ടുള്ളതും. അച്ഛ, അങ്ങനെയുള്ള ഭാഗ്യമെനിക്കെവിടെ കിട്ടും?'

മൃഗശൃംഗന്റെ ഈ വേദത്തിനൊത്ത മധുരഭാഷണം കേട്ടിട്ട മനംകുളിർത്ത കശ്യപൻ മറുപടി പറഞ്ഞു:—'മൃഗശൃംഗ, മഹാമതെ, നിനക്കിതിൽ വിചാരം വേണ്ട; ഇതുപോലെ സദാചാരവാനായ നിനക്ക കിട്ടാത്തതായിട്ടൊന്നുമില്ല. ആചാരഹീനർക്കും അലസന്മാർക്കും മാഘസ്നാനം ചെയ്യാത്തവർക്കും അങ്ങിനെയുള്ള സ്ത്രീയെ കിട്ടുകയില്ല; അതിഥിയെ പൂജിക്കാത്തവർക്കും ഏകാദശി നോൽക്കാത്തവർക്കും മഹാദേവഭക്തിയില്ലാത്തവർക്കും ഭരിക്കുന്നതുപോലുള്ള സ്ത്രീകളെ കിട്ടുകയില്ല; അച്ഛനമ്മമാരെ ശുശ്രൂഷിക്കാത്തവർക്കും, ഗുരുവിനെ പ്രീതിപ്പെടുത്താത്തവർക്കും ഗോവിനെ പരിചരിക്കാത്തവർക്കും, ബ്രാഹ്മണന്റെ ഹിതം നോക്കാത്തവർക്കും, ദേവപിതൃകാര്യം ചെയ്യാത്തവർക്കും, കൊടുക്കാതെ ഭുജിക്കുന്നവർക്കും, ദാനധർമ്മമില്ലാത്തവർക്കും, ഹോമിക്കാതെ ഉണ്ണുന്നവർക്കും, മാഘമാഹാത്മ്യം അറിഞ്ഞുകൂടാത്തവർക്കും അങ്ങിനെയുള്ള സ്ത്രീകളെ കിട്ടുകയില്ല! മകനേ, വിദ്യ, തെളിഞ്ഞ കീർത്തി, ആയുരാരോഗ്യങ്ങൾ, അക്ഷയധനം, അഖിലപാപശാന്തി, ഇഹലോകം എന്നിവയെ മാഘമാസം പ്രദാനംചെയ്യുന്നു. അയ്യോ എന്തെന്തിനെത്തരുകയില്ല? നെടുനാൾ ആയുസ്സ്, ആചാരം, സന്താനവർദ്ധി, സത്സംസർഗ്ഗം, സത്യം, മനോധൈര്യം, ധൃതി, ശൌര്യം, ബലം എന്നിവയെ മാഘമാസം പ്രദാനംചെയ്യുന്നു; അയ്യോ എന്തെന്തിനെ തരികയില്ല? പുണ്യാത്മാവേ, മാഘസ്നാനത്താൽ മനംതെളിഞ്ഞ മാധവൻ നിന്റെ വാഞ്ഛിതം നിറവേറിത്തരും' അച്ഛന്റെ ഈ സത്യവചനം കേട്ട സന്തുഷ്ടനായ മൃഗശൃംഗൻ വീണ്ടും അച്ഛനെ താണുവണങ്ങി, പകലിരവു ചക്രങ്ങൾപോലെന്നോണം ധ്യാനിച്ചുകൊണ്ടിരുന്നു.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, മാഘമാഹാത്മ്യപ്രകരണം,
ദിലീപവസിഷ്ഠസംവാദം, മൃഗശൃംഗോപഖ്യാനം മൃഗശൃംഗപ്രത്യാഗമനം
ഇങ്ങനെയുള്ള പത്തിമൂന്നാമദ്ധ്യായം

—— :o:

ഇരുന്നൂറിരുപത്തിനാലാമദ്ധ്യായം.

വിഷ്ണു — ആ ദിവസംതന്നെ രാത്രിയിൽ ഉഗ്രസേനനെന്ന മുനിപുംഗവന്റെ കന്യകയുണ്ടായിരുന്നു. ആ കമലാക്ഷി മാഘമാസത്തിൽ, കന്യകമാരായ സഖിമാരോടൊന്നിച്ച്, പുലർകാല

Digitized By Kerala Sahitya Akademi

ത്തുണ്ണൊഴുകുന്നവ, പടിഞ്ഞാട്ടൊഴുകുന്ന കാവേരിയിൽ സ്നാനംചെയ്തു പോന്നു:

'സഹ്യപാദോത്ഭവേ, ദേവി, ശ്രീരംഗോത്തുംഗവാസിനി,
ശ്രീകാവേരി, നമസ്തുഭ്യം! മമ പാപം വിനാശയ!
മജ്ജന്മതേ, മഹാഭാഗേ, മാഘമാസി നിമജ്ജതാം
മഹാപാപഹരേ, മാതർമംഗളാനി പ്രയച്ഛ മേ!
പതിം ദേഹി ധനം ദേഹി സുതം ദേഹി മനോരഥാൻ
പാതിവ്രത്യം തഥാ ദേഹി മഹ്യം പശ്ചിമവാഹിനി!'

എന്നീ മന്ത്രമുച്ചരിച്ചു കാവേരിയെ നമസ്കരിച്ചിട്ടാണ്, ആ സദ്വൃത്ത, നാംതോറും സൂര്യൻ ഒട്ടകിയെപ്പോലെ സ്നാനംചെയ്തിരുന്നതു്. അങ്ങിനെ മൂന്നുവർഷം അവൾ മാഘസ്നാനമനുഷ്ഠിച്ചു. അവളുടെ ഈ നടപ്പും ഗുണകൃത്യങ്ങളിലുള്ള മിടുക്കും കണ്ടു് മനം കുളിർത്ത അച്ഛൻ, 'ഞങ്ങൾ കൊടുക്കേണ്ട' എന്നാലോചിക്കുകയായി. അങ്ങിനെയിരിക്കെ, കംസൻ ആ സുമുഖിയെ ബ്രഹ്മചാരിയായ വസുദേവനുകൊടുക്കുന്നതിനു് ഉചിതപ്രായത്തോടാവശ്യപ്പെട്ടു; ഉൽകൃഷ്ടരൂപവും ഉത്തമലക്ഷണവും *ഉപാധിരഹിതയും ഉദയവിശുദ്ധയും ഉപമയില്ലാത്തവളുമായ ആ ഉചിതപുത്രിയെ വേഗമുള്ള വസുദേവനു സമ്മതമായി.

ഒരുനാൾ സുവൃത്ത മുന്നു സഖിമാരോടൊന്നിച്ചു് അരുണോദയത്തിൽ മാഘസ്നാനത്തിനു കാവേരീതീരത്തു ചെന്നു. അപ്പോൾ, ഒരു കുന്നംചുറ്റുന്ന കാട്ടാന ചിന്നികളോടൊന്നിച്ചു്, തുമ്പിക്കാൽ ഘോരമാം വണ്ണം ചിറിച്ചിന്നംവിളിച്ചുകൊണ്ടു നേരിട്ടു അതുകണ്ടു പേടിച്ചുരണ്ടു് ആ സുലോചനമാർ അകലത്തായും പാഞ്ഞു; ആനയും അവരെ പിന്തുടർന്നു. കന്യകമാർ നാലുപേരും ഓടിക്കിതച്ചു്, പുല്ലുകളാൽ മൂടപ്പെട്ടിരുന്ന ഒരു പൊട്ടപ്പൊന്തകിണറ്റിൽ വീണുപോയി; അതോടുകൂടിത്തന്നെ, വാടിത്തളർന്നിരുന്ന അവർ മൂർച്ഛിപ്പെടുകയും ചെയ്തു! അവർ പതിവുനേരത്തു മടങ്ങിച്ചെല്ലാഞ്ഞതിനാൽ, അവരുടെ അച്ഛനമ്മമാർ അന്വേഷിച്ചു പുറപ്പെട്ടു. കാട്ടിൽനിന്നു കാട്ടിലും പൊന്തയിൽ നിന്നു പൊന്തയിലും തിരഞ്ഞുനടക്കെ, വസ്ത്രോത്തരീയങ്ങളും അഴിഞ്ഞുവീണതു് അവിടവിടെ കാണപ്പെട്ടു: അതനുസരിച്ചു വിവശരായി നടകൊണ്ട അവർ, നോക്കിയാൽ നോക്കെത്താത്ത പാതാളംപോലുള്ള കിണറ്റിനരികിലെത്തി; കണ്ണുലോചനമാരായ കന്യകമാർ അതിൽ മരിച്ചുകിടക്കുന്നതു കണ്ടപ്പോൾ അമ്മമാർ സങ്കടം സഹിക്കാതെ, കര

* കപടം.

Digitized By Kerala Sahitya Akademi

രികളെപ്പോലെ കരുണസ്വരത്തിൽ നിലവിളിച്ചുതുടങ്ങി. 'വിമലേ, കമലേ, സുവൃത്തേ, സുരസേ' എന്നിങ്ങനെ പേർ വിളിച്ചു പുത്രിമാരെ വീണ്ടും വീണ്ടും കെട്ടിപ്പുണർന്ന് അവർ വിലപിക്കുകയായി.

(പാഠം)

'പുത്രിമാരേ, മകരമാം മാസത്തിൽ
പ്രത്യൂഷസ്സിലുണർന്നോരു നാരിതോറും
അത്ര കൈയുകാൽ കാവേരിയാറിനോ-
ടത്ഥനംചെയ്തുപോന്നതിതോ നിങ്ങടെ!
വെച്ചൊരുങ്ങിക്കഴിഞ്ഞു ഗൃഹങ്ങളിൽ
നൽപ്പോരും പല ശാകക്കറികളും;
ക്ഷുത്തൊടേ കാത്തിരിക്കയാണച്ഛന്മാർ;
വിദ്യുതമെഴുന്നേൽക്കുവിനുണ്ണുവാൻ!
മാഘമജ്ജനം ചെയ്‌വോർക്കു നേരിടാ
രോഗപാപവിപത്ഭയമെന്നതോ,
ബുദ്ധിമാന്മാർ കഥിച്ചുവരുന്നതി-
ങ്ങുത്തരമെന്തു ദൈവം മറിച്ചായാൽ!
ഞങ്ങടം മേന്മേൽ വിളിപ്പതു കേൾക്കാതേ,
നിങ്ങടം മുന്നിലനക്കവുംകൂടാതേ
കാലുനീട്ടിക്കിടക്കുകയാണല്ലോ;
കാരണമെന്തിവണ്ണം പിണങ്ങുവാൻ!'

ഉചത്ഥ്യൻ:—

'ഓമനേ നിന്നെവേൾക്കാൻ വരിച്ചാനാ
മാമുനി മൃഗശൃംഗൻ തപോനിധി;
നല്ലതങ്ങിനയാ'മെന്നമോതിനേൻ;
ചൊല്ലുമെന്തിനിയുത്തമമോടു ഞാൻ!'

ഇങ്ങനെ ആ പെൺകിടാങ്ങളുടെ അമ്മമാർ വാവിട്ട നിലവിളികേട്ട, തപോനിധിയായ ശ്രീമാൻ മൃഗശൃംഗൻ ആ സ്ഥലത്തെത്തി. അവരുടേയും ബന്ധുക്കളുടേയും സങ്കടവും ആ കന്യകമാരുടെ ഉത്സവസ്ഥയും കണ്ടിട്ട് ആ ദ്യുതിമാനും ധൃതിമാന്മാരായ ജിതേന്ദ്രിയൻ എന്തോ ഒന്നാലോചിച്ചു, അവരോടുചെയ്തു:—'നിങ്ങളുടെ പുത്രിമാരെ ഏതാനും ദിവസങ്ങൾക്കിടയിൽ ഞാൻ ജീവിപ്പിക്കാം.' പലരുടെ സ്ത്രീകളെ ആശ്വസിപ്പിച്ചു കരയിൽ നിന്നിച്ചു മഹർഷി വീണ്ടും പറ

Digitized By Kerala Sahitya Akademi

ഞു: —'കന്നൽനേർമിഴിമാരായ കന്യകമാരെ ഞാൻ ജീവിച്ചെഴുനേല്പിക്കുന്നതുവരെയുള്ളും, ഇവരുടെ അഴകൊത്ത ശരീരങ്ങളും സൂക്ഷിച്ചുകൊള്ളണം' ഇതുമും പറഞ്ഞു മുനീന്ദ്രൻ പാവനിയായ കാവേരിയിൽ ചെന്ന്, കഴുത്തോളം വെള്ളത്തിൽ, മുഖം മലത്തി കൈകളുയത്തി സൂര്യനെ നോക്കിക്കൊണ്ടു നിന്ന്, മൃത്യുവിനെ സ്തംഭിപ്പാൻ തുടങ്ങി; ഇതു് അദ്ദേഹത്തിന്റെ ഒരു പതിവായി.

ഒരു ദിവസം പുഴയുടെ നടുവിൽനിന്ന് ഒരു കൊമ്പനാന തുമ്പിക്കൈയുംപൊക്കി, ആ ബ്രാഹ്മണമുനിയെ കൊല്ലാൻ അടുക്കലേയ്ക്കു പാഞ്ഞെത്തി. എന്നാൽ, അനയുടെ പുറപ്പാടു കണ്ടിട്ട് അദ്ദേഹം അനങ്ങുകയേ ചെയ്തില്ല; വെള്ളത്തിൽത്തന്നെ, ഒരു ചിത്രമെന്നപോലെ നിന്നതേ ഉള്ളൂ! കൊലയാനയുടെ, ക്ഷണനേരംകൊണ്ടു് അതിശം നീങ്ങി ശാന്തനായിച്ചമഞ്ഞു, അദ്ദേഹത്തെ തുമ്പിക്കൈകൊണ്ടെടുത്തു പുറത്തുവെച്ചു നിലക്കൊണ്ടു! മുനീന്ദ്രൻ ഗജത്തിന്റെ ഉള്ളറിഞ്ഞു്, ജപം അവസാനിപ്പിച്ചു്, അതിനെപ്പുറത്തു സുഖമായി സ്ഥിതിചെയ്തു്, 'ആനപ്പുറത്തു കയറുക എന്നതു സത്തുക്കൾ പ്രശംസിക്കുവുള്ളതാണു്; അതിനാൽ ഇതു് ശുഭസൂചകം തന്നെ' എന്നു്, അത്യന്തം സന്തോഷിച്ചു; അതോടുകൂടി, 'വളരെക്കാലമായി കഷ്ടപ്പെടുന്ന ഈ നാൽക്കാലിയെ കരയേറണം'മെന്നും നിശ്ചയിച്ചു് ആ മഹാശീലൻ കുറേനേരം ആലോചിച്ചു. എന്നിട്ടു്, 'മാഘമാസത്തിൽ ഏഴുനാൾ സ്നാനംചെയ്തതിന്റെ പുണ്യം നിനക്കു തന്നിരിക്കുന്നു' എന്നരുളിച്ചെയ്തു്, വെള്ളാനയുടുത്തു് അതിന്റെ തലയിൽത്തളിച്ച അതിരറിഞ്ഞിട്ടെന്നവണ്ണം, പാപം വേർപെട്ട കഞ്ജരേന്ദ്രൻ കല്പാന്തമേഘത്തിനൊത്ത ശബ്ദത്തിൽ കാലർച്ചയലറി. അതിൽ സന്തോഷമിയന്ന മൃഗശ്രേഷ്ഠൻ കരിമ്പാറപോലെ കറുത്തു നിറഞ്ഞ കണ്ണിനാൽ നോക്കി. തലകൊണ്ടു പതുക്കെത്തലോടി. ആ കരുവു് ശബ്ദംകേട്ട് അതു ഗജത്രസം വെടിഞ്ഞു്, വിസ്മിതനായ മുനിയോടു് ആകശേത്തു് ഒരു പ്രമോണ്ഡലത്തിന്റെ നടുവിൽ ദേവനെന്നപോലെ കാണപ്പെട്ടു!

കലുഷാകന്നം സ്വാന്തം ശുഭമണഞ്ഞ ആ ഭൂതനാഥി മുനിയെ വണങ്ങി ചൊല്ലിച്ചു:—'ഞാൻ കൃതാർത്ഥനായി, കൃതാർത്ഥനായി; മുനിശ്രേഷ്ഠ, ഭവാൻ എന്നെ പാപത്തിൽനിന്നും നികൃഷ്ടമായ ദുർഗതിയിൽനിന്നും [illegible]റിച്ചല്ലോ! ഭഗവാനേ, എന്റെ വൃത്താന്തമെല്ലാം ഞാൻ പറയാം; സർവ്വജ്ഞനായ അങ്ങയ്ക്കു ഞാൻ ഗുരു, ഇവിടുന്നു ശിഷ്യനും: ചണ്ഡനിഷ്ഠുരനാഗത്തിൽ വിശാലാക്ഷൻ

Digitized By Kerala Sahitya Akademi

എന്നൊരു പാമധാമ്മികനായ—സ്വധർമ്മത്തിൽനിന്നു തെറ്റിയവനായ—വൈശ്യനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മകൻ ധർമ്മദത്തനെന്നാവനാണു ഞാൻ. വേദപഠനം, യജ്ഞം, ദാനം, പലിശയ്ക്കുകൊടുക്കൽ, നൽക്കാലികളെ പോറ്റുക, ഗോരക്ഷ, കൃഷി, കച്ചവടം എന്നിവ ഞാൻ നടത്തിപ്പോന്നു. കാമം ദംഭം, അസൂയ, രാഗം, ദ്വേഷം, ക്രോധം, ലോഭം, മത്സരം എന്നിവയില്ലാത്ത ദിവസമില്ലെന്നു ഞാൻ. ഞാൻ സത്യമേ പറയൂ; സ്വഭാര്യയല്ലാതെ പരസ്ത്രീയെ കാമിക്കാറില്ല. ദേവകളെ ഭജിക്കും, ഗോബ്രാഹ്മണർക്കു ഹിതംചെയ്യും; സദാ ഭിഷഗ്ജനത്തെ സേവിക്കും; കച്ചവടത്തിൽ കളവുചെയ്യില്ല; ബ്രാഹ്മണർക്കു യഥേഷ്ടം ചോദിക്കുന്നതെന്തും ധനം നൽകും; പിതൃകാര്യവും സർവ്വദേവാർച്ചനവും യഥാകാലമനുഷ്ഠിക്കും. പലതരം ഗന്ധദ്രവ്യങ്ങളും, നാൽക്കാലികളും, പാൽ, തയിർ, മോര്, ധാന്യകം, പുല്ല്, വിറക്, കായ്കനികളും, ഉപ്പ്, ജാതിക്ക, തിപ്പലി, ധാന്യങ്ങളും, ശാകങ്ങളും, വിവിധവസ്ത്രങ്ങളും, ധാതുക്കളും, കരിമ്പിൻസാധനങ്ങളും, രസങ്ങളും എന്നിവ ഞാൻ വിൽക്കാറുണ്ട്. അതിൽ ചതിയും കളവും ചെയ്യില്ല—കൊടുക്കുന്നതു കുറയില്ല; വാങ്ങുന്നതു് ഏറുകയുമില്ല. കച്ചവടത്തിൽ ക്രൂരതൽ വില വാങ്ങി സാധുക്കളെ ചതിക്കുന്നവൻ മഹാനരകം പൂകും; അവന്റെ സമ്പത്തും നശിക്കും. ദേവഗോബ്രാഹ്മണരെയെല്ലാം ഞാൻ പതിവായി പരിചരിക്കും; പാഷണ്ഡരോടിടപെടുകയില്ല. ഏതൊരു പ്രാണിയേയും മനസാ വാചാ കർമ്മണാ ദ്രോഹിക്കാതെ സാക്ഷാൽ ധർമ്മമനുസരിച്ചായിരുന്നു എന്റെ ജീവിതം. അങ്ങിനെ ഒരുകോടി പൊൻനാണ്യം ഞാൻ സമ്പാദിച്ചു. ഒരു മകനേ എനിക്കുണ്ടായിരുന്നുള്ളൂ. ഏകനാൽ അവൻ എല്ലാ ഗുണങ്ങളേയും തികഞ്ഞവനായിരുന്നു. ഞാൻ സമ്പത്തു് രണ്ടായി പകുത്തു്, നേർപകുതി ഉണ്ണിക്കായി നീക്കിവച്ചു. എനിക്കുള്ള ഭോഗമെടുത്തു് തടാകം കഴിപ്പിച്ചു; പലതരം വൃക്ഷങ്ങളും നട്ടു തോട്ടമുണ്ടാക്കി; വിവിധമണ്ഡപാന്വിതമായ ദേവാലയം തീർപ്പിച്ചു. മരുമാർഗ്ഗങ്ങളിൽ തണ്ണീർപ്പന്തലേർപ്പെടുത്തി. വഴിക്കൊക്കെ സത്രം കെട്ടിച്ചു; കന്യകാദാനം, ഗോദാനം, ഭൂമിദാനം എന്നിവയനുഷ്ഠിച്ചു; എള്ള്, അരി, കോതമ്പു്, പെരുപയർ, ഉഴുന്ന്, നെല്ല്, നെയ്യ് മുതലായവയും ഞാൻ വളരെ ദാനംചെയ്തു. ഏന്തിനേറെപ്പറയുന്നു? വിധിപോലം കേട്ടുകൊള്ളുക:—വിഷ്ണുഭക്തനാകട്ടെ, മഹേശ്വരനാകട്ടെ, ബ്രഹ്മാവാകട്ടെ, മറ്റു ദേവകളാകട്ടെ, തലയിലെഴുത്തു മായ്ക്കാൻ ശക്തരാവില്ല. വാനിരിക്കുന്നതു്, തേങ്ങയിൽ വെള്ളമെന്നപോലെ വരികതന്നെ ചെയ്യും; പോകാനിരിക്കുന്നതു്, അന്നം തിന്ന വിളമ്പേഴംപോലെ പോകയും ചെയ്യും!— ഒരു രസവാദക്കാരനായ കാപാലികൻ മായകൊണ്ടു ചിലതൊക്കെ കാണിച്ചു് എന്നെ വിസ്മയപ്പെടുത്തി; എനി

Digitized By Kerala Sahitya Akademi

ക്കയാളിൽ വിശ്വാസമുദിച്ചു. അതിനാൽ രസവാദംവഴിയ്ക്ക് എന്റെ മുതലെല്ലാം മുടിഞ്ഞുപോയി! അയാൾ എന്നെച്ചതിച്ചു കുറെക്കാലം രസവാദഭ്രാന്തനിട്ടു ചുറ്റിച്ചു; അതിനു പണം കൊടുത്തു കൊടുത്തു ഞാൻ പാപ്പരായിത്തീർന്നു. വാർദ്ധക്യംകൊണ്ടു തടിമിടുക്കെല്ലാം പോയി; ഓരോ രോഗവും വന്നു ബാധിച്ചു; എനിക്കൊന്നിനും വയ്യാതായി! എന്നാൽ മാഘം വന്നപ്പോൾ, ഞാൻ മഹാനദിയിൽ പത്തുദിവസം പ്രാതഃസ്നാനം കഴിച്ചു; അവിടുന്നങ്ങോട്ടു വാർദ്ധക്യത്താൽ സാധിച്ചില്ല. ഈ ജന്മത്തിലാകട്ടെ, മകൻ മറുനാട്ടിലായിരുന്നു; കൃഷിയെല്ലാം ചത്തുപോയി; കൃഷി നശിച്ചു; മകനോ ഒരു തേവിടിശ്ശിയുടെ കണവനായി; തേവിടിശ്ശിമൂലം ഞങ്ങളെ രാജാവു നാട്ടിൽനിന്നു പുറത്താക്കി. എങ്കിലും, വൃദ്ധനും ധർമ്മിഷ്ഠനും പുണ്യവാനുമെന്നെന്നു കരുതി എനിക്കു ബന്ധുക്കൾ വല്ല ധാന്യമോ ചോറോ ധർമ്മമായി തരാറുണ്ടായിരുന്നു; മുനിശ്രേഷ്ഠ, സ്വന്തം ധർമ്മം വിറ്റിട്ടായി, എന്റെ കുടുംബം പുലർത്തൽ—ഞാൻ മുമ്പു ചെയ്ത ദാനങ്ങളൊക്കെത്തന്നെ കുടുംബം പുലർത്താൻ വേണ്ടി വിറ്റുപോയി; മാഘസ്നാനഫലംമാത്രം ശേഷിച്ചു. ഒരിക്കൽ ഞാൻ ഒരാളുടെ വീട്ടിൽ പോയി കൊതിനിമിത്തം മൂക്കുമുട്ടെ സാപ്പാട്ടു കഴിച്ചു; അതു ദഹിക്കാഞ്ഞതിനാൽ അതിസാരം പിടിപെട്ടു ഞാൻ മൂർച്ഛിയടഞ്ഞു. ഒരു മാഘസ്നാനത്തിന്റെ മഹിമയാൽ, ദേവേന്ദ്രന്റെ അടുക്കൽത്തന്നെയായിരുന്നു, ഒരു മനുവന്തരം മുഴുവൻ എന്റെ വാസം; ആ പുണ്യം കുടുങ്ങിയപ്പോൾ ഞാൻ ഒരാനയായിജ്ജനിച്ചു: ധർമ്മം വിൽക്കുന്നവർ ഗജയോനിയിൽ പതിക്കുന്നു. ഇപ്പോഴാകട്ടെ, ഇവിടുന്നെന്നെ കരയേറ്റി; എനിക്കു സ്വർഗ്ഗം കിട്ടാൻ ഇവിടുന്നു പുണ്യം തന്നുവല്ലോ. മുനീശ്വര, ഞാൻ കൃതാർത്ഥനായി, കൃതാർത്ഥനായി, കൃതാർത്ഥനായി! ഇവിടെയുള്ള നമസ്കാരം, ഇവിടെയുള്ള നമസ്കാരം, ഇവിടെയുള്ള നമസ്കാരം, നമസ്കാരം!' ഇപ്രകാരം പറഞ്ഞു ധർമ്മഗുപ്തൻ സ്വർഗത്തിലേയ്ക്കു നടകൊണ്ടു: സാധുസംസർഗ്ഗം സൽഗതിയെ നൽകുന്നു.

വൈശ്യനെ ഗജശരീരത്തിൽനിന്നു വേർപെടുത്തിയ മഹാനുഭാവനായ മൃഗശൃംഗൻ വീണ്ടും കുഴത്തോളം വെള്ളത്തിൽനിന്നു സൂര്യപുത്രനെ സ്തുതിക്കുകയായി.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, മാഘമാഹാത്മ്യപ്രകരണം,
ശിലീപയസിക്കുസംവാദം, മൃഗശൃംഗോപാഖ്യാനം, ധർമ്മഗുപ്തമുക്തികഥനം
ഇരുന്നൂറിരുപത്തിനാലാമധ്യായം.

Digitized By Kerala Sahitya Akademi

ഇരുന്നൂറിരുപത്തഞ്ചാമദ്ധ്യായം

(ശ്ലോകങ്ങൾ)

മഹർഷിഗൺ:—

ഓം, യമായ ധർമ്മരാജായ മൃത്യവേ ചാന്തകായ ച
വൈവസ്വതായ കാലായ സർവ്വഭൂതക്ഷയായ ച!
ഔദുംബരായ ദധ്നായ നീലായ പരമേഷ്ഠിനേ
വൃകോദരായ ചിത്രായ ചിത്രഗുപ്തായ വൈ നമഃ!
ദംഷ്ട്രാകരാളവക്ത്രായ ഭ്രുകുടീക്രൂരചക്ഷുഷേ
ഊർദ്ധ്വരോമ്ണേ മഹാരോമ്ണേ പ്രളയാംബോക്ഷായതേ നമഃ!
അനേകബാഹവേ തുഭ്യം നമോനന്തനഖായ ച
അഞ്ജനാദ്രിസമപ്രഖ്യായ വിഗ്രഹായോഗ്രരൂപിണേ!
നമോ ഭീഷണരൂപായ പാപിനാം ഭയദായിനേ
തർജ്ജയന്തേ കാലദണ്ഡാന സർവ്വായുധധരായ ച!
മഹാമഹിഷവാഹായ ദീപ്താഗ്നിസമചക്ഷുഷേ
മഹതേ മേരുരൂപായ രത്നമാല്യാംബരായ ച!
പ്രളയാംബുദഘോഷായ പ്രളയാനിലരംഹസേ
പിബതേ സാഗരമപി ഗ്രസതേ ചാഖിലം ജഗൽ
അഗ്നതേ പർവ്വതാനാസ്യാദഗ്നിമുൽഗിരതേ നമഃ!
മൃത്യുനാ കാലരൂപേണ ഘോരേണാനലവർച്ചസാ
വ്യാപിതിർബഹുഭിഃ പാശൈശ്ച സേവ്യമാനായതേ നമഃ!
സഹിതായോഗ്രയാ മായ്യാ മഹാമായ്യാതിഘോരയാ
ഈദൃശാകാരരൂപായ പാപിഷ്ഠാനാം നമോ നമഃ!
പ്രഫുല്ലപങ്കജാകാരപ്രസന്നവദനായ ച
കാരുണ്യപൂർണ്ണനേത്രായ ചിത്രരൂപായതേ നമഃ!
മഹാമുദ്ഗലകേശായ ഭ്രൂഭോക്ഷിരചക്ഷുഷേ
മനോജ്ഞശ്മശ്രുവക്ത്രായ പക്വബിംബോഷ്ഠശോഭിനേ
ദീപ്തജ്വായ പ്രസന്നായ ജംഗ്മോദ്ഭാവപുഷ്മതേ
സർവ്വഭരണയുക്തായ രത്നപീഠസ്ഥിതായ ച
ശ്വേതമാല്യാംബരാഢ്യായ ശ്വേതച്ഛത്രോപശോഭിനേ
ലസച്ചാമരഹസ്താഭ്യാമുഭയോരപി
പാർശ്വയോർവ്വിധ്യമാനാഭ്യാം വീജ്യമാനായ തേ നമഃ!
രത്നഭൂഷണരമ്യായ രത്നകുണ്ഡലശോഭിനേ

Digitized By Kerala Sahitya Akademi

തനകേയൂരഹാരായ നാനാരത്നകിരീടിനേ
ക്ലേശംകേഷ്ടകപാടുഷ്ട്യാ പശ്യതേ മിത്രരൂപിണേ
സർവ്വസമ്പത്സമൃദ്ധായ സൗഭാഗ്യനിലയായ ച
സതോസതഭിരുപായ്യായ ധർമ്മാധർമ്മവിചക്ഷണൈഃ
ധർമ്മേണ ശുഭ്രരൂപേണ സത്യേന ശുഭലേക്ഷണാ
ശമേന ശശിവർണ്ണേന ദമേന ക്ഷീരതേജസാ
ആചാരേണ വിശുദ്ധേന വർണ്ണാശ്രമഭവേന ച
സേവിതായ മഹാപാശ്ച സംയമിന്യാസ്സുതോത്തര
സാധുനാം സ്നിഹ്യതേ ശശ്വൽ പ്രാണാനപ്പ്യയതേ ഗിരാ
വാചാ തോഷയതേ സാധൂൻ സർവ്വദാ ദദതേ ശുഭൈഃ
സതാ സന്തുഷ്ടരൂപായ സജ്ജനാനാം നമോ നമഃ!

കിളിപ്പാട്ട്—(൫൫)

വണങ്ങാം കൃതക്രിയരാകിയ കൃതികർക്ക
ശ്രണമേ ചെയ്യും കൃപാനിധിയാം കൃതാന്തനെ,
സത്സംഗമിയന്നോനെ,സ്സംയമിന്യധിപനെ,—
സ്സത്യധർമ്മസ്ഥക്തിപ്രിയനെദ്ധർമ്മാത്മാവെ!
ഭീമഗർജ്ജിതത്താലും ഘണ്ടികാകപാണത്താലും
പാർമുഴക്കിന വളർകൊമ്പെഴും വൻപോത്തേറി,
വേലി,രിമ്പനു,ഗദ,ത്രിശ്ശൂലം, കയർ, തോട്ടി,
വാളുലക്കയുമേന്തുമെട്ടുകയ്യോടേ വാഴ്വോൻ,
സമ്മാന്യരീരേഴാളെസ്സാക്ഷികളാക്കിധർമ്മാ-
ധർമ്മങ്ങളം നിരൂപിച്ചു ശിക്ഷ കല്പിപ്പോനേവൻ,
ആസ്സർവ്വജഗപ്രാന്തികരനെ വണങ്ങുന്നേൻ
ഓ സപ്തമാത്മജനായ ഭവ്യനെ,ബ്ഭയഘ്നനെ,
ദക്ഷിണദിഗീശനെ, നിയമസ്ഥരാം മർത്ത്യ-
ർക്കക്ഷിസമ്മോദം നൽകും യമനെ, പ്രശാന്തനെ,
സാവർണ്ണിമനുശനിപ്രസുവിൻ സപദനിക്ക
കൈവന്ന കുമാരനെ,ശ്ലിഷ്ടക്ക വരദനെ!
തൻടേർ ദ്ധ്വം കെട്ടിത്തിരുമ്പാകെ നിത്തും
വൻപാപികളെ ഘോരനരകങ്ങളിൽത്തള്ളി
വെട്ടാനും വരട്ടാനും കീറാനുമരയ്ക്കാനും
ചുട്ടെരിപ്പാനും ചൊല്ലും യമുനാഗ്രജ, തൊഴാം!
കടകച്ചിയ കണ്ണിട്ടുരുട്ടി ഭ്രുകുടിയാൽ
കടിലാസ്യനായ് വൃകോദരനായ്ബ്ഭയമനായ്

Digitized By Kerala Sahitya Akademi

അതിർ വിട്ടോരെച്ചണ്ഡഭടരാൽ ഭണ്ഡിപ്പിക്ക–
മതിമേചകളാസ്സാമന്തകനെന്നും തൊഴാം!
പെരിയ മഖമഞ്ചും ചെയ്യോരാം സപത്നിക–
പരരെ വിമാനത്തിലകലെക്കണ്ടാലപ്പോരം
അഞ്ജലിബന്ധം പൂണ്ടു ചെന്നെതിരേൽക്കും ചാരു–
കഞ്ജലോചന, തൊഴാമങ്ങയ്യു സംജ്ഞാസൂനോ!
വിമല, വിശാധിക, വിബുധ, വിശ്വംഭര,
വിധിവിഷ്ണുശിര പ്രിയ, വിരതിയെന്നീ തൊഴാം
സവ്വജീവന്മാരേയും സദാ സൽക്കർമ്മങ്ങൾക്ക
സൽസാക്ഷിയായുള്ളോനേ, സകലൈകാധാരമേ!'

ഇപ്രകാരം സ്തുതിച്ചു് അദ്ദേഹം മോക്ഷിണ്യുദയകർക്കിരിപ്പിടമായ ദക്ഷിണ ദിക്പതിയെ ധ്യാനിച്ചുകൊണ്ടു നിലത്തു ഭണ്ഡനമസ്കാരം ചെയ്തു. അതിൽ മനംതെളിഞ്ഞ ഭഗവാൻ വൈവസ്വതൻ വന്നിച്ച തേജസ്സോടേ പ്രസന്നവദനാരവിന്ദനായി പ്രത്യക്ഷീഭവിച്ചു: വെളുത്ത വസ്ത്രമാല്യങ്ങളും വിവിധാഭരണങ്ങളുംധരിച്ചു്, കൈകളും തടിച്ചുരുണ്ടു്, മാത്രം പരന്ന പാദസുന്ദരനായ യമൻ, സന്തോഷത്താൽ കൺവിരിഞ്ഞവരും മുഖാംബുജം തെളിഞ്ഞവരും മൂടാഭോഷണരും മെയ്യൊപ്പുല്ലും ചേന്ന ശോഭനവേഷരും സവ്വായുധധാരികളും സിംഹസ്കന്ധരും വിനയാദി സൽഗുണസമ്പന്നരുമായ തന്റെ കിംകരരാൽ പാർശ്വങ്ങളിൽ പരിചരിക്കപ്പെട്ടും, സവ്വശാസ്ത്രങ്ങളുടേയും സത്തറിഞ്ഞ സൂക്ഷ്മദർശികളും മഹായജ്വാക്കളും ധർമ്മിഷ്ഠരുമായ മധ്യസ്ഥസദസ്യരാൽ ചുറപ്പെട്ടും, മണികിരീടഹാരകേയൂരകുണ്ഡലങ്ങളണിഞ്ഞ ദിവ്യമായൊന്നിച്ചു മുൻവശത്തണഞ്ഞു്, മുനിയെ രണ്ടു കൈകൊണ്ടും പിടിച്ചെഴുന്നേല്പിച്ചു കെട്ടിപ്പുണർന്നുചെയ്തു:—'ഈ സ്തുതിയാൽ സന്തോഷിച്ചു്, വരം തരാൻ വന്നിരിക്കയാണു് ഞാൻ. വേണ്ടതു ചോദിച്ചുകൊള്ളുക; അങ്ങയ്ക്കു ഞാനദീഷ്ടം നൽകാം.' അത്ഭുതപ്പെട്ട മഹർഷിശ്രേഷ്ഠൻ ഹർഷത്താൽ വിടർന്ന കണ്ണുകൾകൊണ്ടു കൃതാന്തനെ വീക്ഷിച്ചു്, കൃതിയായി കൃതാത്മനായി, കൈതൊഴുതറിയിച്ചു:—'അതു കന്യകമാർക്കു പ്രാണനെ നൽകുമാറാകണം; ഇതൊന്നേ നിന്തിരുവടിയോടു് എനിക്കപേക്ഷയുള്ളൂ!' ഇതു കേട്ടു ധർമ്മപ്രഭുമാരും ഇരുവശങ്ങളിൽ നിന്നിരുന്ന കിംകരരോടു്, 'ഉദ്യാനത്തിൽ കളിത്തോപ്പിൽ സഞ്ചരിച്ചെയ്യുന്ന കന്യകമാർ നാൽവരേയും വേഗത്തിൽ കൊണ്ടുവരുവിൻ' എന്നാജ്ഞാപിച്ചു. അവർ 'എറാൻ' എന്നുച്ചരിച്ചു പാഞ്ഞുപോയി കളീവനത്തിൽ നിന്ന കന്യകമാരെ തിരുമുമ്പിലെത്തിച്ചു.

Digitized By Kerala Sahitya Akademi

തൽക്ഷണം തന്നെ യമൻ മറഞ്ഞുനിന്ന കന്യകമാരെ തിരിച്ചയച്ചു. അവർ, ഉണർന്നെഴുനേൽക്കുന്നതുപോലെ കിണറ്റിൽനിന്നെഴുനേറ്റു; കുറെനാളായി ജീവിച്ചതുകണ്ട് അമ്മമാർക്കു മനംകുളിർത്തു. ആ ദ്വിജകന്യകകമാർ വസ്ത്രം മുന്തട്ടിലുടുത്ത് അമ്മമാരേയും വിളിച്ചു സഭാഗൃഹങ്ങളിലേയ്ക്കു ഗമിച്ചു.

പ്രാണാപഹാരിയായ ഭഗവാൻ പ്രസാദിച്ചു മൃഗശൃംഗനോടരുളിച്ചെയ്തു:—'ഇനിയും വരം ചോദിച്ചുകൊള്ളുക; ഭവാന്റെ സ്തുതി എന്നെ സന്തുഷ്ടനാക്കിയിരിക്കുന്നു.'

മൃഗശൃംഗൻ:—'ഞാൻ ചൊല്ലിയ ഈ ദേവസ്തോത്രം യാവനൊരുത്തൻ ഭക്തിയോടെ പഠിക്കുകയോ ശ്രവിക്കുകയോ ചെയ്യുമോ, അവന്ന് അപമൃത്യുവും പീഡയും പാപവും പറ്റരുത്; ദീർഘായുസ്സുണ്ടാകുമാറാകണം!'

യമൻ:—'ബ്രാഹ്മണോത്തമ, ആങ്ങിനെയാവട്ടെ. കശ്യപപുത്ര, ഒരു രഹസ്യംകൂടി കേട്ടുകൊള്ളുക. ഇതു നാസ്തികരോട് ഒരുവിധത്തിലും മിണ്ടിപ്പോകരുത്; ആസ്തികരോടേ പറയാവൂ: കറുത്ത ചതുർദ്ദശിയും ചൊവ്വാഴ്ചയും ചേർന്ന ദിവസം ഈ സ്തുതി ചൊല്ലി തിലതർപ്പണം കഴിക്കുന്ന മനുഷ്യന്റെ സർവ്വകാംക്ഷിതങ്ങളും കൈവരും.'

ഇങ്ങനെ വരംകൊടുത്തു ദേവൻ പരിവാരങ്ങളോടുകൂടി മറഞ്ഞു. ബ്രാഹ്മണശ്രേഷ്ഠൻ സുഖപുത്രകൽ നിന്നു വരംനേടി മനംതെളിഞ്ഞു തന്റെ ആശ്രമത്തിലേയ്ക്കു പോന്നു. ഈ യമസ്തോത്രം പരിവായിച്ചൊല്ലുന്ന മനുഷ്യനെ യമയാതന നേരിടുകയില്ല; യമൻ പ്രസാദിക്കും; അവന്റെ വംശത്തിൽ ഒരിക്കലും അപമൃത്യുബാധയുണ്ടാവില്ല. അവൻ അരോഗനായി ഇഹത്തിലും പരത്തിലും ശ്രീയെ ഭജിക്കും.

ശ്രീചന്ദ്രമാഹാത്മ്യവർണ്ണനം, ഉത്തരഖണ്ഡം, മാഘമാഹാത്മ്യപ്രകരണം, ദിലീപവസിഷ്ഠസംവാദം, മൃഗശൃംഗോപാഖ്യാനം കൃഷ്ണകുമാരീയം ഇരുന്നൂറിരുപത്തഞ്ചാമദ്ധ്യായം.

Digitized By Kerala Sahitya Akademi

ഇരുന്നൂറിരുപത്താറാമദ്ധ്യായം

വസിഷ്ഠൻ:—

യമലോകത്തുനിന്നു തിരിച്ചുവന്ന ആ സൽകന്യകമാർ, അവരുടെ അമ്മമാരോടും ബന്ധുക്കളോടും അവിടത്തെ അവസ്ഥ വിവരിച്ചു പറഞ്ഞു; പാപികളുടെ നരകപീഡകളും സുകൃതികളുടെ സദ്ഗതിയും കേട്ടിട്ട് അവരൊക്കെ പേടിക്കുകയും വിസ്മയിക്കുകയും ചെയ്തു. പിറേറന്നും ആ ബാലികമാർ പ്രഭാതത്തിൽ ബദ്ധപ്പെട്ടെഴുനേറ്റു പതിവുപോലെ മാഘസ്നാനം കഴിപ്പാൻ കാവേരിയിലേയ്ക്കു നടകൊണ്ടു.'

ദിലീപൻ:—'പാപികളുടെ നരകപീഡകളും സുകൃതികളുടെ സൽഗതിയും ആ കന്യകമാർ വിവരിക്കുകയുണ്ടായല്ലോ; അവ—പുണ്യപാപങ്ങളാലുള്ള ഗതാഗതങ്ങൾ—വിസ്തരിച്ചുകേൾക്കാൻ എനിക്കാഗ്രഹമുണ്ട്.'

വസിഷ്ഠൻ:—'കന്യകമാർ, അവരുടെ അമ്മമാരോടും ബന്ധുക്കളോടും പറകയുണ്ടായതിൻവണ്ണം, പുണ്യപാപങ്ങളാലുള്ള ഗതാഗതങ്ങൾ ഭവാനോടു ഞാൻ പറയാം:

കന്യകമാർ:—'എപ്പോഴും അസ്വതന്ത്രരായ നാലുതരം പ്രാണികൾക്കും, പേടിപ്പെടുത്തുന്ന ഘോരമായ യമലോകത്തു പോകേണ്ടിവരും—ഗർഭത്തിലിരിക്കുമ്പോഴോ, ജനിച്ചതിനു ശേഷമോ, ബാല്യത്തിലോ, യൌവനത്തിലോ, മദ്ധ്യവയസ്സിലോ, വാർദ്ധക്യത്തിലോ, സ്ത്രീ പുംനപുംസകരായ സകല ദേഹികൾക്കും പോകേണ്ടിവരും. അവിടെ ശരീരികളുടെ നന്മതിന്മകൾ ചിത്രഗുപ്താദികളാലും സമദർശികളായ മധ്യസ്ഥ നദസ്യരാലും വിചാരണ ചെയ്യപ്പെടുന്നു. യമാലയത്തിൽ പോകാത്ത ജീവികളില്ലെന്നു; തീർച്ചയായും ചെയ്തതിന്റെ ഫലം അനുഭവിച്ചേ കഴിയൂ. ഇഹത്തിൽ ശുഭകർമ്മാക്കളും സൌമ്യചിത്തരും ദയാലുക്കളുമായിട്ടുള്ളവർ നല്ല വഴിയിലൂടെയാണ് യമാലയത്തിലേയ്ക്കു പോവുക. മാഘമാസംവന്നാൽ, നാം ചിലർ സൂര്യോദയത്തിൽ, ഹരേ, മാധവ, ഗോവിന്ദ എന്നു ജപിച്ചുകൊണ്ടു സ്നാനം ചെയ്യുന്നുവോ, ആ ശ്രേഷ്ഠമനുഷ്യർ സുഖമാർഗ്ഗത്തിലൂടെ സുഖകരമായ യമലോകത്തേയ്ക്കു ഗമിക്കുന്നു. മാഘമാസത്തിൽ, സൂര്യൻ തെല്ലൊന്നുദിക്കേ സ്നാനം ചെയ്യുന്നവർക്കും നൽകിയവർ സന്തോഷത്തോടെ ഗമിക്കുന്നു. മാഘത്തിൽ കടലീഫലദാനം പ്രശസ്തമത്രേ; അതു ചെയ്യുവർ സൽഫലം

Digitized By Kerala Sahitya Akademi

ളജിച്ചു രസിച്ചുകൊണ്ടാണ് യമാലയത്തിലേയ്ക്കു പോകുന്നതു്. മാഘത്തിൽ അരുണോദയത്തിൽ കുളിച്ചു് എള്ളു നൽകുന്നവനും സുഖത്താൽ മനംതെളിഞ്ഞുകൊണ്ടാണു് യമലോകത്തേയ്ക്കു പോവുക. മാഘത്തിൽ പ്രാതഃസ്നാനം ചെയ്തു നെല്ലിക്ക നൽകിയവൻ സൂര്യനെപ്പോലെ തേജസ്വിയായി കാലാലയത്തിലേയ്ക്കു ഗമിക്കുന്നു; മെതിയടി, ചെരിപ്പു് എന്നിവ ബ്രാഹ്മണർക്കു നൽകിയവൻ മികച്ച കുതിരയുടെ പുറത്തുകേറി സുഖമാംവണ്ണം യമാലയത്തിലേയ്ക്കു ഗമിക്കുന്നു; കുടകൊടുത്തവർ മേഘംചേന്ന വഴിയിലൂടെ നടകൊള്ളുന്നു; വസ്ത്രം കൊടുത്തവർ ദിവ്യവസ്ത്രധാരികളായി ഗമിക്കുന്നു; പല്ലക്കു കൊടുത്തവർ നല്ല തേരിലൂടെ നടകൊള്ളുന്നു; ശയ്യാസനദാനം ചെയ്തവർ വിശ്രമസുഖത്തോടെ ഗമിക്കുന്നു; തോട്ടം പിടിപ്പിച്ചവൻ കുളിർതണലിലൂടേ ഗമിക്കുന്നു; പൂത്തോട്ടം നൽകിയവർ പുഷ്പകവിമാനത്തിലൂടേ ഗമിക്കുന്നു; ദേവാലയം, സന്ന്യാസ്യാശ്രമം, അനാഥശാല എന്നിവ തീർപ്പിച്ചവർ വഴിക്കു മികച്ച ഗൃഹത്തിൽ വിശ്രമിച്ചു വിശ്രമിച്ചു വിളയാടിക്കൊണ്ടു പ്രയാണം ചെയ്യുന്നു; ദേവാഗ്നിഗുരുബ്രാഹ്മണരേയും അച്ഛനമ്മമാരേയും പൂജിച്ചവർ പൂജിക്കപ്പെട്ടുകൊണ്ടു സ്വർഗ്ഗമാർഗ്ഗത്തിലൂടേ നടകൊള്ളുന്നു; ദീപം നൽകിയവർ സകല ലിക്കിനേയും മിന്നിത്തിളങ്ങിച്ചുകൊണ്ടു ഗമിക്കുന്നു; * പാക്കാൻ സ്ഥലം കൊടുത്ത ഗൃഹസ്ഥൻ സുഖമാംവണ്ണം പോകുന്നു; ഗോവിനെക്കൊടുത്തവർ സർവ്വകാമസമൃദ്ധമായ മാർഗ്ഗത്തിലൂടേ പോകുന്നു; അന്നപാനം നൽകിയവർ സംതൃപ്തരായി സന്മാർഗ്ഗത്തിലൂടേ ഗമിക്കുന്നു; രോഗിക്കു മരുന്നു കൊടുത്തവർ നിരാമയരായി സസുഖം ഗമിക്കുന്നു; ഗുരുശുശ്രൂഷകൻ വിശ്രമിച്ചുകൊണ്ടു ഗമിക്കുന്നു; ബ്രാഹ്മണന്നു കാൽ കഴുകാൻ വെള്ളം കൊടുത്തവൻ കുളിർമാർഗ്ഗത്തിലൂടേ നടകൊള്ളുന്നു; കാലിന്മേൽ തേപ്പാൻ എണ്ണ കൊടുത്തവൻ ഭംഗിയേറിയ കുതിരയുടെ പുറത്തു കേറി ഗമിക്കുന്നു; കുങ്കുമാദ്യങ്ങളും കൊടുത്തവൻ വിമാനത്തിലൂടേ പോകുന്നു; വെള്ളി, കാള എന്നിവയെ കൊടുത്തവൻ തേരിലൂടേ ഗമിക്കുന്നു; ദാനം ചെയ്തവൻ സർവ്വകാമസമൃദ്ധനായി പ്രയാണം ചെയ്യുന്നു; f..... തേരിലെ കൊടുത്തവൻ സുഗന്ധംപൂണ്ട മുഖത്തോടുകൂടി ശോഭനമാർഗ്ഗത്തിലൂടേ യാനംചെയ്യുന്നു; നെയ്കൊടുത്തവർ തേജോമയമായ വാഹനത്തിലൂടേ പോകുന്നു; കുമ്പളങ്ങ കൊടുത്തവൻ സംതൃപ്തനായി മഞ്ഞിന്നൊപ്പം വെളുത്ത വിമാനത്തിലൂടേ സസുഖം ഗമിക്കുന്നു; നാലിടങ്ങഴി അരി കൊടുത്തവൻ നിർബാധം നടകൊള്ളുന്നു; മാഘമാസത്തിൽ മൂപ്പു ചെല്ലുന്ന സസ്യങ്ങളും യാവതിലവയോ,

* വഴിപോക്കന്നു്. f തേരിലെ.

Digitized By Kerala Sahitya Akademi

അവയെല്ലാം കൊടുത്ത ൯ സർവ്വഭോഗസമൃദ്ധനായി യഥേഷ്ടം യാത്ര ചെയ്യുന്നു. മാഘസ്നാനം കഴിച്ച് ഈവക ദാനം ചെയ്യുവരും മറ്റു പല ദാനവും വ്രതവുമനുഷ്ഠിച്ചവരും നീളെ നിറഞ്ഞതാകുന്നു യമന്റെ രാജധാനി; എന്നാൽ, മാഘസ്നാനക്കാർ അവിടെ വിശേഷേണ ശോഭിക്കുകയും ധർമ്മപ്പെരുമാളാൽ വിശേഷേണ പൂജിക്കപ്പെട്ട് സുഖമനുഭവിക്കുകയും ചെയ്യുന്നു. മാഘസ്നാനക്കാരുടെ നൂറുനൂറായിരം വിചിത്ര വിമാനങ്ങളും അവിടെ സവിശേഷം വിളങ്ങുന്നു! ആ സുകൃതികളെ വിമാനത്തിൽ കണ്ടാൽ, സൂര്യപുത്രൻ ഏഴുനേറു പരിജനങ്ങളോടൊന്നിച്ചെതിരേറു തൊഴുകയ്യോടേ സ്വാഗതം ചൊല്ലി പാദ്യാർഘ്യാസനങ്ങളും നൽകി സൽക്കരിക്കും. 'ആത്മഹിതം സാധിച്ച മഹാത്മാക്കളായ നിങ്ങൾ ഭാഗ്യശാലികൾ തന്നെ: ദിവ്യസുഖത്തിന്നുതകുന്ന സുകൃതം ഭവാന്മാർ ചെയ്തവല്ലോ! ഈ വിമാനത്തിൽ കേറി, ദിവ്യസ്ത്രീകളാലും സർവ്വഭോഗ്യങ്ങളാലും അലംകൃതമായി നിസ്തുല്യമായിരിക്കുന്ന സ്വർഗ്ഗത്തിലേയ്ക്കു പോവാം' എന്നിങ്ങനെ വൈവസ്വതനാൽ വിട നൽകപ്പെട്ട് അവർ നാകത്തിലേയ്ക്കു നടകൊള്ളുന്നു. ഒരു മാഘമാസം പ്രയാഗത്തിൽ കളിക്കുന്നവരാകട്ടേ, നേർവഴിയേ ശ്രീമൽ ബ്രഹ്മലോകത്തേയ്ക്കു പോകുന്നു; മാഘത്തിൽ പ്രാതഃസ്നാനത്താൽ പരിശുദ്ധരായി വിഷ്ണുധർമ്മമനുഷ്ഠിക്കുന്ന വിഷയനിവൃത്തരായ ശാന്തന്മാർ നേർവഴിയെ ശ്രീമദ്വിഷ്ണുലോകത്തേയ്ക്കു ഗമിക്കുന്നു. മാഘത്തിൽ സൂര്യൻ തെല്ലൊന്നുദിക്കെ കുളിച്ചു ശിവധർമ്മമനുഷ്ഠിച്ചു ശതരുദ്രീയം ജപിക്കുന്ന വിശിഷ്ടന്മാർ നേർവഴിയെ ശ്രീമച്ഛിവലോകത്തേയ്ക്കു യാനംചെയ്യുന്നു. മറ്റു സുകൃതികളെല്ലാം വിമാനത്തിലൂടേ യമന്റെ അടുക്കലെത്തി, അദ്ദേഹത്താൽ വിട നൽകപ്പെട്ടിട്ടാണു സ്വർഗ്ഗത്തിലേയ്ക്കു പോകുന്നതു്. വേറെയും അനേകായിരം സുകൃതികൾ വിമാനസ്ഥരായി സംയമിനിക്കു ചുറ്റും സംശോഭിക്കുന്നു; അവരെ പറഞ്ഞുതീർക്കാൻ ഞങ്ങൾക്കു തരമില്ല. അവിടെ ഒരു പൂങ്കാവിൽ കളിത്തോപ്പിലിരുന്ന് ആ സുകൃതികളെയെല്ലാം കണ്ടതിനാൽ, അമ്മമാരേ, ഞങ്ങൾ ഭാഗ്യവതികൾ തന്നെ! ആ സുകൃതികളെക്കണ്ടു നേത്രസാഫല്യവും ജന്മസാഫല്യവും സിദ്ധിച്ചതിനാൽ, ബന്ധുക്കളേ, ഞങ്ങൾ ഭാഗ്യവതികൾ തന്നെ! മാഘസ്നാനത്തിന്റെ മഹിമയാൽ ദുഃഖമൊന്നും ക്ലേശമില്ലാതെ അവിടെ ആ സുകൃതികളെ കണ്ടതിനാൽ, ജനങ്ങളേ, ഞങ്ങൾ ഭാഗ്യവതികൾ തന്നെ!

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, മാഘമാഹാത്മ്യപ്രകരണം,
ദിലീപവസിഷ്ഠസംവാദം, ശ്രേഷ്ഠാധോപാഖ്യാനം, കൃതികൾക്കു സംയമനിവർണ്ണനം
എന്നുനിരൂപിച്ചതാറാമദ്ധ്യായം.

—— ,o: ——

Digitized By Kerala Sahitya Akademi

ഇരുന്നൂറിരുപത്തേഴാമദ്ധ്യായം

കന്യകമാർ:—പാപം ചെയ്യുവർക്ക് അവിടെയുള്ള ദുഃഖവും പറയാം; അമ്മമാരും ബന്ധുക്കളുമെല്ലാം മൈയ്യുമുരുക്കൊണ്ടു കേട്ടാലും: ക്രൂരകർമ്മക്കാരും ദാനം ചെയ്യാത്തവരും ഭയങ്കരമായ വഴിയിലൂടേയാണ് തെക്കോട്ടു യമലോകത്തേയ്ക്കു പോവുക. എൺപത്താറായിരം യോജന ദൂരത്തു് അന്തകനഗരം നാനാരൂപമായി സ്ഥിതിചെയ്യുന്നു; സുകൃതികൾക്ക് അതു സമീപത്താണെന്നു തോന്നും; കഷ്ടമാർഗ്ഗത്തിലൂടേ പോകുന്ന പാപികൾക്കോ, അതിദൂരത്താണെന്നു തോന്നും. അതു മാർഗ്ഗം ക്രൂരമൃഗങ്ങളാലും ചൂരലുകളാലും കത്തിയുടെ വായ്ത്തലയെപ്പോലെ മൂർച്ചയുള്ള കല്ലുകളാലും നിറഞ്ഞിരിക്കുന്നതത്രേ. ചിലേടത്തു കനത്ത ചൂടു; ചിലേടത്തു് ഇരിമ്പുസൂചിക്കൊപ്പം മുള്ളുള്ള പൊങ്ങി കാലടികളെ കീറുന്ന ദർഭപ്പുല്ല്; ചിലേടത്തു നിറഞ്ഞുനിന്നതങ്ങളായ ചെരിവുകളുള്ള മലകളിലൂടേയും മരക്കടിലുകളിലൂടേയും എരികനൽ വിരിപ്പിലൂടേയും സങ്കടപ്പെട്ടു പോകണം. ചിലേടത്തു പന്തിയല്ലാത്ത കുഴികൾ; ചിലേടത്തു വഴക്കലുള്ള മൺകട്ടകൾ; ചിലേടത്തു പൊള്ളുന്ന മണൽ; ചിലേടത്തു ക്രൂരമായ കാറികൾ; ചിലേടത്തു് അറമില്ലാതെ പടർന്നുപിടിച്ച കാടുകൾകൊണ്ടു് ഇരുട്ടടഞ്ഞതും നിരാശ്രയവുമായിരിക്കും വഴി. ചിലേടത്തു മുട്ടുപഴുത്ത ഇരിമ്പു പാതകൾ; ചിലേടത്തു കാട്ടുതീ; ചിലേടത്തു മുട്ടുപഴുത്ത പാറകൾ; ചിലേടത്തു നിറഞ്ഞ മഞ്ഞു്; ചിലേടം കാലുവരെ പൂഴ്ന്നുപോകുന്ന മണലും, ചിലേടത്തു തിളച്ച വെള്ളവും ചിലേടത്തു വരടിഞ്ഞീയും വ്യാപിച്ചിരിക്കും. *.....വഴിയിൽ ചിലേടത്തു ക്രൂരന്മാരുടെ കട്ടത്ത ഇടിയൊച്ചകളാൽ ഞെട്ടിക്കപ്പെട്ടും; ചുറവും മൂർച്ചയേറിയ ശസ്ത്രവർഷത്താൽ മേരടിക്കപ്പെട്ടും; ക്ഷാരവെള്ളംകോരിയൊഴിക്കപ്പെട്ടും; ശ്രുക്ഷവും പരുഷവുമായ തണുത്ത കൊടുംകാറ്റടിയേറ്റു വരളുകയും കരയുകയും ചെയ്യും. ഇതുപോലെയായി † പാപ്രേയരഹിതമായി നിരാലംബമായി നിർജ്ജനമായ ഒറ്റമാർഗ്ഗത്തിലൂടെയത്രേ, മതിമറന്ന പാപം ചെയ്യുവരെ കരാളന്മാരായ കാലദൂതന്മാർ സ്വാമിശാസനമനുസരിച്ചു കൊണ്ടുപോകുന്നു. വിശ്രമമോ അഭയമോ ഇല്ലാത്തതും സർവ്വദുഃഖങ്ങളുടേയും ഇരിപ്പിടവും ഇരുട്ടടഞ്ഞതുമായ കഷ്ടമാർഗ്ഗമാണു്. മരിച്ചവർ അതിലൂടെ, മിത്രങ്ങളും ബന്ധുക്കളുമെന്നിയേ ഒറ്റയ്ക്കായി പരവശരായി സ്വകർമ്മങ്ങളോർത്തു മാഴ്കിക്കൊണ്ടും തേങ്ങിത്തേങ്ങിക്കരഞ്ഞുകൊണ്ടും നഗ്നരായും അണ്ണാക്കു

* ഭൂമിഖണ്ഡം ൩൦-ാമദ്ധ്യായം നോക്കുക. † വഴിപ്പോക്കരുതിരെകാണുമില്ലാത്തതു്.

Digitized By Kerala Sahitya Akademi

തൊണ്ട പൊട്ടുകയും വാതിലുകളടഞ്ഞും പേടിച്ചുവണ്ടും തെളിഞ്ഞും പശുത്തീയിനാൽ ദഹിപ്പിക്കപ്പെട്ടും നടകൊള്ളുന്നു! ചിലരെ കൂത്തരിയ കാലാളന്മാർ കാൽകളിൽ ചങ്ങല മുക്കി മലത്തിക്കിടത്തി വലിച്ചു ഴയ്ക്കുന്നു; ചിലരെ കമിഴ്ത്തിക്കിടത്തി തലമുടിയിൽ പിടിച്ചു വലിക്കുന്നു; ചിലരെ ദുർജ്ജനങ്ങൾ നെറുകയിൽ തോട്ടി കൊളുത്തി മുറിവേറ്റു കഷ്ടപ്പെടുത്തുന്നു; *... ചിലർ കൈകളും പിന്നോക്കം പിടിച്ചു കെട്ടപ്പെട്ട വയർ കൊണ്ടിഴയുന്നു; ചിലരുടെ കൈകളിൽ ആണി തറയ്ക്കപ്പെട്ടും; ചിലരെ കഴുത്തിലും, ചിലരെ നാവിന്മേലും ചിലരെ മുഷിലും ചിലരെ പിളർത്ത കവിളുകളിലും ചിലരെ മുഴുകളിലും കയറിട്ടു വലിക്കുന്നു ചിലരുടെ അരക്കെട്ടിൽ പിടിച്ചു തള്ളുന്നു; ചിലരെ അന്ധങ്ങളിലും ലിംഗത്തിലുംകൂടി കയർ കെട്ടി വലിക്കുന്നു; ചിലരെ വയർ പിളർത്തും ചിലരെ തലതാടി പിളർത്തും ചിലരെ കാലുകളിലും മുട്ടു പഴുത്ത ചങ്ങലയിട്ടു വലിച്ചുഴയ്ക്കുന്നു. ഉള്ളംകാൽ ഉള്ളംകൈ എന്നിവ മുറിത്തും, തൊണ്ട തണ്ണീരുപോലും ചുടുകയും പിളർന്നും, വൃഷണം പൊട്ടിയും, അംഗസന്ധികളെല്ലാമറന്നും, കുന്തത്താൽ കുത്തപ്പെട്ടും, അമ്പുകളെയ്യപ്പെട്ടും അവർ പൊറുതിയില്ലാതെ മുറവിളികൂട്ടിക്കൊണ്ട് അങ്ങോട്ടുമിങ്ങോട്ടും കിടന്നോടും. ചിലരെ മുകത്തടിച്ചുകൊണ്ടും ഇരുമ്പുവടികൊണ്ടും ഇടയ്ക്കിടയ്ക്ക് ഞെരുക്കുന്നു; ചിലരെ എരിതീപോലെ മിന്നുന്ന പലതാം ഈച്ചവാളുകൾകൊണ്ടും ദിണ്ഡിമവാദ്യങ്ങൾകൊണ്ടും കേട്ടാലുള്ള ഒലിക്കുമാറ് ഈന്തപ്പൊളിക്കുന്നു; പുഴുക്കൾ കടിച്ചുമുറിപ്പെടുത്തും; പൈളാഹം പിടിപെട്ടവർ അന്നം വെള്ളം തണൽ എന്നിവയും, തണുത്തു കോച്ചിയവർ തീയും ഇരന്നുകൊണ്ടിരിക്കുന്നു!

ഇങ്ങനെ കഷ്ടപ്പെട്ട് പ്രേതനഗരത്തിലെത്തിയാൽ അവരെ ദൂതന്മാർ യമന്റെ തിരുമുമ്പിലറിയിക്കും; ഉടനെ ആ പാപികൾക്ക് ഭയങ്കരനായ പ്രേതപ്പുമാൻ കാണുമാറാകും: ദംഷ്ടകളാൽ ഘോരമായ മുഖം, ഭ്രൂകുടിയാൽ കടിലങ്ങളായ ചെന്തീയൊളിക്കണ്ണുകൾ, 'എണീറുനിൽക്കുന്ന' തലമുടി, കാന്തമീശ, വിറയ്ക്കുന്ന ചുണ്ടുകൾ, ആയുധങ്ങളെല്ലാം ധരിച്ച പതിനെട്ടു കൈകൾ—ഇങ്ങനെ നീലാഞ്ജനചയപ്രഭനായി, മഹാമഹിഷവാഹനനായി, തുടുത്ത വസ്ത്രമാല്യങ്ങൾ ധരിച്ചവനായി, മഹാമേരുവിനെപ്പോലെ ഉന്നതനായി, കല്പാന്തമേഘനിർഗ്ഘോഷനായി, കടലിനെ കുടിക്കുകയും മലപ്പാരിനെ വിഴുങ്ങുകയും തീയിനെ വമിക്കുകയും ചെയ്യുന്നുണ്ടോ എന്നു തോന്നുംവണ്ണം ഘോരമൂർത്തിയായി ക്രുദ്ധനായിരിക്കുന്ന യമനെ അവർ കാണും; അ

* പുനരുക്തം.

Digitized By Kerala Sahitya Akademi

രികിൽ കാലാഗ്നിതേജസ്സുള്ള മൃത്യുവും, വെന്തീപോലുള്ള കാലനും കരാളനായ കൃതാന്തനും ദാരുണകർമ്മാവായ മാരീമഹാമാരീകാളരാത്രികളും പല വടിവിയന്ന മഹാവ്യാധികളുമുണ്ടായിരിക്കും; വേൽ, ശൂലം, തോട്ടി, കയർ, ചക്രം, വാൾ, വജ്രദണ്ഡം, കട്ടത്ത വില്ലമ്പുകൾ എന്നീ ആയുധങ്ങളേന്തി, അഞ്ജനംപോലെ കറുത്തിരുണ്ട അസംഖ്യം മഹാഘോരരായ വീരഭടന്മാർ യമന്റെ ചുറ്റും നിൽക്കുന്നുമുണ്ടാവും; അടുത്തുതന്നെ ദേഹകർമ്മാവായ ചിത്രഗുപ്തനേയും കാണാം.

ആ പാപികളെ യമൻ അത്യന്തം പഴിക്കും; ഭഗവാൻ ചിത്രഗുപ്തൻ ധർമ്മവാക്കുകൾകൊണ്ടുൽബോധിപ്പിക്കും 'ഹേ ഹേ ദുരിതകാരികളേ, പരദ്രവ്യാപഹാരികളേ, ശ്രുതഗുരുവിനേയും പരസ്ത്രീബന്ധുക്കളേയും താൻ ചെയ്യുന്നതു താൻ അനുഭവിക്കുന്നു. അപ്പോൾ സുഖംകരുതി ദുരിതം ചെയ്ത നിങ്ങൾ, ഇപ്പോൾ സ്വകർമ്മങ്ങളാൽ ദഹിപ്പിക്കപ്പെടുമ്പോൾ സന്തപിക്കുന്നതെന്തിനാണ്? ആ ചെയ്തതൊക്കെ നിങ്ങൾ അനുഭവിക്കണം; ഇതിൽ മറ്റാരേയും കുറ്റപ്പെടുത്താനില്ല! ഈ രാജാക്കന്മാരും, ഗർബുദ്ധിയാൽ ഗർവിഷ്ഠരായി കട്ടുകൈകൾ ചെയ്തതിനാലാണ് എന്റെ അടുക്കൽ വന്നിരിക്കുന്നത്; ഹേ ഹേ പ്രജകളെ ദ്രോഹിച്ച ദുഷ്ടരാജാക്കന്മാരേ, നിങ്ങൾ ഇത്തിരിനാളത്തേയ്ക്കുള്ള നാട്ടുവാഴ്ചയ്ക്കു വേണ്ടി എന്തിനു ദുഷ്കർമ്മം ചെയ്തു? നാട്ടുവാഴ്ച കൊതിച്ചു മതിമറന്ന് അന്യായമായി പ്രജകളെപ്പിടിച്ചു ബന്ധിപ്പിച്ചില്ലയോ, അതിന്റെ ഫലം ഇപ്പോൾ അനുഭവിച്ചുകൊള്ളുവിൻ! നിങ്ങൾ എന്തിനുവേണ്ടി തിന്മ ചെയ്തുവോ, ആ രാജ്യവും കുടുംബവും എവിടെപ്പോയി? എല്ലാം വിട്ട് നിങ്ങൾ ഒറ്റയ്ക്കാണല്ലോ നിൽക്കുന്നത്! പ്രജകളെ ദ്രോഹിച്ച മിടുക്ക് ഇപ്പോൾ കാണാനില്ലല്ലോ; യമദൂതർ പീഡിപ്പിക്കുമ്പോൾ എന്തു കാട്ടും!' യമന്റെ ഈ വക ശകാരമെല്ലാം കേട്ട് ആ രാജാക്കന്മാർ സ്വകർമ്മങ്ങളോർത്തു മാഴ്കിക്കൊണ്ടു മിണ്ടാതെ നിൽക്കും. അവരുടെ പാപം നീങ്ങുന്നതിന്, വീണ്ടും ധർമ്മപ്രഭുമാർ ധർമ്മമനസ്സരിച്ചാജ്ഞാപിക്കും:—'മൂടോ മൂടോ ദണ്ഡ, മഹാദണ്ഡ, ഈ ദുഷ്ടന്മാരെ കൊണ്ടുപോയി ക്രൂരമായ നരകാഗ്നികളിലിട്ട പാപം നീക്കി ശുദ്ധിപ്പെടുത്തുവിൻ.'

തൽക്ഷണം തന്നെ അവർ പാർത്ഥിവരെ ഇരുകാലുകളിലുമായി പിടിച്ച് ഊക്കിൽച്ചുഴറ്റി മേല്പോട്ടെറിഞ്ഞുപിടിച്ച്, ഉള്ള കെല്ലാമിട്ട്, ചുട്ടുപഴുത്ത പാറപ്പുറത്തടിക്കും; മന്നവന്മാർ, ഇടിഞ്ഞുവീണ മാമരങ്ങളെന്നപോലെ സർവാംഗം തകർന്ന ഘോരയൊഴുക്കും; ബോധംകെട്ട നിശ്ചേഷ്ടരുമാകും. വീണ്ടും ഒരു കാറ്റോറ്റം വെളിവു വീ

Digitized By Kerala Sahitya Akademi

ണാൽ അവരെ പാപശുദ്ധിക്കുവേണ്ടി നരകസമുദ്രത്തിലിടുകയായി. ഭൂമിയുടെ പൃഷ്ഠത്തിൽ, സപ്തമതലത്തിനു താഴെ, ക്രമത്തിൽ ഇരുപത്തെട്ടുകോടി നരകങ്ങളുണ്ട്: ഒന്നാമത്തെ കോടിക്കു രൗരവം എന്നു പേർ; അതിനു താഴെ സൂരൗരവം; പിന്നെ അതിരൗരവം, മഹാരൗരവം, രൗരവപ്രായം തരളതാരം, ഭയാനകം, കാളരാത്രി, ഭയോൽക്കടം, ചണ്ഡം, മഹാചണ്ഡം, ചണ്ഡകോലാഹലം, പ്രചണ്ഡം, നരനായകം, കരാളം, വികരാളം, പ്രാന്തം, * ...ത്രികോണം, പഞ്ചകോണം, സുദീർഘം, പരിവർത്തുളം, സപ്തഭൈരവം, അഷ്ടഭൈരവം, ദീപ്തം, മായ. ഇവയെല്ലാം ഓരോ കോടിയുടേയും പേരുകൾ. ഈ ഇരുപത്തെട്ടുകോടിനരകം നായകനായ അയുതമുണ്ട് ഒന്നാമത്തതിന്ന്, ദേഹികളെ കരയിക്കുന്ന രൗരവവും, മഹത്തുക്കളെ പ്പാലും കരയിക്കുന്ന മഹാരൗരവവും, തമസ്സും, ശീതവും, ഉഷ്ണവും; രണ്ടാമത്തതിന്ന് സൂരൗരവം, സൂതമസ്സ്, തീക്ഷ്ണം, പരമസംജീവനം; മൂന്നാമത്തതിന്ന് ശാന്തം, മഹാഭയം, അതിലോമം, സുഭീമം, കടുകടു; നാലാമത്തതിന്ന് തീവ്രവേഗം, കരാളം, വികരാളം, പ്രകമ്പനം, മഹാപദ്മം; അഞ്ചാമത്തതിന്ന് സുചക്രം, കാലസൂത്രം, പ്രതർജ്ജനം, സൂചീമുഖം, സുനേമി; ആറാമത്തതിന്ന് ഖാദകം, സുപ്രതീപകം, കുഭീപാകം, സുപാകം, അതിദാരുണകൂപം; ഏഴാമത്തതിന്ന് അംഗാരരാശി, ഭവനം, കേതുഹൃദം, പൂയഹ്രദം, വിഗാഹനം; എട്ടാമത്തതിന്ന് തുണ്ഡശകനി, മഹാസംവർത്തകം, ക്രതു, തപ്തകം, പങ്കലേപം; ഒമ്പതാമത്തതിന്ന് പൂതിമാംസം, ദ്രവം, ത്രപു, ഉഷ്ണപ്രായം, നിരിന്ധ്രപ്രായം; പത്താമത്തതിന്ന് സുദീർഘം, ക്രകശാലൂരി ദുരിഷ്ടം, സുമഹാനാദം, പ്രഭാവം; പതിനൊന്നാമത്തതിന്ന് സുപ്രഭാവനം, ഭക്ഷം, മേഷം, വൃകം, ശല്യം; പന്ത്രണ്ടാമത്തതിന്ന് സിംഹമുഖം, വ്യാഘ്രമുഖം, മൃഗമുഖം, വരാഹമുഖം, ശ്വാനമുഖം; പതിമ്മൂന്നാമത്തതിന്ന് മഹിഷമുഖം, വൃകമുഖം, മേഷമുഖം, ഗജമുഖം, ഗ്രാഹം; പതിന്നാലാമത്തതിന്ന് കുംഭീരം, നക്രം, സർപ്പം, ക്രമ്മം, വായസം; പതിനഞ്ചാമത്തതിന്ന് ഗൃദ്ധ്രം, ഉലൂകം, ജംബുകം, ശാർദ്ദുലം, കപി; പതിനാറാമത്തതിന്ന് കൃമിഭക്ഷം, ഗണ്ഡം, പൂതിപ്രോക്ഷം, രക്തക്ഷം, പൂതിമൃത്തികം; പതിനേഴാമത്തതിന്ന് കണ്ഡൂമം, ധൂമാഗ്നി, ക്രിമിനിചയം, അമേധ്യം, അപ്രതിഷ്ഠം; പതിനെട്ടാമത്തതിന്ന് രുധിരാന്നം, ശവഭോജനം, ലാലാഭക്ഷം, ആത്മഭക്ഷം, സർവ്വഭക്ഷം; പത്തൊമ്പതാമത്തതിന്ന് സംകടം, സുവിലാസം, സുകടം, സകടം, കടം; ഇരുപതാമത്തതിന്ന് പൂതിഗന്ധം, കടാഹം, കടുതപ്തം വൈതരണീനദി, സുതപ്തലോഹശങ്കു, അയശ്ശങ്കു; ഇരുപത്തൊന്നാമത്തതിന്ന് പൂപപൂരണം, അസിതാ

* കുറെ ഭാഗം വിട്ടുപോയിരിക്കുന്നു; സാധ്യതിക്കുള്ള കാണുന്നില്ല.

Digitized By Kerala Sahitya Akademi

ലവനം, അസ്ഥിഭേദം, പ്രപീഡകം, നീലാതസി; ഇരുപത്തിരണ്ടാമത്തതിന്ന് ഇക്ഷുയന്ത്രം, ക്രൂടം, അംശുച്ഛേദർത്തനം, മഷാചൂണ്ണി, സുചൂണ്ണി; ഇരുപത്തിമൂന്നാമത്തതിന്ന തപ്തലോഹശില, ക്ഷുരപവ്രതം, ധാരാപവ്രതം, മലപവ്രതം, മൂത്രക്രപം; ഇരുപത്തിനാലാമത്തതിന്ന മലക്രപം, അന്ധക്രപം, പൂയക്രപം, ശാതനം, മൂലഃ; ഇരുപത്തഞ്ചാമത്തതിന്ന് ഉലൂഖലം, യന്ത്രശില, ശകടം, ലാംഗലം, അസിപത്രവനം; ഇരുപത്താറാമത്തതിന്ന മഹാമദകുണ്ഡപം, സമ്മോഹനം, അതിഭേദം, തപ്തശ്രുവഗ്നിം, ബഹ്വാദുഃഖം; ഇരുപത്തേഴാമത്തതിന്ന മഹാദുഃഖം, കുഡ്മലം, ശമലം, ഫാലാഹലം, വിതുപ; ഇരുപത്തെട്ടാമത്തതിന്ന ഭീരുപം, ഭീമം, ഏകപദം, ചിപാടം, അവീചി. ഇങ്ങനെ രൌരവം മുതൽ അവീചിവരെ രണ്ടൂറിനരകങ്ങളുണ്ടു. ഇവയിലിട്ട്, പാപികളെ കുമ്മൊട്ടുപോലെ പലതട്ടിൽ ഞെണ്ടിപ്പിടിക്കുന്നു. ധാതുക്കളെ അഴുക്കു നീങ്ങുന്നതുവരെയും തീയിലിട്ടു കാച്ചുമല്ലൊ; അതുപോലെ, പാപികളെ പാപമുണ്ടാകുന്നതുവരെ നരകത്തീയിലിട്ടു ശുദ്ധിപ്പെടുത്തുന്നു. ഇപ്രകാരം കഷ്ടപ്പെട്ടു വിശുദ്ധിവന്നവർ ശേഷിച്ച കർമ്മത്തോടെ വീണ്ടും ഭൂലോകത്തു പലജാതം ജന്മങ്ങളെടുത്തു സ്ഥാവരങ്ങളായി ജനിക്കുന്നു; അതിൽ ദുഃഖങ്ങളനുഭവിച്ചു പൂർത്തിയായ്പിറക്കുന്നു; അതു ജാതിയിലെ തിന്ന ക്രമേണ പക്ഷികളായിജനിക്കുന്നു; പക്ഷികളായി കഷ്ടപ്പെട്ടിട്ട് മൃഗജാതിയിലും, അതിൽനിന്നു പശുവർഗ്ഗത്തിലും പിന്നെ വിയോനികളിലും ജനിച്ചു വീണ്ടും മനുഷ്യരായി പിറവികൊള്ളുന്നു.

ശ്രീപദ്മമഹാപുരാണേ, ഭൂതരഖണ്ഡേ, മോക്ഷമാഹാത്മ്യപ്രകരണേ, ദിലീപവസിഷ്ഠസംവാദേ, ഗുരുശുശ്രൂഷായാം, കന്യകാകൃതനരകവർണ്ണനം ഇരുന്നൂറിരുപത്തെട്ടാമദ്ധ്യായം.

:0: —

ഇരുന്നൂറിരുപത്തെട്ടാമദ്ധ്യായം

കന്യകമാർ:—'അമ്മമാരേ, ഇതുപോലെ പാപികളേയും ദ്രോഹനരകങ്ങളേയും യാതനകളേയുമേ ഞങ്ങടെ ഗ്രന്ഥത്തിൽ കാണുകയുണ്ടായുള്ളു; കാണാതേയും കേൾക്കാതേയുമിരുന്നിട്ട്. അതൊക്കെ കാണാനും അറിയാനും വകയുണ്ടായിരുന്നില്ല!'

അമ്മമാർ:—'ഇതുപോലെ മതി: നരകയാതനകളെ കേട്ടിട്ടു ഞങ്ങടെ ദേഹമെല്ലാം തളരുന്നു; ഭയം വളരുന്നു. ഓർത്താൽ മനസ്സിനു വെ

Digitized By Kerala Sahitya Akademi

ളിവില്ലാതാകുന്നു; വമ്പിച്ച പേടിയാൽ രോമം പൊട്ടിത്തരിക്കുന്നു. കാലനുക്കുള്ള വഴി കേട്ടതോടുകൂടി ഞങ്ങടെ പ്രാണൻ കഴുത്തിൽക്കയറിപ്പോയി!'

അമ്മമാർ മനം നടുങ്ങി, ഉള്ള ചുട്ടെരിഞ്ഞു മൂർച്ഛിച്ചു വീഴുകതന്നെ ചെയ്തു! അവരെ ആശ്വസിപ്പിച്ചു കന്യകമാർ കഥിച്ചു:—'മാതാക്കളേ, ഈ പുണ്യമായ ഭാരതവർഷത്തിൽ ജന്മം ലഭിച്ചുവല്ലോ; ലഭിപ്പാൻ പ്രയാസമേറിയതാണിതു്: ആയിരമായിരം ജന്മങ്ങളിലെ പുണ്യസഞ്ചയംകൊണ്ടേ വല്ലപ്പോഴും ഇവിടെ മനുഷ്യജന്മം കിട്ടുകയുള്ളൂ! മാഘസ്നാനമെന്നിൽ നിശ്ചയമുള്ളവർക്കു ദുഃഖപ്രാപമായിട്ടൊന്നുമില്ല. ഇവിടെയെ മികച്ച മുക്തിയും തികഞ്ഞ ഭക്തിയും സിദ്ധിയ്ക്കൂ. ഇതു കർമ്മഭൂമിയത്രേ; മറ്റെല്ലാം ഭോഗഭൂമിയാകുന്നു. ഇവിടെ, പരലോകത്തിന്നു വേണ്ടി യതികൾ തപസ്സു ചെയ്യുന്നു; യജ്ഞകർമ്മം ഹോമം നടത്തുന്നു; ആദരവോടേ ദാനങ്ങളും നൽകുന്നു; ചില സുകൃതികൾ മാഘസ്നാനം അനുഷ്ഠിച്ചുപോരുന്നു. ഇവിടെ തപസ്സുചെയ്തു മനുഷ്യർ കർമ്മാനുരൂപണ ബ്രഹ്മപദവും ഇന്ദ്രപദവും ദേവപദവും വായുപദവും നേടുന്നു. എല്ലാ രാജ്യങ്ങളിലും മീതെയാകുന്ന ഈ രാജ്യം; ഇവിടെ മനുഷ്യർക്കു സ്വർഗ്ഗവും അപവർഗ്ഗവും ധർമ്മവും സാധിക്കാം. ഈ പുണ്യമായ ഭാരതഖണ്ഡത്തിൽ അനിശ്ചിതമായ മനുഷ്യജന്മം കിട്ടിയിട്ടു യാവനൊരുത്തൻ ആത്മഹിതം ചെയ്യുന്നില്ലയോ, അവൻ ആത്മവഞ്ചകൻതന്നെ! മനുഷ്യത്വത്തിലും അതിദുർല്ലഭമായ ബ്രാഹ്മണ്യം നേടിയിട്ട് ആർ ആത്മശ്രേയസ്സിനെ നേടുന്നില്ലയോ, അവനെക്കാളും ഖേദിവരുവൻ വേറാരുള്ളൂ? മനുഷ്യജന്മം എപ്പോഴും കൈവന്നെന്നു വരില്ല; അതു കിട്ടിയാലപ്പോൾ, നരകം പൂകാത്തവിധം ചെയ്യുകൊള്ളണം. 'എന്നാണ് നമ്മൾ ഭാരതമെന്നാത്തു മാഘമാസത്തിൽ പുറത്തുള്ള വെള്ളത്തിൽ പ്രാതസ്നാനം കഴിക്കുക?' എന്നിങ്ങനെ വാനവർപോലും വാഞ്ഛിച്ചു വരുന്നു.

(കാകളി)

നാകികൾ പാടുമാറു് :—'വിൺമുക്തികൾ—
ക്കേകാസ്പദമായ ഭാരതഭൂമിയിൽ,
ഭോഗപദത്തിങ്കൽനിന്നു പുനർജ്ജന്മ—
മേവർ നേടുന്നുവോ, ഭാഗ്യവാന്മാരവർ!
നാം ചെയ്തവിടെയജനിക്കു, മറിഞ്ഞീല
നാകസ്ഥിതിയെപ്പോലെ കർമ്മമൊടുങ്ങിയാൽ?

Digitized By Kerala Sahitya Akademi

ഭോഗതൃഷ്ണത്തിലിന്ദ്രിയസംയുത–
ന്മാരാം നരരേവർ ഭാഗ്യവാന്മാരവർ'.

അതിനാൽ പേടിക്കേണ്ട, പേടിക്കേണ്ട; ശ്രദ്ധയോടേ ധർമ്മം അനുഷ്ഠിച്ചുകൊൾവിൻ. ജ്ഞാനമാകുന്ന പാഥേയം കയ്യിലുണ്ടെങ്കിൽ, കാലാന്തരത്തിലുള്ള വഴിയിൽ സുഖേന യാത്രചെയ്യാം; പാഥേയമില്ലെങ്കിൽ വഴിക്കു കഷ്ടപ്പാടു പറയേണ്ടല്ലോ. ഇതോർത്തു മനുഷ്യർ പുണ്യം ചെയ്യണം; പാപം വർജ്ജിക്കണം. പുണ്യത്താൽ ദേവത്വം നേടും; പാപത്താൽ നരകത്തിൽ പതിക്കും. തെല്ലൊന്നെങ്കിലും ദേവശത്രുവായ വാസുദേവനെ ശരണം പ്രാപിച്ചവർ ഘോരമായ കാലമന്ദിരം കാണുകയില്ല. ബന്ധുക്കളേ, നിങ്ങൾക്കു മുക്തി വേണമെന്നുണ്ടെങ്കിൽ, സച്ചിദാനന്ദസ്വരൂപനായ നാരായണൻതിരുവടിയെ തൃദയത്തിൽ കുടിയിരുത്തിക്കൊള്ളുവിൻ. പെരുത്തൊന്നലായ ഈ ചരാചരജഗത്തെല്ലാം മിന്നൽപ്പിണർപോലെ ക്ഷണികമാണെന്നു കണ്ടു നിങ്ങൾ ഭഗവാനെ അറിഞ്ഞുകൊള്ളുവിൻ; അഹങ്കാരം കൂടാതെയും: ശരീരം മൃത്യുവിനധീനവും ജീവിതം അസ്ഥിരവുമാകുന്നു; ധനം രാജാക്കന്മാരും മറ്റും തട്ടിക്കൊണ്ടുപോകും; സമ്പത്തു ക്ഷണഭംഗുരമത്രെ. അമ്മമാർക്കറിഞ്ഞുകൂടെയോ: ആയുസ്സിൽ പകുതി ഉറങ്ങിക്കഴിയുന്നു; കുറെ ഭാഗം ക്ഷീണാദിചിന്തയും, കുറെ ഭാഗം ബാല്യവും, കുറെ ഭാഗം വാർദ്ധക്യവും, കുറെ ഭാഗം വിഷയാനുഭൂതിയുമായിക്കഴിയുന്നു; ബാക്കിയെത്രയുണ്ടു്, ധർമ്മംചെയ്വാൻ? ബാല്യത്തിലും വാർദ്ധക്യത്തിലും നാരായണാരാധനം സാധിക്കുകയില്ല; ഈ പ്രായത്തിൽത്തന്നെ അഹങ്കാരംവിട്ടു ധർമ്മമനുഷ്ഠിക്കുവിൻ. നിങ്ങൾ ഘോരസംസാരക്ഷീണിൽ വീണുനശിച്ചുപോകരുതു്. നാശത്തിനും ആപത്തുകൾക്കും രോഗങ്ങൾക്കും ഉറവപാപ്പിടമാകുന്ന മലദൂഷിതമാം ശരീരം; ഇതു ശാശ്വതമാണെന്നു കരുതി പാപംചെയ്യുന്നതെന്തിനു്? പലതരം ദുഃഖങ്ങൾ നിറഞ്ഞ നിസ്സാരമായ സംസാരത്തിൽ വിശ്വാസം തോന്നിപ്പോയാൽ നിങ്ങൾ തീർച്ചയായും നാശമടയും! ബന്ധുക്കളെല്ലാവരും കേൾക്കണം; സത്യമാണു ഞങ്ങൾ പറയുന്നതു്: ശരീരത്തിനേറ്റ അറികുത്തുണ്ടു്, നാശം; വിഷ്ണുവിനെ സേവിക്കുകതന്നെ വേണം! എപ്പോഴും പുരുഷോത്തമനെ പൂജിച്ചുകൊള്ളുവിൻ. ആയിരമായിരം കോടി ജന്മങ്ങളിൽ സ്ഥാവരാദികളായി കിടന്നുഴന്നതിനു ശേഷമാണു്, മനുഷ്യജന്മം കിട്ടിച്ച കൈവരുന്നതു്; അതിലും ദേവബുദ്ധി, ജ്ഞാനബുദ്ധി, യോഗബുദ്ധി എന്നിവ ലഭിപ്പാൻ വളരെ പ്രയാസം! *

ഭംഗ്യാചാരം മടിഞ്ഞു

* ഇരട്ടിപ്പു്.

Digitized By Kerala Sahitya Akademi

ചക്രപാണിയെ പൂജിച്ചുകൊള്ളുവിൻ. ഞങ്ങൾ വീണ്ടും വീണ്ടും കയ്യുയർത്തി വേണ്ടതു പറയാം: സർവ്വാ വിഷ്ണുവിനെ കേതിപൂർവ്വം സേവിക്കണം; അതിൽ അശ്രദ്ധ വരരുതു്! എല്ലാറ്റിന്റേയും സൃഷ്ടാവായി ജഗദീശ്വരനായിരിക്കുന്ന ജനാർദ്ദനനെ ആരാധിക്കാതെ, സംസാരസമുദ്രത്തിൽ മുങ്ങിയ നിങ്ങൾ എങ്ങനെ മുകരേയണമെന്നും? അമ്മമാരേ, എന്തിനേറെപ്പറയുന്നു? നാരായണചരിതം തന്മയത്വത്തോടെ ശ്രവിക്കുവാൻ വേണ്ടിയിട്ടു്, തപസ്സിനു്, വിധിപ്രകാരമായ യാഗമെന്തിനു്? പരിവായി പത്മനാഭനെ കീർത്തിച്ചുകൊണ്ടുവരുവാൻ പുത്രകളത്രങ്ങളെന്തിനു്, കൃഷിക്കളെന്തിനു്, ഗൃഹമെന്തിനു്, ക്ഷേത്രമെന്തിനു്, ബന്ധുക്കളെന്തിനു്? അതിനാൽ നിങ്ങൾ ഭയംവിട്ടു പുണ്ഡരീകാക്ഷനെ പൂജിച്ചുകൊള്ളുവിൻ; പരിശുദ്ധവും നിർമ്മലവുമായ സംഭ്രമജലം സേവിച്ചുകൊള്ളുവിൻ; ഏകാദശീവ്രതം നോറ്റുകൊള്ളുവിൻ; മകരസ്നാനം മുടങ്ങാതെ ചെയ്തുകൊള്ളുവിൻ; ഭക്തിസേവനം അനുഷ്ഠിച്ചുകൊള്ളുവിൻ. സർവ്വപാപങ്ങളേയും സംഹരിക്കുന്ന ഏകാദശീതിഥി പക്ഷംതോറും വരുന്നില്ലയോ, എന്തിനു നിങ്ങൾ നരകത്തെപ്പേടിക്കുന്നു! പോരെങ്കിൽ, ബഹിർഭാഗജലത്തിൽ കുളിച്ചാൽ പുണ്യം നൽകുന്ന മാഘമാസം ആണ്ടുതോറും വരുന്നില്ലയോ; എന്തിനു നിങ്ങൾ നരകത്തെപ്പേടിക്കുന്നു!'

അമ്മമാരോടു് ഇതുമും പറഞ്ഞു് ആ കന്യകമാർ വീണ്ടും മാഘസ്നാനോപവാസദാനാദിധർമ്മങ്ങൾ ആചരിച്ചുപോന്നു. ഇതുമാണു്, ആ കാഞ്ചനലോചനമാരായ കന്യകമാർ യമലോകമാഹാത്മ്യം മാതാക്കളോടു പറകയുണ്ടായതു്; അല്ല ഞാൻ ഭവാനോടും പറഞ്ഞു. മാഘസ്നാനമനുഷ്ഠിച്ച മനുഷ്യൻ മന്ദാരകുസുമങ്ങളണിഞ്ഞു് അപ്സരസ്ത്രീകളതങ്ങളാൽ അമർക്കപ്പെട്ട വൃന്ദാരകരുടെ നന്ദനവനത്തിൽ കളിയാടും!'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, മാഘമാഹാത്മ്യപ്രകരണം,
ദിലീപവസിഷ്ഠസംവാദം, മുനിശ്രേഷ്ഠോപഖ്യാനം, കന്യകാകൃതമാതൃസമാശ്വാസനം
ഇതനൂറിരുപത്തെട്ടാമദ്ധ്യായം.

Digitized By Kerala Sahitya Akademi

ഇരുന്നൂറിരുപത്തൊൻപതാമദ്ധ്യായം

ദിലീപൻ:—'എണ്ണത്തറയിരം യോജനയപ്പുറത്താണല്ലോ അന്തകാലയം നാനാരൂപമായി സ്ഥിതിചെയ്യുന്നത്; അവിടെ ആ കന്യകമാർ പോയി വന്നതു് എത്ര നാൾ കൊണ്ടായിരുന്നു? അവരുടെ ശരീരത്തിന്നു കേടുപറ്റാതിരുന്നതെങ്ങനെ? ഭഗവൻ, മുനിപുംഗവ, എന്റെ സംശയം തീർത്തരുളിക!'

വസിഷ്ഠൻ:—'മഹാബുദ്ധിമാനായ രാജാവേ, ഈ രഹസ്യം കേട്ടുകൊള്ളുക: കൃതയുഗത്തിൽ ഒരു * മണ്ഡലം ശരീരത്തിന്നു കേടു വരില്ല; ത്രേതായുഗത്തിൽ മുക്കാൽ മണ്ഡലം, ദ്വാപരയുഗത്തിൽ അരമണ്ഡലം, കലിയുഗത്തിൽ കാൽമണ്ഡലം. കൃതത്തിൽ മനുഷ്യക്കുട്ടി നാലുമടങ്ങും, ത്രേതയിൽ മൂന്നുമടങ്ങും, ദ്വാപരത്തിൽ രണ്ടുമടങ്ങും, കലിയിൽ ഒരു മടങ്ങുമത്രേ. പന്തിരണ്ടുനാൾക്കപ്പുറമേ മരിച്ചവർ യമലോകത്തെത്തൂ എന്നു പറഞ്ഞിട്ടുള്ളതു് പാപികളെസ്സംബന്ധിച്ചേടത്തോളമാകുന്നു. ഈ പരമരഹസ്യവും കേട്ടുകൊള്ളുക: കാലകിങ്കരന്മാർ കാറിൻവേഗത്തിൽ പോവുകയും വരികയും ചെയ്യുന്നതെപ്രകാരമോ, അപ്രകാരം ചിലർ ഈശ്വരാനുഗ്രഹത്താൽ പോവുകയും വരികയും ചെയ്യാറുണ്ടു്. യമന്റെ അനുഗ്രഹത്താലാണു്, ആ കന്യകമാർ യമാലയത്തിൽ പോയി നരകയാതനകളും കണ്ടു മടങ്ങിവന്നതു്; അവരുടെ ശരീരം അമ്മമാർ ഒരുമാസം സൂക്ഷിച്ചു. അന്നു് കൃതയുഗമായിരുന്നതിനാൽ ശരീരത്തിന്നു കേടൊന്നും വന്നില്ല. അലങ്കരിക്കുന്നതിന്നു മുമ്പു ശവത്തിന്നു ശുദ്ധിയില്ല. മാലസ്നാനം, ഉപവാസം മുതലായ മഹാപുണ്യങ്ങളും ചെയ്യുവർ ഇങ്ങനെ പോവുകയും വരികയും ചെയ്യാറുണ്ടു്; പുണ്യമാഹാത്മ്യത്തിന്നു കാരണം. പണ്ടു് പുഷ്കരനെന്ന ബ്രാഹ്മണോത്തമൻ യമാലയത്തിൽ പോയി, വളരെ നരകസ്ഥിതരെ നരകത്തിൽനിന്നു കേറി, ഇഹത്തിൽത്തന്നെ തിരിച്ചെത്തി, മുൻപേത്തപ്പോലെ സഹൃഹത്തിൽ വസിക്കയുണ്ടായി. ത്രേതായുഗത്തിൽ, രാമൻ രാജ്യം ഭരിക്കുന്ന കാലത്തു്, ഒരു ബ്രാഹ്മണന്റെ മകൻ മരിച്ചു യമാലയമണഞ്ഞതിന്നശേഷം പുനർജ്ജീവിച്ചതു ഭവാൻ കേട്ടിട്ടില്ലയോ? ദേവകീസുതനായ കൃഷ്ണൻ ഗുരുവായ സാന്ദീപനിയുടെ മരിച്ചുപോയ മകനെ വളരെക്കാലത്തിന്നശേഷം വീണ്ടുകൊണ്ടുവന്നു ഗുരുവിന്നു കൊടുത്തു. ഇങ്ങനെ വേറേയും ചിലർ

* നാല്പത്തൊന്നു ദിവസം.

Digitized By Kerala Sahitya Akademi

യമലോകത്തുനിന്നു തിരിച്ചു വരികയുണ്ടായിട്ടുണ്ടു്; ഇതിൽ സംശയം വേണ്ട. ഇനിയെന്താണു് ഭവാനു കേൾക്കേണ്ടതു്?

ദിലീപൻ:—'പുഷ്കരോപജീവനൻ ഏവിടത്തുകാരനാണു്? അദ്ദേഹം എങ്ങനെ തിരിച്ചെത്തി? പാപികളെ നരകങ്ങളിൽനിന്നു് കേറിയതെങ്ങിനെ? രാമൻ നാടുവാഴുന്ന കാലത്തു മരിച്ച ബ്രാഹ്മണകുമാരൻ എങ്ങനെ തിരിയെ പോന്നു? ദേവകീസുതനായ ഭഗവാൻ, മൃതപുത്രനെ എങ്ങനെ വീണ്ടുകൊണ്ടുവന്നു? ഇതു മുന്നം ശരിക്കു പറഞ്ഞുതരിക; ബ്രാഹ്മണന്ദനനു, അതുണ്ടുപീഡതേ, വിസ്തരിച്ചുകേൾക്കാൻ എനിക്കാഗ്രഹമുണ്ടു്'.

വസിഷ്ഠൻ:—'മന്നവ, മഹാത്മാവായ പുഷ്കരന്റെ സർവപാപഘ്നമായ ചരിതം ഞാൻ പറയാം; ഭവാൻ മനസ്സിരുത്തി കേട്ടുകൊള്ളുക: നന്ദിഗ്രാമത്തിലാണു്, ധീമാനായ പുഷ്കരദ്വിജന്റെ വാസം. അദ്ദേഹം സപക്ഷത്തെ ശരിക്കനുഷ്ഠിക്കും; സകല പ്രാണികൾക്കും നന്മ കരുതും; മാത്സര്യമാവട്ടെ സ്വാധ്യായവും മുടക്കാറില്ല. യഥാകാലം വിഷ്ണുവിനെ അനന്യചിത്തനായി പൂജിക്കും. ഇങ്ങനെ ആ അഗ്നിഹോത്രിയായ മഹാത്യാഗി അവിടെ സകുടുംബം പാർത്തുവന്നു. അപ്രമേയ, ഹരേ, വിഷ്ണോ കൃഷ്ണ, ദാമോദര, അച്യുത, ഗോവിന്ദ, അനന്ത, ദേവേശ എന്നിങ്ങനെ കീർത്തിക്കയേ അദ്ദേഹത്തിനു തൊഴിലുള്ളൂ; സ്വപ്നത്തിൽപ്പോലും ദേവപൂജനമൊഴിഞ്ഞു മറ്റൊന്നിൽ മനസ്സു ചെല്ലാറില്ലായിരുന്നു. അങ്ങിനെയിരിക്കെ, ചരേത്തപ്പുരമാം ഭയങ്കരന്മാരായ കിങ്കരന്മാരോടു്, 'നിങ്ങളും പോയി, നന്ദിഗ്രാമത്തിൽ പാർക്കുന്ന പുഷ്കരദ്വിജനെ കൊണ്ടുവരുവിൻ' എന്നാജ്ഞാപിച്ചു. അവർ ഭൂമിയിലേയ്ക്കു പോന്നു, തെറിച്ചാരണയാൽ ഈ പുഷ്കരനെ പിടിച്ചു യമലോകത്തെയ്ക്കു കൊണ്ടുപോയി. ആ മഹർഷി ചെല്ലുന്നതു കണ്ടിട്ടു്, പേടിയുംകൊണ്ടു യമൻ എതിരേറ്റു കൈക്കു പിടിച്ചു്, തന്റെ ആസനത്തിൽത്തന്നെ ഉപവേശിപ്പിച്ചു; എന്നിട്ടു്, 'നിങ്ങളും എന്താണിച്ചെയ്തതു്? അവിടെ വേറെയൊരു പുഷ്കരനുണ്ടു്; അയാളെപ്പറ്റിയാണു ഞാൻ പറഞ്ഞതു് ബ്രഹ്മദേഹമാകട്ടെ, സർവധർമ്മജ്ഞൻ, വിഷ്ണുഭക്തൻ, വിശേഷിച്ചും മാത്സര്യനിരസനൻ, ഉപവാസതല്പരൻ; എന്തിനാണിദ്ദേഹത്തെ നെറികെട്ട നിങ്ങളും എന്റെ അടുക്കലേയ്ക്കു കൊണ്ടുപോന്നതു്.' എന്നിങ്ങനെ കിങ്കരന്മാരെ ശകാരിച്ചിട്ടു്, അദ്ദേഹത്തോടരുളിച്ചെയ്തു: —'ഭോഷ്കും മക്കളും മറ്റുമൊക്കെ വല്ലാതെ വശംകെട്ട കരയുകയായിരിക്കും; ഭവാൻ തിരിയെ പോയാലും." പുഷ്കരൻ യമനോടാവശ്യപ്പെട്ടു:—'ഭഗവൻ, എനിക്കു നരകങ്ങളേയും

Digitized By Kerala Sahitya Akademi

യാതനാദേഹസ്ഥരായി പീഡിപ്പിക്കപ്പെട്ടുന്ന പാപികളെയും ഒട്ടൊഴിയാതെ കാണേണമെന്നുണ്ട്.'

മാർത്താണ്ഡപുരൻ ആ മഹാത്മാവിനു നൂറുനൂറായിരം നരകങ്ങളും കാട്ടിക്കൊടുത്തു: അതിരൌദ്രമായ രൌരവം, മഹാരൌരവം, ശവഭോജനം, വിശസനം, ക്ഷാരകർദ്ദമം, അസിപത്രവനം, തപ്തകുംഭം, ക്രിമിശം, ക്രിമിഭക്ഷം, വൈതരണീനദി, കൃമിവാലുകം, ലാലാഭക്ഷം, അവീചി, സൂകരം, രോധനം, തപ്തവാലുകം എന്നീ നരകങ്ങളിൽ പാപികളെ സദാ ബന്ധിപ്പിക്കുന്നുണ്ടായിരുന്നു. ചിലരെ കഴുവിന്മേലിട്ടിരിക്കുന്നു; ചിലരെ നരികൾ കടിച്ചു തിന്നുന്നു; ചിലരെ കൃമിവാലുകത്തിൽ വറുക്കുന്നു; ചിലരെ പുഴുക്കൾ കടിക്കുന്നു; ചിലരെ ചുട്ടുപഴുത്ത കിടാരത്തിലിട്ടിരിക്കുന്നു; ചിലരെ അസിപത്രവനത്തിൽ അരിയുന്നു; ചിലരെ ഊർച്ചുവാൾകൊണ്ടീരുന്നു; ചിലരെ കോടാലികൊണ്ടു വെട്ടിപ്പൊളിക്കുന്നു; ചിലരെ ക്ഷാരകർദ്ദമത്തിൽ കുതിക്കുന്നു; ചിലരെ സൂചിമേൽ വീഴിക്കുന്നു; ചിലർ തണുത്തു വലയുന്നു. ഈവക പീഡനകരം അനുഭവിക്കുന്ന നരികളെ കണ്ടിട്ടു വളരെ സങ്കടം തോന്നിയ പുഷ്കരൻ, അവരോടു ചോദിച്ചു:—'നിങ്ങൾ അവിടെ മുൻ ജന്മത്തിൽ പുണ്യമൊന്നും ചെയ്തില്ലയോ? എന്തുകൊണ്ടാണ്, ഇവിടെ സദാ നരകപീഡയനുഭവിച്ചു കഷ്ടപ്പെടുന്നതു?'

നരകികൾ:—'ഞങ്ങൾ ഭൂലോകത്തു സുകൃതമൊന്നും ചെയ്തിട്ടില്ല; അതുകൊണ്ടാണിവിടെ പീഡകളാൽ തുലോം കഷ്ടപ്പെട്ടു എരിപൊരിക്കൊള്ളുന്നതു്. പരദാരങ്ങളെ കാമിച്ചു; പരദ്രവ്യം അപഹരിച്ചു; സദാ പരഹിംസയാചരിച്ചു; അതുകൊണ്ടത്രേ ഞങ്ങൾ എരിപൊരിക്കൊള്ളുന്നതു്. നിരപരാധരെ പഴിക്കുകയും ബ്രാഹ്മണരെ നിന്ദിക്കുകയും ചെയ്തതിനാലത്രേ ഞങ്ങൾ എരിപൊരിക്കൊള്ളുന്നതു്. പണത്തിനുവേണ്ടി വേദം ചൊല്ലിക്കുകയും ചൊല്ലുകയും ചെയ്തതിനാലാണു ഞങ്ങൾ നരകത്തിൽ എരിപൊരിക്കൊള്ളുന്നതു്. ഭൃത്യവർഗ്ഗം ഉണ്ണുന്നതിനുമുമ്പേ ഞങ്ങൾ മൃഷ്ടാന്നം ഭക്ഷിച്ചുപോന്നു; അതിനാലത്രേ, ഞങ്ങൾ എരിപൊരിക്കൊള്ളുന്നതു്. മാഘമാസത്തിൽ സൂര്യൻ തെല്ലൊന്നുദിക്കെ, എല്ലാവരും കുളിക്കുമ്പോൾ ഞങ്ങൾ കുളിക്കുകയുണ്ടായില്ല; അതിനാലത്രേ ഞങ്ങൾ എരിപൊരിക്കൊള്ളുന്നതു്. നിത്യം അവരവർക്കായി പചിക്കുകയും, ഹോമം വെടിയുകയും, കുളിക്കാതെ ഊൺകഴിക്കുകയും ചെയ്തതിനാലത്രേ ഞങ്ങൾ എരിപൊരിക്കൊള്ളുന്നതു്. ദാഹിച്ചു വലഞ്ഞു വെള്ളംകേടിപ്പാനോടുന്ന ശോകരെക്കു വഴിമുടക്കിയതിനാലത്രേ, ഞങ്ങൾ എപ്പോഴും എരിപൊരിക്കൊള്ളുന്നതു്. പൈക്കരെക്കു തീറ കൊടുക്കാതെ അവയുടെ പാൽ

Digitized By Kerala Sahitya Akademi

കറന്നൊട്ടുള്ള തങ്ങളെ പോററിയതിനാലത്രേ ഞങ്ങൾ എരിപൊരി
ക്കൊള്ളുന്നതു്. നാം തീരെയും അർഹിക്കാത്ത ദാനം നൽകാൻ തുടങ്ങു
ന്ന ധാർമ്മികനായ മുനിക്കു വരം ലഭിയ്ക്കുന്നതിനാലത്രേ ഞങ്ങൾ എരിപൊരി
ക്കൊള്ളുന്നതു്. ഭാര്യയെ വെടിയുക, വ്രതത്തിനു വീഴ്ചവരുത്തുക, പരാ
ന്നം ഭക്ഷിക്കുക, പുണ്യദിവസങ്ങളിലും സ്ത്രീസംഗം ചെയ്യുക എന്നി
വയാലത്രേ ഞങ്ങൾ എരിപൊരിക്കൊള്ളുന്നതു്. ഏറെപറഞ്ഞിട്ടു
ലോഭംമൂലം ബ്രാഹ്മണർക്കു കൊടുക്കാതിരുന്ന ദോഷത്താലത്രേ ഞങ്ങൾ
ഇവിടെ അത്യന്തം എരിപൊരിക്കൊള്ളുന്നതു്. ന്യാസം അപഹരി
ക്കുക, മിത്രങ്ങളെ ദ്രോഹിക്കുക, കള്ളസ്സാക്ഷി പറക എന്നിവയാല
ത്രേ, ഞങ്ങൾ എരിപൊരിക്കൊള്ളുന്നതു്. എന്തിനേറെപ്പറയുന്നു?
ബ്രാഹ്മണാത്മജ, ഞങ്ങൾ പാപം ചെയ്തുപോയി; അതിനാലാണു്,
ഇവിടെ അത്യന്തം എരിപൊരിക്കൊള്ളുന്നതു്!'

പുഷ്കരൻ:—'എന്താണു് നിങ്ങൾ അച്യുതൻതിരുവടിയെ ഒരി
ക്കലെങ്കിലും അർച്ചിക്കാഞ്ഞതു്? അതിനാലാണല്ലോ, ഇവിടെ ഇത്ര
ഘോരമായ സ്ഥിതിയിൽപ്പെട്ടതു്! ലോകത്തിനെല്ലാം നാഥനായ പുരു
ഷോത്തമനെ പൂജിച്ചവർക്കു മുക്തിക്കുടി സിദ്ധിക്കും; പിന്നെയാണോ
പാപശാന്തി! നിങ്ങൾ പ്രായേണ നാരായണനെ നമിക്കുകയുണ്ടായി
ല്ല; അതിനാൽത്തന്നെയാണു്, ഈ അതിഘോരമായ നരകത്തിൽ
പതിച്ചതു്. ഇവിടെ മുറവിളി കൂട്ടിയിട്ടെന്തുള്ളു? നിങ്ങൾ പകലിരവു
പാപമെല്ലാം പോക്കുന്ന പദ്മനാഭനെ സ്മരിച്ചുകൊള്ളുവിൻ. ഞാ
നിവിടെ ഭവനേശന്റെ തിരുനാമങ്ങൾ ചൊല്ലാം; അതുകൊണ്ടു നി
ങ്ങൾക്കു തീർച്ചയായും നന്മ വരും!'

നരകികൾ:—'അതിഭയങ്കര പാപം ചെയ്തതിനാൽ ചുട്ടെരിയുന്ന
ഞങ്ങൾക്കു ഭവാന്റെ ശരീരത്തിൽത്തട്ടിയ കാറ്റു തൂലോം കുളിർമയു
ണ്ടാക്കുന്നു; അതിനാൽ, ധർമ്മാത്മാവേ, ഭവാൻ ഇവിടെ നിന്നാലും.
ക്ഷണനേരമെങ്കിലും, ദുഃഖത്താൽ വെളിവുകെട്ട ഞങ്ങൾ സുഖം നേട്ട
മാറാകട്ടെ! ബ്രാഹ്മൻ, അങ്ങയെക്കണ്ടതിനാൽത്തന്നെ ഞങ്ങൾക്കു സ
ന്തോഷം തോന്നുന്നു; ഹാ ഭവാനു പാപികളിലുമുണ്ടു് കാരുണ്യം!'

യമൻ:—'ധർമ്മജ്ഞ, പുഷ്കര, തിരിച്ചുപോവുക; ഭവാൻ നരക
ങ്ങളെ കണ്ടുകഴിഞ്ഞുവല്ലോ. അങ്ങയുടെ ഭാര്യ അതിദുഃഖത്തിൽ മുഴ
കി നിലവിളിക്കുകയാണു്.'

പുഷ്കരൻ:—'ഭഗവൻ, ഞാനെങ്ങിനെ പോകുന്നു? പോയാൽ
തന്നെ, എന്തു സുഖമാണവിടെ? നരകത്തിൽക്കിടക്കുന്നവർ ആവശ്യ
പ്പെടുകയില്ലയോ! കിങ്കരന്മാർ തല്ലുമ്പോഴും തീയിലിടുമ്പോഴും

Digitized By Kerala Sahitya Akademi

ചിലർ, 'എന്നെ രക്ഷിക്കണേ, എന്നെ രക്ഷിക്കണേ' എന്ന നിലവിളിക്കുന്നു! സമസ്തഭൂതാത്മാവായി സർവ്വശരീരനായിരിക്കുന്ന വിഷ്ണുവിനെ ഞാൻ സദാ സേവിച്ചുപോരുന്നുണ്ടെങ്കിൽ നരകികരം വിട്ടതിനേടട്ടേ! വിഷ്ണു സർവ്വഗതനും സർവ്വം വിഷ്ണുവിങ്കൽ നിൽക്കുന്നതുമാണെങ്കിൽ, ആ സത്യംകൊണ്ടു നരകികരം വിട്ടതിനേടട്ടേ! കൃഷ്ണ, ഹരേ, ജഗദീശ, അച്യുത, വിഷ്ണോ, ജനാർദ്ദന, ഈ നരകപീഡിതരെല്ലാവരേയും നിന്തിരുവടി രക്ഷിച്ചാലും!'

നാരദാ, പുഷ്പരാക്ഷന്റെ തിരുനാമങ്ങളും പുഷ്പരൻ ചൊല്ലിക്കേട്ടതോടുകൂടി, ആ നരകികരം നരകത്തിൽ നിന്നു വിട്ടതിനേടി, പുഷ്കരനോടു സന്തോഷം ഉരിയാടി:—'ഭവാൻ ഞങ്ങളെ വിടുവിച്ചുവല്ലോ; ഭവാന്റെ നിസ്തുല്യമായ കീർത്തി ലോകത്തിൽ പരക്കട്ടെ!' വിസ്മയപ്പെട്ട യമനും പുഷ്കരന്റെ സമീപമണഞ്ഞു മനംകുളിർത്തു വരം കല്പിച്ചുകൊടുത്തു:— 'ധർമ്മാത്മാവേ, ഭവാൻ ഭൂലോകത്തു പോയി അവിടെ എന്നെന്നും നിവസിച്ചാലും; അങ്ങയുടെ ബന്ധുക്കൾക്കുകൂടി എങ്കൽനിന്നു ഭയം നേരിടുകയില്ല! ഭവാന്റെ മാഹാത്മ്യം മറ്റാരായ മനുഷ്യൻ സ്മരിക്കുന്നതോറും സുഖിക്കുമോ, അവന്ന് എന്റെ പ്രസാദത്താൽ അപമൃത്യുഭയം സംഭവിക്കുകയില്ല.' ഇങ്ങിനവണ്ണം പുഷ്കരൻ ഭൂമിയിലേയ്ക്കു മടങ്ങി, മുമ്പത്തെപ്പോലെ പുരുഷോത്തമനെ പൂജിച്ചുകൊണ്ട് സ്വസ്ഥനായി സ്ഥിതിചെയ്യുന്നു. ഞാനീപ്പറഞ്ഞ പുഷ്കരമാഹാത്മ്യം ആർ ശ്രവിക്കുമോ, അവർക്ക പാപങ്ങളും നശിക്കും. നാരായണനാമം ചൊല്ലിയാൽ നരകത്തിൽ നിന്ന് എങ്ങനെ വിടുതികിട്ടുമെന്നു ഭവാനോടു ഞാൻ പറഞ്ഞു. അജിതപുരുഷന്റെ തിരുനാമം ഇത്തിരിയൊന്നു സ്മരിച്ചാലുള്ളതിനെ അതിമഹത്തായ പാപസഞ്ചയത്തിനും അറുതിവരുമെന്ന് പ്രത്യക്ഷമായിക്കണ്ടുവല്ലോ. പിന്നെ, വേണ്ടുവണ്ണം ചൊല്ലിയാലത്തെക്കഥ പറയാനുണ്ടോ!

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, മാഘമാഹാത്മ്യപ്രകരണം,
ദിലീപവസിഷ്ഠസംവാദം, മുനിശാപോച്ചാരണം പുഷ്കരകൃതനരകിമോചകഥനം
ഇരുനൂറിരുപത്തൊമ്പതാമദ്ധ്യായം.

ഇരുനൂറിമുപ്പത്താമദ്ധ്യായം

വസിഷ്ഠൻ:—രാമന്റെ നാട്ടിൽ ഒരു ബ്രാഹ്മണകുമാരൻ യമലോകത്തുനിന്നു തിരിച്ചെത്തിയ കഥയും കേട്ടുകൊള്ളുക:

Digitized By Kerala Sahitya Akademi

എല്ലാ ലക്ഷണവും ചേർന്ന മൂന്നുലോകത്തും പുകഴ്പെറ്റ സൂര്യവംശവർദ്ധിനിയായ അയോധ്യാനഗരിയിൽ നരേന്ദ്രനായ രാമൻ അനുജന്മാരോടൊന്നിച്ചു ധർമ്മത്താൽ രാജ്യം ഭരിച്ചുംകൊണ്ടു സുഖമായിവണ്ണം നിവസിച്ചു. കുറെക്കാലത്തിനുശേഷം, ഒരു വൃദ്ധബ്രാഹ്മണൻ മരിച്ച കുട്ടിയേയുംകൊണ്ടു കൊട്ടാരവാതിൽക്കൽ വന്നു പലതരത്തിൽ വിലപിപ്പാൻ തുടങ്ങി. * .....

രാമൻ രാജധാനിയിലേയ്ക്കു മടങ്ങി. ബ്രാഹ്മണപുത്രൻ നിരാമയനായി പുനർജ്ജീവിച്ചതു കണ്ടിട്ടു രാഘവനും സഹോദരരും നിസ്തുല്യമായ ഹർഷം നേടി. ബ്രാഹ്മണരും പരമ്പരെ ചിത്തം കളിത്തു രാമനെ പ്രശംസിച്ചു:—'അഹോ, ഇവിടുന്നു ധന്യൻതന്നെ: മഹാരാജാവേ, ഇവിടെയുള്ള ധർമ്മത്തിൽ ഇതു നിഷ്ഠയുണ്ടല്ലോ! മനുഷ്യർക്കു്, വിശേഷിച്ചും രാജാക്കന്മാർക്കു്, ധർമ്മബുദ്ധി ചുരുങ്ങും. യാതൊരു ക്ഷത്രിയൻ സ്വധർമ്മത്താൽ ഭൂമിയെ രക്ഷിക്കുമോ, അവൻ ഇഹത്തിൽ കീർത്തിയും പരത്തിൽ സൽഗതിയും നേടും. രഘുപ്രവര, ബ്രഹ്മണ്യനും ശാസ്ത്രജ്ഞനും ശൂരനും സമർത്ഥനുമായ ഭവാൻ ഒരിക്കലും പ്രമാദംപറ്റാതെ ഭൂപാലനം ചെയ്കൊണ്ടാലും!' ഇങ്ങനെ വിപ്രരാൽ വാഴ്ത്തപ്പെട്ട രാമൻ രാജ്യം ഭരിച്ചുപോന്നു. ബ്രാഹ്മണൻ ആ കുട്ടിയേയും കൊണ്ടു മനസ്സു കളിത്തു സ്വഗൃഹത്തിലേയ്ക്കു ഗമിച്ചു. മൃതിപ്പെട്ട ദ്വിജപുത്രൻ തിരിച്ചുവന്നതു് ഞാൻ പറഞ്ഞു. ഇനി, കൃഷ്ണൻ മൃതപുത്രനെ കൊണ്ടുവന്നതു കേട്ടുകൊള്ളുക:

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, മാഘമാഹാത്മ്യപ്രകരണം,
തിലിപവസിഷ്ഠസംവാദം, മൃഗശൃംഗോപാഖ്യാനം, ദ്വിജപുത്രജീവനകഥനം
ഇങ്ങനെയുള്ള നൂറിരുപ്പത്തൊന്നാമദ്ധ്യായം.

ഇരുനൂറിരുപ്പത്തൊന്നാമദ്ധ്യായം

വസിഷ്ഠൻ: —നദീനദങ്ങളിണങ്ങി, പലതരം വൃക്ഷങ്ങളാൽ അലംകൃതമായി, ധനധാന്യങ്ങളും നിറഞ്ഞു, ഒരു യോജന പുറപ്പെടുവോളം കുടി, വേദശാസ്ത്രവിശാരദരായ മഹാന്മാരും ബ്രാഹ്മണരും മേവുന്ന അവന്തി എന്നൊരു നഗരമുണ്ടല്ലോ; ആ രമണീയമായ പട്ടണത്തിൽ

* സൂക്ഷ്മവിഷയം ഗ്രഹിപ്പാനുള്ള ശ്ലോകവിധ്യുക്തം ഒട്ടു ചുരുക്കിപ്പറഞ്ഞിരിക്കയാണ്, ഈ അദ്ധ്യായത്തിൽ.

Digitized By Kerala Sahitya Akademi

സാന്ദീപനി എന്ന വിദ്വാതനായ ഒരു ഗുണവാനുണ്ടായിരുന്നു: സദാ ശ്രമാചാരനിരതനും ലക്ഷണങ്ങൾ തികഞ്ഞവനും വേദവേദാംഗപാരഗനും സത്യവാദിയും അനസൂയനും ശമദമശൌചാദിസമ്പന്നനും മിതഭോജിയും മിതഭാഷിയും മിതദൃഷ്ടിയും യോഗതല്പരനും ജിതേന്ദ്രിയനും ജിതക്രോധനും തപോദാനദയാപരനും ദേവബ്രാഹ്മണഗുരുപൂജകനും ദൃഢവ്രതനും സ്ഥിരബുദ്ധിയും സ്ഥിരാരംഭനും പ്രസന്നചിത്തനുമായിരുന്ന അദ്ദേഹം. ആ ശ്രീമാന്റെ ചന്ദ്രപ്രഭനായ പുത്രൻ അമ്മയാൽ ഓമനിക്കപ്പെട്ട് അല്പനാനന്ദം വളർത്തിക്കൊണ്ടു മുതിർന്നവനു. ഉപനയനം കഴിഞ്ഞു വിദ്യാഭ്യാസം തുടങ്ങിയ ആ ബാലൻ ഒരിക്കൽ, മാഘപൂർണ്ണിമയിൽ പ്രഭാതകാലത്തു സഹപാഠികളോടൊന്നിച്ചു്, പ്രഭാസത്തിൽ സ്നാനത്തിന്നു പോയി: അവൻ വിധിപോലെ ആചമിച്ചു ചങ്ങാതിമാരോടുകൂടി തീർത്ഥത്തിലിറങ്ങിനിന്നു്,

'കൃഷ്ണാച്യുത നിമജ്ജാമി പ്രഭാസേസ്മിൻ ശുഭോദകേ
അനേന മാഘസ്നാനേന സുപ്രീതോ മാം സമുദ്ധര!'

എന്നിങ്ങനെ ഉച്ചരിച്ചു വെള്ളത്തിൽ മുഴുകി. മറ്റു ബ്രാഹ്മണക്കുട്ടികളെല്ലാം മുങ്ങി കരയ്ക്കു കയറി; സാന്ദീപനിപുത്രൻ ഒരിക്കലും പൊങ്ങുകയുണ്ടായില്ല! കുട്ടികാർ തിരിയേ ചെന്നു് അവന്റെ അച്ഛനമ്മമാരെ,

'കൃഷ്ണാച്യുത, നിമജ്ജാമി പ്രഭാസേസ്മിൻ ശുഭോദകേ,
അനേന മാഘസ്നാനേന സുപ്രീതോ മാം സമുദ്ധര!'

എന്ന വെള്ളത്തിൽ മുഴുകിയ മകൻ പൊങ്ങാഞ്ഞ വിവരം അറിയിച്ചു. അതു കേട്ടതോടുകൂടി അമ്മ നിലത്തു പതിച്ചു; ബന്ധുക്കൾ പലരുടെ തന്റേടം വരുത്തിയെഴുനേല്പിച്ചു. ഉടനെ ആ ദുഃഖിതയായ സാധ്വി പ്രഭാസത്തിൽ പോയി ചുറ്റും പാഞ്ഞു നടക്കുകയായി: ഇടയ്ക്കു വശംകെട്ടു വീഴും, എഴുനേൽക്കും. ഇടയ്ക്കു മോഹാലസ്യപ്പെടും; ഇടയ്ക്കു നിലവിളിക്കും, കരയും; കടുത്ത ശോകത്താൽ എരിപൊരികൊണ്ടു വിവശേന്ദ്രിയയായി വിലപിക്കും! ഭഗവാൻ സാന്ദീപനിയാകട്ടേ, ദുഃഖം മനസ്സിലടക്കി, പുത്രന്റെ സഖാക്കളെ വിളിച്ചു്, 'എന്താണെന്നതാണു് ഉണ്ണി ചൊല്ലിച്ചതു്? പറയുവിൻ, പറയുവിൻ' എന്നു്, വീണ്ടും വീണ്ടും ശ്രുവിച്ചു.

ബാലന്മാർ.—

കൃഷ്ണാച്യുത നിമജ്ജാമി പ്രഭാസേസ്മിൻ ശുഭോദകേ
അനേന മാഘസ്നാനേന സുപ്രീതോ മാം സമുദ്ധര!'

Digitized By Kerala Sahitya Akademi

ഇച്ചൊല്ലിയതുതന്നെ മേൽക്കുമേൽ ചൊല്ലിക്കൊണ്ടു മഹർഷി സമാശ്വസിച്ചു. 'ഭൂലോകത്തിനു വെറുതെയാവില്ല: കൃഷ്ണൻതന്നെ കാത്തുരക്ഷിക്കും!' എന്നു് അദ്ദേഹം ഭാര്യയെയും സമാധാനപ്പെടുത്തി.

രാജാവേ, കുറെക്കാലത്തിനുശേഷം വസുദേവൻ ഉണ്ണികളിരുവർക്കും പുരോഹിതനെക്കൊണ്ടും മറ്റു ബ്രാഹ്മണരെക്കൊണ്ടും ദ്വിജസംസ്കാരം കഴിപ്പിച്ചു; ആഭരണങ്ങളണിയിക്കപ്പെട്ട ബ്രാഹ്മണർക്കു വെള്ള വസ്ത്രങ്ങളും പൊന്മാലകളുമണിഞ്ഞിച്ച പൈക്കളെ കുട്ടികളോടുകൂടി ദാനംചെയ്തു. രാമകൃഷ്ണന്മാരുടെ ജന്മനക്ഷത്രത്തിൽ മനസ്സുകൊണ്ടു നൽകപ്പെട്ടിരുന്ന ഗോക്കളേയും ഓമ്മിച്ചു ദാനംചെയ്തു. ഇങ്ങനെ കർമവിധാനാനന്തരം, യദുകുലാചാര്യനായ ഗർഗ്ഗനാൽ ഉപനീതരായ രാമകൃഷ്ണന്മാർ ദ്വിജത്വം നേടി ഗായത്രീവ്രതം കൈക്കൊണ്ടു; എല്ലാ വിദ്യകളുടെയും വിളനിലങ്ങളായി സർവജ്ഞരായിരിക്കുന്ന ആ ജഗദീശ്വരന്മാർ പരമ്പരാനുവർത്തിക്കായി തങ്ങളുടെ അനന്യസിദ്ധമായ നിർമ്മലജ്ഞാനം മറച്ചുവെച്ചു. അവർ പിന്നെ ഗുരുകുലവാസത്തിനുവേണ്ടി അവന്തീനഗരത്തിൽ വസിക്കുന്ന കാശ്യനായ സാന്ദീപനിയുടെ അടുക്കൽ ചെന്നു്, അദ്ദേഹത്തെ ഒരു ദേവനെ എന്നപോലെ ഭക്ത്യാദരപൂർവം ഭജിച്ചുപോന്നു. സൽഭക്തികൊണ്ടും ശുശ്രൂഷകൊണ്ടും സന്തുഷ്ടനായ ആ ഗുരുദ്വിജേന്ദ്രൻ അവരെ സാംഗവേദങ്ങളും ഉപനിഷത്തുക്കളും സരഹസ്യമായ ധനുർവേദവും ധർമ്മന്യായശാസ്ത്രങ്ങളും ആന്വീക്ഷികിയും ഭരതരത്തിലുള്ള ദണ്ഡനീതിയും പഠിപ്പിച്ചു; എല്ലാം ആ സർവവിദ്യാപ്രവർത്തകരായ ദേവശ്രേഷ്ഠന്മാർ, പറഞ്ഞുകൊടുത്ത നിമിഷത്തിൽ മനസ്സിലാക്കി. അറുപത്തിനാലുനാൾകൊണ്ടു് അത്രയും കലാവിദ്യകൾ അവർ പഠിച്ചുകഴിഞ്ഞു!

അനന്തരം അവർ ആചാര്യനായ ഗുരുദക്ഷിണകൊടുക്കാനൊരുങ്ങി; അദ്ദേഹം അവരുടെ അത്ഭുതമായ മാഹാത്മ്യവും അമാനുഷമായ ബുദ്ധിയും കണ്ടിട്ടു്, പത്നിയോടാലോചിച്ചു്, പ്രഭാസജലാശയത്തിൽ മുങ്ങി മരിച്ച കുട്ടിയെയാണു് ആവശ്യപ്പെട്ടതു്. അങ്ങനെതന്നെ എന്നു്, ആ അനന്തവിക്രമന്മാരായ മഹാരഥന്മാരിരുവരും തേരിലേറി പ്രഭാസമണഞ്ഞു, ഇത്തിരിനേരം കടൽക്കരയിൽ സ്ഥിതിചെയ്തു. അതറിഞ്ഞു സമുദ്രം അവരെ സൽക്കരിച്ചു. ഭഗവാൻ ആഴിയോടരുളിച്ചെയ്തു:—'ഞാൻ ഇവിടെ ഒരാൺകുട്ടിയെ പെരുന്തിരകൊണ്ടു വിഴുങ്ങുകയുണ്ടായല്ലോ; ആ ഗുരുപുത്രനെ തരിക. വരുണൻ വണങ്ങിനിന്നണഞ്ഞിച്ചു:—'ദേവ, ഞാനല്ല, വെള്ളത്തിനടിയിൽ ശംഖരൂപിയായി പാർക്കുന്ന പഞ്ചജനനെന്ന മഹാദൈത്യനാണു കുട്ടിയെ അ

Digitized By Kerala Sahitya Akademi

പഠിച്ചുതു; ഇവിടുന്നു വെള്ളത്തിൽ മുഴുകി അവനെക്കൊന്നു കുട്ടിയെ വീണ്ടെടുത്താലും.' തന്തിരുവടി തണ്ണീരുംപുക്കു് ആ ജലവാസിയെക്കൊന്നു് അവന്റെ മാറിടം പിളർത്തി; എന്നാൽ കുട്ടിയെ വയറിൽ കണ്ടില്ല. അവന്റെ ശരീരത്തിലുണ്ടായിരുന്ന ശംഖെടുത്തു രാമകൃഷ്ണന്മാർ തേരിലേറി, യമന്റെ പ്രിയനഗരിയായ സംയമിനിയിലേയ്ക്കു പുറപ്പെട്ടു. അവിടെച്ചെന്നു കൃഷ്ണൻ ശംഖു മുഴക്കി. ശംഖൊലി കേട്ടിട്ടു്, പ്രജാസംഘത്തോടായ യമൻ അതിഭക്തിയോടെ അവരിരുവർക്കും വന്ദിച്ചു സൽക്കാരം നൽകി, സർവ്വജ്ഞാന്തർവ്വാസിയായ കൃഷ്ണനോടു വണക്കത്തിൽ ചോദിച്ചു:—'കൃഷ്ണ, ലീലാമാനുഷരായ നിങ്ങൾക്കു ഞാൻ എന്തു ചെയ്യേണ്ടു?'

കൃഷ്ണൻ:—'മഹാരാജാവേ, സ്വകർമ്മംമൂലം ഇവിടെ ആനീതനായ ഗുരുപുത്രനെ എനിക്കു തിരിച്ചുതരണം.'

യമൻ ഗുരുപുത്രനെ കൊണ്ടുവന്നു കൊടുത്തു; യമദൂതന്മാർ ഉണ്ണിയെ ഗുരുവിനു നൽകി, ഇനിയെന്തുവേണമെന്നു ചോദിച്ചു.

സാന്ദീപനി:—'ഉണ്ണികളേ, നിങ്ങൾ ഗുരുവിനുള്ള പ്രതിഫലം ശരിക്കു നൽകിക്കഴിഞ്ഞു. നിങ്ങളെപ്പോലുള്ളവരുടെ ഗുരുവിന്നു് എന്തഭിലാഷമാണു് അവശേഷിക്കുക? വീരന്മാരേ, നിങ്ങൾ സ്വഗൃഹത്തിലേയ്ക്കു പോയ്ക്കൊൾവിൻ. നിങ്ങൾക്കു നിർമ്മലമായ കീർത്തിയുണ്ടാകട്ടെ!'

ഇപ്രകാരം ഗുരുവിനാൽ വിട നൽകപ്പെട്ട രാമകൃഷ്ണന്മാർ, കാറിന്റെ വേഗത്തോടും കാറിന്റെ ശബ്ദത്തോടും കൂടി പായുന്ന തേരിലൂടെ സ്വന്തം രാജധാനിയിലെത്തിച്ചേർന്നു. അവരെ കണ്ടിട്ടു്, ഏറെനാളായി കാണാതിരുന്ന നാട്ടുകാരെല്ലാം, പോയ മുതൽ കിട്ടിയാലെന്നവണ്ണം സന്തോഷിച്ചു. ഇങ്ങനെയാണു്, മാഘപൌർണ്ണമിയിൽ പ്രഭാസജലത്തിൽ മുങ്ങിമരിച്ച സാന്ദീപനികുമാരൻ കൃഷ്ണന്റെ പ്രഭാവത്താൽ തിരിച്ചെത്തിയതു്. വേറെയും പലർ ദേവാനുഗ്രഹത്താൽ യമലോകത്തുനിന്നു് തിരിച്ചുവരികയുണ്ടായിട്ടുണ്ടു്; പറഞ്ഞുതീർക്കാൻ ഞാനാളല്ല.'

ദിലീപൻ:—'മഹർഷേ, ഞാൻ ചോദിച്ചതു മുന്നം ഇവിടുന്നു ശരിക്കു പറഞ്ഞുതന്നു. അഹോ, പുരുഷ്ക്കരന്റെ ചരിതവും രാമകൃഷ്ണന്മാരുടെ മഹിമയും അത്ഭുതംതന്നെ! സൂര്യവംശത്തിലെ ക്ഷിതീശന്മാരുടെ കിരീടരത്നങ്ങളാൽ നീരാജനമുഴിയപ്പെട്ട പാദകമലങ്ങളോടുകൂടിയ

Digitized By Kerala Sahitya Akademi

വനായി ഇക്ഷ്വാകുഗോത്രത്തിന്റെ ഹിതകാരിയായിരിക്കുന്ന വസിഷ്ഠ മുനിശ്രേഷ്ഠനെ നമസ്കാരം!'

ഇപ്രകാരം ഗുരുവിനെ നമസ്കരിച്ചിട്ട്, ശ്രീമദ്ധർമ്മിഷ്ഠനായ ദിലീപചക്രവർത്തി ഭഗവൻ ശ്രേയസ്സിൽ മനസ്സുറപ്പിച്ചു മാഘമാഹാത്മ്യം മേൽക്കുമേൽ കേൾക്കാൻ വേണ്ടി വീണ്ടും വസിഷ്ഠമഹർഷിയോടപേക്ഷിച്ചു:—'മഹർഷേ, ലോകഹിതത്തിന്നായി, മഹാത്മാവായ മൃഗശൃംഗമുനിയുടെ ചരിത്രം വർണ്ണിച്ചാലും: സ്പർശനം, ദർശനം, സംഭാഷണം, സംസർഗ്ഗം എന്നിവയാൽ സർവ്വപാപങ്ങളേയും പോക്കുന്ന വരാണല്ലോ, അദ്ദേഹത്തെപ്പോലുള്ളവർ!'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, മാഘമാഹാത്മ്യപ്രകരണം, ദിലീപവസിഷ്ഠസംവാദം, മൃഗശൃംഗോപാഖ്യാനം, സന്ദീപനികമുനിരാജയജനകഗ്രന്ഥം ഇരുനൂറിപ്പത്തൊന്നാമദ്ധ്യായം.

—— :0: ——

ഇരുനൂറിപ്പത്തിരണ്ടാമദ്ധ്യായം

വസിഷ്ഠൻ:—'മുമ്പിലപോലെ ബ്രഹ്മചാരിയായി ഗുരുകുലത്തിൽ വസിച്ചു വേദവേദാംഗങ്ങളെല്ലാം ശരിക്കു പഠിച്ചു, ഗുരുവിനു് അഭീഷ്ടം പറഞ്ഞ ദക്ഷിണ കൊടുത്തു്, ഗുരുവിനാൽ ഗൃഹത്തിലേയ്ക്കയയ്ക്കപ്പെട്ട കശ്യപപുത്രനായ വത്സനെന്ന മൃഗശൃംഗമുനീന്ദ്രൻ, മുമ്പുതന്നെ മനസ്സുകൊണ്ടു വരിക്കപ്പെട്ട ഉചത്ഥ്യപുത്രിയെ വേൾക്കാൻ നിശ്ചയിച്ചു. ഉചത്ഥ്യൻ അലംകൃതയായ കന്യകയെ നൽകാൻവേണ്ടി, ബ്രാഹ്മണോത്തമരെ സാദരം ക്ഷണിച്ചു്, * അങ്കുരാർപ്പണം അനുഷ്ഠിച്ചു. കശ്യൻ ഉണ്ണിയുടെ വേളിക്കു മുനിമാരെ ക്ഷണിച്ചുവരുത്തി. ജൈമിനി, ജമദഗ്നി, കപിലൻ, പൈലൻ, സുമതി, വാമദേവൻ, ജാബാലി, കാശ്യപൻ, ഭൃഗു, പവ്നൻ, ശഭാഗൻ, സുതീക്ഷ്ണൻ, അഗസ്ത്യൻ, അപസ്തംബൻ, അണിമാണ്ഡവ്യൻ, സത്യൻ, കാത്യായനൻ, അംഗിരസ്സ്, കൌശികൻ, അത്രി, ഫാരീതൻ, രൈഭ്യൻ, ആരുണി, മൌദ്ഗലൻ, ഗൌതമൻ, കണ്വൻ, വ്യാസൻ, കവഷൻ, ഗൃത്സ, കാണ്വൻ, ശൌനകൻ, ദാല്ഭ്യൻ, പൈലൻ, ഉദ്ദാലകൻ, ശഠൻ എന്നിവരും മറ്റു വളരെ ബ്രഹ്മവാടികളായ മുനിമാരും വിവാഹത്തിനു വന്നെത്തി. പരമധാർമ്മികനായ കശ്യൻ ആ ദ്വിജോത്തമരെല്ലാവരേയും മധുപക്കം

* ഇലയിടൽ.

Digitized By Kerala Sahitya Akademi

നൽകി, ഭക്ഷ്യഭോജ്യങ്ങൾകൊണ്ട് വേണ്ടുംവണ്ണം സൽക്കരിച്ചു. നല്ല നാളിൽ, നല്ല ലഗ്നത്തിൽ, നല്ല മുഹൂർത്തത്തിൽ, മനോജ്ഞങ്ങളായ മലർ നെടുഞ്ചമതകം മഹർഷിമാരുടെ മുമ്പാകെ അഗ്നിയിൽ ഹോമിച്ചു വത്സൻ യഥാവിധി വിവാഹം കഴിച്ചു. ഉചിതവൃത്തിയായ സുവൃത്തയുടെ പാണിഗ്രഹണമംഗളം കണ്ടിട്ട് അവളുടെ മൂന്നു സഖിമാർ—കമല, വിമല, സുരസ എന്നീ കുശോദരിമാർ—അടുക്കലേയ്ക്കു ചെന്ന്, 'അന്തണോന്റെ, ഞങ്ങളെയും ഇപ്പോഴംതന്നെ പാണിഗ്രഹണം ചെയ്യുക; ഇല്ലെങ്കിൽ അങ്ങയ്ക്ക് ശാപം പറയും' എന്നരിയാടി. ഇതുകേട്ട വത്സൻ കുറേനേരം വിചാരത്തിൽപ്പെട്ടു. 'ഒരേ സമയത്തു് വേൾക്കാൻ പാടുണ്ടോ, ഇല്ലയോ' എന്നിങ്ങനെ ചിന്തിക്കേ, മഹർഷിമാരുടെ ഇടയിൽവച്ചു വേദവ്യാസൻ ആ മഹാത്മാവായ മൃഗശൃംഗനോടു പറഞ്ഞു:—'ഇവരെ പാണിഗ്രഹണം ചെയ്തുകൊടുക്കുക. ഇതിൽ ദോഷമൊന്നുമില്ല. സംശയം കരുതേണ്ട. ഈ സംപ്രദായം പണ്ടേ ഉള്ളതാണു്: പണ്ടു മാന്ധാതാവെന്ന രാജാവിന്റെ അമ്പതു കന്യകമാരെ സൌഭരി ഒരേദിവസം വേൾക്കുകയുണ്ടായി; പോരെങ്കിൽ, ദക്ഷപുത്രിമാരെ ചന്ദ്രനും വിവാഹംചെയ്തിരിക്കുന്നു.' വ്യാസൻ ഈ വിധം അഭിപ്രായപ്പെട്ടതിനാൽ മൃഗശൃംഗൻ യഥാവിധി ഹോമംചെയ്ത് ആ കന്യകമാരേയും മുറയ്ക്കു പാണിഗ്രഹണംചെയ്തു. ബ്രാഹ്മവിവാഹമാണു് ബ്രാഹ്മണർക്കു മുഖ്യം എന്നത്രേ വേദോക്തി; അതിനാൽ ബ്രാഹ്മവിവാഹത്താലാണു് അവർ നാൽവരെയും വത്സൻ കൈക്കൊണ്ടതു്. ഇങ്ങനെ വിവാഹംകഴിഞ്ഞതിനുശേഷം മുനീന്ദ്രൻ മുനിമാരെല്ലാവരേയും സൽക്കരിച്ചു. അവർ ആശീർവാദം ചെയ്ത് ആ ദമ്പതിമാരോടു വിടയും വാങ്ങി സ്വന്തം സ്വന്തം പർണ്ണശാലയിലേയ്ക്കു തിരിച്ചു.'

ദിലീപൻ:—'നാലുജാതികൾക്കും വിവാഹം എത്ര തരത്തിലുണ്ടു്? അരുന്ധതീനാഥ, ഗോപ്യമാണെങ്കിൽക്കൂടി എനിക്കു പറഞ്ഞുതന്നാലും!'

വസിഷ്ഠൻ:—'രാജാവേ, കേട്ടുകൊള്ളുക: ബ്രാഹ്മം, ദൈവം, ആർഷം, പ്രാജാപത്യം, ആസുരം, ഗാന്ധർവം, രാക്ഷസം, പൈശാചം എന്നു് എട്ടുതരത്തിലത്രേ വിവാഹം. വരനെ വരുത്തി, കന്യകയെ ചമയിച്ചു നൽകുന്നതു ബ്രാഹ്മം; അതിലുണ്ടായ പുത്രൻ ഇരുപത്തൊന്നു തലമുറയ്ക്കു വിശുദ്ധിവരുത്തും. യജ്ഞത്തിന്നായി ഋത്വിക്കിനു നൽകുന്നതു ദൈവം; അതിലുണ്ടായ പുത്രൻ പതിന്നാലു തലമുറയ്ക്കു വിശുദ്ധിവരുത്തും. വരനോടു ഗോയുഗളത്തെ വാങ്ങി, പെണ്ണിനെ

Digitized By Kerala Sahitya Akademi

കൊടുക്കുന്നതു് ആർഷം; അതിലുണ്ടായ പുത്രൻ ആറുപേരെ ശുശ്രൂഷിക്കും. 'ഇരുവരും ഒന്നിച്ചു ധർമ്മം ചെയ്‌വിൻ' എന്നിങ്ങനെ, ആവശ്യപ്പെട്ടവനു കൊടുക്കുന്നതു പ്രാജാപത്യം; അതിലുണ്ടായ പുത്രൻ ആറു തലമുറയുള്ള ശുശ്രൂഷിക്കും. ഈ നാലു വിവാഹങ്ങളും ബ്രാഹ്മണർക്കു ധർമ്മവർദ്ധനങ്ങളാകുന്നു. പണം മേടിച്ചു പെണ്ണിനെ കൊടുക്കുന്നതു് ആസുരം; അന്യോന്യപ്രേമത്താലുള്ളതു ഗാന്ധർവം; ബലാൽക്കാരേണ പെണ്ണിനെ കൈക്കലാക്കുന്നതു്, സജ്ജനനിന്ദിതമായ രാക്ഷസം; പെണ്ണിനെ മോഷ്ടിക്കുന്നതു നികൃഷ്ടമായ പൈശാചം. പ്രാജാപത്യം ക്ഷത്രിയർക്കും വൈശ്യർക്കുമത്രേ. ആസുരഗാന്ധർവരാക്ഷസങ്ങളും; പാപിഷ്ഠമായ പൈശാചം പാപികൾക്കുതന്നെ. സവർണ്ണകന്യക ഒഴിയും, ക്ഷത്രിയകന്യക ശരക്കോലും, വൈശ്യകന്യക ചമ്മട്ടിയും, ശൂദ്രകന്യക വസ്ത്രത്തുമ്പും പിടിക്കണം. സവർണ്ണമായെല്ലാം കൈപിടിക്കുക എന്നാണു് അഭിജ്ഞന്മാർ വിധിച്ചിട്ടുള്ളതു്. ധർമ്മ്യങ്ങളായ വിവാഹങ്ങളാൽ ധർമ്മിഷ്ഠരും ശതായുസ്സുകളുമായി ഭവിക്കും; അധർമ്മ്യങ്ങളാൽ ധർമ്മരഹിതരും ഭാഗ്യഹീനായുസ്സുകരും കുറഞ്ഞവരുമാകും. അതിനാൽ ബ്രാഹ്മവിവാഹം തന്നെയാണു് ബ്രാഹ്മണർക്കു പ്രശസ്തം. എന്നാൽ പ്രാജാപത്യവിവാഹമത്രേ സൌഭരി ചെയ്തതു്.'

ദിലീപൻ:—'എന്തിനാണു്, പണ്ടു ഭഗവാൻ സൌഭരിമഹർഷി അമ്പതു കന്യകമാരെ വേട്ടതു്. അതു വിസ്തരിച്ചു പറയുക.'

വസിഷ്ഠൻ: —'പണ്ടു കാമ്പില്യനഗരത്തിൽ, സർവ്വവേദാർത്ഥതത്വജ്ഞനും സർവ്വഭൂതദയാപരനും യോഗാഭ്യാസനിരതനും വിഷയപരാങ്മുഖനുമായ സൌഭരിബ്രാഹ്മണൻ ഒന്നാമതു ചാന്ദ്രായണം അനുഷ്ഠിച്ചു; പിന്നെ മാസോപവാസം ആചരിച്ചു; എന്നിട്ടു കൊഴിഞ്ഞ ഇലകൾതിന്നും, പിന്നീടു നിരാഹാരനായും, അതിൽപ്പിന്നെ വെള്ളത്തിൽനിന്നും, പന്തിരണ്ടു വർഷം തപസ്സുചെയ്തു. ആ രമണീയവും അഗാധവും സച്ഛജലവുമായ മഹാസരസ്സിൽ സാമമയം എന്നൊരു ഭംഗിയേറിയ മത്സ്യം മത്സ്യക്കുട്ടത്താൽ ചുറപ്പെട്ടു്, എല്ലാ മത്സ്യങ്ങൾക്കും തലവനായി ചരിച്ചിരുന്നു. ഇളകുന്ന കേസരങ്ങളുമായി ആ കൺകളിർപ്പിക്കുന്ന മത്സ്യം പുത്രപൌത്രപ്രപൌത്രരോടും മിത്രകളത്രബന്ധുക്കളോടും പിതൃഭ്രാതൃക്കളോടുംകൂടി അമ്പിന്റെ വേഗത്തിൽ അവിടവിടെ പാഞ്ഞുനടക്കും. ആ മത്സ്യപ്പുരമാളെ കണ്ടിട്ടു സൌഭരിമുനി വിചാരിച്ചു:—'വളരെ പുത്രിമാരും ദൌഹിത്രരുമാകുന്ന സന്താനങ്ങളാൽ ചുറപ്പെട്ടു ലോകം വിളയാടുന്ന ഈ മത്സ്യം എനിക്കു കൊതിയുണ്ടാക്കുന്നു; എനിക്കും ഇതുപോലെ ഭാര്യമാരോടും പുത്രിമാ

Digitized By Kerala Sahitya Akademi

രോടും ഒരുമിച്ചിരുന്നോടും പുത്രപൌത്രപ്രപൌത്രരോടുമൊന്നിച്ചു വിഹരിക്കണം!'

ഇങ്ങനെ നിശ്ചയിച്ച് ആ വിശ്വതവേഷനായ മഹർഷി വെള്ളത്തിൽനിന്നു കേറി, കന്യകമാരെ വരിപ്പാനായി മാന്ധാതാവിന്റെ അടുക്കൽ ചെന്നു. ഋഷിയുടെ ആഗമനം കണ്ടിട്ട് അരചൻ ആസനത്തിൽ നിന്നെഴുന്നേറ്റ്, അർഘ്യപാദ്യവും മറ്റും നൽകി ആസനത്തിലുപവേശിപ്പിച്ചു. സുഖോപവിഷ്ടനായ സൌഭരി നരേന്ദ്രനോടാവശ്യപ്പെട്ടു:—'രാജാവേ, ഞാൻ ഗൃഹസ്ഥാശ്രമംകൊള്ളുകയാണ്. എനിക്കു കന്യകമാരെ തരിക. എന്റെ പ്രാർത്ഥന പാഴാക്കരുത്: വല്ല കായ്ഞ്ഞിന്നും കാകൽസ്ഥകലഞ്ഞിൽ അർത്ഥികളായി വന്നവർ വെറുതെ പോകാറില്ലല്ലോ. ഭവാനു സുന്ദരിമാരായ കന്യകമാർ അമ്പതുപേരുള്ളതിൽ കുറഞ്ഞിയെയെങ്കിലും എനിക്കു തരണം.' ഇതു കേട്ടിട്ടു മനോനന്ദനനായ മാന്ധാതാവു പരമാർത്ഥലിലായി: സർവ്വംസഹയും മുക്കിച്ചൂളിഞ്ഞ ഒരു വിപ്രനാണ് ബ്രാഹ്മണൻ; മറുത്തുപറഞ്ഞാൽ ശപിച്ചു എന്നും വരാം! രാജാവു താഴ്മയിൽ വണങ്ങി സാന്ത്വനമുരചെയ്തു:—'മുനിപുംഗവ, ക്ഷത്രിയരുടെ വംശസമ്പ്രദായം കേട്ടാലും: കന്യകമാക്കണ്ണിൽപ്പിടിക്കുന്നവൻ, കുലീനൻ, സുന്ദരൻ, യുവാവ്, സല്ലക്ഷണസമ്പന്നൻ— ഇങ്ങനെയുള്ളവനേ പെണ്ണിനെ കൊടുക്കുമാറുള്ളൂ; ക്ഷത്രിയരുടെ ഒരു നടപ്പുണ്ടിതു്. ഭഗവൻ, ഞാനെന്തു ചെയ്യണം? അരുളിച്ചെയ്താലും.' സൌഭരി മറുപടി പറഞ്ഞു:—'നരേന്ദ്ര, ഇങ്ങനെയാണ് ക്ഷത്രിയരുടെ നടപ്പെങ്കിൽ, നാം ധന്യരായി: അന്തഃപുരക്കാവൽക്കാരനായ * വർഷവരനെ വരുത്തി, എന്നെ കന്യകമാക്കു കാട്ടിക്കൊടുക്കുക. അവക്കു പിടിച്ചു എങ്കിൽ മതി, അവരെത്തരിക; ഇല്ലാത്തപക്ഷം ഞാൻ വന്നപാടേ പോയ്ക്കൊള്ളാം.'

അങ്ങനെയാവട്ടെ എന്ന്, രാജേന്ദ്രൻ അപ്പോൾത്തന്നെ വർഷവരനെ വിളിച്ചു നിയോഗിച്ചു. ഭഗവാൻ മുനിശ്രേഷ്ഠൻ അന്തഃപുരത്തിലേയ്ക്കു കടക്കുന്നതോടുകൂടി, ദിവ്യഗന്ധവ്യാപിന്മാത്രകളും സുന്ദരനായിച്ചമഞ്ഞു! വർഷവരർ ഉത്തരവാനുസരിച്ചു കാമസുന്ദരനായ മുനിയെ അകത്തു കൊണ്ടുപോയി കന്യകമാക്കു കണിച്ചുകൊടുത്തു; 'ഇവളിൽ ഭർത്തൃലക്ഷണമുണ്ടോ; ഇവൾ ഭർത്താവായി ഭവിക്കുമോ; ആരെ ഇദ്ദേഹത്തിനു കൊടുക്കും' എന്നാരിയിക്കുകയും ചെയ്തു. ആ കന്യകമാർ കൌതുകിയുടെ

* ഷണ്ഡൻ.

Digitized By Kerala Sahitya Akademi

അറിയിപ്പു കേട്ടും മനോഹരനായ മഹർഷിയെ കണ്ടും അനുരാഗംപൂണ്ട് അദ്ദേഹത്തിനെ ചുഴന്നു—'ഞാൻ ഭാര്യയായ്ക്കൊള്ളാം, ഞാൻ ഭാര്യയായ്ക്കൊള്ളാം, ഞാൻ ഭാര്യയായ്ക്കൊള്ളാം' എന്നിങ്ങനെ തങ്ങളിൽ പേശിക്കൊണ്ട് അവർ, കൊമ്പനെ പിടിയാനകളെന്നപോലെ മാമുനിയെ ചുഴന്നു. തനയാരുടെ നിനവറിഞ്ഞിട്ട മാന്ധാതൃമന്നവൻ അപ്പോഴത്തന്നെ അവരെല്ലാവരെയും സൌഭരിക്ക കൊടുത്തു. വിധിജ്ഞനായ മഹർഷി വിവാഹം വിധിപോലെ കഴിച്ച് ആ രാജകന്യകമാരെയുംകൊണ്ടു സ്വന്തം പാർപ്പിടത്തിലെയ്ക്കു പോന്നു

അദ്ദേഹം പിന്നെ ശില്പിശ്രേഷ്ഠനായ വിശ്വകർമ്മാവിനെ വരുത്തി ഭാര്യമാക്കെല്ലാം വെവ്വേറെ മികച്ച ഭവനം പണിയിച്ചു. കോണികകം, പ്രാന്തങ്ങളും, മണ്ഡപങ്ങളും, സ്ഫടികത്തൂണുകളും, ചന്ദ്രശാലകളും, പൊന്നിന്മതിൽ, വിചിത്രഗോപുരമതിൽക്കെട്ടുകളും, രത്നവാതായനങ്ങളും, മണിതോരണങ്ങളും, തങ്കക്കൊടിക്കൂറകളും എന്നിവയാൽ മിന്നിത്തിളങ്ങി, വമ്പിച്ച ശാലകളും മടപ്പള്ളികളും വേറെ വേറെ വിശാലങ്ങളായ ഹർമ്മ്യപ്രാസാദങ്ങളുമിണങ്ങി, ഭാസീഭാസുരം ധനധാന്യങ്ങളും എല്ലാ ഉപകരണങ്ങളും ഇടതിങ്ങി, മനോഹരങ്ങളായ ആ മന്ദിരങ്ങളിൽ മുനിയുടെ നിർദ്ദേശമനുസരിച്ച് ആ പെൺകിടാങ്ങൾ ദേവസ്ത്രീകളെപ്പോലെ സർവ്വസമ്പൽസമൃദ്ധമായി സുഖമംവണ്ണം നിവസിച്ചു.

ഒരുനാൾ പുത്രീസ്നേഹത്താൽ ആകൃഷ്ടഹൃദയനായ രാജാവ് ജാമാതാവായ സൌഭരിയുടെ ആശ്രമത്തിൽ ശ്രമമെന്നിയെ ചെന്നെത്തി. അനേകം കനകശാലകളോടും ആടിക്കളിക്കുന്ന മാലകളോടും കൂടി തെളിവിയനൊളിമിന്നിയിരുന്ന ആ മേടനിര കണ്ടപ്പോൾ അരചൻ അത്ഭുതപ്പെട്ടുപോയി! അദ്ദേഹം ഒന്നാമത്തെ ഗൃഹത്തിൽ കേറിച്ചെന്ന് മകളെക്കണ്ടു; അവൾ വെമ്പലോടെ അച്ഛനെപ്പൂണ്ണം വണങ്ങി. അദ്ദേഹം സ്നേഹത്തോടെ ചോദിച്ചു:—'സുഖം തന്നെയല്ലേ? ഭർത്താവു നിന്നെ സ്നേഹിക്കുന്നില്ലയോ? എന്നെയും അമ്മയെയും സ്മരിക്കുന്നില്ലേ?' മകൾ മറുപടി പറഞ്ഞു:—'മിഷ്ടാന്നം, മയമുള്ള മെത്ത, വസ്ത്രാഭരണങ്ങൾ, വീട്ടു്, നെയ്യു്, ധാന്യം, ഉപ്പു്, തയിർ, പാൽ, നീർ, ധനം, ഗന്ധദ്രവ്യങ്ങൾ, കാഞ്ചനികകം, വിറകു്, രസായനങ്ങൾ, പലതരം ഭോജ്യങ്ങൾ— എന്നുവേണ്ടാ, സർവ്വസമ്പത്തും— ഇവിടെയുണ്ടു്; എന്നെ ഗർഭസ്ഥനായപോലെ ഒരു ഗർഭസ്ഥനുമില്ല തന്നെ! അച്ഛ, ഒരു ദുഃഖമേ എനിക്കുള്ളു: ഭർത്താവു മറ്റു സഹോദരിമാരെയെല്ലാംവിട്ടു് എന്നെത്തന്നെ സ്നേഹിച്ചുപോരുന്നു; ഇവിടെ

Digitized By Kerala Sahitya Akademi

ത്തന്നെയാണ് പതിവായി ഊണ് കഴിക്കുന്നതും രാത്രിയിൽ കിടക്കുന്നതും. ഇങ്ങനെയുള്ളതിൽ മറ്റൊരു ദുഃഖവും എനിക്കില്ല.' രാജാവു രണ്ടാമത്തെ ഗൃഹത്തിൽ പോയി; ആ മകളും ഇതുതന്നെയാണു പറഞ്ഞതു്. മൂന്നാമത്തെ ഗൃഹത്തിൽ പോയപ്പോഴും ഇതുതന്നെ. ഇങ്ങനെ എല്ലാ ഗൃഹങ്ങളിലും ചെന്ന പാർത്ഥിവന്ന്, പുത്രിമാർ ഇതേവിധം പറഞ്ഞതിനാൽ അതിയായ സന്തോഷം തോന്നി. ഈ അത്ഭുതം കണ്ടു വിസ്മയത്താൽ കൺവിടർന്ന മാന്ധാതാവു്, 'ഇവിടത്തെ മഹിമ ഇന്നു ഞാൻ കണ്ടു; മുമ്പു് ഒരേടത്തും കണ്ടിട്ടില്ലാത്തതാകുന്നു, ഭഗവാന്റെ ഈ വിസ്മയനീയാവസ്ഥ!' എന്നു സൌഭരിമഹർഷീന്ദ്രനെ അഭിനന്ദിച്ചു്, അരമനയിലേയ്ക്കു തിരിച്ചു.

കുറെക്കാലത്തിനുശേഷം ആ കന്യകമാക്കു മാമുനിയിങ്കൽ നിന്നു് എറിതീയിൽ തേജസ്സുള്ള മുമ്മൂന്നു പുത്രന്മാർ ഉണ്ടായിവന്നു. ക്രമേണ പൌത്രപ്രപൌത്രാദികൾ വളരെയുണ്ടായി. അങ്ങനെ അസംഖ്യം സന്താനങ്ങളോടൊന്നിച്ചു സൌഭരി സംസാരസുഖമനുഭവിച്ചുകൊണ്ടു വളരെക്കാലം തന്റെ ആശ്രമത്തിൽ വസിച്ചു. പന്തിരണ്ടു മാഘമാസം വെള്ളത്തിലാണ്ടുനിന്നാണ് സൌഭരി കഴിച്ചതു്; മാഘത്തിന്റെ മഹിമയുണ്ടിതൊക്കെ. ഇങ്ങനെ പല നിലയിൽ, മാഘമാസം പുണ്യശാലികൾക്കു ഫലം നൽകുന്നു! ഈ സൌഭരിചരിതം യാവചിലർ ശ്രവിക്കുമോ, ആ മനുഷ്യശ്രേഷ്ഠർക്കു തീർച്ചയായും സന്തതിക്ഷയം വരികയില്ല.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, മാഘമാഹാത്മ്യപ്രകരണം,
ദിലീപവസിഷ്ഠസംവാദം, മൃഗശൃംഗോപാഖ്യാനം, സൌഭരിചരിതകഥാ
ഇരുന്നൂറിമൂന്നിരണ്ടാമദ്ധ്യായം.

——:o:——

ഇരുന്നൂറിമൂന്നാമദ്ധ്യായം

വസിഷ്ഠൻ:—'മൃഗശൃംഗമുനീന്ദ്രൻ വിവാഹം വിധിപോലെ കഴിച്ചു്, പ്രോക്തരീതിയിൽ ഗാർഹസ്ഥ്യം ആചരിച്ചുപോന്നു. ആ മഹർഷിയുടെ ഗാർഹസ്ഥ്യംപോലെയെന്നേണ്ടായിട്ടില്ല, ഉണ്ടാകയുമില്ല! സുവ്രത കമല, വിമല, സുമന എന്നീ ചാരിത്രശാലിനിമാർ എപ്പോഴും ഭർത്തൃശുശ്രൂഷയിൽ ശ്രദ്ധിച്ചുകൊണ്ടിരുന്നു. രാവന്തോറും പാതിവ്രത്യമുള്ളവർ ഇല്ലതൊറും ആ ഭാഗ്യമായൊന്നിച്ചു് ആ ധാർമ്മികൻ വഴിപോലെ ധർമ്മം നടത്തിപ്പോന്നു.'

Digitized By Kerala Sahitya Akademi

ദിലീപൻ:—'പതിവ്രതാലക്ഷണവും ഗൃഹസ്ഥാശ്രമധർമ്മവും എനിക്കു മനസ്സിലാക്കേണമെന്നുണ്ടു്; ഇതു രണ്ടും ശരിക്കു പറഞ്ഞുതരിക.'

വസിഷ്ഠൻ:—'രാജാവേ, ഗൃഹസ്ഥധർമ്മം കേട്ടുകൊള്ളുക: *.... ഭസ്മംകൊണ്ടു ത്രിപുണ്ഡ്രവും ഗോപീചന്ദനംകൊണ്ടു ഊർദ്ധ്വപുണ്ഡ്രവും ധരിക്കണം. .....കൈക്കുടന്നയിൽ വെള്ളമെടുത്തു ഗായത്രി ജപിച്ചു് ആദിത്യനെ നോക്കിനിന്നു് മൂന്നുരു ഉരുക്കണം; ഉച്ചയ്ക്കു് ഒർമ്പും. പ്രാതസ്സന്ധ്യ വന്ദിക്കുക, നക്ഷത്രങ്ങളെല്ലാം മായുന്നതിനു മുമ്പുവേണം; പിന്നെ സൂര്യനെ കാണുന്നതുവരെ ഗായത്രി ജപിക്കണം. ബലികർമ്മം കഴിഞ്ഞാൽ ആചമിച്ചു് അതിഥിയെ കൈക്കൊള്ളാനായി പാർക്കേലയ്ക്കു നോക്കിക്കൊണ്ടു കാൽനാഴികനേരം ഇരിക്കണം. ഭാഗ്യത്താൽ അതിഥി വന്നുചേർന്നു എങ്കിൽ, അദ്ദേഹത്തെ ഒരു ദേവനെ എന്നപോലെ യഥാശക്തി അന്നപാനങ്ങളം കൊണ്ടു പൂജിക്കണം.... .....സന്ന്യാസിയും ബ്രഹ്മചാരിയും പകപാന്നത്തിന്റെ ഉടമസ്ഥന്മാരത്രേ; അവർക്കു നൽകാതെ ഊൺകഴിച്ചാൽ ചാന്ദ്രായണമനുഷ്ഠിക്കണം. നെയ്യും മറ്റും കയ്യിൽ കൊണ്ടു വിളമ്പണം..... ചോറിന്റെ മേൽഭാഗം കുറച്ചെടുത്തു ധർമ്മരാജാവിനും ചിത്രഗുപ്തനും ഭൃത്യങ്ങൾക്കും,

'യത്ര കുത്രാന സംസ്ഥാനാം ക്ഷുത്തൃഷ്ണോപഹതാത്മനാം
ഭൃതാനാം തൃപ്തയേക്ഷയ്യമിദമസ്തു യഥാസുഖം!'

എന്നു ബലി നൽകണം; ആദിയിൽ പ്രണവവും ഒടുവിൽ സ്വാഹാശബ്ദവും ചേർത്തുവേണം ഈ മന്ത്രമുച്ചരിപ്പാൻ. അന്നം പല്ലുകൊണ്ടു കടിക്കരുതു്. ഒന്നാമതു മധുരവും, മധ്യത്തിൽ ഉപ്പും പുളിയും, ഒടുവിൽ എരുകയ്പുകളും തന്മനസ്സായി ഭക്ഷിക്കുക. ആദിയിൽ ദ്രവവും, നടുവിൽ കഠിനവും, ഒടുവിൽ വീണ്ടും ദ്രവവും ഭക്ഷിക്കുന്നവന്നു് ആരോഗ്യവും ബലവും കുറയുകയില്ല. സന്ന്യാസി എട്ടും വാനപ്രസ്ഥൻ പതിനാറും ഗൃഹസ്ഥൻ മുപ്പത്തിരണ്ടും ഉരുളയുണ്ണുക; ബ്രഹ്മചാരി എണ്ണം നോക്കേണ്ടതില്ല. ഊൺ കഴിഞ്ഞാൽ വായും കൈകളും വെള്ളംകൊണ്ടും മണ്ണുകൊണ്ടും ശുദ്ധിപ്പെടുത്തി, പല്ലുകളെ ഇട വെടിപ്പാക്കണം; ആചമിച്ചു്, അല്പം നനവുള്ള കൈകൊ

* ഗൃഹസ്ഥൻ പുലർകാലത്തുണർന്നേഴുനേറ്റു രാത്രിയിൽ ഉറങ്ങുന്നതുവരെ ആചരിക്കേണ്ടുന്നവയാണു് ഈ അദ്ധ്യായത്തിൽ പറഞ്ഞിട്ടുള്ളതു്. ഇതു് ആദിഖണ്ഡം ഭൂമി, ഭൂമി, സൃഷ്ടിഖണ്ഡം മുതലായ അദ്ധ്യായങ്ങളിലുണ്ടു്; അതിനാൽ വളരെ ദ്വേഷ്കേടു വിട്ടു.

Digitized By Kerala Sahitya Akademi

ണ്ടു മുഖവും നെഞ്ചും പൊക്കിളും തുടച്ചു്, ശാന്തചിന്തനായി ആസനത്തിലിരുന്നു് ഇഷ്ടദേവതകളെ സ്മരിക്കണം. വീണ്ടും ആചമിച്ചു വെറിലമുറുക്കണം; വിശ്രമാനന്തരം ബ്രഹ്മവിചാരം ചെയ്യണം. പകലിന്റെ ആറും ഏഴും മുഹൂർത്തങ്ങളെ സന്മാർഗ്ഗവിഷയമല്ലാത്ത ശാസ്ത്രവും പുരാണേതിഹാസങ്ങളും വായിച്ചു വിനോദിച്ചുകഴിക്കണം; എട്ടാമത്തെ മുഹൂർത്തത്തിൽ ഗൃഹകാര്യാദികളും നോക്കണം. സൂര്യൻ അസ്താദ്രിയണഞ്ഞാൽ കാൽ കഴുകി, ദർഭ കയ്യിൽ വെച്ചു് ഏകാഗ്രചിത്തനായി പുറത്തു സന്ധ്യ വന്ദിക്കണം: സൂര്യൻ പകുതിയസ്തമിച്ച സമയത്തു വേണം പശ്ചിമസന്ധ്യാവന്ദനം. പിന്നെ പ്രാണങ്ങളെ അടക്കി, ജലദേവതാമന്ത്രത്താൽ പ്രോക്ഷിക്കണം; വൈകുന്നേരം 'അഗ്നിർജ്യോതിഃ' എന്ന മന്ത്രത്താലും രാവിലെ 'സൂര്യ' എന്ന മന്ത്രത്താലും ജലം നകരണം; മൌനിയായി പടിഞ്ഞാട്ടു തിരിഞ്ഞിരുന്നു ജപമാലയെടുത്തു്, നക്ഷത്രോദയംവരെ, പ്രണവവ്യാഹൃതികളോടുകൂടി ഗായത്രി ജപിക്കണം; വാരുണമന്ത്രംകൊണ്ടു സൂര്യനെ ഉപാസിച്ചു്, ദിക്കുകളെ വലത്തുവെച്ചു്, ദിക്പാലന്മാരെ വെവ്വേറെ വന്നങ്ങണം. രാവിലേയും വൈകുന്നേരവും ഹോമവൈശ്വദേവബലികർമം നടത്തണം. രാത്രിയിൽ ഭൃത്യരോടൊന്നിച്ചു മിതഭക്ഷണം കഴിച്ചു കാലും മറവും കഴുകി, തലോന്ന വെച്ചിട്ടുള്ള മുട്ടുമെത്തയിൽ കിടക്കുക: സപ്തഗൃഹത്തിൽ തല കിഴക്കോട്ടായും, ശത്രുഗൃഹത്തിൽ തല തെക്കോട്ടായും, മറുനാട്ടിൽ തല പടിഞ്ഞാട്ടായും കിടക്കണം; ഒരിക്കലും തല വടക്കോട്ടായിട്ടരുതു്. രാത്രി സൂക്തം ജപിച്ചു്, ദേവകളേയും സുഖശായികളേയും സ്മരിച്ചു സനാതനനായ വിഷ്ണുവിനെ വണങ്ങി ധ്യാനിച്ചിട്ടുവേണം ഉറങ്ങാൻ: അഗസ്ത്യൻ, മാധവൻ, മുചുകുന്ദൻ, കപിലൻ, ആസ്തികമുനി എന്നീ അഞ്ചുപരമർഷികളുടെ സുഖശായികം. തലയ്ക്കൽ മരുമംഗളനിറക്കുടം വെച്ചു വേദമന്ത്രങ്ങളായ ഗരുഡമന്ത്രങ്ങൾകൊണ്ടു രക്ഷയും ചെയ്യണം.....ആദ്യയാമവും അന്ത്യയാമവും വേദാഭ്യാസംകൊണ്ടു കഴിക്കുക; നടുവിലെ രണ്ടു യാമം ഉറങ്ങുക. എന്നാൽ ബ്രഹ്മതുല്യം കൈവരും. ഇതൊക്കെ ഗൃഹസ്ഥൻ നാംതോറും ചെയ്യണം. എല്ലാ വേദങ്ങളിലും വിധിക്കപ്പെട്ടിട്ടുള്ള ഗൃഹസ്ഥധർമ്മമാണിതു്; ഞാൻ മുരുക്കത്തിൽപ്പറഞ്ഞു. ഇനി പതിവ്രതാലക്ഷണം പറയാം:

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, മാഘമാഹാത്മ്യപ്രകരണം,
ദിലീപവസിഷ്ഠസംവാദം, മുനിശ്രേഷ്ഠോപാഖ്യാനം, ഗൃഹസ്ഥധർമ്മനിരൂപണം
ഇരുന്നൂറിരുപ്പത്തിമൂന്നാമദ്ധ്യായം.

Digitized By Kerala Sahitya Akademi

ഇരുന്നൂറാമുത്തരാർദ്ധമദ്ധ്യായം

വസിഷ്ഠൻ:—വിരൂപനോ, ദുർവൃത്തനോ, സപത്നീഭാവിയോ, രോഗിയോ, പിശാചതുല്യനോ, ശ്രുതിക്കാരനോ, കർമ്മകുടിയനോ, കിഴവനോ, വിരൂപനോ, മൂകനോ, അന്ധനോ, ബധിരനോ, ക്രൂരനോ, ദരിദ്രനോ, പിശുക്കനോ, നിന്ദിതനോ, ഭീരുവോ, ചൂതാടിയോ, പെൺകൊതിയനോ ആവട്ടെ ഭർത്താവു സാധിക്കുമോ ദേവനെന്നപോലെ പൂജനീയനാകുന്നു; ഒരിക്കലും സ്ത്രീ ഭർത്താവിനു പ്രതികൂലം ചെയ്യുകൂടാ. ബാലയോ യുവതിയോ വൃദ്ധയോ ഗൃഹത്തിൽപ്പോലും സ്വതന്ത്രയായിട്ടൊന്നും ചെയ്യരുതു് എപ്പോഴും അഹങ്കാരം, കാമം, ക്രോധം എന്നിവ രണ്ടുകൂടി ഭർത്താവിനെ സന്തോഷിപ്പിക്കണം; മറ്റെല്ലാം വർജ്ജിക്കുക. പരപുരുഷന്മാർ കാമത്തോടെ നോക്കിയാലും, പ്രിയവാക്കുകളാൽ കൊതിപ്പിച്ചാലും, ആരംഭത്തിരക്കിൽവെച്ചു തൊടുകതന്നേ ചെയ്താലും പതിവ്രതയുടെ മനസ്സിളകുകയില്ല. അന്യൻ എത്ര ധനം കൊടുക്കാമെന്നു പറഞ്ഞാലും, അവനോടു മനസാ വാചാ കർമ്മണാ ചേരാത്തവളത്രേ, ലോകത്തിന്നാഭരണമായ പതിവ്രത. അതുകൊണ്ടു അന്യച്ചപേക്ഷിക്കുകയോ, ബലേന പിടിക്കുകയോ, വസ്ത്രവും മറ്റും സമ്മാനിക്കുകയോ ചെയ്താൽക്കൂടി അന്യനോടു ചേരാത്തവളത്രേ പതിവ്രത. അന്യൻ നോക്കിയാൽ നോക്കാതെയും ചിരിപ്പിച്ചാൽ ചിരിക്കാതെയും സംസാരിച്ചാൽ സംസാരിക്കാതെയുമിരിക്കുന്നവൾ സത്യത്തയായ സാധ്വിയാകുന്നു. രൂപയൌവനശാലിനിയും ഗീതനൃത്തവിശാരദയുമെങ്കിലും, തനിക്കൊത്ത പുരുഷനെക്കണ്ടാൽ മനസ്സിളകാത്തവൾ പതിവ്രതയത്രേ. സുന്ദരനും യുവാവും രമണീയനും കാമിനിമാർക്കു രുചിക്കുന്നവനുമായാൽക്കൂടി പരപുരുഷനെ ഇച്ഛിക്കാത്തവൾ മഹാപതിവ്രതയാകുന്നു. ദേവനാവട്ടെ, മനുഷ്യനാകട്ടെ, ഗന്ധർവ്വനാകട്ടെ അന്യൻ പതിവ്രതയ്ക്കിഷ്ടപ്പെടുകയില്ല. ..... ഭർത്താവു് ഉണ്ടതിന്നുശേഷം ഉണ്ണുക, ഉഴിക്കെ ഉഴിക്കുക, സന്തോഷിക്കെ സന്തോഷിക്കുക, മുന്നാട്ടിരിപ്പോയിരിക്കെ മലിനവസ്ത്രം ധരിക്കുക, ഉറങ്ങിയതിന്റെ ശേഷം ഉറങ്ങുക, മുമ്പേ ഉണരുക, മരിച്ചുപോയാൽ തീയിൽച്ചാടുക, പരപുരുഷനെ കാമിക്കാതിരിക്കുക, ഇതെല്ലാമാണു് പതിവ്രതാലക്ഷണം. ശപ്തരേയും ഭർത്താവിനേയും സവിശേഷം ശുശ്രൂഷിക്കണം.

ധർമ്മകാര്യത്തിൽ അനാകുലത്വവും, അർത്ഥകാര്യത്തിൽ അടക്കവും, കാമകാര്യത്തിൽ പ്രാഗൽഭ്യവും വേണം. ദേഹം വൃത്തിപ്പെടുത്തണം.

Digitized By Kerala Sahitya Akademi

ഭർത്താവിനു ശുശ്രൂഷയും സമ്മതവും പ്രിയവുമായിട്ടുള്ളതേ സംസാരിക്കാവു. മംഗളകർമ്മവും ഗൃഹാലങ്കരണവും പതിവായിച്ചെയ്യണം. വീട്ടുസാമാനങ്ങളും വെട്ടിപ്പിൽ തെയ്യാറാക്കിവെയ്ക്കണം. ക്ഷേത്രത്തിൽനിന്നോ വനത്തിൽനിന്നോ ഗ്രാമത്തിൽനിന്നോ ഭർത്താവു ഗൃഹത്തിലേയ്ക്കു വരുമ്പോൾ, എഴുനേറ്റഭിനന്ദിച്ചു വെള്ളവും ആസനവും കൊണ്ടുകൊടുക്കണം. പാത്രങ്ങളും വൃത്തിപ്പെടുത്തി, വേണ്ട സമയത്തു മൃഷ്ടാന്നം നൽകണം. ചെലവു മുക്കി ധാന്യങ്ങളും സൂക്ഷിച്ചു വെയ്ക്കണം. ഗൃഹം അടിച്ചുതളിക്കണം. ഗുരുക്കൾ, പുത്രന്മാർ, മിത്രങ്ങൾ, ബന്ധുക്കൾ, വേലക്കാർ, അതിഥികൾ, ഭൃത്യർ, ദാസീദാസന്മാർ, അതിഥികൾ, ആശ്രിതർ, പിച്ചക്കാർ, സന്ന്യാസികൾ എന്നിവരെ ഊട്ടുന്നതിലും ഉടുപ്പിക്കുന്നതിലും കൊടുക്കുന്നതിലും സമ്മാനിക്കുന്നതിലും ലോഹ്യം പറയുന്നതിലും വകതിരിവോടുകൂടിയ വൈഭവം ഗൃഹനായികയ്ക്കുണ്ടായിരിക്കണം. ഗൃഹത്തിലെച്ചെലവിന്നായി ഭർത്തൃയുടെ കയ്യിൽ ഭർത്താവു കൊടുക്കുന്ന ദ്രവ്യം അവാം ആലോചിച്ചു വേണ്ടതെല്ലാം നടത്തി, കുറെ ബാക്കി വെയ്ക്കണം; ദാനത്തിനായി കൊടുത്തേൽപിച്ചതിൽനിന്നു ലോഭത്താൽ ഒട്ടും കയ്യടക്കരുതു്. ഭർത്താവിന്റെ അനുമതി കൂടാതെ, സ്വന്തം ബന്ധുക്കൾക്കു് ധനം കൊടുക്കരുതു്. അന്യനോടു സംസാരിക്കുക, അസന്തോഷം, അന്യരുടെ നടപടിയെപ്പറ്റി സംസാരിക്കുക, ഉറക്കെ ചിരിക്കുക, ഏറെ കോപിക്കുക, കോപിക്കാനിടവരുത്തുക എന്നിവ വർജ്ജിക്കണം. ഭർത്താവു കുടിക്കാത്തതും തിന്നാത്തതും ഭക്ഷിക്കാത്തതുമൊക്കെ പതിവ്രത പരിത്യജിക്കണം.

എണ്ണതേപ്പു്, കുളി, മേൽതേപ്പു്, പല്ലുതേപ്പു്, കുനിയെ വെട്ടുക, ഉണ്ണുക, ഉറക്കം, ആസനത്തിലിരിക്കുക, നല്ലവസ്ത്രമുടുക്കുക, പണ്ടമണിയുക, പൊട്ടുതൊടുക, കണ്ണെഴുതുക, ഗന്ധമാല്യമുപയോഗിക്കുക, മുറുക്കുക ഇതൊന്നും പ്രോഷിതഭർതൃകയായ സ്ത്രീ ചെയ്യരുതു്. ത്രേതായുഗം മുതൽക്കു് സ്ത്രീകൾക്കു മാസംതോറും ആർത്തവമുണ്ടു്. *

സ്നാനം, ശൌചം, പാട്ടു്, കരച്ചിൽ, ചിരി, വഴിനടത്തം, എണ്ണതേപ്പു്, ക്ഷൗരം, കുറിക്കുട്ടുപൂശൽ, പകലുറക്കം, പല്ലുതേപ്പു് എന്നിവയെ രജസ്വല വർജ്ജിക്കണം; മനസ്സുകൊണ്ടും മൈഥുനം ചെയ്യരുതു്; വാക്കുകൊണ്ടും ദേവപൂജ, ദേവവന്ദനം എന്നിവ പാടില്ല; ഉടുവസ്ത്രം മാറരുതു്. കുളിച്ചാൽ, അന്യപുരുഷനെ കാണാതെ, സൂര്യദേവനെ ദർശി

* രജസ്വലമാരുടെ അശുദ്ധി മുമ്പോരേയ്ക്കു പറയപ്പെട്ടിട്ടുണ്ടു്.

Digitized By Kerala Sahitya Akademi

ച്ചു വിശുദ്ധിക്കായി * ബ്രഹ്മകൂർച്ചമൊ വെറും പഞ്ചഗവ്യമൊ പാ ലൊ സേവിക്കണം; അങ്ങിനെ പരിശുദ്ധയായി ആഭരണങ്ങളണി ഞ്ഞു ഭർത്താവിന്റെ പ്രിയഹിതങ്ങളിൽ ഏർപ്പെടണം. ഗർഭിണി യായ സ്ത്രീ രക്ഷചെയ്തു ശോഭനവേഷയായി വാസ്തുപൂജനം ആച രിച്ചുകൊണ്ടു പ്രസന്നമുഖിയായി സ്ഥിതിചെയ്യണം; കെട്ട പെണ്ണുങ്ങ ളോടു സംസാരിക്കരുതു്; മുറത്തിന്റെ കാറേൽക്കരുതു്. കൂട്ടി മരിച്ച സ്ത്രീകളോടും മറവും ഇടപെടരുതു്; അന്യർ പചിച്ചതു ഭക്ഷിക്കരുതു്; അറപ്പു തോന്നിക്കുന്നതിനെ നോക്കരുതു്; രൌദ്രമായ കഥ കേൾക്കരു തു്; കനത്തതും ചൂടേറിയതും ദഹിക്കാത്തതും ഭക്ഷിക്കരുതു്; ഈ നി യമത്തിലിരുന്നാൽ നല്ല മകനുണ്ടാവും; മറിച്ചായാൽ ഗർഭമലസുക യോ സ്തംഭിക്കുകയോ ചെയ്യും.

ഭർത്താവു വല്ല കാര്യത്താലും വിഷമത്തിലായാൽ നന്മയ്ക്കായി വ്ര തം അനുഷ്ഠിക്കണം. യുവതിയായാലും സുന്ദരിയായാലും പുത്രവതി യായാലും മൂത്തവളായാലും ഇളയവളായാലും, തനിക്കുള്ള ഗുണങ്ങളി ല്ലാത്ത സപത്നിയെ പ്രത്യക്ഷമായൊ, പരോക്ഷമായൊ നിന്ദിക്കരുതു്. ഈർഷ്യയാലൊ രാഗത്താലൊ മത്സരമുണ്ടായാൽക്കൂടി സപത്നിമാർ തങ്ങളിൽ അപ്രിയം ചെയ്തുകൂടാ. അന്യന്റെ പേർ പറയരുതു്; അന്യനെ വർണ്ണിക്കരുതു്. ഭർത്താവിനോടുകൂടിരിക്കരുതു്; അടുക്കൽത്ത ന്നെയിരിക്കണം. നിർദ്ദേശിച്ച സ്ഥാനത്തു ഭർത്താവിനെ നേരെ നോ ക്കിയിരിക്കണം; അങ്ങോട്ടമിങ്ങോട്ടും നോക്കരുതു; അന്യനെ നോ ക്കരുതു്; ഭർത്താവിന്റെ മുഖാരവിന്ദത്തെത്തന്നെ സവിലാസം വീക്ഷി യ്യണം. ഭർത്താവു സംസാരിക്കുന്നതു് ആദരപോടെ കേൾക്കണം. ഭ ർത്താവു സംസാരിക്കുമ്പോൾ മാറ്റു കടന്ന മറെറാരാളോടു സംസാരിക്ക രുതു്. ഭർത്താവു രതിസ്ഥാനത്തേയ്ക്കു വിളിച്ചാൽ രതോത്സുകയായി വേഗത്തിൽ ചെല്ലണം. ഭർത്താവു് ഉത്സാഹത്താൽ പാട്ടുപാടുമ്പോൾ, മനംകുളിരെ കേട്ടുകൊണ്ടിരിക്കണം. ഭർത്താവു നൃത്തംവെയ്ക്കുമ്പോൾ ഹർഷത്താൽ, കൺവിടാതെ ദർശിക്കണം. ഭർത്താവു ശാസ്ത്രാദിസമ ത്വമൊ കലാകൌശലമൊ കാണിക്കുമ്പോൾ, പരമാനന്ദംകൊള്ള ണം. ഉദ്വേഗമൊ, ഉഴറേറാ പൂണ്ടു ഭർത്തൃസന്നിധിയിലിരിക്കരുതു്. പ്രണയത്താലല്ലാതെ കലഹിക്കരുതു്; തന്റെയൊ ബന്ധുക്കളുടെയൊ സപത്നിമാരുടെയൊ കാര്യത്തിൽ ക്രൂദ്ധയായി കണവനോടു കലഹിച്ചു പോകരുതു്. ശകാരിക്കയൊ പഴിക്കയൊ തല്ലുകയൊ ഭേദിപ്പിക്ക യൊ ചെയ്യപ്പെട്ടാലും ഭയമെന്നിയെ ഭർത്താവിനെ കഴുത്തിൽ കൈകൊ

* ബ്രഹ്മമുഹൂർത്തത്തിലുള്ള പഞ്ചഗവ്യം.

Digitized By Kerala Sahitya Akademi

ചെയ്തു തഴകണം; ഉറക്കെക്കരയരുതു്; ആരും വരാൻവേണ്ടി നിലവിളിക്കുട്ടരുതു്; ഗൃഹത്തിൽ നിന്നു് പുറത്തെയ്ക്കോടരുതു്. 'അങ്ങു് എന്റെ അച്ഛനാണു്, അങ്ങു് എന്റെ ഭ്രാതാവാണു്, അങ്ങയെയല്ലാതെ മറെറാരുത്തൻ എനിക്കുവേണ്ടാ' എന്നല്ലാതെ, വൈരാഗ്യദ്യോതകമായിട്ടൊന്നും ഒരിക്കലും പറയരുതു്. വല്ല അടിയന്തിരത്തിനും ബന്ധുഗൃഹത്തിൽ പോകേണ്ടിവന്നാൽ ഭർത്താവിന്റെ അനുവാദം വാങ്ങി, തക്കആരുംകൂടാരോട്ട കൂടി വേണം പോവാൻ; അവിടെ ഏറെത്താമസിക്കാതെ ഗൃഹത്തിലേയ്ക്കു മടങ്ങിപ്പോരികയും ചെയ്യണം.

ഭർത്താവു വല്ലടത്തേയ്ക്കും യാത്ര പുറപ്പെട്ടാൽ മംഗളമാശംസിക്കണം; നിഷേധം പറഞ്ഞു തടുക്കരുതു്; കരയരുതു്. * .....ഭർത്താവു മറ്റിടങ്ങളിലേയ്ക്കു പോയാൽ, പോകുമ്പോൾ കഴിച്ചിൽക്കായിക്കൊടുത്തതുകൊണ്ടു് ദിനവൃത്തി കഴിക്കണം; ശത്രുപ്രശ്നമുള്ളടത്തു് അടുക്കരുതു്; നാടകം തോറും ഭർത്താവിന്റെ വർത്തമാനം ശ്രദ്ധാപൂർവ്വം ശ്രവിക്കണം; ഭർത്താവിന്റെ കുശലമറിയാൻ ആളുകളെ പറഞ്ഞയയ്ക്കണം; ദുഷ്ടരോടു കൂടെ നടക്കരുതു്. * .....അതിരാവിലെ ഉണരുക, എപ്പോഴും ഉറങ്ങാം, കലഹിക്കൽ, ഉറക്കെച്ചിരിക്കുക, അന്യന്മാരുമായി കളിക്കുക, അന്യന്റെ ചേഷ്ടകളെ ചിന്തിക്കുക, തോന്നിയപോലെ ചുറ്റിനടക്കുക, പരപുരുഷന്റെ ഗേഹത്തിൽ മുട്ടുക, മറവസ്ത്രം ധരിച്ചു നടക്കുക, ലജ്ജയില്ലായ്മ, വെറുതെ വല്ലേടത്തും പോവുക മുതലായ ദോഷങ്ങളെല്ലാം സ്ത്രീകൾ ഭർത്താവിനു ദുഃഖപ്രദകളാകുന്നു. ഗൃഹജോലികൾ കഴിച്ചു്, ദേഹത്തിൽ മഞ്ഞൾ തേച്ചു ശുദ്ധജലത്തിൽ കുളിച്ചു്, കുളിർന്നനവു പറ്റുമണിഞ്ഞു പ്രസന്നമുഖാംബുജയായി പ്രിയതമന്റെ അടുക്കൽച്ചെല്ലണം. ഇങ്ങനെ മനോവാക്കായങ്ങളിൽ അടക്കമുള്ള പെരുമാറ്റമുള്ള സ്ത്രീ ഇഹത്തിൽ കീർത്തിയും പരത്തിൽ ഭർതൃസായൂജ്യവും നേടും. ഭവകർമ്മപ്രഭാവങ്ങളിലെല്ലാം സ്ത്രീകൾ ഭർത്താവിനെപ്പോലെ ഈശ്വരനില്ല. ഭർത്താവു പ്രസാദിച്ചാൽ അവർക്കു സർവ്വകാമങ്ങളും ലഭിക്കും; കോപിച്ചാലോ, നാകത്തെന്നി! അത്യുത്തമങ്ങളായ ശയ്യാസനങ്ങൾ, വസ്ത്രങ്ങൾ, ഗന്ധങ്ങൾ, മാല്യങ്ങൾ തുടങ്ങിയ വിവിധഭോഗ്യങ്ങളും സന്താനവും മികച്ച കീർത്തിയും സമ്പൂർണ്ണ സ്ത്രീക്ക് ഭർത്താവിങ്കൽ നിന്ന് കൈവരുന്നു!

ഈ വക ധർമ്മനാനീതികളുണ്ടാക്കിയ പതിമാരോടൊന്നിച്ചു് ആ വിശ്വോത്തരകരണനായ മുനിശ്രേഷ്ഠൻ വളരെക്കാലം സാധാ

* ഇരട്ടിപ്പു്.

Digitized By Kerala Sahitya Akademi

സുഖങ്ങളനുഭവിക്കുകയും അതിരാത്രമയനവാജപേയയജ്ഞങ്ങളും അനുഷ്ഠിക്കുകയും ചെയ്തു.

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, മഹാത്മ്യപ്രകരണം,
ദിലീപവസിഷ്ഠസംവാദം, മൃഗശൃംഗോപാഖ്യാനം പതിവ്രതധർമ്മകഥനം
ഇരുനൂറിരുപ്പത്തിയാറാമദ്ധ്യായം.

.o:

ഇരുന്നൂറിരുപ്പത്തഞ്ചാമദ്ധ്യായം

വസിഷ്ഠൻ:—ഇങ്ങനെ ഗൃഹസ്ഥാശ്രമസ്ഥനായ മൃഗശൃംഗമാമുനിയുടെ, കുറേക്കാലത്തിനുശേഷം അഗ്ന്യുപതിയായ സുവൃത്തയിൽ ഒരുണ്ണിയുണ്ടായിവന്നു. അദ്ദേഹാട്ടുകൂടി പിതൃകടം തീർന്ന കൃതാർത്ഥനായ മുനിപുംഗവൻ പുത്രനു ജാതകർമ്മം ശരിക്കു കഴിച്ചു; മൃകണ്ഡു എന്നു പേരുമിട്ടു: 'ഇവന്റെ ശരീരത്തിൽ ശങ്കയെന്നിയേ മൃകങ്ങളും *കണ്ഡൂയനം ചെയ്യു'മെന്നു ഭാവി കണ്ടിട്ടത്രേ, ആ ത്രികാലജ്ഞനായ മഹാബുദ്ധിമാൻ മകനു മൃഗണ്ഡു എന്ന നാമകരണം ചെയ്തതു്. കലത്തെ പ്രകാശിപ്പിക്കുന്ന ഗുണനിധിയായി ജ്വലദഗ്നിതേജസ്സായ മൃകണ്ഡു അച്ഛനാൽ ഉപനീതനായി ബ്രഹ്മചര്യമനുഷ്ഠിച്ചു, ഗുരുകുലത്തിൽ വസിച്ചു വേദമെല്ലാം പഠിച്ചു; പിന്നെ ഗുരുവിനാൽ അനുജ്ഞാതനായിട്ടു രണ്ടാമത്തെ ആശ്രമത്തിൽ പ്രവേശിച്ചു: മുൾഗലമുനിയുടെ മകളായ മരുദ്വതിയെയാണു് മൃകണ്ഡു വേളികഴിച്ചതു്.

കാലോന കമലയും ഒരു ശ്രേഷ്ഠപുത്രനെ പ്രസവിച്ചു. ആചാരം, ശ്രുതം, വിദ്യ, വിനയം എന്നിവകൊണ്ടു് എല്ലാടത്തും ഉത്തമനാകുമെന്നു കണ്ടു് അവന്നു് ഉത്തമനെന്ന പേർ നൽകപ്പെട്ടു. അവൻ പിതാവിനാൽ സംസ്കാരവും ഉപനയനവും നടത്തപ്പെട്ടു്, വേദമെല്ലാം പഠിച്ചു്, ഗുരുവിധി വേളികഴിച്ചു; കൃതകന്ധളയും കമനീയരൂപയും കമല യതാക്ഷിയും കല്യാണസ്വഭാവയുമായ കണ്വന്റെ മകൾ കൃശ എന്നവളായിരുന്ന ഉത്തമന്റെ കുടുംബിനി.

വിമലയുടെ മകൻ സുമ എന്നവൻ വേദമെല്ലാം പഠിച്ചു്, സുഗതിപുത്രിയായ സത്യ എന്ന സാധ്വിയെ വേട്ട ഗൃഹസ്ഥനായി.

കാലോന സുരസയും ഒരു സുതനെ പ്രസവിച്ചു; സുവ്രതനെന്ന ആ പുത്രൻ വേദമെല്ലാം പഠിച്ചു ഗുരുവിന്നു് ദക്ഷിണ നൽകി ദ്വിതീ

* ചൊറിയും.

Digitized By Kerala Sahitya Akademi

യാത്രാനം കൈകൊക്കാണ്ടു: പൃഥുവിന്റെ മകനും പ്രിയംവദയായിരുന്ന സുരസാപുത്രന്റെ ധർമ്മപത്നി.

പുത്രന്മാരെല്ലാവരേയും അച്ഛൻ തക്ക ദക്ഷിണയോടുകൂടിയ യാഗങ്ങളും കഴിപ്പിച്ചു; അവർ എപ്പോഴും ശുശ്രൂഷിച്ച് അച്ഛനെ പ്രീതിപ്പെടുത്തി. ആ ശ്രുതലക്ഷണന്മാരായ സ്നുഷമാരാലും ശ്രുതിപാരഗരായ സൽപുത്രന്മാരാലും ഉൽകൃഷ്ടഗുണം തികഞ്ഞ പത്നിമാരാലും പരിചരിക്കപ്പെട്ടുകൊണ്ടു മൃഗശൃംഗൻ ഗാർഹസ്ഥ്യം നടത്തിപ്പോന്നു. മഹാത്മാവായ ഉത്തമൻ, സുമതി, സുവ്രതൻ എന്നിവർക്കു വളരെ പുത്രന്മാരുണ്ടായി; ആ വേദപാരഗരായ പൌത്രന്മാരോടും പുത്രന്മാരോടും സ്നുഷമാരോടും ഭാര്യമാരോടുമൊന്നിച്ച് മൃഗശൃംഗൻ, മാഘമാസം വന്നാൽ പ്രാതസ്സ്നാനം ആചരിക്കാറുണ്ടായിരുന്നു; അദ്ദേഹം മാഘത്തെ ഒരിക്കലും മോഘമാക്കിയിരുന്നില്ല: മാഘമാസം വന്നാൽ സ്നാനം, ദാനം, ശിവാർച്ചനം, വ്രതം, നിയമം എന്നിതെല്ലാം ഗൃഹസ്ഥാശ്രമത്തിന്ന് ഒരു ഭൂഷണമാണെന്നായിരുന്ന ആ ബ്രാഹ്മണേന്ദ്രന്റെ അഭിപ്രായം. ഇങ്ങനെ സന്താനത്തിന്റെ സന്താനത്തെക്കൂടി ദർശിച്ച സംസാരസൌഭാഗ്യം അനുഭവിച്ചുകൊണ്ടിരുന്ന ആ തപോനിധി, വാർദ്ധക്യം ശരീരത്തെ ബാധിച്ചതു കണ്ടിട്ട്, ഭാര്യമാരെ പുത്രന്മാരിലേല്പിച്ചു, അഗ്നിയെ തങ്കലാരോപിച്ചു, തപസ്സുചെയ്യാനായി തപോവനമണഞ്ഞു. അവിടെ അദ്ദേഹം ഇല തിന്നും ആല്പസമ്മിശ്രമായ വെള്ളം കുടിച്ചും പാലിൽക്കിടന്നും നീണ്ടകാലം മനുകളുടെ ഇടയിൽ അവയെപ്പോലെ നടന്ന്, ബ്രഹ്മപദം പ്രാപിച്ചു; അതികൽ നാന്മുഖനാൽ അനുഗ്രഹിക്കപ്പെട്ട സിംഹാസനത്തിലിരുന്ന്, താൻ നേടിയ നിസ്തുല്യങ്ങളായ അനന്തലോകങ്ങളെ അനുഭവിച്ചുപോന്നു. പിന്നെ ഒരിക്കൽ പ്രളയം കഴിഞ്ഞു വീണ്ടും ശ്വേതവരാഹകല്പം വന്നപ്പോൾ, ആ മുനീന്ദ്രൻ ജട എന്ന ബ്രഹ്മപുത്രനായിജ്ജനിച്ച നിമാഘന്നു ഹിതോപദേശം ചെയ്തു.

അദ്ദേഹത്തിന്റെ ശീലാചാരശാലിനിമാരായ പത്നിമാർ നാലുപേരും കൂടെനാലം പുത്രന്മാരുടെ അടുക്കൽ പ്രാണങ്ങളുപേക്ഷിച്ചുകൊണ്ടുപോയ്തു; ഒടുവിൽ അവർ ചുക്കിച്ചുളിഞ്ഞു, നരച്ചു, ശ്രോത്രം പല്ലു മിക്കതും കൊഴിഞ്ഞ്, ഇന്ദ്രിയശക്തി കെട്ടവരായിത്തീർന്നു. അതുകണ്ടു, മരുദ്ഗതിയിൽ സന്താനമില്ലാതിരുന്ന മുകണ്ഡുമുനീന്ദ്രൻ, 'ഞാൻ ഭാര്യയോടൊന്നിച്ച് അമ്മമാരെയുംകൊണ്ടു, ശിവൻ ചെവിയിൽ താരകമുപദേശിക്കുന്ന ശങ്കരപുരി (കാശി)യിലേയ്ക്കു പോയ്ക്കളയാ'മെന്നാലോചിച്ചു. അങ്ങനെയിരിക്കെ, ആ നാട്ടിലെ രാജാവു്, രാഷ്ട്രവിവർദ്ധനൻ,

Digitized By Kerala Sahitya Akademi

വളരെ ആശ്ചര്യത്തോടെ നിന്നു കാശിക്കായി എഴുന്നള്ളുന്നു പുറപ്പെട്ടു; അക്ഷൗഹിണിയിൽ മുകണ്ഡു മുതൽപേരും പരലോകപ്രാപ്തരാക്കി നടകൊണ്ടു.

(ശ്ലോകങ്ങൾ)

'എവർ മാതാപിതൃഭക്തർ, തൻബന്ധുക്കൾക്കും വെടിഞ്ഞവർ,
എവക്കു ഗതിയില്ലെങ്കു,മവക്കു ഗതി കാശിയാം!
വാർദ്ധക്യത്താൽ വലഞ്ഞോരും വ്യാധിഗ്രസ്തരുമേവരോ,
എവക്കു ഗതിയില്ലെങ്കു,മവക്കു ഗതി കാശിയാം!
അടിക്കടിക്കഫോരോത്തമാപത്തേറവരേവരോ,
എവക്കു ഗതിയില്ലെങ്കു,മവക്കു ഗതി കാശിയാം!
എവർ സംസാരവിവശർ കർമ്മക്കെട്ടിൽക്കെട്ടുങ്ങിയോർ,
എവക്കു.....
എവർ പാപചയാക്രാന്തർ, ദാരിദ്ര്യത്താൽ കഴങ്ങിയോർ,
എവക്കു.....
എവർ യോഗപരിഭ്രഷ്ടർ, തപോദാനവിവർജ്ജിതർ,
എവക്കു..... .....
എവക്കു ബന്ധുമധ്യത്തിൽ മാനഭംഗമടിക്കടി,
ആനന്ദമേവക്കെന്നേ: ശങ്കരാനന്ദകാനനം!
ആനന്ദകാനനം തന്നിൽ വാണാൽ നീചക്കുപോലുമേ
വിശേഷാനുഗ്രഹംമൂലമാനന്ദമുളവായ്വതും!
എവിടെക്കർമ്മബീജത്തെ വിശേഷാഗ്നി ചുടുക്കുമോ,
ആ മഹത്താം ശ്മശാനം താനഗതിക്കഗ്ര്യമാം ഗതി!
സംസാരസുപ്തം ഭംഗിച്ച ദേഹികൾക്കുള്ള ശങ്കരൻ
തൃക്കൈകളാലേ ചെവിതൊട്ടുപദേശിച്ച താരകം!
കപിലപ്രോക്തമാം സാംഖ്യം യോഗം വ്രതമിവറിനാൽ
കൈവരാത്തുള്ള ഗതിയെ മോക്ഷഭൂമിയിതേകമേ!
കാശീപ്രാപ്തിയിതേ യോഗം! കാശീപ്രാപ്തിയിതേ തപം!
കാശീപ്രാപ്തിയിതേ ദാനം! കാശീപ്രാപ്തി ശിവാർച്ചനം!
കാശീപ്രാപ്തിയിതേ കർമ്മം! കാശീപ്രാപ്തിയിതത്പരം!
കാശീപ്രാപ്തിയിതേ സത്യം! കാശീപ്രാപ്തിയിതേ സുഖം
കാമക്രോധങ്ങളെന്തെന്നു മദം ലോഭമഹന്തയും,
മൈത്ര്യമെന്തെന്നു മാത്സര്യം, കർമ്മമെന്തെന്നു ജാഡ്യവും,
ഭയമെന്തെന്നുവാൻ കാലം, ജരയെന്തെന്നു ദൃഷ്ടകം,
രജസ്സെന്തെന്നുവാൻ വിഘ്നം നരക്കീക്കാശിവാഴ്ചയിൽ?'

Digitized By Kerala Sahitya Akademi

മാതാക്കന്മാക്കു മാഗ്ഗഭേദം നീക്കുന്നതിനുവേണ്ടി ഈ വിധം കഥിച്ചുകൊണ്ടു മുകണ്ഡു അവരോടൊന്നിച്ചു പതുക്കെ കാശിയിൽ ചെന്നെത്തി. ഒട്ടും താമസിയാതെ അദ്ദേഹം ഒന്നാമതു മണികർണ്ണികയിൽ യഥാവിധി സ്നാനമാചരിച്ചു വിശ്വേശ്വരനെ സന്ധ്യാവന്ദനവും മറ്റും കഴിച്ചു തീർത്ഥവാസികളായ ദേവർഷികൾക്കെല്ലാം വെച്ചേറെ ഗന്ധകുശോദകംകൊണ്ടു തർപ്പണംചെയ്തു; അനന്തരം, അമൃതുപോലുള്ള പഞ്ചാമൃതപ്പായസം, ഗോരസത്തോടുകൂടിയ ചോറു്, പലതരം ധാന്യം, ഗന്ധചന്ദനകർപ്പൂരതാംബൂലങ്ങൾ, നല്ല വസ്ത്രങ്ങൾ എന്നിവ ദീനർക്കും അനാഥർക്കും ധാരാളമായിക്കൊടുത്തു; എന്നിട്ടു ഢുംഢിവിനായകനെ ക്ഷേത്രപൂർവ്വം സിന്ദൂരവും പൂശിച്ചു്, അഞ്ചു മോദകം നിവേദിച്ചു്, സജ്ജനത്തെ * ഉപദ്രവങ്ങളിൽ നിന്നു വേർപെടുത്തി, ക്ഷേത്രത്തിന്നുള്ളിൽക്കടന്നു്, അവിടെ ആവരണദേവതകളെയെല്ലാം പൂജിച്ചു്, വിശ്വനാഥൻതിരുവടിയെ വണങ്ങി സ്തുതിച്ചു വഴിപോലെ ക്ഷേത്രോപവാസമനുഷ്ഠിച്ചു. അമ്മമാരോടുകൂടി ആ മഹാശയൻ വിശ്വനാഥസന്നിധിയിൽ ഉറക്കമിളച്ചു രാത്രി കഴിച്ചു്, പ്രഭാതത്തിൽ മണികർണ്ണികയിൽ സ്നാനംചെയ്തു ശുദ്ധിയായി, മനസ്സടക്കി കർമ്മമെല്ലാം കഴിച്ചു; പിന്നീടു വേദവേദാംഗപാരഗരായ മഹാബ്രാഹ്മണരോടൊന്നിച്ചു്, തന്റെ പേരിൽ സർവ്വസിദ്ധിപ്രദമായ ഒരു ലിംഗം പ്രതിഷ്ഠിച്ചു. ആ നാലമ്മമാരും അവരവരുടെ പേരിൽ ദർശനത്താൽത്തന്നെ മുക്തിയെ നൽകുന്ന ഓരോ ലിംഗം പ്രതിഷ്ഠിച്ചു.

ഢുംഢിഗണേശന്റെ മൻവശത്തു § മുകണ്ഡേശ്വരനെ ദർശിച്ചാൽ സർവ്വകാര്യങ്ങളും സാധിക്കും; കാശീനിവാസം സഫലവുമാകും. ആ ലിംഗത്തിനു മുന്നിൽ സുവൃത്തേശ്വരനെ ദർശിച്ചവൻ വിഘ്നാക്രാന്തനാകയില്ല; സുവൃത്തനായി ഭവിക്കുകയും ചെയ്യും; അതിന്റെ കിഴക്കവശത്തു കമല പ്രതിഷ്ഠിച്ച ശ്രേയോലിംഗത്തെ ദർശിച്ചാൽ സർവകാമങ്ങളും സിദ്ധിക്കും. ദേഹളീവിഘ്നേശ്വരന്റെ സന്നിധിയിൽ വിമലേശ്വരനെ ദർശിച്ചാൽ വിമലജ്ഞാനം ഉണ്ടായിവരും. അതിന്റെ വടക്കു കിഴക്കു സൂര്യേശ്വരനെ ദർശിച്ചവൻ സൂര്യസാമ്രാജ്യം നേടി, കാശിയിൽ മുക്തിയടയും. മണികർണ്ണികയ്ക്കു പടിഞ്ഞാറുവശം മരുഭൂതി പൂജിച്ച ലിംഗത്തെ ദർശിച്ചവനു പുനർജ്ജന്മമുണ്ടാകയില്ല.

ഇങ്ങനെ ലിംഗങ്ങളെ പ്രതിഷ്ഠിച്ചു് അവർ ഒരു വർഷം കാശിയിൽ താമസിച്ചു. ആ വിചിത്രവിചിത്രമായ ക്ഷേത്രം വീണ്ടും വീണ്ടും

* ഢുംഢിഗണേശപൂജയാൽ സർവോപദ്രവനാശമുണ്ടെന്നു സാരം.

§ മുകണ്ഡു പ്രതിഷ്ഠിച്ച ശിവനെ.

Digitized By Kerala Sahitya Akademi

ർശിച്ചിട്ടും മൃകണ്ഡുവിന്നു മക്കൾ ജനിച്ചില്ല! ഒരു സംവത്സരം മുഴുവൻ നാനതീർത്ഥങ്ങളിൽ പോയിട്ടും അദ്ദേഹം പല്ലും തീർത്ഥങ്ങളിലുമെന്തിനിപ്പോൾ; അടിക്കടി തീർത്ഥമുണ്ട്, കാശിയിൽ!

ഒരു ദിവസം അമ്മമാർ മണികർണ്ണികയിൽ മധ്യാഹ്നസ്നാനം കഴിച്ച്, ശിവക്ഷേത്രം വലത്തുവയ്ക്കുന്നതിനിടയിൽ കണ്ണീരിച്ചു കണ്ണു മങ്ങി നിലത്തു പതിച്ചു. ഉടനെ, കരുണാനിധിയായ കാശീശ്വരൻ അരികത്തെഴുന്നള്ളി, അതിവാത്സല്യത്തോടേ രണ്ടു തുടയ്ക്കൊണ്ടും തലതാങ്ങി, അവരുടെ ചെവിയിൽ ഒന്നിച്ചുതന്നെ ഓംകാരമുച്ചരിച്ചു.

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, മാഘമാഹാത്മ്യപ്രകരണം,
ശിലീചവസിഷ്ഠസംവാദം, മാർക്കണ്ഡേയോപാഖ്യാനാരംഭം,
ഇരുനൂറിരുപ്പത്തഞ്ചാമദ്ധ്യായം.

:o:

ഇരുനൂറിരുപ്പത്താറാമദ്ധ്യായം

വസിഷ്ഠൻ:—മഹാമനസ്സനായ മൃകണ്ഡു അമ്മമാരുടെ ശേഷക്രിയ ശരിക്കു കഴിച്ച്, വളരെക്കാലം കാശിയിൽത്തന്നെ പാർത്തു. അദ്ദേഹത്തിന്നു ശിവന്റെ പ്രസാദത്താൽ മരുദ്വതിയിൽ മാർക്കണ്ഡേയൻ എന്നൊരു തേജസ്സേറിയ പുത്രൻ ജനിച്ചു; ശ്രീമാൻ മാർക്കണ്ഡേയമുനി തപസ്സുകൊണ്ടു ശംഭുവിനെ പ്രസാദിപ്പിച്ചു ദീർഘായുസ്സു വാങ്ങി, വളരെ പ്രളയങ്ങൾ മശിച്ചു!'

ദിലീപൻ:—'മൃകണ്ഡുവിന്നു മരുദ്വതിയിൽ സന്താനമില്ലായിരുന്നു എന്നാണല്ലോ, ഇവിടുന്നു പറഞ്ഞതു്? പിന്നെ, ശിവപ്രസാദത്താൽ പുത്രനുണ്ടായതെങ്ങിനെ? അദ്ദേഹം ശിവനോടു്, ദീർഘായുസ്സു വാങ്ങിയതെങ്ങിനെ? മുനിപുംഗവ, ഇതു വിസ്തരിച്ചു പറഞ്ഞാൽ കൊള്ളാം.'

വസിഷ്ഠൻ:—'രാജാവേ, മാർക്കണ്ഡേയോല്പത്തി കേട്ടുകൊള്ളുക: അനപത്യനായിരുന്ന മൃകണ്ഡുമഹർഷി പതിനോടൊന്നിച്ചു തപോനിയമങ്ങളാൽ പരമേശ്വരനെ പ്രസാദിപ്പിച്ചു. പ്രീതനായ പിനാകി സഭാര്യനായ മാമുനിയോടു 'വരം വാങ്ങിക്കൊൾക' എന്നരുളിച്ചെയ്തു. അദ്ദേഹം വരമാവശ്യപ്പെട്ടു:—'ഭഗവൻ, പരമേശ്വര, എന്റെ സ്നേഹത്താൽ ഇവിടെയുള്ള തിരുവുള്ളം തെളിഞ്ഞുവല്ലോ; സന്താനമില്ലാത്ത എനിക്ക് ഒരുണ്ണിയെ കല്പിച്ചു തന്നാൽക്കൊള്ളാം.'

Digitized By Kerala Sahitya Akademi

ശിവൻ:—'ഏറെക്കാലം ജീവിച്ചിരിക്കുന്ന ഗുണശീലനായ പുത്രനോ, പതിനാറു വയസ്സുവരെ ജീവിക്കുന്ന ഗുണവാനും സർവ്വജ്ഞനുമായ ഒരു പുത്രനോ ഭവാനു വേണ്ടതു്?'

ആ ധർമ്മിഷ്ഠൻ മറുപടി പറഞ്ഞു:—'ജഗദീശ, ഗുണവാനല്ലാത്ത മകൻ എനിക്കു വേണ്ടാ; അല്പായുസ്സായാലും സർവ്വജ്ഞനായ പുത്രൻ ഉണ്ടാകുമാറാകട്ടെ!'

ശിവൻ:—'എന്നാൽ ഭവാനു പതിനാറു വയസ്സുവരെ ജീവിക്കുന്ന സുധാർമ്മികനായ സുതൻ ഉണ്ടായിവരും; അവൻ ഗുണവാനും സർവ്വജ്ഞനും ജഗത്തിൽപ്പുകഴ്ന്നവനും ജ്ഞാനസമുദ്രവുമായിരിക്കും.'

ഇപ്രകാരം കഥിച്ചു ദേവൻ തിരിച്ചെഴുന്നള്ളി. വരം ലഭിച്ചതിനാൽ പരമസന്തുഷ്ടനായ മുനിയും തന്റെ ആശ്രമത്തിലേയ്ക്കു തിരിച്ചു. ഏറെത്താമസിയാതെ, അദ്ദേഹം ഗർഭാധാനകർമ്മം ശരിക്കനുഷ്ഠിക്കുകയും, ഭാര്യ മരുദ്വതി ഗർഭം ധരിക്കുകയും ചെയ്തു. പിന്നെ *സ്പന്ദനത്തിനു മുമ്പു നല്ല ദിവസം നോക്കി, പുരുഷവർദ്ധനത്തിനായി അദ്ദേഹം പുംസവനം യഥാവിധി കഴിച്ചു; എട്ടാംമാസത്തിൽ ഗർഭരക്ഷാവർദ്ധനത്തിനായി സീമന്തം നടത്തി; സുഖപ്രസവത്തിനു വേണ്ടതും ആ കർമ്മകുശലൻ ചെയ്തുപോന്നു.

മരുദ്വതി മാർത്താണ്ഡതുല്യനായ പുത്രനെ പ്രസവിച്ചു. ദേവപടഹങ്ങൾ മുഴങ്ങി; ദിക്കുകളെല്ലാം തെളിഞ്ഞു; മംഗളാശംസകൾ നീളെ മുതിർന്ന സർവ്വപ്രാണികളേയും ആഹ്ലാദിപ്പിച്ചു. തിലോത്തമ തുടങ്ങിയ അപ്സരസ്ത്രീകളും, ഇന്ദ്രാദിദേവന്മാരും, വേദവ്യാസൻ മുമ്പായ മുനിമാരും ഉണ്ണിയുടെ ശാന്തികർമ്മത്തിനു വന്നെത്തി. വേദവ്യാസമഹർഷി താൻതന്നെയാണു ജാതകർമ്മം കഴിച്ചതു്; പതിനൊന്നാംദിവസം മുനി പല വൈദികമന്ത്രങ്ങളും ആശീസ്സുകളും ചൊല്ലി നാമകരണവും കഴിച്ചു. കുട്ടിക്കു വേണ്ടുന്ന രക്ഷ ചെയ്തു് അവർ സൽകൃതരായി തിരിയേ പോയി. 'അഹോ, സൗന്ദര്യം! അഹോ, തേജസ്സു്! അഹോ, സർവ്വജ്ഞലക്ഷണം! അഹോ, മരുദ്വതിയുടെ ഭാഗ്യത്താൽ മഹേശ്വരൻ താൻതന്നെ അവതരിച്ചിരിക്കുന്നു!' എന്നിങ്ങനെ പൌരരും നാട്ടുകാരും തമ്മിൽത്തമ്മിൽ ശ്ലാഘിക്കുകയായി. നാലാം മാസത്തിൽ അമ്മാവൻ ഉണ്ണിയുടെ 'വാതിൽ പുറപ്പാടും' ആറാംമാസത്തിൽ ചോറൂണും, രണ്ടരവയസ്സായപ്പോൾ ചെവിയും, ശ്രവണനക്ഷത്രത്തിൽ കാതു കുത്തും കഴിച്ചു; അഞ്ചാംവയസ്സിൽ ബ്രഹ്മതേജോഭിവൃദ്ധിക്കായി ഉപനയന

* ഗർഭചലനം.

Digitized By Kerala Sahitya Akademi

വും ഉപാകർമ്മവും കഴിച്ചു വേദം ചൊല്ലിച്ചുതുടങ്ങി. ബാലൻ വേദങ്ങളും അംഗോപാംഗപദക്രമങ്ങളും ശരിക്കു പഠിച്ചു—എല്ലാ വിദ്യകളും, നിമിത്തമാത്രമായ ഗുരുവിങ്കൽ നിന്ന്, വിനയാദികളെ പ്രദർശിപ്പിച്ചുകൊണ്ട് എളുപ്പത്തിൽ ഗ്രഹിച്ചു. ശിവൻ പതിവായി ഭിക്ഷാന്നം ഭുജിച്ചു മാതാപിതാക്കന്മാരെ സന്തോഷിച്ചുപോന്നു.

ധീമാനായ മാർക്കണ്ഡേയനന്ദന പതിനാറു വയസ്സായപ്പോൾ മുകണ്ഡു ദുഃഖം സഹിയാതെ വിവശേന്ദ്രിയനായി വിലപിപ്പാൻ തുടങ്ങി. അതുകണ്ട് മാർക്കണ്ഡേയൻ അച്ഛനോട്, 'എന്താണിവിടെയ്ക്ക് ശോകമോഹങ്ങൾക്ക കാരണം?' എന്നു ചോദിച്ചു. മാർക്കണ്ഡേയന്റെ മധുരഭാഷണം കേട്ടിട്ട് അദ്ദേഹം ദുഃഖത്തിന്റെ കാരണം മകനെ അറിയിച്ചു:—'ഉണ്ണിയെക്കുറിച്ചുതന്നെയാണ് എനിക്ക് വ്യസനം: നിനക്ക് പതിനാറുവയസ്സേ പരമേശ്വരൻ തന്നിട്ടുള്ളു; ആ കാലം ഇതാ, വന്നുകഴിഞ്ഞു! മകനേ, അതുകൊണ്ടാണ് ഞാൻ വ്യസനിക്കുന്നതു.' മാർക്കണ്ഡന്റെ അച്ഛനെ ആശ്വസിപ്പിച്ചു:—'എന്നെച്ചൊല്ലി അച്ഛൻ ഒരിക്കലും വ്യസനിക്കേണ്ട. ഞാൻ വാഞ്ഛിതാർത്ഥപ്രദനും മൃത്യുഞ്ജയനും വിശ്വാക്ഷനും സർവ്വജ്ഞനും സത്തുക്കൾക്ക സർവ്വതാവും കാലകാലനും മഹാകാലനും കാളകൂടവിഷാശിയുമായ മഹാദേവനെ ആരാധിച്ചു മരണരഹിതനായിത്തീർന്നു ശ്രമിക്കാം.' ഇതു കേട്ടുതാതൻ കുടി, ദുഃഖമെല്ലാമൊഴിഞ്ഞു മനംകളിത്ത മാതാപിതാക്കൾ മകനോടരുളിച്ചെയ്തു: —'ഞങ്ങൾക്ക ദുഃഖം നീങ്ങി: മൃത്യുഞ്ജയന്തിരുവടിയെ ആരാധിയ്ക്കുക എന്നതു് ഒരു വലിയ ഉപായംതന്നെയാണ്. ഉണ്ണി കേട്ടിട്ടില്ലയോ: പണ്ട്, കാലപാശംകൊണ്ട് ബന്ധിക്കപ്പെട്ട ശ്വേതകേയുവിനെ ത്രിപുരാന്തകൻ സംരക്ഷിച്ചു; എട്ടാമാണ്ടിൽ മൃത്യുസ്ഥനായ ശിലാദപുത്രനെ ശിവൻ വിശ്വനന്ദിയായ നന്ദിയെന്നു നിജപാർഷദനാക്കി; പാലാഴി കടയുമ്പോൾ പൊങ്ങിവന്ന പ്രളയാഗ്നിമാരുതമായ വിഷംകുടിച്ചു ലോകം മുഴുവൻ കാത്തരുളി; ത്രൈലോക്യസമ്പത്തു കൈക്കലാക്കിയ പെരുംകുറുമ്പനായ ജലന്ധരനെ തൃക്കാൽപ്പെരുവിരൽവായിൽനിന്നുണ്ടായ ചക്രംകൊണ്ടു നിഗ്രഹിച്ചു; പണ്ട് വിഷ്ണുചിനെ ശരഭമാക്കിയിട്ട് ആ ശരഭത്തിന്റെ ഒരാറാറ്റുരമെയ്തതിൽനിന്നു പുറപ്പെട്ട ഒമ്പതിനകൊണ്ടു മുപ്പുരം മുട്ടെരിച്ചു; പണ്ട് ത്രിഭുവനൊശവ്യത്താൽ മതിമറന്ന അന്ധകനെ പതിനായിരത്താണ്ടു ത്രിശൂലത്തലമേൽക്കോത്തിട്ട സൂര്യരശ്മിയായ് വരുട്ടി; മൂവുലകം വെന്ന മന്മഥനെ, ഒരൊറ്റ നോട്ടത്താൽ, ബ്രഹ്മാവും മറവും കണ്ടുനിൽക്കെ, അനംഗനാക്കിത്തീർത്തു! ബ്രഹ്മാദികളുടേയും ഏകസ്രഷ്ടാവായി മേഘ

Digitized By Kerala Sahitya Akademi

വാഹനനാമി അച്യുതനായി വിശ്വരക്ഷാമണിയായിരിക്കുന്ന ആ ശിവനെ ഉണ്ണി ശരണം പ്രാപിച്ചുകൊൾക.'

അപ്പനമ്മമാരുടെ അനുമതി നേടിയ മാർക്കണ്ഡേയൻ തെക്കേ സമുദ്രത്തിന്റെ തീരത്തു് സ്വന്തമായിട്ടു് ഒരു ലിംഗം വിധിപോലെ പ്രതിഷ്ഠിച്ചു്, മുന്നേരം സ്നാനവും ത്രികാലപൂജയും അനുഷ്ഠിച്ചു; ത്രികാലപൂജ കഴിഞ്ഞിട്ടു് പ്രേമത്തോടെ സ്തോത്രം പാടി നൃത്തം വെയ്ക്കാനും തുടങ്ങി. അങ്ങനെ മികച്ച ഭക്തിയോടെ സ്തുതിക്കുകയും പൂജിക്കുകയും ചെയ്തതിനാൽ ഓരൊറനാൾകൊണ്ടു് മഹേശ്വരനു മനംതെളിഞ്ഞു. അന്നു് മാർക്കണ്ഡേയൻ ശിവപൂജയിലും സ്തുതിയിലും മേൽപ്പെട്ടിരിക്കെ, കാലൻ മൃത്യുവൊന്നിച്ചു് അദ്ദേഹത്തെ കൊണ്ടുപോവാൻ വന്നെത്തി. അററം തുടുത്ത കണ്ണും പാമ്പും തേളും പോലുള്ള രോമങ്ങളും ദംഷ്ടകളാൽ ഭയങ്കരമായ മുഖവും അഞ്ജനക്കല്ലിടിയെപ്പോലെ നിറവും പൂണ്ട കാലൻ അടുക്കലെത്തി മാർക്കണ്ഡേയന്റെ കഴുത്തിൽ കയറിട്ടു. കയർ കഴുത്തിൽ വീണപ്പോൾ അദ്ദേഹം പറഞ്ഞു:—'കാല, മഹാമതേ, ഇത്തിരിനേരം കാത്തുനിൽക്കുക; ഞാൻ മഹത്തായ ജഗദീശസ്തുതി മുഴുമിപ്പിച്ചോട്ടെ. ശിവനെ സ്തുതിക്കൽ മുഴുവനാക്കാതെ ഞാൻ ഏവിടെയ്ക്കും പോവുകയില്ല, ഉണ്ണുകയില്ല, ഉറങ്ങുകയില്ല എന്നാണ് എന്റെ പ്രതിജ്ഞ. ജീവിതമോ കളത്രമോ രാജ്യമോ സുഖമോ ഒന്നും എനിക്കീലോകത്തിൽ ശിവസ്തോത്രത്തെക്കാളും അത്ര പ്രിയപ്പെട്ടതല്ല! അവാസ്തവം വീരരില്ല, ഞാനീപ്രതിജ്ഞയിൽ; ഈ സത്യംകൊണ്ടു പരമേശ്വരൻ സദാ പ്രസാദിച്ചരുളട്ടെ!' കാലൻ ഇടയ്ക്കിടയ്ക്കു മിരിച്ചുകൊണ്ടു മറുപടി പറഞ്ഞു:—'ഹേ മഹാതേ നിശ്ചയം അങ്ങു കേട്ടിട്ടില്ലെന്നു തോന്നുന്നു; യമവനത്തിൽ പോവാനുള്ളവൻ മതിമറന്നു ധർമ്മം ചെയ്യാതിരിക്കുന്നുവോ, അവർ വാർദ്ധക്യത്തിൽ, ക്ലേശമിട്ട വഴിപോക്കനെപ്പോലെ പശ്ചാത്താപപ്പെടും. മുമ്പേ ചെയ്യേണ്ടതു മുഴുവൻ ചെയ്തുതീർപ്പാൻ വേണ്ടതായിട്ടു് ഒടുമാസംകൊണ്ടു ചെയ്യുവെയ്ക്കണം; രാത്രിയിൽ സുഖിച്ചിരിപ്പാൻ വേണ്ടതായ പകൽസ്സമയം കൊണ്ടു ചെയ്തുവെയ്ക്കണം; വാർദ്ധക്യത്തിൽ സുഖിച്ചിരിപ്പാൻ വേണ്ടതായ യൌവനത്തിൽ ചെയ്തുചെയ്യണം; പരലോകത്തു സുഖിച്ചിരിപ്പാൻ വേണ്ടതായ ജീവകാലത്തു ചെയ്തുവെയ്ക്കണം. നാളെ വരേണ്ടതു് ഇന്നും, വൈകുന്നേരം ചെയ്യേണ്ടതു രാവിലെയും ചെയ്യണം; ഇപ്പോൾ ചെയ്തുകഴിഞ്ഞുവോ ഇല്ലയോ എന്നു്, കാലൻ പാർത്തുനിൽക്കയില്ല! 'ഇന്നതു ചെയ്തുകഴിഞ്ഞു; ഇന്നതു ചെയ്യാനുണ്ടു'—എന്നു ചെയ്തുകഴിഞ്ഞു; മറ്റതു ചെയ്തിട്ടില്ല' എന്നിങ്ങനെ നിനച്ചുകൊണ്ടിരിക്കുന്നവനെ കൃതാന്തൻ

Digitized By Kerala Sahitya Akademi

കീഴടക്കിക്കളയുന്നു! കാലം വരുന്നതിനു മുമ്പേ, അസംഖ്യം അനുകരം കൊണ്ടെടുപ്പെട്ടാലും മതിക്കുകയില്ല; കാലം വന്നാലോ, ഒരു ദർഭത്തല തട്ടിയാൽ മതി പ്രാണൻ പോകാൻ! അനഘ, ആയിരമായിരം ചക്രവർത്തിമാരെയും, നൂറുനൂറിന്ദ്രന്മാരെയും ഞാൻ കൊണ്ടുപോയിരിക്കുന്നു! ഇതിൽ അങ്ങയ്ക്ക് അരിശം തോന്നേണ്ടാ.'

അമോഘകർമ്മാവായ കാലൻ കഥിച്ചതു കേട്ടിട്ട്, മഹാദേവസ്തുതിയിലേർപ്പെട്ടിരുന്ന മാർക്കണ്ഡേയൻ പറഞ്ഞു:—'ശിവനെ സ്തുതിപ്പാനൊരുങ്ങിയവർക്കു മുടക്കം വരുത്തുന്നവർ താമസിയാതെ നാശത്തിൽപ്പെട്ടുപോകും; അതിനാലാണ്, ഭവാനെ ഞാൻ വിലക്കുന്നതു്. രാജർഷ്യന്മാർക്കു രാജാവല്ലാതെ മറ്റാരുമല്ലല്ലോ ശാസിതാവു്; അതിൻവണ്ണം ശിവഭക്തന്മാർക്കു പരമേശ്വരൻതന്നെയാകുന്നു ശാസിതാവു്. പർവ്വതങ്ങളെ പിളർത്തും; കടലുകളെ കുടിച്ചുവറ്റിക്കും; ആകാശത്തിനെ കീഴ്മേൽ മറിക്കും—ബ്രഹ്മാദിസുരന്മാരെപ്പോലും പുല്ലുപോലെ ശങ്കരകിങ്കരന്മാർക്കു ദുഃഖകരമെന്നുള്ളൂ! ധാതാവാകട്ടെ, മൃത്യുവാകട്ടെ, യമനാകട്ടെ, യമദേന്മാരാകട്ടെ, മറ്റു വല്ല ശത്രുക്കളാകട്ടെ ശിവഭക്തരെ കീഴ്പ്പെടുത്തുകയില്ല! കാല, ഭവാൻ കേട്ടിട്ടില്ലയോ, ജ്ഞാനികൾ പറയുന്നതു്: ശിവഭക്തന്മാർക്ക് ഒരിടത്തും ഭയമുണ്ടായിവരില്ല; അരിശംകൊണ്ട ബ്രഹ്മാദിദേവന്മാർ പോലും അവരെ ഹനിപ്പാൻ ശക്തരായിട്ടില്ല' ഈവിധം ധിക്കരിക്കപ്പെട്ടതിനാൽ ഭഗവാൻ കാലൻ വല്ലാതെ കോപിച്ചു കണ്ണുരുട്ടി, വിശ്വം മുഴുവിഴുങ്ങുന്ന മട്ടിലായിട്ടുചെയ്തു:—'ദുഷ്ടബ്രാഹ്മണ, ഗംഗയിൽ മണൽത്തരികൾ എത്രയുണ്ടോ, അത്രയും വിരിഞ്ചന്മാരെ കാലനായ ഞാൻ സംഹരിച്ചിട്ടിരിക്കുന്നു! എന്തിനേറെപ്പറയുന്നു? എന്റെ ബലപരാക്രമം കണ്ടുകൊൾക; നീ ആരുടെ മാംസമോ, ആ മഹാദേവൻ ഇപ്പോൾ നിന്നെ രക്ഷിക്കട്ടെ!' രാജാവേ, ഇപ്രകാരം ഗർജ്ജിച്ചുകൊണ്ടു കാലൻ ആ മഹർഷിയെ, രാഹു ചന്ദ്രനെ പിടിച്ചു വിഴുങ്ങാനാരംഭിച്ചു. തൽക്ഷണം ലിംഗത്തിൽനിന്ന്, തിരുവുടൽ പൂണ്ട പരമേശ്വരൻ പുറപ്പെടുകയും, ആ അനിർദ്ദേശ്യ വപുസ്സോടുപമായ ബാലേന്ദുശേഖരൻ ഇടിക്കൊത്ത ശബ്ദത്തിൽ ഒരു ഹുങ്കാരമിട്ട്, ത്രിപുരാന്തകമുദ്രയുയർത്തി, കാലന്റെ മാർത്തടത്തിൽ ഒരു ചവുട്ടുകൊടുക്കുകയും ചെയ്തു; തൽക്ഷണംതന്നെ ആ ഭയങ്കരാകാരനായ കൃതാന്തൻ ദൂരെപ്പോയി നിലത്തു പതിച്ചു! അതു കണ്ട മാർക്കണ്ഡേയൻ അത്യന്തസന്തുഷ്ടനായി മഹേശ്വരനെ സ്തുതിച്ചു:—

(ശ്ലോകങ്ങൾ)

'വെള്ളിമലപോലെ വാഴുവോൻ, ഫണിവെയ്ത്തൊണ്ടൊരു പൊന്മല-
പ്പുള്ളിയില്ല പരിഗ്രഹിച്ചവനു,ചൃതാനലസായകൻ,

Digitized By Kerala Sahitya Akademi

മുപ്പുരം നിമിഷാലെരിച്ചവനു,മ്പരാലഭിവന്ദിതൻ,
ചന്ദ്രശേഖരനെറ്റ തൃക്കടിവനെ;യെന്തേ തുണയ്ക്കുമെന്തകൻ?

ഐമരപ്പൂപൂമണം ചരണാംബുജത്തിലിയന്നവൻ,
മേൽമിഴിച്ചൂടുതീയിനാലലരമ്പനേകി കരിച്ചവൻ;
ചാമ്പൽ മെയ്യിലണിഞ്ഞവൻ, ഭവനാശനൻ, ഭവനു,വ്യയൻ,
ചന്ദ്രശേഖരനെറ്റതാങ്ങിവനെ;യെന്തേ തുണയ്ക്കുമെന്തകൻ?

മത്തഫസ്തിവരന്റെ തോലുരിഞ്ഞുടുകിലാക്കിയോൻ,
സത്യലോകവികണ്ടനാഥസമർച്ചിതാംഘ്രിസരോരുഹൻ,
വിൺനടിത്തിര ചിന്നിവീണ കളിത്ത ചെഞ്ചടപൂണ്ടവൻ,
ചന്ദ്രശേഖരനെറ്റതാങ്ങിവനെ;യെന്തേ തുണയ്ക്കുമെന്തകൻ?

കുണ്ഡലീശ്വരകുണ്ഡലങ്ങളണിഞ്ഞവൻ, വൃഷവാഹനൻ,
നാരദാദിമഹാമുനിസ്തുതവൈഭവൻ, ഭുവനേശ്വരൻ,
അന്ധകാന്തകനായ്നിരുദ്ധമരുദ്ഗണം, യമസൂദനൻ,
ചന്ദ്രശേഖരനെറ്റതാങ്ങിവനെ;യെന്തേ തുണയ്ക്കുമെന്തകൻ?

യക്ഷരാജസഖൻ, ഭഗാക്ഷിധ്വംസൻ, ഭുജംഗവിഭൂഷണൻ,
ചേതസ്സിൽ നിരുപമപ്രിയം ഗിരീന്ദ്രകന്യയിണങ്ങിയോൻ,
ക്ഷോഭനീലഗളൻ, കരുണാവാരിധി, മൻമഥഹരൻ ധരിച്ചവൻ,
ചന്ദ്രശേഖരനെറ്റതാങ്ങിവനെ;യെന്തേ തുണയ്ക്കുമെന്തകൻ?

ദുഃഖമാകെയകറ്റുവാൻ, ഭവരോഗികൾക്കു ഭിഷക്തമൻ,
ദക്ഷയജ്ഞവിനാശനൻ, ത്രിനയനാത്മകൻ, ത്രിവിലോചനൻ,
ഭക്തിമുക്തിഫലപ്രദൻ, ഗിരിതനൂലമാകെ മുടിപ്പുവൻ,
ചന്ദ്രശേഖരനെറ്റതാങ്ങിവനെ;യെന്തേ തുണയ്ക്കുമെന്തകൻ?

അഷ്ടകക്കൊരു നിത്യമാം നിധി, ത്രികബന്ധു, ദിഗംബരൻ,
സർവ്വതോവദനൻ, പ്രമേയനനുല്യനായ പരാൽപരൻ,
വ്യോമഭൂമി ജലാഗ്നിഹോത്രരവീന്ദുമാരുതമൂർത്തിമാൻ,
ചന്ദ്രശേഖരനെറ്റതാങ്ങിവനെ;യെന്തേ തുണയ്ക്കുമെന്തകൻ?

വിശ്വസൃഷ്ടിവിധായകൻ, വഴിപോലെ രക്ഷണതല്പരൻ,
നിപ്രപഞ്ചമൊടുക്കുവോനുലകിങ്കിയാകെ വഹിക്കുവോൻ,
പൂഴിവേ ഗണനാപ്രമൊത്ത ദിവാനിശം വിളയാടുവോൻ,
ചന്ദ്രശേഖരനെറ്റതാങ്ങിവനെ;യെന്തേ തുണയ്ക്കുമെന്തകൻ?

സ്ഥാണു, രുദ്രൻ, പശുപതി, നീലകണ്ഠനുമാപതി,
ആദ്യവനാം വണ്ണമെന്നെ;—യെന്നിങ്ങനെ ചൊല്ലിടും ഞാനും?

കാളകണ്ഠൻ, കലാമൂർത്തി, കാലത്തീ, കാലനാശനൻ,
അദ്ദേവനെ.....

Digitized By Kerala Sahitya Akademi

നീലകണ്ഠൻ, വിശ്വരൂപാക്ഷൻ, നിർമ്മലൻ, നിരുപദ്രവൻ,
അദ്ദേഹമെ നമ.....

വാമദേവൻ, മഹാദേവൻ, ലോകനാഥൻ, ജഗദ്ഗുരു,
അദ്ദേഹമെ..... .....

ദേവദേവൻ, ജഗന്നാഥൻ, ദേവേശസ്തുഷദ്ധ്വജൻ,
അദ്ദേഹമെ.....

അനന്തനും, വ്യാപ്തനും, ശാന്തനും, ക്ഷമാവിശാരദനും, ഹരനും,
അദ്ദേഹമെ.....

ശാശ്വതൻ, പരമാനന്ദൻ, കൈവല്യപദദായകൻ,
അദ്ദേഹമെ..... ....

സർഗ്ഗസംഹർത്താവും, സൃഷ്ടിസ്ഥിതിനിയന്താവുമായവൻ,
അദ്ദേഹമെ..... ...'

ഈവിധമുള്ള മാർക്കണ്ഡേയസ്തോത്രം ആർ ശിവസന്നിധിയിൽ ചൊല്ലുമോ, അവനു മൃത്യുഭയം നേരിടുകയില്ല; ഒട്ടും സംശയം വേണ്ടാ! ഇപ്രകാരം സ്തുതിക്കപ്പെട്ട മഹാദേവൻ ധീമാനായ മാർക്കണ്ഡേയനു് അനേകപ്രളയങ്ങളെയുള്ളതും അവസാനമില്ലാത്ത ആയുസ്സു കല്പിച്ചു കൊടുത്തു. ദേവദേവന്റെ പ്രസാദത്താൽ, മഹാതേജസ്വിയായ മാർക്കണ്ഡേയൻ മരണരാഹിത്യം നേടി വളരെ പ്രളയങ്ങൾ ദർശിച്ചു! ആ മഹർഷി, തന്റെ ആശ്രമത്തിൽ തിരിച്ചെത്തി അച്ഛനമ്മമാരെ കൈവണങ്ങി, അവരാൽ അഭിനന്ദിക്കപ്പെട്ടു്, എന്നെന്നും തീർത്ഥയാത്രയിലേർപ്പെട്ടു്, ഭൂമിയിൽ സഞ്ചരിച്ചുപോന്നു. യമനും പരമേശ്വരനെ സ്തുതിച്ചു്, ആജ്ഞയനുസരിച്ചു നടകൊണ്ടു.

മാഘസ്നാനനിരതനായിരുന്ന മൃഗശൃംഗബ്രാഹ്മണന്റെ സന്തതി മാഘമാഹാത്മ്യത്താൽ മുക്തിയും മോക്ഷവുമായിച്ചമഞ്ഞു! മൂഢകൽമനസ്സുറപ്പിച്ച മഹാത്മാവായ മൃകണ്ഡുപുത്രനും മാഘവ്രതം ആചരിച്ചുപോന്നതിനാൽ സദാ സർവ്വലോകങ്ങളിലും വിഹരിച്ചുകൊണ്ടു വളരെ വളരെ പ്രളയങ്ങൾ ദർശിച്ചു!'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, മാഘമാഹാത്മ്യപ്രകരണം,
ദിലീപവസിഷ്ഠസംവാദം, മാർക്കണ്ഡേയദീർഘായുർലബ്ധികഥനം
ഇരുനൂറിരുപത്തിനാറാമദ്ധ്യായം.

—— :0: ——

Digitized By Kerala Sahitya Akademi

ഇരുനൂറ്റിമുപ്പത്തേഴാമദ്ധ്യായം

ദിലീപൻ:—'ഇക്ഷ്വാകുക്കളുടെ കുലഗുരുവായി മഹാത്മാവായിരിക്കുന്ന നിന്തിരുവടിക്കു നമസ്കാരം! ഏതേതു തീർത്ഥമാണ്, മാഘസ്നാനത്തിനു മുഖ്യം? മഹർഷേ, അതു വിവരിച്ചു പറഞ്ഞുതന്നാലും.'

വസിഷ്ഠൻ:—'മന്നവ, മാഘമാസം വന്നാൽ, പുറത്തുള്ള ഏതു വെള്ളവും ഗംഗാജലത്തിനൊക്കുമെന്നാണ് ജ്ഞാനികളുടെ അഭിപ്രായം; എങ്കിലും മാഘസ്നാനത്തിനു മുഖ്യങ്ങളായ തീർത്ഥങ്ങൾ പറയാം: ഒന്നാമതു്, ധർമ്മാർത്ഥകാമമോക്ഷങ്ങളെ നൽകുന്ന തീർത്ഥപ്രധാനമായ പ്രയാഗം, നൈമിശം, കുരുക്ഷേത്രം, ഗംഗാദ്വാരം, അവന്തി, സരയൂ, നർമ്മദ, പ്രാചീനവാഹിനി, സരസ്വതീ സിന്ധുസംഗമം, ഗംഗാസമുദ്രസംഗമം, കാഞ്ചി, ത്രൈയംബകം, സപ്തഗോദാവരി, കാലഞ്ജരം, പ്രഭാസം, ബദര്യാശ്രമം, മഹാലയം, ഓങ്കാരം, പുരുഷോത്തമം, ഗോകർണ്ണം, ഭദ്രകർണ്ണം, ഭദ്രതുംഗം പുഷ്കരം, തുംഗഭദ്ര, കാവേരി, കൃഷ്ണ, വേണി, നർമ്മദ, പുണ്യതമായ സുവർണ്ണമുഖരി, വേഗവതീനദി, പിതൃതീർത്ഥമായ ഗയ എന്നിവയെല്ലാം മാഘസ്നാനത്തിനു മുഖ്യങ്ങളായ തീർത്ഥങ്ങളാകുന്നു. ഭൂമിയിലെ തീർത്ഥങ്ങളാണല്ലോ, ഇപ്പറഞ്ഞവ; മനസ്സിലെ തീർത്ഥങ്ങളും കേട്ടുകൊള്ളുക: സത്യം, ക്ഷമ, ഇന്ദ്രിയനിഗ്രഹം, സർവ്വഭൂതാനുകമ്പ, ബ്രഹ്മചര്യം, നിയമം, മന്ത്രജപം, പ്രിയഭാഷണം, ജ്ഞാനം, ധൈര്യം, അഹിംസ, ആത്മധ്യാനം, ശിവസ്മരണം എന്നീ മാനസതീർത്ഥങ്ങളിൽ വഴിപോലെ സ്നാനം ചെയ്യുവൻ പരമഗതി പ്രാപിക്കും. എല്ലാത്തീർത്ഥത്തിലുംവെച്ചു മികച്ച തീർത്ഥം മനഃശുദ്ധിതന്നെ! ശരീരം വെള്ളത്തിൽ മുക്കിയതുകൊണ്ടു സ്നാനമായില്ല; മേത്തിൽ സ്നാനംചെയ്യുവനത്രേ സ്നാതനും ശുദ്ധനും! ലുബ്ധനോ, പിശുനനോ, ക്രൂരനോ, മാംഭികനോ, വിഷയലംപടനോ ആണിട്ടുള്ളവൻ തീർത്ഥങ്ങളിലൊക്കെക്കുളിച്ചാലും പാപിയും മലിനനും തന്നെ! ശരീരത്തിലെ അഴുക്കു കളഞ്ഞതുകൊണ്ടു മാത്രം മനുഷ്യർ നിർമ്മലനാകയില്ല; മനസ്സിലെ അഴുക്കു നീക്കിയേതികച്ചും നിർമ്മലനാകൂ. നീർജ്ജന്തുക്കൾക്കു വെള്ളത്തിൽത്തന്നെയാണു ജനനവും മരണവും; എന്നാൽ, മനസ്സിലെ അഴുക്കു പോകായ്കയാൽ, അവ സദ്ഗതിയടയുന്നില്ല. വിഷയങ്ങളിൽ അതിയായ രാഗമാണ്, മനസ്സിലെ അഴുക്ക്; അവയിൽ രാഗം വിട്ടാൽ മനസ്സു നിർമ്മലമായി! ദാനം, യജ്ഞം, തപസ്സ്, ശൌചം, ശ്രുതം എന്നീ തീർത്ഥങ്ങളെല്ലാമായി, മനസ്സു ശുദ്ധമായാൽ! മനുഷ്യൻ ഇന്ദ്രിയങ്ങളെ അടക്കി

Digitized By Kerala Sahitya Akademi

എവിടെ വാഴുന്നുവോ, അവിടെയുണ്ട്, കുരുക്ഷേത്രവും നൈമിശവും പുഷ്കരവും! രാഗദ്വേഷങ്ങളാകുന്ന അഴുക്കുകളെ പോക്കുന്നതും ധ്യാനമാകുന്ന ജലത്തോട്ടുകൂടിയതും ജ്ഞാനവിശുദ്ധവുമായ മാനസതീർത്ഥത്തിൽ മുഴുകിയവൻ പരമഗതി പൂകും.

മഹീപാല, മാനസതീർത്ഥങ്ങളുടെ സ്വരൂപം ഞാൻ പറഞ്ഞുവല്ലോ; ദൈവതീർത്ഥങ്ങളുടെ പുണ്യാതിശയത്തിനുള്ള കാരണവും കേട്ടുകൊള്ളുക: എപ്പോഴാണ് ശരീരത്തിലെ ചില ഭാഗങ്ങളും ശുദ്ധിയേറിയവയോ, അപ്പോഴാണ് ഭൂമിയിലെ ചില സ്ഥലങ്ങളും പുണ്യമേറിയവയാകുന്നു. ഭൂമിയുടെ അത്ഭുതപ്രഭാവത്താലും ജലത്തിന്റെ മഹിമയാലും മുനിമാർ പറയുന്നതുപോലെ തീർത്ഥങ്ങൾക്ക് പുണ്യതയുണ്ടാകുന്നു. അതിനാൽ ദൈവതീർത്ഥങ്ങളിലും മാനസതീർത്ഥങ്ങളിലും—രണ്ടുവകയിലും—ആർദ്രശിരസ്കം സ്നാനംചെയ്യുമ്പോൾ, അവന്ന് പരമഗതികിട്ടും. *..... ധീരനായി വിശ്വസിച്ചും ശുദ്ധിയിച്ചും തീർത്ഥങ്ങളിൽ പോയാൽ, കൃതഘ്നൻപോലും വിശുദ്ധിയടയും; സംവൃത്തന്റെ സ്ഥിതി പിന്നെ പറയാനുണ്ടോ! തീർത്ഥസേവി ദുർഗ്ഗതിയിൽ പതിക്കുകയില്ല; ദീർഘരാജ്യത്തു ജനിക്കുകയില്ല; ദുഃഖത്തിൽപ്പെടുകയില്ല; സപ്തദ്വീപവത്സുരം നേടുകയുംചെയ്യും. അവിശ്വാസി, പാപഹൃദയൻ, നാസ്തികൻ, സംശയം നീങ്ങാത്തവൻ, കുതർക്കക്കാരൻ എന്നീ അഞ്ചുപേർക്ക് തീർത്ഥഫലം കിട്ടുകയില്ല. പറഞ്ഞതിൻവണ്ണമുള്ള തീർത്ഥങ്ങളിൽ, ഭക്തിപൂർവമെല്ലാം സാധിച്ചു യഥാവിധി സഞ്ചരിക്കുന്ന ധീരന്മാർ സപ്തദ്വീപം നേടും.

തീർത്ഥയാത്രയ്ക്കൊരുങ്ങിയവൻ ഒന്നാമതായി ഗൃഹത്തിൽ ഉപവാസംചെയ്തു, ഗണേശനേയും പിതൃക്കളേയും ബ്രാഹ്മണരേയും സാധുക്കളേയും യഥാശക്തി പൂജിച്ചു് സംഹർഷം പൂണ്ടുകഴിച്ചു നിയമം കൈക്കൊണ്ടിട്ടുവേണം പോകുവാൻ; മടങ്ങിവന്നിട്ടും പിതൃക്കളെ പൂജിക്കണം. എന്നേ തീർത്ഥഫലം കിട്ടൂ. ¶ പരന്നുവേണ്ടി തീർത്ഥത്തിൽ പോയവന്ന് പതിനാറിരട്ടിയായ ഫലം കിട്ടും; അതുപോലെ ഉദ്ദേശിച്ച ദർഭപ്രതിമയുണ്ടാക്കി തീർത്ഥത്തിൽ മുക്കുന്നവനോ, അവന്ന് എട്ടിരട്ടിയായ ഫലം സിദ്ധിക്കും. § ഇങ്ങനെ നിയമം കൈക്കൊണ്ടിട്ടുവേണം മാഘമാസത്തിൽ തീർത്ഥസേവ. മാഘസ്നാനക്കാരൻ എല്ലാടത്തും വല്ലതും ദാനംചെയ്യണം. ലവണക്കുടം, കുടമുപ്പുഴം, നെല്ലിക്ക, ഒരിടങ്ങഴി നെയ്യ്, ഒരിടങ്ങഴി എള്ള്, നാലിടങ്ങഴി അരി, കമ്പളങ്ങൾ, എ

* ആദിപുരാണം ഏഴാം അദ്ധ്യായത്തിലുള്ളതുകയാൽ ഇവിടെ താലൂ ശ്ലോകം വിട്ടു. ¶ ഇരട്ടിച്ചു്.

§ തീർത്ഥത്തിൽ ബ്രാഹ്മണരെ പരീക്ഷിക്കാതെ ഉടൻ ദാനമെന്നും മറ്റും സൃഷ്ടിപുരാണം ഏഴാം അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ട്.

Digitized By Kerala Sahitya Akademi

ംചെയ്വാൻ് എന്നീ ഒമ്പതു പദാർത്ഥങ്ങളും നാംതോറും മാഘസ്നാന ക്കാർ ബ്രാഹ്മണർക്കു നൽകണം. ..... ബ്രാഹ്മണരെ വിശേഷി ച്ചു് സന്ന്യാസിമാരെ, കുങ്കുമച്ചാറ്റും കർപ്പൂരംകൊണ്ടു സൌരഭ്യപ്പെട്ട ത്തിയും പഞ്ചസാര നിറച്ചും നെയ്യിൽപ്പചിച്ചും അഴകൊത്ത ആകൃ തിയിലുണ്ടാക്കിയ ലഡ്ഡു്, ഫേണിക, വട, ഇണ്ഡിരിക മുതലായവ ഭു ജിപ്പിക്കണം; തണുപ്പുമാറാൻ ഉണക്കിയ വിറകിൻകെട്ടുകളും കൊ ടുക്കണം; ഉള്ളിൽ പഞ്ഞിവെച്ച കുപ്പായം, പഞ്ഞി, പൂണൂൽ, മാഞ്ജിഷ്ഠവസ്ത്രങ്ങൾ, പഞ്ഞിനിറച്ച കിടക്ക, ജാതിക്ക, ഇലവംഗം, വെറ്റില, പലതരം കമ്പിളികൾ, കാറു ബാധിക്കാത്ത ഗൃഹങ്ങൾ, മയമുള്ള ചെരിപ്പുകൾ, മണംചേർന്ന ഉദകത്തങ്ങൾ (മേൽത്തരം സന്ധ്യാ നമ്മുടെ) എന്നിവയും നൽകണം. മാഘസ്നാനം കഴിച്ചിട്ടു്, കാർകിൽ മുതലായവയുടെ ധൂപം, വലിയ തിരിയിട്ട വിളക്കു്, പലതരം നൈ വേദ്യം എന്നിവകൊണ്ടു് വിഷ്ണുവിനെ പൂജിക്കണം. മാഘസ്നാ നത്താൽ ദോഷങ്ങൾക്കറുതിവരും; പല ജന്മങ്ങളിലെ പാപങ്ങ ളെല്ലാം പെട്ടെന്നു അലിഞ്ഞുപോകും. അയ്യോ, മനുഷ്യരുടെ വ്യാമോഹം; അയ്യോ മനുഷ്യരുടെ പ്രമാദം: മാഘമാസത്തെ അനാദ രിച്ചു മറ്റു വല്ലതിലും ശ്രമപ്പെട്ടുന്നുവല്ലോ! മാഘസ്നാനം എന്നതു യാ തൊന്നോ, അതുതന്നെ മംഗളകരം; അതുതന്നെ ധനസന്ധാരണം; അ തുതന്നെ ജീവിതഫലം! മാഘത്തിൻ മീതെ ഒരു ധർമ്മമില്ല, അർത്ഥമി ല്ല, കാമമില്ല; മാഘമൊഴിഞ്ഞു മോക്ഷമില്ല! മാഘസ്നാനം ചെയ്യാതു എന്നതു യാതൊന്നോ, അതുതന്നെ വന്നിച്ച ഇടിവു്; അതുതന്നെ ഉ പദ്രവം; അതുതന്നെ ഓഗ്യക്കേടിന്റെ അങ്ങേഅറ്റം! മാഘസ്നാ നം മനുഷ്യർക്കു് എന്തെന്തിനെ നൽകുകയില്ല? പുത്രകളത്രമിത്രാദിക ളും രാജ്യവും സ്വർഗ്ഗവും മോക്ഷവും ഇതുകൊണ്ടു കൈവരും.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, മാഘമാഹാത്മ്യപ്രകരണം
ദിലീപവസിഷ്ഠസംവാദം, മാഘസ്നാനവിധികഥനം.
ഇരുനൂറിമുപ്പത്തേഴാമദ്ധ്യായം.

—:0:—

ഇരുനൂറിമുപ്പത്തെട്ടാമദ്ധ്യായം

വസിഷ്ഠൻ:—പണ്ടു് സുവ്രതനെന്ന പഠിപ്പുള്ള ഒരു ബ്രാഹ്മണൻ പാപം ചെയ്തുപോന്നു; ഒടുവിൽ അന്ത്യകാലത്തു പശ്ചാത്താപത്തിലകപ്പെട്ട പത്തുദിവസം നർമ്മദാമഹാനദിയിൽ സ്നാനംകഴിച്ചു. തന്മൂലം അയാൾ ഏഴു മന്വന്തരം മികച്ച സമൃദ്ധിയോടെ സ്വർഗ്ഗത്തിൽ വസി

Digitized By Kerala Sahitya Akademi

ച്ചു; വീണ്ടും ഭൂമിയിൽ ദ്വിജനായി ജനിച്ചു. പ്രയാഗമണഞ്ഞു് ഒരു നാൾ നിയമനിഷ്ഠയോടെ മാഘസ്നാനം ആചരിച്ചു. ആ പുണ്യത്താൽ അയാൾ ഒരു കല്പം ബ്രഹ്മസദസ്സിൽ ചെന്നു വാണു; വീണ്ടും ഭൂലോകത്തു ദ്വിജനായി ജനിച്ചു. സ്വധർമ്മനിഷ്ഠിച്ചു് കാശിയിൽ വിശ്വനാഥസന്നിധിയിൽവെച്ചു മരണമടഞ്ഞു.'

ദിലീപൻ:—'പഠിപ്പും അറിവുമുണ്ടായിരുന്ന സുവ്രതൻ എങ്ങിനെ പാപകർമ്മത്തിലേർപ്പെട്ടു? അദ്ദേഹത്തിനു പശ്ചാത്താപമുണ്ടായതെങ്ങനെ? ഗുരോ, വിസ്തരിച്ചു പറഞ്ഞുകേൾക്കേണമെന്നുണ്ടു്.'

വസിഷ്ഠൻ:—'രാജാവേ, കേട്ടാലപ്പോൾ പാപം നീങ്ങുന്ന സുവ്രതചരിതം ഞാൻ പറയാം:

രമ്യമായ നർമ്മദാതീരത്തു് അകളംകം എന്നൊരഗ്രഹാരമുണ്ടായിരുന്നു: പുല്ലു്, വിറകു്, ഇല, പൂവു്, കായ, ദർഭ, ചമത, വെള്ളം എന്നിവയും നാനാസസ്യധനധാന്യങ്ങളും തടാകാരാമങ്ങളും തടിച്ചു കൊഴുത്ത പൈക്കളും നിറഞ്ഞു്, ആഹിതാഗ്നികളും പഞ്ചയജ്ഞനിരതരും ധനികരും ധർമ്മശീലരുമായ വളരെ ബ്രാഹ്മണരാൽ അധിഷ്ഠിതമായി, വമ്പിച്ച വേദഘോഷത്താൽ ദിക്കുകളെ മുഴക്കിച്ചുകൊണ്ടിരുന്ന ആ ഗ്രാമത്തിലാണു് സുവ്രതദ്വിജേന്ദ്രന്റെ ജനനം. അയാൾ വേദവേദാംഗങ്ങളെല്ലാം അർത്ഥം മനസ്സിലാക്കി പഠിച്ചു ധർമ്മശാസ്ത്രപുരാണങ്ങളിൽ പാണ്ഡിത്യം നേടി; തർക്കം, ജ്യോതിഷം, ഗജശാസ്ത്രം, അശ്വശാസ്ത്രം എന്നിവ വായിച്ചു; കലകളുപത്തിനാലും ശീലിച്ചു; മന്ത്രശാസ്ത്രം, സാംഖ്യം, യോഗം എന്നിവ ഗ്രഹിച്ചു; പലരാജ്യങ്ങളിലെ ലിപികളും ഭാഷകളും അഭ്യസിച്ചു. എന്നാൽ ഇതൊക്കെയും പഠിച്ചതു പണം സമ്പാദിപ്പാനാണു്. അയാളു പഠിപ്പിച്ച ഗുരുനാഥന്മാർക്കു പിന്നീടുമൂലം യാതൊരു ദക്ഷിണയുംകൊടുത്തില്ല. ഇവകൊണ്ടൊക്കെ അയാൾ സൂത്രക്കാരൻ കണക്കു ധനം സമ്പാദിച്ചു. ഒരുവരോടു് അന്യായമായും ധനം മാർഗ്ഗിച്ചുവാങ്ങുന്നതു: വിൽക്കരുതാത്തതു വിറ്റു; വന്യവസ്തുക്കൾ വിറ്റു; ചണ്ഡാലാദികളോടുപോലും ദാനംവാങ്ങി; കന്യകമാരെ വിറ്റു; ഗോക്കളെ വിറ്റു; എള്ളു വിറ്റു; അരിവിറ്റു; രസങ്ങൾ വിറ്റു; എണ്ണ വിറ്റു പറഞ്ഞവേണ്ടി തീർത്ഥയാത്രയും ദേവപൂജയുംചെയ്തു; ഭൃത്യരെ ഒത്തുചൊല്ലിച്ചു; പരഗൃഹത്തിൽ ഊണുകഴിച്ചു; ഉപ്പു്, പാൽ, തയിർ, പാനീയം, ചോറു് എന്നിവയും വിറ്റുപോന്നു. ഈവകയതഴിലുകൾകൊണ്ടു് അയാൾ കഷ്ടപ്പെട്ടു ധനമുണ്ടാക്കി. നിത്യനൈമിത്തികങ്ങളും ആചരിച്ചിരുന്നില്ല; അനുഷ്ഠിച്ചിരുന്നില്ല; കൊടുത്തിരുന്നില്ല. ഒരിക്കൽ അയാൾ, തന്റെ നേട്ടം കണക്കാക്കി നോക്കി: ഒരുലക്ഷം പൊൻനാണ്യത്തിന്റെ വക അയാൾ സമ്പാദിച്ചിരുന്നു.

Digitized By Kerala Sahitya Akademi

അങ്ങിനെ ധനം സമ്പാദിച്ചുകൊണ്ട് ഞാനാകെ വാർദ്ധക്യമടഞ്ഞു. ക്രമേണ ഇന്ദ്രിയങ്ങൾക്കെല്ലാം ശക്തി കുറഞ്ഞു.; എഴുന്നേൽക്കാനും നടക്കാനുംകൂടി കെല്പില്ലാതായി. വീണ്ടും ധനമുണ്ടാക്കാൻ നിവൃത്തിയില്ലാതായപ്പോൾ സഭാര്യനായ ഞാനാകെ വലിയ വ്യസനം തോന്നി; ആ ദുഃഖവൈശ്യത്തിൽ തെല്ലൊരു വിവേകമുദിച്ചു. 'ഛീ! ദാനം വാങ്ങൽ, അന്യതാത്തയ വിൽക്കൽ, തപസ്സുവിൽക്കൽ മുതലായവകൊണ്ടാണ് ഞാനിത്രയും ധനം സമ്പാദിച്ചത്. ഇപ്പോഴും എനിക്കു ശമനമുണ്ടായിട്ടില്ല. തൃഷ്ണ തുലോം ദുസ്സഹം തന്നെ. മഹാമേരുവോളം പൊന്നുണ്ടായാലുമില്ല തൃപ്തി! അയ്യോ, എന്തകഷ്ടം, സർവ്വക്ലേശങ്ങളുടേയും കാരണമാണ് മനസ്സ്: എല്ലാ കാമങ്ങളും കൈവന്നാൽക്കൂടി, വേറെ ചിലതു കിട്ടാൻ നോക്കുകയായി! *...എന്റെ ഇന്ദ്രിയങ്ങൾക്കൊക്കെ കെല്പില്ലാതായി; ബലം വാർദ്ധക്യത്താൽ അപഹരിക്കപ്പെട്ടുപോയി. എന്നിട്ടും തൃഷ്ണ തഴച്ചുതന്നെ നിൽക്കുന്നു! കഷ്ടത്ത തൃഷ്ണ ആക്കിരേണ്ടാ, അവൻ വിജ്ഞനെങ്കിലും അജ്ഞനാകുന്നു—അവൻ അജാന്തനും അതിശക്കാരനും ബുദ്ധിമാനെങ്കിലും അവമൂഢനുമാകുന്നു. തൃഷ്ണ മനുഷ്യനു ഹാനികരത്തുന്നു; തീയുപോലുള്ളതാണു തൃഷ്ണ! അതിനാൽ ശ്രേയഃപദം നേടുന്നവൻ തൃഷ്ണയെ ത്യജിച്ചുകൊള്ളണം. ബലം, തേജസ്സ്, യശസ്സ്, വിദ്യ, മാനം, ശൂരത, സൽക്കുല ജനനം എന്നിവയെ തൃഷ്ണ ക്ഷണനേരത്തിൽ മൂടിച്ചുകളയും. തൃഷ്ണയ്ക്കടിപ്പെട്ട മനുഷ്യർക്ക്, എന്താശ്ചര്യം! ഇത്തിരി വല്ലതും കൊടുത്താൽ ചണ്ഡാലൻപോലും തങ്ങളെക്കാൾ മീതെയായി! തൃഷ്ണയ്ക്കടിപ്പെട്ടവൻ വന്നിച്ച വ്യാമോഹമാകുന്ന മദ്യത്തിന്റെ ലഹരിയാൽ അവമാനാദി ദുഃഖങ്ങളൊന്നും തീരെ ഓർമ്മിക്കുന്നില്ല. ഞാനും ഇങ്ങിനെ വളരെ കഷ്ടപ്പെട്ടുണ്ടാക്കിയതാണ് ഈ ധനം സമ്പാദിച്ചത്. വാർദ്ധക്യം പിടികൂടി, ശക്തികെട്ടു പോയി. ഇനിമേലിൽ പരലോകത്തിനുവേണ്ടി ശ്രമിക്കുകതന്നെ.' എന്നു നിശ്ചയിച്ചു ആ ബ്രാഹ്മണൻ ധർമ്മാചരണത്തിനൊരുങ്ങി.

എന്നാൽ അന്നുരാത്രിതന്നെ അയാളുടെ ഗൃഹത്തിൽ ഏതാനും ആയുധപാണികളായ കവർച്ചക്കാർ വന്നുകേറി, അവരുടെ പേടിതരത്തിൽ നിർബന്ധിച്ചു വസ്ത്രങ്ങൾ, രത്നങ്ങൾ, ഭക്ഷണപാത്രങ്ങൾ മുതലായതൊക്കെ കൈയ്യടക്കിക്കൊണ്ടുപോയ്ക്കളഞ്ഞു! മുതൽ മുഴുവനും കവർച്ചക്കാർ കൊണ്ടുപോയതിൽ പിന്നെ സുമുഖൻ തന്റെ ഭാര്യയോടായി വിലപിച്ചുതുടങ്ങി:—'എന്റെ ധനം ധർമ്മത്തിനുകൊള്ളട്ടെ കാമത്തിനാകട്ടെ

* മൂന്നാമടിയിലുള്ളതാകയാൽ ഈ ശ്ലോകം വിട്ടു.

Digitized By Kerala Sahitya Akademi

മോക്ഷത്തിന്നാകട്ടെ ഉപയോഗിച്ചിട്ടില്ല. ഞാൻ അനുഭവിച്ചതുമില്ല, കൊടുത്തതുമില്ല. എന്തിനാണു ഞാൻ പണമുണ്ടാക്കിയതു്: അയ്യോ! ഞാൻ ഒരു ആത്മാവിനെ വഞ്ചിച്ചു് എന്താണു ചെയ്തതു്: സത്രദാനം വാങ്ങി, മദ്യക്കച്ചോടം പോലും നടത്തി! ഒരു പയ്യിനെ പ്രതിഗ്രഹിക്കാം; രണ്ടാമതൊന്നിനെ ഒരിക്കലും പാടില്ല: അതിനെ വിറ്റു പോയെങ്കിലോ, ഏഴു തലമുറ വെന്തടിയും. ഇതറിഞ്ഞിട്ടും ഞാൻ ലോഭത്താൽ ഈ വിധം പാപം ചെയ്തുപോയി: വളരെ കഷ്ടപ്പെട്ടു്, മറുനാടുകളിൽ ചുറ്റിനടന്നു സമ്പാദിച്ചതാകട്ടെ, അയ്യോ, ഒരു ഞൊടിനേരംകൊണ്ടു് ഛേദിക്കപ്പെട്ടുപോയി. ധനാർജ്ജനത്തിലുള്ള അത്യാസക്തിനിമിത്തം ഞാൻ ഒരേറെദിവസം പോലും മനസ്സിരുത്തി സന്ധ്യാവന്ദനം ചെയ്തിട്ടില്ല; അഗ്നിഹോത്രമോ സഗ്നിഹോത്രമായ പ്രാണായാമം അനുഷ്ഠിച്ചിട്ടില്ല; മൂന്നു നേരം, രണ്ടു പ്രാവശ്യം സ്പർശിച്ചു്, ശരിക്കാചമനം ചെയ്തിട്ടില്ല; ഒരിക്കലും ഇടമുറിപ്പെടാതെ രഥസ്സിൽ ധ്യാനിച്ച പവിത്രപാണിയായി ഗായത്രി ജപിച്ചിട്ടില്ല; ആരുടെ ലിംഗത്തിന്മേൽ അമന്ത്രമായോ സമന്ത്രമായോ ഒരൊറ്റ പൂവോ ഇലയോ ഇട്ടാൽ ഒരു കോടി തലമുറയ്ക്കു് ഉൽഗതിയുണ്ടോ, ആ പരമോപാശമോചകനായ പരമേശ്വരനെ ആരാധിച്ചിട്ടില്ല; സകല പാപങ്ങളേയും സംഹരിക്കുന്ന വിഷ്ണുവിനെ പ്രസാദിപ്പിച്ചിട്ടില്ല; സർവകാമങ്ങളേയും നൽകുന്ന വിഘ്നരാജനെ പൂജിച്ചിട്ടില്ല; രോഗമെല്ലാം വേരുകുത്തുന്ന ഭഗവാൻ സൂര്യദേവനെ കുസുമാഞ്ജലി നൽകി നമസ്കരിക്കുകയോ പൂജിക്കുകയോ ചെയ്തിട്ടില്ല; മനുഷ്യർക്കു മഹത്തായ മംഗളം കല്പിച്ചരുളുന്ന മൂഡാനിയായ മഹാദേവിയെ ഒരിക്കലും ആരാധിച്ചിട്ടില്ല; (ആദിത്യൻ, അംബിക, വിഷ്ണു, ഗണേശ്വരൻ, മഹേശ്വരൻ എന്നീ അഞ്ചുപേരെ പഞ്ചയജ്ഞനിരതനായ ബ്രാഹ്മണൻ പരിപൂജിക്കണം.) പഞ്ചഹത്യാപാപങ്ങളെപ്പോക്കുന്ന പഞ്ചയജ്ഞങ്ങളും അനുഷ്ഠിച്ചിട്ടില്ല; സപ്തപ്രാപകമായ അതിഥിസൽക്കാരം ചെയ്തിട്ടില്ല; സന്ന്യാസിയെ സൽകരിച്ചു സന്ന്യസംയുതമായ ഭിക്ഷ കൊടുത്തിട്ടില്ല; ബ്രഹ്മചാരിക്കു * ഛന്തകാരം വഴിപോലെ നൽകിയിട്ടില്ല; (സന്ന്യാസി, ബ്രഹ്മചാരി എന്നീ രണ്ടുപേർ പകപാനത്തിന്നടമസ്ഥന്മാരത്രെ; അവക്കു കൊടുക്കാതെ അന്നം ഭക്ഷിച്ചവൻ ചാന്ദ്രായണം കഴിക്കണം.) നേരിയ വിചിത്രവസ്ത്രങ്ങൾ, ദിവ്യവസ്ത്രം മുതലായതൊക്കെ ബ്രാഹ്മണർക്കു നൽകുകയുണ്ടായിട്ടില്ല; നെയ്പുരട്ടിയ എള്ളു് കത്തുന്നതീയിൽ സർവപാപശാന്തിക്കായി ഹോമിച്ചിട്ടില്ല; ശ്രീസൂക്തം, പാവമാനം, ബ്രാഹ്മണം, മണ്ഡലം, പുരുഷസൂക്തം, പാവനമായ ശതരുദ്രീയം എന്നിവ ജപിച്ചിട്ടില്ല; അരുന്ധതിയെ വന്ദിച്ചിട്ടില്ല; ഉടനടി പാപത്തെപ്പോക്കുന്ന അക്ഷതയോ

* അന്നദാനം.

Digitized By Kerala Sahitya Akademi

ദശി പൊള്ളിനാഴ്ചയോട് രചന്നുപോലും രാവുണായിട്ടുകൂടി നോറിട്ടില്ല; സ്നിഗ്ധശീതളച്ഛായമായ വൃക്ഷം നട്ടുപിടിപ്പിച്ചിട്ടില്ല; കിടക്കയും മെയമുള്ള പഞ്ഞിയും വിളക്കും കണ്ണാടിയും സർവ്വഭോഗസമൃദ്ധിക്കായി ദാനംചെയ്തിട്ടില്ല. ക്ഷുരം, കത്തിര, എണ്ണമ, ദാസി, കൃഷ്ണമൃഗത്തോൽ, എള്ള്, മലർപ്പൊടി, നീരുടം, ആസനം, മെയമുള്ള മെത്തിയടി, കാലിൽ പുരട്ടാനെണ്ണ, വിളക്ക്, വഴിപോക്കർക്കു പാനീയം, വിശറി, കട, താംബൂലം, മുഖവാസനദ്രവ്യം, നിത്യന്നാദാനം, ഭ്രത്യബുദ്ധി, ആതിഥ്യം എന്നീ ഇരുപതെണ്ണം നൽകിയ പുണ്യശാലികൾക്കു യമനേയോ യമകിങ്കരരേയോ യമയാതനകളേയോ കാണാനിടവരികയില്ല. ഇതും ഞാൻ ചെയ്തിട്ടില്ല. ശരീരശുദ്ധിക്കായി കൃച്ഛ്രചാന്ദ്രായണനക്തവ്രതാദികളും ഞാൻ ഒരിക്കലും അനുഷ്ഠിച്ചിട്ടില്ല; പയ്യിനു തീറ്റ കൊടുത്തിട്ടില്ല; ചൊറിഞ്ഞുകൊടുത്തിട്ടില്ല; ചേറിലാണ്ട പയ്യിനെ ഗോലോകസുഖലബ്ധിക്കായി കരയ്ക്കുറിയിട്ടില്ല. അർത്ഥികളെ അങ്ങീകരിച്ചും നൽകി കൃതാർത്ഥരാക്കിയിട്ടില്ല. വിഷ്ണുപൂജയ്ക്കു തുളസി നട്ടിട്ടില്ല; സാളഗ്രാമജലം സേവിക്കുകയോ തലയിലാടുകയോ ചെയ്തിട്ടില്ല; ഒരൊറ്റ ഏകാദശിപോലും നോറിട്ടില്ല; ശിവസാലോക്യത്തെ നൽകുന്ന ശിവരാത്രിയും നോറിട്ടില്ല. വേദമോ ശാസ്ത്രമോ ധനമോ ഭാര്യയോ മക്കളോ വയലോ മാളിക മുതലായതോ, ഞാൻ പോകുമ്പോൾ കൂടെ പോരികയില്ല! എനിക്കിപ്പോൾ ഒന്നിനും ശേഷിയില്ല; ഇനി ഞാൻ എന്തുചെയ്യേണ്ടു? നാംതോറും കാലാലയം അടുത്തുവരുന്നു! ഞാൻ എന്തുചെയ്യും, എവിടെപ്പോകും? അയ്യോ, എന്റെ സ്ഥിതി എത്രകഷ്ടം! പരലോകത്തേയ്ക്കുള്ള പാഥേയം യാതൊന്നുമില്ല, എന്റെ കയ്യിൽ!' എന്നിങ്ങനെ മനസ്താപം പിടിപെടുകയാൽ സുവ്രതനു ചുണ്ടും തൊണ്ടയും ഇണ്ണാക്കും വരണ്ടുപോയി. അയാൾ പശ്ചാത്താപത്തിനടിപെട്ട് കണ്ണുപ്രാണനായിത്തീർന്നു.

ഈ വിധം വൈവശ്യത്തിൽപ്പെട്ട സുവ്രതന്നു് ഒരു കായ്യം ഓർമ്മയിൽ വന്നു. 'ഹാ, വഴിയുണ്ടു്, വഴിയുണ്ടു്, വഴിയുണ്ടു്! പരലോകത്തേയ്ക്കു തുലോം ശ്രേയസ്കരമായിട്ടുള്ളതു പണ്ടു വേദവ്യാസമഹർഷി പകർത്തി ശ്ലോകംകൊണ്ടരുളിച്ചെയ്തിട്ടുണ്ടല്ലോ; അതു ചെയ്യുകതന്നെ. മറ്റൊന്നുകൊണ്ടും കിഴവനായ എനിക്കു നന്മ വരികയില്ല: ഞാൻ ധനാർജ്ജനത്തിനായി കാശ്മീരമഹാരാജ്യത്തേയ്ക്കു പോകുമ്പോൾ, ഗംഗാതീരത്തു വേദപാരഗരായ വളരെ ബ്രാഹ്മണരെ കണ്ടുകയുണ്ടായല്ലോ; അവർ പ്രഭാതത്തിൽ മഹാസ്നാനം കഴിച്ചു സ്ഥിരനിഷ്ഠചെയ്തുകയായിരുന്നു. അക്കൂട്ടത്തിൽ ഒരു പുരാണവായനക്കാരൻ ചൊല്ലിക്കേട്ട ശ്ലോകാർദ്ധം—

Digitized By Kerala Sahitya Akademi

മാഘത്തിൽ നൽഗ്ഗീതജലേ കളിച്ചപ്പാർ
പാപങ്ങളം നീങ്ങിഗ്ഗതിരുവിണ്ണ പൂകും'

എന്നപ്പ്—എനിക്കിപ്പോൾ ഒമ്മയിൽ വന്ന; അതുതന്നെ പ്രമാണമാക്കാം!' എന്നിങ്ങനെ നിനച്ചുറച്ച് ആ സുവ്രതൻ ഒമ്പതുദിവസം നമ്മദയിൽ മാഘസ്നാനം കഴിച്ചു. പത്താംദിവസം തീരെ വയ്യാതാഗ്ഗെങ്കിലും അവശം ഒരുവിധം നമ്മദയിൽ ചെന്നെത്തി യഥാവിധി സ്നാനംചെയ്ത കരയ്ക്കു കേറി; അപ്പോഴെയ്ക്കും തണുത്തു വലഞ്ഞ് അയ്യാം ഗോവിന്ദാ എന്ന ഉച്ചരിച്ചുകൊണ്ടു മരണമടഞ്ഞു. ഉടനെ, മഹാമേരുപോലുള്ള ഒരു വിമാനം അയ്യാംക്കായി വന്നെത്തി; അയ്യാം മാഘസ്നാനപ്രഭാവത്താൽ അതിൽക്കേറി സ്വർഗ്ഗലോകത്തെയ്ക്കു ഗമിച്ചു! അവിടെ ഒരു മന്വന്തരം വസിച്ചിട്ടു വീണ്ടും ഭൂലോകത്തു ബ്രാഹ്മണനായി ജനിച്ചു, പ്രയാഗത്തിൽ മാഘസ്നാനം സാധിച്ചു, ബ്രഹ്മലോകമടഞ്ഞു; ഒരു കല്പത്തിനശേഷം വീണ്ടും ഭൂലോകത്തു മഹാബ്രാഹ്മണവംശത്തിൽ പിറന്ന്, കാശിയിൽ മാഘസ്നാനം കഴിച്ച്, മരണസമയത്തു മഹേശ്വരന്റെ ഉപദേശത്താൽ മുക്തനായി, പരമശിവസായുജ്യവും പ്രാപിച്ചു! * .....

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, മാഘമാഹാത്മ്യപ്രകരണം,
ദിലീപവസിഷ്ഠസംവാദം, സുവ്രതോപാഖ്യാനം
ഇരുനൂറിമൂപ്പത്തൊമ്പതാമദ്ധ്യായം.

—— :0: ——

ഇരുനൂറിമൂപ്പത്തൊമ്പതാമദ്ധ്യായം

വസിഷ്ഠൻ:——മഹീശ്വര, മാഘമാഹാത്മ്യം വീണ്ടും കേട്ടുകൊള്ളുക. എല്ലാ മാസങ്ങളിലും മീതെയാകുന്ന മാഘമാസം. മാഘത്തിന്റെ മാഹാത്മ്യം മറേറതു മാസത്തിന്നുള്ള? തപസ്സികൾക്കു പ്രിയപ്പെട്ട മാഘമാസം വന്നാൽ, പാപങ്ങൾ സൂര്യോദയത്തിൽ നിലവിളിച്ചുകൊണ്ടിരിക്കും! ബ്രഹ്മഹത്യാദി വിവിധപാപങ്ങൾപോലും മാഘമാസത്തിൽ അനുതിപ്പെട്ടുപോകും. എന്നൊന്നാം മാഘമാസത്തിൽ ദേവന്മാർ സ്വന്തം തേജസ്സിനെ ജലത്തിൽ നിക്ഷേപിക്കും; അതിനാൽ ജലം വിശുദ്ധമായി സർവ്വപാപങ്ങളേയും സംഹരിക്കുന്നു. മാ

* ഇപ്പറഞ്ഞതുതന്നെ, മാലിനീപുത്തത്തിലുള്ള രണ്ടു ശ്ലോകങ്ങൾകൊണ്ടു പറഞ്ഞിട്ടുണ്ടെങ്കിൽ ചിട്ടയ്ക്ക്.

Digitized By Kerala Sahitya Akademi

ഘമാസത്തിൽ നിയമംകൊണ്ടാൽ കൈവരുന്ന സൽഗതി മനുഷ്യർക്ക് മറെറാന്നുകൊണ്ടും കൈവരികയില്ല. മാഘമാസത്തിൽ ഒഴുക്കുള്ള വെള്ളത്തിൽ കുളിക്കുകയാണ് ഉത്തമം; വാപീതടാകങ്ങളിൽ കുളിക്കുക മദ്ധ്യമമത്രെ; ഗൃഹത്തിൽ കുളിക്കുക എന്നതു നന്മ നേടുന്നവൻ ചെയ്തുപോകരുത്. നല്ല തണുപ്പുള്ള വെള്ളത്തിൽ വേണം പങ്കനാശനമായ മാഘസ്നാനം: സുഖത്തോടെ പുണ്യം കിട്ടുകയില്ല; കഷ്ടപ്പെട്ടേ പുണ്യം കിട്ടൂ. കുളികഴിഞ്ഞിട്ട്, എത്ര തണുപ്പുണ്ടെങ്കിലും, നന്മക്കായി നിയമം കൊണ്ടവൻ തീയായതത്രേ. പുഴയും മറവുമില്ലെങ്കിൽ രാത്രിയിൽ പുതുകുടത്തിലാക്കി കാറവെട്ടിച്ച വെള്ളത്തിൽ കുളിക്കുക; അതു ഗാംഗാസ്നാനത്തിനൊക്കും. സ്നാനത്താൽ നീങ്ങാത്ത പാതകം ലോകത്തിലില്ലെന്നേ; അഗ്നിപ്രവേശത്തെക്കാളും ശ്രേയസ്കരമാണ് മാഘസ്നാനമെന്ന് അഭിജ്ഞന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. വ്രതങ്ങളും ക്ലേശത്തിനു മാത്രം; സ്നാനമോ, അക്ഷയഫലമാകുന്നു. ഇതുകൊണ്ടുതന്നെയാണ്, മാഘസ്നാനത്തിനു പ്രാധാന്യം. നാലേതാരും എള്ളും പഞ്ചസാരയും ദാനം ചെയ്യണം; മാഘത്തിന്റെ അവസാനത്തിൽ വ്രതപൂർത്തിക്കായി ബ്രാഹ്മണരെ ശ്രദ്ധാസാനം ഭക്തിയോടേ ശരിയ്ക്കൂട്ടണം. 'സൂര്യോ മേ പ്രീയതാം ദേവോ മുക്തിം ദദ്യാന്നിരഞ്ജനാം' എന്നു പ്രാർത്ഥിക്കണം. ഒരു ബ്രാഹ്മണന്നും പതിനാറു വെള്ളവസ്ത്രങ്ങളും സപ്തധാന്യങ്ങളും നൽകണം. മൂന്നിലൊന്നു പഞ്ചസാര ചേർത്ത എള്ളുകൊണ്ടു തേങ്ങയും ഏലത്തരിയും ജീരകവും കരിമുളകും ക്രമമുള്ളതാക്കിയ മുപ്പതു മോദകം ബ്രാഹ്മണക്കു കൊടുക്കണം. എണ്ണത്തെയ്യാതെ മാഘമാസം കഴിക്കുന്നവനുള്ളതാണ്, ഇപ്പറഞ്ഞ സർവപാപനാശനമായ വിധി. സർവപാപങ്ങളേയും സംഹരിക്കുന്ന സനാതനനായ ദേവനെ സസൂക്ഷ്മനായി സമാഹിതനായി സ്മരിച്ചുകൊണ്ട്, ഭക്തിപൂർവം പ്രാർത്ഥിക്കണം:

'സവിത്രേ പ്രസവിത്രേ ച പരധാമ്നേ നമോസ്തു തേ
തപത്തേജസാ പരിഷ്കൃത പാപം യാതു സഹസ്രധാ!'

എന്നു പ്രാർത്ഥിക്കുന്ന മാഘവ്രതക്കാരൻ സൂര്യബിംബത്തെപ്പിളർത്തു പരമമായ വിഷ്ണുപദത്തിൽച്ചെന്നെത്തും. ഇപ്രകാരമുള്ളതാണ്, താപസപ്രിയമായ മാഘമാസം!

പണ്ടു ഭീമസേനൻ, തന്റെ പുരോഹിതനായ ധൌമ്യനോടാവശ്യപ്പെട്ടു:—'ഗുരോ, ആളുകളൊക്കെ ഹരിവാസരം നോൽക്കുന്നതുണ്ടല്ലോ; എന്നെ ചങ്ങാതിമാർ, 'ഇയ്യാൾ ഹരിവാസരത്തിൽ ഊണുകഴിയ്ക്കുന്നവനാണെ'ന്നു പരിഹസിക്കുന്നു—ഒപ്പംതീനിയാണ് വൃകോദരനെന്നു പഴിക്കുന്നു. ഉപ്പാസനൻ മുതലായ നൂറുവർ വിശേഷിച്ചും

Digitized By Kerala Sahitya Akademi

പരിഹസിക്കാറുണ്ട്. ഏകാദശിനാളിൽ ജാഗരിച്ചു ക്ലേശത്തോടെ ജപിക്കും; എന്നിട്ടു നോൽക്കാൻ വയ്യാതെന്നു. വല്ലാത്ത വിശപ്പു്! ഞാൻ എങ്ങിനെയെങ്കിലും നാവിനെ അടക്കി, പ്രാണനെ നിയന്ത്രിച്ചു, ഫലമൂലങ്ങൾ ഭക്ഷിച്ചു് നോറുകൊള്ളാം; ഒരൊറ്റ ഏകാദശി നോറാൽ എല്ലാ ഏകാദശികളുടേയും പുണ്യം കിട്ടുമാറാകണം. മഹർഷി, ശാസ്ത്രപ്രകാരം ചിന്തിച്ചു്, അങ്ങിനെയുള്ള ഒരേകാദശി പറഞ്ഞുതന്നാലും.'

ധൌമ്യൻ:—'ഭീമ, മഹാബാഹോ, കൊള്ളാം: നല്ല പ്രസ്താവമാണു് ഭവാൻ ചെയ്തതു്. കുന്തീപുത്രനായ കുരുപുംഗവ, അതു ഞാൻ പറഞ്ഞുതരാം: മാഘമാസത്തിലെ വെളുത്ത ഏകാദശി പുണ്യംനാളോടു മേന്നാൽ മനുഷ്യർക്കു് പുണ്യത്തെ വർദ്ധിപ്പിക്കുന്നു; പുണ്യത്തോടു ചേർന്നതല്ലെങ്കിലും, അതു വിഷ്ണുപ്രീതിക്കായി നോൽക്കണം. ഒരാൾ ഒരേകാദശി ശരിക്കു നോറാൽ ഒരാണ്ടിലെ ഏകാദശികളുടെയെല്ലാം പുണ്യം കിട്ടും; സംശയമില്ല. ഈ പുണ്യതിഥി, നോറവരുടെ മാപാപത്തെ, ചീത്ത രാജാവു രാജ്യത്തെ എന്നപോലെ നശിപ്പിക്കുന്നു. പൂടിനാൽ മഞ്ഞും, ധനാർജ്ജനത്താൽ ദാരിദ്ര്യവും, സ്വയം വർണ്ണിച്ചാൽ മാനവും, ഗർവിനാൽ അപസ്സും, പഠിപ്പിക്കുഞ്ഞാൽ പുത്രനും, അകലെവിട്ടാൽ പത്നിക്കളും, ക്രോധത്താൽ ശ്രുതിയും, വർദ്ധിപ്പിക്കാഞ്ഞാൽ ധനവുമെപ്രകാരമോ, അപ്രകാരം പഞ്ചമഹാപാപങ്ങളും ഈയൊരേകാദശിയാൽ നാശമടയും! തിരുപ്പുഷ്കരമോ, നൈമിശാരണ്യമോ, കുരുക്ഷേത്രമോ, പ്രയാഗമോ, ഗയയോ, ഗംഗയോ, നർമ്മദയോ, സരസ്വതിയോ, കാവേരിയോ, കാളിന്ദിയോ, ദേവികയോ, മറു തീർത്ഥങ്ങളോ ഒരിക്കലും ഹരിവാസരത്തോടു കിടനിൽക്കുകയില്ല! ഹരിവാസമൊന്നുകൊണ്ടു, ദാനമോ ജപമോ ഹോമമോ മറു സുകൃതമോ പാപശാന്തിയുണ്ടാക്കുമാകയില്ല; ഇതു് ഒരിക്കൽ നോറാൽത്തന്നെ വളരെപ്പുരുഷസഞ്ചയത്തിനു മുക്തിവരും. പൃഥിവീദാനത്തെ ഒരു തട്ടിലും ഹരിവാസരത്തെ മറെത്തട്ടിലും വെച്ചു തൂക്കിനോക്കിയതിൽ ഹരിവാസരത്തിനാണു് ഏറെ കനം കണ്ടതു്!

ദശമീതിഥിയിൽ ഒരിക്കലുണ്ടു്, രാത്രിയിലുണ്ണാതെ ബ്രഹ്മചര്യം കൊള്ളുക; എന്നാൽ സർവ്വജഗൽപിതാമഹനായ ബ്രഹ്മദേവൻ പ്രസാദിക്കും. ഏകാദശിനാൾ ഉഷസ്സിൽ കളിച്ചു നിത്യകർമ്മവും ഔപാസനഹോമവും ബ്രഹ്മയജ്ഞവും കഴിച്ചു്,

Digitized By Kerala Sahitya Akademi

'അന്യേ സ്ഥിതാ നിരാഹാരാ: ശേഷാഹ്യേതേ പരാശര,
ഭോക്ഷ്യാമി പുണ്ഡരീകാക്ഷ, തവാഹം തേ ഭവാഗ്രത!
പ്രമാദാദഥവാലസ്യാൽ ഹരേ, കേശവ, മാധവ,
വ്രതസ്യാസ്യ ച വൈ വിഘ്നോ ന ഭവേത്തവ പ്രസാദതഃ!'

എന്നീ മന്ത്രം ചൊല്ലി ഉപവാസം സങ്കല്പിച്ചു വിധിപോലെ നിയമത്തിലിരിക്കണം. തേച്ചു വൃത്തിപ്പെടുത്തിയടുത്തു ധാന്യം ക്രട്ടിയതിന്മേൽ, പലതരം തോരുളിട്ട നിറകുടം വെള്ളവസ്ത്രം കൊണ്ടു പൊതിഞ്ഞുവെച്ചു്, മുകളിൽ ഒരു വെള്ളവസ്ത്രം ചതുരത്തിൽ മടക്കിവെച്ചു്, ആ വസ്ത്രപീഠത്തിൽ വരാഹമൂർത്തിയുടെ കനകപ്രതിമ പ്രതിഷ്ഠിച്ചു പൂജിക്കണം: വരാഹായ നമഃ എന്നു തുടങ്ങിട്ടു; ക്രോഡായ നമഃ എന്നു് അരക്കെട്ടു്; ഹിരണ്യഗർഭായ നമഃ എന്നു പൊക്കിൾ; ശ്രീവത്സധാരിണേ നമഃ എന്നു് ഉദരം; സഹസ്രശിരസേ നമഃ എന്നു കൈകൾ; സർവ്വേശ്വരായനമഃ എന്നു കഴുത്തു്; സർവ്വാത്മനെ നമഃ എന്നു മുഖം; സുപ്രീതായ നമഃ എന്നു നെറ്റി; ചക്രധരായ നമഃ എന്നു തലമുടി. ഇങ്ങിനെ വിഷ്ണുദേവനെ ശരിക്കു പൂജിച്ചിട്ടു് രാത്രിയിൽ ഹരിമാഹാത്മ്യപ്രതിപാദകമായ പുരാണം ശ്രവിച്ചു് ഉറക്കമിളയ്ക്കണം. പിറേന്നു രാവിലെ കൃത്യങ്ങൾ കഴിച്ചു് വീണ്ടും ദേവേശനെ കഴിവുപോലെ വട്ടങ്ങൾകൂട്ടി മേൽപ്രകാരം പൂജിച്ചു്, കേതിയോടേ പലവുരു നമസ്കരിച്ചു്, അടിയ്ക്കും പ്രാർത്ഥിക്കുക. എന്നിട്ടു വ്രതക്കാരൻ ആ കുടവും പ്രതിമയും വസ്ത്രവും ധാന്യവും പാത്രങ്ങളുമൊക്കെ ശക്തിക്കൊത്ത ദക്ഷിണയോടുകൂടി ഗുരുവിനു നൽകണം. ഒടുവിൽ പാരണയും സുഹൃത്തുക്കളോടുകൂടി മിതഭോജനവും കഴിക്കുക. ഇതിൻവണ്ണം വരാഹമൂർത്തിയെ ആരാധിച്ചവനു പുനർജ്ജന്മമുണ്ടാകയില്ല; അറിഞ്ഞോ അറിയാതെയോ പല ജന്മങ്ങളിൽ ചെയ്ത പാപമെല്ലാം, സൂര്യോദയത്തിൽ ഇരുട്ടെന്നപോലെ അവതിപ്പെട്ടുപോകും. കൌന്തേയ, ഇതുചെയ്താൽ പുല്ലാ ഏകാദശികളുടേയും പുണ്യംകിട്ടും.'

ധൌമ്യന്റെ ഈ ഉപദേശത്താൽ മനംതെളിഞ്ഞ ഭീമസേനൻ, 'അതു ചെയ്യുകതന്നെ' എന്നു നിശ്ചയിച്ചു. ഹരിവാസരം വന്നപ്പോൾ ദേഹശുദ്ധി *.....സങ്കല്പംചെയ്തു്, *. ഫൽഗുനപുരത്തിലെ ഫലസമൃദ്ധമായ തോട്ടത്തിൽ ചെന്നു് ഓരായിരം തെങ്ങുകളും പതിനായിരം കരളിപ്പഴവും നൂറു ചക്കയും മുന്നൂറു കരിമ്പിൻതടിയും ദക്ഷിച്ചു്, പണിപ്പെട്ടുപവാസമനുഷ്ഠിച്ചു! *..... വളരെ ദക്ഷ്യങ്ങളും നെ

* വിധികൾ മുകളിൽ പറഞ്ഞിട്ടുള്ളതിനാൽ ഇവിടെ വിട്ടു.

Digitized By Kerala Sahitya Akademi

യുമായി പാരണയുംകഴിച്ചു. അന്നുമുതൽ ഈ പുണ്യതിഥിക്കു ഭീമൈകാദശി എന്നു പേർ വന്നു.

മാസങ്ങളിൽ മീതെയാകുന്ന മാഘം; ഒന്നുമില്ല, മാഘത്തിനൊപ്പം. സൂര്യൻ മകരത്തിൽ നിൽക്കുമ്പോൾ എല്ലാ കാലവും ദേശവും ശുഭോതന്നെ; എല്ലാവരും ദാനപാത്രങ്ങളുംതന്നെ! യാഗങ്ങളിൽ അശ്വമേധവും, പർവതങ്ങളിൽ ഹിമവാനും, വൃക്ഷങ്ങളിൽ ഔഷധ്യവും, ദാനങ്ങളിൽ അഭയദാനവും, തപസ്സുകളിൽ പ്രാണായാമവും, മന്ത്രങ്ങളിൽ പ്രണവവും, ധർമ്മങ്ങളിൽ അഹിംസയും, കാര്യങ്ങളിൽ ശ്രീയും, വിദ്യകളിൽ ആത്മവിദ്യയും, സ്ത്രീകളിൽ ഗൌരിയും, ശിവക്ഷേത്രരിൽ നാരായണനും, പാത്രങ്ങളിൽ ആഹിതാഗ്നിയും എപ്രകാരമോ, അപ്രകാരം പുണ്യങ്ങളിലെല്ലാം മീതെയാകുന്ന മാഘമാസം. ഗരുഡനെ കണ്ടാലുടനെ, സർപ്പങ്ങൾ വിഷം കെട്ടുന്നതുപോലെ, മാർത്താണ്ഡൻ മകരമണഞ്ഞാൽ പാപങ്ങൾ നിറം കെട്ടുകഴിഞ്ഞു! വ്യസനാക്രാന്തൻ, നിർഭാഗ്യൻ, പാപി എന്നിവർക്ക് മാഘമാസമല്ലാതെ മറ്റൊന്നില്ല ശരണം! ചന്ദ്രനില്ലാത്ത രാവും പൂവില്ലാത്ത മരവുംപോലെയാണ്, മാഘസ്നാനം ചെയ്യാത്ത മനുഷ്യൻ! നയമില്ലാത്ത സമ്പത്തുപോലെയും ദക്ഷിണയില്ലാത്ത യാഗംപോലെയുമാണ് മാഘസ്നാനംചെയ്യാത്ത മനുഷ്യൻ! മാഘത്തിൽ കുളിക്കാത്തവൻ ജീവിച്ചിരുന്നാലും മരിച്ചുവനും, വിരുതനെങ്കിലും വിഡ്ഢിയും, ജാത്യന്ധനും കാൽമുടന്തനുമാകുന്നു! ബ്രഹ്മചാരിയായി മാഘസ്നാനമനുഷ്ഠിക്കുന്നവൻ പാപംനീങ്ങി, വാജപേയഫലം നേടും. ഉച്ചുമ്മ്ഹ സ്ഥരേയും വൻകടലിൽ മുഴുകിയവരേയും നരകത്തിൽ വീണവരേയും മാഘമാസം സമുദ്ധരിക്കും! എല്ലാ ലോകങ്ങളിലും മീതെയാണല്ലോ ബ്രഹ്മലോകം; അതുപോലെ എല്ലാ മാസങ്ങളിലും മീതെയാകുന്ന മഹോദയമായ മാഘമാസം. മകരമാസത്തിൽ, പുറമേ പോയി തെളിഞ്ഞ കളിതന്നീരിൽ, ഹരേ, കൃഷ്ണാ, ശിവ എന്നുച്ചരിച്ചു മുഴുകുന്നവൻ ദേവസ്ത്രീകളുടെ മുഖത്തു പത്തിക്കിറ്റുഴുതു! യാതൊന്നിലാണോ ഉറക്കമിളയ്ക്കേണ്ടുന്ന ശിവപ്രിയയായ ശിവരാത്രി, ആ മാഘമാസത്തിന്റെ മാഹാത്മ്യം പറഞ്ഞൊപ്പിക്കാൻ ഞാനാളല്ല! കൈലാസപദത്തെ തന്നരുളുന്ന ശിവചതുർദ്ദശി യാതൊന്നിൽ അവതരിക്കുന്നുവോ, ആ മാഘമഹത്ത്വം വർണ്ണിക്കേം? മാഘമാസാനങ്കിൽ കണ്ടതു കല്മഷങ്ങളെപ്പോലും അകറ്റുന്ന ശിവചതുർദ്ദശി എന്നൊരു തിഥിയുണ്ട്; അയ്യോ, സംഗതിവശാൽ പട്ടിണികിടന്ന വേടനെക്കൂടി കൈലാസത്തിലെത്തിച്ചു!'

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, മാഘമാഹാത്മ്യപ്രകരണം,
ദിലീപയജ്ഞസംവാദം, ഭീമൈകാദശ്യുപാഖ്യാനം
ഇരുനൂറിപ്പത്തൊമ്പതാമദ്ധ്യായം.

—— :0: ——

Digitized By Kerala Sahitya Akademi

ഇരുന്നൂറിനാൽപ്പതാമദ്ധ്യായം

ദിലീപൻ:—'ശിവരാത്രിയുടെ മാഹാത്മ്യം ഒട്ടൊഴിയാതെ കേൾക്കാൻ എനിക്കാഗ്രഹമുണ്ട്; മഹർഷേ, വിസ്തരിച്ചരുളിച്ചെയ്താലും. എന്തു സംഗതിയാലാണ് വേടൻ പട്ടിണികിടന്നാണ്? അവൻ കൈലാസമണഞ്ഞതെങ്ങിനെ?'

വസിഷ്ഠൻ:—'രാജാവേ, ശിവരാത്രിവ്രതം ഞാൻ പറഞ്ഞുതരാം. അതു് വ്രതങ്ങളിൽവച്ചുത്തമവും സാക്ഷാൽ ശിവലോകത്തെ പ്രാപിക്കുന്നതുമത്രെ. മാഘഫല്ഗുനങ്ങൾക്കിടയിലുള്ള കറുത്ത ചതുർദ്ദശിയാകുന്നു, സർവ്വപാപഘ്നിയായ ശിവരാത്രി. അന്നുപവസിച്ച്, നാലു യാമവും ഉറക്കമിളച്ച്, ക്രുവളത്തിലകൊണ്ടു ശിവനെ പൂജിച്ചവർ ശിവസായുജ്യം നേടും. തപസ്സുകൾകൊണ്ടോ ദാനങ്ങൾകൊണ്ടോ ജപങ്ങൾകൊണ്ടോ ധ്യാനങ്ങൾകൊണ്ടോ യാഗങ്ങൾകൊണ്ടോ മറ്റുപവാസങ്ങൾകൊണ്ടോ ഇതിനൊത്തഫലം കിട്ടുകയില്ല. ഗോപ്രത്തിലും വെച്ചു ഗോപ്രദാനം, ഈ ശിവപ്രിയമായ വ്രതം; ഭോജനം ഈ വ്രതം പാരണ വെളിപ്പെടുത്തിപ്പോകരുതു്. മലകളിൽ മഹാമേരുവും, തേജസ്സുകളിൽ സൂര്യനും, ഇരുകാലികളിൽ ബ്രാഹ്മണനും, നാൽക്കാലികളിൽ പയ്യും, മന്ത്രങ്ങളിൽ ഗായത്രിയും, രസങ്ങളിൽ അമൃതും, പുരുഷന്മാരിൽ വിഷ്ണുവും, സ്ത്രീകളിൽ അരുന്ധതിയുമെന്നപോലെ, വ്രതങ്ങളിൽവെച്ചു് മീതെയാകുന്നു ശിവരാത്രിവ്രതം. ഗൌരീശപ്രിയമായ ശിവരാത്രിപ്പുണ്യതിഥി ശുഷ്കമോ ആർദ്രമോ ആയ പാപവിറകിനെ തടവില്ലാതെ ചുട്ടെരിക്കുന്നു! ഇങ്ങിനെതന്നെയാണ്; പണ്ടു പരമേശ്വരൻ പാർവ്വതിയോടരുളിച്ചെയ്തുള്ളതു്.'

ദിലീപൻ:—'എപ്പോഴും എങ്ങിനെയാണ്, പാർവ്വതി പരമേശ്വരനോടാവശ്യപ്പെട്ടതു്?'

വസിഷ്ഠൻ:— * .....കൈലാസശൃംഗത്തിൽ ഇരുന്നരുളുന്ന ചന്ദ്രശേഖരനെ കണ്ടിട്ട് എത്രയെന്നില്ലാതെ തിരുമനം കളിത്ത വരവർണ്ണിനിയായ ദേവശി ബദ്ധപ്പെട്ട ഗുഹയേയും പ്രമോദവനിതയേയും വദാന്യയേയും സുമാലിനിയേയും വിളിച്ചു്, ഭർത്തസ്ത്രീകളാൽ പരിവൃതയായി മഹാദേവന്റെ സന്നിധിയണഞ്ഞു. തൃക്കാൽക്കീഴിൽ പരമഭക്തിയോടേ സുമാലിനിയാൽ കൊണ്ടുവരപ്പെട്ട പൂക്കൾ വിതറി, കൈ

* ശിവന്റെ സ്വരൂപം വർണ്ണിച്ചുകൊണ്ടുള്ള ശ്ലോകങ്ങൾ വിട്ടു. ഈ വർണ്ണനം മുമ്പുണ്ട്.

Digitized By Kerala Sahitya Akademi

ക്കുപ്പിനിന്നപേക്ഷിച്ചു:—'അഹോ, അമൃതു തന്നെയാണ്, നിന്തിരുവടിയുടെ സലീലവും പാപനാശനവുമായ അരുളപ്പാട്! ദുഃഖം നീക്കി സുഖം നൽകുന്നതായി, നീലോല്പലമാലപോലെ നറുമണം ചേന്നതായി, തിരുമുഖത്തുനിന്നു പൊഴിഞ്ഞ തുമൊഴി കേട്ടിട്ട്, ദേവേശ, എനിക്കിനിയും മതി വന്നിട്ടില്ല! ദാനം, ധർമ്മം, കഷ്ടപ്പാടേറിയ യാഗങ്ങൾ, തപസ്സുകൾ, നിയമങ്ങൾ എന്നിങ്ങനെ വളരെ വളരെ സൽക്കർമ്മങ്ങളുണ്ടല്ലോ ലോകത്തിൽ; എന്നാൽ ഭുക്തിമുക്തികളെ നൽകുന്നതും സർവ്വാർത്ഥസാധകവും നിന്തിരുവടി ആർദ്രം പറഞ്ഞു കൊടുത്തിട്ടില്ലാത്തതും കേട്ടാൽത്തന്നെ പാപമെല്ലാം ഛിദ്രിക്കുന്നലിഞ്ഞുപോകുന്നതുമായ മഹാവ്രതം ഇന്നതാണെന്ന് എനിക്കുപദേശിച്ചു തരുമാറാകണം!'

ശിവൻ:—'ദേവി, വ്രതങ്ങളിൽവച്ചുത്തമോത്തമവും ആരോടും പറഞ്ഞിട്ടില്ലാത്ത രഹസ്യവും മുക്തിപ്രദവുമായ വ്രതം കേട്ടുകൊള്ളുക. യാതൊന്നു ചൊല്ലിയാൽത്തന്നെ അധർമ്മം അലിഞ്ഞുപോകുമോ, അതു ഞാൻ പറയാം; ഏകാഗ്രചിത്തയായി കേട്ടാലും: മാഘമാൽഗുനങ്ങൾക്കിടയിലേ കറുത്ത ചതുർദ്ദശി എല്ലാ യജ്ഞങ്ങളിലും വെച്ചുത്തമോത്തമമായ ശിവരാത്രിയാകുന്നു. ദാനം, യജ്ഞം, തപസ്സ്, തീർത്ഥസേവനം, മറ്റു വ്രതം മുതലായവ ശിവരാത്രിവ്രതത്തിന്റെ കോടിയിലൊന്നിനൊക്കില്ല! സുമുഖി, കലിയേയും കൃതാന്തമാർഗ്ഗത്തേയും തടുക്കുന്ന ഭുക്തിമുക്തിപ്രദമായ ശിവരാത്രി പകലിരവു നോറവർ തീർച്ചയായും യമാലയം പൂകുകയില്ല.'

പാർവ്വതി:—'എങ്ങിനെ യമലോകം പൂകാതാകും? എങ്ങിനെ ശിവലോകം പൂകാതാകും? ഇതു് അത്യത്ഭുതമായി തോന്നുന്നു; സ്വാമിൻ, എന്റെ സംശയം തീർത്തരുളുക.'

ശിവൻ:—'പ്രിയേ, ഒരു പുരാണകഥ കേട്ടുകൊള്ളുക: പണ്ടു് ഒരു വേടൻ പർവ്വതമുകളിൽ പാർത്തിരുന്നു. മലയ്ക്കരികേ സഞ്ചരിക്കുന്ന മൃഗങ്ങളെക്കൊന്നു മാംസം സമ്പാദിച്ചാണ് അവൻ ഉപജീവിച്ചിരുന്നതും കുടുംബം പുലർത്തിയിരുന്നതും. കറുത്തിരുണ്ടു് ചുമൽ തടിച്ച ആ ഇറച്ചിപ്പൊരുപ്പുകാരൻ കറുത്ത കുപ്പായവും കൈത്തണ്ടു വിടുറയുമിട്ട്, ഇടത്തേക്കയ്യിൽ വില്ലും വലത്തേതിൽ ക്രൗഞ്ചുമേന്തി, കാടിലിൽ നിന്നു പുറപ്പെട്ട് കാട്ടിലെത്തി അവിടവിടെ കാട്ടുപന്നികളെ തേടി നടന്നു. എന്നാൽ അവനാശാഭംഗമാണ് പറ്റിയതു്. സൂര്യനസ്തമിച്ചപ്പോൾ, 'രാത്രിയിൽ ഉറങ്ങാതിരിക്കുകതന്നെ; എ

Digitized By Kerala Sahitya Akademi

ന്നാൽ തീർച്ചയായും കിട്ടും' എന്ന കരുതി ആ ജീവഘാതകൻ അടുത്തുള്ള ഒരു ജലാശയത്തിന്റെ തീരത്തു് വൃക്ഷങ്ങൾക്കിടയിൽ ഒളിച്ചിരിക്കാനൊരുമ്പെട്ടു. സുന്ദരി, അവിടെ ഇലനിറഞ്ഞ ക്രൗഞ്ച വൃക്ഷങ്ങളാൽ മറയ്ക്കപ്പെട്ട് ഒരു സ്വയംഭൂതമായ ശിവലിംഗം സ്ഥിതിചെയ്യുന്നതറിഞ്ഞില്ല. വഴിയുണ്ടാക്കാൻവേണ്ടി, അവൻ ആ ക്രൗഞ്ചത്തിന്റെ ഇലകൾ പറിച്ചു വലത്തോട്ടെറിഞ്ഞതു് ലിംഗത്തിന്മേൽ ചെന്നു വീണു! ഈരേഴിനടക്കുകയാൽ അവൻ പകൽ ഭക്ഷണംകഴിച്ചിരുന്നില്ല; നോക്കിക്കൊണ്ടിരിക്കയാൽ രാത്രിയിൽ ഉറങ്ങിയതുമില്ല. അവന്റെ നാരായമേൽക്കുന്നതോട്ടക്കുടി, മൃഗങ്ങളെല്ലാം അവനുകൊള്ളിനെപ്പേടിച്ചു് അവിടെങ്ങും നിൽക്കാതാകട! അങ്ങിനെ ആ രാത്രി കഴിഞ്ഞു്, നേരം പുലർന്നപ്പോൾ, ആശകെട്ട വേടൻ ആയുധമായി കടിലിലേയ്ക്കു മടങ്ങി. മകന്റെ കയ്യിൽ മാംസം കാണാഞ്ഞതിനാൽ അച്ഛൻ ചോദിച്ചു: —'മകനേ, നീ ഇറച്ചികൊണ്ടുവന്നിട്ടില്ലല്ലോ; രാത്രിയിൽ നോറിരുന്നതെന്തിന്?' പുളിന്ദൻ പിതാവിനോടു മറുപടി പറഞ്ഞു:—'അച്ഛാ, ഇറച്ചി കൊണ്ടുവന്നിട്ടില്ല; കുഞ്ഞുങ്ങടം ആശകെട്ടു തിരിച്ചു. വല്ലാതെ വിശക്കുന്നില്ലേ; അച്ഛൻ ഊൺകഴിച്ചു കൊൾക.' ആ കിഴവനും കെട്ടിച്ചുമ്പം ഊൺകഴിച്ചു.

ധർമ്മരഹിതനായിരുന്ന നിഷാദൻ കാടന്നത്തു. ശിവരാത്രിയിൽ ഒക്കാതെ ഉറക്കമിളച്ചതിനാൽ ധർമ്മിഷ്ഠനായിച്ചമഞ്ഞു! ആയുസ്സറപ്പോൾ അവൻ മരിയടഞ്ഞു് യമകിങ്കരന്മാരുടെ പിടിയിൽപ്പെട്ടു; അപ്പോഴേയ്ക്കും ശിവൻ വളരെ വളരെ ഗണങ്ങളെ വിമാനത്തോടുകൂടി കല്പിച്ചയച്ചു. 'ഈവനെ വേഗത്തിൽകൊണ്ടുവരുവാൻ യമകിങ്കരന്മാർ പിടിക്കുടിയിരിക്കുന്നു. അവന്റെ പാപം ശിവരാത്രി നോറതിനാൽ വെന്തടിഞ്ഞു കഴിഞ്ഞു' എന്നീ അരുളപ്പാടു കേട്ടിട്ടു ഗണശ്രേഷ്ഠന്മാർ അനാമയനായി രാത്രി നായിരുന്ന പരമശിവൻ തിരുവടിയെ സ്തുതിച്ചു നടകൊണ്ടു. അവർ കയറും മുൾത്തടിയും കൈക്കൊണ്ടു കാലന്റെ ദൂതരാൽ ഗ്രഹീതനായ കിരാതനെ കണ്ടതോട്ടക്കുടി, 'ഈ മഹാത്മാവിനെ വിടുവിൻ' എന്നാജ്ഞാപിച്ചു. അതിനു യമഭടന്മാരുടെ മറുപടി, 'ഇവനെ വിടുകയോ? ഈ പ്രാണിഹിംസകനെ ഘോരനരകങ്ങളിൽത്തള്ളുന്നു' എന്നായിരുന്നു; മറുപടിയുടനെ ആ മഹാത്മാവിനെ വാൾ മുതലായ മുൾത്തടിപട്ടികളാൽ പ്രഹരിച്ചു തുടങ്ങി. തന്മൂലം ശിവഗണങ്ങളും കാലപുരുഷന്മാരുമായി തമ്മിൽ വമ്പിച്ച യുദ്ധം നടന്നു. അതിൽ ശരശൂലമുൾത്തടികളാൽ തലയും ഉടലും പൊളിഞ്ഞു് അംഗങ്ങളറ്റു തകർന്ന യമഭടന്മാർ ഘോരമായവണ്ണം നിലവിളി

Digitized By Kerala Sahitya Akademi

ച്ചുകൊണ്ടും, 'രക്ഷിക്കണേ, രക്ഷിക്കണേ' എന്നാവർത്തിച്ചുകൊണ്ടും കാലാലയത്തിലേയ്ക്കു പാഞ്ഞു നിഷാദനെ ഗണങ്ങളും മഹേശ്വരന്റെ അടുക്കലേയ്ക്കും കൊണ്ടുപോയി. അവൻ ശിവന്റെ നോട്ടമേറ്റതോടുകൂടി സപദിസ്വരൂപമണഞ്ഞു ദിവ്യശരീരനായി കുണ്ഡലാദ്യാഭരണങ്ങളണിഞ്ഞു ചരിശോഭിച്ചു! അവന്നു മഹേശ്വരൻ അക്ഷമാലികയും കൊണ്ടും പുഷ്പമാലകയും കൊണ്ടും വിവിധരത്നങ്ങളും കൊണ്ടും അലംകൃതമായി. നാനാവാദ്യമുഖരിതമായി സർവ്വ ജനങ്ങൾക്കും ഭയങ്കരമായ ഒരു വിമാനം കല്പിച്ചുകൊടുത്തു, 'നീ എന്റെ പുരിയിൽ പ്രളയംവരെ ഭോഗങ്ങളും ഭുജിച്ചുകൊൾക' എന്നനുഗ്രഹിച്ചു. ഇങ്ങിനെ അവൻ ശിവന്റെ ചൊൽക്കീഴിൽ സ്ഥിതിചെയ്തു.

തല തകർന്ന ചെഞ്ചോര വാർത്തിരുന്ന യമഭടന്മാർ ധർമ്മരാജാവിന്റെ മുമ്പിൽ തൊഴുതുനിന്നണഞ്ഞിച്ചു:—'തിരുമേനി, ശിവഗണങ്ങളുമായി പട നടന്നതു തുച്ചമിക്കാണ്മാറും: ആ മൃതിപ്പെട്ട ജീവഘാതകനായ പാപിനിഷാദനെ ഉത്തരവിൻപ്രകാരം ഞങ്ങൾ കൊണ്ടുപോരികയായിരുന്നു; അപ്പോഴേയ്ക്കും, കാലാഗ്നിരുദ്രസംകാശരായി ശൂലടങ്കഗദാധാരികളായി സിംഹരായി സഹസ്രബാഹുക്കളായി ത്രിനേത്രരായി ജടിലരായി കണ്ണഞ്ചിക്കുന്നവരായി സർവ്വതോദ്ഭദ്രരായി സ്ഫുരദ്രുദ്രാക്ഷധരരായി പാമ്പുകളാകുന്ന മാലകളും വളകളും ശിരസ്സിൽ ചന്ദ്രക്കലയുമണിഞ്ഞവരായ ശിവഗണത്തലവന്മാർ കൂടക്കൂടെ ഉച്ചഗംഭീരമായ ശബ്ദത്തിൽ സംസാരിച്ചുംകൊണ്ടു ബന്ധപ്പെട്ട വന്നണഞ്ഞു', 'തപസ്സിനാൽ കല്മഷം വെന്തടിഞ്ഞ ഈ മഹാത്മാവിനെ വിടുവിൻ' എന്നു ഞങ്ങളോടരചെയ്തു. അപ്പോൾ ഞങ്ങൾ, 'ഈ പാപിയായ നിഷാദനെ വിട്ടുകൂടാ: ഇവൻ വളരെ വളരെ പ്രാണികളെ കൊലചെയ്തിരിക്കുന്നു. ഇവനെ പലതരം നരകവേദനകളുംകൊണ്ടു ബന്ധിപ്പിക്കണമെന്നാണ് തമ്പുരാന്റെ ഉത്തരവ്' എന്നു മറുപടി പറഞ്ഞു. ഇതു കേട്ടപ്പോൾ, ആ ഗർവ്വിഷ്ഠ ഗണത്തലവന്മാർ ശൂലടങ്കഗദകൾകൊണ്ടും വാരമുരുത്തടിശരമരങ്ങൾകൊണ്ടും ഭിന്ദിപാലകോരങ്ങൾകൊണ്ടും വജ്രമുഷ്ടിശിലകൾകൊണ്ടും ഞങ്ങളെ പ്രഹരിച്ചുതുടങ്ങി; എന്തിനേറെ? പലതരം കയറുകൾകൊണ്ടു കെട്ടപ്പെട്ടിരുന്ന പ്രാണിഹിംസകനെ ആ മഹാബലപരാക്രമന്മാർ കൈക്കലാക്കി രക്ഷപ്പെടുത്തുകയും ചെയ്തു!' ഈ അറിയിപ്പു ധർമ്മാത്മാവായ ജീവിതപ്രഭുവിനെ ഞെട്ടി പിടിപ്പിച്ചു.

യമൻ:—'ആ പ്രാണിഹിംസാപാപിയും ഗുണരഹിതനുമായ നിഷാദൻ എങ്ങിനെ ശിവലോകം പൂകും? ചിത്രഗുപ്ത, നോക്ക.'

Digitized By Kerala Sahitya Akademi

ചിരഞ്ജീവൻ കണക്കുനോക്കിപ്പറഞ്ഞു: —'ഒരു സുകൃതവും അവൻ ചെയ്തിട്ടില്ല. അവന്നു ധർമ്മവിചാരമേ ഇല്ല; ധർമ്മാധർമ്മങ്ങളറിഞ്ഞുകൂടാ. ഇപ്പറഞ്ഞതിൽ യാതൊരു പിഴയുമില്ല; തീർച്ചതന്നെ.'

യമൻ:—'ഞാനാണല്ലോ പാപികളുടെ വിചാരണ നടത്താൻ; ഗണങ്ങളം തെറ്റു ചെയ്യരുതെന്നു ഞാൻതന്നെ ഓർമ്മിപ്പിക്കുകതന്നെ.'

എന്നു പറഞ്ഞു യമൻ താൻതന്നെ വേഗത്തിൽ ശിവന്റെ അടുക്കലേയ്ക്കു പോന്നു. അയാൾ ദേവദേവേശനെ ദർശിച്ചുതൊട്ടുകുടി സ്തുതിപ്പാൻ തുടങ്ങി:—

(ശ്ലോകങ്ങൾ)

'തൊഴാം ത്രൈലോക്യനാഥന്നായ്പ്പിനാകിയ്ക്കായ് ബ്രഹ്മിഷ്ഠനായ്!
സാക്ഷാൽ കാലവിനാശന്നു കാലമാഥിക്കു കൈതൊഴാം!
ശിവാഗമാമ്നായാന്തസ്ഥ ജ്ഞാനഭൂതപ്രഭാവിയായ്
സർവ്വത്രൽസ്ഥിതനാം വിശ്വസാക്ഷിയ്ക്കായ് തൊഴാംവിഭോ!
അജ്ഞാനതിമിരാന്ധന്മാർ കണ്ടെത്താത്ത കപാലിയായ്
സന്തുഷ്ടനായ ശ്രിതനാമിവിടെയ്ക്കു വണങ്ങിടാം!
അനാദിദോഷഛത്താവായ്ച്ചിൽഗ്രന്ഥോദയഹേതുവായ്
ഗ്രഥാത്മം കാട്ടുമങ്ങയ്ക്കു ഗ്രണപ്രണതെ കൈതൊഴാം!'

ഈ വിധം സ്തുതിച്ചു ദണ്ഡനമസ്കാരം ചെയ്തിട്ട്, 'മഹാമേരുവോളവും മന്ദരത്തോളവും പോന്ന വളരെ ദുരിതങ്ങളാണെങ്കിലും, ഇപ്പോഴെന്നെ സ്മരിച്ചാൽ നിശ്ശേഷം നശിക്കുമല്ലോ!' എന്നും പറഞ്ഞു ദണ്ഡമുദ്ര * കാൽക്കൽ സമർപ്പിച്ചു!

ശിവൻ:—'സത്തമനായ യമ, എന്താണീ ദണ്ഡമുദ്ര കൈവെടിഞ്ഞിതു? ധർമ്മരാജാവേ, ആരെങ്കിലും ധർമ്മം വിട്ടു തെറ്റു ചെയ്യുകയുണ്ടായോ?'

യമൻ:— 'ദേവദേവേശ, സ്വാമിൻ, ജഗദ്രക്ഷിതാവേ, ഇവിടുത്തെ ഗണങ്ങളം എന്റെ കിങ്കരരെ വേൽമുനത്തടികൾകൊണ്ടു പരിക്കേല്പിച്ചുകളഞ്ഞു: ഒരു കർമ്മവുമില്ലാത്ത ജീവഹിംസകനായ നിഷാദൻ മാംസത്തിന്നായി വില്ലുമേന്തി വൻകാട്ടിൽ ചുറ്റിനടന്നു; അവന്നു മാംസമൊന്നും കിട്ടിയില്ല. സൂര്യൻ മറഞ്ഞു, നേരം രാത്രിയായപ്പോൾ ആ പ്രാണിഘാതകൻ ഒരു ജലാശയത്തിന്നരികിൽ ചെന്നുകൂടി; എന്നാൽ മൃഗങ്ങളെ കണ്ടെത്തിയില്ല. അവൻ ഉറങ്ങുകയുണ്ടായില്ല; മന്നം കഴിച്ചിരുന്നതുമില്ല; അങ്ങിനെ യദൃച്ഛയാ ശിവരാത്രി

* അധികാരചിഹ്നം.

Digitized By Kerala Sahitya Akademi

നോറ്റു! പ്രഭാതത്തിൽ അവൻ അഭീഷ്ടം സാധിക്കാതെ അളവറ്റ വിശപ്പോടുംകൂടി കൂടിലിലേയ്ക്കു തിരിച്ചു. തിരുമേനി, ഈ മാംസവില്പനക്കാരനായ നിഷാദൻ പാപമേ ചെയ്തിട്ടുള്ളൂ; കുറച്ചു സുകൃതവും ചെയ്തിട്ടില്ല. പലതരം നരകപീഡകളും അനുഭവിക്കേണ്ടുന്നവനായ ഈ മാപാപി സർവ്വലോകങ്ങളേയും അതിശയിച്ചു ഗതിണാത്മതാപം നേടുകയാണല്ലോ ചെയ്തുള്ളൂ! ദേവദേവ, മഹാദേവ, കൈതാത്തിനാശന, ഈ നിലയിൽ, ഇവിടുത്തെ ആജ്ഞാകരനായ എനിക്കെന്താണു ജോലി?'

ഈവിധം ഉണർത്തിച്ച ധർമ്മപ്രേമത്തോടു കൂടിയവനായ ഭഗവാൻ ശിവരാത്രിയെ സ്തുതിച്ചുകൊണ്ടു ഗംഭീരസ്വരത്തിൽ മറുപടി പറഞ്ഞു:—'ശിവരാത്രി നോറ്റതിനാൽ ഈ കാട്ടാളൻ പുണ്യാത്മാവും ധർമ്മിഷ്ഠനും മഹാനും തപസ്വിയും എനിക്കു സദാ പ്രിയപ്പെട്ടവനുമായിരിക്കുന്നു. ശിവരാത്രി എന്നു പേരായ മാഘകൃഷ്ണചതുർദ്ദശി സദാ ഭക്തിയും മുക്തിയും നൽകുന്നു; പാപമൊക്കെപ്പോക്കുന്നു; മംഗളം നൽകുന്നു; മനോരഥം നിറവേറുന്നു; പുണ്യം വർദ്ധിപ്പിക്കുന്നു; യമശാസനം നീക്കുന്നു; സന്തതിയെ നൽകുന്നു; വഴിപോലെ സിദ്ധിയുളവാക്കുന്നു; സൌഭാഗ്യം കൊടുക്കുന്നു ആ തിഥിയിൽ നോമ്പും ഉറക്കമിളയ്ക്കലുമാകുന്ന ശൈവവ്രതം, ഞാൻ പണ്ടു ലോകനന്മയ്ക്കായി ഏർപ്പെടുത്തിയതാകുന്നു. ശിവരാത്രിയുടെ പ്രഭാവത്താൽ കിരാതൻ കൃതാത്മനായിരിക്കുന്നു. ജീവിതാവസ്ഥ, വേറെ വേണ്ടുന്ന വരം ചോദിച്ചുകൊൾക; ഞാൻ തരാം.'

യമൻ:— (ശ്ലോകങ്ങൾ)

'കൃപാനിധേ, മഹാദേവ, ഭക്തക്ലേശഭയാനക,
സംസാരസാഗരപ്പാറാൻ പോക്കുമെന്നെയുള്ള കൈത്തൊഴാം!
തൊഴാം പിനാകപാണിക്കു തോലുടുത്തവനായ്ത്തൊഴാം!
നിൻതൃപ്പാദസരോജത്തിൽബ്ഭക്തി നൽക മഹേശ്വര!'

'അങ്ങിനെ തന്നെ. വേഗം അരമനയിലേയ്ക്കു പോയ്ക്കൊൾക' എന്നു വൃഷഭവാഹനൻ അനുഗ്രഹിച്ചു. ദേഹമാകെ കോരിത്തരിച്ചുകൊണ്ടു യമൻ വ്രതപ്രഭാവത്താൽ കാട്ടാളനു കൈവന്ന സ്ഥാനമോർത്തുകൊണ്ടു സഭാഗൃഹത്തിലേയ്ക്കു മടങ്ങി.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, മുക്തിമാഹാത്മ്യപ്രകരണം,
ശിവപൂജാസംബന്ധമായ കാട്ടാളമോക്ഷചരിതസംവാദം ശിവരാത്രിപരിശുദ്ധിയും
ഇരുന്നൂറിനാല്പത്തൊമ്പത്തിയൊമ്പതാമദ്ധ്യായം.

Digitized By Kerala Sahitya Akademi

ഇരുന്നൂറിനാൽപത്തൊന്നാമദ്ധ്യായം

പാർവ്വതി:—'മഹാദേവ, വ്രതത്തിന്റെ പ്രഭാവവും നിഷാദന്റെ ചരിതവും അന്തകന്റെ ഗതിയും ഇവിടുത്തെ മുഖാരവിന്ദത്തിൽ നിന്നു ഞാൻ ശ്രവിച്ചു. വിവിധാർത്ഥസംയുക്തമായ ഇവിടുത്തെ വാക്യാമൃതം എന്നെ സന്തോഷിപ്പിക്കുന്നു. ഇനി, ഈ വ്രതത്തിന്റെ വിധി പറഞ്ഞുതരുമാറാകണം.'

ശിവൻ: —'പ്രാണികളെക്കൊന്നുപോന്ന കാട്ടാളൻ അറിയാതെ ശിവരാത്രി നോറ്റതിനാൽ ഗണത്തലവനായിത്തീർന്നവല്ലോ; ശ്രദ്ധയാലോ, ഇച്ഛയാലോ, പ്രീതിയാലോ, ഭീതിയാലോ, മനസ്സാലോ ശിവരാത്രിയിൽ ഉറക്കമിളച്ചവന്ന് ഏതു കല്മഷവും വിട്ടൊഴിയും. ഒന്നാമതായി, പുലർകാലത്തുണരുന്നേഴുന്നേറ്റ്, ഗുരുവിന്റെ ഗൃഹത്തിൽച്ചെന്ന് അദ്ദേഹത്തോടാജ്ഞ വാങ്ങണം. വ്രതമനുഷ്ഠിപ്പാൻ. കളിച്ചു ശുദ്ധവസ്ത്രം ധരിച്ചു മൌനിയായി ജിതേന്ദ്രിയനായി ദിനകൃത്യം കഴിക്കണം; സൂര്യനസ്തമിച്ചാൽ, മനസ്സുകെട്ടി കളിച്ചു മുമ്പേ വിനായകനെ പൂജിക്കണം. രാത്രിയാമത്തിലും, ശാസ്ത്രോക്തങ്ങളായ പാദ്യാർഘ്യങ്ങളും നൽകണം; അഭ്യംഗാഭിഷേകവും ചെയ്യണം. ഔഷധികളും ശുദ്ധവളത്തിലകളുമിട്ട പഞ്ചഗവ്യം, ഇളനീർവെള്ളം മുതലായവകൊണ്ടും, ശിവസഹസ്രനാമമിരുപത്തൊന്നുചൊല്ലി ശിവലിംഗത്തെ അഭിഷേചിക്കണം. അരിപ്പൊടി, നെല്ലിക്കപ്പൊടി, മഞ്ഞൾപ്പൊടി എന്നിവകൊണ്ട് ഉദ്വർത്തനം ചെയ്യണം. പിന്നെ ഗന്ധജലം, സ്വർണ്ണജലം, രത്നജലം എന്നിവകൊണ്ടഭിഷേചിച്ച്, വസ്ത്രംകൊണ്ടു തോർത്തിച്ച് നീരാജനമുഴിയണം. ധൂപമേല്പിച്ച പലതരം വിശേഷവസ്ത്രങ്ങൾ ഭംഗിയിൽച്ചാർത്തി, കനകാഭരണങ്ങളണിയിക്കണം. ക്രുവളത്തില, പിച്ചകപ്പൂവ്, ചമ്പകപ്പൂവ്, പുന്നപ്പൂവ്, താമരപ്പൂവ്, ചെങ്ങഴിനീർപ്പൂവ്, കടമ്പിൽപൂവ്, കൊങ്ങപ്പൂവ്, വെൺമന്താരപ്പൂവ്, ഇലഞ്ഞിപ്പൂവ്, മുല്ലപ്പൂവ്, അശോകപ്പൂവ്, ഉമ്മത്തിൻപൂവ്, വണ്ണിപ്പൂവ്, എരിക്കിൻപൂവ്, കൊന്നപ്പൂവ്, കണവീരപ്പൂവ്, യവപ്പൂവ്, ഈങ്കോലപ്പൂവ്, നന്ത്യാർവട്ടപ്പൂവ്, പിലാശിൻപൂവ്, ഇലവ്, നാഗപ്പൂവ്, പൊൻകരിഞ്ഞിപ്പൂവ് എന്നിവകൊണ്ടും, വിശേഷിച്ചു കരിക്രുവളപ്പൂവുകൊണ്ടും, ധൂപംകൊണ്ടും നൈവിളക്കുകൊണ്ടും പലതരം ഭക്ഷ്യഭോജ്യങ്ങളാകുന്ന നൈവേദ്യങ്ങൾകൊണ്ടും പരമേശ്വരനെ പൂജിക്കണം. ഭീപാലി, ഗീതം, നൃത്തം, പലതരം വെടിക്കെട്ടായാടി, വീണവായന, ഓടക്കുഴലൂത്ത്, സ്തുതി, മംഗളവാദ്യം. വേദഘോഷം, ശൈവപുരാണവും മറ്റും വായിക്കുക, മാഹേശ്വരമന്ത്രങ്ങൾ ജപിക്കുക, പ്രദക്ഷിണം,

Digitized By Kerala Sahitya Akademi

നമസ്കാരം, പ്രണവം, തീർത്ഥം സേവിക്കുക എന്നിവകൊണ്ട് ഉറക്കമിളയ്ക്കണം; വിശേഷിച്ചും, ധ്യാനം, ശിവധർമ്മശാസ്ത്രശ്രവണം എന്നിവയാൽ രാത്രിയിൽ ഉണർന്നിരിക്കണം.

പിറേന്നു നേരം പുലർന്നാൽ ഭക്തിക്കും വിശേഷിച്ചു ബ്രാഹ്മണർക്കും ബാലവൃദ്ധാതുരർക്കും കഴിവുള്ളതു കൊടുത്തു പ്രീതി വരുത്തണം. ദരിദ്രർക്ക് അന്നപാനങ്ങളും ജലപാത്രവും കമണ്ഡലുവും കൌപീനവും വസ്ത്രവും ഭണ്ഡും ഭിക്ഷാപാത്രവും ദണ്ഡും നൽകണം. അനന്തരം, മുതിർന്ന ശുഷ്കസ്ഥലത്തു ഗുരുവിനു പൊന്നുകൊടുത്തും വസ്ത്രങ്ങളും ഗന്ധപുഷ്പങ്ങളും മറ്റും നൽകി, കൈതൊഴുതു പ്രാർത്ഥിക്കണം.

'തവാജ്ഞയാ കൃതം സർവം ശിവരാത്രിമഹാവ്രതം
അനുഗൃഹ്ണീഷ്വമാം നിത്യമപരാധം ക്ഷമസ്വ മേ!'

നോൽക്കാൻ ശേഷിയും മനസ്സുറപ്പുമില്ലാത്തവൻ മറ്റു പ്രകാരത്തിൽ ഉറക്കമിളയ്ക്കുക: അട്ടം, പാട്ട്, വഴിപാട്, സ്തുതി, മംഗളവാദ്യം എന്നിവകൊണ്ടോ, പലതരം ആശ്ചര്യക്കാഴ്ചകൾകൊണ്ടോ ഉറക്കമിളയ്ക്കുക. വിശേഷിച്ചും ശിവക്ഷേത്രത്തിൽ, എങ്ങിനെയെങ്കിലും ശിവരാത്രി നോറ്റ് ഉറക്കമിളയ്ക്കുന്ന ബുദ്ധിമാൻ പാപങ്ങളിൽനിന്നു വേർപെടും. ദേവശി, പുരുഷനാകട്ടെ, സ്ത്രീയാകട്ടെ, ആൺകുട്ടിയാകട്ടെ, പെൺകുട്ടിയാകട്ടെ, ശിവരാത്രി നോറ്റാൽ എന്തു നേടുകയില്ല? വിധവയായ സ്ത്രീയും ശിവരാത്രി നോറ്റാൽ, അവർക്ക് അനവധി കാലത്തേയ്ക്ക് നെടുമംഗല്യമുണ്ടായിവരും. ആയിരമായിരം ചാന്ദ്രായണംകൊണ്ടും നൂറുനൂറു പ്രാജാപത്യംകൊണ്ടും മാസോപവാസാദികൾകൊണ്ടും കിട്ടുന്നതിൽ കോടിമടങ്ങു ഫലം ശിവരാത്രിജാഗരണത്താൽ കിട്ടും. ദേവി, എല്ലാ യജ്ഞതപോദാനതീർത്ഥവേദങ്ങളുടെയും ഫലം മുഴുവൻ ശിവരാത്രിമഹാവ്രതത്താൽ സിദ്ധിക്കും! ഒരാണ്ടു മുഴുവൻ നാം തരുന്ന തപസ്സു ചെയ്യുന്നതിന്റെ ഫലം മുഴുവൻ മൂന്നിരട്ടിയായി കിട്ടും, ശിവരാത്രി നോറ്റാൽ! അതിനായിരം കോടി ജന്മങ്ങളിലെ പുണ്യങ്ങളുടെ ഫലം ശിവരാത്രിജാഗരണത്താൽ കിട്ടും. ബ്രഹ്മഹത്യ, ഗുരുഹത്യ, വീരഹത്യ, ഭ്രൂണഹത്യ, ശിശുഹത്യ, പിതൃഹത്യ, മാതൃഹത്യ, മിത്രഹത്യ മദ്യപാനം, മോഷ്ടിക്കൽ, സ്വർണ്ണസ്തേയം, ഗുരുതല്പഗമനം, വൃക്ഷലീസംഗം, പരദാരധർഷണം, വേദസ്വബ്രഹ്മസ്വാപഹരണം, ക്ഷുദ്രന്തം എന്നീ പാപങ്ങളും ശിവരാത്രിജാഗരണത്താൽ നീങ്ങും. ദിവ്യവിമാനം വന്നാൽ, ശിവലിംഗമുച്ചരിച്ചവൻ എന്നിവരും ശിവരാത്രിയിൽ ശിവനെ പൂജിച്ചാൽ പാപനിർമ്മുക്തരാകും; സംശയ

Digitized By Kerala Sahitya Akademi

മിച്ചു. വാങ്മനഃകായങ്ങളാൽ ചെയ്തവയും സംസർഗ്ഗത്താലെ സഞ്ചിച്ചവയുമായ വിവിധമഹാപാപങ്ങളൊഴിഞ്ഞു സകലർക്കും മുക്തിവരും, ശിവരാത്രിജാഗരണത്താൽ; കഴിഞ്ഞ ജന്മങ്ങളിലൊക്കെ അന്ധിമജ്ജകളിൽപ്പറിപ്പിടിച്ച പാപംപോലും വിട്ടൊഴിയും! അറിഞ്ഞാ അറിയാതെയോ മദ്യം കുടിച്ചവൻ, ജപഹോമാനുഷ്ഠാനം ചെയ്യാത്തവൻ എന്നിവർക്കും ശിവരാത്രിജാഗരണത്താൽ വിമുക്തി കിട്ടും. ദേവേശി, വളരെജന്മങ്ങൾക്കിടയ്ക്കു മനുഷ്യജന്മം കിട്ടിയാൽ, ശിവനേയോ ഗണേശനേയോ ഷണ്മുഖനേയോ പൂജിച്ചുകൊള്ളണം. ശിവവിദ്യ പഠിച്ചിട്ടു മറ്റുള്ളവർക്കു പറഞ്ഞുകൊടുക്കുകയോ, വിചാരിക്കുകയോ, ശ്രദ്ധിക്കുകയോചെയ്യാത്ത താമസശീലന്മാർക്കും ശിവരാത്രിജാഗരണത്താൽ പാപശാന്തിവരും. ശിവമാഹാത്മ്യത്തെയും ശിവധർമ്മത്തെയും ശിവഭക്തന്മാരേയും വേദങ്ങളേയും വൈദികാചാരങ്ങളേയും യാവചിലർ നിന്ദിക്കുമോ, അവർക്കും ശിവരാത്രിജാഗരണത്താൽ പാപമുക്തി. പൂജിതനായ ശിവനെ കണ്ടാൽ ബുദ്ധിമോശംമൂലം വന്ദിക്കാത്തവർ, നെറ്റിമേൽ ഭസ്മം ധരിക്കാത്തവർ, ശിരസ്സിൽ സംസാരഭയത്തെപ്പോക്കുന്ന ജടയില്ലാത്തവർ, എന്നെ എന്നെന്നും കൈതൊഴുതു വണങ്ങാത്തവർ, എന്നിവരും ശിവരാത്രിജാഗരണത്താൽ പാപമുക്തരാകും. സുരേശ്വരി, നാംതോറും ശിവദർശനമനുഷ്ഠിക്കാത്തവർ, ശിവക്ഷേത്രത്തിൽ പോകയേ ചെയ്യാത്തവർ എന്നിവർക്കും ശിവരാത്രിജാഗരണത്താൽ പാപം നശിക്കും. എന്നെ ബ്രഹ്മാദികൾക്കും തുല്യനായും നിന്നെ ലക്ഷ്മ്യാദിദേവിമാർക്കു തുല്യയായും ഗുരുവിനെ സാധാരണക്കാരെപ്പോലെയും ഗണിക്കുകയോ കഥിക്കുകയോ ചെയ്യുന്നവർക്കും ശിവരാത്രിജാഗരണത്താൽ പാപം നിങ്ങും. പുണ്യദിനത്തിൽ മൈഥുനംചെയ്തവർ, പരസ്ത്രീയെ പുൽകിയവർ, സന്ന്യസിച്ചിട്ടു വീണ്ടും വിഷയങ്ങളിലേർപ്പെട്ടവർ, മഹാപുണ്യമായ ശിവലിംഗം സ്പർശിക്കയോ പല ജന്മങ്ങൾക്കിടയിൽ ഒരിക്കലെങ്കിലും ഭസ്മരുദ്രാക്ഷം ധരിക്കുകയോ ചെയ്യാത്തവർ എന്നിവർക്കും ശിവരാത്രിജാഗരണത്താൽ പാപമൊഴിയും.

രാജാവേ, ഇങ്ങനെയാണ് പണ്ടു പരമേശ്വരൻ ശിവരാത്രിയുടെ മാഹാത്മ്യം വേടിയോടു ദേവസന്നിധിയിൽവെച്ചുരുളിച്ചെയ്തത്. ഈ കൌതുകത്തോടെ കേട്ടിട്ട്, ബ്രഹ്മാദി ദേവന്മാരും സനന്ദനാദി മഹർഷിമാരും കൈലാസവാസികളും മഹാമേരുവാസികളും ബ്രഹ്മനാരായണാദികളെല്ലാവരും പരമാത്മാവായ ശിവകഥയുടെ ഔചിത്യത്താൽ ശിവരാത്രി മഹാവ്രതമനുഷ്ഠിപ്പാനും തുടങ്ങി. അതിനാൽ ശിവന്റെ അരു

Digitized By Kerala Sahitya Akademi

ളപ്പോടിന്നൊത്തു ശിവരാത്രിവ്രതം എങ്ങിനെയെങ്കിലും അനുഷ്ഠിക്കുകതന്നെ വേണം.

ഇതു ചൊല്ലുകയോ ശ്രവിക്കുകയോ ചെയ്യുന്നവൻ പാപമെല്ലാം നീങ്ങി ശിവലോകത്തു് സൽക്കരിക്കപ്പെടും. ഇതു് എവിടെവെച്ചു ചൊല്ലുന്നുവോ, അവിടെയുണ്ടു് പരമേശ്വരനും പാർവ്വതിയും! ദേവഗന്ധർവ്വകിന്നരഫണീന്ദ്രങ്ങൾ അനുഗ്രഹിപ്പാനായി അവിടെ സന്നിധിചെയ്യും. ഈ അദ്ധ്യായത്തിന്റെ പൊരുളറിഞ്ഞവനെ സദാശിവനായിത്തന്നെ കരുതണം—ആ ഭക്തിമുക്തിപ്രവർത്തകനായ മഹാത്മാവിനെ പൂജിക്കണം! മഹാപാപങ്ങളോ പാപങ്ങളൊക്കെയുമോ ചേർന്നവനും ഈ വ്രതം ശ്രവിച്ചാൽ ദോഷനിർമ്മുക്തനായിച്ചമയും. ഇതു്, വിശേഷിച്ചും ശിവരാത്രിയിൽ സജ്ജനങ്ങൾ ചൊല്ലുകയുണ്ടാകുന്നു. ഇതു ശ്രവിച്ചാൽത്തന്നെ സർവ്വതീർത്ഥങ്ങളുടേയും സർവ്വയജ്ഞങ്ങളുടേയും പുണ്യഫലമെല്ലാം കോടിമടങ്ങായി കിട്ടും. ശിവരാത്രി നോറ്റാലത്തെപ്പുണ്യം, ഇതു വായിച്ചതിനും പറഞ്ഞാൽത്തന്നെ കിട്ടും; മറ്റഭീഷ്ടങ്ങളും നിറവേറും. ശ്രവിച്ചാൽത്തന്നെ നോറ്റ പുണ്യം സിദ്ധിക്കും. * ..... പുത്രേച്ഛുവിന്നു വളരെ പുത്രന്മാരും, ധനകാംക്ഷിക്കു ധനവുമുണ്ടായി വരും; മച്ചിപോലും പുത്രനെ നേടും; കന്യകയ്ക്കു നല്ല ഭർത്താവിനെ കിട്ടും; പെൺകുട്ടി വേണ്ടവന്നു പെൺകുട്ടി പിറക്കും; ജയം തേടുന്നവൻ ജയം നേടും; ശത്രുക്കളാൽ ആക്രമിക്കപ്പെടുകയില്ല; പുത്രപൌത്രർ വർദ്ധിക്കും; എന്തുദ്ദേശിച്ചു വായിക്കുന്നുവോ, അതെല്ലാം കൈവരും! അകാലമരണം വരില്ല; പാമ്പു കടിക്കില്ല; വിഷമേശില്ല; ജഡതയോ അന്ധതപോലും മൂകതപോലും സംഭവിക്കില്ല; ഉൽപാതഭയം നേരിടുകയില്ല; തേളും കുത്തുകയില്ല; ആധിവ്യാധ്യുപദ്രവം ഓടുക്കുകയേ ഇല്ല. ഇതു് എഴുതിവെച്ചു പൂജിക്കുന്നേടത്തു ദുർന്നിമിത്തമെന്നാണ്ട് ഒരുകാലത്തും വരികയില്ല.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, മഹാത്മ്യപ്രകരണം, ദിലീപവസിഷ്ഠസംവാദാന്തർഗ്ഗതമായ ശിവരാത്രിമാഹേശ്വരസംവാദം, ശിവരാത്രിവ്രതവിധികഥനം ഇതനുവാദമായ പന്ത്രണ്ടാമദ്ധ്യായം.

———(0)———

* ചോർച്ചയായ ആവശ്യമോ കാണാഞ്ഞതിനാൽ തർജ്ജമ ഭാഗം വിട്ടു.

Digitized By Kerala Sahitya Akademi

ഇരുന്നൂറിനാല്പത്തിരണ്ടാമദ്ധ്യായം

വസിഷ്ഠൻ:—വീണ്ടും മാഘമാഹാത്മ്യം, പണ്ടു കാത്തുവീര്യൻ ആവശ്യപ്പെട്ടതിനാൽ ദത്താത്രേയൻ പറകയുണ്ടായത്, ഞാൻ പറയാം: സഹ്യാദ്രിയിൽ വസിക്കുന്ന സാക്ഷാൽ വിഷ്ണുതന്നെയായ ദത്താത്രേയമഹർഷിയെ കണ്ടുമുട്ടിട്ട്, മാഹിഷ്മതീനാഥനായ മന്നവൻ ഇപ്രകാരപ്പെട്ടു:—ഭഗവൻ, യോഗിശ്രേഷ്ഠ, സുവ്രത, എല്ലാ ധർമ്മങ്ങളും ഞാൻ ശ്രദ്ധിച്ചുകഴിഞ്ഞു; മയേ ചയ്യേ മാഘസ്നാനഫലം പറഞ്ഞുതന്നാലും!'

ദത്താത്രേയൻ:—നൃപപുംഗവ, കേട്ടുകൊള്ളുക. പണ്ട് നാനുമുഖൻ മഹാത്മാവായ നാരദനോട് മാഘസ്നാനത്തിന്റെ മഹത്തായ ഫലവും ദേശവും തീർത്ഥവും വിധിയും ക്രിയയുമെല്ലാം പറകയുണ്ടായി; അതു ഞാൻ വിവരിക്കാം: വിശേഷിച്ചും ഈ കർമ്മഭൂമിയായ ഭാരതവർഷത്തിൽ മാഘസ്നാനം ചെയ്യാത്ത മനുഷ്യരുടെ ജന്മം നിഷ്ഫലമത്രെ! സൂര്യനില്ലാത്ത ആകാശവും ചന്ദ്രനില്ലാത്ത നക്ഷത്രഗണവുമെന്നപോലെ, മാഘസ്നാനരഹിതമായ നാൾക്കാം ശോഭിക്കുകയില്ല. മാധവനെ മാഘസ്നാനമാത്രത്താലുണ്ടാകുന്നതോടൊപ്പം പ്രീതി വ്രതംകൊണ്ടോ ദാനംകൊണ്ടോ തപസ്സുകൊണ്ടോ ഉണ്ടാകയില്ല! ഒരു തേജസ്സും സൂര്യതേജസ്സിനൊക്കുകയില്ലല്ലോ; അതുപോലെ, മാഘസ്നാനത്തിനൊക്കുകയില്ല മറ്റൊരു യാഗവും! വിഷ്ണുപ്രസാദവും സർവ്വപാപശാന്തിയും സ്വർഗ്ഗവും മനുഷ്യന്നു മാഘസ്നാനത്താൽ നേടാം. * രാജാവേ, മാഘമാഹാത്മ്യത്തിന്റെ മഹാത്മ്യമായ പ്രഭാവം കേട്ടുകൊള്ളുക:

ഭൃഗുവംശത്തിൽ ജനിച്ച ജലീക എന്ന വിശിഷ്ട ബ്രാഹ്മണി ബാല്യത്തിൽത്തന്നെ വിധവയായിപ്പോയി. തന്മൂലം ദുഃഖവിവശയായിത്തീർന്ന അവർ വിഷ്ണുവിങ്കൽ മനസ്സുറപ്പിച്ചു വ്രതംപൂണ്ടു വിന്ധ്യന്റെ അടിവാരത്തു നർമ്മദാകപിലാസംഗമത്തിൽ അതിദുശ്ചരമായ തപസ്സു തുടങ്ങി. ആ സൗശീല്യവതി സദാ സന്തുഷ്ടയായും സദാ നിസ്സംഗയായും ഇന്ദ്രിയങ്ങളെ അടക്കി ക്രോധത്തെ ജയിച്ചും സത്യവും മിതവുമായി സംസാരിച്ചും മനനങ്ങൾ ചെയ്തും ശരീരം ശോഷിപ്പിച്ചുപോന്നു. പിതൃദേവബ്രാഹ്മണർക്കു സൽക്കരിയും അഗ്നിയിൽ ഹോമിക്കുകയും ചെയ്തതിനുശേഷം, ആറാമത്തെ നേരത്തെ ആഹാരം ഭക്ഷി

* 30 ശ്ലോകം ആദിയുണ്ടും 29-മദ്ധ്യായത്തിലേ കല്പിവിസ്തരണത്തിന്റെ ഉപോദ്ഘാതമായിട്ടു.

Digitized By Kerala Sahitya Akademi

ണം കഴിച്ചിരുന്നുള്ളൂ. അതുതന്നെ പെറുക്കിക്കിട്ടിയതുകൊണ്ടായിരുന്നു താനും! പുണ്യങ്ങളായ മാഘമാസങ്ങളിലാകട്ടെ, അവർ നമ്മോതീത്തു്, കുളിച്ചും, ജപിച്ചുകൊണ്ടും, പാരായണം, തപ്പുകുളിച്ചും മുതലായ വ്രതങ്ങളും ശരിക്കനുഷ്ഠിക്കും; അങ്ങിനെ ആ മഹാപുരുഷന്റെ സുലോചനയായ തപസ്വിനി വമ്പിച്ച മനക്കരുത്തിനാൽ ധൈര്യവും സന്തോഷവുമിയന്നു് അറുപതു മാഘമാസം നമ്മുടെകപിലാസംഗമത്തിൽ സ്നാനവുമായി കഴിച്ചുകൂട്ടി. അപ്പോഴെയ്ക്കും അവർ തപസ്സിനാൽ ചടച്ചു് ആ തീർത്ഥത്തിൽവെച്ചുതന്നെ മരണമടഞ്ഞു. മാഘസ്നാനപുണ്യത്താൽ അവർ വിഷ്ണുലോകത്തു നാലായിരം യുഗം മഹാഭോഗങ്ങളനുഭവിച്ചു; പിന്നെ സത്യലോകമണഞ്ഞു് അവിടെയും നാലായിരം യുഗം വിവിധ ഭോഗങ്ങൾ ഭുജിച്ചു. അതിനു ശേഷം ആ പരമസാധ്വിയെ പിതാമഹൻ സുന്ദോപസുന്ദവധത്തിനായി തിലോത്തമ എന്ന പേരിൽ ഭൂമിയിലേയ്ക്കയച്ചു. അതേ പുണ്യത്തിന്റെ അവശേഷത്താൽ ആ അനഘ സൌന്ദര്യത്തിന്റെ ഏകനിലയനമായിത്തീർന്നു. —അനേകനിജയായി സ്ത്രീകളിൽവെച്ചു രത്നമായി ദേവകളെപ്പോലും മയക്കുന്ന ലാവണ്യപ്പുഴയായ അപ്സരശ്രേഷ്ഠയായിച്ചമഞ്ഞു! അവരെ നിപുണസൃഷ്ടാവായ ബ്രഹ്മാവിനെക്കൂടി വിസ്മയിപ്പിച്ചു! സുന്ദോപസുന്ദരാൽ തോല്പിക്കപ്പെട്ട ദേവന്മാരെല്ലാവരുംകൂടി വിധാതാവിന്റെ സന്നിധിയിൽച്ചെന്നു സങ്കടമുണർത്തിച്ചു; അതിനാൽ ആ ദൈത്യരിരുവരേയും നശിപ്പിക്കുന്നതിനു തന്നിരുവടി അവളെ വിളിച്ചു്, 'ഇളമാൻകണ്ണാളേ, നീ എത്രയും വേഗത്തിൽ ദൈത്യരെ നശിപ്പിക്കാൻ പോവുക' എന്നാജ്ഞാപിച്ചു.

ഉടനെ ആ സുന്ദരി സത്യലോകത്തുനിന്ന് ഒരു വീണയുമെടുത്തു്, ഗഗനമാർഗ്ഗത്തിലൂടെ പോന്നു്, ദൈത്യരിരുവരും വിഹരിച്ചിരുന്ന നിർമ്മലവിശ്രുതമായ നർമ്മദാജലത്തിൽ കളിച്ചു്, ചെമ്പരത്തിപ്പൂവിൻ നിറം ചേർന്ന പട്ടുടുത്തു്, മുല്ലപ്പൂ ചൂടി, കാൽച്ചിലമ്പുകൊണ്ടുകൊളുകും മനോഹരമായി കിലുങ്ങുകയും കഴുത്തിൽ മുത്തുമാലയുലയുകയും കൈവലകളുകോർത്തിണങ്ങുകയും ചെയ്യുമാറു്, ഒരശോകത്തിന്റെ മുമ്പിലിരുന്നു വീണ മീട്ടിക്കൊണ്ടു്, കളസ്നിഗ്ധശ്രുതിമധുരമായ ഷഡ്ജസ്വരത്തിൽ പാട്ടു പാടാൻ തുടങ്ങി. ഇങ്ങനെ അശോകത്തോപ്പിലിരിക്കുന്നോ ചെറുപ്പക്കാരിയായ തിലോത്തമയെ ഏതാനും അസുരഭടന്മാർ കണ്ടെത്തി. ചന്ദ്രക്കലപോലെ സുമുഖിയായിനിന്നായ അവളെ കണ്ടിട്ട് അത്യന്തം അത്ഭുതപ്പെട്ട പടയാളികൾ ഒന്നൊരുമിച്ചു വെമ്പലോടും സംഭ്രമത്തോടുംകൂടി സുന്ദോപസുന്ദരന്മാരുടെ അടുക്കലെത്തി, വീണ്ടും വീ

Digitized By Kerala Sahitya Akademi

ണ്ടും വണ്ണിച്ചു ചെയ്തു:—'അസുരേന്ദ്രന്മാരേ, ഞങ്ങൾക്കറിഞ്ഞുകൂടാ, ദേവസ്ത്രീയോ ദൈത്യസ്ത്രീയോ നാഗസ്ത്രീയോ രക്ഷസ്ത്രീയോ എന്ന്; എങ്കിലെന്തായാലും സ്ത്രീകളിൽ രത്നംതന്നെയാണവൾ! ഭവാന്മാരാണല്ലൊ, ലോകത്തിൽ രത്നങ്ങളെ അന്വേഷിക്കുന്നവർ; ഒരു രത്നമായ സ്ത്രീ അത്രേ, അധികം ദൂരത്തല്ലാതെ അശോകവനത്തിൽ ശോകഹാരിണിയായി സ്ഥിരിചെയ്യുന്നു. മന്മഥനൊട്ടുമേ മയക്കുന്ന അവളെ ഭവാന്മാർ തീർച്ചയായും ചെന്നു കാണണം!' പടത്തലവന്മാരുടെ ഈ മനോജ്ഞവചനം കേട്ടതോട്ടുകൂടി, സുന്ദോപസുന്ദന്മാർ മദ്യചഷകം വലിച്ചെറിഞ്ഞു, വെള്ളംകോരിയുടൽ നിത്തി, സംഖ്യയില്ലാത്ത ഒപ ൻമണിമാരെയെല്ലാം വെടിഞ്ഞു, ആ പുഴയിൽ നിന്ന്, നൂറുഭാരം ഇരിമ്പുകൊണ്ടുള്ള യമദണ്ഡിനൊത്ത ഓരോ ഘോരഗദയുമേന്തി, ആ ശൃംഗാരശാലിനി ചണ്ഡികയെന്നപോലെ കൊല്ലാനായി സ്ഥിതിചെയ്യുന്നേടത്തേയ്ക്കു കുതിച്ചു പാഞ്ഞു! അവർ അവൾക്കു കാമാഗ്നിയെ കത്തിജ്വലിപ്പിച്ചു. അവളുടെ അഴകിനാലും വിശേഷിച്ചു മദ്യത്താലും ലഹരി പിടിച്ചിരുന്ന ആ മൂഢന്മാർ അവളുടെ മുമ്പിൽ നിന്നു തങ്ങളിൽ പേശുകയായി:—'അനുജ, നിൽക്കു: എന്റെ ഭാര്യയായിക്കൊള്ളട്ടെ, ഈ വരവർണ്ണിനി.' 'ജ്യേഷ്ഠൻതന്നെ വിട്ടു പോവുക; എന്റെ ഭാര്യയാവട്ടെ മദിരാക്ഷി.'

ഇങ്ങനെ കൊതിയാൽ വാശി പിടിച്ച്, രണ്ടു മത്തഗജങ്ങളെന്നപോലെ, കാലചോദിതരായ അവർ പരസ്പരം ഗദകൊണ്ടടിപ്പാൻ തുടങ്ങി; തമ്മിൽത്തച്ചു തച്ച്, രണ്ടുപേരും ചത്തു വീഴുകയും ചെയ്തു! അതുകണ്ടു ദൈത്യപ്പടയാളികൾ കോലാഹലം കൂട്ടി, 'അയ്യോ, കാളരാത്രിയെപ്പോലെ ഇവളാരാണ്? എന്താണീ വന്നു കൂടിയതു!' എന്നിങ്ങനെ പുലമ്പുകയായി.

തിലോത്തമ സുന്ദോപസുന്ദന്മാരാകുന്ന ദാനവരെ ഗിരിശൃംഗത്തിൽ വീഴിച്ചിട്ട്, മിന്നൽക്കൊടിപോലെ ചിക്കെന്നു വാനത്തേയ്ക്കുയർന്നു, പത്തു ദിക്കും പരിശോഭിപ്പിച്ചു. അവൾ ദേവകാര്യം സാധിച്ച ബ്രഹ്മസന്നിധിയിൽ തിരിച്ചെത്തി; തന്നിരുവടി സസന്തോഷം അവളെ അഭിനന്ദിച്ചു:—'ചന്ദ്രമുഖി, നിനക്കു ഞാൻ സൂര്യരഥത്തിൽ സ്ഥാനം തന്നിരിക്കുന്നു; സൂര്യൻ അസ്തമിക്കുന്നതുവരെത്തോളംകാലം നീ അനേകഭോഗങ്ങൾ ഭുജിച്ചുകൊള്ളുക.'

രാജാവേ, ഇപ്രകാരം ആ ബ്രാഹ്മണി അപ്സരശ്രേഷ്ഠയായിച്ചമഞ്ഞു ഇന്നും സൂര്യലോകത്തു മഹത്തായ മാഹാത്മ്യഫലം

Digitized By Kerala Sahitya Akademi

അനുഭവിച്ചുപോരുന്നു! അതിനാൽ, പരമഗതി തേടുന്ന മനുഷ്യർ ശ്രദ്ധാലുക്കളായി പണിപ്പെട്ടും മാഘസ്നാനം മുടക്കാതിരിക്കണം. മാഘസ്നാനം ചെയ്യുന്നവന്നു കൈവരാത്ത പുരുഷാർത്ഥമോ നശിക്കാത്ത പാപമോ ഇല്ലതന്നെ!

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, മാഘമാഹാത്മ്യപ്രകരണം,
ദിലീപവസിഷ്ഠസംവാദത്തിൽ ഗുരുശിഷ്യസംവാദം,
ഋഷീശ്വരോപഖ്യാനം ഇരുനൂറിനാൽപത്തിരണ്ടാമദ്ധ്യായം.

—(o)—

ഇരുനൂറിനാൽപ്പത്തിമൂന്നാമദ്ധ്യായം

ദത്താത്രേയൻ:—മഹാരാജാവേ, ഭക്ഷിണയൊത്ത യജ്ഞങ്ങളെല്ലാം ക്രിയയിലും മാഘസ്നാനത്തോട് കിടനിൽക്കുകയില്ല; തീർത്ഥത്തിൽക്കുളിച്ചാൽ വിശേഷിച്ചും! പാപശാന്തിക്കും സ്വർഗ്ഗപ്രാപ്തിക്കും ഭൂമിയിൽ മാഘസ്നാനംപോലെ മറെറാന്നുമില്ല. ഇതിൽ ഒരു പഴയ കഥ പറയാം:*

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, മാഘമാഹാത്മ്യപ്രകരണം
ദിലീപവസിഷ്ഠസംവാദത്തിൽ ഗുരുശിഷ്യസംവാദം,
ഭഗവദ്ഭൃഗൂപഖ്യാനപ്രാരംഭം, സ്വർഗ്ഗനരകപ്രാപകകർമ്മവിവേചനം
ഇരുനൂറിനാല്പിത്തൂന്നാമദ്ധ്യായം.

—(o)—

ഇരുനൂറിനാൽപ്പത്തിനാലാമദ്ധ്യായം

യമധർമ്മൻ:—‡ .... നമശ്ശിവായ എന്ന മന്ത്രം ജപിക്കുന്നവർക്കു യമലോകത്തിന്റെ കഥയായ കേൾക്കേണ്ടി വരില്ല! ശിവങ്കൽ ഭക്തിയും പ്രേമവുംപൂണ്ടു ശിവനെ പൂജിച്ചവർ തൽപ്രഭാവത്താൽ, പതിനാലിന്ദ്രന്മാരുടെ കാലം മുഴുവൻ ശിവലോകത്തു വിളയാടും..... സൌഭാഗ്യം, ശോഭ, സൌന്ദര്യം, സത്യം, ത്യാഗം, വാഗ്മിത്വം, ശൗര്യം, ജഗൽപ്രസിദ്ധി എന്നിവ ശിവപൂജയുടെ ഫലമാകുന്നു; ബ്രഹ്മാവു സൃഷ്ടികർത്താവായതും, വിഷ്ണുദൈത്യഹന്താവായതു, മാബലി വലിയ ദാതാവായതും ശിവപൂജയുടെ ഫലമാകുന്നു; കർണ്ണന്റെ ദാനവീരത്വവും കാർത്തവീര്യന്റെ ശൌര്യവും കുബേരന്റെ ധനസമൃദ്ധിയും ശിവപൂജയുടെ ഫലമാകുന്നു; ത്രൈപദിക്കു നല്ല ഭർത്താക്കന്മാരു

* ആദിഖണ്ഡം ൩൦-ം അദ്ധ്യായങ്ങളിലെ ശ്രീകണ്ഡലയികണ്ഡലോപാഖ്യാനം തന്നെയാണിതു; അതിനാൽ ഈ ഭാഗം വിട്ടു.

‡ തുടർന്നുള്ള ഭാഗം മുഴുവൻ ഗ്രന്ഥവിസ്തരഭയത്താൽ വിട്ടു.

Digitized By Kerala Sahitya Akademi

ണ്ടായതും, ധ്രുവൻ ഉന്നതസ്ഥാനമണഞ്ഞതും, അജ്ഞാൻ ജയം നേടിയതും ശിവപൂജയുടെ ഫലമാകുന്നു; വാസുദേവന്റെ സുവൃത്തവും വ്യാഴന്റെ വാചസ്പതിത്വവും വസിഷ്ഠന്റെ ബ്രഹ്മതേജസ്സും ശിവപൂജയുടെ ഫലമാകുന്നു; അഗസ്ത്യൻ സമുദ്രം കുടിച്ചതും, ഹനുമാൻ ചാടിയതും, രാമൻ വിറകെട്ടിയതും ശിവപൂജയുടെ ഫലമാകുന്നു!

.....പ്പുസാദവു ശമവും പൂണ്ടോ, ദമശീലരെയുമാലും, ഗുരുദേവനെ സേവിക്കുന്നവർ കാമനെ കണ്ടുകൂടില്ല! വൈശ്യ, ശിവാർച്ചനംപോലെ പുണ്യവും സർവ്വപാപഹരവും സർവ്വൈശ്വര്യപ്രദവുമായിയാതൊന്നുമില്ല, ത്രിഭുവനത്തിൽ! ശിവന്റെ ദ്രവ്യമോ അന്നമോ ഫലമോ ജലമോ ഒരിക്കലും തൊട്ടുപോകരുത്! നിർമ്മാല്യം ചാടിക്കടക്കരുത്; എല്ലാം കിണറിലിടണം. മോഹലോഭങ്ങളാൽ, ഈച്ചക്കാലോളമെങ്കിലും ശിവന്റെ മുതൽ അനുഭവിച്ചവർ ഒരു കല്പം മുഴുവൻ നരകത്തിൽ പചിക്കപ്പെടും! പുല്ലുകൊണ്ടോ മരംകൊണ്ടോ കല്ലുകൊണ്ടോ ശിവാലയം നിർമ്മിക്കുന്നവർ ശിവസന്നിധിയിൽ ശിവനോടൊപ്പം വിഹരിക്കും. ബ്രഹ്മവിഷ്ണുമഹേശ്വരന്മാക്ക് അനുരൂപമോ മഠമോ നിർമ്മിച്ചാൽ വളരെക്കാലം അവരുടെ ലോകത്തു വസിക്കാം. ധർമ്മശാല, ഗോശാല, വഴിക്ക വിശ്രമശാല, സന്ന്യാസികൾക്കും ദീനാനാഥർക്കും പാർപ്പിടങ്ങൾ, വേദശാല, ബ്രാഹ്മണന്ന ഗൃഹം എന്നിവ തീർപ്പിച്ചവർ പൊരിയ പുരുഹൂതപുരത്തിൽ ചെന്നുചേരും; ഇതുകൾക്ക ജീർണ്ണോദ്ധാരം കഴിച്ചാൽ ഫലം ഇരട്ടിയാവും. ജീർണ്ണിച്ചതിനെ വിട്ടു മറെറാരേടത്തുണ്ടാക്കിച്ചവൻ നരകത്തിൽ പതിക്കുകയേ ഉള്ളൂ. ദുരയാൽ മതിമറന്നു ദേവാലയത്തിലോ ബ്രഹ്മാലയത്തിലോ സന്ന്യാസിമഠത്തിലോ അധികാരസ്ഥത) കൊള്ളുമോ, അവൻ സർവകർമ്മബഹിഷ്കൃതനായി എന്നെന്നും മഹാഘോരമായ രൌരവനരകത്തിൽ വീഴുകപ്പെടും. മഠത്തിൽ നിന്ന് ഇലയോ പൂവോ കായോ പെറുക്കുമോ മറു വല്ലതുമോ അനുഭവിച്ചവൻ തീർച്ചയായും ഘോരനരകത്തിൽ പതിക്കും. ഒരാളെ പുറുബന്ധുപുത്രന്മാരെയുംകൂടി നരകത്തിൽ വീഴിക്കണമെന്നുണ്ടെങ്കിൽ, അയാളെ ദേവാലയത്തിലോ ബ്രഹ്മാലയത്തിലോ ഗോശാലയിലോ കായ്സ്ഥനാക്കിയാൽ മതി! അദ്ദേഹത്തിനുമാണ് മഠക്കാരുടെ അന്നം; അതു തിന്നുപോയാൽ ചാന്ദ്രായണം കഴിക്കണം. മഠകായ്സ്ഥനെ തൊട്ടാൽ സചേലസ്നാനം ചെയ്യണം!

വൈശ്യോത്തമ, അതിഥിസൽക്കാരത്തിന്റെ പ്രഭാവത്താൽ പല രാജാക്കന്മാരും മുനിമാരും ബ്രഹ്മലോകമണഞ്ഞു, ഇന്നും അവിടെത്തന്നെ വാഴുന്നു! ഒരു ഗൃഹസ്ഥൻ ജീവകാലത്ത് എപ്പോഴെ

Digitized By Kerala Sahitya Akademi

ങ്കിലും, ഒക്കാത്തെയെങ്കിലും, അതിഥികളെ ഊട്ടുമെങ്കിൽ, അയാളം അന്തകനെ കാണുകയില്ല! ..... സ്വർഗ്ഗലോകത്തുനിന്നു ഭ്രംശിക്കുന്ന സിദ്ധരാജരാജാവിനോടു യമൻതിരുമേനി കനിഞ്ഞു പറകയുണ്ടാ യി, നരേന്ദ്ര, നീവാൻ വീണ്ടും കർമ്മഭൂമി പുക്കു സ്വർഗ്ഗത്തി ഇരിപ്പിക്കുന്ന വെങ്കിൽ, അന്നം നൽകുക, അന്നം നൽകുക, അന്നം നൽകുക!' എന്ന്; ഇതു തിരുമുഖത്തുനിന്നതന്നെയാണ് ഞാൻ കേട്ടതു്. വേ നൽക്കാലത്തു വെള്ളവും ഹേമന്തത്തിൽ വിറകും ഗ്രീഷ്മദിനം അന്നവും നൽകുന്നവൻ യമയാതനയനുഭവിക്കുകയില്ല. അറിഞ്ഞോ അറിയാ തെയോ ചെയ്ത ചെറുതോ വലുതോ ആയ പാപങ്ങൾക്ക് ആറാമാ സം കൂടുമ്പോൾ പ്രായശ്ചിത്തം ആർ ചെയ്യുമോ, ആ നിഷ്കൃഷ്ടൻ കൃതാന്തനെ കാണേണ്ടിവരില്ല; പ്രായശ്ചിത്തം ചെയ്യാത്തവൻ നരക ത്തിൽ വീഴുകതന്നെ ചെയ്യും. വാങ്മനഃകായകർമ്മങ്ങൾക്കു പ്രായ ശ്ചിത്തം ചെയ്യുന്നവൻ ദേവഗന്ധർവ്വരുടെ സ്വർഗ്ഗലോകങ്ങളിൽ ചെന്നു ചേരും. വേദമാതാവായ ഗായത്രിയോ മറ്റു വൈദികമന്ത്രമോ പ തിവായി ജപിക്കുന്നവരിൽ പാപം പറ്റിനിൽക്കുകയില്ല. നാംതോ റും ഓരോന്നു ചെല്ലുക, രണ്ടുനേരവും ഹോമം എന്നിവ ചെയ്യുന്ന ദ്വിജ ന്മാർ സനാതനഗതി പൂകും. പതിവായി വ്രതമാചരിക്കുന്നവൻ, പ തിവായി തീർത്ഥസേവ ചെയ്യുന്നവൻ, ജിതേന്ദ്രിയൻ, സത്യവാദി എ ന്നിവർ കരാളനായ കാലനെ കാണുകയില്ല

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, മാഘമാഹാത്മ്യപ്രകരണം,
ദിലീപവസിഷ്ഠസംവാദാന്തർഗ്ഗതകാർത്തവീര്യദത്താത്രേയസംവാദം,
വൈശ്യപുത്രോപഖ്യാനം, നാനാപുണ്യതീർത്ഥവർണ്ണനം
ഇരുനൂറിനാൽപ്പത്തിനാലാമദ്ധ്യായം.

ഇരുനൂറിനാൽപ്പത്തിനാലാമദ്ധ്യായം

യമദൂതൻ: —'.....

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, മാഘമാഹാത്മ്യപ്രകരണം,
ദിലീപവസിഷ്ഠസംവാദാന്തർഗ്ഗതകാർത്തവീര്യദത്താത്രേയസംവാദം,
ശ്രീകുണ്ഡലചികുണ്ഡലസമ്പ്രാപ്തിപ്രകാരം
ഇരുനൂറിനാൽപ്പത്തിനാലാമദ്ധ്യായം.

(൦)

Digitized By Kerala Sahitya Akademi

ഇരുന്നൂറിനാൽപ്പത്താറാമദ്ധ്യായം

കാത്തവീര്യൻ:—'ബ്രഹ്മർഷേ, എന്തുകൊണ്ടാണ് മാഘസ്നാനത്തിന്ന് അത്യുത്കൃഷ്ടമായ പ്രഭാവം വർണ്ണിക്കപ്പെട്ടതു്? മാഘസ്നാനപുണ്യത്തിന്റെ ഒരംശത്താൽ വൈശ്യന്റെ പാപം നീങ്ങുകയും, രണ്ടാമത്തെ അംശത്താൽ സ്വർഗ്ഗം കിട്ടുകയും ചെയ്യുമല്ലോ. എങ്ങിനെയാണ് ഇതു ഫലം? പറഞ്ഞുതരിക.'

ഔർവ്വൻ:—* .....മകരത്തിൽ ഗൃഹത്തിൽവെച്ചു ചൂടുവെള്ളംകൊണ്ടു കുളിച്ചാൽ അതിന്റെ ഫലം ആറുകൊല്ലം നിൽക്കും; പുറത്തുപോയി കുളത്തിൽ കുളിച്ചാൽ ഫലം ഒരു പന്തീരാണ്ടെയുണ്ടാവും; തടാകത്തിലായാൽ അതിലിരട്ടി; നദിയിലായാൽ നാലിരട്ടി; ദേവഖാതത്തിലായാൽ പത്തിരട്ടി; മഹാനദിയിലായാൽ നൂറിരട്ടി; രണ്ടുമഹാനദികളും കൂടിച്ചേരുന്നിടത്തായാൽ അതിലിരട്ടി; ഗംഗയിൽ എവിടെയെങ്കിലും കുളിച്ചാൽ ആയിരമിരട്ടിയായിരിക്കും പുണ്യം; മഹീശ്വര, മാഘമാസത്തിൽ ഗംഗാസ്നാനം ചെയ്യുവർ നാലായിരം യുഗം ദേവലോകത്തു വസിക്കും; ഗംഗയും യമുനയും കൂടിച്ചേരുന്നേടത്തു കുളിച്ചാൽ ലക്ഷം മടങ്ങിന്റെ ഫലം; നാരംതോറും ആയിരം പൊൻനാണ്യം നൽകുന്നതിന്റെ ഫലമുണ്ടു്, മാഘത്തിൽ ഗംഗാസ്നാനം ചെയ്യാൽ! ആയിരം കാളകളേയും പതിനായിരം പൈക്കളേയും നൽകിയാലുള്ള ഫലമുണ്ടു്, മാഘത്തിൽ ഗംഗാസ്നാനം ചെയ്താൽ! രാജാവേ, കുറെ പാപമോർത്തെ ചുട്ടെരിപ്പാനാണു്, പ്രജാഹിതൈഷിയായ പിതാമഹൻ പ്രയാഗത്തെ നിർമ്മിച്ചിരിക്കുന്നതു്! പണ്ടു ബ്രഹ്മാവു പാപപുരുഷനെ കൊലനിലമാക്കിട്ടേപ്പിട്ടുണ്ടാക്കിയതത്രേ സിതാസിത (ഗംഗായമുനാ) ജലം! 'അശ്വമേധിന്റെ നീ, യാഗംചെയ്തവനാണ് ഞാൻ' എന്നു ഗർവ്വിക്കേണ്ടാ; ബ്രഹ്മഹന്താവേ, നീ, 'പാപിയാണല്ലൊ ഞാൻ' എന്നു ഭയപ്പെടേണ്ടാ: വന്ദിച്ച പുണ്യത്തിൽ ഗർവ്വെന്തിന്നു്, ദുരിതത്തിൽ ഭയമെന്തിനു്? മാഘത്തിൽ, മകരമാസത്തിൽ, പ്രയാഗത്തിൽ മുഴുകുന്ന സജ്ജനങ്ങളുടെ ഒരു നീർത്തുള്ളിമതി, ഈ ഗർവ്വിനേയും ഭയത്തേയും പറപ്പിക്കാൻ! ഇതിൽ സംശയമൊന്നുമേ വേണ്ട. വെളുത്തും കറുത്തുമുള്ള രണ്ടു നദികളും കൂടിച്ചേരുന്നേടത്തു കുളിച്ചവർ സ്വർഗ്ഗമടയുന്നു; ദേഹത്യാഗം ചെയ്യുന്ന ധീരരാകട്ടേ, സായുജ്യം പ്രാപിക്കുന്നു.' സരസ്വതിയുടെ പേരു സിതാസിതനീർ

* ജലത്തിന്റെ പവിത്രത, മാഘസ്നാനവിധി, മാഘത്തിന്റെ ശ്രേഷ്ഠത എന്നിവ മൻപു പ്രതിപാദിക്കപ്പെട്ടിട്ടുണ്ടു്: 22-ശ്ലോകം വിട്ടു.

Digitized By Kerala Sahitya Akademi

ച്ചാൽ യാതൊന്നോ, അതു വിധാതാവിനാൽ ബ്രഹ്മലോകത്തെയ്ക്കുള്ള മാർഗ്ഗമായി കല്പിക്കപ്പെട്ടതാകുന്നു. നൂറായിരം പാപംചെയ്തവൻപോലും മകരമാസത്തിൽ സിതാസിതജലത്തിൽ മുഴുകിയാൽ ഗർഭത്തിൽ മുഴുകേണ്ടി വരില്ല! ദേവന്മാക്കും സൃജിക്കാൻ തല്ലാത്തതാണല്ലോ, ഉർജ്ജയമായ വിഷ്ണുമായ; അതുകൂടി മാഘമാസത്തിൽ പ്രയാഗത്തിൽ വെന്തടിയും! മാഘത്തിൽ പ്രയാഗസ്നാനം ചെയ്തവൻ തേജോമയങ്ങളായ ലോകങ്ങളിൽ പല പല ഭോഗങ്ങളും ഭുജിച്ച്, ഒടുവിൽ ശ്രീനാരായണങ്കൽ ലയിക്കും. മകരത്തിൽ സിതാസിതജലം ആർ സ്പർശിക്കുമോ, അവന്റെ പുണ്യം കണക്കാക്കാൻ ചിത്രഗുപ്തനും ആളാകയില്ല! മകരത്തിൽ ആർ സിതാസിതജലത്തിൽ മുഴുകുമോ, അവന്റെ പുണ്യപ്രഭാവം വർണ്ണിപ്പാൻ നാന്മുഖന്നുമില്ല ഒരുപുണ്യം! ഒരു നൂറാണ്ടു മുഴുവൻ ഉപവാസമനുഷ്ഠിച്ചാലത്തെ ഫലമുണ്ട്, മാഘത്തിൽ മൂന്നാംപ്രയാഗത്തിൽ കുളിച്ചാൽ! സൂര്യഗ്രഹണത്തിൽ കുരുക്ഷേത്രത്തിൽവെച്ച് ആയിരം ഭാരം സ്വർണ്ണം നൽകിയാലുള്ളത്ര ഫലമുണ്ട്, മാഘത്തിൽ മൂന്നാംതിവേണിയിൽ കുളിച്ചാൽ! മുന്നൂറു സംവത്സരം യോഗാഭ്യാസം ചെയ്താലത്തെ പുണ്യമുണ്ട്, മാഘത്തിൽ മൂന്നാംപ്രയാഗത്തിൽ കുളിച്ചാൽ! രാജാവേ, ആയിരം രാജസൂയത്തിന്റെ പൂർണ്ണഫലമുണ്ട്, മാഘത്തിൽ മൂന്നാംസിതാസിതജലത്തിൽ മുഴുകിയാൽ! ഭൂമിയിലെ എല്ലാ തീർത്ഥങ്ങളും ഏഴു പുരികളും മാഘമാസത്തിൽ സ്നാനത്തിനു തിവേണിയിൽ വന്നുചേരുന്നു; പാപികളുടെ സംസർഗ്ഗത്താൽ കറപുരണ്ടിരിയ്ക്കുന്ന തീർത്ഥങ്ങളൊക്കെ മാഘത്തിൽ പ്രയാഗസ്നാനത്താലത്രേ വെളുക്കുന്നത്! പലജന്മങ്ങളിലായി പ്രപഞ്ചമെന്നെ ചെയ്തുപോയ പാപം മുഴുവൻ മാഘത്തിൽ സിതാസിതജലസ്നാനത്താൽ വെണ്ണീറാടിക്കും! മനുഷ്യന്റെ വാങ്മനഃകായപാപമെല്ലാം മാഘത്തിൽ മൂന്നാംപ്രയാഗത്തിൽ കുളിച്ചാൽ അറുതിപ്പെടും മാഘത്തിൽ മൂന്നാംപ്രയാഗത്തിൽ കുളിച്ചവൻ, പാമ്പ് വള ഏന്നപോലെ പാപം വിട്ടു സഞ്ചരിയും. *..... പണ്ടു കാഞ്ചനമാലിനി മാഘത്തിൽ മൂന്നാംകുളിച്ചതിന്റെ ഫലം നൽകിയതിനാൽ, പാപിയായിരുന്ന രാക്ഷസനും മുക്തി സിദ്ധിച്ചു.'

ഭീഷ്മവീര്യൻ: — 'ഭഗവൻ, ആരാണ് രാക്ഷസൻ? അവനാണ് കാഞ്ചനമാലിനി? അവൾ പുണ്യം നൽകിയതെങ്ങിനെ? ഏങ്ങിനെ അവർ തമ്മിൽ കണ്ടെത്തി? യോഗീന്ദ്ര, അതിസവിസ്തരമായ്, എനിക്കു കേൾക്കാവുന്നതാണെങ്കിൽ അരുളിച്ചെയ്താലും; കേൾക്കാൻ അത്യന്തം ആഗ്രഹമുണ്ട്.'

* പ്രയാഗമാഹാത്മ്യം ആദിഖണ്ഡം ഏഴ-ാമധ്യായത്തിലും മറ്റുമുണ്ട്.

Digitized By Kerala Sahitya Akademi

മത്തോദര്യൻ:—'രാജാവേ, ആ പരമാത്ഭുതമായ പഴംകഥ കേട്ടുകൊള്ളുക; കേട്ടാൽത്തന്നെ അശ്വമേധഫലം കിട്ടും:

അഴകേറിയ അപ്സരസ്ത്രീയായ കാഞ്ചനമാലിനി മാഘമാസത്തിൽ പ്രയാഗസ്നാനം കഴിച്ചു് ആകാശത്തിലൂടെ കൈലാസത്തിലേയ്ക്കു പോകുമ്പോൾ, ഹിമാലയൽ ഒരു വള്ളിക്കുടിലിലിരുന്നിരുന്ന വൃദ്ധരാക്ഷസൻ അവളെ കണ്ടെത്തി. അവളുടെ വസ്ത്രത്തിൽനിന്നു നീർത്തുള്ളി തലയിൽ വീണതുകൊണ്ടു്, ആ കുരുത്തേറിയ രാക്ഷസനു ക്രൌര്യം നീങ്ങി ഹൃദയം ശാന്തമായി! മികച്ച തേജസ്സും തങ്കത്തിനൊത്ത വർണ്ണവും പരന്ന നിതംബവും നീണ്ട കണ്ണുകളും ചന്ദ്രനൊത്ത മുഖവും നല്ല തലമുടിയും ഉരുണ്ടുചന്ന കളിർകൊങ്കകളും ചേർന്ന ആ സുന്ദരിയെ കണ്ടിട്ടു രാക്ഷസൻ ചോദിച്ചു: —'അരവിന്ദലോചനേ, ദേവി ആരാണ്? എവിടെനിന്നു വരുന്നു? വസ്ത്രവും വാർകുന്തലും നനഞ്ഞതെങ്ങിനെ? എവിടെയ്ക്കാണു പോകുന്നതു്? എങ്ങിനെ ആകാശഗമനം സിദ്ധിച്ചു? എന്തൊരു പുണ്യത്താലാണ്, ദേവതിയുടെ ശരീരം തേജോമയവും സൌന്ദര്യസമ്പൂർണ്ണവും മനോഹരവുമായിരിക്കുന്നതു്? ദേവതിയുടെ വസ്ത്രത്തിൽനിന്നു വെള്ളം എന്റെ തലയിൽ ഇറ്റുവീണതോടുകൂടി, എനിക്കു ക്രൂരതയൊഴിഞ്ഞു ശാന്തത വന്നിരിക്കുന്നു; ഈ വെള്ളത്തിനു് ഇത്ര മഹിമയെന്താണു്? ഇതൊക്കെ പറഞ്ഞാൽക്കൊള്ളാം. ദേവതി സുഭീരുവായതെന്തെന്നിനിക്കു തോന്നുന്നു; ദേവതിയുടെ ആകൃതി അതു വിളിച്ചുപറയുന്നുണ്ടു്: വസന്തത്തിൽ വണ്ടുകൾ പൂമണമെന്നപോലെ, പടുതപമുള്ളവർ ആകൃതികൊണ്ടുതന്നെ പരിചിതമറിയും.'

അപ്സരസ്ത്രീ:—'രാക്ഷസ, ഞാൻ കാമരൂപിണിയായ ഒരപ്സരസ്ത്രീയാണു്; കാഞ്ചനമാലിനി എന്നാണെ പേർ. പ്രയാഗത്തിൽനിന്നു വരുന്നു. പ്രയാഗത്തിൽ കുളിച്ചതിനാലാണു്, തലമുടി ഈറനായതു്. സുരാസുരനമസ്കൃതനായ പാർവതീവല്ലഭൻ വാണരുളുന്ന കൈലാസമാമലയിലേയ്ക്കു പോകയാണു് ഞാൻ. ത്രിവേണീജലപ്രഭാവത്താലത്രേ, ഭവാനു ക്രൌര്യം നീങ്ങിയതു്. ഇന്നു പുണ്യത്താലാണു് ഞാൻ സുമേധസ്സെന്ന ഗന്ധർവന്റെ മകളായി ദിവ്യരൂപയായിതീർന്നതെന്നും പറയാം:

ഞാൻ കലിംഗരാജാവിന്റെ നഗരത്തിൽ ഒരു തേരിട്ടിയായിരുന്നു. സൌന്ദര്യമുണ്ടായും സൌഭാഗ്യത്തുള്ളിലുമിരുന്ന ഞാൻ അവിടെയുള്ള മുറുക്കുന്നിമാക്കൊക്കെ ഒരു ശിരോരത്നമായിരുന്നു. ആ ജന്മത്തിൽ ഞാൻ യഥേഷ്ടം ഭോഗൈശ്വര്യങ്ങൾ ഭുജിച്ചുപോന്നു. എന്നാൽ യൌവനസമ്പത്തു് ആ നഗരത്തെ മുഴുവൻ മയക്കിയിരുന്നു! അനർഘ

Digitized By Kerala Sahitya Akademi

തനങ്ങളും, അത്തരത്തിലുള്ള വിചിത്രവസ്ത്രങ്ങളും, കർപ്പൂരാഗരുചന്ദനങ്ങളും എന്നിവകൾ മറ്റനവധിയായ ഞാൻ നേടിനേടി വെച്ചു. നിശാചരൻ, അവനൊരു മൈഥിലീമാത്രമാണെന്ന് അറിഞ്ഞില്ല. യുവാക്കന്മാർ കാമപീഡിതരായി എന്റെ കാൽക്കൽ അടിഞ്ഞുകൂടട്ടെ; അവരുടെയെല്ലാം സർവസ്വവും ഞാൻ മിടുക്കുകൊണ്ടു കൈക്കലാക്കും! ചില കാമുകന്മാർ പരസ്പരം പോരടിച്ചു മുറിവുകളുണ്ടായി! ഇങ്ങനെ ആ രമണീയമായ നഗരത്തിൽ എനിക്ക് ആ കാലം കഴിഞ്ഞു. വാർദ്ധക്യം വന്നപ്പോഴാകട്ടെ, എന്റെ വളരെ ഭയം തോന്നിച്ചു തുടങ്ങി. *

അന്ധാളിത്തംമൂലം അന്നു ഞാൻപോലും, പുണ്യം ഞാൻ ചെയ്തിട്ടില്ല. പാപമേ ചെയ്തിട്ടുള്ളൂ. അതിനാൽ മനസ്സുകൊണ്ടു പലപടി വിലപിച്ചു ഞാൻ ആ രാജാവിന്റെ പുരോഹിതനെ—വേജ്ഞാനം ബ്രഹ്മജ്ഞാനമായ ബ്രാഹ്മണനെ—ശരണംപ്രാപിച്ചുപേക്ഷിച്ചു: —'ദ്വിജശ്രേഷ്ഠ, എന്റെ ഈ പാപത്തിനെന്താണ് പ്രായശ്ചിത്തം? സ്വന്തം കർമ്മത്താൽ മനം വെറുത്തുഴലുന്ന ഈ പാവത്തെ പാപപങ്കത്തിൽനിന്നു തലമുടി ചുറ്റിപ്പിടിച്ചു കരയേറിയാലും! എങ്കൽ കനിവുനീർ പൊഴിച്ചരുളിയാലും! സജ്ജനത്തെ എല്ലാവരും സഹായിക്കും. ദുർജ്ജനത്തെയാകട്ടെ, സത്തുക്കളേ സഹായിക്കൂ.' ഇതുകേട്ട് ആ ബ്രാഹ്മണൻ എങ്കൽ ദയ ചെയ്ത്, എനിക്കു സമാധാനം വരുമാറ്, ധർമ്മി ച്ചൊല്ലിത്തന്നു: —'സുമുഖി, അശുഭാത്തതേ നീ ചെയ്തിട്ടുള്ളൂ എന്നൊന്നം കുറിയാം. അതുകൊണ്ട്: നീ ഒട്ടും വൈകാതെ ബ്രഹ്മക്ഷേത്രം(പ്രയാഗ)ത്തിൽ പോയി, അവിടെ സ്നാനം കഴിയ്ക്കുക; എന്നാൽ നിനക്കു പാപം നീങ്ങും. നിന്റെ പാപശാന്തിക്കു മറ്റൊന്നും ഞാൻ കാണുന്നില്ല! ഉറപ്പ പ്രായശ്ചിത്തമാണ് തീർത്ഥസ്നാനമെന്നതെ മഹർഷിമതം; എന്നാൽ തീർത്ഥത്തിൽ ദുഷ്കർമ്മം മനസ്സുകൊണ്ടും ചെയ്തു പോകരുതു്: നീ പ്രയാഗത്തിൽ കുളിച്ചാൽ തീർച്ചയായും വിശുദ്ധിപ്പെട്ട സ്വർഗ്ഗത്തിൽ ചെന്നുചേരും; പ്രയാഗത്തിൽ കുളിച്ചുകേറ്റ മതി മനുഷ്യർക്കു സ്വർഗ്ഗം കിട്ടാൻ! മറ്റൊരിടത്തെങ്കിലും വെച്ചു ചെയ്ത പാപമേ പ്രയാഗത്തിൽ തൽക്ഷണം അറുത്തെറിയും; തീർത്ഥത്തിൽ വച്ചു ചെയ്തതു നശിക്കയില്ല. ദയശീലേ, പണ്ടു പുരന്ദരൻ ഗൌതമന്റെ ഭാര്യയെ കണ്ടു കാമിച്ചു്, അവളെ വേഷംമാറിപ്പുണർന്നകളഞ്ഞു; അതുകൊടുംപാപത്തിന്റെ ഫലം അപ്പോൾതന്നെ കിട്ടിയതാണ്: സ്ത്രീഹത്യാശാപബലത്താൽ ആയിരം ഭഗങ്ങളിണങ്ങി വല്ലാത്ത ലജ്ജ

* മതോദിപുണ്യവിധേചതമാണ് വിട്ടുപോയി.

Digitized By Kerala Sahitya Akademi

യുള്ളവാംവണ്ണം വിശ്രുതവും ഗർഹിതവുമായിത്തീർന്നു നാകപ്പെരുമാനം നാണിച്ചു തല കുനിച്ചു സ്വകർമ്മത്തെ നിന്ദിച്ചുംകൊണ്ടു പുറത്തേയ്ക്കു പോന്നു. അദ്ദേഹം മഹാമേരുവിൽ വെള്ളം നിറഞ്ഞു നൂറു യോജന പരപ്പുള്ള ഒരു പൊയ്കയിൽ ചെന്നു ഒരു പൊൻതാമരത്തൊട്ടിൽ കടന്നു ശ്രീ, നളാ തന്നെയും മന്മഥനെയും നിന്ദിച്ചുകൊണ്ടിരുന്നു:—'ഛീ, കാമം ഉടനടി പാപത്തെ ഉളവാക്കുന്നു; ആയുസ്സ്, കീർത്തി, യശസ്സ്, ധർമ്മം, ധൈര്യം എന്നിവയെ നശിപ്പിക്കുന്നു; മനുഷ്യരെ സർവ്വജഗൽഗർഹിതരാക്കി, നരകത്തിൽ വീഴിയ്ക്കുന്നു! ഛീ, ദുർവ്വൃത്തനും ആപത്തുകാരിക്ക് ഉറ്റ പാർപ്പിടവും ദോഷത്തിൽത്തന്നെ മേവുന്ന ദുർമ്മദശത്രുവും സദാ അസന്തുഷ്ടനും അക്ഷയനരകനുമാകുന്ന മന്മഥൻ!'

ഇന്ദ്രനില്ലായ്കയാൽ ദേവലോകം നിഷ്പ്രഭമായിപ്പോയി. അതിനാൽ ലോകപാലന്മാരും ദേവഗന്ധർവ്വകിന്നരന്മാരും ഇന്ദ്രാണിയുമൊന്നിച്ചു വ്യാഴനോടു ചെന്നു ചോദിച്ചു:—'ഗുരോ, വലാന്തകൻ എവിടെയാണെന്നറിഞ്ഞില്ല. എങ്ങോട്ടു പോയി? എവിടെയിരിക്കുന്നു? ഞങ്ങൾ എവിടെ തിരഞ്ഞു നോക്കേണ്ടു? സർവ്വം ദേവഗണാനുചിതമെങ്കിലും അദ്ദേഹമില്ലായ്കയാൽ, സൽഗുണങ്ങൾ ചേർന്നതെങ്കിലും നല്ല പുരുനില്ലാത്ത തറവാടെന്നപോലെ നിഷ്പ്രഭമായിരിക്കുന്നു. ഉടൻതന്നെ സർവ്വലോകം സനാഥവും ക്രിയായുക്തവുമായിത്തീരുന്നതിനു് ഉപായം ചിന്തിച്ചാലും; ഇതിൽ താമസം വരുത്തിക്കൂടാ.' ഗുരു മറുപടി പറഞ്ഞു:—'ഇന്ദ്രൻ, തന്റെ അപരാധത്താൽ നാണിച്ചിരിക്കയായിരിക്കും; അയോചിയാതെ ചെയ്തതിന്റെ ഫലം അനുഭവിക്കയാണു്. മയ്യാദ കൈവിട്ടവർക്ക് ഭയങ്കരാപത്തുകൾ പറ്റും. അഹോ, അദ്ദേഹം രാജ്യഗർവിനാൽ മതിമറന്നു, കായ്കാകായ്മോക്കാതെ ഇതു ദാരുണമായിട്ടുള്ളതു ചെയ്തു, നിന്ദാർഹനായിപ്പോയല്ലോ! ദൈവോപഹതത്താൽ ബുദ്ധികെട്ട ഭീരുവിനല്ലാത്തവരെപ്പോലെ അപരാധം ചെയ്താൽ, ഇഹവും പരവും പാഴായിപ്പോകും. അതുകൊണ്ടു, നമുക്കു മഹേന്ദ്രനിരിക്കുന്നേടത്തേയ്ക്കു പോവാം.' എല്ലാവരും ബൃഹസ്പതിയെ മുന്നിൽനിർത്തി നടകൊണ്ടു, പൊയ്കയിൽ പൊന്താമരക്കുട്ടത്തിൽ ഉമ്പർകോനെ കണ്ടു, ഉണർച്ചയുളവാംവണ്ണം സ്തുതിച്ചു ഗുരുവിന്റെ ഉൽബോധനത്താൽ ദേവേന്ദ്രൻ താമരത്തൊട്ടിൽനിന്നു പുറത്തിറങ്ങി, വൈരൂപ്യത്താലുള്ള ലജ്ജാമൂലം കണ്ണടഞ്ഞും മുഖം മങ്ങിയും ആ പുരോഹിതബ്രാഹ്മണന്റെ കാൽ പിടിച്ചു:—'ബൃഹസ്പതേ, എന്നെ രക്ഷിച്ചാലും: ഈ പാപത്തിനു പ്രായശ്ചിത്തം

Digitized By Kerala Sahitya Akademi

ഉപദേശിച്ചുതന്നാലും.' വാചസ്പതിദ്വിജൻ വാസവനോടരുളിച്ചെയ്തു:—'ദേവരാജാവേ, പാപശാന്തിക്കുപായം കേട്ടുകൊള്ളുക: പ്രയാഗത്തിൽ കളിച്ചുലയ്പോഴം ഭവാനു പാതകം വിട്ടൊഴിയും. നമുക്കങ്ങോട്ടു പോകാം'.

പുരോഹിതനോടൊന്നിച്ചു പോന്ന സിതാസിതതീർത്ഥത്തിൽ മുഴുകുകയും, അതോടുകൂടി സർവപാപനിർമുക്തനാവുകയും ചെയ്തു! വിശുദ്ധിവന്ന വിൺപതിമാർക്കു ദേവാചാര്യൻ വരം കൊടുത്തു:—'ശക്ര, ഭവാനു പാപം നീങ്ങിയല്ലോ; ഇനി, എന്റെ പ്രസാദത്താൽ ഭവാന്ന് ഈ ഭഗസഹസ്രം ഓരോ നിറംകണ്ണുകളായിച്ചമയും.' ഈ ബ്രാഹ്മണവാക്യത്താൽ അണ്ടർകോൻ അപ്പോൾത്തന്നെ ആയിരം കണ്ണുകൊണ്ടും, താമരപ്പൂക്കൊണ്ടു മാനസസരസ്സെന്നപോലെ ശോഭിച്ചു! പിന്നീടു ദേവഗന്ധർവരാലും ലക്ഷ്മിമാരാലുമെല്ലാം സ്തുതിക്കപ്പെട്ടുകൊണ്ട് ആഖണ്ഡലൻ അമരാവതിയിലേയ്ക്കു തിരിച്ചു. ഇപ്രകാരം പ്രയാഗത്തിൽ പാകശാസനനു ചിക്കെന്നു പാപശാന്തി വന്നു. ഭദ്രേ, നീയും, ആ വിധം ചിക്കെന്നു പാപമൊഴിഞ്ഞു സദ്ഗതി കിട്ടാൻ, യോഗിസേവിതമായ പ്രയാഗത്തിലേയ്ക്കു പോയ്ക്കൊൾക.'

ഈ ഇതിഹാസം ചേർന്ന മംഗളവചനം കേട്ടിട്ടു ഞാൻ ആ ബ്രാഹ്മണന്റെ കാൽക്കൽ നമസ്കരിച്ചു, അന്നുതന്നെ ബന്ധുക്കളേയും ദാസിദാസരേയും ഗൃഹധനങ്ങളേയും വെടിഞ്ഞു—വിഷയമെല്ലാം വിഷംപോലെ പരിത്യജിച്ചു—ശരീരം ക്ഷണഭംഗുരമാണെന്നു കണ്ടുവെമ്പലോടേ നടകൊണ്ടു. രാക്ഷസപുംഗവ, നരകങ്ങടലിൽ വീഴുന്നതിലുള്ള ഭയമാകുന്ന തിയ്യ് എന്റെ ഹൃദയത്തെ ചുട്ടെരിച്ചുകൊണ്ടിരുന്നു. ഞാൻ ചെന്ന മാഘമാസത്തിൽ സിതാസിതത്തിൽ സ്നാനംചെയ്തു. നിശാചരവീരാ, ആ സ്നാനത്തിന്റെ മഹിമ കേട്ടുകൊള്ളുക: മുന്നാനാൾകൊണ്ടു എന്റെ പാപമെല്ലാം അറുതിപ്പെട്ടു; ഖാക്കി ഇരുപത്തേഴു ദിവസങ്ങളിലെ പുണ്യത്താൽ ഞാൻ ദിവ്യരൂപം നേടി കൈലാസത്തിൽ പാർവതിയുടെ പ്രിയസഖിയായി വിഹരിച്ചുപോന്നു; പിന്നീടു പ്രയാഗത്തിന്റെ പ്രഭാവത്താൽ മുൻജന്മസ്മരണയോടെ ജനിച്ചു! പ്രയാഗമാഹാത്മ്യസ്മരണമൂലം ഞാൻ മാഘമാസങ്ങളിൽ പ്രയാഗത്തിൽ പോവുക പതിവാണ്. രാക്ഷസേന്ദ്ര, ഭവാൻ അത്ഭുതപ്പെട്ടു ചോദിച്ചതിനാൽ ഇങ്ങനെ എന്റെ വൃത്താന്തമെല്ലാം ഞാൻ ഭവൽപ്രീതിക്കായി പറഞ്ഞു; എന്റെ പ്രീതിക്കായി ഭവാനും ഭവാന്റെ ചരിത്രം പറയുക: എന്തൊരു കർമത്താലാണ്, ഭവാൻ ഗിരിഗഹ്വരത്തിൽ,

Digitized By Kerala Sahitya Akademi

താടിമീശ തഴച്ചു മെച്ചപ്പെട്ടകോം നീണ്ട വിരൂപനും ഭയങ്കരനുമായ മാംസഭോജിയായിത്തീർന്നു ?'

രാക്ഷസൻ:—'ഭദ്രേ, പ്രീതിയാൽ വേണ്ടതു നൽകുകയും വാങ്ങുകയും, ഗോപ്യം പറയുകയും ചോദിക്കുകയും സജ്ജനങ്ങളുടെ സ്വഭാവമാകുന്നു; അതെല്ലാം ഭവതിയിലുണ്ട്! സുലോചനേ, ഭവതി വേഴ്ചകൊണ്ടതിനാൽ ഞാൻ വിചാരിക്കുന്നു, ഭവതിയാൽ എന്റെ ക്രൂരകർമ്മത്തിനു പ്രായശ്ചിത്തം ഇപ്പോൾത്തന്നെ സിദ്ധിക്കുമെന്ന്; അതിനാൽ എന്റെ ദുഷ്കർമ്മം ഭവതിയോടു പറകതന്നെ ചെയ്യാം: ദുഃഖമെല്ലാം സജ്ജനങ്ങളെ അറിയിച്ചാൽ സുഖം വരാതിരിക്കില്ല! സുശ്രോണി, കേട്ടാലും: ഞാൻ മുൻജന്മത്തിൽ കാശിയിൽ ഒരു മഹിയ വിശുദ്ധകുലത്തിലെ ഋഗ്വേദിബ്രാഹ്മണനായിരുന്നു. വേദപാരഗനായ ഞാൻ ദുഷ്കർമ്മാക്കായ രാജാക്കന്മാരുടേയും ഒവൈശ്യശൂദ്രരുടേയും കെട്ടുദാനം വാങ്ങുക എന്ന മഹാഘോരമായ കർമ്മം ചെയ്തുപോന്നു. പലതരത്തിൽ പലപ്രാവശ്യം വേദവിശാരദന്മാർ വിലക്കുകയുണ്ടായി; എന്നിട്ടും ഞാൻ ചണ്ഡാലന്റെ ദാനംകൂടി വേണ്ടെന്നുവെച്ചിരുന്നില്ല! മൂഢതയാൽ എനിക്കു വേറെയും പാപം സംഭവിച്ചു; ഞാൻ ചെയ്യാത്ത ക്രൂരതം ഇല്ലെന്നുതന്നെ പറയാം! വരവർണ്ണിനി, അവിമുക്തക്ഷേത്രത്തിൽ വെച്ച് അണുവോളമെങ്കിലും ദാനംചെയ്താൽ അതു മഹാമേരുവോളമാകും; എന്നാൽ ആ ജന്മത്തു് ഒരു ധർമ്മവും ഞാൻ ചെയ്തുവെച്ചിട്ടില്ലായിരുന്നു! വളരെക്കാലത്തിനുശേഷം ഞാൻ മൃതിയടഞ്ഞു; എന്നാൽ വാസം അവിമുക്തത്തിലായിരുന്നതിനാൽ ഞാൻ നരകം പൂകുകയുണ്ടായില്ല: കാശിയിൽ വസിക്കുന്നവരിലാരും ഒരിക്കലും നരകമണകയില്ല! അവിമുക്തത്തിൽവച്ചു പാപം വല്ലതും ചെയ്താലോ, അതു വജ്രപ്പുരപോലെ പറിനിൽക്കും. ആ പാപം നിമിത്തമത്രേ, ഞാൻ ഹിമവൽപർവ്വതത്തിൽ ക്രൂരകർമ്മത്തോടുകൂടിയ രാക്ഷസനായി പിറന്നതു്. മുമ്പു രണ്ടു പ്രാവശ്യം കഴുകനും, മൂന്നു പ്രാവശ്യം വ്യാഘ്രവും, രണ്ടു പ്രാവശ്യം സർപ്പവും, ഒരു പ്രാവശ്യം ഉരഗവും, ഒമ്പതു പ്രാവശ്യം പിശാചുക്കളിയുമായി ജനിച്ചിരിക്കുന്നു; പത്താമത്തേതാണ്, ഈ രാക്ഷസജന്മം. ഇതിൽ എഴുപത്തഞ്ചായിരം വർഷം കഴിഞ്ഞു; ഈ ദുഃഖസമുദ്രത്തിൽനിന്നു കരയേറാൻ വഴികാണുന്നില്ല! ഇവിടെ മൂന്നു യോജനസ്ഥലം ഞാൻ നിർജ്ജനമാക്കിത്തീർത്തിരിക്കുന്നു; അനേകം നിരപരാധജന്തുക്കളെ ഞാൻ കൊന്നൊടുക്കിയിരിക്കുന്നു. ആ കർമ്മത്താൽ സദാ വെന്തെരിയുകയായിരുന്ന എന്റെ ഹൃദയം; ഭവതിയെക്കണ്ടതിലാകുന്ന പീയൂഷം അതിനെ തണുപ്പിച്ചു! തീർത്ഥത്തിന്റെ ഫലം കാമ്യംകൊണ്ടേ കൈവരൂ; സൽസംസർഗ്ഗഫലമോ, ഉടനടി സിദ്ധി

Digitized By Kerala Sahitya Akademi

ക്കും! അതിനാലാണ്, സജ്ജനസംസർഗ്ഗത്തെ അഭിജ്ഞന്മാർ പ്രശംസിക്കുന്നത്. ഇതാ, എന്റെ മനസ്സിലെ സംകടമെല്ലാം ഭവതിയോട് പറഞ്ഞു. സുന്ദരി, ദുഃഖം നേരിടാത്തവർ ചുരുങ്ങും. ഇതിൽ വേണ്ടതു ഭവതിക്കറിയാം; അപ്പുറമൊന്നും ഞാൻ പറയുന്നില്ല. ഞാൻ ഈ ദുഃഖസമുദ്രത്തിന്റെ മറുകരയിൽ എങ്ങിനെയെത്തുമെന്നു ഭവതി ആലോചിച്ചാലും! സജ്ജനങ്ങളുടെ വന്ദിച്ച സമ്പത്തു സകലർക്കും പൊതിക്കുള്ളതാണ്: പാലാഴി അരയന്നത്തിനു മാത്രമല്ല. കൊറിക്കും പാൽ കൊടുക്കുമാറില്ലയോ!'

ഇതുകേട്ടു കനിവിനാൽ കരളലിഞ്ഞ കാഞ്ചനമാലിനി പുണ്യം നൽകാൻ നിശ്ചയിച്ചുരചെയ്തു:——'രാക്ഷസ, ഞാൻ നിവൃത്തി വരുത്താം. ഇനി ദുഃഖിക്കേണ്ട. എന്റെ പ്രതിജ്ഞ ഇളകുകയില്ല: ഞാൻ ഭവാനെ വിടുതി കിട്ടാൻ ശ്രമിക്കാം. ആണ്ടുതോറുമായി വളരെ മാഘമാസങ്ങളിൽ ഞാൻ ബ്രഹ്മക്ഷേത്രമായ പ്രയാഗത്തിൽ ശരിക്കു സ്നാനം കഴിച്ചിട്ടുണ്ട്; ആ ധർമ്മത്തിന്റെ സംഖ്യ ഭവാനോട് ഞാൻ പറയുന്നില്ല: ശ്രദ്ധയായി വെയ്പ്പണം ധർമ്മമെന്നത്രെ വിദ്വജ്ജനമതം. വലഞ്ഞവനു വേണം കൊടുക്കുക എന്നാണ് വേദവാദികളായ മുനിമാർ പറയുന്നത്: കടലിൽ മഴപെയ്യുന്നതിനാലുണ്ടോ, മേഘത്തിനു വല്ല ഫലവും? ഞാൻ ഒരു മാഘമാസത്തിൽ പ്രയാഗസ്നാനം ചെയ്തതിന്റെ പുണ്യം ഭവാനു തരാം; അതു വഴിയായി ഭവാനു ഇപ്പോരുത്തനെ സദ്ഗതി പൂകാം; സംശയമില്ല. ഭദ്ര, ഞാൻ അനുഭവിച്ചറിഞ്ഞതാണല്ലോ ആ പുണ്യഫലം; താപത്തെ തൽക്ഷണം പോക്കുന്ന അതു ഞാൻ ഭവാനു തന്നേയ്ക്കാം.' അവൾ വസ്ത്രം പിഴിഞ്ഞു വെള്ളം കരതാരിലാക്കി മാഘപുണ്യം വൃദ്ധരാക്ഷസനു ദാനംചെയ്തു. രാജാവേ, അതിന്റെ വിചിത്രമായ പ്രഭാവം കേട്ടുകൊള്ളുക: പുണ്യം വാങ്ങിയതോടുകൂടി അവൻ രാക്ഷസാകൃതി വിട്ടു ദേവരൂപനായിച്ചമഞ്ഞു, ഹർഷത്താൽ വിടർന്ന കണ്ണുമായി വിമാനത്തിൽക്കേറി, ആകാശത്തു രണ്ടാമതൊരു സൂര്യനോ എന്നു തോന്നുംവണ്ണം തേജസ്സിനാൽ ദിക്കുകളെ മിന്നിത്തിളങ്ങിച്ചും കൊണ്ടു പരിശോഭിച്ചു! പിന്നീട് കാഞ്ചനമാലിനിയെ അഭിവാദ്യംചെയ്തുപക്ഷിച്ചു:—'സുഭഗേ സൗഭാഗ്യവതി, ഈശ്വരനേ ആരിത്തുകൂട്ടി കർമ്മഫലം നൽകാൻ; പ്രായശ്ചിത്തമില്ലാത്തതിലാണല്ലോ, ഏതുനിരുപകാരം ചെയ്താലും ഭവതി വഴിപോലെ ചെയ്തു! ഇനി, ഏതുകൽ ചെയ്തു പ്രസാദിച്ചുഗ്രഹിച്ചാലും—നീതിയും ധർമ്മവും തികഞ്ഞ സദുപദേശം ദേവി എനിക്കു ചൊല്പിത്തന്നാലും! എന്നാൽ ഞാൻ മേലിൽ പാപം ചെയ്യാതാകുമല്ലോ. അതുകേട്ടു ഭവതിയോട് വിടവാങ്ങിയിട്ടു വേണം എ

Digitized By Kerala Sahitya Akademi

നിക്ക ദേവലോകത്തെയ്ക്കു പോകാൻ.' ഈ പ്രിയവും ധാർമ്മികവുമായ അഭ്യർത്ഥനം കേട്ടിട്ട് ഏറ്റവും സന്തോഷം തോന്നിയ കാഞ്ചനമാലിനി ധർമ്മം ചൊല്ലിക്കൊടുത്തു: —

(കിളിപ്പാട്ട് — കേക)

'ഹിംസ കൈവിട്ട സദാ സേവിക്ക ധർമ്മത്തെ;സ്സൽ–
സംസർഗ്ഗമേൽക്കു; കൊൾക കാമമാരിപുവിനെ;
അന്യന്റെ ഗുണദോഷമോതൊലാ; സത്യം ചൊൽക;
ഖിന്നതയെല്ലാം നീങ്ങാൻ ഭജിക്ക മുകുന്ദനേ;
പുരുഷോരാഭികളിൽ മമത വിട്ട; മാംസ–
രക്താസ്ഥിമയമെന്യിൽത്തോന്നരുതഹംബുദ്ധി;
പാരിതെന്നെന്നും ക്ഷണഭംഗുരമെന്നോർത്താലും;
വൈരാഗ്യരസികനായന്വഹിക്കുക യോഗം;
പ്രീതിയാൽ ഞാനീച്ചൊല്ലിത്തന്ന പാഴാകാലമ്മം
ചേതസ്സിലുറപ്പിച്ച സൌശീല്യമാർജ്ജിച്ചാലും;
ക്രവ്യാദകൃതി വെടിഞ്ഞഖണ്ഡതേജസ്സാളും
ദിവ്യാംഗനായ ഭവാൻ സുഖമായ് വിൺപുക്കാലും!'

ധർമ്മശ്രവണത്താൽ മനംതെളിഞ്ഞ രാക്ഷസൻ അഭിനന്ദിച്ചു:—'വരവർണ്ണിനി, ഭവതി സദാ സന്തുഷ്ടയായ്ത്തന്നാലും! ഭവതിക്ക് എന്നെന്നും നന്മ വരട്ടെ! ഭവതി ശ്രീചന്ദ്രനുമൊത്തും കൈലാസത്തിൽ ശിവസന്നിധിയിൽ വിഹരിച്ചാലും! ഭവതിക്ക പാർവതീപ്രേമം അഖണ്ഡിതമായി ഭവിക്കട്ടെ! അമ്മേ, ഭവതി ധർമ്മത്തിലും തപസ്സിലും നിത്യ നിലനിൽക്കട്ടെ!' ശരീരത്തിൽ ക്ഷീണം തോന്നാതിരിക്കട്ടെ! ഭവതി ആപന്നരുടെ അഴൽപോക്കിക്കൊണ്ടരുളിയാലും!' ഇത്രയും പറഞ്ഞു് അയാൾ കാഞ്ചനമാലിനിയെ കൈവണങ്ങി, അനേകം ഗന്ധർവരാൽ സ്തുതിക്കപ്പെട്ട സഭയിലേയ്ക്കു ഗമിച്ചു. ദേവകന്യകമാർ അപ്പോൾ ആഹ്ലാദവിവശമാരായി കാഞ്ചനമാലിനിയുടെ ശിരസ്സിൽ പുഷ്പവർഷം പൊഴിച്ചു്, അവളെ കെട്ടിപ്പുണർന്നു കൊണ്ടാടി:—'ഭദ്രേ, ആശ്ചര്യകരംതന്നെയാണു്, ഭവതി രാക്ഷസനെ മുക്തി വരുത്തിയതു്! ഈ ദുഷ്ടനെപ്പേടിച്ചു് ആരും ഈ കാട്ടിൽ കടക്കാറില്ലായിരുന്നു; ഇനി ഞങ്ങൾക്കിവിടെ പേടികൂടാതെ സുഖമായി സഞ്ചരിക്കാം!'

കാഞ്ചനമാലിനിക്കു കാരം കളിച്ചു; അവൾ ആ മാനത്തിൽ കൃതാർത്ഥയായിച്ചമഞ്ഞു. രാക്ഷസനെ മോക്ഷംവരുത്തിയ ആ ഗന്ധർവകന്യക മനസ്സുനിറഞ്ഞ പരോപകാരസന്തോഷത്തോടേ അവരുമായി

Digitized By Kerala Sahitya Akademi

ക്രീഡിച്ചുകൊണ്ടു കൈലാസത്തിലേയ്ക്കു തിരിച്ചു. ഈ ദിവ്യകന്യകാചരിതം ആർ ഭക്തിയോടെ ശ്രവിക്കുമോ, അവന് ഒരിക്കലും രാക്ഷസാദി ബാധയുണ്ടാകില്ല; ബുദ്ധി ധർമ്മത്തിൽ ഉറച്ചു നിൽക്കുകയും ചെയ്യും.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, മാഘമാഹാത്മ്യപ്രകരണം,
ദിലീപവസിഷ്ഠസംവാദാന്തർഗ്ഗതകാർത്തവീര്യോപാഖ്യാനസംവാദം,
കാഞ്ചനമാലിനീപാഖ്യാനം ഇരുനൂറിയില്ലത്താറാമദ്ധ്യായം.

ഇരുന്നൂറിനാൽപത്തേഴാമദ്ധ്യായം

വസിഷ്ഠൻ:—ഭർത്താവേയപ്രോക്തമായ മാഘമാഹാത്മ്യം പറഞ്ഞുവല്ലൊ; ഇനി മഹത്തായ മാഘസ്നാനഫലം ഞാൻ പറയാം: പരന്തപ, എല്ലാ യാഗങ്ങളേയുംകാൾ ശ്രേഷ്ഠവും എല്ലാദാനങ്ങളുടേയും ഫലം നൽകുന്നതും എല്ലാ വ്രതതപസ്സുകളോടും സദൃശവുമത്രേ മാഘസ്നാനം. മാഘസ്നാനം ചെയ്ത മനുഷ്യൻ ഇരുകുലങ്ങളിലേയും പിതൃക്കളെ വിണ്ണിൽ വാഴിച്ച്, ഉജ്ജ്വലമുഖനായി, മിന്നിത്തിളങ്ങുന്ന കാമഗവിമാനങ്ങളിലൂടെ സ്വർഗ്ഗമണയുന്നു! എന്നെന്നും വന്ദിച്ച ദുരാചാരത്തിലേപ്പെട്ടവരും വഴിതെറ്റി നടന്നവരുമായ പാപികളും പോലും മാഘസ്നാനത്താൽ, സപ്പുങ്ങനം വളയെന്നപോലെ മാപാപച്ചട്ട ഉരിക്കുകയുന്നു! സത്യമില്ലാത്തവർ, അച്ഛനമ്മമാരെ ദ്വേഷിച്ചവർ, ആശ്രമം വിട്ടവർ, കാലധർമ്മമനുഷ്ഠിക്കാത്തവർ, ദാംഭികം എന്നിവക്കും മാഘസ്നാനത്താൽ സൽഗതി കിട്ടുന്നു! പുണ്യതീർത്ഥങ്ങളിൽ മാഘസ്നാനം മനുഷ്യർക്കു ദുർല്ലഭമാകുന്നു; അതു ലഭിച്ചാൽ ബ്രഹ്മജ്ഞാനപദം പൂകാമെന്നതിൽ സംശയമില്ലതാനും! മാഘത്തിൽ തണ്ണീർപ്പന്തലേപ്പെടുത്തുക, ദാനം, തപോനുഷ്ഠാനം, സ്നാനം, വിഷ്ണുപൂജനം എന്നിതെല്ലാം അക്ഷയമായിരിക്കും; അതിനാൽ മനുഷ്യൻ മാഘസ്നാനംകഴിച്ചു യഥാശക്തി വസ്ത്രാന്നസ്വർണ്ണങ്ങനം ദാനംചെയ്യണം. മാഘത്തിൽ അന്നം കൊടുത്തവൻ ദേവലോകത്തു് അമൃതു നുകരും; സ്വർണ്ണം കൊടുത്തവൻ ഇന്ദ്രന്റെ സന്നിധിയണയും; വിളക്കും തീയും വസ്ത്രവും കൊടുത്തവൻ തേജോമയനായി എന്നെന്നും സൂര്യലോകത്തു വസിക്കും. യജ്ഞംകൊണ്ടോ ദാനംകൊണ്ടോ തീവ്രതപസ്സുകൊണ്ടോ മികച്ച ബ്രഹ്മചര്യംകൊണ്ടോ മഹായോഗപരിശീലനംകൊണ്ടോ പാപികർക്കു മാഘത്തിൽ തീർത്ഥസ്നാനംകൊണ്ടുമ്മേൽപ്പോലും

Digitized By Kerala Sahitya Akademi

വിശ്രുതി വരികയില്ല! മാഘത്തിൽ, മാർത്താണ്ഡൻ പകതിയുടിക്കെ, യാവ ചിലർ തീർത്ഥത്തിൽ മുഴുകുന്നുവോ, അവർ പാപികളായാൽപ്പോലും ദുഃഖസന്താപമോ ദുസ്സഹമായ യമയാതനയോ അനുഭവിക്കയില്ല! മാഘസ്നാനംചെയ്യ മാധവനെ പൂജിച്ചവർ സ്വർഗ്ഗത്തിൽ നിന്നു പോന്നാൽ ഭൂപതിമാരായിപ്പിറന്നു ദിവ്യരും സുരൂപരും സുഭഗരും പ്രിയംവദരും ധാർമ്മികരും ധനസമൃദ്ധരുമായി മൂന്നൂറാണ്ടു ജീവിച്ചിരിക്കും! എരിതീ മിഴിച്ചാൽ വിറകിൻകൂട്ടം ക്ഷണേന വെണ്ണീറാടിക്കുന്നതെപ്രകാരമോ, അപ്രകാരം മാഘസ്നാനത്താൽ, വമ്പിച്ച പാപസഞ്ചയംപോലും അലിഞ്ഞുപോകുന്നു! കായവാങ്മനസ്സുകളാൽ അറിഞ്ഞോ അറിയാതെയോ ചെയ്തുപോയ പാപമെതെയെല്ലാം മാഘത്തിലെ തീർത്ഥസ്നാനം, ഉഗ്രതിയേ വിഷ്ണുവെന്നപോലെ ക്ഷണത്തിൽ ദഹിപ്പിച്ചുകളയും! മന്നവ, മനുഷ്യൻ പ്രമാദത്താൽ ദുരിതമനുഭവിച്ചുകൊണ്ടിരിക്കെ വല്ലവിധത്തിലും മാഘസ്നാനം സാധിക്കുന്നതായാൽ അപ്പോൾത്തന്നെ ശാന്തിവരും; സംശയമില്ല. പണ്ടു ഗന്ധർവകന്യകമാർ ദുരന്തയമായ ശാപഫലം പകതിയനുഭവിച്ചിട്ട്, ലോമശോപദേശത്താൽ മാഘസ്നാനം ചെയ്തതിനാൽ അത്ഭുതകരമാംവണ്ണം വിമുക്തി നേടുകയുണ്ടായി.'

ഇതുകേട്ട സന്തുഷ്ടനായ ദിലീപൻ പുരോഹിതന്റെ പാദപങ്കജം താന്നു വന്ദിച്ചു പരമഭക്തിയോടെ ചോദിച്ചു:—'ഗുരോ, കന്യകമാർക്കു ശാപം എങ്ങിനെ, ആരിൽനിന്നു പിണഞ്ഞു? അവർ ആരുടെ മക്കളാണ്? പേരെന്ത്? പ്രായമെന്ത്? എങ്ങിനെ അവർ ലോമശോപദേശത്താൽ ശാപദോഷത്തിൽനിന്നു വിടുതി നേടി? എവിടെ, എപ്രകാരം മാഘസ്നാനം ചെയ്തു? പറഞ്ഞുതന്നാലും.'

വസിഷ്ഠൻ:—'ഭൂപപുംഗവ, ധർമ്മമുറച്ചുന്ന സൽക്കഥ കേട്ടുകൊള്ളുക; അഗ്നിയെ പ്രസവിക്കുന്ന അരണി എന്നപോലെ ധർമ്മസാവിത്രിയാണ് ഈ കഥ:

*... ... .

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, മാഘമാഹാത്മ്യപ്രകരണം, ദിലീപവസിഷ്ഠസംവാദം, ഗന്ധർവകന്യോപഖ്യാനപ്രാരംഭം ഇരുന്നൂറിനാല്പത്തേഴാമദ്ധ്യായം.

(൦)

* ആദിഖണ്ഡം ൨൫-ാമദ്ധ്യായത്തിൽ തുടങ്ങി ൨൬-ാമദ്ധ്യായത്തിലവസാനിച്ച കഥ താനായാണിത്; തമ്മിലാസ്നാനത്തിനു പകരം, മാഘത്തിൽ പ്രയാഗസ്നാനമാണെന്നും, ലോമശന്റെ മുക്ത്യുപദേശം വേദവിധിയോടുണ്ടെന്നുമേ വ്യത്യാസമുള്ളൂ.

Digitized By Kerala Sahitya Akademi

ഇരുന്നൂറിനാൽപ്പത്തെട്ടാമദ്ധ്യായം

ലോമശൻ:— .....

'കാറോ വെള്ളമോ ഇലയോ കേഴിച്ചു ദേഹം വരട്ടി വളരെക്കാലം കൊട്ടംതപസ്സിലിരിക്കയോ യോഗം ശീലിക്കയോ ചെയ്യാൽ പോലും, മാഘത്തിൽ പ്രയാഗസ്നാനം ചെയ്യാലത്തെ സൽഗതി കിട്ടുകയില്ല. മകരമാസം പിറന്നാൽ, ഗംഗാസമുദ്രസംഗമകം ക്ഷീണിച്ചുരുന്ന പ്രയാഗത്തിൽ യാവ ചിലർ കളിക്കുമോ, അവരുടെ ഗൃഹദ്വാരം കൊമ്പനാനകളുടെ ചെവിയടിയേറ്റ വണ്ടിണ്ണയാൽ അലംകൃതമായിത്തീരും! രാജസൂയാശ്വമേധങ്ങളുടേതിനെക്കാൾ കവിഞ്ഞ ഫലം പ്രയാഗസ്നാനത്താൽ സിദ്ധിക്കും. സകല പാപങ്ങളേയും കളയായി സംഹരിക്കുന്ന പ്രയാഗത്തെ എങ്ങിനെ വർണ്ണിക്കാം!'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, മാഘമാഹാത്മ്യപ്രകരണം,
ദിലീപവസിഷ്ഠസംവാദേ, ഗന്ധർവകന്യോപേഖ്യാനം,
ലോമശവേദനിധിസമാഗമം ഇരുന്നൂറിയാല്പത്തെട്ടാമദ്ധ്യായം.

—o—

ഇരുന്നൂറിനാൽപ്പത്തൊമ്പതാമദ്ധ്യായം

ലോമശൻ:—ഇതിൽ ഒരു പഴയ ഇതിഹാസം പറഞ്ഞുതരാം: പണ്ടു കൃതയുഗത്തിൽ, മാളവരാജ്യത്തു് അവന്തിയിൽ വീരസേനൻ എന്നൊരു രാജാവുണ്ടായിരുന്നു. അദ്ദേഹം നൂറ്റമ്പതു് രാജസൂയവും, കനകവേദികളോടും കാഞ്ചനയൂപങ്ങളോടും കൂടിയ പതിനാറശ്വമേധവും ശരിക്കനുഷ്ഠിച്ചു; ബ്രാഹ്മണർക്കു കണ്ണോളം ധനങ്ങളും ദാനംചെയ്തു; അത്രമാത്രവും ദേവകൃത്യനുമായിരുന്ന അദ്ദേഹം. അവിടെ മൂർഖനും തന്നേകലത്തിൽപ്പെട്ടവനുമായി ഭദ്രൻ എന്നൊരു ബ്രാഹ്മണനുണ്ടായിരുന്നു. അയാൾ യാതൊരു ധർമ്മവും ചെയ്യാതെ ദുർവൃത്തനായി കൃഷിപ്പണി തുടങ്ങി. തന്മൂലം അയാളെ സ്വജനങ്ങൾ തള്ളിക്കളഞ്ഞു. അയാൾ കൊറിന്നു വകയില്ലാഞ്ഞു നാടുവിട്ടു് അവിടവിടെ അലഞ്ഞുനടക്കുമ്പോൾ, ദൈവയോഗത്താൽ ഒരുക്രൂരം തീർത്ഥയാത്രക്കാരിൽ ചേർന്നു പ്രയാഗത്തിൽ ചെന്നെത്തി, മാഘമാവുമുതൽ മൂന്നാമിവസം അവിടെ സ്നാനം കഴിച്ചു. സ്നാനംകൊണ്ടു നന്നേ നിഷ്കൽമഷനായിച്ചമഞ്ഞ ആ ദ്വിജോത്തമൻ പ്രയാഗത്തിൽ നി

Digitized By Kerala Sahitya Akademi

ന്ന മടങ്ങുകയുംചെയ്തു. ആ രാജാവും ഈ ബ്രാഹ്മണനും ഒരേദിവസത്തിലാണു മൃതിപ്പെട്ടതു്; അവരിരുവരും ഒരുപോലെ മഹേന്ദ്രസന്നിധിയിൽ ചെന്നുചേർന്നു; തേജസ്സും സൌന്ദര്യവും ബലവും സൈന്യവും വിമാനവും വിഭ്രാജിക്കുന്ന കല്പകവൃക്ഷപുഷ്പമാലയും ഗീതവാദ്യങ്ങളും അവർക്കിരുവർക്കും ഒന്നുപോലെ കൈവന്നു. ഇതു ഞാൻ കണ്ടതാണു്; എങ്ങിനെ വർണ്ണിക്കാം, പ്രയാഗത്തിന്റെ പ്രഭാവം!

ബ്രാഹ്മണ, മാഘത്തിൽ സിതാസിതസ്നാനം രാജസൂയത്തിനൊക്കും. എന്നാൽ, മുപ്പതു വില്ലുടെ പരപ്പുള്ള ഗംഗായമുനാസംഗമത്തിൽ മാഘസ്നാനം ചെയ്യുവന്നു പുനരാവർത്തിയില്ല; രാജസൂയം കഴിച്ചവൻ വീണ്ടും ജനിക്കും. മാഘമാസത്തിൽ സിതാസിതജലം സ്പർശിച്ചവൻ, ആരായാലും ധന്യനത്രെ; അവനെ സ്പർശിച്ചവൻ കൂടി മാപാപങ്ങളെപ്പോക്കും! എന്തിനേറെ? തീർത്തും പറയാം: അനുഭവിച്ചുതുടങ്ങിയ പാപഫലം പോലും പ്രയാഗത്തിൽ മാഘസ്നാനത്താൽ അറുതിപ്പെടും! ഇതിനെ സംബന്ധിച്ചു്, പിശാചമോക്ഷണം എന്നൊരു പഴംകഥ പറയാം; മനസ്സിരുത്തിക്കേട്ടുകൊള്ളുക. പിശാചത്വം നീങ്ങാൻ കാംക്ഷിക്കുന്ന അപ്സരപ്പെൺകിടാങ്ങളും ഭവാന്റെ പുത്രനും ഇതു ശ്രവിക്കട്ടെ; എന്റെ പ്രസാദത്താൽ അവർക്കാമ്മതെളിയും. പണ്ടു വേടർക്കുതി എന്നൊരു വേദപാരഗനായ വൈഷ്ണവ ബ്രാഹ്മണൻ, കരുണയാൽ കരളലിഞ്ഞു്, പിശാചിനു മുക്തി വരുത്തുകയുണ്ടായി.'

വേദനിധി: —'അദ്ദേഹത്തിന്റെ വാസം എവിടെയാണു്? ആരുടെ പുത്രനാണു്? എന്തൊക്കെയായിരുന്നു നിയമം? എന്തുകൊണ്ടാണു വൈഷ്ണവനായതു്? ആരായിരുന്നു മുക്തി വരുത്തപ്പെട്ട പിശാചു്? മഹർഷേ, ഇതെല്ലാം വിസ്തരിച്ചു പറയുക; ഇവിടുത്തെ പ്രസാദത്താൽ സൽക്കഥ കേൾക്കാൻ എനിക്കത്രേ ഭാഗ്യമുണ്ടു്.'

ലോമശൻ:—'പ്ലക്ഷപ്രസ്രവണാരണ്യത്തിൽ, സരസ്വതീനദി പുറപ്പെട്ടുന്നേടത്തു പവിത്രത്തിന്നടുക്കലാണു് അദ്ദേഹത്തിന്റെ ആശ്രമം. *..... വനമധ്യത്തിൽ പരിപാവനിയായ സരസ്വതീനദി പ്രവഹിക്കുന്നു; അവിടെ സാരസങ്ങൾ എപ്പോഴും മുദ്സ്നിഗ്ദ്ധമധുരമായി ക്രൂകുന്നു; കുഞ്ചിലകം പാടുന്നു; വണ്ടുകൾ മുരളുന്നു; ശുകശാരികകൾ കളകളം മുതിർക്കുന്നു; പലതരം ദൃഷ്ടമൃഗങ്ങൾ ചുറ്റി നടക്കുന്നു.

* ആശ്രമത്തിലെ വിവിധവൃക്ഷങ്ങളുടെ പേരുകളാണ് വിട്ടതു്.

Digitized By Kerala Sahitya Akademi

ആ വനം ഏതു കാലത്തും പൂ കായ്കനികൾ നിറഞ്ഞും, പൂമ്പൊടികൾ നീളെപ്പറന്നു മൂടൽപിടിച്ചും, മധുവുക്കുങ്ങളാൽ ചുറപ്പെട്ടും, പുതുതളിരും പൂംകലകളും ചേന്ന ശ്രേഷ്ഠലതകളാൽ, വനിതമാരാൽ വല്ലഭനെന്നപോലെ ആശ്ലേഷിക്കപ്പെട്ടും, സർവ്വ രമണീയമായി ശോഭിക്കുന്നു. അദ്ദേഹത്തിന്റെ ശാപം പേടിച്ച്, അവിടെ കൊടുംകാറടിക്കാറില്ല; മേഘങ്ങൾ ആവിപ്പുഴം വർഷിക്കാറില്ല; സൂര്യൻ വരംപറ്റി തട്ടിക്കാറില്ല! എന്നെന്നും നിരുപദ്രവവും സിദ്ധസേവിതവും ചൈത്രരഥോദ്യാനത്തെപ്പോലെ ആഹ്ലാദകരവുമായ ആ വനത്തിലാണ്, ദേവഭൂതിദേവിരാജന്റെ വാസിക്കുന്നതു്. സുമിത്രനെന്ന ബ്രാഹ്മണനും ലക്ഷ്മീപതിയുടെ വരത്താൽ കൈവന്ന പുത്രനത്രെ ആ ധർമ്മിഷ്ഠൻ. നിയതാത്മാവായ അദ്ദേഹത്തിന്റെ നിയമവും കേട്ടുകൊള്ളുക: * ..... തപോനിധ്യയാൽ ശരീരം ഞരമ്പുകളും പൊങ്ങിപ്പടർന്ന് അസ്ഥിമാത്രമായിത്തീർന്നു. അങ്ങിനെ അയിരം വർഷം കഴിഞ്ഞു. അദ്ദേഹത്തിന്റെ തപസ്തേജസ്സിനാൽ ആ പർവ്വതം കത്തിത്തുടങ്ങി! തപസ്സിന്റെ ഉഷ്ണംകൊണ്ട് ദേഹികൾക്കു സഹിച്ചുകൂടാതായി; ആ മഹാത്മാവ് അഗ്നിയെപ്പോലെ സമുജ്ജ്വലിച്ചു! ആ കാട്ടിൽ ജന്തുക്കൾക്കു പരസ്പരവൈരം ഇല്ലാതായി: മാനും പുലിയും, എലിയും പൂച്ചയും, തമ്മിലിണങ്ങി കളിയാടിപ്പോന്നു! അതിദുർല്ലഭമായ മറെറാരു നിയമം കൂടി അദ്ദേഹത്തിനുണ്ടായിരുന്നു. ആ വിഷ്ണുധ്യാനനിരതൻ നാരായണനെ, നാരങ്ങയോ മുന്തിരിങ്ങയോ, വിടർന്ന തുമണമിയന്ന ഓരായിരം പൂക്കൾകൊണ്ടു വേദസൂക്തം ചൊല്ലി പൂജിക്കും. വിഷ്ണുപ്രീതിയ്ക്കു വേണ്ടിയായിരുന്ന ദേവഭൂതിയുടെ എല്ലാക്കർമ്മവും. ദധീചി വരം കൊടുത്തതിനാലാണ് അദ്ദേഹം ശ്രേഷ്ഠവൈഷ്ണവനായതു്.

ഒരുനാൾ, വൈശാഖൈകാദശിയിൽ ആ മഹർഷി ശ്രീമണാളനെ രമണീയമായ പൂജ കഴിച്ചു പലതരത്തിൽ സ്തുതിച്ചുകൊണ്ടിരുന്നു. അതേ സമയത്തു്, ആ സ്തുതിയാൽ തിരുവുള്ളം കുളിർത്ത ദേവദേവൻ, താൻതന്നെ ഗരുഡപുറത്തു കേറി മുനിയുടെ മുമ്പിൽ എഴുന്നള്ളിവന്നു! നാലു തൃക്കൈകളോടും നീണ്ടിടംപെട്ട തൃക്കണ്ണുകളോടുംക്രൂടി സർവ്വാഭരണഭൂഷിതനായി പ്രത്യക്ഷീഭവിച്ച കാർവർണ്ണനെ കണ്ടിട്ടു കോരിത്തരിച്ചുകൊണ്ട് ആനന്ദക്കണ്ണീരണിഞ്ഞ ബ്രാഹ്മണൻ ചാരിത്രാത്മുരുട്ടുന്നു തല നിലത്തു മുട്ടിച്ചു. ആ പ്രഹർഷത്താൽ അദ്ദേഹം

* തീവ്രതപോനിയമവർണ്ണനം മൂന്നു പദ്യങ്ങളുള്ളതിനാൽ ഇവിടെ വിട്ടു.

Digitized By Kerala Sahitya Akademi

ബ്രഹ്മാണ്ഡത്തിനുള്ളിലെങ്ങും ഒതുങ്ങാതായി! തന്റെ ദേഹത്തെ വിസ്മരിച്ചു ബ്രഹ്മമായി ചമഞ്ഞുപോലെ കണ്ണപ്പെട്ട. ആ വൈഷ്ണവ ദിജനെ വൈകുണ്ഠർ പ്രീതിപൂർവം അഭിനന്ദിച്ചു:— 'ദേവല്യതേ, എനിക്കറിയാം: എന്നെ ആശ്രയിച്ചു, എല്ലാ കർമ്മങ്ങളും ത്യജിച്ചു, മതിയും രതിയും സദാ എങ്കലുറപ്പിച്ചിരിക്കുന്നു എന്റെ ഭക്തനാണ് ഭവാൻ! അനാഘ, വരം ചോദിച്ചുകൊള്ളുക; സ്തുതി എന്നെ പ്രസാദിപ്പിച്ചിരിക്കുന്നു.' താപസൻ മറുപടിയുണർത്തിച്ചു:—'ദേവദേവ, പുണ്ഡരീകാക്ഷ, മാതൃകൊണ്ടു തിരുവുടൽ പൂണ്ടവനേ, നിന്തിരുവടിയെ ദർശിക്കുകയൊഴിഞ്ഞു മറ്റൊരു വരമില്ല, ദുർല്ലഭമായിട്ട്! ബ്രഹ്മാദിദേവന്മാർ, സനകാദിയോഗികൾ, കപിലാദിസിദ്ധന്മാർ എന്നിവർപോലും നിന്തിരുവടിയെ സാക്ഷാൽക്കരിപ്പാൻ കാംക്ഷിച്ചുപോരുന്നു! ഞാൻ, എന്റെ എന്നുള്ള വ്യാമോഹങ്ങളും ശുഭാശുഭവാസനകളുമെല്ലാം, പരാവരനായ നിന്തിരുവടിയെ ദർശിച്ചാലപ്പോൾ ദഹിച്ചുപോകും. ജഗദീശ, എന്റെ ജന്മത്തിനും കർമ്മത്തിനും ജ്ഞാനത്തിനും സാഫല്യം വന്നുകഴിഞ്ഞു: നിന്തിരുവടിയെ ഞാൻ ദർശിച്ചുവല്ലൊ; ഇതിലപ്പുറം ഞാൻ എന്തു പ്രാർത്ഥിക്കേണ്ടു! ദേവേശ, വരത്തിനുവേണ്ടിയല്ല, ഞാൻ തൃപ്പാദപത്മത്തെ ധ്യാനിച്ചുപോരുന്നതു; ഭക്തിയാൽ മനസ്സു സദാ നിന്തിരുവടിയിങ്കൽ നിൽക്കുകയാണ്. ഈയൊരുവരമേ എനിക്കു വേണ്ടൂ: നാഥ, നിന്തിരുവടിയുടെ പേരിലുള്ള ഭക്തിക്ക് ഇളക്കംവരാഞ്ഞാൽ മതി; മറ്റൊരു വരവും എനിക്കു വേണ്ട!" ഇതുകേട്ടു സുപ്രസന്നനായ ഭഗവാൻ 'ദിജോത്തമ, അങ്ങിനെയാകട്ടെ' എന്നരുളിച്ചെയ്തു:— 'മറ്റൊന്നുകൂടി: ഭവാനെ യാതൊരു തപോവിഘ്നവും നേരിടുകയില്ല; ഈ ഭക്തിപൂർവമായ സ്തോത്രം യാവ ചില മനുഷ്യർ ചൊല്ലുമോ, അവർക്കും എങ്കിൽ സ്ഥിരഭക്തിയുണ്ടായിവരും; ധർമ്മകാര്യമെല്ലാം സംപൂർണ്ണമായിത്തീരും; ജ്ഞാനത്താൽ പരമനിഷ്ഠയും നിലനിൽക്കും.' ഇപ്രകാരം കഥിച്ചു ജനാർദ്ദനതിരുവടി അന്തർദ്ധാനംചെയ്തു. ദേവല്യതി അന്നുമുതൽ പരമവൈഷ്ണവനായിച്ചമഞ്ഞു.'

വേനേധി: —'മഹർഷേ, ഞാൻ അനുഗ്രഹീതനായി; ഈ വിഷ്ണുഭക്തനെസ്സംബന്ധിച്ച കഥ, ഗംഗയെന്നപോലെ, എന്നെ പരിശുദ്ധനാക്കി! ലക്ഷ്മീവല്ലഭനെ പ്രസാദിപ്പിച്ച ആ വിശിഷ്ടദിജന്റെ സ്തോത്രം എന്താണു? പറഞ്ഞുതരിക. വളരെ ആഗ്രഹമുണ്ടു, കേൾക്കാൻ. ഇവിടുത്തെ പ്രസാദത്താൽ എനിക്കു മനോരഥം നിറവേറിയെന്നാണെന്റെ വിശ്വാസം: മഹത്തുക്കളോടു സംസർഗ്ഗം ആർക്കു മഹത്വം വരുത്തുകയില്ല?'

Digitized By Kerala Sahitya Akademi

ലോമശൻ:—'ഞാ ജപിക്കപ്പെട്ട ഗുഹ്യമായ ശ്രേഷ്ഠസ്തോത്രം ഞാൻ ചൊല്ലിത്തരാം. അതു മുമ്പേ ഗരുഡൻ മനസ്സിലാക്കി; താർക്ഷ്യനിൽ നിന്നു ഞാനും ധരിച്ചു. അതു്, അദ്ധ്യാത്മത്തിന്റെ ഉൽക്കൃഷ്ടവും മഹത്തായ അഭ്യുദയത്തേയും ആത്മജ്ഞാനത്തേയുമുളവാക്കുന്നതും സർവപാപനാശനവും പരമമംഗളവുമത്രെ.

(കിളിപ്പാട്ട്—കേക)

'ഓം വിശ്വവിശേശനു വാസുദേവനു തൊഴാം!
കേതബന്ധുവാം ചക്രി ശാർങ്ഗി കൃഷ്ണനു തൊഴാം!
സ്തുത്യനും സ്തുതികൃത്തും സ്തുതിയു—മെല്ലാപ്പാരു–
മദ്ദേവനല്ലാ; പിന്നെയെവ്വണ്ണം സ്തുതിചെയ്യാം!
മാറുന്ന മട്ടെല്ലാമേ മർത്ത്യനു കേതിവശാൽ:
ആരുടെയാരു വീഴ്ച്ചാ സാംഗസൂത്രാപ്തിയങ്ങനെ,
അത്തിരുവടിക്കന്തമ്മാടത്തിനേതാം സ്തോത്രം?
കേതിയാൽ വായാടിയായ്ച്ചമഞ്ഞെന്നിയുള്ളവൻ!
ഞരെനേക്കുരചെയ്യുന്നീലരുമറപോലു,–
മാരെനേക്കറിയുന്നീലന്തരംഗവും വാക്കും,
എങ്ങിനെ സ്തുതിച്ചീടുമവനെയെന്മട്ടുകാർ?
എന്തൊന്നു പുലമ്പില്ലാ കേതിമാനെന്നോവേണ്ട!
ബ്രഹ്മാദി ഭവാൻ വിഷ്ണോ; ബ്രഹ്മത്തിൻ വപുസ്സും നീ;
ബ്രഹ്മഹേതുവും ശ്രുതബ്രഹ്മവും സ്രഷ്ടാവും നീ!
മൈതന്നിലുണർവേലാതാരമാവിലുറങ്ങാതെ
മേവുന്ന സുഖബുദ്ധിയെന്നതു നീ താൻ വിഷ്ണോ!
അനന്തം മഹദാദിപ്രപഞ്ചവും വൈകാരിക–
ഗുണവുമെല്ലാം നീതാൻ; നാനാത്വജ്ഞാനത്താൽ!
ബ്രഹ്മവിഷ്ണുശിവരേന കഥിക്കപ്പെട്ടീടുന്നു
ബ്രഹ്മമാം നീയേ, പുത്രാദിരേന പുമാൻപോലേ!
നന്മതിന്മകളെന്യേ ചിന്മാത്രമായ്ക്കാണുന്നു
ബ്രഹ്മജ്ഞരിപ്പാരാ, നിർഗ്ഗുണനെ വണങ്ങുന്നേൻ!
ഏതറിഞ്ഞവർ ചെയ്യാ ശ്രുതിസ്മൃത്യുക്തകർമ്മ–
മേഷണാനാശത്താലാ, ബ്രഹ്മത്തെ വണങ്ങുന്നേൻ!
ഏവനെക്കണ്ടു യതിക്കൊപ്പമന്യനും താനു,–
മേതുമിരിമ്മോവിഷ്ണുവേ വണങ്ങുന്നേൻ!
ബ്രഹ്മമാഹമെന്നോരുന്നുനേക്കാരെയറിഞ്ഞവർ
തന്മയീഭാവത്താലാ, ദേവനെ വണങ്ങുന്നേൻ!

Digitized By Kerala Sahitya Akademi

മായയും നാനാമോഹമമതപാഹന്തകളും
മായുമേതറിയുകിലാ, ച്ചിദാത്മാവെത്തൊഴാം!
ഞരെയൊന്നോത്താൽ നീങ്ങീ ജ്ഗതി, രോഗം, മോഹ-
മാധിയു, മനന്തനാമവനെ വണങ്ങുന്നേൻ!
ഏവനെയറിഞ്ഞവർ പാരിനെയാത്മാവായ്ക്കു-
ണ്ടേഷണാവിമുക്തരാ, മവനെ വണങ്ങുന്നേൻ!
ശബ്ദവും പൊരുളും നീയല്ലാതെയില്ലെന്നതു
സത്യമാണെന്നാലെ,ന്നെത്തീണ്ടായ്ക ഭവം ശൌരേ!
സർവ്വതോവ്യാപ്തൻ വിഷ്ണുവെന്നുള്ള മറച്ചൊല്ല
സത്യമാണെന്നാൽ, മുടങ്ങായ്കെന്റെ ഹരിഭക്തി!
യോനിബീജത്തെക്കുടാതീ പ്രാണികളെസ്സൃഷ്ടി-
പ്പോനെന്റെ ഭവബീജം ഛേദിക്ക വിദ്യാവാളാൽ!
ഉല്പത്തിസ്ഥിതിലയങ്ങൾക്കു മൂലേഷ്ടകെട്ട-
മപ്പുടനടൻ കൃഷ്ണനെൻപേരിൽക്കനിയട്ടെ!
പത്തവതാരം ധർമ്മത്രാണത്തിന്നമരർത-
ന്നർത്ഥനത്താലേ ചെയ്തോനെൻപേരിൽക്കനിയട്ടേ!
ബ്രഹ്മാമുതലൊരു പുൽവാരയ്ക്കുള്ളോരിലും
വ്യാപ്തിയുസ്ഥിതനേകനെൻപേരിൽക്കനിയട്ടേ!
'ഞാനേകൻ പലതാകെ'ന്നാദിയിൽത്തോന്നിയ-
ത്താനേ തീർത്തകംപുക്കോനെൻപേരിൽക്കനിയട്ടേ!
ഖാദി, ഖാതീതൻ, ഖാളൻ, വ്യാപ്തഖഗൻ, ഖകമ്മാവു,
ഖാദിപ്പിതൊട്ടവെല്ലാം ഖാകാരൻ, മഖാരി നീ!
ഞരുടെ തേജസ്സിനാൽ, കളിയാൽ, നിർമ്മിതാവേശാൽ
പാരിലും ജാഡ്യം ദുഃഖം തിന്മയു,മവൻ നീ താൻ!
നീ തൊട്ടാലഖിലവും പ്രസന്നമായ്ത്തീരുന്നു,
നീ വെടിഞ്ഞാലോ, താനേ മലിനീഭവിക്കുന്നു;
അതിനോടിടചേർന്നു നിൽക്കിലുമസംഗൻ നീ;-
യതിൽനിന്നകന്നീലങ്ങയ്ക്കു മാറാം തെല്ലും!
യോഗി നീ ചാവാകന്ന ഭ്രാന്തചൈതന്യ സ്വാമിൻ;
സൗഗതൻ, ക്ഷണനാശിബുദ്ധി നീയെന്നോതുന്നു;
ജൈനർക്കു നീ പരിമാണമണു നീ; സാംഖ്യ-
ജ്ഞാനത്തിൽ, പ്രകൃതിക്കു മീതെയാം പുരുഷൻ നീ;
ജന്മാദിശൂന്യം സച്ചിദാനന്ദമയമദ്വൈ-
ബ്രഹ്മം നീ പരൽപരമെന്നോർപ്പു വേദാന്തജ്ഞർ!
പഞ്ചഭ്രാന്തവും മെയ്യും വ്യാപ്തബുദ്ധീന്ദ്രിയങ്ങളും

Digitized By Kerala Sahitya Akademi

വിദ്യയുമവിദ്യയും നീ തന്നെ; മറിച്ചില്ലൊന്നും!
അഗ്നി നീ, ഹവിസ്സു നീ, ദീക്ഷിതക്രിയയും നീ-
യൊ,ക്കെയുള്ളുമതിത്തി നീ; ശരണം മമ നീ താൻ!
തരുണീജനത്തിന്നു തരുണപുരുഷന്മാർ,-
ത്തരുണപുരുഷന്നു തരുണീജനത്തിലും
എവ്വണ്ണം രമിപ്പിതോ മാനസം, മമ മന-
സ്സവ്വണ്ണം രമിക്കട്ടെ നിന്തിരുവടിയിങ്കൽ!
നിൻതൃക്കാൽ വണങ്ങുകിൽദുർവൃത്തപാപിയേയു-
മന്തകടേൻ നോക്കാ സൂര്യനെക്രൂരമൻപോലേ!
മത്ത്യനു ത്രാപത്രയപാപപീഡകളെല്ലാം,
ഭക്ത്യാ നിൻപദതാരിലണയുംവരെയുള്ളതാൻ!
ആരിലേശില്ലാ ഗുണജാതികം വപുർജന്മം,-
മാരെയാകാശത്തെപ്പോലിന്ദ്രിയഗതി തീണ്ടാ,
ആരിലെത്തില്ലാ നിർമ്മോഹാസംഗാദ്യഷിമാരു,-
മാപ്രത്യഗാത്മാവാകും ശ്രീഭഗവാനു തൊഴാം!
ഏവനെധ്യാനിക്കയാൽ, തൽക്ഷണം വശത്താകും
സുവിശാലൈശ്വര്യമാം സുഖസായുജ്യശ്രീയെ
ദൃഢമായ് ക്കെട്ടിപ്പുൽകിപ്പരമാനന്ദത്തോടേ
കിടപ്പൂ മുനിമാരാ,ക്കൈടഭാരിക്കു തൊഴാം!
ആരിലില്ലൊരിക്കലും ജന്മാദിവികാരങ്ങ-
ളാ,രെയിട്ടലയ്ക്കുന്നീലാവൃത്തികളിലൊന്നും,
ആരിൽച്ചെന്നലയ്ക്കില്ലാ കാമാദിയാകും ദോഷ,-
മാ രമ്യവിമലനാം ഹരിയെപ്പണിയുന്നേൻ!
സ്ഥൂലത്തെ നിദാനമാം കരണത്തിലു,മതിൻ
കാരണത്തിനെ ഹേതുകരണശൂന്യത്തിലും
അലിയിച്ചലിയിച്ചു യതിമാരാരിൽപ്പൂകും,
മുനിസേവിതനാമാശ്രീമന്നാളനു തൊഴാം!
തപ്ത്യാനാലവിദ്യപോയ് മറഞ്ഞീടുന്നു ഹരേ;
തപ്ത്യാനാനലജ്വാല പാരിനെദ്ദഹിപ്പിപ്പൂ;
തപ്ത്യാനത്തെളിവാളാൽസ്സംശയമറീടുന്നു;
ഗ്രുഹചിൽഘനനാമാ നിന്നെ ഞാൻ വണങ്ങുന്നേൻ!
സർവ്വലോകവും വിഷ്ണുതങ്കൽ നിന്നാണെന്നതു
സത്യമെന്നാലെൻമുന്നിൽ വന്നരുളട്ടേ ദേവൻ!
സർവ്വമാം ചരാചരമച്യുതൻതാനെന്നതു
സത്യമാണെന്നാലെന്നെക്കാണിക്ക തന്നെ കൃഷ്ണൻ!'

Digitized By Kerala Sahitya Akademi

ഇങ്ങനെയൊക്കെയും പഠിച്ചുകൊണ്ടിരുന്ന ദേവഭൂതിയുടെ കീർത്തിയൊന്നു തിരുവുള്ളം തെളിഞ്ഞ പുരുഷോത്തമൻ അദ്ദേഹത്തിനു പ്രത്യക്ഷീഭവിച്ചു; ബ്രാഹ്മണനാൽ സ്തുതിച്ചു പ്രസാദിപ്പിക്കപ്പെട്ട ലക്ഷ്മീകാന്തൻ അദ്ദേഹത്തിനു വരംകൊടുത്തു, മഹാരഥം നിറവേറ്റി, തിരിച്ചെഴുന്നള്ളുകയും ചെയ്തു. കൃതാർത്ഥനായിച്ചമഞ്ഞ ആ ബ്രാഹ്മണനാകട്ടെ, മധുസൂദനങ്കൽത്തന്നെ മനസ്സുറപ്പിച്ചു, ഈ സ്തോത്രവും ചൊല്ലിക്കൊണ്ട്, ശിഷ്യരോടുകൂടി ആ തപോവനത്തിൽ സ്ഥിതിചെയ്തു.

ഈ സ്തോത്രം ചൊല്ലുകയോ കേൾക്കുകയോ ചെയ്യുന്ന മനുഷ്യനു് അശ്വമേധയാഗത്തിന്റെ പുണ്ണ്യഫലം കിട്ടും; ബ്രാഹ്മണനു് ആത്മവിദ്യ തെളിയും; പാപത്തിൽ മനസ്സു ചെല്ലില്ല; അമംഗളം കാണ്മാനിടവരില്ല. മനുഷ്യർക്കൊക്കെ ബുദ്ധിയും മനസ്സിനും ഇന്ദ്രിയങ്ങൾക്കും സ്വാസ്ഥ്യമുണ്ടായിവരും, ഈ സ്തോത്രം ശരിക്കു ചൊല്ലിയാൽ. അർത്ഥം ചിന്തിച്ചു ചൊല്ലുകയോ കേൾക്കുകയോ ചെയ്താൽ, പാപം നീങ്ങി വൈഷ്ണവപദം പ്രാപിക്കാം. പതിവായിജ്ജപിക്കുന്നവന്നു് അഭീഷ്ടം നിറവേറും; നല്ല പുത്രന്മാരുണ്ടാവും; ദീർഘായുസ്സും ബലവീര്യങ്ങളും സിദ്ധിക്കും. ആയിരം തിലപാത്രങ്ങളേയും ആയിരം പശുക്കളേയും നൽകിയാലുള്ള ഫലം, ഈ സ്തോത്രം ചൊല്ലിയാൽ കൈവരും. ധർമ്മാർത്ഥകാമമോക്ഷങ്ങളിൽ ഏതു വേണമോ, അതു താമസിയാതെ ഈ സ്തോത്രംകൊണ്ടു ലഭിക്കും. ഈ സ്തോത്രം ശ്രവിക്കുന്നവക്കു മനസ്സു സദാ ആചാരത്തിലും വിനയത്തിലും ധർമ്മത്തിലും ജ്ഞാനത്തിലും തപസ്സിലും നീതിയിലും ഉറച്ചുനിൽക്കും. മഹാപാപങ്ങളോ ഉപപാപങ്ങളോ ചെയ്തവൻപോലും ഈ സ്തോത്രം ചൊല്ലിയാൽ അപ്പോൾത്തന്നെ വിശുദ്ധനായിച്ചമയും*

വിഷ്ണുവിനെ പൂജിച്ചിട്ട് ഈ സ്തോത്രം ചൊല്ലുന്നവങ്കൽ, താമരയിലയിൽ വെള്ളമെന്നപോലെ, പാപം പറ്റിനിൽക്കുകയില്ല. ഗംഗാദി പുണ്യതീർത്ഥങ്ങളിൽ സ്നാനം ചെയ്താലുള്ള ഫലം, ഈ പുണ്യസ്തോത്രം ചൊല്ലിയാൽ കിട്ടും. പതിവായി ഒന്നോ രണ്ടോ മൂന്നോ നേരം ഇതു ചൊല്ലുന്നവൻ ഏഴുജന്മങ്ങളിലും അക്ഷയമായ സുഖമനുഭവിക്കും. നാലു വേദവും വേദാംഗങ്ങളും മൂന്നാവർത്തി ചൊല്ലിയാലുള്ള ഫലം, ഇതൊരിക്കൽ ചൊല്ലിയാൽ കിട്ടും. ഈ സ്തോത്രത്തെ സശ്രദ്ധം സ്മരിക്കുന്നവൻ അറുതിയില്ലാത്ത ധനം നേടും; സ്ത്രീകൾക്കു പുത്രന്മാരുണ്ടാകും; ലോകത്തിൽ പൂജിക്കപ്പെടും. ഈ സ്തോത്രം പതിവായി ചൊല്ലുന്നവനു സമ്പത്തല്ലാതെ ഒരിക്കലും ആപത്തു നേരിടുകയില്ല;

* വിഷ്ണുസഹസ്രനാമത്തിന്റേയും മറ്റും ഫലശ്രുതി നോക്കുക.

Digitized By Kerala Sahitya Akademi

നാൽക്കാലികം കറയുകയില്ല. ഈ സ്തോത്രം കേൾക്കുന്നവന്ന് അലക്ഷ്മിയും കാക്കപ്പുള്ളിയും കടവും ഉസ്സാപ്പനവും ദുർവ്വിചാരവും ഉടനടി നീങ്ങും. പുലർകാലത്തെഴുന്നേറ്റു വിഷ്ണുവിങ്കൽ മനസ്സുറപ്പിച്ചു ചൊല്ലിയാൽ, ഇഹത്തിലും പരത്തിലും അക്ഷയസുഖം സിദ്ധിക്കും. ദേഹപ്രീതിയാൽ വിരഹിതവും വിഷ്ണുവിന്നു പ്രീതിപ്രദമല്ലാവാക്കുന്നതും വിഷ്ണുദർശനം സാധിപ്പിക്കുന്നതും പരമപാവനവുമായ ഈ യോഗസാരമെന്ന പുണ്യസ്തോത്രം ആർ കേതിയോടെ പതിവായിച്ചൊല്ലുമോ, അവൻ വിഷ്ണുലോകമണയും.

ഇങ്ങനെ, പാപനാശനമായ ഗുഹ്യസ്തോത്രം ഭവാനോടു ഞാൻ പറഞ്ഞു. ഇനി, പിശാചമോക്ഷണം പറയാം.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, മുഷ്ടമാഹാത്മ്യപ്രകരണം, ദിലീപവസിഷ്ഠസംവാദം, ശന്ധ്യകയ്യോപാഖ്യാനം, യോഗസാരസ്തോത്രകഥനം, ഇരുനൂറിയാല്പതാമദ്ധ്യായമവസാനിച്ചു.

—(o)—

ഇരുന്നൂറമ്പതാമദ്ധ്യായം

ലോമശൻ:—വനത്തിൽവെച്ചു മുക്തി വരുത്തപ്പെട്ട പിശാചൻ ആരായിരുന്നു എന്നു കേട്ടുകൊള്ളുക:

പണ്ടു ദ്രവിഡരാജ്യത്തു ചിത്രൻ എന്നൊരു ചന്ദ്രവംശ്യനായ ക്ഷത്രിയരാജാവുണ്ടായിരുന്നു. ശൂരത്വം, വിക്രമിത്വം, ശസ്ത്രാസ്ത്രപാരഗത്വം, അസംഖ്യം ആന തേർ കുതിരകളോടും പലതരം കനകരത്നങ്ങളും നിറഞ്ഞ ഭാണ്ഡാഗാരങ്ങളോടും കൂടിയ മഹാധനികനുമായിരുന്ന ആ ഭൂപാലൻ. അയാൾ എപ്പോഴും വളരെ വളരെ സ്ത്രീകളോടൊന്നിച്ചു മത്തടിയ്ക്കും; പെൺകൊതിയനും കാമിയും ലോഭിയും കൊടുംകോപിയുമായിരുന്നു അയാൾ. മന്ത്രിമാർ ധർമ്മം പറഞ്ഞാൽ, അയാൾ കൂട്ടാക്കുകയില്ല. അയാൾ വിഷ്ണുവിനെ യല്പാതെ നിന്ദിക്കും; വൈഷ്ണവരെ സദാ ദ്രോഹിക്കും: 'ആരാണീ വിഷ്ണു? എവിടെ കണ്ടിട്ടുണ്ട്? എവിടെയാണിരിപ്പ്? ആരു പറഞ്ഞു അവന്റെ പേർ!' എന്നിങ്ങനെ, ആ ദൈവമോഹിതൻ വിഷ്ണുവിന്റെ നാമമേ സഹിക്കാതെ, ഹരിസേവകരെ അരിശംപൂണ്ടുപദ്രവിക്കും! ബ്രാഹ്മ

Digitized By Kerala Sahitya Akademi

ണനേയൊ വേദത്തേയൊ വൈദികകർമ്മത്തേയൊ വ്രതത്തേയൊ ദാനത്തേയൊ ആ പാഷണ്ഡമതക്കാരൻ വിലവെച്ചിരുന്നില്ല; അനീതിയാൽ കഠിനശിക്ഷകരം വിധിച്ചു പ്രജകളെ പീഡിപ്പിക്കും. അങ്ങിനെ കനിവറ്റ കൽക്കരനും ക്രൂരനും സൽകർമ്മവിമുഖനും വിഷ്ണുദ്വേഷിയും ആചാരവും അഗ്നിയും ക്രിയയും കെട്ടവനുമായിരുന്ന ആ പാർത്ഥിവൻ, മറെറാരു് അന്തകനോ എന്ന തോന്നംവണ്ണം രാജ്യം ഭരിച്ചുപോന്നു.

വളരെക്കാലത്തിന്നുശേഷം ചിത്രൻ മൃതിയടഞ്ഞു. വേദവിധിക്കൊത്ത ശേഷക്രിയയൊന്നും അയാൾക്കു കൈകവന്നില്ല. അയാൾ കാലകിങ്കരന്മാരാൽ അത്യന്തം പീഡിപ്പിക്കപ്പെട്ടുകൊണ്ടു്, *.....ഘോരമായ യമമന്ദിരത്തിൽ ചെന്നെത്തി, നരകത്തിൽ നിന്നു നരകം പൂകുകയായി! f..... വിഷ്ണുദ്വേഷദോഷത്താൽ അയാൾ ഏഴുപത്തൊന്നു യുഗം യമയാതനകളനുഭവിച്ചു; പിന്നീടു നരകത്തിൽനിന്നു പോന്നു്, ഭൂലോകത്തു് ഒരു മാമലയിൽ ഒരു പെരുംപിശാചായി പിറന്നു.

അയാൾ പശിപൂണ്ടു് ആ കാട്ടിൽ എല്ലായിടത്തും ചുറ്റിയലയുകയായി. അന്നമോ വെള്ളമോ ഒരിക്കലും കണ്ടെത്തിയില്ല! അങ്ങിനെ ചുറ്റിനടക്കുന്നതിനിടയിൽ, ആ ശോകപീഡിതനായ പിശാചൻ, സൽഫലം വരാനിരിക്കുകയാൽ, വൃക്ഷപ്രസ്രവണാരണ്യത്തിൽ ചെന്നെത്തി, ഒരു താന്നിമരത്തിന്റെ തണലിൽ നിന്നു്, 'അയ്യോ, ഞാൻ ഹതനായി' എന്നിങ്ങനെ പിന്നെയും പിന്നെയും ഘോരമാംവണ്ണം വാവിട്ടു നിലവിളിപ്പാൻതുടങ്ങി. 'പൈതാമഹങ്ങളാൽ വെളിവാറിരിക്കുന്ന സദ്ഗതിമോഹിയായ എനിക്കു് ഈ കെടുജന്മം എങ്ങിനെ അവസിപ്പെടും? അയ്യോ, ദുഃഖത്തിരമാലകൾ നിറഞ്ഞ ഈ പാപസമുദ്രത്തിൽ മുഴുകിയിരിക്കുന്ന എനിക്കു് ആർ കരാവലംബനം നൽകും?' എന്നിങ്ങനെ അയാൾ കരളുഴറുന്ന കരയുന്നതു്, സ്തോത്രം ചൊല്ലിക്കൊണ്ടിരിക്കുന്ന ദേവർഷി കേട്ടു. ഉടനെ ആ ദയാശീലനായ മുനിശ്രേഷ്ഠൻ പിശാചിന്റെ അടുക്കലണഞ്ഞു, അരികിന്റെ §... വികൃതാകൃതി കണ്ടു് കൌതുകത്തോടെ ചോദിച്ചു:—'ഘോരാകാരനായ നീ ആരാണു്? എന്തിനു വല്ലാതെ നിലവിളിക്കുന്നു? ഈ അവസ്ഥ എങ്ങിനെ വന്നു? ഞാൻ എന്തുചെയ്യുന്നതുണ്ടു്? എന്റെ അടുത്തുമത്തിൽ കടന്നാൽ, ദുഃഖിതർപോലും ചെകുണ്ഠിതരല്ലെന്നപോലെ ആനന്ദി

* ഘോരമായ യമലോകമാർഗ്ഗം വർണ്ണിച്ചുപോയിട്ടു.

f യാതനാനരകവർണ്ണനം പിന്നിടുന്നു.

§ പിശാചാകാരവർണ്ണനമങ്ങനെ പിന്നിടുന്നു.

Digitized By Kerala Sahitya Akademi

ക്കുകയേ പതിവുള്ളൂ. ഒട്ടേ, ഈ ദുഃഖത്തിന്റെ കാരണം വേഗത്തിൽ പറയുക: ബുധമന്മാർ കാര്യപ്രാപ്തിയിൽ കാലതാമസം വരുത്താറില്ലല്ലൊ.' ഇതുകേട്ട് ഋശ്വാസം പൂണ്ട പിശാചൻ കരച്ചിൽ നിറുത്തി, താഴ്മ ക്രമണമായി, ദീനസ്വരത്തിലുണർത്തി: — 'ബ്രാഹ്മൻ, ഇവിടത്തെ രോഗപ്രാപ്തി എനിക്കു സർവ്വാംഗങ്ങളിലും വ്യാപിച്ചു സന്താപത്തെ മലയുടെ വേനലിൽ പിടിപെട്ട കാട്ടുതീയിനെ മഴപെയ്യുന്നതുപോലെയാണു ശമിപ്പിച്ചുകഴിഞ്ഞു! ഏതോ സുകൃതത്താലാണ് ഞാൻ അങ്ങയെ കണ്ടെത്തിയതു്. പുണ്യം ചെയ്തിട്ടില്ലാത്തവർക്കു സജ്ജനസഹവാസം സിദ്ധിക്കയില്ലല്ലൊ.' ഇതുമുതൽ പറഞ്ഞിട്ട്, തന്റെ പൂർവ്വവൃത്താന്തം അറിയിച്ചു:—'വിഷ്ണുദ്വേഷത്തിന്റെ ശക്തികൊണ്ടാണു്, ഞാൻ ഈയവസ്ഥയിലായതു്. ആരുടെ തിരുനാമം സ്മരിച്ചാൽ മനുഷ്യനു സായൂജ്യം കിട്ടുമോ, ആ ശ്രീനാരായണനോടു്, മഹാപാപിയായ എനിക്കു ദ്വേഷം വന്നുകൂടി! ആർ പ്രാണികളെ പരിപാലിക്കുന്നുവോ, ആർ മൂന്നുലോകത്തും ധർമ്മം നിലനിറുത്തുന്നുവോ, ആരാണു് പ്രാണികളുടെ അന്തരാത്മാവു്, അവങ്കൽ എനിക്കു ദ്വേഷം വന്നുകൂടി! ആർ കർമ്മഫലദാതാവെന്നു വേദങ്ങളിലെല്ലാം കീർത്തിക്കപ്പെടുന്നുവോ, ആദ്ധ്വരികളായി ബ്രാഹ്മണർ യാഗംചെയ്യുന്നുവോ, അവൻ എനിക്കു ദ്വേഷവിഷയമായിത്തീർന്നു! ധർമ്മമാർഗം വെടിഞ്ഞു കാട്ടിലലഞ്ഞു നിസ്സംശയമായി തന്നിയേ സഞ്ചരിക്കുന്ന സന്ന്യാസിമാർ ആരെ ധ്യാനിച്ചുപോരുന്നുവോ, ആ വിഷ്ണുവിനെ ഞാൻ ദ്വേഷിച്ചുപോയി! ബ്രഹ്മാദിദേവന്മാരും സനകാദിയോഗികളുമെല്ലാം ആരെ പൂജിക്കുന്നുവോ, ആ ശ്രീനാരായണനെ ഞാൻ ദ്വേഷിച്ചുപോയി! ഈ ലോകത്തിന്റെ ആദിയിലും മദ്ധ്യത്തിലും അവസാനത്തിലും ആർ സനാതനനായി വാഴുന്നുവോ, ആദിമധ്യാവസാനങ്ങളറ്റം തേക്കില്ലയോ അവനെ ഞാൻ ദ്വേഷിച്ചുപോന്നു! വല്ല സുകൃതവും മുൻജന്മത്തിൽ ഞാൻ ചെയ്തിട്ടുണ്ടെങ്കിൽ, അതൊക്കെയും വിഷ്ണുദ്വേഷമാകുന്നതിയിൽ വെന്തടിഞ്ഞുപോയി! വല്ലവിധത്തിലും ഈ പാപത്തിന്നറ്റം കണ്ടുവെങ്കിൽ ഞാൻ വിഷ്ണുവിനെയൊഴിച്ചു മറ്റാരുടെയും ദേവനെ സ്മരിക്കയില്ല! വിഷ്ണുദ്വേഷംമൂലം ഞാൻ വളരെക്കാലം നരകപീഡകളനുഭവിച്ചു; നരകത്തിൽനിന്നു പോന്നാറുപ്പോൾ, പിശാചായിപ്പിറക്കേയും ചെയ്തു. ഇപ്പോൾ, ഏതോ കർമ്മക്കാറു് എന്നെ വോൻറെ ആശ്രമത്തിലെത്തിച്ചു; ഇവിടെ വേട്ടർശനമാകുന്ന സൂര്യനാൽ എന്റെ ദുഃഖതമസ്സകന്നുപോയി! മനുഷ്യനെ കർമ്മം, മരണമോ വന്ദനമോ, ശ്രീയോ സുഖമോ സ്ത്രീയോ ലഭിക്കപ്പെടുന്നതേതെന്നു് ഉറച്ചറിഞ്ഞുള്ളി കൊണ്ടുപോകുന്നു! ഇനി, പിശാചത്വം നീങ്ങാൻ

Digitized By Kerala Sahitya Akademi

വേണ്ടെന്നാണ് ഉപദേശിച്ചു തന്നാലും: സജ്ജനങ്ങളും പരോപകാരകാര്യങ്ങളിൽ അമാന്തിക്കുകയില്ലല്ലോ.'

ദേവദൂതി:—'അഹോ, ഈ മായ ദേവകളേയും അസുരരേയും മനുഷ്യരേയും വഞ്ചിച്ചുകളയുന്നു: ഇവരുംമൂലം ദേവന്മാരെക്കുറിച്ചും ധർമ്മനാശനമായ ദോഷം ഉണ്ടായിവരുന്നു! ലോകങ്ങളുടെ സൃഷ്ടാവും ത്രാതാവും ഹർത്താവും യാരൊരുവനോ, സർവ്വഭൂതങ്ങളുടേയും ആത്മാവു യാരൊരുവനോ, ആ മഹേശ്വരനെ ഏതു മൂഢൻ എങ്ങനെ ദോഷിക്കും? ആരിൽ സമർപ്പിച്ചാൽ സർവ്വധർമ്മവും സഫലമാകുമോ അവങ്കൽ ഭക്തിയില്ലാഞ്ഞാൽ ഏതു മനുഷ്യൻ ദുർഗ്ഗതി പൂകുകയില്ല? എപ്പോഴും വിഷ്ണുവിനെ ഭജിച്ചുകൊണ്ടു നാലു ജാതികളും ശ്രുതിസ്മൃതി സദാചാരവിഹിതമായ കർമ്മംതന്നെ അനുഷ്ഠിച്ചുകൊള്ളണം; മറിച്ചായാൽ വിഷ്ണുശാസ്ത്രസേവനത്താൽ നരകത്തിൽ പതിച്ചുപോകും. അതിനാൽ വേദവിരുദ്ധമായി ശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുള്ള കർമ്മം ചെയ്തുപോകരുതു്. ചിലർ, ലോകനാശത്തിന്നു്, സ്വബുദ്ധികൊണ്ടു നിർമ്മിച്ച ശാസ്ത്രങ്ങളായ് അജ്ഞരെ തെറ്റിദ്ധരിപ്പിച്ചു ശ്രേയോമാർഗ്ഗത്തെ മുടക്കിക്കളയുന്നു! ചീത്തശാസ്ത്രം ശീലിച്ചു്, വിഷ്ണുവിനേയും വേദങ്ങളേയും തപസ്സിനേയും സൽബ്രാഹ്മണനേയും നിന്ദിക്കുകയാൽ അവർ നരകത്തിൽ വീഴുന്നു. ഈ ദ്രാവിഡരാജാവുതന്നെ ജഗദ്ഗുരുവായ ശ്രീനാഥനായ ണ്ടർതിരുവടിയെ ദോഷിച്ചുതിനാൽ നരകമണഞ്ഞുപോയി. അതിനാൽ, പുണ്യം തേടുന്നവൻ ദേവഗോബ്രാഹ്മണരെ ദോഷിക്കുകയും വേദവിരുദ്ധം ചെയ്കയുമരുതു്."

ഇതുയും പറഞ്ഞിട്ടു മഹർഷി പിശാചന്നു ഹിതമുപദേശിച്ചു:—'ഭദ്ര, ഭവാൻ മാഘമാസം നോക്കി, പ്രയാഗത്തിലേയ്ക്കു പോയ്ക്കൊൾക. അവിടെ ഭവാനു പിശാചത്വം നീങ്ങും; സംശയമില്ല. *..... പ്രയാഗത്തിൽ വിട്ടൊഴിയും, മനുഷ്യന്റെ പൂർവ്വദുഷ്കൃതമെല്ലാം .....ശ്രീകൃഷ്ണജലപ്രവാഹമല്ലാതെ മറൊരു കോടാലിയില്ല, ഭൂമിയിൽ പാപച്ചങ്ങല വെട്ടിമുറിക്കാൻ! വിഷ്ണുവാകുന്ന സൂര്യതേജസ്സും ഗംഗായമുനാസംഗമമാകുന്ന അഗ്നിയുമെവിടെ; മനുഷ്യരുടെ പാപസഞ്ചയമാകുന്ന നിസ്സാരപ്പുല്ലെവിടെ! ത്രിവേണിയിൽ മുഴുകിയവൻ പാപമൊഴിഞ്ഞു്, ആകാശത്തു മലിനമേഘമിർമ്മുക്തനായ ചന്ദ്രനെന്നപോലെ ശോഭിക്കും. ശ്രീകൃഷ്ണത്തിന്റെ മാഹാത്മ്യം പറഞ്ഞൊടുക്കാൻ ഞാനാളല്ല; അതിലെ വെള്ളം ഒരിറ്റു നുകർന്നതോടുകൂടി കേരളബ്രാഹ്മണനു മുക്തി ലഭിച്ചു.' ഇതുകേട്ടു പി

* പ്രയാഗമാഹാത്മ്യം, വിശേഷാൽ മാഘത്തെ ഇവിടെയെടുത്തിട്ടുള്ളതു.

Digitized By Kerala Sahitya Akademi

ശാപൻ, ദുഃഖമൊഴിഞ്ഞപോലെ മനം തെളിഞ്ഞു, താഴ്മയിൽ മാമുനിയോട് ചോദിച്ചു:—'മഹർഷേ, എങ്ങിനെയാണ് കേരളരാജ്യക്കാരനായ ബ്രാഹ്മണൻ മുക്തി നേടിയത്? എങ്കൽ ദയ ചെയ്ത് ഈ കഥ വിസ്തരിച്ചു പറഞ്ഞാലും.'

ദേവഭൃതി:—'പിശാച, കേൾക്ക; ആ സൽക്കഥ ഞാൻ പറയാം:

കേരളത്തിൽ, വേദപാരഗനായി, വസു എന്നൊരു ബ്രാഹ്മണനുണ്ടായിരുന്നു. അയാളുടെ ഭൂമിയൊക്കെ മായാദികൾ പിടുങ്ങിക്കളഞ്ഞു; അതിനാൽ നിർദ്ധനനായി ബന്ധുവർജ്ജിതനായിത്തീർന്ന അയാൾ കനത്ത വ്യസനത്തോടേ സ്വദേശം വിട്ടു പോന്നു. വളരെക്കാലം പല ദിക്കിൽ ചുറ്റിനടന്നു. തീർത്ഥയാത്രയ്ക്കിടയിൽ അയാൾ വിന്ധ്യപർവ്വതത്തിൽ ഒരു വൻകാട്ടിൽച്ചെന്നെത്തി. അവിടെവെച്ച്, തെല്ലൊരു രോഗവും ബാധിച്ചിരുന്ന അയാൾ വഴിമൂലം വിശന്നു വലഞ്ഞു മരിച്ചുപോയി. ആരും ശേഷക്രിയ ചെയ്യാഞ്ഞതിനാൽ അയാൾ ആ ഗിരിഗഹ്വരത്തിൽത്തന്നെ പ്രേതമായിത്തീർന്ന്, വളരെക്കാലം നിർജ്ജനവനത്തിൽ കഴിച്ചുകൂട്ടി: തണുപ്പും വെയിലുമേറ്റു വലഞ്ഞു, അന്നപാനങ്ങളും കിട്ടാതെ, മുങ്ങില്ലാതെ, പെരിപ്പില്ലാതെ, അയ്യോ അയ്യോ എന്ന കേണുംകൊണ്ട്, ആ കാനനത്തിൽത്തീർന്ന കേരളദ്വിജൻ അവിടവിടെ ചുറ്റിയലയുകയായി; ഒരേടത്തും രക്ഷയോ പൊറുതിയോ കിട്ടിയില്ല. സൽഗതി കാണായ്കയാൽ അയാൾ അത്യന്തം സങ്കടത്തിലകപ്പെട്ടു. ഒരിക്കലും അയാൾ ദാനം ചെയ്യുകയുണ്ടായിട്ടില്ല; അതിന്റെ ഫലം അനുഭവിച്ചുപോന്നു!

അഗ്നിയിൽ ഹവിസ്സു ഹോമിക്കാത്തവർ, അച്യുതനെ അർച്ചിക്കാത്തവർ, ആത്മവിദ്യ ശീലിക്കാത്തവർ, പുണ്യതീർത്ഥങ്ങളെ സേവിക്കാത്തവർ, സപ്തച്ഛദവസ്രുതാംബുപാനഫലങ്ങളും പാവങ്ങൾക്കു നൽകാത്തവർ എന്നിവരൊക്കെ ദാനം ചെയ്യാത്തവരാകുന്നു. ബ്രഹ്മസ്വവും പരസ്വവും സ്ത്രീധനവും ബലാൽക്കാരേണയോ ചതിയാലോ കൈക്കലാക്കുന്നവൻ, ധൂർത്തൻ, പരോപജീവകൻ, മോഷ്ടികൻ, നടനയൻ, ചോരൻ, കൊറ്റിയെപ്പോലെ ജീവിക്കുന്നവൻ, ബാലവൃദ്ധാതുരരിലും സ്ത്രീകളിലും ദയയില്ലാത്തവൻ, സത്യമില്ലാത്തവൻ, തീകായുന്നവൻ, കൈവിഷം കൊടുക്കുന്നവൻ, കള്ളസ്സാക്ഷി പറയുന്നവൻ, അഗമ്യസ്ത്രീകളെ ഗമിക്കുന്നവൻ, ഗ്രാമരാജകൻ, അച്ഛനമ്മമാരേയും പുത്രഭാര്യയേയും സഹോദര്യയേയും സന്താനത്തേയും വെടിയുന്നവൻ, പിശുക്കൻ, ദുരാഗ്രഹി, നാസ്തികൻ, ധർമ്മദൂഷകൻ, യുദ്ധത്തിൽ

Digitized By Kerala Sahitya Akademi

സ്വാമിയെ തൃജിക്കുന്നവൻ, ആശ്രയിച്ചവനെത്തള്ളുന്നവൻ, ഗോഭ്രൂണികളെ അപഹരിച്ചവൻ, മദ്യപൻ, മഹാക്ഷേത്രങ്ങളിൽ വെച്ചു ദാനംവാങ്ങുന്നവൻ, പരദ്രോഹി, പ്രാണിഹിംസകൻ, പരാപവാദി, ദേവദ്രവ്യനിന്ദകൻ, കെട്ടുദാനം വാങ്ങുന്നവൻ എന്നീ പാപികളെല്ലാം വീണ്ടും വീണ്ടും പ്രേതരായും രാക്ഷസരായും പിശാചരായും തിര്യക്കുകളായും വൃക്ഷങ്ങളായും ജനിച്ചുകൊണ്ടിരിക്കും; ഇവർക്ക് ഇഹത്തിലോ പരത്തിലോ തെല്ലും സുഖമുണ്ടാകില്ല. അതിനാൽ നിഷിദ്ധം വിട്ട വിഹിതമായ കർമ്മം ചെയ്തുകൊള്ളുന്നവൻ—യജ്ഞം, ദാനം, തപസ്സ്, തീർത്ഥം, മന്ത്രം എന്നിവയേയും ദേവനേയും ഗുരുവിനേയും സേവിച്ചുകൊള്ളുന്നവൻ. കർമ്മവിപാകം കോടികോടിപ്പിറപ്പു കൊണ്ടേ കടക്കാവുന്നതല്ലെന്നു കണ്ടു നാലു ജാതിക്കാരും പരിവാരി ധർമ്മത്തെ അനുഷ്ഠിച്ചുകൊള്ളുണം.'

ഈവിധം, പാപത്താൽ സംഭവിച്ച പ്രേതഗതിയോടു ധർമ്മം പദേശിച്ചിട്ട് അദ്ദേഹം വീണ്ടും കഥിച്ചു:—'ഇങ്ങനെ പറഞ്ഞതിൽ പാർത്ത ആ കേരളദ്വിജൻ വളരെക്കാലത്തിനുശേഷം വഴിക്ക് ഒരു പാന്ഥനെ കണ്ടെത്തി; ആ പാന്ഥൻ ഇരുതലയ്ക്കും ജ്വലകാഞ്ഞങ്ങൾ വെച്ചിട്ടുള്ള ഒരു കാവടിയെത്തി തിരുന്നു; പുണ്യശ്ലോകനായ പുണ്ഡരീകാക്ഷൻ തിരുവടിയെ സാനന്ദം സ്തുതിച്ചു പാടുന്നുമുണ്ടായിരുന്നു. ആയാളെക്കണ്ടതോടുകൂടി, പ്രേതം വഴിതടുത്തു പ്രത്യക്ഷനായി നിന്നരിയാടി: —'പേടിക്കേണ്ട. ദ്രോഹിയായ തീർത്ഥസഞ്ചാരിൻ, എനിക്കു കുടിക്കാൻ കുറെ വെള്ളം തന്നാൽക്കൊള്ളാം; തരില്ലെങ്കിൽ തീർച്ചയായും എന്റെ പ്രാണൻ പോയ്പോകും!' ഇതുകേട്ടു വിപ്രൻ കൈയുകുത്തോടേ ചോദിച്ചു: —'മെലിഞ്ഞു വാടി വലഞ്ഞു ഒരു പ്രേതപുരുഷനും ദ്രോഹിച്ചവനും മരിക്കാൻ തുടങ്ങുന്നവനും നഗ്നനും വികൃതനും ഭയങ്കരനും പുതുതായ പുകയുടെ മട്ടിൽ പറക്കുന്നവനും കണ്ണറയ്ക്കാത്തവനും നിലം തൊടാതെ നിൽക്കുന്നവനും വരാറുള്ളും കൈകളിലുമൊന്നും മാംസമില്ലാത്തവനുമായ നീ ആരാണ്?' പ്രേതം മറുപടി പറഞ്ഞു:—'ധാർമ്മിക, ഞാനുകൊണ്ടാണ് ഞാൻ ഈ നിലയിലായതെന്നു ഭോഷനോടു പറയാം; ഞാൻ ഒരു ബ്രാഹ്മണനായിരുന്നു. ദോഷമൂലം ദാനമൊന്നും ചെയ്യുകയുണ്ടായില്ല; മഖിനകർമ്മങ്ങളും ചെയ്തുപോന്നു; പരാന്നത്താലും നിന്നു എന്റെ കുടിച്ചിൽ; ഓറ്റയ്ക്കു ശിഷ്ടാന്നമുണ്ണും; ദിക്ഷാകാലത്തു, ഹന്ത! ഞാൻ കൊടുത്തിട്ടില്ല ഭൈക്ഷവേളയും കഴിച്ചിട്ടില്ല; പുത്തൻ ചെരിപ്പിതുവരെയിട്ടില്ല. മാഹിച്ചുവരുന്ന വെള്ളമെങ്കിലും കുടിക്കുകയുണ്ടായിട്ടില്ല.* ...കടു, ചെരിപ്പ്, ജാ... ...ം, താംബൂലം,

* ഉപരി-മേദ്ധ്യായത്തിൽ സൂര്യതനൻ ചിന്ത യോജിക്കുക.

Digitized By Kerala Sahitya Akademi

ഔഷധം എന്നിവ ദാനം ചെയ്തിട്ടില്ല; അതിഥി ഗൃഹത്തിൽ പാപ്പിടവും ആതിഥ്യവും നൽകിയിട്ടില്ല; അന്ധവൃദ്ധദരിദ്രാതുരർക്ക് ചോറു കൊടുത്തിട്ടില്ല ..... വ്യതീപാതത്തിൽ യാതൊരു ദാനവും ചെയ്തിട്ടില്ല..... മറ്റു പുണ്യകാലങ്ങളുമെല്ലാം എനിക്കു വെറുതേ പോയി! കാത്തികത്തിലേ പ്രധാനതിഥികളും എനിക്കു വന്ധ്യങ്ങൾ തന്നെ. അഷ്ടകകളിലും മാഘകളിലും പിതൃതർപ്പണം ഞാൻ ചെയ്തിട്ടില്ല; മനപന്തരയുഗാരംഭങ്ങളിൽ ബ്രാഹ്മണരേ പ്രീതിപ്പെടുത്തിയിട്ടില്ല. കാത്തികത്തിൽ എള്ളെണ്ണവിളക്കു വെച്ചിട്ടില്ല. അഴകും സൌഭാഗ്യവും നൽകുന്ന മാഘസ്നാനം ആചരിച്ചിട്ടില്ല. മാഘത്തിലും പൌഷത്തിലും നീരിൽ തണുത്തുവിറയ്ക്കുന്ന ബ്രാഹ്മണർക്കു ശൈത്യം പോക്കാൻ തീകത്തിച്ചുകൊടുത്തില്ല; വൈശാഖത്തിലും മറ്റും തണുത്ത വെള്ളം നൽകിയിട്ടില്ല..... തടവിൽക്കിടക്കുന്നവരെ വിടുവിച്ചിട്ടില്ല. ജന്തുക്കളെപ്പേടിച്ചു ശരണംപ്രാപിച്ചവനെ രക്ഷപ്പെടുത്തിയിട്ടില്ല. തിരാത്രോപവാസത്താൽ വിഷ്ണുവിനെ പ്രസാദിപ്പിച്ചിട്ടില്ല..... ദേവോത്തമ, ഇങ്ങനെ എന്റെ മുൻജന്മം പാഴായിപ്പോയി; നോക്കൂ, ആ പൂർവകർമ്മം കഷ്ടപ്പെട്ടനുഭവിപ്പാൻ എനിക്കു സംഭവിച്ചു. പിസുനകരവും അതിക്രൂരവുമായ ഗതി: ചെന്നായും പുലിയും കൊന്ന മാനുകളുടെ മാംസങ്ങളും തത്തകൾ വെടിഞ്ഞ പഴങ്ങളും പതുനുകൾ തൃജിച്ച മറ്റു ഭക്ഷ്യങ്ങളും തുമണ്ടിതിരണ്ട പൂക്കളും സാദ്ധ്വിള്ള കായ്കളും മൂടമധുരങ്ങളായ കിഴങ്ങുകളും പലതരം തേനുകളും അരുവികളും ചോലകളും ഈ പർവതത്തിലെങ്ങും ധാരാളമുണ്ട്; എന്നിട്ടും എനിക്ക് ഇവ കിട്ടുന്നില്ല. എല്ലാറ്റിനെയും ദൈവം മറച്ചുവച്ചിരിക്കുന്നു! പാമ്പിനെപ്പോലെ കാറ്റു തിന്നാണ് ഞാൻ ജീവിക്കുന്നതു; ദേവയോനിപ്രഭാവത്താൽ ജീവിക്കുന്ന എനിക്കു വേണ്ട! ബലം, പ്രജ്ഞ, നീതി, മന്ത്രം, ഔഷധം, വിക്രമം, സാഹായ്യം, മിത്രം എന്നിവയിലൊന്നിനാലും മനുഷ്യന്ന് കിട്ടാവുന്നതല്ലാത്തതു കിട്ടുകയില്ല. ലാഭം ചേതം, സുഖം ദുഃഖം, വിവാഹം, ജനനം മരണം, ഭോഗം, രോഗം, വിയോഗം എന്നിവയെല്ലാം മൈതാനംതന്നെ കാരണം! ത്രുവവും കലവും ആഢ്യതയും കെട്ടവരും മൂർഖരും ശ്രേയസ്സുവിക്രമങ്ങളില്ലാത്തവരും ദൈവയോഗത്താൽ സുഖിച്ചുപോരുന്നു; കൈമുടന്തരും കാൽമുടന്തരും നീരിനാലും നപുംസകരും ദൈവയോഗത്താൽ നാട്ടുവാഴുന്നതായി കാണപ്പെടുന്നു! എള്ളും * .... മറ്റും നവ ചിലർ ദാനംചെയ്യുന്നതോ, ഭാവിക്ക കാട്ടിലും മലമുകളിലും ഗ്രാമത്തിലും നഗരത്തിലും ഭോഗ്യങ്ങളും മൻവശത്തു പോകുന്നോക്കി

* ദേയവസ്തുക്കളുടെ പേരുകൾ വിട്ടു.

Digitized By Kerala Sahitya Akademi

നിൽക്കെ! ഈ പർവ്വതത്തിൽ വേറേ കരുത്തേറിയ രാക്ഷസരുമുണ്ട്; രാക്ഷസരെല്ലാരെയുംകാൾ ഭീഷണരാകുന്ന പിശാചുക്കൾ. സ്വകർമ്മം മൂലം അവർ വല്ലപ്പോഴും വല്ലകണക്കിലും വല്ലേടത്തും അന്നപാനങ്ങൾ കിട്ടാൻ വേണ്ടി കാടുതോറും ചുറ്റിനടക്കുന്നു! എന്നാൽ ഇതു കേട്ടിട്ട് ഭവാനേ ഭയം തോന്നേണ്ട: വിഷ്ണുനാം വിഷ്ണുഭക്തനുമായ ഭവാനെ നോക്കാൻ തന്നെ അവർക്കു ധൈര്യമില്ല! ഹരിഭക്തിച്ചൂട്ടയിട്ട പരമ വൈഷ്ണവനെ രാക്ഷസപ്രേതപിശാചുകൾ സ്പർശിക്കയില്ല, ഭർത്സിക്കയില്ല. ഭൂതവേതാളഗന്ധർവ്വർ, ഡാകിനികൾ, ആയുഗ്രഹങ്ങൾ, രേവതികൾ, വൃദ്ധരേവതികൾ, മുഖമണ്ഡികൾ, ക്രൂരോപഗ്രഹങ്ങൾ, ഉഷ്ണവൃദ്ധഗ്രഹങ്ങൾ, മാതൃഗ്രഹങ്ങൾ, ഭീഷണങ്ങളായ വിനായകഗ്രഹങ്ങൾ, കൃത്യകൾ, സപ്തൃങ്ങൾ, ക്രൂരാണ്ഡർ എവരും മറവു ദുഷ്ടജന്തുക്കളും വിഷ്ണുഭക്തനായ വൈഷ്ണവബ്രാഹ്മണനെ നോക്കുകകൂടി ചെയ്കയില്ല. ഭൂതങ്ങൾ വിഷ്ണുഭക്തനെ രക്ഷിക്കുന്നു; അന്യനെ പീഡിപ്പിക്കുന്നു. ഗ്രഹനക്ഷത്രദേവതകൾ വിഷ്ണുഭക്തനെ സദാ സംരക്ഷിക്കും. ഭവാന്റെ നാവിൻതലയ്ക്കൽ വിഷ്ണുനാമവും ഹൃദയത്തിൽ വേദവും സ്ഥിതിചെയ്യുന്നു. വിഷ്ണുഭക്തനും സ്നാനശീലനുമായ ഭവാനുണ്ടോ വല്ലേടത്തും ഭയം! ഇങ്ങനെ കർമ്മഫലം അനുഭവിച്ചുപോരികയാണു ഞാൻ. വ്യസനിക്കരുതെന്നു ഞാൻ വീണ്ടും വീണ്ടും വിചാരിക്കാറുണ്ട്; എന്നാൽ, നടിതീരുന്നു സഞ്ചരിക്കുമ്പോൾ ഒരു സാരസത്തിന്റെ വാക്കുകേട്ടതുമുതൽക്കാണ് ഏറെ ദുഃഖിക്കാതായ്തു്.'

പന്ഥാവ്:—'എന്താണു് സാരസം പറഞ്ഞതു്? അതെനിക്കു കേൾക്കേണമെന്നുണ്ടു്. പ്രേതമേ വേഗത്തിൽ പറയുക.'

പ്രേതം:—'സാരസം പറഞ്ഞതു കേട്ടുകൊണ്ടാലും: ഈ ചെരുവിൽ ധൂസര എന്നു പേരായി, മലയിൽനിന്നു പുറപ്പെട്ട ഒരു നദിയുണ്ടു്: അതിൽ വെള്ളം പാറകളിൽ തട്ടിച്ചിതറുന്നു; മത്സ്യങ്ങൾ ക്രൂട്ടമിട്ടു തിമിർക്കുന്നു; വമ്പിച്ച നീർമരുതുകളും സ്നിഗ്ധങ്ങളായ ഞാവലുകളും തീരത്തു ഭംഗിയിൽ തിങ്ങിനിൽക്കുന്നു. ഞാൻ ആ ഇടത്തുന്ന കാട്ടിലണഞ്ഞു് കായ്കനി തിന്നാൻവേണ്ടി നിൽക്കുമ്പോൾ, വനാന്തരത്തിൽനിന്ന് ഒരു സാരസം പിടഞ്ഞോടിക്കൂടി നദിയുടെ മണൽപ്പുറത്തു വന്നെത്തി. അവിടെയ്ക്കു അനേകം പക്ഷികൾ ഉണ്ടായിരുന്നു. വെള്ളിപ്പക്ഷി ഭയ്യയോടൊന്നിച്ചു വെള്ളം കടിച്ചു രമിച്ചു്, ഇടംചിറകിന്മേൽ തലവെച്ചു സുഖമായുറങ്ങാൻ തുടങ്ങി. അപ്പോൾ, കണ്ണും മുകവും തുടുത്തു് ഉറപ്പുള്ള നഖവും ദംഷ്ട്രയും രോമം നിറഞ്ഞു നീണ്ട

Digitized By Kerala Sahitya Akademi

വാലുമായി ഒരു കൊമ്പത്തുള്ള ദുഷ്ടക്കുരങ്ങൻ മരത്തിന്മേൽനിന്നിറങ്ങി ചാടിയാടി, ആ നിർദ്ദയനായ പക്ഷിയുടെ സമീപത്തു വന്നെത്തി; വന്നെത്തിയതോടുകൂടി, ആ നിർദ്ദയൻ, സാരസത്തിന്റെ കാലുകളും ഇരുകൈകൊണ്ടും മുറുകെപ്പിടിക്കുകയും ചെയ്തു. അതു കണ്ടു മറ്റു പക്ഷികളെല്ലാം പറന്നു പറന്നു വാനിലൂടെ മറ്റൊരിടത്തേയ്ക്കു ഗമിച്ചു; സാരസപ്പിടപേടിച്ചുരണ്ടു നിലവിളി കൂട്ടിക്കൊണ്ടുനിന്നു. സാരസം പെട്ടെന്നു ഞെട്ടിയുണർന്നു ഭയത്താൽ ഇളകുന്ന കണ്ണുമായി തല പൊക്കി നോക്കിയപ്പോൾ, പിൻവശത്തു കൊല്ലാൻ തുടങ്ങുന്ന കൊടുംകുരങ്ങനെ കണ്ടിട്ട്, മധുരസ്വരത്തിൽ സംസാരിച്ചു:—'ശാഖാമൃഗമേ, എന്തിനാണു ഭവാൻ നിരപരാധനായ എന്നെ ഉപദ്രവിക്കുന്നതു? ലോകത്തിൽ അപരാധികളെ മാത്രമേ രാജാക്കന്മാർ ദണ്ഡിപ്പിക്കാറുള്ളൂ. അങ്ങയെപ്പോലുള്ള സത്പുരുഷർ സാധുക്കളായ ഞങ്ങളെ ദ്രോഹിച്ചുകൂടാ. ഞങ്ങൾ ഹിംസിക്കാറില്ല; അന്യന്റെ മുതൽ എടുക്കാറില്ല; അന്യനെ പഴിക്കാറില്ല; കക്കാറില്ല; ഇരക്കാറില്ല; ദുർവൃത്തരോടു ചേരാറില്ല; അന്യനെ സേവിക്കാറില്ല. എല്ലാംകൊണ്ടും, കുറമില്ലാത്ത എന്നെ ഭവാൻ വേഗത്തിൽ വിട്ടുമാറാകണം! അങ്ങയുടെ ജന്മം എനിക്കറിയാം; എന്റേതു ഭവാനറിഞ്ഞുകൂടതാനും'. ഇതു കേട്ടപ്പോൾ ആ ചപലനായ മക്കടത്താൻ വേഗത്തിൽ സാരസത്തെ വിട്ട്, സപല്പം അകലത്തു മാറിനിന്നു.

വാനരൻ:—'ഭദ്രേ, പറയൂ: ഭവാന്നു് എന്റെ മുൻജന്മം എങ്ങിനെയറിയാം? ജ്ഞാനമില്ലാത്ത പക്ഷിയായതു ഭവാൻ; ഞാനും കാട്ടിൽ നടക്കുന്നതിയ്ക്കാണല്ലോ'.

സാരസം:—'എനിക്കറിയാം ഭവാന്റെ ജന്മം. മുൻജന്മസ്മരണയുണ്ടെനിക്കു്. വാനരോത്തമ, മുൻജന്മത്തിൽ വിന്ധ്യശൈലാധിപതിയായ രാജാവായിരുന്നു ഭവാൻ; ഞാൻ ഭവാന്റെ വംശത്തിൽ അതിപൂജ്യനായ പുരോഹിതബ്രാഹ്മണനായിരുന്നതുകൊണ്ടു്, അങ്ങയെ കണ്ടപ്പോൾ എനിക്കു നല്ലവണ്ണം മനസ്സിലായി. ഈ രാജ്യം ഭരിക്കുന്ന കാലത്തു്, ഭവാൻ വിവേകമില്ലാതെ ധനം നേടിക്കൂട്ടാൻ വേണ്ടി പ്രജകളെയെല്ലാം ദ്രോഹിച്ചുപോന്നു; ആ പ്രജാപീഡനപാപമാകുന്ന ചെന്തീയിനാൽ മുമ്പു തന്നെ ചുട്ടെരിക്കപ്പെട്ട ഭവാൻ വീണ്ടും അതിഭയങ്കരമായ കുംഭീപാകത്തിലിടപ്പെട്ടു. അങ്ങു വീണ്ടും വീണ്ടും വറുക്കപ്പെടുകയും വീണ്ടും വീണ്ടും ജനിക്കുകയും ചെയ്തു. ഭവാൻ നരകശരീരത്താൽ മുപ്പതിനായിരം കൊല്ലം, മേൽക്കുമേൽ ഘോരശബ്ദത്തിൽ നിലവിളിച്ചുകൊണ്ടു്, കുംഭീപാകത്തിയ്യിൽ തീവ്രയാതന

Digitized By Kerala Sahitya Akademi

കല്പനയിച്ചിരിക്കുന്നു. നരകത്തിൽനിന്നു കേറിയ ഭവാൻ വീണ്ടും പാപശേഷത്താൽ. ഇപ്പോൾ എന്നെ കൊല്ലാനൊരുമ്പെട്ട വാനരനായി ജനിച്ചു. മുൻജന്മത്തിൽ ഭവാൻ ഒരു ബ്രാഹ്മണന്റെ തോട്ടത്തിൽ നിന്നു കുറെ കരിമ്പിൻപുഴം ചോദിക്കാതെ ബലാൽക്കാരേണ പറിച്ചു തിന്നുകളഞ്ഞുവല്ലോ; നോക്കൂ, ആ കർമ്മത്തിന്റെ ഫലാവശിഷ്ടം: കരടനായി, കാട്ടിൽപ്പോയ്ത്തോന്നിപ്പോകുന്നു! നന്മയായാലും തിന്മയായാലും പൂർവകർമ്മത്തിന്റെ ഫലം അനുഭവിച്ചുതീരും; അതു ദേവന്മാർക്കും തട്ടിനീക്കാവുന്നതല്ല. ഇങ്ങനെ ഭവാന്റെ ജന്മവും അതിന്റെ കാരണവും എനിക്കു ശരിക്കറിയാം; സാരസമായിപ്പിറന്നവെങ്കിലും എനിക്കു ജ്ഞാനം നശിച്ചിട്ടില്ല.'

ഈ കഥ കേട്ടിട്ടു വാനരൻ സാരസത്തോടു പറഞ്ഞു:—'ഭവാനു ശരിക്കറിയാം, തീർച്ചതന്നെ. അങ്ങനെയാണെ പക്ഷിയായതു?'

സാരസം:—'ഞാൻ ഈ കർമ്മത്താലാണു ദ്വിതീയജന്മത്തു പക്ഷിയോനിയിൽപ്പിറന്നതെന്നും പറയാം; എല്ലാം കേട്ടുകൊള്ളുക: അങ്ങു പണ്ടു് ഒരു സൂര്യഗ്രഹണത്തിൽ നമ്മുടെയിൽവെച്ചു പല ബ്രാഹ്മണർക്കുംകൂടി നൂറു *ഖാരിധാന്യം നൽകുകയുണ്ടായി; അതൊക്കെ, പൗരോഹിത്യഗർവിനാലും ദുരയാലും ആ ബ്രാഹ്മണരെ തോല്പിച്ചു്, അവർക്കിത്തിരിയ്ക്കേ കൊടുത്തിട്ടു്, ഞാൻ തന്നെയെടുക്കുകയാണു ചെയ്തതു്! ബ്രാഹ്മണർക്കു പരക്കെയുള്ള മുതൽ കൈയടക്കിയതിനാലുള്ള പാപം മൂലം ഞാൻ കാലസൂത്രനരകത്തിൽ വീണുപോയി. ഇഴയുന്ന പുഴുക്കൾ നിറഞ്ഞു നാറി ചലത്താൽ നരയുന്ന ആ ചോരച്ചളിയിൽ തലകീഴായി പൊക്കിൾവരെ മുങ്കി ഞാൻ ചാവും നക്കിക്കിടക്കുകയായി; മുകളിൽ വമ്പിച്ച കുഴുകാക്കൂട്ടം ഇടവിടാതെ കൊത്തിയും പുഴുക്കൾ കുത്തിയും എന്നെ മുറിപ്പെടുത്തിക്കൊണ്ടിരുന്നു; ആ രൗരവനരകത്തിൽ എനിക്കു ശ്വാസം പോകാതായി; ഒരു നിമിഷനേരംപോലും മറ്റെനിക്കു മരുകല്പത്തോളം വലുതായിത്തോന്നി! മുപ്പതിനായിരം കൊല്പം ഞാൻ നരകവേദനകളനുഭവിച്ചു; വാനര, ആ സങ്കടം പറഞ്ഞാപ്പിക്കാൻ വയ്യ! സ്വതേതന്നെ പാപകരവും അതിഘോരവുമാകുന്ന പൗരോഹിത്യം: അതിൽ കഴിച്ചിലിനുള്ള ദേവസ്വവും ബ്രാഹ്മസ്വവുമാണല്ലൊ. രാജാവിനോടു ദാനം വാങ്ങൽ തന്നെ ഭയങ്കരം; അതു ബ്രാഹ്മണരേ ചെയ്തീരൂ. അവരുടേയും മുതൽ പിടുങ്ങുന്നതിനാൽ പുരോഹിതൻ നരകത്തിൽത്തന്നെ! രാജാവു ചെയ്യുന്ന പാപത്തെ പുരോഹിതനുള്ള ദോ

* ഖാരി=ഇരുന്നൂറാമ്പത്തിന്റെ അടിക്കുറിപ്പു കാണുക.

Digitized By Kerala Sahitya Akademi

ത്താൻ ധരിക്കുന്നതുകൊണ്ടത്രേ പുരോധസ്സുണ്ടു് തത്ത്വദർശികൾ പറയുന്നു്. ഒരു വിധത്തിൽ നരകക്കടലിൽനിന്നു കേറിയതിനു ശേഷം ഞാൻ ഭഗവദ്യോഗത്താൽ പക്ഷിയായിപ്പിറന്നു; അതിനുശേഷം കണ്ടു: മുൻജന്മത്തിൽ ഞാൻ ദേവരിയുടെ ഗൃഹത്തിൽ നിന്നു് ഒരുട്ടി മാത്രം മോഷ്ടിച്ചു ചൂതുകളിക്കാരനു കൊടുക്കയുണ്ടായി; അതു നിമിത്തമാണു ഞാൻ പെട്ടെന്നു പക്ഷിയായതു്. ബ്രാഹ്മണിയായിരുന്ന എന്റെ ഈ സഹധർമ്മിണിയും ഓട്ടുപാത്രം കക്കുക എന്ന ദുഷ്കർമ്മം നിമിത്തം ഈ നാരസഷ്ടിയായിപ്പിറന്നതാണു്. ഇങ്ങനെ ദ്വയവും വന്നതു തങ്ങളുടെ കർമ്മഫലമെപ്പോലെ ഞങ്ങളോടു ഞാൻ പറഞ്ഞു; ഇനി ഭാര്യയും ഭർത്താവുമായിക്കൊള്ളുക; ഞാൻ അരയന്നമായി പിറക്കും; അങ്ങും അരയന്നമായിത്തീരും. സാരസസ്ത്രീമാകുന്ന എന്റെ ഭാര്യ അരയന്നപ്പിടയുമാകും. നാം മുന്നുപേരും കാമരൂപരെന്ന രാജ്യത്തു സുഖമായിത്തന്നെ വസിക്കും. പിന്നെ നമുക്കു നന്മയുണ്ടായി ഗോജന്മം കിട്ടും; അതിൽപ്പിന്നെ, ഉർവ്വിമോക്ഷം മനുഷ്യജന്മം വീണ്ടും ലഭിക്കും. അതു ദേഹികൾക്കു നന്മയ്ക്കും തിന്മയ്ക്കും ഉത്തരവാദമല്ലോ. നമ്മെ മാത്രമല്ല, സകല ജീവികളേയും ഈശ്വരൻ ഇങ്ങനെ തന്റെ മായയാൽ മോഹിപ്പിച്ചു്, സുഖവും ദുഃഖവുമനുഭവിപ്പിക്കുന്നു. ലോകത്തിൽ വിധാതാവിനായ് ഏൽപ്പെട്ടതെപ്പെട്ടതാകുന്നു, മറയ്ക്കു് സുഖദുഃഖങ്ങളെ നൽകുന്ന ഈ ധർമ്മാധർമ്മമാർഗ്ഗം. എന്നെന്നും വല്ലാവരും—ദേവാസുരമനുഷ്യരും, വ്യാളമൃഗകീടങ്ങളും — ഇതിലൂടെ വീണ്ടും വീണ്ടും സഞ്ചരിച്ചു പോരുന്നു; വേദോക്തത്തിന്റെ മറുകരയണഞ്ഞ വിരക്തരും ധീരതമായ യോഗികളൊഴിഞ്ഞാരും ഈ ദുഃഖകണ്ടകിതമായ പന്ഥാവിനെ ലംഘിച്ചിട്ടില്ല! ചെറുതാവട്ടെ, വലുതാവട്ടെ, പുണ്യപാപകർമ്മത്തിന്റെ ഫലം പരമേശ്വരൻ ദേശകാലങ്ങൾനോക്കി കല്പിച്ചുകൊടുക്കുന്നു. ഈ വിധം വിധാതാവിന്റെ ഏർപ്പാടും ഈശ്വരന്റെ മായയുമറിഞ്ഞ ബുദ്ധിമാന്മാർ ദുഃഖിക്കുകയില്ല, സന്തപിക്കുകയില്ല, വേദനക്കൊള്ളുകയില്ല! പൂർവകർമ്മങ്ങളുടെ ഫലം ഉപായങ്ങൾകൊണ്ടോ ബുദ്ധികൊണ്ടോ മറിച്ചാക്കുക ദേവന്മാർക്കുപോലും സാധ്യമല്ല. ശാഖാമൃഗമേ, അങ്ങു മുൻജന്മത്തിൽ രാജാവായിരുന്നു; പിന്നെ നരകത്തിൽ പതിച്ചു; ഇപ്പോൾ കുരങ്ങനാണു്; വീണ്ടും മനുഷ്യനായി ജനിച്ചു മോക്ഷം പ്രാപിക്കും. ഇതോർത്തു ഭവാൻ ദുഃഖം വെടിഞ്ഞു കാലത്തെ പ്രതീക്ഷിച്ചുകൊണ്ടു് ഈ കാട്ടിൽ സുഖമായി രമിച്ചുകൊള്ളുക. ഇങ്ങനെ ഈശ്വരന്റെ മായയാൽ ബന്ധിക്കപ്പെട്ട ഞാനും ഒടുക്കമില്ലാത്ത കാട്ടുതീയും ചുറ്റി ഈ സാരസജന്മം അവസാനിപ്പിക്കാം."

Digitized By Kerala Sahitya Akademi

ബ്രാഹ്മണൻ:--'അങ്ങയെ മുൻജന്മത്തു ഞാൻ പൂജിച്ചിട്ടുണ്ട്; ഇപ്പോഴും നമസ്കരിച്ചുകൊള്ളുന്നു! അങ്ങയ്ക്കു മുൻജന്മസ്മരണയുണ്ട്; എന്റെ മുൻജന്മചരിതമെല്ലാം അങ്ങയ്ക്കറിയാം. സാരസമേ, നിൽക്കൂ: അങ്ങയ്ക്കും പതിക്കേ സദാ നന്മ വരട്ടെ! അങ്ങയുടെ ഉപദേശത്താൽ ഞാൻ സദാ നിർമ്മോഹനായി നടന്നുകൊള്ളാം.'

ബ്രാഹ്മണ, ഇങ്ങനെ ദൈവം വിചിത്രവും പവിത്രവും ശ്രേഷ്ഠവുമായിട്ടുള്ളതത്രെ, പുഴക്കരയിൽ വെച്ചു സാരസവാനരസംവാദത്തിൽ നിന്നു ഞാൻ കേട്ടതു്; അതോടുകൂടി എനിക്കും ഉണർവു വന്നു, ദുഃഖം കുറഞ്ഞു! ഇപ്പോൾ ഗംഗാജലത്തിന്റെ അത്യത്ഭുതമായ മാഹാത്മ്യം കണ്ടതിനാലാണു്, കടുത്ത മോഹത്താൽ കഷ്ടപ്പെടുന്ന ഞാൻ പ്രേതാവസ്ഥയിൽ നിന്നു കരകേറാൻ വേണ്ടി, ബ്രാഹ്മണശ്രേഷ്ഠനായ ഭവാനോടു് ഗംഗാജലം യാചിക്കുന്നതു് ഈ പവിത്രത്തിൽവെച്ചുതന്നെ, ഗംഗാജലത്തിന്റെ വിസ്മയകരമായ പ്രഭാവം ഞാൻ കാണുകയുണ്ടായി. അതിനാലാണു്, ആ ജലത്തെ കാംക്ഷിക്കുന്നതു് ഒരു ഗ്രാമയാജകനായ ബ്രാഹ്മണൻ അയോജ്യയാജനം നിമിത്തം ഈ വിന്ധ്യാടവിയിൽ ബ്രഹ്മരക്ഷസ്സായിത്തീർന്നു വലഞ്ഞു ഞങ്ങളുടെ കൂട്ടത്തിൽ എട്ടു വർഷം താമസിച്ചു. മകൻ അയാളുടെ അസ്ഥി പെറുക്കി ഒരുപ്പിടി നാളു കൊണ്ടുപോന്നു ഗംഗയിൽ, നിർമ്മലമായ കനഖലതീർത്ഥത്തിൽ, ഇട്ടതോടുകൂടി അയാൾ ഭീഷണമായ രാക്ഷസത്വത്തിൽ നിന്നു വിടുതി നേടി! ഇങ്ങനെ ഗംഗാജലത്തിന്റെ അത്യത്ഭുതമാഹാത്മ്യം പ്രത്യക്ഷമായി കണ്ടതിനാലാണു്, ഞാൻ ഗംഗാജലം ആവശ്യപ്പെടുന്നതു്. മുമ്പു ഞാൻ തീർത്ഥത്തിൽ വെച്ചു വളരെ ദാനം വാങ്ങുകയുണ്ടായിട്ടുണ്ടു്; അതിനു മന്ത്രജപാദികളാൽ പ്രതിവിധി ചെയ്തിട്ടില്ലതാനും. അതിനാലത്രെ, പ്രേതമായ എനിക്കു വെള്ളം കുടിക്കാൻ കിട്ടാത്തതു്. മുപ്പതിനായിരം കൊല്ലം കഴിഞ്ഞു, വിന്ധ്യാടവിയിൽ! ഇതാ, സകലവും ഞാൻ കനത്ത ലജ്ജയിട്ടു ഭവാനോടു പറഞ്ഞു. ധാർമ്മികശ്രേഷ്ഠ! ഇനി ഭവാൻ വേഗത്തിൽ വെള്ളം തന്നു്, എന്റെ കണ്ണുകുത്തായ പ്രാണനെ നിലനിർത്തുക: പ്രേതാവസ്ഥയിലും പ്രാണിക്കു വിലയേറിയതാണല്ലോ ജീവിതം! മനുഷ്യർക്കു് എപ്പോഴും എങ്ങിനേയും രക്ഷണീയമാകുന്നു ശരീരം: കഷ്ടവും മറവും പിടിപെട്ടവർപോലും ദേഹത്യാഗത്തിനൊരുങ്ങുമാറില്ലല്ലൊ.'

ഇതു കേട്ടു് അത്യന്തം അത്ഭുതപ്പെട്ട വഴിപോക്കൻ പ്രേതത്തിന്റെ പേരിൽ കരുണപൂണ്ടു വിലാപിച്ചു:--'പാപപുണ്യങ്ങളുടെ ഫലം ലോകത്തിൽ പ്രത്യക്ഷമായി കാണപ്പെടുന്നു: ദേവാസുരമനുഷ്യരിതിൽ

Digitized By Kerala Sahitya Akademi

ക്കുമികീടാദി നാനാജന്മങ്ങളും, പലതരം രോഗപീഡകളും, ബാല്യത്തിലും വാർദ്ധക്യത്തിലുമുള്ള മരണം, അന്ധത, മൂകത, ഐശ്വര്യം, ദാരിദ്ര്യം, പാണ്ഡിത്യം, മൂഢത എന്നീ വകയുണ്ടോ? മേറുവഴിക്കു വന്നുകൂടുന്നു? യാചകിലർ ന്യായാർജ്ജിതമായ ധനം തങ്ങളുടെ നന്മയ്ക്കായി സൽപാത്രങ്ങൾക്കു നൽകുന്നവരോ, അവർതന്നെ കമ്മഭൂമിയിൽ ധന്യർ! *കൊടുത്തതു ഇഹത്തിലും പരത്തിലും അനുഭവപ്പെട്ടു. .' ഈ ഒടുക്കത്തെ ഭാഗം ആ ധർമ്മിഷ്ഠൻ ഉച്ചരിക്കുകതന്നെ ചെയ്തു; അതുകേട്ട്, മനസ്സുഴന്ന പ്രേതം അടുത്തുചെന്നു: —'പാന്ഥ, ഭവാൻ ഏതുണ്ടു സർവ്വജ്ഞൻതന്നെ, സംശയമില്ല. എനിക്കിവിടുന്ന്, വേഴാമ്പലിനു മേഘമെന്നപോലെ വെള്ളം തന്നാലും; സ്വാമിൻ, ഈ പ്രാണത്യാഗത്തിൽ താമസം വരുത്തരുതേ.' ഇതിനു പാന്ഥന്റെ ധർമ്മാംശമുള്ള മറുപടി ഇങ്ങനെയായിരുന്നു:—'പ്രേതമേ, ഭൂലോകത്തിൽ സ്ഥിതിചെയ്യുന്നുണ്ടു്, എന്റെ അച്ഛനും അമ്മയും. അവർക്കായി കൊണ്ടുപോകയാണു് ഈ പ്രയാഗജലം; ഇടയ്ക്കുവെച്ചു ഭവാൻ ആവശ്യപ്പെട്ടു. അതിനാൽ ഞാൻ ധർമ്മസംശയത്തിലായിരിക്കുന്നു: ഇതിൽ എന്തുചെയ്യണ്ടു? ബലാബലം നോക്കി, ബലം ക്ലേശമനുഭവിപ്പിച്ചു ചെയ്യാം; ഇതുതന്നെ സ്മൃതിവിഷയം ഞാൻ ചെയ്യുകയില്ല. അശരണരായിട്ടുള്ളവരുടെ പ്രാണനെ രക്ഷിക്കൽ എന്നു് ഋഷിമാരും ദേവകളും അഭിപ്രായപ്പെട്ടിരിക്കുന്നു. അതിനാൽ ഈ പുണ്യജലം കൊടുത്തു പ്രേതത്തെ രക്ഷിക്കാം; അച്ഛനമ്മമാർക്കു വെള്ളം രണ്ടാമതു കൊണ്ടുപോകാം. ഇതാണെനിക്കു പ്രബലവും വിശുദ്ധവും ധാർമ്മികവുമായിത്തോന്നുന്നതു്. പരോപകാരമൊഴിഞ്ഞു മറ്റുള്ളതൊക്കെ നിസ്സാരമെന്നാണു് വിദ്വജ്ജനമതം. പരോപകാരികൾക്കു പണ്ടു പ്രാണനെക്കൂടി ആവശ്യപ്പെട്ടവർക്കു നൽകിയിരിക്കുന്നു; അതുസ്ഥിതിക്കു്, ഞാൻ വെറും വെള്ളംകൊണ്ടു പ്രേതത്തിനുപകാരം ചെയ്യേണ്ടതായോ? സർവ്വധർമ്മങ്ങളുടെയും സത്തും ധർമ്മജ്ഞന്മാർക്കെല്ലാം സമ്മതവുമായി ഇങ്ങനെ ഒരു ശ്ലോകം പണ്ടു ധീമതി ചൊല്ലിയിട്ടുള്ളതായി ഞാൻ മഹാത്മാക്കളിൽനിന്നു കേട്ടിട്ടുണ്ടു്:

'പരോപകാരം ചെയ്യേണം പ്രാണനാൽ സ്വത്തിനാലുമേ;
പരോപകൃതിതൻ പുണ്യം കിട്ടാ യജ്ഞശതങ്ങളാ!'

ഈ വിധം കഥിച്ചു് ആ ധർമ്മിഷ്ഠനായ ദ്വിജശ്രേഷ്ഠൻ ആ പ്രയാഗജലം പ്രേതത്തിന്റെ പ്രാണരക്ഷയ്ക്കായി കൊടുത്തു. പ്രേ

* ദുഷ്ടന്മാർക്കുണ്ടാകുന്ന ദോഷങ്ങളും ദാനത്തിന്റെ മഹിമയുമാണു വിടയ്ക്കുള്ളതു്.

Digitized By Kerala Sahitya Akademi

തമാകട്ടെ, വെള്ളം കുടിക്കുകയും തലയിലാട്ടുകയും ചെയ്തതോട്ടുടി, പ്രേതരൂപം വിട്ട് ദിവ്യദേഹനായിച്ചമഞ്ഞു. അതിൽ അത്യുച്ചയും പൂണ്ട് ആ കേരളബ്രാഹ്മണൻ ഉരചെയ്തു:—'അഹോ, ത്രിവേണീജലത്തിന്റെ ഏതാനും തുള്ളികളും എന്നെ പ്രേതാവസ്ഥയിൽനിന്നു വേർപെടുത്തി! ഈ ജലത്തിന്റെ ഗുണം വർണ്ണിപ്പാൻ ബ്രഹ്മാവും ആളാകയില്ല. അല്ലായ്കിലെങ്ങിനെ ഏവൻ ഗംഗാജലത്തെ ശിരസാ വഹിക്കും? അചിന്ത്യപ്രഭാവമായ ഗംഗാസലിലം ഒരിറ്റു നുകർന്നവൻ ദേവനോ സിദ്ധനോ ആയിത്തീരും; ഗർഭം പൂകുകയില്ലതാനും! കാലമോ കലിയോ കാലുഷ്യമോ വിഘ്നമോ നരകമോ ഒരിക്കൽ ഗംഗാസ്നാനം ചെയ്തവനെ തുടർന്നിടുകയില്ല. മന്ദാകിനീജലത്താൽ ശരീരം കഴുകുണ്ടാകുന്ന സാമ്രാജ്യം തപസ്സാലോ ദാനത്താലോ ഹോമത്താലോ ജപത്താലോ യാഗത്താലോ സിദ്ധിക്കുകയില്ല. യാതൊരു ജലത്തിന്റെ ഏതാനും തുള്ളികൾ സ്പർശിച്ചതോട്ടുടി പ്രേതത്വം നീങ്ങിയോ, ആ ജലത്താൽ വിശുദ്ധശരീരനായവർക്കു ശോകം തീർച്ചതന്നെ! വപുസ്സിലും മനസ്സിലും പാപച്ഛായം പുരണ്ടവർക്കു ഗംഗാജലത്താലല്ലാതെ ശുദ്ധി വരികയില്ല. ഗംഗയെ ആർ എന്നാനന്ദം സേവിക്കുന്നുവോ, അവന്നു സിദ്ധികൾ സിദ്ധിക്കുന്നു! അവന്നു സ്വർഗ്ഗം ഗ്രാമാന്തരത്തു! അവന്നു ഒരുകാര്യം കൈയിൽ! യാതൊന്നിന്റെ ജലം തൊട്ടുകയോ കുടിക്കുകയോ ചെയ്താൽ പ്രേതരക്ഷസ്സുകൾക്കു വിടുതി കിട്ടുമോ, ആ ഗംഗയിൽ മുഴുകിയവനുണ്ടോ, [illegible] പൂകുന്നതിനിക്കുന്നു! മകൻ ഗംഗയിൽ പിതൃതർപ്പണം ചെയ്താൽ നരകസ്ഥിതർ സ്വർഗസ്ഥിതർ ബ്രഹ്മലോകം പ്രാപിക്കും. ഗംഗയെപ്പോലെ സിദ്ധിദായിനി; ഗംഗയെപ്പോലെ ഗതിദ; ഗംഗയെപ്പോലെ മുക്തിദായിനി; സർവാർത്ഥസിദ്ധിതരുവാകുന്നു ഗംഗ! പാന്ഥ, നീയും സുകൃതിയാവുക; ധർമ്മിഷ്ഠനാകരുതു. ഭവാൻ പോകുന്നു, ഗംഗാജലകണങ്ങളെന്നെ തിരിക്കുന്ന കരയേറിയല്ലോ!' ഇപ്രകാരം പറഞ്ഞു, ആ പിശാചായിരുന്ന കേരളബ്രാഹ്മണൻ പരമധർമ്മിഷ്ഠനായ പാന്ഥനെ ആശീർവദിച്ചുകൊണ്ടിരിക്കുമ്പോൾ സ്വർഗ്ഗത്തിലേയ്ക്കു ഗമിച്ചു. പാന്ഥനാകട്ടെ പ്രേതത്തിന്നു മുക്തി വരുത്തിയിട്ടു, വീണ്ടും പ്രയാഗജലമെടുത്തു, തീർത്ഥജലപ്രഭാവത്തെ സ്മരിച്ചുകൊണ്ടു ആ വഴിയിലൂടെതന്നെ നടകൊണ്ടു.

ഇങ്ങനെ പ്രയാഗമാഹാത്മ്യം തുടർന്നു പിശാചൻ ദേവശ്രുതി മഹർഷിയെ നമസ്കരിച്ചു, വെമ്പലോടെ മാഘമാസത്തിൽ പ്രയാഗയിൽ ചെന്നു, ആ സിതാസിതജലത്തിൽ സ്നാനംചെയ്തു. അതോടുകൂടി, പിശാചായിരുന്ന ആ ദ്രാവിഡരാജാവും പാപം നീങ്ങി പിശാചത്വം വിട്ട

Digitized By Kerala Sahitya Akademi

ദിവ്യശരീരനായിച്ചമഞ്ഞു, ശ്രീനാരായണനെ ദേവഷംവിട്ട ഭക്തിയോടെ സ്തുതിച്ചുകൊണ്ടും ഗന്ധർവ്വന്മാർ സ്തുതിക്കപ്പെട്ടുകൊണ്ടും സപ്തസ്ത്രീകളാൽ ഉപചരിക്കപ്പെട്ടുകൊണ്ടും ശ്രേഷ്ഠവിമാനത്തിലൂടെ പുരന്ദരപുരിയിലേയ്ക്കു ഗമിച്ചു. ഇങ്ങനെ, വിസ്മയകരമായ പൂർവ്വവൃത്തമെല്ലാം ഭവാനോടു ഞാൻ പറഞ്ഞു; ദ്വിജോത്തമ, ഈ ഇതിഹാസം പാപങ്ങളെ ഉടനടി നശിപ്പിക്കും. ഇനി ഈ പൈൺകിടാങ്ങളും അക്ഷയുടെ മകനും ഞാനും ഭവാനും, എല്ലാവരും ക്ഷീരി, സൽഗതിക്കായി പ്രയാഗത്തിലേയ്ക്കു പോവുക; അതിൽ നമുക്ക്, ദേവകൾക്കും ദുർല്ലഭമായ മാഘസ്നാനം കഴിക്കാം. എന്നാൽ ഇവർ പരസ്പരശാപജന്യമായ പിശാചത്വത്തിൽനിന്നു വേർപെടും.'

ഇങ്ങനെ ലോമശന്റെ മുഖചന്ദ്രത്തിൽനിന്നു പൊഴിഞ്ഞ കഥാമകരന്ദം നുകർന്നതിനാൽ അവരെല്ലാം ക്ഷീരിസമുദ്രത്തിൽനിന്നു കരയേറി, സന്തുഷ്ടരായി, അത്യേഹത്തോടൊന്നിച്ചു് അക്ഷപുരത്തെത്തെക്കെട്ടിക്കിടക്കയിലേയ്ക്കു പറഞ്ഞയച്ചു. ദിലീപരാജാവേ, അവർ അച്ഛോദസരസ്സിൽ കുളിച്ചു ദേവമാർഗ്ഗത്തിലൂടെ സുഖം നടകൊണ്ടു്, പ്രയാഗത്തിന്റെ ഉപരിഭാഗത്തെത്തി സ്ഥിതിചെയ്തു. പിന്നീടു ലോമശൻ എല്ലാവരോടുമായി മനം കുളിപ്പിച്ചുകൊണ്ടു ചൊല്ലി:—'ഭൂമിയിൽ ഒരു തീർത്ഥപ്പെരുമാളിനെ എല്ലാവരും സശ്രദ്ധം ദർശിപ്പിൻ. *. സ്വർഗ്ഗം നൽകുന്ന ഭാഗീരഥിയും മുക്തിസാലോക്യം നൽകുന്ന യമുനയുമാകുന്ന ഈ പുണ്യനദികളിൽ കുടിച്ചുയർന്നോട്ടു സ്നാനംചെയ്തവൻ സംസാരാഗ്നിയാൽ ചുട്ടെരിക്കപ്പെടുകയില്ല. അവിമുക്തത്തിൽ ജനനമുദിച്ചുമുകിലുക; പ്രയാഗത്തിലോ, ജന്മാന്തരകൃതമെന്തെന്നു സകലവും മുക്തി ലഭിക്കും! സൃഷ്ടികാംക്ഷിച്ച വിധാതാവു് ഇവിടെ മഹായാഗം ചെയ്തതിനാലത്രേ, സൃഷ്ടിക്കുള്ള ശക്തി നേടിയതും, സൃഷ്ടി നടത്തിയതും! പരമനാഥൻ പതിയെ കിട്ടാനായി ഈ സിതാസിതജലത്തിൽ സ്നാനം ചെയ്തു; അനന്തരമെന്നു, അമൃതഫലനങ്ങൾ, ലക്ഷ്മിയാകുന്ന ഭാഗ്യദേവിയും നേടി! ഇവിടെ ആറുമാസം നിവസിച്ചു ശ്രീവേണിയിൽ ദശാശ്വമേധസ്നാനം ചെയ്യുന്നതിനാലാണ് മുക്കണ്ണൻ തൊണ്ണൂറ്റൊമ്പതുകൊണ്ടു മുപ്പതും മുടിച്ചുതു്! പണ്ടു പാകശാസനന്റെ ശാപത്താൽ സപ്തർഷിപത്നിമാരെ ഉപേക്ഷിച്ചു സപ്തർഷികൾക്കു ഭാര്യമാരായിത്തീരുവാൻ ഇവിടെ സ്നാനം കഴിക്കുകയും താമസിയാതെ സപ്തർഷികളെ പൂകുകയും ചെയ്തു! പുരുകാംക്ഷിയായ സൗഭാഗ്യവതിയാണ്, ഈ സിതാസിതപുണ്യജല

* പ്രയാഗമാഹാത്മ്യം, ആദിഖണ്ഡം രണ്ടാമദ്ധ്യായത്തിലും മറ്റും നോക്കുക; വിശദമായുള്ളതു ഇവിടെ എടുത്തിട്ടുള്ളതു.

Digitized By Kerala Sahitya Akademi

ത്തിൽ മുഴുകിയതിനാൽ, വംശകർത്താവായ യയാതിയാകുന്ന പുത്രൻ ഉണ്ടായിവന്നു! പണ്ടു ദേവേന്ദ്രൻ ധനത്തിനുവേണ്ടി ഇതിൽ സ്നാനം ചെയ്തതിനാൽ, അദ്ദേഹത്തിനു വൈശ്രവണന്റെ നിധികളെല്ലാം മായകൊണ്ടു കൈക്കലാക്കാൻ കഴിവുണ്ടായി! പണ്ടു നരനാരായണന്മാർ പതിനായിരം കൊല്ലം ഈ പ്രയാഗത്തിൽ നിരാഹാരരായി തപസ്സനുഷ്ഠിച്ചു! സർവകർമനിരതനായ ജൈഗീഷവ്യനെന്ന സന്ന്യാസി ബ്രാഹ്മണൻ ഇവിടെ അണിമാദൈശ്വര്യങ്ങളും സുദുർല്ലഭമായ യോഗസിദ്ധിയും സമ്പാദിച്ചു! കശ്യപൻ ഇവിടെ ശിവനെ ആരാധിച്ചു തപസ്സനുഷ്ഠിച്ചിരുന്നു! ഭരദ്വാജൻ ഈ തീർത്ഥത്തിൽവെച്ചു യോഗസിദ്ധി വരുത്തി! പണ്ടു സനകാദി ക്ഷേത്രജ്ഞന്മാർ ഈ ക്ഷേത്രത്തിൽ വെച്ചുതന്നെ യോഗത്തിന്റെ ഫലഭൂമിയണഞ്ഞതുപോൽ! മാഘമാസത്തിൽ ഇവിടെ സ്നാനം ചെയ്തവർ യാവ ചിലരോ, അവർ പല വടിവു പൂണ്ടു ഈ നിർമ്മലമായ ദ്യോവിലെങ്ങും സ്ഥിതിചെയ്യുന്നു! കാമികം കൊണ്ടു കാമവും മുമുക്ഷുക്കൾക്കു മുക്തിയും സാധകർക്കു സിദ്ധിയും ഈ പ്രയാഗത്തിൽ കൈവരുന്നു! പണ്ടു ജീവീകന്റെ ശാപത്താൽ കാക്കയായിപ്പോയ ഗന്ധർവൻ ഈ സിതാസിതജലത്തിൽ മുഴുകിയതോടുകൂടി ശാപത്തിൽനിന്നു മോചിപ്പെട്ടു! ഇപ്പോഴും വിടാതി തേടുന്ന അപ്സരോനൃകമാരും ഭഗവാന്റെ പുത്രനും എന്റെ വാക്കിനാൽ ഈ സിതാസിതത്തിൽ ദ്രുഷിമദ്ധ്യത്തിൽ മുഴുകട്ടെ; പൂർവപാപങ്ങളെ മുച്ചൂടും മുടിക്കുന്ന ത്രിവേണീജലകണങ്ങളാൽ ഇവർ ശാപദോഷം നീങ്ങി, മിന്നിത്തിളങ്ങുന്ന ശ്രീ നേടുമാറാകട്ടെ!'

മുനിയുടെ ഈ അജ്ഞാതദോഷങ്ങളേയും പോക്കുന്ന സത്യവചനം കേട്ടിട്ട് അവർ ഉഴറോടെ സ്നാനത്തിനൊരുങ്ങി. മന്നവ, മകരമാസത്തിൽ അവർ ദുഷ്പ്രാപമായ പ്രയാഗമണഞ്ഞു നാരും നോറും സിതാസിതത്തിൽ സ്നാനംചെയ്യുപോന്നു. മാഘവാവിന്നാൾ സ്നാനം കഴിഞ്ഞുതാടുകൂടി, ആ കന്യകാമണ്ഡലം ബ്രഹ്മചാരിയും ലോമശന്റെ മുമ്പിൽവെച്ചു പിശാചതനു വിട്ടു സ്വന്തം സ്വന്തം രൂപം നേടി; മുൻപടിവിലായപ്പോൾ അന്യോന്യരാഗവുമുരുക്കൊണ്ടു. വേദനിധിമകനെയും ആ ദിവ്യരൂപമാരായ പെൺകിടാങ്ങളെയുംകണ്ടു സന്തോഷത്തൽ മനം തെളിഞ്ഞു ലോമശനെ സ്തുതിച്ചു:—'ജ്ഞാനിസത്തമ, ഇവിടുത്തെ അനുഗ്രഹമാകുന്ന കപ്പലിനാൽ ഈ കട്ടികനാം ശാപമഹാസമുദ്രം പിന്നിട്ടു! ഇനി, ഇവക്കു വേണ്ടതു പറഞ്ഞാലും.'

ലോമശൻ:—'വേദങ്ങളും പഠിച്ചു നിയമങ്ങളും അവസാനിച്ചു യുവാവായ ഈ കുമാരൻ കാമവും രാഗവുമിയന്ന ഈ കന്യകമാരെ പാണിഗ്രഹണം ചെയ്യട്ടെ.'

Digitized By Kerala Sahitya Akademi

ലോമശൻ ചൊന്നതിനാൽ അച്ഛൻ അവശ്യപ്പെട്ടതുകൊണ്ട് ആ ധർമ്മിഷ്ഠനായ ബ്രഹ്മചാരി അപ്പോൾത്തന്നെ വിവാഹം ചെയ്തു—ശോഭനങ്ങളായ ദ്രവ്യങ്ങൾകൊണ്ടും മന്ത്രങ്ങൾകൊണ്ടും ഋഷിമാരാൽ മംഗളം ചെയ്യപ്പെട്ട്, കന്യകമാരഞ്ചുപേരെയും ധർമ്മത്തിനൊത്തു പാണിഗ്രഹണം ചെയ്തു. അവരെല്ലാവരും മനോഹരം നിറവേറിയതിനാൽ അത്യന്തം സന്തോഷിച്ചു. ലോമശമുനീന്ദ്രൻ വിടനൽകി അവരാൽ വന്ദിക്കപ്പെട്ട്, തന്റെ ആശ്രമത്തിലേയ്ക്ക്—സുരസേവിതമായ സുമേരു പർവ്വതത്തിലേയ്ക്ക്—തിരിച്ചു. വേനിധി മകനേയും അഞ്ചു സ്ത്രീകളേയും മുൻനടത്തി, സന്തോഷത്തോടെ കുബേരപുരിയിലേയ്ക്കും ഗമിച്ചു.

മഹാരാജാവേ, ഇപ്രകാരം മുനിവരോപദേശത്താൽ തീർത്ഥപ്രധാനമായ പ്രയാഗത്തിൽ മാഘസ്നാനം ചെയ്തതിനാലുള്ള പുണ്യംമൂലം ഗന്ധർവ്വകന്യകമാരഞ്ചുപേരും ചിരക്കുന്ന കല്മഷമെല്ലാമൊഴിഞ്ഞു, മനോരഥം നേടി, പരമാനന്ദമനുഭവിച്ചു. പാപനാശനമായി തീർത്ഥംപോലെ പാവനമായ ഈ ഇതിഹാസം പതിവായി ഭക്തിയോടെ ശ്രവിക്കുന്നവൻ സർവ്വകാമസമൃദ്ധനായിത്തീരും; ദുഷ്പ്രാപമായ ദേവലോകത്തെ ധർമ്മത്താൽ കീഴടക്കുകയും ചെയ്യും! *. ”

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, മാഘമാഹാത്മ്യപ്രകരണം,
ദിലീപയസിക്കുസംവാദം, പിശാചമോക്ഷണോപാഖ്യാനം
ഇരുന്നൂറാമദ്ധ്യായം.

ഇരുന്നൂറാമദ്ധ്യായം

ശൌനകൻ:—“സൂത, മഹാഭാഗനായ സൂത, ധന്യനാണവാൻ; സംസാരസാഗരത്തിൽ നിമഗ്നരായ ഞങ്ങളെ ഭവാൻ ഇപ്പോൾ സേവിപ്പിക്കുന്നുണ്ടല്ലോ! സത്തമ, സംസാരം കടക്കാൻ കാംക്ഷിക്കുന്ന ഞങ്ങൾക്ക ചരാചരങ്ങളെല്ലാമുൾപ്പെട്ടതും ഭവിഷ്യത്തുമായ മറ്റു ചൊല്ലിത്തന്നാലും!”

സൂതൻ:—“ശൌനക, കേട്ടുകൊള്ളുക; ദിലീപന്നു ൬൦. മഹാത്മാവുപദേശിച്ച മഹാത്ഭുതമായ മന്ത്രരത്നം ഞാൻ

* വ്യയകാ “തെ പൂജിക്കുന്നതെന്നതാണ് വിട്ടത്”.

Digitized By Kerala Sahitya Akademi

ഒരിയ്ക്കൽ മിഥിലാപുരിയിലെ ജനകനായ വസിഷ്ഠമഹർഷിയുടെ അടുക്കൽ ചെന്നു. അദ്ദേഹത്തെ നമസ്കരിച്ചു. അദ്ദേഹം തന്നെ ഉപചരിച്ചിരുത്തി. അനന്തരം ഞാൻ അദ്ദേഹത്തോടു പറഞ്ഞു: 'ഭഗവാനേ, എല്ലാ ധർമ്മങ്ങളും ഇവിടുന്നു തന്നെ കേട്ടിട്ടുണ്ടു്; വിശേഷിച്ചു്, അക്ഷയങ്കല്പാദിയായി സപ്തർഷിഗോത്രങ്ങളായിരിക്കുന്ന വർണ്ണാശ്രമനിയമങ്ങളും ബ്രഹ്മചര്യാദിനിഷ്ഠാധർമ്മങ്ങളും രാജധർമ്മങ്ങളും യജ്ഞതീർത്ഥദാനവ്രതാദികളും അങ്ങയിൽനിന്നു ഞാൻ ശ്രവിച്ചു. മുനിശ്രേഷ്ഠ, ഇനി, സനാതനമായ മുക്തിമാർഗ്ഗം പുകഞ്ഞതിനുള്ളതു പറഞ്ഞുതരുമാറാകണം. എല്ലാ മന്ത്രങ്ങളിലുംവെച്ചു്, സംസാരരോഗത്തിനു് ഒറ്റ മരുന്നായ മന്ത്രം ഏതാണു്? ആരാണു്, എല്ലാ ദേവന്മാരിലും മീതെ മോക്ഷപ്രദനായിട്ടുള്ളവൻ? ഏതുകൽപ്പനചെയ്തു്, ഈ ശരീരം ഉപേക്ഷിച്ചുതന്നാലും!'

വസിഷ്ഠൻ:—'രാജാവേ, കൊള്ളാം, സകലർക്കും നന്മ തേടുന്ന ഭവാൻ ആവശ്യപ്പെട്ടതു്! സംസാരത്തെക്കടത്തുന്ന ഏകപരമമന്ത്രം ഞാൻ പറയാം: പണ്ടു്, ബ്രഹ്മദേവനായ പുരാതനനായ നാരദമുനീന്ദ്രനോടു ചോദിച്ചു:—'ഭഗവാനേ, ഏതു മന്ത്രംകൊണ്ടു ഞങ്ങൾക്കു പരമപദം പ്രാപിക്കാം? അതു പറഞ്ഞുതരാൻ ഇവിടെയുള്ള ദേവയുണ്ടാകണം!'

നാരദൻ:—'പണ്ടു് ഏകനായ വിധാതാവിനോടു സനകാദിയോഗികളും വിജനത്തിൽവെച്ചു സുദുർല്ലഭമായ മോക്ഷമാർഗ്ഗം ചോദിക്കയുണ്ടായി.'

ബ്രഹ്മാവു്:—'കൊള്ളാം. യോഗികളെല്ലാവരും ഉൽകൃഷ്ടമായ മുക്തിമാർഗ്ഗം കേട്ടുകൊള്ളുവിൻ; ഈ അത്യുത്തമരഹസ്യം ഞാൻ പറയാം. തപോധനന്മാരേ, ഇതു ദേവന്മാരിലോ ഋഷിമാരിലോ ആരും അറിഞ്ഞുകൂടാ; സൃഷ്ടിപ്രാരംഭത്തിൽ, അവ്യയനായ നാരായണൻതിരുവടി എനിക്കുപദേശിച്ചുതന്നതാണു്. ഞാൻ നിന്തിരുവടിയെയും ഈശ്വരിയായ ദേവിയേയും വഴിപോലെ ആരാധിച്ചു; അതിൽ തിരുവുള്ളം തെളിഞ്ഞ ഭഗവാൻ എനിക്കു പ്രജാപതിത്വവും സർവ്വലോകങ്ങളും പരമാത്മപ്രാപകങ്ങളായ മോക്ഷമന്ത്രങ്ങളും കല്പിച്ചുതന്നു. പിന്നീടു ഞാൻ ആ പുരാണപുരുഷോത്തമനോടുപേക്ഷിച്ചു:—'ഭഗവൻ, ഏതൊരു മന്ത്രംകൊണ്ടു മനുഷ്യർക്കു സംസാരം കടക്കാം? സർവ്വലോകഹിതത്തിന്നായി ഇതെനിക്കു പറഞ്ഞുതന്നാലും. എല്ലാ മന്ത്രങ്ങളിലുംവെച്ചു് ഏതു മന്ത്രമാണു്, പുരുഷായുസ്സം ക്ലേശത്തെ ഒരിക്കലുച്ചരിച്ചാൽ മനുഷ്യർക്കു പദം നൽകുക?'

ഭഗവാൻ:—'മഹാഭാഗ, സർവ്വർക്കും നന്മ തേടുന്ന ഭവാൻ കൊള്ളാം. മനുഷ്യർക്കു് എങ്കലണയാനുതകുന്ന രഹസ്യം

Digitized By Kerala Sahitya Akademi

ഞാൻ പറഞ്ഞുതരാം. എല്ലാ മന്ത്രങ്ങളിലും വെച്ചു മംഗളകരമാകുന്ന മന്ത്രം; അതുകൊണ്ടു സ്മരിച്ചുകഴിഞ്ഞാലുടനെ പരമപദം കിട്ടും. മന്ത്രം ശത്രുക്കൾ നശിപ്പിക്കരുതു; ലക്ഷ്മീനാരായണൻ മന്ത്രം സർവ്വഫലങ്ങളെയും നൽകും; മന്ത്രത്തെ എന്നപോലെ പതിവ്രതയുടെ മുമ്പിൽ ഞാൻ പ്രസാദിക്കുമോ കലിയനോ തപസ്വിയെയോ വേദപാരഗനായ ബ്രാഹ്മണനെയോ ക്ഷത്രിയനെയോ എല്ലാ തീർത്ഥങ്ങളുമാടിയവനെയോ വ്രതിയെയോ സത്യവാദിയെയോ സന്യാസിയെയോ ജ്ഞാനിയെയോ ഈ മന്ത്രത്തിനധികാരിയാകില്ല; എങ്കിൽ ഭക്തിയുണ്ടെങ്കിൽ, ബ്രാഹ്മണക്ഷത്രിയ വൈശ്യന്മാരും സ്ത്രീകളും മറ്റെല്ലാവരും അധികാരികളാവും. ശരണംപ്രാപിച്ചവർക്കും അനന്യസേവികർക്കും അനന്യസാധകർക്കുമേ മന്ത്രതന്ത്രം ഉപദേശിക്കാവൂ; അഭീക്ഷിതനും അഭക്തനും മോഹിക്കുന്നവനും നാസ്തികനും കൃതഘ്നനും അശുദ്ധനും അസൂയാലുവും കള്ളനും കൊല്ലും ക്രൂരപ്രവൃത്തിയുള്ളവനും പറഞ്ഞുകൊടുക്കരുതു്. കാമക്രോധമദമോഹങ്ങളില്ലാത്തവനും എന്നെ ശരിക്കു ഭക്തിയോഗത്താൽ ഭജിക്കുന്നവനും മഹത്തായ മന്ത്രതന്ത്രം ഉപദേശിക്കാം; അതിനു ദേശകാലാദിനിയമവും ശത്രുമിത്രാദിപരീക്ഷണവും ന്യാസമുദ്രാദികളും പുരശ്ചരണമാദി വേണം: ശരീരം എന്നെന്നും ചക്രത്താൽ അടയാളപ്പെടുത്തുക, എന്നെ സംബന്ധിച്ചവരെ പൂജിക്കുക, കർമ്മങ്ങളെ എങ്കൽ സമർപ്പിക്കുക, എന്നെ മാത്രം ആശ്രയിക്കുക, മികച്ച വിശ്വാസത്തോടെ എല്ലാ ഫലങ്ങളും എങ്കൽ സമർപ്പിക്കുക, അന്യസാധനയത്നം വെടിയുക, തനിക്കായി ഒന്നും കരുതാതിരിക്കുക, അന്വേഷണവേളയിൽ സംഭാഷണവന്ദനാദികൾ വർജ്ജിക്കുക, മറ്റു ദേവകളെ സ്മരിക്കയോ ആരാധിക്കയോ ചെയ്യാതിരിക്കുക മുതലായവയത്രെ * പ്രപന്നന്മാർക്കുള്ള നിയമങ്ങൾ; ഈ വക ഗുണങ്ങളുള്ളവനു വേണം മന്ത്രമുപദേശിക്കുക. ഇതിനു്, നാരായണനായ ഞാൻ—സനാതനനായ വിഷ്ണു—തന്നെ ഋഷി; ദേവതയും ലക്ഷ്മീസമേതനായ ഞാൻ തന്നെ—സർവലോകേശ്വരനായി ശ്രീമാനായി സുശീലനായി സുഗ്രീവനായി സർവജ്ഞനായി സർവശക്തനായി സർവ്വൈശ്വര്യപൂർണ്ണമഹാരഥനായി സർവ്വവ്യാപിയായി സർവ്വബന്ധുവായി വാത്സല്യകുലാകുലതാബുദ്ധിയായിരിക്കുന്ന നാരായണൻതിരുവടിതന്നെ; ഇരുപത്തിനാലക്ഷരമുള്ള ഗായത്രിമന്ത്രത്തെ ഛന്ദസ്സു്. മഹാഗാമിനിയായ ദേവിയോടൊപ്പം, ശംഖചക്രഗദാപദ്മപാണിയായി ദിവ്യരൂപനായി ജഗന്മോഹനായിരിക്കുന്ന എന്നെ ധ്യാനിക്കണം; ശുചിയായി ശ്രീഹസ്താന്തിപുരത്തു്, ഈശാനഭാഗത്തിലിരിക്കുന്ന ലക്ഷ്മിയോടൊപ്പമെ പൂജിക്കുകയും വേണം. പിതാമഹ, ഈ മന്ത്രതന്ത്രം ജപിച്ചു്, ഗന്ധപു

* മന്ത്രോപദേശം വേണ്ടാത്ത ഭക്തനെ സൂചിപ്പിക്കുന്നു

Digitized By Kerala Sahitya Akademi

ഷ്ഠനെപ്പോലുള്ളവർക്കുകൂടി ഒരിക്കൽ പൂജിച്ചാൽത്തന്നെ എനിക്കു പ്രീതി വരും.'

ബ്രഹ്മാവ്:—ഈ ഉൽകൃഷ്ടമായ രഹസ്യം സ്വാമി ശരിക്കരുളിച്ചെയ്തു; മനുഷ്യർക്കു സർവസിദ്ധികളേയും നൽകുന്ന മന്ത്രരത്നത്തിന്റെ പ്രഭാവവും അരുളിച്ചെയ്തു. ലോകങ്ങൾക്കെല്ലാം നിന്നിരുവടിയാണു് അച്ഛനും അമ്മയും ഗുരുവും സ്വാമിയും സഖാവും സുഹൃത്തും ഭ്രാതാവും ഗതിയും ശരണവും; ദേവേശ, ഞാനൊ, ഇവിടത്തെ ദാസനും ശിഷ്യനും സ്നേഹിതനുമാകുന്നു! അതിനാൽ, കരുണാസിന്ധോ, ഈ നിങ്ങൾ ഉത്തമമായ ഐക്യം കൈവരുത്തിയാലും. സർവജ്ഞ, ഇനി, മന്ത്രരത്നത്തിന്റെ ദീക്ഷാവിധി ലോകഹിതത്തിന്നായി ശരിക്കരുളിച്ചെയ്യുക.'

ഭഗവാൻ:— വത്സ, ശ്രേഷ്ഠമായ ദീക്ഷാവിധിയും കേട്ടുകൊള്ളുക: ഒന്നാമതായി, എന്നെ സേവിപ്പാൻ ആചാര്യനെ ആശ്രയിക്കണം. ഭേദസന്ധനും വിഷ്ണുദ്വേഷിയും രാഗക്രോധലോഭമത്സരരഹിതനും മന്ത്രജ്ഞനും മന്ത്രവിശ്വാസിയും സദാ മന്ത്രത്തെ ആശ്രയിച്ചവനും വിശുദ്ധനും സൽസംപ്രദായസംയുക്തനും ബ്രഹ്മവിദ്യാകുശലനും അനന്യസാധകനും അനന്യയോജകനും സദ്വൃത്തിപരനും മുമുക്ഷുവും തത്വജ്ഞനുമായ ബ്രാഹ്മണനായിരിക്കണം ആചാര്യൻ. ആചാരങ്ങളെ ശീലിപ്പിക്കുന്നവനത്രെ ആചാര്യൻ. ആചാര്യനുദ്ദിശ്യനും സദ്വൃത്തി ശീലിക്കുന്നവനും അതിൽ സ്ഥിരചിത്തനും യാവനൊരുത്തനാ, അവനാണ് ശിഷ്യൻ എന്നു സത്തുക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. ഈവക ഗുണലക്ഷണങ്ങളും തികഞ്ഞ ശിഷ്യനെ ശ്രേഷ്ഠമായ മന്ത്രരത്നം ശരിക്കു പഠിപ്പിക്കണം. ശ്രവണപ്രോദ്ഗ്രഹിയിലോ, മറ്റു വൈഷ്ണവദിനത്തിലോ, നല്ല ആചാര്യനെ കണ്ടെത്തുന്ന അവസരത്തിലോ ദീക്ഷകൊള്ളാം. സ്വർണ്ണംകൊണ്ടോ വെള്ളികൊണ്ടോ ചെമ്പുകൊണ്ടോ ഓട്ടുകൊണ്ടോ സുദർശനവും പാഞ്ചജന്യവുമുണ്ടാക്കിച്ചു്, ഗുരുപ്പൊയ്മതങ്ങളം കൊണ്ടഭിഷേചിച്ചു്, എന്റെ മുമ്പിൽവച്ചു്, മന്ത്രംചൊല്ലി ഗന്ധപുഷ്പാദികൾകൊണ്ടു പൂജിക്കുക. ഗുഹ്യോക്തവിധിപ്രകാരം അഗ്നിയെ സ്ഥാപിച്ചു്, ആചാര്യോത്തമൻ മന്ത്രരത്നമോ മറ്റു വൈഷ്ണവമന്ത്രങ്ങളോ ജപിച്ചു്, അയ്യിരത്തെട്ടോ നൂറൊട്ടോ ഉരു ഘൃതഹോമം ചെയ്യണം; പുരുഷസൂക്താദി മന്ത്രങ്ങളാൽ നൈപ്പായസം ഹോമിക്കണം. എന്നിട്ടു്, ചക്രവും ശംഖും ആ അഗ്നിയിലിട്ടു ഷഡക്ഷരമന്ത്രത്താൽ ഇരുപത്തെട്ടു നെയ്യു് ഹോമിക്കണം. അതിനുശേഷം, ചുട്ടുപഴുത്ത ചക്രവും ശംഖുമെടുത്തു്, ആചാര്യൻ മന്ത്രം ജപിച്ചുകൊണ്ടു ശിഷ്യന്റെ വലമിടം

Digitized By Kerala Sahitya Akademi

കൈകളിൽ പതിക്കണം. പിന്നീട് ബാക്കി ഹോമവും കഴിച്ച് വീണ്ടും പൂജിക്കണം. പിന്നെ, പവിത്രജലം നിറച്ച കലശമെടുത്ത്, മന്ത്രം മൊല്ലിശിഷ്യന്റെ ശിരസ്സിലാടണം. തദനന്തരം വെള്ളവസ്ത്രമുടുത്ത് ആചമിച്ച് ഊർദ്ധ്വപുണ്ഡ്രം ധരിച്ച വിനീതനായ ശിഷ്യനെ ഗുരു മന്ത്രം പഠിപ്പിക്കണം; മന്ത്രത്തിന്റെ അർത്ഥവും വിശേഷിച്ച് വൃത്തിയും പറഞ്ഞുകൊടുക്കണം. മന്ത്രം വാങ്ങിയ ശിഷ്യൻ ഗുരുവിനെ ആഭരണാദികൾകൊണ്ട് പൂജിക്കണം. സുരശ്രേഷ്ഠ, ഇതിൻറണ്ണം വൈഷ്ണവന്മാരുടെ നിത്യം മന്ത്രം പഠിക്കുന്നവൻ തീർച്ചയായും വൈഷ്ണവപദം പ്രാപിക്കും.'

ഈ വിധം കഥിച്ച് പിതാവായ നാരായണൻതിരുവടി വിധാതാവിനെ താൻതന്നെ തന്റെ ചക്രംകൊണ്ടുടയാളപ്പെടുത്തി മന്ത്രം പഠിപ്പിച്ചു; മാമുനിമാരെ, സർവ്വലോകേശനായ ബ്രഹ്മദേവൻ—എന്റെ അച്ഛൻ—എനിക്കും വഴിപോലെ മന്ത്രമുപദേശിച്ചുതന്നു. നിങ്ങളും സുദർശനചിഹ്നം ധരിച്ച്, നാരായണപദദ്വന്ദ്വത്തെ ശരണം പ്രാപിച്ചുകൊൾവിൻ.'

ഇങ്ങനെ ദേവർഷിയായ നാരദൻ പാകയാൽ മുനിമാരെല്ലാവരും ദ്വയം (ലക്ഷ്മീനാരായണമന്ത്രം) ശീലിച്ച് വിഷ്ണുവിന്റെ പരമപദമണഞ്ഞു. രാജാവേ, ഭവാനും, വിഷ്ണുസായുജ്യം വേണമെന്നുണ്ടെങ്കിൽ, ദീക്ഷാവിധിയനുഷ്ഠിച്ച് സുദർശനം ധരിച്ച്, ആ നാരായണപദദ്വന്ദ്വത്തെത്തന്നെ ശരണംപ്രാപിച്ചുകൊള്ളുക. ത്രിമൂർത്തികളിൽ ശ്രേഷ്ഠനായ സാക്ഷാൽ ബ്രഹ്മാവ് എനിക്കും നാരദനും മന്ത്രരത്നമുപദേശിച്ചുതന്നു; നൈമിശാരണ്യവാസികളായ ശൌനകാദി മഹർഷിമാർക്ക് നാരദൻ പറഞ്ഞുകൊടുത്തു. ഈ തുലോം രഹസ്യമാണ്; മഹർഷിമാർക്കോ ദേവസിദ്ധസാധ്യർക്കോ അസുരർക്കോ അറിഞ്ഞുകൂടാ. ഞാൻ ശക്തിപുത്രനായ പരാശരനുപദേശിച്ചു. ഇത്രയും രഹസ്യമായ ഈ ലക്ഷ്മീനാരായണദ്വയം ഞാൻ അങ്ങയ്ക്കും പറഞ്ഞുതന്നു. ദ്വയത്തെക്കാളും മീതെ ഒരു മന്ത്രമില്ല; പരമാർത്ഥമാണിത്. ദ്വയത്തെക്കാളും മീതെ ഒരു ധർമ്മം ഏതു ലോകത്തുമില്ല; എന്തെന്നാൽ പരമാർത്ഥമാണിത് —പണ്ടു പിതാമഹൻ അരുളിച്ചെയ്തതാണ്! നാരായണനെക്കാളും മനുഷ്യർക്ക് മുക്തിപ്രദനായ ഒരു ദേവനില്ല; അതിനുവേണ്ടി ഒരു ദേവിച്ചാൽത്തന്നെ, സർവ്വധർമ്മങ്ങളെയും ഛേദിക്കുന്ന മോക്ഷമാണ്!"

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ദിലീപവസിഷ്ഠസംവാദം,
മന്ത്രരത്നദീക്ഷാവിധികഥനം, ഇരുനൂറാമദ്ധ്യായമെന്നാനമേധ്യേയം.

—(o)—

Digitized By Kerala Sahitya Akademi

ഇരുന്നൂറാമ്പത്തിരണ്ടാമദ്ധ്യായം

ദിലീപൻ:—'ഭഗവൻ, ഫലിതകേതിയാകുന്ന അമൃതനിറഞ്ഞ ഭവദ്വചനം കേട്ടിട്ട് എനിക്ക് മതിവരുന്നില്ല! ഭയങ്കരമായ സംസാരകാനനത്തിൽ താപത്രയമാകുന്ന പെരുംചൊന്തീജ്വാലകളാൽ ചുട്ടെരിഞ്ഞ മനുഷ്യർക്ക് വിഷ്ണുഭക്തിയാകുന്ന പീയൂഷക്കടലല്ലാതെ മറൊന്നുള്ള ശരണം! മഹർഷേ, ഇനി, മുനിമാർ പരമാത്മാവിനെ പതിവായി സേവിയ്ക്കുന്നതെങ്ങിനെയെല്ലാമാണെന്ന് വിസ്തരിച്ചു പറഞ്ഞാലും'

വസിഷ്ഠൻ:—'മഹാരാജാവേ, കൊള്ളാം: മനുഷ്യർക്ക് സംസാരം കടപ്പാനുതകുന്നതാണ് ഭവാൻ ചോദിച്ചത്. പരമശിവനായ പരമാത്മനാരദനെപ്പോലുള്ള മുനിമാർ നിത്യസുഖപ്രദമാണല്ലൊ. ഈ വിഷയംതന്നെ, പണ്ടു കൈലാസശിഖരത്തിൽവെച്ചു പാർവ്വതീദേവി ലോകപൂജിതനായ ശിവനോട് ചോദിക്കയുണ്ടായി: 'ദേവദേവ, മഹാദേവ, ത്രിപുരാന്തക, സുരേശ്വര, സർവ്വജഗതിനാകുന്ന വിഷ്ണുഭജനം എനിക്ക് പറഞ്ഞുതരിക: സേവനപ്രകാരങ്ങളും മന്ത്രങ്ങളും പൂജാവിധികളും വിഷ്ണുവിന്റെ സത്രുവും വിത്തിന്റെണ്ണാദികളും ഭഗവാൻ സൃഷ്ടിസ്ഥിതിസംഹാരങ്ങളും നടത്തുന്ന ലോകസത്രുവും എന്നെന്നത്തേക്കുമായി ദേവലിപ്പാനുള്ള പ്രാധാന്യവും എങ്കൽ പ്രസാദിച്ചു നിന്നരുളിച്ചെയ്യണം. എന്തൊരു കർമ്മത്താലും സാധനത്താലുമാണ്, വിഷ്ണുസൗഖ്യമായ പദവി മനുഷ്യർക്ക് പരമപദം കിട്ടുക? ഇങ്ങനെ മുഗ്ദ്ധരാതകർ തിരുവടി പ്രത്യേകം പ്രസാദിച്ചു വാസുദേവനെ വണങ്ങിയുണർച്ചെയ്തു:—'മഹാദേവി, നല്ലത്; സർവ്വലോകഹിതത്തെയുദ്ദേശിച്ചു നീ, നല്ലത്; എന്നോട് ഉൽകൃഷ്ടമായ വിഷ്ണുമാഹാത്മ്യമാണല്ലൊ ദേവി ചോദിക്കുന്നത്! പാർവ്വതി, ധന്യയും പുണ്യവതിയും വിഷ്ണുഭക്തയുമാണ് ദേവി; ഭവതിക്ക് മംഗളം! ഭവതിയുടെ ശ്രീചരണപദ്മങ്ങളെ എന്നെ സന്തോഷിപ്പിച്ചിരിക്കുന്നു. ഗിരികന്യകേ, നിനക്കു ഞാൻ ഭഗവൽഭജനവും മന്ത്രവിധിയും ശാർങ്ഗപാണിയുടെ സത്രുവും ഞാൻ പറ

(ശ്ലോകങ്ങൾ)

തത്തദ നാരായണൻ വിഷ്ണു സുരേശൻ നാരസിംഹൻ
പരമാത്മാവു പരബ്രഹ്മം പരധാമം പവിത്രപരൻ
അച്യുതൻ പുരുഷൻ കൃഷ്ണൻ ശാശ്വതൻ ശിവനീശ്വരൻ
നിത്യൻ സർവ്വഗതൻ സ്ഥാണു രുദ്രൻ സാക്ഷി പ്രജാപതി

Digitized By Kerala Sahitya Akademi

യജ്ഞം യജ്ഞേശ്വരൻ സാക്ഷാൽ ബ്രഹ്മന്നിന്നമധീശ്വരൻ
ഹിരണ്യഗർഭൻ സവിതാ ലോകകൃല്ലോകഭാവിത
അകാരവാച്യൻ ഭഗവാൻ ശ്രീമാൻ ലീലാവതിപ്രിയ
വിരാട്പുമാൻ ഭുജിഷ്യൻമതല്പത്തിനീശ്വരൻ
സഹസ്രശീർഷ്ചരണൻ സഹസ്രാക്ഷൻ ജഗന്മയൻ
മന്നെല്ലാം മൂടിയീരഞ്ചുവിരൽക്കുപരി നിന്നവൻ
അനന്തൻ ശ്രീവരൻ രാമൻ സങ്കർഷണൻ നിർഗുണൻ മഹാൻ
സർവ്വലോകേശ്വരൻ ശ്രീമാൻ സർവ്വജ്ഞൻ സർവ്വതോമുഖൻ.

അതുകൊണ്ടും ലോകപ്രധാനനായി ജഗദീശനായിരിക്കുന്ന വാസുദേവന്റെ മാഹാത്മ്യം ഞാൻ കഴിവുള്ളവിധം പറയുന്നു എന്നേ ഉള്ളൂ; പറഞ്ഞുതീർക്കുക എനിക്കോ ബ്രഹ്മാവിനോ ദേവകളിലാർക്കെങ്കിലുമോ സാധ്യമല്ല. എല്ലാ ഉപനിഷത്തുക്കളുടെയും സാരമാണതെന്നതു വേദാന്തത്തിൽ തീരുമാനിച്ചിരിക്കുന്നു! സജ്ജനപ്രകാരങ്ങൾ വെച്ചുകൊണ്ടുകൊള്ളുക; ഭഗവാന്റെ ശംഖചക്രചിഹ്നം ധരിക്കുക, ഊർദ്ധ്വപുണ്ഡ്രം ധരിക്കുക, തിരുമന്ത്രങ്ങൾ പഠിക്കുക, പൂജ, ജപം, ധ്യാനം, തിരുനാമസ്മരണം, കീർത്തനം, ശ്രവണം, വന്ദനം, പാദസേവനം, ഇപ്രകാരജന്മം സേവിക്കുക, തിരുനൈവേദ്യം ഭക്ഷിക്കുക, തീർത്ഥം ഭജിക്കുക, ഏകാദശി നോൽക്കുക, തുളസി നട്ടുവളർത്തുക, ഇങ്ങനെ പതിനാറു പ്രകാരത്തിലധികം, സംസാരസാഗരത്തിന്നായി ഭഗവാനെ ഭജിക്കുക. എപ്പോ ദേവന്മാർക്കും എന്നിങ്ങനെയും സദാ പൂജനീയനാകുന്ന പുരുഷോത്തമൻ; ബ്രാഹ്മണർക്കു വിശേഷിച്ചും. അതിനാൽ ബ്രാഹ്മണൻ നാരംതോറും നാരായണനെ ശരിക്കു പൂജിച്ചുകൊള്ളണം.

വിഷ്ണുചിഹ്നങ്ങളും ധരിച്ചവൻ തീർത്ഥയും തൽപദമണയും. ബ്രാഹ്മണൻ സ്വപാപപരിഹാരത്തിന്നായി, ഹോമിക്കപ്പെട്ട അഗ്നിയിൽ ചുട്ടുപഴുപ്പിച്ച ശംഖചക്രങ്ങൾകൊണ്ടു ബാഹുമൂലങ്ങളും അടയാളപ്പെടുത്തണം. ചക്രം മാത്രമോ ശംഖും ചക്രവുമോ ആയുധത്തിന്റെ പ്രമാണവിധി ധരിച്ചിട്ടു വേണം ബ്രാഹ്മണർക്കും ഭവിപ്പാൻ. അഗ്നിയിൽച്ചുട്ടുപഴുപ്പിച്ച ചക്രം ഭുജമൂലങ്ങളിൽ ധരിച്ചുവാൻ ഭയങ്കരമായ പുരം പൂകാതെ വിഷ്ണുവിന്റെ പരമപദം പ്രാപിക്കും. ശംഖചിഹ്നം ധരിക്കാതെ വിഷ്ണുവിനെ പൂജിച്ചാൽ, പൂജയും മന്ത്രജപവും മറ്റും നിഷ്ഫലമാകയേ ഉള്ളൂ; അഗ്നിയിൽച്ചുട്ടുപഴുപ്പിച്ച ചക്രത്താൽ ബാഹുമൂലങ്ങൾ അടയാളപ്പെടുത്തിയിട്ടു മന്ത്രം ജപി

Digitized By Kerala Sahitya Akademi

ക്കുന്ന ബ്രാഹ്മണനാണ്, സംസാരത്തിൽനിന്നു മുക്തനാകും. യഥാവിധി തീയിൽപ്പൊട്ടുപഴുപ്പിച്ച സുദർശനം ധരിച്ച ദ്വിജോത്തമനത്രേ പ ഞ്ചകമ്മങ്ങൾക്കർഹൻ. വിഷ്ണുചക്രം ധരിക്കാത്തവനെ ശ്രാദ്ധത്തിലൂടിയാൽ, ശ്രാദ്ധമൊക്കെപ്പാഴാകും; പിതൃക്കൾ നിരാശരായി മടങ്ങും. വിഷ്ണുചക്രാങ്കിതനായ ബ്രാഹ്മണനെ വേണം ശ്രാദ്ധത്തിലൂട്ടുക; വിഷ്ണുചക്രവിഹീനനെ സർവ്വഥാ വർജ്ജിക്കണം. ചക്രാങ്കിതട്ടജനു വേണ്ടി ഗോഭൂമിസുവർണ്ണാദികം നൽകുക; ചക്രരഹിതനു നൽകപ്പെട്ടതെല്ലാം അസുരന്നത്രേ! തീയിൽപ്പഴുപ്പിച്ച ചക്രംകൊണ്ടു ബാഹുമൂലം അടയാളപ്പെടുത്തിയവർ യാവദ്ധിചന്ദ്രാർക്കം, അവരെല്ലാം പാപം വേർപെട്ട വിഷ്ണുവിൻറെ പരമപദം പ്രാപിക്കും. ഫോമിക്കപ്പെട്ട അഗ്നിയിൽപ്പഴുപ്പിച്ച ചക്രംകൊണ്ട് അടയാളപ്പെടുത്തിയ ശരീരത്തിൽ യജ്ഞങ്ങളും തീർത്ഥങ്ങളും കുടികൊള്ളുന്നു; സംശയമില്ല! യഥാവിധി ചക്രം ധരിക്കാത്തതുകൊണ്ട് ബ്രാഹ്മണൻ പ്രകൃത്യാ ശൂദ്രനായിപ്പോകും; അയാൾ യാഗം ചെയ്യുന്നവനായാലും അവൻറെ അന്നം ഭക്ഷിച്ചുകൂടാ! സർവ്വവേദങ്ങളിലും സർവ്വശാസ്ത്രങ്ങളിലും പാണ്ഡിത്യമുള്ളവനായാലും, യഥാവിധി ചക്രം ധരിക്കാത്തതുകൊണ്ട് ബ്രാഹ്മണൻ ഭ്രഷ്ടനായിപ്പോകും. ഊർദ്ധ്വപുണ്ഡ്രവും ശംഖചക്രങ്ങളും ധരിക്കാത്തവനെ കഴുതപ്പുറത്തു കേറി നഗരത്തിൽനിന്നു പുറത്തു തള്ളണം! ദേവി, പ്രകൃതിസ്പർശമില്ലാത്തവനാണല്ലോ വാസുദേവനായ ജനാർദ്ദനൻ; അതുപോലെതന്നെയാണ്, വിഷ്ണുചക്രലാഞ്ഛിതനായ ബ്രാഹ്മണനും. അതിനാൽ പ്രകൃതിസ്പർശപാപഭയത്തിന്നായി, ചുട്ടുപഴുപ്പിച്ച വിഷ്ണുശംഖചക്രങ്ങൾകൊണ്ടു ബാഹുമൂലം രണ്ടും അടയാളപ്പെടുത്തണം. സ്ത്രീകളും ശൂദ്രരും ചക്രം സുഗന്ധിചന്ദനംകൊണ്ടു ബാഹുമൂലത്തിൽ വരച്ചാൽ മതി; ബ്രാഹ്മണനു ചുട്ടുപഴുപ്പിച്ചുതന്നെ. ചുട്ടുപഴുപ്പിച്ചുതന്നെകൊണ്ടുതന്നെ വേണം ബ്രാഹ്മണനടയാളപ്പെടുത്തൽ; എന്നേ അതുകൊണ്ടു സമ്പൂർണ്ണകർമ്മങ്ങൾക്കും മന്ത്രങ്ങൾക്കും സിദ്ധി വരൂ. വിഷ്ണുപൂജാധികാരവും വൈഷ്ണവത്വവും ജ്ഞാനവും കൈവരുവാൻ ചക്രം യഥാവിധി ധരിക്കുകതന്നെ വേണം. ശരിക്കു ഹോമംചെയ്തു ചുട്ടുപഴുപ്പിച്ച ശംഖചക്രങ്ങൾകൊണ്ടല്ലാതെ, വിഷ്ണുവിഗ്രഹങ്ങൾകൊണ്ടല്ലാതെ, ബ്രാഹ്മണൻ ശരീരം പൊള്ളിക്കരുതു്; വിഷ്ണുവിഗ്രഹങ്ങളിൽത്തന്നെ ശംഖചക്രഗദാപദ്മശാർങ്ഗങ്ങൾകൊണ്ടല്ലാതെ മറ്റാരായുധംകൊണ്ടും ദേഹം പൊള്ളിച്ചുകൂടാ. മറ്റു വല്ലതുകൊണ്ടും പൊള്ളിച്ചവർ കർമ്മത്തിന്നനർഹനായിപ്പോകും. ചക്രം ധരിക്കാത്ത ബ്രാഹ്മണനെ ദൂരെ വർജ്ജിക്കണം; ആ വൈഷ്ണവബ്രാഹ്മണനെ, ശവപചനെ എന്നപോലെ നോക്കുകയേ

Digitized By Kerala Sahitya Akademi

ചെയ്യരുത്! വൈഷ്ണവൻ ജാതിയിൽനിന്നു പുറത്തായാൽക്കൂടി, മുന്നു ലോകത്തെയും ശുദ്ധിപ്പെടുത്തുന്നു. സുഖി, അതിനാൽ ബ്രാഹ്മണർ ചക്രം യഥാവിധി ധരിച്ചുകൊള്ളണം. *.....വിഷ്ണുചക്രാങ്കിതന്മാർ അപ്രാകൃതരും മഹാത്മാക്കളുമത്രേ.*..... .....ഏതൊരുത്തനിലാണ്ടലും, ബ്രാഹ്മണൻ യഥാവിധി വിഷ്ണുചക്രം ധരിക്കണമെന്നു വേദത്തിൽ വിധിച്ചിട്ടുണ്ട്. വലത്തേക്കയ്യിന്മേൽ സുദർശനവും ഇടത്തേതിന്മേൽ പാഞ്ചജന്യവും ധരിക്കുക എന്നാണ് ബ്രഹ്മജ്ഞന്മാർ പറഞ്ഞിട്ടുള്ളത്. ചക്രാങ്കിധാരണം മഹോപനിഷത്തിലും അഗ്നിരഹസ്യത്തിലും ഋഷിമാരാൽ കഥിക്കപ്പെട്ടിട്ടുണ്ട്:

'ഞാപ്പെടുന്നു തദാമോ അശ്നുതേ ശ്രുത്വാ ഇദഹന്തസ്യ സമാശത' എന്ന് അഥർവ്വാംബരോപനിഷത്തിൽ.

'ചരണം പവിത്രം വിതതം പുരാണം വാങ്മയം ശുഭം
തേന ചക്രേണ സംതപ്താസ്തരേയുഃ പാതകാംബുധിം.
പവിത്രം വിഷ്ണുചക്രം തജ്ജഗദ്ധ്യാപ്യം ഹരേസ്സദാ
തേന തപ്താനനയ്യേഷാം തേ യാന്തി പരമം പദം.
പവിത്രം ചരണം നേമിർഹരേശ്ചക്രം സുദർശനം
സഹസ്രാരം പ്രാകൃതഘ്നം ലോകരക്ഷാരം മഹൌജസം
നാമാനി വിഷ്ണുചക്രസ്യ പഠ്യായേന നിബോധമേ.
ശുഭേന വഹ്നിതപ്തേന തേന ബ്രഹ്മ പുനീഹി നഃ
യേന ദേവാഃ പവിത്രേണ ആത്മാനം പുനതേ സദാ
തേന സഹസ്രധാരേണ പാവമാന്യഃ പുനന്തു മാം
പ്രാജാപത്യം പവിത്രം തച്ഛതോദ്യാമം ഹിരണ്മയം
വയം ബ്രഹ്മവിദസ്യേന പൂതം ബ്രഹ്മ പുനീമഹേ.
സ നേമിചക്രം സതതം ചാക്ഷരസ്യ മഹാത്മനഃ
തസ്മിൻ ചക്രവ്യൂഹേ ദേവോ മഹോന്നതിപദം യയൌ.'

എന്നിങ്ങനെ ശ്രുതികളെല്ലാം ഘോഷിക്കുന്നു; ഇതിഹാസപുരാണങ്ങളിലും കാണാം. അതിനാൽ ശംഖചക്രാദ്യായുധങ്ങളും വിശേഷിച്ചും ബ്രാഹ്മണർ, അതിലും വിശേഷിച്ചു വൈഷ്ണവർ, യഥാവിധി ധരിച്ചുകൊള്ളണം. ഊർദ്ധ്വപുണ്ഡ്രവും ചക്രവും ധരിച്ച്, മന്ത്രപൂതം ജപിച്ച്, സദാ ഹൃദയസ്ഥിതനായ വിഷ്ണുവിനെ ആർ ധ്യാനിക്കുന്നുവോ, ആ വിഷ്ണുചിത്തനായ മഹാത്മാവു പരാൽപരമണയും. തുളസിമാലയും താമരക്കരുമാലയും കഴുത്തിലിട്ടവരും, ശംഖ

* പൂയരുൾക്കം.

Digitized By Kerala Sahitya Akademi

ചക്രങ്ങൾകൊണ്ടു ബാഹുമൂലങ്ങൾ അടയാളപ്പെടുത്തിയവരും, നെറ്റിത്തടത്തിൽ ഗോപിക്കുറി തൊട്ടവരും ശ്രീവൈഷ്ണവന്മാർ ലോകത്തെ രക്ഷിക്കുന്നു. ഹോമാഗ്നിയിൽ പുഴുപ്പിച്ച വിഷ്ണുചക്രംകൊണ്ടു ബാഹുമൂലം അടയാളപ്പെടുത്തിയവൻ സംസാരസമുദ്രം കടന്ന്, പരമാത്മാവായ പരമേശ്വരന്റെ മഹത്തായ പരമപദത്തിൽ ചെന്നുചേരും. ഭാര്യ, മക്കൾ, ഭൃത്യർ, നാൽക്കാലികൾ എന്നിവരെയും തപ്തചക്രാദികൾകൊണ്ട് അടയാളപ്പെടുത്തണം. ബ്രാഹ്മണർ, ക്ഷത്രിയർ എന്നു രണ്ടുപ്രകാരത്തിലുണ്ട് വൈഷ്ണവർ; ശംഖചക്രാദികളെക്കൊണ്ടുള്ളവർ ബ്രാഹ്മണർ; വൈരാഗ്യംകൊണ്ടുള്ളവർ ക്ഷത്രിയർ. ബ്രാഹ്മണരും ക്ഷത്രിയരും തുല്യരാണെങ്കിലും, വൈഷ്ണവത്തിന്ന്. അതിനാൽ ഒന്നാമത്തെ വൈഷ്ണവർ ചക്രാദിചിഹ്നമത്രേ. ക്ഷത്രിയരാകട്ടെ, മാനരോഷങ്ങളില്ലായ്മയും സദാത്മദർശനവും സർവ്വത്തടയും ശാന്തിയും ഇന്ദ്രിയാർത്ഥങ്ങളിൽ നിസ്പൃഹതയും പുത്രകളത്രാദികളിൽ സക്തിയില്ലായ്മയും യോഗാഭ്യാസതാല്പര്യവും ഈ നാലുഭക്തിഭേദങ്ങളാൽ പരമേശ്വരനെ സേവിക്കുകയുമാകുന്നു. അല്ലെങ്കിൽ, ചക്രായുധങ്ങൾകൊണ്ടടയാളപ്പെടുത്തൽ വൈഷ്ണവമത്രെ; ചക്രാദിചിഹ്നങ്ങളില്ലാതെ വൈഷ്ണവത്വം ലഭിക്കുകയില്ല.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ദിലീപവസിഷ്ഠസംവാദത്തിന്റെയും മഹാഭാരതസംവാദം, ചക്രായുധധാരണമഹിമകഥനം ഇവയുടെയും ഇരുനൂറമ്പത്തിരണ്ടാമധ്യായം.

—— o ——

ഇരുനൂറമ്പത്തിമൂന്നാമധ്യായം

ശിവൻ.—'ശ്രുതദേവശർമ്മനേ, ഊർദ്ധ്വപുണ്ഡ്രത്തിന്റെ മാഹാത്മ്യവും പറയാം: ഗോപിക്കുറി തൊട്ടാൽത്തന്നെ ദിവ്യജ്ഞാനമുണ്ടാകുന്നതിനു സംസാരബന്ധമകലും. ഗോപിക്കുറിയുടെ വിശാലമനോഹരമായ നടുവിൽ, ലക്ഷ്മീദേവിയോടുകൂടി വാസുദേവൻതിരുവടി വാണരുളുന്നു; അതിനാൽ ഗോപിക്കുറി തൊട്ടവന്റെ നിർമ്മലശരീരം ഭഗവാന്റെ വാസസ്ഥാനമത്രെ! വെളുത്ത മണ്ണുകൊണ്ടു ഗോപിക്കുറി തൊട്ടാൽ, ആ വൈഷ്ണവൻ എല്ലാ തീർത്ഥവും കുടിക്കഴിഞ്ഞു! എല്ലാ യാഗവും ചെയ്തുകഴിഞ്ഞു! ഊർദ്ധ്വപുണ്ഡ്രം ധരിക്കുന്ന ബ്രാഹ്മണൻ സർവ്വലോകപൂജിതനായി, ശ്രേഷ്ഠവിമാനത്തിലേറി, വിഷ്ണുവിന്റെ പരമപദത്തിൽ ചെന്നുചേരും. ബ്രാഹ്മണൻ മൂന്നു സന്ധ്യകളിലും ഗോപിക്കുറി തൊടണം;

Digitized By Kerala Sahitya Akademi

ഗോപിക്കുറി തൊട്ട ബ്രാഹ്മണനെ കണ്ടാൽത്തന്നെ പാപം നീങ്ങും; നമസ്കാരംകൊണ്ടോ സംഭാഷണംകൊണ്ടോ ഫലം കിട്ടും. ഗോപിക്കുറി തൊട്ട ബ്രാഹ്മണനെ ഭക്തിപൂർവ്വം കണ്ടാൽ, പിതൃക്കൾക്ക് തീർച്ചയായും ഒരു കോടികല്പത്തെയ്ക്ക് സംതൃപ്തി വരും. ഗോപിക്കുറിതൊട്ട ശ്രോത്രിയൻ ആയിരംകോടി കല്പങ്ങളിൽ ഗയാശ്രാദ്ധഫലം അനുഭവിക്കും. സ്നാനം, ദാനം, തപസ്സ്, ജപം, ഹോമം മുതലായതു് ഊർദ്ധ്വപുണ്ഡ്രധാരിയായിരുന്നുകൊണ്ടുചെയ്യുമ്പോൾ പുണ്യത്തിനു കുറവില്ല. ഊർദ്ധ്വപുണ്ഡ്രം ധരിക്കാതെ ചെയ്യുന്ന ഇഷ്ടാപൂർത്താദികളൊക്കെ പാഴാകയേ ഉള്ളൂ. മനുഷ്യന്റെ ശരീരം, ഊർദ്ധ്വപുണ്ഡ്രമില്ലെങ്കിൽ ചുടലയ്ക്കുള്ള ദ്രവ്യമാകുന്നു; അതു കാണുകയേ അരുതു്. ഗോപിക്കുറി തൊടാതെ സന്ധ്യാവന്ദനവും മറ്റും ചെയ്താൽ അതൊക്കെ രാക്ഷസർ കൊണ്ടുപോകും; ചെയ്തവൻ നരകവും പൂകും. കരിക്കലും, ഭസ്മത്തിൽപ്പോലും, അഭിമുഖൻ വിലങ്ങത്തിൽ കുറി തൊടരുതു്. ബ്രാഹ്മണൻ ഊർദ്ധ്വപുണ്ഡ്രവും ക്ഷത്രിയൻ തിലകവും വൈശ്യൻ പോളപോലുള്ള കുറിയും ശൂദ്രൻ ത്രിപുണ്ഡ്രവും ധരിക്കുക: ഊർദ്ധ്വപുണ്ഡ്രം മണ്ണുകൊണ്ടു്; തിലകം കസ്തൂരികൊണ്ടു്; പോളക്കുറി ചന്ദനംകൊണ്ടു്; ത്രിപുണ്ഡ്രകം ഭസ്മംകൊണ്ടു്. ഊർദ്ധ്വപുണ്ഡ്രം എല്ലാവർക്കുമാകാം; ക്ഷത്രിയാദികൾക്കും, വിഷ്ണുഭക്തിയുണ്ടെങ്കിൽ, ധരിക്കാം. ബ്രാഹ്മണൻ വിലങ്ങത്തിൽ കുറി തൊടുകയും പരബ്രഹ്മമായ വിഷ്ണുവിനെയല്ലാതെ മറ്റു ദേവന്മാരേ പൂജിക്കുകയും ചെയ്യരുതു്. ദേവി, കലിദോഷം വിശാലമാണെങ്കിലും ബ്രാഹ്മണൻ ഭസ്മം തൊടുന്നതായാൽ, അയാളെ മദ്യകുംഭത്തെ എന്നപോലെ വർജ്ജിക്കണം. ശൂദ്രസ്ത്രീക്കും ശൂദ്രക്കുള്ളതുതന്നെ ത്രിപുണ്ഡ്രം; ബ്രാഹ്മണൻ ത്രിപുണ്ഡ്രം ധരിച്ചാൽ ഭ്രഷ്ടനായിപ്പോകും. * . .

വൈകുണ്ഠഹ്രദത്തിൽനിന്നു മണ്ണെടുത്തു പരമഭക്തിയോടെ ഗോപിക്കുറി തൊട്ടവനു വിഷ്ണുസാലോക്യം കിട്ടും. കൃഷ്ണതുളസിക്കടയ്ക്കൽ നിന്നു മണ്ണെടുത്തു ഗോപിക്കുറി തൊട്ടാൽ, ആ ഭക്തന്റെ ശ്രീനാരായണൻ പ്രസാദിക്കും. ദ്വാരകയിലെ പുണ്യതീർത്ഥമായ വാസുദേവഹ്രദത്തിൽനിന്നു കൊണ്ടുവന്ന മണ്ണെടുത്തു ഗോപിക്കുറിതൊടുന്ന ദ്വിജനുത്തമനു സർവ്വാഭീഷ്ടങ്ങളും കൈവരും. ഗംഗാതീരത്തിലെ മണ്ണെടുത്തു പരമഭക്തിയോടെ ഊർദ്ധ്വപുണ്ഡ്രം ധരിച്ചാൽ എല്ലാ യജ്ഞങ്ങ

* ഉത്തരഖണ്ഡം 60-ാമധ്യായവും, പാതാളഖണ്ഡം 6൯ാമധ്യായവും നോക്കുക.

Digitized By Kerala Sahitya Akademi

ളുടേയും ഫലം കിട്ടും. ചന്ദനം, മഞ്ഞൾ, ഗോമൂത്രം എന്നിവകൊണ്ടു ഗോപിക്കുറി തൊട്ടാൽ സകലരും വശപ്പെട്ടും. ദിവ്യമായ വിഷ്ണുക്ഷേത്രം, പവിത്രമുകം, നദീതീരം, ക്രൗളകൂട, ജലാശയം, സിന്ധുതീരം, പുറവ്—വിശേഷിച്ചും വിഷ്ണുക്ഷേത്രത്തിലെ—പതിവായി വിഷ്ണുവിന്നഭിഷേകം ചെയ്യ ജലം ഒഴുകുന്ന സ്ഥലം എന്നിവിടങ്ങളിലെ മണ്ണു ഗോപിക്കുറിക്കുത്തമമത്രെ. ശ്രീരംഗം, വെങ്കിടാദ്രി, ശ്രീകൂർമ്മം, ദ്വാരക, പ്രയാഗ, നാരസിംഹാദ്രി, വാരാഹം, തുളസിത്തൊപ്പ് എന്നിവയിൽനിന്നു മണ്ണെടുത്തു വിഷ്ണുപാദോദകത്തിൽ ചാലിച്ചു കുറികം തൊട്ടാൽ വിഷ്ണുസായുജ്യം സിദ്ധിക്കും. മഹാഭോഗ, വൈഷ്ണവർ എടുക്കുന്ന എവിടെനിന്നും ഗോപിക്കുറിക്കു മണ്ണെടുക്കാം. കറുത്ത മണ്ണു ശാന്തികരവും, ചുകന്നതു വശീകരണസമർത്ഥവും, മഞ്ഞച്ചതു ശ്രീകരവും, വെളുത്തതു മുക്തിപ്രദവുമത്രേ. വട്ടത്തിലോ വിലങ്ങത്തിലോ ഉള്ളതു്, ഇടയിടാത്തതു്, നീണ്ടതു്, കറുപ്പു്, പരന്നതു്, നേർത്തതു്, ചെരിഞ്ഞതു്, ഭംഗിയില്ലാത്തതു്, തല വളഞ്ഞതു്, ചുവട്ടിൽ മുറിഞ്ഞതു്, സ്ഥാനം തെറ്റിയതു്, അശുദ്ധം, രൂക്ഷം, നന്നേ ചുകന്നതു്, വിരലുകൊണ്ടല്ലാതെ നിർമ്മിക്കപ്പെട്ടതു്, ഗന്ധം നന്നല്ലാത്തതു്, മങ്ങിയതു്—ഇങ്ങനെയുള്ള ഗോപിക്കുറി ദോഷകരമാകുന്നു..... നടുവിൽ രണ്ടു വിരലിടു; ഇരുവശങ്ങൾക്കു് ഒരു വിരൽ. നെറിമേൽ കേശവനേയും, വയറത്തു നാരായണനേയും, മാറത്തു മാധവനേയും, തൊണ്ടക്കുഴിയിൽ ഗോവിന്ദനേയും, വയറത്തു വലത്തുവശം വിഷ്ണുവിനേയും, ഇടത്തുവശം മധുസൂദനനേയും, കഴുത്തിൽ ത്രിവിക്രമനേയും, ഇടംവാരിമേൽ വാമനനേയും, ഇടംകൈമേൽ ശ്രീധരനേയും, വലംകൈമേൽ ഹൃഷീകേശനേയും, പുറത്തു പദ്മനാഭനേയും, തണ്ടെല്ലിൽ ദാമോദരനേയും ന്യസിക്കുക; കൈകഴുകിയ വെള്ളം, വാസുദേവ എന്നു്, തലയിൽ തളിക്കുക. നെറി, ഇരുകൈകളും, പുറത്തു രണ്ടുവശം, തൊണ്ടക്കുഴി എന്നിവടങ്ങളിൽ ഗോപിക്കുറി നാലുവിരൽ വലുപ്പത്തിലാവണം; വയറത്തും അതിന്റെ ഇരുവശങ്ങളിലും പത്തുവിരൽ; കൈകളുംമേലും മാറത്തും എട്ടുവിരൽ.....ഓരോ പുണ്ഡ്രത്തേയും, അതിന്റെ ദേവതയെ ധ്യാനിച്ചു മന്ത്രംചൊല്ലിത്തൊടണം. ഇടകളിൽ ശ്രീചായ മഞ്ഞളം തൊടണം. ക്ഷത്രിയക്കു നാലും വൈശ്യക്കു രണ്ടും ശൂദ്രക്കും സ്ത്രീകൾക്കും കാരോന്നുമത്രേ പുണ്ഡ്രം: നെറി, മാറിടം, കൈകളം ഇവയിലായി നാലു്; നെറിയിലും നെഞ്ഞത്തുമായി രണ്ടു്; നെറിമേൽമാത്രമായി ഒന്നു്. എല്ലാവരും ആദ്യം നെറിമേൽത്തന്നെയാണു തൊടേണ്ടതു്. നെറിമുതൽ മുറയ്ക്കുതന്നെ ഗോപിക്കുറി തൊടൽ. നാലുപുണ്ഡ്ര

Digitized By Kerala Sahitya Akademi

ങ്ങളിൽ വാസുദേവാദികളേയും, രണ്ടു പുണ്ഡ്രങ്ങളിൽ ഗോവിന്ദകൃഷ്ണന്മാരേയും ഏകപുണ്ഡ്രത്തിൽ നാരായണനേയും ന്യസിക്കുക.

ഗിരിജേ, ഇങ്ങനെ എല്ലാവക്കുമുള്ള പുണ്ഡ്രവിധി ഞാൻ പറഞ്ഞു. അരയാലില, മുളയില, താമരമൊട്ട് ഇവയുടെ ആകൃതിയിലുള്ള മൂന്നതരം ഗോപിക്കുറി മുക്തിപ്രദമാകുന്നു. ..... ബാഹുമൂലത്തിൽ ചക്രമുദ്ര കുത്തിയവരും യഥോക്തഭാവയവങ്ങളിൽ ഗോപിക്കുറി തൊട്ടവരും താമരക്കുമാലയിട്ടവരുമായ വിഷ്ണുഭക്തർ ലോകങ്ങളെ ഉരിത്തത്തിൽ നിന്നു രക്ഷപ്പെടുത്തുന്നു!

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ദിലീപവസിഷ്ഠസംവാദത്തിൽ
തോമാമഹേശ്വരസംവാദം, ഊർദ്ധ്വപുണ്ഡ്രവിധികഥനം
ഇരുനൂറാമത്തെ മൂന്നാമദ്ധ്യായം.

ഇരുനൂറാൻപത്തിനാലാമദ്ധ്യായം

ശിവൻ:—ന്യാസവും പൂജയും ഏകമന്ത്രംകൊണ്ടാകരുത്. വൈഷ്ണവനല്ലാത്തവൻ ഉപദേശിച്ച മന്ത്രംകൊണ്ട് ഉൽകൃഷ്ടഗതി കിട്ടുകയില്ല. മുമ്പ് അവൈഷ്ണവൻ ഉപദേശിച്ചുപോയിട്ടുണ്ടെങ്കിൽ രണ്ടാമതു വൈഷ്ണവങ്കൽനിന്നു യഥാവിധി ഗ്രഹിച്ചുകൊള്ളണം. സഹസ്രം ശാഖകളും പഠിച്ചവനും യജ്ഞങ്ങളെല്ലാം ചെയ്തവനും മഹാകുലജാതനുമാണെങ്കിൽക്കൂടി, അവൈഷ്ണവൻ ഗുരുവാകയില്ല. ചേതനമന്ത്രം ശരിക്കു പഠിപ്പിക്കുന്ന വൈഷ്ണവനത്രെ, സംസാരബന്ധമുക്കുന്നഗുരു. ബ്രാഹ്മണൻ ഗുരുവിനെ ആശ്രയിച്ചു് ഒരുകാലും പരിചരിക്കണം; ഗുരു അവന്റെ സ്വഭാവം പരീക്ഷിച്ചു മന്ത്രം പഠിപ്പിക്കണം. താപാദിസംസ്കാരം ചെയ്തിട്ടുവേണം ന്യാസവും അഷ്ടാക്ഷരമന്ത്രവും മറ്റു വൈഷ്ണവവും ശിഷ്യനു ചൊല്ലിക്കൊടുക്കാൻ. ചക്രംകൊണ്ടു മുദ്രവെയ്ക്കലത്രേ താപം. * ന്യാസമാകുന്നു വൈഷ്ണവക്കു മുഖ്യം; അതിനാൽ ന്യാസത്തിനുതന്നെയാണു് പ്രാധാന്യം. ന്യാസനിഷ്ഠാപരനായ ബ്രാഹ്മണനത്രേ ശ്രേഷ്ഠൻ. വാസ്തവത്തിൽ ന്യാസമൊഴിഞ്ഞു് ഒരു ശ്രേയുമന്ത്രമില്ല. ന്യാസം, ചേയം, പ്രപത്തി എന്നിവ പഞ്ചസംസ്കാരങ്ങളാകുന്നു. ചേയം ഗ്രഹിച്ചതിനുശേഷം വേണം എല്ലാ [illegible] ചേയം ശീലിക്കാത്തവൻ ഒരു മന്ത്രത്തിനും അർഹനല്ല.

* ൨൭൨-ാമദ്ധ്യായം നോക്കുക.

Digitized By Kerala Sahitya Akademi

അതിനാൽ ജിജ്ഞാസുത്തമൻ ഭയം പരിത്യജിച്ചുവേണം ഗുരുവിങ്കൽ നിന്നു ശ്രീമത്തായ അഷ്ടാക്ഷരമഹാമന്ത്രം അഭ്യസിക്കുക.

പ്രണവമുൾപ്പെടയാണ് എട്ടക്ഷരം. ഈ മന്ത്രത്തിനു പ്രണവം സ്വതവേ ഉള്ളതാകുന്നു. മറു മന്ത്രങ്ങളിലൊക്കെ പ്രണവം സഹജമല്ല. പുത്തിക്കുവേണ്ടി പ്രണവം ചേർക്കണം. ഓംകാരം—ബ്രഹ്മമായ പ്രണവം—എല്ലാമന്ത്രങ്ങളിലും നായകനാകുന്നു; അതിനെ മന്ത്രങ്ങളിലെല്ലാം ആദിയായി ചേർത്തുകൊള്ളണം. സ്വതവേ ഈ മൂലമന്ത്രത്തിലല്ല പ്രണവമുള്ളു. ഒന്നാമത്തു കാണുന്ന ഒരക്ഷരം; പിന്നെ നമഃ എന്ന രണ്ടക്ഷരം; ഒടുവിൽ നാരായണായ എന്ന അഞ്ചക്ഷരം; ഇതാണ് അഷ്ടാക്ഷരമന്ത്രം. ഈ ശ്രീമത്തായ മന്ത്രം സർവാർത്ഥസാധകവും സർവാത്തിനാശകവും സർവമന്ത്രാത്മകവുമത്രേ. ഇതിനു ഋഷി നാരായണൻ; ദേവതയും ശ്രീപതി തന്നെ. ഛന്ദസ്സു ഗായത്രീദേവി; ബീജം പ്രണവം; ശക്തിയോ, അന്തിയിൽ ശിയോടെന്നും പിരിയാത്ത ശ്രീ. ഒന്നാമത്തു രാം; രണ്ടാമത്തു നമഃ; മൂന്നാമത്തു നാരായണായ; ഇങ്ങനെ മൂന്നു പദങ്ങളുള്ളതാകുന്നു ഈ മന്ത്രം. അകാരവും ഉകാരവും മകാരവും ചേർന്ന പ്രണവം പരമാത്മകവും ബ്രഹ്മത്തിന്റെ അധിഷ്ഠാനവുമാകുന്നു. അകാരം വിഷ്ണുവിനെയും ഉകാരം ശ്രീയെയും മകാരം അവരുടെ ദാസനായ പശുവിംശനെയും കുറിക്കുന്നു—അകാരം വാസുദേവന്റെയും, ഉകാരം ശ്രീദേവിയുടേയും, മകാരം പശുവിംശപുരുഷനായ ജീവാത്മാവിന്റെയും രൂപമാണെന്നു മഹർഷിമാർ അഭിപ്രായപ്പെട്ടിരിക്കുന്നു. കയ്യുംകൊണ്ടു കൃത്യങ്ങളും, വായ്കൊണ്ടു ഇന്ദ്രിയങ്ങളും, കവിൾത്തടങ്ങൾകൊണ്ടു ഇങ്ങനെയുള്ള മറ്റു പലതും, കണ്ണുകൊണ്ടു മനസ്സും, പകാരംകൊണ്ടു അഹങ്കാരവും, ബകാരംകൊണ്ടു മഹത്തും, ഭകാരംകൊണ്ടു പ്രകൃതിയും, കാരംകൊണ്ടു പശുവിംശനായ ആത്മാവും വ്യവഹരിക്കപ്പെടുന്നു. ദേഹേന്ദ്രിയമനഃപ്രാണബുദ്ധികളിൽനിന്നന്യനും അനന്യസാധകനും ഭഗവാന്റെ ശേഷഭൂതനുമത്രേ മകാരമാകുന്ന ജീവൻ. ഉകാരം അവധാരണമാണെന്നു ചിലർ പറയുന്നു. സൂര്യനു പ്രഭയെന്നപോലെ, അന്തിയടിയാ നിത്യസഹവർത്തിനിയാകുന്ന ശ്രീ.

അകാരംകൊണ്ടു വ്യവഹരിക്കപ്പെടുന്ന ശ്രീവല്ലഭൻ കാരണകാരണനും ആത്മാക്കൾക്കെല്ലാം നേതാവും ഗുണപൂർണനും ജഗത്തിന്റെ ബീജവും പരൻ പുരുഷനും ജഗൽപതിയും സർവശരീരിയുമായ ബന്ധുവുമായ ഈശ്വരനാകുന്നു; ഏകനെങ്കിലും വിഷ്ണുവിനോടു ചേർന്നിരിയ്ക്കുന്ന ശ്രീ—അന്തിയടിയുടെ മനം രമിപ്പിക്കുന്ന പതി—എല്ലാ ലോകങ്ങളിന്റേയും അമ്മയും ഈശ്വരിയുമാകുന്നു; ആ ജഗദാധാരമായ ശ്രീയാ

Digitized By Kerala Sahitya Akademi

ണ്ട് ഉകാരം; മകാരംകൊണ്ട് അവരുടെ ദാസനായ ക്ഷേത്രജ്ഞനെ വിദ്വാന്മാർ വ്യവഹരിക്കുന്നു: ജ്ഞാനത്തിന്നിരിപ്പിടം, ജ്ഞാനഗുണൻ, മനഃപ്രകൃതികളിൽ നിന്നു പരൻ, അജാതൻ, നിർവികാരൻ, ഏകരൂപൻ, നിജരൂപബന്ധൻ, അജനു, നിത്യൻ, അവ്യാപൃശീലൻ, ചിദാനന്ദമയൻ, അഹംപൊരുൾ, അവ്യയൻ ക്ഷേത്രി, ഭിന്നരൂപൻ, സനാതനൻ, അദാഹ്യൻ, അക്ലേദ്യൻ, അക്ലേദ്യൻ, അശോഷ്യൻ, അക്ഷരൻ— ഇങ്ങനെയൊക്കെയുള്ളവനാകുന്നു, മകാരംകൊണ്ടു വ്യവഹരിക്കപ്പെട്ടുന്ന ഭഗവത്ശ്ലേഷഭൂതനായ ക്ഷേത്രജ്ഞൻ; ഈ ജീവൻ സദാ പരതന്ത്രനാണു്: വിഷ്ണുവിന്റെ തന്നെ—കുരിക്കലും അന്യന്റെയല്ല—ദാസനാണവൻ. ഈ ദാസത്വമാണു്; മദ്ധ്യമാക്ഷരത്താൽ (ഉകാരത്താൽ) അവധാരണം ചെയ്യപ്പെട്ടുന്നതു്.

ഇങ്ങനെ പ്രണവത്തിന്റെ അർത്ഥം ധരിക്കേണ്ടതു ഞാൻ പറഞ്ഞു. നമശ്ശബ്ദാർത്ഥം കേട്ടുകൊള്ളുക: പരന്റെ ദാസനായിട്ടുള്ളവനു സ്വാതന്ത്ര്യമില്ലല്ലോ; അതിനാൽ അഹംകാരത്തെ മനസ്സിൽനിന്നു നീക്കണം; തന്റെ സാമർത്ഥ്യത്താലാണു കർമ്മമെന്ന വിചാരവും പാടില്ല. മഃ എന്നതു് അഹംകാരവും, നകാരം തന്നിഷേധകവുമാകുന്നു. അതിനാൽ മനസ്സാതന്ത്ര്യത്തെ അഹംകാരത്തെ വേർപെടുത്തണം. മനസ്സുകൊണ്ടതു സംസിദ്ധിയും; മറിച്ചായാൽ നാശമെന്നയും. വല്ലതും മനസ്സോടു ചേർന്നുന്നിന്നാൽ, അതു് അഹംകാരമായി. അഹംകാരയുക്തനു് ഒരു സുഖവുമില്ല. അഹങ്കാരത്താൽ മതിമറന്നവൻ ക്രൂരിരുട്ടിൽ മുഴുകും! അതിനാൽ സ്വാതന്ത്ര്യമുണ്ടെന്ന വിചാരമേ അരുതു്. ഭഗവാനു് അടിമപ്പെട്ടവനും തദായത്തജീവിതനുമാണു ക്ഷേത്രജ്ഞൻ; അവനു കർതൃത്വമില്ല. ഈശ്വരന്റെ സങ്കല്പത്താലതു ചരാചരങ്ങൾ നിലനിൽക്കുന്നു. അതിനാൽ, തനിക്കു ത്രാണിയുണ്ടെന്ന ഭാവം തീരെ ഒഴിയണം. ഈശ്വരന്റെ ത്രാണിയാലാകട്ടെ, അവനു ലഭിക്കാത്തതൊന്നുമില്ല! ഭാരം ലക്ഷ്മീവല്ലഭങ്കൽ സമർപ്പിച്ചു കർമ്മം ചെയ്തുകൊണ്ടാൽ മതി. വിഷ്ണുവാണു പരമേശ്വരൻ; ഞാൻ എന്നെന്നും അവിടുത്തെ ദാസൻ; എങ്കിനെ [illegible] യഥേഷ്ടം വിനിയോഗിക്കാം' എന്നിങ്ങനെ, ഈ രണ്ടു മന്ത്രവും മനസാ രൂഢിപ്പെടുത്തണം. ദേഹ [illegible] കർമ്മബന്ധത്തിനു കാരണം. അതിനാൽ ഭഗവാനിൽ അഹംകാരമെത്തു ത്യജിക്കണം.

നാരായണി, ഈശി, നാരായണപദം വ്യാഖ്യാനിക്കാം: നാരങ്ങൾ എന്നുവച്ചാൽ ജീവവൃന്ദങ്ങൾ; അവയ്ക്കു് അയന (ഇരിപ്പിടം)വും അവ അയനവുമാകയാലത്രേ നാരായണനെന്ന നാമം; ലോക

Digitized By Kerala Sahitya Akademi

ത്തിൽ കാണപ്പെടുന്നതും കേൾക്കപ്പെടുന്നതുമായ എല്ലാ ചിദചിദ വസ്തുവിലും സദാ വ്യാപിച്ചിരിക്കുകകൊണ്ടത്രേ നാരായണനെന്ന നാമം; നാക്കുകൾ നരവൃന്ദങ്ങൾ; അവയ്ക്ക് അയന (ആശ്രയ)മാകയാലത്രേ നാരായണനെന്ന നാമം; നരനിൽ നിന്നു ജനിച്ചതു നാരം, അതു (ഒഴുക്കു)അയന(ഇരിപ്പിട)മാകയാലത്രേ നാരായണനെന്ന നാമം; പ്രളയത്തിൽ ലോകത്തെയെല്ലാം വിഴുങ്ങി തങ്കലടക്കി, വീണ്ടും സൃഷ്ടിക്കുന്നവനാകയാലത്രേ നാരായണനെന്ന നാമം; നരമെന്നുവച്ചാൽ സർവ്വചരാചരലോകം; അതു ചേർന്നിരിക്കുന്നതുകൊണ്ടത്രേ നാരായണനെന്ന നാമം; വങ്കടലിൽ നരക്കട്ടകളെന്നപോലെ, തങ്കൽ ലോകങ്ങളും ഉദിക്കുകയും ലയിക്കുകയും ചെയ്യുന്നതിനാലത്രേ നാരായണനെന്ന നാമം; നിത്യനും നിത്യപദനും നിത്യയുക്തകഭോഗവാനും സർവ്വജഗദീശനുമാകയാലത്രേ നാരായണനെന്ന നാമം. ദിവ്യനും ഏകനും അവ്യയനും അച്യുതനുമാകുന്ന നാരായണനായ വിഷ്ണു. ദൃഷ്ടാവും ദൃഷ്ടവ്യവും, ശ്രോതാവും ശ്രോതവ്യവും, സ്രഷ്ടാവും സ്രഷ്ടവ്യവും, ധ്യാതാവും ധ്യാതവ്യവും, വക്താവും വക്തവ്യവും, ജ്ഞാതാവും ജ്ഞാതവ്യവും—ചിദചിൽഭവനം മുഴവനും—ശ്രീപതിയായ നാരായണൻ തന്നെ! ഭൂതഭവൽ ഭവിഷ്യത്തുകളും നാരായണൻതന്നെ! * ഭഗവാൻ എന്ന ശബ്ദവും പുരുഷൻ എന്ന ശബ്ദവും വിശ്വാത്മാവായ വാസുദേവകലത്രേ നിരുപാധിയായി വർത്തിക്കുന്നത്. വിഷ്ണു, ഈശ്വരൻ, ഭഗവാൻ, പരമാത്മാവു്, ജഗൽബന്ധു, ചരാചരൈകശാസിതാവു്, സന്യാസിമാർക്കു പരമഗതി! വേദവേദാന്തങ്ങളിൽ ഈശ്വരനെന്നു പറയപ്പെട്ടിരിക്കുന്ന പ്രകൃതിപുരുഷന്മാർ മീതെയാകയാൽ അവിടുന്നാണു മഹേശ്വരൻ. അങ്ങിനെയുള്ള മഹേശ്വരനാകുന്ന അകാരവാച്യനായ നാരായണൻ. § തന്തിരുവടിയെ ഈശ്വരനെന്നും മുനിമാർ പറയാറുണ്ടു്; എന്നാൽ നിരുപാധീശ്വരതാത്പര്യമാണു് വാസുദേവകലുള്ളതു്. ആത്മേശ്വരനെന്നു സനാതനശ്രുതികളിൽ പറയപ്പെട്ടിരിക്കയാൽ വാസുദേവൻ തന്നെ മഹേശ്വരൻ. യാതൊരുവനൊ ശ്രീപാദവിഭൂതിക്കും ലീലയ്ക്കും ഈശ്വരൻ, ആ സർവ്വാത്മാവിന്റെ ഐശ്വര്യം തന്നെയാണു് ഈവിഭൂതികളും. അവ്യയൻ ശ്രീഭൂലീലാപതിയാകയാൽ അവിടുന്നുതന്നെ സർവ്വേശ്വരൻ. യജ്ഞവും യജ്ഞേശ്വരനും യജ്ഞഭോജിയും യജ്ഞകാരിയും യജ്ഞഭൂതവും യജ്ഞപുരുഷനുമായ തന്തിരുവടി തന്നെ പരമേശ്വരൻ. ഹവ്യവും കവ്യവുമെല്ലാം ഭുജിക്കുന്ന യജ്ഞേശ്വരനായി അവ്യയാത്മാവായിരിക്കുന്ന നാരായണസ്വാമിയുടെ

* പരമസംഹിതയിലെ ശ്ലോകങ്ങൾ നോക്കുക.

§ സാത്വതികവും യോഗജവും.

Digitized By Kerala Sahitya Akademi

സന്നിധാനത്താൽ, അസുരരക്ഷോഗ്രഹങ്ങളൊക്കെ ചിക്കെന്ന പാഞ്ഞൊഴിയും.

യാതൊരു ജനാർദ്ദനൻ വിഭൂതികൊണ്ടു വിരാട്ടായിച്ചമഞ്ഞുവോ, ആ പരമേശ്വരൻ തന്നെ മൂന്നു ലോകങ്ങളേയും പോഷിപ്പിക്കുന്നു. ആ പുരുഷനാകുന്ന ഹവിസ്സുകൊണ്ടു ദേവകർമ്മം യജ്ഞം നടത്തി. ആ യജ്ഞത്തിൽ നിന്നത്രെ, ഋക്കുകളും അശ്വാജഗോമനുഷ്യാദികളും ഉണ്ടായത്. ആ സർവ്വയജ്ഞാത്മാവായ പുരുഷനാകുന്ന വിഷ്ണുവിന്റെ തിരുമെയ്യിൽ നിന്നാണ് ചരാചരലോകമെല്ലാം ഉളവായി വന്നത്. തന്തിരുവടിയുടെ മുഖബാഹൂരുപാദങ്ങളിൽനിന്നു മായ്ക നാലു ജാതികളും, കാലടികളിൽനിന്നു പൃഥിവിയും, ശിരസ്സിൽ നിന്നു ദ്യോവും ഉണ്ടായി; മനസ്സിൽനിന്നു ചന്ദ്രനും, കണ്ണിൽനിന്നു സൂര്യനും, മുഖത്തുനിന്ന് അഗ്നിയും, പ്രാണനിൽനിന്നു സദാഗതിയായ വായുവും, നാഭിയിൽനിന്ന് അന്തരീക്ഷവും ജനിച്ചു. ചരാചരജഗത്തെല്ലാം തന്തിരുവടിയിൽനിന്നുടലെടുത്തതാകയാൽ സർവ്വാത്മാവത്രേ ശ്രീനാരായണൻ. ഇങ്ങനെ അവിടുന്നു ലീലയാ ഭുവനമെല്ലാം സൃഷ്ടിച്ചിട്ടു ചിലന്തി തന്റെ മാറാലയെ എന്നപോലെ, വീണ്ടും സംഹരിക്കുന്നു; ബ്രഹ്മേന്ദ്രരുദ്രയമവരുണന്മാരെപ്പോലും ബലേന ഹരിക്കുന്നതിനാൽ ഹരി എന്നു കീർത്തിക്കപ്പെടുന്നു. ഏകാർണ്ണവാവസ്ഥയിൽ, ആ സനാതനപുരുഷൻ ജഗത്തിനെ തിരുവയറിലടക്കി മായാവടപത്രത്തിൽ ശയിക്കുന്നു. അന്നു തന്തിരുവടിമാത്രമേ ഉള്ളൂ; ബ്രഹ്മാവില്ല, രുദ്രനില്ല, ദേവകളില്ല, മഹർഷിമാരില്ല, ദ്യാവാപൃഥിവികളില്ല, സൂര്യചന്ദ്രന്മാരില്ല, നക്ഷത്രങ്ങളില്ല, ലോകങ്ങളില്ല, മഹദാദ്യാവൃതമായ അണ്ഡമില്ല! ലോകത്തെയെല്ലാം സംഹരിക്കുകയും സർഗ്ഗകാലത്തു വീണ്ടും സൃഷ്ടിക്കുകയും ചെയ്യുന്നതിനാൽ അവിടുന്നു നാരായണനെന്നു പറയപ്പെടുന്നു. പാവ്വരി, അവിടുത്തെ ദാസൻ എന്ന അവസ്ഥയാണ് ചതുർവ്യൂഹമന്ത്രങ്ങളാൽ സൂചിപ്പിക്കപ്പെടുന്നതു്. തന്തിരുവടിയുടെ ദാസനാണല്ലൊ, ഈ ബ്രഹ്മാദിലോകമെല്ലാം. ഇപ്രകാരം അർത്ഥം ഗ്രഹിച്ചിട്ടുവേണം മന്ത്രംശീലിപ്പാൻ. മന്ത്രത്തിന്റെ അർത്ഥമറിയാഞ്ഞാൽ സിദ്ധി വരില്ല.'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ദിലീപവസിഷ്ഠസംവാദേന്ദ്രദേവമാഹേശ്വരസംവാദം, അഷ്ടാക്ഷരമന്ത്രയിരുപണം ഇതന്നൂറന്പത്തിനാലാമദ്ധ്യായം.

Digitized By Kerala Sahitya Akademi

ഇരുന്നൂറാമ്പത്തഞ്ചാമദ്ധ്യായം

പാർവ്വതി: —'മന്ത്രാത്മാവും പരമേശ്വരവും ഈശ്വരന്റെ സത്യപവും ഇന്നലേയും നിത്യതികളും പരമധാമവും വ്യാഹരങ്ങളെല്ലാമെല്ലാം സവിസ്തരമിപ്പോൾ പറഞ്ഞുതന്നാലും.'

ശിവൻ: —ദേവി, പരമാത്മാവിന്റെ സത്യപവും അതിനൊത്ത ഇന്നവിത്രതികളും കേട്ടുകൊള്ളുക: എല്ലാടത്തും കൈകാൽ കണ്ണുകളോടുകൂടിയ തന്നിരുവടി സർവ്വഭവനങ്ങളും പരമധാമങ്ങളും ധരിച്ചുകൊണ്ട് മഹർഷിമാരുടെ ഹൃദയങ്ങളിൽ കുടികൊള്ളുന്നു; ഈവിധം ബൃഹൽസത്യപനായ ആ പുരുഷോത്തമൻ ഭോഗത്തിനായി ദിവ്യമംഗളരൂപം ധരിച്ചു'—അഗ്നിക്കൊത്ത തേജസ്സുള്ള യുവകുമാരനായിച്ചമഞ്ഞു —ജഗജ്ജനനിയായ ശ്രീദേവിയോന്നിച്ച്, അമൃതകിരണൻ ചന്ദ്രികയോടൊന്നിച്ചെന്നപോലെ വിശദീകരിക്കുന്നു—ഒരുകോടി കാമദേവന്മാരുടെ ലാവണ്യമുള്ള ആ നിത്യയൗവനനായ കുമാരൻ ഋഗ്വേദശരീരത്തോടൊരുമിച്ചു പരമപദത്തിൽ വാണരുളുന്നു. ഭോഗത്തിനു പരമാകാശം; ലീലയ്ക്കു ജഗത്തൊക്കെ. അവിടത്തെ ഭോഗലീലകളത്രേ ഇരുവിത്രതികരം. ഭോഗം നിത്യമാണ്; ലീല സംഹരിക്കപ്പെട്ടും. രണ്ടും അവിടത്തെ ശക്തിയാൽ നിലനിന്നരുളുന്നു. വ്യാപിയായ പരമത്രിപാൽധാമത്തിന്റെ പാദം (നാലിലൊന്ന്) ആണിവിടെയുള്ളത്. ത്രിപാദവിത്രതി നിത്യം; പാദൈശ്വര്യം അനിത്യം. അച്യുതമായി ശാശ്വതമായി നിത്യയൗവനമായിരിക്കുന്ന സ്വമേയുടെ ദിവ്യമംഗളരൂപം എന്നെന്നും പരമധാമത്തിൽ സ്ഥിതിചെയ്യ്, ശ്രീദേവിയോടും ഭൂമിയോടുമൊന്നിച്ചു രമിക്കുന്നു. വിഷ്ണുവിനോടു വേർപിരിയാത്ത ആ ജഗദംബയും നിത്യതന്നെ—സർവ്വവ്യാപിയായ വിഷ്ണുവിനെപ്പോലെതന്നെയാണ് ലക്ഷ്മിയും: സർവ്വജഗദീശ്വരിയും സർവ്വശിവയും സർവ്വപാപനിവാരിണിയും സർവ്വസ്ഥിരാനന്ദമുഖിയും ജഗത്തുകൾക്കെല്ലാം അമ്മയും ആത്മാവുമാകുന്ന വിഷ്ണുപത്നിയായ നാരായണി. അവിടത്തെ തൃക്കൺമുനമേലാണ്, ചരാചരജഗത്തിന്റെയെല്ലാം നിലയ്പ്പ് ആ തൃക്കൺമിഴികളും ചിമ്മലുമത്രേ സൃഷ്ടിയും പ്രളയവും. എല്ലാറ്റിനും അതീതയായി തിരുണയായി പരമേശ്വരിയായ ആ മഹാലക്ഷ്മി ദുശ്യാദൃശ്യസത്രൂപയായി സകലത്തേയും വ്യാപിച്ചു വാണരുളുന്നു. ലീലയാ ജഗത്തിന്റെ രസവും മറവുമായിച്ചമയുന്നതും, ലക്ഷ്മിയായി നിന്നു സമ്പത്തിനെ നൽകുന്നതും ആ ദേവി തന്നെ.

Digitized By Kerala Sahitya Akademi

ഇങ്ങിനെയുള്ള വർണ്ണനയ്ക്ക്, ആ വിഷ്ണുഭവത്തിനിടയിൽ ജഗല്ലക്ഷ്മി. എല്ലാ ജ്ഞാനവും, വേദവും, എല്ലാ സ്തോത്രവും, സ്തോകളുടെ സൌന്ദര്യവും ഭാഗ്യസൌശീല്യങ്ങളും ആ സർവ്വനിതോത്തമയുടെ രൂപത്തെന്നെ! അവിടുത്തെ കടാക്ഷത്തിനായാണ്, ബ്രഹ്മരുദ്രമഹേന്ദ്രന്മാരും സൂര്യചന്ദ്രന്മാരും യമകുബേരാഗ്നികളും മഹത്തരമായ ഐശ്വര്യമനുഭവിക്കുന്നത്.

'ലക്ഷ്മീഃ ശ്രീഃ കമലാ വിദ്യാ മാതാ വിഷ്ണുപ്രിയാസതീ
പദ്മാലയാ പദ്മഹസ്താ പദ്മാക്ഷീ പദ്മസുന്ദരീ
ത്രൈലോകേശ്വരീ നിത്യാ സത്യാ സർവ്വഗതാശുഭാ
വിഷ്ണുപത്നീ മഹാദേവീ ക്ഷീരോദതനയാ രമാ
അനന്തലോകനാഥേശ്വരീല്ലീലാ സർവ്വസുഖപ്രദാ
ഋദ്ധിർനീതിശ്ച തഥാ സീതാ സർവ്വേശ്വരീ ശുഭാ
സതീ സരസ്വതീ ഗൌരീ ശാന്തിഃ സ്വാഹാ സ്വധാ രതിഃ
നാരായണവരാരോഹാ വിഷ്ണോർനിത്യാനപായിനീ.'

എന്നീവിധം നാമങ്ങളാൽ പുലർകാലത്തെഴുന്നേറ്റു ചൊല്ലുന്നവന്നു മികച്ച ശ്രീയും അനഘമായ ധനധാന്യവും ഉണ്ടായി വരും.

'ഹിരണ്യവർണ്ണാം ഹരിണീം സുവർണ്ണരജതസ്രജാം
ചന്ദ്രാം ഹിരണ്മയീം ലക്ഷ്മീം വിഷ്ണോരനപഗാമിനീം
ഗന്ധദ്വാരാം ദുരാധർഷാം നിത്യപുഷ്ടാം കരീഷിണീം
ഈശ്വരീം സർവ്വഭൂതാനാം താമിഹോപഹ്വയേ ശ്രിയം'

എന്നിങ്ങനെ ശ്രീസൂക്തത്തിൽ സ്തുതിക്കപ്പെട്ടുന്ന മഹേശ്വരിയത്രേ, ശിവൻ മുതലായ ദേവകൾക്കു സകലൈശ്വര്യവും സുഖവും കല്പിച്ചു നൽകിയതു്.

'അസ്യേശാനാ ഹി ജഗതാം വിഷ്ണുപത്നീ സനാതനീ
യതഃപാംഗാശ്രയം സർവ്വം ജഗൽസ്ഥാവരജംഗമം,
യസ്യാ വക്ഷസി സാ ദേവീ പ്രഭേവാപി ന തിഷ്ഠതി
സ വൈ സർവ്വേശ്വരഃ ശ്രീമാനക്ഷരഃ പുരുഷോത്തമഃ;
സ വൈ നാരായണഃ ശ്രീമാൻ വാത്സല്യാമൃതസാഗരഃ
സർവ്വജ്ഞഃ സർവ്വശക്തിമാൻ
നിത്യം സംപൂർണ്ണകാമശ്ച മൈത്രീകസുഹൃൽസുഖീ
കൃപാപീയൂഷജലധിഃ ശരണം സർവ്വദേഹിനാം
സപത്നാപവർഗ്ഗസുഖദോ ഭക്തനാം കരുണാകരഃ;
ശ്രീമതേ വിഷ്ണവേ തസ്മൈ ദാസ്യം സർവ്വം കരോമ്യഹം
ദേശകാലാദ്യവസ്ഥാസു സർവ്വാസു കമലാപതേഃ
ഇതിസപത്നീസംസിദ്ധ്യൈ സുഖൈ ദാസ്യമവാപ്നുയാം.'

Digitized By Kerala Sahitya Akademi

എന്ന്, മന്ത്രാർത്ഥം മനസ്സിലാക്കി തന്തിരുവടിയെ ശരിയ്ക്കു സേവിക്കണം. * ..ആ കല്യാണഗുണശാലിയെ നിർഗ്ഗുണനെന്നു പറയുന്നതു്, ഹേയങ്ങളായ പ്രാകൃതഗുണങ്ങളില്ലായ്കയാലാണു് പ്രാപഞ്ചം മിത്ഥ്യയെന്നും, ഇക്കാണുന്നതൊക്കെ അനിത്യമെന്നും വേദാന്തം ഘോഷിക്കുന്നുണ്ടല്ലൊ; അണ്ഡത്തിന്റെ പ്രാകൃതരൂപമേ നശിയ്ക്കൂ. പ്രാകൃതരൂപങ്ങൾക്കാണു് അനിത്യത്വം പറയുന്നതു്. പ്രകൃതി വിഷ്ണുവികൽ നിന്നുണ്ടാകുന്നു. പ്രകൃതിയിങ്കൽനിന്നു്, വികാരം കൊള്ളുന്ന ദേവദേവന്റെ ലീലയ്ക്കായി, പതിനാലുലോകങ്ങളാലും ദ്വീപുകളൊന്നു സമുദ്രങ്ങളാലും പതിനാലു ഭൂതങ്ങളാലും അന്യൂനതങ്ങളായ പർവ്വതങ്ങളാലും നിറയപ്പെട്ടതും ദശഗുണോത്തരങ്ങളാൽ പൊതിയപ്പെട്ടതുമായ ഈ അണ്ഡം ഉളവാകുന്നു. കലാകാഷ്ഠാദിരൂപമായ കാലമായി, വർത്തിച്ചു തന്തിരുവടി ജഗത്തുകളുടെ സൃഷ്ടിസ്ഥിതിസംഹാരങ്ങളും നടത്തുന്നു. .....ബ്രഹ്മാവിന്റെ കാലമൊടുങ്ങിയാൽ സർവ്വത്തെയും സംഹരിക്കുന്നു; അണ്ഡവും അണ്ഡത്തിലെ ലോകങ്ങളും കാലാഗ്നിയാൽ ദഹിപ്പിക്കപ്പെട്ട സർവ്വാത്മാവായ വിഷ്ണുവിന്റെ പ്രകൃതിയിലടക്കപ്പെടുന്നു; അണ്ഡാവരണങ്ങളും പ്രകൃതിയിൽ ലയിക്കും. സർവ്വജഗദാധാരമായി തങ്കലിരിക്കുന്ന ആ പ്രകൃതിയെക്കൊണ്ടാണു് ഭഗവാൻ എന്നെന്നും സൃഷ്ടിസംഹാരങ്ങളും നടത്തുന്നതു്: ദേവദേവനാൽ ലീലയാ സൃഷ്ടിക്കപ്പെട്ട ആ മഹാമായയുടെ—അവിദ്യ, മഹാവിദ്യ, യോഗനിദ്ര എന്നൊക്കെ പറയപ്പെടുന്ന ത്രിഗുണാത്മികയായ പ്രകൃതിയുടെ—വികാസസങ്കോചങ്ങളാലത്രേ ജഗത്സൃഷ്ടിസംഹാരങ്ങളും. ആ പ്രകൃതി സ്ഥൂലസൂക്ഷ്മാദിരൂപേണ ലോകത്തിലെങ്ങും വ്യാപിച്ചിരിക്കുന്നു. ഭൂതങ്ങളൊക്കെ പ്രകൃതിയിൽ ലയിച്ചാൽ, ഇക്കാണുന്നതൊക്കെ ശൂന്യമാവും. ഈ വിധമാണു് പ്രാകൃതരൂപവിഭൂതി.

ത്രിപാദവിഭൂതിയുടെ രൂപം കേട്ടുകൊള്ളുക: പ്രധാനത്തിന്റേയും പരമവ്യോമത്തിന്റേയും ഇടയിൽ, വേദാംഗങ്ങളുടെ വിയർപ്പുവെള്ളമൊഴുകുന്നതായി വിരജ എന്നൊരു നദിയുണ്ടു്; അതിന്റെ മുകരയിൽ, പരമവ്യോമത്തിലത്രേ, വിഷ്ണുവിന്റെ ത്രിപാദായ സനാതന പരമപദം: അമൃതം, ശാശ്വതം, നിത്യം, അനന്തം, ശുദ്ധസത്വമയം, ദിവ്യം, അക്ഷരം, ബ്രഹ്മസ്ഥാനം, കോടികോടിസൂര്യാഗ്നിതുല്യതേജസ്സും, സർവ്വേശമയം, ഒരുപാധിയുമില്ലാത്തതു്, അസംഖ്യം, അജരം, ജാഗ്രത്സ്വപ്നാദിരഹിതം, ഹിരണ്മയം, ബ്രഹ്മാനന്ദസുഖമെന്ന മോക്ഷപദം, തുല്യവസ്തുവോ അതിരിക്തവസ്തുവോ ഇല്ലാത്തതു്,

* ഒപ്പുണ്ട്.

Digitized By Kerala Sahitya Akademi

അളവറ്റതവിഹീനം, അത്യുത്തമപ്രഭം, രമണീയം, ആനന്ദസമുദ്രം—ഇങ്ങിനെയെല്ലാമുള്ളതാണത്. അതിനെ സൂര്യനോ ചന്ദ്രനോ അഗ്നിയോ അല്ല പ്രകാശിപ്പിക്കുന്നത്! അവിടെച്ചെന്നവർക്ക് പുനരാവൃത്തിയില്ല! ആ അച്യുതമായ പരമധാമം നൂറുനൂറു കോടികോടികല്പങ്ങൾകൊണ്ടും വർണ്ണിച്ചൊടുക്കാവുന്നതല്ല—എനിക്കും ബ്രഹ്മാവിനും മഹർഷിമാർക്കും വർണ്ണിക്കാവുന്നതല്ല. വേദവേദ്യനായ വാസുദേവൻ അവിടെ വാണരുളുന്നു.

'യക്ഷ്യതേ വേദവിദ്വദ്ഭിർ യസ്മിൻ ദേവാ അധിവിശ്വേ നിഷേദുഃ
യസ്തന്ന വേദ കിമൃചാ കരിഷ്യതി യ ഇത്തദിദ്വിസ്ത ഇമേ സമാസതേ'

.....അതു ബ്രഹ്മരുദ്രാദിദേവന്മാർക്കും പൂകാവതല്ല; യോഗിശ്രേഷ്ഠന്മാർ ശാസ്ത്രാനുസരണ ജ്ഞാനത്താൽ ദർശിക്കുന്നു.....അതിൽസദാഹർഷമായ പരമപദത്തിൽ, കൊമ്പുവളർന്ന ഗോക്കളും പ്രജകളും സുഖമായി കൂടികൊള്ളുന്നു. അവിടെ സുഖകരങ്ങളായ പാനീയങ്ങൾ ധാരാളമുണ്ട്. തമസ്സിന്നപ്പുറം ആദിത്യവർണ്ണമായ ജ്യോതിസ്സാണത്; ശുദ്ധസത്വവും സനാതനവുമായ ബ്രഹ്മലോകമാണത്. അവിടത്തെ ഭൂമിക്ക് പ്രളയത്തിലും വ്യത്യാസമില്ല. ആ നിന്ദ്യമായ നിത്യപദത്തിൽ ലക്ഷ്മീനാരായണന്മാരും സോദരിമാരായ ഭൂമിയും ലീലയുമാകുന്ന വിഷ്ണുവല്ലഭമാരായ തരുണിമാരും വാണരുളുന്നു. അവിടെ പണ്ടെയുള്ള സാദ്ധ്യരും വിശ്വദേവകളും സനാതനരത്രേ; 'തേഹ നാകം മഹിമാനഃ സചന്ത' എന്നാണല്ലോ ശ്രുതി. സാലോക്യം തേടുന്ന ജ്ഞാനിബ്രാഹ്മണർ ആ പരമധാമമണയുന്നു. അതു മോക്ഷമത്രേ; ബന്ധമൊഴിഞ്ഞവർ അവിടെ സുഖമായി ചെന്നുചേരുന്നു. മോക്ഷം, പരംപദം, ലിംഗം, അമൃതം, വിഷ്ണുമന്ദിരം, അക്ഷരം, പരമധാമം, വൈകുണ്ഠം, ശാശ്വതപദം, നിത്യം, പരമവ്യോമം, സർവ്വോൽകൃഷ്ടം, സനാതനം എന്നിവ അതിന്റെ പേരുകളാകുന്നു.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം,
ദിലീപചരിതേക്ഷ്വാകുസംവാദാന്തർഗതോമാമഹേശ്വരസംവാദം,
തിപാദവിഭൂതികഥനം എന്നൂറമ്പത്തൊമ്പത്തൊന്നാമധ്യായം.

Digitized By Kerala Sahitya Akademi

ഇരുന്നൂറനുത്താറാമദ്ധ്യായം.

ശിവൻ:—ത്രിപാദവിഭൂതിയുടെ ലോകങ്ങളും അസംഖ്യങ്ങളുള്ള തേ: എല്ലാം ശുദ്ധസത്വമയങ്ങളും; ബ്രഹ്മാനന്ദസുഖങ്ങളും, നിത്യങ്ങളും; നിർവികാരങ്ങളും; ത്യാജ്യങ്ങളില്ലാത്തവ ഹിരണ്മയങ്ങളും; കോടിസൂര്യപ്രഭങ്ങളും; വേദമയങ്ങളും; കാമക്രോധാദിരഹിതങ്ങളും; വിഷ്ണുപദാംബുജത്തെക്കുറിച്ചു പരമഭക്തിയുള്ളവരാൽ സേവിതങ്ങളും; ഇടവിടാതെ സാമഗാനം മുഴങ്ങുന്നവ; പഞ്ചോപനിഷൽസ്വരൂപങ്ങളും; വേദങ്ങളാകുന്ന ദിവ്യപുരുഷന്മാരാലും സ്ത്രീകളാലും പരിവൃതങ്ങളും; വേദജലം നിറഞ്ഞ പൊയ്കകൾകൊണ്ടും ശ്രുതിസ്മൃതിപുരാണങ്ങളാകുന്ന ചരാചരങ്ങൾകൊണ്ടും ശോഭിക്കുന്നവ! മുഴുവനും വർണ്ണിക്കാവുന്നതല്ല. വിരജയുടേയും പരമവ്യോമത്തിന്റേയും ഇടയിലുള്ള ആ കേവലസ്ഥാനം അവ്യക്തബ്രഹ്മസവികൾക്കു അനുഭവപ്പെട്ടു; അതു് ആത്മാനന്ദസുഖദവും പരാപദവും നിഃശ്രേയിസവും നിർവാണവും കൈവല്യവും മോക്ഷവുമത്രേ. മാധവഭക്തിയുടെ മാധുര്യമനുഭവിച്ചു സംതൃപ്തിയടഞ്ഞ ഭഗവൽപാദസേവകരായ മഹാഭാഗ്യശാലികൾ വിഷ്ണുവിന്റെ ആ ബ്രഹ്മസുഖപ്രദമായ പരമപദത്തിൽ ചെന്നു ചേരുന്നു. പലതരം ദോഷങ്ങളുംപെട്ടതും രത്നമയങ്ങളായ മതിൽ മാളികവിമാനങ്ങളാൽ പരിവൃതവുമാകുന്ന ആ വൈകുണ്ഠം.

അതിന്റെ നടുവിൽ അയോദ്ധ്യ എന്ന ദിവ്യനഗരി മണികാഞ്ചനമയങ്ങളായ മതിൽകമാനങ്ങളാലും ഉയർന്ന ഗോപുരങ്ങളാലും ചുറ്റപ്പെട്ടു്, നാലു കോട്ടവാതിലുകളോടും ക്രുദ്ധരോടിക്കുന്നു: കിഴക്കേകോട്ടവാതിൽക്കൽ ചണ്ഡപ്രചണ്ഡന്മാരും, തെക്കേതിൽ ഭദ്രസുഭദ്രകന്മാരും, പടിഞ്ഞാറതിൽ ജയവിജയന്മാരും, വടക്കതിൽ ധാതൃവിധാതാക്കളും കാവൽ നിൽക്കുന്നു; കുമുദൻ, കുമുദാക്ഷൻ, പുണ്ഡരീകൻ, വാമനൻ, ശംകുകർണ്ണൻ, സർവനിദ്രൻ, സുമുഖൻ, സുപ്രതിഷ്ഠിതൻ എന്നിവരത്രേ, ആ പുരിയിൽ ദിക്പതികൾ; ഒരു കോടി അഗ്നികൾക്കപ്പും സുതേജസ്സിലിരുന്ന ഗൃഹപംക്തികളാലും യൗവനാഢ്യരായ ദിവ്യസ്ത്രീപുരുഷന്മാരാലും സമാവൃതമാകുന്നു ആ നഗരം. അതിന്റെ മദ്ധ്യത്തിലാണ് തന്തിരുവടിയുടെ മനോഹരമായ ആന്തഃപുരം: അതു മണിപ്രാകാരതോരണങ്ങളാലും വളരെ വിമാനങ്ങളാലും മഹാഗൃഹങ്ങളാലും പ്രാസാദങ്ങളാലും പരിവൃതമായി ദിവ്യന്മാരായ സ്ത്രീകളാലും അപ്സരസ്സുകളാലും നിറയപ്പെട്ടു പരിലസിക്കുന്നു. അതിന്റെ നടുവിൽ ആയിരം മാണിക്യത്തൂണുകൾചേർന്ന രത്നമയമായ രാജസ്ഥാന

Digitized By Kerala Sahitya Akademi

പ്പുഷ്പിമണ്ഡപം ദിവ്യരായ മുകുരാൽ ചുറ്റപ്പെട്ട സംഗീതം മുഴ
ങ്ങി മഹോത്സവകരമായി മിന്നിത്തിളങ്ങുന്നു. അതിന്റെ നടുവിൽ
ധർമ്മജ്ഞാനൈശ്വര്യവൈരാഗ്യങ്ങളാകുന്ന നാലു കാലുകളോടുകൂടിയ
രമ്യസിംഹാസനം ധർമ്മാദിദേവതകളാലും മൂർത്തിമത്തുക്കളായ ചതു
ർവേദങ്ങളാലും സദാ പരിവൃതമായി സ്ഥിതിചെയ്യുന്നു; ശക്തി, ആധാ
രശക്തി, ചിച്ഛക്തി, സദാശിവ എന്നീ ധർമ്മാദിദേവതാശക്തികളും
സൂര്യചന്ദ്രാഗ്നികളും, ക്രമവും നാഗരാജാവും ശ്രീശപരനായ ഗരുഡ
നും അതിന്റെ മദ്ധ്യസ്ഥാനത്തമരുന്നു; ഛന്ദസ്സുകളും മന്ത്രങ്ങളും
പീഠമായി നിൽക്കുന്നു. ആ സർവ്വാക്ഷരമയമായ യോഗപീഠത്തിൻ
നടുവിൽ, ബാഹ്യാഭ്യന്തരമായ അഷ്ടദളപരമത്തിന്റെ സാവിധ്യമാകു
ന്ന കർണ്ണികയിൽ, ശംഖചക്രങ്ങളേന്തിയ മേൽക്കൈകളോടും വരദാ
ഭയങ്ങളാം പൂണ്ട കീഴ്ക്കൈകളോടുംകൂടി പരമപുമാൻ വാണരുളുന്നു*....

(കാകളി)

മേവുന്ന തന്നിടതങ്കത്തിൽനുതനയൊരുവനായാം മഹാലക്ഷ്മി, മഹേശ്വരി,
ദിവ്യമാം ചന്ദനം പൂശിയോരം, സുശ്രോണി,
ദിവ്യപുഷ്പാഞ്ചിതസുശ്രീ, സുഹാസയാരം,
കൊങ്കുകം പൊങ്ങിയുരുണ്ട ഹരിണിയാരം,
തങ്കനേർവർണ്ണയാരം, തങ്കമണിഞ്ഞവരം,
നന്നായ്ച്ചുരുണ്ട കാർകുന്തലിൽപ്പിച്ചക-
മന്ദാരകേതകപുഷ്പകരം തിരുകിയോരം,
ഉണ്ണിക്കതിരവനൊത്ത മണിമയ-
കുണ്ഡലം—തുമുത്തുപൊൻവെള്ളിമാലകരം—
മോഹനമാം പല രതനം പതിച്ചുള്ള
മോതിരം—കൈവള, തുത്തോരംവളകളും—
പൊന്താമരമാലയെന്നിവ ചാർത്തിയോരം,
വെൺതിങ്കൾബിംബസുസ്മിതവക്ത്രയാരം,
പൊൻപങ്കജലോചനാ-മാതളനാരങ്ങ-
പൊൻചെറുപ്പിവപുണ്ട നാലുതുകയുമായ്;

ഒരിക്കലും പിരിയാത്ത ആ സർവലക്ഷണസമ്പന്നയായ ദേവി
യോടൊന്നിച്ചു സ്വാമി സദാ സനാതനമായ പരമവ്യോമത്തിൽ

* ഗോവൽസ്വരൂപവർണ്ണനം ഇല്ല; ഇതു പാതാളഖണ്ഡം 69,77 എന്നി അദ്ധ്യാ
യങ്ങളിലും മറ്റുമുണ്ടല്ലോ.

Digitized By Kerala Sahitya Akademi

വിളയാടുന്നു. ഇരുപത്തൊരു ശങ്കുകളിൽ, സുഖിമാരായ ഭൂമിയും ലീലയും സുഖമായി സ്ഥിതിചെയ്യുന്നു. എട്ടു ശിക്കുകളിൽ, ഇരുപത്തൊരു കോടികളുടെ അറ്റങ്ങളിൽ, വിമല, ഉൽക്കർഷിണി, ജ്ഞാന, ക്രിയ, യോഗ. പ്രഹ്വി, സത്യ, ഈശാന എന്നീ ലക്ഷണംതികഞ്ഞ മഹർഷിമാർ, ചന്ദ്രധവളങ്ങളായ ദിവ്യചാമരങ്ങളേന്തിനിന്നു പരമാത്മാവായ പതിയെ പ്രീതിപ്പെടുത്തുന്നു. തിരുമേനിക്കു ചുറ്റും അപ്സരസ്ത്രീകളും അഞ്ചൂറന്തഃപുരസ്ത്രീകളും എന്നിവരുമുണ്ട്. അവരെല്ലാം ലക്ഷണം തികഞ്ഞ ചന്ദ്രനേർമുഖിമാരും അഗ്നിക്കൊത്ത കാന്തിയുള്ളവരും താമരപ്പൂകൈക്കൊണ്ടവരുമാകുന്നു. അനന്തഗരുഡന്മാർ, സേനാനി മുതലായ ദേവത്തലവന്മാർ, മറ്റു പരിജനങ്ങളും, നിത്യമുക്തന്മാർ എന്നിവരാലും ചുറ്റപ്പെട്ട് ആ ഭോഗൈശ്വര്യസമൃദ്ധനായ രാജാധിരാജൻ രമയോടൊന്നിച്ചു രമിച്ചുരുളുന്നു. ഗിരികന്യകേ, വൈകുണ്ഠത്തിന്റെ ഒന്നാമത്തെ ആവരണം കേട്ടുകൊള്ളുക: കിഴക്കു വാസുദേവഗൃഹം; അഗ്നികോണിൽ ലക്ഷ്മീനിലയം; തെക്കു സംകർഷണാലയം; നിർൃതികോണിൽ സരസ്വതീസദനം; പടിഞ്ഞാറു പ്രദ്യുമ്നലോകം; വായുകോണിൽ രതിലോകം; വടക്ക് അനിരുദ്ധലോകം; ഈശാനകോണിൽ ശാന്തിലോകം. രണ്ടാമാവരണം പ്രഥ്ളാദാദിമഹാത്മാക്കളും, മൂന്നാമാവരണം മത്സ്യകൂർമ്മാദിലോകങ്ങളുമത്രേ. സത്യൻ, അച്യുതൻ, അനന്തൻ, ദൃഢ, വിഷ്വക്സേനൻ, ഗജാനനൻ, ശംഖപദ്മനിധികളും എന്നിവരുടെ ലോകങ്ങളാണ് നാലാമാവരണം. ജഗദ്ധാത്രിസ്ഥാനത്തുള്ള, സാവിത്രി, ഗരുഡൻ, ധർമ്മം, യജ്ഞം എന്നിവരുടെ വാങ്മയമായ അക്ഷയലോകമത്രേ അഞ്ചാമാവരണം. ശംഖം, ചക്രം, ഗദ പദ്മം; വാൾ, ശാർങ്ഗം, കലപ്പ, മുസലം എന്നീശസ്ത്രാസ്ത്രങ്ങളുടെ മന്ത്രരൂപമായ നിത്യലോകമാകുന്നു ആറാമാവരണം. ഇന്ദ്രാഗ്നിയമനിർൃതിവരുണവായുകുബേരശാനലോകങ്ങളും ഏഴാമാവരണം * അനന്യഭക്തിയോടെ ഭഗവന്മന്ത്രാശീലിച്ചവരേ ആ സനാതനപദം പ്രാപിയ്ക്കൂ; വേദാധ്യയനംകൊണ്ടോ യജ്ഞംകൊണ്ടോ ദാനംകൊണ്ടോ സദ്വൃത്തംകൊണ്ടോ നിരാഹാരതപസ്സുകൊണ്ടോ സാധനകർമ്മംകൊണ്ടോ പൂകാവുന്നതല്ല ആ ദിവ്യ ശാശ്വതസ്ഥാനം.'

പാർവ്വതി:—'സ്വാമിൻ, സനാതനസ്വർഗ്ഗത്തിന്റെ സ്വരൂപം ഇവിടുന്നു ശരിക്കു പറഞ്ഞുതന്നു. പരമവ്യോമത്തിൽ വാണരുളുന്ന തിരുവടി എന്തുകൊണ്ടാണ് പ്രകൃതിമണ്ഡലത്തിൽ കടികൊള്ളുന്നത്? ലീലകൊണ്ടു പ്രയോജനമെന്തുള്ളൂ? ശുദ്ധതത്വമയമായ ലോകത്തിൽ സംസ്ഥിതനായ പരമേശ്വരൻ രജസ്സംസ്സുകൊണ്ടു ചേർന്നു വിഭൂതിയിലിരിക്കുന്നതെങ്ങിനെ?'

* 255–ാമദ്ധ്യായത്തിലുള്ളതുതന്നെ.

Digitized By Kerala Sahitya Akademi

ശിവൻ. —ശ്രീപാദപീഠതിയിൽ ഈശപരിയോടൊരുമിച്ചു സദാ നിത്യമൂക്കെകഭോഗ്യനായി വിഹരിക്കുന്ന ഭഗവാനായ പരമേശ്വരനെ പ്രകൃത്യാ ജഗദാധാരമായ മഹാമായ ഒതൊഴുകയുമായി സ്തുതിപ്പാൻ തുടങ്ങി: —

'നമസ്തേ ത്രിജഗദ്ധാത്രേ! നമസ്തേ വിശ്വരൂപിണേ!
പുരാണായ നമസ്തുഭ്യം ജഗദുല്പത്തി ഹേതവേ!
ശ്രീഭൂലീലാധിപതയേ നമോ നാരായണായ ച!
നമോ ഭഗവതേ തുഭ്യം വാസുദേവായ ശാർങ്ഗിണേ!
സർവ്വേന്ദ്രിയാത്മരൂപായ വിഷ്ണവേ ജിഷ്ണവേ നമഃ!
സഹസ്രമൂർത്തയേ തുഭ്യമനന്തായ നമോസ്തുതേ!
അച്യുതായാവികാരായ ശുദ്ധസത്വസ്വരൂപിണേ!
ആദിമധ്യാന്തരഹിതസച്ചിദാത്മായ നമോ നമഃ!
നമോ ഹൈരണ്യഗർഭായ ജ്ഞാനായ പരമാത്മനേ
സർവ്വഭൂതാത്മനേ തുഭ്യം സർവ്വഭൂതാശ്രയായ ച!
ബ്രഹ്മണേ ജ്യോതിഷേ തുഭ്യം! നമസ്തേ വിശ്വരൂപിണേ!
നമഃ ശുചിഷദേ തുഭ്യം സൂര്യായ ശുഭവർച്ചസേ!
അഗ്നയേ ഹവ്യഭോക്ത്രേ ച തഥൈവ ബ്രഹ്മതേജസേ നമഃ!
നമസ്തേ പ്രസവിത്രേ ച സർഗ്ഗസ്ഥിത്യന്ത ഹേതവേ!
നമോ വേദാന്തവേദ്യായ ചതുരാത്മസ്വരൂപിണേ
ബ്രഹ്മണേ ജ്യോതിഷേ തുഭ്യം ശങ്കരായ ഹരായ ച!
ത്രിഗുണായ നമസ്തുഭ്യം സർഗ്ഗസ്ഥിത്യന്ത ഹേതവേ!
നിർഗ്ഗുണായ നമസ്തുഭ്യം സർവ്വാത്മാന്തരവർത്തിനേ!
അവ്യക്തായ നമസ്തസ്മൈ വിഷ്ണവേ ലോകസാക്ഷിണേ!
നാരായണായ ഈശായ പുരുഷാഖ്യായ മൂർത്തയേ!
അനന്തഗുണപൂർണ്ണായ നമഃ സർവ്വാത്മഭാവിനേ!
നമസ്തേ വാസുദേവായ പഞ്ചാവസ്ഥാസ്വരൂപിണേ!
നമഃ പഞ്ചനവവ്യൂഹ ഭേദരൂപായതേ നമഃ!
നമോ യജ്ഞവരാഹായ! ഗോവിന്ദായ നമോനമഃ!
അവികാരായ ശുദ്ധായ നിത്യപ്രതിഭയായ ച
നാരായണായ കൃഷ്ണായ നരസിംഹായതേ നമഃ!
കേശവായ നമസ്തുഭ്യം ജഗതാം ക്ലേശഹാരിണേ!
ത്വമേവ സർവ്വലോകാനാമാശ്രയഃ പുരുഷോത്തമഃ;
പ്രസീദ ദേവദേവേശ, സർവ്വലോകഹിതായ വൈ!

ജീവങ്ങളെല്ലാം ചേതനയും ജ്ഞാനവും ആശ്രയവും ദേഹവും ആകാരവും ഇന്ദ്രിയങ്ങളും അന്നപാനാദികളുമില്ലാതെ സദാ ദുഃഖിക്കുകയാ

Digitized By Kerala Sahitya Akademi

ണ്ട്; അവക്ക് ലോകങ്ങളും ദേഹങ്ങളും കല്പിച്ചുകൊടുക്കുക. സർവ്വജ്ഞ, ബീജാവിദ്യയെ മുൻനിർത്തി ഏർപ്പെടുത്തുക. ചേതനാചേതനമായ—ചരാചരമായ—ലോകം മുഴുവൻ മഹങ്ങിക്കിടക്കുന്നതു തുക്കൻപാത്രംപോലും. പരമേശ്വര, താമസിയാതെ പ്രകൃതിയായ എന്നോടൊന്നിച്ചു സൃഷ്ടി നടത്തുക; നിന്തിരുവടി ഏകമൽ സ്ഥിതിചെയ്ത് ആ സംസാരത്തിൽ ധർമ്മാധർമ്മങ്ങളെയും സുഖദുഃഖങ്ങളെയും നിക്ഷേപിച്ച്, കളിയാട്ടമാറാകണം.'

ഇങ്ങനെ മായാദേവി പ്രാർത്ഥിച്ചതിനാലത്രെ, പരമേശ്വരൻ—പ്രകൃതിപുരുഷനെന്നു പറയപ്പെടുന്ന വിഷ്ണുഭഗവാൻ—പ്രകൃതിയിൽ പ്രവേശിച്ചു ജഗത്സൃഷ്ടിക്കൊരുമ്പെട്ടതു്. *

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ദിലീപവസിഷ്ഠസംവാദത്തിൽ
തോമരമോക്ഷപ്രസംഗം, പരമവ്യോമവർണ്ണനം
ഇരുനൂറാമ്പത്തേഴാമദ്ധ്യായം.

ഇരുനൂറാമ്പത്തേഴാമദ്ധ്യായം.

പാർവ്വതി:—ഉത്തമമായ ദേവസൃഷ്ടി വിസ്തരിച്ചു പറഞ്ഞുതരിക: ബ്രഹ്മാദികളായ ദേവപ്രവരന്മാർ സനാതനകൽനിന്നു് എങ്ങിനെ സംജാതരായി? ഈശ്വരന്റെ അവതാരങ്ങളും വിസ്തരിച്ചു പറയുക:'

ശിവൻ:—'പരമേഷ്ഠി ആകാശവായു തേജോജലപൃഥിവികളെ മുറയ്ക്കു സൃഷ്ടിച്ചിട്ട്, തന്മദ്ധ്യത്തിൽ അഗാധമായ സമുദ്രം നിർമ്മിച്ചു. ആ ഒറക്കടലിൽ, മായാവടപത്രത്തിൽ, അവിടുന്നു സർവ്വഭൂതങ്ങളേയും കൈക്കൊണ്ടു യോഗനിദ്രയടഞ്ഞു; ജഗത്സൃഷ്ടിക്കായി യോഗനിദ്രയടഞ്ഞ മധുസൂദനൻ ആ മായയോടൊന്നിച്ചു് ഏറിയ കാലം രമിച്ചു. അവളിൽ കല്പാദ്യാമുഹൂർത്തപക്ഷമാസാദിരൂപിയായ കാലപുരുഷൻ ഉളവായി വന്നു. അപ്പോഴേക്കും, മൊട്ടായിരുന്ന ഹരിനാഭിപദ്മം വികസിച്ചു; ജഗത്തിന്നെല്ലാം ബീജവും തേജോഭാസുരവുമായ ആ പദ്മത്തിൽ മഹാമതിയായ ബ്രഹ്മാവു് ഉണ്ടായി വന്നു. അദ്ദേഹം രജോഗുണപ്രേരണയാൽ ലോകത്തെ സൃഷ്ടിപ്പാനിച്ഛിച്ചു്, യോഗനിദ്രയിൽ പള്ളികൊള്ളുന്ന പരമേശ്വരനെ സ്മരിച്ചു:—

* സൃഷ്ടിക്രമം ആദിഖണ്ഡം ൨-ാമദ്ധ്യായത്തിലും കാണുന്നുണ്ട്.

Digitized By Kerala Sahitya Akademi

'നമോസ്തു വിഷ്ണവേ തുഭ്യം സർഗ്ഗസ്ഥിത്യന്തഹേതവേ
ജഗദ്രക്ഷണരക്ഷായ ശ്രീമതേ വിശ്വരൂപിണേ!
നമോ ബ്രഹ്മണ്യദേവായ ഗോബ്രാഹ്മണഹിതായ ച!
ജഗദ്ധിതായ കൃഷ്ണായ ഗോവിന്ദായ നമോ നമഃ!
പ്രധാനകാലരൂപായ പുരുഷായേശ്വരായ ച
നമഃ പ്രപഞ്ചരൂപായ നിഷ്പ്രപഞ്ചസ്വരൂപിണേ!
നാരായണായ വിശ്വായ വിശ്വേശായ നമോ നമഃ
ശ്രീലീലാധിപതയേ ബ്രഹ്മണേ പരമാത്മനേ!
നമോസ്തു വാസുദേവായ വിശ്വരൂപായ ശാർങ്ഗിണേ
ത്രയീനാഥായ ഹയഗ്രീവായ വേദാത്മസ്വരൂപിണേ!
അനന്തകല്യാണഗുണപരിപൂർണ്ണായ തേ നമഃ!
ഉലകെല്ലാമുറങ്ങിപ്പോം ലോകാത്മാവുണർന്നിരുന്നിയാൽ;
വൃതാ സർവ്വം ജഗന്നാഥ, പ്രപഞ്ചം സ ചരാചരം.
നീയേ നിമിഷം കത്താവും തിരുണ്ണോരുടലകായ്വുവും;
സൃഷ്ടാ ധാതാ വിധാതാവും പരമേശ്വരനെങ്ങുതാൻ!
ഉന്നിദ്രൻ ശുദ്ധസത്വൻ നീയെങ്ങാക്കം തവ പ്രഭോ? [ൽ!'
എന്നും ലോകങ്ങളും നിങ്കൽത്താൻ നിഷ്പ്പൂ ദേവ, തവാജ്ഞയാ

ഈ സ്തുതികേട്ട ഹൃഷീകേശൻ യോഗനിദ്രവിട്ട് ആ ശയനത്തിൽ നിന്നെഴുന്നേറ്റു, യോഗനിദ്രയെ അടക്കി, ജഗൽസൃഷ്ടിയെപ്പറ്റിയുള്ള ചിന്തയിൽ ജഗദീശൻ ക്ഷണനേരം ചിന്തിച്ചു, ലോകത്തെയെല്ലാം സൃഷ്ടിച്ചു—സർവ്വഭുവനങ്ങളുമുൾപ്പെട്ട ഒരു ഹിരണ്മയാണ്ഡത്തെ നിർമ്മിച്ചു; അണ്ഡകടാഹത്തോടുകൂടി നാഭിപദ്മത്തിൽ, ഏഴു ഭൂതത്തുകളും ചേർന്നും പർവ്വതങ്ങളാൽ പരിപൂതയുമായി സമുദ്രംവരെയുള്ള ഭൂമിയെയും വിരചിച്ചു. എന്നിട്ട് തന്തിരുവടി ആ അണ്ഡത്തിന്റെ നടുവിൽ സ്ഥിതി ചെയ്തു, ധ്യാനത്തിലേർപ്പെട്ടു ധ്യാനാവസാനത്തിൽ, നാരായണന്റെ തിരുനെറ്റിമേൽ നിന്നു നീർപ്പോളപോലെയുള്ളതായ ഒരു വിയർപ്പുതുള്ളി നിലത്തു വീണു; സുമുഖി, അതിൽനിന്നാണു്, അക്ഷമാലശൂലപാണിയും ജടാമകുടമണ്ഡിതനുമായ ഞാനുണ്ടായതു്. ഞാൻ ദേവേശനോടു വണക്കത്തിൽ, 'ഞാൻ എന്തുചെയ്യേണ്ടു' എന്നു ചോദിച്ചു. തന്തിരുവടി സസന്തോഷം മറുപടിപറഞ്ഞു:—'രുദ്ര, ഭവാൻ ഭയങ്കരമായി ജഗൽസംഹാരം നടത്തണം.' സംഹാരത്തിന്നായി, സാക്ഷാൽ സങ്കർഷണന്റെ അംശത്താൽ നാരായണങ്കൽനിന്നു ജനിച്ചവനാകുന്നു, ഭയങ്കരനായ ഞാൻ. എന്നെ സംഹാരത്തിന്നു നിയോഗിച്ചിട്ടു ജനാർദ്ദനൻ വീണ്ടും തൃക്കണ്ണുകളിൽനിന്നു് ഇരുട്ടകറ്റുന്ന സൂര്യചന്ദ്രന്മാരെ സൃ

Digitized By Kerala Sahitya Akademi

ഷ്ടിച്ചു; ശ്രോത്രങ്ങളിൽനിന്ന ദിക്കുകളേയും വായുചിനേയും, മുഖം ബുജത്തിൽനിന്ന് ഇന്ദ്രാഗ്നികളേയും, നാസാദ്വാരങ്ങളിൽനിന്ന വരുണമിത്രരേയും, കൈകളിന്മേൽനിന്ന ദേവനാഭ്യുരുൽഗണങ്ങളേയും, രോമകൂപങ്ങളിൽനിന്ന വനസ്പത്യധികളേയും, തപക്കിൽനിന്ന ശൈലസാഗരപശുക്കളേയും സൃഷ്ടിച്ചു; പുണ്ഡരീകാക്ഷന്റെ തിരുമുഖത്തുനിന്ന ബ്രാഹ്മണനും, ഭുജങ്ങളിൽനിന്ന ക്ഷത്രിയനും, തുടകളിൽനിന്ന വൈശ്യനും, കാൽകളിൽനിന്ന ശൂദ്രനും ഉളവായി. ഇങ്ങിനെ സൃഷ്ടിക്കപ്പെട്ട ലോകം അചേതനമായി നിന്നതിനാൽ ജഗന്മയൻ അതിനകത്തിൽ പ്രവേശിച്ചു. വിഷ്ണുവിന്റെ ശക്തിയോടുകൂടാതെ, അതിന്ന മിഴിവുണ്ടാകയില്ല അതിനാൽ സർവ്വജഗന്നിയന്താവും പ്രാണൻ സനാതനനായ വിഷ്ണുതന്നെ! അവിടുന്നതന്നെ, അവ്യക്തരൂപനായ പരമാത്മാവു! ആ ചിന്മയൻ താൻതന്നെ സൃഷ്ടിസ്ഥിതിസംഹാരങ്ങളിൽ വ്യാപരിക്കുന്നു.

ഷാഡ്ഗുണ്യപൂർണ്ണനായ വാസുദേവൻ, ത്രിഗുണങ്ങളുംകൊണ്ടു തന്റെ രൂപത്തെ നാലുരൂപത്തിലാക്കുന്നു: സങ്കൈശവ്യുവനായ ഭഗവാൻ പ്രദ്യുമ്നവടിവിൽ വിധാതാവിന്റേയും പ്രജാപതികളുടേയും കാലത്തിന്റേയും ജനത്തിന്റേയും അന്തര്യാമിയായിട്ടു വഴിപോലെ സൃഷ്ടി നടത്തുന്നു. അവിടുന്ന് ഇതിഹാസങ്ങളും വേദങ്ങളും മഹാത്മാവായ പരമസംഭവന്ന നൽകി. പ്രദ്യുമ്നന്റെ അംശമായ പിതാമഹൻ ജഗൽസൃഷ്ടിയെല്ലാം ചെയ്യുപോരുന്നു. ഭഗവൻ ശക്തിയും തേജസ്സുമുള്ള അനിരുദ്ധന്റെ വടിവിൽ, മനുക്കളുടേയും രാജാക്കന്മാരുടേയും കാലത്തിന്റേയും ജനത്തിന്റേയും അന്തര്യാമിയായിട്ടു രക്ഷ നടത്തുന്നു; വിദ്യുബലാനിധനായ സങ്കർഷണന്റെ വടിവിൽ, കാലത്തിന്റേയും സർവ്വഭൂതങ്ങളുടേയും രുദ്രന്റേയും യമന്റേയും അന്തര്യാമിയായിട്ടു ജഗത്തിനെ സംഹരിക്കുന്നു. ഇങ്ങനെയാണ്, അന്തര്യാമ്യവസ്ഥയിൽ പരമാത്മാവിന്റെ അന്തര്യാമിത്വം. മത്സ്യം, കൂർമ്മം, വരാഹം, നരസിംഹം, വാമനൻ, രാമൻ, പരശുരാമൻ, കൃഷ്ണൻ, ബുദ്ധൻ, കൽക്കി എന്നീ പത്തും, ചിന്മയന്റെ വിഭാവാവസ്ഥകൾ. നരസിംഹരാമകൃഷ്ണന്മാരിൽ ഷാഡ്ഗുണ്യമുള്ളവരായി പറയപ്പെട്ടിരിക്കുന്നു. ദീപത്തിൽനിന്ന ദീപമുണ്ടാകുന്നതുപോലെയാണ് പരമേശന്റെ പരാവസ്ഥ.

വൈകുണ്ഠമാകുന്ന പരമലോകം, ഉൽകൃഷ്ടമായ വിഷ്ണുലോകം, ശ്വേതദ്വീപ്, പാലാഴി എന്ന നാലാകുന്ന മഹർഷിപ്രോക്തങ്ങളായ വ്യൂഹങ്ങൾ: ശുദ്ധകാരണമായ വൈകുണ്ഠം ജലാവരണമധ്യത്തിൽ, കോടിസൂര്യപ്രഭമായി സർവ്വധർമ്മാനിധിയായി സനാതന

Digitized By Kerala Sahitya Akademi

മായി മണ്ണം വീശുന്ന മന്ദാരവൃന്ദങ്ങളാലും നാനാരത്നമയങ്ങളായ ദിവ്യ വിമാനകോടികളാലും ചുറ്റപ്പെട്ട പരമവ്യോമത്തിനു പറഞ്ഞ ലക്ഷണങ്ങളിങ്ങനെ പരിശോഭിക്കുന്നു*..... അതിനു് അയിരത്തൻപത്തെയുജന വിസ്താരമുണ്ടു് ...അവിടെയുള്ള സ്ത്രീപുരുഷന്മാർ സർവ്വലക്ഷണവും തികഞ്ഞവരാകുന്നു; ലക്ഷ്മീനാരായണതുല്യരൂപരായ അവർ ദിവ്യവസ്ത്രമാല്യങ്ങളും ധരിച്ചു ദിവ്യചന്ദനം പൂശി സർവ്വരോഗ ക്ഷുത്തിതരായി ക്രേതിയാൽ ആഹ്ലാദിച്ചു രസിച്ചു വിളയാടുന്നു. ഷോഡശാത്മകമായ ക്രേതിയാൽ അഷ്ടാക്ഷരമന്ത്രം സിദ്ധി വന്നവർ അവിടമണഞ്ഞതു യാതൊരു വിഘ്നവും വിഹരിക്കുന്നു. അവിടെച്ചെന്നവർക്കു വിഷ്ണുവിനോടു വേർപിരിയലില്ലതന്നെ; തൃപ്തിയാവോളമില്ലാത്ത സുഖാനുഭവം എന്നെന്നുമുണ്ടുതാനും! എവിടെയായാലും വിഷ്ണുലോകമണഞ്ഞവിശുദ്ധശരീരസ്സുകൾ, സ്വർഗ്ഗവാസികളെപ്പോലെ പുനർജ്ജന്മം പൂകുകയില്ല. സൈരിണിദേഹത്തെപ്പോലെ സംകർഷണാദികൾ സത്യലോകത്തിൽനിന്നു വേണ്ടപ്പോൾ അവതരിക്കുകയും, തന്നിശ്ചയിച്ചിയോടൊന്നിച്ചു വീണ്ടും തൽപദം പൂകുകയും ചെയ്യുന്നു; കർമ്മബന്ധനമായ ജനനം വൈഷ്ണവർക്കില്ല. വിഷ്ണുവിനെ അനുചരിക്കൽ മോക്ഷവും, ദേവേശന്റെ ദാസ്യംകൊള്ളൽ ബന്ധനവുമത്രേ. ബന്ധമെല്ലാമൊഴിഞ്ഞു നിർമ്മലരാകുന്നു വിഷ്ണുദാസന്മാർ. ബ്രഹ്മലോകം മുതൽക്കുള്ള ലോകങ്ങളെല്ലാം പുനരാവൃത്തിയുള്ളവയും കർമ്മബന്ധമുള്ളവയും സുഖദുഃഖസുഹൃൽഭേദപ്രദങ്ങളും വളരെ കഷ്ടപ്പെട്ടു നേടേണ്ടവയും ജനനമരണഹേതുക്കളുമാകുന്നു; അവിടങ്ങളിലെ സുഖം, വിഷംചേർന്ന ഭക്ഷണത്തിനൊക്കെ! സ്വർഗ്ഗവാസികളായ മനുഷ്യരെ കർമ്മമൊടുങ്ങിയാൽ ദേവകം അരിശംകൊണ്ടു കർമ്മബന്ധനമായ സംസാരത്തിലേയ്ക്കുതന്നെ പിടിച്ചുതള്ളും. അതിനാൽ, വളരെ കഷ്ടപ്പെട്ടു നേടേണ്ടതും അനിത്യവും കേടിലവും ദുഃഖമിശ്രവുമായ സ്വർഗ്ഗസുഖം മോഹിച്ചു പരിത്യജിക്കണം; എപ്പോഴും സർവ്വദുഃഖനാശനനായ വിഷ്ണുവിനെ സ്മരിക്കുക. തിരുനാമം ഉച്ചരിച്ചാൽത്തന്നെ പരമപദം പൂകാം ഗൊരി, വൈഷ്ണവലോകത്തെത്തന്നെ വേണം ബുദ്ധിയുള്ളവൻ പ്രാർത്ഥിക്കുക. അനന്യഭക്തിയോടേ ഭയാപയോധിയായ ദേവനെ ജപിച്ചാൽ, അതു സർവ്വജ്ഞാനവുമവാൻ തീർച്ചയായും കാര്യക്ഷിക്കും. അഷ്ടാക്ഷരത്തിരുമന്ത്രം ജപിച്ചാൽ, ഏറാവുമെളുപ്പത്തിൽ, സർവകാമദമായ വിഷ്ണുവിന്റെ പരമലോകത്തിൽ ചെന്നുചേരാം

*256-ാമദ്ധ്യായത്തിലെ അയോദ്ധ്യാവർണ്ണനം നോക്കുക.

Digitized By Kerala Sahitya Akademi

അതിങ്കൽ, മണിമയസ്തംഭമായി സഹസ്രസൂര്യപ്രഭയായിരിക്ക
ന്ന ദിവ്യവിമാനത്തിൽ * പലതരം രത്നങ്ങളും പതിച്ച
പൊന്നിൻയോഗപീഠത്തിൽ, മന്ത്രാക്ഷരങ്ങളും കുറിച്ച എട്ടിതൾപ്പ
ത്മത്തിൽ, ലക്ഷ്മീബീജാക്ഷരംപോൽ സുരഭ്യമായ കർണ്ണികയിൽ
സഹസ്രകോടിബാലാർക്കദ്യുതിയായ ശ്രീനാരായണൻ ശംഖചക്രഗദാ
പത്മപാണിയായി വാണരുളുന്നു. വലത്തുവശത്തു ഹിര
ണ്മയവർണ്ണയായ ജഗന്മാതാവും, ഇടത്തുവശത്തു് ഇന്ദീവരദളശ്യാമളയാ
യി നാനാഭരണവിചിത്രവസ്ത്രഭൂഷിതയായി മേൽക്കൈകളിൽ ചന്ത
മൊത്ത രണ്ടു ചെന്താമരപ്പൂക്കളും കീഴ്ക്കൈകളിൽ രണ്ടു ധാന്യ
പാത്രങ്ങളും ധരിച്ച ഭൂദേവിയും കൂടികൊള്ളുന്നു. .....ഇങ്ങിനെ
യാണ് ഒന്നാമത്തെ വ്യൂഹം.

വിഷ്ണുലോകമാകുന്ന രണ്ടാമത്തെ വ്യൂഹം കേട്ടുകൊള്ളുക:
നിത്യമെന്നു വിശ്രുതമായ ആ ശ്രേഷ്ഠലോകം വിപുലവും പുണ്യവും
ശുദ്ധവും അത്മമയവും ശുഭവും ആയിരം മഹാമനസ്വികൾ ഒന്നി
ച്ചുദിച്ചാലത്തെ ശോഭയുള്ളതുമാകുന്നു. ആ മഹത്തരമായ സത്യലോക
ത്തിന്നു പ്രളയകാലത്തുമില്ല നാശം! അതു് എനിക്കും ബ്രഹ്മാദിദേവ
ന്മാർക്കും കാണാൻകൂടി കിട്ടുകയില്ല. കല്പദ്രുമത്താമരപ്പൂക്കളും, നല്ല
വെള്ളംനിറഞ്ഞ ദിവ്യങ്ങളായ കനകരത്നത്താമരപ്പൂക്കളും ചേർന്ന
പൊയ്കകളും, എരിതീയിന്നൊത്ത ദിവ്യഭൂഷണകോടികളും,
പുഷ്പിതങ്ങളായ ഗന്ധവൃക്ഷങ്ങളും നീളെ അലംകൃതമായി, സാമ
ഗാനത്താലും കോകിലാദികൂജിതത്താലും മുഖരിതമായി, പതിനാറോ
ളം വയസ്സുചെന്നവരും ലക്ഷണം തികഞ്ഞവരും ദിവ്യാഭരണങ്ങളണി
ഞ്ഞവരുമായ ദിവ്യസ്ത്രീപുരുഷന്മാരാൽ പരിപൂർണമായിട്ടുള്ളതാണ്
ആ ലോകം. അവിടെ രമ്യപ്രദേശങ്ങളിൽ സ്ത്രീകൾ സന്തുഷ്ടരായ ഭ
ർത്താക്കന്മാരൊന്നിച്ചു ലക്ഷ്മീരമണനെ പൂജിച്ചു്, അവിടത്തെ പ്ര
സാദത്താൽ എന്നെന്നും സുഖമനുഭവിക്കുന്നു. പത്മേക്ഷണന്മാരായി
പത്മഹസ്തന്മാരായി പത്മമയോട് തുല്യമായ വനിതമാർ ദിവ്യാ സ്ര
മാല്യങ്ങളണിഞ്ഞു് വല്ലഭരോടുകൂടി പൊലിയ ഭഗവച്ചരിതം പാടി
ക്കൊണ്ടു കളിയാടുന്ന ശംഖചക്രഗദാപദ്മപാണികളും മാല്യാഭരണ
മണ്ഡിതരും മഞ്ഞപ്പട്ടുടുത്തവരുമാണ് അവിടെയുള്ള പുരുഷന്മാർ.
അവിടെ ക്രീഡയാടുന്ന സ്ത്രീപുരുഷന്മാർക്കു പരസ്പരപ്രേമത്തിൽ
ഹരിഭക്തിരസം അത്യത്ഭുതമായ കൈവരുന്നു!

നടുവിൽ ചന്തമിയന്ന അന്തഃപുരം ചന്ദനാഗരുകർപ്പൂരകുങ്കു
മസുരഭിലമായി പലതരം പുഷ്പവിതാനാദികൊലലംകൃതമായി ശോ

* യോഗപീഠവർണ്ണനം, കഴിഞ്ഞ അദ്ധ്യായത്തിലുള്ളതുതന്നെ.

Digitized By Kerala Sahitya Akademi

ളിക്കുന്നു; അതിന്റെ മദ്ധ്യത്തിൽ ഒരു കല്പകവൃക്ഷത്തിന്റെ തണലത്തു്, പദ്മത്തിന്മേൽ, മിന്നുമുള്ള വിചിത്രവസ്ത്രങ്ങളിൽ, നല്ല വിരിപ്പുവിരിച്ച ദാസൂരങ്ങളായ വിവിധദിവ്യസുഗന്ധപുഷ്പങ്ങളും വിതറിയതിൽ, ഒരുകോടി ചന്ദ്രന്മാരുടെ ശോഭയാർന്ന വാസുദേവൻ വാണരുളുന്നു. *.... .....രക്തചന്ദനം പൂശി കസ്തൂരിപ്പൊട്ടണിഞ്ഞ തന്തിരുവടി മേൽക്കൈകളാൽ പാഞ്ചജന്യസുദർശനങ്ങളും ധരിച്ചു്, കീഴ്ക്കൈകളാൽ ലക്ഷ്മീദേവിയെ പുണർന്ന തിരുമാറിലണച്ചു്, മിന്നൽപ്പിണർപോലെ കാർമുകിലെന്നപോലെ ശോഭിക്കുന്നു.....ഇങ്ങിനെ, സർവ്വോത്തമനോഹരനായ വാസുദേവൻ മനുഷ്യർക്കു സർവകാമങ്ങളും നൽകിക്കൊണ്ടു് ആ സത്യലോകത്തിൽ വിഹരിക്കുന്നു. ചുറ്റും ലക്ഷ്മ്യാശങ്കളായ എട്ടു ശക്തികളും—രമ, രുഗ്മിണി, സീത, പദ്മ, പദ്മാലയ, ശിവ, സുലക്ഷണ, സുശീല എന്നീ രതികാമപ്രദായിമാർ—സ്ഥിതിചെയ്യുന്നു; ശംഖചക്രഗദാഖഡ്ഗശാർങ്ഗാദികളായ ആയുധങ്ങളും പുരുഷരൂപം ധരിച്ചു നാലുവശത്തും കാവൽ നിൽക്കുന്നു. ദ്വാദശാക്ഷരമന്ത്രം യാവചിലർ ജപിക്കുമോ, അവർ ആ സനാതനലോകത്തിൽ സുഖേന ചെന്നുചേരും. ദാസ്യമൊന്നുകൊണ്ടേ വിഷ്ണുലോകം കിട്ടൂ. അതിനാൽ അനന്യചിത്തനായി ദാസ്യംപൂണ്ടു ഭഗവാനെ ഭജിക്കണം. എന്നാൽ കർമ്മബന്ധത്തെ വേർപെടുത്തുന്ന പരമസിദ്ധി നേടാം. ശ്രുതദേർശനേ, രണ്ടാമത്തെ വ്യൂഹവും ഞാൻ ചുരുക്കത്തിൽ പറഞ്ഞു; വിസ്തരിച്ചു പറയാവുന്നതല്ല.

പാൽക്കടലിന്റെ ഉത്തരതീരമത്രേ ശ്വേതദ്വീപം. സനകൻ, സനന്ദനൻ, സനാതനൻ, സനൽകുമാരൻ, ജാതൻ, വോഢു, പഞ്ചശിഖൻ എന്നീ ഏഴു ബ്രഹ്മപുത്രന്മാർ—തേജസ്സേറിയവരും സർവ്വോഗവിരക്തരും ശ്രുതോസതപരുമായ യോഗികൾ—ഭഗവദ്ദർശനസുഖം ആസ്വദിച്ചുകൊണ്ടു നരനാരായണന്മാരോടുകൂടി ശ്വേതദ്വീപിൽ നിവസിക്കുന്നുണ്ടു്; അവർക്കു ദർശിപ്പാനായി ഭഗവാൻ അവിടെ സന്നിധിചെയ്യുന്നു. ഒരുകോടി ചന്ദ്രന്മാർക്കൊത്തതും വിവിധരത്നോജ്ജ്വലവും മഹായോഗിസേവിതവും ത്യാജ്യരഹിതവുമാകുന്നു ശ്വേതദ്വീപം. അവിടെയുള്ള പുംകാവ്യകൾ പാരിജാതത്തോപ്പുകൾക്കൊക്കും. കല്പകലതകൾ നിറഞ്ഞു്, ചന്ദനദ്രുമാലംകൃതമായി, പരമോല്ലാസങ്ങൾ വിരിഞ്ഞു നിൽക്കുന്ന പലതരം ജലാശയങ്ങളാൽ പരിപൂതമായിരിക്കുന്ന ശ്വേതദ്വീപിൽ. മദ്ധ്യഭാഗത്തായി ഐരാവതിയെന്നൊരരമനയുണ്ടു്: അവിടെ വിവിധരത്നമയങ്ങളായ ദിവ്യവിമാനങ്ങളും ദിവ്യ

* സർവ്വപുഷ്പഫലോപേതൈഃ ശോഭിതൈഃ പാരിജാതകൈഃ.

Digitized By Kerala Sahitya Akademi

സ്ത്രീപുരുഷന്മാരും പരിലസിക്കുന്നു; പ്രാസാദങ്ങളും ഇടതിങ്ങിനിൽക്കുന്നു. അതിനുകുറുകെ, രത്നദീപങ്ങളും നിറഞ്ഞു ബാലസൂര്യപ്രഭകളായ വളരെ ഉംഗപ്രാസാദങ്ങളും ചുഴന്നു രമണീയമായ അന്തഃപുരത്തിന്റെ നടുവിൽ, ...മണികാഞ്ചനമയമായ ദിവ്യമണ്ഡപത്തിൻമദ്ധ്യേ, സൂര്യാഗ്നിപ്രഭയായ സിംഹാസനത്തിന്മേൽ, മറ്റൊരു ചന്ദ്രമണ്ഡലമോ എന്നു തോന്നുമാറുള്ള എട്ടിതൾത്താമരപ്പൂവിന്റെ കർണ്ണികയിൽ ജനാർദ്ദനൻ ഇങ്ങനെയുള്ളവനു: പതിനാറുവയസ്സുപ്രായം, തനിത്തങ്കത്തിനൊത്ത നിറം,... .....നാലു തൃക്കൈകളിൽ ശംഖചക്രഗദാപദ്മങ്ങളും, പൊൻതാമരപ്പൂവുപോലുള്ള തൃക്കാലടികളും, കല്പകവൃക്ഷപ്പൂവിനൊപ്പം വെളുത്ത നഖങ്ങളും, ചുരിവുള്ള നെറിഞ്ഞടത്തിൽ സുഗന്ധികളുമത്താലുള്ള ഗോപിക്കുറി, ശോഭമാനമായ സീമന്തം, കടയുന്ന അമൃതിൻനിരയുടെ വെണ്മതിരണ്ട തിരുവടയാട, രത്നമുത്തുകുണ്ഡലങ്ങളും ഇങ്ങിനെ ജഗന്മോഹനവിഗ്രഹനായി വാണരുളുന്നു. ഇടതുഭാഗത്തു തിരുമടിയിൽ, ശീലസൗന്ദര്യാദികളാൽ തന്തിരുവടിക്കനുരൂപയായ ദേവി സ്ഥിതിചെയ്യുന്നു: താമരയല്ലിക്കൊത്ത നിറം,..... ധനപ്പൊൻപൂം മാതളനാരങ്ങയും കണ്ണാടിയും പൊൻതാമരപ്പൂവും വഹിച്ച നാലു തൃക്കൈകളും, കസ്തൂരിപ്പൊട്ട്, നാസികാഗ്രത്തിൽ മുത്തുമണി, തഴപ്പുയർന്ന തങ്കക്കടകക്കാൽകളും—ഇങ്ങിനെയുള്ള ആ കാമിതൊത്രിയുടെ തിരുവടിൽ ദിവ്യകുങ്കുമപൂരി ശോഭിക്കുന്നു. ചുറവും ദേവിയെപ്പോലെ തന്നെയുള്ള ശക്തികളും—ഭൂശാവാസ്യ മഹാദേവി, ജാഹ്നവി, കമലാലയ, സാവിത്രി, സർവ്വ, ഭൂമ എന്നിവർ—സ്ഥിതിചെയ്യുന്നു ശ്രദ്ധ, മേധ, ധൃതി, പ്രജ്ഞ, ധാരണ, ശാന്തി, സ്തുതി, സ്മൃതി, മതി, വൃദ്ധി, പുഷ്ടി, മദിഷ്ഠിനി എന്നീ ദാസിമാർ ശ്രീദേവിക്കു സർവ്വാസ്യവും അനുഭവിച്ചുപാടുന്നു അപിടെ ആളുകളും ത്യാജ്യമായിട്ടോ നിഗ്രഹമായിട്ടോ താരതമ്യമില്ലാതെ, പ്രാസാദവിമാനവനാന്തരങ്ങളിൽ, തന്തിരുവടിയുടെ പ്രസാദത്താൽ കൈവന്ന ഭോഗങ്ങളും ഭുജിച്ചുകൊണ്ട് അനവധികം കളിയാടുന്നു. പരിവായി സ്തുത്യയായ ദേവിക്ഷ്ണമന്ത്രം ജപിക്കുക എന്നുകാൽക്കൽ എന്നിവയെ ചെയ്യുവാൻ ആ നിത്യപദം പ്രാപിക്കൂ അനന്യഭക്തി വേണം വിഷ്ണുലോകം കിട്ടാൻ. അതിന ജനാർദ്ദനൻതിരുവടിയെ നാംഭക്തിപൂർവം പൂജിക്കണം: തിരുനാമമുച്ചരിക്കണം; ധ്യാനിച്ചു മന്ത്രം ജപിക്കണം, സർവകാലത്തും സർവ്വവും പിക്കായി ഹോമവും തർപ്പണവും ചെയ്യണം. സൂതശ്രേഷ്ഠനി, ഇങ്ങിനെയാണു്, പരമാത്മാവിന്റെ മൂന്നാംവ്യൂഹത്തിന്റെ സ്വരൂപം വിദഗ്ദ്ധർ പറഞ്ഞിരിക്കുന്നതു്.

Digitized By Kerala Sahitya Akademi

ഇനി നാലാമത്തെ വ്യൂഹം വിവരിക്കാം: ദേവകളെ രക്ഷിപ്പാൻ വേണ്ടി, സർവ്വലോകശരണ്യനായി സർവ്വലോകത്തിലും ഫലഭോഗവായിരിക്കുന്ന പരമേശ്വരൻ കോടി സൂര്യപ്രകാശത്തോടുകൂടിയവനായി പുരന്ദരപരിജനങ്ങളാൽ പരിവൃതമായ പാലാഴിയിൽ, ആയിരം പടമുള്ള അനന്തനാകുന്ന പരന്ന പള്ളിക്കട്ടിലിൽ ശയിക്കുകയും ദിവ്യാസനത്തിലിരിക്കുകയും ചെയ്യുന്നു. ആ കാർകൊണ്ടൽവർണ്ണൻ കോടി സൂര്യസംകാശമായ കോടീരം ചൂടി, വിചിത്രാഭരണങ്ങളും പരിച്ചു കുണ്ഡലങ്ങളിട്ട്, കൈകളിൽ ശംഖചക്രഗദാശാർങ്ഗഖഡ്ഗങ്ങളേന്തി, കാൽകളിൽ ശംഖുമുത്തുചേർന്ന തളകളണിഞ്ഞു, നാഭിയിൽ ജഗജ്ജനനമരണകാരിയായ താമരപ്പൂവുമായി ശോഭിക്കുന്നു. ശ്രുതിസ്മൃതിഗണാദികളാൽ അവിടെയുള്ളതുപോലെയായി കൃഷ്ണാദേവിയായി വിശാലാക്ഷിയായി പ്രവാളധരിയായി ചന്ദ്രികാമന്ദസ്മിതയായി മത്തഭംഗാളകയായി പാൽക്കടലിൻ പതയെപ്പോലെ വെള്ളപ്പുടവയുടുത്ത പരമേശ്വരി മേൽക്കൈകളാൽ രണ്ടു പൊന്താമരപ്പൂവേന്തി, കീഴ്ക്കൈകളാൽ മണവാളനെ കെട്ടിപ്പുണർന്നു കൊണ്ടിരുന്നരുളുന്നു. ദേവി ക്രടെക്കൂടെ ദേവകളെ കടാക്ഷിക്കും; ആ തിരുനോക്കേൽക്കുന്നവർ ഭാഗ്യശാലികൾ തന്നെ! അപ്പോൾ, വിമാനസ്ഥരായ ദേവകിന്നരസിദ്ധചാരണന്മാർ ആനന്ദബാഷ്പത്തിൽ മുഴുകി പരമേശ്വരിയെ പാടി സ്തുതിക്കും. അസുരരാൽ ഉപദ്രവിക്കപ്പെട്ട ബ്രഹ്മരുദ്രാദിദേവന്മാർ സ്തുതിക്കുമ്പോൾ അച്യുതൻ അവർക്കഭയം നൽകും; എന്നിട്ട്, ആ സർവ്വദേവേശ്വരൻ ജഗൽസംരക്ഷണത്തിന്നായി രാക്ഷസരെ വധിപ്പാൻ തുടങ്ങും. ഇപ്രകാരം വിഷ്ണുവിന്റെ നാലാംവ്യൂഹവും ഞാൻ പറഞ്ഞുതന്നു; സുമുഖീ, ഇനിയെന്താണ് കേൾക്കേണ്ടതു്? ധന്യയും കൃതാർത്ഥയുമാണ് ദേവി: പുരുഷോത്തമകൽക്കിയുണ്ടല്ലൊ!'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ദിലീപവസിഷ്ഠാത്ഭുതോമാമഹേശ്വര സംവാദം, വിഷ്ണുവ്യൂഹവർണ്ണനം ഇരുനൂറ്റമ്പത്തേഴാമദ്ധ്യായം.

:o:

ഇരുനൂറ്റമ്പത്തെട്ടാമദ്ധ്യായം

പാർവതി:—'ഭഗവൻ, ദേവേശനായ മധുസൂദനൻ ഏതൊരു രൂപത്താലാണ് രാക്ഷസരെ വധിച്ചതു്? സനാതനന്റെ മത്സ്യക്രമ്മാദി വൈഭവവും എനിക്കറിഞ്ഞെളിഞ്ഞു വിസ്തരിച്ചു പറഞ്ഞാലും.'

ശിവൻ:—'വിഷ്ണുവിന്റെ മത്സ്യക്രമ്മാദ്യവതാരമാകുന്ന വൈഭവം ദേവി സാവധാനചിത്തയായി കേട്ടുകൊള്ളുക. .....പരമാത്മാവി

Digitized By Kerala Sahitya Akademi

ന്റെ ദേവാവതാരങ്ങളും വിഷ്ണുമൂർത്ത്യാദികളും, അച്ഛാവതാരങ്ങളും വൈഭവങ്ങളുമത്രേ.

ആ പരമോത്സവനായ സമ്രാട്ടാകുന്ന ബ്രഹ്മാവു പ്രജാപതികളെ സൃഷ്ടിച്ചു: ഭൃഗു, മരീചി, അത്രി, രുക്ഷൻ, കർദ്ദമൻ, പുലസ്ത്യൻ, പുലഹൻ, അംഗിരസ്സ് ക്രതു എന്നിവരത്രേ ഒമ്പതു പ്രജാപതികൾ. അവരിൽ ഭഗവാൻ മരീചി കശ്യപനെ ജനിപ്പിച്ചു. കശ്യപൻ അദിതിയും ദിതിയും വിനതയും കദ്രുവുമാകുന്ന നാലുപേരെ വിവാഹം ചെയ്തു; അദിതി ശ്രുതർഷനരായ ദേവന്മാരേയും, ദിതി തത്തുല്യരായ രാക്ഷസാസുരരേയും പ്രസവിച്ചു: മകരൻ, ഹയഗ്രീവൻ, മഹാബലനായ ഹിരണ്യാക്ഷൻ, ഹിരണ്യകശിപു, ജംഭൻ, മയൻ മുതൽ പേരാകുന്ന അസുരത്തലവന്മാർ. അവരിൽ വീര്യമേറിയ മകരൻ ബ്രഹ്മലോകത്തുചെന്ന ബ്രഹ്മാവിനെ മോഹിപ്പിച്ചു വേദങ്ങളെ അപഹരിച്ചു; എന്നിട്ടവൻ അവയെ വിഴുങ്ങി വൻകടലിന്നുള്ളിൽ കടന്നുകൂടി. അപ്പോൾ ജഗത്തു ശ്രുന്യമായി; വർണ്ണസങ്കരം വന്നുകൂടി; അധ്യയനമില്ല, വഷട്കാരമില്ല, വർണ്ണാശ്രമങ്ങളില്ല എന്നായി! അതിനാൽ പ്രജാപതിദേവൻ ദേവഗണങ്ങളോടെല്ലാമൊന്നിച്ചു പാലാഴിയിൽ ചെന്നു പത്മനാഭനെ ശരണം പ്രാപിച്ചു സ്തുതിച്ചു:—

(ശ്ലോകങ്ങൾ)

പ്രസീദ ദേവ, മേ നാഥ, നാഗപര്യങ്കസംസ്ഥിത,
സർവ്വേശ, സർവ, സർവ്വാത്മൻ, സർവ്വവേദമയാച്യുത!
പാർമരത്തിന്റെ വിത്താദ്യം, മദ്ധ്യത്തിൽ നന നീരു നീ,
ഒടുവിൽപ്പ്രഭുനാഥൻ നീ; സേവ്യനാചാര്യപരൻഭവാൻ!
നീയേ ധരിപ്പൂ പാരൊട്ടുക്കാക്ഷരപ്രപഞ്ചസനാതനം;
അവ്യക്തനങ്ങേ ഭ്രൂതാദി പ്രധാനപുരുഷോത്തമൻ!
പാരിന്റെയാദിമദ്ധ്യാന്തരൂപൻ നീ പരമേശ്വരൻ;
നീതാനുലകിനെല്ലാമൊരാശ്രയം പുരുഷോത്തമൻ!
ഭ്രൂതാദി നീ മഹത്ഭ്രൂതം, ഭ്രൂതസംഹാരകാരി നീ,
നീയഹങ്കാരമാലംബിച്ചാത്തജിഷ്ണനായതേ!
ആളിയുംനീയനന്തവും നീ! സർഗൻ വായു നീ മഹാൻ!
അനാദിയാദിയും നീയേ! തേജസ്സിൻനിധിയഗ്നിനീ!
പാരിനെല്ലാം ജീവനമാം ജലം നീ പരമേശ്വരൻ!
ജഗദാധാരമാം ഭൂവും ഭൂധരൻ നീ മഹാമതേ!
നീയേ സരിൽസമുദ്രങ്ങൾ! സകലത്തിന്നുമാദി നീ!

Digitized By Kerala Sahitya Akademi

ദേവേഷ്ടിത്തൊട്ടുക്ക നീതാനെ പുരുഷോത്തമൻ!
ലോകങ്ങളും നിൻപ്രേരണയാൽ വെയ്ക്കുന്ന നന്മതിന്മകളും!
അസുരൻ വേദമെല്ലാം കട്ടലവൻകടൽ പൂകിനാൻ.
വേദമല്ലോ താങ്ങു ചരാചരലോകത്തിനൊക്കെയും:
നീളെ വേങ്ങളാലല്ലോ നിലനിന്നു സർവ്വധർമ്മവും;
നിത്യം വേങ്ങളാലല്ലോ യാനോക്കൊട്ടുക്ക തുപ്തിയും.
അതിനാലങ്ങുതാൻ വേദം വീണ്ടെടുക്കേണമേ ഹരേ!'

ബ്രഹ്മാവിനാൽ ഇപ്രകാരം സ്തുതിക്കപ്പെട്ട ഹൃഷീകേശൻ മത്സ്യരൂപം ധരിച്ചു വൻകടലുംപുക്ക് ആ മഹാഘോരനായ അസുരനെ കൊത്തിപ്പിളർത്തി, സാംഗോപാംഗങ്ങളായ വേങ്ങളെല്ലാം വീണ്ടെടുത്തു ബ്രഹ്മാവിന്റെ കയ്യിലേല്പിച്ചു; അമരന്മാർ തേജസ്സേറിയ തന്തിരുവടിയേ പ്രശംസിച്ചു. അസുരൻ വിഴുങ്ങിയതിനാൽ വേങ്ങളം ക്ലേശക്കലന്നിരുന്നു; അവയെ വ്യാസരൂപനായ ഭഗവാൻ വേർതിരിച്ചുവച്ചു. മഹാത്മാവായ വ്യാസൻതന്നെയാണ് വേങ്ങളെ പകുത്തതു്. ഇങ്ങിനെ മാധവൻ മത്സ്യമായവതരിച്ചു വേദകളെയെല്ലാം രക്ഷിച്ചു. വേദത്തെ വീണ്ടെടുത്തു മൂവുലകിന്നും ആഴൽ നീക്കി ധർമ്മം നേടിയ തന്തിരുവടി സൂസിദ്ധസംഘങ്ങളാൽ സ്തുതിക്കപ്പെട്ടുകൊണ്ടും, യോഗികളാൽ പൂജിക്കപ്പെട്ടുകൊണ്ടും, അന്തർദ്ധാനമെയ്തി.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ദിലീപവസിഷ്ഠസംവാദേന്ദുഗുരുമാഹാത്മ്യേ
ശൗരസംവാദം, ദശാവതാരപ്രകരണം മത്സ്യാവതാരകഥനം
ഇരുനൂറാമ്പത്തെട്ടാമദ്ധ്യായം.

ഇരുനൂറാമ്പത്താമദ്ധ്യായം

ശിവൻ:—പ്രിയേ, ഇനി, സർവ്വലോകനമസ്കൃതായ വിഷ്ണുവിന്റെ ക്രൂരമൈവേവാ ചരിതമൊക്കെ പറയാം. ഏകാഗ്രഹൃദയയായി കേട്ടുകൊള്ളുക:

*

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ദിലീപവസിഷ്ഠസംവാദേന്ദുഗുരുമാഹാത്മ്യേ
ശൗരസംവാദം, ദശാവതാരപ്രകരണം, കൂർമ്മാവതാരകഥനം,
ദുർവ്വാസശ്ശാപകഥനം ഇരുനൂറാമ്പത്തൊമ്പതാമദ്ധ്യായം.

—(0)—

* പാതാളഖണ്ഡം 8-ം 9-ം 10-ം അദ്ധ്യായങ്ങളിലെ പലഭാഗങ്ങൾ നോക്കുക; ഇവിടെ കാച്ചുകുറുക്കി വിസ്തരിച്ചിട്ടുണ്ടെന്നേ വ്യത്യാസമുള്ളു.

Digitized By Kerala Sahitya Akademi

ഇരുന്നൂറാറുപതാമദ്ധ്യായം

ശിവൻ:—...

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, മിലിപയസിഷ്ട സംവാദത്തിന്റെയും മഥോരുരസംവാദം, ദശാവതാരപ്രകരണം, കൃഷ്ണാവതാരോപാഖ്യാനം, ലക്ഷ്മീമുല്പത്തിയിവയടങ്ങിയ ഇരുന്നൂറാറുപതാമദ്ധ്യായം.

—— () ——

ഇരുന്നൂറാറുപത്തൊന്നാമദ്ധ്യായം

ശിവൻ:— ദേവിയോടങ്ങനെ തിരുവുള്ളം തെളിഞ്ഞ ഭഗവാൻ സർവ്വലോകഹിതത്തിന്നായിട്ടരുളിച്ചെയ്തു.—'മഹർഷിമാരേ മഹാബലരായ ദേവന്മാരുമെല്ലാം കേൾക്കുവിൻ: നിങ്ങടെ ലക്ഷ്മിയെ കണ്ടെത്താൻ മഹാപുണ്യമായ ഏകാദശി നോറുവല്ലോ; അതിനാൽ ഇന്നു മുതല്ക്കു് എനിക്കെന്നെന്നും പ്രിയപ്പെട്ടതാകുന്ന ഏകാദശി. തലേന്നാൾ നോറ്റ്, പോദശീതിഥിയിൽ സൂര്യോദയത്തിൽ എന്നേയും ലക്ഷ്മിയേയും തുളസിയേയും പരമഭക്തിശ്രദ്ധകളോടേ യാവ ചിലർ പൂജിക്കുമോ, അവരെല്ലാം ബന്ധമൊഴിഞ്ഞു് എന്റെ പദം പ്രാപിക്കും; പൂജിക്കാത്ത മാപാപികളം നരകത്തിൽ പതിക്കും. എന്നെ പൂജിക്കാത്ത പാപിഷ്ഠരെ എന്റെ അടുത്തുകൂടാത്ത മായ എന്നെന്നും വിഷയങ്ങളാൽ ബന്ധിച്ചു സംസാരത്തിൽത്തള്ളും.' ഇതുമരുളിച്ചെയ്തു സനാതനൻ മുനിമാരാൽ സ്തുതിക്കപ്പെട്ടുകൊണ്ടു ലക്ഷ്മീമന്ദിരത്തിലേക്കെഴുന്നള്ളി.

പിന്നീടു ദേവഗണങ്ങളെല്ലാം കൃപാലുവായ ജനാർദ്ദനനെ ഭക്തിപൂർവ്വം പൂജിച്ചു ചിത്തം കുളിർത്തു സ്തുതിച്ചു. അതിൽ മനംതെളിഞ്ഞ കൃപാസമുദ്രൻ, 'ദേവേശന്മാരേ, വേണ്ടുന്ന വരം ചോദിച്ചുകൊൾവിൻ' എന്നരുളിച്ചെയ്തു. ഹർഷാവലന്നു ദേവഗണങ്ങളെല്ലാം കൈതൊഴുതു് ഉണർത്തിച്ചു:—'മഹാബല, ദേവേശ, ശേഷന്നും മിശ്രജങ്ങൾക്കും സഹായമായിട്ടു സപ്തദ്വീപവതിയായ ഭൂമിയെ നിന്തിരുവടി താങ്ങുമാറാകണമേ!' അങ്ങിനെതന്നെ എന്നു്, ഭൂതഭാവനനായ ഭഗവാൻ പ്രസാദിച്ചു ഭൂമിയെച്ചുമന്നരുളി. അനന്തരം ദേവഗന്ധർവ്വരും ദൈത്യദാനവരും മനുഷ്യരും മഹർഷിമാരോടു വിടവാങ്ങി സ്വന്തം ലോകങ്ങളിലേയ്ക്കു തിരിച്ചു.

Digitized By Kerala Sahitya Akademi

അന്നമുതൽക്ക്, ബ്രഹ്മാദിദേവകളും, സിദ്ധർ, മനുഷ്യർ, യോഗികളും, മഹർഷിമാർ എന്നിവരെല്ലാം ഭഗവദാജ്ഞയാൽ പരമഭക്തിയോടേ ഏകാദശി നോറ്റു പോദശിനാളിൽ മാമോദരനെ പൂജിച്ചു പോന്നു.

വരവർണ്ണിനി, ഇങ്ങിനെ ലക്ഷ്മീപുത്തിയും വിഷ്ണുവിന്റെ ക്രമ്മവൈഭവവും ഒട്ടൊഴിയാതെ ഞാൻ പറഞ്ഞു; ഇനിയെന്താണ് നിന്റെ കേൾക്കേണ്ടത്?

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ദിലീപവസിഷ്ഠസംവാദത്തിലെ മാഹേശ്വരസംവാദം, ശ്രോതാരംഭപ്രകരണം, ക്രമ്മവൈഭവോപന്യാസം, ഏകാദശീപവാസകഥനം ഇത്തരത്തിലുള്ള നൂറ്റിമുപ്പത്തൊമ്പതാമദ്ധ്യായം.

ഇരുനൂറ്റിരണ്ടാമദ്ധ്യായം

പാർവ്വതി:—'ഭഗവൻ, മഹേശ്വര, പാദശീവിധിയും അന്നു ചെയ്യേണ്ടുന്ന വിഷ്ണുപൂജയും സർവ്വപാപഹരമായ ഏകാദശിയുടെ മാഹാത്മ്യവും എങ്കൽ പ്രസാദിച്ചു വിസ്തരിച്ചു പറഞ്ഞുതരിക.'

ശിവൻ:—'പാദശീവിധി കേട്ടുകൊള്ളുക; അതിനെ സൂചിപ്പിച്ചത്തന്നെ ജനാർദ്ദനൻ പ്രസാദിക്കും: *.... നോക്കുകാരൻ പാഷണ്ഡരേയും മറ്റും കാണുകയേ അരുത്.'.....

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ദിലീപവസിഷ്ഠസംവാദത്തിലെ മാഹേശ്വരസംവാദം, ശ്രോതാരംഭപ്രകരണം, ഏകാദശീമാഹാത്മ്യവിധികഥനം ഇത്തരത്തിലുള്ള നൂറ്റിരണ്ടാമദ്ധ്യായം.

ഇരുനൂറ്റിമൂന്നാമദ്ധ്യായം

പാർവ്വതി:—'പരമേശ്വര, പാഷണ്ഡസംസർഗ്ഗം വർജ്ജിക്കണമെന്നും, അതു ശവപതനസംസർഗ്ഗത്തെക്കാളും നിന്ദിതമാണെന്നും ഇവിടുന്നു പറഞ്ഞുവല്ലോ; എങ്ങിനെയുള്ളവരാണ് പാഷണ്ഡർ? അവരുടെ അടയാളം എന്തൊക്കെയാണ്?

ശിവൻ:—'ജഗദീശ്വരനായ നാരായണനെയല്ലാതെ മറ്റു ദേവനെ യാവചിലർ അജ്ഞാനമോഹത്താൽ മീതെയാക്കിപ്പറയുന്നവരോ അവരത്രേ പാഷണ്ഡികൾ; കപാലസ്മാർത്തികാദികൾ, അവൈദിക

* ഏകാദശിമാഹാത്മ്യത്തിൽതന്നെ മാഹാത്മ്യം, വിധി മുതലായതെല്ലാം ഏകാദശിമാഹാത്മ്യപ്രകരണത്തിലുണ്ട്; അതിനാൽ ഈ അദ്ധ്യായം വിട്ടു.

Digitized By Kerala Sahitya Akademi

ലിംഗികളും, വാനപ്രസ്ഥാശ്രമം കൂടാതെ ജടയും മരവുരിയും ധരിച്ചവർ, വൈദികകർമ്മമില്ലാത്തവർ എന്നിവർ പാഷണ്ഡരാകുന്നു; വിഷ്ണുവിന്റെ പ്രിയതരങ്ങളായ ശംഖചക്രാർദ്ധപുണ്ഡ്രാങ്കിതം ധരിക്കാത്ത ബ്രാഹ്മണർ പാഷണ്ഡികളാകുന്നു; ശ്രുതിസ്മൃതിപ്രോക്തമായ ആചാരമില്ലാത്ത ബ്രാഹ്മണൻ സർവ്വലോകഗർഹിതനായ പാഷണ്ഡനാകുന്നു; ഭഗവൽപ്രീതി നേടാത്തവൻ പാഷണ്ഡനാകുന്നു; എല്ലാ യജ്ഞങ്ങളേയും ഭുജിക്കുന്ന ബ്രഹ്മണ്യദൈവതമായ വിഷ്ണുവിനെ വിട്ടു മറ്റു ദേവന്മാർക്കായി ഹോമവും ദാനവും ചെയ്യുന്നവനും തോന്നിയതു കാട്ടുന്നവനും പാഷണ്ഡനത്രേ; തോന്നിയപോലെ വൈദികകർമ്മം ചെയ്യുന്നവനും, ശ്രീനാരായണനെ ബ്രഹ്മരുദ്രാദിദേവകർക്കൊപ്പം കരുതുന്നവനും പാഷണ്ഡൻ തന്നെ; മൂന്നവസ്ഥകളിലും തികരണങ്ങളാൽ വാസുദേവനെ സേവിക്കാത്ത ബ്രാഹ്മണൻ പാഷണ്ഡനാകുന്നു. എന്തിനേറെപ്പറയുന്നു? വൈഷ്ണവരല്ലാത്ത ബ്രാഹ്മണരെ കരിക്കലും തൊടരുത്, സംസാരിക്കരുത്, കാണരുത്!'

ശിവൻ ഇപ്പറഞ്ഞതു കേട്ടപ്പോൾ പാർവ്വതിക്കു വളരെ വിസ്മയം തോന്നി. അതിനാൽ ദേവി വീണ്ടും ചോദിച്ചു:—'ഭഗവൻ, സുരസത്തമ, കരുപരമഗോപ്യം ഞാൻ ചോദിക്കട്ടെയോ; എനിക്കു വലിയ സംശയം: കപാലഭസ്മധാരണാദിധാരണം വേദഗർഹിതമാണെങ്കിൽ, അതിവിടുന്നു ചെയ്യുന്നതെന്തുകൊണ്ടാണ്? മഹാമതേ, സ്ത്രീചാപല്യത്താൽ ചോദിക്കയാണു ഞാൻ. മഹാന്മാരോടന്മാർ ചെയ്യാത്ത ചോദിച്ചുകൂടാ എന്ന് ഇവിടുന്നു മുമ്പുതന്നെ പറഞ്ഞിട്ടുണ്ട്; അരുതാത്തതാണെങ്കിൽ ഏതൻറെ ചോദ്യം ക്ഷമിക്കുമാറാകണം!' ഇങ്ങിനെ വിജനത്തിൽവെച്ചു ചോദിച്ച ദേവിയോടു മഹേശ്വരൻ താൻ ചെയ്യുന്നതായ പരമഗോപ്യം ഉരചെയ്തു—'അത്യുത്തമമായ ഗോപ്യം ദേവി കേട്ടുകൊള്ളുക; ഞാൻ പറയരുത് ആരോടും പറഞ്ഞുപോകരുത്. നമ്മുടെ ശരീരം വെറുതെയല്ലായ്കയാൽ ഞാൻ പറയുകതന്നെ ചെയ്യാം:

പണ്ട്, സ്വായംഭുവമന്വന്തരത്തിൽ, മഹാവീര്യബലൈശ്വര്യസമ്പന്നരും, വിഷ്ണുഭക്തരും വിദ്യുദ്ധരും യാതൊരു പാപവുമില്ലാത്തവരും വേദധർമ്മസംയുക്തരുമായിരുന്ന നമുച്യാദി തൈത്യവീരന്മാർ പുരന്ദരാദികളെയെല്ലാം തോല്പിച്ചുകളഞ്ഞു. ദേവന്മാർ പേടിച്ചരണ്ടു വിഷ്ണുസന്നിധിയിൽ ശരണംപ്രാപിച്ചു. 'കേശവ, ദേവകർക്കാർക്കും ജയിച്ചുകൂടാത്തവരും താപസ്സിനാൽ കൃശരൂപരുമായ ഈ മഹാദൈത്യരെ നിന്തിരുവടിതന്നെ കല്പിച്ചു ജയിക്കണം!' എന്നിങ്ങിനെ അവരുടെ ഭയം കേട്ട പുരുഷോത്തമൻ, ആ അസുരന്മാർ അവധ്യരാണെന്നോത്തിട്ട് എന്നോടാജ്ഞാപിച്ചു:—'രുദ്ര, മഹാബാഹോ, ഈ

Digitized By Kerala Sahitya Akademi

വത്രേഷ്വ, ഭവാൻ അസുരരെ മോഹിപ്പിയ്ക്കാൻ പാഷണ്ഡധർമ്മം നിർമ്മിക്കുക: താമസങ്ങളായ പുരാണങ്ങളും അവയ്ക്ക് വിരുദ്ധമായ മറ്റു ശാസ്ത്രങ്ങളും ഉണ്ടാക്കുക. എന്നിട്ട് എങ്കൽ ഭക്തിയുള്ള മഹർഷിബ്രാഹ്മണരെ, ഭവാന്റെ ശക്തിമായാവിശിപ്പിച്ച്, താമസാരാക്കുക: കണാദൻ, ഗൌതമൻ, ശക്തി, ഉപമന്യു, ജൈമിനി, കപിലൻ, ഔലൂസ്സ്യൻ, മൃകണ്ഡു, ബൃഹസ്പതി, ജാമദഗ്ന്യൻ എന്നീ പത്തു മുനിമാരിൽ ഭവാന്റെ ശക്തിയാവേശിപ്പിച്ച് ലോകത്തിനു നന്മ ചെയ്യുക; ഭവാന്റെ താമസ്സിയ ശക്തിയാവേശിച്ചാൽ അവർ തീർച്ചയായും ക്ഷണനേരം താമസരായിത്തീർന്നുകൊള്ളും; ഭവാന്റെ സത്യോപദേശത്താൽ താമസങ്ങളായ ശാസ്ത്രപുരാണങ്ങളും മുന്നു ലോകത്തും പ്രചരിപ്പിക്കുകയും ചെയ്തുകൊള്ളും. തലയോട്, തോൽ, മസ്സും, എല്ല് എന്നിവ ഭവാൻ തന്നെ ധരിച്ച് മുന്നു ലോകത്തുമുള്ളവരെ മോഹിപ്പിക്കുക. സൂത്രത, പാശുപതശാസ്ത്രം ഭവാൻതന്നെ. കങ്കാളം, ശൈവം, പാഷണ്ഡം, മഹാശൈവം എന്നിവ മറ്റും വേർതിരിച്ച് നിർമ്മിക്കുക; ആ വേദബാഹ്യമായ മതം ശരിക്കവലംബിച്ച് എല്ലാവരും അസ്ഥിയും മറ്റും ധരിച്ച് ദിഗംബരരായിത്തീരും. തമോഗുണക്കാർ എല്ലാ ശാസ്ത്രങ്ങളിലും അങ്ങനെ മീതെയാക്കിപ്പറയും; അവരുടെ മതം കൈക്കൊണ്ട് ഈ ദൈത്യരെല്ലാം ക്ഷണനേരം എന്നെന്നേയ്ക്കും എങ്കൽ വിമുഖരായിച്രമത്തുകൊള്ളും. രുദ്ര, ഞാനും യുഗത്തിൽ യുഗത്തിൽ അവതരിക്കുമ്പോൾ, താമസരെ മാറ്റിയിരിക്കാൻ അങ്ങനെ പൂജിച്ചുകൊള്ളാം. ഈ മതം അവലംബിച്ചവർ അധഃപതിക്കാതിരിക്കയില്ല.'

സുന്ദരി, ഈ അരുളപ്പാടു കേട്ടപ്പോൾ എന്റെ ഹൃദയം നടുങ്ങിപ്പോയി. വിവശനായ ഞാൻ തന്തിരുവടിയെ വണങ്ങിയുണർത്തിച്ചു:—'ഈയരുളപ്പാടിന്നൊത്തു ചെയ്യുകയാണെങ്കിൽ എനിക്കു തീർച്ചയായും നാശം പറ്റിപ്പോവും. ഛേ, ഈ ക്രൂരകൃത്യം എനിക്കു ചെയ്യാവുന്നതല്ല; ഇവിടത്തെ ആജ്ഞ തള്ളാവുന്നതല്ലതാനും. ഞാനിപ്പോൾ വലിയ സങ്കടത്തിലായി!' ദേവി, ഇതുകേട്ടിട്ട് പരമേശ്വരൻ എന്നെ ആശ്വസിപ്പിച്ചു വീണ്ടും ഉരചെയ്തു: —'നീ കൊണ്ട് ഭവാനു നാശം വരികയില്ല; ദേവകളുടെ നന്മയ്ക്കായി, ഞാൻ പറഞ്ഞതു ചെയ്യുക. സുരോത്തമ, ഭവാനു രക്ഷോപായവും ഞാൻ പറഞ്ഞുതരാം: പതിവായി എന്റെ സഹസ്രനാമം ചൊല്ലിക്കൊണ്ടിരിക്കുക; എന്നെ ധ്യാനിച്ച് എന്റെ ഷഡക്ഷരമഹാമന്ത്രവും ജപിച്ചുകൊണ്ടിരിക്കുക. അതു താരകബ്രഹ്മമന്ത്രം: നന്ദീവരദളശ്യാമളനായി, തണ്ടാർതിരുക്കണ്ണനായി, ശംഖചക്രശാർങ്ഗശരപാണിയായി, സർവാഭരണഭൂഷിതനായി, പീതാംബരനായി, ചതുർ

Digitized By Kerala Sahitya Akademi

ളജനായിരിക്കുന്ന ജാനകീവല്ലഭനെ മനസ്സിൽ ധ്യാനിച്ചു 'ശ്രീരാമായ നമഃ' എന്നുച്ചരിച്ചുകൊള്ളുക. സപ്തമഹാവും പാപികൾക്കുകൂടി മുക്തിയെ നൽകുന്നതുമായ ശ്രേഷ്ഠമന്ത്രമാണിത്. എന്നെ ഭക്തിയോടേ ഭജിക്കുന്നവർക്കു മുക്തി നിർച്ചയതന്നെ. ഈ മന്ത്രം മുടങ്ങാതെ ജപിച്ചാൽ ഭവാൻ നിർമ്മലനായിക്കൊള്ളും; ഭസ്മാസ്ഥിധാരണത്താൽ ഭവാനു വന്ന കല്മഷവും, എന്റെ മന്ത്രം ജപിച്ചാൽ കല്യാണമായിച്ചമയും. അതിനു വിഷ്ണം നേരിട്ടാൽ അതൊക്കെ ഞാൻ അകറ്റിക്കൊള്ളാം. സുഷ്ടു, എന്നിലല്ലാതെ മറു ദേവനിൽ ഭവാനു ഭക്തിയുണ്ടാവില്ല. മനസ്സുകൊണ്ടു, നാഥനും പുരുഷോത്തമനുമായ എന്നെ പൂജിച്ചാൽ മതി. ഞാൻ പറഞ്ഞതു ചെയ്യു. എന്റെ പ്രീതിയാൽ എല്ലാം നന്നായി വരും.' ഇപ്രകാരം എന്നോടാജ്ഞാപിച്ച ഭഗവാൻ ദേവഗണങ്ങളെ പിരിച്ചുവിട്ടു. അവർ സ്വസ്ഥാനങ്ങളിലേയ്ക്കു മടങ്ങി.

പിന്നീടു വാസവാദികൾ എന്നോടു്, 'ദേവ, അച്യുതൻ അരുളിച്ചെയ്തതു വേഗത്തിൽ ചെയ്തുവെയ്ക്കുക' എന്നാവശ്യപ്പെട്ടു. ഭദ്രേ, ദേവന്മാരുടെ ഹിതത്തിന്നായി ഞാൻ പാഷണ്ഡധർമ്മം—കപാലധർമ്മം സ്മാസ്ഥിധാരണം—ഏർപ്പെടുത്തി: വിഷ്ണുവെന്നതിൽവണ്ണം താമസപുരാണങ്ങളും പാഷണ്ഡവേദശാസ്ത്രങ്ങളും ഞാൻ നിർമ്മിച്ചു; കണാദാദികളിൽ എന്റെ ശക്തിയുപദേശിച്ചിച്ച വേദബാഹ്യങ്ങളായ ശാസ്ത്രങ്ങളും ശരിക്കു പഠിപ്പിച്ചു. ഈ മതമവലംബിച്ചു് എന്നെ കണ്ടിട്ടു രാക്ഷസരെല്ലാം ഭഗവദ്വിമുഖരായി താമസരായിത്തീർന്നു; ഭസ്മവും മറവും ധരിച്ചു് അത്യുഗ്രതപസ്സിലേർപ്പെട്ടു, മാംസരക്തചന്ദനാദികളാൽകൊണ്ടു് എന്നെത്തന്നെ പൂജിച്ചുപോന്നു; എങ്കൽനിന്നു വരങ്ങളും വാങ്ങി, മദഭ്രഷ്ടരായി കാമക്രോധാന്ധരായി വിഷയങ്ങളിൽ ആണ്ടു മുങ്ങുകയും ചെയ്തു. അതിനാൽ സത്വവും വീര്യവും കെട്ട അവർ വാനവരാൽ തോല്പിക്കപ്പെട്ടു; എല്ലാ ധർമ്മങ്ങളിൽനിന്നും ഭ്രഷ്ടരായിച്ചമഞ്ഞതിനാൽ, കാലാവസാനപ്പോരിൽ അധോഗതി പൂകുകയാചി! ഭൂലോകത്തു് എന്റെ മതമവലംബിച്ചു നടക്കുന്നവർ യാവചിലരോ, അവർ സർവ്വധർമ്മവിഹീനർ എന്നെന്നും നരകമനുഭവിക്കയേ ഉള്ളു. ഇപ്രകാരം ദേവഹിതത്തിന്നായി വിഷ്ണു നിയോഗിച്ചതിനാലത്രേ, ഗർഹിതവൃത്തിയായ ഭസ്മാസ്ഥിധാരണം ഞാനനുഷ്ഠിച്ചതു് ദേവി, ഈ ബാഹ്യചിഹ്നം ശത്രുക്കളെ മോഹിപ്പിക്കാനുള്ളതാണു്; മനസ്സിലാകട്ടെ, ഞാൻ സദാ രഘുകുലോപജനനായ ജനാർദ്ദനദേവനെ ധ്യാനിച്ചു്, നാരായണ സഹസ്രനാമത്തിന്നൊത്ത താരകബ്രഹ്മമായ ഗാഢക്ഷരമഹാമന്ത്രം ജപിച്ചു്, പരബ്രഹ്മാനന്ദപീയൂഷരസം അനുഭവിച്ചുപോരുന്നു.'

Digitized By Kerala Sahitya Akademi

പാവ്വതി:—ഭഗവൽഭക്തി വിട്ട ബ്രാഹ്മണരാൽ നിർമ്മിതങ്ങളായ താപസശാസ്ത്രങ്ങളുടെ പേരുകൾ മുറയ്ക്കു പറഞ്ഞുതരിക.'

ശിവൻ:—സ്മരിച്ചാൽത്തന്നെ ജ്ഞാനികൾക്കുപോലും പാതിത്യം വരുത്തുന്ന താമസശാസ്ത്രങ്ങൾ മുറയ്ക്കു കേട്ടുകൊള്ളുക: ഒന്നാമതു ഞാൻ നിർമ്മിച്ച പാശുപതം തന്നെ. വ്യന്റെ ശക്തിയാവേശിച്ച ബ്രാഹ്മണർ നിർമ്മിച്ചവയും പറയാം: കണാദൻ വൈശേഷികമെന്ന മഹാശാസ്ത്രവും, ഗൗതമൻ ന്യായശാസ്ത്രവും, കപിലൻ സാംഖ്യവും, ബൃഹസ്പതി അഭിഗർഹിതമായ ചാർവ്വാകശാസ്ത്രവും ഉണ്ടാക്കി. അസുരരെ നശിപ്പിക്കാൻ വിഷ്ണുതന്നെ ബുദ്ധനായവതരിച്ചു നഗ്നനീലപടാദി പ്രതിപാദകമായ ബൌദ്ധശാസ്ത്രം വിരചിച്ചു: മായാവാദവും അസച്ഛാസ്ത്രവും പ്രച്ഛന്നവുമത്രേ ബൌദ്ധം; ഞാൻതന്നെ കലിയുഗത്തിൽ ബ്രാഹ്മണരൂപം പൂണ്ടു്, ശ്രുതിവാക്യങ്ങളം അത്ര ഹിതങ്ങളാണെന്നു കാണിക്കുന്ന നിന്ദിതശാസ്ത്രം നിർമ്മിച്ചു: കർമ്മത്യാഗം—സർവ്വകർമ്മഭ്രംശമാകുന്ന വൈധർമ്മ്യം—ആണ് അതിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നതു്. പരമാത്മജീവാത്മാക്കളുടെ ഐക്യവും ബ്രഹ്മത്തിന്റെ നിർഗ്ഗുണതയും പ്രതിപാദിക്കുന്ന ഞാൻതന്നെ, കലിയുഗത്തിൽ ജഗത്തിനെയെല്ലാം മോഹിപ്പിച്ചു നശിപ്പിക്കാൻവേണ്ടി, മായകൊണ്ടു് അവൈദികമായ മഹാശാസ്ത്രം വേഷംപോലെ രക്ഷിച്ചുപോരുന്നു. മുമ്പുതന്നെ ജൈമിനിദേവൻ നിരീശ്വരമഹാശാസ്ത്രം നിർമ്മിച്ചു. താമസപുരാണങ്ങളും മുറയ്ക്കു പറയാം: * മാത്സ്യം, കൌർമ്മം, ലൈംഗം, ശൈവം, സ്കാന്ദം, ആഗ്നേയം എന്നീ ആറു പുരാണങ്ങൾ താമസങ്ങളത്രേ; വൈഷ്ണവം, നാരദീയം, ഭാഗവതം, ഗാരുഡം, പാദ്മം, വാരാഹം എന്നിവ സാത്വികങ്ങളാകുന്നു; ബ്രഹ്മാണ്ഡം, ബ്രഹ്മവൈവർത്തം, മാർക്കണ്ഡേയം, ഭവിഷ്യം, വാമനം, ബ്രാഹ്മം എന്നിവ രാജസങ്ങൾ. ശ്രുതിദേവനേ, സാത്വികങ്ങൾ മോക്ഷത്തേയും, രാജസങ്ങൾ സ്വർഗ്ഗത്തേയും, താമസങ്ങൾ നരകത്തേയും നൽകുന്നു. വസിഷ്ഠപരാശരഭരദ്വാജകശ്യപന്മാരുടെ സ്മൃതികൾ സാത്വികങ്ങളും മുക്തികരങ്ങളുമത്രേ; യാജ്ഞവല്ക്യം, ആത്രേയം, ഔതത്തിരം, മാക്ഷം, കാശ്യായനം, വൈഷ്ണവം എന്നിവ രാജസങ്ങളും സ്വർഗ്ഗപ്രാപകങ്ങളുമാകുന്നു; ഗൌതമം, ബാഹ്സ്പത്യം, സാംവർത്തം, യാമ്യം, ശാഖം, ഔശനസം എന്നിവ താമസങ്ങളും നരകഹേതുക്കളുമാണ്. എന്തിനേറെ? പുരാണങ്ങളിലും സ്മൃതികളിലും താമസങ്ങളായുള്ളവ നരകത്തിനു തന്നെ! അതി

* അഷ്ടാദശപുരാണങ്ങളുടെ പേരുകൾ മുമ്പുണ്ട്.

Digitized By Kerala Sahitya Akademi

ജ്ഞൻ അവരെ വർജ്ജിക്കണം. ഇതൊക്കെ പ്രസംഗവശാൽ പറഞ്ഞുതന്നു; ഇനി വിഷ്ണുവിന്റെ മറ്റു വിഭവവ്യവസ്ഥകളും കേട്ടുകൊള്ളുക:

ശ്രീപഞ്ചമമഹാപുരാണം, ഭാഗവതഖണ്ഡം, ലീലാപ്രവസിഷ്ണുസംഭാരവർണ്ണനം മഹോദരസംവാദം, ദശാവതാരപ്രകരണം, പാഷണ്ഡിധർമ്മനിരൂപണം, ഇരുന്നൂറ്റിരുപത്തി മൂന്നാമദ്ധ്യായം.

(o)

ഇരുന്നൂറ്റിരുപത്തിനാലാമദ്ധ്യായം

ശിവൻ: —കശ്യപന്റെ ദിതിയിൽ പിറന്ന പുത്രന്മാരായ ഹിരണ്യകശിപുവും ഹിരണ്യാക്ഷനും മഹാന്തായ ബാഹുവീര്യത്താൽ ദൈത്യന്മാർക്കെല്ലാം അധിപന്മാരായി വാണു. അവരിരുവരും ശ്വേതദ്വീപിൽ ജയവിജയരെന്ന വിഷ്ണുകിങ്കരരായിരുന്നു. ആ ബലവീര്യമേറിയ ബ്രഹ്മപുത്രന്മാർ അവിടെ വിഷ്ണുദർശനത്തിനു ചെന്ന സനകാദിയോഗീന്ദ്രന്മാരെ തടുത്തുകളഞ്ഞു. അതിനാൽ ആ മഹർഷിമാർ, 'ദേവകിങ്കരരേ, നിങ്ങൾ ഇവിടംവിട്ടു ഭൂമിയിൽ പോകുവിൻ' എന്നു രണ്ടുപേരെയും ശപിച്ചു, അവിടെത്തന്നെ നിന്നു. അതറിഞ്ഞു ഭൂതഭാവനനായ ഭഗവാൻ മുനിമാരേയും ബ്രഹ്മപുത്രരേയും വിളിച്ചു, എഴുന്നേറ്റരുളിച്ചെയ്തു:—'മഹാവീര്യരായ ബ്രഹ്മപുത്രന്മാരേ, നിങ്ങൾ മഹാത്മാക്കളിൽ അപരാധം ചെയ്തുപോയി; ഇതു നിങ്ങൾക്കു തടുക്കാവുന്നതല്ല. ഒന്നുകിൽ നിങ്ങൾ ഏഴു ജന്മം എന്റെ ഭക്തരായി ജന്മം കൊള്ളണം, അല്ലെങ്കിൽ മൂന്നു ജന്മം ശത്രുക്കളായി വർത്തിക്കണം.' ആ വീരന്മാർ സ്വാമിയോടണഞ്ഞിച്ചു:—'തിരുമേനി, ഏറെക്കാലം ഭൂമിയിൽ പാർക്കാൻ വയ്യാ; അതിനാൽ അടിയങ്ങൾ മൂന്നുജന്മം ശത്രുതതന്നെ പൂണ്ടുകൊള്ളാം. ഇക്കൈകൊണ്ടുതന്നെ കൊലപ്പെട്ടു ഇവിടുത്തെ സന്നിധി പുകുവാറാകണം!' ഇങ്ങിനെ, ആ ബ്രഹ്മപുത്രന്മാർ ഒന്നാമത്തെ ദിതിഗർഭത്തിൽ കശ്യപപുത്രരായിപ്പിറന്നു. ജ്യേഷ്ഠൻ ഹിരണ്യകശിപു; അനുജൻ ഹിരണ്യാക്ഷൻ. ആ അസുരതലവന്മാരിരുവരും പാരിൽ പുകഴ്ന്ന മഹാവീര്യബലോത്തരായിരുന്നു.

കണക്കില്ലാത്ത മെയ് വലുപ്പമുള്ള ഹിരണ്യാക്ഷൻ ഉരംതള്ളിയാൽ, പർവതങ്ങളും സമുദ്രങ്ങളും ദ്വീപുകളുമുൾപ്പെട്ട ഭൂമിയെ സകല ജീവജാലങ്ങളോടും കൂടി, ശതസഹസ്രബാഹുക്കൾകൊണ്ടു് അടുത്തിയെടുത്തു, തലയിൽവെച്ചു പാതാളത്തിലേയ്ക്കു നടകൊണ്ടു! ദേവ

Digitized By Kerala Sahitya Akademi

ഗണങ്ങളെല്ലാം പേടിച്ചരണ്ട് നിലവിളിച്ചു, നിരാമയനായ നാരായണൻതിരുവടിയെ ശരണം പ്രാപിച്ചു. ആ ആർത്തനാദംകേട്ടിട്ട്, ശംഖചക്രഗദാധരനായി മഹാബലനായി വിശ്വരൂപിയായിരിക്കുന്ന ജനാർദ്ദനസ്വാമി വരാഹരൂപം ധരിച്ചു, അനാദിമദ്ധ്യാന്തശരീരനും സർവ്വേശ്വരനും സർവ്വഭൂതപ്രാണിപ്രധാനേശ്വരനും മഹാദംഷ്ട്രനുമായിച്ചമഞ്ഞു, ആ ദൈത്യാധമനെ ഒരു തേറ്റകൊണ്ടു വധിച്ചു; വമ്പിച്ച ശരീരം തകർന്ന് അവൻ ചത്തുവീണു. പരമേശ്വരൻ പതിതയായ പൃഥിവിയെ കണ്ടു തേറ്റയാലെടുത്തു മുൻപത്തെപ്പോലെ അനന്തകലൂറപ്പിച്ചു, ക്ഷ്മാരൂപിയായി ക്ഷമനൽകി. ആ വരാഹമൂർത്തിയായ മഹാവിഷ്ണുവിനെ കണ്ടിട്ട് ദേവകളും മുനിമാരുമെല്ലാം കേമിപൂർവം വണങ്ങി സ്തുതിച്ചു:—

'നമോ യജ്ഞവരാഹായ! നമസ്തേ ശതബാഹവേ
സമസ്തവേദവേദാംഗതനവേ വിശ്വരൂപിണേ!
സർഗ്ഗസ്ഥിതിസ്വരൂപായ സർവ്വയജ്ഞ സ്വരൂപിണേ
കലാകാഷ്ഠാനിമേഷായ നമസ്തേ കാലരൂപിണേ!
ഭൂതാത്മനേ നമസ്തുഭ്യമുഗ്രദംഷ്ട്രവപുഷേ തഥാ!
സുധാത്മനേ നമസ്തുഭ്യം സാമവേദായതേ നമഃ!
ഋചഃ സ്വരൂപിണേ ചൈവ ചതുർവ്വേദമയായ ച
ഓംകാരായ നമസ്തുഭ്യം യജുർവ്വേദസ്വരൂപിണേ!
നമസ്തേ വേദവേദാംഗ സാംഗോപാംഗായ തേ നമഃ!
ഗോവിന്ദായ നമസ്തുഭ്യമനാദിനിധനായ ച!
നമസ്തേ വേദവിദുഷേ വിശിഷ്ടൈകസ്വരൂപിണേ!
ശ്രീഭൂലീലാധിപതയേ ജഗത്പിത്രേ നമോ നമഃ!'

ഈവക സ്തുതികളും ചൊല്ലി ദേവന്മാർ വരാഹരൂപനായ സ്വാമിയെ ഗന്ധപുഷ്പാദികൾകൊണ്ടു പൂജിച്ചു. അച്യുതൻ അവർക്കഭീഷ്ടവരം നൽകി, ഗന്ധർവ്വാപ്സരസ്സുകളും സസന്തോഷം പാട്ടുപാടുകയും മഹർഷിമാർ സ്തുതിക്കുകയും ചെയ്തു, ഭൂവിടെത്തുടർന്ന മറഞ്ഞു.

ഈ സ്തുതി പുലർകാലത്തെഴുനേറ്റു ഭക്തിയോടെ ചൊല്ലുന്ന മനുഷ്യന്നു യഥേഷ്ടം നല്ല സസ്യഫലങ്ങളുള്ള ഭൂമി കൈവരും. സുവ്രതനേ, വാസുദേവന്റെ വരാഹവൈഭവം ഭക്തിയോടു ഞാൻ ഒട്ടൊഴിയാതെ പറഞ്ഞു; നാരസിംഹവൈഭവവും കേട്ടുകൊള്ളുക:

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ലിലീപവസിഷ്ഠസംവാദത്തിൽ ശ്രീമഹേശ്വരസംവാദം, ദശാവതാരകീർത്തനം, വരാഹാവതാരാഖ്യാനം എന്നതിലെ പതിനാറാമദ്ധ്യായം.

Digitized By Kerala Sahitya Akademi

ഇരുന്നൂറ്റിരുപത്തഞ്ചാമദ്ധ്യായം

ശിവൻ:—അനുജനെ കൊന്നതറിഞ്ഞിട്ട ഹിരണ്യകശിപു ദൈത്യേന്ദ്രൻ മഹാമേരുപാശ്വത്തിൽ എന്നെ ഉദ്ദേശിച്ചു തപസ്സുതുടങ്ങി; *..... .....പഞ്ചാക്ഷരമന്ത്രം ജപിച്ച് എന്നെ ആരാധിച്ചുപോന്നു. ഞാൻ അവന്നു വളരെ വരം കൊടുത്തു. അതിനാൽ ബലം തഴച്ചു ദൈത്യേശ്വരൻ ത്രൈലോകം മുന്നും കീഴടക്കി വാണു.....ഉത്താനപാദന്റെ മകളായ കല്യാണി എന്ന കന്യകയെ ആ ദൈത്യപ്പെരുമാൾ യഥാവിധി വേളികഴിച്ചു; അവളിൽ പ്രഹ്ലാദനെന്ന തേജസ്സേറിയ ദിതിജേന്ദ്രൻ സംജാതനായി. അവൻ ഗർഭവാസത്തിൽത്തന്നെ ഗരുഡ ജപങ്കൽ ഭക്തിമാനായിരുന്നു. സനാതനനായ സാരസനാഭനെയല്ലാതെ മറെറാരു ദേവനെ ഏതവസ്ഥയിലും അവൻ അറിഞ്ഞിരുന്നില്ല!

ആ ധീമാൻ യഥാകാലം ഉപനീതനായി ഗുരുകുലത്തിൽ വസിച്ചു വേണ്ടേളം വിവിധശാസ്ത്രങ്ങളുമെല്ലാം പഠിച്ചുപോന്നു; ഒരിക്കൽ ഗുരുവിനോടൊന്നിച്ച് അച്ഛന്റെ അടുക്കൽ ചെന്നു താഴ്മയിൽ വന്ദിച്ചു. ദൈത്യേന്ദ്രൻ ആ സുലക്ഷണനായ സുതനെ ഇരുകൈകൊണ്ടും കെട്ടിപ്പുണർന്നു മടിയിലിരുത്തിയുരചെയ്തു:—'പ്രഹ്ലാദ, നിന്നെ വളരെനാളായല്ലോ ഗുരുകുലത്തിലാക്കിയിട്ട്; സുവ്രത, അറിവിന്നായി ഗുരു പഠിപ്പിച്ചതെന്താണെന്നു പറയുക.' ഇതുകേട്ട്, ജന്മവൈഷ്ണവനായ പ്രഹ്ലാദൻ അച്ഛനോടു പ്രീതിയാൽ, കല്മഷനാശനമായിട്ടുള്ളതു കഥിപ്പാൻ തുടങ്ങി:—'എല്ലാ ഉപനിഷത്തുകളുടേയും പൊരുളായി ഈശ്വരനായിരിക്കുന്ന പുരുഷൻ ആരോ, ആ സർവ്വവ്യാപിയായ വിഷ്ണുവിനെ നമസ്കരിച്ചു ഞാൻ പറയാം:' ഇങ്ങിനെ വിഷ്ണുസ്തുതി കേട്ടതിനാൽ വിസ്മയപൂണ്ട ദൈത്യേന്ദ്രൻ ആ ഗുരുവിനോടു കയർത്തു:—'താൻ എന്റെ മകനെ പഠിപ്പിച്ചതെന്താണ്? ഉമ്മത്തേ, എന്തിനാണ് താൻ എന്റെ മകനു ഇങ്ങിനെ വേണ്ടാത്ത വഷളത്തം—ബ്രാഹ്മണക്കു ചേർന്ന നാരായണസ്തോത്രം—പറഞ്ഞുകൊടുത്തത്? നീചബ്രാഹ്മണ, തന്റെ പഠിപ്പിക്കൽകൊണ്ടു കുട്ടിപോലും എന്റെ മുമ്പിൽവെച്ച് എന്റെ ശത്രുവിനെ സ്തുതിച്ചതു കേൾക്കേണ്ടി വന്നുവല്ലൊ!' ഇതുമുരചെയ്തു കലികൊണ്ട ദൈത്യപ്പെരുമാൾ ചു

* സപ്തദ്വീപസമുദ്രമദ്ധ്യായം നോക്കുക; അവിടെ ഗ്രഹമാലികനെ ഉദ്ദേശിച്ചാണ് തപസ്സനുഷ്ഠിച്ചതു പ്രസ്താവിച്ചിട്ടുള്ളതു.

Digitized By Kerala Sahitya Akademi

റവുംനോക്കി, 'ഈ ബ്രാഹ്മണനെ പിടിച്ചു കൊല്ലുവിൻ' എന്ന് അസുരരോടാജ്ഞാപിച്ചു. ഉത്തരവിൻപ്രകാരം രാക്ഷസന്മാർ ഏറ്റവും ചൊടിച്ച് ആ ദിജേന്ദ്രനെ കഴുത്തിൽ കയറിട്ടുകെട്ടി കൊല്ലാനായി പിടിച്ചു. അതു കണ്ട്, ബ്രാഹ്മണപ്രിയനായ പ്രഹ്ലാദൻ അച്ഛനോടുര ചെയ്തു:—'അച്ഛ, ഇതെനിക്കു ഗുരുനാഥൻ പറഞ്ഞുതന്നതല്ല; ദേവദേവന്റെ—നാരായണസ്വാമിയുടെ—കരുണകൊണ്ടു പഠിച്ചതാണ്. വേറെ ഗുരുവില്ലെനിക്ക്; വിഷ്ണുതന്നെ പ്രേരകൻ. ദേഹികൾക്കൊക്കെയും ആ സർവ്വവ്യാപിയായി സനാതനനായിരിക്കുന്ന ഈശ്വരൻതന്നെയാണ് കേൾപ്പോനും കാണ്മോനും നിനപ്പോനും കൊണ്ടുനടപ്പോനും! അതിനാൽ, തെറ്റൊന്നും ചെയ്തിട്ടില്ലാത്ത ഈ ബ്രാഹ്മണനെ—എന്റെ ഗുരുവിനെ—വിട്ടയയ്ക്കുമാറാകണം.'

ഹിരണ്യകശിപു ആ ബ്രാഹ്മണനെ വിടുവിച്ചിട്ട് വിസ്മിതനായി തന്റെ പുത്രനോടു ചോദിച്ചു:—'ദിജന്റെ മിഥ്യാവാക്കുകളാൽ ഉണ്ണി ഇങ്ങിനെ ഭ്രമിക്കുന്നതെന്താണ്! ആരാണ് വിഷ്ണു? അയാളുടെ രൂപമെന്ത്? അയാൾ എവിടെ പാർക്കുന്നു? ഞാൻ തന്നെയാണ് ലോകത്തിൽ ഈശ്വരൻ; ഭുവനം മൂന്നും എന്റെ കീഴിലാണല്ലൊ. അതിനാൽ നീ എന്നെത്തന്നെ പൂജിക്കുക; കണ്ടെത്താവതല്ലാത്ത ശത്രുവായ ഗോവിന്ദനെ വെടിയുക. അല്ലെങ്കിൽ, ലോകഗുരുവായ രുദ്രൻതിരുവടിയെ——എല്ലാ ഐശ്വര്യവും നൽകുന്ന ദേവേശ്വരനായ ശിവനെ—പൂജിച്ചുകൊള്ളുക; ഭസ്മംകൊണ്ടു ത്രിപുണ്ഡ്രം ധരിച്ചു പാശുപതമാർഗ്ഗാനുസാരേണ ഒടുക്കത്തെ പൂജിതനായ മഹാദേവനെ പൂജിച്ചുകൊള്ളുക.' രാജാവിന്റെ അഭിപ്രായത്തെ പുരോഹിതരും പിൻതാങ്ങി: —'ശരി, മഹാരാജ, അച്ഛൻ പറഞ്ഞതു ചെയ്യുക: ശത്രുവായ കൈടഭാന്തകനെ വെടിഞ്ഞു മുകുന്ദനെ പൂജിയ്ക്കുക. മനുഷ്യർക്കു സകലവും നൽകുന്ന ശിവനെക്കാൾ മീതെ ഒരു ദേവനില്ല. ഉണ്ണിയുടെ അച്ഛനും തന്തിരുവടിയുടെ പ്രസാദത്താലാണ് ഐശ്വര്യം നേടിയതു.' ഇതിനു വൈഷ്ണവനായ പ്രഹ്ലാദന്റെ മറുപടി ഇങ്ങിനെയായിരുന്നു: —

(പദ്യം)

ഹാ, മുകുന്ദന്റെ മേന്മ: ജഗത്തെല്ലാം–
മുൾമയങ്ങിയിരിപ്പു തന്മായയാൽ!
ഹാ, പുരുഷോത്തമനല്ലാ മദാലിത
വാചാലം പൂജ്യർ വേദാന്തിവിപ്രരും!
വിഷ്ണുതാനേ പരബ്രഹ്മം, പരംപൊരുൾ;

Digitized By Kerala Sahitya Akademi

വിഷ്ണു താൻ പരം ധ്യാനവും ധ്യാതാവും!
അഗ്ര്യിവൻതന്നെ പാരിനെല്ലാം ഗതി;-
യച്യുതനവൻ ധാതാ, വിധാതാവും!
പാരിരപ്പുമാൻ; പാരിൽ പൊരുപ്പുവൻ
താരിൽമാതുഴിലീലാമണവാളൻ
ചാരുത്രുപനാമലൻ ഹിരണ്യാംഗൻ
സാരസേക്ഷണൻ സൌമ്യൻ സനാതനൻ!
തന്തിരുവടിതന്നെ സൃഷ്ടിച്ചവ-
രന്തകാരിയുമംബുജയോനിയും;
തന്തിരുവടിതന്നുടെ ചൊൽക്കീഴിൽ-
ത്തന്നെ നിൽക്കുന്ന രണ്ടുപേരുമവർ!
അപ്പുരമപുരുഷനെപ്പേടിച്ചാ-
ണഖ്ജബന്ധു ശശാങ്കശേഖരിപ്പതും
തീയെരിവതും കാറടിക്കുന്നതു-
മാ യമൻ ചുറുമോടി നടപ്പതും!
കേവലൻ പരാത്മാവു നാരായണ-
ദേവനേ മുന്നമുണ്ടായിരുന്നുള്ളൂ;
ഇല്ലജൻ, ശവ്നമ്പരിന്ദ്രക്കഴ;-
മില്ല വാനുഴി നക്ഷത്രവൃന്ദവും!
അത്തിരുവടിതൻ പരധാമമേ
നിത്യമീക്ഷിച്ചു പോരുന്ന സൂരികൾ!
ഇയ്യുപനിഷൽസാരമെല്ലാം വെടി-
ഞ്ഞിങ്ങുരാഗാൽ ഉരുമാൽ ഭയത്താലോ
അന്യമാനസരായിച്ചമഞ്ഞല്ലൊ
ധന്യരായ ധരിത്രീവിബുധന്മാർ!
സർവരക്ഷിതാവാകിയ ദേവനെ-
സ്സർവനാഥനാം വിഷ്ണുവെ—വിട്ട ഞാൻ
എങ്ങിനെ വെറും പാഷണ്ഡവൃന്തിപ്പു-
ണ്ടുഗ്രജാരിയെപ്പൂജിച്ചുപോരുണ്ട!
ശ്രീമണാളനനന്തൻ കുവലയ-
ശ്യാമളൻ തൊട്ടം തണ്ടാഴിരുംകണ്ണൻ
ദേവദേവനശേഷ ദ്രുഷാഞ്ചിത-
പ്പൂവൽ മെയ്യാന്ന നിത്യകുമാരകൻ

Digitized By Kerala Sahitya Akademi

ശ്രീവത്സമുമാറിലിയന്നവ-
നേവക്കും സാനന്ദസൗഖ്യപ്രദൻ
ചേതസി വാഴ്ക കൃഷ്ണൻ, പരൻ പുമാൻ!
യാതൊരുവനെപ്പൂജിച്ചു പോരുന്ന
അമ്മമഹാസേനകാലിയോഗീന്ദ്രരും
ബ്രഹ്മരുദ്രേന്ദ്രർമുമ്പാമമരരും;
യാതൊരുവന്റെ കാന്ത തൻ കമ്മെന-
പ്പ്രീതിനോട്ടം പതിഞ്ഞ നിലിമ്പരോ
ധാതൃശങ്കരശക്രവരുണേന്ദു-
പ്രേതനാഥ്രധനേശരായ് മേവുന്നു;
യാതൊരുവന്റെ നാമം സ്മരിക്കിലെ,
പാതകികളായുള്ളോക്കുകൂടിയും
കിട്ടുമക്ഷണംതന്നെ, പിതാമഹൻ
തൊട്ടവക്കും ഉരാപമാം സായുജ്യം;
ആ മുകുന്ദനെ ത്രാതാവമത്യുക്കി-
മാമലർപ്പൊൻമണാളനെത്തന്നെ ഞാൻ
നിത്യമുച്ചിച്ചുസൗഖ്യേനപൂകവ-
നന്തിരുവടി തന്റെ പരംപദം!'

ഇതു കേട്ടപ്പോൾ ഹിരണ്യകശിപു വമ്പിച്ച ക്രോധംപൂണ്ട്, മറൊരഗ്നിയാ എന്ന തോന്നംവണ്ണം കത്തിജ്ജ്വലിച്ചുകൊണ്ടു പുറമൊന്നുനോക്കി, ദൈത്യരോടാജ്ഞാപിച്ചു:—'വൈരിയെ പൂജിക്കുന്ന കുറക്കാരനായ പ്രഹ്ലാദനെ ഘോരങ്ങളായ ആയുധങ്ങൾകൊണ്ടു പ്രഹരിക്കുവിൻ. വിഷ്ണുതന്നെയാണു രക്ഷിതാവെന്ന് ഇവൻ തീർത്തുപറയുന്നുണ്ടല്ലോ; വിഷ്ണുവിന്റെ രക്ഷിക്കൽ എനിക്കിപ്പോൾത്തന്നെ ഒന്നു കാണണം!'

ഉത്തരവിൻപ്രകാരം അസുരന്മാർ മഹാത്മാവായ ദൈത്യേന്ദ്രപുത്രനെ പ്രഹരിപ്പാൻ ആയുധങ്ങളേന്തി മുഴുന്നുകുടി. പ്രഹ്ലാദനാകട്ടെ, ഹൃദയപദ്മത്തിൽ വിഷ്ണുവിനെ ധ്യാനിച്ച് അഷ്ടാക്ഷരമന്ത്രവും ജപിച്ചുകൊണ്ടു പർവതംപോലെ നിശ്ചലനായി നിന്നു. വീരന്മാർ അവങ്കലെമ്പാടും ശൂലം വേൽ തോമരങ്ങൾ ആഞ്ഞുവിട്ടു; എന്നാൽ, ശ്രീനാരായണനെന്ന സ്മരിക്കുന്ന പ്രഹ്ലാദന്റെ ശരീരം വിഷ്ണുപ്രഭാവത്താൽ അതിദുർദ്ധർഷമായ വജ്രമായിച്ചമഞ്ഞിരുന്നു! അതിനാൽ അസുരന്മാരുടെ മഹായുധങ്ങൾ അവന്റെ ദേഹത്തിൽ തട്ടിപ്പിരിഞ്ഞു നീലോല്പലദളങ്ങൾക്കൊപ്പം നിലത്തു ചിന്തിവീണു. അവന്റെ ദേഹത്തിൽ ഒരു പോറലുപോലും പെടുത്താൻ കഴിയാ

Digitized By Kerala Sahitya Akademi

ഞ്ഞതിനാൽ ദേവന്മാർ തന്നുരാന്റെ അടുക്കൽ അഞ്ജലിപ്പെട്ട മുഖം കനിച്ചു നിൽക്കുകയായി.

ആ വിധം മഹാത്മാവായ മകനു പരിക്കൊന്നും പറ്റാഞ്ഞതിൽ അത്യന്തം വിസ്മയമിയന്ന ദൈത്യേയപ്പെരുമാൾ ക്രോധത്താൽ മതിമറന്ന്, ഉഗ്രവിഷരായ വാസുകിപ്രമുഖമഹാസർപ്പങ്ങളോടു കടിപ്പാനാജ്ഞാപിച്ചു. ആ കരുത്തേറിയ ഘോരനാഗങ്ങൾ കത്തിയെരിയുന്ന വായുമായി പ്രഹ്ലാദനെ കടിപ്പാൻ തുടങ്ങി; എന്നാൽ, ആ ഗരുഡധ്വജകേതനെ കൊത്തിയതിൽ, കാറുതീനികളായ കാകോളായുധക്കു വിഷംനീങ്ങി പല്ലു നുറുങ്ങുകയാണുണ്ടായതു്! അവർ ആയിരം വൈനതേയരാൽ ശരീരം മുറിക്കപ്പെട്ട വിവശരായി ചോര കക്കിക്കൊണ്ടു പത്തുദിക്കിലേയ്ക്കും പാഞ്ഞു. അതുകണ്ടരിശംമൂഴത്ത ദൈത്യേശ്വരൻ മദംവളർന്ന ദിഗ്ഗജങ്ങളെ ചൊല്ലിവിട്ടു. ആ മത്തഗജങ്ങളം അവനെച്ചുഴന്നു വന്നിച്ച കൊമ്പുകൾകൊണ്ടു കുത്തുകയായി; അതിൽ അവയുടെ കൊമ്പുകൾ കടമുറിഞ്ഞു നിലത്തു പതിച്ചു! കൊമ്പുകൾ പോയ കരിങ്കരികൾ അതിദീനരായി കരിങ്കതിച്ചു. അതിൽ കോപം തഴച്ച ബലവാനായ ദാനവർകോൻ പെരുംതീ കത്തിപ്പിച്ചു മകനെ അതിലിടുവിച്ചു. ആഴിവാഴിക്കു പ്രിയപ്പെട്ടവനാണ് പ്രഹ്ലാദനെന്നു കണ്ടിട്ടു ഹവ്യവാഹൻ ആ ധീരനു ചൂടുതോന്നിച്ചില്ല; നേരേമറിച്ച്, കെട്ടടങ്ങുകയാണ് ചെയ്തതു്! കുട്ടിക്കു ചൂടുതട്ടാത്തതുകണ്ടു് ഏറവും വിസ്മയപ്പെട്ട ഹിരണ്യകശിപു അവനെ സർപ്പാണിവിനാശനമായ ഭയങ്കരവിഷം കുടിപ്പിച്ചുനോക്കി; ആ വിഷവും വിഷ്ണുപ്രസാദത്താൽ അമൃതായിച്ചമഞ്ഞു: തന്തിരുവടിക്കൊപ്പിച്ചാൽ, അതുതന്നെ അമൃതാകുമല്ലോ.

'ഇവ്വക ദാരുണോപായങ്ങളം പലതും മകനെ കൊല്ലാൻ അസുരസമ്രാട്ടു പ്രയോഗിക്കയുണ്ടായി; ഒന്നുകൊണ്ടും അവൻ ചാകാത്തതിനാൽ അരചൻ അരുമപ്പെരുന്തന്നായി കഥിച്ചു:—'വിഷ്ണുവാണ് മീതെ എന്ന്, നീ എന്റെ മുമ്പിൽവെച്ചു തീർത്തുപറഞ്ഞുവല്ലോ. സർവ്വത്രവ്യാപിതം ആഴക്കാ, അവനാണ് വിഷ്ണു; സർവ്വഗതനായ ദേവനാകുന്നു പരമേശ്വരൻ. അവന്റെ സർവ്വവ്യാപിതം എനിക്കു പ്രത്യക്ഷമായി കാട്ടിത്തരിക; അവന്റെ ഐശ്വര്യശക്തി തേജസ്സുകളും ജ്ഞാനവീര്യബലങ്ങളും പരമസത്യവും ഗുണവിഭൂതികളും എനിക്കു കാണണം! ശരിക്കു കണ്ടാൽ ഞാൻ വിഷ്ണുവിനെ ദേവനായി കരുതാം. ലോകത്തിൽ വാനവരിൽത്തന്നെയും ഒരെതിരാളി എനിക്കില്ല. ശിവന്റെ വരംമൂലം ഏതൊരു പ്രാണിക്കും

Digitized By Kerala Sahitya Akademi

ജയിപ്പാനോ വധിപ്പാനോ കഴിയാത്തവനാണ് ഞാൻ; ബലവീര്യ ത്താൽ എന്നെ ജയിച്ചുവെങ്കിൽ വിഷ്ണുതന്നെ ഈശ്വരൻ!' ഇതു കേട്ട്, സുവ്രതനായ പ്രഹ്ലാദൻ വണങ്ങുത്തിൽ വിഷ്ണുവിന്റെ പ്രഭാവം അസുരനു പറഞ്ഞുകൊടുത്തു:—'നിത്യപരമാത്മാവായിരിക്കുന്ന ശ്രീനാരായണൻ സർവ്വഭൂതങ്ങളിലും വസിക്കുന്നതിനാൽ വാസുദേവനെന്നു കീർത്തിക്കപ്പെടുന്നു; എല്ലാജഗത്തിന്റെയും ധാതാവാകയാൽ വിഷ്ണു എന്നു പറയപ്പെടുന്നു. തന്തിരുവടിയിൽ നിന്നൊഴിഞ്ഞു്, സ്ഥാവരമായിട്ടോ ജംഗമമായിട്ടോ യാതൊന്നുമില്ല. ചിദചിദാത്മകമായ മുഴുവനും അവിടുത്തെ രൂപമത്രെ! പരമവ്യോമത്തിൽ ശിരസ്സുവ്യാപ്തി; ഇവിടെ പാദവ്യാപ്തി. ചക്രഗദാപാണിയായ പീതാംബരനെ യോഗികൾ ഭക്തികൊണ്ടു കണ്ടെത്തുന്നു; ഭക്തിക്രൂരന്മാർ കണ്ടെത്തുകയില്ല. ഹൃഷീകേശനെ ക്രോധമത്സരാദികളാൽ കാണാനെളുതല്ല. അവിടുന്നു ദേവമനുഷ്യതിര്യഗ്ജന്തുക്കളിലും സ്ഥാവരങ്ങളിലും, വലുതിലും ചെറുതിലുമൊക്കെ, വ്യാപിച്ചു വാണരുളുന്നു.'

അരിശത്താൽ കണ്ണുമുട്ടിയ ദൈത്യപ്പെരുമാൻ മകനോടു തട്ടിക്കയറി. 'വിഷ്ണു സർവ്വവ്യാപിയാണെങ്കിൽ, പരമപുരുഷനാണെങ്കിൽ, നേരേ കാട്ടിത്തരിക; എന്തിനേറെപ്പുലമ്പുന്നു!' എന്നിങ്ങനെ, അസുരൻ അരമനയുടെ ഒരു തൂണിന്മേൽ കൈകൊണ്ടു് ഒരടിയടിച്ചു്, 'വിഷ്ണു സർവ്വവ്യാപിയാണെങ്കിൽ, അവനെ ഇതിന്മേൽ കാട്ടിത്തരിക; ഇല്ലെങ്കിൽ, നണ പറഞ്ഞതിനു നിന്നെ നാം കൊന്നുകളയും!' എന്നരചൻ ചീറ്റുന്ന വാക്കു ചുരികയെടുത്തു്, പ്രഹ്ലാദന്റെ മാറത്തെയ്ക്കു വീശി. ആ നിമിഷത്തിലതാ, തൂണിന്മേൽ, പ്രളയകാലത്തിലെ ഇടിവാളിന്റെ ചീറ്റംപോലെ വാനത്തെപ്പിളർത്തുന്ന ഒരു മഹാശബ്ദം കേൾക്കുന്നു! ദൈത്യരുടെ ചെവി പൊട്ടിച്ച ആ മഹാശബ്ദത്താൽത്തന്നെ അവരെല്ലാം, കടപുഴുതിഞ്ഞ മരങ്ങൾപോലെ നിലത്തു വീണുകഴിഞ്ഞു; ആ പക്ഷം ഭയത്താൽ ലോകം മുഴുവൻ ആണ്ടുപോയതായിത്തോന്നി!

ഉടനേ തൂണിന്മേൽനിന്നു്, തേജസ്സേറിയ ഒരു മഹാസിംഹം പുറത്തേയ്ക്കു ചാടി, പാരിനാകെതിവരുത്തുന്ന പരമഘോരമായ ശബ്ദം പുറപ്പെടുവിച്ചു; ആ കനത്ത ശബ്ദത്താൽ നക്ഷത്രങ്ങളും നിലയുറച്ചുകൊഴിഞ്ഞുപോയി!

Digitized By Kerala Sahitya Akademi

[ശ്ലോകങ്ങൾ]

മത്സ്യൻതൻമെയ്യു,കണ്ഠീരവനുടെ മുഖ,മീ-
മട്ടിലാം രൂപമേന്തി
പ്രത്യക്ഷീഭൂതനായാൻ ഹരിയവിടെയസു-
ഖ്യാഗ്നി സൃഷ്ടിപ്രകാശൻ,
വക്ത്രത്തിൽഖ്ഡ്ഗനിഷ്കൃത്താമെകിർകളുമിളകി-
ത്തുങ്ങമത്സ്യഘ്നനാവും,
കത്തും തീ ചേന്നപോലാം സടകളുമെരിതീ-
ക്കൊള്ളിനേക്കണ്ണുമാണി.

ശസ്ത്രം ചാത്തും സഹസ്രപ്രമിതഭുജകളാൽ,
ഭ്രരിശാഖത്രുമച്ചാ-
ത്തൊത്തീടും മേരുപോലേ വിലസിന നരസിം-
ഹാഖ്യനാശ്ശാഖ്യിദേവൻ,
നൽദിവ്യസ്രഗ്വിഭൂഷാംബരധരനവിടെ-
ട്ടാനവന്മാരെയെല്ലാം
മർദ്ദിപ്പാനായ് നിലക്കൊണ്ടിതു പെരിയ കരു-
ത്താണ്ട ചണ്ഡസ്വരൂപൻ.

വന്ദിച്ചുരുപമതു കണ്ടസുരാധിനാഥൻ
കൺചീലി വെന്തുടൽ കഴഞ്ഞുമറിഞ്ഞുവീണു!
അൻപാന്നതന്നനയനോ, ജയശബ്ദമോട-
ങ്ങമ്പർപ്പുരാന്റെ തിരുമുമ്പിൽ നമസ്കരിച്ചു.

ലോകമെല്ലാം നരസിംഹസ്വരൂപന്റെ തിരുവുടലിൽ പ്രഹ്ളാദൻ കണ്ടു. *.... ..ശ്രീവത്സം ചേന്ന തിരുമാറിൽ കൌസ്തുഭവും വനമാലയുമണിഞ്ഞു ശംഖചക്രഗദാഖഡ്ഗശാർങ്ഗായുധങ്ങളേന്തിയ സർവോപനിഷൽപ്പൊരുളിനെ കണ്ടു പ്രഹ്ളാദൻ ഹർഷബാഷ്പത്തിൽ മുഴുകി തെരുതെരെ വീണുവണങ്ങി. മൃത്യുവശഗനായ ഹിരണ്യശിപു, ക്രുദ്ധനായി വാളുമോങ്ങി നരസിംഹത്തോടു പൊരുതാനടുത്തു. അപ്പോഴയ്യോ മഹാബലരായ ദൈത്യരും മയക്കംവിട്ടു വെമ്പലോടേ സ്വന്തം ആയുധങ്ങളെടുത്തു ഹരിയെ പ്രഹരിപ്പാൻ തുടങ്ങി; അവരുടെ ആയുധമെല്ലാം, തീയിലിട്ട ഉമിയെന്നപോലെ വെന്തു വെണ്ണീറായിപ്പോയി! അവരുമെല്ലാം ക്ഷണനേരംകൊണ്ട്, നര

* സുകിഖണ്ഡം ൧൨-മദ്ധ്യായത്തിൽ, പ്രഹ്ളാദകൃതമായ സ്വരൂപവർണ്ണനം നോക്കുക.

Digitized By Kerala Sahitya Akademi

സിംഹത്തിന്റെ സടകളിൽ നിന്നു പാറിയ ചെന്തീയിൽ ചാമ്പലായിപ്പോയി! പ്രഹ്ലാദന്റെ പരിജനങ്ങളൊഴികെയുള്ള മറ്റു ദാനവരൊക്കെ ഭസ്മീകരിക്കപ്പെട്ടപ്പോൾ, ഹിരണ്യകശിപു കുപിതനായി വാൾ വലിച്ചൂരി നേരിട്ടു. അവനെ ദേവേശൻ ഒറ്റനുക്കൈകൊണ്ടു പിടിച്ച്, കൊടുങ്കാറ്റു മരക്കൊമ്പിനെ എന്നവണ്ണം നിഷ്പ്രയത്നം പിച്ചിച്ചീന്തി; പിന്നെ നിലത്തുനിന്നെടുത്ത് ആ ക്രൂരനെ തിരുമടിയിൽ കിടത്തി, അവന്റെ മുഖം തുക്കൻപാർത്തു. ആ തിരുനോട്ടത്താൽത്തന്നെ അവന്റെ വിഷ്ണുദ്രോഹത്തിന്റേയും വൈഷ്ണവദ്വേഷത്തിന്റേയും പാപമെല്ലാം വെന്തടിഞ്ഞുകഴിഞ്ഞു! ഉടനേ ദേവേന്ദ്രന്റെ വലിയ ശരീരം നരകേസരി വജ്രംപോലുള്ള തീക്ഷ്ണനഖങ്ങളാൽ പിളർത്തി, പ്രീതിയാൽ നീണ്ട കുടർമാലകളെടുത്തു കഴുത്തിലിട്ടു. ആ നിർമ്മലാത്മാവായിച്ചമഞ്ഞ ഹിരണ്യകശിപു ഹരിയുടെ തിരുമുഖം നേരിട്ടു കണ്ടുംകൊണ്ടു കൃതാർത്ഥനായി, നഖങ്ങളാൽ മാത്രം പിളർത്തപ്പെട്ട മരണമടഞ്ഞു!

അതോടുകൂടി, ദേവഗണങ്ങളും തപോധനരായ മുനിമുഖ്യരുമൊക്കെ സ്തുതിപ്പാൻ വേണ്ടി ബ്രഹ്മശിവന്മാരെ മുമ്പിലാക്കി പതുക്കെ വന്നെത്തി. ഭയംമൂലം അവർ സർവ്വതോമുഖനായി സമുജ്ജ്വലിച്ചിരുന്ന തന്തിരുവടിയെ പ്രസാദിപ്പിക്കുന്നതിനു ജഗന്മാതാവായ മഹേശ്വരിയേ സ്മരിച്ചു; എല്ലാ പീഡകളേയും പോക്കുന്ന ഹിരണ്യവർണ്ണയായ ഹരിപ്രിയയെ—വിഷ്ണുവിന്റെ നിത്യപ്രിയതമയായ ശ്രീമായയെ—ധ്യാനിച്ച്, ശ്രീസൂക്തം ജപിച്ചുകൊണ്ട് സനാതനിയെ നമസ്കരിച്ചു. അപ്പോൾ ദേവി അവിടെ പ്രത്യക്ഷീഭവിച്ചു. *

വിണ്ണവരെല്ലാവരും ദേവിയെ തൊഴുതുനിന്നുണർത്തിച്ചു: — 'ഇവിടുത്തെ ഭർത്താവിനെ പ്രസാദിപ്പിച്ചാലും; സ്വാമി തിരുവനങ്ങൾക്കഭയം നൽകുമാറാകണം!' ദേവി വേഗത്തിൽ വല്ലഭനായ വാസുദേവനെ ധ്യാനവണങ്ങി, 'പ്രസാദിപ്പിച്ചാലും' എന്നരുളിച്ചെയ്തു. തന്റെ പ്രിയമഹർഷിയെ കണ്ടതോടുകൂടി അസുരശരീരജാതമായ ക്രോധംവിട്ട് ആ ദയാനിധിയായ സർവ്വേശ്വരൻ ദേവിയെ മടിയിൽ കേറിവച്ച്, കെട്ടിപ്പുണർന്ന്, കരുണാമൃതമൂറുന്ന തുക്കണ്ണിനാൽ കടാക്ഷിച്ചു. അതുകണ്ടു ദേവകർക്കെല്ലാം ഒരാനന്ദസംഭ്രമം ഉളവായിവന്നു: അവർ മനസ്സുതുലോം കുളിർത്തു ജയജയശബ്ദം മുഴക്കുകയും സ്തുതിക്കുകയും നമിക്കുകയും ചെയ്തു; പിന്നെ തൊഴുതുനിന്നുണർത്തിച്ചു:—'ജഗദീശ, നിന്തിരുവടിയുടെ ഈ വളരെക്കാലുകം ചെന്ന് അത്യുഗ്രതപശ്ചര്യവും

* ലക്ഷ്മീസപര്യാപചർണ്ണനം മുമ്പുള്ളതുതന്നെ.

Digitized By Kerala Sahitya Akademi

ത്രിജഗദ്ഭ്രാപിയായ തീക്ഷ്ണതേജസ്സും കാണാനോ നിൽക്കാനോ ദേവകളിൽത്തന്നെ ആക്കുമില്ല ത്രാണി!'

അമരന്മാരുടെ അഭ്യർത്ഥനയാൽ ദേവശൻ ആ അതിഭീഷണമായ തേജസ്സിനെ ഉപസംഹരിച്ചു കോടിസൂര്യചന്ദ്രന്മാർക്കൊപ്പം സുഖദശീതനായിച്ചമഞ്ഞു; മിന്നൽപ്പിണർപോലിരുന്ന സടാപടലം അമൃതമയമായിശ്ശോഭിച്ചു! ദിവ്യങ്ങളായ വിവിധരത്നകേയൂരകടകങ്ങളണിഞ്ഞ നാലു കോമളഭുജങ്ങളും കല്പകവൃക്ഷത്തിന്റെ കായ്കുലും ചേർന്ന കൊമ്പുകൾപോലെ കാണപ്പെട്ടു! കരുണലങ്കൃതം ചെമ്പരുത്തിപ്പൂവിനൊപ്പം തുടുത്ത *.....അ നരസിംഹമൂർത്തിയായ പരമേശ്വരൻ മടിയിൽ ഇടത്തുവശത്തു മലർമകളുമായി വാണരുളി. ആ ലക്ഷ്മീനൃസിംഹനെക്കണ്ടു മനസ്സു തുള്ളോം കളിത്ത ദേവകളും മഹർഷിമാരും ആനന്ദബാഷ്പം ഓലോലെ വാർത്ത്, ആനന്ദസമുദ്രത്തിൽ ഒഴുകി തെരുതെരെ വീണു വണങ്ങി; അവർ സനാതനനായ സ്വാമിയെ അമൃതു നിറച്ച രത്നകലശങ്ങൾകൊണ്ടഭിഷേചിച്ച്, വസ്ത്രാഭരണങ്ങൾ ചാർത്തിച്ച്, മനോരമങ്ങളായ ഗന്ധപുഷ്പധൂപദീപങ്ങൾകൊണ്ടും ദിവ്യനൈവേദ്യങ്ങൾകൊണ്ടും പൂജിച്ച്, ദിവ്യസ്തോത്രങ്ങൾ ചൊല്ലി, പിന്നെയും പിന്നെയും നമസ്കരിച്ചു. ലക്ഷ്മീരമൻ പ്രസാദിച്ച് അവർക്കു വേണ്ടുന്ന വരങ്ങൾ നൽകി; പിന്നെ ആ കേതുവത്സലൻ ദേവഗണങ്ങളോടുകൂടി കേതനായ പ്രഹ്ലാദനെ എന്നെന്നേയ്ക്കും സർവ്വദൈത്യപ്പെരുമാളാക്കി അഭിഷേകംചെയ്യാശ്വസിപ്പിച്ച്, അഭീഷ്ടവരങ്ങളും ഇളക്കമില്ലാത്ത കേതിയും കല്പിച്ചുകൊടുത്തു. ഒടുവിൽ ഗീർവ്വാണഗണങ്ങളാൽ സ്തുതിച്ച പുഷ്പവർഷം പൊഴിക്കപ്പെട്ടുകൊണ്ടു നരസിംഹസച്ചരുപൻ അവിടെത്തന്നെ അന്തർദ്ധാനംചെയ്തു. ദേവകളെല്ലാം സ്വസ്ഥാനങ്ങളിലേയ്ക്കു തിരിച്ചു; അവർ മനംതെളിഞ്ഞു വീണ്ടും യജ്ഞഭാഗങ്ങൾ ഭുജിച്ചുപോന്നു.....വൈഷ്ണവനായ പ്രഹ്ലാദൻ വിഷ്ണുപ്രസാദത്താൽ കൈവന്ന ശ്രേഷ്ഠമായ വൈഷ്ണവരാജ്യം ധർമ്മത്താൽ ഭരിക്കുകയും വളരെ യജ്ഞോത്സവങ്ങളിൽ നരകേസരിയെ ആരാധിക്കുകയും ചെയ്ത്, ഒടുവിൽ യോഗിഗമ്യമായ സനാതനവിഷ്ണുപദത്തിൽ ചെന്നുചേർന്നു.

ഈ പ്രഹ്ലാദചരിതം യാവചിലർ ചിന്തിവാഴി ശ്രവിക്കുമോ, അവരെല്ലാം പാപങ്ങളൊഴിഞ്ഞു പരമഗതി പൂകും. ഇങ്ങിനെ, നാ

* ബാക്കി സാക്ഷപഥർഷ്ണം മുമ്പുള്ളതുതന്നെ.

Digitized By Kerala Sahitya Akademi

രായണന്റെ നരസിംഹമൈവേവം ദേവിയോട് ഞാൻ പറഞ്ഞു; മ
റു വൈഭവങ്ങളും മുറയ്ക്കു കേട്ടുകൊള്ളുക:

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ദിലീപവസിഷ്ഠസംവാദേ
മൃഗശരസംവാദം, ദശാവതാരകഥനം, നരസിംഹാവതാരകഥനം
ഇരുനൂറ്റഞ്ചാമദ്ധ്യായം.



ഇരുനൂറ്റഞ്ചാമദ്ധ്യായം

ശിവൻ:—പ്രഹ്ലാദന്റെ വിരോചനൻ എന്നൊരു പുത്രനുണ്ടാ
യി; വിരോചനന്റെ പുത്രൻ മഹാബാഹുവായ ബലി. അയാൾ ധർമ്മ
ജ്ഞരിൽ ശ്രേഷ്ഠനും സത്യസന്ധനും ജിതേന്ദ്രിയനും വിഷ്ണുവിന്നു
തുല്യം പ്രിയപ്പെട്ട ഭക്തനും സദാ ധർമ്മപരനും വിശ്രുതനുമായിരു
ന്നു. ആ മഹാബലൻ ഇന്ദ്രാദിദേവകളേയും മരുത്തുക്കളേയുമെല്ലാം ജ
യിച്ച്, ലോകം മുന്നും കീഴടക്കി ധർമ്മത്താൽ ഭരിച്ചുപോന്നു. അന്ന് ഭൂ
മിയിൽ കൃഷിക്കുടാതെ തന്നെ സസ്യഫലങ്ങൾ ധാരാളം വിളയും;
പൈക്കൾക്കൊക്കെ വേണ്ടുവോളം കറവുണ്ട്; വൃക്ഷങ്ങൾ പൂത്തും കാ
യ്ച്ചും ശോഭിച്ചു; മനുഷ്യരെല്ലാം പാപമെന്നിയേ സദ്ധർമ്മനിഷ്ഠരാ
ണ്, സദാ നിരാതങ്കരായി നാരായണനെ ആരാധിച്ചുകൊണ്ടിരുന്നു.
ഇന്ദ്രാദിദേവന്മാർ ദൈത്യപ്പെരുമാളായ മാബലിയുടെ കിങ്കരരായി
പ്പാർത്തു. ത്രൈലോക്യൈശ്വര്യം ആ ബലഭൂപ്തിതന്നധീനമായി!

രാജ്യം പോയ്പോയ മകനെ കണ്ടിട്ട് കശ്യപൻ അവന്റെ നന്മ
യ്ക്കുവേണ്ടി, മായ്യയോടൊന്നിച്ചു വിഷ്ണുവിനെത്തപസ്സുചെയ്തു; ആ
ധർമ്മിഷ്ഠൻ അദിതിയോടുകൂടി പയോവ്രതമനുഷ്ഠിച്ചു പദ്മനാഭനായ
ജനാർദ്ദനൻതിരുവടിയെ പൂജിച്ചുപോന്നു. അനേകമായിരത്താണ്ടു
സംപൂജിതനായ സനാതനൻ ദേവിയോടൊന്നിച്ചു മുനിക്കു പ്രത്യക്ഷ
നായി. * ..മഹാത്മാവായ പക്ഷിരാജകുൽ ലക്ഷ്മിയോടൊന്നി
ച്ചിരുന്നരുളുന്ന ജഗദീശനെ കണ്ടിട്ട് ബ്രാഹ്മണോത്തമൻ മനസ്സിൽ
ഹർഷംനിറഞ്ഞ പത്നിയോടുകൂടി നമസ്കരിച്ചു സ്തുതിച്ചു:—

നമോ നമസ്തേ ലക്ഷ്മീശ, സർവ്വജ്ഞ, ജഗദീശ്വര,
സർവ്വാത്മൻ, സർവ്വദേവേശ, സൃഷ്ടിസംഹാരകാരക!
അനാദി നിധനാനന്തവപുഷേ വിശ്വരൂപിണേ
നമസ്തേ വേദഗോഗവപുഷേ സർവ്വചക്ഷുഷേ!

* വിഷ്ണുസ്വരൂപവർണ്ണനം മുമ്പുള്ളതുതന്നെ.

Digitized By Kerala Sahitya Akademi

സർവ്വാത്മനേ നമസ്തുഭ്യം സൂക്ഷ്മാൽ സൂക്ഷ്മതരായ ച!
കല്യാണഗുണവർണ്ണായ യോഗിധ്യേയാത്മനേ നമഃ!
നമോ യുവകുമാരായ ശ്രീവത്സലീലാധിപായ ച
നിത്യമൈകതകഭോഗായ പരധാമ്നിസ്ഥിതായ ച!
ചതുരാത്മൻ, നമസ്തുഭ്യം! ചതുർവ്യൂഹ, നമോസ്തുതേ!
പഞ്ചാവസ്ഥായ വൈ തുഭ്യം! നമസ്തേ പഞ്ചമാത്മക!
പഞ്ചപ്രസ്ഥസപര്യാപം തേ വിജ്ഞേയം സതതം ഫലേഃ
ചതുർവ്യൂഹപരിപൂർണ്ണാത്മൻ, നിയതം കവയോ വിദുഃ.
തേ ബ്രാഹ്മണാ ജഗത്സർവ്വം രക്ഷന്തി തവ കിങ്കരാഃ
ത്രയീമയാഃ കർമ്മനിഷ്ഠാ യേ ദ്വിജാ ഭക്തവത്സല;
തേഷാം ഭയേക്ഷണാദേവ കർമ്മബന്ധവിമുക്തയഃ!
നമസ്തേ ത്രിജഗദ്ധാത്രേ സ്വയം ധാത്രേഖിലാത്മനേ!
ധാത്രേ വിധാത്രേ വിശ്വായ വിശ്വരൂപായ തേ നമഃ!
നാരായണായ കൃഷ്ണായ വാസുദേവായ ശാർങ്ഗിണേ
വിഷ്ണവേ ജിഷ്ണവേ തുഭ്യം! ഹൃഷീകേശായ തേ നമഃ!'

ഈവക സ്തോത്രങ്ങൾകൊണ്ടു മാമുനിയാൽ വഴിപോലെ സ്തുതിക്കപ്പെട്ട മാധവൻ മനംതെളിഞ്ഞു ഗംഭീരസ്വരത്തിൽ അരുളിച്ചെയ്തു:—'ദ്വിജശ്രേഷ്ഠ, ഭവാൻ ഭക്തിപൂർവ്വം സേവിച്ചതിനാൽ ഞാൻ സന്തോഷിച്ചിരിക്കുന്നു. ഭവാനു മംഗളം! വരം ചോദിച്ചുകൊള്ളുക; ഭവാനു വേണ്ടതു ഞാൻ ചെയ്യാം.' കാന്താസഹിതനായ കശ്യപൻ ഉണർത്തിച്ചു:—'ദേവേശ, നിന്തിരുവടി എന്റെ പുത്രനായിപ്പിറന്നു ദേവന്മാർക്കു നന്മ വരുത്തിയാലും; ത്രൈലോക്യം മാബലിയാൽ കീഴടക്കപ്പെട്ടിരിക്കുന്നു! ഇവിടുന്ന് ഇന്ദ്രന്റെ അനുജനായി ജനിച്ചു് ഉപേന്ദ്രനെന്ന വിളിപ്പെട്ടു്, എങ്ങിനെയെങ്കിലും ബലിയെ മായയാൽ ജയിച്ചു്, ത്രൈലോക്യം എന്നുന്നയ്ക്കും തന്റെ മകനായ ശക്രനു നൽകുമാറാകണം.' അങ്ങിനെതന്നെ എന്നു്, ജനാർദ്ദനൻ നിർജ്ജരരാൽ സ്തുതിക്കപ്പെട്ടുകൊണ്ടു് അവിടത്തന്നെ മറഞ്ഞു; അപ്പോഴത്തന്നെ, ഭൂതഭാവനനായ ഭഗവാൻ മഹാത്മാവായ കശ്യപന്റെ പത്നിയുടെ ഗർഭമേറ്റുകരുളി. അന്നു്, തപസ്സോനിധി മാബലി മഹർഷിയും തൊന്നിച്ചു് ഒരു ദീർഘസത്രം യഥാവിധി തുടങ്ങിയിട്ടുണ്ടായിരുന്നു.

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, ദിലീപവസിഷ്ഠസംവാദം, മഹേശ്വരസംവാദം, ദശാവതാരപ്രകരണം, വാമനാവതാരകഥാരംഭം ഇരുന്നൂറ്റിരുപത്താറാമദ്ധ്യായം.

—— ()——

Digitized By Kerala Sahitya Akademi

ഇരുന്നൂറ്റഞ്ചാമദ്ധ്യായം

ശിവൻ:—ഒരായിരത്താണ്ടിനുശേഷം അദിതി വിഷ്ണുവാകുന്ന അതിഹ്രസ്വഗാത്രനായ വാമനനെ പ്രസവിച്ചു. ശ്രീവത്സകൌസ്തുഭകിരീടവക്ഷസ്സായി പൂർണ്ണേന്ദുപ്രഭനായി പുണ്ഡരീകാക്ഷനായിരിക്കുന്ന ആ സുന്ദരവടുരൂപം ധരിച്ച സവ്യേദാംഗവേദ്യനെ കണ്ടിട്ട് വാസവാദിദേവന്മാരെല്ലാം മഹർഷിമാരോടുകൂടി സ്തുതിച്ചു നമസ്കരിച്ചു. സർവ്വലോകമഹേശ്വരനായ ഭഗവാൻ മന്ദഹസിച്ചു, 'അല്ലയോ സുരശ്രേഷ്ഠന്മാരെ, ഞാനിപ്പോൾ എന്തു ചെയ്യണ'മെന്നു ചോദിച്ചു. ചിത്തം കലിത്ത ദിവൗകസ്സുകൾ തിരുമനസ്സുണർത്തിച്ചു:—'മധുസൂദനാ, ഇപ്പോൾ ബലിയുടെ യാഗം നടക്കുന്നുണ്ട്; ആ തൈത്യപ്രഭുവാകട്ടെ, അതിനോട് 'ഇല്ലെ'ന്നു പറയാത്ത ഘട്ടമാണിത്. ഇവിടുന്ന് അയാളോടു യാചിച്ചുവാങ്ങി ത്രൈലോക്യം ഞങ്ങൾക്കു തരുമാറാകണം!' *

ബ്രഹ്മശങ്കരന്മാർക്കും ദർശിക്കാവതല്ലാത്ത ആ ത്രിവിക്രമരൂപം കാണ്മാൻ തൈത്യേശ്വരനായ ദേവൻ ദിവ്യചക്ഷുസ്സു നൽകി. വിഷ്ണുവിന്റെ വിശ്വരൂപം കണ്ടിട്ട് നിസ്തുല്യഹർഷനായ മാബലി ആനന്ദാശ്രുപൂരിതനായി തന്തിരുവടിയെ സഗൽഗദം സ്തുതിച്ചു നമസ്കരിച്ചു.....

ജനാർദ്ദനന്റെ രണ്ടാമത്തെ തൃക്കാൽവെച്ചു ബ്രഹ്മലോകത്തോളമെത്തി. ആ ചക്രപദ്മാദിരേഖാങ്കിതമായ തൃപ്പദം കണ്ടു പിതാമഹൻ ഹർഷവിവശനായി കമണ്ഡലുവെടുത്തു ഭക്തിയോടെ ആതിലുള്ള വെള്ളംകൊണ്ടു കഴുകിച്ചു. ആ നിർമ്മലജലം വിഷ്ണുപ്രഭാവത്താൽ അക്ഷയമായിച്ചമഞ്ഞു മഹാമേരുശിഖരത്തിൽ പതിച്ചു, ജഗദ്വിശുദ്ധിക്കായി നാലു ദിക്കിലേയ്ക്കും പ്രവഹിച്ചു. അതു ഭദ്രാശ്വത്തിൽ സീതാനദിയും മേരുവിന്നു തെക്ക് അളകനന്ദയുമാകുന്നു. ആ ത്രിപഥഗയായ ഗംഗ മുകളിൽ മന്ദാകിനിയും ചുവട്ടിൽ ഭോഗവതിയും നടുവിൽ വേഗവതിയുമായി സ്ഥിതിചെയ്യുന്നു. സുവർണേ, മേരുമദ്ധ്യത്തിൽനിന്നൊഴുകുന്ന ഗംഗയെ കണ്ടിട്ടു ഞാൻ ആത്മശുദ്ധിക്കായി ശിരസ്സുകൊണ്ടു ധരിച്ചു; ഓരായിരം ദിവ്യസംവത്സരം മംഗളമായ ഗംഗാജലം ധരിച്ചിട്ടാണ്, ഞാൻ ജഗത്പൂജിതനായി ശിവനായിച്ചമഞ്ഞതു്

* സൃഷ്ടിഖണ്ഡം, ൨൪-മദ്ധ്യായം നോക്കുക; അവിടെ ബലിക്കു പകരം ബ്രഹ്മാവിനെയും, യാചകൻ വാമനാവതാരമായ വാസുദേവനാണെന്നു പറയുന്നതു വ്യത്യാസമുള്ളൂ.

Digitized By Kerala Sahitya Akademi

പിന്നീട്, ഭക്തവത്സലനായ ശ്രീനാരായണൻ മാബലിക്ക പാതാളലോകം നൽകി, അയാളെ പ്രളയംവരെയ്ക്കും ദൈത്യനാഥ യാഭസ്സുകൾക്കെല്ലാം പെരുമാളാക്കി.

ശ്രീപരമേ:പുരാണം, ഉത്തരഖണ്ഡം, ദിലീപവസിഷ്ഠ
സംവാദാന്തർഗ്ഗതോമാമഹേശ്വരസംവാദം, ദശാവതാരപ്രകരണം
വാമനചരിതവർണ്ണനം ഇരുനൂറാറുപത്തേഴാമദ്ധ്യായം

:o:

ഇരുനൂറാറുപത്തേഴാമദ്ധ്യായം.

ശിവൻ:—ഭൃഗുവിന്റെ പുത്രൻ, ജമദഗ്നി എന്ന വേദവേ ദാംഗപാരഗനായ മഹാബ്രാഹ്മണൻ, ഉമ്പർകോനെ ഉദ്ദേശിച്ച് കാ രായിരം കൊല്ലം ഗംഗയുടെ മംഗളമണൽത്തിട്ടിൽ തപസ്സുചെയ്തു. അ തിൽ പ്രസാദിച്ച ഭഗവാൻ പാകശാസനൻ ആ ധർമ്മാത്മാവിനോട്, 'വിപ്രേന്ദ്ര, വേണ്ടുന്ന വരം ചോദിച്ചുകൊള്ളുക' എന്നരുചെയ്തു. 'സ വ്കാമദുഘയായ കാമധേനുവിനെ എനിക്ക തരിക'എന്നാണ ബ്ര ഹ്മർഷി ആവശ്യപ്പെട്ടത്. അതിൻവണ്ണം കൂലിശായുധൻ കാമധേന വിനെ ബ്രാഹ്മണന്ന കൊടുത്തു. ആ പയ്യിനെ കിട്ടിയതിനാൽ, മ ഹാതപസ്വിയായ ജമദഗ്നി, മറൊരിന്ദ്രനോ എന്ന തോന്നംവണ്ണം വലിയ ഐശ്വര്യത്തിൽ സ്ഥിതിചെയ്തു. അദ്ദേഹം രേണുകന്റെ മ കൾ രേണുകയെ യഥാവിധി വിവാഹം ചെയ്ത്, അവളോടൊന്നിച്ച വളരെ സംവത്സരം, ശ്രീശചീദേവിയോടൊരുമിച്ച ശതക്രതുവെന്നവ ണ്ണം വിഹരിച്ചു. പിന്നെ, ആ ധർമ്മിഷ്ഠൻ പുത്രലബ്ധിക്കായി യാ ഗം കഴിച്ച സംക്രന്ദനനെ സന്തുഷ്ടനാക്കി. പൌലോമീവല്ലഭൻ അദ്ദേ ഹത്തെ, ബലവും ഓജസ്സുമേറിയ മഹാഭാഗ്യനും പരംതപസ്വിയുമായ പുത്ര നുണ്ടാകുമെന്നനുഗ്രഹിച്ചു.

ഭൃഗുസ്മിതേ, കാല കൊണ്ടു ജമദഗ്നിക്ക രേണുകയിൽ മ ഹാബലവീര്യനായ ഒരുണ്ണിയുണ്ടായിവന്നു. വിഷ്ണുവിന്റെ അംശ മായ ആ ലക്ഷണം തികഞ്ഞ മകന്ന്, മുത്തച്ഛനായ ഭൃഗു വിഷ്ണു വിന്റെ അംശം തന്നെയായ രാമനെന്ന പേരിട്ടു. ജമദഗ്നി ജാതനാ കയാൽ ജാമദഗ്ന്യനെന്നും വിളിപ്പെട്ട ആ ഭൃഗുകുലകുമാരൻ ക്രമേണ വളർന്ന്, ഉപനയനാനന്തരം വിദ്യകളെല്ലാം അഭ്യസിച്ചു. പിന്നെ ആ ദ്വിജപുംഗവൻ തപസ്സു ചെയ്വാനായി സാളഗ്രാമപർവതത്തി ലേയ്ക്ക ഗമിച്ചു; അവിടെവെച്ച തേജസ്സേറിയ കശ്യപബ്രഹ്മർഷിയെ

Digitized By Kerala Sahitya Akademi

കണ്ടെത്തി. സഹർഷം പൂജിതനായ ആ മരീചിതനയൻ രാമനു സനാതനവിഷ്ണുമന്ത്രം ശരിക്കുപദേശിച്ചു. മന്ത്രം ഗ്രഹിച്ച ജാമദഗ്ന്യൻ യഥാവിധി ലക്ഷ്മീമണാളനെ സേവിപ്പാൻ തുടങ്ങി; ആ ധർമ്മശീലൻ ഷഡക്ഷരമഹാമന്ത്രം ജപിച്ചും, പകലിരവു സർവവ്യാപിയായ സാരസാക്ഷനെ ധ്യാനിച്ചും, വളരെസ്സംവത്സരം ജിതന്ദ്രിയനായി മൗനവും പൂണ്ടു മഹാതപസ്സിചെയ്തു.

ജമദഗ്നിബ്രഹ്മർഷി ഗംഗാതീരത്തുതന്നെ പാർത്തു യജ്ഞതപോദ്ധ്യാനമധർമ്മം ശരിക്കനുഷ്ഠിച്ചുപോന്നു. കാമധേനുവിന്റെ പ്രസാദത്താൽ ഐന്ദ്രസമ്പത്തെല്ലാം അദ്ദേഹത്തിനു തികഞ്ഞിരുന്നു. അങ്ങിനെയിരിക്കേ ഒരുനാൾ, ഹൈഹയരാജാവു് രാജ്യങ്ങളെല്ലാം ജയിച്ചു സർവസേനാപരിവൃതനായി ഭൃഗുപുത്രന്റെ ആശ്രമത്തിൽ വന്നെത്തി. അയാൾ മഹാഭാഗനായ ജമദഗ്നിമുനീന്ദ്രനെ കണ്ടു വന്ദിച്ചു്, കുശലം ചോദിച്ചു്, ആ ഭാവിതാത്മാവിനു വസ്ത്രാഭരണങ്ങളും ദാനംചെയ്തു. മുനിയും ഗൃഹാഗതനായ രാജശ്രേഷ്ഠനെ മധുപക്കംകൊണ്ടു സൽക്കരിച്ചു; പിന്നീടു മന്നവനും സൈന്യങ്ങൾക്കും ഭക്ഷണം കൊടുത്തു. അതിനു വേണ്ടുവോളം അന്നപാനങ്ങളൊരുക്കിയതു ഭാര്യവനാൽ പ്രാർത്ഥിതയായ കാമധേനുവാണു്; അവശ്യമില്ലത്തെ അന്നപാനം അവൾ സൃഷ്ടിച്ചു! ആ പയ്യിനെ കണ്ടിട്ടു പാർത്ഥിവനു കൌതുകം തോന്നി—ആ ബുദ്ധികെട്ട പാപിക്കു് അവളെ കിട്ടേണമെന്നായി. അയാൾ അവളെ ജമദഗ്നിയോടു യാചിച്ചു: സുവ്രതനായ ബ്രാഹ്മണ, സർവകാമങ്ങളേയും നൽകുന്ന ഈ പയ്യിനെ എനിക്കു തരിക; പകരം അനേകായിരം പൈക്കളെ ഭവാനു ഞാൻ തരാം.' ജമദഗ്നി മറുപടി പറഞ്ഞു:—'രാജാവേ, പയ്യിനെ തരാൻ നിവൃത്തിയില്ല. ദേവരാജാവായ പാകശാസനന്റെ പയ്യാണിതു്; ദേവകളുടെ മുതൽ ഭവാനു ഞാൻ എങ്ങിനെ തരേണ്ടു?' ഇതു കേട്ടപ്പോൾ ഭൂപാലൻ കോപകലുഷനായിത്തീർന്നു; അയാൾ സൈന്യത്താലൊപ്പം ചുറ്റിപ്പറ്റി കാമധേനുവിനെ ബലാൽക്കാരേണ പിടിക്കുടി. വരവർണ്ണിനി, ആ മഹാഭാഗയായ സുരഭി കൊമ്പുകൊണ്ടും ശബ്ദങ്ങൾകൊണ്ടും പാർത്ഥിവന്റെ പടകളെ ക്ഷണേന കൊന്നൊടുക്കി, തിരോധാനംചെയ്തു ദേവേന്ദ്രന്റെ അടുക്കലേയ്ക്കു നടകൊണ്ടു! സൈന്യത്തെ കൊന്നൊടുക്കിയതു കണ്ടിട്ടു ക്രോധം മൂത്ത കാർത്തവീര്യാർജ്ജുനൻ ഭാര്യവനെ കൈചുരുട്ടിയിടിപ്പാൻ തുടങ്ങി. തെരുതെരെ ഇടിയേറ്റതിനാൽ ആ ദേവിജോത്തമൻ ഉടൽ ഞെരിഞ്ഞു വിറക്കൊണ്ടു നിലത്തു വീണു മരിച്ചുപോയി! മഹർഷിയെ കൊലചെയ്തു് ആ പാപിയായ ഹൈഹയപ്പെരുമാൾ ശേഷിച്ച സൈന്യത്തോടുംകൂടി, തന്റെ രാജധാനിയിലേയ്ക്കു തിരിച്ചു.

Digitized By Kerala Sahitya Akademi

രാമൻ ദേവദേവേശനെ സേവിക്കയായിരുന്നുവല്ലോ! അതിൽ കേശവൻതിരുവടി പ്രസന്നിച്ചു: 'വത്സ, യതാത്മാവായ നിന്റെ തപസ്സ് എന്നെ സന്തോഷിപ്പിച്ചു. നിന്ന് എന്റെ പരമമംഗളശക്തി ഞാൻ തരാം; ബ്രാഹ്മണ, എന്റെ ശക്തിയാവേശിച്ച നിവൻ ഭൂഭാരം നീക്കാനും ദേവഹിതത്തിനുമായി ദുഷ്ടരാജാക്കന്മാരെ കൊന്നൊടുക്കുക.' എന്നിങ്ങനെ, ജനാർദ്ദനൻ ജമദഗ്ന്യനു വൈരിനാശനമായ ഒരു വെണ്മഴുവും വൈഷ്ണവ മഹാചാപവും മറു പല ദിവ്യാസ്ത്രങ്ങളും കല്പിച്ചുകൊടുത്തു, വീണ്ടും അരുളിച്ചെയ്തു:—'ദ്വിജോത്തമ, പാറലർവീരരെ വധിക്കുന്ന നിവൻ പലവുരു മദോദ്ധതരായ മന്നവരെ കൊന്നൊടുക്കി, കടൽവരെയുള്ള ഭൂമിയെല്ലാം കൈക്കൊണ്ടു, വന്ധിച്ച ധർമ്മത്തോടും വീര്യത്തോടുംകൂടി പരിപാലിക്കുക; ഒടുവിൽ, എന്റെ പ്രസാദത്താൽ എന്റെ പദം പുകാം.' ഇങ്ങിനെ വരം നൽകി മാധവൻ മറഞ്ഞു.

രാമനും ബലപ്പെട്ടു് അച്ഛന്റെ ആശ്രമത്തിലേയ്ക്കു പോന്നു. അച്ഛൻ വധിക്കപ്പെട്ടതു കണ്ടപ്പോൾ ഭാർഗ്ഗവൻ ക്രോധത്താൽ മതി മറന്നു്, രാജാക്കന്മാർ നിറഞ്ഞ ഭൂമിയെ നിഃക്ഷത്രിയയാക്കാനുറച്ചു്, ആയുധപാണിയായി, ഗുരുതരമായ ചുറ്റപ്പെട്ട ഹൈഹയേശ്വരത്തിൽ ചെന്നെത്തി, അരിശത്തോടുകൂടെ അരിഞ്ഞുംകൊണ്ടു കോട്ടവാതിൽക്കൽ നിന്നു. നഗരവാസികളെല്ലാം ആ കത്തിജ്വലിക്കുന്ന മഹൌജസ്സായ ജാമദഗ്ന്യനെ കണ്ടിട്ടു കാലാഗ്നിയാണെന്നു കരുതിപ്പോയി! അവർ പേടിച്ചരണ്ടോടിച്ചെന്നു്, സർവ്വായുധധരിയായ ആ മഹാസത്വനെ ഹൈഹയപ്പെരുമാളോടറിയിച്ചു. അരചൻ അത്ഭുതപ്പെട്ടരചെയ്തു:—'ആരായിരിക്കാം, എന്റെ കോട്ടവാതിൽക്കൽ ആയുധപാണിയായി നില്ക്കുന്നതു്? ഇന്ദ്രനോ, യമനോ, തക്ഷനോ, കുബേരനോ ആയിരിക്കുമോ? ആയുധവുമായി എന്റെ കോട്ടവാതിൽക്കൽ നിൽക്കാൻ ധൈര്യമുള്ളവൻ ഒരേടത്തുമില്ലല്ലോ!' ഉഗ്രതിയായ മന്നവൻ, 'ആ ദുഷ്ടനെ പിടിക്കുപിൻ' എന്നു്, കയ്യേതറിയ കിംകരരെ നിയോഗിച്ചയച്ചു..... അവർ രേജസ്സിനാൽ ജ്വലിക്കുന്ന ജാമദഗ്ന്യനെ നോക്കാൻ തന്നെ ശക്തരായില്ല; എങ്കിലും ആ വീരനെ പിടിപ്പാൻ വേണ്ടി പുറകെ ചെന്നുനിന്നു. ആ ശസ്ത്രധാരികളായ രാജഭടന്മാരെയെല്ലാം കണ്ടിട്ടു്, കയ്യേതറിയ ബ്രാഹ്മണേന്ദ്രൻ ചിരിച്ചുകൊണ്ടരിയാടി:—'ഭൃഗുപുത്രന്റെ മകൻ രാമനാണു് ഇവനെന്നാ ഞാൻ. നരാധമരേ, എന്റെ അച്ഛനെ കൊന്നതിനാൽ, രാജാക്കന്മാരെയെല്ലാം ഞാൻ സംഹരിക്കും; എന്റെ അച്ഛനു ഞാൻ കാത്തവീര്യന്റെ ചോരകൊണ്ടു തിലോദകം നൽകി; അവന്റെ തലകൊണ്ടു പിണ്ഡവെയ്ക്കും!'

Digitized By Kerala Sahitya Akademi

ഇതുകേട്ട്, ആ പുണ്യഭൂമിയിൽ ഉപകിംകരന്മാർ, ബാണങ്ങളും കൊണ്ടു ജാമദഗ്ന്യനെ, വൈക്കോൽക്കൂടികൾകൊണ്ടഗ്നിയെ എന്നപോലെ തുടങ്ങിയത്തു! അതിൽ അരിശംകൊണ്ട സത്യപരാക്രമനായ രാമൻ വന്നിച്ചു വീണ്ടുമതാടെ വൈഷ്ണവചാപം വലിച്ചു ഞാണൊച്ചയിട്ടു. ആ മഹാശബ്ദം മൂന്നുലോകത്തും മുഴങ്ങി; ദേവകൾപോലും ഞെട്ടിപ്പായി എന്നേ പറയേണ്ടൂ! എന്നിട്ട് ആ മഹാബലൻ ചെന്തീയിന്നൊത്ത ശരങ്ങൾകൊണ്ടു് ആ വീരകിംകരരെ കൊലചെയ്തു്, കാലാഗ്നിപോലെ സർവ്വസംഹാരനായി നിലക്കൊണ്ടു.

കിങ്കരരെ ധീമാനായ രാമൻ കൊന്നൊടുക്കിയതു കേട്ടിട്ടു ക്രോധത്താൽ കണ്ണുകൾ ചുകന്ന തൈഹയശിരോമണി സേനാസമേതനായി ഭാർഗ്ഗവന്റെ നേരെ പുറപ്പെട്ടു. ആ ഘോരരൂപനായി ജ്വലിക്കുന്ന രാമനെ കണ്ടിട്ട് ആളുകളെല്ലാം ഉലകൂതി ശംഖിച്ചു ഭയപ്പെട്ടുപോയി! ഉടനേ രാജാവും രാമനും തമ്മിൽ, രണ്ടു മേഘങ്ങൾ മഴയെന്നപോലെ ശസ്ത്രാസ്ത്രം ചൊരിഞ്ഞുകൊണ്ടു പോർതുടങ്ങി. തേജസ്സേറിയ രാമൻ ക്ഷണനേരംകൊണ്ടു കളിമായി രാജാവിന്റെ സൈന്യത്തെയെല്ലാം വൈഷ്ണവാസ്ത്രംകൊണ്ടു ചുട്ടെരിച്ചു; എന്നിട്ട് ആ അമിതവിക്രമൻ മൂർച്ചയേറിയ വെണ്മഴുകൊണ്ടു ദുഷ്ടകാർത്തവീര്യന്റെ കൈകളായിരവും വെട്ടിമുറിച്ചു. മഹാവീര്യനായിരുന്ന മന്നവൻ രാമനോടു പൊരുതാൻ ആളായില്ല; തന്റെ പാപംമൂലം ആ ദുഷ്ടൻ നഷ്ടവീര്യനായിപ്പോയി! അരിശംകൊണ്ട രേണുകാതനയൻ രാജാവിന്റെ തലയും, വാനവർകോൻ വജ്രംകൊണ്ടു മാമലക്കൊടുമുടിയെന്നപോലെ മുറിച്ചു വീഴ്ത്തി. സഹസ്രഭുജനെ സംഹരിച്ചതിനുശേഷം, പ്രതാപവാനായ ഭൃഗുരാമൻ പോരിൽ മറു മന്നവന്മാരെ മുഴുകൊണ്ടു വെട്ടുകയായി. അവരെല്ലാം അതീരൌദ്രനായ രാമനെ കണ്ടിട്ട്, സിംഹത്തെക്കണ്ട ഗജങ്ങളെന്നപോലെ പേരിച്ചരണ്ടു കുതികുതിച്ചു. പാഞ്ഞുടുപായ പാർത്ഥിവരേയും രാമൻ പിതൃവധക്രോധത്താൽ, പാമ്പുകളെ പക്ഷീശ്വരനെന്നപോലെ കൊല്ലുകതന്നെ ചെയ്തു. അങ്ങിനെ ക്ഷത്രിയവംശമെല്ലാം ഭഗവാൻ ജാമദഗ്ന്യൻ നശിപ്പിച്ചു; ഇക്ഷ്വാകുകുലം മാത്രം, മാതാമഹന്റെ വംശമാകകൊണ്ടും അമ്മ പറഞ്ഞതുകൊണ്ടും രക്ഷിച്ചു. മാതാമഹവംശത്തെ രാജ്യഭ്രഷ്ടരാക്കിയതേ ഉള്ളൂ; ആ മനുവംശത്തെ ക്ഷത്രിയാന്തകൻ കൊലചെയ്തില്ല.

രാജവംശങ്ങളൊക്കെല്ലാം അറുതി വരുത്തി, ക്ഷോണിയെ നിക്ഷത്രിയയാക്കിയിട്ട്, ബലവീര്യവാനായ ഭൃഗുരാമൻ വഴിപോലെ അശ്വമേധയാഗം കഴിച്ചു; അതിൽ, സപ്തദ്വീപവതിയായ ഭൂമിയെ ബ്രാഹ്മണോത്തമന്ന് നൽകി, തപസ്സിന്നായി നാരായണാശ്രമത്തിലേയ്ക്കു നടകൊള്ളുകയും ചെയ്തു.

Digitized By Kerala Sahitya Akademi

ഇതാ, മഹാത്മാവായ ജാമദഗ്ന്യന്റെ ചരിതം ദേവിയോട് ഞാൻ പറഞ്ഞു. ഭൂഭാരഹരൻ ശാർങ്ഗിയുടെ ശക്തിയാവേശിച്ചിട്ടേ ഉള്ളൂ; അതിനാൽ അദ്ദേഹം ഉപാസ്യനല്ല. വലിയ ഭഗവൽഭക്തരായ ബ്രാഹ്മണശ്രേഷ്ഠർ രാമകൃഷ്ണന്മാരത്രേ ഉപാസ്യന്മാർ; ആ അവതാരങ്ങളും രണ്ടും ഭഗവൽപ്രണങ്ങളും തികഞ്ഞവയും ഋഷിമാരാൽ ഉപാസിക്കപ്പെട്ടവയും മുക്തിപ്രദങ്ങളുമാകുന്നു.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ദിലീപവസിഷ്ഠസംവാദേന്തർഗ്ഗ
തോമാമഹേശ്വരസംവാദം, ഭശ്രായക്കാരപ്രകരണം,
പരശുരാമോപാഖ്യാനം ഇരുന്നൂററുപത്തൊമ്പത്താമദ്ധ്യായം.

(൦)

ഇരുന്നൂററുപത്തൊമ്പതാമദ്ധ്യായം

ശിവൻ:—പണ്ടു സ്വായംഭുവമന്വന്തരത്തിൽ നിർമ്മലപുണ്യമായ നൈമിശത്തിൽ ഗോമതീതീരത്തു ദ്വാദശാക്ഷരമഹാമന്ത്രം ജപിച്ചുകൊണ്ട് ഓരായിരം കൊല്ലം ലക്ഷ്മീമനാളനെ സേവിച്ചു. ഭഗവാൻ മനുവിനോട്, 'വരം ചോദിക്കാ'മെന്നരുളിച്ചെയ്തു. ഇതാ നിരന്ന, സഹസ്രനായ സ്വായംഭുവന്റെ അപേക്ഷ:—'ദേവേശ, അച്യുത, നിന്തിരുവടി മുന്നജന്മം എന്റെ പുത്രനായി ജനിക്കണം; ഞാൻ പുരുഷോത്തമനായ നിന്തിരുവടിയെ പുത്രവാത്സല്യത്താൽ സേവിക്കട്ടെ!' ഗരുഡധ്വജൻ ഗംഭീരസ്വരത്തിൽ ഉരചെയ്തു:—മഹാരാജാവെ, അവന്റെ വാഞ്ഛിതം നിറവേറും. എനിക്കും വളരെ സന്തോഷമുണ്ട്, അവന്റെ പുത്രനാവുന്നതിൽ. നിഷ്കണ്ടകം വേണ്ടിവരുന്ന കാലത്തു ഞാൻ അവിടവിടെ ജനിച്ചാൽ, ഞാനും അവന്റെ പുത്രനായി ജനിച്ചുകൊള്ളാം. ധർമ്മത്തെ നിലനിർത്തുന്നതിനും ശിഷ്ടരെ രക്ഷിപ്പാനും ദുഷ്ടരെ നശിപ്പിക്കാനുമായി ഞാൻ യുഗംതോറും അവതരിക്കാറുണ്ട്.' ഇങ്ങനെ വരംകൊടുത്തു് അച്യുതൻ അവിടെത്തന്നെ മറഞ്ഞു. സ്വായംഭുവമന്വന്തരം പിന്നെ രഘുകുലത്തിൽ ദശരഥരാജാവായും വൃഷ്ണികുലത്തിൽ വസുദേവനായും ജനിച്ചു; സഹസ്രദിവ്യാബ്ദപ്രമാണമായ കലിയുഗത്തിന്റെ അന്തിമപാദത്തിൽ, ശംഭളഗ്രാമത്തിൽ ബ്രാഹ്മണനായി ജനിക്കുകയും ചെയ്യും. ദശരഥന്റെ ഭാര്യ കൌസല്യയും, വസുദേവന്റെ പത്നി ദേവകിയും, ഹരിനാമബ്രാഹ്മണന്റെ ഗൃഹിണി ദേവപ്രഭയുമത്രേ, മൂന്നവതാരങ്ങളിൽ വിഷ്ണുവിന്ന് അമ്മമാർ. സുവ്രതേ, ആദ്യം രാമന്റെ ചരിതം പറഞ്ഞുതരാം; അതു സ്മരിച്ചാൽത്തന്നെ, പാപികൾക്കപോലും മുക്തി വരും!

Digitized By Kerala Sahitya Akademi

ഹിരണ്യകശിപുഹിരണ്യാക്ഷന്മാർ രണ്ടാമത്തെ ജന്മത്തിൽ, കണ്ടതേറിയ രാവണകുംഭകർണ്ണന്മാരായി ജനിച്ചു: പുലസ്ത്യന്റെ പുത്രനായ വിശ്രവസ്സെന്ന ധാർമ്മികബ്രാഹ്മണൻ വിശാലാക്ഷിയായ ഒരു രാക്ഷസേന്ദ്രകന്യകയെ വേളികഴിച്ചു; ആ സുകേശിയായ പതിവ്രത—സുമാലിയുടെ മകനും കൈകസി എന്നവനും—കാമത്തള്ളലാൽ സന്ധ്യാസമയത്തു മാമുനിയെ യഥേഷ്ടം പുണർന്നുകളഞ്ഞു. തന്മൂലം തമോഗുണാധികരായി ആ ശുഭദർശനയായ തനുവിൽനിന്നു ജനിച്ച വരാകനും, രാവണകുംഭകർണ്ണരെന്ന വിശ്രുതരിൽ വിളിപ്പെട്ട രണ്ടു രാക്ഷസന്മാർ. കൈകസിക്കു പിന്നെ ശൂർപ്പണഖ എന്നൊരു വികൃതവക്ത്രയായ പെൺകിടാവുണ്ടായി; കുറെക്കാലംകൂടി കഴിഞ്ഞപ്പോൾ, സുശീലനായി ഭഗവദ്ഭക്തനായി സത്യധർമ്മനിരതനായി വിശ്രുതനായ വിഭീഷണനും ജനിച്ചു. രാവണകുംഭകർണ്ണന്മാർ പണി മാമലകളിൽ എന്നെ ഉദ്ദേശിച്ചു് അത്യുഗ്രതപസ്സനുഷ്ഠിച്ചു. ദുരാത്മാവായ രാവണൻ ദാരുണകർമ്മത്താൽ തന്റെ തലകളാകുന്ന താമരപ്പൂക്കൾകൊണ്ടുകൂടി എന്നെ പൂജിച്ചു! അതിൽ മനം കുളിർത്ത ഞാൻ അവനോടു്, 'വത്സ, വേണ്ടുന്ന വരം ചോദിച്ചുകൊൾക' എന്നരുളിച്ചെയ്തു. സുന്ദരി, ആ ദുഷ്ടൻ ലോകമെല്ലാം ജയിപ്പാൻവേണ്ടി, 'ദേവാസുരരാക്ഷസാവധ്യത്വം തരിക' എന്നാണാവശ്യപ്പെട്ടതു്. ആ വരവുമെന്നെ ഞാൻ കൊടുത്തു *

പരശുരാമൻ കൊടുത്ത സമുദ്രകാഞ്ചിയായ ഭൂമി പണ്ടു മഹർഷിമാരാൽ മഹാത്മാക്കളായ രഘുക്കൾക്കു നൽകപ്പെട്ടു. വൈവസ്വതമനുവിന്റെ പുത്രൻ ഇക്ഷ്വാകുമഹാരാജാവു വലിയ ബലവാനും സർവ്വധർമ്മവിൽപ്രവരനുമായിരുന്നു; അദ്ദേഹത്തിന്റെ വംശത്തിൽ അജന്യുപന്റെ പുത്രനും മഹാതേജസ്വിയും സത്യശീലശൌചവാനുമായ ദശരഥനെന്ന രാജാവു് വീര്യത്താൽ പാർത്ഥിവരെ രാജ്യങ്ങളിലുറപ്പിച്ചു ഭൂമിയെല്ലാം രക്ഷിച്ചുപോന്നു. കോസലരാജാവിന്റെ പുത്രി കോമളസർവ്വാംഗിയായ കൌസല്യയും, മഗധരാജാവിന്റെ മകനും സുസ്മിതയായ സുമിത്രയും, കേകേയരാജകുമാരി കമലലോചനയായ കൈകേയിയും ദശരഥനാൽ വേൾക്കപ്പെട്ടു. ആ മൂന്നു ഭാര്യമാരോടുകൂടി, കാകുൽസ്ഥൻ സരയൂതീരത്തുള്ള ഭദ്രാസംപൂർണ്ണമായ അയോധ്യയിൽ നിവസിച്ചു§ ഭഗവാൻ പുരുഷോത്തമൻ അവതരിക്കുമെന്നതുകൊണ്ടത്രേ ആ പുണ്യനഗരിക്കു് അയോദ്ധ്യയെന്ന പേർ; പരമധാമത്തിന്റെ തിരുനടയെന്നതന്നെ ആ നഗരത്തിനും വന്നു: വിഷ്ണുഭഗ

* പാതാളഖണ്ഡം ഏഴാം അദ്ധ്യായം നോക്കുക.

§ അയോദ്ധ്യാവർണ്ണനത്തിൽ വിശേഷമൊന്നുമില്ലായ്കയാൽ വിട്ടു.

Digitized By Kerala Sahitya Akademi

വാൻ യാതൊന്നിങ്കൽ വാഴുന്നുവോ, അതുതന്നെ പരമപദം! അവിടെ ഏവർക്കും സർവകർമ്മച്ഛേദിയായ സായുജ്യം കിട്ടും. അവിടെ മഹാവിഷ്ണു അവതരിച്ചപ്പോൾ മനുഷ്യരെല്ലാം സന്തോഷമടഞ്ഞു.

ദശരഥൻ പുത്രലബ്ധിക്കായി വിഷ്ണുവിനെ ഉദ്ദേശിച്ചു യാഗംചെയ്തു. വൈഷ്ണവയജ്ഞംകൊണ്ടു പൂജിതനായ വാസുദേവൻ—സർവ്വവ്യാപിയായി യജ്ഞരൂപനായിരിക്കുന്ന ലക്ഷ്മീനാഥൻ—വരം കൊടുപ്പാനായി അഗ്നിയിൽ ആവിർഭവിച്ചു. * അനിന്ദ്യനിറംപൂണ്ടു പൊള്ളിപ്പുറപ്പെട്ട തന്തിരുവടിയേ കണ്ടു ഹർഷവിവശനായ രാജാവു പത്നിയോടൊപ്പം വണങ്ങി കൈതൊഴുതു്, 'നിന്തിരുവടി എന്റെ പുത്രനാകണ'മെന്നു സഗദ്ഗദം ഉണർത്തിച്ചു. ഭഗവാൻ പ്രസാദിച്ചു്, 'ഭൂപശ്രേഷ്ഠ, ഞാൻ ദേവഹിതത്തിന്നുവേണ്ടി സജ്ജനങ്ങളെ രക്ഷിപ്പാനും രാക്ഷസരെ സംഹരിപ്പാനും ലോകങ്ങൾക്കു മുക്തികൊടുപ്പാനും ധർമ്മം നിലനിൽത്താനുമായി ജനിക്കാം' എന്നരുളിച്ചെയ്തു്, ലക്ഷ്മിയുടെ കയ്യിലുണ്ടായിരുന്ന സച്ചരുവായ ദിവ്യപായസപ്പൊൻപാത്രം ദശരഥനു കൊടുത്തു; 'ഈ പായസം ഭവാന്റെ പത്നിമാർക്കു കൊടുത്താൽ, അവരിൽ എന്റെ അംശത്താൽ പുത്രന്മാരുണ്ടായിവരും' എന്നും കഥിച്ചു്, മുനിമാരാൽ സ്തുതിക്കപ്പെട്ടുകൊണ്ടു്, അവിടെത്തന്നെ മറകയും ചെയ്തു.

പാർത്ഥിവൻ ആ ദിവ്യപായസം അപ്പോൾ അരികത്തുണ്ടായിരുന്ന മൂന്നഭാര്യമാർക്കും ഇളയവർക്കു് അതിരറവോടെ പങ്കിട്ടുകൊടുത്തു. ഉടനെ മദ്ധ്യമപത്നിയായ സുമിത്ര എന്ന സുശീലാചനയും പുത്രകാംക്ഷയാൽ വന്നുചേർന്നു. അവർക്കു കൌസല്യാകൈകേയിമാർ, അവരുടെ പായസത്തിൽ നിന്നു പപ്പാതി കൊടുത്തു; പായസം കഴിച്ചതിനാൽ ആ രാജ്ഞിമാരെല്ലാവരും ഗർഭംധരിച്ചു ശുഭ്രതേജസ്സാൽ ശോഭിച്ചു. അവർ സപ്തന്നത്തിൽ, പീതാംബരനായി ശംഖചക്രഗദാപാണിയായിരിക്കുന്ന ദേവദേവനെ കാണുക പതിവായിരുന്നു! ഗർഭം തികഞ്ഞപ്പോൾ, മനോഹരമായ ചൈത്രമാസത്തിൽ, ശുക്ലനവമീതിഥിയിൽ, പുണർതനക്ഷത്രത്തിൽ, ഉച്ചയ്ക്കു്, സർവമംഗളമായ ലഗ്നത്തിൽ കൌസല്യ കാർവർണ്ണനാകുന്ന മകനെ പ്രസവിച്ചു. § രാജാവു സനാതനനാകുന്ന തനയനെ കണ്ടു മനം കുളിർത്തു് പുരോഹിതനായ വസിഷ്ഠനെക്കൊണ്ടു ജാതകർമ്മം കഴിപ്പിച്ചു വസിഷ്ഠൻ ഉണ്ണിക്കു രാമനെന്നു പേരുമിട്ടു: പൊയ്ത്തീർമതിന്റെ രാമണനാക

* വിഷ്ണുസത്രപവർണ്ണനം മുമ്പുള്ളതുതന്നെ.

§ വിഷ്ണുസത്രപവർണ്ണനയും, അവതാരജന്മജാതകാദിഗ്രഹവർണ്ണനയും ഒരേ ശിക്ഷ്യരില്ലായ്കയാൽ ഉപേക്ഷിച്ചു.

Digitized By Kerala Sahitya Akademi

യാൽ, തന്തിരുവടിക്ക രാമനെന്ന തിരുനാമം പണ്ടേ ഉള്ളതാണ്; അതു വിഷ്ണുസഹസ്രനാമത്തിനൊപ്പം മനുഷ്യർക്ക മുക്തി നൽകും. വിഷ്ണുമാസത്തിൽ പിറന്നതുകൊണ്ടു വിഷ്ണുഭവനം കീർത്തിക്കപ്പെടുന്നു. നാമകരണം ചെയ്തിട്ടു ഭഗവാൻ വസിഷ്ഠമഹർഷി സ്തുതികം ചൊല്ലി വലംവെച്ചു വണങ്ങി, മംഗളാത്മാവിനു മംഗളത്തിനായി സഹസ്രനാമം ജപിച്ചു്, ആ പുണ്യഗൃഹത്തിൽനിന്നു പുറത്തെയ്ക്കു പോന്നു. രഘുകുലോത്തമനായ രാജാവു് ബ്രാഹ്മണേന്ദ്രർക്കു വളരെധനം നൽകി: പതിനായിരം പൈക്കളേയും ന്യായിരം ഗ്രാമങ്ങളേയും എണ്ണമില്ലാത്തോളം ദിവ്യവസ്ത്രാഭരണങ്ങളേയും വിഷ്ണുപ്രീതിക്കായി നൽകി, ഭൂസുരരെ തൃപ്തിപ്പെടുത്തി.

വിടർന്ന താമരപ്പൂവുപോലുള്ള കൈകാലുകളിൽ ശംഖചക്രഗദാപദ്മധ്വജവജ്രാങ്കിരേഖകളും മാറത്തു ശ്രീവത്സകൌസ്തുഭവനമാലകളും ചേർന്ന രാജീവലോചനനായ രാമന്റെ തിരുമെയ്യിൽ ദേവാസുരമനുഷ്യലോകങ്ങളെല്ലാം കൌസല്യയ്ക്കു കാണുമാറായി: പുഞ്ചിരിക്കൊണ്ട തിരുമുഖത്തു പതിനാലുലോകങ്ങളും; നെടുവീർപ്പിൽ വേദങ്ങളും ഹാസങ്ങളും; ജഠരത്തിൽ ദ്വീപസമുദ്രശൈലങ്ങളും; നാഭിയിൽ ബ്രഹ്മരുദ്രന്മാർ; കണ്ണുകളിൽ ദിക്കുകളും; കണ്ണുകളിൽ സൂര്യചന്ദ്രന്മാർ; നാസികയിൽ മഹാബലനായ മാരുതൻ—ഈവക വിഭൂതികളും കണ്ടു ഭയപ്പെട്ട കൌസല്യ സർവോപനിഷൽപ്പൊരുളിനെ വീണ്ടും വീണ്ടും വണങ്ങിക്കൈതൊഴുതു കണ്ണിൽ ഹർഷബാഷ്പം നിറഞ്ഞുണർത്തിച്ചു:—'ദേവദേവേശ, സ്വാമിൻ, നിന്തിരുവടിയെ പുത്രനായി കിട്ടിയതിനാൽ ഞാൻ ധന്യയായി! ജഗദീശ, എങ്കൽ പ്രസാദിച്ചു പുത്രസ്നേഹം പ്രദർശിപ്പിച്ചാലും!' ഇതുകേട്ടു ഹൃഷീകേശൻ മായാമനുഷ്യത്വം പൂണ്ട കുഞ്ഞിനെപ്പോലെ കരഞ്ഞുതുടങ്ങി. അപ്പോൾ, കൃശോദരിയായ കൌസല്യാദേവി സന്തുഷ്ടിയോടെ മകനെപ്പുണർന്നു മുലകൊടുത്തു. ജഗത്തുകളെ രക്ഷിക്കുന്ന മഹാവിഷ്ണു പൈതലെന്ന നാട്യത്താൽ അമ്മിഞ്ഞ കുടിച്ചുംകൊണ്ടു് അമ്മയുടെ മടിത്തട്ടിൽ പള്ളികൊണ്ടു! അതു രമണീയവും സർവകാമപ്രദവുമായ സുദിനത്തിൽ നഗരവാസികളും നാട്ടുപുറക്കാരുമൊക്കെ ഉള്ളം കുളിർത്തു് ഉത്സവം കൊണ്ടാടി. കൈകേയിയിൽ പാഞ്ചജന്യാംശത്താൽ ഭരതനും സുമിത്രയിൽ അനന്തസുദർശനാംശങ്ങളാൽ മറ്റുള്ള ലക്ഷ്മണശത്രുഘ്നരും ജനിച്ചു. നാലുകുമാരന്മാരും വൈവസ്വതകുലത്തിൽ വളർന്ന്, തേജസ്സേറിയ വസിഷ്ഠനാൽ സംസ്കാരങ്ങളും കഴിക്കപ്പെട്ട്, വേദശാസ്ത്രങ്ങളും ധനുർവേദവുമെല്ലാം ശരിക്കു പഠിച്ചു്, പരമോദാരരായി ജനങ്ങൾക്കു പ്രീതി വർദ്ധി

Digitized By Kerala Sahitya Akademi

പ്പിച്ചു. അവരിൽ രാമലക്ഷ്മണന്മാർ ഒരിണയും, ഭരതശത്രുഘ്നന്മാർ ഒരിണയുമായിട്ടാണ് നടന്നിരുന്നത്.

പിന്നെ ലോകശരിയായ ലക്ഷ്മീദേവി ജനകന്റെ നഗരത്തിൽ, വയലിൽ കലപ്പകൊണ്ടുഴുതേടത്തു്, ഒരുഴകേറിയ പെൺകിടാവായിട്ടവതരിച്ചു. *.... ..മിഥിലാധിപൻ ആ വേലമയിയായ പെൺകുട്ടിയെ എടുത്തു മകളെപ്പോലെ വളത്തിപ്പോന്നു. സർവ്വലോകശരന്റെ പ്രിയതമയായ ദേവശരി ലോകരക്ഷണത്തിന്നായി ജനകന്റെ രമ്യഗൃഹത്തിൽ വളർന്നുവന്നു. [രാമായണകഥ പാതാളഖണ്ഡം സന്ധ-൨മദ്ധ്യായത്തിലും മറ്റുമുണ്ട്; ഇവിടെ സ്വല്പം വിസ്തരിച്ചിട്ടുണ്ടെന്നേ ഉള്ളൂ. അതിനാൽ മുമ്പില്ലാത്തവ മാത്രമെടുത്തു ബാക്കി ഭാഗം ഉപേക്ഷിക്കുന്നു.]

സീത, ഊർമ്മിള, മാണ്ഡവി, ശ്രുതകീർത്തി എന്നിവരെ യഥാക്രമം വേളികഴിച്ച രാമലക്ഷ്മണഭരതശത്രുഘ്നന്മാരോടും ചതുരംഗസൈന്യത്തോടും പൌരജാനപദരോടുംകൂടി ദശരഥമഹാരാജാവു മിഥിലയിൽ നിന്ന് അയോദ്ധ്യയിലേയ്ക്കു തിരിയേ പോരുന്ന വഴിക്ക്, ക്ഷത്രിയാന്തകനായ ജാമദഗ്ന്യൻ മഴുവും വില്ലുമേന്തി, ചൊടിച്ച സിംഹത്തെപ്പോലെ, രാമനോടു പോർപൊരുതാൻ പാഞ്ഞടുത്തു; അയാൾ രാമനെ കണ്ടു് ആട്ടഹാസത്തോടെയും:—'രാമ, രാമ, മഹാബാഹോ, കേൾക്കുക: ഞാൻ പലവട്ടം യുദ്ധത്തിൽ വിക്രമം മുഴുത്ത രാജാക്കന്മാരെ കൊന്നൊടുക്കി, ഭൂമി ബ്രാഹ്മണർക്കു കൊടുത്തു്, തപസ്സു ചെയ്യാൻ പോയിരിക്കയായിരുന്നു; ഭവാന്റെ വീര്യബലം കേട്ടിട്ടു ഭവാനോടു പൊരുതാൻ വന്നതാണിപ്പോൾ. ഇക്ഷ്വാകുക്കുലം മാതാമഹവംശക്കാരാകയാൽ എനിക്കു വദ്ധ്യന്മാരല്ല; എങ്കിലും ക്ഷത്രിയരുടെ വീര്യം കേട്ടാൽ എനിക്കു സഹിക്കുവയ്യാ. അതിനായ്, ഹേ ഔർവ്വശാലിയായ രഘുസത്തമ, എനിക്കു യുദ്ധം തരിക! ദുരാധർഷ്മായ വൈഷ്ണവചാപം ഭവാൻ മുറിച്ചുവല്ലോ; ഇതാ, അതുപോലെ തന്നെ വൈരിനാശനമായ വൈഷ്ണവചാപം. ഇതു ഭവാൻ സ്വവീര്യത്താൽ കുലയേറിയാൽ, മരി, ഞാൻ തോറ്റു! അല്ലെങ്കിൽ അയുധങ്ങളും ബലവാനായ എന്റെ മുമ്പിൽ വെയ്ക്കുക. ഉറപ്പുണ്ടില്ലെങ്കിൽ, എന്നെ ശരണംപ്രാപിക്ക.' പ്രതാപവാനായ കാകുത്സ്ഥൻ ഭാർഗ്ഗവങ്കൽ നിന്ന് ആ വില്ലും വൈഷ്ണവശക്തിയും ഒന്നിച്ചു കൈക്കൊണ്ടു. ശക്തിയോടു വേർപെട്ടപ്പോൾ ജാമദഗ്ന്യൻ, കർമ്മഹീനനായ ബ്രാഹ്മണനെപ്പോലെ, വീര്യവും തേജസ്സും കെട്ടവനായിരുന്നുപോയ്! ജാമദഗ്ന്യനെ നിസ്തേജസ്സായി കണ്ടിട്ടു രാജാക്കന്മാർ, കൊള്ളാം കൊള്ളാമെന്നു രാമ

* ലക്ഷ്മീസഹോദരന്മാരുടെ മുമ്പുള്ളതുതന്നെ.

Digitized By Kerala Sahitya Akademi

നെ വീണ്ടും വീണ്ടും സ്തുതിച്ചു. കാകുൽസ്ഥൻ ആ പള്ളിവില്ല് കുലയായി കൊലയേറി, ശരം തൊടുത്തു്, വിസ്മിതനായ ഭാർഗ്ഗവനോടു ചോദിച്ചു:—'ബ്രാഹ്മണ, ഈ മികച്ച ബാണംകൊണ്ടു് ഞാൻ എന്തു ചെയ്യണം? അങ്ങയുടെ ഇരുലോകവുമോ സ്വർഗ്ഗം മാത്രമോ ചേദിക്കേണ്ടു?' ഭാർഗ്ഗവൻ ആ ഘോരശരം കണ്ടിട്ടു്, രാമൻ, പരമാത്മാവാണെന്നറിഞ്ഞുരിയാടി:—

(ശ്ലോകങ്ങൾ)

'കാകുൽസ്ഥ, ശാശ്വതൻ നീയെന്നറിഞ്ഞിവ മഹാഭുജ;
ഇപ്പൊഴേ ഞാനറിഞ്ഞുള്ള തവ വീര്യ്യത്തണാലിയാൽ:
പരൻ സാക്ഷാൽ പരബ്രഹ്മം നിത്യൻ നീയാദിപൂരുഷൻ;
അനന്തൻ നീ മഹാവിഷ്ണു വാസുദേവൻ പരാൽപരൻ;
നാരായണൻ നീ; ശ്രീമാൻ നീ;-യീശ്വരൻ നീ ശ്രുയീമയൻ;
കാലം നീ;-യുലകെല്ലാം നീ; മത്സ്യം മുമ്പായതും ഭവാൻ;
നീ താൻ സ്രഷ്ടാവു ധാതാവു ഹർത്താവു പരമേശ്വരൻ;
നീയചിന്ത്യൻ മഹദ്ഭൂതം വിശ്വരൂപൻ മഹാനനു;
നാലാറക്ഷുണ്ണം ചന്ദ്രോൻ നീതന്നെ പുരുഷോത്തമൻ;
നീയജ്ഞം; നീ വഷട്കാര;മോംകാരം നീ ശ്രുയീമയൻ;
വ്യക്താവ്യക്തസ്വരൂപൻ നീ സഗുണൻ നിർഗ്ഗുണൻ പരൻ;
വേദങ്ങൾക്കും വിദൂരൻ നീ; ഞാനാളല്ല പുകഴ്ത്തുവാൻ!
അപമാനിച്ചുവല്ലോ ഞാൻ പോരിനോറങ്ങിയെ പ്രഭോ;
പൊറുക്കേണമതെൻനാഥ, പെരുതെങ്കൽക്കനിഞ്ഞു നീ!
നിൻശക്ത്യാ ക്ഷത്രിയരെ വെന്നൊഴിവിപ്രക്ഷ നൽകി ഞാൻ
നിൻപ്രസാദത്തിനാൽത്തന്നെ നിത്യശാന്തിയിൽ വാഴ്കയാം.'

ഇവ്വിധം കഥിച്ചു ഭാർഗ്ഗവൻ ലോകരക്ഷകനായ രാഘവനെ വലത്തുവച്ചു നമസ്കരിച്ചു്, ആ ശരംകൊണ്ടു തന്റെ സ്വർഗ്ഗതി ഖണ്ഡിച്ചുകൊണ്ടുവാനറിഞ്ഞു. തേജസ്സേറിയ കാകുൽസ്ഥൻ മാമുനിയെ വന്ദിച്ചു്, പാദ്യാർഘ്യാചമനാദികർമ്മംകൊണ്ടു സൽക്കരിച്ചു. സൽക്കാരമേറാ ജാമദഗ്ന്യൻ തപസ്സിന്നായി രമണീയമായ നാരായണാശ്രമത്തിലേയ്ക്കു നടകൊള്ളുകയും ചെയ്തു.....

ചിത്രകൂടത്തിൽ വാഴുന്ന കാലത്തു്, ഒരുനാൾ, മഹാശയനായ രാമൻ മൈഥിലിയുടെ മടിയിൽ തലവെച്ചു കിടക്കുകയായിരുന്നു. ആ പ്പോഴം ഇന്ദ്രപുത്രനാകുന്ന കാകൻ അവിടെ വന്നു ചുറ്റിപ്പറന്നു. ആവൻ സീതയെക്കണ്ടു കാമാസ്ത്രപീഡിതനായിട്ടു ദേവിയുടെ പീനോന്നതസ്തനം ക്രൂരനഖങ്ങൾകൊണ്ടു മാന്തിപ്പൊളിച്ചുകളഞ്ഞു! അതുകണ്ടു ക്രുദ്ധരനായ രാഘവൻ ഒരു ദർഭപ്പുല്ല കൈയിലെടുത്തു ബ്രഹ്മാസ്ത്രം

Digitized By Kerala Sahitya Akademi

ചൊല്ലി കാകന്റെ നേക്കയ്ച്ചു. ആ ജ്വാലാമയമായ ഘോരശരം കണ്ട കാകൻ ഭയശബ്ദം പുറപ്പെടുവിച്ചുംകൊണ്ടു പറന്നു. ഭീമമായ രാമ ശരം അവനെ പിന്തുടർന്നു. കാകൻ മൂന്നു ലോകത്തും ചുറ്റിയലഞ്ഞു; അവൻ ശരണാർത്ഥിയായി ചെന്നേടത്തൊക്കെ, അസ്ത്രവും പിറകേ ചെന്നു. അസ്ത്രപീഡിതനായ കാകൻ ബ്രഹ്മരുദ്രശക്രയമവരുണാദിക ളെ ശരണംപ്രാപിച്ചു നോക്കി; എന്നാൽ ധീമാന്മാരായ ദേവാസുര ന്മാരെല്ലാം 'ഞങ്ങൾക്കെല്ലുതല്ല രക്ഷിപ്പാ'നെന്നു പറഞ്ഞൊഴികയാ ണുണ്ടായതു്! ഒടുവിൽ, ത്രിലോകേശനായ ഭഗവാൻ ബ്രഹ്മാവു കാക നു വഴി പറഞ്ഞുകൊടുത്തു:—'ഹേ ഹേ വായസശ്രേഷ്ഠ, ആ ശ്രീമാ നെത്തന്നെ ശരണംപ്രാപിക്കുക; ആ ദയാനിധി തന്നെയാണു് സർ വ്വരുടേയും രക്ഷിതാവു്. ക്ഷമാസൗശീല്യാദിഗുണങ്ങൾ തികഞ്ഞ ആ സർവ്വജ്ഞേശ്വരൻ ശരണംപ്രാപിച്ചവരെ കനിഞ്ഞു രക്ഷിക്കാതിരിക്കി ല്ല. ജീവലോകങ്ങളുടെ രക്ഷിതാവും പിതാവും മാതാവും സഖാവും സുഹൃത്തും അവിടുന്നുതന്നെ. തന്തിരുവടിയെ ശരണം പ്രാപിച്ചു കൊൾക; മറ്റൊരുമില്ല ശരണം!' പേടിച്ചരണ്ട കാകൻ വേഗത്തിൽ രഘുനന്ദനന്റെ കാൽക്കൽ ചെന്നു വീണു. പ്രാണസംശയത്തിൽപ്പെ ട്ടിരുന്ന പക്ഷിയെ കണ്ടിട്ടു് ജാനകി 'രക്ഷിക്കണേ, രക്ഷിക്കണേ' എ ന്നപേക്ഷിച്ചു്, കാകന്റെ തല കണവന്റെ കാൽകളിൽ ചേർത്തുവെ ച്ചു. കരുണാമൃതപയോധിയായ കാകൽസ്ഥൻ പക്ഷിയെ തൃക്കൈ കൊണ്ടെഴുനേല്പിച്ചു്, 'പേടിക്കേണ്ട; ഞാൻ അഭയം തന്നിരിക്കുന്നു. പോയ്ക്കൊൾക, ഇപ്പോഴപോലെ പോയ്ക്കൊൾക' എന്നരുളിച്ചെയ്തു. രക്ഷിതനായ കാകൻ രാഘവനേയും ജാനകിയേയും പലവുരു പണി ഞ്ഞു തിരിവത്തിലേയ്ക്കു തിരിച്ചു!

പിന്നെ രാമൻ സീതയോടും ധീമനായ ലക്ഷ്മണനോടുംകൂടി അത്രിയുടെ വിശാലാശ്രമത്തിലെഴുന്നള്ളി. ആ ധാർമ്മികനായ മുനിസ ത്തമൻ അഗതനായ രഘുവരനെ കണ്ടിട്ടു്, സഹർഷനായി പത്നി യോടൊപ്പം എതിരേറ്റു്, ശോഭനാസനത്തിൽ സീതയോടൊന്നിച്ചിരു ത്തി, അർഘ്യപാദ്യാചമനീയങ്ങളും മധുപക്വവും വിവിധവസ്തുഭരണ ങ്ങളും കുറിക്കുട്ടം നൽകി, ദിവ്യങ്ങളായ അന്നപാനഭക്ഷ്യങ്ങളും ഭുജി പ്പിച്ചു. അന്നവിടെപ്പാർത്തു്, പിറേന്നു പുലർകാലത്തു്, സീതാലക്ഷ്മ ണാനുഗതനായ രാമൻ മാമുനിയെ വലത്തുവെച്ചു വണങ്ങി വിടവാ ങ്ങി, മഹർഷിമാർ നിറഞ്ഞ ദണ്ഡകാരണ്യത്തിലേയ്ക്കു നടകൊണ്ടു; അ വിടെ അതിഘോരനായ വിരാധരാക്ഷസനെക്കൊന്ന ശരഭംഗന്റെ പുണ്യാശ്രമമണഞ്ഞു. ശരഭംഗൻ രാഘവനെ കണ്ടതോടുകൂടി കല്മ ഷമെല്ലാമകന്നു്, ഗന്ധർവ്വാപ്സരസ്സേവിതമായ ബ്രഹ്മലോകം പ്രാപിച്ചു. പിന്നീടു രാഘവൻ ക്രമേണ സുതീക്ഷ്ണന്റേയും അഗസ്ത്യന്റേയും അഗ

Digitized By Kerala Sahitya Akademi

സ്ത്രീഭ്രാതാവിന്റേയും അടുക്കൽ പോയി, അവരാൽ സൽകൃതനായിട്ട്, പഞ്ചവടി പുക്കു ഗോദാവരീതടത്തിൽ വളരെക്കാലം സുഖമായി വസിച്ചു. അവിടെച്ചെന്ന്, ധർമ്മചാരികളായ താപസമുനിശ്രേഷ്ഠന്മാർ ആത്മശരനായ രാമനെ പൂജിച്ചു, അവർക്കു രാക്ഷസരാലുള്ള ഭയം അറിയിച്ചു; രാമൻ അവരെ ആശ്വസിപ്പിച്ചു് അഭയദക്ഷിണ നൽകി.

ഒരുനാൾ, രാവണസഹോദരിയായ ഘോരരാക്ഷസി രാമന്റെ ആശ്രമത്തിൽ വന്നെത്തി. ദുരാശയായ അവൾ രാഘവനാഥന്റെ ജഗന്മോഹനകളേബരം കണ്ടു കാമപീഡിതയായിട്ടു തൽസമീപമണഞ്ഞു ചോദിച്ചു:—'താപസവേഷം പൂണ്ടു ഭണ്ഡകാരണ്യത്തിൽ പാർക്കുന്ന ഭവാൻ ആരാണു്? എന്തിനാണീ രാക്ഷസസങ്കേതത്തിൽ വന്നതു്? വേഗത്തിൽ വാസ്തവം പറയുക; വ്യാജം പറയരുതു്.' രാമൻ പുഞ്ചിരിക്കൊണ്ടുത്തരം ചെയ്തു:—'ദശരഥരാജാവിന്റെ മകൻ രാമനാണ് ഞാൻ. ഈ ധനുർദ്ധരൻ, എന്റെ അനുജനായ ലക്ഷ്മണനാണ്. എന്റെ ഭാര്യ, ജനകപുത്രിയായ സീതയാണിതു്. അച്ഛന്റെ അരുളപ്പാടിനാൽ കാട്ടിലേയ്ക്കു പോന്നതാണ് ഞാൻ. ഞങ്ങടെ ഗുരുവിന്റെ ഹിതത്തിനായി വൻകാട്ടിൽ സഞ്ചരിച്ചുപോരുന്നു. സുന്ദരി, എന്തിനാണ് ഭവതി എന്റെ ആശ്രമത്തിൽ വന്നിരിക്കുന്നതു്? ഭവതി ആരാണ്? ഏതു വാശക്കാരിയാണ്? സത്യമെല്ലാം പറയു.' അവൾ ശങ്കകൂടാതെ മറുപടി പറഞ്ഞു:—'ശൂർപ്പണഖ എന്നു മൂന്നു ലോകത്തും വിളിപ്പെട്ട വിശ്രവഃപുത്രിയായ രാവണസോദരിയാണു് ഞാൻ. ഈ ഭണ്ഡകാരണ്യം എനിക്കു സോദരൻ തന്നതാണു്; ഞാൻ ഇഷ്ടവൃത്തത്തിന്നുംകൊണ്ടു വൻകാട്ടിൽ സഞ്ചരിക്കുന്നു. ഞാൻ രാജശ്രേഷ്ഠനായ ഭവാനെ കണ്ടു കാമപീഡിതയായതിനാൽ ഭവാനോടൊന്നിച്ചു രമിപ്പാൻ പേടിക്കൂടാതെ ഇവിടെ വന്നതാണു്. നൃപപുംഗവ, ഭവാൻ എന്റെ ഭർത്താവാകണം. ഭവാന്റെ ഈ സതിയായ സീതയെ തിന്നു ഞാൻ ഭവാനൊന്നിച്ചു കാടുകളിലും മാമലകളിലും രമിയ്ക്കാം.' ഇത്രയും പറഞ്ഞു രാക്ഷസി സീതയെ വിഴുങ്ങുവാൻ തുടങ്ങി; ഉടനേ രാമൻ വാൾ ഊരി അവളുടെ മൂക്കും കാതും ഛെത്തി.

ആ വികൃതാനനയായ രാക്ഷസി പേടിച്ചു നിലവിളിച്ചുംകൊണ്ടു ഖരന്റെ പാർപ്പിടത്തിൽ പാഞ്ഞുചെന്നു്, രാമന്റെ ചേഷ്ടിതമറിയിച്ചു. ഖരൻ ദൂഷണത്രിശിരസ്സുകളോടുകൂടി രാക്ഷസസഹസ്രങ്ങളാൽ പരിവൃതനായിട്ടു രിപുസൂദനനായ രാഘവനോടു പൊരുതാൻ വന്നെത്തി. ആ ക്രൂരന്മാരായ രാക്ഷസരെ കൊട്ടംകാട്ടിൽവെച്ചു

Digitized By Kerala Sahitya Akademi

രാമൻ കാലാന്തകോപമങ്ങളായ കണ്ണുകൾകൊണ്ടു കളിയായി കൊന്നൊടുക്കി; കരുത്തേറിയ ഖരദൂഷണത്രിശിരസ്സുകളേയും വിഷധരാഭങ്ങളായ വിശിഖങ്ങൾകൊണ്ടു പോർനിലത്തു വീഴിച്ചു. . ദേവകളും മഹർഷിമാരും രാഘവനെ സ്തുതിച്ചു.

രാക്ഷസരെ കൊന്നൊടുക്കിയതു കേട്ടിട്ടു കലികൊണ്ട ദശകന്ധരൻ പഞ്ചവടി പുക്കു്, മായാമൃഗമായിച്ചമഞ്ഞ മാരീചരാക്ഷസനെക്കൊണ്ടു ദശരഥാത്മജന്മാരെ ആശ്രമത്തിൽ നിന്നകറ്റി, തന്റെ വധത്തിന്നുവേണ്ടി രാമപത്നിയെ അപഹരിച്ചു. * .....രാമന്റെ പ്രസാദത്താൽ ജടായുശ്രേഷ്ഠൻ വിഷ്ണുസാരൂപ്യം നേടി, യോഗിഗമ്യമായ സനാതനപദം പ്രാപിച്ചു.

രാജീവലോചനനായ രാമൻ പിന്നെ ഗോദാവരിയണഞ്ഞു്, 'ഗംഗേ, എന്റെ കാമനസ്സീത എവിടെ എന്നറിയാമോ?' എന്നു ചോദിച്ചു; തമോവൃതയായ ആ നദി മറുപടിയൊന്നും പറഞ്ഞില്ല. അതിൽ കുപിതനായ രാഘവൻ, 'നിന്റെ ജലം രക്തമാവട്ടെ' എന്നു ശപിച്ചു. അതിനാൽ ഭയാകുലയായ നദി മാമുനിമാരെ മുന്നിലാക്കി തൊഴുകയ്യുമായി കാകുൽസ്ഥനെ ശരണം പ്രാപിച്ചു. മുനിമാർ സനാതനനോടപേക്ഷിച്ചു:—'നിന്തിരുവടിയുടെ പാദാരവിന്ദത്തിൽ നിന്നുണ്ടായതാണല്ലോ, ത്രിജഗൽപാവനിയായ ഗംഗ. ജഗദീശ, നിന്തിരുവടിതന്നെ ഇവളെ ശാപത്തിൽനിന്നു വേർപെടുത്തണം!' ആശ്രിതവത്സലനായി ധർമ്മാത്മാവായിരിക്കുന്ന രാമൻ, 'ശബരിസ്സ്നാനം ചെയ്താൽ മതി, എന്റെ ശാപമൊഴിഞ്ഞു് ഈ പാപനാശിനിയായ നദി നിർമ്മലജലയായിക്കൊള്ളും' എന്നരുളിച്ചെയ്തു്, വില്ലിൻതലകൊണ്ടു്, ഗംഗാഗയസേദൃശമായ ശബരീതീർത്ഥം നിർമ്മിച്ചു; 'ഈ തീർത്ഥത്തിലെ ജലം ആരുടെ വയറിലുണ്ടോ, അവന്റെ ശരീരം തീർച്ചയായും ലോകവന്ദ്യമായിവരും' എന്നരുചെയ്തു കാകുൽസ്ഥൻ ശ്രീശൈലകാട്ടിലേയ്ക്കു ഗമിച്ചു; അവിടെ പമ്പാസരസ്സിന്റെ പരിസരത്തു ഹനുമദ്വാനരന്മാരുമായിച്ചെന്നു സുഗ്രീവനോടു സഖ്യംചെയ്തു; സുഗ്രീവൻ ആവശ്യപ്പെട്ടതിനാൽ, വാനരപ്പെരുമാളായ ബാലിയെ വധിച്ചു് സുഗ്രീവനെ നാടുവാഴിച്ചു. ആ കപീശ്വരൻ സീതയെത്തിരയാനായി ഹനുമൽപ്രമുഖരായ വാനരവീരന്മാരെ നിയോഗിച്ചയച്ചു.

ഹനുമാൻ സമുദ്രം ചാടിക്കടന്നു ലങ്കാനഗരത്തിൽച്ചെന്നു ദുഃഖപ്രതയായ സീതയെ കണ്ടെത്തി: പട്ടിണിയാൽ വലഞ്ഞു ദുഃഖത്താൽ അതിവിവശയായി മെയ്യിലെങ്ങും അഴുക്കു പറ്റി മലിനവസ്ത്രവും ധ

* സുഗ്രീവബന്ധം മുതൽ—രാമായണത്തിൽ, രാമൻ പറയുന്നതും മറ്റും നോക്കുക.

Digitized By Kerala Sahitya Akademi

തിച്ചു സ്ഥിതിചെയ്തിരുന്ന വൈദേഹിയെ വായുപുത്രൻ അടയാളം നല്കി വിവരമറിയിച്ചാശ്വസിപ്പിച്ചു; എന്നിട്ട്, പൂങ്കാവു തല്ലിത്തകർത്തു വനപാലരായ കിംകരരേയും അഞ്ചു പടത്തലവന്മാരേയും ഏഴു മന്ത്രിപുത്രന്മാരേയും രാവണന്റെ ഒരു പുത്രനേയും തോരണസ്തംഭം പറിച്ചെടുത്തു കൊലപ്പെടുത്തി; ഒടുവിൽ മേഘനാദനാൽ ബന്ധിക്കപ്പെട്ട്, രാക്ഷസേന്ദ്രനെ കണ്ടു സംസാരിച്ച്, തന്റെ വാലിന്മേൽ കൊളുത്തിയ തീകൊണ്ടു ലങ്കാനഗരം ചുട്ടൊട്ടിച്ചു, സീത നൽകിയ അഭിജ്ഞാനവുംകൊണ്ടു തിരിയെ പോന്നു, രാമസന്നിധിയണഞ്ഞു സീതാദർശനം ശരിക്കുണർത്തിച്ചു....

വിഭീഷണനെ ലങ്കയിൽ രാക്ഷസരാജാവായഭിഷേകം ചെയ്തിട്ടു ചാരിതാർത്ഥ്യമുറക്കൊണ്ട രഘൂദ്വഹൻ വിഭീഷണനോടരുളിച്ചെയ്തു:—'വിഭീഷണ, സൂര്യചന്ദ്രന്മാരും ഭൂമിയുള്ളേടത്തോളവും എന്റെ കഥ ലോകത്തിലുള്ളേടത്തോളവും കാലം ഭവാൻ രാജ്യം ഭരിക്കുക; ഒടുവിൽ പുത്രപൌത്രപരിജനങ്ങളോടൊന്നിച്ച് എന്റെ സനാതനദിവ്യപദം പൂകാം.'.....

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, തിലിപവംസിക്ഷ്വാകുസംവാദത്തിലുള്ള തൊണ്ണൂറ്റൊമ്പതാമദ്ധ്യായം.

രാമായണാദ്ധ്യാത്മപ്രത്യാഗമനം ഇരുനൂറഞ്ചുപതിനാലാമദ്ധ്യായം.

(0)

ഇരുന്നൂറെഴുപതാമദ്ധ്യായം

ശിവൻ:—പിന്നെ സുദിനത്തിൽ ശുഭമുഹൂർത്തത്തിൽ വസിഷ്ഠവാമദേവാദി * ..മാമുനിമാർ രാമനെ സീതയോടൊന്നിച്ച്, പലതരം രത്നങ്ങൾ പതിച്ച പൊന്നിൻസിംഹാസനത്തിലിരുത്തി, ലക്ഷ്മീസഹിതനായ വിഷ്ണുവിനെ എന്നപോലെ, കുങ്കുമം, തുളസി, പുഷ്പം, ഗന്ധം മുതലായ മംഗളപദാർത്ഥങ്ങളിട്ടു കനകരത്നകലശങ്ങളിൽ നിറച്ചുവെച്ച സർവതീർത്ഥജലംകൊണ്ടു മന്ത്രപൂർവം അഭിഷേചിച്ചു; ചതുർവേദമയങ്ങളായ വൈഷ്ണവസൂക്തങ്ങൾ ജപിച്ചുകൊണ്ടാണ്, സംശിതവ്രതരായ മുനിമാർ അഭിഷേകംചെയ്തത്. രഘൂദ്വഹൻ ദേവിയോടുകൂടി പലതരം ദിവ്യവസ്ത്രാഭരണങ്ങളും ദിവ്യഗന്ധാനുലേപനങ്ങളും ദിവ്യപുഷ്പങ്ങളുമണിഞ്ഞു ശോഭിച്ചു. ലക്ഷ്മണൻ വെൺകൊറ്റക്കുട പിടിച്ചു; ഭരതശത്രുഘ്നന്മാർ ഇരുവശത്തുംനിന്ന് ആല

* മഹർഷിമാരുടെ പേരുകൾ വിട്ടു.

Digitized By Kerala Sahitya Akademi

വട്ടം പിടിച്ചു; രാക്ഷസേന്ദ്രനായ ശ്രീമാൻ വിഭീഷണൻ കണ്ണാടി കാട്ടി; വാനരപ്രഭുമാരായ സുഗ്രീവൻ നിറകുടമെടുത്തു; തേജസ്സേറിയ ജാംബവാൻ മനോഹരമായ പൂമാലയിട്ടുവിച്ചു; ബാലിപുത്രൻ കർപ്പൂരതേച്ച വെറ്റിലച്ചുരുൾ കൊടുത്തു; ഹനുമാൻ ദിവ്യദീപവും സുഷേണൻ തൂക്കോടിയും വഹിച്ചു. ധൃഷ്ടി, ജയന്തൻ, വിജയൻ, സുരാഷ്ട്രൻ, രാഷ്ട്രവർദ്ധനൻ, അകോപൻ, ധർമ്മപാലൻ, സുമന്ത്രൻ എന്നീ പ്രധാന മന്ത്രിമാർ ചുറ്റും നിന്നു.

പരമവ്യോമത്തിലെന്നപോലെ സാകേതത്തിൽ അഭിഷിക്തനായി ദേവിയോടൊന്നിച്ചിരുന്നരുളുന്ന രഘുനാഥനെ കാണ്മാൻവന്ന മഹേശ്വരൻ തൊഴുകയ്യുമായിനിന്നു മുനിദേവവാനരന്മാർക്ക് മനം കുളിരുമാറു സ്തുതിപ്പാൻ തുടങ്ങി:—

'നമോ മൂലപ്രകൃതയേ നിത്യായ പരമാത്മനേ
സച്ചിദാനന്ദരൂപായ വിശ്വരൂപായ വേധസേ!
നമോ നിരന്തരാനന്ദകന്ദമൂലായ വിഷ്ണവേ
ജഗദ്രയകൃതാനന്തമൂർത്തയേ ദിവ്യമൂർത്തയേ!
നമോ ബ്രഹ്മേന്ദ്ര പൂജ്യായ ശംകരായ ഹരായ ച!
നമോ വിഷ്ണസ്വരൂപായ! സർവരൂപ, നമോനമഃ!
ഉല്പത്തിസ്ഥിതിസംഹാരകാരിണേ ത്രിഗുണാത്മനെ
നമോസ്തു നിർഗ്ഗുണോപാധിസ്വരൂപായ മഹാത്മനേ!
അനയാ വിദ്യയാ ദേവ്യാ സീതയോപാധികാരിണേ
നമഃ പുംസ്പ്രകൃതിഭ്യാം ച യുവാഭ്യാം ജഗതാം കൃതേ
ജഗന്മാതാപിതൃഭ്യാം ച ജനകായ രാഘവായ ച
നമഃ പ്രപഞ്ചരൂപിണ്യൈ നിഷ്പ്രപഞ്ചസ്വരൂപിണേ!
നമോ ധ്യാനസ്വരൂപിണ്യൈ സീതായൈ രാഘവായ ച!
സീതാ ലക്ഷ്മീർഭവാൻ വിഷ്ണുഃ; സീതാ ഗൗരീ ഭവാൻ ശിവഃ;
സീതാ സ്വയം ഹി സാവിത്രീ ഭവാൻ ബ്രഹ്മാ ചതുർമ്മുഖഃ;
സീതാ ശചീ ഭവാൻ ശക്രഃ; സീതാ സ്വാഹാനലോ ഭവാൻ;
സീതാ സംഹാരിണീ ദേവീ യമരൂപധരോ ഭവാൻ;
സീതാ ഹി സർവസംപത്തിഃ കുബേരസ്ത്വം രഘൂത്തമ;
സീതാദേവീ ച രുദ്രാണീ ഭവാൻ രുദ്രോ മഹാബലഃ;
സീതാ തു രോഹിണീ ദേവീ ചന്ദ്രസ്ത്വം ലോകസൌഖ്യദഃ;
സീതാ സംജ്ഞാ ഭവാൻ സൂര്യഃ; സീതാ രാത്രിർഭവാൻ;
സീതാദേവീ മഹാകാളീ മഹാകാളോ ഭവാൻ സദാ—
സ്ത്രീലിംഗം തു ത്രിലോകേഷ്വീയത്തത്സർവം ഹി ജാനകീ;

Digitized By Kerala Sahitya Akademi

പുണ്യാമലാഞ്ജരിതം യത്തു തത്സർവം ഹി ഭവാൻ പ്രഭോ!
സർവ്വത്ര ദേവദേവേശ, സീതാ സർവത്രധാരിണീ
തഥാ തവാപി ച ത്രാണം തച്ചക്തിവിശ്രധാരിണീ.
തസ്മാൽ കോടിഗുണം പുണ്യം യുവാഭ്യാം പരിചിഹ്നിതം
ചിഹ്നിതം ശിവശക്തിഭ്യാം ചരിതം ശാന്തിദം പ്രഭോ!
ആവാം രാമ, ജഗൽപൂജ്യൗ മമ പൂജ്യൌ സദാ യുവാം
തവാനാമജപിനീ ഗൌരീ തവാനാമജപവാനഹം.
മുമൂർഷോർമ്മണികർണ്ണസ്യാ തു അർദ്ധോദകനിവാസിനഃ
അഹം ദദാമി തേ മന്ത്രം താരകം ബ്രഹ്മരൂപകം.
അതസ്ത്വം ജാനകീനാഥ, പരം ബ്രഹ്മാസി നിശ്ചിതം
തവ മായാമോഹിതാസ്സർവേ ന ത്വാം ജാനന്തി തത്ത്വതഃ.'

.....ഇതു കേട്ട രാമൻ മനം തെളിഞ്ഞു ദേവകളെല്ലാവരോടുമായി കഥിച്ചു:—'ദേവന്മാരേ, ഈ ശംഭുപ്രോക്തമായ സ്തോത്രം പതിവായിച്ചൊല്ലുന്ന മനുഷ്യൻ ദേവസദൃശനായിച്ചമയും; പാപമെല്ലാമൊഴിഞ്ഞു് എന്റെ സാരൂപ്യം നേടും; യുദ്ധത്തിൽ ജയിക്കും; ഒരേടത്തും തടയപ്പെടുകയില്ല; ഭ്രൂതവേതാളകൃത്യാഗ്രഹങ്ങളാൽ ബാധിക്കപ്പെടുകയില്ല. അപുത്രന്നു പുത്രനും കന്യകയ്ക്കു കണവനും മുണ്ടാവും; ദരിദ്രൻ സംപന്നനേടും; സത്സ്വഭാവശീലവാന്നു സ്വസദൃശനായ പുത്രനുണ്ടാവും. എല്ലാ കാര്യവും തുടങ്ങിയാൽ മുടങ്ങുകയില്ല; മനോരഥമെന്തും നിറവേറും. ഈ സ്തോത്രത്തിന്നു് ആറുമാസം കൊണ്ടു സിദ്ധിവരും. എല്ലാ തീർത്ഥങ്ങളിലും സ്നാനം, എല്ലാ യാഗങ്ങളും കഴിക്കുക എന്നിവയുടെ ഫലം കോടിമടങ്ങായി ഈ സ്തോത്രം കൊണ്ടു കിട്ടും.'.....

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ശിലീപവസിഷ്ഠസംവാദത്തുടക്കമേ
മാഹാത്മ്യസംവാദം, ശിവധ്യാനപ്രകരണം, രാമായണസംഗ്രഹം,
ശിവകൃതസ്തോത്രകഥനം ഇതാദ്യത്തെഴുപതാമദ്ധ്യായം.

0

ഇരുന്നൂറെഴുപത്തൊന്നാമദ്ധ്യായം

ശിവൻ:—*.....ധർമ്മാത്മാവായ ശത്രുഘ്നൻ ലവണനെ വധിച്ചു ദേവനിർമ്മിതമായ മധുരയിൽ പുത്രന്മാരിരുവരുമൊത്തു രാജ്യം ഭരിച്ചു. ഭരതൻ ഗന്ധർവരെക്കൊന്ന സിന്ധുവിന്നിരുവശത്തും ത

* സിതാധ്യായം, പാതാളഖണ്ഡം ഒടുവിൽ നിന്ന് അദ്ധ്യായങ്ങളിലുണ്ട്.

Digitized By Kerala Sahitya Akademi

ന്റെ മഹാബലരായ രണ്ടു പുത്രന്മാരെ നാടുവാഴിച്ചു. ലക്ഷ്മണൻ പടിഞ്ഞാറേ മുഖത്തിൽ മരുഭൂമിക്കന്നു തന്റെ മഹാവീര്യന്മാരായ രണ്ടു പുത്രന്മാരെ അഭിഷേചിച്ചു്, അയോദ്ധ്യയിൽ തിരിച്ചെത്തി, രാമന്റെ തൃക്കാൽക്കൽ കുമ്പിട്ടു. *...

യാഗാവസരത്തിൽ, തപസ്സേറിയ വാല്മീകി സീതയേ കൊണ്ടു ചെന്നു കാകുൽസ്ഥനോടു കഥിച്ചു:—'രാമ, സുവ്രത, നിർദ്ദോഷയായ മൈഥിലിയെ ഭവാൻ ത്യജിച്ചുകൂടാ. ഈ പരിശുദ്ധയായ സാധ്വി, സൂര്യന്റെ പ്രഭയെന്നപോലെ അങ്ങയുടെ തന്നെയാണു്! എന്തിനാണിവളെ ഭവാൻ കൈവെടിഞ്ഞതു്?

രാമൻ:—'...ലോകാപവാദത്താലാണു് ഈ സദ്വൃത്തയെ ഞാൻ വെടിഞ്ഞതു്. ഇവർ രാജാക്കന്മാർക്കും മഹർഷിമാർക്കും വിശ്വാസാവരുത്തട്ടെ.'

ഇതു കേട്ടു് ദേവി രാജമുനിസദസ്സിൽവെച്ചു്, ലോകർക്കു വിശ്വാസം വരുത്താനായി കൈതൊഴുതുരചെയ്തു:—'ഞാൻ രാമനെ അല്ലാതെ മറ്റൊരുവനെ ചിന്തിക്കയേ ചെയ്തിട്ടില്ലെങ്കിൽ, എനിക്കു ഭൂമിദേവി പ്രവേശദ്വാരം തരുമാറാകണം!.....' ഉടനെ നാനാരത്നമയമായ ഒരു സിംഹാസനം പുറത്തുവന്നു പക്ഷിരാജൻ പാതാളത്തിൽ നിന്നുമുയർന്നുവന്നു. ഭൂമിദേവി മൈഥിലിയെ ഇരുകൈകളുംകൊണ്ടു പിടിച്ചു സ്വാഗതം ചൊല്ലി സിംഹാസനത്തിലിരുത്തി. അതു കണ്ടു ദേവകൾ ഇടവിടാതെ സീതയുടെ മേൽ ദിവ്യപുഷ്പങ്ങൾ വർഷിച്ചു. അതു സനാതനിയായ ദേവി ദിവ്യാപ്സരസ്സുകളാൽ ഉപചരിക്കപ്പെട്ടുകൊണ്ടു ഗരുഡന്റെ പുറത്തുകേറി ആ വഴിയിൽനിന്നു ദ്യോവിലേയ്ക്കുയർന്നുപൊങ്ങി, മുമ്പിൽ ദാസിമാരുമായി യോഗിനിമയമായ പരമപദം പ്രാപിച്ചു. ജഗദീശ്വരി പാതാളപ്രവേശം കണ്ടിട്ടു് ആളുകളെല്ലാം, 'ഹാ ഹാ, ഇതാ, സീത' എന്നു നിലവിളിച്ചു. രാമൻ വ്യസനത്തോടേ പുത്രന്മാരിരുവരേയും കൊണ്ടു മുനികളോടും മന്ത്രവന്മാരോടുമൊന്നിച്ചു സാകേതത്തിലേയ്ക്കു പോന്നു.

കുറെക്കാലത്തിനുശേഷം സംശിതവ്രതരായ അമ്മമാരും കാലധർമ്മമടഞ്ഞു, ഭർത്തൃസാലോക്യം പ്രാപിച്ചു. പതിനായിരം വർഷം ചെന്നപ്പോൾ, കാലൻ ഒരു താപസന്റെ വേഷത്തിൽ രാമന്റെ രാജധാനിയിൽ വന്നു പറഞ്ഞു:—'രാമ, മഹാബാഹോ, ബ്രഹ്മാവയച്ചിരിക്കയാണെന്നെ. അദ്ദേഹത്തിന്റെ സന്ദേശം കേട്ടാലും. സംസാരിക്കുമ്പോൾ നാം രണ്ടു പേർ മാത്രമേ ഉണ്ടാകാവൂ; അ

* ശ്ലോകവേധം, യാത്രാ മുതലായതാണ് വിട്ടതു്.

Digitized By Kerala Sahitya Akademi

തിനിടയിൽ ആർ കടന്നുവരുമോ, അവനെ കൊല്ലുകതന്നെ വേണം!' അങ്ങനെ തന്നെ എന്നുറച്ച്, താമരക്കണ്ണനായ രാമൻ ലക്ഷ്മണനെ വാതിൽക്കൽ നിർത്തി കാലനോട് സംസാരിപ്പാനാരംഭിച്ചു. വൈവസ്വതൻ കഥിച്ചു:—'ഞാൻ വന്ന കാര്യം കേട്ടുകൊള്ളുക: 'രാക്ഷസേന്ദ്രരിരുവരേയും കൊന്ന പതിനായിരംവർഷം മനുഷ്യലോകത്തിൽ വസിക്കുക' എന്ന ദേവഗണങ്ങളം ഉണർത്തിച്ചതിൻപ്രകാരമല്ലൊ, ഭവാൻ ഭൂമിയിൽ അവതരിച്ചത്; അതിനാൽ ഭവാനു സ്വർഗ്ഗം പൂകാൻ സമയമായി. ദേവന്മാരെല്ലാം അങ്ങയെക്കൊണ്ടു സനാഥരാവട്ടെ!' രാമൻ അതു സമ്മതിച്ചു.

ഇതിനിടയിൽ ദുർവാസസ്സുമഹർഷി വാതിൽക്കൽവന്നു ലക്ഷ്മണനോട്, 'രാജകുമാര, ഞാൻ വന്നതു വേഗം രാമനെ അറിയിക്കുക' എന്നാവശ്യപ്പെട്ടു. 'ഇപ്പോൾ അവിടെച്ചെന്നുകൂടാ' എന്നു ലക്ഷ്മണൻ മറുപടി പറഞ്ഞു. അതിൽ അരിശംകൊണ്ട മഹർഷി, 'കാകൽസ്ഥനെ കാണിച്ചു തന്നില്ലെങ്കിൽ ഞാൻ ശപിച്ചുകളയും' എന്നായി! ശാപം പേടിച്ചു ലക്ഷ്മണൻ രാഘവന്റെ അരികിൽ ചെന്നറിയിച്ചു. അതോടുകൂടി, സർവ്വസംഹാരനായ കാലൻ തിരോധാനംചെയ്തു. രാജാവു് അതിഥനായ ദുർവാസസ്സിനെ സൽകരിച്ചു. ലക്ഷ്മണനാകട്ടെ, ജ്യേഷ്ഠന്റെ പ്രതിജ്ഞയറിഞ്ഞിട്ടു മനുഷ്യശരീരം സരയൂവിൽ ത്യജിച്ചു്, സ്വന്തം ശരീരമെടുത്തു്, സഹസ്രഫണാനന്തനായി കോടി ചന്ദ്രപ്രഭനായി ദിവ്യമാല്യാംബരഗന്ധാനുലേപനങ്ങളണിഞ്ഞു്, നാഗകന്യാസഹസ്രങ്ങളാൽ പരിവൃതനായി, ദിവ്യവിമാനത്തിൽക്കേറി പരമപദത്തിലേയ്ക്കു ഗമിച്ചു.

ലക്ഷ്മണന്റെ ഗതിയറിഞ്ഞു രഘൂത്തമനും സ്വർഗ്ഗം പൂകാൻ നിശ്ചയിച്ചു്, തേരാനകതിരകളേയും ധനത്തേയും പുത്രന്മാർക്കു പകുത്തുകൊടുത്തു്, കുശനെ കുശാവതിയിലും ലവനെ ശരാവതിയിലും നാടു വാഴിച്ചു. വിഭീഷണനായ രാമന്റെ അഭിപ്രായമറിഞ്ഞു മഹാബലരായ വാനരന്മാരും രാക്ഷസന്മാരും അയോധ്യയിൽ ആഗതരായി: വിഭീഷണൻ, സുഗ്രീവൻ, ജാംബവാൻ, ഹനുമാൻ, നീലൻ, നളൻ, സുഷേണൻ, നിഷാദേശനായ ഗുഹൻ എന്നിവരും, വീരന്മാരായ പുത്രന്മാരെ നാടുവാഴിച്ച മഹാശയനായ ശത്രുഘ്നനും വന്നെത്തി രാമനെ വണങ്ങിക്കൊണ്ടു താഴ്ന്നുണർത്തിച്ചു: —'സ്വാമിൻ, രഘൂത്തമ, ഇവിടുന്നു സ്വർഗ്ഗം പൂകാനൊരുങ്ങിയതറിഞ്ഞിട്ടു ക്രൂടെപ്പോരാനായി വന്നിരിക്കയാണ് ഞങ്ങളെല്ലാവരും. ഇവിടുത്തെക്കൂടാതെ ഒരു ഞൊടിനേരം പോലും ജീവിച്ചിരിക്കാൻ ഞങ്ങടം ശക്തരല്ല; അതിനാൽ ഇവിടുത്തോ

Digitized By Kerala Sahitya Akademi

ടൊന്നിച്ചു ഞങ്ങളും ദേവലോകത്തേയ്ക്കു പോരട്ടെ!' അതിനെവരിച്ചിട്ട് രാമൻ വിഭീഷണനെ * ...ആനുഗ്രഹിച്ചു, പ്രീതിയാൽ, ഇക്ഷ്വാകുകുലദൈവതമായ ശ്രീരംഗശായിയെ ആ രാക്ഷസേന്ദ്രനു കൊടുത്തു. പിന്നീടു ഹനുമാനോട്, 'ഹരീശ്വര, എന്റെ കഥ ലോകത്തിൽ നടപ്പുള്ളേടത്തോളംകാലം ഭവാൻ ഭൂലോകത്തു രമിക്കുക; യഥാകാലം എന്റെ പദം പൂകാ'മെന്നും, ജാംബവാനോട്, 'ഞാൻ ദ്വാപരത്തിൽ വീണ്ടും ഭൂഭാരം തീർപ്പാൻ യദുവംശത്തിൽ ജനിക്കും; അന്നു ഭവാനോടു ഞാൻ പോർ ചെയ്തും' എന്നും കഥിച്ചു, മറ്റു വാനരർക്കുരോടെല്ലാം പോന്നുകൊൾവാൻ അനുവാദം കൊടുത്തയച്ചു. മന്ത്രിമാർ, പരിവാരന്മാർ, ഭരതൻ എന്നിവരും രാഘവനെ അനുഗമിപ്പാൻ നിശ്ചയിച്ചു.

ബ്രഹ്മചാരിയായ രാമൻ വെള്ളവസ്ത്രം ധരിച്ചു ദർഭ കയ്യിലെടുത്താചമനംചെയ്തു പുറപ്പെട്ടു. അവിടത്തെ വലത്തുവശത്തു പത്മസ്ഥയായ ലക്ഷ്മിയും ഇടത്തുവശത്തു ഭൂമിദേവിയും ആവിർഭവിച്ചു. വേദങ്ങളും, വേദാംഗങ്ങളും, പുരാണേതിഹാസങ്ങളും, ഓംകാരം, വഷട്കാരം, ലോകപാവനിയായ സാവിത്രി, ചാപാദിശസ്ത്രാസ്ത്രങ്ങളും എന്നിവയും മൂർത്തിമത്തുക്കളായി കാകുൽസ്ഥനെ പിന്തുടർന്നു.....പത്രക്കരും, പക്ഷികളും മുതലായ ജംഗമങ്ങളും മാത്രമല്ല, സ്ഥാവരങ്ങളുംകൂടി മഹാത്മാവിന്റെ പിറകെ നടകൊണ്ടു! സപ്തർത്തിലേയ്ക്കുഴുന്നള്ളുന്ന കാകുൽസ്ഥനെ യാവ ചിലർ കണ്ടുവോ, അവരെല്ലാം ക്രതുപ്പോവുകതന്നെ ചെയ്തു; ആരും പിൻതിരിച്ചില്ല. രഘുനാഥൻ അനുചരരോടൊന്നിച്ചു മൂന്നുയോജനദൂരം പോയിട്ട്, പടിഞ്ഞാട്ടൊഴുകുന്ന പുണ്യസലിലയായ സരയൂനദിയിലിറങ്ങി. അപ്പോഴെയ്ക്കും, പിതാമഹനായ ബ്രഹ്മാവു ദേവഗണങ്ങളാലും സനാതനരായ മാമുനിമാരാലും പരിവൃതനായി വന്നണഞ്ഞു സ്തുതിച്ചു, സരയൂജലസ്ഥനായ കാകുൽസ്ഥനു സ്വാഗതം പറഞ്ഞു: —'വിഷ്ണോ, വരിക. ഇവിടെയുള്ള മംഗളം. ഇവിടുന്നു ദേവസദൃശരായ ഭ്രാതാക്കന്മാരോടുകൂടി സ്വന്തം നിത്യവൈഷ്ണവശരീരം പൂകിക്കൊള്ളുക. ലോകങ്ങൾക്കു ഗതി ഇവിടുന്നാണല്ലൊ. അചിന്ത്യനായി മഹാത്മാവായി അക്ഷരനായി സർവ്വസംഗ്രഹമായിരിക്കുന്ന നിന്തിരുവടിയെ ആരും അറിയുന്നില്ല! മഹാതേജസ്സായുള്ളോവേ, ഏതു വേണമോ, ആ ശരീരം പൂകിക്കൊള്ളുക.'

സൂര്യകരങ്ങളിലൂടേ പുഷ്പവർഷം പൊഴിയെ, തന്തിരുവടി മനുഷ്യശരീരം വിട്ടു സ്വന്തം രൂപമണഞ്ഞു. ഭരതശത്രുഘ്നന്മാർ ശംഖ

* ഉത്തരരാമായണത്തിൽ രാമൻ വിഭീഷണനോടു പറഞ്ഞതുമിതുതന്നെ.

Digitized By Kerala Sahitya Akademi

ചക്രങ്ങളായി ദിവ്യതേജസ്സു ചുഴന്നു ശോഭിച്ചു*.....ശംഖചക്രഗദാശാർങ്ഗധാരിയായ ചതുർഭുജൻ ദേവിമാരോടുകൂടി വിമാനത്തിലേറി, ദിവ്യസിംഹാസനത്തിൽ, കല്പകവൃക്ഷച്ചുവട്ടിൽ ഉപവേശിച്ചു. രാഘവന്റെ കൂടെപ്പോയ ഋക്ഷവാനരമനുഷ്യരെല്ലാം സരയുവിൽ സുഖേന പ്രാണത്യാഗംചെയ്തു, രാമന്റെ പ്രസാദത്താൽ ദിവ്യരൂപം ദിവ്യമംഗളതേജസ്സുകളും ദിവ്യമാല്യാംബരധാരികളുമായിച്ചമഞ്ഞു. അവ എണ്ണമില്ലാത്ത ദേഹികളാൽ പരിവൃതനായ ശ്രീരാമൻ വിമാനത്തിലൂടേ മഹാത്മാക്കളായ മുനികളാലും സുരസിദ്ധരാലും സ്തുതിക്കപ്പെട്ടുകൊണ്ടു ശാശ്വതമായി ദിവ്യമായിരിക്കുന്ന തന്റെ അക്ഷരപദത്തിൽ ചെന്നുചേർന്നു.

രാമചരിതത്തിൽ ഒരു ശ്ലോകമോ പകുതിശ്ലോകമെങ്കിലുമോ ഭക്തിപൂർവ്വം ശ്രവിക്കുകയോ സ്മരിക്കുകയോ ചെയ്യുവൻ, കോടിജന്മങ്ങളിൽ അറിഞ്ഞോ അറിയാതെയോ ചെയ്തുപോയ പാപമെല്ലാമൊഴിഞ്ഞു്, പുത്രമിത്രകളത്രങ്ങളോടൊപ്പം, യോഗിഗമ്യമായ പദത്തിൽ അനായാസേന ചെന്നണയും. ഇങ്ങിനെ, മഹത്തായ രാമചരിതം ദേവിയോടു ഞാൻ പറഞ്ഞു. ദേവിയോടു രാമചന്ദ്രനെ കീർത്തിച്ചതിനാൽ ഞാൻ സുകൃതിയായി! സുവ്രതനേ, ഇനിയെന്താണു ദേവിക്കു കേൾക്കേണ്ടതു്?'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ദിലീപവസിഷ്ഠസംവാദത്തോടു മഹേശ്വരസംവാദം, ശിവപാർവ്വതീകഥനം, രാമായണസംഗ്രഹം, രാമസ്തുതികഥനം ഇവയടങ്ങിയ ഇരുനൂറേഴുപത്തൊന്നാമദ്ധ്യായം.

—— o ——

ഇരുനൂറേഴുപത്തിരണ്ടാമദ്ധ്യായം

പാർവ്വതി:—'മഹേശ്വര, ഇവിടുത്തെ പ്രസാദത്താൽ രഘുനാഥചരിതം ശരിക്കു കേട്ടതുകൊണ്ടു ഞാൻ സുകൃതിനിയായി! ഇനി, വാസുദേവനായ കൃഷ്ണന്റെ കല്മഷാപഹമായ മഹാചരിതം ശ്രവിക്കേണമെന്നുണ്ടു്.'

ശിവൻ:—'ദേവി, മഹാത്മാവായ കൃഷ്ണന്റെ ചരിതം ഞാൻ പറയാം. മനുഷ്യർക്കൊക്കെ ഫലപ്രദമത്രേ വാസുദേവന്റെ ചരിതം:

* വിഷ്ണുസഹസ്രപഠനഫലം ഇനിപ്പറയുന്നതു തന്നെ.

Digitized By Kerala Sahitya Akademi

യദുവംശത്തിൽ ദേവമീഢന്റെ പുത്രനായ സുധർമ്മാവിൽ പ്രവരൻ വസുദേവൻ, ഉഗ്രസേനന്റെ മകൾ ദേവവർണ്ണിനിയായ ദേവകിയെ മഥുരയിൽവെച്ചു യഥാവിധി വേളികഴിച്ചു. അവൾക്കു സാരഥിയായി തേർതെളിച്ചതു്, ഉഗ്രസേനന്റെ മകൻ മഹാബല ശൌര്യനായ കംസനാണ്. അവർ മുവരുംകൂടി പോകുമ്പോൾ ആകാശത്തു ഗംഭീരസ്വരത്തിൽ ഒരശരീരിവാക്കു പുറപ്പെട്ടു:—'കംസാ, ഇവളുടെ എട്ടാമത്തെ സന്താനം നിന്നെ കൊന്നുകളയും!' ഇതു കേട്ടു കംസൻ ക്രുദ്ധനായി പെങ്ങളെ കൊല്ലാനൊരുമ്പെട്ടു; അപ്പോൾ ബുദ്ധിമാനായ വസുദേവൻ പറഞ്ഞു:—'മഹാബലനായ രാജാവേ, സോദരിയെ കൊല്ലുന്നതു ധർമ്മമല്ല; പെറുണ്ടാകുന്ന കുഞ്ഞുങ്ങളെ കൊന്നാൽ മതിയല്ലോ'. കംസൻ അതു സമ്മതിച്ചു ദേവകീവസുദേവന്മാരെ രമണീയമായ സപ്തഗൃഹത്തിൽ വേണ്ടതെല്ലാം കൊടുത്തു തടവിൽ പാർപ്പിച്ചു.

*.....

വിഷ്ണു പിന്നെ മായാഭഗവതിയോടരുളിച്ചെയ്തു:—'നീ ഹിരണ്യാക്ഷന്റെ ആറു പുത്രന്മാരെ പാതാളത്തിൽനിന്നാനയിച്ചു് വസുദേവപത്നിയുടെ വയററിലാക്കുക; ഏഴാമതായ അനന്തന്റെ അംശത്തെ ദേവകീസപത്നിയായ രോഹിണിയിൽ സംക്രമിപ്പിക്കുക. എട്ടാമതായി, എന്റെ അംശം ദേവകിയിൽ പിറക്കും. മഹാനിദ്രയായ നീയും നന്ദഗോപപത്നിയായ യശോദയിൽ ജനിച്ചു്, വിന്ധ്യാദ്രിയണഞ്ഞു്, പുരന്ദരാദിദേവന്മാരാൽ പൂജിക്കപ്പെട്ടു്, വീര്യമേറിയ സുംഭാസുരാദികളെ സംഹരിക്കുക.' മഹാമായ ഹിരണ്യാക്ഷപുത്രരെ ഒന്നൊന്നായി ദേവകീഗർഭമുരുപ്പുകിച്ചു; അവരാരുപേരേയും ജനിച്ചപ്പോഴത്തന്നെ, ക്രൂരത്തേറിയ കംസൻ കൊലചെയ്തു. അനന്താംശമായ സപ്തമഗർഭം കുറെ വളർന്നപ്പോഴേയ്ക്കും രോഹിണീജഠരത്തിലേയ്ക്കു സംകർഷിക്കപ്പെട്ടു; സംകർഷണത്താൽ അതിനു സംകർഷണനെന്ന പേർ വന്നു. പ്രൌഷ്ഠപദകൃഷ്ണാഷ്ടമിയിൽ, രോഹിണിനാളിൽ, രോഹിണി സംകർഷണനാകുന്ന പുത്രനെ പ്രസവിച്ചു.

പിന്നീടു് വിഷ്ണുഭഗവാൻ ദേവകീഗർഭമുരുപ്പുകി; ഗർഭം ധരിച്ച സോദരിയെക്കണ്ടു് കംസൻ ഭയവിവശനായിത്തീർന്നു. ദേവകളെല്ലാം മനസ്സു തുലോം കുളിർത്തു്, അവിടെ ആകാശത്തു വിമാനങ്ങളിൽനിന്നു ദേവകിയെ സ്തുതിച്ചു.....

* ഇവിടെ കുറച്ചു കുറച്ചേ വ്യത്യാസമുള്ളു. ഇവിടെ കാണുന്നതു കൂടുതൽ ശരിയെന്നു തോന്നുന്നു.

Digitized By Kerala Sahitya Akademi

ഭയപീഡിതനായ കംസൻ, കരുത്തുള്ള ആൺകുട്ടികളെയെല്ലാം പിടിച്ചുകൊല്ലാനായി പ്രലംബാദ്യസുരവീരന്മാരെ നിയോഗിച്ചയച്ചു്, ദേവകീവസുദേവന്മാരെ ആശ്വസിപ്പിച്ചു ബന്ധനത്തിൽനിന്നു വിട്ടു. ഉടനെ വസുദേവൻ അമ്പാടിയിൽ ചെന്നു മകനെ കണ്ടു സന്തോഷിച്ചു് നന്ദപത്നിയോടരചെയ്തു:—'സുഭഗേ, എന്റെ ഈ രോഹിണീജാതനായ പുത്രനെ ദേവി സ്വന്തം മകനെന്നവണ്ണം രക്ഷിക്കുമാറാകണം; കംസനെപ്പേടിച്ചു് ഇങ്ങോട്ടു കൊണ്ടുപോന്നതാണു്.' ദുഃഖിതയായ യശോദ പുത്രന്മാരിരുവരേയും പ്രേമത്തോടേ പോറ്റിപ്പോന്നു. മഥുരയിലേയ്ക്കു മടങ്ങിപ്പോയ വസുദേവനാൽ പ്രേഷിതനായ ഗർഗ്ഗൻ, അമ്പാടിയിലെത്തി അവിടെയുള്ളവരാൽ സൽകൃതനായിട്ടു്, സുദിനത്തിൽ വസുദേവപുത്രന്മാർക്കു ജാതകമ്മവും നാമകരണവും കഴിച്ചു: സങ്കർഷണൻ, രൌഹിണേയൻ, ബലഭദ്രൻ, മഹാബലൻ, രാമൻ എന്നൊക്കെ മൂത്തമകനും, ശ്രീധരൻ, ശ്രീകരൻ, ശ്രീമാൻ, കൃഷ്ണൻ, അനന്തൻ, ജഗല്പതി, വാസുദേവൻ, ഹൃഷീകേശൻ എന്നൊക്കെ ഇളയമകനും ബ്രാഹ്മണൻ പേർവിളിച്ചു. 'ഇവർ രാമകൃഷ്ണന്മാരെന്ന വിശ്വത്തിൽ വിളിപ്പെട്ടു'മെന്നും പറഞ്ഞു് അദ്ദേഹം മഥുരയ്ക്കു മടങ്ങുകയും ചെയ്തു.

ചത്തുവീണ പൂതനയുടെ പെരുനെഞ്ഞത്തു കളിയാടുന്ന കൃഷ്ണനെ ചെന്നെടുത്തു ഭയോദ്വിഗ്നരായ ഗോപന്മാർ രക്ഷോബാധയൊഴിവാനായി കുഞ്ഞിന്റെ നിറുകയിൽ പൈച്ചാണകം പൂട്ടി, മുഖത്തു പൈവാലുകൊണ്ടുഴിഞ്ഞു; നന്ദഗോപൻ ഉണ്ണിയെ എടുത്തു ഭഗവന്നാമങ്ങളം ചൊല്ലി സർവ്വാംഗം തൊട്ടതലോടി. ആ ഘോരരായ രാക്ഷസിയെ ഗോപന്മാർ അമ്പാടിയ്ക്കു പുറത്തുകൊണ്ടുപോയി ദഹിപ്പിച്ചു.....

ഒട്ടുകാലംകൊണ്ടു് യദുത്തമകുമാരന്മാരിരുവരും മുട്ടുകുത്തി നടന്നു കളിച്ചുതുടങ്ങി. അന്നു്, ഒരു മായാവിയായ രാക്ഷസൻ കോഴിയുടെ വടിവെടുത്തു് കൃഷ്ണനെ കൊല്ലാൻ ചുറ്റിപ്പറ്റി നടന്നു. അവനെ കൃഷ്ണൻ കൈത്തലംകൊണ്ടു് ഒരടിയടിച്ചു; അതോടു് അവൻ രാക്ഷസശരീരത്തോടുകൂടിത്തന്നെ വീണു ചത്തു. ക്രമേണ കൃഷ്ണൻ അമ്പാടിയിൽ ചുറ്റിനടന്നു, ഗോപീഗൃഹങ്ങളിലെല്ലാം കടന്നു വെണ്ണകട്ടുതുടങ്ങി. അന്തിയിൽ ചൊടിച്ചു യശോദ മകനെ ഉരലിന്മേൽ കെട്ടിയിട്ടു ഗോരസം വില്ക്കാൻ നടകൊണ്ടു. ധരണീധരനായ കൃഷ്ണൻ ഉരൽ വലിച്ചുംകൊണ്ടു രണ്ടു നീർമരുതുകളുടെ ഇടയിൽ

Digitized By Kerala Sahitya Akademi

ലൂടേ ഗമിച്ചു. അവ ഉരൽ തട്ടി തടി മുറിഞ്ഞു വന്നിച്ചു ശബ്ദത്തോടേ നിലത്തു പതിച്ചു. ശബ്ദംകേട്ട ഗോപവൃദ്ധന്മാർ അവിടെയെത്തി; അവർ അത്യന്തം വിസ്മയപ്പെട്ടുപോയി! യശോദയപ്പെട്ട് മകനെയെടുത്ത് അത്ഭുതത്തോടേ ആ മഹാത്മാവിന്ന് അമ്മിഞ്ഞകൊടുത്തു. അമ്മ ദാമം (കയർ)കൊണ്ടു ബന്ധിച്ചതിനാലത്രേ ജഗദീശന്ന ദാമോദരനെന്ന തിരുനാമം. ആ നീർമരുതുകം വിമുക്തരായി കിന്നരത്വം നേടി.

ഈ മഹോൽപാതങ്കണ്ട് നന്ദാദിഗോപവൃദ്ധന്മാരെല്ലാം മറെറാരേടത്തെയ്ക്ക നടകൊണ്ടു. അവർ പുണ്യമായ യമുനാതീരത്തു സുന്ദരമായ വൃന്ദാവനത്തിൽ ഗോപസ്ത്രീകൾക്കും ഗോക്കൾക്കുമൊക്കെ തങ്ങിയുള്ള പാർപ്പിടം തീർത്തു. അവിടെ മുതിർന്നവരുന്ന മഹാബലരായ രാമകൃഷ്ണന്മാർ ഇടയക്കുഞ്ഞുങ്ങളോടൊരുമിച്ചു കന്നുമേച്ചു തുടങ്ങി. കന്നുകളുടെ ഇടയിൽ, ബകനെന്ന ഒരസുരക്രൂരൻ കൊറ്റിയുടെ രൂപംപൂണ്ടു കൃഷ്ണനെ കൊല്ലാനൊരുമ്പെട്ടു. അവനെ വാസുദേവൻ കളിയായി ഒരു മൺകട്ടയെടുത്തു ചിറകിൻമൂമ്പത്തെറിഞ്ഞു നിലംപൊത്തിച്ചു.

പിന്നെ ഏതാനും ദിവസങ്ങൾക്കുശേഷം, കന്നുമേയ്ക്കുന്ന രാമകൃഷ്ണന്മാർ ഒരു പിലാശിൻചുവട്ടിൽ തളിർമെത്തയിൽ കിടന്നുറങ്ങി. അപ്പോൾ ദേവഗണങ്ങളോടുകൂടി കൃഷ്ണനെ കാണ്മാൻ വന്ന ബ്രഹ്മാവ്, യദുകുമാരർ ഉറങ്ങുന്നതായി കണ്ടിട്ട്, കന്നുകളേയും ഗോപപ്പൈതങ്ങളേയും അപഹരിച്ചു തിടിവത്തിലേയ്ക്ക തിരിച്ചു. കുമാരന്മാരിരുവരും ഉണർന്നപ്പോൾ കുട്ടികളേയും കന്നുകളേയും കാണാഞ്ഞു, എവിടെപ്പോയെന്നത്ഭുതപ്പെട്ടു. കൃഷ്ണനാകട്ടെ, അതു പിതാമഹന്റെ പണിയാണെന്നറിഞ്ഞു കുട്ടികളേയും കന്നുകളേയും അതേ വടിവിൽ സൃഷ്ടിച്ചു; വൈകുന്നേരം അവരെ കണ്ടിട്ട് അമ്മമാരും പൈക്കളും മുമ്പത്തെപ്പോലെ സ്വന്തം സ്വന്തം കുട്ടികളോടുചേർന്ന പെരുമാറി! അങ്ങിനെ ഒരു സംവത്സരം കഴിഞ്ഞപ്പോൾ വിധാതാവു കന്നുകളേയും കുട്ടികളേയും തിരിയേ, നൽകി ഗോവിന്ദനെ വലത്തുവെച്ചു വണങ്ങി തൊഴുതുനിന്നു സ്തുതിച്ചു:—

'നമോ നമസ്തേ സർവാത്മൻ, തത്വജ്ഞാനസ്വരൂപിണേ
നിത്യാനന്ദസ്വരൂപായ പ്രയതാത്മൻ, മഹാത്മനേ!
അണ്വബ്ജാഛൽസ്ഥൂലതരരൂപ, സർവഗതാവ്യയ,
അനാദിമധ്യാന്തരൂപ, സ്വരൂപാത്മൻ, നമോസ്തു തേ!

Digitized By Kerala Sahitya Akademi

നിത്യജ്ഞാനബലൈശ്വര്യതേജോമയസ്വരൂപിണേ
മഹാശക്തേ, നമസ്തുഭ്യം പൂർണ്ണഷാഡ്ഗുണ്യമൂർത്തയേ!
നീ വേദപുരുഷൻ ബ്രഹ്മൻ; മഹാപുരുഷനും ഭവാൻ;
അവ്യക്തൻ ശരീരപുരുഷൻ, ശുദ്ധൻ പുരുഷനും ഭവാൻ;
പുരുഷന്മാർ നാൽവരും നീ പുരാണൻ പുരുഷോത്തമൻ!
നിൻവിഭൂതികളം താൻ ബ്രഹ്മൻ, പൃഥിവ്യഗ്ന്യനിലാദികളം:
നിൻചൊല്ലിനാൽ സമുത്ഭൂതർ ത്രൈഗുണികളം ജഗൽപതേ;
അന്തരിക്ഷസമീരന്മാർ വിഭോ, നിൻപ്രാണനിർമ്മിതർ;
ദ്യോവുമാദിത്യനും നിൻറെ തൃക്കണ്ണാലുളവായവർ;
ദിക്കുചന്ദ്രർ നിൻറെ ചെവിയാലുണ്ടായവരകിലേശ;
നീരും വരുണനും നിൻറെ മനോജാതർ മഹേശ്വര!
മീമാംസോക്തികളിൽക്കാണാകുന്നരീത്തിരുമേനി താൻ:
ഇതു താൻ വൻക്രതുവിലു;-മിതുതാൻ സത്ത്രതത്തിലും,
ഹവിർഭോഗേയ, വണങ്ങുന്നേൻ! ദിവ്യമാമിതുതാനതും;
ഇതു താനോഷധികളിലി,തു താൻ ഗഗനത്തിലും;
ഇതു താൻ ഗ്രഹനക്ഷത്രങ്ങളിലും കതിരോനിലും!
ഇതെല്ലാററിലുമീ ബ്രഹ്മം താനെന്നാം വേദഭാഷിതം;
അതിനാലനന്തപൂർണ്ണം പരബ്രഹ്മമിതേ ദൃഢം!
ശുചിഷത്ത,വ്യയന,ഥ ശുചി, യജ്ഞം, ഹിരണ്മയൻ
എന്നീ വൈദികനാമങ്ങളന്യന്നല്ലിവിടെയുള്ള താൻ!
ചക്ഷുഃശ്രോത്രമയൻ ഹരന്മോമയൻ നീ വാങ്മനോമയൻ
പരേശൻ പരമാത്മാവെന്നരചെയ്യുന്നു നാന്മറ.
നീതാനുപനിഷത്തിൻറെയെല്ലാംസത്തംബുജേക്ഷണ;
വേദാന്താതീതനാം നിന്നെപ്പുകഴ്ത്താൻ ശക്തനല്ല ഞാൻ!
വത്സല്യേയാൽ പൊരുംകുററംചെയ്യുപോയിവിടെയുള്ള ഞാൻ;
പൊറുത്തരുൾകിതെൻനാഥ, ശരണാഗതവത്സല!'

ഈ വിധം സ്തുതിച്ചു വീണ്ടും വീണ്ടും നമസ്കരിച്ചു വിരിഞ്ചൻ വിണ്ണവരോടൊന്നിച്ചു സപ്രഹത്തിലേയ്ക്കു മടങ്ങി, അവിടെ, ബാലരൂപനായ വിഷ്ണുതിരുവടിയെ ധ്യാനിച്ചുകൊണ്ടു തൃഷ്ണീംഭൂതനായി സ്ഥിതിചെയ്തു. കൃഷ്ണൻ സൃഷ്ടിച്ച കുട്ടികളും മുമ്പുള്ള വരും, വാനവർ കാണ്കെ, ഒന്നായിച്ചേർന്നു!

പിന്നീടൊരിക്കൽ യദുപുംഗവൻ ഇടയരോടൊന്നിച്ചു കാളിന്ദീഹ്രദത്തിലെഴുന്നള്ളി, അതിൽപ്പാർത്തിരുന്ന വിഷോദഗ്രനായ ഫണീന്ദ്രൻറെ ഓരായിരം പത്തികളും ഒററക്കാൽകൊണ്ടു കളിയായി മർദ്ദിച്ചു, അവനെ പ്രാണസംശയത്തിലാക്കി. ആ കരുത്തേറിയ കാളി

Digitized By Kerala Sahitya Akademi

യൻ ബോധമുറപ്പിക്കൊണ്ടു ഗോവാനെത്തന്നെ ശരണം പ്രാപിച്ചു. കൃഷ്ണൻ ആ വിഷം വിട്ടു പാമ്പിനെ രക്ഷിച്ചു, ഗരുഡൻ ഉപദ്രവിക്കാതിരിപ്പാൻ തലയിൽ തൃക്കാലടയാളം വെച്ചു, കാളിന്ദീഹ്രദത്തിൽനിന്നു ദൂരത്തെയ്തുയച്ചു; കാളിയൻ വേഗത്തിൽ പുത്രകളത്രങ്ങളോടൊന്നിച്ചു ഗോവിന്ദനെ കുമ്പിട്ടു് അവിടംവിട്ടു നടകൊണ്ടു. കാളിന്ദീതീരത്തു വിഷത്താൽ കരിഞ്ഞുനിന്നിരുന്ന വൃക്ഷങ്ങളിൽ, കൃഷ്ണന്റെ നോട്ടമേറ്റതോടുകൂടി പൂവും കായും നിറഞ്ഞു!

ക്രമേണ കൈശോരമണഞ്ഞ സർവ്വദേവമയനായ മധുസൂദനൻ ധൈര്യത്തോടെ വേയ്ക്കളെ മേയ്പ്പാൻ തുടങ്ങി. തന്റെ പ്രായത്തിലുള്ള ഗോപകുമാരരോടും രാമനോടും കൂടി മനോഹരമായ വൃന്ദാവനത്തിൽ സഞ്ചരിച്ചുപോന്ന യദുത്തമൻ മേരുമന്ദരങ്ങൾക്കൊത്ത വലുപ്പമുള്ള സർപ്പാകാരനായ ഒരു ഘോരാസുരനെ കൊലചെയ്തു; പിന്നെ ധേനുകന്റെ താലവനത്തിൽ ചെന്നു്, മലയോളം പോന്ന ഗർദ്ദഭരൂപനായ ആ ഉഗ്രാധിഷ്ഠനെ കാൽകളിൽ പിടിച്ചു കരിമ്പനമേലടിച്ചു കൊന്നു. ഗോപന്മാർ കരിമ്പനപ്പഴം മതിയാംവണ്ണമുണ്ടതിന്നു് ആ വനത്തിൽ ക്രീഡാടി! അവർ അവിടെനിന്നു ഭാണ്ഡീരവടമണഞ്ഞു ക്രീഡിക്കുമ്പോൾ, പ്രലംബാസുരൻ ഗോപന്റെ വേഷം പൂണ്ടു വന്നു രാമനെ മുതുകത്തേറ്റി ആകാശത്തെയ്തുല്പതിച്ചു. അതു രാക്ഷസനാണെന്നൂഹിച്ചു രാമൻ രോഷത്തോടെ അവന്റെ നിറുകയിൽ കൈചുരുട്ടിയിടിച്ചു. അവൻ തലയും ഉടലും പിളർന്നു ചോരവാന്നു ഘോരരൂപംവണ്ണം നിലവിളിച്ചും കൊണ്ടു രാക്ഷസരൂപത്തോടുകൂടിത്തന്നെ വീണു ചത്തു. നന്ദനന്ദനൻ സന്ധ്യയ്ക്കു ഗോകുലത്തിൽ ഗോപപ്പൈൺകിടാങ്ങളുമായി കളിയാടിക്കൊണ്ടിരിക്കുമ്പോൾ, അരിഷ്ടൻ എന്നൊരസുരൻ കൃഷ്ണനെക്കൊല്ലാനായി കാളയുടെ രൂപത്തിൽ വന്നണഞ്ഞു മുകുയിട്ടു. അവനെ കണ്ടു ഗോപാലരെല്ലാം പേടിച്ചോണ്ടു പാഞ്ഞുപോയി. കൃഷ്ണൻ ഒരു കരിമ്പന പറിച്ചെടുത്തു് ആ ഘോരാസുരതലവന്റെ കൊമ്പുകൾക്കു നടുവിൽ കുടിയടിച്ചു; അവൻ തലയും കൊമ്പും താഴ്ത്തി വളരെ ചോര കക്കി നിലവിളിച്ചുകൊണ്ടു മണ്ഡവേഗത്തിൽ ചത്തുവീണു! ഗോവിന്ദൻ ഗോപബാലരെ വിളിച്ചു് അവിടെത്തന്നെ കളിയാടി. കുറെനാൾക്കുശേഷം കേശി എന്നൊരസുരൻ കുതിരയുടെ വടിവെടുത്തു കണ്ണനെക്കൊല്ലാൻ അമ്പാടിയിൽ വന്നു. അവന്റെ ഘോഷാരവത്താൽ ഭൂവനം മൂന്നും മുഴങ്ങിപ്പോയി! ദേവകുലം പ്രളയശങ്കിച്ചു നടുങ്ങിപ്പോയി! ഗോപന്മാരും ഗോപികളും മൂർച്ഛിച്ചുവീണു; ഘോരവന്നപ്പോൾ മുറവും പാച്ചിൽ തുടങ്ങി. ഗോപസ്ത്രീകളും കൃ

Digitized By Kerala Sahitya Akademi

ഷ്ണനെ ശരണംപ്രാപിച്ചു; 'പേടിക്കേണ്ടാ, പേടിക്കേണ്ടാ' എന്നാശ്വസിപ്പിച്ചു, ഭക്തവത്സലനായ വാസുദേവാനുജൻ കളിയായി കൈചൂണ്ടി ആ ദൈത്യന്റെ തലയ്ക്കടിച്ചു. അവൻ പല്ലും കണ്ണും തകർന്ന് ഉറക്കെ നിലവിളിച്ചുംകൊണ്ട് നിലത്തു വീണു ചത്തു. ദേവകൾ പൂമഴ പൊഴിച്ചു, കൊള്ളാം കൊള്ളാമെന്നു കൊണ്ടാടി. ഇങ്ങനെ കട്ടിക്കാലത്തുതന്നെ മദോൽക്കടരായ ദൈത്യരെ കൊലചെയ്തു തന്തിരുവടി ബലരാമനോടൊന്നിച്ചു സുഖമായവണ്ണം വാണരുളി.

* .....കോടിക്കാമദേവന്മാരോട് കോഴവാങ്ങുന്ന ലാവണ്യമിയന്ന കാവ്യണ്ണനെ കണ്ടു ഗോപസ്ത്രീകളെല്ലാം മന്മഥപീഡിതമാരായിച്ചമഞ്ഞു. § ..... കാമക്രോധങ്ങൾകൊണ്ടു മനുഷ്യർക്കു നരകമേ വരൂ; അവതന്നെ ഭഗവാന്റെ പേരിലായപ്പോൾ ഗോപസ്ത്രീകൾക്കു മുക്തിഹേതുക്കളായി! ജനാർദ്ദനനെ കാമത്താലോ ദ്വേഷത്താലോ ഭജിച്ചാൽത്തന്നെ വൈകുണ്ഠം പൂകാം; ഭക്തിയോഗത്താലായാൽ പിന്നെപ്പറയാനുണ്ടോ? രാത്രിയിൽ മുകുന്ദന്റെ മുരളീനാദംകേട്ടിട്ടു കാമപീഡിതമാരായ വല്ലവിമാർ മെത്തമേൽനിന്നെഴുനേറ്റു് ഉടയാടയും പുരികഴലും അഴിഞ്ഞുലഞ്ഞു്, ഭർത്തൃപുത്രബന്ധുക്കളേയും ലജ്ജയേയും ഗൃഹത്തേയും വെടിഞ്ഞു്, ജഗദീശങ്കലണഞ്ഞു; അവരെല്ലാവരും ചെന്നൊത്തു കൈടതാരിയെ കൈകൊണ്ടുകെട്ടിപ്പുണരുകയും, തന്തിരുവടിയുടെ അധരം, ദേവകൾ അമൃതെന്നപോലെ നുകരുകയും ചെയ്തു. ആ ദേവിമാരൊന്നിച്ചു പരമാത്മാവും, അവിടത്തോടൊരുമിച്ചു് ആ സ്ത്രീകളും അമ്പാടിയിൽ, കാളിന്ദീതീരത്തു കമനീയമായ വൃന്ദാവനത്തിൽ നാംതോറും നിർഭരം രമിച്ചുപോന്നു.'

പാർവ്വതി:—'ധർമ്മരക്ഷണത്തിനായി ഭൂമിയിലവതരിച്ച വിഷ്ണു പരസ്ത്രീഗമനം ചെയ്തതെന്തുകൊണ്ടാണ്?'

ശിവൻ:—സുമുഖി, അവിടെയുള്ള തന്റെ ശരീരവും അന്യരുടേതും ഒന്നുതന്നെയാണ്. ലോകമൊക്കെയും അവിടത്തെ ശരീരമാകുന്നു; വേറെയായിട്ടൊന്നുമില്ല. അതിനാൽ പരമാത്മാവായ ദേവന്ന് ഇതിൽ ദോഷമില്ല. സുഭഗേ, സപ്തഭാവേനയുള്ള ഭർത്താവും ആത്മേശ്വരനും ജഗൽപതിയും ശക്തിയാൽ പാപം നീക്കുന്നവനും സർവ്വവ്യാപിയുമാണവിടുന്ന്; ആ മഹാപുരുഷനുണ്ടോ സ്ത്രീയെന്നും പുരുഷനെന്നുമുള്ള വ്യത്യാസം?'

* കൃഷ്ണസദൃശവർണ്ണനും പാതാളഖണ്ഡം സപ്തദശാധ്യായത്തിലും മറ്റുമുണ്ട്.
§ മുനിമാരുടെ ശോപിതപ്രാപ്തി പാതാളഖണ്ഡം ഏകോനത്രിംശാധ്യായത്തിലുണ്ട്.

Digitized By Kerala Sahitya Akademi

ഇതിയും പറഞ്ഞു മുപ്പുരാന്തകൻ പാവ്തിയോട്ട് കൃഷ്ണന്റെ കഥാശേഷം കഥിപ്പാൻതുടങ്ങി:—'ശരൽക്കാലം വന്നപ്പോൾ നന്ദഗോപാദികളും ദേവേന്ദ്രനു മഹോത്സവം നടത്താൻ വട്ടംകൂട്ടി; വീര്യവാനായ വാസുദേവൻ തടസ്സം പറഞ്ഞു് ആ ഉത്സവം ഗോവർദ്ധനമഹാദ്രിക്കു കഴിപ്പിച്ചു. അതിൽ അരിശംകൊണ്ട സഹസ്രാക്ഷൻ അമ്പാടിയിൽ ഏഴുദിവസം ധാരമുറിയാതെ പെരുമഴ പെയ്യിച്ചു. ഗോവിന്ദൻ ഗോവർദ്ധനമാമല സലീലം പറിച്ചെടുത്തു കുടയായിപ്പിടിച്ചു; ഗോപന്മാരും ഗോപികളുമൊക്കെ ആ പവ്തത്തിന്റെ ചുവട്ടിൽ, മാളികയ്ക്കകത്തെന്നപോലെ സുഖമായി സ്ഥിതിചെയ്തു. ഉന്മർകോൻ പേടിച്ചുമ്പരന്നു മഴ നിത്തി അമ്പാടിയിലേയ്ക്കു ചെന്നു. കൃഷ്ണൻ പവ്തത്തെ മൻനിലയിൽവെച്ചു. ഗോപന്മാരെല്ലാം അത്യന്തം വിസ്മയപ്പെട്ട് ഗോവിന്ദനെ കൊണ്ടാടി. മഘേന്ദ്രൻ മധുസൂദനന്റെ അടുക്കൽച്ചെന്നു തൊഴുതുനിന്നു ഹർഷത്താൽ തൊണ്ടയിടറിക്കൊണ്ടു സ്തുതിച്ചു:—

'നമസ്തേ പുണ്ഡരീകാക്ഷ, സവ്ജ്ഞാമിതവിക്രമ!
ത്രിഗുണാതീത, സർവേശ, വിശ്വാത്മംസ്തേ നമോസ്തു തേ!
ത്വം യജ്ഞസ്ത്വം വഷട്കാരസ്ത്വമോങ്കാരഃക്രതുർഹവിഃ;
ത്വമേവ സവ്ദേവാനാം പിതാ മാതാ ച കേശവ!
അഗ്രേ ഹിരണ്യഗർഭസ്ത്വം ഭൂതസ്യ സമവർത്തത;
ത്വമേകഃ പതിരസി പുരുഷസ്ത്വം ഹിരണ്മയഃ
പൃഥിവീം ദ്യാമിമാം ദേവ ത്വമേവ ധൃതവാനസി
ആത്മദഃ ഫലദോ യശ്ച വിശ്വസ്യ ജഗദീശ്വരഃ.
അവാപ്തം തു ത്രിദശൈഃ പ്രകാശം ജഗതാം പതേ
അമൃതം ചൈവ മൃത്യുശ്ച ഛായാ തവ ജഗൽപതേ;
തസ്മൈ ദേവായ ഭവതേ വിധേമ ഹവിഷാ വയം!
ഹേമവന്ത ഇമേ യസ്യ തേ മഹിതാ, ഹിരണ്മയാഃ;
സൂര്യാ രസേയാ യസ്യ പ്രവാഹസ്തസ്യ കേശവ;
ഇമാ ദിശഃ പ്രതിദിശോ ബാഹവസ്യ തവാവ്യയ;
തസ്മൈ ദേവായ ഭവതേ വിധേമ ഹവിഷാവയം!
യേനതപായാസമാരുഢാ പൃഥിവീവർദ്ധിതാ പുനഃ;
സ്വർല്ലോകഃ സ്തംഭിതോ യേന തപയാ ബ്രഹ്മൻ, മഹേശ്വര;
തപമന്തരിക്ഷേ രജസോ വിമാനഃ സവ്ഗോവ്യയഃ;
തസ്മൈ ദേവായ ഭവതേ വിധേമ ഹവിഷാ വയം!
യം ക്രന്ദസീ രാജമാനേ തസ്തഭാനേ ദൃണാനചിതേ
അന്വൈക്ഷേതാം ച മനസാ അവശ്യം ശ്രീശ്ച സവ്ഭോ;

Digitized By Kerala Sahitya Akademi

യത്രാസ്തി സൂര ഉദിതോ വിദേരി പരമേ പദേ;
തസ്മൈ ദേവായ ഭവതേ വിധേമ ഹവിഷാ വയം!
യദാപോ ബൃഹതീർബ്രഹ്മ വിശ്വമായം ജനാർദ്ദനഃ
ഗർഭം ദധാനാഃ സർഗ്ഗേ ജനയന്തീരഘൗഘഹൃൽ;
സമവർത്തത ദേവാനാമസുരേകോവ്യയോ വിഭുഃ;
തസ്മൈ ദേവായ ഭവതേ വിധേമ ഹവിഷാ വയം!
യ ആപോ മഹിനാ ദക്ഷം പര്യപശ്യൽ പ്രജാപതിം
യജ്ഞം ദധാനാസ്തുതാശ്ച ജനയന്തീർഹവിഃ പുമാൻ;
യോ ദേവേഷ്വേക ഏവാസീദധി ദേവഃ പരാൽ പരഃ;
തസ്മൈ ദേവായ മഹതേ വിധേമ ഹവിഷാ വയം!
മാനോ ഹിംസീജ്ജനിതായഃ പൃഥിവ്യാ അവ്യയഃ പുമാൻ;
യോ വാ ദിവം സത്യധർമ്മാ ജജാനാവ്യയ മൂശ്വരഃ;
യശ്ചന്ദ്രാ ബൃഹതീരാപോ ജജാന സകലം ജഗൽ;
തസ്മൈ ദേവായ ഭവതേ വിധേമ ഹവിഷാ വയം!
ഏതാനി വിശ്വജാതാനി ബഭ്രവ പരിതഃ പ്രഭോ,
തവദന്യോനപ്രജാധ്യക്ഷോഭവിഷ്യൽഭൂതഭാവന!
യജാമസ്ത്വാം ച യൽകാമാസ്തന്നോ അസ്തു സമാസതഃ;
രയീണാം പതയഃ സ്യാമ തവ കാരുണ്യവീക്ഷണാൽ!
ഹിരണ്മയാഖ്യഃ പുരുഷോ ഹിരണ്യശ്മശ്രുകേശവാൻ
ആപ്രണഖാൽ സർവം ഹിരണ്യം സഞ്ചിതാ ച ഹിരണ്യലോക്;
അസൌ സർവ്വഗതോ ബ്രഹ്മാ യസ്മാദിത്യേ വ്യവസ്ഥിതഃ
തജ്ജൈ ദേവസ്യ സവിതുർവരേണ്യം ഭർഗ്ഗ ഉത്തമഃ
സദാ ധീമഹി തേ രൂപം ധിയോ യോ നഃ പ്രചോദയാ ഹി!
നമസ്തേ പുണ്ഡരീകാക്ഷ, ശ്രീശ, സർവേശ, കേശവ!
വേദാന്തവേദ്യ, യജ്ഞേശ, യജ്ഞരൂപ, നമോസ്തു തേ!
നമസ്തേ വാസുദേവായ! ഗോപീവേഷായ തേ നമഃ!
തൽസർവ്വപാപസംഘാതൈരപരാധം മമാകൃതം
തത് ക്ഷമ്യതാം ജഗന്നാഥ, ഹ്യനാഥസ്യ, പുരുഷോത്തമ!
അല്പേനൈവ ഹി കാലേന ജഹി കംസം ദുരാസദം;
ദേവാനാം ച ഹിതം കൃത്വാ സുഖേ സ്ഥാപയ മേദിനീം!'

ഈവിധം സ്തുതിച്ചു ദേവേന്ദ്രൻ ഗോവിന്ദനെ അമൃതുകൊണ്ടു അഭിഷേചിച്ചു ദിവ്യവസ്ത്രാഭരണങ്ങളും ചാർത്തിച്ചു സഭയിലേയ്ക്കു മടങ്ങിപ്പോയി. ഗോപരും ഗോപികളും ആഖണ്ഡലനെ കണ്ടു, അത്യുദ്വേഗത്താൽ സംഭ്രാന്തരായി, നിസ്സീമഹർഷമനുഭവിച്ചു. ദിവ്യാരേണു

Digitized By Kerala Sahitya Akademi

ച്ചാത്തിയ മഹാവീര്യരായ രാമകൃഷ്ണന്മാർ രമണീയമായ നന്ദവ്രജത്തിൽ ഗോക്കളെ രക്ഷിച്ചുപോന്നു.

അങ്ങിനെയിരിക്കെ, നാരദമുനീന്ദ്രൻ വെമ്പലോടേ മഥുരയിൽ ചെന്നു കംസന്റെ അടുക്കലെത്തി. രാജാവു് അദ്ദേഹത്തെ സൽക്കരിച്ചു ശുഭാസനത്തിൽ ഉപവേശിപ്പിച്ചു. മഹർഷി വിഷ്ണുവിന്റെ വിചേഷ്ടിതമെല്ലാം കംസനെ അറിയിച്ചു: ദേവന്മാരുടെ ഒരുമ്പാടും, അച്യുതന്റെ അവതാരവും, വസുദേവൻ മകനെ അമ്പാടിയിൽ സൂക്ഷിച്ചതും, അസുരവധവും, കാളിയനെ അകറ്റിയതും, ഗോവർദ്ധനോദ്ധാരണവും, ഇന്ദ്രസമാഗമവും, എല്ലാം, ഒട്ടൊഴിയാതെ ധരിപ്പിച്ചു ബ്രഹ്മലോകത്തെയ്ക്കു നടകൊണ്ടു. മാനവേന്ദ്രനായ കംസൻ ക്രൂരം നടുങ്ങി, മന്ത്രിമാരെ വിളിച്ചുകൂട്ടി, തന്റെ വധത്തിന്നായി, ആലോചന നടത്തി! എന്നിട്ട്, ബുദ്ധിമാന്മാരിൽ ശ്രേഷ്ഠനും ധർമ്മിഷ്ഠനുമായ അക്രൂരനോടരചെയ്തു:—'*.....അ വാസുദേവൻ എന്നെ കൊല്ലാനും ഒരുങ്ങിയേയ്ക്കും. അവനെ ഹനിപ്പാൻ ഇന്ദ്രനോടുകൂടിയ ദേവാസുരന്മാരും ശക്തരാവില്ല. ഉപായത്തിൽ കൊണ്ടുവന്നു കൊല്ലേണ്ടിയിരിക്കുന്നു. ഇവിടെ വന്നാൽ, മദഗജങ്ങളെക്കൊണ്ടോ, മല്ലരെക്കൊണ്ടോ, മികച്ച കുതിരകളെക്കൊണ്ടോ—എങ്ങിനെയെങ്കിലും—കൊല്ലിക്കാൻ സാധിക്കും. അതിനാൽ ഭവാൻ അമ്പാടിയിൽപ്പോയി കൃഷ്ണനേയും രാമനേയും നന്ദാദി ഗോപവൃദ്ധരേയും ധനയ്ച്ഛാഗം കാണാൻ കൂട്ടിക്കൊണ്ടുവരിക.'

കൃഷ്ണദർശനൌത്സുക്യത്താൽ, അങ്ങിനെതന്നെ എന്നു സമ്മതിച്ച് ആ വീര്യവാനായ യദുശ്രേഷ്ഠൻ തേരിലേറി രമണീയമായ അമ്പാടിയിൽ ചെന്നെത്തി. അവിടെ ഗോക്കളുടെ ഇടയിൽ, § തുളസിമാലയിട്ട കാട്ടുപൂക്കളും ചൂടി ഗോപപ്പെൺകിടാങ്ങളാൽ ചുറ്റപ്പെട്ടുനിന്നിരുന്ന കാർകൊണ്മൽവർണ്ണനെ കണ്ടിട്ടു ഭാഗ്യോദയവതനായ അക്രൂരൻ ഉടലാകെക്കോരിത്തരിയിർക്കൊണ്ടു്, ഹർഷബാഷ്പത്തിൽ മുഴുകി, തേരിൽനിന്നിറങ്ങി ദണ്ഡനമസ്കാരം ചെയ്തു; പിന്നെ താഴ്മയിൽ അടുത്തുചെന്നു ഗോവിന്ദനെ വലത്തുവെച്ചു നമസ്കരിച്ചു്, വജ്രചക്രാദിരേഖകളും ചേർന്ന തൃക്കഴൽച്ചെന്താമരപ്പൂക്കളും തലയിൽ ചൂടി, വീണ്ടും വീണ്ടും വീണുവണങ്ങി. അനന്തരം, കൈലാസശിഖരപ്രഭനായി ശരൽപൂർണ്ണേന്ദുസദൃശനായി നീലാംബരനായി മുക്താഹാരവിഭൂഷിതനായ രാമനേയും യാദവൻ നമസ്കരിച്ചു. രാമകൃഷ്ണന്മാർ അക്രൂരനെ സഹർഷം എഴുന്നേല്പിച്ചു കെട്ടിപ്പുണർന്നു ഗൃഹത്തിലേയ്ക്കു

* കഴിഞ്ഞ കഥകൾ.

§ കൃഷ്ണസാമ്യവർണ്ണനം മുമ്പുള്ളതുതന്നെ.

Digitized By Kerala Sahitya Akademi

കൊണ്ടുപോന്നു. തേജസ്സേറിയ നന്ദഗോപൻ ആ അതിഥിയെ ശ്രേഷ്ഠാസനത്തിലിരുത്തി അർഘ്യപാദ്യാദികരുകൊണ്ടു സസന്തോഷം സൽക്കരിച്ചു. അക്രൂരൻ രാമകൃഷ്ണന്മാർക്കും നന്ദഗോപനും യശോദയ്ക്കും വസ്ത്രാഭരണങ്ങളും നൽകി കുശലോപചോദിച്ചു; പിന്നെ അവർ ചോദിച്ചതിനാൽ ആ ബുദ്ധിമാൻ രാജകാര്യവും അറിയിച്ചു. '*.....നാരദവചനത്താൽ അത്യന്താഭയത്തിൽപ്പെട്ടിരിക്കുന്ന കംസൻ ദുർജ്ഞാപ്രായ രാമകൃഷ്ണന്മാരെ ഇവിടെനിന്നു കൊണ്ടുപോയി മദഗജങ്ങളെക്കൊണ്ടോ മല്ലന്മാരെക്കൊണ്ടോ കൊല്ലിക്കാൻ ഒരുങ്ങിയിരിക്കയാണു്; കൃഷ്ണനെക്കൊണ്ടുചെല്ലാൻ അയച്ചിരിക്കയാണെന്നെ. ...അതിനാൽ അമ്പാടിയിലുള്ളവരെല്ലാം നാളെ തയിരും നെയ്യും മറ്റുമെടുത്തു്, രാമകൃഷ്ണന്മാരോടുകൂടി കംസന്റെ അടുക്കലേയ്ക്കു പോരണം; തീർച്ചയായും കംസനെ കൃഷ്ണൻ കൊലചെയ്യും; നിങ്ങളാരും ഭയംവേണ്ടാ'.

ഈ ദാരുണമായ വാക്കു കേട്ടിട്ടു് നന്ദാദിഗോപവൃദ്ധർക്കു രോമം പൊട്ടിത്തരിച്ചു! അവരെല്ലാം പേടിച്ചരണ്ടു മനംമയങ്ങി, വമ്പിച്ച ദുഃഖസമുദ്രത്തിൽ മുഴുകിപ്പോയി. അവരെ പുണ്ഡരീകാക്ഷൻ, 'കംസനെക്കുറിച്ചു ഭയംവേണ്ടാ' എന്നാശ്വസിപ്പിച്ചു:—'ഞാൻ രാമനോടും നിങ്ങളോടുമൊന്നിച്ചു മഥുരയിൽ പോയി ദുരാത്മാവായ കംസനാകുന്ന ദാനവത്തലവനേയും രാക്ഷസരെല്ലാവരേയും വധിച്ചു ഭൂമിയെ രക്ഷിക്കും. അതിനാൽ നിങ്ങളാരും ദുഃഖം വെടിഞ്ഞു മഥുരാപുരിക്കു പുറപ്പെട്ടുകൊൾവിൻ.' ഇതുകേട്ടു നന്ദാദിഗോപന്മാർ കുമാരനെ തെരുതെരെ മുകർന്നു മൂർദ്ധാവിൽ മുകന്നു. ആ മഹാത്മാവിന്റെ അത്ഭുതകർമ്മങ്ങളോർക്കുകയാലും അക്രൂരന്റെ വാക്കിനാലും അവർക്കെല്ലാം അഴലൊഴിഞ്ഞു. പാൽ, നെയ്യ്, തയിർ, വെട്ടപ്പം സ്വാദുമുള്ള പലതരം ഹൃദ്യമധുരപലഹാരങ്ങളും എന്നിവയോടെ യശോദ അക്രൂരനു സൌമ്യമായ ഭോജനം വേണ്ടുവോളമൊരുക്കി. ആ യാദവശ്രേഷ്ഠൻ അലംകൃതമായ ഗൃഹത്തിൽ, രാമകൃഷ്ണന്മാരോടും നന്ദാദിഗോപമുഖ്യന്മാരോടും സുഹൃത്തുക്കളായ ബാലവൃദ്ധരോടുമൊന്നിച്ചിരുന്നു്, യശോദ വിളമ്പിക്കൊടുത്ത ദോഷഹരവും തോഷകരവുമായ ഭോജനം ഭക്ഷിച്ചു. അദ്ദേഹത്തിനു കൈകഴുകാൻ വെള്ളംകൊടുത്തിട്ടു് ആ പതിവ്രതകർപ്പൂരം വെറ്റിലയടയ്ക്കു എന്നിവയും കൊണ്ടുകൊടുത്തു. സൂര്യനസ്തമിച്ചപ്പോൾ അക്രൂരൻ സന്ധ്യ വന്ദിച്ചു രാമകൃഷ്ണന്മാരോടുകൂടി മികച്ച പാൽ കറന്നു്, അതുകൊണ്ടുതന്നെ കിടക്കാൻപോയി.

---

*കഴിഞ്ഞ കഥകൾ.

Digitized By Kerala Sahitya Akademi

(മഞ്ജുഭാഷിണീവൃത്തം)

ദീപത്താൽ മിന്നുന്ന രമ്യമാം വന്മച്ചിൽ–
ശ്രോണിശില്പമാം കട്ടിലിന്മേൽ
നാനാമലരണിമെത്തമേൽക്കാർവർണ്ണൻ,
നാഗത്തലവങ്കൽ വിഷ്ണുപോലെ
സുഖതരം ശയിച്ചുകണ്ടു സഹർഷാശ്രു–
പൂരനായ് ക്രോഷ്ടുമയിർക്കൊണ്ടക്രൂരൻ
താമസിയാകിയ നിദ്രയെക്കെടുത്ത
താമരക്കണ്ണന്റെ തൃക്കാലുകൾ
മെല്ലെയുഴിഞ്ഞു തലോടിത്തുടങ്ങിനാൻ
നല്ലതിന്നായ് മഹാഭാഗവതൻ!
'ഇതുയുംകൊണ്ടു ഞാൻ സാഫല്യമാർന്നതാ–
യ്, തു സുജീവിതമെൻജീവിതം!
ശർമ്മമിതാണി,താണിതിലോകൈശ്വര്യം,
ധർമ്മമിതാണി,താണുറ മോക്ഷം!
മാരാരിബ്രഹ്മാദിവാനോക്കും മാമുനി–
മാരാം സനകവസിഷ്ഠാദ്യർക്കും
ചിത്തത്തിലോർക്കാനുമാവാതോ, ശാരദേ–
പ്പൊയ്ത്താരിനൊക്കുമിപ്പൊൻതുപ്പാദം!
പാലാഴിമങ്കയാം സൗഭ്യാഗ്യകുലമായ്
പ്പേലവപാണികമംകൊണ്ടു പേർത്തും
തൊട്ടതലോടുമിതുച്ചേവടിമലർ
പെട്ടെന്നെനിക്കു കൈവന്നതല്ലോ!'
ഇപ്പരമാനന്ദമേന്തിന യാദവ–
ന്നല്പനേരത്താൽ കഴിഞ്ഞു രാത്രി!

പ്രഭാതത്തിൽ, ആകാശത്തു ദേവശ്രേഷ്ഠരാൽ സ്തുതിക്കപ്പെട്ടുകൊണ്ട് പത്മിനിയുണർന്നെഴുന്നേറ്റ കൃഷ്ണൻ കാലും മുഖവും കഴുകി, ധീമാനായ രാമനോടുകൂടി അമ്മയുടെ കാൽക്കൽ വീണു യാത്ര പറഞ്ഞു. സന്തോഷസന്താപങ്ങളാൽ കണ്ണുനീർ വാർത്ത യശോദ പുത്രന്മാരെപ്പിടിച്ചെഴുന്നേല്പിച്ചു പ്രേമത്തോടെ തെരുതെരെ കെട്ടിപ്പുണർന്ന്, ആശീർവാദംചെയ്തു വിടനൽകി. അക്രൂരനും യശോദയെ വണങ്ങിത്തൊഴുതു പറഞ്ഞു:—'മഹാഭാഗേ, ഞാൻ പോകുന്നു. എങ്കൽ പ്രസാദിച്ചാലും. ഈ മഹാബാഹുവായ കൃഷ്ണൻ കരുത്തേറിയ കംസനെ കൊന്നു ലോകത്തിനെല്ലാം രാജാവാകും; സംശയമില്ല. സുവദനേ, ദേവ

Digitized By Kerala Sahitya Akademi

തി ദുഃഖം വെടിഞ്ഞു സുഖമായി വാഴുകെ'വിട നൽകപ്പെട്ട ദേവസത്തമൻ വേഗത്തിൽ രാമകൃഷ്ണന്മാരോടുകൂടി വന്നിച്ചു തേരിലേറി, അപ്സരസ്സുകളാൽ സ്തുതിക്കപ്പെട്ടുകൊണ്ടു മഥുരയ്ക്കു പുറപ്പെട്ടു; നന്ദാദി ഗോപവൃദ്ധന്മാരും തയിർ, നെയ്യ്, പലതരം കായ്കനികൾ എന്നിവയെടുത്തു പിൻതുടർന്നു. കൃഷ്ണൻ പോകുന്നതുകണ്ടു ഗോപികമാർ ഗൃഹങ്ങളിൽനിന്നിറങ്ങി തേരിന്റെ പിറകെ ചെന്നു; അവരെയെല്ലാം ഭഗവാൻ തിരിച്ചയച്ചു. ആ പദ്മലോചനമാർ ദുഃഖത്താൽ മനസ്സുതകർന്നു, വശംകെട്ട് 'ഹാ, കൃഷ്ണ, കൃഷ്ണ, ഗോവിന്ദ!' എന്നിങ്ങനെ തേങ്ങിത്തേങ്ങിക്കരഞ്ഞു കണ്ണീരൊലിപ്പിച്ചു നിൽക്കുകയായി!

അക്രൂരൻ തേർ വേഗത്തിൽ മഥുരയ്ക്കു നേരേ ഓടിച്ചു; യമുനകടന്നിട്ടു തേർ തീരത്തു നിർത്തി, അതിൽനിന്നിറങ്ങി നദിയിൽ കളിപ്പാനൊരുങ്ങി. ആ ഭാഗവതോത്തമൻ അഘമർഷണമന്ത്രം ജപിച്ചു സപ്തജലത്തിൽ മുങ്ങിയപ്പോൾ, രാമകൃഷ്ണന്മാർ അവിടെ കാണാതായി! *.....അതിൽ വല്ലാതെ വിസ്മയപ്പെട്ട് അദ്ദേഹം പൊങ്ങിയപ്പോൾ, ആ ബലശാലികളിരുവരും രഥത്തിലിരിപ്പുണ്ട്! യാദവൻ വീണ്ടും മന്ത്രോദയം ജപിച്ചു മുങ്ങിയപ്പോൾ, പാലാഴിയിൽ അനന്തതല്പത്തിൽ ശ്രീദേവിയോടുകൂടി, സനകാദികളാലും സർവ്വദേവന്മാരാലും സ്തുതിയമാനനായി വാണരുളുന്ന വിഷ്ണുവിനെ ജലത്തിൽ ദർശിച്ചു. അതിൽ അത്യധികം ആശ്ചര്യപ്പെട്ട് അദ്ദേഹം ആ സർവ്വവ്യാപിയായ സ്വാമിയെ സ്തുതിച്ചുതുടങ്ങി:—

'കാലാത്മനേ നമസ്തുഭ്യമനാദിനിധനായ ച!
അവ്യക്തായ നമസ്തുഭ്യമവികാരായ തേ നമഃ!
ഭൂതഭർത്രേ നമസ്തുഭ്യം! ഭൂതവ്യാപ്ത്യൈ, നമോ നമഃ!
നമസ്തേ സർവ്വഭൂതാനാം നിയന്ത്രേ പരമാത്മനേ!
വികാരായാവികാരായ പ്രത്യക്ഷപുരുഷായ ച
ഗുണഭർത്രേ നമസ്തുഭ്യം! നിയമായ നമോ നമഃ!
ദേശകാലാദിനിർദ്ദേശരഹിതായ പരാത്മനേ
അനന്തായ നമസ്തുഭ്യമച്യുതായ നമോ നമഃ!
ഗോവിന്ദായ നമസ്തുഭ്യം ശ്രീധരായ ശാർങ്ഗിണേ!
നാരായണായ വിശ്വായ വാസുദേവായ തേ നമഃ!
വിഷ്ണവേ പുരുഷായാഥ ശാശ്വതായ നമോ നമഃ!
പദ്മനേത്രായ നിത്യായ ശംഖചക്രധരായ ച!
ഉദ്യൽകോടിവിപ്രഭ്യഭ്രഷ്ണാനേകിതവിഷ്ണവേ

* രാമകൃഷ്ണസ്വരൂപവർണ്ണനയാ മുമ്പുള്ളതുതന്നെ.

Digitized By Kerala Sahitya Akademi

ഹരയേ സർവ്വലോകാനാമീശ്വരായ നമോ നമഃ!
സർഗ്ഗസ്ഥിത്യന്തരൂപായ ജഗതാം ബീജായ പരമാത്മനേ
സംകർഷണായ കൃഷ്ണായ പ്രദ്യുമ്നായ നമോ നമഃ!
അനിരുദ്ധായ ധാത്രേ ച വിധാത്രേ വിശ്വയോനയേ
സഹസ്രമൂർത്തയേ തുഭ്യം ബഹുമൂർത്യാംഘ്രിബാഹവേ
സഹസ്രനാമ്നേ നിത്യായ പുരുഷായ നമോ നമഃ!
നമസ്തേ നാഗപര്യങ്കശായിനേ സൌമ്യരൂപിണേ!
കേശവായ നമസ്തുഭ്യം പീതവസ്ത്രധരായ ച!
ലക്ഷ്മീഘനകുചാശ്ലേഷവിമർദ്ദോദ്ഭൂജലവക്ഷസേ
ശ്രീധരായ നമസ്തുഭ്യം ശ്രീശായാനന്തരൂപിണേ!'

കളിക്കുമ്പോൾ, സനാതനനെ ധ്യാനിച്ചുകൊണ്ട് ഈ സ്തോത്രം ഭക്തിയോടെ ചൊല്ലിയാൽ മാപാപങ്ങൾ വിട്ടൊഴിയും; സർവ്വതീർത്ഥഫലവും വിഷ്ണുസായൂജ്യവും സിദ്ധിയ്ക്കും. ഇങ്ങനെ വെള്ളത്തിന്നടിയിൽവെച്ചു തന്തിരുവടിയെ സ്തുതിച്ചിട്ട് ആ ഭാഗവതശ്രേഷ്ഠൻ മണമിയന്ന നീർപ്പൂവുകൾകൊണ്ടു പൂജിച്ചു; അങ്ങിനെ കൃതാർത്ഥനായി കാളിന്ദിയിൽനിന്നു കരയ്ക്കേറി രാമകൃഷ്ണന്മാരെ പ്രണമിച്ചു. ആ വിനീതന്റെ വിസ്മയം കണ്ടിട്ട് വാസുദേവൻ, 'യാദവ, എന്താശ്ചര്യമാണ് ഭവാൻ ആ വെള്ളത്തിൽ കണ്ടതു്?' എന്നു ചോദിച്ചു. അക്രൂരന്റെ മറുപടി ഇതായിരുന്നു:—'ജഗദീശ, സർവ്വവ്യാപിയായ നിന്തിരുവടിയുടെ മഹിമയോർത്താലുണ്ടോ ആശ്ചര്യം? ഹൃഷീകേശ, ലോകമൊക്കെയും നിന്തിരുവടിതന്നെയാണല്ലൊ!*... .....'ദേവേശ, നിന്തിരുവടി ധർമ്മരക്ഷയ്ക്കായി മത്സ്യകൂർമ്മവരാഹാദിരൂപം ധരിച്ചവതരിക്കുന്നു; വിഭോ, നിന്തിരുവടിതന്നെയായ ഈ ലോകം നിന്തിരുവടിതന്നെ കാത്തുരക്ഷിക്കുന്നു!' ഇപ്രകാരം സ്തുതിച്ചു വണങ്ങി യമുനാതീരത്തിലേറി ദേവനിർമ്മിതമായ മഥുരയിൽച്ചെന്നെത്തി; എന്നിട്ട് രാമകൃഷ്ണന്മാരെ കോട്ടവാതിൽക്കൽ നിന്നിറക്കി, അക്രൂരൻ പോയി അവരുടെ ആഗമനം രാജാവിനെ അറിയിച്ചു, രാജാവിനാൽ സംഭാവിതനായി സഭാഗൃഹത്തിലേയ്ക്കു ഗമിച്ചു.

വൈകുന്നേരം രാമകൃഷ്ണന്മാർ തങ്ങളിൽ കൈകോർത്തുപിടിച്ചു മഥുരയിൽ രാജമാർഗ്ഗത്തിലൂടെ നടക്കുമ്പോൾ, ഒരു രജകനെ കണ്ടെത്തി: അവൻ തിരുവുടയാടകളുംകൊണ്ട് അരമനയിലേയ്ക്കു വരികയായിരുന്നു. രാമകൃഷ്ണന്മാർ അവനോട് ആ വസ്ത്രങ്ങൾ ചോദിച്ചു; അവൻ കൊടുത്തില്ലെന്നു മാത്രമല്ല, കയർത്തു തെറിപറകയും

* ഈ ശ്ലോകത്തിന്റെ ജഗന്നയത്വം പലേടത്തും പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്.

Digitized By Kerala Sahitya Akademi

ചെയ്തു. അതിനാൽ ആ അലക്കുകാരനെ കണ്ടതേറിയ കൃഷ്ണൻ ഒരടിയടിച്ചു; അവൻ വളരെ ചോര കക്കിക്കൊണ്ട് ആ വഴിയിൽ ചത്തുവീണു! രാമകൃഷ്ണന്മാർ ആ രമണീയങ്ങളായ വസ്ത്രങ്ങളും ബന്ധുക്കളായ ഗോപന്മാർക്ക് കൊടുക്കുകയും, തങ്ങളും ധരിക്കുകയും ചെയ്തു. പിന്നെ ആ യദുപുംഗവരിരുവരും ഒരു മാലാകാരന്റെ ഗൃഹത്തിൽ കേറി. അയാളും അവരെ വണങ്ങി, സുരഭിലങ്ങളായ ദിവ്യകുസുമങ്ങളണിയിച്ചു; അതിൽ സന്തുഷ്ടരായിട്ട് അവർ അയാളോടു വേണ്ടുന്ന വരം നൽകി. വീണ്ടും തെരുവിലിറങ്ങിയപ്പോൾ, ഒരു സുമുഖിയായ കുനി ചന്ദനപാത്രവുംകൊണ്ടു വരുന്നതു കാണുമാറായി. ആ കുബ്ജയോട് അവർ കുളുറം അവശ്യപ്പെട്ടു; അവൾ ചിരിച്ചുകൊണ്ടു രണ്ടുപേർക്കും കൊടുത്തു. മഹാഭാഗന്മാർ ആ ദിവ്യചന്ദനം ഇഷ്ടംപോലെ പൂശി, അവളെ പരമസുന്ദരിയാക്കി.

വീണ്ടും, ആ സുകുമാരന്മാരായ സുമുഖന്മാർ സ്ത്രീകളാൽ വീക്ഷിക്കപ്പെട്ടുകൊണ്ട് തെരുവിലൂടെ നടന്നു ചങ്ങാതിമാരോടുകൂടി യാഗശാലയിലെത്തി. അവിടെ പൂജിച്ചുവച്ചിരുന്ന പള്ളിവില്ല് കടൽവണ്ണൻ കളിയായെടുത്തു മുറിച്ചു. അതു മുറിയുന്ന ശബ്ദം കേട്ടു വിവശനായ കംസൻ മല്ലത്തലവന്മാരെ വിളിച്ചു്, മന്ത്രിമാരുമായാലോചിച്ചു്, ചാണൂരനോടരചെയ്തു:—'അസുരരെയെല്ലാം കൊന്ന രാമകൃഷ്ണന്മാർ വന്നിട്ടുണ്ടു്; രാവിലെ മടിക്കുടാതെ മല്ലയുദ്ധത്തിൽ കൊല്ലണം. ...' ഇങ്ങിനെ കല്പനകൊടുത്തു ദൈത്യേന്ദ്രൻ ഭയംമൂലം അനുജരോടും അമാത്യരോടുംകൂടി വിക്കുന്ന പള്ളിമേടമേൽ കയറിക്കൂടി; കോട്ടവാതിലുകളിലും വഴികളിലുമൊക്കെ മത്തഗജങ്ങളേയും മല്ലന്മാരേയും നിറുത്തി. ഇതെല്ലാമറിഞ്ഞുവെങ്കിലും കൃഷ്ണൻ ആ രാത്രി ധീമാനായ രാമനോടും ക്രൂരകാരോടുംകൂടി യാഗശാലയിൽ പാർത്തു. നേരം പുലർന്നപ്പോൾ, വീരന്മാരായ രാമകൃഷ്ണന്മാർ ഉണർന്നെഴുന്നേറ്റു കുളിച്ചു് അതിരണങ്ങളിണ്ടു് ഊണുകഴിച്ചു്, ഗൃഹത്തിൽനിന്നു്, മഹാഗുഹയിൽ നിന്നു രണ്ടു സിംഹങ്ങളെന്നപോലെ, യുദ്ധത്തിനായി പുറപ്പെട്ടു. അരമനവാതിൽക്കൽ, കംസന്റെ ജയവർദ്ധനമായ കുവലയാപീഡമെന്ന മത്തമഹാഗജം ഹിമാദ്രിശൃംഗമെന്നപോലെ നില്പുണ്ടായിരുന്നു. വിണ്ണാനയുടെ ഗർവ്വകറുന്ന ആ ക്രൂരനാനയെ കേശവൻ, കേസരിയെന്നപോലെ, കളിയായി തുമ്പിക്കൈകൊണ്ടു തുമ്പിക്കൈപിടിച്ചു പൊക്കി വാട്ടം ചുറ്റിച്ചു നിലത്തേയ്ക്കു വീഴ്ത്തി. ആ കരുത്തേറിയ കുഞ്ജരം ഉടലെല്ലാം ഞെരിഞ്ഞു വല്ലാതെ നിലവിളിച്ചുംകൊണ്ടു നിലത്തുവീണു ചത്തു. രാമകൃഷ്ണന്മാർ ആ

Digitized By Kerala Sahitya Akademi

തിന്റെ ഇരുകൊമ്പുകളും പറിച്ചെടുത്തു മല്ലന്മാരോടു മല്ലാടാൻ പോർനിലത്തെത്തിച്ചേർന്നു. അവിടെ നിന്നിരുന്ന ദാനവന്മാരെല്ലാം പങ്കജാക്ഷന്റെ പരാക്രമം കണ്ടു പേടിച്ചോടി, രംഗപുരാന്റെ അന്തഃപുരത്തിൽക്കടന്ന വാതിൽ തഴുതിട്ട് അവിടെപ്പുളുങ്ങിക്കൂടി! കൃഷ്ണൻ കഞ്ഞിക്കാൽകൊണ്ടു വാതിൽ ഇടുപ്പിപ്പൊളിച്ചു വീഴ്ത്തി, അകത്തുകടന്ന് അവരെ മുച്ചൂടും പൊടിപടുത്തി.

എന്നിട്ടു വാസുദേവന്മാർ കംസന്റെ മാളികമേൽ കേറി, പോരിനൊഴറിക്കൊണ്ട് അതു വണ്ണമേറിയ അരമനക്കൊമ്പുകൊണ്ടു ചുഴറ്റുകയായി. അവിടെ പൊരുംക്രൂരന്മാരായ ചാണൂരനും മുഷ്ടികനുമാകുന്ന മല്ലന്മാർ നില്പുണ്ടായിരുന്നു. കംസൻ കയറിയ കൃഷ്ണബലഭദ്രന്മാരെ കണ്ടു ഭയപ്പെട്ടു ചാണൂരനെന്ന മല്ലത്തലവനോട്, 'ഇടയക്കുട്ടികളം രണ്ടിനേയും ഇപ്പോൾ കൊല്ലുക; തീർച്ചയായും എന്റെ രാജ്യത്തിൽ നേർപകുതി നിനക്കു തരാ'മെന്നു പറഞ്ഞു. അതു മല്ലന്മാർക്കു കൃഷ്ണൻ, പിള്ളത്താവത്തല്ലാത്ത ചട്ടയിട്ട മറെറാരു മഹാമേരുവായിത്തോന്നി; കംസനു കാലാഗ്നിയായും, സ്ത്രീകൾക്കു സാക്ഷാൽ കാമദേവനായും, അച്ഛനമ്മമാർക്കു കൊച്ചു പൈതലായും, ദേവന്മാർക്കു വിഷ്ണുവായും, ഗോപന്മാർക്കു സഖാവായും തോന്നി! അതു സർവ്വവ്യാപി അവിടെ പലരൂപത്തിൽ ദർശിക്കപ്പെട്ടു. വസുദേവൻ, അക്രൂരൻ, നന്ദഗോപൻ എന്നീ മാന്യന്മാർ പെരുംപട കാണ്മാൻ മറെറാരു മാളികയിൽ കേറി. ദേവകി അന്തഃപുരത്തിൽ സ്ത്രീകളോടുകൂടി ബാഷ്പം നിറഞ്ഞ കണ്ണുകൾകൊണ്ട് ഉണ്ണിയുടെ കാമമുഖം നോക്കിക്കൊണ്ടിരിക്കയായിരുന്നു; ദേവിയെ ആ സ്ത്രീകൾ ആശ്വസിപ്പിച്ചു മറെറാരകത്തു കൊണ്ടുപോയ്ക്കളഞ്ഞു. ദേവകൾ ആകാശത്തു വിമാനങ്ങളിൽനിന്നു പുണ്ഡരീകാക്ഷനെ ജയശബ്ദംകൊണ്ടു പുകഴ്ത്തി. മരുത്തുകൾ, 'കംസനെ കൊല്ലുക' എന്നു വിളിച്ചുപറഞ്ഞു.

അരങ്ങു പൊരുംപറയടിക്കപ്പെട്ടു; കെല്പേറിയ മല്ലക്രൂരന്മാർ യുദ്ധസിംഹരോടു നേരിട്ടു. ചാണൂരനോടു കൃഷ്ണനും മുഷ്ടികനോടു ബലഭദ്രനും, കൂനുള്ളും വെളുത്തുള്ളമായ രണ്ടു പോത്തുപോലെ പോരാടി. മല്ലപ്പയറിന്നെത്ര മുഷ്ടിപാദപ്രഹരങ്ങളാൽ ഘോരമായ അരങ്ങും വാനവരെക്കൂട്ടി പേടിപ്പിച്ചു! വേണുഗോപാലൻ ചാണൂരനുമായി കുറേനേരം കളിയാടിയിട്ട്, അവന്റെ ശരീരം പൊക്കി നിലംപൊത്തിച്ചു; ആ ദേവാസുരശ്രഷ്ഠനായ പെരുമല്ലൻ വളരെ ചോര കക്കിക്കൊണ്ടു ചത്തുമലച്ചു. മുഷ്ടികനെ രാമനും മുഷ്ടി

Digitized By Kerala Sahitya Akademi

കംകൊണ്ടു മാറത്തടിച്ചു്, അന്ധികളും സ്നായുബന്ധങ്ങളും നുറുക്കി, മണ്ണിൽ വീഴിച്ചു. ഈ പരാക്രമം കണ്ടു ബാക്കി മല്ലരെല്ലാം കതികെട്ടിച്ചു. കംസനെ കടുത്ത ഭയവും ഖേദനയും ബാധിച്ചു. ഉടനെ ഉർജ്ജസ്വരായ രാമകൃഷ്ണവീരന്മാർ മാളികമുകളിലേയ്ക്കു ചാടിക്കയറി. കൃഷ്ണൻ കംസനെ തൃക്കൈകൊണ്ടുതന്നെ താഡിച്ചു മാളികമേൽ നിന്നു താഴത്തു വീഴിച്ചു; അവൻ ഉടലെല്ലാം തെരിഞ്ഞു് ഉയിർ വെടിഞ്ഞു. അവന്റെ അനുജനായ സുനാമാവിനെ രാമനും മുഷ്ടിപ്രഹരത്താൽ നഷ്ടജീവിതനാക്കി.

പിന്നീടു രാമകൃഷ്ണന്മാർ അച്ഛനമ്മമാരുടെ അടുക്കൽച്ചെന്നു ഭക്തിപൂർവ്വം നമസ്കരിച്ചു; പുത്രലാലസരായ ദേവകീവസുദേവന്മാർ അവരെ തെരുതെരെപ്പുണർന്നു സ്നേഹത്തോടെ മൂർദ്ധാവിൽ നകർന്നു. ദേവകിയുടെ അമ്മിഞ്ഞപ്പാൽ ഉണ്ണികളുടെ മേൽ ഇറ്റിറ്റു വീണു! മാതാപിതാക്കളെ ആശ്വസിപ്പിച്ചു രാമകൃഷ്ണന്മാർ പുറത്തേയ്ക്കിറങ്ങി. അപ്പോൾ വാനത്തു വിണ്ണവപ്രഭുപോരകം മുഴങ്ങി; ദേവശ്രേഷ്ഠന്മാർ പൂമഴ പൊഴിച്ചു്, മരുദ്ഗണങ്ങളോടുകൂടി മാധവനെ സ്തുതിച്ചു്, മനസ്സു തുലോം കളിച്ചു്ചു് സ്വന്തം ലോകങ്ങളിലേയ്ക്കു മടങ്ങിപ്പോയി. ധർമ്മാത്മാവായ കൃഷ്ണനും ബലഭദ്രനും നന്ദാദിഗോപവൃദ്ധന്മാരെ നമസ്കരിച്ചു സസന്തോഷം കെട്ടിപ്പുണർന്നു. നന്ദഗോപനെ നാരായണൻ വളരെ ധനരത്നങ്ങൾ സമ്മാനമായിക്കൊടുത്തു; മറ്റു ഗോപവൃദ്ധരേയും വസ്ത്രാഭരണാദികൾകൊണ്ടും വളരെ ധനധാന്യങ്ങൾകൊണ്ടും സംതൃപ്തിപ്പെടുത്തി. എന്നിട്ടു് കൃഷ്ണനാൽ യാത്രയാക്കപ്പെട്ട നന്ദഗോപാദികൾ സന്തോഷത്തോടും സന്താപത്തോടും കൂടി ദിവ്യമായ ഗോകുലത്തിലേയ്ക്കു തിരിച്ചു.

അതിനുശേഷം രാമകൃഷ്ണന്മാർ മാതാമഹന്റെ അടുക്കൽ പോയി അദ്ദേഹത്തെ ബന്ധനത്തിൽനിന്നു വിടുവിച്ചു്, വീണ്ടും വീണ്ടും ആശ്വസിപ്പിച്ചു്, ആ രാജ്യത്തിന്റെ രാജാവാക്കി അഭിഷേകം ചെയ്തു; ദേവിജോത്തമരെക്കൊണ്ടു കംസന്റെ ശേഷക്രിയ കഴിപ്പിച്ചു; അക്രൂരാദി യദുപുംഗവരെ രാജ്യത്തുറപ്പിച്ചു ഭൂമിയെ ധർമ്മത്താൽ പരിപാലിച്ചു.

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, ശിവപാർവ്വതീസംവാദത്തിലുള്ള മാഘമാസമഹാത്മ്യം, ദശാവതാരപ്രകരണം, കൃഷ്ണചരിതസംഗ്രഹം, കംസവധകഥനം എന്നിവയുൾപ്പെട്ട നൂറ്റിനാല്പത്തിരണ്ടാമദ്ധ്യായം.

:0:

Digitized By Kerala Sahitya Akademi

ഇരുന്നൂറെഴുപത്തിമൂന്നാമദ്ധ്യായം

ശിവൻ:—

(കാകളി)

ദുഷ്ടനാം കംസനെക്കൊന്നതുകേട്ടിട്ട
തട്ടാമതാതൻ ജരാസന്ധനുർജ്ജിതൻ
എണ്ണമില്ലാത്ത പടമേക്കുപുമായ്വന്ന
കണ്ണനെക്കൊൾവാൻ വളഞ്ഞു മഥുരയെ.
നന്ദകുമാരരരമനതന്നുള്ളിൽ–
നിന്നു പുറത്തെയ്യിറങ്ങിനോക്കുംവിധൌ,
ആന കുതിരകൾ രിങ്ങുംപെരുംപട
കാണായ് പരന്നനിൽക്കുന്നതു ചൂഴവേ!
തൻനിത്യസൂതനെസ്സംസ്മരിച്ചാൻ ഹരി;–
യന്നേരമേ വിഷ്ണുസാരഥി ദാരുകൻ
ശൈബ്യസുഗ്രീവാദിവാജിസംയുക്തവും
ശംഖചക്രാദികടിവ്യായുധാഢ്യവും
വൈനതേയക്കൊടി പാറുന്നതുമായ
വാനവന്മാക്കുമജയ്യമാം തേരുമായ്
മന്നിലിറങ്ങിവന്നീശനെക്കുമ്പിട്ട
മുന്നിൽ നിറുത്തിനാൻ മിന്നുംമഹാരഥം.
കണ്ണൻപ്രസാദമുൾക്കൊണ്ടു വലത്തുവെ–
ച്ചണ്ണനൊന്നിച്ചുരഥത്തിലേറിത്തലാ
നാലുപുകൈപൊണ്ടു ശംഖുചക്രംഗദ
വാളുമായ്ക്കുണ്ഡലമാല്യകിരീടിയായ്
ആടിതേയാളിയാൽ സംസ്തുയമാനനാ–
യായോധനത്തിനു നേക്കെഴുന്നള്ളിനാൻ.
പീനപരാക്രമൻ രോഹിണീനന്ദനൻ–
താനും മുസലഹലങ്ങളുംകൈക്കൊണ്ടുടൻ
പറവലർസ്സേനയെക്കൊൾവാനൊരുങ്ങിനാൻ
മറെറാരു സംഘോരരുദ്രൻ കണക്കിനേ!

* രാമകൃഷ്ണന്മാരുടെ ഉപായനവിദ്യാഭ്യാസാദികൾ വടക്കു-മദ്ധ്യയേന്ത്യയിൽ ഇപ്പോഴും.

Digitized By Kerala Sahitya Akademi

എതുയും വേഗത്തിലപ്പുരംതേരിനെ
യുദ്ധാങ്കണത്തിൽ നടത്തിനാൻ്ദോരുകൻ:
പൊന്ത ചെടി പുൽകരംതാങ്ങുമടവിയിൽ—
ച്ചെന്തീയിനെപ്പവമാനൻകണക്കിനേ.
മുൽഗരശക്തിപരിഘഗദകളാൽ
മൂടിനാരത്തേർ ജരാസന്ധസൈനികർ;
ആയവയൊട്ടക്കെരിച്ചാൻ സമീലമായ്
മായാമനുഷ്യൻ സുദർശനംകൊണ്ടുതാൻ:
കേറിപ്പടർന്ന ഹുതാശനൻ ജ്വാലയാ—
ലേറിയ പുൽമരമുട്ടികരംപോലവേ;
എന്നിട്ട, ശാർങ്ഗമാം പള്ളിവിലില്ലെന്തിനി-
ന്നെണ്ണിയാൽത്തീരാത്ത തീക്ഷ്ണബാണങ്ങളാൽ
എയ്യുന്നുക്കിനാനച്ചമൂവൃന്ദത്തെ—
യേതുമൊരാളുമറിയാത്തവണ്ണമേ!
ചക്രഘാതാൽ മുറിപ്പെട്ടു ചിലർ; ചില-
രുഗ്രമാം പോരിൽപ്പൊടിഞ്ഞു ഗദാദിയാൽ;
വൈശ്വമാർന്നു വിശിഖങ്ങളാൽചിലർ;
വാഹവീശൽകൊണ്ടു നുറുങ്ങി മറു ചിലർ;
കണ്ടും ചിലക്കു കലപ്പയാൽ ഭഗ്നമായ്;
വിണ്ടു മുസലമേറന്യക്കു മസ്തകം.
ആപ്പടയെക്ഷണാൽസ്സംഹരിച്ചച്യുത—
നങ്ങുശംഖ്ധ്വനി യുഗാന്താശനിസ്വനം;
ശംഖധ്വനികേട്ടു നെഞ്ഞുവിണ്ടശേഷ—
സംഘവുമായ് ച്ചത്തുവീണ പോരാളികം.
അശ്വരഥേഭസമൂഹമായിര—
മക്ഷൗഹിണീബലമർജ്ജയാമന്തരേ
കൊന്നൊടുക്കപ്പെട്ട കൃഷ്ണനൊരുത്തനാൽ;
നന്ദനനെന്നലർത്തുകീ സുദർമുദാ.
ദ്രുതമൊക്കയും പോക്കിധരാധരൻ
ശോഭിച്ച ദേവസ്തുതനായ് രണാങ്കലേ.

സേനാക്ഷയംകണ്ടു രാമനോടേറിതു
മാനിജരാസന്ധനാശ്വ പൊരുതുവാൻ;
രഥപാർകളിൽപ്പി ർതിരിയാത്തവരാമവർ
ഭീകരയുദ്ധം തുടങ്ങിനാർ തങ്ങളിൽ.

Digitized By Kerala Sahitya Akademi

ശ്രീരൌഹിണേയൻ കരികൊണ്ടവൻറെതേർ
സാരഥിയെത്തടർമന്നിൽ വീഴിച്ചുടൻ,
അബ്ബലവാനെപ്പിടിച്ചു. വധിയ്ക്കുവാ-
നത്തുതശൌര്യനലക്കയോങ്ങീടിനാൻ;
ജനയെസ്സിംഹംകണക്കു, ഹലായുധൻ
പ്രാണസന്ദേഹത്തിലാക്കിയ മന്നനെ
കണ്ണണ്ണനോട്ട കൊല്ലായ്കെന്നരചെയ്തു
കൊണ്ടൽവണ്ണൻ വിടുവിച്ചാൻ മഹാശയൻ.
വൈരിയെ വിട്ടയച്ചണ്ണനും തമ്പിയും
തേരിൽക്കരേറി മഥുരയുംപ്പുകിനാർ.

കൃഷ്ണനാമജ്വരാസന്ധൻ ബലവീര്യ-
പുഷ്ടനാം കാലയവനൻറെ സന്നിധൌ
ചെന്ന വസുദേവപുത്രൻതൻ വിക്രമ-
മൊന്നൊഴിയാതറിയിച്ചാൻ യഥാക്രമം.
കൃമ്മദമേവം യവനനതിൽച്ചൊടി-
ച്ചുമ്മാഗധനെത്തുണപ്പാനവനുമായ്,
നാടൊക്കെ വീയ്ക്കുവൻ ശൂന്യമുപ്പടകളാൽ
മൂടിവന്നെത്തി വളഞ്ഞാൻ മഥുരയെ.
കണ്ണനോ, പുരന്ദരൻതൻ ക്ഷേമമോർത്താ,ബുധി-
തന്നോടു മുപ്പുര യോജന മന്നിടം
അത്ഭുതമുണ്ടാക്കിയജനങ്ങൾക്കു പാർക്കുവാ-
നത്തുരുത്തിങ്കൽച്ചുമച്ചാനൊരുപുരം:
ഏറിയ മേടകം, പൊൻമതിൽ തോരണം,
ഭൂരിവിധരത്നാദിവ്യഗൃഹങ്ങളും,
സുന്ദരോദ്യാനതടാകങ്ങളും ചുഴ-
ന്നിന്ദ്രപുരിപോലെ ശോഭിച്ചിതപ്പുരി.
അദ്ധ്വാരകയിലണച്ചാൻ ക്ഷണാൽ, നിശി
നിദ്രാവശരാം ജനങ്ങളെക്കേശവൻ;
പിന്നീടറക്കുണന്നപ്പൊഴക്കുട്ടർ
പൊന്നുംഗമ്പുങ്ങളിലാണെന്നൊരത്ഭുതം!
തത്ര ധനധാന്യദിവ്യവിഭൂഷണ-
വസ്തുപൂർണ്ണങ്ങളാം വന്മന്ദിരങ്ങളിൽ
സ്വസ്ഥരായ് മേവിനാർ വിണ്ണിലസ്സുരർപോലെ
പുതുദാരാഢ്യരപ്പൌരരെല്ലാംമുദാ.

Digitized By Kerala Sahitya Akademi

വന്നാർ മഥുരയിൽനിന്നു വെളിക്കടു
നന്ദകുമാരർ യവനനായ്പ്പോരിടാൻ.
സീരമുസലങ്ങളേന്തി മഹാരഥൻ
ശ്രീരാമനുമെരിതീയെതിരുകം
വില്ലിൽത്തൊട്ടുത്തെയ്തു വിശ്വംഭരേശനു-
മെല്ലാംമുടിച്ചുവൻയവനപ്പടകളെ.
എന്നതുകണ്ടു യവനൻ മഹാബലൻ
ചെന്നഗദയാൽ പൊരുതീമുകുന്ദനായ്.
ഒട്ടുനേരമടർചെയ്തുപ്പടക്കളം
വിട്ടുതിരിഞ്ഞോടി കൃഷ്ണൻ നിരാമയൻ;
നില്പുനില്ലെന്നാത്തുകൊണ്ടു യവനനും
മല്ലമഥനനെപ്പിൻതുടന്നോടിനാൻ.
ചിക്കെന്നൊരു ഗിരിഗഹ്വരമുൾപ്പുക്ക
ചിൽക്കാതലായ മഹാത്മാവു മാധവൻ
തത്കിടന്നുറങ്ങുന്ന മുചുകുന്ദ-
പൃഷ്ഠദേശമർഷിതൻ പാശ്വേ പതുങ്ങിനാൻ;
കണ്ണനെക്കൊൽവാൻ ഗദയുമായ്ത്തോങ്ങിയ-
ക്കുന്മദം പൂക്ക കുരുത്തൻ യവനനോ,
ശ്രീമുചുകുന്ദനെ ഗോവിന്ദനെന്നോർത്തു
സാമർഷനായ്ക്കഴൽ പൊക്കിച്ചവുട്ടിനാൻ!
ഞെട്ടിയുണർന്മുനിയൊരു ഹുങ്കാര-
മിട്ടിതു കോപാൽത്തുടുത്തുള്ള കണ്ണുമായ്;
അത്തീവ്രഹുംകാരരോഷനോട്ടങ്ങളാൽ
ചത്തുവെൺചാമ്പലായ് ംലേച്ഛരാജനവൻ!
ആ മുചുകുന്ദർഷി പിന്നീടു മുന്നിലായ്-
ത്തുറിഞ്ഞളാടയുടുത്ത മുകുന്ദനെ,
ശംഖഗദാചക്രപാണിയെ, നീലാബ്ജ-
സംകാശവർണ്ണനെ,ത്താമരക്കണ്ണനെ
കണ്ടുപിടിതെറ്റെഴുന്നോരുടൽ കോരുമയിർ-
ക്കൊണ്ടും പരാനന്ദബാഷ്പമൊഴുകിയും,
'ഭാഗ്യ,മഹോ ഭാഗ്യ'മെന്നു, തെരുതെരെ-
ക്കാൽക്കൽവീണു ജയം ചൊല്ലിപ്പുകഴ്ത്തിനാൻ:—
ധന്യനായ് ഞാൻ കൃതകൃത്യനായ,ങ്ങയെ
മുന്നിലീക്ഷിക്കയാൽ ശ്രീപരമേശ്വര!

Digitized By Kerala Sahitya Akademi

ഇന്നെന്റെ ജന്മമമോഘം; സഫലമാ-
സ്സന്നിധൗ മാമകജീവിതവും ഹരേ!
വാസുദേവ, തൊഴാം ശാർങ്ഗിൻ, ജഗൽപതേ!
ഭാസാം നിധേ, ശാന്ത, ദാമോദര, തൊഴാം!
ശ്രീമന്നധോക്ഷജ നാരസിംഹാകൃതേ,
താമരക്കണ്ണ, രഘൂദ്വഹ, കൈതൊഴാം!
കൃഷ്ണാച്യുതാനന്ത, ഗോവിന്ദ, ജിഷ്ണുവായ്
വിഷ്ണുവാമങ്ങയ്ക്കു നിർവികാര, തൊഴാം!
നാരായണ, പരാത്മാവേ, ചതുർവ്യൂഹ,
താരിൽമാതിൻമണവാളനേ, കൈതൊഴാം!
ഹേ, വിശ്വമംഗള, പൂർണ്ണകല്യാണനേ,
ദേവ, മുകുന്ദ, യദുപതേ, കൈതൊഴാം!'
തൃഷ്ണനായ് രാജർഷിയോട്, വരിച്ചകൊടും-
കിഷ്ടവര'മെന്നരുളിനാനീശ്വരൻ;
അദ്ദേഹമാവൃത്തിയില്ലാത്ത മുക്തിയാ-
ണത്രിച്ചതു,പുടമേകിനാനച്യുതൻ:
മർത്ത്യമെയ് വിട്ടാ മനീഷിയാം മന്നവൻ
ചിത്തതപുരുപന്റെ സാരൂപ്യമാണ്ടവൻ
പത്രിരാജന്റെ പുറത്തുകേറി, ക്ഷയ-
മെത്താത്ത ദിവ്യമാം ലോകമുൾപ്പുകിനാൻ!

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, ദിലീപവസിഷ്ഠന്മാർത്തോമാ മഹേശ്വരസംവാദം, ദശാവതാരപ്രകരണം, കൃഷ്ണചരിതസംഗ്രഹം മുചുകന്ദമുക്തികഥനം ഇരുന്നൂറെറഴുപത്തിമൂന്നാമദ്ധ്യായം.



ഇരുന്നൂറെറഴുപത്തിനാലാമദ്ധ്യായം

ശിവൻ:—കൃഷ്ണൻ ഗുഹയ്ൽനിന്നു പുറത്തേയ്ക്കു പോന്നു. യവനനെ കൊന്നതു കേട്ടിട്ട്, ഉരാത്മാവായ ജരാസന്ധൻ, തന്റെ സേനയാൽ പരിവൃതനായി രാമകൃഷ്ണന്മാരോടു പൊരുതി നോക്കി. എന്നാൽ ആ സൈന്യവും കൃഷ്ണനാൽ കൊന്നൊടുക്കപ്പെട്ടു; മഗധേശനും മോഹാലസ്യപ്പെട്ട നിലത്തു പതിച്ചു! കുറേനേരംകൊണ്ടു ബോധംവന്നപ്പോഴാകട്ടെ, ദേഹം കുഴഞ്ഞു പേടിച്ചരണ്ട ജരാസന്ധൻ രാമനോടു പോർപൊരുതാൻ ആളാകാതെ, ചത്തു ശേഷിച്ച പടയെ

Digitized By Kerala Sahitya Akademi

മായി പിന്തിരിഞ്ഞോടി; മഹാബലരായ രാമകൃഷ്ണരെ ജയിക്കാൻ വയ്യെന്നു കണ്ടു്, അയാൾ അവരോടു പിണക്കം വെടിഞ്ഞു്, സ്വന്തം രാജധാനിയിൽ ചെന്നു പാർത്തു. വസുദേവപുത്രന്മാർ സൈന്യത്തോടൊന്നിച്ചു മഥുര വിട്ടു ദ്വാരകയിലേയ്ക്കു പുറപ്പെട്ടു.

അവിടെ, വാസവനയച്ച വായു വിശ്വകർമ്മനിർമ്മിതമായ ദേവസഭ വാസുദേവനു കൊണ്ടുകൊടുത്തു. വജ്രവൈഡൂര്യവിരചിതങ്ങളായ വിചിത്രാസനങ്ങൾകൊണ്ടും പലതരം രത്നങ്ങൾകൊണ്ടും പതിച്ച ദിവ്യകനകകവാടങ്ങൾകൊണ്ടും പരിശോഭിച്ചിരുന്ന ആ മനോഹരസഭയിൽ, ഉഗ്രസേനാദിരാജാക്കന്മാർ പെരുരോടൊന്നിച്ചു്, സ്വർഗ്ഗത്തിൽ ദേവകളെന്നപോലെ വിഹരിച്ചുപോന്നു.

ഇക്ഷ്വാകുകുലത്തിലെ രൈവതനെന്ന രാജാവു്, തന്റെ മകളായ ലക്ഷ്മണമെല്ലാം തികഞ്ഞ രേവതിയെ രാമനു കൊടുത്തു; ബലദേവൻ, ആ സുന്ദരിയെ യഥാവിധി വിവാഹംചെയ്തു്, അവളോടുകൂടി, ശചിയോടൊന്നിച്ചു ശക്രനെന്നപോലെ രമിച്ചു.

ധർമ്മാത്മാവായ ഭീഷ്മകനെന്ന വിദർഭരാജാവിനു്, രുഗ്മിപ്രഭൃതികളായ പുത്രന്മാരുടെ കനീയസിയായി, രുഗ്മിണി എന്നൊരു വരവർണ്ണിനിയായ മകളുണ്ടായിരുന്നു. അവൾ ലക്ഷ്മിയുടെ അംശമാണു്; ശ്രീദേവി രാമാവതാരത്തിൽ സീതയായും കൃഷ്ണാവതാരത്തിൽ രുഗ്മിണിയായും പിറന്നു; മറ്റവതാരങ്ങളിലും ദേവി വിഷ്ണുവോടു പിരിയുകയില്ല. മഹാബലപരാക്രമന്മാരായ ഹിരണ്യകശിപു ഹിരണ്യാക്ഷന്മാർ വീണ്ടും ദ്വാപരത്തിൽ, ശിശുപാലനും ദന്തവക്ത്രനുമെന്നപോലെ ചൈദ്യകുലത്തിൽ ജനിച്ചിട്ടുണ്ടായിരുന്നു. രുഗ്മിണിയെ ശിശുപാലനു കൊടുക്കാൻ രുഗ്മി നിശ്ചയിച്ചു; ആ സുമുഖിക്കാകട്ടെ, ശിശുപാലൻ സമ്മതനായിരുന്നില്ല. ബാല്യംമുതൽക്കേ കൃഷ്ണങ്കൽ അനുരക്തയായിരുന്ന അവൾ ദൃഢവ്രതത്തോടെ, കൃഷ്ണൻ ഭർത്താവാകാൻവേണ്ടി ദേവകളെ പൂജിച്ചും പല ദാനങ്ങൾചെയ്തും നോമ്പുകളും നോറ്റും അതീന്ദ്രിയനായ പുരുഷോത്തമനെ സ്വഭർത്താവായി ധ്യാനിച്ചും പിതൃഗൃഹത്തിൽ പാർത്തുപോന്നു. ഭീഷ്മകൻ ധീമാനായ പുരോഹിതനോടൊന്നിച്ചു ശിശുപാലനെക്കൊണ്ടുതന്നെ വേൾപ്പിക്കാൻ ഒരുക്കം കൂട്ടി. രുഗ്മിണി പുരോഹിതപുത്രനായ ബ്രാഹ്മണനെ ഭർത്താവായ വാസുദേവന്റെ അടുക്കലേയ്ക്കയച്ചു; അയാൾ വേഗത്തിൽ ദ്വാരകയിൽച്ചെന്നു രാമകൃഷ്ണന്മാരെക്കണ്ടു്, അവരാൽ യഥാവിധി സൽക്കൃതനായിട്ടു രുഗ്മിണിയുടെ സന്ദേശം ശ്രദ്ധമായറിയിച്ചു. അപ്പോഴത്തെന്നെ, ആ പുരുഷോത്തമന്മാർ ശസ്ത്രാസ്ത്രങ്ങളെല്ലാം നിറഞ്ഞ അതികായഗാമിയായ

Digitized By Kerala Sahitya Akademi

പള്ളിത്തേരിൽ കേറി, മഹാത്മാവായ ദാരുകനാകുന്ന സാരഥിയേയും തെക്കൊണ്ടു തെളിപ്പിച്ച്, വിദർഭനഗരിയിലേയ്ക്കു പോന്നു. വിശ്വനാഥനായ ശിശുപാലന്റെ വിവാഹം കാണ്മാൻ എല്ലാ രാജ്യങ്ങളിൽനിന്നും രാജാക്കന്മാർ—ജരാസന്ധാദികളായ സകലരും—വന്നുചേർന്നിട്ടുണ്ടായിരുന്നു. വിവാഹസമയം സമീപിച്ചപ്പോൾ, രുക്മിണി പൊൻപണ്ടങ്ങളണിഞ്ഞു, സഖിമാരൊന്നിച്ച്, ഉദ്യാനത്തെ തൊഴുവാൻ നഗരത്തിനു പുറത്തേയ്ക്കു പുറപ്പെട്ടു. ആ ലാഞ്ഛനൻ മധുസൂദനൻ അവളെ ചെന്നു കൈക്കു പിടിച്ചു ചിക്കെന്നു തേരിൽക്കേറി, സ്വഗൃഹത്തിലേയ്ക്കു തിരിച്ചു. അതിൽ ക്ഷുണ്ടി പിടിച്ച ജരാസന്ധാദിരാജാക്കന്മാർ യുദ്ധത്തിന്നിറങ്ങി, രാജപുത്രനായ രുക്മിയോടൊന്നിച്ച്, നാലംഗപ്പടകളുമായി നാരായണനെ പിന്തുടർന്നു.

മഹാബലനായ ബലഭദ്രൻ പള്ളിത്തേരിൽനിന്നിറങ്ങി, കലപ്പയും ഉലക്കയുമെടുത്തു പോരിൽ തേരാനകം നിരകാലാളുകളെ തകർക്കയായി. രഥങ്ങളും ഗജങ്ങളും സീരപ്രഹാരത്താൽ പൊടിഞ്ഞു, വങ്കുമേറ പർവ്വതങ്ങൾക്കൊപ്പം നിലത്തു പതിച്ചു. ഏവരും തല പൊളിഞ്ഞു ചോര കക്കിത്തുടങ്ങി. ക്ഷണനേരംകൊണ്ട് ആ ചതുരംഗസൈന്യം ചമ്മന്തിയായിപ്പോയി! മുറവും ചോരച്ചുഴ തള്ളിയൊലിച്ചു! പരിക്കേറ്റ പാർത്ഥിവന്മാരെല്ലാം പേടിരണ്ടു കുതികുതിച്ചു! കരുത്തനായ രുക്മി കൃഷ്ണനോടു യുദ്ധം ചെയ്തു. അയാൾ വില്ലു വളച്ചു ശാർങ്ഗിയുടെ മേൽ ശരനികരം അഞ്ഞെയ്തു: പുരുഷോത്തമൻ പുഞ്ചിരിക്കൊണ്ടു വില്ലെടുത്തു കളിയായി ഒരൊറ്റശരംകൊണ്ടു രുക്മിയുടെ തേർക്കുതിരകളേയും സാരഥിയേയും വധിച്ചു; തേർ, കൊടിമരം, കൊടിക്കുറ എന്നിവയും മുറിച്ചു. തേരുടഞ്ഞപ്പോൾ രുക്മി ഒരു വാളെടുത്തു നിലത്തു നിലക്കൊണ്ടു; വാളും കരവുംകൊണ്ടു കാവ്ണ്ണൻ ഖണ്ഡിച്ചു. അപ്പോൾ രുക്മി കൈചുരുട്ടി മാധവന്റെ മാറത്തിടിച്ചു; അതോടുകൂടി, കൃഷ്ണൻ അയാളെ മുറുകെപ്പിടിച്ചു നിത്തി, മൂർച്ചയേറിയ കത്തിയുകൊണ്ട് തല ചിരച്ചുവിട്ടു! അതിൽ സങ്കടപ്പെട്ട് അയാൾ പാമ്പിനെപ്പോലെ ചീറുകയായി. രുക്മി പിന്നെ തന്റെ അരമനയിലേയ്ക്കു പോകയുണ്ടായില്ല; ആ സ്ഥലത്തുതന്നെ പാർത്തതേ ഉള്ളൂ.

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, ദിലീപവസിഷ്ഠ സംവാദത്തോടും മഹേശ്വരസംവാദം, ദശാവതാരപ്രകരണം ശ്രീകൃഷ്ണചരിതസംഗ്രഹം, രുക്മിണീഹരണം ഇവയടങ്ങിയ ഇരുന്നൂറെറഴുപത്തിനാലദ്ധ്യായം.

—0—

Digitized By Kerala Sahitya Akademi

ഇരുന്നൂറ്റെഴുപത്തഞ്ചാമദ്ധ്യായം

ശിവൻ:—

(കേകം)

സീരിസംയുതൻ കൃഷ്ണൻ രുഗ്മിണിയേയുംകൊണ്ടു,
ദ്വാരകൻ തെളിക്കുന്ന ദിവ്യമാം രഥമേറി
ദ്വാരകാപുരിപുക്കു, സുദിനേ സുലഗ്നത്തി-
ലാരാജകുമരിമാരെ വേദോക്തരീത്യാ വേട്ടാൻ.
അപ്പൊഴ്തുകാരുത്തു വിണ്ണെഴുംപറകൊട്ടി-
പ്പുഷ്പവൃഷ്ടികൾ തൂകീ വാനവത്തലവന്മാർ.
ഉഗ്രസേനനും വസുദേവനും താലാങ്കനു-
മക്രൂരപ്രമുഖരാം യാദവേന്ദ്രരും ക്രൂടി
ക്കെയും വെടിപ്പിലാംവണ്ണമേ കഴിപ്പിച്ചു
രുഗ്മിണീനാരായണന്മാരുടെ പരിണയം.
വന്നുചേർന്നിരുന്ന മെയ്ക്കോപ്പണി മടവാർക-
ളൊന്നിച്ചു യശോദയും നന്ദാദി ഗോപന്മാരും.
ദേവകി, വസുദേവജായ രോഹിണീദേവി,
രേവതിയിവർ മറ്റു പൗരസ്ത്രീകളോടൊപ്പം
ഉദ്വാഹച്ചടങ്ങെല്ലാം നടത്തീ: ദേവാർച്ചനം
വൃദ്ധരാജന്തിമാരൊത്തു ദേവകി മുദാ ചെയ്താൾ.
സദ്യയുണ്ടാഹ്ലാദിച്ചു ശ്രീരമണരു, രുഗ്മി
സഭാസ്ഥാരണങ്ങളും പരക്കെ നൽകപ്പെട്ടു;
നന്ദനും യശോദയ്ക്കും മറ്റുഗോപർക്കും പാരം
നന്ദിക്കുമാറങ്ങേകീ പൊന്മണിവ്രീഷാദ്രികൾ
ഒക്കെയും മഹോത്സവാ- മാ മധുരമണന്മാർ
തൃക്കൈകളാൽ കൊണ്ടുചിടിച്ചഗ്നിയെ വലംവെച്ചാർ;
വേളഞ്ഞടിജേന്ദ്രരാശിസ്സു ചൊല്ലപ്പെട്ട
വേദിമൽ വിളങ്ങിനാരെത്രയും വണക്കത്തിൽ;
ആരണർ പുഷ്പവൃഷ്ടേരഗ്രജൻ മുതൽപേരെ-
ട്ടാരസംയുതനായിപ്പുണിഞ്ഞാൻ ദാമോദരൻ.
ഇങ്ങിനെ വേളിച്ചടങ്ങൊക്കെയും കഴിച്ചീശ-
നങ്ങു വന്നണഞ്ഞോരെ യാത്രയാക്കിനാൻ പ്രീത്യാ:
സ്വസ്ഥാനങ്ങളിലേയ്ക്കു ഗമിച്ചാർ സൽക്കാരമേ-
റുമരാപാലന്മാരുമന്തണപ്രവരരും.

Digitized By Kerala Sahitya Akademi

ധർമ്മാത്മാവഥ കൃഷ്ണൻ രുഗ്മിണ്യായോട്ടം ക്രൂടി,-
പ്പൊന്മലർമാതൊന്നിച്ചു പരമപുമാൻപോലെ,
വാണത്തു സുരരാലും മുനിമാരാലും സ്തുത്യ-
മാനനായ്,നരദിനമാനന്ദിതാത്മാവായി,
ദ്വാരകാപുരിയിങ്കൽവ്വിവ്യമാം പ്രസാദത്തിൽ
സൈരമാസ്സിലയാടിക്കൊണ്ടു വാണരുളിനാൻ.

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, ദിലീപഖനിഷ്ട
സംവാദാന്തർഗ്ഗതോമാമഹേശ്വരസംവാദം, ശ്രീപതിയാരാപ്രകരണം
കൃഷ്ണചരിതസംഗ്രഹം, രുഗ്മിണീപരിണയം ഇരുന്നൂറൊഴപത്താറാമദ്ധ്യായം.

0

ഇരുന്നൂറൊഴപത്താറാമദ്ധ്യായം.

ശിവൻ:—സത്രാജിത്തിന്റെ മകനും, ഭൂമിയുടെ അംശത്താൽ പിറന്ന സത്യഭാമ എന്ന യശസ്വിനി കൃഷ്ണന്റെ രണ്ടാമത്തെ ഭാര്യയായി; സൂര്യന്റെ മകനും, ലീലയുടെ അംശത്താൽ പിറന്ന കാളിന്ദി എന്ന സൌഭാഗ്യവതി മൂന്നാമത്തെ ഭാര്യയായി; മിത്രാനുവിന്ദന്റെ പുത്രിയായ മിത്രവിന്ദ എന്ന സുമുഖിയെ വാസുദേവൻ സ്വയംവരത്തിൽവെച്ചു പരിഗ്രഹിച്ചു: അടക്കിനിന്നാവതല്ലാത്ത ഏഴു കാളകളെ ഒരുമയർകൊണ്ടു ബന്ധിയ്ക്കുക എന്ന പന്തയം സാധിച്ചാണു് അവളെ വേട്ടതു്.

സത്രാജിത്തു് എന്ന രാജാവു് പ്രസേനന്നു കൊടുത്ത സ്യമന്തകം എന്ന മഹാരത്നം ഒരിക്കൽ കൃഷ്ണൻ ആവശ്യപ്പെട്ടു. "നാംതോറും എട്ടുഭാരം സ്വർണ്ണമുണ്ടാകുന്ന രത്നമാണു് ഈ സ്യമന്തകം; ഞാനാക്കും കൊടുക്കുകയില്ല" എന്നായിരുന്നു പ്രസേനന്റെ മറുപടി! മധുസൂദനൻ ഒന്നും മിണ്ടിയില്ല. ഒരുനാൾ കൃഷ്ണൻ കരുതിയപ്രകാരം പ്രസേനാടി യദുത്തമന്മാരോടുകൂടി വേട്ടയ്ക്കായി വൻകാട്ടിലേയ്ക്കു പോയി. അവർ പെരുവെറും മൃഗങ്ങളെ പിൻതുടർന്നു നടന്നു; അതിൽ പ്രസേനൻ തനിയെ ദൂരത്തുപെട്ടു. ഒരു സിംഹം നേരിട്ടു ചാടി അയാളെ കൊന്നു രത്നം കൊണ്ടുപോയി. മഹാബലനായ ജാംബവാൻ ആ സിംഹത്തെക്കൊന്നു സ്യമന്തകം കൈക്കലാക്കി, ദിവ്യസ്ത്രീനിഷേവിതമായ തന്റെ ഗുഹയിലേയ്ക്കു തിരിച്ചു. സൂര്യനസ്തമിച്ചപ്പോൾ കൃഷ്ണകാരോടുകൂടി രാജധാനിയിലേയ്ക്കു മടങ്ങിയ കൃഷ്ണൻ ചതുർത്ഥീചന്ദ്രനെ കണ്ടുപോയി! *

* സ്യമന്തകോപാഖ്യാനം സൃഷ്ടിഖണ്ഡം ക്രൂ-രേദ്ധ്യായത്തിലുണ്ടു്.

Digitized By Kerala Sahitya Akademi

ജനാർദ്ദനൻ ജാംബവാന്റെ ഭവനത്തിലേയ്ക്കിറങ്ങിയപ്പോൾ, ജാംബവാന്റെ മകനെ തൊട്ടിലിൽക്കിടത്തിയാട്ടുന്ന ധാത്രി സ്യമന്തകം തൊട്ടിലിന്നടുത്തേയ്ക്കു പിടിച്ചു്, ഇങ്ങിനെ പാട്ടുണ്ടായിരുന്നു:—

(താരാട്ടു്)

'കൊന്നു പ്രസേനനെസ്സിംഹം;-മഥ
കൊന്നു ഹരിയെക്കപീന്ദ്രൻ;
ഓമനേ, കേണിടായ്കണ്ണിയ്യുണ്ണീ,
ശ്രീമൽസ്യമന്തകരത്നം!'

ഭാദ്രപദമാസത്തിൽ ചതുർത്ഥീചന്ദ്രനെ കണ്ടാൽ വെറുതേ ദുഷ്പേരുണ്ടായിവരും; അതിനാൽ ആ ചന്ദ്രനെ കാണരുതു്. കണ്ടുപോയി എങ്കിൽ, സ്യമന്തകോപാഖ്യാനം ശ്രവിയ്ക്കുക; എന്നാൽ ദുഷ്പേരു നീങ്ങും.

മദ്രരാജപുത്രിമാരായ സുലക്ഷണ, നാഗ്നജിതി, സുശീല എന്നീ കന്യകമാർ സ്വയംവരത്തിൽവെച്ചു കൃഷ്ണനെ വരിച്ചു; അവർ മൂവരേയും ഒരേദിവസം യദുപ്രഭൻ വേളികഴിച്ചു. രുഗ്മിണി, സത്യഭാമ, കാളിന്ദി, മിത്രവിന്ദ, ജാംബവതി, നാഗ്നജിതി, സുലക്ഷണ, സുശീല എന്നീ എട്ടുപേരത്രേ കൃഷ്ണന്റെ പ്രധാനഭാര്യമാർ.

ഭൂമിയുടെ പുത്രൻ, മഹാവീര്യനായ നരകാസുരൻ ഇന്ദ്രാദിദേവന്മാരെയെല്ലാം യുദ്ധത്തിൽ ജയിച്ചു്, ദേവമാതാവായ അദിതിയുടെ ദീപ്രകുണ്ഡലങ്ങളും ദേവകളുടെ വിവിധരത്നങ്ങളും കൈക്കലാക്കിക്കളഞ്ഞു; അങ്ങേർക്കാന്റെ ഐരാവതമാതിരിയുള്ള ശ്രേഷ്ഠന്മാരായ നാലു കുതിരകളേയും കുബേരന്റെ ശംഖപദ്മനിധികളേയും അപ്സരസ്ത്രീകളേയും അവൻ അപഹരിച്ചു. അവൻ വിണ്ണവരുടെ വജ്രാദ്യായുധങ്ങളും തട്ടിപ്പറിച്ചു് അവരെകൊണ്ടുതന്നെ അവരെ പരിക്കേല്പിച്ചു്, വാനത്തുമയനിർമ്മിതമായ സഭയിൽ വ്യോമഗാമിയായി പാർത്തുപോന്നു: അഖണ്ഡലാദികളെല്ലാവരും പോയിച്ചെന്നു് അക്ലിഷ്ടകർമ്മാവായ കൃഷ്ണനെ ശരണം പ്രാപിച്ചു; അച്യുതൻ അവർക്കഭയം നൽകി, ഗരുഡനെ സ്മരിച്ചു. വാനവരാലെല്ലാം വന്ദിതനായ വൈനതേയൻ തൽക്ഷണം തിരുമുമ്പിലെത്തി തൊഴുതുനിന്നു.

സനാതനൻ സത്യഭാമയോടുകൂടി, ആ കരുത്തേറിയ പക്ഷിശ്രേഷ്ഠന്റെ പുറത്തുകേറി മുനിമാരാൽ സ്തുതിക്കപ്പെട്ടുകൊണ്ടു നരകന്റെ നിലയത്തിലേയ്ക്കെഴുന്നള്ളി. തിരശ്ശീല പിളർത്താവത്തല്ലാത്ത ആ നഗരം ആകാശത്തു സൂര്യമണ്ഡലംപോലെ തിളങ്ങിക്കൊ

Digitized By Kerala Sahitya Akademi

ന്നമാറായി; വളരെ ദിവ്യാഭരണരായ രാക്ഷസർ അവിടെയുണ്ടായിരുന്നു. ഭഗവാൻ അതിന്റെ വേലികളെ ചക്രംകൊണ്ടു്, സൂര്യൻ ഇരുട്ടുകളെ തേജസ്സുകൊണ്ടെന്നപോലെ വിപാടനംചെയ്തു. അപ്പോൾ രാക്ഷസരെല്ലാം തുറും തുയിരുവുമായി ശൂലങ്ങളേന്തി പൊരുതാൻ നേരിട്ടു; ജയൈഷികളായ അവർ ബാണതോമരഭിന്ദിപാലപട്ടിശങ്ങൾകൊണ്ടു കേശവനെ പ്രഹരിച്ചുതുടങ്ങി.*.....പുരുഷോത്തമൻ അവരെയെല്ലാം കൊന്നു വീഴിച്ചിട്ടു പാഞ്ചജന്യമാകുന്ന പള്ളാശംഖമൂതി. ഉടനെ നരകാസുരൻ വില്ലുമേന്തി ദിവ്യത്തേരിൽക്കേറി പേരിന്നടുത്തു.....നാരായണൻ, നരകന്റെ പെരുനെഞ്ഞത്തെയ്തു ഒരു ദിവ്യാസ്ത്രം വിട്ടു. അതേറു മാത്തടം പിളർന്ന് അസുരേന്ദ്രൻ നിലത്തു പതിച്ചു. ഭൂമിയിൽ പ്രാർത്ഥിതനായ വാസുദേവൻ അവന്റെയരികേ ചെന്ന്, 'വരംവാങ്ങിക്കൊൾകം' എന്നരുളിച്ചെയ്തു. അപ്പോൾ, ഗരുഡോപരിസ്ഥനായ കൃഷ്ണനോട് അസുരൻ കഥിച്ചു:—'കൃഷ്ണ, സർവ്വഭൂതേശ്വര, അടിയന്നു വരമൊന്നുംവേണ്ടാ; നരകനാണടിയൻ. എന്നാലും, പരമാർക്കവേണ്ടി ഒരുത്തമ വരം ആവശ്യപ്പെട്ടുകൊള്ളുന്നു: മധുസൂദന, ഭയനാശന, അടിയൻ മരിച്ചനാളിൽ മംഗളസ്നാനം യാവ ചിലർ ചെയ്യുമോ, ആ മനുഷ്യർ നരകം പൂകരുത്!' അങ്ങിനെതന്നെ എന്നു വാസുദേവസ്വാമി വരംകൊടുത്തു. ഭൂപുത്രനാകട്ടെ, ശരൽപങ്കേരുഹാങ്ങളായി വജ്രവൈഡൂര്യ നൂപുരാലംകൃതങ്ങളായ ബ്രഹ്മരുദ്രാദിദേവന്മാരാലും മുനിമാരാലും പൂജിതങ്ങളായ ഭഗവച്ചരണങ്ങളെ ദർശിച്ചുകൊണ്ടു പ്രാണനെ വെടിഞ്ഞു്, വിഷ്ണുസായൂജ്യമണഞ്ഞു! ദേവഗണങ്ങളെല്ലാം മനംകുളിർത്തു പുഷ്പവർഷം പൊഴിച്ചു; മഹർഷിമാർ സ്തുതിച്ചു. നളിനലോചനൻ നരകന്റെ രാജധാനിയിൽ കടന്ന്, അവനാൽ അപഹരിക്കപ്പെട്ട അദിതികുണ്ഡലങ്ങളും.....മറ്റും തിരുപ്പെരുമാറുക്കു തിരിയെ നൽകി; നരകൻ നരപാലരെ ജയിച്ചു്, എല്ലാരാജ്യങ്ങളിൽനിന്നും കൊണ്ടുപാന്തു് അകത്തു ബന്ധനത്തിൽ പാർപ്പിച്ചിരുന്ന കന്യകമാർ നൂറു കാമദേവന്മാർക്കൊത്ത കൃഷ്ണനെ കണ്ടിട്ടു്, ആ സർവ്വവ്യാപിയായ വിശ്വത്തിനാഥനെ ഭർത്താവായി വരിച്ചു; അവരെല്ലാവരേയും ഒരേ ലഗ്നത്തിൽ അനന്തരൂപനായ പുരുഷോത്തമൻ യഥാവിധി പാണിഗ്രഹണം ചെയ്തു. നരകപുത്രന്മാർ ഭൂമിയെ മുൻനിറ്റി ശരണംപ്രാപിച്ചു. ദയാനിധിയായ ഗോവിന്ദൻ അവരെ രക്ഷിച്ചു് ആ രാജ്യത്തു വാഴിച്ചു; ആ പെണ്മണിമാരെല്ലാവരേയും മഹാഭാഗരായ ദേവബ്രാഹ്മണരെക്കൊണ്ടു്, ഇന്ദ്രവിമാനത്തിൽക്കേറി സ്വാരകയിൽ കൊണ്ടാക്കിച്ചു.

* യുധിഷ്ഠിരം സാധാരണരീതിയിലാകയാൽ വിട്ടു.

Digitized By Kerala Sahitya Akademi

അനേകം, വേഗത്തിൽ ഭാമയോടുകൂടി ഗരുഡന്റെ പുറത്തു കേറി, ദേവമാതാവിനെക്കാണ്മാൻ സ്വർഗ്ഗത്തിലേയ്ക്കുയർന്നുപൊങ്ങി; അവിടെച്ചെന്ന ദേവേശ്വരൻ പക്ഷീന്ദ്രങ്കൽ നിന്നിറങ്ങി, ആ വന്ദനീയയായ ദേവജനനിയെ വന്ദിച്ചു. പുത്രവത്സലയായ അദിതി ജനാർദ്ദനനെ ഇരുകൈകൊണ്ടും കെട്ടിപ്പുണർന്നു സിംഹാസനത്തിലിരുത്തി ഭക്തിയോടെ പൂജിച്ചു; അദിത്യാദിസുരസ്ത്രീമാരും അഖണ്ഡലനെ മുൻനിർത്തി പരമേശ്വരനെ ശരിക്കു പൂജിച്ചു. യശസ്വിനിയായ സത്യഭാമശചിയുടെ ഗൃഹത്തിൽ പോയി, അ ദേവിയാൽ സുഖാസനത്തിലിരുത്തി സൽക്കരിക്കപ്പെട്ടു. അക്കാലസമയത്തു് ഇന്ദ്രകിങ്കരന്മാർ കൊണ്ടുകൊടുക്കുന്നതായി. ഇന്ദ്രാണി ആ പുഷ്പങ്ങളെടുത്തു തന്റെ മിന്നുംമുള്ള കാർകൂന്തലിൽ തിരുകി; സത്യഭാമയ്ക്കു കൊടുത്തില്ല. ദേവകളുടെ പൂവിനർഹയല്ല മനുഷ്യസ്ത്രീ എന്നായിരുന്നു ശചിയുടെ അന്തർഗ്ഗതം! അതിൽ അരിശം തോന്നിയ സത്യഭാമ, ആ ഗൃഹത്തിൽനിന്നു പോന്നു, ഭർത്താവിന്റെ അടുക്കൽ ചെന്നുചെയ്തു:— 'യദുശ്രേഷ്ഠ, ഇന്ദ്രമന്ത്രിക്കാരിയായ പൌലോമി പാരിജാതപുഷ്പങ്ങളും എനിക്കു തരാതെ, സ്വന്തം തലയിൽ ചൂടിക്കളഞ്ഞു!' *

വാസവൻ വിട്ട വജ്രം കൃഷ്ണൻ കളിയായി ഒറ്റക്കൈകൊണ്ടു പിടിച്ചു..... .....'ദേവേന്ദ്രൻ, ഭവാന്റെ അരമനയിൽവെച്ചു ഭാമയെ പൌലോമി അവമാനിച്ചുകളഞ്ഞു:.....ഭാമയ്ക്കുവേണ്ടിയാണു് പാരിജാതം ഞാൻ പറിച്ചുകൊണ്ടുപോന്നതു്; ഇവളോടു ഞാൻ പ്രതിജ്ഞ ചെയ്തിട്ടുണ്ടു്, 'പാരിജാതം ഞാൻ നിന്റെ ഗൃഹത്തിൽ നട്ടുകൊള്ളാ'മെന്നു്. അതിനാൽ ഇപ്പോൾ ഇതു തിരിയെ കൊടുക്കുന്നതല്ല. .....'എന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം, യഥേഷ്ടം കൊണ്ടുപോന്നു കൊൾക.' എന്നിങ്ങനെ കഥിച്ചു വാസുദേവൻ വജ്രം വാസവനു തിരിച്ചുകൊടുത്തു.

കൃഷ്ണൻ രാത്രിതോറും വളരെ വളരെശ്ശരീരങ്ങൾ പൂണ്ടു ഭാര്യമാരെല്ലാവരുടേയും ഗൃഹങ്ങളിൽ അവരെ സുഖമാംവണ്ണം രമിപ്പിച്ചുപോന്നു.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ദിലീപവസിഷ്ഠസംവാദാന്തർഗ്ഗതോമാമഹേശ്വരസംവാദം, ദശാവതാരപ്രകരണം, കൃഷ്ണചരിതസംഗ്രഹം, നരകാസുരവധകഥനം എന്നതൊഴുപത്താറാമദ്ധ്യായം.

---

* ഉത്തരഖണ്ഡം ൧൯-ാമദ്ധ്യായം നോക്കുക.

Digitized By Kerala Sahitya Akademi

ഇരുന്നൂറെഴുപത്തെഴാമദ്ധ്യായം

ശിവൻ:—കൃഷ്ണനു രുഗ്മിണിയിൽ മന്മഥാംശമായ പ്രദ്യുമ്നൻ ജനിച്ചു; ആ മഹാബലൻ ശംബരനെ സംഹരിച്ചു. ശംബരാരിക്കു രുഗ്മിപുത്രിയിൽ അനിരുദ്ധൻ സംജാതനായി. അനിരുദ്ധൻ ബാണന്റെ മകളായ ഉഷയെ വേളികഴിച്ചു:

അവർ സപത്നത്തിൽ, നീലോല്പലദളശ്യാമളനും പുണ്ഡരീകാക്ഷനും രക്തതാരവിന്ദവദനനും മഹാബാഹുവും വിചിത്രാഭരണഭൂഷിതനും പതിനാറു വയസ്സു ചെന്നവനുമായ ഒരു യുവാവിന്റെ സംഗമമനുഭവിച്ചു; ഉണർന്നപ്പോൾ അവനെ കണ്ടില്ല. അതിനാൽ മദനാർത്തയായി മതിമറിഞ്ഞു്, 'അങ്ങു് എന്നെ വെടിഞ്ഞു് എവിടെപ്പോയ്കളഞ്ഞു' എന്നിങ്ങിനെ വിലപിപ്പാൻ തുടങ്ങി. ആ അവസ്ഥാന്തരം കണ്ടിട്ടു് അവളുടെ സഖിയായ ചിത്രലേഖ എന്ന കന്യക, 'എന്താണീയന്ധാളിത്ത'മെന്നു ചോദിച്ചു. ഉഷ സപത്നത്തിൽ കിട്ടിയ ഭർത്താവിന്റെ കഥ വിവരിച്ചു പറഞ്ഞു. ചിത്രലേഖയാകട്ടെ, ദേവമനുഷ്യാദികളിൽ ശ്രേഷ്ഠന്മാരായിട്ടുള്ളവരെയൊക്കെ പടത്തിലെഴുതി അവരെ കാണിച്ചുകൊടുത്തു; യദുവംശത്തിലെ കൃഷ്ണബലഭദ്രോദികളേയും പ്രദ്യുമ്നാനിരുദ്ധപ്രഭൃതികളേയും പറഞ്ഞു ധരിപ്പിക്കയും ചെയ്തു. ഉഷ കൃഷ്ണനെ നോക്കി. പ്രദ്യുമ്നനടുത്തു് അനിരുദ്ധനെ കണ്ടിട്ടു്, 'ഇദ്ദേഹമാണെ'ന്നു പറഞ്ഞു് അലിംഗനംചെയ്തു! ഉടനേ ചിത്രലേഖ മായാവതികളായ വളരെ ദൈത്യസ്ത്രീകളോടുകൂടി ദ്വാരകയിൽ പോയി, രാത്രിയിൽ അകത്തു കിടന്നുറങ്ങുന്ന അനിരുദ്ധനെ എടുത്തു ബോധംകെടുത്തി കൊണ്ടുപോന്നു്, ബാണന്റെ അന്തഃപുരത്തിൽ ഉഷയുടെ മാളികയിൽ കട്ടിലിന്മേൽ ശയിപ്പിച്ചു. അനിരുദ്ധൻ ഉറക്കമുണർന്നപ്പോൾ അതിരമണീയമായ മിനുസക്കട്ടിലിന്മേലിരിക്കുന്ന സുലക്ഷണപൂർണ്ണയായ ഉഷയെ—വിചിത്രവസ്ത്രാഭരണഗന്ധമാല്യങ്ങളണിഞ്ഞു തങ്കനിറം പൂണ്ട കൊങ്കയുടെ പുരികഴലാളെ—കണ്ടിട്ടു കെട്ടിപ്പുണർന്നു്, കരിണിയെ മദഗജമെന്നപോലെ, ആ പരമാന്തരാഗിണിയെ യഥാസുഖം രമിപ്പിച്ചു.

അങ്ങിനെ ഒരു മാസം കഴിഞ്ഞപ്പോൾ, അനിരുദ്ധനെ അന്തഃപുരത്തിലെ രക്ഷാപുരുഷന്മാർ കണ്ടെത്തി; അവർ തന്പുരാനെയുണർത്തിച്ചു. തന്പുരാൻ അത്യുഗ്രതപൂണ്ടു്, ആരിശത്താൽ കണ്ണുരുട്ടി, 'അവനെ ഇവിടെ കൊണ്ടുവരിക' എന്നു കിങ്കരരെ ചൊല്ലിവിട്ടു. അവർ ചിക്കെന്നു പള്ളിമേടയിൽ കേറിച്ചെന്നു് കൊച്ചുതന്പു

Digitized By Kerala Sahitya Akademi

രാട്ടിപ്പുടെ കട്ടിലിന്മേൽ ഇരിക്കുന്ന അനിരുദ്ധനെ പിടിക്കുവാനടുത്തു. അനിരുദ്ധൻ മാളികയിലെ ഒരു തൂണ നിഷ്പ്രയാസം പറിച്ചെടുത്ത് ഒരു ലക്ഷം കിങ്കരന്മാരെ രണ്ടുനാഴികകൊണ്ടു പൊടിച്ചുപടുത്തി. ഇതുകേട്ടു കുപിതനായ ദൈത്യപ്രമുഖൻ, 'ഇതു ശ്രീകൃഷ്ണപൗത്രനാണെ'ന്നു നാരദൻ പറഞ്ഞറിയിക്കയാൽ, താൻതന്നെ വില്ലുമേന്തി അനിരുദ്ധനെ പിടിപ്പാൻ ചെന്നു. യുദ്ധത്തിനു നേരിട്ടുന്ന സഹസ്രബാഹുവായ രാജാവിനെ കണ്ടിട്ട് അനിരുദ്ധൻ ആ തൂണ ചുഴറ്റി, അതു ഞെരിഞ്ഞു. അതിനെ ബാണൻ ബാണംകൊണ്ടു മുറിച്ചുകളഞ്ഞു; എന്നിട്ട് അനിരുദ്ധനെ നാഗാസ്ത്രംകൊണ്ടു ബന്ധിച്ചു തന്റെ അന്തഃപുരത്തിലടച്ചു.

കൃഷ്ണനും, ഇതെല്ലാം ദേവർഷി പറഞ്ഞറിഞ്ഞ ഉടനേ ബലഭദ്രപ്രദ്യുമ്നരോടും തന്റെ സൈന്യത്തോടും കൂടി, ഗരുഡന്റെ പുറത്തു കേറി, ബാണന്റെ ബാഹുവനം വെട്ടിനീക്കാനെഴുന്നള്ളി. *..... വാസുദേവന്റെ വരവു കണ്ടിട്ട്, ബാണന്റെ ഭാരപാലകനായ രുദ്രൻ ആയുധമെല്ലാമെടുത്തു കാളപ്പുറത്തു കയറി, തന്റെ പുത്രന്മാരോടും ഗണങ്ങളോടുമൊന്നിച്ചു പോരാൻ പുറപ്പെട്ടു. § .....അതു കണ്ടു കൃഷ്ണൻ സൈന്യത്തെ പിറകിൽ അകലത്തു നിത്തി, ബലഭദ്രപ്രദ്യുമ്നസഹിതനായിട്ടു രുദ്രനോടു പൊരുതാൻ പുഷ്പിക്കൊണ്ടോടുമ്പെട്ടു. കൃഷ്ണശങ്കരന്മാരുടെ ആ യുദ്ധം ഭയങ്കരമായിത്തീർന്നു: ശാർങ്ഗത്തിൽനിന്നും പിനാകത്തിൽനിന്നും കാലാഗ്നിക്കൊത്ത കണകണം തൂതൂരെ പാഞ്ഞുതുടങ്ങി. ബലഭദ്രൻ ശങ്കരനോടും പ്രദ്യുമ്നൻ ഷഡാനനനോടും, ബലവീര്യമേറിയ രണ്ടു സിംഹങ്ങളെന്നപോലെ പടവെട്ടി. വിനായകൻ കൊമ്പുകൊണ്ടു ഒരാഹിണായകന്റെ നെഞ്ചത്തു കുത്തി; ബലരാമൻ മുസലമേന്തി ആ കൊമ്പിന്മേലടിച്ചു. കൊമ്പുമുറിഞ്ഞു മൂഷികവാഹനൻ കുതികുതിച്ചു! അന്നുതൽക്കാലം, ഗണേശനെ ദേവദാനവഗന്ധർവന്മാർ ഏകദന്തനെന്നു പറഞ്ഞുതുടങ്ങിയത്രേ.....പിന്നെ ഫലായുധൻ മുസലംകൊണ്ടു ഗണങ്ങളെ തച്ചുപായിച്ചു. നീലലോഹിതൻ നീർക്കാണൽവർണ്ണനോടു കോപത്തോടെ പൊരുതിയിട്ട്, കോപത്താൽ മിഴിതുടുത്ത്, അമ്പിന്മേൽ ദീപ്തമായ താപജ്വരത്തെ സംഘടിപ്പിച്ചയച്ചു. ആ അസ്ത്രത്തെ കൃഷ്ണൻ ശീതജ്വരംകൊണ്ടു തടുത്തു. ആ ശിവവിഷ്ണുജ്വരങ്ങൾ സപ്തമിശാസനത്താൽ മനുഷ്യലോകത്തിലേയ്ക്കു ഗമിച്ചു. ശിവവിഷ്ണുയുദ്ധം ശ്രവിക്കുന്ന മനുഷ്യരെല്ലാം ജ്വരമൊഴിഞ്ഞു ആരോഗ്യം നേടും. പിന്നീട് ഹൃഷീകേശൻ ഭൂതേശന്റെ

* ബാണന്റെ വരലബ്ധി സൃഷ്ടിഖണ്ഡം ൩-ാമദ്ധ്യായത്തിലുണ്ട്.

§ ശിവസപ്തപ്രവർണ്ണനം വിട്ടു.

Digitized By Kerala Sahitya Akademi

നേക്കു ദുരാധർഷമായ മോഹനാസ്ത്രം പ്രയോഗിച്ചു; ആ അസ്ത്രത്താൽ മോഹാലസ്യപ്പെട്ട്, തിടുശശരനായ തിരോചനൻ നിലംപൊത്തിപ്പോയി.

അച്ഛൻ മൂർച്ഛിച്ചതു കണ്ടിട്ട്, മഹാവീര്യനായ മയൂരവാഹനൻ മാധവനോടു പോരിന്നാഞ്ഞു; ആ ഷൺമുഖനെ ഒരു ഹുങ്കാരംകൊണ്ടു തന്നെ കൃഷ്ണൻ പിന്തിരിപ്പിച്ചു. ഇങ്ങിനെ ശൂലായുധനായ മുക്കണ്ണനെ ജയിച്ചിട്ട്, പ്രതാപവാനായ യദുശ്രേഷ്ഠൻ, ഗംഭീരശബ്ദം പുറപ്പെട്ടുമാറു പാഞ്ചജന്യപ്പള്ളിശ്ശംഖം ഊതി. മഹേശ്വരനേയും മക്കളേയും മധുസൂദനൻ തോല്പിച്ചതു കേട്ടിട്ട് ബാണൻ തേരിലേറി യുദ്ധത്തിന്നെത്തി. അവൻ അതിവേഗത്തിൽ, ഗരുഡോപരിസ്ഥനായ ഗോവിന്ദനെ ശസ്ത്രാസ്ത്രവൃഷ്ടികൊണ്ടു മൂടി.....ജനാർദ്ദനൻ അവയെല്ലാം ചക്രംകൊണ്ടുതന്നെ മുറിച്ച്, സുദർശനം ബാണന്റെ നേരേ വിട്ടു; ആ സഹസ്രാരമായ ചക്രം ക്ഷണത്തിൽ അവന്റെ ഓരായിരം കൈകളെ മുറിച്ചുതള്ളി.

ഈ ഘട്ടത്തിൽ, സംശിതവ്രതയായ പാർവ്വതി കൃഷ്ണന്റെ അടുക്കൽച്ചെന്നു കൈതൊഴുതുനമസ്കരിച്ചു:—'കൃഷ്ണ, കൃഷ്ണ, ജഗദീശ, നാരായണ, ദയാനിധേ, ഭൂതേശ, യദുത്തമ, പൂർവ്വാവസ്ഥയിൽ നിന്തിരുവടിയുടെ ദാസിയാണ് ഞാൻ. മഹാത്മാവായ നിന്തിരുവടി മനംതെളിഞ്ഞ് എനിക്കു നിത്യസുമംഗലീത്വമാകുന്ന വരം കല്പിച്ചുതന്നിട്ടുണ്ട്: ഇവിടത്തെ ശ്രേഷ്ഠസഹസ്രനാമം ഗൌരിക്കു നെടുമംഗല്യം നൽകിയതാണെന്നു മുനിമാർ പ്രശംസിക്കുന്നു. ഗോവിന്ദ, അതു സത്യമാക്കിയാലും: ഗരുഡവാഹന, സനാതന, എന്റെ ഭർത്താവിനെ നിന്തിരുവടി ജീവിപ്പിക്കമാറാകണം!' അരവിന്ദാക്ഷൻ അസ്ത്രത്തെ ഉപസംഹരിച്ചു; അതോടുകൂടി, ഭൂതനാഥൻ എഴുനേറ്റു തൊഴുതുനിന്നു ജഗദീശനെ സ്തുതിച്ചു:—

(ശ്ലോകങ്ങൾ)

കൃഷ്ണ, കൃഷ്ണ, ജഗൽസ്വാമിൻ, ഭഗവൻ, പുരുഷോത്തമ,
പരേശ, പരമേശാന, അനാദിനിധനാവ്യയ,
തീവ്രവീര്യ, മനുഷ്യന്റെ രൂപംകൊണ്ടൊരിക്കളി,
ഒക്കെസ്സൃഷ്ടിച്ചുപോന്നം നിൻ ചേഷ്ടിതങ്ങളിലൊന്നതാൻ!
പ്രസീദ മേ, നമസ്തേസ്തു, പ്രപന്നാ മമ ശാശ്വത,
പ്രസീദ മേ വിശ്വപതേ, പ്രസീദാവ്യയ, കേശവ!

*

സമസ്താമരവയ്യൻ നീയു,മത്ത്യൻ നീ സുരേശ്വര;
മർത്ത്യാശൻ നീ സ്വയംഭൂവു! നിൻസഖ്യത്തിനാൽ പ്രഭോ,

* ഇൻസ്ക്രിപ്ഷനിലുണ്ട്.

Digitized By Kerala Sahitya Akademi

നിൻവീപ്പിൽനിന്നു സംജാതർ പരജീവർ സനാതനർ,
പഞ്ചഭൂതങ്ങളും സ്വാമിൻ, തവ വാത്സല്യഗൗരവാ
ക്ഷരാക്ഷരം പരാ ധാമം വിശേഷാൽകൃഷ്ടം സുരാശ്രയം;
അതികൽത്തവ മാസ്യം പൂണ്ടിരിപ്പോർ നിത്യമുക്തകരം!
പാരിൽ നിന്നെ ഗ്രഹിക്കാത്ത മൂഢാത്മാക്കളെന്തുചെയ്യിടും?
ഏവർ നിൻ പരമം ധാമമറിവൂ മോക്ഷനിഷ്ഠയാൽ
ആ യോഗികൾ സുനാമാരൊത്തമരും നിൻപദത്തിലേ!

നിന്റെ നാമങ്ങൾ കർമ്മങ്ങൾ ശാശ്വതങ്ങൾ ഗുണങ്ങളും
ഐശ്വര്യവും ഗുണാതീത, വർണ്ണിപ്പൂ ഗുണശാലികൾ.
പൂർവോത്തരാഖ്യശ്രുതികൾ കർമ്മജ്ഞാനസ്വരൂപകം
ജ്യേഷ്ഠാനുജായുവതിമാർ കൃഷ്ണ, നിൻ സ്തുതികർത്തികൾ!
നീ പ്രജ്ഞാനം പരബ്രഹ്മം; പ്രാജ്ഞനാണുനു ശാശ്വത;
ആ ജ്ഞാനമാം പരാത്മാവാൽ ജീവിപ്പിപ്പൂ ഭൂതകോടിയെ നീ!
നിന്നാൽ ദത്താത്മവിജ്ഞാനനീശ്ശരീരത്തിൽനിന്നുപോയ്
ആമുഷ്മികാഗ്ര്യസ്വർഗ്ഗത്തിലണയും നിൻകൃപാബലാൽ;
പ്രജ്ഞാനമഥ വിജ്ഞാനം, മേധാദൃഷ്ടികൾ ധൈര്യവും—
വാഞ്ഛിച്ചതൊക്കെയും നേടൂ;-മമൃതാത്മാവുമാകിടും!
സംജ്ഞാനം, സകലജ്ഞാനം, ഹൃദയം, മനമങ്ങിനെ
മനീഷയും, നിശ്ചയവും, സങ്കല്പം, സ്മൃതി, കാമവും,
തപസ്സു, യജ്ഞമിത്യാദിയെല്ലാം നിൻകീഴിലാം പ്രഭോ;

അതിനാലിഹ ഞാൻ ചെയ്തുപോയ കഠോരമിതെൻവിഭോ,
ക്ഷമിക്ക കരുണാസിന്ധോ, നിൻകല്യാണഗുണങ്ങളാൽ!
നമസ്തേ പുണ്ഡരീകാക്ഷ, ഗോവിന്ദാച്യുത,മാധവ!
വാസുദേവ, ജഗദ്വന്ദ്യ, നാരായണ, നമോസ്തുതേ!
വർണ്ണങ്ങളോൻ ജഗൽസ്വാമിൻ, നൃസിംഹ, കരുണാകര!
ശ്രീശ, സർവ്വഗത, ശ്രീമൻ, പരമാത്മൻ, നമോസ്തുതേ!
നിജാവസ്ഥ ഒക്കെയും, നിത്യമുക്തകാർച്ചിത, പ്രഭോ,
രഘുനാഥ, നമസ്കാരം രാമ, രാജീവലോചന!
ഭൂഭാരത്തേ മുടിക്കുന്ന കൃഷ്ണാനന്ദസ്വരൂപനേ,
വിഷ്ണോ, ജിഷ്ണോ നമസ്കാരമങ്ങയ്ക്കു യദുനന്ദന!'

ഇപ്രകാരം സ്തുതിച്ചു നാരായണനെ നമസ്കരിച്ചിട്ടു ധൌതരീ
തൻ തൊഴുകയ്യുമായി ഗംഭീരസ്വരത്തിൽ ചൊല്ലിയുണർത്തിച്ചു:—'സ്വാമിൻ,

Digitized By Kerala Sahitya Akademi

ഈ ബലിപുത്രനായ ബാണനു ഞാൻ അമരത്വമാകുന്ന വരം കൊടുത്തിട്ടുണ്ട്; അതു വേണ്ടവണ്ണം സത്യമാക്കണം: എനിക്കു പ്രിയപ്പെട്ടവനായ ഇവനെ രക്ഷിക്കുമാറാകണം!' അങ്ങിനെതന്നെ എന്നു്, കരുണാനിധിയായ കംസമഥനൻ ചക്രത്തെ ഉപസംഹരിച്ചു്, കൈകൊണ്ടുപിടിച്ചു പോരയിൽ മുഴുകി പ്രാണസംശയത്തിൽപ്പെട്ടിരുന്ന ബാണനു വിടുതി നൽകി. ബലിപുത്രനെ മോചിപ്പിച്ചിട്ടു്, ശിതവ്രതനായ ശിവൻ ഗിരിജയോടുകൂടി കാളപ്പുറത്തു കേറി, തന്റെ പാപ്പിടമായ കൈലാസപർവ്വതത്തിലേയ്ക്കു തിരിച്ചു. ബാണൻ ബലശാലികളായ രാമകൃഷ്ണന്മാരെ വണങ്ങി അങ്ങനെയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി; എന്നിട്ടു് അനിരുദ്ധനെ തടവിൽനിന്നു വിട്ടു്, ദിവ്യവസ്ത്രാഭരണങ്ങളണിയിച്ചു്, മകളെ ആ കൃഷ്ണപൌത്രനെ കൊടുത്തു. രാമകൃഷ്ണന്മാർ പുത്രപൌത്രന്മാരോടുകൂടി യഥാവിധി വേളികഴിപ്പിച്ചു്, ബാണന്റെ സൽക്കാരമേറ്റു്, ഉഷാനിരുദ്ധന്മാരെയും പല്ലക്കിലേറ്റി ദ്വാരകയിലേയ്ക്കു മടങ്ങി; കൃഷ്ണൻ ബലഭദ്രപുത്രന്മാരോടും സൈന്യത്തോടും കൂടി, വാനവരൊന്നിച്ചു വാസവനെന്നപോലെ രമണീയമായ രാജധാനിയിലെത്തിച്ചേർന്നു. അനിരുദ്ധൻ ബാണകുമാരിയോടൊന്നിച്ചു നാനാതരം ഭോഗ്യസമൃദ്ധമായ മണിമന്ദിരത്തിൽ സസന്തോഷം രമിച്ചുപോന്നു.

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ദിലീപവസിഷ്ഠസംവാദത്തെത്തുടർന്നുള്ള മാഘമാഹാത്മ്യവർണ്ണനം, ദശാവതാരപ്രകരണം, കൃഷ്ണചരിതസംഗ്രഹം, ബാണയുദ്ധോപാഖ്യാനം ഇവയടങ്ങുന്ന ഇരുന്നൂറെഴുപത്തേഴാമദ്ധ്യായം.

—:—

ഇരുന്നൂറെഴുപത്തെട്ടാമദ്ധ്യായം

ശിവൻ:—പൌണ്ഡ്രകനെന്ന കാശിരാജാവു്, വാരാണസിയിൽ ഒരു വിജനത്തിൽ, പന്തിരണ്ടുകൊല്ലം നിരാഹാരനായി, പഞ്ചാക്ഷരം ജപിച്ചു മഹേശ്വരനെ സേവിച്ചു; ഒടുവിൽ, തന്റെ കണ്ണാകുന്ന താമരപ്പൂവുകൊണ്ടും ത്ര്യംബകനെ പൂജിച്ചു. അതിൽ പ്രസാദിച്ചു ശൂലായുധൻ വരംകൊടുക്കാനൊരുങ്ങി; 'കൃഷ്ണതുല്യമായ രൂപം തരണ'മെന്നാണു് പൌണ്ഡ്രകൻ അഭ്യർത്ഥിച്ചതു്. പാർവ്വതീകാന്തൻ അയാൾക്കു ശംഖചക്രഗദാപത്മധാരികളായ നാലു കൈകളും താമരത്താരിതളിനൊത്ത കണ്ണുകളും കിരീടമണികുണ്ഡലപീതാംബരകൌസ്തുഭികളും വരമായിക്കൊടുത്തു. അയാൾ 'വാസുദേവനാണു ഞാൻ'

Digitized By Kerala Sahitya Akademi

എന്ന ലോകരെയെല്ലാം മിരട്ടുകയായി. ഒരുനാൾ നാരദൻ ആ ബല ക്കുമ്പോറിയ കാശീശന്റെ അടുക്കൽച്ചെന്നു്, 'വിഡ്ഢീ, വസുദേവ പുത്രനെ ജയിക്കാതെ ഭവാൻ വാസുദേവനാവില്ലെ'ന്നു പറഞ്ഞിട്ടുപോയി. അ നിമിഷത്തിൽത്തന്നെ അയാൾ കൃഷ്ണനെ ജയിപ്പാൻ, ഗരുഡ ക്കൊടിയണിഞ്ഞ തേരിലേറി ചതുരംഗാക്ഷൌഹിണിപ്പടയോടുകൂടി ദ്വാരകയിലെത്തി; എന്നിട്ടു് പൊന്നിൻതേർ കോട്ടവാതിൽക്കൽ നിത്തി, 'വാസുദേവനായ ഞാൻ യുദ്ധത്തിനു വന്നിരിക്കയാണു്; എ ന്നെജ്ജയിക്കാതെ ഭവാൻ വാസുദേവനാവില്ലെ'ന്നു പറയാൻ ദൂതനെ അയച്ചു. ഇതുകേട്ടു വാസുദേവൻ വൈനതേയന്റെ പുറത്തു കേറി, പൌണ്ഡ്രകനോടു പൊരുതാൻ കോട്ടവാതിലൽക്കലേയ്ക്കിറങ്ങി; അ പ്പോൾ, അക്ഷൌഹിണീസൈന്യത്താൽ പരിവൃതനായി തേരിലിരി ക്കുന്ന ശംഖചക്രഗദാപദ്മപാണിയായ പൌണ്ഡ്രകനെ അവിടുന്നു കണ്ടുപാർത്തു. ഉടനെ ഭഗവാൻ ശാർങ്ഗം കുലച്ചു കാലാഗ്നിക്കൊ ത്ത കണകളെയ്തു്, അ വൻപടയെയെല്ലാം രണ്ടുനാഴികകൊണ്ടു ചു ട്ടെരിച്ചു; ഒരു ശരംകൊണ്ടു പൌണ്ഡ്രകന്റെ കൈകളിലെ ശംഖച ക്രഗദാപദ്മങ്ങളും കളിയായി മുറിച്ചുകളഞ്ഞു; ഒടുവിൽ, പവിത്രമായ സുദർശനംകൊണ്ടു് അവന്റെ സകിരീടകുണ്ഡലമായ തല കൊയ്തു കാ ശിയിൽ അന്തഃപുരത്തിൽ കൊണ്ടു വീഴിച്ചു. അതുകണ്ടു കാശിക്കാരെ ല്ലാം, 'ഇതെന്താണെ'ന്നു പകച്ചുപോയി!

പൌണ്ഡ്രകന്റെ മകൻ ഭണ്ഡപാണി, അച്ഛനെ വാസുദേവൻ കൊന്നതു കേട്ടിട്ടു്, അമ്മയായ മൃത്യുവിന്റെ പ്രേരണയാൽ പുരോഹി തനെക്കൊണ്ടു മാഹേശ്വരയജ്ഞം കഴിപ്പിച്ചു. മഹേശ്വരൻ പ്രസാ ദിച്ചു്, കൃഷ്ണനെക്കൊല്ലുവാൻ മിടുക്കുള്ള ഒരു കൃത്യയെ കല്പിച്ചുകൊടു ത്തു. തീ പടർന്നാളുന്ന ശരീരവും എരിയുന്ന രോമങ്ങളും മഞ്ഞച്ച ക ണ്ണും കത്തുന്ന കരാളവക്ത്രവുമിണങ്ങി, ഭൂമിം വാരിപ്പൂശി, മനുഷ്യശി രോമാലയണിഞ്ഞു് ത്രിശൂലമേന്തി, ദേവകളെപ്പോലും പേടിപ്പിക്കുന്ന ആ മാഹേശ്വരിമായ കൃത്യയെ കണ്ടിട്ടു കാശിപുരമാകെ, 'കൃഷ്ണനേ യും അയാളുടെ പുത്രകളത്രമിത്രങ്ങളേയും കൊല്ലുക' എന്നു ചൊല്ലിവി ട്ടു. അവൾ ഭൂമിയെല്ലാം തന്റെ തേജസ്സിനാൽ ദഹിപ്പിച്ചുകൊണ്ടും പ്രളയത്തിലെ ഇടിവാളിനെന്നാത്ത ശബ്ദത്തിൽ അലറിക്കൊണ്ടും ദ്വാ രകയിൽ ചെന്നുകേറി. അവിടെയുള്ള ആളുകളെല്ലാം അവളെ ക ണ്ടിട്ടു്, മഹാപ്രളയമായെന്ന ശങ്കിച്ചു് ഹാഹാ ശബ്ദം മുഴക്കിക്കൊണ്ടു കൃഷ്ണനെ ശരണംപ്രാപിച്ചു. കൃഷ്ണൻ എല്ലാവരോടും, 'പേടി യ്ക്കേണ്ട' എന്നുരുളിച്ചെയ്തു്, നഗരപ്രാകാരതോരണത്തിന്മേൽ നിന്നി രുന്ന കൃത്യയെ ശ്രീകൃഷ്ണൻ പാർത്തിട്ടു്, സർവ്വശസ്ത്രാസ്ത്രങ്ങളേയും തട്ടെ

Digitized By Kerala Sahitya Akademi

ക്കാൻപോന്ന സഹസ്രാരചക്രത്തെ ആ മഹാരുദ്രയുടെ നേർക്കയച്ചു. ഒരുകോടി പ്രളയസൂര്യന്മാരുടെ തേജസ്സുകളും, ആറു യോജന പായുന്ന സകല ദീപ്തായുധങ്ങളും ചേർന്നും, ഹിരണ്മയവും സർവ്വജഗത്സ്ഥിതിസംഹാരസമർത്ഥവും അഖിലദേവനമസ്കൃതവുമായ മഹാസുദർശനത്തെ കണ്ടതോടുകൂടി, അവർ തേജസ്സിനു പേടിച്ചരണ്ടു നിലവിളിച്ചുംകൊണ്ടു കാശിയിലേയ്ക്കു തിരിച്ചോടി; സുദർശനവും കൂടെപ്പാഞ്ഞു. കൃത്യ പേടിച്ചരണ്ടു നിലവിളിക്കുട്ടിക്കൊണ്ടു കാശിരാജാവിന്റെ അന്തഃപുരത്തിൽക്കടന്നുകൂടി. സുദർശനം കാശിയിലണഞ്ഞു പൌണ്ഡ്രകാത്മജനേയും കൃത്യാസൈന്യവാഹനങ്ങളേയും വളരെ പ്രാസാദഹർമ്മ്യങ്ങളും നിന്ന രാജധാനിയേയും മാഹേശ്വരിയേയും ഒന്നിച്ചു വെണ്ണീറടിപ്പിച്ചു, ദേവമഹർഷിമാരെല്ലാം പൂജിക്കപ്പെട്ടുകൊണ്ടു, ദ്വാരകയിൽ തിരിച്ചെത്തി, ശാന്തമായി, ഒരാഭരണമെന്നപോലെ കൃഷ്ണന്റെ തൃക്കയ്യോടു ചേർന്നു!

●

ശ്രീമഹാഭാഗവതപുരാണം, ഉത്തരഖണ്ഡം, ദിലീപവസിഷ്ഠസംവാദാന്തർഗ്ഗതമായ മാഹേശ്വരസംവാദം, ദേവാവതാരപ്രകരണം, കൃഷ്ണചരിതസംഗ്രഹം, പൌണ്ഡ്രകവധോപാഖ്യാനം ഇരുന്നൂറെഴുപത്തൊമ്പതാമദ്ധ്യായം.

—— o) ——

ഇരുന്നൂറെഴുപത്തൊമ്പതാമദ്ധ്യായം

ശിവൻ:—കംസവധത്തിന്നശേഷം ജരാസന്ധൻ ദ്വേഷത്താൽ യാദവരെ ദ്രോഹിച്ചുകൊണ്ടിരുന്നു; അവർ കൃഷ്ണനോടു സങ്കടം പറഞ്ഞു. ഭീമാർജ്ജുനന്മാരെ വശത്തിയാലോചിച്ചു:—'അയാൾ രുദ്രനെ ആരാധിച്ചു വരം വാങ്ങിയിട്ടുണ്ടു; അതിനാൽ ആയുധങ്ങൾകൊണ്ടു കൊല്ലപ്പെടാവുന്നവനല്ല. മറ്റു വല്ലവിധത്തിലും വേണം കൊല്ലുക.' അനന്തരം ചിന്തിച്ചു ഭീമനോട്, 'അയാളുമായി മല്ലയുദ്ധം ചെയ്യ' എന്നരുളിച്ചെയ്തു. ഭീമസേനൻ ആപാതമെന്നോർത്തു. ഉടനേ, സർവ്വചരാചരജഗദാധാരനായ വാസുദേവൻ ഭീമാർജ്ജുനന്മാരെയുംകൊണ്ടു ജരാസന്ധന്റെ രാജധാനിയിൽ ചെന്നു, ബ്രാഹ്മണവേഷം ധരിച്ചു* അകത്തെയ്ക്കു കടന്നു. മഗധശ്രേഷ്ഠൻ മഹാവീര്യരായ ക്ഷത്രിയരെ യുദ്ധത്തിൽ ജയിച്ചു പിടിച്ചുകൊണ്ടുപോന്നതന്റെ അരമനയിൽ തടവിലിട്ടു, മാസംതോറും കൃത്തപതിനാങ്കിൽ അവരിലോരോരുത്തനെ വെട്ടി ആ ചോരകൊണ്ടു ഭൈരവനു ബലി കഴിച്ചിരുന്നു. അങ്ങിനെ സർവ്വരാജസംഹാരദീക്ഷിതനായിരുന്ന ജരാസന്ധൻ ബ്രാ

* ആയുധി.

Digitized By Kerala Sahitya Akademi

ഗമണരുപരായ കൃഷ്ണാദികളെ കണ്ടു ദണ്ഡനമസ്കാരം ചെയ്തു, യഥാർഹം ആസനങ്ങളിലിരുത്തി, മധുപക്കാകൊണ്ടു സൽക്കരിച്ചു, 'ഞാൻ ധന്യനായി! കൃതാർത്ഥനായി! എന്തിനുവേണ്ടിയാണു് ഭവാന്മാരുടെ ആഗമനം? പറഞ്ഞാൽ, എന്തും ഞാൻ തരാ'മെന്നരചൻ പറഞ്ഞു. അപ്പോൾ പുരുഷോത്തമൻ പുഞ്ചിരിക്കൊണ്ടു്, 'ഞങ്ങൾ, കൃഷ്ണഭീമാർജ്ജുനന്മാർ യുദ്ധത്തിനു വന്നിരിക്കയാണു്; ഞങ്ങളിലാരെയെങ്കിലും, ദ്വന്ദ്വയുദ്ധത്തിനു വരിക്കുക' എന്നാശ്വസിപ്പിച്ചു. അങ്ങിനെതന്നെയെന്നു്, മാഗധൻ മാരുതിയെ ദ്വന്ദ്വയുദ്ധത്തിനു വരിച്ചു. ഭീമനും ജരാസന്ധനും തമ്മിൽ ഇരുപത്തൊമ്പതിവസം ഇടവിടാതെ ഭയങ്കരമായ മല്ലയുദ്ധം നടന്നു. അതിനുശേഷം കൃഷ്ണപ്രേരിതനായ വൃകോദരൻ ജരാസന്ധന്റെ ശരീരം രണ്ടു പൊളിയാക്കി നിലത്തെറിഞ്ഞു. ഇങ്ങനെ മഗധേശനെ മരുൽസൂനുവിനെക്കൊണ്ടു കൊല്ലിച്ചിട്ടു കൃഷ്ണൻ അവിടെ തടവിലിടപ്പെട്ടിരുന്ന രാജാക്കന്മാരെ മോചിപ്പിച്ചു. അവരെല്ലാവരും വസുദേവപുത്രനെ വണങ്ങി, അവരവരുടെ രാജ്യങ്ങളിലേയ്ക്കു ഗമിച്ചു.

പിന്നെ വാസുദേവൻ ഭീമാർജ്ജുനന്മാരോടുകൂടി ഇന്ദ്രപ്രസ്ഥത്തിലെഴുന്നള്ളി, യുധിഷ്ഠിരനെക്കൊണ്ടു രാജസൂയമഹായാഗം കഴിപ്പിച്ചു. യാഗാവസാനത്തിൽ, ഭീഷ്മന്റെ അഭിപ്രായത്താൽ കൃഷ്ണനാണു് അഗ്രപൂജ നൽകപ്പെട്ടതു്. അപ്പോൾ ശിശുപാലൻ കൃഷ്ണനെ വളരെ അധിക്ഷേപിച്ചു. കൃഷ്ണൻ സുദർശനംകൊണ്ടു് അവന്റെ തല കൊയ്തു. അവൻ മുന്നു ജന്മം കഴിഞ്ഞു വിഷ്ണുസാരൂപ്യമണഞ്ഞു.

ശിശുപാലവധം കേട്ടിട്ടു ദന്തവക്ത്രൻ മധുസൂദനനോടു പൊരുതാൻ മഥുരയിൽ ചെന്നു. അവർ തമ്മിൽ രണ്ടുദിവസം മുഴുവൻ മഥുരയുടെ കോട്ടവാതിൽക്കൽ യമുനാതീരത്തുവച്ചു യുദ്ധം നടന്നു. കൃഷ്ണൻ അവനെ ഗദകൊണ്ടു വധിച്ചു; ...അവനും വിഷ്ണുസായുജ്യം നേടി.

കാർവ്വർണ്ണൻ പിന്നെ കാളിന്ദി കടന്നു് അമ്പാടിയിൽച്ചെന്നു്, പഴേടത്തെ മാതാപിതാക്കളെ വണങ്ങി സമാശ്വസിപ്പിച്ചു, അവരാൽ സാശ്രുകണ്ഠം ആദ്ദരിക്ഷിതനായി മറ്റു ഗോപവൃദ്ധരേയും വന്ദിച്ചു, അവിടെയുള്ളവക്കെല്ലാം മതിമതേ ധാരാളം രത്നാഭരണവസ്ത്രാദികൾ സമ്മാനിച്ചു; അനന്തരം, പുണ്യവൃക്ഷങ്ങളും പൂഴന്ന രമണീയമായ കാളിന്ദീപുളിനത്തിൽ സഖാ ഗോപസ്ത്രീകളുമായി പ്രേമരസത്തോടെ രമിച്ചുകൊണ്ടു രണ്ടുമാസം അവിടെ താമസിച്ചു. അവിടുത്തുകാരായ ന

Digitized By Kerala Sahitya Akademi

ന്ദഗോപാടി സവ്ജനങ്ങളും അവരുടെ പുത്രകളത്രങ്ങളും—പശുപക്ഷ്യാദികളും കൂടിയും—വാസുദേവപ്രസാദത്താൽ ദിവ്യരൂപരായി വിമാനത്തിൽക്കേറി പരമമായ വൈകുണ്ഠലോകം പ്രാപിച്ചു!.....

കൃഷ്ണൻ മഥുരയിലെയ്ക്കു തിരിച്ചു്, അവിടെ പതിനാറായിരത്തെട്ട പത്നിമാരോടുംകൂടി യഥാപൂർവം രമിച്ചു വാണരുളി. അങ്ങിനെയിരിക്കെ, രാമകൃഷ്ണന്മാരുടെ സതീർത്ഥ്യനും ബാല്യസുഹൃത്തുമായ ഒരു ബ്രാഹ്മണൻ, ദാരിദ്ര്യത്താൽ വല്ലാതെ കഷ്ടപ്പെട്ടു്, ഇരന്നുകിട്ടിയ ഒരുപിടിയവിൽ കീറത്തുണിയിൽ കെട്ടിപ്പൊതിഞ്ഞു്, കടൽവണ്ണനെ കാണ്മാൻ ശ്രീമഥുരകയിൽ വന്നെത്തി. അദ്ദേഹം രുഗ്മിണിയുടെ മണിമച്ചിന്റെ വാതിൽക്കൽ കുറച്ചുനേരം മിണ്ടാതെ നിന്നു. കൃഷ്ണൻ ബ്രാഹ്മണാഗമനമറിഞ്ഞതോടുകൂടി, അദ്ദേഹത്തെ എതിരേറ്റു നമസ്കരിച്ചു കൈക്കുചിടിച്ചു് അകത്തേയ്ക്കു കൊണ്ടുപോയി, ഭയത്താൽ കിടുകിടെ വിറച്ചിരുന്ന അതിഥിയെ ശോഭനാസനത്തിലിരുത്തി, രുഗ്മിണി കൊണ്ടുവന്ന പൊന്നിൻകുടത്തിലെ വെള്ളംകൊണ്ടു കാൽകഴുകിച്ചു്, മധുപക്കംകൊണ്ടു പൂജിച്ചു; അമൃതിനൊത്ത അന്നപാനങ്ങളും വേണ്ടുവോളം നൽകി; എന്നിട്ടു് അരണന്റെ കീറത്തുണിപ്പൊതിയിലെ അവിൽ താൻതന്നെ തൃക്കൈകൊണ്ടെടുത്തു പുഞ്ചിരിക്കൊണ്ടു ഭക്ഷിച്ചു. അച്യുതൻ അവിൽ തിന്ന നിമിഷത്തിൽത്തന്നെ അനന്തമന്ന ധനധാന്യവസ്ത്രാഭരണസമൃദ്ധമായ മഹൈശ്വര്യവും ഉണ്ടായിവന്നു! മുകുന്ദനാൽ യാത്രയാക്കപ്പെട്ട ബ്രാഹ്മണനാകട്ടെ, എനിക്കു് ഒരു വസ്തുമോ, ഇത്തിരി പണമോ കൃഷ്ണൻ തന്നില്ലല്ലോ!' എന്ന വിചാരിച്ചുംകൊണ്ടു സഹൃഹത്തിൽ തിരിച്ചെത്തി; അതാ, ആ ഗൃഹം ധനധാന്യസംപൂർണ്ണമായിരിക്കുന്നു! അതുകണ്ടു്, 'ഇതെല്ലാം ഭഗവാന്റെ പ്രസാദമാണെ'ന്ന മനസ്സു കുളിത്ത ബ്രാഹ്മണൻ ദിവ്യവസ്ത്രാഭരണഭൂഷിതനായ ഭാര്യയോടുകൂടി സവ്സുഖങ്ങളും ഭുജിച്ചുപോന്നു; വിഷ്ണുപ്രീതിക്കായി പല പല യാഗങ്ങളും കഴിച്ചു്, തൽപ്രസാദത്താൽ നിത്യപരമസൗഖ്യവുമടഞ്ഞു.

ധൃതരാഷ്ട്രപുത്രൻ, ദുര്യോധനൻ പാണ്ഡവന്മാരെ, കള്ളച്ചൂതുകൊണ്ടു രാജ്യം തട്ടിപ്പറിച്ചു്, നാട്ടിൽനിന്നു കാട്ടിൽ തള്ളിക്കളഞ്ഞു. ആ യുധിഷ്ഠിരഭീമാർജ്ജുനനകുലസഹദേവന്മാർ പാഞ്ചാലിയോടുകൂടി പന്തിരണ്ടുകൊല്ലം വൻകാട്ടിൽപ്പാർത്തു്, ഒരു വർഷം വിരാടരാജധാനിയിൽ അജ്ഞാതവാസവും കഴിച്ചു്, കൃഷ്ണ

Digitized By Kerala Sahitya Akademi

നാകുന്ന സഹായത്തോടുകൂടി ധാർത്തരാഷ്ട്രന്മാരോടു യുദ്ധത്തിനു ചെന്നു. പല രാജ്യങ്ങളിലെ രാജാക്കന്മാരും ചേർന്ന ധാർത്തരാഷ്ട്രപാണ്ഡവന്മാർ തമ്മിൽ, മഹാപുണ്യമായ കുരുക്ഷേത്രത്തിൽവെച്ച്, ഭേദകരമായ്തോന്നിച്ച മഹായുദ്ധം നടന്നു. കൃഷ്ണൻ അർജ്ജുനന്റെ സാരഥ്യം വഹിച്ച്, അർജ്ജുനങ്കൽ തന്റെ ശക്തിമാവേശിപ്പിച്ച്, പതിനൊന്നക്ഷൗഹിണികളും മുഴുന്ന ദുര്യോധനഭീഷ്മദ്രോണാദികളേയും രാജാക്കന്മാരേയുമെല്ലാം വധിച്ചു ഭൂഭാരമൊക്കെത്തീർത്ത്, പാണ്ഡവന്മാരെ നാടുവാഴിച്ച ദ്വാരകയിലേയ്ക്കു തിരിച്ചെഴുന്നള്ളി.

കുറെ നാൾക്കു ശേഷം, ഒരു വൈദികബ്രാഹ്മണൻ അഞ്ചുവയസ്സായ ഒരു കുട്ടിയുടെ ശവംകൊണ്ടുവന്ന് അരമനവാതിൽക്കൽ വച്ചു തെരുതെരെ വിലപിപ്പാനും ശാപ്പിയെ ശകാരിപ്പാനും തുടങ്ങി; കൃഷ്ണൻ ഒന്നും മിണ്ടുകയുണ്ടായില്ല! 'എന്റെ അഞ്ചുണ്ണികൾ മുമ്പു മരിച്ചിരിക്കുന്നു; ആറാമത്തതാണിതു്. ഇവനെ കൃഷ്ണൻ ജീവിപ്പിച്ചില്ലെങ്കിൽ, ഞാൻ അരമനവാതിൽക്കൽക്കിടന്നു ചാവും!' എന്നിങ്ങിനെ പുത്രശോകത്താൽ വിലപിച്ചിരുന്ന ബ്രാഹ്മണനെ, അന്നവിടെ കൃഷ്ണനെക്കാണ്മാൻ വന്നിരുന്ന അർജ്ജുനൻ കണ്ടെത്തി അഞ്ചുവയസ്സിൽ മൃതിപ്പെട്ട ബാലനെ കണ്ടിട്ടു കനിവുതോന്നിയ ഫൽഗുനൻ, 'ഉണ്ണിയെ ഞാൻ ജീവിപ്പിച്ചുതരാ'മെന്നു പ്രതിജ്ഞചെയ്തു; ബ്രാഹ്മണൻ ആശ്വസിച്ചു സന്തോഷിച്ചു. അർജ്ജുനൻ വളരെ വളരെ സംജീവനാസ്ത്രങ്ങളും ജപിച്ചുനോക്കി; ബ്രാഹ്മണശിശുവിന്നു ജീവനുണ്ടായില്ല! അതിനാൽ പ്രതിജ്ഞാഭംഗം നേരിട്ട് അത്യന്തം ദുഃഖിച്ച് പ്രാണത്യാഗംചെയ്യാൻ നിശ്ചയിച്ചു. ഇതെല്ലാമറിഞ്ഞു കൃഷ്ണൻ പുറത്തേയ്ക്കു വന്നു വൈദികനെ, 'എല്ലാപുത്രന്മാരേയും ഞാൻ തരാമെ'ന്നാശ്വസിപ്പിച്ച്, അർജ്ജുനനോടുകൂടി ഗരുഡന്റെ പുറത്തുകേറി, വൈകുണ്ഠത്തിലേയ്ക്കു ഗമിച്ചു. കൃഷ്ണാർജ്ജുനന്മാർ അവിടെച്ചെന്ന് ഒരു ദിവ്യമണിമണ്ഡപത്തിൽ ദേവിയോടൊന്നിച്ചു വാണരുളുന്ന നാരായണനെ നമസ്കരിച്ചു. തന്തിരുവടി രണ്ടുപേരെയുംപിടിച്ചാലിംഗനംചെയ്തിട്ട്, 'എന്തിനാണു വന്നതെ'ന്നു ചോദിച്ചു. കൃഷ്ണൻ, ഭഗവാനേ, വൈദികന്റെ പുത്രന്മാരെ എനിക്കു തരണം' എന്നപേക്ഷിച്ചു. ഉടനെ വിഷ്ണു, അതേവയസ്സിൽ വൈകുണ്ഠലോകത്തു വസിച്ചിരുന്ന ബ്രാഹ്മണപുത്രന്മാരെ കൃഷ്ണനു കൊടുത്തു. അർജ്ജുനാനുഗതനായ കൃഷ്ണൻ അവരെ സഹർഷം ഗരുഡന്റെ പുറത്തുകേറ്റി, താനും കേറി, ഗഗനത്തിൽ ഗീർവ്വാണഗണങ്ങളാൽ

Digitized By Kerala Sahitya Akademi

സ്തുതിക്കപ്പെട്ടുകൊണ്ടു പോരുകയിൽ തിരിച്ചെത്തി, അഞ്ചുവയസ്സു ചെന്ന അരുണികളെ ബ്രാഹ്മണന്നു കൊടുത്തു. അദ്ദേഹം മനസ്സു കുളിർത്തു് അനുഗ്രഹാശീർവ്വാദം ചെയ്തു. അർജ്ജുനൻ പ്രതിജ്ഞ സാധിച്ചതിൽ സന്തുഷ്ടിപൂണ്ടു്, വാസുദേവനെവണങ്ങി യുധിഷ്ഠിരപുരിയിലേയ്ക്കു തിരിച്ചു.

*.....അപ്പോൾ എണ്ണമില്ലാത്ത യാദവരാൽ മേദിനി മൂടപ്പെട്ടു! വീണ്ടും ഭ്രമരാശങ്കിച്ചു് കൃഷ്ണൻ അവരെ മുനിശാപവ്യാജത്താൽ മൂടിപ്പാനാരംഭിച്ചു: ഒരുനാൾ കുമാരന്മാർ നമ്മദയിൽ കളിപ്പാൻ പോയി. അവിടെ കണ്വമഹർഷി തപസ്സുചെയ്യുന്നവരായിരുന്നു. അവർ ജാംബവതീപുത്രനെ സ്ത്രീവേഷംകെട്ടിച്ചു വയറിന്മേൽ ഒരിരുമ്പുലക്കയും ചേർത്തുവെച്ചു്, പതുക്കെ ഋഷിയുടെ മുമ്പിൽ കൊണ്ടുചെന്നു നിർത്തി, വന്ദിച്ചു്, 'ഇവളുടെ വയറ്റിൽ ആണോ പെണ്ണോ?' എന്നു ചോദിച്ചു. മുനി വാസ്തവമറിഞ്ഞു് അരിശംപൂണ്ടു്, 'നിങ്ങളെല്ലാവരും ഈ മുസലംകൊണ്ടു കൊലപ്പെടുക' എന്നു ശപിച്ചു. കുമാരന്മാരെല്ലാവരും ഭയത്തോടെ കൃഷ്ണന്റെ അടുക്കൽച്ചെന്നു മുനി പറഞ്ഞതറിയിച്ചു. കൃഷ്ണൻ ആ ഇരുമ്പുലക്ക രാകിച്ചു നീർക്കയത്തിലിടുവിച്ചു; ആ ഇരുമ്പിൻപൊടിയിൽനിന്നു വജ്രംപോലുള്ള പുല്ലുകൾ മുളച്ചുപൊന്തി! ചെറുവിരലോളം ശേഷിച്ചിരുന്ന മുസലഖണ്ഡത്തെ ഒരു മൽസ്യം വിഴുങ്ങി; ആ മൽസ്യത്തെ ഒരു നിഷാദൻ പിടിച്ചു. അവൻ അതിന്റെ വയറ്റിൽക്കിടന്നിരുന്ന മുസലഖണ്ഡമെടുത്തു് അമ്പിന്റെ മുനയാക്കി.

ഒരുനാൾ രാമകൃഷ്ണപ്രദ്യുമ്നാദിയാദവന്മാരെല്ലാവരും, ഇന്ദ്രനയച്ച മദ്യം കുടിച്ചു ലഹരി പിടിച്ചതിനാൽ തമ്മിൽ തെറിപറഞ്ഞു്, ഏരകപ്പുല്ലു പറിച്ചെയ്യാൻ തുടങ്ങി; ആ യുദ്ധത്തിൽ സകലരും അറുതിപ്പെട്ടു. കൃഷ്ണനാകട്ടെ, യുദ്ധത്താൽ ക്ഷീണിച്ചു കല്പകവൃക്ഷത്തണലിൽ കിടന്നു. യാദവർ മുഴുവനും ഉയിർ വെടിഞ്ഞു്, അതായതു ദേവന്മാരായിച്ചമഞ്ഞു. ഇങ്ങിനെ മുസലംകൊണ്ടു സർവ്വം സംഹരിച്ചിട്ടു് ഏകനായ ഭഗവാൻ പാരെ വല്ലിപ്പടർപ്പുകൾ ചേർന്നവന്മരത്തിന്റെ തണലണഞ്ഞു തുക്കാൽ മുട്ടിന്മേൽവെച്ചു ചതുർഭുജനായ വാസുദേവനാകുന്ന തന്നെ ധ്യാനിച്ചുകൊണ്ടു മാനുഷദേഹം ത്യജിപ്പാനായി സ്ഥിതിചെയ്തു. അപ്പോൾ, അവിടെ വേട്ടയ്ക്കു നടന്നിരുന്ന ആ നിഷാദൻ, കാലപ്രഭാവത്താൽ, ചക്രവജ്രധ്വജാംകുശാദിചിഹ്നിതമായ ചെന്താമരപ്പദം കണ്ടിട്ടു്, മൃഗത്തിനുനേരെ അമ്പെയ്തു; കൃഷ്ണനാണെന്നറിഞ്ഞപ്പോളാകട്ടെ, അവൻ അത്യന്തം പേടിച്ചുരണ്ടു വിറച്ചുംകൊണ്ടു തന്തിരുവടിയെ തൊഴുതു്, 'അടിയന്റെ പെരുംപിഴ

* കൃഷ്ണപുത്രസാംബൻ സുകുടുംബം കഥ—മഹാഭാരതത്തിൽ നോക്കുക.

Digitized By Kerala Sahitya Akademi

യെല്ലാം പൊറുക്കുമാറാകണം' എന്ന്, നമസ്കരിച്ചു. അച്യുതൻ അമൂനിറഞ്ഞ തുടക്കകൊണ്ട് അവനെ പിടിച്ചെഴുന്നേല്പിച്ച്, 'നീ തെറ്റൊന്നും ചെയ്തിട്ടില്ലെ'ന്നരുളിച്ചെയ്ത് ആ ഭയപീഡിതനെ സമാശ്വസിപ്പിച്ചു; അവന്ന സദ്യോപനിഷൽസാരഭൂതമായ സനാതനവിഷ്ണുപദം കല്പിച്ചു നൽകുകയും ചെയ്തു. നിഷാദൻ ആ നിമിഷത്തിൽത്തന്നെ പുരുകളുത്താനിതനായി മനുഷ്യശരീരം വിട്ട് ദിവ്യവിമാനത്തിലേറി, യോഗിഗമ്യമായ വൈകുണ്ഠമണഞ്ഞു!

അപ്പോഴെയ്ക്കും ദാരുകൻ തേരുംകൊണ്ടു സ്വാമിയുടെ സന്നിധിയിലെത്തി. കൃഷ്ണൻ അയാളെ, 'വേഗത്തിൽ അർജ്ജുനനെ കൂട്ടിക്കൊണ്ടുവരു' എന്ന കല്പിച്ചയച്ചു. അയാൾ മനോജവമായ തേരിൽക്കേറി അർജ്ജുനന്റെ അടുക്കലെത്തി. അർജ്ജുനൻ തിരുമുമ്പിൽ വന്ന്, വലത്തുവെച്ചു വണങ്ങിത്തൊഴുതുനിന്ന്, 'ഞാൻ എന്തു ചെയ്യേണ്ടു' എന്നു ചോദിച്ചു. മാധവൻ മറുപടിപറഞ്ഞു:—'പാർത്ഥ, ഞാൻ സ്വർഗ്ഗത്തിലേയ്ക്കു പോകയാണ്. ഭവാൻ ദ്വാരകയിൽ പോയി രുഗ്മിണി മുതലായ എട്ടു ഭാര്യമാരെ കൊണ്ടുവന്ന്, എന്നെ അനുഗമിപ്പിക്കുക.' അർജ്ജുനൻ ദാരുകനൊന്നിച്ചു ദ്വാരകയിലേയ്ക്കു ഗമിച്ചു. അപ്പോൾ ദേവന്മാർ ആകാശത്തു വിമാനങ്ങളിൽ സ്ഥിതിചെയ്തു, സ്വർഗ്ഗംപൂകുന്ന കൃഷ്ണനെ കണ്ട് പുഷ്പമാരിയോടൊപ്പം സ്തുതിച്ചു പുഷ്പവൃഷ്ടികളും പൊഴിച്ചു; കൃഷ്ണൻ മനുഷ്യദേഹം ത്യജിച്ച്, സർവ്വജഗൽസ്ഥിതിസംഹാരകാരണവും സർവ്വക്ഷേത്രജ്ഞനും അന്തര്യാമിയും യോഗിധ്യേയവും അനാമയവുമായ വാസുദേവത്തിലേയ്ക്കു ലയിച്ചു, ഗരുഡന്റെ പുറത്തുകേറി എഴുന്നള്ളുകയുംചെയ്തു.

അർജ്ജുനൻ വാസുദേവപുത്രന്മാരെയും രുഗ്മിണി മുതലായ മഹിഷിമാരേയും വിവരമെല്ലാമറിയിച്ചു. അതുകേട്ട നഗരത്തിലെ സ്ത്രീപുരുഷന്മാരൊക്കെത്തന്നെ ദ്വാരകവിട്ടു പുറത്തുവന്നുചേർന്നു, കൃഷ്ണകളത്രപുത്രപ്രേമംമൂലം വാസുദേവപുത്രന്മാരുടെ കൂടെ അതിവേഗത്തിൽ കൃഷ്ണസമീപത്തണഞ്ഞു. വാസുദേവൻ, ഉഗ്രസേനൻ, അക്രൂരൻ എന്നീ യദുവൃദ്ധന്മാരും മറ്റുള്ളവരുമെല്ലാം മനുഷ്യദേഹം വെടിഞ്ഞു സനാതനനായ വാസുദേവങ്കൽ ചെന്നുചേർന്നു. രേവതി ബലഭദ്രന്റെ ശരീരം പുണർന്ന് അഗ്നിയിൽ പ്രവേശിച്ചു ദിവ്യവിമാനാരൂഢയായി ഭർത്താവിന്റെ വാസസ്ഥാനമായ സംകർഷണലോകം പ്രാപിച്ചു; അവിധംതന്നെ പ്രദ്യുമ്നാനിരുദ്ധപത്നിമാരും, എല്ലാ യാദവസ്ത്രീകളും അഗ്നിപ്രവേശനംചെയ്തു. അവർക്കൊക്കെ അർജ്ജുനൻ ശ്രേഷ്ഠക്രിയ കഴിച്ചു. ദാരുകനും പുത്രിന്റെ

Digitized By Kerala Sahitya Akademi

രിലേറി ദിവ്യലോകത്തേയ്ക്കു ഗമിച്ചു. കല്പകവൃക്ഷവും സുധർമ്മ എന്ന ദേവസഭയും ഇദ്ദേഹംകണ്ടു ചെന്നതേയുള്ളൂ; ദ്വാരകാപുരി വൻകടലിൽ മുങ്ങുകയും ചെയ്തു!

ഫല്ഗുനൻ പതിനായിരം കൃഷ്ണപത്നിമാരേയുംകൊണ്ട് ഇന്ദ്രപ്രസ്ഥത്തിലേയ്ക്കു പോയപ്പോൾ, ആ സ്ത്രീകളെയെല്ലാം തട്ടിപ്പറിക്കാർ പിടിച്ചുകൊണ്ടു പോയ്ക്കളഞ്ഞു; മുമ്പു ദേവഗന്ധർവ്വസ്ത്രീകളായിരുന്ന അവർ അഷ്ടാവക്രമഹർഷിയെ കളിയാക്കി പരിഹസിച്ചതിനാൽ, അദ്ദേഹം, 'നിങ്ങൾ ദേഹ്യമാനുഷിപ്പോകും' എന്നു ശപിച്ചു. അപ്പോൾ, അവർ മുനിയെ പൂജിച്ചു പ്രസാദിപ്പിച്ചു. ഈ പ്രസാദശാപങ്ങളാലാണു്, അവർ സംബന്ധിതനായ വാസുദേവനെ ഭർത്താവായി നേടിയതും തട്ടിപ്പറിക്കാരുടെ കയ്യിലകപ്പെട്ടതും. തസ്കരരാൽ തോല്പിക്കപ്പെട്ട പാർത്ഥൻ, 'എന്റെ ഭുജബലവും വീര്യവും ഐശ്വര്യമെല്ലാം കൃഷ്ണനോടൊന്നിച്ചു പോയിക്കഴിഞ്ഞു; എനിക്കിപ്പോൾ ഭാഗ്യക്ഷയമാണു്!' എന്നിങ്ങനെ വിഷണ്ണനായി, ദിനാന്ത സൂര്യനെപ്പോലെ തേജസ്സെല്ലാം നശിച്ചു തന്റെ രാജധാനിയിലെത്തിച്ചേർന്നു.

*..... മറവതാരങ്ങളിലൊക്കെ മീതെയാണു്, ഭൂഭാരനാശനത്തിനുവേണ്ടിയുള്ള കൃഷ്ണാവതാരം. ദേഹി, സർവ്വഫലങ്ങളേയും നൽകുന്ന ഈ അത്യത്ഭുതമായ ശ്രീകൃഷ്ണചരിതം മുക്കത്തിൽ ഞാൻ പറഞ്ഞുതന്നു. ഇതു വിഷ്ണുസന്നിധിയിൽ വായിക്കുകയോ കേൾക്കുകയോ സ്മരിക്കുകയോ ചെയ്യുന്നവനു പരമപദം കിട്ടും. മാപാപമോ ഉപപാപമോ ചെയ്യുവൻ കൃഷ്ണന്റെ ബാല്യചരിതം ശ്രവിച്ചാൽ പാപനിർമ്മുക്തനാകും: ദ്വാരകയിൽ തുഗ്രിണിയോടൊന്നിച്ചു വാഴുന്ന ഹരിയെ സ്മരിച്ചാൽ വലിയ ഐശ്വര്യം സിദ്ധിക്കും. യുദ്ധത്തിലോ സങ്കടത്തിലോ ശത്രുക്കൾ ചുഴുന്ന ദുർഗ്ഗത്തിലോ സർവ്വേശ്വരനെ ധ്യാനിച്ചാൽ ജയം ലഭിക്കും. ഞാൻ ചെയ്ത ശ്രൌതകർമ്മമൊന്നിച്ചു കേളിയാടുന്ന കേശവനെ സ്മരിച്ചാൽ സർവ്വകാമങ്ങളും സൌഭാഗ്യവും കൈവരും. കുരുക്ഷേത്രത്തിലെ മഹാകൃത്യമായ കൃത്യയെ ജയിച്ച സനാതനനെ സ്മരിച്ചവൻ ബാധകളിൽനിന്നും രോഗങ്ങളിൽനിന്നും വിട്ടുനേടും. എന്തിനേറെപ്പറയുന്നു? സർവ്വഫലസിദ്ധിക്കും അഭിജ്ഞൻ 'കൃഷ്ണായ നമഃ' എന്നുച്ചരിച്ചാൽ മതി!

'കൃഷ്ണായ വാസുദേവായ ഹരയേ പരമാത്മനേ
പ്രണതക്ലേശനാശായ ഗോവിന്ദായ നമോ നമഃ!'

* ജൂപ്പുത്തി.

Digitized By Kerala Sahitya Akademi

എന്ന മന്ത്രം നാം തോറും ഭക്തിയോടേ ജപിച്ചാൽ പാപമെല്ലാം വേർപെട്ട വിഷ്ണുലോകം പൂകാം. എല്ലാദേവന്മാക്കും ഈശ്വരനാണ് ജനാർദ്ദനൻ. ശത്രുനാടി ലോകരക്ഷണത്തിന്നായി അവസ്ഥാന്തരം കൈക്കൊള്ളുന്നു. ത്രിപുരദഹനത്തിന്നുണ്ടി ഞാൻ ഹരിയെ ആരാധിച്ചു; അപ്പോൾ ബുദ്ധരൂപം കൈക്കൊണ്ടു ശത്രുക്കളെ മറിച്ചരിപ്പിച്ചു; ബൌദ്ധശാസ്ത്രങ്ങൾ മനസ്സു മറിഞ്ഞു ധർമ്മമെല്ലാം കൈവിട്ട ആ ദേവദ്വേഷികളെ ഞാൻ നാരായണാസ്ത്രംകൊണ്ടു കൊല്ലുകയും ചെയ്തു. കലിയുഗാവസാനത്തിൽ ജനാർദ്ദനൻ ബ്രാഹ്മണഹൃദയത്തിലവതരിച്ചു ദുഷ്ടരായ ശ്ലേച്ഛന്മാരെയെല്ലാം സംഹരിക്കും. ഇങ്ങിനെ വിശ്വനാഥന്റെ വൈഭവാവസ്ഥകളെല്ലാം പറഞ്ഞുകഴിഞ്ഞു. സുവ്രതനേ, ഇനിയെന്താണു ഭവതിക്കു കേൾക്കേണ്ടതു്?'

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, ദിലീപവസിഷ്ഠസംവാദത്തിലുള്ള
മഹേശ്വരസംവാദം, ദശാവതാരകഥനം, കൃഷ്ണചരിതസംഗ്രഹം,
ശ്രീകൃഷ്ണസ്വർഗ്ഗാരോഹണകഥനം ഇത്തരത്തിൽ പതിനൊന്നാമദ്ധ്യായം.



ഇരുനൂറൊൻപതാമദ്ധ്യായം

പാർവ്വതി:—'ദേവൻ, ദേവേശ, വിഷ്ണുവിന്റെ വൈഭവാവസ്ഥയെല്ലാം ഇവിടുന്നു പറഞ്ഞുതന്നു; ഇതിൽവെച്ചു രാമകൃഷ്ണചരിതമാണു് അത്യുത്തമം. അഹോ, രാമന്റേയും മഹാത്മാവായ കൃഷ്ണന്റേയും ചരിതം ശ്രവിച്ചുകൊണ്ടിരുന്നാൽ, നൂറു നൂറു കല്പങ്ങൾകൊണ്ടും എനിക്കു മതിവരികയില്ല! ഇനി, വിഷ്ണുവിന്റെ ഉൽകൃഷ്ടമായ മാഹാത്മ്യവും പൂജാവിധിയും കേൾക്കേണമെന്നുണ്ടു്.'

ശിവൻ:—'ദേവി, കേട്ടുകൊള്ളുക: സ്ഥാപിതം, സ്വയംവ്യക്തം എന്നു രണ്ടു തരത്തിലുണ്ടു്, ഭഗവാന്റെ അവസ്ഥിതി. കല്ലു്, മണ്ണു്, മരം, ലോഹം മുതലായതുകൊണ്ടു പ്രതിമയുണ്ടാക്കി, ശ്രൌതസ്മാർത്തക്രിയകളാൽ പ്രതിഷ്ഠിച്ചതു സ്ഥാപിതം: കല്ലിലോ മരത്തിലോ വിഷ്ണു താൻതന്നെ സന്നിധാനം ചെയ്തതു സ്വയംവ്യക്തം. സ്വയംവ്യക്തനോ സ്ഥാപിതനോ ആയ മധുസൂദനനെ പൂജിക്കണം. ദേവന്മാക്കും മഹർഷിമാക്കും പൂജിപ്പാൻവേണ്ടി ജഗദീശൻ സ്വയമേ സന്നിധി ചെയ്യാറുണ്ടു്. ആക്കു് ഏതു വിഗ്രഹത്തിൽ വേണമോ, അവനു് അതിങ്കൽ ഭഗവാൻ അധിവസിക്കും. അതിനെത്തന്നെ നിത്യം പൂജിക്കണം; അതു കൽത്തന്നെ എന്നു ഭാവിക്കരുതു. ബ്രഹ്മാവിനു പൂജിപ്പാൻവേണ്ടി ശ്രീമാൻ ശ്രീരംഗത്തു പള്ളികൊള്ളുന്നു; തന്നിമി

Digitized By Kerala Sahitya Akademi

വടിതന്നെ ഇക്ഷ്വാകുരാജാക്കന്മാർക്കും തപസ്സിനാൽ പ്രത്യക്ഷനായി. ഞാനാകട്ടെ, കാശിയിൽ കലുഷനാശനനായ മാധവനെ പൂജിച്ചുപോരുന്നു. ഏതേതു രമ്യഗൃഹത്തിൽ സനാതനൻ സ്വയം വെളിപ്പെട്ടുവോ, അതിങ്കലെല്ലാം ചെന്നു പാർത്തു ഞാൻ രമിക്കുന്നു. അഷ്ടാംഗയോഗത്തിലല്ല, പ്രതിമയിലാണു്, യജ്ഞേശൻ മനുഷ്യർക്കു ദൃശ്യനായിട്ടു് അഭീഷ്ടവരം നൽകുന്നതു്! ഏതവസ്ഥയിലും, ജനങ്ങൾക്കു സുലഭമാണല്ലൊ, പ്രതിമയിൽ ദർശനം. അജ്ഞന്മാർക്കും സദാ സന്നിധ്യം നേടാം. ജംബൂദ്വീപിൽ പരമപുണ്യമായ ഭാരതവർഷത്തിൽ, പ്രതിമയിൽത്തന്നെയാണു്, മറെറാന്നിലുമല്ല, വിഷ്ണുവിന്റെ സാന്നിധ്യം. അതിനാൽ ഭാരതവർഷത്തിൽ ഭഗവാനെ മുനിമാരും ദേവന്മാരും തപോയജ്ഞക്രിയാദികൾകൊണ്ടു നിരന്തരം സേവിച്ചുപോരുന്നു. ഭാരതമഹാവർഷത്തിൽ നിത്യസന്നിഹിതനത്രേ ശ്രീനാരായണൻ. വെങ്കട്ടം, കൈമ്മം, സിംഹാദ്രി, കരവീരകം, കാശി, പ്രയാഗം, സാളഗ്രാമാചലം, ദ്വാരക, നൈമിശം, ബദര്യാശ്രമം, കൃതശൗചം, പുണ്ഡരീകം, ഉണ്ഡകം, മഥുര, വേങ്കടാദ്രി, ശ്വേതാദ്രി, ഗരുഡാചലം, കാഞ്ചി, അനന്തശയനം, ശ്രീരംഗം, ശൈല (വാസ) വാചാലം, നാരായണാചലം, വാരാഹം, വാമനാശ്രമം എന്നിവിടങ്ങളിൽ ഭഗവാൻ സ്വയം വ്യക്തനായി സർവകാമങ്ങളേയും നൽകിക്കൊണ്ടു വാണരുളുന്നു.

മഹാഭാഗവതശ്രേഷ്ഠൻ പ്രതിമയെ യഥാവിധി പ്രതിഷ്ഠിച്ചു മന്ത്രംകൊണ്ടു സാന്നിധ്യം വരുത്തണം; ആ സ്ഥാപനമാണു് മുഖ്യം. അതു ഗ്രാമങ്ങളിലും ഗൃഹങ്ങളിലുമാകാം; സാളഗ്രാമപൂജ ഗൃഹത്തിൽ മാത്രം. * .....അർച്ചനം, മന്ത്രജപം, വന്ദനം, യാഗം, യോഗം, നാമസങ്കീർത്തനം, സേവനം, ചക്രാദിചിഹ്നധാരണം, വൈഷ്ണവാരാധനം എന്നീ രണ്ടു കർമ്മങ്ങൾ വേണം ബ്രാഹ്മണന്നു്: താപാദിപഞ്ചസംസ്കാരവും നവയജ്ഞങ്ങളും പഞ്ചാത്മജ്ഞാനവുമുള്ള ബ്രാഹ്മണനത്രേ മഹാഭാഗവതൻ. ക്ഷത്രിയനും രണ്ടു കർമ്മങ്ങളുണ്ടാകും; വൈശ്യന്നാകട്ടെ: ചിഹ്നധാരണം, സേവനം, വൈഷ്ണവാരാധനം, മന്ത്രജപം, നാമസങ്കീർത്തനം, വന്ദനം; ശൂദ്രന്നുമോ: നാമസങ്കീർത്തനം, സേവനം, പൂജ, വന്ദനം, വൈഷ്ണവാരാധനം. മാനസയജ്ഞം എല്ലാവർക്കും ഒന്നുപോലെതന്നെ.

..യക്ഷരാക്ഷസപിശാചാദികളെ പൂജിച്ചുപോകരുതു്; പൂജിച്ചാൽ ബ്രാഹ്മണൻ ചണ്ഡാലനായിത്തീരും. മദ്യമാംസഭക്ഷക

* ഈ അദ്ധ്യായത്തിലെ ബാക്കി പ്രമേയങ്ങൾ മുമ്പ് അവിടവിടെ പ്രതിപാദിക്കപ്പെട്ടവയാണു്. ക്രമം-ൽ പൂരം ശ്ലോകങ്ങൾ വിട്ടു.

Digitized By Kerala Sahitya Akademi

ളായ ദേവതകളെ പൂജിക്കുന്നതു മദ്യപാനത്തിനു തുല്യമത്രേ. യക്ഷാദികളെ പൂജിച്ചവർ മഹാഘോരമായ കുംഭീപാകനരകത്തിൽ പതിച്ചുപോകും .....'

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, മിഥിലവസിക്കുസംവാദോത്തർഗ്ഗതോമാഹേശ്വരസംവാദം, വിഷ്ണുപൂജാവിധ്യാദികഥനം എന്നൂറെണ്പത്തൊമ്പതാമദ്ധ്യായം.

— o —

ഇരുന്നൂറെൺപത്തിരണ്ടാമദ്ധ്യായം

വസിഷ്ഠൻ:—ഇതെല്ലാം കേട്ട പാർവ്വതീദേവി മഹാത്മാവായ മണവാളനെ വണങ്ങിത്തൊഴുതരുളിച്ചെയ്തു.—'നാഥ, മികച്ച വൈഷ്ണവധർമ്മവും രഹസ്യത്തിലും രഹസ്യമായ പരമാത്മസ്വരൂപവും ഇവിടുന്നു ശരിക്കു പറഞ്ഞുതന്നുവല്ലൊ; ഞാൻ ധന്യയായി, കൃതാർത്ഥയായി! ഇവിടുത്തെ പ്രസാദത്താൽ, സർവ്വദേവനമസ്കൃതനായ സനാതനനെ ഞാൻ പൂജിക്കട്ടെ!' മുപ്പുരാന്തകൻ മനംകുളിർത്തു ദേവിയെ കെട്ടിപ്പുണർന്നരുളിച്ചെയ്തു: —'കൊള്ളാം, മഹാദേവി, കൊള്ളാം. ഭവതി ലക്ഷ്മീവല്ലഭനെ പൂജിച്ചുകൊള്ളുക. ഭദ്രേ, വൈഷ്ണവിയായ ഭവതിയോടുമായതുകൊണ്ടു ഞാൻ കൃതകൃത്യനായിരിക്കുന്നു! സുന്ദരി, ഭവതി ധീമാനായ വാമദേവനാകുന്ന ഋഷിയോടു് ഉപദേശം വാങ്ങി, പുരാണപുരുഷനെ പൂജിച്ചുകൊൾക: ഋഷ്യുപദേശമാർഗ്ഗേണ പൂജിച്ചുകാംക്ഷിതമെല്ലാം കൈവരികയുള്ളു.'

മനംകുളിർത്ത മഹേശ്വരി അപ്പോൾത്തന്നെ വാമദേവന്റെ അടുക്കലേയ്ക്കു നടകൊണ്ടു്, ആ ഋഷിയെ വന്ദിച്ചു തൊഴുതപേക്ഷിച്ചു:—'ഭഗവാനെ, ഇവിടുത്തെ പ്രസാദത്താൽ എനിക്കു വിഷ്ണുവിനെ ശരിക്കു പൂജിക്കണമെന്നുണ്ടു്; ഉപദേശം തരുമാറാകണം.' വാമദേവമഹർഷി മലമാതിനു മന്ത്രരത്നവും വിഷ്ണുസഹസ്രനാമവും പൂജാവിധിയും ശരിക്കുപദേശിച്ചു; 'നാൾതോറും പ്രഭാതത്തിൽ നാരായണനെ പൂജിച്ചിട്ടു സഹസ്രനാമം ചൊല്ലിക്കൊൾക' എന്നും പറഞ്ഞുകൊടുത്തു. ദേവി സഹർഷം ദേശികേന്ദ്രനെ പൂജിച്ചു വണങ്ങി സപര്യാഹത്തിലേയ്ക്കു മടങ്ങിപ്പോന്നു.

കുറെ നാൾക്കുശേഷം ഒരു ദ്വാദശീതിഥിയിൽ വൃഷഭവാഹനൻ കമനീയമായ കൈലാസശൃംഗത്തിൽ വിഷ്ണുപൂജ കഴിച്ചു്, ഉണ്ണാനിരുന്നിട്ടു പാർവ്വതിയെ വിളിച്ചു:—'ജഗദ്വന്ദിതയായ പാർവ്വതി, വരൂ, എന്നോടൊന്നിച്ചുണ്കഴിപ്പാൻ.' 'സഹസ്രനാമം ചൊല്ലിയിട്ടു വേണം എനിയ്ക്കുണ്ണാൻ; അവിടുന്നു് ഉണ്കഴിച്ചുകൊള്ളുക' എ

Digitized By Kerala Sahitya Akademi

ന്നായിരുന്നു, മഹാദേവിയുടെ മറുപടി. അപ്പോൾ പുരാന്തകൻ പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു:—'ഗിരിജേ, ധന്യയാണ്, സുകൃതിനിയാണ്, വിഷ്ണുഭക്തയായ ദേവി; ഭാഗ്യവിച്ഛേദത്തെ വിഷ്ണുഭക്തി കൈവരുന്നതല്ല! രാമ, രാമ എന്നിങ്ങിനെ, രാമന്നിയകം തികഞ്ഞ രാമകൾ രമിയ്ക്കുന്നയാണ് ഞാൻ. 'സഹസ്രനാമത്തിനൊക്കും രാമനാമം. സുമുഖനേ, രേഫംകൊണ്ടു തുടങ്ങുന്ന വദനകമലം കേട്ടാൽത്തന്നെ, രാമനാമമാണെന്നു കരുതി എന്റെ ഹൃദയം പ്രസന്നമായിക്കഴിയും! ദേവി രാമ എന്നുച്ചരിച്ച്, എന്നോടൊപ്പം ഉറങ്ങ് കഴിക്കുക.' പാർവ്വതി രാമനാമം ചൊല്ലി ഒന്നിച്ചുണ്ണ് കഴിച്ചു; അതിന്നു ശേഷം പ്രേമത്തോടെ ഭർത്താവിനോടായ്പറഞ്ഞു:—'ദേവേശ, സഹസ്രനാമത്തിനൊക്കും രാമനാമം എന്നാണല്ലോ ഇപ്പോൾ പറഞ്ഞതു്; രാവണാന്തകനു വേറെ പേരുകളുണ്ടെങ്കിൽ പറഞ്ഞുതരിക. എനിക്കു ഭക്തി തോന്നുന്നു!'

ശിവൻ:—'ഗിരികന്യകേ, രാമചന്ദ്രന്റെ തിരുനാമങ്ങളും കേട്ടുകൊള്ളുക. ലൗകികങ്ങളും വൈദികങ്ങളുമായ ശബ്ദങ്ങളിൽവെച്ചു മീതെയത്രെ രാമസഹസ്രനാമം; അതിൽവെച്ചും മുഖ്യമാകുന്നു, അഷ്ടോത്തരശതനാമം. വിഷ്ണുവിന്റെ ഓരോ തിരുനാമംതന്നെ എല്ലാ വേദങ്ങളെക്കാളും മീതെയാകുന്നു. അങ്ങിനെയുള്ള ആയിരം പേരുകൾക്കൊക്കും രാമനാമം! എല്ലാ മന്ത്രങ്ങളും വേങ്ങളും ചൊല്ലിയാലത്തെ പുണ്യം രാമനാമംകൊണ്ടുതന്നെ കോടിവട്ടങ്ങായി കിട്ടും. ശ്രീഭദർശനെ, രാമന്റെ ഋഷിപ്രോക്തങ്ങളായ പ്രധാനനാമങ്ങളും ഞാൻ ചൊല്ലിത്തരാം:

'ഓം ശ്രീരാമോ രാമചന്ദ്രശ്ച രാമഭദ്രശ്ച ശാശ്വതഃ
രാജീവലോചനഃ ശ്രീമാൻ രാജേന്ദ്രോ രഘുപുംഗവഃ
ജാനകീവല്ലഭോ ജൈത്രോ ജിതാരിത്രോ ജനാർദ്ദനഃ
വിശ്വാമിത്രപ്രിയോ ദാന്തഃ ശരണ്യത്രാണതല്പരഃ
ബാലിപ്രമഥനോ വാഗ്മീ സത്യവാക് സത്യവിക്രമഃ
സത്യവ്രതോ വ്രതഫലഃ സദാ നന്ദാത്മജഃ പ്രഭുഃ
കൌസലേയഃ ഖരധ്വംസീ വിരാധവധപണ്ഡിതഃ
വിഭീഷണപരിത്രാതാ ദശഗ്രീവശിരോഹരഃ
സപ്തസാലപ്രഭേത്താ ച ഹരകോദണ്ഡഖണ്ഡനഃ
ജാമദഗ്ന്യമഹാദർപ്പദളനസ്വാടകാന്തകൃൽ
വേദാന്തപാരഗോ വേദാത്മാ ഭവബന്ധൈകഭേഷജഃ
ദൂഷണത്രിശിരോരിശ്ച ത്രിമൂർത്തിസ്ത്രിഗുണാത്മകഃ
ത്രിവിക്രമസ്ത്രിലോകാത്മാ പുണ്യചാരിത്രകീർത്തനഃ

Digitized By Kerala Sahitya Akademi

ത്രിലോകരക്ഷകോ ധന്വീ ദണ്ഡകാരണ്യവാസകൃൽ
അഹല്യാപാവനശ്ചൈവ പിതൃഭക്തോ വരപ്രദഃ
ജിതേന്ദ്രിയോ ജിതക്രോധോ ജിതലോഭോ ജഗദ്ഗുരുഃ
ഋക്ഷവാനരസംഘാതീ ചിത്രകൂടസമാശ്രയഃ
ജയന്തത്രാണവരദഃ സുമിത്രാപുത്രസേവിതഃ
സർവദേവാദിദേവശ്ച മൃതവാനരജീവനഃ
മായാമാരീചഹന്താ ച മഹാഭാഗോ മഹാഭുജഃ
സർവദേവസ്തുതഃ സൌമ്യോ ബ്രഹ്മണ്യോ മുനിസത്തമഃ
മഹായോഗീ മഹോദാരഃ സുഗ്രീവസ്ഥിരരാജ്യദഃ
സർവപുണ്യാധികഫലസ്തുതിസ്സർവാഘനാശനഃ
ആദിപുരുഷോ മഹാപുരുഷഃ പരമഃ പുരുഷസ്തഥാ
പുണ്യോദയോ മഹാസാരഃ പുരാണഃ പുരുഷോത്തമഃ
സ്മിതവക്ത്രോ മിതഭാഷീ പൂർവഭാഷീ ച രാഘവഃ
അനന്തഗുണഗംഭീരോ ധീരോദാത്ത ഗുണോത്തരഃ
മായാമാനുഷചാരിത്രോ മഹാദേവാദിപൂജിതഃ
സേതുകൃജ്ജിതവാരീശഃ സർവതീർത്ഥമയോ ഹരിഃ
ശ്യാമാംഗഃ സുന്ദരഃ ശൂരഃ പീതവാസാ ധനുർദ്ധരഃ
സർവയജ്ഞാധിപോ യജ്ഞോ ജരാമരണവർജ്ജിതഃ
ശിവലിംഗപ്രതിഷ്ഠാതാ സർവാഘഗണവർജ്ജിതഃ
പരമാത്മാ പരംബ്രഹ്മ സച്ചിദാനന്ദവിഗ്രഹഃ
പരം ജ്യോതിഃ പരം ധാമ പരാകാശഃ പരാൽപരഃ
പരേശഃ പാരഗഃ പാരഃ സർവഭൂതാത്മകഃ ശിവഃ.

ഇങ്ങിനെയാണ്, ശ്രീരാമചന്ദ്രന്റെ നൂറെട്ട തിരുനാമം. ഗോപ്യത്തിലുംവെച്ച ഗോപ്യമാണിത്; സ്നേഹപൂർവം ചൊല്ലിത്തന്നതാണ് ഇതു ഭക്തിപൂർവം കേൾക്കുകയോ ചെയ്യുവന്നു നൂറുകോടി കല്പങ്ങളിലെപ്പാപങ്ങളും നിശ്ശേഷം തീരും; നീർ കരയാകും; ശത്രു മിത്രമാകും; രാജ്യഭ്രഷ്ടർ രാജരാകും; അഗ്നി സൌമ്യമാകും; ത്രൈലോക്യം അനുകൂലമാകും; ചപലയായ ലക്ഷ്മി സ്ഥിരയായി നിൽക്കും; ഗ്രഹങ്ങളും പ്രീതിപ്പെടും; ഉപദ്രവങ്ങളും ശമിക്കും; ലോകം മുഴുവൻ വാഴ്ത്തിപ്പെടും—എന്നിച്ചെന്തിനാ, ഇതു നിത്യവും ഇതു ചൊല്ലുന്നവൻ മുമ്പും പിമ്പും പതിനാലു തലമുറയോടുകൂടി ശതസഹസ്രകോടികല്പങ്ങളും വൈകുണ്ഠത്തിൽ വിളയാടും. ദൂർവാദളശ്യാമളനായി താമരക്കണ്ണനായി പീതാംബരനായിരിക്കുന്ന രാമനെ ദിവ്യനാമങ്ങളാൽകൊണ്ടു സ്തുതിക്കുന്നവർ സംസാരികളല്ലതന്നെ!

Digitized By Kerala Sahitya Akademi

'രാമായ രാമഭദ്രായ രാമചന്ദ്രായ വേധസേ
രഘുനാഥായ നാഥായ സീതായാഃ പതയേ നമഃ!'

എന്ന മന്ത്രം പകലിരവു ജപിച്ചാൽത്തന്നെ, പാപമെല്ലാം വേർപെട്ടു വിഷ്ണുസായുജ്യമണയാം. ഇങ്ങിനെ, വേദസ്വരൂപമായ രാമചന്ദ്രന്റെ മാഹാത്മ്യം സ്നേഹത്താൽ ഞാൻ ഭവതിയോടു പറഞ്ഞു.

പരമാത്മാവിന്റെ മാഹാത്മ്യം കേട്ടിട്ടു മനമാകെക്കുളിർത്തു് ആനന്ദബാഷ്പത്തിൽ മുഴുകിയ പാർവ്വതി പരമേശ്വരനെ പണിഞ്ഞു പറയാടി:—'അഹോ, പരമാത്മാവായ രാമന്റെ നിസ്തുല്യമാഹാത്മ്യം! കേട്ടാൽ, നൂറുനൂറായിരം കല്പങ്ങൾകൊണ്ടും എനിയ്ക്കു മതിവരികയില്ല. സർവ്വജ്ഞതാസംഹർത്താവേ, ഞാൻ ധന്യയായി, കൃതാർത്ഥയായി! ഇവിടത്തെ പ്രസാദത്താൽ എനിയ്ക്കു ജന്മജന്മങ്ങളിൽ വിഷ്ണുഭക്തിയുണ്ടാകട്ടെ!' പാർവ്വതി പിന്നെ, ഏതവസ്ഥകളിലും രാമായേത്യാദിമന്ത്രം ജപിച്ചുംകൊണ്ടു കണവനോടുകൂടി കൈലാസത്തിൽ സസുഖം നിവസിച്ചു.

രാജാവേ, രുദ്രശാസ്ത്രങ്ങൾ രാമോമയങ്ങളാണു്; അവ, ലോകരെ വഞ്ചിപ്പാനായ് ത്രയംബകൻ നിർമ്മിച്ചതു്. അവിടുന്നു സ്നേഹത്താൽ രഹസ്സിൽ ദേവിക്കു പറഞ്ഞുകൊടുത്ത ഇതൊന്നാകട്ടെ, യഥാർത്ഥവും ഉപചാരത്ഥവും മന്ത്രത്തിന്റെ സത്തുമാകുന്നു! ഈ അത്ഭുതമായ ഉമാമഹേശ്വരസംവാദം ഭക്തിയോടേ ചൊല്ലുകയോ കേൾക്കുകയോ ചെയ്യുവൻ സർവ്വന്ദ്യനായി സർവ്വജ്ഞനായി മഹാഭോഗവാനായിത്തീരും; കർമ്മമെല്ലാമൊഴിഞ്ഞു പരമപദവും പൂകും. മഹാബലനായ രാജശ്രേഷ്ഠ, ലോകത്തിൽവെച്ചു് ധന്യനാണു് ഭവാൻ: ഭവാന്റെ വംശത്തിൽ, പുരുഷോത്തമൻതിരുവടി സർവ്വലോകനന്മയ്ക്കുവേണ്ടി, ദശരഥപുത്രനായിട്ടവതരിയ്ക്കുമല്ലോ! ഭഗവാൻ പുണ്ഡരീകാക്ഷന്റെ രാമാവതാരം ആ കുലത്തിലോ, ആ ഇക്ഷ്വാകുകുലം ദേവന്മാർക്കും പൂജനീയർ തന്നെ!'

ശ്രീപദ്മമഹാപുരാണം, ഉത്തരഖണ്ഡം, ദിലീപവസിഷ്ഠ
സംവാദോത്തരോമാമഹേശ്വരസംവാദം, രാമാഷ്ടോത്തരശതനാമകഥനം
ഇരുന്നൂറെൺപത്തൊന്നാമദ്ധ്യായം.

———— :0: ————

Digitized By Kerala Sahitya Akademi

ഇരുന്നൂറെൺപത്തിരണ്ടാമദ്ധ്യായം

ദിലീപൻ:—ബ്രഹ്മൻ, എല്ലാ ധർമ്മവും ഇവിടുന്നു പറഞ്ഞു: പരജീവന്റെ സാമാന്യ വിശേഷത്രൂപങ്ങളും സ്വർഗ്ഗമോക്ഷങ്ങളും തൽ സാധനങ്ങളും ഇവിടുന്നു വിവരിച്ചു. ഗുരോ, ബ്രഹ്മണശ്രേഷ്ഠ, ഇവിടുത്തെ പ്രസാദത്താൽ ഞാൻ ധന്യനായി! എന്നാൽ, ഒരു സംശയം ഉള്ളിൽക്കിടപ്പുണ്ട്: മഹാഭാഗവതശ്രേഷ്ഠനായ മുച്ചുകുന്ദൻ ഓഴ്യയോട്ടക്കുടി, യോനിലിംഗസചരാചരാത്മകനെന്തുകൊണ്ടാണ്? അഞ്ചു മുഖവും നാലു കയ്യും മൂന്നു കണ്ണുമുള്ള ശൂലായുധനത്രേ, ആ വിഗർഹിതമായ രൂപം എങ്ങിനെ വന്നു? മിതാവരുണനന്ദന, എങ്കൽക്കനിഞ്ഞു വാസ്തവം പറഞ്ഞുതരുമാറാകണം!'

വസിഷ്ഠൻ:—'*.....പണ്ടു സ്വായംഭുവമന്വന്തരമാമലയിൽവെച്ചു്, ഒരു മികച്ച ദീർഘസത്രം നടത്തി. അതിന്നു്, സർവ്വവേദശാസ്ത്രവിശാരദന്മാരായ മഹർഷിമാരും ബ്രഹ്മണരും വളരെ വന്നുചേർന്നിരുന്നു. സത്രത്തിന്നിടയിൽ ആ തപോധനന്മാർ തമ്മിൽ ഒരു വാദം നടന്നു:—'വേളജ്ഞബ്രാഹ്മണർ ഏതു ദേവനെ പൂജിക്കണം? ബ്രഹ്മവിഷ്ണുമഹേശ്വരന്മാരിലാരാണ് മനുഷ്യർക്കു മുക്തിദാതാവു്? അതുടെ പാദോദകം സേവിക്കാം, നൈവേദ്യം ഭക്ഷിക്കാം? ആരാണ് പരമാത്മാവു്? ആരുടെ തീർത്ഥവും പ്രസാദവും പിതൃക്കൾക്കു തൃപ്തി വരുത്തും?' ചില മഹർഷിമാർ, ശിവനാണ് പൂജനീയനെന്ന് അഭിപ്രായപ്പെട്ടു; മറ്റു ചിലർ, ബ്രഹ്മാവാണെന്നും വേറെ ചിലർ, സൂര്യനാണെന്നും പ്രതിവദിച്ചു; സർവ്വവ്യാപിയായി അനാദ്യന്തനായിരിക്കുന്ന വിഷ്ണുതന്നെയാണ്, പൂജനീയനും ദേവകളിൽ വെച്ചു ശ്രേഷ്ഠനും എന്നായിരുന്നു ഒരു കൂട്ടരുടെ സിദ്ധാന്തം. ഇതിനോടാണ് മനു യോജിച്ചതു്. 'ശുദ്ധസത്ത്വമയനായ ലക്ഷ്മീരമണനെത്തന്നെ വേണം വേളജ്ഞബ്രാഹ്മണർ പൂജിക്കുക; മറ്റു രജസ്തമോമിശ്രിതരായ ദേവകളെ പൂജിച്ചുകൂടാ' എന്നു സ്വായംഭുവൻ പറകയാൽ, മഹർഷിമാരെല്ലാവരുംകൂടി തപോനിധിയായ ഭൃഗുവോടു തൊഴുതപേക്ഷിച്ചു:—'സുവ്രത, ഞങ്ങളുടെ സംശയം തീർക്കാൻ അങ്ങയ്ക്കാണു കഴിവു്. അതുകൊണ്ടു ബ്രഹ്മവിഷ്ണുമഹേശ്വരന്മാരുടെ അടുക്കൽച്ചെന്നു്, അവരിലാരാണ്, ശുദ്ധസത്ത്വഗുണവാനെന്നു പരീക്ഷിച്ചറിയുക. ശുദ്ധസത്ത്വമയനും ബ്രഹ്മണ്യനും ആരോ, ആ ദേവന്റെ നൈവേദ്യം ബ്രാഹ്മണ

* പ്രശ്നാദിയെന്നു സാധാരണം തന്നെ.

Digitized By Kerala Sahitya Akademi

ക്കും ദേവകൾക്കും പിതൃക്കൾക്കും ഭുജിക്കാവുന്നതാണ്. മുനിശ്രേഷ്ഠ, വേഗത്തിൽ ചെല്ലൂ; ലോകഹിതം ചെയ്യൂ'

അപ്പോൾത്തന്നെ ഭൃഗു വാമദേവനോടുകൂടി കൈലാസത്തിലേയ്ക്കു ഗമിച്ചു; അവിടെ ശിവന്റെ ഗൃഹദ്വാരത്തു ശൂലവുമേന്തി നിന്നിരുന്ന മഹാരൌദ്രനായ നന്ദിയോടു ചിലർ; 'ഞാൻ, ഭൃഗു എന്ന ബ്രാഹ്മണൻ, ദേവേശ്വരനായ ശങ്കരൻതിരുവടിയെ കാണ്മാൻ വന്നതാണ്'; വേഗത്തിൽ ഉണർത്തിക്കുക' എന്നാവശ്യപ്പെട്ടു. ആ ഗണത്തലവൻ മാജസ്സേറിയ മുനിയോടു് ഒരു പരുപരുത്ത സ്വരത്തിൽ, 'തരമില്ല: തിരുമേനി ദേവിയുമായി കളിയാടുകയാണ്. മടങ്ങിപ്പോയ്ക്കൊരുക, ജീവൻ വേണമെങ്കിൽ മടങ്ങിപ്പോയ്ക്കൊരുക' എന്നാണ് മറുപടി പറഞ്ഞതു്! തപോധനൻ വളരെ ദിവസം അവിടെ ഗൃഹദ്വാരത്തുനിന്നു; ഒടുവിൽ ആ ശുചക്കാരനായ ഗണത്തോടു്, 'ഈ താമസനായ വിരൂപാക്ഷൻ സ്ത്രീസേവയിൽ മുഴുകി എന്നെ അനാദരിക്കയാണല്ലോ ചെയ്യുന്നതു്; അതിനാൽ ഇയ്യാൾ യോനിലിംഗസ്വരൂപനും അബ്രഹ്മണ്യനും ബ്രാഹ്മണർക്കു് അപൂജ്യനുമായിത്തീരട്ടെ! ഇയ്യാൾക്കു നൽകിയ അന്നവും വെള്ളവും പൂവും ഫലവിസ്തരങ്ങളെ നിർമ്മാല്യവുമാകും! ലോകത്തിൽ ഭസ്മലിംഗസ്ഥിധാരികളായ ഭക്തർ യാവചിലരോ, അവർ വേദബാഹ്യരായി പാഷണ്ഡതവുമടയട്ടേ!' എന്നു ശാപവാക്കുരചെയ്തു ബ്രഹ്മലോകത്തേയ്ക്കു ഗമിച്ചു.

അവിടെ ദേവകളോടൊന്നിച്ചു വാണരുളുന്ന പരമേഷ്ഠിയെ കൈതൊഴുതു വണങ്ങി, അദ്ദേഹം തിരുമുമ്പിൽ മിണ്ടാതെ നിന്നു. രജോഗുണമേറിയ വിരിഞ്ചനാകട്ടേ, മുനിപുംഗവനെ കണ്ടിട്ടു് എതിരേൽക്കുകയോ പ്രിയവചനം പറയുകയോ സൽക്കരിക്കുകയോ ചെയ്യാതെ വലിയ പ്രാവേത്തിലിരുന്നതേ ഉള്ളൂ! അതിനാൽ തപോധനൻ, 'ഭവാൻ രജോഗുണോദ്രേകത്താൽ എന്നെ അവമാനിച്ചതുകൊണ്ടു ലോകത്തിനെല്ലാം അപൂജ്യനാവുക' എന്ന പരമാസനനെ ശപിച്ചു്, ക്ഷണത്തിൽ വിഷ്ണുലോകത്തേയ്ക്കു നടകൊണ്ടു.

അവിടെ ആരും മഹർഷിയെ തടഞ്ഞില്ല; അദ്ദേഹം അന്തഃപുരത്തിൽ കടന്നപ്പോൾ, സൂര്യന്നൊപ്പം മിന്നിത്തിളങ്ങുന്ന വിമാനത്തിൽ, അനന്തതല്പത്തിൽ, ലക്ഷ്മീദേവിയാൽ തൃക്കാലുകൾ തലോടപ്പെട്ടുകൊണ്ടു പരമനാരായണൻ പള്ളികൊള്ളുന്നതു കാണുമാറായി. ഭൃഗു കോപത്തോടേ ഇടത്തേക്കാലുകൊണ്ടു മാധവന്റെ മണിമാറത്തു് ഒരു ചവുട്ടുകൊടുത്തു! തന്നിരുവടിയാകട്ടേ, പിടഞ്ഞെഴുന്നേറ്റു്, 'ഞാൻ ധന്യനായി!' എന്നിങ്ങനെ, മുനിയുടെ കാൽ തൃക്കൈകൊണ്ടു പിടിച്ചു പതുക്കെത്തലോടി, മധുരമാംവണ്ണം അരുളിച്ചെയ്തു:—

Digitized By Kerala Sahitya Akademi

(ശ്ലോകങ്ങൾ)

ബ്രഹ്മഷേ, ധന്യനായേൻ ഞാനെന്നെന്നെയ്ക്കും കൃതാർത്ഥനായ്!
തപൽപാദസ്പർശനത്താലെന്നെയിൽ നന്മ ഭവിച്ചിട്ടും!

സമസ്തസഞ്ചൽസമവാപ്തിഹേതുവായ്,-
സ്സുതീർത്ഥചൽകലധൂമകേതുവായ്
അപാരസംസാരസമുദ്രസേതുവാ
യിജനേറ തൃക്കാൽപ്പൊടി ശുദ്ധി ചേക്ക മേ!

വിപ്രപാദരജസ്സെന്നാമെതുദേഹത്തിൽ നില്പിതോ,
ഗംഗാതീർത്ഥമഖിലമതിങ്കൽക്കുടികൊള്ളുമേ!'

ഈവിധം കഥിച്ച്, ജനാർദ്ദനൻ ലക്ഷ്മിയോടുകൂടി മാമുനിയെ ദിവ്യമാല്യചന്ദനാദികൾകൊണ്ടു ഭക്തിപൂർവം പൂജിച്ചു! താപസന്റെ നേത്രങ്ങൾ ഹർഷാശ്രുപൂർണ്ണങ്ങളായി; അദ്ദേഹം ശ്രേഷ്ഠാസനത്തിൽ നിന്നെഴുന്നേറ്റ്, ദയാനിധിയായ മാധവനെ വണങ്ങിത്തൊഴുതു ചെയ്തു:— 'അഹോ, കൃപ! അഹോ, ശമം! അഹോ, ജ്ഞാനം! അഹോ, കാരുണ്യം! അഹോ, കളങ്കമില്ലാത്ത ക്ഷമ! അഹോ, വിഷ്ണുവിന്റെ സത്കൃപ! ഇതു സ്വാഭാവികമായ സത്കൃപ ദേവകളിൽ മറ്റാർക്കുമില്ല. ബ്രഹ്മണ്യനും ശരണ്യനും പുരുഷോത്തമനായ നിന്തിരുവടിതന്നെ. വേദജ്ഞബ്രാഹ്മണർക്കു നിന്തിരുവടിതന്നെയാണു പൂജനീയൻ! മറ്റു ദേവന്മാരേ പൂജിക്കുന്നവർ സർവരാലും നിന്ദിക്കപ്പെട്ട പാഷണ്ഡരായിപ്പോവും! നിന്തിരുവടിയുടെ പാദോദകം പിതൃക്കൾക്കും ദേവകൾക്കും ബ്രാഹ്മണർക്കും സേവിക്കാവുന്നതും കല്മഷാപഹവും മുക്തിപ്രദവുമാകുന്നു. അപ്രകാരംതന്നെ നിന്തിരുവടിയുടെ നൈവേദ്യവും പിതൃദേവബ്രാഹ്മണർക്കു ഭോജ്യമാകുന്നു. മറ്റു ദേവന്മാർക്കു നൽകിയ അന്നവും വെള്ളവും പൂവുമൊക്കെ തൊടരുതാത്ത നിർമ്മാല്യവും മദ്യതുല്യവുമായിത്തീരും. *..... നിന്തിരുവടി എല്ലാ ദേവന്മാർക്കും ബ്രാഹ്മണനായി വർത്തിച്ചാലും.....

[ശ്ലോകങ്ങൾ]

ബ്രഹ്മണ്യൻ ദേവകീപുത്രൻ; ബ്രഹ്മണ്യൻ മധുസൂദനൻ;
ബ്രഹ്മണ്യൻ പുണ്ഡരീകാക്ഷൻ; ബ്രഹ്മണ്യൻ വിഷ്ണുരവ്യയൻ;
ബ്രഹ്മണ്യൻ ഭഗവാൻ കൃഷ്ണൻ വാസുദേവോ ഹൃഷീകേശൻ ഹരി;
ബ്രഹ്മണ്യൻ സർവ്വേശ്വരൻ കേശവൻ പുരുഷോത്തമൻ;
ബ്രഹ്മണ്യൻ രാഘവൻ ശ്രീമാൻ രാമൻ രാജീവലോചനൻ;
ബ്രഹ്മണ്യൻ പീതവാസസ്സു ഹൃഷീകേശൻ ജനാർദ്ദനൻ;
ബ്രഹ്മണ്യദേവനു നമോ! വാസുദേവനു കൈതൊഴാം!

* വിഷ്ണുനൈവേദ്യത്തിന്റെ പ്രാധാന്യം ഇൻഡ്യാചരിത്രത്തിലുണ്ട്.

Digitized By Kerala Sahitya Akademi

നാരായണന്നു, ശാർങ്ഗിക്കു, ലക്ഷ്മീനാഥന്നു കൈതൊഴാം!
ബ്രഹ്മണ്യദേവന്നു തൊഴാം! വാസുദേവന്നു കൈതൊഴാം!
കല്യാണഗുണപൂർണ്ണന്നു പരാത്മാവിന്നു കൈതൊഴാം!
തൊഴാം ബ്രഹ്മണ്യദേവന്നു, സപ്തസ്ഥിനൃസിംഹകന്നു കേ!
പ്രദ്യുമ്നന്നു,നിരുദ്ധന്നു, സങ്കർഷണന്നു കൈതൊഴാം!
തൊഴാം ബ്രഹ്മണ്യദേവന്നു, വിഷ്ണോ സർവ്വസുരാത്മകനേ!
വരാഹമൂർത്തിക്കനിശം ത്രയീശ്വരന്നു കൈതൊഴാം!
തൊഴാം ബ്രഹ്മണ്യദേവന്നു, സാധുതല്പേശയന്നു,പ്രഭോ!
രാജീവലോചനേത്രന്നു രാഘവന്നു തൊഴാം, തൊഴാം!
നിന്മായയാൽ മതിമറന്നു ഷിവാനവർപോലുമേ
അറിവീല മഹാത്മാവാം സർവ്വലോകേശനങ്ങയെ.
അറിവീലങ്ങയേ ശ്രീശ, സുരദേവജ്ഞരും വിഭോ,
നാമം രൂപം ഗുണം കർമ്മമിവ ദുർഗ്രഹമാകയാൽ!

നിന്തിരുവടിയുടെ പരതത്വസൂചകമായ സത്യസ്വരൂപം അറിവാൻവേണ്ടി മഹർഷിമാർ അയച്ചുവന്നതാണു ഞാൻ. ഇവിടുത്തെ ശീലഗുണം പരീക്ഷിപ്പാനത്രേ തിരുമാറ്റു ഞാൻ ചവുട്ടിയതു്. ഗോവിന്ദ, ദയാനിധേ, അതു പൊറുത്തരുളുമാറാകണം!' ഈവിധം സ്തുതിച്ചു വിഷ്ണുശ്രുവസ്സിനെ വീണ്ടും വീണ്ടും നമസ്കരിച്ചിട്ടു്, അവിടെയുള്ള ദിവ്യമഹർഷിമാരാൽ മാനിക്കപ്പെട്ട ഭൃഗു മനംകളിഞ്ഞു്, യാഗത്തിലെ മുനിസദസ്സിൽ തിരിച്ചെത്തി. ആഗതനായ ആ മഹാത്മാവിനെ കണ്ടിട്ട മാമുനിമാർ എതിരേറ്റു വണങ്ങി ശരിക്കു സൽക്കരിച്ചു. ഭൃഗുമുനീന്ദ്രൻ എല്ലാ വിവരവും അവരെ അറിയിച്ചു:—*

യാവനൊരുത്തൻ ശ്രാദ്ധത്തിൽ പിതൃക്കൾക്കു വിഷ്ണുനൈവേദ്യം നൽകുന്നില്ലയോ, അവനോ പിതൃക്കൾ എന്നെന്നും മലമൂത്രഭോജികളത്രേ! മൂഢതയാൽ, ശിവന്റേയും മറ്റും നിന്ദാല്യം ഒരിക്കൽ ഭുജിച്ചുപോയാൽത്തന്നെ ബ്രാഹ്മണൻ ചണ്ഡാലനായിത്തീരുകും; അനേകകോടി കല്പങ്ങളും നരകത്തീയിൽ വേവുകയും ചെയ്യും! ദ്വിജശ്രേഷ്ഠന്മാരേ, ബ്രഹ്മാദിദേവന്മാരുടേയും, യക്ഷരക്ഷപിശാചരുടേയും നൈവേദ്യം മദ്യമാംസങ്ങൾക്കു തുല്യമാകുന്നു; അതു ബ്രാഹ്മണർ ഭുജിക്കുകയോ ദേവകൾക്കു ഹോമിക്കുകയോ ചെയ്കൂടാ. അതിനാൽ, ബ്രാഹ്മണോത്തമരേ, നിങ്ങളും അന്യനെ തെടിഞ്ഞു്, സനാതനനായ വിഷ്ണുവിനെത്തന്നെ മരണപര്യന്തം പൂജിച്ചുകൊള്ളുവിൻ. §.....'

* ശിവനേയും, ബ്രഹ്മാവിനേയും ശപിച്ചതും, വിഷ്ണുവിന്റെ സത്വഗുണാധിക്യവും മറ്റും മറ്റൊരവസരത്തു് ഉപന്യസിക്കുന്നതു്.

§ ശംഖചക്രാദിചിഹ്നധാരണവും മറ്റും വേണമെന്നു്.

Digitized By Kerala Sahitya Akademi

ഇതുകേട്ട്, നിഷ്കല്മഷരായ മുനിമാരെല്ലാം ഭൃഗുവിനെ വണങ്ങിത്തൊഴുതുചെയ്തു:—'ഭഗവൻ, ബ്രാഹ്മണോത്തമ, ഇവിടുന്നു ഞങ്ങളുടെ സംശയം തീർത്തു. ബ്രാഹ്മൻ, ഇവിടുന്നുതന്നെ ലോകത്തിൽ പരമഗതി! ഇവിടുന്നുതന്നെ പരമധർമ്മം! ഇവിടുന്നുതന്നെ പരമതപസ്സ്! ഇവിടുന്നു പ്രസാദിച്ചേ ഞങ്ങൾ ബ്രാഹ്മണരാകയുള്ളൂ!' ഇങ്ങിനെ സ്തുതിച്ച് അവർ ഭൃഗുവിനോടു മന്ത്രോപദേശം വാങ്ങി, പുരുഷോത്തമനെ പൂജിച്ചുപോന്നു.'

രാജകുമാര, ഇതെല്ലാം പ്രസംഗവശാൽ ഭവാനോടു ഞാൻ പറഞ്ഞു. രാമൻ പാണിപത്മംകൊണ്ടു സ്പർശിച്ചാൽ, ലോകഗർഹിതമായ രൂപവും നിർമ്മലമായിച്ചമയും. ദേവന്മാരെക്കൂടി വിശ്രുതിപ്പെടുത്തുന്നതു പുരുഷോത്തമനായ രാമനാകുന്നു: തന്തിരുവടിയുടെ സ്പർശനദർശനങ്ങളാലത്രേ, ശിവൻ മുതലായവരെല്ലാം നിർമ്മലരായതു്..... പരമപദം പൂകേണമെന്നുണ്ടെങ്കിൽ ഭവാൻ തന്തിരുവടിയെത്തന്നെ സേവിച്ചുകൊള്ളുക.

സ്വായംഭുവമന്വന്തരത്തിൽ ബ്രഹ്മാവിനാൽ കഥിക്കപ്പെട്ട ഈ വേദതുല്യമായ പുരാണം പതിവായി ശ്രദ്ധിച്ചു ശ്രവിക്കുകയോ വായിക്കുകയോ ചെയ്യുന്നവൻ എന്നെന്നും വിഷ്ണുപ്രകൃതനായി ഭവിക്കും. വിദ്യ വേണ്ടവന്നു വിദ്യയും, ധർമ്മം വേണ്ടവന്നു ധർമ്മവും, മോക്ഷം വേണ്ടവന്നു മോക്ഷവും, കാമം വേണ്ടവന്നു കാമവും കൈസ്തുരും. ദ്വാദശി, ശ്രാവണമാസം, സൂര്യചന്ദ്രഗ്രഹണങ്ങൾ, അമാവാസി, പൌർണ്ണമാസി എന്നിവയിൽ അരശ്ലോകമോ കാൽശ്ലോകമെങ്കിലുമോ ഭക്തിശ്രദ്ധാപൂർവ്വം പൊല്ലിയാൽ ആയിരം അശ്വമേധത്തിന്റെ ഫലം കിട്ടും; സംശയമില്ല! *.....'

ഇതുകേട്ട്, തുണ്ഡോജ്വലനായ ദിലീപൻ ഗുരുവായ വസിഷ്ഠനെ വണങ്ങി, യഥോചിതം പൂജിച്ച്, ആ ബ്രാഹ്മണോത്തമങ്കൽനിന്നു മന്ത്രം ഗ്രഹിച്ച്, മരണപര്യന്തം മുടങ്ങാതെ മധുസൂദനനെ പൂജിച്ചുപോന്നു; ഒടുവിൽ യോഗിഗമ്യവും സനാതനവുമായ വൈകുണ്ഠപദം പൂകുകയുംചെയ്തു."

ശ്രീപത്മമഹാപുരാണം, ഉത്തരഖണ്ഡം, ദിലീപവസിഷ്ഠസംവാദം,
മോക്ഷവിഷ്ണുപരീക്ഷണകഥനം ഇരുനൂറൊൻപത്തിരണ്ടാമധ്യായം.

പത്മമഹാപുരാണം സമാപ്തം.

ശ്രീരസ്തു.

* പത്മപുരാണനിവേദ്യവും മറ്റും മുമ്പുണ്ട്.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi